



Re-Edited Final copy

❤️ 💔 INVISIBLE LOVE 💔❤️

**Love after marriage story💘**

ഐ ഹേറ്റ് യൂ.....ഐ ഹേറ്റ് യൂ..... ഐ ഹേറ്റ് യൂ.അലറി വിളിച്ചു കൊണ്ട് അവൾ അവനെ പക നിറയുന്ന കണ്ണുകളോടെ നോക്കി.

ഫസ്റ്റ് നൈറ്റിൽ കേൾക്കാൻ പറ്റിയ കിടു ഡയലോഗ്.... ശത്രുക്കൾക്ക് പോലും ഇങ്ങനെ ഒരു വിധി വരല്ലേന്ന് പ്രാർത്ഥിച്ചു കൊണ്ട് ദയനീയമായി അവളെ നോക്കി.

അവന്റെ കണ്ണുകൾ മനോഹരമായി ഡെക്കറേറ്റ് ചെയ്ത ബെഡിലേക്ക് വീണു. റോസപ്പൂക്കൾ കൊണ്ടു ബെഡിൽ തീർത്ത ഹാർട് ഷേപ്പ് അവനെ നോക്കി കൊഞ്ഞനം കുത്തുന്ന പോലെ തോന്നി.

എന്റെ ജീവിതം നശിപ്പിച്ചിട്ട് എന്താ നിങ്ങൾക്കൊക്കെ കിട്ടിയത്.... പറയ്.... പറയാൻ.... അവൾ അവന്റെ ഷർട്ടിൽ പിടിച്ചു ഉലച്ചു കൊണ്ട് പറഞ്ഞു.

അവൻ അവളുടെ കൈ ശക്തിയിൽ പിടിച്ചു മാറ്റി.

ഞാൻ നിന്റെയാണോ നീ എന്റെയാണോ ജീവിതം നശിപ്പിച്ചത് പറയെടീ അവൻ കലിപ്പിൽ ചോദിച്ചതും

അവളൊന്ന് ഞെട്ടി അവന്നെ നോക്കി. ദേഷ്യം കൊണ്ട് വിറക്കുന്ന അവനെ കണ്ടതും അറിയാതെ ഉള്ളിൽ ഭയം വന്നെങ്കിലും അവൾ പുച്ഛത്തോടെ അവനെ നോക്കി.

നിങ്ങൾ കാരണ..... നിങ്ങൾ ഒറ്റ ഒരാൾ കാരണം ആണ് എനിക്കെന്റെ ഇച്ചുനെ നഷ്ടപെട്ടത്. എന്തിനാ എന്നോട് ഇങ്ങനെ ചെയ്തത്. ഞാൻ പറഞ്ഞതല്ലേ എനിക്ക് അവന്റെ സ്ഥാനത് മറ്റാരെയും കാണാൻ പറ്റില്ലെന്ന്. ഈ വിവാഹം വേണ്ടെന്ന്. എന്നിട്ടും എന്തിനാ എന്നെ കല്യാണം കഴിച്ചത്.

ടീ കോപ്പേ അനാവശ്യം പറയരുത്. മര്യാദക്ക് പെണ്ണ് കണ്ടു നിന്റെ സമ്മതം ചോദിച്ചു മാന്യമായ ഞാൻ നിന്നെ കെട്ടിയത്. എന്നിട്ടു ഞാൻ നിന്നെ ചതിച്ചെന്നോ.

ഞാൻ പറഞ്ഞതല്ലേ എന്നെ ഭീഷണി പെടുത്തി ഈ മാര്യേജ്ൽ സമ്മതിപ്പിച്ചതാണെന്ന്.

എപ്പോ പറഞ്ഞു കല്യാണത്തിന് ഒരു  ദിവസം മുൻപ് അല്ലെ. നാട്ടുകാരെയും ബന്ധുക്കളെയും വിളിച്ചു കൂട്ടി കല്യാണം ഉറപ്പിച്ചിട്ട് പെട്ടന്ന് കല്യാണം കാൻസൽ ചെയ്യാൻ പറഞ്ഞ ഞാൻ എന്താ വേണ്ടത്.

നിനക്ക് നിന്റെ ലൈഫ് ആണ് മുഖ്യമെങ്കിൽ  എനിക്ക് എന്റെ ലൈഫ് ആയിരുന്നു. ഞാൻ എന്റെ ലൈഫിന് പ്രാധാന്യം നൽകി.

നിങ്ങൾ കള്ളം ആണ് പറഞ്ഞത്. നിങ്ങളും ജുനുവും  ബെസ്റ്റ് ഫ്രണ്ട് ആണ്. നിങ്ങൾ തമ്മിൽ അറിയാത്ത ഒരു കാര്യം ഇല്ലെന്ന് ജുനു പറഞ്ഞിട്ടുണ്ട്. നിങ്ങൾ രണ്ടാളും കൂടിയ എന്നെ ഭീഷണി പെടുത്തി ഈ കല്യാണം നടത്തിയത്.

ദേ പെണ്ണെ അനാവശ്യം വിളിച്ചു പറഞ്ഞ അടിച്ചു മോന്തേടെ ഷേപ്പ് മാറ്റും ഞാൻ. മറ്റൊരുത്തനെ പ്രേമിച്ചു ഒളിച്ചോടാൻ പോയ നിന്നെ കെട്ടാൻ എനിക്ക് തലക്ക് ഓളം ഒന്നും ഇല്ല. ഇക്കാക്കയും അനിയത്തിയും കൂടി എന്നെ ചതിച്ചിട്ട് ഇപ്പൊ മൊത്തം എന്റെ തലയിലേക്ക് ഇട്.

നി കളവ് പറയുന്നതാ. നീ കൂടി അറിഞ്ഞ ഓക്കേ ചെയ്തത്.

പ്രേമിച്ചത് നീ...... തമ്മിൽ അകറ്റിയത് നിന്റെ വീട്ടുകാർ..... അതിന്റെ ഇടയിൽ എനിക്കെന്താ റോൾ. അവൻ ഒരു ദീർഘാനിശ്വാസം എടുത്തു. കഴിഞ്ഞതൊക്കെ കഴിഞ്ഞു. ക്യാമ്പസ് ലവ് ഇല്ലാത്ത

ആരും ഉണ്ടാവില്ല. പാസ്‌ററ് ഈസ് പാസ്‌ററ്.

എനിക്ക് പറ്റില്ല..... എനിക്ക് അവന്റെ കൂടെ പോണം. ഞാൻ പോകും..... അവൻ മാത്രമേ ഉള്ളൂ എന്റെ മനസ്സിൽ.എനിക്ക് അവന്റെ കൂടെ ജീവിച്ചാൽ മതി.

അവന്റെ മുഖം ദേഷ്യ കൊണ്ടു വിറച്ചു.

നിനക്ക് എന്ന അവന്റെ കൂടെ പോക്കാരുന്നോ..... എന്തിനാ കെട്ടിയൊരുങ്ങി നിന്നത്. എന്റെ ജീവിതം കൂടി നശിപ്പിക്കാനോ.

ഞാൻ കുറെ പറഞ്ഞു നോക്കിതാ ജുനു  കേട്ടില്ല. എന്നെ തല്ലി ഒരുപാട്. ഫോൺ തരാതെ റൂമിൽ പൂട്ടിയിട്ടു. എന്നിട്ടും സമ്മതിച്ചില്ല. പിന്നെ ഉമ്മ ജീവിച്ചിരിക്കില്ലെന്ന് പറഞ്ഞപ്പോ സമ്മതിച്ചു പോയതാ. നിങ്ങൾ കല്യാണത്തിന് പിന്മാറിയ ജുനു ഇച്ചു  ആയുള്ള മാര്യേജ് സമ്മതിക്കും. പക്ഷേ നിങ്ങൾ പിന്മാറതോണ്ടല്ലേ ഇങ്ങനെ ഓക്കേ സംഭവിച്ചത്. അതും പറഞ്ഞു പെണ്ണ് പൊട്ടിക്കരയാൻ തുടങ്ങി. അത് കണ്ടപ്പോ അവനും വല്ലാണ്ട് ആയി.

നിനക്കിപ്പോ എന്താ വേണ്ടത്.സഹികെട്ടു ചോദിച്ചു.

എന്നെ എന്റെ വീട്ടിൽ കൊണ്ടാക്കണം. എനിക്ക് നിങ്ങളെ കൂടെ ജീവിക്കണ്ട.

അവന്റെ നെഞ്ചിലൊരു നീറ്റൽ തോന്നി.

അവൻ ഇനി നിന്നെ സ്വീകരിക്കോ.

അവൾ പ്രതീക്ഷയോടെ അവനെ നോക്കി. പതിനെട്ടു വയസ്സായാൽ രജിസ്റ്റർ മാര്യേജ് കഴിക്കാന്ന് പറഞ്ഞു. പിന്നെ ആർക്കും ഒന്നും ചെയ്യാൻ പറ്റില്ലല്ലോ. ഇനി രണ്ടു മാസം കൂടി
ഉണ്ട്പതിനെട്ടു തികയാൻ.അതറിഞ്ഞോണ്ട ജുനു പെട്ടെന്ന് മാര്യേജ് നടത്തിയത്.

ജുനുന് എന്ത് കൊണ്ട വിവാഹത്തിന് സമ്മതം അല്ലാതിരുന്നത്.

ഒർഫൻ ആണ് അവൻ പോരാത്തതിന്ന് ഔട്ടോ ഡ്രൈവറും.  നിങ്ങളെ അപേക്ഷിച്ചു അവൻ ഒന്നുമല്ലല്ലോ. നിങ്ങളുടെ പണം പൈസ കണ്ടപ്പോ ജുനു  കാൽ മാറി. ഈ വിവാഹലോചന വരുന്നത് വരെ പഠിത്തം കഴിഞ്ഞു നോക്കന്ന പറഞ്ഞത്. നിങ്ങൾ വന്നതും എന്നോടൊരു വാക്ക് പോലും ചോദിക്കാതെ ഉറപ്പിച്ചു.എന്റെ ഇച്ചു ഒരു വൃത്തികെട്ടവൻ ആണെന്ന്

പോലും പറഞ്ഞു.പാവം ആണവൻ.എന്നെ ജീവന അവന്ന്.അവന് ഞാൻ ഇല്ലാതെ പറ്റില്ല.

ഞാൻ ഇല്ലെങ്കിൽ ജീവിച്ചിരിക്കില്ല അവൻ.

അവൻ വന്നില്ലേ നിന്നെ അന്വേഷിച്

ഇല്ല. ഒരിക്കൽ വിളിച്ചിരുന്നു ജുനുവും ഫ്രണ്ട്സ് കൂടി തല്ലിയെന്നും കൊന്ന് കളയുമെന്ന്ഭീഷണിപെടുത്തിന്ന് പറഞ്ഞു.ജുനു അവനെ ഒരു പാട് തല്ലി . ഇപ്പോൾ ഹോസ്പിറ്റലിൽ ആണ് ഉള്ളത്. വരുന്നത് വരെ കാത്തിരിക്കണം. ജീവൻ ഉണ്ടെങ്കിൽ എന്നെ കൊണ്ട് വരാൻ വരും നീയില്ലാതെ ജീവിക്കില്ലെന്ന് പറഞ്ഞു.

Mmm അവനൊന്നു മൂളി കൊണ്ടു വാതിൽ വലിച്ചടച്ചു പുറത്തേക്കു പോയി.

അവൾ നിലത്തേക്ക് ഊർന്നിരുന്നു പൊട്ടികരഞ്ഞു.

അവൻ ടെറസ്സിലേക്ക് പോയി. അവിടെ ഉള്ള ചാരു ബെഞ്ചിൽ പോയ് ഇരുന്നു. അവന്റെ കണ്ണുകൾ നിറഞ്ഞൊഴുകി.

എന്താ സംഭവം എന്നല്ലേ നിങ്ങൾ നോക്കുന്നെ. ഞാൻ തന്നെ പറഞ്ഞു തരാം. ഇന്ന് എന്റെ വിവാഹം

ആയിരുന്നു. ഫസ്റ്റ് നൈറ്റ് സംഭവിച്ച മഹാമാങ്കം ആണ് ഇപ്പൊ കണ്ടത്.  മറന്നു
ആദ്യം പരിചയപെടുത്തണ്ടേ.ഞാൻ  faiz . എല്ലാരും ഫൈസി   എന്ന് വിളിക്കും. ബിനിനസ് ആണ്. എന്റെ ക്ലാസ്സ് മേറ്റ് ബെസ്റ്റ് ഫ്രണ്ട് എന്റെ ചങ്ക് ബ്രോ എന്നൊക്ക  പറയാൻ രണ്ടു പേര് കൂടി ഉണ്ട്. ഒന്ന് എന്റെ സഹോദരൻ കൂടിയാണ്. ശരിക്കും പറഞ്ഞ എന്റെ കസിൻ കൂടിയായ സമീർ എന്ന സമി മറ്റേ കക്ഷി ജുനു എന്ന് വിളിക്കുന്ന ജുനൈദ്. എന്റെ ബെസ്റ്റീസ് എന്റെ ക്രൈം പാർട്ണർസ് എല്ലാം ഇവരാണ്. എനിക്കൊരു പ്രണയം കൂടി ഉണ്ട്. പ്രണയം എന്ന് പറഞ്ഞ കുറഞ്ഞു പോകും എന്റെ ജീവൻ...... എന്റെ ലൈഫ്.....എന്റെ ഡ്രീം ഗേൾ ........ എന്റെ എല്ലാമെല്ലാം അവളാണ് ഇനായ മെഹവിഷ് എന്ന എന്റെ ഇനു. കരിനീലകണ്ണുള്ള
എന്റെ മൊഞ്ചത്തി.എന്റെ മാത്രം നീലക്കണ്ണി..... ജുനൈദിന്റെ ഒരേയൊരു പെങ്ങൾ. അവന്റെ പുന്നാര  അനിയത്തിക്കുട്ടി.  അതായത് ഞാൻ കല്യാണം കഴിച്ച ആ പിശാജ് തന്നെ. ഫ്രണ്ടിന്റെ
അനിയത്തിയെ കേറി പ്രേമിച്ചതൊന്നും അല്ല. പ്രണയിച്ച ശേഷം ആണ് അവന്റെ പെങ്ങൾ

ആണെന്ന് അറിഞ്ഞത്. നേരിട്ട് അവനോട് പറഞ്ഞു. ആദ്യം അവൻ ഒഴിഞ്ഞു മാറാൻ നോക്കി അവൻ ഒരു പാവപ്പെട്ട ഫാമിലി ആണ്. ഞാൻ കുറച്ചു ഹൈ പാർട്ടിയും. അത് കൊണ്ടു അവൻ എതിർക്കാൻ കുറെ ശ്രമിച്ചെങ്കിലും എന്റെ ആത്മാർത്ഥ പ്രണയത്തിന് മുന്നിൽ അവൻ മുട്ടുമടക്കി. അവസാനം പച്ചക്കൊടി കാണിച്ചു. അവൾ അപ്പോൾ പ്ലസ് വണിൽ പഠിക്കുകയാരുന്നു. പ്രണയിച്ചു നടക്കാനൊന്നും വിടില്ല വേണേൽ കല്യാണം ആലോചിച്ചു പ്രേമിച്ചോ എന്നൊരു ഒറ്റ കണ്ടീഷൻ മാത്രം ജുനു പറഞ്ഞുള്ളൂ. അവന്ന് അവളിൽ അത്രമാത്രം വിശ്വാസം ആയിരുന്നു. അവൾ ഒരിക്കലും ആരെയും പ്രേമിക്കില്ലെന്നും അവൻ പറയുന്ന ആളെയെ കല്യാണം കഴിക്കുന്നും വാക്ക് കൊടുത്തിന് പോലും. അതോണ്ട് ധൈര്യത്തിൽ കാത്തിരുന്നു. ആ കാത്തിരിപ്പിനും ഒരു സുഖം ഉണ്ടായിരുന്നു.പെണ്ണിന് പതിനേട്ടക്കാൻ കാത്തിരുന്നു. അന്ന് അവളോട് പ്രണയം പറയണമെന്ന് സ്വപ്നങ്ങൾ കണ്ടു കാത്തിരുന്നു. അവളറിയാതെ അവളെ പ്രണയിച്ചു. എല്ലാത്തിനും കൂട്ട് സമിയും ജുനുവും തന്നെ ആയിരുന്നു.

അവളിപ്പോ ഡിഗ്രി ഫസ്റ്റ്
ഇയർ ആണ്.ഇപ്രാവശ്യം ലീവിന് വന്ന ജുനു
പെട്ടെന്ന് വിളിച്ചു പറഞ്ഞത് ഉമ്മാക്ക് തീരെ സുഖമില്ല.
പെട്ടന്ന് വിവാഹം വേണമെന്ന് വാശി പിടിക്കുന്നു.
ഞാൻ  പോകുന്നെന്ന് മുന്നേ അവളുടെ വിവാഹം
നടത്തണമെന്ന്. അതിന്റെ കാരണം ഇപ്പൊ
നിങ്ങൾക്ക് മനസ്സിലായി കാണുമല്ലോ. എന്തായാലും
ഞാൻ സമ്മതിച്ചു. കാരണം അവളില്ലാത്തൊരു
ജീവിതം സ്വപ്നം കാണാൻ പോലും എനിക്ക്
പറ്റില്ലായിരുന്നു. എന്റെ വീട്ടിൽ ആണെങ്കിൽ ഉമ്മാക്ക്
എതിർപ്പ് ആയിരുന്നു. ഉമ്മാക്ക് പാവപ്പെട്ട വീട്ടിലെ
ആയത് കൊണ്ടു ഇനായയെ മരുമകളായി
അംഗീകരിക്കാൻ പറ്റില്ലെന്ന് കട്ടായം പറഞ്ഞു.
ഒരുപാട് കള്ളത്തരങ്ങൾ പറഞ്ഞും കയ്യും കാലും
പിടിച്ചു
എങ്ങനെയൊക്കെയോ സമ്മതിപ്പിച്ചു.അതൊക്കെ
വേറൊരു കഥ.ഇനായ അയച്ച ലെറ്റർ അവളുടെ
ഫ്രണ്ട് കൊണ്ട് തന്നപ്പോൾ ഞെട്ടിപ്പോയി. ആദ്യം
ഇതിനെ പറ്റി ചോദിച്ചത് ജുനുവിനോട് ആയിരുന്നു.
കല്യാണം മുടക്കാൻ ആരോ ചെയ്തതാണ്.
അവൾക്ക് ആരോടും പ്രണയം ഇല്ലെന്ന് അവൻ

പറഞ്ഞു. അവനെ എനിക്ക് എന്നേക്കാൾ വിശ്വാസം ആയിരുന്നു. അത് കൊണ്ട് വിശ്വസിച്ചു. മഹർ അണിയിക്കാൻ അടുത്ത് പോയതും അവൾ അത് വാങ്ങി വലിച്ചെറിഞ്ഞു. അപ്പോഴാ സത്യം ഓക്കെ അറിഞ്ഞത്. ബാക്കി ഇപ്പൊ കണ്ടില്ലേ.

എന്താടോ ഗെറ്റ് ഔട്ട് അടിച്ചോ അതോ ഇറങ്ങി വന്നോ. അവൻ ചോദ്യം കേട്ടു തിരിഞ്ഞു നോക്കി സമി.അവൻ വന്നു അവന്റെ അടുത്ത് ഇരുന്നു.

നി പോയില്ലേ ഇത് വരെ.

നീ വരുന്നു അറിയാരുന്നു അതോണ്ട് കാത്തിരിക്കരുന്നു. സന്തോഷം ആയാലും സങ്കടം ആയാലും ഇവിടല്ലേ വരൂ.

പോയ് കിടന്നു ഉറങ്ങാൻ നോക്ക് സമി. കല്യാണം എന്നും പറഞ്ഞു ഇന്ന് മുഴുവൻ ഓടിനടക്കാറുന്നില്ലേ.

അവൻ ഫൈസിയെ തലതിരിച്ചു നോക്കി. എന്റെ ജീവൻ ഇവിടെ തീ തിന്നു കഴിയുമ്പോ ഞാൻ എങ്ങനെയാട അവിടെ കിടന്നു ഉറങ്ങുന്നേ.

ഇതൊക്കെ നമ്മൾ പ്രതീക്ഷിച്ചത് തന്നെ അല്ലേ.

ഓക്കേ ശരിയാകും പോകാൻ നോക്ക്.

നിന്റെ പ്ലാൻ എന്താ ഇനി.

ജുനു എങ്ങനെയാട അവന്ന് എന്നെ ചതിക്കാൻ തോന്നിയത്. കൂടെപ്പിറപ്പിനെ പോലല്ലേ അവനെ ഞാൻ കണ്ടത്. ഇനായ എന്നെ വേണ്ടെന്നു പറഞ്ഞതല്ലടാ എന്നെ വേദനിപ്പിച്ചത്. പെങ്ങൾക്ക് നല്ലൊരു ജീവിതം കിട്ടാൻ എന്നെ അവൻ ചതിച്ചില്ലേ. ഒറ്റ നിമിഷം കൊണ്ട എനിക്ക് എന്റെ പ്രണയവും സൗഹൃദവും നഷ്ടപെട്ടത്. നെഞ്ച് കീറിമുറിക്കുന്ന വേദനയാ ഇപ്പൊ തോന്നുന്നത്. ഒരിക്കലും ഇതിന്ന് ഞാനവന്ന് മാപ്പ് കൊടുക്കില്ല സമി. ഒരിക്കലും അവനോട് ക്ഷമിക്കില്ല. അവനും അനുഭവിക്കണം ഇതേ വേദന അവന്റെ മുഖം ദേഷ്യം കൊണ്ട് വിറച്ചിരുന്നു.

നീയെന്ത ചെയ്യാൻ പോകുന്നത് ഇനി.

നാളെ തന്നെ അവളെ വീട്ടിൽ കൊണ്ട് വിടുന്നു അത്ര തന്നെ. ജുനുവിന്റെ മുന്നിൽ അവളെ കൊണ്ട് വിടും. മുഖത്ത് നോക്കി പറയും എനിക്കവളെ വേണ്ടാന്ന്. അവൻ ചെയ്ത തെറ്റൊർത്ത് വേദനിക്കുന്നത് എനിക്ക് കാണണം. പിന്നെ ഇനായ അവൾക്ക്

ഏതായാലും അവളുടെ ലവർ വരുന്നത് വരെ ടൈം കിട്ടുമല്ലോ. അവളെങ്കിലും സ്നേഹിച്ച ആളെത്തന്നെ കല്യാണം കഴിച്ചു
സുഖമായി ജീവിക്കട്ടെ.എന്റെ അതേ വേദനയല്ലടാ അവളും അനുഭവിക്കുന്നത്. സഹിക്കാൻ പറ്റില്ല സമി ജീവനുതുല്യം സ്നേഹിച്ചവർ വിട്ടുപോകുമ്പോൾ. നെഞ്ചോക്കെ നീറുവട ഇനു ഇനിയെന്റെ ജീവിതത്തിൽ ഉണ്ടാവില്ലെന്ന് അറിഞ്ഞപ്പോൾ.

അത് പറയുമ്പോൾ അവൻ കരഞ്ഞു പോയിരുന്നു.

അവൻ റൂമിലേക്ക് പോയി.

സമിയുടെ ഉള്ളിലും ജൂനുവിനോടുള്ള ദേഷ്യം ആളികത്തി.ജുനു ഒരു വാക്ക് പറഞ്ഞിരുന്നുവെങ്കിൽ ഫൈസിയുടെ  ജീവിതം ഇങ്ങനെ ആവില്ലായിരുന്നു.

ഇനു ബെഡിൽ ഒരറ്റതായി കിടക്കുന്നത് അവൻ കണ്ടു. ഡ്രസ്സ് പോലും മാറാതെ വന്നകോലത്തിൽ തന്നെ ആണ് ഉള്ളത്. ഓർണമെൻറ്സ് പോലും അഴിച്ചിട്ടില്ല.ഒരു ദീർഘ നിശ്വാസത്തോടെ അവളെയും നോക്കി അവൻ ഇപ്പുറത്തു കിടന്നു. ക്ഷീണം കാരണം അവന്റെയും കണ്ണുകൾ മെല്ലെ

അടഞ്ഞു.

❤️ 💔 INVISIBLE LOVE 💔❤️

Love after marriage story💘

Part 2

പെട്ടെന്ന് എന്തോ ദേഹത്ത് വീണത് പോലെ തോന്നിയാണ് ഉറക്കം ഞെട്ടിയത്. ഞെട്ടി കണ്ണ് തുറന്നു നോക്കുമ്പോൾ ഇനായ ദേഹത്ത് കാൽ വെച്ചതാണ്. അറിയാതൊരു വിറയൽ ദേഹത്ത് പടരുന്നത് അവൻ അറിഞ്ഞു. ആ ഞെട്ടൽ തീരുന്നതിന്ന് മുന്നേ അവളുടെ കൈകൾ കഴുത്തിലൂടെ ചുറ്റി വരിഞ്ഞു. ചിരിയാണോ കരച്ചിലാണോ വരേണ്ടത് എന്നറിയാതെ ഞെട്ടി പകച്ചു അവളെ തന്നെ നോക്കി. ഒരു നിമിഷം അവളുടെ മുഖത്തേക്ക് നോക്കി നിന്നു പോയി. കരഞ്ഞു വീർത്ത കൺപോലകൾ കണ്ണുനീർ ഒലിച്ചിറങ്ങി ഉണങ്ങിയ കവിൾത്തടം. മുഖം വിളറി വെളുത്തിരുന്നു. ഒരു നിമിഷം അവന്ന് അവളെ ആദ്യമായി കണ്ടത് ഓർമ വന്നു. വിടർന്ന കണ്ണുകളുംതുടുത്ത കവിളുകളും ഉള്ള നീണ്ടു മെലിഞ്ഞുള്ള ശരീരപ്രകൃതി ഉള്ള മൊഞ്ചത്തി.

പെട്ടന്ന് ശ്രദ്ധയകർശിച്ചത് ആ കരിനീല കണ്ണുകൾ തന്നെ ആയിരുന്നു. പെട്ടന്ന് കണ്ടാൽ തിളങ്ങുന്ന ബ്ലാക് എയ്സ് ആണെങ്കിലും അടുത്ത് വന്നാൽ മാറി മറിയുന്ന കരിനീല കൃഷ്ണമണി. തിളങ്ങി നിന്നിരുന്ന ആ മുഖം ഇന്ന് ആകെ
കോലം കെട്ടിരിക്കുന്നു.അവൻ കാൽ എടുത്തു മാറ്റി കയ്യും. അവൻ തിരിഞ്ഞു കിടക്കാൻ
നോക്കുമ്പോഴേക്കും വീണ്ടും കാൽ ദേഹത്ത് വീനിരുന്നു. അവന്ന് പെട്ടെന്ന് ജുനുനെ ഓർമ വന്നു.

ഒരു ദിവസം അവൻ ഞങ്ങളുടെ അടുത്തേക്ക് വരുമ്പോൾ കഴുത്തും പിടിച്ചു തല ഇരുവശത്തേക്കും ആട്ടി കൊണ്ടിരുന്നു.

കഴുത്തിനു എന്താടാ  പറ്റിയെ.

എന്റെ പുന്നാര പെങ്ങൾ ഒരു ചവിട്ട് തന്നതാ ഇപ്പൊ കഴുത്ത് അനക്കാൻ വയ്യ. ഉളുക്കിന്ന തോന്നുന്നേ.

ചവിട്ടാനോ എന്തിന്.

അതൊരു അപാര ഐറ്റം ആണ് മോനെ. ഒരു ബെഡ് ഫുൾ ഉണ്ടായാലും അവൾക്ക് പോരാ. അടുത്ത കിടക്കുന്ന ആളെ കാര്യം പോക. ഒന്നുകിൽ കയ്യും കാലും ദേഹത്ത് ഉണ്ടാകും അല്ലെങ്കിൽ ചവിട്ടി താഴേ

ഇടും. ഇന്നലെ കഷ്ടകാലത്തിന് ഉമ്മയുമായി അടിയായി എന്റെ കൂടെ വന്നു കിടന്നു. അവളെ സ്വഭാവം അറിയുന്നൊണ്ട് ഞാൻ എന്റെ കഴുത്തിന്റെ സേഫ്റ്റിക്ക് വേണ്ടി അവൾക്ക് ഓപ്പോസിറ്റ് ആയി കിടന്നു. അവളെ തലഭാഗത് കാൽ വരുന്ന പൊസിഷനിൽ. മുൻപ് കഴുത് പിടിച്ചു ഞെരിച്ചഒരനുഭവം ഉണ്ട്.നട്ടപാതിരക്ക് നോക്കുമ്പോ ഞാൻ നിലത്തു ഉണ്ട്.  ഇപ്പൊ കഴുത്തിന്റെ കാര്യത്തിൽ ഒരു തീരുമാനം ആയി. എന്ന ചവിട്ടിയത് അവളാന്ന് സമ്മതിച്ചു തരോ അതും ഇല്ല. അന്ന് ഇനായ അവന്റെ പെങ്ങൾ ആണെന്ന് അറിഞ്ഞിരുന്നില്ല.

അവളെ കെട്ടുന്നവന്റെ കാര്യം പോക്കാ. ബോഡിക്ക് ഇൻഷുറൻസ് എടുക്കേണ്ടി വരും നിന്റെ അളിയന്  സമി പറഞ്ഞു.

സമിയും ഞാനും കൂടി അന്ന് അതും പറഞ്ഞു ചിരിച്ചതിന്ന് കണക്കില്ല.

ഇന്ന് കറങ്ങി തിരിഞ്ഞു എന്റെ കൂടെ തന്നെ എത്തി. അവന്റെ ചുണ്ടിൽ ഒരു ചിരി വിരിഞ്ഞു. കഴുത്തിലൂടെ വീണ്ടും കയ്യും കൂടി എത്തിയപ്പോൾ

അവൻ മെല്ലെ എണീറ്റു. പുതപ്പൊക്കെ താഴെ എത്തിയിരുന്നു. അവൻ അതെടുത്തു പുതച്ചു കൊടുത്തു. എന്നിട്ട് ബാൽക്കാണിയിലേക്ക് ഇറങ്ങി. അവിടെ ചാരുകസേരയിൽ പോയി ഇരുന്നു. മെല്ലെ ഉറക്കിലേക്ക് വീണു.

🌷🌷🌷🌷🌷🌷🌷🌷

രാവിലെ ഇനു എണീറ്റു ചുറ്റും നോക്കി. അവൾക്ക് കഴിഞ്ഞതെല്ലാം ഓർമ വന്നു. ഇന്ന് ഞാൻ ഒരു ഭാര്യ ആണ് മറ്റൊരു വീട്ടിൽ ആണ് അതൊക്കെ ഓർത്തതും തലപൊളിയുന്നത് പോലെ തോന്നി. ഇട്ടിരുന്ന ഡ്രസ്സോ ഓർണമെൻറ്സ് ഒന്നും അഴിച്ചിരുന്നില്ല. ഈ വീട്ടിൽ വന്നതിന്ന് ശേഷം കല്യാണഡ്രസ്സ് മാറ്റി തന്നിനെങ്കിലും അത് പോലെന്നെ ഉള്ള മറ്റൊരു ഡ്രസ്സ് ആണ് തന്നത്. ഒരുക്കവും ഹെവി ആയി തന്നെ. അവൾ ചുറ്റും നോക്കി ഫൈസി എവിടെ കാണുന്നില്ല. ഇനി എണീറ്റു പോയിട്ടുണ്ടാവും. ടൈം നോക്കിയപ്പോൾ എട്ടുമണി. ഇത്രയും ടൈം ഉറങ്ങിയോ. അവൾ ഞെട്ടി എണീറ്റു. ഈ ഡ്രസ്സ് ഇട്ടു എങ്ങനെ പുറത്തേക്കു പോകും. റൂമിലെ സൈഡിൽ അവളുടെ ബാഗ് കണ്ടു. വേഗം ഒരു ചുരിദാർ എടുത്തു ബാത്റൂമിലേക്ക് പോയി.

ബാത്രൂം കണ്ടതും അവളുടടെ കണ്ണ് മിഴിഞ്ഞു. തന്റെ വീട്ടിലെ റൂമിനേക്കാൾ വലുപ്പം ഉണ്ട് ഇതിന്ന്. ഫുൾ വൈറ്റ് കളർ. ടൈൽസ് പെയിന്റ് ബാത്ത് ഡബ്ബ് മൊത്തത്തിൽ എല്ലാം വൈറ്റ് തന്നെ. ഷവർ തിരിക്കാൻ കുറെ നോക്കിയെങ്കിലും കുറെ പൈപ്പ് ഉണ്ട്. എങ്ങനെ തുറക്കണ്ടേ എന്ന് പോലും തിരിയാതെ അന്തം വിട്ടു നിന്നു. പിന്നെ ബക്കറ്റ് കണ്ടപ്പോ അതിൽ വെള്ളം എടുത്തു കുളിച്ചെന്ന് വരുത്തി ഡ്രസ്സ് ഇട്ടു പുറത്തു ഇറങ്ങി. ബാത്റൂമിൽ കണ്ട ടവ്വൽ എടുത്തു മുടി കെട്ടിയിരുന്നു.

ഫൈസി ബെഡിൽ ഇരിക്കുന്ന കണ്ടു. അവളെ കണ്ടതും മുഖം താഴ്ത്തി. അവളുടെ കയ്യിൽ അഴിചിട്ട ഗൗൺ ഉണ്ടായിരുന്നു. അതെവിടെ വെക്കണം അലക്കണം എന്ന് തിരിയതോണ്ട് ബാത്റൂമിൽ നിന്നും എടുത്തിരുന്നു.

ഡ്രൈ വാഷ് ആണ്. ലോൻഡ്രി കൊടുക്കണം ഡ്രസ്സ് സോഫയിൽ വെച്ചേക്ക് എന്ന് പറഞ്ഞു.

മുഖത്ത് നോക്കാതെ പറഞ്ഞതെങ്കിലും തന്നോടാണെന്ന് മനസ്സിലായൊണ്ട് അവൾ അവിടെ കണ്ട സോഫയിൽ വേച്ചു. അവൻബാത്റൂമിലേക്ക്

പോകുന്നത് കണ്ടു.

ഇനു......അവൾ ഞെട്ടിതിരിഞ്ഞു അവന്നെ നോക്കി. ഇനു വിളി എന്തോ അവളിൽ അസ്വസ്ഥത ഉണർത്തി. തന്നെ അടുപ്പമുള്ളവർ മാത്രം അങ്ങനെ വിളിക്കൽ ഉള്ളൂ.

എന്റെ  ടവ്വൽ..... അവൻ അവളുടെ തലയിൽ നോക്കി പറഞ്ഞു.

അവൾക്ക് ചമ്മൽ തോന്നി. നാണക്കേടും അവന്റെ ടവ്വൽ ആണല്ലോ യൂസ് ചെയ്തത്. അവൾ മടിച്ചു കൊണ്ട് ടവ്വൽ അഴിച്ചു അവന്ന് കൊടുത്തു.

സോറി. വേറെ കാണാത്തോണ്ട് എടുത്തതാ അവൾ വിക്കലോടെ പറഞ്ഞു.

അവൻ ഒന്നും മിണ്ടാതെ ടവ്വൽ വാങ്ങി ബാത്റൂമിൽ കേറി വാതിൽ അടച്ചു.

അവൾ റൂമിൽ നിന്നും ഇറങ്ങി. വലിയ വീട് ആണ്.ഇന്നലത്തെ ടെൻഷൻ ൽ ഒന്നും നോക്കിയിരുന്നില്ല. സ്റ്റേയർ കേസ് ഇറങ്ങി അവൾ ചുറ്റും നോക്കി വലിയ ഹാൾ ആണ്. എവിടേക്ക് പോണം എന്നൊന്നും മനസ്സിലാകുന്നില്ല. കാഴ്ച

ബംഗ്ലാവിൽ എത്തിയ പോലൊരു അവസ്ഥ. അപ്പോഴാ ആരോ സംസാരിക്കിന്നത് കേട്ടത്. അവിടേക്ക് ചെന്നു അടുക്കള ആണ്. ഫുൾ മോഡേൺ ആണ്. അവൾ കൗതുകത്തോടെ ചുറ്റും നോക്കി. ഉമ്മ ആണെന്ന് തോന്നുന്നു കുറച്ചു ആഢിത്വം ഒക്കെ ഉണ്ട് ചായ കുടിക്കുന്നു.

എണീറ്റു വന്നോ മഹാറാണി കുറച്ചു കൂടി ഉറങ്ങാറുന്നില്ലേ അവർ പരിഹാസത്തോടെ പറഞ്ഞു.

അവൾക്ക് വല്ലായ്മ തോന്നി. അവൾ മുഖം കുനിച്ചു നിന്നു.

മോള് വാ ചായ ഇപ്പൊ എടുക്കാ പറഞ്ഞു ഒരു സ്ത്രീ ചായയും എടുത്തു കൊണ്ട് വന്നു.

അവൾക്ക് വല്ലാത്ത മടി തോന്നി. ഉമ്മാന്റെ പരിഹാസം നിറഞ്ഞ മുഖം അവളെ അസ്വസ്ഥമാക്കി.

മോളിരിക്ക്.... ആ സ്ത്രീ വീണ്ടും പറഞ്ഞു.

ചെറ്റകുടിലിൽ നിന്നും വരുന്നതല്ലേ ഇതൊക്കെ കണ്ടു കണ്ണ് മിഴിഞ്ഞതാരിക്കും.

അവൾക്ക് ഉമ്മ പറഞ്ഞത് കേട്ടു കരച്ചിൽ വന്നെങ്കിലും പിടിച്ചു നിന്നു. ഇവർക്ക് ഇഷ്ടം അല്ലാതെ

കെട്ടിയതാണോ എന്നെ.

ഉമ്മാ..... കുറച്ചു ദേഷ്യത്തിൽ ഒരു ഒച്ച കേട്ടു. ഒരു സ്ത്രീ വന്നു.

ഉമ്മ അപ്പോൾ തന്നെ അടുക്കളയിൽ നിന്നും പോയി.

ഇനു വാ നമുക്ക് ഒന്നിച്ചു കുടിക്കാം പറഞ്ഞു അവളെ പിടിച്ചു അവിടെ ഇരുത്തി. ഇനു അവരെ നോക്കി. കണ്ടിട്ട് ഒരു പാവം ആണെന്ന് തോന്നി. മുഖത്തെ പുഞ്ചിരി കണ്ടപ്പോൾ തന്നെ കുറച്ചു ആശ്വാസം തോന്നി.

ഫൈസിയുടെ ഇത്തയ ഞാൻ.പേര് റംസീന.

എവിടെയോ കണ്ട പോലെ അവൾക്ക് തോന്നി.

ഇങ്ങനെ നോക്കണ്ട ഞാൻ തന്നെ അത്. ഇരട്ടകുട്ടിക്ക് വേണ്ടി പെണ്ണിനെ തരാന്ന് പറഞ്ഞ കക്ഷി. ഓർമ വന്നോ ഇപ്പൊ.

അവൾ ചമ്മലോടെ നോക്കി. അത്..... അന്ന്.... ചുമ്മാ.... അവൾ നിന്ന് വിക്കി.

കണ്ടു പിടിച്ചോ ബാബിയെ. കാക്കുന്ന് ട്വിൻസ് തന്നെ ഉണ്ടാകോ റംസി  ചിരിയോടെ ചോദിച്ചു.

ജുനുവിനെ ഓർമ വന്നതും അവളുടെ ഉള്ളിൽ നീറ്റൽ പടർന്നു. പെട്ടന്ന് തന്നെ വെറുപ്പും പടർന്നു കയറി.

മോൾക്ക് മുന്നേ പരിജയം ഉണ്ടോ ഇനയയെ.

ഒരു പ്രാവശ്യം കണ്ടിട്ടുണ്ട്. അന്നലേ ഫൈസിയും ആദ്യം ആയി ഇവളെ കണ്ടത്.

ഫൈസി ഉണ്ടാരുന്നോ അന്ന് ഞാൻ കണ്ടില്ലല്ലോ.....ഇനായ അന്നത്തെ സംഭവം ഓർക്കാൻ ശ്രമിച്ചതും റംസിയുടെ  വിളി അവളെ ഉണർത്തി.

ഇത് റംലത്ത ഇവിടത്തെ ഒളിനോൾ എന്ത് സഹായം വേണേൽ ചോദിച്ച മതി.

അതൊന്നും അല്ല കൊച്ചേ ഞാൻ ഇവിട സഹായത്തിനു നില്കുന്നതാ.

അവൾ രണ്ടു പേരെയും നോക്കി ചിരി വരുത്തിച്ചു.

മോളെ കണ്ണ് കാണാൻ എന്ത് മൊഞ്ച. നീലകളർ ആണല്ലേ. ഞാൻ ആദ്യം ആയ ഇങ്ങനെ ഒരു കണ്ണ് കാണുന്നെ.ആ സ്ത്രീ അത്ഭുതത്തോടെ പറഞ്ഞു.

അതിലല്ലേ ഫൈസിയും വീണത്. രണ്ടു പേരും ചിരിച്ചു. അവൾക്ക് അതൊക്കെ ദേഷ്യം ആയിരുന്നു

പടർത്തിയത്.

വാതിൽക്കൽ നിന്നും ഇതൊക്കെ കേട്ട ഫൈസിയിൽ ചെറിയ നോവുണർത്തി. അവൻ ഇനയയെ നോക്കി. അവളുടെ കണ്ണുകൾ കാണും തോറും വീണ്ടും അവളിലേക്ക് അടുക്കുന്നത് പോലെ തോന്നി.

വേണ്ട അവളിന്ന് മറ്റൊരാളുടെ ആണ് ആ ഓർമയിൽ അവന്റെ നെഞ്ചിൽ ഒരു നീറ്റൽ പടർന്നു.

ഇത്താ എനിക്ക് ഒരു ഗ്ലാസ് ചായ

എല്ലാവരും തിരിഞ്ഞു നോക്കി. ഫൈസിയാണ്. ഷോട്സ് ടീഷർട് ആണ് ഇട്ടിരുന്നത്. പരസ്പരം കണ്ണുകൾ ഇടഞ്ഞതും അവൾ  മിഴികൾ താഴ്ത്തി.

പോയി വേഗം റെഡിയാവ് അവൻ ഇനയയെ നോക്കി പറഞ്ഞു.

എവിടെക്കാ ഫൈസി റംസി  ചോദിച്ചു.

അവൾക്ക് വീട്ടിൽ പോകണോന്ന് പറഞ്ഞു. ആദ്യം ആയി ചോദിച്ചത് അല്ലേ. കൊണ്ട്  വിട്ടേക്കന്ന കരുതി.ഞാൻ കാരണം ആരുടേയും ഇഷ്ടങ്ങൾ നടക്കാതിരിക്കണ്ട. അർത്ഥം വെച്ചപോലെ അവൻ പറഞ്ഞു.

അവൾ ഒന്നും മിണ്ടാതെ പോയി.

റൂമിൽ എത്തിയതും അവൾക്ക് എന്താ വേണ്ടെന്നു അറിയാതെ നിന്നു ഉഴറി.

ചെയ്യുന്നത് തെറ്റാണോ ശരിയാണോ എന്നൊന്നും അറിയില്ല....... എന്ത് വേണമെന്ന് അറിയില്ല..... അവൾ മുഖം പൊത്തി കരഞ്ഞു.പെട്ടെന്ന് ഇച്ചുന്റെ മുഖം ഓർമ വന്നു. അവൾ പെട്ടന്ന് തന്നെ റെഡിയായി നിന്നു. അപ്പോഴേക്കും ഫൈസിയും വന്നു. അവൻ അവളെ നോക്കിയില്ല ഡ്രസ്സ് എടുത്തു ഡ്രസിങ് റൂമിലേക്ക് പോകുന്നത് കണ്ടു.

റംസീന ഉമ്മയെ ദേഷ്യത്തോടെ നോക്കി.

.ജുനൈദിന് പറ്റിയ ഒരബദ്ധം ആണ് ഈ വിവാഹം. സത്യങ്ങൾ അറിയുമ്പോ അവൻ തന്നെ കൊണ്ട് പോയിക്കോളും അവളെ. ഒന്നും അറിയാതെ ആട്ടം ആടുന്ന ഒരു പാവം ആണ് ഇനായ. അവളെ വേദനിപ്പിച്ച പടച്ചോൻ പൊറുക്കില്ല ഉമ്മാ. അതും പറഞ്ഞു അവൾ പോയി.

🌷🌷🌷🌷🌷🌷🌷🌷🌷

സാർ ഒരു കാൾ ഉണ്ട്........

ഞാൻ പറഞ്ഞിട്ടില്ലേ മീറ്റിംഗിന് നടുക്ക് ഡിസ്റ്റർബ് ആകരുതെന്ന്

സോറി സാർ...... നദീം സാർ ആണ്...... അർജന്റ് ആണെന്ന് പറഞ്ഞപ്പോൾ...... അയാൾ മുഖം കുനിച്ചു.

അപ്പോഴേക്കും അകത്തു നിന്നു ശബ്ദം വന്നു.

അലക്സ്...... ഉയർന്ന ശബ്ദം കേട്ടതും അലക്സ് ദേഷ്യത്തോടെ മുന്നിൽ നില്കുന്നവനെ നോക്കി.

നീ കാരണം ഇന്ന് മുഴുവൻ തെറിയും ഞാൻ കേൾക്കേണ്ടി വരും.മൂക്കത്തെ ദേഷ്യം.  അങ്ങേരെ പി എ ആണെന്ന് പറഞ്ഞിട്ട് എന്താ കാര്യം. നദീം സാർ ഇല്ലാതെ അടുത്ത് പോകാൻ പോലും പേടിയാ എനിക്ക്. ഇന്നത്തെ കോട്ടക്ക് ഉള്ളത് ആയി.

നദീം സാർ ഇമ്പോർട്ടന്റ് ആണെന്ന് പറഞ്ഞോണ്ടാ സോറി സാർ.ഇനായ മാഡം എന്ന് പറഞ്ഞ മതി ദേഷ്യപ്പെടില്ല പറഞ്ഞു.

അലക്സ് അവനെ നോക്കി ദേഷ്യത്തോടെ ഫോൺ വാങ്ങി അകത്തേക്ക് പോയി.

നിന്നോട് പറഞ്ഞിട്ടില്ലേ ആരും ഡിസ്റ്റർബ്

ആവരുതെന്ന്. എനിക്ക് ഇന്നത്തെ മീറ്റിംഗ് എത്ര ഇമ്പൊർട്ടന്റ് ആണെന്ന് അറിയില്ലേ.ടേബിളിൽ ആഞ്ഞടിച്ചു ദേഷ്യത്തോടെ അയാൾ അലറി കൊണ്ട് ചോദിച്ചു. അയാളുടെ മുഖം ദേഷ്യം കൊണ്ട് വിറച്ചിരുന്നു. കണ്ണുകൾ കുറുകി. റൂം മൊത്തം കുലുങ്ങിയ പോലെ തോന്നി അലക്സിന്.

ഇനായ മാഡം എന്ന് പറയാൻ പറഞ്ഞു നദീം സാർ.

പെട്ടന്ന് തന്നെ മുഖം ശാന്തമായി. ചുണ്ടിൽ ഒരു പുഞ്ചിരി വിരിഞ്ഞു.

അന്യന്റെ സ്വഭാവം ആണോ സാറിന്. എത്ര ദേഷ്യം വന്നാലും ഇനായ എന്ന് കേട്ടാൽ കലിപ്പ് പോകും. വല്ലാത്തൊരു മാജിക് ആണത്. ആരാണാവോ ഇനായ. സാറിന്റെ ഫാമിലി മൊത്തം അറിയാം. ഇന്ന് വരെ ഇനായ എന്നൊരാളെ കണ്ടിട്ടും ഇല്ല അവരാരും പറയുന്നതും ക്കേിട്ടില്ല. ആരായിരിക്കും ഇനായ.

അലക്സ് പുറത്തു നിൽക്ക്. അവൻ പോയി.

അവൻ കീശയിൽ നിന്നും ഫോൺഎടുത്തു നോക്കി ഫോൺ ഓൺ ആക്കി. ചറപറാ നോട്ടിഫിക്കേഷൻ വന്നു. നദീം എന്ന് പേര് കണ്ട wp മാത്രം ഓപ്പൺ ചെയ്തു. അവൻ ഞെട്ടലോടെ ഒന്ന് കൂടി ഫോൺ

നോക്കി. ഇനായ വിവാഹവേഷത്തിൽ നിൽക്കുന്ന ഫോട്ടോ. കൂടെയുള്ള ആളെ കണ്ടതും അവന്റെ മുഖം വലിഞ്ഞു മുറുകി.

ജുനൈദ്..........,.. ആ അലർച്ചെയോടൊപ്പം റൂമിൽ ഏതൊക്കെയോ പൊട്ടിച്ചിതറുന്ന ശബ്ദം കേട്ടു അലക്സ് ഓടി വന്നു.

റൂമിൽ ഇനി പൊട്ടാൻ ഒന്നും ബാക്കിയില്ല. ദേഷ്യം കൊണ്ട് വിറക്കുന്ന അയാളെ അലക്സ് പേടിയോടെ നോക്കി.

ഇപ്പൊ തന്നെ ടിക്കറ്റ് ബുക്ക് ചെയ്യ്.നാട്ടിലേക്ക് പോകണം. അത് മാത്രം പറഞ്ഞു.

സാർ മീറ്റിംഗ് കാൻസൽ ആയ കമ്പനിക്ക് one cror ആണ് നഷ്ടം വരിക.

മുഖത്ത് നോക്കിയതും തീ ജ്വലിക്കുന്ന കണ്ണുകൾ കണ്ടു അലക്സ് കണ്ണുകൾ താഴ്ത്തി പുറത്തേക്ക് പോയി.

പുറത്തു എത്തിയതും നദീംമിനെ വിളിച്ചു.

സാർ ഒരു കോടിയാണ് മീറ്റിംഗ് കാൻസൽ ചെയ്ത കമ്പനിക്ക് നഷ്ടം വരിക.മാത്രം അല്ല പല ബിസിനസ്

ഡീലിങ് കോൺട്രാക്ക് ക്യാൻസൽ ചെയ്യും. കോടികളുടെ നഷ്ടം ആയിരിക്കും ഉണ്ടാവുക. സാറൊന്ന് ഇജാസ് സാറിനോട് സംസാരിച്ചാൽ.....

അലക്സ് പറഞ്ഞത് കേട്ട മതി നെക്സ്റ്റ് ഫ്ലൈറ്റിന് ഇജാസ് നാട്ടിൽ എത്തിയിരിക്കണം. അതും പറഞ്ഞു നദീം ഫോൺ കട്ട് ചെയ്തു.

അവളെക്കാൾ വലിയ നഷ്ടം വേറെയില്ല അലക്സ്. ജുനൈദ് നീ വലിയൊരു തെറ്റാ ചെയ്തത്. ഒരിക്കലും പൊറുക്കാൻ കഴിയാത്ത തെറ്റ്. ആദ്യം ആയി നിന്നോട് വെറുപ്പ് തോന്നുന്നു ജുനൈദ്. വാശി ജയിക്കാൻ പെണ്ണിന്റെ ജീവിതം കൊണ്ട് കളിച്ചിരിക്കുന്നു. ഷെയിം ഓഫ് യൂ ജുനൈദ്.

🌷🌷🌷🌷🌷🌷🌷🌷🌷

പോകാം അവൻ യന്ത്രികം എന്നോണം പറഞ്ഞു. അവൾ തലയാട്ടി കൊണ്ട് അവന്റെ പിറകെ പോയി. കാറിൽ പിറകിൽ ആയിരുന്നു അവൾ ഇരുന്നത്. അവൾ പുറത്തേക്ക് മിഴികൾ നട്ടു. ഇടക്കിടക്ക് ഒഴുകിയിറങ്ങുന്ന കണ്ണുനീർ തുടച്ചു. ഫൈസി ഇതൊക്കെ കണ്ണാടിയിലൂടെ കാണുന്നുണ്ടായിരുന്നു. അവളുടെ കണ്ണുനീർ എന്തിനെന്നറിയാതെ അവനെ

ചുട്ടുപോള്ളിച്ചു കൊണ്ടിരുന്നു.

ഐ ഹേറ്റ് യൂ അവളുടെ വാക്കുകൾ ചെവിയിൽ മുഴങ്ങിയതും അവന്റെ കൈകൾ സ്റ്റിയറിങ്ങിൽ മുറുകി. കാർ നിന്നത് കണ്ടു അവൾ നോക്കി. തന്റെ വീട്ടുമുറ്റത് ആണ് ഉള്ളത്.

ഇറങ്ങ്  അവന്റെ ശബ്ദം അവൾ കേട്ടു.

ജുനുവിന്റെ പ്രതികരണം എങ്ങനെ ആയിരിക്കും.അറിയാതൊരു വിറയൽ അവളിൽ പടർന്നു.

❤️ 💔 INVISIBLE LOVE 💔❤️

Love after💘 marriage story

Part 3

പുന്നാര പെങ്ങൾക്ക്  എന്നെ വേണ്ട പ്രണയിക്കുന്നവനെ മതിയെന്ന് പറഞ്ഞു. കൊണ്ട് പോയ പോലെ കൊണ്ട് വിട്ടിട്ടും ഉണ്ട്. ചതിക്കുകയാണെന്ന് അറിഞ്ഞിട്ടും രാത്രിതന്നെ ഇറക്കിവിടഞ്ഞത് നിന്നെ പോലൊരു വൃത്തികെട്ടവൻ അല്ലാത്തത് കൊണ്ടാണ്.  ഇനി

മേലിൽ എന്റെ വീട്ടിലോ എന്റെ ലൈഫിലോ നിന്റെ നിഴൽ പോലും പതിയരുത്. ഇത് നേരിട്ട് പറയാൻ വേണ്ടി മാത്രം ആണ് ഇവളെ കൂട്ടി ഞാൻ തന്നെ വന്നത്. പുച്ഛത്തോടെ ജുനൈദിനെ നോക്കി ഫൈസി പറഞ്ഞു.

ജുനു വിന്റെ ഭാഗത്തു നിന്നും ഒരു മാപ്പ് പറച്ചിലോ പെങ്ങൾക്ക് വേണ്ടി ഒരു യാജനയോ അവൻ പ്രതീക്ഷിച്ചിരുന്നു. അതൊന്നും ഇല്ലാതിരുന്നത് അവനിൽ ഒരുപാട് സംശയങ്ങൾ ഉണ്ടാക്കിയിരുന്നു. എന്തൊക്കെയോ പറയാൻ ഉണ്ടായിരുന്നുവെങ്കിലും ഇനയയെ കാണുമ്പോൾ നെഞ്ചിൽ ഒരു പിടച്ചിൽ അനുഭവപ്പെടുന്നു വാക്കുകൾക്ക് വിലങ്ങു വീഴുന്നു. ഇന്നലെ വരെ എന്റെ എല്ലാം ഇവളായിരുന്നു. അവന്റെ കണ്ണിൽ കണ്ണുനീർ ഉടലെടുത്തതും അവൻ ആരെയും നോക്കാതെ ഇറങ്ങിപോയി. കാറിൽ കയറി.  പിടിച്ചു വെച്ചിരുന്ന ബലം മൊത്തം നഷ്ടപെടുന്നത് പോലെ തോന്നി അവന്ന്. സ്റ്റിയറിങ്ങിൽ നെറ്റി മുട്ടിച്ചു കിടന്നു. അവന്റെ കണ്ണിൽ നിന്നും കണ്ണുനീർ ഒലിച്ചിറങ്ങി.

ഇനായ അകത്തേക്ക് കയറാൻ നോക്കിയതും ജുനു കൈ വെച്ചു തടഞ്ഞു.

എന്നെ അനുസരിക്കാത്ത പെണ്ണുങ്ങളെ എനിക്കിനി ആവിശ്യം ഇല്ല. നിനക്ക് നിന്റെ വഴി എനിക്ക് എന്റെ വഴി. ഇപ്പൊ ഈ നിമിഷം ഈ വീട്ടിൽ നിന്നും ഇറങ്ങണം.

അവൾ ദയനീയമായി ജുനുവിനെ നോക്കി. അവൻ അവളെ മുഖത്ത് പോലും നോക്കുന്നില്ലെന്ന് അവൾ കണ്ടു. അവൾ പ്രതീക്ഷയോടെ ഉമ്മയെ നോക്കി വിളിച്ചു ഉമ്മാ..... അവർ ഒന്ന് നോക്കി മിണ്ടാതെ അകത്തേക്ക് പോയി.ഉമ്മയും കൈവിട്ടെന്ന് അവൾക്ക് മനസ്സിലായി.

ഉമ്മാ......  നിലവിളിയോടെ വിളിച്ചു കൊണ്ട് അകത്തേക്ക് പോകാൻ നോക്കിയതും ജുനു തടഞ്ഞു. ഇവിടെ എന്റെ ഉമ്മ മാത്രം ഉള്ളൂ. ഞാൻ പറഞ്ഞത് അനുസരിച്ചു ജീവിക്കുന്ന എന്റെ ഉമ്മ. നീ കരഞ്ഞു നിലവിളിച്ചു ഉമ്മാന്റെ മനസ്സ് മാറ്റാന്ന് കരുതുന്നുണ്ടെങ്കിൽ ഒന്നോർത്തോ നിന്റെ കൂടെ ഉമ്മന്റേയും സ്ഥാനം പടിക്ക് പുറത്തു ആയിരിക്കും.

എന്തിനാ എന്നോടിങ്ങനെ ചെയ്യുന്നേ. ഞാൻ പറഞ്ഞതല്ലേ എനിക്ക് ഇച്ചുനെ  മറക്കാൻ പറ്റില്ലെന്ന്. അവൾ പൊട്ടികരഞ്ഞു കൊണ്ട് അവന്റെ കാൽക്കൽ

വീണു. ഞാൻ ആർക്കും ഒരു ദ്രോഹം ചെയ്യില്ല. എവിടെയെങ്കിലും ഒരു മൂലക്ക് ജീവിച്ചോളാം. എന്നെ പറഞ്ഞു വിടല്ലേ ജുനു.

ജുനുവോ ആരാ അത്.... അല്ല നിനക്കിവിടെ ആരാ സ്വന്തം എന്ന് പറയാൻ ഉള്ളത്..... ഞാൻ നിന്റെ ആരുമല്ലെന്ന് അല്ലേ എന്റെ മുഖത്ത് നോക്കി പറഞ്ഞത്. എന്നിട്ടിപ്പോ ആരെ കാണാനാ ഇങ്ങോട്ട് വന്നത്.

എന്റെ ഉമ്മയുണ്ട് ഇവിടെ..... എനിക്ക് എന്റെ ഉമ്മാനെ കാണണം..... ഉമ്മാനോട് സംസാരിക്കണം.......

ഓഹ്..... ഉമ്മ.....അവൻ പുച്ഛത്തോടെ മുഖം കോട്ടി. ആ ഉമ്മയെ വേണ്ടെന്നു വെച്ചല്ലേ ഇർഫാന്റെ കൂടെ ഇറങ്ങി പോകാൻ തീരുമാനിച്ചത്. അപ്പോൾ ഇല്ലാത്ത ഉമ്മാനോടുള്ള സ്നേഹം ഇപ്പോഴെങ്ങനെ വന്നത്.

എന്ത് വന്നാലും ഉമ്മാനെ കണ്ടേ ഞാൻ പോകുള്ളൂ.അതു തടയാനുള്ള അവകാശം നിനക്ക് ഇല്ല. നിനക്കെന്നല്ല ആർക്കും ഇല്ല.ഞാൻ എന്റെ ഉമ്മയെ കണ്ടേ പോകു.

അവളുടെ ശബ്ദം ഉയർന്നിരുന്നു.

പറ്റില്ലെന്നല്ലേ പറഞ്ഞത്.

അത് പറയാൻ നീയാരാ . എന്താവകാശ നിനക്ക് ഉള്ളത് അവന്റെ നേരെ വിരൽ ചൂണ്ടി അവൾ.

പെട്ടന്ന് ആണ് ഉമ്മ പുറത്തേക്ക് ഇറങ്ങി വന്നത്.വന്നതും അവളുടെ മുഖത്ത് ആഞ്ഞടിച്ചു.

എന്റെ വീട്ടിൽ വന്നു എന്റെ മോന്റെ മുഖത്ത് നോക്കി അവകാശം പറയാൻ നീയാരാ.എന്റെയും ഇവന്റെയും മനസ്സിൽ നീ മരിച്ചു. ഇനി ഈ വീട്ടിലോ ഞങ്ങളുടെ മനസ്സിലോ നിന്റെ ഓർമ്മകൾ പോലും ഉണ്ടാവില്ല. അത്രക്ക് വെറുപ്പാണ് നിന്നോട്.

അവൾ ഞെട്ടലോടെ ഉമ്മാനെ നോക്കി.

ആദ്യം ആയാണ് ഉമ്മ തല്ലിയത്. ഇങ്ങനെ ഒക്കെ പറഞ്ഞതും ആ ഷോക്കിൽ ആയിരുന്നു അവൾ.

കേട്ടല്ലോ ഉമ്മാന്റെ മറുപടി. ഇനി നിന്ന് കാൽകഴക്കാതെ ഇറങ്ങാൻ നോക്ക്.

ഞാൻ എവിടേക്കും പോകില്ല. എന്റെ വീടാ ഇത്......

ഇർഫാന്റെ വാക്കും കേട്ടു അവൻ പഠിച്ചിച്ച ഡയലോഗ് പറഞ്ഞു എന്റെ നെഞ്ചത്തേക്ക് കയറിയലുണ്ടല്ലോ...... ഇപ്പൊ അവന്റെ കാലേ

തല്ലിയൊടിച്ചിട്ടുള്ളു. ബാക്കി വെച്ച ജീവൻ കൂടി അങ്ങ് എടുക്കും ഞാൻ.

ദുഷ്ടനാ നീ..... എന്റെ ജീവിതം നശിപ്പിച്ച കാലൻ. അവന്റെ മാത്രം അല്ല എന്റെയും കൂടി ജീവൻ അങ്ങ് എടുക്ക് എന്നാൽ.

ഇറങ്ങി പോടീ ചിലക്കണ്ട് എന്ന് പറഞ്ഞു അവളെ പിറകിലോട്ട് തള്ളി. അവൾ മുറ്റതെക്ക് വീണു. അവളുടെ കയ്യുരഞ്ഞു ചോര പൊടിഞ്ഞു. വേദന കൊണ്ട് നീറിയെങ്കിലും അതിനേക്കാൾ വേദന മനസ്സിൽ ആയിരുന്നു തോന്നിയത്.കണ്ണുനീർ വീണു ഒരു മങ്ങലോടെ അവൾ ഉമ്മാനെ നോക്കി. അവളെ നോക്കാതെ അകത്തേക്ക് കയറി.

ഇതൊക്കെ കണ്ടു കണ്ണുമിഴിച്ചു നിൽക്കികയാരുന്നു ഫൈസ്. അവന്ന് എന്ത് ചെയ്യണമെന്നോ പറയണമെന്നോ തിരിഞ്ഞില്ല.അവളുടെ ബാഗ് കൊണ്ട് വെക്കാൻ വന്നതായിരുന്നു അവൻ. അവൻ ബാഗ് അവിടെ വെച്ചു.

ജുനു വീണിടത്തു നിന്നും അവളെ പിടിച്ചു എഴുന്നേൽപ്പിച്ചു. ചെറിയൊരു പ്രതീക്ഷ അവളുടെ മുന്നിൽ നാമ്പിട്ടു. ഫൈസ് കൊണ്ട് വെച്ച ബാഗ്

എടുത്തുഅവൻ അവളുടെ കയ്യിൽ പിടിച്ചു വലിച്ചു ഗേറ്റിന് അടുത്തേക്ക് ആയിരുന്നു പോയത്. ഗേറ്റിന് പുറത്തേക്ക് ആക്കി തള്ളി.

നിന്നെ ഇനി ആരും തടയില്ല.നീ നിന്റെ ഇഷ്ടം പോലെ ജീവിച്ചോ. ആരുടെ കൂടെ വേണമെങ്കിലും പോയിക്കോ. എന്റെയോ ഉമ്മാന്റെയോ മുന്നിൽ കണ്ടു പോകരുത്.

അവൻ തിരിച്ചു ഫൈസ് അടുത്തേക്ക് പോയി.

പോയിതന്നിരുന്നെങ്കിൽ ഗേറ്റ് അടക്കാമായിരുന്നു. ഇല്ലെങ്കിൽ കണ്ട ചാവാലിപട്ടികൾ കേറി ഇറങ്ങും. ഇനയെ നോക്കിയാരുന്നു അവനത് പറഞ്ഞത്.

പിന്നെന്തിന് വേണ്ടിയാടാ പുല്ലേ അവളെയും എന്റെയും ജീവിതം നീ നശിപ്പിച്ചത്.അവന്റെ കോളറയിൽ പിടിച്ചു ദേഷ്യത്തോടെ ചോദിച്ചു.

ജുനു അവന്റെ കൈ എടുത്തു മാറ്റി. നിന്നെപ്പോലരു അളിയനെ കിട്ടിയാൽ ആരെങ്കിലും വേണ്ടെന്ന് വെക്കോ...... നിന്നിലൂടെ കിട്ടുന്ന പണവും സ്ഥാനമാനവും ഒക്കെ കണ്ടു കൊണ്ടാണ് അവളെ നിന്നെക്കൊണ്ട് കെട്ടിക്കാൻ തീരുമാനിച്ചത്. അതൊക്ക അവൾ വെള്ളത്തിൽ വരച്ച പോലെയായി.

ഇനി എനിക്കെന്തിനാ അവളെ. അവൾ ഇനി ഏത് തെണ്ടിയുടെ കൂടെ വേണമെങ്കിലും ജീവിച്ചോട്ടെ. എനിക്കറിയേണ്ട ആവിശ്യം ഇല്ല. കോംബൻസെഷൻ വേണമെങ്കിൽ തരാൻ ഞാൻ റെഡിയാണ്. നിനക്ക് വിവാഹത്തിന് ചിലവായ മുഴുവൻ പണവും ഞാൻ തന്നോളം.

എന്റെയും അവളുടെയും ജീവിതം നശിപ്പിച്ചിട്ട് പണം കൊണ്ട് വിലയിടുന്നോ.അവൻ ജുനുവിന്റെ മുഖത്ത് ആഞ്ഞൊരു അടി കൊടുത്തു.

നീ അവളെ വേണ്ടെന്നു വെച്ചു. ഇനിയവളെ കാര്യം നോക്കണ്ട ആവിശ്യം നിനക്കില്ല. നീയതിനെ കുറിച്ച് ആലോചിക്കുകയും വേണ്ട. അവൾ അവന്റെ കൂടെ ജീവിക്കുകയോ ചാവുകയോ എന്താന്ന് വെച്ച ചെയ്തോട്ടെ അതും കലിപ്പിൽ പറഞ്ഞു അകത്തേക്ക് കയറി വാതിൽ വലിച്ചു അടിച്ചു.

അവൻ വാതിൽ ചാരി ഒരു നിമിഷം നിന്നു. കാർ പോവുന്നത് അവൻ കണ്ടു. കുറച്ചു സമയം കൂടി അതന്നെ ജനലിലൂടെ നോക്കി  പിന്നെ നിലത്തേക്ക് ഊർന്നിരുന്നു. അവന്റെ കണ്ണിൽ നിന്നും കണ്ണുനീർ ഒലിച്ചിറങ്ങിയിരുന്നു. അവന്റെ ചുമലിൽ ഒരു കൈ

വന്നത് കണ്ടു അവൻ മുഖം അമർത്തിതുടച്ചു ചിരിയോടെ ഉമ്മാനെ നോക്കി.

അതേ അടിയും ഡയലോഗ് അവിടെ ആണെങ്കിലും വേദന മൊത്തം ഇവിടെ ആണെന്ന് അറിയാം. അത് കൊണ്ട് സങ്കടം പിടിച്ചു വെക്കേണ്ട. കരഞ്ഞാൽ കുറച്ചു ആശ്വാസം കിട്ടും.

അവൻ ഉമ്മാന്റെ മടിയിലേക്ക് തലവെച്ചു കിടന്നു.അവർ അവന്റെ മുടിയിലൂടെ തലോടി.

നീ പറഞ്ഞത് പോലെ അവൻ അവളെ കൂട്ടിയ തിരിച്ചു പോയത്. എനിക്കും ചെറിയ പേടി തോന്നിയിരുന്നു അവൻ കൂട്ടാതെ പോകുന്ന്.

അവൻ ചെറുചിരിയോടെ അവരുടെ കൈ എടുത്തു അതിൽ മുത്തം കൊടുത്തു.

ഫൈസി പാവം ആണ് ഉമ്മാ. അവളുടെ കണ്ണുനീർ കാണാനൊന്നും അവന്ന് പറ്റില്ല. എല്ലാരേം സ്നേഹിക്കാനേ അവന്ന് അറിയൂ.

എന്നാലും ഫൈസി..... അവൾ ഈ അവസ്ഥയിൽ അവന്റെ കൂടെ...... എനിക്കെന്തോ പേടിയാവുന്നു.എന്നാലും എന്ത് പറഞ്ഞിട്ട് ആവും

അവൾ ഫൈസിയുടെ കൂടെ പോവുക.

അതിനുത്തരം സിമ്പിൾ ആണ് ഉമ്മ. ഇർഫാന്റെ അടുത്ത്  കൊണ്ട് വിടാം എന്ന് പറഞ്ഞിട്ട് ആകും. ഇർഫാനെ വിളിച്ചപ്പോ അവൻ പറയും ഞാൻ ഹോസ്പിറ്റലിൽ ആണ് ബെഡ് റസ്റ്റ് ആണ്. രണ്ടു മാസത്തേക്ക് ബെഡിൽ നിന്നും എഴുന്നേൽക്കാൻ പറ്റില്ല. അത് വരെ അവളെ എവിടെങ്കിലും താമസിപ്പിക്കണം എന്ന്. വിശാല മനസ്സുകയായ എന്റെ ഫൈസി അവളെ കൂടെ കൂട്ടും.ഈ രണ്ടു മാസം കൂടെ കഴിയുമ്പോഴേക്കും അവർ തമ്മിൽ അടുത്തോളും.എന്റെ ഇനുനേ ആർക്കാ സ്നേഹിക്കാതിരിക്കാൻ ആവാ. അവളുടെ ഈ കൊച്ചു തെറ്റ് അവൻ ക്ഷമിച്ചോളും.... അവന്റെ ജീവന ഇനു.

എനിക്ക് തോന്നുന്നില്ല ജുനു അവൾക്ക് ഇർഫാനെ മറന്നു  ഫൈസിയെ സ്നേഹിക്കാൻ കഴിയുമെന്ന്.

അത് ഉമ്മ തന്നെ പറയണം. ഉമ്മയും ഉപ്പയും വിവാഹം കഴിക്കുമ്പോൾ എന്തായിരുന്നു ഉടമ്പടി എന്നോർക്കുന്നുണ്ടോ. എനിക്ക് കഴിഞ്ഞതൊന്നും മറക്കാൻ പറ്റില്ല...... ഞാൻ അത്രത്തോളം സ്നേഹിച്ചു

പോയതാ.... എന്നോട് പൊറുക്കണം.... വീട്ടുകാരുടെ നിർബന്ധം സഹിക്കാതെ വിവാഹത്തിന് സമ്മതിച്ചതാ...... എനിക്ക് ഒരിക്കലും നിങ്ങളെ ഭർത്താവായി കാണാൻ കഴിയില്ല..ഉപ്പക്കും സെയിം അവസ്ഥ. ഉപ്പയും വീട്ടകാർക്ക് വേണ്ടി കഴിച്ച കല്യാണം ആയിരുന്നു.....

എന്നിട്ട് രണ്ടു പേരുടെയും കിടത്തമോ രണ്ടു റൂമിൽ. മാസം ആറ്  തികയുന്നതിന്ന് മുന്നേ ഉപ്പയും ഉമ്മയും ഒരു റൂമിൽ എത്തിയില്ലേ..... ജീവനേക്കാൾ ഏറെ പരസ്പരം മനസ്സിലാക്കി സ്നേഹിച്ചു ജീവിച്ചില്ലേ.

പടച്ചോനെ ഇതൊക്കെ നിന്നോട് ആരാ പറഞ്ഞു തന്നെ.

നിങ്ങളെ കെട്ടിയോൻ തന്നെ. അതായത് എന്റെ പുന്നാര ബാപ്പ. മരണത്തോട് അടുത്തപ്പോഴും പറഞ്ഞത് നിങ്ങളുടെ ഈ പ്രണയം എപ്പോഴും മനസ്സിൽ ഉണ്ടാകണം എന്നാണ്. ഉമ്മാനെ വേദനിപ്പിക്കരുതെന്നാണ്.

ഇതൊക്കെ മനസ്സിൽ വെച്ചാണോ കുരിപ്പേ അവളെ പിടിച്ചു കെട്ടിച്ചത്. എനിക്കും നിന്റെ ഉപ്പക്കും മുന്നിൽ യാതൊരു തടസ്സം ഇല്ലായിരുന്നു. അത് കൊണ്ടാണ്

ഒന്നിച്ചത്. എന്നിട്ടും അധികകാലം ഒന്നിച്ചു ജീവിക്കാൻ പറ്റിയില്ലല്ലോ...... തനിച്ചാക്കി പോയില്ലേ എന്നെ......അവർ നെടുവീർപ്പിട്ടു. ഇനു അങ്ങനെയല്ല മോനെ അവൾക്ക് മുന്നിൽ ഇർഫാൻ ഉണ്ട് തടസ്സം ആയി. ഫൈസി അതിന് സപ്പോർട് കൊടുക്കും.

അതോർത്തു ഉമ്മ പേടിക്കണ്ട. ഇർഫാൻ ഒരു ഭൂലോക ഫ്രോഡ് ആണെന്ന് ഉള്ളതിനുള്ള വ്യക്തമായ തെളിവ് എന്റെ കയ്യിൽ രണ്ടു മൂന്ന് ദിവസത്തിനുള്ളിൽ കിട്ടും. പിന്നെ ഇനു തന്നെ അവന്റെ മുഖത്തിട്ട് രണ്ടു പൊട്ടിക്കും. അതോടെ ആ ചാപ്റ്റർ ക്ലോസ്.അവന്റെ സ്ഥാനത് ഫൈസ് വന്നോളും. ഇല്ലെങ്കിൽ ഞാൻ തന്നെ അവളെ ഇങ്ങോട്ട് കൂട്ടി വരും. ഒരിക്കലും ഫൈസിയെ അവളുടെ മേൽ അടിച്ചേല്പിക്കില്ല.

നിനക്ക് സത്യം പറഞ്ഞൂടെ  ഫൈസിയോട്. ഇർഫാൻ അവളെ ചതിക്കുകയാരുന്നെന്ന്. അവനിൽ നിന്നും രക്ഷിക്കാനാ പെട്ടന്ന് വിവാഹം നടത്തിയത് എന്നൊക്കെ. അവൻ നിന്നോട് ക്ഷമിക്കും എനിക്കുറപ്പുണ്ട്.

അതെനിക്കും അറിയാം ഉമ്മ. ഫൈസി ഇർഫാന്റെ

പിറകിൽ പോയാൽ അന്വേഷണം എത്തുന്നത് ഇജാസിലേക്ക് ആണെങ്കിലോ. എനിക്ക് ഉറപ്പുണ്ട് ഉമ്മ ഇജാസ് തന്നെ ആയിരിക്കും ഇതിന്റെ പിന്നിൽ. എന്നിൽ നിന്നും അവളെ അകറ്റിയ അവന്ന് അവൾ സ്വന്തം ആകില്ലേ. അതിന്ന് വേണ്ടി നടത്തിയ ചീപ്പ് ഡ്രാമ ആയിരിക്കും ഇർഫാൻ എന്ന ഫ്രോഡ്. ഇജാസ് ആരാന്ന് ചോദിച്ച എന്താ ഞാൻ ഫൈസിയോട് പറയാ ഉമ്മാ.  ഞാൻ തോറ്റുകൊടുക്കില്ല ഒരിക്കലും അവന്റെ മുന്നിൽ. തോറ്റാൽ പിന്നെ ഞാൻ ജീവനോടെ ഉണ്ടാവില്ല..... സത്യം ആയിട്ടും ഉണ്ടാവില്ല.....അത് മാത്രം സഹിക്കാൻ എനിക്ക് ആവില്ല.ഇജാസിന് ഒരിക്കലും ഇനായയെ കൊടുക്കില്ല ഞാൻ..... വാശിയോടെ അവൻ പറഞ്ഞു.

ജുനു...... ഉമ്മ ദേഷ്യത്തോടെ അവന്നെ പിടിച്ചു മാറ്റി എഴുന്നേറ്റു പോകാൻ നോക്കി.

സോറി..... അതും പറഞ്ഞു ജുനു ഉമ്മാനെ കെട്ടിപിടിച്ചു. എനിക്ക് പറ്റില്ല ഇജാസിന് അവളെ കൊടുക്കാൻ....... അവന്റെ കണ്ണ് നിറഞ്ഞു ഒഴുകിയിരുന്നു.

ഫൈസിയോട് ഇജാസ് ആരാണെന്ന് പോയി

പറഞ്ഞാലോ ജുനു. അവനെ തലോടി കൊണ്ട് ഉമ്മ ചോദിച്ചു.

ഫൈസിയും ഇജാസ് ബിസിനസ് ശത്രുക്കളാ അതോണ്ട് ഒരിക്കലും അവർ തമ്മിൽ സൗഹൃദ സംഭഷണം ഉണ്ടാവില്ല. പിന്നെ ഇനായ അവൾ ഒരിക്കലും എനിക്ക് തന്ന സത്യം തെറ്റികില്ല. എന്നോടുള്ള ദേഷ്യം ഇജാസ് മുതലെടുക്കുന്നതിന്ന് മുന്നേ ഇർഫാന്റെ ചതി അവളെ മനസ്സിലാക്കി കൊടുക്കണം. അതോടെ ഫൈസിയും അവളും ഒന്നിക്കും ഇജാസ് പിന്നെ അവളുടെ അടുത്തേക്ക് വന്നാലും പേടിക്കണ്ട ആവിശ്യം ഇല്ല. ഒരിക്കലും ഇജാസിന്റെ കൂടെ അവൾ പോകില്ല. അവന്റെ മുഖത്തും വാക്കുകളിലും ആത്മവിശ്വാസം ഉണ്ടായിരുന്നു.

ഇജാസ് ഒരിക്കലും ഇനയയെ വേദനിപ്പിക്കുന്ന ഒന്നും ചെയ്യില്ല.  ഇനായ എന്ന് വെച്ചാൽ അവന്റെ ജീവനാണ്.  നിന്റെ തെറ്റിദ്ധരണ മാത്രം ആണത്. നിനക്ക് വേണ്ടിയാണ് ഇജാസിനെ അവൾ വെറുക്കുന്നത് പോലും. അവളുടെ ഉള്ളിൽ ഇപ്പോഴും ഇജാസ് ഉണ്ടെന്ന് എനിക്ക് പലപ്പോഴും തോന്നിയിട്ടുണ്ട്.

ഉമ്മ മനസ്സിൽ ഓർത്തു . ഇജാസിനെയും ജുനുവിനെയും മറന്നു അവൾ ഇർഫാനെ എങ്ങനെ പ്രണയിച്ചത്. അത് മാത്രം മനസ്സിലാവുന്നില്ല. ജുനുവിന് വേണ്ടിയാണ് ഇജാസിനെ അവൾ വേണ്ടെന്നു വെച്ചത്. അങ്ങനെ ഉള്ളവൾ ജുനുവിനെ ഉപേക്ഷിച്ചു രണ്ടുമൂന്നു മാസത്തെ പരിജയം ഉള്ള ഇർഫാന്റെ കൂടെ പോകോ.ഇർഫാന്റെ മുഖം അവരുടെ ഓർമയിൽ ഓടിയെത്തി. ഒരു പാട് നിഗൂഢതകൾ ഒളിപ്പിച്ച മുഖം........ ജുനുവിനോട് നേരിട്ട് പറഞ്ഞു അവനെ ടെൻഷൻ കൂട്ടാൻ അവർ ആഗ്രഹിച്ചില്ല.

🌷🌷🌷🌷🌷🌷🌷🌷🌷🌷

ഫൈസി അവളെ വീട്ടിൽ കൊണ്ട് വിടാൻ പോയ കാര്യം അറിഞ്ഞു അത് ചോദിക്കാൻ ഫൈസിയെ തേടി വീട്ടിൽ വന്നതായിരുന്നു സമി.

കാറിൽ നിന്നും ഇറങ്ങുമ്പോൾ കൂടെ ഇനയയെ കണ്ടു ഞെട്ടലോടെയും ദേഷ്യത്തോടെയും അവൻ ഫൈസിയെ നോക്കി.

ഫൈസി അവളോട് റൂമിലേക്ക് പോകാൻ പറഞ്ഞു.

നീയെന്തിനാ അവളെ തിരിച്ചു കൂട്ടി  വന്നത്.

അവൻ അവിടെ നടന്നത് എല്ലാം പറഞ്ഞു കൊടുത്തു.

എനിക്ക് അവളെ അവിടെ തനിച്ചു വിടാൻ തോന്നിയില്ല.

എന്ന പിന്നെ ആ @##₹%₹#@ കൂടെ പോകാൻ പറയാറുന്നില്ലേ

ആദ്യം വിളിച്ചത് അവനെ തന്നെയാ. അവൻ ബാംഗ്ലൂർ ആണ് ഉള്ളത്. രണ്ടു മാസം എങ്കിലും കഴിയാതെ കാൽ ശരിയാവില്ലെന്ന പറഞ്ഞെ. അത് വരെ എവിടെയെങ്കിലും താമസം ശരിക്കൊന്ന് ചോദിച്ചു. ഒറ്റക്കക്കൊൻ പേടി ആയോണ്ട് ഞാൻ ഇങ്ങോട്ട് തന്നെ കൂട്ടി.

അവൾ നിന്നെ എന്നെങ്കിലും മനസ്സിലാക്കോട. അത് വിചാരിച്ചാണോ  അവളെ ഇങ്ങോട്ട് കൂട്ടിയത്. അവളുടെ പ്രണയം ഇല്ലാതാക്കിയവനിൽ ഒരാളാണ് അവൾക്ക് മുന്നിൽ നീ.  അവൾ എവിടേക്കാണെന്ന് വെച്ച പൊക്കോട്ടെ. നിന്റെ കൂടെ നിർത്തണ്ട.

ഒറ്റ ഉത്തരം ഉള്ളൂ സമി ഇതിന്ന്.  അവളുടെ ജീവിതം നശിക്കുന്നത് കാണാൻ എനിക്ക് പറ്റില്ല. ഞാൻ ജുനുവിന്റെ വീട്ടിൽ വെച്ചു അപ്പോൾ തന്നെ പ്രശ്നം

ഉണ്ടാകാതിരുന്നത് അത് കൊണ്ടാണ്. അവളെ ഇങ്ങോട്ട് കൂട്ടിയതും ചിലതൊക്കെ മനസ്സിൽ കണ്ടാണ്.

എന്ന് വേച്ചു നിന്റെ ജീവിതം നശിപ്പിച്ചു കളയണോ. അവൻ വന്ന അവളിറങ്ങി പോകും. അപ്പോഴത്തെ നിന്റെ അവസ്ഥയോ. അത് ആലോചിച്ചിട്ടുണ്ടോ.എത്രയൊക്കെ ആയാലും നീ സ്നേഹിച്ച പെണ്ണല്ലേ.

അവളുടെ ജീവിതം നശിച്ചു കാണാൻ ഞാൻ ആഗ്രഹിക്കുന്നില്ല അതെ ഉള്ളൂ ഉത്തരം. അവൾ ജീവിച്ചോട്ടെ അവൾക്കിഷ്ടം ഉള്ളത് പോലെ ഇഷ്ടം ഉള്ള ആളുടെ കൂടെ.

സമി ഞെട്ടലോടെ അവനെ നോക്കി. നീയെന്താ ഉദ്ദേശിക്കുന്നത്.

അവളുടെ തീരുമാനം എന്താണോ ഞാനും ഉണ്ടാവും അവളുടെ കൂടെ.

നിനക്കവളെ വേണ്ടേ അപ്പോൾ

നേടുമ്പോൾ മാത്രം അല്ല സമി പ്രണയം വിജയിക്കുന്നത് ചിലപ്പോൾ വിട്ടു കൊടുക്കുമ്പോഴാ

ആ പ്രണയം  വിജയിക്കുന്നത്.

അതും പറഞ്ഞു ഫൈസ് അകത്തേക്ക് പോയി.

എന്താകുമോ ആവോ ഇതിന്റെ അവസാനം സമി അതും പറഞ്ഞു മേലോട്ട് നോക്കി കൈ മലർത്തി.

❤️ 💔 INVISIBLE LOVE 💔❤️

Love after💘 marriage story

Part 4

നദീം ഹാളിലേക്ക് കയറിയതും കണ്ടു സംഹാര ഭാവത്തോടെ ഇജാസ്. മൊത്തം അടിച്ചു പൊട്ടിച്ചിട്ടുണ്ട്. എവിടെയോ തട്ടി കയ്യിൽ  മുറിവ് പറ്റി ബ്ലഡ് ഒലിക്കുന്നുണ്ട്.അവന്റെ പേടിപ്പെടുത്തുന്ന ഭാവം നദീംമിലും പേടി ഉണ്ടാക്കി.

അവൻ ഇജാസിനെ പിടിച്ചു വെച്ചു.

അവൻ നദീംമിനെ തള്ളിമാറ്റി.

അവളെ നിന്നെയൊക്കെ ഏല്പിച്ചല്ലേ ഞാൻ പോയത്.

എന്റെ തെറ്റ് തന്നെയാണ്... എന്റെ ശ്രദ്ധക്കുറവ്.എന്നോട് നീ ക്ഷമിക്ക്.എന്നെ തല്ലിക്കോ നീ സ്വയം വേദനിപ്പിക്കല്ലേ. നദീംമിന്റെ കണ്ണ്

നിറഞ്ഞത് കണ്ടതും ഇജാസ്  ഒന്ന് അടങ്ങി.

എനിക്കറിയാം എന്നെ തോല്പിക്കാൻ ജുനൈദ് മനപ്പൂർവം നടത്തിയതാണെന്ന്.അല്ലെങ്കിൽ എന്റെ എനിമി ആയ ഫൈസ്നെ തന്നെ കൊണ്ട് കെട്ടിക്കില്ല. വെറുതെ വിടില്ല ഞാൻ അവനെ. ഞാൻ ഇല്ലാത്ത സമയം നോക്കി അവൻ  നടത്തിയതാണ് ഈ വിവാഹം.ഇനായ എന്റെയാണ് എന്റെ മാത്രം. ഞാൻ കൊണ്ട് വരും അവളെ.... അവളീ വീട്ടിലെ റാണിയാണ്. ഇവിടെ ജീവിച്ച മതി അവൾ. ഒരുത്തനും വിട്ടുകൊടുക്കില്ല അവളെ.

അവൾ ഇന്നൊരു ഭാര്യയാണ്......

ഇജാസ്  അവന്റെ കോളറയിൽ പിടിച്ചു. ഇനായയിൽ അവകാശം എനിക്ക് മാത്രം ഉള്ളു. എനിക്ക് മാത്രം. അവൻ പിടി വിട്ടു.

ഇത്രയും കാലം ഞാൻ ക്ഷമിച്ചു. ഇനായ ഇന്നെല്ലെങ്കിൽ നാളെ എന്റെ കൂടെ വരുമെന്ന് കരുതി കാത്തിരുന്നു. ബലമായി പിടിച്ചെടുക്കാൻ അറിയാഞ്ഞിട്ടല്ല. ജുനൈദ്.... അവൻ ആയിരുന്നു തടസ്സം. അവന്റെ സ്നേഹം ആയിരുന്നു തടസ്സം. ഇനായയുടെ ഹൃദയം തന്നെ ജുനൈദ് ആയിരുന്നു.

അവിടെ ആയിരുന്നു തോറ്റു പോയത്. എന്നാൽ ഇന്ന് ആ ജുനൈദിനെ അവൾ തള്ളിപ്പറഞ്ഞിരിക്കുന്നു. അവനെ കാണുന്നത് തന്നെ അവൾക്ക് വെറുപ്പാണ്. അതാണ് ഇനി നമ്മുടെ ആയുധവും. അവളെ എന്റെ അടുത്ത് എത്തിക്കാൻ ഇനായയുടെ ഈ വെറുപ്പ് മതി.

ടാ അപ്പോൾ ഫൈസി

ഇഷ്ടം അല്ലാതെ നടന്നവിവാഹം ആണിത്. അത് കൊണ്ട് തന്നെ അവൾ ഒരിക്കലും അംഗീകരിക്കുകയും ഇല്ല. നീ നോക്കിക്കോ അവളെ എത്രയും പെട്ടെന്ന് ഞാൻ കൂട്ടികൊണ്ട് വരും. ഒരു പ്രാവശ്യം ഒരേ ഒരു പ്രാവശ്യം  അവൾ സമ്മതം മൂളിയാൽ മതി. അവൾ ഇവിടെ എത്തിയിരിക്കും. ആരേതിർത്താലും കൊണ്ട് വന്നിരിക്കും. പിന്നൊരു തിരിച്ചു പോക്ക് അവൾ വിചാരിച്ചാൽ പോലും നടക്കില്ല.

നദീം അവനെ തന്നെ നോക്കി.  ജുനുവും ഇനയയും തമ്മിൽ ഒരു മഞ്ഞു പാളിയുടെ മറയെ ഉള്ളു.എപ്പോ വേണമെങ്കിൽ ഉരുകാം.അവരുടെ സ്നേഹം വാക്കുകൾ കൊണ്ട് അളക്കാൻ  പറ്റില്ല.

അതിന് മുൻപ് അവൾ ഇവിടെ ഈ വീട്ടിൽ എത്തിയിരിക്കണം. പിന്നെ അവരുടെ സ്നേഹം ഏറ്റവും അറിയുന്നത് എനിക്ക് ആണല്ലോ. അവൻ അവന്റെ നെറ്റിയിൽ ഉള്ള പാടിൽ തലോടി. ജുനൈദിനെ ഒന്ന് തലിയതിന്ന് രക്തം കൊണ്ടാണ് അവൾ അന്ന് പകരം ചോദിച്ചത്.അന്ന് ഞാൻ കണ്ടതാ ജുനൈദ്നോടുള്ള സ്നേഹം.

കരിനീലക്കണ്ണുള്ള ഇനയയുടെ മുഖം അവന്റെ മനസ്സിൽ ഓടിയെത്തി.അവൻ പോലും അറിയാതെ അവന്റെ വിരലുകൾ അവന്റെ കണ്ണിലും തലോടി.അവളുടെ വിവാഹഫോട്ടോ ഉണ്ടോ കയ്യിൽ ഇർഫാൻ നദീംമിനെ നോക്കി.നദീം അവന്റെ ഫോൺ കൊടുത്തു. അവൻ ഫോണിൽ അവളുടെ ഫോട്ടോ നോക്കി. പിങ്ക് കളർ ലഹങ്കായിൽ ഹൂറിയെ പോലെ തിളങ്ങുന്ന ഇനായ. ദേഹം മുഴുവൻ സ്വർണ്ണം കൊണ്ട് മൂടിയിരിക്കുന്നു.കഴുത്തിൽ ഡയമണ്ടിന്റെ തിളക്കം അവളുടെ സൗന്ദര്യത്തിന്റെ മാറ്റ് കൂട്ടിയിരുന്നു. ആര് കണ്ടാലും കണ്ണ് വെച്ചു പോകും. അവന്റെ കണ്ണിൽ നിന്നും ഒരു തുള്ളി കണ്ണുനീർ ആ ഫോട്ടോയിൽ വീണു.നീയും അവന്റെ കൂടെ കൂടി തോൽപ്പിച്ചില്ലേ....... അവളുടെ കരിനീലകണ്ണുകളിൽ കണ്ട വിഷദം

അവന്നിൽ നെഞ്ച് കീറുന്ന വേദന തോന്നി. എങ്ങനെ തോന്നി ജുനൈദ് നിനക്ക് എന്റെ രാജകുമാരിയുടെ കണ്ണിൽ കണ്ണുനീർ പൊടിയിക്കാൻ. അവൾക്കായി ജീവിക്കുന്ന എന്നെ അറിയിക്കാതെ നീ അവളെ വിവാഹം കഴിപ്പിച്ചു. എന്നിൽ നിന്നും അവളെ അകറ്റാൻഇനിയും  ആവില്ല ജുനൈദ്. അവളെ ഞാൻ സ്വന്തം ആക്കിയിരിക്കും. അവൾക്ക് ഇഷ്ടം അല്ലാത്ത ഈ ബന്ധത്തിൽ നിന്ന് പോലും അവളെ ഞാൻ മോചിപ്പിച്ചിരിക്കും. അവന്റെ ഉള്ളിൽ ജുനൈദ്നോടുള്ള ദേഷ്യം പതിൻ മടങ്ങ് വർധിച്ചു.അവൻ റൂമിലേക്ക് കയറി വാതിൽ വലിച്ചടച്ചു.

നദീം പോകാൻ നോക്കുമ്പോൾ ഒരു കൈ വന്നു അവന്റെ പിറകിലൂടെ ചുറ്റി പിടിച്ചു.

എന്റെ പൊന്ന് ഷാനു കൊലക്കു കൊടുക്കല്ലേ എന്നെ.അല്ലേലെ ഭ്രാന്ത് ആയിരിക്ക.

ഇക്കാന്റെ അടുത്തുന്നു കണക്കിന് കിട്ടി അല്ലെ.

Mmm. കൊല്ലാഞ്ഞത് ഭാഗ്യം.അളിയൻ ആകാൻ പോകുന്നോണ്ട് വെറുതെ വിട്ടതാരിക്കും.

ഇക്കാക്കക്ക് വട്ട് ആണ്. ഒരു ഇനായ..... ഭൂലോക രംഭ

ആണെന്ന് വിചാരം. അഹങ്കാരം പിടിച്ച ഒരു സാധനം. ശല്യം പോയിക്കിട്ടിയല്ലോ.

നദീം അവളുടെ മുഖത്ത് ആഞ്ഞടിച്ചു. ഇനി ഒരക്ഷരം അവളെ പറ്റി പറഞ്ഞാലുണ്ടല്ലോ.... . ഹൃദയം തകർന്നു ഒരുത്തൻ ഇരിപ്പില്ലേ അകത്തു അവൻ ഇത് കേട്ടലുണ്ടല്ലോ ജീവനോടെ കൊന്ന് കളയും നിന്നെ. ഇനയയെ പറ്റി പറയാൻ ഒരാൾക്കും അർഹതയില്ല. നിന്നെക്കാളും ഈ വീട്ടിലുള്ള എല്ലാരേക്കാളും മുകളിൽ ആണ് അവളുടെ സ്ഥാനം. അവൻ കലിപ്പോടെ നോക്കി പുറത്തേക്ക് പോയി.

അവൾ കവിളും തടവി അവനെ നോക്കി. സ്വന്തം സഹോദരനും കെട്ടാൻ പോകുന്നവനും വലുത് ഇനായ. എന്നെയെന്താ തവിട് കൊടുത്തു വാങ്ങിയതാണോ അവൾ മുഖം വീർപ്പിച്ചു തിരിഞ്ഞതും ഒരടി കൂടി കിട്ടി.ഉമ്മ.

ഉമ്മാ.... അവൾ കരച്ചിലോടെ വിളിച്ചു.

തവിട് കൊടുത്തു വാങ്ങിയത് ആണെങ്കിൽ മാറ്റി വാങ്ങിക്കാരുന്നു. ഇനി സഹിച്ചല്ലേ പറ്റു.ഇനായ എന്ന് പറഞ്ഞ ഇജാസിന്റെ ന്റെ ജീവൻ ആണെന്ന് അറിയില്ലേ. ഞങ്ങൾ ഇവിടെ ഇജാസിന്റെ അവസ്ഥ

കണ്ടു കരയുമ്പോ കുശുമ്പ് കൊണ്ട് വരുന്നോ. ഇനയക്ക് പകരം ഇനായയെ ഉള്ളു. മനസ്സിലായോ

അവൾ തലയാട്ടി.

എന്ത് മനസ്സിലായി.

എന്നെ ശരിക്കും തവിട് കൊടുത്തു വാങ്ങിയതാണെന്ന്. എപ്പോ നോക്കിയാലും എവിടെ നോക്കിയാലും ഒരു ഇനായ.ദേഷ്യത്തോടെ പറഞ്ഞു റൂമിൽ കേറി വാതിൽ അടച്ചു.

💝💝💝💝💝💝

ജുനു ഇനായയുടെ ഫോട്ടോ നോക്കി നെടുവീർപ്പിട്ടു. ഇപ്പോ ഞാൻ ചെയ്തത് തെറ്റാണെന്നു തോന്നിയാലും ഒരിക്കൽ അത് മാറ്റി പറയും ഫൈസിക്ക് പകരം വെക്കാൻ വേറൊരാൾ ഇല്ല ഇനായ. നീയാ കൈകളിൽ ഭദ്രമായിരിക്കും. അവൻ അവളുടെ ഫോട്ടോ നോക്കി ഇരുന്നു. അവൻ പെട്ടെന്ന് ചിരിച്ചു പോയി.

പെട്ടെന്ന് ഒരു ചിരി ഉമ്മ അവന്റെ മുന്നിൽ വന്നിരുന്നു.

ഫൈസിയുടെ അവസ്ഥ ഓർത്തു ചിരിച്ചു പോയതാ

അവനെന്താ പറ്റിയെ

ഇനിയെന്താ പറ്റാൻ ബാക്കിയുള്ളത്. എന്റെ പെങ്ങളെ അല്ലേ കെട്ടിയത്. ഇനു വീണപ്പോൾ കൈ മുറിഞ്ഞു ബ്ലഡ് ഓക്കെ വന്നിന്. നല്ലോണം വേദന ഉണ്ടാവും പാവത്തിന്. അവന്റെ മുഖത്ത് വേദന പടർന്നു.

ഫൈസ് നോക്കിക്കോളും നീ ബേജാറാവതിരി

അത് തന്നെ ഞാൻ ചിരിച്ചു പോയത്. അവളെ കൈ കാണുമ്പോ സഹതാപം തോന്നി ദേഷ്യം ഓക്കെ മാറ്റി അവൻ മരുന്ന് വെച്ചു കൊടുക്കാൻ പോവും. മരുന്ന് വെച്ചു കൊടുക്കുന്ന കാര്യം ഓർത്തതും ചിരിച്ചു പോയതാ.

യാ റബ്ബി...... അവർ നെഞ്ചത്ത് കൈ വെച്ചു.

ടാ ആ ചെക്കനോട് അടുത്തോട്ടു പോകണ്ട വിളിച്ചു പറയ് വേഗം.

ഞാൻ അന്നേ പറഞ്ഞതാ അവനോട് അവൾ നിനക്ക് ശരിയാകുലന്ന്.

അപ്പൊ മുടിഞ്ഞ പ്രേമം..... അനുഭവിക്കട്ടെ കുറച്ചു.

എന്നാലും ഇന്ന് തന്നെ അവളെ തനിസ്വഭാവം അവനെ അറിയിക്കണോ...

അവന്റെ നേരെ ഒപ്പോസിറ്റ് ആണ് അവൾ. അവർ തമ്മിൽ പൊരുത്തം നോക്കിയിട്ട് പത്തിൽ സീറോ ആണ് എനിക്ക് കാണാൻ കഴിഞ്ഞത്..... അതൊക്കെ അവൻ ശരിയാക്കിക്കൊള്ളുന്ന് അവൻ പറഞ്ഞത്.ഇനി നല്ലോണം നന്നാകട്ടെ. തുടക്കം ഇന്ന് തന്നെ ആവട്ടെ.അവന്റെ മുഖത്ത് ഒരു ചിരി വിരിഞ്ഞു.

നിനക്ക് അവരെ മിസ്സ് ചെയ്യുന്നുണ്ടല്ലേ ജുനു

വേദനയിൽ കലർന്നൊരു ചിരി അവന്റെ ചുണ്ടിൽ വിരിഞ്ഞു.

ഞാൻ ആണ് എല്ലാത്തിനും കാരണം.അവരുടെ കണ്ണും നിറഞ്ഞു.

ജുനു ഉമ്മാനെ ചേർത്ത് പിടിച്ചു.

ഒരിക്കലും ഇല്ല ഉമ്മാ. നടക്കാനുള്ളത് ഒക്കെ

നടന്നെ പറ്റു.

എന്റെ വാക്ക് കേട്ടല്ലേ ഫൈസിയെയും അവളെയും ഒരുമിപ്പിക്കാഞ്ഞത്. അന്നേ ഫൈസിയുടെ കാര്യം പറഞ്ഞിണെങ്കിൽ അവൾ അവനെ ഇഷ്ടപ്പെട്ടേനെ. ഇർഫാൻ വന്നാലും ഒന്നും സംഭവിക്കില്ലായിരുന്നു.

ഉമ്മ അന്ന് പഠിത്തത്തിൽ ഉഴപ്പതിരിക്കാൻ അല്ലേ അങ്ങനെ പറഞ്ഞത്. അത് അവളെ നല്ലതിന്ന് വേണ്ടി പറഞ്ഞത് അല്ലേ. പിന്നെ ഇർഫാൻ അവളെ മുതൽ എടുത്തതല്ലേ. അവളുടെ സംസാരം പ്രവർത്തികൾ എല്ലാം ഒന്ന് ഉമ്മ നോക്ക് നമ്മുടെ ഇനു ആണോ അത്. ബ്രയിൻ വാഷ് ചെയ്തു അങ്ങനെ ആക്കിതാ. അവന്റെ ബാധ പോകുമ്പോൾ അത് ശരിയാകും. ഇജാസിനോട് ഉള്ളിന്റെ ഉള്ളിൽ കുറ്റബോധം ഉണ്ടായിരുന്നു. ഇപ്പൊ അതില്ല ഉമ്മോ. അവളുടെ ജീവിതം വെച്ച അവൻ കളിച്ചത്. ഒരിക്കലും ഞാനത് ക്ഷമിക്കില്ല.അവന്റെ നിഴൽ പോലും അവളെ മേലെ പതിയാൻ ഞാൻ വിടില്ല ഇനി.

🌷🌷🌷🌷🌷🌷🌷🌷🌷

ഫൈസി അവളുടെ അടുത്തേക്ക് ഫസ്റ്റ് ഐഡ് ബോക്സ് ആയി പോയി. അവളെ നേർക്ക് നീട്ടി. അവൾ വേദന ഇല്ലെന്ന് പറഞ്ഞു അത് വാങ്ങിയില്ല. ഇൻഫെക്ഷൻ ആവും അവളെ അടുത്തേക്ക് അതും പറഞ്ഞു വന്നു..........

ഉമ്മാ ........ ഫൈസിന്റെ നിലവിളി ആ വീട്ടിൽ മുഴങ്ങി.

സമി ആയിരുന്നു ആദ്യം ഓടി എത്തിയത്. റൂമിലെ

കാഴ്ച കണ്ടു അവൻ കണ്ണുമിഴിച്ചു നോക്കി.

ഫൈസിന്റെ വായും പൊത്തിപിടിച്ചു ഇനായ നില്കുന്നുണ്ട്. അവൻ കൈകൊണ്ട് എന്തൊക്കെ സമിയെ കണ്ടതും പറഞ്ഞു.

ഒന്നും മനസ്സിൽ ആകാതെ അവൻ രണ്ടാളെയും നോക്കി. അപ്പോഴേക്കും റംസിയും ഉപ്പയും ഉമ്മയും ഓക്കെ എന്താ പറ്റിയെ എന്നും ചോദിച്ചു ഓടി വന്നിരുന്നു.

❤️ 💔 INVISIBLE LOVE 💔❤️

Love after💘 marriage story

Part 5

ഭാര്യ കടിച്ചിട്ട കരഞ്ഞു നിലവിളിച്ചതെന്ന് പറഞ്ഞാൽ മാനം പോകും. വേദന സഹിക്കാൻ പറ്റാണ്ട് ആയപ്പോ ഉമ്മാന്ന് വിളിച്ചു പോയതാ. ബെഡ്റൂമിന്റെ വാതിൽ ചാരാത്തോണ്ട് സൗണ്ട് പുറത്തു എത്തി. എല്ലാരും എത്തുകയും ചെയ്തു. നാണക്കേട് ആയല്ലോ പടച്ചോനെ..... അവൻ ദയനീയമായി അവളെ നോക്കി. ഒന്നും അറിയാത്ത പോലെ കുരിപ്പ്

പിറകിൽ കൂടിയിട്ട് ഉണ്ട്.

എന്താടാ പറ്റിയെ  ഇത്തുസ് ഓടി വന്നു അവനെ മൊത്തം നോക്കിയിട്ട് ചോദിച്ചു.

അത് സൗണ്ട് ഒന്ന് ടെസ്റ്റ് ടെസ്റ്റ് ചെയ്തതാ. ഈ ഹലോ ഹെലോ പറയുന്നതിന്ന് പകരം മാറ്റിപ്പിടിച്ചതാ ഉമ്മാന്ന് വിളിച്. അവൻ നൈസ് ആയി ഉമ്മാ..... ഉമ്മാ..... എന്ന് വിളിച്ചു ഉമ്മാന്റെ താടിയിൽ പിടിച്ചു കൊഞ്ചലോടെ വിളിച്ചു.

പെണ്ണ് കെട്ടി എന്നാലും കുട്ടിക്കളി മാറിയില്ല ചെക്കന് എന്നും പറഞ്ഞു ഉമ്മ ചെറിയ അടിയും കൊടുത്തു പോയി.

അല്ലടാ എപ്പോഴാ തുടങ്ങിയത്...... റംസി അവനെ മൊത്തത്തിൽ ചുഴിഞ്ഞു നോക്കി ചോദിച്ചു.

വട്ട് ഇതുന്റെ കെട്ടിയോന്.....

നിന്റെ അളിയൻ അല്ലേ അങ്ങനെ വരൂ....

അവിടേം എനിക്കിട്ട് കോട്ട്. ഒന്ന് ഇറങ്ങി തരുമോ പ്ളീച്ച് ചളി അടി കേൾക്കാൻ വയ്യാത്തോണ്ടാ....

എന്തോ കള്ളത്തരം ഉണ്ട് ഞാൻ എടുത്തോളാം..... അവൾ താടി ചുഴിഞ്ഞു അവനെ നോക്കി. അവൻ

പിടിച്ചു തള്ളി പുറത്താക്കി വാതിൽ അടച്ചു.

അവർ പോയതും അവൻ നിർക്കത്തെരം തുള്ളി. എന്റുമ്മാ എന്റെ കൈ.... അവൻ വേദനകൊണ്ട് കൈ കുടഞ്ഞു......കൈ കടിച്ചിടത് വായിൽ വെച്ചു എരിവ് വലിച്ചു.നീയെന്താടി പട്ടിയുടെ ജന്മം ആണോ അവൻ അവളെ നേർക്ക് നോക്കി കാറി

സോറി.... എനിക്ക്..... പെട്ടെന്ന്..... അവൾ വാക്കുകൾ കിട്ടാതെ പതറി.

എന്താടാ ശരിക്കും പറ്റിയെ സമി അവന്റെ അടുത്തേക്ക് വന്നു ചോദിച്ചു.

ഫൈസി അവന്റെ വലത്തേ കൈ കാണിച്ചു കൊടുത്തു. കൈ വെള്ളയിൽ താഴെ ആയി വട്ടത്തിൽ കിടപ്പുണ്ട്. ചോര പൊടിയാൻ ആയിട്ടുണ്ട്.

മുറിവ് ഡ്രസ്സ് ചെയ്യാൻ നോക്കിയതാ. ഡെറ്റോൾ എടുത്തു ക്ലീൻ ചെയ്യാൻ നോക്കിതെ ഓർമ്മയുള്ളൂ. കൈ തട്ടിമാറ്റി ഒറ്റക്കടിയാരുന്നു. പെട്ടന്ന് നിലവിളിച്ചു പോയി.

അവൾ നിലത്തേക്ക് നോക്കി നില്കുന്നത് കണ്ടു.

ടി ടി അടിക്കണോന്ന് തോന്നുന്നേ. പേ ഒന്നും ഇല്ലല്ലോ

നിനക്ക്. അവൻ കലിപ്പിൽ ചോദിച്ചു.

പുറത്തു ഇല്ലെങ്കിലും ഉള്ളിൽ ഫുൾ വിഷം ആണല്ലോ സമി പുച്ഛത്തോടെ പറഞ്ഞു.

സോറി.....

അവളുടെ ഒരു കോറി.... ഇറങ്ങി പോടീ അവൻ കലിപ്പോടെ പറഞ്ഞു.

അവനെ നോക്കി നിന്നു. എന്നിട്ട് അവന്റെ കൈ എടുത്തു കടിച്ചിടത്ത് കിസ്സ് കൊടുത്തു.തുപ്പ് നീരെടുത്തു അവിടെ ആക്കിയ മതി. അല്ലെങ്കിൽ വായിൽ വെചോ

ഇനി വേഗം മാറിക്കോളൂട്ടോ.പിന്നെ  ഇനി എനിക്ക് മുറിവ് പറ്റിയ മരുന്ന് വെക്കേണ്ട. വേദന എടുത്ത ഞാൻ പിടിച്ചു കടിക്കും. സോറി..... ഇനി ഒരിക്കലും ഞാൻ കടിക്കില്ല. അങ്ങനെ പറഞ്ഞാലും കടിച്ചു പോകും. അതോണ്ട് മരുന്ന് വെക്കേണ്ട. മരുന്ന് വെക്കണോന്ന് ഉണ്ടെങ്കിൽ ജുനു ചെയ്യുന്നപോലെ ഉറങ്ങുമ്പോ വെച്ചോ. അവൻ കിളി പോയ പോലെ അവളെ നോക്കി.

അവൾ പിന്നെ സമിയുടെ  അടുത്തേക്ക് പോയി.

ഇയാൾ എത്ര വരെ പഠിച്ചത്

സമി ഒന്നും മനസ്സിലാകാത്ത പോലെ ഫൈസിയെ നോക്കി. അവന്റെ പോയ കിളികൾ തിരിച്ചു വരാതോണ്ട് അവൻ കണ്ണും തുറിച്ചു നിന്ന നിൽപ്പിൽ ആയിരുന്നു.ഇപ്പൊ എന്താ ഇങ്ങനെ ചോദിക്കാൻ എന്ന് ചിന്തിക്കാതിരുന്നിം ഇല്ല.

സമി കുറച്ചു  ജാഡ ഇട്ടു നിന്നു പിന്നെ പറഞ്ഞു ഞാൻ സിവിൽ എഞ്ചിനീയർ ആണ് അവൻ ഗമയോടെ പറഞ്ഞു.

ചുമ്മാ പൈസ വേസ്റ്റ് ആക്കാൻ. താനൊക്കെ എന്തിനാടോ പഠിച്ചത്. ബോഡിക്കുള്ളിൽ വിഷം ഉണ്ടെങ്കിൽ ചത്തുപോകില്ലേ..... ഞാൻ ജീവനോടെ അല്ലേ ഉള്ളത്. പിന്നെങ്ങനെ എന്റെ ബോഡിയിൽ വിഷം ഉണ്ടാക. അവൾ നോർമൽ ആയാണ് ചോദിച്ചതെങ്കിലും അവൻ കണ്ണും മിഴിച്ചു നിന്നിടത് തന്നെ ആയിരുന്നു. അവന്റെ കിളികൾ കൂടും കുടുക്കയും എടുത്തു പോകുന്നത് അവൻ അറിഞ്ഞു. അല്ലെങ്കിലും അതറിയാൻ സ്കൂളിൽ പോകണോന്ന് പോലും ഇല്ലല്ലോ. അപ്പൊ മൊത്തത്തിൽ വേസ്റ്റ് തന്നെ ജന്മം.

ടാ എന്നെ ആക്കിയതാണോ അവൾ.....

ഇവിടിപ്പോ ആരാ ശരിക്കും പടക്കം പൊട്ടിച്ചത്. ഫൈസി താടിക്ക് കയ്യും കൊടുത്തു പറഞ്ഞു. നോട്ടം അപ്പോഴും അവൾ കിസ്സ് കൊടുത്ത കയ്യിൽ ആയിരുന്നു. ആ കിസ്സിന്റെ അർത്ഥം ചികഞ്ഞു ചിന്തകൾ അറ്റം ഇല്ലാത്തിടത് പോകുന്നത് അവൻ അറിഞ്ഞു.അതോണ്ട് സമിയോട് പറഞ്ഞത് അവൻ കാര്യം ആയി തലയിൽ കേറിയില്ല.

ടാ ജുനിന്റെ കയ്യിൽ ഇത് പോലെ ഇടക്കിടക്ക് അടയാളം  കാണാറില്ലേ അപ്പോഴൊക്കെ പറയും അടുത്ത വീട്ടിലെ ചെറിയ കുട്ടി കടിച്ചതാണെന്ന്. ഇപ്പൊ മനസ്സിലായി കുട്ടി ഏതാന്ന് ഫൈസി കയ്യും നോക്കി ദയനീയമായി പറഞ്ഞു.

ഞാനും അതന്നെ ആലോചിച്ചേ ഇവൾ ടെറർ ആണല്ലേ ശരിക്കും.

രണ്ടു പേരും പരസ്പരം നോക്കി നിന്നു.

🌷🌷🌷🌷🌷🌷🌷🌷🌷🌷🌷

അവൾ കിച്ചണിലേക്ക് പോയി.റംലിത അവളെ നോക്കി ചിരിച്ചു. അവൾ തിരിച്ചും.

മോൾക്ക് എന്തെങ്കിലും വേണോ.

എനിക്ക് വിശക്കുന്നു. നിങ്ങൾ എല്ലാരും നാസ്ത കഴിച്ചോ.

നിന്റെ വീട്ടിൽ തിന്നാൻ ഒന്നും കിട്ടിയില്ലേ ഉമ്മ പുച്ഛത്തോടെ ചോദിച്ചു.

ഉമ്മാന്റെ മുഖം എപ്പോഴും ദേഷ്യം പിടിച്ചപോലെയും പുച്ഛവും ആണല്ലോ എന്നെ ഇഷ്ടം അല്ലേ ഉമ്മാക്ക്. ഉമ്മാന്റെ മുഖത്ത് നോക്കി പുഞ്ചിരിയോടെ ചോദിച്ചു.

അവർ എന്ത് പറയണം അറിയാതെ കണ്ണ് മിഴിച്ചു.

എനിക്കിഷ്ടം അല്ല നിന്നെ പെട്ടന്ന് ദേഷ്യത്തോടെ പറഞ്ഞു.

അതെന്താ ഇഷ്ടം അല്ലാതെ ഞാൻ എന്തെങ്കിലും തെറ്റ് ചെയ്തോ ഉമ്മാനോട്. അറിഞ്ഞോണ്ട് ചെയ്തിട്ടില്ല. അറിയാതെ ചെയ്തിട്ട് ഉണ്ടെങ്കിൽ പൊറുക്കണം . പറഞ്ഞ മതി ഇഷ്ടം അല്ലാതൊന്നും ഇനി ചെയ്യില്ല.പിന്നെ എന്നോട് എന്റെ ഉമ്മി പറഞ്ഞു ഇവിടത്തെ ഉമ്മാനെ ഉമ്മന്ന് വിളിക്കാൻ. ഞാൻ ഉമ്മാന്ന് ആണോ വിളിക്കണ്ടേ അതോ എന്റെ ഉമ്മാനെ പോലെ ഉമ്മി എന്നാണോ വിളിക്കണ്ടേ.

അവളുടെ നിഷ്കളങ്ക ചോദ്യത്തിന് മുന്നിൽ അവർ ഒന്ന് പതറി.

അത്.... അത്... ഞാൻ.....

ആലോചിച്ചിട്ട് പറഞ്ഞ മതി.

എന്നിട്ട് റംലത്തന്റെ അടുത്തേക്ക് പോയി.

അതെ എനിക്ക് വിശക്കുന്നു. ഇന്നലെ ഒന്നും ശരിക്കും കഴിച്ചില്ല.

മോളിരിക്ക് ഞാനിപ്പോ ഫുഡ് എടുക്കാം

അവരും ആകെ അന്തളിപ്പ് ആയിരുന്നു. ദേഷ്യപ്പെട്ടിട്ടും ഇഷ്ടം അല്ല പറഞ്ഞിട്ടും അതിന്റെ സങ്കടം ഒന്നും മുഖത്ത് കണ്ടില്ല. പാവം കൊച്ചു ആയിരിക്കും അവർ സ്വയം ആശ്വസിച്ചു.

ദോശയും കറിയും എടുത്തു കൊടുത്തു. അപ്പോഴും ഉമ്മ അവളെ തന്നെ നോക്കി നില്കുന്നുണ്ടായിരുന്നു.

ഉമ്മ കഴിച്ചോ.... ഇല്ലെങ്കിൽ വാ ഒന്നിച്ചു കഴിക്കാം അവൾ വിളിച്ചു.

അവർ ഒന്നും മിണ്ടിയില്ല. റംസി അപ്പോഴേക്കും എനിക്കും ഫുഡ് എടുത്തോ പറഞ്ഞു ഇരുന്നു.

ഇനുവും അവളും എന്താക്കെയോ കാര്യങ്ങൾ പറഞ്ഞു ഫുഡ് കഴിച്ചു .

ഇതിപ്പോ ഇവളാണോ ഞാൻ ആണോ ഇവിടുത്തെ എന്നൊരു ചോദ്യം അവരുടെ ഉള്ളിൽ വന്നു. ദേഷ്യം പിടിക്കാൻ പോയിട്ട് ഒന്ന് മിണ്ടാൻ പോലും പറ്റുന്നില്ലെന്ന് അവർ മനസ്സിലാക്കി. അല്ലെങ്കിലും എന്ത് പറയാൻ വഴക്കാണ് പറയുന്നതെങ്കിലും അവൾക്ക് മനസ്സിലാവണ്ടേ.

അവൾ ഫുഡ് കഴിച്ചു. എഴുന്നേൽക്കുമ്പോൾ കഴിച്ച പ്ലേറ്റ് എടുത്തു.

റംല അത് വാങ്ങാൻ നോക്കി. മോളിവിടെ വെച്ചേക്ക്.ഞാൻ കഴുകിക്കോളാം.എന്റെ ജോലിയാ അത്.

ഭക്ഷണം കഴിച്ച പ്ളേറ്റ് അവർ തന്നെ വൃത്തിയാക്കണം അതാണ് മര്യാദ. എന്റെ ഉമ്മ പറഞ്ഞിട്ടുണ്ട് നമ്മുടെ എച്ചിൽ മറ്റുള്ളവരെ കൊണ്ട് എടുപ്പിക്കരുതെന്ന്.റംലത്ത വായും പൊളിച്ചു നിന്നു. അവൾ പ്ളേറ്റ് കഴുകി വെച്ചു അടുക്കളയിൽ നിന്നു പോകാൻ നേരം പറഞ്ഞു. നല്ല ടെസ്റ്റ് ഉണ്ടായിരുന്നു ഫുഡ്.

എല്ലാവരും തിന്നിട്ട് പോകുന്നതല്ലെതെ ഇത് വരെ ഇങ്ങനെ പറഞ്ഞിട്ടില്ല. സന്തോഷം കൊണ്ട് അവരെ കണ്ണ് നിറഞ്ഞു.

റംസി പ്ലേറ്റ് എടുത്തു പോകുന്നത് കണ്ടു അവർ മൂക്കത് വിരൽ വെച്ചു.തിന്നിട്ട് എണീറ്റു പോകുന്ന കക്ഷിയാണ്. മക്കൾ രണ്ടായി എന്നാലും സ്വന്തം ആയി ജോലി ചെയ്യില്ല. അല്ലെങ്കിലും ചെയ്യേണ്ട ആവിശ്യം ഇല്ല. പുറം പണിക്കും ഉള്ളിലെ പണിക്കും ആളുണ്ട്.

കളിയാക്കണ്ട ഞാനും നന്നാവാൻ തീരുമാനിച്ചു അവൾ ചിരിച്ചോണ്ട് പറഞ്ഞു.

റംസി ഉമ്മാന്റെ അടുത്തേക്ക് വന്നു.

എന്റെ പൊന്ന് ഉമ്മ കണ്ണ് തുറന്നു അവളെ നോക്ക് . അത് ഇനായ ആണ്. കള്ളവും ചതിവും വഞ്ചനയും അറിയാതെ വളർന്ന പെണ്ണ്. അല്ല അറിയിക്കാതെ ജുനു വളർത്തിയ പെണ്ണ്.  ഉള്ള് മുഴുവൻ അസൂയയും കുശുമ്പും പകയും വെച്ചു നടക്കുന്നവരോട്  അത് പറഞ്ഞിട്ട് കാര്യം ഇല്ലല്ലോ .റംസി ശബ്ദത്തിന് മൂർച്ച കൂട്ടി പറഞ്ഞു.

🌷🌷🌷🌷🌷🌷🌷🌷🌷

നദീം രാവിലെ വരുമ്പോഴും ഇജാസ് ആ ഫോട്ടോസ് നോക്കി നിൽക്കുകയാരുന്നു. നദീം അതും നോക്കി കുറച്ചു സമയം നിന്നു അവന്റെ അടുത്തേക്ക് പോയി.

നദീം എനിക്ക് ഇർഫാനെ കുറിച്ച് അറിയണം ഫുൾ ഹിസ്റ്ററി അവനെ കണ്ടതും ഇജാസ് പറഞ്ഞു. അപ്പോഴും നോട്ടം ഫോട്ടോയിൽ ആയിരുന്നു.

നദീം ഒന്ന് മൂളി. അതിൽ അറിയാൻ ഒന്നും ഇല്ല അവൻ പക്കാ ഫ്രോഡ് ആയിരിക്കും. ജുനു അവളുടെ ഒരാഗ്രഹത്തിന് എതിര് നിന്നുന്ന് കേട്ടപ്പോഴേ ഊഹിക്കാൻ പറ്റാവുന്നതേ ഉള്ളൂ. ഒരു ഫ്രണ്ടിന് വേണ്ടിയും അവൻ ഇനായയുടെ കണ്ണ് നിറയിക്കാൻ വിടില്ല. വഴിയരികിലെ പിച്ചക്കാരനെ ചൂണ്ടി കെട്ടണോന്ന് പറഞ്ഞാലും അവൻ അനുസരിക്കും. ഞാൻ പോറ്റികൊളാം അയാളേം എന്നെ പറയു. അവന്ന് അവളുടെ മുഖത്തെ ചിരി മായാതിരുന്ന മതി. അവളുടെ സന്തോഷം കണ്ട മതി. അതിന് വേണ്ടി എന്തും ചെയ്യും. എന്തിന് അമ്പിളി മാമനെ പിടിച്ചു തരാൻ പറഞ്ഞാൽ പോലും അവൻ വേണേൽ ട്രൈ ചെയ്യും. അമ്മാതിരി ഭ്രാന്ത് ആണ് ഇനായയോട്. അങ്ങനെ ഉള്ള അവൻ ഓട്ടോ ഡ്രൈവർ ആയത് കൊണ്ടും ഓർഫൻ ആയത് കൊണ്ടും മാത്രം ആ

വിവാഹത്തിന് എതിര് നിൽക്കില്ല. അവൻ പണം കൊണ്ടും ബന്ധം കൊണ്ടും ആരെയും അളക്കില്ല. ഹി ഈസ് എ ഗുഡ് പേഴ്സൻ.

പഴയ ഫ്രണ്ടിനോടുള്ള സ്നേഹം കവിഞ്ഞു ഒഴുകുന്നുണ്ടല്ലോ വാക്കുകളിൽ....... ഇജാസ് പുച്ഛത്തോടെ പറഞ്ഞു.

ദേഷ്യം പിടിച്ചാലും ഇല്ലെങ്കിലും ഞാൻ പറയും. ഹി ഈസ് ഗുഡ് ഫ്രണ്ട്. അല്ലെന്ന് പറയാൻ നിനക്ക് പറ്റോ. നമുക്ക് എത്രയോ ഫ്രണ്ട്സ് ഉണ്ട്. അവനെ പോലൊരു ഫ്രണ്ടിനെ കാണിച്ചു തരാൻ പറ്റോ.അവൻ പോയ ശേഷം അത് പോലൊരു ഫ്രണ്ട്ഷിപ്പ്  നമുക്ക് ഉണ്ടായിട്ടുണ്ടോ.

ഇജാസ് അതിന്ന് മറുപടി ഒന്നും പറഞ്ഞില്ല.

എന്നോട് ചെയ്തതോ അതൊക്കെ ശരിയാണെന്ന് ആണോ പറയുന്നേ.

ഞാൻ അക്കാര്യത്തിൽ മാത്രമേ അവനോട് യോജിക്കാതിരുന്നിട്ടുള്ളു. നിന്റെയും അവന്റെയും വാശിക്കിടയിൽ ലൈഫ് പോയത് മൊത്തം ഇനായാക്കാണ് രണ്ടു പേരും അതോർക്കാറില്ല. നിനക്ക് നിന്റെ വാശി അവന്ന് അവന്റെ വാശി.

രണ്ടാളും വാശി ജയിക്കാൻ നടക്ക്.

ഞാൻ ആണോ തെറ്റ് ചെയ്തത് ആണോന്ന് അവൻ നദീംമിന്റെ കോളറയിൽ പിടിച്ചു. അവനല്ലേ വാശി...... ഇനയയെ ഞാൻ കാണനോ മിണ്ടാനോ പാടില്ലെന്ന വാശി. ഞാനും അവളും അടുക്കുമെന്ന് കരുതി എന്നെ അവളെ മുന്നിൽ മോശക്കാരൻ ആക്കി. അവൾക്ക് എന്നെ കാണുന്നതേ വെറുപ്പ് വരുന്ന അവസ്ഥയിൽ എത്തിച്ചു. ഇപ്പൊ തന്നെ നോക്ക് എട്ടും പൊട്ടും തിരിയാത്ത പതിനെട്ടു തികയാത്ത പെണ്ണിനെ പിടിച്ചു കെട്ടിച്ചിരിക്കുന്നു. ഇർഫാനെ രണ്ടു പൊട്ടിച്ചു  ഒഴിവാക്കിയ തീരുന്ന പ്രശ്നം ഉള്ളൂ. എന്നോടുള്ള വാശിക്ക് കല്യാണം കഴിപ്പിച്ചിരിക്കുന്നു. പതിനെട്ടു വയസ്സായാൽ അവൾക്ക് സ്വന്തം ആയി തീരുമാനം എടുക്കാൻ കഴിയല്ലോ. എന്റെ കൂടെ അവൾ വരുമെന്നുള്ള ഭയം അത് കൊണ്ട് മാത്രം ആണ് ഈ വിവാഹം നടത്തിയത്. അതും എന്റെ ശത്രുവിനെ കൊണ്ട് തന്നെ കെട്ടിച്ചത്. ഞാൻ ഒരിക്കലും അവളുടെ അടുത്ത് എത്തിരിക്കാൻ.......അവൻ ദേഷ്യത്തോടെ പറഞ്ഞത് കൊണ്ട് കിതച്ചിരുന്നു.

ഇകാര്യത്തിൽ ഞാൻ നിന്റെ കൂടെ നില്ക്കു.വാശി

ജയിക്കാൻ വേണ്ടി ആണേലും ജുനൈദ് അവളെ ലൈഫ് വെച്ചു കളിച്ചത് തെറ്റ് തന്നെ ആണ്. ഇനിയെങ്കിലും നീ ചിന്തിച്ചു പ്രവർത്തിക്ക് അവളെ നിന്റെ കൂടെ വരുത്താനുള്ള വഴി നോക്ക്. അല്ലാതെ ജുനൈദിനോട് പ്രതികാരം ചെയ്യാൻ അല്ല നടക്കേണ്ടത്. അവനെ തള്ളിപ്പറഞ്ഞു നമ്മുടെ കൂടെ അവൾ വരണം...... വരുത്തണം അതാണ് വേണ്ടത്.

ഇജാസ് അമർത്തി മൂളി കൊണ്ട് ആ ഫോട്ടോയിലേക്ക് തന്നെ നോക്കി നിന്നു.

🌷🌷🌷🌷🌷🌷🌷🌷

അവളെ എവിടെ താമസിപ്പിക്ക ഫൈസി സമിയോട് ചോദിച്ചു.

നീയല്ലേ കൊണ്ട് വന്നത് നീ തന്നെ എന്തെങ്കിലും ചെയ്യ് അവൻ കലിപ്പോടെ പറഞ്ഞു.

അപ്പോഴാണ് ഇനായ അങ്ങോട്ട് വന്നത്.

അവർ രണ്ടുപേരും പുറത്തേക്ക് നോക്കി നിന്നു.

എന്നോട് ദേഷ്യം ഉണ്ടോ . അതാണോ കണ്ടപ്പോ മുഖം തിരിച്ചത്.

അല്ലടി അവന്റെ ജീവിതം തുലച്ച നിന്നെ പൂജിച്ചു

വെക്കാം. സമി കലിപ്പോടെ പറഞ്ഞു.

അവൾ പെട്ടെന്ന് ഫൈസിന്റെ കാൽക്കൽ വീണു. എന്നോട് പൊറുക്കണം.... എനിക്ക് ഒന്നും അറിയതോണ്ടാ. ജുനു ആണ് ചതിച്ചത്. ഞാൻ ജുനുവോട് പറഞ്ഞതാ ഈ വിവാഹം വേണ്ടെന്നു പറഞ്ഞിട്ട് കേട്ടില്ല. ചതിക്കണോന്ന് കരുതിയതല്ല ആരെയും. ഞാൻ ജുനുനെ പോലെ ഫൈസ്നെ കണ്ടിട്ട് ഉള്ളൂ.

അവൻ ഇരുന്നിടത് നിന്നു ഞെട്ടി എണീറ്റു. നീ കാൽക്കൽ നിന്നു എണീക്ക് അവൻ വല്ലായ്മയോടെ പറഞ്ഞു.ജുനുനെ പോലെയേ കണ്ടിട്ട് ഉള്ളൂ എന്നത് കേട്ടപ്പോൾ നെഞ്ച് പൊടിയുന്ന വേദന തോന്നി അവന്ന്.

അവൾ എണീറ്റു സമിയുടെ അടുത്തേക്ക് പോയി അവന്റെ കാലും പിടിച്ചു.അവനും വല്ലാതായി.

സമിക്ക ദേഷ്യപെട്ടോ ചീത്ത വിളിച്ചോ എല്ലാം കേൾക്കാൻ ഞാൻ ബാധ്യസ്ഥ ആണ്. എനിക്ക് മുന്നിൽ വേറെ വഴിയില്ലാത്തോണ്ടാ കല്യാണത്തിന് സമ്മതിച്ചത്. ജുനു എന്റെ കൂടെ ഉമ്മനെയും വീട്ടിൽ നിന്നു ഇറക്കി വിടുമെന്ന് പറഞ്ഞു. ഉമ്മ ജുനു

ഇല്ലെങ്കിൽ പിന്നെ ഒരു നിമിഷം പോലും ജീവനോടെ ഉണ്ടാവില്ലെന്ന് എന്റെ തലയിൽ തൊട്ട് സത്യം ഇട്ടു. ഉമ്മാന്റെ മുന്നിൽ തോറ്റു പോയി. എന്നിട്ടും ഞാൻ നിങ്ങളോട് സത്യം അറിയിക്കാൻ കസിന്റെ കയ്യും കാലും പിടിച്ച ലെറ്റർ അയച്ചു. ലെറ്റർ കിട്ടിയിട്ടും നിങ്ങൾ വിശ്വസിച്ചില്ല. പിന്നെങ്ങനെയാ അതെന്റെ മാത്രം തെറ്റ് ആവുന്നേ. അവൾ മുഖം പൊത്തി പൊട്ടിക്കരഞ്ഞു. രണ്ടു പേർക്കും സഹതാപവും സങ്കടം ദേഷ്യം ഒക്കെ വരുന്നുണ്ടായിരുന്നു. അതിനെക്കലുപരി അവളോട് ഉണ്ടായിരുന്ന സ്നേഹവും.

സമി അവളെ പിടിച്ചു എഴുന്നേൽപ്പിച്ചു.

എനിക്കറിയില്ല ഏതാ ശരിയെന്നും തെറ്റെന്നും ആരുടേ കൂടെ നിൽക്കേണ്ടത് എന്നും. ഏതായാലും നിന്റെ ആഗ്രഹത്തിന് എതിര് നിൽക്കില്ല. എനിക്ക് നിന്നോട് ദേഷ്യം ഒന്നും ഇല്ല. ഇർഫാൻ വരുന്നത് വരെ ഇവിടെ ഞങ്ങളോടൊപ്പം താമസിക്കാം. പഴയപോലെ കൂടെ നിന്നോളം.

അവൾ എണീറ്റു കണ്ണ് തുടച്ചു. പിന്നെ റൂമിലേക്ക് പോയി.

നീ പറഞ്ഞത് തന്നെ ശരി. പിടിച്ചു വാങ്ങുന്ന സ്നേഹത്തിന് വിലയിണ്ടാവില്ലടാ. അവൾ പൊക്കോട്ടെ അവന്റെ കൂടെ. നിന്നെ മനസ്സിലാക്കുന്ന നല്ലൊരു പെണ്ണ് വരും നിന്റെ ജീവിതത്തിലും.

ഫൈസി അവനെ നോക്കി ഒന്ന് ചിരിച്ചു. അതിൽ ഉണ്ടായിരുന്നു എല്ലാം നഷ്ടപ്പെട്ടവന്റെ ഹൃദയം നുറുങ്ങുന്ന വേദന.

❤️ 💔 **INVISIBLE LOVE** 💔❤️

**Love after💘 marriage story**

**Part 6**

കാമുകനെ ഏല്പിക്കാൻ ഭാര്യയെ സംരക്ഷിക്കുന്ന ഭർത്താവ് അവൻ പുച്ഛത്തോടെ സ്വന്തം അവസ്ഥ ആലോചിച്ചു.

മൈൻഡ് ആകെ ആസ്വസ്ത പടർന്നു. അവൻ റൂമിൽ ടീവി വെച്ചു ഇരുന്നു. ചാനലുകൾ മാറ്റി മറിച്ചുകൊണ്ടിരിക്കുമ്പോൾ നസ്രിയയുടെ ഓം ശാന്തി ഓശാന ഫിലിമിൽ കണ്ണുടക്കി. മനസ്സ് അവിടെ ഇല്ലെങ്കിലും ഫിലിം ഓടികൊണ്ടിരുന്നു. പെട്ടെന്ന് ഇനുവിന്റെ ശബ്ദം അവനെ ചിന്തകളിൽ നിന്നും

ഉണർത്തി.

കേൾക്കാത്തത് കൊണ്ട് അവൻ എന്താ എന്ന് ചോദിച്ചു.

ഇപ്പൊ ആ കുട്ടി പറഞ്ഞ ഡയലോഗിന് മറുപടി പറഞ്ഞതാ.

അവൻ അവൾ കൈ ചൂണ്ടിയിടത്തേക്ക് നോക്കി. നസ്രിയയെ ആണ് കുട്ടി എന്ന് പറഞ്ഞത്. അപ്പോഴാ അവൾ ടീവി കാണാറില്ലെന്ന് ഓർത്തത്. ഹീറോയിനും ഹീറോസ് ആരാന്ന് അറിയില്ലയിരിക്കും.

എന്ത് പറഞ്ഞു

അവൾ ഇപ്പൊ പറഞ്ഞില്ലേ ഇഷ്ടപെട്ട ആളെ കാണുമ്പോൾ അടിവയറ്റിൽ നിന്നും മഞ്ഞു വീണ പോലെ സുഖം ഉണ്ടായിരിക്കുമെന്ന്. അതിന് ഞാൻ പറഞ്ഞതാ തിരിച്ചു ഡയലോഗ് പറഞ്ഞത മഞ്ഞു വീണ സുഖം അല്ല നല്ല നക്ഷത്രം എണ്ണുന്ന തരത്തിലുള്ള  വേദനയാ ഉണ്ടാകാന്ന്.

വേദനയോ..... അതും ചോദിച്ചു അവൻ കണ്ണ് മിഴിച്ചു അവളെ നോക്കി.

ഞാൻ ഇച്ചുന്റെ ഫോട്ടോ ഒന്ന് നോക്കിയേ ഉള്ളൂ ദാ

ജുനു തന്ന സമ്മാനം എന്നും പറഞ്ഞു അവൾ പലാസ പാന്റ് കുറച്ചു പൊക്കി. രണ്ടു മൂന്നിടത് ബെൽറ്റ് കൊണ്ട് അടിച്ച പാട് അവൻ കണ്ടു. അവനിൽ വേദന പടർന്നു. ജുനുവിനോട് ദേഷ്യം തോന്നി. അവളോട് അറിയാതെ സഹതാപവും തോന്നി. അവളുടെ കണ്ണുകളും നിറഞ്ഞു മുഖത്ത് വേദന പടർന്നിരുന്നു.

അവൻ മുഖത്ത് ചിരി വരുത്തി വിഷയം മാറ്റാൻ എന്ന പോലെ പറഞ്ഞു. ഇഷ്ടപ്പെട്ട ആളെ കാണുമ്പോൾ അടിവയറ്റിൽ മഞ്ഞു വീണ സുഖം തന്നെ ഉണ്ടാവാ..... അതൊരു വല്ലാത്ത ഫീൽ ആണ് മോളെ..... അനുഭവിച്ചു തന്നെ അറിയണം ആ ഫീൽ...... അതാണ് ശരിക്കും പ്രണയത്തിന്റെ ഫസ്റ്റ് സ്റ്റേജ് അവൻ അവളെ കാണുമ്പോൾ ഉണ്ടാകാറുള്ള ഫീലിൽ തന്നെ പറഞ്ഞു.

അവൾ പെട്ടെന്ന് അവന്റെ മുന്നിൽ ചമ്രം പടിഞ്ഞു ഇരുന്നു.മുഖത്തേക്ക് തന്നെ നോക്കി.

അവളുടെ ആ പ്രവർത്തിയിൽ അവനൊന്നു ഞെട്ടി അവളെ നോക്കി.

എന്നിട്ട് എനിക്ക് അങ്ങനെ ഉണ്ടായിട്ട് ഇല്ലല്ലോ

അവൾ താടിക്ക് കയ്യും കൊടുത്തു ആലോചിച്ചു കൊണ്ട്  അവനെ നോക്കി പറഞ്ഞു.

എന്ന നീ പ്രണയിച്ചിട്ടും ഉണ്ടാവില്ല. അവൻ പെട്ടെന്ന് പറഞ്ഞു പോയി.

ഏയ് നോ.... ഐ ലവ് വിത്ത് ഇച്ചു. ഹി ഈസ് മൈ ബെസ്റ്റ് ലൈഫ്  പാർട്ണർ..... ബട്ട് ഇങ്ങനെ ഒരു ഫീൽ ഉണ്ടായിട്ട് ഇല്ല...... അവൾ ഉറപ്പിച്ചു പറഞ്ഞു.അല്ല ഫൈസ്നു തോന്നിയിട്ട് ഉണ്ടോ ഇങ്ങനെ ഒരു ഫീൽ ...... ഫൈസ് ആരെയെങ്കിലും പ്രണയിച്ചിട്ടുണ്ടോ........

വേദന കലർന്നൊരു പുഞ്ചിരി അവന്റെ മുഖത്ത് വിരിഞ്ഞു. അവൻ ഇല്ലെന്ന് തലയാട്ടി.

അപ്പൊ പറഞ്ഞു കേട്ട അറിവ് ഉള്ളൂ. എന്ന അത് തെറ്റാട്ടോ അങ്ങനെ ഒരു ഫീൽ ഒന്നും ഉണ്ടാവില്ല.

അതിനും അവൻ തലയാട്ടി. അവൾ അവിടെയൊന്നും നിർത്തില്ല തോന്നിയതും അവൻ വേഗം എഴുന്നേറ്റു പോയി. അവൾ താടിക്ക് കയ്യും കൊടുത്തു ചിന്തിക്കുന്നത് അവൻ കണ്ടു. അറിയാതൊരു ചോദ്യം അവന്റെ ഉള്ളിലും വന്നു. ഇഷ്ടപെട്ട ആളെ കാണുമ്പോൾ ഉണ്ടാകുന്ന ഫീൽ ശരിക്കും എന്താ......

മഞ്ഞു വീണത് പോലെ ആണോ...... അതിന്ന് ഒരു ഡെഫിനിഷൻ ഇല്ലെന്നതാ സത്യം.....
മഞ്ഞിനോടൊക്കെ ഒരു ഉപമ മാത്രം അതുക്കും മേലെയാണ് ആ ഫീൽ....... ഒന്നുകിൽ നിനക്ക് ആ ഫീൽ എന്താണെന്ന് മനസ്സിലായിട്ടില്ല. അല്ലെങ്കിൽ നീ അവനെ പ്രണയിച്ചിട്ടില്ല അവൻ അവളെ നോക്കി മെല്ലെ മൊഴിഞ്ഞു.

🌷🌷🌷🌷🌷🌷🌷🌷🌷

ഇനു ശരിക്കും ഗ്ലൂമി ആയിരുന്നു. ഫുഡ് കഴിക്കാൻ മാത്രം റൂമിൽ നിന്നും പുറത്തു വന്നു. അതും ഉച്ചക്ക് നിർബന്ധിച്ചു വിളിക്കേണ്ടി വന്നു. മറ്റുള്ളവരെ മുന്നിലും ആ ടെൻഷൻ അടിച്ചപോലെ തന്നെ ആയിരുന്നു ബിഹേവ്. റംസി ചോദിച്ചപ്പോൾ നല്ല സുഖം തോന്നുന്നില്ല എന്ന് പറഞ്ഞു.റംസി പോയി കുറച്ചു സമയം കിടന്നോ. ക്ഷീണം ഉള്ളോണ്ട് ആവും എന്ന് പറഞ്ഞു അവൾ റൂമിലേക്ക് തന്നെ പോയി.ഉള്ളിൽ വേറെ പുറത്ത് വേറെ കാരക്റ്റർ അങ്ങനെ  അവൾക്കില്ലെന്ന് തോന്നി. എല്ലാം തുറന്നു പ്രകടിപ്പിക്കുന്ന സ്വഭാവം.

🌷🌷🌷🌷🌷🌷🌷🌷🌷

ഇർഫാനെ കുറിച്ചുള്ള ഫുൾ ഡീറ്റെയിൽസ് കിട്ടി. ഒരു പക്കാ ഫ്രോഡ്....... വയസ്സ് 26. കെട്ടിടത്തോളം ഓർഫൻ ആണ്. പേര് ഇർഫാൻ ആണോ അല്ലയോ എന്ന് ഉറപ്പില്ല.

മുംബൈൽ ആയിരുന്നു ഇത് വരെ.അവിടെ അറിയപ്പെടുന്നത് റിനു ഭായ് . ഇല്ലേഗൽ ബിസിനസ്...,. അതിൽ പെണ്ണ് വരെ പെടും. ഡ്രഗ് അഡിറ്റ്..... നിമിഷ നേരങ്ങൾ കൊണ്ട് മാറ്റുന്ന ഗേൾ ഫ്രണ്ട്സ് ..... കേരളത്തിൽ എത്തിയിട്ട് വൺ ഇയർ. ഇവിടെ സാമാന്യം നല്ല പേരും പെരുമയും നിലനിർത്തുന്നുണ്ട്. ആരും അറിയാതുള്ള ഫ്രോടത്തരം മാത്രം ഉള്ളൂ. ആറുമാസമായി ഇനായയുടെ പിറകെ ആണ്. വീടിന്റെ പരിസരം.... സ്കൂളിന്റെ പരിസരം അവിടെ ഓക്കെ അവൻ ഉണ്ടായിരുന്നു. നാല് മാസം ആയി ഇനായ കോളേജിൽ പോകുന്ന ഓട്ടോയിൽ ഡ്രൈവർ ആണ്.

അപ്പൊ പ്ലാൻ ചെയ്തു അവളെ ട്രാപ്പിൽ ആക്കിയതാണ്. ജുനു അങ്ങനെ അവളെ അറിയാത്ത ഒരാളുടെ അടുത്ത് നിറുത്താറില്ലല്ലോ. എന്നെ പേടിച്ചു പോകുന്നിടത്തും വരുന്നിടത്തും എല്ലാം കൂടെ ആളുണ്ടാവും.എന്നിട്ടും ഇത്

പോലൊരു ഫ്രോഡിന്റെ ഓട്ടോയിൽ എങ്ങനെ വന്നു.

അവൾ ഇത് വരെ പഠിച്ചത് ഇംഗ്ലീഷ് മീഡിയം സ്കൂൾ ആണല്ലോ. പോകുന്നതും വരുന്നതും സ്കൂൾ ബസ്സിൽ. സ്കൂൾ വീട് അവളുടെ ഫ്രണ്ട് റാനിയയുടെ വീട്.... സാറ്റർഡേ ഡോക്ടറുടെ ക്ലിനിക് ഇതാണ് അവൾ ആകെ പോകുന്നിടം.പുറത്തു ഇറങ്ങുന്നുണ്ടെങ്കിൽ ജുനുവിന്റെ കൂടെ അല്ലെങ്കിൽ ഉമ്മ. പിന്നെ റാനിയയുടെ കൂടെ. അതാണെങ്കിൽ റാനിയയുടെ ബ്രദർ ഉണ്ടാവും. ഇപ്പൊ ഒരു വർഷം ആയി ക്ലിനികിൽ പോക്ക് നിർത്തിയിട്ട്. അവിടെ ഡോക്ടറെ മോൻ അവളെ പ്രൊപ്പോസ് ചെയ്തു. ജുനു പിന്നെ അവളെ അവിടേക്ക് വിട്ടില്ല. അല്ലെങ്കിലും ജുനുവിന് ഇഷ്ടം ഉണ്ടായിട്ട് ഒന്നും അല്ല ക്ലിനികിൽ വിട്ടിരുന്നത്. കയ്യും കാലും പിടിച്ചു കരഞ്ഞു നിലവിളിച്ച അവൾ അവിടെ പോകുന്നത് തന്നെ. റാനിയയുടെ സിസ് വർക്ക് ചെയ്യുന്നത് ആ ക്ലിനിക്കിൽ റിസപ്ഷൻ ആയിട്ടാണ്. സാറ്റർഡേ അവൾക്ക് ഏതോ കോഴ്സ് പഠിക്കാൻ പോകുന്നുണ്ട്. അത് കൊണ്ട് അവൾക്ക് പകരം റാനിയ ക്ലിനികിൽ പോകും. കൂടെ ചുമ്മാ ടൈം പാസ്സ് എന്ന് പറഞ്ഞു ഇനയയും. ശരിക്കും പറഞ്ഞ ഇനയയെ പുറത്ത്

വെച്ചു കാണാൻ ചാൻസ് കുറവാണ്. അത് കൊണ്ട് ആയിരിക്കും ഓട്ടോ ഡ്രൈവർ ആയി കൂടിയത്. സ്ഥിരം ആയി കൊണ്ട് വിടുന്ന ഓട്ടോ ഡ്രൈവർക്ക് ഒരാക്സിഡന്റ് അങ്ങനെ ആണ് ഇവൻ കേറിയത്. ജുനു ആ ടൈം ഗൾഫിൽ ആണ്. അതോണ്ട് അറിഞ്ഞു കാണില്ല.പിന്നെ ഒരു കാര്യം എന്തെന്ന് വെച്ചാൽ ഓട്ടോക്കാരന്റെ ആക്സിഡന്റ് മനപ്പൂർവം ഉണ്ടാക്കിയതാണ്. എന്ന് വെച്ച പക്കാ പ്ലാൻ ആണ് ഇർഫാൻ. ലക്ഷ്യം ഇനായ മെഹവിഷ്.

ഇജാസ് ദേഷ്യത്തോടെ മുഷ്ടി ചുരുട്ടി. എന്റെ ഇനുനെ നോക്കിയ അവൻ ഇനി ജീവനോടെ വേണ്ട നദീം.....

മൊത്തം തപ്പി. ഹി ഈസ് മിസ്സിംഗ്. ഇനുനെ അല്ലേ നോക്കിയത് ജുനിന്റെ സ്വഭാവം വെച്ചു അവൻ ജീവനോടെ ഇല്ലാതിരിക്കാനും ചാൻസ് ഉണ്ട്. ഏതായാലും തപ്പാൻ ആളെ ആക്കിയിട്ടുണ്ട്.

ഇനുന്റെ പിറകെ ഇനിയെന്നും നമ്മുടെ ഒരാളെ അയക്കണം. എനിക്ക് എന്ത് കൊണ്ടോ ഇർഫാൻ ഒരു ഡെയ്ഞ്ചർ ആണെന്ന് തോന്നുന്നു. അവളുടെ ശരീരം ആണ് വേണ്ടതെങ്കിൽ ഒരു അറ്റാക്ക് ഇതിനകം ഉണ്ടാകുമായിരുന്നു. ഇങ്ങനെ ഓട്ടോ

ഡ്രൈവർ വേഷം കെട്ടേണ്ട ആവിശ്യം ഇല്ല. അതില്ലാത്തത് കൊണ്ട് കൺഫോം ആണ് ഇനയയെ പ്ലാൻ ചെയ്തു ട്രാപ്പിൽ ആക്കിയതാണ്.

ആത്മാർത്ഥ പ്രണയം ആണെങ്കിലോ നദീം ആലോചനയോടെ പറഞ്ഞു.

ഇവനെ പോലൊരു ##₹₹%₹#മോന് പ്രണയമോ.

വില്ലന്റെ ഉള്ളിലും പ്രണയം വരാം മോനെ.

ഇജാസ് അവന്റെ കോളറയിൽ കയറി പിടിച്ചു.

കൊന്നു കളയും അവന്നെ. ഇനി ഒരിക്കൽ കൂടി അവൻ അവളെ മുന്നിൽ വന്നാൽ അവന്റെ ഡെഡ്ബോഡി പോലും ആരും കാണില്ല. കൊന്നു കുഴിച്ചു മൂടിയിരിക്കും ഞാൻ.അവന്റെ കണ്ണുകളിലെ രക്തവർണ്ണം ദേഷ്യത്തെ കാടിന്യം കാണിച്ചു.

അതൊക്കെ പോട്ടെ നീ എപ്പോഴാ അവളെ മുന്നിൽ എൻട്രി ചെയ്യുന്നേ. നദീം വിഷയം മാറ്റി.

അവന്റെ മുഖത്ത് ഒരു വേദന പടർന്നു.

എന്നോട് മുന്നിൽ പോലും വരരുതെന്ന് പറഞ്ഞിട്ട് ഏഴു വർഷം ആയി.അവൻ അവന്റെ നെറ്റിയിലെ പാടിലൂടെ വിരൽ ഓടിച്ചു.

വേറൊരു വാക്കും അവൾ പറഞ്ഞിരുന്നു എന്ന് നീയാരാണെന്ന് അവളുടെ വാ കൊണ്ട് പറയുന്നോ അന്ന് അവൾ നിന്നെ അംഗീകരിക്കുമെന്നും  അതും ജുനുവിനെ തൊട്ട് സത്യം ഇട്ട പറഞ്ഞത് നദീം പറഞ്ഞു.

അന്ന് തന്നെ ജുനുവിന്റെ തലയിൽ തൊട്ട് വേറൊരു സത്യം ഇട്ടിരുന്നു അവൾ . ഒരിക്കലും അവളുടെ വായിൽ നിന്നും എന്നെ പറ്റി ആരും അറിയില്ല....... ആരോടും പറയില്ലെന്ന്.......  അത്ര ബുദ്ധിയുള്ള കുരിപ്പ് ആണ്. അവൾക്ക് അറിയാം ശ്വാസം കഴിക്കാൻ മറന്നാലും ജുനുവിനെ മറക്കില്ലന്ന്.

ഇന്ന് അവൾക്ക് ജുനു ആരും അല്ല ഇജു. നമുക്ക് അപ്പോ ആ നീലക്കണ്ണിയുടെ  മനസ്സിൽ കേറാൻ ചാൻസ് ഉണ്ട്.

അതിന് മുൻപ് ഫൈസ് അവളുടെ ജീവിതത്തിൽ നിന്ന് പോകണം അത് പറയുമ്പോൾ അവന്റെ ഉള്ളിൽ ഇനയുടെ നിറഞ്ഞ കണ്ണുകൾ ഓടിയെത്തി.ഫൈസ് അവൾക്ക് വേണ്ട..... അവൻ അത് തന്നെ പറഞ്ഞു കൊണ്ടിരുന്നു.

🌷🌷🌷🌷🌷🌷🌷🌷🌷🌷

നൈറ്റ് ഉറങ്ങാൻ റൂമിലേക്ക് വന്നപ്പോൾ അവൾ ബാൽക്കാണിയിലെ ചാരുപടിയിൽ ചാരി ഇരുന്നിട്ട് കണ്ടു.  അവൻ അങ്ങോട്ട് പോയി.

ഇപ്പൊ എന്താ ടെൻഷൻ.......

ജുനു ഇച്ചുനെ  വല്ലോം ചെയ്തൊന്ന് ഒരു പേടി. ദേഷ്യവും വാശിയും കൂടുതലാ ജുനുന്.എന്നെ ആരും നോക്കുന്നത് പോലും അവന്ന് ഇഷ്ടം അല്ല.

നിനക്ക് വിളിച്ചു നോക്കിയാൽ പോരെ

എന്റെൽ ഫോൺ ഇല്ല വിളിക്കാൻ.

അവനും അപ്പോഴാ അത് ഓർത്തത്. അവൻ അവന്റെ ഫോൺ എടുത്തു കൊടുത്തു. അവൾ ഫോൺ തന്നെ നോക്കി.

എനിക്ക് ഇത് യൂസ് ചെയ്യാൻ അറിയില്ല.ഐ ഫോൺ നോക്കി അവൾ പറഞ്ഞു. ജുനുവിനു സാംസങ് ആണ് അത് ഞാൻ യൂസ് ചെയ്യാറുണ്ട്.

അവൻ ഫോൺ വാങ്ങി രാവിലെ വിളിച്ച നമ്പർ ഇർഫാൻ എന്ന് സേവ് ചെയ്തിരുന്നു. അതിൽ ഡയൽ ചെയ്തു കൊടുത്തു എന്നിട്ട് അകത്തേക്ക് പോയി. അവരുടെ സംസാരം കേൾക്കാൻ അവൻ

ഇഷ്ടപ്പെട്ടിരുന്നില്ല.

കുറച്ചു കഴിഞ്ഞു അവൾ തിരിച്ചു വന്നു അവൻ ബെഡിൽ പില്ലോ ചാരി കിടക്കുകയാരുന്നു. അവളെ കണ്ടതും കണ്ണിൽ പൊടിഞ്ഞ കണ്ണുനീർ അവൾ കാണാതെ തുടച്ചു മാറ്റി.

ഒരു ബെഡിൽ ഒന്നിച്ചു കിടന്ന എന്താ സംഭവിക്കുക അവൾ ഫോൺ നീട്ടി കൊണ്ട് ചോദിച്ചു.

അവൻ ഫോൺ വാങ്ങാൻ കൈ നീട്ടിയിരുന്നു. അവന്റെ കയ്യിൽ നിന്നും ഫോൺ വീണതും നിലത്ത് വീഴാതെ അവൾ  പിടിച്ചു. അവന്റെ കയ്യിൽ വെച്ചു കൊടുത്തു. അവളുടെ ചോദ്യത്തിൽ പറന്നു പോയ കിളികൾ എവിടെയെങ്കിലും ഉണ്ടോന്ന് അവൻ നോക്കി.

കല്യാണം കഴിഞ്ഞ ഒരു റൂമിൽ ഒരു ബെഡിൽ എന്തിനാ കിടക്കുന്നത്. അങ്ങനെ കിടക്കണം എന്ന് നിർബന്ധം ഉണ്ടോ...... അവൾ വീണ്ടും ചോദിച്ചു.

അവൻ ac റൂമിലും വിയർത്തു ഒഴുകുന്നത് അവൻ അറിഞ്ഞു.

പതിനെട്ടു തികയാത്തത് കൊണ്ട്

ബാലവിവാഹത്തിലെ ഈ വിവാഹം പെടുന്ന് അറിയാം. എന്ന് വെച്ചു ശരിക്കും ഇവൾ ബാലിക ആണോ......

ഫൈസ് എന്താ മിണ്ടാതെ. ഞാൻ ചോദിച്ചത് കെട്ടില്ലെന്ന് ഉണ്ടോ.

അത്...., അത്...... ഞാൻ....... വിവാഹം കഴിക്കുന്നത് എന്തിനാ അവൻ പറഞ്ഞൊപ്പിച്ചു.

നല്ലൊരു ലൈഫ് പാർട്ണറെ കിട്ടാൻ.

ലൈഫ് പാർട്ണർ എന്ന് വെച്ചാൽ.....

അതല്ലല്ലോ ഇവിടുത്തെ ചോദ്യം. ഇതിന്ന് ആൻസർ പറ. ഇച്ചു പറഞ്ഞു ഒന്നിച്ചു ഒരു റൂമിൽ ബെഡ് ഷെയർ ചെയ്യണ്ട.ഫൈസ്ന്റെ കൂടെ കിടക്കേണ്ട എന്ന്. അത് തെറ്റാണെന്ന്. എന്ത് കൊണ്ട് തെറ്റാവുന്നത്.ഞാനും ജുനുവും ഒന്നിച്ചു കിടക്കാറുണ്ടല്ലോ..... ജുനുൻന്റെ മാത്രം അല്ല സിനാൻറെ കൂടെ ഞാൻ കിടക്കാറുണ്ടല്ലോ അന്നൊന്നും ഇല്ലാത്ത പ്രോബ്ലം എന്താ ഇപ്പോൾ.

സിനാൻ ആരാ അവൻ ഞെട്ടലോടെ ചോദിച്ചു.

സിനു റാനിയുടെ ബ്രദർ ആണ്. ജുനു

ഇല്ലാത്തപ്പോൾ അവൻ എന്റെ കൂടെ കിടക്ക.

അവന്ന് എത്രയാ വയസ്സ് വിറയലോടെ അവളോട് ചോദിച്ചു.

നൈൻ ഓർ ടെൻ

അവൻ ആശ്വാസത്തോടെ നെഞ്ചിൽ കൈ വെച്ചു ശ്വാസം വലിച്ചെടുത്തു.

ഇർഫാന്ന് ഒന്നിച്ചു റൂമിൽ കിടക്കുമ്പോൾ പേടി ഉള്ളോണ്ട് ആയിരിക്കും അങ്ങനെ പറഞ്ഞത്. പക്ഷേ വേറെ വഴിയില്ല. എല്ലാവരും പ്രോബ്ലം അറിയും റൂം മാറി കിടന്നാൽ. വേണേൽ ഇവൾ താഴേ കിടന്നോട്ടെ.

നീ താഴേ കിടന്നോ എന്ന് പറയാൻ അവളെ നോക്കിയതും ബെഡിൽ പുതപ്പ് പുതച്ചു കിടക്കുന്ന അവളെ കണ്ടു അവൻ അന്തം വിട്ടു നോക്കി നിന്നു.

❤️ ❤️ 💔 **INVISIBLE LOVE** 💔❤️

**Love after💘 marriage story**

**Part 7**

കല്യാണം കഴിഞ്ഞ ഒരു റൂമിൽ ഒരു ബെഡിൽ എന്തിനാ കിടക്കുന്നത്. അങ്ങനെ കിടക്കണം എന്ന് നിർബന്ധം ഉണ്ടോ...... ആ ചോദ്യം ഓർക്കും തോറും അവനിൽ ഒരു നെഞ്ചിടിപ്പ് തോന്നി. ഇവൾക്ക് അറിയാഞ്ഞിട്ടോ അതോ എന്നെ ടെസ്റ്റ് ചെയ്തതോ അവൻ അവളെ തന്നെ നോക്കി നിന്നു. പെട്ടെന്ന് അവൾ എഴുന്നേറ്റു ഇരുന്നു.

ഫൈസ് നാളെ മുതൽ ഞാൻ കോളേജിൽ പൊയ്ക്കോട്ടേ.

അവൻ മൂളി.

എനിക്ക് റാനിയെ ഒന്ന് വിളിക്കണം ഒന്നൂടി ഫോൺ തരോ.

അവൻ കൊടുത്തു. വീട്ടിൽ നിന്നും അവളുടെ ബുക്സ് എടുക്കാൻ പറഞ്ഞു ഏൽപ്പിക്കുന്നത് കണ്ടു. ഒരു കണക്കിന് കോളേജിൽ പോകുന്നത് തന്നെ നല്ലത്. അവളെ അത്രയും സമയം കാണണ്ടല്ലോ.

ഗുഡ് നൈറ്റ് ഫൈസ്

ഗുഡ് നൈറ്റ്.

അപ്പോൾ തന്നെ അവൾ തലവഴി പുതപ്പിട്ട് കിടന്നു. അവളെ ഒന്ന് നോക്കി പിന്നെ ബെഡിന്റെ ഇപ്പുറത്തു കിടന്നു. അവൾ ചോദിച്ചത് തന്നെ മനസ്സിൽ വന്നു. ഒരു ബെഡിൽ കിടക്കുന്നതിന്റെ സീരിയസ്നസ് മനസ്സിലാകാത്തൊണ്ട് ആണോ അതോ എന്നിൽ ഉള്ള വിശ്വാസം ആണോ ഒന്നിച്ചു കിടക്കുന്നത്. അവന്ന് അതിന്ന് ഒരു ഉത്തരം കിട്ടിയില്ല. ഇനുവിനെ ആദ്യം ആയി കണ്ടത് അവന്ന്  ഓർമ വന്നു.

ഇതുന്റെ  മോളെയും കൂട്ടി ഡോക്ടറെ അടുത്ത് പോയപ്പോഴാ ആദ്യം ആയി കണ്ടത്. ഒരു കൊച്ചു കുട്ടിയുടെ കരച്ചിൽ കേട്ട ശ്രദ്ധിച്ചത്. ആ കുട്ടിയെ എടുത്തു കരച്ചിൽ മാറ്റാൻ കഷ്ടപ്പെടുന കണ്ടാണ് വീണ്ടും ശ്രദ്ധിച്ചത്. കണ്ടിട്ട് ചെറിയൊരു പെണ്ണ്. കയ്യിൽ ഒരു ചെറിയ കുഞ്ഞും  ഉണ്ട്.അവൾ നിന്നും ഇരുന്നും കൊഞ്ചിച്ചും ഓക്കേ കരച്ചിൽ മാറ്റാൻ ശ്രമിക്കുന്നത് കണ്ടപ്പോ കൗതുകം കൊണ്ട് നോക്കി നിന്നു. അവളുടെ നീലകണ്ണുകളിൽ മിഴിയുടക്കി നിന്നു. അവളുടെ തട്ടവും മുടിയും എല്ലാം വലിച്ചു പിടിച്ചു വല്ലാത്തൊരു കോലത്തിൽ ആക്കിയിരുന്നു ആ കൊച്ച്. അവിടുള്ള എല്ലാവരുടെയും ശ്രദ്ധ ആ പെൺകുട്ടിയിൽ ആയിരുന്നു. ഏറെ നേരത്തെ

പരിശ്രമം കൊണ്ട് ആ കുഞ്ഞിന്റെ കരച്ചിൽ മാറ്റി. വിജയ ചിരിയോടെ എല്ലാരേം നോക്കി. എന്നിട്ട് അവിടെ ഒരു കസേരയിൽ ഇരുന്നു. എന്റെ ഇതുസിന്റെ തൊട്ടടുത്ത ഇരുന്നത്. അതിന്റെ അപ്പുറത് ഞാനും. പിന്നെ കുഞ്ഞിന് എന്തോ തിന്നാൻ കൊടുക്കുന്നത് കണ്ടു. അവളുടെ ദേഹത്ത് മൊത്തം വൃത്തികേട് ആക്കിയിരുന്നു. കുഞ്ഞിനെക്കാൾ കുസൃതിയും ഓമനത്തവും അവൾക്ക് തോന്നി. അതെ സമയം സ്വയം ജാള്യത തോന്നി. ഏതോ ആളുടെ ഭാര്യയും കുഞ്ഞും ആണ്. എന്നിട്ടാണ് വായി നോക്കുന്നത്. അപ്പോഴാണ് എന്റെ ഇതുസ് അവളോട് കുഞ്ഞിന്റെ പേരെന്താണെന്ന് ചോദിച്ചത്. അവൾ ചമ്മലോടെ മുഖം താഴ്ത്തി പറഞ്ഞു. എനിക്കറിയില്ല.

പിന്നെ ഇതാരാ കുഞ്ഞാ സിസ് അത്ഭുതത്തോടെ ചോദിച്ചു.

അതും അറീല അവൾ തലയാട്ടി.

എന്റെ തലയിലെ കിളികൾ
മൊത്തം പോയിരുന്നു.ഇതുസിന്റെ പിന്നെ കൂടും കുടുക്കയും വരെ എടുത്തു കടലും കടന്നു പോയി.

നിനക്ക് എവിടെ നിന്ന കിട്ടിയത് കൊച്ചിനെ.

ദൂരെ ഒരു സ്ത്രീയെ കാട്ടി പറഞ്ഞു. അവരെ മോളാ. അവർക്ക് തീരെ വയ്യ. ഡോക്ടർ കാണാൻ വന്നതാ. മോള് കരഞ്ഞപ്പോൾ അവർ വല്ലാതെ കഷ്ടപ്പെടുന്ന കണ്ടു. ഞാൻ എടുത്തോണ്ട് വന്നു കരച്ചിൽ മാറ്റൻ നോക്കിയതാ അവൾ ചിരിച്ചോണ്ട് പറഞ്ഞു.

കേയറിങ് കണ്ടപ്പോ സ്വന്തം കുട്ടിയാന്ന് തോന്നി. കുട്ടികളെ ഇഷ്ടം ആണെന്ന് തോന്നുന്നു.

എനിക്കിഷ്ടം ആണ് കുഞ്ഞുങ്ങളെ. ഞാനും കാക്കു ഉള്ളൂ വീട്ടിൽ. കാക്കുനെ കെട്ടിച്ചിട്ട് വേണം സ്വന്തം ആയി ഒരു കുട്ടിയെ കിട്ടാൻ. എന്നിട്ട് വേണം അവരുമായി അടിച്ചു പൊളിച്ചു കഴിയാൻ. പിന്നെ ഇതുസിന് അറിയോ അവന്ന് ഇരട്ട കുട്ടികൾ ആകാൻ പ്രാർത്ഥിച്ചു നടക്ക ഞാൻ. നേർച്ചയൊക്കെ നേർന്നിട്ടുണ്ട്  രണ്ടു മാലാഖകുട്ടികൾ.അപ്പൊ വീട്ടിൽ ഒരുപാട് കുട്ടികൾ ആകുമല്ലോ.അവരെ ഒരുക്കികൊടുത്തു നടക്കാൻ ഓക്കെ നല്ല രസം ആയിരിക്കുമല്ലേ.

എനിക്കും ഇഷ്ട ട്വിൻസ്

ഇതുസ്  അവളും കൂടി ഹൈഫൈ കൊടുത്തു. വേഗം

കുട്ടിയാവട്ടെ. ഞാനും പ്രാർത്ഥിക്കാം. മാര്യേജ് കഴിഞ്ഞു കുറെ ആയോ കാക്കുന്റെ

മാരിയേജ് കഴിഞ്ഞില്ല. നല്ലൊരു പെണ്ണിനെ കണ്ടു പിടിക്കണം.

സിസ് അവളെ നോക്കി തലക്ക് കൈ വേച്ചു. വട്ടാണല്ലേ എന്നൊരു ഭാവം ആ മുഖത്ത് കണ്ടു.പിന്നെ പൊട്ടിച്ചിരിച്ചു.

എന്തിനാ ചിരിക്കൂന്നേ.

മേരേജ് കഴിയാതെ കുട്ടിയാകാൻ പ്രാർത്ഥിക്കുന്ന കേട്ട പിന്നെ ചിരിക്കാതെ. എത്രയില പഠിക്കുന്നെ നീ

പ്ലസ് വൺ.GHcss ൽ ആണ്. ഇന്ന് ലീവ് ആയോണ്ട് ഫ്രണ്ട്ന്റെ കൂടെ വന്നതാണ്. അപ്പോഴാണ് അവളെ ഫ്രണ്ട് റാനിയ വന്നത്.

അപ്പൊ പോട്ടെ പിന്നെ കാണാം.

ഇതാരാ റാനിയ  ചോദിച്ചു.

ആ അറിയില്ല. കണ്ടപ്പോ സംസാരിച്ചു.

ഇങ്ങനെ ഒരു പെണ്ണ്.റാനി  അവളെ കയ്യിൽ പിടിച്ചു വലിച്ചു.

അതെ എന്താ പേര് പോകുമ്പോൾ ഇതുസ് വിളിച്ചു ചോദിച്ചു

ഇനായ മെഹവിഷ്

അവർ പോയതും ഞാൻ പൊട്ടിച്ചിരിച്ചു.

എന്താടാ ഇളിക്കുന്നെ.

ആരാ എന്താന്ന് പോലും അറിയണ്ട. കുറച്ചു കൂടി നിന്ന ഫുൾ ഹിസ്റ്ററി അവൾ പറഞ്ഞേനെ.

പോടാ പാവം കൊച്ചു. അവൾക്ക് ഉള്ളിൽ വെച്ചു സംസാരിക്കാൻ കഴിയില്ല.വായാടിയാ.

ഇത് കുറച്ചു ഓവറാ.... ആരാ എന്താ..... അറിയാതെ സംസാരിക്കയൊ ചെയ്യാ.

എന്നിട്ടായിരിക്കും പുന്നാര അനിയൻ ഇത്രയും സമയം അവളെ വായും നോക്കി ഇരുന്നത്. നോക്കി വെള്ളം ഇറക്കുന്നത് ഞാൻ കണ്ടില്ലെന്ന് കരുതണ്ട.

എനിക്ക് ഒരു കാൾ വരുന്നുണ്ട്..... ഇപ്പൊ വരവേ നൈസ് ആയി മുങ്ങി ഞാൻ.

പോകാൻ നോക്കുമ്പോഴാ റിസേപ്ഷനിൽ ഇരിക്കുന്നത് കണ്ടത്.

ഇത്തുസ് വേഗം അടുത്ത് പോയി. എനിക്ക് അറിയുന്ന ഒരു പെൺകുട്ടിയുണ്ട് വേണേൽ ഞാൻ അഡ്രെസ്സ് തരാം. നിന്റെ അഡ്രെസ്സ് പറ. ബ്രോ എന്താ ചെയ്യുന്നേ.

അവൾ ഒന്നും മിണ്ടാതെ റാനിയെ നോക്കി.

റാനി  ചിരി അടക്കിപിടിച്ചു നില്കുന്നത് കണ്ടു.

ഇനായക്ക് എന്താ ബ്രോയെ കെട്ടിക്കണ്ടേ ഇതുസ് ഒന്നൂടി ചോദിച്ചു

എന്റെ പൊന്ന് ഇത്ത ഇവളെ ബ്രോ കോളേജിൽ പഠിക്ക. അവൻ കെട്ടുമ്പോഴേക്കും ഇവളെ കെട്ടിച്ചു ഇവൾക്ക് രണ്ടു കുട്ടിയാകും. ഇതുസ് അതോണ്ട് വല്ല ചെക്കന്മാർ ഉണ്ടെങ്കിൽ പറ.

ഞാൻ അപ്പോഴേക്കും ഇതുസിനെ പിടിച്ചു വലിച്ചു പോയി. ഇല്ലെങ്കിൽ അവൾക്ക് ചെക്കനെ നോക്കാൻ പോയേനെ.

അന്നേ ഉറപ്പിച്ചത ഒരു നട്ട് ലൂസ് ആണെന്ന്. എന്നാലും ഇത്രയും പ്രതീക്ഷിച്ചില്ല. അന്നും ഇന്നും ഇവൾക്ക് ഒരു മാറ്റം ഇല്ല.

അവൻ ഒരു ദീർഘ നിശ്വാസം എടുത്തു അവളെ

നോക്കി. അവളെ തന്നെ നോക്കി കിടന്നു.നഷ്ടബോധമോ സങ്കടമോ ഒക്കെ കൊണ്ട് അവനിൽ ഒരു നോവ് അനുഭവപ്പെട്ടു.

അവളെ തന്നെ നോക്കി കിടന്നു എപ്പോഴോ ഒന്ന് കണ്ണടച്ചു. അവളെ കാലും കയ്യും ദേഹത്ത് എത്തിയതും ഉറക്കം കടലും കടന്നു പോയി. അവളെ ശരിക്കും കിടത്തി തിരിഞ്ഞു കിടന്നു കുറച്ചു കഴിയുമ്പോഴേക്കും വീണ്ടും കാൽ ദേഹത്ത് എത്തി. അവൻ എണീറ്റിരുന്നു അവളെ നോക്കി. കാൽ ഒരിടത് കൈ ഒരിടത്. ഇവൾ ഉറങ്ങുകയാണോ അതോ യുദ്ധത്തിന് പോവുകയാണോ എന്നൊരു ഡൌട്ട്. ബെഡ് മൊത്തത്തിൽ ആയാണ് കിടപ്പ്. അവൻ തലയിണ എടുത്തു താഴെ കിടന്നു.

ആദ്യം അയാണ് നിലത്തു കിടക്കുന്നത്. അത് കൊണ്ട് തന്നെ ഉറക്കവും വരുന്നില്ല. പിന്നെ ഫോണിൽ കുത്തി ഇരുന്നു എപ്പോഴോ ഉറങ്ങിപോയി. രാവിലെ അവൻ എണീറ്റിട്ടും അവൾ എണീറ്റു കാണാത്തോണ്ട് മെല്ലെ വിളിച്ചു.ടൈം ഏഴായി ആരും ഇവിടെ ഇത്രയും ടൈം ഉറങ്ങാറില്ല. പൊതുവെ ഇവളെ ഇഷ്ടം അല്ല ഉമ്മാക്ക് . ഇതും കൂടി കാണുമ്പോ കലി കേറും.

ഇനു...... സമയം ഏഴായി എഴുന്നേൽക്ക്.

ടീ അവിടെ വെച്ചേക്ക് കുറച്ചു കൂടി ഉറങ്ങട്ടെ ജുനു പ്ലീസ്........

ഉറക്കപ്പിച്ചിൽ കണ്ണടച്ച് പറഞ്ഞതെങ്കിലും അവന്ന് നെഞ്ചിൽ ഇടിവെട്ടിയ പോലെ ആയി. ബെഡ് ടീ കൊടുത്തു ആണോ ജുനു ശീലിപ്പിച്ചിരിക്കുന്നെ.

ഇനു എഴുന്നേൽക്ക് ടൈം ഒരുപാട് ആയി.

കുറച്ചു കഴിയട്ടെ ജുനു പ്ലീസ്..... അല്ലേൽ വാ നമുക്ക് ഒന്നിച്ചു ഉറങ്ങാം പറഞ്ഞു അവൾ കണ്ണ് തുറക്കാതെ തന്നെ അവന്റെ കയ്യിൽ പിടിച്ചു വലിച്ചു. അവളുടെ അടുത്തേക്ക് അവൻ വീണു. അവൻ എഴുന്നേൽക്കാൻ നോക്കിയതും അവൾ അവന്റെ കവിളിൽ ഒരു കിസ്സ് കൊടുത്തു. പ്ലീസ് ജുനു ഒരഞ്ചുമിനിറ്റ് കൂടി...... എന്നിട്ട് അവന്റെ നെഞ്ചിൽ തലവെച്ചു അവനെ ചുറ്റിപിടിച്ചു കിടന്നു. ശരീരത്തിലൂടെ ഒരു മിന്നൽ പിണർ പാഞ്ഞുപോയത് അവൻ അറിഞ്ഞു. അവന്ന് എഴുന്നേൽക്കണം എന്നുണ്ടെങ്കിലും മനസ്സ് പിന്തിരിപ്പിച്ചു കൊണ്ടിരുന്നു. അവൻ പോലും അറിയാതെ അവന്റെ കൈകൾ ചുറ്റിവരിഞ്ഞു. കുറച്ചു കഴിഞ്ഞു അവൾ ഞെട്ടി

എണീറ്റു.

എന്താ ഫൈസ്  ഇത് അവൾ ഒച്ചയോടെ ചോദിച്ചതും അവൻ ഒരു നിമിഷം പകച്ചു നിന്നു. അവൾ ഉറക്കത്തിൽ ആണ് ഞാൻ ചെയ്തതോ അവൻ കുറ്റബോധത്തോടെ അവളെ നോക്കി. എന്നിട്ട് സോറി പറയാൻ

നോക്കിയതും അവൾ പറഞ്ഞു

മണി എട്ടായി. ഒന്ന് വിളിച്ചൂടാരുന്നോ. നോട്ടം ചുമരിലെ ക്ലോക്കിൽ ആണ്. ഇന്ന് മുതൽ  സ്കൂളിൽ പോകണം. ഇച്ചു കോളേജിൽ  പോയില്ലെങ്കിൽ പിണങ്ങുന്ന പറഞ്ഞിരിക്കുന്നെ.

അവന്ന് അത്ഭുതം ആയിരുന്നു തോന്നിയത് അവന്റെ നെഞ്ചിൽ കിടന്നതോ കെട്ടിപിടിച്ചതോ അവൾക്ക് വിഷയം അല്ല. അതിന്റെ  യാതൊരു എക്സ്പ്രക്ഷനും മുഖത്ത് ഇല്ല.അവൾ അറിഞ്ഞില്ലേ ഇനി അതോ അറിഞ്ഞിട്ടും കുഴപ്പം ഇല്ലാത്തതോ..... ഇതെന്ത് ജന്മം ആണ് പടച്ചോനെ. അവൻ തലക്ക് കൈ വെച്ചു.

ഞാൻ പെട്ടെന്ന് റെഡിയാവട്ടോ. എന്നെ ഒന്ന് കോളേജിൽ ഡ്രോപ്പ് ചെയ്യണേ. നാളെ മുതൽ റൂട്ട്

പഠിപ്പിച്ചു തന്ന മതി ഞാൻ പോയിക്കൊള്ളാം. അതും പറഞ്ഞു അവൾ എണീറ്റു ബാത്‌റൂമിലേക്ക് ഓടി.

അവൻ താഴക്ക് പോയി. അവൻ ടീ കുടിക്കുമ്പോൾ അവളും വന്നു. റംസി കുഞ്ഞിന്  ടീ കൊടുക്കുന്നുണ്ടായിരുന്നു. അവളെ കണ്ടതും റംലത്ത ടീ കൊടുത്തു. അതും എടുത്തു ഫൈസ്ന്റെ അടുത്തു വന്നു ഇരുന്നു ടീ കുടിക്കുമ്പോൾ ഉമ്മ വന്നത്.

ഇവിടെ ആണുങ്ങളും പെണ്ണുങ്ങളും ഒന്നിച്ചു അല്ല ടീ കുടിക്കാർ. ഫൈസ് കുടിച്ചു കഴിഞ്ഞേ കുടിക്കൻ പാടുള്ളു അവളെ നോക്കി ദേഷ്യത്തോടെ പറഞ്ഞു.

റംസിയും ഫൈസിയും വല്ലായ്മയോടെ അവളെ നോക്കി. ഉമ്മാനെ എതിർത്തു പറയാനും പറ്റാതെ ഫൈസ് നിന്നു കുഴഞ്ഞു.

സോറി ഉമ്മാ എനിക്ക് അറിയില്ലായിരുന്നു അത്. ഇനി ശ്രദ്ധിച്ചോളാം. തെറ്റ് പറ്റിയ പോലെ അവൾ പറയുന്നത് കേട്ടപ്പോൾ ഫൈസ് തലതാഴ്ത്തി.

ഫൈസ്..... എനിക്ക് രാവിലെ എഴുന്നേറ്റ ഉടനെ ടീ നിർബന്ധം ആണ്. ഇനി മുതൽ എന്നേക്കാൾ മുന്നേ എഴുന്നേറ്റു ടീ കുടിക്കണം പ്ലീസ്.... റിക്വസ്റ്റ് ആണ്

എനിക്ക് രാവിലെ ടീ കിട്ടിയില്ലെങ്കിൽ വട്ട് പിടിക്കും. പിന്നെ എന്തൊക്കെ ചെയ്യുന്നു എനിക്ക് തന്നെ അറിയില്ല. ഞാൻ ഏഴുമണി എട്ടുമണിക്ക് ഉള്ളിൽ ആണ് എഴുന്നേൽക്കാ. അതിന് മുന്നേ നീ കുടിച്ചോ. പിന്നെ എഴുന്നേറ്റില്ലെങ്കിൽ ഞാൻ അപ്പുറത്തെ വീട്ടിൽ പോയെങ്കിലും ടീ കുടിക്കും..... ടീ നേരത്ത് കുടിക്കതുള്ള ഒരു വിട്ടുവീഴ്ചയും എനിക്ക്  ഇല്ല. പിന്നെ ഉമ്മാന്റെ നേർക്ക് തിരിഞ്ഞു.

ഉമ്മാ ഇനി ആവർത്തിക്കില്ലാട്ടോ..... ഒരിക്കൽ കൂടി സോറി പറയാ ഞാൻ അറിയാതെ ആണെങ്കിലും ഇവിടുത്തെ റൂൾസ് തെറ്റിച്ചതിന്ന്. പിന്നെ ഇത് പോലെ വേറെ എന്തെങ്കിലും റൂൾസ് ഉണ്ടെങ്കിൽ പറഞ്ഞു തരണേ. ഇപ്പൊ ടൈം ഇല്ല കോളേജിൽ പോണം ലേറ്റ് ആയി. വന്നിട്ട് സംസാരിക്കാം.

അതും പറഞ്ഞു അവൾ എണീറ്റു.

അവർ എല്ലാവരും വായും പോളന്നു പരസ്പരം നോക്കി നിന്നു. ഉമ്മ പിന്നെ എന്ത് പറയണം എന്ന് പോലും അറിയാതെ അന്തം വിട്ടു നില്കുന്നത് കണ്ടു. അത് കണ്ടപ്പോ റംസിയുടെ മുഖത്ത് ചിരി വിരിഞ്ഞു.

റംലത്താ.... എന്റെ ഗ്ലാസ് ഒന്ന് കഴുകി വെക്കണേ.

ടൈം ഇല്ലാത്തോണ്ടാ..... ഇതിന്ന് പകരം ആയി നൈറ്റ് ഫുൾ ക്ലീനിങ് ഞാൻ കഴുകിക്കൊള്ളാം.... അതും പറഞ്ഞു അവൾ തിരക്കിട്ടു ഓടി. അതിന്റിടയിൽ വിളിച്ചു പറയുന്നത് കേട്ടു ഫൈസ് ഒന്ന് ഫാസ്റ്റ് ആക്കെ എനിക്ക് ലേറ്റ് ആകും.

പെട്ടെന്ന് അവൾ തിരിച്ചു ഓടി വന്നു റംസിയുടെ മടിയിൽ ഉള്ള കുഞ്ഞിന്റെ മുഖത്ത് മൊത്തം കിസ്സ് കൊടുത്തു. വൈകിട്ട് കാണാവേ എന്നിട്ട് പരിചപ്പെടാം പറഞ്ഞു ഒരു ചെറിയ കടിയും കൊടുത്തു ഓടി.

അവൻ ഇപ്പൊ ഇവിടെ എന്താ നടന്നെന്ന് തിരിയാതെ റംസിയെ നോക്കി. റംസി ഉമ്മാനെ നോക്കി ചിരിച്ചു ചിരിച്ചു മണ്ണ് കപുന്നത് അവൻ കണ്ടു. അത് കണ്ടു അവന്നും ചിരി വന്നു.

അവളുടെ പ്രവർത്തി എന്ത് കൊണ്ടോ മനസ്സിൽ സന്തോഷം ആണ് വരുത്തിയത്. ഉമ്മാനോട് ദേഷ്യമോ വെറുപ്പോ തോന്നിയില്ല അവൾക്ക്. അത് പ്രത്യേകം അവൻ ശ്രദ്ധിച്ചു. റംലതക്ക് കൊടുത്ത ബഹുമാനം ആയാണ് തോന്നിയത് ഇവിടുത്തെ ജോലിക്കാരി ആണ് അത് പോലും നോക്കാതെ ഗ്ലാസ്

കഴുകിയതിന്ന് പകരം മൊത്തം ക്ലീനിങ് ചെയ്യുന്നു പറയുന്നു. ശരിക്കും അവളെ സ്വഭാവം മനസ്സിലാക്കാൻ കഴിയുന്നുണ്ടായിരുന്നില്ല അവന്ന്.

എന്റെ പൊന്ന് ഉമ്മ ആദ്യം അവളെ ഉമ്മ വഴക്കാണ് പറയുന്നത് എന്ന് പഠിപ്പിച്ചു കൊടുക്ക്. എന്നിട്ട് അമ്മായിയമ്മ പോരെടുക്ക്. അല്ലാതെ ഇതിപ്പോ ഇവിടെ സെന്റി പടത്തിന് പകരം കോമഡി ഫിലിം ഓടുന്നെ. ഇങ്ങനെ പോയ ഞാൻ ചിരിച്ചു ചിരിച്ചു മരിക്കും.റംസി ഉമ്മാനോട് പറയുനത് കേട്ടു അവനും ചിരി വന്നു.

🌷🌷🌷🌷🌷🌷🌷🌷

ഫൈസി റൂമിലേക്ക് പോകുമ്പോൾ അവൾ മുടി കെട്ടുകയാരുന്നു. അവനെ കണ്ടിട്ടും അവൾ ആ ജോലി തുടർന്നു.

തട്ടം ഇടാതെ ആദ്യം അയാണ് കാണുന്നത് പടച്ചോനെ എന്ത് മൊഞ്ജാണ് കാണാൻ. അവൻ കണ്ണെടുക്കാതെ അവളെ നോക്കി നിന്നു. അവളുടെ അരക്കെട്ടോളം എത്തുന്ന മുടി അവളുടെ സൗന്ദര്യം കൂട്ടിയത് പോലെ തോന്നി. കോലം കണ്ടിട്ട് കുളിച്ച മട്ടൊന്നും അവന്ന് തോന്നിയില്ല. ഇനി കോളേജിൽ

പോകുമ്പോ കുളിക്കാറില്ലേ.... അതോ ഇന്ന് ടൈം ഇല്ലാത്തോണ്ടോ..... അവൻ  പക്ഷേ ഒന്നും ചോദിച്ചില്ല.

അവളെയും കൂട്ടി വേഗം ഇറങ്ങി. കാറിൽ

കയറുമ്പോൾ എല്ലാരോടും സലാം ചൊല്ലിയാരുന്നു ഇറങ്ങിയത്.

🌷🌷🌷🌷🌷🌷🌷🌷🌷🌷

കോളേജിൽ എത്തുന്ന വരെ അവൾ ഒന്നും സംസാരിച്ചില്ല അവന്നും.

ഇറങ്ങുമ്പോൾ പോട്ടെ എന്ന് തലയാട്ടി. അവനും.

വൈകുന്നേരം എത്ര മണിക്ക കോളേജ് വിട. പിക് ചെയ്യാൻ വരാം.

വേണ്ട. എനിക്ക് വഴി മനസ്സിലായിന് ഞാൻ വന്നോളാം.

അവനെന്തെങ്കിലും തിരിച്ചു പറയുന്നതിന്ന് മുന്നേ അവൾ പോയിരുന്നു.

🌷🌷🌷🌷🌷🌷🌷🌷🌷

ഇനുവിനെ കണ്ടതും റാനിയ ഓടിവന്നു. അവളെയും കൂട്ടി കോളേജിന്റെ പിറ കിലുള്ള   മരത്തിന്റെ

ചുവട്ടിൽ പോയി ഇരുന്നു.

ഇനി പറ നിന്റെ വിശേഷങ്ങൾ...... ഫൈസ് എങ്ങനെ അടിപൊളിയാണോ...,..  അവന്റെ  വീടും വീട്ടുകാരും ഒക്കെ എങ്ങനെയാ...... നീ കോളേജിൽ വരുമെന്ന് ഒരിക്കലും വിചാരിച്ചില്ല.......

ഞാൻ ഇർഫാന്റെ കാര്യം  എല്ലാം ഫൈസ്നോട് പറഞ്ഞു.

റാനി ഞെട്ടലോടെ അവളെ നോക്കി. അവൾ എല്ലാം പറഞ്ഞു കൊടുത്തു.

ഞെട്ടലോടെ റാനി അവളെ നോക്കി.

ഇന്ന് വരെ നിന്റെ എല്ലാകാര്യങ്ങളിലും ഞാൻ കൂടെ ഉണ്ടായിരുന്നു   . ഈ ഒരു കാര്യത്തിൽ മാത്രം കൂടെ നിൽക്കില്ല. നിനക്ക് വട്ടാണ്...... ഫൈസ്നെ പോലൊരു ഒരുത്തനെ കിട്ടാൻ ഭാഗ്യം ചെയ്യണം....... നിനക്ക് ആഗ്രഹിക്കാവുന്നതിലും എത്ര ഉയരത്തില അവൻ എന്ന് അറിയോ..... കെട്ടിടത്തോളം നല്ല സ്വഭാവവും.

ഇതിനെ പറ്റി കൂടുതൽ പറയണ്ട റാനി. എനിക്ക് ഇർഫാൻ ഇല്ലാതെ ജീവിക്കാൻ കഴിയില്ല.

ഒരു കാര്യം തീരുമാനിച്ചാൽ അതിൽ നിന്നും പിന്മാറത്ത അവളുടെ സ്വഭാവം അറിയുന്നൊണ്ട് റാനി പിന്നെ ഒന്നും പറഞ്ഞില്ല.

ഫൈസിന്റെ വീട്ടുകാർ എങ്ങനെയാ സ്വഭാവം അവർക്ക് അറിയോ ഇതൊക്കെ.... അവിടെ ഒരുപാട് ആളുകൾ ഉണ്ടോ.

ദാറുൽ അഖ്സ് എന്ന വലിയ കൊട്ടാരം പോലുള്ള വീട്. ഫൗസിയ ഉസ്മാൻ ദമ്പദികളുടെ മൂന്നു മക്കളിൽ ഇളയവൻ. രണ്ടു ആണും ഒരു പെണ്ണും. റാഹിൽ എന്ന ഇക്കാക്കാന്റെ പേര് ഗൾഫിൽ ആണ്. ഭാര്യ സന. ഒരു മകൻ ഉണ്ട്. അവർ വിവാഹത്തിന് ഉണ്ടായിരുന്നു പോലും.എന്തോ അത്യാവശ്യം ഉള്ളോണ്ട് അന്ന് രാത്രി തന്നെ തിരിച്ചു പോയി.

പിന്നെ റംസി എന്ന ഇതുസ് രണ്ടു മക്കളുണ്ട് രണ്ടു പെൺകുട്ടികൾ മൂത്ത കുട്ടിക്ക് ആറോ എഴോ വയസ്സുണ്ട് രണ്ടാമത്തെ കുട്ടി മൂന്നു വയസ്സ്. ഭർത്താവ് ഗൾഫിൽ ആണ്. സ്വന്തം വീടൊക്കെ ഉണ്ട്. ഭർത്താവ് നാട്ടിൽ വരുമ്പോഴേ അവിടെ താമസിക്കു അല്ലാത്തപ്പോ വീട്ടിൽ തന്നെ ഉണ്ടാവും. പിന്നെ ഫൈസ്. ഉമ്മക്കു എന്നെ കണ്ണെടുത്ത കണ്ടു കൂടാ...

കണ്ടിടത്തോളം ഈ വിവാഹത്തിന്  ഇഷ്ടം അല്ല തോന്നുന്നു. പിന്നെ ഉപ്പ ഞാൻ കണ്ടിട്ടേ ഇല്ല. ആ വീട്ടിൽ തന്നെ ഉണ്ട്. പെരുമാറ്റം കാണുമ്പോൾ മൂപ്പർക്കും ഇഷ്ടം അല്ല. ഉപ്പക്കും ഉമ്മക്കും ഇഷ്ടം അല്ലാതെ ഫൈസ് എന്തിനാ വിവാഹം കഴിച്ചെന്ന മനസ്സിലാവാതെ. ഇനി അതൊക്കെ ഞാൻ എന്തിനാ ആലോചിക്കുന്നെ ഏതായാലും ഞാൻ രണ്ടോ മൂന്നോ മാസമേ അവിടെ ഉണ്ടാകു.

ജുനു നിനക്ക് ദോഷം വരുത്തുന്ന ഒന്നും ചെയ്യില്ലെന്ന എന്റെ വിശ്വാസം. അത് കൊണ്ട് തന്നെ ഞാൻ ഒരിക്കലും നിന്റെയീ തീരുമാനത്തോട് യോജിക്കില്ല.അതും പറഞ്ഞു ദേഷ്യത്തോടെ ക്ലാസ്സിലേക്ക് പോയി

പിന്നാലെ ഇനുവും.

🌷🌷🌷🌷🌷🌷🌷🌷

വൈകുന്നേരം കോളേജ് വിട്ടു പോകുമ്പോൾ അവൾ ബസ്സിൽ ആയിരുന്നു പോയത്. ബസ്സ്റ്റോപ്പിൽ നിന്നും കുറച്ചു ദൂരം പോകണം ഫൈസ്ന്റെ വീട്ടിലേക്ക്.

പുതുതായി കാണുന്നത് കൊണ്ടാകണം എല്ലാരും നോക്കുന്നുണ്ട്. കോളേജിൽ യൂണിഫോം ആണ്.

ഇന്ന് ഒരു ദിവസം കളർ ഡ്രസ്സ് ഇട്ടന്നെ ഉള്ളൂ. നാളെ മുതൽ യൂണിഫോം വേണം ഇടാൻ. റാനി എല്ലാം കൊണ്ട് വന്നിരുന്നു. ഇക്കാക്കയും ഉമ്മയും ഒന്നും പറയാതെ ബുക്ക് യൂണിഫോം എടുത്തു കൊടുത്തു പറഞ്ഞു. അവൾ ഓരോന്ന് ആലോചിച്ചു നടക്കുമ്പോൾ പെട്ടന്ന് മുന്നിൽ ഒരു ഓഡി കാർ സ്റ്റോപ്പ് ചെയ്തു. അവൾ ഞെട്ടി പിറകോട്ടു മാറി.

അവൾ ദേഷ്യത്തോടെ നോക്കിയതും കാറിൽ നിന്നും ഒരാൾ ഇറങ്ങി വരുന്നത് കണ്ടു.

അവൾ സൂക്ഷിച്ചു നോക്കി. കണക്കായ ഹൈറ്റ് വെയിറ്റ് ഉള്ള ഒരു യുവാവ്. വെളുത്തു തുടുത്ത മുഖം കട്ട താടി. ആ വരവിലും നടത്തത്തിലും ഒരു പ്രൗഢി തോന്നി അവൾക്ക്. അവളെ അടുത്തേക്ക് വന്നതും ഹായ് ബേബി  എന്നു പറഞ്ഞു കെട്ടിപിടിച്ചു.

അവൾ ഒരു നിമിഷം സ്റ്റക്ക് ആയി നിന്നു. അവളുടെ ചുണ്ടുകൾ മന്ത്രിച്ചു ഇജുക്ക.

യെസ് നീലക്കണ്ണി..... ഇജാസ്.....നിന്റെ സ്വന്തം ഇജുക്ക. സ്റ്റൈലിൽ പറഞ്ഞു കൊണ്ട് അവളെ വിട്ടു. അവൻ കൂളിംഗ് ഗ്ലാസ് ഊരി അവളെ പുഞ്ചിരിയോടെ നോക്കി.അവളുടെ നോട്ടം മുഴുവൻ അവന്റെ

കണ്ണുകളിൽ ആയിരുന്നു. അവന്റെ നോട്ടം തന്റെ ഹൃദത്തിൽ ആഴ്ന്നിറങ്ങുന്നത് അവൾ ചെറുനോവോടെ അറിഞ്ഞു. അവൾ കണ്ണിമ വെട്ടാതെ തന്റെ കണ്ണുകളിൽ നോക്കുന്നത് കണ്ടതും അവൻ കണ്ണുകളുടെ മുകളിലൂടെ തലോടി.

ഇങ്ങനെ നോക്കണ്ട. ഈ കണ്ണുകൾ നീ ഇഷ്ടം അല്ല.....വെറുപ്പാണ്.... ഒരിക്കലും കാണണ്ട പറഞ്ഞില്ലേ..... അന്ന് മുതൽ ആരും കണ്ടിട്ട് ഇല്ല. കാണിച്ചിട്ടില്ല ഞാൻ. ലെൻസ് യൂസ് ചെയ്യുന്നേ ഞാൻ. ഇപ്പൊ എങ്ങനെ ഒന്നൂടി ഗ്ലാമർ ആയിട്ടില്ലേ എന്റെ കണ്ണുകൾ.

അവളുടെ കണ്ണുകളിൽ ഒരു കണ്ണുനീർ ചീള് ഉടലെടുക്കുന്നത് അറിഞ്ഞപ്പോൾ അവൾ മുഖം താഴ്ത്തി പോകാൻ നോക്കിയതും അവൻ മുന്നിൽ കേറി തടസ്സം പോലെ നിന്നു.

**❤️ 💔 INVISIBLE LOVE 💔❤️**

**Love after💘 marriage story**

**Part 8**

എന്റെ വിവാഹം ആണ് വരണം എന്നൊരു

മെസ്സേജോ കാൾ പ്രതീക്ഷിച്ചു. അതിനുള്ള യോഗ്യത പോലും ഇല്ലേ നീലകണ്ണി അവന്റെ ഇടറിയ വാക്കുകൾ കേട്ടതും അവൾ പിടിച്ചു കെട്ടിയ പോലെ നിന്നുപോയി.

നീലകണ്ണി...... ആ വിളി തനിക്ക് ചുറ്റും എക്കോ അടിക്കുന്നത് പോലെ തോന്നി അവൾക്ക്. ഇനിയും അവിടെ നിന്ന ഇത് വരെ പിടിച്ചു നിന്ന ധൈര്യം മൊത്തം പോയി പൊട്ടികരഞ്ഞു പോകുമെന്ന് അവൾക്ക് തോന്നി. അവൾ തല താഴ്ത്തി മുന്നോട്ട് തന്നെ നടന്നു. അവൻ അവളെ കയ്യിൽ പിടിച്ചു വലിച്ചു അവന്ന് നേരെ നിർത്തിച്ചു.

ഡോണ്ട് ടച് മി....... ഐ ഹേറ്റ് യൂ....... അവളെ കയ്യിൽ പിടിച്ച കൈ തട്ടിമാറ്റി വീണ്ടും പോകാൻ നോക്കിയതും അവളെ പിടിച്ചു വലിച്ചു കാറിന്റെ സൈഡിൽ ചാരി നിർത്തി രണ്ടു ഭാഗത്തും കൈ കുത്തി നിറുത്തി ലോക്കിട്ട പോലെ ഇജാസ് നിന്നു.

ഇനിയങ്ങോട്ട് തൊടാനും കൂടെകൂട്ടാനും തന്നെ തീരുമാനം. അതിനിനി  തടുക്കാൻ ഭൂമിയിൽ ആണൊരുത്തൻപിറന്നിട്ടുണ്ടെങ്കിൽ വരാൻ പറയ് എന്റെ മുന്നിൽ. അവൻ കലിപ്പിൽ കാറിൽ

ആഞ്ഞടിച്ചു പറഞ്ഞതും അവളുടെ ഉള്ളിൽ ചെറിയ പേടി തോന്നി. അത് അവൻ പറഞ്ഞത് കേട്ടല്ല അവന്റെ മുഖത്തെ കലിപ്പ് കണ്ടായിരുന്നു. പുഞ്ചിരിയോടെ മാത്രം കണ്ട മുഖത്ത് ദേഷ്യം വന്നത് അവളെ ഞെട്ടിച്ചു കളഞ്ഞിരുന്നു.

അവളുടെ മുഖത്ത് ഭയം കണ്ടതും അവൻ പെട്ടന്ന് മുഖം കൂൾ ആക്കി.സോറി നീലക്കണ്ണി..... റിയലി സോറി...... പെട്ടെന്ന് അങ്ങനെ പറഞ്ഞപ്പോ ദേഷ്യം വന്നു പോയതാ എക്സ്ട്രീമിലി സോറി......

എന്നോട് മാത്രം എന്തിനാ ഈ ദേഷ്യം കാണിക്കുന്നേ...... സ്നേഹിച്ചിട്ടല്ലേ ഉള്ളൂ അന്നും...... ഇന്നും.

എന്നെ ആരും സ്നേഹിക്കണ്ട...... എനിക്കാരെയും വേണ്ട..... എന്നെ വെറുതെ വിട്ടേക്ക് mr ഇജാസ്. എനിക്ക് നിങ്ങളോട് സംസാരിക്കാൻ യാതൊരു താല്പര്യം ഇല്ല.

അവന്റെ മുഖത്ത് ഒരു പുച്ഛം അവൾ കണ്ടു. സംസാരിക്കാനും കൂടെ പൊറുക്കാനും ഒരുത്തനെ കണ്ടു പിടിച്ചല്ലോ എന്നിട്ട് അവസാനം എന്തായി. എന്നെ പോലെ തന്നെ അവനെയും നിന്നിൽ നിന്നും

ആകറ്റിയില്ലേ നിന്റെ കൺകണ്ട ദൈവം ജുനൈദ് എന്ന ജുനു. പരിഹാസം അവന്റെ ഓരോ വാക്കിലും നിറഞ്ഞു നിന്നിരുന്നു.

ജീവിക്കാൻ തീരുമാനിച്ചെങ്കിൽ അവന്റെ കൂടെ തന്നെ ജീവിക്കും. അതിനിനി തടുക്കാൻ ജുനുവിനു പോലും പറ്റില്ല.ഞാൻ ജീവിക്കുന്നുണ്ടെങ്കിൽ അതവന്റെ കൂടെ തന്നെ ആയിരിക്കും.

അതിന് അവൻ ജീവിച്ചിരുന്നാലല്ലേ നീ അവന്റെ കൂടെ പോകു അവൻ പിറുപിറുത്തു.

ഉള്ളിലെ ദേഷ്യം മറച്ചു വെച്ചു അവൻ പൊട്ടിച്ചിരിച്ചു.

കല്യാണം കഴിഞ്ഞിട്ടും കാമുകന്റെ കൂടെ പോകുമെന്ന് പറയുന്ന നിന്നെ കാണുമ്പോൾ ചിരിയ വരുന്നേ.ആദ്യം ജുനുവിനെ മാത്രമേ നിനക്ക് പേടിക്കേണ്ടത് ഉള്ളൂ. ഇപ്പോൾ ജുനുവിനെക്കാൾ നിന്നിൽ അധികാരവും അവകാശവും ഉള്ളത് ഫൈസിനാണ്. അവൻ നിന്നെ ഇർഫാന്റെ കൂടെ വിടുമെന്ന് തോന്നുന്നുണ്ടോ......

ഫൈസ് എന്നോട് പറഞ്ഞിട്ടുണ്ട് ഇർഫാന്റെ കൂടെ വിടുമെന്ന്

നിന്നെ അവൻ പറഞ്ഞു പറ്റിക്കുന്നതാ പെണ്ണേ. ജുനുവും അവനും കൂടിയുള്ള ഒത്തു കളിയാ എല്ലാം. ഒരിക്കലും അവൻ നിന്നെ വിട്ടുകൊടുക്കില്ല. ഫൈസിനെ നിനക്ക് അറിയാഞ്ഞിട്ട...... വിചാരിച്ചതെന്തും നേടിയെടുക്കാൻ ശ്രമിക്കുന്ന ബിസിനസ് ബുദ്ധിയാണ് അവന്റെ. അവന്റെ ഡ്രാമയാണ് ജുനുവും അവനും തമ്മിൽ ഉള്ള വഴക്ക് പോലും.

അവൾ വിശ്വാസം വരാത്ത പോലെ അവനെ നോക്കി.

സത്യം ആണ് ഞാൻ പറഞ്ഞത് വേണമെങ്കിൽ നിനക്ക് തെളിയിച്ചു തരാം.

എങ്ങനെ തെളിയിക്കുമെന്ന്...... അവൾ സംശയത്തോടെ അവന്നെ തന്നെ ഉറ്റുനോക്കി.

നിനക്ക് വിവാഹത്തിന് അവൻ തന്ന ഓർണമെൻറ്സ് ഡ്രസ്സ് എങ്ങനെ ഉള്ളതാണെന്ന് ആലോചിച്ചു നോക്ക്.

ജുനുവിനു ഇത്രയും കഴിവ് ഉണ്ടായിരുന്നോ. നൂറ് പവന്ന്  മുകളിൽ ഉണ്ട് സ്വർണ്ണം. കഴുത്തിൽ ഡയമണ്ടിന്റെ നേക്ലെസ് ആണ്. ഡ്രസ്സ് നോക്കിയേ ഇതിന് മാത്രം വരും ലക്ഷങ്ങൾ... വിവാഹത്തിന് വന്ന പലരുടെയും മുറുമുറുപ്പുകൾ അവൾക്ക് ഓർമ വന്നു.

നിനക്ക് അവൻ വിവാഹത്തിന് അണിയിച്ചു തന്നത് നൂറോ നൂറ്റാൻപതോ പവൻ ഗോൾഡ് ആണ്. ആ ഡയമണ്ടിന് മാത്രം ഉണ്ട് അഞ്ചു ലക്ഷം. ഡ്രസ്സ് ഡിസൈൻ ചെയ്തത് ഇന്ത്യയിലെ നമ്പർ വൺ മോഡലിങ് കമ്പനി ആണ്. മിനിമം വൺ ലക് എങ്കിലും വരും ആ വിവാഹ ഡ്രെസ്സിന്. കൂലിപ്പണിക്കാരൻ ആയ ജുനൈദ്ന് അതിന് മാത്രം കഴിവുണ്ടോ..... പണം ഉണ്ടോ..... ഇപ്പൊ കുറച്ചല്ലേ ആയുള്ളൂ ഗൾഫിൽ പോയിട്ട്. അവിടെ പണം കായ്ക്കുന്ന മരം ഒന്നുമില്ലല്ലോ.....

അവൾ ഞെട്ടലോടെ ആണ് എല്ലാം കേട്ടത്. ഇതൊക്കെ സത്യം ആയിരിക്കും അവൾ ആ സ്വർണ്ണവും ഡ്രസ്സ് ആലോചിച്ചു നോക്കി മനസ്സിൽ ഉറപ്പിച്ചു. വിശ്വസിക്കുന്നുണ്ടെന്നു കണ്ടതും ഇജാസ് വീണ്ടും പറഞ്ഞു തുടങ്ങി.

ഫൈസ് ആണ് ഇതൊക്കെ കൊടുത്തു അവനെ സഹായിച്ചത്.

അവൾക്ക് സങ്കടം കരച്ചിലും ഒക്കെ വരുന്നുണ്ടായിരുന്നു. എന്നെ ഫൈസും ചതിക്കരുന്നു.

ഇർഫാനോട് സംസാരിച്ചല്ലോ അവൻ...... വിശ്വാസം

വരാതെ ഇനു  ഇജാസിനെ നോക്കി പറഞ്ഞു.

നിന്റെ വിശ്വാസം പിടിച്ചു പറ്റി നിന്നെ അവിടെ നിർത്താനുള്ള അടവാണ് അത്.ഒരിക്കലും നിനക്ക് ഇർഫാനെ കിട്ടാൻ പോകുന്നില്ല.

എനിക്ക് ഇർഫാനെ വേണം...... അവനില്ലാതെ പറ്റില്ല എനിക്ക്..... അവൾ കരഞ്ഞോണ്ട് പറഞ്ഞു.

ഇജാസ് അരിശം മൊത്തം മുഷ്ടി ചുരുട്ടി പിടിച്ചു തീർത്തു. അവളുടെ ഒരു ഇർഫാൻ.....

നിനക്ക് ഇർഫാനെ വേണോ.....

അവൾ പ്രതീക്ഷയോടെ അവനെ നോക്കി.

എന്റെ കൂടെ ഞാൻ പറഞ്ഞ പോലെ നിന്നാൽ ഞാൻ കൊണ്ട് വന്നു തരും നിന്റെ ഇർഫാനെ.

എന്നെ ചതിക്കാൻ അല്ലേ പറയുന്നേ..... ജുനുനോടുള്ള ദേഷ്യം അല്ലേ നിനക്ക്. എന്നോടു ഉണ്ടാകുമല്ലോ നിനക്ക് ദേഷ്യം.....

ജുനുവിനോട് ദേഷ്യം ഉണ്ട് നിന്നെ എന്നിൽ നിന്നും അകറ്റിയതിന്ന്. നിന്നോട് എന്തിനാ ദേഷ്യം.നിനക്ക് ഒന്നും ഇതിൽ ഒരു പങ്കും ഇല്ലെന്ന് എനിക്ക് അറിയാം. നിന്നോട് ഇപ്പോഴും ഇഷ്ടം മാത്രം ഉള്ളൂ.

എന്നെ ഇഷ്ടപെടണ്ട അത് എനിക്ക് ഇഷ്ടം അല്ല.

ഇഷ്ടപ്പെടുന്നില്ല പോരെ... ശത്രുവിന്റെ ശത്രു മിത്രം എന്നാണ്..... എനിക്ക് ജുനുവിനെ തോൽപിക്കണം അത്രയേ ഉള്ളൂ. നീ എന്റെ കൂടെ നിന്നാൽ ഞാൻ നിനക്ക് ഇർഫാനെ നേടിത്തരാം. അപ്പോൾ ജുനൈദ് തോൽക്കുമല്ലോ എനിക്ക് അത് മതി. നിന്റെ കാര്യം നടക്കും.....

അവൾക്ക് ഇർഫാനെ കിട്ടണം എന്ന് മാത്രമേ ഉണ്ടായിരുന്നുള്ളൂ.

എനിക്ക് ശരിക്കും ഇർഫാനെ കൊണ്ട് തരോ.....

എന്റെ കൂടെ..... ഞാൻ പറഞ്ഞത് പോലെ നില്കുകയാണെങ്കിൽ നിനക്ക് നിന്റെ ഇർഫാനെ കിട്ടും വാക്ക്.അപ്പോൾ ഇന്ന് മുതൽ നമ്മൾ ഫ്രണ്ട്സ്.....അവൻ കൈനീട്ടി.

വെറും ഫ്രണ്ട്സ് മാത്രം...... പണ്ടത്തെ പോലെ എന്നെ പിടിച്ചോണ്ട് പോകാനുള്ള അടവ് അല്ലല്ലോ..... ജുനു പറഞ്ഞിട്ടുണ്ട് നിന്നെ വിശ്വസിക്കരുതെന്ന്...

അവന്ന് ഉള്ളിൽ  ചിരിയും സങ്കടം കരച്ചിലും ദേഷ്യം ഒക്കെ വരുന്നുണ്ടായിരുന്നു.

ഒരിക്കലും ഇല്ല...... എനിക്ക് അന്ന് ഒരബദ്ധം പറ്റിപോയതാ. നിന്നോടുള്ള ഇഷ്ടം കൊണ്ട് ചെയ്തുപോയതാ... അതിന്ന് ഞാൻ മാപ്പ് പറഞ്ഞല്ലോ.....ശിക്ഷയും നീ തന്നു. അവൻ നെറ്റിയിലെ പാട് തൊട്ട് കൊണ്ട് പറഞ്ഞു.

നിനക്ക് അറിയാലോ എനിക്ക് ഏറ്റവും ഇഷ്ടം എന്റെ ഉമ്മാനെ  ആണെന്ന്. ആ ഉമ്മാനെ തൊട്ട് സത്യം ഇട്ട് പറയാണ് ഒരിക്കലും ബലമായി നിന്നെ പിടിച്ചോണ്ട് ഞാൻ പോകില്ല. നിനക്ക് എന്ന് എന്റെ കൂടെ വരണമെന്ന് തോന്നുന്നോ അന്നേ ഞാൻ കൊണ്ട് പോകുള്ളൂ. നീ ഇട്ട സത്യം ഒന്നും ഞാൻ ലങ്കിക്കില്ല.

അവളുടെ മുഖം തെളിഞ്ഞത് അവൻ കണ്ടു.

അപ്പൊ ഫ്രണ്ട്സ് അവൾ അവൾ അവന്റെ കയ്യിൽ കൈ വെച്ചു.

ഞാൻ എന്താ ചെയ്യണ്ടേ ഇർഫാനെ കിട്ടാൻ.

നിഷ്കളങ്കമായ ചോദ്യം കേട്ടു അവന്റെ നെഞ്ച് പിടയുന്നത് പോലെ തോന്നി. പ്രണയം കൊണ്ട് അന്ധമായിരിക്കുകയാണ് അവൾ. ഇർഫാൻ ഒരു ഫ്രോഡ് ആണെന്ന് അറിയുമ്പോൾ എങ്ങനെ സഹിക്കും അവൾ. ഇർഫാനെ കൊല്ലാനുള്ള ദേഷ്യം

തോന്നി അവന്ന്.

നീ ഫൈസിയോട് ഡിവോഴ്സ് വാങ്ങിക്കണം.
എന്നാൽ മാത്രമേ നിനക്ക് ഇർഫാനെ
കിട്ടുകയുള്ളു.അവനെ വിവാഹം കഴിക്കാനും പറ്റു.

ഡിവോഴ്സ് എങ്ങനെ വാങ്ങിക്കാ

ഏതെങ്കിലും നല്ലൊരു വക്കീലിന്റെ അടുത്ത് ചെന്നു
പേപ്പേഴ്സ് റെഡിയാക്കണം. എന്നിട്ട് ഫൈസിനോട്
ഒപ്പിട്ട് വാങ്ങണം. പിന്നെ ഫൈസിന് ഒന്നും ചെയ്യാൻ
പറ്റില്ല.നാളെ ഇതേ ടൈം ഞാൻ ഇവിടെ വെയിറ്റ്
ചെയ്യാം.ഞാൻ കൊണ്ട് തരാം പെപേർസ് എല്ലാം.

അവൾ തലയാട്ടി.

എന്ന നാളെ കാണാം നീ പോയിക്കോ.

അവൾ തലയാട്ടി. അവന്നെ തിരിഞ്ഞു
നോക്കികൊണ്ട് പോയി.

അപ്പോൾ ആ വഴി സമി കാർ എടുത്തു വന്നത്

ഇനുവിനെ കണ്ടു അവൻ കാർ നിർത്തി. അവളോട്
ഡോർ തുറന്നു കേറാൻ പറഞ്ഞു. അവൾ അതിൽ
കയറി.അവൻ മിററിലൂടെ ഇജാസിനെ നോക്കി.
ഇജാസ് ഇവിടെ...... അതും ഈ കോലത്തിൽ.....

അവൻ നെറ്റി ചുളിച്ചു.

നിനക്ക്  അതാരാണെന്ന് അറിയോ.... നിന്നോട് സംസാരിക്കുന്നത് കണ്ടല്ലോ...

അവൾ ഒരു നിമിഷം ഞെട്ടി. പിന്നെ മുഖം താഴ്ത്തി പറഞ്ഞു എനിക്ക് അറിയില്ല. വഴി ചോദിച്ചതാ.... കണ്ടപ്പോൾ.

ഡീ നീ ജന്നത് കൺസ്ട്രക്ഷൻ എന്ന് കേട്ടിട്ടുണ്ടോ...... ജന്നത് എക്സ്പോർട്ടിങ്..... അങ്ങനെ തുടങ്ങി ഇന്ത്യയിലെ ഒട്ടുമിക്ക ബിസിനസ് ഇവന്റെ ആണ്.ജന്നത് ഇവന്റെ ഇളയ പെങ്ങള. ലണ്ടനിൽ പഠിക്കുന്നു.

ജന്നത് സാമ്രാജ്യത്തിലെ കിരീടം വെക്കാത്ത രാജാവ്.മിനിറ്റിന് ലക്ഷങ്ങളുടെ വിലയുള്ളവൻ. ഇവന്റെ കൂടെ ഫുൾ ടൈം ഗാർഡ്സ് ഒക്കെ ഉണ്ടാകും. ഒന്ന് കാണണമെങ്കിൽ മുൻകൂട്ടി അപ്പോയിമെന്റ് ഒക്കെ വേണം. അങ്ങനെ ഉള്ളവൻ ഇത് പോലൊരു പബ്ലിക് പ്ലൈസിൽ തനിച് ഐ കാന്റ് ബിലീവബിൾ......

അവരും മനുഷ്യർ അല്ലേ. അവർക്ക് പുറത്തേക്ക് ഇറങ്ങണ്ടേ.... ഇനു അവനോട് ചോദിച്ചു.

ഇവരൊക്കെ പോലുള്ള സെലിബ്രിറ്റീസ് പുറത്തു ഇറങ്ങാനോ കണക്കായി..... പ്രത്യേകിച്ച് ഇവൻ..... ഒരു വല്ലാത്ത ടൈപ്പ് ആണിവൻ. കലിപ്പിന് പേര് കേട്ട ജന്മം. ഇവനൊരു വാലുണ്ട് നദീം.... അവൻ നേരെ ഓപ്പോസിറ്റ് ആണ്. ഒരു പാവം. അവൻ പറഞ്ഞ ഇവന്ന് വേറെ അപ്പീലില്ല. ഭാവി അളിയൻ കൂടിയാണ് നദീം.....

ആര് ഷാനുന്റെയോ.... അവൾ പെട്ടന്ന് ചോദിച്ചു പോയി.

ഷാനുവോ.... അതാരാ.....

അവൾ പെട്ടന്ന് നാവ് കടിച്ചു പോയി. ആരുടെയോ അളിയൻ പറഞ്ഞില്ലേ.... അവന്റെ വാല്.... അവൾ അറിയാത്ത പോലെ പറഞ്ഞു.

ഷാനു അല്ല നദീം എന്ന പറഞ്ഞെ.....

ആ... അത് തന്നെ മാറിപ്പോയി.

നദീംമിന്റെ മാര്യേജ് കഴിഞ്ഞോ..,..

ഇല്ല. നിക്ചയം കഴിഞ്ഞു എന്ന കേട്ടത്. വേറൊരുതൻ കൂടെ ഉണ്ട്. അതും ഇജാസിനെ പോലെ മുറ്റുള്ള ഒരുത്തൻ ആണ്. അവന്റെ പേര്

അറിയില്ല.ഇവന്റെ അമ്മാവന്റെ മോൻ തന്നെ. ത്രിമൂർത്തികൾ എന്ന ബിസിനസ് വെൾഡിൽ അറിയപ്പെടുന്നത്.

ശഹസാദ്...... അവളുടെ ചുണ്ടുകൾ പതിയെ മന്ത്രിച്ചു.

നിനക്കെന്തൊടി ഇജുകന്റെ കൂടെ വന്നാൽ......

എനിക്കിഷ്ടം അല്ല അത്രന്നേ

അതെന്തൊന്ന ചോദിച്ചേ.......

അത് ചോദിക്കാൻ നീയാരാടാ .....മാക്രി

നിന്റെ ഓൻ ആടീ മാക്രി.. ഞാൻ ഇജുകന്റെ ബോഡിഗാർഡ് ആണ്.

നീ എന്റെ ഇജുക്കനെ തള്ളിയിടും അല്ലേ.....

വേണ്ടി വന്നാൽ ഇനിയും ചെയ്യും....

എന്ന നിനക്കും തള്ളിയിട്ട വേദനിക്കുമോന്ന് നോക്കണെല്ലോ......

അവന്റെ തള്ളിൽ വീണു കൈമുട്ട് പൊട്ടി ചോരയൊലിച്ചത് അവൾ ഓർത്തു. ആ ഓർമയിൽ അവൾ കൈ മുട്ട് ഒന്ന് തടവി പോയി.അവളുടെ ചുണ്ടിൽ ഒരു ചെറുചിരി മിന്നിമാഞ്ഞു.

സമിയുടെ ശബ്ദം ആണ് ചിന്തയിൽ നിന്നും ഉണർത്തിയത്.

ഇനി അവനെ ആയിരിക്കും ഈ ജന്നതിനെ കൊണ്ട് കെട്ടിക്ക. അപ്പോൾ പിന്നെ ഫാമിലിക്ക് പുറത്തു പോകില്ലല്ലോ  സ്വത്ത്.ജന്നതിന്റെ പേരില പകുതി ഷെയർ ഉള്ളത്.ആ ജന്നതിനെ പരിചയപെട്ടിരുന്നെങ്കിൽ  ഒന്ന് ട്രൈ ചെയ്തു നോക്കാമായിരുന്നു. ആജീവനാന്തം ജോലി ചെയ്യാതെ ജീവിക്കാലോ.

അങ്ങ് ചെല്ല്...... ത്രിമൂർത്തികൾ ഇപ്പൊ വേണേൽ പിടിച്ചു കെട്ടിച്ചു തരും ജന്നത്തിനെ.

എനിക്കെന്താടി കുറവ്. ഗ്ലാമർ ഇല്ലേ...... പണം ഇല്ലേ..... അവർക്ക് എവിടുന്ന് കിട്ടും ഇത്രയും നല്ലൊരു  അളിയനെ.

അവരൊക്കെ വലിയ ടീംസ് ആടോ...... പണത്തിന്റെ ലോകത്ത് ജീവിക്കുന്ന തിരക്ക് പിടിച്ച മനുഷ്യർ...... നമ്മുടെ ഈ കൊച്ചു ജീവിതം അത് പണം കൊണ്ട് അളന്നു ജീവിക്കാൻ നോക്കിയാൽ ജീവിതം എന്നും പരാജയം ആയിരിക്കും.

അവൾ പറഞ്ഞത് ഒന്നും മനസ്സിലായില്ലെങ്കിലും

അവൻ പിന്നെ തിരിച്ചൊന്നും പറഞ്ഞില്ല.

അവളും സമിയുടെ സംസാരത്തിൽ എല്ലാ ടെൻഷനും മറന്നിരുന്നു.

🌷🌷🌷🌷🌷🌷🌷

അവൾ പോയതും അവൻ അരിശം മുഴുവൻ കാറിൽ ആഞ്ഞടിച്ചു തീർത്തു. ഇർഫാൻ...... ഒരിക്കലും വെറുതെ വിടില്ല നിന്നെ നോക്കിക്കോ...... അവന്റെ അടിയിൽ കാറിന്റെ മുൻ ചില്ല് മൊത്തം വിള്ളൽ വീണു. അവൻ കാർ എടുത്തു അരിശം മൊത്തം ഡ്രൈവിങ്ങിൽ തീർത്തു.

🌷🌷🌷🌷🌷🌷🌷🌷

ഫൈസ് വൈകുന്നേരം മുതൽ സിറ്റൗട്ടിൽ നിന്നു ഗേറ്റിലേക്ക് നോക്കി ഇരിക്കുകയാരുന്നു. അവൾ പോയപ്പോ തൊട്ട് അവളെ കാണാൻ മനസ്സ് തുടിക്കുന്നു. മറ്റൊരാളെ ആണെന്ന് അറിയാം. ഇന്നോ നാളെയോ അവന്റെ കൂടെ പോകുമെന്ന് അറിയാം. പക്ഷേ മനസ്സ് കൊണ്ട് അംഗീകരിക്കാൻ കഴിയുന്നില്ല. അവൾ എന്റേത് മാത്രം ആണെന്ന് മനസ്സ് പറഞ്ഞു കൊണ്ടിരിക്കുന്നു. അവളെ വിട്ടുകൊടുക്കാതിരുന്നോടെ എന്ന ചിന്ത മനസ്സ്

മുഴുവൻ. അവൻ രാവിലെ കെട്ടിപിടിച്ചു കിടന്നതും അവൾ കിസ്സ് തന്നതും ചെറു ചിരിയോടെ ഓർത്തു.

എന്താണ് മോനെ പതിവില്ലാത്തൊരു കാഴ്ച റംസി അവനെ മൊത്തത്തിൽ നോക്കി പറഞ്ഞു.

എന്ത് കാഴ്ച

ഇടക്കിടക്ക് ഗേറ്റിൽ നോക്കി ഇരിക്ക..... ഒറ്റക്ക് ഇരുന്നു ചിരിക്കുക.....

മനുഷ്യന് ചിരിക്കാൻ പാടില്ലേ.

ഇത് ആ ചിരി അല്ലല്ലോ..... സംതിങ്.....

ഒന്ന് പോടീ കുരിപ്പേ. ആളെ വട്ടയ്ക്കാൻ വന്നിരിക്ക.

ഇനു വന്നല്ലോ അവൾ പറഞ്ഞതും... എവിടെ എന്ന് ചോദിച്ചു ധൃതിയിൽ അവൻ പുറത്തേക്ക് നോക്കി. ആക്കിയതാണെന്ന് അവന്ന് മനസ്സിലായി. ചമ്മലോടെ അവളെ നോക്കി തല ചൊറിഞ്ഞു. അവൾ കളിയാക്കി ചിരിക്കാൻ തുടങ്ങിയതും അവളെ തല്ലാൻ നോക്കി. അവൾ ചിരിയോടെ അകത്തേക്ക് പോയി.

അവൻ ചെറുചിരിയോടെ തലക്ക് ചെറിയൊരു തട്ട് കൊടുത്തു മുറ്റത്തേക്ക് നോക്കിയതും സമിയുടെ

കാർ വരുന്നത് കണ്ടു. പെട്ടെന്ന് ഡോർ തുറന്നു ഇനു ഇറങ്ങി വന്നതും അവന്റെ മുഖത്ത് ഒരു പുഞ്ചിരി വിരിഞ്ഞു. സമിയും അവനെ തന്നെ നോക്കി നിൽക്കുകയാരുന്നു. ഇനുവിനെ കണ്ടപ്പോൾ വിടർന്ന കണ്ണുകളും മുഖത്തെ സന്തോഷവും ചുണ്ടിലെ പുഞ്ചിരിയുമെല്ലാം അവന്റെ കണ്ണുകൾ ഒപ്പിയെടുത്തു. ചെറുനോവോടെ അവനാ കാഴ്ച കാണാതെ പോലെ നിന്നു. ഇർഫാൻ ഇല്ലായിരുന്നെങ്കിൽ..... എന്ന് പോലും പ്രാർത്ഥിച്ചു പോയി അവൻ.

ഇനു അവനെ കണ്ടെങ്കിലും ഇജാസ് പറഞ്ഞത് ആയിരുന്നു മനസ്സിൽ മുഴുവൻ. ഫൈസ് ജുനുവിന്റെ കൂടെ കൂടി തന്നെ ചതിക്കുകയാരുന്നു എന്ന ചിന്ത ഫൈസിനോട് ദേഷ്യം ആയിരുന്നു തോന്നിച്ചത്.ഇനു അവനെ നോക്കാതെ അകത്തേക്ക് കയറിപ്പോയി. അവന്റെ മുഖത്ത് വേദനയിൽ കുതിർന്നൊരു ചിരിയായി മാറി അത്. അത് മറച്ചു വെച്ചു അവൻ സമിയുടെ അടുത്തേക്ക് പോയി.

ബസ്റ്റോപ്പിൽ നിന്നും വരുമ്പോൾ കൂട്ടിയതാ.

ഫൈസി മൂളുക മാത്രം ചെയ്തു.

അവൾ റൂമിലേക്ക് പോയതും ആദ്യം നോക്കിയത് അലമാരയിൽ അഴിച്ചു വെച്ച സ്വർണ്ണം ആയിരുന്നു. അത് അവിടെ കാണാതെ അവൾ എല്ലായിടത്തും പരതി. സ്വർണ്ണം റൂമിൽ ഇല്ലെന്ന് മനസ്സിലായതും അവൾ ഫൈസിയുടെ അടുത്തേക്ക് പോയി.ഫൈസിയും സമിയും ഗാഡനിൽ ഇരിക്കുന്നത്  അവൾ കണ്ടിരുന്നു. സ്റ്റെപ്പ് ഇറങ്ങി വരുമ്പോഴാ റംസി അങ്ങോട്ട് വന്നത്.

കോളേജിൽ നിന്നും വന്നയുടനെ ഫ്രഷ് ആവുക പോലും ചെയ്യാതെ എങ്ങോട്ടാ....

അവൾ ചിരിച്ചെന്ന് വരുത്തി. ഇതുസേ എന്റെ ഓർണമെൻറ്സ് ഒക്കെ എവിടെയാ ഉള്ളത്.

ഞാൻ കണ്ടില്ല റൂമിൽ തന്നെ ഉണ്ടാകുമല്ലോ

അവിടെ എവിടെയും കണ്ടില്ല.ഞാൻ എല്ലായിടത്തും നോക്കിയിരുന്നു.

സ്വർണ്ണം മുഴുവൻ എന്റെ അടുത്ത ഉള്ളത്. നിനക്ക് എന്തിനാ അത്.

പെട്ടെന്ന് അത് പറഞ്ഞു ഉമ്മ വന്നതും അവൾ ഒന്ന് ഞെട്ടി.

എനിക്ക് അതിൽ നിന്നും ഒരു മാല നോക്കാന.

ഉള്ളതൊക്കെ ഇട്ടാൽ മതി. നിന്റെ വീട്ടിൽ നിന്നും കൊണ്ട് വന്നതൊന്നും അല്ലല്ലോ. എല്ലാം ഫൈസ് വാങ്ങിയത് തന്നെ അല്ലേ.

ഇജാസ് പറഞ്ഞത് പൂർണ്ണമായും വിശ്വാസം ആകതോണ്ട് തന്നെയാണ് അവൾ അത് നോക്കിയത്. ഉമ്മ പറഞ്ഞപ്പോൾ അവൾക്കത് പൂർണ്ണ ബോധ്യം വരികയും ചെയ്തു. കണ്ണുനീർ ചീള് തൊണ്ടക്കുഴിയിൽ കുടുങ്ങി പുറത്തു വരാതെ വിങ്ങി. അവൾ ആരെയും നോക്കാതെ തിരിച്ചു റൂമിലേക്ക് തന്നെ പോയി.

കള്ളം പറഞ്ഞ നാവ് പുഴുത്തു പോകും ഉമ്മ.ഉമ്മ കണ്ടിനോ ഫൈസി വാങ്ങി കൊടുത്തത്. റംസി ദേഷ്യത്തോടെ പറഞ്ഞു.

ഇത് ഫൈസി കൊടുത്തത് തന്നെ ആണ്. കൂലിപ്പണിക്ക് പോകുന്ന അവന്ന് എവിടുന്നാ പിന്നെ ഇത്രയും പൈസ.

ജുനുവിന് അങ്ങോട്ട് കൊടുത്തേ ശീലം ഉള്ളൂ. ഉമ്മാനെ പോലെ ഇങ്ങോട്ട് വാങ്ങി ശീലം ഇല്ല. അന്തസ്സ് പണയം വെച്ചു അവൻ ഒന്നും ചെയ്യറും

ഇല്ല.ഒരു രൂപ പോലും അവൻ ഫൈസിയോട് വാങ്ങില്ലെന്ന് എനിക്ക് ഉറപ്പാണ്.

ആ പിച്ചക്കാരിക്ക് വേണ്ടി എന്നോട് വക്കാലത്തു പറഞ്ഞു വന്നിരിക്കുന്നു.ഉമ്മ മുഖം വെട്ടിച്ചു പോയി.

റംസി ദയനീയതയോടെ രണ്ടു വഴിക്കും നോക്കി നെടുവീർപ്പിട്ടു. ഇങ്ങനെ പോയാൽ എവിടെ എത്തുമോ ആവോ. പാവം ഫൈസി.

ഇനു  റൂമിൽ കയറി വാതിൽ അടച്ചു കാൽമുട്ടിൽ മുഖം പൂഴ്ത്തി പൊട്ടിക്കരഞ്ഞു. അവളുടെ ഉള്ളിൽ ഫൈസിയോടും ജുനുവിനോടും ദേഷ്യം നുരഞ്ഞു പൊന്തി. അവളുടെ ഉള്ളിൽ ദൈവ ദൂതനെ പോലെ ഇജാസിന്റെ മുഖം തെളിഞ്ഞു വന്നു.

🌷🌷🌷🌷🌷🌷🌷🌷

ടാ ജുനുവിന് കല്യാണം ആർഭാടം ആക്കി നടത്താനുള്ള പണം എവിടെ നിന്ന കിട്ടിയെന്ന് അറിഞ്ഞോ ഫൈസി സമിയോട് ചോദിച്ചു.

Mmm. അവന്റെ വീട് പലിശക്ക് പണം കൊടുക്കുന്ന ഒരാൾക്ക് പണയം വെച്ചു.

അവന്റെ അവസ്ഥ നമുക്ക് അറിയുന്നതല്ലെടാ.

എന്നിട്ടും എന്തിനാ അവൻ ഇങ്ങനെ ചെയ്തത്. അവന്റെ ഉപ്പാന്റെ ഓർമ്മക്ക് എന്ന് പറഞ്ഞു കൊണ്ട് നടക്കുന്ന വീടാ അത്.

ഫൈസി ഞെട്ടലോടെ ആണ് സമി പറഞ്ഞത് കേട്ടത്.

❤️ ❤️ 💔 **INVISIBLE LOVE** 💔❤️

**Love after💘 marriage story**

**Part 9**

എനിക്ക് ഡിവോഴ്സ് വേണം

അവൻ ഞെട്ടലോടെ അവളെ നോക്കി.

പിന്നെ സാവധാനം അവളെ മുഖത്ത് നോക്കാതെ പറഞ്ഞു നാളെ തന്നെ നല്ലൊരു വക്കീലിനെ കണ്ടു ഏർപ്പാടാക്കാം.

അവൻ എതിര് പറയുന്നു ആയിരുന്നു അവൾ കരുതിയത്. ഇതെന്താ ഒന്നും പറയാതെ. ഇനി ഇജാസ് പറയുന്ന പോലെ എന്റെ മുന്നിൽ അഭിനയിക്കുന്നത് ആണൊ..... അവൾ അതും ചിന്തിച്ചു നിന്നു.  ഫൈസ്നെ അംഗീകരിക്കാൻ

എനിക്കു പറ്റുന്നില്ല. ജുനുവിന്റെ ഫ്രണ്ട് എന്നല്ല ജുനുവിനെ പോലെ സഹോദരൻ ആയാണ് ഫൈസിനെ കണ്ടത്. നിനക്ക് ഇന്ന് മുതൽ മൂന്നു ഇക്കാക്കമാർ ആണെന്ന് പറഞ്ഞാണ് സമിയെയും ഫൈസനെയും പരിചയപെടുത്തിയത്. സഹോദരനെ ആരെങ്കിലും കല്യാണം കഴിക്കോ ഒരിക്കലും ഇല്ല. അപ്പോൾ പിന്നെ ജുനു എന്തിനാ ഫൈസ്നെ കൊണ്ട് എന്നെ കല്യാണം കഴിപ്പിച്ചത്.

ആദ്യമായി ഫൈസ്നെ കണ്ടത് ഓർമ വന്നു അവൾക്ക്. രാവിലെ എണീറ്റു ജൂനുന്റെ കൂടെ ബെഡിൽ കേറി അവനെ കെട്ടിപിടിച്ചു കിടന്നതാണ്. ഉമ്മ വന്നു പതിവ് പോലെ ചൂൽ കൊണ്ട് ഒന്ന് തന്നു. കാറിക്കൊണ്ട് എണീറ്റു ഇരുന്നതും പതിവ് പോലെ ഇവനെ എന്താ തല്ലത്തെ എന്ന് പറഞ്ഞു ഒറ്റ ചവിട്ട് കൊടുത്തു. ഉരുണ്ടു കെട്ടി അവൻ വീഴാൻ നോക്കിയതും എന്റെ കയ്യും പിടിച്ച താഴേക്ക് ലാൻഡ് ആയത്. അപ്പോഴാ ഉമ്മാ എന്നും പറഞ്ഞു ജുനു പുറത്തു നിന്നും ഒടിക്കിതച്ചു വന്നത്. പിന്നെ ഇതാരാടാ ഇവളുടെ കൂടെ കിടന്നത് എന്ന് പറഞ്ഞു ഉമ്മ കണ്ണും മിഴിച്ചു അവനെ നോക്കി. ഇതെന്റെ ഫ്രണ്ട് ആണ് നൈറ്റ് ഇവിടെ കിടന്നത്. ഉമ്മ ഉറക്കം

ആയോണ്ട് വിളിച്ചില്ല.

ഇതൊന്നും അറിയാതെ അവന്റെ മേലെ കിടന്നു ഫൈസിന്റെ മുഖവും നോക്കി കിടക്കുകയാരുന്നു ഞാൻ. കട്ടിപുരികവും ചെറിയ കണ്ണുകളും  ഡ്രിം ചെയ്ത താടിയും

ഒക്കെയായി ഒരു മൊഞ്ചൻ. ഇവനെ എവിടെയോ കണ്ടിട്ട് ഉണ്ടല്ലോ എന്ന് അവന്റെ നെഞ്ചത്ത് തന്നെ താടിക്ക് കയ്യും വെച്ചു അവനെ നോക്കി കിടന്നു.അവനും കണ്ണിമ വെട്ടാതെ എന്നെ തന്നെ നോക്കി നില്കുന്നുണ്ടായിരുന്നു.

ഡീ.... സ്വപ്നം കണ്ടിരിക്കാതെ എണീറ്റു പോടീ.... ജുനു പിടിച്ചു വലിച്ചു എഴുന്നേൽപ്പിച്ചു.

നടുവും പിടിച്ചു എന്നെ തന്നെ നോക്കി നിൽക്കുന്ന അവനെ ഞാനും നോക്കി.

ടാ ഈ മുതലിനെ ഞാൻ എവിടെയോ കണ്ടിട്ടുണ്ട്. എവിടന്ന് ഒരു പിടിത്തം ഇല്ലല്ലോ.

ഇതെന്റെ ഫ്രണ്ട് ആണ് ഫൈസി. ഫോട്ടോ കണ്ടിട്ടുണ്ട് നീ.

അതാണ്. അതേ വീഴുമ്പോൾ താനേ വീണപോരെ

എന്നെയും കൊണ്ട് എന്തിനാ വീണേ.

അവൻ കണ്ണ് മിഴിച്ചു നോക്കുന്നത് കണ്ടു.

ഇതാണ് മോനെ എന്റെ പുന്നാര പെങ്ങൾ ഇനായ മെഹവിഷ് എന്ന ഇനു.ആൾ നോർമൽ അല്ല സോ ബിഹാവിയർ എങ്ങനെ ആണെന്ന് ആർക്കും പറയാനും പറ്റില്ല.ഒന്ന് സൂക്ഷിച്ചോ.

നോർമൽ അല്ലാത്തത് നിനക്കാണ് എന്നും പറഞ്ഞു ജുനുനിന്റെ മുടി പിടിച്ചു വലിച്ചു.

ജുനു അവളെ കൈപിടിച്ച് വലിച്ചു അവളെ ചേർത്ത് നിർത്തി. ഫൈസിയുടെ നേരെ മുന്നിൽ പോയി നിന്നു. ഇനിമുതൽ നിനക്ക്  രണ്ടു  ഇക്കാക്കമാർ കൂടി ഉണ്ട് . ടാ നിനക്ക് കുഴപ്പം ഇല്ലല്ലോ ഇവളെ പെങ്ങളായി കാണാൻ ഇനയുടെ ചുമലിൽ മുഖം വെച്ചു ജുനു ചോദിച്ചു.

ഉമ്മാ......എന്നൊരു അലർച്ച ആയിരുന്നു ഫൈസ്. നടുവിന് കയ്യും ഉണ്ടായിരുന്നു.

നാല്പതഞ്ചു കിലോ ആളുള്ളൂ. നീ അൻപതു വരെ വെയിറ്റ് എടുക്കുന്നതല്ലേ. അതാ മൈന്റ് ആക്കാഞ്ഞേ വീഴ്ചയിൽ വല്ലോം പറ്റിയോ നിനക്ക്

എന്നും പറഞ്ഞു പിന്നെയൊരു പട ആയിരുന്നു.

അന്ന് തൊട്ട് ഇന്ന് വരെ സഹോദരന്റെ സ്ഥാനത് കണ്ടിട്ട് ഉള്ളൂ. ജുനുവിന്റെ ജീവനാണ് അവർ. അത് വഴി എന്റെയും. എന്നിട്ട് സഹോദരൻ എന്ന് പോലും നോക്കാതെ ജുനുവിന് എങ്ങനെ തോന്നി ഈ വിവാഹം നടത്താൻ.ഏതായാലും ഇജാസ് പറഞ്ഞത് പോലെ ഫൈസ് കുഴപ്പം ഒന്നും ഉണ്ടാകില്ല. ആ വിശ്വാസത്തിൽ അവനോടുള്ള ദേഷ്യം മനസ്സിൽ നിന്നും പോയി.

🌷🌷🌷🌷🌷🌷🌷🌷🌷

ഡിവോഴ്സ് വേണം പോലും...... എങ്ങനെ പറയാൻ തോന്നി അവൾക്ക് അത്. മഹർ അണിഞ്ഞ ബന്ധം എങ്കിലും തോന്നുന്നില്ലേ ഇനു നിനക്ക്. എന്നെ വിട്ടു പോകാൻ നിനക്ക് കഴിയോ. ഇത്ര വിലയെ ഉണ്ടായിരുന്നുള്ളോ വിവാഹത്തിന്. നിറഞ്ഞു വന്ന കണ്ണുകൾ തുടച്ചു അവൻ. വേണ്ട എന്റെ ഇഷ്ടം എന്റെ മനസ്സിൽ തന്നെ ഇരുന്നോട്ടെ. ഇങ്ങനെ ഒന്നും ചിന്തിക്കാൻ പാടില്ല. അവൾ ഇർഫാന്റെ പെണ്ണ് ആണ്. അവൻ മനസ്സിനെ പറഞ്ഞു പഠിപ്പിച്ചു കൊണ്ടിരുന്നു.

🌷🌷🌷🌷🌷🌷🌷🌷

ടാ അവളെന്ത ഇങ്ങനെ.....

എങ്ങനെ നദീം ഇജാസിനെ നോക്കി.

ഒരുമാതിരി  കൾച്ചർ ഇല്ലാത്ത ബിഹവിയർ പോലെ. തൊട്ടതിനും പിടിച്ചതിനും കരച്ചിൽ..... സെന്റി ഡയലോഗ്...... അവളെ വേഷം കോലോം എല്ലാം കാണുമ്പോ വിറഞ്ഞു കേറുന്നുണ്ട്.

അവളെ വളർത്തിയത് ജുനുവാണ് അല്ലാതെ ഇജാസ് അല്ല. നിന്റെ  ഷാനയെ പോലെ ബോൾഡ് അല്ല. മോഡേൺ ഡ്രസ്സ് അല്ല അവൾ. വേഷത്തിലും സ്വഭാവത്തിലും ലാളിത്യവും നിഷ്കളങ്കതയും നിറഞ്ഞു നിൽക്കുന്ന ഒരു നാട്ടിൻ പുറത്തുകാരിയാണ്. പഠിച്ചത്  കൂടുതലും മതവിദ്യാഭ്യാസം ആണ്.വളർന്നത് അത് പോലുള്ള ചുറ്റുപാടിൽ ആണ്. അതിനെക്കലുപരി അവൾ ഇപ്പോഴും ജുനുവിന്റെ വിരലിൽ തൂങ്ങി നടക്കുന്ന പെണ്ണാണ്. അവനിലൂടെ മാത്രം ലോകം കാണാൻ ആഗ്രഹിക്കുന്ന പെണ്ണ്.

ജന്നത് സാമ്രാജ്യത്തിൽ എനിക്കൊപ്പം നിൽക്കേണ്ടവളാണ്. ഞാൻ തളരുന്നിടത് എന്നെ

പിടിച്ചു എഴുന്നേൽപ്പിക്കണ്ടവൾ. ധൈര്യം ഇല്ല...... കാര്യങ്ങൾ തീരുമാനിക്കാനുള്ള കഴിവ് ഇല്ല. ഈ ജുനുവിനെ ഞാൻ ഉണ്ടല്ലോ...... അവൻ കൈകൾ കൂട്ടി തിരുമ്മി. ഇങ്ങനെയാണോ പെൺകുട്ടികളെ വളർത്തുക.

പിന്നെങ്ങനെയാ വളർത്തേണ്ടത്.

എല്ലാരെ  മുന്നിലും തല ഉയർത്തിപ്പിടിച്ചു നടക്കണം. എന്താടാ ചോദിക്കുമ്പോൾ ഞാൻ ആടാ എന്ന് ധൈര്യത്തോടെ തിരിച്ചു പറയണം.... നോട്ടം കൊണ്ടും ഭാവം കൊണ്ടും ബോൾഡ് ആണെന്ന് തോന്നിപ്പിക്കണം.നോട്ടം കൊണ്ടും  വിരൽ തുമ്പിനാൽ ആരെയും നിയന്ത്രിക്കാനുള്ള ശക്തി വേണം.

നിനക്ക് വേണ്ടത് ബിസിനസ് നോക്കിനടത്താൻ പ്രാപ്തിയുള്ള പെണ്ണിനെയാണ്. ലണ്ടനിൽ ജീവിച്ചു വളരുന്ന ജന്നതിനെ പോലെ. ഇനായ മെഹവിഷ് കുടുംബം നോക്കാൻ പ്രാപ്തിയുള്ള പെണ്ണാണ്

ജുനു വളർത്തിയ പെണ്ണ്.

എനിക്ക്  എന്നോടൊപ്പം എന്റെ കൂടെ തല ഉയർത്തി നടക്കുന്ന ബിസിനസ് വുമണിനെ ആണ് വേ

ണ്ടത് .ഞാൻ അവളെ അങ്ങനെ മാറ്റിയെടുക്കും നോക്കിക്കോ.

നടന്നത് തന്നെ. അത് ഇനായ ആണ് മോനെ. നീ മാറും എന്നല്ലാതെ അവൾ നിന്നിടത് നിന്നും അനങ്ങില്ല. അവളെ വളർത്തിയതേ ജുനുവണ്.

നീ ഒന്ന് നിർത്തുന്നുണ്ടോ ജുനു പുരാണം. കേട്ടു കേട്ടു മടുത്തു.

എനിക്ക് അന്നും ഇന്നും എന്റെ ബെസ്റ്റ് ഫ്രണ്ട് അവൻ തന്നെ ആണ്.

എന്ന നിന്റെ പെങ്ങളെ പിടിച്ചു കെട്ടിക്കട അവനെ കൊണ്ട്. അവനും അവന്റെ ഒരു ജുനുവും. ഇജാസ് കലിപ്പിൽ പറഞ്ഞു.

ആഗ്രഹം ഉണ്ടെടാ.പക്ഷേ  അവൻ കെട്ടില്ലല്ലോ. അവന്ന് ജന്നത് എന്ന് കേട്ടാലേ ഉറഞ്ഞു തുള്ളൽ ആണ്. ഈ ലോകത്ത് ഏറ്റവും കൂടുതൽ വെറുക്കുന്നതും ജന്നത് എന്ന പേരായിരിക്കും. എന്നിട്ട ഈ കുടുംബത്തിൽ നിന്നും പെണ്ണ് കെട്ടുന്നത്. മിക്കവൊറും ജന്നത് ഒരിക്കലും ലണ്ടനിൽ നിന്നും വരുന്നു തോന്നുന്നില്ല. അവിടെ സ്ഥിര താമസം ആയിരിക്കും അവൾ. അതിനെ യോഗം

ഉള്ളൂ.

നമുക്ക് കാണാം നദീം..... ഇനയയെ ഞാൻ ജന്നതിനെ കൊണ്ട് തന്നെ വരിഞ്ഞുമുറുക്കും. അതിൽ നിന്നും രക്ഷപെടാൻ അവൾക്ക് പറ്റുമെങ്കിൽ അവൾ ചെയ്യട്ടെ. ആദ്യം വേണ്ടത് ഫൈസിയുമായുള്ള ഡിവോഴ്സ് ആണ്. അത് കിട്ടിയ നോക്കിക്കോ അവളെ കൊണ്ട് ഞാൻ ക്ഷ ണ്ണ വരപ്പിക്കും. ഗതികെട്ട് ഞാൻ വിളിക്കാതെ തന്നെ അവൾ എന്റെ കൂടെ ഇറങ്ങി വരും. ഇല്ലെങ്കിൽ എന്റെ പേര് മാറ്റിവിളിച്ചോ..... ഇജാസ് ഹൈദർ ആണ് പറയുന്നേ.

ആര് ആരെയാ മാറ്റുന്നത് എന്ന് കണ്ടറിയാം. അവൾ തിരിച്ചു നിന്നെ ക്ക ക്ഷ വരപ്പിക്കും. കണ്ടിടത്തോളം ബുദ്ധി കൂടിപ്പോയി മന്ന ബുദ്ധി ആയവളാ നീലക്കണ്ണി.ഇനായയെ ഓർത്തതും നദീംമിന്റെ ചുണ്ടിൽ ഒരു പുഞ്ചിരി വിരിഞ്ഞു.

🌷🌷🌷🌷🌷🌷🌷🌷

കുളിക്കാൻ കയറിയിടത്ത് നിന്നും ഇനു ഫൈസ് എന്ന് വിളിക്കുന്നത് കേട്ടാണ് അവൻ ലാപ്പിൽ നിന്നും തല ഉയർത്തി നോക്കിയത്.

മുന്നിൽ ഇനുവിനെ കണ്ടതും അവൻ ഒരു നിമിഷം പിന്നോട്ട് വേച്ചു പോയി.

മുടി തലയിൽ വാരിചുറ്റി കെട്ടിയിന്. ചുരിദാർന്റെ ടോപിന് മുകളിൽ അതിന്റെ ഷാൾ കൊണ്ട് തുണി പോലെ ഉടുത്തിട്ടുണ്ട്. കണംകാൽ കണ്ടതിൽ നിന്നും പാന്റ് ഇട്ടിട്ടില്ലെന്ന് വ്യക്തം. മൊത്തത്തിൽ കുളിക്കാൻ ഡ്രസ്സ്‌ അഴിച്ചിടത്ത് നിന്നും വാരിചുറ്റി ഇറങ്ങിയതാണെന്ന് വ്യക്തം.

എന്താ കാര്യം...... അവൻ വിക്കുകളോടെ ചോദിച്ചു.

ഒന്ന് ബാത്‌റൂമിൽ വരെ വരോ....

ഞാനോ..... നിനക്ക് കുളിക്കണ്ടേ......

അതിന്ന് തന്നെ വരാൻ പറഞ്ഞത്.....

എന്തിന് കുളിക്കാനോ..... അവൻ ഇരുന്നിടത് നിന്നും ചാടി എഴുന്നേറ്റു പോയി.

നിനക്ക് കുളിക്കാൻ എന്തിനാ ഞാൻ വരുന്നേ.......

ഒന്ന് വരുന്നുണ്ടോ..... അവൾ അവന്റെ കയ്യിൽ പിടിച്ചു വലിച്ചു ബാത്‌റൂമിന്റെ അടുത്തേക്ക് നടന്നു.

എനിക്ക് ശവറിൽ കുളിച്ചേ ശീലം ഉള്ളൂ. ഈ പൈപ്പ്

ഒക്കെ എങ്ങനെ ഓപ്പൺ ചെയ്യാന്ന് അറിയില്ല.

അത്രയേ ഉള്ളോ...... അവൻ ആശ്വാസത്തോടെ നെഞ്ചിൽ കൈ വെച്ചു.

ചൂട് വെള്ളവും തണുത്ത വെള്ളവും യൂസ് ചെയ്യാൻ പറ്റുന്ന തര ത്തിൽ ആണ് ടാപ്പുകൾ.

ബ്രസ്സ് വാൾമിക്സർ മോഡൽ ടാപ്പ് ആണ് അതിന്റെ കൂടെ ഹോട് വാട്ടർ യൂസ് ചെയ്യാൻ ടാപ്പ് കൂടി ആയപ്പോൾ കൺഫ്യൂസ്ഡ് ആയതാണ്. അവൻ മൊത്തം പറഞ്ഞു കൊടുത്തു. പോകാൻ നേരം ആണ് അവൾ ഷവർ ഓപ്പൺ ചെയ്തു നോക്കിയത്.

ടീ.... കലിപ്പിൽ ശബ്ദം കേട്ടു തിരിഞ്ഞു നോക്കിയ അവൾ വെള്ളത്തിൽ കുളിച്ചു നിൽക്കു ന്ന ഫൈസ്നെ കണ്ടു.

അവൻ ദേഷ്യത്തോടെ നോക്കിയെങ്കിലും അവൾ പൊട്ടിച്ചിരിക്കുകയാരുന്നു. അത് കണ്ടതും അവൻ അവളെ പിടിച്ചു മുന്നിൽ നിറുത്തി. പെട്ടന്ന് ആയോണ്ട് തന്നെ അവൾ എന്താ തണുപ്പ് എന്നും പറഞ്ഞു. അവനെ കെട്ടിപിടിച്ചു. പെട്ടന്ന് തന്നെ അവനെ വിട്ടു മാറി നിന്നു. അവനും അവളെ നോക്കാൻ ചമ്മൽ പോലെ തോന്നി വേഗം

ഇറങ്ങിപോയി.

അവൾ അങ്ങനെ തന്നെ നിന്നു. തലയിലൂടെ വെള്ളം ഒലിച്ചിറങ്ങിയപ്പോഴും അവളുടെ മനസ്സിൽ ഫൈസിനെ കെട്ടിപിടിച്ചപ്പോൾ തന്റെ ശരീരത്തിൽ ഷോക്കടിച്ചത് പോലെ തോന്നിയ നിമിഷം ആയിരുന്നു. ഇന്ന് വരെ അനുഭവപ്പെടാത്ത ആ ഫീലിൽ അവൾ തറഞ്ഞു നിന്നു. അവൾ അവളുടെ ദേഹത്തോടെ മൊത്തം കണ്ണോടിച്ചു. എന്റെ തോന്നൽ ആയിരുന്നോ ഇനി അത്.

🌷🌷🌷🌷🌷🌷🌷🌷

അന്ന് പിന്നെ ഫൈസ് അവളുടെ മുന്നിൽ പോയതേ ഇല്ല.രാത്രി അവൻ ബാൽക്കാണിയിൽ പോയി ഇരുന്നു അവിടെ തന്നെ ഉറങ്ങി.

രാവിലെ എപ്പോഴത്തെയും പോലെ ഫൈസ് തന്നെ അവളെ വിളിച്ചുണർത്തിയത്. എട്ടുമണി വരെ കിടന്നുറങ്ങി പിന്നെ ധൃതി പിടിച്ചു എണീറ്റു ഓടി. എന്തൊക്കെയോ കാട്ടിക്കൂട്ടി കോളേജിലേക്ക് ഓടുന്ന അവളെ വായും പൊളിച്ചു അവൻ നോക്കി നിന്നു. കുളിയും നനയും ഇല്ലെന്നുള്ള ദയനീയ സത്യവും അവന്ന് മനസ്സിലായി.

🌷🌷🌷🌷🌷🌷🌷🌷

കോളേജ് വിട്ടുവരുമ്പോൾ ഇജാസ് അവളെ കാത്തു നിൽക്കുന്നുണ്ടായിരുന്നു. അവന്റെ കയ്യിൽ നിന്നും ഡിവോഴ്സ് പേപ്പർ വാങ്ങുമ്പോൾ ഇത് വരെ ഇല്ലാത്തൊരു നെഞ്ചിടിപ്പ് അവൾക്ക് തോന്നി.

❤️ 💔 INVISIBLE LOVE 💔❤️

Love after💘 marriage story

Part 10

ഫൈസിന് നേരെ ഡിവോഴ്സ് പേപ്പർ നീട്ടി.

അവനത് വാങ്ങുമ്പോൾ കൈ വിറച്ചിരുന്നു. സമിയും ഉണ്ടായിരുന്നു അടുത്ത്. അവൾ പെന്നും അവന്ന് നേരെ നീട്ടി. അവൻ ഒപ്പിട്ട് കൊടുത്തു.

അവൾ അതും വാങ്ങി സന്തോഷത്തോടെ പോകുന്നത് വേദനയോടെ അവൻ നോക്കിനിന്നു.

ആക്ച്വലി ഇവിടെ എന്താ ഇപ്പൊ നടന്നത് സമി താടിക്ക് കയ്യും കൊടുത്തു ഫൈസിയെ നോക്കി.

അങ്ങനെയിപ്പോ അവളെ ഒരു അലവലാതിക്കും ഞാൻ കൊടുക്കില്ല. അത് തന്നെ നടന്നത്.

അതിന്ന് എന്തിനാടാ കോപ്പേ നിന്റെ ഒപ്പിന് പകരം എന്റെ ഒപ്പിട്ട് കൊടുത്തത്.

എന്റെ ഒപ്പ് കഴിഞ്ഞാൽ പിന്നെ നല്ല വൃത്തിയായി ഇടാൻ അറിയുന്ന കള്ളയൊപ്പ് നിന്റെയാണ്.

വാട്ട് ആൻഡ് ഐഡിയ സർജ്ജീ.....

ഫൈസി അവനെ നോക്കി ഇളിച്ചു കാണിച്ചു.

നിനക്ക് അവളെ രണ്ടു മാസം കൊണ്ട് പറഞ്ഞു മനസ്സിലാക്കാൻ കഴിയുമെന്നാണോ കരുതുന്നത്. അതാണോ ഡിവോഴ്സ് പേപ്പറിൽ ഒപ്പിട്ട് കൊടുക്കാത്തത്.

അവൾ എവിടെ ആണെങ്കിലും ആരുടെ കൂടെ ആണെങ്കിലും സന്തോഷം ആയി ജീവിച്ചാൽ മതി. ഇർഫാന്റെ കൂടെ ആണെങ്കിൽ അതിനും എനിക്ക് സമ്മതമേ ഉള്ളൂ.

പിന്നെന്തിനാടാ..... നീ..... അവനൊന്നും മനസ്സിലാകാതെ ഫൈസിയെ നോക്കി.

അവളിപ്പോഴും മനസ്സ് കൊണ്ട് കൊച്ചുകുട്ടിയുടെ പ്രകൃതം ആണ്. പുറമെ കാണുന്ന ബോഡിയുടെ വളർച്ചയൊന്നും ബുദ്ധിക്കില്ലടാ...

കോപ്പാണ്..... Sslc ക്ക് മുഴുവൻ എ പ്ലസ് എല്ലാ വിഷയത്തിനും നൂറിൽ നൂറ് ആണ് മാർക്ക്. പ്ലസ് ടു വിനു ആ സ്കൂളിലെ ടോപ്പർ അവളാണ്. അതും ഫുള്ളിൽ ഫുൾ ആണ്. ബുദ്ധിഇല്ലാഞ്ഞിട്ടാണോ ഇങ്ങനെ മാർക്കൊക്കെ കിട്ടി പാസ് ആയത്. അത് മാത്രം ആണൊ അവൾ ഇംഗ്ലീഷ് സംസാരിക്കുന്നത് നീ കേട്ടിട്ടുണ്ടോ. സായിപ്പന്മാർ പിറകെ നിൽക്കണം. ജുനുവിന്റെ കോളേജിലെ പാതിയും വർക്ക് അവളാണ് ചെയ്യൽ. എന്നിട്ട് ബുദ്ധിയില്ല പോലും.

ഫൈസി അവനെ നോക്കി ചിരിച്ചു. വേണ്ടാത്ത എല്ലാത്തിനും ബുദ്ധി ഉണ്ട് എന്നാൽ വേണ്ടുന്ന ഒന്നിനും ബുദ്ധി ഇല്ലെന്ന പറഞ്ഞത്.

മനസ്സിലാകുന്ന ഭാഷയിൽ പറയ് കോപ്പേ....

പ്രണയം എന്താണെന്ന് അവൾക്ക് അറിയില്ല അത് തന്നെ ഒന്നാമത്തെ പ്രശ്നം.

അപ്പൊ ഇർഫാനോ......

എനിക്കിപ്പോഴും ഉത്തരം കിട്ടാത്ത ചോദ്യം ആണത് എന്ത് കണ്ടിട്ടാ അവൾ അവനെ പ്രണയിച്ചതെന്ന്. അവൻ നസ്രിയയുടെ ഫിലിം കണ്ടപ്പോൾ അവൾ പറഞ്ഞ ഡയലോഗ് സമിക്ക് പറഞ്ഞു കൊടുത്തു.

സാധാരണ ഒരു നിരാശകാമുകിക്ക് കാണുന്ന എന്തെങ്കിലും ഒരു കാര്യം അവൾക്കുണ്ടോന്ന് നോക്കിയേ അതും ഇല്ല. വയറു നിറച്ചു ഫുഡ് കഴിച്ചു സുഖമായി കിടന്നു ഉറങ്ങും. ഇന്ന് വരെ ഇർഫാനെ ഓർത്തിരിക്കുന്നതോ അവനെ ഓർത്തു സങ്കടപെടുന്നതോ ഞാൻ കണ്ടിട്ടില്ല. ഇതാണോ പ്രണയം.

എന്റെ അവസ്ഥ ഒന്ന് നോക്കിയേ നീ കല്യാണം കഴിഞ്ഞിട്ട് മനസ്സാമാദാനം എന്നൊന്ന് അറിഞ്ഞിട്ടില്ല...... ഉറക്കം എന്നൊന്ന് എപ്പോഴെകിലും വന്നെങ്കിൽ വന്നു..... ഇവളെ ഓർത്തു കരയാത്ത ഒരു ദിവസം പോലുമില്ല.... ഇവളെ കാണുമ്പോൾ ഉണ്ടല്ലോ നെഞ്ച് നീറുകയാ ഓരോ നിമിഷവും......ഫുഡ് പോലും നേരാം വണ്ണം ഞാൻ കഴിച്ചിട്ട് ദിവസങ്ങൾ ആയി. എന്ന ഇവൾക്കോ നോക്കിയേ എന്ത് കൂൾ ആയാ പെരുമാറുന്നത്.

ഇതൊക്കെ ഓരോരുത്തരുടെ സ്വഭാവം ആയിക്കൂടെ മനസ്സിൽ ഉണ്ടെങ്കിലോ സങ്കടവും ടെൻഷനും ഒക്കെ.

ഒരിക്കലും ഇല്ലടാ..... ഉറക്കപ്പിച്ചിൽ പോലും പറയുന്ന

പേര് ജുനു എന്ന് മാത്രം ആണ്. ഊണിലും ഉറക്കിലും അവൾക്ക് ഓർമ ജുനുവിനെ മാത്രം ആണ്. അവനെ കാണാത്തതിലും അവൻ അവളോട് അങ്ങനെ പെരുമാറിയത്തിലും ഒക്കെയേ അവൾക്ക് വിഷമം ഉള്ളൂ.ആദ്യം ഒക്കെ വെറുപ്പ് ആണെന്ന് കരുതിയത്. എന്നാൽ ഇർഫാനെ കല്യാണം കഴിക്കാൻ വിടാത്ത കൊണ്ടും അവനെ  വേദനിപ്പിച്ചത്തിലുള്ള ദേഷ്യം മാത്രമേ ജുനുവിനോട് അവൾക്കുള്ളു. ജുനുവിനോട് കാണിക്കുന്ന ദേഷ്യത്തിലെ ആത്മാർത്ഥത പോലും ഇർഫാനോട് അവൾക്ക് ഇല്ല. അവൾക്ക് അവനെ മിസ്സ് ചെയ്യുന്ന പോലും എനിക്ക് തോന്നിയിട്ടില്ല.

ആദ്യം അവൾ പ്രണയം എന്താണെന്നും..... ലൈഫ് എന്താണെന്നും പഠിക്കട്ടെ. എന്നിട്ടും ഇർഫാൻ തന്നെയാണ് വേണ്ടത് എന്ന് തോന്നുകയാണെങ്കിൽ അവൾ അവന്റെ കൂടെ പൊക്കോട്ടെ.ഞാൻ ആയിട്ട് തന്നെ അന്ന് അവൾക്ക് ഡിവോഴ്സ് കൊടുക്കും. അതിന് മുൻപ് ഇർഫാൻ ആരാണെന്ന് ഒന്ന് അന്വേഷിക്കണം. ഇവളെ സ്വഭാവം വെച്ചു ഒരിക്കലും അവന്റെ കാരക്റ്റർ വിലയിരുത്താൻ പറ്റില്ല. നല്ലോണം ചിരിച്ചു കാണിച്ചാൽ  വഴിയിൽ പോകുന്നവനെ വരെ വിശ്വസിച്ചു കൂടെ പോകുന്ന

ഐറ്റം ആണത്.

എനിക്കൊന്നും നീ പറഞ്ഞത് മനസ്സിലായില്ല. എന്തെങ്കിലും ചെയ്യ്. അവസാനം അയ്യോ.... പൊത്തോ..... എന്ന് പറഞ്ഞു എന്റെ അടുത്തേക്ക് കരഞ്ഞോണ്ട് വരാതിരുന്നാൽ മതി. സമി അതും പറഞ്ഞു പോയി.

അവൾക്ക് പ്രണയം മാത്രം അല്ല ഫിസിക്കൽ റിലേഷൻ  എന്താണെന്ന് പോലും അറിയില്ലെന്ന് നിന്നോട് എങ്ങനെയടാ ഞാൻ പറയാ അവൻ മനസ്സിൽ ഓർത്തു.അവന്ന് ഇന്നലെ ബാത്‌റൂമിൽ നടന്നത് ഓർമ വന്നു. ഷവർ തിരിച്ചു ദേഹത്ത് വെള്ളം തട്ടിയപ്പോൾ അവളെ കലിപ്പിൽ നോക്കിയെങ്കിലും അവളെ പൊട്ടിച്ചിരിക്കുന്ന മുഖം കണ്ടതും എല്ലാം മറന്നു അവളെ നോക്കി നിന്നുപോയി. പെട്ടെന്ന് തോന്നിയ കുസൃതിയിൽ അവളെ പിടിച്ചു ശവറിന് മുമ്പിൽ നിർത്തിയത്.  ദേഹത്ത് ഡ്രസ്സ് മൊത്തം നനഞ്ഞു ഒട്ടി ആകാരവടിവ് മൊത്തം കാണാൻ കഴിഞ്ഞിരുന്നു. എന്റെ കണ്ണുകളിലും മനസ്സിലും വികാരം ഉടലെടുത്തപ്പോൾ അങ്ങനെ ഒരു കോലത്തിലും അവളുടെ കണ്ണുകളിൽ ഒന്നും ഉണ്ടായിരുന്നില്ല. ഞാൻ ഒരു പെണ്ണാണെന്നോ എന്റെ

ശരീരം ഒരു അന്യ പുരുഷന്റെ മുന്നിൽ ആണെന്നോ ഒന്നും ഇല്ലായിരുന്നു. തണുക്കുന്നു പറഞ്ഞു കൊച്ചു കുട്ടിയെ പോലെ അവൾ തിരിഞ്ഞു എന്നെ കെട്ടിപ്പിടിക്കുകയാണ് ചെയ്തത്. അപ്പോൾ എന്റെ മനസ്സിലും ശരീരത്തിലും കടന്നു പോയ മിന്നൽപിണരുകൾ എനിക്കെ അറിയൂ. ഇന്നലെ മൊത്തം അതിന്റെ ഹാങ്ങോവറിൽ അവളുടെ മുന്നിൽ പോലും പോകാൻ കഴിഞ്ഞിട്ടില്ല. എന്നാൽ അവൾക്ക് അങ്ങനെ ഒന്ന് നടന്ന ഭാവം പോലും ഇല്ലായിരുന്നു. അപ്പോഴാണ് കെട്ടിപിടിച്ചു കിടന്നതിന്നും കിസ്സ് തന്നതിനും പ്രതികരിക്കാതെ നിന്ന കാരണം ഓടിയത്. അവളുടെ ബെഡിൽ ഒന്നിച്ചു കിടന്നാൽ എന്താ എന്നുള്ള ചോദ്യം കൂടി ആയപ്പോൾ ഉറപ്പായി. സെക്സ് പോയിട്ട് പ്രണയം പോലും അവളുടെ മൈൻഡ്ന്റെ ഏഴയലത് പോയിട്ടില്ലന്ന്.ഇങ്ങനെ ഒരു അന്തോം കുന്തോം ഇല്ലാത്ത ഒരു പെണ്ണ് പ്രണയിച്ചാൽ അതിൽ എത്രത്തോളം പ്രണയം ഉണ്ടെന്ന് ഊഹിക്കാവുന്നതേ ഉള്ളൂ. അത് കൊണ്ട് തന്നെ ഇർഫാനെ പറ്റി കൂടുതൽ അറിയാതെ അവളെ അവന്റെ കൂടെ വിടാൻ എനിക്ക് പറ്റില്ല. ഇർഫാനെ പറ്റി അന്വേഷിക്കണം അവൻ

മനസ്സിൽ ഉറപ്പിച്ചു അത്.

🌷🌷🌷🌷🌷🌷🌷

ഇനു ആ ഡിവോഴ്സ് പേപ്പറിൽ ഒന്നൂടി നോക്കി. എന്നിട്ട് ബാഗിൽ എടുത്തു വെച്ചു. അവൾക്ക് ഇർഫാനെ വിളിക്കണം എന്ന് തോന്നി. അവനോട് പറഞ്ഞാൽ അവന്ന് സന്തോഷം ആകും. ഫൈസി ചതിക്കുമെന്ന അവൻ എപ്പോഴും പറയൽ. അങ്ങനെ അല്ലെന്ന് തെളിയിച്ചു കൊടുക്കയും ചെയ്യാലോ. ഫൈസി ശരിക്കും പാവം ആണ് അറിഞ്ഞിടത്തോളം.ഫോൺ വിളിക്കാൻ വേണ്ടി ഫൈസിനെ നോക്കി. അപ്പോഴാണ് ഫൈസി അങ്ങോട്ട് വന്നത്. അവനോട് ചോദിച്ചതും അവൻ ഫോൺ കൊടുത്തു.

അവൾ ഫോണും വാങ്ങി ബാൽക്കണിയിലേക്ക് പോയി.

ഫൈസ് ഇന്ന് ഡിവോഴ്സ് പേപ്പറിൽ ഒപ്പിട്ട് തന്നു. ഇനി ആരെയും പേടിക്കണ്ടല്ലോ ഇച്ചു അവൾ സന്തോഷത്തോടെ പറഞ്ഞു.

നിനക്ക് ആരാ അതിന്ന് വക്കീലിനെ ഏർപ്പാടാക്കി തന്നത്.

അവളുടെ മനസ്സിൽ ഇജാസിന്റെ മുഖം തെളിഞ്ഞു. ഇജാസ് ആരാണെന്ന് പറയും....

അവൾ ഒരു നിമിഷം പകച്ചു നിന്നു. പിന്നെ പറഞ്ഞു എന്റെ ഒരു ഫ്രണ്ട്ന്റെ അങ്കിൾ ആണ് വക്കീൽ. ഫ്രണ്ട് ഹെല്പ് ചെയ്തു.

പിന്നെ അവൻ എന്തൊക്കെയോ സംസാരിച്ചെങ്കിലും മനസ്സ് മുഴുവൻ ഇജാസിൽ ആയിരുന്നു. ആദ്യം ആയി ഇജാസിനെ പരിചയപെട്ടത് അവൾക്ക് ഓർമ വന്നു.

ഹായ് ഐ ആം ഇജാസ്.... ജുനൈദിന്റെ ക്ലാസ്സ് മേറ്റ് ആണ്. ഇത് നദീം... ഇത് ശഹസാദ് ഞങ്ങളുടെ അനിയൻ ആണ് ..... ജുനുവിന്റെ ഫ്രണ്ട്സ് ആണ് ഞങ്ങൾ.നിന്നെ പരിചയപ്പെടാൻ വന്നതാണ്. എനിക്ക് നേരെ കൈ നീട്ടി അവർ പറഞ്ഞപ്പോൾ ജുനുവിനെ നോക്കി.അവൻ തിരിച്ചു കൈ കൊടുക്കൻ കണ്ണുകൾ കൊണ്ട് കാണിച്ചു....... അവിടെ തുടങ്ങിയ ജുനുവിന്റെ കൂടെ അവരുമായുള്ള സൗഹൃദം....... നീലക്കണ്ണിയെന്ന് ഇട്ട വിളിപ്പേര്..... ഇജാസ് സൗഹൃദത്തിൽ കൂടുതലായി കാട്ടിതുടങ്ങിയ അടുപ്പം...... നദീംമിന്റെ കെയറിങ്...... ശഹസാദ് ആയി എന്നും തല്ലും വഴക്കുകൾ......

ഇജാസിന്റെ കണ്ണുകൾ എന്നും ഉറക്കം കെടുത്തിയപ്പോൾ ജുനുവിനോട് പോയി  പറഞ്ഞത് . ഇജാസിന്റെ കൂടെ അവന്റെ വീട്ടിൽ പോയതിന്ന് ഉപ്പയും ഉമ്മയും തല്ലിയത്.  കുറെയേറെ ചിത്രങ്ങൾ അവളുടെ കണ്മുന്നിലേക്ക് ഓടിഎത്തി....... കണ്ണുകൾ നിറഞ്ഞൊഴുകിയതും അവൾ ചിന്തകളിൽ നിന്നും ഉണർന്നു.അവൾ കണ്ണുകൾ തുടച്ചു. ജുനുവിനെ ഓർത്തതും എല്ലാം മനസ്സിൽ നിന്നും മാഞ്ഞു പോവുകയും മനസ്സിൽ ഒരു ശാന്തത വരുന്നത് അറിഞ്ഞു. ഇജാസിന്റെ ഓർമ്മകൾ പോലും എനിക്ക് വേണ്ട. ആ അടഞ്ഞ അധ്യായം അങ്ങനെ തന്നെ ഇരിക്കട്ടെ. ഇനി ഇജാസിനോട് മിണ്ടണ്ട

അപ്പോഴും ഫോണിന്റെ അപ്പുറത് ഇർഫാൻ ഫൈസിയോട് മിണ്ടുന്നതിന്നും റൂമിൽ കിടക്കുന്നതിനും ഉള്ള വഴക്കുകളും പരാതികളും തീർന്നിട്ട് ഇല്ലായിരുന്നു. അവൾ മടുപ്പോടെ എല്ലാത്തിനും മൂളി കൊണ്ടിരുന്നു.

സഹി കേട്ടപ്പോൾ ഫൈസ് ഫോണിന് ചോദിക്കുന്നു. എന്തോ തിരക്ക് ഉണ്ട് പോലും എന്ന് പറഞ്ഞു ഫോൺ കട്ട് ആക്കി തിരിഞ്ഞു നോക്കിയതും പിന്നിൽ ഫൈസ്.

പരദൂഷണം പറയണല്ലേ എന്നെപറ്റി. അവൻ ചിരിയോടെ പറഞ്ഞു.

അവൾ ചമ്മലോടെ ഒന്ന് ചിരിച്ചു.അത് പിന്നെ അവന്ന് വിളിച്ച പറയാൻ ഒന്നേ ഉള്ളൂ. ഫൈസിനോട് മിണ്ടരുത്..... ടൈം സ്പെൻഡ് ചെയ്യരുത്..... റൂമിൽ കിടക്കരുത്..... എക്സ്ട്രാ.....എക്സ്ട്രാ..... കേട്ട് മടുത്തു....അവൾ മടുപ്പോടെ പറഞ്ഞു. ഒന്നിച്ചു കിടന്നെന്ന് വെച്ചു എന്ത് കുന്തം ആവാനാ.... ഞാൻ അവനെ ഉപേക്ഷിച്ചു നിന്റെ കൂടെ ജീവിക്കോ.....

ഫൈസ്ന് അവളുടെ സംസാരം കേട്ടു  ചിരി വന്നെങ്കിലും പുറത്ത് കാണിച്ചില്ല. അവന്ന് കാര്യം ബോധം ഉണ്ട്. എന്നോട് അടുപ്പം കാണിച്ചാൽ എന്നെ മതിയെന്ന് പറയുമെന്നുള്ള പേടി അവനുണ്ട്.ഒരു ബെഡിൽ കിടന്നാൽ വല്ലോം സംഭവിച്ചാലോ എന്നുള്ള ഡൌട്ട് ഉണ്ട്. അത് മനസ്സിലാക്കാനുള്ള ബുദ്ധി നിനക്ക് ഇല്ലല്ലോ പെണ്ണേ അവൻ ചിരിയോടെ ഓർത്തു. ആ പാവം അവിടെ അതോർത്തു ടെൻഷൻ അടിക്കുന്നു ഇവൾ ഇവിടെ ഹാപ്പി ആയി ഇരിക്കുന്നു. ബെസ്റ്റ് കാമുകി.

ഒന്നൂടി ഫോൺ തരോ.....

എന്തിനാ..

റാനിയോട് ചോദിക്കാനാ. അവളോട് ചോദിക്കാൻ മറന്നു പോയി.

എന്ത് ചോദിക്കാൻ

അല്ല നിന്റെ കൂടെ കിടക്കുന്നെന്ന് ഇച്ചുനെന്തിനാ ദേഷ്യം വരുന്നത് എന്ന്.

പടച്ചോനെ...... അവൻ ആത്മഗതം വിളിച്ചതാണെങ്കിലും ഞെട്ടൽ കൊണ്ട് ഉച്ചത്തിൽ ആയിപ്പോയി.

അവൾ അവനെ തന്നെ നോക്കി. എന്താന്ന് ചോദിച്ചു.

ഒന്നുമില്ലെന്ന് തലയാട്ടി.ഇവളീ ചോദ്യം വേറെ ആരോടെങ്കിലും ചോദിച്ചാലോ എന്നൊരു പേടിയും അവനുണ്ടായിരുന്നു. അവനൊന്നു ആലോചിച്ചു അവളോട് സംസാരിക്കാൻ തന്നെ തീരുമാനിച്ചു.

ഇനു ഞാൻ ഒരു കാര്യം ചോദിച്ചാൽ തെറ്റിദ്ധരിക്കരുത്..... തെറ്റായ അർത്ഥത്തിൽ എടുക്കുകയും ചെയ്യരുത്.

ഏയ് ഇല്ല എന്താ കാര്യം.....

വാട്ട് യൂ മീൻ ബൈ സെക്സ് അവൻ മെല്ലെ മടിച്ചു മടിച്ചു ആയിരുന്നു ചോദിച്ചത്.ഉത്തരം കിട്ടിയില്ലെങ്കിലും സാരമില്ല ബെഡ് റിലേഷനെ പറ്റി ഓർമ വരുമല്ലോ എന്നായിരുന്നു അവന്റെ മനസ്സിൽ.

two main categories male and female...

ബെസ്റ്റ്...... അവൻ ദയനീയതയോടെ അവളെ നോക്കി.

അതല്ല...... Male and female..... ഫിസിക്കലി..... ഇതിൽ കൂടുതൽ ചോദിക്കാനോ പറയനോ അവന്ന് കഴിഞ്ഞില്ല. എങ്ങനെ ഒക്കെയോ പറഞ്ഞൊപ്പിച്ചു.

ഫിസിക്കലി അറിയില്ല....... ഞാൻ റെഫർ ചെയ്തു വേണമെങ്കിൽ നാളെ പറഞ്ഞു തരാം.....

അവൻ കണ്ണും മിഴിച്ചു ശ്വാസം കഴിക്കാൻ പോലും മറന്നു അവളെ നോക്കി. ഇത്രക്ക് ദുരന്തം ആയിരുന്നോ ഇവൾ........ എന്നെ കൊല്ല് അങ്ങ്..... ഇതെങ്ങാനും പോയി ആരോടെങ്കിലും ചോദിച്ച മാനം ഏത് വഴിക്ക് പോയിന്നു ചോദിച്ച മതി. ഇവൾ ശരിക്കും ഇങ്ങനെ ആണൊ അതോ എന്നെ ആക്കുന്നതോ.... മുഖം കണ്ടിട്ട് അവന്ന് അങ്ങനെ തോന്നിയില്ല. കാര്യം ആയിട്ട് ആലോചനയിൽ ആണ്.

ഫൈസ്.... ഏത് അപ്ലിക്കേഷൻ ഫോം ഫിൽ ചെയ്യാനാ സെക്സ് കാറ്റഗറീസ് ചോദിച്ചത്.

അവൻ ഒരു പിഞ്ചു കുഞ്ഞിനോട് ആണല്ലോ ചോദിച്ചു പോയത് എന്ന മട്ടിൽ അവളെ നോക്കി നിന്നു.

അത് ബർത്ത് സർട്ടിഫിക്കേറ്റ് ഉണ്ടാക്കാൻ ...... വിഷയം മാറ്റുന്നതാ നല്ലതെന്നു അവന്ന് തോന്നി.

ഈ പ്രായത്തിലോ...... എന്നെ കളിയാക്കുകയാണോ....അവൾ മുഖം ചുളിച്ചു.

ഇതൊക്കെ കൃത്യം ആയി അറിയാം..... ഇത് ബുദ്ധികൂടി പോയി ഇങ്ങനെ ആയി പോയതാ. അല്ലെങ്കിൽ എനിക്കിത് തന്നെ വേണം. കല്യാണം കഴിക്കാത്ത ജുനുവിനു ഇരട്ടകുട്ടികൾ ഉണ്ടാവാൻ നേർച്ചയും പ്രാത്ഥനയും ആയി നടന്നവളാ. അന്നേ ഇവളെ റേൻജ് മനസ്സിലാക്കണം ആയിരുന്നു.

അവൻ ജുനുവിനെ നന്നായി മനസ്സിൽ സ്മരിച്ചു.

അത് ഇതുന്റെ മോളെ..... ഇപ്പോഴാ ഓർത്തെ അത് ശരിയാക്കിയെന്ന് തോന്നുന്നു.അതും പറഞ്ഞു അവൻ മെല്ലെ മുങ്ങി.

🌷🌷🌷🌷🌷🌷🌷🌷

അവൻ പതിവ് പോലെ ബാൽക്കണിയിൽ പോയി ഇരുന്നു അവിടെ ഉറങ്ങി. അവൾ റൂമിലും. കഴിവതും അവളുടെ മുന്നിലേക്ക് പോകാതെ ഫൈസ് നോക്കിയിരുന്നു. അല്ലെങ്കിൽ പലപ്പോഴും തന്റെ ചിന്തകൾ അവളിലേക്ക് തന്നെ പോകുന്നത് അവൻ മനസ്സിലായിരുന്നു. പിരിയുമ്പോൾ വേദന കൂടാതിരിക്കാൻ അകലം പാലിക്കുന്നത് ആണ് നല്ലത് എന്ന് അവന്ന് തോന്നി.

🌷🌷🌷🌷🌷🌷🌷🌷

രാവിലെ കോളേജിൽ പോകുമ്പോൾ തന്നെ ഇജാസ് അവളെ കാത്തു നിൽക്കുന്നുണ്ടായിരുന്നു. അവൾ ആ പേപ്പർ ഇജാസിന് കൊടുത്തു.

ഇപ്പോൾ മനസ്സിലായില്ലേ ഫൈസ് ചതിക്കില്ലെന്ന് അവൾ അഭിമാനത്തോടെ പറഞ്ഞു.

ചതിക്കുന്നവൻ ഞാൻ ആണല്ലോ. അത് പറയാതെ പറഞ്ഞതിന്ന് താങ്ക്സ്.

അവൾ ഒന്നും മിണ്ടാതെ പോയി.

കാറിൽ കേറിയതും നദീം ആ പേപ്പർ വാങ്ങി.

നോക്കി.

നീ  ആലോചിച്ചിട്ട് തന്നെ ആണൊ. ജുനുവിന് നമ്മളോട് വാശി മാത്രമേ ഉള്ളൂ. ഇതറിഞ്ഞാൽ ശത്രു കൂടി ആവും.അവനെ പിന്നെ പിടിച്ചാൽ കിട്ടില്ല. ജന്നതിനെ പറ്റിയുള്ള സത്യം മീഡിയസ് അറിഞ്ഞാൽ അറിയാലോ. അല്ലേൽ തന്നെ ഒരു ന്യൂസിന് വേണ്ടി കാത്തിരിക്കുകയാണ് എല്ലാവരും.എന്താ നിന്റെ ശരിക്കും പ്ലാൻ.

അതൊക്ക ഉണ്ട് വെയിറ്റ് ആൻഡ് സീ. അവൾ ഇനി ഞാൻ പറയുന്നതൊക്കെ അനുസരിക്കും...... അനുസരിച്ചേ പറ്റു..... അവൾക്കുള്ള ഊരാക്കുടുക്ക് ആണ് ഇതൊക്കെ. എങ്ങനെ അവൾ ഇത് മറികടക്കുമെന്ന് നമുക്ക് നോക്കാം. അടുത്ത ബോർഡ് മീറ്റിങ്ങിൽ ജന്നത് ലണ്ടനിൽ നിന്നും ലാൻഡ് ചെയ്യും . വേണേൽ ധൈര്യം ആയിട്ട് നീ അനൗൺസ് ചെയ്തോ. അവന്റെ മുഖത്ത് ഒരു ആത്മവിശ്വാസത്തിന്റെ ഒരു ചിരി വിരിഞ്ഞു.

🌷🌷🌷🌷🌷🌷🌷🌷🌷

വൈകുന്നേരം കോളേജ് വിട്ടു വന്നു റംസിയുംഅവളും  ചായ കുടിക്കുമ്പോൾ ഫൈസി

അതിലൂടെ പോയത്.

ഫൈസി.... ഇവൾക്ക് ഒരു ഫോൺ വാങ്ങി കൊടുക്കണം. എവിടെയെങ്കിലും പോവുകയോ കോളേജിൽ നിന്നും വരാൻ ലേറ്റ് ആവുകയോ ചെയ്താൽ വിളിച്ചു നോക്കാലോ. ഫൈസിനെ നോക്കി കള്ളച്ചിരിയോടെ ആണ് അവളത് പറഞ്ഞത്.

ഫൈസി അവളെ നോക്കി ഇളിച്ചു കാണിച്ചതും അവൾ തിരിച്ചു പറയട്ടെ എന്ന് കണ്ണ് കൊണ്ട് കാണിച്ചു.

അവൾ വരുന്നതും നോക്കി ഇരിക്കുന്നതാണ് കളിയാക്കുന്നത്. ബസ്സിന് വരുന്നതോണ്ട് ലേറ്റ് ആകുമ്പോൾ ഇടക്കിടക്ക് ഗേറ്റിലേക്ക് നോട്ടം പോകാറുണ്ട്. കൃത്യം ആയി കുരിപ്പ് അവിടെ എത്തുകയും ചെയ്യും.

ഇനി ഇവിടെ നിന്ന റംസി നാണം കെടുത്തുന്നു തോന്നിയതും അവൻ വേഗം എണീറ്റു.

ഇനു ഞാനും അത് ആലോചിച്ചതാ. എനിക്ക് ഏതായാലും ഷോപ്പിൽ പോകേണ്ട ആവിശ്യം ഉണ്ട്. നീ കൂടി വാ എന്ന് പറഞ്ഞു.

അവൾക്കും മനസ്സിൽ ഒരു ഫോൺ ഉണ്ടായിരുന്നുവെങ്കിൽ എന്ന് ഉണ്ടായിരുന്നു.ഇർഫാനോട് സംസാരിക്കാൻ ഫൈസിയോട് ഫോൺ വാങ്ങണ്ടല്ലോ.

ഉമ്മാന്റെ നോക്കിയ സാദാ  ഫോൺ ആയിരുന്നു വീട്ടിൽ ഉപയോഗിച്ചത്. സ്മാർട്ട് ഫോൺ ഉപയോഗിച്ചാൽ കണ്ണ് കേടാകും. പഠിപ്പിലും ശ്രദ്ധ ഉണ്ടാവില്ലെന്ന് പറഞ്ഞു ജുനു വാങ്ങി തന്നിട്ടില്ല. ഇജാസ് ആയി കോൺടാക്ട് ഉണ്ടാവോ എന്നുള്ള പേടി കൊണ്ടാണ് ഫോൺ വാങ്ങി തരാഞ്ഞത് എന്ന് അറിയുന്നൊണ്ട് തന്നെ ഞാൻ നിർബന്ധം പിടിച്ചില്ല എന്നതാണ് സത്യം. എവിടെ നോക്കിയാലും ഇപ്പോൾ ചിന്ത ഇജാസിൽ ആണ്  എത്തുന്നത്  ഓർത്തു. ഓർക്കേണ്ട കരുതിയിട്ടും ഇവൻ എന്തിന് ചിന്തയിൽ വരുന്നു. അവൾക്ക് ദേഷ്യവും തോന്നി. അവൾ വേഗം പോയി ഡ്രസ്സ് മാറ്റി വന്നു. സമിയുടെ കൂടെ അവന്റെ കാറിൽ ആയിരുന്നു പോയത്. അവൾ പിറകിൽ ഇരുന്നു. ഫൈസ് മുന്നിലും.വലിയൊരു മാളിൽ ആണ് പോയത്. അവൾ കാറിൽ നിന്നും ഇറങ്ങുന്നത് കണ്ടതും നാല് ജോഡി  കണ്ണുകൾ തിളങ്ങിയിരുന്നു. ഫൈസ് സമിയോട് അവൾക്ക് ഫോൺ വാങ്ങി

കൊടുക്ക് ഞാൻ ഇപ്പോൾ വരാം എന്ന് പറഞ്ഞു പോയി. അവൾ സമിയുടെ കൂടെയും.

സമിയുടെ കൂടെ പോകുമ്പോൾ പെട്ടന്ന് ആണ് ആരോ കയ്യിൽ പിടിച്ചു പിറകോട്ടു വലിച്ചത്.

അവൾ ഞെട്ടലോടെ തിരിഞ്ഞു നോക്കി. ജുനു.

അവളെ കയ്യിൽ പിടിച്ചു  ഒഴിഞ്ഞ ഒരു കോർണറിലേക്ക് പോയി.

അവളുടെ മുന്നിലേക്ക് ഒരാൾ കടന്നു വന്നു. അവൾ സംശയത്തോടെ അവരെ നോക്കി.

🌷🌷🌷🌷🌷🌷🌷

ഇജാസ് വീട്ടിലേക്ക് കയറിയതും ഇജു എന്ന് വിളികേട്ട് അവൻ നിന്നു.

അമ്മീജാൻ...... സന്തോഷത്തോടെ അവൻ തിരിഞ്ഞു നോക്കിയത്. പക്ഷേ മുഖം അടച്ചു ഒറ്റ അടിയാരുന്നു അവർ. ഇജാസ് കവിളിൽ കൈ വെച്ചു ഞെട്ടലോടെ നോക്കി നിന്നു.

📚STORY BOARD📚

❤️ ❤️ ❤️ 💔 INVISIBLE LOVE 💔❤️

Love after💘 marriage story

Part 11

ഇത് പൊന്നുമോൾ പ്രേമിക്കുന്നവന്റെ പഴയ ഗേൾ ഫ്രണ്ട് ആണ് . ഇവളെ മടുത്തപ്പോഴാ നിന്നെ തേടി വന്നത്.ജുനു ആ പെണ്ണിനെ പിടിച്ചു മുന്നിൽ നിർത്തി പറഞ്ഞപ്പോൾ അവളൊന്ന് ഞെട്ടി. പിന്നെ ജുനു പറയുന്നത് കള്ളം ആണെന്ന് തോന്നി.ഇർഫാനെ അവന്ന് ഇഷ്ടം അല്ലെന്ന് ഓർത്തു.

നീ കള്ളം പറയുന്നതാ ഇച്ചുന്റെ കല്യാണം കഴിഞ്ഞിട്ടൊന്നും ഇല്ല അവൾ ദേഷ്യത്തോടെ പറഞ്ഞു.

ജുനൈദ് അവളെ പുച്ഛത്തോടെ നോക്കി. ഇന്നലെ കണ്ട ഒരുത്തനെ നിനക്ക് പൂർണ്ണവിശ്വാസം ആണ്. ഇത്രയും കാലം പോറ്റിവളർത്തിയ ഞാൻ പറയുന്നത് കള്ളവും.അവന്റെ വാക്കുകളിൽ സങ്കടം നിഴലിച്ചിരുന്നു.

ജുനൈദ് പറഞ്ഞതൊക്കെ സത്യം ആണ് ഇനായ. അവന്റെ ശരിക്കുള്ള പേര് റിൻഷാദ് എന്നാണ്. നീ

കരുതുന്ന പോലെ ഓട്ടോ ഡ്രൈവർ ഒന്നുമല്ല. മുംബൈൽ ബിസിനസ് ആണ്. ഞാൻ അവന്റെ പി എ ആയിരുന്നു. അവന്ന് ഡ്രസ്സ് മാറുന്ന പോലെയാ ഗേൾ ഫ്രണ്ട്സ്. എല്ലാം മനസ്സിലാക്കുമ്പോഴേക്കും എനിക്ക് എല്ലാം നഷ്ടപ്പെട്ടിരുന്നു. എന്നിട്ടും അവനെ വിട്ടു പോകാൻ കഴിഞ്ഞില്ല. എന്നെങ്കിലും എന്നെ മനസ്സിലാക്കും വിവാഹം കഴിക്കും എന്ന് കരുതി അവന്റെ കൂടെ തന്നെ നിന്നത്. പിന്നെ റിൻഷാദ് ഇവിടേക്ക് വന്നു. നിന്നെ കണ്ടപ്പോൾ തൊട്ട് നിന്റെ പിന്നാലെ കൂടി. നിന്റെ അടുത്ത് വരാൻ കൂടി പറ്റാത്ത വിധത്തിൽ ജുനൈദ് നിനക്ക് ചുറ്റും നിന്നത് കൊണ്ടാണ് ഓട്ടോ ഡ്രൈവർ ആയി വേഷം കെട്ടി വന്നത്. ഒരു ദിവസം അവന്റെ ഫ്രണ്ടിനോട് നിന്നെപ്പറ്റി സംസാരിക്കുന്നത് കേട്ടു. നിന്നെ ചതിച്ചു സ്വന്തം ആക്കാൻ പ്ലാൻ ഇടുന്നത് കേട്ടു. ഞാൻ അത് വീഡിയോ എടുത്തു വെച്ചു ജുനൈദിന് അയച്ചു കൊടുത്തു. അത് കൊണ്ടാണ് ജുനൈദ് ഗൾഫിൽ നിന്നും പറയാതെ വന്നത്. അവനെ പേടിച്ചു പെട്ടെന്ന് വിവാഹം നടത്തിയതും.

ഇതെല്ലാം കേട്ടു തറഞ്ഞു നിൽക്കുകയാരുന്നു അവൾ. വിശ്വസിക്കണോ വേണ്ടയോ എന്നറിയാതെ

അവളുടെ മനസ്സ് കിടന്നു ഉഴറി.

അത് മനസ്സിലാക്കിയെന്നോണം ആ പെണ്ണ്

അവളുടെ ഫോൺ എടുത്തു ഇനയക്ക് നേരെ നീട്ടി. ഇർഫാനും അവളും തമ്മിലുള്ള വീഡിയോ.... ഫോട്ടോസ്....ചാറ്റ്.... കാൾ എല്ലാം കാണിച്ചു കൊടുത്തു. ഇർഫാനും അവന്റെ ഫ്രണ്ട് തമ്മിൽ സംസാരിക്കുന്ന വീഡിയോയും കാണിച്ചു കൊടുത്തു. അവളെ പ്രേമിച്ചു വശത്താക്കി ചതിക്കാൻ അവന്റെ ഫ്രണ്ട് ആയി സംസാരിക്കുന്നത് കേട്ടു അവളുടെ ചെവി അടഞ്ഞപോലെ തോന്നി...... അലറിക്കരയണം എന്നുണ്ടെങ്കിലും ശബ്ദം പുറത്തു വരാതെ തൊണ്ടക്കുഴിയിൽ തടഞ്ഞു നിന്നു.

നിന്നെ ദുരുദ്ദേശത്തോടെ നോക്കിയ അവന്റെ ജീവൻ എടുക്കാൻ തന്നെ തീരുമാനിച്ചത്.

. ഇവളെ കൊച്ചിന് അതിന്റെ തന്തയെന്ന് കാണിക്കാൻ ഒരുത്തൻ വേണമെന്ന് എന്റെ കാൽക്കൽ വീണു കരഞ്ഞത് കൊണ്ട് മാത്രം കയ്യും കാലും തല്ലിയൊടിക്കുന്നതിൽ നിർത്തിയത്.നീ ചോദിക്കാതെ തന്നെ നിന്റെ ആഗ്രഹങ്ങൾ എല്ലാം ഞാൻ നിറവേറ്റി തരാറില്ലേ..... എന്നെങ്കിലും നിന്റെ

ഇഷ്ടത്തിന്ന് എതിര് നിന്നിട്ടുണ്ടോ..... ഇങ്ങനെ ഒരുത്തന് അറിഞ്ഞു കൊണ്ട് എങ്ങനെയാടീ നിന്നെ ഞാൻ കൊടുക്കുക.

അവൾ മുഖം പൊത്തി പൊട്ടിക്കരഞ്ഞു.

ആ പെണ്ണ് അവളെ സഹതാപത്തോടെ നോക്കി. വിവാഹത്തിന് മുൻപ്   തന്നെ ഇതൊക്കെ അവളോട് പറയണമെന്ന് കരുതിയതാ. റിൻഷാദിന്റെ ആളുകൾ പിടിച്ചു വെച്ചിരിക്കുകയാരുന്നു എന്നെ. ജുനു വന്നത് കൊണ്ടാണ് ഇപ്പോഴെങ്കിലും രക്ഷപെട്ടത്. അവൾ നന്ദിയോടെ ജുനൈദിന് നേരെ കൈ കൂപ്പി പോകാൻ നോക്കി.

ഞാൻ ആണ് നന്ദി പറയേണ്ടത്. നീ വിളിച്ചു പറഞ്ഞില്ലായിരുന്നെങ്കിൽ ഇപ്പൊ നിന്റെ സ്ഥാനത് അവൾ നിന്നേനെ. നിന്നെ ഓർത്തു മാത്രമാ അവനെ ജീവനോടെ വിട്ടത്. പക്ഷേ ഇനി  ഒരിക്കൽ  കൂടി ഇനുവിന്റെ ജീവിതത്തിൽ അവൻ വന്നാൽ നിന്നെയും കുഞ്ഞിനേയും ഞാൻ ഓർക്കില്ല. കൊന്ന് കളഞ്ഞിരിക്കും അവനെ. അത് പറയുമ്പോൾ വലിഞ്ഞു മുറുകിയിരുന്നു അവന്റെ മുഖം.അവനെ പോലൊരു ഫ്രോഡിന് വേണ്ടി ജീവിതം കളയാതെ

രക്ഷപെട്ടു പോയിക്കൂടെ.

അതിന്ന് അവൾ മറുപടി പറയാതെ വേദനയോടെ അവനെ  നോക്കി. മനസ്സിൽ ഓർത്തു. റിൻഷാദ് മുംബൈ നഗരവും ബിസിനസ് എല്ലാം വിട്ടു ഇങ്ങോട്ട് വന്നത് ഇവൾക്ക് വേണ്ടിയാണ്. എല്ലാ പെണ്ണിനേയും പോലെ അല്ല അവന്ന് ഇവൾ. ആഗ്രഹിച്ച പെണ്ണിനെ പൊന്നും പണവും നൽകി അല്ലെങ്കിൽ ബലമായി കീഴ്പ്പെടുത്തിയെ അവൻ സ്വന്തം ആക്കിയിരിക്കും. പക്ഷേ ഇനായ അവന്ന് വെറുമൊരു പെണ്ണല്ല. അവളെ വിവാഹം കഴിക്കുവാനും ഒന്നിച്ചു ജീവിക്കുവാനും ആണ് അവൻ ഇത്രയും കഷ്ടപ്പെട്ടത്. ഒരിക്കലും അവൻ ഇവളെ വെറുതെ വിടില്ല. അവൻ ബെഡിൽ നിന്നും എഴുന്നേൽക്കുന്ന നിമിഷം ഫൈസിനെ കൊന്നിട്ട് ആണെങ്കിലും അവളെ സ്വന്തം ആക്കിയിരിക്കും. ഭ്രാന്ത് ആണ് റിൻഷാദിന് ഇനായ എന്ന് വെച്ചാൽ.അവൾ അവളുടെ കൈ വയറിൽ വെച്ചു ദയനീതയോടെ അവരെ നോക്കി നിറ കണ്ണുകളോടെ നടന്നു പോയി.

❣️❣️❣️❣️❣️❣️❣️❣️❣️

അമ്മീജാൻ....... ഇജാസ് കവിളിൽ കൈ വെച്ചു

ഞെട്ടലോടെ അവരെ നോക്കി.

ആയിഷ  ഹൈദറലിഖാൻ..... അങ്ങനെ വിളിച്ച മതി ഇനി. അവർ ഇജാസിന് നേരെ കയ്യുയർത്തി.വയസ്സ് എഴുപതോട്  അടുത്തെങ്കിലും  പ്രായത്തിലും തോൽക്കാത്ത നിറഞ്ഞ പ്രൌഡിയോടെ ഇന്നും ജന്നത് ഭരിക്കുന്ന അവരെ പേടിയും ബഹുമാനവും ആണ് എല്ലാർക്കും. നോട്ടം കൊണ്ട് പോലും എല്ലാവരെയും അനുസരിപ്പിക്കാൻ കഴിവുള്ള പെൺ ശക്തി. ഈ പ്രായത്തിലും നിറഞ്ഞു നിൽക്കുന്ന സൗന്ദര്യവും ആഢിത്വവും. ചെറിയവർ മുതൽ വലിയവർ വരെ അവരുടെ വാക്കിനു അപ്പുറം പോകില്ല.എല്ലാത്തിന്റെയും അവസാനവാക്ക് അവരുടെയാണ്.

അമ്മീജാൻ...... ഞാൻ.....

നിന്നോടാണ് മിണ്ടരുത് എന്ന് പറഞ്ഞത്. അഭിമാനം ആയിരുന്നു എനിക്ക് നിന്നെയൊർത്ത്. ഇന്നത് നീ തിരുത്തി കളഞ്ഞിരിക്കുന്നു. നിനക്ക് എങ്ങനെ തോന്നി ഒരു പെണ്ണിന്റെ ജീവിതം ഇല്ലാതാക്കാൻ..... എട്ടും പൊട്ടും തിരിയാത്ത ഒരുത്തിയെ പറഞ്ഞു പറ്റിച്ചു ഡിവോഴ്സ് പേപ്പറിൽ ഒപ്പിടിക്കുന്നതാണോ

ആണത്വം. ആണോന്ന്.... അവൻ തലകുനിച്ചു നിന്നു.

ഇങ്ങനെ തലകുനിച്ചു നിൽക്കാനാണോ നിന്നെ പഠിപ്പിച്ചത്.

അവൾക്ക് ഇഷ്ടം അല്ല ആ വിവാഹത്തിന്. അവൻ ശബ്ദം കുറച്ചു മെല്ലെ പറഞ്ഞു.

ഇഷ്ടം ഉണ്ടാവുകയോ ഇല്ലയോ അത് അവളുടെ കാര്യം. ഇന്നവൾ ഒരു ഭാര്യയാണ് . ഫൈസിന്റെ മഹറിന്റെ അവകാശി. കുട്ടികളിയാണോ വിവാഹവും വിവാഹജീവിതവും.......

നിർബന്ധിച്ചു ഭീഷണിപെടുത്തി അവളെ വിവാഹം കഴിപ്പിച്ചത് അതെങ്ങനെ വിവാഹം ആകും. അവൾക്ക് ഒരിക്കലും അവനെ സ്നേഹിക്കാനും കഴിയില്ല.

മഹർ എന്നത് വെറുമൊരു സ്വർണ്ണം അല്ല ഇജു. പരസ്പരവിശ്വാസത്തിന്റെയും സ്നേഹത്തിന്റെയും അടയാളം ആണ്. ജീവിതകാലം മുഴുവൻ സുഖവും ദുഖവും ആയാലും ഒന്നിച്ചു ഉണ്ടാവുമെന്നതിന്റെ ഉറപ്പാണ്. ഇന്നല്ലെങ്കിൽ നാളെ അവളതിന്റെ മൂല്യം അറിയും. അവൾ പോലും അറിയാതെ അവനെ സ്നേഹിച്ചു തുടങ്ങും .ഇനി നിങ്ങൾ ആരും

ഇനായയുടെ ജീവിതത്തിൽ കടന്നു പോകരുത്. അവൾ ഇനായ മെഹവിഷ് ഫൈസ് ആണ്. അതോർമ്മ വേണം നിനക്ക്.

ഇനി ഈ വീട്ടിൽ അവളുടെ പേര് പോലും ഒരാളെ വായിൽ നിന്നും പുറത്തു കേൾക്കരുത്. ഫൈസ് ആയി ബിസിനസ്സിൽ ഒരു പാട് പ്രോബ്ലം ഉണ്ടെന്ന് അറിഞ്ഞു. അവന്റെ മുന്നിലും ബിസിനസിലും ഇനി എതിരാളി ആയി പോലും  നീ ഉണ്ടാവരുത്.

എന്റെ വാക്ക് തെറ്റിച്ചു ഇനി അവളുടെ പിറകെ പോയാൽ പിന്നെ എന്നെ അമ്മിജാൻ എന്ന് വിളിച്ചു നീ വന്നേക്കരുത്.മറന്നേക്ക് എന്നെ.

അവർ പോയിട്ടും അവൻ നിന്നനിൽപ്പിൽ തന്നെ നിന്നു. അവന്റെ തോളിൽ ഒരു കൈ വെച്ചത് അറിഞ്ഞു അവൻ തിരിഞ്ഞു നോക്കി. ഉമ്മ. അവൻ ഉമ്മാനെ കെട്ടിപിടിച്ചു.

അവളിപ്പോ നിന്റെ പഴയ നീലകണ്ണിയല്ല. ഒരു ഭാര്യയാണ്...... മരുമകൾ ആണ്..... അവൾക്ക് ചേരുന്നത് ഫൈസ് ആണ്. ജുനൈദ് ഒരിക്കലും അവൾക്ക് തെറ്റായ ബന്ധം ഉണ്ടാക്കികൊടുക്കില്ല. ജുനൈദ് അവൾക്ക് സഹോദരൻ മാത്രം അല്ല.

ഉപ്പയും കൂടിയാണ്.എന്റെ മോന് ആയിട്ട് ഇനി അവളുടെ മഹർ തിരിച്ചു എടുപ്പിക്കരുത്.

ഇല്ല ഉമ്മ...... ഇനി ശല്യം ആയി അവളുടെ മുന്നിൽ പോകില്ല. പക്ഷേ അവളെ അങ്ങനെ വിട്ടുകളയുകയും ഇല്ല. അതിന്ന് ആവില്ല എനിക്ക്.ആര് എന്തൊക്ക പറഞ്ഞാലും നീലക്കണ്ണി കഴിഞ്ഞേ ഇജുവിന്റെ മനസ്സിൽ മറ്റൊരാൾക്ക് സ്ഥാനം ഉണ്ടാകു. അവൾക്ക് ഫൈസിനെ വേണ്ടെന്നു അവളായിട്ട് പറഞ്ഞാൽ പിന്നെ എന്നെ ആരും തടയേണ്ട. അവളെ ആരേതിർത്താലും ഞാൻ കൊണ്ട് വന്നിരിക്കും. എനിക്ക് ഉറപ്പുണ്ട് ആ വിവാഹത്തിന് അവൾക്ക് സമ്മതമല്ലെന്ന്.

അമ്മീജാനോട് ദേഷ്യം ഉണ്ടോ മോന്ന്.

എന്നേക്കാൾ കൂടുതൽ വേദനിക്കുന്നത് ആ മനസ്സ് ആണെന്ന് എനിക്കറിയാം. ഉള്ളിൽ കരഞ്ഞോണ്ട ആ പറഞ്ഞത് എന്നും അറിയാം. അമ്മീജാൻ ആകെ തോറ്റുപോയത് ജന്നത് ഹൈദാരുടെ മുന്നിൽ മാത്രം ആണ്. അല്ല ജുനൈദ് തോൽപിച്ചു കളഞ്ഞത്. അവൻ തന്നെ ഇവിടെ ജയിച്ചു. അവന്റെ  നിറഞ്ഞ കണ്ണുകൾ ആരും കാണാതിരിക്കാൻ അവൻ

ഉമ്മയുടെ തോളിൽ മുഖം അമർത്തി.

ജുനു....... ഇനായ വിളിച്ചതും അവൻ അവളെ തിരിഞ്ഞു നോക്കി.

ഇനി നീ അങ്ങനെ വിളിക്കണ്ട ഇനു. അത് കേൾക്കാൻ ഞാൻ ആഗ്രഹിക്കുന്നില്ല. ഇക്കാക്ക എന്ന് വിളിക്കുന്നതിനേക്കാൾ ഇഷ്ടം ആയിരുന്നു ജുനു വിളിക്കുന്നത് കേൾക്കാൻ. ഉപ്പാന്ന് വിളിക്കുന്നതിന്ന് മുന്നേ നീ വിളിച്ചത് ജുനു എന്നാണ്. അന്ന് ഇക്കാക്കന്ന് വിളിക്കാൻ അറിയാഞ്ഞിട്ട് ആണെങ്കിലും ആ വിളി ഞാൻ മനസ്സിലാ കൊണ്ട് നടന്നിരുന്നേ.അതോണ്ടാ തിരുത്താതിരുന്നതും. ഉപ്പാനോട് പോലും അഹങ്കാരത്തോടെ പറഞ്ഞു നടന്നിട്ടുണ്ട്. എന്റെ പേരാ ആദ്യം വിളിച്ചെന്നു പറഞ്ഞു. ജുനു എന്ന് തികച്ചും വിളിക്കാത്ത നീ ഇപ്പൊ കുറെ പേര് വിളിച്ചു ദുഷ്ടൻ കാലൻ നിന്റെ ജീവിതം നശിപ്പിച്ചവൻ എല്ലാം പോട്ടെ ഞാൻ നിന്റെ ആരുമല്ലെന്ന് പോലും മുഖത്ത് നോക്കി പറഞ്ഞില്ലേ...... ജുനു എന്നിടത് നീ..... നിനക്ക്...... നിന്നെ ജീവനെപ്പോലെ കൊണ്ട് നടന്ന എനിക്ക്

കിട്ടാവുന്നതിലും ഏറ്റവും വലിയ ബഹുമതിയാണ് അതൊക്കെ.

ഇങ്ങനെ ഒന്നും പറയല്ലേ ജുനു. എന്നോട് ഒരു പ്രാവശ്യം ക്ഷമിച്ചുടെ.

ഇല്ല ഇനു...... ഒരിക്കലും നിന്നോട് ക്ഷമിക്കാനോ..... നിന്നെ പഴയപോലെ കാണാനോ എനിക്ക് ഇനി പറ്റില്ല. ഇജുവിന്റെ മുന്നില നീയെന്നെ തോല്പിച്ചത്. അത് മാത്രം പൊറുത്തു തരില്ല ഞാൻ. അന്ന് പറഞ്ഞതെ ഇന്നും പറയാൻ ഉള്ളൂ ഇജുവിന്റെ മുന്നിൽ തോറ്റാൽ പിന്നെ ഞാൻ ഉണ്ടാവില്ലെന്ന്. ഇപ്പൊ ഞാൻ മനസ്സിൽ തൊട്ട് പറയുകയാ എനിക്ക് നിന്നെ വേണ്ട.എന്ന് ഇജുവിന്റെ മുന്നിൽ തോറ്റു പോയോ അന്ന് ജുനു മരിച്ചു. അല്ല ജന്നത് ജയിച്ചു..... ഇനി ജന്നതിന് വിജയത്തിന്റെ നാളുകൾ ആയിരിക്കും. അത് കാണാൻ ജുനു ഉണ്ടാവില്ല....... അതിന് ഉള്ള ശേഷി കൂടി എനിക്കില്ല...... നന്ദിയുണ്ട് എല്ലാത്തിനും ഒരുപാട് നന്ദിയുണ്ട്......

ഒരു അപേക്ഷയെ ഉള്ളൂ ഫൈസിയും സമിയും  ഒന്നും അറിയരുത്. സത്യം അറിയുമ്പോൾ അവർ എന്നെ വെറുപ്പോടെ ആയിരിക്കും

നോക്കികാണ്ടു.ജീവിതത്തിൽ സ്വന്തം എന്ന് പറയാൻ ഇനി എനിക്ക് അവരെ ഉള്ളൂ. അവരറിയാത്ത ഒരേയൊരു കാര്യം ജന്നതിനെ കുറിച്ചുള്ള കാര്യങ്ങൾ ആണ്. അവരെ മുന്നിൽ കൂടി തലകുനിച്ചു നിൽക്കാൻ ഇടവരുത്തരുത്. എന്നെ തൊട്ട് സത്യം ഇട്ടതാണ് ആരോടും ഒന്നും പറയില്ലെന്ന് അതെങ്കിലും എനിക്ക് വേണ്ടി അവസാനമായി ചെയ്യണം.ഞാനും ഉമ്മയും തിരിച്ചു പോവുകയാ ഇന്ന് . ഇനിയൊരിക്കലും ഈ നാട്ടിലേക്കോ നിന്റെ മുന്നിലേക്കോ വരില്ല. അവളുടെ മുന്നിൽ കൈ കൂപ്പി പറഞ്ഞു കൊണ്ട് അവൻ നടന്നകന്നു.

....... തുടരും

❤️ 💔 INVISIBLE LOVE 💔❤️

Love after💘 marriage story

Part 12

"ഇനിയങ്ങനെ നീ വിളിക്കണ്ട " അവന്റെ വാക്കുകളിൽ തറഞ്ഞു നിൽക്കുകയാരുന്നു അവൾ. തന്റെ വാക്കുകളും പ്രവർത്തികളും അവന്റെ മനസ്സിനെ കീറിമുറിച്ചിരിക്കുന്നു. നീയെന്റെ ആരാ....... എനിക്കിഷ്ടം ഉള്ളത് ഞാൻ ചെയ്യും...... എന്റെ ജീവിതം

നശിപ്പിച്ചത് നീയാണ്....... അവൾ പറഞ്ഞ വാക്കുകളൊക്കെ അവളെ നേരെ തിരിഞ്ഞു കൊത്തൻ തുടങ്ങി. ഞാൻ തന്നെയാണോ പടച്ചോനെ ഇതൊക്കെ എന്റെ ജുനുവിനോട് പറഞ്ഞത്. അതിന് മാത്രം അതപതിച്ചിരുന്നോ ഞാൻ......... ഇർഫാൻ..... അവന്റെ പ്രണയനാടകത്തിന് മുന്നിൽ എന്റെ ജുനുനെ എങ്ങനെയാ ഞാൻ മറന്നത്..... എനിക്കതിനു എങ്ങനെ കഴിഞ്ഞു...... അവൾ തലയിൽ തല്ലി കരഞ്ഞു.

ഞാനും ഉമ്മയും  ഇന്ന് പോവുകയാ ഇനിയൊരിക്കലും ഈ നാട്ടിലേക്ക് വരില്ല. നിന്റെ മുന്നിലേക്കും വരില്ല. ഇടിമുഴക്കം പോലെ പോലെയാണ് അവളിൽ അത് മുഴങ്ങിയത്. എങ്ങോട്ടാ പോകുന്നവർ..... ഈ നാടും വീടും എന്നെയും വിട്ടു പോകാൻ ജുനുന് കഴിയോ........ എന്താ അങ്ങനെ പറഞ്ഞത് ജുനു. ജുനു എവിടെക്കാ പോകുന്നത്...... അതോർമ്മ വന്നതും അവൾ ജുനു..... എന്ന് വിളിച്ചു കൊണ്ട് അവന്റെ പിറകെ ഓടി. അവളെ കാണാതെ തിരക്കി വന്ന സമി കണ്ടത് ഇനു ഓടിപ്പോകുന്നതാണ്.

ജൂനൂ..... അവൾ ഓടിപ്പോയി അവന്റെ മുന്നിൽ നിന്നു. അവന്റെ കൈ എടുത്തു നെഞ്ചോട് ചേർത്തു

സോറി ജുനു. ഇനി ഒരു തെറ്റും ചെയ്യില്ല. എനിക്ക് ഒരബദ്ധം പറ്റിയതാ. ഇനിയൊരിക്കലും ഒരു തെറ്റും ചെയ്യില്ല.സത്യം ആയിട്ടും ചെയ്യില്ല.

അവൻ പുച്ഛത്തോടെ അവളെ നോക്കി. അവളെ കൈ തട്ടിമാറ്റി പോയി.

അവൾ വീണ്ടും പിറകെ പോയി. മുട്ടുകുത്തി ഇരുന്നു അവന്റെ കാൽ മുറുക്കെ പിടിച്ചു.

ഒന്ന് ക്ഷമിക്ക് ജുനു. അറിയണ്ട് പറ്റിപ്പോയതല്ലേ..... അവൻ പറഞ്ഞതൊക്കെ വിശ്വസിച്ചു പോയി...... എനിക്ക് ഒന്നും൦൦ അറിയതോണ്ടല്ലേ......അവൾ കരഞ്ഞു കൊണ്ട് പറഞ്ഞു.

ഒന്ന് എണീക്ക് ഇനു.... അവൻ കാൽ വലിക്കാൻ നോക്കിയിട്ടും പറ്റാതെ ദേഷ്യത്തോടെ പറഞ്ഞു.

പിന്നാലെ ഓടി വന്ന സമിയും ഫൈസിയും ഞെട്ടലോടെയാണ് ഇതൊക്കെ നോക്കിയത്.

ആൾക്കാരൊക്കെ നോക്കാനും തുടങ്ങിയിരുന്നു.

ആരെകാണിക്കാനാ ഇപ്പൊ ഈ ഡ്രാമ. മനുഷ്യനെ

നാണം കെടുത്താതെ എണീച്ചു പോകുന്നുണ്ടോ......

അങ്ങനെ ഒന്നും പറയല്ല ജുനു. ഞാനിനി ഒരു തെറ്റും ചെയ്യില്ല..... നീ പറയുന്നതെല്ലാം കേട്ടോളം...... ഈ ഒരു പ്രാവശ്യം മാപ്പ് താ ജുനു......

പറഞ്ഞ വാക്കുകൾ നീ മറന്നാലും എനിക്ക് പറ്റില്ല മറക്കാൻ..... പൊട്ടിച്ച കണ്ണാടി പോലെയാ മനസ്സ്..... ഒട്ടിച്ചാലും വിള്ളൽ പോവില്ല.അതും പറഞ്ഞു അവളെ തട്ടിമാറ്റി അവൻ പോയി....

അവൾ ഭ്രാന്തിയെ പോലെ അവന്റെ പിറകെ എണീറ്റു ഓടി.അവന്റെ കയ്യിൽ പിടിച്ചു. മുന്നിൽ നിന്നു. അവന്റെ മുഖം കയ്യിലെടുത്തു.

നിന്റെ ഇനുവല്ലെടാ ഞാൻ....... എപ്പോഴും പറയാറില്ലേ.... പൊട്ടിയാണ്..... ബുദ്ധിയില്ലാത്തവൾ ആണ്..... എന്നൊക്കെ.... ശരിക്കും അങ്ങനെ തന്നെ അല്ലേടാ ഞാൻ.... അവന്റെ ചതിയിൽ പെട്ടു പോയതാ..... അതോണ്ടല്ലേ അങ്ങനെ ഒക്കെ ചെയ്തു പോയത്. മാപ്പ് തന്നുടെ ജുനു...... അവളുടെ കണ്ണുകൾ നിറഞ്ഞൊഴുകിയിരുന്നു.

അവൻ അവളെ പിറകിലേക്ക് തള്ളി. എന്നിട്ട് തിരിഞ്ഞു നോക്കാതെ പുറത്തേക്ക് നടന്നു.

അവന്റെ തള്ളിൽ വീഴാൻ നോക്കിയതും രണ്ടു കൈകൾ അവളെ താങ്ങിയിരുന്നു. അവൾ മുഖം ഉയർത്തി നോക്കി. ഫൈസ്.....

ഫൈസ്.... ഒന്ന് പറ അവനോട് എന്നോട് മിണ്ടാൻ...... എന്നെവിട്ട് പോകല്ലേ എന്ന് പറയ്.....  അവൾ പുറത്തേക്ക് ഓടാൻ നോക്കിയതും അവൻ പിടിച്ചു വെച്ചു.

പറയ് ഫൈസ്..... എനിക്ക് അവനില്ലാതെ പറ്റില്ല..... എനിക്ക് അവനെ വേണം..... നിങ്ങൾ പറഞ്ഞ കേൾക്കും...... ഒന്ന് പറ ഫൈസ്..... അവൾ പൊട്ടിക്കരെഞ്ഞു കൊണ്ട് പറഞ്ഞു.

അവൻ പോയി ഇനു......

അവന്ന് പറ്റില്ല എന്നെ വിട്ടു പോകാൻ....

ഒരിക്കലും പറ്റില്ല......അവൾ ഭ്രാന്തിയെ പോലെ പറഞ്ഞു കൊണ്ട് പുറത്തേക്ക് ഓടാൻ നോക്കിയതും ഫൈസ് അവളെ മുറുക്കെ പിടിച്ചു വെച്ചു.

അത് കണ്ടു നിൽക്കുന്നവരുടെയും കണ്ണുകൾ എന്തിനെന്നറിയെ നിറഞ്ഞു.അത്രയും ദയനീയമായിരുന്നു പരിസരം പോലും

നോക്കാതെയുള്ള അവളുടെ കരച്ചിലും. ഫൈസ് സമിയും നിറഞ്ഞ കണ്ണുകൾ തുടച്ചു.

ജുനു..... ജുനു.... എന്ന് പുലമ്പികൊണ്ട് അവൾ ഫൈസിന്റെ നെഞ്ചിലേക്ക് തളർന്നു വീണു.

അവൻ അവളെ കയ്യിൽ കോരിയെടുത്തു കൊണ്ട് പുറത്തേക്ക് ഇറങ്ങി. പിന്നാലെ സമിയും. ഫൈസ് എത്തുമ്പോഴേക്കും സമി കാർ എടുത്തു വന്നിരുന്നു. അവളെ പിൻ സീറ്റിലേക്ക് കിടത്തി. സമി വെള്ളം എടുത്തു കൊടുത്തു. മുഖത്ത് തളിച്ചെങ്കിലും അവൾ ഉണർന്നില്ല.

ഹോസ്പിറ്റലിലേക്ക് പോകാട.ഫൈസി കരച്ചിലിന്റെ വക്കിൽ എത്തിയിരുന്നു.

അവൻ അവളുടെ കൂടെ പിറകിൽ കേറി അവളെ മടിയിൽ കിടത്തി. അവളെ അവന്റെ നെഞ്ചോരം ചേർത്ത് പിടിച്ചു. അവൾക്ക് ഒന്നും പറ്റല്ലേ എന്ന് അവൻ മനമുരുകി പ്രാർത്ഥിച്ചു കൊണ്ടിരുന്നു.

🌷🌷🌷🌷🌷🌷🌷🌷🌷

ജുനു വീട്ടിൽ എത്തിയതും ഇത് വരെ പിടിച്ചു നിർത്തിയ കണ്ണുനീർ ധാരധാരയായി

ഒഴുകികൊണ്ടിരുന്നു.

ഇങ്ങനെ മനസ്സ് വേദനിപ്പിക്കാതെ അവളെ ചേർത്ത് പിടിച്ചുടാരുന്നോ മോനെ ഉമ്മ പറഞ്ഞതും അവൻ ഉമ്മയെ കെട്ടിപിടിച്ചു പൊട്ടികരഞ്ഞു.

നിനക്ക് നിന്റെ ഇനുനെ വേണ്ടെന്നു വെക്കാൻ ഈ ജന്മം പറ്റുമോ ജുനു. പിന്നെന്തിനാ ഈ വെറുപ്പ് കാണിക്കുന്നേ.... എനിക്ക് പറ്റുന്നില്ല ജുനു നിന്നെ ഇങ്ങനെ കാണാൻ..... ഞാൻ വിളിക്കാൻ പോവുകയാ അവളെ.

അവൻ പെട്ടന്ന് കണ്ണുകൾ തുടച്ചു. ഉമ്മാനെ നോക്കി. വേണ്ട ഉമ്മ. ഇപ്പൊ ഞാൻ അവളോട് മിണ്ടിയാൽ ഫൈസിയെ വേണ്ടെന്നു വെച്ചു എന്റെ കൂടെ വരും.അത് വേണ്ട

എന്ന് വെച്ചു എത്രനാൾ നമ്മൾ അവളെ മാറ്റി നിർത്തും. ഇപ്പൊ തന്നെ ഉരുകിത്തീർന്നിട്ട് ഉണ്ടാവും അവൾ. നമ്മൾ ഇവിടെ നിന്നും പോയാൽ പിന്നെ അവളുടെ അവസ്ഥ എന്താകും. സഹിക്കോ അവളത്.

ഫൈസിയുടെ കയ്യിൽ അവൾ സേഫ് ആണ് ഉമ്മാ. അവന്ന് അവളെ മനസ്സിലാക്കാനും ചേർത്ത് പിടിക്കാനും കഴിയും അതെനിക്ക് ഉറപ്പുണ്ട്. ഇപ്പോ

അവളെ കൂടെ കൂട്ടിയാൽ  നാളെ ഇജാസിന്റെ കൂടെ പോകാനും അവൾ  മടിക്കില്ല.

എനിക്ക് പറ്റുന്നില്ല ജുനു. അവളുടെ സങ്കടം കാണാൻ. എന്റെ മോള്......... നീയില്ലാതെ അവൾക്ക് പറ്റില്ലെടാ........ അവർ വിങ്ങിപൊട്ടികരഞ്ഞു.

സ്വന്തം ആയി തീരുമാനം എടുക്കാനോ പ്രവർത്തിക്കാനോ അവൾക്ക് അറിയില്ല. മറ്റുള്ളവരുടെ വാക്ക് കേട്ടാണ് അവൾ തീരുമാനം എടുക്കുന്നത്. എന്റെ കൂടെ കൂട്ടിയ വീണ്ടും തെറ്റായ തീരുമാനം എടുക്കില്ലെന്ന് പറയാൻ പറ്റോ.അവൾ ഫൈസിയെ വേണ്ടെന്നു വെച്ചു ഇജാസിന്റെ കൂടെ പോയാലോ.ഇനിയും വയ്യ അവളുടെ ജീവിതം വെച്ചു കളിക്കാൻ.

ഇജാസിന് എങ്ങനെ എങ്കിലും അവളെ കൂടെ കൂട്ടണം. ജന്നത്തിലെ മരുമകൾ ആക്കണം എന്നേ ഉള്ളൂ. ഇജാസിനോട് ഉള്ളിൽ എനിക്ക് കുറ്റബോധം ഉണ്ടായിരുന്നു ഞാൻ  ചെയ്തതിൽ .പകരം  അവളെ ജന്നത് കുടുംബത്തിലെ മരുമകൾ ആക്കി തെറ്റ് തിരുത്താമെന്ന് ഞാൻ കരുതി.  ഫൈസി ഇല്ലെങ്കിൽ തീർച്ചയായയും ഞാൻ സന്തോഷത്തോടെ ഇനുനെ

അവിടേക്ക് വിവാഹം കഴിപ്പിച്ചു കൊടുത്തേനെ.അവൾ സന്തോഷം ആയി ജീവിക്കണമെന്നേ ഞാൻ ആഗ്രഹിച്ചിട്ടുള്ളു.

പക്ഷേ ഫൈസി ഇനുവിനെ സ്നേഹിക്കുന്നത് അറിഞ്ഞപ്പോൾ അവന്ന് ഇനയോടുള്ള പ്രണയത്തിന്റെ ആഴം അറിഞ്ഞപ്പോൾ തകർന്നു പോയി ഞാൻ. അവിടെ സ്വാർത്ഥനായി പോയി. എന്റെ ഇനുവിനെ അവനല്ലാതെ മറ്റാർക്കും സ്നേഹിക്കാൻ കഴിയില്ല. മനസ്സിലാക്കാനും പറ്റില്ല. ജന്നത്തിലെ മരുമകൾ ആയാൽ പണവും പ്രശസ്തിയും എല്ലാം ഉണ്ടാകും. അവളെ അവളായിട്ട് തന്നെ സ്നേഹിക്കുന്ന ഫൈസിയുടെ സ്നേഹത്തോളം വരില്ല അതൊന്നും.അവർ ഒന്നിച്ചു ജീവിച്ചോട്ടെ ഉമ്മ. ഞാൻ ഫൈസിയെയും ഇനയെയും ബലമായി കൂട്ടിയോജിപ്പിച്ചത് ആണെങ്കിലും അവന്ന് വേണ്ടി ജനിച്ചവൾ ആണ് ഇനു.

അവൾ ഫൈസിയുടെ കൂടെയുള്ളപ്പോൾ ഇജാസിന്റെ കൂടെ പോകില്ലെന്ന് നിനക്ക് ഉറപ്പുണ്ടോ.

അവൾക്ക് പ്രണയം എന്തെന്നോ ദാമ്പത്യം

എന്തെന്നോ ജീവിതം എന്തെന്നോ അറിയില്ല. അത് കൊണ്ട് കാലം തീരുമാനിക്കട്ടെ അവളുടെ വിധി. പക്ഷേ എനിക്കുറപ്പുണ്ട് ഫൈസിയുടെ പ്രണയം ഭേദിച്ചു ഒരിക്കലും അവൾക്കൊരു മോചനം ഉണ്ടാവില്ല. യഥാർത്ഥ പ്രണയം അത് ഫൈസിയുടെ തന്നെയാണ്. ഇജാസ് തന്നെ അത് ശരിവെച്ചു

പൂർണ്ണമനസ്സോടെ  അവളെ അവനെ ഏല്പിക്കും.അത് പറയുമ്പോൾ അവന്റെ മുഖത്ത് ആത്മവിശ്വാസത്തിന്റെ പുഞ്ചിരി ഉണ്ടായിരുന്നു. അത് കണ്ടപ്പോൾ ഉമ്മാന്റെ മനസ്സിലേക്ക് ഒരു തണുപ്പ് വീണത് പോലെ തോന്നി.

💕💕💕💕💕💕💕💕

ബിപി കുറഞ്ഞത് ആണ്. ആൾ നല്ല സ്ട്രെസ് അനുഭവിക്കുന്നുണ്ടെന്ന് തോന്നുന്നു.നല്ല ക്ഷീണം ഉള്ളോണ്ട് ഡ്രിപ്പ് ഇട്ടിട്ടുണ്ട്. ഡോക്ടർ അത് പറഞ്ഞു പോയി.

ശാന്തമായി ഉറങ്ങുന്ന അവളെ നോക്കി നെടുവീർപ്പ് ഇട്ടു ഫൈസി. അവളുടെ തലയിലൂടെ തലോടി അവളുടെ അടുത്ത് ഇരുന്നു.

നമ്മുടെ ജുനുവിന്ന് ഇങ്ങനെയൊരു മാറ്റം

വിശ്വസിക്കാൻ ആവുന്നില്ല. ഇനുവെന്ന് വെച്ചാൽ ജീവൻ ആയിരുന്നില്ലേ അവന്ന്. നമ്മൾ തന്നെ എത്രയോ പ്രാവശ്യം നിനക്കെ പെങ്ങൾ ഉള്ളൂ എന്ന് പറഞ്ഞു കളിയാക്കിയിരിക്കുന്നു. ഇന്ന് അവളെ കരച്ചിൽ കണ്ടു ഞാൻ തന്നെ കരഞ്ഞു പോയി. എന്നിട്ടും മൈന്റ് ചെയ്യാതെ അവൻ

പോകാൻ എങ്ങനെ തോന്നി അവന്ന്.

സമി പറയുന്നത് കേട്ടു ഫൈസി മൂളിയതെ ഉള്ളൂ. അവന്റെ മനസ്സിലും അത് തന്നെ ഉണ്ടായിരുന്നുള്ളൂ

പെട്ടെന്ന് ജുനുവിന്റെ പിറകെ പോകാൻ മാത്രം അവിടെ എന്താ സംഭവിച്ചത്.

ജുനു....... ജുനു..... മാപ്പ്...... എന്നേ വിട്ടു പോകല്ലേ.......എനിക്ക് നീയേ ഉള്ളൂ....... അവൾ പറയുന്നത് കേട്ടു രണ്ടു പേരും അവളെ നോക്കി.

കണ്ണ് തുറക്കാതെ തന്നെ ഉള്ളത്. ബോധം വരികയാണെന്ന് തോന്നി. പെട്ടെന്ന് ജുനു..... എന്ന് വിളിച്ചു കൊണ്ട് ഞെട്ടി ഉണർന്നു. ചുറ്റും നോക്കി...... എനിക്ക് ജുനുവിനെ കാണണം..... അവനോട് എന്നേ വിട്ടു പോകല്ലേന്ന് പറയ്..... എന്ന് പറഞ്ഞു ഡ്രിപ്പ് ഇട്ട വയർ എല്ലാം പിടിച്ചു  വലിച്ചെറിഞ്ഞു അവൾ

എണീറ്റു. ഫൈസിയും സമിയും അവളെ പിടിച്ചു കിടത്തി.കയ്യിൽ നിന്നും ബ്ലഡ് ഒലിച്ചു താണു.

ജുനു വരും..... നീയൊന്ന് കിടക്ക്. കയ്യിൽ നിന്നും ബ്ലഡ് വരുന്നുണ്ട്.

അവളതൊന്നും ശ്രദ്ധിക്കാതെ ജുനുവിനെ  എന്ന് മാത്രം പറഞ്ഞു കൊണ്ട് ഇരുന്നു.

സമി അപ്പോഴേക്കും ഡോക്ടറെ കൂട്ടി വന്നു.

അവൾക്ക് നഴ്സിനോട് പറഞ്ഞു ഇഞ്ചക്ഷൻ എടുത്തു. അവൾ മയങ്ങിയത് പോലെ അവിടെ കിടന്നു.

ഉറങ്ങാൻ ഉള്ള മരുന്ന് കൊടുത്തിട്ടുണ്ട്. മനസ്സിനേറ്റ ശക്തമായ ആഘാതത്തിൽ നിന്നും അവൾ ഇത് വരെ തിരിച്ചു വന്നിട്ടില്ല. അത് കൊണ്ടാണ് ഇത്. ഉറക്കം എഴുന്നേൽക്കുമ്പോൾ ശരിയാകും. പറ്റുമെങ്കിൽ പേഷ്യന്റ് പറയുന്ന ജുനുവിനെ വിളിച്ചു വരുത്താൻ നോക്ക്. എന്നാലേ നോർമൽ ആവുകയുള്ളു.അല്ലെങ്കിൽ പെഷ്യന്റ് ഡിപ്രഷനിലേക്ക് പോകാൻ ചാൻസ് ഉണ്ട്.

ഫൈസിയും സമിയും പരസ്പരം നോക്കി.

ടാ നീ ജുനുവിനെ വിളിച്ചു കാര്യം പറ. ഹോസ്പിറ്റലിൽ ആണ് ഉള്ളതെന്ന് പറയ്.

ഫൈസി പറയുന്നത് കേട്ടു സമി സംശയത്തോടെ അവനെ നോക്കി. ദേഷ്യം ഒക്കെ മാറിയോ അവനോട്.

അവന്റെ നോട്ടത്തിന്റെ അർത്ഥം മനസ്സിലായപോലെ ഫൈസി പറഞ്ഞു.

ഇനുവിനെ വെച്ചൊരു പരീക്ഷണത്തിന് എനിക്ക് പറ്റില്ല. എനിക്കവളുടെ സന്തോഷം മാത്രം കണ്ടാൽ മതി.

സമി ഫോൺ എടുത്തു വിളിച്ചു.

സ്വിച് ഓഫ് ആണ്. ഇനിയെന്ത് ചെയ്യും.

നീ പോയി അന്വേഷിച്ചു നോക്കിയിട്ട് വാ. എന്നിട്ട് അവനെ കൂട്ടി വാ

സമി ദേഷ്യത്തോടെ അവനെ നോക്കിയെങ്കിലും ഫൈസി അവനെ ഉന്തിത്തള്ളി പറഞ്ഞയച്ചു.

ഫൈസി അവളുടെ അടുത്ത് ഇരുന്നു. ഇരു സൈഡിലൂടെയും ഒലിച്ചിറങ്ങിയ കണ്ണുനീർ തുടച്ചു

കൊടുത്തു. അവളുടെ മുഖത്തേക്ക് തന്നെ നോക്കി. വലിഞ്ഞു മുറുകുന്ന മുഖവും പിടക്കുന്ന കണ്ണുകളും ഉറക്കത്തിലും അവൾ അസ്വസ്ഥയാണെന്ന് അവന്ന് മനസിലായി. അവളുടെ തലയിലൂടെ തലോടി.അവളുടെ കവിളിൽ കൈ വെച്ചു. അവൾ ശാന്തയാകുന്നത് അവനറിഞ്ഞു.അവളുടെ മുഖവും നോക്കി അവൻ കിടന്നു.

സമി പരിഭ്രമത്തോടെ ഓടി വന്നു.

ജുനുവിന്റെ ഫോൺ സ്വിച് ഓഫ് ആണ്. വീട്ടിൽ പോയി ഞാൻ. വീട് പൂട്ടിയിരിക്കുകയാണ്. റാനിയയുടെ വീട്ടിൽ പോയി തിരക്കി. ഡൽഹിയിൽ ജോലി കിട്ടി പോവുകയാണെന്ന് പറഞ്ഞു പോലും. ബാഗ് ഡ്രസ്സ് എടുത്ത പോയത് . വീടിന്റെ താക്കോൽ അവിടെ ഏല്പിച്ചിന്. ഇനയക്ക് കൊടുത്ത മതി എന്ന് പറഞ്ഞു പോലും.

അപ്പോൾ അവൻ എന്നേ വിട്ടു പോയി അല്ലേ......... എന്നേ അവന്ന്  ഇനി വേണ്ടല്ലേ...... ചിലമ്പിച്ച ശബ്ദം കേട്ടു അവർ ഞെട്ടി തിരിഞ്ഞു നോക്കി.

ഇനു കണ്ണ് തുറന്നു അവരെ തന്നെ നോക്കി നില്കുന്നത് കണ്ടു. ഫൈസിയും സമിയും

ദയനീയതയോടെ അവളെ നോക്കി.

ഇതേ സമയം ജന്നത് വീട്ടിൽ എല്ലാവരും ഹാളിൽ ഒത്തുകൂടി. എല്ലാവരും അമ്മീജാനിന്റെ വാക്കുകൾക്കായി കാതോർത്തു.

ഈ മാസം തന്നെ ഈ വീട്ടിൽ മൂന്നു കല്യാണവും ഒന്നിച്ചു നടക്കണം. ഷാനയുടെ മുഖം മാത്രം സന്തോഷത്തിൽ വിടർന്നു. നദീംമിന്റെ സന്തോഷിക്കണോ വേണ്ടയോ എന്നുള്ള മുഖം കണ്ടപ്പോൾ അവളുടെ മുഖത്ത് കാർമേഘം പടർന്നു. ഇജാസ് ഞെട്ടി പകച്ചു നോക്കി നില്കുന്നുണ്ട്.

എനിക്കിപ്പോ ഒരു കല്യാണം വേണ്ട. എനിക്ക് എന്റേതായ ലക്ഷ്യങ്ങൾ ഉണ്ട്. അത് കൊണ്ട് കുറച്ചു കഴിഞ്ഞേ കല്യാണം വേണ്ടു ഇജാസ് മുഖം കുനിച്ചു പറഞ്ഞു.

സമ്മതം അല്ല ചോദിച്ചത്. കല്യാണം നടക്കും എന്നാണ് പറഞ്ഞത്. എല്ലാവർക്കും പോകാം.

എല്ലാവരുടെയും പിറു പിറുക്കൽ കേട്ടു എല്ലാവരും പോയി. നദീംമും ഇജാസ് മാത്രം ആയി.

അമ്മീജാൻ...... ഇജാസ് അവരുടെ മുന്നിൽ പോയി ദേഷ്യത്തോടെ വിളിച്ചു.

എല്ലാം അറിയുന്നതല്ലേ...... എനിക്കിപ്പോ ഈ മാര്യേജ് വേണ്ട.

. ഒരു മാറ്റം അനിവാര്യം ആണ് മൂന്നു പേർക്കും.കല്യാണം നടക്കണം. അത് പറഞ്ഞു അവർ പോയി.

എനിക് ഒരു വിവാഹം വേണ്ട. ഞാൻ വിവാഹം കഴിക്കാനും പോകുന്നില്ല. ഇജാസ് ഉറപ്പിച്ചു പറഞ്ഞു.

📚STORY BOARD📚

❤️ ❤️ ❤️ 💔 INVISIBLE LOVE 💔❤️

Love after💘 marriage story

.❤️ 💔 INVISIBLE LOVE 💔❤️

Love after💘 marriage story

Part 13

നിങ്ങൾ കല്യാണം കഴിക്കുകയോ കഴിക്കാതിരിക്കുകയോ എന്ത് വേണമെങ്കിലും തീരുമാനിച്ചോ...... എന്റെ കല്യാണം തീർച്ചയായും ഒരു മാസത്തിനുള്ളിൽ നടക്കും. എൻഗേജ്മെന്റ് അടുത്ത ആഴ്ച ഗ്രാൻഡ് ആയും ഉണ്ടാവും. അമ്മീജാൻ എനിക്ക് ഉറപ്പ് തന്നതാണ്.ഷഹാന അതും പറഞ്ഞു വന്നു.

അല്ല ചെക്കനായ ഞാൻ വേണ്ടേ  കല്യാണത്തിന് നദീം അവളോട് ചോദിച്ചു.

ഭൂലോക രംഭ വന്നു റിങ് എടുത്തു തന്നാലേ എൻഗേജ്മെന്റ് നടത്തു എന്നിട്ട് കല്യാണം പോലും..... കാത്തിരിക്കാൻ തുടങ്ങിയിട്ട് വർഷം കുറെ ആയി.....ഇങ്ങനെ പോയാൽ എനിക്ക് മൂക്കിൽ പല്ല് മുളക്കും.നദീംക്കക്ക്  സമ്മതം അല്ലെങ്കിൽവേറെ ചെക്കനെ ഞാൻ കണ്ടു പിടിക്കും. പിന്നെ ഞാൻ തേച്ചുന്ന് പറഞ്ഞു വരണ്ട. അതും ദേഷ്യത്തോടെ പറഞ്ഞു ഷഹാന പോയി.

ഇജ്ജൂ...... നദീം ദയനീയമായി അവനെ വിളിച്ചു.

എന്നേ വിളിച്ചിട്ട് എന്താക്കാനാ...... ഞാൻ പറഞ്ഞോ നിന്നോട് ഇനു റിങ് എടുത്തു തന്നാലേ

എൻഗേജ്മെന്റ് നടത്തുന്ന് സത്യം ഇടാൻ.

അന്ന് അവൾ എന്നോട് ഇങ്ങോട്ടാ പറഞ്ഞത് ഞാൻ റിങ് എടുത്തു കാക്കുന്ന് തരും എന്നാലേ കല്യാണം കഴിക്കാവുന്ന്. എന്റെ ചിന്തയിൽ നീ അവളെ ഇങ്ങോട്ട് കൊണ്ട് വരുമല്ലോ അതോണ്ട് ധൈര്യത്തിൽ സത്യം ഇട്ടു പോയി.

അമ്മിജാൻ പറഞ്ഞത് നീ കേട്ടില്ലേ...... ഇനയയെ ഞാൻ കാണരുതെന്ന്...... ഞാൻ അവൾക്ക് ശല്യം ആയി മാററുതെന്ന്. ഇനായ ഫൈസ് ആണ് പോലും അവൾ...... അവളെ വിട്ടേക്കാം...... മുന്നിലും പോകില്ല.....അപ്പൊ നമ്മളുടെ സ്വപ്നമോ...... നമ്മുടെ ജന്നത് ഒരിക്കലും ഈ വീട്ടിൽ കാലകുത്തരുതെന്ന് ആണൊ......  ജുനൈദ്....... അവനാണ് എല്ലാത്തിനും കാരണം....... അവൻ ഒന്ന് സമ്മതം മൂളിയിരുന്നെങ്കിൽ..... നമ്മുടെ ജന്നത് നമ്മുടെ കൂടെ ഉണ്ടാകുമായിരുന്നില്ലേ..... എനിക്ക് എന്റെ അനിയത്തിയെ നഷ്ടപ്പെടുമായിരുന്നോ.....

ജന്നത്......... അവൻ തലമുടിയിൽ കൊരുത് പിടിച്ചു അലറി.

ഞാൻ ഇനയയോട് സംസാരിച്ചാലോ. വേണേൽ

കാലും പിടിക്കാം...... അല്ലാതെ വേറെ വഴി ഞാൻ കാണുന്നില്ല.എനിക്ക് എന്റെ ഷാനയെ വേണം നദീം പറഞ്ഞു

ആരും ആരുടേയും കാൽ പിടിക്കേണ്ട ആവിശ്യം ഇല്ല.ശബ്ദം കേട്ടു നദീംമും ഇജാസും തിരിഞ്ഞു നോക്കി.

ഷഹീ...... നീയെപ്പോഴാ വന്നത്.

ഇപ്പൊ ലാൻഡ് ചെയ്തു. വിവരങ്ങൾ ഒക്കെ കൃത്യമായി ഷഹാന അറിയിച്ചും തന്നു. വിത്ത് ഭീഷണിയും.... അവൾ നിന്നെ ഔട്ട് ആക്കി വേറെ കെട്ടുന്ന്. പാവം സങ്കടം കൊണ്ട് പറഞ്ഞതാണ്.എന്നാലും ശഹസാദിനോട് കംപ്ലൈന്റ് പറഞ്ഞിട്ട് അത് പരിഹരിച്ചു കൊടുത്തില്ലെങ്കിൽ ആങ്ങളആയിട്ട് ഞാൻ എന്തിനാ.....

എന്താ എന്നിട്ട് നിന്റെ തീരുമാനം.

നീലക്കണ്ണി തന്നെ നിനക്ക് റിങ് എടുത്തു തരും. എൻഗേജ്മെന്റ് ഗ്രാൻഡ് ആയി നടക്കും. നമ്പർ ടു ജന്നത് ഹൈദർ അനൗൺസ് ചെയ്ത പോലെ അടുത്ത ബോർഡ് മീറ്റിങ്ങിൽ പങ്കെടുക്കാൻ ലണ്ടനിൽ നിന്നും പറന്നു വരികയും ചെയ്യും.

നമ്മളോടൊപ്പം അവളും ഉണ്ടാകും മീറ്റിങ്ങിൽ .നിങ്ങൾ സമ്മതിക്കാത്തൊണ്ട ഇത്രയും കാലം ഞാൻ ഇടപെടാതെ നിന്നത്.

എന്ത് നല്ല നടക്കാത്ത സ്വപ്നങ്ങൾ..... അങ്ങോട്ട് പോയ മതി ഫൈസ് എടുത്തിട്ട് അലക്കും നിന്നെ. ഒരുത്തൻ ദാ ഡിവോഴ്സ് പേപ്പർ കൊടുത്തിട്ട് അവന്റെ ഒറിജിനൽ ഒപ്പിന് പകരം ഡ്യൂപ്ലിക്കേറ്റ് ഒപ്പിട്ട് കൊടുത്തിരിക്കുന്നു. അങ്ങനെ ഉള്ള അവൻ അവളെ വേഗം വിട്ടു തരും. വായും പോളന്നു ഇരിക്ക്..... രണ്ടും നടക്കൂല.

അതിന്ന് ഒപ്പിന്റെ സത്യം നീലകണ്ണിക്ക് അറിയില്ലല്ലോ...... നമുക്ക് സത്യം മനസ്സിലായത് ഫൈസിന്റെ ഒപ്പ് നമ്മുടെ ഒരു എഗ്രിമെന്റ്ൽ ഉള്ളോണ്ട് ആണ്.അവളുടെ മുന്നിൽ അവൻ ഡിവോഴ്സ് പേപ്പറിൽ ഒപ്പിട്ടല്ലോ.....മോനെ ഇജ്ജുക്ക എന്നിൽ വിശ്വസിക്ക് നമ്മൾ ഒരുമിച്ചാൽ നടക്കാത്ത എന്തെങ്കിലും കാര്യം ഉണ്ടോ....

ഉണ്ട് ശഹി...... ജന്നത്ത്..... അവളെ മുന്നിൽ സാക്ഷാൽ ആയിഷ ഹൈദറലിഖാൻ പോലും തോറ്റു പോയിരിക്കുന്നു. നമ്മൾ പിന്നെ പണ്ടേ തോറ്റത്

ആണല്ലോ....

അത് നമുക്ക് പിന്നെ ആലോചിക്കാം അത് വിട്. ഇപ്പൊ മിഷൻ നദീംക്ക  എൻഗേജ്മെന്റ് വിത്ത് നീലക്കണ്ണി.

ഒരിക്കൽ നീ ഇനായയുടെ പ്രശ്നത്തിൽ ഇടപെട്ടത് ഓർക്കുന്നുണ്ടോ നദീം ചോദിച്ചു

പിന്നില്ലാതെ...... ഇവൻ ജുനുവിനെ അടിച്ചു. അത് കണ്ടു വന്ന നീലകണ്ണി ഇവനെ തള്ളിയിട്ടു നെറ്റി പൊട്ടി ചോര വന്നു. അത് ചോദിക്കാൻ പോയ എന്നെ അവൾ വെല്ലുവിളിച്ചു. ഞാൻ അവളെയും പിടിച്ചു തള്ളിയിട്ടു. അവളെ കൈ മുട്ട് പൊട്ടി ചോര വന്നു. അതിന്ന് ഈ തെണ്ടി അനിയൻ ആണെന്ന് പോലും ഓർക്കാതെ എന്നെ തല്ലിച്ചതച്ചു. പിന്നെ ഒരു ഡയലോഗും അവളോട് ഇവനെ ഞാൻ വേണ്ടെന്നു വെച്ച എന്റെ കൂടെ വരോന്ന്. അവൾക്ക് വേണ്ടി യാതൊരു മനസ്സാക്ഷി കുത്തും ഇല്ലാതെ എന്നെ ഗെറ്റ്ഔട്ട് അടിച്ചു. എന്നേക്കാൾ വലുത് അവളാണെന്ന് ഇവൻ അന്ന് തെളിയിച്ചു തന്നു.

ഇതിപ്പോ ഓർമിപ്പിച്ചത് എന്തിനാണെന്ന് വെച്ചാൽ അവളെ കണ്ണ് നിറഞ്ഞാൽ ഇനിയും നീ തല്ല്

വാങ്ങിക്കൂട്ടും. ഇജു അത് മാത്രം സഹിക്കില്ല.

അയ്യോ...... ഇല്ലായേ..... അവളെ നോട്ടം കൊണ്ട് പോലും വേദനിപ്പിക്കാതെ ഞാൻ എൻഗേജ്മെന്റ്ന് കൊണ്ട് വന്നോളാം. പ്ലീസ് ട്രസ്റ്റ് മി ഗായ്സ്......

വേറൊന്ന് കൂടി ഓർത്തോ അവൾക്ക് ഇപ്പൊ രക്ഷകൻ ഫൈസ് ആണ്. നമ്മൾ ബിസിനസ് ശത്രുക്കൾ ആണ്.

ഞാൻ കൊടുക്കാൻ പോകുന്ന പണിയേ അവനിട്ട് ആണ്. അവൻ ആണ് ഇനി എന്റെ ടാർഗറ്റ്.

അമ്മിജാൻ..... ഇജാസ് സംശയത്തോടെ അവനെ നോക്കി.

ഇജുക്ക ഒരു പ്രാവശ്യം മാത്രം അവളെ കണ്ടാൽ മതി. അവളുടെ റിയക്ഷൻ എനിക്ക് നേരിട്ട് കാണാൻ വേണ്ടി മാത്രം. ഇജുക്കനോട് അവൾക്കുള്ള സമീപനം എങ്ങനെ ആണെന്ന് അറിയാൻ.........ബാക്കി ഒക്കെ ഞാൻ ചെയ്തോളാം...... ആർക്കും ഒരു പ്രോബ്ലം ഉണ്ടാക്കാതെ ഫൈസി സത്യങ്ങൾ അറിയാതെ നീലക്കണ്ണിയെ ഞാൻ കൊണ്ട് വരും.നമ്മുടെ ഷാനയുടെ എൻകെജ്മെന്റ് നമ്മുക്ക് ഗ്രാൻഡ്

ആക്കണ്ടേ.

Mmm ഇജാസ് ഒന്ന് മൂളി.

ഞാൻ ആദ്യം എന്റെ മാര്യേജ് കാൻസൽ ചെയ്യിക്കട്ടെ. മൂപ്പതിയെ ഒന്ന് സോപ്പിടട്ട്.

ഞാനും ഉണ്ട് കൂടെ എനിക്കും ഇപ്പോൾ മാര്യേജ് വേണ്ട. ഞാൻ ഒരു പിഞ്ചു ബാലൻ ആണെന്ന് പറയണം.

പിഞ്ചുബാലൻ..... കഴിഞ്ഞ മാസം മദാമ്മയുടെ കൂടെ ഗോവക്ക്  പോയത് ഞാൻ അറിഞ്ഞിട്ടില്ലെന്ന് കരുതണ്ട നദീം അവനെ നോക്കി കണ്ണുരുട്ടി.

ഗോവയല്ല അമേരിക്കയിൽ പോയാലും ഈ ഇടനെഞ്ചിൽ ഒരുത്തിയെ കേറിയിട്ടുള്ളു. മക്കളെ..... അത് പറഞ്ഞതും ഇജാസിന്റെയും നദീംമിന്റെയും മുഖം വാടി.

ശഹി ദയനീയമായി അവരെ നോക്കി. അറിയാതെ വായിൽ നിന്നും വീണുപോയത് ആണ്. അല്ലേലും ഫസ്റ്റ് ലവ് അത്ര പെട്ടെന്ന് മറക്കാൻ പറ്റോ...... അതും വിവാഹം ഉറപ്പിച്ചു സ്വന്തം ആണെന്ന് പറഞ്ഞു മനസ്സിൽ കൊണ്ട് നടന്ന പെണ്ണ്.........ഒരു വേദന

നെഞ്ചിൽ പടർന്നുവെങ്കിലും അത് മറച്ചു വെച്ച് അവൻ മുഖത്ത് ചിരി വരുത്തി.

സോറി ഗയ്സ്...... ജന്നത് മേരി ബഹൻ ഹും....

ഒന്ന് ചിരിക്കെടോ...... ഞാൻ അറിയാതെ പറഞ്ഞു പോയതാ.....എന്റെ ഓർമകളിൽ പോലും എന്റെ പ്രണയം ഇല്ല.ജന്നത് എന്റെ സഹോദരി ആണ്...... സഹോദരി ആണ്.....സഹോദരി മാത്രം  ആണ്.....

ഇത് സത്യം ആണ്....ഒരു തരം..... രണ്ടു തരം.... മൂന്നു തരം..... ഹാപ്പിമാൻ.....

ശഹി അവരെ ഉന്തിത്തള്ളി അമ്മിജന്റെ റൂമിലേക്ക് പോയി. അവന്റെ ഉള്ളിൽ അപ്പോൾ ജുനുവിന്റെ മുഖം ഒരു പകയോടെ  തെളിഞ്ഞു വന്നു.

❤️ ❤️ ❤️ ❤️ ❤️ ❤️ ❤️ ❤️ ❤️

എന്നേ അവന്ന് വെറുപ്പായിരിക്കും അല്ലേ......

അതല്ലേ എന്നേ കൂട്ടാതെ പോയത്........

ഞാൻ ദേഷ്യത്തിൽ അറിയാതെ പറഞ്ഞു പോയതല്ലേ..... എന്നോട് ക്ഷമിച്ചുടാരുന്നോ അവന്ന്....... എനിക്ക് സ്വന്തം എന്ന് പറയാൻ എന്റെ ജുനുവും ഉമ്മയും മാത്രം അല്ലേ ഉള്ളൂ,....എന്നിട്ടും

എന്നെ വേണ്ടെന്നു വെച്ചു പോയില്ലേ..... ഉപ്പ മരിച്ച ശേഷം ഇത് വരെ എന്നെ ഒറ്റക്ക് ആക്കിയിട്ടില്ല ഉമ്മയും ജുനുവും ........ എന്നിട്ടിപ്പോ.....

അവൾ മുഖം പൊത്തി പൊട്ടികരഞ്ഞു.

സമിയും ജുനുവും സങ്കടത്തോടെ അവളെ നോക്കി. അവളുടെ കരച്ചിൽ കണ്ടപ്പോൾ ഫൈസിന് നെഞ്ചിൽ ഒരു നീറ്റൽ തോന്നി. ഞാൻ ഉള്ളപ്പോൾ നീയൊരിക്കലും ഒറ്റക്കവില്ലന്ന് ചേർത്ത് പിടിച്ചു പറയണം എന്ന് തോന്നി. അവളുടെ കരച്ചിൽ കൂടുതൽ നേരം കണ്ടു നിൽക്കാൻ അവന്ന് കഴിഞ്ഞില്ല. അവൻ അവളുടെ അടുത്തേക്ക് ചെന്നു. മുഖത്ത് നിന്നും കൈ മാറ്റി. അവൾ മുഖം ഉയർത്തി അവന്നെ നോക്കി.

ജുനു വരും..... നിന്നെ തനിച്ചാക്കി അവൻ എവിടെ പോകാനാ. അവളുടെ കണ്ണുകൾ തുടച്ചു അവൻ പറഞ്ഞു.

അവൻ വരൂല..... എനിക്കറിയാം അവന്നെ.... ഞാൻ പറഞ്ഞതൊക്കെ അവന്ന് ഫീൽ ആയിട്ട് ഉണ്ടാവും..... ഇർഫാന്റെ വാക്കിൽ വിശ്വസിച്ചു പോയി..... അവൻ ചതിക്കരുന്നുന് അറിഞ്ഞില്ല. അവൻ പറഞ്ഞിട്ട

അങ്ങനെ ഒക്കെ ജുനുനോട് പറഞ്ഞത്.

ഫൈസി ഞെട്ടലോടെ അവളെ നോക്കി. ഇർഫാൻ..... ചതിക്കരുന്നുനോ.......

Mmm....അവൾ ഒഴുകി ഇറങ്ങുന്ന കണ്ണുനീർ തുടച്ചു.അവന്ന് വേറെ പെണ്ണൊക്കെ ഉണ്ട്. അതിൽ കുട്ടിയും ഉണ്ട്. അവന്ന് എന്നെ ചതിക്കരുന്നു. ഒക്കെ ജുനുന് അറിയാരുന്നു.ഞാൻ പറഞ്ഞത് വിശ്വസിക്കാത്തോണ്ട് അവന്റെ കയ്യിൽ നിന്ന് രക്ഷിക്കാനാ ആ പാവം എന്റെ കല്യാണം നടത്തിയത്.

നീയെന്തൊക്കെയാ പറയുന്നേ. ജുനു പറഞ്ഞത് ഒക്കെ സത്യം ആണൊ അതോ നിങ്ങളെ പിരിക്കാൻ കള്ളം പറഞ്ഞതോ ഫൈസിക്ക് സംശയം തീർന്നിരുന്നില്ല.

അവൾ എല്ലാം പറഞ്ഞു കൊടുത്തു.

ഫൈസിന് മനസ്സിൽ അഞ്ചാറുലഡു ഒന്നിച്ചു പൊട്ടി. സന്തോഷം കൊണ്ട് തുള്ളിചാടാൻ തോന്നി. ഇർഫാന് വിട്ടുകൊടുക്കുന്ന് പറഞ്ഞെങ്കിലും മനസ്സ് കൊണ്ട് എന്നും പ്രാർത്ഥിച്ചത് ഇവൾ എന്നെ വിട്ടുപോകരുതേ എന്നാണ്. സന്തോഷം കൊണ്ട് കണ്ണ് നിറഞ്ഞു

അവന്റെ. അവൻ അവളെ ഇറുക്കെ കെട്ടിപിടിച്ചു.പെട്ടന്ന് എന്തോ ഓർത്തപോലെ അവളെ വിട്ടു. എക്സയിന്റ്മെന്റ്ൽ ചെയ്തു പോയതാണ്.

സോറി...... അവളെ മുഖത്തേക്ക് നോക്കാതെ പറഞ്ഞു.

അവളുടെ റിയക്ഷൻ കാണാത്തോണ്ട് അവളെ നോക്കി. ബെഡിലേക്ക് ചെരിഞ്ഞു കിടന്നിട്ടുണ്ട് ഭിത്തിയിലേക്ക് ആണ് നോട്ടം. അവളീ ലോകത്ത് ഒന്നുമല്ലെന്ന് അവന്ന് തോന്നി.

അവൻ എണീറ്റു സമിയെ കൂട്ടി പുറത്തേക്ക് പോയി.

പുറത്ത് എത്തിയതും സമിയെ ഉറുമ്പടക്കം കെട്ടിപിടിച്ചു. അവന്റെ പിടിത്തത്തിൽ നിന്നും സമിക്ക് അവന്റെ സന്തോഷം മനസ്സിലാകുന്നുണ്ടായിരുന്നു.

അവളോട് ക്ഷമിച്ചു എല്ലാം മറന്നു സ്വീകരിക്കാൻ നിനക്ക് ആകോ ഫൈസി.

എനിക്ക്  ഇത് വരെ അവളെ വെറുക്കനോ മറക്കാനോ പറ്റിയിട്ടില്ലട അതിന്ന്. കൂടെ കൂട്ടുമ്പോഴും

ആഗ്രഹിച്ചിട്ടെ ഉള്ളൂ ഇർഫാനെ വേണ്ടെന്നു പറഞ്ഞു എന്നെ സ്വീകരിക്കണെന്ന്. എനിക്കവളെ വേണം സമി .

ഇർഫാനെ വേണ്ടെന്നു വെച്ചിട്ടുള്ളു. നിന്നെ വേണമെന്ന് പറഞ്ഞിട്ടില്ല. എല്ലാം മറന്നു നിന്നെ അവൾ സ്വീകരിക്കണോന്ന് ഇല്ല.

അവളെ സമ്മതം ആർക്ക് വേണം ഇനി.എന്റെ ഭാര്യയാ അവൾ.  അവൾ ഇനി എന്റെയാ എന്റെ മാത്രം...... ഇനി ഒരുത്തനും എന്തിന് വേണ്ടിയും വിട്ടുകൊടുക്കില്ല.

❤️ ❤️ ❤️ ❤️ ❤️ ❤️ ❤️ ❤️

ഇതേ സമയം ജന്നത് ഹൌസിൽ അമ്മിജന്റെ മുന്നിൽ കയ്യും കെട്ടി നില്കുകയാരുന്നു മൂന്നു പേരും.......

അമ്മിജാൻ...... അമ്മിജന്റെ ആകെയൊരു മകന്റെ മകൻ അല്ലേ  ഞാൻ.....  എന്നിട്ടും എന്നോട്   ഒരു ഇഷ്ടം ഇല്ലേ..... ഒന്നുമില്ലെങ്കിലും ആകെയൊരു ആൺ തരിയല്ലേ ഉള്ളു ........ഇജു  സങ്കടത്തോടെ മുഖം ആക്കി പറഞ്ഞു.

ഡയലോഗ് മാറ്റിപിടി ഇജു.... ഇതേ ഡയലോഗ് വേറൊരു വേർഷനിൽ ഒരുത്തൻ പറഞ്ഞു കഴിഞ്ഞു അമ്മിജാൻ കടുപ്പിച്ചു  പറഞ്ഞു

അതേത് തെണ്ടി.... അവൻ പിറു പിറുത്തു കൊണ്ട് പിറകിലേക്ക് നോക്കി.... ശഹി ഞാൻ തന്നെ എന്ന് കണ്ണോണ്ട് കാണിച്ചു.

നീ എപ്പോഴാടാ പറഞ്ഞത്. ഇജാസിന്റെ ഈ ഡയലോഗിലെ അമ്മിജാൻ മൂക്കും കുത്തി വീഴാറുള്ളു. അതും നശിപ്പിച്ചു.നദീം മെല്ലെ പറഞ്ഞു.

വന്നയുടെ ഇവിടേക്ക് ലാൻഡ് ചെയ്തേ. ഡയലോഗ് പറഞ്ഞതും അപ്പൊ തന്നെ ഗെറ്റ് ഔട്ട് അടിച്ചു.

ശവം...... ഇജാസ് അവനെ നോക്കി പല്ല് കടിച്ചു.

എനിക്ക് മൂന്നു മക്കൾ ഒരാണും രണ്ടു പെണ്ണും. നീ എന്റെ ഏക മകൻ ഹൈദറുടെ  മൂന്നു മക്കളിൽ ആകെയുള്ള സൽപുത്രൻ ഇജാസ് ഹൈദർ,......ഇവൻ എന്റെ രണ്ടു പെൺ മക്കളിൽ മൂത്ത മകളുടെ മൂത്ത മകൻ നദീംമിനെ ചൂണ്ടി പറഞ്ഞു....... പിന്നെ ഇത് ഇളയ മകളുടെ  സന്താനം ശഹസാദ്..... ഇപ്പൊ എല്ലാർക്കും മനസ്സിലായല്ലോ എനിക്ക് ഓർമ്മക്ക് തകരാർ ഒന്നുമില്ലെന്ന്.......

ഘനഗംഭീരമായ ശബ്ദം മുഴങ്ങിയതും അവർ പരസ്പരം നോക്കി. ഇങ്ങനെ ദേഷ്യത്തിൽ ഇത് വരെ കണ്ടിട്ടില്ല. ഇനുവിനെയും ഫൈസിനെയും പിരിക്കാൻ നോക്കിയത് അത്ര വലിയ തെറ്റ് ആണൊ. അല്ലെന്ന് മനസ്സ് അലറി വിളിക്കുന്നുണ്ട്. ഞാൻ ചെയ്യുന്നത് തെറ്റല്ല. അവൻ മനസ്സിൽ അത് തന്നെ ഉറപ്പിച്ചു നിർത്തുമ്പോഴും വല്ലാത്തൊരു അസ്വസ്ഥത അവനെ പിടിച്ചു മുറുക്കുന്നത് അവൻ അറിഞ്ഞു. അവളുടെ നിറഞ്ഞ കണ്ണുകൾ ഓർമയിൽ ഓടിയെത്തിയതും അവൻ മനസ്സിൽ ഉറപ്പിച്ചിരുന്നു ഇനായക്ക് ഫൈസ് വേണ്ട.

അപ്പോൾ സോപ്പിങ്ങിൽ വീഴില്ല ഇനി ഒറ്റ വഴിയേ ഉള്ളൂ ഇജു മെല്ലെ ഷഹിയുടെ കാതിൽ പറഞ്ഞു.

അവൻ തലയാട്ടിയതും രണ്ടു പേരും ഒന്നിച്ചു ആ കാലിൽ വീണു. ഞങ്ങൾക്ക് കല്യാണം വേണ്ട........ ഉത്തരവ് പിൻ വലിക്കണം.

❤️ ❤️ ❤️ ❤️ ❤️ ❤️ ❤️ ❤️

ഫൈസ് വാതിൽ തുറന്നു അകത്തു കയറി. ശബ്ദം കേട്ടതും അവൾ ഞെട്ടി എണീറ്റു. ഫൈസിയുടെ പിറകിലേക്ക് തന്നെ നോക്കുന്നത് കണ്ടു. ജുനുവിനെ

ആയിരിക്കുമെന്ന് അവന്ന് തോന്നി.

ജുനുനെ കണ്ടോ...... അവൾ തളർന്ന സ്വരത്തിൽ ചോദിച്ചു.

എന്നാലും ജുനു എവിടെ ആയിരിക്കും പോയത്.....എന്തിനായിരിക്കും പോയത്.......

കെട്ടിടത്തോളം രണ്ടും തമ്മിൽ സ്ട്രോങ്ങ് ആയ ബന്ധം ആണ്. ഇതിന്റെ പേരിൽ അവൻ അവളെ വിട്ടുപോകില്ലെന്ന് ഉറപ്പാണ്. ജുനുവിനെ മനസ്സിലാക്കനെ പറ്റുന്നില്ലല്ലോ.

എനിക്ക് എന്റെ വീട്ടിൽ പോകണം..... എന്നെ ഒന്ന് വീട്ടിൽ കൊണ്ടാക്കിതരോ..... കണ്ണും നിറച്ചു ദയനീയതോടെ അവനോട് ചോദിച്ചു.

അവിടെ ആരും ഇല്ല. വീട് പൂട്ടിയിട്ടിരിക്കുകയാ

പിന്നെന്തിനാ പോകുന്നത്.

എനിക്ക് പോണം..... എന്റെ ജുനു വരും..... ഞാൻ അവിടെ തനിച്ചാണെന്ന് അറിഞ്ഞാൽ എവിടെ ആണെങ്കിലും ജുനു  വരും..... എനിക്ക് തനിച്ചിരിക്കാൻ പേടിയാണെന്ന് ജുനുന് അറിയാം..... അവൾ ഉറപ്പോടെ പറഞ്ഞു.

നീയതിന് തനിച്ചല്ലല്ലോ പെണ്ണേ....ഒരിക്കലും തനിച്ചാക്കുകയും ഇല്ല. അവൻ മനസ്സിൽ പറഞ്ഞു.

അവൾ പിന്നെയും പറഞ്ഞോണ്ട് ഇരുന്നു. നേരത്തെ പോലെ വയലന്റ് ആകുമെന്ന് തോന്നിയപ്പോൾ അവൻ സമ്മദത്തോടെ തലയാട്ടി.ഹോസ്പിറ്റലിൽ നിന്നും നേരെ വീട്ടിലേക്ക് പോകാമെന്നു ഉറപ്പും കൊടുത്തു.

ഇന്ന് ഒരു ദിവസം അവിടെ ഒബ്സെർവേഷനിൽ കിടക്കണോന്ന് പറഞ്ഞത് കൊണ്ട് വീട്ടിൽ വിളിച്ചു ഇനായയുടെ വീട്ടിൽ ആണെന്ന് പറഞ്ഞു. പ്രശ്നം ഒന്നും മറ്റാരും അറിയണ്ടെന്ന് കരുതി.സമി ഫുഡ് വാങ്ങി കൊണ്ട് വന്നിരുന്നു. അവൻ അതും എടുത്തു ഇനുവിന്റെ അടുത്തേക്ക് ചെന്നു. ഫുഡ് വേണ്ടെന്നു പറഞ്ഞെങ്കിലും അവൻ നിർബന്ധിച്ചു വായിൽ വെച്ചു കൊടുത്തപ്പോൾ രണ്ടു മൂന്നു പ്രാവശ്യം കഴിച്ചു. അവൾ കഴിക്കാത്തോണ്ട് അവനും കഴിക്കാൻ തോന്നിയില്ല. റൂമിൽ രണ്ടു ബെഡ് ഉണ്ടായിരുന്നുള്ളൂ. ഒരാൾക്ക് കിടക്കാൻ പാകം ഉള്ളത് ആയോണ്ട് അവനോട് ഇനുവിന്റെ കൂടെ കിടന്നോ എന്നും പറഞ്ഞു സമി അവിടെ കിടന്നു.

സമി പറഞ്ഞത് കേട്ട് കൊണ്ടാകണം അവൾ ഒന്നും മിണ്ടാതെ  ഒതുങ്ങി കിടന്നു അവളുടെ മുന്പിൽ സ്ഥലം ഒഴിച്ചിട്ടു.

രണ്ടു പേർക്ക് കിടക്കാൻ ആവില്ല ആ ബെഡിൽ. അഡ്ജസ്റ്റ് ചെയ്താൽ ചെരിഞ്ഞു കിടക്കാം. ആ ഇത്തിരി സ്ഥലത്തേക്ക് അവന്ന് കിടക്കാൻ സ്ഥലം കൊടുത്തത് കണ്ടു അവന്റെ ചുണ്ടുകളിൽ ചെറു ചിരി വിരിഞ്ഞു.എന്നാണാവോ ഒന്നിച്ചു കിടക്കുന്നതിന്റെ അർത്ഥം അറിയുക ഈ പൊട്ടി. ഏതായാലും ചവിട്ടി താഴേ ഇടും അത് ഓർത്തപ്പോൾ റിസ്ക് എടുക്കണ്ടെ കരുതി. കസേരയിൽ ഇരുന്നു.

ഇനു ആരേയും നോക്കാതെ ചുമരിലേക്ക് നോക്കി കിടന്നു. ഇടക്കിടക്ക് കവിളിലൂടെ ഒലിച്ചു താഴുന്ന കണ്ണ് നീര് തുടക്കുന്നുണ്ട്.മനസ്സ് കൊണ്ടും ശരീരം കൊണ്ടും അവൾ ആകെ തളർന്നത് പോലെ തോന്നി അവന്ന്. ഇർഫാന്റെയും ജുനുവിന്റെയും പ്രശ്നം ഒന്നിച്ചായതോണ്ട് ആയിരിക്കും ഇവൾ ഇങ്ങനെ ഒരവസ്ഥയിൽ എത്തിയത് എന്ന് അവനോർത്തു. അതോടൊപ്പം അവന്റെ മനസ്സിൽ വേറൊരു ചിന്തയും ഓടിയെത്തി. ഒരിക്കൽ പോലും ഇർഫാന്റെ കാര്യം പറയുന്നില്ല.ജുനു എന്ന് മാത്രം ഉള്ളൂ ചുണ്ടിൽ. അത്

ഒരാശ്വാസം ആയും അവന്ന് തോന്നി. അവളെ നോക്കും തോറും വാത്സല്യം ആയിരുന്നു അവന്ന് തോന്നിയത്. അവൻ അവളുടെ അടുത്ത് പോയി ഇരുന്നു തലയിലൂടെ തലോടി ഉറങ്ങിക്കോന്ന് പറഞ്ഞു.

അവനെ തന്നെ നോക്കി ഇരുന്നു അവൾ കണ്ണുകൾ അടച്ചു.എപ്പോഴോ ഫൈസിയും ഉറക്കിലേക്ക് വീണു. ഇടക്ക് ഉറക്കം ഞെട്ടിയപ്പോൾ കണ്ടു അവന്റെ നെഞ്ചിൽ മുഖം ചേർത്ത് തന്നെ കെട്ടിപിടിച്ചു കിടക്കുന്നു ഇനു. അതിനേക്കാൾ അത്ഭുതം തോന്നിയത് അവൾ ഉറങ്ങിയിട്ട് ഇല്ലായിരുന്നു. കണ്ണുകൾ തുറന്നിട്ട ഉള്ളത്.ചെറിയ എങ്ങലടികളും കേൾക്കുന്നുണ്ട്. ഇരുന്ന ഞാൻ എങ്ങനെ ഇവളെ കൂടെ കിടന്നു എന്ന് പോലും അവന്ന് ഓർമയില്ലായിരുന്നു. അവൻ പോലും അറിയാതെ അവന്റെ കൈകളും ആശ്വസിപ്പിക്കാൻ എന്ന പോലെ അവളെ പൊതിഞ്ഞു. ഒന്നുകൂടി അവനോട് ചേർന്നു അവനെ മുറുക്കെ കെട്ടിപിടിച്ചു അവൾ. നെഞ്ചിൽ കണ്ണുനീർ കൊണ്ട്  നനവ് പടരുന്നത് അവൻ അറിഞ്ഞു. ഇടക്കെപ്പോഴോ അത് നിന്നു. അവൾ ഉറങ്ങി എന്ന് തോന്നി. അപ്പോഴും അവനെ

മുറുക്കെ പിടിച്ചിരുന്നു .അവളും  ജുനുവും ആയുള്ള ആത്മബന്ധം അറിയുക ആയിരുന്നു അവൻ. അവളുടെ നിറുകയിൽ അവൻ സ്നേഹത്തോടെ ചുണ്ടുകൾ ചേർത്തു. ഞാൻ ഉണ്ടാവും നിന്റെ കൂടെ എന്നും.....

❤️ 💔 INVISIBLE LOVE 💔❤️

Love after💘 marriage story

Part 14

പെർഫെക്ട് ക്ലിക്...... സമി പറയുന്നത് കേട്ടാണ് കണ്ണ് തുറന്നത്. നെഞ്ചിൽ തലവെച്ചു തന്നെയും കെട്ടിപിടിച്ചു കിടക്കുന്ന പിക് എടുത്താണ് ഡയലോഗ്.

ഫൈസി ചമ്മലോടെ അവനെ നോക്കി അവളെ ബെഡിൽ കിടത്തി എഴുന്നേറ്റു.

സമി അവന്ന് ആ ഫോട്ടോ കാണിച്ചു കൊടുത്തു. അവന്റെ ചുണ്ടിൽ ഒരു ചിരി വിരിഞ്ഞു. ഉറങ്ങുമ്പോൾ എന്ത് ക്യൂട്ട് ആണ് അവളെ കാണാൻ.

ഇനു അവളെ ഉമ്മയെ പോലെയാണ് കാണാൻ അല്ലേ.... ഫോട്ടോ സൂക്ഷിച്ചു നോക്കി സമി പറഞ്ഞു

ജുനു ഉപ്പാനെപോലെയും

ജുനുവിനെ പറ്റി പറഞ്ഞപ്പോൾ അവരുടെ മുഖത്ത് ടെൻഷൻ നിറഞ്ഞു. എവിടെ ആയിരിക്കും അവൻ പോയത്.

അപ്പോഴാണ് ഫൈസിയുടെ ഫോണിൽ മെസ്സേജ് നോട്ടിഫിക്കേഷൻ വന്നത് ജുനുവിന്റെ വോയിസ് മെസ്സേജ്  ആണെന്ന് കണ്ടതും അവർ പരസ്പരം നോക്കി. ഇനു കേട്ടാലോന്ന് പേടിച്ചു റൂമിന് പുറത്തു ഇറങ്ങി.

അവനത് ഓപ്പൺ ചെയ്തു.

 ദയവു ചെയ്തു മുഴുവൻ കേൾക്കാതെ ഇരിക്കരുത് ബ്ലോക്ക് ചെയ്യുകയോ ഡിലീറ്റ് ആകുകയോ ചെയ്യരുത്. ഇതെന്റെ അവസാനത്തെ മെസ്സേജ് ആയിരിക്കും. ഇനിയൊരിക്കലും ശല്യം ചെയ്യില്ല.

എന്നോട് ദേഷ്യം ആയിരിക്കും എന്നറിയാം....

ഞാൻ ചെയ്തത് പൊറുക്കാൻ പറ്റാത്ത തെറ്റ് തന്നെയാണ്. ഇനു ഇർഫാനെ സ്നേഹിക്കുന്നത് അറിഞ്ഞാണ് നിങ്ങളോട് പോലും പറയാതെ നാട്ടിലേക്ക് വന്നത്. അവന്റെ ഹിസ്റ്ററി ഒക്കെ

അറിഞ്ഞു ആകെ ഷോക്ക് ആയി. ഇർഫാനിട്ട് രണ്ടു പൊട്ടിച്ചെങ്കിലും അവന്റെ കണ്ണുകളിൽ ഞാൻകണ്ടത് പ്രണയം ആയിരുന്നു. തല്ലിച്ചതച്ചിട്ടും അവൻ പറഞ്ഞത്  ഇനുവിനെ മറക്കാൻ ഒരിക്കലും പറ്റില്ലെന്ന് ആയിരുന്നു. അവൾ ആണെങ്കിൽ അവന്റെ കൂടെ ഇറങ്ങിപോകുമെന്നും. അവൻ ഒരു പക്കാ ഫ്രോഡ് ആണെന്ന് പറഞ്ഞിട്ടും അവൾ വിശ്വസിച്ചില്ല. ഇങ്ങനെ ഒക്കെ പറഞ്ഞു അവളെ അവനിൽ നിന്നും അകറ്റുമെന്നൊക്കെ പറഞ്ഞു ആദ്യമേ അവൻ  അവന്റെ ഭാഗം ക്ലിയർ ആക്കിയിരുന്നു. എത്രയും പെട്ടെന്ന് അവളെ വിവാഹം കഴിപ്പിച്ചു കൊടുക്കലേ വഴിയുള്ളു എന്ന് എനിക്ക് തോന്നി. നിന്നോട് പറഞ്ഞാൽ നീ അവളെ സ്വീകരിച്ചില്ലല്ലോ എന്നൊരു പേടിയും. മറ്റൊരാൾക്ക് വിവാഹം ചെയ്തു കൊടുത്താൽ അവളെ മനസ്സിലാകാത്ത ഒരാൾ ആണെങ്കിലോ എന്നൊക്കെ ചിന്തിച്ചപ്പോ നിനക്ക് മാത്രമേ അതിന് കഴിയു തോന്നി. അവളുടെ ഭാവി മാത്രമേ ചിന്തിച്ചുള്ളൂ അത് തെറ്റ് തന്നെയാണ് ഞാൻ ഒരിക്കലും എന്റെ ഭാഗം ന്യായീകരിക്കുകയല്ല. അവളുടെ ജീവിതം നശിക്കാതിരിക്കാൻ ചെയ്തു പോയതാണ് നീ

പൊറുക്കണം. കോളേജ് ടൈം ഉണ്ടാവുന്ന വെറും അട്രാക്ഷൻ മാത്രം ആണ് അവളുടെ പ്രണയം. അതും ഞാൻ മനസ്സിലാക്കിയിടത്തോളം അവൻ പഠിപ്പിച്ചു കൊടുത്തതാണ്. രണ്ടു മൂന്നു മാസം മാത്രം ആയുള്ളൂ അവൻ ആയിട്ട് പരിചയപെട്ടിട്ട്. അവളോട് പൊറുത്തു ഒരു ജീവിതം കൊടുത്തൂടെ അവൾക്ക്. ഒരിക്കലും ഞാൻ നിർബന്ധിക്കില്ല നിന്നെ. നിനക്ക് അവളെന്നു വെച്ചാൽ ജീവനാണെന്ന് അറിയാം. അത് കൊണ്ട് അവളുടെ ഈ തെറ്റ് പൊറുക്കുമെന്ന് ആണ് വിശ്വാസം. ഇല്ലെങ്കിലും ഞാൻ നിന്നെ കുറ്റപ്പെടുത്തില്ല. തെറ്റ് മുഴുവൻ എന്റേത് മാത്രം ആണ്.  അത് കൊണ്ട് തന്നെ അവളെ വേണ്ടെന്നു വെച്ചാലും തിരിച്ചൊന്നും പറയാൻ എന്റെ കയ്യിൽ മറുപടി ഇല്ല.എന്നോട് അവളോട് പൊറുക്കണം. സമിയോടും  പറയണം. ഉത്തരം നോ ആണെങ്കിൽ അവളെ കൊണ്ട് വരാൻ ഞാൻ വന്നോളാം. നിങ്ങൾ അവളെ ഹോസ്പിറ്റലിൽ തന്നെ ആക്കിയിട്ട് പോയിക്കോ. ഞാൻ വന്നു കൂട്ടിക്കോളാം.

വോയ്സ് കേട്ട് കഴിഞ്ഞപ്പോൾ ഫൈസിയുടെ ചുണ്ടിൽ ഒരു ചിരി വിരിഞ്ഞു.സമിയുടെയും.....

നിന്റെ പെങ്ങളെ നീ വേണമെങ്കിൽ വന്നു വിളിച്ചോ

പക്ഷേ എന്റെ ഭാര്യയെ ഞാൻ വിട്ടുതരില്ല. ഞാൻ പറഞ്ഞുന്ന് കരുതി വിളിക്കാൻ വന്നാലുണ്ടല്ലോ മുട്ടുകാൽ തല്ലിയൊടിക്കും. അവളിപ്പോ ഇനായ ഫൈസ് ആണ്.  ഞാൻ എവിടെയുണ്ടോ അവിടെ അവളും ഉണ്ടാകും. കേട്ടോടാ പുല്ലേ......അവൻ തിരിച്ചു വോയിസ് അയച്ചു.

ജുനു ഒരു പുഞ്ചിരിയോടെ ഉമ്മയുടെ കയ്യിൽ അമർത്തി പിടിച്ചു.

ഇപ്പൊ സന്തോഷം ആയോ ഉമ്മുന് അവൻ അവരുടെ താടിയിൽ പിടിച്ചു കൊഞ്ചലോടെ ചോദിച്ചു.

അവർ നിറഞ്ഞ കണ്ണുകളോടെ അവനെ നോക്കി.

ഇനി നമുക്ക് പോയിക്കൂടെ നമ്മുടെ മാത്രം ലോകത്തേക്ക്.

അവർ പുഞ്ചിരിയോടെ തലയാട്ടി.

വീട് വിട്ടു ഇറങ്ങിയെങ്കിലും  പെറ്റവയറിന്റെ ആധി തീരില്ലല്ലോ അത് അറിഞ്ഞു കൊണ്ടാണ് അവൻ മെസ്സേജ് അയച്ചു കേൾപ്പിച്ചത്. ഫൈസിയുടെ തീരുമാനം ഇതായിരിക്കുമെന്ന് അവന്ന് ഉറപ്പായിരുന്നു.

ഏതായാലും മിണ്ടി എന്ന പിന്നെ രണ്ടിനോടും യാത്ര ചോദിച്ചു വരാം എന്നും പറഞ്ഞു അവൻ ഫോൺ എടുത്തു മാറി ഇരുന്നു.

സുഖം അല്ലേ എന്നെ ചോദിച്ചുള്ളൂ തിരിച്ചു പുളിച്ച തെറി തന്നെ രണ്ടാളും വിളിച്ചത് കേട്ടു അവൻ ഫോൺ മാറ്റിപിടിച്ചു.

സോറിടാ...... അവന്റെ കരച്ചിൽ തട്ടിയ പറച്ചിലിൽ അവരും ഒന്ന് തറഞ്ഞു നിന്നു.

അവൾക്ക് സത്യം പറഞ്ഞ പ്രണയവും വിവാഹവും ദാമ്പത്യവും ഒന്നും എന്താന്ന് പോലും അറിയില്ല. ലോകത്തുള്ള മുഴുവൻ വിവരം പഠിപ്പിച്ചു കൊടുത്തെങ്കിലും ഇമ്മാതിരി ഇമ്പോർട്ടന്റ് കാര്യം അറിയില്ല. ഒന്നുമില്ലെങ്കിലും ബ്രദർ അല്ലെടോ ഇതൊക്കെ  പറഞ്ഞു കൊടുക്കുന്നതിന്ന് ഒരു പരിധി ഇല്ലേ.കണ്ടു മനസ്സിലാക്കാൻ ആണെങ്കിൽ ഇവിടെ ഞാനും ഉമ്മയും ഫ്രണ്ട്സ് പോലെയാണ്. അവളെ ഞാൻ ഫുൾ സ്വാതന്ത്ര്യം കൊടുത്ത് ഫ്രീ ആയാണ് വളർത്തിയത് പക്ഷേ അവൾ എന്നിലേക്കും പഠിപ്പിലേക്കും മാത്രം ആയി ഒതുങ്ങും. ചോദിച്ചാൽ പറയും നിന്നിലൂടെ ലോകം കണ്ട മതീന്ന്. ആകെ

കൂട്ട് എന്നോട് മാത്രം ആണ് ബെസ്റ്റ് ഫ്രണ്ട് ഞാൻ ആണ്. പിന്നെ ഒന്നുണ്ട് റാനിയ. അവളൊരു  ദുരന്തം ആണെന്ന് അറിയാൻ ഒരുപാട് വൈകിപ്പോയി. തിരുത്താൻ നോക്കുമ്പോഴേക്കും ഇനു അതിനേക്കാൾ വലിയ  ഭൂലോകദുരന്തം ആയി പോയിരുന്നു. പോരാത്തതിന് ഇന്ന് വരെ ടീവി കണ്ടിട്ടില്ല...... മൊബൈൽ യൂസ് ചെയ്തിട്ടില്ല....... ഒന്നല്ലേ ഉള്ളുന്ന് വെച്ച് ലാളിച്ചത് കുറച്ചു കൂടിപ്പോവുകയും ചെയ്തു .ഞാൻ പറഞ്ഞുവന്നത് എന്താന്ന് വെച്ചാൽ ഇതിന്റെ ഒക്കെ അർത്ഥം കുറച്ചു ദിവസം കഴിഞ്ഞ നിങ്ങൾക്ക് മനസ്സിലാവും. അപ്പോൾ ദയവുചെയ്തു എന്നെ തെറി പറയരുത്.

ട്രെയിൻ വരുന്നത് കണ്ടു അവൻ ഫോൺ കട്ട് ചെയ്തു.

ഇവൻ ഇതൊക്കെ എന്തിനാ പറയുന്നത് എന്ന് തിരിയാതെ ഫൈസിയും സമിയും പരസ്പരം നോക്കി. ട്രെയിനിന്റെ ശബ്ദം കേട്ടു അവർ.

അവർ തിരിച്ചു വിളിച്ചെങ്കിലും കാൾ പോയില്ല. കുറച്ചു കഴിഞ്ഞു രണ്ടു വോയിസ് മെസ്സേജ് വന്നു.

ഞാൻ ഒരു യാത്ര പോവുകയാണ്

എവിടേക്കാണെന്ന് വെച്ച തല്ക്കാലം പറയുന്നില്ല. വരുമ്പോൾ അറിഞ്ഞ മതി.എന്റെ ഇനുന്റെ ഏറ്റവും വലിയ  ആഗ്രഹം സാധിച്ചുകൊടുക്കാൻ ഉള്ള ഒരു യാത്രയാണ്. അവൾ ആകെ എന്നോട് ആവിശ്യപെട്ടത് ഈ ഒരു ആഗ്രഹം മാത്രം ആണ്. ജീവിതത്തിൽ രണ്ടറ്റവും കൂട്ടിമുട്ടിക്കാൻ പണത്തിനു പിന്നാലെ ഓടിയത് കൊണ്ട് മൈന്റ് ചെയ്തില്ല. സമയവും കിട്ടിയില്ല. ഇപ്പോൾ ഞാൻ ഫ്രീയാണ്. അതോണ്ട് അതിന്റെ പിറകെയുള്ള യാത്രയിൽ ആണ്. നിന്റെ കയ്യിൽ ഭദ്രമായി അവളെ ഏല്പിച്ചാണ് പോകുന്നത്.തിരിച്ചു വരും എത്രയും പെട്ടെന്ന്.അത് വരേയ്ക്കും ചെറിയൊരു ഗുഡ് ബൈ.

അവർ വേഗം രണ്ടാമത്തെ വോയിസ് ഓപ്പൺ ചെയ്തു.

വിളിച്ചില്ലെങ്കിലും കണ്ടില്ലെങ്കിലും  ഒരിക്കലും ഒരു നിമിഷം പോലും നിങ്ങൾ എന്നെ മറക്കില്ല...... മറക്കാൻ ആവില്ല...... മറന്നാലും ഓർമിപ്പിച്ചു കൊണ്ടേ ഇരുന്നോളും. അപ്പൊ ഖൽബ്സ്  സ്വയം സൂക്ഷിച്ചോ...

സമിയും ഫൈസ് മുഖത്തോട് മുഖം നോക്കി. എന്തോ

പണി വരുന്നുണ്ടല്ലോ......

എനിക്കും ലാസ്റ്റ് വോയിസ് കേട്ടിട്ട് സംതിങ് ഫിഷി.....

അപ്പോഴാണ് ഇനു പുറത്തേക്ക് വന്നത്.

വീട്ടിലേക്ക് പോകാം അവൾ അവരോട് ചോദിച്ചു.എഴുന്നേറ്റതിന്ന് ശേഷവും കരഞ്ഞെന്ന് കണ്ണുകൾ കണ്ടപ്പോൾ തോന്നി.

എന്ത് മറുപടി പറയും എന്നറിയാതെ അവർ അവളെ നോക്കി. സമി ഫൈസിയുടെ ഫോൺ വാങ്ങി അവൻ യാത്ര പറയുന്ന വോയ്സ് ഒഴിച്ച് ബാക്കിയെല്ലാം ഡിലീറ്റ് ആക്കി അവൾക്ക് കൊടുത്തു.

അത് കേട്ടതും അവളുടെ മുഖം സന്തോഷം കൊണ്ട് നിറയുന്നത് അവർ കണ്ടു. സമിയെ കെട്ടിപിടിച്ചു കവിളിൽ ഒരു കിസ്സ് കൊടുത്തു.

തുള്ളിച്ചടാൻ തുടങ്ങി.

സമി ആരാ ഇവിടെ പടക്കം പൊട്ടിച്ചത് എന്നറിയാതെ ഫൈസിയെ നോക്കി. കുശുമ്പ് കുത്തി നിൽക്കുന്ന ഫൈസിന്റെ മുഖം കണ്ടു ഇളിച്ചു കാണിച്ചു.

അപ്പോഴേക്കും ഇനു വീണ്ടും അവനെ

കെട്ടിപ്പിച്ചിരുന്നു. പവർ കട്ട് പോലിരുന്ന പെണ്ണാണ്. ഇപ്പോൾ led ബൾബ് പോലുണ്ട് മോന്ത. ജുനു പോയ സങ്കടം പോലും അവൾക്ക് ഉണ്ടായിരുന്നില്ല. ഈ പോക്ക് പോയ ഒരു കിസ്സ് കൂടി കിട്ടും ഫൈസി തല്ലികൊല്ലും എന്ന് അറിയുന്നൊണ്ട് അവൻ അവളെ പിടിച്ചു മാറ്റി നിറുത്തി.

ജുനു എവിടെ പോയതാണെന്ന് അറിയോ

അവൾ തലയാട്ടി. എവിടെ ആണെന്ന് അറിയില്ല. പക്ഷേ വരുന്നത് ഒരു കിടിലൻ സർപ്രൈസ് ആയിട്ട് ആകും. ഐ ആം സോ ഹാപ്പി സമിക്കാ എന്ന് പറഞ്ഞു അവനെ കെട്ടിപ്പിടിക്കാൻ പോയതും സമിയെ തള്ളിമാറ്റി ഫൈസി മുന്നിൽ നിന്നു. അവൾ ഫൈസിയെ കെട്ടിപിടിച്ചു.

സമി അവനെ നോക്കി പുച്ഛിച്ചു .തിരിച്ചു  പുച്ഛിച്ചു അവനും.

എവിടെയാണെന്ന് ഞങ്ങളോട് പറഞ്ഞോടെ ഫൈസി ചോദിച്ചു.

അത് വരുമ്പോൾ കണ്ട മതി. ഇപ്പൊ എനിക്ക്  ചായ വേണം.പിന്നെ എനിക്ക് കഴിക്കാൻ എന്തെങ്കിലും വാങ്ങിതാ വിശക്കുന്നു .എന്നും പറഞ്ഞു

ഫൈസിനെ നോക്കി ചിണുങ്ങി.

അവൻ തലയാട്ടി വാ എന്ന് പറഞ്ഞു. അവന്റെ കയ്യിൽ തൂങ്ങി അവൾ നടന്നു.

ഇന്നലെ ഈ കോലാഹലം മൊത്തം ഉണ്ടാക്കിയത് ഇവൾ തന്നെയാണോ

ഇതെന്ത് ജന്മം എന്നൊരു ചിന്ത രണ്ടാളെ മനസ്സിലും ഒന്നിച്ചു വന്നു. പക്ഷേ അവളുടെ തെളിഞ്ഞ മുഖം കണ്ടു രണ്ടാളും ഹാപ്പി ആയിരുന്നു. അപ്പോഴും ജുനു പറഞ്ഞ പല കാര്യങ്ങളുടെയും  അർത്ഥം മനസ്സിലാവാതെ അവരുടെ മനസ്സിൽ കിടന്നു.

💕💕💕💕💕💕💕💕

അടുത്തുള്ള ഹോട്ടലിൽ കയറി ടീയും ഫുഡ് കഴിച്ചു വീട്ടിലേക്ക് പോയി. കോളേജിൽ പോകണോന്ന് പറഞ്ഞു വേഗം റൂമിലേക്ക് ഓടി. ഹോസ്പിറ്റലിൽ പോയൊണ്ട് ആണോന്ന് അറിയില്ല അന്ന് കുളിച്ചിറങ്ങുന്നത് അവൻ കണ്ടു. അവൻ ബെഡിൽ ഇരിക്കുന്നത് ശ്രദ്ധിക്കുകയും കൂടി ചെയ്യാതെ മുടിയും വാരി  മേക്കപ്പ് എന്ന് പറയാൻ കുറച്ചു പൗഡർ ഇട്ടു കണ്മഷി എടുത്തു ഇട്ടു.ബാഗിൽ ബുക്ക് കുത്തിക്കയറ്റി അവൾ ഓടി.

അവൻ താടിക്ക് കയ്യും കൊടുത്തു അവിടെ ഇരുന്നു. എല്ലാം ഒന്ന് റിവേഴ്സ് എടുത്തു ചിന്തിച്ചു. കുളിച്ചിറങ്ങി മുടി ഒന്ന് തുവർത്തുന്നത് പോലെ ആക്കി നനഞ്ഞ ടവ്വൽ ബെഡിലേക്ക് വലിച്ചെറിഞ്ഞു. ബാത്‌റൂമിന്റെ വാതിൽ മുതൽ റൂമിൽ പോയിടതെല്ലാം നനവ് ഉണ്ട്. മുടിയിൽ നിന്നും ഇറ്റിയത് ആണെന്ന് തോന്നി അതോ ദേഹവും തോർത്തിയില്ലെന്ന് നിലത്തെ വെള്ളം കണ്ടു അവൻ ഒന്നൂടി നോക്കി.തട്ടം ഒന്നും ഇട്ടിട്ടില്ല. മുടി വാരി ക്ലീൻ ചെയ്യാതെ ചീർപ്പ് അവിടെ ഇട്ടിട്ടുണ്ട്.പൗഡർ കയ്യിൽ തട്ടി എടുത്തു ബാക്കി  പാതിം നിലത്ത് ഇട്ടിട്ട് ഉണ്ട്. കണ്മഷി ഇട്ട വിരൽ കണ്ണാടിയുടെ സൈഡിൽ ഉരതി അവിടെ കറുപ്പ് കളർ കണ്ടു. ഷാൾ എടുത്തു മൊഞ്ചിൽ സ്കാഫ് ചെയ്തു. സേഫ്റ്റി പിന്നൊക്കെ നിലത്ത് കിടക്കുന്നത് കണ്ടു.പാതി ബുക്കും അവിടെയും ഇവിടെയും ഉണ്ട്. നീറ്റ് വേണം വൃത്തിയില്ല എന്ന് പറഞ്ഞു റംസിയെ കൊണ്ട് രണ്ടു പ്രാവശ്യം എങ്കിലും വൃത്തിയാക്കുന്ന  റൂമിന്റെ അവസ്ഥ കണ്ടു മേലോട്ട് നോക്കി നിന്നു അവൻ. മൊത്തത്തിൽ പറഞ്ഞ പത്തു മിനിറ്റ് കൊണ്ട് എല്ലാം കഴിഞ്ഞു. ചെറിയ ഒരുക്കം ആണെങ്കിലും പെണ്ണ്

അസ്സൽ മൊഞ്ചത്തി ആണെന്ന് അവൻ ഓർത്തു. ഇക്കണെക്കിനു ശരിക്കും ഒരുങ്ങിയ ഇവൾ ആരായിരിക്കും അത് ഓർത്തപ്പോൾ തന്നെ അവന്റെ ചുണ്ടിൽ ഒരു ചിരി വിരിഞ്ഞു. പിന്നെ റംസി വരുമ്പോൾ കാണണ്ട കരുതി റൂം അവൻ തന്നെ ക്ലീൻ ചെയ്തു. ഇതിനി എപ്പോഴും ഇങ്ങനെ ആകോ അതോ ഇന്ന് ടൈം ഇല്ലാഞ്ഞിട്ടോ. ടൈം ഇല്ലാത്തോണ്ട് ആണെന്ന് സ്വയം ആശ്വസിച്ചു. ഇർഫാന്റെ ഓർമ്മകൾ പോലും ഇല്ലെന്ന് അവളുടെ മുഖത്ത് നിന്ന് അവൻ ഊഹിച്ചു. അതോ പ്രകടിപ്പിക്കാത്തതോ. ഏതായാലും  തേച്ചിട്ട് പോയിന്ന് പറഞ്ഞു  കരഞ്ഞു നിലവിളിച്ചു സെന്റി അടിച്ചിരിക്കുന്നവർക്ക് ഇവൾ ഒരു മാതൃക ആണ്.

💘💘💘💘💘💘💘💘

കോളേജ് വിട്ടു കുറച്ചു ലേറ്റ് ആയാണ് വന്നത്. ബസ്സിലെ പോകുന്നു വാശി പിടിച്ചോണ്ട് അവൻ പിന്നെ നിർബന്ധിചിരുന്നില്ല.അവന്ന് കൊണ്ട് വിടാൻ ആഗ്രഹം ഉണ്ടായിരുന്നുവെങ്കിലും അവളെ ഇഷ്ടത്തിൽ കൈ കടത്തുവാൻ അവൻ ആഗ്രഹിച്ചില്ല.

വൈകുന്നേരം കുറച്ചു ലേറ്റ് ആയാണ് വന്നത്. ഇനി

മുതൽ ലേറ്റ് ആവും ഈ ടൈം വരുള്ളൂ സ്പെഷ്യൽ ക്ലാസ്സ് ഉണ്ടെന്ന് പറഞ്ഞു.

വീട്ടിൽ വന്നിട്ടും അവൾ ഒന്നും സംഭവിക്കാത്ത പോലെ തന്നെ ആയിരുന്നു.റംസിയുടെ കുട്ടികളുടെ കൂടെ കളിയും ചിരിയും ഒക്കെ ആയി ഇരുന്നു.

നൈറ്റ് ഉറങ്ങാൻ റൂമിലേക്ക് വന്നതും ഫൈസി അവന്റ ഫോൺ അവളെ നേർക്ക് നീട്ടി. ഇർഫാന്റെ രണ്ടു മൂന്നു മിസ്സ് കാൾ ഉണ്ടായിരുന്നു.

ബ്ലോക്ക് ചെയ്തേക്ക്. ഇനി വിളിച്ചാൽ നല്ല തെറി വിളിച്ചോ. എനിക്ക് ചീത്ത വിളിക്കണോന്ന് ആഗ്രഹം ഉണ്ട് പക്ഷേ അറിയില്ല.... ജുനുന് ഇഷ്ടം അല്ലാത്തോണ്ട് ആരെയും വിളിക്കാറ് ഇല്ല. പഠിച്ചും ഇല്ല. അല്ലെങ്കിൽ വേണ്ട എനിക്ക് കുറച്ചു തെറി പറഞ്ഞു തരുവോ.........ഞാൻ അവനെ വിളിച്ചോളാം.....

അവൻ അവളെ തന്നെ നോക്കി. കുസൃതിനിറഞ്ഞ മുഖവും അവളുടെ ചോദ്യവും ചിരി ആയിരുന്നു അവനിൽ വരുത്തിയത്. ഇങ്ങനെ ഒരു പെണ്ണ്. എത്ര ടെൻഷൻ ഉണ്ടെങ്കിലും അവളുടെ കൂടെ സ്പെൻഡ് ചെയ്താൽ അത് മാറിക്കൊള്ളും. വാത്സല്യത്തോടെ

അവളെ നോക്കി. ജൂനുന്റെ മോളിപ്പോ ചീത്ത കുട്ടി ആവണ്ട. അവനെ അങ്ങ് ബ്ലോക്ക് ചെയ്തേക്കാം എന്ന് പറഞ്ഞു

ബ്ലോക്ക് ചെയ്തു.

എന്തിനാ ഫൈസ് അവൻ എന്നോട് ഇഷ്ടം ആണെന്ന് പറഞ്ഞത്..... എന്തിനാ എന്നോട് കള്ളം പറഞ്ഞത്...... ഇജു.... എന്തോ പറയാൻ വന്നെങ്കിലും അവളത് നിറുത്തി.

ഇജു.... ഫൈസ് പറഞ്ഞതും അവൾ തിരുത്തി ഇച്ചുന്ന് പറയാൻ വന്നത്. അവനോട് എന്ത് തെറ്റാ ഞാൻ ചെയ്തത്. പാവം ആ കൊച്ച് എന്തോരം വേദനിച്ചു കാണും. എനിക്ക് അവനെ പറ്റി കേട്ടപ്പോൾ ദേഷ്യം സങ്കടംഒക്കെ വന്നു. അവൾക്ക് ഉണ്ടാവില്ലേ ഇത് പോലെ. അവളുടെ മുഖത്ത് സങ്കടം നിറഞ്ഞു.

സാരമില്ല അതൊക്കെ മറന്നേക്ക്.

ഞാൻ അതൊക്കെ വിട്ടു. എന്റെ ജുനുനെ ആര് എന്തൊക്കെ പറഞ്ഞോ അവരൊക്കെ എനിക്ക് ഇഷ്ടം അല്ല. ഞാൻ ഓർക്കുകയും ഇല്ല. നിറഞ്ഞ കണ്ണ് തുടച്ചു.

ഗുഡ് നൈറ്റ് എന്ന് പറഞ്ഞു അവൾ കിടന്നു.

ഇർഫാൻ ഉള്ളത് കണക്കിന് സമിയും അവനും കൂടി വിളിച്ചു കൊടുത്തിരുന്നു. ഇവളുടെ റിയക്ഷൻ അറിയാണോന്ന് കരുതി മനപ്പൂർവം ആണ് ഫോൺ കൊടുത്തത്. നിഷ്കളങ്കത കൂടിയാലും കുഴപ്പം ആണ് എന്നതിന്റെ ഉദാഹരണം ആണ് ഇവളെന്ന് അവന്ന് തോന്നി. ജുനു പറഞ്ഞത് പലതും ഇവളെ പറ്റി ആണെന്ന് അവന്ന് മനസ്സിലായി.

ഇത് വരെ ഇർഫാന്റെ പെണ്ണ് എന്ന് കരുതി ബെഡിൽ കിടക്കാൻ മടി ആയിരുന്നു. ഇന്ന് അധികാരത്തോടെ കിടക്കാലോ എന്ന് പറഞ്ഞു കിടന്നു. പെട്ടെന്ന് അവളെ ചവിട്ട് ഓർമ വന്നത്. ചവിട്ടോ..... അതൊക്കെ ഓർത്തു ഫോണിൽ തോണ്ടി കിടക്കുമ്പോഴേക്കും അവളുടെ കയ്യും കാൽ ദേഹത്ത് എത്തിയിരുന്നു. അവൻ കഴുത്തിൽ നിന്നും കയ്യെടുത്തു നെഞ്ചിന് മുകളിൽ ആയി വെച്ചു. അവൾ അവന്റെ അടുത്തേക്ക് കിടന്നു. അവന്റെ കൈതണ്ടയിൽ തലവെച്ചു നെഞ്ചിന് മുകളിലൂടെ കയ്യും ചുറ്റി അവൾ കിടന്നു. അവൻ ചെറു ചിരിയോടെ അവളെ നോക്കി കിടന്നു.  രാവിലെ എഴുന്നേൽക്കുമ്പോൾ നെഞ്ചിൽ തലവെച്ചു കെട്ടിപിടിച്ചു അവൾ

കിടക്കുന്നുണ്ടായിരുന്നു.

ടൈം നോക്കിയതും അവൻ ഞെട്ടി എണീറ്റു. മണി എട്ട്. രാവിലെ ജോഗിംഗ് പോകാൻ എഴുന്നേൽക്കും. കുറെ ദിവസം ആയി ഉറക്കം ശരിയാവാത്തത് അതോണ്ട് ഉറങ്ങിപോയി. ഇവളിത് സ്ഥിരം സംഭവം ആണൊ അപ്പോൾ. അവൻ കുറെ വിളിച്ചപ്പോൾ അവൾ പതിവ് പോലെ എണീറ്റു ഓടി. ഇന്ന് കുളിച്ചില്ല.

ടീ കുളിക്കുന്നില്ലേ...... അവൻ ചോദിച്ചു.

കുളിച്ചിട്ട് ഇപ്പൊ ആരാ നന്നായിന് എന്നും പറഞ്ഞു അവൾ പോയി. മിനിമം രണ്ടു നേരം കുളിക്കുന്ന അവനെ അവൻ ഓർത്തു. ജിമ്മിൽ പോയിനെങ്കിൽ മൂന്നു നേരം കുളിക്കും.ദയനീയമായി അവൻ അവളെ നോക്കി.

കുളിക്കാത്തൊണ്ട് നനഞ്ഞ ടവ്വൽ ഒഴിച്ച് ബാക്കി എല്ലാം സെയിം.ഇത് സ്ഥിരം സംഭവം ആണെന്ന് അവന്ന് മനസ്സിലായി.അവൻ തലക്ക് കയ്യും കൊടുത്തു അവിടെ ഇരുന്നു.

ടാ നീ കരുതുന്ന പോലൊരു പെണ്ണല്ല അവൾ. നിന്റെ നേരെ ഓപ്പോസിറ്റ് ആയിരിക്കും അവൾ. അത് കൊണ്ട് നമുക്ക് വേറെ പെണ്ണിനെ നോക്കാം.

എങ്ങനെയുള്ളതായാലും പ്രശ്നം ഇല്ല. ഞാൻ അഡ്ജസ്റ്റ് ചെയ്തോളാം . അതോർത്തു നീ ടെൻഷൻ അടിക്കേണ്ട  ഐ വിൽ മാനേജ്..... ഇനു ആണ് ഞാൻ സ്നേഹിക്കുന്ന പെണ്ണെന്ന് അറിഞ്ഞപ്പോൾ ജുനു ആദ്യം പറഞ്ഞ വാക്കുകൾ അവന്റെ ഓർമയിൽ ഓടിയെത്തി.

ജുനു........ അവൻ നന്നായി സ്മരിച്ചു.......

❤️ 💔 INVISIBLE LOVE 💔❤️

Love after💘 marriage story

Part 15

നിനക്ക് ഒരിക്കലും അവൾ ചേരില്ലെടാ.  നിന്റെയും അവളുടെയും സ്വഭാവം തമ്മിൽ പൊരുത്തപ്പെടാൻ പറ്റിന്ന് വരില്ല........ മെയിൻ ആയിട്ട് സംസാരം തന്നെ. നീ അധികം  സംസാരിക്കില്ല...... അതികം സംസാരിക്കുന്ന ഗേൾസിനെ ഇഷ്ടവും അല്ല. അവൾ ആണെങ്കിൽ അ എന്നെ പറയുണ്ടു മലയാളം അക്ഷരം മൊത്തം എണ്ണിക്കഴിഞ്ഞാലും നിർത്തില്ല.

ആരെന്തൊക്കെ പറഞ്ഞാലും എനിക്ക് ഇനുനെ ഇഷ്ടം ആണ്. അവൾ എങ്ങനെയോ ആയിക്കോട്ടെ

എന്റെ സങ്കല്പത്തിലെ പെണ്ണാക്കി ഞാൻ മാറ്റികൊള്ളാം...... ഇനി എനിക്കവളെ തരാതിരിക്കാൻ വേണ്ടിയാണ് ഈ ഒഴിഞ്ഞുമാറ്റമെങ്കിൽ പറഞ്ഞ മതി. ഒഴിഞ്ഞു പൊക്കോളാം. അതിന്റെ പേരിൽ നീയുമായി ഫ്രണ്ട്ഷിപ്പ് വേണ്ടൊന്നൊന്നും ഞാൻ വെക്കില്ല. നിന്റെ പെങ്ങളാണെന്ന് അറിഞ്ഞു കൊണ്ടല്ല പ്രണയിച്ചത്. പ്രണയിച്ചതിന്ന് ശേഷം ആണ് നിന്റെ പെങ്ങൾ ആണെന്ന് അറിഞ്ഞത്. അവളെ പെങ്ങളായി കാണാൻ പറ്റാത്തോണ്ട് തുറന്നും പറഞ്ഞു.

ഞാൻ അതൊന്നും അല്ലടാ ഉദ്ദേശിച്ചത്.....

ജുനു ഒന്ന് നിർത്ത്....... മിണ്ടാപയ്യന് വായാടിപെണ്ണ് അതാണ് കോമ്പിനേഷൻ..... പിന്നെ ഇവർ തമ്മിലുള്ള ചേർച്ച  ഹലുവയും മത്തികറിയും പോലെ....... സമി തീർപ്പ് കല്പിച്ചു......

അതൊക്കെ ഓർത്തപ്പോൾ അവന്റെ ചുണ്ടിൽ ചെറുചിരി മിന്നിമാഞ്ഞു...... ഇനി എന്തൊക്കെ കാണണം ആവോ....

അവൾ ആയി അടുക്കുന്നതിനിടയിൽ ഒരു ഉടക്ക്

വേണ്ടന്ന് കരുതി അവൻ ഒന്നും പറഞ്ഞില്ല. നല്ല ഫ്രണ്ട്ലി ആകുമ്പോൾ പറഞ്ഞു മനസ്സിലാക്കാമെന്ന് കരുതി. രാവിലെ നിസ്കരിക്കാൻ എഴുന്നേൽക്കാത്തത് അവന്ന് വല്ലായ്മ തോന്നി. നാളെ രാവിലെ മുതൽ വിളിച്ചുണർത്ഥമെന്ന് കരുതി അവൻ സമാധാനിച്ചു.

❤️❤️❤️❤️❤️❤️❤️

നൈറ്റ് വരുമ്പോൾ ഇനു കുഞ്ഞിന് ഫുഡ് കൊടുക്കുന്നത് കണ്ടു. രണ്ടാളെയും ഓരോന്ന് പറഞ്ഞു സോപ്പിട്ടു തിന്നാൻ കൊടുക്കുന്നത് നോക്കി ഒരു നിമിഷം നിന്നു. കുഞ്ഞുങ്ങളോടുള്ള ഇഷ്ട്ടം അവളുടെ മുഖത്ത് നിന്നും വായിച്ചെടുക്കമൊയിരുന്നു. ഇതൊക്കെ നോക്കി റംസിയും അവിടെ ഇരിക്കുന്നുണ്ട്.

ഇതുസ് നൈസ് ആയിട്ട് ആയ പണി എടുപ്പിക്കാനല്ലേ എന്റെ കെട്ടിയോളെ കൊണ്ട് അവളെ തലക്ക് ഒരു ചൊട്ട് കൊടുത്തു അവളെ കൂടെ ഇരുന്നു.

ഇക്കണെക്കിനു പോയ നിനക്കും ആയ പണിപോലെ എന്റെ മക്കളെ നോക്കാനേ യോഗം

ഉണ്ടാവു.ആക്കിയ പോലെ പറഞ്ഞു.

അവൻ അവളെ തന്നെ നോക്കി.എന്തൊക്കെയോ അർത്ഥം വെച്ച പോലെ ചിരിയും ഉണ്ട്.

അവൾ ഇന്നെന്നോട് ചോദിക്ക എന്റെ മിന്നുമോളെ സ്വന്തം ആയിട്ട് തരോന്ന് .......

അവൻ പെട്ടെന്ന് ചിരിച്ചു പോയി.

ചിരിക്കേണ്ട സ്വന്തം ആയിട്ട് ഒന്നിനെ കൊടുക്കാൻ നോക്ക്. ഇല്ലെങ്കിൽ അവൾ വല്ലെടുത്തുന്നും ദത്തെടുക്കും.....

കിസ്സിന്റെ സ്പെല്ലിങ് അറിയാത്തവളോടാ കൊച്ചിന്റെ കാര്യം പറയണ്ടേ. മിക്കവാറും ഇതുസ് പറഞ്ഞ പോലെ മറ്റുള്ളവരെ കൊച്ചിനെ നോക്കേണ്ടി വരും.... അവൻ ഇനയയെ നോക്കി ആത്മഗതം പറഞ്ഞു.

അപ്പോഴാ അവൾ ഫൈസിയെ കണ്ടത്.

ഫൈസ് എപ്പോഴാ വന്നത്......

പേരാണോ വിളിക്കുന്നത് റംസി അവളോട് ചോദിച്ചു

ഫൈസ് ആണ് പറഞ്ഞത് അങ്ങനെ വിളിക്കുന്നതാ ഇഷ്ടം എന്ന്.അതും പറഞ്ഞു അവൾ കുട്ടികളെ

പിറകെ പോയി.

എല്ലാരും ഫൈസി എന്നല്ലേ വിളിക്കൽ.....
ഇതെന്താടാ ഫൈസ്.....

അതൊരബദ്ധം പറ്റിയതാ ഇത്തു.

ജുനു പറഞ്ഞു ഇവളോട് ഇക്കാക്കന്ന് വിളിക്കാൻ. ഞാൻ നോമ്പും നോറ്റു കണ്ണിലെണ്ണ ഒഴിച്ച് കാത്തിരുന്ന പെണ്ണിന്റെ അടുത്ത് പോയി ബ്രദർ ആണെന്ന് പറഞ്ഞ ഷോക്കിൽ ആയിരുന്നു ഞാൻ. എന്റെ ഇഷ്ടം പറയാൻ പറ്റിയ സിറ്റുവേഷനിൽ ആയിരുന്നില്ല അപ്പോൾ. അതോണ്ട് ഞാൻ പറഞ്ഞു എനിക്ക് എന്റെ പേര് വിളിക്കുന്നതാ ഇഷ്ടം എന്ന്. വള്ളിപുള്ളി തെറ്റാതെ ഇപ്പോഴും വിളിക്കുന്നുണ്ട് ഫൈസ് എന്ന് . അറ്റ്ലീസ്റ്റ് ഫൈസി എന്നെങ്കിലും വിളിക്കരുന്നു..... എന്തൊരു അനുസരണ.... അവൻ ചിരിയോടെ പറഞ്ഞു.ഇപ്പൊ ശീലം ആയി. എന്തോ എല്ലാരിൽ നിന്നും കുറച്ചു മാറിവിളിക്കുമ്പോൾ ഒരു സ്പെഷ്യൽ പോലെ........അവന്റെ ശബ്ദം അപ്പോൾ ആർദ്രമായിരുന്നു.

മോനേ..... റൊമാന്റിക് ആണോ..... സൗണ്ട് ട്യൂൺ മാറിയല്ലോ

പോടീ....... മൂന്നു വയസ്സിനു മൂത്തത് ആണെങ്കിലും ഇത്താത്തയും ഫ്രണ്ടും എല്ലാം ചേർന്നതാണ് അവന്ന് റംസി. ബഹുമാനവും ഉണ്ട് അതേ സമയം എടീ പോടീ ബന്ധവും.

എന്തായാലും ഞാൻ ഹാപ്പിയാ മോനെ ഇവൾ വന്നാപ്പിന്നെ എന്റെ അടുത്ത് രണ്ടും വരിക പോലും ഇല്ല.അവളെന്ന് വെച്ച തീർന്നു രണ്ടിനും.

അവൻ അവളെ തന്നെ നോക്കി നിന്നു.എല്ലാരേയും നിനക്ക് സ്നേഹിക്കാം.... എന്ന പെണ്ണേ എന്നെ മാത്രം ആയി സ്നേഹിക്കാൻ തുടങ്ങുക.......

ഇനായ അവരെ അടുത്തേക്ക് വന്നു അവിടെ ഇരുന്നു.

ഇത്ത കല്യാണം കഴിഞ്ഞ ഹസ്ബൻഡിന്റെ വീട്ടിൽ അല്ലേ താമസിക്കുക. ഇത്തു പോകാറില്ലേ അവിടേക്ക്.....

റംസിയുടെ മുഖം വിളറി വെളുത്തു. കണ്ണിൽ കണ്ണുനീർ തുള്ളി ഉടലെടുത്തു.

നീ അവളെ ഓടിക്കാൻ നോക്കണോ കാന്താരി. ഫൈസി അവളെ നോക്കി ചോദിച്ചു.

ഇത്തു വേണേൽ പോയിക്കോ കുട്ടികളെ ഞാൻ

തരൂല അത് പറയാൻ വന്നതാ.

നീ സ്വന്തം ആയി എടുത്തോ..... ഇവൾ നിനക്ക് വിറ്റിരിക്കുന്നു രണ്ടിനെയും.... ഒരിക്കലും തിരിച്ചു കൊടുക്കണ്ട  ഫൈസി ചിരിയോടെ പറഞ്ഞു.

താങ്ക്യു.... എന്ന് പറഞ്ഞു ഫൈസിയുടെ രണ്ടു കവിളിലും പിടിച്ചു വലിച്ചു അവൾ ഓടിപ്പോയി.

അവൻ കവിളിൽ കയ്യും വെച്ചു അന്തം വിട്ടു നിന്നു . പിന്നെ ചമ്മലോടെ റംസിയെ നോക്കി. അവളുടെ മുഖം കണ്ടതും ഫൈസി വല്ലാണ്ട് ആയി.അവളെ ചേർത്ത് പിടിച്ചു.

അയ്യേ സ്ട്രോങ്ങ് ആയി എല്ലാരോടും ഉരുളക്കുപ്പേരി പോലെ മറുപടി പറയുന്ന റംസി ആണൊ ഇത്. ഷെയിം..... ഷെയിം.....

പോടാ പെട്ടെന്ന് കേട്ടപ്പോൾ സങ്കടം വന്നു പോയി.

അവൾക്ക് അറിയില്ല പ്രശ്നം ഒന്നും. അറിയണ്ട് പറഞ്ഞു പോയതാ. അവൾക്ക് വേണ്ടി ഞാൻ സോറി പറയുന്നു.

ഒന്ന് പോടാ......എന്നും പറഞ്ഞു അവൾ എണീറ്റു പോയി.

റംസിയും ഷബീറും പ്രണയിച്ചു വിവാഹം കഴിച്ചവർ ആണ്. അടുത്ത് തന്നെയാണ് വീട്. ഷബീറിന്റെ ഉപ്പാക്ക്  ഇഷ്ടം ഇല്ലായിരുന്നു വിവാഹത്തിന്. വിവാഹപ്രയം എത്തിയ റംസിയെ എത്രയെന്നു വെച്ച വീട്ടിലിരുത്തന്ന പറഞ്ഞു ഷബീർ ആയി ഞങ്ങൾ ഉടക്കി. ഞങ്ങളുടെ നിർബന്ധതിന് വഴങ്ങി രജിസ്റ്റർ വിവാഹം കഴിച്ചു. റംസിയെ ഇന്നും അവർ വീട്ടിൽ കയറ്റിയിട്ടില്ല. കുട്ടികൾ ആയാലെങ്കിലും മനസ്സ് മാറുന്നു കരുതി അതും ഉണ്ടായില്ല. വല്ലാത്തൊരു ദുഷ്ടൻ ആണ് അഹമദ് എന്ന ഷബീറിന്റെ ഉപ്പ. റിട്ടർഡ് ഐജി  ആണ്. ഭാവത്തിലും രൂപത്തിലും ഇപ്പോഴും ഐജി  തന്നെ. ആരും കാണുമ്പോ തന്നെ പേടിക്കും.ഞാനും ഇക്കാക്കയും എല്ലാം എത്രയോ വട്ടം കാൽപ്പിടിക്കാൻ വരെ ചെന്നു. വീടിന്റെ പടി കേറാൻ വിട്ടിട്ടില്ല. മൂപ്പരും  ഈ വീടിന്റെ പടി ചവിട്ടില്ലെന്ന വാശിയിൽ ആണ്.

റംസിക്ക് അതിൽ നല്ല സങ്കടം ഉണ്ട്.ഷബീർ പാവം ആണ്. അവളും അവനും സന്തോഷത്തിൽ ആയോണ്ട് എല്ലാർക്കും ഒരു സമാധാനം.

❣️❣️❣️❣️❣️❣️❣️❣️❣️

രാത്രി പതിവ് പോലെ ഇനുവിന്റെ കൈകൾ അവനെ തേടിയെത്തിയതും കാത്തിരുന്നത് പോലെ അവളെയും ചേർത്ത് പിടിച്ചു അവൻ ഉറങ്ങി.

പിറ്റേന്ന് അഞ്ചുമണിക്ക് അലാറം വെച്ചു ഉണർന്ന അവൻ കണ്ണും മിഴിച്ചു നോക്കി നിന്നു പോയി. അഞ്ചുമണിക്ക് അവളെ വിളിക്കാൻ തുടങ്ങിയാൽ ആറുമണിക്ക് എഴുന്നേൽക്കുമല്ലോ എന്ന് കരുതിയ അഞ്ചു മണിക്ക് അലാറം വെച്ചത്.

അവൾ അതാ നിസ്കാരവേഷത്തിൽ  ഖുർആൻ എടുത്തു ഓതുന്നു. ശബ്ദമനോഹരിതമായ ഓതിൽ ലയിച്ചു  എല്ലാം മറന്നു അവൻ അവളെ നോക്കി ഇരുന്നു. അവൾ ഓതിക്കഴിഞ്ഞു ഖുർആൻ വെച്ചു എഴുന്നേറ്റു.

നീ എപ്പോ എണീറ്റു.... അവൻ അത്ഭുതത്തോടെ ചോദിച്ചു.

ഞാനും ജുനുവും നാലുമണി നാലരക്ക് ഉള്ളിൽ എഴുന്നേൽക്കും. തഹജ്ജുദ് നിസ്കരിച്ചു ഖുർആൻ ഓതും പിന്നെ സുബ്ഹി നിസ്കരിച്ചു കിടക്കും. എങ്ങനെ ഉറങ്ങിയാലും ഷാർപ് ടൈം എഴുന്നേൽക്കും.

എന്നിട്ട് വീണ്ടും കിടന്നു ഉറങ്ങും. ആ  കാര്യത്തിൽ നോ കോംബ്രമൈസ്.

എന്ന പിന്നെ കോളേജിൽ പോകാനും രാവിലെ എഴുന്നേറ്റോടെ.തിരക്ക് പിടിച്ചു ഓടണോ......

എഴുന്നേൽക്കാറുണ്ടല്ലോ...... ചെരിപ്പ് ചൂൽ തലയിണ ചട്ടുകം  വെള്ളം ഈ സാധനസാമഗ്രികൾ വഴി ഉമ്മി കൃത്യ ടൈം എഴുന്നേൽപ്പിക്കും.

ഫൈസി അറിയാതെ ചിരിച്ചു പോയി. ഉമ്മ അസ്സൽ പോരാളി ആണെന്ന് അർത്ഥം.

ഇതൊക്കെ ജുനു ഗൾഫിൽ പോയപ്പോ തൊട്ടാണ്. അല്ലെങ്കിൽ ജുനു ആണ് വിളിച്ചു എഴുന്നേൽപ്പിക്കുക. ബെഡ് ടീയും നാസ്തയും യൂണിഫോം ബാഗ് ഒക്കെ എടുത്തു വെച്ചിട്ട് വിളിക്കാൻ വരും....... അപ്പൊ ടൈം കറക്ട് ആണ്.

എന്തായാലും നിന്റെ സ്വഭാവം വെച്ചു ഉമ്മ തന്നെ നല്ലത്.ഉറക്കഭ്രാന്തി.ഞാനും തീരുമാനിച്ചു ഇനി മുതൽ ഉമ്മാനെ പോലെ ഏതെങ്കിലും ഐറ്റം യൂസ് ചെയ്യാൻ......

വേറൊന്ന് ഉണ്ടേ ഇങ്ങനെ ഒക്കെ ചെയ്ത  ഉമ്മാക്ക്

ഒടുക്കത്തെ സ്നേഹം ആയിരിക്കും അന്ന് എന്നോട്. ഞാൻ ജുനുനോട് പരാതി പറഞ്ഞ അന്ന് വീട്ടിൽ യുദ്ധം  ആയിരിക്കും.

ഉമ്മാക്ക്  ജുനുനെ പേടിയാ. എന്നെ തല്ലിയ ഉമ്മ മുട്ടായി വാങ്ങാൻ  പൈസ തന്നു സോപ്പിടും തല്ലിയത് ജുന്നോട് പറയാതിരിക്കാൻ.  ഉപ്പക്കും പേടിയാരുന്നു ജുനുനെ അതോണ്ട് തല്ലും വഴക്കും കിട്ടില്ല.നിന്റെ ഇഷ്ടത്തിന് എഴുന്നേറ്റോ പറയും

ഞാൻ തല്ലിയ ജുനുനോട് പരാതി പറഞ്ഞു തിരിച്ചു തല്ലിക്കുമെന്നുള്ള ചെറിയ വാണിങ് അതിൽ ഉണ്ടെന്ന് പറയാതെ പറഞ്ഞത് ആണ്.

ആ തെണ്ടി പുന്നാരിച്ചു ഈ കോലത്തിൽ ആക്കിയതാണ് അപ്പോൾ..... ഒരു കാര്യം ചെയ്യ്

നാളെ മുതൽ രാവിലെ എന്നേം വിളിച്ചോ...... എന്ന് പറഞ്ഞു റെസ്പോണ്ട് കേൾക്കാത്തൊണ്ട നോക്കിയപ്പോൾ അവൾ ഉറങ്ങിയത് കണ്ടു.

ഈ കുരിപ്പിനെ ഒരു തരത്തിലും മനസ്സിലാക്കാൻ പറ്റുന്നില്ലല്ലോ....... അതും ചിന്തിച്ചു അവൻ നിസ്കരിക്കാൻ പോയി.

💝💝💝💝💝💝💝💝

അഞ്ചാറു  ദിവസം അങ്ങനെ പോയി. അവളുമായി കൂടുതൽ അടുക്കാനും അവൻ ശ്രമിച്ചു. അല്ലെങ്കിലും വെറുതെ മിണ്ടാൻ പോയാലും ഒരു ഇരയെ കിട്ടിയ പോലെ അവൾ നോൺസ്റ്റോപ്പ് വർത്താനം ആയിരുന്നു. എന്ത് സംസാരിച്ചാലും അവസാനിക്കുക ജുനുവിലും. അവളുടെ സംസാരം കേൾക്കാൻ നല്ല രസം ആയോണ്ടും അവളെ മുഖത്ത് മാത്രം ശ്രദ്ധിക്കുന്നുണ്ടും കേട്ടിരിക്കും.ആവിശ്യം അവന്റെ ആണല്ലോ... അവൻ പറയാതെ പറയും അവന്റെ പ്രണയം...... അവൾ ആണേൽ അവന്റെ മുഖത്ത് നോക്കുന്ന പോലും ഉണ്ടാവില്ല. ഇതെന്ത് പ്രണയം ആണാവോ എന്ന് സമി മൂക്കത്ത് വിരൽ വെച്ചു ചിന്തിക്കും.

💝💝💝💝💝💝💝💝

അന്ന് സാറ്റർഡേ ആയോണ്ട് കോളേജ് ഇല്ലായിരുന്നു. വൈകുന്നേരം സമിയും ഫൈസിയും സംസാരിച്ചു ഗാഡനിൽ ഇരിക്കുക  ആയിരുന്നു. ഇനുവും റംസിയും കുട്ടികളെ കൂട്ടി അവരുടെ കൂടെ അവിടെ തന്നെ ഉണ്ടായിരുന്നു. അപ്പോഴാണ് കുറച്ചു ബഹളം

കേട്ടത്. അവർ എല്ലാവരും നോക്കി.

ഗേറ്റിന് പുറത്തു കുറച്ചു ആൾക്കൂട്ടം.

ടാ ആ മുന്നിൽ നില്കുന്നത്  അഹ്മദ് സാർ അല്ലേ. കൂടെഅളിയൻ  ഷബീർ ഉണ്ടല്ലോ. സമി പറഞ്ഞതും എല്ലാവരും ഞെട്ടലോടെ അവരെ നോക്കി. അകത്തു നിന്നും ഉപ്പയും ഉമ്മയും വന്നു.

ഷബീർ ഗൾഫിൽ നിന്ന് എപ്പോ വന്നു.

ഇന്ന് രാവിലെ കൂടി വിളിച്ചത വരുന്നത് ഒന്നും പറഞ്ഞില്ല.റംസി കൈ മലർത്തി കാണിച്ചു.

അതൊക്കെ പോട്ടെ ഏഴു വർഷം ആയി ഈ വീടിന്റെ പടി ചവിട്ടില്ലെന്ന് പറഞ്ഞ നിന്റെ അമ്മായി അപ്പൻ എന്തിനടി ഇപ്പൊ ഇങ്ങോട്ട് കെട്ടിയെടുക്കുന്നെ.

ചിലപ്പോൾ നന്നായി കാണും സമി പറഞ്ഞു.

അതിന്ന് ആളെയും കൂട്ടി ആണൊ വരുന്നത്

നിക്ക് ഒന്നും അറിയില്ല പടച്ചോനെ

അവരെ പിന്നാലെ വരുന്ന അടുത്ത കോളനിയിലെ കുറെ അമ്മമാരും കുട്ടികളും പിറകെ കണ്ടു. ഇതിപ്പോ ജാഥക്ക് ഉള്ള ആളുണ്ടല്ലോ എല്ലാവരും

കാര്യം അറിയാതെ ഞെട്ടലോടെ നോക്കി നിന്നു.

വന്നവരോട് അഹ്മദ് സംസാരിക്കുന്നത് കണ്ടതും ഷബീർ മെല്ലെ അങ്ങോട്ട് വന്നു.

എന്താ അളിയാ പ്രശ്നം.

നിക്ക് ഒന്നും അറീല. ഇന്ന് രാവിലെ വിളിച്ചു ഇപ്പൊ വരണം എന്ന് പറഞ്ഞു. ഉപ്പാന്റെ സ്വഭാവം അറിയാലോ പേടിച്ചിട്ട് ഞാൻ നിന്ന നിൽപ്പിൽ ഇവിടെ എത്തി.

റംസി ആയി എന്തെങ്കിലും പ്രോബ്ലം ഉണ്ടോ

അതില്ലടാ . വന്നിട്ട് ഒരു ഗ്ലാസ് വെള്ളം കുടിക്കാൻ പോലും വിട്ടിട്ടില്ല.നിന്റെ ഭാര്യയെ കാണണം അതിന്ന് കൂടെ വരണം എന്ന് പറഞ്ഞു ഞാൻ വന്നു. എന്റെ നിരീക്ഷണതിൽ ഇനായ ആണ് വിഷയം.മൂപ്പർ ഈ വീട്ടിൽ കാൽകുതില്ലല്ലോ. അതോണ്ട് അവളെ പുറത്തേക്ക് വിളിക്കാനാ എന്നെ വിളിച്ചു വരുത്തിയത്.എന്റെ മക്കളെ കാണാൻ പോലും വന്നിട്ടില്ല. അങ്ങനെ ഉള്ള ആൾ നിന്റെ ഭാര്യയെ കാണാൻ എന്നേം കൂട്ടി വന്നിരിക്കുന്നു. അതും പോരാഞ്ഞു പഞ്ചായത്ത് മൊത്തത്തിൽ കൂടെ ഉണ്ടെന്ന തോന്നുന്നേ.അപ്പൊ പ്രോബ്ലം ഇത്തിരി

ടെയ്ൻജർ ആണ്.

എല്ലാവരും ഇനയയെ നോക്കി. നിഷ്കു ഭാവത്തിൽ നിൽക്കുന്ന അവളെ കണ്ടു

അവർ  അവളെ അടുത്തേക്ക് ചെന്നു. നിനക്ക് ഷബീറിനെ അറിയോ....

അവൾ ഇല്ലെന്ന് തലയാട്ടി.

ആ നിൽക്കുന്ന ആളെ മോനാണ്.

ആ കടുവയുടെ  മോനാണോ താൻ.....നിനക്ക് അങ്ങനെ തന്നെ വേണം

കടുവയോ ........ അവർ എല്ലാരും വാ പൊത്തിപ്പോയി.

റിട്ടേഡ് ഐജി   ആണ്.ഇപ്പോഴും ആ എടുപ്പും നടത്തവും ഗൗരവം എല്ലാം ഉണ്ട് മുഖത്ത്. ഇന്ന് വരെ ആരും പേടിച്ചിട്ട് നേർക്ക് നേരെ മുന്നിൽ നിൽക്കാറില്ല.

എന്താ നിങ്ങൾ തമ്മിൽ പ്രശ്നം....... ഫൈസി ചോദിച്ചു.

ഞാൻ ആ കടുവയോട്  മിണ്ടേം കൂടി ചെയ്യില്ല. നോക്കിക്കോ....... എനിക്ക് ആരേം കാണേം വേണ്ട....... ദുഷ്ടൻ..... ആ കിളവന്റെ വിചാരം എന്താ ഭൂലോക

സുന്ദരൻ ആണെന്നോ.....

അപ്പോഴാണ് ഒരു സ്ത്രീ അങ്ങോട്ട് വന്നത്.

എന്റെ പൊന്ന് കൊച്ചേ അങ്ങേരോട് ഒന്ന് മിണ്ട്. വേണേൽ ഞാൻ നിന്നോട് മാപ്പ് പറയാം...........

ഞാൻ വരൂല..... മിണ്ടേം ചെയ്യില്ല..... എന്നെ ഇന്നലെ ഒരു കാര്യം ഇല്ലാതെയാ....... അതും പറഞ്ഞു അവൾ കരയാൻ തുടങ്ങി....

എല്ലാർക്കും കാര്യം മനസ്സിലാകാതെ വട്ട് പിടിക്കുന്നുണ്ടായിരുന്നു.

ഫൈസി ആ സ്ത്രീയോട് എന്താ കാര്യം എന്ന് ചോദിച്ചു.

അവർ പറഞ്ഞു കഴിഞ്ഞതും എല്ലാവരുടെയും കിളികൾ രാജ്യം വിട്ടു തന്നെ പോയിരുന്നു.

ഫൈസി ഒരു ശബ്ദം കേൾക്കാതെ ചുറ്റും നോക്കി. റംസി ബോധം കേട്ടു വീണിട്ടുണ്ട്. ഷബീർ അവളെയും പിടിച്ചു ബോധം ഇപ്പൊ പോകും എന്ന മട്ടിൽ ആണ് ഉള്ളത്. ഉപ്പയും ഉമ്മയും കണ്ണും തുറിച്ചു അവളെയും നോക്കി നിൽപ്പുണ്ട്. സമി ആണേൽ കരയണോ ചിരിക്കണോ എന്ന ഭാവത്തിൽ ആണ്.

അവൾ ആണെങ്കിൽ റംസിന്റെ മോൾക്ക് പൂമ്പാറ്റയെ പിടിച്ചു കൊടുക്കുന്നുണ്ട്. അവൻ തലകുടഞ്ഞു എല്ലാരേം ഒന്ന് കൂടി നോക്കി.

എനിക്കിവളെ അറിയീം കൂടി ഇല്ലെന്ന് പറഞ്ഞു അകത്തേക്ക്  ഓടാൻ നോക്കിയ ഫൈസിയെ ഷബീർ പിടിച്ചു വെച്ചു.

സമിയും ഫൈസിയും മനസ്സറിഞ്ഞു തന്നെ വിളിച്ചു പോയി ജുനൂ............

📚STORY BOARD📚

❤️ 💔 INVISIBLE LOVE 💔❤️

Love after💘 marriage story

Part 16

ആയാൾ എന്നെ പീഡിപ്പിച്ചു. സോ ഞാൻ ഇനി അയാളോട് മിണ്ടില്ല.

ഈ ഒരു പ്രാവശ്യം മാപ്പ് കൊടുത്തൂടെ ഇനു.

എന്നെ പീഡിപ്പിച്ചോണ്ട് അല്ലേ. ചുമ്മാതല്ലല്ലോ

പിണങ്ങിയത്....

,

ഫൈസി  അവളെ വാ പൊത്തി. പീഡിപ്പിച്ചുന്ന് ഇടക്കിടക്ക് പറയല്ലേ.... ആൾക്കാർ കേട്ടാൽ തെറ്റിദ്ധരിക്കും.

ദേഹോപദ്രവം ചെയ്താൽ പീഡനം എന്ന് തന്നെ അല്ലേ പറയ. ഞാൻ പറഞ്ഞത് സത്യവും ആണ്. പിന്നെന്താ എല്ലാരും കേട്ടാൽ

അവൻ ദയനീയമായി എല്ലാരേം നോക്കി.

ടീ ചെവിയിൽ പിടിച്ചു തിരിച്ചു ഒരടിയും തന്നു. അതെങ്ങനെ ആടീ പീഡനം ആകുന്നെ.

ഫോടീൻ സെക്കൻഡ് നോക്കിയ ജയിലിൽ പോകുമെന്ന ഋഷി രാജ് സിംഗിന്റെ നിയമം വെച്ച് നോക്കുമ്പോ ഇത് പീഡനം തന്നെയാടാ സമി മെല്ലെ അവന്റെ ചെവിട്ടിൽ പറഞ്ഞു.

ഫൈസി കലിപ്പിട്ട് നോക്കിയതും അവൻ വാ പൂട്ടി.

മോളെ ഇനു..... ഒന്നുമില്ലെങ്കിലും അങ്ങേര് നിന്നെക്കാൾ മൂത്തതല്ലേ...... നീ തെറ്റ് ചെയ്തോണ്ട് അല്ലേ അങ്ങേര് ചെവിക്ക് പിടിച്ചത്.

എനിക്ക് അറിയാത്തോണ്ട് അല്ലേ ഫൈസ്. ഞാൻ ആദ്യം ആയ കിച്ചൺ ക്ലീൻ ചെയ്യാൻ പോയത്. അതോണ്ടല്ലേ അങ്ങനെ പറ്റിയെ അവൾ നിഷ്കളങ്കഭാവത്തിൽ പറയുന്ന കേട്ടപ്പോൾ..... അച്ചോടാ പോട്ടെ വാവേ എന്ന് പറഞ്ഞു തലോടാൻ തോന്നിപ്പോയി അവന്ന്. അഹ്മദിനെ ഓർത്തതും അവൻ വീണ്ടും സീരിയസ് ആയി.

എന്റെ പൊന്ന് മോളല്ലേ...... അങ്ങേര് അതിന്ന് മാപ്പ് ചോദിക്കാനാ വന്നത്. പോയി ഒന്ന് മിണ്ട്. നീ മിണ്ടാതെ പോകില്ലെന്നും പറഞ്ഞ ആയാൾ അവിടെ നില്കുന്നെ.

എന്നാലും ഫൈസ്....... എന്നെ അടിച്ചോണ്ട് അല്ലേ..... എനിക്ക് അയാളെ ഒരുപാട് ഇഷ്ടം ആണ്. അതോണ്ടാ എനിക്ക് സങ്കടം വന്നേ. എനിക്കും കടുവയെ വല്ലാണ്ട് മിസ്സ് ചെയ്യുന്നുണ്ട്.... സങ്കടത്തോടെ അവൾ പറഞ്ഞതും എല്ലാവരും ഞെട്ടിപ്പോയി.

ഇവളും ആയാളും എങ്ങനെ..... എല്ലാർക്കും ഉണ്ടായിരുന്നു ആ ഡൌട്ട്.അല്ലെങ്കിലും ആ സ്ത്രീ പറഞ്ഞത് കേട്ടപ്പോൾ തന്നെ അവർ എല്ലാവരും

ഞെട്ടി പണ്ടാരം അടങ്ങിയിരുന്നതാണ്.

അഹ്മദ് കിച്ചൺ ക്ലീൻ ചെയ്യാൻ പറഞ്ഞു. അവൾ ഒരു ബക്കറ്റ് വെള്ളം എടുത്തു അടുക്കളെയിൽ ഒഴിച്ചു. അത് കണ്ടോണ്ട് വന്ന ആയാൽ അവളെ ചെവിക്ക് പിടിച്ചു.....അത് തുടക്കാൻ മോഫ് എടുത്തു കൊടുക്കാൻ പോയപ്പോ അവൾ ആ വെള്ളത്തിൽ സർഫ് ഇട്ടു. മൊത്തത്തിൽ ആയാൾ തിരിച്ചു വന്നപ്പോ കണ്ടത് സർഫ് പതയിൽ കുളിച്ചു കിടക്കുന്ന കിച്ചൺ. ആരായാലും തല്ലിപോകില്ലേ അയാളും ആ മോഫ് കൊണ്ട് ചന്തിക്കിട്ട് ഒന്ന് കൊടുത്തു. അതിന്ന് ഇനി നിങ്ങളോട് മിണ്ടില്ല. എന്നെ പീഡിപ്പിച്ചില്ലേ പറഞ്ഞു പിണങ്ങി പോയി. ഇന്നലെ മുതൽ അയാളെ കാണുമ്പോ മിണ്ടാതെ മുഖം വീർപ്പിച്ചു നടക്കുന്നു. ഇവൾ മിണ്ടാതെ ഇനി പോകില്ലെന്ന് പറഞ്ഞു ഗേറ്റിന് പുറത്തു ഇരിക്കുന്നെ. ഇതാണ് ആ സ്ത്രീ പറഞ്ഞെ. ഈ പീഡന കഥ കേട്ടാണ് എല്ലാരേം ബോധം പോയത്. പ്രശ്നം ഒതുക്കാൻ ഇനായ മിണ്ടിയെ പറ്റു. മിണ്ടില്ലെന്ന് അവളും. അവൾ മിണ്ടാതെ പോകില്ലെന്ന് അയാളും.അവസാനം ഫൈസിന്റെ മുന്നിൽ അടിയറവ് പറഞ്ഞു അവൾ പോയി.അവൾ പോയി

അയാളോട് സംസാരിക്കുന്നതും പിന്നെ അവർ രണ്ടാളും കൂടി കൂടെ വന്നവരോട് സംസാരിക്കുന്നതും ഗേറ്റിന്റെ അകത്തു നിന്നു എല്ലാരും കണ്ടു. കൂടെ വന്നവരെല്ലാം പോയി.

ടാ ഫൈസി...... നിന്റെ കെട്ടിയോൾ എങ്ങനെയാടാ എന്റെ വീട്ടിലെ കിച്ചണിൽ എത്തിയത്...... അത് മാത്രം അല്ല അതിന് ഈ നാട്ടുകാർ എന്തിനാ ഇടപെടുന്നേ..... ഷബീർ ആലോചനയോടെ പറഞ്ഞു.

അതേ ചിന്ത എല്ലാർക്കും ഉണ്ടായിരുന്നു. തല്ക്കാലം പീഡനസമരം അവസാനിച്ചോണ്ട് അവസാനം ചോദിക്കാമെന്ന് കരുതി അവർ അടങ്ങി.അഹ്മദ് പോകുന്നവരെ അവർ കാത്തിരുന്നു . പക്ഷേ അവൾ അയാളെ കയ്യും പിടിച്ചാണ് അവരെ അടുത്തേക്ക് വന്നത്.

കടുവേ ഇതാണ് എന്റെ ഫൈസ്..... നിങ്ങൾ പറയാറുള്ള കിഴങ്ങൻ കെട്ടിയോൻ....

എന്റെ ഫൈസ് എന്ന് പറഞ്ഞപ്പോ സന്തോഷം തോന്നിയെങ്കിലും കിഴങ്ങൻ വിളി കേട്ടപ്പോ അത് നിന്നു. അവൻ ദേഷ്യത്തോടെ അവരെ നോക്കിയെങ്കിലും അയാളെ പേടിച്ചു മിണ്ടാതെ നിന്നു.

പിന്നെ ഓരോരുത്തരെ ആയി അവൾ പരിചയപ്പെടുത്തി കൊടുത്തു. അതിൽ നിന്ന് തന്നെ അവൾക്ക് അവരുമായുള്ള ബന്ധം അറിയില്ലെന്ന് എല്ലാർക്കും മനസ്സിലായി.

ഞാൻ പോട്ടെ എന്ന് പറഞ്ഞു അയാൾ തിരിഞ്ഞു നടക്കാൻ പോയതും അവൾ കടുവേ എന്ന് വിളിച്ചു പിറകെ പോയി.

പൊടിക്കുപ്പി എന്ന് പറഞ്ഞു അവളുടെ ചെവി പിടിച്ചു വീണ്ടും തിരിക്കുന്നത് കണ്ടു.

ടോ കിളവാ എന്നെ പൊടിക്കുപ്പിന്ന് വിളിച്ചു ആ പിള്ളേരും തുടങ്ങിയിട്ടുണ്ട് വിളിക്കാൻ അവൾ കുറുമ്പോടെ പറഞ്ഞു.

നീയെന്നെ കടുവേ വിളി നിർത് എന്നാൽ ഞാനും വിളിക്കില്ല അയാൾ ഗൗരവത്തോടെ പറഞ്ഞു.

ആദ്യം ഈ കടുവയുടെ സ്വഭാവം മാറ്റ്.... എന്ന വിളി നിർത്തും എന്ന് പറഞ്ഞു അയാളെ പിരിച്ചു വെച്ച മീശ അവൾ പിടിച്ചു താഴ്ത്തി.

പകരം അയാൾ കണ്ണുരുട്ടി പേടിപ്പിക്കുന്നത് അവർ കണ്ടു.

ഇതൊക്കെ കണ്ടു ബാക്കി ഉള്ളവരുടെ കണ്ണ് ഇപ്പൊ പുറത്തേക്ക് വീഴും എന്ന അവസ്ഥയിൽ ആണ് ഉള്ളത്.

ഇവിടം വരെ വന്നിട്ട് ഒന്നും കുടിക്കാതെ പോകാൻ ഞാൻ വിടില്ല എന്നും പറഞ്ഞു അയാളെ കയ്യിൽ പിടിച്ചു വലിക്കുന്നുണ്ട്.

ഇപ്പൊ ഒരടി പൊട്ടുമെന്ന് അവർക്ക് തോന്നി.

ഞാൻ പിന്നെ വരാം പൊടിക്കുപ്പി..... എന്ന് പറഞ്ഞു അയാൾ തിരിഞ്ഞു.

ടോ കടുവേ.... എന്റെ വീട്ടിൽ ഇപ്പൊ വന്നില്ലെങ്കിൽ ഞാൻ വരൂല ഇനി അങ്ങോട്ടും.

ബാക്കിയുള്ളവർ നെഞ്ചിടിപ്പോടെ അത് നോക്കിയത്.

എല്ലാവരെയും പ്രതീക്ഷ തെറ്റിച്ചു ഗേറ്റിന് നേർക്ക് അയാൾ വന്നു.

അപ്പൊ എന്നോട് സ്നേഹം ഒക്കെ ഉണ്ട് എന്ന് പറഞ്ഞു അയാളെ കയ്യിൽ തൂങ്ങി അവൾ അകത്തേക്ക് നടന്നു. ബാക്കിയുള്ളവർ സ്വപ്നലോകത്ത് എന്നുള്ള പോലെയും.

അവൾ തന്നെ സോഫയിൽ പിടിച്ചു ഇരുത്തി.

ഇനി പോട്ടെ അയാൾ ആസ്വസ്ഥൻ ആണെന്ന് അവർ കണ്ടു.ഇവൾക്ക് അറിയില്ലെങ്കിലും അവർക്ക് കാര്യം അറിയാലോ....

അയ്യടാ..... ഇവിടെ കേറിയിട്ട് ഒന്നും കുടിക്കാതെയോ.... കോഫി കുടിച്ചിട്ട് പോയ മതി.

എനിക്ക് ഒന്നും വേണ്ട പിന്നെ വരാം... അയാൾ എഴുന്നേറ്റു.

പേടിക്കണ്ട ഞാൻ ഉണ്ടാകുല അവൾ ചിരിച്ചോണ്ട് പറഞ്ഞു . എന്റെ ഇതുസ് അടിപൊളി ആയിട്ട് കോഫി ഉണ്ടാക്കും. കുടിച്ചിട്ട് പോയ മതി എന്നും പറഞ്ഞു അവിടെ പിടിച്ചു ഇരുത്തിച്ചു.

ഇതുസേ ഒരു കോഫി...... റംസി അടുക്കളയിലേക്ക് ഓടുകയാരുന്നു.

മധുരം വേണ്ടാട്ടാ കടുവക്ക് ഷുഗർ ഉണ്ട് അവൾ വിളിച്ചു പറഞ്ഞു.

അപ്പോഴാണ് ഷബീറിന്റെ കയ്യിൽ മിനുവിനെ അവൾ കണ്ടത്.

നീ അപ്പോഴേക്കും ഇയാളോട് ഒട്ടിയോ. ഇങ് വാ എന്നും പറഞ്ഞു അവൾ മിന്നുമോളെ എടുത്തോണ്ട്

അവിടെ ഇരുന്നു. അയാളെ മടിയിൽ വെച്ചു കൊടുത്തു.

ഇതാണ് എന്റെ മിന്നുകുട്ടി. മിന്നുകുട്ടി ഇതാണ് എന്റെ കടുവ . അവൾ അയാളെ തന്നെ നോക്കി നിന്നു.

എന്റെ പൊന്ന് കടുവേ കൊച്ചിനെ ഒന്ന് ചിരിപ്പിക്കാൻ നോക്ക് എന്ന് പറഞ്ഞു മിന്നുവിന്റെ മേലെ കൈ വെപ്പിച്ചു. അപ്പോഴേക്കും റംസി കോഫി എടുത്തു വന്നു. ഇനു മിന്നുവിനെ എടുത്തു കോഫി വാങ്ങാൻ പറഞ്ഞു. അയാൾ വാങ്ങാതെ നിന്നു. കുടിക്ക് കടുവേ എന്നും പറഞ്ഞു കയ്യിൽ വെച്ചു കൊടുത്തു.

ഇതുസേ..... ഇവർക്ക് കോഫി കൊടുക്കുന്നില്ലേ ഷബീറിനെ ചൂണ്ടി പറഞ്ഞു.

എല്ലാവരും ഷോക്ക് ആയി കണ്ണിമ വെട്ടാതെ അവരെയും നോക്കി ഇരിക്കുകയാണ്. ശ്വാസം കഴിക്കാൻ പോലും അവർ പേടിച്ചിരുന്നു.

അയാൾ എങ്ങനെയൊക്കെയോ ഒരിറക്ക് കോഫി കുടിച്ചു.അവിടെ വെച്ചു എണീറ്റു.

മിന്നു അപ്പോഴാ ഉപ്പാന്ന് വിളിച്ചു ഷബീറിന്റെ

അടുത്തേക്ക് ഓടിയത്. ഇപ്പൊ ഞെട്ടിയത് ഇനായ ആയിരുന്നു.

അവൾ കണ്ണും മിഴിച്ചു അവരെയും കടുവായെയും നോക്കി. അവൾ ശരിക്കും ഞെട്ടിപ്പോയെന്ന് ഫൈസിക്ക് മനസ്സിലായി.

ടോ കടുവേ...... എന്നിട്ടാണോടോ എന്നെ കൊണ്ട് അടിമപ്പണി ചെയ്യിച്ചേ......ഇയാൾ എന്റെ ഇതുന്റെ ഭർത്താവ് അല്ലേ..... നിങ്ങളെ ഈ പോങ്ങൻ മോൻ തരിലായിരുന്നോ കാശ്......

അവളു ഒച്ചയെടുത്തു കടുവയോട് പറയുന്നത് കേട്ടു ഫൈസി വീഴാതിരിക്കാൻ സമിയുടെ കയ്യിൽ പിടിച്ചു പോയി.

എന്നാലും കടുവേ നാലായിരം രൂപക്ക് വേണ്ടി ഞാൻ കളവ്  വരെ പറഞ്ഞില്ലേ..... അവൾ താടിക്ക് കയ്യും കൊടുത്തു അയാളെ നോക്കി

എന്താ ഉപ്പ ശരിക്കും പ്രശ്നം ഷബീർ എങ്ങനെയൊക്കെയോ ധൈര്യം സംഭരിച്ചു ചോദിച്ചെങ്കിലും കടുവയുടെ നോട്ടം കണ്ടതും പോയത് പോലെ വായും പൂട്ടി പിറകിലേക്ക് പോയി.എന്നിട്ട് ഫൈസിയെ പിടിച്ചു മുന്നിൽ

നിറുത്തി.... അവൻ ഞെട്ടികൊണ്ട് അയാളെ നോക്കി പിറകിലേക്ക് പോകാൻ നോക്കിയെങ്കിലും സമിയും ഷബീറും നോക്കിപേടിപ്പിച്ചു മുന്നിലേക്ക് ഉന്തി. ചോദിക്കെന്ന് കണ്ണ് കൊണ്ട് പറഞ്ഞു.

അവൻ മെല്ലെ ഇനായയുടെ അടുത്തേക്ക് പോയി.

എന്താടി അടുത്ത പ്രശ്നം. നിനക്ക് എങ്ങനെയാ ഇയാളെ അറിയുക.മെല്ലെ ചോദിച്ചു.

അപ്പോഴാ അവൾ അടുത്ത ബോംബിട്ടത്.

കടുവ ആണ് ക്രിക്കറ്റ് ടീമിന്റെ ക്യാപ്റ്റൻ.

എന്തോന്ന് ഫൈസിന്റെ കിളികൾ കൂടക്കം എടുത്തോണ്ട് പറന്നു പോയി.

നമ്മുടെ വീടിനടുത്തുള്ള പറമ്പ് ഇല്ലേ അത് ഇവരെ ആണ്.

അതെനിക്കും അറിയാം അതും നീയും ആയി എന്ത് ബന്ധം

ഞാൻ അത് ഇയാളിൽ നിന്നും ക്രിക്കറ്റ് കളിക്കാൻ വാങ്ങി.

അവൻ ഇനിയും ഞെട്ടാൻ ബാക്കി ഇല്ലാത്തോണ്ട്

ദയനീയമായി നോക്കി.ഒന്നൂടി പറഞ്ഞെ തുടക്കം മുതൽ

ഞാൻ കോളേജ് വിട്ടു വരികയാരുന്നു. അപ്പൊ കുറച്ചു കുട്ടികൾ റോഡിൽ നിന്നും ക്രിക്കറ്റ് കളിക്കുകയാരുന്നു.ഞാനും അവരെ കൂടെ കൂടി. ഇടക്കിടക്ക് വണ്ടികൾ പോകുന്നോണ്ട് ശരിക്കും കളിക്കാൻ കഴിയുന്നില്ലായിരുന്നു. ഞാൻ അവരോട് പറഞ്ഞു അടുത്ത് കാണുന്ന സ്ഥലത് പോയി കളിക്കാന്ന്. അവർ അപ്പൊ പറഞ്ഞു അത് ഈ കടുവയുടെ ആണ്. അത് വഴി പോകാൻ പോലും വിടൂല. ദുഷ്ടൻ ആണ്.... അവരെയൊക്കെ പേടിപ്പിച്ചു വിടുന്നു. അതോണ്ട് ഞാൻ പോയി ചോദിച്ചു. അവിടെ നിന്നും കളിക്കട്ടെന്ന്. എന്റെ സ്വീറ്റ് കടുവ ആദ്യം സമ്മതിച്ചില്ല. പിന്നെ ഞാൻ സമ്മതിപ്പിച്ചു. ഞങ്ങൾ എല്ലാരും അവിടെ നിന്നാണ് ഇപ്പൊ കളിക്കാർ. ഞാനും കടുവയും ആണ് ടീം ക്യാപ്റ്റൻ.മിനിഞ്ഞാന്ന് എന്റെ കയ്യിൽ നിന്നും ബോൾ കൊണ്ട് അതിന്റെ തൊട്ടടുത്ത വീട്ടിലെ ജനൽ പൊട്ടി. അവർ വന്നു പ്രശ്നം ഉണ്ടാക്കി. നന്നാക്കി കൊടുക്കണോന്ന് പറഞ്ഞു. എന്റെ കയ്യിൽ കാശ് ഇല്ലാത്തോണ്ട് ഞാൻ ഫൈസിയോട്

കോളേജിലേക്ക് പൈസ വേണമെന്ന് പറഞ്ഞു രണ്ടായിരം വാങ്ങി. ബാക്കി കടുവയും എടുത്തു.

ഫൈസിക്ക് ഇനായ പൈസ ചോദിച്ചത് ഓർമ വന്നു. ഒന്നും ചോദിക്കാതെ എടുത്തു കൊടുത്തു.

കടുവയുടെ വീട്ടിൽ ഞാൻ പോകാറുണ്ട്. മിനിഞ്ഞാന്ന് പൈസ കൊടുക്കാൻ പോയപ്പോൾ കിച്ചണിൽ പോയി ചായ ഇടാൻ പറഞ്ഞു. ഞാൻ ചായ ഇട്ടുകൊടുത്തതും അങ്ങേര് അപ്പൊ തന്നെ തുപ്പികളഞ്ഞു. പോരാത്തതിന് കപ്പ് വീണു പൊട്ടി. അത്രക്ക് അടിപൊളി ചായ ആയിരുന്നു പോലും. അവൾ അത് പറയുമ്പോൾ തല ചൊറിഞ്ഞു ചമ്മലോടെ അയാളെ നോക്കി.

ഒരു ഗ്ലാസ് ചായക്ക് അഞ്ചു ടീസ്പൂൺ ചായപ്പൊടി ഇട്ടു തന്ന അവസ്ഥ ഓർത്തു അയാൾ ആ ഓർമയിൽ പോലും ഒക്കനിച്ചു പോയി.

എന്നോട് ക്ലീൻ ചെയ്യാൻ പറഞ്ഞു. വെള്ളം എടുത്തു കിച്ചൺ കഴുകിയിട്ടു ഇറങ്ങിയ മതി പറഞ്ഞു. ഞങ്ങളുടെ വീട്ടിൽ കഴുകുക എന്ന് പറഞ്ഞ സോപ്പും വെള്ളം ഒഴിച്ചു കഴുകൽ ആണ്. അതേ ഞാൻ ചെയ്തുള്ളു. അതിനാ എന്നെ തല്ലിയത്.

ആർക്കും പറന്നു പോകാൻ കിളി ഇല്ലാത്തോണ്ട് മൂക്കത് വിരൽ വെച്ചു നിന്നെ ഉള്ളൂ. നിനക്ക് ഇത് തന്നെ വേണമെടാ എന്നൊരു ധ്വനിയും അതിൽ ഉണ്ടായിരുന്നു .

ഞാൻ പോകുന്നു പൊടിക്കുപ്പി എന്നും പറഞ്ഞു അയാൾ പോകാൻ നടന്നതും അവൾ അയാളെ അടുത്ത് പോയി നിന്നു നീളം നോക്കുന്ന പോലെ ഒപ്പിച്ചു നിന്നു.

നോക്ക് ഫൈസ് ഞാൻ നല്ല ഹൈറ്റ് ഇല്ലേ എന്നിട്ട് എന്നെ പൊടികുപ്പി വിളിക്കുന്നെ അവൾ പരാതി പോലെ അവനോട് പറഞ്ഞു.

അയാളെ ചുമളോളം അവൾ ഉള്ളൂ. മൂപ്പർ കുറച്ചു ഹൈറ്റ് വെയിറ്റ് ഉള്ളതാണ്.

നീ കടുവ വിളി നിർത്തുന്നോ അന്ന് ഞാൻ വിളി നിർത്തു. അപ്പൊ നാളെ രാവിലെ വരണേ എന്നും പറഞ്ഞു പോയി.

എല്ലാവരും ശ്വാസം ആഞ്ഞു വലിച്ചു ഒന്ന് റിലക്സ് ആയി. എന്നിട്ട് അത്ഭുതജീവിയെ പോലെ അവളെ നോക്കി.

ഇപ്പോഴും ഒരു ഡൌട്ട് പോയില്ല. നാട്ടുകാർ മൊത്തത്തിൽ വന്നത് എന്തിനാ.

അത് ഞാൻ കടുവയോട് മിണ്ടില്ല പറഞ്ഞു വന്നില്ലേ. ദേഷ്യം പിടിച്ചു ആ സ്ഥലത്ത് ആരും കേറരുതെന്ന് പറഞ്ഞു.കടുവയെ സോപ്പിട്ടാ പുതിയ ബാറ്റ് ബാൾ ഒക്കെ വാങ്ങിയത് അതും കൊടുത്തില്ല. ആ പിള്ളേർ ഒക്കെ വീട്ടിൽ പോയി കരച്ചിലും പിഴിച്ചിലും ആയിരുന്നു പോലും. അതോണ്ട് ഞങ്ങളെ പിണക്കം മാറ്റാൻ വന്നതാ.....

നിനക്ക് അഹ്മദ്നെ മുന്നേ പരിജയം ഉണ്ടോ

അതാരാ അഹ്മദ്......

പേര് പോലും അറീലെ നിനക്ക്........ എന്നെ അങ്ങ് കൊല്ല്....... ഫൈസി കണ്ണും തുറിച്ചു അവളെ നോക്കി.

കടുവയുടെ പേര് ആണല്ലേ..... ചോദിക്കാൻ മറന്നു. റിട്ടേഡ് ഐജി ആണെന്ന് പറഞ്ഞു. പിന്നെ ആ പിള്ളേർ പറഞ്ഞു കടുവയുടെ സ്വഭാവം ആണ്. അതോണ്ട് അവർ ഇട്ട പേര കടുവ.

നിന്നെ അങ്ങനെ വിളിച്ചതിന്ന് അങ്ങേര് ഒന്നും പറഞ്ഞില്ലേ.....

പറഞ്ഞോന്നോ...... എന്തൊക്കെ തെറി വിളിച്ചു. ഒച്ചയെടുത്തു.....

എന്നിട്ട്.......

എന്നിട്ട് എന്താ...... ഞാൻ പറഞ്ഞു ഒരാളെ നമ്പർ തരാം ഇങ്ങനെ ഒക്കെ ഒന്നൂടി പറയോന്ന്........ എനിക്ക് ഇർഫാനെ അപ്പൊ ഓർമ വന്നത്. ഞാൻ അങ്ങേരെ കൊണ്ട് അവനെ കുറെ ചീത്ത വിളിപ്പിച്ചു.

ഇനുവിന്റെ ഉപ്പയാ ഞാൻ ഇനി അവളെ ശല്യം ചെയ്ത ഷൂട്ട് ചെയ്യുന്നു പറഞ്ഞു അവനോട്. എനിക്ക് ഒത്തിരി സന്തോഷം ആയി

പിന്നെ  ഞങ്ങൾ നല്ല കൂട്ടായി.

നമ്മൾ സ്കൂളിൽ പഠിക്കുമ്പോ ഒരു സ്റ്റോറി പഠിച്ചിട്ടില്ലെടാ രക്ഷസന്റെ തോട്ടത്തിലെ പൂന്തോട്ടത്തിൽ പൂ പറിക്കാൻ പോയ സ്റ്റോറി അത് തന്നെ സംഭവം. ഇവൾ സംസാരിച്ചു അങ്ങേര് പട്ടിലാക്കി.സമി വലിയ തത്വം പോലെ പറഞ്ഞു.

കണ്ടു പടിക്കെടീ ചുണക്കുട്ടികളെ..... ഷബീർ

റംസിയെ നോക്കി പറഞ്ഞു..... അവൾക്ക് എന്ത് കൊണ്ടോ സങ്കടം ആയിരുന്നു വന്നത്. അവൾ

നിറഞ്ഞ കണ്ണുകൾ ആരും കാണാതിരിക്കാൻ റൂമിലേക്ക് പോയി.

അതൊക്കെ പോട്ടെ കോളേജിൽ പോയി ട്യൂഷനും കഴിഞ്ഞു വീട്ടിൽ വരുന്ന നിനക്ക് എവിടുന്നാ ക്രിക്കറ്റ് കളിക്കാൻ സമയം.

അവൾ തലകുനിച്ചു ഫൈസിന്റെ മുന്നിൽ നിന്നു.

സോറി ഫൈസ്....... ഞാൻ കള്ളം പറഞ്ഞത എനിക്ക് സ്പെഷ്യൽ ക്ലാസ്സ് ഒന്നും ഇല്ല. എനിക്ക് അവരുടെ കൂടെ കളിക്കാൻ വേണ്ടി പറഞ്ഞതാ..... അവർ സ്കൂൾ വിട്ടു വരുന്നത് വരെ ഞാനും കടുവയും സംസാരിച്ചു ഇരിക്കും. കടുവയാ പറഞ്ഞത് വീട്ടിൽ സ്പെഷ്യൽ ക്ലാസ്സ് ഉണ്ടെന്ന് പറഞ്ഞോന്നു. എനിക്ക് ഇവിടെ ബോറടിച്ചോണ്ടാ..... ആരും ഇല്ല ഇവിടെ കളിക്കാൻ...... എന്റെ വീട്ടിൽ സിനാനും അവന്റെ ഫ്രണ്ട്സ് ഉണ്ടാകും......  പിന്നെ കാശ് ജുനുവന്നിട്ട് വാങ്ങി തരാം.

എന്നാലും പൊടിക്കുപ്പി നീയാൾ ഒരു ഭീകരി തന്നെ. ഞങ്ങൾക്ക് ഇപ്പോഴും മുട്ട് വിറക്കും മുന്നിൽ നിൽക്കുമ്പോൾ ഷബീർ അവളോട് പറഞ്ഞു.

നിങ്ങളെ കടുവ പോങ്ങൻ യൂസ്ലെസ് എന്നൊക്ക

പറയാറ്. നിങ്ങൾക്ക് പകരം വാഴ വെച്ച മതിയാരുന്നുന്നു പറഞ്ഞു.

ഷബീർ ഇനി ഒന്നും പറയരുത് എന്ന മട്ടിൽ കൈകൂപ്പി.

എന്തിനാ വാഴ വെക്കുന്നെ അതെനിക്ക് മനസ്സിലായില്ല. അത് ചോദിച്ചപ്പോ പറഞ്ഞു നിന്റെ കെട്ടിയോൻ കിഴങ്ങനോട് പോയി ചോദിക്കെന്ന്.എന്താ ഫൈസ് അങ്ങനെ പറഞ്ഞത്.

ഇനി താങ്ങൂല ഖൽബെ...... ദയവു ചെയ്തു വാ തുറക്കരുത്. ഒരു ദിവസം കൊണ്ട് തന്നെ എന്റെ കിളികൾ മൊത്തത്തിൽ പോയി. കടം എടുക്കാൻ പോലും ആരേലും ഇല്ലെടി. അതോണ്ട് പോയി കുറച്ചു റസ്റ്റ് എടുത്തിട്ട് വാ.

അവൾ പോയതും സമി ഫൈസിയുടെ ചുമലിൽ കൈ വെച്ചു. ജുനു പറഞ്ഞത് വെച്ചു നോക്കുമ്പോൾ ഇത് ഒരു തുടക്കം മാത്രം ആണ്. നീ ഒരു ലൈഫ് ഇൻഷുറൻസ് എടുത്തോ ഉപകാരപെടും.

ടാ അവൻ വേറൊന്ന് കൂടി പറഞ്ഞില്ലേ..... റാനിയ ആണ് ദുരന്തം എന്ന്. കണ്ടിടത്തോളം ഒരു പാവം പെണ്ണാണ്. എന്നിട്ടും എന്തിനാ ജുനു അങ്ങനെ

പറഞ്ഞത് ഫൈസി ആലോചനയോടെ ചോദിച്ചു.

വരാനുള്ളത് വഴിയിൽ തങ്ങൂലടാ കറക്റ്റ് ആയിട്ട് ഔട്ടോ പിടിച്ചു വന്നോളും. നീ പേടിക്കണ്ട.

അതെനിക്കും മനസ്സിലായെടാ..... അതും പറഞ്ഞു അവൻ താടിക്ക് കൈ വെച്ചു.

നാലഞ്ചു ദിവസത്തെ പരിജയം കൊണ്ട് അഹ്മദ് അവളെ പിറകെ വാല് പോലെ വന്ന കാര്യം ഓർത്തു എല്ലാരും ശരിക്കും ഷോക്ക് തന്നെ ആയിരുന്നു. പ്രേമവും കല്യാണം വേണ്ടെന്നു പറഞ്ഞു നടന്നിരുന്ന എന്റെ ഖൽബ് തന്നെ ഒരു ദിവസം കൊണ്ട്  അടിച്ചു മാറ്റിയതാ അപ്പൊ പിന്നെ ഇതൊക്കെ ഗ്രാസ്സ്.... അവൻ മനസ്സിൽ ചെറുചിരിയോടെ ഓർത്തു.

സമിയും ഷബീർ നാളെ മുതൽ നമുക്ക് ഇവളെ കൂടെ കളിക്കാൻ പോകാം എന്ന് ഡിസ്കഷനിൽ ആയിരുന്നു. ഫൈസിയുടെ മനസ്സിൽ മുഴുവൻ നിറ കണ്ണുകളോടെ ഇനുവിനെ നോക്കി നിന്ന റംസി ആയിരുന്നു. ഇനുവിനെ കൊണ്ട് അവളെ കാര്യം പറഞ്ഞു ശരിയാക്കാമെന്നൊരു പ്ലാൻ അവന്ന് തോന്നി.

നൈറ്റ് ഉറങ്ങാൻ നോക്കുമ്പോ അവളെ തന്നെ നോക്കി ഇരിക്കുന്ന ഫൈസിയെ അവളും നോക്കി.

എന്താ നോക്കുന്നെ

ചുമ്മാ..... നിനക്ക് ഇന്ന് കടുവ മിണ്ടാതിരുന്നപ്പോ സങ്കടം വന്നുന്ന് പറഞ്ഞില്ലേ...... ഉമ്മ നിന്നെ വഴക്ക് പറയുന്ന കേൾക്കുമ്പോ സങ്കടം വരാറില്ലേ....

ഇല്ല.

അതെന്താ......

ഞാൻ ഉമ്മാനെ  ഇഷ്ടപ്പെടുന്നില്ല. എനിക്ക് ഇഷ്ടം അല്ലാത്ത ഒരാൾ എന്നെ വഴക്ക് പറഞ്ഞെന്ന് ഞാൻ എന്തിന് സങ്കടപെടണം.

അവൻ ഞെട്ടലോടെ അവളെ നോക്കി.

അതെന്താ ഇഷ്ടം അല്ലാത്തത്.

എന്റെ ജുനുനെ എപ്പോഴും കുറ്റം പറയും.
ജുനുവിനെ ഇഷ്ടം അല്ലാത്തവരെ എനിക്കും ഇഷ്ടം അല്ല.

നിനക്ക് എന്നെ ഇഷ്ടം ആണൊ

അവൻ അറിയാതെ ചോദിച്ചു പോയതാരുന്നു

എന്റെ ജുനുന്റെ ഫ്രണ്ടിനെ ഇഷ്ടം ആവാതിരിക്കോ എനിക്ക്....അവൾ ആലോചിക്കേം കൂടി ചെയ്യാതെ പറഞ്ഞു.

ചോദിക്കേണ്ടിയിരുന്നില്ല തോന്നി അവന്ന്.

ഉറക്കം വരാതെ തിരിഞ്ഞും മറിഞ്ഞും കിടന്നു. ഇനുവിന്റെ കൈകൾ തേടി വന്നതും അവനെയും ഉറക്കം തേടിയെത്തി.

💝💝💝💝💝💝💝💝

വൈകുന്നേരം കോളേജ് വിട്ടു വരുമ്പോൾ ഇജാസ് ഉണ്ടായിരുന്നു വഴിയിൽ.

അവൻ ഇനുവിനെ നോക്കി. വായിൽ ലോലിപ്പോപ്പ് വെച്ചു റോഡിൽ ഇരുന്ന ഒരു പാട്ടയും തട്ടികളിച്ചോണ്ട് കൊച്ചു കുട്ടികളെ പോലെ വരുന്ന അവളെ കണ്ടതെ അവന്ന് ദേഷ്യം വന്നു.

പെട്ടെന്ന് ഇജാസ് മുന്നിലേക്ക് വന്നു നിന്നതും അവളൊന്ന് ഞെട്ടി.

വൈറ്റ് ഷർട്ടും ക്രീം കളർ പാന്റ് ആയിരുന്നു അവന്റെ വേഷം. അതിൽ അവൻ കൂടുതൽ ഗ്ലാമർ ആയത് പോലെ തോന്നി അവൾക്ക്. അവൾ കണ്ണെടുക്കാതെ

നോക്കുന്നത് കണ്ടു അവൻ കൈ ഞൊടിച്ചു.

അവൾ അപ്പൊ തന്നെ മുഖം താഴ്ത്തി പോകാൻ നോക്കിയതും അവൻ വിളിച്ചു.

അവൾ മൈന്റ് ആക്കിയില്ല. അവലോഡ് അവിടെ നിൽക്കെടി എന്ന് പറഞ്ഞു അലറിയതും അവൾ സ്റ്റോപ്പ് ആയി. അവനെ നോക്കാതെ ലോലിപൊപ്പ് നുണഞ്ഞു അതിന്റെ ടേസ്റ്റ് ആസ്വദിക്കുന്ന പോലെ നിന്നു.

അവന്ന് ശരിക്കും ദേഷ്യം ആയിരുന്നു വന്നത്. അവൻ അവളെ വായിൽ നിന്നും അത് പിടിച്ചു വാങ്ങി.വലിച്ചെറിയാൻ നോക്കിയതും അവൾ ദേഷ്യത്തോടെ അവനെ നോക്കി.

മര്യാദക്ക് എന്റെ ലോലിപൊപ്പ് താടോ.....

ഇല്ലെങ്കിലോ എന്ന് പറഞ്ഞു അവനത് അവന്റെ വായിൽ ഇട്ടു.

അവൾ കണ്ണും തുറിച്ചു ഞെട്ടലോടെ  അവനെ തന്നെ നോക്കി നിന്നു. പിന്നെ മുഖം ചുളിച്ചു.

ഇജാസിന് നാണം ഇല്ലല്ലോ കൊച്ചുകുട്ടികളെ പോലെ ബിഹെവ് ചെയ്യാൻ...... കഴിച്ചതിന്റെ ബാക്കി

തിന്നുന്നു.

എന്നെ ഇഷ്ടം ഉള്ള ആളെ ബാക്കി അല്ലേ നോ പ്രോബ്ലം.

എനിക്ക് ഇഷ്ടം ഒന്നും അല്ല നിന്നെ. എനിക്ക് നിന്നോട് ഇപ്പോഴും വെറുപ്പേ ഉള്ളൂ.

എന്നിട്ടായിരിക്കും എപ്പോ കണ്ടാലും എന്റെ കണ്ണും നോക്കി നില്കുന്നെ. എന്നെ കണ്ടപ്പോൾ നിന്റെ മുഖത്ത് ഒരു ചിരി മിന്നി മഞ്ഞതും ഞാൻ കണ്ടു. എനിക്കറിയാം ഇനു ജുനൈദിനെ ഞാൻ വേദനിപ്പിച്ചില്ലായിരുന്നെങ്കിൽ ഇന്നും നീയെന്റെ കൂടെ കണ്ടേനെ.

അവൾ അതിന്ന് മറുപടി പറയാതെ ഒടിപ്പോകാൻ നോക്കിയതും അവന്ന് പിടിത്തം കിട്ടിയത് അവളുടെ മുടിയിൽ ആയിരുന്നു. അവൾ അവന്റെ നെഞ്ചിലേക്ക് വന്നു വീണു.

കെട്ടിവെച്ചിരുന്ന മുടി അഴിഞ്ഞുവീണു .അവന്റെ കൈ അപ്പോഴും മുടിയിൽ തന്നെ ആയിരുന്നു പിന്നെ നടന്നത് അവൻ പോലും വിചാരിക്കാത്തതൊന്നായിരുന്നു.

ദൂരെ ഇവരെയും നോക്കി നിന്ന ശഹി ശബ്ദം പുറത്ത് വരാതിരിക്കാൻ  അറിയാതെ വാ പൊത്തിപോയി.

❤️ 💔 INVISIBLE LOVE 💔❤️

Love after💘 marriage story

Part 17

അവളുടെ വായിൽ നിന്നും അവൻ കൈ വലിച്ചെടുത്തു.

സ്ഥലം കാലോം ബോധം പോലും നോക്കാതെ അവൻ അലറിപ്പോയിരുന്നു.

എന്റെ കൈ........ അവൻ വേദന കൊണ്ട് തുള്ളിപ്പോയി.

പട്ടീടെജന്മനോ പിശാജേ നീ....... ഉമ്മാ എന്റെ കൈ..... അവൻ നിന്നു കുടഞ്ഞു. അവൻ അവളെ നോക്കി. ചുണ്ടിൽ ചിരിയുണ്ടെങ്കിലും കണ്ണുകളിൽ ഭയം ഉണ്ടായിരുന്നു. എങ്ങനെ തിരിച്ചു പ്രതികരിക്കും എന്നോർത്താണെന്ന് അവന്ന് തോന്നി.

കൈ പത്തിയുടെ താഴേ ആയാണ് കടിച്ചത്. ചോരപൊടിയാൻ പാകത്തിന് ആയിരുന്നു കൈ.

എന്റെ മുടിയിൽ പിടിക്കുന്നത് എനിക്ക് ഇഷ്ടം അല്ല. അവൾ കടുപ്പിച്ചു പറഞ്ഞു.

പിടിച്ച നീയെന്തു ചെയ്യുമെടി പുല്ലേ....

കണ്ടില്ലേ എന്താ ചെയ്യാന്ന്.......അവൾ ഇതൊക്കെ ഗ്രാസ് എന്ന മട്ടിൽ പറഞ്ഞു.

എന്തായാലും തന്നത് ഗിഫ്റ്റ് ആയി കരുതുന്നു. താങ്ക്സ് എന്ന് പറഞ്ഞു കടിച്ചിടത് കിസ്സ് കൊടുത്തു.

അവൾ കണ്ണും തുറിച്ചു അവനെ നോക്കി.

ഇങ്ങനെ നോക്കല്ലേ  നീലക്കണ്ണി...... ഇപ്പൊ പൊക്കിയെടുത്തു ജന്നത് ഹൗസിലേക് കൊണ്ട് പോകാൻ തോന്നുന്നു .....

അന്ന് ജന്നത് ജീവനോടെ ഉണ്ടാവില്ല ഇജാസ്. അത് എനിക്കും നിനക്കും നന്നായി അറിയാം. അവൾ വെല്ലുവിളിയോടെ അവനെ നോക്കി.

അവൻ ദീർഘ നിശ്വാസം ഇട്ടു ഒന്ന്.

അല്ലെങ്കിലും നിന്നെ കൊണ്ട് പോകില്ലെടി ഞാൻ. നിന്റെ മുന്നിൽ ഒരിക്കൽ എങ്കിലും വിജയിച്ചു  നീ എന്നെ ചേർത്ത് പിടിക്കുന്ന അന്ന്  നിന്റെ സമ്മതതോടെ തല ഉയർത്തിപിടിച്ചു

അഭിമാനത്തോടെ  കൊണ്ട് പോകു...... കാത്തിരിക്കും അത് വരെ...... എത്രകാലം വേണമെങ്കിലും.......അത് എന്റെയും വാശിയാണ്. ആ വാശി ജയിക്കാൻ ഏതറ്റം വരെയും ഞാൻ പോകും......

ഈ ജന്മത്തിൽ അത് നടക്കില്ല ഇജാസ്...... ആയിഷ ഹൈദറലി ഖാൻ പറഞ്ഞത് ഇന്നും മറന്നിട്ടില്ല ഞാൻ...... ജന്നത് ഹൈദറിന്റെ കൈ പിടിക്കാനുള്ള യോഗ്യത ജുനൈദിന് ഇല്ലെന്നല്ലേ....... ഇപ്പോഴും എനിക്ക് ഒന്നേ പറയാൻ ഉള്ളു ഈ ജന്മം ജുനൈദ്ന് മാത്രമേ അതിന്ന് യോഗ്യതയുള്ളൂ ജുനൈദിന് മാത്രം....... വെല്ലുവിളിയോടെ അത് പറഞ്ഞെങ്കിലും അവളുടെ മുഖത്ത് സങ്കടം ആയിരുന്നു.

അത് കണ്ടപ്പോൾ അവന്റെ നെഞ്ചിൽ ഒരു നീറ്റൽ തോന്നി. ഇന്നും ഒരു കനലായി അവളുടെ ഉള്ളിൽ അതുണ്ട്. എന്നോട് അടുക്കുവാൻ പോലും മടികാണിക്കുന്നത് അത് കൊണ്ടാണെന്ന് അറിയാം.

അതിന് വേണ്ടിയല്ലേ ജുനു ഇപ്പോൾ പോയതും...... ജന്നതിന്റെ കൈപിടിച്ച് എന്റെ നേർക്ക് നേരെ നിൽക്കാൻ....... ഇജാസ് പുച്ഛത്തോടെ പറഞ്ഞു.

അവൾ ഞെട്ടലോടെ അവനെ നോക്കി.

പിന്നെ അവനെ നോക്കി പുഞ്ചിരിച്ചു.

ജുനു പോയിനെങ്കിൽ ലക്ഷ്യം നേടി തിരിച്ചു വരും........അവൾ ഉറപ്പോടെ പറഞ്ഞു.

ടീ അവന്റെ ലക്ഷ്യത്തിന് ഞാൻ ഒരിക്കലും തടസ്സമായി നിൽക്കില്ല....... പഴയത് പോലെ വാശിയും വൈരാഗ്യത്തിനും നിൽക്കുകയും ചെയ്യില്ല...... അതൊക്കെ മറന്നു നിനക്ക് എന്റെ കൂടെ വന്നോടെ.....വര്ഷങ്ങളോളം കാത്തിരുന്നില്ലേ ഞാൻ.....ഇപ്പോഴും നിന്റെയൊരു വാക്കിനു വേണ്ടിയല്ലേ പിറകെ വരുന്നതും..... എന്നിട്ടും എന്താ എന്നെ കണ്ടില്ലെന്ന് നടിക്കുന്നെ....

ജൂനുവിനോടുള്ള സ്നേഹത്തിനു ആ കാത്തിരിപ്പിനെക്കാൾ ആഴമുണ്ട് ഇടറിയ ശബ്ദത്തോടെ പറഞ്ഞു.

ജുനു...... ജുനു.... ജുനു..... അവൻ ദേഷ്യത്തോടെ മുരണ്ടു.ഇത്രക്ക് സ്നേഹം ഉള്ളോണ്ട് ആയിരിക്കും ഇർഫാന്റെ കൂടെ ഇറങ്ങി പോകാൻ നോക്കിയത്...... ജുനുനെ വേണ്ടെന്നു വെച്ചത്...... അപ്പോ ഉണ്ടായിരുന്നില്ലേ ഈ സ്നേഹം.....എവിടെ പോയി

അന്നേരം ജുനു..... എന്റെ കാര്യം വരുമ്പോൾ മാത്രം ഒരു ജുനു......അവൻ ദേഷ്യത്തോടെ പറഞ്ഞു.

അവൾ പെട്ടെന്ന് മുഖം പൊത്തി  കരഞ്ഞു. അവനും വല്ലാണ്ട് ആയി.

ഞാൻ പെട്ടന്ന് പറഞ്ഞു പോയതാ..... കരയല്ലേ...... സോറി..... അവളുടെ കൈ ബലമായി പിടിച്ചു മാറ്റിയതും അവൾ അവന്റെ നെഞ്ചിലേക്ക് വീണു പൊട്ടിക്കരഞ്ഞു.

ജുനുവിനെക്കാൾ വലുതയിരുന്നില്ല  എനിക്ക്

ഇർഫാൻ......ജുനു കഴിഞ്ഞേ എനിക്ക് ആരും ഉള്ളൂ...... എപ്പോഴോ ഇഷ്ടം തോന്നിപ്പോയി ഇർഫാനോട്....... ജുനുന് ഇർഫാനെ ഇഷ്ടം അല്ലെന്ന് അറിഞ്ഞപ്പോൾ ഞാൻ വേണ്ടെന്നു വെച്ചതാ ആ ഇഷ്ടം..... അപ്പോൾ അവന പറഞ്ഞത് ജുനുനോട് അങ്ങനെയൊക്കെ പറഞ്ഞ വിവാഹത്തിന് സമ്മതിക്കുന്ന്. വിവാഹം കഴിഞ്ഞാൽ ദേഷ്യം മാറി അവനെ സ്വീകരിക്കുമെന്നും...... വിശ്വസിച്ചു പോയി അവനെ. അവൻ പറഞ്ഞ പോലെയൊക്കെ ചെയ്തു.അല്ലാതെ ഒരു നിമിഷം പോലും മനസ്സ് കൊണ്ട് ജുനുനെ വെറുത്തിട്ടില്ല...... എന്റെ ജുനു

തന്നെയാ എനിക്ക് വലുത്...... അവൾ ഇടറിയ ശബ്ദത്തോടെ കരഞ്ഞോണ്ട് പറഞ്ഞു.

സാരമില്ല നീലക്കണ്ണി എനിക്ക് മനസ്സിലാകും നിന്നെ....... കഴിഞ്ഞത് കഴിഞ്ഞു. ഇനിയാ ഫ്രോഡിനെപ്പറ്റി ഓർക്കേണ്ട. അവൻ ആശ്വസിപ്പിച്ചിട്ടും അവൾ കരച്ചിലും നിർത്തിയില്ല. അവന്റെ ദേഹത്ത് നിന്ന് മാറിയും ഇല്ല.

നീ കരഞ്ഞു പിഴിഞ്ഞ് ഷർട് വൃത്തികേട് ആക്കല്ലേ..... എനിക്ക് ഇന്ന് ഒരു ഇമ്പോർട്ടന്റ് മീറ്റിംഗ് ഉണ്ട് അവിടേക്ക് പോന്ന വഴിയാണ്.

അവൾ അവനെ വിട്ടു . പെട്ടെന്ന് തന്നെ മുഖം അവന്റെ ഷർട്ടിൽ ഉരക്കുകയും ചെയ്തു.

കരയുമ്പോൾ കണ്മഷി പടർന്നിരുന്നു. കണ്ണുനീരും കണ്മഷിയൊക്കെ കൂടി അവന്റെ വൈറ്റ് ഷർട്ടിൽ പുതിയൊരു ഡിസൈൻ തന്നെ സൃഷ്ടിച്ചു......

എന്റെ കരച്ചിൽ കണ്ടിട്ട് ഒരു സങ്കടം ഇല്ലല്ലേ....... ഒരു മീറ്റിംഗ്........ അവൾ പിറുപിറുതു.........

സോറി..... ഓർമയില്ലാതെ..... അവൾ ചിരിയടക്കി സങ്കടത്തോടെ പറഞ്ഞു.

അവൻ കലിപ്പിൽ നോക്കിയെങ്കിലും ഉള്ളിലുള്ള ചിരി പുറത്തു വരത്തെ അവന്നും നിന്നു. നിന്റെ കരച്ചിൽ നിർത്താൻ വേറെ വഴിയില്ല.കണ്ണുനീർ കാണാൻ വയ്യ......

കുട്ടിക്കളിക്ക് മാത്രം അന്നും ഇന്നും ഒരു മാറ്റവും ഇല്ലല്ലോ ഇനു...... വേദനയോടെ പറഞ്ഞു വെറുപ്പിനും മാറ്റം ഇല്ലല്ലോ ......

അവൾ പോകാൻ നോക്കിയതും അവൻ വിളിച്ചു... ഇനു......

വേണ്ട ഇജാസ്....... ഞാൻ പെട്ടെന്ന് എന്തോ ഓർത്തു ചെയ്തു പോയതാ സോറി. അവന്റെ ഷർട്ടിൽ നോക്കി പറഞ്ഞു.

ഞാൻ വന്നത് ഫൈസിയുടെ കാര്യം പറയാനാ

നിനക്ക് അവനെ ഇഷ്ടം ആണൊ...... അവന്റെ കൂടെ കഴിയാനാണോ ഭാവം......

അവൻ എന്റെ ഫ്രണ്ട് ആണ്. എന്റെ ജുനുനെ പോലെയാ എനിക്ക് അവൻ. ഞാൻ ജുനു വന്ന തിരിച്ചു പോകും.

എന്ന് വെച്ച അവന്റെ കൂടെ തന്നെ

കഴിയുമെന്ന്.നിന്റെ തലക്ക് ഓളം ആണോടി. അവൻ നിന്റെ ഭർത്താവ് ആണ്. കാണുന്നവർക്ക് നിങ്ങൾ ഭാര്യയും ഭർത്താവ് ആണ്.ജുനു വന്ന പോകുന്നു...... അതെങ്ങനെയാ വിവാഹം എന്താ ഭർത്താവ് എന്താ തിരിയാത്ത നിന്നെ പിടിച്ചു കെട്ടിച്ച ആ ജുനുനെ പറഞ്ഞ മതിയല്ലോ....... എനിക്ക് നിന്നെ കിട്ടരുത്..... അത് മാത്രം ആണല്ലോ എപ്പോഴും ആലോചന.....അതിന്ന് വേണ്ടി നടത്തിത് ആണല്ലോ ഈ വിവാഹവും.

എനിക്ക് അതിന്ന് നിന്നെ ഇഷ്ടം അല്ല. ജുനുനെ കുറ്റം പറയാൻ വരണ്ട.

നിനക്ക് എന്നെ ഇഷ്ടം അല്ല അല്ലേ..... അത് നിന്റെ കണ്ണുകളോട് കൂടി പറഞ്ഞു കൊടുക്ക്. എപ്പോ നോക്കിയാലും നോട്ടം എന്റെ മോന്തയിലേക്കും കണ്ണിലേക്കും എന്നിട്ട് ഇഷ്ടം അല്ലെന്ന് പേരും.

അവൾ അവനെ നോക്കാതെ തലതാഴ്ത്തി.

അവന്ന് നിന്നെ വേണ്ടെന്നു പറഞ്ഞു. എന്നിട്ടും അവിടെ കടിച്ചു തൂങ്ങി കഴിയണോ.....

ഫൈസ് അതിന്ന് എന്നോടൊന്നും പറഞ്ഞില്ലല്ലോ..... അവന്ന് അവിടെ താമസിക്കുന്നതിന്ന് ഇഷ്ടക്കേടും

ഇല്ല.

ഇഷ്ടം ഉണ്ടായിരുന്നുവെങ്കിൽ അവൻ ഡിവോഴ്സ് പേപ്പറിൽ ഒപ്പിടുമായിരുന്നോ.... അവന്റെ മനസ്സിൽ ഇപ്പോഴും ഇർഫാനെ സ്നേഹിച്ച മോശം  പെണ്ണ് തന്നെയാണ്.... ഒരിക്കലും നിന്നെ ഇഷ്ടപ്പെടാനും പോകുന്നില്ല. ജുനുവിനോടുള്ള ഇഷ്ടം കൊണ്ട് ഒന്നും തുറന്നു പറയാത്തത്.....

എന്ത് വേണമെങ്കിലും ആലോചിച്ചു തീരുമാനിക്ക് അതും പറഞ്ഞു അവൻ കാറിൽ കേറി പോയി.

ചിന്തയോടെ നിൽക്കുന്ന അവളുടെ മുഖം കണ്ടതും അവന്റെ മുഖത്ത് ചിരി വിരിഞ്ഞു.

അവൻ പോയതും അവളുടെ ചുമലിൽ ഒരുകൈ വന്നു വീണു...... കടുവ.

കടുവേ........ അവൾ അയാളുടെ നെഞ്ചിലേക്ക് ചാരി നിന്നു.

ഇതാണല്ലേ ഇജാസ്..... ഗ്ലാമർ താരം ആണല്ലോ......നീ പറഞ്ഞ പോലെ ഒടുക്കത്തെ മൊഞ്ചാണ്. എന്നാലും പൊടികുപ്പി ഇവന്റെ കലിപ്പ് കണ്ടു എനിക്ക് തന്നെ പേടിയാകുന്നു. അതും അറിഞ്ഞോണ്ട് എങ്ങനെയാ

നീ ഇർഫാനെ പ്രേമിക്കാൻ പോയെ..

കടുവേ..... . കടുവ കൂടി ഇങ്ങനെ പറയല്ലേ...... എനിക്ക് ഒരബദ്ധം പറ്റിപോയതാ.

ഞാൻ പിന്നെ ഒരിക്കലും ജന്നത്തിലെ മരുമകൾ ആകാൻ ആഗ്രഹിച്ചിട്ടില്ല. ഇവരെയൊക്കെ ഓർമ വരുമ്പോൾ ജുനു അവരെ കാൽപ്പിടിക്കാൻ പോയതും ജുനു അവിടുന്ന് കരഞ്ഞോണ്ട് ഇറങ്ങി വരുന്നതും

ഓർമ വരും. അപ്പൊ ഇജാസിനോട് ദേഷ്യം വരും. അതോണ്ട് ആലോചിക്കേം കൂടി ചെയ്യില്ല.അവൻ പറഞ്ഞതൊക്കെ കേട്ടോ.....

Mmm. എനിക്ക് പറ്റുന്നില്ല പൊടിക്കുപ്പി ആരുടേയും ഭാഗം പറയാൻ....... ഫൈസ് വന്നില്ലെങ്കിൽ ഇഷ്ടം ഇല്ലെങ്കിലും ഇന്ന് മരുമകളായി ജന്നത് ഹൌസിൽ ഉണ്ടായേനെ അല്ലേ....

അവൾ തലയാട്ടി. അവളുടെ മുഖം ഒക്കെ തുടച്ചു നെറ്റിയിൽ തലമുട്ടിച്ചു. വരുന്നിടത്തു വെച്ചു കാണാം..... ഞാൻ ഉണ്ടാവും കൂടെ പോരെ......

അവൾ തലയാട്ടി.....

ഒരു ഭാഗത്തു ഭർത്താവ് ....... ഒരു ഭാഗത്തു ഇജാസ് ...... ജുനു വന്നാൽ ഏത് ആയിരിക്കും ഇവൾ തെരഞ്ഞെടുക്കുക.അയാൾ വിഷമത്തോടെ ഓർത്തു. വിവാഹത്തിന്റെ മഹത്വം എന്താന്ന് പോലും അറിയാത്ത ഇവളെ പിടിച്ചു കെട്ടിച്ച ജുനുനോട് അയാൾക്ക് ദേഷ്യം തോന്നി.

ടീ കളിക്കാൻ പോകാം.....അയാൾ വിഷയം മാറ്റി.

ഇന്നില്ല കടുവേ..... എന്തോ ഒരു സങ്കടം. പോലെ.......കുറച്ചു നടന്നു പിന്നെ നിന്നു.

കടുവേ.... ഇജാസ് എന്താ അങ്ങനെ പറഞ്ഞത്.ഫൈസ് എന്റെ ഭർത്താവ് അല്ലേ...... അവനെ എന്താ ഇപ്പൊ അറിയേണ്ടത്.......ഞാൻ അവന്റെ കൂടെ കഴിയുന്നെന്ന് എന്തിനാ എല്ലാരും ദേഷ്യപെടുന്നേ. ജുനു മാത്രം പറയുന്നു അവന്റെ കൂടെ കഴിയാനും.

അയാൾ ദയനീയമായി അവളെ നോക്കി.

ഭർത്താവ് എന്താന്ന് നിനക്ക് അറിയില്ലെങ്കിൽ അത് തന്നെയാണ് ശരിക്കും ഭർത്താവ്. അവന്റെ അവകാശമോ അധികാരമോ നിന്നിൽ അവൻ കാണിക്കുന്നില്ലെങ്കിൽ അതിനർത്ഥം നിന്നെ

മനസ്സിലാക്കാൻ അവനോളം മറ്റാർക്കും കഴിയില്ലെന്നാണ്. എന്നെങ്കിലും ഇതിന്റെ ഉത്തരം കിട്ടും നിനക്ക്. അന്ന് അറിയും ഫൈസ് ആയിരുന്നു നല്ലൊരു ഭർത്താവ്എന്ന് .  അവനെ പോലൊരു ഭർത്താവിനെ നിനക്ക് കിട്ടില്ല മോളെ...... അയാൾ മനസ്സിൽ പറഞ്ഞു. ഇത് പറഞ്ഞു മനസ്സിലാക്കാനും എനിക്ക് പറ്റില്ല. അയാൾ മനസ്സിൽ ഓർത്തു.ജുനുവിനോട് തോന്നിയ ദേഷ്യം അയാൾക് മാറി. ജുനു ചെയ്തത് തന്നെയാണ് ശരി. അവളെ മനസ്സിലാക്കാൻ കഴിവുള്ളവന്റെ കൂടെ തന്നെയാണ് അവൾ. ഫൈസിനോട് ബഹുമാനവും തോന്നി.

നീ അതൊക്കെ വിട് പൊടിക്കുപ്പി എല്ലാത്തിനും വട്ടാണ്. പോയി കുളിച്ചു പഠിക്കാൻ നോക്ക്. എക്സാം ആണ് വരാൻ പോകുന്നെ. അത് മറക്കണ്ട.

പഠിക്കാം........കുളിക്കണോ..... നൈറ്റ് കുളിക്കാം...... ഒരു മൂഡില്ല കുളിക്കാൻ.....

നിന്നെ ഞാനിന്ന്....... എന്ന് പറഞ്ഞു കല്ലെടുത് എറിയാൻ നോക്കിയതും അവൾ ചിരിച്ചോണ്ട് ഓടി.അവളുടെ ഉള്ളിൽ അപ്പോഴും ഇജാസ് പറഞ്ഞതാരുന്നു. വേദനയോടെ ഓർത്തു. ഫൈസിന്

വെറുപ്പ് ആയിരിക്കോ...... ഞാൻ ചീത്തപെണ്ണാന്ന് കരുതുന്നുണ്ടാവോ.....

💖💖💖💖💖💖💖💖

ശഹി ഇരുന്നും കിടന്നും എല്ലാം ചിരിക്കുന്നുണ്ടായിരുന്നു.

നിർത്തെടാ കോപ്പേ അവന്റെയൊരു ഇളി. അവൻ കടിച്ചിടത് തടവികൊണ്ട് പറഞ്ഞു.

എന്നാലും ജന്നത്തിലെ മഹാറാണിയാക്കാൻ പോകുന്നവളുടെ  ആക്റ്റിറ്റിട്യൂട കണ്ടിട്ട് ചിരി നിർത്താൻ പറ്റുന്നില്ല.

അതൊരു പാവം ആടോ..... ജുനുനെ കണ്ടു വളർന്നത് അല്ലേ. ഇങ്ങനെ ഉണ്ടാവു. പിന്നെ ആക്റ്റിട്യൂട ഇപ്പോഴും കുട്ടിക്കളി മാറിയിട്ടില്ല. ചിലപ്പോൾ ദേഷ്യം വരും...... അവളെ മുന്നിൽ എത്തുമ്പോൾ അതൊക്കെ പോയി വാത്സല്യവും. മനസ്സിൽ ഒരു കളങ്കവും ഇല്ലാത്തൊരു പെണ്ണ്. അവൻ വായിൽ നിന്നും ലോലിപൊപ്പ് എടുത്തു നോക്കി പറഞ്ഞു.

ഇതെന്നും കളഞ്ഞില്ലേ....... വഴിവക്കിന്ന് വാങ്ങി

കഴിക്കുന്ന ഡേട്ടി ഐറ്റംസ്. കളയെടോ അത്.ശഹി അത് വാങ്ങി ചാടാൻ നോക്കിയതും രൂക്ഷമായി നോക്കി. ശഹി കൈ പിൻവലിച്ചു. ഇജാസ് ചിരിയോടെ വായിലേക്ക് തന്നെ വെച്ചു.

അല്ലേടാ അവൾക്ക് ഭർത്താവ് എന്ന് വെച്ച അറിയില്ലെന്ന് ഒക്കെ വിളിച്ചു പറഞ്ഞു കേട്ടല്ലോ. അവർ തമ്മിൽ അപ്പോൾ........

കണ്ട മനസ്സിലാക്കിക്കൂടെ അത്. അവൾക്ക് ഇപ്പോഴും ഫൈസി ജുനിന്റെ ഫ്രണ്ട് ആണ്. ഫൈസിനെ കാണുമ്പോഴോ അവനെ പറ്റി പറയുമ്പോഴോ അവളുടെ കണ്ണിലോ മുഖത്തൊ ഒരു ഭാവവിത്യാസം ഇല്ല.

Mmmm. അവനൊന്നു അമർത്തി മൂളി.

നീയെന്തിനാ എന്നെകൊണ്ട് ഇപ്പോൾ ഈ വേഷവും ഡയലോഗ് ഒക്കെ പറയിപ്പിച്ചത്.

അതൊക്കെയുണ്ട്. നീ നോക്കിക്കോ..... നീ പറഞ്ഞത് അവളുടെ ഉള്ളിൽ തന്നെ കൊണ്ടിട്ടുണ്ട്. മിക്കവാറും നാളെ തന്നെ അവൾ അവന്റെ വീട്ടിൽ നിന്നും ഇറങ്ങിയിരിക്കും.

നീയെന്താ ഈ പറയുന്നത്.

പുറത്തു കാട്ടിയില്ലെങ്കിലും നിന്നെ ഇഷ്ടം ആടോ അവൾക്ക്. ജുനുനെ പേടിച്ചു പുറത്തു കാണിക്കാത്തത. നീ പറയുന്നത് അവൾക്ക് ശരിക്കും ഫീൽ ചെയ്തിട്ടുണ്ട്.

നോക്കാം..... നാല് ദിവസം ഉള്ളൂ എൻഗേജ്മെന്റ്ന് അത് മറക്കണ്ട.

ശഹി ഒരു കാര്യം പറഞ്ഞിണെങ്കിൽ അത് നടത്തിയിരിക്കും. ഇനായ  വന്നിരിക്കും എന്നിട്ട് റിങ് എടുത്തു കൊടുക്കുകയും ചെയ്യും അവന്റെ ചുണ്ടിൽ ഒരു ചിരിയൂറി.

❣️❣️❣️❣️❣️❣️❣️

മീറ്റിംഗ് നടക്കുന്ന ഹോട്ടലിന്റെ പുറത്ത് നദീമും അലക്സ്  കാത്ത് നിൽക്കുന്നുണ്ടായിരുന്നു.

കാറിൽ നിന്ന് ഇറങ്ങിയ ഇജ്ജാസിനെ കണ്ടു രണ്ടാളും ഞെട്ടിപ്പോയി. ലോലിപൊപ്പ് വായിൽ ഇട്ട് ചുളിഞ്ഞ ഷർട്ടും പോരാത്തതിന് ഷർട്ടിൽ അഴുക്ക് പിടിച്ച പോലെ.

എന്താ കോലം ഇത് ....... ആരാ പണി തന്നത്.....നദീം

അവനെ നോക്കി കണ്ണ് മിഴിച്ചു.

അത് ചോദിക്കാനുണ്ടോ നദീംക്ക. ഇവനെ ഈ കോലത്തിൽ ആക്കാൻ കഴിവുള്ള ഒറ്റ ആളെ ഉള്ളുന്ന് അറിഞ്ഞൂടെ ശഹി ചിരിയോടെ പറഞ്ഞു.

അത് പൊളിച്ചു..... അവളെ കൾച്ചർ പഠിപ്പിക്കാൻ പോയിട്ട് നീ അവളെ പോലെ ആയി.

ഇജാസ് അവനെ നോക്കി ഇളിച്ചു കാണിച്ചു.

മീറ്റിംഗ് തുടങ്ങിയോ.... വാ പോകാം

സാർ.. ഈ കോലത്തിലോ..... അലക്സ് ഒന്ന് മടിച്ചു വായിലെ ലോലിപൊപ്പിൽ ആയിരുന്നു കണ്ണ്.

തിന്നിട്ട് തീരണ്ടേ..... അവൻ അതും എടുത്തു ചോദിച്ചു.

ബാക്കി ഞാൻ തിന്നോളം പോരെ അതും പറഞ്ഞു നദീം പിടിച്ചു വാങ്ങി വായിൽ വെച്ചു.

പട്ടി...... മര്യാദക്ക് തിരിച്ചു തന്നോ..... അവൻ പിടിച്ചു വാങ്ങാൻ നോക്കിയതും നദീം ഒഴിഞ്ഞു മാറി. ഇജാസ് പെട്ടെന്ന് ആണ് പിറകിൽ ആരെയോ ഇടിച്ചു നിന്നത്.ഫൈസ്......

സോറി.....

ഇട്സ് ഒക്കെ അവൻ പുഞ്ചിരിച്ചു കൊണ്ട് തിരിച്ചു പറഞ്ഞു.

അവൻ സലാം ചൊല്ലി ഇജാസിന് നേരെ കൈ കൊടുത്തു. ഇജാസ് കൈ കൊടുത്തു. പെട്ടെന്ന് ആാാ എന്ന് എരിവ് വലിച്ചു.

ഇനു കടിച്ചിടത് ആണ് ഫൈസ് പിടിച്ചത്.

ഇജാസ് കൈ കുടഞ്ഞു. ഫൈസ് കൈ കണ്ടു.

സോറി..... ചെറിയ മുറിവ് പറ്റി .....

അവൻ പെട്ടന്ന് അവന്റെ കൈ നോക്കിപ്പോയി. ഇനു കടിച്ചത് ഓർമ വന്നതും അവന്റെ ചുണ്ടിൽ ഒരു പുഞ്ചിരി വിരിഞ്ഞു.

സമിയും അവനും അകത്തേക്ക് പോയി.

അവൾക്ക് എല്ലാരേയും കടിക്കൽ തന്നെ ആണൊ പണി.ശഹി പെട്ടെന്ന് പറഞ്ഞു.

എന്താ

ആ ഫൈസിന്റെ കയ്യിൽ ഇതേ സ്ഥലത് കരിനീലിച്ചു കിടപ്പുണ്ട്.അവൻ നോക്കുന്നത് കണ്ടു

നോക്കിയപ്പോൾ കണ്ടതാ...

ഇജാസിന്റെ മുഖത്ത് ഒരു ചിരി വിരിഞ്ഞു.

ബിസിനസിലും എതിരാളി ഇവൻ......
ജീവിതത്തിലും...... അവന്റെ  മുഖത്ത് ഒരു പുച്ഛഭാവം ആയിരുന്നു അപ്പോൾ.

❤️ ❤️ ❤️ ❤️ ❤️ ❤️ ❤️ ❤️

കൊലുമുട്ടായിക്ക് വരെ തല്ല്. ഇത്രക്ക് ദാരിദ്ര്യം ആണൊ അവർക്ക്.സമി പറഞ്ഞു.

എനിക്ക് അവന്റെ കൈകണ്ടപ്പോൾ ഇനുനെ ഓർമ വന്നത്. അവന്നെ ആരോ കടിച്ചതാ ആ മുറിവ് കണ്ട മനസ്സിലായിക്കൂടെ.

ഇനുനെ പോലത്തെ വേറെയും പീസ് ഉണ്ടോ...

അവന്റെ കഷ്ടകാലം ആയിരിക്കും അന്ന്.

രണ്ടാളും ചിരിച്ചു കൊണ്ട് കോൺഫറൻസ് ഹാളിലേക്ക് പോയി.

❤️ ❤️ ❤️ ❤️ ❤️ ❤️ ❤️ ❤️ ❤️ ❤️

അവൾ  ബാൽക്കണിയിൽ നിൽക്കുമ്പോഴാ ഫൈസ് കേറി വന്നത്. അവൻ കലിപ്പോടെ കയ്യിൽ

ഉണ്ടായിരുന്ന  ഫയൽ എല്ലാം വലിച്ചെറിഞ്ഞു. ശബ്ദം കേട്ടു ഇനു റൂമിലേക്ക് വന്നു.

വാട്ട് ഹാപ്പൻഡ് ഫൈസ്.....

നതിങ്..... അവൻ അവളെ നോക്കാതെ ടവ്വൽ എടുത്തു ബാത്റൂമിലേക്ക് കേറാൻ പോയതും

പെട്ടെന്ന് വഴുക്കി വീഴാൻ നോക്കി.വീഴാതെ പിടിത്തം കിട്ടിയെങ്കിലും അവന്ന് നല്ല വേദനപറ്റി. അവൾ കുളിച്ചിറങ്ങിയ പാട് ആണ്. നിലത്ത് വെള്ളം ഉണ്ട്.

എപ്പോ നോക്കിയാലും കുട്ടിക്കളി......
കോമൺസെൻസ് ഇല്ലേ നിനക്ക്...... വെള്ളം അയാൽ തുടച്ചു വൃത്തിയാക്കണംന്ന് അറിഞ്ഞുടെ.....
അതെങ്ങനെയാ കൊഞ്ചിച്ചു
വഷളാക്കിയിരിക്കയെല്ലേ...... അവൻ കലിപ്പോടെ പറഞ്ഞു.

സോറി...... ഞാൻ കണ്ടില്ല....... അവൾ വിക്കികൊണ്ട് പറഞ്ഞു.

അവൻ തിരിഞ്ഞു നോക്കി. ഇപ്പൊ കരയും എന്ന മട്ടിൽ കണ്ണും നിറച്ചു നിൽക്കുന്ന അവളെ കണ്ടു അവനും വല്ലാതായി.

അവൾ സങ്കടത്തോടെ റൂമിൽ നിന്നും ഇറങ്ങി പോയി.

📚STORY BOARD📚

❤️ ❤️ 💔 INVISIBLE LOVE 💔❤️

Love after💘 marriage story

Part 18

ടെൻഷനില വന്നത്...... അതിന്റെ കൂടെ ഇതും ആയപ്പോൾ കലിപ്പ് വന്നു പോയതാണ്......

.ടവ്വൽ വലിച്ചെറിഞ്ഞു അവൻ ബെഡിൽ പോയി ഇരുന്നു.

അവളെ എങ്ങനെയാ ഇനി ഫേസ് ചെയ്യാ......

അവൻ ടെൻഷനോടെ നെറ്റിയിൽ അമർത്തി തടവി. ഓരോന്ന് ചിന്തിച്ചു ബെഡിൽ ചാരി ഇരുന്നു കണ്ണടച്ചു.

വാതിൽ തുറക്കുന്ന ശബ്ദം കേട്ടിട്ടും അവൻ കണ്ണ് തുറന്നില്ല. എന്ത് പറഞ്ഞ അശ്വസിപ്പിക്കേണ്ടത് എന്ന് പോലും മനസ്സിലാവുന്നില്ലല്ലോ അവൻ

കുറ്റബോധത്തോടെ ഓർത്തു.

ഒരു ശബ്ദം കേൾക്കാത്തൊണ്ട് മെല്ലെ കണ്ണ് തുറന്നു നോക്കി.

നിലം തുടച്ചു വൃത്തിയാക്കുകയാണ് അവൾ.

അവൻ അവളെ അടുത്തേക്ക് പോയി. അവളെ കയ്യിൽ പിടിച്ചു. അവൾ തിരിഞ്ഞു നോക്കി.

ഞാൻ തുടച്ചോളാം.....അവൻ പറഞ്ഞു

എപ്പോ നോക്കിയാലും കുട്ടിയാണെന്ന വിചാരം...... പുന്നാരിച്ചു പുന്നാരിച്ചു തലയിൽ കേറ്റി വെച്ചിരിക്കുകയല്ലേ..... സ്വന്തം ആയി ഒരു ജോലിയും ചെയ്യില്ല...... മറ്റുള്ളവർക്ക് ഇരട്ടി പണി കൊടുക്കുകയും ചെയ്യും...... അതെങ്ങനെയാ വഴക്ക് പറഞ്ഞൂടാലോ ...... അതാവും പിന്നെ കുറ്റം..... ഒന്നേ ഉള്ളുവെങ്കിലും ഒലക്ക കൊണ്ട് അടിച്ചു വളർത്തണം എന്നാണ്. എന്റെ ഒരു ഗതി..... ഇങ്ങനെ ഒരു മ ന്നബുദ്ധി ആണല്ലോ എനിക്ക്

കിട്ടിയത്...... ആരോട് പറയാൻ..... എന്തിന് പറയാൻ അനുഭവിക്കല്ലേ നിവർത്തിയുള്ളൂ ....

അവൾ പറയുന്നത് കേട്ടു ഞെട്ടിയവൻ അവളെ കൈ

വിട്ടു.

ഇത് ദിവസം കുളികഴിഞ്ഞു ഇറങ്ങി വന്നാൽ ഞാൻ കേൾക്കുന്ന ഡയലോഗ് ആണ്. എന്നിട്ട് ഒരു മാറ്റോം ഉണ്ടായിട്ട് ഇല്ല. അപ്പോഴാ നീ പറഞ്ഞത് കേട്ട് ഫീൽ ചെയ്യുക . പെട്ടെന്ന് കേട്ടപ്പോൾ ഉമ്മാനെ ഓർമ വന്നു അതാണ് സങ്കടം വന്നത്.

അവൻ ചിരിയോടെ അവളെ നോക്കി. അപ്പൊ നന്നാവില്ലെന്ന് സാരം.

അതിപ്പോ അങ്ങനെ ചോദിച്ച വഴിയുണ്ട്. ജുനു സമ്മധിക്കാത്തൊണ്ട.

എന്ത് വഴിയ അത്.

എനിക്ക് മുടി വളർത്തുന്നത് ഇഷ്ടം അല്ല.ജുനു പറഞ്ഞോണ്ട് വളർത്തുന്നതാ. കുറച്ചു വെച്ച് ബാക്കി മൊത്തത്തിൽ മുറിച്ചു കളയാം. വൃത്തിയാക്കാൻ പാടാ പോരാത്തതിന് കുളിച്ചിട്ട് തുവർത്തി എടുത്തു ഉണക്കന്ന് വെച്ച അതിനേക്കാൾ മെനക്കെട്ട പണിയും ഇല്ല. ഇപ്പൊ ജുനു കാണില്ലല്ലോ  മുറിച്ചു കളഞ്ഞാലോന്ന് ആലോചനയുണ്ട്.

അവൻ ഞെട്ടലോടെ അവളെ നോക്കി.

അരക്കെട്ടോളം ഉള്ള തിങ്ങി നിറഞ്ഞ മുടിയാണ്. അവളുടെ സൗന്ദര്യം ഇരട്ടിക്കുന്നത് തന്നെ ആ മുടിയാണ്. അത് മുറിച്ചു കളയാനോ.

ഞാൻ മുടി മുറിച്ചോട്ടെ

മുടിയിൽ തൊട്ട കൊല്ലും നിന്നെ അവൻ കലിപ്പോടെ പറഞ്ഞു.

എന്റെ മുടി മുറിക്കുന്നത പറഞ്ഞത്. നിന്റെയല്ല.

അതെന്നെ പറഞ്ഞത്......

നീയും കണക്കാ ജുനുവും കണക്കാണ്.അതും പറഞ്ഞു മുഖം കോട്ടി കൊണ്ട് എണീറ്റു പോയി.

വല്ലാത്തൊരു ജാതി തന്നെ..... ഇവളെ പിണക്കം എങ്ങനെ മാറ്റുമെന്ന് കരുതി ആലോചിച്ചു തലപ്പുണ്ണാക്കിയത് മിച്ചം.

💕💕💕💕💕💕💕

നിനക്ക് ഭ്രാന്ത് ആണ് ഇജ്ജുക്ക ... വൺ ക്രോർ  ആണ് നഷ്ടം.... ശഹസാദ് ഒച്ചയിട്ടു.

അതിലെനിക്ക് ഒരു പ്രോബ്ലം ഇല്ല. എന്റെ ഇനുവിന് വേണ്ടി ഞാൻ ചെയ്തതാണ്. ഇതിൽ കൂടുതൽ

ചെയ്തലും സന്തോഷം ഉള്ളൂ.

നീയെന്താ പറയുന്നതിന്ന് ബോധം ഉണ്ടോ ഇജുക്ക.

ഉണ്ട്. എന്റെ ഇനു ആ കുടുംബത്തിൽ കയറിട്ടു ആദ്യം ആയുള്ള ബിസിനസ് ഡീൽ ആണ്. അവന്ന് അത് നഷ്ടപെട്ടാൽ എല്ലാവരും കേറിവന്ന പെണ്ണിന്റെ ഭാഗ്യക്കേട് ആണെന്ന് പറയും. അതോണ്ട് തന്നെയ കോൺട്രാക്റ്റിൽ നിന്ന് പിന്മാറിയത്. അതവന്ന് കിട്ടിയാൽ അവൻ ഹാപ്പി ആകും. അവനും വീട്ടുകാരും ഹാപ്പി ആകുമ്പോ അവളും ഹാപ്പി ആകും.അവളെ ഒരു വാക്ക് കൊണ്ടോ നോട്ടം കൊണ്ടോ  പോലും വേദനിപ്പിക്കുന്നത് ഞാൻ ഇഷ്ടപ്പെടുന്നില്ല.

ഇതിന്റെ പേര് മെന്റൽ എന്നാണ്..... ശഹി കലിപ്പോടെ പറഞ്ഞു.

ഒന്ന് നിർത് ശഹി..... ഇത് പോയ ഇതിന്റെ ഇരട്ടി നമ്മൾ പിടിക്കും. സോ ലീവ് ഇറ്റ്..... ഇജു അതും പറഞ്ഞു റൂമിലേക്ക് പോയി വാതിൽ വലിച്ചു അടച്ചു.

അവന്റെ സ്വഭാവം അറിഞ്ഞുടെ ശഹി പിന്നെ ചൊറിയാൻ പോണോ....... ഒന്ന് ദേഹത്ത് തട്ടിപോയാൽ അപ്പൊ ഷർട് മാറ്റുന്നവനാ ഇന്നലെ

മീറ്റിംഗ് വന്ന കോലം കണ്ടിനോ...... ഇനുവിനു അത്രയും സ്നേഹിക്കുന്നുണ്ട് അവൻ. ഇന്ന് ആദ്യം ആയ കടിക്കാൻ ആണെങ്കിലും അവൾ അവനെ തോട്ടത്. വേദന കൊണ്ട് പിടയുമ്പോഴും അവൻ ഒന്നേ ഓർത്തുള്ളൂ  അവൾ എന്നെ തൊട്ടല്ലോ.... സങ്കടം കൊണ്ടാണെങ്കിലും എന്റെ നെഞ്ചോട് ചേർന്നു നിന്നല്ലോ..... അതിന്റെ സന്തോഷം എത്രയെന്നു നിനക്ക് മനസ്സിൽ ആവൂല...

എന്നിട്ട് എന്താ നേടിയത്........ ആ ഫൈസ് ആ കോൺട്രാക്ട് വേണ്ടെന്നു വെച്ചില്ലേ...... എല്ലാത്തിനും മെന്റൽ ആണ്....

അവനും ദേഷ്യത്തോട ഇറങ്ങിപോയി.

നദീം രണ്ടു ഭാഗത്തേക്ക് നോക്കി മുടിയിൽ കോരുത് പിടിച്ചു.

ഹൈവ എന്ത് രസം  വഴക്ക്  കാണാൻ...... രണ്ടു തല്ല് കൂടി കൊടുത്തിരുന്നെങ്കിൽ കളർ ആയേനെ. കൈകൊട്ടി ചിരിച്ചോണ്ട് ഷാനു അങ്ങോട്ട് വന്നു.

നിനക്ക് കിട്ടിയതൊന്നും പോരെ ഷാനു നദീം പറഞ്ഞത് കേട്ടപ്പോൾ അവൾ കവിളിൽ കൈ വെച്ചു. അന്ന് കിട്ടിയത് മറന്നിട്ടില്ല.

അയ്യോ..... ഞാൻ നിർത്തി എനിക്ക് എൻഗേജ്മെന്റിന് തിളങ്ങേണ്ട മോന്തയാ തല്ലരുത്. അവൾ കൈ കൂപ്പി.

ഫൈസി ആയെന്ത പ്രോബ്ലം..... അവനെയും മെന്റൽ എന്ന് പറഞ്ഞല്ലോ ശഹിക്ക.

ഇജാസ് ഇനുവിനെ കരുതി കോൺട്രാക്ട് പിന്മാറി. പിന്നെ കൂടുതൽ ലീഡ് ചെയ്യുന്നത് ഫൈസ് ആണ്.അവനാണ് കിട്ടുക. നല്ലൊരു ഒപ്പർച്യുണിറ്റി ആണ് ഈ ഡീൽ. ബട്ട് ഫൈസിയും പെട്ടെന്ന് ഡീൽ ക്യാൻസൽ ചെയ്തു. എന്നിട്ട് പോകുമ്പോൾ ഒരു ഡയലോഗ്. കഷ്ടപ്പെട്ട് നേടിയെടുത്ത ശീലം.... അല്ലാതെ ഭിക്ഷ വാങ്ങിയല്ല എന്ന്.

ചുരുക്കി പറഞ്ഞ രണ്ടാൾക്കും ആ ഡീൽ പോയി. അവൾ താടിക്ക് കൈ വെച്ചു. ശരിക്കും ഇജാസ് ഫൈസിയും തമ്മിൽ എന്താണ് പ്രോബ്ലം.

ഇജാസ് വർഷങ്ങൾ ആയി ബിസിനസ് ഫീൽഡിൽ ജയിച്ചു കൊണ്ടിരിക്കുന്നവൻ....... ഫൈസി പുതുതായി ഫീൽഡിൽ ഇറങ്ങി ജയിച്ചു വരുന്നവൻ .രണ്ടാളും ജയിക്കാൻ നടക്കുന്നു. അത് തന്നെ പ്രോബ്ലം. ആരെങ്കിലും തോറ്റാൽ അല്ലേ ഒരാൾ

ജയിക്കു.  ഇവർക്കിടയിൽ വല്ലാത്തൊരു ഇഗോ കൂടി ഉടലെടുത്തു.ഇപ്പൊ ആണേൽ അറിയാതെ നീലക്കണ്ണി കൂടി വന്നു.

ശോകം ആണ് അപ്പോൾ അവസ്ഥ..... ഇനു ഇവിടേക്ക് മരുമകൾ ആയി വന്നിരുന്നെങ്കിൽ എല്ലാവരും ഹാപ്പി ആയേനെ അല്ലേ. ജുനുവും ആയുള്ള പ്രശ്നം തീരുമായിരുന്നു. എനിക്ക് ജൂനുവിനോടാ ദേഷ്യം തോന്നുന്നത്.

ജുനുവിന്റെ ഭാഗത്തു തെറ്റുകൾ ഉണ്ട്. പക്ഷേ അവനോട് ഞാനൊക്കെ ചെയ്തത് തെറ്റല്ലേ. ഫ്രണ്ട് ആയി കൂടെ കൂടി ചതിച്ചപ്പോൾ അവനും വേദനിച്ചു കാണില്ലേ. അവൻ ലാസ്റ്റ് പോകുമ്പോൾ എന്നോട് പറഞ്ഞൊരു ഡയലോഗ് ഉണ്ട്. ഇതിലും ഭേദം ചങ്കിൽ കത്തി കയറ്റുന്നത് ആയിരുന്നെടാ നല്ലതെന്നു ഇനിയൊരിക്കലും അവന്റെ ജീവിതത്തിൽ ഒരു സൗഹൃദം ഉണ്ടാവില്ലെന്ന്. കരഞ്ഞോണ്ട അവനത് പറഞ്ഞത്. ഇപ്പോഴും ഉണ്ടെടി നെഞ്ചിൽ ആ നീറ്റൽ...... പിന്നെ അതൊന്ന് അടങ്ങിയത് ഫൈസും സമിയും അവന്റെ ജീവിത്തിലേക്ക് വന്നപ്പോൾ ആണ്. അവൻ നിറഞ്ഞ കണ്ണുകൾ തുടച്ചു.അവളെ നോക്കാതെ ഇറങ്ങി പോയി.

ഫൈസ് ഉറങ്ങിയിട്ടും അവൾ ഉറങ്ങിയിരുന്നില്ല

അവൾ അവനെ തന്നെ നോക്കി ഇരുന്നു.

ഇജാസിന്റെ വാക്കുകൾ അവളുടെ മൈന്റ് ആകെ ഡിസ്റ്റർബ് ആക്കിയിരുന്നു. രാവിലെ ആകുമ്പോഴേക്കും അവൾ ഒരു തീരുമാനത്തിൽ എത്തിയിരുന്നു.

നിനക്ക് ആ വീട്ടിൽ താമസിക്കാൻ പറ്റില്ലെങ്കിൽ ഇവിടെ താമസിച്ചോ അല്ലാതെ തനിച്ചു  വിടില്ല ഞാൻ.

തനിച്ചല്ല.... അടുത്ത് റാനിയുടെ വീടുണ്ട്. നൈറ്റ് അവിടെ പൊക്കോളാം. അയാൾ ഒന്നും മിണ്ടാതെ തിരിഞ്ഞു നിന്നു.

കടുവേ..... ദേഷ്യം ആണോ....

പൊടിക്കുപ്പി..... ജീവിതത്തിൽ ആദ്യമായി നീ തനിച്ചു ആലോചിച്ചു ഒരു തീരുമാനം എടുത്തത ഇത്. നല്ലൊരു തുടക്കം ആവട്ടെ നിനക്ക്.

ഞാൻ നന്നാവോ കടുവേ.....

ഒരിക്കലും ഇല്ല മുത്തേ..... ജുനുന്റെയും ഇജാസിന്റെയും നടുവിൽ കിടന്നു ഇത്രനാളും ശ്വാസം മുട്ടി ജീവിച്ചു. ഇർഫാനെ കണ്ടപ്പോൾ മെല്ലെ അങ്ങോട്ട് ചാടി രക്ഷപെടാൻ നോക്കി. അത് എട്ടുനിലയിൽ പൊട്ടി. ഇപ്പൊ ഇജാസും ഫൈസിയുടെയും ഇടക്ക് ആയി ശ്വാസം മുട്ടുന്നു.പിന്നെങ്ങനെ രക്ഷപെടാന....

ദേ കടുവേ വെറുതെയല്ല നിങ്ങളെ മോൻ ഇട്ടിട്ട് പോയത്...., ഇതല്ലേ കയ്യിലിരിപ്പ്..... എങ്ങനെയെങ്കിലും രക്ഷപെടാൻ നോക്കുമ്പോ നൈസ് ആയിട്ട് കോൺഫിഡൻസ് കളയുന്നോ.....ഇന്നലെ ഉറങ്ങാതെ ആലോചിച്ചു എടുത്ത തീരുമാനം ആണിത്. ഈ ഇനു ഒരു കാര്യം തീരുമാനിച്ചിന്നോ പിന്നെ അതിൽ നിന്നും പിന്നോട്ട് പോകില്ല.അറിയാലോ....

അതെനിക്കും അന്ന് മനസ്സിലായിന്. പക്ഷേ നീ പൊട്ടത്തരം അല്ലാതെ ഇന്ന് വരെ വേറെന്തെങ്കിലും ചെയ്തിട്ട് ഉണ്ടോ.

അതിപ്പോ നിങ്ങളെ ഫ്രണ്ട് ആക്കി കൂടെ കൂട്ടിയില്ലേ.... അതും പൊട്ടത്തരം ആണൊ....

എനിക്കിട്ട് വെക്ക് ഇനി.ടീ പോത്തേ നിനക്ക് രക്ഷപെടാനുള്ള നല്ലൊരു വഴി ഞാൻ പറഞ്ഞു തരാം...... കേൾക്കോ...

നമുക്ക് നോക്കന്നെ പറയ്.

ഏതെങ്കിലും ഒരുത്തനെ കണ്ടു പിടിച്ചു  പ്രേമിച്ചു അവന്റെ കൂടെ അങ്ങ് ഒളിച്ചോടിക്കോ. ഓട്ടം ഉഗാണ്ടയിൽ എത്തിയിട്ട് നിർത്തിയ മതി. പിന്നിങ്ങോട്ട് തിരിച്ചു വരരുത്

അവൾ കൈകൂപ്പി കാണിച്ചു. ഇനി മിണ്ടരുതെന്ന് പറഞ്ഞു.

സത്യം പറയാലോ മോളെ ഇത്രേം കാലത്തെ ജീവിതത്തിനിടയിൽ ഒത്തിരി പേരുടെ പ്രശ്നങ്ങൾ ഞാൻ പരിഹരിച്ചിട്ടുണ്ട്. നിന്റെ പോലോത്തൊരു കേസ് ഇന്നേ വരെ കണ്ടിട്ടില്ല. അത് കൊണ്ട് തന്നെ ഇതിന്ന് എന്റെ കയ്യിൽ വേറെ ഉത്തരം ഇല്ല. ആരെ കൂടെ കൂടണം എന്നും തിരിയുന്നില്ല. എല്ലാരേം അടുത്ത് ന്യായം ഉണ്ട്.

അവൾ എന്തോ ആലോചിച്ചു നില്കുന്നത് കണ്ടു.

എന്താടി...... ആലോചിക്കുന്നെ

ഞാൻ മോശം പെണ്ണാണോ കടുവേ......

ഞാൻ കണ്ടതിൽ വെച്ചു ഏറ്റവും നല്ല കുട്ടി എന്റെ പൊടിക്കുപ്പി തന്നെയാണ്....... ഫൈസിക്ക് മോളെ വേണ്ടാത്തോണ്ട് അല്ലേ ഡിവോഴ്സ് പേപ്പറിൽ ഒപ്പിട്ട് തന്നത്. അത് അവിടെ കഴിഞ്ഞു. ഒരുകണക്കിന് മോളെ നല്ലതിനാ അത്. ജുനു അതിന്റെ പേരിൽ മോളോട് പിണങ്ങില്ലല്ലോ. ഇനി നിന്റെ കലിപ്പനെ ധൈര്യം ആയി പ്രണയിക്കാലോ.

എനിക്ക് അതിന്ന് അവനോട് പ്രണയം ഇല്ലല്ലോ.കടുവ എന്നോട് പറഞ്ഞതൊക്കെ വെച്ചു നോക്കുമ്പോൾ ഞാൻ അവനെ പ്രണയിക്കുന്നില്ലല്ലോ......

മോൾക്ക് ഇന്ന് എന്താണ് പ്രണയം എന്നൊരു ഐഡിയ കിട്ടിയല്ലോ.  വേറൊന്നും ആലോചിക്കേണ്ട .നമുക്ക് വരുന്നിടത്തു വെച്ചു കാണാം.നീ ഹാപ്പിയായി ഇരിക്ക്. ഒക്കെ ശരിയാകും.

എന്തവിശ്യം ഉണ്ടേലും വിളിക്കണം.

.

അവൾ തലയാട്ടി.

💘💘💘💘💘💘💘💘

അറിയാത്ത നമ്പറിൽ നിന്നും കാൾ വന്നത് കണ്ടു സംശയത്തോടെ ആണ് ഫൈസ് കാൾ എടുത്തത്.

ഇനായ ആണ്......

അവളുടെ ശബ്ദം കേട്ടതും അവൻ ഒന്നൂടി ഫോൺ നോക്കി.

നീ എവിടുന്ന വിളിക്കുന്നത്. ഇതാരെ നമ്പർ ആണ്. കോളേജ് വിട്ടില്ലേ..... ഒറ്റ ശ്വാസത്തിൽ പേടിയോടെ അവൻ ചോദിച്ചു.

അവൾ കാര്യം പറഞ്ഞതും അവൻ ദേഷ്യത്തോടെ ഫോൺ കട്ട് ചെയ്തു.

💘💘💘💘💘💘💘

ശഹി ഓടിവന്നു ഇജാസിനെ കെട്ടിപിടിച്ചു.

ഇനായ അവളെ സ്വന്തം വീട്ടിലേക്ക് പോയി.

ഇജാസിന്റെ മുഖം ദേഷ്യം കൊണ്ട് വിറച്ചു

അവളെ തനിച്ചാക്കുന്നത് ആണൊ നിന്റെ പ്ലാൻ. ആരോരും ഇല്ലാതെ പെരുവഴിയിൽ ആയില്ലേ അവൾ. അവൻ കലിപ്പോടെ പറഞ്ഞു.

അപ്പോഴാണ് അമ്മിജാൻ അങ്ങോട്ട് വന്നത്.

എന്നോട് ക്ഷമിക്കണം ഇജു. എനിക്ക് ഇനായയുടെ കാര്യത്തിൽ തെറ്റുപറ്റിപ്പോയി. നീ പറഞ്ഞത് കെട്ടിനെങ്കിൽ അവളിപ്പോ തനിച്ച ആ വീട്ടിൽ കഴിയില്ലായിരുന്നു. നീ പറഞ്ഞത് തന്നെ ആണ് ശരി. അവൾക്ക് ഇനി ഫൈസ് വേണ്ട. മോൻ മോന്റെ ഇഷ്ടത്തിന് എന്ത് വേണമെങ്കിൽ ചെയ്തോ......ഞാൻ എതിര് നില്കുന്നില്ല.

അവർ പോയതും ഇജാസ് ശഹിയെ എടുത്തു വട്ടം കറക്കി.

താങ്ക്സ്ടാ.......

ഇനായ ഫൈസിനെ ഒഴിവാക്കിയാൽ എങ്ങനെ ഇവിടെ എത്തും. നദീം ആലോചനയോടെ പറഞ്ഞു.

.... അവൾക്ക് നമ്മളോടാലേ ദേഷ്യം..... കൊന്നാലും വരില്ല..... ജുനുവിനെ തൊട്ട് സത്യം ഇട്ടതാ അവൾ അത്....... ഇജാസ് അവനെ നോക്കി.

ജുനുവിന്റെ വാക്ക് തെറ്റിക്കാൻ ഒരാൾക്ക് പറ്റും......ഫൈസ്.... അവൻ ആണ് നമ്മുടെ ടാർഗറ്റ്..... അവൻ കൊണ്ട് വരും അവളെ..... അവൾ പൂർണ്ണ

സമ്മതത്തോടെ വരും......

ഫൈസിനോട് സത്യം പറയാൻ പോവ്വാണോ നീ...... ഇജാസ് ഭീതിയോടെ ചോദിച്ചു.

ബെസ്റ്റ്..... അങ്ങനെ സംഭവിച്ചാൽ ഈ ജന്മത്തിൽ അവൾ നിന്റെ കൂടെ വരില്ല.അതോടെ കൂടി ജന്നത് എന്ന ചാപ്റ്റർ ക്ലോസ് ആകും. ഇല്ലെങ്കിൽ അവൾ ക്ലോസ് ചെയ്യും. വാശിയുടെ കാര്യത്തിൽ ആയിഷ ഹൈദ്റലിഖാൻ പിറകിൽ നിൽക്കണം കൊച്ചുമോളെ മുൻപിൽ . ഇത് അവന്റെ ചിലവിൽ അവന്റെ പോസ്റ്റിൽ കേറി ചെറിയൊരു ഗോൾ......അവൻ അവരെ നോക്കി കണ്ണടിച്ചു കാണിച്ചു.

നദീംമും ഇജാസ് ഒന്നും മനസ്സിലാകാതെ അവനെ നോക്കി.

അവൻ അലക്സിനെ വിളിച്ചു. എനിക്ക് ഒരു അപ്പോയ്ന്റ്മെന്റ് വേണം ഫൈസിന്റെ ഒന്ന് വിളിച്ചു കൺഫോം ആക്ക് പെട്ടെന്ന്.

കാൾ കട്ട് ചെയ്തു  അവരെ നോക്കി.

മക്കൾ പോയി അറേൻജ്മെന്റ്സ് ചെയ്യ്. ഇനായ വരും ഇവിടെ അവൻ ഉറപ്പോടെ പറഞ്ഞു.

💔💔💔💔💔💔💔💔

നീ ഇനുവിനെ കൂട്ടാൻ പോകുന്നില്ലേ......

ഇല്ല....

അതെന്താ....

എന്നെ വേണ്ടാത്തവളെ എനിക്കും വേണ്ട. അത്ര തന്നെ.

ഫൈസി....... അവൾ പൊട്ടത്തരത്തിന് എന്തെങ്കിലും ചെയ്തെന്ന് വെച്ചു......

ഇനിയിക്കാര്യം പറയണ്ട. എനിക്ക് കേൾക്കേം വേണ്ട.

സമി വീണ്ടും എന്തോ പറയാൻ വന്നതും മുമ്പിൽ ഉള്ള ഫ്ലാവെർ വേസ് അവൻ വലിച്ചെറിഞ്ഞു പൊട്ടിച്ചു. ദേഷ്യം കൊണ്ട് വിറക്കുന്ന അവന്റെ മുഖം കണ്ടതും സമി ഒന്നും പറയാതെ  പുറത്തേക്ക് ഇറങ്ങിപോയി.

❤️ 💔 INVISIBLE LOVE 💔❤️

Love after💘 marriage story

Part 19

ഞാൻ അവളുടെ ഭർത്താവ് അല്ലേ...... അതു പോലും

ഓർക്കാതെ വീട്ടിൽ നിന്നും ഇറങ്ങിപോകാൻ എങ്ങനെ കഴിഞ്ഞു അവൾക്ക്.

എന്നെ വേണ്ടാന്ന് വെച്ചവളെ എനിക്കും വേണ്ട അത്ര തന്നെ അതും പറഞ്ഞു അവൻ കണ്ണിൽ കണ്ടതെല്ലാം തട്ടിയെറിഞ്ഞു.

അവളിനി ഇങ്ങോട്ട് വരുന്നില്ല റാനിയുടെ വീട്ടിലാണ് താമസിക്കുന്നതെന്ന്. അത് ഓർക്കുംതോറും അവന്ന് ദേഷ്യം ഇരച്ചു കയറുന്നുണ്ടായിരുന്നു.അതിന്റെ ഫലമായി റൂമിലെ എല്ലാം പൊട്ടിച്ചിതറി.

ഇനായ റാനിയുടെ വീട്ടിലേക്ക് കയറിയതും സിനാൻ ഓടി വന്നു അവളെ കെട്ടിപിടിച്ചു.

ഇനുത്ത കളിക്കാൻ പോവ്വാ....

ടാ ചെറുക്കാ അവളെ കല്യാണം കഴിഞ്ഞു. ഇനി നിന്റെ കൂടെ കളിക്കാനൊന്നും പറ്റില്ല.അതും പറഞ്ഞു അവന്റെ ഉമ്മ ഇറങ്ങിവന്നു.

അവൾ അവനോട് കുറച്ചു കഴിഞ്ഞു പോകാന്നു കണ്ണ് കൊണ്ട് കാണിച്ചതും അവൻ ചിരിച്ചോണ്ട് പോയി.

നീ ഇല്ലാത്തോണ്ട് ഇപ്പൊ പുറത്തു ഇറങ്ങാറ് കൂടിയില്ല. നീ പോയതിന്ന് അവന്ന കൂടുതൽ സങ്കടം. അതൊക്കെ പോട്ടെ മോള് കുറച്ചു ദിവസം ഉണ്ടാകുന്നു റാനി പറഞ്ഞു ഫൈസി സമ്മതിക്കോ അതിന്ന്.

അവൾ ചിരിച്ചു കൊണ്ട് തലയാട്ടി.എന്നിട്ട് റാനിയെ നോക്കി.

ഉമ്മ പോയതും റാനി പറഞ്ഞു. അല്ലേലെ ഇവിടെ കരച്ചിൽ ഒഴിഞ്ഞു നേരം ഇല്ല. അതിന്റെ കൂടെ നിന്റെ കാര്യം കൂടി പറയാൻ തോന്നിയില്ല. പതുക്കെ പറഞ്ഞോളാം.

ഇവിടെന്തിനാ കരച്ചിൽ.

സിനാന് ഹാർട് ഓപ്പറേഷൻ എത്രയും പെട്ടെന്ന് വേണമെന്ന് ഡോക്ടർ പറഞ്ഞു. മൂന്നാല് ലക്ഷത്തോളം രൂപ വേണമെന്ന പറയുന്നേ. ആകെയുള്ളത് ഈ വീടാണ്. ഇത് വിറ്റു ഓപ്പറേഷൻ നടത്താന്ന കരുതിയത് ഇത്തതന്റെ ഭർത്താവ് സമ്മതിക്കുന്നില്ല. അതിന്റെ ടെൻഷനില ഉപ്പയും ഉമ്മയും. അവളെ കണ്ണ് നിറഞ്ഞതും ഇനു തുടച്ചു കൊടുത്തു.

കാശ് നമുക്ക് ഒപ്പിക്കാടി. കരയാതിരിക്ക്. അവൾ ആശ്വസിപ്പിച്ചു.

റാനിയുടെ ഉപ്പാക്ക് കൃഷിപണിയാണ്. അത് കൊണ്ട് അന്നത്തെ കാര്യങ്ങൾ നടന്നു പോകുന്നു. രണ്ടു പെണ്ണും ഒരാണും ആണ്. മൂത്ത ഇത്ത കല്യാണം കഴിഞ്ഞു പോയി. എന്നാലും സ്ത്രീധനം ചോദിച്ചു എപ്പോഴും തല്ലും വഴക്കും ആണ്. ജുനുനെ പേടിച്ചു പ്രശ്നം ഉണ്ടാകില്ല. ഒരിക്കൽ സ്ത്രീധനം ചോദിച്ചു അവളെ ഇവിടെ കൊണ്ട് വിട്ടു. ജുനു പോയി അയാളെ തല്ലിപ്പരിപെടുത്തു. പിന്നെ ഇങ്ങോട്ട് വരൽ കുറവാണ്. ജുനു പോയത് അറിഞ്ഞിട്ട് ഉണ്ടാകും അതാകും വീണ്ടും വന്നത്.

💕💕💕💕💕💕💕💕

ഉറങ്ങാൻ കിടക്കുമ്പോൾ ശൂന്യമായ വലത് വശം കണ്ടു അവന്റെ നെഞ്ച് നീറി. അവന്റെ കൈകൾ അവിടേക്ക് നീണ്ടു. അവളോടൊത്തുള്ള ഓർമ്മകൾ അവനെ മാടിവിളിച്ചതും അവൻ കണ്ണുകൾ ഉറക്കെ പൂട്ടി.

ഫൈസ് ഞാൻ ചെയ്യുന്നത് തെറ്റാണോ ശരിയാണോ എന്നൊന്നും എനിക്ക് അറിയില്ല. എന്നോട്

പൊറുക്കണം. ജുനുനെ പേടിച്ച ഞാൻ ഇത്രയും ദിവസം അവിടെ നിന്നത് .ഞാൻ ഇനി അങ്ങോട്ട് വരുന്നില്ല.എനിക്കിഷ്ടം അല്ല അവിടെ താമസിക്കാൻ. ഞാൻ റാനിയുടെ വീട്ടിലേക്ക് പോകുവാ. ഇനി അവിടെയാ താമസിക്കുന്നതും. ജുനുനെ പോലെയാ ഞാൻ ഫൈസ്നെ കണ്ടിട്ടുള്ളു. അതോണ്ട് തന്നെ എന്തെങ്കിലും തരത്തിൽ വിഷമിപ്പിച്ചിട്ടുണ്ടെങ്കിൽ മാപ്പ് ചോദിക്കുന്നു.

അവൻ ഞെട്ടി കണ്ണ് തുറന്നു. കണ്ണുകളിൽ നിന്നും കണ്ണുനീർ ഒലിച്ചിറങ്ങി. സ്നേഹിച്ച പെണ്ണിനെ തന്നെ സ്വന്തം ആക്കി. നഷ്ടപ്പെടും എന്നുള്ള അവസ്ഥയിൽ നിന്നും തിരിച്ചു കിട്ടിയത് ആണ്. അന്നൊന്നും തോന്നാത്ത വേദനയുണ്ട് ഇപ്പോൾ. ജുനുനെ പോലെയേ ഞാൻ കണ്ടിട്ടുള്ളു. അതാണ് തളർത്തി കളഞ്ഞത്. ജുനുനെ പോലെ എന്ന് വെച്ചാൽ സഹോദരൻ ആയല്ലേ കാണുന്നത്.അവൻ ബെഡിൽ ആഞ്ഞടിച്ചു കൊണ്ട് കമിഴ്ന്നു കിടന്നു.ശരീരവും മനസ്സും ഒരുപോലെ തളർച്ച തോന്നിയത് കൊണ്ടാവണം അവൻ ഉറക്കിലേക്ക് വീണു.

💕💕💕💕💕💕💕💕💕💕

നീയെന്താടി ഉറങ്ങാത്തത്. റാനിയ ചോദിക്കുന്നത് കേട്ടു അവൾ തിരിഞ്ഞു നോക്കി.

ഉറക്കം വരുന്നില്ല.

ബെഡ് കണ്ടാൽ ഉറക്കം വരുന്ന നിനക്ക് ഇന്നെന്ത് പറ്റി.

എന്തോ ഒരു മിസ്സിംഗ് പോലെ...... എവിടെയും മനസ്സ് ഉറപ്പിച്ചു നിർത്താൻ കഴിയുന്നില്ല. ആദ്യം ആയാണ് ഇങ്ങനെ.

ഫൈസിയെ ആണൊ മിസ്സിംഗ്

അവനെ എന്തിനാ മിസ്സ് ചെയ്യുന്നേ...... എനിക്ക് ഉറക്കം വരാഞ്ഞിട്ടാ......അവൾ ജനലിലൂടെ പുറത്തേക്ക് നോക്കി. പൂർണ്ണചന്ദ്രൻ നിലാവ് പൊഴിച്ചു നില്കുന്നത് കണ്ടതും അവളുടെ ചുണ്ടിൽ ഒരു പുഞ്ചിരി വിടർന്നു.ഇത് വരെ ഇങ്ങനെ ചന്ദ്രനെ നോക്കി ഇരുന്നിട്ടില്ല.ഇന്ന് എന്താ ചന്ദ്രന് വല്ലാത്തൊരു തിളക്കം.  തണുത്ത കാറ്റ് അവളെ തഴുകി പോയി. വല്ലാത്തൊരു ശാന്തത മനസ്സിൽ നിറഞ്ഞു.

ഇനുത്ത വന്ന് കിടക്കുന്നുണ്ടോ...... സിനു വന്ന്

അവളെ പിടിച്ചു വലിച്ചു.

ഞാൻ കുറച്ചു കഴിഞ്ഞു വന്നു കിടന്നോളാം. നീ കിടന്നോ......

അവിടെ ആകെ രണ്ടു റൂം ഉള്ളൂ. ഒന്നിൽ അവരെ ഉപ്പയും ഉമ്മയും കിടക്കും. ഇത് റാനിയും സിനുന്റെയും റൂം ആണ്. റാനി നിലത്ത് കിടന്നു. എന്നോട് ബെഡിൽ കിടക്കാൻ പറഞ്ഞു. നിലത്ത് കിടന്നു ശീലം ഇല്ലാത്തോണ്ട് അവൾ എതിർത്തില്ല.

കുറച്ചു കഴിഞ്ഞു കിടക്കും എന്നെ ചവിട്ടി താഴേക്കു ഇടേം ചെയ്യും. അതോണ്ട് അത് വേണ്ട ഇനുത്ത.എന്റെ കൂടെ എന്നെ കെട്ടിപിടിച്ചു കിടന്ന മതി ഇല്ലെങ്കിൽ ഞാൻ താഴെ എത്തും.എനിക്കെങ്ങും വയ്യ ചവിട്ട് കൊള്ളാൻ.

ഇനു ചമ്മലോടെ അവനെ നോക്കി. റാനി പൊട്ടിച്ചിരിക്കുന്നത് അവൾ കണ്ടു.

അല്ലടാ കെട്ടിപിടിച്ച ചവിട്ടി താഴെ ഇടില്ലേ റാനി ചോദിച്ചു.

ഇല്ല ഇത്തത. കെട്ടിപിടിച്ച ചുരുണ്ടുകൂടി കിടന്നോളും. എന്നെ ചവിട്ടി താഴെ ഇട്ടിട്ട് ഞാൻ കരഞ്ഞപ്പോൾ

ജൂനുക്കാക്ക പറഞ്ഞു തന്നെ ഐഡിയ ആണ്.

അത് ശരി കെട്ടിപിടിക്കാനുള്ള ഐഡിയ ആണല്ലേ ബെഡ്ൽ ചുറ്റൽ. ഇത് എന്നോട് കൂടി പറഞ്ഞു തന്നിരുന്നെങ്കിൽ ഞാനും ചെയ്തേനെ. വെറുതെ എന്തോരം ചവിട്ട് കൊണ്ടു. റാനി താടിക്ക് കൈ വെച്ചു ദയനീയമായി പറഞ്ഞു.

അവൾക്ക് പെട്ടന്ന് ഫൈസിയെ ഓർമ വന്നു. എപ്പോഴും നിസ്കരിക്കാൻ എഴുന്നേൽക്കുമ്പോൾ അവന്റെ കൈക്കുള്ളിൽ ആണ് ഉണ്ടാവാറ്. ചവിട്ട് പേടിച്ചു കെട്ടിപിടിച്ചതാരിക്കും.ജുനു പറഞ്ഞിട്ട് ഉണ്ടാവും.അറിയാതൊരു പുഞ്ചിരി അവളുടെ ചുണ്ടിൽ വിരിഞ്ഞു.

നീ ഫൈസിനെ ചവിട്ടി ഇടാറില്ലേ

ഫൈസ് എന്നെകെട്ടിപിടിച്ച കിടക്കാർ അതോണ്ട് ഇത് വരെ ചവിട്ട് കിട്ടിയിട്ടില്ലന്ന് തോന്നുന്നു. എന്നോട് ഇത് വരെ ഒന്നും പറഞ്ഞിട്ടില്ല.

നിന്നെ കെട്ടിപിടിച്ചോ..... അങ്ങനെ ചെയ്ത കുറ്റം കിട്ടില്ലേ........

അള്ളോഹ്...... ഓർമിപ്പിക്കല്ലേ......ഇത് ഞാൻ

ജുനുനോട് ജസ്റ്റ് ഒന്ന് പറഞ്ഞെ ഉള്ളൂ...... എന്നെ കൊണ്ടു ബാക്കി മൊത്തം പറയിപ്പിച്ചു. പടച്ചോനെ അന്ന് വീട്ടിൽ എറിഞ്ഞു പൊട്ടിക്കാത്ത ഒറ്റ സാധനം പോലും ഇല്ലായിരുന്നു.ഉമ്മാനോട് ആയിരുന്നു കലിപ്പ് മൊത്തം. ഉമ്മാക്ക് തല്ല് കിട്ടുന്ന് പോലും ഞാൻ പേടിച്ചു. എന്നിട്ട് അവസാനം ഉമ്മാനോട് പറഞ്ഞു ലോക ദുരന്തതിന്നു ഭൂലോക ദുരന്തത്തിനെ ആണല്ലോ പടച്ചോനെ ഫ്രണ്ടായി കിട്ടിയെന്ന്.

ലോക ദുരന്തം ഇനുത്തയും ഭൂലോക ദുരന്തം റാനിതയും ആണോ...... സിനു ചോദിച്ചതും രണ്ടാളും അപ്പോഴാ അവനെ ഓർമ വന്നത്. സംശയപണ്ടാരം ആണ് പോരാത്തതിന് കേട്ടതെല്ലാം ഉമ്മാനോട് പറഞ്ഞു കൊടുക്കും. അത് കൊണ്ടു വിഷയം മാറ്റുന്നതാ നല്ലത്. റാനി മെല്ലെ പറഞ്ഞതും ഇനു തലയാട്ടി.

വാടാ ചക്കരെ നമുക്ക് ഉറങ്ങാം..... എന്നും പറഞ്ഞു അവനെ കെട്ടിപിടിച്ചു കിടന്നു.

എന്ത് കൊണ്ടോ അവൾക്ക് ഉറക്കം വന്നിരുന്നില്ല. സിനാനെ ചേർത്ത് പിടിച്ചു കിടക്കുമ്പോഴും ഓർമ മുഴുവൻ ഫൈസിയെ ആയിരുന്നു. അവന്റെ

കൈക്കുള്ളിൽ കിടക്കുന്നതിന്റെ സുഖം ജുനുവിന്റെ കൂടെ കിടക്കുമ്പോൾ പോലും കിട്ടാറില്ലെന്ന് അവൾ ഓർത്തു. റാനിയ ചോദിച്ച പോലെ ഫൈസ്നെ ആയിരുന്നോ മിസ്സ് ചെയ്യുന്നത്. അവന്റെ മുഖം തെളിമയോടെ മനസ്സിൽ തെളിഞ്ഞതും അവൾക്ക് ഒരാശ്വാസം പോലെ തോന്നി.

ജുനുവിന്റെ അത്ര വെളുപ്പ് ഇല്ലെങ്കിലും ഫൈസ് വെളുത്തിട്ട് തന്നെ ആണ്. അതികം കാട്ടിയില്ലാത്ത മീശയും താടി ഉണ്ടെന്നും ഇല്ലെന്നും പറയാം ഡ്രിം ചെയ്തു നേർത്ത രീതിയിൽ ആണ്. ചെറിയ കണ്ണുകൾ. ചിരിക്കുമ്പോൾ കാണാൻ നല്ല മൊഞ്ചാണ്. ചിരിക്കുമ്പോൾ അവന്റെ സൗന്ദര്യം ഇരട്ടിക്കുന്നത് പോലെ തോന്നും. ജുനുവും അവനും നിന്നാൽ എന്ത് കൊണ്ടോ ആകർഷണം ഫൈസ്ന് ആണ്. ആദ്യമായി കണ്ടപ്പോൾ ജുനുവിനോട് പറഞ്ഞത് ഓർത്തു. നിന്നെക്കാൾ മോന്ജ് അവനുണ്ട് അതോണ്ട് അവന്റെ കൂടെ നടക്കേണ്ട. സമിക്കാന്റെ കൂടെ നടന്നോ വേണേൽ........ നീ ആയിരിക്കണം എപ്പോഴും എവിടെയും ഫസ്റ്റ്.

ഇങ്ങനെ ഒരു പെണ്ണ്....... എന്നും പറഞ്ഞു തലക്ക് ഒരു കിഴുക്ക് തന്നു. അതൊക്കെ ഓർത്തപ്പോൾ

അവളുടെ ചുണ്ടിൽ ഒരു ചിരി തത്തിക്കളിച്ചു. എന്ത് വന്നാലും ഇജാസിന്റെ ഗ്ലാമർ ആർക്കും ഇല്ല. ആ എടുപ്പും നടത്തവും ബോഡിയും ആരെയും മയക്കുന്ന കണ്ണുകളും

ഞാൻ കണ്ടതിൽ വെച്ചു ഏറ്റവും സൗന്ദര്യം ഇജുവിനാണ്. അറിയാതൊരു നോവ് അവളിൽ പടർന്നു. അതിനേക്കാൾ ഉപരി ഫൈസനെ ഓർത്തപ്പോൾ അത് മാഞ്ഞു പോകുന്നതും അവൾ അറിഞ്ഞു. എപ്പോഴോ മെല്ലെ ഉറക്കിലേക്ക് വീണു.

അവൾ ഉറങ്ങിയതും ആ ജനാലയുടെ അടുത്ത് നിന്നും ഇജാസ് നടന്നു പോയി. നീ ഒരിക്കലും തനിച്ചല്ല നീലക്കണ്ണി ..... തനിച്ചാക്കുകയും ഇല്ല. അവൻ കുറച്ചു ദൂരം നടന്നു അവൻ തിരിഞ്ഞു നോക്കി. ചെറിയ ഓടിട്ട വീട്....... അതികം സൗകര്യങ്ങൾ ഇല്ല. ഫാനിന് കാറ്റ് ഇല്ല എന്ന് പറഞ്ഞു ഇനു ജനൽ തുറന്നിട്ടത് അവനോർത്തു. ഏത് സാഹചര്യം ആയാലും ഒരു പരാതിയും പറയാതെ  ഒരുപോലെ കണ്ടു അഡ്ജസ്റ്റ് ചെയ്യുന്ന അവളെ കണ്ടു അഭിമാനം തോന്നി. ആദ്യമായി ജുനുവിനെ ഓർത്തു. വളർത്തിയത് നീയല്ലേ നിന്റെ സ്വഭാവം തന്നെ അവൾക്ക് കിട്ടിയതിൽ അത്ഭുതം

ഒന്നും തോന്നുന്നില്ല അവന്റെ ഉള്ളിൽ
ജൂനുവിനോട് അസൂയ തോന്നി ഒരു നിമിഷം

INVISIBLE LOVE

Love after marriage story

Part 20

അവൾക്ക് ഭർത്താവ് ആയി കാണാൻ പറ്റില്ലെങ്കിൽ വേണ്ട ബ്രദർ ആയിട്ടോ എന്ത് കുന്തം വേണമെങ്കിൽ കരുതിക്കോട്ടെ. എനിക്ക് ഏതായാലും അവളില്ലതെ പറ്റില്ല. ഇവിടെയാകുമ്പോൾ കണ്ടോണ്ട് ഇരിക്കുകയെങ്കിലും ചെയ്യാം. രാത്രിയാകുമ്പോൾ അവൾ അറിയില്ലെങ്കിലും എന്റേത് മാത്രം ആണെന്ന് പറഞ്ഞു നെഞ്ചോട് ചേർത്ത് പിടിച്ചു കിടക്കുകയും ചെയ്യാം അത് മതി ഈ ജന്മത്തിൽ. എന്നാലും ആർക്ക് വേണ്ടിയും എന്തിന് വേണ്ടിയും വിട്ടുകൊടുക്കില്ല. ഒരു നിമിഷം പോലും കാണാതിരിക്കാൻ വയ്യ. എനിക്ക് വേണം ആ കുറുമ്പിയെ.അതും ഉറപ്പിച്ചുഅവൻ എഴുന്നേറ്റു.ടൈം നോക്കിയതും കോളേജിൽ പോയിട്ടുണ്ടാവുമെന്ന് തോന്നി. വൈകുന്നേരം

കാണാം എന്ന് അവൻ മനസ്സിൽ ഉറപ്പിച്ചു.

××××××××××××××××××××××××

കോളേജ് വിട്ടു വന്നു ചായ കുടിക്കുമ്പോഴാ

വെളിയിൽ എന്തൊക്കെയോ ശബ്ദം കേട്ടു ഇനു ശ്രദ്ധിച്ചത്. റാനിയുടെ ഇത്തയും ഹസ്ബൻഡ് ആണ്.

സ്ത്രീധനം ആയിട്ടോ ഒന്നും തന്നിട്ടില്ല. ആകെയുള്ളത് ഈ വീടാണ്. അത് ജീവിച്ചിരിക്കുമോ എന്ന് പോലും ഉറപ്പില്ലാത്ത ചെക്കന് വേണ്ടി വിൽക്കാൻ നിങ്ങൾക്ക് ഭ്രാന്താണ്. എന്റെ സമ്മതത്തോടെ ഞാൻ വിൽക്കാൻ വിടില്ല.

ഇനായ വെറുപ്പോടെയും ദേഷ്യത്തോടെയും അയാളെ നോക്കി.

ഞാൻ മരിച്ചു പോകോ ഇനുത്ത...... സിനു അവളോട് ചോദിച്ചതും അവളുടെ നെഞ്ച് നീറുന്ന

പോലെ തോന്നി.

അവൾ അവന്റെ മുന്നിൽ മുട്ടുകുത്തി നിന്നു. അവന്റെ മുഖം കയ്യിൽ എടുത്തു. ഞാൻ ജീവനോടെ ഉള്ളിടത്തോളം നിനക്ക് ഒന്നും സംഭവിക്കില്ല. അവന്റെ നെറ്റിയിൽ ചുണ്ടുകൾ ചേർത്തു.

അപ്പൊ ഇയാൾ പറയുന്നതോ......

നിനക്ക് എന്നെയാണോ വിശ്വാസം ..... അതോ

അയാളെയോ.....

എന്റെ ഇനുത്തനെ....

എന്നാ വിശ്വസിച്ചോ...... നിനക്ക് ഒന്നും ഉണ്ടാകില്ല. കേട്ടോടാ കുറുമ്പ..... അവൾ കവിളിൽ പിടിച്ചു

വലിച്ചു.നമുക്ക് ചാമ്പയ്ക്ക  പറിക്കാൻ പോകാം. കുറെ ഉണ്ടായിട്ടുണ്ട് വീട്ടിൽ.

അവൻ തലയാട്ടിയതും അവന്റെ കയ്യും പിടിച്ചു പുറത്തിറങ്ങി.

അപ്പോഴാ അയാൾ അവളെ കണ്ടത്. നീ ആ ജുനൈദിന്റെ പെങ്ങൾ അല്ലേ നിനക്ക് എന്ത ഇവിടെ കാര്യം......

ഞാൻ ചുമ്മാ വന്നതാ.

നീയിനി ഈ വീട്ടിൽ കാൽ കുത്തിയാൽ ഉണ്ടല്ലോ..... അയാൾ കലിപ്പോടെ അവളെ നോക്കി പറഞ്ഞു.

ഞാൻ ഇനിമുതൽ ഇവിടെയാ താമസിക്കുന്നത്.

അവൾ മെല്ലെ പറഞ്ഞു.

എന്റെ വീടാണ് ഇത്. ഇവിടെ ആരു താമസിക്കണമെന്ന് ഞാൻ തീരുമാനിക്കും. ഇപ്പൊ ഈ നിമിഷം ഇവിടെ നിന്നും ഇറങ്ങിക്കോണം.

അവൾ ഇല്ലെന്നുള്ള അർത്ഥത്തിൽ തലയാട്ടി.

എതിര് പറയുന്നോ എന്നും പറഞ്ഞു അവളുടെ കവിളിൽ കുത്തിപിടിച്ചു.

അവൾ വേദന കൊണ്ടു പിടഞ്ഞു. അപ്പോഴേക്കും റാനിയുടെ ഇത്തതയും ഉപ്പയും വന്നു അയാളെ പിടിച്ചു മാറ്റി.

ജുനുനോട് ഉള്ള ദേഷ്യം മോളോട് തീർക്കേണ്ട അതൊരു പാവം കൊച്ചാ. രണ്ടു ദിവസം കഴിയുമ്പോ അവളെങ്ങ് പോയിക്കൊള്ളും. റാനിന്റെ ഉപ്പ സങ്കടത്തോടെ പറഞ്ഞു.

ജുനു എന്നെ തല്ലിയത് ഞാൻ മറന്നിട്ടില്ല. ഇപ്പോൾ എനിക്ക് കിട്ടിയ ചാൻസ് ആണ് ഇത്. അവൻ ചെയ്ത  തെറ്റിന്റെ ശിക്ഷ നീയനുഭവിക്കും നോക്കിക്കോ.

നീ ഇപ്പോൾ തൊട്ടത് ആരെയാണെന്ന് അറിയോ...... അവൾ ചെറു ചിരിയോടെ തിരിച്ചു ചോദിച്ചു.

ജുനുവിന്റെ അനിയത്തിയെ..... മറന്നിട്ടില്ല ഒന്നും....അയാൾ കത്തിഎരിയുന്ന കണ്ണോടെ അവളെ നോക്കി.

അവൾ റോഡിനു അപ്പുറത് നിർത്തിയിട്ടിരിക്കുന്ന ബ്ലാക്ക് ബൊലേറോയിലേക്ക് നോക്കി.

മറക്കില്ല ഒരിക്കലും നിങ്ങളനിയത്  അതും പറഞ്ഞു അവൾ സിനാൻറെ കയ്യും പിടിച്ചു

പോയി.

ബൊലേറെയുടെ അടുത്ത് എത്തിയതും അതിന്റെ ഗ്ലാസ് താഴ്ന്നു. അവൾ പെട്ടെന്ന് നോക്കിപ്പോയി. തന്നെ കണ്ടപ്പോൾ ആ രണ്ടു ജോഡി കണ്ണുകൾ ഒരുപോലെ തിളങ്ങുന്നത് അവൾ കണ്ടു.

എനിക്കിവിടെ സുഖം ആണ്. കൊച്ചുവീട് ആണെങ്കിലും മനസ്സമാധാനം ഉണ്ട്. ജുനു വരുന്നത് വരെ ഞാൻ ഇവിടെ താമസിക്കുന്നത്. ജുനു ഇല്ലാത്തോണ്ടാ ഇപ്പോൾ പിറകെ വരുന്നത് എന്നറിയാം. ദയവുചെയ്തു പിറകെ നടക്കരുത്.ശല്യം ചെയ്യരുത്..... അപേക്ഷയാണ്.അവൾ കൈ കൂപ്പി ഇജാസിനോട് പറഞ്ഞു.

ഇജാസ് പുഞ്ചിരിയോടെ തലയാട്ടി. അവളുടെ

നോട്ടം കോഡ്രൈവർ സീറ്റിൽ ഇരുന്ന ആളുടെ അടുത്തേക്ക് പതിഞ്ഞു. ടവ്വൽ കൊണ്ടു മുഖം മറച്ചാണ് ഉള്ളത്. ആ കണ്ണുകളിൽ പുച്ഛഭാവം കണ്ടു അതിൽ നിന്ന് തന്നെ അത് ഷഹസദ് ആണെന്ന് മനസ്സിലായി. ഇജാസിന് വേദന പറ്റിയ സഹിക്കാൻ പറ്റാത്ത ഒരാൾ അത് അവനെ ഉള്ളൂ. ഞാൻ ഇപ്പോൾ പറഞ്ഞതിനാണ് പുച്ഛം എന്നും മനസ്സിലായി. ഇജാസിന്റെ നോട്ടം അവളുടെ മുഖത്ത്  പതിഞ്ഞതും ആ കണ്ണുകളിൽ രക്തവർണ്ണം ചാലിക്കുന്നതും അവൾ കണ്ടു. അവൾ പേടിയോടെ അവളുടെ കവിൾ പൊത്തിപിടിച്ചു. കവിൾ നീറുന്നുണ്ട്. എന്തായാലും അടയാളം ഉണ്ടാകുമെന്നു അവൾക്ക് തോന്നി.

സിനുന്റെ കയ്യും പിടിച്ചു അവൾ ഓടി.

xxxxxxxxxxxxxxxxxxxxxxxxx

ജുനുവും അവളും കൂടി നട്ട ചാമ്പമരം ആണ്. നിറച്ചും ഉണ്ടായിട്ടുണ്ട്. ആരും പറിക്കാത്തൊണ്ട് നിലത്തൊക്കെ വീണു കിടപ്പുണ്ട്.ചെറിയ മരം ആണ്.അവൾ മരത്തിന്റെ മുകളിൽ വലിഞ്ഞു

കയറി.

സിനു നീ പോയി നമ്മുടെ ഗാങ്ങിനെ കൂട്ടി വാ. അവർക്ക് കൂടി കൊടുക്കാം. ഇത് ഒരുപാട് ഉണ്ട് വെറുതെ നശിപ്പിക്കണ്ട.അത് കേട്ടതും അവൻ ഓടിപ്പോയി.

xxxxxxxxxxxxxxxxxxxxxxxxxxxxxx

റാനിയെ വിളിച്ചപ്പോഴാണ് അവൾ വീട്ടിൽ ഉണ്ടെന്ന് പറഞ്ഞത്. ഫൈസ് അങ്ങോട്ട് പോയി.

വീട് പൂട്ടിയിട്ട് കണ്ടു തിരിച്ചു പോകാൻ നോക്കുമ്പോഴാണ് പിറക് വശത്ത് സൗണ്ട് കേട്ടത്. പോയി നോക്കുമ്പോൾ ഇനു ഉണ്ട് മരത്തിനു മുകളിൽ ഒരു കൊമ്പിൽ ചാരി ഇരുന്നു ചാമ്പക്ക തിന്നുന്നു.അവൻ ഒരു നിമിഷം അവളെത്തന്നെ നോക്കി നിന്നു. പാവാടയും കുപ്പായവും  ആണ് ഇട്ടിട്ടുള്ളത്.  കൊച്ചുകുട്ടികളെ പോലെ ചാമ്പക്ക തിന്നു മരത്തിൽ ചാരി ഇരിക്കുന്നുണ്ട്. എന്തോ

വലിയ ചിന്തയിൽ ആണ് കക്ഷി. സ്വഭാവംമോ കുട്ടിക്കളി ഈ വേഷം കൂടി ആയപ്പോൾ പൂർത്തിയായി. ഏത് സ്കൂളില പഠിക്കുന്നെന്ന് ചോദിക്കേണ്ട അവസ്ഥയാണ്.അന്തോം കുന്തോം ഇല്ലാത്തതിനെ കെട്ടിയാൽ ഇതിലും കൂടുതൽ കാണേണ്ടി വരും അവൻ ചിരിയോടെ ഓർത്തു.

ടീ മരം കേറി ആർക്ക് പണികൊടുക്കുന്ന കാര്യാ ആലോചിക്കുന്നെ.

ഫൈസ്.....  അവൾ കേൾക്കാൻ കൊതിയോടെ കാത്തിരുന്ന ശബ്ദം പോലെ അവളുടെ കണ്ണുകൾ വിടർന്നു. സന്തോഷം കൊണ്ടു മുഖം തിളങ്ങി. ഫൈസ് എന്ന് വിളിച്ചതെ അവൾക്ക് ഓർമ്മയുള്ളൂ അപ്പോഴേക്കും താഴെ എത്തിയിരുന്നു.

ഫൈസ് കാണുകയാരുന്നു തന്നെ കണ്ടപ്പോൾ ഉണ്ടായ ഭാവമാറ്റം. മരത്തിനു മുകളിൽ ആണെന്ന്

പോലും ഓർക്കാതെ ഫൈസ് എന്ന് വിളിച്ചു വരാൻ നോക്കുന്നത്.അവളുടെ കണ്ണുകളിലെ തെളിച്ചം അവന്റെ മനസ്സിൽ ഒരു മഞ്ഞുവീണപോലെ തോന്നി.അവൾ വീഴുന്നത് കണ്ടു ഇനു എന്ന് വിളിച്ചു ഓടിയെത്തുമ്പോഴേക്കും അവൾ താഴെ എത്തിയിരുന്നു.

അവൻ അതും നോക്കി പൊട്ടിച്ചിരിച്ചു..... അവൾ ചമ്മലോടെ മുഖം താഴ്ത്തി. അത് കണ്ടതും അവൻ പൊട്ടിപ്പൊട്ടിചിരിച്ചു. ചെറുതായി കാലിന് തൊലിപൊയിട്ട് ഉണ്ട്. ദേഷ്യത്തോടെ അവനെ നോക്കിയെങ്കിലും അവന്റെ മുഖത്തെ ചിരി കണ്ടു അവൾ കൗതുകത്തോടെ നോക്കിനിന്നു. ചിരിക്കുമ്പോൾ ചുരുങ്ങിയ കണ്ണുകളിൽ അവളുടെ നോട്ടം ഉടക്കി. പെട്ടെന്ന് അവൻ നോക്കിയതും കണ്ണുകൾ ഉടക്കിയതും അവളുടെ മിഴികൾ താണു.

ഒരാൾ വീണ കളിയാക്കിചിരിക്കുകയാണോ ചെയ്യുക അവൾ ദേഹത്തെ മണ്ണൊക്കെ തട്ടിക്കളഞ്ഞു എഴുന്നേറ്റു.

ഈ ആറടി  ഹൈറ്റിൽ നിന്നും വീണാൽ ചാവുല്ലടി. അതോണ്ട് പേടിക്കാതെ ചിരിക്കാം. അവൻ ചിരിയടക്കി പറഞ്ഞു.

പോടാ കൊരങ്ങാ.......

കൊരങ്ങന്നോ..... ഇനി വിളിക്കോടീ എന്നും പറഞ്ഞു അവളുടെ കാതിൽ പിടിച്ചു.

അവൾ വേദനയോടെ എരിവ് വലിച്ചു.

 എന്റെ കാലുമുറിഞ്ഞു നോക്ക് എന്ന് പറഞ്ഞു അവൾ കുറച്ചു പാവാട പൊക്കിക്കാണിച്ചു. കാൽമുട്ടിന് താഴെ ചെറുതായി മുറിഞ്ഞിട്ടുണ്ട്.

ചോരപൊടിഞ്ഞു വരുന്നുണ്ട്. മുറിവ് നോക്കുന്നതിനേക്കാൾ അവന്റെ നോട്ടം പോയത് വെളുത്തു മിനുസമാർന്ന അവളുടെകാലിൽ ആയിരുന്നു. സ്വർണ്ണത്തിന്റെ പാദസരം ചുറ്റിപിണഞ്ഞു കാണാൻ നല്ല ഭംഗിയുണ്ട്.സ്വർണ്ണത്തിനും അവളുടെ കാലിനും തമ്മിൽ അധിക നിറ വിത്യാസം ഒന്നും ഇല്ല. ഒന്ന് തൊടാൻ അവന്റെ കൈതരിച്ചു.

അവൾ ചെവിയിൽ നിന്നും കൈ തട്ടിത്തെറിപ്പിച്ചതും അവൻ ഞെട്ടി അവളെ നോക്കി.

ഇത്രേം നേരം വായിനോക്കാരുന്നു എന്നോർത്തതും ചമ്മൽ മറച്ചുപിടിച്ചു മുറിവിൽ നോക്കി.

എന്നിട്ട് ചുറ്റും നോക്കി മുറിവിന് വെക്കുന്ന ഒരു ലീഫ് പറിച്ചു കാലിൽ വെച്ചു കൊടുത്തു. അവൾ

നീറ്റലോടെ എരിവ് വലിച്ചതും അവൻ ഊതിക്കൊടുത്തു. അവൾ കണ്ണെടുക്കാതെ നോക്കി നിൽക്കുകയാരുന്നു അവന്റെ ഓരോ പ്രവർത്തിയും. ഇന്നലെ മുതലേ അസ്വസ്ഥമായ മനസ്സ് ഇവനെ കണ്ടതും അതൊക്കെമാറി. ശരിക്കും മിസ്സ് ചെയ്തത് ഇവന്റെ പ്രസൻസ് തന്നെ ആയിരുന്നു എന്ന് അവൾക്ക് തോന്നി.

തന്നെ തന്നെ നോക്കി നിൽക്കുന്ന അവളെ നേർക്ക് അവൻ കൈ ഞൊടിച്ചു.

വേദനയുണ്ടോ...... ആർദ്രമായി അവൻ ചോദിച്ചു.

അവൾ ഇല്ലെന്ന് തലയാട്ടി. അവന്റെ മുഖത്ത് ഒരു പുഞ്ചിരി വിരിഞ്ഞു. അവൻ ചിരിക്കുന്നത് കണ്ടിട്ടുണ്ടെങ്കിലും ഇന്ന് എന്തോ ആ ചിരിക്ക് പ്രത്യേകത തോന്നി അവൾക്ക്. പുഞ്ചിരിയിൽ ലയിച്ചു അവന്റെ മുഖത്തേക്ക് തന്നെ

നോക്കിയിരുന്നു.

സംസാരിക്കാനുള്ളത് രണ്ടുപേരും മറന്നു പോയിരുന്നു. ഇന്നലെ നടന്നതൊന്നും ഓർമപോലും ഇല്ലായിരുന്നു  രണ്ടാൾക്കും.

Xxxxxxxxxxxxxxxxxxxxxxxxxxxxxxx

ഇവരെ നോക്കി ആ ബ്ലാക്ക് ബൊലേറോ കുറച്ചു ദൂരെ ആയിട്ട് ഉണ്ടായിരുന്നു. ഫൈസിനെയും ഇനുവിനെയും കണ്ടതും ആ കണ്ണുകളിൽ പിടച്ചൽ ഉണ്ടായി. കണ്ണൊന്നു ഇറുക്കെ അടച്ചു മനസ്സ് നോർമൽ ആക്കി.

ഇജുക്ക ഇത് പാരയാകും അവൻ പറഞ്ഞു.

എന്താ.... അവൻ ഒന്ന് ഞെട്ടി അവരുടെ മേലെ നിന്നും നോട്ടം മാറ്റി.

ഇവർ ഇപ്പൊ സംസാരിച്ചാൽ അവൾ അവന്റെ കൂടെ പോകും. ആരെന്തു പറഞ്ഞാലും അതേ പടി അനുസരിക്കുന്ന മരപോത്ത അവൾ. ഇന്നലെ നിന്റെ വാക്ക് കേട്ടു ഇറങ്ങി വന്നു. ഇന്ന് അവൻ രണ്ടു സെന്റി അടിച്ച അങ്ങോട്ട് പോകും. സ്വന്തം ആയിട്ട് തീരുമാനം എടുക്കാതെ മറ്റുള്ളവരെ വാക്ക് കേട്ട് നടന്നോളും. അതോണ്ട് അവളുടെ മൈൻഡ് ഡിവേർട്ട് ആക്കണം അല്ലേൽ വാതിൽക്കൽ എത്തി കലം ഉടച്ച പോലാകും. ശഹി ആലോചനയോടെ പറഞ്ഞു.

പോത്ത് നിന്റെ......... അവൻ ശഹിയെ മുഖം കൂർപ്പിച്ചു നോക്കി.

ട സത്യം പറഞ്ഞ ഇവൾക്കിടാൻ പേരില്ലടാ. പോത്തെങ്ങാനും കേട്ടാൽ അത് വന്നു നമ്മളെ കൊല്ലും. അത്രക്ക് വിവരം ബുദ്ധിയും ഇല്ലാത്ത ഒന്ന്.എന്നാലും നിനക്ക് എങ്ങെനെയാടാ ഇത് പോലൊരു ബുദ്ധിയില്ലാത്തവളെ......... ബാക്കി

പറയുന്നതിന്ന് മുന്നേ അവന്റെ കയ്യിൽ പിടിച്ചു തിരിച്ചിരുന്നു ഇജു.

അവളൊരു മാലാഖയാണ്....... ഹൂറിയാണ്.... മുത്താണ്......പിടിവിട് ഇജുക്കാ വേദനിക്കുന്നു അവൻ അലറി.

അതാണ്........ ഇജു കവിളിൽ ഒരു പിച്ചുകൂടി വെച്ചു കൊടുത്തു.ഇനി പറ എന്താ കാര്യം....

അവളെ ഒന്ന് ദേഷ്യം പിടിപ്പിക്കണം..... ഫൈസിനെ സംസാരിപ്പിക്കാൻ വിടരുത്.

അതിന്ന് നമ്മൾ  മുന്നിൽ പോയി നിന്ന മതി കലിപ്പ് താനേ വന്നോളും.  പ്രത്യേകിച്ച് ഞാൻ നീലക്കണ്ണി ന്ന് വിളിച്ച പറയേം വേണ്ട.

അത് വേണ്ട..... ഫൈസി നമ്മളെ കാണണ്ട. കാണാൻ  ടൈം ആയിട്ടില്ല. വേറെന്താ വഴി.

ജന്നത്ത്........അവളീ ഭൂമിയിൽ ഏറ്റവും കൂടുതൽ വെറുക്കുന്ന ഒരേ ഒരു പേര്. ജുനുവിനെ എത്ര സ്നേഹിക്കുന്നുണ്ടോ അതിന്റെ ഇരട്ടി വെറുക്കുന്നുണ്ട് ജന്നതിനെ. പേര് കേട്ട മതി അവൾക്ക് താനേ ഭ്രാന്ത് ഇളകിക്കൊള്ളും....... മുന്നിലുള്ളത് ആരാന്ന് പോലും നോക്കാതെ മെക്കിട്ട് കേറിക്കോളും.

അത് സൂപ്പർ....... ശഹി ഫോൺ എടുത്തു ഒരു കാൾ ചെയ്തു.പിന്നെ ഇജുവിനെ നോക്കി നമുക്ക് പോകാം. ഫൈസ് കണ്ടാൽ പണിയാകും

അപ്പൊ ഇവർ തമ്മിൽ......... ഇജു സംശയത്തോടെ ശഹിയെ നോക്കി.

കറക്ട് ടൈംൽ ജന്നത്ത് എന്ന ബോംബ് പൊട്ടിക്കോളും. രണ്ടും അടിച്ചു പിരിയേം ചെയ്യും. അവർ പരസ്പരം നോക്കി ചിരിച്ചു. ഇനുവിനെ ഒന്ന് കൂടി  നോക്കികൊണ്ട് പോയി.

....... തുടരും

📚STORY BOARD📚

❤️ 💔 INVISIBLE LOVE 💔❤️

Love after💘 marriage story

Part 21

എന്റെ ജുനു ആയിരുന്നുവെങ്കിൽ  ഓടി വന്നു എന്നെ കെട്ടിപിടിച്ചു നെറ്റിയിൽ ഒരു കിസ്സ് തന്നു കയ്യിൽ എടുത്തോണ്ട് പോകുമായിരുന്നു. വേദന മാറുന്നത് വരെ അടുത്ത് ഇരിക്കും  ഊതീതരികയും ചെയ്യും. നീ എന്നെ കളിയാക്കി ചിരിച്ചു പോരാത്തേന് എന്റെ ചെവിയും പൊന്നാക്കി.നോക്കിക്കോ ജുനു വന്നാൽ ഞാൻ പറഞ്ഞു കൊടുക്കും. അവൾ കുറുമ്പോടെ ചെവി തടവി മുഖം കോട്ടി. എന്നിട്ട് പോകാൻ നോക്കിയതും അവൻ പെട്ടെന്ന് അവളെ കെട്ടിപിടിച്ചു. അവൾ എതിർക്കുന്നതിന്ന് മുന്നേ അവളെ വിട്ടു. പിന്ന കയ്യിൽ കോരിയെടുത്തു. ഇനി ജുനുനോട് പരാതി പറയുമ്പോ ഇത് കുറച്ചേക്ക്.

അവൾ പെട്ടെന്ന് ആയോണ്ട് ഒന്ന് പതറി. വീഴാതിരിക്കാൻ അവന്റെ ഷർട്ടിൽ മുറുക്കെ പിടിച്ചു.

എന്നെ താഴെ ഇറക്ക്...... അവൾ ഉച്ചത്തിൽ പറഞ്ഞെങ്കിലും അവളുടെ ശബ്ദം അവന്റെ നോട്ടത്തിൽ താഴ്ന്നുപോയിരുന്നു.

വേറെന്തോ മറന്നു...... എന്ന് പറഞ്ഞു അവളുടെ മുഖത്തേക്ക് തന്നെ നോക്കി. അവളുടെ മുഖത്തേക്ക് മുഖം അടുപ്പിച്ചു  അവന്റെ ചുണ്ടുകൾ നെറ്റിയിൽ അമർന്നു. നെറ്റിയിൽ നേരിയ തണുപ്പ് അനുഭവപ്പെട്ടു അവൾക്ക്. അവന്റെ ചുണ്ടുകൾ അവളുടെ ഇരു കവിളിലും മാറി മാറി പതിഞ്ഞു.

ജുനുനോട് പറഞ്ഞേക്ക് ഫൈസ് അവനെക്കാളും കൂടുതൽ കിസ്സ് തന്നുന്ന്.

അവൾ വിടർന്ന കണ്ണുകളോടെ ശ്വാസം എടുക്കുവാൻ പോലും മറന്നു അവനെ തന്നെ നോക്കി നിന്നു. പേരറിയാത്തൊരു വികാരം അവളെ പൊതിയുന്നത് അവൾ അറിഞ്ഞു.

അവളുടെ വിറക്കുന്ന ചുണ്ടുകളും വിടർന്ന കരിനീല കണ്ണുകളും  തന്നെ വീണ്ടും മാടിവിളിക്കുന്നത് പോലെ തോന്നി. അവൻ പോലും അറിയാതെ

അവന്റെ മുഖം വീണ്ടും അവളിലേക്ക് അടുത്തു

ഇക്കിളിയെടുക്കുന്നു ഫൈസ്...... അവൾ അവന്റെ മുഖം കൈകൊണ്ട് തടഞ്ഞു.കുതറി ഇറങ്ങി.

അപ്പോഴാ അവൻ ബോധത്തിലേക്ക് വന്നത്.

താൻ എന്താ ചെയ്തതെന്ന്   ഓർത്തു ഞെട്ടിപകച്ചു അവളെ നോക്കി.

കൗതുകത്തോടെയും പരിഭവത്തോടെയും നോക്കുന്നത് അവൻ കണ്ടു.

അവൻ അവളെത്തന്നെ നോക്കി നിൽക്കുകയാരുന്നു. പെട്ടെന്ന് കുസൃതിയിൽ ചെയ്തത് ആണ്.ഒരു ദിവസം കാണാതിരിക്കുമ്പോഴേക്കും അവളെ നഷ്ടപ്പെടുമോന്നുള്ള ഭയം തന്നെ കീഴടക്കിയിരിക്കുന്നു. മനസ്സ് പിടിച്ചാൽ കിട്ടാത്ത പോലെ അവളിലേക്ക് അടുപ്പിക്കുന്നു.

കരിനീലകണ്ണുകൾക്ക് ഇത് വരെയില്ലാത്ത തിളക്കം തോന്നി അവന്ന്. തന്റെ ഹൃദയത്തിലേക്കാണ് ആ നോട്ടം പതിഞ്ഞത്.അവൻ നോട്ടം മാറ്റി.ഇല്ലെങ്കിൽ ഇനിയും  മറ്റെന്തെങ്കിലും സംഭവിക്കുമെന്ന് അവന്ന് തോന്നി.

ഫൈസ് എന്തിനാ വന്നത്

ഞാൻ നിന്നെ കൂട്ടികൊണ്ട് പോകാന വന്നത്.അവൻ പറഞ്ഞൊപ്പിച്ചു.

ഞാൻ പറഞ്ഞില്ലേ എനിക്ക് റാനിയുടെ വീട്ടിൽ നിന്ന മതി. ഞാൻ ഇനി വരുന്നില്ല അങ്ങോട്ട്.

ഇത്രയും ദിവസം അവിടെ നിന്നില്ലേ ഇപ്പോൾ എന്താ ഒരു മാറ്റം.

അവൾ ഇജാസ് പറഞ്ഞത് പറയാൻ വേണ്ടി വാ തുറന്നതും  മറ്റൊരു ശബ്ദം അവൾ കേട്ടു.

എക്സ്യുസ്മി, ഒരു ഹെല്പ് ചെയ്യോ

ഫൈസ് തിരിഞ്ഞു നോക്കി തന്റെ ഒക്കെ പ്രായം ഉള്ള ഒരു പയ്യൻ.

അവൻ എന്താ കാര്യം ചോദിച്ചു.

ജന്നത്ത്....... എൻ എസ് കോളേജിൽ പഠിക്കുന്നതാ. ഇവിടെ എവിടെയോ ആണ് വീടെന്ന പറഞ്ഞത്. അഡ്രെസ്സ് അറിയില്ല. ചോദിക്കാൻ അടുത്ത് ആരെയും കണ്ടില്ല.

ഞാൻ ഇവിടെ പുതിയ ആളാണ്. എനിക്ക് അങ്ങനെ

ആരെയും പരിജയം ഇല്ല.പിന്നെ ഇനുനെ നോക്കി.

ഇനു നിനക്ക് ജന്നത്ത് എന്നൊരു കുട്ടിയെ അറിയോ

അവൾ മുഖം ഉയർത്താതെ അറിയില്ലെന്ന് പറഞ്ഞു.

ഇവിടെ അടുത്താണ് വീട്. ജന്നത് ഒരു കോളേജ് സ്റ്റുഡന്റ് ആണ്.

അവൾ അറിയില്ലെന്ന് തലയാട്ടി.

ജന്നത് ഈ സ്ഥലപേരാണ് പറഞ്ഞത്. ജന്നതിന് വീട്ടിൽ വരാൻ പറഞ്ഞ ഞാൻ വന്നത്. ജന്നത് ഇപ്പൊ ഫോൺ എടുക്കുന്നില്ല.

നിങ്ങൾ മാറ്റാരോടെങ്കിലും ചോദിച്ചു നോക്ക്. ഇവള്ക്ക് ജന്നത് എന്നൊരാളെ അറിയില്ലെന്ന പറയുന്നേ.

ജന്നതിനെ ഞാൻ ഇനി എവിടെ തപ്പന. ജന്നത് എന്റെ ഫ്രണ്ട ആണ്. ജന്നത്തിന് ഒരു സർപ്രൈസ് കൊടുക്കാൻ വന്നതാ. ഇതിപ്പോ എനിക്ക് എട്ടിന്റെ പണിയായി. ജന്നതിനെ തപ്പി കുറെ ആയി ഇവിടെ വട്ടം കറങ്ങുന്നു. സിസ് ഒന്നൂടി ആലോചിച്ചു നോക്കോ എവിടെയെങ്കിലും ജന്നത് എന്നൊരു പേര് കെട്ടിട്ടുണ്ടോന്ന്.

എനിക്ക് ഒരു ജന്നതിനെയും അറിയില്ല. എത്ര വട്ടം പറയണം അത്. അവൾ ശബ്ദം എടുത്ത പറഞ്ഞത്.

സോറി സിസ്റ്റർ. ജന്നതിനെ കാണാൻ വേണ്ടി അറിയോ എന്ന് ചോദിച്ചുള്ളൂ. സോറി ബ്രോ ജന്നതിനെ ഇനി മാറ്റാരോടെങ്കിലും ചോദിച്ചു നോക്കട്ടെ. അവൻ പോയി.

ഇവളിപ്പോ എന്തിനാ ചൂടായെ...... ഫൈസ് അവളെ തന്നെ നോക്കി. എന്നോടുള്ള ദേഷ്യം അവനോട് തീർത്തത് ആണൊ. അവൻ അവളെ നോക്കിയതും പറഞ്ഞു.

ഫൈസ് എനിക്കിഷ്ടം അല്ലാതെയാ ഈ വിവാഹം നടന്നത്. അത് കൊണ്ടു തന്നെ ഞാൻ ഇനി അങ്ങോട്ട് വരുന്നുമില്ല. എനിക്കിഷ്ടം അല്ല അവിടെ താമസിക്കാൻ. ഇനി എന്നെ അന്വേഷിച്ചു വരണ്ട.ദയവു ചെയ്തു ശല്യം ചെയ്യരുത്.അതും പറഞ്ഞു അവൾ ഓടിപ്പോയി.

അവനെന്തോ മുഖത്ത് അടികിട്ടിയ പോലെ ആയി. ഫൈസ് വേദനയോടെ അവളെ നോക്കി നിന്നു. ശല്യം ആകുന്നില്ല...... ആവാതിരിക്കാൻ ശ്രമിച്ചോളാം..... ഇനി ഒരിക്കലും നിന്റെ മുന്നിൽ വരാതിരിക്കാൻ

ശ്രമിച്ചോളാം.

ഫോൺ സംസാരം കഴിഞ്ഞതും ഷഹാസദ് ഇജുനെ നോക്കി കണ്ണടിച്ചു.

കിട്ടിയ സമയം കൊണ്ടു പറ്റാവുന്നത്ര തവണ ജന്നത് എന്ന് പറഞ്ഞു പോലും. പിന്നെ ചൂടായി അറിയില്ല പറഞ്ഞതും സോറി പറഞ്ഞു അവൻ പോന്നു.

അവൾ പത്താം ക്ലാസ്സിൽ പഠിക്കുമ്പോ ക്ലാസ്സിൽ ജന്നത് എന്നൊരു കുട്ടി ന്യൂ അഡ്മിഷൻ വന്നു. പിറ്റേന്ന് അവൾ സ്കൂൾ നിർത്തി വീട്ടിലിരുന്നു. അവസാനം ജുനു അവളെ ക്ലാസ്സ് മാറ്റിയ ശേഷം ആണ് സ്കൂളിൽ പോയത്.ഇജാസ് പറഞ്ഞു.

അസൂയ തോന്നുന്നു ജുനൈദിനോട്...... നമുക്ക് ഉണ്ട് പെങ്ങൻമാർ.... ഇതൊക്കെ കാണുമ്പോ വല്ല ആക്രികർക്കും തൂക്കി കൊടുക്കാം ശഹി ചിരിയോടെ പറഞ്ഞു.

നമുക്ക് ജുനൈദ് ആകാനും പറ്റില്ലെടാ......അതോണ്ട് അവരും തിരിച്ചു അങ്ങനെ തന്നെ പറയു. ഇജാസ് ചിരിയോടെ പറഞ്ഞു.

അതും ശരിയാണ് അവർക്ക് തുല്യം അവരെ ഉള്ളൂ.

ഞാൻ ഒരു കാര്യം ചോദിച്ച സത്യം പറയോ..... നിനക്ക് ജുനൈദിനോട് ക്ഷമിക്കാൻ കഴിയോ

ഷഹിയുടെ മുഖത്ത് വേദനയിൽ കുതിർന്ന ഒരു ചിരി വിരിഞ്ഞു. ഞാൻ ആണ് ജന്നത്തിനെ സ്നേഹിച്ചത്...... ജന്നത് എന്നെ സ്നേഹിച്ചിട്ടില്ലല്ലോ ........പിന്നെ ജുനു....... അറിയില്ല...... ക്ഷമിക്കാം .... ... ശ്രമിച്ചു നോക്കാം....... ഞാൻ കഴിഞ്ഞതെല്ലാം മറക്കാൻ ശ്രമിക്കുകയാണ്. ഒന്ന് പറയാം നിന്റെ ഇഷ്ട്ടങ്ങൾക്ക് ഞാൻ ഒരിക്കലും തടസ്സം ആയി ഉണ്ടാകില്ല. ട്രസ്റ്റ് മി...... വേണേൽ അതിന്ന് വേണ്ടി ജുനുന്റെ കാലും പിടിക്കും. ബിക്കോസ് യൂ ആർ മൈ മൈൻ

ഇജു അവന്റെ തലയിലൂടെ വാത്സല്യത്തോടെ തലോടി. തനിക്ക് വേണ്ടി സ്വന്തം പ്രണയം പോലും ത്യാഗം ചെയ്യുന്നവൻ അവന്റെ ഉള്ളിൽ ഒരു പിടച്ചിൽ അനുഭവപ്പെട്ടു.

💞💞💞💞💞💞💞💞

അവൾ റാനിയുടെ വീട്ടിൽ എത്തി. റാനിയുടെ ഇത്താത്ത അവളെ കവിളിൽ തലോടി.

ഞാൻ മാപ്പ് ചോദിക്കുകയാ അയാൾക്ക് വേണ്ടി.

എനിക്ക് വേദനയൊന്നും ഇല്ല ഇത്തത. അപ്പോഴാ അവൾ അവരുടെ കവിളിലും കയ്യിലും എല്ലാം അടിച്ചതിന്റെ പാടുകൾ കണ്ടത്.

ഇത്താത്താനെ തല്ലാറുണ്ടോ..... വേദനയുണ്ടോ അവൾ പരിഭ്രമത്തോടെ ദേഹത്തെല്ലാം നോക്കി.പലയിടത്തും മുറിവുകൾ കണ്ടു.

അവളെ നോക്കി പുഞ്ചിരിച്ചു. എനിക്കിതൊക്കെ ശീലം ആയി മോളെ. സഹിച്ചല്ലേ പറ്റു ഭർത്താവായി പോയില്ലേ....

ഞാനതുമായി പൊരുത്തപ്പെട്ടു. ഇപ്പൊ സങ്കടം ഒന്നും ഇല്ല.ഇത്താത്ത നിറഞ്ഞ കണ്ണുകളോടെ റൂമിലേക്ക് കേറിപ്പോയി. അവളെ കണ്ണുകളും നിറഞ്ഞു ഒഴുകിയിരുന്നു.

രാത്രി ഭക്ഷണം കഴിക്കുമ്പോൾ ഇത്തന്റെ കരച്ചിൽ കേട്ടാണ് എല്ലാരും പുറത്തേക്ക് ഓടിവന്നത്. അയാളെ രണ്ടു പേര് കൂടി പിടിച്ചു ഉമ്മറത്തു ഇരുത്തിയിട്ടുണ്ട്. കൈ പ്ലാസ്റ്റർ ഇട്ടിട്ടുണ്ട്.

നെറ്റിയിലും കാലിലും ഒക്കെ ബാൻഡെജ് ഉണ്ട്. ശരീരത്തിൽ മൊത്തത്തിൽ മുറിവ് ഉണ്ട്. മുഖം ഒക്കെ നീര് വെച്ചു വീർത്തിന്.ആക്സിഡന്റ് ആയതാണെന്ന് ആയിരുന്നു എല്ലാരോടും പറഞ്ഞത്

അവളെ കണ്ടതും അവളുടെ കാലിൽ ഒറ്റ വീഴ്ച ആയിരുന്നു.

മാപ്പ് തരണം. ഞാൻ ഇനി ഒരാളോടും മോശം ആയി പെരുമാറില്ല. എന്നോട് പൊറുക്കണം.

അവൾ കാൽ വലിച്ചു പിറകോട്ടു മാറി. അയാൾ അവിടെയുള്ള എല്ലാരേം കാലിൽ വീണു മാപ്പ് പറഞ്ഞു. സിനുവിന്റെ കാലിൽ പോലും വീണു.

ഞാൻ ഇനി ഒരിക്കലും വേദനിപ്പിക്കില്ല...... കരയിക്കില്ല. ചെയ്തതിന് എല്ലാ മാപ്പ്. കരഞ്ഞു കൊണ്ടു റാനിയയുടെ ഇത്തതയുടെ കാലിൽ വീണു.

റാനിയുടെ ഇത്താത്തയുടെ മുഖത്ത് പുഞ്ചിരി വീണതും അവളുടെ മുഖത്തും ചിരി വിരിഞ്ഞു. എല്ലാവരും ഉള്ളിലേക്ക് കയറി. ഇനു അയാളുടെ അടുത്തേക്ക് പോയി.

ഇജാസ് സാർ നിങ്ങളെ തല്ലിയില്ല അല്ലേ

അയാൾ ഇല്ലെന്ന് തലയാട്ടി. ശഹസാദ്  സാർ ആണ് തല്ലിയത്.

അത് കണ്ടപ്പോൾ മനസ്സിലായി. ഇജാസ് ആയിരുന്നെങ്കിൽ ഡെഡ്ബോഡിയെ വരുള്ളായിരുന്നു. അവളുടെ മനസ്സ് അപ്പോൾ ഇജാസിന്റെ പുഞ്ചിരിക്കുന്ന മുഖം തെളിഞ്ഞു വന്നു. ഞാൻ പറയാതെ എന്റെ മനസ്സ് അറിയാൻ ഇജുന് മാത്രം കഴിയൂ. അതോണ്ട് ആണ് ഇയാളെ തൊടാഞ്ഞത്. അല്ലെങ്കിൽ എന്റെ കണ്ണ് നിറച്ചത് ആരാണെങ്കിലും അവരെ ജീവനോടെ വിടില്ല.

.അപ്പോൾ തന്നെ റാനിയുടെ ഇത്താത്താനെ കൂട്ടി അയാൾ പോയി.എല്ലാവരെ മുഖത്ത് ആശ്വാസം വീണു. അവരുടെ എല്ലാവരുടെയും മുഖത്തെ സന്തോഷം കണ്ടതും അവൾ മനസ്സ് കൊണ്ട് ഇജുവിനോട് നന്ദി പറഞ്ഞു.

❣️❣️❣️❣️❣️❣️❣️

ഇനു ഉറങ്ങാൻ കിടന്നതും ഉറക്കം വരാതെ തിരിഞ്ഞും മറിഞ്ഞും കിടന്നു. എന്റെ റൂമിൽ രണ്ടു ബെഡ് ഉണ്ട്. ഉമ്മയും ഞാനും ആണ് കിടക്കൽ. ഇടക്ക് വല്ലപ്പോഴും ജുനുന്റെയും ഉമ്മന്റേയും കൂടെ

കിടക്കുമെങ്കിലും തനിച്ചാണ് ബെഡിൽ കിടക്കൽ എനിക്കും അതാണ് ഇഷ്ടം. ഇപ്പോൾ ഫൈസ് ഇല്ലാതെ ഉറക്കം വരുന്നില്ല. ബെഡ് കണ്ടാൽ ഉറങ്ങുന്ന സ്വഭാവം ആണ്. ഇപ്പോഴെന്താ ഇങ്ങനെ അവൾക്ക് ഒരുത്തരം ഇല്ലായിരുന്നു.  ഫൈസ്ന്റെ മുഖം അവളിൽ ഓടിയെത്തി. അവന്റെ ചുണ്ടുകൾ പതിഞ്ഞിടത്തെല്ലാം അവൾ തലോടി. അതോർക്കും തോറും  സുഖമുള്ള ഒരു ഫീൽ

അവളെ പൊതിഞ്ഞു. അവന്റെ ചിരിക്കുന്ന മുഖവും ഓർത്തു തന്നെ അവൾ കിടന്നു.

💖💖💖💖💖💖

രണ്ടു ദിവസങ്ങൾക്ക് ശേഷം..........അന്ന് കണ്ടതിന്ന് ശേഷം ഫൈസ് അവളെ മുന്നിലേക്ക് വരികയോ കാൾ ചെയ്യുകയോ ചെയ്തില്ല. അവൾക്ക് വിളി ക്കണം എന്ന് തോന്നുമെങ്കിലും റാനിയോട് ഫോൺ ചോദിക്കാൻ ഉള്ള മടികൊണ്ട് ചോദിച്ചും ഇല്ല.

💖💖💖💖💖💖

ഫൈസ് ഓഫീസിൽ ഇരിക്കുമ്പോൾ ആണ് ഷഹസദ് കാണാൻ വന്നിരിക്കുന്നു എന്ന് പറഞ്ഞു വിളിച്ചത്. ആദ്യം അമ്പരപ്പ് തോന്നിയെങ്കിലും അവൻ വരാൻ

പറഞ്ഞു.

ശഹസാദിന്റെ കൂടെ അലക്സ് ഉണ്ടായിരുന്നു.

അവൻ കൈ കൊടുത്തു സലാം പറഞ്ഞു ഇരിക്കാൻ അവൻ കൈകൊണ്ടു കാണിച്ചു.

അവർ രണ്ടുപേരും പരസ്പരം നേർക്ക് നേരെ നോക്കി. ശഹി അലക്സ് എന്ന് വിളിച്ചതും ഒരു എൻവലെപ് അവന്റെ കയ്യിൽ കൊടുത്തു.

അത് ഫൈസിയുടെ നേർക്ക് നീട്ടി. സംശയത്തോടെ അത് വാങ്ങി അവൻ ഓപ്പൺ ചെയ്തു.

❤️ 💔 INVISIBLE LOVE 💔❤️

Love after💘 marriage story

Part 22

റാനിയുടെ നിലവിളി കേട്ടാണ് ഇനു പുറത്തേക്ക് ഓടിയത് . അവൾ ഓടിച്ചെല്ലുമ്പോൾ കണ്ടു സിനു ഉമ്മാന്റെ മടിയിൽ കിടന്നു ഫിക്സ് ഇളകി കിടക്കുന്നത്. ഒരിക്കലും അവന്ന് വരാൻ പാടില്ലെന്ന് ഡോക്ടർ പറഞ്ഞത് അവളോർത്തു. ഉപ്പ അപ്പോഴേക്കും കാർ പിടിച്ചു  അവനെയും എടുത്തു കാറിൽ കേറി. ഇനുവും അവന്റെ കൂടെ പോയി.

അവനെ ഡോക്ടറെ കാണിച്ചു പുറത്തു ഇറങ്ങുന്നത് വരെ ഇനു പ്രാർത്ഥനയോടെ പുറത്തു ഇരുന്നു. ഡോക്ടർ പുറത്തേക്ക് വന്നു.

കുട്ടിക്ക് ഇപ്പൊ കുഴപ്പം ഒന്നും ഇല്ല. എത്രയും പെട്ടെന്ന്ഓപ്പറേഷനുള്ള വഴി നോക്കണം . വൈകിയ ചിലപ്പോൾ ഓപ്പറേഷൻ കൊണ്ടു കാര്യം ഇല്ലാതാവും. രണ്ടു മൂന്നു ദിവസത്തിനുള്ളിൽ ചെയ്തേ പറ്റു. ഡോക്ടർ പോയതും ഉമ്മയും ഉപ്പയും കരച്ചിലോടെ അവിടെ തളർന്നു ഇരുന്നു. ഇത്ര പെട്ടന്ന് കാശ്

ഒപ്പിക്കണം.

അവളുടെ മുന്നിൽ ഞാൻ മരിച്ചു പോകോ എന്ന് ചോദിച്ച സിനുന്റെ ചോദ്യം ഓർമവന്നു.എന്നെ ആരാ ഇപ്പൊ സഹായിക്കുക. ഫൈസിന്റെയും ഇജാസിന്റെയും മുഖം ഓർമ വന്നു. ചോദിച്ച പൈസ തരും.  ഇജുനോട് ചോദിച്ച  ജന്നതിന്റെ മുന്നിൽ ഞാൻ പണത്തിനു വേണ്ടി തോറ്റത് പോലാകും. എന്റെ ജുനുവിനെ അവർക്ക് മുന്നിൽ തോല്പിച്ചത് പോലാകും. അത് എനിക്ക് സഹിക്കാൻ പറ്റില്ല. എന്നാ സിനു അതോർത്തതും അവൾ തളർന്നു പോയത് പോലെ തോന്നി. ഫൈസ് അവനോട് തന്നെ

ചോദിക്കാം  ജുനു തിരിച്ചു വന്ന പൈസ കൊടുക്കലോ.അവൾ റാനിയോട് ഇപ്പൊ വരാം എന്ന് പറഞ്ഞു ഓടി.

💘💘💘💘💘💘💘

പെങ്ങളുടെ എൻഗേജ്മെന്റ് ആണ്. വരനെ അറിയും നദീം. കുറച്ചു ഗ്രാൻഡ് ആയി കഴിക്കാൻ ആണ് ആഗ്രഹം. ക്ഷണിക്കാൻ ആണ് വന്നത്. വരണം..... ഇജാസ് നദീം ബിസി ആയോണ്ട് ആണ് ഞാൻ വന്നത്.

യാ ഷുവർ..... . ഫൈസി ചിരിച്ചു കൊണ്ടു പറഞ്ഞു.

ഷഹസദ് എഴുന്നേറ്റു പോകാൻ നോക്കിയതും പിന്നെ തിരിഞ്ഞു നിന്നു.

ഫൈസിയുടെ മാര്യേജ് കഴിഞ്ഞല്ലേ...... അങ്ങനെ ഒരു ന്യൂസ് കേട്ടു

ചെറിയ ഫൻക്ഷൻ ആയിരുന്നു.... അതോണ്ട് ആരെയും ക്ഷണിച്ചില്ല. ഇനായ മെഹവിഷ് മൈ വൈഫ്.

Its ok. അലക്സ്ന് നേരെ അവൻ കൈനീട്ടി.ഒരു ഇൻവിറ്റേഷൻ  കൂടി വാങ്ങി.

വൈഫ്നെയും കൂട്ടണം. ഇത് വൈഫ്ന് കൊടുക്കണം.പുതുമോടി അല്ലേ  ഞങ്ങളുടെ വക ഒരു പാർട്ടി കൂടി ആയിക്കോട്ടെ ഈ ഫൻക്ഷൻ. സ്പെഷ്യൽ ഗസ്റ്റ് ഫോർ മിസ്സ് ഫൈസ് ആൻഡ് മിസ്സിസ്.

സാർ ഫൈസ് സാർ വൈഫ് ആയി പിരിഞ്ഞിരിക്കുകയാണ് എന്നൊരു ന്യൂസ് ഉണ്ട്. വൈഫ് ഭാര്യവീട്ടിൽ ആണ്. താഴെ ഏതോ സ്റ്റാഫ് പറയുന്നത് കേട്ടു. അലക്സ് പതുക്കെ എന്നവണ്ണം ഫൈസ് കേൾക്കാൻ പാകത്തിൽ പറഞ്ഞു.

അവൻ വിളറി വെളുത്തു. നെഞ്ചിൽ ഒരു പിടച്ചിൽ തോന്നി. ഫൈസ് ഇൻവിറ്റേഷൻ കാർഡ് വാങ്ങാൻ ഉയർത്തിയ കൈ താഴ്ത്തി. ഷഹിയും കൈ താഴ്ത്തി.

സോറി ഫൈസ് മാര്യേജ് കഴിഞ്ഞ ഉടനെ ഇങ്ങനെ......എനിതിങ് പ്രോബ്ലം...... ഷഹിയുടെ വാക്കുകളിൽ പരിഹാസം നിറഞ്ഞിരുന്നു.

സോറി നിങ്ങളുടെ പേർസണൽ മാറ്റർ അതിൽ ഇടപെടുന്നില്ല.എനിവേ താൻ എന്തായാലും വരണം. പിന്നെ ഫ്രണ്ട് സമീഹനും ക്ഷണിച്ചിട്ടുണ്ട്. കക്ഷിയെയും കൂട്ടണം. വൈഫ്........ അവനൊന്നു

നിർത്തി

കക്ഷി പിന്നെ വരില്ലല്ലോ. വന്നിരുന്നെങ്കിൽ പരിചയപെടമായിരുന്നു പുച്ഛം കലർന്ന ഭാവത്തോടെ പറഞ്ഞു.അവൻ ഒന്നുകൂടി കൈ കൊടുത്തു. പോകാൻ നോക്കി. പിന്നെ തിരിച്ചു വന്നു മെല്ലെ പറഞ്ഞു ബിസിനസ് നോക്കി നടക്കാതെ കുടുംബ നോക്കി നടക്ക്. കല്യാണം കഴിഞ്ഞു ടു വീക്ക് ആകുന്നതിന്ന് മുന്നേ പിരിഞ്ഞുന്നു പറഞ്ഞ ആണാണെന്ന് പോലും ആൾക്കാർ സംശയിക്കും. അപ്പൊ പോട്ടെ ബൈ.... അവൻ പോയി.

കൂട്ടത്തിൽ മുറ്റും ആരെയും കൂസാത്ത ഭാവവും.... ഇജാസിന്റെ വലം കൈ എന്ന ധൈര്യവും കൊണ്ടു അഹങ്കരിച്ചു നടക്കുന്ന അവനെ ആദ്യമേ കണ്ടുകൂടാ. ഇപ്പൊ ഇതും കൂടി ആയപ്പോൾ അവൻ പല്ല് കടിച്ചു.

ആണാണെന്ന് പോലും ആൾക്കാർ സംശയിക്കും.അവൻ മുന്നിൽ കണ്ടത് മൊത്തത്തിൽ തട്ടിത്തെറിപ്പിച്ചു...... ആദ്യം അയാണ് അവന്റെ മുന്നിൽ തലകുനിഞ്ഞത്.

അല്ലേലെ ഭ്രാന്ത് പിടിക്കുന്നുണ്ട്. ഇനു അവളെ മുന്നിൽ പോകാതെ എങ്ങനെ പിടിച്ചു

നിൽക്കുന്നുവെന്ന് തന്നെ അറിയില്ല. സഹിക്കാൻ പറ്റാതെ ആവുമ്പോൾ കോളേജിൽ പോകുന്നത് ദൂരെ നിന്നു കാണും. അവന്ന് പിന്നെ ഓഫീസിൽ നിൽക്കാൻ തോന്നിയില്ല. വീട്ടിലേക്ക് വന്നു ബെഡിലേക്ക് വീണു.

💕💕💕💕💕💕💕💕

കാളിങ്ബെൽ കേട്ടാണ് ഫൈസ്ന്റെ ഉമ്മ വാതിൽ തുറന്നത്. മുന്നിൽ ഇനുവിനെ കണ്ടതും അവരൊന്നു ഞെട്ടി.

നീയെന്തിനാ തിരിച്ചു വന്നത്. ഫൈസ് അല്ലേ പറഞ്ഞത് നീയിനി നിന്റെ വീട്ടിൽ ആണ് താമസിക്കുന്നതെന്ന്.പുച്ഛത്തോടെയുള്ള സംസാരം കേട്ടു അവൾ തലതാഴ്ത്തി.

എനിക്ക് ഫൈസ്നെ ഒന്ന് കാണണം ആയിരുന്നു

ഫൈസ് ഇവിടെയില്ല.

ഇവിടെ ഉണ്ടെന്ന് അറിയാം. അവൾ അവന്റെ കാറും ഷൂവും നോക്കി പറഞ്ഞു.പ്ലീസ് ഉമ്മ ഒരിക്കൽ കണ്ടാൽ മതി.ഒരു കാര്യം പറഞ്ഞിട്ട് പെട്ടന്ന് പൊക്കോളാം.

എന്നോട് പറഞ്ഞ മതി ഞാൻ പറഞ്ഞോളാം. അല്ലാതെ ഇറങ്ങിപോയവളെ ഇനി വീട്ടിൽ കയറാൻ വിടില്ല.

എനിക്ക് കുറച്ചു കാശ് കടം തരോന്ന് ചോദികാന ജുനു വന്ന ഉടനെ തിരിച്ചു തന്നോളാം.അവൾക്ക് ചോദിക്കുന്നതിന്ന് ഒരു  നാണക്കേട് തോന്നിയില്ല. അവളുടെ മുന്നിൽ സിനു മാത്രമേ ഉണ്ടായിരുന്നുള്ളൂ. ജുനു ഉണ്ടായിരുന്നെങ്കിൽ ഒരിക്കലും എനിക്കീ ഗതി വരില്ല അവർക്കും.

എത്ര വേണം

അവൾ സിനുന്റെ കാര്യം എല്ലാം പറഞ്ഞു കൊടുത്തു.

അഞ്ചുലക്ഷം രൂപയോ...... അവർ കണ്ണ് മിഴിച്ചു അവളെ നോക്കി. പിന്നെ എന്തോ ആലോചിച്ചു നിന്നു.

നീ ഇവിടെ നിൽക്ക് ഞാൻ ഫൈസിയോട് പറഞ്ഞിട്ട് വരാം. അവർ അകത്തേക്ക് പോയി.

ഫൈസ് സഹായിക്കും എന്ന പൂർണ്ണ വിശ്വാസം അവൾക്ക് ഉണ്ടായിരുന്നു.

കുറച്ചു കഴിഞ്ഞു അവർ തിരിച്ചു വന്നു. അവളുടെ

കയ്യിൽ രണ്ടായിരത്തിന്റെ കുറച്ചു രൂപ വെച്ചു കൊടുത്തു. ഫൈസി തന്നതാണ്.

അവന്റെ കയ്യിൽ അത്രയും പൈസ ഇല്ലെന്ന് പറഞ്ഞു.

അവൾക്ക് കരച്ചിൽ വന്നു ശബ്ദം പുറത്തേക്ക് വന്നില്ല. എനിക്കൊന്ന് നേരിട്ട് കാണാൻ പറ്റുമോ ഫൈസ്നെ.ഒന്ന് വിളിക്കോ.

അവന്ന് നിന്നെ ഇനി കാണണ്ട എന്ന് പറഞ്ഞു.

ഇനി മേലിൽ ഒരു കാര്യവും  പറഞ്ഞു ഈ വീടിന്റെ പടി ചവിട്ടരുതെന്ന് പറഞ്ഞു.അതും പറഞ്ഞു വാതിൽ വലിച്ചടച്ചു.

അവൾ ആ പൈസ നോക്കി. പത്തായിരം ഉണ്ട്. ഇത് കൊണ്ടു എന്താവനാ..... അവൾക്ക് പെട്ടെന്ന് വേറൊരു കാര്യം ഓർമ വന്നു. ഇവരുടെ കുടുംബത്തിൽ ഒരു ഫന്ക്ഷന് ഗിഫ്റ്റ് കൊടുകൻ ഉമ്മ പൈസ വാങ്ങാൻ ഫൈസിയുടെ അടുത്ത് വന്നു.

ഫൈസ് കാർഡ് എടുത്തു കൊടുത്തു. എന്താ വാങ്ങേണ്ടത് എന്ന് വെച്ച വാങ്ങിക്കോ പറഞ്ഞു.

ഉമ്മ പോയപ്പോൾ ഞാൻ ചുമ്മാ ചോദിച്ചു. എത്ര

രൂപയുണ്ട് ബാങ്കിൽ. ഉമ്മാക്ക് ഗിഫ്റ്റ് വാങ്ങാനുള്ള പൈസ തികയോ.എന്തോ ഓർണമെൻറ്സ് വാങ്ങാണോന്ന് പറയുന്നത് കേട്ടു.

ഏതായാലും ഒരു തേട്ടി ലക് വരെ അതിൽ ഉണ്ടാകും. സോ കുറെ ഗിഫ്റ്റ് വാങ്ങിക്കാം കേട്ടോടി കാന്താരി എന്ന് പറഞ്ഞു മൂക്കിൽ പിടിച്ചു വലിച്ചു.

അവളുടെ മനസ്സിൽ ജുനുവിനെ ഓർമ്മ വന്നു. റാനിയുടെ ഉമ്മ ഒരു ദിവസം സിനുനെ കാണിക്കാൻ കാശ് തികയാത്തോണ്ട് വീട്ടിൽ വന്നു. ഉമ്മ ജുനുനോട് ചോദിച്ചപ്പോൾ പേഴ്സിൽ നിന്നും ഉള്ളത് മൊത്തം എടുത്തു കൊടുത്തു.

ടാ ഫീസ് അടക്കാനുള്ള പൈസ അല്ലേ ഇത് . നാളെ മുതൽ ക്ലാസ്സിൽ കയറ്റില്ല നിന്നെ. ലാസ്റ്റ് ഡേ ആണ്.

കുറച്ചു ദിവസം ക്ലാസ്സിൽ കയറ്റിയില്ല കരുതി ലോകം അവസാനിക്കില്ല ഉമ്മി എന്ന് പറഞ്ഞു കയ്യിൽ വെച്ചു കൊടുത്തു.പിന്നെ കറന്റ് ബിൽ അടക്കാൻ വെച്ച പൈസയും തികഞ്ഞില്ലെങ്കിൽ കൊടുത്തേയ്ക്ക്.

ലാസ്റ്റ് ഡേറ്റ് കഴിഞ്ഞു ഇന്നോ നാളെയോ ഫീസ് ഊരും.

മെഴുകുതിരിയും ac റൂം പോലത്തെ ഓപ്പൺ ടെറസ് ഉള്ളപ്പോ മലയാളിയെ തോല്പിക്കാൻ ആവില്ല അല്ലേടി മുത്തേ.ഇനുനെ ചേർത്ത് പിടിച്ചു പറഞ്ഞു.

പിന്നല്ലാതെ.....ഞാനും ജുനുവും ഹയ്ഫൈ കൊടുത്തു. അവൾ പുച്ഛത്തോടെ കയ്യിലിരിക്കുന്ന പൈസ ഒന്ന് നോക്കി. നിറഞ്ഞൊഴുകുന്ന കണ്ണുകൾ തുടച്ചു അവിടെ നിന്നും ഇറങ്ങി.

💘💘💘💘💘💘💘

അഹ്മദിനെ കണ്ടതും അവൾ കടുവേ എന്ന് വിളിച്ചു കെട്ടിപിടിച്ചു പൊട്ടികരഞ്ഞു.

എന്താടി പൊടിക്കുപ്പി എന്താ പറ്റിയെ.....

കരച്ചിൽ അടങ്ങിയപ്പോൾ അവൾ എല്ലാം പറഞ്ഞു കൊടുത്തു.

അത്രേയുള്ളോ....... അവളുടെ തലയിലൂടെ തലോടി. എന്റെ കയ്യിൽ ഒരു രണ്ടു രണ്ടര ലക്ഷം ഉണ്ടാകും. ബാക്കി നമുക്ക് ഷബീറിനോട് ചോദിക്കാം.....

ഷബീറിനോടോ........ നിങ്ങൾ തമ്മിൽ മിണ്ടാറില്ലല്ലോ......

ആരുമല്ലാത്ത ഒരു ചെറുക്കന് വേണ്ടി നീ ഇങ്ങനെ

കഷ്ടപ്പെടുന്നില്ലേ. അപ്പോൾ അവന്റെ മുന്നിൽ തലകുനിച്ചുന്ന് വെച്ചു ഈ കിളവന് ഒന്നും വരില്ല.

എന്റെ കടുവ അങ്ങനെ ആരെമുന്നിലും തല കുനിക്കണ്ട. ഒരിക്കലും ഷബീർക്കക്ക് മുന്നിൽ തോൽക്കുകയും വേണ്ട. എവിടുന്നു പൈസ കിട്ടിയില്ലെങ്കിൽ എന്റെ മുന്നിൽ ഒരു വഴിയുണ്ട്. ഇജു...... ഞാൻ ചോദിച്ച ആ ഹോസ്പിറ്റൽ വരെ വാങ്ങി എന്റെ കയ്യിൽ തരും. ചോദിക്കേം വേണ്ട ഒന്ന് ചൂണ്ടി കാണിച്ച മതി. ഞാൻ ഫൈസ് പറഞ്ഞത് ഓർത്തപ്പോ സങ്കടം കൊണ്ടു കരഞ്ഞു പോയതാ........

ഇജു പകരം ആയി ചോദിക്കുന്നത് നിന്നെ ആയിരിക്കില്ലേ......... അവന്റെ കൂടെ പോകേണ്ടി വരില്ലേ.......അയാൾ സംശയത്തോടെ അവളെ നോക്കി.

സാരമില്ല....... എനിക്ക് വേറെ വഴിയില്ല കടുവേ

ജുനുനെ വേണ്ടെന്നു വെക്കാൻ നിനക്കാവോ മോളെ.......

എനിക്കെല്ലാരേയും വേണം കടുവേ..... ഇപ്പോൾ എന്റെ മുന്നിൽ സിനു മാത്രം ഉള്ളൂ.

ഫൈസിന് എന്നെ വേണ്ടതോണ്ടല്ലേ. അതോണ്ട് കുറ്റബോധം ഒന്നും വേണ്ടല്ലോ ഇനി. അത് പറയുമ്പോൾ എന്ത് കൊണ്ടോ ഒരു വേദന അവളെ പൊതിഞ്ഞു പിടിച്ചിരുന്നു.

ഞാൻ പോട്ടെ. ലേറ്റ് ആയ ഇജു ഓഫീസിൽ നിന്നും പോകും. എനിക്ക് അവരെ ഫോൺ നമ്പർ ഒന്നും അറിയില്ല. ഒരു ദിവസം എങ്കിൽ ഒരു ദിവസം മുന്നേ ഓപ്പറേഷൻ നടക്കണം. സിനുനെ വെച്ച് ഒരു പരീക്ഷണതിന്നു വയ്യ.

കുട്ടിക്കളി കളിച്ചു നടന്ന പെണ്ണാണ്. ഇപ്പോൾ പക്വത എത്തിയ പെണ്ണിനെ പോലെ ആയി. സാഹചര്യം ഒരാളെ എത്ര പെട്ടന്ന മാറ്റുന്നത്. അയാൾ ഓർത്തു.

ഇനിയൊരിക്കലും കാണില്ല അല്ലേ ജന്നത്തിലെ മഹാറാണിയെ.

ഉള്ള കാലത്ത് കൈക്കൂലി വാങ്ങി സമ്പാദിച്ചൂടാരുന്നോ കടുവേ. എന്നാ എനിക്ക് നിങ്ങളെയൊക്കെ വിട്ടു പോകേണ്ടി വരുമായിരുന്നോ...... തമാശയോടെ പറഞ്ഞതെങ്കിലും അവളുടെ മനസ്സ് പിടയുന്നത് അയാൾ അറിഞ്ഞു. പോകാൻ അവൾക്ക് ഇഷ്ടം

അല്ലെന്ന് ആ വാക്കുകളിലൂടെ അയാൾ അറിഞ്ഞു.

ഞാൻ ആരോടെങ്കിലും കടം വാങ്ങിക്കൊള്ളാം മോള് പോകണ്ട.

അയ്യേ കടുവ സെന്റി ആവാണോ. ശൈയിം....

ഒരിക്കലും ഇനി ആരെയും കാണില്ലെന്ന് അറിയാം....... ഇജു ഈ നാട്ടിൽ പോലും കാലകുത്താൻ വിടില്ലെന്നും അറിയാം..... എന്നാലും മനസ്സിലുണ്ടാകും നിങ്ങളെല്ലാരും. പോട്ടെ....... പിന്നെ ഓടിവന്നു അയാളുടെ കവിളിൽ ഒരു മുത്തം കൊടുത്തു. ഞാനിപ്പോ കുട്ടികളിയൊക്കെ മാറി വല്യ പെണ്ണായില്ലേ. കണ്ടില്ലേ സ്വന്തം ആയി തീരുമാനം എടുത്തത്. ഇതറിയുമ്പോ ജുനുവും സന്തോഷിക്കും അല്ലേ....... അവളുടെ നിഷ്കളങ്കമായ മുഖത്ത് നോക്കി മറുപടി പറയാതെ നിന്നു.

എന്റെ റംസിത പാവം ആണ്. അവളെ കാണാൻ പോണം. കുട്ടികളെ കാണണം. എന്റെ കടുവ ചെയ്യുന്നു അറിയാം. എന്നാലും പറഞ്ഞുന്നു ഉള്ളൂ...... ഇനിയൊരിക്കലും കാണില്ലെന്ന് അറിയാം മറക്കരുത്.

ഞാൻ പോവ്വാ എന്നും പറഞ്ഞു അയാളുടെ വയറ്റിൽ ഒരടി കൊടുത്തു എന്നിട്ട് തിരിച്ചു ഓടി........

ഇനി ഒരിക്കലും കാണില്ലെന്ന് അറിഞ്ഞുകൊണ്ടുള്ള യാത്ര ചോദിക്കൽ ആണെന്ന് അറിയുന്നത് കൊണ്ടു തന്നെ അയാളുടെ കണ്ണുകളും നിറഞ്ഞെങ്കിലും മനസ്സിൽ ചെറിയൊരു സന്തോഷം തോന്നി. ആത്മാർത്ഥ സ്നേഹം ഒരിക്കലും തോൽക്കില്ല. ഇജുവിന്റെ ഭാഗത്തു നിന്നു ചിന്തിച്ചാൽ അവന്റെ മാത്രം സ്വന്തം ആണവൾ. ആരൊക്കെ എതിർത്താലും കൂടിച്ചേരേണ്ടവർ കൂടിച്ചേർന്നെ പറ്റു. അത് സിനുവിന്റെ രൂപത്തിൽ വന്നു എന്നെ ഉള്ളൂ. ചിലപ്പോൾ ഇതായിരിക്കും നിന്റെ വിധി. ഇതായിരിക്കും നിനക്ക് കാലം കാത്തുവെച്ച ജീവിതം........ അയാൾ നെടുവീർപ്പിട്ടു.

ഓട്ടോ കേറി അഡ്രെസ്സ് പറഞ്ഞു കൊടുത്തു. അവൾ സീറ്റിൽ ചാരി ഇരുന്നു. എന്ന് ജന്നതിന് മുന്നിൽ തോൽക്കുന്നോ പിന്നെ ഞാൻ ഉണ്ടാവില്ല. ജുനുവിന്റെ വാക്കുകൾ അവളുടെ ഉള്ളിലേക്ക് ഓടിയെത്തി. ഒരു വിറയൽ അവളിലൂടെ പടർന്നു കയറി. ഉപ്പ അവസാനനിമിഷങ്ങളിൽ ജുനുവിന്റെ കയ്യിൽ പിടിച്ചു പറഞ്ഞത് ഓർത്തു. ഇനുവിനെ മരുമ കളാക്കി ജന്നത് ഹൌസിൽ അയക്കണം.  എല്ലാം അറിഞ്ഞിട്ടും ഇർഫനോട് എങ്ങനെ പ്രണയം

തോന്നിയത്. അവനെ വിവാഹം കഴിക്കാൻ തോന്നിയത്....... എന്ത് കൊണ്ടാണ് ഞാൻ ആ കലിപ്പനെ മറന്നത്...... തന്നെ തന്നെ നോക്കിനിൽക്കുന്ന ആ കണ്ണുകൾ മറന്നു പോയത്......... ഞാൻ ശരിക്കും ആരെയെങ്കിലും പ്രണയിച്ചിരുന്നോ......... കലിപ്പനോട് പ്രണയം ഉണ്ടായിരുന്നെങ്കിൽ ഇർഫാനെ നോക്കുമായിരുന്നോ........  അവൾക്ക് തല വെട്ടിപൊളിക്കുന്നത് പോലെ തോന്നി.

ഇനുത്ത ഞാൻ മരിച്ചു പോകോ....... അവൾ ഓർമകളിൽ നിന്നും ഞെട്ടി ഉണർന്നു....

അവന്ന് നിന്നെ ഇനി കാണണ്ട എന്ന് പറഞ്ഞു.ഇനി മേലിൽ ഒരു കാര്യവും  പറഞ്ഞു ഈ വീടിന്റെ പടി ചവിട്ടരുതെന്ന് പറഞ്ഞു.........

നീയായിട്ട് തന്നെ എന്റെ അടുത്തേക്ക് വരും. പിന്നെയൊരു തിരിച്ചു പോക്ക് നിനക്ക് ഉണ്ടാകില്ല. ഒരിക്കലും ഒരുത്തനും വിട്ടുകൊടുക്കില്ല ഞാൻ......

എന്ന് ജന്നതിന് മുന്നിൽ തോൽക്കുന്നോ പിന്നെ ഞാൻ ഉണ്ടാവില്ല

എല്ലാരുടെയും വാക്കുകൾ അവൾക്ക് ചുറ്റും നിന്നു

വട്ടം കറങ്ങുന്ന പോലെ തോന്നി.അവൾ ചെവി പൊത്തിപിടിച്ചു.എല്ലാത്തിനും മുകളിൽ സിനുവിന്റെ മുഖം തന്നെ ആയിരുന്നു നിന്നത്.അവൻ ചോദിച്ച ചോദ്യം ആയിരുന്നു ഉയർന്നു വന്നത്........ അവൾ ബാഗിൽ നിന്നും ജുനുവിന്റെ ഫോട്ടോ എടുത്തു നെഞ്ചോട് ചേർത്ത് പിടിച്ചു. എപ്പോഴും കൂടെ ഉണ്ടാകുമെന്നു പറഞ്ഞിട്ടില്ലേ പിന്നെന്തിനാ തനിച്ചാക്കി പോയെ..... നീ ഉണ്ടായിരുന്നുവെങ്കിൽ ഞാൻ ഇന്ന് ഇങ്ങനെ സങ്കടപെടുമായിരുന്നോ പൈസക്ക് വേണ്ടി അലയുമായിരുന്നോ...... എനിക്ക് അറിയില്ല എന്താ വേണ്ടെന്നു. ഒരു വഴി കാണിച്ചു താ ജുനു..... ചെയ്യുന്നത് തെറ്റാണെങ്കിൽ അതും തിരുത്തി താ..... അവൾ ഫോട്ടോ നെഞ്ചോട് അമർത്തി മനസ്സുരുകി തന്നെ പ്രാർത്ഥിച്ചു. എന്തിനും ഏതിനും കൂടെയുണ്ടായിട്ടുണ്ട്.  പ്രശ്നങ്ങൾ പരിഹരിച്ചു തന്നിട്ടുണ്ട്.  ഇവിടെയും സഹായത്തിനു ജുനു എത്തും.  അവൾ പ്രതീക്ഷയോടെ  കണ്ണുകൾ മുറുക്കെ അടച്ചു പിടിച്ചു.

❤️ 💔 **INVISIBLE LOVE** 💔❤️

**Love after💘 marriage story**

Part 23

Hello  excuse me...... അവൾ ഞെട്ടി കണ്ണ് തുറന്നു നോക്കി.

ഒന്നാ ടാപ്  പൂട്ടോ......

ഏത് ടാപ് അവൾ കണ്ണും മിഴിച്ചു അയാളെ നോക്കി.

തന്റെയാ കണ്ണീർ ടാപ്പ് തന്നെ. ഓട്ടോ കേറിയപ്പോ തുറന്നതാ. ഇതിന് മാത്രം കണ്ണീർ എവിടുന്നു വരുന്നു ദൈവമേ........ മുല്ലപെരിയാർ ഡാമിൽ പോലും ഇത്രേം വെള്ളം സ്റ്റോക്ക് കാണില്ല

അവൾ ചമ്മലോടെ കണ്ണ് തുടച്ചു.

ഓട്ടോ നിർത്തിയിരിക്കുന്നത് അവൾ ശ്രദ്ധിച്ചു . തന്റെ കണ്ണുകളിലേക്ക് തന്നെ  നോക്കി നിൽക്കുന്ന ആ കണ്ണിലേക്കു അവളുടെ മിഴികൾ ഉടക്കി. നെറ്റിയിൽ ചന്ദനക്കുറി. പാന്റും കാക്കി ഷർട്ടും ആണ് വേഷം. ഇരുനിറം ആണെങ്കിലും ആകെകൂടി ഐശ്വര്യം ഉള്ള മുഖം. ഓട്ടോയിൽ പള്ളിയുടെയും അമ്പലത്തിന്റെയും ചർച്ചിന്റെയും ഫോട്ടോ വെച്ചിട്ടുണ്ട്.

തന്റെ പ്രശ്നം എന്താണെന്നൊന്നും താൻ

ആരാണെന്നൊന്നും അറിയില്ല. ഒരു ഉപദേശം തരാം ശ്രദ്ധിച്ചു കേൾക്കണം.

വികാരങ്ങൾക്ക് അടിമപ്പെട്ടു തീരുമാനം എടുക്കരുത്. പിന്നീട് ഖേദിക്കേണ്ടി വരും.

 അവൾ സംശയം നിറഞ്ഞ മുഖത്തോടെ അയാളെ നോക്കി.

നിന്റെ മുഖത്ത് ഇപ്പോൾ ആകെ ടെൻഷൻ ആണ്. കണ്ണുകളിൽ സങ്കടവും  ചെയ്യുന്നത് തെറ്റാണോ എന്നുള്ള സംശയവും.....

ആ വികാരം വിട്ടുപോകുമ്പോൾ തീരുമാനം തെറ്റായിരുന്നാൽ ജീവിതകാലം മുഴുവൻ വേദനിക്കേണ്ടി വരും. സന്തോഷം, സങ്കടം, ദേഷ്യം, വേദന എന്നിവയുള്ളപ്പോൾ നമ്മുടെ മനസ്സ് വികാരങ്ങൾക്ക് അടിമപ്പെടും...... ഒക്കെ മാറി കഴിയുമ്പോൾ ബുദ്ധി ഉണരുമ്പോൾ മനസ്സെടുത്ത തീരുമാനം ചിലപ്പോൾ തെറ്റിപ്പോകും.അയാൾ ഗൗരവത്തോടെ പറഞ്ഞു.

മനസ്സിലായില്ല......

അയാൾ അവളെ മൊത്തത്തിൽ നോക്കി. താൻ ഏത്

സ്കൂളില പഠിക്കുന്നെ.

ഞാൻ കോളേജിലാ ഫസ്റ്റ് ഇയർ ആണ്.

കണ്ടിട്ട് ചെറിയ കുട്ടിയെ പോലെ തോന്നി. മോൾ ആദ്യം മനസ്സൊന്നു ശാന്തമാക്ക് എന്നിട്ട് ചിന്തിക്കുക. എല്ലാ പ്രോബ്ലം തീരും.

അവൾക്ക് അയാളുടെ സംസാരം കേൾക്കുമ്പോൾ എന്തോ ആശ്വാസം തോന്നി.

നിങ്ങൾക്ക് എങ്ങനെഅറിയാം എനിക്ക് ടെൻഷൻ ഉണ്ടെന്ന്.

തോന്നി....... പറയാൻ പറ്റുന്ന പ്രോബ്ലം ആണെങ്കിൽ പറയ്. ചിലപ്പോൾ പരിഹാരം പറഞ്ഞു തരാൻ കഴിഞ്ഞാലോ...

അവളൊന്ന് മെല്ലെ ചിരിച്ചു. എനിക്ക് അഞ്ചു ലക്ഷം രൂപ തരോ.

നീ തരുന്ന ഓട്ടോ കാശ് കിട്ടീട്ട് വേണം രാത്രി ചോറ് വെക്കാൻ അരിവാങ്ങാൻ. അങ്ങനെ ഉള്ള എന്നോട് അഞ്ചു ലക്ഷം രൂപ.അയാൾ പൊട്ടിച്ചിരിച്ചു.......

അപ്പൊ വണ്ടി വിട് മാഷേ...... എന്റെ പ്രശ്നം തീരണമെങ്കിലെ വികാരം വിചാരം നോക്കി ഇരുന്ന

നടക്കൂല.

ഞാൻ പറഞ്ഞതല്ല അത് എന്റെ ഒരു ഫ്രണ്ട് എന്നെ ജീവിതത്തിലേക്ക് ക്ഷണിച്ചപ്പോൾ പറഞ്ഞു തന്ന വാക്കുകൾ ആണ്. നിന്നെ കണ്ടപ്പോൾ എനിക്ക് ആ വാക്കുകൾ ഓർമ വന്നു. തന്റെ മുഖം കണ്ടപ്പോൾ എനിക്ക് നിന്നോട് പറയണമെന്ന് തോന്നി.

എനിക്ക് ഫിലോസഫി ഒന്നും പറഞ്ഞ അറിയില്ല. എനിക്ക് എവിടെ നിന്ന് ആയാലും പൈസ കിട്ടിയാൽ മതി. അവൾ മെല്ലെ പറഞ്ഞു.

അല്ലപ്പോ എന്തിനാ നിനക്ക് അഞ്ചു ലക്ഷം രൂപ.പറയാൻ പറ്റുന്ന ആവിശ്യം ആണൊ

എന്റെ അനിയന് സുഖം ഇല്ല. ഒരു ഓപ്പറേഷൻ വേണം.എന്റെ കയ്യിൽ ആകെ പതിനായിരം രൂപയുണ്ട്. എന്നെ വിശ്വസിച്ചു കാത്തിരിക്കുന്ന ഒരു കുടുംബം ഉണ്ട് ഹോസ്പിറ്റലിൽ........

ഫൈസ് സഹായിക്കും എന്നുപറഞ്ഞാണ് അവിടെ നിന്നും വന്നത്. അതോർത്തപ്പോൾ അവളുടെ നെഞ്ച് പിടഞ്ഞു......

അവളുടെ നിറഞ്ഞ കണ്ണുകളും മുഖവും കണ്ടു

അയാൾ സഹതാപത്തോടെ നോക്കി.അവൾ കള്ളം പറയുന്നതല്ലെന്ന് അയാൾക്ക് തോന്നി.അയാൾ ഒന്ന് ആലോചിച്ചു നിന്നു.

നിനക്ക് സ്വാന്തനം എന്ന ട്രസ്റ്റ് അറിയോ......

ഇല്ല.

Aj കൺസ്ട്രക്ഷൻ ഗ്രുപ്പോ

ഇല്ല.

നന്നായി...... Aj കൺസ്ട്രക്ഷൻ ഗ്രൂപ്പിന്റെ കീഴിൽ ഉള്ള ഒരു ട്രസ്റ്റ് ആണ് സ്വാന്തനം. പാവപെട്ട രോഗികളെ ഒക്കെ ചികിൽസിക്കുന്ന ട്രസ്റ്റ് ആണ്. നിന്റെ അനിയനെയും കൂട്ടി പോയി നോക്ക്. അവർ സഹായിക്കും.

എന്നെയും സഹായിക്കോ..... എനിക്ക് കടം ആയും കിട്ടിയ മതി. പിന്നെ തിരിച്ചു കൊടുത്തോളാം. എന്റെ ഇക്കാക്ക കുറച്ചു ദൂരെ പോയെക്കണ. വന്ന ഉടനെ കൊടുത്തോളം.

Aj ഗ്രുപ്പ് ഓർണർ നല്ലൊരു മനുഷ്യൻ ആണ്. ചില നേരത്ത് ദൈവം മനുഷ്യേറുടെ രൂപത്തിൽ വരും. എന്റെ മുന്നിലും പ്രത്യക്ഷപെട്ട ദൈവം ആണ്.

അയാൾ ഇല്ലായിരുന്നെങ്കിൽ ഇന്ന് ഞാനും........
അയാൾ ഒന്ന് നെടുവീർപ്പിട്ടു.

നിങ്ങളെ സഹായിച്ചിട്ട് ഉണ്ടോ

Mmm എന്റെ അമ്മക്ക് ഒരാക്സിഡന്റ് ഉണ്ടായി. ഇത് പോലെ ഹോസ്പിറ്റലിൽ അടക്കാൻ കാശ് ഇല്ലാതെ കഷ്ടപ്പെട്ടപ്പോ ഒരു ഫ്രണ്ട് കൂട്ടി പോയതാ. എല്ലാ ചിലവും ഒരു സഹായവും പ്രതീക്ഷിക്കതെ ചെയ്തു തന്നു. മോളും ഒന്ന് പോയി നോക്ക്.

അവളുടെ കണ്ണുകൾ വിടർന്നു. മുഖം തെളിഞ്ഞു. എന്നെ അവിടെ കൂട്ടി പോകോ.അവൾ പ്രതീക്ഷയോടെ അയാളെ നോക്കി.

ഇപ്പൊ വൈകുന്നേരം ആയിലേ...... നാളെ പോകാം ഇനി. ഞാനും വരാം കൂടെ. അവൾ സന്തോഷത്തോടെ തലയാട്ടി.

സുന്ദരികുട്ടി ആയല്ലോ ഇപ്പോൾ. നിന്റെ മുഖത്തെ സന്തോഷം ആണ് നിന്റെ സൗന്ദര്യം. എന്നും മുഖത്തെ പുഞ്ചിരി മായാതിരിക്കട്ടെ. ദൈവം ഉണ്ടാകും മോളെ കൂടെ.

ഇനി പറ നേരത്തെ പറഞ്ഞ അഡ്രെസ്സ്ലേക്ക് തന്നെ

ആണൊ പോകണ്ടേ.

വേണ്ട എനിക്ക് ഹോസ്പിറ്റലിൽ പോയ മതി. അവിടെ എല്ലാരും ഉണ്ട്.

പോകുന്ന വഴിക്ക് അവർ പലതും സംസാരിച്ചു. അപരിചിതത്വം അവർ തമ്മിൽ പോയിരുന്നു.ഹോസ്പിറ്റലിന് മുന്നിൽ ഓട്ടോ നിർത്തി. നാളെ കൃത്യം പത്തുമണിക്ക് ഞാൻ ഇവിടെ വരും. അയാൾ പറഞ്ഞു.

താങ്ക്യു ജിഷ്ണുക്കക്കു ......

ജിഷ്ണുക്കാക്കയെല്ലെടി പോത്തേ ജിഷ്ണുവേട്ടൻ.......

ഞാൻ അങ്ങനെവിളിച്ചു പോയി..... ഇനി മറ്റുല..... അതും പറഞ്ഞു പൈസയും കൊടുത്തു അവൾ ഓടിപ്പോയി.

പൈസ വേണ്ടെന്നു പറഞ്ഞെങ്കിലും അവൾ അവിടെ വെച്ചു കൊടുത്തു.

വായാടി...... അയാൾ ചിരിയോടെ പറഞ്ഞു. അയാളുടെ മനസ്സിൽ അപ്പോൾ പണം കിട്ടാൻ ഒരു വഴിയും കാണാതെ ചാവാൻ വേണ്ടി ട്രെയിനിന് തലവെച്ച ദിവസം ഓർത്തു . അന്ന് തന്നെ

രക്ഷിക്കാൻ ദൈവത്തിന്റെ രൂപത്തിൽ

വന്ന ആളെ അവൻ നന്ദിയോടെ ഓർത്തു. ഈ പെൺകുട്ടിയോട് ഞാൻ എന്തിന് സംസാരിച്ചു പറഞ്ഞ സ്ഥലത്ത് കൊണ്ടു വിട്ടാൽ മതിയാരുന്നല്ലോ അവൻ ഒരു നിമിഷം ആലോചിച്ചു ...... അതിന്ന് അവന്നും മറുപടി ഉണ്ടായിരുന്നില്ല.

അവളും ഓർക്കുക ആയിരുന്നു ഒരു നിമിഷത്തെ ആലോചനയിൽ ഞാൻ ഇജുന്റെ അടുത്തേക്ക് പോയിരുന്നെങ്കിൽ എന്താകുമായിരുന്നു. എന്റെ ജുനിന്റെ തീരുമാനം ആയിരിക്കും ഇതും. എന്റെ തീരുമാനം തെറ്റായിരിക്കും അതോണ്ട് ജുനു പറഞ്ഞു വിട്ടതായിരിക്കും അയാളെ. അങ്ങനെ അല്ലെങ്കിലും അങ്ങനെ വിശ്വസിക്കാൻ ആണ് ഇഷ്ട്ടം.

❣️❣️❣️❣️❣️❣️❣️❣️

നിന്റെ ആരെങ്കിലും ചത്തോ തെണ്ടീ...... രണ്ടു മൂന്നു ദിവസം ആയി തുടങ്ങിയിട്ട് അവൻ ദേവദാസന്റെ വേഷം കെട്ടാൻ..... സമി ഫൈസിനെ പിടിച്ചു എഴുന്നേൽപ്പിച്ചു.

അവൻ ഒന്നും മിണ്ടാതെ തലകുനിച്ചു നിന്നു.

ഫൈസി ദേഷ്യം വരുന്നുണ്ടേ എനിക്ക്. നിന്റെ കളി കാണുമ്പോൾ ഡിവോഴ്സ് കഴിഞ്ഞു അവളെ എന്നെന്നേക്കുമായി നഷ്ടപെട്ടുന്ന തോന്നുമല്ലോ......... അവളോട് പോയി നീ നിന്റെ ഇഷ്ടം തുറന്നു പറയ്. അവൾ മനസ്സിലാക്കും നിന്നെ. എന്റെ അഭിപ്രായത്തിൽ എന്തൊക്കെയോ മിസ്സൻർടർസ്റ്റാൻഡിങ് ആണ് നിങ്ങൾ തമ്മിൽ...... പറഞ്ഞു കഴിഞ്ഞ അതങ്ങ് തീരും. നമ്മളെ മുന്നിൽ വളർന്ന പെണ്ണെല്ലടാ അവൾ .......അവൾക്ക് ആരോടും പകയും ദേഷ്യം ഒന്നും കൊണ്ടു നടക്കാൻ അറിയില്ല.

ഞാൻ പോകില്ല ഇനിയൊരിക്കലും അവളെ മുന്നിൽ...... ഇനിയൊരിക്കൽ കൂടി അവൾ ശല്യം ആണെന്ന് പറഞ്ഞ ഹൃദയം പൊട്ടി മരിച്ചു പോകും ഞാൻ.......

അങ്ങനെ ഒന്നും ഉണ്ടാവില്ല. നീയാദ്യം പോയി ഈ വേഷം കോലോം ഒക്കെ മാറ്റ്. നമുക്ക് ഒന്ന് റൗണ്ട് അടിച്ചു വരാം. എനിക്ക് കുറച്ചു ഷോപ്പിംഗ് ഉണ്ട്.

അവൻ വരുന്നില്ല പറഞ്ഞെങ്കിലും സമി കുത്തിപൊക്കി കൊണ്ടു പോയി.

ഷോപ്പിംഗ് മാളിൽ കയറി ഒരു ആവിശ്യം ഇല്ലാതെ എല്ലാടത്തും കേറി ഇറങ്ങി. സമിക്ക് ആവിശ്യം ഒന്നും ഇല്ലായിരുന്നു. ഫൈസിന്റെ മൈന്റ് ഒന്ന് മാറ്റണം എന്നെ ഉണ്ടാരുന്നുള്ളൂ.

സമി വന്നത് വെറുതെ അല്ലെന്ന് തോന്നാൻ കണ്ണിൽ കണ്ട ഓരോന്ന് വാങ്ങി. അവർ പുറത്തേക്ക് ഇറങ്ങിയതും ഫൈസിന്റെ ദേഹത്ത് ആരോ വന്നു മുട്ടി.

സോറി..... ഗയ്സ് സോറി......

ഫൈസി മുഖം ഉയർത്തി നോക്കി. നദീം.....

ഫൈസ് താൻ ആയിരുന്നോ സോറി..... കണ്ടില്ല.... റിയലി സോറി.

Its k. നദീംമിന്റെ കൂടെ ഷഹസാദിനെ കണ്ടതും ഫൈസിക്ക് ദേഷ്യം വന്നെങ്കിലും അവൻ പറഞ്ഞൊപ്പിച്ചു.

എന്റെ എൻഗേജ്മെന്റ് ആണ് മറ്റന്നാൾ . ശഹി വിളിച്ചുന്ന് പറഞ്ഞു. രണ്ടാളും വരണം. ഫൈസ് വൈഫിനേയും കൂട്ടണം.

വൈഫ് അതിന് ഇല്ലെടാ. നീ അക്കാര്യം ചോദിച്ചു

അവനെ ടെൻഷൻ ആക്കല്ലേ ശഹി പെട്ടെന്ന് പറഞ്ഞു.

ഫൈസിയുടെ മാര്യേജ് കഴിഞ്ഞു ശഹി നിനക്ക് അറിയാഞ്ഞിട്ട് ആണ്.കുറച്ചു ദിവസം ആയുള്ളൂ.....

കല്യാണം കഴിഞ്ഞു. വൈഫ് ഇല്ലെന്ന പറഞ്ഞത്.വൈഫ് അവനെ ഉപേക്ഷിച്ചു പോയി പോലും. അല്ലെങ്കിലും ബിസിനസ് പോലെ ദാമ്പത്യവും എല്ലാർക്കും വിജയിക്കണം എന്നില്ലല്ലോ. ശഹി പരിഹാസത്തോടെ പറഞ്ഞു.

സോറി ഫൈസ് എനിക്ക് അറിയില്ലായിരുന്നു അത്. എനിവേ രണ്ടാളും വരണം.....

രണ്ടാൾ അല്ല മൂന്നാൾ ഉണ്ടാകും ഗസ്റ്റ് ആയിട്ട്.

ശഹസാദ് പറഞ്ഞ പോലെ എനിക്കും വൈഫ്നും ഒരു സ്പെഷ്യൽ പാർട്ടി ആയിക്കോട്ടെ ഇത്. ഫൈസ് പുഞ്ചിരിയോടെ അവരെനോക്കി പറഞ്ഞു.

വൈഫ്..... അതിന്ന്...... നദീം സംശയത്തോടെ ഫൈസിയെ നോക്കി.

എന്റെ വൈഫ് അവളുടെ വീട്ടിൽ വീട്ടുകാരെ കൂടെ കുറച്ചു ദിവസം നിൽക്കാൻ പോയതാ. ഭാര്യ ആയെങ്കിലും അവളുടെ ഇഷ്ടങ്ങൾ കണ്ടില്ലെന്ന്

നടിക്കുന്ന ടിപ്പിക്കൽ ഹസ്ബൻഡ് അല്ല ഞാൻ.......

സോറി ഫൈസ്..... ഷഹിക്ക് എന്തോ മിസൻർസ്റ്റാൻഡിങ് പറ്റിയതാ.

അല്ലെങ്കിലും സ്വന്തം കാര്യം നോക്കാതെ വല്ലവന്റെയും വീട്ടിൽ എത്തിനോക്കാൻ ചില കോട്ടിട്ട തെണ്ടികൾക്ക് ഉത്സാഹം കൂടും. അവരെ പറഞ്ഞിട്ടും കാര്യം ഇല്ല. രക്തത്തിൽ അലിഞ്ഞു ചേരുന്നതാ അത്. മാറ്റാൻ പറ്റില്ലല്ലോ കുടുംബം അങ്ങനെ ആയത് അവരെ കുറ്റം അല്ലല്ലോ..... ഇതിനൊന്നും തിരിച്ചു പറയാത്തത നല്ലത്...... ഫൈസ് പരിഹാസത്തോടെ തിരിച്ചു പറഞ്ഞു.

നിങ്ങൾ തെറ്റിദ്ധരിക്കല്ലേ നിങ്ങളെ അല്ല കേട്ടോ പറഞ്ഞത് ..... ഞാൻ വേറെ ചില ഊളകളെ പറഞ്ഞതാ ഷഹിയുടെ മുഖത്ത് നോക്കി ഊന്നി അത് പറഞ്ഞു.

എന്നാ എൻഗേജ്മെന്റ്ന് കാണാം ബൈ.... അവർ പോയി.

എന്താടാ നീ അങ്ങനെ പറഞ്ഞത് സമി അവനെ നോക്കി.

അവൻ രാവിലെ ശഹി പറഞ്ഞത് അവനോട് പറഞ്ഞു. വേണ്ടാന്ന് വെക്കുമ്പോ തലയിൽ കേറുന്നുന്നോ.....ഇപ്പൊ എനിക്ക് ഒരു വാശിയ അത് ഇനയയെ കൂട്ടി ഞാൻ പോകും. ഇവന്റെ മുന്നിൽ അന്തസ്സോടെ പരിജയപെടുത്തി കൊടുക്കുകയും ചെയ്യും എന്റെ വൈഫ് ആണെന്ന് പറഞ്ഞിട്ട്.

അതിന്ന് ഇനു വരുമോടാ.....

വന്നില്ലെങ്കിൽ തൂക്കിയെടുത്തു കൊണ്ടു വരും. എനിക്ക് അവന്റെ മുന്നിൽ അവളെയും കൊണ്ടു പോയ മതി. അവന്റെ മുഖത്ത് ദേഷ്യം  നിറഞ്ഞു.

എന്തരോ..... എന്തോ..... ഇനു വരുമോ ആവോ.... സമി കൈ മേലോട്ട് ഉയർത്തി പറഞ്ഞു.

💕💕💕💕💕💕💕💕

വയർ നിറച്ചു കിട്ടിയല്ലോ ശഹി. ചുമ്മാ പോയി ചൊറിഞ്ഞിട്ട് അല്ലേ.......

അതിന് ഞാൻ മനപ്പൂർവം ഉണ്ടാക്കിത്തലേ ഈ മീറ്റിംഗ്. അല്ലാതെ ഷോപ്പിംഗ് എന്ന പറഞ്ഞു നിന്റെ കൂടെ വരാൻ എനിക്ക് വട്ടല്ലേ.... ഒന്ന് പോടാപ്പാ.....

മനഃപൂർവം ഉണ്ടാക്കിതൊ..... അപ്പൊ അവന്നെ

ദേഹത്ത് തട്ടിയതോ.

ഞാൻ നിന്നെ അവന്റെ മേലേക്ക് തള്ളിയിട്ടത. അത് പോലും മനസ്സിലാകാത്ത തെണ്ടി.

നദീം ഇളിച്ചു കാണിച്ചു.

അവൻ വരും നദീംക്ക. കൂടെ ഇനയയും ഉണ്ടാകും. നിന്റെ ആഗ്രഹം പോലെ തന്നെ എല്ലാം നടക്കും. നടത്തും ഞാൻ...... അവന്റെ മുഖത്ത് ആത്മവിശ്വാസം ഉണ്ടായിരുന്നു.

❤️‍🩹❤️‍🩹❤️‍🩹❤️‍🩹❤️‍🩹❤️‍🩹❤️‍🩹

വീട്ടിൽ തനിച്ചു നിർത്താൻ പറ്റാത്തോണ്ട് ഇനുവും റാനിയും ഹോസ്പിറ്റലിൽ തന്നെ നിന്നത്. ഇനുവിനോട് ഫൈസിയുടെ വീട്ടിൽ പോകാൻ പറഞ്ഞു അവർ നിർബന്ധിച്ചു. ഞാൻ കൊണ്ടു വിടാന്ന് പറഞ്ഞു റാനിയുടെ ഉപ്പ അവളെ വിളിച്ചു.അവൾ സിനുവിനെ വിട്ടു പോകില്ല പറഞ്ഞു കരഞ്ഞു. സിനു കൂടി ഒപ്പരം കൂടിയപ്പോൾ അവർ ഒന്നുംപറഞ്ഞില്ല.നിലത്ത് ഷീറ്റ് വിരിച്ചു അവർ കിടന്നു. ഫൈസിന്റെ വീട്ടിൽ കോടീശ്വരിയെ പോലെ കഴിയേണ്ടവൾ വെറും നിലത്ത് ഷീറ്റും വിരിച്ചു കൊതുകടിയും കൊണ്ടു കിടക്കുന്നത് അവർ

അത്ഭുതത്തോടെയാണ് നോക്കിയത്. ഇങ്ങനെയും പെണ്ണ് ഉണ്ടാകുമോ അവർ മനസ്സിൽ ഓർത്തു.

❤️❤️❤️❤️❤️❤️❤️❤️❤️

രാവിലെ റാനിയെ കൂട്ടി അവൾ റെഡിയായി. ഹോസ്പിറ്റലിൽ പുറത്ത് കാത്തുനിന്നു.

മോർണിംഗ് ജിഷ്ണുകാക്കു.....

വെരി വെരി മോർണിംഗ് നീലക്കണ്ണി.....

നീലക്കണ്ണി വിളിയിൽ അവളുടെ നെഞ്ചിൽ ഒരു സങ്കടം ഉടലെടുത്തു.സഹായം തേടിയാണ് പോകുന്നത് എന്നറിഞ്ഞാൽ  ഇജു  ഹോസ്പിറ്റൽ മൊത്തത്തിൽ കത്തിക്കും. ഞാൻ എന്നാൽ ഭ്രാന്ത് ആണ് ഇജുന്.

അവൾ മുഖത്ത് ചിരി വരുത്തി. റാനിയെ പരിജയപെടുത്തി കൊടുത്തു. വലിയൊരു ബിൽഡിങ്ങിന്റെ മുമ്പിൽ ഓട്ടോ നിർത്തി.

Aj എന്ന് വലിയ അക്ഷരത്തിൽ എഴുതിയത് കണ്ടു.

സ്വന്തനത്തിൽ പോയ പെട്ടെന്ന് കാര്യം നടന്നില്ലെങ്കിലോ..... നീ Aj സാറിനോട് നേരിട്ട് സംസാരിച്ചോ അതാണ് നല്ലത്. അതിനാ ഇങ്ങോട്ട്

വന്നത്. എന്നാ ഞാൻ പോട്ടെ..... എനിക്ക് ട്രിപ്പ് ഉണ്ട് അല്ലെങ്കിൽ ഞാൻ കൂടി വന്നേനെ.

ഇത്രയും ചെയ്തു തന്നില്ലേ അതിന്ന് തന്നെ നന്ദി ജിഷ്ണുകാക്കു .

ദൈവം മോളെ കൂടെ ഉണ്ടാവും.AJ സാർ തീർച്ചയായും സഹായിക്കും പ്രാർത്ഥിച്ചിട്ട് പോയിക്കോ.ജിഷ്ണു പോയി.

💕💕💕💕💕💕

റാനിയും ഇനുവും അകത്തേക്ക് കയറി. ആദ്യം ആയാണ് ഇത് പോലൊരു ഓഫീസിൽ വന്നത്. അതിന്റെ പേടി രണ്ടാൾക്കും ഉണ്ടായിരുന്നു. അവർ പ്രാർത്ഥിച്ചു കൊണ്ടു തന്നെ അകത്തേക്ക് കയറി.

അവൾ അവിടെ കണ്ട ഒരു സ്റ്റാഫിനോട് Aj സാറിനെ കാണാൻ ആണെന്ന് പറഞ്ഞു.

അപ്പോയ്ന്റ്മെന്റ് ഉണ്ടോ.....

ഇല്ല. ഒരഞ്ചുമിനിറ്റ് മതി. പ്ലീസ്..... ദയനീയമായി അയാളെ നോക്കിയതും അയാൾ ആരെയോ നോക്കി.എന്നിട്ട് രണ്ടാം നിലയിലെ ഫ്ലോറിൽ സാക്ഷ മാടത്തെ കണ്ടാൽ മതി എന്ന് പറഞ്ഞു.അയാളും

കൂടെ വന്നു.

സാക്ഷമേഡം ......... അവിടേക്ക് ഒരു പെൺകുട്ടി വന്നു.ടൈറ്റ് പാന്റ് ഷർട്ട് ഇട്ടു ഒരു ലോഡ് മേക്കപ്പ് ഇട്ടു ചുണ്ടുകൾ ചുവപ്പിച്ചു ഒരു മദാമ്മ. ഇനു അവരെ കോലം കണ്ടു അറിയാതെ അടിമുടി നോക്കിപ്പോയി.

മാഡം ഇവർക്ക് Aj സാർ ആയി ഒരു അപ്പോയ്ന്റ്മെന്റ് വേണം പോലും. കോളേജ് സ്റ്റുഡന്റ് ആണ്.

എന്താ കാര്യം...... അവൾ അവജ്ഞയോടെ

അവരെ നോക്കി.

അവൾ കാര്യം ചുരുക്കി പറഞ്ഞു.

സ്വാന്തനം ഓഫീസിൽ പോയ മതി. അവിടെയാണ് ചാരിറ്റി പ്രവർത്തനം ഒക്കെ.

പ്ലീസ് മാഡം ഞങ്ങൾക്ക് സാറിനെ ഒന്ന് നേരിട്ട് കണ്ടാൽ മതി. പെട്ടെന്ന് പൊക്കോളാം.

അപ്പോയ്ന്റ്മെന്റ് എടുക്കാതെ ആരെയും സാർ മീറ്റ് ചെയ്യൽ ഇല്ല. പ്രത്യേകിച്ച് നിങ്ങളെ പോലെ ലോ ക്ലാസ്സ് ആൾക്കാരെ. അതിൽ ഒരു പുച്ഛം അവൾ കണ്ടു.

പ്ലീസ് മാഡം....... ഞങ്ങൾക്ക് അത്യാവശ്യം ആയോണ്ടാണ് ഒരഞ്ചുമിനിറ്റ് മതി. പ്ലീസ്.....

ഇന്ന് പറ്റില്ല..... ശൗട്ട് ചെയ്യുന്ന പോലെ പറഞ്ഞു അവൾ പോയി.

ഇനുവും അവരെ പിന്നാലെ പോയി.

നിങ്ങളോട പറഞ്ഞത് ഇന്ന് പറ്റില്ലെന്ന്. നാളെ വാ ഞാൻ അപ്പോയ്ന്റ്മെന്റ് ശരിയാക്കാം.

ഒരഞ്ചുമിനിറ്റ് മതി..... പ്ലീസ് മാഡം......

സാർ രാവിലെ നല്ല ചൂടിലാണ്. പോരാത്തതിന് ഇന്ന് മീറ്റിംഗ് ഉണ്ട്. ആരെയോ കാണാൻ പോകുന്നതിന്ന് ലെറ്റ് ആയോണ്ട് അതിന്റെ കലിപ്പിൽ ആണ്. Inഞാൻ പറഞ്ഞാലും സാർ കേൾക്കില്ല. സോ പ്ലീസ് അണ്ടർസ്റ്റാന്റ് മി. അവർ കലിപ്പിൽ ഒരു റൂമിലേക്ക് പോയി.

വാതിൽ അടയുന്നതിന്ന് മുൻപ് അവൾ അവിടെ കുറെ പേര് ഉള്ളത് കണ്ടു. അപ്പോൾ ഇവിടെ ആയിരിക്കും AJ സാർ.

വാതിലിൽ മുട്ടിയാലോ.......  വഴക്ക് കിട്ടോ..... സിനുനെ ഓർത്തതും അവൾ ഡോറിൽ മുട്ടി.കുറെ

മുട്ടിയെങ്കിലും ഒരു റെസ്പോണ്ട് ഉണ്ടായില്ല.

അവൾ തുറന്നു നോക്കാൻ തന്നെ തീരുമാനിച്ചു. അവൾ വാതിൽ തുറന്നു. ഒരു ടേബിളിന് ചുറ്റും കുറെ പേര് ഇരിക്കുന്നുണ്ട്.

ഒരാൾ ബോർഡിൽ നോക്കി എന്തോ എക്സ്പ്ലെയ്ൻ ചെയ്യുന്നത് കണ്ടു. സാക്ഷ മാഡത്തെയും കണ്ടു.

അവൾ ധൈര്യം സംഭരിച്ചു വിളിച്ചു....

excuse me സാർ......

ഹു ഈസ് ദെർ ......... ഒരലർച്ചയോടെ അയാൾ തിരിഞ്ഞു നോക്കി.ഓഫീസ് അടക്കം ആ അലർച്ചയിൽ പറന്നു പോകുമെന്ന് അവൾക്ക് തോന്നി. അവൾ മുഖം ഉയർത്തി നോക്കി.... ആ മുഖം കണ്ടതും അവൾ വിളറി വെളുത്തു. അവൾ വിശ്വസിക്കാൻ ആവാതെ കണ്ണ് തിരുമ്മി ഒന്നൂടി നോക്കി. ആരെയാണോ ഒരിക്കലും കണ്ടു മുട്ടരുതെന്ന് പ്രാർത്ഥിച്ചത് അയാളെ മുന്നിൽ തന്നെ കൃത്യമായി എത്തിയിരിക്കുന്നു.ആ കൈകൾ അവളെ നേർക്ക് നീണ്ടു......

എനിക്ക് ആൾ മാറിപോയതാ........ സോറി....

എന്നും പറഞ്ഞു വാതിൽ വലിച്ചടച്ചു.

വാതിൽ അടയുന്നതിന്ന് മുന്നേ കേട്ടു...... നിക്കടി അവിടെ എന്ന് പറയുന്നത്.

എന്താടി കാര്യം Aj സാറിനെ കണ്ടോ......

കണ്ടെടി അത് Aj സാർ ഒന്നും അല്ല..... ആ പിശാജ് ആണ്. എന്റെ ജിഷ്ണുകാക്ക ഇതിലും ഭേദം എന്നെ വല്ല പൊട്ടകിണറ്റിൽ കൊണ്ടിടുന്നത് ആയിരുന്നു.എന്നോടീ ചതി വേണ്ടായിരുന്നു........ നിങ്ങളോട് ഞാനെന്ത് ദ്രോഹ ചെയ്തത് . അവൾ പിറുപിറുത്തു.

ഏത് പിശാച്....... എന്താ കാര്യം.....

നമുക്ക് ഇവിടുന്ന് പോകാം റാനി എന്നു പറഞ്ഞു അവളുടെ കൈ പിടിച്ചു ഓടി. കുറച്ചു മുന്നോട്ട് പോയതും. അവളുടെ മറുകയ്യിൽ പിടി വീണിരുന്നു.

റാനി തിരിഞ്ഞു നോക്കി . ഇനുവിനെ നെഞ്ചോട് ചേർത്തു കെട്ടിപിടിച്ചു നിൽക്കുന്ന

ആള കണ്ടതും അവൾ ഞെട്ടി പകച്ചു നിന്നു.

📚STORY BOARD📚

❤️ 💔 INVISIBLE LOVE 💔❤️

Love after💘 marriage story

**Part 24**

**കൈപിടിച്ചു വലിച്ചതും അവന്റെ നെഞ്ചിലേക്ക് വീണു. കുതറി മാറാൻ നോക്കിയതും അവളെ കെട്ടിപിടിച്ചു. കാറ്റിനു പോലും കടന്നു പോകാൻ പറ്റാത്ത രീതിയിൽ മുറുകെ പിടിച്ചതും എതിർക്കാൻ ആവാതെ അവൾ അങ്ങനെതന്നെ നിന്നു. അല്ലെങ്കിലും മനസ്സ് കൊണ്ടു അവനിൽ നിന്നും അടരാൻ അവൾക്ക് തോന്നിയില്ല. ഇത്രയും ദിവസം കാണാതെ ഇരുന്നതിന്റെ വീർപ്പുമുട്ടൽ പറഞ്ഞറിയിക്കുന്നതിലും അധികം ആണ്. ആ വീട്ടിൽ നിന്നും ഇറങ്ങിയ ശേഷം ശരിക്കും ഉറങ്ങാൻ പോലും കഴിഞ്ഞിട്ടില്ല. കണ്ണടച്ചാൽ കാണുന്നത് അവനെയാണ്. ജുനുവിന് ശേഷം തന്നെ ഇത്രയേറെ സ്വാധീനിച്ച മറ്റൊരാൾ ഇല്ല.**

**അവന്റെ ഗന്ധം അവന്റെ സ്പർശം അവന്റെ പ്രസൻസ് എല്ലാം അവളിൽ അലിഞ്ഞു തുടങ്ങിയിരുന്നു. തന്നെ വേണ്ടെന്നു വെച്ചിട്ടും എന്ത്**

കൊണ്ടു തനിക്കത്തിന്ന് പറ്റുന്നില്ല എന്നായിരുന്നു അവളുടെ ചിന്തമുഴുവൻ.

അവനും വല്ലാത്തൊരു അവസ്ഥയിൽ ആയിരുന്നു. അവളില്ലാതെ ഒരു നിമിഷം പോലും അവനും പറ്റുന്നുണ്ടായിരുന്നില്ല. ഭ്രാന്ത് പിടിച്ച പോലെയാരുന്നു. ഇന്ന് ഒഴിവാക്കാൻ പറ്റാത്ത മീറ്റിംഗ് ഉണ്ടായിരുന്നത് കൊണ്ടു  വന്നതാണ്. അതിന്റെ കലിപ്പ് മൊത്തത്തിൽ സ്റ്റാഫിനോട് തീർത്തു കൊണ്ടിരുന്നു. പെട്ടെന്ന് ഇനുവിനെ കണ്ടതും നിയന്ത്രണം വിട്ടു പോയി. ഇറങ്ങി ഓടുകയാരുന്നു റൂമിൽ നിന്നും. അവളെ നെഞ്ചോട് ചേർത്ത് പിടിച്ചപ്പോഴാണ് തനിക്ക് ജീവൻ ഉണ്ടെന്ന് പോലും തോന്നിയത്.

Aj സാർ ഫൈസിക്ക ആണൊ റാനിയുടെ ചോദ്യം ആണ് രണ്ടുപേരെയും ഉണർത്തിയത്. അവൻ മനസ്സില്ലമനസ്സോടെ അവളെ വിട്ടു.

ഫൈസിക്കയെ അങ്ങനെ ആണൊ എല്ലാരും വിളിക്കൽ റാനിയ സംശയത്തോടെ ചോദിച്ചു.

മുഹമ്മദ് ഫൈസ് അസ്കർ ദാറ്റ്സ് മൈ ഫുൾ നെയിം. ഉപ്പാനെ വിളിക്കുന്ന പേരാണ് Aj.ഉപ്പാന്റെ വാലായി ചെറുതിലെ എല്ലാടത്തും പോകും. അതോണ്ട്

ജൂനിയർ Aj എന്ന് എന്നെയും വിളിക്കും ...... ഉപ്പാക്ക് ശേഷം ഞാൻ ആയി  Aj .  എന്നിലൂടെ എന്റെ ഉപ്പയെ കാണുന്ന ബിസിനസ് ഫീൽഡ് മിക്കപേരും അങ്ങനെയാണ് വിളിക്കൽ. പിന്നെ കമ്പനി പേരും Aj എന്നാണ്.എനിക്കും അങ്ങനെയാണ് വിളിക്കുന്നത് ഇഷ്ടം. ഫ്രണ്ട്സ്നും വീട്ടുകാർക്കും ഫൈസ് എന്ന് വിളിക്കാനും. രണ്ടും തിരുത്താറില്ല.

നിങ്ങൾ എന്താ ഇവിടെ എന്നെ കാണാൻ വന്നതാണോ.....

റാനി ഇനുവിനെ നോക്കി. അവൾ ഒന്നും പറയേണ്ടെന്ന് കണ്ണുകൾ കൊണ്ടു പറഞ്ഞു. ഇനിയൊരിക്കൽ കൂടി നാണം കേടണ്ടെന്ന് അവൾക്ക് തോന്നി.

സാർ ഇവർ സാറിന്റെ അപ്പോയ്ന്റ്മെന്റ് ചോദിച്ചു വന്നതാണ്. ഇവറുടെ ബ്രദറുടെ ഒരു ഹോസ്പിറ്റൽ കേസ് ആയി സഹായം ചോദിച്ചു വന്നതാണ് . ബ്രദർ ഹോസ്പിറ്റലിൽ അഡ്മിറ്റ് ആണ് പോലും. ഞാൻ സ്വാന്തനം ട്രസ്റ്റിൽ പോകാൻ പറഞ്ഞതാണ്. ഇവർ അനുസരിക്കാതെ അകത്തേക്ക് വന്നു.സാക്ഷ ഇടക്ക് കേറി പറഞ്ഞു.

ഫൈസ് ഞെട്ടലോടെ അവരെ നോക്കി. റാനിയുടെ ബ്രദർ ഹോസ്പിറ്റലിൽ ആണൊ എന്താ പറ്റിയത്...... ഇപ്പൊ എങ്ങനെയുണ്ട്...

അവൻ ഉത്കണ്ടയോടെ ചോദിച്ചു.

ഇനു അവനെ സൂക്ഷിച്ചു നോക്കി. ഒന്നും അറിയാത്ത പോലെ നടിക്കുന്നു. ഇന്നലെ പൈസ തന്നു ഇറക്കിവിട്ടതാണ്. എന്നിട്ട് കണ്ടപ്പോൾ കെട്ടിപിടത്തവും അറിയാത്ത ഭാവവും.മൊത്തം ആക്ടിങ് ആണല്ലോ.

സാർ വൺ മിസ്റ്റർ സിനാൻ. ഹാർട് പ്രോബ്ലം ആണ്. ഓപ്പറേഷന്  തല്ക്കാലം കടം ആയിട്ടെങ്കിലും പൈസ മതിയെന്നാണ് ഇവർ  പറയുന്നത്.

അവൻ റാനിയെ നോക്കി. അവൾ ഒന്നും മിണ്ടാതെ ഇനുവിനെ നോക്കുക മാത്രം ചെയ്തു.

ഫൈസ് സാക്ഷിയെ നോക്കി. സാക്ഷി ഇത് റാനിയ. ഇവളോട് ഡീറ്റെയിൽസ് ചോദിച്ചിട്ട് എന്താ വേണ്ടത് എന്ന് വെച്ചാൽ ചെയ്തു കൊടുക്കണം ഇമ്മീഡിയറ്റ്ലി.

0k സാർ

മാനേജരോട് പറഞ്ഞ മതി. ക്യാഷ് എത്രയാണെന്ന് നോക്കണ്ട. എത്രയും പെട്ടെന്ന് ഹോസ്പിറ്റലിൽ അടച്ചു ഒപ്പറേഷന് വേണ്ടുന്ന കാര്യങ്ങൾ നേരിട്ട് പോയി  ചെയ്തു കൊടുക്കാൻ പറയ്. അപ്പോഴേക്കും ഞാൻ വന്നോളാം.

സാക്ഷ റാനിയെ വിളിച്ചപ്പോൾ അവൾ ഇനുവിനെ നോക്കി. എന്താ വേണ്ടെന്ന് അവൾക്കും മനസ്സിലാവുന്നുണ്ടായിരുന്നില്ല. ഇന്നലെ വീട്ടിൽ നിന്ന് അങ്ങനെ പറഞ്ഞു. ഇന്ന് പൈസ എത്രയാണെന്ന് പോലും ചോദിക്കുന്നില്ല. ആകെ കൺഫ്യൂഷൻ ആയല്ലോ.

അവൾക്ക് സിനുന്റെ കാര്യത്തിൽ ചിന്തിക്കാൻ ഒന്നും ഉണ്ടായിരുന്നില്ല. വേണമെങ്കിൽAj യുടെ  കാൽ പിടിക്കാനും തയ്യാറായാണ് വന്നതും. പക്ഷേ ഫൈസ്..... അതോർക്കുമ്പോൾ അവൾക്ക് എന്തോ ഇഷ്ടക്കേട് തോന്നി. എന്നാലും പ്രതീക്ഷയോടെ നോക്കുന്ന റാനിയുടെ മുഖവും സിനാൻറെ അവസ്ഥയും ആലോചിച്ചപ്പോൾ അവൾക്ക് എതിർക്കാൻ കഴിഞ്ഞില്ല. അവൾ തലയാട്ടിയതും റാനി സാക്ഷയുടെ കൂടെ പോയി. ഇനുവും പോകാൻ നോക്കിയതും ഫൈസ് അവളുടെ കയ്യിൽ പിടിച്ചു

വെച്ചു.

റാണി ഇവരെ കൂടെ പോയിക്കൊള്ളൂ. ഇവളെ  കൂട്ടി ഞാൻ പിറകെ വന്നോളാം.

അവർ പോയി.

അവൻ അവളെ കൂട്ടി കാബിനിലേക്ക് പോയി.

അവിടെ എത്തിയിട്ടും കൈ വിട്ടിരുന്നില്ല.

അവൾ കൈ ബലമായി വിടുവിച്ചു.

ഇന്നലെ വീട്ടിൽ നിന്നും ഇറക്കി വിട്ടതല്ലേ....... പൈസയും ഇല്ലെന്ന് പറഞ്ഞു. ഇപ്പൊ എവിടുന്ന പൈസ കിട്ടിയത്. അതോ റാനിയുടെ മുന്നിൽ ആളായതോ..... ഞാൻ aj ഫൈസ് ആണെന്ന് അറിയാതെയ ഇവിടെ വന്നത്. അറിഞ്ഞിരുന്നെങ്കിൽ വരില്ലായിരുന്നു.ഹോസ്പിറ്റലിൽ എത്തി പൈസ ഇല്ലെന്ന് പറഞ്ഞു പറ്റിക്കാനാണോ ഇനി. സങ്കടം കൊണ്ടു വാക്കുകൾ ഇടറുന്നുണ്ടായിരുന്നു അവളുടെ.

അവൻ ഞെട്ടലോടെ അവളെ നോക്കി. ഞാൻ ഇറക്കിവിട്ടെന്നോ....... പൈസ ഇല്ലെന്ന് പറഞ്ഞെന്നോ...... നീ എന്തൊക്കെയൊ പറയുന്നേ......

ഞാൻ നിന്നെ മിന്നിഞ്ഞാന്ന് കണ്ടതിനു ശേഷം ഇപ്പോഴല്ലേ മുന്നിൽ വരുന്നേ...

അവൾ അവനെ തന്നെ നോക്കി. ഇന്നലെ വീട്ടിൽ വന്നപ്പോൾ പറഞ്ഞതോ...... ഉമ്മാനോട് എന്നെ കാണണ്ട പറഞ്ഞില്ലേ...... ഒരിക്കലും മുന്നിൽ വരരുത് പറഞ്ഞില്ലേ..... എന്റെ സിനുനെ വേണ്ടി പൈസ ചോദിച്ചപ്പോൾ പൈസ ഇല്ലെന്ന് പറഞ്ഞു പതിനായിരം രൂപയും തന്നില്ലേ...... എന്നിട്ട് അറിയാത്ത പോലെ നടിക്കുന്നത് എന്തിനാ......

അവൻ ഞെട്ടി വിറങ്ങലിച്ചു നിന്നു. ഒരിക്കലും സ്വപ്നത്തിൽ പോലും അറിയാത്ത കാര്യങ്ങൾ ആണ് ഇതെല്ലാം.....

ഞാൻ ആണ് ഇതൊക്കെ ചെയ്തത് അല്ലാതെ ഫൈസിയല്ല ...... അവനൊന്നും അറിയില്ല.......ആ ശബ്ദം കേട്ടു അവർ തിരിഞ്ഞു നോക്കി.

സമി.......

സോറി ഫൈസി...... ഇന്നലെ ഇവൾ വീട്ടിൽ വന്നിരുന്നു. ഇവളെ വീട്ടിൽ പോയപ്പോൾ നിന്നെ ശല്യം ആണെന്ന് പറഞ്ഞു ഇനി കാണാൻ വരരുത് എന്നൊക്കെ പറഞ്ഞില്ലേ. അത് കേട്ടു നീ വീട്ടിൽ

വന്നു ഒരുപാട് കരഞ്ഞില്ലേ അതൊക്കെ കണ്ടപ്പോൾ എനിക്ക് ഇനുനോട് ദേഷ്യം തോന്നി. അതോണ്ട് ഇനു വീട്ടിൽ വന്നപ്പോ ഉമ്മാനെ കൊണ്ടു ഞാനാണ് അങ്ങനെ പറയിച്ചത്. പിന്നെ പൈസ എന്റെൽ അത്രയേ ഉണ്ടായിരുന്നുള്ളൂ അത് ഞാൻ കൊടുത്തു.

അപ്പൊ ഫൈസി പറഞ്ഞതല്ലേ അതൊന്നും ഇനു സംശയത്തോടെ സമിയെ നോക്കി.

ഞാൻ പെട്ടെന്നുള്ള ദേഷ്യത്തിന് ചെയ്തു പോയതാ.നീ അങ്ങനെ ഒക്കെ പറഞ്ഞപ്പോൾ ഇവൻ വീട്ടിൽ വന്നു ഒരേ സങ്കടം  ആയിരുന്നു.എനിക്ക് നിന്നോട് ദേഷ്യം തോന്നി. അത് കൊണ്ടു ഉമ്മാനോട് പറഞ്ഞു ഞാൻ ചെയ്യിച്ചതാ . വീട്ടിൽ പോയപ്പോൾ മുതൽ എനിക്ക് സിനുനെ ഓർത്തു സങ്കടം വന്നു. അതോണ്ട് ഫൈസിനോട് ഇതൊക്കെ പറഞ്ഞു ഒപ്പറേഷനുള്ള പൈസ കൊടുക്കണം എന്ന് പറയാനാ ഞാൻ ഇപ്പോൾ വന്നത്.ഫൈസിക്ക് അറിയില്ല ഒന്നും. നിങ്ങൾ രണ്ടാളും എന്നോട് ക്ഷമിക്കണം.

ഇനു ഫൈസിയെ നോക്കി...... അവനൊന്നും അറിയില്ലെന്ന് അറിഞ്ഞപ്പോൾ അവനെ

തെറ്റിദ്ധരിച്ചതിൽ കുറ്റബോധം തോന്നി. ജിഷ്ണുക്കാക്ക പറഞ്ഞത് പോലെ AJ സാർ നല്ലവൻ തന്നെയാണ്. ആരാന്ന് പോലും അറിയാത്ത അയാളെ സഹായിച്ചില്ലേ. ഇപ്പോൾ സിനുനെ സഹായിച്ചില്ലേ. അവൾ സമിയെ ദേഷ്യത്തോടെ നോക്കി.

ഫൈസ് സമിയെ ഉറ്റു നോക്കി. അവൻ പറഞ്ഞത് മുഴുവൻ കളവാണെന്ന് അവന്ന് അറിയാമായിരുന്നു. അവൻ ഇനു കാണാതെ കണ്ണിറുക്കി  കാണിച്ചു.

ഇനു എന്തൊക്കെയോ ആലോചിച്ചു നില്കുന്നത് കണ്ടു. അവളുടെ കണ്ണ് നിറഞ്ഞു ഒഴുകുന്നുണ്ട്. അവൻ സമിയെകൂട്ടി കുറച്ചു പിറകിലോട്ട് പോയി.

എന്താടാ ഇതൊക്കെ......

അവൾ പറഞ്ഞതൊക്കെ സത്യം ആണ്. നിന്റെ ഉമ്മ ചെയ്തതാ എല്ലാം. ആ പാവത്തിനെ ഇറക്കി വിട്ടതാ...... കരഞ്ഞോണ്ടെ നിന്റെ വീട്ടിൽ നിന്നും ഇറങ്ങിപോയതത്രെ അവൾ.  നിന്റെ ഉപ്പ രാവിലെ എന്നെ കാണാൻ വന്നിരുന്നു. നിന്നോട് നേരിട്ട് പറയാൻ പേടിച്ചിട്ടാ എന്നോട് പറഞ്ഞത്. അത് നിന്നോട് പറയാൻ വന്നപ്പോഴാ നിങ്ങളെ സംസാരം

കേട്ടത്. എനിക്കപ്പൊ അങ്ങനെ പറയാനാ തോന്നിയത്.സമി മെല്ലെ പറഞ്ഞു.

അവന്റെ കണ്ണുകൾ നിറഞ്ഞിരുന്നു. വേദനയോടെ സമിയെ നോക്കി. എന്നാലും ഉമ്മാക്ക് എങ്ങനെ തോന്നിയെടാ ഇതിന്ന്. അവളെ പോട്ടെ ആ കുഞ്ഞിന്റെ ജീവന് പോലും വിലകൽപ്പിച്ചില്ലല്ലോ.......

നീ അധികം തലയിൽ കേറ്റി വെച്ചിട്ടല്ലേ അനുഭവിച്ചോ....... എന്നാലും എന്റെ ഉമ്മാക്ക് ഇങ്ങനെ ഒരു ഏട്ടത്തി ഉണ്ടായിപോയല്ലോ. പണം ഒരാളെ സ്വഭാവം മാറ്റുന്നു കേട്ടിട്ടേ ഉള്ളൂ ഇപ്പോൾ കണ്ടു. സമി സ്വയം നെറ്റിയിൽ  ഇടിച്ചു.

നീ അവളെ മുന്നിൽ കുറ്റക്കാരൻ ആയില്ലേടാ..... ഫൈസി സങ്കടത്തോടെ അവനെ നോക്കി.

അത് സാരമില്ലടാ....... ഞാൻ മാനേജ് ചെയ്തോളാം. നീ ഉമ്മാനോട് പോയി ചോദിച്ച തല്ലും വഴക്കും ഉണ്ടാകും...... ഉമ്മ അവളെ മെക്കിട്ട് കേറും......പിന്നെ ഇനു ആ വഴിക്ക് പോലും വന്നില്ലെന്നും വരും. നല്ലൊരു ചാൻസാണ് നിനക്ക് ഇപ്പോൾ കിട്ടിയത്. അവളോട് നിന്റെ മനസ്സ് തുറന്നു സംസാരിക്ക്.

ഞാൻ പുറത്തു ഉണ്ടാകും....... ബാക്കിയൊക്കെ

വരുന്നിടത്തു വെച്ചു കാണാടാ...... സമി പോയി.

അവൻ പോയതും ഇനുവിന്റെ അടുത്തേക്ക് വന്നു. അവൻ അവളെ ചുമലിൽ കൈ വെച്ചു.

ഇനു..... അവളെ വിളിച്ചതും അവൾ അവനെ തിരിഞ്ഞു നോക്കി പിന്നെ കെട്ടിപിടിച്ചു. അവന്റെ നെഞ്ചിൽ മുഖം ചേർത്ത് പൊട്ടികരഞ്ഞു. എനിക്ക് എന്റെ ജുനുനെ കാണണം........ അവനോട് പറ എന്നെ കൂടി കൂട്ടാൻ...... തനിച്ചാക്കി പോയില്ലേ എന്നെ. ഒറ്റക്കായില്ലേ ഞാൻ.....

ഇത്രയും ദിവസം ആയിട്ടും അവളൊരിക്കൽ പോലും ജുനുനെ മിസ്സ് ചെയ്തുന്നു പറഞ്ഞിട്ടില്ല. അവനെ പറ്റി പറഞ്ഞിട്ടോ ചോദിച്ചിട്ടോ ഇല്ല. അവന്റെ മേലെ മുറുകുന്ന കൈകളിലൂടെ അവൻ അറിയുന്നുണ്ടായിരുന്നു അവളുടെ സങ്കടം.

നീയൊരിക്കലും ഒറ്റക്കാവില്ല ഇനു.... ഞാൻ ഇല്ലേ നിന്റെ കൂടെ.... തനിച്ചാക്കില്ല ഒരിക്കലും..

അവൻ അവളെ തിരിച്ചു കെട്ടിപിടിച്ചു. ജുനുനെ മിസ്സ് ചെയ്യുന്നുണ്ടോ നിനക്ക്......

ഞാൻ തനിച്ചായെന്ന് തോന്നി...... സിനുന് ക്യാഷ്

കിട്ടാതെ ഒത്തിരി പേടിച്ചു. ആദ്യം ആയിട്ടാ ഇങ്ങനെ ഒക്കെ.എന്റെ ജുനു ഉണ്ടെങ്കിൽ എനിക്ക് ഒന്നിനും പേടിക്കണ്ട. എന്നെ ഒരിക്കലും അവൻ തനിച്ചാക്കില്ല....

നിന്നെ തനിച്ചാക്കിയത് നീ തന്നെയല്ലേ....... ഞാൻ ഉണ്ടായിരുന്നില്ലേ ഇവിടെ വേണ്ടെന്നു വെച്ചിട് പോയത് നീയല്ലേ.......

അതിന്ന് അവൾ മറുപടി പറഞ്ഞില്ല.....

ജുനുവിനെ നിനക്ക് ഇഷ്ടം അല്ലേ.,....... എന്നിട്ടും ജുനു പറഞ്ഞത് നീ അനുസരിക്കുന്നില്ലല്ലോ അതെന്താ.....

അവൾ അവനെ വിട്ടു അവന്റെ മുഖത്തേക്ക് തന്നെ നോക്കി. ഞാൻ ജുനു പറഞ്ഞത് എന്താ അനുസരിക്കാത്തത്....... അവൻ അറയുന്നത്തെ കേൾക്കു.

എന്നിട്ടാണോ എന്നെ വിട്ടു പോയത്. അവൻ നിന്നെ എന്നെയല്ലേ ഏല്പിച്ചത്. എന്റെ കൂടെ താമസിക്കാനല്ലേ പറഞ്ഞത്. അവൻ വരുന്നത് വരെ പൊന്ന് പോലെ നോക്കണമെന്ന് എന്നോടല്ലേ പറഞ്ഞത്... എന്നിട്ട് നീ അനുസരിച്ചോ ഇല്ലല്ലോ.

അവന്റെ വാക്കിനു  വിലയില്ലെന്നല്ലേ അതിന്റെ അർത്ഥം.

സോറി....... ഞാൻ അതോർത്തില്ല. ഞാൻ നിന്റെ കൂടെ തന്നെ വന്നോളാം...... എന്റെ ജുനു എന്ത് പറഞ്ഞോ ഞാൻ അത് അനുസരിക്കും.

അവൻ അവളെ മുഖത്തേക്ക് തന്നെ നോക്കി. ചിലപ്പോൾ തോന്നും കുട്ടിക്കളി ആണെന്ന്.... ചിലപ്പോൾ തോന്നും മെച്ചയൂരിറ്റി ഉണ്ടെന്ന്..... ചിലപ്പോൾ തോന്നും ഭൂലോക മന്നബുദ്ധി ആണെന്ന്. ശരിക്കും ഇവളെ സ്വഭാവം എന്താ..

ബുദ്ധി കൂടിയിട്ടോ അതോ മന്നബുദ്ധി ആയിട്ടോ.......ആരെന്തു പറഞ്ഞാലും ആ ഭാഗത്തേക്ക് ചായും.

അപ്പോഴാണ് സാക്ഷ വാതിലിൽ നോക്ക് ചെയ്തത്. അവൻ വിളിച്ചതും സാക്ഷ അകത്തേക്ക് കയറി.

സാർ ആ കുട്ടിയുടെ മുഴുവൻ പൈസയും ഓൾ റെഡി പേ ചെയ്തിട്ടുണ്ട്. മാത്രം അല്ല ഇപ്പോൾ ഓപ്പറേഷൻ നടന്നു കൊണ്ടിരിക്കുകയാണ്. അതും ഇന്ത്യയിലെ ഏറ്റവും ഫേമസ്റ്റ് കാർഡിയോളിസ്റ്റ് ആണ് സർജറി ചെയ്യുന്നത്.

ഫൈസിയും ഇനുവും ഞെട്ടലോടെ സാക്ഷയെ നോക്കി.

ആരാ പെയ്മന്റ് ചെയ്തെന്ന് അന്വേഷിച്ചോ

ജന്നത് ഗ്രുപ്പ് സിഇഒ ഇജാസ് ഹൈദർ.

ഇനു ശ്വാസം എടുക്കാൻ പോലും മറന്നു കൊണ്ടു വിറച്ചു നിന്നു.

നിങ്ങൾ ഇജാസിനോട് സഹായം ചോദിച്ചിനോ ഫൈസിന്റെ ശബ്ദം കേട്ടപ്പോൾ അവൾ അവനെ നോക്കി.

എന്ത് പറയണം എന്നറിയാതെ അവൾ വിറങ്ങലിച്ചു നിന്നു. വീണ്ടും തോൽപിച്ചു കളഞ്ഞല്ലോ ഇജു....... അവൾ മനസ്സിൽ ഓർത്തു.

ഇനു നിങ്ങൾക്ക് ഇജാസിനെ അറിയോന്ന് അവൻ വീണ്ടും ചോദിച്ചു.

പൈസ കിട്ടാഞ്ഞപ്പോ ഞാൻ അവരെ ഓഫീസിൽ പോയിരുന്നു. അത് പറയുമ്പോൾ അവളുടെ തലതാണിരുന്നു. ഇജുവിനെ പോലെ എന്നെ മനസ്സിലാക്കാൻ ആർക്കും കഴിയില്ലെന്ന് അവൾക്ക് തോന്നി. ഞാൻ മനസ്സിൽ കരുതുന്നത് അവൻ

അറിയും.  അല്ലെങ്കിലും എന്നെ വേദനിപ്പിക്കാൻ കഴിയതോണ്ട് ആണല്ലോ ഇത്രയും വർഷം അടുത്ത് വരാഞ്ഞതും. പതിനെട്ടു വയസ്സ് ആയാൽ സ്വന്തം തീരുമാനം എടുക്കാൻ പ്രാപ്‌തി ആയാൽ  എങ്കിലും ഞാൻ തേടി പോകുമെന്ന് കരുതിയിട്ട് ഉണ്ടാവും. അത് ഇങ്ങനെ ആയി. അവൾ ദയനീയമായി ഫൈസിയെ നോക്കി. ഇർഫാനെ പ്രണയിച്ചില്ലായിരുന്നെങ്കിൽ.........ഇവൻ വന്നില്ലായിരുന്നെങ്കിൽ....... ഈ മാര്യേജ് നടന്നില്ലായിരുന്നെങ്കിൽ........ എന്നൊക്കെ അവൾ ഒരു നിമിഷം ഓർത്തു. ഫൈസിയെ നോക്കി ദീർഘാനിശ്വാസം ഇട്ടു. ഇർഫാനെ കണ്ടുമുട്ടിയതാണ് എല്ലാ പ്രശ്നങ്ങൾക്കും കാരണം. അവളിൽ വെറുപ്പും ദേഷ്യവും നിറഞ്ഞു ഇർഫാനോട്.

ഫൈസ് സാക്ഷിയോട് സംസാരിക്കുന്നതും അവൾ പോകുന്നതും കണ്ടു. സാക്ഷി അവളെ ചുഴിഞ്ഞു നോക്കുന്നത് കണ്ടാണ് ഇനുവും നോക്കിയത് എന്റെ കൈ പിടിച്ചണ് ഇപ്പോഴും ഫൈസി നില്കുന്നത്. അത് കണ്ടപ്പോൾ വല്ലാത്തൊരു സന്തോഷം ആണ് അവൾക്ക് തോന്നിയത്. നേരത്തെ പുച്ഛത്തോടെയും അവകജ്ഞായുടെയും നോക്കിയതാണ് ഞങ്ങളെ.

എന്നാലും അവൾ കൈ വലിച്ചു.

അവൻ അവളെ നോക്കി മുഖം ചുളിച്ചു.അത് ഫൈസിക്ക് ഇഷ്ടം ആയില്ലെന്ന് അവന്റെ മുഖത്ത് നിന്നും അവൾക്ക് മനസ്സിലായി.

എനിക്ക് സിനുനെ കാണണം.ഞാൻ പോവ്വാ..

ഞാനും വരുന്നുണ്ട് ഹോസ്പിറ്റലിലേക്ക്..... ഒന്നിച്ചു പോകാം.

അപ്പോഴാണ് സാക്ഷ വീണ്ടും വന്നത്.

സാർ ഒരു ഓട്ടോ ഡ്രൈവർ സാറിനെ കാണണമെന്ന് പറഞ്ഞു വന്നിട്ടുണ്ട്. സാറിന് വേണ്ടപ്പെട്ട എന്തോ മിസ്സ് ആയി. അത് തരാനാണെന്ന് പറഞ്ഞു.

അവൻ വരാൻ പറഞ്ഞു.ഇനു ഫൈവ് മിനുട്ട്. അത് ആരാന്ന് നോക്കിയിട്ട് പോകാം

അവൾ തലയാട്ടി. വാതിൽ തുറന്നു കയറി വരുന്ന ആളെ കണ്ടു ഇനുവിന്റെ ചുണ്ടുകൾ മൊഴിഞ്ഞു ജിഷ്ണുകാക്കു.ജിഷ്ണുവിന്റെ സൈഡിൽ ആയോണ്ട് അവളെ അവൻ കണ്ടില്ല.

സാർ ഇത് രാവിലെ സാറിനെ കാണാൻ വന്ന ഇനായയുടെ ബാഗ് ആണ്. ഓട്ടോയിൽ വെച്ചു മറന്നു

പോയി. എനിക്ക് ഇനായയുടെ അഡ്രെസ്സ് അറിയില്ല. അത് കൊണ്ടു ഇവിടെ ഉണ്ടാകുമെന്നു കരുതി. സാറിന്റെ ഫ്രണ്ട് ജുനൈദിന്റെ ആരോ ആണ് ആ കുട്ടി. അത് കൊണ്ടാണ് ഇങ്ങോട്ട് വന്നത്.

ജുനൈദിന്റെ ആരോ ആണെന്ന് തന്നോടരു പറഞ്ഞു. അത് മാത്രം അല്ല എനിക്ക് ജുനൈദ്നെ അറിയാമെന്നു ആര് പറഞ്ഞു. ഫൈസി അയാളെ സംശയത്തോടെ നോക്കി ചോദിച്ചു.

എന്റെ ബാഗ് എന്ന് പറഞ്ഞു ജിഷ്ണുവിന്റെ അടുത്തേക്ക് പോകാൻ നിന്ന ഇനു സ്റ്റക് ആയി നിന്നു. അതും ശരിയാണല്ലോ. ഇന്നലെ

ജുനൈദ്നെ അറിയാന്ന് പറഞ്ഞില്ലല്ലോ.

സാറിന് എന്നെ ഓർമ്മയുണ്ടോ....... നമ്മൾ തമ്മിൽ പരിചയപെട്ടിട്ട് ഉണ്ട്. ഒരു വർഷം മുന്പാണ്. സൂയിസൈഡ് ചെയ്യാൻ പോയിടത് നിന്നും ജുനൈദ് കൂട്ടിവന്ന കക്ഷി.....അമ്മേടെ സർജറിക്ക് സാർ ആയിരുന്നു സഹായിച്ചത്.

ഇപ്പോൾ ഓർമ വന്നു.സോറി പെട്ടെന്ന് ഓർത്തില്ല.....അല്ല ഇനയയെ അറിയോ.....

ഇല്ല ഇന്നലെ പരിജയപ്പെട്ടതാ. ഇപ്പോൾ ബാഗ് കണ്ടപ്പോ തുറന്നു നോക്കി ജുനൈദിനെ കെട്ടിപിടിച്ചു നിൽക്കുന്ന ഫോട്ടോ കണ്ടു. അങ്ങനെ തോന്നി ജുനൈദിന്റെ ആരോ ആണെന്ന്.

ജിഷ്ണുകക്കു.....

ജിഷ്ണു തിരിഞ്ഞു നോക്കി.

ടീ വയാടി നീ ഇവിടെ ഉണ്ടാരുന്നോ...... ഞാൻ കരുതി പോയെന്ന്. വിളിക്കാൻ ആണെങ്കിൽ ഫോൺ ഇല്ലല്ലോ നിന്റേൽ....

എന്റെ ജുനുനെ എങ്ങനെ അറിയാ.... ജുനൈദിന്റെ അനിയത്തിയ ഞാൻ.....

ജിഷ്ണുകാക്കുവോ....... ഫൈസി കണ്ണും മിഴിച്ചു അവളെ നോക്കി.

ബാഗ് അവളേൽ കൊടുത്തു.

ജുനുനെ അറിയോന്ന് ചോദിച്ച. ഒരു ദിവസത്തെ പരിജയം ഉള്ളൂ. പക്ഷേ അന്ന് ദൈവത്തിന്റെ രൂപത്തില എന്റെ മുന്നിൽ പ്രത്യക്ഷപെട്ടതെന്ന് മാത്രം. എന്റെ അമ്മ ഇന്നും പ്രാർത്ഥിക്കുമ്പോൾ അതിൽ ജുനൈദ് ഉണ്ടാവും......  അത് കൊണ്ടാവും

മോളെ കണ്ടപ്പോൾ എന്തോ അടുപ്പം തോന്നിയത്.

അവൾ ഒന്നും മനസ്സിലാവാതെ ജിഷ്ണുവിനെ നോക്കി. ജുനൈദ് സഹായിച്ചതാണെന്ന് മനസ്സിലായി.

സാർന്റെ ബെസ്റ്റ്  ഫ്രണ്ടിന്റെ അനിയത്തിയല്ലേ ഇവൾ..എന്നിട്ടും AJ സാറിനെ അറിയില്ല പറഞ്ഞു....

അവൾ മറന്നു പോയതാ അതാവും....... ഫൈസിക്ക് അത് പറയുമ്പോൾ നാണക്കേട് പോലെ തോന്നി. ഭാര്യയാണെന്ന് പറയാൻ പോയതാ. ഇനി പറഞ്ഞ കൂടുതൽ ചോദ്യം വരുമെന്ന് കരുതി മിണ്ടാതിരുന്നു.

ഇന്നലെ ജന്നത് ഹൌസിൽ പോകണമെന്ന് പറഞ്ഞ ഓട്ടോയിൽ കേറിയത്. കരഞ്ഞോണ്ട് ഇരിക്കുന്ന കണ്ടപ്പോൾ ജുനൈദ് എന്നോട് പറഞ്ഞത് ഓർത്തു. വികാരത്തിന് അടിമപ്പെട്ടു തീരുമാനം എടുക്കരുതെന്ന് പറഞ്ഞത് . അത് ഇവളോട് പറഞ്ഞു. അപ്പോഴാ ബ്രദർ ഹോസ്പിറ്റലിൽ ആണെന്ന് പറഞ്ഞത്. ഞാനാ Aj സാറിനെ കണ്ടാൽ മതി പറഞ്ഞു ഇങ്ങോട്ട് അയച്ചത്.

ഇജാസിനെ കാണാൻ പോയത് ആവും.അവൻ ഓർത്തു.വെറുതെ അല്ല ഷഹാസദ് കുത്തികൊണ്ട് സംസാരിച്ചത്. ഇവൾ കരഞ്ഞോണ്ട് ഇന്നലെ

അങ്ങോട്ട് പോയിരുന്നെങ്കിൽ അതോർത്തതും അവന്റെ ഉള്ളിൽ ഒരു ഇടിവെട്ടി. അല്ലെങ്കിലേ താഴ്ത്തി കെട്ടാൻ നടക്കുവാ തെണ്ടി.ജിഷ്ണുനെ അവളെ  മുന്നില്  പടച്ചോൻ ആയിട്ട് എത്തിച്ചതാ. അവൻ നന്ദിയോടെ അയാളെ നോക്കി.

അവൾ ഫൈസിയെ തന്നെ നോക്കി. എന്നെ എന്താ വൈഫ് ആണെന്ന് പറയാതെ ഫൈസ്.

അവൾ അതാ ഓർമിച്ചു നിന്നത്.

താങ്ക്യൂ ജിഷ്ണു....... ഫൈസി പറഞ്ഞു

എന്നോട് താങ്ക്സ് പറയല്ലേ സാറേ.... ജുനൈദുവും സാറും  ഇല്ലായിരുന്നുവെങ്കിൽ ഞാനും അമ്മയും ഇന്ന് ജീവനോടെ ഉണ്ടാവില്ലായിരുന്നു. അവൻ കൈകൂപ്പി പറഞ്ഞു. രണ്ടാളോടും പോട്ടെ എന്ന് ചോദിച്ചു പോയി.

ജുനുനെ എങ്ങനെ അറിയാം ജിഷ്ണുക്കാകുന്.......അവൾ ഫൈസിയെ നോക്കി.

ഒന്നുകിൽ ഏട്ടൻ എന്ന് വിളി അല്ലെങ്കിൽ കാക്കുന്ന് ഇതെന്താടി രണ്ടും കൂട്ടി വിളിക്കുന്നെ.നീയെന്താ കൊച്ചു കുട്ടിയോ അവൻ കളിയാക്കി.

അങ്ങനെ വിളിച്ചു പോയി ഇനി മാറ്റില്ല അവൾ മുഖം കോട്ടി.

അത് കണ്ടതും ഫൈസിയുടെ മുഖത്ത് ഒരു ചിരി വിരിഞ്ഞു.

ജുനു ഒരു ദിവസം നൈറ്റ് വരുമ്പോൾ ജിഷ്ണു ട്രെയിനിന് മുന്നിൽ ചാടി ചാവാൻ പോവ്വാരുന്നു. ജുനു പോയി രക്ഷിച്ചു കൊണ്ടു വന്നു. അമ്മക്ക് ഒരാക്സിഡന്റ് ഉണ്ടായി ക്യാഷ് ഇല്ലാത്തോണ്ട് അമ്മയെ ഹോസ്പിറ്റൽകാർ തിരിഞ്ഞു നോക്കിയില്ല. പണത്തിനു വേണ്ടി ഓടി നടന്നെങ്കിലും കിട്ടിയില്ല. അവസാനം അമ്മയെ രക്ഷിക്കാൻ വഴിയില്ലാതെ അമ്മക്ക് മുന്നേ പോകാൻ നോക്കിതാ. ഭാഗ്യത്തിന് ജുനു കണ്ടു രക്ഷിച്ചു. സ്വാന്തനം ട്രസ്റ്റിൽ കൊണ്ടു വന്നു. ഞാൻ ആയിരുന്നു അന്ന് പൈസ കൊടുത്തത്. ഒരു അനിയത്തി കൂടി ഉണ്ട് അവന്ന്. ചാവാൻ പോകുമ്പോ അവളെ ഓർക്കാത്തതിന് ജുനിന്റെ വായിൽ നിന്ന് കുറെ ഉപദേശം കേട്ടു പാവം . പിന്നെ ഇപ്പോഴാ കക്ഷിയെ കണ്ടത്.

അവൾ ജുനുനെ വിളിച്ച നേരത്ത് തന്നെ ജിഷ്ണു വന്നത് അവൾക്ക് അത്ഭുതം തോന്നി

എന്റെ ജുനു അയച്ചതാണോ അയാളെ. ജുനുന് അപ്പോൾ ഇഷ്ടം ഇല്ലായിരിക്കും എന്റെ തീരുമാനം....... അവൾ ഞെട്ടലോടെ ഓർത്തു.

ടീ ഹോസ്പിറ്റലിൽ പോണ്ടേ......

അവൾ തലയാട്ടി. യന്ത്രികം എന്ന പോലെ അവന്റെ പിന്നാലെ നടന്നു. സമി കൂടെ വന്നെങ്കിലും അവൾ നോക്കിത് പോലും ഇല്ല.ഹോസ്പിറ്റലിൽ ഫൈസിയുടെ കൂടെ പോകുമ്പോൾ ഫൈസിയും സമിയും എന്തോ സംസാരിച്ചു കൊണ്ടു മുന്നില് ആയിരുന്നു ഉണ്ടായിരുന്നത്. പിറകിൽ ആയിരുന്നു അവൾ .

പെട്ടെന്ന് അവളെ കയ്യിൽ പിടിച്ചു വലിച്ചു അടുത്തുള്ള ഇടനാഴിയിലേക്ക് വലിച്ചു . അവൾ ഞെട്ടിതിരിഞ്ഞു നോക്കിയതും മുന്നിലുള്ള ആളെ അവൾ ഞെട്ടലോടെ നോക്കി. ഇജാസ്........

അവനെ കണ്ടതും തലതാഴ്ത്തി.

കുറ്റബോധം ആണൊ വെറുപ്പ് കൊണ്ടാണോ മുഖം താണു പോയത് അവൻ പുച്ഛത്തോടെ ചോദിച്ചു.

ഞാൻ....... അത്...... വാക്കുകൾ പുറത്തു വരാതെ

അവൾ കിടന്നു വിക്കി.

ആ കുഞ്ഞിന്റെ പേരിൽ ഞാൻ നിന്നെ ആവിശ്യപെടുന്നു കരുതിയല്ലേ എന്റെ അടുത്തേക്ക് സഹായം ചോദിച്ചു വരാഞ്ഞത്.

എങ്ങനെതോന്നി ഇനു നിനക്ക് കുഞ്ഞിന്റെ ജീവൻ വെച്ചു ഞാൻ നിന്നോട് വിലപേശുമെന്ന്. എന്നെ അങ്ങനെ ഉള്ള ഒരാളായ കാണുന്നത് എന്നറിഞ്ഞതിൽ സന്തോഷം ഉണ്ട്. എനിക്ക് നിന്നെ അങ്ങനെ ബലമായി നേടനമെന്നുണ്ടെങ്കിൽ ഇതിന് മുന്പേ  ആകാമായിരുന്നു. എപ്പോഴും നിന്റെ സന്തോഷം മാത്രമേ ഞാൻ നോക്കിയിട്ട് ഉള്ളൂ....അവന്റെ വാക്കുകൾ നെഞ്ചിൽ എന്തോ വേദന പടർത്തി. ഇനിയും അവിടെ നിന്നാൽ കരഞ്ഞു പോകുന്നു തോന്നി അവൾക്ക്.

സഹായിച്ചതിന്ന് ഒരുപാട് നന്ദി അവൾ കൈകൂപ്പി പറഞ്ഞു ഒപ്പിച്ചു. എന്നിട്ട് അവൾ കൈ തട്ടിമാറ്റി പോകാൻ നോക്കിയതും അവൻ നിൽക്കാൻ പറഞ്ഞു. അവൾ കേൾക്കാതെ നടന്നതും അവന്ന് ദേഷ്യം വന്നു. അവൻ മുടിയിൽ പിടിച്ചു പിറകോട്ടു വലിച്ചു. അതേ സ്പോട്ടിൽ അവൾ അവന്റെ കയ്യിൽ

കടിച്ചു. അവൻ പെട്ടെന്ന് ആയോണ്ട് വേദന കൊണ്ടു ആാാാ വിളിച്ചു പോയി.

ഫൈസി തിരിഞ്ഞു നോക്കിയപ്പോൾ ഇനുവിനെ കാണാഞ്ഞു അവളെ വിളിച്ചു തിരിഞ്ഞു നടന്നു. ഈ കുരിപ്പ്  ഇതിനിടയിൽ എവിടെ പോയി.........

ഞാൻ പറഞ്ഞിട്ടുണ്ട് എന്റെ മുടിയിൽ തൊടരുതെന്ന് എരിവ് വലിച്ചോണ്ട് തുള്ളുന്ന അവനെ നോക്കി ചുണ്ടും കൂർപ്പിച്ചു അവൾ പറഞ്ഞു.

അറിയണ്ട് വലിച്ചു പോയതാ പിശാജേ....... എന്റെ കൈ അവൻ നിന്നു കൈ കുടഞ്ഞു.

വെറുതെ അല്ലേടി ഷഹി നിന്നെ തള്ളിയിട്ടേ........

എന്റെ മുടി തൊട്ട ആരായാലും ഞാൻ കടിക്കും തല്ലും.......

എന്നാലേ നിന്റെ കാര്യത്തിൽ ഇന്നത്തോടെ തീരുമാനം ആയി മോളെ....... അവൻ പിറകോട്ടു നോക്കി പറഞ്ഞു.

ഫൈസി വരുന്നത് അവൾ കണ്ടു.....

ഒന്ന് പോ ഇജാസ്.......

അവൻ അറിയട്ടെ ഞാനും നീയും തമ്മിലുള്ള റിലേഷൻ....... അവൻ ചോദിക്കുമ്പോ നീയെന്ത് പറയും അവനോട്....... കള്ളം പറയോ....... ഓഹ് സോറി മറന്നു ജുനുന്റെ മാലാഖകുട്ടി കള്ളം പറയില്ലലോ എന്റെ കാര്യത്തിൽ ........ പറയാൻ പറ്റില്ലല്ലോ എന്റെ മുഖത്ത് നോക്കി........അപ്പൊ സത്യം പറയും......പറഞ്ഞോളൂ..... നിന്റെ പുന്നാര ജുനു എന്നോട് ചെയ്ത ചതി അവൻ അറിയട്ടെ ........ ജന്നത് ലണ്ടനിൽ എത്തിയതെങ്ങനെയെന്ന് അവനടക്കം ലോകം മുഴുവൻ അറിയട്ടെ.......അല്ലെങ്കിലും എന്നായാലും അറിയണ്ടേ........ ഇജാസ് പുച്ഛത്തോടെ പറഞ്ഞു.

അവൻ നിന്നെ കാണണ്ട....... ഒന്നും അറിയണ്ട....... എനിക്ക് എന്റെ ജുനുനെ വേണം........ അതിന് എനിക്ക് ഫൈസ്നെ വേണം....... അവൾ പേടിയോടെ അവനെ നോക്കി പറഞ്ഞു.

എനിക്ക് എന്റെ അനിയത്തി ജന്നത്ത് ഹൈദറിനെയും വേണം......എന്റെ ആവിശ്യവും ന്യായം ആണല്ലോ..... അതിനിപ്പോ എന്താ ചെയ്യാ...... അവൻ അവളെ നോക്കി കണ്ണിറുക്കി.

അവൻ പെട്ടെന്ന് അവളെ കയ്യിൽ കോരിയെടുത്തു. ഇനു ഞെട്ടലോടെ  ഇജുവിനെ നോക്കി. അവന്റെ മുഖത്തെ ആരെയും കൂസാത്ത ഭാവം കണ്ടു അവളിലൂടെ വിറയൽ പടർന്നു കയറി.

എന്നെ വിട് ഇജു.... ദ്രോഹിക്കല്ലേ.....ഫൈസ് കാണും......അവൾ കരഞ്ഞോണ്ട്പറഞ്ഞു.

കാണാനില്ല...... കൺകുളിർക്കേ കണ്ടോണ്ട് ഇരിക്കുകയാണ് അവൻ

അവൾ മെല്ലെ ഫൈസിനെ  നോക്കി. രണ്ടു പേരെയും മാറി മാറി നോക്കി നിൽക്കുന്ന ഫൈസിയെ അവൾ കണ്ടു. അത് കണ്ടതും ഇജാസ് അവളെ അവന്റെ നെഞ്ചോട് ഒന്നൂടി ചേർത്ത് പിടിച്ചു. അവൾ പേടിയോടെ കണ്ണുകൾ ഇറുക്കെ അടച്ചു പിടിച്ചു.

❤️ 💔 INVISIBLE LOVE 💔❤️

Love after💘 marriage story

Part 25

തന്റെ മുഖത്ത് തട്ടുന്ന നിശ്വാസത്തിലൂടെ തന്നെ അവന്റെ മുഖം തന്റെ മുഖത്തിനടുത്താണെന്ന് അവൾ അറിഞ്ഞു. എന്നിട്ടും അവൾ കണ്ണ് തുറന്നില്ല.

ഫൈസ് അവനെ നോക്കാൻ വയ്യ....... കാണാൻ വയ്യ.... ജുനു ആർക്കുമുന്നിലും തലകുനിക്കരുത് അത് മാത്രം സഹിക്കില്ല എനിക്ക്........

നീയെന്തിനാ പേടിക്കുന്നെ നീലക്കണ്ണി. ജന്നതിനെ ഓർത്താണോ....... പേടിക്കണ്ട..... നിനക്ക് ഇഷ്ടം അല്ലെങ്കിൽ അവളെ പറ്റി ഒന്നും ആരോടും പറയില്ല. അവളെ പേര് പോലും മിണ്ടില്ല.നിന്റെ സന്തോഷം മാത്രം മതി എനിക്ക്....... പക്ഷേ നീ അറിയണം ഇനു ഒരു നോക്ക് കാണാതെ....... ഒരു വാക്ക് മിണ്ടാതെ........ എന്നെങ്കിലും നിന്നെ സ്വന്തമാക്കാൻ കഴിയുമെന്ന വിശ്വാസത്തിൽ കാത്തിരുന്ന എന്നെ....... ജുനുവിനെ വിശ്വസിച്ചു സ്വന്തമാകുമെന്ന് കരുതി  കാത്തിരുന്ന പ്രണയത്തെ....... ജന്നത് ഹൌസിൽ മണവാട്ടി ആയി കയറി വരുന്ന നീലക്കണ്ണിയെ കാത്തിരുന്ന മുഴുവൻ കുടുംബത്തിന്റെ വേദന...... ഒക്കെ നീ അറിഞ്ഞേ പറ്റു നീലക്കണ്ണി...... ഫൈസ് അറിയട്ടെ എല്ലാം.....

വേണ്ട ഇജുക്ക.....  ഞാൻ ചെയ്തത് തെറ്റാണ്.... പറ്റിപ്പോയി...... ജുനു അല്ല ഞാൻ ആണ് ചതിച്ചത്........ എന്നെ ഇർഫാനിൽ നിന്നും രക്ഷിക്കാനാ ജുനു ഈ വിവാഹം നടത്തിയത്,.......

അതൊക്കെ സമയം പോലെ ഞാൻ കണക്ക് കഴിച്ചോളാം....... ഇന്നലെ നീ ചെയ്തതോ......

സഹായം വേണ്ട സമയത്ത് ഇജുക്കയെ ഓർത്തില്ല.... കണ്ടിടത്തെല്ലാം ഓടി നടന്നു...... ടെൻഷൻ അടിച്ചു.....ഒക്കെ എന്റെ തെറ്റാണ്.... ഞാൻ ഇനി ഇത്ആവർത്തിക്കില്ല...... എന്ത് ആവിശ്യം ഉണ്ടെങ്കിലും ആദ്യം ഇജുക്കയെ ഓർക്കും.... ഇജുക്കയുടെ അടുത്തേക്ക് വരും.... സത്യം.....

അവൻ ഒന്നൂടി അവളെ അവളുടെ ദേഹത്തേക്ക് ചേർത്ത് പിടിച്ചു.....

അവളുടെ ശരീരം ഭയന്നു വിറച്ചു...... നെറ്റിയിലൂടെ വിയർപ്പ് ഒലിച്ചു താണു കൊണ്ടിരുന്നു.

ജുനുവിനെ തൊട്ട് സത്യം ചെയ്യുന്നു. ഇനി ഒരിക്കൽ കൂടി തെറ്റ് ആവർത്തിക്കില്ല. ഞാൻ ഇജുക്കയുടെ അടുത്തേക്ക് വരും. മറ്റൊരാൾക്ക് മുന്നില് കൈ നീട്ടില്ല.

അവൻ പതിയെ ചിരിച്ചു. ഇജുക്ക........ആദ്യമായി കണ്ട നാളുകളിൽ  നീ മനസ്സറിഞ്ഞു വിളിച്ച പേര്...... ആ പേര് ഇപ്പോഴും ഉള്ളിൽ ഉണ്ടെന്ന് അറിഞ്ഞതിൽ സന്തോഷം. പിന്നെ നിനക്ക് ബുദ്ധിയില്ല മന്നബുദ്ധി

ആണെന്ന ശഹി പറയൽ.... അവസരത്തിനൊത്ത് പെരുമാറാൻ ഉള്ള ഈ കഴിവ് തന്നെ മതി ജന്നത്തിലെ ഭാവി മരുമകൾക്ക്......

ഫൈസിയോട് ഒന്നും പറയരുത്...... പ്ലീസ്.......

അപ്പോഴേക്കും ഫൈസി അരികിൽ എത്തിയിരുന്നു.

ഇനൂ...... എന്താ പറ്റിയെ...... ഇജാസ് എന്താ ഇവിടെ......അവന്റെ ശബ്ദത്തിൽ പേടിയും ഉത്കണ്ടയുമായിരുന്നു.സ്വന്തം ഭാര്യ സംശയക്കത്ത രീതിയിൽ ഒരാളുടെ കൈകളിൽ ആണെന്ന് അറിഞ്ഞിട്ടും അതിന്റെ ഒരു ഭാവവും അവന്റെ മുഖത്ത് ഇല്ലായിരുന്നു. അവൾക്ക് എന്താ പറ്റിയെ എന്നായിരുന്നു ടെൻഷൻ. ഇവന്ന് അവളെ അത്രക്ക് വിശ്വാസം ആണൊ......

ഫൈസിന്റെ ആരാ ഇത്..... ഇജാസ് ഒന്നും അറിയാത്ത പോലെ ചോദിച്ചു.

ഷി ഈസ് മൈ വൈഫ്....... ഇനായ മെഹവിഷ്.

ഞാൻ വരുമ്പോൾ തലകറങ്ങി വീഴാൻ നോക്കി. നടക്കാൻ പറ്റാതെ നിൽക്കുന്ന കണ്ടപ്പോൾ കയ്യിൽ എടുത്തു. ഡോക്ടറെ അടുത്ത് പോവ്വാൻ

നോക്കാരുന്നു.

അപ്പോഴാ അവൾക്ക് ശ്വാസം വീണത്. അവൾ കണ്ണ് തുറന്നു  കയ്യിൽ നിന്നും ഊർന്നിറങ്ങി . ഇജു തടഞ്ഞും ഇല്ല.

 എന്താ പറ്റിയെ ഇനു.....അവളെ ചേർത്ത് പിടിച്ചു ഇനായയുടെ മുഖത്തും ദേഹത്ത് ഒക്കെ  തലോടി. ആധിയോടെ  അവളെ നെറ്റിയിൽ ചുംബിച്ചു നെഞ്ചോടു ചേർത്ത് പിടിച്ചു.

ഒന്നും പറ്റിയില്ലല്ലോ നിനക്ക്....സോറി ഇനു..... ഞാൻ ഫോണിൽ ആയിരുന്നു ശ്രദ്ധിച്ചില്ല..... അവളെ മുഖത്തും ദേഹത്ത് എല്ലാം അവൻ തൊട്ട് നോക്കുന്നുണ്ടായിരുന്നു.

അത് കണ്ടതും ഇജാസിന്റെ മുഖം ഇരുളുന്നത് അവൾ കണ്ടു.

അവൾ ഫൈസിന്റെ കൈ തടഞ്ഞു അവനിൽ നിന്നും അകന്നു നേർക്ക് നിന്നു.എനിക്ക് ഇപ്പൊ ഒന്നൂല്യ ഫൈസ്. പെട്ടെന്ന് തലച്ചുറ്റുന്ന പോലെ തോന്നി. അവൾ തലകുനിച്ചു പറഞ്ഞു.

ഇജാസ് അവളെ തന്നെ നോക്കി നില്കുകയാരുന്നു.

കള്ളം പറയുമ്പോൾ അവൾ മുഖത്ത് നോക്കുന്നില്ല..... തള്ള വിരലും ചൂണ്ടു  വിരലും അകത്തേക്ക് മടക്കി കോർത്തു പിടിച്ചിട്ടുണ്ട്. അവന്റെ ചുണ്ടിൽ ചെറുചിരി വിരിഞ്ഞു.

താങ്ക്യൂ ഇജാസ്......... ഫൈസ് അവനെ നോക്കി പറഞ്ഞു.

ഇജാസ് ചിരിച്ചെന്ന് വരുത്തി.

സിനുവിന്റെ സർജറി കഴിഞ്ഞു. സക്സസ് ആയിരുന്നു. ഇജാസ് ആണ് ഹെല്പ് ചെയ്തത് എന്നറിഞ്ഞു. താങ്ക്യൂ......

ഇജാസ് അതിനും ചിരിച്ചെന്ന് വരുത്തി.

അത് കേട്ടതും ഇനു .....സിനു എന്ന് വിളിച്ചു ഓടി.ഇനു നിൽക്ക്  വയ്യാതയല്ലേ  എന്ന് പറഞ്ഞു ഫൈസ് പിന്നാലെ  പോകാൻ നോക്കിയതും ഇജാസ് വിളിച്ചു......

ഫൈസ്.... അനിയത്തിയുടെ എൻഗേജ്മെന്റ് ആണ്. വൈഫ്നെയും കൂട്ടി വരണം.... പറഞ്ഞത് അവനോട് ആണെങ്കിലും നോട്ടം മുഴുവൻ ഇനു ഓടിപ്പോകുന്നിടത്തേക്ക് ആയിരുന്നു. എന്ത്

കൊണ്ടോ ഫൈസിന് ആ നോട്ടം ആരോചകമായി തോന്നി. അവൻ പിന്നെ കാണാം എന്നു പറഞ്ഞു പെട്ടെന്ന് തന്നെ മുന്നോട്ട് നടന്നു. രണ്ടു പേരെയും ഒന്നൂടി നോക്കി ഇജാസ് തിരിഞ്ഞു നടന്നു.

💕💕💕💕💕💕💕

Icu വിനു മുന്നില് സിനുനെ നോക്കി എല്ലാവരും നിന്നു. ഇനുവിനെ ഫൈസ് അവിടെയുള്ള ചെയറിൽ പിടിച്ചു ഇരുത്തകയാരുന്നു. ഡോക്ടറെ കാണാം എന്ന് പറഞ്ഞു നിർബന്ധിചിട്ടും അവൾ സമ്മതിച്ചിരുന്നില്ല. ഇടക്കിടക്ക് icu ഡോറിലൂടെ പോയി നോക്കും. സിനു കണ്ണ് തുറന്നൊന്ന്. അവളുടെ സ്വന്തം അനിയൻ ആണന്നെല്ലാതെ കാണുന്ന ആരും പറയില്ല.

സമി കുറെ പ്രാവശ്യം അവളോട് സംസാരിക്കാൻ അടുത്തേക്ക് പോയി. അവൾ രൂക്ഷമായി നോക്കും എന്നിട്ട് കാണാത്ത പോലെ നടക്കും....... ഫൈസിക്ക് അത് കാണുമ്പോൾ സങ്കടം വരുന്നുണ്ടായിരുന്നു.

ഫൈസി അവളെ അവന്റെ അടുത്ത് പിടിച്ചിരുത്തി. നീ ഇങ്ങനെ പോയി നോക്കണ്ടേ.കണ്ണ് തുറന്നാൽ അവർ വിളിക്കും.വീണ്ടും തലകറങ്ങി എവിടേലും വീഴല  ഉണ്ടാക.ഫൈസി ദേഷ്യത്തോടെ

പറഞ്ഞു.അവൾ മനസ്സില്ലമനസ്സോടെ മുഖം വീർപ്പിച്ചു അവിടെ ഇരുന്നു. അവൻ മിണ്ടാൻ നോക്കിയതും അവൾ തിരിഞ്ഞു ഇരുന്നു.

അവൻ ചിരിയോടെ നോക്കിയതല്ലാതെ ഒന്നും പറഞ്ഞില്ല. കുറച്ചു കഴിഞ്ഞു തന്റെ മേലേക്ക് ചാരി ഇരിക്കുന്നത് കണ്ടു അവൻ തിരിഞ്ഞു നോക്കി. ഉറക്കം ആണെന്ന് കണ്ടു. അവൻ അവളെ ചുമലിലേക്ക് ചായ്ച്ചു ഇരുത്തി. അവന്റെ കൈക്കുള്ളിലൂടെ കയ്യിട്ടു ഒന്നൂടി ചേർന്നു ഇരുന്നു അവൾ. അവന്റെ മുഖത്ത് ചെറുപുഞ്ചിരി വിരിഞ്ഞു. അപ്പോഴാണ് റാനിയുടെ ഉപ്പ അടുത്തേക്ക് വന്നത്. അവൻ ഇനുവിനെ വിളിക്കാൻ നോക്കിയതും അയാൾ തടഞ്ഞു.

വിളിക്കണ്ട ഉറങ്ങിക്കോട്ടെ. ഇന്നലെ മുതൽ അങ്ങോട്ടും ഇങ്ങോട്ടും ഓട്ടം ആയിരുന്നു സിനുനെ ഓർത്ത്. രാത്രി നിലത്ത് കിടന്നോണ്ട് ഉറക്കശെരിയായിട്ട് ഉണ്ടാവില്ല.

ഇന്നലെ ഹോസ്പിറ്റലിൽ ആണൊ കിടന്നത്.

വീട്ടിൽ ആരുമില്ല....... പിന്നെ എന്റെ ബന്ധുവീട്ടിൽ അയക്കന്ന് വെച്ച ഇനു പോവില്ല.

ഇനുവിന്റെ കുടുംബക്കാർ ഒക്കെ എവിടെയാ . ഈ നാട്ടിൽ ആരുമില്ലേ

ഇനുവിനു രണ്ടു വയസ്സ് ഉള്ളപ്പോഴാ ഇവറുടെ ഉപ്പ ഈ നാട്ടിലേക്ക് വന്നത്. കുടുംബക്കാർ ഒക്കെ നാട്ടിൽ ആണെന്ന് പറഞ്ഞു.  കുടുംബക്കാർ തമ്മിൽ വലിയ അടുപ്പം ഇല്ലെന്ന് തോന്നുന്നു. അതിനെ പറ്റി ഒന്നും പറയുന്നത് കേട്ടിട്ടില്ല. ജുനുവിന്റെ ഉപ്പാന്റെ ഉപ്പയും ഉമ്മയും ഇടക്കൊക്കെ വരൽ

ഉണ്ട്. പിന്നെ ഉമ്മാക്ക് ഉപ്പ മാത്രം ഉള്ളൂ. അവരെ വല്ലപ്പോഴും വരും. ജുനുവിന്റെ ഉപ്പാപ്പ ഒഴിച്ച് ബാക്കി രണ്ടാളും   ജീവിച്ചിരിപ്പില്ല. വേറെ ആരെയും കണ്ടിട്ട് ഇല്ല. ജുനുവിന്റെ ഉപ്പ മരിച്ചപ്പോൾ കുടുംബക്കാരെ എല്ലാരേയും കണ്ടിന്. പിന്നെ ആരും വരലൊന്നും ഇല്ല. ഇടക്ക് ജുനു ഇനുവിനെ കൂട്ടി ഉപ്പാപ്പനെ കണ്ടിട്ട് വരും. അത് മാത്രം ഉള്ളൂ അവരുമായി അടുപ്പം. ചോദിച്ച പറയും എനിക്ക് എന്റെ ഇനുവും ഉമ്മയും ഉണ്ട് ഇപ്പോ നിങ്ങൾ ഇല്ലെന്ന്.പിന്നെ ഞങ്ങൾ തന്നെ ആയിരുന്നു ബന്ധുക്കൾ. ഒരു വീട് പോലെ തന്നെ ആയിരുന്നു. ഇനുവിന് ഒൻപതു വയസ്സ് ഉള്ളപ്പോഴാ സിനു ജനിക്കുന്നെ. പിന്നെ അവനെ നോക്കിത് മൊത്തം അവളാണ്. സ്വന്തം അനിയൻ  ആണെന്ന്

പറഞ്ഞ നടക്കൽ. വീട്ടിൽ പോയി ബഹളം ഉണ്ടാക്കും അവളെ ഉപ്പാനോട് എനിക്കും അത് പോലൊരു കുട്ടിയെ വേണമെന്ന് പറഞ്ഞിട്ട്. അപ്പൊ സിനുനെ കയ്യിൽ കൊടുത്തു പറഞ്ഞത നിന്റെ സ്വന്തം ആണ് എടുത്തൊന്ന്. അതിപ്പോഴും അങ്ങനെ തന്നെ. അവന്ന് സുഖം ഇല്ലാതെ ആയപ്പോൾ ഞങ്ങളെക്കാൾ ടെൻഷൻ അവൾക്ക് ആയിരുന്നു.  പാവം ആണ്. കുറച്ചു കുട്ടിക്കളി ഉണ്ടെന്നേ ഉള്ളൂ. അത് ജുനു ലാളിച്ചു വഷളാക്കിയിട്ട് ആണ്. ഞങ്ങൾ വഴക്ക് പറയുമ്പോൾ പറയുമ്പോൾ പറയും എനിക്കിപ്പോഴും അവൾ കുട്ടിയാന്ന്.അവളെ ഉപ്പ ജുനു പ്ലസ്ടുവിൽ പഠിക്കുമ്പോഴാ മരിക്കുന്നത്. പിന്നെ അവനായിരുന്നു കുടുംബം പോറ്റിയത്. ഉപ്പ മരിക്കുകയും കൂടി ആയപ്പോൾ അവളെ ഉപ്പ കൂടി ആയി അവൻ.  വാക്ക് കൊണ്ടു പോലും ഇത് വരെ അവൻ വേദനിപ്പിച്ചു കണ്ടിട്ടില്ല. അവന്റെ നിഴൽ പോലെ ആയിരുന്നു അവളുടെ നടത്തവും.

ഞങ്ങൾ ആൺകുട്ടി ആണെന്ന പറയൽ. കളിയും അവരെപോലെ തന്നെ ആയിരുന്നു. റാനി ഒഴിച്ച് വേറെ പെൺകുട്ടികൾ പോലും ഇല്ല കൂട്ടുകാരി ആയിട്ട്. റാനിയെ ജുനുവിനെ കൊണ്ടു കെട്ടിക്കണം

എന്നിട്ട് എന്റെ വീട്ടിലേക്ക് കൊണ്ടു പോകും എന്ന് പറഞ്ഞ ഇപ്പൊ  നടപ്പ്. പാവം ആണ്..... എല്ലാരേം സ്നേഹിക്കാൻ മാത്രം അറിയൂ അവൾക്ക്.  മോന്റെ ഭാഗ്യം ആണവൾ. അവളുടെ തലയിലൂടെ തലോടി.അയാൾ പോയി.

ഫൈസി അവളെ ഒന്നൂടി ചേർത്ത് പിടിച്ചു ഇരുന്നു. എല്ലാരേയും സ്നേഹിച്ചോ വഴി കൂടി പോകുന്നവരെ വരെ സ്നേഹിച്ചോ എന്നെ മാത്രം നോ മൈൻഡ്...... അവന്റെ ഉള്ളിൽ കുശുമ്പ് നിറഞ്ഞു. ജുനു ഇത് വരെ റാനിയുടെ കാര്യം പറഞ്ഞു കേട്ടിട്ടില്ല. എന്റെ ജീവിതത്തിൽ ഒരു പ്രണയം ഉണ്ടാവില്ലെന്ന  പറയൽ. എന്റെ പ്രണയവും സ്നേഹവും ജീവിതവും എല്ലാം എന്റെ ഉമ്മയും ഇനുവും ആണെന്ന എപ്പോഴും പറയുക.

❣️❣️❣️❣️❣️❣️

വൈകുന്നേരത്തോടെ സിനുവിനു ബോധം വന്നു. ആരെയും കാണിച്ചു കൊടുത്തില്ലെങ്കിലും പുറത്ത് നിന്നു ചെറിയ ഗ്ലാസ് ഡോറിലൂടെ കാണിച്ചു കൊടുത്തു. അപ്പോഴാ അവൾക്ക് സമാധാനം ആയത്. കുറച്ചു ദിവസം icu വിൽ തന്നെ ആയിരിക്കും.

ആരെങ്കിലും ഒരാൾ പുറത്ത് നിന്ന മതിയെന്ന് പറഞ്ഞു. റാനിയും ഉമ്മയും വീട്ടിലേക്ക് പറഞ്ഞയച്ചു. ഇനു അവരെ കൂടെ പോകണോ

ഫൈസിയുടെ കൂടെ പോകണോ എന്നുള്ള ടെൻഷനിൽ ആയിരുന്നു. ഫൈസി അവളോട് ജുനു പറഞ്ഞത് അനുസരിക്കുന്നോ അതോ ഇവരെ കൂടെ പോകണോന്ന് ചോദിച്ചതും അവൾ ഫൈസിയുടെ കൂടെ വരുന്നു പറഞ്ഞു.

വാതിൽ തുറന്നതും ഫൈസിയുടെ കൂടെ ഇനുവിനെ കണ്ടതും അവന്റെ ഉമ്മ ഞെട്ടി. മുഖം വിളറി വെളുക്കുന്നത് ഫൈസി കണ്ടു.

അവൻ അത് മൈൻഡ് ആക്കാതെ അവളെ കയ്യും പിടിച്ചു അകത്തേക്ക് കയറി. അവൾ ഉമ്മയോട് ഒന്നും സംഭവിക്കാത്ത പോലെ പുഞ്ചിരിച്ചു.ഇനുവിനോട് ഫൈസി റൂമിലേക്ക് പോകാൻ പറഞ്ഞു. അവൾ പോയി. ഉമ്മയും അകത്തേക്ക് പോകാൻ നോക്കിയതും അവൻ വിളിച്ചു.

എന്തിന് വേണ്ടിയാ അവളോട് ശത്രുത കാണിക്കുന്നതെന്ന് അറിയില്ല.... ഇന്നലെ കള്ളം

പറഞ്ഞു ഇറക്കി വിട്ടതെന്നും അറിയില്ല. ഒന്ന് ഞാൻ പറയാം ഇനിയൊരിക്കൽ കൂടി അവളെ പറഞ്ഞു വിടുകയാണെങ്കിൽ അതിന്റെ കൂടെ ഞാനും ഉണ്ടാകും അവളെ കയ്യും  പിടിച്ചു. കാരണം അവൾ ഇനായഫൈസ് ആണ്. എന്റെ ഭാര്യ...... അവൾ ജീവിക്കേണ്ടത് എന്റെ കൂടെയാണ്...... അതും പറഞ്ഞു അവൻ പോയി.

അപ്പോഴാ    ണ് റംസി അങ്ങേക്ക് വന്നത്.

ഇവൻ ഇപ്പോഴാ AJ ആയത്.  ഇത്രയും നാൾ ഫൈസ് മാത്രം ആയിരുന്നു. Aj യും ഫൈസ് രണ്ടാണ് അതാണിപ്പോ അവൻ പറയാതെ പറഞ്ഞത് അവൾ പരിഹാസത്തോടെ പറഞ്ഞു.

അവളെ നോക്കിപേടിപ്പിച്ചു ഉമ്മയും അകത്തേക്ക് പോയി.

ഫൈസ് റൂമിലേക്ക് വരുമ്പോൾ അവൾ ഡ്രസ്സ് പോലും മാറാതെ ബെഡിൽ കിടക്കുന്നത് കണ്ടു.

ടീ എഴുന്നേറ്റു കുളിച്ചു ഫ്രഷ് ആയെ

കുറച്ചു കഴിഞ്ഞു കുളിച്ചോളാം എനിക്ക് നല്ല ക്ഷീണം ഉണ്ട്. പ്ലീസ് പ്ലീസ് അവൾ അവനെ നോക്കി ചിണുങ്ങി

പറഞ്ഞോണ്ട് അവിടെ തന്നെ കിടന്നു.

കുളിച്ചിട്ടിപ്പോ ആരാ നന്നായിന് അല്ലേ..... അവൻ കളിയാക്കികൊണ്ട് ചോദിച്ചു.

അത് രാവിലെ കുളിക്കാൻ പറയുമ്പോഴും മഴക്കാലത്തെ ഉള്ളൂ ഡയലോഗ്. അല്ലാത്തപ്പോ കുളിക്കൽ ഉണ്ട്. അവൾ വിളിച്ചു പറഞ്ഞു.

അവൻ കണ്ണും മിഴിച്ചു പകച്ചു അവളെ നോക്കി. അപ്പൊ മഴക്കാലം വന്ന കുളിക്കൽ ഇല്ലേ.......

ആ ഡ്യൂട്ടി ഉമ്മാക്കാണ്. ഉമ്മ കുളിപ്പിച്ചു തരും......

ഉമ്മയോ.... ഇപ്പോഴും ഉമ്മയാണോ കുളിച്ചു തരിക.

പിന്നല്ലാതെ....... ഉമ്മാക്ക് സ്കൂൾ വിട്ടു കുളിച്ചു യൂണിഫോം മാറ്റിയാലേ റൂമിൽ പോലും കയറ്റു. എനിക്കാണേൽ മടിയാ നട്ടപാതിരക്ക് കുളിച്ച ശീലം. അതോണ്ട് മിക്കപ്പോഴും തലവഴി ഉമ്മ ബക്കറ്റും വെള്ളം കൊണ്ടു ഒഴിക്കും..... വേറെ വഴിയില്ലാത്തോണ്ട് പോയി കുളിക്കും. അതിപ്പോ മഴയായാലും ശരി വെയിൽ ആയാലും ശരി ഉമ്മ തന്നെ കുളിപ്പിക്കൽ.

അവൻ ആശ്വാസത്തോടെ നെഞ്ചിൽ കൈ വെച്ചു.....

നഗ്നസത്യങ്ങൾ വിളിച്ചു പറയുമ്പോഴും യാതൊരു കൂസലും ഇല്ല.വല്ലാത്തൊരു ജന്മം തന്നെ പടച്ചോനെ.

അവൻ അവളെ കയ്യിൽ എടുത്തു.

പെട്ടെന്ന് ആയോണ്ട് അവൾ ഞെട്ടി പിടഞ്ഞു ഇറങ്ങാൻ നോക്കി.

എന്താ ചെയ്യുന്നേ അവൾ അവനെ നോക്കി.

ചെയ്തിനില്ല ചെയ്യാൻ പോകുന്നെ ഉള്ളൂ എന്നും പറഞ്ഞു ബാത്റൂമിലേക്ക് പോയി.

നീയെന്താ ഉമ്മാനെ പോലെ കുളിപ്പിക്കാൻ പോവ്വാണോ അവൾ ഞെട്ടലോടെ ചോദിച്ചു.

അതുക്കും മേലെ എന്ന് പറഞ്ഞു ബാത്ഡബ്ബിലേക്ക് ഇട്ടു.

അവൾ ആകെ നനഞ്ഞു കുളിച്ചു ദേഷ്യത്തോടെ അവനെ നോക്കി.

സോറി മോളെ കുളിച്ചു വൃത്തിയായിട്ട് വന്ന മതിട്ടാ.......എനിക്കും മസ്റ്റ് ആണ് കുളിയും നനയും.

തെണ്ടി...... പറഞ്ഞാൽ പോരായിരുന്നോ.... ഇതൊരു മാതിരി ചെയ്തായി പോയി.ഡ്രസ്സ് നനഞ്ഞു. അവൾ

വെള്ളം എടുത്തു അവന്റെ മേലെ തെറിപ്പിക്കാൻ പോയതും

ചില പോത്തുകളോട് അവരെ ഭാഷയിൽ പറഞ്ഞു കൊടുക്കണം അതേ വഴിയുള്ളു കേട്ടോ ഖൽബെ എന്നും പറഞ്ഞു അവൻ പിറകോട്ടു മാറി .പിന്നെ ഇനി കുളിക്കാതെ എന്റെ ബെഡിൽ കിടന്ന അപ്പുറത്തെ വീട്ടിൽ ഒരു കുളം ഉണ്ട് അതിൽ കൊണ്ടു പോയി ഇടും നോക്കിക്കോ അവൻ കൃത്രിമ ദേഷ്യത്തോടെ പറഞ്ഞു.

കുളത്തിലോ....... അവിടെ കുളം ഉണ്ടോ...അവളുടെ കണ്ണുകൾ വിടർന്നു മുഖത്ത് സന്തോഷം വിടരുന്നത് അവൻ കണ്ടു.

ടാ ഇപ്പൊ പോയാലോ കുളത്തിലേക്ക് ഞാൻ കുറെ ആയി നീന്തി കുളിച്ചിട്ട്. അവൾ ബാത്ത് ഡബ്ബിൽ നിന്നും ഉത്സാഹത്തോടെ എഴുന്നേറ്റതും അവന്റെ കിളി പോയിരുന്നു.

ഞാൻ വഴക്ക് പറഞ്ഞത കുരിപ്പേ..... അതെങ്കിലും ഒന്ന് മനസ്സിലാക്ക്.

എന്ന ഞാൻ തനിച്ചു പൊക്കോട്ടെ..... വലിയ കുളം ആണോ.....

ഒന്ന് കുളിച്ചിട്ട് വാടീ പിശാജേ..... അവളുടെ ഒരു കുളം......എന്നും പറഞ്ഞു വാതിൽ അടച്ചു അവൻ ഓടി.

ഇത് എന്തിന്റെ കുഞ്ഞാ പടച്ചോനെ.... അവൻ ചിരിയോടെ പറഞ്ഞു.

കുളിച്ചു കഴിഞ്ഞു വന്നപ്പോഴാ ഡ്രസ്സ് ഇല്ലല്ലോ ഓർത്തത്. ഫൈസിയെ വിളിക്കാൻ പോയതും അവളെ ഡ്രസ്സ് അവിടെ കൊണ്ടു വെച്ചിട്ടുണ്ടായിരുന്നു. അവൾ അതും ഇട്ടു പുറത്തേക്ക് ഇറങ്ങി.

വാതിൽ തുറക്കുന്നത് കേട്ട ഫൈസ് നോക്കിയത്. റൂമിൽ കേറുന്നതിന്ന് മുന്നേ അവൻ ഒന്ന് നിൽക്കെന്ന് പറഞ്ഞു.

ഒരു ടവ്വൽ എടുത്തു അവളുടെ മുടി കെട്ടിവെച്ചു. ഇനി കുളിച്ചിട്ട് ഇറങ്ങുമ്പോ ഇത് പോലെ വന്ന മതി. റൂമിൽ വെള്ളം നിറക്കരുത് അപേക്ഷയാണ്. അല്ലെങ്കിൽ വീണിട്ട് എന്റെ നടു ഒടിയും. നിന്റെ ജുനിന്റെ അത്ര കപ്പാസിറ്റി എനിക്ക് ഇല്ല.

അവൾ വിരലും കടിച്ചു നടുവിന് കയ്യും കൊടുത്തു അവനെ തന്നെ നോക്കി.

പറഞ്ഞത് ഇഷ്ടം ആയില്ലെന്ന് തോന്നി അവന്ന്. വിഷമം ആയെന്ന് കരുതി അവളോട് സമാധാനത്തിൽ പറയാന്നു കരുതി അവളെ നോക്കി.

നീയതിന് ഇത് വരെ വീണില്ലല്ലോ. വീണലല്ലേ ജുനുവിന്റെ അത്ര കപ്പാസിറ്റി ഉണ്ടോന്ന് അറിയൂ. ജുനു മൂന്നാല് തവണ വീണിട്ടുണ്ട്.എന്നിട്ട് ഒന്നും പറ്റിയിട്ടില്ല.നീ വീണ എന്തേലും പറ്റോ......

അവൻ കണ്ണും തുറിച്ചു അവളെ നോക്കി.

ഇതാണോ കുരിപ്പ് ഇത്രേം ഗവനമായി ആലോചിച്ചത്.

എന്നെ വീഴ്ത്തിയെ അടങ്ങുള്ളോ നീയപ്പോൾ.

അതിന്ന് അവൾ ഒന്ന് ചിരിച്ചു.

എന്താ ചിരിക്കൂന്നേ

നീ വീഴുന്നത് ഒന്ന് ഇമജിൻ ചെയ്തു നോക്കിയതാ. നല്ല രസം ഉണ്ടാകും അല്ലേ.....ഒന്ന് കാണാൻ ആഗ്രഹം ഉണ്ട്.

അതിപ്പോ നിന്നെ തള്ളിയിട്ട് ഞാൻ കാണിച്ചു തരാം അതും പറഞ്ഞു അടുത്തേക്ക് വന്നതും അവൾ ഓടിയിരുന്നു.

രണ്ടു പേരുടെയും ചുണ്ടിൽ ചെറു ചിരി വിരിഞ്ഞു.

❤️❤️❤️❤️❤️❤️❤️❤️

അവൾ റൂമിൽ ഡ്രസ്സ്‌ മടക്കി വെക്കുമ്പോഴാ

റംസി അങ്ങോട്ട് വന്നത്. ഫൈസ് ബാൽക്കണിയിൽ ലാപ്ടോപ് നോക്കി ഇരിക്കുന്നത് കണ്ടു.

വന്നുന്ന് അറിഞ്ഞു. ഇനിയെപ്പോഴാ ചോദിക്കാതെ ഇറങ്ങിപോകുന്നെന്ന് അറിയില്ലല്ലോ അതാ നോക്കിയിട്ട് വന്നത്.

അടുത്ത പ്രാവശ്യം പറഞ്ഞിട്ട് പോകുള്ളൂ പോരെ അവൾ ചിരിയോടെ പറഞ്ഞു.

ഒരടി തന്നാലുണ്ടല്ലോ..... ഇനി ഈ വീടിന്റെ പുറത്ത് പോയാലുണ്ടല്ലോ റംസി തല്ലുന്നത് പോലെ ആക്കി.

ഇത്തക്ക് വയറുവേദന ആണെന്ന് പറഞ്ഞു അതാ ഡിസ്റ്റർബ് ആക്കണ്ട കരുതി വരാതിരുന്നത്.

അത് മന്ത്‌ലി ഉണ്ടാകുന്നതാ കുറച്ചു കിടന്ന പോകും.

മന്ത്‌ലി ഉണ്ടാകുന്നതോ....... എന്നിട്ട് കാണിക്കാറില്ലേ......

റംസി അവളെ തന്നെ ഒരു നിമിഷം നോക്കി.

നിനക്ക് പിരീഡ് ടൈം ഇങ്ങനെ ഉണ്ടാക്കാറില്ലേ

പിരീഡ് ടൈം........ അവൾ ഒന്നാലോചിച്ചു നിന്നു.

റംസി ഒരാന്തലോടെ അവളോട് ചോദിച്ചു നിനക്ക് എപ്പോഴാ ഡേറ്റ്......

അതിനും അവൾ റംസിയെ നോക്കിയേ ഉള്ളൂ.

നിനക്ക് മെൻസ്ട്രഷൻ എപ്പോഴാ .....റംസി ഞെട്ടലോടെ ചോദിച്ചു. അതിന്ന് അവൾ റംസിയെ നോക്കി നിന്നതല്ലാതെ ഒന്നും മിണ്ടിയില്ല.

അപ്പോഴാണ് റംസി നിന്നെ ഉമ്മ വിളിക്കുന്നുണ്ട് എന്ന് പറഞ്ഞു  ഫൈസി റംസിയുടെ കയ്യും പിടിച്ചു വലിച്ചു പുറത്തു ഇറങ്ങിയത്.

പുറത്തു എത്തിയതും റംസി കൈ തട്ടിത്തെറിപ്പിച്ചു.

എന്താടാ ഇതൊക്കെ നീയും അറിഞ്ഞോണ്ട് ആണോ..... അതോ അവളെ വീട്ടുകാർ ചതിച്ചതോ...... റംസി അലറുകയാരുന്നു.

അവൻ റംസിയുടെ വാ പൊത്തി. ഉമ്മ കേൾക്കല്ലേ ഇത്തു..... ഇതും കൂടി കേട്ട ആ പാവത്തിനെ കൂടുതൽ ഉപദ്രവിക്കും.

അപ്പൊ എല്ലാം അറിഞ്ഞിട്ടാണല്ലേ..... എന്തിനാടാ ഇത്...... നിന്റെ ഭാവിചിന്തിച്ചു നോക്കിയിനോ..... വേണ്ടാരുന്നു മോനെ ഇത്.... അവളുടെ കണ്ണുകൾ നിറഞ്ഞൊഴുകിയിരുന്നു. അവൾ ഫൈസിയുടെ നെഞ്ചിൽ തലമുട്ടിച്ചു പൊട്ടിക്കരഞ്ഞു.

എന്റെ റംസി ഒന്ന് കരച്ചിൽ നിർത്ത്. അവൾക്ക് കുഴപ്പം ഒന്നും ഇല്ല. ട്രീറ്റ്മെന്റ് എടുത്ത ശരിയാകും....... ചിലപ്പോൾ അതില്ലാതെയും....... അവൾക്ക് അത്രയല്ലേ വയസ്സ് ആയുള്ളൂ...... അവൾക്ക് അതിനെപ്പറ്റി അധികം ഒന്നും അറിയില്ല. അതിന്റെ സീരിയസ്നസ് പോലും  അവൾക്ക് അറിയില്ല. ജുനുവും ഉമ്മയും അവളെ വിഷമിപ്പിക്കാതിരിക്കാൻ ഒന്നും പറഞ്ഞിട്ടില്ല. ജീവിതം അവൾക്കെന്നും കുട്ടികളിയാണ്. ജുനു അങ്ങനെ അവളെ വളർത്തിയതും. എന്നായാലും അവൾ ആ അവസ്ഥയെ ഫേസ് ചെയ്യും. അത് വരെ ഇങ്ങനെ പോട്ടെ. അതോണ്ട്  അവളോട് അതിനെ പറ്റി ഒരു സംസാരം വേണ്ട പ്ലീസ്..... ഫൈസി ദയനീയതയോടെ അവളെ നോക്കി പറഞ്ഞു.

അവൾക്ക് അറിയില്ലെന്ന് വെക്കാം നിനക്കോ.... എല്ലാം കുട്ടിക്കളി ആണെന്നാണോ കരുതുന്നെ.

നിന്റെ ജീവിതം എന്താകും
അതോർത്തിനോ...നിനക്ക് മുന്നേ അറിയാരുന്നോ.......
അതോ മാര്യേജ് കഴിഞ്ഞതിന്ന് ശേഷമോ......

ജുനു ഈ റിലേഷൻ ശരിയാകില്ല പറഞ്ഞു കുറെ ഒഴിഞ്ഞു മാറിയതാ. എന്റെ വാശി സഹിക്കാൻ പറ്റാതെയാ പറഞ്ഞത്. ഒഴിഞ്ഞു പോകാനും പറഞ്ഞു. പക്ഷേ സ്നേഹിച്ചു പോയി ഇത്തു....... എനിക്ക് അവളില്ലാതെ പറ്റില്ല..... മറ്റൊന്നും ഞാൻ ആലോചിക്കുന്നില്ല.

ഉമ്മാനോട് പറയല്ലേ ഒന്നും ......

റംസി ഒന്നും പറയാതെ അവനെ നോക്കാതെ ഇറങ്ങിപ്പോയി. അവൻ ഒരുദീർഘ  നിശ്വാസത്തോടെ റൂമിലേക്ക് പോയി. അവൾ ഉറങ്ങിയിരുന്നു അപ്പോഴേക്കും. അവളെ തന്നെ നോക്കി അവനും കിടന്നു. കൊച്ചു കുഞ്ഞിനെ പോലെ കിടന്നു ഉറങ്ങുന്ന അവളെ കണ്ടു അവന്ന് വാത്സല്യം ആയിരുന്നു തോന്നിയത്. അവൻ അവളുടെ നെറുകയിൽ സ്നേഹത്തോടെ ചുണ്ടുകൾ ചേർത്തു. ഉറക്കത്തിലും അവളുടെ ചുണ്ടിൽ ഒരു പുഞ്ചിരി വിരിഞ്ഞു.

അവളായി തേടി വരുന്നതിന്ന് മുന്നേ അവന്റെ കൈകൾ അവളെ ചുറ്റി വരിഞ്ഞിരുന്നു. തന്റെ മനസ്സിലെ അസ്വസ്ഥതകൾക്ക് അവളിലൂടെ മാത്രമേ ആശ്വാസം കിട്ടുകയുള്ളുന്ന് അവൻ അറിഞ്ഞു. കുറവുകൾക്കോ കുറ്റങ്ങൾക്കോ അവന്റെ പ്രണയത്തിന് ഇടയിൽ സ്ഥാനം ഇല്ലായിരുന്നു. ഒരിക്കലും ആർക്കും എന്തിന് വേണ്ടിയും വിട്ടുകൊടുക്കില്ലെന്ന ഉറപ്പോടെ അവളെയും പൊതിഞ്ഞു പിടിച്ചു അവൻ ഉറക്കിലേക്ക് വീണു.

📚STORY BOARD📚

❤️ ❤️ 💔 INVISIBLE LOVE 💔❤️

Love after💘 marriage story

Part 26

തന്നെ വരിഞ്ഞു മുറുക്കിയ അവന്റെ കൈ കണ്ടു അവളുടെ ചുണ്ടിൽ ഒരു ചിരി വിരിഞ്ഞു

അവൾ എഴുന്നേൽക്കാൻ നോക്കിയതും അവന്റെ കൈ മാറ്റാൻ കഴിഞ്ഞില്ല. അവൾ അവന്റെ നേർക്ക് തിരിഞ്ഞു കിടന്നു. ആദ്യം ആയി അവൾ അവന്റെ

മുഖത്തേക്ക് നോക്കി കിടന്നു. പേരറിയാത്തൊരു വികാരം അവളെ തേടിയെത്തി. നെറ്റിയിലേക്ക് വീണുകിടക്കുന്ന മുടിയിഴകൾ അവൾ കൈകൊണ്ട് കൊതിയൊതുക്കി.അവന്റെ മുഖത്തൂടെ തലോടി. നോട്ടം  ഉറക്കിലും ചെറു പുഞ്ചിരി വിരിഞ്ഞ അവന്റെ ചുണ്ടുകളിൽ തങ്ങി നിന്നു. ആ ചിരി അവളുടെ ചുണ്ടിലേക്കും വ്യാപിച്ചു.

സ്കാനിംഗ് കഴിഞ്ഞെങ്കിൽ എണീറ്റുടെ അവൻ പെട്ടെന്ന് കണ്ണ് തുറക്കാതെ പറഞ്ഞു.

അവൾ ഞെട്ടി എഴുന്നേൽക്കാൻ നോക്കിയതും അവന്റെ കൈ മാറ്റത്തൊണ്ട അവിടെ തന്നെ വീണു. അവന്റെ നോട്ടം നേരിടാൻ ആവാതെ മിഴികൾ താഴ്ത്തി. ബ്ലഷ് അടിച്ചു നിൽക്കുന്ന മുഖം കണ്ടു അവൻ ചെറു ചിരിയോടെ കയ്യെടുത്തു.

ഫൈസ് ഈ ടൈം എഴുനേൽക്കാറില്ലല്ലോ അവൾ അവനെ നോക്കി ചമ്മലോടെ  ചോദിച്ചു.

നിന്റെ കൂടെ കൂടി ശീലം ആയി.

കുറഞ്ഞ ദിവസങ്ങൾ കൊണ്ടു തന്നെ അവളുടെ ശീലങ്ങൾ എന്റേത് കൂടി ആയെന്നാണ് സത്യം.

അവൻ ചിരിയോടെ ഓർത്തു.

നിന്റെ കൂടെ കൂടി എനിക്ക വേണ്ടാത്ത ശീലങ്ങൾ കിട്ടിയത്. ഒറ്റക്ക് കിടന്നു ഉറങ്ങുന്ന ഞാൻ ആണ്. ഇവിടുന്ന് പോയ ശേഷം ഉറക്കം ഇല്ലണ്ട് രാത്രി എഴുന്നേറ്റു ഇരിക്കല പണി.

അവൻ ഞെട്ടലോടെ അവളെ നോക്കി. നിനക്ക് എന്നെ മിസ്സ് ചെയ്തിനോ.....

അവൾ അപ്പോഴാ അതോർത്തത്...... ഓരോ നിമിഷവും ഇവനെ മിസ്സ് ചെയ്യരുന്നില്ലേ......

കടുവേ...... പ്രണയിക്കുന്നോണ്ട് എങ്ങനെ മനസ്സിലാവാ......

അത് പ്രണയം വരുമ്പോൾ മനസ്സിലാകും..... നിനക്ക് പോലിസ് ഡിപ്പാർട്മെന്റനെ പറ്റി വല്ലതും അറിയണമെങ്കിൽ ചോദിക്ക്.ലോ പോയ്ന്റ്സ് ചോദിക്ക്.

പ്ലീസ് കടുവേ...... പ്ലീസ്..... പ്ലീസ്...... കടുവ പറഞ്ഞില്ലേ ഇർഫാനെ ഞാൻ പ്രണയിച്ചില്ലെന്ന്. അത് സത്യം ആണോന്ന് അറിയാന......

അങ്ങനെ ഇപ്പൊ ചോദിച്ച..... എന്ത് പറഞ്ഞാലും

കുനിഷ്ട് കൊണ്ടു വരും. അതോണ്ട് ചെറിയ കുറച്ചു കാര്യം പറഞ്ഞേതരാം...... തിരിച്ചു ഒന്നും ചോദിക്കരുത്.

അവരുടെ പ്രസൻസ് എന്നും കൂടെ ഉണ്ടാവണമെന്ന് ആഗ്രഹിക്കും.......അവർ കൂടെ ഇല്ലെങ്കിൽ എപ്പോഴും അവരെപ്പറ്റി  ഓർക്കും... അവരെ കുറിച്ച് ഓർക്കുമ്പോൾ സന്തോഷം കൊണ്ടു മനസ്സ് തുടിക്കും...... മൊത്തത്തിൽ പറഞ്ഞ മിസ്സ് ചെയ്യും. അങ്ങനെ ഒക്കെ...... ഞാൻ പ്രേമിച്ചിട്ട് ഇല്ലെടി ഷബീറ പ്രേമിച്ചത് ബാക്കി അവനോട് ചോദിക്ക്. ഇനി മേലിൽ ഈ വഴിക്ക് കണ്ടു പോകരുത്. കടുവ എണീറ്റ് ഓടി. അതോർത്തതും അവൾ ചിരിച്ചു പോയി.ഇവൻ ആണോ ഇനി കടുവ പറഞ്ഞ പ്രണയം അതോ കലിപ്പനോ....... അവനെയും മിസ്സ് ചെയ്യാറുണ്ടല്ലോ....... കാണാനും കൊതിക്കാർ ഉണ്ട്.......

ഹെലോ...... എന്താ ഓർക്കുന്നെ അവൻ കൈ

ഞൊടിച്ചു.

നതിങ്....... അവൾചിരിയോടെ അവനെ നോക്കി എണീറ്റ് പോയി.

💕💕💕💕💕💕

രാവിലെ വർക്ഔട്ട് ഒക്കെ കഴിഞ്ഞു ഫ്രീ ആയി സിറ്റൗട്ടിലേക്ക് വരുമ്പോൾ ഗാഡനിൽ

ഇനുവിന്റെ പൊട്ടിച്ചിരികേട്ടാണ് നോക്കിയത്. സമിയും ഇനുവും. ഇന്നലെ വരെ ഇനു മുഖം തിരിച്ചു ദേഷ്യത്തോടെ നോക്കിപോയതാ. ഇതെപ്പോ നന്നായി. ഫൈസി അങ്ങോട്ട് പോയി.  രണ്ടും പൊരിഞ്ഞ സംസാരത്തിൽ ആണ്. അവനെ കണ്ടതും സ്റ്റോപ്പ് ആയി.

അവൻ മുഖം ചുളിച്ചു രണ്ടിനെയും നോക്കി.

ഫൈസ് ഇവൻ നിന്നെ എന്തൊക്കെ പറഞ്ഞു കളിയാക്കാരുന്നു.നിന്നെ കണ്ടതും സ്റ്റോപ്പ് ആക്കി.

ബ്രൂട്ടസി...... ഈ ചതി എന്നോട് വേണ്ടാരുന്നു.

എന്റെ ഫൈസിനെ അങ്ങനെ കളിയാക്കണ്ട. ഇതേ എന്റെ ഫ്രണ്ട് ആണ്.കാൽ പൊക്കി അവന്റെ ചുമലിലൂടെ കയ്യിട്ടു പിടിച്ചു.

ഫൈസി കണ്ടോടാ എന്ന് കോളർ പൊക്കി കാണിച്ചു.

ടാ ഇതിനെ വിശ്വസിക്കണ്ടാട്ടാ രാഷ്ട്രീയക്കാർ പോലും ഇങ്ങനെ നിന്ന നിൽപ്പിൽ കാൽ മാറില്ല. നിന്നെ കളിയാക്കാൻ ഫുൾ സപ്പോർട് ഇവൾ ആയിരുന്നു.

ഇപ്പൊ കാൽമാറി.

ഫൈസി സംശയഭാവത്തോടെ അവളെ നോക്കി. അവൾ തലച്ചോറിഞ്ഞോണ്ട് നിന്നു.

സത്യം പറയുന്നത് കേട്ട ആരായാലും കേട്ടുപോകും. അതിപ്പോ എന്റെ കുഴപ്പം ആണോ.......

അല്ലേടി നിന്നെ വിശ്വസിച്ചത് എന്റെ കുഴപ്പം ആണ്..... അവൻ അവളുടെ ചെവിയിൽ പിടിച്ചതും അവൾ കൈ തട്ടിമാറ്റിചിരിച്ചോണ്ട്  ഓടി.

നീയെങ്ങനെ പിണക്കം മാറ്റിയത്.

ഒരു സവാള എടുത്തു നീര് ആക്കി കരഞ്ഞോണ്ട് അവളെ മുന്നില് പോയി സെന്റി അടിച്ചു. എന്റെ കരച്ചിൽ അധികനേരം കാണാൻ പറ്റാതെ എനിക്ക് മാപ്പ് തന്നു.

അഞ്ചു പൈസയുടെ ബുദ്ധി ഇല്ലല്ലേ അവൾക്ക്. സമി താടിക്ക് കയ്യും കൊടുത്തു പറഞ്ഞു.

അവൾക്ക് അവളുടേതായ ചിട്ടകൾ ആണ്. ജുനു എന്ത് പറഞ്ഞിനോ ചെയ്തിനോ അതിലൂടെ അവൾ എല്ലാം കാണുന്നത്. നിന്നെ പറ്റി ജുനു നല്ലതേ പറഞ്ഞിട്ടുള്ളു. അത് കൊണ്ടാണ് നിന്നോട്

ക്ഷമിച്ചത്. അല്ലാതെ നിന്റെ കണ്ണുനീർ കണ്ടല്ല.

അതിന് ശരിക്കും ആരോടും ദേഷ്യം വാശിയും തോന്നാറില്ല . സത്യം പറഞ്ഞ ശരിക്കും ഒരു നിഷ്ക്കു....... ഉമ്മനെയും ജൂനുനെയും മിസ്സ് ചെയ്യുന്നു പറഞ്ഞു. അതാ ഓരോന്ന് പറഞ്ഞു മൂഡ് മാറ്റിയെ.

ശരിക്കും അവളെ കാരക്റ്റർ വ്യത്യസ്തം ആണ്. ഉമ്മ എന്തൊക്കെ പറയുന്നു ചെയ്യുന്നു. ഇത് വരെ ഉമ്മാനെ തിരുത്താനോ നന്നാക്കാനോ അവൾ ശ്രമിച്ചിട്ടില്ല. ആ കടുവയെ പോലും മെരുക്കിയവളാ...... അവൾ വിചാരിച്ചിനെങ്കിൽ ഉമ്മ ഇതിനകം നന്നായേനെ.അവൾ അത് വേണ്ടെന്നു വെച്ചിട്ട

റംസിയുടെ കാര്യം നിനക്ക് പറഞ്ഞു കൂടാരുന്നോ........

. എന്റെ നോട്ടത്തിൽ ആ കടുവ അവളോട് എല്ലാം പറഞ്ഞിട്ടുണ്ടാവും. എന്നിട്ടും ഇടപെടുന്നില്ലെങ്കിൽ ന്യായം കടുവയുടെ ഭാഗത്തു ഉണ്ടാകും. ഐ ആം ഷുവർ...... അവൾക്ക് റംസിയെ ഇഷ്ടം ആണ്. ഇഷ്ടം ഉള്ളവർക്ക് വേണ്ടി എന്ത് വേണേൽ ചെയ്യും. സോ അവളായിട്ട് തന്നെ അത് ഡീൽ ചെയ്തോളും......

അതൊക്കെ പോട്ടെ നിന്റെ ഇഷ്ടം പറയുന്നില്ലേ നീ......

അതിനേക്കാൾ വലിയ ടെൻഷനില ഞാൻ ഇപ്പൊ അപ്പോഴാ പ്രൊപ്പോസ് ചെയ്യുന്നേ.

എന്താ പുതിയ പ്രോബ്ലം......

അവൾക്ക് AJ ആരാണെന്ന് അറിയില്ല. അന്ന് അറിയാതെ ഓഫീസിൽ എത്തിയതാണ്.

സമി ഞെട്ടലോടെ അവനെ നോക്കി...... ജുനു അപ്പോൾ ഒന്നും പറഞ്ഞു കൊടുത്തിട്ട് ഇല്ലേ

അവൻ ഇല്ലെന്ന് തലയാട്ടി. സത്യം അറിയുമ്പോ എന്നോട് ഇഷ്ടക്കേട് ഉണ്ടാകോടാ....... അവൻ നെറ്റിയിൽ കൈ താങ്ങി മുഖം കുനിച്ചു.

ഡോണ്ട് ബി സില്ലി മാൻ....... അറിയുമ്പോൾ നിന്നെ മനസ്സിലാക്കാൻ അവൾക്ക് കഴിയും. ജുനു ഒന്നും കാണാതെ aj ആരാണെന്നു പറയാതിരിക്കില്ല. അന്ന് നിന്റെ ഉമ്മാനെ അവൾ ഒരു പാഠം പഠിപ്പിക്കും നോക്കിക്കോ.......

എന്റെ ഉമ്മയല്ലേടാ അവർ......

ആ ഉമ്മ തന്നെയാണ് ഇനയയെ വേണ്ടെന്നു പറയുന്നതും....... അവർക്ക് മോനാണെന്ന് ഓർമ ഇല്ലെങ്കിൽ നിനക്ക് ഉമ്മ  ആണെന്നുള്ള ഓർമയും

വേണ്ട അത്ര തന്നെ..

സമി ദേഷ്യത്തോടെ പറഞ്ഞു

അതിന്ന് മറുപടി പറയാതെ നിറഞ്ഞ കണ്ണുകൾ തുടച്ചു അവൻ പോയി.

💖💖💖💖💖

റംസി ഇന്നലെ രാത്രി കണ്ടതിന്ന് ശേഷം അവന്റെ മുന്നില് പോയില്ല. അവൻ അവളെ റൂമിലേക്ക് പോയി. കിടന്നിട്ട് കണ്ടു. അവളുടെ അടുത്ത് പോയി അവളെ തൊട്ട് ഇത്തുന്ന് വിളിച്ചതും അവൾ എണീറ്റു. വീർത്ത കൺപോളകൾ കണ്ടതും അവൾ ഒരുപാട് കരഞ്ഞിനെന്ന് അവന്ന് മനസ്സിലായി.

എന്താടി ഇത്.......

എന്നാലും വേണ്ടായിരുന്നെടാ....... നിനക്ക് ഒരുകുഞ്ഞിനെ വേണ്ടേ.......

അതെന്താടി നിന്റെ മക്കളെ എന്റെ മക്കളായി കണ്ടുടെ......

അത് പോലാണോ സ്വന്തം കുഞ്ഞ്.....

അപ്പൊ Aj ആരാ...... അവൻ ചെറു ചിരിയോടെ

ചോദിച്ചു.

അവൾ ഞെട്ടലോടെ അവനെ നോക്കി.

ചരിത്രം ഒരിക്കൽ കൂടി ആവർത്തിക്കുന്നു...... അത്ര തന്നെ... അല്ലെങ്കിലും ചരിത്രം ആവർത്തിക്കപ്പെടാൻ ഉള്ളത് തന്നെയാണ്.....

ചിരിയോടെ പറഞ്ഞതെങ്കിലും അവന്റെ കണ്ണിൽ ഊറിക്കൂടിയ കണ്ണുനീർ അവൾ കണ്ടു.അവൾ കണ്ണ് തുടച്ചു.

നിന്നെ അല്ലെങ്കിലും  നാവുകൊണ്ട് തോൽപ്പിക്കാൻ ആകില്ലല്ലോ.അവനെ നോക്കി ചിരിച്ചു.

ഇതാണ് എന്റെ പുന്നാരു ഇത്തു. ഓൾ ഈസ് വെൽ....... അവൻ കവിളിൽ പിടിച്ചു വലിച്ചു.

ഞാൻ നിന്നോട് വേറൊരു കാര്യം ചോദിച്ചോട്ടെ. അവൾക്ക് ഇപ്പൊ പതിനെട്ടു വയസ്സാകാറായി. ഇപ്പോഴത്തെ കൊച്ചു പിള്ളേർക്ക് പോലും പലതും കണ്ടും കെട്ടും അറിയാം. അങ്ങനെ ഉള്ളപ്പോൾ ഇവൾക്ക് ഒന്നും അറിയില്ലെന്ന് വെച്ചാൽ....... അവൾ അവനെ സംശയത്തോടെ നോക്കി.....

ഇനു നിങ്ങൾ വിചാരിക്കുന്നത് പോലെ സാധാരണ

പെൺകുട്ടി അല്ല. അവളെ നോർമലി കാണാൻ ഒരു കുഴപ്പം ഇല്ല. പക്ഷേ അവൾക്ക് സ്വന്തം ആയി ചിന്തിക്കാൻ ശേഷി കുറവാണ്...... ഷി ഈസ് ഫോടീൻ യേർസ് ഓൾഡ്.

എന്ന് വെച്ചാൽ........

അവൾക്ക് പതിനാല്  വയസ്സ് വരെ പ്രോബ്ലം ഒന്നും ഉണ്ടായിരുന്നില്ല. സാദാ നോർമൽ പെൺകുട്ടി . ബ്രില്യന്റ് തലയാണ് അവൾക്ക്. എന്ത് കാര്യവും നിമിഷ നേരം കൊണ്ടു മൈൻഡ് സേവ് ചെയ്യും. പഠിത്തത്തിലും ബുദ്ധിശക്തിയിലും സൗന്ദര്യത്തിലും എല്ലാം ഒന്നാമത്.  സ്കൂളിലെ ടോപ് ബ്രില്യന്റ് സ്റ്റുഡന്റ് കാണുന്നവർ അസൂയയോടെ നോക്കി നിൽക്കുന്ന പെണ്ണ്. അവളുടെ സൗന്ദര്യം കൂട്ടാൻ എന്നവണ്ണം അവളുടെ ഭംഗിയെറിയ നീല മിഴികൾ. സന്തോഷത്തോടെ ജീവിച്ച അവൾക്ക് കണ്ണെർ തട്ടിയ പോലെ ആയിരുന്നു. ഒരാക്സിഡന്റ് സംഭവിച്ചത്. കാർ തട്ടി വീഴുമ്പോൾ അവളുടെ തലക്ക് ശക്തിയിൽ അടിയേറ്റിരുന്നു. തിരിച്ചു കിട്ടില്ല എന്നിടത് നിന്നും ജുനുവും ഉമ്മയും പ്രാർത്ഥനയോടെ തിരിച്ചു കൊണ്ടു വന്നതാ അവളെ. പക്ഷേ അവളുടെ തലയിൽ ബ്ലഡ് ക്ലോട്ട് ചെയ്തു. ഓപ്പറേഷൻ

ചെയ്തെങ്കിലും പൂർണ്ണമായും റിക്കവർ ആയില്ല. അവൾ തിരിച്ചു വന്നത് പുതിയൊരു വ്യക്തിആയിട്ടാണ്. കഴിഞ്ഞതെല്ലാം ഓർമ ഉണ്ടെങ്കിലും പുതുതായി അവൾക്ക് ഒന്നും ഓർത്തെടുക്കാൻ പറ്റില്ല. അതായത്  കൊച്ചുകുട്ടിയെ പോലെ എന്ത് പറഞ്ഞു കൊടുക്കുന്നോ പ്രവർത്തിച്ചു കാണിക്കുന്നോ അത് അവളുടെ മൈൻഡ് സേവ് ചെയ്യും അത് പോലെ പ്രവർത്തിക്കും. റോബോട്ട് പോലെ. മൈൻഡ്ൽ ഫീൽഡ് ചെയ്യുന്നതെന്തോ അത് പോലെ. ഒരുപാട് ചികിൽസിച്ചെങ്കിലും ആക്സിഡന്റിന്റെ ഭീതിയിലും ടെൻഷനിലും  മൈൻഡ് സ്റ്റക്ക് ആയി എന്നൊക്കെ ഡോക്ടർ വിധിച്ചത്. ഭാവിയിൽ ആ മൈൻഡ് ബ്ലോക്ക് നീങ്ങിയ  അവൾക്ക് സ്വയം ചിന്തിക്കാനും പ്രവർത്തിക്കനും കഴിയും. അങ്ങനെ സംഭവിക്കുമോ എന്ന് ഉറപ്പും ഇല്ല. ചിലപ്പോൾ ജീവിതകാലം മുഴുവൻ അത് പോലെ ആയിരിക്കും എന്ന് എല്ലാ ഡോക്ടർ വിധിയെഴുതി. ജുനു വിധിക്ക് മുന്നില് തോറ്റുകൊടുക്കാൻ തയ്യാർ അല്ലായിരുന്നു. പതിനാല് വയസ്സ്കാരിക്കും പലതും ചെയ്യാൻ കഴിയുമെന്ന് അവൻ പ്രവർത്തിയിലൂടെ കാണിച്ചു. അവളുടെ

കൈ പിടിച്ചു അവൻ നടത്തിയ യാത്ര ഇവിടെ എത്തി നിൽക്കുന്നു. ജൂനുവിലൂടെ അവൾ കേട്ടു കാഴ്ചകൾ കണ്ടു സംസാരിച്ചു . അവനിലൂടെ ലോകം കണ്ടു തുടങ്ങി. അവൻ പറയുന്നതെന്തോ അതാണ് അവളുടെ ലോകം. ബ്രിലന്റ് മൈൻഡ് ആയത് കൊണ്ടു തന്നെ ഒരു പ്രാവശ്യം മതി അത് ഒപ്പിയെടുക്കാൻ. Sslc ക്ക് പ്ലസ് ടു വിനും ഫുൾ എ പ്ലസ്. സ്റ്റേറ്റ് ടോപ്പർ സ്റ്റുഡന്റ്. അപ്പൊ ആലോചിച്ച പോരെ അങ്ങനെ ഒരു കുട്ടി ഇങ്ങനെ ആകണമെങ്കിൽ ജുനു അവളെ ട്രെയിനിങ് ചെയ്തത്.  ഓരോ കൊച്ചു കാര്യവും അവൻ പറഞ്ഞു പഠിപ്പിച്ചു. പ്രായം കൊണ്ടു പതിനെട്ടു ആയെങ്കിലും ഇവൾ ഇപ്പോഴും ആ പതിനാല്കാരിയാണ്. അതിന്റെ കൂടെയാണ് അവളുടെ ഉമ്മ അവൾക്ക് മെൻസ്ട്രഷൻ ഉണ്ടായില്ലെന്ന് ശ്രദ്ധിക്കുന്നത്.

ജുനുവിനോട് ഇത് പറഞ്ഞപ്പോൾ ഡോക്ടറെ കാണിച്ചു. പ്രത്യക്ഷത്തിൽ കുഴപ്പം ഒന്നും ഇല്ല. പിന്നെ എല്ലാം ദൈവത്തിന്റെ കയ്യിലാണ്. പ്രാർത്ഥിക്കുക എന്ന് മാത്രം പറഞ്ഞു. ഉമ്മയും ജുനുവും നെഞ്ചിടിപ്പോടെയാണ് അത് കേട്ടത്.

ഇനു അറിഞ്ഞാൽ കൂടുതൽ സങ്കടപെടുമെന്ന് തോന്നിയ  ജുനു ഉമ്മാനെ കൊണ്ടു ഇക്കാര്യം പറയരുതെന്ന് സത്യം ഇടീച്ചു. അവളിൽ നിന്നും സ്ത്രീ സംബന്ധമായ എല്ലാ കാര്യവും ഒളിപ്പിച്ചു. അവൾക്ക് കൂട്ടിന് റാനി  ഒഴിച്ച് മറ്റെരെയും വേണ്ടെന്ന് പറഞ്ഞു. വിവാഹം ഫൻക്ഷൻ അങ്ങനെ ഒന്നിനും വിടില്ല. മറ്റുള്ളവരിൽ നിന്നും അറിയാതെ ആണെങ്കിലും ഒരു കളിയാക്കലോ സഹതാപമോ ഇല്ലാതിരിക്കാൻ മറ്റു പെൺകുട്ടികളെ പോലെയല്ല അവളെന്ന് വിശ്വസിപ്പിച്ചു. റാനിയോട് പോലും വിലക്ക് ആയിരുന്നു ഒന്നും പറയാൻ പാടില്ലെന്ന്. ഫുൾ ടൈം പഠിപ്പിൽ കോൺസെൻഡ്രേറ്റ് ചെയ്യിച്ചു. മറ്റു വികാരങ്ങൾ പലതും ഒരു പതിനാല് കാരിയിൽ നിന്നും ദൂരെ ആക്കിയിരുന്നു അവൻ. കാരണം ഒരു പ്രണയവും വിവാഹം എന്നൊക്കെ കൺസെപ്റ്റ് ഉണ്ടായാൽ അവൾക്ക് അതിന് പറ്റില്ലെന്ന് അവന്ന് അറിയാമായിരുന്നു. ഉമ്മയാകാൻ പറ്റാത്ത ഒരു പതിനാല്കാരിക്ക് അതൊക്കെ ഒരു സ്വപ്നം മാത്രം ആണെന്ന് അവന്ന് അറിയാമായിരുന്നു. അവളുടെ അവസ്ഥ അങ്ങനെ ആയത് കൊണ്ടു അവന്ന് എളുപ്പത്തിൽ അതിന്ന് പറ്റുകയും ചെയ്തു.

അതിനിടയിലാണ് ഞാൻ അവളെ കണ്ടു പ്രേമിക്കുന്നത്. ഏത് പെണ്ണായാലും കട്ട സപ്പോർട് ആണെന്ന് പറഞ്ഞു നടന്നിട്ട് അവന്റെ പെങ്ങളാണെന്ന് പറഞ്ഞതും പിറകോട്ടു അടിച്ചു. സമ്മതമല്ലെന്ന് പോലും തീർത്തു പറഞ്ഞു. ഇനി എന്റെ ജീവിതത്തിൽ മറ്റൊരു പെണ്ണില്ലെന്ന് പറഞ്ഞു സത്യം ഇട്ടപ്പോഴാ അവൻ അവളുടെ അവസ്ഥയൊക്കെ പറഞ്ഞത്. എല്ലാം കേട്ടപ്പോൾ ഇഷ്ടം കൂടിയിട്ടേ ഉള്ളൂ. അന്ന് ഉറപ്പിച്ചത എന്റെ ജീവിതത്തിൽ ഒരു പെണ്ണുണ്ടെങ്കിൽ ഇനു ആയിരിക്കുമെന്ന്. ജുനു പറയുന്നത് മാത്രം അനുസരിക്കുന്ന അവൾക്ക് പതിനെട്ടു വയസ്സായാൽ വിവാഹത്തെ പറ്റിയും എന്നെ പറ്റിയും ഒക്കെ പഠിപ്പിച്ചു കൊടുക്കും. അത് വരെ അവളുടെ ഭാഗത്തു പോകരുതെന്ന് ജുനു പറഞ്ഞു. ഇപ്പൊ ഞാൻ മോഹിച്ചു ആഗ്രഹിച്ചു പ്രണയിച്ച പെണ്ണിനെ തന്നെ സ്വന്തം ആക്കി.

റംസി  ഒഴുകിയിറങ്ങിയ കണ്ണുനീർ തുടച്ചു കൊടുത്തു. ഞാൻ ഹാപ്പിയാണ് ഇത്തു..... എനിക്ക് അവൾ കൂടെയുണ്ടായ മതി ഞാൻ ഹാപ്പിയാകും.

അവളിൽ നിന്നും ഒരു പതിനാല് വയസ്സ്കാരിയുടെ

പ്രവർത്തിയെ പ്രതീക്ഷിക്കണ്ടേ. പിന്നെ ജുനു പറഞ്ഞു പഠിപ്പിച്ച അല്ലെങ്കിൽ ജുനുവിലൂടെ കണ്ടറിഞ്ഞ കാര്യങ്ങളും. അതോണ്ട് തന്നെ അവളുടെ സ്വഭാവം എന്താണെന്ന് ഒരു പിടിയും ഇല്ല. ജുനുവിന് ഇപ്പോഴും കൊച്ചു കുട്ടിയ അവൾ. എന്തൊക്കെ ആ മൈൻഡിൽ ഉണ്ടെന്ന് പടച്ചോനെ അറിയൂ. ഞാൻ അവളെ ഫ്രീ ആക്കി വിട്ടതും അത് കൊണ്ടു തന്നെ ആണ്. തീർച്ചയായും അവളിൽ മാറ്റം കൊണ്ടു വരാൻ എനിക്ക് കഴിയും. പറ്റിയില്ലെങ്കിലും നോ പ്രോബ്ലം........ ഞാൻ ഉണ്ടാകും അവൾക്ക് കൂട്ടായിട്ട്. അവൾക്ക് ഇതൊന്നും അറിയില്ല. അവളുടെ കണ്ണിൽ അവൾക്ക് ഒരു കുഴപ്പവും ഇല്ല. ഒന്നും ഉമ്മയും ജുനുവും അറിയിച്ചിട്ടും ഇല്ല. ചെറുതിലെ ജുനു ആയിരുന്നു റോൾ മോഡൽ ഇപ്പോഴും അങ്ങനെ തന്നെ. അതോണ്ട് അവൾ ഒന്നും അറിയരുത്.....

നിന്നെ പോലെ നീയെ ഉണ്ടാകു. ഞാനും ഉണ്ടാകും എന്നും അവളുടെ കൂടെ ഇതുവായിട്ട്. അവന്റെ നെറ്റിയിൽ നെറ്റി മുട്ടിച്ചു പറഞ്ഞു.

അവൻ ചിരിയോടെ അവളെ ചേർത്ത് പിടിച്ചു.

പോകാൻ നേരം പറഞ്ഞു ഇന്ന് നൈറ്റ് എന്റെ ഫ്രണ്ടിന്റെ എൻഗേജ്മെന്റ് ആണ്.  അവളെ ഒന്ന് കാര്യമായി ഒരുക്കി കൊടുക്കണം പ്ലീസ്...........

അവൾ അവനെ ചുഴിഞ്ഞു നോക്കി. ഒരുക്കി കൊടുക്കണം പറഞ്ഞ ആർക്കോ പണിയാണ്. എന്താണ് മോനെ പഴയ വല്ല തേപ്പ് പെട്ടിക്കും പണി കൊടുക്കാൻ ആണോ......

അല്ല മുത്തേ ഒരസ്സൽ കാട്ടുകോഴിക്ക് പണി കൊടുക്കാന..... അവന്റെ മനസ്സിൽ ഷഹിയുടെ രൂപം തെളിഞ്ഞു.

ഡ്രസ്സ് ഞാൻ കബോർഡിൽ വെച്ചിട്ടുണ്ട്. അതിട്ട മതി. പിന്നെ അവൾ അങ്ങനെ പാർട്ടിക്ക് ഒന്നും പോകില്ല..... ജുനു പറഞ്ഞു കൊടുത്തത. അവൾ അതിൽ നിന്നും അണുവിണ തെറ്റില്ല. അതോണ്ട് എന്തെങ്കിലും സർപ്രൈസ് എന്ന് പറഞ്ഞ മതി. ബാക്കി ഞാൻ നോക്കിക്കൊള്ളാം...... അവൻ പോയി.

കോളേജ് വിട്ടു വന്നതും റംസി അവളോട് ഒരു

സർപ്രൈസ് ഉണ്ട്. ഫൈസ് റെഡിയാവാൻ പറഞ്ഞു

എന്ന് പറഞ്ഞു ആ ഡ്രസ്സ് എടുത്തു കൊടുത്തു.

കുറെ സമയം ആ ഡ്രസ്സ് പിടിച്ചു നിന്നു. ഫൈസ് വാങ്ങിയതാ ഇത് തന്നെ ഇടണമെന്ന് പറഞ്ഞതും അവൾ സമ്മതിച്ചു.റെഡ്മെറൂൺ  കളർഉള്ള സിമ്പിൾ വർക്ക് ആയുള്ള ലഹങ്ക ആയിരുന്നു അത്. റംസി സിമ്പിൾ ആയി മേക്കപ്പ് ഇട്ടു. ആദ്യം തടഞ്ഞെങ്കിലും ഫൈസ് പറഞ്ഞിട്ട പറഞ്ഞതും അവൾ ഒന്നും തടഞ്ഞില്ല. സ്കാഫ് കുത്താതെ ഷാൾ തലയിലൂടെ മോഡൽ ആയി ഇട്ടുകൊടുത്തു.ഹയർ ബൺ ചെയ്തു കെട്ടികൊടുത്തു. മുമ്പിൽ നിന്നും കുറച്ചു മുടി സൈഡിലേക്ക് ഇട്ടു. അപ്പോഴേക്കും ഫൈസിയും വന്നിരുന്നു. അവളെ കണ്ടതും അവൻ കണ്ണിമ വെട്ടാതെ ശ്വാസം പോലും വിടാതെ  നോക്കി നിന്നു.

അത്രയും മനോഹരി ആയിരുന്നു അവൾ. റംസിയുടെ കലവിരുന്നു കൂടി ആയപ്പോൾ അതിന്റെ ഇരട്ടി ആയിരുന്നു അവൾ.

അതേ അവളെ കൂടെ നടക്കുമ്പോൾ ഇത്തിരി ഡിസ്റ്റൻസ് ഇട്ടോ ഇല്ലെങ്കിൽ കണ്ണേറിന് അടുത്ത് കോലം വെച്ചതാണെന്ന് തോന്നും നിന്നെ കാണുമ്പോൾ...... റംസി പറഞ്ഞതും അവൻ അവളെ

അടിക്കാൻ നോക്കിയതും അവൾ ഓടി.

ഒരുമാതിരി കോലം കെട്ടിയ പോലെയുണ്ട് ഫൈസ്. എനിക്ക് ആകെ കൺഫേർട് ആകുന്നില്ല. അവൾ ഡ്രസ്സ് മൊത്തം നോക്കി പറഞ്ഞു.

കുറച്ചു ടൈം മതി..... ഇനി ഒരിക്കലും പറയില്ല പ്ലീസ്...... അവൻ ദയനീയമായി നോക്കി പറഞ്ഞത് അവൾ പിന്നെ ഒന്നും പറഞ്ഞില്ല.

ഫൈസ് പറഞ്ഞല്ലേ ഞാൻ ഈ ഡ്രസ്സ് ഇട്ടത് അപ്പൊ ഞാൻ പറഞ്ഞ ഡ്രസ്സ് ഇട്ട മതി ഫൈസ്.

കുരിശ് ആക്കൊന്ന് തോന്നിയെങ്കിലും അവളുടെ മുഖത്തെ സന്തോഷം കണ്ടപ്പോൾ തടയാൻ തോന്നിയില്ല അവന്ന്........

അവൾ കാബോർഡ് മൊത്തം പരതി അതേ കളർ ഉള്ള ഒരു ഷർട്ട് എടുത്തു വന്നു. അപ്പോഴാ ഫൈസിനും ആശ്വാസം ആയത്. അവൻ ഡ്രസ്സ് മാറ്റി വന്നതും അവനെ തന്നെ നോക്കി........... സങ്കടത്തോടെ മുഖം കൊട്ടുന്ന കണ്ടു.

എന്ത നന്നായില്ലേ....... അവൻ സംശയത്തോടെ ചോദിച്ചു.

നിന്നെ കാണാൻ ഒടുക്കത്തെ മോന്ജ് ആണ്.

അതോണ്ട് എന്റെ കൂടെ വരണ്ട ഇത്തു  പറഞ്ഞ പോലെ ദൂരെ നിന്ന മതി.

കുശുമ്പ് ഒട്ടും ഇല്ല അല്ലേ മോളെ ....... ജുനുനോട് എന്റെ കൂടെ നിൽക്കണ്ട പറഞ്ഞതൊക്കെ എനിക്ക് അറിയാം..... എനിക്ക് ജന്മനാ കിട്ടിയ സൗന്ദര്യം ആണ് അസൂയ പെട്ടിട്ട് കാര്യം ഇല്ല ......

അവൾ നാവ് കടിച്ചു ചമ്മലോടെ അവനെ നോക്കി......

ഇനി നിന്നാലേ ലേറ്റ് ആകും...... സമി അവിടെ എത്തി ചീത്ത വിളിക്കുന്നുണ്ട്.

സമിക്കയും ഉണ്ടോ....... എന്ന അത് മതി ഞാൻ അവന്റെ കൂടെ നിന്നോളം..... നിന്നെ എന്റെ അടുത്തേക്ക് പോലും അടുപ്പിക്കില്ല....

അത് വേണ്ട എന്റെ കൂടെ നിന്ന മതി. ഞാൻ വിട്ടിട്ട് വേണ്ടേ.......അവൻ അവളുടെ കൈകുള്ളിലൂടെ കയ്യിട്ടു ചേർന്നു നിന്നു.

ഇപ്പൊ അസൂയ ആർക്കാണെന്ന് മനസ്സിലായി....

ഞാൻ അത് സഹിച്ചു എന്ന് ചിരിയോടെ പറഞ്ഞു അവൻ അവളെയും കൂട്ടി പോയി.

എവിടെക്കാ...... എന്തിനാ എന്നൊക്കെ ചോദിച്ചെങ്കിലും അവൻ സർപ്രൈസ് ആണ് പറഞ്ഞു അവളുടെ വാ അടച്ചു.

കാർ നിറുത്തി പുറത്തു ഇറങ്ങിയതും അവൾ ചുറ്റും നോക്കി. ഒരു വീട്ടുമുറ്റത് ആണ് കാർ നിർത്തിയിരിക്കുന്നത്.വീട്  കണ്ടതും അവളിലൂടെ ഒരു വിറയൽ പടർന്നു കയറി. ജന്നത് ...... ഇജാസിന്റെ കൈ പിടിച്ചു ഈ വീട്ടിലേക്ക്  കേറി വന്നത് അവളുടെ ഓർമയിൽ ഓടിയെത്തി....... ജന്നതിന്റെ കൈ പിടിക്കാൻ ഉള്ള യോഗ്യത നിനക്കില്ല ജുനൈദ്........ കരഞ്ഞു കൊണ്ടു എന്റെ കയ്യും പിടിച്ചു ഈ വീട്ടിൽ നിന്ന് ഇറങ്ങി വന്ന ജുനൈദിന്റെ മുഖം അവളുടെ മുന്നില് തെളിഞ്ഞു. അമ്മിജന്റെ ശബ്ദം അവളുടെ ചുറ്റും അലയടിച്ചു....... അവൾ ചെവി പൊത്തിപിടിച്ചു.......

അതിന്റെ സൈഡിൽ ആയി ഉള്ള വെൽക്കം ബോർഡ് കണ്ടതും അവൾ തളർന്നു വീഴുമെന്ന് തോന്നി.ആശ്രയത്തിന്ന് എന്നോണം ഫൈസിന്റെ കയ്യിൽ മുറുക്കെ പിടിച്ചു.

❤️ 💔 INVISIBLE LOVE 💔❤️

**Love after💘 marriage story**

**Part 27**

ഞാൻ വരില്ലെന്ന് പറഞ്ഞ വരില്ല. അവൾ കയ്യും കെട്ടി കാറിൽ ചാരി നിന്നു.ഫൈസ് സമിയെ നോക്കി...... സ്വയം വരുത്തി വെച്ചതല്ലേ അനുഭവിച്ചോ....

എന്റെ മുത്തല്ലേ..... പൊന്നല്ലേ... ചക്കരയല്ലേ..

ഒന്ന് മുഖം കാണിച്ചാൽ മതി. പെട്ടെന്ന് വരാം.

എനിക്ക് ഇഷ്ടം അല്ല...... ഞാൻ ഇങ്ങനെയുള്ള പാർട്ടിക്കൊന്നും വരാറില്ല......

അതെനിക്കും അറിയാം..... ഇത് ഒഴിവാക്കാൻ പറ്റാത്ത പാർട്ടി ആയിപ്പോയി. അതോണ്ടല്ലേ....

നിങ്ങൾ പോയിക്കോ...... ഞാൻ കാറിൽ ഇരുന്നോളാം.....

ഒന്നുമില്ലെങ്കിലും നിന്നെ സഹായിച്ചതല്ലേ ഇജാസ്. അവന്റെ പെങ്ങളെ എൻഗേജ്മെന്റ് ആണ്. സഹായിച്ചവരോട് നന്ദി കാണിക്കരുതെന്നാണോ

ജുനു പഠിപ്പിച്ചത്.

ഞാൻ നന്ദി പറഞ്ഞല്ലോ അവരോട്.....ഞാൻ വരുന്നില്ല ഈ വീട്ടിലേക്ക്..... എനിക്ക് എന്തൊക്കെയോ പോലാകുന്നു ഫൈസ് എനിക്ക് വീട്ടിലേക്ക് പോകണം...... അവൾ കരച്ചിലിന്റെ വക്കിൽ എത്തിയിരുന്നു.

എന്ന തിരിച്ചു പോകാം വാ..... ഞാൻ എന്റെ ഫ്രണ്ട്സിനോട് ഒക്കെ പറഞ്ഞു ഇനു ഞാൻ പറഞ്ഞത് മൊത്തം അനുസരിക്കും. എന്നെ ഇഷ്ടം ആണ് എന്നൊക്ക...... ഇനിയിപ്പോ എല്ലാരേം മുന്നില് നാണം കെടും..... സാരമില്ല നിനക്ക് ഇഷ്ടം അല്ലാത്തോണ്ടല്ലേ ഫൈസ് സങ്കടം ഭാവിച്ചു അവളോട് പറഞ്ഞു.

സമി അവരോടൊക്കെ പറഞ്ഞേക്ക്. ഞാൻ തമാശ പറഞ്ഞതാണെന്ന്. എന്നെ കളിയാക്കുമായിരിക്കും...... ഇൻസൾട്ട് ചെയ്യുമായിരിക്കും..... അവരെ മുന്നിൽ തലകുനിച്ചു നിൽക്കണം ഇനി. അതോണ്ട് ഞാൻ ഇനി അവരെ മുന്നില് പോലും വരില്ല.... അതും പറഞ്ഞു തിരിഞ്ഞു നടന്നതും ഇനു വിളിച്ചു.

ഫൈസ്...... നമുക്ക് പാർടിക്ക് പോകാം..... എന്റെ ഫൈസ് ആരുടേയും മുന്നിൽ തല കുനിക്കണ്ട. എന്റെ ജുനുന് ഇഷ്ട്ടം ആവില്ല. ..... ജുനു അറിഞ്ഞ സങ്കടംആകും.....

അവൻ ഓടിവന്നു അവളെ കെട്ടിപിടിച്ചു. എന്റെ മുത്താണ്..... താങ്ക്യു.....

ഫൈസിന്റെ സന്തോഷം കണ്ടെങ്കിലും അവളുടെ മനസ്സിൽ കടൽ ഇരമ്പുന്ന സങ്കടം ഉണ്ടായിരുന്നു. ഈ വീട്ടിൽ ഇനി കാലുകുത്തില്ല പറഞ്ഞു ഇറങ്ങി ഓടിയതാണ്. പക്ഷേ ഫൈസ് അവനെ സങ്കടപെടുത്താൻ ആവില്ല.

നീ കഴിഞ്ഞ എനിക്ക് ഏറ്റവും ഇഷ്ട്ടം ഫൈസിയോടും സമിയോടും ആണ്. അവരെ ഒരിക്കലും എന്റെ മോള് വിഷമിപ്പിക്കാൻ പാടില്ല. എന്റെ സ്ഥാനം തന്നെ അവർക്ക് കൊടുക്കണം. നിനക്ക് ഇനി മുതൽ മൂന്നാണ് ഇക്കാക്ക കേട്ടല്ലോ..... ഒരു ദിവസം അവരെ കൂടെ പോയെന്നു ദേഷ്യം പിടിച്ചപ്പോൾ ജുനു പറഞ്ഞ വാക്കുകൾ അവളോർത്തു.

എന്ന പിന്നെ അകത്തേക്ക് പോകാം ഫൈസ് ഇനുവിനെ നോക്കി. അവൾ അവന്റെ

കൈക്കുള്ളിലൂടെ കയ്യിട്ടു പിടിച്ചു. എന്നെ അവിടെ എത്തുമ്പോൾ തനിച്ചാക്കരുത്..,... എന്റെ കൂടെ തന്നെ നിൽക്കണം. അവൾ അവന്റെ മുഖത്ത് ദയനീയമായി നോക്കി പറഞ്ഞു.

അവൻ കയ്യിൽ മുറുക്കെ പിടിച്ചു. അതിപ്പോ നീ പറയണോ കാന്താരി.

സമിക്കന്റെ നേരെ അവൾ മറ്റേ കയ്യും നീട്ടി.

ഞാനും ഉണ്ടാകും കൂടെ. നിങ്ങൾ നടക്ക് ഞാൻ കാർ പാർക്ക് ചെയ്തു വരാം.

ബൈക്കിൽ വന്നവൻ കാർ പാർക്ക് ചെയ്യനോ ഫൈസി അവനെയും ബൈക്കും നോക്കി. സമി കണ്ണടിച്ചു കാണിച്ചു. എന്നെയും ഇനുനെയും ഒന്നിച്ചു ആക്കിയതാണെന്ന് അവന്ന് മനസ്സിലായി.

ഇതെന്താടാ കൊട്ടാരമോ...... ഫൈസ് ആ വീട് മൊത്തത്തിൽ നോക്കി പറഞ്ഞു.

എനിക്കും തോന്നിതാ അത്...... നിന്റെ വീടിന്റെ ഡബിൾ ഉണ്ടാകും അല്ലേ.....

ത്യബിൾ എന്ന് പറയ്...... നോക്കിട്ട് തന്നെ തീരുന്നില്ല ഫൈസ് പറഞ്ഞു.

ജന്നത് വീടിന്റെ പടി ചവിട്ടുമ്പോൾ അവളുടെ മേലെ റോസപ്പൂക്കൾ വർഷിച്ചു. ഫൈസിയും ഇനുവും ഞെട്ടലോടെ പരസ്പരം നോക്കി. അവളുടെ മുഖത്ത് പുഞ്ചിരി വിരിഞ്ഞു. അവൾ അപ്പോൾ തന്നെ പുച്ഛം വരുത്തി. തന്നെ ഇജാസ് സ്വീകരിച്ചതാണെന്ന് അവൾക്ക് മനസ്സിലായി.

അപ്പോഴേക്കും കുറെ പേര് അവർക്ക് മുന്നിൽ വന്നു നിന്നു.എല്ലാവരുടെയും മുഖത്ത് സന്തോഷം തുടിച്ചിരുന്നു. ഇജാസ്, നദീം, ശഹസാദ് മുന്നിൽ തന്നെ ഉണ്ടായിരുന്നു.

അവൻ റോസപ്പൂവും അവരെയും നോക്കി.

വരുന്ന എല്ലാ ഗസ്റ്റ്നെ സ്വീകരിക്കാൻ വേണ്ടി അറയ്ഞ്ജ്മെന്റ് ചെയ്തതാ. ഇജാസ് വന്നു ഫൈസിക്ക് കൈ കൊടുത്തു അകത്തേക്ക് ക്ഷണിച്ചോണ്ട് പറഞ്ഞു.

അപ്പോഴാണ് ഒരു പ്രായമായ  സ്ത്രീ അങ്ങോട്ട് വന്നത്. ഈ പ്രായത്തിലും അവരുടെ പ്രൗഡി കണ്ടു ഫൈസ് അത്ഭുതത്തോടെ നോക്കി. അറിയാതെ തന്നെ ഒരു ബഹുമാനം തോന്നി അവന്ന്.

ഇത് ഞങ്ങളുടെ ഫാമിലി ആണ്. ഇത് അമ്മിജാൻ

ഞങ്ങളുടെ ഉമ്മാമ്മ ആണ്. ഇജാസ് ഇനുവിനെ നോക്കി പറഞ്ഞു.നദീം ശഹസാദ് ഫൈസിക്കും സമിക്കും കൈ കൊടുത്തു. അകത്തേക്ക് ക്ഷണിച്ചു. ഫൈസ് ശഹിയെ നോക്കി. മുഖത്ത് ഇപ്പോൾ പുച്ഛഭാവം ഒന്നും ഇല്ലായിരുന്നു. അത് അവന്ന് അത്ഭുതം ആയി തോന്നി.

എല്ലാവരും ഞങ്ങളെ നോക്കി കുശുകുശുക്കുന്നത് ഫൈസി ശ്രദ്ധിച്ചു.

അമ്മിജാൻ അവരുടെ അടുത്തേക്ക് വന്നു. ഫൈസിനെ നോക്കി പുഞ്ചിരിച്ചു. അവന്നും തിരിച്ചു പുഞ്ചിരിച്ചു. അവർ ഇനയക്ക് നേരെ കൈ നീട്ടി അവളുടെ തലയിൽ തൊടാൻ പോയി.

അവൾ ആ സ്പോട്ടിൽ തല കുനിച്ചു ഡ്രസ്സ് തഴ്ഭാഗം ശരിയാക്കുന്നത് പോലെ ചെയ്തു.

എന്താ പറ്റിയെ ഫൈസി മെല്ലെ ചോദിച്ചു.

ഒന്നുല്യ ഇപ്പൊ ശരിയായി.

എല്ലാവരും അമ്മിജാനേ നോക്കുക ആയിരുന്നു അപ്പോൾ അവർ കൈ താഴ്ത്തി.

അവർ ഒ രു ചിരി വരുത്തിച്ചു അകത്തേക്ക് പോയി.

ശഹസാദ് പുച്ഛത്തോടെ ഇജാസിനെ നോക്കി.

നദീം അത് കണ്ടു ശഹിയെ നോക്കി പേടിപ്പിച്ചു.

അപ്പൊ ഫൻക്ഷൻ ടൈം ആയി എല്ലാരും വാ അതും പറഞ്ഞു ഷഹാസദ് ഇനുവിനെ നോക്കി കണ്ണുരുട്ടി പറഞ്ഞു അകത്തേക്ക് പോയി. ഫൈസ് സമിയും അവരെ കൂടെ പോയി. ഫൈസിന്റെ കയ്യിൽ ഇനുവിന്റെ പിടി മുറുകി വരുന്നുണ്ടായിരുന്നു.

ടാ ഇതെന്താ കുടുംബം മൊത്തം ആനയിക്കുന്നെ. നദീംമിന്റെ എൻഗേജ്മെന്റ് ആണോ അതോ നിനക്ക് vip സ്വീകരണം ആണോ.

ഒന്ന് പോടാ അവർ പോകാൻ നോക്കുമ്പോഴായിരിക്കും നമ്മൾ വന്നത്.

വലിയൊരു ഹാളിലേക്ക് അവരെ കൂട്ടി പോയത്. ഒരുപാട് പേരെ അവിടെ കണ്ടു. പലരും ബിസിനസ് ഫ്രണ്ട്സ് ആയോണ്ട് പരിജയം പുതുക്കി.ഇനുവിനെ പരിചയപെടുത്തുകയും ചെയ്തു.

ഫുൾ ലൈറ്റ് ഓഫ് ചെയ്തു. ഒരു ലൈറ്റ് മാത്രം ഓൺ ആയി. ശഹി മൈക്ക് പിടിച്ചു നില്കുന്നത് കണ്ടു.

ഹായ് ഫ്രണ്ട്സ്, ഞങ്ങളെ ക്ഷണം സ്വീകരിച്ചു

ഇവിടെ വന്ന എല്ലാവർക്കും താങ്ക്സ്. ആൻഡ് പ്ലീസ് വെൽക്കം നദീം ഷഹാന......

കൺഗ്രസ്സ് ബ്രോ..... Wishing you a life  time of love  and happiness....

അവൻ നദീംമിനെ കെട്ടിപിടിച്ചു. കൈ പിടിച്ചു അരികിൽ നിറുത്തി.  അപ്പോഴേക്കും ഷഹാനയെ കുറച്ചു പേര് കൂട്ടി അവിടേക്ക് വന്നു നദീംമിന്റെ അടുത്തേക്ക് നിറുത്തി. അവൻ ഷാനയെ ചേർത്ത് പിടിച്ചു നെറ്റിയിൽ ഒരു കിസ്സ് കൊടുത്തു. അപ്പോഴേക്കും അവരെ ഫാമിലി മൊത്തം അവിടെക്ക് വന്നു. അമ്മിജാൻ ഷനയെയും നദീംമിനെയും കെട്ടിപിടിച്ചു ആഷിർവദിച്ചു നെറുകയിൽ ചുണ്ടുകൾ അമർത്തി. ഇജാസ് അത് പോലെ ചെയ്യുന്നത് കണ്ടു. അമ്മീചാൻ ഒരു തളികയിൽ പൂക്കൾ നിറച്ചു അതിന്റെ നടുവിൽ ഒരു റിങ് വെച്ചു അവരെ അടുത്തേക്ക് വന്നു.

അപ്പോഴേക്കും ശഹസാദ് വീണ്ടും മൈക്ക് ഓൺ ആക്കി.

ഹായ് ഗയ്സ്..... ഞങ്ങൾ നടത്തുന്ന ഫൻക്ഷൻ ഞങ്ങൾ തന്നെ എല്ലാം ചെയ്തു നിങ്ങൾ ഇങ്ങനെ

ചുമ്മാ ഇരിക്കുന്നത് ശരിയാണോ...... എപ്പോഴും ഒരേ ക്ലീൻ ഷേ ഫൻക്ഷൻ ബോറടി ആയി തുടങ്ങി.

എല്ലാവരും അവൻ പറയുന്നത് ആകാംഷയോടെ നോക്കിനിന്നു.

സോ ഇന്ന് ഞാൻ ചെറിയൊരു മാറ്റം  വെക്കുകയാണ്. ഇവിടെ വന്ന എല്ലാവരുടെയും പേര് എഴുതി ഒരു ബോളിൽ ഇട്ടിട്ടുണ്ട്. അതിൽ നിന്നും നറുക്ക് ഇട്ടു ഒരാളെ തെരഞ്ഞെടുക്കും. അയാൾ ആയിരിക്കും ഞങ്ങളുടെ ചീഫ് ഗസ്റ്റ്. നദീം ബ്രോക്ക് റിങ് എടുത്തു കൊടുക്കുന്നതും......

എല്ലാവരും കയ്യടിച്ചു പ്രോസാൽഹിപ്പിച്ചു...

ശഹി ഒരു കുട്ടിയെ വിളിച്ചതും ഒരു ബൗൽ എടുത്തു വന്നു അതിൽ നിറയെ കടലാസ് ചുരുട്ടി ഇട്ടിട്ട് ഉണ്ടായിരുന്നു......

അതിൽ നിന്നും ഷഹാനയോട് ഒരു കടലസ് എടുക്കാൻ പറഞ്ഞു.

അവൾ എടുത്തു.... ഷഹിക്ക് കൊടുത്തു. അവൻ അത് തുറന്നു വായിച്ചു.

മിസ്സിസ് മുഹമ്മദ് ഫൈസ് അസ്കർ ........ അവൻ

ഉച്ചത്തിൽ വിളിച്ചു പറഞ്ഞു.

ഇവന്ന് ഇനായ എന്ന് പേരിട്ട പോരായിരുന്നോ ഇജാസ് കലിപ്പോടെ അവനെ നോക്കി നദീംനോട് പറഞ്ഞു.

പിന്നെ വിളിച്ച വരികയല്ലേ അവൾ..... ഇത് ആകുമ്പോ ഫൈസ് അവളെ പോകാൻ നിർബന്ധിക്കും.

ഇന്ന് മൊത്തം പണിയാണല്ലോ ഫൈസി. സമി മെല്ലെ പറഞ്ഞു.

ഇനായയുടെ ഉള്ളിലൂടെ ഒരു വിറയൽ പടർന്നു കയറി. അവൾ ഫൈസിന്റെ കയ്യിൽ അമർത്തി പിടിച്ചു. അവന്റെ നെഞ്ചിലേക്ക് മുഖം പൂഴ്ത്തി.ഞാൻ പോകില്ല ഫൈസ്....എന്നെ വിടല്ലേ....... അവരോട് വേറെ ആളെ വിളിക്കാൻ പറ.

എല്ലാവരുടെയും നോട്ടം അവരെ നേർക്ക് ആയി. അത് കണ്ടതും ഫൈസ് അവളെ ദയനീയമായി നോക്കി. അവളെ പിടിച്ചു നേരെ നിർത്തി.

എന്നെ നാണം കെടുത്തല്ലേ ഇനു. എനിക്ക് വേണ്ടി ഒന്ന് മുഖം കാണിച്ചു റിങ് കൊടുത്തു അപ്പോൾ

തന്നെ ഇറങ്ങി വന്നോ.... പ്ലീസ്....

ഇനു എല്ലാരും നോക്കുന്നു. ജുനിന്റെ അനിയത്തി പേടിത്തോണ്ടി ആണെന്ന് പറയും സമി പറഞ്ഞു.

അവൾ അവരെ നോക്കി. എല്ലാവരും അവളെ ഉറ്റുനോക്കുന്നുണ്ട്. ഇജാസിന്റെ മുഖത്ത് പ്ലീസ്..... എന്നൊരു ഭാവം അവൾ കണ്ടു. നദീംക്കയും അത് പോലെ തന്നെ. ഷഹാനയുടെ മുഖം കണ്ടതും അവൾക്ക് പാവം തോന്നി.എന്നിട്ടും അവൾ അനങ്ങിയില്ല.

എനിക്ക് പറ്റില്ല ഫൈസ്....... നമുക്ക് വീട്ടിൽ പോകാം...... അവൾ നിറഞ്ഞ കണ്ണുകളോടെ അവനെ നോക്കി.

അവന്നും വല്ലാതായി അവളുടെ മുഖം കണ്ടിട്ട്.

ഇത്രയും പേരെ മുന്നിൽ നാണക്കേടാവും ഇനു. ജസ്റ്റ് ഒന്ന് റിങ് എടുത്തു കൊടുത്ത മതി. എനിക്ക് വേണ്ടി ചെയ്യില്ലേ...... പ്ലീസ്.... കെഞ്ചുന്ന പോലെ അവൻ പറഞ്ഞു.

അവൾ ഫൈസിയെ നോക്കി മെല്ലെ തലയാട്ടി അവിടേക്ക് നടന്നു. എല്ലാവരുടെയും കയ്യടി ഉയർന്നു

കേൾക്കുന്നുണ്ടായിരുന്നു. സോറി ജുനു..... അതും മന്ത്രിച്ചോണ്ട് അവൾ അവിടേക്ക് നടന്നു. ഇജാസ് അവൾക്ക് നേരെ കൈ നീട്ടി. അവൾ കൈ കൊടുത്തില്ലെങ്കിലും ഇജാസ് തന്നെ കൈ പിടിച്ചു ഷാനയുടെ അടുത്തേക്ക് പോയി.

അത് കണ്ടതും ഫൈസി ഇഷ്ടപ്പെടാതെ മുഖം ചുളുക്കി.

അവൾ അമ്മിജന്റെ അടുത്തേക്ക് പോയി റിങ് ബോക്സ് എടുത്തു.

മോളെ....... അമ്മിജാൻ വിളിച്ചു.

ജന്നതിന്റെ കൈപിടിക്കാൻ യോഗ്യതയില്ലാത്ത ജുനുവിന്റെ അനിയത്തി ഇനായ മെഹവിഷ് ആണ് ഞാൻ. തെരുവിൽ കഴിയുന്ന കാൽക്കാശിന് വിലയില്ലാത്ത ജുനുവിന്റെ അനിയത്തി. കാലം കഴിഞ്ഞെങ്കിലും അഡ്രസ് മാറിയിട്ടില്ല.   അവൾ അവരെ നോക്കി തിരിച്ചു പറഞ്ഞു.

ഇജാസിന്റെ മുഖം ദേഷ്യം കൊണ്ടു ചുവന്നു.

അവൾ പുച്ഛത്തോടെ നോക്കി ഷഹാനയുടെ അടുത്തേക്ക് പോയി. കൺഗ്രറ്റ്സ് ഷാനത്ത അവൾ

കെട്ടിപിടിച്ചു. ഷാന തിരിച്ചു കെട്ടിപിടിച്ചു അവളെ കവിളിൽ മുത്തം കൊടുത്തു. നീലക്കണ്ണി......

രണ്ടാളുടെയും കണ്ണുകൾ നിറഞ്ഞിരുന്നു.

ആദ്യം ആയി ഈ വീട്ടിലേക്ക് വന്നപ്പോൾ ഷാനതയാണ് ആ പേര് ഇട്ടത്. പിന്നെ ബാക്കിയുള്ളവർ ആ വിളി ഏറ്റെടുത്തു.ആ ഓർമയിൽ അവൾ പൊള്ളിപിടഞ്ഞു.

ഇനു റിങ് എടുത്തു നദീംമിന്റെ കയ്യിൽ കൊടുത്തു. നദീം അത് വാങ്ങി പുഞ്ചിരിയോടെ ഇനുനെ നോക്കി. എന്നിട്ട്  ഷഹാനയുടെ കയ്യിൽ ഇട്ടുകൊടുത്തു.

ആരെ വാശിയ ജയിച്ചത് എന്ന് കണ്ടില്ലേ ഇതൊരു തുടക്കം മാത്രം ആണ്. മുട്ടേന്നു വിരിഞ്ഞിനില്ല. എന്നിട്ടും വാശിയും അഹങ്കാരവും നിന്റെ വിചാരം എന്താടി മൂഷേട്ടെ...... ശഹി അവളുടെ ചെവിക്കരുകിൽ മുഖം അടുപ്പിച്ചു മെല്ലെ പറഞ്ഞു.

നീ പോടാ മാക്രി അവൾ മെല്ലെ പിറകോട്ടു കാൽ വെച്ചു. ശഹി മുഖത്തോണ്ട് എക്സ്പ്രക്ഷൻ ഇടുന്ന കണ്ടാണ് ഇജ്ജുവും നദീം നോക്കിയത്. അവൻ കണ്ണോണ്ട് താഴേക്ക് കണ്ണുകൾ പായിച്ചു. ഇനു അവന്റെ കാലിൽ കേറി നിന്നിട്ട് ചവിട്ടി പിടിച്ചു

നിന്നത് കണ്ടു. വേദന ഉണ്ടെങ്കിലും ആൾക്കാർ നോക്കുന്നത് കണ്ടു അവൻ സഹിച്ചു നിന്നതാണ്.

പ്ലീസ് ഇനു കാൽ എടുക്ക്..... ഞാൻ ചുമ്മാ പറഞ്ഞത ഇനി മൂഷേട്ട വിളിക്കൂല. സോറി.... അവൻ തോൽവി സമ്മതിച്ചു പറഞ്ഞു.

ജുനൈദിന്റെ അനിയത്തിക്ക് വീറും വാശിയും കൂടും...... അത് നിന്റെ ഇജുക്കയോട് കൂടി പറഞ്ഞേക്ക്.അവൾ കാൽ എടുത്തു.

ഇതിന്ന് പകരം ഞാൻ വീട്ടിയിരിക്കും നോക്കിക്കോ...... അവൻ പല്ല് കടിച്ചു പറഞ്ഞു

ഞാൻ തല്ലണ്ട തല്ല് ഇജുക്ക തന്നോളും. ഇപ്പൊ തന്നെ നോക്കുന്ന കണ്ടില്ലേ  അങ്ങേരെ ഭ്രാന്ത് ഇപ്പോഴും തീർന്നില്ല തോന്നുന്നു. ഒന്ന് പറഞ്ഞു മനസ്സിലാക്കി കൊടുക്ക്. എന്റെ മനസ് ഒരിക്കലും മാറില്ലെന്ന്.

ആ  ഭ്രാന്ത് നീയാണ്...... നിന്നെ കിട്ടാതെ ഭ്രാന്ത് മാറാനും പോകുന്നില്ല.  ഇജുക്കയുടെ കയ്യും പിടിച്ചു നീ ഈ വീടിന്റെ പടി കടന്നു വരും. നോക്കിക്കോ..... ഇല്ലെങ്കിൽ എന്റെ പേര് പട്ടിക്കിട്ടോ......

എനിക്ക് പട്ടിയില്ല...... മാത്രം അല്ല പട്ടികളെ ഞങ്ങളെ നാട്ടിൽ മാക്രി  എന്ന് വിളിക്കാറും ഇല്ല.

ശഹി ദേഷ്യത്തോടെ മുഷ്ടി ചുരുട്ടി....... ഇജാസിന്റെ കലിപ്പ് മോന്ത കണ്ടതും അവൻ മെല്ലെ അവിടുന്ന് വലിഞ്ഞു.

അവൾ പോകാൻ നോക്കിയതും ഷാന ഫോട്ടോ എടുത്തു പോകന്ന് പറഞ്ഞു പിടിച്ചു വലിച്ചു കൂടെ നിർത്തി. അപ്പോഴേക്കും ഇജാസ് അവളെ കൂടെ വന്നു നിന്നു. ബാക്കിയുള്ള എല്ലാവരും കൂടി വന്നു നിന്നതും അതൊരു ഫാമിലി ഗ്രൂപ്പ് ഫോട്ടോ ആയി മാറി. ഇജാസിന്റെ കൈ തന്റെ പിറകിലൂട്ടെ വന്നു തോളിൽ വെച്ചത് അറിഞ്ഞതും എതിർക്കാൻ ആവാതെ നിൽക്കേണ്ടി വന്നു . ഫോട്ടോ കഴിഞ്ഞതും അവൾ വേഗം അവിടെ നിന്നും പോകാൻ നോക്കി.

ഇനായ..... വിളികേട്ട് അവൾ തിരിഞ്ഞു നോക്കി. റാബിയ ഇജാസിന്റെ ഉമ്മ..... ഒരു പാവം സ്ത്രീ.... കാണുമ്പോൾ തന്നെ ദയനീയത തോന്നി. ഇളം ക്രീം കളർ സാരിയാണ് വേഷം. പണത്തിന്റെ യാതൊരു അഹങ്കാരവും അവരിൽ കണ്ടില്ല. മുഖത്ത് ശാന്തമായ പുഞ്ചിരി.

അവർ അവളുടെ അടുത്തേക്ക് ചെന്നു.

സുഖം ആണോ മോൾക്ക്....

അവൾ തലയാട്ടി.

അതേ നിങ്ങൾക്ക് എങ്ങനെയാണ് അങ്ങനെ ഒരു ചൂടനെ മോനായി കിട്ടിയത്...... മോന്തക്ക് എപ്പോ നോക്കിയാലും ഒന്നരകിലോ കലിപ്പ് മാത്രം ഉണ്ടാകും........ വല്ല ഫ്രിഡ്ജിലും കൊണ്ടു വെക്ക് കുറച്ചു തണുക്കട്ടെ...... ഇജാസിനെ നോക്കി അവൾ പറഞ്ഞു.

പോടീ....... കാന്താരി..... അവർ ചെറുചിരിയോടെ പറഞ്ഞു.

ഉമ്മായിപ്പോ........

ജുനിന്റെ കൂടെയാണ്. എന്നെങ്കിലും കണ്ടാൽ നിങ്ങളോട് മാപ്പ് പറയണമെന്ന് പറഞ്ഞിരുന്നു. ജുനുവിനെ ഓർത്ത് മുന്നിൽ വരാഞ്ഞതാ. ജുനു സങ്കടം കൊണ്ടു ദേഷ്യപ്പെട്ടതാ അന്ന്. എനിക്ക് വേദനിച്ച അവന്ന് സഹിക്കാൻ പറ്റില്ല. മുന്നിൽ ഉള്ളത് ആരാണെന്ന് നോക്കില്ല. അതാ നിങ്ങളോട് മോശം ആയി സംസാരിച്ചത്.   ഇവിടെ വന്നത് അറിഞ്ഞ

ജുനുവിന് ഉണ്ടാകുന്ന വേദന നിങ്ങൾക്കൊന്നും പറഞ്ഞ മനസ്സിലാകില്ല. കുറ്റബോധത്തോടെ എന്റെ മുന്നിൽ നിൽക്കുന്ന ജുനുവിനെ കാണുന്നതിലും ഭേദം ഞാൻ മരിക്കുന്നതാ...... ഇനിയെങ്കിലും എന്റെ പിറകെ വരാതിരിക്കാൻ പറയണം ഇജ്ജുക്കയോട്. എനിക്ക് പറ്റുന്നില്ല ഫൈസിയോടും സമിയോടും കള്ളം പറയാൻ. കള്ളം പറഞ്ഞു ശീലം ഇല്ല അതോണ്ടാ.......സത്യം പറയാനും പറ്റില്ല.

മോളെ....... ഞാൻ....... എന്താ പറയേണ്ടത് തിരിയാതെ അവർ ദയനീയമായി അവളെ നോക്കി. ഇജ്ജു അവരെ അടുത്തേയ്ക്ക് വരുന്നത് കണ്ടതും അവൾ വേഗം നടന്നു.

ബാക്കി എല്ലാരും നോക്കി നില്കുന്നത് കണ്ടു. അപ്പൊ തന്നെ ഇറങ്ങിപ്പോയി.

എന്താടി എല്ലാരോടും ഇത്രയും സംസാരിക്കാൻ..... പോകാൻ വല്യ മടിയാരുന്നല്ലോ സമി കണ്ടപാടേ ചോദിച്ചു.

പരിചയപ്പെടാരുന്നു അവൾ തലതാഴ്ത്തി പറഞ്ഞു. നമുക്ക് പോകാം ഫൈസ്...... ഇനിയും ഇവിടെ നിർത്തിക്കല്ലേ പ്ലീസ്..... ഞാൻ എന്ത് പറഞ്ഞാലും

കേട്ടോളാം...... ഒന്ന് പോയ മതി എനിക്ക് അവൾ നിറഞ്ഞ കണ്ണുകളോടെ പറഞ്ഞു.

നമുക്ക് പോകാം..... യാത്ര പറഞ്ഞിട്ട് വരാം.....

അവൻ അവളുടെ ചുമലിലൂടെ കയ്യിട്ടു ചേർത്ത് പിടിച്ചു. സ്റ്റേജിലേക്ക് പോയി.

നദീംമിനെയും ഷഹാനയെയും വിഷ് ചെയ്തു.

തിരക്കുണ്ട് പിന്നെ കാണാം എന്ന് പറഞ്ഞു യാത്ര ചോദിച്ചു. അവർ ഫുഡ് കഴിച്ചു പോകാമെന്നു പറഞ്ഞെങ്കിലും ഫൈസ് തിരക്കുണ്ടെന്ന് നിർബന്ധം പിടിച്ചു. ഷഹിയുടെ അടുത്തേക്ക് ഇനുവിനെ കൂട്ടിപ്പോയി.

ഇനായ ഫൈസ്....... അവളുടെ ഇടുപ്പിലൂടെ കയ്യിട്ടു ചേർത്ത് പിടിച്ചു പറഞ്ഞു. കണ്ടില്ലെങ്കിൽ കണ്ടോ അല്ലാതെ മറ്റുള്ളവരെ വാക്ക് കേട്ട് എന്നോട് ഡയലോഗ് അടിക്കാൻ വരണ്ട എന്ന് പതിയെ പറഞ്ഞു.

ശഹി പുച്ഛത്തോടെ അവനെ നോക്കി.

ഇനു ഇതൊന്നും കേട്ടത് പോലും ഇല്ലായിരുന്നു. അവൾ മറ്റേതോ ലോകത്ത് ആയിരുന്നു.അവൾ ഒരു

നിമിഷം സ്റ്റക്ക് ആയി നിന്നു പോയി. തന്റെ അടിവയറ്റിലൂടെ ഒരു മിന്നൽ പിണർ പോയ പോലെ തോന്നി അവൾക്ക്. അവൾ തന്റെ അരയിലുള്ള ഫൈസിന്റെ കയ്യിലേക്ക് തന്നെ ഉറ്റു നോക്കി.

ഇറങ്ങാൻ നേരം ഫൈസി ഒന്ന് തിരിഞ്ഞു നോക്കി. അവരെ തന്നെ നോക്കി നിൽക്കുന്ന നദീംമിനെയും ഇജാസിനെയും ഷഹിയെയും കണ്ടു. ഇജാസ് മാത്രം സാഡ് ആയിരുന്നു. അവന്റെ നോട്ടം മുഴുവൻ ഇനുവിലാണെന്ന് കണ്ടതും ഫൈസിക്ക് വല്ലാത്തൊരു അസ്വസ്ഥത തോന്നി. അപ്പോഴും ഇനു അവന്റെ പിടിത്തത്തിൽ തന്നെ ആയിരുന്നു. കൈ എടുക്കാൻ അവനോ മുതിർന്നില്ല എടുത്തു മാറ്റാൻ അവളോ പറഞ്ഞില്ല.

💖💖💖💖💖💖

നിനക്ക് എന്തിന്റെ കേടാ ശഹി..... അവളെ കാണുമ്പോൾ ചൊറിയാൻ പോകുന്നു.

ചുമ്മാ ഒരു രസം.......

നീ പോയി ചൊറിയും അവൾ കേറി മാന്തും. എന്നെങ്കിലും നീ അവളെ മുന്നിൽ ജയിച്ചിട്ട് ഉണ്ടോ....

അവൻ ഇളിച്ചു കാണിച്ചു. ഞാൻ ആലോചിക്കാരുന്നു. അന്നത്തെ ആക്സിഡന്റിൽ അവൾക്ക് ഓർമ നഷ്ടപെട്ട മതിയാരുന്നു. ഈ പഴയതൊക്കെ മറന്നു പോകുന്ന അവസ്ഥ. ഇതിപ്പോ ഒന്നും മറക്കുകയും ഇല്ല. ഇജുക്കയെ പറ്റി ചിന്തിക്കുകയും ഇല്ല..... വല്ലാത്തൊരു അവസ്ഥ ആയിപ്പോയി.

മറന്നു കഴിഞ്ഞുരുന്നെങ്കിൽ ഇജുന് അവളെ കിട്ടുമെന്ന് തോന്നുന്നുണ്ടോ. അവൾ പറയുന്നതൊക്കെ ഒരു പതിനാല് വയസ്സുള്ള ഒരു കുട്ടിയുടെ വാക്കുകൾ ആണെന്ന് തോന്നുന്നുണ്ടോ. ആ പ്രായത്തിലും അവൾ എടുത്ത ഉറച്ച തീരുമാനം ആണത്.

ശഹി എന്തോ ആലോചിച്ചു നില്കുന്നത് കണ്ടു......

എന്താടാ..... നദീം അവനെ നോക്കി.

ഫൈസിന്റെ കണ്ണുകളിൽ ഞാൻ പ്രണയം കാണുന്നു....... അവൾക്കും തിരിച്ചു ഇഷ്ടം ഉണ്ടോന്ന് ഒരു ഡൌട്ട്....... അവളെ പിറകെ പോകാതിരുന്നോടെ ഇജുക്ക .......

ഇജു അവന്റെ കോളറയിൽ പിടിച്ചു ദേഷ്യത്തോടെ

അലറി.

എട്ടും പൊട്ടും തിരിയാത്ത പെണ്ണ അവൾ. ഒരു പതിനാല് വയസ്സുള്ള പെണ്ണിന് ദാമ്പത്യം എന്താണെന്നും ജീവിതം എന്താണെന്ന് അറിയാൻ ഉള്ള കഴിവ് എത്ര ഉണ്ടെന്ന് മനസ്സിലാക്കാവുന്നതേ ഉള്ളു.  എന്നിട്ട പ്രണയം.... പ്രണയം എന്താണെന്ന് അറിഞ്ഞിരുന്നെങ്കിൽ അവളിപ്പോ ഈ വീട്ടിൽ ഉണ്ടായേനെ. അവനെ പിറകോട്ടു തള്ളി അവൻ പോയി.

നദീമും ഷഹിയും അവൻ പോയതിന്റെ പിറകെ നോക്കി നിന്നു.

💖💖💖💖💖💖

പുറത്തു എത്തിയതും ഇനു ഫൈസിയെ കെട്ടിപിടിച്ചു പൊട്ടിക്കരഞ്ഞു. ആദ്യം ഒന്ന് പകച്ചെങ്കിലും അവൻ അവളെ ചേർത്ത് പിടിച്ചു. ആദ്യം ആയി പാർട്ടിക്ക് വന്നതിന്റെ ആയിരിക്കും എന്ന് അവൻ കരുതി.....

അവൾക്ക് തല പൊട്ടിപോളിയുന്നത് പോലെ തോന്നി. നെറ്റിയിൽ ഞരമ്പുകൾ വലിഞ്ഞു മുറുകി. ചുറ്റും

കറങ്ങുന്നത് പോലെ തോന്നി. അവൾ ബോധം പോയി അവന്റെ നെഞ്ചിലേക്ക് തന്നെ  കുഴഞ്ഞു വീണു.........

📚STORY BOARD📚

❤️  💔 INVISIBLE LOVE  💔❤️

Love after💘 marriage story

Part 28

നിന്റെ ഭാര്യയുടെ ഡ്രസ്സ് ഞാൻ ആണോ ചെയ്ഞ്ചു ചെയ്തു കൊടുക്കേണ്ടത്.... നാണം ഉണ്ടോ നിനക്ക് അത് എന്നോട് പറയാൻ...... റംസി കലിപ്പോടെ അവനെ നോക്കി.

ടീ നിനക്ക് അറിയുന്നതല്ലേ എല്ലാം..,. അവൻ മടിച്ചു മടിച്ചു റംസിയെ നോക്കി പറഞ്ഞു.

മനസ്സ് കൊണ്ടാണ് അവൾ ചെറിയ കുട്ടി പ്രായം കൊണ്ടല്ല...... അവളെ ഒരു ഭാര്യ ആണെന്നും മറ്റും പറഞ്ഞു കൊടുത്തു മാറ്റിയെടുക്കാൻ നോക്ക്. അല്ലാതെ കെട്ടിയോളെ ഡ്രസ്സ് മാറ്റാൻ പെങ്ങളെ പോയി മുട്ടി വിളിക്കല്ല വേണ്ടത്. അതും പറഞ്ഞു

അവൾ വാതിൽ അടച്ചു.

റംസി...... പ്ലീസ്...... എന്റെ പൊന്ന് മോളല്ലേ ഒന്ന് ഹെല്പ് ചെയ്യടി......

എന്റെ അനിയൻ ആയി പോയി അല്ലെങ്കിൽ ഇതിന് മറുപടി പറയേണ്ടത് ഇങ്ങനൊന്നും അല്ല തെണ്ടീ ..... മര്യാദക്ക് പോയിക്കോ....

ഇനി അവിടെ നിന്നിട്ട് കാര്യം ഒന്നും ഇല്ലെന്ന് കണ്ടു അവൻ റൂമിലേക്ക് പോയി. ബെഡിൽ കിടക്കുന്ന അവളെ ഒന്നൂടി വിളിച്ചു നോക്കി. എവിടെ അറിയാൻ ഇവളിനി കുംഭകർണ്ണന്റെ മോളാണോ...... ആയിരിക്കും.... എത്ര ടൈം ആയി വിളിക്കുന്നു. ബോധം കെട്ടു വീണത് കണ്ടു മുഖത്ത് വെള്ളം തളിക്കാൻ ആ അലവലാതിയോട് പറഞ്ഞു പോയത്. മുഖത്ത് മാത്രം അല്ല ബാക്കി വെള്ളം ദേഹം മൊത്തം മറിഞ്ഞു പോയി പോലും. പരട്ട കിളവൻ. വെള്ളം ഒഴിച്ചതിന്റെ കലിപ്പ് അവന്റെ മുതുകിൽ അവൾ തീർത്തോണ്ട് ഒരു സമാധാനം. കാറിൽ കേറിയപ്പോ തൊട്ട് ഉറങ്ങിയതാ. എടുത്തോണ്ട് വന്ന കിടത്തിയത് അവൻ വന്നു ഡ്രസ്സ് മാറ്റികൊടുക്കോ ഇനി.

അല്ലെങ്കിലും അവൻ എന്തിനാ മാറ്റുന്നെ. എന്റെ

ഭാര്യയല്ലേ എനിക്ക് മാറ്റികൊടുത്താൽ എന്താ. അതിന്ന് ഇവൾ ഭർത്താവ് ആയി കാണുന്നില്ലല്ലോ രണ്ടു അഭിപ്രായത്തിൽ പെട്ടു മനസ്സ് അങ്ങോട്ടും ഇങ്ങോട്ടും ചാഞ്ചടി. നനഞ്ഞു കുളിച്ച അവളെ കണ്ടപ്പോൾ വേറൊന്നും നോക്കിയില്ല. കണ്ണും പൂട്ടി കഴുത്തിനു താഴോട്ട് ഡ്രസ്സ് താഴ്ത്തി.....

പൊട്ടിച്ചിരി കേട്ടാണ് അവൻ ഞെട്ടി കണ്ണുതുറന്നത്. കയ്യിൽ തലയിണ.... അപ്പൊ ഞാൻ അഴിക്കാൻ നോക്കിയത് തലയിണ കവർ ആണോ...... വയറ്റിന് കയ്യും വെച്ചു ചിരിച്ചു ചിരിച്ചു മണ്ണ് കപ്പുന്ന റംസിയെ കണ്ടതും ചമ്മലോടെ നോക്കി....

ചമ്മൽ മറക്കാൻ എന്ന വണ്ണം കലിപ്പ് ഇട്ടു നോക്കി. അവളെ തലയിണ കൊണ്ടു ഒരടി കൊടുത്തു.

നിന്നെയിപ്പോ എന്തിനാ ഇങ്ങോട്ട് കെട്ടിയെടുത്തെ.....

അതോണ്ട് ഈ കാഴ്ച കണ്ടത്. കണ്ണും പൂട്ടി ഡ്രസ്സ് അഴിക്കാൻ നീയാരാ മജീഷ്യനോ...

അത് പിന്നെ.... അവൾ എന്ത് കരുതും..... ഒരു പെണ്ണല്ലേ..... അവൻ നിന്ന് തലചൊറിഞ്ഞു.

കണ്ണ് തെറ്റിയ തുണ്ട് പടം കാണുന്ന ടൈപ്പ് ആണ്

എന്നിട്ട് കെട്ടിയോളെ മുന്നിൽ വല്യ സത്യസന്ധത കാണിക്കുന്നു അവൾ പുച്ഛിച്ചു.

പണ്ടെപ്പോഴോ ഫോണിൽ ഏതോ അലവതി അയച്ച വീഡിയോ കണ്ടത് ഇവളും.....ഫോൺ അപ്പോൾ അവളെ കയ്യിൽ ആയിരുന്നു. നാണക്കേട് കൊണ്ടു തല ഉയർത്താൻ പറ്റാതെ രാത്രിക്ക് രാത്രി സമിയുടെ വീട്ടിലേക്ക് ഓടി. രണ്ടു മൂന്നു ദിവസം കഴിഞ്ഞ അതിന്റെ നാണക്കേട് ചമ്മലൊക്കെ മാറ്റി വീട്ടിൽ ലാൻഡ് ചെയ്തത്. എന്നിട്ടും റംസിയുടെ മുഖത്ത് നോക്കാൻ മടി ആയിരുന്നു. അതിന്റെ പേരും പറഞ്ഞു അവൾ ചെയ്യിക്കാത്ത പണിയൊന്നും ഇല്ലായിരുന്നു. പിന്നെ ഒരു ആശ്വാസം കിട്ടിയത് ഷബീറിന്റെ കാര്യം അറിഞ്ഞപ്പോഴാ...... അതു വീട്ടിൽ പറയാതിരിക്കാൻ ഇതിന്റെ പേര് മിണ്ടരുത് എന്ന് പറഞ്ഞു കോംപ്രമൈസ് ആയി. ......

ടീ അതൊക്കെ പണ്ട് തമാശക്ക് അല്ലേ...... ഇവൾ അങ്ങനെ ആണോ....

അതെന്ത അങ്ങനെ ഇവളെ കെട്ടിപ്പൂട്ടി ഷോക്കേസിൽ വെക്കാനാണോ കെട്ടിയത്.....

വാത്സല്യത്തോടെ അവളുടെ മുഖത്തേക്ക് നോക്കി

നിൽക്കുന്ന ഫൈസിയെ അവൾ കണ്ടു.

നീ പുറത്തു പോയി നിൽക്ക്. ഞാൻ ഡ്രസ്സ് മാറ്റിക്കോളാം. അവൻ പുറത്തേക്ക് പോയി.

അവൾ ഡ്രസ്സ് അഴിച്ചു. വേറെ ചുരിദാർ ഇട്ടു കൊടുത്തു.

അവളുടെ അവസ്ഥ അറിഞ്ഞുള്ള സഹതാപവും ജുനുവും ഉമ്മയും ഇല്ലാത്ത സങ്കടവും എല്ലാം കൊണ്ടു നിന്റെ മനസ്സിൽ വാത്സല്യം ഉണ്ടാവരുത്. അവൾ നിന്റെ ഭാര്യയാണ്..... അത് മനസ്സിലാക്കി കൊടുക്കേണ്ടത് നീയാണ്...... ജുനു അവളെ ഭാവി ഓർത്താണ് എല്ലാത്തിനും വിലക്ക് ഏർപ്പെടുത്തിയതും അവളെ ഗേൾസിന്റെ മൈൻഡ്ൽ നിന്നും ബോയ്സ് ആയി മാറ്റിയത്. അത് മാറ്റി അവളൊരു പെണ്ണാണെന്ന് ഉണർത്തേണ്ടത് നീയാണ്. ഞാനും ഉണ്ടാകും കൂടെ..... ആദ്യം വേണ്ടത് അവളെ ബോയ്സ് ആയും കൊച്ചുകുട്ടികൾ ആയുള്ള  കൂട്ട് കെട്ട് നിർത്തുകയാണ്.

അവൻ തലയാട്ടി. റംസി പോയി.

അവൻ അവളെ അടുത്ത് പോയി അവളെയും നോക്കി കിടന്നു.

ഓർമവെച്ച കാലം മുതൽ കൂട്ട് ജുനു. അവന്റെ കൂടെ നടക്കുന്നോണ്ട് ചെറുതിലെ ചായ്‌വ് ബോയ്സ്നോട്...... എല്ലാവരും ചട്ടി കലം എടുത്തു കളിച്ചപ്പോൾ ഇവളെടുത്തത് ഫുട്ബോളും ക്രിക്കറ്റ് ബാറ്റും....... മരം കേറ്റവും.....സ്കൂളിൽ പോകുന്നതും വരുന്നതും അവന്റെ കൂടെ.ക്ലാസ്സിൽ ഇരിക്കൽ ഫസ്റ്റ് ബെഞ്ചിൽ ഫസ്റ്റ് സ്റ്റുഡന്റ്...... ആകെക്കൂട്ട് പുസ്തകങ്ങളും സാറന്മാരും .....

പെണ്ണാണെന്ന് തോന്നുന്നത് ആകെ ഡ്രെസ്സിൽ മാത്രം..... ദീനീബോധം ഉമ്മാക്ക് കൂടുതൽ ആയോണ്ട് ടീവി ഇല്ല ഫോണും ഇല്ല. ഒരു മാപ്പിളപ്പാട്ട് കെട്ടിട്ടുണ്ടോന്ന് സംശയം ആണ്......... ഇന്നത്തെ കാലത്ത് ഇങ്ങനെ ഒരു പെണ്ണ് അൺ ബിലിവബിൾ....... എന്തിനും ഏതിനും ജുനു........ ജുനുവിനെ നോക്കി നടക്കുന്ന സമയം അവൾക്ക് അവളെ ഉമ്മോനെ നോക്കി നടന്നൂടാരുന്നോ അതെങ്ങനെ ഫെമിനിസ്റ്റ് വാദം കൂടുതൽ..... ജുനു എന്ത് ചെയ്യുന്നോ അത് പോലെ ചെയ്യൂ പ്രവർത്തിക്കു. ഒരു പെണ്ണായി മാറണ്ട സമയത്ത് ആക്സിഡന്റ്...... പിന്നെ ഒരിക്കലും പെണ്ണായി പോലും ചിന്തിക്കാതിരിക്കാൻ ജുനുന്റെ വക

ട്രെയിനിങ് വേറെ....... ഇങ്ങനെ ഉള്ള സാധനത്തിനെ ഞാൻ എങ്ങനെ മാറ്റിയെടുക്കാനാ...... ബുന്ധിയില്ലായിരുന്നെങ്കിൽ അങ്ങനെ പറഞ്ഞു മനസിലാക്കാം ബുദ്ധി കൂടിപ്പോയ മന്നബുദ്ധിയെ എന്തെങ്കിലും ചെയ്യാൻ പറ്റോ...

നീ തന്നെ തിരഞ്ഞെടുത്തത് അല്ലെ..... എന്ന ആത്മഗതം അവനങ് മുക്കി. ആദ്യം ആയി തോന്നിയ പ്രണയം...... പ്രവർത്തികളിലും പെരുമാറ്റത്തിലും കണ്ട aj യുടെ സാമ്യം....... അതായിരുന്നില്ലേ പ്രണയത്തെക്കാൾ എന്നെ കീഴ്പ്പെടുത്തിയത്....... ആരാധന ആയി തോന്നിയ ഇഷ്ടം എപ്പോഴോ പ്രണയത്തിലേക്കും കൂപ്പുകുത്തി. ഓരോ അണുവിലും അവൾ നിറഞ്ഞു നിന്നപ്പോൾ ആദ്യം ആയി ഒരു കൂട്ട് വേണമെന്ന് തോന്നി.

കൂടുതൽ ചിന്തിക്കുന്നതിന്ന് മുന്നേ അവളുടെ കൈകളും കാലുകളും അവനെ തേടിഎത്തി. അവൻ പുഞ്ചിരിയോടെ അവളെ ചേർത്ത് പിടിച്ചു.

💞💞💞💞💞

നദീം ഇജാസിന്റെ റൂമിലേക്ക് പോയി നോക്കി.

പതിവ് പോലെ ഇനുവിന്റെ ഫോട്ടോ നോക്കി

നികുന്നുണ്ട്.

നീ ഉറങ്ങിയില്ലേ......

ഞാൻ ഇന്ന് എത്ര ഹാപ്പിയാണെന്ന് അറിയോ

ഒരിക്കലും കരുതിയതല്ല അവൾ ഈ വീടിന്റെ പടി ചവിട്ടുമെന്ന്..... സ്പെഷ്യൽ ഡേ ഓഫ് മൈ ലൈഫ്.....

നദീം അവനെ തന്നെ നോക്കി നിന്നു കുറച്ചു സമയം........ അവന്റെ മനസ്സിലെ സുന്ദരമായ നിമിഷങ്ങൾക്ക് തടസ്സം ആകേണ്ടെന്ന് കരുതി അവൻ ഗുഡ് നൈറ്റ് പറഞ്ഞു തിരിച്ചു വന്നു.

💕💕💕💕💕💕

രാവിലെ ഇനു വിളിച്ചാണ് എഴുന്നേറ്റത്. മടി പിടിച്ചു വീണ്ടും കിടന്നതും വെള്ളം എടുക്കണോന്ന് ചോദിച്ചതും അവൻ ഞെട്ടി എണീറ്റു. ബുദ്ധി ഇല്ലാത്ത സാധനം ആണ് എന്തിനാ ചുമ്മാ പണി വാങ്ങിക്കുന്നത് എന്നറിഞ്ഞു അവൻ എഴുന്നേറ്റു. നിസ്കരിച്ചു കഴിഞ്ഞതും അതേ സ്പോട്ടിൽ കിടന്നു ഉറങ്ങി.പിന്നെ ഉറക്കം ഞെട്ടിയത് ഇനുവിന്റെ ചവിട്ട് കിട്ടിയാണ്.

എന്താടി കുരിപ്പേ.... അവൻ നടും പിടിച്ചു കലിപ്പിൽ

എഴുന്നേറ്റു.

മണി എട്ടു കഴിഞ്ഞു .....

അയിന്......

അവൾ മുഖം കൂർപ്പിച്ചു അവനെ നോക്കി.

അവൻ ടൈം നോക്കി എട്ടേ കാൽ.

നിന്നെ ദിവസം സ്കൂളിൽ പോകാൻ എഴുന്നേൽപ്പിക്കുമെന്ന് ഞാൻ കരാർ എടുത്തിട്ടില്ല. വേണേൽ രാവിലെ എഴുന്നേൽക്കണം ഒന്നര ലോഡ് പുച്ഛം ഇട്ടു തിരിച്ചു പറഞ്ഞു.

സുബ്ഹിക്ക് ഞാനും അങ്ങനെ ചെയ്തോളാട്ടാ അവൾ അതേ പുച്ഛത്തോടെ തിരിച്ചു പറഞ്ഞു.

അവൻ ഇളിച്ചു കാണിച്ചു. ഞാൻ ചുമ്മാ പറഞ്ഞത ഖൽബെ ഉറങ്ങിപോയതാ.....

എനിക്ക് തോന്നി.... ഞാനും ചുമ്മാ പറഞ്ഞതാ ഇന്ന് ജോഗിങ്ങിന് പോയില്ലല്ലോ....

അപ്പോ സെയിം ടു സെയിം.... പ്രോബ്ലം സോൾവ് നാളെ മുതൽ നേരത്തെ എണീറ്റോളം അവൻ പറഞ്ഞതും...... അവനെ നോക്കി പുഞ്ചിരിച്ചോണ്ട്

എണീറ്റു ഓടി....

ടൈം ഇല്ലന്ന് പറഞ്ഞു അവൾ ഓട്ടപ്രദക്ഷിണം വെച്ചു ഒരുങ്ങി.ഡ്രസ്സ് മാറ്റിയതിനെ പറ്റി ആരാണെന്നോ എന്താണെന്നോ ഒന്നും ചോദിച്ചില്ല. അപ്പോഴേക്കും അവനും എണീറ്റു ചായ കുടിക്കാൻ പോയി. ചായ കുടിച്ചോണ്ട് ഇരിക്കുമ്പോഴാ അവൾ ഇറങ്ങി വന്നത്. അവൾ നേരെ കിച്ചണിലേക്ക് പോയി.

ഉമ്മ അവളെ കണ്ടതും മുഖം തിരിച്ചു. അവൾ മൈൻഡ് ചെയ്യാതെ റംലതയോട് ചായയും നാസ്ഥയും വാങ്ങി കഴിക്കാൻ ഇരുന്നു.

ഇനു നീ പോയി ഷബീറിനോട് ഫുഡ് എടുത്തു വെച്ചുണ്ടെന്ന് പറഞ്ഞു കഴിക്കാൻ വിളിച്ചോണ്ട് വാ....

അവൾ കഴിക്കല്ലേ ഞാൻ പോയി വിളിച്ചോളാം റംലത്ത പറഞ്ഞു.

നീ നിന്റെ പണി നോക്ക്..... അവൾ പൊക്കോളും.... ഉദ്യോഗത്തിന് ഒന്നും അല്ലല്ലോ പോകുന്നത്.  ഉമ്മ ശബ്ദം കടുപ്പിച്ചു പറഞ്ഞു.

അവൾഒന്നും പറയാതെ  കഴിക്കുന്നിടത് നിന്നും എണീറ്റു മുകളിലേക്ക് പോയി.

റംസിയുടെ വാതിലിൽ മുട്ടി. ഫുഡ് എടുത്തു വെച്ചിട്ടുണ്ട് എല്ലാരും വെയിറ്റ് ചെയ്യുന്നു പറഞ്ഞു. റംസി തിരിച്ചു മൂളിയതും അവൾ പോയി. അവൾക്ക് ഉമ്മാന്റെ മുഖം ഓർത്തതും ഫുഡ് കഴിക്കാൻ തോന്നിയില്ല. അവൾ റൂമിലേക്ക് പോയി.സ്കാഫ് കുത്തി  ബാഗ് എടുത്തു ഇറങ്ങി.താഴെ അപ്പോഴാ ഷബീർ വന്നത്.

എത്ര ടൈം ആയി വെയിറ്റ് ചെയ്യുന്നു അളിയാ മനുഷ്യന് വിശന്നിട്ടു വയ്യ. ഫൈസി കണ്ടതും പറഞ്ഞു.

അർജന്റ് കാൾ വന്നു അതാ.... അവൻ ടീ എടുത്തു കുടിച്ചോണ്ട് പറഞ്ഞു.

കള്ളം പറയാ ഫൈസ് ഷബീറിക്ക ഇതുസിനെ കെട്ടിപിടിച്ചു ബാൽകണിയിൽ നിൽക്കേരുന്നു ഇത്രേം ടൈം . ഇത്തു വരാൻ നോക്കിയിട്ടും വിട്ടില്ല.ഇനു പിറകിൽ നിന്നും വിളിച്ചു പറഞ്ഞു.

ഷബീർ കുടിച്ചോണ്ട് ഇരുന്ന ചായ തരിപ്പിൽ പോയി...... ഫൈസിയുടെ കയ്യിൽ നിന്നും ദോശ തെറിച്ചു പ്ലേറ്റിലേക് തന്നെ വീണു..... അവർ രണ്ടാളും ഉപ്പാനെ നോക്കി.... ചിരി കടിച്ചമർത്തി തലതാഴ്ത്തി

ഫുഡിൽ നോക്കി ഇരിക്കുന്നത് കണ്ടു.  റംസി ഡയിനിങ് ഹാളിലേക്ക് വെച്ച കാൽ അകത്തേക്ക് വെക്കാനോ പുറത്തേക്ക് വെക്കണോ എന്നറിയാതെ പകച്ചു നിന്നു. കെട്ടിപിടിച്ച ശേഷം ഉള്ള കിസ്സിങ് സീൻ കൂടി വിളിച്ചു പറയോന്ന് ഓർത്തു അവൾ അടുക്കളയിലേക്ക് തന്നെ വലിഞ്ഞു.ഉമ്മ വേഗം ഡയിനിങ് ഹാളിൽ നിന്നും ഇറങ്ങി പോയി. ഫൈസ് ഷബീറിനെ നോക്കി പകച്ചു പോയി ബാല്യം എന്ന എക്സ്പ്രക്ഷൻ കണ്ടു മുഖത്ത്. ഫൈസി അവളെ നോക്കി കണ്ണുരുട്ടി മിണ്ടരുത് എന്ന് പറഞ്ഞു.

എന്താ കാര്യം അളിയൻസ് തമ്മിൽ എന്നും ചോദിച്ചു സമി കേറി വന്നു.

അവൾ വിശദീകരിച്ചു തന്നെ അവനോട് പറഞ്ഞു കൊടുത്തു. ഫൈസി നോക്കി കണ്ണുരുട്ടിയത് ഉൾപ്പെടെ. ഞാൻ സത്യം ആണ് പറഞ്ഞത് ഷബീർക്കയാണ് കള്ളം പറഞ്ഞത്.

നിന്റെ ഭാര്യ ആരാടാ സത്യവാൻ സാവിത്രിയോ..... മനുഷ്യന്റെ മാനം പോയി ഷബീർ ഫൈസിയെ നോക്കി മുരണ്ടു.

എന്തോന്ന് അളിയാ ഇത്. വാതിൽ അടച്ചോടെ സമി

ചോദിച്ചതും ചമ്മി പണ്ടാരം അടങ്ങി ഷബീർ തല താഴ്ത്തി. നിന്റെ ഫസ്റ്റ് നൈറ്റ് ജന്മത്തിൽ നടകുലട എന്റെ ശാപ ഇത്.

അളിയാ...... ഫൈസി ദയനീയമായി അവനെ നോക്കി.

.പോടാ .. തെണ്ടി...പട്ടീ..... ഇനിയെങ്ങനെ ഉപ്പന്റെയും ഉമ്മന്റേയും മുഖത്ത് നോക്കും....ഞാൻ വീട്ടിൽ പോയി ചായ കുടിച്ചോലാം .....ഫൈസിയോട് പറഞ്ഞു മെല്ലെ എണീറ്റു.

ഇത്രേം വേണ്ടായിരുന്നു പെങ്ങളെ. നീയെപ്പോഴാടി റൂമിൽ വന്നത്.എന്ന് മെല്ലെ അവളോട് പറഞ്ഞു. ആദ്യം വാതിലിൽ മുട്ടി പറഞ്ഞു അവൾ പോയതാണ്.

അത് ഷബീർക്ക ഇതുനു കിസ്സ് കൊടുത്തില്ലേ അപ്പോഴാ വന്നത്.

എല്ലാരും വാ പൊത്തിപിടിച്ചു പോയി.

വീട്ടിൽ പട്ടിയുണ്ട് സൂക്ഷിക്കുക എന്ന പോലെ നിന്റെ ഭാര്യയുണ്ട് സൂക്ഷിക്കുക എന്ന് ബോർഡ് വെക്കടാ പട്ടി എന്ന് പറഞ്ഞു അവന്റെ കാലിൽ ഒരു ചവിട്ട് കൊടുത്തു അവൻ റൂമിലേക്ക് ഓടി.

സമി പൊട്ടിപ്പൊട്ടി ചിരിക്കാൻ തുടങ്ങി......ചുമ്മാതല്ല

ജുനു പറഞ്ഞത് ഓരോ നിമിഷവും അവനെ ഓർത്തോളുന്ന്.... ഇതാണല്ലേ സ്വഭാവം...... ഫൈസിയിലേക്കും ആ ചിരി പടർന്നു.

എന്താ സംഭവം എല്ലാരും സന്തോഷത്തിൽ ആണല്ലോ റംലിത അതും ചോദിച്ചു വന്നതും

ഇനു അതിലെ റംലിത എന്ന് വിളിച്ചതും ഫൈസ് ഞെട്ടി എണീറ്റു...... ടീ ബസ്സിന് ടൈം ആയി അവൻ വിളിച്ചു പറഞ്ഞു...... ഞാനത് മറന്നു പറഞ്ഞു അവൾ ഓടി. ഫൈസി ആശ്വാസത്തോടെ നെഞ്ചിൽ കൈ വെച്ചു.

അതേ അവൾക്ക് വല്ല കിസ്സും കൊടുക്കാൻ തോന്നുകയാണെങ്കിൽ ഈ വീട്ടിൽ നിന്നും കൊടുത്തേക്കരുത്.അനുഭവം കണ്ടല്ലോ..... എന്നെ പോലുള്ള ശിശുക്കൾ ഉള്ള വീടാണ്.സമി ആക്കി പറഞ്ഞു. ഫൈസി തിരിച്ചു ഇളിച്ചു കാണിച്ചു.

ഞാൻ എന്ത് ചെയ്തിട്ട ഫൈസ് എന്നെ നോക്കി പേടിപ്പിച്ചത്. ഞാൻ വേണ്ടാത്ത ഒന്നും ചെയ്തില്ലല്ലോ...... മിണ്ടരുത് എന്ന് പറയാൻ മോശം ആയി ഒന്നും പറഞ്ഞും ഇല്ല. കെട്ടിപിടിക്കുന്നതും കിസ്സ് കൊടുത്തതും മോശം ആണോ ഇനി. ഞാനും

ചെയ്യാറുണ്ടല്ലോ....... എന്താ എല്ലാരും എന്നെ ഭീകരജീവിയെ പോലെ നോക്കിയത് ഇതൊക്കെ ആലോചിച്ചു ബസ്റ്റോപ്പ് എത്തിയത് പോലും അറിഞ്ഞില്ല.

എന്നും പോകുന്ന ബസ്സും പോയി. അവൾ ബസ്സ്റ്റോപ്പിൽ പോയി ഇരുന്നു. കുറച്ചു പേരുണ്ട് സ്കൂൾ കുട്ടികൾ ആയിട്ട്. പിന്നെ ജോലിക്ക് പോകുന്നവരും. ആദ്യം അയാണ് ബസ്സിൽ പോകാൻ തുടങ്ങിയത്. ജുനുവിനെ പറ്റിച്ചു ആദ്യം ആയി ചെയ്യുന്ന കള്ളം. എന്ത് രസം ആണ് ബസ്സിൽ പോകാൻ.....ഒരുപാട് ബഹളം...... വിത്യസ്ത ആൾക്കാർ...... ഇതൊക്കെ പുതുമയുള്ള കാര്യം ആണ്.... റാനിയ ബസ്സിൽ പോകാറുണ്ട്. അവൾ പറയുന്നത് കേട്ടപ്പോൾ തൊട്ടുള്ള ആഗ്രഹം ആയിരുന്നു ബസ്സിൽ പോകണമെന്ന്. ജുനുവിന്റെ കൂടെ തറവാട്ടിൽ പോകുമ്പോൾ മാത്രം ആണ് ബസ്സിൽ പോവുക. അതും ബസ്സിൽ കേറിയ അപ്പൊ തന്നെ ഉറങ്ങിക്കോ പറഞ്ഞു ജുനു ഒന്നും നോക്കാൻ വിടില്ല. സ്കൂളിൽ പോകുമ്പോ സ്കൂൾ ബസ്സ്. അല്ലെങ്കിൽ ജുനു ബൈക്കിൽ കൊണ്ട് വിടും. കോളേജ് എത്തിയപ്പോൾ ജുനു ഗൾഫിലേക്ക് പോയി

അതോണ്ട് ഓട്ടോയിലും. എല്ലാരും പോകുന്നുണ്ടല്ലോ ബസ്സിൽ എനിക്കെന്താ പോയാൽ....... ജുനു അറിഞ്ഞ ഫൈസിനോട് വഴക്ക് ഉണ്ടക്കോ..... അത് വേണ്ട ഫൈസ് പാവം ആണ്. ഒരുപാട് എന്തൊക്കെ ആലോചിച്ചത് കൊണ്ടാണെന്ന് തോന്നുന്നു തലയൊക്കെ പൊട്ടി പിളരുന്ന പോലെ തോന്നി

ഇപ്പൊ കുറെ ആയി ഇങ്ങനെ.... ഇടക്കിടക്ക് തലവേദന വരുന്നു.

💖💖💖💖💖💖💖

ഇനു കോളേജിൽ എത്തിയതും നേരെ കാന്റീൻലേക്ക് പോയി. രാവിലെ ചായ കുടിക്കാത്തോണ്ട് അവൾക്ക് ആകെ വല്ലായ്മ തോന്നുന്നുണ്ടായിരുന്നു.

ചായ കുടിച്ചു സമാധാനത്തോടെ ക്ലാസ്സിലേക്ക് വന്നു. ക്ലാസ്സ് തുടങ്ങി കുറച്ചു ടൈം ആയിരുന്നു

അവൾ ക്ലാസ്സിലേക്ക് നോക്കി. ശ്രേയ മാം ആണ് ക്ലാസ്സ് ഇൻചാർജ്. വലിയ കാര്യം ആയോണ്ട് ലേറ്റ് ആയാലും പ്രോബ്ലം ഇല്ല. അല്ലെങ്കിലും ഫസ്റ്റ് ഹവർ കിടന്നു ഉറക്കം ആണ്. നേരത്തെ കോളേജിൽ വന്നു കുറച്ചു ഡെസ്കിൽ തല വെച്ചു കിടക്കും. എട്ടുമണിക്കൂർ ആണ് മിനിമം ജുനു അവളോട്

ഉറങ്ങാൻ പറഞ്ഞത്. ടൈം എങ്ങനെ ആയാലും എട്ടുമണിക്കൂർ ഉറങ്ങും

ശീലം ആയി അത്. കൂടുതൽ പഠിക്കാൻ ഉള്ളത് കൊണ്ടു ഉറക്കം കുറഞ്ഞു ടൈമിംഗ് തെറ്റി. അത് കൊണ്ടു കിട്ടിയ ടൈം അഡ്ജസ്റ്റ് ചെയ്തു ഉറങ്ങും.ഫൈസിയുടെ വീട്ടിൽ എത്തിയപ്പോൾ മുതൽ ഉറക്കം ഒക്കെ ടൈം തെറ്റി . അതോണ്ട് കിടത്തം ക്ലാസ്സ് എടുക്കുമ്പോൾ തന്നെ ആയി. വൈകുന്നേരത്തിനു മുൻപ് പോർഷൻ കറക്ട് ചെയ്യുന്നോണ്ട് മിസ്സ് ഒന്നും പറയാറും ഇല്ല. മാത്രം അല്ല ക്ലാസ്സിലും കോളേജിലും ടോപ് മാർക്ക് ഉള്ളോണ്ട് എല്ലാർക്കും വലിയ കാര്യം ആണ്.

മേം കാണാത്തോണ്ട് ക്ലാസ്സിലേക്ക് നോക്കി. മേ ഐ കമിംഗ് മാം......

മേം അല്ല എനിക്കാണ് ആണ് ഇനി മുതൽ ക്ലാസ്സ് ഇൻചാർജ് .  ഐ ആം യുവർ ന്യൂ ഇംഗ്ലീഷ് പ്രൊഫസർ. അതും പറഞ്ഞു മുന്നിലേക്ക് വന്ന ആളെ കണ്ടതും ഞെട്ടി പകച്ചു പിന്നിലേക്ക് നീങ്ങിപ്പോയി. ഭയവും ആകാംഷയും ഒക്കെ കൊണ്ടു ഷോക്ക് ആയി ശ്വാസം എടുക്കുവാൻ മറന്നു

അടിമുടി നോക്കി. ഹാർട്ട് ഇടിപ്പ് കൂടുന്നത് അവൾ അറിഞ്ഞു. ശരീരത്തിലൂടെ വിയർപ്പുകൾ ചാലിട്ടൊഴുകി. വിശ്വസിക്കാൻ ആവാതെ വീണ്ടും നോക്കി.

ക്ലാസ്സ് ഇൻചാർജ്ജ് മാത്രം അല്ല. പ്രിൻസിപ്പലും ഞാൻ ആണ്. എന്നെ പുതുതായി പരിജയ.........ബാക്കി കേൾക്കാനുള്ള ശക്തി മനസ്സിനും ശരീരത്തിനും ഉണ്ടായിരുന്നില്ല. അവൾ തളർച്ചയോടെ താഴേക്ക് പതിച്ചു. അതിന്ന് മുന്നേ കരുത്തുറ്റ രണ്ടു കൈകൾ അവളെ താങ്ങിയിരുന്നു.

❤️ 💔 INVISIBLE LOVE 💔❤️

Love after💘 marriage story

Part 29

അവളെ കോരിയെടുത്തു റൂമിലേക്ക് പോകുമ്പോൾ കൈ വിറക്കുന്നുണ്ടായിരുന്നു അവന് . അവൻ കസേരയിൽ ഇരുത്തി മുഖത്ത് വെള്ളം തളിച്ചു.അവൾ ഒന്ന് ഞരങ്ങി കൊണ്ടു കണ്ണ് തുറന്നു.മുന്നിൽ നിൽക്കുന്ന ആളെ കണ്ടതും ദേഷ്യവും സങ്കടം ഒക്കെ വന്നു.

എന്നെ ദ്രോഹിച്ചേ അടങ്ങുന്നു കച്ചകെട്ടി ഇറങ്ങിയതാണോ....... അവൾ അലറിക്കൊണ്ട് പറഞ്ഞു.

ഇതൊരു കോളേജ് ആണ്..... ഞാൻ നിന്നെ പഠിപ്പിക്കുന്ന സാറും. മര്യാദക്ക് ബഹുമാനത്തോടെ സംസാരിക്കണം. ഇല്ലെങ്കിൽ ഉണ്ടല്ലോ നല്ല ചൂരൽ ഇരിപ്പുണ്ട്. പോത്ത് പോലെ വളർന്നെന്നും നോക്കുല രണ്ടു തരും ഞാൻ......

താൻ എന്ത് വേണേൽ ചെയ്തോ...... ഞാൻ ഇവിടെ സ്റ്റുഡന്റ് ആയി നിൽക്കുമ്പോഴേ നിങ്ങൾക്ക് അതിന് അധികാരം ഉള്ളു. ഈ നിമിഷം ഞാൻ ഈ കോളേജിൽ നിന്നും ഇറങ്ങുകയാണ്.

അത് നീ മാത്രം വിചാരിച്ചാൽ പോരല്ലോ....

എന്റെ കാര്യം ഞാൻ ആണ് തീരുമാനിക്കുന്നത്. എന്റെ ഗഡിയൻ ജുനൈദ് ആണ്. മറ്റാരെയും അനുസരിക്കേണ്ട ആവിശ്യം എനിക്കില്ല. ഇവിടെ തന്നെ പഠിച്ചോളാന്ന് ഞാൻ ആർക്കും എഴുതികൊടുത്തിട്ടും ഇല്ല. സോ പ്ലീസ് ലീവ് മി.

അതും പറഞ്ഞു അവൾ ഇറങ്ങാൻ നോക്കിയതും അവൻ ക്ലാപ് ചെയ്തു. അവൾ തിരിഞ്ഞു നോക്കി.

നീ എവിടേക്ക് വേണേൽ പോയിക്കോ..... അതിന്ന് മുൻപ് മറ്റൊരു കാര്യം കൂടി കണ്ടോ എന്നിട്ട് തീരുമാനിക്ക് ഇവിടെ പഠിക്കണോ വേണ്ടയോ എന്ന്.

അവളുടെ മുഖത്തേക്ക് കുറച്ചു ഫോട്ടോസ് എറിഞ്ഞു കൊടുത്തു. ഇജു ആദ്യം ആയി കാണാൻ വന്നപ്പോൾ ഉള്ള ഫോട്ടോസ്.

തന്റെ കയ്യിൽ പിടിച്ചിട്ടുള്ളത്...... നെഞ്ചോട് ചേർത്ത് പിടിച്ചത്..... കാറിൽചാരി  ലോക്ക് ചെയ്തു നില്കുന്നത്...... പിന്നെ അവൻ തോളിലൂടെ കയ്യിട്ടു എടുത്ത എൻഗേജ്മെന്റ് ഫോട്ടോ...

അവളുടെ മുഖം വലിഞ്ഞു മുറുകി.

എന്താ ഭീഷണി ആണോ.....

Yzzzz.

എന്നാ എന്ത് ചെയ്യാൻ പറ്റോ അത് നീ ചെയ്തോ മിസ്റ്റർ ഇജാസ് ഹൈദർ. ഇത് ജുനുവിന്റെ പെങ്ങൾ ആണ്. തെറ്റ് ചെയ്യാതിടത്തോളം ഭീഷണിക്ക് മുന്നിൽ ഒരുത്തന്റെയും മുന്നിൽ തലകുനിക്കരുതെന്നാണ് എന്നെ ജുനു പഠിപ്പിച്ചത്. ഫക്ഷൻ വന്നത് ഫൈസിന് വേണ്ടിയാണ്.  അല്ലാതെ നിങ്ങൾക്ക്

വേണ്ടിയല്ല.ഇനായ മെഹവിഷ്ന് വിലയിടാൻ ആയിഷ ഹൈദർ അലിക്കും കൊച്ചു മക്കൾക്കും പറ്റില്ല. അവൾ തല ഉയർത്തി തന്നെ തിരിഞ്ഞു നടന്നതും ജുനൈദിന്റെ ശബ്ദം അവൾ കേട്ടു. അവളുടെ കാലുകൾ സ്റ്റക്ക് ആയി. അവൾ ഞെട്ടി തിരിഞ്ഞു നോക്കി. ഇജാസ് കയ്യിൽ ഫോൺ എടുത്തു അവളെ നേർക്ക് നീട്ടി. ജുനുവും ഉമ്മയും മാർക്കറ്റിൽ നിന്നും സാധങ്ങൾ വാങ്ങുന്ന വീഡിയോ.സംസാരിച്ചോണ്ട് ഒരു വീട്ടിലേക്ക് പോകുന്ന മറ്റൊരു വീഡിയോ കൂടി. അവളുടെ കണ്ണിൽ നിന്നും കണ്ണുനീർ അതിൽ ഉറ്റുവീണു.

ആ ഫോൺ നെഞ്ചോട് ചേർത്ത് വെച്ചു.

നിനക്ക് എന്താ വേണ്ടത് ദയനീയതയോടെ ചോദിച്ചു ......

ഇജാസ് അവളെ നോക്കി ചിരിച്ചു.നിന്നെ....... അത് പറയാതെ തന്നെ അറിയാലോ..എനിക്ക് കിട്ടിയ ചാൻസ് ആണിത്. ഞാൻ എന്തിന് വേണ്ടെന്നു വെക്കണം...... ജുനു എന്നോട് ചെയ്ത ചതിക്ക് ഞാൻ പ്രതികരിക്കുന്നു. ദാറ്റ്സ് ഓൾ.

അതൊരിക്കലും നടക്കില്ല. എന്നെ കൊന്നാലും

ഞാൻ വരില്ല........ എനിക്ക് അന്നും ഇന്നും ഒറ്റ വികാരം ഉള്ളു വെറുപ്പ്.....

ആയിക്കോട്ടെ........ സന്തോഷം.......എനിക്ക് നീ വെറുപ്പ് എന്ന് പറയുന്ന ഓരോ നിമിഷവും അത് ഐ ലവ് യൂ എന്ന് പറയുന്നത് പോലെയാണ്. അത് കൊണ്ടു തന്നെ എനിക്ക് ഒരുപാട് ഇഷ്ടം ആണ് അങ്ങനെ പറയുന്നത് കേൾക്കാനും.

എന്തിനാ എന്നെ ഇങ്ങനെ ഉപദ്രവിക്കുന്നെ ...

ഇഷ്ടം കൊണ്ട്........... എനിക്ക് ഈ ലോകത്ത് ഏറ്റവും ഇഷ്ടം നിന്നെയാണ് അത് കൊണ്ട്...

എന്ന് നീ അത് അംഗീകരിക്കുന്നുവോ അത് വരെ ഞാൻ ഉണ്ടാകും കൂടെ.....

എനിക്കത്തിന്ന് പറ്റില്ല........ എനിക്ക് നിന്നെ.....

വെറുപ്പാണ് എന്നല്ലേ........ ഇതിന്ന് പകരം തിരിച്ചു പറയാൻ ഒന്നേ ഉള്ളൂ ലവ് യൂ ടു......

ഞാൻ വെറുപ്പാണെന്ന് പറഞ്ഞില്ല അതിന്ന്.....

അപ്പൊ വെറുപ്പ് ഇല്ല....... അല്ലേ....അവൻ ചെറു ചിരിയോടെ പറഞ്ഞു.

ഞാൻ ഒന്നും പറഞ്ഞില്ലേ....... അവൾ അവന്റെ നേരെ കൈകൂപ്പി. നിന്നോടൊക്കെ സംസാരിച്ചിട്ട് കാര്യം ഇല്ല......

ഞാൻ നിന്നെ വേദനിപ്പിക്കാനോ...... സങ്കടപെടുത്താനോ ഒന്നും വന്നതല്ല. എന്നെ പഴയ പോലെ  നല്ലൊരു ഫ്രണ്ട് ആയെങ്കിലും കണ്ടുടെ നിനക്ക്...... അതിന്ന് ആരെയും പേടിക്കണ്ടല്ലോ........ അത് പറയുമ്പോൾ അവന്റെ ശബ്ദം ഇടറിയിരുന്നു......

നെഞ്ചിൽ എവിടെയോ ഒരു നീറ്റൽ പടരുന്നത് അവൾ അറിഞ്ഞു. അവൾ മുഖത്ത് നോക്കാതെ പുറത്തേക്ക് ഇറങ്ങി.

ആലോചിച്ചു തീരുമാനിക്ക് ഇവിടെ ഞാൻ പറയുന്നത് കേട്ടു അനുസരിക്കുന്നോ..... അതോ ആ ഫോട്ടോസ് ഒക്കെ ജുനുവിന് അയച്ചു കൊടുത്തു അവന്റെ ലക്ഷ്യം നിറവേറ്റാതെ തിരിച്ചു വരുത്തിക്കണോന്ന്.....

അവൾ നേരെ ക്ലാസ്സിലേക് ചെന്നു. ഡെസ്കിൽ തല വെച്ചു കിടന്നു. കുറച്ചു കിടന്നു. എണീറ്റു കണ്ണ് തുറന്നപ്പോൾ കണ്ടു എന്നെ നോക്കി ഇരുന്നു ക്ലാസ്സ് എടുക്കുന്ന ഇജുവിനെ.

അവൾ എഴുന്നേറ്റു എന്ന് കണ്ടതും അവൻ നോക്കി പുഞ്ചിരിച്ചു. അവൾ തലതാഴ്ത്തി.

നിങ്ങൾ ഇത് വരെ എങ്ങനെ ആയിരുന്നു ന്ന് എനിക്ക് അറിയണ്ട. ബട്ട് എന്റെ  ക്ലാസ്സിൽ എങ്ങനെ ആയിരിക്കണം എന്ന് ഞാൻ തീരുമാനിക്കും. നാളെ മുതൽ ക്ലാസ്സ് ടൈം മാറുകയാണ്. ഷാർപ് നൈൻ ഒ ക്ലോക്ക് ക്ലാസ്സ് ആരംഭിക്കും. ഒരു മിനിറ്റ് ലേറ്റ് ആയാൽ പോലും ക്ലാസ്സിന് വെളിയിൽ ആയിരിക്കും. ക്ലാസ്സിന് പുറത്തു ഇറങ്ങിയാൽ എവിടേക്കെങ്കിലും പോകാം എന്നൊന്നും കരുതണ്ട. വാതിക്കൽ പോസ്റ്റ് പട്ടം തരും എന്നായിരിക്കും അർത്ഥം.അനാവശ്യമായി ക്ലാസ്സ് കട്ട് ചെയ്യാനോ ലീവ് എടുക്കാനോ പറ്റില്ല. ലീവ് വേണമെങ്കിൽ മുൻകൂട്ടി പറഞ്ഞു പെർമിഷൻ എടുക്കുക.
അപ്രതീക്ഷിതമായി ലീവ് എടുക്കേണ്ട സാഹചര്യം ആണെങ്കിൽ ഗാർഡിയനെ കൂട്ടി വരേണ്ടി വരും. വിശദമായി എല്ലാം നോട്ടീസ് ബോർഡിൽ ഇട്ടിട്ട് ഉണ്ട്. പറഞ്ഞത് മുഴുവൻ തന്നോടാണെന്ന് ഇനുവിന് മനസ്സിലായി.പിന്നെ അവൻ ക്ലാസ്സ് എടിക്കുവാൻ തുടങ്ങി. കുറ്റം പറയരുതല്ലോ ക്ലാസ്സ് സൂപ്പർ ആയിരുന്നു. അത് കൊണ്ട് തന്നെ ആദ്യം ഉണ്ടായ

മുറുമുറുപ്പ് എല്ലാരിൽ നിന്നും പോയി. അവൻ ഒറ്റ ദിവസം കൊണ്ട് തന്നെ സ്റ്റാർ ആയി.ക്ലാസ്സ് കഴിഞ്ഞതും അവൻ എല്ലാവരെയും നോക്കി.

ഞാൻ നിങ്ങൾ ഇരിക്കുന്ന സീറ്റ് ഒന്ന് ചേഞ്ച് ചെയ്യുകയാണ്. ഫസ്റ്റ് ആണ് ഇനു ഇരിക്കുന്നത്. പിന്നെ റാനി. ആരെയെക്കൊയോ എവിടേക്കെങ്കിലും മാറ്റി ഇരുത്തി. ലാസ്റ്റ് ഇനുവിന് നേരെ വിരൽ ചൂണ്ടി അവളോട് ലാസ്റ്റ് ബെഞ്ചിൽ സെക്കൻഡ്  ആയി പോയി ഇരിക്കാൻ പറഞ്ഞു. അവൾ മടിച്ചു നിന്നു. ക്ലാസ്സിലെ ഏറ്റവും കച്ചറപിടിച്ച കുട്ടികൾ ആണത്. ബോയ്സ് ഗേൾസ് ഉണ്ട്. കോളേജിലെ തെമ്മാടി ടീംസ്. പൊതുവെ ആരോടും മിണ്ടാറില്ല. ലാസ്റ്റ് ബെഞ്ചു ടീമ്സിനെ നോക്കാറും കൂടി ഇല്ല. കഞ്ചാവും കുടിയും ഒക്കെ ഉണ്ട് കേട്ടിട്ടുണ്ട്. പഠിക്കുകയും ഇല്ല. പൈസയുടെ പവർ കാണിക്കാൻ വരുന്നതാണ്. പെൺകുട്ടികൾ വരെ മോശം. നാല്  ഗേൾസ്  ആണ് ആ ബെഞ്ചിൽ. അവൾ മാത്രം അല്ല ക്ലാസ്സ് മൊത്തം ഞെട്ടിയിരുന്നു ഇജാസിന്റെ വാക്ക് കെട്ട്. അവൾ പോകാൻ മടിച്ചു നിന്നു. ഗോ ടു യുവർ സീറ്റ് ഇജാസ് ഒച്ചയെടുത്തതും പോയി ഇരുന്നു. അവരൊക്കെ വിജിത്ര ജീവിയെ

കണ്ടപോലെ അവളെ നോക്കി.അവൾക്ക് കരച്ചിൽ വരുന്നുണ്ടായിരുന്നു. അവൾ ആരെയും നോക്കാതെ തലതാഴ്ത്തി. റാനി സങ്കടത്തോടെ നോക്കുന്നത് അവൾ കണ്ടു.

ക്ലാസ്സ് കഴിഞ്ഞു ഇജാസ് പുറത്തു ഇറങ്ങിയതും അവൾ പിറകെ ഓടിപ്പോയി.

സാർ.... അവൻ തിരിഞ്ഞു നോക്കി.

എനിക്ക് സീറ്റ് മാറ്റി തരണം. എനിക്കിഷ്ടം അല്ല അവിടെ ഇരിക്കാൻ.അവരൊക്കെ ചീത്ത കുട്ടികളാ.....

അവൻ ഇരുത്തി മൂളി. സീറ്റ് മാറ്റി തന്നാൽ എനിക്കെന്ത് തരും.....

എന്താ വേണ്ടത്.....

ഫൈസിയോട് സത്യം തുറന്നു പറയണം.എന്റെ കൂടെ വരണം......

അത് പറ്റില്ല..... അവൾ ഉറപ്പിച്ചു പറഞ്ഞു.

എന്ന പിന്നെ ഇതും പറ്റില്ല.

നീ പോടാ ഹിറ്റ്ലറെ അവൾ ദേഷ്യത്തോടെ വിളിച്ചു

അത് നിന്റെ ജുനു അവനെ പോയി വിളി.

ശരിക്കും ഹിറ്റ്ലർ നിങ്ങളെ അമ്മിജാൻ ആണ്

സ്നേഹിക്കുന്നവരെ മനസ്സ് കാണാതെ തമ്മിൽ പിരിച്ച ഹിറ്റ്ലർ. അതിന്റെ ബാക്കിയായി ഒരിക്കലും സമാധാനം തരില്ലെന്ന് കച്ചകെട്ടി ഇറങ്ങിയ പേരമക്കളും.

ടീ..... അവൻ ഒച്ചയെടുത്തതും  അവളോടി.

അവൻ ചെറുചിരിയോടെ അവളെ നോക്കിയിട്ട് പോയി.

💕💕💕💕💕

ക്ലാസ്സിൽ പോയി ഇരുന്നതും അവളെ കാത്തെന്ന വണ്ണം അവർ നാലുപേരും രണ്ടു ബോയ്സ് നിൽക്കുന്നുണ്ടായിരുന്നു.

അമൃത, ഷാനിബ, രോഹൻ, ഷാൻ, നിയ, ആമി അവർ ഓരോരുത്തരായി പറഞ്ഞു.

അവൾ തലയാട്ടി. ഓരോന്നും ഓരോ കോലങ്ങൾ. ഷന്റെ മുടി കണ്ടതും അവൾ അന്തം വിട്ടു നിന്നു. ഇതെന്താ കാടാണോ തലയിൽ ആത്മാഗതം ഉച്ചത്തിൽ ആയിപ്പോയി.

കാട് നിന്റെ തന്തയുടെ തലയാടീ @##%₹#@

അവൾ ഞെട്ടിവിറച്ചു നിന്നു. ഞങ്ങളെ ചെക്കനെ കളിയാക്കുന്നോ അവർ അവളെ ചുറ്റി വളഞ്ഞു.

ഈ ഡ്രസ്സ് ഇട്ടാണോ കോളേജിൽ വരുന്നേ. ലോ ക്ലാസ്സ്‌ ഫ്ലോ...... അമൃത അവളുടെ ശാളിൽ പിടിച്ചു വലിച്ചു.അവൾ അമൃതയെ നോക്കി മുടിയൊക്കെ സ്പ്രിംഗ് പോലെ. മൂക്കിന്റെ അറ്റത്തു ഒരു റിങ്... ടൈറ്റ് പാന്റ് ബനിയനും മേലെ ഒരു ജാക്കറ്റ്. അവൾ മുഖം ചുളിച്ചു.

അല്ല പട്ടിക്കാട്ടിൽ താമസിക്കുന്ന നീയൊക്കെ എന്തിനാ പഠിക്കാൻ വരുന്നേ.... (നിയ )

എന്തൊക്കെ പറഞ്ഞാലും നിനക്ക് ഒടുക്കത്തെ മൊഞ്ചാണ്.നിന്റെ കണ്ണുകൾക്ക്  വല്ലാത്ത വശീകരണം ആണ്. ബ്യൂട്ടിഫുൾ ഐസ്.നോക്കിയിരിക്കാൻ തോന്നും. നീ കോളേജിൽ വന്നപ്പോ തൊട്ട് കരുതുന്നതാ ഇങ്ങനെ നോക്കി ഇരിക്കാൻ. പിന്നെ പഠിപ്പിസ്റ്റ് അല്ലെന്ന് കരുതി മിണ്ടാതെ ഇരുന്നതാ രോഹൻ അതും പറഞ്ഞു അവളെ കണ്ണിൽ നോക്കി ഇരുന്നു. അവൾ മുഖം താഴ്ത്തിയതും അവൻ അലറി മുഖത്ത് നോക്കെടി......

അവൾ പേടിയോടെ അവന്റെ മുഖത്തേക്ക് നോക്കി.

ഗുഡ് ഗേൾ..... അവന്റെ കണ്ണുകളുമായി കൊരുത്തു. അവൾക്ക് വല്ലായ്മ തോന്നി. പെട്ടെന്ന് ഫൈസ്നെ ഓർമ വന്നു. അവനാണ് മുന്നിൽ ഇരിക്കുന്നത് എന്ന് തോന്നി. അവന്റെ ചിരിക്കുമ്പോൾ തിളങ്ങുന്ന ക്യൂട്ട് ആയ കണ്ണുകൾ......ഇളം റോസ് നിറത്തിലുള്ള എപ്പോഴു പുഞ്ചിരി വിരിയുന്ന ചുണ്ടുകൾ...... അവൾ എല്ലാം മറന്നു നിന്നു. ടെൻഷനും പേടിയും ഒക്കെ പോയി മറഞ്ഞു.

ടീ..... അമൃത അവളെ തലയിൽ തട്ടിയതും അവൾ ഞെട്ടി പകച്ചു ചുറ്റും നോക്കി. രോഹന്റെ മുഖത്തിന്റെ നേർക്ക് കൈ നീട്ടിയാണ് നില്കുന്നത്.  അവൾ കൈ വലിച്ചു.

ടീച്ചർ വന്നതും അവർ അടങ്ങി ഇരുന്നു. അമൃതയുടെയും നിയയുടെയും നടുക്ക് ആണ് ഇരുന്നത് അവൾ. നിയ ഫോണിൽ ഇയർസെറ്റ് വെച്ചു എന്തോ സോങ് കേൾക്കുകയാണ്. അവൾ ദേഷ്യത്തോടെ നിയയെ നോക്കി. ക്ലാസ്സ് നടക്കുന്നത് കണ്ടില്ലേ.

എന്ന നീ കൂടി കേൾക്ക് എന്ന് പറഞ്ഞു അവളുടെ ചെവിയിൽ വെച്ചു കൊടുത്തു.

ചെവി തല്ലിപൊളിക്കുന്ന ശബ്ദം അവൾ അത് വലിച്ചൂരി എറിഞ്ഞു. ചെവി അടിച്ച പോലെ തോന്നി അവൾക്ക്.  ക്ലാസ്സ് എടുക്കുന്നെ നടുക്ക് ഷാനിബയുടെ അടുത്ത് ഷാൻ വന്നു ഇരുന്നു. ഇവർക്ക് ആരെയും പേടിയില്ലേ. അപ്പോഴാ വേറൊരു കാര്യം കണ്ടത്. ഷാന്റെ കൈ ഷാനിബയുടെ അരയിലൂടെ ചുറ്റിയിട്ട് ഉള്ളത്. നോക്കിയത് കണ്ടതും അവൻ ചുണ്ട് കൂർപ്പിച്ചു ഉമ്മ..... എന്ന് കാണിച്ചു.അവൾ അപ്പോൾ തന്നെ നോട്ടം മാറ്റി.

ഇജാസ് മനപ്പൂർവം ദ്രോഹിക്കുന്നതാണ്. അവൾക്ക് ദേഷ്യം സങ്കടം കൊണ്ട് കരച്ചിൽ വരുന്നുണ്ടായിരുന്നു. ജുനു ആ ഫോട്ടോസ് കണ്ടാൽ അപ്പൊ തന്നെ നാട്ടിലേക്ക് വരും. അവന്റെ സ്വപ്നം ആണ്.....എന്റെ ലക്ഷ്യം ആണ്  പരിഹസിച്ചു ഇറക്കി വിട്ടവരുടെ മുന്നിൽ തല ഉയർത്തി പിടിച്ചു നിൽക്കണം. അതിന്ന് ഇജാസിനെ അനുസരിച്ചേ പറ്റു. ഇജു ഇവരെ കൂടെ കൊണ്ടിരുത്തിയത് എന്തിനാ അത് മനസ്സിലാവുന്നില്ലല്ലോ. എനിക്കൊന്ന് വേദനിച്ച അതിന്റെ ഇരട്ടി സ്വയം വേദനിപ്പിക്കുന്നവനാണ്. ശഹി കണ്ട നാൾ തൊട്ട് ഉപദ്രവിക്കും അതിന്ന് അനിയൻ ആണെന്ന് പോലും നോക്കാതെ അവനെ

തല്ലും. എന്നിട്ടിപ്പോ ഇവരെ കൂടെ ഇരുത്തിയത് വൈകുന്നേരം വരെ എല്ലാവരുടെയും നടുക്ക് ലഹള കൊണ്ട് വട്ട് പിടിക്കുന്ന പോലെ തോന്നി. അവർ വ്യക്തി വൈരാഗ്യം പോലെ ഓരോന്ന് പറഞ്ഞെങ്കിലും മൈന്റ് ആക്കിയില്ല.

അവൾക്ക് ജുനുവിനെ കാണണമെന്ന് തോന്നി. അവനെ കെട്ടിപിടിച്ചു അവന്റെ നെഞ്ചിൽ ഭാരം ഇറക്കിവെക്കണമെന്ന് തോന്നി. ഒരുപാട് ദിവസങ്ങൾക്ക് ശേഷം ആണ് അവരെ കണ്ടത് അതിന്റെ സന്തോഷം ഉണ്ട്. ഭീഷണി പെടുത്താൻ ആണെങ്കിലും ഇജാസ് ചെയ്തത് വലിയൊരു കാര്യം ആണ്. അവരെ കാണാൻ പറ്റിയല്ലോ.... അവർ ഹാപ്പിയാണ് അവിടെ. അത് മതി എനിക്ക്. അവൾക്ക് തലയിലൂടെ ഒരു മൂളിച്ച തോന്നി. ഞരമ്പുകൾ എടുത്തു പിടിച്ചു. തല പൊട്ടിപ്പിളരുന്നത് പോലെ തോന്നി. അവൾ നെറ്റി അമർത്തി പിടിച്ചു.ജുനിന്റെ കൂടെ ഉള്ളപ്പോൾ  ഒരു പ്രാവശ്യം ഇങ്ങനെ ഉണ്ടായിട്ടുണ്ട്. അന്ന് ഡോക്ടറെ അടുത്ത് പോയിരുന്നു. ജുനു ഹോസ്പിറ്റലിൽ നിന്നും വന്ന ശേഷം വല്ലാതെ സഡ് ആയിരുന്നു. ടാബ്ലറ്റ് ഒന്നും തന്നും ഇല്ല. വേദന വരുമ്പോൾ മൈൻഡ് റിലക്സ്

ആക്കണം. ടെൻഷൻ അടികരുത്. ഇഷ്ടമുള്ള കാര്യം ചെയ്യാം ഇഷ്ടമുള്ളത് ഓർക്കുക. അങ്ങനെ ചെയ്യാനാ പറഞ്ഞത്. ജൂനുവുമൊത്തുള്ള ഓർമ്മകൾ മാത്രം ആണ് എന്റെ സന്തോഷം അത് മാത്രം ഓർക്കാറും ഉള്ളൂ. അവൾ ശ്വാസം ആഞ്ഞു വലിച്ചു ശ്വാസം മെല്ലെ വിട്ടു മനസ്സ് കോൺസൻഡ്രേറ്റ് ചെയ്തു. കണ്ണടച്ചു നിന്നു. ജുനുവിന് പകരം തെളിഞ്ഞു വന്നത് ഫൈസിയുടെ മുഖം ആയിരുന്നു. അറിയാതൊരു പുഞ്ചിരി അവളുടെ ചുണ്ടിലും വിരിഞ്ഞു.

💕💕💕💕💕💕

നിനക്ക് വട്ടുണ്ടോ ഇജു അവളെ എന്തിനാ ആ തലതെറിച്ച പിള്ളേരെ കൂടെ ഇരുത്തുന്നത് .നദീം ചൂടായി.

ഇത്രയും നാൾ അവൾ ഏയ്ഞ്ചൽ അല്ലായിരുന്നോ ജുനുവിന്റെ മാലാഖ കുട്ടി..... ഇനി അത് വേണ്ട അവൾ ഡെവിൾ ആയ മതി എനിക്കൊത്ത പോരാളി ആയ മതി അതിന്ന് കുറച്ചു വൃത്തികേടുകൾ അവരെ കൂടെ കൂടി പഠിക്കട്ടെടോ.

നിനക്ക് എന്തിന്റെ കേടാ ഇജു

വട്ട്...... മുഴുത്ത വട്ട്..... ആ വട്ടിന് ഒറ്റ പേരെ ഉള്ളൂ ഇനായ മെഹവിഷ്. തോൽവി ആയാലും ജയം ആയാലും അവളോട് യുദ്ധത്തിനു ഇറങ്ങാൻ പോവാ. ജയിക്കുന്നത് ആരാണെന്നു നമുക്ക് നോക്കാം.

നദീം പൊട്ടിച്ചിരിച്ചു. യുദ്ധം അവളോട്......... അവൾ നിന്നെ നോക്കി കണ്ണ് നിറച്ച നീ അവളെ കാലിൽ വീഴും കരയല്ലെന്ന് പറഞ്ഞിട്ട് എന്നിട്ടപ്പോ യുദ്ധം....

അത് പണ്ട്..... ഇപ്പൊ എന്റെ ലക്ഷ്യം മാത്രം ആണ് എന്റെ മനസ്സിൽ....... അവളെ കൊണ്ട് ഞാൻ ക്ഷ ണ്ണ വരപ്പിക്കും ഗതികെട്ട് അവൾ ഇറങ്ങി വരും എന്റെ കൂടെ.ഇല്ലെങ്കിൽ വരുത്തും........

💕💕💕💕💕💕💕💕

ഇർഫാൻ കയ്യിൽ ഇരുന്ന ഫോട്ടോസ് വലിച്ചെറിഞ്ഞു........ ദേഷ്യത്തോടെ ബെഡിൽ ആഞ്ഞടിച്ചു....... ഇജാസ് ഒന്നിച്ചുള്ള ഫോട്ടോസ് കാണുംതോറും അവന്ന് രക്തം തിളക്കുന്നത് പോലെ തോന്നി. ഇനായ എന്റേതാണ്....... എന്റേത് മാത്രം...... അവൻ മുരണ്ടു കൊണ്ട് പറഞ്ഞു. പിന്നെ എന്തോ ആലോചിച്ചു കുറച്ചു സമയം ഫോട്ടോ തന്നെ നോക്കി നിന്നു. അവന്റെ ചുണ്ടിൽ പുഞ്ചിരി വിരിഞ്ഞു.

ഫൈസ് അസ്കർ തന്റെ ജീവിതത്തിൽ ഇവൻ മാത്രം വില്ലൻ ആയുള്ളൂ എന്ന കരുതിയത് എന്നാളിപ്പോ രണ്ടു പേര്..... രണ്ടാൾക്കും വേണ്ടത് ഇനായ മെഹവിഷ് എന്ന സുന്ദരികുട്ടിയേയും....... ശരിക്കും എനിക്ക് കിട്ടിയ ഗോൾഡൻ ചാൻസ് ആണിത്.

ഫൈസിനെ ഇല്ലാതാക്കിയാൽ അത് ഇജാസിന്റെ തലയിൽ കെട്ടി വെക്കാം. ഓരോ നിമിഷവും അവളുടെ മനസ്സ് മാറ്റാൻ ശ്രമിക്കുമ്പോഴും അവൾ ആവർത്തിച്ചത് ഫൈസ് ജുനുവിന്റെ ബെസ്റ്റിയാണ്. എന്റെ ബ്രദർ ആണ്. ഫൈസിനെ കുറ്റം പറയുന്നത് പോലും ഇഷ്ടം അല്ലെന്ന്. അങ്ങനെ ഉള്ളപ്പോൾ ഫൈസിന് എന്തെങ്കിലും പറ്റിയാൽ തീർച്ചയായും അത് ഇജാസിന്റെ തലയിലേക്ക് കെട്ടി വെചാൽ അവൾ ഇജാസിനെ വെറുക്കും .ഒറ്റയടിക്ക് രണ്ടാളും അവളുടെ ജീവിതത്തിൽ നിന്നും പുറത്ത്. ഒരു വെടിക്ക് രണ്ടു പക്ഷി. അവൻ അതും പറഞ്ഞു പൊട്ടിച്ചിരിച്ചു,.....നീ എന്റേത് മാത്രം ആണ് ഇനായ....... ഒരിക്കലും നിന്നെ ഒരാൾക്കും വിട്ടുകൊടുക്കില്ല...... അവന്റെ മുഖത്ത് ക്രൂരമായ ചിരി വിരിഞ്ഞു.

📚STORY BOARD📚

❤️ 💔 INVISIBLE LOVE 💔❤️

Love after💘 marriage story

Part 30

എന്താ ഒരു ഗ്ലാമർ...... കട്ടതാടി...... സിക്സ് പാക്ക് ബോഡി..... ഹോട് ഹാൻഡ്സം...... കെട്ടിപിടിച്ചു കിസ്സടിക്കാൻ തോന്ന ചുണ്ടും കടിച്ചു പ്രത്യേക ഭാവത്തോടെ അമൃത പറഞ്ഞപ്പോൾ അവൾ നോക്കുന്നിടത്തേക്ക് ഇനുവും നോക്കി........ ഇജാസ് ക്ലാസ്സിന് പുറത്ത് നിന്നു ആരോടോ സംസാരിക്കുന്നുണ്ട്.

എന്ത് ക്യൂട്ട് ആടി ആ കണ്ണുകൾ...... ഹൌ സ്വീറ്റ്...... നിയ കൈകൊണ്ട് കിസ്സ് കൊടുക്കുന്ന പോലെ ചെയ്തു.

ഇജുനെ കാണാൻ എന്ത് ഭംഗിയാണെന്ന് അറിയോ...... ഇജുന്റെ കണ്ണുകൾ ആണ് എനിക്ക് ഏറ്റവും ഇഷ്ടം..... അവന്റെ കണ്ണുകളിലൂടെ തലോടി

പറഞ്ഞു.

കണ്ണ് കൊള്ളുന്ന തോന്നുന്നേ ഇജുക്ക. ഇജുക്ക ഇവളെ അടുത്ത് പോകണ്ട ഇനി.എപ്പോ നോക്കിയാലും അവളെ നോട്ടം കണ്ണുകളിലേക്ക ശഹി ഇജുവിന്റെ മുഖം അവന്റെ നേർക്ക് ആക്കി.

ഇനു ദേഷ്യത്തോടെ ഇജുന്റെ മുഖം അവളെ നേർക്ക് ആക്കി. ഇതെന്റെ ഇജുവാ. ദാ ഈ കണ്ണുകളും എന്റെ മാത്രം ആണ്.

നീ പോടീ പിശാജേ...... ഇജുക്ക എന്റെയാണ്.

നീ പോടാ മാക്രി ഇജു എന്റെയാ.....

തുടങ്ങി രണ്ടും കൂടെ. ഞാൻ എന്റെ ഇനുട്ടിടെ മാത്രം ആണ്.

നോക്കെടാ മാക്രി.... എന്നും പറഞ്ഞു ഇജുന്റെ കവിളിൽ ഒരു കിസ്സ് കൊടുത്തു.

ശഹി ദേഷ്യം പിടിച്ചു എണീറ്റ് പോയി.

അത് ശരി ഇന്നലെ വന്ന നിന്നെ കണ്ടപ്പോൾ എന്നെ വേണ്ടലെ ജുനു മുഖം കോട്ടി. അവന്റെ കവിളിലും ഒരു കിസ്സ് കൊടുത്തു.

ആ ഓർമയിൽ അവളുടെ മുഖത്തു ഒരു പുഞ്ചിരി വിരിഞ്ഞു.

നിയയും ഷാനിബയും കൂടി അവളുടെ തലക്ക് മുകളിലൂടെ എത്തി നോക്കി. അവൾ തള്ളി മാറ്റി രണ്ടിനെയും......

അവർ രണ്ടാളും തലക്ക് ഒരു തട്ട് കൊടുത്തതും ഇനു പിന്നെ മിണ്ടാതെ തല താഴ്ത്തി കൊടുത്തു. അവർ ഇജുവിനെ നോക്കും തോറും എന്ത് കൊണ്ടോ അവരോട് ദേഷ്യം തോന്നി.

💕💕💕💕💕💕

ഫൈസ് വൈകുന്നേരം വരുമ്പോൾ ഇനു ബെഡിൽ കിടക്കുന്നുണ്ടായിരുന്നു. അവൻ അവളെ നോക്കി. കോളേജിൽ പോയ അതേ വേഷം. ഇവൾ നന്നാവില്ല...... ഞാൻ മാറിക്കൊള്ളാം അതാ നല്ലത്.മനസ്സിൽ പറഞ്ഞു കൊണ്ട് അവൻ ഡ്രസ്സ് മാറ്റാൻ ഡ്രസ്സ് എടുത്തു തിരിഞ്ഞതും അവനെ തന്നെ ദേഷ്യത്തോടെ നോക്കുന്ന ഇനുവിനെ കണ്ടു.

അവൻ കണ്ണ് കൊണ്ട് എന്താന്ന് ചോദിച്ചു.

പറഞ്ഞ വാക്ക് പാലിക്കണം.

ഞാൻ എന്ത് വാക്കാ പാലിക്കാഞ്ഞത് അവൻ നെറ്റിച്ചുളിച്ചു അവളെ നോക്കി.

നീയല്ലേ പറഞ്ഞത് ഫ്രഷ് ആവാതെ  ബെഡിൽ കിടന്ന കുളത്തിൽ കൊണ്ട് ഇടുന്ന്. എന്നിട്ടെന്താ ചെയ്യാത്തെ.

അവൻ തലക്ക് കയ്യും വെച്ചു ചിരിക്കണോ കരയണോന്ന്  പോലും മനസ്സിലാവാതെ അവളെ നോക്കി.അതിന്ന് വേണ്ടിയാണോ ബെഡിൽ കിടന്നത്

അവൾ തലയാട്ടി.

ടീ പോത്തേ ഞാൻ നിന്നോട് ചുമ്മാ പറഞ്ഞതാ അത്.

അവളുടെ മുഖം വാടി. ഞാൻ സത്യം ആണെന്ന് കരുതി.  കുളത്തിൽ പോകാനുള്ള ആഗ്രഹം കൊണ്ട് കിടന്നത. അതും പറഞ്ഞു ബെഡിൽ നിന്നും എഴുന്നേറ്റു. എന്നാലും പറ്റിക്കണ്ടാരുന്നു..... ഞാൻ ഒറ്റക്ക് പോകാന്ന് കരുതീത അവിടെ. പിന്നെ ജുനു പറഞ്ഞിട്ടുണ്ട് തനിച്ചു കുളത്തിൽ പോകരുതെന്ന് അതാ പോകാഞ്ഞത്.

അവൻ ചെറുചിരിയോടെ അവളെ നോക്കി. എന്നിട്ട് അവളെ കയ്യിൽ കോരിയെടുത്തു.

അവൾ എന്താ കാര്യം നോക്കി.

കുളത്തിൽ പോണ്ടേ.....

വേണ്ട എന്നെ പറ്റിച്ചത് അല്ലേ..... അവൾ കുതറി ഇറങ്ങാൻ നോക്കിയതും അവൻ ഒന്നൂടി അടുപ്പിച്ചു മുറുക്കെ പിടിച്ചു.  അടങ്ങി ഇരിക്ക് അല്ലെങ്കിൽ മൂക്കും കുത്തി വീഴും.  പിന്നെ അവൾ മിണ്ടിയില്ല. അവന്റെ മുഖത്തേക്ക് തന്നെ നോക്കി കിടന്നു. അവന്റെ കഴുത്തിലൂടെ കൈകൾ ഇട്ടു പിടിച്ചു. അവൻ അവളെ തന്നെ നോക്കിയതും എന്തോ ഒരു ചമ്മൽ പോലെ തോന്നി. മുഖം താഴ്ത്തി. പക്ഷേ കയ്യെടുക്കാൻ തോന്നിയില്ല. അവന്റെ നെഞ്ചോട് ചേർന്നു കിടക്കുമ്പോൾ അവന്റെ ഹൃദയമിടിപ്പ് കേൾക്കുമ്പോൾ ഇത് വരെ ഇല്ലാത്ത എന്നാൽ എന്തെന്ന് മനസ്സിലാകാത്ത മാറ്റങ്ങൾ സംഭവിക്കുന്നത് അവൾക്ക് മനസ്സിലായി. എന്ത് കൊണ്ടോ ആ സ്പർശവും സാമിപ്യവും മനസ്സ് ആഗ്രഹിക്കുന്നുണ്ടായിരുന്നു. കാറിൽ കൊണ്ടായി ഇരുത്തി.

കുളത്തിൽ കൊണ്ട് പോകാൻ പറഞ്ഞതിന്ന് എന്നെ കളയാൻ കൊണ്ട് പോകുവാണോ.... അവൾ അവനെ

സംശയത്തോടെ നോക്കി ചോദിച്ചു....

ഒന്ന് മിണ്ടാതിരി പൊട്ടിക്കളി....അവൻ ചിരിയോടെ പറഞ്ഞു.

അവൾ പിന്നെ മിണ്ടിയില്ല. ഒരു റെസ്പോണ്ട് കാണാത്തോണ്ട് അവൻ മെല്ലെ നോക്കി  അവൾ കിടന്നു ഉറങ്ങിയിരുന്നു...

അവൻ സീറ്റ് താഴ്ത്തി കൊടുത്തു.

ഫൈസ് വിളിച്ച ശേഷം ആണ് ഉറക്കം ഞെട്ടി എഴുന്നേറ്റത്.

നിനക്ക് ഫുൾ ടൈം ഉറക്കം ആണല്ലോ..... എന്താ സംഭവം..... നൈറ്റ് ഉറക്കം ഒഴിയുന്നതും ഇല്ല.

അറിയില്ല..... എപ്പോ നോക്കിയാലും തലയിലൂടെ മിന്നൽ പിണർ പോലെ.... ഇടക്കിടക്ക് ഒന്നും ഓർമയില്ലാത്ത പോലെ.....

നല്ല ക്ഷീണം തോന്നുന്നു എപ്പോഴും .......

അതിനർത്ഥം അവൾ വല്ലാതെ സ്ട്രെസ് ചെയ്യുന്നുണ്ട്. ജുനു ഇല്ലാത്തോണ്ട് ആണോ....

അവൻ ഓർത്തു.

സാരമില്ല മൈൻഡ് ഫ്രീ ആക്കി വിട്. ഇഷ്ടമുള്ള കാര്യങ്ങളിലേക്ക് ശ്രദ്ധ തിരിച്ചു വിട്..... അവൻ വാത്സല്യത്തോടെ തലയിലൂടെ തലോടി.

അതൊക്കെ പോട്ടെ ഇവിടെന്താ വന്നത്

കാട് പോലുള്ള ഏതോ സ്ഥലത് ആണ് ഉള്ളതെന്ന് അവൾക്ക് മനസ്സിലായി.

നീ വാ നേരിട്ട് കണ്ടോ പറഞ്ഞു അവളെ കയ്യിൽ പിടിച്ചു. കുറച്ചു ഉള്ളോട്ട് നടന്നതും വെള്ളം വീഴുന്ന ശബ്ദം കെട്ടു. ഒരു വെള്ളച്ചാട്ടം പോലുള്ള സ്ഥലത്ത് ആണ് എത്തിയത്. അവളുടെ കണ്ണുകൾ വിടർന്നു. മുഖം സന്തോഷത്താൽ തിളങ്ങി. ദൂരെ ആയി വെള്ളച്ചാട്ടം...... അവിടെ നിന്ന് ചെറിയ അരുവി ഒഴുകുന്നുണ്ട്. വൈകുന്നേരം ആയത് കൊണ്ട് കിളികൾ കൂട്ടിലേക്ക് കലപില കൂട്ടി വരുന്ന ശബ്ദം അവൾ കൗതുകത്തോടെ ചെവിയോർത്തു. ശാന്തവും ചുറ്റും പച്ചപ്പും ഇളം കാറ്റും ആ സ്ഥലം കൂടുതൽ മനോഹാരിത ഉണ്ടാക്കി. തെളിഞ്ഞ വെള്ളം കണ്ടതും അവളിൽ ഒരു കുളിർമ പടർന്നു കയറി. പെട്ടന്ന് അവൻ അവളെ കയ്യിൽ കോരിഎടുത്തു എന്താണെന്ന് മനസ്സിലാകും മുന്നേ

അവളെയും കൊണ്ട് അരുവിയിലേക്ക് എടുത്തു ചാടി. വെള്ളത്തിനടിയിലേക്ക് മുങ്ങി നിവർന്നു. എപ്പോഴും അവന്റെ പിടിയിൽ തന്നെ ആയിരുന്നു അവൾ.

ഞാൻ വാക്ക് പാലിച്ചിട്ടുണ്ട്. ബെഡിൽ കിടന്നതിന്ന് കുളം ഇല്ലാത്തോണ്ട് ആണ് ഇതിൽ അഡ്ജസ്റ്റ് ചെയ്തേക്കണേ...... അവൻ ചിരിയോടെ പറഞ്ഞു.അവൾ അവന്റെ കവിളിൽ അമർത്തി ഒരു കിസ്സ് കൊടുത്തു. താങ്ക്യൂ........

അവന്റെ കണ്ണ് മിഴിഞ്ഞു.....ഇങ്ങനെ കിസ്സ് തരുന്ന് അറിഞ്ഞിരുന്നെങ്കിൽ ഞാൻ എപ്പോഴും കൂട്ടി വന്നേനെ അവൻ മനസ്സിൽ ഓർത്തു.

അല്ല ഇങ്ങനെ വെള്ളത്തിൽ കൊണ്ടിട്ടാൽ ഞാൻ മുങ്ങി ചാകില്ലേ...... എന്നെ കൊല്ലാൻ ആയിരുന്നോ പ്ലാൻ... മെല്ലെ അകലേക്ക് നീന്തികൊണ്ട് അവൾ ചോദിച്ചു.

ഏഴാം വയസ്സിൽ തുടങ്ങിയ നീന്തൽ പഠനം ..... വെള്ളത്തിനടിയിൽ ശ്വാസം പിടിച്ചു  നിൽക്കാനുള്ള ജുനുവിന്റെ പ്രത്യേക ട്രെയിനിങ്. നീ അത്ര പെട്ടന്ന് ഒന്നും മുങ്ങി മരിക്കില്ല മോളെ. നീന്തൽ എക്സ്പെർട് അല്ലേ നീ.

അവളൊന്ന് ചിരിച്ചു. ചെറുതിൽ സ്കൂളിൽ ചാമ്പിയൻ ആയിരുന്നു രണ്ടു  പ്രാവശ്യം. പിന്നെ ജുനു വേണ്ടെന്നു പറഞ്ഞു. സ്വിമ്മിംഗ് ഡ്രസ്സ് ഇട്ടു മറ്റുള്ളവരെ മുന്നിൽ പോകുന്നത് അവന്ന് ഇഷ്ടം ആയിരുന്നില്ല. അതോണ്ട് വിട്ടു. നിനക്ക് അറിയോ നീന്തൽ.

അവൻ അറിയാന്ന് തലയാട്ടി.

അവൾക്ക് ഇജാസിനെ ഓർമ വന്നു. അവന്ന് നീന്തൽ അറിയില്ല.അത്  അറിയാതെ ഒരു ദിവസം തമാശക്ക് കുളത്തിൽ തള്ളിയിട്ടു. അന്ന് മുങ്ങി താഴാൻ പോയ അവന്നെ ഞാൻ ആണ് പിടിച്ചു കരക്ക് കയറ്റിയത്. ആദ്യം ആയി ജുനുവിന്റെ തല്ല് കിട്ടി.ഇജാസിന് ശ്വാസതടസ്സം സംബന്ധമായ എന്തോ പ്രോബ്ലം ഉണ്ടായിരുന്നു. അതോണ്ട് നീന്തൽ പഠിക്കാനും വിട്ടിട്ടില്ല. അന്ന് വെള്ളത്തിൽ അവൻ മുങ്ങി താഴുന്നത് കണ്ടു പേടിച്ചു വിറച്ചിരുന്നു. വെള്ളത്തിൽ നിന്നും വലിച്ചു കരക്ക് എത്തിക്കുമ്പോൾ ശ്വാസം എടുക്കാൻ കഴിയാതെ പിടയുന്നത് കണ്ടു ഞെട്ടി വിറച്ചു നിന്നു. അപ്പോഴേക്കും ജുനു ഓടി വന്നിരുന്നു. എടുത്തു ഹോസ്പിറ്റലിൽ ഓടുന്നത് കണ്ടു.  മാപ്പ് പറയാൻ ഹോസ്പിറ്റലിൽ കൂട്ടിപ്പോയി. പക്ഷേ

ബോധം വീണ അവൻ എല്ലാരോടും കാൽ തെറ്റി കുളത്തിൽ വീണത് എന്നായിരുന്നു പറഞ്ഞത്. ചോദിച്ചപ്പോൾ പുഞ്ചിരിയോടെ ഒന്നേ പറഞ്ഞുള്ളു നിന്നെ ഞാൻ അല്ലാതെ മറ്റാരും വഴക്ക് പറയുന്നത് എനിക്കിഷ്ടം അല്ലെന്ന്.

എന്താ ചിന്തിക്കുന്നേ ഫൈസ് അവളെ മുഖത്തേക്ക് വെള്ളം എടുത്തു തെറിപ്പിച്ചു.

അവൾ വെള്ളത്തിലൂടെ മുങ്ങി അവന്റെ കാലിൽ പിടിച്ചു വലിച്ചു. ടീ വേണ്ടാട്ടോ.......

അവൾ ചിരിയോടെ പൊങ്ങി. അവൻ തല്ലാൻ നോക്കിയതും ദൂരേക്ക് നീന്തി. മത്സ്യത്തെ പോലെ നീന്തി തുടിക്കുന്ന അവളെ കൗതുകത്തോടെ നോക്കി നിന്നു. അവൾക്കും നല്ലൊരു എക്സ്പ്പീരിയൻസ് ആയാണ് തോന്നിയത് മനസ്സും ശരീരവും റിലാക്സ് ആവുന്നത് അറിഞ്ഞു. എല്ലാം മറന്നു വെള്ളത്തിലേക്ക് മുങ്ങാൻ കുഴിയിട്ട് പോകുന്ന അവളെ ഫൈസി വിളിച്ചു. മതി രാത്രി ആവാറായി...... രാത്രി അയാൽ  കഞ്ചാവ് ടീമ്സിന്റെ ഏരിയ ആണ്. നിന്റെ ആഗ്രഹം അല്ലെന്ന് തോന്നിയൊണ്ട് മാത്രം വന്നതാ.......

കുറച്ചു കൂടി എന്ന് പറഞ്ഞു പോകാൻ നോക്കിയ

അവളെ പിടിക്കാൻ നോക്കിയതും മുടിയിൽ ആയിരുന്നു പിടിത്തം കിട്ടിയത്. അതേ സ്പോട്ടിൽ അവൾ കൈക്ക് പിടിച്ചു കടിച്ചിരുന്നു.

എനിക്കിത് തന്നെ വേണം തെണ്ടീ..... പാവല്ലെന്ന് കരുതി കൂട്ടി വന്നിട്ട് ഇത് തന്നെ കിട്ടണം. അവൻ വേദന കൊണ്ട് കൈ കുടഞ്ഞു.

സോറി...... എനിക്കിഷ്ടം അല്ല മുടിയിൽ പിടിച്ചു വലിക്കുന്നത്. കടിച്ചു പോയതാ.ഇനി ചെയ്യില്ല.

എപ്പോഴും കടിച്ചു കഴിഞ്ഞിട്ട് ഇത് പറഞ്ഞ മതിയല്ലോ അവൻ പുച്ഛത്തോടെ മുഖം കോട്ടി.

സോറി നല്ലോണം വേദനഎടുത്തോ ചോദിച്ചു അടുത്തോട്ടു വന്നതും അവളെ പിടിച്ചു അവനോട് ചേർത്ത്  നിർത്തിയിരുന്നു.

എന്നെ വേദനിപ്പിച്ചിട്ട് അങ്ങനെ പോയാലോ.നിനക്ക് അറിയണ്ടേ കടിച്ചലുള്ള വേദന.

ഫൈസ് വേണ്ട..... ഞാൻ ഇനി കടിക്കില്ല..... സത്യം ആയിട്ടും കടിക്കില്ല......

അന്നും ഇത് പോലെ പറഞ്ഞത്. ഇനി വിശ്വാസം ഇല്ല.അവൻ അവളെ തിരിച്ചു നിർത്തി അവളുടെ

ചുമലിൽ മുഖം ചേർത്ത് വെച്ചു. വയറ്റിലൂടെ കയ്യിട്ടു അവനോട് ചേർത്ത്  പിടിച്ചു. വെള്ളത്തിൽ ചുരിദാറിന്റെ ടോപ്പ് പൊങ്ങി നിന്നത് കൊണ്ട് നഗ്നമായ അവളെ വയറിൽ ആയിരുന്നു അവൻ പിടിച്ചത്.

അവളിലൂടെ ഒരു വിറയൽ പടർന്നു കയറി.ശ്വാസം നിലച്ച പോലെ തോന്നി അവൾക്ക്. അവന്റെ ശ്വാസം കഴുത്തിൽ തട്ടിയതും അവൾ നിന്ന് പിടഞ്ഞു. അവൻ കഴുത്തിൽ നിന്നും മുടി മാറ്റി അവിടെ കഴുത്തിനു താഴെ ആയി തോളിൽ പല്ലുകൾ ആഴ്ത്തി. ചെറു നോവ് തോന്നിയെങ്കിലും അവളതൊന്നും അറിഞ്ഞിരുന്നില്ല മറ്റേതോ വികാരങ്ങൾ അവളെ പൊതിഞ്ഞിരുന്നു. രോമാഞ്ചം വന്നു  രോമങ്ങൾ മുഴുവൻ എഴുന്നേറ്റു നിന്നു. ബട്ടർ ഫ്ളൈസ് പറക്കുന്ന പോലെ തോന്നി.  ഹാർട്ട് ഇപ്പോൾ പൊട്ടിപോകുമെന്ന് തോന്നി അവൾക്ക് അത്രയും വേഗത്തിൽ ഇടിക്കുന്നു.അവൾ അറിയാതെ നെഞ്ചിൽ കൈ വെച്ചു. അവളുടെ മാറ്റങ്ങൾ അറിഞ്ഞു കൊണ്ട് തന്നെ അവന്റെ ചുണ്ടിൽ ചെറുചിരി വിരിഞ്ഞു. അവൻ കടിച്ചിടത് ചുണ്ടുകൾ പതിപ്പിച്ചു സോറി ഞാനും കടിച്ചു പോയതാ ഇനി

കടിക്കില്ല എന്നും പറഞ്ഞു വിട്ടു.

അവൾ അവന്റെ ശബ്ദം കേട്ടു ചിന്തയിൽ നിന്നും ഉണർന്നു.

ഇനി എന്നെ കടിച്ച ഞാനും കടിക്കും അത്ര തന്നെ. അവൻ ചിരി മറച്ചു വെച്ചു ഗൗരവത്തോടെ പറഞ്ഞു. അവളപ്പോഴും ഷോക്കിൽ നിന്നും മുക്തയായിട്ട് ഇല്ലായിരുന്നു. അവളുടെ ഉള്ളിൽ ഇപ്പോഴും ബട്ടർഫ്ളൈസ് പാറിനടക്കുന്നത് അവൾ അറിഞ്ഞു. അവൻ കടിച്ചിടത്ത് തൊട്ട് നോക്കി. അവന്റെ ചുണ്ടുകൾ അവിടെ ഉണ്ടെന്ന് തോന്നി അവൾക്ക്. ഇത് വരെ ഇല്ലാത്ത ആ മാറ്റം അവളിൽ സുഖമുള്ള ഒരു നോവ് ഉണർത്തി.

ടീ വരുന്നില്ലേ......

ആ വരുന്നു എന്ന് പറഞ്ഞു സ്വപ്നലോകത്ത് എന്ന പോലെ പിറകെ നടന്നു. നനഞ്ഞു കുതിർന്ന ഡ്രസ്സ് ഇട്ടു അവൾക്ക് ശരിക്കും നടക്കാൻ കഴിയുന്നുണ്ടായിരുന്നില്ല. അവളെ തിരിഞ്ഞു നോക്കിയെങ്കിലും അവൻ അപ്പോൾ തന്നെ നോട്ടം മാറ്റി. ഡ്രസ്സ് മുഴുവൻ ശരീരത്തിൽ ഒട്ടിനിന്ന് അകാരവടിവുകൾ എടുത്തു കാണിക്കുന്നുണ്ട്.

അല്ലെങ്കിൽ തന്നെ അവളെ കിസ്സ് കൊടുത്തപ്പോ തൊട്ട് മനസ്സ് പട്ടം പോലെ പാറിനടക്കുകയാണ്. ഇനി അവളെ എടുക്കുകയും കൂടി ചെയ്ത കൺട്രോൾ എപ്പോ പോയിന്നു ചോദിച്ച മതി റിസ്ക് എടുക്കാൻ വയ്യേ എന്നു മനസ്സിൽ  പറഞ്ഞു കൊണ്ട് തിരിഞ്ഞു നോക്കാതെ നടന്നു. കാടിനടുപ്പിച്ച ഏരിയ ആണ്. ആൾതാമസം ഇല്ല. വീക്കേണ്ടുകളിൽ ജുനുവിന്റെയും സമിയുടെയും എന്റെയും വിഹാര കേന്ദ്രം ആണ് ഇവിടെ. കുളത്തിൽ പോകാത്ത സങ്കടം തീരട്ടെ എന്ന് കരുതിയ ഇങ്ങോട്ട് വന്നത്. നല്ല അറ്റമോസ്ഫിയാർ..... സ്നേഹിക്കുന്ന പെണ്ണ് കൂടെ.... അതിന്റെ കൂടെ അവളുടെ കിസ്സും ഒടുക്കത്തെ സ്ട്രക്ച്ചർ ബോഡിയും റൊമാറ്റിക് ആയത് ഞാൻ പോലും അറിയാതെ ആണ്. മനസ്സ് കൈവിട്ട് പോയി. കിസ്സിലും കടിയിലും ഒതുങ്ങിയത് തന്നെ ഭാഗ്യം. കാറിൽ കേറിയപ്പോഴും അവൾ ആ അവസ്ഥയിൽ നിന്നും കറകേറിയിട്ട് ഇല്ലായിരുന്നു. കിളി പോയ അവളുടെ അവസ്ഥ കണ്ടു അവൻ മനസ്സിൽ ഊറിചിരിച്ചു. വീട്ടിൽ എത്തിയതും മിന്നു ഓടിവന്നു. അതോടെ അവൾ അതൊക്കെ മറന്നു. ഞാൻ ഡ്രസ്സ് മാറ്റി ഇപ്പൊ വരാം എന്നിട്ട് കളിക്കവേ എന്നും

പറഞ്ഞു അകത്തേക്ക് ഓടി. പിന്നെ അവരെ കൂടെ കളിക്കുന്നത് കണ്ടു. വേതാളം പിന്നേം മരത്തിൽ എത്തി എന്ന് ആത്മഗതം ചെയ്തു കൊണ്ട് അവൻ ഫ്രഷ് ആവാൻ പോയി.

നൈറ്റ് ഉറങ്ങാൻ കിടന്നെങ്കിലും ഉറക്കം വരാതെ അവൾ തിരിഞ്ഞും മറിഞ്ഞും കിടന്നു. ഇത് വരെ ജുനുവിനെ പോലെയേ ഫൈസ്നെയും തോന്നിയിട്ട് ഉള്ളൂ..... ഇന്ന് തന്നെ തന്നെ നോക്കി നിന്ന അവന്റെ കണ്ണുകളിലെ തിളക്കം അവളുടെ മനസ്സിൽ ഓടിയെത്തി. അവൻ വയറിൽ തൊട്ടത് ഓർത്തപ്പോൾ തന്നെ ശരീരം കോരിതരിച്ചു. അവൾ ബെഡിൽ മുഖം അമർത്തി കിടന്നു. എന്റെ തോന്നലാണോ ഇതൊക്കെ ..... അവളുടെ കൈ കഴുത്തിൽ ഒന്ന് തലോടി..... ഇത് വരെയില്ലാത്ത ഒരു സുഖമുള്ള നോവായി തോന്നി അവൾക്ക്.

താനെന്ത ഉറങ്ങാതെ കഥകളി കളിക്കാണോ...

അവൾ തിരിഞ്ഞു നോക്കി ഫൈസ് അവളെ തന്നെ നോക്കി കിടക്കുന്നുണ്ട്. അവന്റെ കണ്ണുകളെ നേരിടാൻ ആവാതെ മിഴികൾ താഴ്ത്തി. എന്ത് കൊണ്ടാണ് എനിക്കിങ്ങനെ തോന്നുന്നത്. ഇത് വരെ

ഇല്ലാത്ത ഓരോ മാറ്റങ്ങൾ...... അവൾ അത് ആലോചിച്ചതും തലയിലൂടെ ഒരു മിന്നൽ പിണർ പാഞ്ഞുപോയി. തലപൊട്ടിത്തെറിക്കുന്നത് പോലെ അനുഭവപ്പെട്ടു. അവൾ തല രണ്ടു കൈ കൊണ്ടും പൊത്തിപിടിച്ചു. വേദന സഹിക്കാൻ ആവാതെ കണ്ണുകൾ നിറഞ്ഞൊഴുകി. അവനും കാണുകയാരുന്നു അവളുടെ ഭാവം. അവൻ കൈ എടുത്തു മാറ്റി.

തലവേദനിക്കുന്നു...... സഹിക്കാൻ പറ്റുന്നില്ല വേദന.അവളുടെ കണ്ണിലൂടെ കണ്ണുനീർ ഒലിച്ചിറങ്ങി. അവളുടെ മുഖത്ത് നിന്നും വേദനയുടെ കാഡിന്യം അവന്ന് മനസ്സിലായി.

ഹോസ്പിറ്റലിൽ പോണോ.....

അവൾ വേണ്ടെന്നു തലയാട്ടി.......

അവൻ മേശയിൽ നിന്നും ഒരു പരസെറ്റമോൾ എടുത്തു അവൾക്ക് കൊടുത്തു.

ജുനു  ടാബ്ലറ്റ് കഴിക്കരുതെന്ന് പറഞ്ഞിട്ടുണ്ട്.

സാരമില്ല ഒരു ടാബ്ലറ്റ് കഴിച്ചുന്നു കരുതി പ്രോബ്ലം ഒന്നും ഉണ്ടാവില്ല.

ജുനു പറഞ്ഞത കഴിക്കരുതെന്ന് എനിക്ക് വേണ്ട.അവൾ കണ്ണടച്ചു പിടിച്ചു.

എന്തെങ്കിലും കാര്യം ഉണ്ടായിരിക്കും അതാവും അങ്ങനെ പറഞ്ഞത് . അവളുടെ വേദന നിറഞ്ഞ മുഖം കണ്ടതും അവന്ന് സങ്കടം വരുന്നുണ്ടായിരുന്നു. അവൻ അവളുടെ നെറ്റിയിൽ പതിയെ കിസ്സ് കൊടുത്തു. അതറിഞ്ഞെന്നോണം അവൾ കണ്ണ് തുറന്നു നോക്കി. അവന്റെ കണ്ണുകളും നിറഞ്ഞിട്ട് ഉണ്ടായിരുന്നു. അവൻ ഉറങ്ങിക്കൊന്ന് നെറ്റിയിൽ തടവികൊണ്ട് പറഞ്ഞു.

അവൻ അവളുടെ അടുത്ത് കിടന്നു. അവന്റെ ചുണ്ടുകൾ നെറ്റിയിൽ എല്ലായിടത്തും പതിയുന്നത് അവൾ കണ്ണ് മിഴിച്ചു നോക്കി. നേർത്തൊരു തണുപ്പ് നെറ്റിയിൽ തങ്ങി നില്കുന്നത് പോലെ തോന്നി അവൾക്ക്. അവൾ കണ്ണിമ വെട്ടാതെ അവനെ തന്നെ നോക്കി.  അവന്റെ മുഖം അവളുടെ കണ്ണിന് നേരെ താഴുന്നത് കണ്ടു അവൾ അടച്ചു അവന്റെ ചുണ്ടുകൾ അവളുടെ ഇരു കണ്ണിലും പതിഞ്ഞു..... അവൾക്ക് പിന്നെ കണ്ണ് തുറക്കണെമെന്ന് തോന്നിയില്ല...... തന്റെ കണ്ണുനീർ ചുണ്ടുകൾ കൊണ്ട് ഒപ്പിയെടുക്കുന്നതും തലയിലൂടെ വിരലുകൾ ഓടുന്നതും അവൾ

അറിഞ്ഞു. സുഖമുള്ള ആ ലാളനത്തിൽ അവളുടെ ചുണ്ടിൽ നേർത്തൊരു പുഞ്ചിരി വിരിഞ്ഞു. പിടക്കുന്ന ആ കണ്ണുകൾ നിശ്ചലം ആയി. നെറ്റിയിലൂടെ ഓടി നടക്കുന്ന അവന്റെ ചുണ്ടുകൾ അവളുടെ ശരീരത്തിലും മാറ്റങ്ങൾ വരുത്തുന്നത് അവൾക്ക് തോന്നി. മനസ്സിലുണ്ടായ പിരിമുറുക്കം കുറയുന്നതും മനസ്സ് റിലക്സ് ആവുന്നതും അവൾ അറിഞ്ഞു. നെറ്റിയിലെ പിടയുന്ന ഞരമ്പ്കൾ താഴ്ന്നു നെറ്റിയിലെ തണുപ്പ് മനസ്സിലേക്കും ഊർന്നിറങ്ങി. അവന്റെ നെഞ്ചിലേക്ക് ചേർത്തു പിടിച്ചു കിടന്നു അവൻ. ഒരു കൈകൊണ്ട് പുറത്ത് കൂടെ ചേർത്ത് പിടിച്ചു മറു കൈ കൊണ്ട് മുടിയിലൂടെ തലോടി. അവന്നെ മുറുക്കെ കെട്ടിപിടിച്ചു അവന്റെ നെഞ്ചിൽ മുഖം ചേർത്ത് വെച്ചു കിടക്കുമ്പോൾ  സ്നേഹവും സുരക്ഷിതത്വവും  വാത്സല്യവും  അവൾക്ക് അനുഭവപ്പെടുന്നുണ്ടായിരുന്നു. അവൾ സ്നേഹത്തലോടലിൽ മനസ്സിന്റെയും ശരീരത്തിന്റെയും വേദനകൾ മറന്നു സുഖനിദ്രയിലേക്ക് വീണു. എപ്പോഴോ അവനെയും ഉറക്കം തേടിയെത്തി. രാവിലെ എഴുന്നേറ്റപ്പോൾ

അവൾക്ക് കുഴപ്പം ഒന്നും ഇല്ലായിരുന്നു. അവൻ കോളേജിൽ പോകേണ്ടെന്ന് പറഞ്ഞെങ്കിലും അവൾ കുഴപ്പം ഇല്ലെന്ന് പറഞ്ഞു പോയി. അവൻ കൊണ്ട് വിടാമെന്ന് പറഞ്ഞിട്ടും അതിന്നും അവൾ സമ്മതിച്ചില്ല. ഐ ആം പെർഫെക്ട്ലി ഓൾ റൈറ്റ് എന്നും പറഞ്ഞു ഓടി.

💕💕💕💕💕💕💕

കോളേജിന്റെ മുന്നിൽ എത്തിയതും അവൾ സ്റ്റക്ക് ആയി. പുതുതായി ഉയർന്നു വന്ന കോളേജ് ബോഡിലേക്ക് അവൾ ദേഷ്യത്തോടെ നോക്കി നിന്നു. ജെ എച് കോളേജ് എന്ന് പേര് മാറ്റിയിരുന്നു.  താഴെ ജന്നത്ത് ഹൈദർ എന്ന് എഴുതിയിരുന്നു. ഗ്ലാസ് ബോക്സ്  കൊണ്ട് കവർ ചെയ്തു അതിനുള്ളിൽ ആയിരുന്നു നെയിം ബോർഡ്. അവൾ ചുറ്റും നോക്കി. വലിയൊരു കല്ലെടുത്തു ആഞ്ഞെറിഞ്ഞു. ഗ്ലാസിൽ വിള്ളലുകൾ വീണു. രണ്ടു മൂന്നു ഏർ കൂടി കൊടുത്തതും നെയിം ബോർഡ് താഴെ വീണു. അപ്പോഴേക്കും സെക്യൂരിറ്റിയും ഓടി വന്നിരുന്നു. എപ്പോഴും ഒരു പുഞ്ചിരി നൽകി ഓടി മറയുന്ന അവളെ ബദ്രക്കാളിയെ പോലെ കണ്ടത് അയാളിലും പരിഭ്രമം ഉണ്ടാക്കി. എന്താ മോളെ ഇത്. അതിന്ന്

മറുപടി പറയാതെ അവൾ ആ നെയിം ബോർഡിൽ ചവിട്ടി നിന്നു.

എന്താടി ഇത്....... ഒരലർച്ച പോലെയുള്ള ശബ്ദം കേട്ടു അവൾ മുഖം ഉയർത്തി നോക്കി. ഷഹസദ്......

തോന്ന്യവാസ്യം കാണിക്കാൻ നിന്റെ വീടല്ല ഇത് ഞങ്ങളുടെ കോളേജ് ആണിത്. എന്ത് ധൈര്യം ഉണ്ടായിട്ട് ആടി ഇത് ചെയ്തത്.

ആക്ഷൻ എടുത്തോ ഇതിന്റെ പേരിൽ എന്നിട്ട് ഡിസ്മിസ്സ് ചെയ്യ്...... അവൾ പുച്ഛത്തോടെ  പറഞ്ഞു.

ഇജുക്ക ഒന്നും ചെയ്യില്ലെന്ന ധൈര്യം ആയിരിക്കും നിനക്ക് അവൻ പുച്ഛത്തോടെ പറഞ്ഞു.

അതേ പുച്ഛം അവളുടെ മുഖത്ത് വിരിഞ്ഞു. അന്നും ഇന്നും ജന്നതിന്റെ സ്ഥാനം എന്റെ മനസ്സിൽ ചെരുപ്പിന് താഴെ തന്നെ ആണ്. അവൻ അവളെ കയ്യിൽ പിടിച്ചു വലിച്ചു ബോഡിന്റെ  മേലെ നിന്നും മാറ്റി.

ഉടക്ക് ഉണ്ടാക്കാന ഭാവം എങ്കിൽ അനുഭവിക്കും നീ..... വെല്ലുവിളിയോടെ അവളെ നോക്കി ശഹസാദ് കൈ ചൂണ്ടി.

എനിക്ക് ആരോടും ഒരു ഉടക്കും ഇല്ല. എനിക്കിവിടെ വരണമെന്ന് പോലും ആഗ്രഹം ഇല്ല.  ഇതൊരു കോളേജ് ആണ്. കുട്ടികൾക്ക് അറിവ് പറഞ്ഞു കൊടുക്കുന്ന ഇടം. ഈ വൃത്തികെട്ട പേര് ഇവിടെ വേണ്ട.

നിന്റെ ഉപ്പ മരിച്ചത് അറ്റാക്ക് വന്നാണ് അല്ലാതെ ജന്നത് കാരണം അല്ല. എത്ര പറഞ്ഞലും മനസ്സിലാവാതെ ഭ്രാന്ത് കാട്ടി നടന്നോളും...... ഈ പേരും പറഞ്ഞു ദ്രോഹിച്ചതൊന്നും നിനക്കിനിയും പോരെടീ....കൊല്ലാതെ കൊല്ല  ഇജ്ജുക്കാനെ  ആ പേരും പറഞ്ഞു..... നിനക്കിനി എന്താടി വേണ്ടത്.....

അവളെ നേർക്ക് ദേഷ്യത്തോടെ പറഞ്ഞു പോയതും നദീം വന്നു അവന്നെ പിടിച്ചു വെച്ചു.

ഒന്നടങ്ങ് ശഹി..... ഇനു നീ ക്ലാസ്സിലേക്ക് പോ...

വിട് നദീംക്ക ഇവളുടെ ജന്നത് എന്ന് കേൾക്കുമ്പോ ഉള്ള ഭ്രാന്ത് ഞാൻ ഇന്നത്തോടെ തീർത്തു കൊടുക്കാം.....

ടാ നല്ല മാറ്റം ഉണ്ട് അവൾക്ക്. ഒന്നുമില്ലെങ്കിലും എറിഞ്ഞു പൊട്ടിക്കാനുള്ള ധൈര്യവും ബുദ്ധിയും കാണിച്ചില്ലേ.... അതോർത്തു

സന്തോഷിക്ക്.അല്ലായിരുന്നെങ്കിൽ ആദ്യം ചെയ്യുന്നപോലെ   ചാണകം എടുത്തു എറിഞ്ഞേനെ . നദീം മെല്ലെ ഷഹിയോടെ

പറഞ്ഞു.

ജുനു പോലും ഇന്ന് വരെ നമ്മളോട് മോശം ആയി പെരുമാറിയിട്ടില്ല. പിന്നെ ഇവൾക്ക് മാത്രം എന്താ പ്രശ്നം..... ശഹി അവളെ നോക്കി കലിപ്പായി പറഞ്ഞു.

ജുനു പാവം ആയോണ്ട് തന്നെയാണ് ആയിഷഹൈദരലിയുടെ വാക്കും കേട്ടു കരഞ്ഞോണ്ട് ഇറങ്ങി വന്നത്. ഞാൻ ആയിരുന്നെങ്കിൽ മുഖത്തിട്ട് ഒന്ന് കൊടുത്തിട്ട് വന്നേനെ......

ഞങ്ങളെ അമ്മിജനെ പറയുന്നോടി പുല്ലേ.... ഇവളെ ഞാൻ ഇന്ന്........ അവൻ നദീംമിന്റെ പിടി വിടുവിക്കാൻ നോക്കി.

നദീം അത്ഭുതത്തോടെ ആയിരുന്നു അവളെ നോക്കിയത്. ഇനു തന്നെ ആണോ ഇത്. ഇവള്ക്ക് ഇങ്ങനെ ഒക്കെ പറയാൻ അറിയോ....... ജുനു ഒരിക്കലും മോശം ആയി പറയില്ല... പഠിപ്പിക്കേം

ചെയ്യില്ല...... എന്ന് വെച്ച ഇവളുടേതായ വാക്കുകൾ അല്ലേ ഇത്. സന്തോഷം കൊണ്ട് അവന്റെ കയ്യൊന്ന് അയഞ്ഞു.

വിട് നദീമിക്ക അവനെന്താ ചെയ്യാന്ന് എനിക്കും കാണണമല്ലോ...... വെല്ലുവിളിയോടെ അവളും പറഞ്ഞു.

അവളത് പറഞ്ഞതും ശഹി നദീംമിനെ തള്ളിമാറ്റി വന്നു. നദീംമിന് തടയാൻ ആവുന്നതിന്ന് മുന്നേ അവളുടെ കവിളിൽ തല്ലാൻ ആയി കൈ ആഞ്ഞു വീശിയിരുന്നു ......

❤️ 💔 INVISIBLE LOVE 💔❤️

Love after💘 marriage story

Part 31

തല്ലാൻ ഉയർത്തിയ കൈ കൂപ്പുകൈ ആയി മാറിയത് പെട്ടെന്ന് ആയിരുന്നു. ഇനായ എന്തായിത് ഗ്ലാസ് ചില്ലൊക്കെ കാണുന്നില്ലേ കൈക്കോ കാലിനോ കൊണ്ടാൽ മുറിഞ്ഞു പൊകുലേ..... മോൾ കുറച്ചു മാറി നിന്നെ..... അതും പറഞ്ഞു അവളെ കയ്യിൽ പിടിച്ചു കുറച്ചു മാറ്റി നിറുത്തി.

നദീംമും ഇനുവും അന്തം വിട്ടു നോക്കി.

ശോ.... മോളെ കയ്യിൽ എന്താ മണ്ണ് പറ്റിയോ അവൻ കീശയിൽ നിന്നും ടവ്വൽ എടുത്തു അവൾക്ക് നേരെ നീട്ടി. തുടച്ചോളൂ മണ്ണ് ഡ്രെസ്സിൽ ആകും..... ഡ്രസ്സ് ചീത്ത ആകുലേ... പിന്നെ ഇനി എറിഞ്ഞു പൊട്ടിക്കണമെങ്കിൽ പറഞ്ഞ മതി കല്ല് ഞാൻ പെറുക്കി വെച്ചോളാം..... നീ കല്ലെടുക്കുവാൻ മണങ്ങി ബുദ്ധി മുട്ടണ്ട.നടു വേദന എടുത്താലോ.... നീയിന്നു ബ്രേക്ക് ഫാസ്റ്റ് കഴിച്ചോ.....ഇല്ലെങ്കിൽ ക്യാന്റീനിൽ നല്ല ഫുഡ് ഉണ്ട് ട്ടൊ..... ഈയിടെയായി നല്ലോണം ക്ഷീണിച്ചു നീ.....

നദീം ഇജാസ് അങ്ങോട്ട് വരുന്നത് കണ്ടു. അപ്പോഴാ ഇനുവിനും ഓടിയത്.

ഓന്ത് പോലും ഇത്ര പെട്ടെന്ന് നിറം മാറില്ലേടാ നദീം ചിരിയോടെ പറഞ്ഞു.

ഈ ജന്തുന് വേണ്ടി ഞാൻ എന്തിനാ ചുമ്മാ തടി കേടാക്കുന്നെ. അവൻ ഇനുവിനെ തുറിച്ചു നോക്കി എന്നാൽ പുഞ്ചിരിയോടെ പതുക്കെ പറഞ്ഞു.

അപ്പോഴേക്കും ഇജാസ് അങ്ങോട്ട് വന്നു. അവന്ന് സംഭവം കണ്ടതും കാര്യം മനസ്സിലായി. .അവന്റെ

സ്വഭാവം വെച്ചു ഇനുവിട്ട് ഒന്ന് കൊള്ളേണ്ടതാണ്. ദേഷ്യം വന്ന അവന്ന് കണ്ണ് കാണില്ല. അവൻ ശഹിയെ സൂക്ഷിച്ചു നോക്കി.

ബോഡിന്റെ മേലെ ഒരു കാക്ക വന്നിരുന്നു. ഇനു മോൾ പാവം കുറെ കല്ലെടുത്തു എറിഞ്ഞു ക്ഷീണിച്ചു ഞാൻ കല്ല് പെറുക്കി തരണോന്ന് ചോദിക്കരുന്നു...... നമുക്ക് നാളെ മുതൽ ഇവിടെ കാക്കയെ ഓടിക്കാൻ ഒരു സെക്കയുരിറ്റിയെ വെക്കണം. അല്ലെങ്കിൽ കല്ല് പെറുക്കുമ്പോ ഇനു മോളെ കൈ വേദനിച്ചാലോ.... ചിലപ്പോൾ കൈ മുറിഞ്ഞു ബ്ലഡ് വന്നുന്ന് വരും...... പടച്ചോനെ ബ്ലഡ് പോകാന് വെച്ച ലോകത്ത് ഇവള്ക്ക് മാത്രം ആ ബ്ലഡ് ഗ്രുപ്പ് ഉണ്ടാകു....... വിലപ്പെട്ട ബ്ലഡ് ആണ്.... അതോണ്ട് സ്പെഷ്യൽ സെക്യൂരിറ്റി എന്തായാലും വേണം ഞാനും നദീംമും അക്കാര്യം പറയാരുന്നു. അവന്റെ കളിയാക്കി കൊണ്ടുള്ള സംസാരവും ആക്റ്റിങ് കണ്ടു എല്ലാർക്കും ചിരി പൊട്ടുന്നുണ്ടായിരുന്നു. ഇജാസ് ചിരിയടക്കി പിടിച്ചു അവനെ  നോക്കി പേടിപ്പിച്ചു.....

ഇനു ചിരി പിടിച്ചു നിന്നെങ്കിലും ചിരിച്ചു പോയി. എല്ലാവരും അവളെ തന്നെ നോക്കി നിന്നു. അവൾ

അവർ നോക്കുന്നത് കണ്ടതും  ചിരി പുച്ഛം ആക്കി മാറ്റി പോയി

അവൾ പോയതും ഇജു അവന്റെ പുറത്തിട്ടു ഒന്ന് കൊടുത്തു. മൊത്തം എനിക്കിട്ട് വെച്ചതാണെന്ന് മനസ്സിലായി. അതി   കം ഊന്നുത് കേട്ടോടാ......

നിനക്ക് അവളെ ദ്രോഹിക്കാം..... മറ്റാർക്കും പറ്റില്ലല്ലോ..... നീയിങ്ങനെ താണ് കൊടുക്കുന്നത് കൊണ്ടാണ് അവൾ ഇങ്ങനെ തലയിൽ കേറുന്നേ. മുഖത്ത് നോക്കി രണ്ടു പൊട്ടിച്ച തീരുന്ന പ്രശ്നം ഉള്ളൂ എല്ലാം....ശഹി പു ച്ഛത്തോ പറഞ്ഞു.

കറക്റ്റ് അവളെ സ്നേഹിക്കാനും ദ്രോഹിക്കാനും വേദനിപ്പിക്കാനും കരയിപ്പിക്കാനും എല്ലാം എനിക്കെ അവകാശം ഉള്ളൂ......

ഇതിന്റെ പേരാടാ മെന്റൽ...... ഇവനെ ആദ്യം മെന്റൽ ഹോസ്പിറ്റലിൽ കാണിക്കണ്ടേ..ശഹി നദീംമിന്റെ ചെ  വിട്ടിൽ പറഞ്ഞു......

മെന്റലോ.... ഇജാസ് അവനെ രൂക്ഷമായി നോക്കി.

ക്ലാസ്സിൽ പോകാൻ ടൈം ആയെന്ന് പറഞ്ഞതാപ്പാ. ഫൻക്ച്യുലിറ്റി..... മസ്റ്റ്..... പ്ലീസ് ഗോ....ഗോ.... ഇനു

മോൾ കാത്തിരിക്കുന്നുണ്ടാവും

നിനക്ക് ആക്കൽ ഇത്തിരി കൂടുന്നുണ്ട്. വന്നിട്ട് കാണിച്ചു തരാട്ടാ...... അതും പറഞ്ഞു ഇജു പോയി. പോകുന്നതിന്ന്    മുന്നേ അവൾ എറിഞ്ഞു പൊട്ടിച്ച ബോർഡ് ഒന്നൂടി നോക്കി അവൻ. ജന്നത് എന്ന് വെച്ച കലിയാണല്ലേ കാണിച്ചു തരാട്ടാ പൊന്നുമോൾക്ക്....

അവൾ സീറ്റിൽ പോയി ഇരുന്നു. അമൃത അവളെ നോട് എടുത്തു ഇനുന്റെ മുന്നിലേക്ക്  ഇട്ടു. നോട് കമ്പ്ലീറ്റ് ആക്കണം...... അവൾ അത് തുറന്നു നോക്കി.... ആകെ പേര് മാത്രം ഉ ള്ളൂ....... അവൾ അന്തം വിട്ടു നോക്കി.

നാളെ ഫുൾ കമ്പ്ലീറ്റ് ചെയ്തിട്ട് വന്ന മതി.ഇല്ലെങ്കിൽ ഉണ്ടല്ലോ...... എന്നും പറഞ്ഞു ഭീഷണിയോടെ നോക്കി.

അവൾ നോട്ടും നോക്കി അവളെ ദയനീയമായി നോക്കി. നോട് പാതിയോളം എഴുതി കഴിഞ്ഞതാണ്.....

പറ്റില്ലെങ്കിൽ പറഞ്ഞ മതി. എന്നിട്ട് വേണം ബാക്കിയുള്ളവരെ നോട് കൂടി വാങ്ങിത്തരാൻ

അത് കേട്ടതും അവൾ നോട്ട് വാങ്ങി വെച്ചു.

അപ്പോഴേക്കും ഇജാസ് കേറി വന്നു. എല്ലാവരും മോർണിംഗ് പറഞ്ഞെങ്കിലും അവൾ മൈന്റ് ആക്കിയില്ല.ക്ലാസ്സ്‌ തുടങ്ങി കുറച്ചു കഴിഞ്ഞതും അവൾ ഉറക്കം തുടങ്ങിയിരുന്നു..... തലയിൽ ഏർ കിട്ടിയാണ് അവൾ കണ്ണ് തുറന്നത്. ബോർഡ് ക്ലീൻ ചെയ്യുന്ന വെച്ച് എറിഞ്ഞോണ്ട് ഷാൾ മൊത്തം ചോക്ക് പൊടി ആയിരുന്നു. അവൾ കലിപ്പോടെ എഴുന്നേറ്റെങ്കിലും ക്ലാസ്സ്‌ ആണെന്ന് ഓർമ വന്നതും അവൾ പല്ല് കടിച്ചു പിടിച്ചു താഴെക്ക് നോക്കി നിന്നു.

കിടന്നുറങ്ങാൻ ഇങ്ങോട്ട് കെട്ടിയെടുക്കണോ വീട്ടിൽ സ്ഥലം ഇല്ലായിരുന്നോ.... അവൻ കളിയാക്കി ചോദിച്ചതും ക്ലാസ്സ്‌ മൊത്തം ചിരി പടർന്നിരുന്നു. അതിനിടയിൽ രോഹൻ വിളിച്ചു പറഞ്ഞത് കേട്ടു ഇവള്ക്ക് ഭയങ്കര ജാടയാ സാർ ആരോടും മിണ്ടില്ല. ടീച്ചർസ്ന്റെ പെറ്റ് ആയോണ്ട് എന്ത് ചെയ്താലും ആരും ചോദിക്കില്ല. അവൾ രൂക്ഷമായി അവനെ നോക്കി. അവൻ അപ്പോൾ തന്നെ കണ്ണടിച്ചു കാണിച്ചു കിസ്സ്‌ കൊടുത്തു....

അവൾ വെറുപ്പോടെ മുഖം തിരിച്ചു.

നിനക്ക് രാത്രി കക്കാൻ പോക്കാണോ പണി....

ഇജാസ് പരിഹാസത്തോടെ പറഞ്ഞു.

അവൾ അതിന്നും മിണ്ടിയില്ല....മനപ്പൂർവം നാണം കെടുത്തുന്നതാണെന്ന് അവൾക്ക് അറിയാമായിരുന്നു.

അവൻ അമർത്തി മൂളിക്കൊണ്ട് സിറ്റ് എന്ന് പറഞ്ഞു പോയി.

കുറച്ചു സമയം ഒന്നും തലയിൽ കേറിയില്ലെങ്കിലും നോക്കി നിന്നു പിന്നെ ആദ്യവും കണ്ണുകൾ അടഞ്ഞു.

ഇനായ....... അലർച്ച കേട്ടു നോക്കുമ്പോൾ രൗദ്ര ഭാവത്തിൽ മുന്നിൽ നിൽക്കുന്നു ഇജാസ്.

സാർ..... എന്ന് ഞെട്ടി വിളിച്ചു എണീറ്റു.

ആൻസർ ദി ക്യസ്റ്റിയൻ......

ഏത് കൊസ്റ്റൻ..... അവൾ അന്തം വിട്ടു നോക്കി.

നീയൊക്കെ എന്തിനാടി ക്ലാസ്സിൽ കെട്ടിയെടുക്കുന്നെ...... പഠിക്കാൻ തന്നെയാണോ.....ഗെറ്റ് ഔട്ട് മൈ ക്ലാസ്സ്........

അവളുടെ മുഖം നൂറ് വാൾട്ട് ബൾബ് പോലെ തിളങ്ങി.

ലൈബ്രറി പോയി സുഖം ആയി ഉറങ്ങാം...

ഇജാസ് അവളെ മുഖത്തെ തിളക്കം കണ്ടു. രക്ഷപെട്ടുന്ന് സന്തോഷിക്കാണല്ലേ കാണിച്ചു തരാം.....

വാതിൽക്കൽ പോയി നിന്ന മതി. ഉറക്കവും പോവും ക്ലാസ്സ് ശ്രദ്ധിക്കുകയും ചെയ്യാം.....

ഹിറ്റ്ലർ.... എന്ന് പിറുപിറുത്കൊണ്ട് അവൾ പോയി. ഇനി കുറച്ചു സമയം അല്ലേ ഉള്ളുന്ന് അശ്വസിച്ചു. ഇടിത്തീ പോലെയാണ് വീണ്ടും അവൻ പറഞ്ഞത് നെക്സ്റ്റ് ഹവർ ഞാൻ തന്നെ ആയിരിക്കും ക്ലാസ്സ്. ക്ലാസ്സിലെ ഗേൾസ് ഒക്കെ ഒന്നൂടി ഉഷാറായി ഇരുന്നു. ബോയ്സ് മാത്രം എന്നെ പോലെ പിറു പിറുത്തു. അവൾ അരിശത്തോടെ അവനെ നോക്കി. അവന്റെ മുഖത്ത് ചെറുചിരി അവൾ കണ്ടു. അവൾക്ക് രക്തം തിളക്കുന്നത് പോലെ തോന്നി അത് കണ്ടിട്ട് . ഇജാസ് കുറച്ചു കഴിഞ്ഞു അവളുടെ അടുത്ത് വന്നു.

ബോർഡ് പൊട്ടിച്ചതിന്ന്. ചെയ്തത് തെറ്റാണെന്നു പറഞ്ഞു സോറി പറയ്. അങ്ങനെ ആണെങ്കിൽ പോയി ഇരിക്കാം.

അവൾ പുച്ഛത്തോടെ നോക്കി. അതിലും ഭേദം ഈ

കൊല്ലം മൊത്തം ഞാൻ ഈ നിൽപ്പ് നിന്നോളാം. എന്നാലും നാശം പിടിച്ച ജന്നത് എന്ന ജന്മത്തിനു വേണ്ടി സോറി പറയില്ല.

അവന്റെ കണ്ണുകളിൽ ചുവപ്പ് പടരുന്നത് അവൾ കണ്ടു. അവളെ ഒന്ന് നോക്കി പിന്നെ ക്ലാസ്സ് എടുക്കാൻ തുടങ്ങി.

കുറച്ചു കഴിഞ്ഞതും കാൽ കടയാൻ തുടങ്ങി. അവൾ ഒരു കാലിൽ മാറി മാറി നിന്നു എങ്ങനെ ഒക്കെയോ ഒപ്പിച്ചു.അവനെ  ഇടക്കിടക്ക് അവൾ നോക്കി ദഹിപ്പിച്ചു.

അപ്പോഴാ പുറത്തു ചെറിയ ശബ്ദം കേട്ടത് അവൾ മെല്ലെ നോക്കി. ശഹി ആക്കി ചിരിക്കുന്നുണ്ട്. അവളെ നോക്കി ഡാൻസ് കളിച്ചോണ്ട് പാടി

**Aye Aye Oh  Pani Paali Lo**

**Rareeraram Padiurakkan   Arumillalo**

**Aye Aye Oh  Pani Paali Lo**

**Rareeraram Padiurakkan  Arumillalo**

**Aye Aye OhPani Paali Lo**

അവൾ പല്ല് കടിച്ചു പിടിച്ചു. പോടാ പട്ടി എന്ന് ചുണ്ട് അനക്കി.

നീ പോടീ എന്നു പുച്ഛത്തോടെ പറഞ്ഞു സ്റ്റൈലിൽ കൂളിംഗ് ഗ്ലാസ് വെച്ചു അവൻ പോയി. അവൾക്ക് ഇപ്പൊ കാൽ കടഞ്ഞു വീഴുന്നു തോന്നി. എന്നാലും കടിച്ചു പിടിച്ചു നിന്നു. എല്ലാവരും ദയനീയമായി നോക്കുന്നത് കണ്ടു അവൾക് കരച്ചിലും വന്നു. ജീവിതത്തിൽ ആദ്യം ആയിട്ടാണ് ഇങ്ങനെ നാണം കെട്ട് നില്കുന്നത്.  ക്ലാസ്സ് കഴിഞ്ഞതും അവൻ അവളുടെ അടുത്തേക്ക് വന്നു.

എന്ത് തീരുമാനിച്ചു.

ഇത് ഇനായ മെഹവിഷ് ആണ്..... കൾച്ചർ ഇല്ലാത്ത ജന്നത് ഹൈദർ അല്ല മെല്ലെ പറഞ്ഞു.

എന്നിട്ടും അഹങ്കാരത്തിനു കുറവ് ഇല്ലല്ലേ അവൻ പല്ല് കടിച്ചു പിടിച്ച പറഞ്ഞു.

അവൾ സീറ്റിൽ ഇരിക്കാൻ പോയതും അവൻ വിളിച്ചു.

ഞാൻ ചോദിച്ച ചോദ്യം ബോർഡിൽ എഴുതിയിട്ടുണ്ട്.200 ടൈംസ് എഴുതി കാണിച്ചു നാളെ ക്ലാസ്സിൽ കയറിയ മതി. അവൾ ചോദ്യം നോക്കി

അരപേജോളം വരും ആൻസർ. അറിയാതെ അവളുടെ കണ്ണ് നിറഞ്ഞു. എല്ലാവരും ദയനീയമായി അവളെ നോക്കി. അവൾ മുഖം കുനിച്ചു ഇരുന്നു. ഇന്നത്തേക്ക് ഇത് മതി എന്ന് കരുതിയിട്ടാവും അമൃതയും ഗാങ് അടുത്തേക്ക് പോലും വന്നില്ല. കോളേജ് വിട്ടു പോകുമ്പോൾ അമൃത വിളിച്ചു നോട്ട് നാളെ എഴുതിയ മതി എന്ന് പറഞ്ഞു പോയി. അവൾക്ക് അതൊരു ആശ്വാസം ആയി തോന്നി. റാനി 50  തവണ എഴുതി തരാന്ന് പറഞ്ഞു.

അവൾ എഴുതാൻ പറ്റില്ലെന്ന് പറഞ്ഞു അടുത്തേക്ക് വരുന്നു അവൻ കരുതി. എന്നാൽ മൈന്റ് പോലും ചെയ്യാതെ അവൾ പോയി. അവൾക്കും വാശി കേറിയിരുന്നു.

ടോ  നാളെ രാവിലെക്ക് ഇതൊരു 50 ടൈംസ് എഴുതി വെക്കണം.

കടുവ പേപ്പറും നോക്കി അന്തം വിട്ടു നിന്നു.

ഒന്ന് പോയെടി. അഹന്ത കൊണ്ടല്ലേ അതോണ്ട് ഇരുന്നു എഴുതിയ മതി.

ഒന്ന് പോയെ കടുവേ..... അവന്റെ മുന്നിൽ ഞാൻ തോൽക്കില്ല.

അതെങ്ങനെ തോൽവി ആകാ. നീ ചെയ്തതൊക്കെ വെച്ചു നോക്കുമ്പോൾ അവൻ ആയിട്ട സഹിക്കുന്നെ.ഞാൻ ആയിരുന്നെങ്കിൽ ഇതിനു മുന്പേ രണ്ടു പൊട്ടിച്ചേനെ. ഒന്നുമില്ലെങ്കിലും അതൊരു കോളേജ് ആണെന്ന് നീ ഓർത്തോ.....

കടുവേ...... അവൾ ദേഷ്യത്തോടെ വിളിച്ചു.

ഞാൻ എന്നും ന്യായതിന്റെ ഭാഗത്തു ആണ്.

അപ്പൊ ഞാൻ ചെയ്തത് തെറ്റാണോ......

അതും ന്യായം ആണ്...... എന്നാലും....

അപ്പോൾ മര്യാദക്ക് എഴുതിക്കോണം അല്ലെങ്കിൽ ഉണ്ടല്ലോ പൊടികുപ്പിന്ന് വിളിച്ചു എന്റെ ഭാഗത്തു വരരുത്. അല്ലെങ്കിൽ തന്നെ എനിക്കിപ്പോ കോളേജിൽ ഒടുക്കത്തെ ഫാൻസ് ആണ് നിങ്ങളെ ഞാനങ്ങു കട്ട് ചെയ്യും പറഞ്ഞേക്കാം.

വയസ്സൻ കാലത്ത് പേരക്കുട്ടികൾ ആയി കളിക്കേണ്ട ഞാൻ ആണ്.  ഗതികേട്.... ചെയ്തേക്കാം..... ചെയ്യാതെ പറ്റില്ലല്ലോ.....കുരിശ് തലയിൽ വെച്ചു

**പോയില്ലേ.... ആ ശഹി പാടിയ സോങ് ആണ് പാടാൻ തോന്നുന്നേ..പോകുമ്പോൾ Aye Aye Oh  Pani Paali Lo എന്ന് പാടുന്നുണ്ടായിരുന്നു.**

**അവൾ ഇളിച്ചു കാണിച്ചു കൊണ്ട് ഓടിപ്പോയി.**

💖💖💖💖💖💖

**Aye Aye Oh  Pani Paali Lo**

**Rareeraram Padiurakkan   Arumillalo**

**Aye Aye Oh  Pani Paali Lo ആ സോങ് അപ്പോഴും അവളുടെ ചുണ്ടിൽ തത്തികളിച്ചു. ശഹിയുടെ ഡാൻസ് ഓർമ വന്നപ്പോൾ പുഞ്ചിരിയും വന്നു. എന്തൊക്കെ പറഞ്ഞാലും ചെക്കന് ഒടുക്കത്തെ ഡാൻസർ ആണ്. കളിയാക്കിത് ആണെങ്കിലും ഈ സോങ് പാടി യുള്ള അവന്റെ ഡാൻസ് കണ്ടപ്പോൾ ഒരുപാട് ഇഷ്ടം ആവുകയും ചെയ്തു.  അതും പാടിക്കൊണ്ട് റൂമിലേക്ക് കേറിയതും അവൾ ഞെട്ടി പ്പോയി.... ഫൈസ് ഒരു ബാത്ത് ടവ്വൽ ഉടുത്തു കണ്ണാടിയുടെ മുന്നിൽ നെഞ്ചും വിരിച്ചു ഷോ നടത്തുകയാണ്. ആദ്യം അയാണ് അവനെ ഈ കോലത്തിൽ കാണുന്നത്. ഡോർ തുറക്കുന്ന ഒച്ച കേട്ട് അവൻ തിരിഞ്ഞു നോക്കി.അവൾ വായും**

പോളുന്നു തന്നെയും നോക്കി നിൽപ്പുണ്ട്. അവനും അവളെ  ചമ്മലോടെ നോക്കി. അവൾ വരുന്ന സമയം ആകാതോണ്ട് ആയിരുന്നു അവൻ കുളിക്കാൻ പോകുമ്പോൾ ഡ്രസ്സ് എടുക്കാതിരുന്നത്.

അവൻ ഒരു ടീഷർട് എടുത്തു തിരിഞ്ഞു നിന്നപ്പോൾ അവൾ തൊട്ടു പിറകിൽ ഉണ്ടായിരുന്നു. അവളുടെ നോട്ടം മുഴുവൻ അവന്റെ ബോഡിയിൽ ആയിരുന്നു. അവൻ പെട്ടെന്ന് ആയോണ്ട് പിറകോട്ടു നീങ്ങി ടീഷർട് ഇടാൻ നോക്കി. അവൾ അവന്റെ കയ്യിൽ പിടിച്ചു.

അവൻ കണ്ണ് മിഴിച്ചു അവളെ നോക്കി. അവൾ അടുത്തേക്ക് വന്നതും അവൻ പിറകോട്ടു നീങ്ങി നീങ്ങി അലമാരയിൽ തട്ടി നിന്നു.

എന്താ കാര്യം അവൻ വിക്കലോടെ അവളെ നോക്കി ചോദിച്ചു. അവൾ അവന്റെ നെഞ്ചിൽ കൈ വെച്ചു. അവന്ന് ചെറുതായി വിറക്കുന്നുണ്ടോന്ന് തോന്നി. അവന്റെ ശരീരത്തിലൂടെ കയ്യോടിച്ചു. അവന്ന് ഇക്കിളി എടുത്തു. ഹൃദയമിടിപ്പ് താളം തെറ്റുന്നത് അവൻ അറിഞ്ഞു.

ഇതാണോ സിക്സ് പാക്ക്..... അവന്റെ ഉറച്ച

ശരീരത്തിലേക്ക് അത്ഭുതത്തോടെ  നോക്കി അവൾ ചോദിച്ചു.

അതാണോ കാര്യം അപ്പോഴാ അവന്ന് ശ്വാസം വീണത്. അവന്റെ ശരീരത്തിൽ അടിമുടി നോക്കി. കുളിച്ചിട്ട് ശരിക്കും തോർത്തത് കൊണ്ട് അവന്റെ ദേഹത്ത് വെള്ളത്തുള്ളികൾ ഉണ്ടായിരുന്നു. അവളത് കൈ കൊണ്ട് തുടച്ചതും അവൻ ശ്വാസം എടുക്കുവാൻ മറന്നു നിന്നു. അവളുടെ നോട്ടവും സ്പർശവും അവനിൽ പലവിധത്തിലുള്ള അനുഭൂതിയും ഉണർത്തുന്നുണ്ടായിരുന്നു.

ജുനിന്റെ ബോഡി ചെറുതായി രോമങ്ങൾ ഉണ്ട്. വിരിഞ്ഞ മാർ ആണ്. ഇവന്റെ ശരീരത്തിൽ ഒറ്റ രോമം പോലും ഇല്ല. ചില മാഗസിനുകളിൽ കണ്ടിട്ടുണ്ട് ബോഡി കാണിച്ചുള്ള ഫോട്ടോ. ജുനുവിനോട് ഇത് ചോദിച്ചപ്പോൾ അതൊക്കെ വാർക്ഔട് ചെയ്തു ജിമ്മിൽ പോയി ഉണ്ടാകുന്നത് ആണെന്ന് പറഞ്ഞു.ആദ്യം ആയാണ് നേരിട്ട് കാണുന്നത്.  ഇജാസിന്റെ ബോഡി സിക്സ് പാക്ക് ആണ് അമൃത പറഞ്ഞത് ഓർമ വന്നു അതും ഇത് പോലെ ആകും. ഓരോന്ന് ആലോചിച്ചു അവൾ നിന്നു. അവന്ന് എങ്ങനെ എങ്കിലും ഒന്ന് അവിടുന്ന്

രക്ഷപെട്ടാൽ മതീന്ന് ആയിരുന്നു. ഇല്ലെങ്കിൽ പണികിട്ടും  നൂൽ പോലെ വിട്ട പട്ടം പോലെ പറന്നു നടക്ക മനസ്സ്. അവൻ മെല്ലെ അവളെ കൈ വിടുവിച്ചു പോകാൻ നോക്കിയതും അവൾ മുന്നിൽ കേറി നിന്നു.

ഒരു മിനുട്ട് ഒന്നൂടി നോക്കിയിട്ട് പോകാം.

എന്ത് നോക്കാൻ...... അവൻ ഞെട്ടലോടെ ചോദിച്ചു.

അതിന് മറുപടി ആയി അവൾ അവന്റെ ബോഡിയിൽ കൂടി വിരൽ ഓടിച്ചു തൊട്ട് നോക്കി. അവളെ ചുണ്ടുകൾ അനങ്ങുന്നതിൽ നിന്നും എണ്ണി നോക്കുന്നത് ആണെന്ന് അവന്ന് മനസ്സിലായി.അവളുടെ കൈ അവന്റെ പൊക്കിളിൽ തൊട്ട് നിന്നതും  ഇതെ പോക്ക് പോയാൽ അവളെ ബോഡി അനാട്ടമി ഞാനും അറിയും എന്ന് വന്നതും അവൻ കൈ തട്ടി മാറ്റി ബാത്റൂമിലേക്ക് ഓടി. വാതിൽ അടച്ചു ശ്വാസം ആഞ്ഞു വലിച്ചു. പടച്ചോനെ ഈ പോക്ക് പോയ ഞാൻ ഒരുപാട് വെള്ളം കുടിച്ചോളും......  അവൻ ചെറു ചിരിയോടെ ഓർത്തു.

അവൻ ഡ്രസ്സ് മാറ്റി മുഖത്ത് ഒന്നും നടക്കാത്ത ഭാവം വരുത്തി റൂമിലേക്ക് ഇറങ്ങി. തിരിച്ചു ഇറങ്ങിയ

അവന്ന്  ഓടനാ  തോന്നിയത്. വേറൊന്നും കൊണ്ടല്ല..... മ്യൂസിക് ചാനൽ വെച്ചിരുന്നു ടീവിയിൽ...... ഇപ്പൊ അതിൽ പൂജയുടെ   നല്ല റൊമാന്റിക് സോങ് ആണ്. സോങ്ങിന്റെ തുടക്കം കണ്ടതും അവൻ നിന്ന് വിയർത്തു. അവൾ ടീവിയിലേക്ക് അന്തം വിട്ടു നോക്കി നില്കുന്നുണ്ട്. എന്റെ പൊന്ന് ആദിത്യ എന്ന് മനസ്സിൽ ഓർത്തു കൊണ്ട് ടീവിയിലും അവളെയും മാറി മാറി നോക്കി. ബെഡ് റൂം സീൻ കണ്ട ഇവൾ എങ്ങനെ ആയിരിക്കും പ്രതികരിക്കുക. സീരിയൽ ഫിലിം  ഫുൾ ടൈം താഴെ ടീവിയിൽ ഓടുന്നുണ്ടാകും അതിലെ പോകുമ്പോൾ പോലും അവൾ നോക്കുന്നത് കണ്ടിട്ടില്ല. ആ പിശാജ് ആണ് ഇപ്പൊ കണ്ണും മിഴിച്ചു നോക്കി നില്കുന്നത്.  ഭാര്യയെ പീഡിപ്പിച്ചെന്നുള്ള പേര് ദോഷം മിക്കവാറും  കേൾപ്പിക്കും ഇവൾ ...... ശത്രുക്കൾക്ക് പോലും ഈ ഗതി വരുത്തല്ലേ......എന്ന് മനസ്സിൽ ദയനീയമായി ഓർത്തു.

📚STORY BOARD📚

❤️ ❤️ 💔 INVISIBLE LOVE 💔❤️

Love after💘 marriage story

Part 32

ഭാര്യയെ പീഡിപ്പിച്ചെന്നുള്ള പേര് ദോഷം മിക്കവാറും കേൾപ്പിക്കും ഇവൾ ...... ശത്രുക്കൾക്ക് പോലും ഈ ഗതി വരുത്തല്ലേ......എന്ന് മനസ്സിൽ ദയനീയമായി ഓർത്തു. ഒന്നിച്ചു ഒരു ബെഡിൽ കിടന്നാൽ എന്ത് സംഭവിക്കും എന്ന് ചോദിച്ച പെണ്ണാണ്. മിക്കവാറും ഈ സീനൊക്കെ കണ്ട കുറച്ചെങ്കിലും ഓടും അങ്ങനെ സംഭവിച്ച എന്റെ കൂടെയുള്ള കിടത്തവും പോകും. എന്റെ കാര്യം ഗോപി..... അവൻ മെല്ലെ അവളെ നോക്കി കണ്ണിമ വെട്ടാതെ ശ്വാസം അടക്കിപിടിച്ചു നോക്കുന്നുണ്ട്.സോങ്ങിലേക്ക് നോക്കി അവൻ.....ആദിത്യ പൂജയുടെ ചുണ്ടിലേക്ക് മുഖം താഴ്ത്തിയതും അവൻ ടീവി ഓഫ് ചെയ്തു. അവൾ ടീവി തന്നെ നോക്കി പിന്നെ തിരിഞ്ഞു നോക്കി അവന്റെ കയ്യിൽ റിമോട്ട് കണ്ടു.

എന്തിനാ ഓഫ് ആക്കിയേ

എനിക്ക് ടീവി കാണാൻ ഒരു മൂഡില്ല അതോണ്ട് ഓഫ് ആക്കി....

എനിക്ക് കാണണം ടീവി വെക്ക്...

അവന്ന് ഉള്ളിലൊരു ഞെട്ടൽ വന്നു. സാധാരണ എല്ലാരും അങ്ങനെയൊക്കെ കണ്ടാൽ ചമ്മൽ കൊണ്ട് ചാനൽ മാറ്റും. അല്ലെങ്കിൽ ഒളിച്ചു കാണും എന്നാലും സമ്മതിച്ചു തരില്ല. അവളുടെ ഇന്നസെൻസ്  കണ്ടു അവന്ന് അത്ഭുതം തോന്നി. പുതുതായി എന്തൊക്കെയോ അറിയാനുള്ള വ്യാഗ്രത അവളിൽ അവൻ കണ്ടു. അവൻ വിഷയം മാറ്റി.... നീയെന്താ ഇന്ന് നേരത്തെ.....കോളേജ് വേഗം വിട്ടോ......

എനിക്ക് ആ സോങ് കാണണം വെക്ക്....

നീ ടീവി കാണാറില്ലല്ലോ പിന്നെന്ത

നീയെന്നെ ഇവിടെ കിസ്സ് ചെയ്തില്ലേ അത് പോലെ അവൻ അവളെ കഴുത്തിൽ ചെയ്തില്ലേ അതിന്റെ ബാക്കി എനിക്ക് കാണണം....... അവൻ ഞെട്ടിത്തരിച്ചു അവളെ നോക്കി........

അത് പിന്നെ...... പിന്നെ...... അവൻ നിന്ന് ഉരുകി..... സെക്സിൽ ഉള്ള അവളുടെ അക്ഞ്ഞത അവൻ മനസിലാക്കുകയാരുന്നു.

എനിക്കിപ്പോ ടീവി കാണാനുള്ള മൂഡില്ല. സോ ഞാൻ വെക്കില്ല. അതും പറഞ്ഞു അവളെ മൈന്റ്

ആക്കാതെ അവൻ മുടി ചീകൻ തുടങ്ങി.

അവളിൽ എന്തോ വാശി കേറി.

റിമോട്ട് താ എനിക്ക് കാണണം....

അവളുടെ കെറുവിച്ച മുഖം കണ്ടതും അവന്ന് കുസൃതി തോന്നി. അവൻ തരില്ല പറഞ്ഞു റിമോട്ട് പൊക്കിപിടിച്ചു. അവൾ അതിന്ന് വേണ്ടി കൈ ഉയർത്തി നോക്കിയെങ്കിലും അവന്റെ കൈ എത്തിയില്ല....

താ ഫൈസ്......

വേണേൽ വാങ്ങിക്കോ..... അവൻ ഒന്നൂടി കൈ ഉയർത്തി. അവൾക്ക് ദേഷ്യം വരുന്നുണ്ടായിരുന്നു..... അടിക്കഴിഞ്ഞു വാങ്ങുമ്പോഴേക്കും സോങ് കഴിയുമെന്ന് അവന്ന് അറിയാരുന്നു. കുറെ ശ്രമിച്ചു അവൾ റിമോട്ട് കിട്ടാത്ത ദേഷ്യത്തിന് കൊണ്ടോയി പുഴുങ്ങി തിന്ന് എന്ന് പറഞ്ഞു അവന്ന്  ഒരു തള്ള് കൊടുത്തു. പെട്ടെന്ന് ആയോണ്ട് അവന്ന് ബാലൻസ് കിട്ടിയില്ല. പിറകിലേക്ക് മലന്നടിച്ചു വീഴാൻ പോയതും അവൻ വീഴാതിരിക്കാൻ പിടിച്ചത് അവളെ കയ്യിൽ ആയിരുന്നു. അവനെ താങ്ങാൻ ഉള്ള ശേഷി ഇല്ലാതെ അവൾ അവന്റെ മേലേക്ക് ചാഞ്ഞു.

ഫൈസിന്റെ മുകളിൽ ആയി ഇനുവും വീണു. അവളുടെ ശരീരം മൊത്തം അവന്റെ മുകളിൽ ആയി വീണത് അവളുടെ ചുണ്ടുകൾ അവന്റെ ചുണ്ടിൽ അമർന്നു. ശ്വാസം വിടുവാൻ മടിച്ചു രണ്ടു പേരും ഒരു നിമിഷം നിന്നു. അവന്റെ ചുണ്ടുകളുടെ മൃദുലത അറിഞ്ഞതും  ശരീരത്തിലോടെ സുഖമുള്ള ഒരു ഫീലിംഗ് പാഞ്ഞു പോയത് പോലെ തോന്നി അവൾക്ക്. ആദ്യനുഭൂതിയുടെ പറഞ്ഞറിയിക്കാൻ ആവാത്ത നിർവൃതിയിൽ ആയിരുന്നു അവൾ.അവളുടെ നോട്ടം അവന്റെ കണ്ണുകളിൽ ഉടക്കി. അവന്റെ നോട്ടം താങ്ങാൻ ആവാതെ അവൾ മിഴികൾ താഴ്ത്തി. അവൾ പിടഞ്ഞു എഴുന്നേൽക്കാൻ നോക്കിയെങ്കിലും അവൻ പിടി വിടാത്തത് കൊണ്ട് അവന്റെ മേലേക്ക് തന്നെ വീണു. അവളുടെ ശരീരം  അവനിൽ അമർന്നതും ശരീരത്തിലൂടെ ഒരു മിന്നൽ പിണർ പോയ പോലെ....... എന്താണെന്ന് തിരിച്ചറിയാൻ പറ്റാത്ത ഒരു വികാരം അവളിൽ പൊതിഞ്ഞു. അവളുടെ മുഖം നാണത്താൽ ചുവന്നു തുടുത്തു. അവനും കാണുകയായിരുന്നു അവളിലെ മാറ്റങ്ങൾ........ കണ്ടറിയാൻ ശ്രമിച്ചത് അനുഭവിച്ചറിയുക

ആയിരുന്നു അവൾ. അവളുടെ താളം തെറ്റിയ ഹൃദയമിടിപ്പും ശ്വസോചസവും അവളുടെ മാറ്റങ്ങൾ വിളിച്ചോതി...... വിചാരങ്ങളെക്കാൾ വികാരം ആയിരുന്നു അവനിൽ മുന്നിട്ട് നിന്നത് അത് കൊണ്ട് തന്നെ അവളുടെ ചുണ്ടിലേക്ക് മുഖം അടുപ്പിച്ചതും....... ഞാൻ ഒന്നും കണ്ടില്ലെന്ന് പറഞ്ഞു റംസി തിരിഞ്ഞു നിന്നു. അവൻ അവളെ എഴുന്നേൽപ്പിച്ചു അവനും എണീറ്റു. റംസി അപ്പോ തന്നെ പോയിരുന്നു. അവൾ ഫൈസിയുടെ കയ്യിൽ നിന്നും റിമോട്ട് പിടിച്ചു വാങ്ങി ടീവി വെച്ചു. ആ സോങ് കഴിഞ്ഞിരുന്നു. കുറച്ചു നേരം നോക്കി അവനെ നോക്കി. ആ സോങ് എവിടെ....

അത് കഴിഞ്ഞു

ഇനി കാണില്ലേ......

അവൻ ഇല്ലെന്ന് തലയാട്ടി......

എന്നാ പിന്നെ ഇതെനിക്കെന്തിനാ എന്നും പറഞ്ഞു റിമോട്ട് അവന്റെ നേർക്ക് വലിച്ചെറിഞ്ഞു മുഖം കോട്ടി.

സ്വന്തം ശരീരത്തിൽ ഉണ്ടാകുന്ന മാറ്റങ്ങൾ സ്വയം കണ്ടും അറിഞ്ഞും  മനസ്സിലാക്കേണ്ടതാണ്.........

ആരൊക്കെയോ എന്തൊക്കെയോ ചെയ്തു കൂട്ടുന്ന ലീലകൾ കണ്ടാൽ അതിൽ അഡിക്റ്റാവുക മാത്രം ചെയ്യുള്ളു. അതൊരിക്കലും പ്രണയം ആവില്ല. കാമം മാത്രമാണ്. കാമവും പ്രണയവും രണ്ടും രണ്ടാണ്...... പ്രണയപൂർവ്വം അവളുടെ മനസ്സിലും ശരീരത്തിൽ ഉണ്ടാകുന്ന മാറ്റങ്ങൾ മാത്രം ആണ് പ്രണയം...ഇതെങ്ങനെയാണ് ഒന്ന് മനസിലാക്കി കൊടുക്കുക പടച്ചോനെ.....

അവൾ അത് തന്നെ ഓർത്തു നോക്കി...... ആ പെണ്ണിൽ കണ്ടഭാവം എന്തായിരുന്നു...... അവൻ കിസ്സ് ചെയ്യാൻ നോക്കിയപ്പോൾ അവളുടെ പുറം ഭാഗം നഗ്നമായിരുന്നില്ലേ...... മറ്റൊരാൾക്ക് മുന്നിൽ ആ വേഷത്തിൽ അവൾ നിന്നില്ലേ...... ജുനു പറഞ്ഞിട്ട് ഉണ്ടല്ലോ നീന്തൽ മത്സരത്തിൽ പങ്കെടുത്ത ചെറിയ ഡ്രസ്സ് യൂസ് ചെയ്യ്.ശരീരം മറ്റുള്ളവർക്ക് മുന്നിൽ കാണിക്കരുതെന്ന് അത് കൊണ്ട് നമുക്കത് വേണ്ട മോളെന്ന് ...... ഇതപ്പോ എല്ലാരും കാണില്ലേ...... അവനും അവളും നഗ്നരായിരുന്നില്ലേ....അവൾക്ക് പെട്ടെന്ന് നെറ്റി വലിഞ്ഞു മുറുകുന്നത് പോലെ തോന്നി.

കണ്ണൊക്കെ മങ്ങി..... തല പൊട്ടിപ്പിളരുന്നത് പോലെ

തോന്നിയതും അവൾ ഫൈസിയെ പോയി കെട്ടിപിടിച്ചു. അവന്റെ കഴുത്തിൽ മുഖം പൂഴ്ത്തി.പെട്ടെന്ന് അങ്ങനെ ചെയ്തപ്പോൾ അവനും ഒന്ന് ഞെട്ടി.

എനിക്ക് സഹിക്കാൻ പറ്റുന്നില്ല ഫൈസ്.....തല വേദനിക്കുന്നു.  എന്റെ തലയൊക്കെ ഇപ്പൊ പൊട്ടിത്തെറിക്കും....... അവളുടെ കണ്ണ് നീര് കൊണ്ട് അവന്റെ ടി ഷർട്ട് നനയുന്നത് അവൻ അറിഞ്ഞു. അവനെ മുറുക്കി പിടിച്ചു.

സാരമില്ല ഇപ്പൊ പോകും എന്ന് പറഞ്ഞു അവൻ തലയിലൂടെ തലോടി......

അവൻ അവളെ കയ്യിൽ കോരിയെടുത്തു. ബാത്റൂമിലേക്ക് പോയി. ശവറിന് കീഴിൽ നിർത്തി. അപ്പോഴും അവന്റെ കഴുത്തിൽ നിന്നും  അവളുടെ പിടുത്തം വിട്ടിട്ട് ഇല്ലായിരുന്നു. തണുത്ത വെള്ളം രണ്ടു പേരുടെയും തലയിലൂടെ ഊർന്നിറങ്ങി. കുറെ സമയം അങ്ങനെ നിന്നു. അവന്റെ ഹൃദയതാളവും കേട്ടു നെഞ്ചിൽ മുഖംച്ചേർത്തു വെച്ചു നിന്നു മനസ്സിലും ശരീരത്തിൽ തണുപ്പ് നിറഞ്ഞു. വേദന കുറയുന്നത് അവൾ അറിഞ്ഞു. അവൻ അവളുടെ

നെറുകയിൽ ഒരു മുത്തം കൊടുത്തു.

അവന്ന് ഉച്ചക്ക് ഡോക്ടറെ കാണാൻ പോയത് ഓർത്തു. ഇന്നലെ അവളുടെ തലവേദനയും ജുനു ടാബ്ലറ്റ് കുടിക്കാൻ പാടില്ലെന്ന് പറഞ്ഞതും അവനിൽ ഒരുപാട് സംശയം ഉണർത്തിയിരുന്നു. അത് കൊണ്ടാണ് ഇനുവിന്റെ വീട്ടിൽ പോയി അവളുടെ ഫയൽസ് മൊത്തം തപ്പിയെടുത്തു അവളെ ട്രീറ്റ് മെന്റ് ചെയ്ത ഡോക്ടറെ കാണാൻ പോയത് . ഇനുവിന്റെ കേസ് ഷീറ്റ് കാണിച്ചതും പെട്ടെന്ന് തന്നെ മനസ്സിലായിരുന്നു. ജുനിദ്ന്റെ പെങ്ങൾ അല്ലെ അങ്ങനെ മറക്കോ..... ഇത് പോലൊരു ബ്രദർ സിസ്റ്റർ ഞാൻ കണ്ടിട്ടില്ല അത് കൊണ്ട് മറക്കുകയും ഇല്ല. അവൻ ജോബിന് വേണ്ടി നാട്ടിൽ നിന്നും പോകുന്ന അന്നും അവിടെ പോയിരുന്നു എന്ന അറിവ് അവനെ അത്ഭുതപെടുത്തി. ഇനായയുടെ ഭർത്താവ് ഫൈസ് തേടി വരും എന്ന് പറഞ്ഞേൽപ്പിച്ചായിരുന്നു പോയത് പോലും. എന്നിൽ അവനുള്ള വിശ്വാസം കൂടിയാണ് അതെന്ന് അവന്ന് മനസ്സിലായി.

അവളെ അവളെ വഴിക്ക് വിടുക എന്ന് മാത്രം ഉള്ളൂ ചികിത്സ. അവൾക്ക് അവളുടെ അറിവിൽ ഇല്ലാത്ത കാര്യം ഓർത്തെടുക്കാൻ ശ്രമിക്കുമ്പോഴാണ് ആ

വേദന ഉണ്ടാവുന്നത്. ടാബ്ലറ്റ് കൊടുത്ത് അത് ഇല്ലാതാക്കരുത്..... പക്ഷേ അവളെ സംബന്ധിച്ചിടത്തോളം സഹിക്കാവുന്നതിലും ഇരട്ടി ആയിരിക്കും ആ വേദന. ചിലപ്പോൾ ആ വേദന സഹിക്കാൻ ആവാതെ വല്ല അവിവേകവും കാട്ടീന്ന് വരും.

ജുനുവിനു അവളുടെ വേദന കണ്ടു നിൽക്കാൻ ആവാത്തൊണ്ട് അവനൊരിക്കലും അവളെ ചിന്തകൾക്ക് വിട്ടുകൊടുത്തിരുന്നില്ല. അവൾ എന്തെങ്കിലും ചിന്തിക്കും മുന്പേ അവൻ അവളുടെ മനസ്സ് കണ്ടു അത് ചെയ്യും. ഒരിക്കലും അവളുടെ ചിന്തകളെ വരാൻ വിടാതെ തടുക്കുകയാരുന്നു അവൻ. എന്റെ ഇത്രയും വർഷത്തെ എക്സ്പിരിയൻസിൽ അവരെ പോലെ ആരെയും കണ്ടിട്ടില്ല. റോബോട്ട് പോലെ ഓരോ കാര്യവും പറഞ്ഞു പഠിപ്പിക്കന്ന് വെച്ച അതിന്റെ വിഷമം ഊഹിക്കാലോ. ഞാൻ എന്റെ മക്കളോട് പോലും പറയാറുണ്ട് അവരെ കണ്ടു പടിക്കെന്ന്. ഫൈസ് അതിന്ന് പുഞ്ചിരിച്ചു. അവന്റെ മനസ്സും പറയുന്നുണ്ടായിരുന്നു അവരെ പോലെ അവരെ ഉള്ളുന്ന്.

ഇതിലെന്ന് അവൾക്കൊരു മോചനം ഇല്ലേ.....

നല്ലൊരു പോസിറ്റീവ് ആയ കാര്യം ആണ് ആ തലവേദന. ഇന്നലെ തനിക്ക് ടാബ്ലറ്റ് ഇല്ലാതെ വേദന മാറ്റാൻ കഴിഞ്ഞെങ്കിൽ അത് തന്നെ ട്രൈ ചെയ്യ്. അല്ലെങ്കിൽ ജുനു ചെയ്യുന്ന പോലെ അവൾക്ക് ചിന്തിക്കാൻ ഒരവസരം കൊടുക്കാതിരിക്കുക. ഷോക്കിൽ നിന്ന് ഉണ്ടായ ഒരവസ്ഥയാണ് അതിനെ മറികടക്കാൻ നിങ്ങളുടെ സ്നേഹത്തിന് കഴിയും എന്നാണ് ജുനൈദ് പറയുന്നത്. അവളുടെ അവസ്ഥ അറിഞ്ഞു താൻ സ്വീകരിച്ചെന്ന് അറിഞ്ഞപ്പോൾ ജുനൈദ് പറയാതെ എന്നെ തേടി വന്നപ്പോൾ ഞാനും വിശ്വസിക്കുന്നു നിനക്ക് പറ്റും അതിനെന്ന്.

അവൻ ഡോക്ടറെ നോക്കി പുഞ്ചിരിച്ചു. അവൻ ഇറങ്ങാൻ നേരം വിളിച്ചു.

നിനക്ക് ഒരു ഹാഫ് ഗുഡ് ന്യൂസ് കൂടി ഉണ്ട്. അവളുടെ ടെസ്റ്റ് റിപ്പോർട്ട് ഒക്കെ കിട്ടി. അവളെ പോലെയാണ് അവളുടെ ഉമ്മാന്റെ ശരീരപ്രകൃതിയും..... ഹോർമോൺ ചെയ്ഞ്ചസും..... എന്ന് വെച്ചാൽ ഉമ്മാക്ക് ഉണ്ടായ അതേ രോഗവസ്ഥയാണ് അവൾക്കും.

അവന്ന് കാര്യം മനസ്സിലാവാതെ ഡോക്ടറെ നോക്കി. എന്ത് ടെസ്റ്റ്....... ഉമ്മാക്ക് എന്താ പ്രോബ്ലം.....

നിന്നോട് പറഞ്ഞില്ലേ ജുനൈദ്...... അവൾക്ക് മദർ ആവാനുള്ള ഫിഫ്റ്റി പേഴ്സന്റേജ് ചാൻസ് ഉണ്ട്. ലേറ്റ് ആയും അവൾക്ക് മെൻസ്ട്രഷൻ ഉണ്ടാവാം. വിവാഹം കഴിഞ്ഞു പത്തു വർഷം  കഴിഞ്ഞാണ് അവളെ ഉമ്മ പ്രഗ്നൻറ് ആയത്. അതൊക്കെ വെച്ചു നോക്കുമ്പോൾ നിനക്കും പ്രതീക്ഷക്ക് വകയുണ്ടെന്ന്. പിന്നെ ബാക്കിയൊക്കെ ദൈവത്തിന്റെ കയ്യിലല്ലേ പ്രാർത്ഥിക്ക് നല്ലോണം. അദർ വെയ്സ് പ്രഗ്നൻറ് ആയില്ലെങ്കിലും അതിന്റേതായ രീതിയിൽ എടുക്കണം...... കുഞ്ഞു മാത്രം അല്ല ലൈഫ് അതോർക്കണം......

ഒരു കുഞ്ഞ് എന്നതിൽ ഞങ്ങളുടെ ജീവിതം ഒതുക്കാൻ ഞാൻ ആഗ്രഹിക്കുന്നില്ല. അവൾക്ക് തണലായി ഞാൻ ഉണ്ടാവും എന്നും. ഒരിക്കലും അങ്ങനെ ഒരു ചിന്ത കൊണ്ട് പോലും അവളെ വേദനിപ്പിക്കില്ല. അവന്റെ വാക്കുകൾ ദൃഢമായിരുന്നു.

💕💕💕❤️ ❤️

എനിക്കും അറിയില്ല എന്താ വേണ്ടെന്നു. നിന്റെ

വേദന കാണുമ്പോൾ ഞാനും ജുനുവിനെ പോലെ കരുതിപ്പോവ ഒന്നും വേണ്ടെന്നു...... പക്ഷേ സ്വാർത്ഥത കൊണ്ട് അതിന്നും പറ്റുന്നില്ല. ഞാൻ ഉള്ളിടത്തോളം പൊന്നു പോലെ നോക്കിക്കൊള്ളാം. എനിക്കെന്തെങ്കിലും പറ്റിയാൽ മറ്റൊരാൾക്ക് ബാധ്യത ആയി നീ ജീവിക്കരുത്. അത് കൊണ്ട് മാത്രം ആണ് ഞാൻ റിസ്ക് എടുക്കുന്നതും...അവൻ നിറഞ്ഞ കണ്ണുകളോടെ അവളുടെ നെറുകയിൽ അമർത്തി കിസ്സ് കൊടുത്തു.

തണുക്കുന്നു ഫൈസ്...... അവൾ അവനോട് ഒന്നുകൂടി ചേർന്നു നിന്നു പറഞ്ഞു. അവൻ ടാപ് പൂട്ടി. വേദന പോയോ........

അതാണ് അത്ഭുതം ഫൈസ് നീ കൂടെ ഉള്ളപ്പോൾ വേദന എങ്ങോട്ടാ പോകുന്നെന്ന് പോലും അറിയില്ല.....

അവൻ പുഞ്ചിരിയോടെ അവളെ കെട്ടിപിടിച്ചു തോളിൽ മുഖം ചേർത്ത് വെച്ചു.

അവൾ നിന്ന് പിടഞ്ഞു. ശരീരത്തിലൂടെ വീണ്ടും കോരിതരിപ്പ് പടരുന്നത് അവൾ അറിഞ്ഞു. ഇനിയും ഇവിടെ നിന്ന ശരിയാവില്ല എന്നും പറഞ്ഞു അവളെ

വിട്ടു. പോകുമ്പോൾ കവിളിൽ അമർത്തി കിസ്സ് കൊടുത്തു. അവൾ വായും പൊളിച്ചു  നിന്നു.

 തലയിൽ വെള്ളം ഇറങ്ങും. ഏതായാലും കുളിച്ചിട്ട് ഇറങ്ങിക്കോ.....  അവൻ പോയി.

 അവൾ കവിളിൽ തൊട്ട് നോക്കി. അവന്റെ ചുണ്ടുകളുടെ തണുപ്പ്  അനുഭവപ്പെട്ടു. അവളുടെ വിരലുകൾ ചുണ്ടിൽ ഒന്ന് തലോടി..... ഒരു നറു പുഞ്ചിരി ചുണ്ടിൽ വിരിഞ്ഞു.

💕💕💕💕💕💕

അവൾ എഴുതാൻ ഉള്ള പേപ്പർ എടുത്തു ഇരുന്നു. ഇജ്ജു കൊജ്ജു..... ഹിറ്റ്ലർ...... നോക്കിക്കോ ഞാൻ ഇതിനിട്ട് ഒരു പണി തന്നിരിക്കും..... എന്നെ പുറത്ത് നിർത്തിച്ചില്ലേ

കാൽ വേദനിപ്പിച്ചില്ലേ..... നിനക്കും കാലിന് വേദന ഉണ്ടാകട്ടെ..... പെട്ടന്ന് അവൾ നാക്ക് കടിച്ചു.... റബ്ബേ ഒന്നും വരുത്തല്ലേ..... പാവം ആണ്.... എന്നോടുള്ള ഇഷ്ടക്കൂടുതൽ കൊണ്ട് ചെയ്യുന്നതാണ്...... ജുനു പറഞ്ഞ പോലെ ഇഷ്ടം കൊണ്ട് ചെയ്യുന്ന തെറ്റുകൾ പൊറുക്കണം.... അവന്ന് ഒന്നും വരുത്തല്ലേ റബ്ബേ..... എന്നാലും ഒരു ചെറിയ പണി കൊടുക്കണം....

ആർക്ക് പണികൊടുക്കുന്ന കാര്യമാ.....

കുരുട്ടടക്കെ..... ഫൈസ് തലക്ക് ഒരു ചൊട്ട് കൊടുത്തു.

ആ ഇജാസ്ന്..... അല്ല ഇജാസ് സാറിന്....

ആരാ ഇജാസ്......

എന്റെ ന്യൂ ഇംഗ്ലീഷ് സാർ. ക്ലാസ്സ് ഇൻചാർജ് അതേ......

സാറിനെ ഇഷ്ടം ആയില്ലേ.....

അവൾ പേപ്പർ അവന്റെ നേർക്ക് നീട്ടി. എന്നിട്ട് 200 ടൈംസ് എഴുതാൻ പറഞ്ഞത് പറഞ്ഞു കൊടുത്തു. കാരണം പറഞ്ഞു.

അവൻ പൊട്ടിച്ചിരിച്ചു.....

ചിരിക്കണോ ചെയ്യുന്നേ......

അല്ലെടി ക്ലാസ്സിൽ കിടന്നു ഉറങ്ങിയാ ദേഷ്യം വരില്ലേ ആർക്കായാലും.....

എനിക്ക് ഉറക്കം വരുന്നോണ്ട് അല്ലേ. ഞാൻ മനഃപൂർവം ചെയ്യുന്നത് അല്ലല്ലോ....

എന്തിന്റെ പേരിൽ ആയാലും ഇനിമുതൽ ക്ലാസ്സിൽ

ഉറങ്ങരുത്...... നല്ല കുട്ടികൾ അങ്ങനെയാണ് ചെയ്യുക. നീ അത് കൊണ്ട് ഗുഡ് ഗേൾ ആവണം..... എന്താ പറ്റില്ലേ.....

അവൾ തലയാട്ടി...... ഇനിയെത്ര ഉണ്ട് എഴുതാൻ......

ഹൻഡ്രെഡ് അവർ എഴുതും. ബാക്കി എഴുതണം. നീയും കുറച്ചു എഴുതി തരോ.....

അച്ചോടാ മോളെ...... എനിക്ക് വേറെ പണിയുണ്ട്. മാത്രവുമല്ല കഷ്ടപ്പെട്ട് എഴുത്തിയാലേ നാളെ ക്ലാസ്സിൽ അതോർത്തു ഉറക്കം വരാതിരിക്കു. എന്നാ പിന്നെ ഇരുന്നു എഴുതിക്കോ.... എനിക്ക് കുറച്ചു വർക്ക് ഉണ്ടെന്ന് പറഞ്ഞു അവൻ പോയി.......

അവൻ തിരിച്ചു വരുമ്പോൾ കണ്ടു നോട്ടിന് മുകളിൽ തലവച്ചു കിടന്നു ഉറങ്ങുന്നത്. അവൻ അവളെ എടുത്തു ബെഡിൽ കിടത്തി.

കുറച്ചു സമയം അവളെ നോക്കി നിന്നു . വാത്സല്യത്തോടെ തലയിലൂടെ ഒന്ന് തലോടി.

അവളെ നോട്സ് എടുത്തു വെക്കുമ്പോൾ അവൻ അവൾ എഴുതിയത് എടുത്തു നോക്കി. എഴുപത് പ്രാവശ്യം എഴുതിയിട്ടുണ്ട്. അതും എന്താ

എഴുതിയത് എന്ന് പോലും ലാസ്റ്റൊട്ട് മനസ്സിലാകുന്നില്ല ആ അവസ്ഥയിൽ ആണ്. അവൻ ചെറുചിരിയോടെ അവളെ നോക്കിയിട്ട് ബാക്കി എഴുതി.  ഉറങ്ങാൻ പോയപ്പോൾ കണ്ടു ബെഡ്ൽ ക്രോസ്സ് ആയി എത്തിയിട്ടുണ്ട് അവ,ൾ. അവൻ അവളെ നേരെ കിടത്തുമ്പോഴും അവളുടെ ചുണ്ടുകൾ പിറു പിറുക്കുന്നുണ്ടായിരുന്നു. എന്റെ പട്ടി പറയും സോറി...... ഞാൻ ഇതിന്ന് പകരം ആയി നിനക്കിട്ട് ഒരു പണി തരും നോക്കിക്കോ..... നീ ഹിറ്റ്ലർ ആണ് ഹിറ്റ്ലർ......  അവന്ന് അത് കേട്ട് ചിരി വന്നു. നിന്റെ കോളേജിലെ എതിരാളിക്കും എന്റെ എതിരാളിക്ക് ഒരേ പേരാണല്ലോ പെണ്ണേ...... ഇനിയിപ്പോ ഇജാസ് എന്ന് പേരുള്ള എല്ലാരും ഇങ്ങനെ ആണോ.....

അവൻ അവളെയും ചേർത്ത് പിടിച്ചു കിടന്നു.

ഉറക്കം ഞെട്ടിയതും അവനെ തട്ടി മാറ്റി  ഒറ്റ ഓട്ടം ആയിരുന്നു. ഉറങ്ങിപോയതാണ്. ഫുൾ എഴുത്തിയാലേ അവന്റെ മുന്നിൽ കട്ടക്ക് പിടിച്ചു നിൽക്കാൻ പറ്റു..... പേപ്പർ നോക്കിയതും അവൾ ഞെട്ടിപ്പോയി മുഴുവനും  ആക്കിയിരിക്കുന്നു. ഉറങ്ങുന്ന അവന്നെ അവൾ പുഞ്ചിരിയോടെ

നോക്കി...... താങ്ക്യു ഫൈസ് എന്ന് മനസ്സിൽ പറഞ്ഞു. ടൈം നോക്കി രണ്ടു മണി കഴിഞ്ഞേ ഉള്ളൂ. അവൾ വീണ്ടും പോയി കിടന്നു.........

💞💞💞💞💞💞

ഇന്നും ലേറ്റ് ആയല്ലോ...... അതും പിറു പിറുത്തു അവൾ കോളേജിലേക്ക്  നടന്നു. ബോർഡ് നോക്കി.ജെ എച് കോളേജ് എന്ന് മാത്രം എഴുതിയിരുന്നുള്ളൂ. അവൾ ചിരിയോടെ ക്ലാസ്സിലേക്ക് പോയി.  ഇജാസ് ക്ലാസ്സിൽ ഉണ്ടായിരുന്നു.

അവളെ കണ്ടതും വാച്ചിൽ ഒന്ന് നോക്കി പിന്നെ അകത്തേക്ക് വിളിച്ചു.

എഴുതി കഴിഞ്ഞോ  ......

അവൾ തലയാട്ടി..... ഇജാസിന്റെ അടുത്തേക്ക് എത്തുന്നതിനു മുന്പേ റാനി അവളുടെ പിറകിലൂടെ അവൾ എഴുതിയത് കൊടുത്തു. ഇജാസ് അത് കണ്ടെങ്കിലും കാണാത്ത പോലെ നിന്നു.

 അവൾ സന്തോഷത്തോടെ പേപ്പർ നീട്ടി. അവൻ നോക്കുക കൂടി ചെയ്യാതെ നടുകെ കീറി അവളെ

കയ്യിൽ കൊടുത്തു. അവൾക്ക് ദേഷ്യം കൊണ്ട് മുഖം ചുവന്നു തുടുത്തു..

നീ വാശിക്ക് മുന്നിൽ ആണെന്ന് അറിയാം.... അതോണ്ട് എഴുതിയിട്ടും ഉണ്ടാകും അതോണ്ട് നോക്കണ്ട ആവിശ്യം ഇല്ല. പിന്നെ സോറി പറയുന്നില്ലേ......

പറയില്ലെന്ന് ഞാൻ ഇന്നലെ പറഞ്ഞിരുന്നു. ഇടക്കിടക്ക് വാക്ക് മാറ്റാൻ ഞാൻ ഇജാസ് ഹൈദർ അല്ല അവൾ മെല്ലെ പറഞ്ഞു.

അവൾ സീറ്റിലേക്ക് പോകാൻ നോക്കി.

ഇനായ മെഹവിഷ് ഗെറ്റ് ഔട്ട് മൈ ക്ലാസ്സ്....

അവൾ അവനെ മുഖം കൂർപ്പിച്ചു നോക്കി .

ഫോർ മിനിറ്റ് ലേറ്റ് ആണ്. സോ എന്റെ ക്ലാസ്സിൽ ഇരിക്കാൻ പറ്റില്ല.ഷാർപ്പ് നൈൻ ഒ ക്ലോക്ക്ന് മുന്നേ ക്ലാസ്സിൽ കേറണമെന്ന് റൂൾസ് പറഞ്ഞതാണ്.

അവൾ ഒന്നും മിണ്ടാതെ ആരെയും നോക്കാതെ വാതിൽക്കൽ പോയി നിന്നു.

പറഞ്ഞിട്ടും കാര്യം ഇല്ലെന്ന് അവൾക്ക് അറിയാമായിരുന്നു. കുറച്ചു കഴിഞ്ഞു ശഹി ഒരു

ഫോൺ എടുത്തു ക്ലാസ്സിലേക്ക് വന്നു.

അവളെ  നോക്കി വല്ല കാര്യം ഉണ്ടോന്ന് പുച്ഛത്തോടെ ചോദിച്ചു....

അവളും തിരിച്ചു പുച്ഛത്തോടെ മുഖം തിരിച്ചു.

ഇജാസ്...... അർജന്റ് ഫോൺ എന്ന് പറഞ്ഞു ഫോൺ നീട്ടി. വൺ മിനിറ്റ് എന്ന് എല്ലാരോടും പറഞ്ഞു ഫോൺ എടുത്തു പുറത്തേക്ക് ദൃതിയിൽ പോകാൻ നോക്കിയതും  ക്ലാസ്സിൽ നാണം കേട്ട് നിൽക്കുന്ന അവസ്ഥ ഒന്ന് സാറും അറിയ് എന്ന് മനസ്സിൽ കരുതി അവൾ മെല്ലെ കാൽ നീട്ടി വെച്ചു...... ഇജാസ് കാൽ തട്ടി തടഞ്ഞു നിലത്തേക്ക് വീണതും കൂടെ  അവളും വീണിരുന്നു. അവൾക്ക് പെട്ടന്ന് എന്താ സംഭവിച്ചെന്ന് മനസ്സിലായില്ല. പിന്നെ മെല്ലെ ഓർത്തു നോക്കി. ഇജാസ് വീഴുന്നത്  സ്വപ്നം കണ്ടു കാൽ നീട്ടിയതും  ശഹി  തന്നെ പിടിച്ചു തള്ളിയതാണ്.......

കൃത്യം ആയി ഇജാസിന് മുന്നേ വീണത്  അവളും അവളുടെ മുകളിൽ ആയി ഇജാസും.

ക്ലാസ്സിലെ എല്ലാവരും കണ്ണും തുറിച്ചു എഴുന്നേറ്റു നിന്നു  അവരെ നോക്കി. അപ്പോൾ കണ്ടു Aye Aye Oh

**Pani Paali Lo എന്ന് ചിരിയോടെ പാടുന്ന ശഹിയെ.**

**❤️ 💔 INVISIBLE LOVE 💔❤️**

**Love after💘 marriage story**

**Part 33**

**അവനെ അവളെ ദേഹത്ത് നിന്നും തള്ളി എഴുന്നേൽപ്പിക്കാൻ നോക്കിയെങ്കിലും പറ്റിയില്ല.**

**ആനയുടെ അടിയിൽ പെട്ട ഉറുമ്പിന്റെ അവസ്ഥ പോലെ ആയിരുന്നു അവൾ.**

**താൻ എന്താടോ ഉരുട്ടികേറ്റി തിന്നുന്നെ എന്റെ നടുവൊന്നും ഇനി ബാക്കിയില്ലെന്ന തോന്നുന്നേ.....**

**കാൽ വെച്ചു വീഴ്ത്തിയതും പോരാ എന്നിട്ട് എന്റെ മെക്കിട്ട് കെറിക്കോ.....**

**അത് പിന്നെ..... ഞാൻ..... അവൾ ഉരുണ്ടു. വീണ്ടും പെട്ടെന്ന് കലിപ്പായി എണീറ്റു പോടോ തടിയാ......**

**അവൻ എഴുന്നേറ്റു...... നിനക്ക് ഒന്നും പറ്റിയില്ലല്ലോ..... അവളുടെ ദേഹത്തെ മണ്ണൊക്കെ തട്ടികളഞ്ഞു അവൻ ചോദിച്ചു....**

**അവന്ന് എന്തെങ്കിലും പറ്റിയോ എന്ന് പോലും**

നോക്കാതെ തന്നെ നോക്കുന്ന അവനെ കണ്ടു മനസ്സിൽ അലിവ് തോന്നി അവൾക്ക്.വീഴുമ്പോൾ തന്റെ തല നിലത്ത് അടിക്കാതിരിക്കാൻ അവൻ കൈ വെച്ചിരുന്നു. അവന്റെ കരുതലും സ്നേഹവും തന്നെ വീർപ്പു മുട്ടിക്കുന്നത് പോലെ തോന്നി അവൾക്ക്.

ഇജുക്ക ഒഫീഷ്യൽ കാൾ ആണ്......ശഹി വിളിച്ചു.

അവൻ ഒന്ന് മൂളി... എന്നിട്ട് പോയി.

ശഹസാദ് എന്ന് വെച്ച സുമ്മാവാ...... എന്ന് തമിഴിൽ സ്റ്റയിലിൽ പറഞ്ഞു റൈബാൻ വെച്ചു ശഹി പോയി.

ടോ ഹനുമാനെ...... അവൻ തിരിഞ്ഞു നോക്കി

എന്നെയാണോ..... അവൻ അവന്ന് നേരെ കൈ ചൂണ്ടി ചോദിച്ചു.

നീയല്ലാതെ വേറാരെൽ ഉണ്ടോ ഇവിടെ

ഹനുമാൻ...... പേര് കൊള്ളാട്ടോ.... എനിക്കിഷ്ടം ആയി..... രാമന് കവജമായി ഹനുമാൻ ആണെങ്കിൽ ഇജുകക്ക് കവജം ആയി ഞാനും ഉണ്ടാകും. എന്നെ താണ്ടി ഒരുത്തൻ ആ ദേഹത്ത് തൊടില്ല മോളെ.... അപ്പോഴാ നിന്നെ പോലൊരു നരുന്ത്.

അല്ലെങ്കിലും രാമനും ലക്ഷ്മണനും കവജം ഹനുമാൻ

തന്നെയാ...... അതോണ്ട് തന്നെ അവരോട് പറയാനുള്ളത് നിന്നോട് പറഞ്ഞ മതിയല്ലോ.....

പറഞ്ഞോളൂ മഹാറാണി അടിയൻ അനുസരിക്കാൻ തയ്യാറാണ് അവൻ തൊഴു കയ്യോടെ പറഞ്ഞു.

അതികം ഓവർ ആക്കല്ലേ.... നിനക്കൊരു വിചാരം ഉണ്ട്. നീ വലിയ എന്തോ സംഭവം ആണെന്ന്. അത് നിന്റെ വെറും തോന്നൽ മാത്രം ആണ്..... അത് തന്നെ പറയാൻ ഉള്ളത്. പിന്നെ വേറൊരു കാര്യം നിന്റെ രാമനോട് എന്റെ പിറകെ നടന്നു സമയം കളയാതെ പെണ്ണ് കെട്ടാൻ പറ...... ഇല്ലെങ്കിൽ ലക്ഷ്മണൻ ഓവർട്ടേക്ക് ചെയ്യും.

ഇത് നല്ല ഐഡിയ ആണല്ലോ...... അവനൊന്നു ആലോചിച്ചു. പെണ്ണിനെ നീ സെറ്റക്കി തരോ അതോ ഞാൻ തപ്പിപിടിക്കണോ...... അല്ല എന്തിനാ ഇപ്പൊ അവനെ പെണ്ണ് കെട്ടിക്കുന്നതിന്റെ ഉദ്ദേശം

ആ മുരട്ട് കാളക്ക് ഒരു മൂക്ക് കയർ വീഴാൻ. എന്നെ ഒഴിവാക്കി അവളെ പിറകെ നടക്കുമല്ലോ......

അത് പൊളിച്ചു...... പെണ്ണ് വേണ്ടേ അതിന്ന്..... നീ കണ്ടു പിടിച്ചോ...... നിനക്ക് ആകുമ്പോ നല്ലോണം തേക്കാൻ അറിയാലോ..... ചതിക്കാനും

അറിയാം....അതോണ്ട് ചതിയും വഞ്ചനയുമൊന്നും ഇല്ലാന്ന്  ഉറപ്പുള്ള നിന്നെ പോലെ അല്ലാത്ത ഒരു പെണ്ണിനെ കണ്ടുപിടിക്ക് ഞാൻ കയ്യോടെ പിടിച്ചു കെട്ടിച്ചോളാം......അവന്റെ വാക്കുകളിൽ പരിഹാസം ആയിരുന്നു.

തേക്കാൻ അറിയാലോ,...... എന്ന് പറഞ്ഞപ്പോ നെഞ്ഞുപിടയുന്നത് പോലെ തോന്നി അവൾക്ക്.

ശഹി..... ഞാൻ...... അവൾ ദയനീയതയോടെ അവനെ നോക്കി.

മുഖത്തെ ദൈന്യത കുറ്റബോധം ആണോ.....അതോ വിഡ്ഢിവേഷം കെട്ടിച്ചു ജയിച്ചതിന്റെ പരിഹാസമോ.....

അവൾ മുഖം കുനിച്ചു......നിലത്ത് കണ്ണുനീർ ഇറ്റി വീഴുന്നത് അവൻ കണ്ടു.....

വിഷമിപ്പിക്കാൻ പറഞ്ഞതല്ല...... പറഞ്ഞു പോയതാ..... ഇതും കണ്ടു കൊണ്ട് ഇജുക്ക വന്ന പിന്നെ ഹനുമാനെ രാവണനൻ ആക്കും....രാമന്റെ ആ കൈവെച്ചു ഒന്ന് കൊണ്ട ഡെഡ്ബോഡിആയി പോകും..... ചെറു ചിരിയോടെ പറഞ്ഞെങ്കിലും അവന്റെ വാക്കുകൾ ഇടറിയത് അവൾ അറിഞ്ഞു.

ഇനിയെങ്കിലും ആ മനുഷ്യനെ അറിയാൻ ശ്രമിക്ക്. നിന്റെ മുന്നിൽ ഇനി ഒരു മാസം മാത്രം ഉള്ളൂ പതിനെട്ടു തികയാൻ അത് വരെ ഉള്ളൂ നിനക്ക് അവൻ തരുന്ന സമയവും. അതിനുള്ളിൽ നീ ഒരു തീരുമാനം എടുത്തില്ലെങ്കിൽ അവൻ തീരുമാനിക്കും എല്ലാം......അതിന്റെ ഭാഗം ആണ് ഈ കോളേജിലേക്ക് ഉള്ള വരവ് പോലും. സർവ്വ നാശം ആയിരിക്കും അത്. നിനക്ക് നിന്റെ ജുനുനെ നഷ്ടം ആകും ഞങ്ങൾക്ക് ഞങ്ങളുടെ ഇജുക്കയെയും.......അതോണ്ട് ആലോചിച്ചു ഒരു തീരുമാനം എടുക്ക്.  അതും പറഞ്ഞു അവൻ പോയി.

അവൻ പോയിട്ടും അവൾ ശില പോലെ നിന്നു.

ടീ നീയാ സഹോദരൻമാരെ കണ്ടോ...... നീ രാമായണം വായിച്ചിട്ട് ഇല്ലേ...... അതിലെ രാമനാ ഇജാസ്....... അവന്റെ വലം കൈ നദീം ആണ് ലക്ഷ്മണൻ....... പിന്നെ ശഹസാദ് കൂട്ടത്തിൽ ഇളയത് അവൻ ആണെങ്കിലും അവനാണ് ഹനുമാൻ അവരെ പൊതിഞ്ഞു പിടിക്കുന്ന രക്ഷകവജം...... ഇവരെ തൊട്ടാൽ പൊള്ളുന്നത് അവന്ന് ആയിരിക്കും.ഇത് പോലെ ആയിരിക്കണം സഹോദര സ്നേഹം..... ജുനൈദിന്റെ വാക്കുകൾ അവളോർത്തു.

ഇജാസ് വരുന്നത് കണ്ടു അവൾ കണ്ണ് തുടച്ചു ക്ലാസ്സിലേക്ക് കയറി. അപ്പോഴേക്കും ബെൽ അടിച്ചു..... അവൾ രക്ഷപെട്ടുന്ന് മനസ്സിൽ ഓർത്തു.

അവൻ ക്ലാസ്സിൽ നിന്നും ഇറങ്ങുമ്പോൾ ഇനുവിനെയും പുറത്തേക്ക് വിളിച്ചു.

നാളെ വരുമ്പോൾ കയ്യിൽ ഫോൺ ഉണ്ടായിരിക്കണം..... ഇല്ലെങ്കിൽ ഞാൻ വാങ്ങി തരും ഫോൺ. പിന്നെയത് ഒരുപാട് പ്രോബ്ലം ഉണ്ടാക്കും അറിയാലോ.... അപ്പൊ ഇന്ന് തന്നെ ഒരു മൊബൈൽ വാങ്ങി തരാൻ ഫൈസ്നോട് പറയണം.

എല്ലാരും കൂടി എന്നെയങ്ങു കൊല്ല്. അന്നത്തെ ആക്സിഡന്റിൽ ചത്ത മതിയാരുന്നു. എല്ലാം തീർന്നേനെ അപ്പോൾ തന്നെ.

അത് പറഞ്ഞതെ ഓർമയുള്ളൂ അവൾക്ക് അവളെ കഴുത്തിൽ അവന്റെ കൈ മുറുകിയിരുന്നു. ശ്വാസം മുട്ടുന്ന പോലെ തോന്നി അവൾക്ക്....... കണ്ണുകൾ തുറിച്ചു വന്നു.... അവൻ പിടി വിട്ടു. അവൾ ചുമച്ചു കൊണ്ട് ശ്വാസം ആഞ്ഞുവലിച്ചു.

ഇനി ഒരിക്കൽ കൂടി പറഞ്ഞ നിന്നെയും കൊന്നിട്ട് ഞാനും അങ്ങ് ചാകും പറഞ്ഞില്ലെന്നു വേണ്ട.

ഭീഷണിയോടെ അതും പറഞ്ഞു അവൻ പോയി.

പോകുന്ന പോക്കിൽ അടുത്തുള്ള ഗ്ലാസിൽ വെച്ചടിച്ചു കയ്യിൽ നിന്നും ബ്ലഡ് ഒലിക്കുന്നത് അവൾ കണ്ടു. ഭീതിയോടെ അതും നോക്കി അവൾ ക്ലാസ്സിലേക്ക് കയറി.

💕💕💕💕💕💕

നിനക്ക് ഇജാസ് സാറിനെ മുൻ പരിജയം ഉണ്ടോ....

അവൾ ഞെട്ടലോടെ റാനിയെ നോക്കി.

പിന്നെ ഇല്ലെന്ന് തലയാട്ടി.

സാർ എല്ലാരോടും നല്ല സ്വഭാവം ആണ്. നിന്നോട് മാത്രം ആണ് ഇങ്ങനെ പെരുമാറുന്നത്. അതെന്ത് കൊണ്ട.

എനിക്കറിയില്ല. അവൾ നിലത്തേക്ക് മുഖം താഴ്ത്തി.

ക്ലാസ്സിൽ ഒക്കെ ഒരു ന്യൂസ് പടർന്നിട്ടുണ്ട്. നീയും ഇജാസ് സാറും ലവർ ആണെന്ന്. ക്ലാസ്സ് എടുക്കുമ്പോ സാർ എപ്പോഴു നിന്നെയത്രേ നോക്കുന്നത്.നീ റിജെക്റ്റ് ചെയ്തോണ്ടാ നിന്നെ ഇങ്ങനെ ദ്രോഹിക്കുന്നത് പോലും.

അവൾ ഞെട്ടലോടെ റാനിയെ നോക്കി. അപ്പോഴേക്കും അവളുടെ ബസ്സ് വന്നിരുന്നു. അവൾ അതിൽ കേറി പോയി.

💕💕💕💕💕💕

കടുവേ........ ഇജാസിന് ഒരുപാട് വേദന എടുത്തിട്ട് ഉണ്ടാകോ......

അറിയാഞ്ഞിട്ട് ചോദിക്കുവാ നിനക്ക് അത്ര ദണ്ണം ഉണ്ടെങ്കിൽ  പോയി നോക്കരുന്നില്ലേ......

പേടിച്ചിട്ട......  എന്റെ കഴുത്തിൽ പിടിച്ചപ്പോ ചത്തു പോയെന്ന് പോലും തോന്നി. ഇത്രയും ദേഷ്യത്തിൽ ആദ്യം ആയിട്ടാ കണ്ടത്.... അവൾ കണ്ണ് തുടച്ചോണ്ട് പറഞ്ഞു.

ബോക്സിങ് ചാമ്പിയൻ ആണ് ഇജാസ്.... ഇതൊക്കെ ഒരു മുറിവ് ഒന്നും ആയിരിക്കില്ല അവന്ന്......

എന്തിനാ ജുനു എന്നോട് ഇങ്ങനെ ചെയ്തത്....... ഞാൻ തെറ്റ് ചെയ്തു അറിവില്ലായ്മ കൊണ്ടല്ലേ അത്. ഫൈസിനെ കൊണ്ട് കല്യാണം കഴിപ്പിക്കുന്ന സമയത്ത് ഇജുനെ വിളിക്കരുന്നില്ലേ...... ഒരു വാക്ക്

പറഞ്ഞിരുന്നെങ്കിൽ ഇങ്ങനൊക്കെ സംഭവിക്കുമായിരുന്നോ......

അയാൾ ഞെട്ടലോടെ ഇനുവിനെ നോക്കി. ആദ്യം അയാണ് ജുനുവിനെ കുറ്റപ്പെടുത്തി അവൾ പറഞ്ഞത്.

നീയപ്പോ കലിപ്പനെ പ്രേമിച്ചിരുന്നോ......

ടോ ഞാൻ എന്താടോ വരുന്നേനേം പോകുന്നേനേം ഒക്കെ പ്രേമിക്കാൻ നടക്കരുന്നോ അവൾ കലിപ്പിൽ ചോദിച്ചു.

അയാൾ ഇളിച്ചു കാണിച്ചു.....

ഞാൻ ആകെ ഇർഫാനെ പ്രേമിച്ചിട്ട് ഉള്ളൂ.... അത് പ്രണയം അല്ലെന്ന് നിങ്ങൾ തന്നെ പറയുന്നു. അപ്പോൾ പിന്നെ ഞാൻ ഇത് വരെ ആരെയും പ്രേമിച്ചിട്ട് ഇല്ല. എനിക്ക് ഫൈസ് കലിപ്പൻ ഒക്കെ ഒരു പോലെയാ...... ദേഷ്യം കാണിക്കുവെങ്കിലും ഞാൻ എന്ന് വെച്ച ജീവന  എന്നെയേ കെട്ടുന്ന് പറഞ്ഞിട്ടുണ്ട്. ഞാൻ ആരെയെങ്കിലും നോക്കുകയോ മിണ്ടുകയോ ചെയ്ത അന്ന് പൂരം ആയിരിക്കും. അവരോട് പോയി പറയും ഞാൻ കെട്ടാൻ പോകുന്ന പെണ്ണാണെന്ന്. ജുനുനോട്

പറയുമ്പോൾ ജുനു പറയും നല്ല ചെക്കനോടി നിനക്കിഷ്ടം ആണെങ്കിൽ നോക്കിക്കോ എനിക്ക് സമ്മതം ആണ്. വെറുതെ ചെക്കനെ തപ്പി നടക്കണ്ടാലൊന്ന് ...... എല്ലാരും അതും പറഞ്ഞു കളിയാക്കി ചിരിക്കും.അന്ന് എനിക്ക് നല്ലൊരു ഫ്രണ്ട് എന്നല്ലാതെ അതിലപ്പുറം ഒന്നും തോന്നിയിട്ടില്ല. അല്ലെങ്കിലും പ്രണയം വിവാഹം മനസ്സിലാവുന്ന പ്രായം ആയിരുന്നില്ല

പിന്നെ പ്രോബ്ലം ഒക്കെ ആയപ്പോ എല്ലാരോടും ദേഷ്യം ആയിരുന്നു. ഉപ്പ മരിച്ച ശേഷം വെറുപ്പായിരുന്നു ആ ഫാമിലിയോട് പോലും . അതിന്ന് ശേഷ ആക്സിഡന്റ് ഉണ്ടായത്. അതിൽ പിന്നെ ആരെയും ഓർത്തില്ല എന്നതാ ശരി. പിന്നെ ഇങ്ങനെ ഒക്കെ സംഭവിച്ചു പോയി. ഞാൻ അറിഞ്ഞോ ഇവൻ ഇപ്പോഴും എന്നെയും കാത്തിരിപ്പാണെന്ന്...... ആ ഇർഫാൻ പിറകെ നടക്കണെ സമയത്ത് ഇവന്ന് വന്നൂടാരുന്നോ.... ഇപ്പൊ ദാ ഫൈസ്...... അവനെ ബ്രദർ ആണെന്ന് പറഞ്ഞു പരിജയപെടുത്തിയത്. ഒരു സുപ്രഭാതതിൽ പറയുന്നു ഭർത്താവ് ആണെന്ന്. ബ്രദർ സിസ്റ്റർ കല്യാണം കഴിക്കോ ആകെ കൂടി ഭ്രാന്ത് പിടിക്ക.

അവൾ തലമുടി വലിച്ചു പിടിച്ചു...... അപ്പോഴാ കണ്ണും മിഴിച്ചു നോക്കുന്ന കടുവയെ കണ്ടത്......

എന്താടോ....

ടീ നിനക്ക് ഇത്രയും ചിന്തിക്കാനും മനസ്സിലാക്കാനും ബുദ്ധി ഉണ്ടാരുന്നോ.....

ഉണ്ടാരുന്നു..... ഞാൻ എന്താ പൊട്ടിയാണോ...

അങ്ങനെ അല്ല നീ ആദ്യം ആയ ജുനുവിനെ കുറ്റപെടുത്തി പറഞ്ഞത്.... ജുനുവിന്റെ തീരുമാനം തെറ്റായിരുന്നു വെന്ന് നിനക്ക് തോന്നുന്നുണ്ടോ.......

എനിക്കൊന്നും അറീല..... എന്റെ ജുനു തെറ്റ് ചെയ്യുന്നു ഞാൻ വിശ്വസിക്കുന്നില്ല. പക്ഷേ ജുനു ഒരിക്കലും ചെയ്യാൻ പാടില്ലായിരുന്നു ഈ വിവാഹം. ഞാൻ തെറ്റ് ചെയ്തു. ഇജാസിനെ മറന്നു..... ജുനുവിനെയും മറന്നു.... അതൊരിക്കലും നിഷേധിക്കുന്നില്ല. എല്ലാം എന്റെ തെറ്റ് തന്നെ ആയിരുന്നു. അത് തിരുത്താൻ ഒരു വിവാഹം ആയിരുന്നു വേണ്ടതെങ്കിൽ ഇജുനെ വിളിക്കരുന്നില്ലേ......

ഇജുന്റെ ഭാഗത്തു ന്യായം ഉണ്ടാരുന്നെങ്കിൽ നിനക്ക്

അവന്റെ കൂടെ പോകാരുന്നല്ലോ......

ജുനു വേണോ ഇജു വേണോന്ന് ആലോചിച്ചപ്പോ എനിക്ക് എന്റെ ജുനു ആയിരുന്നു വലുത്. ഇപ്പൊ ഫൈസ് ആണോ ഇജു ആണോ എന്നാലോചിച്ചപ്പോ എനിക്ക് വലുത് ഇജു ആണ്.... അവിടെയും ജുനുവിനെ ഓർക്കുമ്പോൾ ഇജു വേണ്ട ഫൈസ് എന്ന് ചിന്തിക്കും..... ജുനു വേദനിക്കുന്നത് എനിക്ക് സഹിക്കില്ല. ഇജുനെ വേദനിപ്പിക്കാൻ പറ്റുന്നില്ല രണ്ടാളും എനിക്ക് വേണ്ടി മാത്രം ജീവിക്കുന്നവരാ....... ഇജുനോട് വെറുപ്പ് ആണെന്ന് പറയുമ്പോഴും ഉള്ളിൽ ആയിരം വട്ടം മാപ്പ് പറയാ ഞാൻ. എന്നെ കൊണ്ട് പറ്റില്ല അവനെ ഒഴിവാക്കാൻ....... ഇപ്പൊ ഫൈസ്നെ കാണുമ്പോൾ ഉണ്ടല്ലോ എനിക്ക് ആകെ ഒരാശ്വാസം അവൻ മാത്രം ആണ്. പാവം എല്ലാരേം നടുവിൽ ഒന്നും അറിയാതെ.. അവനോട് എന്ത് ഉത്തരം പറയും. ഇജു ആരാന്ന് ചോദിച്ച അറിയില്ല എന്നെ എന്റെ കയ്യിൽ ഒരു ഉത്തരം ഉള്ളൂ.  ഒരുത്തരം കിട്ടണ്ടേ എനിക്ക്. എങ്ങനെയാ ഇതിൽ നിന്ന് ഒന്ന് രക്ഷപെടുക പടച്ചോനെ...... ചാവാന്ന് വെച്ച കൂടെ പോരും ഇജുവും ജുനുവും അവിടെയും സമാധാനം കിട്ടില്ലെന്ന് എനിക്ക് ഉറപ്പായി അവൾ കഴുത്തിൽ

തടവി എരിവ് വലിച്ചോണ്ട് പറഞ്ഞു. കോളേജിൽ ഒക്കെ ഞാൻ ഇപ്പൊ ഇജാസിന്റെ ലവർ ആണ് പോലും. റാനിയോട് പോലും സത്യം പറഞ്ഞില്ല.

ജീവിതത്തിൽ ഞാൻ ആദ്യം ആയി സത്യം പറഞ്ഞത് കടുവയോടാ..... അതെന്താന്ന് അറിയോ എനിക്ക് എന്റെ ഉപ്പാനെ പോലെ ഇഷ്ടം ആണ് കടുവയെ...... ഉപ്പന്റെ സ്ഥാനത് നിന്ന് പറ ഞാൻ എന്താ വേണ്ടേ.......

കോഴിയാണോ കോഴി മുട്ടയാണോ ആദ്യം ഉണ്ടായത്...... കടുവ ചിന്തിക്കുന്ന പോലെ പറഞ്ഞു.....

അവൾക്ക് ചിരി വന്നു. സത്യം ആണ് കടുവേ എന്റെ അവസ്ഥ ശരിക്കും അങ്ങനെയാ ഇപ്പൊ ഉള്ളത്.

ഇപ്പൊ ഈ നിമിഷം ഞാൻ എല്ലാം വിടുവാ....

എന്റെ മനസ്സിൽ ജുനു ഇല്ല ഇജു ഇല്ല ഫൈസ് ഇല്ല...... വിട്ടു..... എല്ലാം വിട്ടു..... ഞാൻ തനിച്ചാണ്..... എനിക്കാരെയും വേണ്ട ഒന്നും വേണ്ട....... അവൾ മുഖം തുടച്ചു ഒന്ന് ഉഷാറായ പോലെ എണീറ്റു പോയി.

ഷഹിയുടെ വാക്കുകൾ അവളെ മനസ്സിനെ

മുറിവേൽപ്പിച്ചതിന്റെ ബാക്കി പത്രം ആണ് ഇതൊക്കെ. നിന്റെ പ്രണയം നിന്നെ തേടിയെത്തും.... അത് മനസ്സിലാക്കുന്ന അന്ന് നിനക്കുള്ള ഉത്തരവും കിട്ടും......  ഉറച്ചൊരു തീരുമാനവും....... അയാൾ മനസ്സിൽ ഓർത്തു.

അവൾ വീട്ടിൽ എത്തുമ്പോൾ ഫൈസ് ആരോടോ സംസാരിക്കുക ആയിരുന്നു. അവളുടെ പേര് പറയുന്നത് കേട്ടു അവൾ ശ്രദ്ധിച്ചു.

ഞാൻ ഇല്ല പൊന്നു...... അന്ന് ഇജാസിന്റെ വീട്ടിൽ ഫങ്ക്ഷൻ പോയത് ഇപ്പോഴും മറന്നിട്ടില്ല. ഞാൻ അതോടെ നിർത്തി. ഇനി അവൾക്ക് ഇഷ്ടം ഇല്ലെങ്കിൽ എവിടെയും കൂട്ടി പോകില്ല. അവളില്ലാതെ ഞാൻ വന്നാൽ എല്ലാവരും ചോദിക്കും വൈഫ് ഇല്ലെന്ന്. ശഹസാദിനെ പോലുള്ളവർ വൈഫ് ആയി പ്രോബ്ലം ഉണ്ടെന്ന് പുതിയ ന്യൂസ് ഇറക്കും. അതോണ്ട് ദയവു ചെയ്തു എന്നെ ഇനി ഇമ്മാതിരി പാർട്ടിക്ക് വിളിക്കണ്ട അതും പറഞ്ഞു തിരിഞ്ഞു നിന്നതും പിന്നിൽ ഇനുവിനെ കണ്ടു.

അവൾ എന്തോ ആലോചിച്ചു നിൽക്കുന്നത് കണ്ടു.

ഫൈസ് നീ വരുന്നില്ലേങ്കിൽ വേണ്ട ഞാനും സമിയും പാർട്ടിക്ക് പോകും. സമി എനിക്ക് ഇന്ന് പാർട്ടിക്ക് വന്ന ഇനി മുതൽ ഈ വീട്ടിൽ താമസിക്കാന്ന് പ്രോമിസ് ചെയ്തിട്ട് ഉണ്ട്.

അവൻ കണ്ണ് മിഴിച്ചു അവളെ നോക്കി.

അതെന്തിനാ......

നീയല്ലേ പറഞ്ഞത് പുറത്ത് പോയി കളിക്കരുതെന്ന്. അതോണ്ട് എനിക്ക് ഒരു കൂട്ടിന് ഞാൻ അവനെ വിളിച്ചു. ഇവിടെ ആകെ ബോറടിയാണ്. ഇതുസ് മക്കളും എപ്പോഴും ടൂർ പോകും. ഉപ്പയും ഉമ്മയും മിണ്ടില്ല. നീ ഓഫീസിൽ പോകും..... കടുവ ഇങ്ങോട്ട് വരില്ല. അതോണ്ട് സമിയെ ഞാൻ ഇങ്ങോട്ട് വിളിച്ചു. അവൻ പറയുന്നതെല്ലാം കേട്ടാൽ ഇവിടെ താമസിക്കുന്നു പ്രോമിസ് ചെയ്തു.

അത് ശരി എന്നെ പൊട്ടനാക്കി ഇങ്ങനെ ഒക്കെ ഇവിടെ നടക്കുന്നുണ്ടല്ലേ........

ഇഷ്ടം അല്ലെങ്കിൽ വേണ്ട ഞാൻ പറഞ്ഞോളാം സമിക്കയോട് വരണ്ടാന്ന്.

എനിക്കിഷ്ടം അല്ല...... അവൻ പറഞ്ഞതും അവളെ

മുഖം താണു.

അതേ എന്നെയും കൂട്ടിയ മതി നിങ്ങളുടെ കൂടെ.,.....
അപ്പൊ ഇഷ്ടം ആകും അവൻ ചെറുചിരിയോടെ പറഞ്ഞു.

അവളുടെ മുഖം വിടർന്നു. താങ്ക്സ് ഫൈസ് എന്ന് പറഞ്ഞു അവൾ അകത്തേക്ക് ഓടി.

റൂമിൽ കേറിയപ്പോഴാ ബെഡിൽ ഒരു കവർ കണ്ടത്. അവൾ അതെടുത്തു നോക്കി. അകത്തു ഒരു ബോക്സ് ആണ്. അവൾ അത് തുറക്കണോ വേണ്ടയോ എന്നറിയാതെ നിന്നു..

നിനക്ക് തന്നെയാണ് തുറന്നു നോക്ക്.

അവൾ അത് ഓപ്പൺ ആക്കി. മൊബൈൽ....

നിനക്ക് ഇപ്പൊ അത്യാവശ്യം ആണ് ഫോൺ.

ജുനുവിന്റെ കയ്യിൽ ഉള്ള മോഡൽ തന്നെ ആണ്. അത് യൂസ് ചെയ്തു ശീലം ഉണ്ടല്ലോ. അതാ അത് പോലെത്തന്നെ വാങ്ങിയത്.

അവൾ മനസ്സിൽ ഓർത്തു എല്ലാം വിട്ടു നന്നായിന്ന് ഓർത്തെ ഉള്ളൂ. ഒരുകാലത്തും നന്നാക്കാൻ വിടരുത്. ഇനി ഇജു തെണ്ടി ഈ ഫോൺ വെച്ച് എന്തൊക്കെ

ചെയ്യും റബ്ബേ.....

📚STORY BOARD📚

❤️ 💔 INVISIBLE LOVE 💔❤️

Love after💘 marriage story

Part 34

ഈ കാലഘട്ടത്തിൽ ഫോൺ വേണ്ടെന്നു പറയുന്ന ഒരേ ഒരാൾ നീ മാത്രം ആയിരിക്കും. ഫൈസ് ചിരിയോടെ അവളെ നോക്കി എന്നിട്ട് അവന്റെ കയ്യിൽ തിരിച്ചു കൊടുത്ത ഫോൺ അവളെ കയ്യിലേക്ക് തന്നെ തിരിച്ചു വെച്ചു കൊടുത്തു.

നീ കോളേജ് വിട്ടു വരുന്ന വരെ എന്റെ ടെൻഷൻ പറഞ്ഞ തീരില്ല ഇനു. ഇത്രയും വർഷത്തിനിടയിൽ നീ ആദ്യം ആയാണ് ബസ്സിൽ പോകുന്നത് അതും തനിച്ച്..... പിന്നെ ഇടക്കിടക്ക് തലവേദന ഉണ്ടാകുമെന്ന് പറയുന്നു..... നീ വരുന്നത് വരെയുള്ള ടെൻഷൻ പറഞ്ഞ മനസ്സിലാവില്ല. ഇതാകുമ്പോൾ ഇടക്ക് വിളിക്കലോ.....

അവന്റെ വാക്കുകളിൽ എന്നെയൊർത്തുള്ള

കരുതലും ടെൻഷനും അവൾ കണ്ടു......

അവൾക്ക് ഇജാസിനെ പേടിച്ചു ഫോൺ വേണ്ടെന്നു തന്നെ ആയിരുന്നു. പക്ഷേ ഫൈസ്നെ ഓർത്തപ്പോൾ വാങ്ങാതിരിക്കാനും തോന്നിയില്ല.

അവൾ ഫോൺ വാങ്ങി.

നിന്റെ ഹിറ്റ്ലർ എന്ത് പറഞ്ഞു ഇന്നും കിട്ടിയോ പണിഷ്മെന്റ്.....

അതിന് ക്ലാസ്സിൽ കേറാനെ വിട്ടില്ലല്ലോ എന്നിട്ടല്ലേ പണിഷ്മെന്റ്....അവൾ പെട്ടന്ന് പറഞ്ഞു പോയി......

ക്ലാസ്സിൽ കയറ്റിയില്ലെന്നോ അതെന്താ......

അത്.... പിന്നെ...... അവൾ ഉരുണ്ടു കളിച്ചു......

ഞാൻ കോളേജിൽ വന്നു അന്വേഷിക്കണോ അതോ പറയുന്നുണ്ടോ......

ലേറ്റ് ആയ എപ്പോഴും ക്ലാസ്സിൽ എത്തുക. അതോണ്ട് പുറത്തു നിർത്തും.

കറക്റ്റ് ടൈം ബസ്സ് ഉണ്ടല്ലോ..... മിനിമം ഹഫ്നവർ മുന്നേ കോളേജിൽ എത്താം. ഒന്നല്ല രണ്ടോ മൂന്നോ

ബസ്സ് ഉണ്ട്. എന്നിട്ടും എങ്ങനെ ലേറ്റ് ആവുന്നേ.......

രാവിലെ എഴുന്നേൽക്കതോണ്ട് ഉമ്മ ഫുഡ് ടീ യും കാൻസൽ ചെയ്തു. അതോണ്ട് കാന്റീനിൽ പോയി ആണ് ചായ കുടിക്കൽ അതോണ്ടാ ലേറ്റ് ആവുന്നതെന്ന് സങ്കടത്തോടെ അവൾ ഓർത്തു.......

ഞാൻ രാവിലെ ലൈബ്രറിയിൽ പോകും അതോണ്ട് ലേറ്റ് ആകും.അവൾ മുഖത്ത് നോക്കാതെ പറഞ്ഞു.

ഇരന്നു വാങ്ങിക്കുന്നതല്ലേ അപ്പോൾ കുഴപ്പം ഇല്ല. പുറത്ത് തന്നെ നിന്നോ അവൻ കളിയാക്കി പറഞ്ഞു.

ഓഹ് ആയിക്കോട്ടെ ഞാൻ സഹിച്ചു.അവൾ പുച്ഛിച്ചു കൊണ്ട് ഫ്രഷ് ആകാൻ പോയി.

💖💖💖💖💖💖

സാധാരണ സിമ്പിൾ ആയ ഒരു ചുരിദാർ ഇട്ടു ഒരുങ്ങി വരുന്ന അവളെ കണ്ടു അവൻ  നോക്കി.

ഫൈസ് പ്ലീസ് എടുത്ത പൊങ്ങാത്ത ഡ്രസ്സ് ഇട്ടോണ്ട് വരാൻ പറയല്ലേ..... അത് ഞാൻ സമിയോടും പറഞ്ഞതേ. എനിക്കിഷ്ടം ഉള്ള ഡ്രസ്സ് മാത്രം ഇടുന്ന്.

അവൻ ചെറുചിരിയോടെ അവളെ നോക്കി. നമ്മൾ എങ്ങനെയാണോ അത് പോലെ മതി എവിടെയും

ആർക്ക് മുന്നിലും......

ഒരു മിനിറ്റ് എന്ന് പറഞ്ഞു അവൻ പുറത്തേക്ക് പോയി. റംസിയുടെ റൂമിലേക്കു പോകുന്നത് കണ്ടു. വരുമ്പോൾ അവന്റെ കയ്യിൽ രണ്ടു ഇയർറിങ്ങ്സ് ഉണ്ടായിരുന്നു.

ജർമൻ സിൽവർ ഇയറിങ്ങ്സ്  ഡ്രെസ്സിന് സ്യൂട്ട് ആവും...... അവൻ അവൾക്ക് നേരെ നീട്ടി.

ഇത് ഇതുന്റെ അല്ലേ......

അവൾക്ക് ഇഷ്ടം അല്ല. ഞാൻ എനിക്ക് ഇഷ്ടപ്പെട്ടു വാങ്ങിയത് ആണ്. എന്നെ പേടിച്ചു കളയാതെ വെച്ചതാ. ഈ ഡ്രസ്സ് കണ്ടപ്പോൾ നിനക്ക് ചേരുമെന്ന് തോന്നി. നിർബന്ധിക്കുന്നില്ല നിന്റെ ഇഷ്ടം......അവൻ കൈ പിൻവലിച്ചു.

അവൾ പെട്ടെന്ന് അത് വാങ്ങി. ഞാൻ ഇങ്ങനത്തെ ഒന്നും ധരിക്കാറില്ല. ഇന്ന് ഇടാന്ന് കരുതി. അവൾ അവളുടെ ചെവിയിൽ നിന്നും സ്വർണത്തിന്റെ കമ്മൽ ഊരി മാറ്റി. ജുനു ആദ്യം ആയി വാങ്ങി തന്നതാണ് ഇത് വരെ അഴിച്ചു വെച്ചിട്ടില്ല. അത് ഊരി മാറ്റുമ്പോൾ അവൾ ഓർക്കുകയാരുന്നു പ്രതീക്ഷയോടെ തന്റെ നേർക്ക് നീട്ടിയ ആ കൈകൾ

നിരസിക്കാൻ എന്ത് കൊണ്ട തോന്നാഞ്ഞത്....... ഞാനത് വാങ്ങുമ്പോൾ ആ കണ്ണുകൾ തിളങ്ങിയത് കണ്ടു തന്റെ മനസ്സിലും സന്തോഷം തോന്നിയില്ലേ..... ജുനുവിന്റെ ഇഷ്ടത്തെക്കാൾ അവന്റെ ഇഷ്ടത്തിനാണോ പ്രാധാന്യം നൽകിയത്.... അവൾ രണ്ടു കമ്മലും മാറി മാറി നോക്കി....

ഹലോ ഇഷ്ടം ആയില്ലേ.... അവൾ അവന്റെ നേരെ വിരൽ ഞൊടിച്ചു.

അവളൊന്ന് ഞെട്ടി അവനെ നോക്കി.... ഇടാൻ പറ്റുന്നില്ല. ആദ്യം ആയോണ്ട് ആവും അവൾ പറഞ്ഞു.

ഞാൻ ഇട്ട് തരാം പറഞ്ഞു അവൻ ഇയറിങ്ങ്സ് വാങ്ങി. അവൻ ഇട്ട് തരുമ്പോൾ അവന്റെ കൈ ചെവിയിൽ തൊട്ടതും ശരീരത്തിൽ ഒരു കോരിതരിപ്പ് പോലെ തോന്നി. അവളുടെ കയ്യിൽ രോമങ്ങൾ എഴുന്നേറ്റു. അവന്റെ ചുടു നിശ്വാസം അവളിൽ പതിക്കുന്നുണ്ടായിരുന്നു. ഹൃദയം പട പട ഇടിക്കുന്നത് അവൾ അറിഞ്ഞു. അവൻ കമ്മൽ ഇട്ടു പോയിട്ടും അവൾ അനങ്ങാൻ ആവാതെ നിന്നിടത് തന്നെ ആയിരുന്നു. നെറ്റിയിൽ കൂടി വിയർപ്പ്

ഒലിച്ചിറങ്ങി.

ടീ വരുന്നില്ലേ...... അവൻ വിളിച്ചപ്പോഴാ അവൾ അവ്യക്തമായി വരുന്നു പറഞ്ഞു കൊണ്ട് പിറകെ പോയത്. അപ്പോഴേക്കും സമി വന്നിരുന്നു. രണ്ടിന്റെയും ഡ്രസ്സ് കണ്ടു  ഫൈസ് അടിമുടി നോക്കി. സമിക്ക് കാര്യം മനസ്സിലായി. ഇനുവിന്റെയും അവന്റെയും ഡ്രസ്സ് ക്രീം കളർ ആയിരുന്നു.

എന്റെ മുത്തേ കോയിൻസിഡൻസ് ആണ്. അതിന്ന് മുഖം വീർപ്പിക്കണ്ട സമി അവനോട് മെല്ലെ പറഞ്ഞു.

സമിക്ക നമ്മൾ ഡ്രസ്സ്  മാച്ച് ആണല്ലോ അതാണ് മനപ്പൊരുത്തം എന്ന് പറഞ്ഞു. സമി ദയനീയമായി അവനെ നോക്കി

സമി ഹാൻഡ്സം ആയിട്ടുണ്ട്..... നിനക്ക് നന്നായി ചേരുന്നുണ്ട്......

ഇവൾ എന്റെ പോക കണ്ടേ അടങ്ങു.....സമി മനസ്സിൽ ഓർത്തു.

മുഖം ഒന്നൂടി വീർപ്പിച്ചു അവൻ കാറിൽ കെറി.

സമിയും അവളും കൂടി എന്തൊക്കെയോ പറഞ്ഞു വെറുപ്പിച്ചു കൊണ്ടിരുന്നു. അവൻ മൈന്റ്

ആക്കിയില്ല. അവൾ അവനെ ശ്രദ്ധിച്ചും ഇല്ല അത് അവന്റെ കുശുമ്പ് കൂട്ടുകയും ചെയ്തു. സമിയുടെ മേലെ ക്രൂര നോട്ടമായി അത് പലപ്പോഴും എത്തി. സമി പകരം ഇളിച്ചു കാണിച്ചു.

💖💖💖💖💖💖

ഏതോ റെസ്റ്റോറന്റ് മുന്നിൽ കാർ നിർത്തിയപ്പോഴാ അവൾ നോക്കിയത്. അവൾ അവളെ ഭാഗത്തു ഡോർ തുറക്കാൻ നോക്കുമ്പോഴാ അടുത്തൊരു കാർ നിർത്തിയത്. അതിൽ നിന്നും ഒരാൾ ഇറങ്ങി പുറത്ത് നിന്നു. അവളുടെ ഡോർ തുറന്നതും അയാളുടെ ദേഹത്ത് തട്ടി.

ഹൌ ഡേർ യൂ.... എന്നും പറഞ്ഞു അയാൾ തിരിഞ്ഞു നോക്കി.

അവൾ അപ്പൊ തന്നെ ഇറങ്ങിയിരുന്നു. മനപ്പൂർവം ആണ് അയാൾ ഡോർ തുറക്കുമ്പോൾ അവിടെ വന്നു നിന്നത്.  അവൾക്ക് മനസ്സിലായിരുന്നു. പതുക്കെ വന്നു തട്ടി തട്ടില്ല എന്ന മട്ടിൽ ആണ് നിന്നത് . തിരിഞ്ഞു നിന്ന  ആളെ അവൾ കണ്ടു ഇജാസ്.

അവനെ കണ്ടതെ പാതി തളർന്നിരുന്നു അവൾ.

കൾച്ചർ ഇല്ലാത്ത ഓരോന്ന് ഇറങ്ങിക്കോളും മെനക്കെടുത്താൻ ആയിട്ട്. അതെങ്ങനെ ഇത് പോലുള്ള സ്ഥലത്ത് ആദ്യം ആയിട്ട് ആയിരുക്കുമല്ലോ വരുന്നത് തന്നെ. തനിക്കൊക്കെ മാനേഴ്സ് അറിയോ യൂസ്ലെസ് ഫെലോ  ഇറങ്ങിയതും ശൗട്ട് ചെയ്തു പറയാൻ തുടങ്ങിയിരുന്നു ഇജാസ്. ആൾക്കാർ ഒക്കെ കൂടി വന്നു.

സമിയും ഫൈസ് കാറിൽ നിന്ന് ഇറങ്ങിയതും ഇതൊക്കെയൊണ് കേട്ടത്.

അവൻ ഇനുവിനെ നോക്കി. അവൾ തല താഴ്ത്തി നിന്നു.

ഫൈസ് വന്നു അവളെ ചേർത്ത് പിടിച്ചു. എന്താടാ പറ്റിയെ എന്താ പ്രോബ്ലം.

അവൾ മിണ്ടാതെ നിന്നു. അപ്പോഴേക്കും ആരോ വന്നു കാര്യം പറഞ്ഞു കൊടുത്തു.

ഞാൻ ഡോർ തുറക്കുമ്പോൾ സാറിന്റെ ദേഹത്ത് തട്ടി. സാർ വീണു. സാറിന്റെ ഫോൺ വീണു പൊട്ടി. അവൾ തല ഉയർത്താതെ പറഞ്ഞു.

സോറി ഇജാസ് അറിയാതെ തട്ടിപ്പോയത ഇഷ്യു

ആക്കല്ലേ . അവൾ അറിഞ്ഞോണ്ട് അല്ല.ഒന്നും പറ്റിയില്ലല്ലോ . ഫോൺ വേണേൽ ഞാൻ വേറെ വാങ്ങി തരാം...... ഫൈസ് മെല്ലെ സ്വരം താഴ്ത്തി സൗമ്യമായിരുന്നു പറഞ്ഞത്.ഇനു വിന്റെ ഭാഗത്തു തെറ്റ് ഉള്ളത് പറഞ്ഞോണ്ട് തന്നെ അവൻ സോറി പറഞ്ഞത്.

സോറി സാർ..... ഞാൻ കണ്ടില്ലായിരുന്നു. റിയലി സോറി സാർ. അവൾ കെഞ്ചുന്ന പോലെ പറഞ്ഞു.

അത് കേട്ടതും കൂടി നിന്നവർ അത് തന്നെ പറഞ്ഞു ആ കുട്ടിക്ക് കാണാതെ പറ്റിയതല്ലേ. മാപ്പും ചോദിച്ചു. പ്രോബ്ലം ഉണ്ടാക്കേണ്ട സാർ.

അവൻ അവളെ തിരിഞ്ഞു നോക്കാതെ പോയി.

എല്ലാം ശഹി ദൂരെ നിന്നു നോക്കുന്നത് അവൾ കണ്ടു.

സാരമില്ല ഇനു. ഇതിന്റെ പേരിൽ മൂഡ് കളയണ്ട. അവൻ ഒരു ജാഡ പാർട്ടിയ.വിട്ടേക്ക്

ഫൈസ് അവളെ ആശ്വസിപ്പിച്ചു.

അന്ന് ഫാങ്ക്ഷൻ പരിജയപെട്ടതല്ലേ എന്നിട്ടും പെരുമാറുന്നത് കണ്ടോ. പണത്തിന്റെ അഹങ്കാരം ആണ് അവന്ന് സമിയും പറഞ്ഞു.

അവൾ തിരിച്ചു ഒന്നും പറയാതെ അവരെ കൂടെ നടന്നു. ഷഹിയുടെ അടുത്തെത്തിയതും മെല്ലെ സ്ലോ ആക്കി. ഫൈസ് സമി കുറച്ചു ദൂരെ എത്തിയിരുന്നു.

Aye Aye Oh  Pani Paali Lo

Aye Aye Oh  Pani Paali Lo

എന്ന് പാടി ഷോൾഡർ പൊക്കി കാണിച്ചു.

ആരെ ബുദ്ധിയാ ഇത് ശഹി താടി ചുഴിഞ്ഞു അവളെ ഉറ്റുനോക്കി പറഞ്ഞു.

കടുവയുടെ...... സോറി അഹ്മദ് സാറിന്റെ പോലിസ് ബുദ്ധി.... എങ്ങനെ ഉണ്ട് കൊള്ളാവോ....

ഓഹ് നിന്റെ കൂടെ നടക്കുന്ന ആ കിഴവന്റെ അവൻ പുച്ഛത്തോടെ പറഞ്ഞു.

നിന്റെ രാമൻ എന്നെ ബാക്ക് ബെഞ്ചിൽ ഇരുത്തിയതും ടോർച്ചർ ചെയ്യുന്നതും ഒക്കെ കേട്ടപ്പോഴേ എന്നോട് പറഞ്ഞു ഒന്നുകിൽ എന്നെ മാക്സിമം ടോർച്ചർ ചെയ്തു നിങ്ങളുടെ മുന്നിൽ മുട്ട് കുത്തിക്കുക. അല്ലെങ്കിൽ എനിക്ക് വേണ്ടി ഫൈസ് ഇജാസിനോട് തല്ലുണ്ടാക്കുകയാണ് നിങ്ങളുടെ ലക്ഷ്യം എന്ന്. അതിന്റെ ആദ്യപടി ആണ്

കോളേജിലേക്കുള്ള വരവ്. അവിടെ നടക്കുന്നതൊക്കെ ഞാൻ ഫൈസ്നോട് പറയും ഫൈസ് ചോദിക്കാൻ വരും. തല്ല് കൂടും. രണ്ടു പേർക്കിടയിൽ ആരെ കൂടെ നിൽക്കണമെന്ന് അറിയാതെ ഫൈസ്നോട് സത്യം പറയും. ആ നിമിഷം മുതൽ ഇജാസിന് മുന്നിൽ കീഴടങ്ങുക മാത്രമേ എനിക്ക് വഴിയുള്ളു എന്നും. ഇപ്പോ നടന്നതും അതിന് വേണ്ടി ആണെന്ന് നന്നായി അറിയാം.....

കയ്യടിക്കുന്ന ശബ്ദം കേട്ടു അവൾ തിരിഞ്ഞു നോക്കി ഇജു.

നിനക്ക് നേരായ വഴിയേ അറിയൂ. പിന്നാരാ ഈ കുരുട്ട് ബുദ്ധി ഒക്ക പഠിപ്പിച്ചെന്ന്  ചിന്തിച്ചു ഇരിക്കരുന്നു. എനിക്ക്  ലക്ഷ്യം നീയാണ്. അതിന്ന് വേണ്ടി എന്ത് തറപണിയും ഞാൻ  ചെയ്യും..... എനിക്കിനിയും നിന്നെ കൂടാതെ പറ്റില്ല ഇനായ മെഹവിഷ്......

ഇത്രയും ചീപ്പ് ആകരുത് ഇജാസ് .

നിന്നിൽ അവകാശം എനിക്ക് മാത്രം ആയി മാറ്റും ഞാൻ...... ഇജാസ് വെല്ലുവിളിയോടെ പറഞ്ഞു. ശഹി

അവരെ ശ്രദ്ധിക്കാത്ത പോലെ ദൂരേക്ക് നോക്കി നിന്നു.

ദയവു ചെയ്തു എന്നെ വെറുതെ വിട്..... എനിക്ക് അന്നും ഇന്നും നിങ്ങളോടൊക്കെ വെറുപ്പ് മാത്രം ഉള്ളൂ.അവൾ പുച്ഛത്തോടെ പറഞ്ഞു.

ലവ് യൂ ടു ബേബി..... ഉമ്മ...... അവൻ പ്രത്യേക ഈണത്തിൽ പറഞ്ഞു ചുണ്ട് കൊണ്ട് കിസ്സ് കൊടുത്തു. അവൾ കലിപ്പോടെ നോക്കി.

അപ്പോഴേക്കും ഫൈസ് തിരിഞ്ഞു നോക്കിയിരുന്നു. അവൾ ഓടിപ്പോയി.

എന്താ അവൻ ആയി വീണ്ടും ഉടക്കിയോ.....

എന്നോട് അവർ ക്ഷമ ചോദിച്ചു. പെട്ടെന്ന് ഉള്ള ദേഷ്യത്തിന് പറഞ്ഞു പോയതാ അവർ.

ഫൈസി അവരെ നോക്കി ഒന്ന് മൂളുക മാത്രം ചെയ്തു.

💕💕💕💕💕💕💕

ഈ ഐഡിയ ചീറ്റി. ഇനി വേറെന്തെങ്കിലും ഉണ്ടോ ഇജാസ് അവനെ നോക്കി.

നമുക്ക് കിട്ടുമെടോ ഒരു ചാൻസ് ഡോണ്ട് വെറി. അവൻ ഇജുന്റെ കഴുത്തിലൂടെ കയ്യിട്ടു അകത്തേക്ക് പോയി.

ബർത്ഡേ പാർട്ടി ആയിരുന്നു അവിടെ. അവൾക്ക് അതെല്ലാം അത്ഭുതം ആയിരുന്നു. ഒരുപാട് ആൾക്കാർ...... പലതരത്തിൽ പല വിധത്തിൽ........ എല്ലാം പൊള്ളയായ ബന്ധങ്ങൾ മാത്രം ആണെന്ന് അവൾക്ക് തോന്നി. ആകെ മടുപ്പ് പിടിച്ചിരുന്നു അവൾക്ക്. അവിടേക്ക് കേറുന്നതിന്ന് മുന്നേ അവൾ ഫൈസിന്റെ കയ്യിൽ പിടിച്ചിരുന്നു. ഒരു സെക്കന്റ് പോലും അത് വിട്ടില്ല. പേടിച്ചിട്ടു ആണെന്ന് അവന്ന് തോന്നി. അത് കൊണ്ട് തന്നെ അവൻ ആ പിടി വിടുവിച്ചും ഇല്ല. ഇജുവിനെ പേടി ഉള്ളത് കൊണ്ട് തന്നെ അവൾ ചുറ്റും നോക്കുന്നുണ്ടായിരുന്നു. തന്നെ പ്രണയത്തോടെയും കലിപ്പോടെയും നോക്കുന്ന ആ മിഴികൾ അവളിൽ വേദന ആയിരുന്നു പടർത്തിയത്...... എനിക്കിഷ്ടം ആണ് പക്ഷേ അത് എല്ലാരേയും പോലെ അല്ലാതെ സ്പെഷ്യൽ ആണോ ആണെങ്കിൽ അങ്ങനെ തോന്നത്തത് എന്താ...... എന്നാൽ ഫൈസിന്റെ അടുത്ത് അങ്ങനെ അല്ല...... മറ്റുള്ളവരെ അടുത്ത് ഇല്ലാത്ത എന്തോ ഒന്ന്

അവനിലേക്ക് എന്നെ അടുപ്പിക്കുന്നു. അവന്റെ നോട്ടം സ്പർശം ഒക്കെ ശരീരത്തിൽ ഉണ്ടാക്കുന്ന കോരിതരിപ്പ് പറയാൻ പറ്റാത്തതാണ്...... കടുവ പറഞ്ഞത് അവൾ ഓർത്തു........ അവന്റെ ശരീരത്തോട് മാത്രം ആണ് ആ ഫീൽ എങ്കിൽ അത് പ്രണയം അല്ല പൊടിക്കുപ്പി........ പ്രായപൂർത്തി ആയ ഒരാണും പെണ്ണും തമ്മിൽ പരസ്പരം ആകർഷിക്കുന്നത് ആദ്യം അവരുടെ ബോഡി തന്നെ ആണ്...... സ്പർശനം കൊണ്ട് ഉണ്ടാകുന്ന സുഖം ശരീരങ്ങൾ തമ്മിലുള്ള സ്നേഹം മാത്രം ആണ്. മനസ്സിൽ മൊട്ടിടുന്ന മോഹം ആ ശരീരം കിട്ടുമ്പോൾ അടങ്ങുകയും ചെയ്യും. അതേ സമയം നിനക്ക് അവനോട് പ്രണയം ആണെങ്കിൽ നീ അവനെ കാണുന്നത് കണ്ണുകൾ കൊണ്ടല്ല മനസ്സ് കൊണ്ടാകും........ അവന്റെ സ്പർശനമോ നോട്ടമോ വേണ്ട നിനക്ക് അവനെ ഓർക്കാനും ഫീലിംഗ്സ് ഉണ്ടാക്കുവാനും .......  അവന്റെ ഓർമ്മകൾ പോലും നിന്റെ മനസ്സ് കൊതിക്കും......  മനസ്സും ശരീരവും അവനെ മാത്രം ആയിരിക്കും ആഗ്രഹിക്കുക......

എന്റെ ഓർമകളിൽ ഇവൻ മാത്രം അല്ലേ ഉള്ളത്.... അപ്പോൾ ഇവനോട് എനിക്ക് പ്രണയം ആണോ.....

അവൾ ഫൈസ് ചേർത്ത് പിടിച്ച കയ്യിലേക്കും അവന്റെ മുഖത്തേക്ക് തന്നെ നോക്കി . അവൻ പെട്ടന്ന് തിരിഞ്ഞു  നോക്കി. തന്നെ തന്നെ നോക്കി നിൽക്കുന്ന ഇനുവിനെ കണ്ടു......

അവൻ എന്താ എന്ന് പിരികം കൊണ്ട് ചോദിച്ചു.

അവൾ അതൊന്നും അറിഞ്ഞിരുന്നില്ല അവന്റെ കണ്ണുകളിൽ ലയിച്ചു നിൽക്കുകയാരുന്നു അവൾ. അവൾ അപ്പോൾ മനസിലാക്കുകയാരുന്നു ഈ കണ്ണുകൾ കാണുമ്പോൾ  തനിക്ക് ഇത് വരെ ആരിലും കാണാനാകാത്ത വികാരം ആണ്. ഈ സ്പർശനത്തിൽ ഞാൻ അറിയുന്നത് ഒരിക്കലും ജുനുവിനോടോ  ഇജുവിനോടോ ഉള്ള വികാരം അല്ല...... ഇർഫാനെ സ്നേഹിച്ചിരുന്നു പ്രണയിച്ചിരുന്നു പക്ഷേ അവന്റെ നോട്ടവും സ്പർശവും അസ്വസ്ഥത ഉണ്ടാക്കിയിരുന്നു. എന്നാൽ ഫൈസിനോട് ഒരിക്കലും അങ്ങനെ തോന്നിയിരുന്നില്ല...... ഇതിനൊക്കെ അർത്ഥം ഫൈസിനോട് എനിക്ക് പ്രണയം ആണോ ഇതാണോ എന്റെ സോൾമേറ്റ്.......

അവൾക്ക് നെറ്റിയിലെ ഞരമ്പുകൾ എടുത്തു

പിടിച്ചു....  കണ്ണുകൾ കുറുകി....  തലക്കുള്ളിലൂടെ മിന്നൽ പിണർ പാഞ്ഞു പോയത് പോലെ തോന്നി... ...

അവൾ ബോധം നഷ്ടപ്പെട്ടു താഴേക്കു പതിക്കുന്നതിന്ന് മുന്നേ നാല് കൈകൾ അവളെ താങ്ങിയിരുന്നു. ...... ഫൈസ് അവളുടെ മാറ്റം കണ്ടു തലവേദന എടുക്കുന്നത് കൊണ്ടാകും എന്ന് കരുതി അവളെ വിളിക്കാൻ നോക്കുമ്പോ ആണ് അവൾ വീഴുന്നത് പോലെ തോന്നിയത്.  അവളെ താങ്ങി നിർത്താൻ നോക്കുമ്പോ ആണ് അവളെ മറ്റു രണ്ട് കൈ കൂടി താങ്ങിയത് കണ്ടത്....  ഇജാസ്... അവൻ ഞെട്ടലോടെ അവനെ നോക്കി...  അവളെ പിടിച്ചിരുന്ന കൈകളിലേക്കും....

**INVISIBLE LOVE**

**Love after marriage story**

**Part 35**

എന്റെ ഭാര്യ വീണാൽ ഇവനെന്താ..... ഇങ്ങനെ പേടിച്ചു  ഓടിവന്നു താങ്ങാൻ അവന്റെ ഭാര്യയോ ലവറോ ആണോ ഇവൾ...അവന്റെ

ഉള്ളിൽ അവളെ അവസ്ഥ ഓർത്തുള്ള സങ്കടം ആയിരുന്നില്ല അപ്പോൾ. ഇവനെന്തിനാ അവളെ തൊട്ടത് എന്ന ദേഷ്യം ആയിരുന്നു....

അവൾക്ക് ഇടക്ക് ഉണ്ടാകുന്നത സാരമില്ല ഞാൻ നോക്കിക്കൊള്ളാം എന്ന് പറഞ്ഞു ബലമായി അവന്റെ കൈ തട്ടി മാറ്റി അവളെ കൈകളിൽ കോരിയെടുത്തു.

അവർ പോകുന്നത് നോക്കി നിറക്കണ്ണുകളോടെ ഇജു നിന്നു.

പോട്ടെടാ സാരമില്ല ശഹി അവന്റെ തോളിൽ കൈ വെച്ചു......

അവൻ ആ കൈ തട്ടിമാറ്റി കണ്ണും തുടച്ചു  പോയി.

ആരോ തലയിലൂടെ തലോടുന്നത് പോലെ തോന്നി അവൾ കണ്ണ് തുറന്നു.ഫൈസ് ആണ് തന്റെ അടുത്ത് ഇരുന്നിട്ടുണ്ട്.റൂമിലാണ് ഉള്ളത്.

അവൾ എഴുന്നേൽക്കാൻ നോക്കിയതും അവൻ പിടിച്ചു വെച്ചു. എഴുന്നേൽക്കണ്ട റസ്റ്റ് എടുത്തോ.....

ഞാൻ കാരണം ബുദ്ധിമുട്ട് ആയി അല്ലേ....

സത്യം ആയിട്ടും ആയി എന്തോരം സ്പെഷ്യൽ ഫുഡ് ഉണ്ടായിരുന്നെന്നോ അതും ഇന്റർനാഷണൽ ഫുഡ് ഐറ്റംസ് വരെ ഒക്കെ പോയി. സത്യം പറഞ്ഞ ഇമ്മാതിരി ഫുഡ് കഴിക്കാനാ പാർട്ടിക്ക് പോകുന്നെ തന്നെ അതൊക്കെ പോയില്ലേ......നിനക്ക് ഒരു അരമണിക്കൂർ കൂടി കഴിഞ്ഞു ഭൂമി ദേവതയെ തൊഴാൻ പോയ പോരാരുന്നോ സമി താടിക്ക് കയ്യും കൊടുത്തു സങ്കടത്തോടെ  പറഞ്ഞു.

അവൾ അത് കേട്ട് ചിരിച്ചു പോയി.

അടുക്കളയിൽ പഴം കഞ്ഞി ഇരിപ്പുണ്ടാകും പോയി കുടിച്ചോ...... ലോകത്ത് എവിടെയും കിട്ടാത്ത ഐറ്റം ആണ് ഒടുക്കത്തെ ടേസ്റ്റ് ആയിരിക്കും ഫൈസി കളിയാക്കി പറഞ്ഞു...

കളിയാക്കണ്ട ഫൈസ് ആ പഴം കഞ്ഞിയുടെ ടെസ്റ്റ് എവിടെയും കിട്ടില്ല. ചിലപ്പോൾ ചീത്ത ആയിട്ട് ഉണ്ടാവും എന്നാലും അതിനോളം ടെസ്റ്റ്  ഒരു ആഹാരത്തിനും കിട്ടില്ല. ഇന്ന് വരെ  തോന്നിയിട്ടും ഇല്ല. വിശന്നു കുടൽ കരിയുമ്പോ കുടിക്കുന്ന പച്ചവെള്ളത്തിന് പോലും നിങ്ങൾ കുടിക്കുന്ന വിലയേറിയ ഡ്രിങ്കിസിനെക്കാളും ടെസ്റ്റ് ആണ്.

നിങ്ങൾ ഒക്കെ വേസ്റ്റ് ആക്കുന്ന ഫുഡ് ഞാൻ കാണാറുണ്ട്. അതൊക്ക കിട്ടിയിരുന്നെങ്കിൽ ഞങ്ങൾക്കൊക്കെ ഒരാഴ്ച കഴിക്കാൻ ഉള്ള ആഹാരം ഉണ്ടാകും. അതിനൊക്കെ ഇന്റർനാഷണൽ ഫുഡ്നേക്കാൾ വിലയും ഉണ്ട്.

അവളത് പറയുമ്പോൾ കൺകോണിൽ ഉണ്ടായ നനവ് അവളറിഞ്ഞിട്ടുള്ള വിശപ്പിന്റെ വിലയാണെന്ന് അവന്ന് തോന്നി. ഒരു നീറ്റൽ തോന്നി അവർക്ക് രണ്ടാൾക്കും.

അവരുടെ മുഖം കണ്ടതും പറഞ്ഞു പോയതോർത്ത് അവൾക്ക് ജാള്യത തോന്നി.

ഇജാസ് സ്നേഹത്തോടെ ആദ്യമായി വായിൽ വെച്ചു തന്ന പാസ്ത  ആയിരുന്നു ഞാൻ ആദ്യം ആയി അറിഞ്ഞ വിലയേറിയ ഫുഡ് എന്ന് അവളോർത്തു. എനിക്ക് വേണ്ടെന്നു പറഞ്ഞു നിരസിച്ചപ്പോൾ കഴിച്ചൊന്നു പറഞ്ഞു മൗനനുവാദം നൽകിയ ജുനുവിന്റെ മുഖം ഓർത്തു. അന്ന് അവരുടെ കൂടെ കഴിച്ച ആഹാരത്തിന്റെ സ്വാദ് പിന്നീട് കിട്ടിയ ഒരു വിലയേറിയ ഫുഡിലും കിട്ടിയിട്ടില്ല.

ഇജുക്കയുടെയും ജുനുവിന്റെയും സ്നേഹം കൂടി

ഉണ്ടായിരുന്നു ഓരോ ഉരുളയിലും...... പക്ഷേ ആ ഫുഡിന് എന്റെ ജുനു അവൻ കഴിക്കാതെ എനിക്കായി മാറ്റിവെക്കുന്ന ഫുഡിന്റെ അത്ര ടെസ്റ്റ് ഉണ്ടായിരുന്നില്ല.....ആ ഓർമകളിൽ അവളുടെ ചുണ്ടിൽ ഒരു പുഞ്ചിരി വിരിഞ്ഞു.

ടീ ഞങ്ങളെ പഴം കഞ്ഞിയുടെ കാര്യം പറഞ്ഞു സാഡ് ആക്കിയിട്ട് നീ ഇരുന്നു ചിരിക്കുക ആണോ......സമി അവളെ തലക്കിട്ട് തട്ടി ചോദിച്ചു.

പഴം കഞ്ഞി സാഡ് ആണെന്നോ...... അത് കിട്ടാൻ ഞാൻ കരഞ്ഞ പോലെ വേറാരും കരഞ്ഞിട്ട് ഉണ്ടാകില്ല...... തല്ല് കൂടിയിട്ടും ഇണ്ടാകില്ല......

കരയാനോ എന്തിന് അവർ അത്ഭുതത്തോടെ അവളെ നോക്കി.

ജുനുവും ഉമ്മയും കുടിക്കും എനിക്ക് തരില്ല. എനിക്ക് ദോശയും പത്തലും ഒക്കെ തന്നിട്ട് അവർ കുടിക്കും. ജുനു ഉമ്മാനോട് കൊടുക്കണ്ട പറയും. അല്ലെങ്കിലും ഉമ്മാക്ക് അവനോടാ ചായ്‌വ്. എന്നേക്കാൾ ഇഷ്ടം ജുനുനെ ആയിരുന്നു. ചോയ്ക്കുമ്പോ പറയും

അവൻ ആണല്ലേന്ന്.... ഞങ്ങൾ പെണ്ണുങ്ങൾ എന്താ ആണുങ്ങൾക്ക് താഴെ ആണോ.... അവളിലെ സ്ത്രീ

പക്ഷപാതം കണ്ടു അവർക്ക് ചിരിയും ജുനുവിനെ ഓർത്തു അഭിമാനം തോന്നി. താൻ എങ്ങനെ ആയാലും സാരമില്ല അവൾക്ക് എല്ലാ നല്ലത് ആയിരിക്കണെമെന്ന ചിന്ത ആയിരുന്നു ജുനുവിന് എന്ന് അവർക്ക് മനസ്സിലായി.

നിന്നെക്കാൾ ഇഷ്ടം ഉമ്മാക്ക് അവനെ ആണല്ലേ......ഫൈസ് ചിരിയോടെ ചോദിച്ചു.

പക്ഷേ ഉപ്പാക്ക് ഇഷ്ടം എന്നെയാ...... അതും പറഞ്ഞു അവനോട് തല്ല് കൂടും. അവന്ന് അത് കേൾക്കുന്നതെ കലിയാ...... ശരിക്കും പറഞ്ഞ ബെസ്റ്റ് ഫ്രണ്ട്സ് ആയിരുന്നു ഞങ്ങൾ. ഞങ്ങൾക്ക് ആർക്കും പരസ്പരം അറിയാത്ത ഒരു കാര്യം ഇല്ലായിരുന്നു. ഏറ്റവും അടി നടക്കുന്നത് എന്തിനാണെന്ന് അറിയോ  ഉമ്മാനെ പോലെയാ ഞാൻ...... അവൻ  ഉപ്പനെ പോലെയും...... ഉമ്മാനെ കാണാൻ നല്ല മൊഞ്ചാണ്..... വയസ്സും തോന്നിക്കില്ല. എന്നോട് എല്ലാരും പറയും  നിന്റെ ഉമ്മ അല്ലെന്ന് ചോദിക്കണ്ട കാര്യം ഇല്ലെന്ന്. മുറിച്ചു വെച്ച പോലുണ്ടെന്ന്..... ഉമ്മാനെ ചൂണ്ടി അവനോട് ചോദിക്കും പെങ്ങൾ  ആണോന്ന് അത് പറഞ്ഞു ഞാൻ കളിയാക്കും. പിന്നെ പൊരിഞ്ഞ

തല്ലാവും....ആ ഓർമ്മകൾ അവളുടെ മുഖത്ത് സന്തോഷവും പുഞ്ചിരിയും കളിയാടി..... അത് ഫൈസിയുടെയും സമിയുടെയും മുഖത്തും എത്തി.

ജുനു  കഴിഞ്ഞ നിനക്ക് ഏറ്റവും ഇഷ്ടം ആരെയാ.....

ഇജു..,...വായിൽ വന്നത് അവൾ വിഴുങ്ങി.

അവൾ വിഷയം മാറ്റി. എനിക്ക് വിശക്കുന്നു. അവൾ വയറു തടവി അവരെ നോക്കി.

എനിക്ക് ഏതായാലും ഇന്ന് ഹെവി ഫുഡ് തന്നെ വേണം..... ഞാൻ ആഗ്രഹിച്ചു പോയി.സമി പറഞ്ഞു.

എനിക്കും വേണം അവളും കൈ പൊക്കി.

അതിന് പഴം കഞ്ഞി ഉമ്മ കളഞ്ഞിട്ട് ഉണ്ടാകും ഫൈസ് കൈ മലർത്തി.

അത് നിന്റെ കെട്ടിയോൾക്ക് കൊടുത്തോ...

സമി പുച്ഛിച്ചു. ഇനു ഞാൻ തട്ടുകടേന്ന് നല്ല മൊരിഞ്ഞ ദോശയും ബീഫ് ഫ്രൈ അടിക്കാൻ പോവ്വാ വരുന്നോ.....

ചോദിക്കാനുണ്ടോ വാ സമിക്ക അവൾ കയ്യും കൊടുത്തു പോകാൻ നോക്കി.

ഞാൻ എന്താ പിന്നെ പോസ്റ്റ് ആണോ എന്നും പറഞ്ഞു ഫൈസിയും പിറകെ വന്നു.

അവർ പോകുമ്പോൾ ദേഷ്യത്തോടെ അവളെ നോക്കുന്ന ഉമ്മാനെ അവൾ കണ്ടു. അവൾ മുഖം താഴ്ത്തി കാണാത്ത പോലെ ചെയ്തു.

ഫുഡ് കഴിച്ചു കഴിഞ്ഞു ഐസ് ക്രീം കഴിച്ചു കുറച്ചു സമയം വെറുതെ ചുറ്റികറങ്ങി.വീട്ടിൽ എത്തുമ്പോഴേക്കും അവൾ ഉറങ്ങിയിരുന്നു. അവളെ വിളിച്ചു ഉണർത്താതെ തന്നെ അവൻ എടുത്തു ബെഡിൽ കിടത്തി. അവളോടൊപ്പം അവനും അപ്പോൾ തന്നെ ബെഡിലേക്ക് വീണു. തന്റെ ജീവിതത്തിലെ ഏറ്റവും സുന്ദരമായ നിമിഷങ്ങൾ ആയി അവൻ അതിനെ കണ്ടപ്പോൾ അവളെയും ഫൈസിനെയും ഒന്നിച്ചു കണ്ടപ്പോൾ ഉണ്ടായ നെഞ്ചിലെ നീറ്റൽ കണ്ണീർ ആയി തലയിണയിൽ വീഴ്ത്തി ഉറങ്ങാതെ അവനും ഉണ്ടായിരുന്നു ജന്നത് ഹൌസിൽ...... ജീവന് തുല്യം സ്നേഹിച്ച പെണ്ണ് മറ്റൊരാളുടെ ആണെന്ന് അംഗീകരിക്കാൻ ആവാതെ നീറുന്ന നെഞ്ചുമായി അവൻ ഉറക്കിലേക്ക് വീണു. അപ്പോഴും ഇനുവിന്റെ ഫോട്ടോ ആ നെഞ്ചിൽ ഭദ്രമായി ഉണ്ടായിരുന്നു.......

❣️❣️❣️❣️❣️❣️

ഇന്നലെ എപ്പോഴാ വന്നു കിടന്നത്........ അവൾ തലക്ക് കയ്യും കൊടുത്തു മെല്ലെ എണീറ്റു.

ജുനുവുമോന്നിച്ചു ഉമ്മ ഉറങ്ങി കഴിഞ്ഞ മെല്ലെ ബൈക്ക് എടുത്തു കറങ്ങാൻ പോകും. തട്ടുകടയിൽ നിന്നും ഫുഡ് കഴിച്ചു. അതിന്റെ പിറകെ ഐസ് ക്രീം അത് നിർബന്ധം ആണ്. നട്ടപാതിരക്ക് അത് വാങ്ങാൻ ഫൈവ് സ്റ്റാർ ഹോട്ടലിൽ പോകും. അവിടെയെ ഓപ്പൺ ഉണ്ടാകു. അപ്പൊ അവന്ന് ദേഷ്യം വരും ഫുഡ് തട്ട് കടയിൽ നിന്നും ഐസ് ക്രീം ഹോട്ടലിൽ നിന്നും പറഞ്ഞിട്ട്. എന്ന പിന്നെ അവിടുന്ന് ഫുഡ് കഴിച്ച പോരെന്നു ചോദിക്കും.പക്ഷേ അതിന്റെ കോമ്പിനേഷൻ സൂപ്പർ ആണ്.......ഫുഡിൽ അല്ലാന്ന് മാത്രം......ഫുഡ് തിന്നു അവന്റെ കൂടെ ഒരു കറക്കം. ശരിക്കും പറഞ്ഞ അവന്റെ കൂടെ കറങ്ങാൻ കാരണം ഉണ്ടാക്കുന്നത. അല്ലെങ്കിൽ അതികം മഞ്ഞു കൊള്ളേണ്ട  പറഞ്ഞു പെട്ടന്ന് വീട്ടിൽ പോകും ഇതകുമ്പോൾ അര മണിക്കൂർ അവനെയും കെട്ടിപിടിച്ചു നിലാവിനെയും നക്ഷത്രങ്ങളെയും സാക്ഷിയാക്കി മഞ്ഞും കൊണ്ടൊരു  യാത്ര,.....മനസ്സും ശരീരവും കുളിരുന്ന

ആ യാ  ത്ര ഒത്തിരി ഇഷ്ടം ആയിരുന്നു. ഒരു പാട് മിസ്സ് ചെയ്തു ആ യാത്ര. ഇന്ന    ലെ ഇവരെ കൂടെ പോയപ്പോൾ ഉണ്ടായ സന്തോഷം പറഞ്ഞറിയിക്കാൻ പറ്റില്ല. അവൾ ഉറങ്ങുന്ന അവനെ തന്നെ നോക്കി. അവന്റെ മുഖത്ത് തന്നെ നോക്കി കിടന്നപ്പോൾ എന്തോ പ്രേരണയിൽ അവന്റെ അടുത്തേക്ക് ചാഞ്ഞു കിടന്നു നെറ്റിയിൽ പതിയെ ചുംബിച്ചു...... അവന്റെ നെറ്റിയിൽ ഉള്ള മുടിയിഴകൾ മാറ്റി നെറുകയിലൂടെ തലോടി അവന്റെ മുഖത്തേക്ക് തന്നെ നോക്കി കിടന്നു. പതിയെ ഉറക്കം വീണു കണ്ണുകൾ  അടഞ്ഞെങ്കിലും അവന്റെ വിളിയിൽ ഞെട്ടി ഉണർന്നു.

ഇന്നെന്താ ഉറങ്ങിപ്പോയെ ബാങ്ക് കൊടുത്തു.

അവൾ ഞെട്ടി എണീറ്റു. അവൾ അവളെ തലക്ക് തന്നെ ഒരു തട്ട് കൊടുത്തു. എണീറ്റിട്ട് വീണ്ടും ഉറങ്ങിയേ...... ഇവനെയും നോക്കി കിടന്നു സമയം പോയതറിഞ്ഞില്ല.... അവന്റെ നെറ്റിയിൽ കിസ്സ് കൊടുത്തത്     ഓർത്തതും അറിയാതൊരു പുഞ്ചിരി അവളിൽ വിടർന്നു.

അത് ശരി രവിലെ തന്നെ നല്ല മൂഡിൽ ആണല്ലോ

എന്ത് പറ്റി. അവൻ ചെറു ചിരിയോടെ ചോദിച്ചു.

ഇന്ന് ഒരുപാട് ഹാപ്പിയാണ് മോനെ എന്ന് പറഞ്ഞു കവിളിൽ കിസ്സ് കൊടുത്തു അവൾ ബാത്‌റൂമിലേക്ക് ഓടി.

അവൻ ചിരിയോടെ കവിളിൽ തലോടി. പിന്നെ നിസ്കരിക്കാൻ ആയി എണീറ്റു.

💞💞💞💞💞

ഇനു എഴുന്നേറ്റെ ടൈം ആയി..... ഫൈസി കുലുക്കി വിളിച്ചിട്ടും അവൾ ചിണുങ്ങിയതല്ലാതെ എഴുന്നേറ്റില്ല.

ഹിറ്റ്ലർ വരുന്ന ഇനു..... അത് പറഞ്ഞതും അവൾ ഞെട്ടി എണീറ്റു.ചുറ്റും നോക്കി. ഫൈസി വായും പൊതിച്ചിരിക്കുന്നു.

പടച്ചോനെ എനിക്ക് വയ്യ ആദ്യം ആയ ആ ഹിറ്റ്ലർ കൊണ്ട് ഉപകാരം ഉണ്ടായത്.ഇത്രക്ക് പേടിയാണോ ആ സാറിനെ.

പോടാ തെണ്ടീ പറഞ്ഞു തലയിണ കൊണ്ട് ഒരേറും കൊടുത്തു എണീറ്റു ഓടി. ഇല്ലെങ്കിൽ തിരിച്ചു കിട്ടുന്നു അവൾക്ക് അറിയാരുന്നു.

അവൾ റെഡിയായി സ്കാഫ് കുത്തുന്നതും നോക്കി

അവൻ ഇരുന്നു.

ഇന്നെങ്കിലും കുളിച്ചോടെടി.........

ഞാൻ വന്നിട്ട് ഒന്നിച്ചു കുളിക്ക. അപ്പൊ തന്നെ മറുപടി കിട്ടി.

ഒന്നിച്ചു കുളിക്കാന്നോ..... അവൻ ഞെട്ടലോടെ അവളെ നോക്കി.

രാവിലത്തെയും രാത്രിയിലെത്തെത്തും കൂടി ഒന്നിച്ചു കുളിച്ചോളാന്ന്....

അതാണോ...... ഞാൻ വേറെന്തൊക്കെ ആലോചിച്ചു പോയി......

എന്താ ആലോചിച്ചേ......

ഒന്നൂല്യ പൊന്നു.... ഞാൻ ചുമ്മാ പറഞ്ഞത.

ഒക്കെ എനിക്ക് ടൈം ആയി...... ഞാൻ പോട്ടെ എന്ന് പറഞ്ഞു ഓടി. പോകുമ്പോൾ അവനെ നോക്കി പുഞ്ചിരിച്ചു. ആ പുഞ്ചിരി അവന്റെ ചുണ്ടിലും വിരിഞ്ഞു....... ഒരു നിമിഷം അവൾ അവനെ തന്നെ നോക്കി നിന്നു.

അവൻ അവളോട് കൈകൊണ്ട് എന്താന്ന്

ചോദിച്ചപ്പോൾ ചമ്മലോടെ നതിങ് എന്ന് പറഞ്ഞു അവൾ ഓടി.

💕💕💕💕💕💕

ഇന്നും പുറത്ത് നിൽക്കണ്ട ടൈം ആയില്ല എന്ന് ആശ്വാസത്തോടെ കരുതി ക്ലാസ്സിലേക്ക് കയറിയെങ്കിലും അവിടത്തെ കാഴ്ച കണ്ടു അവൾ തറഞ്ഞു നിന്നു. ബോഡിൽ ഇജാസ് ലവ് ഇനായ എന്ന് ഹെഡിങ് കൊടുത്തിട്ട് അതിന്ന്  താഴെ അവളുടെ മുകളിൽ വീണു കൊടുക്കുന്ന ഇജാസിന്റെ ചിത്രം വരച്ചു വെച്ചിരിക്കുന്നു. ക്ലാസ്സ് റൂമിലെ പ്രണയ ലീലകൾ എന്നൊക്കെ വേറെയും എഴുതി വെച്ചിട്ടുണ്ട്. എല്ലാവരും അവളെ തന്നെ നോക്കി എന്തൊക്കെയോ പിറു പിറുക്കുന്നുണ്ട്. റാനി മാത്രം സങ്കടത്തോടെ അവളെ നോക്കി. ബാക്കി എല്ലാരേം മുഖത്ത് പരിഹാസവും കളിയാക്കലും അടങ്ങിയ പുച്ഛവും ഒക്കെ കണ്ടു.

ഞങ്ങളും ഇത്രയും നാൾ ഇവിടൊക്കെ തന്നെ ഉണ്ടായിരുന്നു. ഒന്ന് പരിഗണിക്കമൊയിരുന്നു രോഹൻ വിളിച്ചു പറഞ്ഞു.

ഞങ്ങൾക്ക് ദേഹത്ത് വീഴാൻ ഒരു ചാൻസ് തരോ......

അതിന്ന് നിനക്ക് സാറിന്റെ അത്ര ഗ്ലാമർ ഉണ്ടോ. അവൾക്ക് മൊഞ്ചുള്ളോരേ മാത്രമേ പറ്റു. ഓരോരുത്തരുടെയും വഷളത്തരം നിറഞ്ഞ കമെന്റ് കേട്ടു അവളുടെ കണ്ണുകൾ നിറഞ്ഞൊഴുകി..... മനസ്സ് കൊണ്ട് ചെവി കൊട്ടിയടച്ചു  അവിടത്തന്നെ തറഞ്ഞ് നിന്നു...

സൈലന്റ്സ്....... എന്ന് പറഞ്ഞു ഇജാസ് ക്ലാസ്സിലേക്ക് കയറി വന്നു . ബോഡിലേക്ക് നോക്കി പിന്നെ  ഒന്നും സംഭവിക്കാത്ത പോലെ അവൻ അവളെ നോക്കി...... അവൾക്ക് കേൾക്കാൻ മാത്രം പാകത്തിൽ പറഞ്ഞു....... ഇത് തുടക്കം മാത്രം മിസ്സിസ് ഫൈസ്..... അവന്റെ മുഖത്തെ വിജയചിരി അവൾ കണ്ടു.

അവൾ കണ്ണുകൾ തുടച്ചു. സ്വയം നാണം കെട്ടാലും സാരമില്ല എന്നെ തോൽപ്പിച്ചാൽ മതി അല്ലേ...... അവൾ പുച്ഛത്തോടെ പറഞ്ഞെങ്കിലും  സങ്കടം കൊണ്ട് വാക്കുകൾ ഇടറിയിരുന്നു.

ഇന്നലെ നീ ബോധം കെട്ടു വീണപ്പോൾ ഞാൻ നിന്നെ പിടിച്ചു. അത് ഇഷ്ടം ആകാതെ ഫൈസ് എന്റെ കൈ തട്ടി മാറ്റി.  അപ്പോൾ എന്റെ കണ്ണിൽ

നിന്നും ഒഴുകിയത് കണ്ണുനീർ അല്ലായിരുന്നു നെഞ്ച് കീറി മുറിഞ്ഞു രക്തം ആയിരുന്നു ഒഴുകിയത്. അതിന്ന് പകരം ആയാണ് ഇത് ചെയ്തത്. നീയും അറിയണം ആ വേദന........ അവന്റെ കൺകോണിൽ ഒരു നനവ് അവൾ കണ്ടു. അതും പറഞ്ഞു അവൻ അപ്പോൾ തന്നെ ക്ലാസ്സിൽ നിന്നും ഇറങ്ങി പോവുകയും ചെയ്തു.

❤️ 💔 INVISIBLE LOVE 💔❤️

Love after💘 marriage story

Part 36

എനിക്ക് ആരെയും വേണ്ട...... ഒന്നും വേണ്ട...... ചത്താൽ മതിയാരുന്നു ഒന്ന് അവൾക്ക് ഒന്ന് പൊട്ടിക്കരയണമെന്ന് തോന്നി. അവൾ ആരെയും നോക്കാതെ ക്ലാസ്സിൽ നിന്നും ഇറങ്ങി നേരെ ലൈബ്രറിയിലേക്ക് നടന്നു. ഈ സമയം അവിടെ ആരും ഉണ്ടാകില്ല. തന്റെ സങ്കടങ്ങൾ ഇറക്കി വിടാൻ അതിലും നല്ല പ്ലൈസ് വേറെ ഇല്ലെന്ന് അവൾക്ക് അറിയാമായിരുന്നു. ഇഷ്ടപ്പെട്ട പുസ്തകങ്ങൾ മുന്നിൽ ഉണ്ടായിട്ടും അവൾക്ക് ഒന്നിലും കോൺസിഡ്രേറ്റ് ചെയ്യാൻ കഴിഞ്ഞില്ല. കണ്മുന്നിൽ

ഇജുന്റെ നിറഞ്ഞ കണ്ണുകളും ഇടറിയ വാക്കുകളും മാത്രം..... ഞാൻ ഇന്ന് അനുഭവിച്ച വേദന ഇന്നലെ അവന്നും അനുഭവിച്ചിട്ട് ഉണ്ടാകും..... എങ്ങനെയാ ഞാൻ ഇതിൽ നിന്നും രക്ഷപെടുക. അവൾക്ക് ആലോചിക്കും തോറും തലവേദനിക്കുന്ന പോലെ തോന്നി. നീല കണ്ണുകളിൽ രക്തവർണ്ണം കേറി...... ഞരമ്പുകൾ എടുത്തു പിടിച്ചു. തല പൊട്ടിപിളരുന്ന പോലെ തോന്നി. അവൾക്ക് സഹിക്കാവുന്നതിലും അപ്പുറം ആയി വേദന. അവൾ തലമുടി പിടിച്ചു പറിച്ചു..... ഭ്രാന്ത് കേറിയ പോലെ അവൾ മുന്നിൽ കണ്ടതെല്ലാം തട്ടിയെറിഞ്ഞു......

റാക്ക്കളിൽ അടുക്കി വെച്ച പുസ്തകങ്ങൾ വലിച്ചിട്ടു.ശബ്ദം കേട്ടു ലൈബ്രറി ഇൻചാർജ് ഉള്ള ടീച്ചർ കേറി വന്നു അവളുടെ കോലവും അവിടത്തെ അവസ്ഥയും കണ്ടു അവരും ഒന്ന് പേടിച്ചു..... അവർ വേഗം ഓഫീസിലേക്ക് വിളിച്ചു പറഞ്ഞു..... എന്നിട്ട് അവളുടെ അടുത്തേക്ക് ചെന്നു.

ഇനായ എന്താ ഇത് പേടിയോടെ ചോദിച്ചു

എനിക്ക് വേദന സഹിക്കാൻ പറ്റുന്നില്ല മാം

അവൾ തലയിൽ അമർത്തി പിടിച്ചു. പെട്ടന്ന്

ആയിരുന്നു അടുത്തുള്ള ചുമരിൽ തല ആഞ്ഞടിച്ചത്..... മാം പേടിയോടെ അവളെ പിടിച്ചു വെച്ചതും അവൾ കൈ തട്ടി മാറ്റി വീണ്ടും നെറ്റി ഇടിച്ചു നെറ്റി പൊട്ടി ബ്ലഡ് ഒലിച്ചിറങ്ങി.....

എന്നിട്ടും അവൾ അടങ്ങിയില്ല അവൾ വീണ്ടും നെറ്റി ഇടിച്ചതും  അത് ആരുടെയോ നെഞ്ചിൽ ആണെന്ന് അവൾക്ക് മനസ്സിലായി.  അവൾ മുഖം ഉയർത്തി നോക്കി. ഇജു....... അവൾ മാറാൻ നോക്കിയതും അവൻ ബലമായി അവന്റെ നെഞ്ചോട് ചേർത്ത് പിടിച്ചു......

എനിക്ക് വേദന സഹിക്കാൻ  പറ്റുന്നില്ല.... എനിക്ക് മരിച്ച മതി....... എന്നെ ഒന്ന് കൊന്ന് താ..... അവൾ അവന്റെ നെഞ്ചിലേക്ക് തലകൊണ്ട് ഇടിച്ചു നിലവിളിച്ചോണ്ട് പറഞ്ഞു.......

നിനക്ക് ഒന്നും ഇല്ലെടാ...... ജസ്റ്റ് റിലക്സ്  ഇനു..... റിലക്സ്......അവളെ നെറ്റിയിൽ അമർത്തി ചുംബിച്ചു കൊണ്ട് അവൻ അവന്റെ നെഞ്ചോട് ചേർത്ത് പിടിച്ചു....... ഒരു കൈ കൊണ്ട് അവളുടെ തലയിലൂടെ തലോടി.. അവന്റെ നെഞ്ചിൽ മുഖം അമർത്തി കിടന്നപ്പോൾ അവൾക്ക് കുറച്ചു ആശ്വാസം കിട്ടുന്ന

പോലെ തോന്നി..... അവന്റെ കൈകൾ ഒരു മാജിക് പോലെ അവളുടെ തലയിലൂടെ ഓടുന്നത് അവൾ അറിഞ്ഞു.... നെറുകയിൽ അവന്റെ ചുണ്ടുകൾ ഇടക്കിടക്ക് പതിയുന്നതും അവന്റെ ഹൃദയം പട പട ഇടിക്കുന്നത് അവൾ അറിഞ്ഞു.... തന്റെ അവസ്ഥ കണ്ടുള്ള ഭയം ആണെന്ന് അവൾക്ക് അറിയാമായിരുന്നു..... അവളുടെ വേദന കുറഞ്ഞു വന്നു.....

മാം വിളിച്ചു പറഞ്ഞത് കേട്ട് ഇജാസും ഷഹിയും അവിടേക്ക് ഓടുകയാരുന്നു. അവളുടെ അവസ്ഥ കണ്ടു പേടിച്ചു പോയി.ഭ്രാന്തിയെ പോലെ അലമുറ ഇട്ടു പരക്രമം കാണിച്ചവൾ  ഇപ്പോൾ പൂച്ച കുഞ്ഞിനെ പോലെ അവന്റെ നെഞ്ചോട് ചേർന്നു നില്കുന്നത് കണ്ടു അവർ അത്ഭുതപ്പെട്ടു.

അവൾ അവനെ പിടി വിട്ടു.... ഇപ്പൊ പ്രോബ്ലം ഒന്നും ഇല്ല...... എന്ന് പറഞ്ഞു അവന്റെ മുഖത്ത് നോക്കാതെ പോകാൻ നോക്കിയതും അവൾ ബോധം നഷ്ടപ്പെട്ടു വീണിരുന്നു..... ഇജു അപ്പോഴേക്കും അവളെ പിടിച്ചിരുന്നു....

കാർ എടുക്ക്..... അലറുന്നത് പോലെ ഇജാസ്

പറഞ്ഞതും ശഹി വേഗം ഓടി.......പിന്നാലെ അവളെ എടുത്തു കൊണ്ട് ഇജാസും.....

ഹോസ്പിറ്റലിൽ എത്തി ഡ്രസ്സ് ചെയ്തു ഡ്രിപ്പ് ഇട്ടു..... അവൾ ഉറക്കം ആയിരുന്നു.

മെഡിസിന്റെ സെടാഷൻ ആണ്. ഉറങ്ങിക്കോട്ടെ പറഞ്ഞു ഡോക്ടർ പോയി.

ശഹി വരുമ്പോൾ അവളുടെ തലയിലൂടെ തലോടി അരികിൽ ഇരിക്കുന്ന ഇജുവിനെ കണ്ടു.

ഇജുക്ക ഡോക്ടർ എന്ത് പറഞ്ഞു.

ബ്ലഡ് പോയപ്പോ ഉണ്ടായ ഷോക്ക് ആയിരിക്കും. വേറെ കുഴപ്പം ഒന്നും ഇല്ല.

മുഖത്ത് നല്ല ക്ഷീണം കണ്ടോണ്ട് ഞാൻ അങ്ങോട്ട് പറഞ്ഞു ഡ്രിപ്പ് ഇട്ടതാ.....

വേദന സഹിക്കാൻ പറ്റില്ലെന്ന് അന്ന് ഡോക്ടർ പറഞ്ഞപ്പോ ഇത്രയും കരുതിയില്ല..... ശരിക്കും പേടിച്ചു പോയി ഞാൻ....... രാവിലെ ക്ലാസ്സിൽ അങ്ങനെ ഒക്കെ ചെയ്തോണ്ട് ആണോ..... വേദന വന്നത്.

അതൊക്കെ അവളെ മൈൻഡിൽ ഉള്ളതാണ്.

മുന്പും ഇതേ സിറ്റുവേഷൻസ് ഉണ്ടായിട്ട് ഉള്ളതല്ലേ.... ആ റിട്ടേഡ് ഐജി മൊത്തം പറഞ്ഞു പഠിപ്പിച്ചിട്ട് ഉണ്ടാകും ഞാൻ എന്തൊക്കെ ചെയ്യുന്നു .പോലിസ് ബുദ്ധി അല്ലേ. മാത്രം അല്ല ഞാൻ ദേഷ്യം പിടിച്ച എന്തൊക്കെ ചെയ്യുന്നും എങ്ങനെ പ്രതികരിക്കുമെന്നും  അവൾക്ക് മുൻധാരണ ഉണ്ടാകും. അതോണ്ട് ഒരിക്കലും അതാവില്ല...... ഇജാസ് ആലോചനയോടെ നെറ്റി തടവി......

ഫൈസ് എന്തെങ്കിലും അറിയോന്ന് പേടിച്ചാണോ..... ശഹി സംശയത്തോടെ അവനെ നോക്കി.....

ചിലപ്പോൾ അതവാം...

മതി ഇജാസ്ക്ക നമുക്ക് ഒക്കെ വിടാം..... ഇന്നത്തെ അവളുടെ അവസ്ഥ കണ്ടിട്ട് സഹിക്കാൻ പറ്റിയില്ല...... ശഹി കുറ്റബോധത്തോടെ തല താഴ്ത്തി.

എത്ര നാൾ ഇങ്ങനെ കൊണ്ട് പോകും.... ജീവിതാവസാനം വരെ അവളീ വേദന സഹിച്ചോണ്ട് നടക്കണോ.......ഇജു വേദനയോടെ അവളെ നോക്കി തലയിൽ തടവി.

നമ്മുടെ മുന്നിൽ വേറെ വഴിയില്ല ഇജുക്ക.

ഈ വേദന കണ്ടു നിൽക്കാൻ പറ്റാത്തോണ്ട് ആവും ജുനു അവളെ അവന്റെ സ്ട്രിക്റ്റ് വഴിയിൽ റോബോട്ട് പോലെ കൊണ്ട് നടന്നത്. റിയലി സൂപ്പർ ഹീറോ ആണ് ജുനൈദ്..... അല്ലേ....

ഇജുവിന്റെ മുഖം വലിഞ്ഞു മുറുകിയതും അവൻ വിഷയം മാറ്റി...... ഇനി എന്താ പ്ലാൻ. നമുക്ക് എല്ലാം വിട്ടു തിരിച്ചു പോകാം ഇജുക്ക.ഇനിയും ഇത് പോലെ ഓർക്കാൻ വയ്യ.

ഒന്നുകിൽ ഇവൾ എന്റെ കൂടെ വരും അല്ലെങ്കിൽ ഈ പോക്ക് പോയ അവൾ സ്വയം ഇല്ലാണ്ടാവും അവളുടെ കൂടെ ഞാനും അങ്ങ് പോകും അത്ര തന്നെ.....

ഒന്നിച്ചു ജീവിക്കാന നമ്മളീ കഷ്ടപെടുന്നേ. അല്ലാതെ ചാകാൻ ആണെങ്കിൽ ഇത്രയും ബുദ്ധിമുട്ടണമെന്നില്ല...... ഒറ്റയടിക്ക് അവളെ അങ്ങ് കൊല്ല് പിന്നാലെ നീയും ചാക്..... ഷഹി ദേഷ്യത്തോടെ പറഞ്ഞു.

അതേ കുറച്ചു വിഷം എനിക്ക് കലക്കി താ ബാക്കി താനും കുടിച്ചോ..... അവിടെ നമുക്ക് ബോറടിക്കുന്നോണ്ട് കുറച്ചു ഈ മാക്രിക്കും

കൊടുത്തേക്ക്  ഇനുവിന്റെ ശബ്ദം അവർ കേട്ടു....

എണീറ്റോ മഹാറാണി..... രണ്ടാളും പുച്ഛത്തോടെ അവളെ നോക്കി.

എന്നെ ദ്രോഹിച്ചു മതിയായില്ലേ നിങ്ങൾക്ക്.......

ഇല്ല.... നിന്റെ പോക കണ്ടേ പോകു.ശഹി ആക്കി പറഞ്ഞു.

നീ പോടാ മാക്രി നിന്നോട് ഞാൻ ഒന്നും ചോദിച്ചില്ല.അവൾ മുഖം കോട്ടി.

അതൊക്കെ പോട്ടെ ഞങ്ങൾ സംസാരിച്ചതൊക്കെ നീ കേട്ടോ.... അല്ലെങ്കിൽ വീണ്ടും റിപ്പീറ്റ് അടിക്കാന.

ഇജുക്കന്റെ ലാസ്റ്റ് ഡയലോഗ് കേട്ടു. ചത്താലും അവിടെയും സമാധാനം തരരുത്......

ഞങ്ങൾക്ക് ആകെയുള്ള എന്റർടൈൻമെന്റ് നിന്നെ വേദനിപ്പിച്ചു രസിക്കുക എന്നാണ്. നീ പെട്ടെന്ന് ചത്ത ഞങ്ങൾക്ക് ബോറടിക്കില്ലേ.......ശഹി പുച്ഛത്തോടെ പറഞ്ഞു.

കാട്ടാളന്മാർക്ക് പോലും ഇത്തിരി ദയ ഉണ്ടാകും..... നിങ്ങൾക്ക് അതും ഇല്ലേ.... അവൾ ട്രിപ്പ് ഇട്ട വയറും സൂചിയും ഒക്കെ ദേഷ്യത്തോടെ വലിച്ചൂരി ചാടാൻ

നോക്കി.

ടീ  ...... കലിപ്പോടെ അവളെ പിടിച്ചു ബെഡിൽ കിടത്തി ഇരു സൈഡിലും കൈ കുത്തി ഇജു നിന്നു. ഇവിടെ വയ്യാതെ കിടക്കുക ആണെന്ന് എന്നൊന്നും നോക്കുല. മുഖമടച്ചു ഒന്ന് തരും ഞാൻ കേട്ടോടി........

അവൾ പേടിയോടെ അവനെ നോക്കി മുഖം അനക്കി.

കേട്ടോ ഇജുക്ക ഇന്നലെ ഇവൾ എന്നോട് പറയാ നിങ്ങൾക്ക് പെണ്ണ് നോക്കാൻ. നിങ്ങൾക്ക് അങ്ങനെ മൂക്ക് കയർ വീഴും അവൾ രക്ഷപ്പെടുന്ന്.

അവൻ കലിപ്പോടെ അവളെ നോക്കി.

ഞാൻ അങ്ങനെ ഒന്നും പറഞ്ഞിട്ട് പോലും ഇല്ല.ശഹി കള്ളം പറയാ...... അവൾ പേടിയോടെ അവനെ നോക്കി ഉമിനീർ ഇറക്കി.

ശഹി വാ പൊത്തിച്ചിരിക്കുന്നത് കണ്ടു അവൾ പല്ലിറുമ്മി.

അപ്പോഴാണ് ഡോറിൽ ആരോ മുട്ടുന്നത് കേട്ടത്.....

ശഹി പോയി തുറന്നു.

ഫൈസ്....... പേടിച്ച പോലുള്ള അവന്റെ മുഖം

അവളെ കണ്ടതും ശ്വാസം വീണു.

അപ്പോഴാ അവൻ ഇജാസിനെയും ഷഹിയെയും ശ്രദ്ധിച്ചത്....

ലൈറ്റ് ഗ്രീൻ കളർ ഷർട്ട് ആണ് ഇജാസ് ഇട്ടിരുന്നത് അതിൽ മുഴുവൻ ബ്ലഡ് പടർന്നിട്ടുണ്ട്. ഇനായയുടെ ചുരിദാറിലും ഉണ്ട് ബ്ലഡ്...... ഇജാസ് ആണോ ഇവളെ ഹോസ്പിറ്റലിൽ കൊണ്ട് വന്നത്..... ഞെട്ടൽ മറച്ചു വെച്ചു അവൻ ചോദിച്ചു.

ഞാൻ ഇനുവിന്റെ ന്യൂ ഇംഗ്ലീഷ് സാർ...... ഞാൻ ആണ് ഫൈസിനെ ഇൻഫോം ചെയ്തത്.കോളേജിലേക്ക് കേറുമ്പോൾ കാൽ തടഞ്ഞു വീണതാ. തല കല്ലിൽ ഇടിച്ചു ചെറിയ മുറിവ് ഉണ്ട്...... സ്റ്റിച് ഒന്നും ഇല്ല....... ഡ്രിപ്പ് കഴിഞ്ഞ വീട്ടിൽ പോകാം ഇനുവിന്റെ മുഖത്തേക്ക് നോക്കിയാണ് അവൻ അത്രയും പറഞ്ഞത്.....അത് അവളോട് ഫൈസിനോട് പറയാനുള്ള മറുപടി ആണെന്ന് അവൾക്ക് മനസ്സിലായി.

ഇജാസിന്റെ രൂപവും അവന്റെ ഇനു വിളിയും കണ്ണുകളിലെ വേദനയും അവനിൽ അസ്വസ്ഥത പടർത്തി......

ഇജാസ് ഇപ്പൊ ബിസിനസ് വേൾഡ് ഒക്കെ വിട്ടോ..... കോളേജ് ലക്ച്ചർ ആയിട്ട്...... അവൻ സംശയത്തോടെ ഇജാസിനെ നോക്കി.

ഒരുപാട് സ്ട്രെസ് കൂടിയപ്പോ കുറച്ചു റിലീഫ് വേണമെന്ന് തോന്നി. സോ ഇഷ്ടപെട്ട ജോബ് ആണ് ടീച്ചിങ്. അതോണ്ട് കുറച്ചു മാസത്തേക്ക് ചെറിയൊരു ബ്രേക്ക്...... ജസ്റ്റ് ടൈം പാസ്സ് അത്രേ ഉള്ളൂ....

ഇജാസ്  അവിടെ നിൽക്കുന്ന ഓരോ നിമിഷവും അവനിൽ എന്തെന്നില്ലാത്ത അസ്വസ്ഥത തോന്നിച്ചു.

താങ്ക്സ് അലോട്ട് ഫോർ ഹെല്പ്. താങ്ക്യൂ സോ മച്ച്. എന്ന പിന്നെ നിങ്ങൾ പോയിക്കൊള്ളൂ ഇനി ഞാൻ നോക്കികൊള്ളാം.......

അവരെ ഒഴിവാക്കുകയാണെന്ന് അവർക്ക് മനസ്സിലായി.

ഷഹിയും അവനെ നോക്കി ഒന്ന് പുഞ്ചിരിച്ചു കൊണ്ട് ഇജാസിന്റെ കയ്യിൽ പിടിച്ചു ഇറങ്ങി.

പുറത്തു എത്തിയതും അവൻ ഷഹിയുടെ കൈ തട്ടിത്തെറിപ്പിച്ചു.

നിനക്ക് കുറച്ചു കഴിഞ്ഞു അവനെ വിളിച്ചൂടാരുന്നോ

അവളെ ശരിക്കും കണ്ടും കൂടിയില്ല.....ഇജാസ് അവന്റെ നേരെ ചൂടായി.

അവൾ നമ്മുട കോളേജിലെ ഒരു സ്റ്റുഡന്റ് മാത്രം ആണ് ആരെങ്കിലും അറിഞ്ഞ പണികിട്ടും അതോണ്ടാ ഗഡിയൻ  ഇൻഫോം ചെയ്തത്. അല്ലാതെ നിങ്ങൾ അവളെ കൂടെ ഇരിക്കുന്നെന്ന് എനിക്കെന്താ അവനും ചൂടായി.

എന്തെങ്കിലും കാരണം പറഞ്ഞു ഇവിടെ അഡ്മിറ്റ് ആക്കിയാലോ അല്ലെങ്കിൽ പിന്നെ എങ്ങനെയാ ഇനിയവളെ കാണുക. ഏതായാലും രണ്ടു മൂന്നു ദിവസത്തേക്ക് അവൻ കോളേജിലേക്ക്  വിടുന്നു തോന്നുന്നില്ല ഇജാസ് നിരാശയോടെ പറഞ്ഞു. ഷാഹിക്ക് അത് കണ്ടു നെഞ്ചിൽ ഒരു നീറ്റൽ തോന്നി.

ഇജുക്ക അവൾ അവന്റെ കൂടെ ഹാപ്പിയാണ്. ഞാൻ ഇപ്പോൾ കണ്ടതാ ഫൈസിനെ കണ്ടപ്പോൾ ആ കണ്ണുകളിൽ ഉണ്ടായ തിളക്കം..... നമുക്ക് ഒക്കെ വിട്ടു പോകാം ഇക്ക.

ഷഹിയുടെ കോളേറയിൽ പിടിച്ചത് പെട്ടെന്ന് ആയിരുന്നു. അവന്റെ മുഖം ദേഷ്യത്തിൽ വലിഞ്ഞു മുറുകിയിരുന്നു. കണ്ണുകളിൽ ചുവപ്പ് പടർന്നു.

അവൾ എന്റെ മാത്രം ആണ്. ഫൈസിന് ഒരിക്കലും അവളെ വിട്ടുകൊടുക്കുകയും ഇല്ല. ഞാൻ ഇവിടുന്ന് പോകുമ്പോൾ അവളെ കൊണ്ട് പോകും..... കൊണ്ട് പോയിരിക്കും...... അവൻ ശഹിയെ പിറകോട്ടു തള്ളി അവനെ നോക്കാതെ ഇറങ്ങി പോയി.....

ശഹി മുടിയിൽ കോരുത് പിടിച്ചു കുറച്ചു സമയം അവിടെ നിന്നു. അവൻ ദേഷ്യത്തോടെ ജുനൈദിനേ ഓർത്തു.

💕💕💕💕💕💕💕

അതേ സമി പറഞ്ഞത് പോലെ ഇടക്കിടക്ക് ഭൂമിയെ ചുംബിക്കാൻ ആഗ്രഹം ഉണ്ടല്ലേ...... അവൻ ചെറു ചിരിയോടെ അവളുടെ മുറിവിലൂടെ തലോടി ചോദിച്ചു.

അവൾ അവന്റെ കൈ പിടിച്ചു കവിളിനിടയിൽ വെച്ചു കണ്ണ് പൂട്ടി കിടന്നു.

അതേ എനിക്ക് നല്ല ഉറക്കം ഉണ്ട്. കുറച്ചു സമയം എന്റെ കൂടെ ഇവിടെ കിടക്കോ കണ്ണ് തുറക്കാതെ ചോദിച്ചു.

ആദ്യം ഒന്ന് ഞെട്ടിയെങ്കിലും പിന്നെ ചെറു ചിരിയോടെ അവിടെ കേറി കിടന്നു. അവൾ അവന്റെ

നെഞ്ചിൽ തല വെച്ചു കൈകൊണ്ട് ചുറ്റിപിടച്ചു കിടന്നു. തനിക്കിപ്പോ ഏക ആശ്രയം ഇവിടെ മാത്രമേ ഉള്ളുവെന്ന് കുറച്ചു ദിവസങ്ങൾ കൊണ്ട് തന്നെ അവൾക്ക് മനസ്സിലായിരുന്നു. എല്ലാ പ്രോബ്ലം മറന്നു അവൾ അവന്റെ നെഞ്ചിലേക്ക് ഒതുങ്ങി കൂടി. അവന്റെ വിയർപ്പിന്റെയും സ്പ്രെയുടെയും സ്മെൽ അവളിൽ പറഞ്ഞറിയിക്കാൻ പറ്റാത്ത ഒരു വികാരം പടർത്താൻ തുടങ്ങിയിരുന്നു. അവന്റെ ശരീരത്തോട് ശരീരം അടുപ്പിക്കുമ്പോൾ അവന്നെ കെട്ടിപിടിക്കാനും കിസ്സ് ചെയ്യാനും ഒക്കെയുള്ള ഒരു തോന്നൽ ഉടലെടുത്തതും അവൾ ഞെട്ടി എണീറ്റു.

അവനും അവളെ കണ്ണ് മിഴിച്ചു നോക്കി.

ഉയർന്നു തോന്നിയ ഹാർട് ഇടിപ്പ് അവൾ കൈ വെച്ചു തടഞ്ഞു. എനിക്കെന്തെ പറ്റുന്നെ...... ജുനൈദിന്റെ കൂടെയൊക്കെ ഇങ്ങനെ എന്തോരം കിടന്നിട്ടുണ്ട്...... ഇജാസ് അവളെ കെട്ടിപിടിച്ചു നെഞ്ചോട് ചേർത്തത് അവൾ ഓർത്തു... അവരോടൊന്നും ഇങ്ങനെ അല്ലല്ലോ..... ഇവന്ന് മാത്രം എന്താ പ്രത്യേകത.

എന്താ പറ്റിയെ ഇനു.... വേദന ഉണ്ടോ.....

അവൻ അവളെ നെറ്റിയിൽ തൊടാൻ പോയതും

അവൾ തടഞ്ഞു.

എനിക്ക് പെട്ടെന്ന് എന്തോ പോലെ തോന്നി അതാ....

എന്തോ പോലെ എന്ന് വെച്ച അവൻ പുരികം ചുളിച്ചു.

വയറ്റിൽ നിന്നും ബട്ടർ ഫ്ളൈസ് പറക്കുന്ന പോലെ..... ഒക്കെ തോന്നുന്നു.

അവൾ ഒന്നും മിണ്ടാതെ തല താഴ്ത്തി.

അവളുടെ പരിങ്ങലും മുഖത്ത് ചുവപ്പ് പടർന്നതും നാണത്താൽ കണ്ണുകൾ താഴുന്നത് കണ്ടപ്പോഴേ അവന്ന് കാര്യം മനസ്സിലായിരുന്നു.

അവൾ കിടന്നപ്പോൾ അവളുടെ ശരീരം മുഴുവൻ അവന്റെ മേലെ ടച് ചെയ്തിരുന്നു. അവളുടെ മൃദുലത തന്നിൽ അമർന്നപ്പോൾ തന്റെ ശരീരത്തിൽ ഉണ്ടായ വികാരവായ്പ്പ് കടിച്ചു പിടിച്ചു നിന്നത് തനിക്ക് മാത്രമേ അറിയൂ. അപ്പോൾ അവളുടെ അവസ്ഥ ഊഹിക്കാവുന്നതേ ഉള്ളൂ..... അവന്റെ ചുണ്ടിൽ ഊറിയ പുഞ്ചിരി അവൾ കാണാതെ മറച്ചു പിടിച്ചു.

അതേ ഏതായാലും ഒരു അരമണിക്കൂർ ഏറെ ഉണ്ടാകും ഈ ബോട്ടിൽ. അത് കൊണ്ട് ഒന്നും

ഓർക്കേണ്ട കുറച്ചു സമയം കിടന്നോ എന്ന് പറഞ്ഞു അവളെ കയ്യിൽ പിടിച്ചു വലിച്ചു നെഞ്ചിലേക്ക് തന്നെ വലിച്ചിട്ടു അവൾ വേദന കൊണ്ട് മുഖം ചുളിച്ചു. അവൻ മെല്ലെ അവിടെ ഊതികൊടുത്തതും മിഴികൾ കൂമ്പി അടഞ്ഞു. അവൾ മുഖം നെഞ്ചിൽ വെച്ചു കിടന്നു. അവന്റെ കൈകൾ പുറത്ത് കൂടി ചേർത്ത് പിടിച്ചു. അവൾ എല്ലാ മറന്നു അവന്റെ നെഞ്ചിൽ ചുരുണ്ടു കൂടി കിടന്നു. അപ്പോഴും രണ്ടു പേരുടെയും ചുണ്ടിൽ പുഞ്ചിരി ഉണ്ടായിരുന്നു. അവൾ ഉറങ്ങി തോന്നിയതും അവൻ അവളെ മെല്ലെ അവിടെ കിടത്തി നെറ്റിയിൽ ഒരു കിസ്സ് കൊടുത്തു എഴുന്നേറ്റു.

💞💞💞💞💞

കുറച്ചു കഴിഞ്ഞതും സമി വന്നു. അവൻ എല്ലാം പറഞ്ഞു കൊടുത്തു.

നീ വിശ്വസിക്കുന്നുണ്ടോ ഇജാസ് പറഞ്ഞതൊക്കെ സമി സംശയത്തോടെ അവനെ നോക്കി.

ഒരിക്കലും ഇല്ല. എല്ലാം പ്ലാൻ ചെയ്ത പോലെ ആയിരുന്നു സംസാരം...... ആദ്യം ആയി ഹോസ്പിറ്റലിൽ വെച്ചു കണ്ടത്..... അതിന്റെ പിന്നാലെ ആ ഫക്ഷൻ.... പിന്നീട് കണ്ടപ്പോൾ ഉള്ള

വഴക്ക്..... പാർട്ടിയിൽ അവൾ വീണപ്പോൾ ഉണ്ടായ ടെൻഷൻ..... ഇവിടെ വെച്ചു അവളെ നോക്കിയപ്പോൾ ആ കണ്ണിൽ കണ്ട വേദന..... അവളുടെ കോളേജിലെ പഠിപ്പിക്കൽ........ഒന്നും അങ്ങ് അൻസ്പെക്ടഡ് ആണെന്ന് തോന്നുന്നില്ല.

ടാ ഇപ്പോഴാ ഓർത്തത് ഒരു ദിവസം ഇവർ  തമ്മിൽ ബസ് സ്റ്റോപ്പിൽ വെച്ചു സംസാരിക്കുന്നത് ഞാൻ കണ്ടു. ചോദിച്ചപ്പോ ഇനു പറഞ്ഞു വഴി ചോദിച്ചതാന്ന്.

എല്ലാം പക്കാ പ്ലാൻട് ആണ്. ഐ ആം ഷുവർ അവന്റെ ലക്ഷ്യം ഇനു ആണ്.... ബട്ട് വൈ.....?

ഉത്തരം സിമ്പിൾ ആണ് നിന്റെ ഭാര്യയോട് അവന്ന് ലവ്.....

അവൻ ഞെട്ടലോടെ സമിയെ നോക്കി.

❤️ 💔 INVISIBLE LOVE 💔❤️

Love after💘 marriage story

Part 37

നിന്റെ ഭാര്യയെ അവൻ പ്രണയിക്കുന്നു അത് മാത്രം ഉള്ളൂ ഇതിന്റെ ഒക്കെ അർത്ഥം....

അത് ശരിവെക്കുന്ന രീതിയിൽ തന്നെ ആയിരുന്നു ഫൈസിന്റെയും മുഖഭാവം.

വിവാഹം കഴിഞ്ഞ ഒരു പെണ്ണിന്റെ പിറകെ നടക്കാൻ നാണം ഇല്ലേ അവന്ന്. ഇവനൊക്കെ രണ്ടു കിട്ടാത്ത കുറവ് ആണ് സമി ദേഷ്യത്തോടെ പറഞ്ഞു.

ടാ ഞാൻ കാരണം അവന്ന് ഉണ്ടാകുന്ന ലോസ് കുറച്ചൊന്നുമല്ല. ശരിക്കും പറഞ്ഞ ബിസിനസ്ൽ അവന്റെ മുഖ്യ എതിരാളി ഞാൻ അല്ലേ..... എന്നോടുള്ള ദേഷ്യം എന്റെ ഭാര്യയിലൂടെ തീർക്കുന്നതാണോ അവൻ. ഫൈസ് ആലോചനയോടെ പറഞ്ഞു.

ഇനു നിന്നോട് ഇവനെ പറ്റി ഒന്നും പറഞ്ഞിട്ട് ഇല്ലേ.....

പറഞ്ഞിരുന്നു പുതിയ സാർ ആണെന്നും ടോർച്ചർ ആണെന്നും ഓക്കെ.ഈ ഇജാസ് ആണ് അതെന്ന് ഞാൻ അറിഞ്ഞോ....ഇവള്ക്ക് അവന്റെ പേര് കേൾക്കുന്നതേ ഭയം ആണ്. അന്ന് നീയും കണ്ടതല്ലേ അവളെ അവൻ ഷൗട്ട് ചെയ്യുന്നത്.ആളെ മുന്നിൽ നാണം കെടുത്തുക ആയിരുന്നില്ലേ....

അത് ഏതായാലും നന്നായി.അവൾക്ക് അവനോട് ദേഷ്യത്തിൽ തന്നെ ഇരുന്നോട്ടെ. നീ തിരുത്താൻ

പോകണ്ട. ഇനി മുതൽ ആ കോളേജിലേക്കും വിടണ്ട.

ഫൈസ് ഒന്ന് മൂളുക മാത്രം ചെയ്തു. അവന്റെ മനസ്സ് അരുതാത്തത് എന്തോ സംഭവിക്കാൻ പോകുന്നത് പോലെ അസ്വസ്ഥമായി കൊണ്ടിരുന്നു.

കയ്യിൽ വേദന തോന്നിയപ്പോഴാ അവളുടെ ഉറക്കം ഞെട്ടിയത്. അവൾ നീറ്റലോടെ കൈ വലിക്കാൻ നോക്കിയതും ഫൈസി പിടിച്ചു വെച്ചു.

കയ്യനക്കല്ലേ ഇപ്പൊ കഴിയും..... ഒരു പെണ്ണിന്റെ ശബ്ദം കേട്ടതും അവൾ കണ്ണ് തുറന്നു. നഴ്സ് ആണ്.നീഡിൽ ഊരുകയാണ്..... പ്ലാസ്റ്റർ പറിച്ചെടുക്കുമ്പോൾ ചെറിയ വേദന ഉണ്ട്.

അത് അവളുടെ മുഖത്ത് കാണുന്നും ഉണ്ടായിരുന്നു.

ഒന്ന് മെല്ലെ അഴിക്ക്.....

എന്റെ സാറേ ഒരു മിനിറ്റ് കൊണ്ട് തീരുന്ന പണിയ.... വേദനിക്കുന്നു പറഞ്ഞു അഴിക്കാൻ വിടാതെ ഇങ്ങനെ മെല്ലെ ചെയ്യിക്കുന്നത്.... അവൾ ഈർഷയോടെ പറഞ്ഞു.....

നിങ്ങൾ പറഞ്ഞ പണി ചെയ്ത മതി.... സമയം

എടുത്താലും സാരമില്ല പതുക്കെ ചെയ്ത മതി അവനും ദേഷ്യത്തോടെ പറഞ്ഞു.....

നേരത്തെ ഒരുത്തൻ നീഡിൽ ഇടാൻ നോക്കുമ്പോൾ വേദനിപ്പിക്കല്ലേ പറഞ്ഞു പുകിൽ ഉണ്ടാക്കി..... ഞങ്ങൾ കരുതി അതായിരിക്കും കെട്ടിയോൻ എന്ന്.... ഇപ്പൊ ദാ ഇങ്ങേർ..... ഇങ്ങനെ കെയർ കിട്ടാനും വേണം ഭാഗ്യം..... വീണത് നീയാണേലും വേദന മൊത്തം ഇവർക്കണെല്ലോ .... അവർ ചിരിയോടെ പറഞ്ഞു.

ഫൈസിന് ഇജാസിനെ പറഞ്ഞത് തീരെ ഇഷ്ടം ആയില്ല.....

അവൾ നോക്കുക ആയിരുന്നു ഫൈസിനെ....... അവന്റെ മുഖത്ത് വിരിയുന്ന ഭാവം കണ്ടു അവൾക്ക് അത്ഭുതം തോന്നി ഇവന്നാണോ ഇപ്പൊ വേദന അതോ എനിക്കോ...... അവനെ നോക്കും തോറും വല്ലാത്തൊരു ഇഷ്ടം ഉള്ളിൽ നിറയുന്നത് അവൾ അറിഞ്ഞു. അവന്റെ നെഞ്ചോരം ചേർന്നിരിക്കാൻ കൊതി തോന്നി. അവന്റെ കൈക്കുള്ളിൽ ഒതുങ്ങി കിടക്കുമ്പോൾ അനുഭവിക്കുന്ന കരുതലും സ്നേഹവും ഓർക്കുമ്പോൾ തന്നെ തന്റെ ഹൃദയം

തരളിതമാക്കുന്നത് അവൾ അറിഞ്ഞു. അവന്റെ ഓർമ്മകൾ പോലും എന്നിൽ വസന്തം നിറക്കുന്നു..... ഇതാണോ കടുവ പറയാറുള്ള പ്രണയം അതോ ഒരു പെണ്ണ് എന്ന നിലയിൽ ഒരാണിന്റെ ശരീരം മോഹിക്കുന്നതോ....

ഇതാണോ കടുവ പ്രണയത്തിൽ പാടില്ലെന്ന് പറഞ്ഞ വികാരം..... ഞാൻ ആഗ്രഹിക്കുന്നത് അവന്റെ ശരീരത്തെ ആണോ...... എന്ത് കൊണ്ട കടുവ തന്റെ പ്രണയം ഫൈസ് ആണെന്ന് ഉറപ്പിച്ചു പറയാതെ എന്നോട് കണ്ടു പിടിക്കാൻ പറഞ്ഞത്....... അവൾ ഒരു നിമിഷം രണ്ടു പേരെയും ഓർത്തു....... എന്നും എന്റെ കൂടെ ഉണ്ടായിരുന്ന ഒരാൾ....... നീ എന്റേത് മാത്രം ആണെന്ന് ആരെ മുന്നിലും ഉറപ്പിച്ചു പറയാൻ ധൈര്യം കാട്ടിയവൻ...... നിന്നെ ഞാൻ കല്യാണം കഴിക്കുന്നു എപ്പോഴും പറഞ്ഞു ദേഷ്യം പിടിപ്പിക്കുന്നവൻ......ഒരു ദേഷ്യത്തിന്റെ പുറത്തു വെറുപ്പാണെന്ന് പറഞ്ഞു ഇനി എന്റെ മുന്നിൽ പോലും കണ്ടു പോകരുതെന്ന് പറഞ്ഞു അവനെ തള്ളിമാറ്റി....... പിന്നെ ഓർമകളിൽ എല്ലാം ഒരു നീറ്റൽ പോലെ...... വർഷങ്ങൾ മറവിയുടെ രൂപത്തിൽ ഓടിയെത്തിയപ്പോഴും ഒരു നീറ്റൽ ആയി

എന്നും ഉണ്ടായിരുന്നു മനസ്സിൽ..... പക്ഷേ അത് പ്രണയം ആയിരുന്നോ...... അങ്ങനെ എങ്കിൽ ഇർഫാനെ ഞാൻ സ്നേഹിക്കുമായിരുന്നോ അതിനർത്ഥം ഞാൻ അവനെ പ്രണയിച്ചിട്ടില്ലെന്ന് അല്ലേ.

ഫൈസ് ഒരിക്കലും എന്നെ ഇഷ്ടം ആണെന്ന് പറഞ്ഞിട്ടില്ല..... ജുനു അടിച്ചേൽപ്പിച്ചതാണ് എന്നെ..... എന്നോട് ദേഷ്യം കാണിക്കുന്നില്ലെങ്കിലും ഇഷ്ടം ആണെന്ന് പറഞ്ഞിട്ടില്ല...... എന്നെ ഇഷ്ടം ആയിരിക്കുമോ അതോ ഇജാസ് പറഞ്ഞപോലെ ഒരു മോശം പെണ്ണായി കരുതുന്നുണ്ടാവോ.......ജുനു വിനു വേണ്ടി സ്വീകരിച്ചതാവോ.......

എന്റെ കൊച്ചേ സ്വന്തം കെട്ടിയോൻ തന്നെ അല്ലേ ഇങ്ങനെ നോക്കി ചോര ഊറ്റാതെ...... നഴ്സ് പറഞ്ഞതും ചമ്മലോടെ മുഖം താഴ്ത്തി..... അപ്പോഴാ ഫൈസ് അവൾ തന്നെ തന്നെ നോക്കി നില്കുന്നത് അറിഞ്ഞത്..... അവളുടെ ബ്ലഷ് അടിച്ച മുഖം കണ്ടതും അവന്റെ ചുണ്ടിൽ ഒരു പുഞ്ചിരി തളം കെട്ടി.

കഴിഞ്ഞു സാറേ...... എന്നും പറഞ്ഞു അവനെ

നോക്കി ആക്കി ചിരിച്ചു. അവൻ പേഴ്സ് എടുത്തു അവർക്ക് നേരെ രണ്ടായിരത്തിന്റെ നോട്ട് നീട്ടി.

ഇതിനുള്ള ശമ്പളം എനിക്ക് ഇവിടുന്ന് കിട്ടുന്നുണ്ട് സാറേ..... എന്റെ ഡ്യൂട്ടി ആണിത്. നിങ്ങളെ ദൈവം അനുഗ്രഹിക്കട്ടെ. ഈ മനപ്പൊരുത്തം എന്നും ഉണ്ടാവട്ടെ.....

ഫൈസ് നിർബന്ധിച്ചു അവരെ കയ്യിൽ വെച്ചു കൊടുത്തു. അവർ ചിരിയോടെ നോക്കി പോയി.

ഇനിയിപ്പോ എന്താ പരിപാടി...... വീട്ടിൽ പോകാം.....

അവൾ ഒന്നാലോചിച്ചു നിന്നു.

ഞാൻ അവളെ കൊണ്ട് പോകും....... കൊണ്ട് പോയിരിക്കും...... ഇജാസിന്റെ വാക്കുകൾ അവളുടെ ചെവിയിൽ മുഴങ്ങി കൊണ്ടിരുന്നു. ഫൈസിയെ വിട്ടു പോകാൻ എനിക്കിനി കഴിയോ....... ഒരു മിനിറ്റ് പോലും കാണാതിരിക്കാൻ വയ്യ. പ്രണയം ആണോന്ന് ഒന്നും അറിയില്ല എന്നാലും അവനെ വിട്ടു പോകുന്നത് ആലോചിക്കുന്നത് പോലും വയ്യ. ഇജാസിന് മുന്നിൽ തോറ്റു പോയ ആര് തടഞ്ഞാലും പോയെ പറ്റു. അല്ലെങ്കിൽ ശഹി പറഞ്ഞ പോലെ സർവ്വ നാശം തന്നെ ആയിരിക്കും. അതിന് മുൻപ്

ചിലതൊക്കെ ചെയ്തു തീർക്കണം.

ഹലോ എന്താ ആലോചിക്കുന്നെ അവൻ കൈ ഞൊടിച്ചു.

വീട്ടിൽ പോയിട്ട് എന്തിനാപ്പൊ..... നമുക്ക് ഐസ് പാലസിൽ പോയാലോ എനിക്ക് അവിടെ നിന്ന് ഐസ് ക്രീം വാങ്ങി തരോ... അവൾ  അവനെ നോക്കി പറഞ്ഞു

നിന്റെയും ജുനുവിന്റെയും സ്ഥിരം പ്ലേസ് അല്ലേ.......ജുനു പറഞ്ഞു കേട്ടിട്ടുണ്ട്.....

ഇത് വരെ പോകാൻ കഴിഞ്ഞിട്ടില്ല. ഇന്ന് ഏതായാലും ഞാൻ ഫ്രീ ആണ്.നമുക്ക് പോകാം അവൻ തലയാട്ടി.....

താങ്ക്സ്....

ഓഹ് വരവ് വെച്ചിരിക്കുന്നു അവൻ ചിരിയോടെ ആക്കി പറഞ്ഞു.

ബില്ലൊക്കെ ഇജാസ് സെറ്റിൽ ചെയ്തിട്ട പോയത് അതും പറഞ്ഞു സമി റൂമിലേക്ക് വന്നു.
ഫൈസിയുടെ മുഖം ഇരുണ്ടെങ്കിലും  ഇനുവിനെ നോക്കി അത് മറച്ചു വെച്ചു.

എന്റെ ബാഗ് കോളേജിൽ ആണുള്ളത്. അവൾ പറഞ്ഞു. നമുക്ക് പോയി എടുക്കാം. ഫൈസ് പറഞ്ഞു.

💕💕💕💕💕💕💕

പ്യൂൺ വന്നു ഇനായയുടെ  ബാഗ് ചോദിച്ചു അവളുടെ സഹോദരൻ വന്നിട്ടുണ്ടെന്ന് ഇജാസിനോട് പറഞ്ഞു.

അവൻ കാമിലൂടെ നോക്കി.

സമി ആണ്. ബാഗ് അവനെ  ഏല്പിക്കുന്നതിന്ന് മുൻപ് ഇവിടെ കൊണ്ട് വരണം പറഞ്ഞു അവൻ പ്യുണിനെ വിട്ടു.

കുറച്ചു കഴിഞ്ഞു ബാഗ് ഇജാസിന് കൊടുത്തു. അവൻ അത് തുറന്നു നോക്കി. ഫോൺ കൊണ്ട് വരണം എന്ന് പറഞ്ഞിരുന്നോണ്ട് അത് നോക്കാന ബാഗ് നോക്കിയത്. അവൻ ഫോൺ കണ്ടു.അവന്റെ മുഖത്ത് സന്തോഷം കൊണ്ട് ചിരി വിരിഞ്ഞു.അവൻ അവന്റെ നമ്പറിലേക്ക് മിസ്സ് കാൾ ചെയ്തു.ഫോൺ അതിൽ തന്നെ വെച്ചിട്ട് ബാഗ് കൊടുത്തയച്ചു. സമി അപ്പോൾ തന്നെ പോയി.

ആദ്യം അവൻ പോയത് ഒരു ടെക്സ്റ്റൈയിൽ ഷോപ്പിലേക്ക് ആണ്. ചുരിദാറിൽ ബ്ലഡ് ഉള്ളോണ്ട് അവൾ തടഞ്ഞും ഇല്ല. ഡ്രസ്സ് എടുക്കാൻ ഞാൻ വരില്ലെന്ന് അവൾ കാറിൽ വെച്ചേ പറഞ്ഞിരുന്നു. അവൻ തന്നെ ഒരു ചുരിദാർ എടുത്തു ഏകദേശ അളവ് വെച്ചു അൾട്രൈ ചെയ്യിച്ചു. ട്രയൽ റൂമിൽ നിന്നും ഡ്രസ്സ് ഇട്ടു ഇറങ്ങി വന്ന അവളെ കണ്ടു ഫൈസിയും സമിയും വാ പൊളിച്ചു നോക്കി നിന്നു. ആഷ് വൈറ്റ് കളർ ചുരിദാർ ആയിരുന്നു അവൻ എടുത്തത്. അതിൽ അവൾ കൂടുതൽ സുന്ദരി ആയതു പോലെ തോന്നി. ഒരു മാലാഖയെ പോലെ ഉണ്ട് കാണാൻ അവൾ വരുന്നതും നോക്കി സമി പറഞ്ഞു.

മറുപടി കാണാഞ്ഞു അവൻ ഫൈസിയെ നോക്കി വായും പൊളിച്ചു നോക്കി നിന്ന നിൽപ്പാണ്... സ്വന്തം പ്രോപ്പർട്ടി തന്നെയാണ് എന്ന് വെച്ചു ഇങ്ങനെ ആക്രാന്തത്തോടെ നോക്കല്ലെ അവൻ ഒരു തട്ട് കൊടുത്തു പറഞ്ഞു.

പേരെ ഉള്ളേട സ്വന്തം ആണെന്ന്..... ഇവള്ക്ക് കൂടി തോന്നേണ്ട അത്.....വായ് നോട്ടം തന്നെ ശരണം......

നീ നേരം കാലം നോക്കി നിന്നോ മറ്റവൻ അടിച്ചോണ്ട് പോകുമ്പോ ഇത് പോലെ നിന്ന മതി...

ഇതെന്റെ മാത്രം ആണ് മുത്തേ..... അങ്ങനെയിപ്പോ ആർക്കും വിട്ടുകൊടുക്കാൻ ഉദ്ദേശിച്ചിട്ട് ഇല്ല. അവൾക്ക് എന്നെ ഇഷ്ടം ആണെങ്കിൽ ഈ ലോകത്ത് ഒരാൾക്കും ഞങ്ങളെ പിരിക്കാനും പറ്റില്ല..... ഞാൻ സമ്മതിക്കുകയും ഇല്ല... അത് പറയുമ്പോൾ അവന്റെ ഉള്ളിൽ ഇജാസിന്റെ മുഖം തെളിഞ്ഞു വന്നു.

💕💕💕💕💕💕

ഇത് എവിടെയാ സ്ഥലം ഇനു ടൌൺ മൊത്തം കറങ്ങിയല്ലോ.....സമി അവളെ നോക്കി ചോദിച്ചു.

കുറച്ചു കൂടി എന്ന് പറഞ്ഞു ചെറിയൊരു കടയിലേക്ക് കയറി. പുറത്ത് നിന്ന് കാണാൻ ചെറുത് ആണെങ്കിലും ഉള്ളിൽ നല്ല സ്ഥലം ഉണ്ടായിരുന്നു. നല്ല തിരക്ക് ഉണ്ട്.

അവൾ കൈകൊണ്ട് എന്തോ കാണിച്ചു ഒരു ബംഗാളി ചെക്കനോട്..... അവർ ഒരു ടേബിളിൽ പോയി ഇരുന്നു.

മെനു കാർഡ് ഇല്ലേ.... ഫൈസി ചുറ്റും നോക്കി.

ആരും ഓഡർ എടുക്കാൻ വരുന്നില്ലല്ലോ അവർ വിളിക്കാൻ നോക്കിയതും ഇനു പറഞ്ഞു ഓഡർ ഞാൻ കൊടുത്തു. ഫൈവ് മിനുട്ട്.....

നീ എപ്പോ കൊടുത്തു ഞങ്ങൾ കണ്ടില്ലല്ലോ അവർ അവളെ നോക്കി കണ്ണ് മിഴിച്ചു.

എന്റെ സ്വന്തം കടയാണ്.എന്നെ കാണുമ്പോഴേ അവർക്ക് അറിയാം എന്താ വേണ്ടെന്നു.എനിക്കിവിടെ പറ്റ് ബുക്ക് ആണ് എന്തും കഴിക്കാം......കാശ് ജുനു കൊടുത്തോളും.

അത് കൊള്ളാലോ അപ്പൊ ഫ്രീ ആണല്ലേ എന്ന പിന്നെ ആഞ്ഞു പിടിക്കലേ സമി കണ്ണിറുക്കി അവളെ നോക്കി.

ഇക്കാര്യത്തിൽ മാത്രം തോറ്റു പോകുള്ളൂ മോനെ ഇനു പറഞ്ഞു.

അതെന്ന കാണണം അല്ലോ ഫൈസിയും

ഒന്ന് ഉഷാർ ആയി.

ടേബിളിൽ കൊണ്ട് വെച്ച ഐറ്റംസ് കണ്ടു അവരുടെ കണ്ണ് തള്ളി. എല്ലാ ഫ്ലാവർ ഐസ് ക്രീം ഉണ്ട്.

ഇത് മൊത്തം ആർക്കാ....

എനിക്ക്......അവൾ കഴിക്കുന്നത് കണ്ടു അവർ ടേബിളിലേക്ക് ഒന്നൂടി നോക്കി.ആ കടയിലെ മൊത്തം ഐറ്റംസ് ഉണ്ട്.......  ഏത് എടുക്കണമെന്ന കൺഫ്യൂഷനോടെ അവർ നോക്കി.

ഇനു ഇതൊന്നും നോക്കാതെ നല്ല പോളിങ്ങിൽ ആണ്.....മിനിറ്റുകൾ കൊണ്ട് മുന്നിലെ ഐറ്റംസ് കാലിയാകുന്നത് കണ്ടു അവർ വായും പൊളിച്ചു നിന്നു.അവൾ ലാസ്റ്റ് സ്പൂൺ ഐസ് ക്രീം കഴിച്ചു അവരെ നോക്കി.

നിങ്ങൾക്ക് വേണ്ടേ......

അതിന് എന്തെങ്കിലും ബാക്കി വേണ്ടേ.....

സമി കാലിയായ ഗ്ലാസ്കൾ നോക്കി ചോദിച്ചു.

അവൾ ഇളിച്ചു കാണിച്ചു..... വേണേൽ തിന്നണം ആയിരുന്നു.

ഇത് തിന്നലാണോ അറ്റാക്ക് അല്ലായിരുന്നോ.... ഞങ്ങൾക്ക് എടുക്കാനുള്ള ടൈം എങ്കിലും കിട്ടണ്ടേ ഇതൊക്കെ എവിടെക്കാ പോയത്...... സമി താടിക്ക് കയ്യും കൊടുത്തു ചോദിച്ചു......

സോറി....... നിങ്ങൾ കൂടെ ഉള്ളത് മറന്നു നിങ്ങൾക്ക്

ഏറ്റവും സ്പെഷ്യൽ ഐറ്റം തന്നെ തരാം.

സാനി ദോ സ്പെഷ്യൽ കൊക്കയിൽ അവൾ വിളിച്ചു പറഞ്ഞു.

അതാരാ സാനി....

മേരാ ചോട്ടാ ഭായ്...

ഒരു ബംഗാളി പയ്യൻ അടുത്തേക്ക് വന്നു.

അവർക്ക് കൊക്കയിൽ കൊടുത്തിട്ട് അവളുടെ അടുത്ത്  പോയി നിന്നു .......

ദീദിയുടെ ഹബ്ബി സൂപ്പർ ആട്ടോ..... അവൻ മെല്ലെ പറഞ്ഞു.....

ഹബ്ബി...... അവന്റെ പെങ്ങൾ അങ്ങനെ ഹസ്ബൻഡ്നെ വിളിക്കൽ എന്ന് പറഞ്ഞിട്ടുണ്ട്. അവൾ ചിരിയോടെ അവനെ നോക്കി....

ഫൈസ് അവളെ പിരികം കൊണ്ട് എന്താന്ന് ചോദിച്ചു.....

ഒന്നുമില്ല ഹബ്ബി...... അവൾ മെല്ലെ പറഞ്ഞു.

നീ എന്തെങ്കിലും പറഞ്ഞോ......

അവൾ ഒന്നുമില്ലെന്ന് ചെറു ചിരിയോടെ ചുമൽ കൂച്ചി.

നിങ്ങൾ കഴിക്ക് ഞാൻ ഇപ്പൊ വരാന്ന് പറഞ്ഞു അവൾ എഴുന്നേറ്റു പോയി.

ക്യാഷ് കൗണ്ടർൽ ഇരുന്ന ആളുമായി സംസാരിക്കുന്നത് കണ്ടു. അവർ ജ്യൂസ് കുടിച്ചു വന്നു. അവൾ അവരെ കണ്ടതും എഴുന്നേറ്റു.

എത്രയാ ബില്ല്...

ഇനുവിനെ തന്നെ ഒന്ന് നോക്കിയിട്ട്

അയാൾ ബില്ല് കൊടുത്തതും ഓരെങ്ങലോടെ ഇനുവിന്റെ

കണ്ണിൽ നിന്നും കണ്ണുനീർ ഒലിച്ചിറങ്ങുന്നത് അവർ കണ്ടു. അവൾ കരച്ചിൽ പുറത്തേക്ക് വരാതിരിക്കാൻ വായും പൊത്തിപിടിച്ചു പുറത്തേക്ക് ഓടിപ്പോയി. ഒന്ന് പകച്ചു നിന്ന ശേഷം പിന്നാലെ സമിയും ഓടി പോയി.....

എന്താടി കാര്യം....... സമി അവളോട് ചോദിച്ചു.

അവൾ കാര്യം പറയാതെ പൊട്ടികരഞ്ഞു

ഒന്ന് കരയാതെ കാര്യം പറയ് ഇനു...

അപ്പോഴേക്കും ഫൈസിയും വന്നു. അവളൊന്നും

പറയാതെ ഫൈസിയെ കെട്ടിപിടിച്ചു കരഞ്ഞു കൊണ്ടിരുന്നു

എന്താ കാര്യം ഇനു അവർക്കും ചെറിയ പേടി തോന്നി.

പൈസ വേണ്ടെന്നു പറഞ്ഞു ഇക്ക... നേരത്തെ സാനി എന്ന് പറഞ്ഞ ചെറുക്കൻ വന്നു പൈസ ഫൈസിയുടെ കയ്യിൽ വെച്ചു കൊടുത്തു. അത് കണ്ടതും അവൾ അവനെ വിട്ടു..... കണ്ണ് തുടച്ചു ചിരിയോടെ കടയിലേക്ക് തന്നെ നോക്കി.

ശരിക്കും എന്താ സംഭവം...... സമി ക്ഷമ കെട്ട് ചോദിച്ചു.

പൈസ വാങ്ങിയേന കരഞ്ഞോണ്ട് ഓടിയത്...... സാനി ചിരിയോടെ പറഞ്ഞു

നാണം ഇല്ലേ  ഇനു നിനക്ക്.....നമ്മൾ  കഴിച്ചതിന്റെ പൈസ അല്ലേ ചോദിച്ചത്. അതിന് ഇങ്ങനെ കരയുന്നെ...... ഫ്രീ ആയിട്ട് തരാൻ നിന്റെ സ്വന്തം കടയാണോ

ഫൈസ് അവളോട് കളിയാക്കി ചോദിച്ചു.

ദീദി അതിന് ഐസ് ക്രീം കഴിക്കാൻ അല്ലല്ലോ

വന്നത്....... സാനി മലയാളതിൽ തപ്പിത്തടഞ്ഞു പറഞ്ഞു........

പിന്നെ........  ഫൈസിയും സമിയും ഒന്നിച്ചു ഞെട്ടലോടെ ചോദിച്ചു പോയി.

അതിന്ന് സാനി പറഞ്ഞ മറുപടി കേട്ട് ഫൈസിയും സമിയും വയും പൊളിച്ചു നിന്നു.

ആഹാ അന്തസ്സ്........ഇതിലും വലിയ പണി സ്വപ്നങ്ങളിൽ മാത്രം.... നിന്നെ പോലെ ഒറ്റ പീസ് ഉണ്ടാകു  ഇത് പോലെ സമി താടിക്ക് കയ്യും കൊടുത്തു പറഞ്ഞു......

ടീ    കുരുട്ട് അട    ക്കേ നിക്കടി അവിടെ...

അറിഞ്ഞോണ്ട് പണി തന്നതാണല്ലേ.....

എന്ന് പറഞ്ഞു  ഫൈസി അവളെ അടുത്തേക്ക് വന്നതും അവൾ  ഓടിയിരുന്നു........

....

📚STORY BOARD📚

❤️ ❤️ 💔 INVISIBLE LOVE 💔❤️

Love after💘 marriage story

Part 38

ഐസ് ക്രീം കഴിക്കാൻ വന്നിട്ട് പകരം പെണ്ണ് ചോദിക്കുക. വല്ലാത്ത ചെയ്തായിപോയി.ആരുടെയോ ഭാഗ്യത്തിന് തല്ല് കിട്ടീല....

ഒരു ഐസ് ക്രീം വേണമെന്ന് പറയുന്ന പോലല്ലേ പെണ്ണ് പോയി നിങ്ങളെ മോളെ തരോന്ന് ചോദിച്ചത്..... ഇതാടാ ഗഡ്സ് വേണമെന്ന് പറഞ്ഞത്. നീയും കുറെ ആയല്ലോ ഒരു ഐ ലവ് യൂ പറയാൻ നടക്കുന്നു ആണാണെന്ന് പറയാൻ പോലും നാണക്കേടാ ശവം.... സമി പുച്ഛത്തോടെ അവനെ നോക്കി മെല്ലെ പറഞ്ഞു.

ഫൈസി തിരിച്ചു ഒരു ലോഡ് പുച്ഛത്തോടെ അവനെ നോക്കി.

ടീ തെണ്ടീ ഒരു വാക്ക് പറഞ്ഞൂടാരുന്നോ ഇവിടെ വിവാഹനിക്ചയം ആണ് നടന്നതെന്ന്..... അവൻ ഇനുവിനെ നോക്കി പല്ലിറുമ്മി.

കല്യാണചെക്കൻ പോലും അറിയില്ല അവന്റെ

കല്യാണം ഉറപ്പിച്ചത് പിന്നെയാ നമ്മൾ..... (സമി )

അറിയാഞ്ഞിട്ട് ചോദിക്കുവാ എന്ത് ധൈര്യത്തില നീ അവരോട് പോയി അവരെ മോളെ തരോന്ന് ചോദിച്ചത്.

ഞാൻ അങ്കിൾനോട് പോയി ചോദിച്ചു ഞാൻ ഇപ്പൊ കഴിച്ച ഐസ് ക്രീം മോളെ വിവാഹം ഉറപ്പിക്കാൻ വന്ന പെങ്ങൾക്ക് തന്ന ട്രീറ്റ് ആയി  കണ്ടോട്ടെന്ന്. ഞെട്ടി എണീറ്റു എന്നെ തന്നെ പകച്ചു നോക്കി കുറച്ചു സമയം നിന്നു. അപ്പോഴാ നിങ്ങൾ വന്നത് നിങ്ങളോട് പൈസ വാങ്ങിയപ്പോ ഞാൻ കരുതി സമ്മതം അല്ലെന്ന് അപ്പൊ എനിക്ക് കരച്ചിൽ വന്നു.

ഇപ്പോൾ സമ്മതം ആയി അയാൾ പൈസ തിരിച്ചു തന്നു.എന്റെ സങ്കടം മാറി.

ലോകത്ത് എവിടെയെങ്കിലും ഇങ്ങനെ ഒരു കല്യാണം ഉറപ്പിക്കൽ നടന്നിട്ട് ഉണ്ടാകോ മകാളെ സമി പ്രത്യേക ഈണത്തിൽ പറഞ്ഞു.

എനിക്കിഷ്ടം ആയി ഞാൻ പോയി ചോദിച്ചു. അവളുടെ മുഖത്തെ നിഷ്കളങ്കത കണ്ടു ഫൈസ് അവളെ തന്നെ നോക്കി.

കുട്ടികളിയല്ല ഇനു ഇത്. ജുനൈദ് ഇല്ല ഉമ്മയും ഇല്ല കുടുംബക്കാരോ ബന്ധുക്കലോ ആരും ഇല്ലാതെ നീ പോയി വാക്ക് കൊടുത്തു.നാളെ ജുനൈദിന് ഇഷ്ടം ആയില്ലെങ്കിലോ......

അവന്ന് ഇഷ്ടം ആണ്.അവളെ പേര് നാജിയ . ആ അങ്കിളിന്റെ ഇളയ മോളാണ് ഉമ്മാനോട് പറയുകയും ചെയ്തു. ഉമ്മ പറഞ്ഞു നിന്റെ ഇഷ്ടത്തിന് ഞാൻ എപ്പോഴെങ്കിലും എതിര് നിന്നിട്ടുണ്ടോന്ന്. എന്നോട് പറഞ്ഞു നിനക്ക് ബാബിയെ ഇഷ്ടം ആയോന്ന്. നിനക്ക് ഇഷ്ടം ആയെങ്കിൽ മാത്രമേ ഞാൻ അവളോട് പോലും പറയുന്ന്.ഞാൻ അപ്പോ തന്നെ ഓക്കേ പറയുകയും ചെയ്തു.പാവം കുട്ടിയ എനിക്ക് ആദ്യമേ ഇഷ്ടം ആയിരുന്നു.

ഞങ്ങളോട് ഇത് വരെ അവൻ ഇങ്ങനെ ഒരു പ്രണയം ഉണ്ടെന്ന് പറഞ്ഞിട്ടില്ല.(ഫൈസ് )

നിങ്ങളെ പരിജയപെടുന്നതിന്ന് മുന്പ ഇത്. ആ സമയത്താണ് എനിക്ക് ആക്സിഡന്റ് ഉണ്ടായത്. പിന്നെ എനിക്കൊന്നും അറിയില്ല.ഞാൻ ഒരിക്കൽ ചോദിച്ചു ഇക്കാര്യം അപ്പോൾ പറഞ്ഞു അവൾക്ക് അവനെ ഇഷ്ടം ആയില്ല അതോണ്ട് അത് വിട്ടുന്ന്.

പിന്നെ അവന്ന് സങ്കടം ആവണ്ട കരുതി ഞാനും അത് വിട്ടു. പക്ഷേ ജുനു കള്ളം പറഞ്ഞതായിരുന്നു അത്.  ഞാൻ ഒരു ദിവസം ഉമ്മാനോട് പറഞ്ഞു റാനിയെ കൊണ്ട് ജുനുനെ കെട്ടിക്കണം എന്ന്. ഉമ്മ ഒഴിഞ്ഞു മാറി.ഞാൻ റാനിയോടും അവളെ ഉപ്പാനോടും പോയി പറഞ്ഞു.

അന്ന് ഉമ്മ എന്നോട് പറഞ്ഞു റാനി ജുനുവിന് നിന്നെ പോലെ പെങ്ങൾ മാത്രം ആണ്.അവന്ന് ഇപ്പോഴും നാജിയെ ഇഷ്ടം ആണ്. നിന്റെ കല്യാണം കഴിഞ്ഞൽ മാത്രമേ അവന്ന് ഒരു ജീവിതം വേണ്ടുന്ന് പറഞ്ഞു അവളോട് ഇഷ്ടം ആണെന്ന് ഒന്നും പറഞ്ഞിട്ടില്ലെന്ന്. എന്നാലും അവന്റെ മനസ്സിൽ നാജിയല്ലാതെ മറ്റൊരു പെണ്ണ് ഉണ്ടാവില്ലെന്ന്. ഇപ്പൊ എനിക്ക് തോന്നി അവളെ അവന്ന് വേണ്ടി ചോദിക്കണോന്ന് ഞാൻ വന്നു ചോദിച്ചു.അതിലെന്താ തെറ്റ്.

ഇനു അതൊക്കെ കഴിഞ്ഞിട്ട് വർഷങ്ങൾ കഴിഞ്ഞു.ഇപ്പോഴും അവന്റെ മനസ്സിൽ അതൊക്കെ ഉണ്ടെന്ന് നമുക്ക് അറിയില്ല. അഞ്ചു വർഷങ്ങൾ ആയി എന്റെ കൂടെ അവനുണ്ട് അവന്റെ വായിൽ നിന്നും ഇത് വരെ പ്രണയം എന്നൊരു പേര്

വീണിട്ടില്ല. ഇനു ഉമ്മ ഈ രണ്ടു വാക്കുകൾ മാത്രം ആണ് ആ മനസ്സ് മുഴുവൻ. അതോണ്ട് ജുനു വന്നിട്ട് തീരുമാനം എടുത്ത പോരെ.

അത് വരെ ഞാൻ ഉണ്ടാവില്ലല്ലോ.....

നീ എവിടെ പോവ്വാ.....

അവളൊന്ന് ഞെട്ടി.ഞാൻ.... ഞാൻ എവിടെ പോകാൻ. അവൾക്ക് വേറെ കല്യാണം ആലോചിച്ചാലോ അവൾ ഉണ്ടാവില്ല പറയാരുന്നു.

എന്നാലും ഇനു ഇത് വേണോ...... അവൻ ഇപ്പൊ പോയ സ്ഥലത്തോ അല്ലെങ്കിൽ അവന്റെ മനസ്സിൽ വേറെ പെണ്ണ് ഉണ്ടെങ്കിലോ.......

ആദ്യ പ്രണയം അങ്ങനെ മറക്കാൻ ആവില്ല ഫൈസ്. അതും ഉമ്മാനോട് വരെ സമ്മതം ചോദിച്ച ബന്ധം.... അവളുടെ മനസ്സിൽ അപ്പോൾ ഒന്ന് കാണുകപോലും ചെയ്യാതെ ഇത്രയും വർഷം അവളെ കാത്തിരുന്നവന്റെ മുഖം ആയിരുന്നു തെളിഞ്ഞു വന്നത്.

എന്റെ ജുനുന്റെ മനസ്സ് എനിക്കറിയാം..... അവൻ ഞാൻ പറയുന്നത് മാത്രം അനുസരിക്കു.

എന്നാലും ഇനു ഫൈസ് മടിച്ചു നിന്നു.

ഫൈസി ഒന്നിങ്ങു വന്നേ സമി അവനെ പിടിച്ചു ദൂരെക്ക് മാറി നിന്നു.

ടാ അവൾ പറയുന്നതിൽ കാര്യം ഉണ്ട്. അവൾക് ആക്സിഡന്റ് ഉണ്ടാവുന്നതിന്ന് മുൻപ് ആണ് അവൻ ഇഷ്ടം പറഞ്ഞത്. ആക്സിഡന്റിന് ശേഷം നീയൊന്ന് ആലോചിച്ചു നോക്ക് അവളുടെ അവസ്ഥ ഇങ്ങനെ ആയി. പോരാത്തതിന് അവൾക്ക് ഒരു കുടുംബ ജീവിതം ഉണ്ടാവില്ലെന്ന് ഡോക്ടർ പറഞ്ഞത് കൊണ്ട് അവൻ അവനിക്കും ലൈഫ് വേണ്ടെന്നു തീരുമാനിച്ചു.അതാണ് സംഭവിച്ചത്. ഏതായാലും ജുനുവിന്റെ മനസ്സിൽ ഇത് വരെ വേറെ പെണ്ണില്ലെന്ന് നമുക്ക് ഉറപ്പാണ്. മാത്രം അല്ല ഇവൾ പറഞ്ഞ വഴി പോകുന്ന പിച്ചകാരിയെ പോലും കണ്ണും പൂട്ടി അവൻ കെട്ടും.

ഇതൊക്കെ ശരിയാണ്...... എന്നാലും അതിനൊ ബുദ്ധിയില്ല..... നമ്മളും ഇങ്ങനെ..,.. അവൻ മടിച്ചു.

ഐസ് ക്രീം കാശിനു പകരം മോളെ ചോദിച്ചവൾക ബുദ്ധി ഇല്ലാത്തത്.ഇതിന് കുരുട്ട് ബുദ്ധി കൂടുതലാ.....

അപ്പോഴേക്കും അയാളും രണ്ടു സ്ത്രീകളും ഒരു പെൺകുട്ടിയും അങ്ങോട്ട് വന്നു.

ഇതാണ് നാജിത്ത  എന്ന് പറഞ്ഞു ഇനു സമിക്കും ഫൈസിക്കും പരിചയപ്പെടുത്തി കൊടുത്തു.

വെളുത്തു മെലിഞ്ഞു ഒരു സുന്ദരി. ജുനുവിന് നല്ല മാച്ച് ആണെന്ന് അവർക്ക് തോന്നി. അച്ചടക്കവും ഒതുക്കവും ഉള്ള ടൈപ്പ്. നാണത്തോടെ അവരെ ഒന്ന് നോക്കുക മാത്രം ചെയ്തു.

ഇതാണ് എന്റെ ഹബ്ബി.അവൾ ഫൈസിന്റെ കൈക്കുള്ളിലൂടെ കയ്യിട്ട് അവനോട് ചേർന്നു നിന്നു പരിജയപെടുത്തി.

ഫൈസി അത്ഭുതത്തോടെ അവളെ നോക്കി ആദ്യ ആയാണ് ഇങ്ങനെ പറഞ്ഞു കേട്ടത്. അതും ഹബ്ബിന്ന്...... ഭർത്താവ് എന്നായിരിക്കും ഉദ്ദേശിച്ചതന്ന് അവന്ന് തോന്നി.

അവന്ന് സന്തോഷം കൊണ്ട് അവളെ കെട്ടിപിടിക്കണമെന്ന് പോലും തോന്നി.

ഇത് എന്റെ ഇക്കു സമി.രണ്ടാളും ജുനിന്റെ ഫ്രണ്ട്സ് ആണ്.

നാജി  നോക്കി ചിരിക്കുക മാത്രം ചെയ്തു.

നാജി  പഠിക്കുകയാണോ.... സമി ചോദിച്ചു. അവനെ നോക്കി ചിരിക്കുക മാത്രം ചെയ്തു അവൾ.

ഡിഗ്രി ലാസ്റ്റ് ഇയർ ആണ്. ഇനു ആണ് മറുപടി പറഞ്ഞത്.

ജുനു ജോലി ആവിശ്യത്തിന് ഡൽഹിയിൽ ആണ്.വന്ന ഉടനെ ഉമ്മനെയും കൂട്ടി ഒരു ദിവസം വരാം. ഇതിപ്പോ വെറുതെ ഒരു വിസിറ്റ് ആയി കണ്ട മതി. ഫൈസി പറഞ്ഞു.

ഇനു പറഞ്ഞിരുന്നു. പിന്നെ ഇവൾ പറഞ്ഞ വേറൊരു വാക്ക് ജുനുവിനു ഇല്ലെന്ന് അറിയാം. ഞങ്ങൾക്ക് രണ്ടാളെയും അറിയാലോ അയാൾ നിറഞ്ഞ കണ്ണുകൾ തുടച്ചു പറഞ്ഞു.

ഇനു അവളെ കയ്യിൽ ഉള്ള ബ്രെസ്ലേറ്റ് അഴിച്ചു നാജിയുടെ കയ്യിൽ കെട്ടികൊടുത്തു.

എന്റെ ജുനിന്റെ പെണ്ണായി സ്വീകരിച്ചതിന്ന്  ഞാൻ തരുന്ന വാക്കണിത്. വന്ന ഉടനെ എന്റെ ബാബിയായി കൊണ്ട് പൊക്കോളാം.അത് വരെ കാത്തിരിക്കണം. ഞാൻ ഇല്ലെങ്കിലും ഭംഗിയായി ഈ

വിവാഹം നടക്കണം...

നീ ഇല്ലാതെ എവിടെ പോകാനാ കാന്താരി.നീ തന്നെ മുന്നിൽ ഉണ്ടാകും ഫൈസ് അവളെ തലയിൽ ഒരു ചൊട്ട് കൊടുത്തു.

അവളെ ഉമ്മ ഇനുന്റെ നേരെ കൈ കൂപ്പി.

എങ്ങനെ നന്ദി പറയേണ്ടെന്ന് അറിയില്ല.

അവൾ കൈ താഴ്ത്തി. ഞാനാ നന്ദി പറയേണ്ടത് ഞങ്ങൾക്ക് ഇവളെ തന്നതിന്ന്.  എന്റെ ജൂനുനേം ഉമ്മാനേം പൊന്നു പോലെ നോക്കുന്നു അറിയാം...അത് മാത്രം മതി ഞങ്ങൾക്ക്. നാജിയുടെ നിറഞ്ഞ കണ്ണുകൾ അവൾ തുടച്ചു കൊടുത്തു.

പോകാൻ നേരം അവൾ നാജിയെ കെട്ടിപിടിച്ചു. ജുനു ഒരു പാവം ആണ് ഒറ്റക്കാക്കരുത് ഒരിക്കലും..... താങ്ങായി കൂടെ ഉണ്ടാവണം എപ്പോഴും ..... ജുനു വരും ഉമ്മനെയും കൂട്ടി.......അത് പറയുമ്പോൾ അവൾ കരഞ്ഞു പോയിരുന്നു.

ഫൈസിയും സമിയും പരസ്പരം നോക്കി.

ഇവൾ എന്താടാ യാത്ര ചോദിക്കുന്ന പോലെ ഫൈസി സമിയോട് മെല്ലെ ചോദിച്ചു.

ആവോ എനിക്കും തോന്നി.എന്തോ സ്പെല്ലിങ് മിസ്റ്റേക്ക്......

അവൾ വേഗം പോയി കാറിൽ കേറി ഇരുന്നു. അവർ വന്നതും അവൾ കണ്ണ് തുടച്ചു.

നിങ്ങൾ സമ്മതിച്ചില്ലെങ്കിലോ എന്ന് കരുതിയ പറയാഞ്ഞേ സോറി.

നിന്നെ പോലെയല്ലെടി. ആ കൊച്ചു പാവം ആണ് ഇത്രയും സമയം ഉണ്ടായിട്ടും ഒന്നും മിണ്ടിയും കൂടിയില്ല.ഫൈസി പറഞ്ഞു.

അവൾക്ക് സംസാരിക്കാൻ കഴിയില്ല.

ഫൈസിയുടെ കാൽ ബ്രേക്കിൽ അമർന്നു. അവർ ഞെട്ടലോടെ അവളെ നോക്കി.

ജന്മനാ അങ്ങനെ ആണ്. ചെവി കേൾക്കും നമ്മൾ പറയുന്നതൊക്കെ മനസ്സിലാകും.

അതാണ് ആ ഉപ്പയും ഉമ്മയും ഇവളെ നന്ദിയോടെ നോക്കിയത്. ജുനുവിനെ അഭിമാനത്തോടെ അവർ ഓർത്തു.

വല്ലാത്തൊരു മൗനം അവിടെ തങ്ങി നിന്നു. അത് അവളെ മുഖത്തേക്കും മങ്ങലോടെ പടർന്നപ്പോൾ

ഫൈസി തന്നെ അത് ഭേദിച്ചു.

ഏതായാലും ഐസ്ക്രീം പകരം മോളെ ചോദിച്ചത് എനിക്കിഷ്ടം ആയി. സൂപ്പർ വെറൈറ്റി  പെണ്ണ് ചോദിക്കൽ ആയിരുന്നു ഫൈസി  ചിരിയോടെ പറഞ്ഞു.

എത്ര പൈസ ഇവൾ ലഭിച്ചേ...... പത്തമ്പത് ആൾ പോകണം തീറ്റയും കുടിയും പോരേതെന്ന് കോട്ടകണക്കിന് അനചാരവും ഒക്കെ ഇവൾ ഇല്ലാണ്ടാക്കിയില്ലേ നീ മാസ്സാണ് മോളെ. നിന്നെ കണ്ടു പഠിക്കണം ബാക്കിയുള്ളോർ  (സമി )

ജുനുവിന്റെ ഉള്ളിൽ ഒരു പ്രണയം ഒരിക്കലും പ്രതീക്ഷിചില്ല.

ഉപ്പന്റെ ഫ്രണ്ട് ആണ് അവർ. ആ കൂൾബർ ആണ് ആകെ ആശ്രയം.അതിനോട് അടുപ്പിച്ചു ചെറിയ ഒരു വീട് ഉണ്ട്. രണ്ടു മക്കളിൽ ഇളയതാണ്. ജുനു വൈകുന്നേരം ഇവിടെ ജോലിക്ക് നിൽകുമായിരുന്നു. അങ്ങനെ ഒക്കെ എപ്പോഴോ ഇഷ്ടം തോന്നി.അപ്പൊ തന്നെ ഉമ്മാനോട് പറഞ്ഞു. ഉമ്മ ഓക്കെ പറഞ്ഞു.

ഇതിന്ന് നിന്റെ സമ്മതം ചോദിച്ചില്ലേ....

ഞാൻ ഓക്കെ പറഞ്ഞതിന്ന് ശേഷ ഉമ്മാനോട് പറഞ്ഞത് പോലും...... ആദ്യം ഞാൻ എതിർത്തു.പിന്നെ തോന്നി അവളെ തെറ്റല്ലല്ലോ സംസാരിക്കാൻ കഴിയാത്തത്. അവൾക്ക് വേണ്ടി ഞാനും എന്റെ ജൂനും ഉമ്മയും സംസാരിച്ചോളും പിന്നെന്തന്ന് ആലോചിച്ചു.

ടീ നിനക്ക് എന്റെ അനിയത്തി ആയി ജനിച്ചൂടാരുന്നോ.....

അതെന്തിനാ സമിക്ക.

എന്റെ കല്യാണകാര്യം ആരും ചിന്തിക്കുന്ന പോലും ഇല്ലെടി.. ഞാൻ ഇങ്ങനെ പുര നിറഞ്ഞു നിൽക്കെ ഉള്ളൂ.ബ്ലഡി ഗ്രാമവാസി സിസ്റ്റേഴ്സ് ......

ഫൈസിയും ഇനുവും അത് കേട്ട് പൊട്ടിച്ചിരിച്ചു.

നിനക്ക് അങ്ങനെ തന്നെ വേണം.....

നീ പോടീ..... അവൻ മുഖം കോട്ടി.

💕💕💕💕💕💕

വീട്ടിൽ എത്തി അകത്തേക്ക് കേറുമ്പോൾ ഉമ്മ നെറ്റിയിൽ ബാൻഡേർഡ് കണ്ടിട്ടും ഒന്നും ചോദിച്ചില്ല.എന്നത്തേയും പോലെ മൈന്റ് ആക്കാതെ

പോയി. അവൾക്ക് എന്തോ സങ്കടം തോന്നി.

അവൾക്ക് നല്ല ക്ഷീണം തോന്നി.പക്ഷേ അവൾ ബെഡിൽ കിടക്കാൻ തോന്നിയില്ല

നീ പോയി കുറച്ചു കിടന്നോ മുഖത്ത് നല്ല ക്ഷീണം ഉണ്ട് പിന്നാലെ കേറി വന്ന ഫൈസി പറഞ്ഞു.

ഞാൻ ഡ്രസ്സ് മാറ്റി ഫ്രഷ് ആയി കിടന്നോളാം.....

അവൻ പുഞ്ചിരിയോടെ അവളെ നോക്കി

എന്നിട്ട് അവളെ എടുത്തു ബെഡിൽ കിടത്തി.

അപ്പോൾ ബെഡിൽ കിടക്കരുത് പറഞ്ഞതോ.....

അത് പോലാണോ വയ്യാത്തപ്പോൾ ഓരോ സാഹചര്യം അല്ലേ..... അതികം നന്നാവാൻ നോക്കണ്ട എനിക്ക് ആ തല്ല് കൊള്ളിയെ തന്നെ ഇഷ്ടം. അവൻ അവളെ മൂക്കിൽ പിടിച്ചു വലിച്ചു.

നെറ്റി അനങ്ങിയപ്പോൾ അവൾ വേദനയോടെ മുഖം ചുളിച്ചു.

വേദന ഉണ്ടോ അവൻ അവിടെ മെല്ലെ തലോടി.....

ഇത്രയും സമയം ഇല്ലായിരുന്നു.ഇപ്പോൾ ചെറിയ വേദനയുണ്ട്.

മരുന്നിന്റെ എഫെക്ട് കഴിഞ്ഞിട്ട. കുറച്ചു റസ്റ്റ് എടുക്ക് മാറും. നെറ്റിയിൽ തലോടി.

കിടന്നോ..... അവൻ  എണീറ്റു പോയി.

പോകരുതെന്ന് പറയാൻ മനസ്സ് തുടിച്ചു. അവൻ കൂടെ ഉള്ളപ്പോൾ ഒരാശ്വാസം ആണ്.

റാനിയെ അപ്പോഴാ ഓർമ വന്നത്. അവൾ മെല്ലെ എണീറ്റു ഫോൺ എടുത്തു.

അവളെ കുറെ മിസ്സ് കാൾ ഉണ്ട്. കടുവയുടെയും പിന്നെ അറിയാത്ത നമ്പറിൽ നിന്നും അഞ്ചാറു മിസ്സ് കാൾ വേറെയും.

കടുവക്ക് ഒരു സെൽഫി എടുത്തു ഫോട്ടോ അയച്ചു കൊടുത്തു.

ഓൺലൈൻ ഇല്ലായിരുന്നു.

പിന്നെ റാനിയെ വിളിച്ചു എല്ലാം പറഞ്ഞു കൊടുത്തു. വീണതെന്ന് ആയിരുന്നു അവളോടും പറഞ്ഞത്..... ഇജാസിന്റെ കാര്യം മാത്രം അവളിൽ നിന്നും മറച്ചു വെച്ചിട്ട് ഉള്ളൂ..... അതിൽ അവൾക്ക് വേദന തോന്നിയെങ്കിലും അതെന്റെ മാത്രം ശരിയാണ്.അടഞ്ഞ അധ്യായം ആണ് അത് വേറാരും

അറിയണ്ട. അറിയുകയും ഇല്ല. ഇജാസ് ഒരിക്കലും അതാരോടും പറയില്ല. ആ ഒരാശ്വാസം ഉണ്ട്. അവൾ നെടുവീർപ്പോടെ ഓർത്തു.

ആകെ അതിൽ കടുവയുടെയും റാനിയുടെയും നമ്പർ മാത്രം ഉള്ളൂ. ഫൈസിയുടെ നമ്പർ ഓർമയുണ്ട് അത് സേവ് ചെയ്തു. നെയിം അടിക്കുമ്പോൾ ഫൈസ് എന്ന് ടൈപ്പ് ചെയ്തു പിന്നെ അത് മാറ്റി ഹബ്ബി എന്ന്  സേവ് ചെയ്തു. ആ പേരിലൂടെ ഒന്ന് തലോടി ഒരു പുഞ്ചിരി അവളിൽ ചുണ്ടിൽ വിരിഞ്ഞു.

അപ്പോഴാ വീണ്ടും അറിയാത്ത നമ്പറിൽ നിന്നും കാൾ വന്നത്. അവൾ ഒരു സംശയത്തോടെ എടുത്തു.

ഹലോ എന്ന് പറഞ്ഞപ്പോൾ തന്നെ അവൾക്ക് ആരാന്ന് മനസ്സിലായി. അവൾ അപ്പോൾ തന്നെ കട്ട് ചെയ്തു. ഫോൺ സ്വിച് ഓഫ് ചെയ്തു. ഇവന്ന് ആരാ ഫോൺ നമ്പർ കൊടുത്തത്.......  ഫൈസ് കണ്ട എന്ത് മറുപടി പറയും അവൾക്ക് ആദ്യം ആയി ചെറിയ പേടി തോന്നി. നെറ്റിയൊക്കെ വേദന എടുക്കുവാൻ തുടങ്ങിയിരുന്നു.

അവൾക്ക് എന്ത് കൊണ്ടോ ജുനു വിനെ യും ഉമ്മനെയും ഓർമ്മ വന്നു. വല്ലാത്ത ഒറ്റപ്പെടൽ

തോന്നി അവൾക്ക് അവിടെ.

നിറഞ്ഞ കണ്ണുകൾ തുടച്ചു അവൾ കണ്ണടച്ചു കിടന്നു......

നേരിയ തണുപ്പ് നെറ്റിയിൽ അറിഞ്ഞു.ഫൈസിയുടെ കൈ ആണെന്ന് മനസ്സിലായി അവൾ കണ്ണ് തുറക്കാതെ കിടന്നു.

അവൻ അവളുടെ നെറ്റിയിൽ മെല്ലെ കിസ്സ് കൊടുത്തു.

വേദനക്ക് ആശ്വാസം തോന്നി അവൾക്ക്.അവന്റെ ചുണ്ടുകൾ നെറ്റിയിൽ തന്നെ ഉള്ളതായി തോന്നി.

കണ്ണിന്റെ ഇരു സൈഡിലൂടെയും കണ്ണുനീർ ഒലിച്ചിറങ്ങി. അവൻ തുടച്ചു കൊടുത്തതും അവൾ അത് വരെ പിടിച്ചു നിന്ന സങ്കടം  ഉള്ളിലെ തേങ്ങലോടെ പുറത്തേക്ക് ഒഴുകി. അവൾ അവന്റെ ചങ്കിലൂടെ കയ്യിട്ട് പിടിച്ചു കഴുത്തിൽ മുഖം താഴ്ത്തി.

തനിച് ആയ പോലെ  ഫൈസ്...... അവൾ വിക്കി വിക്കി പറഞ്ഞു.

ഞാൻ ഇല്ലേ കൂടെ...... തനിച്ചാക്കില്ല ഒരിക്കലും അവൻ അവളെ പുറത്തു കൂടി തലോടി. അവളുടെ

ഭാരം മെല്ലെ കുറഞ്ഞു വന്നു. അവൾ ഉറങ്ങി തോന്നിയതും അവൻ മെല്ലെ അവിടെ കിടത്തി. കുറച്ചു സമയം അവളെ നോക്കി

നെറ്റിയിൽ ഒരിക്കൽ കൂടി ചുണ്ടുകൾ ചേർത്ത് അവൻ പോയി.

❤️❤️❤️❤️❤️

ഫൈസ് വിളിച്ചാണ് ഉറക്കം ഞെട്ടിയത്.

അവൾ ഞരങ്ങുന്നത് കണ്ടാണ് തൊട്ട് നോക്കിയത് നല്ല ചൂടുണ്ട്.

അവൾ എഴുന്നേൽക്കാൻ മടി കാണിച്ചതും അവൻ പിടിച്ചു എഴുന്നേൽപ്പിച്ചു ബെഡിൽ ചാരി ഇരുത്തി. ടൈം നോക്കിയപ്പോൾ ഒൻപതു മണി ആയി. ഇത്രയും ടൈം ഉറങ്ങിയോ. അവന്റെ കയ്യിൽ കഞ്ഞിയുണ്ടായിരുന്നു......

നല്ല പനിയുണ്ട്.....  വിളിച്ചിട്ട് അറിഞ്ഞത് കൂടിയില്ല. തുണിയൊക്കെ നനച്ചിടായിരുന്നു ഇപ്പോഴാ കുറച്ചു കുറഞ്ഞത്. കുറച്ചു കഞ്ഞി കുടിച്ചു ടാബ്ലറ്റ് കഴിച്ചു കിടന്നോ......

അവൾ വേണ്ടാന്ന് പറഞ്ഞെങ്കിലും അവൻ

നിർബന്ധിപ്പിച്ചു കുറച്ചു കുടിപ്പിച്ചു. പിന്നെയും നിർബന്ധിപ്പിച്ചപ്പോൾ  അവൾ വേണ്ടാന്ന് പറഞ്ഞു തട്ടിമാറ്റി....  കുടിക്കുന്നുണ്ടോ നീ എന്ന് പറഞ്ഞു അവൻ കൃത്രിമ ദേഷ്യത്തോടെ അവളെ നേർക്ക് നീട്ടിയതും കുറച്ചു കൂടി കുടിച്ചു....

അവൾ അത് കണ്ടു ചിരിയോടെ അവനെ നോക്കി......

എന്താ ഇളിക്കുന്നെ......

ജുനുവും ഉമ്മയും നീ ആയ പോലെ.ജുനു സോപ്പിട്ടു ഓരോന്ന് പറഞ്ഞു കുടിപ്പിക്കും ഉമ്മ അതും കണ്ടോണ്ട് വന്നു ഒരു ഞെട്ടിക്കൽ ആണ് കഞ്ഞി അറിയാതെ കുടിച്ചു പോകും ഉമ്മാന്റെ ആ ഞെട്ടിക്കലിൽ...... അതിന്ന് ജുനു ഉമ്മാനെ

വഴക്ക് പറയും ...... അതൊക്കെ ഓർത്തു പോയി....

ടീ ആ ഉമ്മ ഇല്ലെങ്കിൽ  ആ ജുനു നിന്നെ വഷളാക്കി കൊന്നേനെ......

അവൾ പെട്ടെന്ന് പൊട്ടിച്ചിരിച്ചു......

എന്റെ ഉപ്പന്റെ ഡയലോഗ് ആണിത്....

വയറ്റിൽ നിന്ന് വരുന്നതിന്ന് മുന്പേ എനിക്ക് വേണ്ടി ജുനിന്റെ വഴക്ക് കേൾക്കാൻ തുടങ്ങിയതത്രേ ഉമ്മ.....

പ്രഗ്നന്റ് ആയ ടൈം തന്നെ അത് ചെയ്യരുത് ഇത് ചെയ്യരുത് പറഞ്ഞു സ്വാതന്ത്ര്യം കൊടുത്തിട്ടില്ല പോലും......

ഫൈസിയുടെ മുഖം പെട്ടെന്ന് വാടി..... അവൻ അത് മറച്ചു വെച്ചു പുഞ്ചിരിച്ചു.

കുറച്ചു കൂടി തരട്ടെ എന്ന് പറഞ്ഞു അവൻ അവളെ നേർക്ക് നീട്ടിയതും കൈ വഴുക്കി അവളെ ദേഹത്തും അവന്റെ ദേഹത്ത് ബാക്കി കഞ്ഞി മറഞ്ഞു.....

ദേഷ്യം ഉണ്ടെങ്കിൽ ഇങ്ങനെ ചെയ്യരുത് ഫൈസ്..... അവൾ ചുണ്ടുകൾ പിളർത്തി സങ്കടത്തോടെ പറഞ്ഞു.

സോറിടീ...... അറിയണ്ട് പറ്റിയതാ.....

പോടാ ഇനി ഞാൻ കുളിക്കണ്ടേ..... അവൾ കലിപ്പോടെ അവനെ നോക്കി...

അതോർത്താണല്ലേ കുരിപ്പേ സങ്കടം ....... ഇങ്ങനെ ഒരു ഭൂലോക മടിച്ചി ആണല്ലോ എനിക്ക് കിട്ടിയത്.....

മടിച്ചി നിന്റെ കെട്ടിയോൾ

അത് തന്നെ ഞാനും പറഞ്ഞെ

അവൾ ഇളിച്ചു കാണിച്ചു.....

ഏതായാലും ടാബ്ലറ്റ് കഴിച്ചിട്ട് പോയിക്കോ എന്ന് പറഞ്ഞു അവൻ എടുത്തു കൊടുത്തു.അവൾ അത് കുടിച്ചു

അവൾ എഴുന്നേൽക്കാൻ നോക്കുമ്പോ വിറക്കുന്നുണ്ടായിരുന്നു അവൾക്ക്.....

അവൻ തന്നെ അവളെ ബാത്‌റൂമിൽ കൊണ്ട് ചെന്നാക്കി. മാറ്റാനുള്ള ഡ്രസ്സ്‌ ടവൽ എടുത്തു കൊടുത്തു.

കുളിക്കാൻ നിൽക്കണ്ട നല്ല പനിയുണ്ട് കഴുകിയ മതി അവൻ വിളിച്ചു പറഞ്ഞു.

അത് അല്ലേലും പറയാൻ ഇല്ലല്ലോ  കുളി നമുക്ക് പറ്റില്ലല്ലോ......

നീ പോടാ ഹബ്ബി..... എന്ന് ചിരിയോടെ പറഞ്ഞു അവൾ വാതിൽ അടച്ചു.

അവളുടെ ഹബ്ബി വിളി അവനിലും എന്തെന്നില്ലാത്ത സന്തോഷം പടർത്തുന്നുണ്ടായിരുന്നു....

അവൻ ചിരിയോടെ പാത്രം എടുത്തു പുറത്തേക്ക് പോയി. വന്നു ടീഷർട്ട് അഴിച്ചു ദേഹം തുടക്കുമ്പോഴാ

ഇനു ഓടി വന്നു അവനെ കെട്ടിപിടിച്ചത്....... അവൻ ഞെട്ടിപ്പോയി.

അവൾടെ കോലം കണ്ടു അവന്റെ കണ്ണ് മിഴിഞ്ഞു. ബാത്ത് ടവ്വൽ മാറിന് മുകളിൽ വെച്ചു കെട്ടിയിട്ട ഉള്ളത്. മുട്ടോളം ഉള്ളു അത്.

തല പൊട്ടിപോളിയുന്ന പോലാകുന്നു എനിക്ക് അവൾ കരഞ്ഞോണ്ട് അവനെ മുറുക്കെ കെട്ടിപിടിച്ചു..... അവന്ന് എന്താ വേണ്ടെന്നു തിരിയുന്നുണ്ടായിരുന്നില്ല. സാധാരണ ഗതിയിൽ ആയിരുന്നെങ്കിൽ തിരിച്ചു കെട്ടിപിടിച്ചേനെ...... അവളുടെ  നഗ്നമായ പുറം ഭാഗം നോക്കി അവൻ ഒന്ന് മടിച്ചു. കണ്ണും അടച്ചു പിടിച്ചു തിരിച്ചു കെട്ടിപിടിച്ചു. അവളുടെ ദേഹത്ത് തൊടുമ്പോൾ കൈ വിറക്കുന്നത് പോലെ തോന്നി അവന്ന്.  നഗ്നമായ തന്റെ നെഞ്ചിൽ അവളുടെ ചുടു കണ്ണുനീർ ഒലിച്ചിറങ്ങുന്നത് അവൻ അറിഞ്ഞു. നല്ല പനിയുള്ളത് കൊണ്ട് തന്നെ അവളുടെ ദേഹം ചുട്ടുപൊള്ളുന്ന പോലെ തോന്നി അവന്ന്. വിറക്കുന്നുണ്ടായിരുന്നു അവൾ ചെറുതായിട്ട്. അവൻ അവളുടെ കഴുത്തിലേക്ക് മുഖം താഴ്ത്തി അവളെ മുറുക്കി കെട്ടിപിടിച്ചു. അവളുടെ ദേഹത്തെ

ചൂട് അവന്റെ ദേഹത്തും പടർന്നു തുടങ്ങിയിരുന്നു അപ്പോൾ.......

❤️ 💔 INVISIBLE LOVE 💔❤️

Love after💘 marriage story

Part 39

അവൻ അവളുടെ കഴുത്തിലേക്ക് മുഖം താഴ്ത്തി അവളെ മുറുക്കി കെട്ടിപിടിച്ചു. അവളുടെ ദേഹത്തെ ചൂട് അവന്റെ ദേഹത്തും പടർന്നു തുടങ്ങിയിരുന്നു അപ്പോൾ....... അവന്റെ കൈകൾ  അവളുടെ ദേഹത്ത് കൂടെ അനുസരണയില്ലാതെ ഒഴുകി നടന്നിട്ടും അവളുടെ ഭാഗത്തു നിന്നും ഒരേതിർപ്പും ഉണ്ടായില്ലെന്നത് അവന്റെ ഉള്ളിലെ വികാരങ്ങളും പടർത്തിയിരുന്നു. അവളുടെ മുഖം നെഞ്ചിൽ നിന്നും ഉയർത്തി കൈകുമ്പിളിൽ എടുത്തു......

വാടിതളർന്നു കിടക്കുന്ന അവളുടെ മുഖവും അനുസരയില്ലാതെ നിറഞ്ഞൊഴുകുന്ന കണ്ണുകളും അവന്റെ വികാരങ്ങൾക്ക് അപ്പുറം കടന്നു വാത്സല്യം പടർത്തി. അവൻ അവളുടെ നെറ്റിയിൽ ഒരു ദീർഘ ചുംബനം ആയി ഒതുക്കി അവൻ.

തണുക്കുന്നു ഫൈസ്...... അവനോട് ഒട്ടിച്ചേർന്നു വിറക്കുന്ന ചുണ്ടുകളോടെ അവൾ പറഞ്ഞു. അവൻ അവളെ കയ്യിൽ കോരിയെടുത്തു. നെഞ്ചോട് ചേർത്ത് പിടിച്ചു. കഴുത്തിനു പിറകിലൂടെ കയ്യിട്ട് പിടിച്ചു അവന്റെ നെഞ്ചോട് മുഖം ചേർത്ത് കിടന്നു.... ബെഡിലേക്ക് കിടത്തി എഴുന്നെല്കാൻ നോക്കിയതും അവൾ കയ്യുടുത്തില്ല. അവൻ കൈ വിടുവിക്കാൻ നോക്കിയെങ്കിലും അവൾ മുറുക്കി പിടിച്ചു. അവൻ അവളെ മുഖത്തേക് തന്നെ നോക്കി. വേദനയുടെ കാഡിന്യം കാരണം ആയിരിക്കണം അവളൊന്നും അറിയാത്തതെന്ന് അവന്ന് തോന്നി. തന്റെ ഡ്രെസ്സൊ എന്താ ചെയ്യുന്നേ ഒന്നും അറിയാതൊരു ഭാവം. കണ്ണുകളിലെ ചുവപ്പ് അവനിലും ചെറിയ ഭീതി പടർത്തിയിരുന്നു. അവന്റെ ചുണ്ടുകൾ അവളുടെ ഇരു കണ്ണിലും അമർന്നതും അവളുടെ കണ്ണുകൾ അടഞ്ഞു. ഇരു സൈഡിലൂടെയും ഒലിച്ചിറങ്ങിയ കണ്ണുനീർ അവൻ ചുണ്ടുകൾ ഒപ്പിയെടുത്തു. മെല്ലെ പിടക്കുന്ന കൃഷ്ണമണികൾ ശാന്തമാവുന്നത് അവൻ കണ്ടു. മുഖത്തെ പിറുമുറുക്കും മാറി മുഖത്തും ഒരു തെളിച്ചം വന്നു. അവൾ ഉറങ്ങി എന്ന് അവന്ന് തോന്നി. അവൻ

കൈ വിടുവിക്കാൻ നോക്കിയെങ്കിലും പറ്റിയില്ല. പെട്ടന്ന് ആയിരുന്നു അവൾ അവനെ പിടിച്ചു വലിച്ചത് അവളുടെ മേലെക്ക് അവൻ വീണു. അവളുടെ കഴുത്തിൽ അവന്റെ ചുണ്ടുകൾ അമർന്നു. അവൻ പിടഞ്ഞു എഴുന്നേൽക്കാൻ നോക്കിയെങ്കിലും പറ്റാതെ അവളെ തന്നെ നോക്കി. ശരീരത്തിലെ വിറയൽ അവൻ കണ്ടു...... തണുപ്പ് അകറ്റാൻ ആയിരിക്കും തന്നിലുള്ള പിടിവിടാത്തതെന്ന് അവന്ന് മനസ്സിലായി.

വേറെ വഴിയില്ലാതെ അവൻ അങ്ങനെ തന്നെ കിടന്നു. തന്റെ ഭാരം മുഴുവൻ  അവളുടെ മുകളിൽ ആണെന്ന് മനസ്സിലാക്കി അവളെയും കൊണ്ട് ഒന്ന് മറിഞ്ഞു.അവളെ തന്റെ മുകളിൽ ആയി കിടത്തി. അവൾ അവന്റെ നെഞ്ചോട് ചേർന്നു അവനെയും കെട്ടിപിടിച്ചു കിടന്നു

അവളുറങ്ങിയിട്ടും അവന്ന് ഉറക്കം വന്നിരുന്നില്ല. അവളെയും നോക്കി കിടന്നു അവൻ. എപ്പോഴോ കണ്ണുകൾ അടഞ്ഞു.

അവൾക്ക് ഉറക്കം ഞെട്ടി എണീറ്റു. റൂമിൽ നല്ല വെളിച്ചം ഉണ്ട്. ഉറങ്ങുമ്പോൾ റൂമിൽ ലൈറ്റ് ഇടാറില്ല.

നിലാവിന്റെ നേരിയ വെളിച്ചം മാത്രം ആണ് അപ്പോൾ ഇഷ്ടം.നിലാവില്ലെങ്കിൽ പൂർണ്ണ ഇരുട്ടും.എവിടെയെങ്കിലും ലൈറ്റ് ഇട്ടാൽ ഉറക്കം ഏഴയലത് വരില്ല. ഫൈസിക്കും അതാണ് ഇഷ്ടം. അത് മാത്രം ഉണ്ട് രണ്ടാൾക്കും ഒരേ പോലെ ഇഷ്ടം.....

ഇന്ന് റൂമിൽ മൊത്തം വെളിച്ചം..... ഇവൻ എന്താ ലൈറ്റ് ഓഫ് ആക്കാഞ്ഞത്.....

വിയർത്തു കുളിച്ചു ഒരു പരുവം ആയിട്ടുണ്ട്. അവൾ എഴുന്നേൽക്കാൻ നോക്കുമ്പോഴാ ഫൈസിയുടെ മുകളിൽ ആണ് കിടന്നത് എന്ന് മനസ്സിലായത്. എപ്പോഴും അവന്റെ കൈക്കുള്ളിൽ ആണ് ഉണ്ടാകാറുള്ളത്.ഇതിപ്പോ അവന്റെ മേലെ കേറിക്കിടന്നത്.ഒന്നും ഓർമയില്ലല്ലോ....... വിയർത്തു ഒലിച്ചത് കാരണം അസ്വസ്ഥതയോടെ അവൾ എണീറ്റു. അവന്റെ ദേഹത്തൂടെയും വിയർപ്പ് ഒലിച്ചിറങ്ങുന്നത് അവൾ കണ്ടു.

ബെഡിൽ നിന്നും എണീറ്റപ്പോഴാണ് ദേഹത്ത് ടവ്വൽ ഉടുത്താണ് ഉള്ളത് എന്ന് മനസ്സിലായത്.

ഇന്നലെ എന്താ സംഭവിച്ചത് അവൾ നെറ്റിക്ക് കയ്യും കൊടുത്തു ആലോചിച്ചു.

ബാത്റൂമിൽ കേറിഡ്രസ്സ് മാറ്റിയപ്പോഴാ തല പൊട്ടിപൊളിയുന്ന പോലെ തോന്നിയത്. ഡ്രസ്സ് പോലും മാറാതെ അവനെ പോയി കെട്ടിപിടിച്ചത് ഓർമയുണ്ട്.പിന്നെ ഉള്ളതൊന്നും ഓർമയില്ല. അങ്ങനെ തന്നെ കിടന്നു കാണും....,. ഷർട്ട് ഇടാതെ കിടന്ന അവനെ തന്നെ നോക്കി അവൾ...... എന്ത് കൊണ്ടോ നാണത്തോടെ മിഴികൾ താഴ്ത്തി. അവളെ ശരീരത്തിലേക്ക് ഒന്ന് കൂടി നോക്കി കാബോഡിൽ നിന്നും ഡ്രസ്സ് എടുത്തു ബാത്റൂമിലേക്ക് പോയി.

അവൾ പോയതും അവൻ എണീറ്റിരുന്നു.കാണുമ്പോ ഉള്ള ചമ്മൽ മാറ്റാനാ അവൾ ഉണർന്നു തോന്നിയിട്ടും കണ്ണ് തുറക്കാഞ്ഞത്.  നല്ലൊരു അടിയാരുന്നു പ്രതീക്ഷിച്ചത്. കാരണം ഇങ്ങനെ ഒരു സാഹചര്യത്തിൽ തെറ്റിദ്ധരിക്കുമെന്ന് തോന്നി. ഇവളെന്താപ്പോ ഇങ്ങനെ ശരിക്കും ഇതിന്റെ സീരിയസ്നെസ് അറിയാഞ്ഞിട്ട് ആണോ...... അവൻ ദേഹത്തൂടെ ഒലിച്ചിറങ്ങുന്ന വിയർപ്പ് തുള്ളികൾ പ്രണയപൂർവ്വം തുടച്ചു മാറ്റി. അവളുടെ സ്മെൽ ആണ് ദേഹത്തു മൊത്തം. ഒരു നറു പുഞ്ചിരി അവന്റെ ചുണ്ടിൽ വിരിഞ്ഞു.

ഫൈസ് എണീറ്റോ ഇതെന്താ ഉറക്കം ഇല്ലേ മണി

രണ്ടേ ആയുള്ളൂ...... അവൾ കുളിച്ചു മുടിയും തൂവർത്തി കൊണ്ട് വരുന്നത് കണ്ടു ഞെട്ടലോടെ അവളെ നോക്കി.

നീ കുളിച്ചോ.....

ആകെ വിയർത്തു കുളിച്ചു...... വിയർപ്പ് പറ്റി വല്ലാത്തൊരു അസ്വസ്ഥത കുളിച്ചപ്പോഴാ സമാധാനം ആയത്...

അവൻ കലിപ്പോടെ അവളെ നോക്കി.

ഇന്നലെ രാത്രി പനിച്ചു വിറച്ചു കിടന്നവളാ ബോധം കഥയും ഇല്ലാതെ പിച്ചും പേയും പറഞ്ഞു എന്നെ ഉറങ്ങാനും വിട്ടില്ല.എന്നിട്ട് പനി തളർന്നു വിയർത്തു പോയതും കുളിച്ചിട്ട് വന്നിരിക്കുന്നു..... നിനക്ക് തലക്ക് ഓളം ഉണ്ടോ പിശാജേ.....അവന്ന് കലി കയറുന്നുണ്ടായിരുന്നു.

എനിക്ക് ബാത്റൂമിൽ കേറി തലവേദന എടുത്തു നിന്നെ വന്നു കെട്ടിപിടിച്ചതെ ഓർമ്മയുള്ളൂ ഇങ്ങനെ ഒക്കെ സംഭവിച്ചിന് അല്ലേ..... ഞാനും അതാ ആലോചിച്ചേ ബാത്ത് ടവ്വൽ ഉടുത്തു നിന്റെ ദേഹത്ത് എങ്ങനെ എത്തിയെന്നു.

നിന്നോട് സംസാരിക്കുന്ന ആൾകാടീ ഭ്രാന്ത്...... കുളിക്കേണ്ട സമയത്ത് ഒടുക്കത്തെ മടി. കുളിക്കാൻ പാടില്ലാത്തോണ്ട് കുളിച്ചിട്ട് വന്നിരിക്കുന്നു.രണ്ടു തന്നാൽ ഉണ്ടല്ലോ... അവൻ കലിപ്പോടെ പറഞ്ഞു അവളുടെ കയ്യിൽ നിന്നും ടവ്വൽ വാങ്ങി മുടി തൂവർത്തി കൊടുത്തു. നാളെ പനിയെങ്ങാനും വരട്ടെ അപ്പൊ കാണിച്ചു തരാം ഞാൻ...... ഇങ്ങനെ ഒരു അന്തോം കുന്തോം ഇല്ലാത്ത ഒരു ജന്മം......പേടിച്ചിട്ടു ബാക്കിയുള്ളോർ ടെൻഷൻ അടിച്ചത് മിച്ചം..... അവൻ അവളെ തിരിച്ചു നിറുത്തി ബാൻഡേർഡ് വെള്ളം നനഞ്ഞു നാശം ആയിരുന്നു. അവൻ അത് പറിച്ചു കളഞ്ഞു ടവ്വൽ കൊണ്ട് വെള്ളം ഒപ്പി.

വേദനകൊണ്ട് എരിവ് വലിച്ചതും അവന്റെ ദേഷ്യത്തോടെ ഉള്ള നോട്ടം കണ്ടു ചുണ്ട്  കടിച്ചു പിടിച്ചു വേദന സഹിച്ചു.

വെള്ളം തട്ടിക്കുമ്പോ ഓർക്കണം ആയിരുന്നു..... മരുന്ന് വെച്ച് വേറെ ബാൻഡേർഡ് എടുത്തു ഒട്ടിച്ചു കൊടുത്തു മനപ്പൂർവം അമർത്തി ഒട്ടിച്ചത്. അവൾ അവനെ നോക്കി മുഖം വീർപ്പിച്ചു.

ഇൻഫെക്ഷൻ എങ്ങാനും ആകട്ടെ അപ്പൊ കാണിച്ചു തരാം ബാക്കി.

അവൻ പോയി ബെഡിൽ ഇരുന്നു. മുഖം ദേഷ്യം കൊണ്ട് വീർത്തിരുന്നു.

അതേ ഡ്രസ്സ് ഇടതെന്ന് വഴക്ക് പറഞ്ഞില്ല

മനസ്സിലായില്ല കണ്ണും മിഴിച്ചു അവളെ നോക്കി.

ഞാൻ ബാത്ത് ടവ്വൽ മാത്രം ഉടുത്തു മുന്നിൽ വന്നില്ലേ കൂടെ കിടക്കേം ചെയ്തു അതിന്ന് വഴക്ക് പറഞ്ഞില്ലെന്നു അതും കൂടി കഴിഞ്ഞ ഉറങ്ങാലോ..... അല്ലെങ്കിൽ കുറച്ചു കഴിഞ്ഞു ആദ്യവും ദേഷ്യപ്പെട്ടാലോ

അവൻ ഞെട്ടി പകച്ചു പണ്ടാരം അടങ്ങി തലക്ക് കൈ വെച്ചു.ദയനീയമായി അവളെ നോക്കി.

എന്തിനാടീ കോപ്പേ അതിന്ന് വഴക്ക് പറയുന്നത്.

എന്റെ ഉമ്മ എന്നെ ചീത്ത വിളിക്കൽ ഉണ്ടല്ലോ...... തല്ലും കിട്ടാറുണ്ട്. ഒരു ദിവസം അങ്ങനെ ഇറങ്ങി വന്നെന്ന് ജുനുവിനെ മാച്ചിൽ കൊണ്ട് അടിച്ചു.പിന്നെ ഇങ്ങനെ ബാത്റൂമിൽ നിന്നും ഇറങ്ങിയിട്ട് ഇല്ല.

നിന്നെ തല്ലാതെ ജുനുവിനെ തല്ലിയത് എന്തിനാ.....

അവൻ ആലോചനയോടെ ചോദിച്ചു.

എന്നെ തല്ലിയിട്ട് ഒരു കാര്യം ഇല്ല നിനക്ക് വേദനിക്കണമെങ്കിൽ അവന്ന് വേദനിക്കണം പറഞ്ഞു. അവനെ തല്ലുന്നോണ്ട് ഞാൻ ആ പരിപാടി നിർത്തി

സത്യത്തിൽ അങ്ങനെ എന്തിനാ ഇറങ്ങി വരുന്നേ അവൻ ചിരി കടിച്ചു പിടിച്ചു ചോദിച്ചു.

ഈറനോട് ഡ്രസ്സ് ഇടുമ്പോ വല്ലാത്ത ദേഷ്യം വരും. ഇതകുമ്പോ റൂമിൽ നിന്നും ഡ്രസ്സ് ഇടാലോ.....

ഇനി താങ്ങുലാടി ഖൽബെ നിന്റെ വീരസഹസം..... പോയി കിടന്നോ..... അവൻ ചിരിയടക്കിപിടിച്ചു പറഞ്ഞു.

ഉറക്കം വരുന്നില്ല...... രാവിലെ മുതലേ ഉറക്കം അല്ലെ അതാവും....

അവൾ  ഫോൺ എടുത്തു ഓൺ ആക്കി.

ഈ ടൈം ആണോ ഫോൺ യൂസ് ചെയ്യുന്നേ......

അത് കടുവക്ക് ബാൻഡേർഡ് ഒട്ടിച്ച ഫോട്ടോ msg അയച്ചിന് റിപ്ലൈ നോക്കട്ടെ വന്നൊന്ന്.

ഫോൺ നോക്കിയതും ഇഞ്ചി കടിച്ച മോന്ത പോലാക്കുന്നത് കണ്ടു....

എന്താ റിപ്ലൈ കിട്ടിയില്ലേ....

കിട്ടി.... വാനരൻ ഇന്നെത് മരത്തിൽ നിന്ന വീണെന്ന്...... അവൾ ചമ്മലോടെ പറഞ്ഞു.

ഫൈസ് പൊട്ടിച്ചിരിച്ചു പോയി.

അവൾ മുഖം കോട്ടി സോഫയിൽ പോയി ഇരുന്നു.ഇജാസ് വിളിച്ച നമ്പറിൽ നിന്നും

Wp msg വന്നിട്ടുണ്ട് .ഒരു പിക് ആണ്. കുറെ സമയം മൈന്റ് ആക്കിയില്ല.പിന്നെ ക്യുറിയോസിറ്റി അടക്കാൻ ആവാതെ  അവൾ ഓപ്പൺ ആക്കി നോക്കി. Love എന്ന് മോഡലിൽ എഴുതിയ ഒരു പിക് അതിൽ ദേഷ്യം കൂടുതലാണ്...... വാശി കൂടുതൽ ആണ്...

പിണക്കവും കൂടുതൽ ആണ്...... അത് പോലെ തന്നെ ഇഷ്ടവും കൂടുതലാ..... Love യൂ  എന്നും എഴുതിയിരുന്നു.....

അവൾ അതിന്ന് അപ്പോൾ തന്നെ  കുറെ പുച്ഛം റിപ്ലൈ അയച്ചു.

പെട്ടന്ന് തന്നെ ഓൺലൈൻ വന്നു.

നീ ഉറങ്ങിയില്ലേ

ഇവന്ന് ഉറക്കം ഇല്ലേ കോപ്പ് പെട്ടല്ലോ..... അവൾ റിപ്ലൈ കൊടുത്തില്ല.

ഒരു സെൽഫി അയച്ചു തരോ

അവൾ അതിന്നു പുച്ഛം തന്നെ റിപ്ലൈ അയച്ചു.

മുകൾ നിലയിൽ മൂന്നാമത്തെ ബെഡ്‌റൂം അല്ലേ ഞാൻ വന്നു നേരിട്ട് ഫോട്ടോ എടുത്തോളാം.... പത്തു മിനിറ്റ്

പറഞ്ഞ പറഞ്ഞത് ആണ് എന്നറിയുന്നൊണ്ട് അവൾ സെൽഫി എടുത്തു അയച്ചു.ടൈപ്പിംഗ് എന്ന് കണ്ടതും അപ്പോൾ തന്നെ നെറ്റ് ഓഫ് ആക്കി.ഫോൺ സ്വിച് ഓഫ് ചെയ്തു. അടുത്ത പണി ഇരന്നു വാങ്ങേണ്ടല്ലോ....... ഫോൺ അവിടെ ഇട്ടു ബെഡിൽ പോയി കിടന്നു.

ഉറക്കം ഇല്ല പറഞ്ഞിട്ട്......

ഇപ്പൊ ഉറക്കം വന്നു എന്ന് പറഞ്ഞു തലവഴി പുതപ്പിട്ടു മൂടി കിടന്നു.

എങ്ങനെ കിടന്നാലും എന്റെ കൈക്കുള്ളിൽ എത്തും അതും ഓർത്തു ചിരിയോടെ അവൻ കിടന്നു.

കുറച്ചു കഴിഞ്ഞതും അവൾ അവന്റെ കൈക്കുള്ളിലൂടെ നൂണ്ട് കയറി.

അവൻ അവളെ നോക്കി പുഞ്ചിരിച്ചു.

ഉറക്കം വരുന്നില്ലേ

അവൾ ഇല്ലെന്ന് തലയാട്ടി.

കണ്ണടച്ചു കിടന്നോ പറഞ്ഞു അവൻ അവളെ കെട്ടിപിടിച്ചു...... ഒന്നും മിണ്ടാതെ അവന്റെ നെഞ്ചോട് മുഖം ചേർത്ത് അവൾ കിടന്നു. കുറച്ചു കഴിഞ്ഞതും അവൻ ഉറങ്ങിയിരുന്നു. അവന്റെ മുഖവും നോക്കി കിടന്നു എപ്പോഴോ അവളും ഉറക്കിലേക്ക് വീണു.

പിന്നീട് എഴുന്നേൽക്കുമ്പോൾ ഫൈസ് അടുത്ത് ഉണ്ടായിരുന്നില്ല...... ടൈം നോക്കി പത്തുമണി. അവൾ എഴുന്നേറ്റു ഫ്രഷ് ആയി താഴേക്ക് പോയി.

അടുക്കളയിൽ റംലത്ത അവളെ കണ്ടതും ചായ എടുത്തു കൊടുത്തു.

പള്ളിയുറക്കം കഴിഞ്ഞു എണീറ്റോ..... ഉച്ചക്ക് ചോറിന്റെ സമയത്ത് എഴുന്നേറ്റ പോരായിരുന്നോ.....

ഉമ്മ പരിഹാസത്തോടെ പിറകിൽ നിന്നും പറയുന്നത് കേട്ടു.

അവൾ ഒന്നും മിണ്ടിയില്ല. റംലിത നോക്കിയപ്പോൾ കണ്ണിറുക്കി കാണിച്ചു.

അവർ ചിരിയോടെ അവരെ പണി നോക്കി പോയി.

ഒരു ജോലിയും ചെയ്യണ്ട മൂന്നു നേരം ഇരുന്നു തിന്നാൻ മാത്രം വരും. അതെങ്ങനെ നാണം മാനം എന്നൊന്ന് വേണ്ടേ.....

അവൾക്ക് കരച്ചിൽ വന്നു തൊണ്ടയിൽ നിന്ന് ചായ ഇറങ്ങാതെ വന്നു.

ഇന്ന് കോളേജ് പോയില്ല അതോണ്ടാ ചായ കുടിക്കാൻ വന്നത്. അല്ലെങ്കിൽ ഉമ്മ പറഞ്ഞ ശേഷം ഞാൻ ഇത് വരെ ലേറ്റ് ആയി എഴുന്നേറ്റ  ഫുഡ് കഴിച്ചിട്ടില്ല. കാന്റീൻ ന്ന കഴിക്കാറ്. ..... രാത്രി എല്ലാരും കഴിച്ചു കഴിഞ്ഞു ബാക്കി ഉണ്ടെങ്കിലേ കഴിക്കാറുള്ളു......  അവൾ നിറഞ്ഞ കണ്ണുകൾ തുടച്ചു കൊണ്ട് പറഞ്ഞു.

ഉമ്മ പുച്ഛത്തോടെ നോക്കി അകത്തേക്ക് പോയി.

മോളെന്തിനാ താണ് കൊടുക്കുന്നെ. നല്ലോണം

തിരിച്ചു പറഞ്ഞൂടെ. അല്ലെങ്കിൽ ഫൈസിയോട് പറഞ്ഞൂടെ....

ആദ്യം ഒക്കെ മോൾ ധൈര്യത്തോടെ സംസാരിക്കുന്നത് കണ്ടല്ലോ റംലത്ത സങ്കടത്തോടെ അവളെ നോക്കി ചോദിച്ചു

അവരുടെ ഭാഗത്ത ന്യായം.തെറ്റ് എന്റേത് ആണ്... അതറിയാതെ ഞാൻ അന്ന് അങ്ങനെ ഒക്കെ സംസാരിച്ചത്.

എന്ത് ന്യായം...... ഇങ്ങനെ കുത്തി പറഞ്ഞു വേദനിപ്പിക്കുന്നതോ.....

ഇവരുടെ സമ്മതം ഇല്ലാതെയാ ഫൈസ് എന്നെ വിവാഹം കഴിച്ചത് അത് തെറ്റാണ്.

ഞാൻ  പാവപ്പെട്ട വീട്ടിലെ പെണ്ണ് ആയോണ്ടാ ഇഷ്ടം അല്ലാത്തതും അതും എനിക്ക് തിരുത്താൻ ആവില്ല.... അപ്പൊ ന്യായം അവരെ ഭാഗത്തു ആണ്..... അതും പറഞ്ഞു അവൾ പോയി.

💕💕💕💕💕

അവൾ സിറ്റൗട്ടിൽ പോയി ഇരിക്കുമ്പോഴാ ഫൈസ് സമിയും  കേറി വന്നത്........ കയ്യിൽ കുറെ

സാധനങ്ങൾ ഉണ്ടായിരുന്നു.

ഓഫീസിൽ പോയില്ലേ...... കാണാത്തോണ്ട് ഞാൻ പോയെന്ന് കരുതി.

ഇന്ന് അങ്കിളും ഫാമിലിയും വരുന്നുണ്ട്. അതോണ്ട് എന്തൊക്കെയോ വാങ്ങണം പറഞ്ഞു ഉമ്മ വിളിച്ചു അതാ പോയത്....... നിന്നെ വിളിക്കാൻ തോന്നിയില്ല. ഇപ്പൊ പനിയൊന്നും ഇല്ലല്ലോ അവൻ സാധനം എല്ലാം അവിടെ ഇട്ടിട്ട് നെറ്റിയിൽ തൊട്ട് നോക്കി......

അവൾ ഇല്ലെന്ന് പറഞ്ഞു.....

ഇതൊക്കെ കൊടുത്തിട്ട് വരാം

അവൻ അകത്തേക്ക് പോയി,.

ആരാ വരുന്നേ സമിക്ക

ഉമ്മാന്റെ  ഇക്കാക്കയും വൈഫ് മക്കളും ഫാമിലിയും........ സമിക്കയുടെ മുഖത്ത് ഇഷ്ടക്കേട് അവൾ കണ്ടു.

ഇഷ്ടം അല്ലല്ലേ അവരെ അവൾ ചിരിയോടെ ചോദിച്ചു.

അവൻ അത്ഭുതത്തോടെ അവളെ നോക്കി.എനിക്ക് ഇഷ്ടം അല്ലെന്ന് നിന്നോടാരാ പറഞ്ഞത്.

മുഖം കണ്ടപ്പോൾ തോന്നി.

സംഭവം എന്റെ അമ്മാവനോക്കെയാ അങ്ങേരെ പിന്നെയും ഒപ്പിക്കാം ബാക്കിയൊക്കെ ജാഡ പാർട്ടീസ് ആണ്. അമേരിക്കയിൽ ആയിരുന്നു. ആർക്കിട്ട് പണിയനാണാവോ ഈ വരവ്...... പടച്ചോൻ അറിയാം...... എന്റെ വീട്ടിലേക്ക് കെട്ടിയെടുക്കതിരുന്ന മതിയാരുന്നു. വേണേൽ ഞാൻ പള്ളിയിൽ പൈസ ഇട്ടോളാം...... സമി പ്രാർത്ഥിക്കുന്ന കണ്ടു അവൾക്ക് ചിരിയാരുന്നു വന്നത്.

ചിരിച്ചോ ചിരിച്ചോ കിട്ടുമ്പോ തിരിയും.....

സമിക്ക ആരെയും കുറ്റം പറയുന്നത് കേട്ടിട്ടില്ല ആദ്യം ആയ പറയുന്നത് കേൾക്കുന്നെ.

എനിക്കുള്ള പാരയാടീ വരുന്നത്.... അങ്ങേർക്ക് ഒന്നരക്കിലോ പൊട്ടിയിട്ടു നടക്കുന്ന അഹങ്കാരം തലക്ക് പിടിച്ച ഒരു മദാമ്മ മോളുണ്ട്.. അവളെ മരുമക്കളെ കൊണ്ട് കെട്ടിക്കാനാ ആഗ്രഹം.നറുക്ക് ഫൈസിക്ക് ആയിരുന്നു..... അവന്റെ പിറകെ കുറെ നടന്നതാ തന്തയും മോളും. അവൻ പെണ്ണ് കെട്ടിയല്ലോ അവൻ രക്ഷപെട്ടു.ഇനിയിപ്പോ ബാക്കി

ഞാൻ ഉള്ളൂ..... ഉമ്മാമ്മ മരിച്ചപ്പോൾ പോലും വരാൻ ലീവ് ഇല്ലാത്ത സാധങ്ങൾ ആണ്.ഇപ്പൊ കെട്ടിയെടുത്തത് എന്റെ നെഞ്ചത്തോട്ടു ആണോന്ന് ഡൌട്ട് അവൻ താടിക്ക് കയ്യും വെച്ചു പറഞ്ഞു.

അവൾ പൊട്ടിചിരിച്ചു......

ഒരാൾക്ക് പണി കിട്ടുമ്പോ എന്തൊരു സന്തോഷം.... അവൻ അവളെ തലക്ക് ഒരു ചൊട്ട് കൊടുത്തു.

💕💕💕💕💕

കുറച്ചു കഴിഞ്ഞപ്പോഴാണ്  രണ്ടു  കാർ വന്നത്  ഒരു പ്രായം  ഉള്ള ആളും ഒരു ചെറുപ്പക്കാരനും  രണ്ടു സ്ത്രീകളും  പിന്നെ രണ്ടു പെൺകുട്ടികൾ ഇറങ്ങി വന്നു..... അവൾ ആദ്യം നോക്കിയത് ആ പെൺകുട്ടികളെ ആണ്.ഒരാളെ കണ്ടിട്ട് വിവാഹം കഴിഞ്ഞ പോലെ തോന്നി. മറ്റേത് സിമ്പിൾ ആയി ഒരുങ്ങി അടക്കവും ഒതുക്കവും ഉള്ള ഒരു സുന്ദരി പെൺകുട്ടി. സമി പറഞ്ഞതിന്റെ നേരെ ഓപ്പോസിറ്റ്..... ഇനി ഇവന്ന് ആൾ മാറിയോ അവൾ മൊത്തത്തിൽ പരാതിയെങ്കിലും അവൾ മാത്രം ഉള്ളൂ.

സമിയെ അവൾ ദേഷ്യത്തോടെ നോക്കി.

വായും പോളന്നു നിൽക്കുന്ന അവനെ കണ്ടപ്പോൾ അവന്നും ഷോക്കിങ് ന്യൂസ് ആണെന്ന് മനസ്സിലായി. ആ പെണ്ണിനെ ആകെ അടിമുടി നോക്കുന്നും ഉണ്ട്. പക്ഷേ അവൾ നോക്കുന്നിടത്തേക്ക് നോക്കിയപ്പോൾ ഫൈസിയെ കണ്ണെടുക്കാതെ നോക്കി നില്കുന്നത് കണ്ടു. പിന്നെ ഓടി വന്നു അവനെ കെട്ടിപിടിച്ചു. അത് കണ്ടതും അവൾ ഇഷ്ടക്കേടോടെ മുഖം തിരിച്ചു. എല്ലാവരും പരസ്പരം നോക്കുകയും പരിചയപെടുകയും ഒക്കെ ചെയ്യുന്നുണ്ട്.

അവൾ പുറത്ത് ഇറങ്ങാതെ ദൂരെ നിന്ന് നോക്കുകയെ ചെയ്തുള്ളു. എല്ലാവരും അകത്തേക്ക് കയറി. അപ്പോഴും ഫൈസിയുടെ കൈക്കുള്ളിലൂടെ കയ്യിട്ട് പിടിച്ച ആ പെണ്ണിൽ ആയിരുന്നു ഇനു നോക്കി നിന്നത്. മനസ്സിൽ എന്തെന്നില്ലാത്ത അസ്വസ്ഥതയും ദേഷ്യം വന്നു. അവൾ റൂമിലേക്ക് പോയി.

📚**STORY BOARD**📚

❤️ ❤️ 💔 **INVISIBLE LOVE** 💔❤️

**Love after💘 marriage story**

Part 40

പുതിയ ജോലിക്കാരിയാണ്.

അവൾ ഞെട്ടലോടെ ഉമ്മാനെ നോക്കി.

മകന്റെ ഭാര്യയെ ജോലിക്കാരിയെന്ന് പറഞ്ഞു പരിചയപെടുത്തുന്നു ആദ്യം ആയിഅവരോട് പുച്ഛംതോന്നി അവൾക്ക്

നിറഞ്ഞകണ്ണുകൾ ആരും കാണാതിരിക്കാൻ അവൾ മുഖം ഉയർത്താതെ എല്ലാവർക്കും ജ്യൂസ് കൊടുത്തു അടുക്കളയിലേക്ക് തിരിച്ചു പോയി. ആ പെണ്ണിന്റെ കണ്ണിൽ അപ്പോൾ കണ്ടു ഒരു പുച്ഛഭാവം.

നീയിങ്ങനെ തലയും താഴ്ത്തി കണ്ണും നിറച്ചു നിന്നോ...... റംലിത്ത ദേഷ്യത്തോടെ അവളെ നോക്കി പറഞ്ഞു. ഇനു പെട്ടന്ന് അവരെ കെട്ടിപിടിച്ചു കരഞ്ഞു.

അയ്യേ ദേഹത്തു അപ്പോടി അഴുക്കാണ്.മോൾ ഒന്ന് വിട്ടേ..... അവർ അവളെ പിടി വിടുവിക്കാൻ നോക്കിയിട്ടും അവൾ വിട്ടില്ല. അവർ അവളുടെ തലയിലൂടെ തലോടി...... കുറച്ചു കഴിഞ്ഞതും ഫൈസ് അങ്ങോട്ട് വന്നു.

എന്താ പറ്റിയെ ഇനു അവന്നെ കണ്ടതും അവൾ പിടി വിട്ടു കണ്ണൊക്കെ തുടച്ചു.

പനിക്കുന്നുണ്ടോ....... അവൻ പരിഭ്രാന്തിയോടെ നെറ്റിയിലും കഴുത്തിലൊക്കെ കൈ വെച്ചു നോക്കി.അവന്റെ കയ്യിൽ ഒരു തുള്ളി കണ്ണുനീർ ഇറ്റു വീണു....

നിനക്ക് വേദനയുണ്ടോ.......

അവന്റെ മുഖത്തെ ടെൻഷൻ കണ്ടപ്പോ അവൾക്ക് പാവം തോന്നി.

വേദനിക്കുന്നുണ്ട് അത് പക്ഷേ മനസ്സിനാണെന്ന് മാത്രം..... നമ്മൾ കാരണം ആരും വേദനിക്കാൻ പാടില്ല മോളെ..... ജുനുന്റെ വാക്കുകളാണ് ഓടി വന്നത്.

കണ്ണിൽ പൊടി വീണു..... അതാ വേറൊന്നും ഇല്ല അവന്റെ മുഖത്ത് നോക്കാതെ പറഞ്ഞു.

റംലിത്ത ദേഷ്യത്തോടെ നോക്കുന്നത് കണ്ടു. അവൾ തിരിച്ചു ഒന്ന് ചിരിച്ചു കാണിച്ചതും അവർ പുച്ഛത്തോടെ മുഖം കോട്ടി പോയി.

ആരും അല്ലാത്ത അവർക്ക് തോന്നുന്ന ദയപോലും

ഉമ്മാക്ക് ഇല്ലല്ലോന്ന് വേദനയോടെ ഓർത്തു.അവർക്ക് ജൂസ് കൊടുക്കുവാൻ ഉമ്മ തന്നെയാണ് പറഞ്ഞത്.എന്നിട്ട് പരിജയ പെടുത്തിയതോ ജോലിക്കാരി എന്ന് പറഞ്ഞും.

ഫൈസ് അവളെ കൂട്ടി ഹാളിലേക്ക് പോയി.

ഇതാണ് എന്റെ വൈഫ് ഇനായ മെഹവിഷ് അവളെ ചേർത്ത് പിടിച്ചു പറഞ്ഞു.

ഇത് വരെ തോന്നിയ സങ്കടം എല്ലാം അവന്റെ ആ ഒറ്റപ്രവർത്തിയിൽ മാറിയിരുന്നു.

അവൻ എല്ലാവരെയും പരിജയപെടുത്തി.

ആ പെണ്ണിന്റെ നേർക്ക് കൈ ചൂണ്ടി.ഇത്

ഐറ..... എന്റെ ഫ്രണ്ട് കൂടിയാണ്.....

ഇനു അവളെ നോക്കി ചിരിച്ചെങ്കിലും തിരിച്ചു പുച്ഛഭാവം ആയിരുന്നു അത് കണ്ടതും അവളുടെ മുഖം വാടി. സമിക്ക് അവരെ വെറുതെയല്ല ഇഷ്ടം അല്ലാത്തതെന്ന് അവൾക്ക് മനസ്സിലായി.

ഒരിക്കലും വിചാരിച്ചില്ല നീയിങ്ങനെയൊരു വിവാഹം കഴിക്കുമെന്ന്. നിങ്ങളുടെ വിവാഹം ആദ്യമേ പറഞ്ഞു വെച്ചതല്ലാരുന്നോ... അങ്കിൾ എന്ന്

പറയുന്ന ആൾ ഇഷ്ടക്കേടോടെ ഇനിവിനെ നോക്കി പറഞ്ഞു.

അവനെ പറഞ്ഞിട്ടും കാര്യം ഇല്ലല്ലോ വിവാഹത്തിന്റെ തലേന്ന് ചെക്കൻ ഒളിച്ചോടിപോയപ്പോ ഫ്രണ്ടിന്റെ വിഷമം കാണാതെ അവൻ കെട്ടിയതല്ലേ.... അമ്മായി എന്ന് പരിചയപെടുത്തിയ കക്ഷി പുച്ഛത്തോടെ പറഞ്ഞു.

ഇതെന്താ കഥ അവൾ ഞെട്ടലോടെ അവനെ നോക്കി.....

നമുക്ക് പിന്നെ സംസാരിക്കാം ഇവള്ക്ക് നല്ല പനി. ഞാൻ ഒന്ന് റൂമിലാക്കിയിട്ട് വരാം. അവരെയൊന്നും പറയാൻ വിടാതെ അവളെ കൂട്ടി റൂമിലേക്ക് പോയി.

ഫൈസ് എന്താ അവർ അങ്ങനെ പറഞ്ഞത്.... റൂമിൽ എത്തിയതും അവൾ ചോദിച്ചു.

കല്യാണത്തിന് വിളിച്ചില്ല അതിന്ന് പരാതി പറഞ്ഞപ്പോ സമി അങ്ങനെ നുണ പറഞ്ഞത.... അത് പറയുമ്പോൾ അവൻ മുഖത്ത് നോക്കുന്നില്ല എന്ന് കണ്ടപ്പോൾ തന്നെ എന്ത് കൊണ്ടോ വിശ്വസിക്കാൻ തോന്നിയില്ല. ഫൈസ് കളവ് പറയുന്നു എന്തിന്...... ഇവിടെ വന്ന ആർക്കും

എന്നെ ഇഷ്ടം അല്ല..... ഉമ്മാക്ക് കണ്ണിന് നേരെ കണ്ടുകൂടാ..... ഉപ്പ ഒന്നും പറയില്ലെങ്കിലും ഇത് വരെ മിണ്ടിയിട്ട് ഇല്ല..

ഞാൻ എന്താ തെറ്റ് ചെയ്തത്..... എന്ത് കൊണ്ട ഇഷ്ടം അല്ലാത്തത്.....  ഫൈസ് എന്തിനിപ്പോ കളവ് പറഞ്ഞു....ഐറ ആയി വിവാഹം പറഞ്ഞു വെച്ചിരുന്നോ.... അവൾ തലക്ക് കൈ വെച്ചതും അവന്ന് അപകടം മണത്തു.......

അവൻ പെട്ടന്ന് അവന്റെ കൈ പിടിച്ചു എരിവ് വലിച്ചു......

എന്താ പറ്റിയെ ഫൈസ് അവൾ ഞെട്ടലോടെ അവനെ നോക്കി.

കൈ എവിടെയോ ഇടിച്ചു വല്ലാത്ത വേദന

അവൻ വേദന ഉള്ളത് പോലെ ആക്ട് ചെയ്തു......

അവൾ ബാക്കിയൊക്കെ മറന്നു.... എന്താ പറ്റിയെ വേദനയുണ്ടോ ചോദിച്ചു കൈ തടവിയും സങ്കടത്തോടെ നോക്കുകയും ചെയ്തപ്പോൾ അവന്നു പാവം തോന്നി. നിന്റെ വേദന കണ്ടു നിൽക്കാൻ കഴിയുന്നില്ല ഇനു.സോറി അവൻ

മനസ്സിൽ മന്ത്രിച്ചു.

ഇപ്പൊ മാറി....... പെട്ടന്ന് എന്തോ കൊളുത്തി പിടിച്ച പോലെ അവൻ കൈ ഒന്ന് കുടഞ്ഞു.

ശരിക്കും മാറിയോ അവൾ സങ്കടത്തോടെ ചോദിച്ചതും അവൻ അവളെ കെട്ടിപിടിച്ചു.

എന്താ ഫൈസ്..... എന്താ പറ്റിയെ

നതിങ്..,.  ഇങ്ങനെ നിൽക്കാൻ ഒരു പൂതി അവൻ അവളെ വിട്ടു കണ്ണിറുക്കി കൊണ്ട് പറഞ്ഞു....

പോടാ കൊരങ്ങാ... എന്നെ പിടിക്കേണ്ട.... ആ ഐറയെ പോയി പിടിച്ചോ.... അവൾ മുഖം ചുളുക്കി പറഞ്ഞു.

ഐറയെയോ അതെന്തിനാ..... അവൻ അവളെ നോക്കി മുഖം ചുളിച്ചു

നീ അവളെ കെട്ടിപിടിച്ചല്ലോ...... അപ്പൊ അവളെയും അങ്ങനെ പിടിക്കാൻ ഇഷ്ടം ആണോ.....

കുശുമ്പ് തീരെ ഇല്ലല്ലേ.... അവൻ ചെറുചിരിയോടെ പറഞ്ഞു.

എനിക്ക് ഇഷ്ടം അല്ല ആരെയും കെട്ടിപിടിക്കണ്ട....

അവൾ മുഖം താഴ്ത്തി മെല്ലെ പറഞ്ഞു.

അതെന്താ അങ്ങനെ.....

അതൊന്നും എനിക്കറിയില്ല.കണ്ടപ്പോ നെഞ്ചിൽ എന്തോ കൊളുത്തിപറിക്കുന്ന പോലെ തോന്നി.

അവന്റെ ഉള്ളിൽ അഞ്ചാറു ലഡ്ഡു ഒന്നിച്ചു പൊട്ടി.... അപ്പൊ ഇവൾക്ക് എന്നെ ഇഷ്ടം ആണോ...... പോസ്സിസിവനെസ് വർക്ക് ചെയ്യുന്നുണ്ട്.....

ഇതിന്റെ പേരാണ് മോളേ കുശുമ്പ്..... അവളുടെ മൂക്കിൽ പിടിച്ചു വലിച്ചുകൊണ്ട് അവൻ പറഞ്ഞു.

കുശുമ്പ് ഒന്നും അല്ല..... എന്നെ മാത്രം കെട്ടിപിടിച്ച മതി..... അതും പറഞ്ഞു അവന്റെ നെഞ്ചിൽ ഒരടിയും കൊടുത്തു അവളോടിപോകാൻ നോക്കിയതും അവൻ പിടിച്ചു വെക്കാൻ നോക്കി പിടിത്തം കിട്ടിയത് അവളുടെ മുടിയിൽ ആയിരുന്നു. അവൾ അവന്റെ നെഞ്ചിൽ തട്ടി നിന്നു.....

അവൾ അവന്റെ നെഞ്ചിൽ ആഞ്ഞു കടിച്ചത് പെട്ടെന്ന് ആയിരുന്നു.

അറിയാതെ പിടിച്ചു പോയതാ ഇനു വിട് അവൻ എരിവ് വലിച്ചു അവളെ പിടിച്ചു മാറ്റി.  അവൻ

ഷർട്ടിന്റെ ബട്ടൺ അഴിച്ചു കടിച്ചിടത് നോക്കി.... ചോര പൊടിഞ്ഞില്ലെന്നേ ഉള്ളൂ..... ഇതിന്ന് മാത്രം ഒരു മറവിയും  ഇല്ല തെണ്ടി.....ഇനി കടിക്കില്ല പറഞ്ഞിട്ട് ഇല്ലേ....അവൻ ദേഷ്യത്തോടെ അവളെ നോക്കി.

സോറി...... അത് പിന്നെ..... മുടിയിൽ പിടിച്ച എനിക്ക് വേദനിക്കും അപ്പൊ കടിച്ചു പോകുന്നതാ ഇനി കടിക്കില്ല......

ഉറപ്പായും കടിക്കില്ല......ഇത് ലാസ്റ്റ്.....

എനിക്ക് ഉറപ്പ് വേണ്ട മോളെ ഇങ്ങോട്ട് തന്നത് തിരിച്ചു കൊടുത്ത ശീലം..... അവൻ മുഖത്ത് കുസൃതി ചിരിയുമായി അവളെ നോക്കി പറഞ്ഞു.

അപ്പോഴാ അവൾക്ക് അന്ന് കുളത്തിൽ വെച്ചു കടിച്ചത് ഓർമ വന്നത്. അവൾ പോകാൻ നോക്കിയതും അവൻ  കൈവെച്ചു ബ്ലോക്ക് ചെയ്തു.

വേണ്ട ഫൈസ് അറിയാതെ പറ്റിപോയത.

ഇനി ചെയ്യില്ല. അവൾ പിറകോട്ടു നടന്നു ചുമരിൽ തട്ടി നിന്നു.

അവൾക്ക് അന്ന് വെള്ളത്തിൽ വെച്ചു അവൻ കടിച്ചത് ഓർത്തതും ശരീരത്തിലൂടെ ഒരു വിറയൽ

പടർന്നു കയറി. വേണ്ടന്ന് അവൾ കണ്ണ് കൊണ്ട് കാണിച്ചു..... അവൻ അവളുടെ അടുത്ത് വന്നു നിന്നു. അവന്റെ ശ്വാസം അവളുടെ മുഖത്ത് തട്ടിയതും അവൾ നിന്ന് വിറച്ചു.

അവൻ കഴുത്തിൽ ഉണ്ടായ ഷാൾ മുഖം കൊണ്ട് തള്ളി മാറ്റി. അവന്റെ ചുണ്ടുകളും

മീശയും അവന്റെ കുറ്റി താടിയും കഴുത്തിൽ ഉരഞ്ഞതും അവളിലൂടെ മിന്നൽ പാസ്സ് ചെയ്ത പോലെ തോന്നി.ശരീരത്തിൽ ഉണ്ടായ കോരിതരിപ്പിൽ രോമാകൂപങ്ങൾ എഴുന്നേറ്റു നിന്നു. കണ്ണുകൾ ഇറുക്കെ പൂട്ടി...... കൈകൾ രണ്ടും ചുരിദാറിൽ അമർത്തി പിടിച്ചു. വിറക്കുന്ന ചുണ്ടുകൾ കടിച്ചു പിടിച്ചു...... പല്ല് കൊണ്ട് അവൻ ഷോൾഡറിൽ നിന്നും ടോപ് കുറച്ചു താഴ്ത്തുന്നത് അവൾ അറിഞ്ഞു..... എന്നിട്ടും കയ്യൊന്ന് ഉയർത്താൻ പോലും അശക്തയായി നിന്നു..... നെഞ്ചിനു മുകളിൽ ഉള്ള മറുകിൽ നോട്ടം എത്തിയതും പ്രതീക്ഷിച്ചതെന്തോ കണ്ട സന്തോഷത്തിൽ അവന്റെ കണ്ണുകൾ തിളങ്ങി.... അവന്റെ ചുണ്ടുകൾ ആ മറുകിൽ അമർന്നതും അവളിൽ നിന്നും ഒരേങ്ങൽ ഉയർന്നു..... അവിടെ

അവന്റെ പല്ലുകൾ ആഴ്ന്നിറങ്ങുന്നത് അവൾ അറിഞ്ഞു. വേദനയെക്കാൾ നോവുള്ള ഒരു സുഖം അവളെ പൊതിഞ്ഞു. അവളുടെ എല്ലാ നിയന്ത്രണം വിട്ടിരുന്നു. അവളുടെ കൈകൾ അവന്നെ ചുറ്റി വരിഞ്ഞു. ഒരു തളർച്ചയോടെ അവന്റെ കഴുത്തിൽ മുഖം പൂഴ്ത്തി.

ഇന്നലെ കണ്ടപ്പോ തൊട്ടുള്ള ആഗ്രഹം ആയിരുന്നു. ശരിക്കും മനസ്സ് കൈവിട്ടു പോയതാ അപ്പോൾ തന്നെ. ഐ ലൈക് ഇറ്റ് പ്രണയാതുരമായി അവളുടെ കാതിൽ മൊഴിഞ്ഞതും ഇന്ന് വരെ അനുഭവിച്ചിട്ടില്ലാത്ത സുഖളനത്തിൽ ലയിച്ചു നിൽക്കുകയാരുന്നു അവൾ....

ഫൈസ്...... വികാരഭരതമായ അവളുടെ വിളിയിൽ അവന്റെ അടക്കിവെച്ച വികാരങ്ങൾ മുളപൊട്ടിയിരുന്നു...... അവന്റെ നോട്ടം അവളുടെ വിറകൊള്ളുന്ന  ചുണ്ടിൽ തങ്ങി നിന്നു. അവന്റെ ചുണ്ടുകൾ അതിന്റെ ഇണയിലേക്ക് അടുത്തു. അവന്റെ നിശ്വാസം അവളുടെ ചുണ്ടിൽ തട്ടി. അവളുടെ കൈകൾ അവന്റെ പുറത്ത് ചിത്രപണികൾ ചെയ്യുന്നുണ്ടായിരുന്നു.

പെട്ടെന്ന് ആയിരുന്നു വാതിൽ തുറന്നു ഐറ അകത്തേക്ക് കയറിയത്. അവൻ ഉള്ളിൽ തെറി വിളിച്ചു കൊണ്ട് മുഖത്ത് പുഞ്ചിരി വരുത്തിച്ചു. ഐറ യുടെ  മുഖം ദേഷ്യത്താൽ വലിഞ്ഞു മുറുകി..... പെട്ടെന്ന് തന്നെ ശാന്തമായി മുഖത്ത് പുഞ്ചിരി അണിഞ്ഞു. ഫൈസിന്റെ മുഖത്ത് നോക്കാൻ കഴിയാതെ നാണത്തോടെ  ഇനു മുഖം താഴ്ത്തുമ്പോഴും  കണ്ടു ഫൈസിന് നേരെ കൊത്തിവലിക്കുന്ന ഐറയുടെ കണ്ണുകൾ.....

ഐ ആം സോറി..... ഫൈസ്.... ഞാൻ... പെട്ടെന്ന്..... കണ്ടില്ല.....

ഇട്സ് ഓക്കെ...... ഞങ്ങൾ സംസാരിച്ചു ഇരിക്കുകയാരുന്നു ഉള്ളിലെ അമർഷം കടിച്ചമർത്തി അവൻ പറഞ്ഞു.

നിന്നെ എല്ലാരും താഴെ  അന്വേഷിക്കുന്നുണ്ട്...... എത്ര നാൾ കൂടിയ കാണുന്നെ അവൾ അവന്റെ കയ്യിൽ പിടിച്ചു വലിച്ചു.......

ഇനുവിന്റെ മുഖം വീർത്തത് കണ്ടു ഫൈസി അവളെ നോട്ടം പോയിടത്തേക്ക് നോക്കി. ഐറ കയ്യിൽ പിടിച്ചിടത് ആണെന്ന് കണ്ടതും അവനിൽ ഒരു

പുഞ്ചിരി വിരിഞ്ഞു. കൈ വലിക്കാൻ അവൻ നോക്കിയിട്ടും അവൾ വിട്ടില്ല.

ഫൈസ് വാ എന്ന് പറഞ്ഞു പിടിച്ചു വലിച്ചു പുറത്ത് എത്താറായതും ഇനു വിളിച്ചു.

ഐറ ഇത്തു ഒന്ന് നിന്നെ.....

അവളുടെ ഉറച്ച സ്വരവും ചുവന്നു തുടുത്ത മുഖവും അവന്ന് ഉള്ളിൽ ചെറിയ പേടി തോന്നി. ചില സമയത്ത് കുട്ടികളെ പോലാണ്. വല്ല അവിവേകം കാണിക്കോ.....

ഇത്തു ഫൈസ്നെ ഫൈസി ഓർ  മുഹമ്മദ് ഫൈസ് അസ്കർ..... അങ്ങനെ വിളിച്ചോളൂ..... എല്ലാരും അങ്ങനെ അല്ലേ വിളിക്കുന്നത്. എനിക്കിഷ്ടം അല്ല ഫൈസ് എന്ന് വിളിക്കുന്നത്. ഡോണ്ട് കാൾ ഫൈസ്.... അത് ഉറപ്പിച്ചായിരുന്നു പറഞ്ഞത്.

ഐറ മുഖത്തെ പതർച്ച പുറത്ത് കാണാതിരിക്കാൻ ശ്രമിച്ചപ്പോൾ ഫൈസിയുടെ മനസ്സിൽ ലഡുകളുടെ കൂമ്പരം തന്നെ ഉയർന്നു വന്നു. ഫൈസ് എന്ന വിളി അവൾക്ക് മാത്രം അവകാശപ്പെട്ട പോലായിരുന്നു സംസാരം

അവൾക്ക് മാത്രം സ്പെഷ്യൽ ആണ് ആ വിളിയെന്ന് അവന്ന് മനസ്സിലായി.അവന്ന് ജുനുനെ ഓർമ വന്നു.

ടാ എന്റെ വീട്ടിൽ വരുമ്പോൾ എന്നെ ജുനു എന്ന് വിളിക്കണ്ട..... പിന്നെ അധികം മൈന്റ് ചെയ്യണ്ട.

അതെന്താ......

ഇത്തിരി കുശുമ്പ് കൂടുതലാ എന്റെ ഇനുന്. അവൾക്ക് ഇഷ്ടം ഉള്ളവർ മാത്രമേ അങ്ങനെ ചെയ്യാവു.അല്ലെങ്കിൽ ദേഷ്യം വരും. നിന്നോട് പ്രത്യേകിച്ച് ഒരു ദേഷ്യം ഉണ്ട്. നീ എന്നേക്കാൾ  ഗ്ലാമർ ഉണ്ടെന്ന് പറഞ്ഞു കൂടെ നടക്കേണ്ടെന്ന് പോലും ഓഡർ ഉണ്ട്.....

എന്തോന്നാടാ ഇത്.....

സ്നേഹിച്ച നക്കികൊല്ലും അതാ ടൈപ്പ്.

അവൾക്ക് ഇഷ്ടം ഉള്ളവരെല്ലാം അവളെ മാത്രം ആണ്......  എന്റെ കാര്യത്തിൽ ഇത്തിരി കൂടുതൽ ആണ്....

അപ്പോൾ ഞാനും ഇവള്ക്ക് സ്പെഷ്യൽ ആണ്.... അവൻ പുഞ്ചിരിയോടെ താഴേക്ക് പോയി.

അവൾ വാതിൽ വലിച്ചടച്ചു ബെഡിൽ പോയി

ഇരുന്നു. അവളുടെ നോട്ടവും കയ്യിലെ പിടിത്തവും ഇനുവിൽ എന്തെന്നില്ലാത്ത ദേഷ്യം വരുത്തി..... അപ്പോഴാണ്  ഫോൺ റിങ് ചെയുന്നത് കണ്ടു. അവൾ എടുത്തു നോക്കി.ഹിറ്റ്ലർ calling അത് കണ്ടതും പെട്ടന്ന് ദേഷ്യം ആയിരുന്നു വന്നത്.....

എന്നെയിങ്ങനെ ശല്യപെടുത്തിയ ഞാൻ ഇറങ്ങി വരുന്നു തോന്നുന്നുണ്ടോ..... ഫോൺ കാണുമ്പോ പേടിയാ ഇപ്പൊ. ചുമ്മാതല്ല ഫോൺ ഉപയോഗിക്കേണ്ടെന്ന് ജുനു പറഞ്ഞത്.

ഞാൻ ഒരു ഫോട്ടൊ ചോദിച്ചു അതിന്ന് ഇങ്ങനെ അതും ഇതും വിളിച്ചു പറയണ്ട.മുറിവ് ഉണങ്ങിയോന്ന് അറിയാന ഫോട്ടോ ചോദിച്ചത്. അല്ലെങ്കിലും ഞാൻ എപ്പോഴും ശല്യം ആണല്ലോ.......

ശല്യം തന്നെയാണ് സമാധാനം ആയി ഉറങ്ങിയിട്ട് നാളെത്ര ആയിന്നു അറിയോ..

ആണോ അറിഞ്ഞില്ല..... ആരും പറഞ്ഞില്ല.....അവൻ പരിഹാസത്തോടെ പറഞ്ഞു. ഞാൻ ഉറങ്ങിയിട്ട് വർഷങ്ങൾ ആയി.... അറിയോ നിനക്ക്....

അവൾ അതിന്ന് ഒന്നും മിണ്ടിയില്ല.

നാളെ കോളേജിൽ വരണം.... എനിക്ക് നിന്നെ കാണണം......

ഞാൻ ഇനി കോളേജിൽ വരില്ല. എനിക്ക് മടുത്തു...... എന്നെ ഒന്ന് വെറുതെ വിട്. എല്ലാരേം മുന്നിലും നമ്മൾ തമ്മിൽ വേണ്ടാത്ത ബന്ധം ആയി..... എല്ലാരും എന്നെ ചീത്ത കുട്ടി ആയി കാണും..... എന്തെങ്കിലും പറയും...

അതെനിക്ക് അറിയണ്ട. വന്നിരിക്കണം.... എനിക്ക് നിന്നെ കാണണം.... ആരെങ്കിലും എന്തെങ്കിലും പറഞ്ഞ വായിൽ നാവുണ്ടല്ലോ തിരിച്ചു പറയണം.....

എനിക്ക് പറ്റില്ല അത്....... ഒരിക്കലും എന്റെ വായിൽ നിന്നും സത്യം വീഴില്ല....

വീണിരിക്കും...... നിന്നെ ഞാൻ കൊണ്ട് വരികയും ചെയ്യും...... ഞാൻ പറഞ്ഞു കഴിഞ്ഞു തടയാൻ ആണൊരുത്തൻ ഉണ്ടെങ്കിൽ എന്റെ മുന്നിൽ വാ എന്ന്.

എന്റെ കല്യാണം കഴിഞ്ഞു അതെങ്കിലും ഓർത്തുടെ......

നിന്റെ കല്യാണം കഴിഞ്ഞു വർഷങ്ങൾക്ക് മുൻപ്

അത് നിനക്കും ഓർത്തൂടെ. നിന്റെ ഉപ്പ മരിക്കുന്നതിന്ന് മുൻപ് വാക്കും തന്നതാ എനിക്ക് നിന്നെ തന്നോളാന്ന്......

നിന്റെ ഉപ്പന്റെ വാക്കിനും എന്റെ സ്നേഹത്തിനും വിലയില്ലേ അപ്പോൾ....

അതിന്ന് അവൾക്ക് മറുപടി ഇല്ലായിരുന്നു.

അവളുടെ അടക്കിപിടിച്ച കരച്ചിൽ അവൻ കേട്ടു.

അവന്ന് സഹിക്കാൻ പറ്റാത്തതും അത് മാത്രം ആയിരുന്നു. തോറ്റു പോകുന്നതും അവിടെ മാത്രം ആണ്. ഇനിയും വയ്യ തോൽക്കാൻ.,.... അവൻ കണ്ണുകൾ അടച്ചു പിടിച്ചു വേദന മറച്ചു വെച്ചു.

നാളെ വന്നിരിക്കണം അതും കടുപ്പിച്ചു പറഞ്ഞു അവൻ ഫോൺ കട്ട് ചെയ്തു.

അവൾ തളർച്ചയോടെ  നിലത്ത് മുട്ട് കുത്തി നിന്നു മുഖം പൊത്തി പൊട്ടികരഞ്ഞു. എന്നെ ഇതിൽ നിന്ന് ഒന്ന് രക്ഷിക്ക് ജുനൂ....... എന്തിനാ എന്നെ ഇങ്ങനെ ധർമ്മസങ്കടത്തിൽ ആക്കിയേ...... ഒരു വഴി കാണിച്ചു താ എനിക്ക്......

❤️ 💔 INVISIBLE LOVE 💔❤️

Love after💘 marriage story

Part 41

തോളിൽ നിന്നും ഉതിർന്നു വീണ ഡ്രെസ്സും

അവളിലേക്ക് അടുപ്പിക്കുന്ന അവന്റെ മുഖവും ഓർമ്മ വന്നതും ഐറ ദേഷ്യത്തോടെ കൈകൾ കൂട്ടിയടിച്ചു....

ആന്റിയല്ലേ പറഞ്ഞേ അവർ തമ്മിൽ ഭാര്യഭർതൃബന്ധം ഇല്ലെന്ന്.ഞാൻ പോകുമ്പോൾ അവർ തമ്മിൽ....... ബാക്കി പറയാതെ ഐറ മുഖം വെട്ടിച്ചു.....

എനിക്കറിയാവുന്നതേ ഞാൻ പറഞ്ഞുള്ളു. അല്ലാതെ അവരെ ബെഡ്‌റൂമിൽ അല്ല ഞാൻ കിടന്നു ഉറങ്ങുന്നേ..... ഫൈസിയുടെ ഉമ്മയും ദേഷ്യപ്പെട്ടു.

എന്താ ഒരു ഭവമാറ്റം കൂറ് മാറാനുള്ള ആഗ്രഹം ഉണ്ടോ....

എന്നെ ഭരിക്കാൻ ആരും വരണ്ട..... എന്റെ ഗതികേട് കൊണ്ട നിന്റെയൊക്കെ കൂടെ ഞാൻ നില്കുന്നെ.

വെറുതെ ഒന്നും അല്ലല്ലോ ആ *****ഇവിടെ നിന്ന് ഓടിക്കാൻ അല്ലേ..... നിങ്ങളുടെയും എന്റെയും

ആവിശ്യം ഒന്നാണ്. കൂടെ നിന്ന ഉപകാരം നിങ്ങൾക്ക് തന്നെ ആണ്.  ഇനായ മെഹവിഷ്..... അവൾക്ക് അറിയില്ല ഐറ ആരാണെന്ന്. വിചാരിച്ചത് എന്തും നേടിയെടുത്തെ ശീലം ഉള്ളൂ..... ഫൈസ് എന്റേത് മാത്രം ആയിരിക്കും....ഫൈസ് എന്ന് വിളിക്കാൻ പാടില്ല പോലും.... ആ പേര് മാത്രം അല്ല അവനെ തന്നെ നിനക്ക് ഞാൻ വിട്ടു തരില്ല..... അത് പറയുമ്പോൾ അവളുടെ മുഖം വലിഞ്ഞു മുറുകിയിരുന്നു.

നീ എന്ത് വേണമെങ്കിൽ ചെയ്തോ.... എങ്ങനെ എങ്കിലും ആ നാശം ഈ വീട്ടിൽ നിന്നും പോയ മതി..... ഏത് എരണം കെട്ട നേരത്താണാവോ അവളെ തന്നെ അവന്ന് സ്നേഹിക്കാൻ തോന്നിയത്. ലോകത്ത് വേറെ പെണ്ണില്ലാത്ത പോലെ....

എന്ത് ചെയ്താലും പെട്ടെന്ന് വേണം റംസി വന്ന ഒന്നും നടക്കില്ല.അവളെ കൺകണ്ട ദൈവം ആണ് ഇനായ.... അവളെ പേര് പറയുമ്പോ തന്നെ തേനും പാലും ഇറ്റും. അവളെ എന്തെങ്കിലും പറഞ്ഞ തന്നെ ഭദ്രകാളി ആകും. അവളെയെന്തിനാ പറയുന്നേ എന്റെ കെട്ടിയോൻ പോലും എന്നോടിപ്പോ മിണ്ടൽ ഇല്ല. എന്നെ പേടിച്ചു മാത്രമാ അവളെ മുന്നിൽ

പോകാത്തത്. എല്ലാത്തിനും കൈ വിഷം കൊടുത്തിരിക്കുവാ അവൾ....എന്ന് അവളെ കണ്ടുമുട്ടിയോ അന്ന് തുടങ്ങിയതാ ഈ കുടുംബത്തിന്റെ നാശവും.....അവർ ദേഷ്യത്തോടെ റൂമിൽ നിന്നും ഇറങ്ങി പോയി.

💕💕💕💕💕

ആർക്കും കാണുന്നത് തന്നെഇഷ്ടമല്ല...... കാണുമ്പോൾ ഇഷ്ടക്കേടോടെ വല്ലതും പറയുകയും ചെയ്യും....... ദരിദ്രവാസി.... ചേരിയിൽ കിടക്കുന്നവൾ..... ഒരു നേരത്തെ ആഹാരത്തിന് പോലും ഗതിയില്ലാത്തവൾ എന്നൊക്കെ ഉമ്മ വന്നവരോട് പറഞ്ഞു കൊടുക്കുമ്പോഴും തല കുനിച്ചു നിന്നെ ഉള്ളൂ...... എല്ലായിടത്തും അധികപറ്റായത് പോലെ തോന്നി അവൾക്ക്. അത് കൊണ്ട് തന്നെ ക്ഷീണം ഉണ്ടെന്ന് പറഞ്ഞു റൂമിൽ തന്നെ കൂടി.

അന്ന് അമ്മിജന്റെ മുന്നിൽ കരഞ്ഞോണ്ട് വന്ന ജുനുവിനെ ഓർത്തു.

ജന്നതിന്റെ കൈ പിടിക്കാൻ എന്ത് യോഗ്യതയാ നിനക്ക് ഉള്ളത്. തെരുവിൽ കഴിയുന്ന പട്ടിയുടെ

വിലയെ നിനക്ക് ഉള്ളൂ.... ഞങ്ങൾ ഭിക്ഷക്കാർക്ക് കൊടുക്കുന്ന ഫുഡ് പോലും നിനക്ക് അവൾക്ക് കൊടുക്കാൻ കഴിയോ.... ഇവിടത്തെ സെർവെൻറ്സ് നോക്ക് അവരുടെ ഡ്രസ്സ് നോക്ക് അവരിടുന്ന വിലയേറിയ ഡ്രസ്സ് എങ്കിലും നിനക്ക് അവൾക്ക് വാങ്ങി കൊടുക്കാൻ കഴിയോ.

ഇത് പോലുള്ള ആഡംബര ജീവിതം ഒന്ന് സ്വപ്നം കാണാൻ പോലും നിനക്ക് കഴിയോ...... ഇതൊക്കെ അവൾക്ക് കൊടുക്കാൻ നിനക്ക് കഴിയോ..... എന്നിട്ട് ആണോ ജന്നത്തിന്റെ തേടി വന്നിരിക്കുന്നത്...... ഇനി ആലോചിച്ചു പറ ഇതിൽ എന്തെങ്കിലും നിനക്ക് പറ്റുവോ......

എനിക്ക് അവളെ വേണ്ട...... ഒരിക്കലും അവകാശം പറഞ്ഞു വരില്ല...... ഞാൻ ഇനി അവളെ ഞാൻ കാണില്ല.... മിണ്ടില്ല...

നിങ്ങളെ പേടിച്ചല്ല അത്..... നിങ്ങൾ പറഞ്ഞ ഈ കൊട്ടാരവും സുഖസൗകര്യങ്ങളും എനിക്ക് ഒരിക്കലും അവൾക്ക് നൽകാൻ കഴിയില്ലെന്ന് അറിയുന്നൊണ്ട...... അവൾ എവിടെ ആണെങ്കിലും സുഖമായി ജീവിച്ചാൽ മതി. എന്നെ

കാണാതിരുന്നാൽ അവൾ മറന്നോളും.... ഇനി നിങ്ങളുടെയോ ജന്നതിന്റെയോ മുന്നിൽ എന്റെ നിഴൽ പോലും കടന്നു വരില്ല..... ജുനൈദ് തരുന്ന വാക്കണിത്. കരഞ്ഞു കൊണ്ട് അവിടെ നിന്നും തല താഴ്ത്തി  നടന്ന ജുനുവിന്റെ മുഖം അവൾ ഓർത്തു.

ഞാൻ ഇന്ന് അനുഭവിക്കുന്ന വേദന തന്നെ അന്ന് അവന്നും അനുഭവിച്ചിട്ടുണ്ടാവുക ഇന്ന് എന്റെ വിധിയും അതായിപ്പോയി. എന്തിനാ ജുനു എന്നെ ഇവിടേക്ക് അയച്ചത്.... പണത്തെ മാത്രം സ്നേഹിക്കുന്ന ഈ മനുഷ്യരുടെ ഇടയിൽ ഞാൻ സന്തോഷവതി ആയിരിക്കുമെന്ന് എങ്ങനെ നിനക്ക് തോന്നിയത്... പണം ആണോ മനുഷ്യന്റെ വില നിക്ഷയിക്കുന്നത്. പണം ഇല്ലാത്തവർക്ക് നിലയും വിലയും ഇല്ലേ.... ഫൈസിയും എന്നെ പറ്റി അങ്ങനെ കരുതുന്നുണ്ടാവോ.,....എല്ലാർക്കും ഉള്ള മറുപടി ആയി എന്റെ ജുനു വരും..... നോക്കിക്കോ..,.. അവന്റെ മുന്നിൽ നിങ്ങൾ തലകുനിച്ചു പേടിയോടെ നിൽക്കും..... അമ്മിജനോട് മാത്രം അല്ല നിങ്ങളോടും ഉള്ള വാശിയാ എനിക്കത്. എന്റെ ജുനു വരും നോക്കിക്കോ.... കൊച്ചു കുട്ടിയെ പോലെ പതം പറഞ്ഞു നിന്നു  കരയേണ്ടെന്ന് വെച്ചിട്ടും കണ്ണുനീർ

ഒലിച്ചിറങ്ങി. വാശിയോടെ അവൾ അത് തുടച്ചു മാറ്റികൊണ്ടിരുന്നു.

രാത്രി ഫുഡ് കഴിക്കാൻ ഫൈസ് വന്നു വിളിച്ചെങ്കിലും പോയില്ല. അവരെ ഓർക്കുമ്പോൾ തന്നെ വിശപ്പ് പോയിരുന്നു. ഭക്ഷണം കഴിക്കുന്നതിന്നും

എന്തെങ്കിലും പറയും. അതും കേൾക്കാൻ വയ്യ.അവൾ തലവേദനിക്കുന്നു പറഞ്ഞു കിടന്നു.

കുറച്ചു കഴിഞ്ഞപ്പോൾ ഫൈസ് ഒരു പ്ലേറ്റിൽ ഫുഡ് എടുത്തു വന്നു. നിർബന്ധിച്ചു വായിൽ വെച്ചു കൊടുത്തു.

കൊണ്ട് വന്നത് മുഴുവൻ തീറ്റിച്ചേ വിട്ടുള്ളു

അവൾക്ക് സങ്കടം സന്തോഷം കൊണ്ട് കണ്ണ് നിറഞ്ഞിരുന്നു..... ഈ വീട്ടിൽ തനിക്ക് ആകെയുള്ള ആശ്രയം..... ഇത് സഹതാപമാണോ അതോ സ്നേഹമോ...

ഇതൊക്കെ കണ്ടു ജനലിന്റെ അപ്പുറത് ഇജാസ് ഉണ്ടായിരുന്നു. അവളെ  കരച്ചിൽ കേട്ടപ്പോ തൊട്ട് ഒരു സമാധാനം ഇല്ലായിരുന്നു. അത് കൊണ്ട രാത്രി ആയതും മതിൽ ചാടി ബാൽക്കണി വഴി കേറിയത്.

സങ്കടം പിടിച്ച മുഖത്തോടെ കിടക്കുന്നത് കണ്ടതും അവന്ന് സങ്കടം വരുന്നുണ്ടായിരുന്നു. ഫുഡ് എടുത്തു ഫൈസ് വായിൽ വെച്ചു കൊടുക്കുന്നത് കണ്ടതും അവൻ പോലും അറിയാതെ അവന്റെ കണ്ണിൽ കണ്ണുനീർ ഊറിക്കൂടി.

അവൻ അവരെ തന്നെ നോക്കി കുറച്ചു സമയം നിന്നു പിന്നെ  ഇറങ്ങിപോയി.

രാത്രി അവന്റെ നെഞ്ചോരം ചേർന്നു കിടക്കുമ്പോൾ അലിഞ്ഞു തീരുന്ന സങ്കടം മാത്രം തനിക്ക് ഉള്ളുവെന്ന് അവൾ ഓർത്തു.

💕💕💕💕💕💕💕

രാവിലെ എഴുന്നേറ്റു റെഡിയാവുന്നത് കണ്ടാണ് ഫൈസ് കയറി വന്നത്.

നീ എവിടെക്കാ....

കോളേജിലേക്ക്.....

ഇന്ന് പോകണ്ട...... പനിയൊക്കെ മാറി വരുന്നതല്ലേ ഉള്ളൂ....

ഞാൻ ഓക്കെ ആണ് ഫൈസ്..... എനിക്ക് എക്സാം ഉണ്ട് പോയെ പറ്റു.

നീ ഇനി ആ കോളേജിൽ പോകണ്ട ഇനു.

അതെന്താ......

നിനക്ക് ആ ഹിറ്റ്ലറെ ഇഷ്ടം അല്ലല്ലോ പിന്നെന്തിനാ പോകുന്നെ..... നിന്നെ അന്ന് റെസ്റ്റോറന്റ് വെച്ച് അപമാനിച്ചത് ഓർമയില്ലേ...,..

അത് അങ്ങേര് പൊതുവെ ഒരു ചൂടൻ ആയോണ്ടാ..... എന്തൊക്കെ പറഞ്ഞാലും ഹി ഈസ് എ ബെസ്റ്റ് ടീച്ചിങ്.

അതിന്ന് അവൻ പഠിപ്പിക്കാൻ ആണോ വരുന്നേ നിന്നെ കാണാൻ അല്ലേ...എന്നിട്ട് ഒടുക്കത്തെ ആക്റ്റിംഗ്.... അവൻ മനസ്സിൽ പിറു പിറുത്തു....

ബെസ്റ്റ് ടീച്ചിങ് തെണ്ടി പട്ടി ഭീക്ഷണി പെടുത്തിയൊണ്ട് മാത്രം ആണ് പോകുന്നെ ഇങ്ങനെ പോയ അവന്നെ ഞാൻ തന്നെ കൊല്ലും അവൾ മനസ്സിൽ പറഞ്ഞു.

നീ പോകണ്ട ഇനു.എനിക്കിഷ്ടം അല്ല അവന്നെ. അവൻ നല്ല ആളൊന്നും അല്ല. നിനക്ക് ഞാൻ വേറെ കോളേജിൽ അഡ്മിഷൻ റെഡിയാക്കി തരാം....

അവൾ ഞെട്ടലോടെ അവനെ നോക്കി. ഇതെങ്ങാനും

അവൻ അറിഞ്ഞ ഈ വീടിന് തന്നെ ബോംബിടും....

ഫൈസ് ആരാ അവൻ നല്ലതല്ലെന്ന് പറഞ്ഞെ.ഞാൻ കണ്ടതിൽ വെച്ചു നല്ലൊരു മനുഷ്യൻ ആണ്. കുറച്ചു മുൻകോപം ഉണ്ടെന്ന് ഉള്ളൂ.... ഇജാസ് സാർ ഇല്ലായിരുന്നെങ്കിൽ എന്റെ സിനു ഇന്ന് ജീവനോടെ ഉണ്ടാവില്ല. യാതൊരു പ്രതിഫലം ചോദിക്കാതെ പറഞ്ഞപ്പോൾ തന്നെ അവന്റെ ട്രീറ്റ്മെന്റ് സഹായിച്ച ആളാണ് മറക്കാൻ പറ്റില്ല അതെനിക്ക്. എനിക്ക് തന്ന സിനുവിന്റെ ജീവന് പകരം എന്റെ ജീവൻ കൊടുക്കുവാൻ പോലും ഞാൻ തയ്യാറാണ്. അത്രമാത്രം കടപ്പാട് എനിക്ക് ഇജാസ് സാറിനോട് ഉണ്ട്.

പിന്നെ ജുനു എന്നോട് പറഞ്ഞത് ആ കോളേജിൽ പഠിക്കാൻ ആണ്. ഞാൻ അവിടെ പഠിക്കു.... മറ്റൊരു കോളേജിൽ ഞാൻ പോകില്ല.... മുടക്കം പറയല്ലേ ഫൈസ്.....

ഇതിനൊന്നും ഉള്ള മറുപടി അവന്ന് ഇല്ലായിരുന്നു. ഒരു കണക്കിന് ഇജാസ് അവളെ മുന്നിൽ എത്താൻ കാരണം എന്റെ ഉമ്മയാണ്. ഉമ്മ ചെയ്ത ആ തെറ്റിന് മുന്നിൽ ഇവളോട് തർക്കിക്കാൻ ആവില്ല. ജുനു

വേണമെന്ന് പറഞ്ഞ കാര്യം വേണ്ടാന്ന് പറഞ്ഞാൽ അവളത് അനുസരിക്കില്ലെന്ന് ഉറപ്പ് ഉള്ളത് കൊണ്ടും സംസാരിച്ചിട്ട് കാര്യം ഇല്ലെന്ന് ബോധ്യം ഉള്ളത് കൊണ്ട് അവൻ ഒന്നും മിണ്ടിയില്ല.

ഫൈസ് പ്ലീസ് ഞാൻ പൊക്കോട്ടെ...... അവൾ കെഞ്ചുന്ന പോലെ അവനെ നോക്കി.

അവൻ തലയാട്ടിയെങ്കിലും മുഖത്ത് ഇഷ്ടക്കേട് അവൾ കണ്ടു.

ഞാൻ അവിടെ പോകാൻ ഇഷ്ടപ്പെടുന്നില്ല ഫൈസ്. അവിടെ നിൽക്കുന്ന ഓരോ നിമിഷവും ഞാൻ അനുഭവിക്കുന്ന വേദന അത് പറഞ്ഞ ആർക്കും മനസ്സിലാവില്ല. പക്ഷേ പോയെ പറ്റു.പോയില്ലെകിൽ അവൻ ഇങ്ങോട്ട് കേറി വരും. നിങ്ങൾ തമ്മിൽ ഒരു ഉടക്ക് ഉണ്ടാകുന്നത് ഞാൻ ഇഷ്ടപ്പെടുന്നില്ല.

സോറി ഫൈസ്..... എന്ന് പറഞ്ഞു കവിളിൽ കിസ്സ് കൊടുക്കുവാൻ നോക്കിയതും അവൻ മുഖം വെട്ടിച്ചത് പെട്ടെന്ന് ആയിരുന്നു. അവന്റെ ചുണ്ടിൽ ആണ് ചുണ്ട് പതിഞ്ഞത്. അവൾക്ക് അത് അബദ്ധം ആയിരുന്നെങ്കിൽ അവൻ മനപ്പൂർവം ചെയ്തത് ആയിരുന്നു. അത് കൊണ്ട് തന്നെ അവന്റെ ചുണ്ടിൽ

ഒരു കുസൃതിചിരിയും ഉണ്ടായിരുന്നു. കിളി പോയ പോലെ നിൽക്കുന്ന അവളെ കണ്ടു ചെവിയിൽ മെല്ലെ താങ്ക്സ് എന്ന് പറഞ്ഞു അവൻ ബാത്റൂമിലേക്ക് പോയി. അവൾ ഒരു നിമിഷം സ്റ്റക് ആയെങ്കിലും ആ അനുഭൂതിയിൽ അവളുടെ ചുണ്ടിലും ഒരു പുഞ്ചിരി വിരിഞ്ഞു.....

💘💘💘💘💘

അവൾ പോകുമ്പോൾ എല്ലാരും ബ്രേക്ക് ഫാസ്റ്റ് കഴിക്കാൻ ഇരുന്നിട്ട് കണ്ടു. ഉമ്മ ഐറയെ ഫുഡ് നിർബന്ധിച്ചു കഴിപ്പിക്കുന്നത് കണ്ടു അവൾ ഒരു നിമിഷം നോക്കി നിന്നു പോയി.

വേണമെങ്കിൽ തിന്നിട്ട് പോയിക്കോ ഇനി അവൾക്ക് കൊതി കൂടിയിട്ട് വല്ല രോഗവും വരുത്തിക്കണ്ട ഐറയുടെ ഉമ്മാന്റെ സൗണ്ട് പിന്നിൽ നിന്നും കേട്ടു.

ഞാൻ...... പെട്ടെന്ന്...... സോറി..... അവൾക്ക് പെട്ടന്ന് എന്താ പറയേണ്ടെന്ന് തിരിയാതെ വിക്കി.

ഇത് വരെ കാണാത്ത ഫുഡ് ഐറ്റംസ് അല്ലേ കണ്ടപ്പോൾ കൊതിയൂറുന്നുണ്ടാവും ഏതായാലും ബാക്കി വെയിസ്റ്റിൽ തട്ടുകയല്ലേ ആന്റി ചെയ്യുക അത് അവൾക്ക് കൊടുത്തേക്ക്

... പരിഹാസത്തോടെ ഐറ പറഞ്ഞു എണീറ്റു അവളുടെ അടുത്തേക്ക് വന്നു.

മനസ്സിൽ പോലും കരുതാത്ത കാര്യം ആണ്. ഉമ്മാന്റെ സ്നേഹം പ്രകടിപ്പിക്കുന്നത് കണ്ടു നോക്കി പോയതാണ്. ഫുഡ് ആയാലും ഡ്രസ്സ് ആയാലും ഓർണമെൻറ്സ് ആയാലും ഒന്നും ഇത് വരെ മോഹിച്ചിട്ടില്ല.

മോഹിപ്പിച്ചിട്ടും ഇല്ല..... അവൾക്ക് ഉള്ളിൽ എന്തോ ഒരു നീറ്റൽ തോന്നി.

ഐറ അവളെ പുച്ഛത്തോടെ  അടിമുടി നോക്കി.

ഈ കുടുംബത്തിന്  ഒരു സ്റ്റാൻഡേർഡ് ഉണ്ട്..,. വിലകൂടിയ ഡ്രസ്സ് ഇട്ട് പുറത്തിറങ്ങ്....നീയീ കോലത്തിൽ നടന്നു നാട്ടുകാരെ കൊണ്ട് പറയിപ്പിക്കല്ലേ....

ഞാൻ ഡ്രസ്സ് ധരിക്കുന്നത് എനിക്ക് വേണ്ടിയാണ്..... അല്ലാതെ നാട്ടുകാർക്ക് വേണ്ടിയല്ല....... പിന്നെ ഞാൻ എവിടെ താമസിച്ചാലും എങ്ങനെ താമസിച്ചാലും ഞാൻ ജുനൈദിന്റെ പെങ്ങൾ ആണ്....... ആ ഐഡന്റിറ്റിയിൽ ജീവിക്കാനും അറിയപ്പെടാനും ആണ് എനിക്ക്  ഇഷ്ടം. വിവാഹം കഴിഞ്ഞുന്ന് വെച്ച്

എന്റെ ഇഷ്ടങ്ങൾ മാറ്റുവാനും എനിക്ക് പറ്റില്ല....
അതും പറഞ്ഞു ആരെയും നോക്കാതെ പോകാൻ നോക്കിയതും ഐറ കാൽ വെച്ചു ഇനു തടഞ്ഞു വീഴുകയും ചെയ്തു. നെറ്റി ഇടിച്ചയിരുന്നു വീണത്.അത് കൊണ്ട് തന്നെ അവൾക്ക് നല്ലോണം വേദനിച്ചു. ചെറുതായി ബ്ലഡ് പൊടിയുകയും ചെയ്തു.

പിന്നിൽ നിന്നും എല്ലാവരുടെയും കളിയാക്കി ചിരി അവൾ കേട്ടു. അവൾ ആരെയും നോക്കാതെ എണീറ്റു  പുറത്തേക്ക് നടന്നു. മനസ്സും ശരീരവും ഒരു പോലെ വേദനിക്കുന്നുണ്ട് എന്നാലും

തിരിഞ്ഞു നോക്കിയില്ല. അവർക്ക് മുന്നിൽ വീണ്ടുമൊരു കോമാളി ആയി നിൽക്കുവാനും ആഗ്രഹിച്ചില്ല.

ബസ്സ്റ്റോപ്പിൽ എത്തിയതും മുന്നിൽ നിറുത്തിയ ബസ്സ് കണ്ടു  അവൾ ആകെ ഷോക്ക് ആയി. വിശ്വാസം വരാതെ അവൾ ഒന്നൂടി നോക്കി. പേര് ജന്നത് എന്ന് തന്നെ. ബോർഡ് നോക്കിയപ്പോൾ സ്ഥിരം ആയി പോകുന്ന ബസ്സ് തന്നെ പേര് മാത്രം

ആണ് മാറ്റം. അവൾ അതിൽ കേറാതെ തിരിച്ചു ബസ് സ്റ്റോപ്പിലേക്ക് പോയി. ബസ്സ് പോയതും ഫോൺ റിങ് ചെയ്യുന്നത് കേട്ട് നോക്കി. ഇജാസ് ആണ് അവൾ അറ്റൻഡ് ചെയ്തു..

ആ റൂട്ടിൽ ഓടുന്ന എല്ലാ ബസ്സിന്റെയും പേര് ജന്നത് എന്നായിരിക്കും.... അത് കൊണ്ട് അടുത്ത ബസ്സിൽ കേറാൻ നോക്ക്.

ഞാൻ വരില്ല...... ബസ്സിൽ കയറുകയും ഇല്ല.

വേണ്ട പിക് ചെയ്യാൻ ഞാൻ വരാം.... ഫൈസിന്റെ വീട്ടിൽ വരണോ അതോ ബസ്സ്റ്റോപ്പിലോ....

എന്തിനാടോ ഇങ്ങനെ ദ്രോഹിക്കുന്നെ.... ബസ് സ്റ്റോപ്പ് ആണെന്ന് പോലും ഓർക്കാതെ അവൾ അലറി.....

നീ ജന്നതിന്റെ ഓർമകളിൽ ജീവിച്ച മതി. ഓരോ നിമിഷവും ഓർക്കണം ജന്നത് എന്ന ഞങ്ങളുടെ രാജകുമാരിയെ.... അവളുടെ ചിലവിൽ ആയിരിക്കും ഇനി നിന്റെ ജീവിതം....

അതിലും ഭേദം സ്വയം ഇല്ലാതാക്കും ഞാൻ എന്റെ ജീവിതം. എന്റെ ഉപ്പന്റെ മരണത്തിന് കാരണക്കാരയ

ഒരുത്തന്റെയും ചിലവിൽ എനിക്ക് ജീവിക്കണ്ട.

നിന്ന് ചിലക്കണ്ട് വരാൻ നോക്കെടി പുല്ലേ

ഇല്ലെങ്കിൽ അടുത്ത സെക്കന്റ് ഞാൻ അങ്ങോട്ട് വരും. അത് നിന്റെ വീട്ടിലേക്ക് ആണെന്ന് മാത്രം. ഇപ്പൊ ആകുമ്പോ ഫൈസ് അവിടെ തന്നെ ഉണ്ടല്ലോ....

നാശം പിടിക്കാൻ എന്നും പറഞ്ഞു അവൾ ഫോൺ കട്ട് ചെയ്തു.

അടുത്ത നിമിഷം ജന്നത് എന്ന പേരുള്ള ബസ്സ് മുന്നിൽ നിറുത്തി. വേറെ ഗതി ഇല്ലെന്ന് അറിഞ്ഞോണ്ട് തന്നെ അവൾ അതിൽ കേറി.

തീയിൽ ചവിട്ടി നിൽക്കുന്നത് പോലെ പൊള്ളുന്നുണ്ടായിരുന്നു മനസ്സും ശരീരവും.

കോളേജിൽ എത്തിയത് പോലും യാന്ത്രികം ആയിട്ട് ആയിരുന്നു.

അവൾ പതിവ് പോലെ കാന്റീനിലേക്ക് പോയി. അവിടത്തെ കാഴ്ച കണ്ടു അവൾ ഞെട്ടിപ്പോയി. കാന്റീൻ ആകെ മാറ്റിയിട്ടുണ്ട്. ചെറിയൊരു ഫാസ്റ്റ് ഫുഡ് ഹോട്ടൽ പോലെ തോന്നി അവൾക്ക്.

ഫോണിൽ നോട്ടിഫിക്കേഷൻ കണ്ടു അവൾ നോക്കി.

നിനക്ക് വേണ്ടി സ്പെഷ്യൽ ആയിരിക്കും നീ നിൽക്കുന്ന ഓരോ മണൽ തരി പോലും.....

അവളിൽ ഒരു പുഞ്ചിരി വിരിഞ്ഞു. അവളത് മറച്ചു വെച്ചു അവിടെ ഒരു സീറ്റിൽ പോയി ഇരുന്നു.

രാവിലെ വീട്ടിൽ വെച്ച് പറഞ്ഞതൊക്കെ ഓർത്തു അവൾക്ക് ഒന്നും വേണ്ടെന്ന് തോന്നി. അവൾ ഒരു ടീ എന്ന് മാത്രം പറഞ്ഞു.

പലതരത്തിലുള്ള ടീ മുന്നിൽ നിരന്നത് കണ്ടു അവൾ തലക്ക് കൈ വെച്ചു.

എനിക്ക് സാദാ ടീ മതിയെന്ന് പറഞ്ഞു.

അവളത് എടുത്തു കുടിച്ചു.  ഇത് വരെ ഇല്ലാത്ത ടെസ്റ്റ് പോലെ തോന്നി അവൾക്ക് ആ ടീ.....  അവൾ ആസ്വദിച്ചു കുടിക്കുന്നതും നോക്കി അവനും ഉണ്ടായിരുന്നു പുറത്ത്.

അവന്റെ ഡയലോഗ് ആയിരുന്നു അപ്പോൾ അവന്റെ മനസ്സിൽ. നിന്നെ വേദനിപ്പിക്കാനും സ്നേഹിക്കാനും എനിക്ക് മാത്രം ഉള്ളൂ അധികാരം.......

അവളുടെ മനസ്സിൽ അപ്പോൾ ചില പ്ലാൻ തെളിഞ്ഞു വന്നു. അവൾ ടീ കുടിച്ചതും ഓടുകയാരുന്നു

ഓഫീസിലേക്ക്.......

ഓടികിതച്ചു വരുന്ന ഇനുവിനെ നോക്കി ഷഹസദ് അടിമുടി നോക്കി.

നിന്നെ വല്ല പേപ്പട്ടി കടിക്കാൻ വന്നോ.....

പേപ്പട്ടിയല്ല നല്ല അൽശേഷ്യൻ പട്ടിക്കുട്ടി ഓടിച്ചത്...

മെന്റൽ ആയോ..... രാവിലെ തന്നെ ചൊറിയാൻ നിൽക്കാതെ പോയെ ഒന്ന്.

നീ ചോദിച്ചില്ലേ..... ചതിയും വഞ്ചനയും അറിയാത്ത തേച്ചിട്ട് പോകാത്ത ഒരു പെണ്ണിനെ കാണിച്ചു തന്ന നിന്റെ രാമനെ കെട്ടിക്കാന്ന്.  ഞാൻ കണ്ടു പിടിച്ചു രാമന്റെ  സീതയെ...... അവളുടെ സന്തോഷം നിറഞ്ഞ മുഖവും എക്സായിറ്റ് മെന്റ് കണ്ടു ഷഹിക്ക് അവൾ പറഞ്ഞ കാര്യം തമാശ അല്ലെന്ന് തോന്നി.

ഇജാസ് അറിഞ്ഞ തന്റെ കഴുത്തിനു മുകളിൽ തലയുണ്ടാവില്ലെന്ന് അറിയാം എന്നാലും ഏതായിരിക്കും പെണ്ണ് എന്ന് അറിയാൻ ആകാംഷ തോന്നി.....

ആരാ പെണ്ണ്.....

അവൾ അവന്റെ കൈ പിടിച്ചു പുറത്തേക്ക് ഇറങ്ങി.

അവൾ കൈ ചൂണ്ടിയിടത്തേക്ക് നോക്കി......

പെൺകുട്ടിയെ കണ്ടതും അവൻ ഞെട്ടലോടെ അവളെ നോക്കി. രണ്ടും കല്പിച്ചുള്ള അവളുടെ ഭാവം കണ്ടു അവന്ന് ഉള്ളിൽ ചെറിയ പേടി തോന്നി. അവൻ അവളെയും ആ പെണ്ണിനേയും മാറി മാറി നോക്കി.

📚STORY BOARD📚

❤️ ❤️ 💔 INVISIBLE LOVE 💔❤️

Love after💘 marriage story

Part 42

സ്വാർത്ഥത പാടില്ല ഇനു.നിനക്ക് രക്ഷപെടാൻ  ആ പാവം പെണ്ണിന്റെ ജീവിതം നശിപ്പിക്കാൻ നോക്കണോ.....

നശിപ്പിക്കാനോ..... അത് പോലൊരു പെണ്ണിനെ നിന്റെ ഇജുക്കക്ക് ഈ ജന്മം കിട്ടില്ല. കാണാനും സുന്ദരിയാണ്..... സ്വഭാവം ആണെങ്കിൽ ഒരു മാലാഖ കൊച്ചിനെ പോലാണ്....... ആരോടും ദേഷ്യം ഇല്ല വാശിയില്ല എല്ലാരേയും സ്നേഹിക്കാൻ മാത്രം അറിയൂ....... ഇജുക്കനെയും നിങ്ങളുടെ

കുടുംബത്തിനെയും  പൊന്നു പോലെ നോക്കും......

ടീ കോപ്പേ അതന്നെ ഞാനും പറഞ്ഞെ എന്തിനാ ആ രാവണന് അവളെ കൊടുത്തു അവളെ ജീവിതം നശിപ്പിക്കുന്നെ. അതൊരു പാവം പെണ്ണാണ്. ഇതിനെ കൊണ്ട് കെട്ടിച്ചിട്ട് വേണം ഇവളെ കണ്ണീർ കൊണ്ട് ഞങ്ങളുടെ കുടുംബം മുടിയാൻ......

എന്റെ ഇജുക്ക പാവം ആണ്....

അത് നിന്നോട് മാത്രം ആണ് മോളെ.... അവൻ ശരിക്കും പെൺ വിരോധി ആണ്.

ഞങ്ങളെ ഓഫീസിൽ ഇപ്പൊ ഗേൾസ് കുറവാണ് അറിയോ. ഇവന്റെ ഒടുക്കത്തെ മോന്ജ് കാരണം എല്ലാ പെണ്ണും ഫ്ലാറ്റ് ആവും. എന്തെങ്കിലും കന്നം തിരിവ് കാണിച്ചു അടുത്തേക്ക് പോകും.ഇവൻ ഓൺ ദ സ്പോട് മോന്തകിട്ട പൊട്ടിക്കും. എന്തിനാടി ആ റാനിയെ ഇങ്ങനെയുള്ള കാലന്റെ മുന്നിൽ ഇട്ടു കൊടുക്കുന്നെ. അവന്റെ ഒരു തല്ല് കിട്ടിയ അവൾ അപ്പൊ വടിയാകും......

അവളെ ഇഷ്ടപ്പെട്ടു തുടങ്ങുമ്പോ ശരിയാകും. അവളെ കാണുമ്പോ തന്നെ ആർക്കാ സ്നേഹിക്കാതിരിക്കാൻ കഴിയ

നിനക്ക് എന്താടി പറഞ്ഞ മനസ്സിലാവാതെ വെറുതെ ആ പെണ്ണിന് ആശ കൊടുക്കാൻ നിൽക്കണ്ട. ഇതൊന്നും നടക്കുന്ന കാര്യം അല്ല.

ഞാൻ നടത്തും..... നടത്തി കാണിക്കും..

ഒരു മിനിറ്റ് നിൽക്ക് ഇപ്പൊ ഞാൻ ഒരു മാജിക് കാണിച്ചു തരാം.

മാജിക്കോ

Mmm. അതും പറഞ്ഞു അവൻ കീശയിൽ നിന്നും ഫോൺ എടുത്തു ഇജാസിനെ വിളിച്ചു അങ്ങോട്ട് വരാൻ പറഞ്ഞു.

ടീ നീ റാനിയെ ഇങ്ങോട്ട് വിളിക്ക്

അവൾ കൈ കാട്ടി വിളിച്ചു. റാനി വരുമ്പോൾ എതിർ സൈഡിൽ നിന്നും ഇജുവും വരുന്നുണ്ടായിരുന്നു.

എന്താ കാര്യം.....

നീ കണ്ടോ ഇജാസിന്റെ തനിസ്വഭാവം...

രണ്ടു പേരും അടുത്തെത്തിയതും ശഹി റാനിയുടെ മുന്നിൽ കാൽ വെച്ചു കൊരുത്തു. അവൾ ഇജാസിന്റെ മേലേക്ക് വീണു. അവൻ റാനിയെ

തള്ളിമാറ്റി. ഇജാസിന്റെ മുഖം ദേഷ്യത്താൽ വലിഞ്ഞു മുറുകി..... കണ്ണുകൾ കുറുകി.... എവിടെ നോക്കിയടി നടക്കുന്നെ എന്നും പറഞ്ഞു കൈവീശിയതും ശഹി ഇനുവിനെ പിടിച്ചു അവന്റെ ദേഹത്തേക്ക് തള്ളിയതും ഒന്നിച്ചു ആയിരുന്നു.

പെട്ടെന്ന് വീഴാൻ നോക്കിയതും ഇജു അവളെ പിടിച്ചു നേരെ നിർത്തിച്ചു.....

നോക്കി നടക്കേണ്ടേ ഇനു ...... ഇപ്പൊ വീണെലോ..... ഒന്നും പറ്റിയില്ലല്ലോ നിനക്ക്

അവന്റെ ദേഷ്യം ഒക്കെ എങ്ങോ പോയി മറഞ്ഞു. മുഖത്ത് ശാന്തത വന്നിരുന്നു. മുഖത്ത് പുഞ്ചിരിയും അവൾ അത്ഭുതത്തോടെ അവനെ നോക്കി നിന്നു.

സോറി സാർ അറിയാതെ കാൽ തടഞ്ഞു വീണു പോയതാ റാനി എങ്ങനെയൊക്കെയോ പറഞ്ഞൊപ്പിച്ചു പോയി. ഇനു വന്നില്ലെങ്കിൽ തനിക്കിപ്പോ തല്ല് കിട്ടിയേനെ എന്ന് റാനി പേടിയോടെ ഓർത്തു. റാനി പോകുമ്പോൾ ഇനുവിനെ തന്നെ നോക്കി. ഇനുവിന്റെ നോട്ടം മുഴുവൻ ഇജാസിന്റെ മുഖത്ത് ആയിരുന്നു.

ഇനു..... അവൻ കൈ ഞൊടിച്ചു.

ഞാൻ..... അത്..... പിന്നെ..... ഇവിടെ... അവൾ നിന്നു പരുങ്ങി.

ഇവൾക്ക് റാനിയെ കൊണ്ട് ഇജുക്കനെ പ്രണയിപ്പിക്കണം . ശ്രദ്ധ മുഴുവൻ അങ്ങോട്ട് പോകുമ്പോ ഇവള്ക്ക് മെല്ലെ സ്കൂട്ട് ആവണം..... വാട്ട് ആൻഡ് ഐഡിയ സെർട്ട്ജീ....

ഇജാസിന്റെ മുഖം മാറിയത് പെട്ടെന്ന് ആയിരുന്നു. അവൾ പേടിയോടെ അവനെ നോക്കി പിറകിലോട്ട് നീങ്ങി. ഇജാസ് അവളെ കയ്യിൽ പിടിച്ചു പിറകോട്ടു തിരിച്ചത് പെട്ടന്ന് ആയിരുന്നു.

അവൾ വേദനകൊണ്ട് പിടഞ്ഞു....

ഞാൻ ചുമ്മാ...... പറഞ്ഞത.... താൻ ആരെയും പ്രേമിക്കണ്ട .... എന്റെ കയ്യിലെന്ന് വിട്.....

ഒ ന്ന് കയ്യിലെന്ന് വിട് ഇജുക്കാ...... ശഹി കൂക്കി വിളിച്ചോണ്ട് ഇജുവിനെ തള്ളിമാറ്റി

ഞാൻ ഇവളെ പിടിച്ചതിന്ന് നിനക്ക് എന്താ

നിന്റെ കണ്ണൊക്കെ നിറഞ്ഞല്ലോ.... ഇവളോട് ഇത്രക്ക് സ്നേഹം ഉണ്ടാരുന്നോ

ഒന്ന് പോടാ കോപ്പേ.... എന്റെ കൈ നോക്ക്. അഞ്ചു

വിരലുകൾ നീളത്തിൽ മാന്തിയ പോലെ കണ്ടു. ചോര പൊടിയറായിട്ടുണ്ട്. ഇജാസ് ഇവളെ കൈ പിടിച്ചപ്പോൾ മറു കൈ കൊണ്ട് ഷഹിയുടെ കൈ അവളും പിടിച്ചിരുന്നു.

അവൻ കൈ ഊതി എരിവ് വലിച്ചു.....

അവൾ ആ സമ യം കൊണ്ട് ഓടിപ്പോയിരുന്നു.

അത് കണ്ടു ഇ ജാസിന്റെ ചുണ്ടിൽ ഒരു ചിരി വിടർന്നു അസ്സൽ കാന്താരി തന്നെ. ഐജി സാറിന്റെ കൂടെ കൂടി എല്ലാ തെണ്ടിത്തരം പഠിച്ചു വെച്ചിട്ടുണ്ട്.

അത്ര പോലും അവളെ കുരുട്ട് ബുദ്ധി ആണെന്ന് പറയരുത്....

അവൾക്ക് അതൊന്നും ചിന്തിച്ചു എടുക്കാൻ കഴിയില്ലല്ലോടാ ജനുവിന്റെ പാഠപുസ്തകവും അവൾ ഇഷ്ടപെടുന്നവരുടെ വാക്കുകൾ കേട്ട് അതിൽ നിന്നും കിട്ടുന്ന അറിവ് മാത്രം ഉള്ളു മൈൻഡിൽ..... ഇതും ആരെയെങ്കിലും വാക്ക് കെട്ടായിരിക്കും. എല്ലാരേം സ്നേഹിക്കാൻ മാത്രം അറിയൂ പാവത്തിന്. എന്നിട്ടും പടച്ചോൻ എന്തിനാ അവളെ ഇങ്ങനെ പരീക്ഷിക്കുന്നെ.... അത് പറയുമ്പോൾ അവന്റെ കണ്ണ് നിറഞ്ഞിരുന്നു.

💕💕💕💕

ഉച്ചക്ക് ശേഷം ഫസ്റ്റ് ഹവർ  ക്ലാസ്സ്  ഇല്ല കേട്ടതും അവൾ മെല്ലെ മുങ്ങി. ആ പോക്ക് ലൈബ്രറിയിൽ ആണെന്ന് അറിയുന്നൊണ്ട് റാനി അവളെ നോക്കി ചിരിച്ചു. അമൃതയും ടീമും അവളെ വല്ലാതെ ടോർച്ചർ ചെയ്യുന്നത് അവളും കാണാറുണ്ട്. അതിന്റെ മുങ്ങൽ ആണ് ഇത്. കുറച്ചു കഴിഞ്ഞു പിന്നാലെ റാനിയും പോയി. റാനി പോകുമ്പോൾ ഇനു മേശയിൽ മുഖം വെച്ചുകിടക്കുകയാരുന്നു

റാനി അവളെ കൈ കൊണ്ട് മെല്ലെ മുഖത്തൂടെ തലോടി.... അവൾ മുഖം ഉയർത്തി റാനിയെ നോക്കി

എന്താടി കാര്യം..... നിന്റെ മുഖത്ത് ഇപ്പോ പഴയ സന്തോഷം ഒന്നും ഇല്ലല്ലോ.... എപ്പോഴും ടെൻഷനും

അരുടേങ്കിലും പറഞ്ഞാൽ സങ്കടം തീരുമെന്ന് കരുതി. അവൾ ആ വീട്ടിൽ ഉള്ള മുഴുവൻ കാര്യം പറഞ്ഞു കൊടുത്തു.

ആ ഫൈസിനോടാ ദേഷ്യം തോന്നുന്നേ.... അവൻ ഒന്നും അറിയണ്ടല്ലോ..... അവന്ന രണ്ടു കൊടുക്കണ്ടേ റാനി ദേഷ്യത്തോടെ പറഞ്ഞു.

ടീ അവനെ ഒന്നും പറയണ്ട. എന്നെ ഒരുപാട് ഇഷ്ട അവന്ന്.... അത് പറയുമ്പോൾ അവളുടെ മുഖത്തെ സന്തോഷവും കണ്ണുകളിലെ  തിളക്കം റാനി കണ്ടു.

ഇഷ്ടം ഉള്ളോണ്ട് ആവും നിന്റെ കാര്യത്തിൽ ഇത്രയും ശ്രദ്ധ.....  എപ്പോഴും പട്ടിണി..... കുത്ത് വാക്ക് പറഞ്ഞും അപമാനിക്കുന്നത് വേറെ. അത് പോലും അറിയാത്ത ഒരു ശ്രദ്ധ.....റനിക്ക് ദേഷ്യം കൊണ്ട് എന്താ പറയേണ്ടേ തിരിയുന്നുണ്ടായിരുന്നില്ല.

അതൊന്നും എനിക്ക് പ്രശ്നം ഇല്ല. ആർക്കും ഇഷ്ടം അല്ലാഞ്ഞിട്ടും എന്നെ എന്തിനാ കല്യാണം കഴിച്ചത്...... ജുനു എന്തിനാ എന്നെ അവിടേക്ക് വിവാഹം കഴിപ്പിച്ചത്...... അതാണ് എനിക്ക് മനസ്സിലാവാത്തത്......

അപ്പോഴാണ് റാനിക്ക് ജുനു പോകുമ്പോൾ അവളെ കാണാൻ വന്നത് ഓർമ വന്നത്. അവന്റെ കയ്യിൽ അന്ന് ഒരു ഡയറി ഉണ്ടായിരുന്നു.

എന്നെങ്കിലും  ഈ വിവാഹം വേണ്ടായിരുന്നു  എന്ന് ഇനു പറഞ്ഞാൽ അവൾക്ക് അങ്ങനെ ഒരു തോന്നൽ ഉണ്ടായാൽ.......ഈ ഡയറി അവൾക്ക് കൊടുക്കണം. അങ്ങനെ ഒരവസരത്തിൽ മാത്രമേ കൊടുക്കാൻ

പാടുള്ളു. കാരണം അന്നവൾ തന്റെ ജീവിതത്തിലെ മുന്നോട്ടുള്ള തീരുമാനം എടുക്കുവാൻ കഴിയാത്ത ഒരു സിറ്റുവേഷൻ ആയിരിക്കും. എന്നെ അടുത്ത് വേണമെന്ന് ആഗ്രഹിക്കുന്ന ടൈം ആയിരിക്കും. അവൾ തേടുന്ന ചോദ്യങ്ങൾക്കുള്ള ഉത്തരം ഇതിൽ ഉണ്ട്.

എന്താ ഇതൊക്കെ ജുനുക്ക

എന്ത് കൊണ്ട് ഞാൻ ഈ വിവാഹം നടത്തിയെന്നതിന്റെ ഉത്തരം.....

എന്നാപ്പിന്നെ ഇപ്പൊ തന്നെ കൊടുത്തൂടെ

അത് വേണ്ട റാനി. അവളിപ്പോഴും എന്റെ കൈ പിടിച്ചു നടക്കുന്ന കുട്ടിയാണ്. അതിൽ നിന്നൊരു മാറ്റം ഫൈസ് ആഗ്രഹിക്കുന്നുണ്ടെങ്കിൽ മാത്രമേ ഇതിന്റെ ആവിശ്യം വരുള്ളൂ.

എന്തൊക്കെ പറയുന്നേ...

അതൊക്കെയുണ്ട്.... മോൾക്ക് ഞാൻ വന്നിട്ട് പറഞ്ഞു തരാം.... അവളുടെ കൂടെ ഉണ്ടാകണം എന്നും

ജുനു എന്നിൽ അർപ്പിച്ച വിശ്വാസം കൊണ്ട് തന്നെ

ഇത് വരെ തുറന്നു നോക്കിയിട്ടില്ല.

ഇനിവിന്റെ സങ്കടം മാറാൻ ആ ഡയറിക്ക് കഴിയും എന്ന് റാനിക്ക് തോന്നി. അവളോട് അതിനെ പറ്റി പറയാൻ തിരിഞ്ഞു നോക്കിയ റാനി കണ്ടത്.

തല അമർത്തി പിടിച്ചു വേദന കൊണ്ട് പിടയുന്ന ഇനുവിനെ ആണ്....

ഇനു എന്താ പറ്റിയേ......

എനിക്ക് തല പൊട്ടിപൊളിയുന്നു റാനി....

എനിക്ക് സഹിക്കാൻ വയ്യ ഇത്.... റാനി ആദ്യം ആയാണ് ഇങ്ങനെ അവളെ കണ്ടത്..... അവളും പേടിച്ചു വിറച്ചു.

ഇനു വാ നമുക്ക് സാറിനോട് പറയാം.....

അവൾ ഇനുവിനെ കയ്യിൽ പിടിച്ചതും അവൾ കൈ തട്ടി തെറിപ്പിച്ചു......

എനിക്ക് വയ്യ റാനി ഞാൻ ഇപ്പോൾ മരിച്ചു പോകും..... എനിക്ക് സഹിക്കാൻ പറ്റുന്നില്ല ഇത്..... അവൾ അവിടെ നിന്നും ഇറങ്ങി ഓടി..... പേടിയോടെ കരഞ്ഞു കൊണ്ട് പിറകെ റാനിയും..... ഇജാസ് സ്റ്റാഫ് റൂമിൽ നിൽക്കുമ്പോഴാണ് ഷഹിയുടെ കാൾ

വന്നത്..... അവൻ ഇറങ്ങി ഓടുന്നത് കണ്ടു അവിടെ ഉള്ളവരും നോക്കി..... ഇനു ഓടി വരുന്നത് കണ്ടതും അവൻ അവളെ കയ്യിൽ പിടിച്ചു അവന്റെ ഓഫീസിൽ കേറി വാതിൽ അടച്ചു. മുഴുവൻ സ്റ്റാഫും..... റാനിയും കുറച്ചു കുട്ടികളും ഉണ്ടായിരുന്നു. അവരൊക്കെ അത് കണ്ടു ഞെട്ടിത്തരിച്ചു നിന്നു. കുറച്ചു കഴിഞ്ഞതും ഇനുവിനെ ചേർത്ത് പിടിച്ചു

അവൻ ഇറങ്ങി വന്നു. അവളോട് കണ്ണ് കൊണ്ട് പോയിക്കോ പറഞ്ഞു. അവൾ റാനിയെ ഒന്ന് നോക്കിയിട്ട് ക്ലാസ്സിലേക്ക് നടന്നു. പിറകെ റാനിയും പോയി. ഇജാസ് അവളെ തന്നെ നോക്കി നില്കുന്നത് കണ്ടു റാനിക്ക് ഒരു വല്ലായ്മ തോന്നി. അതിനേക്കാൾ അത്ഭുതം തോന്നിയത് ഇനിവിന്ന് അങ്ങനെ ഒരു വേദന വന്നത് ഓർമ പോലും ഇല്ലെന്ന് കണ്ടിട്ടാണ്.

അപ്പോഴേക്കും ഷഹിയും ഓടി വന്നിരുന്നു.

ടാ അവൾക്ക് ഇപ്പൊ...

ഞാൻ പറഞ്ഞതല്ലേ പുല്ലേ...നിന്നോട് ഒരു നിമിഷം പോലും അവളുടെ മേലിൽ നിന്ന് കണ്ണ് തെറ്റരുതെന്ന്. ഈ കോളേജിലെ മുക്കും മൂലയിലും കാം വച്ചതും അതാണ്.

അന്ന് നടന്നത് പോലെ അവൾ വേദന സഹിക്കാൻ കയ്യാതെ വല്ല കടും കയ്യും ചെയ്യോന്ന് പേടിച്. അവൾ ക്ലാസ്സിൽ നിന്നും ഇറങ്ങിയിട്ടും എന്ത് കൊണ്ട് നീ ശ്രദ്ധിക്കാഞ്ഞത്. അവൾ എന്തെങ്കിലും വേണ്ടത്തെ ചെയ്തിനു എങ്കിലോ..... ബസ്സിൽ വരുന്നത് ഇല്ലാതാക്കാനാ അതിന്റെ പേര് പോലും മാറ്റിയത്. നിനക്ക് അറിയാലോ എന്റെ പ്രാണനാ അത് അവൾക്കെന്തെങ്കിലും പറ്റിയ പിന്നെ എന്നെയും നീ കാണില്ല ഓർത്തോ..

സോറിഡാ അത്യാവശ്യം ഉള്ള ഒരു കാളിൽ ആയി പോയി. ഇനി ഉണ്ടാവില്ല. ...... നിറഞ്ഞു വന്ന കണ്ണുകൾ അവൻ ഇജാസ് കാണാതിരിക്കാൻ മുഖം താഴ്ത്തി.

സാരമില്ല ഇനി ശ്രദ്ധിക്കണം..... അവൻ ഷഹിയുടെ തോളിൽ തട്ടി പോയി.

ശഹി വാഷ് റൂമിലേക്ക് നടന്നു...... അവൻ അവിടെ എത്തിയതും കരഞ്ഞു പോയി. അവന്റെ ഉള്ളിൽ റാനിയും ഇനുവും സംസാരിച്ചത് മുഴുവൻ ഓടിയെത്തി...... ഇനു മിക്കപ്പോഴും അവിടെ പട്ടിണിയാണ് എന്ന അറിവ് അവനെ തളർത്തി

കളഞ്ഞിരുന്നു..... രാവിലെ ബെഡ് ടീ കിട്ടാതെ റൂമിൽ നിന്നും ഇറങ്ങാത്ത പെണ്ണ് കാന്റീനിൽ നിന്നും ടീ കുടിക്കുന്നു...

ജുനു മോളെന്ന് പോലും തികച്ചു വിളിക്കാത്തവളെ ആട്ടും തുപ്പും പരിഹാസവും കേട്ടു കഴിയുന്നു. എങ്ങനെ ഇതൊക്കെ ഞാൻ ഇജാസിനോട് പറയുക..... അവൻ മുടിയിൽ കൊരുത് പിടിച്ചു വലിച്ചു.

വേണ്ട അവനൊന്നും അറിയണ്ട.... അറിഞ്ഞാൽ ഫൈസിയെ അവൻ കൊല്ലാനും മടിക്കില്ല..... ജുനു ഈ തെറ്റിന് ഒരിക്കലും നിനക്ക് മാപ്പില്ല. നിന്റെ സ്വാർത്ഥക്ക് വേണ്ടി അവളെ ജീവിതം ആണ് ഇല്ലാതാക്കിയത്.  ഇത്രയും നാൾ കുറ്റബോധം ഉണ്ടായിരുന്നു ഇജാസ് ചെയ്യുന്നത് തെറ്റാണെന്നു ഓർത്ത്. ഇപ്പൊ അതില്ല..... നിനക്ക് ഇനി ഫൈസ് വേണ്ട ഇനു. അവൻ നിന്നെ അർഹിക്കുന്നില്ല.. ഇജാസ് തന്നെ ആണ് ശരി. നിന്നെ അവനിൽ നിന്നും അകറ്റിയിരിക്കും ഞാൻ..... ഇതിപ്പോ എന്റെ വാശി കൂടിയാണ്.

💕💕💕💕💕💕

ഇനുവിന് നല്ല ക്ഷീണം തോന്നിയത് കൊണ്ട് തന്നെ അവൾ പിന്നെ ക്ലാസ്സിൽ കേറിയില്ല. ജന്നത് എന്ന ബസ്സ് ഓർമ വന്നതും ഇനിമേലിൽ ബസ്സിൽ വരില്ലെന്ന് അവൾ ഉറപ്പിച്ചിരുന്നു. അവൾ ഓട്ടോ പിടിച്ചു പോയി. നേരത്തെ ആയോണ്ട് വീട്ടിലേക്കും പോകാൻ തോന്നിയില്ല. കടുവയുടെ വീട്ടിലേക്ക് പോയി.

വീട്ടിൽ ഫുൾ ഗസ്റ്റ് ആണ് കടുവേ അങ്ങോട്ട് പോകാൻ പോലും തോന്നുന്നില്ല. ആർക്കും എന്നെ ഇഷ്ടം അല്ല. അവൾ സങ്കടത്തോടെ പറഞ്ഞു.

എന്ന ഇജാസിന്റെ അടുത്തേക്ക് പോയിക്കോ നിന്റെ ഇഷ്ടത്തിനെ അവിടെ ഗസ്റ്റ് പോലും വരുള്ളൂ... നീയെന്ന ഭ്രാന്ത് ആണ് അവന്ന്.

എനിക്ക് അപ്പോൾ ഫൈസിനെ നഷ്ടപ്പെടില്ലേ .ഞാൻ ആ കലിപ്പനെ കെട്ടേണ്ടി വരില്ലേ..... അത് എനിക്ക് പറ്റില്ല.

നിനക്ക് ഫൈസിനെ  ഇഷ്ടം   ആണോ..അപ്പോൾ

 എനിക്കിത് വരെ ആരോടും ഇങ്ങനെ ഒന്നും തോന്നിയിട്ടില്ല. ഇർഫാനോട് മിണ്ടിയില്ലെങ്കിലോ കണ്ടില്ലെങ്കിലോ എനിക്ക് മിസ്സ് ചെയ്യുക പോലും

ഇല്ലായിരുന്നു. ഞാൻ ഓർക്കാർ പോലും ഇല്ല. ഫൈസിയെ കാണാതിരുന്നാൽ വട്ട് പിടിക്കുന്ന പോലെയാ.അവനില്ലാതെ ഒരു മിനിറ്റ് പറ്റില്ല എന്ന അവസ്ഥയാ..... ക്ലാസ്സിൽ ഇരിക്കുന്നുണ്ടെങ്കിലും മനസ്സ് മൊത്തം അവന്റെ അടുത്താണ്..... അവരെ പരിഹാസവും തെറിയും കേൾക്കുമ്പോൾ  ആ വീട്ടിൽ നിന്നും ഇറങ്ങി വരണം എന്ന് പോലും തോന്നും. പക്ഷേ അവനെ ഓർക്കുമ്പോ ഒക്കെ മറക്കും.കടുവക്ക്  അറിയോ അന്ന് അവന്റെ ഉമ്മ വീട്ടിൽ നിന്നും ഇറക്കി വിട്ടില്ലേ ഫൈസിക്ക് എന്നെ വേണ്ടാന്ന് അറിഞ്ഞപ്പോൾ   മരിച്ച മതീന്ന് പോലും തോന്നി പോയിട്ടുണ്ട്.... ഓഫീസിൽ നിന്ന് പെട്ടെന്ന് അവനെ കണ്ടില്ലേ..... അവന്നെ കണ്ടതും മനസ്സിൽ മഞ്ഞു വീണത് പോലെയാ തോന്നിയെ.... അവനെ ഓടിപ്പോയി കെട്ടിപിടിക്കണം എന്നൊക്കെ തോന്നി..... അവൻ ഹോസ്പിറ്റലിൽ വെച്ചു എന്നെ അവന്റെ കൂടെ കൂട്ടാൻ ഞാൻ പ്രാർത്ഥിച്ചോണ്ട് ഇരിക്കുകയാരുന്നു. ഇന്നലെ ഐറ അവന്നെ കെട്ടിപിടിച്ചപ്പോ സഹിക്കാൻ പറ്റിയില്ല..... നെഞ്ച് നീറുന്ന വേദന തോന്നി..... ഇങ്ങനെയൊക്കെയൊരു ഫീൽ ആദ്യം ആയിട്ടാണ്.

അപ്പൊ അസ്ഥിക്ക് പിടിച്ചിരിക്കുവാ അല്ലേ..... കടുവ ചിരിയോടെ അവളുടെ മുഖം ഉയർത്തി.

അതെന്ന തോന്നുന്നേ.....എനിക്കിപ്പോ മനസ്സിലാവുന്നുണ്ട് എനിക്ക് അവനോട് ഉള്ള ഇഷ്ടം അത് പ്രണയം ആണ്..... മറ്റാരോടും എനിക്ക് തോന്നാത്ത ഇഷ്ടം തന്നെയാണത്..... ഇത് വരെ ഇല്ലാത്ത ഫീൽ ആണ്..... അവന്റെ കൂടെയുള്ള നിമിഷങ്ങൾ അതെനിക്ക് ഏറ്റവും പ്രിയപ്പെട്ടതാണ്...... ഞാൻ അന്വേഷിച്ചു നടക്കുന്ന പ്രണയം അത് ഇവൻ തന്നെയാണ്.

അപ്പോൾ നിന്റെ കലിപ്പനോ

അവളുടെ മനസ്സിൽ അപ്പോൾ നിറഞ്ഞു നിന്നത് അവളുടെ കലിപ്പാന്റെ മുഖം ആയിരുന്നു..... അവന്നിൽ ഞാൻ കാണുന്നത് എന്റെ നല്ലൊരു ഫ്രണ്ട് ആണ്.... ഒരു ബ്രദർ ആയിട്ടാണ്..... എന്നെ ഒരു പാട് സ്നേഹിക്കുന്ന കെയർ ചെയ്യുന്ന എന്നെ നന്നായി മനസ്സിലാക്കുന്ന ഒരാൾ..... അതൊരിക്കലും പ്രണയം അല്ല..... ഇന്ന് എന്റെ ചോദ്യങ്ങൾക്കെല്ലാം ഉള്ള ഉത്തരം കിട്ടിയിരിക്കുന്നു. എന്റെ പ്രണയവും സൗഹൃദവും ഞാൻ വേർതിരിച്ചു അറിഞ്ഞിരിക്കുന്നു.

കലിപ്പാൻ  എനിക്ക് എന്റെ ബെസ്റ്റി ആണ്........ ഒരു പക്ഷേ സൗഹൃദത്തേക്കാൾ  വലുതാണ് ആ ബന്ധം ..... എന്റെ നോട്ടത്തിൽ പോലും എന്റെ മനസ്സ് അറിയാൻ കഴിയുന്നവൻ........ പക്ഷേ അത് പ്രണയം അല്ല. അവന്റെ കൂടെ നിൽക്കുമ്പോൾ ഒരിക്കലും എനിക്ക് വേറിട്ടൊരു ഫീൽ ഇല്ല

അവൻ തൊടുമ്പോൾ മുന്നിൽ നിൽക്കുമ്പോൾ എന്നിൽ അവനോട് ഇഷ്ടം മാത്രം ഉള്ളൂ...,. അത് അവനോടുള്ള കറയില്ലാത്ത സ്നേഹം ആണ്. പക്ഷേ ഫൈസി അടുത്തുള്ളപ്പോൾ..... അടുത്ത് വേണ്ട അവന്റെ ഓർമ്മകൾ മാത്രം മതി എനിക്ക് എന്നെ തന്നെ മറക്കാൻ...... അവന്റെ നോട്ടം സ്പർശം ഒക്കെ എന്നെ വേറേതോ ലോകത്ത് എത്തിക്കുന്നു..... അവൻ കൂടെ ഉണ്ടെങ്കിൽ ഞാൻ എന്നും സന്തോഷവതി ആയിരിക്കും...... ദേഷ്യം ആയാലും സങ്കടം ആയാലും.... സന്തോഷം ആയാലും.... വേദന ആയാലും..... അവന്റെ കൂടെ സ്പെൻഡ് ചെയ്യാൻ ആഗ്രഹിക്കുന്നു....

 അതിനേക്കാൾ ഏറെ ഭയവും തോന്നി  ഫൈസി എന്നെ അങ്ങനെ കാണുന്നില്ലെങ്കിലോ...... എന്നെ വേണ്ടെന്നു വെക്കോ...... മറ്റൊരാളുടെ കൂടെ

ഒളിച്ചോടാൻ നോക്കുന്ന നിന്നെ കെട്ടാൻ എനിക്ക് വട്ടല്ലേ...... കല്യാണം കഴിഞ്ഞ അന്ന് അവൻ പറഞ്ഞ വാക്കുകൾ ഓർത്തതും അവൾക്ക് മനസ്സിൽ ഒരു പേടി തോന്നി.

അവനോട് പറഞ്ഞൂടെ എന്നാൽ .....

എന്നെ മോശം ആയി കരുതിയാലോ..... ഞാൻ ഇർഫാനോട് ഇഷ്ടം പറഞ്ഞതല്ലേ.

അതോണ്ട് എന്നെ ചീത്തയായി കണ്ടാലോ.... ഇഷ്ടം അല്ലെന്ന് പറഞ്ഞാലോ..... അതെനിക്ക് സഹിക്കാൻ പറ്റില്ല......

അങ്ങനെ ഒന്നും ഉണ്ടാവില്ല ..... അങ്ങനെ കരുതിയിരുന്നെങ്കിൽ നിന്നെ അപ്പോൾ തന്നെ വേണ്ടെന്നു വെച്ചേനെ..... അത് പറഞ്ഞു വേദനിപ്പിച്ചേനെ അതൊന്നും ഇല്ലല്ലോ...... അപ്പോൾ ഇഷ്ടം തന്നെ ആയിരിക്കും.

എനിക്ക് വേണം കടുവേ അവന്നെ.

അവനോട് തന്നെ നേരിട്ട് ചോദിക്കും എന്നെ ഇഷ്ടം ആണോന്ന്.ഞാൻ ഇന്ന് തന്നെ അവന്നോട് സംസാരിക്കും.

ഇജാസ് വെറുതെ വിടോ നിന്നെ....

നിക്ക് അതൊന്നും അറീല..... ഞാൻ ആലോചിക്കുന്നും ഇല്ല...... എനിക്ക് ഫൈസ് ഇല്ലാതെ പറ്റില്ല അത് മാത്രം അറിയൂ. ബാക്കി ഒക്കെ വരുന്നിടത്തു വെച്ചു കാണാം.....

അതൊക്ക പോട്ടെ മോളെ..... വേറൊരു കാര്യം കൂടി ഓർക്കണം. അവന്ന് നിന്നെ ഇഷ്ട്ടം അല്ലെങ്കിൽ അത് കൂടി ഉൾകൊള്ളാൻ മോൾക്ക് കഴിയണം. . നീ സ്നേഹിക്കുന്നത് പോലെ അവന്ന് നിന്നെ സ്നേഹിക്കാനും സ്നേഹിക്കാതിരിക്കാനും അവകാശം ഉണ്ട്. ഒരിക്കലും ശല്യം ആയി പ്രണയം ജീവിതത്തിൽ വരാൻ പാടില്ല. നീ അതിന്ന് ഇട വരുത്തരുത്.... നിന്നെ പോലെ തന്നെ ഒരു മനസ്സ് അവന്നും ഉണ്ട് അതോർക്കണം......

അവന്ന് എന്നെ ഇഷ്ട്ടം ആണ്...... ആരെക്കാളും ഇഷ്ട്ടം ആണ്...... എനിക്ക് തോന്നാറുണ്ട് അതൊക്കെ. ഇഷ്ട്ടം അല്ലാഞ്ഞിട്ടാണോ എന്നെ കെട്ടിപിടിക്കുന്നതും കിസ്സ് ചെയ്യുന്നതൊക്കെ...... ഉറപ്പായും അവന്നു എന്നോട് ഇഷ്ട്ടം ഉണ്ടാകും.... നോക്കിക്കോ......

അവൾ അതും പറഞ്ഞു സന്തോഷത്തോടെ ഓടി

പ്പോയി.

എന്താകുമോ എന്തോ..... അയാൾ സംശയത്തോടെ സ്വയം ചോദിച്ചു. ഒരു പെണ്ണും പ്രാണനെ പോലെ സ്നേഹിക്കുന്ന രണ്ടു ആൾക്കാരും..... രണ്ടാളും നല്ലവർ..... രണ്ടു പേരെടുത്തും ന്യായവും ഉണ്ട്...... ഇതിൽ നിന്റെ പ്രണയത്തിന് മാത്രമേ ഉത്തരം ഉള്ളൂ ഇനു

അല്ലെങ്കിൽ ആരെങ്കിലും സ്വമനസ്സാലെ വിട്ടുകൊടുക്കണം...... വിധി പോലെ വരട്ടെ എല്ലാം..... അത് മാത്രമേ എനിക്ക് പറയാൻ ഉള്ളൂ..... എന്ത് തീരുമാനം ആയാലും ഞാൻ നിന്റെ കൂടെ ഉണ്ടാവും.പടച്ചോൻ കാക്കട്ടെ നിന്നെ......

💖💖💖💖💖💖💖

കോളേജ്ന്ന് നേരത്തെ വന്നൊണ്ട് ഫൈസിന് സർപ്രൈസ് ആയിരിക്കും.  അവനോട് ഫോൺ വിളിച്ചു നേരത്തെ വരാൻ പറയണം....... ഇതൊക്കെ ആലോചിച്ചു അവൾ വീട്ടിലേക്ക് കയറിയത്....... ഫൈസിന്റെ കാർ കണ്ടു ഇന്ന് ഇവനും നേരത്തെ ആണോന്ന് ഓർത്തു സന്തോഷത്തോടെ അവൾ റൂമിലേക്ക് കയറിയതും കണ്ടത് ബെഡിൽ ഐറയെ

കെട്ടിപിടിച്ചു കിടക്കുന്ന ഫൈസിനെ ആണ്......ഞാൻ കിടക്കുന്നത് പോലെ അവന്റെ നെഞ്ചിൽ മുഖം വെച്ചാണ് ഐറ  കിടക്കുന്നത്..... എന്നെ പിടിക്കുന്നത് പോലെ അവളെ മേലെ കയ്യും വെച്ചിട്ടുണ്ട്...... ദേഷ്യം ആണോ...... സങ്കടം ആണോ... കരച്ചിൽ ആണോ  എന്നൊന്നും തിരിയാത്ത ഒരവസ്ഥയിൽ ആയിരുന്നു അവൾ..... ഒന്ന് മാത്രം അവൾക്ക് മനസ്സിലായി തന്റെ ഉള്ളം വേദനിക്കുന്നു...... ശരീരം മനസ്സും മൊത്തം വേദനിക്കുന്നു...... കരച്ചിൽ വന്നെങ്കിലും അത് പുറത്ത് വരാതെ    തൊണ്ടയിൽ കുരുങ്ങി കിടന്നു...... അവന്ന് അപ്പൊ എന്നെ ഇഷ്ട്ടം അല്ലേ....

കടുവ പറഞ്ഞത് മാത്രം ഓർമയിൽ വന്നു.

നിറഞ്ഞു വന്ന കണ്ണുകൾ അവൾ തുടച്ചു.

കടുവ പറഞ്ഞത ശരി..... അവന്ന് ഇഷ്ട്ടം അല്ലെങ്കിൽ എന്റെ പ്രണയം അവന്ന് ശല്യം ആകരുത്..... വിഡ്ഢിത്തത്തിന്ന് എന്തൊക്കെ ചിന്തിച്ചു കൂട്ടി...... സ്വയം ആശ്വസിക്കാൻ ശ്രമിച്ചിട്ടും നെഞ്ച് പൊട്ടുന്ന പോലെ തോന്നി. തലയൊക്കെ പൊട്ടിപൊലിയുന്ന പോലെ തോന്നി..... അവൾക്ക് പക്ഷേ ഫൈസിയെ

വിളിക്കാനോ അവന്റെ അടുത്തേക്ക് പോകാനോ തോന്നിയില്ല......

വേദനയും ടെൻഷൻ ഒക്കെ കൂടി അവൾക്ക് സഹിക്കാൻ ആവുന്നതിലും കൂടുതൽ ആയിരുന്നു. അവൾക്ക് എന്താ വേണ്ടെന്നു പോലും തിരിയുന്നുണ്ടായിരുന്നില്ല. സ്റ്റെപ്പ് ഓടിയിറങ്ങുമ്പോൾ കണ്ണുകൾ കാണുന്നുണ്ടായിരുന്നില്ല അവൾക്ക്. ചുറ്റും ഇരുട്ട് പടരുന്നത് പോലെ തോന്നി. കണ്ണ് മൂടി അവൾ സ്റ്റെപ്പിൽ നിന്നും  ബോധം കെട്ടു നിലത്തേക്ക് പതിച്ചു.

..❤️ 💔 INVISIBLE LOVE 💔❤️

Love after💘 marriage story

Part 43

ഫൈസിയുടെ നെഞ്ചിൽ കെട്ടിപിടിച്ചു  കിടക്കുന്ന ഐറയെ ഓർക്കും തോറും അവൾക്ക് നെഞ്ചിലെ നീറ്റൽ കൂടി വന്നു.

തന്നെ അല്ലാതെ മറ്റൊരാളെ അവൻ കെട്ടിപിടിച്ചുന്ന് വെച്ച അതിനർത്ഥം അവന്ന് അവളെ ഇഷ്ടം ആണെന്നല്ലേ.....

ജുനു പറഞ്ഞ പോലെ അവൻ എന്റെ സഹോദരൻ ആണെങ്കിൽ എന്നെ കെട്ടിപിടിക്കുന്നതും കൂടെ കിടക്കുന്നതും തെറ്റല്ല. ഞാനും ജുനു പലപ്പോഴും ഒന്നിച്ചു കിടക്കൽ ഉണ്ട്. അവന്റെ നെഞ്ചിൽ തലവെച്ചു അധികവും കിടക്കാറുണ്ട്. അത് കൊണ്ട് തെറ്റാണെന്നു ഇത് വരെ തോന്നിയിട്ട് ഇല്ല. പക്ഷേ സഹോദരൻ സഹോദരിയെ കല്യാണം കഴിക്കോ..... ഇവൻ എന്തിനാ എന്നെ കല്യാണം കഴിച്ചത്..... ഐറയുമായി വിവാഹം ആലോചിച്ചിരുന്നു എന്ന് വെച്ച ഫൈസിക്ക് ഇഷ്ടം ആയിരിക്കും. അവരുടെ സംസാരത്തിൽ ഉണ്ടായിരുന്നല്ലോ വിവാഹം മുടങ്ങിയപ്പോ കെട്ടിയതാണെന്ന്..... അങ്ങനെ ആണെങ്കിൽ ഫൈസ് ജുനുവിന് വേണ്ടി എന്നെ കല്യാണം കഴിച്ചത് ആണ്. പാവം ഐറ അവളെ കല്യാണം മുടങ്ങിയത് ഞാൻ കാരണം ആണ്..... എന്നെ ഫൈസ് പെങ്ങൾ ആയിട്ട് ആയിരിക്കും കാണുന്നത്..... എന്തൊക്കെയൊ ആലോചിച്ചു കൂട്ടിയത്...... ഫൈസ് അറിഞ്ഞ പിന്നെ ഉള്ള ഇഷ്ടം കൂടി പോകും...... ജുനു അറിഞ്ഞ ഏറ്റവും വെറുക്കുന്നത് എന്നെ ആയിരിക്കും. ഫൈസ് എന്റെ ജുനിന്റെ ഫ്രണ്ട് ആണ്.... അവൻ ഇക്കാക്ക ആയാണ്

കാണാൻ പറഞ്ഞത്. ഞാൻ ആണ് തെറ്റിദ്ധരിച്ചത്.

പൊറുക്കണേ ഫൈസ് അവൾ മനസ്സ് കൊണ്ട് അവനോട് മാപ്പ് ചോദിച്ചു......

അവൾക്ക് തല പൊട്ടിപോളിയുന്നത് പോലെ തോന്നി. കണ്ണുകൾ മങ്ങി അവൾ സ്റ്റെപ്പിൽ നിന്നും വീഴാൻ നോക്കി. അവൾക്ക് കൈ വരിയിൽ പിടിത്തം കിട്ടി.

ഫൈസ് അല്ലാതെ എനിക്ക് വേറാരും ഇല്ല. അവന്ന് മാത്രം ഈ വേദന മാറ്റാൻ പറ്റു. എനിക്ക് അവന്റെ നെഞ്ചിൽ മുഖം പൂഴ്ത്തി നിൽക്കണം...., അവന്നെ കെട്ടിപിടിക്കണം എന്നാലേ എന്റെ വേദന പോകു.... അവർ ഇങ്ങനെ കിടക്കുമ്പോ ഫൈസിന് ദേഷ്യം വരോ...... വേറൊന്നും ചിന്തിക്കാൻ ഉള്ള സാവകാശം അവൾക്ക് ഇല്ലായിരുന്നു.സഹിക്കാവുന്നതിലും അധികം ആയിരുന്നു വേദന. അവൾ റൂമിലേക്ക് തന്നെ എങ്ങനെ ഒക്കെയോ തിരിച്ചു എത്തി.

ദേഷ്യത്തോടെയും പുച്ഛത്തോടെയും നോക്കുന്ന ഐറയെ അവൾ ഒന്ന് നോക്കി.

സോറി ഐറ ത്ത  ഡിസ്റ്റർബ് ചെയ്തെന്ന്....

എനിക്ക് ഫൈസിയോട് ഒന്ന് സംസാരിക്കണം

അതാണ് അവൾ വേദന കടിച്ചു പിടിച്ചു മങ്ങിയ കണ്ണോടെ പതുക്കെ പറഞ്ഞു.

ഐറയുടെ കിളികൾ കൂടും കുടുക്കയും എടുത്തു കടലും കടന്നു പോയിരുന്നു.

തല്ല് ഉണ്ടാക്കുന്നതിന്ന് പകരം എന്നോട് സോറി പറയുന്നു. ഇങ്ങനെ ഒരു സിറ്റുവേഷനിൽ ഏതെങ്കിലും ഭാര്യ ചെയ്യുന്നതാണോ ഇത്. അവൾ അവന്റെ ദേഹത്തു നിന്ന് ഞെട്ടലോടെ എണീറ്റു.

അവൾ എണീറ്റതും ഇനു ഓടിച്ചെന്നു നിലത്ത് മുട്ട് കുത്തി ഇരുന്നു. അവന്റെ കഴുത്തിലേക്ക് മുഖം പൂഴ്ത്തി.

ഫൈസ് സോറി..... എനിക്ക് സഹിക്കാൻ പറ്റാത്തോണ്ട..... അവളുടെ മുഖം അവന്റെ ദേഹത്തു തട്ടിയതും ഞെട്ടിപിടഞ്ഞു എഴുന്നേറ്റു. അവൾ ഒന്നുടെ അവന്റെ കഴുത്തിൽ തൊട്ട് നോക്കി പിന്നെ നെറ്റിയിലും ദേഹത്തു എല്ലാം തൊട്ടു. ചുട്ടു പൊള്ളുന്നുണ്ട്.....

അവൾ ബാക്കിയെല്ലാം മറന്നിരുന്നു.....

അവൾക്ക് തലവേദനിക്കുന്നതു പോലും മറന്നു

പോയിരുന്നു.

അവൾ അവനെ കുലുക്കിവിളിച്ചു......

ഫൈസ് എഴുന്നേൽക്ക്...... ഫൈസ്..... അവൾ കരഞ്ഞോണ്ട് അവനെ വിളിച്ചോണ്ട് ഇരുന്നു.

ഐറത്ത ഫൈസ് എന്താ എഴുന്നേൽക്കാതെ......

എനിക്കെങ്ങനെ അറിയാം..... അവനോട് തന്നെ ചോദിക്ക്..... അവൾ പുച്ഛത്തോടെ പറഞ്ഞു.

പിന്നെഎന്തിനാടി കൂടെ കിടന്നത്. എന്റെ ഫൈസ്നെ നോക്കാൻ പറ്റില്ലെങ്കിൽ പിന്നെന്തിനാ ഇവിടേക്ക് വന്നത്.... അവളുടെ ദേഷ്യം കൊണ്ട് വിറക്കുന്ന മുഖം കണ്ടതും ഐറ ഒരു നിമിഷം പേടിച്ചു പോയി.....

അവൾ വേഗം ഫോൺ എടുത്തു സമിയെ വിളിച്ചു. റിങ് പിറകിൽ നിന്നും കേട്ടു തിരിഞ്ഞു നോക്കി. സമി.....

സമിക്ക ഫൈസ് വിളിച്ചിട്ട് എഴുന്നേൽക്കുന്നില്ല...... നല്ല ചൂടുണ്ട്....

അവൾ ഓടിപ്പോയി അവന്റെ ഷർട്ടിൽ പിടിച്ചു ഉലച്ചു.....

സമിക്ക് അവളെ കോലം കണ്ടു പേടിയും സഹതാപവും തോന്നി......

ഒന്നുല്ലടാ വൈറൽ ഫീവർ ആണ്..... ഇപ്പൊ ഡോക്ടർ വന്നു ഇഞ്ചക്ഷൻ എടുത്തിരുന്നു. അതിന്റെ സെടാഷനിൽ കിടന്നു ഉറങ്ങുന്നതാ.... കുറച്ചു കഴിയുമ്പോഎഴുന്നേൽക്കും.....പേടിക്കണ്ട  അവൻ അവളുടെ കവിളിൽ തട്ടി അലിവോടെ പറഞ്ഞു.

സത്യം ആണോ അവൾ വിശ്വാസം വരാത്ത പോലെ അവനെ നോക്കി.

ഞാൻ ഇപ്പൊ പത്തു  മിനിറ്റ് ആയുള്ളൂ മെഡിസിൻ വാങ്ങാൻ പോയിട്ട്.... ദാ ഐറയെ കൂട്ട് ഇരുത്തിയ പോയത്. അവളോട് ചോദിച്ചു നോക്ക്.

ഐറ ചീത്തയാ സമിക്ക..... ഞാൻ ചോദിച്ചപ്പോ അറിയില്ലെന്ന് കളവ് പറഞ്ഞു.  എന്തിനാ ഐറ കള്ളം പറഞ്ഞത് ഞാൻ പേടിച്ചു പോയല്ലോ...... കുഞ്ഞികുട്ടികൾ പറയുന്നപോലെ സമിയോട് പരാതി പറയുന്നത് കേട്ടു അവൾക്ക് ഞെട്ടലണ് തോന്നിയത്.ഇവളെന്താ ഇങ്ങനെ.....

സമി രൂക്ഷമായി അവളെ നോക്കി.

നീയെന്തിനാ ഇവളോട് കള്ളം പറഞ്ഞത് സമി ദേഷ്യത്തോടെ ചോദിച്ചു...

അവളെ വഴക്ക് പറയണ്ട സമിക്ക അവൾക്ക് ദേഷ്യം വന്നൊണ്ട് ആയിരിക്കും.... അങ്ങനെ പറഞ്ഞത്.

അവൾക്ക് എന്തിനാ ദേഷ്യം വരുന്നത്.

അത് ഇവർ കെട്ടിപിടിച്ചു കിടന്നപ്പോൾ ഞാൻ ചോദിക്കാതെ റൂമിലേക്ക് വന്നത്.

ഐറതയെ ഫൈസിന്റെ ദേഹത്തു നിന്നും എഴുന്നേൽപ്പിക്കുകയും ചെയ്തു അതാവും.....

ഇനു ഫൈസിന്റെ അടുത്തേക്ക് ചെന്നു അവന്റെ നെറ്റിയിലും കഴുത്തിലും ഒക്കെ തൊട്ട് നോക്കി. അവന്റെ തലയിലൂടെ തലോടി കൊണ്ടിരുന്നു. അവളുടെ കണ്ണുകളും നിറഞ്ഞു ഒഴുകികൊണ്ടിരുന്നു

കാര്യത്തിന്റെ സീരിയസ്നസ് അറിയാതെ പെരുമാറുന്ന ഇനുവിനെ കണ്ടു അവന്ന് സങ്കടം വന്നു. ഐറയെ അവൻ കലിപ്പോടെ നോക്കി.

നാണം ഇല്ലാത്ത വർഗ്ഗം...... കെട്ടുകഴിഞ്ഞു അവന്റെ.എന്നിട്ടും പിറകെ നടക്കുന്നു...... പത്തു

മിനിറ്റ് കൊണ്ട് ഇവനെ കെട്ടിപിടിച്ചു കിടന്നുവെങ്കിൽ ഇനുവിന്നിട്ട് ഉള്ള പണിയാണെന്ന് മനസ്സിലായി...... നീ അങ്ങോട്ട് നോക്കിയേ സമി പറഞ്ഞത് കേട്ടു അവൾ ഇനുവിനെ നോക്കി...... അവന്റെ അടുത്ത് ഇരുന്നു മുടിയിലൂടെ തലോടി കൊണ്ട് ഇരിക്കുന്നു ഇനു. ഇടക്കിടക്ക് അവന്റെ നെറ്റിയിൽ കിസ്സും കൊടുക്കുന്നുണ്ട്. അവളെ കണ്ണുകളും നിറഞ്ഞൊഴുകുന്നുണ്ട്.......

അതാടീ യഥാർത്ഥ സ്നേഹം..... അവിടെ കള്ളവും ചതിയും ഒന്നും ഇല്ല. അതോണ്ട് പൊന്നു മോൾ പോകാൻ നോക്ക്. നിന്റെ ഈ പ്ലാൻ എട്ടുനിലയിൽ പൊട്ടി ഫ്ലോപ്പ് ആയെന്ന് കരുതിയ മതി.

അവൾ പെട്ടെന്ന് തന്നെ മുഖം പൊത്തി കരഞ്ഞു.

ഞാൻ അങ്ങനെ ഒന്നും കരുതിയിട്ടില്ല സമി..... അവന്ന് ചൂട് കുറവുണ്ടോന്ന് നോക്കിതാ അപ്പോഴാ പെട്ടെന്ന് ഇനു വാതിൽ തുറന്നത്. കൈ വഴുക്കി അവന്റെ മേലെ വീണു. അല്ലാതെ ഞാൻ ഒന്നും ചെയ്തിട്ട് ഇല്ല. സത്യം......

ഇവൻ മാര്യേജ് കഴിഞ്ഞത് അറിഞ്ഞ ശേഷം ഞാൻ ഒക്കെ മറന്നു കളയാൻ ശ്രമിക്കുകയാണ്. അവളെ

കരച്ചിൽ കണ്ടപ്പോൾ അങ്ങനെ ആകാൻ ചാൻസ് ഉണ്ട്..... ഇനു തെറ്റിദ്ധരിച്ചത് ആവാം.... ഇവളെ വിശ്വസിക്കാനും പറ്റില്ല...... എന്തോ ആകട്ടെ ഇനുന് പ്രോബ്ലം ഒന്നും ഇല്ല..... അവൻ അതോണ്ട് അത് വിട്ടു....

അവൾ നെഞ്ചിൽ കൈ വെച്ചു ആശ്വാസത്തോടെ പുറത്തേക്ക് പോയി.

റൂമിൽ എത്തിയതും എല്ലാം തട്ടിത്തെറിപ്പിച്ചു ദേഷ്യം തീർത്തു. ഫൈസ് മയക്കത്തിൽ ആണെന്ന് അറിഞ്ഞോണ്ട് തന്നെ ആണ് ഇനുവിന് ഇട്ടുള്ള പണി അങ്ങനെ കൊടുത്തേ തല്ലി പിരിഞ്ഞോളുന്ന് കരുതി.... ഇവൾ എന്താ ഇങ്ങനെ.... അവളെ ആക്റ്റിട്യൂട കണ്ടു അവളുടെ മനസ്സിൽ വേറെ പ്ലാൻ ഉടലെടുത്തു. നിന്നെ പോലൊരു മന്നബുദ്ധിക്ക് ഇതൊക്കെ വലുതാണ്... അവൾ ഗൂഢമായി ചിരിച്ചു.

💕💕💕💕💕

സമിക്ക എന്താ പറ്റിയെ ശരിക്കും..... രാവിലെ ഒന്നും ഉണ്ടാരുന്നില്ലല്ലോ......

നിന്റെ പനി പടർന്നതാവും..... ഇന്നലെ മേൽ വേദനന്നൊക്കെ പറയുന്നുണ്ടാരുന്നു..... ഉച്ച

ആയപ്പോഴേക്കും നല്ല ചുട്ടു പൊള്ളുന്ന പനി ആയിരുന്നു. ക്ഷീണം ഉണ്ടായിരുന്നു.

ഹോസ്പിറ്റലിൽ വരാൻ മടി കാണിച്ചോണ്ട് ഡോക്ടർ ഇങ്ങോട്ട് കൂട്ടി വന്നു.  നീ ടെൻഷൻ അടിക്കൊന്നും വേണ്ട.....  എഴുന്നേൽക്കാറായി.....പിന്നെ ദേഹത്ത് ഇടക്കിടക്ക് നനച്ചിടാൻ പറഞ്ഞിരുന്നു......

ഞാൻ ചെയ്തോളാം...... അവൻ പറഞ്ഞു കഴിയുന്നതിന്ന് മുന്നേ അവൾ തുണിയും  വെള്ളം എടുക്കാൻ പോയിരുന്നു.

ടീ ഉമ്മ അമ്മാവന്റെയും  അമ്മായിടെ കൂടെ തറവാട്ടിൽ പോയിന്  . റംലിതയെ ഉള്ളൂ....ഞാൻ പോയി കഞ്ഞി ഉണ്ടാക്കിചിട്ട്  എടുത്തിട്ട് വരാം.....

അവൾ തലയാട്ടി..... അവൾ ഒരു പത്രത്തിൽ വെള്ളം എടുത്തു  തുണിയും എടുത്തു വന്നു. നെറ്റിയിൽ തുണി നനച്ചിട്ടു.... ദേഹം തുടക്കാൻ നോക്കിയപ്പോഴാ ഷർട്ട് ഇട്ടത് കണ്ടത്. അവൾക്ക് പെട്ടന്ന് ഐറ കെട്ടിപിടിച്ചത് ഓർമ വന്നു..... എന്ത് കൊണ്ടോ കണ്ണിൽ നീർതുള്ളികൾ ഉടലെടുത്തു...... ഇവനോട് പോയി ഇഷ്ടം പറഞ്ഞിരുന്നെങ്കിൽ എന്തായേനെ..... പടച്ചോൻ കാത്തു. ഒരു മടിതോന്നി അവൾക്ക് തുടച്ചു

കൊടുക്കാൻ... പിന്നെ ആലോചിച്ചു ഞാൻ ജുനുവിന് പനി വന്നാൽ ഇങ്ങനെ അല്ലേ ചെയ്യുക പിന്നെന്താ..... അവൾ ഷർട്ട് അഴിച്ചു മാറ്റി. തണുത്ത വെള്ളം ദേഹത്തു തൊട്ടതും അവൻ ഞരങ്ങി കൊണ്ട് കണ്ണ് തുറന്നു.

അവളുടെ മുഖത്തേക്ക് തന്നെ നോക്കി. അവൾ ഇതൊന്നും അറിയാതെ ദേഹം ശ്രദ്ധയോടെ തുടക്കുന്ന തിരക്കിൽ ആയിരുന്നു.

അവളുടെ മുഖത്ത് ഇടക്കിടക്ക് ഒഴുകിയ കണ്ണുനീർ അവൾ ഇടം കൈകൊണ്ട് തുടച്ചു മാറ്റുന്നും ഉണ്ട്.

അവൻ അവളെ കയ്യിൽ പിടിച്ചു. എന്തിനാ കരയുന്നെ.....

പേടിപ്പിച്ചല്ലോ ഫൈസ്..... അവൾ അവന്റെ മേലേക്ക് ചാഞ്ഞു കെട്ടിപിടിച്ചു.

അവളുടെ എങ്ങലടിയും തോളിൽ ഇറ്റുവീഴുന്ന കണ്ണുനീർ തുള്ളിയും ഇപ്പോഴൊന്നും അടങ്ങില്ലെന്ന് അവന്ന്  തോന്നി.

ടീ ഞാൻ ചത്തുപോയിട്ടൊന്നും ഇല്ല ഇങ്ങനെ കരഞ്ഞു നിലവിളിക്കാൻ.

അവന്റെ തോളിൽ അവളുടെ പല്ലുകൾ ആഴ്ന്നിറങ്ങുന്നത് അവൻ അറിഞ്ഞു.

അവൻ വേദന കൊണ്ട് പുളഞ്ഞു....ഒന്ന് വിട് ഇനു...... ഞാൻ ചുമ്മാ പറഞ്ഞതാ

നല്ല വേദനയുണ്ട്......

എന്നിട്ടും അവൾ വിട്ടില്ല.

സുഖമില്ലാത്ത ആളെ തന്നെ വേദനിപ്പിക്കണം അവൻ സങ്കടത്തോടെ പറഞ്ഞു.....

അവൾ അവനെ വിട്ടു..... പക്ഷേ മുഖത്തേക്ക് നോക്കിയില്ല.

എന്താടാ പറ്റിയെ.... അവൻ അവളെ മുഖം വിരൽ കൊണ്ട് ഉയർത്തി ചോദിച്ചു.

ഇനി പറയോ അങ്ങനെ......

എങ്ങനെ..... മനസ്സിലായിട്ടും ആവാത്ത പോലെ പറഞ്ഞു....

ഒന്നുല്യാ.... ദേഷ്യത്തോടെ തിരിഞ്ഞു നിന്നു.അവൻ വിളിച്ചിട്ടും നോക്കിയില്ല

അവൻ തന്നെ തോൽവി സമ്മതിച്ചു സോറി ഇനി

പറയില്ല......

അവൾ തിരിഞ്ഞു ഇരുന്നു.

വീണ്ടും തുടക്കാൻ പോയതും അവൻ കൈ പിടിച്ചു വെച്ചു.

എന്റെ പൊന്ന് മോളെ അല്ലെങ്കിലേ തണുക്കുന്നു ഇത് കൂടി സഹിക്കാൻ പറ്റില്ല

സമിക്ക പറഞ്ഞതാ തുടക്കാൻ അത് കൊണ്ട് ഞാൻ ചെയ്യും എന്ന് പറഞ്ഞു അവൾ കൈ തട്ടിമാറ്റി തുടക്കാൻ നോക്കിയതും അവൻ തുണി പിടിച്ചു വാങ്ങി..... അവൾ അവനും കൂടി തല്ല് കൂടി പിന്നെ അടിയും പിടിയും ആയി. അവസാനം  അവളെ ബെഡിലേക്ക് പിടിച്ചു തള്ളിയിട്ടു. അവൾ എഴുന്നേൽക്കാൻ നോക്കിയതും അവൻ  അവളെ മുകളിൽ കിടന്നു ലോക്ക് ഇട്ട പോലെ രണ്ടു കയ്യും അമർത്തി പിടിച്ചു.

ഫൈസ് നല്ലോണം കിതക്കുന്നുണ്ടായിരുന്നു. പനി ഉള്ളോണ്ടാണെന്ന് തോന്നി അവൾക്ക്. അവന്റെ ചൂടുള്ള നിശ്വാസം അവളുടെ മുഖത്ത് തട്ടുന്നുണ്ടായിരുന്നു. അവൾ അവനെ തന്നെ നോക്കി..... പനിയുള്ളോൻഡ് ആവണം മുഖത്ത്

കാണാനുണ്ട് ക്ഷീണം...... മുഖത്ത് തെളിച്ചം കുറവ് ആണെങ്കിലും ആ കണ്ണുകളിലെ തിളക്കം കൂടിയിട്ടേ ഉള്ളൂ...

പരസ്പരം കണ്ണുകൾ കൊരുത്തതും അവളുടെ കണ്ണിൽ ഒരു പിടച്ചിൽ തോന്നി.

ഇത് വരെ ഇല്ലാത്ത ഒരു നഷ്ടബോധം തോന്നി അവൾക്ക്. അവനെ നോക്കും തോറും സങ്കടം വന്നു നിന്നു. മനസ്സിൽ ഒരു പിടച്ചിൽ....

പെട്ടന്ന് ആയിരുന്നു അവൻ അവളെ പിടി വിട്ട് അരികിൽ എഴുന്നേറ്റു ഇരുന്നത്.

നിന്റെ മുറിവ് ഉണക്കം വന്നതായിരുന്നല്ലോ...... പിന്നെ ഇതെങ്ങനെ ചോര പൊടിഞ്ഞത്. അവളെ നെറ്റിയിലെ ബാൻഡേജ്  തൊട്ട് നോക്കി അവൻ ചോദിച്ചു.

ഐറ തള്ളിയിട്ടപ്പോൾ  നെറ്റിയിടിച്ചു വീണ്ടും ബ്ലഡ് വന്നതാണ്. ഇജാസ് ആണ് മാറ്റി ഒട്ടിച്ചത്.  ഇപ്പോൾ വീണ്ടും എവിടെയെങ്കിലും തട്ടിട്ട് ഉണ്ടാകും.

നിന്നോടാ ചോദിച്ചത് എങ്ങനെ ബ്ലഡ് വന്നെന്ന്.....

അത് ചുമരിൽ  തട്ടിപോയി. അവന്റെ മുഖത്ത്

നോക്കാതെ പറഞ്ഞു.

നിനക്ക് തീരെ ശ്രദ്ധയില്ലേ ഇനു. കൊച്ചുകുട്ടികളെ പോലെ...... അവൻ കലിപ്പോടെ ചോദിച്ചു....

 എനിക്ക് വേദനയൊന്നും ഇല്ല.... അവൾ എഴുന്നേൽക്കാൻ നോക്കി കൊണ്ട് പറഞ്ഞു....

കിടക്കടി അവിടെ..... അവന്റെ ശബ്ദം ഉയർന്നതും അവൾ ഭയന്നു കിടന്നു പോയി......

ഞാൻ പറയാതെ അവിടുന്ന് എണീറ്റ മോന്തകിട്ട് തരും പറഞ്ഞേക്കാം..... അവൻ നോക്കിപേടിപ്പിച്ചു എണീറ്റു....

അവൻ പോയി ഓയിന്മെന്റ് ബാൻഡേജ്  എടുത്തു വന്നു.  ശ്രദ്ധയോടെ പതുക്കെ ക്ലീൻ ചെയ്തു ഓയിന്മെന്റ് പുരട്ടി ബന്റെജ് ഒട്ടിച്ചു..... അവന്റെ കണ്ണിലെ കരുതലും സ്നേഹവും അവൾ കൗതുകത്തോടെ നോക്കി നിന്നു. അവൾ പോലും അറിയാതെ അവളുടെ കൈ അവന്റെ കവിളിൽ വെച്ചു തലോടി ..... അവൻ അവളെ നോക്കി. കൈപ്പതിയിൽ

കിസ്സ് ചെയ്തു..... അവൾ ഞെട്ടി കൈ എടുത്തു.....

അവൻ ചെറുചിരിയോടെ അവളെ നോക്കി......
പുരികം ഉയർത്തി അവളോട് എന്താന്ന് ചോദിച്ചു.....
ഒരു ചമ്മലോടെ മിഴികൾ താഴ്ത്തി.

അവൻ അവളുടെ രണ്ടു കയ്യും എടുത്തു രണ്ടു കവിളിൽ ആയി വെച്ചു..... അവൾ കണ്ണ് മിഴിച്ചു അവന്നെ നോക്കി...... നല്ല തണുപ്പുണ്ട് കൈക്ക്.....നിന്റെ തുണികൊണ്ട് ചെയ്യുന്നതിനേക്കാൾ വേഗത്തിൽ ചൂട് പൊക്കോളും . അവൻ ചിരിയോടെ പറഞ്ഞു........

അവൾ അവന്റെ മുഖത്ത് നിന്നും കയ്യെടുത്തു ദേഹത്തോടെ കയ്യോടിച്ചു....

തുണിക്ക് പകരം കൈകൊണ്ട് നനച്ചു തരാട്ടോ...... കുസൃതിയോടെ പറയുകയും ചെയ്തു..... അവളുടെ കൈകളുടെ തണുപ്പ് ശരീരത്തിലും മനസ്സിലും കുളിർമ പടർത്തുന്നത് പോലെ തോന്നി അവന്ന്.....

നഗ്നമായ ശരീരത്തിലൂടെ കൈകൾ ഓടി നടക്കുന്നത് അവന്റെ രക്തയോട്ടം കൂട്ടി...

അവൻ പ്രണയപൂർവ്വം അവളെ നോക്കി...... മനസ്സിലും ശരീരത്തിലും അവളോടുള്ള അടങ്ങാത്ത പ്രണയം ഉടലെടുത്തു.....അവന്റെ കണ്ണുകളിലേക്ക്

തന്നെ നോക്കി ഇരിക്കുകയാരുന്നു അവൾ.......

അവന്റെ കണ്ണിൽ വിരിയുന്ന പുതിയ ഭാവം അവൾക്ക് അപരിചിതമായിരുന്നു...

അവന്റെ കണ്ണുകളിലേക്ക് തന്നെ നോക്കി നിൽക്കുമ്പോൾ അവനിലേക്ക് എന്തോ വലിച്ചടുപ്പിക്കുന്നത് പോലെ തോന്നി അവൾക്ക്...... അവന്റെ നോട്ടം താങ്ങാൻ ആവാതെ അവൾ മിഴികൾ താഴ്ത്തി  ദേഹത്തു നിന്ന് കൈ എടുക്കാൻ നോക്കി

അവൻ അവളെ കൈ അവന്റെ നെഞ്ചിൽ ചേർത്ത് പിടിച്ചു..... അവന്റെ സ്പർശം പോലും ഇത് വരെ ഇല്ലാത്ത പ്രത്യേക ഭാവം ആയിരുന്നു. .... ഇതൊരിക്കലും ഒരു സഹോദരന്റെ സ്പർശമോ...... നോട്ടമോ അല്ലെന്ന് അവൾക്ക് മനസ്സിലായി..... പ്രണയപൂർവ്വം നോക്കുന്ന അവന്റെ കണ്ണുകൾ അവൾ കണ്ടു...... അവന്റെ ഹൃദയമിടിപ്പ് കൈകളിലൂടെ അടുത്തറിയുന്നുണ്ടായിരുന്നു..... അവളിലും എന്തെന്നറിയാത്ത പരവേശം പടർത്തി..... അവൾ കൈ വലിക്കാൻ നോക്കിയെങ്കിലും അവൻ അവിടെ തന്നെ ബലമായി വെച്ചു...... അവളിലൂടെ

ഒരു വിറയൽ പടർന്നു കയറി..... നെറ്റിയിൽ വിയർപ്പ് പൊടിഞ്ഞു......

അവനും നോക്കി കാണുകയാരുന്നു അവളെ....... ക്രമം തെറ്റിയ ഹൃദയമിടിപ്പും ശ്വാസചസവും അവൻ പ്രണയപൂർവ്വം നോക്കി..... അവൻ അവളെ കൈ വിട്ടു അവളുടെ മുഖത്തോടെ വിരൽ ഓടിച്ചു.....

അവളുടെ ചുണ്ടിൽ അവന്റെ കൈത്തട്ടിയതും അവൾ ഞെട്ടി പകച്ചു അവന്നെ നോക്കി..... അവളുടെ വിറക്കുന്ന ചുണ്ടുകൾ കണ്ടതും അവളുടെ ചുണ്ടിന്റെ മധുരം നുണയാൻ അവനിൽ കൊതിയുണർത്തി അവൻ അവളുടെ ചുണ്ടിലേക് മുഖം അടുപ്പിച്ചു.

അവന്റെ നിശ്വാസം ചുണ്ടിൽ തട്ടിയതും അവൾ ഒന്ന് പിടഞ്ഞു..... കൈകൾ അവന്റെ തോളിൽ ബലമായി അമർന്നു.....

ഇതിപ്പോ പെഷ്യന്റ് ആരാ...... സമി ആക്കി ചിരിയോടെ പറഞ്ഞു അകത്തേക്ക് വന്നു.

രണ്ടാളും ഞെട്ടി എണീറ്റു....

അവളുടെ മുഖത്തെ പതർച്ചയും..... അവന്റെ

മുഖത്തെ ഇഞ്ചി കടിച്ച പോലുള്ള ഭാവം കണ്ടു സമി ആദ്യം കണ്ണ് മിഴിച്ചെങ്കിലും അവന്റെ ചുണ്ടിൽ ഒരു ചിരി വിടർന്നു.....

ഞാൻ സ്വർഗ്ഗത്തിലെ കട്ടുറുമ്പ് ആയില്ലേ..

അവൻ കുസൃതിയോടെ ചോദിച്ചു..... അവരെ ചുഴിഞ്ഞു നോക്കി...

അവൾക്ക് സമിയുടെ നോട്ടവും പറഞ്ഞതിന്റെ അർത്ഥവും ഒന്നും മനസ്സിൽ ആയില്ലെങ്കിലും അവൾക്ക് ഫൈസിയെ നോക്കാൻ ഒരു മടി തോന്നി.

മുഖം താഴ്ത്തി നിന്നു.....

ഇനു കഞ്ഞി ആയൊന്നു നോക്കിയിട്ട് വാ..... സമി പറഞ്ഞതും അവൾ ജീവനും കൊണ്ട് ഓടുന്നത് പോലെ പുറത്തേക്ക് ഓടി.....

ജസ്റ്റ് മിസ്സ് അല്ലേ സമി ചിരിയോടെ ഫൈസിയെ നോക്കി....

നല്ലൊരു ചാൻസ് തട്ടിത്തെറിപ്പിച്ചിട്ട് അവന്റെ ഒരു ഡയലോഗ് തെണ്ടി.... സമിയുടെ വയറ്റിൽ ഒരു പഞ്ച് കൊടുത്തു അവൻ ബെഡിൽ ചാരി ഇരുന്നു....

നല്ല മാറ്റം ഉണ്ടല്ലേ അവൾക്ക്..... പഴയ

കുട്ടികളിയൊക്കെ കുറെ മാറി.... സമി അവൾ പോയ വഴിയേ നോക്കി പറഞ്ഞു.

ചിലപ്പോൾ എനിക്കും തോന്നും അത്.... അടുത്ത നിമിഷം തന്നെ വല്ല പൊട്ടകിണറ്റിൽ എടുത്തു ഇടാനും തോന്നും അതാണ് ഐറ്റം അവൻ ചിരിയോടെ പറഞ്ഞു.

ആ ജുനൈദ് ലാളിച്ചു വഷളാക്കിയിട്ട പലതും.....

പറഞ്ഞു പഠിപ്പിച്ചു കൊടുക്കുന്നതല്ലേ മൈന്റ്റിൽ കേറൂ..... അവന്നും പരിമിതികൾ ഉണ്ടായിരുന്നല്ലോ..... പലപ്പോഴും അവനിൽ അവളോട് ഉണ്ടായിരുന്നത് ഉപ്പാക്ക് മോളോടുള്ള സ്നേഹം പോലെയാണ്....പിന്നെ

എത്ര വളർന്നാലും അവന്ന് അവൾ കൊച്ചു കുട്ടിയെ പോലെ ആണ്.... അതാണ് ഇങ്ങനെ ആയത് ഫൈസി ചിരിയോടെ പറഞ്ഞു.

നിന്റെ പനി കുറവുണ്ടോ..... സമി തൊട്ട് നോക്കി.... ചൂട് പോയിന്.... അവൻ തന്നെ പറഞ്ഞു.

ഫൈസി അവന്റെ കൈ എടുത്തു മാറ്റി... അതൊക്കെ വിട് ഞാൻ പറഞ്ഞത് എന്തായി...... ഇജാസിന്റെ

ഡീറ്റെയിൽസ് കിട്ടിയോ...... ഫൈസ് ഗൗരവത്തോടെ ചോദിച്ചു.....

കഞ്ഞി എടുക്കട്ടെ ചോദിക്കാൻ റൂമിലേക്ക് വന്ന അവൾ കാൽ പുറത്തേക്ക് തന്നെ വെച്ചു.

ഇജാസിന്റെ ഫുൾ ഹിസ്റ്ററി കിട്ടി സമി പറഞ്ഞതും ഇനു ഞെട്ടി വിറച്ചു നെഞ്ചിൽ കൈ വെച്ചു.

ഇജാസിന്റെ മാര്യേജ് കഴിഞ്ഞതാ ...... ആകാര്യത്തിൽ നിനക്ക് പേടി വേണ്ട. സമി പറഞ്ഞതും ഫൈസ് ഞെട്ടലോടെ അവന്നെ നോക്കി.

ഇനു വീഴാതിരിക്കാൻ ചുമരിൽ പിടിച്ചു ചാരി നിന്നു.......

❤️ 💔 INVISIBLE LOVE 💔❤️

Love after💘 marriage story

Part 44

എന്ത് കോപ്പാടാ പറയുന്നേ ഭാര്യയെ ആരെങ്കിലും ഒളിപ്പിച്ചു വെക്കോ..... അറ്റ്ലീസ്റ്റ് ഒരു പേരെങ്കിലും ആരെങ്കിലും  അറിയാതിരിക്കോ.....

അതെനിക്ക് അറിയില്ല...... എന്നിക്കെന്നെല്ല ആർക്കും..... അവനും ഫാമിലിക്കും മാത്രം അറി യുന്ന രഹസ്യം ആണ്ത്..... നമ്മൾ അറിഞ്ഞ ഇജാസ് അല്ല അവൻ..... അതുക്കും മേലെ...... രാജ്യഭരണം ആണെങ്കിൽ കിരീടം വെച്ചു നടക്കുന്ന കൊച്ചു രാജകുമാരൻ ആണ് ഇജാസ്......

എന്റെ അവസാന ദിവസം ആകോ ഇന്നീ വീട്ടിൽ.......എന്റെ ജുനുനെ എല്ലാരും വെറുക്കോ.....അവൾ കരച്ചിൽ പുറത്ത് വരാതിരിക്കാൻ ഷാൾ വായിൽ തിരുകി..... തളർന്നത് പോലെ  ചുമരിലൂടെ ഊർന്നു നിലത്ത് ഇരുന്നു...... ഇല്ല ഇജുക്ക ചതിക്കില്ല...... എന്റെ സന്തോ      ഷങ്ങൾക്ക് വലുതായി ആ മനസ്സിൽ വേറൊന്നും ഉണ്ടാവില്ല...... എന്റെ ജുനുവിന്റെ  അത്ര തന്നെ ഇജുക്കയും സ്നേഹിക്കുന്നുണ്ട്......

എനിക്കും ജുനുവിനും ഉമ്മക്കും മാ ത്രം അറിയുന്ന സത്യങ്ങൾ ആണ്. അത് മറ്റൊരാളോടും ആ ഫാമിലി പറയില്ല. അബൾക്ക് പെട്ടന്ന് കടുവയെ ഓർമ്മ വന്നു.

അങ്ങേര് ചതിക്കോ ഇനി. തലയിൽ തൊട്ട് സത്യം ഇട്ടതാണ് എന്നാലും...... അവളുടെ ഉള്ളിൽ ഒരു പേടി ഉടലെടുത്തു. അവൾ കരച്ചിൽ അടക്കിപിടിച്ചു സമി പറയുന്നത് കേൾക്കാൻ കാതോർത്തു.....

നീ തലയും വാലും പറയാതെ ഡീറ്റെയിൽ ആയി പറയ്.....

മൈസൂർ ആണ് ഇജാസിന്റെ ഉപ്പന്റെ ജനനസ്ഥലം.തായ് വഴി അന്വേഷിച്ചു പോയ അവിടത്തെ ഏതോ രാജ്യകുടുംബത്തിന്റെ അവസാന കണ്ണിയാണ് ഇജാസിന്റെ വലിയുപ്പ.

കിരീടം വെക്കാത്ത രാജാവ് .രാജ്യഭരണം ഒക്കെ പോയെങ്കിലും ആ നാട്ടിലെ ഇപ്പോഴത്തെ അവസാന വാക്ക് ആ കുടുംബത്തിന്റെ ആണ്.  ഇജാസിന്റെ ഉപ്പാപ്പ അവിടെയൊക്കെ ഉപേക്ഷിച്ചു കേരളത്തിലേക്ക് വന്നു താമസം ആയതാണ്...... അതിലെ മൂന്നാം തലമുറയിലെ അവസാന കണ്ണിയാണ് ആയിഷ ഹൈദരലിഖാൻ..... രാജ്യഭരണവും സ്ഥലവും എല്ലാം

ഉപേക്ഷിച്ചുവെങ്കിലും ആ കുടുംബം ഇപ്പോഴും അവിടത്തെ ചിട്ടയും ആചാരവും ഒക്കെ നിലനിർത്തി ജീവിക്കുന്നു. കൂട്ടുകുടുംബം ആണ്.ആ ഫാമിലിയിൽ പെണ്മക്കൾക്ക് ആണ് അധികാരം..... പണവും പ്രതാപവും അധികാരവും കൊണ്ട് ഇപ്പോഴും പ്രൗടിയോടെ ജീവിക്കുന്ന ഹൈദർ ഫാമിലി..... രാജ്യത്തിനകത്തും പുറത്തും ആയി ബിസിനസ് ശ്രിംഘല.

കോടാനുകോടി സ്വത്തുക്കളുടെ ഇപ്പോഴത്തെ അനന്തരാവകാശി ജന്നത് ഹൈദർ.... ഹൈദർ കുടുംബത്തിലെ രാജകുമാരി. ഇജാസിന്റെ ഒരേയൊരു അനിയത്തി...... ആ കുടുംബത്തിന്റെ ഭാഗ്യദേവത..... ആ വീടും കുടുംബവും സ്വത്തുക്കൾ ഭരിക്കാൻ ഉള്ള ഏക അവകാശി....

ജന്നത് ഹൈദറിന്റെ മഹത്വം വിളമ്പതെ അതും ഇജാസിന്റെ കല്യാണം  തമ്മിലുള്ള ബന്ധം പറ കോപ്പേ.....

ആയിഷ ഹൈദർ അലിക്ക് മൂന്നു മക്കൾ രണ്ടു

പെണ്ണും ഒരാണും.... മൂത്ത കക്ഷി നദീംമിന്റെ ഉമ്മ. അവർക്ക് ഒരാണും ഒരു പെണ്ണും..... രണ്ടാമത്തെത് ഷഹാസാദിന്റെ ഉമ്മ അവന്ന് ഒരനിയനും അനിയത്തിയും  ആണ് എല്ലാം ചെറിയ കുട്ടികൾ.... പിന്നെ ഒരാണ് ഹൈദർ...... ഹൈദറിന് രണ്ടു മക്കൾ ഇജാസും ജന്നതും.....

അപ്പോൾ ഷഹാനയോ നമ്മൾ അന്ന് എൻഗേജ്മെന്റ് പോയ കക്ഷി.

അത് ഇജാസിന്റെ ദത്തുപെങ്ങൾ ആണ്.

ഇജാസിന്റെ ഉമ്മാന്റെ അനിയത്തിയുടെ മകൾ. അവരെ കുടുംബത്തിലെ ആചാരം അനുസരിച്ചു മകന്റെ ഇളയ മകൾക്ക് ആണ് അധികാരം കൈമാറുക. മകൾ ഇല്ലെങ്കിൽ മകന്ന്. അങ്ങനെ വരുമ്പോൾ ഹൈദറിന്റെ മക്കൾക്ക് ആണ് അധികാരം..  ചില നിബന്ധനകൾ ഉണ്ട്.

അവർ വിവാഹം ചെറുപ്പത്തിലേ ഉറപ്പിക്കും... അനന്തരാവകാശി ആയ പെണ്ണ് പുറത്ത് ഉള്ള ആളെ

വിവാഹം കഴിക്കാൻ പാടില്ല. അത് അവിടത്തെ നിയമം ആണ്. അത് തെറ്റിക്കാതിരിക്കാനാണ് ചെറുപ്പത്തിലേ ഉള്ള വിവാഹമുറപ്പിക്കൽ. തെറ്റിച്ചാൽ ശിക്ഷ കിട്ടുന്നത് അവരെ മാതാപിതാക്കൾക്ക് ആയിരിക്കും. നിയമപ്രകാരം വിവാഹം കഴിക്കുമ്പോൾ അതവർ എഴുതികൊടുക്കുകയും ചെയ്യും. ഹൈദർ കുടുംബത്തിലെ രാജകുമാരി വഴി തെറ്റാതിരിക്കാനുള്ള മുൻകരുതൽ ആണത്.ഇനി പെണ്ണ് ഇല്ലെങ്കിൽ ആൺകുട്ടിയുടെ ഭാര്യക്ക് ആയിരിക്കും അധികാരം അവർക്ക് ഇത് ബാധകമാണ്.അവർക്ക് പക്ഷേ പുറത്ത് നിന്ന് പെണ്ണ് നോക്കാം. ഇപ്പോൾ  ജന്നത്ത് ആണ് രാജകുമാരി അവൾക്ക് വേണ്ടി അവർ തെരഞ്ഞെടുത്തത് ഷഹസദ് എന്ന രാജകുമാരനെയും. ഇത് വരെ എല്ലാവർക്കും അറിയുന്ന കാര്യം.

ഇനിയാണ് ട്വിസ്റ്റ്...... ആരും അറിയാത്ത ചില രഹസ്യങ്ങൾ....... ജന്നത് ലണ്ടനിൽ പഠിക്കാൻ പോയതല്ല. ആ വീടും നാടും  കുടുംബവും ഉപേക്ഷിച്ചു പോയതാണ്. ഒരിക്കലും ആ വീടുമായോ അവരുമായോ ഒരു ബന്ധവും ഉണ്ടാവില്ലെന്ന് സത്യം

ഇട്ടിന് പോലും. കാരണം ഒന്നും ആർക്കും അറിയില്ല. ആ ഫാമിലി ഇത് വരെ അത് പുറത്ത് വിട്ടിട്ടില്ലെങ്കിലും അവരെ കുടുംബത്തിൽ രഹസ്യമായ പരസ്യം ആണ്. അത് കൊണ്ട് അധികാരം ഇജാസിന്റെ ഭാര്യക്ക് ആണ്. ഇജാസിനും വിവാഹകാര്യം ബാധകമാണ്.

ഇപ്പൊ സ്വത്തുക്കൾ അവന്റെ പേരിൽ ആയോണ്ട് തീർച്ചയായും അവന്റെ വിവാഹം കഴിഞ്ഞിട്ട് ഉണ്ടാകും. അല്ലെങ്കിൽ വക്കാൽ ഉറപ്പിച്ചിട്ടും ഉണ്ടാകും. സോ നമുക്ക് പേടിക്കണ്ട കാര്യം ഇല്ല.

ഫൈസ് ആലോചനയോടെ സമിയെ നോക്കി. പിന്നെന്തിന് ഇജാസ് ഇനുവിന്റെ പിന്നാലെ നടക്കുന്നു..... ആ കുടുംബത്തിലെ അവകാശിയായ ഇജാസിന്റെ ഭാര്യ  എന്ത് കൊണ്ട്  ഷഹാനയുടെ എൻഗേജ്മെന്റ്ന് വന്നില്ല.....

ആർക്കറിയാം...... എന്തെങ്കിലും ഉണ്ടാകും എന്നാലും ഏതായിരിക്കും ആ ഭാഗ്യവതി.

അവളുടെ ഒരു യോഗം നോക്കിയേ ഒറ്റയടിക്ക് അല്ലേ

ഹൈദർ കുടുംബത്തിലെ മുഴുവൻ സ്വത്തുക്കൾ അവളുടെ പേരിൽ ആകുന്നെ.

ഇനു ആശ്വാസത്തോടെ നെഞ്ചിൽ കൈ വെച്ചു. വേറൊന്നും അറിഞ്ഞിട്ട് ഇല്ല. ഇവർ എന്തിനാ ഇജാസിനെ പറ്റി അന്വേഷിച്ചത് അത് അവൾക്ക് മനസ്സിലായില്ല.

അപ്പോഴാണ് ഉമ്മയും അമ്മായിയും ഒക്കെ ഓടി വരുന്നത് കണ്ടത്. അവൾ എഴുന്നേറ്റു കണ്ണും മുഖവും തുടച്ചു. അവളും അവരെ കൂടെ അകത്തേക്ക് പോയി. ഉമ്മ ഫൈസിയെ കെട്ടിപിടിച്ചു കരയുന്നുണ്ട്..... എല്ലാവരും അവനെ പൊതിഞ്ഞു സ്നേഹത്തിൽ വഴക്ക് പറയുന്നുണ്ട്. പനി വന്നത് ഇപ്പൊ ആണ് ഐറ അറിയിച്ചത്. അപ്പോൾ തന്നെ ഉമ്മ ഓടി വന്നതാണ്. വേവലാതിയുടെയും സ്നേഹത്തോടെയും പെരുമാറുന്ന ഉമ്മ അവൾക്ക് ഒരത്ഭുതം തന്നെ ആയി തോന്നി. ആ കണ്ണുകളിൽ അഭിനയമോ ഒന്നും അല്ല. കുഞ്ഞു കുട്ടിയോട് പെരുമാറുന്നത് പോലെ ആണ് തോന്നിയത്. ബാക്കി എല്ലാരേയും ഓവർ ആക്റ്റിംഗ് പോലെ തോന്നി.

ഫൈസിന്റെ ഇക്കാക്കയും റംസിതയും ഒക്കെ വീഡിയോ കാൾ ചെയ്യുന്നുണ്ട്. അവൻ അതൊക്കെ ആസ്വദിച്ചു ബെഡിൽ ചാരി ഇരുന്നിട്ടുണ്ട്. സ്നേഹത്തിൽ പൊതിയുന്ന ഒരു കുടുംബം. അവൾ ഒരു മൂലക്ക് എല്ലാം നോക്കികൊണ്ട് നിന്നു.

ഇടക്കിടക്ക് ഫൈസിയുടെ നോട്ടം അവളുടെ കണ്ണുകൾ ആയി കോർക്കും അവൾ തലതാഴ്ത്തും. അപ്പോഴാണ് ഐറ അവനെ തന്നെ നോക്കുന്നത് കണ്ടത്. ഷർട്ട് ഇടാത്ത അവന്റെ ദേഹത്ത് ഓടിനടക്കുന്ന അവളുടെ കണ്ണുകൾ കണ്ടതും ഇനുവിന് ദേഷ്യം വന്നു.

അവൾ ഒരു ഷർട്ട് എടുത്തു ഫൈസിക്ക് കൊടുത്തു.... പെട്ടെന്ന് എല്ലാരും അവളെ നോക്കി.

നേരത്തെ ചോദിച്ചിരുന്നു തണുക്കുന്നുന്ന് അവൾ മെല്ലെ പറഞ്ഞു.....

ഫൈസി അമ്പരപ്പോടെ അവളെ നോക്കി

അതെപ്പോ...... അവൻ ഷർട്ട് ഇടാതെ കയ്യിൽ പിടിച്ചു നിന്നു.

അവൾ പെട്ടന്ന് മുന്നോട്ട് വന്നു ഷർട്ട് എടുത്തു ഇട്ടുകൊടുക്കാൻ നോക്കി. അവൻ സംഭവം ഒന്നും മനസ്സിലായില്ലെങ്കിലും അവളെ തന്നെ നോക്കി നിന്നു.

നാണം ഇല്ലാണ്ട് എല്ലാർക്കും ബോഡിയും കാണിച്ചു ഇരുന്നോ അവൾ മെല്ലെ ചെവിയിൽ ആയി പറഞ്ഞു.

അവൻ ഞെട്ടി അവളെ നോക്കിയതും അവളുടെ കവിളിലൂടെ അവന്റെ കവിൾ ഉരസി.

അവൾ വേഗം അകന്നുമാറി..... കണ്ണും മിഴിച്ചു കവിളിൽ കൈ വെച്ചു അവൾ നിന്നു.

അവൻ അപ്പോൾ അവൾ പറഞ്ഞത ഓർത്തത്. ചുറ്റും നോക്കിയപ്പോഴാ ഐറ അവനെ തന്നെ

നോക്കുന്നത് കണ്ടത്. കുശുമ്പി...... അവൻ മനസ്സിൽ മൊഴിഞ്ഞോണ്ട് ചെറുചിരിയോടെ അവളെ നോക്കി. അവളപ്പോഴും ചെറുതായി നീറുന്ന കവിളിൽ തലോടി കൊണ്ടിരിക്കുകയാരുന്നു. കുറ്റി താടി ഉരസി ചെറുനോവ് ഉണ്ടെങ്കിലും മനസ്സിലും ശരീരത്തിലും ഒരു സുഖമുള്ള നോവായി മാറിയത് അവൾ അറിഞ്ഞു. നാണത്തിൽ കുതിർന്ന ഒരു പുഞ്ചിരി അവളിൽ വിരിഞ്ഞു. അത് കൃത്യം ആയി ഫൈസി കാണുകയും ചെയ്തു. അവൾ അപ്പോൾ തന്നെ മിഴികൾ താഴ്ത്തി.

ഉമ്മ തന്നെ അവന്ന് കഞ്ഞി എടുത്തു കൊടുത്തു. ഫുൾ ടൈം അവിടെ തന്നെ നിന്നു. സഹായത്തിനു കൂടെ ഐറയും ഉണ്ട്. അവരെ രണ്ടാളെയും മുഖത്ത് തന്നോടുള്ള ഇഷ്ടക്കേട് ഉണ്ട്. അവൾ വേറൊന്ന് ശ്രദ്ധിച്ചു. ഫൈസിയുടെ മുന്നിൽ വെച്ച് അവളോട് നല്ല രീതിയിൽ ആണ്. രാത്രി കിടക്കാൻ പോലും ഉമ്മ പോയില്ല. അത് വെട്ടിലാക്കിയത് അവളെ ആയിരുന്നു. ഞാൻ എവിടെ കിടക്കും....

നിലത്ത് കിടന്നോ ഇന്ന്. ഞാൻ മോന്റെ കൂടെയാ.

ഫൈസി വാഷ്റൂമിലേക്ക് പോയതും ഉമ്മ അവളോട് പറഞ്ഞു.

അവൾ ഒന്ന് മൂളിക്കൊണ്ട് താഴെ വിരിപ്പ് വിരിച്ചു കിടന്നു. അത് കണ്ടുകൊണ്ടാണ് ഫൈസിവന്നത്. എന്തെങ്കിലും അസുഖം വന്നാൽ ഉമ്മ അങ്ങനെ ആണ്. മാറുന്നത് വരെ അടുത്ത് നിന്നും പോകില്ല. അവൾ അവനെ തന്നെ നോക്കുന്നത് കണ്ടു കണ്ണ് ചിമ്മികാണിച്ചു. അവൾ തിരിച്ചു അവനെ നോക്കി പുഞ്ചിരിച്ചു.

അവൻ ഉമ്മാന്റെ അടുത്തേക്ക് പോയി കിടന്നു. ഉമ്മ അവന്റെ മുടിയിലൂടെ തലോടി കൊണ്ടിരുന്നു. പക്ഷേ ഇനുവിനെ ഓർത്തു അവന്ന് ഉറക്കം വന്നില്ല. അവളും തിരിഞ്ഞും മറിഞ്ഞും കിടന്നു....

ഇനു നിലത്ത് കിടക്കില്ല..... ചെറിയ തണുപ്പ് അടിച്ച മതി അപ്പോ മസ്സിൽ കേറും. അവൾക്ക് ഏറ്റവും പേടി

അതാണ്. അതോണ്ട് പേടിച്ചിട്ടു നിലത്ത് കിടക്കില്ല.ചിലപ്പോൾ ഞങ്ങൾ ടെറസ്സിൽ കിടക്കും അപ്പോഴും എന്റെയോ ഉമ്മോന്റെയോ നെഞ്ചത്ത് ആയിരിക്കും അവളുടെ കാൽ .... അവളെ കാൽ പൊതിഞ്ഞു പിടിച്ചാലേ കിടക്കു.

ജുനു പറഞ്ഞത് ഓർത്തു.

വലിയ ബെഡ് ആണ്. മൂന്നോ നാലോ ആൾക്ക് കിടക്കാം.ഉമ്മ പൂർണ്ണമായും അവളെ സ്വീകരിച്ചിട്ടില്ലെന്ന് അവന്ന് അറിയാം. അത് കൊണ്ട് ഉമ്മാനോട് ഒന്നും പറയാൻ പറ്റാത്ത അവസ്ഥയിൽ ആയിരുന്നു അവൻ. പക്ഷേ അവളെ തനിച്ചു കിടത്താനും മനസ്സ് അനുവദിക്കുന്നില്ല.

ഉമ്മ ഉറങ്ങി എന്ന് കണ്ടതും അവൻ മെല്ലെ  എണീറ്റു അവളുടെ അടുത്തേക്ക് പോയി. അവൾ ഉറങ്ങിയിരുന്നു. ഉണർത്താതെ  എടുത്തു ബെഡിൽ കിടത്തി. അവൻ നടുക്ക് കിടന്നു രണ്ടാൾക്കും പ്രോബ്ലം വേണ്ടല്ലോ. കുറച്ചു കഴിഞ്ഞതും അവൾ അവന്റെ കൈക്കുള്ളിൽ എത്തിയിരുന്നു.

ഉമ്മ ഇതൊക്കെ കാണുന്നുണ്ടായിരുന്നു. ആ കണ്ണുകളിലെ അപ്പോഴത്തെ ഭാവം നിർവജീനമായിരുന്നു.

രാവിലെ ഉമ്മ കണ്ണ് തുറന്നത് അവളുടെ മനോഹരമായ ഓത്തുകേട്ടാണ്. നിസ്കാരപയയിൽ ഇരുന്നു അവൾ ഓതുന്നതും നോക്കി കുറച്ചു സമയം നിന്നു. പിന്നെ എഴുന്നേറ്റു പോയി. അവൾ പോകുമ്പോൾ നോക്കി പുഞ്ചിരിച്ചെങ്കിലും

മുഖം തിരിച്ചു പോയി.

അവൾ അവന്റെ അടുത്തേക്ക് പോയി. നെറ്റിയിൽ തൊട്ട് നോക്കി.

ചെറിയ ചൂട് ഉണ്ട്. കഴുത്തിൽ തൊട്ടതും അവൻ അറിഞ്ഞു ..... അവൻ മെല്ലെ കണ്ണ് തുറന്നു നോക്കി. അവൾ കൈ വലിക്കാൻ നോക്കിയെങ്കിലും വിടാതെ അവിടെ തന്നെ വെച്ചു അവളെ നോക്കി കിടന്നു. അവളും അവനെ നോക്കി അവിടെ കിടന്നു.....

💕💕💕💕💕💕

അവൾക്ക് രാവിലെ ഉറക്കം ഞെട്ടിയെങ്കിലും

ഫൈസിയെ വിട്ടു പോകാൻ തോന്നിയില്ല.ഇജാസിനെ ഓർത്തു പേടിയും ഉണ്ടായിരുന്നു. പോയില്ലെങ്കിൽ ഇങ്ങോട്ട് കേറി വരും.

അവൾ ഫോൺ എടുത്തു അവനെ വിളിച്ചു ഇന്ന് വരുന്നില്ല പറഞ്ഞു. പനിക്കുന്നു എന്നായിരുന്നു കാരണം പറഞ്ഞത്....

വന്നേ പറ്റു...... അവൻ കടുപ്പിച്ചു തന്നെ പറഞ്ഞു.

അവൾ സത്യം പറഞ്ഞു. ഫൈസിക്ക് സുഖം ഇല്ല അതോണ്ടാണ്. ഇന്നൊരു ദിവസം ലീവ് താ.... അവൾ കരഞ്ഞോണ്ട് പറഞ്ഞു.

ലീവ് എടുത്തോ എന്നിട്ട് ഫൈസിക്ക് കൂട്ട് ഇരുന്നോ..... നിങ്ങൾക്ക് കൂട്ടായി ജുനുവിനെയും ഞാൻ അയച്ചോളാം.

അത് കേട്ട്  അവൾ അപ്പോൾ തന്നെ ഫോൺ കട്ട്

ചെയ്തു.

💕💕💕💕💕

സോറി ഫൈസ് ഇന്ന് എക്സാം ഉള്ളോണ്ട പോകുന്നെ അവൾ അവന്റെ മുഖത്ത് നോക്കാതെ പറഞ്ഞു.

അവൾക്ക് സങ്കടം ദേഷ്യം ഒക്കെ വരുന്നുണ്ടായിരുന്നു.

സാരമില്ല നീ പോയിട്ട് വാ....

ദേഷ്യം ഇല്ലല്ലോ.....

അവൻ ഇല്ലെന്ന് തലയാട്ടി.. അവൾ അവന്റെ കവിളിൽ അമർത്തി കിസ്സ് കൊടുത്തു. അവൻ ഇപ്പുറത്തെ കവിൾ കാണിച്ചു കൊടുത്തു. അവൾ ചിരിയോടെ അവിടെയും ചുണ്ടുകൾ അമർത്തി. മനസ്സില്ലമനസ്സോടെ അവന്നെ നോക്കി അവൾ പോയി.....

💝💝💝💝💝

അവൾ ഓട്ടോ പിടിച്ചാണ് കോളേജിൽ പോയത്. ആ ബസ്സിൽ കേറില്ലെന്നത് അവളുടെയും വാശി ആയിരുന്നു.  പോയതും നേരെ ഓഫീസിലേക്ക് പോയി. റാനി വിളിച്ചിട്ടും കേൾക്കാതെ ഓടുന്ന ഇനുവിന്റെ പിന്നാലെ അവളും പോയി.

ഇജാസ് എന്തോ ഫയൽ നോക്കുകയാരുന്നു. അവൾ അതൊക്കെ വലിച്ചെറിഞ്ഞു. മേശയിൽ ഉള്ള പലതും വലിച്ചു എറിഞ്ഞു...

കഴിഞ്ഞോ..... അവൻ കയ്യും കെട്ടി നോക്കി നിന്നു. നീ എന്ത് ചെയ്താലും അതെനിക്കിഷ്ടം ആണ് ഇനുസേ.....

അവൾ കലിപ്പോടെ പുറത്ത് ഇറങ്ങി പോകാൻ നോക്കിയതും പിറകിൽ നിന്നും അവൻ വിളിച്ചു പറഞ്ഞു. നാജിബാബി സൂപ്പർ ആട്ടോ ഞാൻ പോയി വിശദമായി പരിചയപെടുന്നുണ്ട്...

അവൾ തിരിച്ചു വന്നു അവന്റെ ഷർട്ടിൽ രണ്ടു കയ്യും കൊണ്ട് പിടിച്ചു വലിച്ചു.

എന്തിനാ ദ്രോഹിക്കുന്നെ എന്നെ.

ജുനുവും അറിയണ്ടേ പ്രണയിച്ചവൾ നഷ്ടപെടുന്നതിന്റെ വേദന...... അവന്നും അറിയണം അത്.

പറഞ്ഞവസാനിപ്പിച്ചതല്ലേ എല്ലാം.... ഇനിയും ദ്രോഹിക്കല്ലേ ..... ഞങ്ങളെ ഉപ്പയെ ആണ് ഞങ്ങൾക്ക് ഇല്ലാതായത്...... അതിനോളം വരില്ലല്ലോ നിങ്ങളുടെ നഷ്ടം......

അവൻ പൊട്ടിച്ചിരിച്ചു...... നഷ്ടം...... എവിടെയും നഷ്ടങ്ങൾ മാത്രം..... നിന്റെ ഇഷ്ടം പോലെ എല്ലാരേം വെറുതെ വിടാം..... പകരം ഒരു നഷ്ടം മാത്രം നീ നികത്തി തരുമോ..... എന്റെ ശഹസാദിന് അവന്റെ ജന്നതിനെ തിരിച്ചു കൊടുക്ക്...... ദ്രോഹിക്കില്ല

ആരെയും പിന്നെ..... ഇത് ഞാൻ നിനക്ക് തരുന്ന വാക്കാണ്.

അവളുടെ മുഖത്ത് പുച്ഛം നിറഞ്ഞു.

എന്റെ ഉപ്പയെ കൊണ്ട് താ..... എന്നാൽ ജന്നത്ത് തിരിച്ചു വരും ഇല്ലെങ്കിൽ ചത്തു പോയ കണക്കിൽ എഴുതിക്കോ ജന്നതിനെയും

ടീ..... അവളുടെ കവിളിൽ കുതിപിടിച്ചു അവൻ.അവൾ ആ കൈ തട്ടി മാറ്റി.

എന്നെ കൊന്നാലും അത് തന്നെ പറയും. നിങ്ങളുടെ ഒരു കുടുംബവും ആചാരവും.

സ്നേഹിക്കുന്ന  രണ്ടു പേരെ പിരിച്ചു അവരെ ജീവിതം നശിപ്പിച്ചിട്ട് കെട്ടിപടുത്ത

കൊട്ടാരം അല്ലേ.... അവിടത്തെ അനന്തരാവകാശി ആയി ജന്നത് വേണ്ട. അത് എന്റെയും വാശിയാണ്.

പ്രണയം നഷ്ടപെട്ട വേദന എന്താണെന്ന് അറിയോന്ന് ചോദിച്ചല്ലോ ...... നിങ്ങൾക്ക് അറിയോ ആ വേദന.........

എന്റെ ഉമ്മാനോട് ചോദിച്ചു നോക്ക് അത്

..... ജീവനോളം സ്നേഹിച്ചിട്ട് നിങ്ങൾക്ക് അന്തരാവകാശിയെ കിട്ടാൻ എല്ലാരും കൂടി ചതിച്ചപ്പോൾ ചവാൻ വേണ്ടി നടന്ന ഒരു ജന്മം ഉണ്ടായിരുന്നു എന്റെ വീട്ടിലും...... അതിന്റെ ശിക്ഷ തന്നെയാ ആയിഷ ഹൈദരലി ജന്നതിലൂടെ അനുഭവിക്കുന്നത്. ഇനിയെങ്കിലും നിങ്ങളും നിങ്ങളുടെ ഭരണശീലവും മാറ്റാൻ നോക്ക്.നശിച്ച ആചാരങ്ങൾ മാറ്റി മറിക്ക്. നിയമങ്ങളെക്കാൾ സ്നേഹത്തിന് വില കൽപ്പിക്ക്.

എനിക്കും അറിയാടി ആ വേദന.... അതോണ്ട് തന്നെയാ ഞാനും ഇത്രയും കാലം ക്ഷമിച്ചത്. നിന്റെ മുന്നിൽ പോലും വരാഞ്ഞത്. പക്ഷേ അമ്മിജനെ പറ്റി ഇനിയൊരക്ഷരം പറഞ്ഞ കൊല്ലാനും മടിക്കില്ല ഞാൻ.....

എന്ന കൊല്ല് അതാ നല്ലത്...... എനിക്കും മടുത്തു ഈ ജീവിതം.അവൾ ഇജാസിന്റെ കൈ എടുത്തു കഴുത്തിൽ വെച്ചു.

ഇത് കണ്ടു കൊണ്ടാണ് റാനി കേറി വന്നത്. അവൾ ഇജാസിനെ തള്ളിമാറ്റി അവന്റെ മുഖത്ത് ആഞ്ഞടിച്ചു.....

ഇനുവും ഇജാസ് രണ്ടു പേരും ഞെട്ടി.

എന്റെ നേർക്ക് കൈ പൊക്കുന്നോടി....

അവൻ ദേഷ്യത്തോടെ റാനിയുടെ നേർക്ക് പോയതും ഇനു മുന്നിൽ കേറി നിന്നു.

ഇജുക്ക വേണ്ട.... അവൾ അറിയാതെ ചെയ്തു പോയതാ..... ഇനു പേടിയോടെ പറഞ്ഞു.

എന്റെ ഇനുനെ വേദനിപ്പിച്ചാൽ ഇനിയും

തല്ലും.....നീയെന്തിനാ പേടിക്കുന്നെ ഇനു. ദേഷ്യം കാണിച്ച പേടിക്കുനണോ ഇയാളുടെ  വിചാരം. ഫൈസികയോട് പറഞ്ഞ തീരുന്ന പ്രശ്നം ഉള്ളൂ. അല്ലാതെ ഇയാളെ പേടിക്കോയൊന്നും വേണ്ട.

ഇജു റാനിയെ തന്നെ ഒന്ന് നോക്കി പുഞ്ചിരിച്ചു.

ഫൈസിയോട് പറയുമ്പോ ഇത് കൂടി പറഞ്ഞേക്ക് എന്ന് പറഞ്ഞു അവൻ ഇനയുടെ കവിളിൽ കിസ്സ് കൊടുത്തു.

റാനി ഞെട്ടലോടെ അവളെയും അവനെയും നോക്കി. വീണ്ടും ഇപ്പുറത്തെ കവിളിൽ കൂടി കിസ്സ് കൊടുത്തു.

ഇനു പ്രതിമ പോലെ നിന്നെ ഉള്ളൂ.....

എന്താ റാനി നിന്റെ ഫ്രണ്ട് എന്താ പ്രതികരിക്കാത്തത്.... അവൾ ഇനുവിനെ നോക്കി.

ഇനുവിന്റെ കവിളിലൂടെ കണ്ണുനീർ ഒഴുകിയിറങ്ങി.

അവൻ അവളെ  ചേർത്ത് പിടിച്ചു.....

റാനി ഇവളെ ഇത്രയൊക്കെ ചെയ്തില്ലേ

എന്നെ തല്ലാൻ പറ...... അല്ലെങ്കിൽ ഫൈസിയോട് പോയി പറയ് ഞാൻ ഇങ്ങനെ ഒക്കെ ചെയ്തുന്നു.

അവളെ പേടിപ്പിച്ചു നിർത്തിയത് പോലെ ഞാൻ പേടിക്കുന്നു കരുതണ്ട. ഞാൻ പറഞ്ഞു കൊടുക്കും നിങ്ങൾ അവളോട് ചെയ്യുന്നത് ഒക്കെ.

എനിക്ക് ഒരു പരാതിയും ഇല്ല ഇതിനൊന്നും..... എന്റെ കാര്യത്തിൽ നീ ഇടപെടുകയും വേണ്ട ഇനു റാനിയോട് ദേഷ്യത്തോടെ പറഞ്ഞു.

അപ്പോൾ നിനക്ക് ഇഷ്ടം ആണോ ഇയാളെ. എല്ലാരും പറഞ്ഞ പോലെ നിങ്ങൾ തമ്മിൽ ഇഷ്ടത്തിൽ

ആണോ....

അവൾ ഇജാസിനെ നോക്കി. അവന്റെ കണ്ണുകളിലെ വിജയഭാവം അവൾ കണ്ടു.

അതേ...... ഇനു പുച്ഛത്തോടെ അവനെ നോക്കി പറഞ്ഞു.

ഇജു അവളെ ചുമലിൽ മുഖം വെച്ചു റാനിയെ നോക്കി. ഞങ്ങൾ തമ്മിൽ ഇഷ്ടത്തിൽ മാത്രമല്ല. ഇവളെന്റെ ഭാര്യകൂടിയാണ്.... അല്ലേ ഇനു.....

ശരീരത്തിലൂടെ ഒരു വിറയൽ പടർന്നു കയറി അവൾക്ക്.... അവൾ ഞെട്ടലോടെ ഇജാസിനെ നോക്കി.

പറ ഇനു ഞാൻ പറഞ്ഞത് സത്യം അല്ലേ

ഇജുവിന്റെ ദേഷ്യം കൊണ്ട് വിറക്കുന്ന മുഖം കണ്ടു

റാനിയിൽ പോലും ഒരു പേടി തോന്നി.

വിവാഹം ഉറപ്പിച്ചിരുന്നു,..... അല്ലാതെ ഞാൻ ആരുടേയും  ഭാര്യയല്ല. അത് പറയുമ്പോൾ അവളുടെ മുഖവും ദേഷ്യം കൊണ്ട് ചുവന്നു തുടുത്തിരുന്നു.

പരസ്പരം പോരെടുക്കാൻ നില്ക്കുന്ന രണ്ടു പേരെ പോലെയാണ് റാനിക്ക് തോന്നിയത്.

ഇനുവിന്റെ ഇങ്ങനെ ഒരു ഭാവംആദ്യം ആയാണ് അവൾ കണ്ടത്.

ആരോടും മുഖം കറുപ്പിച്ചോ ദേഷ്യപ്പെട്ടോ അവൾ കണ്ടിട്ട് ഇല്ല. കുഞ്ഞുനാൾ തൊട്ട് ഒന്നിച്ചു കൂടെയുണ്ട്..... ആകെ ഒരു വർഷം മാത്രമേ തമ്മിൽ കാണാതെ പിരിഞ്ഞു ഇരുന്നൂട്ടുള്ളു......  പരസ്പരം അറിയാത്ത ഒരു കാര്യം പോലും ഇല്ലായിരുന്നു. എന്നിട്ട് ഇത്രയും വലിയ കാര്യം മറച്ചു വെച്ചിരിക്കുന്നോ...... വിശ്വസിക്കാൻ ആവാതെ റാനി അവളെ തന്നെ നോക്കി.

ഇതൊക്കെ കേട്ട് ഐറ കൂടിയുണ്ടായിരുന്നു പുറത്ത്.

❤️ 💔 INVISIBLE LOVE 💔❤️

Love after💘 marriage story

Part 45

നിനക്ക് സൂയിസൈഡ് ചെയ്യാൻ തോന്നുന്നില്ലേ ഇപ്പോൾ...... ഹൃദയം പൊട്ടി മരിക്കുന്നു തോന്നുന്നില്ലേ..... അവൻ അവളോട് പരിഹാസത്തോടെ ചോദിച്ചു.

ഇന്ന് എന്നോട് ചെയ്തത് ഒരിക്കലും മറക്കില്ല ഞാൻ...ഓർത്തു വെച്ചോ അത്.... അവൾ അവന്റെ നേർക്ക് കൈ ചൂണ്ടി....ഇനി എന്റെ മുന്നിൽ കണ്ട....... ബാക്കി പറയാൻ ആവാതെ അവൾ നിറുത്തി.

ബാക്കി പറയെടി....പറ്റുന്നില്ല അല്ലേ.... എനിക്കും അങ്ങനെ തന്നെ ആയിരുന്നു. അന്ന് ഫൈസ് നിന്നെ

തൊട്ടതിന്ന് പിടിച്ചു മാറ്റി...... ഇന്ന് റാനി തല്ലി..... എന്നിട്ടും നീ അവരെ കൂടെ നിന്നു.

ദേഷ്യം വന്നു പോയി.... മനസ്സ് കൈ വിട്ടു പോയി.....സോറി..... നിനക്ക് ആ കിസ്സ് തന്നത് റാനിയോടുള്ള ദേഷ്യം കൊണ്ട് മാത്രം ആണ്....ഞാനത് ചെയ്തില്ലെങ്കിൽ ആ ദേഷ്യത്തിന് റാനി ജീവനോടെ ഉണ്ടാവില്ലാരുന്നു. കൊന്നേനെ ഞാനവളെ....

ഇപ്പൊ ഈ നിമിഷം തൊട്ട് പറയുവാ.... എനിക്ക് ഏറ്റവും വെറുപ്പ് നിങ്ങളോട് ആണ്...... ഐ ഹേറ്റ് യൂ..... സ്റ്റിൽ ഐ ഹേറ്റ് യൂ...

ലവ് യൂ ടൂ....... പിന്നെ തന്ന കിസ്സ് വേണ്ടെങ്കിൽ തിരിച്ചു തരോ.....

അവൾ ദേഷ്യത്തോടെ അവന്നെ നോക്കി പുറത്തേക്ക് ഇറങ്ങി.

എന്താ ഇജ്ജുക്ക ഇതൊക്കെ...... എന്തൊക്കെ വിളിച്ചു പറഞ്ഞത്..... ശഹി ദേഷ്യത്തോടെ ചോദിചോണ്ട് കേറി വന്നു

അവൾ അങ്ങനെ പറയുന്ന് ഞാൻ കരുതിയില്ലടാ..... എന്നെ തല്ലിയപ്പോ റാനിയുടെ മുന്നിൽ ഞാൻ വൃത്തികെട്ടവൻ ആയെന്ന് തോന്നിയപ്പോൾ  പെട്ടന്ന് ദേഷ്യം വന്നു. ദേഷ്യം കേറി ഞാനും എന്തൊക്കെ വിളിച്ചു പറഞ്ഞു പോയി......

കുറച്ചു കൂടിപ്പോയി ഇത്..... അവൾക്ക്  ഇപ്പൊ ദേഷ്യം വാശിയും കൂടിയിട്ട് ഉണ്ടാവും....

ഇതിനൊക്കെ കാരണം ആ  ജുനൈദ് ആണ്. കാത്തിരുന്നില്ലേ ഒരു നോട്ടം കൊണ്ട് പോലും അവളെ വേദനിപ്പിക്കാതെ...... ശല്യപെടുത്താതെ...... പതിനെട്ടു വയസ്സ് തികഞ്ഞാൽ എന്റെ സ്വന്തം ആകുമെന്ന് കരുതിയല്ലേ ഈ വേദന മൊത്തം ഞാൻ സഹിച്ചത്..... എന്നിട്ടും എന്നെ ചതിച്ചത് ജൂനുവല്ലേ....

എന്ത് തെറ്റാ ഞാൻ അവനോട് ചെയ്തത്.......
അവന്റെ വേദന നിറഞ്ഞ വാക്കുകൾ കേട്ട്
ഷാഹിക്കും നെഞ്ച് നീറുന്ന പോലെ തോന്നി.

നടക്കാനുള്ളത് നടന്നു കഴിഞ്ഞു ഇനി അതും
പറഞ്ഞിട്ട് കാര്യം എന്താ..... ഇനുന്റെ കാര്യം
ഓർക്കുമ്പോഴാ.... ഒന്ന് മയപ്പെട്ടു വന്നതാ....
വാതിൽക്കൽ പോയി കലം ഉടച്ച പോലെ ആയി.....
ശഹി താടിക്ക് കൈ വെച്ചു....

റാനി ഇടക്ക് കേറി വന്നൊണ്ട..... എന്ന അടിയാടാ
അടിച്ചത്..... ഇജു കവിളിൽ കൈ വെച്ചു.

നിന്റെ ഇനുനെ പോലെ ഒരു ജോലിയും ചെയ്യാതെ
മടിച്ചി പാറു അല്ല റാനി. നല്ലോണം വീട്ടുജോലിയും
ചെയ്തു കുടുംബം നോക്കുന്ന പെണ്ണാ.... കൈക്ക്
തഴമ്പ് കൂടും..... ശഹി ചിരിയോടെ പറഞ്ഞു.

ഇനുന് ജോലി ചെയ്യാൻ പറ്റാത്തോണ്ടല്ലേ. പെട്ടെന്ന്

മൈന്റ് സ്റ്റക് ആയി പോയ ഉണ്ടാവുന്ന അപകടം ഓർത്തു ജുനു അവളെ ജോലി ഒന്നും ചെയ്യിക്കാതിരുന്നത്. ശരിക്കും പറഞ്ഞ ഞാൻ ആദ്യം ആയി അവളെ കണ്ടപ്പോൾ അവളുടെ സംസാരവും ആക്റ്റീടിയുട് കണ്ടപ്പോൾ ജുനുനോട് നല്ല ദേഷ്യം തോന്നിയിരുന്നു. ഇങ്ങനെ ആണോ അവളെ പഠിപ്പിച്ചത് വളർത്തിയത് എന്നോർത്തു. പക്ഷേ ജുനു പോകുന്നതിന്ന് മുന്നേ അവളുടെ ഹോസ്പിറ്റൽ ഡീറ്റെയിൽസ് മെയിൽ അയച്ചു തന്നത് കണ്ടപ്പോഴല്ലേ സത്യം അറിയുന്നത്. ശരിക്കും ഷോക്ക് ആയിപോയി. എന്തായാലും റാനിയെ എനിക്ക് ഇഷ്ടം ആയി.....

ശഹി ഞെട്ടലോടെ അവന്നെ നോക്കി.

എന്റെ ഇനുനെ സ്നേഹിക്കുന്നുണ്ടല്ലേ എന്നെ തല്ലിയത്. അവൾക്ക് വേണ്ടിയല്ലേ ശബ്ദം ഉയർത്തിയത്. ഇനുവിനെ സ്നേഹിക്കുന്നവരെല്ലാം എനിക്കും ഇഷ്ടം ആണ്.

**കോപ്പ്..... മനുഷ്യനെ കൊതിപ്പിച്ചു...**

**എന്ത് കൊതിപ്പിച്ചു.....**

**അല്ല നിന്റെ തീരുമാനം മാറിയോന്ന് .....**

**ബാക്കി പറയുന്നതിന്ന് മുന്നേ അവന്റെ കൈ പിടിച്ചു തിരിച്ചിരുന്നു.**

**അറിയണ്ട് പറഞ്ഞു പോയതാ..... നിന്റെ ജീവിതത്തിൽ ഒരു പെണ്ണില്ല....... ഇനുവാണ് നിന്റെ ലോകം.....ഇനുവിന് വേണ്ടി ഉഴിഞ്ഞു വെച്ചതാണ് ഈ ജന്മം......ഇനി ഇതൊരിക്കലും ഞാൻ മറക്കില്ല.... സത്യം.. അവൻ നിലവിളിച്ചു.....**

**മറക്കരുത് ഒരിക്കലും......അവൻ പിടിവിട്ടു**

Mm.... അവൻ മൂളിക്കൊണ്ട് പുറത്ത് ഇറങ്ങി. നിങ്ങൾ ഹിറ്റ്ലർ ആണ് ഹിറ്റ്ലർ. അവളിട്ട പേര് മാച്ചാണ്..... തെണ്ടി പട്ടി ചെറ്റ കൊജ്ജു ഹിറ്റ്ലർ..... അവൻ വിളിച്ചു പറഞ്ഞു.

ടാ...... കലിപ്പിൽ ഇജ്ജു വിളിച്ചതും അവൻ ഓടിയിരുന്നു.

💖💖💖💖💖💖

ഐറ ഒരു ബോട്ടിൽ വെള്ളം വായിലേക്ക് കമിഴ്ത്തി..... എന്തൊക്കെ കേട്ടത്. അവൾക്ക് വിശ്വസിക്കാൻ ആയില്ല. അവൾക്ക് ഇട്ടു പണി കൊടുക്കാൻ ആണ് ഈ കോളേജിൽ തന്നെ ചേർന്നത് തന്റെ ജോലി എളുപ്പം ആയെന്ന് അവൾക്ക് തോന്നി. ഇവർ തമ്മിലുള്ള ബന്ധം ഫൈസിയെ അറിയിച്ചാൽ അവർ തമ്മിൽ തെറ്റും. എന്നാലും ഇജാസ് അവൾക്ക് വേണോ...... ഇജാസിന്റെ മുന്നിൽ ഫൈസ് ഒന്നുമല്ല. പണം കൊണ്ടും ഗ്ലാമർ കൊണ്ടും ഇജാസ് ആണ് മുന്നിൽ..... ഫൈസിയെ കെട്ടിയാൽ സ്വത്ത് മുഴുവൻ എന്റെ പേരിൽ ആകും. ഇജാസിനെ കെട്ടിയാൽ അങ്ങനെ

ആകില്ല. അത് കൊണ്ട് ഫൈസ് തന്നെ ആണ് നല്ലത്. അപ്പോഴും ഇജാസിന്റെ മനം മയക്കുന്ന സൗന്ദര്യത്തിൽ ഐറ എല്ലാം മറന്നു നിന്നു.

അവളെ നോക്കി ഷഹീയും ഉണ്ടായിരുന്നു ..... തേടിയ വള്ളി കാലിൽ ചുറ്റി...... അവൻ മനസ്സിൽ ഊറിചിരിച്ചു.

ഐറ മോഡേൺ ഡ്രെസ്സിൽ ഗ്ലാമർ താരം ആയി കാണുമ്പോൾ തന്നെ എല്ലാരും ഇമ്പ്രസ് ആകണമെന്ന് കരുതി ക്ലാസ്സിൽ എത്തുന്നതിന്ന് മുന്നേ ഒന്നൂടി മേക്കപ്പ് ചെയ്തു സ്വയം വിലയിരുത്തി....

മേ ഐ കമിംഗ് മാം.... അവൾ പറഞ്ഞതും വിലയേറിയ സെന്റിന്റെ സ്മെൽ കൊണ്ട് ക്ലാസ്സ് മൊത്തം അവളെ ഉറ്റു നോക്കി. അവൾ ഉള്ളിൽ ചിരിച്ചു കൊണ്ട് ഗമയിൽ ക്ലാസ്സിലേക്ക് കാൽ വെച്ചതും എന്തിലോ തടഞ്ഞു മൂക്കും കുത്തി വീണു. ക്ലാസ്സ് മൊത്തം പൊട്ടിച്ചിരി മുഴങ്ങി....... നാണക്കേട്

കൊണ്ട് അവൾക്ക് സങ്കടം കരച്ചിൽ വന്നു. പലരും പല കമന്റ് വിളിച്ചു പറയുന്നുണ്ടായിരുന്നു. അവൾ എഴുന്നേറ്റു ചമ്മലോടെ ആരെയും നോക്കാതെ ഫസ്റ്റ് ഇരിക്കാൻ നോക്കിയതും അവർ ഒതുങ്ങി ഇരിക്കാതെ അവനക്ജയോടെ അവളെ നോക്കി. അവൾക്ക് നാണക്കേട് തോന്നിയെങ്കിലും അവൾ കാര്യം ആക്കാതെ അടുത്ത ബെഞ്ചിലേക്ക് പോയി അവിടെയും ഇത് തന്നെ ആവർത്തിച്ചു. അവസാനം ലാസ്റ്റ് ബെഞ്ചിൽ ലാസ്റ്റ് ആയി തനിച്ചു ഇരുന്നു.

അവൾ അവളുടെ ദേഹത്തേക്ക് നോക്കി വീണ സ്ഥലത്തു നനവ് ഉണ്ടായിരുന്നു. അത് കൊണ്ട് തന്നെ ഡ്രസ്സ് മൊത്തം മണ്ണും ചളിയും പുരണ്ടു വൃത്തികേട് ആയിരുന്നു. അവൾ ആരെയും നോക്കാതെ തലതാഴ്ത്തി ഇരുന്നു.

ജനലിന്നരികിൽ ശഹി ഉണ്ടായിരുന്നു അവൻ അത് കണ്ടു ഊറിചിരിച്ചു. ശഹി ക്ലാസ്സിലെ രണ്ടു ബോയ്സിനെ നോക്കി കണ്ണിറുക്കി. അവർ കൈകൊണ്ട് സക്സസ് എന്ന് പറഞ്ഞു.

ഇന്റർവെൽ ആയതും ഐറ കോളേജിൽ നിന്നും ഇറങ്ങി അടുത്തുള്ള മാളിലേക്ക് പോയി. ഡ്രസ്സ് മാറി അവൾ റെസ്റ്റോറന്റ് കേറി. ജ്യൂസ് സാൻഡ്വിച് ഓഡർ ചെയ്തു.

അവളുടെ ഉള്ളിൽ അരിശവും നാണക്കേട് ഒക്കെ കുമിഞ്ഞു കൂടുന്നുണ്ടായിരുന്നു. ആദ്യം ആയാണ് ഇങ്ങനെ.

മാഡം ബിൽ..... കൊണ്ട് കൊടുത്തു ആ ബോയ് കാത്തു നിന്നു. പേഴ്സ് എടുക്കാൻ നോക്കിയതും അവൾ ഞെട്ടി. ഹാൻഡ് ബാഗ് കാണുന്നില്ല. പൈസയും കാർഡ് ഫോൺ എല്ലാം അതിൽ ആണ്. അവൾ ഒന്ന് പരുങ്ങി.....

മാഡം....... അവൻ വീണ്ടും വിളിച്ചു.

ബാഗ് കാണുന്നില്ല..... പൈസ അതിൽ ആയിരുന്നു. അവൾ മൊത്തം തപ്പി നോക്കി. ഡ്രെസ്സിന് പൈസ കൊടുത്തത് ഓർമയുണ്ട്. പിന്നെ അതെവിടെ പോയി.

അടവ് ഇറക്കല്ലേ മാഡം ബിൽ പേ ചെയ്യാൻ നോക്ക്...... അവന്റെ ശബ്ദത്തിൽ പരിഹാസം ഉണ്ടായിരുന്നു.

ഡോ സൂക്ഷിച്ചു സംസാരിക്കണം..... ഞാൻ ആരാണെന്ന് അറിയില്ല...

ആരായാലും എനിക്കെന്താ എനിക്ക് പൈസ കിട്ടിയ മതി......

അവൾ ബിൽ നോക്കി. അവന്റെ ഒരു നൂറ്റമ്പത് രൂപ..... ഞാൻ വീട്ടിൽ വരുന്ന പിച്ചക്കാരൻ ഇതിലും കൂടുതൽ കൊടുക്കും..... അപ്പോഴാണ്...

അപ്പോഴേക്കും ആളുകൾ ശ്രദ്ധിക്കാൻ തുടങ്ങിയിരുന്നു. ക്യാഷ്യർ ആയി ഇരുന്ന ആളും കൂടുതൽ സ്റ്റാഫ് വന്നു.

എന്താ പ്രോബ്ലം....

എപ്പോഴും ഉണ്ടാകുന്നത് തന്നെ സാർ..... വിലയേറിയ ഫുഡ് കണ്ടപ്പോൾ കൊതിമൂത്തു വന്നു കഴിച്ചിട്ട് ബിൽ കൊടുത്തപ്പോ ക്യാഷ് ഇല്ലെന്ന്  .... നമ്മൾ ഇതൊക്കെ എത്ര കണ്ടതാ.....

അവൾ നാണക്കേട് കൊണ്ട് നീരിപുകഞ്ഞു..... ഡോ തനിക്ക് അറിയില്ല ഞാൻ ആരാണെന്ന്..... അവൾ ചൂടായി.

വിലകൂടിയ ഡ്രസ്സ് ഇട്ടു ഒന്നരക്കിലോ പൂട്ടിയും അടിച്ചു രാവിലെ ഇറങ്ങി കോളും ഓരോന്ന്..... കണ്ടാൽ മാന്യവതി.... കയ്യിലിരിപ്പ് ഇതും.....

ടെസ്റ്റി ഫുഡ് കണ്ടപ്പോൾ കൊതി മൂത്തു കേറിയതാവും......

പഠിച്ച കള്ളി...... പിച്ച ചോദിച്ച ഞങ്ങൾ ബാക്കിയുള്ളത് കൊടുത്തേനെ. ഇത് കഴിച്ചിട്ട് തണ്ട് പറയുന്നു.നാണം ഇല്ലാത്തവൾ......

എല്ലാരുടെയും കമെന്റ് കേട്ടു അവൾ ദേഷ്യം കൊണ്ട് വിറച്ചു.....

@##@#₹₹#  നിങ്ങളുടെ വീട്ടുകാരോട് പറഞ്ഞേക്ക് ഇതെല്ലാം അല്ലാതെ എന്റെ മെക്കിട്ട് കേറിയ ഞാൻ ആരാണെന്ന് അറിയും റാസ്കൽസ്.....

ഇവൾക്കൊക്കെ രണ്ടു കൊടുത്താലേ പഠിക്കു ആരോ ചൂടായി പറഞ്ഞു.

പെണ്ണല്ലേ പുലിവാൽ ആകണ്ട പോലീസിനെ വിളിക്ക്..... അതാ നല്ലത്. ഇതൊക്കെ ഇവളുമാരെ സ്ഥിരം പണിയാകും.

കുറെ പേര് അയാളെ പിന്തങ്ങി.

അവളിൽ ഭയം ഉടലെടുത്തു..... നാണക്കേട് ആവും..... ഇപ്പൊ തന്നെ ആരൊക്കെയോ ഫോണിൽ പകർത്തുന്നുണ്ട്.... ഇത് പോലൊരു നാണക്കേട് ഇത് വരെ ഉണ്ടായിട്ട് ഇല്ല. പോലീസിനെ വിളിക്ക് പറഞ്ഞു എല്ലാരും പിന്തങ്ങി അയാൾ ഫോൺ എടുത്തു....

സോറി എല്ലാരും ക്ഷമിക്കണം..... എനിക്ക് ഒരബദ്ധം പറ്റിയതാ..... ഞാൻ ഫ്രണ്ടിനോട് പറഞ്ഞു പൈസ കൊണ്ട് തരാം പോലീസിൽ വിളിക്കരുത്... അവൾ കൈകൂപ്പി മെല്ലെ പറഞ്ഞു.

ഇതപ്പോ ഗാങ് ആയിട്ട് ഇറങ്ങിയതാവും എന്തായാലും കേസ് ആക്കണം....

അവൾ കരഞ്ഞു പോയിരുന്നു.

എക്സ്ക്യുസ് മി..... എല്ലാരും അങ്ങോട്ട് നോക്കി ......
ശഹസാദ് ഗ്ലാസ് സ്റ്റൈൽ ആയി കയ്യിൽ കറക്കി
പുഞ്ചിരിച്ചോണ്ട് അങ്ങോട്ട് വന്നു.

എന്തായിത് ചേട്ടന്മാരെ..... ചേച്ചിക്ക് ഒരബദ്ധം
പറ്റിയത് അല്ലേ..... അവൻ പൈസ എടുത്തു
ടേബിളിൽ വെച്ചു.ദാ നിങ്ങളുടെ ക്യാഷ്.....

വിലയേറിയ ഫുഡ് ഒക്കെ കണ്ടപ്പോൾ കഴിക്കാൻ ഒരു
കൊതി തോന്നി അതിന്ന് മനുഷ്യപറ്റ് ഇല്ലാതെ
പെരുമാററരുത്. ഇത് വരെ കാണാത്തോണ്ട് അല്ലേ.
നിങ്ങൾ ഇതിന്റെ പത്തിരട്ടി വേസ്റ്റിൽ ഇടുന്നില്ലേ
അതിൽ കരുതിയ പോരെ..  അവൻ പറഞ്ഞു.....
അപ്പോൾ പ്രോബ്ലം സോൾവ് എല്ലാരും പിരിഞ്ഞു
പോയേ.....

അവൾക്ക് ഇനുവിനോട് പറഞ്ഞത് ഓർമ്മ വന്നു....
ഇന്ന് അതേ സ്ഥാനത് അതേ ഡയലോഗ് അവൾ

ഞെട്ട     ലോടെ ശഹിയെ നോക്കി.

അതാണ്...... അതാണ് കാര്യം...... ഇപ്പോൾ മൈന്റിൽ എന്താണെന്ന് ഈ മുഖം വിളിച്ചു പറയുന്നുണ്ട് ഐറ...... അവന്റെ മുഖത്തെ പുഞ്ചിരി പോയി പുച്ഛവും ദേഷ്യവും നിറഞ്ഞു.

പണി വന്നത് ആ വഴി തന്നെ ഇനായ മെഹവിഷ്......

അവൾ പകപ്പോടെ അവന്നെ നോക്കി.

ഷഹാസദ് ഹൈദർ അലി...... ഇന്ന് പ്രിൻസിപ്പാൾ റൂമിൽ ഒളിഞ്ഞു നോക്കിയില്ലേ.... ആ ഇജാസ് ഹൈദറി   ന്റെ

ബ്രദർ ....  കാര്യം ഒന്നും വിശദീകരിക്കണ്ടല്ലോ ഇനി. നീ വ്യത്തിയായി വെടിപ്പായി മൊത്തം കേട്ടെന്ന് എനിക്കറിയാം..... ഞാൻ കണ്ടിരുന്നു നീ അവിടെ നിന്നും പോകുന്നത്. പിന്നെ നിന്നെ എങ്ങനെ

അറിയാമെന്നു ആലോചിച്ചു തല പുകക്കേണ്ട. ഇനായ ആ വീട്ടിൽ വെച്ച് ഉണ്ടായത് മൊത്തം റാനിയോട് പറയുന്നത് കേട്ടത. അപ്പോഴേ ഓങ്ങി വെച്ചതാ ഒന്ന്. തേടിയ വള്ളി പോലെ എന്റെ മുന്നിലേക്ക് തന്നെ കെട്ടിയെടുക്കുകയും ചെയ്തു.

നാത്തൂൻ പോരും അമ്മായി അമ്മ പോരോക്കെ ഔട്ട് ഓഫ് ഫാഷൻ ആയി മക്കളെ..... അറിഞ്ഞില്ലേ..... ഇല്ലെങ്കിൽ അറിയിക്കാൻ നട്ടെല്ലുള്ള തന്തക്ക് പിറന്ന എന്നെ പോലുള്ള പിള്ളേർ ഉണ്ട്. അവൻ ടേബിളിൽ ആഞ്ഞടിച്ചു......

ഗ്ലാസ് ടേബിൾ പൊളിഞ്ഞു വീണു. എന്നിട്ടും ആരും ശ്രദ്ധിക്കുന്നത് പോലും ഇല്ലെന്ന് അവൾ കണ്ടു.

നീ ഇന്ന് അവിടെ വെച്ച് ഒന്നും കേട്ടിട്ടില്ല. കണ്ടിട്ടില്ല. ആരോടും പറയുകയും ഇല്ല.
മനസ്സിലായല്ലോ.....പിന്നെ ഇനായ അവളെ പറ്റി ഓർക്കുമ്പോൾ തന്നെ പിറകോട്ടു വെച്ചിരിക്കണം കാൽ....  ഇല്ലെങ്കിൽ ആറടി മണ്ണിനടിയിൽ ആയിരിക്കും ആ കാൽ.. ഞാൻ ആയോണ്ട് മാത്രം

ആണ് ഈ ഡയലോഗ്.... ഇജുക്ക ആയിരുന്നെങ്കിൽ ഇപ്പോൾ ഡയലോഗ് കേൾക്കാൻ നീ ജീവനോടെ ഉണ്ടാവില്ലായിരുന്നു.....

ഇന്ന് നിനക്ക് നടന്ന ആക്സിഡന്റ് മൊത്തം എന്റെ പ്ലാൻ ആണ്. ജസ്റ്റ് ട്രയൽ ആണ് ഇത്. ട്രയൽ ഇങ്ങനെ ആണെങ്കിൽ കളി ഓർത്തുടെ മോൾക്ക്. കളി തുടങ്ങുന്നത് മുന്നേ അവസാനിപ്പിക്കണം ഇപ്പൊ ഇവിടെ വെച്ച്. ഇല്ലെങ്കിൽ വെള്ളപുതപ്പിച്ചു കിടത്തും ഞാൻ  അവന്റെ കണ്ണുകളിൽ തീ ആളുന്നത് പോലെ തോന്നി.അപ്പൊ വെടിപ്പായിട്ട് ഈ പ്രശ്നം തീർത്തെന്ന് കരുതുവാ ഞാൻ.....

ലാസ്റ്റ് ആൻഡ് ഫൈനൽ വാണിങ് ആണ് ഇത്.അപ്പൊ പോട്ടെ ബഹൻ..... അവൻ സ്റ്റയിൽ ആയി  ഗ്ലാസ് വെച് പോയി. പിന്നെ തിരിച്ചു വന്നു. ഇനയ അവൾക്ക് വിലയിടാൻ ആരും പിറന്നിട്ടില്ല..... പിറക്കുകയും ഇല്ല..... കാരണം അവൾ ഇജാസിന്റെ സ്വന്തം ആണ്...... എന്നും അങ്ങനെ ആയിരിക്കുകയും ചെയ്യും.... അവളുടെ പേര്

ഉച്ചരിക്കാനുള്ള യോഗ്യത പോലും നിനക്കൊന്നും ഇല്ല. ഓർത്തോ അത്......നീ ഒരു പെണ്ണായി പോയി അതോണ്ട് മാത്രം ആണ് ഇപ്പോൾ എന്റെ മുന്നിൽ ജീവനോടെ ഇരിക്കുന്നത് അതോർത്തോ എപ്പോഴും.....

അവന്റെ കണ്ണുകളിൽ നോക്കാൻ കഴിയാതെ പേടിയോടെ അവൾ മുഖം താഴ്ത്തി.

അവൾ നെറ്റിയിൽ പൊടിഞ്ഞ വിയർപ്പ് തുടച്ചു തളർച്ചയോടെ അവിടെ ഇരുന്നു പോയി. നേരത്തെ ബിൽ കൊടുത്ത ബോയ് വന്നു അവളുടെ ബാഗ് കൊടുത്തു. അവൾ അതും എടുത്തു മിണ്ടാതെ അവിടെ നിന്നും ഇറങ്ങി.

💕💕💕💕💕

സോറി റാനി...... എന്നോട് പൊറുക്കണം... ഇന്റർവെൽ ആയതും അവൾ റാനിയെ കയ്യിൽ പിടിച്ചു പുറത്തേക്ക് കൂട്ടി പ്പോയി കെട്ടിപിടിച്ചു പൊട്ടികരഞ്ഞു.

എനിക്ക് അറിഞ്ഞുടെ നിന്നെ. ഓർമ വെച്ച നാൾ മുതൽ കാണുന്നതല്ലേ ഞാൻ.

എന്തെങ്കിലും കാരണം ഇല്ലാതെ എന്നിൽ നിന്നും മറക്കില്ലെന്ന് അറിയാം..... പറയണമെന്ന് തോന്നുമ്പോൾ പറഞ്ഞ മതി. അത് വരെ കാത്തിരുന്നോളാം.... കരയണ്ട  റാനി അവളെ ആശ്വസിപ്പിച്ചു.....

ഇതൊക്കെ കണ്ടു ഇജാസ് പിറകിൽ ഉണ്ടായിരുന്നു. അവന്റെ ചുണ്ടിൽ ഒരു പുഞ്ചിരി വിരിഞ്ഞു.

വാ ക്ലാസ്സിൽ കേറാം.....

നീ പോയിക്കോ..... ഞാൻ ഇല്ല.... ഫൈസിക്ക് നല്ല പനിയുണ്ട്.... എനിക്ക് തിരിച്ചു പോകണം..... റാനിക്ക് പറയാനുള്ളത് കേൾക്കാതെ അവൾ പോയി.

ഇജാസിന്റെ മുഖം അത് കേട്ടതും ഇരുണ്ടു

ദേഷ്യം കൊണ്ട് വലിഞ്ഞു മുറുകി.

❤️‍🩹❤️‍🩹❤️‍🩹❤️‍🩹❤️‍🩹

എനിക്ക് ലീവ് വേണം..... അവൾ അവന്റെ മുന്നിൽ പോയി.

ഇല്ലെങ്കിൽ......

ഇല്ലെങ്കിൽ ഒന്നും ഇല്ല. ഞാൻ പോണു അത്ര തന്നെ.....

അത്ര ധൈര്യം ഉണ്ടോ നിനക്ക്....

ഉണ്ട്... തെറ്റ് ചെയ്യാതിടത്തോളം ആരുടേയും മുന്നിൽ തലകുനിക്കരുതെന്ന് പഠിപ്പിച്ച ജുനൈദിന്റെ പെങ്ങൾ ആണ് ഞാൻ ..... എനിക്ക് ഇഷ്ടം ഉള്ളപ്പോ ഞാൻ വരും ക്ലാസ്സിൽ. എന്റെ കാര്യം ഞാൻ തീരുമാനിക്കും ഇജാസ് സാറേ.... അപ്പോൾ പോട്ടെ എന്നാൽ....

ഉറച്ച തീരുമാനം ആണോ.

അതേ....

ഇന്ന് റാനിയുടെ മുന്നിൽ തലകുനിക്കേണ്ടി വന്നതോടെ പേടി പോയി. ഇല്ലെങ്കിൽ ഇനിയും ഇതിനേക്കാൾ വലുത് ഞാൻ കാണേണ്ടി വരും...... അവൾ കവിളിൽ കൈ വെച്ചു പറഞ്ഞു.പിന്നെ വേറൊരു കാര്യം കൂടി.... ജുനൈദിന്റെ പേര് പറഞ്ഞു ഇനി വിരട്ടണ്ട

പോയി പറഞ്ഞോ അവനോട്. എന്റെ സ്വപ്നങ്ങൾ ഞാൻ കുഴി കുത്തി മൂടി. ജുനൈദ് തിരിച്ചു വരണം അതാണ് എന്റെ ആവിശ്യവും..... ഇല്ലെങ്കിൽ ഇന്ന് നടന്നത് പോലെ ഇനിയും ആവർത്തിക്കും

അത് വേണ്ട.....

നിന്റെ ഉറച്ച തീരുമാനം അല്ലേ ഇത്.... ഇജാസ് ദേഷ്യത്തോടെ ചോദിച്ചു

അവൾ അവന്റെ മുന്നിലേക്ക് വന്നു.

ഇന്ന് റാനിയോട് പ്രണയം ആണെന്നും വിവാഹം ഉറപ്പിച്ചെന്ന് പറഞ്ഞപ്പോൾ ഞാൻ അനുഭവിച്ച വേദന അത് എനിക്ക് ഒരിക്കലും മറക്കാൻ ആവില്ല...... ഇനിയും അത് പോലെ സംഭവിക്കും ചോദ്യങ്ങൾ ഉയരും.... ഫൈസ് അറിയും..... അത് വേണ്ട..... ഫൈസിയുടെ മുന്നിൽ തെറ്റുകാരി ആയി നിൽക്കാൻ എനിക്ക് വയ്യ...... കാരണം..... അവളൊന്ന് നിർത്തി.

കാരണം...... ഇജാസ് അവളെ രൂക്ഷമായി നോക്കി.

എനിക്ക്...... എനിക്ക്.... അവൾക്ക് കയ്യും കാലും വിറക്കുന്നത് പോലെ തോന്നി തൊണ്ട വരണ്ടു...... ഇത് മാത്രമേ നിന്റെ മുന്നിൽ വഴിയുള്ളു പൊടിക്കുപ്പി. ധൈര്യം ആയി അവന്റെ മുഖത്ത് നോക്കി പറയണം.....പതറരുത്...... കടുവയുടെ വാക്കുകൾ അവൾ ഒന്നൂടി ഓർത്തു.

അവൾ ധൈര്യം സംഭരിച്ചു.

എനിക്ക് ഫൈസിനേ  ഇഷ്ടം ആണ്. അവന്റെ കൂടെ ജീവിക്കാൻ ആഗ്രഹിക്കുന്നു. എനിക്ക് നിങ്ങളെ വേണ്ട ജന്നത്ത് ഹൗസിലെ മഹാറാണി ആകണ്ട...... എനിക്ക് എന്റെ ഫൈസിന്റെ കൂടെ ജീവിച്ച മതി...... ഞാൻ ചെയ്യുന്നത് തെറ്റാണ്...... ചതിയാണ്...... ഒരിക്കലും പൊറുക്കാൻ പറ്റാത്ത തെറ്റാണെന്നു അറിയാം...... പറ്റിപ്പോയി......  അവൾ മുട്ട് കുത്തി നിന്നു അവന്റെ കാലിൽ പിടിച്ചു. എന്നോട് പൊറുക്കണം..... എന്നെ മറക്കണം..... ഇനിയെന്നെ ശല്യം ചെയ്യരുത്.....

ഒരു മറുപടിയും കേൾക്കാത്തൊണ്ട്

അവൾ പേടിയോടെ ഇജാസിനെ നോക്കി.

......... തുടരും

❤️ ❤️ 💔 INVISIBLE LOVE 💔❤️

Love after💘 marriage story

Part 46

ഒരാൾ എത്ര പേരെയാ പ്രേമിക്കുക. അതും പറഞ്ഞു അവൻ പൊട്ടിച്ചിരിച്ചു. വർഷങ്ങൾക്ക് മുൻപ് പരസ്പരം മാലയിട്ട് കല്യാണം കഴിച്ചു.വീട്ടുകാരുടെ സമ്മതം വാങ്ങി..... മാര്യേജ് ഉറപ്പിച്ചു.അത് മറന്നിട്ട് ഒരു ഓട്ടോക്കാരനെ പ്രേമിച്ചു അവനെ കെട്ടാൻ പോയി..... അവനെ മറന്നു ഇപ്പൊ ഫൈസ്.... ഇങ്ങനെ ഉള്ള നീ എന്റെ കൂടെ വന്ന കുറച്ചു കഴിയുമ്പോൾ ഫൈസിനെ മറന്നോളും.....എന്റെ സ്വന്തം ആയിക്കഴിയുമ്പോൾ മറ്റാരെയും നോക്കാതെ ഞാൻ ശ്രദ്ധിച്ചോളാം..... അപ്പൊ മോൾ ഈ ഐഡിയ വിട്ട് പിടി..... അവൻ പുച്ഛത്തോടെ പറഞ്ഞു.

അവൾ എഴുന്നേറ്റു അവനെ തന്നെ നോക്കി നിന്നു. ഞാൻ അപ്പോൾ ഫൈസിനെ മറക്കോ..... എനിക്ക് ഇഷ്ടം ആണല്ലോ അവനെ.... നിഷ്കളങ്കതയോടെ അവനെ നോക്കി ചോദിച്ചതും നെഞ്ചിൽ ഒരു ഭാരം

കയറ്റി വെച്ചത് പോലെ തോന്നി അവന്ന്.

Mmmm മറക്കും...... അതോണ്ട് ഫൈസ് നിനക്ക് വേണ്ട...... നീ എന്റെ കൂടെവാ....

ഞാൻ വരില്ല. ജുനു പറഞ്ഞല്ലോ ഞാൻ ഫൈസിന്റെ കൂടെ ജീവിക്കണ്ടെന്ന്.

ടീ നീ ഇടക്കിടക്ക് ഫൈസ്..... ഫൈസ് എന്ന് പറഞ്ഞു വരല്ലേ..... വല്ലോം ചെയ്തു പോകും ഞാൻ പറഞ്ഞില്ലെന്നു വേണ്ട. അവൻ കലിപ്പിൽ പറഞ്ഞു..

ഒന്നും ചെയ്യില്ല...... എനിക്കറിയാലോ എന്നെ ഇഷ്ടം ആണെന്ന്. ഞാൻ സ്നേഹിക്കുന്നവരെയും ഇഷ്ടം ആകുന്നു അറിയാം.

അതൊക്കെ പണ്ട് ഇപ്പൊ എനിക്ക് അങ്ങനെ ആരെയും ഇഷ്ടം അല്ല.... നിന്റെ ജുനുനെ പോലും ഇഷ്ടം അല്ല. ഏറ്റവും വെറുക്കുന്നത് അവനെയാണ്. അവൻ പുറത്തേക്ക് നോക്കി പറഞ്ഞു.

എന്നെയും ഇഷ്ടം അല്ലേ.....

നിന്റെ ബാപ്പാനെ ഇഷ്ടം.... ഇറങ്ങി പോടീ മുമ്പിന്ന്..... അവളും ഒരു ഇഷ്ടവും... ആദ്യം അതിന്റെ സ്പെല്ലിങ് പോയി പഠിക്ക് കോപ്പ്..... അവൾ പ്രേമിക്കാൻ

നടക്കുന്നു..അവൻ ദേഷ്യത്തോടെ കൈ ചുരുട്ടി.

എനിക്ക് ശരിക്കും ഫൈസിനെ ഇഷ്ടം ആണ്......

ദേ ഇനു നീയിപ്പോ പോ..... വെറുതെ എന്റെ കൈക്ക് പണിയാക്കണ്ട. ഒരു കാര്യം പറഞ്ഞേക്കാം ഇനി ഫൈസിനെ ഇഷ്ടം ആണെന്ന് എങ്ങാനും കേട്ടാൽ അവനെ ഞാൻ കൊല്ലും..

അവൾ പേടിയോടെ അവനെ നോക്കി.

ഫൈസ് പാവം ആണ്. ഞാൻ അല്ലേ തെറ്റ് ചെയ്തേ എന്നെ കൊന്നോ..... അവനെ ഒന്നും ചെയ്യണ്ട.

എന്ന ഒരുങ്ങി നിന്നോ എന്റെ കൂടെ വരാൻ.

എനിക്ക് എങ്ങോട്ടും വരണ്ട...... ഞാൻ വരില്ല...... എനിക്ക് ജുനുനെ വേണം..... ഫൈസിനെ വേണം....

അപ്പൊ എന്നെ വേണ്ടേ നിനക്ക്...... അവൻ അവളെ മുഖത്തേക്ക് നോക്കി ചോദിച്ചു. അവന്റെ നിറഞ്ഞ മിഴികൾ കണ്ടതും അവളിലും വേദന നിറഞ്ഞു.

അവളത് മറച്ചു വെച്ചു......

എനിക്കിഷ്ടം അല്ല. ഞാൻ ആരുടേയും കൂടെ വരികയും ചെയ്യില്ല. എനിക്ക് അവിടത്തെ മഹാറാണി

ആകണ്ട.... എന്നെ നിർബന്ധിച്ച ഞാൻ മരിച്ചു കളയും നോക്കിക്കോ......

മരിച്ചോ...... തടയില്ല ഞാൻ...... വേണമെങ്കിൽ നിനക്ക് മരിക്കാൻ എല്ലാ സഹായവും  ചെയ്തു തരും.....

അവൾ ഞെട്ടലോടെ അവന്നെ നോക്കി.

പക്ഷേ ഒരു കാര്യം...... നീ മരിക്കുന്നതിന്ന് മുന്നേ നിന്റെ മുന്നിൽ വെച്ചു ഞാൻ മരിച്ചിരിക്കും. നിന്റെ മരണവാർത്തയറിയാൻ ഞാൻ ഈ ഭൂമിയിൽ ഉണ്ടാവില്ല..നിന്നാണെ സത്യം...... അവളുടെ തലയിൽ കൈ വെച്ചു അവൻ പറഞ്ഞു.

അവൾ ഞെട്ടി വിറങ്ങലിച്ചു നിന്നു.

അവൻ ഇറങ്ങിപ്പോയി.

❤️‍🩹❤️‍🩹❤️‍🩹❤️‍🩹❤️‍🩹

അവൾ ഓട്ടോ പിടിച്ചു വീട്ടിലേക്ക് പോയി. അവളുടെ മനസ്സിൽ മുഴുവൻ അവൻ തലയിൽ തൊട്ട് ഇട്ട സത്യം ആയിരുന്നു.

വീടെത്തിയത് പോലും അവൾ അറിഞ്ഞില്ല.

ഭർത്താവിനെ നോക്കാതെ കോളേജിൽ പോയിരിക്കുന്നു. നാണം ഇല്ലാത്തവൾ. ഇപ്പൊ എന്തിനാ കേറി വന്നത്.... ആരെ കാണിക്കാനാ..... വന്നു കേറിയതും ഉമ്മ അവളെ നോക്കി ദേഷ്യത്തിൽ ഓരോന്ന് പറയാൻ തുടങ്ങി.

ഞാൻ ഇനി മുതൽ കോളേജിൽ പോകുന്നില്ല. അത് പറയാൻ പോയതാ..... അതും പറഞ്ഞു ആരെയും നോക്കാതെ അവൾ റൂമിലേക്ക് പോയി.

💖💖💖💖💖💖

ഫൈസ് ഉറങ്ങുകയാരുന്നു അവൾ പോകുമ്പോൾ..... അവൾ അവനെയും നോക്കി അടുത്ത് പോയി ഇരുന്നു.

ഇജുന്റെ കൂടെ പോയ ഞാൻ ഇവനെ മറക്കോ...... ഇർഫാനെ മറന്നപോലെ..... ഇജുക്കനെ മറന്നപോലെ...... ഉപ്പാക്ക് കൊടുത്ത വാക്ക് പോലെ.....ഇവനെയും മറക്കുമോ..... ഉപ്പാനെ ഓർത്തപ്പോഴാ ഓർത്തത് നാളെ ഉപ്പ മരിച്ച ദിവസം ആണ്

ആദ്യം ആയി ജുനുവും ഉമ്മയും ഇല്ലാത്ത ഒരു ദിവസം. ജുനുവും ഞാനും കൂടി എല്ലാ വർഷവും ഏതെങ്കിലും

യതീംഖാനയിൽ പോയി ഫുഡ് കൊടുക്കും..... അവനെ കൊണ്ട് കഴിയുന്ന പോലെ പാവപെട്ടവർക്ക് വേണ്ടി സഹായം ചെയ്തു കൊടുക്കും..... ഉപ്പാനെ കുറിച്ചുള്ള ഓർമ്മകൾ വന്നതും അവൾക്ക് ഒരു കരച്ചിൽ ചീള് വന്നു തൊണ്ടയിൽ തടഞ്ഞു. ഞാൻ ഇല്ലായിരുന്നുവെങ്കിൽ ഉപ്പ ഇന്നും ജീവിച്ചിരുന്നേനെ...... നശിച്ച ഈ ജന്മം കൊണ്ട് ഇല്ലാതായത് ഉപ്പന്റെ ജീവൻ ആണ്..... എന്റെ ജുനിന്റെ ജീവിതം ആണ്

.....ഒരു കഷ്ടപ്പാടും അറിയാതെ അറിയിക്കാതെ ആണ് ഉപ്പ ഞങ്ങളെ വളർത്തിയത്. ഉപ്പ മരിച്ച ശേഷം ദാരിദ്യം എന്തെന്ന് അറിഞ്ഞു...... ജുനുവിന് ചെറുപ്പത്തിലേ ജോലിക്ക് പോകേണ്ടി വന്നു. ഒക്കെ ഞാൻ കാരണം..... എന്നിട്ടും ഒരു വാക്ക് കൊണ്ട് പോലും വേദനിപ്പിച്ചിട്ടില്ല...... എന്നെ സ്നേഹിച്ച എല്ലാരേയും ഞാൻ കാരണം വേദനിച്ചിട്ടേ ഉള്ളൂ..... ഇപ്പൊ ഫൈസ്...... എന്തിനാ ഇങ്ങനെ ഒരു നശിച്ച ജീവിതം...... അവൾക്ക് ജുനുനെ കാണണമെന്ന് തോന്നി...... ഉമ്മാനെ കാണണമെന്നു തോന്നി. തന്റെ വേദന മാറ്റാൻ ഉമ്മാക്ക് മാത്രം കഴിയു.... ഉമ്മാന്റെ മടിയിൽ തലവെച്ചു കിടക്കണമെന്ന് തോന്നി

അവൾക്ക് തല പൊട്ടിത്തെറിച്ചു പോകുന്നു തോന്നിയതും അവൾ അവന്റെ കഴുത്തിൽ മുഖം പൂഴ്ത്തി ഇരുന്നു.

ഫൈസ് ഞെട്ടി കണ്ണ് തുറന്നു.  ഇനുവിനെ കണ്ടു ഒരു പുഞ്ചിരി മുഖത്ത് വിരിഞ്ഞു.

അവൻ അവളുടെ തലയിലൂടെ തലോടി.

എന്താടാ പറ്റിയെ....... അവന്റെ ആർദ്രമായ ശബ്ദം കേട്ടതും അവൾ തല ഉയർത്തി നോക്കി.

ചെറിയ തലവേദന  പറഞ്ഞു കണ്ണ് തുടച്ചു....

കള്ളം പറയാനും തുടങ്ങിയോ നീ  ഇപ്പോൾ.....

അവൾ മുഖം കുനിച്ചു. അവൻ അവളുടെ മുഖം പിടിച്ചു ഉയർത്തി. തല ഇപ്പോൾ മനസ്സിലാണോ ഉള്ളത് അവൻ ചെറു ചിരിയോടെ ചോദിച്ചു.

അവളൊന്നും മിണ്ടിയില്ല. എന്താ ഇത്ര സങ്കടം...... കോളേജിൽ എന്തെങ്കിലും പ്രോബ്ലം ഉണ്ടോ.....

അവൾ ഇല്ലെന്ന് തലയാട്ടി. പിന്നെന്താടാ........

അതിൽ കൂടുതൽ പിടിച്ചു നിൽക്കാൻ അവൾക്കും പറ്റിയില്ല. എനിക്ക് ഉമ്മാനെ കാണണം.......ഉമ്മാനോട്

മിണ്ടണം...... ഉമ്മാന്റെ മടിയിൽ തലവെച്ചു കിടക്കണെം...... അതും പറഞ്ഞു അവൾ മുഖം പൊത്തി  പൊട്ടിക്കരഞ്ഞു.

💕💕💕💕

റാനി അവളുടെ കയ്യിലുള്ള ഡയറി പിടിച്ചു നിരാശയോടെ ക്ലാസ്സിലേക്ക് നടന്നു. ഇനുന് കൊടുക്കാൻ വേണ്ടി എടുത്തതാണ്. അവൾക്ക് ഇത് കൊണ്ട് ഉപകാരം ഉണ്ടെന്ന് തോന്നിയിരുന്നു. അവൾ അപ്പോഴേക്കും ഓട്ടോയിൽ കേറി പോയി. നാളെ കൊടുക്കാം..... ഓരോന്ന് ആലോചിച്ചു ക്ലാസ്സിലേക്ക് നടക്കുമ്പോ ഇജാസ് ഓപ്പോസിറ്റ് വരുന്നത് കണ്ടത്. അവൾ പേടിയോടെ അവന്നെ നോക്കി.

അവളെ അടുത്ത് എത്തിയതും അവൻ നിന്നു. അവളിലൂടെ ഒരു വിറയൽ പടർന്നു കയറി.

ഇനു പോകുന്നത് നോക്കി നിൽക്കുമ്പോഴാണ് റാനി എന്തോ കയ്യിൽ പിടിച്ചു അവളുടെ പിറകെ ഓടുന്നതും അവളെ കാണാതെ നിരാശയോടെ തിരിച്ചു വരുന്നതും ഇജാസ് കാം ലൂടെ കണ്ടത്. അതെന്താണെന്ന് അറിയാനുള്ള ആകാംഷ കൊണ്ട് അവൻ അവളെയും നോക്കി വന്നതാരുന്നു.

അവനെ കണ്ടതും അവൾ മുഖം താഴ്ത്തി

സോറി സാർ

സോറി പറഞ്ഞ പ്രോബ്ലം തീരോ  അവൻ പുരികം ഉയർത്തി ദേഷ്യത്തോടെ ചോദിച്ചു.

അവൾ നിന്ന് വിയർത്തു. അപ്പോഴാണ് അവളുടെ കയ്യിൽ ഡയറി കണ്ടത്.

ഇതെന്താ കയ്യിൽ.....

അവൾ ഒന്നും മിണ്ടാതെ പോകാൻ നോക്കിയതും അവൻ അവളെ തടഞ്ഞു നിർത്തി.

എന്റെ ഡയറി ആണ്..... നോട്സ് എഴുതാൻ എടുത്തതാ..... അവളുടെ വാക്കിൽ വിറയൽ പടർന്നിരുന്നു.

പെട്ടന്ന് ആയിരുന്നു അവനത് പിടിച്ചു വാങ്ങിയത്. അവൾക്ക് തടയാൻ കഴിഞ്ഞില്ല. അവനത് തുറന്നു നോക്കി ജുനൈദ് എന്ന് ഫസ്റ്റ് പേജിൽ കണ്ടു.

നീ എന്ന് മുതല ജുനൈദ് ആയത്..... അവന്റെ ഡയറി എങ്ങനെ നിനക്ക് കിട്ടിയത്  അവൻ കലിപ്പിൽ ചോദിച്ചതും അവൾ പേടിച്ചു വിറച്ചു.

പറയെടി ഇതെങ്ങനെ നിനക്ക് കിട്ടിയത്...

ജുനൈദ് തന്നതാ ഇനുവിന് കൊടുക്കാൻ.

നീയിത് വായിച്ചിനോ....

ഇല്ല. വായിക്കരുതെന്ന് ജുനുക്ക പറഞ്ഞിരുന്നു.

അവനത് ഒന്നുടെ നോക്കി..... നീ ക്ലാസ്സിലേക്ക് പോയിക്കോ ഞാൻ പോകുമ്പോഴേക്കും തന്നോളാം..... അവൻ അതും പറഞ്ഞു അതെടുത്തു പോയി.

തടയാൻ ആവാതെ അവൾ തറഞ്ഞു നിന്നു.

അവൻ അതൊന്ന് ഓടിച്ചു നോക്കി.  അവനും ഇനുവും മാത്രം ആയ ലോകം ആയിരുന്നു അത്.

ലാസ്റ്റ് പേജിൽ എത്തിയതും വിറയലോടെ ആയിരുന്നു അവൻ വായിച്ചത്.

ശഹി വരുമ്പോൾ ചെയറിൽ കാൽ നീട്ടി തലക്ക് കയ്യും വെച്ചു കിടക്കുന്ന ഇജുവിനെ കണ്ടു. അവന്റെ നെഞ്ചിൽ അപ്പോൾ ആ ഡയറിയും ഉണ്ടായിരുന്നു.

കരഞ്ഞത് പോലെ ചുവന്നു കലങ്ങിയിരുന്നു അവന്റെ കണ്ണുകൾ.

അവൻ ആ ഡയറി എടുത്തു.

ജുനുവിന്റെ ഡയറി എങ്ങനെ ഇജുകക്ക് കിട്ടി..... തളർന്ന അവന്റെ ഇരിപ്പ് കണ്ടു ഭയത്തോടെ അവനത് തുറന്നു നോക്കിയത്.

വായിച്ചു കഴിഞ്ഞതും അവന്റെ കണ്ണിൽ നിന്നും രണ്ടു തുള്ളി കണ്ണുനീർ അതിൽ ഇറ്റി വീണു. അവൻ ഇജാസിന്റെ മുന്നിൽ മുട്ട് കുത്തി ഇരുന്നു അവന്റെ മടിയിലേക്ക് തലവെച്ചു.

ജുനു ചെയ്തത് ആണ് ശരി. ജുനുവിന്റെ അടുത്ത് ഒരു തെറ്റും ഇല്ലന്ന് മനസ്സിലായില്ലേ .......ഇനുവിനെ നോക്കാൻ പോലും അർഹത നമുക്ക് ഇല്ല

ഇജുക്ക......

സുരക്ഷിതമായ കൈകളിൽ തന്നെ അവൾ എത്തിയത്........ഫൈസ് ആണ് അവൾക്ക് യോജിച്ച ഭർത്താവ്...... കരച്ചിൽ വന്നിട്ട് അവന്റെ വാക്കുകൾ ഇടറിയിരുന്നു..... ഇജുവിന്റെ മുഖത്തെ ഭാവം എന്താണെന്ന് മനസ്സിലായില്ലെങ്കിലും വല്ലാത്തൊരു പേടി അവനിൽ ഉടലെടുത്തു...... ഇജുക്കയെ സംബന്ധിച്ചു ഒരിക്കലും കേൾക്കാൻ ആഗ്രഹിക്കാത്ത കാര്യങ്ങൾ ആണ് അതിലുള്ളതെന്ന്

അവന്ന് അറിയാമായിരുന്നു. ജന്നത് കുടുംബത്തിന്റെ അടിത്തറ ഇളക്കാൻ മാത്രം ഉള്ള സത്യങ്ങൾ ആയിരുന്നു ജുനുവിന്റെ ഓരോ വാക്കും...... അഭിമാനത്തോടെ എല്ലാരേം മുന്നിൽ തല ഉയർത്തി പിടിച്ചു പറഞ്ഞിരുന്ന ഹൈദറലി കുടുംബത്തെ ഓർത്തു ആദ്യമായി പുച്ഛം തോന്നി അവന്ന്.

❤️ 💔 INVISIBLE LOVE 💔❤️

Love after💘 marriage story

Part 47

ഒരു കുഞ്ഞിനെ പ്രസവിക്കാൻ കഴിയാത്ത സ്വന്തം തീരുമാനങ്ങൾ എടുക്കുവാനോ ആലോചിക്കനോ കഴിവില്ലാത്ത ഒരു പെണ്ണിനെ എന്തിനാ ഹൈദരലി കുടുംബത്തിന്....... നാളെ അവളൊരു ബാധ്യത ആവില്ലെന്ന് എന്താ ഉറപ്പ്...... അനന്തരവകാശിയായി മക്കൾ പിറന്നില്ലെങ്കിൽ അവളെ ഒഴിവാക്കി മറ്റൊരു വിവാഹം ചെയ്യില്ലെന്ന് ഉറപ്പ് പറയാൻ പറ്റോ...ജുനു ചെയ്തതിൽ എന്താ തെറ്റ്...... അവൻ ചെയ്തതാ ശരി..... അവൻ ചെയ്തത് മാത്രം ആണ് ശരി.... അവനെ ശരിയുള്ളു...... എല്ലാം അറിഞ്ഞിട്ടും അവളെ സ്വീകരിച്ച ഫൈസ് ആണ് അവൾക്ക് പറ്റിയ

ഭർത്താവ്..... അവന്റെ പ്രണയം ആണ് സത്യം...... ശരിയല്ലേ..... ശരിയല്ലേ ജുനുക്ക.....

എന്തെങ്കിലും ഒന്ന് പറയ് ഇജുക്ക..... അവൻ ഇജുവിന്റെ ഷർട്ടിൽ കുത്തിപിടിച്ചു വലിച്ചു..... അവന്റെ മൗനം ഷഹിയുടെ സമനില തന്നെ തെറ്റിച്ചിരുന്നു.

എന്തെങ്കിലും ഒന്ന് മിണ്ട് ഇജുക്ക...... അവൻ കരഞ്ഞു പോയിരുന്നു.

എനിക്കൊന്നും ഇല്ലെടാ..... പെട്ടെന്ന് ഒരു ഷോക്ക് ആയി പോയി.... അത്രേ ഉള്ളൂ.....

എനിക്ക് ഒന്ന് തനിച് ഇരിക്കണം അതും പറഞ്ഞു അവൻ എഴുന്നേറ്റു. ശഹി വിളിച്ചെങ്കിലും നിൽക്കാതെ അവൻ ഇറങ്ങിപ്പോയി. അവനും പിറകെ വരുമ്പോഴേക്കും ഇജു കാറിൽ കേറി പോയിരുന്നു.

അവനും പിറകെ പോയി.... വീട്ടിലേക്ക് ആണെന്ന് കണ്ടതും അവൻ ആശ്വാസത്തോടെ നെഞ്ചിൽ കൈ വെച്ചു. ഇജു ഉമ്മാന്റെ റൂമിലേക്ക് പോയി. അവരെ കെട്ടിപിടിച്ചു പൊട്ടികരഞ്ഞു. റാബിയ പെട്ടന്ന് ഞെട്ടിപ്പോയി. എന്താടാ.....

എനിക്ക് ഒന്നു കിടക്കണം ഉമ്മാ..... എല്ലാം മറന്നു സമാധാനം ആയി ഒന്ന് ഉറങ്ങണം....... അവരെ കയ്യും പിടിച്ചു ബെഡിൽ കൊണ്ട് ഇരുത്തി. അവരെ മടിയിൽ തലവെച്ചു കിടന്നു. അവന്റെ മുടിയിലൂടെ കയ്യോടിച്ചു അവർ.

പിന്നാലെ ഓടി വന്ന ശഹിയുടെ കണ്ണുകളിൽ ഒരു നനവ് ഊറി. ഇങ്ങനെ തളർന്നൊരു അവസ്ഥയിൽ ഇത് വരെ ആരും അവനെ കണ്ടിട്ട് ഇല്ലായിരുന്നു.

നദീം പിറകെ ഓടി വന്നു. എന്താടാ കാര്യം..

റാബിയ അവരെ കണ്ടു. അടുത്തേക്ക് വിളിച്ചു..... അവൻ നിലത്ത് ഇരുന്നു ബെഡിലേക്ക് ചാരി ഇരുന്നു.... നദീംമും അവിടെ വന്നിരുന്നു.

ഇനുവിന് പറ്റിയ ആക്സിഡന്റ്നെ പറ്റിയും അവൾക്ക് ഒരു ഉമ്മയാകാൻ പറ്റില്ലെന്നുള്ള കാര്യവും ഫൈസ് അവളെ പ്രണയിക്കുന്നതും എല്ലാം അറിഞ്ഞിട്ട് തന്നെയാണ് അവളെ കല്യാണം കഴിച്ചത് എന്നതും അവൻ അവരോട് പറഞ്ഞു. അത് അറിഞ്ഞപ്പോ തൊട്ട് ഇവൻ മിണ്ടിയിട്ടില്ല. ജുനുവിനോട് ഒരു ദേഷ്യം തോന്നിയിരുന്നു. അവൻ ചെയ്തത് ശരിയല്ലേ ഉമ്മാ...... എന്ത് ധൈര്യത്തില

ഇനുവിനെ നമുക്ക് അവർ തരിക. പ്രസവിക്കാൻ കഴിയാത്ത ഒരു പെണ്ണിനെ ഈ കുടുംബത്തിനു എന്തിനാ....... ജന്നതിന് മുന്നിൽ തോറ്റു പോയല്ലോന്ന് ഓർക്കുമ്പോഴാ സഹിക്കാൻ പറ്റാത്തത്....

ആർക്കും അതിന്ന് ഒരു മറുപടിയും ഇല്ലായിരുന്നു.

ഇജാസ് ഉമ്മാന്റെ കയ്യിൽ പിടിച്ചു അവന്റെ നെഞ്ചോട് ചേർത്ത് പിടിച്ചു.

എന്തിനാ ഉമ്മാ ഇങ്ങനെ ഒരു ജീവിതം.... തോറ്റു പോയില്ലേ ഞാൻ...... ഇനി എന്ത് അധികാരത്തില ഞാൻ അവളെ മുന്നിൽ പോവുക...... എനിക്ക് വയ്യ ഉമ്മാ ഇനി അവളെ മുന്നിൽ പോകാൻ..... അറിയാതെ ചെയ്തു പോയ തെറ്റിന് അവളെ ഇവിടുത്തെ മഹാറാണിയാക്കി പ്രായക്ഷിതം ചെയ്യന്നു കരുതി. അതിനും പറ്റില്ലല്ലോ ഇനി. വെറുത്ത് പോവ്വാ എന്നെത്തന്നെ..... നമുക്ക് അവളെയും കൂട്ടി ഈ കുടുംബത്തിൽ നിന്ന് തന്നെ പോയാലോ...... എനിക്ക് അവളെ വേണം ഉമ്മാ....... അവന്റെ കണ്ണിന്റെ ഇരു സൈഡിലൂടെയും കണ്ണുനീർ ഒലിച്ചിറങ്ങി.

ഇജാസിന്റെ ഉമ്മ കരച്ചിൽ പുറത്ത് വരാതിരിക്കാൻ അവരുടെ വായ പൊത്തിപിടിച്ചു.

മരിച്ച വീട് പോലെ ആയിരുന്നു അവിടെ. ഇജുവിന്റെ മൗനം അവരെ എല്ലാവരെയും തളർത്തിയിരുന്നു. പരസ്പരം ആരും ഒന്നും പറയാതെ മിണ്ടാതെ ഒരു നോട്ടം കൊണ്ട് പോലും സമാധാനിപ്പിക്കാൻ കഴിയാതെ അവർ നിന്നു.

💖💖💖💖

അവൻ അവളെ കൈ മാറ്റി...... നീയല്ലേ പറഞ്ഞേ നിന്റെ ജുനു നിനക്ക് വേണ്ടിയാ പോയതെന്ന്..... പിന്നെന്തിനാ സങ്കടപെടുന്നേ.......

എനിക്ക് ജുനുവിനോട് ചെയ്യാൻ പറ്റിയ വലിയ കാര്യം തന്നെ ആണിത്. അത് ഓർത്തതും അവൾ കണ്ണുകൾ തുടച്ചു. ഒന്ന് ചിരിച്ചെങ്കിലും മുഖത്തെ സങ്കടം മാറിയിട്ട് ഇല്ലായിരുന്നു അതവൻ ശ്രദ്ധിച്ചു

അവൾ അവന്റെ മുഖത്തേക്ക് തന്നെ ഉറ്റു നോക്കി. ഇജു പറഞ്ഞ പോലെ ഇവനെ ഞാൻ മറക്കോ..... അതോർത്തതും അവൾക്ക് നെഞ്ച് നീറുന്ന പോലെ തോന്നി. എനിക്ക് ഇവനോട് പ്രണയം അല്ലേ അപ്പോൾ...... എനിക്ക് ഇവനെ വിട്ടുപോകാൻ പറ്റില്ല. എനിക്കിഷ്ടം ആണ്.... പെട്ടന്ന് അവൾ അവന്റെ മുഖം കയ്യിലെടുത്തു മുഖം ആകെ ചുംബനങ്ങൾ കൊണ്ട്

മൂടി. അവൻ അവളുടെ പ്രവർത്തിയിൽ ഞെട്ടി നിന്നു. അവളുടെ ചുംബനതിന്റെ ലഹരിയിൽ മുഴുകിയിരുന്നു അവൻ...... അവൻ ആദ്യം ആയി കാണുന്ന പോലെ അവളെ നോക്കി. മറക്കില്ല ഇവന്നെ. ഒരിക്കലും മറക്കില്ല..... ഇജുക്ക കളവ് പറഞ്ഞതാണ്

ഇവൻ തന്നെയാണ് എന്റെ പ്രണയം...... അവൾ അവളെ  മനസ്സിൽ ഉരുവിട്ടുകൊണ്ടിരുന്നു..... ഭ്രാന്ത് പിടിച്ച പോലെ അവൾ അവന്റെ മുഖത്ത് ചുണ്ടുകൾ പതിപ്പിച്ചു കൊണ്ടിരുന്നു.

ഇനൂ... അവന്റെ വിളിയിൽ അവളൊന്ന് ഞെട്ടി.

അവൾ അവന്നെ ഇറുക്കെ കെട്ടിപിടിച്ചു കഴുത്തിൽ മുഖം പൂഴ്ത്തി കിടന്നു...

അവളുടെ മനസ്സിൽ സഹിക്കാൻ പറ്റാത്ത

എന്തോ സംഭവിച്ചിട്ടുണ്ടെന്ന് അവന്ന് മനസ്സിലായി...... പതുക്കെ ചോദിക്കാം എന്ന് കരുതി അവൻ അവളെ തിരിച്ചു കെട്ടിപിടിച്ചു. അപ്പോഴാ ഉമ്മ വന്നത് വാതിൽ തുറക്കുന്ന ശബ്ദം കേട്ടതും അവൾ അവനെ വിട്ടു മാറി ഇരുന്നു.

അവന്ന് ജ്യൂസ് എടുത്തു വന്നതായിരുന്നു. അവളെ കണ്ടതും മുഖം തിരിച്ചു അവന്റെ കയ്യിൽ കൊടുത്തു.

പോകുമ്പോൾ അവളോട് പറഞ്ഞു. ചൂട് വെള്ളത്തിൽ ദേഹം തുടച്ച മതി. കുളിക്കാൻ വിടണ്ട. ബെഡിൽ നിന്നും എഴുന്നേൽക്കാനും വിടണ്ട. അതും പറഞ്ഞു പോയി. അവൾ തിരിച്ചു തലയാട്ടി.

ഉമ്മ പോയതും അവൻ വാതിൽ അടച്ചു വന്നു. ദയവു ചെയ്തു ഉമ്മ പറഞ്ഞത് കേൾക്കരുത്. ഞാൻ പഴയ പത്തു വയസ്സുകാരൻ അല്ല. ഇങ്ങനെ ഒക്കെ ചെയ്യാൻ..... രാവിലെ മുതൽ ഒരേ കിടത്തം കിടന്നു ബോറടിച്ചു മരിക്കാൻ ആയി. ബെഡിൽ നിന്ന് ഇറങ്ങാൻ വിട്ടിട്ടില്ല

ഉമ്മ. ഇനി നിന്റെ വക കൂടി താങ്ങില്ല. എനിക്കൊന്ന് കുളിക്കണം.....

ഉമ്മ പറഞ്ഞത് ദേഹം തുടക്കാൻ ആണ്. കുളിക്കണ്ട. ബെഡിൽ നിന്നും എഴുന്നേൽക്കുകയും വേണ്ട.

എന്റെ പനിയൊക്കെ ഇന്നലെ പോയതാ. ഉമ്മാക്ക് വട്ടാണ് അതാണ് ഇങ്ങനെ ഒക്കെ പറയുന്നത്.

എന്റെ ജുനു ഇങ്ങനെ ആണ് എന്നെ ചെയ്യൽ .

അതോണ്ട് മര്യാദക്ക് വന്നു കിടന്നോ.... അവൾ കയ്യിൽ പിടിച്ചു ബെഡിൽ ഇരുത്തി.

എല്ലാത്തിനും മെന്റൽ ആണല്ലോ പടച്ചോനെ  അവൻ തലക്ക് കൈ വെച്ചു.

ജൂസ് എടുത്തു അവന്ന് കൊടുത്തു.

നീ കുടിച്ചോ

അവൾ ഒരു നിമിഷം അവന്നെ നോക്കി. ഈ നിമിഷം വരെ ഒന്നും കഴിച്ചിട്ടില്ല. പച്ചവെള്ളം പോലും കുടിച്ചിട്ടില്ല. രാവിലെ കാന്റീനിൽ പോയില്ല ഇജു ലീവ് തരാത്ത ദേഷ്യം ആയിരുന്നു മനസ്സിൽ. ഫൈസിന്റെ കൂടെ ഇരിക്കാൻ പറ്റാത്ത സങ്കടവും.... ഭൂമി കുലുങ്ങിയാലും ചായ കിട്ടണം പറഞ്ഞു തല്ല് ഉണ്ടാക്കുന്ന ഞാൻ ആണ്. ഫൈസ്ന് വേണ്ടി അത് പോലും മറന്നിരിക്കുന്നു. എന്നിട്ടാണോ ഇജുക്ക ഇവനെ മറക്കുമെന്ന് പറഞ്ഞത്. അവളുടെ ചുണ്ടിൽ ഒരു പുഞ്ചിരി മിന്നി മാഞ്ഞു.

ഇരിക്ക് എന്ന് പറഞ്ഞു അവളെ അവിടെ പിടിച്ചു ഇരുത്തി. കോളേജ് വിട്ടു വരുന്നതേ ഉള്ളൂ. മുഖത്ത് നല്ല ക്ഷീണം ഉണ്ട് കുടിക്ക് എന്ന് പറഞ്ഞു അവളെ നേരെ നീട്ടി.

ഞാൻ താഴെ പോയി കുടിച്ചോളാം ഫൈസ് കുടിച്ചോ പറഞ്ഞു എണീറ്റു.

പറഞ്ഞത് കെട്ട മതി എന്ന് പറഞ്ഞു അവളെ കയ്യിൽ പിടിച്ചു വലിച്ചു അവന്റെ മടിയിൽ ഇരുത്തി.

അവളിൽ ഒരു വിറയൽ പടർന്നുകയറി. അവൾ തിരിഞ്ഞു നോക്കാൻ ശ്രമിച്ചെങ്കിലും അവൻ അവളുടെ പിറകിൽ ചാരി ഇരുന്നു മുഖത്തിന്റെ വലത് വശത്തോടെ മുഖം മുന്നിലേക്ക് കൊണ്ട് വന്നു. അവന്റെയും അവളുടെയും കവിളുകൾ തമ്മിൽ ഉരസി. ഒരു കോരിതരിപ്പ് ശരീരം മുഴുവൻ വ്യാപിച്ചു. രോമങ്ങൾ എഴുന്നേറ്റു നിൽക്കുന്നത് അവൾ കണ്ടു. ഒരു കൈ വയറിലൂടെ ചുറ്റിപിടിച്ചിരുന്നു.

കുടിക്ക് എന്ന് പറഞ്ഞു മറു കൈ കൊണ്ട് വായിൽ വെച്ചു. അവന്റെ ചുണ്ടുകൾ അവളുടെ കാതിൽ ഒരു നിശ്വാസത്തിന്റെ അകലത്തിൽ വെച്ചു. അവൾക്ക് എതിർക്കാൻ പറ്റാത്ത അവസ്ഥയിൽ ആയിരുന്നു. അവൾ വാ തുറന്നു പോയി . മുഴുവൻ കുടിച്ചിട്ടേ വിട്ടുള്ളു. കുടിച്ചു കഴിഞ്ഞതും തള്ളിമാറ്റി എഴുന്നേറ്റു. അവളുടെ മുഖം ചുവന്നു തുടുത്തിരുന്നു. അവനെ നോക്കൻ ആവാതെ നാണത്തിൽ കുതിർന്ന

കണ്ണുകൾ താഴ്ത്തി.

ഞാൻ കുളിച്ചിട്ട് വരാം എന്ന് പറഞ്ഞു അവൻ എഴുന്നേറ്റതും അവൾ ദേഷ്യത്തോടെ നോക്കി അവിടെ പിടിച്ചു ഇരുത്തി. കുളിക്കണ്ട ദേഹം തുടച്ച മതി എന്ന് ഉമ്മ പറഞ്ഞത്.

മൈന്റിൽ ഇനി അതേ ഉണ്ടാകുന്ന് ഓർത്തതും അവൻ തലക്ക് കൈകൊടുത്തു ബെഡിൽ ഇരുന്നു. ഉമ്മാക്ക് ഇപ്പോഴും കുട്ടിയാണ്. അസുഖം വന്നാൽ അന്നും ഇന്നും ഇത് പോലാണ്. ഇവൾക്കോ...... ഏതായാലും കണ്ണ് വെട്ടിച്ചു കുളിക്കാം. പിന്നെ വെറുതെ കിട്ടുന്ന ഈ സ്നേഹം എന്തിനാ വേണ്ടെന്നു വെക്കുന്നെ. അവന്റെ മുഖത്ത് കുസൃതി ചിരി വിരിഞ്ഞു.

അവൾ ടവ്വൽ നനച്ചു എടുത്തിട്ട് വന്നു.

ഷർട്ട് അഴിക്ക് ഫൈസ്.....

എനിക്ക് വയ്യാത്ത അറിയില്ലേ ഇനു. കൈ പൊക്കാൻ തന്നെ തീരെ വയ്യ.....

അവളുടെ ചുണ്ടിൽ ഒരു പുഞ്ചിരി വിരിഞ്ഞു. കുളിക്കാൻ വിടാത്ത വാശി കാണിക്കാണെന്ന്

അറിയാം. ഉമ്മ പറഞ്ഞോണ്ട സോറി. ശരിക്കും പറഞ്ഞ തലവഴി നല്ല പച്ച വെള്ളം ഒഴിച്ചാൽ കിട്ടുന്ന സുഖം ആണ് മോനെ പനിയുടെ ഏറ്റവും നല്ല മരുന്ന്....

ഇത് അറിഞ്ഞിട്ടാണോ കോപ്പേ എന്നെ കുളിക്കാൻ വിടാതെ....

ജുനിന്റെ മരുന്ന് ആണ് ആ കുളി. ഉമ്മഇത് പോലെ വടിയെടുത്തു പിറകെ ഓടും അപ്പോൾ.... ഫൈസ് ഇപ്പൊ കുളിച്ച

ഉമ്മ എന്നെ വഴക്ക് പറയും അതോണ്ടാ വിടാതെ.....

ഞാൻ ആയിട്ട് ഇനി അമ്മായി അമ്മ പോര് എടുപ്പിക്കുന്നില്ല എന്നും പറഞ്ഞു അവൻ ഷർട്ട് ഊരി.

അവൾ അടുത്തേക്ക് വന്നപ്പോൾ അവളുടെ മുടി മുമ്പിലേക്ക് വീണു അവന്റെ മുഖത്ത് തട്ടുന്നുണ്ടായിരുന്നു. ശാമ്പുവിന്റെ നേരിയ സ്മെൽ അവളുടെ സ്മെൽ അവനെ പൊതിഞ്ഞു..... അവളുടെ കൈകൾ ദേഹത്തു തട്ടുന്നതും ഒക്കെ അവന്റെ മനസ്സ് താളം തെറ്റാൻ തുടങ്ങിയിരുന്നു. അവൾ കുനിഞ്ഞു നിന്ന് തുടച്ചു  കൊടുക്കുമ്പോൾ

അറിയാതെ അവളെ കഴുത്തിലോട്ടും നോട്ടം പോയി. ഷാൾ നീങ്ങി പോയൊണ്ട് തന്നെ കുനിഞ്ഞു നിൽക്കുമ്പോൾ  ചുരിദാർ താഴ്ന്നിരുന്നു. അവന്റെ നോട്ടം മുഴുവൻ അവളുടെ മറുകിൽ ആയിരുന്നു. അവിടെ കടിച്ചത് ഓർത്തതും അവനിൽ ഒരു പുഞ്ചിരി വിരിഞ്ഞു. അവളെ വാരി പുണരാൻ അവളുടെ ശരീരത്തോട് ചേരാൻ തന്റെ ശരീരവും മനസ് തുടിച്ചു.കൺട്രോൾ വിട്ടു പോകുന്നു തോന്നിയതും അവൻ മതീന്ന് പറഞ്ഞു അവളെ കൈ പിടിച്ചു തടഞ്ഞു.

അവൾ അവളെ തന്നെ നോക്കി നില്കുന്നത് കണ്ടു.

നീയെന്താ ഇങ്ങനെ നോക്കുന്നെ

നീ നോക്കുന്നത് എവിടെ ആണെന്ന്.....

അവൻ കണ്ണും മിഴിച്ചു അവളെ നോക്കി.

എനിക്കറിയാം നോക്കിത് മാറിൽ അല്ലേ

ഞാൻ കണ്ടിരുന്നു. ശരീരത്തിൽ മോശമായി നോക്കാൻ പാടില്ല. തെറ്റല്ലേ അത്. ജുനു ഇണ്ടാരുന്നെങ്കിൽ മൂക്കിടിച്ചു പരത്തിയേനെ. എന്നെ ഇങ്ങനെ ദേഹത്തു നോക്കിയ ഒരുത്തനെ

ജുനു തല്ലിച്ചോര വരുത്തിച്ചിരുന്നു. അവൻ അത് കേട്ടു  ഞെട്ടിപ്പകച്ചു നിന്നു.

ഞാൻ...... അത് പിന്നെ..... അവൻ നിന്നു പരുങ്ങി. ഒരു നിമിഷം അവൻ ആലോചിച്ചു നിന്നു. തന്നെ ഒരു മോശം ആയി അവൾ കണ്ടതെന്ന് ഓർത്തപ്പോൾ സങ്കടം വന്നെങ്കിലും അവൾക്ക് അറിയാത്ത കാര്യം ആണെന്ന് ഓർത്തു സമാധാനിച്ചു.

ഭാര്യയുടെയും ഭർത്താവിന്റെയും ഇടയിൽ തെറ്റല്ല ഇനു അത്. ഭാര്യയുടെ ശരീരത്തിൽ ഭർത്താവിനും ഭർത്താവിന്റെ ശരീരത്തിൽ ഭാര്യക്കും അധികാരം ഉണ്ട്. തൊടുന്നതിനോ നോക്കുന്നതോ തെറ്റല്ല.

പരസ്പരം ഇഷ്ടപെടുന്നു എന്നെ അർത്ഥം ഉള്ളൂ..... ബാക്കിയുള്ളവർ നോക്കുന്നത്തെ പ്രോബ്ലം ഉള്ളൂ....

അവൾ എന്തൊ ആലോചിച്ചു നിന്നു.

അടുത്ത കുരിശ് ചോദ്യം എന്താന്ന് അറിയാത്തോണ്ട് അവന്റെ ഉള്ളിൽ പൊട്ടിത്തെറിക്കാൻ പാകത്തിൽ എത്തിരുന്നു.

ഞാൻ അന്ന് ദേഹത്തു തൊട്ടപ്പോ ഫൈസ് ഓടിയതോ.....

അവൻ നിന്ന് തല ചൊറിഞ്ഞു. കോപ്പ് ഇതിനെന്ത് മറുപടി പറയും ഇനി. അന്ന് ഓടിയിരുന്നില്ലെങ്കിൽ ബോധിയനട്ടമി മൊത്തം പഠിച്ചേനെ.....

ഭാര്യയും ഭർത്താവ്  തമ്മിൽ മനസ്സ് കൊണ്ടും ശരീരം കൊണ്ടും ഒന്നായാൽ തെറ്റല്ല ഇനു. അത് നാച്ചുറലി സംഭവിക്കുന്നതാണ്. നീ എന്റെയാണ് എന്റെ സ്വന്തം.....നിന്നെ തൊടാനും നോക്കുവാനും എനിക്ക് മാത്രം അധികാരം ഉള്ളൂ....  അതേ അധികാരം നിനക്ക് എന്നിലും ഉണ്ട് കാരണം ഞാൻ നിന്റെ ഹസ്ബൻഡ് ആണ്.... അവളുടെ കൈ അവന്റെ കൈക്കുള്ളിൽ വെച്ചു അവളെ മുഖത്ത് നോക്കി അർദ്രമായി പറഞ്ഞു. അവന്റെ ഉള്ളിലെ പ്രണയം അവന്റെ കണ്ണുകളിലും മുഖത്തും നിറഞ്ഞു നിന്നിരുന്നു.

സഹോദരൻ സഹോദരിയെ കല്യാണം കഴിക്കോ...... പിന്നെങ്ങനെ ഫൈസ് എന്റെ ഭർത്താവ് ആവുന്നത്.

അവന്റെ മുഖത്ത് ദേഷ്യം സങ്കടം ഒക്കെ വന്നിരുന്നു. ഇതിന്റെ മനസ്സിൽ ഇങ്ങനെ ഒരു ചിന്തയും ഉണ്ടായിരുന്നോ..... ജുനു..... അവൻ നന്നായി സ്മരിച്ചു. അന്നേ പറഞ്ഞത ഇതെങ്കിലും മനസ്സിൽ

നിന്ന് മായിക്കാൻ.....

ജുനുവിനെ നീ വിവാഹം കഴിക്കോ...

ജുനു എന്റെ ബ്രദർ അല്ലേ.....

അത് നിനക്ക് അറിയാലോ....... ഞാൻ നിന്നെ കല്യാണം കഴിച്ചെങ്കിൽ പിന്നെ നിന്റെ ബ്രദേർ ആകോ.....

അതില്ല...... ജുനു പറഞ്ഞു ഇക്കാക്കയായി കാണണമെന്ന്......

അത് വിവാഹത്തിന് മുൻപ് അല്ലേ. വിവാഹം കഴിഞ്ഞതോടെ അത് മാറി. ഞാൻ ഇപ്പോൾ നിന്റെ ഭർത്താവ് ആണ്. നീയെന്റെ ഭാര്യയും.

എന്നെ ഇഷ്ട്ടം ആണോ അപ്പോൾ..... എന്നെ സ്നേഹിക്കുന്നുണ്ടോ ഫൈസ്.....

അവൻ ശ്വാസം കഴിക്കാൻ പോലും മറന്നു അവളെ നോക്കി...... ഞാൻ ഇത് അങ്ങോട്ട് ചോദിക്കാനും ഐ ലവ് യൂ പറയാനും കഷ്ട്ടപെടുന്നു. ഇവളിത് എത്ര ഈസി ആയാണ് ചോദിച്ചത്...... അവളുടെ കണ്ണുകളിൽ അപ്പോൾ പ്രണയം അല്ലെന്ന് അവൻ കണ്ടു. എന്തൊക്കെയോ അറിയാനും

മനസ്സിലാക്കാനും ഉള്ള ഭാവം......

നിന്നോളം ഞാൻ മറ്റൊന്നിനെയും സ്നേഹിക്കുന്നില്ല ഇനു...... അവളുടെ നീലക്കണ്ണുകളിലേക്ക് നോക്കി പ്രണയത്തോടെ പറഞ്ഞു.

അവളുടെ കണ്ണുകൾ തിളങ്ങി..... ആഗ്രഹിച്ചത് എന്തോ വെട്ടിപിടിച്ച പോലെ മുഖം സന്തോഷം കൊണ്ട് ചുവന്നു തുടുത്തു.

അവൾ വിശ്വസിക്കാൻ ആവാത്ത പോലെ  അവനെ നോക്കി ഒരിക്കൽ കൂടി ചോദിച്ചു

ഡൂ യു ലവ് മി......

അവളുടെ മുഖം കയ്യിലെടുത്തു കണ്ണുകളിലേക്ക് നോക്കി അവൻ പറഞ്ഞു മാഡ്‌ലി ലവിങ് വിത്ത് യൂ.....

അവൾ അവനെ കെട്ടിപിടിച്ചു കവിളിൽ അമർത്തി കിസ്സ് കൊടുത്തു....

പറഞ്ഞത് എന്താന്ന് എനിക്ക് തന്നെ അറിയില്ല പടച്ചോനെ. ഈ പറഞ്ഞതിൽ എന്തൊക്കെ തലയിൽ കേറിയിട്ട് ഉണ്ടാകും എങ്ങനെ കേറിയിട്ട് ഉണ്ടാകും എന്ന് തന്നെ അറിയില്ല എങ്ങനെ ഇവള്ക്ക്

സെക്സ്നെ പറ്റി പറഞ്ഞു കൊടുക്കുക......

വിവാഹബന്ധത്തെ പറ്റി പറഞ്ഞു കൊടുക്കുക.....
അവൻ ഒരു ദീർഘനിശ്വാസത്തോടെ അവളെ തിരിച്ചു പുണർന്നു.

💞💞💞💞

രാത്രി ഉറങ്ങാൻ കിടന്നിട്ടും അവൾക്ക് ഉറക്കം വരുന്നില്ലായിരുന്നു. ഉപ്പന്റെ മുഖം മാത്രം മനസ്സിൽ ഉള്ളൂ. ഞാൻ ആണ് ആ മരണത്തിന് കാരണക്കാരിയെന്നത് അവളെ കുത്തി നോവിച്ചു കൊണ്ടിരുന്നു.

അവനും കാണുന്നുണ്ടായിരുന്നു ഈ തിരിഞ്ഞും മറിഞ്ഞും കിടന്നുള്ള കിടത്തവും അസ്വസ്ത മായ മനസ്സും. അവൻ അവളെ ബലമായി പിടിച്ചു അവന്റെ നെഞ്ചിൽ ചേർത്ത് കിടത്തി.....ഇടക്ക് ഉറക്കം ഞെട്ടിയപ്പോഴും കണ്ടു ഉറങ്ങാതെ ചിന്തിച്ചു കൊണ്ടിരിക്കുന്നത്. തലവേദന ഇല്ലാത്തത് കൊണ്ട് പഴയ കാര്യങ്ങൾ ആണെന്ന് അവന്ന് തോന്നി.

💞💞💞💞💞

രാവിലെ എഴുന്നേറ്റതും ഇനുവിനോട് ഫൈസ് വേഗം

റെഡിയാവാൻ പറഞ്ഞു.

എവിടേക്കാണെന്ന് ചോദിച്ചിട്ട് ഒന്നും പറഞ്ഞില്ല. അവൾ പോകുന്ന വഴി കുറെ ചോദിച്ചു ഒന്നും മിണ്ടിയില്ല. കാർ നിർത്തിയടത്തേക്ക് നോക്കി. സ്വാന്തനം ട്രസ്റ്റ്.

എന്താ ഫൈസ് ഇവിടെ

ഉപ്പ മരിച്ച ദിവസം അല്ലേ ഇന്ന്. ഇന്ന് ഇവരെ കൂടെ കുറച്ചു സമയം സ്പെൻഡ് ചെയ്യാം. നിന്റെ വക ജുനു ചെയ്യുന്നത് പോലെ അന്നദാനം നടത്താം....

അവൾ നിറഞ്ഞ കണ്ണുകളോടെ അവനെ നോക്കി.

താങ്ക്സ് പറഞ്ഞ തല്ലും പറഞ്ഞിട്ട.... അവൻ ചെറു ചിരിയോടെ പറഞ്ഞു.

അവളൊന്ന് ചിരിക്കുക മാത്രം ചെയ്തു.

അപ്പോഴാണ് ഫൈസിയെ ആരോ വന്നു വിളിച്ചത്.

അവൻ അവളോട് ഉള്ളിലേക്ക് പോകാൻ പറഞ്ഞിട്ട് അവരെ കൂടെ പോയി. അവൾ അകത്തേക്ക് കേറിയപ്പോൾ കണ്ടു ഇജാസിന്റെ ഉമ്മ അവിടെ നില്കുന്നത്.

അവൾ ഞെട്ടലോടെ അവരെ നോക്കി.

ആന്റി എന്താ  ഇവിടെ

ഞാൻ മോളെ കാണാൻ വന്നതാ. എനിക്ക് കുറച്ചു സംസാരിക്കാൻ ഉണ്ട്. ഇന്ന് ഇവിടെ വരുന്നു ശഹി പറഞ്ഞു. നിന്നെ പോലെ ഫൈസിയുടെ സന്തോഷവും ഇവിടെ ആണെന്ന് പറഞ്ഞു.

 ഫൈസിയുടെ സന്തോഷം എങ്ങനെ ഇവിടെ.....ആ പറഞ്ഞത് അവൾക്ക് മനസ്സിലായില്ല.  ഇന്ന് വരെ എന്നെ കാണാനോ സംസാരിക്കാനോ  വരാത്ത ആൾ എന്താ ഇവിടെ എന്ന ചിന്തആയിരുന്നു മനസ്സ് മുഴുവൻ

📚STORY BOARD📚

❤️    💔 INVISIBLE LOVE  💔❤️

Love after💘 marriage story

Part 48

എന്താ ആന്റിക്ക്  പറയാൻ ഉള്ളത്. ജന്നത് രാജകുമാരിയെ പറ്റിയും മഹാറാണി പട്ടത്തെ

പറ്റിയും ഒഴിച്ച് വേറെന്തും പറയാം .....

ഇല്ല മോളെ നിന്നോട് ഒരിക്കലും ഞാൻ അങ്ങോട്ട് വരാൻ പറയില്ല. ഇനിയൊരു ദുരന്തം കൂടി താങ്ങാൻ ഉള്ള ശേഷി ഈ ഉമ്മാക്കില്ല. ഒരു ജന്മം അനുഭവിക്കേണ്ടത് മൊത്തം ഞാൻ അനുഭവിച്ചു കഴിഞ്ഞു.

ഇനി നിനക്ക് കൂടി അങ്ങനെ ഒരു ദുരന്തം സംഭവിക്കാൻ ഞാൻ സമ്മതിക്കില്ല. അവളുടെ തലയിലൂടെ തലോടി പറഞ്ഞു.

അവരെ കണ്ണുകൾ നിറഞ്ഞത് കണ്ടു അവൾക്ക് സങ്കടം വന്നു.

ഇത്രയും നാൾ ബലമായി കൊണ്ട് പോകാൻ നോക്കിയവര ഇപ്പൊ അങ്ങോട്ട് വരണ്ടന്നോ...... അതെന്താ തീരുമാനം പെട്ടെന്ന് മാറിയത്..... മാത്രം അല്ല ഇവർ എന്തൊക്കെ പറയുന്നത് ഒന്നും മനസ്സിൽ ആകുന്നില്ലല്ലോ.....അ വരെ കണ്ണുനീർ കണ്ടപ്പോ സങ്കടം വന്നു അവൾക്ക്.

കരയല്ലേ ഉമ്മ...... ഉമ്മാക്ക് ഇപ്പൊ എന്താ സങ്കടം...... അവൾ ആ കണ്ണുകൾ തുടച്ചു കൊണ്ട് ചോദിച്ചു.

ഉമ്മ..... ആ വിളിയിൽ അവരൊന്നും പകച്ചു അവളെ നോക്കി.

എന്നോട് ദേഷ്യം ഇല്ലേ മോൾക്ക്.

എന്തിന് എന്റെ ജുനു പറഞ്ഞിട്ടുണ്ടല്ലോ ആരോടും ദേഷ്യം വെറുപ്പും കാണിക്കരുത്. സാഹചര്യം കൊണ്ട് തെറ്റ് ചെയ്തവരാ എല്ലാരുംന്ന്.

അവളുടെ മുന്നിൽ ചെറുതായ പോലെ തോന്നി അവർക്ക്.

ആന്റി എന്തിനാ വന്നത്......

ഉമ്മ എന്ന് തന്നെ വിളിച്ചോടെ...... അവർ മടിച്ചു മടിച്ചു ചോദിച്ചു.

അവളൊന്ന് ചിരിച്ചു..... ഇജുക്കന്റെ ഉമ്മ എന്റെയും ഉമ്മ തന്നെയാ. അങ്ങനെ കാണാനാ ഇജുക്ക പ ഠിപ്പിച്ചത്. പിന്നെ വിളിക്കുന്നത് അതിപ്പോ വായിൽ വരണപോലെയാ..... എനിക്കിഷ്ടം ആണ് ഈ ഉമ്മനെയും....

ഞാൻ വന്നത് ഇജുന് വേണ്ടിയാണ്......

അവൾ മുഖം താഴ്ത്തി....

അക്കാര്യം മാത്രം പറയല്ലേ. എനിക്ക് ഈ ലോകത്ത് എന്റെ ജുനു മാത്രം ഉള്ളൂ. എനിക്ക് വേണ്ടി ഈ ജന്മം തന്നെ മാറ്റിവെച്ചവന. ജുനുനെ വേദനിപ്പിക്കുന്ന ഒന്നും ഞാൻ ചെയ്യില്ല. എന്നോട് പൊറുക്കണം. എനിക്ക് ജന്നത് ഹൗസിലെ മഹാറാണി ആവണ്ട. ജുനിന്റെ അനിയത്തി ആയ മതി.

എല്ലാം എന്റെ തെറ്റാണ്.....ഞാൻ ചെയ്ത തെറ്റിന് ശിക്ഷ അനുഭവിക്കുന്നത് എന്റെ മോനാണ്. അത് കാണാനുള്ള ശേഷി ഇല്ലാത്തോണ്ടാ മോളെ കാണാൻ വന്നത്. എല്ലാവരും മക്കളെ സ്നേഹവും വാത്സല്യം   കൊടുത്തു വളർത്തും. ഞാൻ എന്റെ മോനെ വളർത്തിയത് ഇനായ എന്ന് പറഞ്ഞാണ്.ഊണിലും ഉറക്കിലും അവനെ പറഞ്ഞു പഠിപ്പിച്ചത് ഇനായ അവന്റെ സ്വന്തം ആണെന്ന. അവന് മോളെന്ന് വെച്ച ഭ്രാന്ത് ആവാൻ കാരണം ഞാൻ തന്നെയാ. ഞാൻ ചെയ്ത തെറ്റിന് അവനിലൂടെ പരിഹാരം കാണാൻ ശ്രമിച്ചു...... നിന്നെ സ്വന്തം ആക്കാൻ വേണ്ടി അവനിൽ വാശി കയറ്റി. ഇപ്പൊ നിന്നെ നഷ്ടപ്പെട്ടപ്പോൾ ഭ്രാന്ത് പിടിച്ച പോലെ നടക്കുന്ന അവനെ കണ്ടു നെഞ്ച് നീറുവാ.

അവള് തലതാഴ്ത്തി ..... എന്റെ വിവാഹം കഴിഞ്ഞു.

ജുനു ചെയ്തത് തെറ്റ് തന്നെയാണ്. പക്ഷേ അവനെ വേദനിപ്പിക്കാൻ വയ്യ...... എന്തിനാ ജുനു അങ്ങനെ ചെയ്തെന്ന് അറിയില്ല.  ഞാൻ കാരണം എന്റെ ഉപ്പ മരിച്ചു.... ഇനിയൊരു ദുരന്തം കൂടി ഞാൻ കൂടി ഉണ്ടാവേണ്ട. ഞാൻ വേണേൽ എല്ലാരേം കാൽ പിടിക്കാം. വാശിയും വൈരാഗ്യം കളഞ്ഞു എന്നെ വെറുതെ വിട്ടോടെ.....

ജുനു ഒരു തെറ്റും ചെയ്തിട്ടില്ലെന്ന് പറയാൻ നാവ് ഉയർന്നെങ്കിലും അത് അവൾക്ക് തീരാവേദന ഉണ്ടാക്കുമെന്ന് ഓർത്ത് ഒന്നും പറഞ്ഞില്ല.

മോള് കരുതുന്ന പോലെ ഉപ്പന്റെ മരണത്തിനു കാരണം നീയോ ഇജുവോ അല്ല......

അവൾ അവരെ നോക്കി വേദനയോടെ ചിരിച്ചു..... ജന്നത് ആണ് എല്ലാത്തിനും കാരണം അത് പകൽ പോലെ സത്യം ആണ്. ഇജുക്ക ഒന്നും ചെയ്തില്ലെന്ന് പറയാൻ വന്നതാണോ....

എന്റെ മോന് അറിഞ്ഞോണ്ട് ഒരു തെറ്റും ചെയ്തിട്ടില്ല. അന്ന് അങ്ങനെ ഒക്കെ സംഭവിച്ചതിൽ അവന്ന് കുറ്റബോധം ഉണ്ടായിരുന്നു. നീ അവനെ കാണണ്ട വെറുപ്പാണ് എന്നൊക്ക പറഞ്ഞപ്പോൾ

അവനാകെ തളർന്നു. നിന്റെ ഉപ്പന്റെ മരണത്തിന് കാരണക്കാരൻ അവനും കൂടിയാണെന്ന് തോന്നിയപ്പോ ആകെ ഡിപ്രഷൻ സ്റ്റേജിൽ എത്തിയിരുന്നു. ആരോടും മിണ്ടാതേം പറയാതെയും റൂമിൽ തന്നെ കിടപ്പായിരുന്നു. നിന്റെ വാക്കുകൾ അത്രമാത്രം അവന്നെ തളർത്തിയിരുന്നു. ഞാൻ നിന്റെ ജുനുനെ വന്നു കണ്ടു കാര്യം പറഞ്ഞു. അവൻ അപ്പോൾ തന്നെ വീട്ടിലേക്ക് വന്നു. അന്ന് പ്രശ്നത്തിനിടക്ക് നിന്റെ ഉപ്പ തളർന്നു വീണത് മാത്രം സത്യം ഉള്ളൂ. നിന്റെ ഉപ്പാക്ക് കാൻസർ ആയിരുന്നു. ലാസ്റ്റ് സ്റ്റേജിൽ ആണ് അറിഞ്ഞത്. രക്ഷപെടാൻ ഒരു ചാൻസ് ഇല്ലായിരുന്നു. നിന്നെ സങ്കടപെടുത്താൻ വയ്യാത്തോണ്ട് ആരും പറയാഞ്ഞത മോളോട്. ജുനുന് അറിയാരുന്നു എല്ലാ കാര്യവും. അവൻ തന്നെ ഇജാസിനോട് പറഞ്ഞ കാര്യം ആണിത്.  നിന്റെ ഫാമിലിയിൽ ഉള്ളവർ കിട്ടിയ സമയം ദേഷ്യം തീർക്കുകയാരുന്നു. നിന്റെ കാര്യം അറിഞ്ഞു അറ്റാക്ക് വന്നു മരിച്ചതാണെന്ന് പറഞ്ഞു. നീയത് വിശ്വസിച്ചു. മോളെ മനസ്സിൽ ഇങ്ങനെയൊരു കരട് ഉള്ളത് ജുനു അറിഞ്ഞിരുന്നെങ്കിൽ ഇതിന് മുന്പേ തിരുത്തുവായിരുന്നു. ഇജു ചെയ്തത് തെറ്റ്

തന്നെയാണ്..... സമ്മതിച്ചു.... പക്ഷേ  നീയോ അവനോ ഉപ്പന്റെ മരണത്തിന് കാരണക്കാരല്ല.

അവൾ വിശ്വസിക്കാൻ ആവാതെ അവരെ നോക്കി.

ഇജ്ജുനെ ന്യായീകരിക്കാൻ വന്നതല്ല. മോള് തന്നെ ആലോജിക്ക് ഇജ്ജുനെ പറ്റി എപ്പോഴെങ്കിലും ജുനു കുറ്റം പറഞ്ഞിട്ടുണ്ടോ.... ഉപ്പന്റെ മരണത്തിന് കാരണക്കാരൻ എന്ന് പറഞ്ഞു കേട്ടിട്ടുണ്ടോ..... പിരിഞ്ഞിട്ടും ദേഷ്യത്തോടെയെങ്കിലും ഇജ്ജുനെ പറ്റി ഒരു വാക്ക് പറഞ്ഞിട്ടുണ്ടോ.....

അവൾ ഇല്ലെന്ന് തലയാട്ടി.

ഇതിന്റെ പേരിൽ അവനെ ഇനി കുറ്റപെടുത്തി വെറുക്കല്ലേ മോളെ

അവളുടെ നീറിപുകയുന്ന  മനസ്സ് ഒന്ന് തണുത്തത് അപ്പോഴായിരുന്നു.

ജന്നത്ത്....... അവർ വാ തുറന്നതും അവൾ കൈ കൊണ്ട് വിലക്കി.

വർഷങ്ങൾ ആയി മനസ്സിൽ ഉണ്ടായിരുന്ന കുറ്റബോധം കുറച്ചു കുറഞ്ഞുന്ന് സത്യം ആണ്. പക്ഷേ ജന്നത് ആണ് ഈ പ്രശ്നങ്ങൾക്ക് കാരണം

എന്ന് പറയാതിരിക്കാൻ കഴിയോ നിങ്ങൾക്ക്.

എന്റെ ജുനുന്റെ കണ്ണിൽ നിന്നും വീണ കണ്ണുനീരിനു...... അമ്മിജാൻ അപമാനിച്ചു വിട്ടപ്പോൾ തകർന്ന ആ മനസ്സിന് മുൻപിൽ പൊറുക്കാൻ ആവില്ല എനിക്കൊന്നും. ആ പേര് പോലും കേൾക്കണ്ട എനിക്ക്...... അവളുടെ ശബ്ദം ഉയർന്നിരുന്നു.

മോളെ ഞാൻ......

വേണ്ട ഉമ്മ...... അത് മാത്രം എനിക്ക് പറ്റില്ല. കേൾക്കണ്ട എനിക്കൊന്നും.

ഞാൻ അതൊന്നും പറയാൻ വന്നതല്ല. എന്റെ മോന് വേണ്ടി അപേക്ഷിക്കാൻ വന്നതാണ്.... അവരുടെ വാക്കുകൾ ഇടറിയിരുന്നു.

ഇജുക്കക്ക് എന്താ പറ്റിയെ അവളിൽ പേടിയും പരിഭ്രമവും നിറഞ്ഞു.

ആകെ പഴയ പോലെ ഡിപ്രഷനിൽ പെട്ട പോലെയാ ഇപ്പോൾ..... കാണാൻ വയ്യ അവനെ. ഇന്നലെ തൊട്ട് കിടന്ന കിടപ്പാണ് എഴുന്നേറ്റിട്ട് പോലും ഇല്ല. മോളോന്ന് സംസാരിക്കണം..... മോൾക്ക് മാത്രമേ

അവനെ പഴയ പോലെയാക്കാൻ പറ്റു.അവർ അവൾക്ക് നേരെ കൈ കൂപ്പി.

എന്തായീ ചെയ്യുന്നേ...... പടച്ചോൻ പൊറുകുല എന്നോട്..... പ്രായത്തിൽ താഴ്ന്ന എന്റെ നേരെ കൈ കൂപ്പുകയാണോ തെറ്റല്ലേ അത്.

ഇന്നലെ ഫൈസിനെ ഇഷ്ടം ആണെന്ന് പറഞ്ഞോണ്ട് ആണോ അങ്ങനെ ആയത് അവൾക്ക് ഉള്ളിലൊരു പേടി തോന്നി.

ഇജു സമ്മതിച്ചു തരത്തിടത്തോളം  മോളാണ് ജന്നത് കുടുംബത്തിലെ മഹാറാണി. മോളെ താഴെയാണ് ആ വീട്ടിലെ ഓരോ അംഗവും..... മോള് സമ്മതിച്ചാലും സമ്മതിച്ചില്ലെങ്കിലും സത്യം ആണത്. വർഷങ്ങൾക്ക് മുൻപ് അത് തീരുമാനിക്കപ്പെട്ടതാണ്. ഇജു വിവാഹം കഴിച്ചു ഭാര്യയെ ആ സ്ഥാനത് കൊണ്ട് വരുന്നത് വരെ അത് തടയാൻ ആർക്കും കഴിയില്ല. മോളെ ജുനുന് പോലും...... നിയമപ്രകാരം അവന്ന് സ്വന്തം ആണ് മോള്...... മോൾക്ക് തന്ന വാക്ക് ഓർത്ത് മാത്രം ആണ് അവൻ ആ അധികാരം കാണിക്കാത്തത്.
എന്നെങ്കിലും നീ അവനെ അംഗീകരിച്ച അന്ന് മുതൽ ആരേതിർത്താലും അവൻ മോളെ കൊണ്ട് വരും

ജന്നത് ഹൗസിലേക്ക്.  അവരുടെ വാക്കുകൾ ഇടറിയിരുന്നു അത് പറയുമ്പോൾ.......

ഞാൻ ഒരിക്കലും ഇജുക്കനെ അംഗീകരിക്കില്ല അത് ജുനിന്റെ തലയിൽ തൊട്ട് ഇട്ട സത്യം ആണ്.

പിന്നെ വേറൊരു കാര്യം കൂടി പറയാനുണ്ട്

അവർ മടിച്ചു നിന്നു......

എന്തായാലും പറഞ്ഞോ ഉമ്മ. എന്നെ കൊണ്ട് കഴിയുന്നതാണെങ്കിൽ ഞാൻ ചെയ്തു തരും....

അവനൊരു വിവാഹം കഴിച്ചാൽ എല്ലാ പ്രശ്നവും തീരും. മോളെ പിന്നെ ആ പേരും പറഞ്ഞു ആരും ശല്യപെടുത്തില്ല ഈ ജന്മം ഒരു വിവാഹം വേണ്ടെന്നു പറഞ്ഞു നടക്കുകയാ അവൻ..... ശഹി പറഞ്ഞു മോള് ഏതോ പെൺകുട്ടിയെ അവന്ന് വേണ്ടി ആലോചിച്ചുന്ന്. മോള് കണ്ടെത്തിയതല്ലേ ആരാന്ന് പോലും എനിക്ക് അറിയണ്ട. എനിക്ക് സമ്മതം ആണ് വിവാഹത്തിന്. അവനൊരിക്കലും സമ്മതിക്കില്ലന്ന് അറിയാം. പക്ഷേ മോള് കൊണ്ട് അതിന്ന് സമ്മതിപ്പിക്കാൻ കഴിയും. എന്നെക്കാളും ആരെക്കാളും ഇഷ്ടം ആണ് മോളെ. മോള് പറഞ്ഞ സമ്മതിക്കു..... എനിക്ക് വേണ്ടി അതെങ്കിലും

ചെയ്തു തരോ അപേക്ഷയാണ്...... മോളെ സ്ഥാനത്തു വേറൊരാളെ ആലോചിച്ചത് തന്നെ പൊറുക്കാൻ പറ്റാത്ത തെറ്റാണെന്നു അറിയാം വേറെ വഴിയില്ലാത്തോണ്ട് ആണ്. ഉമ്മാന്റെ ഗതികേട് ആയി കാണണം...... അവരുടെ കണ്ണ് നിറഞ്ഞു ഒഴുകിയിരുന്നു.

ഇത്രയേ ഉള്ളൂ...... ഞാൻ ഒരിക്കലും ആഗ്രഹിച്ചിട്ട് കൂടി ഇല്ലാത്ത കാര്യം ആണ് ജന്നത്തിലേക്ക് വരുന്നത്. ഉമ്മ പേടിക്കണ്ട ആ ഹിറ്റ്ലറെ കൊണ്ട് പെണ്ണ് കെട്ടിക്കുന്ന കാര്യം ഞാൻ ഏറ്റു. അവളെ മനസ്സിൽ അപ്പോൾ വെറുതെ പറഞ്ഞതിന്നു കൈ പിടിച്ചു തിരിച്ചത് ഓർമ്മ വന്നു. അവൾ അറിയാതെ കൈ പിടിച്ചു പോയി.

ഉമ്മ എന്താന്ന് ചോദിച്ചു. നിങ്ങൾക്ക് എങ്ങനെ അങ്ങനെ ഒരു ഹിറ്റ്ലർ ഉണ്ടായെന്നു ഓർത്തതാ...... അവൾ ചിരിയോടെ പറഞ്ഞു.

അവൻ  അവന്റെ അബ്ബായെ പോലെയാണ്. അബ്ബാക്ക് ഇഷ്ടം നിന്നെ പോലെയുള്ള സ്വഭാവം ഉള്ളവരെയാണ്. അതോണ്ടാ നിന്നോട് അവന്ന്  ഇത്ര ഇഷ്ടവും.....

അവളുടെ മുഖം കുനിഞ്ഞു. മുഖത്ത് വേദന പടരുന്നത് അവർ കണ്ടു .....

ഞാൻ അറിയാതെ പറഞ്ഞു പോയതാ... ഇനി പറയില്ല..... നിന്റെ ഭർത്താവിനെ  എനിക്ക് പരിചയപ്പെടുത്തിതരോ....... അവർ വിഷയം മാറ്റി....

ഫൈസ് അറിയണ്ട ഒന്നും എനിക്കിഷ്ടം അല്ല അത്.....

സാരമില്ല..... എല്ലാം നല്ലതിന്ന് ആവും..... അവളെ തലയിൽ തൊട്ട് അനുഗ്രഹിച്ചു...

ഞാൻ പോട്ടെ..... നിന്റെ ഫൈസിയെ എന്റെ ആൾക്കാർ കൂട്ടിട്ട് പോയത്. ഞാൻ പോയാലെ ഫൈസ് വരൂ. അവൾ തലയാട്ടി.....

💞💞💞💞💞

അവൾക്ക് മനസ്സിൽ നിന്നും വലിയൊരു ഭാരം ഒഴിഞ്ഞത് പോലെ തോന്നി. തന്റെ ഉപ്പന്റെ മരണത്തിന് ഞാൻ ഒരു കാരണമല്ലെന്ന് അറിഞ്ഞത് അവൾക്ക് ആശ്വാസം ആയി തോന്നി. ഉപ്പന്റെ ഓർമ്മകൾ വേദനയോടെ ഓർത്തു...... ജുനുവിനെക്കാളും ഇഷ്ടം എന്നെ ആയിരുന്നു. ഫ്രണ്ട്സ്നെ പോലെ ആയിരുന്നു....

💘💘💘💘💘

കാറിൽ എത്തിയതും സീറ്റിൽ ചാരിയിരുന്നു അവർ കരഞ്ഞു.

അവൾ എന്താ പറഞ്ഞെ..... ശഹി അവരെ ചുമലിൽ തൊട്ട് ചോദിച്ചു.

അത് ചോദിക്കാനുണ്ടോ ശഹി..... മാലാഖമാരോട് ചോദിച്ച അവർ സഹായിക്കാതിരിക്കോ..... ഒന്ന് എന്നോട് ദേഷ്യപ്പെട്ടിരുന്നെങ്കിൽ എന്ന് തോന്നി പോയി..... അവൾ എന്നെ ഉമ്മാന്ന് വിളിച്ചു

ഭൂമി പിളർന്നു പോയെങ്കിൽ എന്ന് പോലും ആഗ്രഹിച്ചു പോയി അപ്പോൾ.

ചുമ്മാതാണോ അവളെ എല്ലാരും സ്നേഹിക്കുന്നെ. മുഖത്തിട്ട് കൊടുത്ത കൈ വേദനിച്ചോന്ന് ചോദിച്ചു വരും. അത്ര പാവ അവൾ. ആകെ ശബ്ദം എടുക്കുന്നതും ദേഷ്യപ്പെടുന്നതും എല്ലാം ഇജുക്കനോട് മാത്രം ആണ്. അവൾക്ക് അറിയാം അല്ലെങ്കിൽ അവനെ സ്നേഹിച്ചു പോകുന്നു......

നീയും അവളോട് ദേഷ്യം കാണിക്കുന്നത് അത് കൊണ്ടാണോ.....

പിന്നല്ലാതെ...... അല്ലെങ്കിൽ ഞാൻ അവളെ കാൽ പിടിച്ചു പോകും. അതാണ് ഐറ്റം......അവന്റെ മുഖത്ത് ചെറുചിരി വിരിഞ്ഞു.

ഇജാസ് വിവാഹം കഴിക്കണം അത് മാത്രം എല്ലാത്തിനും വഴി.......  അവനൊന്നു മൂളി.

ഇജാസ് മാത്രം അല്ല...... നിന്റെയും വിവാഹം കൂടെ ഉണ്ടാകും അവർ തലതാഴ്ത്തി പതുക്കെ പറഞ്ഞു.

അതിന്ന് വേദനയിൽ കുതിർന്ന ഒരു ചിരി ആ മുഖത്ത് അവർ കണ്ടു.

അവൾക്ക് അതൊക്കെ ആരോടെങ്കിലും പറയണമെന്ന് തോന്നി. കടുവയെ വിളിച്ചു എല്ലാം പറഞ്ഞു കൊടുത്തു.

ഇന്നലെ വരെ നിന്നെ കിട്ടണമെന്ന് വാശി പിടിച്ചവർ ഇന്ന് അങ്ങനെ പറയണമെങ്കിൽ അതിന്ന് പിറകിൽ എന്തെങ്കിലും ഉണ്ടാവും.... കണ്ണടച്ചു വിശ്വസിക്കേണ്ട മോളെ. എനിക്കെന്തോ ഇത് അത്ര വിശ്വസിക്കാൻ പറ്റുന്നില്ല.

എനിക്കും തോന്നി അത്

ഇജാസിനെ വിളിച്ചോ എന്നിട്ട്.

വിളിക്കണം...... വെറുതെ പോയി ചൊറിഞ്ഞ മതി. കേറി മാന്തിക്കളയും....

ശരിക്കും സങ്കടം ആയിക്കാണും അല്ലേ....

ദേ പൊടിക്കുപ്പി വീണ്ടും സെന്റി അടിച്ച നീ അവന്റെ വീട്ടിൽ ഉണ്ടാകും. പിന്നെ ഫൈസിനെ കിട്ടില്ല നിനക്ക് അതോർത്തോ......

ഫൈസ്നെ വേണം....... അവനെ വേണം.

എന്ന ഫൈസ്നെ അങ്ങ് മറന്നേക്ക്.....

അവളതിന്നു തിരിച്ചു ഒന്നും പറഞ്ഞില്ല. ആ മൌനത്തിൽ നിന്ന് തന്നെ അവൾക്ക് സങ്കടം വന്നെന്ന് അയാൾക്ക് മനസ്സിലായി

ഇജുന്റെ ഉമ്മ പറഞ്ഞ പോലെ റാനിയെ കൊണ്ട് അവനെ കെട്ടിക്ക്. റാനിയുടെ ഹസ്ബൻഡ് നിനക്ക് ഫ്രണ്ട് ആകില്ലേ.... അല്ലെങ്കിൽ ബ്രോ എന്ന് വിളിച്ചോ അപ്പോൾ ഫൈസിനെയും കിട്ടും ഇജുനെയും കിട്ടും..... ആർക്കും ഒരു പ്രശ്നം ഉണ്ടാകില്ല..... ആരും ഒന്നും അറിയുകയും ഇല്ല.

സൂപ്പർ ഐഡിയ..... ലവ് യൂ കടുവേ..... ഉമ്മ......

ഫോണിൽ അവൾ മുത്തം കൊടുത്തു.

💕💕💕💕

ഫോൺ റിങ് ചെയ്തതും ഒറ്റ റിങ്ങിൽ എടുത്തു..... കാരണം ആ കാൾ നോക്കാതെ തന്നെ ആരാണെന്ന് അവന്നു അറിയാമായിരുന്നു.

എന്താ ഇനു...... എന്താ പറ്റിയെ..... തളർന്ന ആ ശബ്ദത്തിലും അവളെ കുറിച് ഓർത്തുള്ള ആവലാതി അവളറിഞ്ഞു.

ഇജാസ് ഹൈദർനോട് ഒരു സഹായം ചോദിച്ചു വിളിച്ചത

സഹായം..... എന്നോടോ...... അവനിൽ ആകാംഷയും പേടിയും ഉടലെടുത്തു.

എന്റെ ഉപ്പ മരിച്ച ദിവസം ആണിന്ന്. അവളൊന്ന് നിർത്തി....

അറിയാം..... നമ്മൾ പിരിഞ്ഞിട്ട് ഇന്നേക്ക്.......

അതിന്റെ കാര്യം പറയാൻ വിളിച്ചതല്ല. എന്റെ ജുനു ഇല്ലെന്ന് അറിയാലോ......  പതിവ് പോലെ ജുനു പോകുന്നിടത് എല്ലാം പോകണം..... ജുനു ചെയ്തത് പോലെല്ലാം ചെയ്യണം..... അതും ഒറ്റക്ക് നിങ്ങൾ

തന്നെ ചെയ്യണം...  ദേഷ്യത്തോടെ പറഞ്ഞു.

ഞാൻ ഇപ്പൊ തന്നെ പൊക്കോളാം.....

അവൾ   ഫോൺ വെച്ചു.... അവൻ എഴുന്നേറ്റു ഫ്രഷ് ആയി എവിടേക്ക് പോകാൻ നോക്കുന്നത് കണ്ടു നദീം  ഓടി വന്നു. ഇന്നലെ മുതൽ കിടന്ന കിടപ്പാണ്. എഴുന്നേൽപ്പിക്കാൻ ശ്രമിച്ചിട്ടും പറ്റിയിട്ടില്ല

നീ എവിടെക്കാ......

ഇനു വിളിച്ചിന്..... അവൻ കാര്യം പറഞ്ഞു കൊടുത്തു.

അവൾക്ക് മുന്നിൽ അവന് എതിർ വാക്കില്ലെന്ന് അറിയുന്നൊണ്ട് തന്നെ അവൻ ഒന്നും പറഞ്ഞില്ല. ഒരു കണക്കിന്

അവൻ ഒന്ന് എഴുന്നേറ്റു മിണ്ടിയല്ലോ എന്നോർത്തു സമാധാനിച്ചു.

💕💕💕

ഓരോന്ന് ഓർത്തു അവൾ അവിടെ ഇരുന്നു.

വീണ്ടും കരച്ചിൽ ആണോ..... ഉപ്പാക്ക് ഇഷ്ടം ആവില്ലട്ടോ പുന്നാര മോള് കരയുന്നത്. ഫൈസ്

അതും പറഞ്ഞു വന്നു.

അവൾ കണ്ണൊക്കെ തുടച്ചു.... . ഇനി കരയില്ല. അവളുടെ മുഖത്ത് സങ്കടം പോയി ഒരു തെളിച്ചം ഉണ്ടായിരുന്നു.

ഗുഡ്.... എന്താ പരിപാടി ഇനി....

ഇവരെ കൂടെ ഇന്നത്തെ ദിവസം അങ്ങ് കൂടുന്നു.

കൂടെ ഞാനും..... അവൻ അവളെ കൈ പിടിച്ചു അകത്തേക്ക് പോയി. അവൾ തന്നെ ആയിരുന്നു എല്ലാർക്കും വിളമ്പി കൊടുത്തതും..... അവരോടൊപ്പം തന്നെ ഇരുന്നു ഭക്ഷണം കഴിച്ചു. ഫൈസ് ഉണ്ടായിരുന്നു അവളെ കൂടെ..... അതവൾക്ക് മനസ്സിൽ വലിയ സന്തോഷം തോന്നി. അനാഥരായ ആൾക്കാരുടെ കൂടെ ഇരുന്നു സംസാരിക്കാനും ഭക്ഷണം കഴിക്കുകയും ഒക്കെ ചെയ്യുന്ന അവൻ അവൾക്ക് അത്ഭുതം ആയിരുന്നു. എല്ലാം കഴിഞ്ഞു പോകാൻ നേരം അവളെ കയ്യിൽ കുറെ കവർ കൊടുത്തു.

എന്താ ഇത്.....

ഡ്രസ്സ് ആണ് നിന്റെ വക നിന്റെ കൈ കൊണ്ട്

കൊടുത്ത മതി..... അവളെ കണ്ണിൽ നിന്നും കണ്ണുനീർ തുള്ളികൾ അവന്റെ കയ്യിൽ ഇറ്റിവീണു.....

ഇതിന് മാത്രം കണ്ണീർ എവിടുന്നു വരുന്നോടോ.....

അവൾ കണ്ണ് തുടച്ചു അവർക്ക് കൊടുത്തു. ആരോരും ഇല്ലാത്തവർ...... എല്ലാരും ഉണ്ടായിട്ടും ഒറ്റപ്പെട്ടവർ..... നോക്കാൻ ആളില്ലാത്തവർ..... മനസ്സിന് കണ്ടപ്പോൾ നോവുണർത്തിയെങ്കിലും അവരുടെ മുഖത്തെ സന്തോഷം അവളിലും പുഞ്ചിരി വിടർത്തി.

ഇത് ഫൈസ് തുടങ്ങിയാതാണോ.......

Mmmm. ആരുമില്ലാത്തവർക്ക് ഇപ്പൊ എല്ലാരും ഉണ്ടല്ലോ..... ഒറ്റപ്പെടൽ അനുഭവിക്കില്ലല്ലോ......തനിച്ചാവുന്നതിലും വേദന പോലെ മറ്റൊന്ന് ഇല്ലെടോ...... അത് പറയുമ്പോൾ അവന്റെ ശബ്ദം ഇടറിയിരുന്നു.

💕💕💕💕

വൈകുന്നേരം വരെ അവളെ കൂടെ തന്നെ അവൻ ഉണ്ടായിരുന്നു. രണ്ടു പേരും പരസ്പരം ആഗ്രഹിച്ചിരുന്നു അത്.

രാത്രി എനിക്കൊരു ബിസിനസ് മീറ്റിംഗ് ഉണ്ട്. വരാൻ ലെറ്റ് ആവും. അവളെ വീട്ടിലിറക്കി അവൻ പറഞ്ഞു.

ഞാനും കൂടെ വന്നോട്ടെ...... അവൾ മടിച്ചു മടിച്ചു ചോദിച്ചു.

നീ പോസ്റ്റ് ആവും അവിടെ. എനിക്ക് ശ്രദ്ധിക്കാൻ കഴിഞ്ഞെന്ന് വരില്ല. ഞാൻ പെട്ടെന്ന് വന്നോളാം.....

വേണ്ട ഫൈസ് എനിക്ക് ഇവിടെ തനിച്ചു പറ്റില്ല..... ഇനിയൊരിക്കലും ഞാൻ പറയില്ല..... ഇന്ന് മാത്രം മതി..... അല്ലെങ്കിൽ പോകാതിരുന്നോടെ...... അവൾ സങ്കടത്തോടെ അവനെ നോക്കി പറഞ്ഞു.

ബിസിനസ് മീറ്റിംഗ് ആണ്.... ഇജാസ് ഉണ്ടാകും അതാണ് കൂട്ടാൻ മടി.... ഇന്നത്തെ ദിവസം അവളൊരിക്കലും തനിച്ചു നിൽക്കില്ല എന്റെ കയ്യിൽ നിന്നും പിടി വിടുകയും ഇല്ലെന്ന് ജുനു പറഞ്ഞത് അവനോർത്തു. അവന്ന് രണ്ടും ഒഴിവാക്കാൻ പറ്റാത്തത് ആയിരുന്നു. അത് കൊണ്ട് മനസ്സില്ലമനസ്സോടെ അവൻ സമ്മതം മൂളി..... അവളെയും കൂട്ടി. സമിയും ഉണ്ടായിരുന്നു. ഒരു ഹോട്ടൽ ആയിരുന്നു മീറ്റിംഗ്.

അവളെ സമിയുടെ കൂടെ ഇരുത്തി അവൻ

അകത്തേക്ക് പോയി.

ഇജാസ് ഉണ്ടായിരുന്നു അവിടെ. ഇനായ കൂടെ ഉണ്ടെന്ന് അറിഞ്ഞോണ്ട് അവളെ കാണാൻ വേണ്ടി ആയിരുന്നു അവനും വന്നത് തന്നെ. തന്റെ മനസ്സിന് കുറച്ചെങ്കിലും ആശ്വാസം കിട്ടാൻ അവളെ കാണണമെന്ന് അവന്ന് തോന്നി.

മീറ്റിംഗ് കഴിഞ്ഞു ഫൈസ് പുറത്ത് ഇറങ്ങി

ഫൈസി മീറ്റിംഗ്ന് വന്ന ആൾക്കാരോട് സംസാരിച്ചു ഇരിക്കുമ്പോഴ  സമിയെയും അവർ വിളിച്ചത്. ഇനുവിനോട് ഒരു മിനിറ്റ് എന്ന് പറഞ്ഞു അവൻ പോയി. സംസാരം മുഴുവൻ അവരോട് ആയിരുന്നെങ്കിലും കണ്ണ്  മനസ്സ് മുഴുവൻ ഇനുവിൽ ആയിരുന്നു.   സംസാരിച്ചു ഇരിക്കുമ്പോഴാ ഇജാസ് അവളുടെ അടുത്തേക്ക് ചെന്നത്.

ഫൈസ് നോക്കുന്നത് കണ്ടാണ് കൂടെ ഉള്ള ഒരാൾ അങ്ങോട്ട് നോക്കിയത്.

ഇനയയും ഇജാസ് അല്ലേ അത്. അവസാനം അവൾ അവന്റെ കൂടെ തന്നെ എത്തിയോ......

ഫൈസിയും സ മിയും  ഞെട്ടലോടെ അവനെ

നോക്കി.

നിങ്ങൾക്ക് ഇനായയെ അറിയോ ഫൈസ് ഉള്ളിലെ ഞെട്ടൽ മറച്ചു വെച്ചു അവനെ  നോക്കി.

ഞാനും ജുനൈദ് ഇജാസ് നദീം ഒന്നിച്ചു പഠിച്ചതാ..... ജുനൈദ്നെ അറിയുന്ന ആർക്കും അവളെ അറിയാതിരിക്കോ അവന്റെ കയ്യും പിടിച്ചു നടക്കുന്ന പെണ്ണല്ലേ..... മാത്രം അല്ല അവളെ റയർ പിസ് eyes അല്ലേ..... ഒരിക്കൽ കണ്ട തന്നെ പിന്നെ മറക്കില്ലലോ...... ബ്യൂട്ടിഫുൾ eyes.  ഇജാസ് സ്കൂളിൽ വരുന്നതേ അവളെ കാണാൻ വേണ്ടിയാണെന്ന് പറഞ്ഞു ഞങ്ങൾ എപ്പോഴു കളിയാക്കാറുള്ളതാ..... തെറ്റിപിരിഞ്ഞെങ്കിലും അവസാനം ഒന്നിച്ചല്ലോ..... അയാളുടെ ഓരോ വാക്കും ഇടിമുഴക്കം പോലെ ഫൈസിന്റെ ചെവിയിൽ മുഴങ്ങിയത്...... ഇജാസിനെ പലയിടത്തും വെച്ചും കണ്ടിട്ടുണ്ട്.... ജുനൈദ് ഇത് വരെ അറിഞ്ഞ ഭാവം നടിച്ചു കണ്ടിട്ടില്ല. ഇജാസ് അത് പോലെ തന്നെയാണ്. പലപ്പോഴും ഇജാസ് ആയി പ്രശ്നം ഉള്ളതും ജുനൈദ്ന് അറിയാം അപ്പോൾ പോലും കൂടെ പടിച്ചത് പോലും പോയിട്ട് പരിജയം പോലും കാണിച്ചിട്ടില്ല.

ഇനായയും ഇജാസ് തമ്മിൽ മുൻപരിജയം ഉണ്ടെങ്കിൽ ഇവർ രണ്ടു പേരും എന്ത് കൊണ്ട് മറച്ചു വെച്ചത് ഒരു തീപ്പൊരി  ആയി അവന്റെ ഉള്ളിൽ കിടന്നു അത് പുകഞ്ഞു കൊണ്ടിരുന്നു.

അവർ എന്തിനാ പിരിഞ്ഞത്...... ഫൈസ് അവനെ നോക്കി...... അവൻ പറയുന്നത് കെട്ട് ഞെട്ടലോടെ നിൽക്കാനേ സമിക്കും ഫൈസിനും ആയുള്ളൂ.....

❤️ 💔 INVISIBLE LOVE 💔❤️

Love after💘 marriage story

Part 49

ജീവനെപോലെ സ്നേഹിച്ചു കൊച്ചുന്നാൾ മുതൽ എന്റെ പാതിയായി   കണ്ട പെണ്ണിനെ മറക്കണം പോലും ... എന്നിട്ട് വേറെ കല്യാണം കഴിക്കണം....... ഞാൻ എന്താടാ റോബോട്ടോ കമ്പ്യൂട്ടർ ആണോ.... മെമ്മറി മാറ്റി പുതിയത് ഫീൽഡ് ചെയ്തു വെക്കാൻ........ ഞാൻ പറഞ്ഞോ എനിക്ക് അവളെ വേണംന്ന്...... പറഞ്ഞോന്ന്......

അവൻ നദീംമിനെ പിടിച്ചു പിറകോട്ടു തള്ളി......

ഓർമ വെച്ച നാൾ മുതൽ നിങ്ങളാ പറഞ്ഞത് അവൾ

എന്റെ പെണ്ണാന്ന്.....

ഓരോരുത്തരും പറഞ്ഞു....... ഈ രാജകുമാരന് വേണ്ടി പിറന്നവളാ അവളെന്ന്...... എല്ലാരും കൂടി പറഞ്ഞു പറഞ്ഞു ചങ്കിൽ കേറ്റിത അവളെ..... എന്റെ പെണ്ണല്ലേ...... എന്റെ സ്വന്തം അല്ലേ

പിന്നെയാരെയാ പേടിക്കണ്ടേ......
സ്നേഹിച്ചു....ജീവനെ പോലെ സ്നേഹിച്ചു ചങ്കിൽ കൊണ്ട് നടന്നു...... ഈ ജന്മം അവൾ മതീന്ന് ഈ നെഞ്ചിലങ് പച്ചകുത്തി...... രാജകുമാരനും രാജകുമാരി ആയി ജീവിച്ചു.... നായകനും നായികയും ആയി ജീവിക്കുമ്പോ വില്ലൻ വരണ്ടേ...... വില്ലനും വന്നു..... നല്ലവന്റെ വേഷത്തിൽ ആണ് വന്നതെന്ന് മാത്രം....... ജുനൈദ്.... അവൻ വന്നു തന്റേടത്തോടെ പറഞ്ഞു അവൾ അവന്റെ ആണെന്ന്. ........ എല്ലാരും കൂടി അവനെ അപമാനിച്ചു വിട്ടപ്പോ അവൻ ഭിക്ഷ തന്നത് പോലെ വിട്ടുതന്നു..... അവന്ന് വേണ്ടാന്ന് പറഞ്ഞു കരഞ്ഞോണ്ട് ഇറങ്ങിപ്പോയി. അവൾ ആണെങ്കിൽ പിന്നെ ആത്മഹത്യ ഭീക്ഷണി.....
ജീവിക്കുന്നുണ്ടെങ്കിൽ അവന്റെ കൂടെ അല്ലെങ്കിൽ മരിക്കുന്നു.....ദി ഗ്രേറ്റ് ജുനൈദ്നെ മതിയെന്ന്.

അവൾ ഇറങ്ങിപ്പോയി...... പോയ അതേ വേഗത്തിൽ തിരിച്ചു വന്നു അവന്ന് അവളെ വേണ്ടാന്ന് പറഞ്ഞു അവിടുന്നു ഇറക്കി വിട്ടുന്നു..... രാജകുമാരി അപ്പൊ തന്നെ ഉത്തരവ് ഇറക്കി അവൾക്ക് ഈ കുടുംബം വേണ്ട  രാജ്യഭരണം വേണ്ട ആരെയും വേണ്ടാന്ന്...... എനിക്ക് ഇങ്ങനെ ഒരു കുടുംബം ഇല്ലെന്ന്...... തിരക്കി വന്ന ശവമേ കാണുന്ന്.......ഒരു വാക്ക് പോലും എന്നോട് പറയാതെ ഇറങ്ങിപ്പോയി...... എന്നെ വിട്ടു  ഇറങ്ങിപ്പോയി...... അവൻ നദീംമിന്റെ തോളിൽ മുഖം വെച്ചു ഒന്ന് എങ്ങികരഞ്ഞു.......

നീ കുടിച്ചിട്ടുണ്ടോ ശഹി..... നദീം ഇടറിയ ശബ്ദത്തോടെ ചോദിച്ചു......

കുടിച്ചു..... കുറെ കുറെ കുടിച്ചു...... ഫസ്റ്റ് ടൈം ആയി കുടിച്ചു......ലഹരി തലക്ക് പിടിച്ചാൽ എല്ലാം മറക്കുമെന്ന് പറഞ്ഞത് വെറുതെയാടാ...... കൂടുതൽ തെളിമയോടെ വരികയാണ് അവൾ...... ജന്നത് ഹൈദർ എന്ന രാജകുമാരി..... അവന്റെ നാവു കുഴഞ്ഞു പോകുന്നുണ്ടായിരുന്നു.

എന്തിനാ എനിക്ക് മോഹം തന്നത്..... എന്തിനാ എന്നെ വേണ്ടെന്നു വെച്ചത്.....

ചോദിക്കാൻ അർഹതയില്ലല്ലോ...... ചോദിച്ച തകർന്നു പോകുന്നത് സ്വന്തം കൂടപ്പിറപ്പിനെക്കാൾ സ്നേഹിച്ച ആ മനുഷ്യന്റെ നെഞ്ച് അല്ലേ...... അല്ലേലും ചോദിച്ചിട്ട് എന്താ കാര്യം...... അന്ന് അവനും നഷ്ടപെട്ടത് അവന്റെ ജീവനും കൂടിയല്ലേ.......അങ്ങേര് അനുഭവിക്കുന്നതിന്റെ പാതി പോലും എനിക്ക് വേദന ഇല്ലല്ലോ.....

നീ പോയികിടക്ക്..... അവൻ ശഹിയെ പിടിച്ചു അകത്തേക്ക് കയറ്റി.

എല്ലാരേം സങ്കടം എന്നോട് പറയാം...... എന്റെ സങ്കടമോ...... അത് ആരോടും പറയാനും പറ്റില്ലല്ലോ...... എല്ലാർക്കുമുന്നിലും ചിരിച്ചു ചിരിച്ചു മടുത്തു..... സ്വയം കോമാളി ആയപോലെ തോന്ന നദീംക്കാ......അല്ലെങ്കിലും ഞാൻ ഒരു ജോക്കർ അല്ലേ..... ജോക്കറിന് കരയാൻ പാടില്ല ചിരിക്കാനും ചിരിപ്പിക്കാനും പാടുള്ളു...... ഐ ആം ദ ജോക്കർ....... അവൻ ബെഡിലേക്ക് വീണു. എങ്ങനെ അവർക്ക് പറയാൻ തോന്നിയത് അവളെ മറന്നു വേറെ കല്യാണം കഴിക്കാൻ....... അവൻ പിറു പിറുത് കൊണ്ട് ഉറക്കിലേക്ക് വീണു...നദീം നിറഞ്ഞ കണ്ണുകൾ തുടച്ചു.

അവൻ റൂമിൽ നിന്നും പുറത്തേക്ക് ഇറങ്ങുമ്പോൾ എല്ലാവരും സങ്കടത്തോടെ

നോക്കി നില്കുന്നത് കണ്ടു.

അവന്നും ഒരു മനസ്സുണ്ട് അതെങ്കിലും എല്ലാരും ഓർക്ക്.നിങ്ങളെയൊക്കെ താളത്തിന് തുള്ളാൻ ഇനിയവനെ വിട്ടു തരില്ല. അവന്റെ വിവാഹക്കാര്യം പറഞ്ഞു ആരും വരികയും വേണ്ട. പിന്നെ ഇജുവിന്റെ വിവാഹം റാനിയുമായി നടക്കില്ല. അതിന്ന് വേണ്ടി ആരും ശ്രമിക്കുകയും വേണ്ട. നിങ്ങൾക്ക് എല്ലാർക്കും ചെണ്ട കൊട്ടാൻ ഞാൻ ഒരുത്തൻ ഉണ്ട്. അത് മതി ഈ തറവാട്ടിൽ. അവൻ ദേഷ്യത്തോടെ പറഞ്ഞു പുറത്തേക്ക് പോയി.

നെഞ്ചുപൊട്ടി കരഞ്ഞു ഇറങ്ങിപ്പോയ ഒരു പെണ്ണിന്റെ ശാപം ആണ് ഇന്നീ അനുഭവിക്കുന്നതൊക്കെ നശിച്ചു പോകെ ഉള്ളൂ ഈ കുടുംബം...... അത്രക്ക് മനസ്സുരുകി കരഞ്ഞിട്ടുണ്ട് അവളും അവനും..... അവൾ ഒന്നേ ആഗ്രഹിച്ചിട്ടുള്ളു..... കാലുപിടിച്ചു പറഞ്ഞിട്ടുള്ളു..... സ്നേഹിച്ചു പോയി..... തമ്മിൽ പിരിക്കരുതെന്ന്. അന്ന് അവന്റെയും അവളെയും കരച്ചിൽ ആരും

കേട്ടില്ല.... അതിന്റെ ഫലം അനുഭവിക്കുന്നത് ഈ മക്കൾ ആണെന്ന് ഓർക്കുമ്പോഴേ ഉള്ളൂ സങ്കടം........ ഷഹിയുടെ ഉമ്മ കരച്ചിലോടെ അമ്മിജനെ നോക്കി പറഞ്ഞു അകത്തേക്ക് പോയി. നിറഞ്ഞ കണ്ണുകൾ തുടച്ചു അമ്മിജാൻ നോക്കുമ്പോൾ കണ്ടു റാബിയയുടെ ചുണ്ടിലെ പരിഹാസം നിറഞ്ഞ ചിരി.

എന്താ പ്രോബ്ലം ഒന്നും അറിയില്ല ശരിക്കും

സ്കൂളിൽ ത്രിമൂർത്തികൾ എന്ന ഇജാസ് ജുനൈദ് നദീം പറയൽ. ആർക്കും അസൂയ തോന്നുന്ന ഫ്രണ്ട്ഷിപ്. ഇനായ എപ്പോഴും ഇവരുടെ പിറകെ ആയിരിക്കും.

ഇജാസിന് അന്നേ ഇവളുടെ പിറകിൽ നടക്കാനാ ഇഷ്ട്ടം.... ഇതും പറഞ്ഞു എല്ലാരും കളിയാക്കി കൊല്ലും. ഒരു ദിവസം ഞങ്ങൾ കണ്ടത് ഇജാസ് ജുനുവിനെ തല്ലുന്നത് ആണ്. അത് കണ്ടു വന്ന ഇനായ ഇജാസിനെ തള്ളിമാറ്റി.. ഇജാസ് പെട്ടന്ന് ആയോണ്ട് നിലത്തേക്ക് വീണു നെറ്റിപൊട്ടി ചോരയൊക്കെ വന്നു. അത് കണ്ടു വന്ന ഷഹസദ് ഇനയയെ പിടിച്ചു തള്ളി.... അവൾ വീണു കൈ

മുട്ടൊക്കെ പൊട്ടി ചോര വന്നു. ജുനൈദ് ശഹിയെ തല്ലാൻ നോക്കി..... ഇജാസ് ജുനൈദിന തടഞ്ഞു..... അപ്പോഴേക്കും എല്ലാരും ഓടി വന്നു അവരെ പിടിച്ചു മാറ്റി.

അവർ അപ്പൊ തന്നെ ഇറങ്ങിപോയി. പിന്നെ അവരാരും സ്കൂളിൽ വന്നിട്ടില്ല. ജുനൈദ് ഇനയയും സ്കൂൾ മാറിപ്പോയി.

നദീംമും ഇജാസ് ബാംഗ്ലൂരിൽ ആയിരുന്നു ഹയർ സ്റ്റഡിസ്..... പിന്നെ ഇപ്പോഴാ ഇനയയെ കണ്ടത്.

ജുനൈദ് ഇജാസിനെ അറിയാത്ത ഭാവം നടിച്ചത് എന്തിനായിരിക്കും...... ഇജാസ് അവളോട് ദേഷ്യത്തോടെയെ പെരുമാറിയിട്ട് ഉള്ളൂ അതിനെന്താ കാരണം...... ഇനുവിനോട് എന്തിന് വെറുപ്പ് കാണിക്കണെം..... അന്ന് ഇനയക്ക് ആ വീട്ടിൽ കൊടുത്ത സ്വീകരണം എന്തിനാ..... ഇജാസ് അവളും തമ്മിലുള്ള ബന്ധം എന്തിനാ..... ഒരു പാട് ചോദ്യങ്ങൾ അവന്റെയും സമിയുടെയും ഉള്ളിൽ പൊട്ടിമുളച്ചു......

ഇനായ കണ്ണ് തുടക്കുന്നത് കണ്ടാണ് ഫൈസ് അങ്ങോട്ട് പോയത്. ഇജാസ് ഏതോ ഒരു പെൺകുട്ടി കൂടി ഉണ്ടായിരുന്നു അവന്റെ കൂടെ.....

എന്ത് പറ്റി ഇനു.....

അതിന്ന് മറുപടി പറഞ്ഞത് ഇജാസ് ആയിരുന്നു. കണ്ണിൽ കരട് പോയതാ.... എന്റെ അനിയത്തി എടുത്തു കൊടുത്തു. ഇപ്പൊ പ്രോബ്ലം ഒന്നും ഇല്ലല്ലോ ഇനായഫൈസ്..... ഇജാസ് അവളെ നോക്കി ചോദിച്ചു.

ഇജാസിന്റെ അനിയത്തി ആണോ ഇത്.... ഫൈസ് ആ പെൺകുട്ടിയുടെ നേരെ കൈ ചൂണ്ടി.

എന്റെ അനിയത്തി ജന്നത് ..... ഇജാസ് അവളെ ഫൈസിക്ക് പരിജയപെടുത്തി.

മോഡേൺ ആയ സുന്ദരി ആയ ഒരു പെൺകുട്ടി. സിമ്പിൾ ആയി മേക്കപ്പ് ചെയ്തിട്ടുണ്ട്. മുഖത്ത് പക്ഷേ പുച്ഛവും അഹങ്കാരവും...... കണ്ണുകളിൽ അലസത.

ഫൈസിന് എന്ത് കൊണ്ടോ അവളെ ഇഷ്ടപ്പെട്ടില്ല. എന്നാലും അവൻ പുഞ്ചിരിച്ചു. അവൾ മൈന്റ് ആക്കിയില്ല. അവളുടെ നോട്ടം മുഴുവൻ ഇനയുടെ മുഖത്ത് ആണെന്നും അതിൽ അതിൽ ദേഷ്യവും പുച്ഛവും ആണെന്ന് അവൻ കണ്ടു.

ഫൈസിന്റെ ഉള്ളിൽ ഒരുപാട് സംശയങ്ങൾ ഉണ്ടായിരുന്നു. അത് കൊണ്ട് തന്നെ തുറന്നു ചോദിക്കാൻ തീരുമാനിച്ചു. പക്ഷേ അവൻ പറയുന്നതിന്ന് മുന്നേ ഇജാസ് സംസാരിച്ചിരുന്നു.

ഇനായയുടെ ബ്രദർ ജുനൈദ് ഞാനും ക്ലാസ്സ്മേറ്റ് ആയിരുന്നു. ചെറിയ മിസ്സാന്ദർസ്റ്റാൻഡിങ് കൊണ്ട് പിരിഞ്ഞു. അതിന്റെ ദേഷ്യം ഇവളോട് തോന്നി. ഇവൾ കുറെ പ്രാവശ്യം എന്നോട് സംസാരിക്കാൻ ശ്രമിച്ചിരുന്നു അത് മനസ്സിലാക്കാതെ ഞാൻ പലപ്പോഴും മോശം ആയി പെരുമാറി. ശരിക്കും പറഞ്ഞ കുട്ടികാലത്തു ഉണ്ടായ ചെറിയ തല്ല് ശരീരം വളർന്നെങ്കിലും മനസ്സ് വളരത്തോണ്ട് ഇഗോയും കെട്ടിപിടിച്ചു മിണ്ടാതെ നിന്നു. ഇവൾ വന്നു എല്ലാത്തിനും മാപ്പ് ചോദിച്ചപ്പോഴാ സ്വയം ചെറുതായ പോലെ തോന്നിയത്. സോറി ഇനായ..... റിയലി സോറി...... ഫൈസിനും എന്തെങ്കിലും എന്റെ ഭാഗത്തു നിന്നു വിഷമം ഉണ്ടായെങ്കിൽ സോറി.

ഫൈസിന് പിന്നൊന്നും മിണ്ടാൻ ഇല്ലായിരുന്നു.

പോകാം ഭയ്യ ...... അവൾ ഇജാസിനെ നോക്കി അവന്റെ കൈക്കുള്ളിലൂടെ കയ്യിട്ട് പിടിച്ചു പറഞ്ഞു....

എന്ന ഞങ്ങൾ പോട്ടെ..... കുറച്ചു തിരക്കുണ്ട്........എന്റെ വുഡ്ബി പുറത്ത് വെയിറ്റ് ചെയ്യുന്നുണ്ട്.... ചെറിയ പാർട്ടി ഉണ്ടായിരുന്നു.

വുഡ്ബി......?

ആ മാര്യേജ് ഫിക്സ് ചെയ്തു. എന്റെ കൂടെ പഠിച്ച കുട്ടിതന്നെയാണ്. സ്റ്റഡി കഴിഞ്ഞേ ഉള്ളൂ മാര്യേജ്..... അത് വരെ പ്രണയിച്ചു നടക്കാലോ......

പോട്ടെ ഇനായ ഫൈസ്......

കുറച്ചു നടന്നതും തിരിച്ചു വന്നു കീശയിൽ നിന്നും ഒരു ബോക്സ് എടുത്തു അവൾക്ക് നേരെ നീട്ടി. വിവാഹത്തിനു വരാൻ പറ്റിയില്ല. ഇത് എന്റെ പ്രിയ സുഹൃത് ജുനൈദിന്റെ അനിയത്തിക്ക് എന്റെ വക ചെറിയൊരു ഗിഫ്റ്റ്..... ജുനൈതിനോടും പറയണം പഴയ ദേഷ്യം ഒന്നും എനിക്കില്ലെന്ന്.....

അവൾ അത്രയും നേരം തലതാഴ്ത്തിയ ഉള്ളതെന്ന് ഫൈസ് ശ്രദ്ധിച്ചിരുന്നു. ഒരിക്കൽ പോലും മുഖം ഉയർത്തിയിട്ടില്ല

എന്ന് അവൻ ശ്രദ്ധിച്ചു. ജന്നത് അവന്റെ കയ്യിൽ നിന്നും ആ ബോക്സ് വാങ്ങി അവളെ അടുത്തേക്ക്

വന്നു കയ്യിൽ വെച്ചു കൊടുത്തു. എന്നിട്ട് കെട്ടിപിടിച്ചു.

ഭയ്യാ  ചെയ്തു കൂട്ടിയതെല്ലാം ഒരു ചോദ്യം പോലും ഉയർന്നു വരാത്ത വിധം സോൾവ് ചെയ്തിട്ടുണ്ട്. നീ ഹാപ്പി അല്ലേ അത് മതി.

എനിക്ക് ഒന്നേ നിന്നോട് പറയാൻ ഉള്ളൂ. എന്നെങ്കിലും നീ നിഷേധിച്ച ആ സ്നേഹം ഓർത്ത് കരയും നോക്കിക്കോ. അത്രമാത്രം നിന്നെ ഓർത്തു കരഞ്ഞിട്ടുണ്ട് എന്റെ  ഭയ്യാ..... ഒരിക്കലും സമാധാനം കിട്ടില്ല ഫൈസ് ആയുള്ള ബന്ധത്തിൽ.....ശപിച്ചൊണ്ട പറയുന്നേ...... അത് കാണാൻ ഞാനും ഉണ്ടാവും ജന്നത് ഹൌസിൽ...... അവൾ ഇനയയെ വിട്ടു.

അപ്പൊ പോട്ടെ ബാബിസാ...... ജന്നത് അവളെ കവിളിൽ ചെറുതായി തട്ടി പറഞ്ഞു.

അപ്പൊ പോട്ടെ ഫൈസ്..... ഇജാസ് അവളെ കയ്യും പിടിച്ചു ഇനയയെ ഒന്ന്  തിരിഞ്ഞു പോലും നോക്കാതെ നടന്നു.

പുറത്ത് എത്തിയതും പിടിച്ചു നിറുത്തിയ കണ്ണ് നീർ ഒലിച്ചിറങ്ങി. ജന്നത് അത് തുടച്ചു മാറ്റി.

ആ ചാപ്റ്റർ ക്ലോസ്ഡ്. ഇനിയീ കണ്ണ് നിറഞ്ഞാലുണ്ടല്ലോ.....ഞാനും വന്നത് പോലെ അങ്ങ് പോകും പറഞ്ഞില്ലെന്നു വേണ്ട.....

ഇനി നിന്നെ  വിട്ടലല്ലേ....... എല്ലാർക്കും സർപ്രൈസ് ആയിരിക്കും നിന്റെ വരവ്. നദീംമിനെ അറിയൂ...... അവനോട് പറഞ്ഞിരുന്നു ആരോടും പറയണ്ട സർപ്രൈസ് എൻട്രി ആയിക്കോട്ടെന്ന്.

ഭയ്യാ ആദ്യം എനിക്ക് ഈ സിറ്റി മൊത്തം കറങ്ങണം. സ്ട്രീറ്റ് ലൈറ്റ് ഫുഡ് കഴിക്കണം   എന്നിട്ട് ഉള്ളൂ അവിടക്കുള്ള  എൻട്രി. ശരിക്കും ഇവിടുത്തെ ഫുഡ് മിസ്സ് ചെയ്തു ഭയ്യാ....

ഇതെന്താടി ബാബിസാ..... ഭയ്യാ... വിളിയൊക്കെ.

ചേരയെ തിന്നുന്ന നാട്ടിൽ പോയ നടുക്കഷ്ണം തിന്നണം എന്നല്ലേ ഭയ്യാ.....

അവിടുന്ന് കേറി വന്നതാ ഇതൊക്കെ.

അമ്മിജാൻന്റെ കയ്യിൽ നിന്നും കിട്ടുമ്പോൾ തിരിയും ബഹൻ......

അതൊക്കെ  നിരാശ കാമുകൻ ഷഹാസദ് ഹൈദറലി നോക്കിക്കോളും...... എന്ത് പറയുന്നു കാമുകൻ......

ടീ വേണ്ട..... എന്തും സഹിക്കും എന്റെ ചെക്കനെ തൊട്ടുള്ള കളി വേണ്ട....

ഇല്ലെന്റെ പൊന്നോ....... നദീംക്കയുടെ മാര്യേജ് അടിച്ചു പൊളിച്ചു കാണണം അതേ ഉള്ളൂ ആഗ്രഹം...... പിന്നെ റാനി കൊച്ചിനെ കാണണം...... ഒരു മൂക്ക് കയറിനുള്ള സ്കോപ്പ് ഉണ്ടോന്ന് നോക്കണം അത്രേ ഉള്ളൂ ഈ വരവിന്റെ ഉദ്ദേശം.

റാനിയെ വേണ്ട മോളെ...... എന്റെ ഇനുന്റെ ജീവിതത്തിലേക് ഒരു നിഴൽ കൊണ്ട് പോലും ജന്നത് കുടുംബത്തിലെ ആരും പോകണ്ട. നീ പറഞ്ഞ പോലെ ആ ചാപ്റ്റർ ക്ലോസ്ഡ്......

അതിന്ന് അവൾ ഒന്ന് മൂളി...... ഞാൻ ഒരു കാര്യം ചോദിച്ചോട്ടെ ഭയ്യാ....

എന്താ.... ഇജാസ് അവളെ നോക്കി..

കുഞ്ഞിനെ പ്രസവിക്കാൻ കഴിയാത്തത് കൊണ്ട് മാത്രം ആണോ ഇനയയെ വേണ്ടെന്നു വെച്ചത്

ഇജാസ് അവളെ തന്നെ ഒന്ന് നോക്കി.

ഞാൻ അതിന്ന് അവളെ ഉപേക്ഷിച്ചത് ആ കാരണം കൊണ്ടാണെന്നു ആര് പറഞ്ഞു.

പ്രണയം എന്നത് നേടിയെടുക്കൽ മാത്രം അല്ല വിട്ടുകൊടുക്കൽ കൂടിയാണ്. അവൾ അവന്റെ കൂടെ ഹാപ്പിയാണ് അത് മതി. പിന്നെ ഫൈസിന്റെ പ്രണയം ആത്മാർത്ഥമാണെന്ന് തോന്നി. അവൾ അവന്ന് എന്നെങ്കിലും ബാധ്യത ആണെന്ന് തോന്നിയ രണ്ടു കയ്യും നീട്ടി ഞാൻ സ്വീകരിക്കും. അതെത്ര വർഷം കഴിഞ്ഞു ആണെങ്കിലും......അത് പറയുമ്പോൾ അവന്റെ കണ്ണ് നിറഞ്ഞിരുന്നു.

💘💘💘💘

ഇനുവിന്റെ ഭാഗത്തു നിന്നും റെസ്പോണ്ട് ഒന്നും കാണാത്തോണ്ട് ഫൈസ് അവളെ ചുമലിൽ തൊട്ടതും അവൾ ബോധം മറഞ്ഞു പിറകിലേക്ക് വീണു. ഫൈസ് അവളെ താങ്ങി പിടിച്ചു.....

സീറ്റിൽ ചാരി ഇരുന്നു ഫൈസ് ഒരു ദീർഘ നിശ്വാസം എടുത്തു.

വെറുതെ ഓരോന്ന് ആലോചിച്ചു ടെൻഷൻ അടിച്ചു. സമി  മുടിക്കുള്ളിലൂടെ കൈ കോർത്തു കൊണ്ട് പറഞ്ഞു.

സത്യം...... ആ ചങ്ങായി പറഞ്ഞത് ഒക്കെ ഓർത്തു പേടിച്ചു പോയി. ഇജാസ് പറഞ്ഞപോഴാ ശ്വാസം

നേരെ വീണത്. അവൻ അടുത്ത് ഇരുന്ന ഇനയയെ ഒന്നൂടി ചേർത്ത് പിടിച്ചു. നെറുകയിൽ ചുണ്ട് ചേർത്തു. എന്റെയാണ് എന്റെ മാത്രം ഒരാൾക്കും വിട്ടുകൊടുക്കില്ല...

സമിയുടെ ചുണ്ടിൽ ഒരു പുഞ്ചിരി വിരിഞ്ഞു. ടാ ഞാൻ ഒരു ഡൌട്ട് ചോദിച്ചോട്ടെ..... ഇജാസ് അവളെ ലവർ ആയിരുന്നെങ്കിൽ നീയെന്ത് ചെയ്തേനെ.

അവളുടെ ജീവിതത്തിലെ ഇന്നലകൾ എനിക്ക് അറിയേണ്ട..... അതെന്ത് തന്നെ ആയാലും എനിക്ക് ഒരു പ്രശ്നം ഇല്ല. ഇവൾ എന്നെ വേണ്ടെന്നു വെക്കുന്നത് വരെ ഞാൻ ഉണ്ടാകും കൂടെ.....

വേണ്ടെന്നു വെച്ച.....

പിന്നെ ഞാൻ ഉണ്ടാവില്ല......

ഇജാസിന്റെ കൂടെ ഇരുന്നു ഫുഡ് കഴിക്കുമ്പോഴാ ഫോൺ റിങ് ചെയ്തത്.

ഇജാസ് അവൾക്ക് നേരെ ഫോൺ നീട്ടി.

കുറെ ആയി ഫോൺ റിങ് ചെയ്യുന്നു.

അവളുടെ മുഖത്ത് ഒരു ഭയം വന്നെങ്കിലും അവളത് മറച്ചു വെച്ചു. അപ്പോഴും സ്ക്രീനിൽ റിങ് വന്നു. ഐറ കാളിങ്......

ഐ വിൽ കാൾ യൂ ബാക്ക്..... എന്ന് പറഞ്ഞു കട്ട് ചെയ്തു.

എന്താ സംസാരിക്കാഞ്ഞത്......

എത്ര വർഷം കൂടിയ നിങ്ങളെ ഒക്കെ കാണുന്നത്...... ഫ്രണ്ട്സ് ഒക്കെ എപ്പോഴും കൂടെ ഉള്ളതല്ലേ,.... ഫ്രീ ആയിട്ട് തിരിച്ചു വിളിച്ചോളാം...... എനിക്ക് മതിയെന്ന് പറഞ്ഞു അവൾ എഴുന്നേറ്റു....

.ബാബിസാ ഞാൻ വരും ഒരിക്കൽ കൂടി മുന്നിൽ...... കാത്തിരുന്നോ നീ..... അവളുടെ ചുണ്ടിൽ ഗൂഢമായ ഒരു പുഞ്ചിരി വിരിഞ്ഞു.......

📚STORY BOARD📚

❤️ 💔 INVISIBLE LOVE 💔❤️

Love after💘 marriage story

Part 50

അവൾ അവന്റെ നെഞ്ചിൽ നിന്നും കുതറി മാറി എണീറ്റു ഇരുന്നു. നെറ്റിയിൽ നിന്നും കഴുത്തിലൂടെയും വിയർപ്പ് ചാലിട്ടൊഴുകി. അവനും ഞെട്ടി എണീറ്റു അവളെ നോക്കി.....

എന്താ ഇനു..... എന്താ പറ്റിയെ.....

അവൾ ഇരുന്ന ഇരുപ്പിൽ തന്നെ തിരിഞ്ഞു അവന്നെ കെട്ടിപിടിച്ചു.

അവളുടെ ദേഹം വിറക്കുന്നുണ്ടായിരുന്നു.

ഇന്നലെ ബോധം വന്നപ്പോൾ തൊട്ട് ഇങ്ങനെ അബ്നോർമൽ ആയിരുന്നു അവൾ.

അവൻ അവളുടെ പുറത്ത് കൂടെ തലോടി

എന്താ പറ്റിയെ സുഖം ഇല്ലേ നിനക്ക്.

ഒരു ദുസ്വപ്നം കണ്ടു..... ഇപ്പൊ പ്രോബ്ലം ഇല്ല.....ഫൈസ് കിടന്നോ

ഞാൻ ഫ്രഷ് ആയി വരാം എന്ന് പറഞ്ഞു അവനെ വിട്ടു ഇറങ്ങി പോയി.

ബാത്‌റൂമിൽ എത്തിയതും പൈപ്പ് തുറന്നു വെച്ചു പൊട്ടിക്കരെഞ്ഞു.ഇജാസിന്റെ വാക്കുകൾ അവളുടെ

ചെവിയിൽ ഇടിമുഴക്കം പോലെ മുഴങ്ങി കേട്ടു.

ഇപ്പൊ ഈ നിമിഷം തൊട്ട് നീയെനിക്ക് ആരുമല്ല ഇനു..... എന്റെ മനസ്സിൽ നിന്റെ ഓർമ പോലും ഇല്ല.... ഇനിയൊരിക്കലും നിന്നെ തേടി ഞാൻ വരില്ല. എന്നെന്നേക്കുമായി ഈ ബന്ധം ഞാൻ ഇവിടെ അവസാനിപ്പിക്കുകയാണ്. ഫൈസിയിൽ നിന്നും നിന്നെ അകറ്റാൻ വേണ്ടിയാ എല്ലാം ചെയ്തത്. അത് കൊണ്ട് തന്നെ ഒരു സംശയത്തിന് ഇടവരുത്താതെ തന്നെ ഞാൻ എല്ലാം ക്ലിയർ ആക്കുകയാണ്. ഇപ്പൊ ഇവിടെ നിന്നും ഇറങ്ങിയ പിന്നെ ഞാൻ എന്നത് വെറുമൊരു പരിചയക്കാരൻ മാത്രം ആയിരിക്കും. ഇനിയൊരിക്കലും നിന്റെ മുന്നിൽ ഞാൻ വരില്ല. പിന്നെ ഇത് ജന്നത്

നാടും വീടും ഉപേക്ഷിച്ചു പോയ എന്റെ അനിയത്തി. എല്ലാർക്കുമുന്നിലും പരിചയപ്പെടുത്തി കൊടുക്കണം. അത് കൂടി   ആയാൽ നീയെന്നത് ഹൈദരലി കുടുംബത്തിൽ നിന്ന് പോലും അകലെ ആയിരിക്കും. അതല്ലേ നീ ആഗ്രഹിച്ചത്.

അതായിരുന്നോ ആഗ്രഹിച്ചത്..... ഒരിക്കലും അല്ല...... ഇജുക്കനെ എനിക്ക് വേണം....ഫൈസ് ഇജുരണ്ടു

പേരും അവളുടെ മുന്നിൽ മാറി മാറി വന്നു

ജന്നത് പറഞ്ഞത് ഓർത്തു..... അവൾക്ക് നെഞ്ച് നീറുന്ന പോലെ തോന്നി. ഞാൻ ഇപ്പോൾ ഇജുക്കന്റെ ആരുമല്ല എന്നതിനേക്കാൾ ജന്നത് എന്ന് പറഞ്ഞു അവളെ കൂട്ടിവന്നതാണ് സഹിക്കാൻ പറ്റാത്തത്. അതിനർത്ഥം ഞാൻ ആ മനസ്സിൽ മരിച്ചു എന്നല്ലേ......

അവൾക്ക് ആ നിമിഷം മരിച്ചു പോയിരുന്നെങ്കിൽ എന്ന് പോലും തോന്നി.

ഫൈസ് വാതിലിൽ മുട്ടി വിളിക്കുന്നത് കേട്ടാണ് വാതിൽ തുറന്നത്. എത്ര സമയം ആയി അകത്തു കേറിയിട്ട്. പേടിച്ചിട്ടു വാതിൽ മുട്ടിയത്.

ഞാൻ..... അത്..... പിന്നെ..... അവൾ പിന്നെ ഒന്നും പറയാതെ ബെഡിൽ പോയി കിടന്നു. തിരിഞ്ഞും മറിഞ്ഞും കിടക്കുന്ന അവൾ ഒരുപാട് അസ്വസ്ഥത അനുഭവിക്കുന്നുണ്ടെന്ന് അവന്ന് തോന്നി. ഫൈസ് നോക്കികാണുകയാരുന്നു  അവളിലെ ഓരോ മാറ്റവും...... അവന്ന് ഇന്നലെ ഫെക്ഷനിൽ  വെച്ചു നടന്ന ഒരു സംഭവം ഓർമ വന്നു. ഗിഫ്റ്റ് കൊടുത്തു പോകാൻ നേരം ജന്നതിന്റെ കയ്യിൽ നിന്നും ഫോൺ

താഴെ വീണു. എന്ത് കൊണ്ടോ നോട്ടം അതിലേക്ക് പോയി. ഫോൺ ഇനായയുടെ മുന്നിൽ ആണ് വീണത്. ഫോൺ എടുക്കുമ്പോൾ ജന്നത് ഇനുവിന്റെ കാലിൽ തൊട്ടിരുന്നു. ആദ്യം തോന്നൽ ആയാണ് കരുതിയത്. ആക്സിഡന്റിലി നടന്നത് ആവാം. ഫോൺ അവളെ കാലും തമ്മിൽ അത്രയടുത്ത് ആയിരുന്നു. പക്ഷേ ഇനായ ഞെട്ടി വിറച്ചു കാൽ പിന്നോട്ട് വലിച്ചിരുന്നു. മാത്രം അല്ല പുഞ്ചിരിച്ചോണ്ട് ആണ് ഇജാസ് സംസാരിച്ചത്. കണ്ണുകളിൽ നഷ്ടബോധവും യാത്ര പറഞ്ഞു പോകുമ്പോൾ കണ്ണിൽ കണ്ണുനീർ ഊറികൂടിയിരുന്നു......

ഫൈസ് എന്നെ ഒന്ന് കെട്ടിപിടിക്കോ പെട്ടന്ന് ഇനയുടെ ശബ്ദം അവനെ ഉണർത്തി.എന്താ ന്ന് ചോദിക്കുന്നതിന്ന് മുന്നേ അവൾ അവനെ മുറുക്കെ കെട്ടിപിടിച്ചിരുന്നു. പ്ലീസ് ടൈറ്റിലി ഹഗ്ഗ് മി.

അവൻ കെട്ടിപിടിച്ചെങ്കിലും അതൊന്നും മതി വരാതെ ഹഗ് മി എന്ന് പറയുന്ന അവളെ ഞെട്ടലോടെ അവൻ നോക്കിയത്. അവളുടെ പിടിത്തത്തിൽ അവന്ന് അവൾക്ക് ശ്വാസം പോലും കിട്ടുന്നില്ലെന്ന് തോന്നി. എന്താ ഇവള്ക്ക് പറ്റിയെ...... തളർന്നത് പോലെ അവന്റെ നെഞ്ചിലേക്ക് വീണതും

അവൻ മെല്ലെ അവളെ വിട്ടു ബെഡിൽ കിടത്തി. എപ്പോഴും അവളുടെ ചുണ്ടുകൾ മന്ത്രിക്കുന്നത് അവൻ കേട്ടു.... മാപ്പ്.....

അവൻ എഴുന്നേറ്റു ഇരുന്നു. പലവിധ ചിന്തകൾ കൊണ്ട് അവന്നും അസ്വസ്ഥമായി. തീർച്ചയായും ഇനുവും ഇജാസ് തമ്മിൽ എന്തോ ബന്ധമുണ്ട്. ജന്നതിനെ പോലൊരു പെണ്ണ് ഇവളുടെ കാലിൽ പിടിക്കന്ന് പറയുമ്പോൾ..... അതൊരിക്കലും അബദ്ധത്തിൽ അല്ല. അത്ര മാത്രം ഇനായയുടെ മുഖം വിളറി വെളുത്തിരുന്നു .  ജുനു ഇല്ലാത്തോണ്ട് ചോദിക്കാൻ പറ്റില്ല.

പിന്നെ ഇനു അവൾക്ക് ഇപ്പൊ തന്നെ എന്തൊക്കെയോ പ്രോബ്ലം ഉണ്ട്. ടെൻഷൻ അടിപ്പിക്കാൻ വയ്യ. പിന്നീട് എപ്പോഴോ രണ്ടു പേരും ഉറക്കിലേക്ക് വീണു.

രാവിലെ ഫൈസ് ജോഗിംഗ് പോയി വരുമ്പോഴും ഇനു കിടത്തം തന്നെ ആയിരുന്നു. കണ്ണുകൾ തുറന്നു വെച്ചിട്ടുണ്ടെന്ന് മാത്രം.

എന്താ ഇനു നിനക്ക് പറ്റിയെ..... അവളെ അടുത്ത്

വന്നിരുന്നു  തലയിലൂടെ തലോടി.

ഞെട്ടി എണീറ്റു അവന്നെ കഴുത്തിലൂടെ കയ്യിട്ട് കെട്ടിപിടിച്ചു. അവനൊന്നു പകച്ചു. അവന്റെ പുറം നനയുന്നത് അവൻ അറിഞ്ഞു.

നിന്റെ പ്രോബ്ലം എന്താന്ന് പറയ് ഇനു. ഇങ്ങനെ കരഞ്ഞോണ്ട് ഇരുന്ന പ്രോബ്ലം തീരുമോ..... മനസ് തുറന്നു ഒന്ന് സംസാരിക്ക് എല്ലാ പ്രോബ്ലം തീരും....

അത് കേട്ടതും അവൾ അവന്നെ വിട്ടു.

ജുനുനെ മിസ്സ് ചെയ്തോണ്ടാ. വേറൊന്ന് ഇല്ല. പറയുന്നത് കള്ളം ആണെന്ന് അറിഞ്ഞിട്ടും അവൻ ഒന്ന് മൂളുക മാത്രം ചെയ്തു.

ഞാൻ ഫ്രഷ് ആയി വരാം..... അവളെ വിട്ടു അവൻ എണീറ്റു.

ഫോൺ msg ട്യൂൺ കേട്ട് അവൾ നോക്കി.

ഇജാസ് വോയിസ് msg ആണ്.

മുന്നിൽ വന്നില്ലെങ്കിലും എന്നും നല്ലൊരു ഫ്രണ്ട് ആയി കൂടെ ഉണ്ടാവും. ഒരു വിരൽ തുമ്പത് ഞാൻ ഉണ്ട്.  ആരു ചോദിച്ചാലും ധൈര്യം ആയി പറഞ്ഞേക്ക് എന്റെ ബെസ്റ്റ് ഫ്രണ്ട് ആണെന്ന്.

അല്ലാതെ  റാനിയെ കെട്ടിച്ചിട്ട് ആ വകയിൽ ഒരു ഫ്രണ്ട് ആക്കണ്ടെ എന്നെ. ലാസ്റ്റ് ആ ശബ്ദം ഇടറിയ പോലെ തോന്നിയെങ്കിലും അവൾക്ക് മനസ്സിൽ മഞ്ഞു വീണപോലെ തോന്നി. നഷ്ടപ്പെട്ടു പോയത് എന്തോ തിരിച്ചു കിട്ടിയത് പോലെ തോന്നി അവൾക്ക്. സന്തോഷം കൊണ്ട് ബെഡിൽ നിന്നും എണീറ്റു തുള്ളിച്ചാടി അവൾ. കടുവ ഇജുവിനോട് സംസാരിച്ചെന്ന് അവൾക്ക് മനസ്സിലായി. അതാണ് ഫ്രണ്ട് എന്ന് പറഞ്ഞത്.

പറയാതെ തന്നെ മനസ്സിലാക്കാൻ ഒരാൾ കൂടി ഉണ്ടല്ലോന്ന് ഓർത്തു മനസ്സ് കൊണ്ട് നന്ദി പറഞ്ഞു കടുവയോട്.

നിനക്ക് എന്താടി വട്ടായോ..... ബെഡിൽ കേറി നിന്ന് തുള്ളുന്ന അവളെ നോക്കി അവൻ കണ്ണ് മിഴിച്ചു......

പെട്ടന്ന് ഫൈസ്ന്റെ ശബ്ദം കേട്ടതും അവൾ തിരിഞ്ഞു നോക്കിയെങ്കിലും കാലിടറി വീഴാൻ നോക്കി ബെഡിൽ നിന്നും താഴെ എത്തിന്ന് കരുതി ഉമ്മാന്ന് വിളിച്ചു കണ്ണുകൾ ഇറുക്കെ പൂട്ടി. വീണിട്ടും വേദന ഒന്നും ഇല്ലല്ലോ അവൾ മെല്ലെ കണ്ണ് തുറന്നു നോക്കി. ഫൈസിന്റെ കൈകളിൽ ആണ് ഉള്ളത്.

വീണില്ലല്ലേ..... അവൾ ചിരിയോടെ പറഞ്ഞു.

എന്താ വീഴ്ത്തണോ..... അവന്റെ മുഖത്ത് ഒരു കുസൃതി ചിരി ഉണ്ടായിരുന്നു.

അവൾ അവന്റെ മുഖത്തേക്ക് തന്നെ നോക്കി..... അവന്റെ ചിരി മനോഹരം ആയി തോന്നി അവൾക്ക്. അവന്റെ കണ്ണുകളിലേക്ക് തന്നെ നോക്കി നിന്നു. കണ്ണിന് മുകളിൽ വെള്ളം ഇറ്റി വീണതും അവൾ നീറ്റലോടെ കണ്ണടച്ചു. കുളിച്ചിറങ്ങി വന്നൊണ്ട് മുടിയിൽ നിന്നും ഇറ്റി വീണത് ആയിരുന്നു.

അവൻ അവളെ നേരെ നിറുത്തിയെങ്കിലും അവന്റെ കയ്യിൽ പിടിച്ചു  പിറകോട്ടു വലിച്ചു. അവൾ ബെഡിലേക്ക് വീണു അവളുടെ ദേഹത്ത് ആയി അവനും. അവൻ എഴുന്നേൽക്കാൻ നോക്കിയതും അവൾ കഴുത്തിലൂടെ കയ്യിട്ടു പിടിച്ചു ചിരിയോടെ അവനെ നോക്കി നിന്നു. വിടർന്ന മുഖത്തോടെ കണ്ണുകളിൽ തെളിഞ്ഞ സന്തോഷത്തോടെ നിൽക്കുന്ന അവളെ കണ്ടു അവന്ന് അത്ഭുതം തോന്നി. കുറച്ചു മുന്നേ വരെ വേദന നിഴലിച്ച മുഖവും നിർജീവമായ കണ്ണുകൾ ആണ്...... അവളുടെ ചുണ്ടിൽ പുഞ്ചിരി തങ്ങി നിന്നിരുന്നു. ആ ചിരിയിൽ

ലയിച്ചു നിന്നു. ആ കരിനീലകണ്ണുകളിലെ തിളക്കം അവളിലേക്ക് വലിച്ചു അടുപ്പിക്കുന്നത് പോലെ തോന്നി. അവന്റെ ശരീരത്തിലെ തണുപ്പ് അവളിൽ പടർന്നപ്പോൾ അവന്റെ ശരീരം അവളുടെ സ്പർഷത്തിൽ ചൂട് പിടിച്ചു തുടങ്ങിയിരുന്നു.

എന്താ ഇത്ര വലിയ സന്തോഷം

ഒരു വലിയ നിധി കിട്ടി ഫൈസ്...... ഞാൻ ആണ് ഇന്ന് ഏറ്റവും സന്തോഷവാതിയായ ആൾ

കൊള്ളാലോ...... എനിക്കും തരോ ആ നിധി....

ഇല്ല ഫൈസ് അതെനിക്ക് മാത്രം ഉള്ളതാ.

എന്റെ മാത്രം....... വേറെന്ത് വേണേൽ ചോദിച്ചോ ഞാൻ തരും.....

എന്തും തരോ......

Mmmm

നിന്നെ തരോ എനിക്ക്..... അവൻ വശ്യതയോടെ ചോദിച്ചു.

എന്തിന

ഈറ്റ് യൂ ...... അത് പറയുമ്പോൾ അവന്റെ ഹൃദയം

ഇടിപ്പ് ഉയർന്നു അവന്റെ കണ്ണുകളിൽ പ്രണയം നിറഞ്ഞിരുന്നു

തിന്നോ......

ചോദിച്ചതിന്റെയും പറഞ്ഞതിന്റെയും അർത്ഥം അവൾക്ക് മനസ്സിൽ ആയിട്ടില്ലെന്ന് ആ പുഞ്ചിരി തൂകുന്ന മുഖത്ത് നിന്നും മനസ്സിലായി.

അവൻ ചിരിയോടെ അവളെയും കൊണ്ട് ഒന്ന് മറിഞ്ഞു. അവന്റെ മുകളിൽ അവൾ നിന്നു. അവൻ അവളെ അവനോട് ചേർത്ത് അമർത്തി കെട്ടിപിടിച്ചതും അവൾ അവനെ നോക്കി. അവന്റെ ദേഹത്തോട് ശരീരം അമർന്നതും അവൾ ഞെട്ടലോടെ നോക്കി...... അവളിൽ ഉണ്ടാകുന്ന മാറ്റങ്ങൾ അവൾ അറിയുന്നുണ്ടായിരുന്നു...... ശരീരത്തിലെ കോരിതരിപ്പും താളം തെറ്റിയ ഹൃദയമിടിപ്പും അവളുടെ പരവേശം കൂട്ടിയിരുന്നു.

അവൻ നോക്കികാണുകയാരുന്നു അവളുടെ മാറ്റം. അവന്റെ നോട്ടത്തിന്റെ തീവ്രത കാണാൻ കഴിയാതെ അവനെ തള്ളിമാറ്റി എഴുന്നേറ്റു.

അവൻ അതേ സ്പോട്ടിൽ കയ്യിൽ പിടിച്ചു വലിച്ചു അവന്റെ ഇപ്പുറത്തു ആയി വന്നു വീണു. അവൾ

കുതറി എഴുന്നേൽക്കാൻ നോക്കിയതും അവളുടെ മുകളിൽ ആയി കൈ കുത്തി നിന്നു അവൻ.....

വിട് ഫൈസ്....... എനിക്ക് എഴുന്നേൽക്കണം... അവന്റെ മുഖത്ത് നോക്കാതെ മെല്ലെ പറഞ്ഞു.....

അവന്റെ മുഖം അവളിലേക്ക് താഴ്ന്നതും അവളിൽ ഒരു വിറയൽ പടർന്നു കയറി.  കൈകൾ അവന്റെ തോളിൽ അവനെ തള്ളിമാറ്റാൻ എന്ന വണ്ണം പതിഞ്ഞിരുന്നു. ഒന്ന് അനങ്ങുന്നത് പോലും ഇല്ലെന്ന് അവൾ കണ്ടു...... അല്ലെങ്കിലും ഉരുക്കു പോലുള്ള ഈ ശരീരം എവിടെ അനങ്ങാനാ...... അവന്റെ ശ്വാസം മുഖത്തു തട്ടിയതും അവളുടെ കണ്ണുകൾ അടഞ്ഞു പോയി.

അവളുടെ കവിളിൽ അവൻ മെല്ലെ കടിച്ചു. അവൾ ഞെട്ടി കണ്ണ് തുറന്നു.

എന്ത് സോഫ്റ്റ് ആണ് നിന്റെ കവിൾ.... കടിച്ചിടത് അവൻ ഒരു കിസ്സ് കൊടുത്തു.

അവൻ വീണ്ടും മുഖം അടുപ്പിച്ചതും അവൾ രണ്ടു കൈ കൊണ്ടും മുഖം പൊത്തിപിടിച്ചു. ഇക്കിളി എടുക്കുന്നു ഫൈസ്......

ബെസ്റ്റ് എല്ലാർക്കും റൊമാൻസ് നാണം വർക്ക് ഔട്ട് ആകുമ്പോൾ നിനക്ക് ഇക്കിളി എടുക്കുന്നുന്നോ വെറൈറ്റി ആണല്ലോ..... അവൻ അവളുടെ കൈ എടുത്തു മാറ്റി. കവിളിൽ വീണ്ടും കിസ്സ് കൊടുത്തു......

സത്യം ആയിട്ടും ഇക്കിളി എടുക്കുന്നു എന്ന് പറഞ്ഞു അവൾ കുതറി മാറാൻ നോക്കി. പിന്നെ അവന്നും വാശി കേറിയ പോലെ ആയിരുന്നു. അവളുടെ കൈ രണ്ടും പിടിച്ചു മുകളിലെക്ക് പിടിച്ചു. അവളുടെ മുഖത്താകെ അവന്റെ ചുണ്ടുകൾ ഒഴുകി നടന്നു. അവൾ വേണ്ടന്ന് പറഞ്ഞു കിടന്നു പുളഞ്ഞെങ്കിലും അവൻ വിട്ടില്ല. അവൻ അവളുടെ മുഖത്ത് ഓരോ തവണ ചുണ്ടുകൾ ചേർക്കുമ്പോഴും അവളുടെ മെല്ലെ ഉള്ള ചിരി പൊട്ടിച്ചിരി ആയി ഉയർന്നു. ആദ്യം അയാണ് ഇങ്ങനെ സന്തോഷത്തിൽ അവൾ പൊട്ടിച്ചിരിക്കുന്നത് കണ്ടത്. അതിൽ മറന്നു ഇരുന്നു അവൻ. പതിവിലും മിഴവോടെ ആ കരിനീലകണ്ണുകൾ തിളങ്ങി നിന്നിരുന്നു.

ഫൈസ് വിട്...... അവൻ ഇല്ലെന്ന് തലയാട്ടി

വീണ്ടും അവൻ വീണ്ടും മുഖം അവളിൽ അടുപ്പിച്ചതും അവൾ അവന്റെ ചുണ്ടിൽ അമർത്തി മുത്തം കൊടുത്തു. അവൻ ഞെട്ടി പകച്ചു അവളെ നോക്കിയതും അവന്റെ ചുണ്ടിൽ സുഖമുള്ള ഒരു വേദന പടർന്നു കയറിയിരുന്നു. അവൻ കണ്ണ് മിഴിച്ചു അവളെ നോക്കി. അവൾ അവനെ തള്ളിമാറ്റി ഓടിയതൊന്നും അവൻ അറിഞ്ഞു കൂടിയില്ലായിരുന്നു. അവൾ കടിച്ച കീഴ്ച്ചുണ്ടിൽ തലോടികൊണ്ട് അവൻ മായാലോകത്ത് ആയിരുന്നു.

❤️❤️❤️❤️

അവൾ അടുക്കളയിലേക്ക് ഓടി എത്തിയതും കിതച്ചു പോയിരുന്നു. അവളുടെ മുഖം ചുവന്നു തുടുത്തിരുന്നു. ഒരു ചെറുചിരി ചുണ്ടിൽ തങ്ങി നിന്നു.

റംലത്ത അവളെ കണ്ടതും അടുത്ത് വന്നു

മോളിരിക്ക് ചായ ഇപ്പൊ എടുക്കാട്ടോ

അതെന്താ അവൾക്ക് ഉണ്ടാക്കി  കുടിച്ചോടെ

എല്ലാർക്കും ഞാൻ ആണ് ഉണ്ടാക്കികൊടുക്കുന്നത്. മൂത്ത മരുമോൾ കൊമ്പത്തെ ആയോണ്ട് മഹാറാണി. ഇവൾ പാവപ്പെട്ട ആയോണ്ട് വേലക്കാരിയും അവർ

പിറു പിറുത്തു.

ഞാൻ ഉണ്ടാക്കിക്കോളാം റംലിത.

അവൾ ചായക്ക് വെള്ളം വെച്ചു തിളച്ചു കൊണ്ടിരിക്കുമ്പോ അതിലേക്ക് തന്നെ നോക്കി നിന്നു. അതികം ഒന്നും ഉമ്മയും ജുനുവും അടുക്കളെയിൽ കയറ്റാറില്ല. കേറിയാൽ തന്നെ അടുത്ത് ഉണ്ടാവും അവർ.

അവൾക്ക് പെട്ടെന്ന് കണ്ണ് മൂടുന്ന പോലെ തോന്നി.അസ്വസ്ഥത തോന്നിയാ തീയിൽ നിന്ന് മാറി നിൽക്കണം ഇനു..... ജുനുവിന്റെ വാക്കുകൾ അവളുടെ ചെവിയിൽ മുഴങ്ങി. അവൾ പിന്നോട്ട് നീങ്ങി.

തിളയ്ക്കുന്ന കണ്ടില്ലേ..... ഉമ്മാന്റെ കലിപ്പ്

ശബ്ദം കെട്ടു.

എനിക്ക് തലക്ക് എന്തോ പെരുപ്പ് പോലെ.

ജുനു പറഞ്ഞിട്ടുണ്ട് അങ്ങനെ ഉള്ളപ്പോൾ അടുക്കളെയിൽ കയറരുതെന്ന്.

പച്ചവെള്ളം അല്ല അതിൽ കാത്തുന്നത് വീണ്ടും കത്തിക്കാൻ..... ചായ ഉണ്ടാക്കിട്ട് പോയ മതി.

അവൾ എനിക്ക് ചായ വേണ്ടെന്നു പറഞ്ഞു ഓഫ് ആക്കാൻ നോക്കിയതും കണ്ണുകൾ മങ്ങിയത് കാരണം വീഴാൻ പോയി. അവൾ പിടിച്ചത് പാത്രത്തിൽ ആയിരുന്നു. പാത്രം തട്ടി മറിഞ്ഞു തിളയ്ക്കുന്ന വെള്ളം ദേഹത്തു വീഴാൻ നോക്കിയതും ഉമ്മ തന്നെ അവളെ പിടിച്ചു മാറ്റി.

നാശം പിടിക്കാൻ എന്ത് ചെയ്താലും മറ്റുള്ളോർക്ക് പണിയാക്കികൊള്ളും വെള്ളം മറിഞ്ഞു എല്ലാടത്തും നാശം ആക്കി..... റംല എല്ലാം തുടച്ചു വൃത്തിയാക്ക് എന്ന് പറഞ്ഞു അവർ പോയി.

കൈ മുഴുവൻ പൊള്ളി ചുവന്നു തുടുത്തു വേദനയോടെ  നിൽക്കുന്ന അവളെ കൈ കണ്ടു അവർക്ക് പോലും നെഞ്ചിൽ ഒരു നീറ്റൽ തോന്നി.

ഞാൻ തുടച്ചോളാം ഇത്ത പോയിക്കോ.... എന്ന് വേദനക്കിടയിലും  പറഞ്ഞു.

മോള് പോയി മരുന്ന് വെച്ചിട്ട് വാ.....

ഞാൻ കാരണം വിഷമായി അല്ലേ.... സോറി..... വേദനയിൽ കുതിർന്ന പുഞ്ചിരിയോടെ പറയുന്ന അവളെ കണ്ടു അവരുടെ കണ്ണ് നിറഞ്ഞു.

💖💖💖💖💖

ബ്ലാങ്ക് ചെക്ക് ആണ് എത്ര വേണമെങ്കിൽ എഴുതി എടുക്കാം...... ഇനായ അവളെ ഫൈസിയിൽ നിന്നും അകറ്റിയ മാത്രം മതി.

മുന്നിൽ ഇരിക്കുന്ന പെണ്ണിനെ ഐറ അടിമുടി നോക്കി. ജന്നത് എന്ന് കേട്ടിട്ടേ ഉള്ളൂ...... എല്ലാവരും ഒരു നോക്ക് കാണാൻ പോലും കാത്തിരിക്കുന്നവൾ തെരുവിൽ കിടക്കുന്നവൾക്ക് വേണ്ടി കാശ് മുടക്കുന്നു. ശഹസാദ് പറഞ്ഞത് കേട്ട് ഒന്ന് ഒതുങ്ങി നിന്നതാണ്. പക്ഷേ അവന്റെ പെങ്ങൾ തന്നെ ആവിശ്യപെടുമ്പോൾ എന്തിന് പേടിക്കണം. അവൾ ആ ചെക്ക് എടുത്തു

ബട്ട് ഒരു കണ്ടീഷൻ അവൾക്ക് വേദനിപ്പിക്കാൻ പാടില്ല. ഒരു ഈർക്കിലി കൊണ്ട് പോലും അവളെ വേദനിപ്പിക്കാൻ പാടില്ല. അത് പറയുമ്പോൾ അവളുടെ മുഖം വലിഞ്ഞു മുറുകിയിരുന്നു.

ഒരു പിച്ചക്കാരി പെണ്ണിന് വേണ്ടി നിങ്ങൾ എന്തിന് വാശിപിടിക്കുന്നു.

എന്റെ ഭയ്യാ ആഗ്രഹിച്ചിട്ടുണ്ടെങ്കിൽ അവളെ അവന്ന് തന്നെ കൊടുത്തിരിക്കും.

ഐറ പുഞ്ചിരിയോടെ ചെക്ക് എടുത്തു പോയി.

കുപ്പയിൽ കിടക്കുന്ന മാണിക്യം ആണത്.

മാണിക്യത്തിന്റെ വില പിച്ചക്കാർക്ക് അറിയില്ല.അതിന്റെ വില അറിയാൻ രത്ന വ്യാപാരിയുടെ കയ്യിൽ കിട്ടണം.   അത് എത്തേണ്ടിടത് തന്നെ എത്തിയിരിക്കും.  സോറി ഇജുക്ക ചെയ്യുന്നത് തെറ്റാണ്. പക്ഷേ അവർക്ക് യോഗ്യതയില്ല ഇനുവിനെ കിട്ടുവാൻ.....ബാബിസാ ഒരുങ്ങിയിരുന്നോ ഞാൻ വരും നിന്നെ കൊണ്ട് പോകാൻ......

❤️ 💔 INVISIBLE LOVE 💔❤️

Love after💘 marriage story

Part 51

എനിക്ക് കൈ നീറുന്നു ഫൈസ്..... അവൾ അവന്റെ കൈപ്പിടിയിൽ നിന്നും കൈ വലിച്ചെടുത്തു.

മിണ്ടാതിരുന്നോണം ഇവിടെ..... ദേഷ്യം കൊണ്ട് വിറക്കുന്ന അവനെ കണ്ടു അവൾ പേടിയോടെ നോക്കി.

ഉണ്ടക്കണ്ണും ഉരുട്ടി നോക്കിക്കോ.... അവളെ കണ്ണിൽ

നിന്നും കണ്ണുനീർ ഒലിച്ചിറങ്ങി.

ഇനി കണ്ണീർ പൈപ്പ് കൂടി തുറന്നു വെക്ക്... അവൻ ദേഷ്യത്തോടെ ടേബിളിൽ ആഞ്ഞടിച്ചു.....

ഡയിനിങ് ടേബിൾ പൊട്ടി തകർന്നു വീണത് കണ്ടു എല്ലാവരും ഞെട്ടി വിറച്ചു.

റംലിതന്നോട് ഞാൻ പറഞ്ഞിട്ടില്ലേ ഇനുവിനെ കൊണ്ട് ഒരു ഗ്ലാസ് പോലും എടുപ്പിക്കരുതെന്ന്. പിന്നെന്തിനാ അടുക്കളയിൽ കയറ്റിയത്..... പറ്റില്ലെങ്കിൽ പറഞ്ഞ പോരാരുന്നോ ഒന്നല്ല നൂറ് സെർവന്റിനെ വെക്കാനുള്ള കഴിവുണ്ട് എനിക്ക്...... നിങ്ങൾ നോക്കി കൊള്ളാമെന്നു പറഞ്ഞ ഒറ്റ വാക്കില ഞാൻ മറ്റാരെയും ജോലിക്ക് വെക്കാതിരുന്നത്  അവന്റെ ശബ്ദം ഉയർന്നിരുന്നു.

ഞാൻ റംലിത പറഞ്ഞത് കേൾക്കാതെ പോയി ചെയ്തതാ.......അവൾ മെല്ലെ പറഞ്ഞു.

ദിവസം ആയിരം പ്രാവശ്യം ജുനു മന്ത്രം ഉരുവിടുമല്ലോ..... നിന്നോട് പറഞ്ഞിട്ടില്ലേ ജുനു അടുപ്പൊ ഗ്യാസോ ഉപയോഗിക്കരുതെന്ന്...... അവന്റെ ഒച്ചക്കേറ്റ് ചെവി അടഞ്ഞ പോലെ ആയി ഇനുവിന്.......

എല്ലാവരും ഞെട്ടലോടെ ആണ് ഫൈസിയെ നോക്കിയത്. ആദ്യം ആയാണ് അവൻ വീട്ടിൽ ദേഷ്യപ്പെടുന്നത് എല്ലാരും കണ്ടത്.

നിന്നോട് ആര് അടുക്കളയിൽ കേറാൻ പറഞ്ഞു..... വന്നു കേറിയ അന്നേ ഞാൻ പറഞ്ഞതല്ലേ ഒരു ജോലിയും ചെയ്യണ്ടാന്ന്

അവൾ ഇരുന്നിടത്ത് നിന്നും മെല്ലെ എണീറ്റു

ഇരിക്കടി അവിടെ..... ഇതിന്ന് ഒരു തീരുമാനം പറഞ്ഞിട്ട് പോയ മതി....

എനിക്ക് മൂത്രം ഒഴിക്കാൻ പോണം ആയിരുന്നു....... പ്ലീസ് പ്ലീസ് അർജന്റ് ആണ് എന്നും പറഞ്ഞു ഒറ്റ ഓട്ടം റൂമിലേക്ക്.

ഫൈസ് എല്ലാരേം നോക്കി സങ്കടത്തോടെ മുഖം കുനിച്ചു നിൽക്കുന്ന റംലിത്തയെ കണ്ടപ്പോൾ ദേഷ്യം അടക്കി പിടിച്ചു.

സോറി ഇത്ത...... അവളെ കൈ പൊള്ളിത് കണ്ടപ്പോൾ പെട്ടന്ന് ദേഷ്യം വന്നു പോയത. അവൾക്ക് അടുക്കളയിൽ കേറിയൊന്നും ശീലം ഇല്ല അതോണ്ടാ. വല്ലതും പറ്റിയിരുന്നെങ്കിലോ

പേടിച്ചു പോയി.....

ഞാൻ കണ്ടില്ലാരുന്നു മോനെ അതാണ്. ഇനി പറ്റില്ല.റംലിത പറഞ്ഞു.

റംസിയെ ഉമ്മ അടുക്കളെയിൽ കേറ്ററില്ലെന്ന് എനിക്കറിയാം. മോളെ പോലെ കാണണ്ട. അന്യയായി കാണാതിരുന്നോടെ..... ഉമ്മ ഉണ്ടാരുന്നല്ലോ അടുക്കളെയിൽ..... അവന്റെ വാക്കുകളിൽ വേദന നിഴലിച്ചിരുന്നു.

ഒരു ചായ പോലും ഉണ്ടാക്കാൻ അറിയാത്ത കൊച്ചു കുട്ടിയാന്ന് ഞാൻ അറിഞ്ഞോ.... ഇനി എന്റെ മെക്കിട്ട് കേർ എന്ന് പറഞ്ഞു അവർ പോയി.

അവൻ തിരിച്ചു ഒന്നും പറയാതെ റൂമിലേക്ക് പോയി.

അന്നം തന്ന കൈക്ക് തിരിച്ചു കൊത്തി ശീലം ഇല്ല അതോണ്ട് മാത്രം ആണ് മിണ്ടാതിരുന്നത്.ആ പാവം കൊച്ചിനോട് ചെയ്യുന്നതൊക്കെ അവൻ അറിഞ്ഞ ആദ്യം വേണ്ടെന്നു വെക്കുന്നത് നിങ്ങളെ ആയിരിക്കും.ഇത്രയും വർഷത്തിനാടക്ക് നിങ്ങളെ ധിക്കരിച്ചതും ശബ്ദം ഉയർന്നതും ആ പെണ്ണിന് വേണ്ടിയാണ് അതിൽ നിന്ന് തന്നെ അറിഞ്ഞുടെ അവന്റെ ജീവന അവളെന്ന്.  റംലിത്ത കണ്ണ്

തുടച്ചോണ്ട് ഉമ്മാനോട് പറഞ്ഞു പോയി.

💘💘💘💘

അവൾ റൂമിൽ എത്തിയതും നിന്ന് കിതച്ചു

ഇതെന്താ ദേഷ്യം..... കലിപ്പൻ ആണെന്ന് അറിയാം.... ഇങ്ങനെ ദേഷ്യപെടോ. അവന്റെ കയ്യിൽ നിന്നും രക്ഷപെടാൻ കള്ളം പറഞ്ഞു ഓടിയതാണ്. അവൾ നെഞ്ചിൽ കൈ വെച്ചു....

വലതു കൈ പത്തി മൊത്തം പൊള്ളി കുമളിച്ചിട്ടുണ്ട്. അവൾക്ക് നല്ല പുകച്ചിൽ ഉണ്ടാരുന്നു.അവൾ ബെഡിൽ പോയി ഇരുന്നു കൈ ഊതി കൊണ്ടിരുന്നു....

വാതിൽ തുറന്നു ഫൈസി അകത്തേക്ക് വന്നു.

ഇനിയും വഴക്ക് പറയല്ലേ പ്ലീസ്...... അവൾ കണ്ണടച്ചു നിന്നു കൈകൂപ്പി.

ഒന്നും പറയാത്ത കണ്ടു ഒരു കണ്ണ് മാത്രം തുറന്നു നോക്കി. അവൻ കയ്യും കെട്ടി നോക്കി നിക്കുന്നുണ്ട്. അവൾ അപ്പൊ തന്നെ വീണ്ടും കണ്ണടച്ചു......

എന്റെ ജുനു ആയിരുന്നെങ്കിൽ മരുന്ന് വെച്ച് തന്നേനെ. ഇത് അതിന്റെ പേര് പറഞ്ഞു തല്ലാൻ

വന്നിരിക്കുന്നു. സമിക്കയെും ജുനു വരട്ടെ പറഞ്ഞു കൊടുത്തു തല്ല് വാങ്ങിച്ചു തരും നോക്കിക്കോ...... അവൾ മുഖം കോട്ടി കൊണ്ട് പറഞ്ഞു....

അവന്റെ മുഖത്ത് അവളെ കളിയും സംസാരം കേട്ടു ചിരി വന്നു.

അവൻ അവളെ മുന്നിൽ മുട്ട് കുത്തി ഇരുന്നു. കൈ പിടിച്ചു നോക്കി....

വേദന ഉണ്ടോ ഇപ്പൊ.....

അതിന്ന് ഓർമ വേണ്ടെ പൊള്ളിയപ്പോ. നിന്റെ കലിപ്പ് കേട്ടപ്പോ വേദനയുടെ കാര്യം മറന്നു പോയി.

അവനൊന്നു ചിരിച്ചു.... പേടിച്ചു പോയോ..

സോറി.....

ഞാൻ അതോണ്ടല്ലേ മുങ്ങിയത്. ജുനു പറഞ്ഞു തന്ന ഐഡിയ ആണ് എങ്ങനെ ഉണ്ട്.....

ഐഡിയയോ....

Mmm. നിനക്ക് പെട്ടെന്ന് ഒന്നും ദേഷ്യം വരില്ല..... കൂൾ ആയ പ്രകൃതം ആണ്. പക്ഷേ  ദേഷ്യം പിടിച്ച കണ്ണ് കാണില്ല.... കട്ട കലിപ്പ് ആയിരിക്കും.... ആ സമയത്ത്

അവനെ കൺട്രോൾ ചെയ്യാൻ പാടാണ്.അന്നേരം മെല്ലെ ഒഴിഞ്ഞു മാറിയ മതി.... തിരിച്ചു മിണ്ടാതിരുന്നാൽ പെട്ടന്ന് തണുക്കും. അപ്പോൾ ചെയ്തെന്നും പറഞ്ഞെന്നും നമുക്ക് ഇരട്ടി ആയി തിരിച്ചു കൊടുക്കാം എന്ന്.അതല്ലേ ഞാൻ അവിടുന്ന് മുങ്ങിയത്....

അവൻ പൊട്ടിച്ചിരിച്ചു പോയി..... ജുനു ആൾ കൊള്ളാലോ..,...വേറെന്തൊക്കെ പറഞ്ഞു തന്നിട്ടുണ്ട്. അവൻ ചിരിക്കുമ്പോൾ കയ്യാനെങ്ങി അവളെ കൈക്ക് കൊണ്ടു.... അവൾ നീറ്റലോടെ എരിവ് വലിച്ചു.....

അവൻ ആ കയ്യിൽ മൃദുവായ് ചുംബിച്ചു.

അവൾ ഇക്കിളി എടുത്തു ചിരിച്ചു.

അതേ ദേഹത്തു തൊടരുത്. ഫെയ്സ് എവിടെ തൊട്ടാലും ചിരി വരും....

എവിടെ തൊട്ടാലും വരോ.... അത് പറഞ്ഞു ഇടുപ്പിൽ കൈ വെച്ചു

അവൾ ഒന്ന് പുളഞ്ഞു ശ്വാസം എടുക്കാൻ മറന്നു കണ്ണും മിഴിച്ചു നിന്നു.

ഇക്കിളി എടുക്കുന്നില്ലേ ഇപ്പോൾ അവളുടെ കാതിൽ മെല്ലെ പറഞ്ഞു.

അവന്റെ മുഖം അവളിൽ തൊട്ടതും അവൾ പകപ്പോടെ അവനെ നോക്കി. ഇ.... ഇല്ല..... അവൾ കിടന്നു വിക്കി.

ഒട്ടും ഇല്ലെ...... അവൻ ചിരി കടിച്ചു പിടിച്ചു ഇടുപ്പിൽ അമർത്തി.

അവൾ രണ്ടു കയ്യും ചുമലിൽ പിടിച്ചു ഉയർന്നു പൊങ്ങിപ്പോയി.... കൈ തട്ടിയതും അത് പോലെന്നെ ആാാ എന്ന് പറഞ്ഞു നിലവിളിച്ചു.....

സോറി...... അവൻ കയ്യിൽ ഊതികൊടുത്തു മെല്ലെ മരുന്ന്  വെച്ചു കൊടുത്തു.

അവൾ അവനെ തന്നെ നോക്കി നിൽക്കുകയാരുന്നു. അവൻ കാണിക്കുന്ന കെയർ...... അവന്റെ കണ്ണിൽ കാണുന്ന സങ്കടം ഒക്കെ അവളിൽ പറയാൻ ആവാത്ത ഒരനുഭൂതി ഉണർത്തി.

ഹൃദയത്തിൽ നിന്നും വരേണ്ടതാണ് പ്രണയം അത് പഠിപ്പിച്ചു വരേണ്ടതോ ആരെങ്കിലും മനസ്സിലാക്കി തരേണ്ടതോ അല്ല.... കടുവയുടെ ഓരോ വാക്കും

ഓർമ വന്നു....... ഇർഫാൻ എല്ലാം പ്ലാൻ ചെയ്തു പിടിച്ചു വാങ്ങിയ സ്നേഹം ആണ്...... അവന്റെ വാക്കുകളിൽ വിശ്വസിച്ചു സ്വയം പടുത്തുയർത്തിയത്..... എന്നാൽ എന്റെ കലിപ്പൻ..... ആ ഓർമയിൽ അവളുടെ മുഖത്ത് സങ്കടം നിഴലിച്ചു..... ഒരു കാലത്ത് ജീവൻ ആയിരുന്നു...... അവന്റെ കണ്ണുകളിലെ സ്നേഹം ആവോളം അറിഞ്ഞിട്ടുണ്ട്..... അവന്റെ നോട്ടവും കെയറിങ് ഒരുപാട് ഇഷ്ടം ആയിരുന്നു..... എന്റെ പെണ്ണെന്നു പറഞ്ഞു എല്ലാരേം മുന്നിൽ കയ്യും പിടിച്ചു നടക്കുമ്പോൾ ദേഷ്യം വരുമെങ്കിലും ഉള്ള് കൊണ്ടു സന്തോഷം ആയിരുന്നു. കഴുത്തിൽ മാലയിട്ട് ഞങ്ങളെ കല്യാണം കഴിഞ്ഞുന്ന് പറഞ്ഞു ജുനുവിന്റെ മുന്നിൽ പോയപ്പോൾ അതിന്റെ അർത്ഥം എന്താന്ന് പോലും അറിയില്ലെങ്കിൽ പോലും ഇഷ്ടം ആയിരുന്നു അവന്റെ ദേഷ്യവും കുറുമ്പും എല്ലാം...... ഒരു ദേഷ്യത്തിന്റെ പുറത്ത് എല്ലാ ബന്ധവും അവസാനിപ്പിച്ചു ഇറങ്ങിയപ്പോഴും ഒരു നോവായി മനസ്സിൽ ഉണ്ടായിരുന്നു. പ്രണയപൂർവ്വം തന്നെ നോക്കിയിരിക്കുന്ന ആ കണ്ണുകൾ കണ്ടിട്ടും തിരിച്ചു അങ്ങനെ ഒരു പ്രണയം തോന്നിയിട്ടില്ല......

പക്ഷേ  വേദനയോടെ നോക്കി നിൽക്കുന്ന ആ കണ്ണുകൾ നീറ്റലായി മനസ്സിൽ പടർന്നു. അതും ആത്മാർത്ഥമായ പ്രണയം ആണെന്ന് അറിയാം.... ഇത്രയും വർഷം കാത്തിരുന്നത് ഓർക്കുമ്പോൾ..... ഞാനും കൂടി  ആയിരുന്നില്ലേ ആ മോഹം കൊടുത്തത്..... പതിനെട്ടു വയസ്സ് തികഞ്ഞാൽ ആ കൈകളിൽ കൊടുക്കാമെന്നു വാക്കും കൊടുത്തത് അല്ലേ..... എന്നിട്ടും എങ്ങനെ അവന്നെ മറന്നു ഞാൻ...... ഫൈസിയോടുള്ള ദേഷ്യം ഇപ്പോൾ പ്രണയം ആയി എങ്ങനെ മാറി..... ഉത്തരം കിട്ടുന്നില്ല ഒന്നിനും....

എനിക്ക് ആക്സിഡന്റ് ആയി കുറച്ചു മാസങ്ങൾ കഴിഞ്ഞപ്പോഴാണ് ജുനുവിൽ മാറ്റം വന്നു തുടങ്ങിയത്. പാർട്ടിക്ക് പോകാൻ വിടില്ല മാര്യേജ്ന് പോകാൻ വിടില്ല.. അടുത്ത വീട്ടിൽ കല്യാണം നടക്കുമ്പോൾ പോലും തന്നെയും കൂട്ടി എവിടേക്കെങ്കിലും പോകും. റാനിയോട് അല്ലാതെ വേറെ പെൺകുട്ടികളോട് മിണ്ടാൻ വിടില്ല... ഇടക്കൊക്കെ വിവാഹവും പ്രണയവും തെറ്റാണെന്നു പറയാൻ തുടങ്ങി. ഫ്രണ്ട്സ് ഒക്കെ കല്യാണം കഴിക്കുന്നത് പറഞ്ഞപ്പോൾ എനിക്ക് വിവാഹം

വേണ്ട അതോണ്ട് മോള് കല്യാണം കഴിക്കൊന്ന് ചോദിച്ചപ്പോ

പിന്നെ അങ്ങനെ ഒന്ന് ചോദിച്ചു പോലും ഇല്ല. അവിടം തൊട്ട് ജുനു പറയുന്ന പോലെ ആയിരുന്നു ജീവിച്ചത്. എല്ലാരേം മറന്നു..... ഒക്കെ മറന്നു...... ജുനു ഉമ്മ വീട്  ഞാൻ ആ ലോകത്തിലേക്ക് ഒതുങ്ങി....

ഫൈസിയെ ആദ്യം കണ്ടപ്പോൾ തന്നെ എന്തോ ഒരിഷ്ടം തോന്നിയിരുന്നു. പിന്നെ പിന്നെ കാണുന്നതേ ഇഷ്ടം അല്ലായിരുന്നു. അവൻ കാരണം ജുനു എന്നിൽ നിന്നും അകലുന്നുള്ള ഓർമ അവനോട് ഓരോ നിമിഷവും വെറുപ്പായി മാറി..... ജുനുവിനോട് അവനെ കാണനോ മിണ്ടാനോ പാടില്ലെന്ന് പറഞ്ഞു വഴക്ക് ഉണ്ടാക്കികൊണ്ടിരുന്നു. എന്നെ പോലെ ഇക്കാക്കയെയും കാണണമെന്ന് പറഞ്ഞു ഓരോ പ്രാവശ്യം തിരുത്തുമ്പോഴും മനസ്സിൽ എപ്പോഴോ പതിഞ്ഞു പോയ മുഖം..... അവനോടുള്ള ആ ദേഷ്യം പ്രണയമാണെന്ന് ഇന്നറിയുന്നു......

ഒരു ഭാഗത്തു ഫൈസിന്റെ പ്രണയം വീർപ്പു മുട്ടിക്കുന്നു..... മറുഭാഗത് തന്നെ മാത്രം ഓർത്തു വേദനയോടെ നോക്കുന്ന

ആ കണ്ണുകളും...... അവനോട് മനസ് തുറന്നു സംസാരിക്കണം.... തന്നെ മനസ്സിലാക്കാൻ അവന്ന് കഴിയും മറ്റൊരു ജീവിതം തുടങ്ങാൻ പറയണം എന്നാലേ നീറ്റൽ അടങ്ങു..... അവിടെയും ഉത്തരം ഇല്ലാത്ത ഒരു ചോദ്യം ബാക്കി ഒരിക്കലും വിട്ടുകൊടുക്കില്ലെന്ന് പറഞ്ഞു വാശിയോടെ പറഞ്ഞവർ എന്തിന് വേണ്ടി എന്നെ വേണ്ടെന്നു പറഞ്ഞു. ഓർമ്മകൾ പോലും ഇല്ലാതിരിക്കാൻ അല്ലേ ജന്നതിനെ കൊണ്ടു വന്നത്. അതെന്തിന്........

തക്കതായ കാരണം ഇല്ലാതെ എന്നെ വേണ്ടെന്നു വെക്കാൻ എന്റെ ഇജുക്ക തയ്യാറാവില്ല. കല്യാണം കഴിഞ്ഞതൊന്നും ഇജുക്കക്ക് പ്രശ്നം അല്ലായിരുന്നു. എന്നിട്ടും പെട്ടന്ന് ഒരു ദിവസം തന്നെ വേണ്ടാന്ന് വെച്ചു.......എന്തായിരിക്കും കാരണം.... അവളുടെ നെറ്റി പിടഞ്ഞു...... തലയിൽ നിന്നും മിന്നൽ പിണർ പോലെ വന്നതും അവൾ തലയിൽ കൈ വെച്ചു.

ഫൈസി നോക്കുമ്പോൾ എന്തൊക്കെ ചിന്തിച്ചു നില്കുന്നത് കണ്ടു. തലയിൽ കൈ വെച്ചതും അവൻ മുഖത്ത് ചിരി വരുത്തി. അവളെ മുന്നിൽ വിരൽ ഞൊടിച്ചു. അവൾ ഞെട്ടലോടെ അവനെ നോക്കി.

കണ്ണ് കൊള്ളോ....ഇങ്ങനെ നോക്കിയാൽ എന്നെ കാണാൻ നല്ല മൊഞ്ചുണ്ടല്ലേ...... അവൻ ചെറുചിരിയോടെ ചോദിച്ചു.

പിന്നെ ഒരു മൊഞ്ചൻ വന്നിരിക്കുന്നു......

എനിക്ക് എന്താടി കുറവ്....... അവൻ താടിയിൽ തടവി അവളെ നോക്കി മുഖം കോട്ടി.

ആ..... ഒപ്പിക്കാം......

ഒപ്പിക്കാൻനോ എന്നിട്ടായിരിക്കും ജുനുവിനോട് കൂടെ നിൽക്കണ്ടെ പറഞ്ഞത്.

അവൾ ചമ്മലോടെ മുഖം കുനിച്ചു.

ഒരു കാര്യം ചോദിച്ച സത്യം പറയണം.... നീ കണ്ടിട്ടുള്ള ബോയ്സിൽ ഏറ്റവും മോന്ജ് ആർക്കാ....

ഇജുക്കക്ക്....... ഇജുക്കന്റെ കണ്ണ് നോക്കിട്ട് ഉണ്ടോ...... കട്ടിപിരികവും വിടർന്ന കൺപീലിയും തിളങ്ങുന്ന...... പെട്ടന്ന് അവൾ നിർത്തി. പറഞ്ഞു കഴിഞ്ഞാണ് എന്താ പറഞ്ഞതെന്ന് അവളോർത്തത്.

ഫൈസ് അങ്ങനെ ഒരു മറുപടി സ്വപ്നത്തിൽ പോലും പ്രതീക്ഷിച്ചില്ലാരുന്നു. ജുനു എന്നായിരുന്നു മറുപടി കരുതിയത്.

ഓഹ്..... നിനക്ക് അവന്നെ നല്ല പരിജയം ആണല്ലോ..... അവന്റെ മുഖത്ത് ഇഷ്ടക്കേട് ഉണ്ടായിരുന്നു.

ആ  ജുനുന്റെ ഫ്രണ്ട് ആണ്.....  അവൾ പറഞ്ഞൊപ്പിച്ചു. കൂടെ പഠിച്ചതാ.എന്നെ വലിയ കാര്യം ആണ്.ഇപ്പൊ എന്റെ ബെസ്റ്റ് ഫ്രണ്ട് ആണ്..... അത് പറയുമ്പോൾ അവളുടെ മുഖം തിളങ്ങുന്നുണ്ടായിരുന്നു. അവനത് പ്രത്യേകം ശ്രദ്ധിച്ചു.

ഫൈസ് ഇജാസിനെ ഒന്നോർത്തു നോക്കി. അവന്റെ സ്റ്റൈൽ ആക്റ്റിട്യൂട  എല്ലാം പറയാതിരിക്കാൻ വയ്യ. തേജസ്സുറ്റ

മുഖം..... കണ്ടാൽ ആരും നോക്കി നിൽക്കുന്ന സ്റ്റൈൽ..... സമി പറഞ്ഞത് പോലെ കിരീടം വെക്കാത്ത രാജാവ്. അവനെ വെച്ച് നോക്കുമ്പോൾ താൻ ഒന്നുമല്ല..... സൗന്ദര്യം കൊണ്ടും പണം കൊണ്ടും ഒന്നും..... അവന്റെ ഔട്ട് ഹൗസിന്റെ അത്രയേ ഉള്ളൂ ഈ വീട് പോലും......

ജുനുവും അവനും എന്തിനാ തെറ്റിയത്

എനിക്കറിയില്ല...... ഞാൻ പിന്നെ ഇപ്പോഴാ കണ്ടത്.

അത് പറഞ്ഞപ്പോൾ അവളുടെ മുഖത്തെ പതർച്ച അവൻ കണ്ടു.

നീ റെഡിയാവ് ഹോസ്പിറ്റലിൽ പോയിട്ട് വരാം.അവൻ പറഞ്ഞു

ഓയിന്മെന്റ് പുരട്ടിയല്ലോ..... കുറച്ചു കഴിയുമ്പോ മാറും.

പറഞ്ഞത് കെട്ട മതി ദേഷ്യത്തോടെ പറഞ്ഞു അവൻ പോയി. ഇജുക്കയെ പറഞ്ഞത് ഇഷ്ടം ആയില്ലെന്ന് അവൾക്ക് തോന്നി.  ഇജുക്കയെ ഓർത്തിരുന്നോണ്ട് പെട്ടന്ന് പറഞ്ഞു പോയതാ.അവൾ സ്വയം തലക്കടിച്ചു. വേഗം തന്നെ ചുരിദാർ മാറ്റി. ഹോസ്പിറ്റലിൽ എത്തുന്നവരെ ഫൈസ് അധികം ഒന്നും മിണ്ടിയില്ല. അവന്ന് മനസ്സ് മൊത്തം ഇജാസിനെ പറഞ്ഞപ്പോ അവളുടെ മുഖത്ത് ഉണ്ടായ തിളക്കം ആയിരുന്നു.

ഡോക്ടറെ കാണിച്ചു ഇറങ്ങുമ്പോൾ കണ്ടു തന്നെ ആവലാതിയോടെ  ദൂരെ നിന്നു നോക്കുന്ന പ്രണയം തുടിക്കുന്ന ആ കണ്ണുകൾ. ഒന്ന് ചിരിച്ചു കാണിച്ചെങ്കിലും പരാജയപെടുകയാരുന്നു രണ്ടു പേരും  എന്ന് സ്വയം അറിഞ്ഞു. കാര്യം

അറിയാതയുള്ള ടെൻഷൻ ഉണ്ടെന്ന് തോന്നി മുഖത്ത്.

അവൾ ഫോൺ എടുത്തു ഫൈസ് കാണാതെ msg ഇട്ടു. കൈ ചെറുതായി പൊള്ളി. കുഴപ്പം ഒന്നും ഇല്ലെന്ന്.

💖💖💖💖

ഫൈസ് സമി ആയി  ഗാഡനിൽ ഇരിക്കുമ്പോൾ ആണ് കൊറിയർ ബോയ് വന്നത്.പേരും അഡ്രെസ്സ് ഒന്നും ഇല്ലാത്ത ഒരു കവർ. അവൻ ആ പൊതി തുറന്നു നോക്കി. കുറച്ചു ഫോട്ടോസ് ആയിരുന്നു അത്. ഇജുവും ഇനയയും കൂടെ ഉള്ളത്. അവളെ കെട്ടിപിടിച്ചു മറ്റും ഉള്ള ഫോട്ടോസ് കണ്ടതും വിറയലോടെ അവന്റെ കയ്യിൽ നിന്നും അത് താഴെ വീണു. അവൻ മുടിയിൽ കൈ കൊരുത് താഴേക്ക് നോക്കി ഇരുന്നു.

റൂമിലെ ജനാലയിൽ കൂടി നോക്കിനിന്ന ഐറയുടെ മുഖത്തു ഒരു പുഞ്ചിരി വിരിഞ്ഞു. അവൾ ഫോൺ എടുത്തു  പ്ലാൻ സക്സസ് എന്ന് msg അയച്ചു.

സമി ആ ഫോട്ടോസ് തന്നെ നോക്കി ഫൈസിയുടെ അടുത്ത് ഇരുന്നു.

എന്തൊക്കെയൊടാ ഇത്......

ഫൈസി മുഖം അമർത്തി തുടച്ചു എഴുന്നേറ്റു. അത് തന്നെ എനിക്കും അറിയേണ്ടത്. ഇനയുടെ ഭാഗത്തു നിന്നും ഒന്നും എനിക്ക് ഒന്നും അറിയാനില്ല. അവളുടെ കണ്ണുകളിൽ ഞാൻ കണ്ടതാണ് എന്നോടുള്ള പ്രണയം..... ഫ്രണ്ട്സ് ആണെന്ന് പറഞ്ഞു അവൾ ഇജാസിന്റെ കാര്യം പറഞ്ഞു തീർത്തു. അത് വിശ്വസിക്കാനാ എനിക്കും ഇഷ്ടം. എന്റെ ഇനു കള്ളം പറയില്ല. ഇനി എനിക്ക് അറിയേണ്ടത് ഇജാസിന്റെ ഭാഗം ആണ്. മനസ്സിലിട്ടു പെരുപ്പിച്ചു ടെൻഷൻ അടിച്ചിട്ട് കാര്യം ഇല്ല ഇന്ന് നേർക്ക് നേരെ ചോദിക്കാൻ തന്നെ പോവുകയാ..... അവന്ന് എന്റെ ഭാര്യയുമായി എന്താ ബന്ധം എന്ന്..... അവന്റെ മുഖം ദേഷ്യം കൊണ്ടു വിറച്ചിരുന്നു.

ഒന്നൂടി ആലോചിച്ചു പോരെടാ ......

ചെയ്ത് തീർക്കാനുള്ളത് അപ്പപ്പോൾ തീർത്താണ് ശീലം..... ഇന്നലെ മുതൽ തുടങ്ങിയ അൺനോൺ നമ്പർ കാൾ.... Msg..... ഫോട്ടോസ്...... ഇജാസ് ആയി ഇനുവിന്ന് വഴിവിട്ട ബന്ധം എന്ന രീതിയിൽ....... ദാ ഇപ്പൊ വീട്ടിലേക്ക് എത്തി.സഹിക്കുന്നതിന്ന് ഒരു

പരിധി ഇല്ലേ..... നീ ഇവിടെ നിൽക്ക് ഞാൻ ഡ്രസ്സ് മാറ്റി വരാം.... അവൻ അകത്തേക്ക് പോയി.

💝💝💝💝💝💝💝

ഇനു ഉറങ്ങുന്നത് കണ്ടു അവൻ അവളുടെ മുമ്പിൽ മുട്ട് കുത്തി നിന്നു അവളുടെ മുഖത്തേക്ക് തന്നെ നോക്കി....

അറിയില്ല എന്താ സത്യം എന്ന്..... അതെന്ത് തന്നെ ആയാലും അതെന്നെ സംബന്ധിച്ചു പാസ്റ്റ് മാത്രം ആയിരിക്കും..... ഇനി ഒരാൾക്കും വിട്ടു കൊടുക്കില്ല..... പറ്റില്ല എനിക്കതിന്ന്.... അവളുടെ നെറ്റിയിൽ ചുണ്ടുകൾ ചേർത്തു നിറഞ്ഞ കണ്ണുകൾ തുടച്ചു അവളെ ഒന്ന് കൂടി നോക്കി അവൻ എഴുന്നേറ്റു.

💝💝💝💝💝

ഓഫീസിൽ ഫയൽ നോക്കി ഇരിക്കുമ്പോഴാ ഫൈസ് കാണാൻ വന്നിട്ടുണ്ടെന്ന് അലക്സ് വന്നു പറഞ്ഞത്.

ഇജാസ് വരാൻ പറഞ്ഞു.

ഫൈസിനെ കണ്ടതും ഉള്ളിലുള്ള ടെൻഷൻ പുറത്ത് കാണിക്കാതെ പുഞ്ചിരിച്ചു കൊണ്ടു ഇരിക്കാൻ പറഞ്ഞു.

ഫൈസ് ആ ഫോട്ടോസ് ഇജാസിന്റെ നേർക്ക് നീട്ടി.

അവനത് നോക്കിയതും ഞെട്ടലോടെ എണീറ്റു ഫൈസിയെ നോക്കി.

📚STORY BOARD📚

❤️ 💔 INVISIBLE LOVE 💔❤️

Love after💘 marriage story

Part 52

ഭാര്യയുടെ അവിഹിതം അന്വേഷിക്കാൻ ഇറങ്ങിയതാണോ നീ..... അവൻ ആ ഫോട്ടോസ് ഫൈസിന്റെ നേർക്ക് തിരിച്ചു എറിഞ്ഞു കൊടുത്തു.

എന്റെ ഭാര്യയെ സംശയിച്ചു അവളുടെ ചാരനെ തേടി നടക്കുന്ന ഒരുത്തനായി എന്നെ കാണണ്ട. നാണം ഇല്ലാതെ ഇമ്മാതിരി ഫോട്ടോസ് മെസ്സേജ് അയച്ചു സ്വയം ചീപ്പ് ആവരുതെന്ന് പറയാനാ ഞാൻ വന്നത്.

ഇജാസ് പൊട്ടിച്ചിരിച്ചു..... ഞാൻ നിന്റെ ഭാര്യക്ക് വേണ്ടി ഫോട്ടോസ് മെസ്സേജ് അയച്ചുന്നോ.....

അത് തന്നെ എനിക്കും അറിയണ്ടത് എന്തിനീ

വ്യത്തികേട് കാണിക്കുന്നത്...

എന്റെ സ്റ്റാറ്റസ് റേൻജ് വെച്ചു നിനക്ക് തോന്നുന്നുണ്ടോ അവളെ പോലൊരു കൾച്ചർ ഇല്ലാത്ത തെരുവിൽ കിടക്കുന്ന പെണ്ണിനെ നോക്കുമെന്ന്. എന്റെ പേര് ഉച്ഛരിക്കാനുള്ള യോഗ്യത പോലും ഇല്ലാത്തവളെ ഞാൻ നോക്കുന്നുവെന്ന് പറയാൻ എങ്ങനെ തോന്നി നിനക്ക്.... അവൻ പുച്ഛത്തോടെ പറഞ്ഞു.

അങ്ങനെ അല്ലല്ലോ എന്നിട്ട് ഞാൻ കേട്ടത്

ഒരുകാലത്ത് അവളായിരുന്നു എല്ലാം എന്ന് പറഞ്ഞു കൊണ്ടു നടന്ന കഥ ആയിരുന്നല്ലോ ഞാൻ അറിഞ്ഞത്.

അന്ന് എനിക്ക് അറിയില്ലായിരുന്നു അവളുടെ റേൻജ്. അത് കൊണ്ടു മിണ്ടി. എന്റെ വീട്ടിലെ സെർവന്റ് ആകാൻ യോഗ്യത പോലും ഇല്ലാത്തവൾ ആണെന്ന് അറിഞ്ഞപ്പോ വിട്ടു കളഞ്ഞു. അവളെ തൊട്ടതിന്ന് ശുദ്ധികലശം ചെയ്തു. ജുനൈദ്നോട് പോലും പിന്നെ മിണ്ടിയിട്ടില്ല. കാരണം ഞങ്ങളുടെ സ്റ്റാറ്റസിന് അനുസരിച്ചുള്ള റിലേഷനെ ഞങ്ങൾ തെരഞ്ഞെടുക്കാറുള്ളു.ആ ചാപ്റ്റർ ക്ലോസ് ചെയ്തു.

പിന്നെ യാദൃശ്ചം ആയി രണ്ടു മൂന്നു ഇടത് വെച്ചു കണ്ടു അവൾ എന്നോട് വന്നു മിണ്ടി. എന്റെ സ്റ്റുഡന്റ് ആയോണ്ട് ഞാൻ ആ രീതിയിൽ അവളോട് സംസാരിച്ചിട്ടും ഉള്ളൂ.അത്രേ ഉള്ളൂ. പിന്നെ ഫോട്ടോസ് അവൾ കാൽ തടഞ്ഞു വീഴാൻ നോക്കിയപ്പോൾ അവളെ താങ്ങി പിടിച്ചു. അതേതോ അലവലാതികൾ ഫോട്ടോസ് എടുത്തു. ദാറ്റ്സ് ഓൾ

ഈ പറഞ്ഞത് വിശ്വസിച്ചു ഞാൻ പോകുന്നു.  ഇനി വേറെന്തെങ്കിലും പാസ്ററ് ഉണ്ടെങ്കിലും നോ പ്രോബ്ലം. എനിക്ക് അറിയേണ്ട അത്.  കാരണം ഭാര്യയുടെ പാസ്ററ് ചികഞ്ഞു പോയി കുത്തിനോവിക്കാൻ മാത്രം ചീപ്പ് അല്ല ഞാൻ.ഞാൻ മഹറണിയിച്ചത് മുതൽ അവളെന്റെയാണ്.എന്റെ മാത്രം. നോട്ടം കൊണ്ടോ വാക്ക് കൊണ്ടോ പോലും അവളെ വേദനിപ്പിക്കുന്ന ഒന്നും ആരിൽ നിന്ന് ഉണ്ടായാലും ഞാൻ സഹിച്ചെന്ന് വരില്ല. ഈ നിമിഷം വരെ ഇങ്ങനെ ഒരു സംഭവം ഉണ്ടായത് പോലും ഞാൻ അവളോട് പറഞ്ഞിട്ടില്ല. കാരണം എനിക്കവളെ അത്രയും വിശ്വാസം ആണ് പിന്നെ അവളുടെ സ്റ്റാറ്റസ് അവൾ ഇനായ ഫൈസ് എന്നതല്ല...... ജുനൈദിന്റെ പെണ്ണ് എന്നാണ്.

എന്നും അങ്ങനെ ആയിരിക്കുകയും ചെയ്യും.....
അവളുടെ ആ ഐഡന്റിറ്റി മതി എനിക്ക് എന്റെ പെണ്ണെന്നു പറഞ്ഞു ചേർത്ത് പിടിക്കാൻ

അതിന്റെ വില നീയീ പറഞ്ഞ നിന്റെ സ്റ്റാറ്റസ്നേക്കാളും മുകളിൽ തന്നെ ആയിരിക്കും.

ഇജാസ് അവനെ നോക്കി പുച്ഛത്തോടെ ചിരിച്ചത് അല്ലാതെ ഒന്നും മിണ്ടിയില്ല.

ഫൈസ് ഇറങ്ങിപ്പോയി. ഇജാസിന്റെ വാക്കുകൾ കേട്ട് ദേഷ്യം കൊണ്ടു വിറച്ചിരുന്നു അവൻ.

ഫൈസ് പോയതും അവന്റെ മുഖം വലിഞ്ഞു മുറുകി. അവൻ ഫോണിൽ ഉള്ള അവളുടെ ഫോട്ടോയിലേക്ക് നോക്കി

സോറി ഇനു..... നിന്റെ നേർക്ക് ഒരിക്കലും ശല്യം ആയി വരാതിരിക്കാൻ ആണ് ഇങ്ങനെ പറഞ്ഞത്. എന്നോട് പൊറുക്ക്.നിന്റെ സ്റ്റാറ്റസ് നീ എന്റേത് മാത്രം ആണെന്നാണ്. നീ ജീവിക്കുന്നത് ഈ ഹൃദയത്തിൽ ആണെന്നാണ്. ഞാൻ  ഹൈദർ കുടുംബത്തിൽ ജനിച്ചു പോയെന്ന ഒറ്റ കുറവിലാണ് നിന്നെ ഫൈസിന്  വിട്ടുകൊടുത്തത് പോലും.

നിന്റെ ജുനു നിന്നെ സുരക്ഷിതമായ കൈകളിൽ ആണ് ഏല്പിച്ചത്. നിന്നെ ഫൈസിന് വിശ്വാസം ആണ്. ആ വിശ്വാസം കളയാൻ ഞാൻ ഒരിക്കലും ആരെയും സമ്മതിക്കില്ല. അവൻ അപ്പോൾ തന്നെ കാർ എടുത്തു പോയി.

❤️‍🩹❤️‍🩹❤️‍🩹❤️‍🩹

ഹാളിൽ എന്തോ പൊട്ടിത്തെറിക്കുന്ന ശബ്ദം കേട്ടാണ് എല്ലാവരും ഓടി വന്നത്

രൗദ്ര ഭാവത്തിൽ ഉള്ള അവനെ കണ്ടതും എല്ലാവരും ഞെട്ടി. ഹാളിലുള്ള മിക്കതും പൊട്ടിച്ചിതറിയിരുന്നു.

നിനക്ക് എന്താ ഭ്രാന്ത് പിടിച്ചോ ഇജു.... നദീം അവനോട് ചൂടായി.... അവൻ ആ ഫോട്ടോസ് അവന്റെ നേർക്ക് വലിച്ചെറിഞ്ഞു. ഷഹീയും നദീം അതെടുത്തു നോക്കി....

എന്റെ ലാപ്ടോപ്പിൽ ഉള്ള ഫോട്ടോസ്.... ഇതെങ്ങനെ അവന്ന് കിട്ടി..... ആര് അയച്ചു..... അവൻ ഷഹിയുടെ ഷർട്ടിൽ പിടിച്ചു തള്ളി....

പറയാൻ.... അവൻ അലറി കൊണ്ടു ചോദിച്ചു.

ഇപ്പൊ ഈ നിമിഷം ഏറ്റുപറഞ്ഞാൽ ഞാൻ

ക്ഷമിച്ചെന്ന് വരും. ഞാൻ ആയിട്ട് കണ്ടു പിടിച്ചാൽ ആരായാലും കൊന്ന് കളയും ഞാൻ..... ഇനയായെക്കാൾ വലുതല്ല എനിക്കാരും.....

ഇത് ചെയ്തത് ആരായാലും നമുക്ക് നമുക്ക് കണ്ടുപിടിക്കടെ. ശഹി അവന്റെ ചുമലിൽ കൈ വെച്ചു. ഇപ്പുറത് നിന്ന് നദീംമും....

കൂടെ നിന്ന് ചതിച്ചത് കൂട്ടത്തിൽ നിന്ന് ഒരാൾ ആണെന്ന് ഉറപ്പാണ്. കാരണം ഞാൻ എന്റെ ഫോണിൽ എടുത്ത ഫോട്ടോസ് ആണിത്. നിനക്ക് മാത്രം ഞാൻ ഷെയർ ചെയ്തിട്ടും ഉള്ളൂ . അപ്പൊ ഒട്ടുകാരൻ കൂടെ ഉള്ളവൻ തന്നെ ആണ്. കണ്ടു പിടിചിരിക്കും ഞാൻ..... ഷഹിയുടെ മുഖവും ദേഷ്യം കൊണ്ടു വിറച്ചു. നദീംമിന്റെ നോട്ടം അപ്പോൾ പുച്ഛത്തോടെ

ഫോണിൽ തോണ്ടി ഇരിക്കുന്ന അവളിലേക്ക് തിരിഞ്ഞു. പരസ്പരം കണ്ണുകൾ ഇടഞ്ഞതും ചുണ്ടുകൾ കോട്ടി അവൾ അവിടെ നിന്നും പോയി.

💖💖💖💖

നീ പോയത് അവരുടെ പാസ്റ്റ് അറിയാൻ അല്ലേ സമി ഫൈസിയോട് ചോദിച്ചു.

അവന്റെ സംസാരം കേട്ടപ്പോൾ തന്നെ ചൊറിഞ്ഞു വന്നു. അവന്റെ മുന്നിൽ അത് ചോദിച്ചു സംശയത്തോടെ നിന്നാൽ എന്റെ ഇനുനെ സംശയിക്കുന്നത് പോലാകും. അവനെന്തു ചെയ്താലും കോപ്പാണ് എന്ന് അറിയിക്കാൻ തന്നെ ഞാൻ പോയത്. അവൻ പറഞ്ഞത് വെള്ളം തൊടാതെ വിശ്വസിക്കാൻ മന്നബുദ്ധിയൊന്നും അല്ല ഞാൻ. പിന്നെ കേറി ഉടക്കാൻ അവന ഇതയച്ചെന്ന് തെളിവും ഇല്ലല്ലോ.

ഇനായ എഴുന്നേറ്റപ്പോൾ മുതൽ ഫൈസിനെ നോക്കാരുന്നു. ഫോണിൽ വിളിച്ചിട്ട് കിട്ടിയതും ഇല്ല. ടെൻഷൻ കൊണ്ടു അങ്ങോട്ടും ഇങ്ങോട്ടും നടന്നു.

ഉമ്മാനോടോ ഉപ്പാനോടോ ചോദിക്കാൻ അവൾക്ക് തോന്നിയില്ല.

ഫൈസ് വരാൻ ലേറ്റ് ആയിരുന്നു.മണി പതിനൊന്നു ആയി. അവൾ സിറ്റൗട്ടിൽ തന്നെ കാത്തിരുന്നു. അവൻ വന്നതും ഓടിപ്പോയി കെട്ടിപിടിച്ചു. ഒരു ചിരിയോടെ അവനും അവളെ ചേർത്ത് പിടിച്ചു.

ഫുഡ് കഴിച്ചോ

അവൾ ഒന്നും മിണ്ടാതെ അവന്റെ നെഞ്ചിൽ മുഖം അമർത്തി നിന്നു.

നീയെന്താ ഫുഡ് കഴിക്കാഞ്ഞത്.. ടാബ്ലറ്റ് കഴിക്കാൻ ഉള്ളതല്ലേ അവൻ ദേഷ്യത്തോടെ നോക്കി.

ഞാൻ ഒന്നും പറഞ്ഞില്ലല്ലോ അതിന്ന് അവൾ അത്ഭുതത്തോടെ അവനോട് ചോദിച്ചു.

മുഖത്ത് നല്ല ക്ഷീണം ഉണ്ട്. അതോണ്ട് തോന്നി. നിനക്ക് പിന്നെ വിശപ്പിന്റെ അസുഖം ഉണ്ടെന്ന് കേട്ടിട്ടുണ്ട്. കൃത്യ ടൈമിന് ഫുഡ് കഴിച്ച ശീലം എന്നും അവൻ ചിരിയോടെ പറഞ്ഞു.

അതൊക്കെ ഈ വീട്ടിൽ വന്നപ്പോ മാറി. വിശപ്പിന്റെ വില അറിഞ്ഞത് ഇവിടെ നിന്നാണെന്ന് വേദനയോടെ ഓർത്തു.

വിശപ്പ് സഹിക്കാൻ പറ്റാത്തോണ്ട് അടുക്കളയിൽ പോയി നോക്കിയിരുന്നു.

റംലിത വൈകുന്നേരം പോകും. നൈറ്റ് ഫുഡ് ഉമ്മയാണ് ഉണ്ടാക്കുക. അതോണ്ട് തന്നെ രാത്രി പലപ്പോഴും പട്ടിണിയാണ്. ഉമ്മാനെ പേടിച്ചു അടുക്കളയിൽ പോകില്ല. ടാബ്ലറ്റ് കഴിച്ചോണ്ട് ആണ്

തോന്നുന്നു വല്ലാത്ത വിശപ്പ്. അതോണ്ടാ മടിച്ചാണേൽ പോയി നോക്കിയത്. ചപ്പാത്തി ആയിരുന്നു ഇന്ന് . വലത് കൈ കൊണ്ടു കഴിക്കാൻ പറ്റില്ലല്ലോ. സ്പൂൺ പറ്റില്ല. അതോണ്ട് കഴിച്ചില്ല.ഇടത് കൈ കൊണ്ടു കഴിക്കാൻ മടിയായി തിരിച്ചു വന്നു. മനപ്പൂർവം ചെയ്തത് പോലെ അവൾക്ക് തോന്നിയത്. കാരണം അവിടെ നൈറ്റ് ചപ്പാത്തി ഉണ്ടാക്കാറില്ല.

അവൻ അവളെ കൊണ്ടു അടുക്കളയിലേക്ക് പോയി അവിടെ ചെയറിൽ ഇരുത്തി. അവൻ തന്നെ പോയി ഫുഡ് എടുത്തു കൊണ്ടു വന്നു. വായിൽ വെച്ചു കൊടുത്തു. സന്തോഷം കൊണ്ടു  അവളുടെ കണ്ണ് നിറഞ്ഞു.

അവൾക്ക് കൊടുക്കുന്നതിനടക്ക് അവന്റെ കൈ അവൾ അവന്റെ വായിലേക്കും വെച്ചു കൊടുത്തു. ചെറു ചിരിയോടെ അവൻ അത് ആസ്വദിച്ചു കഴിച്ചു.

💕💕💕💕💕

കഴുത്തിൽ പുതുതായി ഒരു മാല കണ്ടാണ് ഫൈസ് അവളെ നോക്കിയത്.

ചെറിയ ഒരു ചെയിൻ അതിൽ ലൗ ടൈപ്പിൽ  ഒരു ലോക്കറ്റ്.

ഇതാരുടേയാ ഈ മാല ആദ്യം ആയി കാണുന്നത് ആണല്ലോ....

ഇത് ഇജുക്ക തന്നതാ.... ആ ഗിഫ്റ്റ് ബോക്സിൽ ഉള്ളത് ഇതാരുന്നു.

അവന്റെ പേര് കേട്ടതും ദേഷ്യം ഇരച്ചു കയറി. ഏറിയാൽ ഒരു പവനോളം ഉണ്ടാകും മാല. അവൻ പറഞ്ഞ സ്റ്റാറ്റസ് വെച്ചു നോക്കുമ്പോൾ ഇത് കൊടുത്തത് തന്നെ അപമാനിക്കാൻ ആണെന്ന് തോന്നി അവന്ന്. അവൻ ഒരു ദിവസം ഉപയോഗിക്കുന്ന പോക്കറ്റ് മണി ഇതിനേക്കാൾ കൂടുതൽ ഉണ്ടാകും.

അത് ഇടേണ്ട ഇനു...... അഴിച്ചു വെച്ചേക്ക്

നോ ഫൈസ് എനിക്ക് ഒരുപാട് ഇഷ്ടം ആയി ഇത്.

അത് വേണ്ട ഇനു..... ഇത്രയും വില കുറഞ്ഞ ഒരു ഗിഫ്റ്റ് ഇട്ട് നടക്കണ്ട. വേണമെങ്കിൽ ഇതെ ടൈപ്പിൽ ഞാൻ വേറെ വാങ്ങിത്തരാം.....

വാശിപിടിക്കല്ലേ പ്ലീസ്..... എന്റെ ഫ്രണ്ട് എനിക്ക് തന്ന ഗിഫ്റ്റ് ആണിത്. അത് പറയുമ്പോൾ അവളുടെ മുഖത്തെ സന്തോഷം കണ്ടു ഇജാസിനോട് പുച്ഛം

തോന്നി അവന്ന്. അവൾ ആ മാലയിൽ പിടിച്ചു.

ഇത് ഞാൻ ജന്നതിന്റെ സാമ്പാദ്യത്തിൽ നിന്നോ ഹൈദർ കുടുംബത്തിന്റെ സ്വാധീനം ഉപയോഗിച്ച് ഉണ്ടാക്കിയതോ അല്ല. നിനക്ക് തരാൻ നൈറ്റ് ആരും അറിയാതെ  ജോലി ചെയ്ത പൈസക്ക് വാങ്ങിയതാണ്. ഇതെങ്കിലും എന്റെ ഓർമ്മക്കായി സ്വീകരിക്കണം. വലുതായി വാങ്ങി തരാൻ അറിയാഞ്ഞിട്ടല്ല. ഹൈദർ കുടുംബത്തിലെ രാജകുമാരന് മറ്റൊരാളെ കീഴിൽ ജോലി ചെയ്യാൻ കഴിയില്ല..... ഐഡന്റിറ്റി പ്രോബ്ലം ആണ്. മാത്രം അല്ല തടിയനങ്ങി പണിയെടുത്തു ശീലം ഇല്ല. അത് കൊണ്ടു ഇത്രയേ ഉണ്ടാക്കാൻ പറ്റിയുള്ളൂ. അത് പറയുമ്പോൾ ആ കണ്ണുകൾ നിറഞ്ഞിരുന്നു.

അതോർത്തപ്പോൾ അവളുടെയും കണ്ണ് നിറഞ്ഞു ഒഴുകി

ഇനി അതിന്റെ പേരിൽ പിണങ്ങേണ്ട നീ ഇട്ടോ.... അവൻ കണ്ണ് തുടച്ചു കൊണ്ടു പറഞ്ഞു.

അവനെ മുറുക്കെ കെട്ടിപിടിച്ചു കിടക്കുമ്പോൾ അവൻ അവളെ തലയിലൂടെ തലോടി. അവന്റെ മനസ്സും അസ്വസ്ഥമായിരുന്നു. എന്തോ ഒരു പേടി

അവനിലും ഉണ്ടായിരുന്നു..... ആർക്കും വിട്ടുകൊടുക്കില്ലന്ന ഭാവത്തോടെ അവളെ നെഞ്ചോട് ചേർത്ത് പിടിച്ചു അവൻ കിടന്നു.

💖💖💖💖💖

രാവിലെ ആറുമണിക്ക് അടുക്കളയിലേക്ക് വന്ന ഇനുവിനെ റംലത്ത അടിമുടി നോക്കി.

ഇതെന്താ പതിവില്ലാതെ ഈ സമയത്ത്.

സമയം തെറ്റിയ ഉമ്മ വഴക്ക് പറഞ്ഞു ചായ തരില്ല. കുടിച്ചില്ലെങ്കിൽ ഫൈസ് വഴക്ക് പറയും. ഇതകുമ്പോ പ്രോബ്ലം ഇല്ലല്ലോ അവൾ ചിരിയോടെ പറഞ്ഞെങ്കിലും വാക്കുകളിൽ വേദന കലർന്നിരുന്നു.

മോൾക്ക് ഫൈസിയോട് പറഞ്ഞൂടെ ഉമ്മ ചെയ്യുന്നത്.

ഫൈസ് ഉമ്മാനോട് ദേഷ്യം തോന്നിയാലോ. ഞാൻ കാരണം ആരും വിഷമിക്കണ്ട. ജുനു പറഞ്ഞിട്ടുണ്ട് നമ്മൾ കാരണം ആർക്കും വിഷമം ഉണ്ടാകരുതെന്ന്.

ഇങ്ങനെ ഒരു ചെക്കൻ. അവന തല്ല് കൊള്ളേണ്ടത് നല്ലത് മാത്രം അല്ല കുറച്ചു വെടക്കത്തരം കൂടി പഠിപ്പിക്കണം ആയിരുന്നു അവൻ. എന്നിട്ട് ഇവിടുള്ള ഉമ്മാനോട് രണ്ടു ഡയലോഗ് പറയണം ആയിരുന്നു.

എന്ന അവർ നന്നായേനെ.

ജുനു പറഞ്ഞിട്ടുണ്ട് ഉമ്മ പാവം ആണെന്ന്

നല്ല സ്വഭാവം ആണെന്ന്.പിന്നെ എന്നെ ഇഷ്ടം അല്ലാത്തോണ്ട് അല്ലെ ഇങ്ങനെ ഒക്കെ ചെയ്യുന്നത്. ഞാൻ പാവപെട്ട വീട്ടിലെ ആയോണ്ടാല്ലേ. അതോണ്ട് ഉമ്മാനെ കുറ്റം പറയണ്ടാട്ടോ....

ജുനൈദ് ഭാഗ്യം ചെയ്തവനാ നിന്നെ പോലൊരു മോളെ കിട്ടിയല്ലോ അവന്ന്.

ഞാൻ ആണ് ഭാഗ്യം ചെയ്തവൾ അവനെ പോലൊരു ഇക്കുനെ കിട്ടിയതിൽ.

നിങ്ങൾ രണ്ടു അല്ല. നിങ്ങളെ ഉമ്മയാണ് ഭാഗ്യം ചെയ്തവൾ നിങ്ങളെ പോലെ രണ്ടു പൊന്നുമക്കളെ കിട്ടിയൊണ്ട്.

അവൾ അത് കെട്ടു പുഞ്ചിരിച്ചു. അവരും പുഞ്ചിരിചു കൊണ്ടു  ചായ എടുത്തു കൊടുത്തു.

💕💕💕💕

രാവിലെ മുതൽ മൂഡ് ഓഫ് ആയി ഇരിക്കുന്നത് കണ്ടാണ് ഫൈസ് അവളോട് റെഡിയാവാൻ പറഞ്ഞത്.

നമുക്ക് ഒന്ന് കറങ്ങിയിട്ട് വരാം

ഞാൻ ഇല്ല. എനിക്കെന്തോ ഒരു മൂഡില്ല.

ഇട്ട ഡ്രെസ്സോടെ കൊണ്ടു പോകണോ ഞാൻ അവൻ കൃത്രിമ ദേഷ്യത്തോടെ അവളെ നോക്കി.

വേണ്ട എന്നും പറഞ്ഞു ഡ്രസ്സ് ചെയ്ഞ്ച് ചെയ്തു. റാനിയുടെ വീട്ടിലേക്ക് പോയി സിനുന്റെ കൂടെ നിന്നപ്പോൾ തന്നെ കുറച്ചു ആശ്വാസം തോന്നി അവൾക്ക്. അവൾ ഫൈസിയെ നന്ദിയോടെ നോക്കി

.

ഉച്ചക്ക് ഹോട്ടലിൽ നിന്നും ആയിരുന്നു ചോറ് കഴിച്ചത്. ചുറ്റുമുള്ള ആളുകളെ പോലും നോക്കാതെ വാരി കൊടുക്കുകയാരുന്നു അവൻ. പിന്നെ നാജിയെ കാണാൻ ഐസ് പലസിലേക്ക് പോയി.  തന്റെ മനസ്സറിഞ്ഞ പോലെ ഫൈസിന്റെ  പെരുമാറ്റം.അത് കണ്ടു അവളുടെ മനസ്സും നിറഞ്ഞു.

വൈകുന്നേരം ബീച്ചിലേക്കും പോയി കുറെ സമയം അവിടെ ചെലവഴിച്ചു ആയിരുന്നു വീട്ടിലേക്ക് മടങ്ങിയത്.

പെട്ടെന്ന് കാറിനു കുറുകെ ഒരു ബൈക്ക്

നിർത്തിയത്. പിന്നാലെ ഒരു വാൻ കൊണ്ടു നിറുത്തി.

ഫൈസി കലിപ്പോടെ ഇറങ്ങാൻ നോക്കിയതും ഇനു കയ്യിൽ പിടിച്ചു വെച്ചു

അപ്പോഴേക്കും കുറച്ചു പേര് കാറിന് ചുറ്റും

വളഞ്ഞു. നാലഞ്ചു പേരുണ്ടായിരുന്നു. അവരുടെ കയ്യിൽ ഹോക്കിസ്റ്റിക്ക് ചങ്ങല ഒക്കെ കണ്ടതും അവൾ ഭയത്തോടെ അവന്റെ കയ്യിൽ മുറുക്കെ പിടിച്ചു. അവൻ ഇനയുടെ കൈ എടുത്തു മാറ്റി. അവൾ വീണ്ടും ആ കയ്യിൽ പിടിച്ചു.

ഇവർ ചോദിച്ചു വാങ്ങാൻ വന്നവരാണ് പോകില്ല. ആരുടേ കൊട്ടേഷൻ ആണെന്ന് നോക്കിയിട്ട് പെട്ടന്ന് വരാം. ജസ്റ്റ് ഫൈവ് മിനുട്ട് അപ്പോഴേക്കും ഞാൻ തിരിച്ചു വന്നിരിക്കും. പേടിയോടെ അവനെ നോക്കുന്ന അവളുടെ കവിളിൽ തൊട്ട് കൊണ്ടു പറഞ്ഞു. പേടിക്കണ്ട വൈഫി ചുമ്മാ ഉരുട്ടി കേറ്റി വെച്ചതൊന്നും അല്ല ഈ മസിൽ അവൻ ചിരിയോടെ പറഞ്ഞു പുറത്തിറങ്ങി.

പുറത്തിറങ്ങി അവൻ അവരെ നോക്കി പുഞ്ചിരിച്ചു. എന്നിട്ട് വാച്ചും ഫോണും കാറിന്റെ മേലെ വെച്ചു. ഷർട്ടിന്റെ കൈ കയറ്റി അവരുടെ മുന്നിൽ പോയി

നിന്നു.

ഒരു ചോദ്യം പറച്ചിലും ഒന്നും ഉണ്ടായിരുന്നില്ല. ആകെ ഒരു പുകമയം പോലെ തോന്നി ഇനുന് . ഇനായ കണ്ണ് അടച്ചു തുറക്കുന്ന നിമിഷത്തിൽ തന്നെ മുന്നിൽ ആരെയും കാണാതെ അവൾ കാർ തുറന്നു പുറത്ത് ഇറങ്ങി.  ഫൈസ് കയ്യും കെട്ടി കാറിന്റെ ബോണറ്റിൽ ചാരി നില്കുന്നുണ്ട്. അവന്റെ മുന്നിലായി അഞ്ചുപേരും കിടന്നും ഇരുന്നും  ചോര ഒലിപ്പിച്ചു വേദനയോടെ പുളയുന്നുണ്ട്. അവൾ കണ്ണ് മിഴിച്ചു വായും തുറന്നു അവനെ നോക്കി നിന്നു.

ഫൈസ് ഇവരെ നീയാണോ ഇങ്ങനെ തല്ലിയെ...... അവൾ വിശ്വാസം വരാതെ അവനെ നോക്കി.

അവളെ നോക്കി ഒന്ന് ചിരിച്ചോണ്ട് നിലത്ത് വീണു കിടക്കുന്ന ഒരു ഹോക്കിസ്റ്റിക് അവൻ എടുത്തു.

ആക്ഷൻ പിന്നെ ഡയലോഗ് അതാണ് ശീലം.... ഇനി പറ മക്കളെ ആരുടെ കൊട്ടേഷൻ ആണ്. അവൻ എല്ലാവരെയും നോക്കി സ്റ്റിക്കിൽ തലോടി കൊണ്ടു ചോദിച്ചു.

ആരും ഒന്നും മിണ്ടിയില്ല.

അവൻ ദേഷ്യത്തോടെ അവരെ നേർക്ക് തല്ലാൻ നോക്കിയതും ഒരുത്തൻ വിളിച്ചു പറഞ്ഞു ഇജാസ് സാർ പറഞ്ഞിട്ടാണ്....

ഇജാസ് എന്തിനാ എന്നെ തല്ലാൻ നിങ്ങളെ അയച്ചത്.... അവൻ അയാളെ തലമുടിയിൽ പിടിച്ചു വയറ്റിന് പഞ്ച് ചെയ്തു.

സാറിനെ കൊല്ലനാ കൊട്ടേഷൻ തന്നത്. ഇജാസ് സാറിന് നിങ്ങളെ വൈഫിനെ ഇഷ്ടം ആണ്. നിങ്ങൾ ഇല്ലാണ്ടായാൽ മാഡത്തിനെ കിട്ടും. അതിന്ന് വേണ്ടി ചെയ്തത് ആണ്. ഇനി തല്ലരുത് ചത്തു പോകും അയാൾ ഫൈസിയുടെ നേർക്ക് കൈ കൂപ്പി.

അവൻ ഞെട്ടലോടെ ഇനുവിനെ നോക്കി

അവളും ഞെട്ടിപ്പകച്ചു ഫൈസിയെയും അവരെയും നോക്കി.

കണ്ടല്ലോ നിന്റെ ഫ്രണ്ടിന്റെ ശരിയായ മുഖം. അവൻ കലിപ്പോടെ അവളെ നോക്കി.അവളുടെ കഴുത്തിലുള്ള മാലയിൽ അറിയാതെ പിടിച്ചു അവൾ.

അവൾ തറഞ്ഞു നിൽക്കുകയാരുന്നു.

എന്റെ ഇജുക്ക അല്ല ഇത് ചെയ്തത്. ഇജുക്ക വിട്ടു

തന്നതാണ് ഫൈസിയെ. ഇജുക്കയുടെ ദാനം ആണ് ഈ ജീവിതം. അത് കൊണ്ടു തന്നെ ഒരിക്കലും ഫൈസിയെ ഉപദ്രവിക്കില്ല. അത് വിളിച്ചു പറയാൻ മനസ്സ് അനുവദിച്ചില്ല.  അവന്റെ ദേഷ്യം കണ്ടു ശരീരവും മനസ്സും തളർന്നപോലെ ആയിരുന്നു.

അവളുടെ ഒരു ഫ്രണ്ട്...... അവൻ ദേഷ്യത്തോടെ ബോണറ്റിൽ ആഞ്ഞടിച്ചു.

പിന്നെ നേരത്തെ സംസാരിച്ച കക്ഷിയെ പിടിച്ചു വലിച്ചു കാറിന്റെ ഡിക്കിയിൽ ഇട്ടു.

ബാക്കിയുള്ളവർ അപ്പോഴേക്കും ഓടിപ്പോയി.

ഫൈസ് ഇജുക്ക അങ്ങനെ ചെയ്യില്ല.

അവൻ മിണ്ടരുത്ന്ന് കൈ കൊണ്ടു കാണിച്ചു അവളെ കാറിൽ പിടിച്ചു ഇരുത്തി. കാറിൽ അവന്റെ ദേഷ്യം തീർക്കുന്നത് കണ്ടു അവൾ ഒന്നും മിണ്ടാൻ ആകാതെ പകച്ചു നിന്നു. കാർ നിന്ന സ്ഥലം കണ്ടു അവൾ ഞെട്ടലോടെ അവനെ നോക്കി. ഇജാസിന്റെ ഓഫീസ്

ഇറങ്ങ്..... എന്നും പറഞ്ഞു അവൻ പുറത്ത് ഇറങ്ങി. ഡിക്കിയിൽ ഉള്ള ആളെ പിടിച്ചു വലിച്ചു കൊണ്ടു

ഓഫീസിലേക്ക് കയറി. യന്ത്രികം പോലെ പിറകെ അവളും.......

അവന്റെ വരവ് കണ്ടു തടയാൻ നോക്കിയ അലക്സിയെ അവൻ പിടിച്ചു തള്ളിമാറ്റി.

ഇജാസിന്റെ കാബിനിൽ കേറി. ഇജാസ് ലാപ്പിൽ എന്തോ നോക്കുകയാരുന്നു. അവന്റെ മുന്നിലേക്ക് അയാളെ പിടിച്ചു തള്ളിയിട്ടു.

വാട്ട് ദ........ ഇജാസ് കലിപ്പോടെ എഴുന്നേറ്റു.

പറഞ്ഞതല്ലേ എന്റെ വഴിയിൽ മുന്നിൽ വന്നു നിൽക്കരുതെന്ന് പറഞ്ഞു ഇജാസിന്റെ നെഞ്ചിൽ ആഞ്ഞു ചവിട്ടി.

പിറകോട്ടു വീഴാൻ നോക്കിയെങ്കിലും അവൻ ടേബിളിൽ പിടിച്ചു നിന്നു.

ഇജാസിന്റെ നേരെ മുഷ്ടി ചുരുട്ടി ഇടിച്ച ഫൈസിന്റെ കൈ ഇജു തടഞ്ഞു പിടിച്ചു പിന്നോട്ട് തള്ളി.

തിരിചു തല്ലാൻ കയ്യുയർത്തിയ ഇജു പിന്നിൽ നിറ കണ്ണുകളോടെ നിൽക്കുന്ന ഇനുവിനെ കണ്ടു.

പകച്ചു നിൽക്കുന്ന അവളെ കണ്ടു അവന്ന് സഹതാപം തോന്നി.അവൻ കൈ താഴ്ത്തി.

ഫൈസ് എന്താ ഇത്..... നദീം ദേഷ്യത്തോടെ ചോദിക്കുന്നത് കേട്ടു ഫൈസ് തിരിഞ്ഞു നോക്കി.

അതിന് ഉത്തരം പറഞ്ഞത് ഇനു ആയിരുന്നു. ഇജുകക്ക് എന്നെ ഇഷ്ടം ആണ് പോലും. ഫൈസിനെ കൊല്ലണം പറഞ്ഞു ഇജുക്ക കുറെ ആളുകളെ അയച്ചു. എന്നിട്ട് എന്നെ സ്വന്തം ആക്കണം പറഞ്ഞു...... അവൾ ആരുടേയും മുഖത്ത് നോക്കാതെ പറഞ്ഞു.

ഇജാസ് നദീംമും ഞെട്ടലോടെ പരസ്പരം നോക്കി.

നിന്നോട് ഇതാരാ പറഞ്ഞത്...... നദീംമിന്റെ ശബ്ദം വിറച്ചിരുന്നു.

അവൾ ഫൈസ് കൊണ്ടു വന്ന ആളെ ചൂണ്ടികാണിച്ചു.

അയാളെ നദീം നിലത്ത് നിന്നും പിടിച്ചു എഴുന്നേൽപ്പിച്ചു മുഖമടക്കം ഒന്ന് കൊടുത്തു. അയാൾ ചോര തുപ്പി നിലത്തേക്ക് വീണു. നദീം വീണ്ടും അവനെ വലിച്ചെഴുന്നേൽപ്പിച്ചു.

ആരാടാ നിനക്ക് കൊട്ടേഷൻ തന്നത്...... അവൻ അലറുകയാരുന്നു. പറയെടാ ഇജാസ് ആണോ

ഇതിന്റെ പിറകിൽ....വീണ്ടും തല്ലാൻ നോക്കിയതും നദീംമിന തള്ളിമാറ്റി.  അയാൾ കീശയിൽ നിന്നും കത്തിയെടുത്തു ഇനുവിന്റെ കഴുത്തിൽ വെച്ചു. ആരും പ്രതീക്ഷിക്കാത്തത് ആയോണ്ട് എല്ലാവരും ഒരു നിമിഷം ഞെട്ടിപകച്ചു നിന്നു.

നിങ്ങൾ അല്ലെ അങ്ങനെ പറഞ്ഞു കൊട്ടേഷൻ തന്നത്. എന്നിട്ട് പിടിച്ചപ്പോ കാൽ മാറുന്നോ.

ഇജാസ് ഫൈസ് പെട്ടന്ന് മുന്നോട്ട് വന്നു.

അവളെ വിട്.... അവളെ  ഒന്നും ചെയ്യരുത് രണ്ടു പേരും ഒന്നിച്ചു പറഞ്ഞു.

അയാൾ ഇനുവിന്റെ കഴുത്തിൽ ഒന്ന് കൂടി കത്തി മുറുക്കി പിടിച്ചു. അടുത്ത് വന്ന കൊന്നു കളയും ഇവളെ.....

അവർ അവിടെ തന്നെ നിന്നു. അയാൾ പിറകോട്ടു നടന്നു  ഒരു കൈ കൊണ്ടു ഡോറിന്റെ താക്കോൽ എടുത്തു. പിന്നെ വാതിൽ തുറന്നു പുറത്ത് എത്തിയതും ഇനയയെ അവരുടെ മേലേക്ക് തള്ളിയിട്ടു വാതിൽ പുറത്ത് നിന്നും പൂട്ടി അയാൾ ഓടി.

ഇജാസ് വാതിൽ ചവിട്ടി തുറന്നു പുറത്ത് ഓടിയിറങ്ങി എങ്കിലും അയാളെ കണ്ടത് പോലും ഇല്ല.

അയാൾ അപ്പോൾ ഒരു കാറിൽ കേറിയിരുന്നു. അപ്പോൾ തന്നെ ഫോൺ എടുത്തു വിളിച്ചു.

മാഡം പ്ലാൻ മൊത്തം സക്സസ് ആയിരുന്നു. വിചാരിച്ച പോലെ മൊത്തം നടന്നു.

നീ ഇപ്പോൾ തന്നെ നാട് വിട്ടോ..... ഇനി ഈ നാട്ടിൽ നിന്നാൽ നിന്റെ കുടുംബം പോലും ഭൂമിയിൽ ബാക്കി ഉണ്ടാവില്ല. കാരണം എന്റെ ബബിസയുടെ നേരെ ആണ് കത്തി വെച്ചത്.

ആ ചെറുക്കൻ മുന്നിൽ വന്നതേ ഓർമ്മയുള്ളൂ. പിന്നെ ഒന്നും ഓർമയില്ല. ജീവിതത്തിൽ ഒരുപാട് തല്ല് കൊടുത്തിട്ടും ഉണ്ട് കിട്ടിയിട്ടും ഉണ്ട് ഇത് പോലൊന്ന് ആദ്യം ആയിട്ടാ. മാഡത്തിന്റെ ഭയ്യായോട് നോക്കീം കണ്ടും മുന്നിൽ പോകാൻ പറ ഇല്ലെങ്കിൽ ഡെഡ്ബോഡി കിട്ടുള്ളു. കൂടെയുള്ള ഒരുത്തൻ പോലും ഇനി മൂന്നാല് മാസം കഴിയാതെ ദേഹം അനക്കുന്ന തോന്നുന്നില്ല.

ചോദിച്ചതിന്റെ ഇരട്ടി അകൗണ്ടിൽ ഇട്ടിട്ട് ഉണ്ട്.

അവൾ ഫോൺ കട്ട് ചെയ്തു.

പിറകോട്ടു തിരിഞ്ഞതും അവളുടെ കവിളിൽ അടി വീണിരുന്നു. അവൾ നിലത്തേക്ക് വീണു. ഞെട്ടി തിരിഞ്ഞു നോക്കി. ഷഹസാദ്.......

നിന്റെയുള്ളിൽ ഇത്രയും വിഷം ഉണ്ടായിരുന്നോ പുല്ലേ..... അവൻ നിലത്ത് നിന്നും പിടിച്ചു എഴുന്നേൽപ്പിച്ചു വീണ്ടും തല്ലി.. അവളുടെ ചുണ്ട് പൊട്ടി ചോര വന്നു

ഇനി എന്നെ തൊട്ട് പോകരുത്..... അവൾ ശഹസാദിനെ പിടിച്ചു പിറകോട്ടു തള്ളി.

. ഇന്ന് എന്തായാലും എന്റെ പ്ലാൻ ജയിക്കുക തന്നെ ചെയ്യും. ഇനായ രണ്ടുപേരും പരസ്പരം തല്ല് കൂടാതിരിക്കാൻ സത്യം പറയും. സത്യം പറയുന്ന ആ നിമിഷം ഫൈസ് എന്ന ഒരാൾ  അവളുടെ ജീവിതത്തിൽ ഉണ്ടാവില്ല.  അങ്ങനെ വന്നാൽ അവൾ എന്റെ ഭയ്യാക്ക് സ്വന്തം ആയി തീരും. അതിന്ന് വേണ്ടി തന്നെ ഇതൊക്കെ ചെയ്തത്. ബാബിസാ ബയ്യയുടെ ഭാര്യയാണ് അല്ലാതെ ഫൈസിന്റെ അല്ല.

ശഹസാദ് ഞെട്ടലോടെ അവളെ നോക്കിനിൽക്കാനേ പറ്റിയുള്ളൂ.

.

❤️ 💔 INVISIBLE LOVE 💔❤️

Love after💘 marriage story

Part 53

എന്നെ കൊന്ന് എന്റെ  ഭാര്യയെ ആഗ്രഹിക്കുന്നതാണോ നീ പറഞ്ഞ സ്റ്റാറ്റസ്. ഇന്നലെ എന്തൊക്കെ വീരവാദം ആയിരുന്നു. ഇപ്പൊ എവിടെ പോയി വായിലെ നാവ്. ഒന്നും പറയാനില്ലേ നിനക്ക്.

ആദ്യമായി തെറ്റ് ചെയ്യാതെ ഇജുവിന്റെ തല ഒരാൾക്ക് മുന്നിൽ കുനിയുന്നത് നദീം കണ്ടു.അവന്ന് നെഞ്ച് നീറുന്ന പോലെ തോന്നി അത് കണ്ടിട്ട്.

ഇതിന്റെ പേര് പ്രണയം എന്നല്ല ഇജാസ്.... വിളിക്കേണ്ടത് വേറെ പേരാണ്. എന്റെ സംസ്കാരം കൊണ്ടു ഞാൻ അത് വിളിക്കുന്നില്ല.  ഇത് ലാസ്റ്റ് വാണിങ് ആണ്

ഇനി എന്നെ നിന്റെ മുന്നിൽ വരുത്തിയ ഈ ഫൈസ് ആരെന്ന് നീയറിയും. നാണം ഇല്ലാതെ  കല്യാണം കഴിഞ്ഞ പെണ്ണിന്റെ പിറകെ നടക്കുന്നു പോയി

ചത്തൂടേടോ നിനക്ക് ഒക്കെ.

ഇനായക്ക് നെഞ്ച് നുറുങ്ങുന്ന പോലെ തോന്നി. ഫൈസിന്റെ ഓരോ വാക്കും ചാറ്റ്ളി പോലെ അവളെ കീറിമുറിച്ചു.

വാ ഫൈസ് നമുക്ക് പോകാം...... വാക്കുകൾ എങ്ങനെ ഒക്കെയോ പറഞ്ഞൊപ്പിച്ചു.

അവൻ അവളെ അവനോട് ചേർത്ത് പിടിച്ചു. ഷി ഈസ് ഇനായ ഫൈസ്..... ഇനി ഒരിക്കൽ കൂടി ഇവളുടെ നേർക്ക് ഒരു നോട്ടം എങ്കിലും വീണാൽ......

എനിക്ക് മറ്റൊരു പേര് കൂടി AJ  അന്വേഷിച്ചു നോക്കിക്കോ AJ ആരാണെന്ന്. ഇനി ഒരിക്കൽ കൂടി എന്നെ വരുത്തിച്ചാൽ.......അവന്റെ നേരെ വിരൽ ചൂണ്ടി അവൻ.....

അവളെയും ചേർത്ത് പിടിച്ചു പുറത്തേക്ക് ഇറങ്ങുമ്പോൾ അവൻ കാണാതെ ഇജുവിന്റെ കയ്യിൽ പിടിച്ചു ഇനു. ഇജു ഞെട്ടലോടെ മുഖം ഉയർത്തി നോക്കി. അവളുടെ ചുണ്ടുകൾ ശബ്ദം പുറത്ത് വരാതെ മന്ത്രിച്ചു . താങ്ക്യൂ.

ഇജു അവളെ നോക്കി പുഞ്ചിരിച്ചു. ഒന്നും ഇല്ലെന്ന്

കണ്ണ് ചിമ്മി കാണിച്ചു. അവളുടെ മുഖത്തും ഒരാശ്വാസതിന്റെ ചിരി വിടർന്നു. ഫൈസ് നടന്നു പോകുന്നതിനു അനുസരിച്ചു ഇജുവിന്റെ കയ്യിൽ നിന്നും അവളുടെ കൈ അകന്നു. അവർ കണ്മുന്നിൽ നിന്നും പോയതും അവൻ അലറി വിളിച്ചു കൊണ്ടു ചുമരിൽ ആഞ്ഞു അടിച്ചു..... വീണ്ടും അടിക്കാൻ പോയതും നദീം പിടിച്ചു വെച്ചു.

അവൾ സേഫ് അല്ല നദീം. ആരുടെയോ പകയുടെ കണ്ണുകൾ അവൾക്ക് പിറകിൽ ഉണ്ട്. കണ്ടു പിടിക്കണം..... എന്റെ ഇനുവിന്റെ നേരെ കത്തിചൂണ്ടിയ അവൻ ഇനി ജീവനോടെ വേണ്ട. ആ ഭാഗത്തു ഉള്ള വീട് ഷോപ്പ് തുടങ്ങി എല്ലാം സേർച്ച് ചെയ്യ്. എവിടെയെങ്കിലും ഒരു cctv ഉണ്ടാകും എന്തെങ്കിലും  ഒരു തുമ്പ് നമുക്ക് കിട്ടും. കൂട്ടത്തിൽ ഉള്ളവന്റെ ചെറിയൊരു ഡീറ്റെയിൽസ് എങ്കിലും കിട്ടുവോന്നു നോക്ക്.

നദീം അലക്സ്നെ കൂട്ടി അപ്പോൾ തന്നെ അവിടെ നിന്നും ഇറങ്ങി.

💕💕💕💕

അവൾ നിന്റെ ബാബിസാ അല്ല. ഫൈസിന്റെ

ഭാര്യയാണ്.

ഞാൻ ഓർമ്മ വെച്ച നാൾ മുതൽ കേട്ടത് എന്റെ ബയ്യയുടെ ഭാര്യ ആയാണ്. അതെന്നും അങ്ങനെ തന്നെ ആയിരിക്കും.

നിനോടല്ലേ ഇനി അങ്ങനെ പറയരുതെന്ന് പറഞ്ഞത്.

ഞാൻ ജീവനോടെ ഉള്ളിടത്തോളം എന്റെ ബബിസയെ കൊണ്ടു വരാൻ ശ്രമിക്കും.

എന്നെ തടയണമെങ്കിൽ കൊന്ന് കളഞ്ഞേക്ക്. അല്ലെങ്കിൽ ഞാൻ എന്ത് തറപ്പണി ചെയ്തിട്ടണേലും അവരെ തമ്മിൽ അകറ്റിയിരിക്കും.

ഇജുക്ക മനസ്സറിഞ്ഞു വിട്ടുകൊടുത്തതാണ്. ഇജുക്കയെ ധിക്കരിച്ചു നടന്നിട്ടുണ്ടോ ഇവിടെ ആരെങ്കിലും.... വിട്ടേക്ക് ...... എന്നിട്ട് വന്നപോലെ തിരിച്ചു പോയിക്കോ.

അവൾ പൊട്ടിച്ചിരിച്ചു..... നിങ്ങളൊന്നും എന്നെ ഒരു ചുക്കും ചെയ്യില്ല. കാരണം നിങ്ങൾക്ക് എന്നെ ആവിശ്യം ഉണ്ട്. ഇനി വരുന്ന ബോഡ് മീറ്റിംഗ്ൽ ജന്നത് ഹൈദർ പ്രത്യക്ഷപെട്ടെ മതിയാകു..... ഇല്ലെങ്കിൽ മരിച്ചു പോയിന്നു പറയേണ്ടി വരും.

ജീവനോടെ ഉള്ള എല്ലാവരുടെയും രാജകുമാരിയെ മരിച്ചുന്ന് പറയാൻ നിങ്ങൾക്ക് കഴിയോ ഒരിക്കലും ഇല്ല. അത് കൊണ്ടാണല്ലോ ഞാൻ ഇന്ന് ഇവിടെ നില്കുന്നത്.

അവസരം മുതലെടുക്കുകയാണോ നീ.

നിന്റെ വാശി ജയിക്കാൻ നീ നശിപ്പിക്കുന്നത് ഇജുക്കയുടെ സന്തോഷം ആണ്. ഞങ്ങൾ എല്ലാവരുടെയും തീരുമാനം ആണ് ഇനായഫൈസ്. നെഞ്ച് മുറിയുന്ന വേദനയോടെ ഫൈസിന് വിട്ടുകൊടുത്തത അവളെ.

അതിന്ന് പകരം എന്താ ഈ കുടുംബത്തിന് കിട്ടിയത് . ഇജുക്കയുടെ ജീവിതത്തിൽ ഒരു പെണ്ണ് കടന്നു വരില്ല. നിനക്കും വേണ്ട വിവാഹം. നിങ്ങൾക്ക് വേണ്ടാത്ത ജീവിതം നദീംമിക്കാക്കും ഷാനക്കും വേണ്ട. ഇതൊക്കെ കണ്ടു കൊണ്ടു ഞാൻ കയ്യും കെട്ടി നോക്കി നിൽക്കണോ.....

അവളെങ്കിലും സുഖം ആയി ജീവിക്കട്ടെ വേണമെങ്കിൽ നിന്റെ മുൻപിൽ കൈ കൂപ്പി നിൽക്കാം. എന്റെ ഇജുക്കന്റെ സന്തോഷം മാത്രം മതി എനിക്ക്.

വെറുതെ വിടാം നിങ്ങളെല്ലാം ഹാപ്പി ആയി ഇരുന്നോ. പകരം ഒരേ ഒരു കാര്യം തിരിച്ചു ചെയ്ത മതി. നീ വിവാഹം കഴിക്കണം.  ജന്നത് എന്നൊരു പേര് ഓർമകളിൽ പോലും ഉണ്ടാവരുത്.

അവൻ ഞെട്ടി പിറകോട്ടു വേച്ചു പോയി. പിന്നെ തളർന്നത് പോലെ നിലത്തേക്ക് ഊർന്നിരുന്നു.

അവന്റെ അടുത്തേക്ക് വന്നു അവൾ ഇരുന്നു.

പറ്റില്ല അല്ലെ....... ഇജുക്കന്റെ സന്തോഷം അല്ലെ വേണ്ടത്..... അതിന്ന് പകരം നിന്റെസന്തോഷം വേണ്ടെന്നു വെക്കാൻ പറ്റില്ല അല്ലെ.

എന്നെ അങ്ങ് കൊന്ന് കള നീ..... ഇതിലും ഭേദം അതാണ് അവന്റെ കണ്ണിൽ നിന്നും കണ്ണുനീർ ഒലിച്ചിറങ്ങി....

അപ്പൊ ഇതും മറന്നേക്ക്. ഈ പ്ലാനിലും പരാജയപ്പെട്ടാൽ സത്യം ആയിട്ടും ഫൈസിനെ ഞാൻ കൊല്ലും നോക്കിക്കോ

ഇല്ലെങ്കിൽ എന്നെ നിങ്ങൾ കൊല്ലേണ്ടി വരും.

ഞാൻ കല്യാണം കഴിച്ചോളാം....... ആരെ വേണമെങ്കിലും കെട്ടിക്കോളം...... അവളെ വിട്ടേക്ക്......

എനിക്ക് എന്റെ ഇജുക്കന്റെ സന്തോഷം മാത്രം മതി....... അത് മാത്രം മതി.... അവൻ പൊട്ടികരഞ്ഞു പോയിരുന്നു.

അവൾ അവന്റെ ചുമലിൽ കൈ വെച്ചു.

എന്നോട് പൊറുക്കണം......ഈ മനസ്സിന്റെ വേദന അറിയാഞ്ഞിട്ടല്ല...... കാലം മയ്ക്കാത്ത മുറിവുകൾ ഇല്ല.....

അവന്റെ മുഖത്ത് ഒരു പുച്ഛം കലർന്നു

ഈ കുടുംബത്തിന്റെ അവസ്ഥകണ്ടു സഹിക്കാൻ പറ്റാത്തൊണ്ട. അല്ലാതെ ബബിസയെ വേദനിപ്പിക്കണോന്ന് മനസ്സിൽ പോലും ഇല്ല.

ഐറ..... അവൾ ഉപദ്രവിക്കില്ലേ.... അവളെ എന്ത് ചെയ്യും ശഹി അവളെ നോക്കി.

ഡോണ്ട് വറി ഞാൻ നോക്കിക്കൊള്ളാം അവളെ. വന്നിടത്തേക്ക് തന്നെ പാക്ക് ചെയ്തോളാം.... അതെനിക്ക് വിട്ടേക്ക്. ഇനായ അവിടെ സുരക്ഷിതയായിരിക്കും. എന്നെ വിശ്വസിക്കാം.

സത്യം ഇട്

ഭയ്യയാണെ സത്യം ഞാൻ ഇനി അവളുടെ

ജീവിതത്തിലേക്ക് കടന്ന് ചെല്ലില്ല.നീ പറഞ്ഞ പോലെ ബാബിസാ എങ്കിലും സന്തോഷം ആയി ജീവിക്കട്ടെ. അവൾക്ക് എങ്കിലും ആഗ്രഹിച്ച ജീവിതം കിട്ടട്ടെ. പ്രാർത്ഥിച്ചോളാം അതിന്ന് വേണ്ടി.

അവൾ നിന്റെ ബാബിസാ അല്ല. ഇനിയെങ്കിലും അങ്ങനെ വിളിക്കരുത്. അവന്റെ വാക്കുകൾ ഇടറിയിരുന്നു.

വിളിച്ചു ശീലം ആയി പോയി. മനസ്സിൽ എങ്കിലും അങ്ങനെ ഇരിക്കട്ടെ..... പുറമെ സന്തോഷം ഭവിച്ചാലും എല്ലാരേം മനസ്സിൽ നിന്നും അത് മായാൻ പോകുന്നില്ലല്ലോ....

അത് പറയുമ്പോൾ അവളും കരഞ്ഞു പോയിരുന്നു.

❤️‍🩹❤️‍🩹❤️‍🩹❤️‍🩹❤️‍🩹

ഫൈസ് നേരെ വീട്ടിലേക്ക് ആണ് പോയത്. വഴിയിൽ വെച്ച് ഒരക്ഷരം രണ്ടാളും പരസ്പരം മിണ്ടിയില്ല. കാർ നിർത്തിയതും അവൻ അവിടെത്തന്നെ മുഖം കുനിച്ചു ഇരുന്നു.

ഫൈസ്..... അവൾ അവനെ തൊട്ട് വിളിച്ചു. അവൻ മുഖം ഉയർത്തി നോക്കി.

അവനും അവന്റെ ഒരു ഗിഫ്റ്റും...... ദേഷ്യത്തോടെ ഫൈസ് അവളുടെ കഴുത്തിൽ ഉള്ള മാലയിൽ പിടിച്ചു.

വിട് ഫൈസ്..... അതെനിക്ക് വേണം. അവൾ അവന്റെ കയ്യിൽ കയറിപിടിച്ചു.

ആ വൃത്തികെട്ടവന്റെ ഒന്നും നിനക്ക് വേണ്ട. അവന്റെ മുഖവും വലിഞ്ഞു മുറുകിയിരുന്നു.

ജുനൈദിന്റെ അനിയത്തിക്ക് തന്ന ഗിഫ്റ്റ് ആണ്. എന്റെ ജുനുന് കൊടുത്ത പോലെയാണ് ഇത്. ഇതെനിക്ക് വേണം. ഞാൻ കളയാൻ വിടില്ല.

ഇനു വാശി പിടിക്കേണ്ട എന്റെ കൈ വിട്

എനിക്ക് വേണം ഇത്. എന്നും പറഞ്ഞു അവൾ അവന്റെ കൈ തട്ടിത്തെറിപ്പിച്ചു.

അവൻ ദേഷ്യത്തോടെ കാറിൽ ആഞ്ഞിടിച്ചു.

പ്ലീസ് ഫൈസ്..... അവൾ കരഞ്ഞോണ്ട് അവനെ നോക്കിയതും അവൻ അവളെ പിടിച്ചു പുറത്തിറക്കി കാറിൽ കേറി പോയി.

അവൾ വീട്ടിലേക്ക് കയറി. എന്ത് വേണമെന്നോ ചെയ്യാനൊന്നോ അറിയാതെ അവൾ റൂമിലൂടെ അങ്ങോട്ടും ഇങ്ങോട്ടും നടന്നു. ഇടക്കിടക്ക്

ഫൈസിനെ ഫോണിൽ വിളിച് നോക്കി കൊണ്ടിരുന്നു. ഫോൺ സ്വിച് ഓഫ് ആയിരുന്നു. രാത്രി പന്ത്രണ്ടു മണി ആയിട്ടും വരാഞ്ഞത് കണ്ടു അവളിൽ പേടിയും ഉടലെടുത്തു.

അവന്റെ കാറിന്റെ ലൈറ്റ് കണ്ടതും അവളോടിച്ചെന്നു. അവൻ പുറത്തിറങ്ങി ഡോർ അടക്കുമ്പോഴേക്കും അവൾ പിറകിലൂടെ അവന്നെ കെട്ടിപിടിച്ചിരുന്നു.

അവൻ ഒരു നിമിഷം ഞെട്ടി നിന്നു. പിന്നെ അവന്റെ ചുണ്ടിൽ ഒരു പുഞ്ചിരി വിരിഞ്ഞു. കാരണം ആ കൈകളുടെ ഉടമയെ തിരിച്ചറിയാൻ അവന്ന് മുഖം കാണേണ്ട ആവിശ്യം ഇല്ലായിരുന്നു. പെട്ടെന്നുള്ള ദേഷ്യത്തിന് ഇറങ്ങി പോയതാരുന്നു. സമിയുടെ വീട്ടിൽ പോയി

പിന്നെ അവിടെ കിടന്നു ഉറങ്ങി ഇപ്പോഴാ എഴുന്നേറ്റത്.

അവൻ അവളെ കൈ വിടുവിച്ചു മുമ്പിൽ നിർത്തി. അവളുടെ മുഖം കണ്ടതും അവൻ വല്ലാതായി..... കരഞ്ഞു കലങ്ങിയ കണ്ണുകൾ...... കവിളിൽ കണ്ണീർ ഉണങ്ങി പാടുകൾ..... മുഖം പേടിച്ചു വിറച്ചപോലെ.....

സോറി അന്നേരത്തെ ദേഷ്യത്തിന്..... ഇനി

വേദനിപ്പിക്കില്ല സോറി.....

നിന്നെ കാണാഞ്ഞപ്പോ പേടിച്ചു..... നീ ഇനി എവിടെയും പോകണ്ട..... എന്റെ കൂടെ തന്നെ നിന്ന മതി. അവൾ ഏങ്ങലടിച്ചു കരഞ്ഞു.

അയ്യേ ഇത്രയേ ഉള്ളോ നീ...... അവൻ അവളെ ചേർത്ത് പിടിച്ചു.

ഇനി പറയാതെ പോകോ...... വിളിച്ചിട്ട് ഫോൺ കിട്ടീല. ഉറക്കത്തിൽ ആണെങ്കിൽ എന്തൊക്കെയോ പേടിക്കുന്നെ സ്വപ്നം കണ്ടു. അവൾ എങ്ങലടിയോടെ പറഞ്ഞു

ഫോൺ സ്വിച് ഓഫ് ആയി .... ഇനി അങ്ങനെ ഒന്നും ഉണ്ടാവില്ല

കരയണ്ട അവൻ അവളുടെ നെറ്റിയിൽ ചുടുചുമ്പനം കൊടുത്തു.

ഒരുപാട് ദിവസം ആയി ഒരേ സ്വപ്നം കാണുന്നു.......

എന്ത് സ്വപ്നം...... അവളുടെ മുടിയിലൂടെ തലോടി അർദ്രമായി ചോദിച്ചു.

നിന്നെ വിട്ടു ദൂരേക്ക് നടന്നു പോകുന്ന ഞാൻ....... നീ കുറെ വിളിക്കുന്നുണ്ട് പക്ഷേ തിരിഞ്ഞു പോലും

നോക്കാതെ ഞാൻ പോകുന്നത്....... നീ കരഞ്ഞോണ്ട് വിളിച്ചിട്ട് പോലും ഞാൻ ഒരിക്കലും തിരിഞ്ഞു നോക്കുന്നില്ല. ഞാൻ ആരുടേ കൂടെയോ മുന്നോട്ട് നടന്നു പോകുന്നു.

ഇത്രേം ഉള്ളോ..... അവൻ ചിരിച്ചു.

ചിരിക്കേണ്ട ഫൈസ്...... ഞാൻ കാണുന്ന സ്വപ്നങ്ങൾ ഫലിക്കാറുണ്ട്.

ഓഹ് പിന്നെ .... ഒന്ന് പോടീ പുളു വടിക്കാതെ.....

സത്യം ഫൈസ്..... എന്നെ വിട്ടു പോകല്ലേ..

എനിക്ക് പറ്റില്ല നീയില്ലാതെ.... നീഎന്റെയാ

എന്റെ മാത്രം..... അവൾ ഭ്രാന്ത് പറയുന്നപോലെ പറഞ്ഞു അവന്റെ നെഞ്ചിൽ മുഖം അമർത്തി കരഞ്ഞു.പെട്ടന്ന് അവൾ  കാൽ ഉയർത്തി അവന്റെ മുഖം കയ്യിൽ എടുത്തു.ചുംബനങ്ങൾ കൊണ്ടു മൂടി. കണ്ണിൽ നിന്നു കണ്ണുനീർ ഒലിച്ചു താഴുന്നുണ്ടായിരുന്നു. അവന്റെ മുഖം കണ്ണീരിനാലും അവളുടെ ചുണ്ടിന്റെ നനവിനാലും നനവ് പടർന്നു.

ഒന്നും പറ്റില്ല മോളെ നീ വിട്ടുപോയാലും ഞാൻ വിടില്ല നിന്നെ. അവളെ പിടിച്ചു നിർത്തി. കണ്ണുകളിലേക്ക്

നോക്കി അവൻ പറഞ്ഞു. എന്നാലും അവളുടെ കണ്ണുകളിൽ ഭയം നിറഞ്ഞിരുന്നു.... അവൻ അവളുടെ നിറുകയിൽ അമർത്തി മുത്തി. അവൻ അവളെ കയ്യിൽ കോരി എടുത്തു. അകത്തേക്ക് നടന്നു. അവന്റെ കഴുത്തിലൂടെ കയ്യിട്ട് അവന്റെ നെഞ്ചിലേക്ക് മുഖം ചേർത്ത് കിടന്നു. റൂമിൽ എത്തിയപ്പോഴേക്കും അവൾ ഉറങ്ങിയിരുന്നു. അവൻ അങ്ങനെ തന്നെ അവളെയും കൊണ്ടു ബെഡിലേക്ക് വീണു.

💕💕💕💕

ഒന്നും മിണ്ടുകയും നോക്കുകയും ചെയ്യാതെ കരഞ്ഞോണ്ട് കിടക്കുന്ന അവളെ കണ്ടു അവന്നും സങ്കടം വരുന്നുണ്ടായിരുന്നു.

അവൻ അവളോട് ഒരിടം വരെ പോകാമെന്നു പറഞ്ഞു നിർബന്ധിച്ചു കൂട്ടിപോയി. ബീച്ച്ലേക്ക് ആയിരുന്നു പോയത്. തണലത് ആർത്തിരുമ്പുന്ന കടലും നോക്കി അവർ രണ്ടു പേരും ഇരുന്നു.

നിനക്ക് എങ്ങനെയാ ഇജാസിനെ പരിജയം. ഇനിയും കള്ളം പറയരുത് ഇനു

അവളുടെ ദേഹം മൊത്തം വിറക്കുന്നുണ്ടായിരുന്നു

അപ്പോൾ.

അവൻ അവളുടെ കയ്യിൽ പിടിച്ചു. അവന്റെ വിരലുകളോട് കോർത്തു പിടിച്ചു.

ഇപ്പോഴെങ്കിലും മനസ്സ് തുറക്ക് ഇനു. ജുനുവിന്റെ ഫ്രണ്ട് എന്നതിനേക്കാൾ ഒരടുപ്പം അവന്ന് നിന്നോട് ഉണ്ടായിരുന്നു. അതറിഞ്ഞാണ് ജുനു അവനുമായി തെറ്റിയത്. ഞാൻ മനസ്സിലാക്കിയ കാര്യം ആണിത്. ശരിയാണോ.....

അവന്റെ ജീവൻ ഞാൻ ആണ് ഫൈസ്. അതറിയുന്ന നിമിഷം ഞാൻ എന്നത് നിനക്ക് ഒരോർമ്മ മാത്രം ആയിരിക്കും. എനിക്ക് പറ്റില്ല അതിന്ന്.... ഞാൻ അത്രത്തോളം നിന്നെ സ്നേഹിക്കുന്നു. അവൾ മനസ്സിൽ ഓർത്തു.......

💕💕💕💕💕

അവരെയും നോക്കി കുറച്ചു ദൂരെ ഇജുവും ഷഹീയും ഉണ്ടായിരുന്നു.

ഇന്നലെ തൊട്ട് അവരെ പിറകെ ഒരു രക്ഷക്ക് എന്ന പോലെ അവനും ഉണ്ടായിരുന്നു.

എന്നാലും എന്റെ ഇനുവിന് ആരാടാ ശത്രുക്കൾ......

അതോ ഫൈസിനോ..... ആരായാലും കണ്ടു പിടിച്ചേ പറ്റു. അവൾ സമാധാനത്തോടെ ജീവിക്കുന്നത് കാണാതെ എനിക്കും പറ്റില്ല അതിന്ന്.

സ്വന്തം അനിയത്തി തന്നെയാണ് ഇതിന്റെയൊക്കെ പിന്നിൽ എന്ന് പറയാൻ കഴിയാതെ അവന്റെ നെഞ്ചും പിടഞ്ഞു. ഇനുവിനെ ഒന്ന് തള്ളിയിട്ടതിന്ന് ഇവന്നെ ഇനി അനിയനായി വേണ്ട എന്ന് പറഞ്ഞത് ഓർത്തു. തല്ക്കാലം നദീംനോട് പറഞ്ഞു അന്വേഷണം വഴി തെറ്റിക്കാം വാക്ക് തന്ന സ്ഥിതിക്ക് അവൾ ഇനി വേണ്ടതൊന്നും ചെയ്യില്ല. അവൻ അങ്ങനെ ആശ്വസിച്ചു.

അവൻ പറഞ്ഞത് പോലെ അത് aj ആണ് ഇജ്ജുക്ക. ബുദ്ധികൊണ്ടും ശക്തി കൊണ്ടും ആരുടേയും മുന്നിൽ അടിയറവ് പറയാത്തവൻ. ശത്രുക്കൾ മുന്നിൽ വന്നാൽ അവന്റെ മുന്നിൽ  പേടിച്ചു മുട്ട് വിറക്കുന്ന aj എന്ന യുവ ബിസിനസ് മാൻ. അവന്ന് എതിരായി ഒരുത്തൻ മുന്നിൽ വന്നാൽ വേരോടെ പിഴുതു എറിയുന്നവൻ. സ്നേഹിക്കുന്നവർക്ക് വേണ്ടി ആരോടും എന്തിനോടും യുദ്ധം ചെയ്യാൻ പേടിയില്ലാത്തവൻ. ഉള്ളുകൊണ്ട് എല്ലാരും പേടിയോടെ നോക്കികാണുന്ന aj എന്ന ഫൈസ്

അസ്കർ. ഫൈസ് എന്നത് അവന്നെ അടുത്തറിയുന്നവർക്ക് മാത്രം ഉള്ള പേരാണ്. ഇനുവിന്റെ മുന്നിൽ മാത്രം അവൻ ഫൈസ് ആകുന്നുള്ളു. അല്ലെങ്കിൽ അവന്റെ യഥാർത്ഥ രൂപം പുറത്ത് വരാതിരിക്കുന്നുള്ളു. കാരണം അവൻ അത്രമാത്രം അവളെ സ്നേഹിക്കുന്നു. അത് കൊണ്ടു ഒട്ടും പേടിക്കേണ്ട. അവൻ ഉണ്ടാവും അവളുടെ രക്ഷക്ക്.

മുന്നിലുള്ള ശത്രുവിനെ തോൽപ്പിക്കാം ശഹി...... പിന്നിൽ മറഞ്ഞു നിൽക്കുന്ന ശത്രുവിനെ പേടിച്ചേ പറ്റു. എന്റെ മനസ്സ് എന്തോ വല്ലാതെ പിടക്കുന്നു. എന്തോ വലിയ അപകടം കാത്തിരിക്കുന്ന പോലെ

💖💖💖💖

പറ ഇനു...... ഞാൻ ഇതിന്റെ പേരിൽ വഴക്ക് ഉണ്ടാക്കുകയോ നിന്നെ വേദനിപ്പിക്കുകയോ ഇല്ല. നിന്നെ വേണ്ടെന്നു വെക്കുകയും ഇല്ല. നീ എന്റെയാണ് എന്റെ മാത്രം. പക്ഷേ എനിക്ക് അറിയണം നിങ്ങൾ തമ്മിലുള്ള പ്രോബ്ലം എന്താണെന്ന്.അവളെ ചേർത്ത് പിടിച്ചു അവൻ പറഞ്ഞു.

അപ്പോഴാണ് അവൻ ആരുടെയോ ചവിട്ടേറ്റ് തെറിച്ചു വീണത്. ഇനയയും മുന്നോട്ട് വീണു പോയിരുന്നു.

ഫൈസ് ചാടി എഴുന്നേറ്റു. പത്തോളം പേര് കയ്യിൽ കത്തിയും വടിവാളും  അവരെ മുന്നിൽ അണിനിരന്നു നിൽക്കുന്നത് കണ്ടു അവൻ  ദേഷ്യം കൊണ്ടു വിറച്ചു. ഇനായ പേടിയോടെ അവന്റെ കയ്യിൽ മുറുക്കെ പിടിച്ചു. അവൻ ഇനായയെ പിറകോട്ടു മാറ്റി നിർത്തി.

അവർ എന്തെങ്കിലും ചിന്തിക്കുന്നതിന്ന് മുന്നേ അവൻ മുന്നിലുള്ള രണ്ടു പേരെ ഒന്നിച്ചു മലർത്തി അടിച്ചിരുന്നു. അവർ ഒന്ന് ഞരങ്ങി അനക്കം നിലച്ചു നിലത്ത് കിടക്കുന്നത് കണ്ടു അവർ ഞെട്ടി പിറകോട്ടു കാൽ വെച്ചു പോയിരുന്നു.

ഇനു പേടിച്ചു വിറച്ചു അവനെ പിറകിൽ നിന്നും കെട്ടിപിടിച്ചു.

അവൻ ഇനുവിനോട് പിറകോട്ടു പോകാൻ പറഞ്ഞു. അവൾ അനങ്ങാതെ നിന്നതും അവൻ പിറകോട്ടു പോ എന്ന് അലറുന്നത് കേട്ട് ഭയത്തോടെ അവന്നെ വിട്ടു  പിന്നിലേക്ക് മാറിപോയി. അവന്റെ രൗദ്രഭാവം ആദ്യം ആയാണ് അവൾ കണ്ടത്. എന്നും കളിച്ചും

ചിരിച്ചും നടക്കുന്ന അവനെ അങ്ങനെ കണ്ട ഞെട്ടലിൽ ആയിരുന്നു അവൾ.

അപ്പോഴേക്കും അവനെ ചുറ്റും വളഞ്ഞിരുന്നു അവർ. ഒന്നു തൊടാൻ പോലും പറ്റാതെ അവരെ ഓരോരുത്തരെ ആയി അവൻ അടിച്ചിടുന്നത് കണ്ടു അവൾ മാത്രം അല്ല ഷഹീയും ഇജാസ് നോക്കി നിന്നുപോയി. മെയ് വഴക്കമുള്ള ഒരു അഭ്യാസിയെ പോലെ അവൻ ഒഴിഞ്ഞു മാറുന്നത് കണ്ടു ഇജാസിന് പോലും ഒരഭിമാനം തോന്നി. അപ്പോഴാണ് ദൂരെ നിന്നും അവരുടെ കൂട്ടത്തിൽ ഇല്ലാത്ത ഒരുത്തൻ ഒരു വടിവാൾ എടുത്തു  വല്ലാത്തൊരു ഭാവത്തോടെ അവന്റെ നേർക്ക് പിറകിലൂടെ വരുന്നത് അവർ കണ്ടത്. മുന്നിൽ ഉള്ളവരെ മാത്രം ശ്രദ്ധിക്കുന്നതിന്റെ ഇടക്ക് ഫൈസ് അത് കണ്ടില്ലെന്ന് അവർക്ക് മനസ്സിലായി. ഇനായ അവന്റെ അടുത്തേക്ക് അവന്നെ വിളിച്ചു ഓടി വന്നു. കാറ്റിന്റെയും തിരയുടെയും ശബ്ദത്തിൽ അത് അവൻ കേട്ടില്ല. അയാൾ വാൾ  ആഞ്ഞു വീശി  അവനെ അപ്പോഴേക്കും തള്ളിമാറ്റിയിരുന്നു അവൾ.ഫൈസ് നിലത്തേക്ക് മലർന്നടിച്ചു വീണു. അവളുടെ മുഖത്തേക്ക് ചീറ്റിത്തെറിച്ച രക്തം നോക്കി അവൾ

തറഞ്ഞു നിന്നു. രക്തം ഇറ്റി വീണു കണ്ണുകൾ മങ്ങി. അതിനിടയിലും കണ്ടു രക്തത്തിൽ കുളിച് പിടയുന്ന അവനെ.

ഫൈസ് പിടഞ്ഞെഴുന്നേറ്റു......

വേദന കൊണ്ടു  പിടയുന്ന അവനെയും അവന്റെ രക്തത്തിൽ കുളിച്ചു നിൽക്കുന്ന അവളെയും കണ്ടു അവൻ ഞെട്ടലോടെ നിന്നു.

ഫൈസ് അവളുടെ ചുമലിൽ തൊട്ട് ഇനു എന്ന് വിളിച്ചതും അവൾ ആ കൈ തട്ടിമാറ്റി നിലത്തേക്ക് മുട്ട് കുത്തിയിരുന്നു.

അടഞ്ഞു പോകുന്ന ആ കണ്ണുകൾ അപ്പോഴും ഇനുവിലാണെന്ന് ഫൈസ് കണ്ടു. അവന്റെ അനക്കമില്ലാത്ത ശരീരത്തെയും കെട്ടിപിടിച്ചു അവൾ അലറി വിളിച്ചു കരഞ്ഞു.

അവളുടെ  അലർച്ചയിൽ പ്രകൃതി തന്നെ ഒരു നിമിഷം നിശ്ചലം ആയ പോലെ തോന്നി ഫൈസിന്.

📚STORY BOARD📚

❤️ ❤️ 💔 INVISIBLE LOVE 💔❤️

Love after💘 marriage story ( Part 54 )

രക്തത്തിൽ കുളിച്ചു കിടക്കുന്ന അവനെ നെഞ്ചോട് ചേർത്ത് പിടിച്ചു അലമുറയിട്ട് കരയുന്ന അവളെ നോക്കി ആദ്യം അവൻ പകച്ചു നിന്നു.

അപ്പോഴേക്കും ഇജാസ് വന്നു അവനെ അവളെ കയ്യിൽ നിന്നും അവന്റെ മടിയിലേക്ക് കിടത്തിയിരുന്നു.

ശഹി..... കണ്ണ് തുറക്ക്...... ശഹി കണ്ണ് തുറക്കാൻ..... അവന്റെ മുഖത്ത് തട്ടി ഇജാസ് വിളിച്ചു കൊണ്ടിരുന്നു..... അവന്റെ വാക്കുകൾ ഇടറിയിരുന്നു.

ശഹി മെല്ലെ ഞരങ്ങി കണ്ണ് തുറക്കാൻ നോക്കിയെങ്കിലും വീണ്ടും അടഞ്ഞു.....

ഷഹീ...... അവനും ഇനുവും കുലുക്കി വിളിച്ചു കൊണ്ടിരുന്നു......

ഫൈസ് ഷഹിയുടെ അടുത്ത് ഇരുന്നു. അവന്നെ ഒന്ന് നോക്കി.

അവൻ ശ്വാസം ആഞ്ഞു വലിച്ചു ഒന്ന് ഉയർന്നു പൊങ്ങി പിന്നെ ആ ഇടിപ്പ് നിന്നു.

നോ....... എഴുന്നേൽക്ക് ശഹി...... തമാശ

കളിക്കല്ലേ..... ഇജാസ് അലറി വിളിച്ചു കൊണ്ടു അവന്റെ മുഖത്ത് പിടിച്ചു വലിച്ചു.

ഫൈസ് അവന്റെ കൈ പിടിച്ചു ഹാർട് ബീറ്റ് നോക്കി.... അവന്റെ കയ്യിൽ നിന്നും ഷഹിയുടെ കൈ ഊർന്നു വീണു.

ഇജാസ് അവനെ നോക്കി.

ഇനു അവനെ തന്നെ നോക്കി. അവൻ ദയനീയമായി അവള നോക്കി.

ഷഹീക്കാ എന്ന് അലറി വിളിച്ചു അവൾ അവന്റെ നെഞ്ചിലേക്ക് വീണു. അവൾ കൈകൾ അവന്റെ നെഞ്ചത്ത് അടിച്ചു നിലവിളിച്ചു.

പെട്ടെന്ന് അവനൊന്നു അനങ്ങിയ പോലെ തോന്നി ഫൈസിന്. ഫൈസ് ഇജാസിനെയും അവളെയും തള്ളിമാറ്റി അവന്റെ മുഖം കയ്യിലെടുത്തു കൃത്രിമശ്വാസം കൊടുത്തു കൊണ്ടിരുന്നു.

ഇജാസ് വേഗം കാർ എടുക്ക് എത്രയും പെട്ടെന്ന് ഹോസ്പിറ്റലിൽ എത്തണം.

അവൻ ഇനുവിന്റെ ഷാൾ വലിച്ചെടുത്ത് ഷഹിയുടെ വയറ്റിൽ കെട്ടി. അവന്റെ ഷർട്ട് അഴിച്ചു നെഞ്ചിലും.

ഇജാസ് ഹാർട്ബീറ്റ് ലോ ആയി കൊണ്ടിരിക്കുകയാണ്. ഇട്സ് ഡാൻജർ.

ഇനുവിനെ നോക്കിയപ്പോൾ അവൾ നിലത്ത് ബോധം കേട്ട് വീണു കിടക്കുന്നത് കണ്ടു.

ഇജാസ്  അടുത്തുള്ള ഹോസ്പിറ്റലിൽ എത്തിക്കണം ..... ഫാസ്റ്റ്......ഇജാസ് അപ്പോഴും അനങ്ങാൻ പറ്റാത്ത അവസ്ഥയിൽ ആയിരു   ന്നു.

ഇജാസ്...... ഫൈസ് അവനെ നോക്കി അലറി.... ഇജാസ് ഞെട്ടി അവന്നെ    നോക്കി.എന്നിട്ട് അവനെയും എടുത്തു കാറിനടുത്തേക്ക് ഓടി.

അവൻ  ഇനുവിനെ കൈകളിൽ എടുത്തു പിറകെ ഓടി കോ ഡ്രൈവർ സീറ്റിൽ കിടത്തി. ഇജാസ് ശഹിയെ പിറകിൽ കിടത്തി. ഫൈസ് ആയിരുന്നു കാർ ഓടിച്ചത്. അടുത്തുള്ള ഹോസ്പിറ്റലിൽ എത്തി. ഫൈസ് ഡ്രൈവിംഗിനിടയിൽ വിളിച്ചു ഹോസ്പിറ്റലിൽ എല്ലാം ഏർപ്പാട് ആക്കിയിരുന്നു. അവിടെ എത്തിയതും ഇജാസ് അവനെ എടുത്തു ഓടുകയാരുന്നു. ഓപ്പറേഷൻ തിയറ്ററിലേക്ക് അവനെ കയറ്റി. അത്യാഹിത വിഭാഗത്തിലേക്ക് ഇനുവിനെയും. അടുത്തടുത്തു തന്നെ ആയിരുന്നു രണ്ടും. ഇജാസ്

തളർന്നത് പോലെ അവിടിരുന്നു. യാന്ത്രികം പോലെ അവൻ പെരുമാറുന്നത് കണ്ടു. ഫൈസ് സമിയെ വിളിച്ചു പറഞ്ഞിരുന്നു. നദീംമിനെയും...... കുറച്ചു കഴിഞ്ഞതും സമിയും നദീം എത്തി. സമി അവന്ന് ഷർട്ട് കൊണ്ടു കൊടുത്തു. ഫൈസ് അവരോട് കാര്യം പറഞ്ഞു.

എന്നെ  ലക്ഷ്യം ഇട്ടു വെട്ടാൻ വന്നതാണ് ഇനു അത് കണ്ടു എന്നെ തള്ളി മാറ്റി. ആ വെട്ട് ഇനുവിന് കൊള്ളേണ്ടത് ആയിരുന്നു

ശഹി തടുക്കാൻ ശ്രമിച്ചതാ അവൻ ആയിരുന്നു വെട്ട് കൊണ്ടത്...... അയാൾ രക്ഷപെടാൻ ഉള്ള ശ്രമത്തിൽ അവന്റെ വയറ്റിലേക്കും കുത്തിയിരുന്നു. ബ്ലഡ് കുറെ ലോസ് ആയിട്ടുണ്ട്.

ഫൈസ് പറയുന്നത് കേട്ടു അവർ ഷോക്ക് ആയി നിന്നു. ഇജാസ് നെറ്റിക്ക് കൈ താങ്ങി  ഇരുന്നു. കണ്ണിൽ നിന്നും വെള്ളം ഉതിർന്നു വീഴുന്നുണ്ടായിരുന്നു.

എ പോസറ്റീവ് ബ്ലഡ് വേണം.  ഇവിടെ സ്റ്റോക്കില്ല. നഴ്സ് വന്നു പറഞ്ഞു.

നദീം ഇപ്പൊ ആളെ വിളിക്കാം എന്ന് പറഞ്ഞതും

ഫൈസി  അവരെ അടുത്തേക്ക് പോയി.എന്റെ എ പോസിറ്റീവ് ആണ്. അവൻ അവരെ കൂടെ പോയി. സമി ഇനുവിന്റെ അടുത്ത് തന്നെ ഉണ്ടാവണം എന്ന് വിളിച്ചു പറഞ്ഞു

നദീം അത്ഭുതത്തോടെ അവന്നെ നോക്കിയത്. ഇന്നലെ അവനെ കൊല്ലാൻ അയച്ചവരെന്ന ചിന്തപോലും അവനില്ലെന്ന് കണ്ടു. ജുനൈദിന്റെ സെലക്ഷൻ അല്ലെ തെറ്റില്ലെന്ന് അവൻ മനസ്സിൽ ഓർത്തു,

അവൻ ബ്ലഡ് എടുത്തു വന്നപ്പോഴും ഇനുവിന് ബോധം വന്നിട്ടില്ലായിരുന്നു. അവളെ ഐസിയൂ വിലേക്ക് ഷിഫ്റ്റ് ചെയ്തു എന്ന് പറഞ്ഞു. അവനിൽ അത് ചെറിയൊരു ഭയം ഉണർത്തി. സാധാരണ അങ്ങനെ ഉണ്ടായാൽ പെട്ടന്ന് ബോധം വരേണ്ടതാണ്. ഷഹിയുടെ  ഹാർട്ബീറ്റ് ലോ ആയി കൊണ്ടിരിക്കുകയാണ്. ഇട്സ് ഡാൻജർ. അത് പറഞ്ഞു നോക്കിയപ്പോൾ ഇനുവിന്റെ കണ്ണുകളിൽ ഭയം അവൻ കണ്ടിരുന്നു. ഷഹീ എന്ന് വിളിച്ചു അലറിയിരുന്നു.അവൻ ഇജാസിനെ നോക്കി ഒന്നും മിണ്ടിയിട്ടില്ല വന്ന ശേഷം. അവൻ ആ ഷോക്കിൽ നിന്നും കറകേറിയിട്ടില്ലെന്ന് തോന്നി ഫൈസിന്.

ഓപ്പറേഷൻ കഴിഞ്ഞു ഡോക്ടർ പുറത്ത് ഇറങ്ങി. ട്വന്റി ഫോർ ഹവേഴ്സ് കഴിയാതെ ഒന്നും പറയാൻ കഴിയില്ല. ഇപ്പോഴും അപകടനില തരണം ചെയ്തിട്ടില്ല.

എന്ത് പറയാൻ.....അവൻ അപ്പോഴേക്കും എണീറ്റു വരും. അവന്ന് എന്നെ വിട്ടു എന്നോട് അധിക സമയം മിണ്ടാതെ ഇരിക്കാൻ ഒന്നും പറ്റില്ല. അത് പറയുമ്പോൾ ഇജാസിന്റെ മുഖത്ത് ഗൗരവം പടർന്നിരുന്നു.

ഫൈസ് അപ്പോഴേക്കും ഇനുവിനെ കൺസൾട്ട് ചെയ്യുന്ന ഡോക്ടറെ വിളിച്ചു പറഞ്ഞിരുന്നു. അയാൾ പുറത്തേക്ക് വന്നു.

ഫൈസിനോട് സംസാരിക്കുമ്പോൾ ഇജാസ് നദീം അത് ശ്രദ്ധിച്ചു.

സംഭവം നേരിട്ട് കണ്ട ഷോക്ക് ആണ്. അവളുടെ ശരീരവും മനസ്സ് ഒരു പോലെ അത് ബാധിച്ചിട്ടുണ്ട്. ബോഡി മരുന്നിനോട് പ്രതികരിക്കുന്നുണ്ടെങ്കിലും അൺകോഷ്യാസ് ആവുകയാണ്. മെന്റലി വീക്ക് ആയി കൊണ്ടിരിക്കുന്നു. നമുക്ക് കുറച്ചു കൂടി നോക്കാം..... ഇതേ അവസ്ഥ കണ്ടിന്യു

ആവുകയാണെങ്കിൽ കോമയിലേക്ക് പോകാനും ചാൻസ് ഉണ്ട്.

ഡോക്ടർ....... ഫൈസ് ഭയത്തോടെ വിളിച്ചു പോയിരുന്നു. വെറുമൊരു ബോധക്ഷയം ആണെന്ന് കരുതിയടത്ത് പെട്ടെന്ന് കേട്ടുള്ള ഷോക്ക് ആയിരുന്നു.

നോക്കു ഫൈസ് സിറ്റുവേഷൻ എന്തായാലും അസപ്റ്റ് ചെയ്തേ പറ്റു. ഇത് സംഭവം കണ്ടുള്ള ഷോക്ക് മാത്രം അല്ല. അവൾക്ക് വേണ്ടപ്പെട്ട അല്ലെങ്കിൽ മനസ്സ് കൊണ്ടു അടുപ്പം ഉള്ള ഒരാൾക്ക് സംഭവിച്ച അപകടം നേരിട്ട് കണ്ടപ്പോൾ മൈന്റ് സ്റ്റക്ക് ആയതാണ്. ആദ്യമേ അവളുടെ തലയിൽ നേർവ്സ് ഡിസോഡർ ആണെന്ന് അറിയാലോ......
അവളിപ്പോൾ മുൻപ് നടന്ന അതേ ആക്സിഡന്റ് സിറ്റുവേഷൻ ആണ് ഉള്ളത്.

മറ്റെവിടെക്കെങ്കിലും ഷിഫ്റ്റ് ചെയ്താൽ...

കാര്യം ഇല്ല ഫൈസ്...... ഇതിന്ന് വേണ്ടത് മരുന്നല്ല. ഈ അവസ്ഥയിൽ നിന്നും അവളെ പുറത്ത് കടത്തുകയാണ്. അവൾക്ക് ആ ഷോക്ക് അവളിൽ നിന്നും

വിട്ടു പോകണം എന്നാൽ മാത്രമേ എന്തെങ്കിലും

ചെയ്യാൻ പറ്റു. പ്രാർത്ഥിക്ക് എന്ന് പറഞ്ഞു തോളിൽ തട്ടി അയാൾ പോയി.

നിറഞ്ഞു വന്ന കണ്ണുകൾ അവൻ തുടച്ചു

എന്നിട്ട് ഇജാസിന്റെ നേരെ വന്നു.

നിങ്ങൾക്ക് അവളുമായി എന്താ ബന്ധം....

ഷഹിക്ക് അപകടം പറ്റിയതിന്ന് അവളുടെ മനസ്സ് നിലതെറ്റാൻ മാത്രം എന്ത് ബന്ധം ആണ് നിങ്ങൾ തമ്മിൽ...... പറയ് ഇജാസ്

...... അവൻ ഇജാസിന്റെ തോളിൽ ശക്തിയായി തട്ടി. ഇജാസ് പിറകിലേക്ക് വേച്ചു.

പറയ് ഇജാസ്...... അവളെ ആരാ നിങ്ങൾ അവൻ വീണ്ടും ഇജുന്റെ തോളിൽ പിടിച്ചു കുലുക്കി.

ഇത്രയും നേരം ധൈര്യം സംഭരിച്ചു നിന്നവൻ...... അങ്ങനെ ഒരു സിറ്റുവേഷൻ പോലും മനക്കരുത് കാട്ടിയവൻ ഇനുവിന്റെ കാര്യം അറിഞ്ഞതും ആകെ തളർന്നു പോയത് കണ്ടു ഇജാസ് നദീം പരസ്പരം നോക്കി. നദീംമിന് ഇജാസിന്റെ അവസ്ഥ ഓർത്തായിരുന്നു സങ്കടം...... അവന്റെ ജീവൻ നിലകൊള്ളുന്നത് ഈ രണ്ടു പേരിൽ ആണ്. ഇവർ

ഇല്ലെങ്കിൽ അവൻ ഇല്ല...... രണ്ടു പേരും ക്യൂട്ടിക്കൽ സ്റ്റേജിൽ ആണ്...... ഇജാസിന്റെ ഉള്ളിൽ ഉള്ള പൊട്ടികരച്ചിൽ അവന്ന് മനസ്സിലാവുന്നുണ്ടായിരുന്നു.

ഷഹീയും അവളും ബെസ്റ്റ് ഫ്രണ്ട്സ് ആണ്

അവൾക്ക് റാനി  കഴിഞ്ഞാൽ പിന്നെ ആകെയുള്ള ഫ്രണ്ട് അവനായിരുന്നു. ഞങ്ങൾ ജുനു ആയിട്ട് പിരിഞ്ഞപ്പോഴും അവർ തമ്മിൽ ഫ്രണ്ട്ഷിപ്പ് വീട്ടിരുന്നില്ല. ആരെയെങ്കിലും ഇഷ്ടപെട്ടാൽ അവരെ സ്വന്തം ആണെന്ന് കരുതുന്നത് അവളുടെ സ്വഭാവം ആണെന്ന് അറിയാലോ..... അത് കൊണ്ടു തന്നെ അവൾക്ക് വേണ്ടപ്പെട്ടവൻ തന്നെ ആയിരുന്നു അവൻ . ഞാനും ജുനൈദ് തമ്മിൽ കുറച്ചു ഇഷ്യുസ് ഉണ്ടായിരുന്നു. ഇട്സ് പേർസണൽ പ്രോബ്ലം. ജുനൈദ് ആയുള്ള ഫ്രണ്ട്ഷിപ് കട്ട് ചെയ്തെങ്കിലും ഇനുവിന് അതൊരു ഷോക്ക് ആയിരുന്നു. അവൾക്ക് ആകെയുള്ള ഒരു ഫ്രണ്ട് അവൻ മാത്രം ആയിരുന്നു. എനിക്കിഷ്ടം അല്ലാത്തോണ്ട് മാത്രം ആണ് അവർ തമ്മിൽ ഫ്രണ്ട്ഷിപ് അവസാനിപ്പിച്ചത്. ഇപ്പോഴും അവളുടെ ഉള്ളിൽ ആ ഫ്രണ്ട്ഷിപ് ഉണ്ടായിരിക്കും അതാവും ആ ആക്സിഡന്റ് കണ്ടപ്പോൾ ഷോക്ക് ആയത്.  അവൾ ഞങ്ങളെ ജുനൈദ്നെ പോലെ

ബ്രദർ ആയാണ് കണ്ടിരുന്നത്....... അത് പറയുമ്പോൾ ഇജാസ് നദീംമിന്റെ കൈത്തണ്ടയിൽ മുറുകെ പിടിച്ചിരുന്നു. അവന്റെ നഖങ്ങൾ നദീംമിന്റെ കൈകളിൽ ആഴ്ന്നിറങ്ങി രക്തം പൊടിഞ്ഞു....... വേദന എടുത്തിട്ടും നദീം ആ കൈ വിട്ടില്ല. അവന്ന് അറിയാരുന്നു ഇതിനേക്കാൾ കൂടുതൽ ആയി ആ മനസ്സ് കീറിമുറിഞ്ഞു രക്തം പൊടിയുന്നുണ്ടെന്ന്.

ഫൈസ് ഒന്ന് മൂളുക മാത്രം ചെയ്തു.

അവൻ അവിടെ ഉള്ള ചെയറിൽ ഇരുന്നു കാൽമുട്ടിൽ കയ്യൂന്നി തലമുടിയിൽ കൈ കൊരുത് ഇരുന്നു.

തൊട്ടിപ്പുറത്തു ഇജാസ് ഉണ്ടായിരുന്നു.....

ഇനുവിന്റെയും ഷഹിയുടെയും അവസ്ഥയിൽ മാറ്റം ഇല്ലാതെ തുടർന്നു കൊണ്ടിരുന്നു. പരസ്പരം ആശ്വസിപ്പിക്കാൻ പോലും ആകാതെ അവരും.

ശഹിയുടെ അവസ്ഥ കുറച്ചു സീരിയസ് ആണെന്ന് പറഞ്ഞു ഡോക്ടർ വിളിപ്പിച്ചു. രക്ഷപെടാനുള്ള ചാൻസ് ടെൻ  പേഴ്സനന്റജ്ജ്  ഉള്ളൂ...... അറിയിക്കാൻ ഉള്ളവരെയൊക്കെ അറിയിച്ചോളൂ...... ശഹിയെ  വെന്റിലേറ്റർലേക്ക് മാറ്റി.......

അവരുടെ വീട്ടിൽ ആരെയും അറിയിച്ചിരുന്നില്ല. നദീം വീട്ടിൽ അറിയിച്ചു എല്ലാവരെയും കൂട്ടിപ്പോയി. അവരുടെ കൂട്ടക്കരച്ചിൽ അവിടെ മുഴങ്ങി. ഫൈസ് സമിയും വേദനയോടെ അത് നോക്കി നിന്നു.

തന്റെ ഇനുവിനെ രക്ഷിക്കാൻ വേണ്ടിയാണ് അവൻ അത് ചെയ്തത് എന്നോർമയിൽ അവന്റെ മനസ്സ് കിടന്നു നീറി.

💕💕💕💕💕

ഫൈസ്....... ഇനായ വൈകുന്ന ഓരോ നിമിഷവും കോമയിലേക്ക് പോകാനുള്ള ചാൻസ് കൂടി വരികയാണ്..... അവൾ ഇപ്പോഴും ഉപബോധമനസ്സിൽ ആണ്..... അവളെ തിരിച്ചു കൊണ്ടു വരാൻ ശ്രമിക്കണം..... ചെറിയൊരു ചലനം അത് മതി അവളെ നമുക്ക് തിരിച്ചു കൊണ്ടു വരാൻ........ അവൾക്ക് ഏറ്റവും സ്വാധീനം ഉള്ള വ്യക്തിയുടെ വിളി കേട്ടാൽ അവൾ റെസ്പോണ്ട് ചെയ്യുമെന്ന കരുതുന്നത്......

നിങ്ങൾ വിളിച്ചിട്ടും റെസ്പോണ്ട് ചെയ്യുന്നില്ലെങ്കിൽ അതിനർത്ഥം അവളുടെ ഉപബോധ മനസ്സിൽ താൻ ഇല്ലെന്ന് ആണ്...... ഐ മീൻ തന്റെ ശബ്ദം ഇല്ലെന്ന്

ആണ്.

അവൻ വേദനയോടെ ഡോക്ടറെ നോക്കി.....

ഫൈസ് വിഷമിക്കാൻ പറഞ്ഞതല്ല. ഞാൻ പറഞ്ഞല്ലോ അവൾ ഇപ്പൊ ആ പഴയ അവസ്ഥയിൽ ആണെന്ന്. ആ സമയത്ത് ഫൈസ് കൂടെ ഉണ്ടായിരുന്നില്ല. അവൾക്ക് അറിയില്ല നിങ്ങളെ...... അത് കൊണ്ടാണ് പറഞ്ഞത് അവളുടെ കൂടെ ആ ടൈം ഉണ്ടായിരുന്ന ആരെയെങ്കിലും ശബ്ദതോട് റെസ്പോണ്ട് ചെയ്യുന്ന് നോക്കാൻ..... അത് കൊണ്ടു എത്രയും പെട്ടെന്ന് ജുനൈദിനോട് ഉമ്മയോട്  വരാൻ പറയണം.......

അവൻ തലയാട്ടി. ജുനൈദ് എവിടെയെന്നു ഇത് വരെ അന്വേഷിച്ചിട്ടില്ല. കാരണം അവൻ പോയത് ഇനയക്ക് വേണ്ടിയാണ്. അവൻ തിരിച്ചു വരുമെന്ന് ഉറപ്പുള്ളൊണ്ട് തിരക്കാതിരുന്നത്. ഇനിയീ കുറഞ്ഞ സമയത്തിനുള്ളിൽ അവനെ എങ്ങനെ കൊണ്ടു വരും...... അവൻ നെറ്റിയിൽ അമർത്തി തിരുമ്മി. അവന്റെ മനസ്സിൽ ഇജാസിന്റെ മുഖം തെളിഞ്ഞു വന്നു. ഷഹിയുടെ അവസ്ഥയിൽ അവൾ ഈ അവസ്ഥയിൽ ആയെങ്കിൽ തീർച്ചയായും ഇജാസ്

ആയി അത് പോലൊരു ആത്മബന്ധം ഉണ്ടായിരിക്കും...... ഇജാസിനെ പറ്റി പറയുമ്പോൾ അവളുടെ മുഖത്തെ തെളിച്ചം അവൻ വേദനയോടെ ഓർത്തു.....

നദീംമിന്റെ തോളിൽ ചാരി icu വിന്റെ മുന്നിൽ ഇരിക്കുന്ന ഇജാസിനെ അവൻ കണ്ടു. വന്നപ്പോ തൊട്ടുള്ള ഇരിപ്പാണ് ഒരു തുള്ളി വെള്ളം പോലും കുടിച്ചിട്ട് ഇല്ല. ഡ്രസ്സ് മാറ്റിയിട്ടില്ല..... പാറിപടർന്ന മുടിയും ചീകി ഒതുക്കാത്ത താടിയും അവന്റെ മുഖത്തെ വല്ലാത്തൊരു കോലത്തിൽ എത്തിച്ചിരുന്നു. ആരു കണ്ടാലും കണ്ണെടുക്കാതെ നോക്കി നിൽക്കുന്ന ഹോട് ഹാൻഡ്സം രൂപം  അവനോർത്ത് പോയി.

അവൻ അവരുടെ അടുത്ത് പോയി ഇരുന്നു. ഐ നീഡ് യുവർ ഹെല്പ്....... അവൻ മുഖത്ത് നോക്കാതെ പറഞ്ഞു.

ഇജാസ് തല ഉയർത്തി അവനെ നോക്കി.

ഇങ്ങനെ ഒരു സിറ്റുവേഷനിൽ പറയാൻ പാടില്ലാത്തത് ആണ്..... അവനൊന്നു മടിച്ചു.

ഫൈസിന് എന്താ വേണ്ടത്...... ഞങ്ങളെ കൊണ്ടു കഴിവുള്ള എന്തും ചെയ്തു തരാം..... ആപത്തു സമയത്ത് ശത്രുത മറന്നു ചെയ്ത ഉപകാരം ഒന്നും ഒരിക്കലും മറക്കില്ല..... അവന്റെ ശ്വസിക്കുന്ന ശ്വാസവും ശരീരത്തിൽ ഓടുന്ന ബ്ലഡ് നിന്റെയാണ്..... ഇജാസ്  തളർന്ന സ്വരത്തിൽ പറഞ്ഞു.

ചെയ്ത ഉപകാരത്തിനു പകരം ചോദിക്കാൻ വന്നതല്ല.എന്റെ മുന്നിൽ വേറെ വഴിയില്ലാത്തോണ്ടാ.......

അവൻ ഇത് വരെയുള്ള ഇനുവിന്റെ കാര്യം പറഞ്ഞു കൊടുത്തു....

പറഞ്ഞു തീരുന്നതിന്ന് മുന്പേ അവൻ ഇനുവിന്റെ അടുത്തേക്ക് ഓടിയിരുന്നു.

ഒന്ന് പകച്ചു നിന്നു കൊണ്ടു ഫൈസ് സമിയും നദീംമും..... പിറകെ പോയി.

💞💞💞💞

ഡ്രിപ്പ് ഇട്ടിട്ടുണ്ട് എന്നല്ലാതെ വേറൊന്നും ഇല്ലായിരുന്നു. കണ്ണടച്ചു കിടപ്പാണ്. ആ കിടപ്പിൽ പോലും അവളുടെ ചുണ്ടിൽ നിഷ്കളങ്കമായ

പുഞ്ചിരി നില നിന്നിരുന്നു

ഇനു ...... എണീക്ക് മോളെ...... കണ്ണ് തുറക്ക്......
ഇനു...... അവൻ കരച്ചിലൂടെ വിളിച്ചു
കൊണ്ടിരുന്നു...... അവളുടെ തലയിലൂടെയും
മുഖത്തും  അവന്റെ വിറക്കുന്ന  കൈകൾ തലോടി
കൊണ്ടിരുന്നു......

അത് ഫൈസിൽ നീരസം ഉണ്ടാക്കി.

എഴുന്നേൽക്ക് ഇനു...... നിന്റെ ഇജുക്കയാ
വിളിക്കുന്നെ എഴുന്നേൽക്ക്..... ശഹിയെ പോലെ
നീയും തോല്പിക്കാൻ നോക്കല്ലേ ഇനു.....അവൻ
കരഞ്ഞോണ്ട് അവളെ  വിളിച്ചു.... അവളിൽ നേരിയ
ചലനം പോലും ഉണ്ടായില്ല.

എല്ലാവരുടെയും പ്രതീക്ഷ കൈവിട്ട പോലെ ആയി.
ഈ വഴിയും അവസാനിച്ചല്ലോ എന്നോർത്തു നിറ
കണ്ണുകളോടെ ഫൈസ് റൂമിന് പുറത്ത് ഇറങ്ങി.

ഇജു അവളുടെ ചെവിയോട് മുഖം അടുപ്പിച്ചു മുഖം
കുനിച്ചു നിന്നു...... അവളുടെ ചെവിയിൽ ആയി
അവൾക്ക് കേൾക്കാൻ മാത്രം ആയി  അവന്റെ
ചുണ്ടുകൾ അനങ്ങി....

അവൾ ഞെട്ടി എഴുന്നേറ്റു..... ശ്വാസം ആഞ്ഞ് വലിച്ചു അവൾ നിന്ന് കിതച്ചു...... ഭയത്തോടെയും പരിഭ്രാമത്തോടെയും അവൾ ചുറ്റും നോക്കി...... അവളുടെ ഓർമയിൽ തന്നെ പൊതിഞ്ഞു പിടിച്ചു സ്വയം വെട്ടേറ്റു വാങ്ങുന്ന ശഹിയെ തെളിഞ്ഞു വന്നു..... ഫൈസിന്റെ കയ്യിൽ നിന്നും ഊർന്നു വീഴുന്ന ഷഹിയുടെ കയ്യും......

ഷഹീ...... എന്ന് അലറി കരഞ്ഞോണ്ട് കയ്യിലെ ഡ്രിപ്പ് ഊരി വലിച്ചെറിഞ്ഞു ഇജുവിനെ തള്ളിമാറ്റി ഓടി..... വാതിൽക്കൽ ഇതൊക്കെ അത്ഭുതത്തോടെ കണ്ടു നിന്ന ഫൈസിയെ തട്ടി അവൾ നിന്നു..

ഫൈസ്..... എന്റെ ഷഹിക്കാ...... എന്നെ രക്ഷിക്കാൻ വേണ്ടിയാ അവൻ ..... എനിക്ക് കാണണം ഫൈസ്...... എനിക്കവനെ കാണണം..... അവൾ അവന്റെ ഷർട്ടിൽ പിടിച്ചു ഉലച്ചു അവന്റെ നെഞ്ചിൽ മുഖം ഇട്ടു ഉലച്ചു ..... അവൻ അവളെ കെട്ടിപിടിച്ചു. സന്തോഷം കൊണ്ടു അവന്റെ കണ്ണ് നിറഞ്ഞിരുന്നു.

നദീം ഇജുവും ഒരു നിമിഷം അത്  നോക്കി

നിന്നു നിറഞ്ഞ കണ്ണുകൾ തുടച്ചു പോയി.

💝💝💝💝💝

ഫൈസ്...... എനിക്ക് ശഹിയെ കാണണം...... ഞാൻ കാരണ അവന്ന് അങ്ങനെ വന്നത്...... അവന്ന് കുഴപ്പം ഒന്നും ഇല്ലല്ലോ..... അല്ലെ ഫൈസ്.... അവൾ അവന്റെ മുഖം പിടിച്ചു നിറ കണ്ണുകളോടെ ചോദിച്ചു.

അവന്ന് ചെറിയ മുറിവ് ഉള്ളൂ.... വേറെ ഹോസ്പിറ്റലിൽ അഡ്മിറ്റ് ആണ്. നമുക്ക് ഇവിടെ നിന്നും ഇറങ്ങിയ ഉടനെ കാണാൻ പോകാം..... വീണ്ടും ഒരിക്കൽ കൂടി അവൾക്ക് വല്ലതും പറ്റുമോ എന്നുള്ള പേടി കൊണ്ടായിരുന്നു അങ്ങനെ പറഞ്ഞത്..... രക്ഷപെടാൻ ചാൻസ് വളരെ കുറവാണ്. എന്ന ഓർമ്മയിൽ അവൻ അവളുടെ ചുമലിൽ മുഖം അമർത്തി. കുറെ സമയം അങ്ങനെ നിന്നു.

എനിക്ക് അവനെ കാണണം...... സംസാരിക്കണം..... പാവം ആണ്..... എന്നെ ഒരുപാട് ഇഷ്ട അവന്ന്...... അവൾ ഓരോന്ന് പുലമ്പികൊണ്ടു കുഴഞ്ഞു വീഴാൻ പോയതും അവൻ പിടിച്ചു.

അപ്പോഴേക്കും ഡോക്ടർ വന്നിരുന്നു.

ഇനി പ്രോബ്ലം ഒന്നും ഇല്ലെടോ..... ഷി ഈസ് പെർഫെക്ട്ലി ഓൾ റൈറ്റ്... പിന്നെ ബോഡി വീക്ക്

ആയതിന്റെ ക്ഷീണം ആണ് മാറിക്കൊള്ളും.

ഏതായാലും അവളെ ഫ്രണ്ട് കൊള്ളാം......

അവളുടെ മനസ്സിൽ ആഴത്തിൽ പതിഞ്ഞ ശബ്ദവും സ്പർശവും ആണത്. അതാണ് ഇത്ര പെട്ടെന്ന് അവൾ അറിഞ്ഞത്.

അത് കേട്ടതും അവന്റെ നെഞ്ചിൽ ഇടി വെട്ടിയ പോലെ തോന്നിയത്.

ഷഹിയുടെ ഇപ്പോഴത്തെ അവസ്ഥ അറിഞ്ഞാൽ വീണ്ടും അവളെ നഷ്ടപെടുമ്മോ എന്നുള്ള ഭയത്തിൽ അവന്റെ മനസ്സൊന്നു ഇടറി. എത്രയും പെട്ടെന്ന് അവിടെ നിന്നും ഇറങ്ങി ഓടനാ അവന്ന് തോന്നിയത്.അവളെ റൂമിലേക്ക് മാറ്റി. ആരും കാണാതിരിക്കാൻ അവൻ പ്രത്യേകം ശ്രദ്ധിച്ചിരുന്നു.

❣️❣️❣️❣️❣️❣️

രാവിലെ തന്നെ ആരോ വാതിൽ മുട്ടുന്ന ശബ്ദം കേട്ടാണ് സമി വാതിൽ തുറന്നത്.

ജന്നത്..... അവന്റെ ചുണ്ടുകൾ മന്ത്രിച്ചു. കരഞ്ഞു വറ്റിയ കണ്ണുകളും അഴിഞ്ഞുലഞ്ഞ ഡ്രെസ്സും പാറിപറക്കുന്ന മുടിയും ഒക്കെയായി ദയനീയത

തോന്നിപ്പിക്കുന്ന തളർന്ന മുഖം. ഫൈസിനും സമിക്കും അറിയാതൊരു നോവ് ഉള്ളിൽ പടർന്നു.

അവൾ ഫൈസിയെ നോക്കി കൈകൂപ്പി.

എനിക്ക് ഇനുവിനോട് ഒന്ന് സംസാരിക്കണം ആയിരുന്നു. പ്ലീസ്.....
സമ്മതിക്കണം......നിറഞ്ഞൊഴുകുന്ന ആ കണ്ണുകൾ നോക്കി തിരിച്ചൊന്നും പറയാൻ അവന്ന് കഴിഞ്ഞില്ല. അവൻ സമിയെ കൂട്ടി പുറത്തിറങ്ങി. ഇനായ അപ്പോൾ ബാത്റൂമിൽ ആയിരുന്നു ഉണ്ടായിരുന്നത്.

❤️❤️❤️❤️

അവൾ ബെഡിൽ ഇരുന്നപ്പോഴാണ് മുന്നിൽ നിൽക്കുന്ന ആളെ കണ്ടത്.

അവൾ ഞെട്ടിപിടഞ്ഞു എഴുന്നേറ്റു.

അവളുടെ മുന്നിൽ മുട്ട് കുത്തി കൈകൂപ്പി നിറ കണ്ണുകളോടെ നോക്കുന്ന അവളെ കണ്ടു ഇനുവിന്റെ ശരീരത്തിലൂടെ ഒരു വിറയൽ പടർന്നു കയറി.

ജന്നത്തിലെ മഹാറാണിയോട് ചോദിച്ചാൽ ജീവൻ പോലും തരുന്ന പറയൽ....... ഞാനും അപേക്ഷിക്കുകയാണ് എനിക്കെന്റെ ഷാഹിക്കയുടെ

ജീവൻ തിരിച്ചു താ ........ വേണമെങ്കിൽ ഈ കാല് ഞാൻ പിടിച്ചോളാം...... എനിക്കെന്റെ ശഹിക്കയെ തിരിച്ചു താ......

ഷഹിക്ക് എന്താ പറ്റിയെ...,.... അവളുടെ ശബ്ദത്തിൽ വിറയൽ പടർന്നിരുന്നു.

അവൾ എല്ലാം പറഞ്ഞു കൊടുത്തു. ഇനായ ശ്വാസം എടുക്കാൻ പോലും പറ്റാതെ ഞെട്ടി വിറച്ചു നിന്നു.

എന്റെ ഇജുക്കന്റെ ജീവന നീയും ഷാഹിക്കയും ....... നിന്നെയോ നഷ്ടപ്പെട്ടു...... എന്നിട്ടും ജീവിക്കുന്നത് ശഹിക്ക് വേണ്ടിയാ...... അവനെ കൂടി നഷ്ടപെട്ടാൽ ഇജുക്ക ജീവിച്ചിരിക്കുന്നു നിനക്ക് തോന്നുന്നുണ്ടോ......ഒന്നല്ല രണ്ടു ജീവനാ അവിടെ ഇപ്പൊ കിടക്കുന്നത്...... ശഹി ഇല്ലെങ്കിൽ പിന്നെ എന്റെ ഇജുക്കയും ഇണ്ടാവില്ല....... നെഞ്ചു പൊട്ടി മരിക്കും അവന്റെ കൂടെ.......നീ വിളിച്ച ശഹി വിളി കേൾക്കും..... നീ തിരിച്ചു വരുന്നു ഒരു വാക്ക് പറഞ്ഞ മതി.... മരണത്തിൽ നിന്ന് പോലും അവൻ തിരിച്ചു വരും....... എനിക്കുറപ്പാ അത്........ ഷഹിക്ക ജീവിചത് തന്നെ നിന്നെ ഇജുക്കക്ക് തിരിച്ചു കൊടുക്കാൻ വേണ്ടിയാ....... അവന്റെ ഏറ്റവും വലിയ ആഗ്രഹവും

സ്വപ്നവും മുന്നോട്ട് ജീവിക്കാൻ തന്നെ പ്രേരിപ്പിക്കുന്നതും നിന്നെ ജന്നത്തിലേക്ക്  കൊണ്ടു വരാനാ....... നീ വിളിച്ച അവൻ വിളി കേൾക്കും...... നീ തിരിച്ചു വരുന്നു ഒരു വാക്ക് പറഞ്ഞ മതി അത് കാണാൻ അവൻ കണ്ണ് തുറക്കും....... അവന്റെ ജീവനോളം വിലയുണ്ട് നീ ജന്നത്തിലേക്ക് വരുമെന്ന് ഒരു വാക്ക് കേൾക്കുന്നത്..... ഒരു ശ്വാസം മാത്രം എങ്കിലും തിരിച്ചു കിട്ടിയ മതി. പൊന്നു പോലെ നോക്കിക്കൊള്ളാം ഞങ്ങൾ ........ എനിക്ക് എന്റെ ഷാഹിക്കയെ തിരിച്ചു താ....  പൊട്ടികരഞ്ഞു കൊണ്ടു തന്റെ കാൽക്കൽ വീണു കരയുന്ന  അവളെ നോക്കി തളർന്നു നിലത്ത് വീഴാതിരിക്കാൻ ഇനു ബെഡിൽ മുറുക്കെ പിടിച്ചു.

📚STORY BOARD📚

❤️ ❤️ 💔 INVISIBLE LOVE 💔❤️

Love after💘 marriage story (56)

കെട്ടിന് മുന്നേ ഒരുത്തന്റെ തോളിൽ തൂങ്ങി നടന്നു. എവിടൊക്കെ പോയി എങ്ങനെ കഴിഞ്ഞുന്ന ആർക്കറിയാം..... അത് മറച്ചു വെച്ചു പറ്റിച്ചു  എന്റെ

മോന്റെ തലയിൽ എത്തി.... ഇപ്പൊ ദാ വെട്ടാനും ചാവാനും ആയി വേറെയും കുറെ പേര്...... ഇനിയും മുമ്പിലും പിറകിലും ആയി ഓരോരുത്തർ വരോ...... നാണം ഇല്ലാത്ത വർഗ്ഗം.....

ഉമ്മാന്റെ വാക്കുകൾ കേട്ട് അവൾ അവിടെ തറഞ്ഞു നിന്നു. കയ്യിലിരുന്ന വെള്ളത്തിന്റെ ബോട്ടിൽ നിലത്ത് വീണു ചുറ്റും വെള്ളം പടർന്നു. വെള്ളം കുടിക്കാൻ വേണ്ടി അടുക്കളയിലെക്ക് വന്നതായിരുന്നു. വരണ്ടാന്നു തോന്നിപ്പോയി അവൾക്ക്.

വന്നു കേറിയില്ല അതിന്ന് മുന്നേ തുടങ്ങി നാശം ആക്കാൻ....

ഞാൻ..... പെട്ടെന്ന്.... ഞാൻ തുടച്ചോളാം...

വേണ്ട മോളെ ഞാൻ തുടച്ചോളാം റംലത്ത മുന്നോട്ട് വന്നതും ഉമ്മ തടഞ്ഞു. അവൾ അല്ലെ മറിച്ചത് അവൾ തുടച്ചോളും ഉമ്മ അവരെ തടഞ്ഞു. അവൾ മുന്നോട്ട് പോകാൻ നോക്കി.

എവിടെക്കാ കെട്ടിലമ്മ വൃത്തിയാക്കാതെ പോകുന്നെ......

ഞാൻ തുടക്കാൻ തുണി എടുക്കുവാൻ....

തുണി വേറെ എടുക്കണ്ട.... ഇത് തന്നെ ധാരാളം എന്ന് പറഞ്ഞു അവളുടെ തട്ടം എടുത്തു നിലത്ത് ഇട്ടു......

അവൾ ഞെട്ടലോടെ അവരെ നോക്കി  വെള്ളതിൽ കുതിർന്നിരുന്നു ഷാൾ......

എന്റെ പുതിയ ചുരിദാർ ആണ്.... ജുനു വാങ്ങി തന്നതാ. ഷാൾ വേഗം എടുത്തു.

അതോണ്ട് തുടച്ചിട്ട് പോയ മതി...... ഏതായാലും ഞങ്ങൾ തുടക്കാൻ എടുക്കുന്ന തുണിയുടെ വില പോലും ഇല്ലാത്ത ചുരിദാർ അല്ലേ..... ഐറ അതും പറഞ്ഞു ഉമ്മാന്റെ കൂടെ വന്നു നിന്നു.

അവൾ പിന്നെ ഒന്നും പറഞ്ഞില്ല വെള്ളം തുടച്ചു എടുക്കുമ്പോൾ കണ്ണ് നിറഞ്ഞൊഴുകികൊണ്ടിരുന്നു. അത് പക്ഷേ ഉമ്മ ആദ്യം പറഞ്ഞ വാക്കുകൾ കെട്ടായിരുന്നുന് മാത്രം..... ഇർഫാനെ പറ്റി ഉമ്മാക്ക് എങ്ങനെ അറിയാം എന്നൊരു ചോദ്യവും അവളിൽ തങ്ങി നിന്നു.

അവൾ തുടച്ചു കഴിഞ്ഞു. അവൾ ആ ഷാൾ അലക്കി കൊണ്ട് വന്നു.

നിലം തുടച്ച ഷാൾ എടുത്താണോ വീണ്ടും യൂസ് ചെയ്യാൻ പോണേ ഐറ ഞെട്ടലോടെ   പോലെ മുഖം ചുളിച്ചു. ഉമ്മയും അവക്ജ്ഞത പോലെ നോക്കി.

നിങ്ങൾ ഇടുന്ന ഡ്രസ്സ് എന്റെ ഡ്രെസ്സിനെക്കാൾ വില കൂടിയത് ആയിരിക്കും. നിങ്ങളുടെ അത്ര വിലയും ഇല്ല എന്റെ ഡ്രെസ്സിന്.......പക്ഷേ എന്റെ ജുനു ഉറക്കം ഇളച്ചു നൈറ്റ് ടാക്സി ഓടിച്ചു കഷ്ടപ്പെട്ട് വാങ്ങി തന്ന ഡ്രെസ്സിന്റെ വില ഒരിക്കലും അതിന്ന് കിട്ടില്ല. എന്റെ ജുനിന്റെ വിയർപ്പിന്റെ വിലയാണ് എന്റെ ഓരോ ഡ്രെസ്സും. പിന്നെ ഫൈസ് ഇടേണ്ടന്ന് ഇത് വരെ പറഞ്ഞിട്ടില്ല. അത് കൊണ്ട ഞാൻ ഇവിടെയും ഇത് യൂസ് ചെയ്യുന്നത്. നിങ്ങൾക്ക് ഡ്രസ്സ് ഇഷ്ടം അല്ലെങ്കിൽ ഫൈസ്നോട് പറഞ്ഞോ...... ഫൈസ് പറഞ്ഞ പിന്നെ ഞാൻ ഇടില്ല. എനിക്ക് എന്റെ ജുനുനെ പോലെയാ ഫൈസ്.

ഒരു കയ്യടി ശബ്ദം കേട്ടു എല്ലാരും തിരിഞ്ഞു നോക്കി. റംസി......

പൊളിച്ചു മുത്തേ...... ആർക്കാ പരാതി എന്ന് വെച്ചാൽ വേഗം ഫൈസിനോട് പറഞ്ഞോളൂ.... അവൾ പുച്ഛത്തോടെ പറഞ്ഞു.

ഫൈസ് അറിഞ്ഞ അപ്പൊ എല്ലാരും പെട്ടിയും കിടക്കയും എടുത്തു ഇറങ്ങേണ്ടി വരുമെന്ന് ഐറക്ക് തോന്നി. ഉമ്മാന്റെ മുന്നിൽ ടേബിൾ അടിച്ചു പൊട്ടിച്ച ഫൈസിയെ ഓർമ വന്നു.അവരുടെ മുഖം വിളറി വെളുത്തു.

മോളെ ഇനു നീ കുരക്കും പട്ടി കടിക്കില്ല എന്ന് കേട്ടിട്ടുണ്ടോ..... ഉണ്ടെങ്കിൽ ദാ ഇവരെ ഉദ്ദേശിച്ചാണ്...... ഇവരെ മാത്രം ഉദ്ദേഷിച്ച് ആണ്..... കുരക്കെ ഉള്ളൂ കടിക്കില്ല.......അവളുടെ മുഖത്ത് പരിഹാസം ഉണ്ടായിരുന്നു.

ഇതുസേ..... എന്ന് വിളിച്ചു ഓടി അടുത്ത് പോയി ഇനു. എവിടെ കുട്ടീസ്........

ഓഹ് അത് ശരി എന്നെ വിലയില്ല അല്ലേ ആയിക്കോട്ട് അവൾ പരിഭവത്തോടെ മുഖം തിരിച്ചു.

ഇതുസ് എനിക്ക് ഇഷ്ടാ അതിനേക്കാൾ ഇഷ്ടം എന്റെ കുട്ടീസ് ആണ്. അവരെ കണ്ടിട്ട് വരാവേ . ശരിക്കും മിസ്സ് ചെയ്തു എന്നും പറഞ്ഞു അവൾ പുറത്തേക്ക് ഓടി..... പക്ഷേ വാതിൽക്കൽ എത്തിയതും അവൾ നിന്നു

കഴുകിയ പോകാത്ത അഴുക്ക് ഒന്നും ഇല്ല. പക്ഷേ

നിങ്ങളുടെ പണം ഉണ്ടല്ലോ എന്ന് കരുതി അഹങ്കാരം പിടിച്ചു നടക്കുന്ന മനസ്സ് ഉണ്ടല്ലോ അതൊരിക്കലും കഴുകിയാലും പോകില്ല. റംസി ശബ്ദം കുറച്ചു അവരോട് പറഞ്ഞു. ഇനുവിന്റെ അടുത്തേക്ക് പോയി.

അറിയാത്ത ഒരാൾ..... കൂടെ ഒരു ഒരു പെണ്ണും നാല് വയസ്സോലം പ്രായം ഉള്ള ഒരു ആൺകുട്ടിയും.... അതിന്റെ പിറകിൽ ആണ് ഷബീർക്കയും കുട്ടികൾ ഉള്ളത്.

അവൾ തിരിഞ്ഞു റംസിയെ നോക്കി.

റംസി അവളുടെ ചുമലിൽ തലവെച്ചു മുന്നോട്ട് നോക്കി.

ഇതാണ് സർപ്രൈസ്...... ആളെ മനസ്സിലായോ...... അവൾ ഇല്ലെന്ന് തലയാട്ടി.

ഇതെന്റെ പുന്നാര ഇക്കാക്കയും ബാബിയും മോനും....

അയാൾ അവളുടെ അടുത്തേക്ക് വന്നു.

നിന്റെ കെട്ടിയോന് ഇവിടെ നിക്കാൻ എന്നെ അന്ന് തന്നെ പാക്ക് ചെയ്തോണ്ടാ പരിജയപെടുകയും

കൂടി ചെയ്യാണ്ട് അന്ന് പോയത്..... ഇപ്പൊ ഒരുമാതിരി എല്ലാം തട്ടിക്കൂട്ടി മുങ്ങീതാ അവിടുന്ന് ചിരിയോടെ പറഞ്ഞു അകത്തേക്ക് കയറി. അവളും തിരിച്ചു പുഞ്ചിരിച്ചു. റംസിയുടെ കട്ട് ഉണ്ട് ഇക്കാക്ക്. അവൾ ബാബിയെ നോക്കി പുഞ്ചിരിച്ചു..... തിരിച്ചു ചിരിച്ചെങ്കിലും അതിന് വോൾട്ടേജ് ഇല്ലെന്ന് അവൾക്ക് തോന്നി. സ്വർണ്ണത്തിൽ കുളിച്ചു നടക്കുന്ന ഒരാളെ തോന്നി അവൾക്ക്.

അവർ അകത്തേക്ക് കേറി. അപ്പോഴേക്കും ഫൈസും സമിയും വന്നു.

പിന്നെ അവരുടെ സംസാരവും തിരക്കും എല്ലാം ആയിരുന്നു.

അവൾ നോക്കിക്കാണുകയാരുന്നു ആ കുടുംബത്തെ. കളിയും ചിരിയും ആയി ഫ്രെണ്ട്സിനെ പോലെ ഉമ്മയും ഉപ്പയും  മക്കളും...... ബബിയും ഷബീർക്കയും കൂടി അവരോടൊപ്പം ചേർന്നപ്പോൾ അവൾക്ക് താൻ ശരിക്കും ആ വീട്ടിൽ അതികപറ്റ് ആണെന്ന് തോന്നി..... ഫൈസിയും റംസിയും വിളിച്ചങ്കിലും ഞാൻ പോയി അവരെ സന്തോഷം കളയണ്ട തോന്നി അവൾ തലവേദനയെന്ന്  പറഞ്ഞു

റൂമിൽ ഇരുന്നു. കുറച്ചു കഴിഞ്ഞു

ബാബി അവളുടെ അടുത്തേക്ക് വന്നു..... അവരുടെ പൊങ്ങച്ചം കേട്ട് അവൾക്ക് ചെവിയുടെ ഫ്യൂസ് അടിച്ചു പോകുന്നു തോന്നി.

എങ്ങനെ മുങ്ങുന്നു ആലോചിക്കുമ്പോഴാ

ഷബീർക്ക ഉപ്പയുടെ ഫോൺ എന്ന് പറഞ്ഞു അങ്ങോട്ട് വന്നത്. അത്യാവശ്യ കാൾ ആണെന്ന് പറഞ്ഞു ടെറസ്സിലേക്ക്  മുങ്ങി അവൾ.

💝💝💝💝💝💝

ഐറ അയച്ച വീഡിയോ കണ്ടു അവൾ ദേഷ്യം കൊണ്ടു വിറച്ചു. ഇനായയെ ഉമ്മ ചീത്ത പറയുന്നതും നിലം തുടപ്പിക്കുന്നത് ആയ വീഡിയോ ആയിരുന്നു അത്.... ശഹിക്ക് ബെറ്റർ ട്രീറ്റ്മെന്റ്ന് വേണ്ടി എല്ലാവരും അവനെ ബാംഗ്ലൂരിലെ ഒരു ഹോസ്പിറ്റലിലേക്ക് മാറ്റിയിരുന്നു. അവളും അവിടെ ആയിരുന്നു ഉണ്ടായിരുന്നത്..... തല്ക്കാലം ഒന്നും ചെയ്യാൻ പറ്റാത്തത് കൊണ്ടു തന്നെ അവൾ സഹിച്ചു നിന്നു. നാട്ടിൽ എത്തുന്നത് വരെ അവളുടെ പ്ലാൻ ഒക്കെ അറിയുന്നതിന്ന് വേണ്ടി അവളോട് സ്നേഹത്തിൽ തന്നെ നിന്നു. ഞാൻ വരും ഐറ......

ഇതിനൊക്കെ എട്ടിന്റെ പണി തരാൻ ഞാൻ വരും.....
ആരൊക്ക അംഗീകരിച്ചാലും ഇല്ലെങ്കിലും നീയെന്റെ ബാബിസാ തന്നെ ആയിരിക്കും.എന്റെ ബാബിസയെ ദ്രോഹിച്ച ഒരാളെയും ഞാൻ വെറുതെ വിടില്ല.
അവളുടെ മുഖം വലിഞ്ഞു മുറുകി.

❤️‍🩹❤️‍🩹❤️‍🩹❤️‍🩹❤️‍🩹❤️‍🩹

ഫോൺ എടുത്തതും കടുവയുടെ പരാതികെട്ടുകൾ തുടങ്ങി. രണ്ടു ദിവസം ആയി വിളിച്ചിട്ടും കണ്ടിട്ടും.

മിനിറ്റ് വിളിച്ചു ഞാൻ ഇനി എന്താ ചെയ്യേണ്ടേ എന്ന് ചോദിക്കുന്നതാ.... കാണാത്തോണ്ട് വിളിച്ചപ്പോ ഫോൺ കിട്ടിയില്ല. പിന്നെ ഷബീറിനെ വിളിച്ചു ഇപ്പോൾ നാട്ടിലെത്തണം എന്ന് പറഞ്ഞു ഓഡർ ഇടരുന്നു. അങ്ങനെ അവളെ ഫോണിൽ കിട്ടുമല്ലോ.

അവൾ നടന്നത് മൊത്തം പറഞ്ഞു കൊടുത്തു.

ഷഹിയുടെ ജീവൻ തിരിച്ചു കിട്ടി. അത് നല്ലത് തന്നെ. പക്ഷേ ഫൈസ് അറിഞ്ഞാൽ എന്താ ഉണ്ടാവാ മോളെ.അയാളെ ഉള്ളിൽ ഒരു ഭീതി പടർന്നു.

എനിക്കിനി വയ്യ കടുവേ..... ഞാൻ സത്യം പറയാൻ പോവ്വാ.... എന്നിട്ട് ഫൈസ് തീരുമാനിച്ചോട്ടെ എല്ലാം.

എന്തൊക്കെ ന്യായം പറഞ്ഞാലും ഞാൻ  ചെയ്തത് തെറ്റാണെന്നു എനിക്കറിയ......... ഒരിക്കലും ചെയ്യാൻ പാടില്ലാത്ത മഹാപാപം ആണ് ഞാൻ ചെയ്തത്. അതിന്ന് തരുന്ന ശിക്ഷ  എന്തായാലും ഞാൻ അത് അനുസരിക്കും......  എനിക്ക് സത്യം ആയിട്ടും അറിയില്ലാരുന്നു ഫൈസ് ആയുള്ള കല്യാണം തെറ്റാണെന്ന്........ ജുനു എന്തിനാ ഈ ചതി എന്നോടും ഇജുക്കയോടും ചെയ്തെന്ന് എനിക്കറിയില്ല.......എല്ലാം അറിയുമ്പോ ഫൈസ് പൊറുക്കുമോ എന്ന് പോലും അറിയില്ല......മറ്റൊരാളെ സ്വന്തം ആണെന്ന് അറിഞ്ഞിട്ടും അറിയാതെ സ്നേഹിച്ചു പോയി ഫൈസ്നെ ......

എനിക്ക് അവനോട് എന്റെ ഇഷ്ടം പറയണം..... ഞാൻ അറിഞ്ഞോണ്ട് ചതിച്ചിട്ടില്ലെന്ന് പറയണം...... എനിക്ക് ഫൈസ് ഇല്ലാതെ പറ്റില്ല..... ഓർക്കാൻ പോലും പറ്റുന്നില്ല കടുവേ അത്..... ജുനു പറഞ്ഞത് മാത്രം കേട്ടു ജീവിച്ചോണ്ട് കൂടുതൽ ആയി ഒന്നും ചിന്തിക്കാനും കഴിവില്ലാത്തോണ്ടാ ഇങ്ങനെ ഒക്കെ പറ്റിയത്......

കരച്ചിൽ വന്നു അവളുടെ വാക്കുകൾ

മുറിഞ്ഞിരുന്നു....

എല്ലാം വരുന്നിടത്തു വെച്ചു കാണാം മോളെ .... നീ സമാധാനം ആയി ഇരിക്ക്...

അതൊക്കെ പോട്ടെ മിനിറ്റിന് ചോദ്യം കൊണ്ടു വരണപെണ്ണാണ്. അല്ലെടി നിനക്ക് സ്വന്തം ആയി തീരുമാനം എടുക്കാൻ പറ്റിയോ... ഇതൊക്കെ നീ ഒറ്റക്ക് ചെയ്തേ.....

ചോദ്യം മാത്രം അല്ല ഇപ്പൊ ഉത്തരം അറിയാം കടുവേ.....

അയാൾക്ക് അത് കേട്ടതും സന്തോഷം തോന്നി. ജുനൈദ് ഇത് അറിഞ്ഞ ഒരുപാട് സന്തോഷിക്കും ....

കണ്ടു മനസ്സിലാക്കിക്കോട്ടെ...... കടുവ പറയുന്നത് വരെ എനിക്കും അറിയില്ലാരുന്നല്ലോ എനിക്കിങ്ങനെ ഒരു പ്രോബ്ലം ഉള്ളത്..... അതോണ്ട് ഞാൻ പറയില്ല നോക്കിക്കോ......

നിന്നോടുള്ള ഇഷ്ടം കൊണ്ടല്ലേ പൊടിക്കുപ്പി അവൻ മറച്ചു വെച്ചത് ......

Mmm. പക്ഷേ ഒന്നുണ്ട് കടുവേ...... അവൻ പറയുന്നത് കേട്ട് ജീവിക്കുന്ന എന്നോട് ഈ ചതി

വേണ്ടായിരുന്നു..... ഒരിക്കൽ എങ്കിലും പറയാരുന്നു ഞാൻ ഹൈദർ അലി കുടുംബത്തിന്റെ മരുമകൾ ആണെന്ന്...... എനിക്ക് മറ്റൊരു പുരുഷനെ സ്നേഹിക്കാനോ മോഹിക്കാനോ അനുവാദം ഇല്ലെന്ന്...... എന്നെ മാത്രം ഓർത്തു ജീവിക്കുന്ന ഒരു മനുഷ്യൻ അവിടെ ഉണ്ടെന്ന്.

അയാൾ ഒരു നിമിഷം മിണ്ടാതിരുന്നു.

എനിക്കിതിനൊന്നും ഉത്തരം ഇല്ല മോളെ. പക്ഷേ ഒന്നറിയാം...... എല്ലാം അറിഞ്ഞിട്ടും ജുനൈദ് ഇങ്ങനെ ചെയ്തെങ്കിൽ തീർച്ചയായും ഇതിന്റെ പിന്നിൽ മറ്റൊരു കാരണം കൂടി ഉണ്ടാകും.

ഒരിക്കലും അവനെ തെറ്റ് പറയാതിരിക്കാൻ മാത്രം ഉള്ള ഒരു കാരണം. നീ തന്നെ ആലോചിച്ചു നോക്ക് നിന്നെ നേടിയെടുക്കാൻ വാശിയോടെ വന്ന ഇജു പോലും നിന്നെ വേണ്ടെന്നു വെച്ചു ഫൈസിക്ക് വിട്ടുകൊടുത്തില്ലേ..... എനിക്കെന്തോ ഇത് രണ്ടും കൂടി കണക്ഷൻ ഉണ്ടോന്ന് ഡൌട്ട്. പോലിസ് ബുദ്ധി ആണെന്ന് കൂട്ടിക്കോ..... നിന്നെ കൊണ്ടു സത്യം പറയിക്കാൻ ഇജാസ് മറ്റുള്ളവരെ മുന്നിൽ അപമാനിച്ചു ദ്രോഹിക്കുകയും ചെയ്തു അങ്ങനെ

ഉള്ള ഒരാൾ പെട്ടെന്ന് ഒരു ദിവസം നിന്നെ വേണ്ടെന്നു വെച്ചു ഫൈസിക്ക് വിട്ടുകൊടുതെങ്കിൽ അതിന്ന് പിന്നിൽ എന്തോ സംഭവിച്ചിട്ടുണ്ട്.

അവൾ ഒരു നിമിഷം മൗനം ആയി നിന്നു.

അത് ശരിയാണ്...... എന്റെ ജുനുവിന് ആരെയും ചതിക്കാൻ അറിയില്ല. എനിക്ക് വേണ്ടി മാത്രം ആണ് അവൻ ജീവിക്കുന്നത് പോലും..... കണ്ടു പിടിക്കണം...... ഇജുക്കയെ ചതിക്കാൻ മാത്രം എന്തായിരിക്കും കാരണം....... അവൾക്ക് അപ്പോഴാണ് റാനി പറഞ്ഞ ഒരു കാര്യം ഓർമ വന്നത്. ജുനു എനിക്ക് തരാൻ പറഞ്ഞ ഡയറി ഇജുക്ക പിടിച്ചു വാങ്ങിയെന്നും പിന്നെ തിരിച്ചു കൊടുത്തില്ലെന്നും..... അവളത് അയാളോട് പറഞ്ഞു.

ആ ഡയറിയിൽ  നിന്റെ ചോദ്യങ്ങൾക്ക് ഉത്തരം ഉണ്ട് ഇനു..... അത് വായിച്ചായിരിക്കും ഇജാസ് കാലുമാറിയത്.....

ഇജുക്കയോട് ചോദിച്ചു ആ ഡയറി തിരിച്ചു വാങ്ങണം...... എന്നോട് ജുനുവിന് പറയാൻ ഉള്ളത് അറിയണം. അവൾ മനസ്സിൽ ഉറപ്പിച്ചിരുന്നു അത്.

ഞാൻ പിന്നെ വിളിക്കാം  ഷബീർക്കന്റെ ഫോൺ

ആണ് തിരക്കുന്നുണ്ടാവും അവൾ ഫോൺ വെച്ചു.

അവൾ മുഖവും കണ്ണും തുടച്ചു. മുഖത്ത് ഒരു ചിരിയും വരുത്തി ഫോൺ കൊണ്ടു കൊടുത്തു.

ടീ എന്നെ പോലും എന്റെ ഉപ്പ ഇങ്ങനെ സ്നേഹിച്ചിട്ടില്ല. ഇന്നലെ തൊട്ട് ഇവിടെ എത്തണം പറഞ്ഞു കയർ പൊട്ടിക്കരുന്നു

എന്നെ വിളിക്കാത്ത തെറി പോലും ഇല്ല.

അവളൊന്ന് ചിരിച്ചു.... എന്റെ ബെസ്റ്റ് ഫ്രണ്ട് ആണ് കടുവ ... പെട്ടെന്ന് അവൾ നാവ് കടിച്ചു സോറി നിങ്ങളെ ഉപ്പ.....

ആ ഫ്രണ്ടിന് ഞങ്ങളെ ഒന്ന് സഹായിച്ചോടെ വീട്ടിൽ കേറ്റാൻ പറയെടി.

കൊല്ലം എത്ര ആയിന്നു അറിയോ ഉപ്പന്റെയും ഉമ്മന്റേയും കൂടെ കഴിഞ്ഞിട്ട്..... നീ പറഞ്ഞ കേൾക്കും വേണേൽ കാല് പിടിക്കാം ഞാൻ.....പ്ലീസ്...... അവൻ സങ്കടത്തോടെ പറഞ്ഞു.

കല്യാണത്തിന് മുൻപ് ഇതേ പോലെ അന്ന് ഉപ്പന്റെയും കാല് അവിടെ ഉണ്ടായിരുന്നു. അത് പറയുമ്പോൾ അവളുടെ മുഖത്ത് പുച്ഛം

ഉണ്ടായിരുന്നു.

പറഞ്ഞതിന്റെ അർത്ഥം മനസ്സിലായതും അവന്റെ തല താഴ്ന്നു.

സാരമില്ല.....വിഷമിക്കണ്ട..... ഞാൻ സംസാരിച്ചോളാം.....ആര് പറഞ്ഞാലും കേൾക്കിക്കില്ല ഉപ്പ അത്രത്തോളം വേദനിപ്പിച്ചിട്ട് ഉണ്ട് ഷബീർക്ക....... കടുവ പറയുന്നത്  കേട്ടപ്പോൾ ഒരിക്കൽ പോലും നിങ്ങളെ ഒന്നിപ്പിക്കണമെന്ന് പോലും എനിക്ക് തോന്നിയിട്ടില്ല.... പിന്നെ ഇതുസിനെ ഓർക്കുമ്പോൾ ഒരു സങ്കടം..... അത് കൊണ്ടു ഒരു വഴി കണ്ടിട്ടുണ്ട് ഞാൻ......എനിക്ക് എന്റെ ബർത്ഡേക്ക് കടുവ ഒരു ഓഫർ തന്നിട്ടുണ്ട്. ഗിഫ്റ്റ് ആയിട്ട് എന്ത് ചോദിച്ചാലും തരുന്നു..... സത്യം ഇട്ടിട്ടുണ്ട്.അന്ന് ഞാൻ എന്റെ റംസിയെ സ്വീകരിക്കാൻ പറയും..... തീർച്ചയായും കടുവക്ക് അത് അംഗീകരിച്ചേ പറ്റു.... വീട്ടിൽ കേറിയ പിന്നെ ബാക്കി റംസിത നോക്കിക്കോളും. എന്റെ റംസിതയെ സ്നേഹിക്കാതിരിക്കാൻ ഒന്നും കടുവക്ക് പറ്റില്ല.....പുറമെ കാണുന്ന ഗൗരവം ഉള്ളൂ ആൾ ഒരു പാവം ആണ്.

അവളെ വാക്കുകൾ കേട്ടതും സന്തോഷം അടക്കി വെക്കാൻ കഴിയാതെ അവളെ കെട്ടിപിടിച്ചു ഷബീർ......

താങ്ക്യു മോളെ..... ഒരിക്കലും ഈ ഉപകാരം  മറക്കില്ല. സ്വന്തം ആയിട്ട് അനിയത്തിയെ തന്നിട്ടില്ല നിന്റെ കടുവ. വയസ്സാം കാലത്ത് എങ്കിലും അനിയത്തിയായി ഒന്നിനെ കണ്ടു പിടിച്ചു തന്നല്ലോ..... അവൻ ചിരിയോടെ പറഞ്ഞു

റംസിയോട് പറയണ്ട തല്ക്കാലം...... ഒരു സർപ്രൈസ് ആയിക്കോട്ടെ

അവൻ തലയാട്ടി. ഷബീർ റൂമിൽ നിന്നും പോയി. വാതിൽക്കൽ ഉമ്മയെ കണ്ടു. ദേഷ്യം കൊണ്ടു ചുവന്നിരുന്നു ആ മുഖം...

അവളുടെ മുഖത്ത് ആഞ്ഞടിച്ചു അവർ.

ചുണ്ട് പൊട്ടി രക്തം കനിയുന്നത് അവൾ അറിഞ്ഞു. ജുനുവിന്റെ കയ്യിൽ നിന്നും തല്ല് കിട്ടിയിട്ടുണ്ട്. പക്ഷേ ഒരു തെറ്റും ചെയ്യാതെ ആദ്യം ആയി മറ്റൊരാൾ തല്ലുന്നത് ഇന്നാണ്.

ഫൈസിനെ മതിയാകാഞ്ഞിട്ടാണോ ഇപ്പൊ

ഇവനെയും...... നീയൊക്കെ ഒരു പെണ്ണാണോടീ..... ഒന്നുമില്ലെങ്കിലും നിന്നെ റംസി സ്വന്തം അനിയത്തി ആയല്ലേ കണ്ടത്..... എന്നിട്ടും അവളെ ഭർത്താവിനെയും മയക്കി വെച്ചിരിക്കുന്നു ഉമ്മ വെറുപ്പോടെ അവളെ നോക്കി പറഞ്ഞു.....

അവൾക്ക് ശബ്ദം പോലും പുറത്ത് വരുന്നില്ലായിരുന്നു അത് കേട്ട്.....

എന്റെ സഹോദരന്റെ സ്ഥാനത് കണ്ടിട്ടുള്ളു ഉമ്മ. ദയവു ചെയ്തു വേണ്ടാത്ത കണ്ണോടെ കാണല്ല ഷബീർക്കയെ.... ശരീരത്തെക്കാൾ വേദനിച്ചത് അവളുടെ മനസ്സ് ആയിരുന്നു.

രക്തബന്ധം ഒന്നും ഇല്ലല്ലോ അതിന്ന്  സഹോദരൻ എന്ന് പറയാൻ....

ഉമ്മയുടെ വാക്കുകൾ നെഞ്ച് കീറിമുറിച്ചു പോയത് അവളറിഞ്ഞു..... ഒരു തുള്ളി കണ്ണീർ പോലും പുറത്ത് വരാതെ പകച്ചു നിന്നു അവൾ......

സഹോദരൻ ആകാൻ രക്തബന്ധം വേണ്ട ഉമ്മ സ്നേഹ ബന്ധം മതി. ആ ബന്ധത്തിൽ കലർപ്പില്ലാത്ത സ്നേഹം ഉണ്ടെങ്കിൽ അത് രക്തബന്ധങ്ങളെക്കാൾ മുകളിലും ആയിരിക്കും.

അവളുടെ മനസ്സിൽ അപ്പോൾ തെളിമയോടെ ആ മുഖം തെളിഞ്ഞു വന്നു. എനിക്ക് സമിയും ഷബീർക്കയും സ്വന്തം സഹോദരൻമാർ തന്നെയാണ്.

റംസി അപ്പോഴാണ് അങ്ങോട്ട് വന്നത്.

അവൾ കവിളിൽ  കൈ വെച്ചു നില്കുന്നത് കണ്ടു. എന്താ കാര്യം..... എന്തിനാ നീ കരയുന്നത്....

നീ തലയിൽ കൊണ്ടു വെച്ചു നടക്കുന്നുണ്ടല്ലോ ഒരുത്തിയെ അവളുടെ തനിഗുണം കാണ് നീ. നിന്റെ കെട്ടിയോനെയും കെട്ടിപിടിച്ചു നിൽക്കുകയാരുന്നു ഇവള്.

റംസി ഞെട്ടലോടെ അവളെ നോക്കി. ഇനായ മുഖം കുനിച്ചു നിന്നു.

ഉമ്മ വീണ്ടും എന്തൊക്കെയോ പറയുന്നത് കേട്ടു റംസി അവരെ നേർക്ക് കയ്യുയർത്തി മിണ്ടരുതെന്ന് പറഞ്ഞു.

ഇനായ ഉമ്മ പറഞ്ഞത് സത്യം ആണോ....

ഇനായ എന്ന വിളിയിൽ തന്നെ അവൾ പാതി തളർന്നിരുന്നു. ഇത് വരെ റംസി ഇനു എന്നല്ലാതെ വിളിച്ചിട്ടില്ല.

ഇനായ നിന്നോടാ ചോദിച്ചത് ഷബീർക്കയെ നീ കെട്ടിപിടിച്ചോ.... റംസിയുടെ ശബ്ദം ഉയർന്നത് കണ്ടു അവൾ പേടിയോടെ റംസിയെ നോക്കി.

ഞാനല്ല ഷബീർക്ക എന്നെ വന്നു കെട്ടിപിടിച്ചതാ...... അവൾ കരച്ചിലോടെ റംസിയെ നോക്കി പറഞ്ഞു.

ഉമ്മയും ഫൈസിയും അവളെ മറുപടി കേട്ടു ഞെട്ടലോടെ അവളെ നോക്കി.

അത് കേട്ടു റംസി ചെയ്തത് കണ്ടു ഇനയും ഉമ്മയും ഞെട്ടി പകച്ചു റംസിയെ നോക്കി നിന്നു.

❤️ 💔 INVISIBLE LOVE 💔❤️

Love after💘 marriage story

Part 57

കവിളിലൂടെ അവന്റെ കൈകൾക്ക് പകരം ചുണ്ടുകൾ ഒഴുകിയതും അവൾ അറിയാതെ അവനെ അവളിലേക്ക് വലിച്ചു അടുപ്പിച്ചു പോയി. അവന്റെ മുഖത്തോട് അവളുടെ മുഖം ചേർന്നു. അവന്റെ മുഖത്തിന്റെ ചൂട് അവളുടെ തണുത്ത കവിളിലേക്കും പടർന്നു.

അവളെ പിടി വിടുവിച്ചു വീണ്ടും കവിളിൽ ഐസ്

വെക്കാൻ നോക്കിയതും അവൾ തടഞ്ഞു . വേദന പോയി ഫൈസ് ഇനി മതി. തണുക്കുന്നു.....

അവൻ കള്ള ഗൗരവത്തോടെ അവളെ നോക്കി.

നീയാരാടി നിറത്തിലെ ജോമോളോ ഇടക്കിടക്ക് വീഴാൻ......

അതാരാ ജോമോൾ....

അതെന്റെ കുഞ്ഞമ്മേടെ മോളാ...... അവൻ ചിരിയോടെ തലക്ക് ഒന്ന് ചോട്ടികൊണ്ട് പറഞ്ഞു.

എന്നിട്ട് ഞാൻ കണ്ടിട്ടില്ലല്ലോ..... അവൻ കണ്ണും മിഴിച്ചു അവളെ നോക്കി. പിന്നെ ചിരി കടിച്ചമർത്തി പറഞ്ഞു ചെറിയ കുട്ടിയ ഇടക്കിടക്ക് വീഴും അതോർത്തു പറഞ്ഞു പോയതാ...

അയ്യോ പാവം വേദനിക്കില്ലേ അവൾക്ക്..... അവളെ ഉമ്മാക്ക് ശ്രദ്ധിച്ചോടെ .... അവർക്ക തല്ല് കൊടുക്കണ്ടേ

അവൻ അവളെ മുഖത്തേക്ക് തന്നെ നോക്കി. ചുവന്നു തുടുത്ത കവിളെ പാട് കണ്ടതും അവനിൽ നോവുന്നർത്തി . അത് ശരിയാ ഇനു തല്ല് കൊടുക്കേണ്ടത് കൂടെ ഉ ള്ളവർക്ക ..... വേണേൽ

എന്ന തല്ലിക്കൊ..... എന്ന് പറഞ്ഞു അവളുടെ കൈ എടുത്തു അവന്റെ മുഖത്ത് നേരെ വീശി. അവൾ ഞെട്ടലോടെ കൈ വലിച്ചു.....

എന്ത് ഭ്രാന്ത കാണിക്കുന്നേ ഫൈസ്.... അവൾ ദേഷ്യത്തോടെ അവനെ നോക്കി.

നിന്നെ നോക്കാൻ നിന്റെ ജുനു എന്നെയല്ലേ ഏല്പിച്ചത് .... എന്നിട്ട് ശ്രദ്ധിക്കാത്തൊണ്ടല്ലേ നിനക്ക് ഇടക്കിടക്ക് ഇങ്ങനെ വേദനിക്കേണ്ടി വരുന്നേ... ജുനു ഉള്ളപ്പോ പൊന്നുപോലെ നോക്കിയതല്ലേ.... ഇത് പോലെ അന്നൊന്നും വീണിട്ട് ഇല്ലല്ലോ.... അവൻ അവളുടെ പൊള്ളലേറ്റ മുറിവ് ഉണങ്ങാത്ത കയ്യും പാട് വീണ മുഖവും ചുണ്ടിലെ മുറിവും നോക്കി സങ്കടത്തോടെ പറഞ്ഞു.

ഞാൻ അങ്ങനെ ഒന്നും അല്ല ഉദ്ദേശിച്ചേ . അത് ചെറിയ കുട്ടിയല്ലേ .... അപ്പോൾ കൂടുതൽ ശ്രദ്ധിക്കണ്ടേ ..... ഞൻ അത് പോലാണോ അശ്രദ്ധയോടെ നട ന്നിട്ടല്ലേ .....

നീ എനിക്ക് എന്നും കൊച്ചു കട്ടി തന്നെയാ.. എന്റെ മാത്രം സ്വന്തം..... എന്റെ aj യുടെ ഡ്യപ്പ്....

ഡ്യപ്പോ...... അപ്പൊ aj ഫൈസ് അല്ലെ.....

ഫൈസിന്റെ ഡ്യൂപ്പ് ആണോ ഞാൻ.....

അവൻ അത്ഭുതത്തോടെ അവളെ നോക്കി.  നീ എന്തൊക്കെ ചോദിച്ചേ......

കാര്യം അല്ലെ ചോദിച്ചേ.....

ഇങ്ങനെ ചോദിക്കൽ ഇല്ലല്ലോ അത് കൊണ്ട് പറഞ്ഞത. അത് വിട് ഇപ്പൊ വേദന മാറിയോ അവളുടെ മുഖത്ത് തലോടി ചോദിച്ചു.

അത് റംസി കിസ്സ് തന്നപ്പോഴേ മാറി.

വീണതിന്ന് കിസ്സോ.....

അവൾ അതേയെന്ന് തലയാട്ടി .  അവൾക്ക് അപ്പോൾ കഴിഞ്ഞത ഓർമ വന്നു.  റംസി ദേഷ്യപെടുന്നു തോന്നിയിടത് പെട്ടന്ന് കവിളിൽ കിസ്സ് തന്നു. എന്റെ ഷബീർക്കന്റെ അനിയത്തികുട്ടിക്ക് ഈ ഉമ്മ തല്ലിയെന്ന പകരം തരാൻ ഇതേ ഉള്ളൂ. ഉമ്മാക്ക് വേണ്ടി ഞാൻ മാപ്പ് ചോദിക്കുന്നു.

റംസി....... ഉമ്മ ദേഷ്യത്തോടെ വിളിച്ചു...

എന്റെ ഭർത്തു സന്തോഷത്തോടെ എന്നെ കെട്ടിപിടിച്ചു കവിളിൽ കിസ്സ് തന്നു

എന്താ ഇത്ര ഹാപ്പി ചോദിച്ചപ്പോൾ പറഞ്ഞു.

വയസ്സാൻ കാലത്ത് തന്തപ്പടി എനിക്കൊരു അനിയത്തി കൊച്ചിനെ തന്നതിന്റെ സന്തോഷം ആണെന്ന് പറഞ്ഞു.

ഒരുപാട് വർഷങ്ങൾക്ക് ശേഷ ഇക്ക മനസ്സ് തുറന്നു സന്തോഷിക്കുന്നത് കണ്ടത്.  അതിന്ന് കാരണക്കാരി ഇവൾ ആണെന്ന് അറിയാം. അതിന്ന് ഒരു നന്ദി പറയാൻ വന്നപ്പോഴല്ലേ ഉമ്മാന്റെ വൃത്തികെട്ട സംസാരം കേട്ടത്.  ഉമ്മാനോട് ഒന്നേ പറയാൻ ഉള്ളൂ മഞ്ഞ കണ്ണോണ്ട് നോക്കിയാൽ എല്ലാം മഞ്ഞയായെ കാണു.  അതും പറഞ്ഞു ഇനുവിനെ കൂട്ടി പോയി. കവിളിൽ ഐസ് വെച്ചു കൊടുത്തു.  ഓയിന്മെന്റ് വെച്ചു കൊടുത്തു. വിരൽ പാടൊക്കെ പോയെങ്കിലും ചുവന്നു തിനർത്തിരുന്നു .  ഫൈസിയോട് വീണതാണെന്നു പറഞ്ഞ മതി അവനറിഞ്ഞാൽ വിഷമിക്കുന്നു പറഞ്ഞു.

ടീ എന്താ ആലോചിക്കുന്നേ..... അവൻ മുഖത്തിന് നേരെ വിരൽ ഞൊടിച്ചു .

റംസിയുടെ കിസ്സ് കിട്ടിയപ്പോൾ വേദന പോയെന്ന് ഓർത്തതാ അവൾ ചിരിയോടെ പറഞ്ഞു.

കിസ്സ് തന്ന വേദന പോകോ.. അവന്റെ മുഖത്ത് ഒരു കുസൃതി ചിരി പടർന്നു.

പോയല്ലോ എന്റെ മുഖത്തെ വേദന.....

അതിനേക്കാൾ മനസ്സിലെ വേദനയാണ് പോയതെന്ന് അവളോർത്തു .

അവൻ പെട്ടന്ന് ആയിരുന്നു അവളുടെ ചുണ്ട് പൊട്ടിയിടത് മൃദുവായി മെല്ലെ കിസ്സ് ചെയ്തത്.... അവൾ കണ്ണും മിഴിച്ചു ശ്വാസം എടുക്കാതെ അവനെത്തന്നെ നോക്കി.

ചുണ്ടിലെ വേദനപോകോന്ന് ടെസ്റ്റ് ചെയ്തതാ എന്നും പറഞ്ഞു കള്ള ചിരിയോടെ അവൻ പോയി. അവളുടെ ചുണ്ടിലും അപ്പോൾ ഒരു പുഞ്ചിരി പടർന്നിരുന്നു .

❤️ ❤️ ❤️ ❤️

നൈറ്റ് ഫുഡ് കഴിക്കാൻ റംസി വന്നു വിളിച്ചെങ്കിലും അവൾ വേണ്ടെന്നു പറഞ്ഞു പോയില്ല. കവിളും ചുണ്ടും നീറിയിട്ട് വെള്ളം പോലും കുടിക്കാൻ പറ്റുന്നില്ലായിരുന്നു .

കുറച്ചു കഴിഞ്ഞു ഫൈസ് ജൂസ് കഞ്ഞിയും

എടുത്തു റൂമിലേക്ക് വരുന്നത് കണ്ടു.

അവൾ വേണ്ടെന്നു പറഞ്ഞെങ്കിലും അവന്റെ ദേഷ്യത്തോടെയുള്ള നോട്ടത്തിൽ അത് വാങ്ങി. അവൻ തന്നെ ആയിരുന്നു അവളെ വായിൽ വെച്ചു കൊടുത്തത്. അവന്റെ പ്രണയം തുടിക്കുന്ന കണ്ണുകളിൽ മുഴുകി ഇരുന്നോണ്ട് കഴിച്ചതൊന്നും അവൾ അറിഞ്ഞില്ലെന്നായിരുന്നു സത്യം. അവൻ കൈകൊണ്ട് ചുണ്ടുകൾ തുടച്ചപ്പോഴാ അവൾ ചിന്തയിൽ നിന്നും ഉണർന്നത്.

സ്വന്തം പ്രോപ്പർട്ടി തന്നെയാണ് എന്ന് വെച്ചു ഇങ്ങനെ ചോര ഊറ്ററുത് ചിരിയോടെ അതും പറഞ്ഞു അവൻ പോയി.

അവൾ ചമ്മലോടെ മുഖം താഴ്ത്തി.

അവൻ വരുമ്പോഴേക്കും അവൾ ക്ഷീണം കാരണം ഉറങ്ങിയിരുന്നു.

അവളുടെ മുഖത്തേക്ക് തന്നെ നോക്കി അവൻ കിടന്നു . അപ്പോഴാണ് അവളുടെ കഴുത്തിൽ ഇജാസ് കൊടുത്ത മാല കണ്ടത്. ഇജാസിനെ ഓർത്തതും എന്തൊക്കെയോ അസ്വസ്ഥത അവനിൽ നിറഞ്ഞു. നിനക്ക് വേറൊരു അവകാശി വേണ്ട ഇനു. എന്റെ

സ്വാർത്ഥത ആണെന്ന് കൂട്ടിക്കോ അത്. അവൻ അവളുടെ കഴുത്തിലുള്ള മാല നോക്കി പറഞ്ഞു കൊണ്ട് മെല്ലെ  അതഴിക്കാൻ നോക്കി. അവളാറിഞ്ഞാൽ ഒരിക്കലും സമ്മതിക്കില്ലെന്ന് അവന്ന് അറിയാമായിരുന്നു .

കൊളുത്ത് ഊരാൻ നോക്കി കഴിയാതെ അവൻ കടിച്ചുഅഴിക്കാൻ നോക്കിയതും അവന്റെ മീശയും താടിയും കഴുത്തിൽ  തട്ടിയതും ഒന്ന് ചൊറിഞ്ഞു കൊണ്ട്   കണ്ണ് തുറന്നു . അവൻ ഒന്നും അറിയാത്ത പോലെ കണ്ണടച്ച് കിടന്നു.  അവന്റെ കയ്യിൽ അപ്പോൾ ആ മാല ബന്ദ്രമായിരുന്നു .

അവൾ കണ്ണ് തുറന്നു കഴുത്തിൽ ഒന്ന് തലോടി പുഞ്ചിരിയോടെ അവന്നെ നോക്കി.

അറിയില്ല ഫൈസ് നിന്റെ നോട്ടം നിന്റെ സ്പർശം എല്ലാം ഞാൻ എന്നെ തന്നെ മറന്നു പോകുന്നു. ഉറക്കത്തിൽ പോലും അതറിയുന്നു . അവന്റെ കൈകുല്ലിക്കൂടെ നൂണ്ട് കയറി അവന്റെ നെഞ്ചിൽ മുഖം അമർത്തി കിടന്നു.  അവൻ ഒരാശ്വാസത്തോടെ ശ്വാസം ആഞ്ഞു വലിച്ചു.ഭാഗ്യം അറിഞ്ഞിട്ടില്ല .....നാളെ മാല കാണാതിരിക്കുമ്പോൾ

ഉള്ള പുകിൽ ഓർത്തു ചെറിയ പേടി തോന്നിയെങ്കിലും ഇജാസ് എന്നൊരു പേര് പോലും ഞാൻ ഇഷ്ടപ്പെടുന്നില്ല ഇനു. അവൻ ആ മാല വലിച്ചു എറിഞ്ഞു. കബോഡിനടിയിലേക്ക് തെറിച്ചു വീണു സോറി. അവന്റെ ചുണ്ടുകൾ മൂർദ്ധാവിൽ അർപ്പിച്ചു അവൻ പറഞ്ഞു.

രാവിലെ ഫൈസ് വിളിക്കുന്നത് കേട്ടാണ് കണ്ണ് തുറന്നത്. കണ്ണ് തുറന്നതും കണ്ടത് ടീ കപ്പ് ആണ്.

സോറി ഒരുപാട് ലേറ്റ് ആയോ അവൾ കണ്ണ് തിരുമ്മി എഴുന്നേറ്റു.

മണി എഴേ ആയുള്ളൂ. എപ്പോഴും രാവിലെ എഴുന്നേൽക്കുന്നതല്ലേ ഇന്ന് ഉറങ്ങുന്നത് കണ്ടു വിളിച്ചില്ല. ക്ഷീണം ഉണ്ടെന്ന് തോന്നി.

അതൊക്കെ മാറി. പിന്നെ എന്നെ ഇന്ന് മുതൽ കോളേജിൽ ഡ്രോപ്പ് ചെയ്യോ. ബസ്സിൽ പോകാൻ ഒരു മടി.... പ്ലീസ്......

കോളേജിൽ പോകണ്ട ഇനു. ബിസിനസ്സിൽ ഒരുപാട് ശത്രുക്കൾ ഉണ്ട്. ആരാ അന്നത്തെ സംഭവത്തിന്ന്

പിറകിൽ എന്നറിയാതെ.......

Aj എന്തൊക്കെയോ ആണെന്ന് ആരോടൊക്കെയോ വീമ്പിലകുന്നുണ്ടായിരുന്നു എന്നിട്ട് പേടിച്ചു വീട്ടിൽ കുത്തിയിരിക്കുകയാണോ ചെയ്യാ

എനിക്ക് എന്ത് സംഭവിച്ചാലും പേടിയില്ല ഇനു. ഒരു നോട്ടം കൊണ്ടാണെങ്കിലും നിന്നെ ആരും വേദനിപിക്കുന്നത് ഞാൻ ഇഷ്ടപ്പെടുന്നില്ല. ഈ ലോകത്ത് സ്വന്തം എന്ന് പറഞ്ഞു ചേർത്ത് പിടിക്കാൻ നീയേ ഉള്ളു..... അത് പറയുമ്പോൾ അവന്റെ സ്വരം ഇടറിയിരുന്നു.

അത് പറയുമ്പോൾ അവളുടെ ഉള്ളിൽ ഒരു മിന്നൽ പിണർ പാഞ്ഞു. എനിക്കായ് ഒരു നാടും വീടും കാത്തിരിപ്പുണ്ട്...... എന്റെ സ്വന്തം എന്ന് ചേർത്ത് പിടിക്കാൻ എനിക്കൊരു അവകാശിയുണ്ട്...... നിന്റെ മഹർ കഴുത്തിലണിയും മുന്നേ മറ്റൊരാൾ ആ അവകാശം നേടിയിട്ടുണ്ട്..... ആ ഓർമയിൽ അവൾ പൊള്ളിപിടഞ്ഞു. പക്ഷേ സ്വന്തം ആയി അവൾ മാത്രമേ ഉള്ളുവെന്ന് പറഞ്ഞതിന്റെ അർത്ഥം അവൾക്ക് മനസ്സിലായില്ല....

തെറ്റുകൾ ഏറ്റു പറയുന്നതിന്നും മുന്പേ

എനിക്കറിയണം എന്തിനാ ജുനു നിന്നെയും എന്നെയും ചതിച്ചതെന്ന്...... ഇജാസ് എന്തിന് എന്നെ വേണ്ടെന്ന് വെച്ചതെന്ന്..... ആ കുടുംബത്തിൽ നിന്ന് തന്നെ വേരോടെ പിഴുതു മാറ്റാൻ ശ്രമിച്ചതെന്ന്.

നിനക്ക് കോളേജിൽ പോകണോന്ന് നിർബന്ധം ആണോ......

പോണം എക്സാം ആകാറായി. ഒരു പാട് ലീവ് ആയി. ഇജാസിനെ കാണണം ഡയറി വാങ്ങണം അതിന്ന് വേണ്ടിയാണ് പോകുന്നത്.

എന്നാ ടീ കുടിച് റെഡിയാവ്..... ഞാൻ കൊണ്ട് വിടാം.

പല്ല് തേച്ചു വന്നിട്ട് കുടിച്ചോളാം..... പിന്നെ എനിക്ക് ബെഡ് കോഫി പതിവൊന്നും ഇല്ല. ഉറക്കം തെളിയാൻ ജുനു ഇടക്ക് ചെയ്യുന്നു ഉള്ളു. തീറ്റയും കുടിയും കഴിഞ്ഞേ എനിക്ക് വേറെന്തും ഉള്ളുന്ന അറിയുന്നൊണ്ട് സൈക്കോളജിക്കൽ മൂവ്മെന്റ്.

അവൻ ഒന്ന് ചിരിച്ചു ആയിക്കോട്ടെ ഇപ്പൊ ഇത് കുടിക്ക്.

ഞാൻ ബ്രഷ് ചെയ്തു വരാം എന്ന് പറഞ്ഞു അവൾ പോയി. അവൾ വന്നു ടീ കുടിച്ചതും അവളുടെ കണ്ണുകൾ വിടർന്നു. ഏലക്ക ഇട്ട ചായ അതും ടേസ്റ്റിആയിട്ട്.

ഫൈസ് ഇട്ട ചായ നന്നായിട്ടുണ്ട്.......

ഞാനാ ചായ ഇട്ടേന്ന് നിന്നോട് ആരാ പറഞ്ഞത്.

ഈ ചായ പറഞ്ഞു...... എന്റെ  ഫേവരിറ്റ് ചായ......ജുനിന്റെ ടെസ്റ്റ് അവന്റെ രുചിക്കൂട്ട് ...... അവൾ ചിരിയോടെ പറഞ്ഞു.

ഗ്രേറ്റ്...... അവൻ പഠിപ്പിച്ചു തന്നതാ.......

ഉണ്ടാക്കി തരുമ്പോൾ പ്രത്യേകം പറഞ്ഞിട്ടുണ്ട് അവന്റെ അനിയത്തികുട്ടിയുടെ ഫേവറിറ്റ് ആണെന്ന്.

ഇജുക്കന്റെ ഫേവറിറ്റ് ആണ്..... അവിടുന്ന് കിട്ടിയ ശീലവും..... ജൂനുവിനോട് അത് പോലത്തെ ചായ വേണമെന്ന് പറഞ്ഞപ്പോൾ ഇജുക്കയുടെ അടുത്ത് പോയി പഠിച്ചതാണ് ജുനു. ഇതിന്റെ പേരിൽ ഷഹി

കളിയാക്കി ചിരിച്ചത് ഓർത്തു അവളുടെ ചുണ്ടിലും ഒരു ചിരി വിടർന്നു.

അവൾ വേഗം പോയി റെഡിയായി വന്നു.

അവൻ തന്നെ ആയിരുന്നു ബ്രേക്ക് ഫാസ്റ്റ് വിളമ്പി കൊടുത്തത്. അവൾ പേടിയോടെ ഉമ്മാനെ നോക്കി. മുഖത്തെ വെറുപ്പ് ദേഷ്യവും നിറഞ്ഞ നോട്ടം കണ്ടതും തൊണ്ടയിൽ കൂടി ഇറങ്ങുന്നുണ്ടായിരുന്നില്ല. ഫൈസിന്റെ നിർബന്ധം കാരണം തിന്നുന്നു വരുത്തി എഴുന്നേറ്റു. ഫൈസ് കോളേജിൽ ഡ്രോപ്പ് ചെയ്തു. അവൾ ഗേറ്റ് കടന്നു പോകുന്നത് വരെ അവൻ അവിടെ നിന്നു. അവൾക്ക് ആ ചൈനിനെ ഓർമ പോലും ഇല്ലെന്ന് അവനോർത്തു.

അവൾ അവളുടെ നഗ്നമായ കഴുത്തിലൂടെ കയ്യോടിച്ചു. കുറെ പരതി നോക്കിയതാണ്. എവിടെ ആയിരിക്കും വീണത്....... ഹോസ്പിറ്റലിലും ബീച്ചിലും കൂടി പോയതോർത്തു അവിടെ എവിടെയെങ്കിലും വീണിട്ട് ഉണ്ടാകും. എപ്പോഴാ നഷ്ടപെട്ടെന്ന് പോലും ഓർമയില്ല. ഫൈസിയോട് ചോദിക്കാനും എന്തോ ഒരു മടി തോന്നി. അവന്ന് ഇഷ്ടം അല്ലെന്ന് ഒരിക്കൽ പറഞ്ഞതാണ്. അവളുടെ മനസ്സിൽ ഒരു നോവായി അതിരുന്നു.

❤❤❤❤❤❤

ഇജാസ് കാർ പാർക്ക് ചെയ്തു വരുന്നത് കണ്ടു. കൂടെ നദീം ഉണ്ട് അവൾ അടുത്തേക്ക് പോയി.

എന്തിനാ കാണണമെന്ന് പറഞ്ഞത്.... അവന്റെ ശബ്ദത്തിൽ ടെൻഷൻ ഉണ്ടായിരുന്നു.

ജുനുവിന്റെ ഡയറി ഓടുത്തു....

അവൻ പെട്ടന്ന് ഒന്ന് ഞെട്ടി. അത് ഞാൻ കളഞ്ഞു.

കളഞ്ഞുന്നോ..... എന്തിന്.....അവളുടെ ശബ്ദത്തിൽ ദേഷ്യം കലർന്നിരുന്നു.

അതിൽ ഒന്നും ഉണ്ടായിരുന്നില്ല. പിന്നെ നിനക്ക് അവന്റെ ജീവിതത്തിൽ അറിയാത്ത എന്താ ഉള്ളത്. അവന്റെ ഡയറി നീ തന്നെയല്ലേ.....അവൻ പുച്ഛത്തോടെ പറഞ്ഞു.

എന്ന് വെച്ചു എനിക്ക് വേണം ആ ഡയറി..... എന്റെ ജുനു എനിക്ക് തന്നതാ അത്. അതിൽ എന്നോട് പറയാൻ എന്തോ ജുനു എഴുതിയിട്ടുണ്ട്.

അതിൽ ഒന്നും ഇല്ലായിരുന്നു. നന്നായി പഠിക്കണം...... പിന്നെ സർപ്രൈസ് ആയിക്കോട്ടെ എന്റെ പോക്ക്.... ശ്രദ്ധിക്കണം എന്നൊക്ക ഉണ്ടാരുന്നുള്ളു.

സത്യം അല്ലെന്ന് എനിക്ക് അറിയാം..... ഈ

സംസാരത്തിൽ നിന്നും തരില്ലെന്ന് മനസ്സിലായി. ഞാൻ കണ്ടു പിടിച്ചോളാം....അവൾ വാശിയോട് പറഞ്ഞു.

നദീം പെട്ടന്ന് ചിരിച്ചു പോയി. ഇവൻ എന്ത് കള്ളം പറഞ്ഞാലും കൃത്യം ആയി മനസ്സ് വായിക്കാൻ ഇവൾക്കെ പറ്റു....

നദീംക്കാ സത്യം പറയോ ആ ഡയറി എവിടെ. ദേഷ്യം മാത്രം കൂടപ്പിറപ്പ് ആയുള്ളൂ. ഇപ്പൊ കുറെ ആയിട്ട് കള്ളത്തരം മാത്രം വാ തുറന്നാൽ പറയു.

ഇജാസിന്റെ മുഖത്തു ഒരു ചിരി വന്നെങ്കിലും ചുണ്ട് കോട്ടി അത് മറച്ചു പിടിക്കുന്നത് അവൾ കണ്ടു.

അവൻ ജൂനുനോട് ഉള്ള ദേഷ്യത്തിൽ കളഞ്ഞു. അതിൽ പ്രത്യേകിച്ച് ഒന്നും ഉണ്ടായിരുന്നില്ല.

അവൾ സങ്കടത്തോടെ തലതാഴ്ത്തി.

അതിൽ ഒന്നും ഇല്ല നീലക്കണ്ണി. എന്നെ വിശ്വാസം ഇല്ലേ നിനക്ക്.

അവൾ അതേയെന്ന് തലയാട്ടി. പിന്നെ പുച്ഛത്തോടെ ഇജാസിനെ നോക്കി മുഖം കോട്ടി.

ഷഹിക്ക് എങ്ങനെയുണ്ട്.

അവൻ ഇപ്പൊ ബാംഗ്ലൂർ ഹോസ്പിറ്റലിലേക്ക് ഷിഫ്റ്റ് ചെയ്തു. ഇപ്പൊ കുഴപ്പം ഒന്നും ഇല്ല വൺ വീക്കിനുള്ളിൽ തിരിച്ചു വരും. ഞങ്ങൾക്ക് കുറച്ചു അത്യാവശ്യം ഉള്ളോണ്ട് പോയില്ല. അവളുടെ മനസ്സറിഞ്ഞ പോലെ പറഞ്ഞു.

അവൾ തലയാട്ടി എന്നിട്ട് ഇജാസിനെ രൂക്ഷമായി നോക്കിയിട്ട് പോയി.

നിനക്ക് എന്താ അത് കൊടുത്താൽ.....

അവൾ അറിയണ്ട ഒന്നും...... ഞാൻ അവളെ വിട്ടുകൊടുത്തത് അവളോടുള്ള ഇഷ്ടം കൊണ്ടാണെന്ന് തന്നെ കരുതിക്കോട്ടെ.അത്രയും ദിവസം എങ്കിലും സന്തോഷം ആയി ഇരുന്നോട്ടെ..

അവന്റെ കണ്ണുകൾ നിറഞ്ഞിരുന്നു അപ്പോൾ

അവൾ ഇപ്പൊ അതിന്ന് കൊച്ചുകുട്ടിയല്ല.

ചിന്തിക്കാനും ആലോചിക്കാനും ഉള്ള കഴിവ് ഉണ്ട് അവൾക്കിപ്പോൾ .....

അല്ലെങ്കിലും സത്യം എല്ലാ കാലവും മൂടിവെക്കാൻ പറ്റില്ലല്ലോ.... എല്ലാം അറിയുമ്പോൾ ഏറ്റവും വെറുക്കുക എന്നെ ആയിരിക്കും..... വാശിയോടെ

പിടിച്ചെടുക്കാൻ നോക്കിയിട്ട് സത്യം അറിഞ്ഞപ്പോൾ ജൂനുവിന്റെ മുന്നിൽ തോൽവി സമ്മതിച്ചു അവളെ വിട്ടുകൊടുത്ത ആ നിമിഷം ഞാൻ മരിച്ചു

നദീം..... ഇപ്പൊ ഉള്ളത് വെറും ബോഡിയാ

അവിടെ ഇനി അതിനേക്കാൾ കൂടുതൽ വേദന ഒന്നും ഏൽക്കില്ല.

വേദന കലർന്ന അവന്റെ മുഖം കണ്ടതും നദീംമിലും ഒരു നോവുണർത്തി .....

❤️❤️❤️❤️❤️

അടുക്കളെയിൽ എന്തോ ജോലിയിൽ ആയിരുന്ന ഉമ്മാനെ ജുനു പിറകിലൂട്ടെ കെട്ടിപിടിച്ചു അവരുടെ തോളിൽ മുഖം വെച്ചു. ജുനൈദിന്റെ കണ്ണിൽ നിന്നും കണ്ണുനീർ വീണു ആ തൊൾ നനഞ്ഞു.

എന്താടാ പറ്റിയെ..... അവന്റ മുഖത്ത് കൈ വെച്ചു അവർ സങ്കടത്തോടെ ചോദിച്ചു.

സന്തോഷം കൊണ്ട ഉമ്മാ...... രണ്ടു ദിവസം മുന്നേ ഇജാസിന്റെ മെയിൽ ഉണ്ടായിരുന്നു. ഇന്നാ ഞാൻ കണ്ടത്.

അവർക്ക് ഇനി ഇനുവിനെ വേണ്ടന്ന്......

ഇജാസ് ഒരിക്കലും ഇനി അവകാശം ഉന്നയിച്ചു അവളുടെ മുന്നിൽ പോകില്ലെന്ന് പറഞ്ഞു.അവന്ന് സമ്മതം

ആണ് ഇനുവിനെ ഫൈസിന് കൊടുക്കാൻ എന്ന്.ഞാൻ പറഞ്ഞില്ലേ സത്യം അറിയുമ്പോൾ അവൻ ഫൈസിന് അവളെ വിട്ടുകൊടുക്കുന്നു. സന്തോഷം കൊണ്ട് ആ ഉമ്മാന്റെ കണ്ണും നിറഞ്ഞു ഒഴുകിയിരുന്നു.

ജുനു എത്രയും പെട്ടന്ന് നാട്ടിലേക്ക് പോകണം

അതെന്തിനാ ഉമ്മാ......

ഇജാസ് ഏറ്റവും തളർന്ന ഒരവസ്ഥയിൽ ആയിരിക്കും ഇപ്പോൾ. അവന്റെ ജീവൻ തന്നെ അവളിൽ ആണ്. നിനക്ക് മാത്രമേ ഈ അവസ്ഥയിൽ അവനെ ആശ്വസിപ്പിക്കാൻ പറ്റു.

അവൻ അതിന്ന് തലയാട്ടി.

❤️❤️❤️❤️❤️❤️❤️

നീ പോയി ഒരു സ്റ്റേഫ്രീ വാങ്ങിയിട്ട് വാ ഷാനിബ അവൾക്ക് നേരെ പൈസ നീട്ടി.

അവൾ കണ്ണ് മിഴിച്ചു നോക്കി നിന്നു.

പോയി വാങ്ങിയിട്ട് വാടി എന്ന് പറഞ്ഞു അമൃത ഒച്ചയെടുത്തതും അവൾ പൈസ വാങ്ങി.

എങ്ങനതെ വാങ്ങണ്ടേ... എന്താ അവരോട് പറയണ്ടേ......ഞാൻ ഇത് വരെ വാങ്ങിയിട്ടില്ല അതാ അവൾ പോകാൻ ഇഷ്ടം ഇല്ലാതെ ചോദിച്ചു.

അവർ ഞെട്ടലോടെ അവളെ നോക്കി.

നീ പിന്നെന്ത യൂസ് ചെയ്യൽ...

എനിക്ക് അതിന്ന് മെൻസ്ട്രഷൻ ഇല്ലല്ലോ..

അവർ ഞെട്ടലോടെ എഴുന്നേറ്റു നിന്നു...

അതെന്താ വയസ്സ് ഇത്രയും ആയില്ലേ....

ഡോക്ടറെ കാണിച്ചില്ലേ അവർ സംശയത്തോടെ അവളെ നോക്കി.

അതിന്ന് എല്ലാ ഗേൾസിനും ഉണ്ടാവില്ലല്ലോ.......... പിന്നെ ഡോക്ടർ ആന്റി പറഞ്ഞല്ലോ ചിലർക്ക് ഒന്നും ഉണ്ടാവില്ലന്ന്.....

നിനക്ക് സങ്കടം ഇല്ലേ......

എന്തിന്...... സന്തോശിക്കല്ലേ വേണ്ടേ ഞാൻ സ്പെഷ്യൽ പെൺകുട്ടി ആണെന്ന

പറയ ഭാഗ്യം ഉള്ളോർക്കല്ലേ അങ്ങനെ ഉണ്ടാവു..... ഡോക്ടർ ആന്റിയും ജുനു പറഞ്ഞല്ലോ അത്.... പിന്നെ റാനിക്കും എന്നെപോലെ ആണല്ലോ........

അവർ മുഖത്തോട് മുഖം നോക്കി. കാര്യത്തിന്റെ സീരിയസ്നസ് അറിയാതെ നിഷ്കളങ്കമായ മുഖം കണ്ടതും അവർക്ക് സഹതാപം തോന്നി.ഷാനി പോയി റാനിയെ കൂട്ടി വന്നു.റനിയോട് കാര്യം ചോദിച്ചു. അമൃതയുടെ പേടിപ്പിക്കൽ കണ്ടതും അവൾ കള്ളം പറഞ്ഞതാണെന്ന് പറഞ്ഞു.

സോറി ഇനു..... നിന്റെ ഉമ്മ അങ്ങനെ പറയാൻ പറഞ്ഞിട്ട. നിനക്ക് വിഷമം ആവണ്ട കരുതി കളവ് പറഞ്ഞത.

ഇനു എല്ലാരേം നോക്കി. ഇതിന്ന് സങ്കടപെടാൻ എന്താ അത്രമാത്രം ഉള്ളത്. അവളുടെ നിഷ്കളങ്കമായ ചോദ്യം അവരിൽ നോവുന്നർത്തി.

കാര്യം ഉണ്ട്. നീ പെട്ടന്ന് തന്നെ ഡോക്ടറെ അടുത്ത് പോകണം ട്രീറ്റ്മെന്റ് എടുക്കണം ഷാനിബ പറഞ്ഞു.

എന്തിന്...... അത് കൊണ്ട് എന്താ കാര്യം.

അമൃത മെൻസ്ട്രഷനെ പറ്റിയും പ്രഗ്നൻസിയെ

പറ്റിയും അവൾക്ക് അറിയുന്ന പോലെ ക്ലാസ്സ് എടുത്തു കൊടുത്തു.

അപ്പോൾ എനിക്ക് പ്രഗ്നൻറ് ആവാൻ പറ്റില്ലേ...... അവളുടെ ശബ്ദം ഇടറിയിരുന്നു.

അവർ ഇല്ലെന്ന് തലയട്ടി. ഇതിന്ന് ട്രീറ്റ്മെന്റ് ഉണ്ട് ടെൻഷൻ ഒന്നും വേണ്ട. നിനക്ക് പ്രഗ്നൻറ് ആവാൻ കഴിയും. ഇപ്പൊ ലോകത്ത് ചികിത്സ ഇല്ലാത്ത ഒന്നും ഇല്ല അവർ ആശ്വസിപ്പിക്കാൻ പറഞ്ഞു.

അവളുടെ മുഖം കുനിഞ്ഞു. ജുനു എന്തിന് വേണ്ടി ജന്നത്തിലെ മരുമകൾ ആക്കാൻ സമ്മതിക്കാഞ്ഞതെന്നും വിവാഹം തെറ്റാണെന്നു പഠിപ്പിച്ചതെന്നും അവരുടെ ഓർമ്മകൾ പോലും എന്നിൽ വരാത്ത വിധം തടഞ്ഞു നിർത്തിയെന്നും അവൾക്ക് മനസ്സിലായി. ഇജ്ജുക്ക എന്തിന് കൊണ്ട ഫൈസിന് എന്നെ വിട്ടുകൊടുത്തെന്ന ഉത്തരം കൂടി അറിഞ്ഞതും അവൾ ആകെ തളർന്നു പോയി.

സാരമില്ല ഇനു ഒക്കെ ശരിയാകും റാനി കരച്ചിലോടെ അവളെ തോളിൽ കൈ വെച്ചു.

അവൾ ആ കൈ തട്ടിമാറ്റി. കരച്ചിൽ പുറത്തേക്ക് വരാതിരിക്കാൻ അവൾ വായ പൊത്തിപിടിച്ചു

പുറത്തേക്ക് ഓടി.

റാനി പുറത്തേക്ക് ഓടിയെത്തിയപ്പോഴേക്കും അവളെ എവിടെയും കണ്ടില്ല. ഇനുവിനു കുഞ്ഞുങ്ങൾ എന്ന് വെച്ച ജീവൻ ആണെന്ന് അവൾക്കറിയാമായിരുന്നു ഇങ്ങനെ ഒരു സത്യം അവളെങ്ങനെ താങ്ങും. അവിവേകം ഒന്നും കാണിക്കല്ലേ പടച്ചോനെ എന്ന് പ്രാത്ഥിച്ചു കൊണ്ട് അവൾ ചുറ്റും നോക്കി. മെയിൻ ഗേറ്റ് പൂട്ടിയിട്ട് ആണുള്ളത് അത് കൊണ്ട് പുറത്തേക്ക് പോയിട്ടില്ല. അവൾ ലൈബ്രറിയിലും കാന്റീനിലും അവൾ പോകാൻ ഇടയുള്ള എല്ലായിടത്തും ഇനുവിനെ അന്വേഷിച്ചു ഓടി നടന്നു. പേടികൊണ്ട് അവൾ വിറക്കുന്നുണ്ടായിരുന്നു. ഇജാസ് ഓഫീസിൽ നിന്നും ഇറങ്ങി വരുന്നത് അവൾ കണ്ടു. മറ്റൊന്നും ആലോചിക്കാതെ അവൾ അവന്റെ അടുത്തേക്ക് ഓടി.

ഓടിക്കിതച്ചു കരഞ്ഞു വിയർപ്പിൽ മുങ്ങി വരുന്ന അവളെ കണ്ടു അവൻ ഒരു നിമിഷം നിന്നു.

സാർ ഇനുവിനെ കാണുന്നില്ല.......

കാണുന്നില്ലെന്നോ...... എവിടെ പോയി.

ഇനു ഞാനും ആയി ഒന്ന് പിണങ്ങി. ക്ലാസ്സിൽ നിന്നും ഇറങ്ങിപോയി. ഇപ്പൊ എവിടെയും കാണുന്നില്ല. അവൾ പൊട്ടികരഞ്ഞോണ്ട് അവനോട് പറഞ്ഞു.

അവൾക്ക് എന്ത് കൊണ്ടോ സത്യം പറയാൻ തോന്നിയില്ല.

അവൻ ഓഫീസിലേക്ക് തിരിച്ചു കയറി കാം മൊത്തം നോക്കി. ലൈബ്രറിയിൽ ആരും കാണാത്ത ഒരു മൂലക്ക് കാലിൽ മുഖം പൂഴ്ത്തി ഇരിക്കുന്നത് കണ്ടു. അവൻ ക്ലാസ്സിലെ കാം കൂടി ചെക്ക് ചെയ്തു. അവരുടെ സംസാരം കേട്ടതും ആവനിലൂടെ ഒരു വിറയൽ പടർന്നു കയറി.

കരഞ്ഞു പേടിച്ചു വിറച്ചു നിൽക്കുന്ന റാനിയെ കണ്ടു അവന്ന് സഹതാപം തോന്നി.

ഇനു ലൈബ്രറിയിൽ തന്നെ ഉണ്ട്. കുറച്ചു കഴിഞ്ഞു ക്ലാസ്സിലേക്ക് വന്നോളും റാനിയ പൊക്കൊളു. അതും പറഞ്ഞു അവൻ ലൈബ്രറിയിലേക്ക് പോയി.

അവൻ അകത്തേക്ക് കയറി. ലൈബ്രറിയിലെ ഏറ്റവും പിറകിലെ ഒരു മൂലക്ക് കൂനിക്കൂടി കാൽമുട്ടിൽ മുഖം താഴ്ത്തി ഇരിക്കുന്ന അവളെ കണ്ടു അവന്റെ നെഞ്ച് പൊടിയുന്ന പോലെ തോന്നി.

അടുത്ത് ആരോ ഉള്ളത് പോലെ തോന്നി അവൾ മുഖം ഉയർത്തി. കരഞ്ഞു കൺപോലകളൊക്കെ വീർത്തിരുന്നു. നീലക്കണ്ണുകൾ ചുവപ്പ് പടർന്നു ഭീതിയുളവാക്കി.

അവൻ ഒന്നും മിണ്ടാതെ അവളുടെ അടുത്ത് വന്നിരുന്നു. അവൻ അവളെ തൊടാൻ നോക്കിയതും അവൾ ഭയത്തോടെ അവനെ നോക്കി പിറകോട്ടു നീങ്ങി.

എന്നെ തൊടരുത്....... അതിനുള്ള യോഗ്യത ഇപ്പോൾ ജന്നത് കൊട്ടാരത്തിലെ രാജകുമാരന് ഇല്ല..... ശാന്തവും പതിഞ്ഞതും എന്നാൽ ദൃടവും ആയിരുന്നു അവളുടെ ശബ്ദം......

ഞാൻ..... എനിക്ക്...,.. അവൻ വാക്കുകൾ പുറത്തു വരാതെ പകച്ചു നിന്നു.

പറഞ്ഞു ബുദ്ധിമുട്ടണ്ട എനിക്ക് ഇപ്പോൾ മനസ്സിലാവും ഇജുക്കന്റെ അവസ്ഥ.

ഒന്ന് ചോദിച്ചൽ ഉത്തരം പറഞ്ഞു തരോ. വിവാഹം കഴിഞ്ഞ ശേഷം ആയിരുന്നു കുഞ്ഞുണ്ടാവില്ലെന്ന് അറിഞ്ഞ എന്നെ എന്താ ചെയ്യാ നിങ്ങൾ..... ഡിവോഴ്സ് ചെയ്യോ...... അതോ വേറെ കെട്ടിക്കുമോ

നിങ്ങളുടെ അമ്മിജാൻ.. ..... അത് മല്ലെങ്കിൽ കൊന്ന് കളയോ.......

അവളുടെ ഓരോ വാക്കും നെഞ്ച് കീറിമുറിക്കുന്നത് അവൻ അറിയുന്നുണ്ടായിരുന്നു.

നമ്മൾ നമ്മുടെ വീട്ടിൽ പശുവിനെയും ആടിനെയൊക്കെ വളർത്തും കണ്ടിട്ടില്ലേ..... എത്ര നന്നായ പരിപാലിക്കുകയും സ്നേഹിക്കുകയും ചെയ്യന്നു അറിയോ....... എന്നിട്ട് പാൽ തരാതിരിക്കുകയോ പ്രസവിക്കില്ലെന്ന് കണ്ടാലോ തലോടിയ ആ കൈകൊണ്ട് തന്നെ സന്തോഷത്തോടെ അറവ് കാർക്കും കൊടുക്കും. അവിടെ അവർ ലാഭം മാത്രം നോക്കുകയുള്ളു...... ജീവനോടെ സ്നേഹിച്ചതൊന്നും അപ്പോൾ ഓർക്കുക കൂടിയില്ല..... അത് പോലൊരു അറവ് മാട ഞാനും...... അത്രയേ ഉള്ളു..... അത്രയേ ഉണ്ടാരുന്നുള്ളൂ നിങ്ങൾക്കൊക്കെ എന്നോട്ഉള്ള സ്നേഹവും.......

താൻ ഇതൊക്ക കേൾക്കാൻ ബാധ്യസ്ഥൻ ആണെന്ന് അറിഞ്ഞോണ്ട് തന്നെ അവളുടെ മുന്നിൽ തല താഴ്ത്തി നിന്നത ഉള്ളു.

എന്നോടൊരിക്കൽ ചോദിച്ചിരുന്നു ജുനുവിനെ

എന്തിനാ ഇത്രയധികം സ്നേഹിക്കുന്നെ അത് പോലെ തന്നെ ഞാനും നിന്നെ സ്നേഹിക്കുന്നില്ലെന്ന്.

അവൻ എന്തിനാ നാജിയെ വേണ്ടെന്ന് വെച്ചെന്ന് അറിയോ ....... എനിക്കില്ലാത്ത ജീവിതം അവനും വേണ്ടെന്ന് കരുതിയാണ്........ എനിക്ക് വേണ്ടി സ്വന്തം ജീവിതം പോലും വേണ്ടെന്ന് വെച്ചവന......... പഠിച്ചു നല്ല മാർക്കോട നേടിയ അവന്റെ സ്വപ്നം അവൻ വേണ്ടെന്നു വെച്ചു എന്തിനാന്ന് അറിയോ തന്നെ രാജകുമാരിയായി നോക്കാനുള്ള പൈസ ആ ജോലിക്ക് കിട്ടില്ലെന്ന് കരുതിയിട്ട്.......എന്റെ ജുനു സ്നേഹിച്ചപോലെ ലാഭം നഷ്ടം നോക്കാതെ എന്നെ സ്നേഹിക്കാൻ നിങ്ങൾക്ക് കഴിയോ.....

ഒരിക്കലും ഇല്ല. അതിപ്പോ പ്രവർത്തിയിലൂടെയും കാണിച്ചു തന്നതിന് ഒത്തിരി നന്ദിയുണ്ട്.

എന്നെ ഒന്ന് മനസ്സിലാക്ക് ഇനു....ഉമ്മ കാൽ പിടിക്കാൻ വന്നു നിന്നെ ഫൈസിന് തന്നെ വിട്ടു കൊടുക്കണം പറഞ്ഞിട്ട്. ഷഹിയും പറഞ്ഞു നിനക്ക് ചേരുക ഫൈസ് ആണെന്ന്....... തോറ്റുപോയി അവരെ മുന്നിൽ...... അല്ലാതെ നിന്നെ വേണ്ടെന്ന് വെക്കൊന്ന് തോന്നുന്നുണ്ടോ ഇനു......

അവന്റെ കണ്ണിൽ നിന്നും കണ്ണുനീർ ഒലിച്ചിറങ്ങി.

വേണ്ട ഇജുക്ക നിങ്ങളെ കുറ്റപ്പെടുത്താൻ ഉള്ള അവകാശം പോലും എനിക്കിന്നില്ല. ശാപം പിടിച്ച ജന്മം ആയിപോയി. ഞാൻ കാരണം എല്ലാരും എപ്പോഴും വേദനിച്ചിട്ടേ ഉള്ളു. അറിഞ്ഞോണ്ട് ഒരാളെയും നോട്ടം കൊണ്ട് പോലും വേദനിപ്പിച്ചിട്ടില്ല. എന്നിട്ടും ഞാൻ കാരണം മറ്റുള്ളോർക്ക് വേദനിക്കാനാ വിധി..... ഇപ്പൊ ഫൈസ്...... അവനോട് എന്താ പറയാ ഞാൻ...,.... അവന്റെ മുന്നിൽ എങ്ങനെ പോയി നില്കണ്ടേ....... എല്ലാരും കൂടെ ആ പാവത്തിനെ ചതിക്കരുന്നില്ലേ...... ഒന്നും അറിയാതെ എല്ലാരേം മുന്നിൽ ഒരു വിഢിയായി അവനും...... അത് മാത്രമേ സഹിക്കാൻ പറ്റതുള്ളൂ അത് പറയുമ്പോൾ അവൾ പിടിച്ചു നിർത്തിയ കരച്ചിൽ പൊട്ടിക്കരച്ചിൽ ആയി മാറിയിരുന്നു..... ഭ്രാന്തിയെ പോലെ അലമുറിയിട്ട് കരയുന്ന അവളെ കണ്ടു എങ്ങനെ ആശ്വസിപ്പിക്കേണ്ടെന്ന് അറിയാതെ അവൻ ഒന്ന് പകച്ചു.

അവൻ ബലമായി അവളെ ചേർത്ത് നിർത്താൻ ശ്രമിച്ചു. അവൾ കുതറി മാറി.

തൊടരുത്...... ഒരു നിമിഷം എങ്കിലും നിങ്ങളുടെ സ്വാർത്ഥതക്ക് വേണ്ടി എന്നെ വേണ്ടെന്ന് വെച്ചോ അവിടെ തീർന്നു നമ്മൾ തമ്മിലുള്ള ബന്ധവും. എനിക്കിനി കാണണ്ട ആരെയും...... ഒരിക്കലും എന്റെ മുന്നിൽ വരരുത്. നിങ്ങളോടുള്ള ദേഷ്യം കൊണ്ടൊന്നും അല്ല. ഫൈസിയോട് സത്യം പറയണം..... നിങ്ങളോട് മാപ്പ് ചോദിക്കാൻ വരണം എന്നൊക്കെ കരുതിയിരുന്നു. ഇനി ഫൈസ് ഒരിക്കലും സത്യം അറിയണ്ട...... അറിയിക്കാൻ ഇട വരു ത്തരുത്..... നിങ്ങളെയൊക്കെ പരിജയപെടുത്തുമ്പോൾ എന്നെ വിട്ടുകൊടുത്തത് സ്വാർത്ഥത കാരണം ആണെന്ന് അവൻ അറിയണ്ട..... നിങ്ങളെ ഒരു നിമിഷം എങ്കിലും തെറ്റായി തോന്നേണ്ട....... അത് മാത്രം എനിക്ക് സഹിക്കില്ല...... എല്ലാരേം സ്നേഹിക്കാനേ ജുനു പഠിപ്പിച്ചുള്ളൂ വെറുക്കാൻ പഠിപ്പിച്ചില്ല.

ഇത്രയും പറഞ്ഞല്ലോ ഞാൻ ഒന്ന് ചോദിച്ചോട്ടെ ഞാൻ എന്റെ കുടുംബം സ്വത്ത് സ്ഥാനമാനങ്ങൾ എല്ലാം ഉപേക്ഷിച്ചു വരാം എന്റെ കൂടെ വരോ നീ.

എന്നെ അംഗീകരിക്കുമോ നീ.....നിന്നെ മാത്രം മതിഎനിക്ക്.

അവൾ ഞെട്ടിപ്പകച്ചു അവനെ നോക്കി.

അത് പറ്റില്ല അല്ലേ....... അപ്പൊ അവിടെ സ്വാർത്ഥത നിനക്കല്ലേ..... നിനക്ക് നിന്റെ

ഫൈസിയെ വേണ്ടെന്നു വെക്കാൻ പറ്റില്ല.

നിന്റെ ജൂനുനെ വേണ്ടെന്നു വെക്കാൻ പറ്റില്ല. അവർക്ക് മുന്നിൽ ഞാൻ ആരാ...അല്ലേ......

നിന്നെ കുറ്റപ്പെടുത്താൻ പറഞ്ഞതല്ല. ഉമ്മാന്റെ മുന്നിൽ തോറ്റു പോയി. ഷാഹിയുടെ മുന്നിൽ തോറ്റുപോയി. അല്ല തോൽപിച്ചു അവർ......

അവൾ കണ്ണും മുഖവും തുടച്ചു. എനിക്ക് ആരോടും ദേഷ്യവും വാശിയും വെറുപ്പും ഒന്നുമില്ല. ഫൈസിയെ ഓർക്കുമ്പോൾ

നെഞ്ചിനകത്തു ഇപ്പൊ പൊള്ളലാണോ വേദനയാണോ എന്ന് പോലും അറിയില്ല.

അവനെ ചതിച്ചത് പോലൊരു തോന്നൽ

അവന്ന് സത്യം....... ബാക്കിപറയാൻ വിടാതെ അവൾ സംസാരിച്ചു.

അവന്റെ നേരെ കൈ കൂപ്പി. എന്നോട്

ഒത്തിരിയെങ്കിലും ഇഷ്ടം ബാക്കിയുണ്ടെങ്കിൽ എന്റെ മുന്നിൽ പോലും വരരുത്. ഞാൻ നിങ്ങളെ ആരെയും കാണാൻ പോലും ഇനി ആഗ്രഹിക്കുന്നില്ല...... ജന്നത് എന്നത് പോലും എന്റെ ഓർമകളിൽ പോലും ഉണ്ടാവില്ല ഇനി . നിങ്ങളുടെ ഓർമ്മകളിൽ പോലും ഞാനും ഉണ്ടാവുകയും ചെയ്യരുത്..... ഈ കോളേജിൽ പോലും നിങ്ങളുടെ നിഴൽ പോലും ഉണ്ടാവാൻ പാടില്ല.....അത് പറഞ്ഞു അവൾ ഓടിപ്പോയി.

അവൻ തളർന്നത് പോലെ നിലത്തേക്ക് ഊർന്നിരുന്നു.

അവൾ കോളേജിന് പുറത്ത് എത്തിയതും

നിന്നു . ആദ്യം ആയി അവൾക് സ്വയം വെറുപ്പ് തോന്നി. ഫൈസിയെ ഓർക്കും തോറും കുറ്റബോധം കൊണ്ട് നെഞ്ച് നീറുന്നുണ്ടായിരുന്നു.

അവനും ഇല്ലേ ജീവിതം...... ഒരു പെണ്ണാണെന്ന് പോലും അവകാശപെടാൻ അർഹതയില്ലാത്ത തനിക്ക് അവനെ ഓർക്കാൻ പോലും യോഗ്യതയില്ലെന്ന് വേദനയോടെ അവൾ ഓർത്തു. ആ സത്യത്തിനു മുന്നിൽ അവൾ പകച്ചു നിന്നു. മനസ്സിൽ അവൾ അപ്പോൾ ഒരു തീരുമാനം

എടുത്തിരുന്നു. എനിക്ക് ഫൈസ്നെ ഇനി വേണ്ട. ഒരിക്കലും എന്റെ പ്രണയവും അവൻ അറിയണ്ട. അവന്റെ ജീവിതത്തിൽ ശല്യം ആയി ഞാൻ ഉണ്ടാവില്ല. കണ്ണിൽ നിന്നും വീഴുന്ന കണ്ണീർതുള്ളികൾ അവൾ വാശിയോട് തുടച്ചു മാറ്റി. അവൾ ചുറ്റുപാടും നോക്കി അലറി വിളിച്ചു ജുനൂ.........

❤❤❤❤❤❤

ഇജു എന്താടാ ഇതൊക്കെ...... നദീം അവനെ നോക്കി.

ഇന്നത്തോടെ ഞാൻ അത് വിട്ടു. ഇനായ ഫൈസ്...... അതാണവൾ. ആ ഐഡന്റിറ്റി മതി അവൾക്ക്. എവിടെ ആണെങ്കിലും ആരോടൊപ്പം ആണെങ്കിലും സുഖമായി ജീവിച്ചോട്ടെ......

അത് മതി എനിക്ക്.

അവർ അപ്പോൾ അറിഞ്ഞിരുന്നില്ല അവളുടെ വിധി മറ്റൊന്ന് ആയിരുന്നുവെന്ന്......അവൾ തന്നെ അവളുടെ വിധി തിരഞ്ഞെടുത്തുവെന്ന്....... അത് മാറ്റിമറിക്കുവാൻ ഇജാസിനോ ഫൈസിനോ ജുനൈദ്നോ കഴിയില്ലെന്ന്

📚STORY BOARD📚

❤️ 💔 INVISIBLE LOVE 💔❤️

Love after💘 marriage story (Part 58)

ടോ ...... എനിക്ക് ഡിവോഴ്സ് വേണം..... ഇപ്പൊ വേണം

എത്ര വേണം ഒന്നോ രണ്ടോ അല്ലെങ്കിൽ വേണ്ട ഒരു ഡസൻ തന്നെ തന്നേക്കാം അയാൾ പുച്ഛത്തോടെ അവളെ നോക്കി പറഞ്ഞു.

ദേ കടുവേ അല്ലെങ്കിലേ നില തെറ്റി നിൽക്ക അതിന്റെ കൂടെ ഊള കോമഡി പറഞ്ഞു ഇറങ്ങിയാൽ ഉണ്ടല്ലോ.....

ഈ ലോകത്ത് പ്രസവിക്കാത്തവർ കല്യാണം കഴിക്കില്ലേ...... കല്യാണം കഴിഞ്ഞ കുട്ടികൾ ഇല്ലാത്തവർ ഒന്നിച്ചു ജീവിക്കില്ലേ......നീ വാ തുറക്കല്ലേ ഇനി ..... നേരത്തെ പോലെ കരഞ്ഞോണ്ട് ഇരുന്നോ അതാ നല്ലത്. അല്ലെങ്കിൽ എന്റെ കൈക്ക് പണിയാകും.

അതോണ്ടായിരിക്കും ഞാൻ എന്ന് വെച്ച

ജീവനാണെന്നും പറഞ്ഞു നടന്നവൻ ഇത് കേട്ടപ്പോൾ എന്നെ വേണ്ടെന്നു വെച്ചത്..... അത് വർഷങ്ങൾ ആയുള്ള പ്രണയം എന്നിട്ട വേണ്ടെന്നു വെച്ചത്...... ഫൈസിന്റേത് മാസം ഒന്നേ ആയുള്ളൂ പോരാത്തതിന് ആ പാവത്തിനെ എല്ലാരും കൂടി പറ്റിച്ചതും

നീ ആദ്യം വാശി കളഞ്ഞു ഫൈസിയുടെ അടുത്തേക്ക് പോ.... എല്ലാം തുറന്നു പറയ് അവനൊരിക്കലും മോളെ കൈ വിടില്ല.അത്രയും പാവ ആ ചെറുക്കൻ. കണ്ടിടത്തോളം നിന്നെ ഒരുപാട് ഇഷ്ടം ആണ്.

ഫൈസ് പാവം ആയോണ്ട് തന്നെയാ ഡിവോഴ്സ് വേണമെന്ന് പറഞ്ഞത്. അവനെങ്കിലും നല്ലൊരു ജീവിതം കിട്ടിക്കോട്ടേ...... ഒരു കുഞ്ഞും കുടുംബവും ആയി സന്തോഷം ആയി ജീവിച്ചോട്ടെ..... എതിര് പറയല്ലേ കടുവേ....

എനിക്ക് പറയാനുള്ളത് മൊത്തം പറഞ്ഞു

വീണ്ടും ഇത് തന്നെ ആവർത്തിച്ചാൽ ഞാൻ എന്ത് ചെയ്യാനാ......

എന്നാ പിന്നെ ജുനൈദ് വരട്ടെ വന്നിട്ട്

തീരുമാനിക്കാം നമുക്ക് എല്ലാം.....

ജുനു വന്നാലും ഫൈസിയോട് ഇത് പറഞ്ഞ എനിക്ക് അവളെ മതീന്ന് പറഞ്ഞാലോ..... അത് കൊണ്ട് ജുനു വരുന്നതിന്ന് മുന്നേ എല്ലാം നടക്കണം.

അതൊക്കെ പോട്ടെ ഇജാസിനോട് ഇനി ശരിക്കും നീ മിണ്ടില്ലേ. അവനെ കാണില്ലേ

അവളൊന്നു ചിരിച്ചു കാണിച്ചു.

പറ്റില്ലല്ലേ.......

അതിപ്പോ..... അവൻ പാവല്ലേ കടുവേ..... എങ്ങനെ മിണ്ടാതിരിക്ക...... അവിടത്തെ നിയമം അങ്ങനെ ആയോണ്ടാല്ലേ എന്നെ വേണ്ടന്ന് വെച്ചേ..... ഓർക്കുമ്പോൾ ഒരു സങ്കടം...... ഇതറിഞ്ഞപ്പോ എന്നേക്കാൾ വേദനിക്കുന്നത് ആ മനസ്സായിരിക്കും......

എന്നിട്ടാണോടി അവനോട് അതും ഇതും വിളിച്ചു പറഞ്ഞത്.

അത് സങ്കടം കൊണ്ടല്ലേ...... മാത്രം അല്ല വാശി കേറി വെറുത്തിട്ട് പോക്കോട്ടെന്ന് കരുതി..... പണ്ട് ഇതേ പോലെ ഏറ്റവും വെറുപ്പ് നിന്റെ കണ്ണിനോടാന്ന്

പറഞ്ഞെന്ന ഇന്നും ലെൻസ് ഇട്ട് നടക്കുന്നെ..... നിനക്ക് വേണ്ടാത്ത കണ്ണ് എനിക്കും കാണണ്ട പറഞ്ഞിട്ട്.

വല്ലാത്തൊരു സ്നേഹം തന്നെ പടച്ചോനെ ഇത്..... ഇവിടുള്ളോർ ആരും സ്നേഹിക്കാൻ ഇല്ലാതെ കഷ്ടപ്പെടാ നിനക്ക് ആണെങ്കിൽ ചുറ്റിനും സ്നേഹിക്കാൻ ആൾ കൂടിയൊണ്ട് ഉള്ള പ്രോബ്ലവും.അല്ല ഇനി എന്താ നിന്റെ പ്ലാൻ.

ഇജുക്കനെ പെണ്ണ് കെട്ടിക്കണം.......  ഉമ്മാക്ക് ഞാൻ വാക്ക് കൊടുത്തതാ... പിന്നെ ജുനുവിന്റെ കല്യാണം..... പിന്നെ എങ്ങനെ എങ്കിലും പഠിച്ചു നല്ലൊരു ജോലി വാങ്ങണം എന്നിട്ട് നാട് വിടും വിട്ടു പോകണം.ആരും അറിയാത്ത ഒരിടത് ആരെയും ശല്യം ഇല്ലാതെ ആരും അറിയാതെ ഒറ്റക്ക് ജീവിക്കണം...

എത്ര നല്ല നടക്കാത്ത ആഗ്രഹങ്ങൾ.....

നീ ഇങ്ങനെ നിൽക്കുമ്പോൾ അവന്മാർ പെണ്ണ് കെട്ടുക... നീ നാട് വിടുക ആലോചിച്ചിട്ട് ചിരി വന്നിട്ട് വയ്യ..... കുറച്ചു മുന്പ റോട്ടിൽ നിന്നും ഇജുന്റെ കാർ പോയത്. അമ്മാതിരി സെക്യൂരിറ്റി ഉള്ള നീ

വേഗം നാട് വിട്ടു പോകും.....

നടക്കും...... നടത്തി കാണിക്കും....നോക്കിക്കോ

എന്നാ എന്നെയും ഭാര്യയെ കൂട്ടിക്കോ ഞങ്ങൾക്ക് ആരും ഇല്ലെടി. നിനക്ക് ഒരു കൂട്ട് ആകും.

അയ്യടാ..... നിങ്ങൾ എന്റെ ഷബീർക്കന്റെയും റംസിതന്റെയും മക്കളെയും കൂടെ അടിച്ചു പൊളിച്ചു ജീവിക്കണം.

അത് മാത്രം നടകുല.  മക്കളെ കൂട്ടും. ആ തലതെറിച്ചവന്റെ കാര്യം പറയണ്ട. മുഖത്ത് ദേഷ്യം കണ്ടതും അവൾ പിന്നെ ഒന്നും പറഞ്ഞില്ല.

എന്നാ എന്റെ കാര്യം പറ.... എനിക്ക് ഡിവോഴ്സ് എങ്ങനെ കിട്ട

ഇക്കാര്യത്തിൽ എന്റെ ഭാഗത്തു നിന്നും ഒരു സഹായം പ്രതീക്ഷിക്കണ്ട. നിനക്ക് ചിന്ത ശേഷി വരണ്ടായിരുന്നു എന്ന് പോലും പ്രാർത്ഥിച്ചു പോക ഇപ്പൊ. അങ്ങനെ ആയിരുന്നങ്കിൽ പറയുന്നത് അനുസരിച്ചേനെ. അയാൾ ദേഷ്യത്തോടെ എണീറ്റു പോയി.

അവൾ സങ്കടത്തോടെ അതും നോക്കി നിന്നു.പിന്നെ

വീട്ടിലേക്ക് നടന്നു.

❤❤❤❤

നിന്നോട് ഞാൻ  വരുന്നു പറഞ്ഞതല്ലേ വീട്ടിൽ കേറിയതും ഫൈസി ചൂടായി.

ഞാൻ കോളേജ് നേരത്തെ വിട്ടപ്പോൾ വന്നതാ സോറി.... അവൾ അവന്ന് മുഖം കൊടുക്കാതെ റൂമിലേക്ക് പോയി.

ഫൈസി റൂമിലേക്ക് വരുമ്പോൾ ബെഡിൽ കുമ്പിട്ട് കിടക്കുന്നത് കണ്ടു.

നിനക്ക് സുഖം ഇല്ലേ....

തലവേദനിക്കുന്നു..... അവൾ മുഖം ഉയർത്താതെ പറഞ്ഞു.

എപ്പോഴും ഉണ്ടാവുന്നോണ്ട് അവൻ അത് വിശ്വസിച്ചു. അവളുടെ തലയിലൂടെ തലോടി.

അവൾക്ക് അത് കണ്ടു നെഞ്ച് പൊട്ടുന്ന പോലെ തോന്നി. ഈ സാമിപ്യം ആഗ്രഹിച്ചിട്ടുണ്ട്. ഇപ്പൊ പക്ഷെ വേദനയാ ഉണ്ടാക്കുന്നെ..... അവൾ കരഞ്ഞു പോകുന്നു ആയതും കൈ തട്ടിമാറ്റി എഴുന്നേറ്റു.

എന്താ പറ്റിയെ.... അവനിൽ ആവലാതി നിറഞ്ഞിരുന്നു.

എനിക്ക് തനിച്ചു ഇരിക്കണം..... ഡോണ്ട് ഡിസ്റ്റർബ്.....ദേഷ്യം പിടിച്ചു പൊക്കോട്ടെ കരുതിയ അങ്ങനെ പറഞ്ഞത്.

അവൻ മുഖം കൂർപ്പിച്ചു അവളെ നോക്കി. എന്നിട്ട് പെട്ടെന്ന് ആയിരുന്നു അവളെ അരയിലൂടെ ചുറ്റിപിടിച്ചു എടുത്തു മടിയിൽ ഇരുത്തിയത്.....

അവൾ ഞെട്ടിപ്പകച്ചു അവനെ നോക്കി.

അവൻ അവളെ ചുമലിൽ മുഖം അമർത്തി നിന്നു. അവന്റെ കൈ ഇപ്പോഴും അരയിലൂടെ ചുറ്റി പിണർന്നു തന്നെ ഉണ്ടായിരുന്നു.

കള്ളം പറയാൻ അറിയില്ലെങ്കിൽ പറയരുത്. നിന്റെ ചുണ്ടുകൾ കള്ളം പറഞ്ഞാലും കണ്ണുകൾ അത് കളവാണെന്ന് വിളിച്ചു പറയും ഇനു.

ഒന്നുകിൽ എന്നോട് എന്തോ ദേഷ്യം...... അല്ലെങ്കിൽ തലവേദന ഇല്ല നിനക്ക് രണ്ടായാലും കളവ്....

അറിയാതെ അവളുടെ കണ്ണിൽ നിന്നും രണ്ടു തുള്ളി കണ്ണുനീർ അവന്റെ കൈകളിൽ ഇറ്റിവീണു......

അവൻ അവളെ മുഖം തിരിച്ചു അവന്റെ മുഖത്തേക്ക് ആക്കി.

കരയണ്ട...... അത് മാത്രം ഞാൻ ഇഷ്ടപ്പെടുന്നില്ല......

അവന്റെ ചുണ്ടുകൾ കൊണ്ട് കണ്ണുനീർ ഒപ്പിയതും അത് വരെ പിടിച്ചു നിന്ന കരച്ചിൽ ഒരെങ്ങളായി പുറത്തേക്ക് വന്നു

അവന്റെ കഴുത്തിൽ മുഖം പൂഴ്ത്തി നിന്നു അവൾ.....

നിനക്ക് സത്യം പറയാൻ ആഗ്രഹം ഉള്ളപ്പോ പറഞ്ഞമതി. അവളുടെ കാതിൽ ചുണ്ടുകൾ പതിപ്പിച്ചു മെല്ലെ പറഞ്ഞു അവൻ.....

ശരിക്കും തലവേദന ഉണ്ട്... അവൾ മെല്ലെ പറഞ്ഞു....കുറച്ചു സമയം കഴിഞ്ഞു എങ്ങലടികൾ നിന്നു. അവളുടെ പിടിത്തവും മെല്ലെ അയഞ്ഞതും അവൾ ഉറങ്ങിയെന്നു തോന്നി. അവളെ ബെഡിലേക്ക് ചായ്ച്ചു.

നെറ്റിയിൽ ഒരു ചെറു ചുംബനം കൊടുത്തു അവൻ എഴുന്നേറ്റു.

❤️❤️❤️❤️❤️

ഉറങ്ങി എണീറ്റതും അവൾ കുളിച്ചു ഫ്രഷ് ആയി

താഴേക്കു പോയി. ഡയിനിങ് ടേബിളിൽ റംസിയും ഐറയും ബബിയും ഉമ്മയും റംലതയും ഉണ്ട് അവർ എന്തോ ഡിസ്കസ് ചെയ്യുകയാണെന്ന് തോന്നി. അവൾക്ക് അവിടേക്ക് പോകാൻ തോന്നിയില്ല. എന്തിനാ ഉമ്മാന്റെ മുഖം കാണുന്നത് ഓർത്തതും അടുക്കളയിലേക്ക് പോകാൻ നോക്കി. അപ്പൊഴാ ബാബി വിളിച്ചത്. അവൾ അങ്ങോട്ട് പോയി. ഉമ്മാന്റെ മുഖം ഇരുളുന്നത് കണ്ടു മുഖം താഴ്ത്തി.

എന്റെ പുതിയ ഡയമൻഡ് നെക്ക്ലെസ് ആണ്.... അഞ്ചു ലക്ഷം ആണ് ഇതിന്ന് ബർത്ത്ഡേ ഗിഫ്റ്റ് ആണ് ഇക്കാന്റെ വക.

നല്ല ഭംഗിയുണ്ടായിരുന്നു കാണാൻ. അവൾ അത് വാങ്ങി കയ്യിൽ പിടിച്ചു നോക്കി. ഇക്കാക്കാന്റെ സെലക്ഷൻ സൂപ്പർ ആണ്. നല്ല ഭംഗിയുണ്ട് അവൾ അത് നോക്കി പറഞ്ഞു.

ഇത് വരെ ഡയമൻഡ് കാണാത്തോരല്ലേ കണ്ണ് കൊള്ളും മോളെ ഉഴിഞ്ഞു വെച്ചോ ഇനി.... ഉമ്മ പറഞ്ഞു.

എനിക്കിതിനോടൊന്നും ഇത് വരെ മോഹം തോന്നിയിട്ടില്ല. ആഭരണതോട് മാത്രം അല്ല.....

വിലയുള്ള ഒന്നിനോടും ആഗ്രഹം തോന്നിയിട്ടില്ല.

വിലയുള്ളതൊന്നും കിട്ടില്ലെന്ന് അറിയാം. പിന്നെ ആഗ്രഹിച്ചിട്ട് കാര്യം ഇല്ലല്ലോ....

പരിഹാസത്തോടെ ഐറ പറഞ്ഞു.

വിലയുള്ള ഒന്നേ എനിക്ക് എന്റെ കണ്ണിൽ തോന്നിയിട്ടുള്ളു.... അതിനോളം വിലയുള്ള വേറെഒന്നും ഇത് വരെ ഞാൻ കണ്ടിട്ടില്ല.... അത് കൊണ്ട് തന്നെ ഒന്നിനോടും മോഹം തോന്നിയിട്ടും ഇല്ല.

അത്ര വിലയുള്ള എന്താ ഇനു.... റംസി ആകാംഷയോടെ ചോദിച്ചു

എന്റെ ജുനു..... അതിനോളം വിലയുള്ള ഒന്നും ഈ ഭൂമിയിൽ ഇല്ല. അതും പറഞ്ഞു പുഞ്ചിരിയോടെ തിരിഞ്ഞു നടന്നു..

ഇനു എന്റെ നെക്ക്ലേസ്.... ബാബി വിളിച്ചു.

സോറി.... മറന്നു.... അതും പറഞ്ഞു അത് തിരിച്ചു കൊടുത്തു. അവൾ റംലിതാനെ വിളിച്ചു പോയി. അപ്പോൾ ഉമ്മയും ഐറയും പരസ്പരം നോക്കി. അവരുടെ മുഖത് അപ്പോൾ ഗൂഢമായചിരി

ഉണ്ടായിരു  ന്നു.

❤❤❤❤❤❤

രാത്രി ഫൈസിയെ പേടി   ച്ചു അവൾ ഫുഡ് കഴിക്കാൻ വേഗം പോയി. ഇല്ലെങ്കിൽ റൂമിലേക്ക് എടുത്തു വരും. അവൾ ഫുഡ് കഴിച്ചുന്ന് വരുത്തി റൂമിലേക്ക് വന്നു. ഫുഡ് കഴിക്കാനൊന്നും ഒരു മൂഡിൽ അല്ലായിരുന്നു അവൾ..... കുട്ടിക ളെ കാണും തോറും ഉള്ളിൽ ഒരു നോവുണരുന്നത് അവൾ അറിഞ്ഞു. ഫൈസ് അവരെ എടുത്തു നടക്കുന്നതും കളിപ്പിക്കുന്നതൊക്കെ കണ്ടപ്പോൾ നി റയുന്ന കണ്ണുക്കൾ ആരും കാണാതെ തുടച്ചു..... രണ്ടുമൂന്ന് ദിവസം അവൾ റൂമിൽ നിന്നും പുറത്തു ഇറങ്ങാതെയും ആരോടും മിണ്ടാതെയും നിന്നു. അവളുടെ സങ്കടം ആരോടും  പറയാൻ കഴിയാതെ അവൾ വീർപ്പു മുട്ടി. ഇജ്ജു് വിളിക്കുന്നത് കൊണ്ട് ഫോൺസ്വിച് ഓഫ് ആക്കിഇട്ടു. ഫൈസ്    ജോലി ഉള്ളോണ്ട് രാവിലെ പോയി രാത്രിയെ വരു. അത് ഒരാശ്വാസം  ആയി തോന്നി. റംസിക്കും ഫൈസിക്കും സംശയം തോന്നാതിരിക്കാൻ എക്സാം പഠിക്കുക ആണെന്ന് പറഞ്ഞു ബുക്ക് വെച്ചു ഇരിക്കും. നോട്ടം അതിൽ ആണെങ്കിലും മനസ്സ് മുഴുവൻ ഒരു കുഞ്ഞു

ഉണ്ടാവില്ലെന്ന സത്യം സ്വയം അഗീകരിപ്പിക്കുക്കയൊരുന്നു.  ശരിക്കും ഏകാന്തത ഇഷ്ട്ടപ്പെട്ടു തുടങ്ങിയിരുന്നു അവൾ..... രാത്രി അവന്റെ കൂടെ കിടക്കാതിരിക്കാൻ പഠിക്കാൻ ഉണ്ടെന്ന് പറഞ്ഞു ടേബിളിൽ ഇരിക്കും. ഫൈസ് ഉറങ്ങിന്ന് കണ്ടതും ടേബിളിൽ തലവെച്ചു കിടക്കും.... എന്നാലും രാവിലെ എഴുന്നേൽക്കുമ്പോൾ ഫൈസിയുടെ കൈക്കുള്ളിൽ ആയിരിക്കും. ഉറങ്ങുമ്പോൾ എടുത്തു കിടത്തുന്നതെന്ന് അവൾക്ക് മനസ്സിലായി. ഫൈസിയും മനസ്സിലാക്കുന്നുണ്ടായിരുന്നു ഇനുവിന്റെ ഈ ഒഴിഞ്ഞു മാറ്റം. അവനിൽ അത് വേദനപടർത്തി.

❤️❤️❤️❤️❤️❤️

ഫൈസ് ഓടി വന്നു അവളെ എടുത്തുയർത്തി വട്ടം ചുറ്റി.

ഫൈസ് തലകറങ്ങുന്നു താഴെ നിർത്ത് എന്താ കാര്യം.... എന്താ ഇത്രയും സന്തോഷം..... അവന്റെ മുഖം സന്തോഷം കൊണ്ട് തിളങ്ങിയിരുന്നു....

അവളെ താഴെ നിർത്തിയെങ്കിലും കൈക്കുള്ളിൽ നിന്നും വിടാതെ നിർത്തി. ഇപ്രാവശ്യതെ നമ്പർ വൺ

ബിസിനസ്മാൻ അവാർഡ്എനിക്കാണ്....

കൺഗ്രറ്റ്സ് ഫൈസ്.... അവൾ അവനെ കെട്ടിപിടിച്ചു. അവനും അവളെ തിരിച്ചു കെട്ടിപ്പിടിക്കാൻ നോക്കുമ്പോഴാണ് അവൾ ചോദിച്ചത് എല്ലാ പ്രാവശ്യം ജന്നത് ഗ്രുപ്പിന് അല്ലേ കിട്ടൽ..... ഇജുക്കക്ക് ഇപ്രാവശ്യം കിട്ടിയില്ലേ..... അവളുടെ വാക്കുകളിൽ ഒരു നിരാശ പടർന്നിരുന്നു. അത് അവന്റെ എല്ലാ സന്തോഷവും തല്ലിക്കെടുത്തിയിരുന്നു.

അവന്റെ മുഖം മാറിയത് കണ്ടു അവളും വല്ലാതായി. ചോദിച്ചു പോയതാരുന്നു.

അപ്പോഴേക്കും സമിയും ഇക്കാക്കയും ഷബീർക്കയും എല്ലാരും വന്നു. അവൾക്ക് പിന്നെ അവനോട് സംസാരിക്കാൻ കഴിഞ്ഞില്ല.....

എല്ലാരോടും ചിരിച്ചു സന്തോഷം അഭിനയിക്കുമ്പോഴും അവളുടെ വാക്കുകൾ അവന്റെ മനസ്സിൽ ഒരു നീറ്റൽ പടർത്തി

രാത്രി ഉറങ്ങികഴിഞ്ഞാണ് അവൻ വന്നത്

അവൾ കിടന്നിരുന്നു. അവൻ കിടന്നതും അവൾ

കണ്ണുകൾ തുറക്കാതെ തന്നെ അവന്റെ നെഞ്ചിൽ ചാരി കിടന്നു. അവന്റെ സങ്കടം മുഴുവൻ അതിൽ ഒലിച്ചു പോയി.

❤❤❤❤❤

വൈകുന്നേരം അവാർഡ് കൊടുക്കുന്ന ഫക്ഷൻ ഉണ്ടായിരുന്നു. ഫൈസ് വേഗം റെഡിയാവാൻ പറഞ്ഞതും അവൾ എതിർത്തില്ല. ഇന്നലെതെ പോലെ അവന്റെ സന്തോഷം കളയാൻ അവൾക്ക് തോന്നിയില്ല. എല്ലാവരും കൂടെ പോകുന്നുണ്ടായിരുന്നു. റംസി ആയിരുന്നു അവളെ ഒരുക്കി കൊടുത്തത്. ഒരു ആശ് കളർ ഗൗൺ ആയിരുന്നു അവൾ ഇട്ടത്. ഒരുങ്ങി വന്ന അവളെ കണ്ടു ഫൈസ് ഒരു നിമിഷം നോക്കി നിന്നുപോയി. അവരെ രണ്ടു പേരെയും ഒന്നിച്ചു നിർത്തി റംസി ഫോട്ടോ എടുത്തു. മെയ്ഡ് ഫോർ ഈച്ച് അദർ എന്ന് പറഞ്ഞു അവരെ കെട്ടിപിടിച്ചു.

❤❤❤❤

അവരുടെ ഫക്ഷൻ വലിയൊരു ഹോട്ടലിൽ ആയിരുന്നു. എല്ലാരും ഉണ്ടായിരുന്നുവെങ്കിലും അവൾക്ക് ശരിക്കും ബോറടിച്ചു തുടങ്ങിയിരുന്നു.

റംസിയും കുട്ടികൾ വന്നിരുന്നില്ല ഫൈസിക്ക് അവാർഡ് കൊടുക്കുന്നത് കണ്ടു സന്തോഷം തോന്നി .അവന്റെ മുഖത്ത് ഉണ്ടായിരുന്നു അവന്റെ കഠിന പ്രയക്തനത്തിന്ന് കിട്ടിയ അംഗീകാരം ആണെന്ന്.

ബെസ്റ്റ് ബിസിനസ് ഗ്രുപ്പ് ജന്നത് .... ഫ്രം ഇജാസ് ഹൈദർ....അവാർഡ് ഇജാസിന്റെ പേര് പറഞ്ഞത് കേട്ടു അവൾ ഞെട്ടലോടെ നോക്കി. അവൻ സ്റ്റേജിലേക്ക് കയറി. അവാർഡ് ജന്നതിന് ഡെഡിക്കേറ്റ് ചെയ്യുന്നു എന്ന് കേട്ടതും അവൾക്ക് എന്തെന്നില്ലാത്ത ദേഷ്യം ഇരച്ചു വന്നു...... ജുനൈദിന്റെ കരഞ്ഞ മുഖം ഓർമ്മ വന്നതും അവൾ അവിടെ നിന്നും എഴുന്നേറ്റു പോയി. ഫൈസ് അപ്പോഴും വേദിയിൽ തന്നെ ഉണ്ടായിരുന്നത്....

❤❤❤❤❤

അവൾ ഹാളിൽ നിന്നും പുറത്തു ഇറങ്ങി എങ്ങോട്ടെന്നില്ലാതെ നടന്നു. എല്ലായിടത്തും ഗാഡ്സ് ഉള്ളോണ്ട് അവൾക്ക് ആരും ഇല്ലാത്ത സ്ഥലം നോക്കി നടന്നു.

ജന്നത്.... എത്ര മറക്കാൻ ശ്രമിച്ചാലും തനിക്കത്തിന്ന്

പറ്റില്ല. വേദനിപ്പിക്കുന്ന ഓർമ്മകൾ മനസ്സിൽ നിന്നും പോകുന്നില്ല.

അവൾ കണ്ണുകൾ അടച്ചു മനസ്സ് ശാന്തമാക്കി....

കൊല്ലം എത്ര ആയെടി അതൊക്കെ കഴിഞ്ഞിട്ട്..... ഇനിയെങ്കിലും അമ്മിജന് മാപ്പ് കൊടുത്തൂടെ..... ജുനൈദ് പോലും മാപ്പ് തന്നല്ലോ ഞങ്ങൾക്ക്.......അവൾ ശബ്ദം കേട്ടു തിരിഞ്ഞു നോക്കി. ഇജാസ്......

നിങ്ങളെ തന്തയുടെ പേര് ഹൈദർ എന്ന് തന്നെ അല്ലേ......  മാറിയിട്ട് ഒന്നും ഇല്ലല്ലോ. ഇടയ്ക്കിടെ വാക്ക് മാറുന്ന പോലെ അത് മാറിയിട്ടൊന്നും ഇല്ലല്ലോ......അവൾ പുച്ഛത്തോടെ തിരിച്ചു പറഞ്ഞു.

ഉപ്പാക്ക് പറയുന്നോടീ പുല്ലേ...... അവൻ ദേഷ്യത്തോടെ അവളെ കവിളിൽ കുത്തിപിടിച്ചു.

അവൾ വേദനകൊണ്ട് പിടഞ്ഞു.

❤️❤️❤️❤️

ഇവൾ ഇതെവിടെ പോയി.... ഫൈസ് ചുറ്റും നോക്കി. അവിടെയുള്ള ഗാർഡ്സ്നോട് ചോദിച്ചു അവർ പുറത്തേക്ക് പോകുന്നത് കണ്ടു പറഞ്ഞു. അവൻ

അവിടേക്ക് പോയി.

അവിടെ എത്തിയതും അവനും സമിയും ഞെട്ടിപ്പകച്ചു ശ്വാസം എടുക്കുവാൻ പോലും മറന്നു നിന്നു......

ഇജാസിന്റെ മുഖത്തോട് മുഖം അടുപ്പിച്ചു ചുണ്ടിൽ ചുണ്ട് ചേർക്കുന്ന ഇനുവിനെ കണ്ടു.......അവൻ ആ കാഴ്ച ഒരിക്കൽ കൂടി കാണാൻ ആവാതെ കണ്ണുകൾ ഇറുക്കെ അടച്ചു...... അവന്ന് ദേഹം തളരുന്നത് പോലെ തോന്നി. ദേഷ്യവും സങ്കടവും അവനിൽ ഒരു പോലെ ഇരിച്ചെത്തി. ഒരാശ്രയത്തിന്ന് എന്നോണം സമിയുടെ കയ്യിൽ അവന്റെ കൈകൾ മുറുകി.

❤️ 💔 INVISIBLE LOVE 💔❤️

Love after💘 marriage story (പാർട്ട് 59)

അവന്റെ ചുണ്ടോട് ചുണ്ടുകൾ ചേർന്നതും ഫൈസ് കണ്ണുകൾ ഇറുക്കെ പൂട്ടി. എന്റെ പെണ്ണ് മറ്റൊരാളെ.......അത് കാണാൻ അവന്ന് കഴിയുമായിരുന്നില്ല. ഫൈസിന്റെ കൈ സമിയിൽ അമർന്നതും സമി കൈ തട്ടിത്തെറിപ്പിച്ചു.

ട പുല്ലേ ഇങ്ങനെ സീൻ ആക്കാൻ അവിടെ

ലിപ്‌ലോക് അല്ല നടക്കുന്നെ. സംഭവം മൊത്തം സീൻ ആണെന്ന തോന്നുന്നേ. ഗാഡ്സ് ഒക്കെ പേടിച്ചു ഓടുന്നത് കാണുന്നില്ലേ.....

അപ്പോഴാണ് നദീം അങ്ങോട്ട് ഓടി വന്നു. ഇജാസിനെ പിടിച്ചു എഴുന്നേൽപ്പിച്ചത്. അവൻ ഒന്ന് ചുമച്ചു കൊണ്ട് കണ്ണ് തുറന്നു.

മസിൽ ഉരുട്ടികേറ്റി ഗ്ലാമർ കാണിച്ചു നടന്നപോരാ കുറച്ചു ബ്രിത്തിങ് കപ്പാസിറ്റി കൂടി പഠിപ്പിച്ചു കൊടുക്ക്. അറ്റ്ലീസ്റ്റ് ആ യോഗ എങ്കിലും ശീലം ആക്ക്.മനുഷ്യനെ പേടിപ്പിക്കാൻ ഇറങ്ങിക്കോളും പണ്ടാരം അവൾ കലിപ്പോടെ ഇജാസിനെ നോക്കി നദീംനോട് പറഞ്ഞു.

ദേഷ്യത്തോടെ പറഞ്ഞതെങ്കിലും അവളുടെ മുഖവും കണ്ണും പറയുന്നുണ്ടായിരുന്നു അവളുടെ ഉള്ളിൽ ഉള്ള ഭയം...... കയ്യിലെ വിറയൽ പോലും മാറിയിട്ടില്ലാരുന്നു. നദീം ചിരിയോടെ അവളെ നോക്കി തലയാട്ടി. പിന്നെ മെല്ലെ പറഞ്ഞു നടന്നത് മൊത്തം ഫൈസ് കണ്ടിട്ടുണ്ട്. മുഖം കണ്ടിട്ട് സീൻ കലിപ്പാ....... ഇങ്ങോട്ട് വരുമ്പോൾ ഒരു നോക്ക് കണ്ടാരുന്നു അവനെ.

ഇജാസ് പെട്ടന്ന് ആയിരുന്നു ദേഷ്യത്തോടെ പറഞ്ഞത് ഏറി വന്ന ചത്തുപോകും അത്രയലേ ഉണ്ടാകു നിന്നോടരടി എനിക്ക് ശ്വാസം തരാൻ പറഞ്ഞത്..... ഒന്നടങ്ങുമ്പോ അടുത്ത പ്രോബ്ലം വലിച്ചോണ്ട് വന്നോളും കോപ്പ്.....

നിന്റെ ബാപ്പ ഹൈദർ  പറഞ്ഞു എന്റെ മോനെ രക്ഷിക്കെന്ന് .... അതെ കലിപ്പോടെ തിരിച്ചു പറഞ്ഞിട്ട് അവൾ നനഞ്ഞ ഡ്രസ്സ് പിഴിഞ്ഞു വെള്ളം കളഞ്ഞു.

ടീ...... കലിപ്പോടെ അവൻ വിളിച്ചതും പുച്ഛത്തോടെ നോക്കി അവൾ

ഫൈസിയുടെ അടുത്തേക്ക് പോയി. ശ്വാസം വരുന്നവരെ ഞാൻ അനുഭവിച്ച വേദന അതെനിക്കെ അറിയൂ. എന്നിട്ട് പറയുന്ന കേട്ടില്ലേ....... അവൾ അരിശം കൈ ചുരുട്ടി തീർത്തു......ഫൈസ് ദൂരെ ആയോണ്ട് കണ്ടിട്ടുണ്ടാകും. പറഞ്ഞതൊന്നും കേൾക്കില്ല. ഇനി തെറ്റിദ്ധരിക്കാതിരുന്ന മതിയാരുന്നു.

കഴിഞ്ഞത് അവൾ ഒന്നൂടി ഓർത്തു. തനിച്ചിരിക്കാൻ നടന്നു എത്തിയത് സ്വിമ്മിംഗ് പൂളിന് അടുത്തായിരുന്നു. ഇജാസ് കവിളിൽ

കുത്തിപിടിച്ചപ്പോൾ വേദന സഹിക്കാതെ പിറകോട്ടു തള്ളിയതാ. പൂളിൽ സൈഡിൽ ഉള്ള സ്റ്റീൽ കമ്പിയിൽ നെറ്റി തട്ടി അവൻ വെള്ളത്തിലേക്ക് വീണു. അവന്ന് വീണപ്പോൾ തന്നെ ബാലൻസ് കിട്ടിയില്ല . വെള്ളത്തിനു അടിയിലേക്ക് പോകുന്ന അവനെ കണ്ടു അവളിൽ പേടി ഉണർന്നു. മുൻപ് കുളത്തിൽ തള്ളിയിട്ടത് ഓർമ വന്നതും ഇജുക്ക എന്ന് നിലവിളിച്ചോണ്ട് അവളും എടുത്തു ചാടി. ബോധം ഉണ്ടാരുന്നില്ല അപ്പോൾ.....അപ്പോഴേക്കും ഇജുക്കന്റെ ഒരു ബോഡിഗഡ് കൂടെ ചാടിയിരുന്നു. ഇജാസിനെ കരക്ക് എടുത്തു കയറ്റിയെങ്കിലും കണ്ണ് തുറന്നില്ല.

വയറ്റിൽ അമർത്തി വെള്ളം കളഞ്ഞൻകിലും ബോധം വീണില്ല..... പിന്നെ മറ്റൊന്നും ആലോചിക്കാതെ ഗാഡിനെ തള്ളിമാറ്റി കൃത്രിമ ശ്വാസം കൊടുക്കരുന്നു......

അവൾ ഫൈസിന്റെ ദേഷ്യം കൊണ്ട് വിറക്കുന്ന മുഖം കണ്ടു പേടി തോന്നി.

വെള്ളത്തിൽ വീണപ്പോ.....ശ്വാസം കിട്ടാതെ കണ്ടപ്പോ.... അവൾ വിക്കി വിക്കി അത്രയും

പറഞ്ഞൊപ്പിച്ചു.

അതിന്ന് ഗാഡ്സ് ഉണ്ടാരുന്നല്ലോ...... നിന്നോടാരാ അതൊക്കെ ചെയ്യാൻ പറഞ്ഞെ. നീയാരാ സൂപ്പർ വുമണോ.... കണ്ടവരെയൊക്കെ പോയി രക്ഷിക്കാൻ

അവൻ ദേഷ്യത്തോടെ പറഞ്ഞു.

അന്ന് ഷഹിക്ക് ഫൈസ് ചെയ്തല്ലോ ഇത് പോലെ....

അത് പോലാണോ ഇത്..... ഇവനെ രക്ഷിക്കാൻ അവന്റെ പടയും ആൾക്കാരും ഒക്കെ ചുറ്റും ഉണ്ടല്ലോ....

ഞാൻ അതൊന്നും ഓർത്തില്ല. ഇജുക്കക്ക് നീന്തൽ അറിയില്ല... മാത്രം അല്ല വെള്ളത്തിൽ വീണാൽ അൻകോശ്യസ് ആകും. അത് പേടിച്ച ഞാൻ.......

ഇത്രയും ഇമ്പോർട്ടന്റ് കൊടുക്കാൻ നിന്റെ ആരാ അവൻ....

എന്റെ ബെസ്റ്റ് ഫ്രണ്ട്.... പിന്നെ അവിടെ ആരായിരുന്നാലും ഞാൻ ഇതന്നെ ചെയ്യും......

എന്ത് പറഞ്ഞാലും അവളുടെ ഒരു ന്യായം

ഉണ്ടാകുമല്ലോ......അതും പറഞ്ഞു അവളെ പിടിച്ചു

വലിച്ചു നടന്നു.....

അവന്റെ ദേഷ്യം മുഴുവൻ അവൻ സ്റ്റിയറിങ്ങിലും ബ്രേക്കിലും ഗിയറിലും തീർക്കുന്നത് അവൾ കണ്ടു. എല്ലാവരും സമിയുടെ കാറിൽ ആയിരുന്നു. ഫൈസ് ആ ദേഷ്യത്തിൽ അവളെ കൂട്ടി ഒറ്റക്ക് ആയിരുന്നു വന്നത്.... Ac യുടെ തണുപ്പിൽ നനഞ്ഞു കുതിർന്നോണ്ട് അവൾ തണുത്ത് വിറച്ചു.ഫൈസിയുടെ ദേഷ്യം കണ്ടു മിണ്ടാനും പേടി തോന്നി......

അവന്റെ ജീവൻ രക്ഷിക്കാൻ അല്ലേ എന്ന് സ്വയം ആശ്വസിക്കുമ്പോഴും അവന്റെ മുഖത്ത് തൊട്ട ആ കൈകൾ ചുണ്ടുകൾ ഒക്കെ എന്തെന്നില്ലാതെ അവനിൽ ദേഷ്യം പടർത്തി. ഇടക്ക് അവളിലേക്ക് നോട്ടം തെറ്റിയപ്പോൾ കണ്ടു തണുത്ത് വിറച്ചു കൂനിക്കൂടി ഇരിക്കുന്നത്. ഇടക്കിടക്ക് ഭയത്തോടെ നോക്കുന്നും ഉണ്ട്. അത് കണ്ടപ്പോൾ പാവം തോന്നി ac ഓഫ് ചെയ്തു അവന്റെ കോട്ട് ഊരി അവളെ മടിയിൽ ഇട്ടു കൊടുത്തു. പിന്നെ പുറത്തേക്ക് തന്നെ മുഖം തിരിച്ചു ഇരുന്നു

അവന്റെ ദേഷ്യവും അവോയ്ഡ് നല്ല സങ്കടം

വരുത്തുന്നുണ്ട്. എന്നാലും കോട്ട് തന്നപ്പോ സന്തോഷം തോന്നി. എന്നെ ശ്രദ്ധിക്കുന്നും ഉണ്ട്.

വീട്ടിൽ എത്തിയിട്ടും അവളെ നോക്കാതെ റൂമിലേക്ക് ഓടി കേറുകയാരുന്നു അവൻ.

അവൾ അവനെ എങ്ങനെ ഫേസ് ചെയ്യുന്നു ഓർത്തു കുറച്ചു സമയം അവിടെ തന്നെ നിന്നു.പിന്നെ വരുന്നത് വരട്ടെ കരുതി പോയി.

റൂമിൽ എത്തിയപ്പോൾ കണ്ടു പലതും എറിഞ്ഞു പൊട്ടിച്ചിട്ടുണ്ട്. ദേഷ്യം അടക്കാൻ ആവാതെ ചുമരിൽ ആഞ്ഞടിക്കുന്നത് കണ്ടതും അവൾക്ക് ദേഷ്യം വന്നു.

ഒരാളെ രക്ഷിക്കാൻ ശ്രമിച്ചു ആ സെൻസിൽ എടുത്ത പോരെ ഇത്. ഈ ഒരു ചെറിയ കാര്യത്തിന ഇങ്ങനെ ഒക്കെ ചെയ്യുന്നത്. അവൾ ദേഷ്യത്തോടെ ചോദിച്ചു

അവൻ പെട്ടെന്ന് തിരിഞ്ഞു നിന്ന് അവളുടെ ഇരുച്ചുമലിൽ ആയി ശക്തിയായി പിടിച്ചു. ഇതാണോ നിനക്ക് ചെറിയ കാര്യം..... നിന്റെ ആ പ്രവർത്തികൊണ്ട് എന്തൊക്കെ സംഭവിച്ചുന്ന അറിയോ......വേദന കൊണ്ട് അവളുടെ കണ്ണ് നിറഞ്ഞു.....

വേദനിക്കുന്നു ഫൈസ് അവന്റെ മുഖത്ത് നോക്കി നിറ കണ്ണുകളോടെ പറഞ്ഞതും അവൻ വിട്ടു. അവന്റെ ഫോൺ ബെഡിൽ വലിച്ചെറിഞ്ഞ നിലയിൽ കണ്ടു. അതെടുത്തു അവളെ നേരെ നീട്ടി. ഒരു വീഡിയോ ഓൺ ആയി.

അവൾ ഇജാസിനെ കരഞ്ഞോണ്ട് തട്ടി വിളിക്കുന്നതും.... ആ ഗാഡിനെ തട്ടി മാറ്റി വായകൊണ്ട് ശ്വാസം കൊടുക്കുന്നതും. . പിന്നെ ഞാൻ ഫൈസിന്റെ കൂടെ പോകുന്നതും. ഇജാസ് മുന്നിലുള്ള മീഡിയക്കാരെ തട്ടി മാറ്റി കാറിൽ കേറി പോകുന്നതും ആയിരുന്നു വീഡിയോ. അതിനേക്കാൾ ഞെട്ടിയത് വീഡിയോ കൂടെ ഉള്ള വോയ്സ് ആയിരുന്നു

ജന്നത് ഹൈദർ എന്ന യുവ ബിസിനസ് മാൻ ആദ്യം ആയി ഗേൾസ് വിഷയത്തിൽ ഈ വീഡിയോയിലൂടെ ശ്രദ്ധിക്കപ്പെട്ടിരിക്കുന്നു. ഈ പെൺ കുട്ടി ആരാണെന്നോ അവളുടെ ഐഡന്റിറ്റി എന്താണോ ആർക്കും അറിയില്ല. ഇജാസ് ആയി ക്ലോസ്ലി ഇടപെടുന്ന വീഡിയോ ആയത് കൊണ്ട് തന്നെ ഇവരുടെ റിലേഷനും എല്ലാരും ഉറ്റു നോക്കുന്നു ചൂടൻ സ്വഭാവം കൊണ്ട് ബിസിനസ് രംഗത്ത് ഒരു

പാട് ഗോസിപ്പുകൾ ഉണ്ടങ്കിലും ഇത് ആദ്യം ആയാണ് ഒരു ഗേൾ ആയി ഗോസിപ്പ് ഉണ്ടായിരിക്കുന്നത്

സഹോദരിയുടെ എൻകെജ്മെന്റിന് റിങ് എടുത്തു കൊടുക്കുന്ന ഫോട്ടോസ് ഇപ്പോൾ വൈറൽ ആണ്.ഈ ഒരു സംഭവത്തിലൂടെ  ഹോട് ഹാൻഡ്സം യുവ ബിസിനസ് താരം ഈ പെൺകുട്ടി ആയി റിലേഷനിൽ ആണെന്നാണ് മീഡിയയിൽ പടരുന്ന ന്യൂസ്..... ജന്നത് ഫാമിലിയോ ഇജാസ് ഹൈദറോ ഈ കാര്യത്തെ പറ്റി മൗനം പാലിക്കുന്നത് കൂടുതൽ ചർച്ച ചെയ്യപ്പെടുന്നു. ബെസ്റ്റ് ബിസിനസ് മാൻ അവാർഡ് കിട്ടിയ ഫൈസ്അസ്കർ കാറിൽ കയറ്റി പോകുന്നതും സംസാര വിഷയം ആകുന്നു...... ഇവരുടെ ആരാണ് ഇനായ മെഹവിഷ് എന്ന നീലക്കണ്ണുള്ള ഈ സുന്ദരി....... ഇജാസ് ആയി...... ബാക്കി കേൾക്കാൻ ആവാതെ അവളെ കയ്യിൽ നിന്നും ഫോൺ നിലത്തു വീണു.

ഫൈസിന്റെ ദേഷ്യത്തിന് കാരണം ഇതാണെന്ന് അറിഞ്ഞു അവൾ ഞെട്ടി വിറച്ചു.

അറിയുന്നവർ അറിയുന്നവർ വിളിച്ചോണ്ട് ഇരിക്കുകയാണ്.... എന്ത് പറയണം ഞാൻ

അവരോട്...... എങ്ങനെ പുറത്തു ഇറങ്ങും ഇനി..... അവരോട് എന്റെ ഭാര്യക്ക് സഹായഹസ്തം കൂടുതൽ ആണെന്ന് പറയണോ......

അവൾ ഒന്നും മിണ്ടാതെ തലകുനിച്ചു നിന്നെ ഉള്ളു. ഒന്നും തിരിച്ചു പറയാൻ മറുപടി ഇല്ല..... സത്യം പറയാതിരിക്കാൻ മാത്രം നാവ് വിലങ്ങിട്ടിരിക്കുന്നു.

അവൻ ദേഷ്യത്തോടെ പുറത്തേക്ക് ഇറങ്ങിപോയി. താഴെ നിന്നും അവന്റെ ശബ്ദം ഉയർന്നു കേട്ടു.

അത് ജസ്റ്റ് ഒരാക്സിഡന്റ് ആണ്. ഇജാസ് ജുനൈദിന്റെ ഫാമിലി ഫ്രണ്ട് ആണ്. ഇനയക്ക് സഹോദരനെ പോലെ ആണ്. ആ അവസ്ഥയിൽ ആരായാലും ചെയ്യുന്നതേ അവളും ചെയ്തുള്ളൂ.... മീഡിയസ് ഒരു ന്യൂസ് കിട്ടാൻ കാത്തിരിക്കുകയാണ് അതവർ ചെയ്തു. ഇനി വീട്ടിൽ ഇതിനെ പറ്റി ഒരു സംസാരം വേണ്ട. അവളോട് ആരും ഇതിനെ പറ്റി ചോദിക്കുകയും വേണ്ട. കേട്ടല്ലോ സമി...... ഇനി നീ ഇതും ചോദിച്ചു വരണ്ട.കേട്ടല്ലോ എന്നും പറഞ്ഞു സമിയെ ശക്തിയിൽ പിടിച്ചു തള്ളി അവൻ പുറത്തേക്ക് പോയി.

പിന്നാലെ സമിയും.......

പുറത്തു എത്തിയതും സമി അവന്നചുഴിഞ്ഞു നോക്കി....

എന്താടാ കോപ്പേ....

ഇനുവിനോട് ആരും ഒന്നും ചോദിക്കാതിരിക്കാൻ അല്ലേ എന്റെ മെക്കിട്ട് കേറിത് അല്ലേടാ പട്ടീ.....

ഞാൻ പറയാതെ മനസ്സിലാക്കാൻ നീയല്ലേ ഉള്ളു. സോറി... അല്ലെങ്കിൽ എല്ലാരും അവളോട് ചോദിക്കും അവൾക്ക് വിഷമം ആകും... വെറുതെ പ്രോബ്ലം ഉണ്ടക്കണ്ടല്ലോ

എനിക്കും തോന്നി അതിനായിരിക്കും എന്നോട് കലിപ്പായതെന്ന് . നദീം വിളിച്ചിരുന്നു. മീഡിയക്കാരെ ഒതുക്കിന്ന് പറഞ്ഞു. പിന്നെ അങ്ങനെ സംഭവിച്ചെന്ന് സോറി പറഞ്ഞു.

ഫൈസ് ഒന്ന് മൂളുക മാത്രം ചെയ്തു.

ട ഇനായ ആരാണെന്ന് എല്ലാരും അറിയണം..... ഏതായാലും നിനക്ക് അവാർഡ് കിട്ടിയ വകയിൽ ഒരു പാർട്ടി വെക്കുന്നു. അതിൽ നിന്റെ ഭാര്യയെ ഇൻഡ്രോഡ്യുസ് ചെയ്യുന്നു. അങ്ങനെയെ ഇനായ ഇജാസ് ഇഷ്യു അവസാനിക്കുകയുള്ളു...

എന്റെ മനസ്സിലും അങ്ങനെ ഒരു പ്ലാൻ ഉണ്ട്......
മറ്റന്നാൾ നൈറ്റ് പാർട്ടി വെക്കാന്ന് തീരുമാനിച്ചു.

❤❤❤❤❤❤❤

മീഡിയാസ്നെ ഒക്കെ ഒരു വിധം ഒതുക്കി. ഫൈസ് അവളെ അവിശ്വസിക്കോട.നദീം സംശയത്തോടെ അവനെ നോക്കി.

ഞാൻ ഹോസ്പിറ്റലിൽ വെച്ച് നെഞ്ചോട് ചേർത്ത് പിടിച്ചു എടുത്തോണ്ട് വന്നിട്ടും അവന്റെ കണ്ണിൽ അന്ന് അങ്ങനെ ഒരു ഭാവം വന്നിട്ടില്ല. അവന്ന് അവളെ അത്രയും വിശ്വാസം ആണ്. ഇതും ആ സെൻസിൽ എടുക്കുന്നു കരുതാം. ഇല്ലെങ്കിൽ എന്താ രണ്ടു കയ്യും നീട്ടി ഞാൻ അവളെ സ്വീകരിക്കും ഇങ്ങോട്ട് കൊണ്ട് വരും അത്ര തന്നെ. അതും പറഞ്ഞു അവൻ റൂമിലേക്ക് കയറി പോയി.

നദീം ഞെട്ടലോടെ അടഞ്ഞ വാതിലേക്ക് നോക്കി. ഇനുവിന്റെ സന്തോഷം കരുതി മാത്രം ആണ് അവൻ അത് സഹിക്കുന്നത്.ഇപ്പോഴും  ഇനുവിനെ ഫൈസിന് കൊടുത്തത് ഇജാസ് പൂർണ്ണമായും അംഗീകരിച്ചിട്ടില്ലെന്ന് അവന്ന് മനസ്സിലായി.

❤❤❤❤❤

രാത്രി ലേറ്റ് ആയാണ് ഫൈസ് വന്നത്. അപ്പോഴേക്കും അവൾ ഉറങ്ങിയിരുന്നു.

അവളുടെ കവിളിൽ കണ്ണുനീർ ഒലിച്ചിറങ്ങിയ പാട് അവൻ കണ്ടു.

അവൻ അവളെ പിടിച്ചു അവന്റെ നെഞ്ചോരം എടുത്തു കിടത്തി.

സോറി ഇനു. വിശ്വാസം ഇല്ലാഞ്ഞിട്ടല്ല. പെട്ടന്ന് കണ്ടപ്പോൾ ഒക്കെക്കൂടി കൻഡ്രോൾ വിട്ടു പോയി. വിശ്വാസം ആണ് ആരെക്കാളും വിശ്വാസം ആണ്.... അവൻ ഒന്നൂടി ചേർത്ത് പിടിച്ചു കിടന്നു. അവൾ ഉറങ്ങിയിരുന്നില്ല. സ്വയം പുച്ഛം തോന്നി അവൾക്ക്. ചെറിയ പേടിയും ഇജുക്കയെ വിശ്വസിക്കാൻ പറ്റില്ല. എന്തെങ്കിലും പ്രോബ്ലം ഉണ്ടായാൽ വീണ്ടും എന്നിൽ അവകാശം പറഞ്ഞു വരും. എല്ലാം ഉപേക്ഷിച്ച കൂടെ വരോന്നു ചോദിച്ചത് പേടിയോടെ ഓർത്തു. അത് കൊണ്ട് എല്ലാം ശരിയാവുന്നത് വരെ സത്യം പറയാതെ നിൽക്കന്ന് അവൾക്ക് തോന്നി.

❤❤❤❤

പിറ്റേന്ന് മൊത്തം ആർക്കും മുഖം കൊടുക്കാതിരിക്കാൻ അവൾ രാവിലെ കടുവയുടെ

വീട്ടിലേക്ക് പോയി. വൈകുന്നേരം തിരിച്ചു വന്നു. ഫൈസ് തടഞ്ഞും ഇല്ല. എല്ലാരേം ഫേസ് ചെയ്യാൻ പേടിയാരുന്നു അവൾക്ക്. ഉമ്മയും ഐ റയും കിട്ടിയ സമയം കുത്തിനോവിച്ചു കൊണ്ടിരുന്നു. വൃത്തികെട്ട രീതിയിൽ പോലും സംസാരിച്ചപ്പോൾ വേദനയോടെ ചെവി കൊട്ടിയടച്ചു. അവിടെ നിന്നും ഇറങ്ങിപ്പോയാലോന്ന് പോലും അവൾക്ക് തോന്നി.

❤️❤️❤️❤️❤️

ജുനൈദ് ബാഗ് പാക്ക് ചെയ്യുന്നത് കണ്ടു ഉമ്മ നോക്കിയത്.

ഇതെന്താ ഇത്ര പെട്ടെന്ന്. നീ നാളെ പോകാന്ന് അല്ലേ പറഞ്ഞത്.

നമ്മൾ ഇന്ന് തന്നെ പോകുന്നു.

അവൻ മുഖം നോക്കാതെ പറഞ്ഞു. അവന്റെ ഇടറിയ ശബ്ദം കേട്ടു ഉമ്മ അവനെ തിരിച്ചു നിർത്തി. കരഞ്ഞു കലങ്ങിയ കണ്ണുകൾ കണ്ടതും അവർ ഭയന്നു.

ഇനുവിന് എന്തെങ്കിലും.  പ്രശ്നം ......

അവൻ അവന്റെ ഫോൺ എടുത്തു അവർക്ക്

കൊടുത്തു. അതിലുള്ള വീഡിയോസ് ഫോട്ടോസ് കണ്ടു അവർ ഞെട്ടലോടെ അവനെ നോക്കി.

ഇനായ അവൾ ചെയ്ത ഈ തെറ്റിന് മാപ്പില്ല ഉമ്മാ . എന്തൊക്കെ ന്യായം നികത്തിയാലും അവൾ ചെയ്തത് തെറ്റ് തന്നെയാണ്. അവൾ കാരണം ഫൈസ് ഇജാസ് എല്ലാരേം മുന്നിൽ നാണം കെട്ടു നിൽക്കേണ്ടി വന്നു. അവന്റെ മുഖം ദേഷ്യം കൊണ്ട് വിറച്ചിരുന്നു.

ട അവൾക്ക് അതൊന്നും ചിന്തിക്കാൻ കഴിയില്ലല്ലോ.....

ഞാൻ വളർത്തിയ എന്റെ മുന്നിൽ വളർന്നവള കണ്ടില്ലെങ്കിലും എനിക്ക് മനസ്സിലാക്കാൻ പറ്റും അവളെ. ഒന്നുകിൽ അവൾ മറ്റാരുടെയോ വാക്ക് കേട്ട് അത് പോലെ പ്രവർത്തിക്കുന്നു ഇല്ലെങ്കിൽ അവൾക്ക് സ്വയം ചിന്തിക്കാൻ ശേഷി വന്നിരിക്കുന്നു. അതാണ് ഈ വീഡിയോ കണ്ടപ്പോ എനിക്ക് മനസ്സിലായത്. രണ്ടാ

യാലും ആപത്താണ് ഉമ്മാ....

❤️❤️❤️❤️❤️

പിറ്റേന്ന് പുറത്തു വലിയ ബഹളം കേട്ടാണ് അവൾ

റൂമിൽ നിന്നും ഇറങ്ങിയത്. നാളെ നൈറ്റ് പാർട്ടി ഉള്ളോണ്ട്  ഐറ യുടെ ഫാമിലിയും അവരെ വേറെയും ക്ലോസ് റിലേറ്റിവ് ഉണ്ടായിരുന്നു അവിടെ ..... ബാബിയുടെ ഡയമൻഡ് നെക്ലെസ് കാണുന്നില്ല. കരഞ്ഞോണ്ട് എല്ലായിടത്തും നോക്കുന്നുണ്ട്. ഇക്കാക്കയും ഉണ്ട് കൂടെ.  ഫൈസ് ഓഫീസിൽ പോയിരുന്നു അപ്പോൾ.....

ഇനി എല്ലാരേം റൂം കൂടി നോക്കാൻ ഉള്ളു. അത് പറഞ്ഞു ഐറ ബാബിയെ നോക്കി.

എല്ലാരേം എന്തിനാ നോക്കുന്നെ ഇവിടെയുള്ള ആരും മോഷ്ടിക്കുകയൊന്നും ഒന്നുമില്ല. പൊന്നും പൈസയും കണ്ട് വളർന്നവർ തന്നെയാണ് എല്ലാവരും. ഉമ്മ പറഞ്ഞു

കുപ്പത്തോട്ടിയിൽ നിന്നും വന്നവർ ഉണ്ട് അതും പറഞ്ഞു ഐറ ഇനുവിനെ നോക്കി.

ഇനുവിന് അത് കേട്ട് ദേഷ്യം ആയിരുന്നു വന്നത്. ഞാൻ ആരുടേയും മോഷ്ടിച്ചിട്ട് ഒന്നും ഇല്ല.വേണമെങ്കിൽ എന്റെ റൂം പരിശോധിച്ച് നോക്കിക്കോ.....

അത് കേട്ടതും ഐറ ബബിയെ കൂട്ടി റൂമിൽ കേറി.

മൊത്തം വലിച്ചു വാരി ഇട്ടു പരതുമ്പോൾ നെഞ്ച് നീറുന്ന വേദന തോന്നി അവൾക്ക്.ഇങ്ങനെ ഒരു അപമാനം ഇത് വരെ ഉണ്ടായിട്ടില്ല.അതും അത്രയും ആൾക്കാരെ മുന്നിൽ വെച്ച്....

ബാബി അവളെ ബാഗിൽ നിന്നും ആ മാല എടുത്തു വരുന്നത് കണ്ടതും അവൾ ഞെട്ടി. ഇതെങ്ങനെ എന്റെ ബാഗിൽ......

ബാബി സത്യം ആയിട്ടും എനിക്ക് അറിയില്ല..... ഇതാരോ മനപ്പൂർവം ചെയ്തത് ആണ്.....

അപ്പോഴാണ് അവരുടെ മോനും റംസിയുടെ മോളും അങ്ങോട്ട് വന്നത്.

ദീദിയ മാല റൂമിൽ നിന്നും എടുത്തത്. ഞങ്ങൾ കണ്ടല്ലോ.....

അവൾ ഞെട്ടി പകച്ചു അവരെ നോക്കി. അവരിൽ നിന്നും അങ്ങനെയൊരു നീക്കം അവൾ പ്രതീക്ഷിച്ചില്ല. ആരെക്കാളും എന്നെ ഇഷ്ടം എന്നും പറഞ്ഞു നടന്ന കുട്ടികള.... മാത്രം അല്ല അവർ കള്ളം പറയുന്ന ടൈപ്പ് കുട്ടികൾ അല്ല. ഇപ്പൊ എന്താ ഇങ്ങനെ കളവ് പറയുന്നത്.

അവർ കള്ളം പറയുന്നതാ ബാബി. ഞാൻ അല്ല എടുത്തത്.

ബാബി പുച്ഛത്തോടെ അവളെ നോക്കി. ഞങ്ങളെ കുട്ടികൾ കള്ളം പറയാറില്ല. വേണമെങ്കിൽ ചോദിച്ചമതിയാരുന്നു ഇനു

എനിക്ക് ഇതൊക്കെ ഭിക്ഷ കൊടുക്കുന്ന അത്രേ ഉള്ളു. കഷ്ടപ്പെട്ട് മോഷ്ടിച്ചത് അല്ലേ ഇത് നീ തന്നെ വെച്ചോ എന്നും പറഞ്ഞു ബലമായി അവളെ കയ്യിൽ വെച്ചു കൊടുത്തു. എന്നിട്ട് പോയി

ഇഷ്ടം ആയിരുന്നെങ്കിൽ ചോദിച്ച മതിയാരുന്നു ഇനു. ഇത് പോലുള്ള നൂറെണ്ണം ഫൈസി വാങ്ങി തന്നേനെ റംസി സങ്കടത്തോടെ അവളെ നോക്കി പറഞ്ഞു.

അത് കേട്ടപ്പോഴാ അവൾ ആകെ തകർന്നത്.

റംസിത സത്യം ആയിട്ടും എനിക്ക് അറിയില്ല..... ഞാൻ ഇത് വരെ മോഷ്ടിച്ചിട്ടില്ല....... അവൾ കരഞ്ഞോണ്ട് പറഞ്ഞു.

ഈ മാല നോക്കിനിൽക്കുന്നത് കണ്ടപ്പോ തന്നെ തോന്നിയതാണ്..... നിനക്ക് വേണമെങ്കിൽ ഫൈസിയോട് ചോദിച്ചമതിയാരുന്നു. അതെങ്ങനെ

പഠിച്ച ശീലം അല്ലേ ചെയ്യൂ..... അല്ല നീ മാത്രം ആണോ അതോ വീട്ടുകാർ മൊത്തം അങ്ങനെ ആണോ...... ഉമ്മാന്റെ വാക്കുകൾ ചാട്ടുളി പോലെ അവളെ പൊതിഞ്ഞു.

അവൾക്ക് ഒരു അബദ്ധം പറ്റി. ഇനി ഇതും കുത്തി പൊക്കി പ്രശ്നം ആക്കണ്ട ഫൈസി അറിഞ്ഞ അവന്ന് വിഷമം ആകും. അവൾക്ക് ഇഷ്ടപെട്ടെങ്കിൽ അവൾ എടുത്തോട്ടെ അത്. ഞാൻ വേറെ വാങ്ങി കൊടുത്തോളം.വിട്ടേക്ക് ഇനി ഇക്കാക്കയും അത് പറഞ്ഞു പോയി.

ഞാൻ അല്ല അത് ചെയ്തത്......ഇന്ന് വരെ ഞാൻ ആരുടേയും മോഷ്ടിച്ചിട്ട് ഇല്ല അവൾ പൊട്ടികരഞ്ഞോണ്ട് എല്ലാരേം നോക്കി. കുട്ടികൾ പറഞ്ഞോണ്ട് ആരും വിശ്വസിക്കില്ലെന്ന് അവൾക്ക് അറിയാരുന്നു. ബാക്കി ഗസ്റ്റ് ഒക്കെ സഹതാപത്തോടെയും പുച്ഛത്തോടെയും നോക്കുന്നത് കണ്ടു. ഫൈസിയുടെ സ്റ്റാറ്റസ് എങ്കിലും നോക്കണ്ടേ..... പാവപ്പെട്ട വീട്ടിലെ അല്ലേ കണ്ടപ്പോ മോഹം തോന്നിട്ട് ഉണ്ടാകും. എന്തായാലും നാണക്കേട് ആയി. ഫൈസി അറിഞ്ഞ എങ്ങനെ എല്ലാരേം മുഖത്ത് നോക്കുക.... എല്ലാവരും ഓരോന്ന്

പറഞ്ഞു പോകുന്നത് അവൾ കേട്ടു.അവൾക്ക് മരിച്ച മതീന്ന് പോലും തോന്നി. ചെയ്യാത്ത തെറ്റിന് എല്ലാരേം മുന്നിൽ നാണം കെട്ടു നിന്നത് അവളെ കൂടുതൽ വേദനിപ്പിച്ചു.

അവൾ നിലത്തു ഊർന്നിരുന്നു മുഖം പൊത്തി പൊട്ടികരഞ്ഞു.

കുറച്ചു കഴിഞ്ഞു കുട്ടികൾ അങ്ങോട്ട് വന്നു .

അവളെ ആരോ തോണ്ടി വിളിക്കുന്നത് കണ്ടു അവൾ മുഖം ഉയർത്തി. റംസിയുടെ മോൾ കണ്ണീർ തുടച്ചു.

ദീദി എന്തിനാ കരയുന്നെ. ഞങ്ങൾ അങ്ങനെ പറഞ്ഞോണ്ട് ദീദി ഈ ഗെമിൽ ജയിച്ചില്ലേ. ദീദി ജയിക്കാൻ അല്ലേ ഞങ്ങൾ അങ്ങനെ പറഞ്ഞത്.

ഗൈമിൽ ജയിക്കാനോ..... അവൾ കണ്ണ് തുടച്ചു അവരെ നോക്കി.

ഐറ ആന്റിയും ഉമ്മാമ്മയും പറഞ്ഞല്ലോ അങ്ങനെ..... ഞങ്ങൾ ഇങ്ങനെ പറഞ്ഞ ദീദി ജയിക്കും അല്ലെങ്കിൽ തോക്കുന്നു. ജയിക്കാൻ അല്ലേ ഞങ്ങൾ പറഞ്ഞത്.

അവൾക്ക് കാര്യം മനസ്സിലായിരുന്നു.

പിന്നെന്തിന കരയുന്നെ. ഞങ്ങൾക്കും കരച്ചിൽ വരും.......അവർ അവളെ കെട്ടിപിടിച്ചു കവിളിൽ കിസ്സ് കൊടുത്തു.

ഉമ്മ അങ്ങോട്ട് വരുന്നത് കണ്ടു.

നിങ്ങൾ പോയി കളിച്ചോ ദീദി കരയില്ല. ദീദി തന്നെ ജയിച്ചത് മനസ്സിൽ പൊട്ടിവരുന്ന കരച്ചിൽ അടക്കി അവൾ മുഖം തുടച്ചു അവരോട് പോകാൻ പറഞ്ഞു.

നീ സത്യം തെളിയിക്കാൻ കുട്ടികളെ പോയി കണ്ടാൽ പിന്നെ ഒരിക്കലും നീ അവരെ കാണില്ല.അറിയാലോ എന്നെ ഭീഷണിയോടെ അവളെ നോക്കി പറഞ്ഞു

എന്തിനാ ഇങ്ങനെ ദ്രോഹിക്കുന്നെ..... എന്നോട് ചെയ്തതെല്ലാം ഞാൻ തിരിച്ചു ഒരു വാക്ക് പോലും പറയാതെ കേട്ടു നിന്നിട്ടെ ഉള്ളു. ഒരു പരാതിയും എനിക്കില്ല എന്റെ റംസിയോടെങ്കിലും സത്യം പറഞ്ഞുടെ ഉമ്മാ.... എനിക്ക് വേറൊന്നും വേണ്ട. എന്ത് വേണമെങ്കിലും ഞാൻ ചെയ്തോളാം. അവൾ അവരെ മുന്നിൽ കൈകൂപ്പി.

ഇത്രയും നാണം കെട്ടു ഇവിടെ കഴിയുന്നതിനേക്കാൾ ഇറങ്ങി പൊക്കൂടെ നിനക്ക്...... ഈ വീട്ടിൽ കയറി വരാനും ഫൈസിയെ കല്യാണം കഴിക്കാനും എന്ത്

യോഗ്യതയാ നിനക്ക് ഉള്ളത്........ പുച്ഛത്തോടെ ഉമ്മ പറഞ്ഞു.

ഫൈസി നിങ്ങളെ ജീവനോളം സ്നേഹിക്കുന്നു.ഞാൻ കാരണം നിങ്ങൾ തമ്മിൽ തെറ്റരുതെന്ന്കരുതിയ മിണ്ടാതിരിക്കുന്നെ. അത് തന്നെ ഞാൻ ഇപ്പോഴും എല്ലാം സഹിച്ചു ഇവിടെ കഴിയുന്നെ. അവൾ അതും പറഞ്ഞു മാല വലിച്ചെറിഞ്ഞു റൂമിൽ കേറി വാതിൽ വലിച്ചടച്ചു. കരഞ്ഞു കൊണ്ട് വാതിലിൽ ഊർന്നു നിലത്തേക് ഇരുന്നു.

എന്തൊക്കെ ചെയ്താലും ഇവൾ ഇവിടെ നിന്നും ഇറങ്ങിപോകുന്നില്ലല്ലോ അവർ നെറ്റിയിൽ അടിച്ചു പിറുപിറുത്തു.

നാളത്തെ ഫൻക്ഷൻ കഴിഞ്ഞ അവൾ ഇവിടെ ഉണ്ടാവില്ല. നമ്മൾ ഒന്നും ചെയ്തില്ലെങ്കിലും ഫൈസ് തന്നെ അവളെ വേണ്ടെന്നു പറയും.  ഐറ അതും പറഞ്ഞു പോയി. ഉമ്മാന്റെ മുഖത്തും എന്തൊക്കെയോ ഗൂഢമായ ചിരി ഉണ്ടായിരുന്നു.

❤️ 💔 INVISIBLE LOVE 💔❤️

Love after💘 marriage story(പാർട്ട് 60)

നിലത്തുകിടക്കുന്ന ഇനുവിനെ ഫൈസ് കൈകളിൽ കോരി എടുത്തു . തണുത്ത ഫ്ലോറിൽ കിടന്നോണ്ട് അവളുടെ  ദേഹത്തും തണുപ്പ് പടർന്നിരുന്നു. അവൻ

എടുത്തപ്പോൾ അവന്റെ ദേഹത്തെ ചൂട് തട്ടിയൊണ്ട് ആവണം കൂടുതൽ ചെർന്നു നിന്നു കൈകകളിൽ ചുരുണ്ടു കൂടി. അത് കണ്ട് അവന്റെ ചുണ്ടിൽ ഒരു പുഞ്ചിരി വിടർന്നു. അവൻ ബെഡിൽ കിടത്താൻ നോക്കിയെങ്കിലും അവൾ അവന്റെ ഷർട്ട് മുറുകെ പിടിച്ചിരുന്നു.അവനും അവളുടെ കൂടെ അങ്ങനെ തന്നെ ബെഡിൽ കിടന്നു

അവൾ അപ്പൊ തന്നെ പതിവ് പോലെ കയ്യും കാലും ദേഹത്തു കയറ്റി വെച്ചു കിടന്നു. കഴിഞ്ഞ ജന്മത്തിൽ വനരൻ ആയിരുന്നുന്നാ തോന്നുന്നേ അവൻ ചിരിയോടെ പറഞ്ഞിട്ട് കാൽ എടുത്തു മാറ്റാൻ നോക്കിയതും അവന്റെ ദേഹത്ത് കയറി കിടന്നു കഴുത്തിൽ മുഖം പൂഴ്ത്തി കെട്ടിപിടിച്ചു കിടന്നു.

മനുഷ്യനെ വഴി തെറ്റിക്കാൻ ഓരോന്ന് ആയി വന്നോളും കുരിപ്പ്. അല്ലെങ്കിലേ എങ്ങനെ കൺട്രോൾ ചെയ്യുന്നുന്ന് എനിക്ക് തന്നെ അറിയില്ല.

ചിന്തകൾ പല വഴിക്ക് പോയതും കൈ വിട്ടു പോകുന്നു തോന്നി അവൻ അവളെ കെട്ടിപിടിച്ചു മുറുക്കെ കണ്ണടച്ച് കിടന്നു. പിന്നീടെപ്പോഴോ അവനും ഉറക്കിലേക്ക് വീണു.

അവൾ ഉറക്കം ഞെട്ടി കണ്ണ് തുറന്നു.   അവന്റെ ദേഹത്ത് കേറി കിടന്നിട്ട് ഉള്ളത് അത് മനസ്സിലാക്കിയതും അവൾ ഞെട്ടി എഴുന്നേൽക്കാൻ നോക്കി. അതെ പോലെ അവന്റെ ദേഹത്തേക്ക് തന്നെ വീണു. കാരണം അവൻ അവളെ കൈകൊണ്ട് മുറുക്കെ വരിഞ്ഞു പിടിച്ചിരുന്നു.

വൈകുന്നേരം ആ പ്രശ്നം കഴിഞ്ഞു റൂമിൽ കേറി വാതിൽ അടച്ചതാ. ഇരുന്ന ഇരുപ്പിൽ നിന്നും എഴുന്നേറ്റിട്ട് കൂടി ഇല്ലായിരുന്നു.രാത്രി ഫുഡ് കഴിക്കാൻ റംസി വന്നു വിളിച്ചപ്പോഴും അവൾ പോയില്ല. പിന്നെ എപ്പോഴാ ഉറങ്ങിയെന്നു പോലും ഓർമയില്ല. എല്ലാവരെ മുന്നിലും കള്ളിയായി നിൽക്കേണ്ടത് വന്നത് അപ്പോഴും അവളുടെ നെഞ്ച് നീറുന്നുണ്ടായിരുന്നു. അവന്റെ ഹൃദയതാളം കേട്ടു അങ്ങനെ തന്നെ നിന്നു കുറച്ചു സമയം. അവളുടെ മനസ്സും ശരീരവും ശാന്തമാകുന്നത് അവൾ അറിഞ്ഞു.

പിന്നെ നെഞ്ചിൽ മുഖം കുത്തിവെച്ചു അവന്റെ മുഖത്തോട്ട് തന്നെ നോക്കി..... എന്ത് മന്ത്രികതയാണ് ഫൈസ് ഇത്. നിന്റെ ഓരോ നോട്ടം പോലും എന്നിലെ വികാരങ്ങളെ മാറ്റി മറിക്കുന്നു. എല്ലാ സങ്കടവും എവിടെയോ പോയി ഒളിക്കുന്നു അവന്റെ മുഖത്തോടെ വിരലുകൾ ഓടിച്ചു. കട്ടികൂടിയ പിരികം...... ചെറിയ കുഞ്ഞിക്കണ്ണുകൾ......നീണ്ട മൂക്ക്...... ഇളം റോസ് നിറത്തിലുള്ള ചുണ്ടുകൾ....... എന്ത് സോഫ്റ്റ് ആണ് നിന്റെ ചുണ്ടുകൾ...... നിന്നേ പോലെ തന്നെ പറയുന്നതിന്ന് അനുസരിച്ചു അവളുടെ വിരലുകളും അവന്റെ മുഖത്തൂടെ ഓടിക്കുന്നുണ്ടായിരുന്നു. എന്ത് മൊഞ്ചടോ കൊരങ്ങാ നിന്നെ കാണാൻ

കൊരങ്ങൻ നിന്റെ ജുനു പോയി വിളിക്കെടി നീലക്കണ്ണി......

അവൾ ഞെട്ടലോടെ അവനെ നോക്കി.

ഉറങ്ങിയിട്ടില്ലേ പിശാജ്. പറഞ്ഞതെല്ലാം കേട്ടോ ഇനി.അവൾ ബ്ലഷ് അടിച്ചു നിന്നു

നല്ല വെടിപ്പായിട്ട് കെട്ടു. നീ ഇപ്പൊ പറഞ്ഞത് കേട്ടു. ആരാടീ പിശാജ്......

അതും എന്റെ ജുനു തന്നെ. അതല്ലേ പറയാൻ വന്നത് അവൾ ചമ്മലോടെ പറഞ്ഞു. അവൻ ഒന്ന് ചിരിച്ചു.

നിനക്ക് ഇന്ന് എന്താ പറ്റിയത്.ഇത്രയും വലിയ ബെഡ് ഉണ്ടായിട്ടും നിലത്തു കിടന്നു ഉറങ്ങിയത്.....

അപ്പോഴാ അവളും അതോർത്തത്. ഡോർ ലോക്ക് ആയിരുന്നല്ലോ ഫൈസ് എങ്ങനെ അകത്തെത്തി.... അവൾ അതും ചോദിച്ചു എഴുന്നേൽക്കാൻ നോക്കിയതും അവൻ ബലമായി പിടിച്ചു കിടത്തി.

ഞാൻ വന്നു കുറെ വിളിച്ചു. തുറന്നില്ല. വാതിൽ ലോക്ക് ആയിരുന്നു. പിന്നെ ചെറിയ പേടി തോന്നി ബാൽക്കണി വഴി കേറി. അതിന്റെ സ്പയർ കീ എന്റെൽ ഉണ്ട്. വന്നപ്പോൾ നീ നിലത്തു കിടക്കാരുന്നു.

തലവേദന എടുത്തു പെട്ടന്ന് അതാ ഉറങ്ങിപോയി നിലത്തു തന്നെ.....

ഇനി റൂം ലോക്ക് ചെയ്യരുത് കേട്ടല്ലോ. എന്തോരം പേടിച്ചെന്ന് അറിയോ..... റൂമിലെത്തുന്നത് വരെ പേടിച്ചു വിറക്കരുന്നു.

അവൾ ഒന്ന് ചിരിക്കുക മാത്രം ചെയ്തു.

പ്രശ്നം ഒന്നും അവൻ അറിഞ്ഞിട്ടില്ല സമാധാനം. ഇവന്റെ മുന്നിൽ കൂടി കള്ളിയായി നിൽക്കാൻ വയ്യ. അവളുടെ കണ്ണ് നിറഞ്ഞു.

എന്താടി ഇപ്പോഴും വേദനയുണ്ടോ......

ഇല്ല..... നീയെന്താ ഡ്രസ്സ് പോലും മാറാതെ കിടന്നത്.... അവൾ വിഷയം മാറ്റി.

നിന്നെ എടുത്തു കിടത്തിയപ്പോ നീ വിട്ടില്ല. പിന്നെ അങ്ങനെ തന്നെ കിടന്നു. മാത്രം അല്ല കുളിച്ചിട്ട് ഡ്രസ്സ് മാറിയിട്ട് ആരായിപ്പോ നന്നായത്.......

എന്റെ ഡയലോഗ്..... അവളുടെ മുഖത്ത് ചിരി വിരിഞ്ഞു.

വിയർപ്പ് നാറിയിട്ട് വയ്യ അവൾ മൂക്ക് പിടിക്കുന്ന പോലെ ചെയ്തു.

ഇത്രയും നേരം ഒരു കുഴപ്പം ഇല്ലല്ലോ കുരിപ്പേ. അവൻ മുഖം ചുളിച്ചു....

അന്നേരം ഉറക്കം അല്ലേ അറിഞ്ഞില്ലല്ലോ അവൾ മുഖം ചുളിച്ചോണ്ട് പറഞ്ഞു.

അവളെ തിരിഞ്ഞു കിടന്നു ബെഡിൽ കിടത്തി അവൻ എഴുന്നേൽക്കാൻ പോയതും അവൾ കയ്യിൽ പിടിച്ചു.

എങ്ങോട്ട് പോവ്വാ....

ഇനി എന്റെ നാറ്റം കൊണ്ട് ആരും ഉറങ്ങാതിരിക്കണ്ട. ഞാൻ പോയി കുളിച്ചിട്ട് വന്നോളാം......

കുളിച്ചിട്ട് ആര് നന്നാവാനാ മോനെ.... വന്നു കിടക്കാൻ നോക്ക് അവൾ പറയാളോട് കൂടി കയ്യിൽ പിടിച്ചു വലിച്ചു. അവൻ ബെഡിലേക്ക് വീണു.

പോടീ..... നിന്നെപ്പോലല്ല ഞാൻ.... എനിക്കിത്തിരി വൃത്തിയും വെടിപ്പും കൂടുതലാ..... ഞാൻ ഉറങ്ങിപോയതാ നേരത്തെ.അവൻ എഴുന്നേൽക്കാൻ നോക്കിയതും അവന്റെ നെഞ്ചിൽ തല വെച്ചു കിടന്നു കെട്ടിപിടിച്ചു.

ഇപ്പൊ നാറ്റം ഒന്നും ഇല്ലേ അവളുടെ കിടപ്പ്

കണ്ടു ചോദിച്ചു.

ഞാൻ ചുമ്മാ പറഞ്ഞതാടോ....... അവൾ ഒന്നൂടി മുറുക്കെ പിടിച്ചു കിടന്നു.

അപ്പൊ കുളിക്കണ്ടേ......

നീ കുളിച്ചു വൃത്തിയായിയിട്ട് കുളിക്കാത്ത എന്റെ കൂടല്ലേ കിടക്കണ്ടേ. പിന്നെന്തിനാ വെറുതെ നട്ടപാതിരക്ക് വെള്ളം സോപ്പ് വേസ്റ്റ് ആക്കുന്നേ.......

എന്തിന്റെ കുഞ്ഞടി നീ.......

അത് ജുനുവും ഇടക്കിടക്ക് ചോദിക്കൽ ഉണ്ട് അവൾ ചിരിയോടെ പറഞ്ഞു.

ആ ചിരി അവനിലേക്കും പടർന്നു....

ചുമ്മാ ഓരോന്ന് സംസാരിച്ചു ഇരുന്നു അവർ ഉറക്കിലേക്ക് വീണു.

❤️❤️❤️❤️❤️

രാവിലെ ശഹിക്ക് ടാബ്ലറ്റ് കൊടുക്കുമ്പോഴാ ആരോ വാതിൽ വലിച്ചടച്ചു റൂമിലേക്ക് കയറി വന്നത്. അവർ തിരിഞ്ഞു നോക്കി ഇജാസ്...

ഹ വന്നല്ലോ ഇനായ മെഹവിഷിന്റെ കാമുകൻ ശഹി ചിരിയോടെ കണ്ടപാടേ പറഞ്ഞു..

പക്ഷേ ഇജുവിന്റെ ദേഷ്യം പിടിച്ച മുഖം കണ്ടതും അവന്റെ മുഖത്തെ ചിരി മാഞ്ഞു.

ബയ്യ എന്താ ഇത്ര രാവിലെ..... അത് പറഞ്ഞു

തീരുന്നതിന്ന് മുന്നേ അവളുടെ മുഖത്ത് അടി വീനിരുന്നു.... രണ്ടാളും ഞെട്ടലോടെ അവളെ നോക്കി. അവളെ ഇരു കരണത്തും മാറി മാറി അടിച്ചു ഇജാസ്.

ശഹി ഞെട്ടിപിടഞ്ഞു എഴുന്നേറ്റു അവനെ പിടിച്ചു മാറ്റി. അവന്ന് ശരീരം നല്ല വേദന ഉണ്ടായിരുന്നു.

നിർത് ഇജുക്ക എന്തിനാ തല്ലുന്നേ...

ഇവളാട രണ്ടു അറ്റംറ്റിന് പിന്നിലും..... നിനക്ക് എങ്ങനെ തോന്നിയടി ഈ ദ്രോഹം ചെയ്യാൻ..... ഫൈസിനെ കൊല്ലാൻ നോക്കിയത് എന്തിനാ.... പറയടി പുല്ലേ..... അവളുടെ കഴുത്തിൽ പിടിച്ചതും ശഹി തടഞ്ഞു.....

നീ മാറിനിൽക്ക് ശഹി..... ഈ പുന്നാര മോളെ ഞാൻ ഇന്ന് കൊല്ലും....  പറഞ്ഞതല്ലേ ഇനയയെ നോട്ടം കൊണ്ട് പോലും ദ്രോഹിക്കരുതെന്ന്...... ഇന്ന് നിന്റെ സ്ഥാനത് എന്റെ ഇനു അല്ലായിരുന്നോ കിടക്കുക......

അവൾ ഷഹിയെ മുന്നിൽ നിന്നും മാറ്റി.

ഞാൻ അല്ല ഇത് ചെയ്തത്...... ആദ്യത്തെത് മാത്രം ഞാൻ ചെയ്തുള്ളു അവൾ നിന്നു കിതച്ചോണ്ട് പറഞ്ഞു....

കള്ളം പറയുന്നോ..... എന്റെൽ തെളിവുകൾ ഉണ്ട് അവൻ വീണ്ടും തല്ലാൻ നോക്കി.

എനിക്ക് പറയാനുള്ളത് ഞാൻ പറയട്ടെ എന്നിട്ട് എന്നെ കൊല്ലുകയോ എന്താന്ന് വെച്ച ചെയ്തോ...

എന്ന പറയെടി..... ഫൈസിനെ കൊന്നാൽ നിന്റെ ബയ്യക്ക് അവളെ കിട്ടുന്നു കരുതി ചെയ്ത സഹായം ആണോ ഇതൊക്കെ അവൻ പുച്ഛത്തോടെ ചോദിച്ചു.

അല്ല.... ഇജുക്ക അറിയാത്ത പല കാര്യങ്ങളും ഉണ്ട്. ശഹി ഇജുക്കയോട് മറച്ചു വെച്ച പല രഹസ്യങ്ങൾ...... പലപ്പോഴായി എന്നോട് പറഞ്ഞു കരഞ്ഞ ചില സങ്കടങ്ങൾ.... ഇജുക്ക കരുതുന്ന പോലെ ബബിസ അവിടെ സേഫ് അല്ല. അവൾ അന്ന് കോളേജിൽ വെച്ച് ഇനുവും റാനിയും സംസാരിച്ച വീഡിയോ ഇജാസിന് കാണിച്ചു കൊടുത്തു. ഇന്നലെ മാല മോഷ്ടിച്ചിട്ടില്ലെന്ന് പറഞ്ഞു ഉമ്മാന്റെ മുന്നിൽ കൈകൂപ്പുന്ന വീഡിയോ വരെ അതിൽ ഉണ്ടായിരുന്നു. അവന്റെ കണ്ണിൽ നിന്നും കണ്ണുനീർ ഫോണിൽ ഇറ്റി വീണു. തളർച്ചയോടെ ബെഡിൽ ഇരുന്നു അവൻ.

എന്തിനാ ശഹി..... നീയിതൊക്കെ മറച്ചു വെച്ചത്... അവൻ വേദനയോടെ നോക്കി ചോദിച്ചു.

അവൻ ശഹിയെ നോക്കി..... ശഹി തലതാഴ്ത്തി.

ഷഹികക്ക് റാന്നി ആയി സംസാരിച്ചതെ അറിയൂ. അത് പറഞ്ഞു അവൻ കരഞ്ഞപ്പോൾ എനിക്ക് തോന്നി അവൾക്ക് ഫൈസ് വേണ്ടെന്നു അതിന്ന് വേണ്ടി ഐറയുമായി കൂട്ടുക്കൂടി ഞാൻ.

ആദ്യത്തെ കൊട്ടേഷൻ കൊടുത്തത് അവൾ പറഞ്ഞു കൊടുത്തു. ശഹി വിവാഹത്തിന് സമ്മതിക്കന്ന് പറഞ്ഞപ്പോ ഞാൻ പിന്നെ ഒന്നും ചെയ്തിട്ടില്ല. പിന്നെ

ഫൈസിയെ ഉപദ്രവിച്ചത് ആരാന്ന് അറിയില്ല. ഐറ കൊടുത്ത പൈസക്ക് എന്നെ സന്തോഷിപ്പിക്കാൻ ഈ വീഡിയോ ഒക്കെ അയച്ചു തന്നു. നാട്ടിൽ എത്തിയതും അവൾക്ക് പണി ഞാൻ തന്നെ കൊടുക്കാന്നു കരുതി.

രണ്ടാമത്തെ കൊട്ടേഷനും ഐറയുടെ ആയിരിക്കും....... ഇജാസ് ആലോചനയോടെ പറഞ്ഞു.

അപ്പോഴാണ് ഐറയുടെ കാൾ വന്നത് അവളേ് എടുത്തു ലൗഡിൽ ഇടാൻ പറഞ്ഞു ഇജു

ഇന്നത്തെ പാർട്ടിയിൽ ടാർഗറ്റ് ചെയ്തത് ഇനുവിനെ ആണ്.  അവൾ പ്ലാൻ സന്തോഷത്തോടെ പറഞ്ഞത് കേട്ട് രക്തം തിളക്കുന്നുണ്ടായിരുന്നു മൂന്ന് പേർക്കും.ഇപ്പോഴത്തെയും പോലെ അവളെ സപ്പോർട്ട് ചെയ്തു പറഞ്ഞു ഫോൺകട്ട് ചെയ്തു.

ഇജുക്ക എന്താ ചെയ്യാ ഇനി. ശഹി പേടിയോടെ അവനെ നോക്കി.

 വൈദ്യൻ കല്പിച്ചതും പാല് രോഗി ഇച്ഛിച്ചതും പാല് അതും പറഞ്ഞു അവൻ പുഞ്ചിരിച്ചു.

ശഹിയുടെ ഉള്ളിലൂടെ മിന്നൽ പിണർ പാഞ്ഞു.വേണ്ട ഇജുക്ക. അവൾ ക്ക് ഫൈസിയെ ഇഷ്ടം ആണ്. വെറുതെ വിട്ടേക്ക് ശഹി അവന്റെ കയ്യിൽ പിടിച്ചു.

ഇഷ്ടം..... അവന്റെ മുഖത്ത് ക്രൂര ഭാവം പടർന്നു. കണ്ണുകൾ രക്ത വർണ്ണമായി.

ഇതൊന്നും ഫൈസ് അറിയാതെ ആണെന്ന് ആണോ നിങ്ങൾ വിശ്വസിക്കുന്നത്..... ഒരിക്കലും അല്ല ഇത്രയും സംഭവങ്ങൾ ആ വീട്ടിൽ നടന്നിട്ടും ഫൈസ് അറിഞ്ഞില്ല എന്ന് പറഞ്ഞാൽ അത് വിശ്വസിക്കാൻ മാത്രം പൊട്ടനല്ല ഞാനും. നിങ്ങളെയൊക്കെ വാക്ക്

കേട്ടു അവളെ വിട്ടുകൊടുത്ത ഞാൻ ആണ് തെറ്റ് കാരൻ ആ തെറ്റ് ഞാൻ ഇന്ന് തിരുത്തും. നാളെ രാവിലെ ഇനായ കണ്ണ് തുറക്കുന്നത് ജന്നത് ഹൌസിൽ ആയിരിക്കും...... അവൾ അനുഭവിച്ചതിന്ന് ഓക്കെ പകരം വീട്ടിയിരിക്കും ഞാൻ ...... അത് പറയുമ്പോൾ അവന്റെ മുഖം വലിഞ്ഞു മുറുകിയിരുന്നു.

ഇജാസ് കൊടുംകാറ്റ് പോലെ റൂമിൽ നിന്നും ഇറങ്ങിപ്പോയി.

ഇനി എന്താ സംഭവിക്കാ. ഇജുക്കന്റെ പ്ലാൻ എന്താ അവൾ ആദിയോടെ അവനെ നോക്കി.

അവൻ ഇജുവിന്റെ പ്ലാൻ പറഞ്ഞു കൊടുത്തു. പേടിയോടെ തലമുടി കൊരുത് പിടിച്ചു.

നീ നദീംമിനെ വിളിക്ക്. എങ്ങനെയും ഇജുക്കനെ തടഞ്ഞേ പറ്റു.

ഇല്ല..... ആ പുട്ടി മോൾക്കും തള്ളക്കും രണ്ടു പൊട്ടിക്കണം..... നാളെ കലാശക്കൊട്ട് നടക്കുക തന്നെ വേണം

അവളെ നോക്കിയപ്പോൾ മുഖത്ത് led ബൾബ്

പോലെ സന്തോഷം.

അവളുടെ തലക്കിട്ടു നല്ലൊരു ചോട്ട് കൊടുത്തു ശഹി.....

പുര കത്തുമ്പോൾ എങ്ങനെ വാഴ വെട്ടുന്നു ആലോചിക്കുന്നോ പിശാജേ....

ബബിസായെ കിട്ടിയാലോ ചിലപ്പോൾ ..... എന്റെ ബയ്യ സ്നേഹിക്കുന്ന പോലെ ആർക്കും പറ്റില്ല അവളെ സ്നേഹിക്കാൻ.... അവളുടെ ശബ്ദം ഇടറിയിരുന്നു. അവൻ വേദനയോടെ അവളെ നോക്കി.

❤❤❤❤❤❤❤

ഒരു പർപ്പിൽ കളർ ലഹങ്ക ആയിരുന്നു ഫൈസ് അവൾക്ക് വേണ്ടി എടുത്തത്. അതിൽ അവൾ സുന്ദരി ആയിരിക്കുമെന്ന് അവന്ന് തോന്നി. അവളെ ഒരുക്കാൻ ഒരു ബ്യൂട്ടീഷ്യനെ അവൻ ഏർപ്പാട് ആക്കിയിരുന്നു. അവൾ

ഫുൾ ടൈം റൂമിൽ തന്നെ ആയിരുന്നു. ആരെയും ഫേസ് ചെയ്യാനുള്ള ധൈര്യം അവൾക്ക് ഉണ്ടായിരുന്നില്ല. ഐറയുടെ കയ്യിൽ ആയിരുന്നു

ഫൈസ് അവൾക്കുള്ള ഡ്രസ്സ് എടുത്തു കൊടുത്തത്........ ഐറ അത് മാറ്റി അവളുടെ കയ്യിലുള്ള പാക്കറ്റ് വെച്ചു.

❤❤❤❤❤

ഒരുങ്ങിയിറങ്ങി വരുന്ന ഇനുവിനെ കണ്ടു ഫൈസ് മാത്രം അല്ല എല്ലാവരും ഞെട്ടിയിരുന്നു. അവൾ  പിങ്ക് കളർ സാരി ആയിരുന്നു ഉടുത്തത്. നന്നായി ഞൊറിഞ്ഞു ഉടുത്തു വൺ പ്ലീറ്റ് ആയി പിറകിലൂടെ സാരി കയ്യിൽ ഒതുക്കി നടന്നു വരുന്ന അവളെ കണ്ടു അവൻ വാ തുറന്നു നിന്നു. സാരിയിൽ കുട്ടിത്തം മാറി നല്ല പക്വതയും തോന്നിച്ചിരുന്നു. ആദ്യം ആയി സാരി ഉടുത്ത ഒരു പകപ്പ് അവളിൽ ഉണ്ടായിരുന്നു. വല്ലാത്തൊരു വശ്യത തോന്നി അവന്ന് അവളിൽ..... കെട്ടിപിടിച്ചു കിസ്സ് അടിക്കാൻ തോന്നിയ മോഹത്തെ അവൻ ഉള്ളിൽ ഒതുക്കി.

പാർടിക്ക് പോകാത്ത അവളെയും കെട്ടിപിടിച്ചു റൂമിൽ ഇരിക്കാൻ തോന്നുന്നു അല്ലേ..... സമി അവന്റെ ചെവിട്ടിൽ ചോദിച്ചു.

നിനക്ക് എങ്ങനെ മനസ്സിലായി അവളിൽ നിന്നും കണ്ണെടുക്കാതെ അവൻ തിരിച്ചു ചോദിച്ചു.

വായും പൊളിച്ചു നില്കുന്നത് കണ്ടപ്പോൾ തോന്നി. സ്വന്തം പ്രോപ്പർട്ടി തന്നെ അല്ലേ കോപ്പേ ഒന്ന് മയത്തിൽ ചോരയൂറ്റ്.

അവൻ ഇളിച്ചോണ്ട് സമിയെ നോക്കി.

അടുത്തുള്ള ഒരു ഹോട്ടലിൽ ആയിരുന്നു

പാർട്ടി അർറേൻജ് ചെയ്തത്. അവൻ അവളെയും കൂട്ടി കാറിൽ കയറി.

ഇതേതാ സാരി.....

സാരി എന്തിനാ എടുത്തേ.... രണ്ടു പേരും ഒന്നിച്ചു ആയിരുന്നു ചോദിച്ചത്...

ഞാൻ അല്ല.... അവൻ കൈമലർത്തി എന്നാപ്പിന്നെ റംസിയുടെ പണി ആയിരിക്കും അവർ പരസ്പരം അങ്ങനെ കരുതി.

ഞാൻ എടുത്ത ഡ്രെസ്സിനെക്കാൾ നല്ലത് തന്നെ ഇത്. നിനക്ക് നന്നായി ചേരുന്നുണ്ട്

അവളുടെ ചുണ്ടിൽ ഒരു ചെറു പുഞ്ചിരി വിരിഞ്ഞു. പക്ഷെ അവനെ തന്നെ നോക്കിനിന്നപ്പോൾ നെഞ്ചിൽ ഒരു വേദനയും പടർന്നിരുന്നു. നിനക്ക് ഞാൻ ചേരില്ല ഫൈസ്. ഒരു ജീവിതം

പൂർണ്ണമാവുന്നത് ഒരു കുഞ്ഞു കൂടി ആ ജീവിതത്തിൽ വരുമ്പോഴാണ്. മാതൃത്വം തന്നെയാണ് ഒരു പെണ്ണിന് വേണ്ടതും..... പക്ഷേ ഇവനെ വിട്ടു പോകാൻ തനിക്ക് കഴിയോ അതും ഇല്ല ..... അവൾക്ക് തന്റെ സ്വാർത്ഥത ഓർത്തു സ്വയം പുച്ഛം തോന്നി

നിറഞ്ഞ കണ്ണുകൾ അവൻ കാണാതിരിക്കാൻ പുറത്തേക്ക് നോക്കി നിന്നു.

❤️❤️❤️❤️❤️

ഫൈസിയുടെ മുഴുവൻ ഫാമിലിയും കുറച്ചു മീഡിയാസ് പാർടിക്ക് വന്ന പലരും ഉണ്ടായിരുന്നു റൂമിന് മുന്നിൽ.....

എന്താ ഇവിടെ പ്രോബ്ലം...... ഗൗരവത്തോടെയുള്ള ഉയർന്ന ശബ്ദം കേട്ടതും എല്ലാരും തിരിഞ്ഞു നോക്കി. ഫൈസ്......

സാറിന്റെ വൈഫിന്റെ ഒരു ഇന്റർവ്യൂ കിട്ടുമോന്ന് അറിയാൻ മാടത്തോട് ചോദിക്കാൻ വന്നതാണ്. വാതിൽ തുറക്കാത്തൊണ്ട ചെറിയ ഭയം തോന്നി എല്ലാരേയും വിളിച്ചത്...... ഒരു ഗേൾ വന്നു പറഞ്ഞു..... അവൾ മീഡിയയിൽ വർക്ക്

ചെയ്യുന്നതാണെന്ന് അവന്ന് തോന്നി. പിന്നിൽ ക്യാമറ തൂക്കി ഒരുത്തൻ കൂടി ഉണ്ട്....

പിന്നിൽ വേറെയും മീഡിയാസ് കണ്ടു ചെറിയ ഭയം ഉടലെടുത്തു അവനിൽ......

എന്റെ വൈഫ് പാർട്ടി ഹാളിൽ ആണ്. ഇവിടെ ഉണ്ടെന്ന് ആര് പറഞ്ഞു.

മാഡം വരുന്നത് കണ്ടന് ഞാനും പിറകെ വന്നത്......

അവൻ വാതിൽ മുട്ടി.... ആരൊക്കെയോ മുട്ടി വിളിക്കുന്നത് കേട്ടു  വാതിൽ തുറന്നു.

ഇജാസ് ആയിരുന്നു വാതിൽ തുറന്നത്.

ഷർട് ഇടാതെ മുന്നിൽ നിൽക്കുന്ന ഇജാസിനെ കണ്ടു എല്ലാവരും ഞെട്ടലോടെ നോക്കി. ഫൈസ് ആ കാഴ്ചയിൽ തറഞ്ഞു നിൽക്കുക ആയിരുന്നു. തന്റെ റൂമിൽ ഈ വേഷത്തിൽ ഇജാസ്........ ആ പെണ്ണ് ആദ്യം ഒന്ന് ഞെട്ടി. എന്നിട്ട് പിന്നാലെ നോക്കി. തന്റെ പ്ലാൻ പരാജയപ്പെട്ട വിറയലോടെ അവൾ ഐറയെ നോക്കി.

ഐറ ആദ്യം ഒന്ന് പകച്ചു. താൻ ആക്കിയ ആളെവിടെ..... ഇജാസ് ആയാലും താൻ വിചാരിച്ച

കാര്യം ഇത് തന്നെ ആയോണ്ട് അവൾ കണ്ണടച്ച് കാണിച്ചു.

എന്താ എല്ലാരും കൂടെ .....  എനി പ്രോബ്ലം...... ഇജാസ് ഗൗരവത്തോടെ ചോദിച്ചു.

അത് ഞങ്ങൾ അല്ലേ ചോദിക്കേണ്ടത് പാർട്ടി നടക്കുന്നത് താഴെ ഹാളിൽ അല്ലേ ഈ സമയത്ത് സാർ എന്താ ഇവിടെ. ഫൈസ് സാറിന്റെ വൈഫ്ന്റെ റൂമിൽ സാറിന് എന്താ കാര്യം കൂടെ ഉള്ള ഒരാൾ ചോദിച്ചു.....

ഒരാൾ വാതിൽ തള്ളി തുറന്നതും പിന്നാലെ വരുന്ന ഇനുവിനെ കണ്ടു അവൻ. ഫൈസ് വിറയലോടെ നോക്കി....

മുടിയൊക്കെ അഴിഞ്ഞു ഉലഞ്ഞിരുന്നു.....

ഇജാസിന്റെ ഷർട്ട് ആയിരുന്നു ഇട്ടത്.... അതും സ്കെട്ടിന് മുകളിൽ ആയിട്ട്.....

ചുറ്റും മുറു മുറുപ്പ് ഉയർന്നു.... മീഡിയാസ് ഒരു ചാകര കിട്ടിയ പോലെ അത് ഏറ്റെടുത്തു..... ഒന്നും ചെയ്യാൻ ആവാതെ ഫൈസ്ന് നോക്കി നിൽക്കാനേ പറ്റിയുള്ളൂ.... ഉള്ളിലേക്ക് കേറാൻ നോക്കിയവരെ

തള്ളി പുറത്താക്കി ഇജാസ് വാതിൽ വലിച്ചടച്ചു...... കുറച്ചു കഴിഞ്ഞു വാതിൽ തുറന്നു. ഇനായ സാരി എങ്ങനെങ്കെയോ വലിച്ചു ഉടുത്തിട്ടുണ്ട്. ഇജാസ് ആ ഷർട് തന്നെ ഇട്ടിരുന്നു.

ഭയത്തോടെ ഇനു ചുറ്റും നോക്കി. കാര്യങ്ങളുടെ കിടപ്പ് അവൾക്ക് മനസ്സിലായിരുന്നു. ഇജാസ് അവൾക്ക് പറഞ്ഞു കൊടുത്തിരുന്നു. തളർന്ന നിലയിൽ നിൽക്കുന്ന ഫൈസിനെ കണ്ടതും അവളിൽ ഒരു നോവുണർന്നു ..... അവളുടെ നോട്ടം അവസാനം ചെന്ന് നിന്നത് ചുവപ്പ് പടർന്നു തുടങ്ങിയ ആ കണ്ണുകളിൽ ആണ്. ജുനു....... ഭയത്തോടെ അവളുടെ ചുണ്ടുകൾ മൊഴിഞ്ഞു...... കൂടെ നിറ കണ്ണുകളോടെ ഉമ്മയും..... അവളുടെ കൈകൾ ബലത്തിനായി അടുത്തുള്ള ആളിൽ മുറുകി. തിരിച്ചും പിടി മുറുകിയപ്പോഴാ അവൾ നോട്ടം തെറ്റിച്ചത്

ഇജാസ്....... അവരുടെ കൈകളിലേക്ക് തന്നെ നോക്കി നിൽക്കുന്ന ഫൈസ്ന്റെയും ജുനുവിന്റെയും മുഖത്ത് നോക്കാൻ കഴിയാതെ അവളുടെ മുഖം കുനിഞ്ഞു..... ഇജാസിന്റെ മുഖത്ത് മാത്രം അപ്പോൾ വിജയതിളക്കം ആയിരുന്നു.

ഇനായ മെഹവിഷും ഇജാസ് സാറും തമ്മിൽ എന്താണ് ബന്ധം...... ഫൈസ് അസ്കറിന്റെ ഭാര്യയുമായി ഇജാസ്ന് വഴിവിട്ട ബന്ധം...... കഴിഞ്ഞ ദിവസങ്ങളിലെ ന്യൂസ് ശരിവെക്കുന്നു ഈ സംഭവത്തിലൂടെ....... എന്ന് തുടങ്ങി മീഡിയസിന്റെയും ആൾക്കാരുടെയും ചോദ്യങ്ങൾ കീറി മുറിച്ചിട്ടും അവൾ ഒന്നും മിണ്ടിയില്ല... ഇജാസ് ഒരു പുച്ഛത്തോടെ ജുനുവിനെ നോക്കുന്നത് കണ്ടു. ജുനൈദിന്റെ മുഖത്ത് ദേഷ്യം സങ്കടം അവൾ കണ്ടു.അതിനേക്കാളേറെ

അവളെ വേദനിപ്പിച്ചത് ഫൈസിന്റെ നിറഞ്ഞ കണ്ണുകൾ ആയിരുന്നു. അവൾ കണ്ണുകൾ ഇറുക്കെ അടച്ചു അവളുടെ മുന്നിൽ പല രൂപങ്ങൾ മിന്നിമാഞ്ഞു പക്ഷേ തെളിഞ്ഞു നിന്നത് ഫൈസിയുടെ മുഖം മാത്രം ആയിരുന്നു. അവളുടെ മനസ്സിൽ ഒരു ഉറച്ച തീരുമാനം

ഉൾകൊള്ളുക ആയിരുന്നു.

ഞാൻ ഈ സത്യം വെളുപ്പെടുത്തുന്ന തോട് കൂടി എനിക്ക് നിന്നെനഷ്ടപ്പെടും..... സോറി ഫൈസ് ഞാൻ ഈ ചെയ്യുന്നത് നിനക്ക് വേണ്ടി മാത്രം ആണ്.....

എന്നെ പോലൊരു പെണ്ണിന് വേണ്ടി കളയാൻ ഉള്ളതല്ല നിന്റെ ജീവിതം..... എന്നേക്കാൾ നല്ലൊരു പെണ്ണിനെ നിനക്ക് കിട്ടും.... എവിടെ ആയാലും ഭാര്യയും കുഞ്ഞും ഒക്കെയായി സന്തോഷത്തോടെ ജീവിച്ചാൽ മതി..... അത് കണ്ടാൽ മതി എനിക്ക്. നിറഞ്ഞ മിഴികൾ അവൾ തുടച്ചു. അവൾ ഇജാസിന്റെ കൈ വിട്ടു. ജുനൈദിന്റെ അടുത്തേക്ക് പോയി...... അവന്റെ കൈ പിടിച്ചു മീഡിയസിന്റെ മുന്നിൽ വന്നു നിന്നു. ഇജാസ് അവളെ അടുത്തേക്ക് വന്നു.

ഇപ്പോഴും ബലമായി പിടിച്ചെടുക്കാൻ അറിയാഞ്ഞിട്ടല്ല.... എന്നും പറയാറുള്ളത് പോലെ നിന്റെ സന്തോഷതിന്നു വേണ്ടി ഈ തോൽവിയും ഞാൻ സന്തോഷത്തോടെ സ്വീകരിക്കുന്നു. അത് മെല്ലെയാണ് പറഞ്ഞതെങ്കിലും അതിലെ വേദന അവൾക്ക് മനസ്സിലായിരുന്നു.

അവൻ പോകാൻ നോക്കിയതും അവൾ അവന്റെ കയ്യിൽ പിടിച്ചു. ഞെട്ടലോടെ അവൻ തിരിഞ്ഞു നോക്കി. അവന്റെ കൈ അവൾ അവളുടെ ചുമലിൽ എടുത്തു വെച്ചു. അവൾ ഇടത് കൈകൊണ്ട് പിറകിലൂടെ അവന്നെ ചേർത്ത് പിടിച്ചു.

ഫൈസ് ഞെട്ടലോടെ ആണ് ഇത് നോക്കി നിന്നത്....... അവന്റെ കണ്ണ് നിറഞ്ഞു മുന്നിലുള്ള കാഴ്ച അവ്യക്തമായി കൊണ്ടിരുന്നു...... അപ്പോഴും അവൻ അറിഞ്ഞിരുന്നില്ല തന്റെ സ്വന്തം എന്ന് കരുതി നെഞ്ചോട് ചേർത്ത് പിടിച്ചത് മറ്റൊരാളുടെ സ്വന്തം ആയിരുന്നുവെന്ന്....

❤️ 💔 INVISIBLE LOVE 💔❤️

Love after💘 marriage story(പാർട്ട് 61)

ഒരാണും പെണ്ണും കെട്ടിപിടിച്ച ഒരു റൂമിൽ കുറച്ചു സമയം കഴിഞ്ഞ അത് ഇമ്മോറൽ ...... കഴിഞ്ഞ ദിവസം ഒരു ജീവൻ രക്ഷിക്കാൻ ശ്രമിച്ചു അതിന് നന്ദിയോടെ നോക്കേണ്ടതിന്ന് പകരം അതിന്ന് മറ്റൊരു അർത്ഥം കൊടുത്തു കൊട്ടി ആഘോഷിച്ചു.,... പുച്ഛം ആണ് തോന്നുന്നത് നിങ്ങളോടൊക്കെ.........

ഇങ്ങനെ ഒരു സാഹചര്യത്തിൽ നേരിട്ട് കണ്ടതിനെയും മാഡത്തിന് ന്യായീകരിക്കാൻ കഴിയോ........

കഴിയും എന്ത് കൊണ്ട് കഴിയാതിരിക്കണം..... ആ റൂമിൽ എന്ത് നടന്നുവെന്ന് നിങ്ങൾക്ക് അറിയോ..... സിന്ദൂരം പടർത്തി അഴിഞ്ഞുലഞ്ഞ മുടിയും

സാരിയും ആയി മുന്നിൽ വന്ന അകത്തു നടന്നത് ബെഡ് റിലേഷൻ ആണോ...... ഷർട് ഇടാതെ പുറത്തേക്ക് വന്നാൽ ഉള്ളിൽ നടന്നത് സെക്സണോ...

ഞാൻ ഇവന്റെ ഷർട്ട് ഇട്ടു ഇറങ്ങി വന്ന അത് ഞങ്ങൾ തമ്മിൽ റിലേഷൻ നടന്നു എന്നാണോ...... ക്ലീൻ ശേ സിറ്റുവേഷൻ ഓക്കെ നിങ്ങളെ പോലുള്ളവർക്ക് വളച്ചൊടിക്കാൻ ഉള്ളതാണല്ലോ... മാത്രം അല്ല നിങ്ങൾ മീഡിയക്കാർക്ക് എന്ത് കിട്ടിയാലും കൊട്ടി ആഘോഷിക്കാൻ സത്യം എന്താണെന്ന് അറിയേണ്ടല്ലോ...... അവൾ ദേഷ്യം കൊണ്ട് വിറക്കുന്നുണ്ടായിരുന്നു.

മാഡം ഞങ്ങളോട് ചൂടായിട്ട് എന്ത് കാര്യം

ഞങ്ങൾ കണ്ടോണ്ട് വന്നത് ഇങ്ങനെയൊരു സിറ്റുവേഷൻ ആണ് അതിന്ന് എക്സ്പ്ലൈൻ ചെയ്യേണ്ടത് മാഡം ആണ്....

എക്സ്പ്ലൈൻ തന്നു എന്റെ സ്വഭാവശുദ്ധി നിങ്ങൾക്ക് മുന്നിൽ തെളിയിക്കേണ്ട കാര്യം എനിക്കില്ല. എങ്കിലും എന്റെ ഹസ്ബൻഡ് ഫൈസ് അസ്കർ മറ്റൊരാൾക്ക് മുന്നിൽ തലകുനിച്ചു

നിൽക്കുന്നത് കൊണ്ട് മാത്രം സംഭവം ഞാൻ വിശദീകരിക്കുന്നു. പാർട്ടി നടക്കുമ്പോൾ ഒരു ബോയ്യുടെ കയ്യിൽ നിന്നും ജൂസ് ട്രേ മൊത്തത്തിൽ എന്റെ തല വഴി മറിഞ്ഞു...... അത് ഞാൻ ക്ലീൻ ചെയ്യാൻ റൂമിലേക്ക് വന്നു. റൂമിൽ കേറിയ എന്നെ ഒരാൾ ആക്രമിക്കാൻ ശ്രമിച്ചു. അത് വഴി വന്ന ഇജാസ് എന്നെ പ്രൊട്ടക്റ്റ് ചെയ്തു...... ആ റൂമിൽ വേറെ ഡ്രസ്സ് ഒന്നും ഇല്ലായിരുന്നു..... സാരി ക്ലീൻ ചെയ്തു ഉണങ്ങുന്നത് വരെ എനിക്കിടാൻ ഷർട് അഴിച്ചു തന്നു..... അത്രയും സംഭവിച്ചതിന്ന് നിങ്ങൾ മറ്റൊരർത്തം നൽകിയെങ്കിൽ അത് നിങ്ങളുടെ കാഴ്ചപ്പാട്........

പിടിക്കപ്പെട്ടപ്പോൾ ഉണ്ടാക്കിയ കള്ളം ആണെന്ന് പറഞ്ഞാൽ...... എന്ത് കൊണ്ട് ആ സമയത്ത് നിങ്ങൾ ഹസ്ബൻഡ്നെ വിളിച്ചില്ല. ഇങ്ങനെ ഒരവസരത്തിൽ ഹസ്ബൻഡ് അല്ലെ സഹായത്തിനു വിളിക്കേണ്ടത്...... ജീവൻ രക്ഷിക്കാൻ അന്ന് ഗാഡ്സ് ഉണ്ടായിട്ടും അവരെ തള്ളിമാറ്റി നിങ്ങൾ c p r കൊടുത്തു അന്ന് നിങ്ങൾ ഇത്രയും ഇമോഷണൽ ആവണ്ട ആവിശ്യം എന്തായിരുന്നു..... ഇത് നിങ്ങൾ തമ്മിൽ റിലേഷൻ ആണെന്ന് തെളിയിക്കുന്നതല്ലേ......

ഹി ഈസ് മൈ ബ്രദർ...... സൊ അങ്ങനെ ഒരു റിലേഷൻ ഉള്ളപ്പോൾ ഞാൻ എങ്ങനെ ഇമോഷണൽ ആവാതിരിക്കും.

പിടിക്കപെടുമ്പോൾ പലരും പറയുന്നതാ ഇതൊക്കെ..... ബ്രദർ ആണെന്നൊക്കെ...

മാറിൽ നോക്കാതെ കണ്ണിൽ നോക്കി സംസാരിക്കുന്ന ആരെയും തന്റേടത്തോടെ വിളിക്കടോ ബ്രദർ എന്ന്.

അതിന്ന് നല്ല ഉപ്പക്കും ഉമ്മക്കും പിറന്ന മതി...... തനിക്കതിന്ന് പറ്റുന്നില്ലെങ്കിൽ എന്റെ കുഴപ്പം അല്ല പരിഹാസത്തോടെ

അവൾ ചോദ്യം ചോദിച്ച ആളെ നോക്കി പറഞ്ഞു.

ഫൈസ് അവളുടെ ഓരോ വാക്കും അത്ഭുതത്തോടെ ആണ് കേട്ടു നിന്നത്. ഒരു കോരിതരിപ്പ് തോന്നി അവന്ന്.ആദ്യം ആയാണ് അവൾ ഇങ്ങനെ ബോൾഡ് ആയി സംസാരിക്കുന്നത് കണ്ടത്. അപ്പോഴും അവളുടെ കൈ ഇജുവിനെ മുറുക്കെ പിടിച്ചിരുന്നു മറു കൈ കൊണ്ട് ജുനുവിനെയും.... രണ്ടു പേരുടെയും മുഖത്ത് പുഞ്ചിരി മാത്രം. സംസാരിക്കുന്നത് മൊത്തം ഇനുവാണ്.

അപ്പോൾ ഇജാസ് ബ്രദർ ആണെന്നോ ഫ്രണ്ട് ആണെന്ന് ആണോ പറഞ്ഞു വരുന്നത്......

അവൾ ഇജാസിനെ നോക്കി ആ ചുമലിലേക്ക് ചാരി നിന്നു.

ഇതെല്ലാം ആണ് എനിക്ക്..... ബ്രദർ ആണ്.... ഫ്രണ്ട് ആണ്..... എന്റെ ഉപ്പയുടെ സ്ഥാനം ആണ്...... ഈ റിലേഷൻ പറയാൻ പേരില്ല......

മാഡത്തിന്റെ ജീവിതത്തിൽ മോസ്റ്റ് ഇമ്പൊർടന്റ് പേഴ്സൻ ആണ് അല്ലേ. അപ്പോൾ ഇജാസ് സാർ .....

യെസ്...... ഹി ഈസ് മൈ സ്വീറ്റ് ബ്രോ ഇജാസ് ഹൈദർ....... ജന്നത് ഹൈദർ എന്ന എന്റെ ഭാഗ്യം..... മുട്ട് സൂചി വീണാൽ പോലും കേൾക്കുന്നത്ര നിശബ്ദത അവിടെ പരന്നു. കേട്ട ഞെട്ടലിൽ പലരും വിശ്വസിക്കാൻ ആവാതെ പരസ്പരം നോക്കി.

യെസ്.....ഷി ഈസ് മൈ ലിറ്റിൽ ഏയ്ഞ്ചൽ ജന്നത് ഹൈദർ...... ഹൈദറലി കുടുംബത്തിലെ രാജകുമാരി ഇനായ മെഹവിഷ് എന്ന ജന്നത് ഹൈദർ ...... എന്റെ ഒരേയൊരു അനിയത്തി....അവളെ ചേർത്ത് പിടിച്ചു ഇജാസ് പറഞ്ഞു.

അവൾ ഇജാസിന്റെ മുഖം അവളെ നേർക്ക് പിടിച്ചു കണ്ണിൽ നിന്നും ലെൻസ് എടുത്തു മാറ്റി.

തിളങ്ങുന്ന രണ്ടുപേരുടെയും കരിനീലകണ്ണുകൾ മാത്രം മതിയാരുന്നു അവർ ആരാണെന്ന് തെളിയിക്കാൻ......

വീണ്ടും ചോദ്യം ചോദിക്കാൻ ഒരാൾ എണീറ്റു നിന്നതും ഇജാസ് കയ്യുയർത്തി . തടഞ്ഞു.... നിങ്ങൾക്ക് അനുവദിച്ച സമയം കഴിഞ്ഞു. നോ മോർ ക്യുസ്റ്റിയൻസ്.....പ്ലീസ് ഗോ.....

അപ്പോഴേക്കും ഇജാസിന്റെ ഗാഡ്സ് വന്നു അവരെ മുന്നിൽ നിന്നും എല്ലാരേം പറഞ്ഞയച്ചു അവിടം ക്ലിയർ ചെയ്തു......

അവിടെ ഫൈസിന്റെ ഫാമിലിയും നദീമും ജുനുവും ഉമ്മയും മാത്രം ആയി.

ഫൈസി എന്നെ ഒന്നു പിടിക്കോ...... സമി ദയനീയമായി അവനോട് ചോദിച്ചു....

എനിക്ക് താങ്ങാൻ ഈ ചുമർ തന്നെ പോരാടാ..... ഞാൻ ഇപ്പൊ ബോധം കെട്ട് വീഴും......എന്റെ ശ്വാസം ഇടിക്കുന്നില്ലെന്ന തോന്നുന്നേ...... ഇവൾ....

ജന്നത്....... ജന്നത് മെൻഷനിലെ രാജകുമാരി.......
ഐ കാൻട് ബിലീവിബിൾ....... അതെ സമയം
അവന്റെ നെഞ്ചിൽ മിന്നൽ പിണർ പാഞ്ഞു.....
ഇവൾ ജന്നത് എങ്കിൽ സമി പറഞ്ഞത് വെച്ചു
നോക്കുമ്പോൾ ശഹസാദിന്റെ രാജകുമാരി.....
ജന്നത്തിലെ മഹാറാണി...... അവരുടെ
ആചാരപ്രകാരം വിവാഹം ഉറപ്പിക്കുകയോ.....
താൽക്കാലിക വിവാഹം നടത്തുകയോ ചെയ്ത
അവന്റെ ഭാര്യ.......മരണത്തിൽ നിന്നുപോലും
അവന്നെ തിരിച്ചു പിടിച്ച അവന്റെ പ്രണയം.......
അവന്ന് ദേഹം തളരുന്നത് പോലെ തോന്നി.

❤❤❤❤❤

ഫൈസിന്റെ കണ്ണ് നിറഞ്ഞപ്പോൾ തോറ്റു പോയി
ജുനു...... അവൻ എല്ലാരേം മുന്നിൽ നാണം
കെടുന്നത് സഹിച്ചില്ല. അതാ സത്യം പറഞ്ഞത്
ഞാൻ ജന്നത് അല്ല..... ഞാൻ എന്റെ ജുനിന്റെ
ഇനുവാണ്...... എനിക്ക് ജന്നത് ആവണ്ട
ജുനു.......എന്നോട് പൊറുക്ക് ജുനു അവൾ
കരഞ്ഞുകൊണ്ട് അവനെ കെട്ടിപിടിച്ചു.....

അവൻ അവളെ മുഖം കയ്യിലെടുത്തു. ഇന്നലെ

വീഡിയോസ് കണ്ടു.... അപ്പോൾ നീ ഇങ്ങനെ പ്രതികരിക്കാതെ നിന്നു ഇജാസും ഫൈസിയും തലകുനിച്ചു നിന്നപ്പോൾ ദേഷ്യം വന്നു നിനക്ക് രണ്ടു പൊട്ടിക്കനൊ ഞാൻ ഇങ്ങോട്ട് വന്നത് പോലും. ഇത് നിന്റെ തോൽവിയല്ല മോളെ ഇവരുടെ അഭിമാനം ഉയർത്തുകയാ എന്റെ മോള് ചെയ്തത്.... അവൻ അവളുടെ നെറ്റിയിൽ സ്നേഹത്തോടെ ചുംബിച്ചു.

അപ്പൊ എങ്ങനെയാണ് കാര്യങ്ങൾ...... മോള് വരികല്ലേ എന്റെ കൂടെ..... എന്നോട് ഇട്ട സത്യം ഓർമയുണ്ടല്ലോ എന്ന് നിന്റെ വായിൽ നിന്നും ഞാൻ നിന്റെ ബ്രദർ ആണെന്ന് പറയുന്നോ അന്ന് എല്ലാം വിട്ടെറിഞ്ഞു എന്റെ കൂടെ വരുമെന്ന്. എന്റെ മാത്രം സ്വന്തം ആയിരിക്കുമെന്ന്...... ദാ ഈ നിൽക്കുന്നവന്റെ തലയിൽ തോട്ടല്ലേ നീ സത്യം ഇട്ടത്. അപ്പോൾ ഇനായ മെഹവിഷ് ഇപ്പൊ ഈ നിമിഷം മുതൽ എനിക്ക് സ്വന്തം..... എന്റെ മാത്രം സ്വന്തം......ഇജാസ് ചുണ്ട് കോട്ടി കൊണ്ട് പറഞ്ഞു.

അവൾ ചുറ്റും നോക്കി ഒരു കസേര മാത്രമേ കണ്ടുള്ളു അതും എടുത്തു അവൾ അവനെ തല്ലാൻ നോക്കിയത് പെട്ടെന്ന് ആയിരുന്നു...... അവൻ ഒഴിഞ്ഞു മാറി..... അവൻ ഓടിയതും അവൾ പിറകെ

ഓടി..... അവൻ ജുനൈദ്ന്റെ പിറകിൽ നിന്നു..... ജുനൈദിനെ ചുറ്റി ചുറ്റി നിന്നതും ജുനൈദ് ദേഷ്യത്തോടെ വിളിച്ചു സ്റ്റോപ്പിറ്റ് ഇനൂ......

അവൾ നിന്ന് കിതച്ചു. ഇജാസും ജുനുവിന്റെ പിറകിൽ നിന്നു കിതക്കുന്നുണ്ടായിരുന്നു.

എല്ലാവരും നോക്കുന്നുണ്ടായിരുന്നു ഇത്.

അവരൊന്നും ഇനു ജന്നത് ആണെന്ന് അറിഞ്ഞപ്പോൾ പറന്നു പോയ കിളികളെ എവിടൊക്കെ ആണെന്ന് നോക്കാരുന്നു.

ഇവന എന്നെ ചതിച്ചത് ജുനു..... എന്നെ കൊണ്ട് സത്യം പറയിക്കാൻ ഈ ചീപ്പ് ഷോ ഇറക്കിയത് ഇജുക്കയാണ്..... ഇതിന്ന് മുന്പും പലപ്പോഴും ഇങ്ങനെ ചെയ്തിട്ടുണ്ട്.... ഫൈസിന്റെ മുന്നിൽ വെച്ചു എന്നെ ഇൻസൾട്ട് ചെയ്തു പലപ്പോഴും..... സഹികെട്ടു ഞാൻ ജന്നത് ആണെന്ന് പറയാൻ.....റാനിയോട് വിവാഹം ഉറപ്പിച്ചത പറഞ്ഞു..... ഫൈസിയുടെ മുന്നിൽ വെച്ച് എന്നെ കെട്ടിപിടിച്ചു തെറ്റിദ്ധരിപ്പിക്കാൻ നോക്കി.... ഫൈസ് ഇവനെ തല്ലുകയോ വഴക്ക് ഉണ്ടാക്കുകയോ ചെയ്താൽ ഞാൻ ജന്നത് ആണെന്ന് വിളിച്ചു

പറയുമല്ലോ.....ഇപ്പൊ നടന്നതും എന്റെ വായിൽ നിന്നും ഞാൻ ജന്നത് ആണെന്ന്

കേൾക്കാൻ നടത്തിയ ഡ്രാമ ആണ്. അല്ലെങ്കിൽ എന്നെ ഉപദ്രവിക്കാൻ റൂമിൽ കേറിയ ആളെ ഇജുക്ക എങ്ങനെ കണ്ടത്

ജുനൈദ് ദേഷ്യത്തോടെ ഇജാസിനെ നോക്കി....

. നീ ഐ എ എസ് നേടി ജന്നതിന്റെ കൈ പിടിക്കാനുള്ള യോഗ്യത നേടി.... പക്ഷേ ജന്നതിന്റെ കൈ പിടിക്കാനുള്ള എന്ത് യോഗ്യതയുണ്ട് നീ കണ്ടു പിടിച്ച ഫൈസ്ന്

ആയിഷ ഹൈദ്റലിയുടെ കൊച്ചുമകൻ അല്ല ഫൈസ് എന്ന യോഗ്യത..... ഹൈദരലി കുടുംബത്തിൽ അല്ല അവൻ ജനിച്ചതെന്ന യോഗ്യത അത് മാത്രം മതി ജന്നതിന്റെ കൈ പിടിക്കാൻ ഫൈസിനുള്ള യോഗ്യത.

അതെ യോഗ്യത അവനിൽ കണ്ടു ഞാനും ഷഹിയും നെഞ്ച് പൊട്ടുന്ന വേദനയോടെ വിട്ടു കൊടുത്തതാ ഞങ്ങളുടെ രാജകുമാരിയെ..... എന്നിട്ട് ഇവൻ എന്താ ചെയ്തെന്ന് അറിയോ അവളെ..... കൊല്ലാകൊല ചെയ്യുരുന്നു ഇവളെ..... ജീവനോടെ ഇപ്പോൾ മുന്നിൽ നില്കുന്നത് പോലും നമ്മുടെയൊക്കെ

പ്രാർത്ഥനയാണ്.......

ഇജാസ്...... ആ ശബ്ദം ഉയർന്നത് ഫൈസിയിൽ നിന്നും ആയിരുന്നു.

അവൻ അടുത്തേക്ക് വന്നു.

മിണ്ടാതിരിക്കുന്നു വെച്ച് തോന്നിയാവസ്യം പറയരുത്..... ഞങ്ങൾ ആരും അവളെ നുള്ളിനോവിച്ചു പോലും ഇല്ല.

ഓഹ് നിനക്ക് അത് പറഞ്ഞപ്പോൾ രക്തം തിളക്കുന്നുണ്ടല്ലേ..... ഞങ്ങടെ പെണ്ണിനെ നോവിച്ചപ്പോൾ എവിടെ പോയെടാ നിന്റെയീ തന്റേടം..... ഇജാസ് ഫൈസിയുടെ ഷർട്ടിൽ കുത്തിപിടിച്ചു ചോദിച്ചതും ജുനൈദ് രണ്ടു പേരെയും പിടിച്ചു മാറ്റി.

നിനക്ക് എന്തോ തെറ്റ് പറ്റിയതാ ഇജു..... ജുനു പറഞ്ഞു.

തെറ്റ് എനിക്കല്ല നിനക്ക പറ്റിയത്.... അവൻ ഇനുവിനെ പിടിച്ചു അവളെ കൈ അവന്റെ മുന്നിൽ നീട്ടി..... പലയിടത്തും പൊള്ളിയ പാടുകൾ ഉണ്ടായിരുന്നു....

ചോദിച്ചു നോക്ക് എങ്ങനെ പറ്റിയെന്നു

അവൾ തലകുനിച്ചു നിന്നതല്ലാതെ ഒന്നും മിണ്ടിയില്ല....

മിണ്ടില്ല..... ഒരക്ഷരം മിണ്ടില്ല... എല്ലാം സഹിച്ചു ജീവിക്കാൻ അല്ലേ നീയെന്നെ മഹാത്മാവ് പഠിപ്പിച്ചു കൊടുത്തിട്ട് ഉണ്ടാവാ.....ഞാൻ തെളിയിച്ചു തരാം എല്ലാം.... അതും പറഞ്ഞു അവൻ അലക്സ് എന്ന് വിളിച്ചതും ഒരു ലാപ് ടോപ് എടുത്തു വന്നു.... അത് എല്ലാർക്കും മുന്നിലും ഉയർത്തി കാണിച്ചു അവൻ.....

എല്ലാവരും ഞെട്ടലോടെ ആയിരുന്നു അത് കണ്ടത്..... എനിക്ക് വിശക്കുന്നു റാനി പലപ്പോഴും അവിടെ പട്ടിണിയാ എന്ന് പറഞ്ഞു റാനിയെ കെട്ടിപിടിച്ചു കരയുന്ന ഇനുവിനെ കണ്ടു ജുനൈദ്ന്റെയും ഉമ്മന്റേയും കണ്ണുകൾ നിറഞ്ഞുഒഴുകി. അവസാനം ഹൈറ പ്ലാൻ ചെയ്ത ഈ നാടകം കൂടി കണ്ടു കഴിഞ്ഞപ്പോഴേക്കും അവളുടെ ഉമ്മ പൊട്ടിക്കരഞ്ഞു പോയിരുന്നു.

നിന്റെ കയ്യിൽ എന്റെ മോള് സുരക്ഷിതമാണെന്ന് കരുതിയല്ലേ ഏല്പിച്ചു പോയത്....... എങ്ങനെ തോന്നി നിങ്ങൾക്ക് ഇങ്ങനെ ഉപദ്രവിക്കാൻ...... എന്റെ

മോളെ എനിക്ക് അറിയാം ജുനു വളർത്തിയതാ അവളെ വാക്ക് കൊണ്ടോ നോട്ടം കൊണ്ടോ പോലും ആരെയും വേദനിപ്പിക്കില്ല അവൾ......അവർ ഇനുവിന്റെ കൈ ഫൈസിയുടെ നേർക്ക് കാണിച്ചു ചീറി...

ഫൈസ് എല്ലാം കണ്ടും കേട്ടും പ്രതികരിക്കാൻ ആവാതെ തറഞ്ഞു നിന്നെ ഉള്ളു..... എന്ത് പറയും ഇവരോട്...

എങ്ങനെ ന്യായീകരിക്കും ഈ തെറ്റുകൾ

പൊന്നു പോലെ നോക്കുന്നു കരുതി എന്നെ ഏല്പിച്ചിട്ട്...... ഒന്നും അറിഞ്ഞില്ലല്ലോ പടച്ചോനെ അവൻ നെഞ്ച് പൊട്ടുന്ന വേദനയോടെ ഇനുവിനെ നോക്കി..... അവളും ഇതൊക്ക കേട്ട ഷോക്കിൽ ആയിരുന്നു. ഇതൊക്കെ ഇജുക്കക്ക് എങ്ങനെ കിട്ടി.....

അപ്പോഴാണ് ജന്നത് എന്ന് പറഞ്ഞു പരിജയപെടുത്തിയ ആ പെൺകുട്ടി അങ്ങോട്ട് വന്നത്.....

സോറി ബബിസ..... ഐറയുടെ കൂടെ കൂടിയത് ബബിസയെ രക്ഷിക്കാൻ ആണ്

എന്നോട് പൊറുക്ക്..... അവൾ കാൽ പിടിക്കാൻ നോക്കിയതും ഇനു തടഞ്ഞു.

ഇജാസ് അവളെ പിടിച്ചു ജുനൈദിന്റെ മുന്നിൽ നിർത്തി. നിനക്ക് അറിയോ ഇവളെ ജന്നത് ആണെന്ന് പറഞ്ഞു ഇവന്റെ മുന്നിൽ നെഞ്ച് നുറുങ്ങുന്ന വേദനയോടെ കൊണ്ട് നിർത്തിയിട്ടുണ്ട് ഞാൻ......എന്തിനാന്നു അറിയോ അവൾ ഇനിയൊരിക്കലും ജന്നത്ത് എന്ന് അറിയപ്പെടണ്ട എന്ന് കരുതിയിട്ട്. സന്തോഷത്തോടെ ഫൈസിയുടെ കൂടെ ജീവിക്കാൻ വേണ്ടി....എന്റെ ശഹി നെഞ്ച് കീറി മുറിച്ച ഇവന്ന് ഇനുവിനെ വിട്ടു കൊടുത്തത്.... ഇനി പറയ് ജുനൈദ് നിന്റെ തീരുമാനം ശരിയാരുന്നോ..... ഇനുവിന്ന് ചേർന്നവനെ ആണോ നീ അവൾക്ക് കൈപിടിച്ച് കൊടുത്തത്..... ഇവൻ അറിയാതെ ആണ് ആ വീട്ടിൽ ഇതൊക്ക നടന്നതെന്ന് നീ വിശ്വസിച്ചോ...... ഞാൻ ഒരിക്കലും വിശ്വസിക്കില്ല അത്.....

ജുനു...... ഞാൻ..... ഫൈസ് ദയനീയതയോടെ വിളിച്ചു....

ജുനൈദ് അവന്റെ മുഖത്ത് ആഞ്ഞടിച്ചു.

വിശ്വസിച്ചു ഏല്പിച്ചതല്ലേ ഞാൻ.... ഒരു നോട്ടം കൊണ്ടെങ്കിലും ഞാനോ ഉമ്മയോ അവളെ വേദനിപ്പിക്കുന്നത് കണ്ടിട്ടുണ്ടോ...... എങ്ങനെ തോന്നി നിന്റെ വീട്ടുകാർക്ക് ഇവളെ ദ്രോഹിക്കാൻ ഇട്ടുകൊടുക്കാൻ..... അവൻ വീണ്ടും തല്ലാൻ നോക്കിയതും ഇനു മുന്നിൽ കേറി നിന്നു.....

ഫൈസ് പാവ ജുനു..... അവന്ന് ഒന്നും അറിയില്ല..... തല്ലലേ അവനെ...

ഇത്രയും സംഭവങ്ങൾ നടന്നിട്ടും അവൻ ഒന്നും അറിഞ്ഞില്ലെങ്കിൽ നിന്റെ കാര്യത്തിൽ ശ്രദ്ധയില്ലെന്ന് അല്ലേ അർത്ഥം. ജുനൈദ് ദേഷ്യം കൊണ്ട് വിറച്ചിരുന്നു.

വഴക്ക് പറയല്ലേ ജുനു...... അവനോട് ഞാൻ ഒന്നും പറയതോണ്ടല്ലേ ജുനുവിനെ പിടിച്ചു വെച്ചു അവൾ.

ഇത്രയും അനുഭവിച്ചിട്ടും അവനെ ന്യായീകരിക്കുന്നത് കണ്ടു അവന്ന് അവളെ മുന്നിൽ ചെറുതാവുന്നത് പോലെ തോന്നി...... തലകുനിച്ചു നിന്നു പോയി അവൻ.....

ഇജാസ് ഇനുവിന്റെ കയ്യിൽ പിടിച്ചു ഉമ്മയുടെ അടുത്തേക്ക് പോയി. നിയമപ്രകാരം ഉമ്മനേക്കാളും

അവകാശം എനിക്കുണ്ട് ഇവളിൽ. എന്നിട്ടും ഒരിക്കൽ പോലും ഞാൻ അവകാശം പറഞ്ഞു വന്നിട്ടില്ല. ഇവൾ ജുനൈദിന്റെ കൂടെ ജീവിക്കണം എന്ന് പറഞ്ഞപ്പോൾ പോലും ഞാൻ വേദനയോടെ വിട്ടുകൊടുത്തിട്ടേ ഉള്ളൂ. എന്റെ പെങ്ങൾ എന്ന് പറയുന്നതിനേക്കാളും ആഗ്രഹിച്ചത് ജന്നത്തിലെ മഹാറാണി എന്ന് പറയാനാണ്. ഇന്നും ബലമായി കൊണ്ട് പോകാൻ അറിയാഞ്ഞിട്ടല്ല..... കാത്തിരുന്നില്ലേ ഇത്രയും വർഷം......... ഹൈദർ ഫാമിലി ചെയ്ത തെറ്റിന് ഇത്രയും വർഷം ഞാൻ ഒറ്റക്ക് ചുമന്നില്ലേ പാപഭാരം..... ഇനിയെങ്കിലും എനിക്ക് തന്നുടെ  അവളെ....... ഞാൻ കൊണ്ട് പൊക്കോട്ടെ ഞങ്ങളുടെ രാജകുമാരിയെ......

ജുനൈദ് അവരെ രണ്ടാളെയും നോക്കി.

നീ കൊണ്ട് പോയിക്കോ അവളെ എനിക്ക് പൂർണ്ണസമ്മതം ആണ്. ഇനുവിനെ ഇജാസിന്റെ കയ്യിൽ പിടിച്ചു കൊടുത്തു.

ഇനു ഞെട്ടലോടെ അവരെ നോക്കി.

ഞാനും വരാം ഉമ്മാ നിങ്ങളെ കൂടെ..... എനിക്ക് ജന്നത് ആവണ്ട...... ഞാൻ എന്റെ ജുനിന്റെ ഇനായ

ആണ്. പറയ് ജുനു ഞാൻ നിന്റെയല്ലേ...... വിട്ടു കൊടുക്കല്ലേ എന്നെ.....

നീ എന്നും ഞങ്ങളുടെ ഇനായ തന്നെ ആയിരിക്കും. ജുനുവിന്റെ അനിയത്തി തന്നെ ആയിരിക്കും....നിന്റെ ആഗ്രഹം പോലെ ഐ എ സ് ട്രെയിങ് കഴിഞ്ഞു ജന്നതിന്റെ കൈ പിടിക്കാൻ ഉള്ള യോഗ്യത നേടി നിന്റെ ജുനു വരും..... ഇപ്പൊ മോള് ഇജുന്റെ കൂടെ പോകണം....... ഇനിയും അവന്റെ സ്നേഹം കണ്ടില്ലെന്ന് നടിച്ചു അവനെ വേദനിപ്പിച്ച പടച്ചോൻ പൊറുക്കില്ല മോളോട്..... നീ സത്യം ഇട്ടതല്ലേ ജുനുവിനെ തൊട്ട് അത് പാലിക്കാതിരിക്കാൻ പറ്റോ നിനക്ക്.....

ഞാൻ പൊക്കോളാം ജന്നത്തിലേക്ക് ......  അത് പറയുമ്പോൾ അവളുടെ നോട്ടം മുഴുവൻ ഫൈസിൽ ആയിരുന്നു..... നിനക്ക് വേണ്ടി സന്തോഷത്തോടെയാണ് ഞാൻ പോകുന്നത് ഫൈസ്. പോയില്ലെങ്കിൽ എനിക്ക് വേണ്ടി ജീവിതം കളഞ്ഞു കുളിക്കും നീ...... നിന്റെ മോഹിക്കാനോ ആഗ്രഹിക്കാനോ എനിക്ക് ഒരു യോഗ്യതയും ഇല്ല.... അവൾ മനസ്സിൽ മൊഴിഞ്ഞു.

ഉമ്മാ ഫൈസ്..... ജുനു ബാക്കി പറയാൻ ആവാതെ നിന്നു.

ഇല്ല ജുനു ഇനിയും എന്റെ മോളെ ഞാൻ അവിടെ നിർത്തില്ല..... എല്ലാം സഹിക്കാം എന്റെ മോളെ മാനത്തിന് വിലയിടാൻ പോലും നോക്കിയ ഇവർ നാളെ കൊല്ലാനും മടിക്കില്ല...... ഇജാസ് അവിടെ എത്തിയില്ലാരുന്നെങ്കിൽ എന്താകുമായിരുന്നു അവളുടെ അവസ്ഥ

ഞാൻ ഒരിക്കലും സമ്മതിക്കില്ല ഇനി ഫൈസിയുടെ കൂടെ ഇനുവിനെ അയക്കാൻ.

അതിന്ന് ജൂനുവിന് മറുപടി ഉണ്ടായിരുന്നില്ല. ഒരുമ്മയുടെ പേടി കലർന്ന ചോദ്യത്തിന് മുന്നിൽ ഫൈസിന് പോലും ശബ്ദം പുറത്ത് വന്നില്ല. പക്ഷേ ഇനുവിനെ നഷ്ടപ്പെടുകയാണെന്ന് തോന്നിയതും ഫൈസിന് തന്റെ മുന്നിൽ ചുറ്റും ഇരുട്ട് പടർന്ന പോലെ തോന്നി. എല്ലാരും ഉണ്ടായിട്ടും ഒറ്റപെട്ട പോലെ. അലറി വിളിക്കണം എന്ന് പോലും തോന്നി അവന്ന്.

📚STORY BOARD📚

❤️ ❤️ 💔 INVISIBLE LOVE 💔❤️

Love after💘 marriage story(പാർട്ട് 62)

നഷ്ടപ്പെടുമ്പോഴാണ് പ്രണയത്തിന്റെ തീവ്രത കൂടുന്നതെന്ന് തോന്നി അവൾക്ക്

നെഞ്ച് കീറിമുറിയുന്ന പോലെ തോന്നി. അവനെ കെട്ടിപ്പിടിക്കാൻ നെഞ്ചിൽ മുഖം ചേർത്ത് നിൽക്കാൻ തോന്നി .ആ നെഞ്ചിൽ ആണ് തന്റെ എല്ലാ സങ്കടവും ഇത്രയും ദിവസം ഇറക്കിവെച്ചത്.അവന്റെ മുഖത്ത് നോക്കിയാൽ പിടി വിട്ടുപോകുന്നു തോന്നി അവൾക്ക്. അവൾ മുഖം താഴ്ത്തി നിന്നു.

അവനും നോക്കി നിൽക്കരുന്നു അവളെ. ഒരിക്കൽ പോലും തന്റെ മുഖത്ത് നോക്കുന്നില്ല. സ്വന്തം ഭാര്യയെ ആപത്തിൽ നിന്നും രക്ഷിക്കാൻ കഴിയാത്ത എനിക്കെങ്ങനെ അവളെ ചേർത്ത് പിടിക്കാൻ കഴിയും..... അവളെ വേണമെന്ന് വാശി പിടിക്കാൻ കഴിയും. വെറുത്ത് പോയിക്കാണും എന്നെയും. ഇജാസ് വന്നില്ലായിരുന്നെങ്കിൽ അവളുടെ അവസ്ഥ എന്താകുമായിരുന്നു..... അതോർത്തതും അവനിൽ ഒരു ഭയം തോന്നി.എല്ലാത്തിനും മുകളിൽ ഉയർന്നു

നിന്നത് അവൾക്ക് വേണ്ടി മരിക്കാനും തയ്യാറായ മരണവാതിൽക്കൽ നിന്നും അവളുടെ വിളിയിലൂടെ ഉയർത്തെഴുന്നേറ്റ ശഹിയുടെ മുഖം ആയിരുന്നു.

❤️❤️❤️❤️

കുറച്ചു പോലിസ് ഒരാളെ വിലങ്ങു വെച്ചു കൊണ്ട് വന്നത്.

മർഡർ അറ്റംറ്റിന് ഐറയെ അറസ്റ്റ് ചെയ്യാനാ വന്നത്. ഇവൻ കുറ്റം സമ്മതിച്ചിട്ടുണ്ട്. തന്റെ റൂമിൽ കയറിയ ആളാണ് അതെന്ന് ഇനുവിനു മനസ്സിലായി.

ഐറ പേടിയോടെ എല്ലാവരെയും നോക്കി. ഞാൻ ആരെയും കൊല്ലാൻ പറഞ്ഞിട്ടില്ല. ഇത് മനപ്പൂർവം എന്നെ പെടുത്തിയതാണ്.

ഞാൻ എഴുതി കൊടുത്ത എഫ് ഐ ആർ ആണ് മോളെ..... തല്ക്കാലം ഉണ്ട തിന്ന് കഴിയാനുള്ള വകുപ്പൊക്കെ ഞാൻ അതിൽ ചേർത്തിട്ടുണ്ട് ഇജാസ് പുഞ്ചിരിയോടെ അവളെ നോക്കി പറഞ്ഞു.

ഐറ അവളുടെ ഉപ്പാനെ പോയി കെട്ടിപിടിക്കുന്നതും കരയുന്നതും ഓക്കെ കണ്ടു. അവളുടെ കയ്യിൽ ബലമായി വിലങ്ങുവെച്ചു. കൊണ്ട്

പോകാൻ നിൽക്കുമ്പോഴാ ഇജാസ് കൈ കൊട്ടിയത്

അങ്ങനെഅങ്ങ് പോയാലോ മോളെ ഒരു മിനിറ്റ് എന്ന് പറഞ്ഞു ഇനുവിന്റെ കയ്യും പിടിച്ചു അവളുടെ മുന്നിൽ നിന്നു.

നീ ഒരു പെണ്ണായത് കൊണ്ടുമാത്രം ആണ് ഞാൻ കൈ വെക്കാതിരുന്നത്. അല്ലെങ്കിൽ ഈ പോലീസിന് പകരം ആംബുലൻസുവന്നേനെ. അവന്റെ കണ്ണിൽ തീയാളുന്നത് അവൾ കണ്ടു.

ഇനായ നിന്നെ ഒരുപാട് ഉപദ്രവിച്ചതല്ലേ രണ്ടു കൊടുത്തിട്ട് വാ....

അവൾ കണ്ണ് മിഴിച്ചു അവനെ നോക്കി.

പോലിസ് ഉള്ളത് മോള് നോക്കണ്ട. ഐശ്വര്യം ആയിട്ട് രണ്ടു പൊട്ടിച്ചോ...

അവൾ പേടിയോടെ ഇജുവിനെ നോക്കി.

പൊട്ടിക്കെടി എന്ന് അലറിയതും അവൾ അറിയാതെ തന്നെ അടിച്ചു പോയി.

ഇതെന്തോന്ന്.... കൊതുകിനെ അടിച്ചതോ..... അവൻ പുച്ഛത്തോടെ അവളെ നോക്കി. ഷദാ ...... അവൻ വിളിച്ചതും ജന്നത് എന്ന് പറഞ്ഞവൾ അടുത്തേക്ക്

വന്നു.

എന്താ ഭയ്യാ.....

നിന്റെ ബബിസയെ ഉപദ്രവിച്ചവളെ ഇങ്ങനെ അങ്ങ് അയച്ച മതിയോ..... ഹൈദർലി കുടുംബത്തിലെ രാജകുമാരിയെ തൊട്ട കണക്കങ്ങ് തീർത്തേക്ക്.....

ആയിക്കോട്ടെ ഭയ്യാ....ഷദ ചിരിയോടെ ഐറയുടെ മുന്നിലേക്ക് പോയി. ഐറ പേടിയോടെ അവളെ നോക്കി.... ഉമിനീരിറക്കി അവൾ..... ഷദാ രണ്ടു കവിളിലും ആയി രണ്ടു മൂന്നെണ്ണം കൊടുത്തു. പിന്നെ മുട്ടുകാൽ മടക്കി വയറ്റിന്നിട്ട് ഒന്നു കൊടുത്തു..... എന്നിട്ടും അരിശം തീരാതെ മുടിയിൽ കുത്തിപിടിച്ചു എഴുന്നേൽപ്പിച്ചു വീണ്ടും കവിളിൽ ഓരോന്ന് കൊടുത്തു... വായിൽ നിന്നൊക്കെ ചോര ഒഴുകി....... ഐറ വേദന കൊണ്ട് പുളഞ്ഞു.വീണ്ടും തല്ലാൻ നോക്കിയതും ഇനായ അവളെ വിളിച്ചു. ഷദാ..... സ്റ്റോപ്പിറ്റ്...... ഷദ കൈ താഴ്ത്തി.

ഷദാ നീ പൊട്ടിച്ചോടി ഒരാഴ്ച കൂടി കഴിഞ്ഞാലേ അവൾ സ്ഥാനം ഏറ്റെടുക്കു

അത് വരെ അവള പറയുന്നത് കേൾക്കണ്ട. ഇജാസ് ഇനുവിനെ നോക്കി മുഖം കോട്ടി പറഞ്ഞു....

ഷദാ  ചിരിയോടെ വീണ്ടും ഐറയുടെ അടുത്തേക്ക് പോയതും അവൾ ഇജുവിന്റെ അടുത്തേക്ക് പോയി.....

ഇജുക്ക പ്ലീസ് വേണ്ട ഉപദ്രവിക്കല്ലേ..... ഒരു പെണ്ണല്ലേ ഒന്നുമില്ലെങ്കിലും..... അവളെ ഭാവി നോക്കണ്ടേ..... പോലിസ് കേസ് ഒന്നും വേണ്ട.  ഇനു അവന്റെ കൈ പിടിച്ചു പറഞ്ഞതും ഇജാസ് ഷദായെ നോക്കി വിട്ടേക്ക് എന്ന് പറഞ്ഞു.

അറെസ്റ്റ് ചെയ്യണ്ടന്ന് കൂടി പറയ്..... അവൻ കേൾക്കാത്ത പോലെ മുഖം തിരിച്ചു. അവൾ ബലമായി മുഖം പിടിച്ചു അവളുടെ നേരെയാക്കി. വേണ്ടന്ന് പറ ഇജുക്ക..... ഇപ്രാവശ്യം മാപ്പ് കൊടുക്ക്. പ്ലീസ്.....  അവൻ സഹികെട്ടു ദേഷ്യത്തോടെ പോലിസ്കാരോട് വിട്ടേക്കൻ പറഞ്ഞു.

ഇനി ഇനുവിന്റെ നേരെ നോട്ടം കൊണ്ട് എങ്കിലും പോയാൽ കൊന്ന് കളയും ഞാൻ..... അതും പറഞ്ഞു അവൻ കൈ ചൂണ്ടി. അവളെ ഉപ്പയും ഉമ്മയും അവളെ കൂട്ടി പോയി......

ഇജാസ് ഫൈസിയുടെ ഉമ്മാന്റെ അടുത്തേക്ക് പോയി. ഫൈസിയെ കെട്ടാൻ ഇവൾക്കല്ല

യോഗ്യതയില്ലാത്തത്

ഇവളെ ഒന്ന് കാണണമെങ്കിൽ പോലും മിനിമം ഒരാഴ്ച മുൻപ്ങ്കിലും മുൻകൂട്ടി അപ്പോയ്ന്റ്മെന്റ് എടുക്കണം ഫൈസ്.

ഇവളെ പേര് വിളിക്കാൻ പോലും എന്ത് യോഗ്യത ഉള്ളെ നിങ്ങൾക്ക്. ഞങ്ങളുടെ വീട്ടിലെ സർവന്റ്സ് പോലും നിലയും വിലയും വെച്ചു നോക്കിയാൽ നിങ്ങൾക്ക് മുകളിൽ ആയിരിക്കും. Aj സാറിന് പറ്റിയ ഒരു തെറ്റാണ് നിങ്ങൾ..... ഒരു നിമിഷം എങ്കിലും ഇവളെ ഫൈസിന് കൊടുക്കാൻ തോന്നിയത് aj യുടെ മകൻ ആണെന്ന പരിഗണനയാണ്. സാറിനെ അത്രയും ബഹുമാനിക്കുന്നുണ്ട്. അത് പറഞ്ഞപ്പോൾ അവരുടെ മുഖം താഴ്ന്നു കണ്ണ് നിറയുന്നത് അവൾ കണ്ടു.

ഐറക്ക് കൊടുത്തത് പോലെ തരാൻ അറിയാഞ്ഞിട്ടല്ല. ഇവൾ വേണ്ടെന്നു പറഞ്ഞോണ്ട് മാത്രമ വെറുതെ വിടുന്നെ.

ഇവൾക്ക് വിലയിടാൻ മാത്രം ആരും ജനിച്ചിട്ടില്ല നിങ്ങളുടെ കുടുംബത്തിൽ. ഇനി ഈ വീട്ടിൽ ഒരു നിമിഷം നിൽക്കില്ല ഇവൾ.

ഇനായ അവന്റെ കൈ മുറുക്കെ പിടിച്ചു വലിക്കുന്നുണ്ടായിരുന്നു.. വേണ്ടെന്നു പറഞ്ഞിട്ട്.

അവൻ അവളെ കയ്യും പിടിച്ചു വലിച്ചു പുറത്തേക്ക് നടന്നു.... ഫൈസ് അടക്കം എല്ലാരും ഞെട്ടലോടെ നോക്കി നിന്നു അത്.

ഇനൂ...... ഫൈസ് അവൻ പോലും അറിയാതെ വിളിച്ചു പോയിരുന്നു.

അവൾ ഒരു നിമിഷം തറഞ്ഞു നിന്നു..... തിരിഞ്ഞു നോക്കിയാൽ കരഞ്ഞു പോകും അവനെ വിട്ടു പോക്കുണ്ടാവില്ല.

ഇജുക്കന്റെ കുറച്ചു കൈ അവളിൽ മുറുകുന്നുണ്ടായിരുന്നു. അവൻ ബലമായി പിടിച്ചു മുന്നോട്ട് നടന്നു. ഇനു തിരിഞ്ഞു പോലും നോക്കാതെ മുന്നോട്ട് നടന്നു. പുറത്തു എത്തിയതും പൊട്ടിക്കരഞ്ഞു പോയിരുന്നു അവൾ. ഇജു അവളെ ചേർത്ത് പിടിച്ചു. എന്റെ മോളെ കിട്ടാനുള്ള ഭാഗ്യം ഒന്നും അവർക്കില്ല....

അവരെ പിന്നാലെ ജുനുവും ഉമ്മയും കൂടി

ഇറങ്ങാൻ നോക്കിയതും ഫൈസ് ജുനുവിന്റെ

മുന്നിൽ പോയി നിന്നു....

മാപ്പ് പറച്ചിൽ വേണ്ട ഫൈസി. നിന്നെ വിശ്വസിച്ച എന്റെ തെറ്റാ ഇതൊക്ക. ശഹിയുടെ വേദന കണ്ടില്ലെന്ന് നടിച്ചതിന്ന്

ദാ ആ ഇറങ്ങിപോയ മനുഷ്യൻ ഉണ്ടല്ലോ അവൾക്ക് വേണ്ടി ഉഴിഞ്ഞു വെച്ചതാ ഈ ജന്മം.... അവരെ ഓക്കെ വേദനിപ്പിച്ചതിന്ന് ഞാൻ ഇത് അർഹിക്കുന്നുണ്ട്. നിനക്ക്      അറിയോ ജന്നത്തിലെ രാജകുമാരിയെ നോക്കാൻ ഉള്ള യോഗ്യത പോലും ആർക്കു ഇല്ല. അതറിഞ്ഞിട്ടും നിനക്ക് അവളെ തന്നത് നിന്റെ പ്രണയത്തിൽ ഞാൻ വിശ്വസിച്ചു പോയൊണ്ട. ശഹി നിനക്ക് അവളെ വിട്ടുതന്നതും ആ ഒറ്റ കാരണം കൊണ്ടാണ്. അവൾ സന്തോഷം ആയി ജീവിക്കാൻ വേണ്ടിയാ ജന്നതിന് പകരം ശഹിയുടെ അനിയത്തിയെ ജന്നതായി ഇജു നിന്റെ മുന്നിൽ നിർത്തിയത് പോലും...... എന്നിട്ടും നീ...... സഹിക്കാൻ കഴിയുന്നില്ലെടാ അവൾ അനുഭവിച്ചതൊക്കെ അറിഞ്ഞപ്പോൾ

കുടിലിൽ ജീവിച്ചപ്പോൾ പോലും രാജകുമാരിയെ പോലെയാ ഞാൻ കൊണ്ട് നടന്നത്...... എന്നിട്ട്

ക്ഷേത്രത്തിൽ കൊണ്ട് ചെന്ന് ജോലിക്കാരിയെ പോലെ ആക്കിയല്ലോ... എല്ലാത്തിനും നന്നിയുണ്ട് എല്ലാത്തിനും കൈ കൂപ്പി അവനോട് പറഞ്ഞു കൊണ്ട് ഉമ്മാന്റെ കയ്യും പിടിച്ചു അവൻ ഇറങ്ങിപ്പോയി.

ഫൈസ് സമിയെ കെട്ടിപിടിച്ചു പൊട്ടികരഞ്ഞു പോയിരുന്നു.

❤❤❤❤

എന്റെ ഉമ്മാനോട് പൊറുത്തു എന്റെ കൂടെ വന്നോടെ ഉമ്മക്കും..... നിങ്ങൾക്ക് അവകാശപ്പെട്ടതാ ഹൈദർ കുടുംബത്തിലെ അവകാശം..... കൺമുന്നിൽ പോലും വരാതെ ഞാനും എന്റെ ഉമ്മയും എവിടേക്കെങ്കിലും പോയികൊള്ളാം. എന്റെ ഉമ്മാക്ക് വേണ്ടി ഞാൻ വേണേൽ കാൽ പിടിച്ചു മാപ്പ് പറയാം. ഇജാസ് അവരെ കാൽ പിടിക്കാൻ നോക്കിയതും അവർ തടഞ്ഞു

നീ എന്റെ മോൻ തന്നെയാണ്. ജന്നതിന്റെ ഇക്കാക്ക..... എനിക്ക് രണ്ടല്ല മക്കൾ മൂന്ന് പേരാണെന്നെ കരുതിയിട്ട് ഉള്ളൂ.എനിക്ക് നിന്നോടും ഉമ്മനോടും ദേഷ്യം ഒന്നും ഇല്ല. പിന്നെ

കഴിഞ്ഞതൊന്നും ഞാൻ ഓർക്കാർ കൂടിയില്ല. അതായിരിക്കും വിധി.നിന്റെ ഉമ്മ തന്നെയാണ് അവിടത്തെ അവകാശി..... ഹൈദറിന്റെ ഭാര്യ..... അവർ ജുനുവിനെ അടുത്തേക്ക് വിളിച്ചു.... ഇവനിലൂടെയാണ് ഞാൻ ഉമ്മയായത്..... മാതൃത്വം എന്താന്ന് അറിഞ്ഞത്..... എന്റെ മകൻ തന്നെയാ ഇവൻ..... ഞാൻ പ്രസവിച്ച എന്റെ മോൻ എനിക്ക് ഇനിയുള്ള കാലം

ഇവന്റെ ഉമ്മയായി ജീവിച്ചാൽ മതി......

മരിക്കുന്നത് വരെയും ജുനൈദ്ന്റെ ഉമ്മയായി അറിയപ്പെട്ട മതി..... ജുനൈദ്നെ ചേർത്ത് പിടിച്ചു പറഞ്ഞു. ഇജാസ് ജുനൈദിനെ നോക്കി.....

മാപ്പ് തന്നുടെടാ ഇനിയെങ്കിലും എനിക്ക്....

ഇജാസിന്റെ വാക്കുകൾ ഇടറിയിരുന്നു.

എനിക്ക് ദേഷ്യം ഒന്നും ഇല്ലെടാ കോപ്പേ ഞാൻ എന്നും നിന്റെയാ ഫ്രണ്ട് തന്നെ ആണ് .... ജുനൈദ് കൈ വിടർത്തിയതും ഇജു അവന്നെ കെട്ടിപിടിച്ചു.... എന്ന പിന്നെ എന്നെയും കൂട്ടിക്കോടെ നദീംമും പരിഭവത്തോടെ പറഞ്ഞു. രണ്ടാളും കൈ നീട്ടിയതും നദീംമും ഓടി വന്നു കെട്ടിപിടിച്ചു.

ഉമ്മ അപ്പോൾ ഞാൻ ആരാ  ഇവിടെ പോസ്റ്റോ .... അവൾ പുച്ഛത്തോടെ മുഖം കോട്ടി ചോദിച്ചു.

മൂന്നാളും ചിരിയോടെ വിട്ടു അവളെ നോക്കി അവളെ ഒരുമിച്ചു കെട്ടിപ്പിടിക്കാൻ നോക്കിയതും അവൾ മണങ്ങി നിലത്തു ഇരുന്നു. മൂന്നാലെയും തലകൾ പരസ്പരം അടിച്ചു.

ഒരു മാറ്റം ഇല്ലല്ലോ കുരിപ്പിന് അവർ എല്ലാം നെറ്റി തടവി ഒന്നിച്ചായിരുന്നു അത് പറഞ്ഞത്. അവരുടെ ചുണ്ടിൽ ഒരു പുഞ്ചിരി വിരിഞ്ഞിരുന്നു.

എന്ന ഞങ്ങൾ ഇറങ്ങുകയാണ് ജുനൈദ് പറഞ്ഞതും ഉമ്മയും കൂടെ പോയി.

എല്ലാവരോടും യാത്ര ചോദിച്ചു അവർ പോയി. അവർ പോയതും അവൾ ഒരെങ്ങലോടെ മുഖം പൊത്തികരഞ്ഞു.

ഇജാസ് നദീമും അവളെ രണ്ടു സൈഡിൽ നിന്നും ചേർത്ത് പിടിച്ചു.

ട്രെയിനിങ് കഴിഞ്ഞു നേരെ ജന്നത്തിലേക്ക് വരുമെടി അവൻ..... ഐ എസ് കാരനായി ജന്നതിന്റെ കൈ പിടിക്കാൻ നദീം പറഞ്ഞു.

എന്നാലും ഇനു ലോകത്തിൽ ഏറ്റവും വില ഐ എ എസ് കാരനാന്ന് നിന്നോടാരാ പറഞ്ഞെ.....

അവൾ ഇളിച്ചു കാണിച്ചു.

ടാ......നദീംമേ..... ലോകത്തിലെ ഏറ്റവും വലിയ യോഗ്യത കലക്ടർ ആണെന്ന് ഇവൾക്ക് തോന്നിയത് നന്നായി...... അമേരിക്കൻ പ്രസിഡന്റ് ആണെന്ന് എങ്ങാനും കരുതിയിരുന്നെങ്കിൽ എന്തായേനെ....... ജുനുവിന്റെ ഒരു അവസ്ഥ.....ഇജാസ് കളിയാക്കി ചിരിയോടെ പറഞ്ഞു.

അവൾ കലിപ്പോടെ അവനെ നോക്കി

നമുക്ക് ഇതിനൊക്കെ അവന്ന് തിരിച്ചു പണി കൊടുക്കടി നദീം മെല്ലെ ചെവിയിൽ പറഞ്ഞു. അവൾ ഇജാസിനെ നോക്കി കൊഞ്ഞനം കുത്തി.

കാറിൽ കേറാതെ അവൾ നില്കുന്നത് കണ്ടു അവർ അവളെ നോക്കി.

ജന്നത് മെൻഷന്റെ പടി ചവിട്ടില്ലെന്ന് പറഞ്ഞിരുന്നു. പടി ചവിട്ടാതെ ഉള്ളിൽ കേറാൻ വഴിയുണ്ടോന്ന് ആലോചിച്ചതാ.

ഞാൻ എടുത്തു കയറ്റികൊള്ളാം പോരെ തെണ്ടി......

അവൻ കലിപ്പോടെ പറഞ്ഞതും അവൾ കാറിൽ കയറി.

കുറച്ചു കഴിഞ്ഞു ഗ്ലാസിൽ ചാരി ഉറങ്ങുന്നത് അവർ കണ്ടു.

നദീം ഇജാസിനെ നോക്കി. ആ നോട്ടത്തിന്റെ അർത്ഥം മനസ്സിലായ പോലെ ഇജാസ് പറഞ്ഞു.

ഇവൾ ഒരു സങ്കടം ഇല്ലാതെ അങ്ങോട്ട് വരുന്നതിന്ന് പിന്നിൽ എന്തോ ഉണ്ട്. എനിക്കും തോന്നി അത്. വഴിയേ കണ്ടു പിടിച്ചോളാം...... അവൻ ആലോചനയോടെ പറഞ്ഞു.

❤️❤️❤️❤️❤️❤️

എല്ലാവരും ഉമ്മാനെ കുറ്റപ്പെടുത്തികൊണ്ടിരിക്കുന്നപ്പോഴും അവരുടെ മുഖത്തെ സന്തോഷം നിറഞ്ഞ പുഞ്ചിരിയും മുഖത്തെ സന്തോഷവും ആരും ശ്രദ്ധിച്ചില്ല. ഇതാണ് ശരി..

ഫൈസിക്ക് അവൾ വേണ്ട..... ഒരു ദീർഘനിശ്വാസത്തോടെ അവർ ഓർത്തു.

ഫൈസ് അവരെ ഒന്ന് നോക്കുകപോലും ചെയ്യാതെ

ഇറങ്ങിപോയി. പിന്നാലെ സമിയും

ഉമ്മ ചോദിച്ചില്ലേ എന്റെ ഭാര്യയാവാൻ എന്ത് യോഗ്യതയാ അവൾക്കെന്ന്... ഉമ്മ ഇത്രയൊക്കെ ദ്രോഹിച്ചിട്ടും ഒരു വാക്ക് പോലും ഉമ്മാനെ പറ്റി ഇന്നുവരെ അവൾ കുറ്റം പറഞ്ഞിട്ടില്ല അത് തന്നെയാ അവളുടെ യോഗ്യതയും....

❤️❤️❤️❤️❤️

കടൽ തീരത്ത് ആർത്തിരമ്പുന്ന കടലും നോക്കി ഇരിക്കുന്ന ഫൈസിയുടെ ചുമലിൽ കൈ വെച്ചു സമി....

ടൈം കുറെ ആയി വീട്ടിലേക്ക് പോവ്വാട എഴുന്നേൽക്.

ഏത് വീട്..... ആരുടെ വീട്...... ആരാ ഉള്ളെ എനിക്ക് അതിന്ന് അവിടെ...... അവൾ പോയില്ലേ..... ഒരു വാക്ക് പോലും പറയാതെ പോയില്ലേ.....ആരും ഇല്ല എനിക്ക് ആരും ഇല്ല .....

എന്താടാ ഇത്......

ഭാര്യയെ സംരക്ഷിക്കാൻ കഴിയാത്ത ഭർത്താവ്..... അവൾ പട്ടിണിയാണെന്ന് പോലും അറിഞ്ഞില്ല....... സ്വയം പുച്ഛം തോന്നുന്നു....... എങ്ങനെയടാ ഞാൻ

വീട്ടിൽ അവൾക്ക് ഇങ്ങനെയൊക്കെ സംഭവിച്ചന്നുവിശ്വസിക്കേണ്ടത്.........ഉറുമ്പിനെ പോലും നോവിക്കാത്ത ഉമ്മ ഇനുവിനെ ഇങ്ങനെയൊക്കെ ചെയ്തുന്നു പോലും എനിക്ക് ചിന്തിക്കാൻ പറ്റുന്നില്ല. സന്തോഷം സമാധാനം കളിയും ചിരിയും നിറഞ്ഞ എന്റെ വീട്ടിൽ അവൾക്ക് ഇങ്ങനെ ഓക്കെ സംഭവിക്കുക സ്വപ്നത്തിൽ പോലും ആലോചിക്കാൻ പറ്റുന്നില്ല..... എന്റെ നെഞ്ചിൽ ചാരി നിന്നു അവൾ കണ്ടെത്താൻ ശ്രമിച്ചത് അവളുടെ സങ്കടങ്ങൾക്ക് ഉള്ള ആശ്വാസം ആണെന്ന് അറിഞ്ഞില്ല. ഒരിക്കലും സൂചിപ്പിച്ചിട്ടില്ല....... അവൻ സങ്കടത്തോടെ ഓരോന്ന് പുലമ്പി കൊണ്ടിരുന്നു.

നമുക്ക് നാളെ സംസാരിക്കാം നീ വാ

ഇന്ന് തന്നെ എനിക്ക് തീർക്കണം എല്ലാം. ആ കടുവക്ക് സത്യം അറിയാം. അയാൾ മാത്രം ഉള്ളൂ ഈ നീറ്റൽ കുറച്ചെങ്കിലും അടങ്ങാൻ......ഞാൻ പോയി ചോദിക്കാൻ പോവ്വാ അവൻ എണീറ്റ് നടന്നു. പിന്നാലെ സമിയും

❤️❤️❤️❤️❤️

കാളിങ് ബെൽ അടിക്കുന്നത് കേട്ടാണ് അയാൾ

വാതിൽ തുറന്നത്.

ഫൈസിയെയും സമിയെയും കണ്ടു അയാൾ ഒന്ന് ഞെട്ടി.

നിങ്ങൾ എന്താ ഈ നട്ടപാതിരക്ക്

എനിക്ക് ഇനുവിനെ കുറിച്ച് അറിയണം. പറയാതെ പോവില്ല ഞാൻ.....

എനിക്ക് അവളെ പറ്റി അറിയുന്നു നിങ്ങള്ക്കെങ്ങനെ അറിയാം......

ആകെ നിലതെറ്റി നിൽക്കാ ഞാൻ.... ദയവു ചെയ്തു ഒന്ന് പറഞ്ഞു താ.... ആരാ ജന്നത്...... ഇനു എങ്ങനെ ജന്നത് ആയി..... ഇജാസിന്റെ സഹോദരിയാ അവളെങ്കിൽ ജുനുവിന്റെ സഹോദരൻ ആണോ ഇജാസ്. ജുനുവും ഹൈദരലി കുടുംബത്തിൽ ഉള്ളതാണോ..... ഒന്ന് പറഞ്ഞു താ അങ്കിൾ....... ഇനു..... അവൾ...... അവൾ എന്റെയാ..... എന്റെ മാത്രം..... എനിക്ക് പറ്റുന്നില്ല അവൾ ഇല്ലാതെ...... ഒന്ന് പറഞ്ഞു താ.... അവൾ ജന്നത് ആണെങ്കിൽ ശഹിയുടെ പെണ്ണല്ലേ..... പിന്നെങ്ങനെ എന്നെ കല്യാണം കഴിച്ചത്...... അവൻ തളർച്ചയോടെ അവിടെ ഇരുന്നു കാൽമുട്ടിൽ കയ്യുന്നി മുടിയിൽ

കൊരുത് പിടിച്ചു......

ആകെ തളർന്നു നിൽക്കുന്ന അവനെ കണ്ടു അയാൾക്ക് സഹതാപം തോന്നി.

അവിടെ നടന്നത് ഒക്കെ അയാളും അറിഞ്ഞിരുന്നു.....അഹ്മദ് അവന്റെ അടുത്ത് ഇരുന്നു അവന്റെ ചുമലിൽ കൈ വെച്ചു.

ഇനു ജന്നത്ത് അല്ലെന്ന് പറ അങ്കിൾ.......

അവൾ എന്റെയാ എന്റെ മാത്രം.....അവൻ അത് പറയുമ്പോൾ കണ്ണ് നിറഞ്ഞിരുന്നു.

ഇനു ജന്നത് ആണ് ഫൈസ്...... സത്യം ആണത്..... അംഗീകരിച്ചേ പറ്റു. നിനക്ക് അറിയോ നിനക്ക് വേണ്ടിയാ ഇന്നവൾ ജന്നത് ആണെന്ന് എല്ലാരോടും പറഞ്ഞത്

നീ എല്ലാരേം മുന്നിൽ നാണം കെടാതിരിക്കൻ. ജന്നത് എന്ന് കേൾക്കുന്നത് പോലും ദേഷ്യം ആണ് അവൾക്ക്.....  ഇജാസ് അവൾക്ക് വാക്ക് കൊടുത്തതാണ് അവൾ ജന്നത് ആണെന്ന് അവളായിട്ട് പറയാതെ ആരും അറിയില്ലെന്ന്. ആരോടും പറയില്ലെന്ന്. അവകാശം പറഞ്ഞു

മുന്നിൽ വരില്ലെന്ന്. എല്ലാരോടും ജന്നത്ത് ലണ്ടനിൽ ആണെന്ന് കളവ് പറഞ്ഞു മറച്ചു പിടിക്കുകയാരുന്നു ആകുടുംബം.....

എന്തിന് വേണ്ടി.... ജുനു ആരാ അവളെ

ഇജാസിന്റെ ബ്രദർ ആണോ......

ഇജാസ് ജുനുവും തമ്മിൽ ഒരു ബന്ധവും ഇല്ല. ഇനുവും ഇജാസ് തമ്മിൽ രക്തബന്ധം ആണെങ്കിൽ ഇനുവും ജുനുവും തമ്മിൽ സ്നേഹബന്ധം ആണ്. പക്ഷേ ആ സ്നേഹബന്ധത്തിന് രക്തബന്ധത്തേക്കാൾ വിലയുണ്ടായിരുന്നു. ജുനൈദ് പാവപെട്ട വീട്ടിലെ ഒന്നുമല്ല. പേരുകേട്ട തറവാട്ടിൽ എല്ലാ സുഖസൗകര്യങ്ങളോടും കൂടെ വളർന്നവനാ അവൻ. ഇനായ മെഹവിഷ്ന് വേണ്ടി തെരുവിൽ ഇറങ്ങിയ

അവളുടെ ആരുമല്ലാത്ത എന്നാൽ എല്ലാമെല്ലാമായ ഒരുത്തൻ....... ജനിക്കുന്നതിന്ന് മുന്നേ അവളുടെ സഹോദരൻ ആയവൻ.... ചെറിയൊരു ആത്മബന്ധം കൂടി ഉണ്ടായിരുന്നു അവർക്കിടയിൽ..... മരിച്ചു പോയ അവന്റെ അനിയത്തിയുടെ പേരായിരുന്നു അവൾക്ക്........ ഇനായ മെഹവിഷ്

.❤️ 💔 INVISIBLE LOVE 💔❤️

Love after💘 marriage story(പാർട്ട് 63)

ഇനായക്ക് ശരിക്കും രണ്ടു ഉപ്പയാണ് ജന്മം കൊണ്ട് ഹൈദറും കർമം കൊണ്ട് സാലിം.

ഹൈദറലി കുടുംബതെ പറ്റി നിനക്ക് അറിയാലോ അവിടെയാണ് കഥയുടെ തുടക്കം. ആയിഷ ഹൈദറലി എന്ന അമ്മിജന്റെ ഇളയ മകന്റെ മക്കൾക്കാണ് ആ കുടുംബത്തിൽ അനന്തരാവകാശം. മകൾക്ക് അല്ലെങ്കിൽ മകന്റെ ഭാര്യ ആയിരിക്കും അമ്മിജന്റെ സ്ഥാനം.

ഹൈദർ.....ഇജാസിന്റെ ഫോട്ടോസ്റ്റാറ്റ് രൂപം ഉള്ള കരിനീലക്കണ്ണുള്ള രാജകുമാരൻ. വിവാഹപ്രയം എത്തിയ അവന്ന് വേണ്ടി ആലോചനകൾ കുന്ന് കൂടുന്ന സമയത്താണ് കൂലിപ്പണിക്കാരനായ ശാക്കിർ എന്നയാളെ മകൾ സൽമയെ കണ്ടു ഇഷ്ടപ്പെടുന്നത്. അതായത് ഇനുവിന്റെ ഉമ്മയെ. ശക്കിറിന് രണ്ടു മക്കൾ ആണ് സൽമയും റാബിയയും. ഹൈദർ സൽമയും ഇഷ്ടത്തിൽ ആയി. അമ്മിജാൻ ഇതറിഞ്ഞു. ആദ്യം കുറച്ചു എതിർത്തെങ്കിലും എല്ലാരും സമ്മതിച്ചു.

അല്ലെങ്കിലും പരസ്പരം പ്രാണനെ പോലെ സ്നേഹിക്കുന്ന അവരെ മരണത്തിന് മാത്രമേ പിരിക്കാൻ പറ്റു എന്ന രീതിയിൽ ആയിരുന്നു അവരുടെ പ്രണയം.വിവാഹം രാജാകീയമായി തന്നെ നടന്നു. വിവാഹത്തിന് ഉടമ്പടി ആയി അമ്മിജന പറഞ്ഞ പേപ്പറിൽ ഒക്കെ ഒപ്പിട്ട് കൊടുത്ത സൽമ അറിഞ്ഞിരുന്നില്ല തന്റെ ജീവിതം തന്നെ അത് മാറ്റി മറിക്കുമെന്ന്. അവർക്കുണ്ടാകുന്ന കുഞ്ഞാണ് അനന്തരാവകാശി എന്നും കുഞ്ഞു ആ കുടുംബത്തിലെ എല്ലാവരുടെയും സ്വത്ത് ആണെന്നും. കുഞ്ഞിന്റെ അവകാശം ഹൈദർ അലി കുടുംബത്തിന്ന് മാത്രം ആണെന്ന് ആയിരുന്നു ഉള്ളടക്കം. സൽമക്ക് അതിൽ വലിയ കാര്യം ഒന്നും അന്ന് തോന്നിയിരുന്നില്ല. തന്റെ മക്കൾ രാജകുമാരനോ കുമാരിയോ ആയി വളരുന്നതിൽ എല്ലാരേം പോലെ ആ ഉമ്മയും സന്തോഷിച്ചു. സന്തോഷത്തോടെയും സമാധാനത്തോടെയും ജീവിച്ച അവർക്ക്

മുന്നിൽ വെല്ലുവിളികൾ ഉയർന്നു തുടങ്ങി.

സൽമ രണ്ടു വർഷം ആയിട്ടും പ്രഗ്നൻറ് ആയില്ല. മുറുമുറുപ്പുകൾ ഉയർന്നു വന്നു തുടങ്ങി. ഡോക്ടർ

കാണിച്ചു സൽമക്ക് കുഞ്ഞുണ്ടക്കാൻ സാധ്യത ഇല്ലെന്ന് വിധിയെഴുതി. ആ കുടുംബത്തിനു തന്നെ ഏറ്റ അടിയാരുന്നു അത്. ഹൈദർ ജീവനോടെ ഉള്ളിടത്തോളം മറ്റൊരാൾക്ക് അവകാശം കൈ മാറാൻ പറ്റില്ല.... അത് കൊണ്ട് തന്നെ ഹൈദർ മറ്റൊരു വിവാഹം കഴിക്കണം എന്ന് മാത്രം പ്രതിവിധി ഉള്ളൂ. സൽമയെ ഉപേക്ഷിക്കാൻ ഹൈദർനോ ഹൈദ്റെ ഉപേക്ഷിക്കാൻ സൽമക്കോ പറ്റുമായിരുന്നില്ല. കുടുംബത്തിൽ നിന്നും മറ്റൊരു വിവാഹം കഴിക്കാൻ പ്രഷർ ഏറി വന്നിട്ടും ഹൈദർ സമ്മതിച്ചില്ല തന്റെ ജീവിതത്തിൽ സൽമ മാത്രം ഉണ്ടാവുകയുള്ളൂ എന്ന് ഉറച്ച തീരുമാനം പറഞ്ഞു. സൽമായും അവരെ പിരിക്കരുതെന്ന് പറഞ്ഞു എല്ലാവരുടെയും കാൽ പിടിച്ചു. പിന്നെ ആരും അവരോട് അതിനെപ്പറ്റി ഒന്നും പറഞ്ഞില്ല. കുറച്ചു ദിവസം കഴിഞ്ഞു റാബിയ ഇഷ്ടപ്പെട്ട ആളുടെ കൂടെ പോകുന്നു എന്ന് പറഞ്ഞു കത്ത് എഴുതിവെച്ചു പോയി. സൽമക്ക് ഏറ്റ രണ്ടാമത്തെ അടിയാരുന്നു അത്....... പതുക്കെ സാഹചര്യം ആയി പൊരുത്തപ്പെട്ടു ചികിത്സയും പ്രാർത്ഥനയും ഒക്കെയായി അവരുടെ ജീവിതം കഴിഞ്ഞു....

പ്രണയം കൊണ്ട് സൽമയെ ഹൈദർ കുഞ്ഞില്ലാത്ത വിഷമം ഒരിക്കലും അറിയിച്ചില്ല. അവരുടെ പ്രണയം ആരെയും അസൂയ പെടുത്തുന്ന ഒന്ന് തന്നെ ആയിരുന്നു..... അവരുടെ ജീവിതവും......

എട്ടു വർഷങ്ങൾക്ക് ശേഷം ഹൈദർന്ന് വന്ന ഒരു ഫോൺ കാൾ ആയിരുന്നു എല്ലാ പ്രശ്നങ്ങൾക്കും കാരണം. ഹൈദർ കുളിക്കുന്നത് കൊണ്ട് ഫോൺ അറ്റൻഡ് ചെയ്ത സൽമ കെട്ടത് കുഞ്ഞിന് സുഖമില്ലെന്ന് പറഞ്ഞു കരയുന്ന ഒരുമ്മയുടെ വേദന നിറഞ്ഞ ശബ്ദം ആയിരുന്നു...... അവളിൽ സംശയത്തിന്റെ വിത്തുകൾ മുളച്ചു. ഹൈദർനോട് ഒന്നും ചോദിച്ചില്ലെങ്കിലും അവൾ അന്വേഷിച്ചു കണ്ടു പിടിച്ചു അതിന്റെ ഉത്തരം. റാബിയയിലും മകൻ ഇജാസ് എന്ന് പേരുള്ള ഏഴ് വയസ്സുള്ള കുട്ടിയിലും അത് അവസാനിച്ചു. ഇജാസ് ആരാണെന്ന് ചോദിക്കാനുള്ള ചോദ്യം സൽമക്ക് ഇല്ലായിരുന്നു. കരിനീലക്കണ്ണുള്ള ഹൈദർന്റെ മുഖഛായ മാത്രം മതിയാരുന്നു അതിന്ന്.

സൽമയുടെ ചോദ്യത്തിന് മുന്നിൽ അവൾ ഞെട്ടിക്കുന്ന സത്യങ്ങൾ അറിഞ്ഞു. സൽമയെ ഒഴിവാക്കാൻ അമ്മിജാൻ തീരുമാനം എടുത്തപ്പോൾ

ശാക്കിർ റാബിയയും മോളുടെ ഭാവി ഓർത്തു അമ്മിജന്റെ കാൽ പിടിക്കാൻ പോയി. സൽമയുടെ ജീവിതത്തിന്ന് പകരം ആയി റാബിയയുടെ ജീവിതം അവർ ആവശ്യപ്പെട്ടു. ഹൈദർനെ വിവാഹം കഴിച്ചു അതിൽ ഒരു അനന്തരാവകാശിയെ കൊടുക്കണെമെന്ന് പറഞ്ഞു. സൽമയുടെ ജീവിതം നന്നാവാൻ അവൾ സമ്മതിച്ചു. സൽമയെ ജീവന് തുല്യം സ്നേഹിച്ച ഹൈദർ അത് സമ്മതിക്കേണ്ടി വന്നു. പതിനെട്ടു വയസ്സ് പൂർത്തിയായാൽ ഇജാസിനെ ഹൈദരലി കുടുംബത്തിലേക്ക് കൊണ്ട് വരുന്നത് വരെ സൽമായും ആരും അറിയണ്ടെന്ന് പറഞ്ഞു. മറ്റൊരു നാട്ടിൽ റാബിയ ജീവിച്ചു. എല്ലാ സുഖസൗകര്യങ്ങൾ റാബിയക്ക് അമ്മിജാൻ കൊടുത്തെങ്കിലും ഒരു ഭർത്താവിന്റെ സ്നേഹമോ ഇജാസിന് ഉപ്പാന്റെ സ്നേഹമോ കൊടുക്കാൻ കഴിഞ്ഞില്ല. സൽമയെ മറന്നു അവരെ സ്നേഹിക്കാനോ നോക്കാനോ ഇജാസ് തയ്യാറായില്ലെന്ന് ആയിരുന്നു സത്യം. കല്യാണം കഴിഞ്ഞു ആകെ ഒരു മാസം ആയിരുന്നു ഹൈദർ അവിടെ താമസിച്ചത് പോലും..... സൽമയെ ചതിച്ചെന്ന് പറഞ്ഞു റാബിയയോട് മിന്ടൽ കൂടി

ഇല്ലെന്ന് കരഞ്ഞോണ്ട് റാബിയ പറഞ്ഞു. വല്ലപ്പോഴും മോനെ വന്നു കാണും അത്രമാത്രം. അത് സൽമാക്കും ബോധ്യം ആയിരുന്നു. ഹൈദർന് അവളോടുള്ള ഭ്രാന്തമായ സ്നേഹം അവൾക്ക് അറിയാമായിരുന്നു.

ഭർത്താവ് വീട്ടുകാരും ചതിച്ചെന്ന ചിന്ത ഒരുഭാഗത്ത്..... തനിക്ക് വേണ്ടി അനിയത്തിയുടെ ജീവിതം നശിച്ചെന്ന കുറ്റബോധം ഒരു ഭാഗത്തു.... ഇജാസ് എന്ന ആ ഏഴ് വയസ്സുകാരനെ ഓർത്തു അവളുടെ നെഞ്ച് നീറാൻ തുടങ്ങി. താൻ കാരണം ആണ് അവന് ഉപ്പാന്റെ സ്നേഹം നഷ്ടപ്പെടുന്നത് ഓർത്ത് സങ്കടപ്പെട്ടു.... എന്നാൽ തന്റെ കണ്മുന്നിൽ വെച്ച് ഹൈദർ അനിയത്തിയുടെ കൂടെ ആണെങ്കിലും ഭർത്താവിനെ പങ്ക് വെക്കാൻ ആഗ്രഹിച്ചില്ല. അവൾ ഡിവോഴ്സ് വേണമെന്ന് തീരുമാനിച്ചു. മനപ്പൂർവം ഹൈദർ ആയി റാബിയയുടെ പേര് പറഞ്ഞു വഴക്ക് ഉണ്ടാക്കി. അവളെ ചതിച്ച ഹൈദ്റിനെ വേണ്ടെന്നു പറഞ്ഞു. കേസ് ഫയൽ ചെയ്തു. ഹൈദർ ഫാമിലി അപമാനം ഭയന്ന് ഹൈദറിനെ കൊണ്ട് നിർബന്ധിപ്പിച്ചു ഒപ്പിടീച്ചു. സൽമ റാബിയയെ ആ വീട്ടിലേക്ക് കൊണ്ട് വന്നു.

ഇജാസിനെ കെട്ടിപിടിച്ചു നെറുകയിൽ ഒരു മുത്തം കൊടുത്തു ഒന്നേ പറഞ്ഞുള്ളു എന്റെ മോന് ഉപ്പാന്റെ സ്നേഹം കൊടുത്തു അവനെ പൊന്ന് പോലെ നോക്കണമെന്ന്. റാബിയക്ക് വേണ്ടി മനപ്പൂർവം അവൾ ഒഴിഞ്ഞു പോയതാണെന്ന് എല്ലാർക്കും മനസ്സിലായിരുന്നു. അന്ന് രാത്രി സൽമ ഉപ്പനെയും കൂട്ടി ആ നാട് വിട്ടു. അനിയത്തിയുടെയും തന്റെ ഭർത്താവിന്റെയും ജീവിതം നല്ലതാകാൻ അതെ വഴിയുള്ളു എന്ന് അവൾക്ക് അറിയാമായിരുന്നു.

സൽമയുടെ യാത്ര അവസാനിച്ചത് ജുനൈദിന്റെ വീട്ടിനടുത്തുള്ള വാടകവീട്ടിൽ ആയിരുന്നു. ആ നാട്ടിലെ പ്രമാണിയും വലിയ പാരമ്പര്യവും ഉള്ള ആ കൂട്ടുകുടുംബത്തിൽ ജീവിക്കാൻ ഒരു ജോലിക്കാരി ആയി സൽമ പോയി.  അവിടെ വെച്ചു എന്നും കരഞ്ഞുകൊണ്ട് ആരോടും മിണ്ടാതെ ഒരു മൂലയിൽ ഇരിക്കുന്ന ജുനൈദ്നെ അവൾ കണ്ടു. എല്ലാവരിൽ നിന്നും ഒറ്റപെട്ടു സങ്കടപ്പെട്ടു കരയുന്ന അവൻ സൽമക്ക് ഒരു നോവ് ആയിരുന്നു. അവിടത്തെ ഉമ്മാമ്മ പറഞ്ഞാണ് ജുനൈദിന്റെ കഥ അവൾ അറിഞ്ഞത്. സാലിം എന്ന ഇളയമകന്റെ മോൻ ആയിരുന്നു ജുനൈദ്....  ഒരു വർഷം മുൻപ്

പ്രസവത്തിൽ മരിച്ചു പോയതാരുന്നു അവന്റെ ഉമ്മ. അവൾക്ക് വേദനയോടെ നോക്കാനേ കഴിഞ്ഞുള്ളൂ അവനെ..... ഭാര്യയുടെ വിരഹത്തിൽ സങ്കടപ്പെട്ടു കഴിയുന്ന ഉപ്പയും...... പണത്തിന്റെ പിറകെ നടക്കുന്ന കുടുംബങ്ങൾക്കിടയിൽ ഒറ്റപ്പെട്ടു കഴിയുന്ന ജുനൈദിനെ അവൾ ക്കൂടെ കൂട്ടി ആശ്വസിപ്പിച്ചു..... അവന്റെ ഒറ്റപെടലിൽ ഒരു സാന്ത്വനം ആയി.... അവന്റെ സങ്കടം അവളിലും അവളുടെ സങ്കടം അവനിലും പകർന്നു സ്വയം ആശ്വാസം കണ്ടെത്തി അവർ.അവർ തമ്മിൽ പതുക്കെ ഒരുമ്മബന്ധം ഉടലെടുത്തു..... അവന്ന് പിന്നെ എല്ലാം അവൾ ആയിരുന്നു. ഒരു മകൻ ഇല്ലാത്ത സങ്കടം അവൾ അവനിലും തീർത്തു. ആരുമില്ലാത്തപ്പോൾ അവൾ അവന്റെ ഉമ്മയായി.... സാലിം ഇതൊക്കെ കണ്ടെങ്കിൽ കണ്ണടച്ചു..... കാരണം ഉമ്മ മരിച്ച ശേഷം അവനൊന്നു ചിരിച്ചു കണ്ടത് സൽമ വന്നതിന്ന് ശേഷം ആയിരുന്നു.

രണ്ടു മാസങ്ങൾക്ക് ശേഷം ഒരു ദിവസം സൽമ ബോധം കെട്ട് വീണു. ഹോസ്പിറ്റലിൽ എത്തിയ അവൾ അറിഞ്ഞു തന്റെ ഇത്രയും കാലത്തെ പ്രാർത്ഥന സഫലമായെന്ന്.... താൻ രണ്ടു മാസം

പ്രഗ്നൻറ് ആണെന്ന്.... ഹൈദർനെ അറിയിക്കണം എന്നുണ്ടായിരുന്നുവെങ്കിലും റാബിയയെ ഓർത്തു ആരോടും പറയണ്ടെന്ന് ഉറപ്പിച്ചു. പതുക്കെ സൽമയുമായി നല്ലൊരു സൗഹൃദം സാലിം ആയി ഉടലെടുത്തു. ആരുമില്ലാത്ത അവർക്ക് സാലിം സഹായത്തിനു ആയി ഉണ്ടായിരുന്നു.

ജുനുവിനായിരുന്നു ഏറ്റവും സന്തോഷം....

ആരോ തമാശയായി പറഞ്ഞു കുഞ്ഞുവന്നാൽ നിന്നെ നോക്കില്ല.... കുഞ്ഞിനെ ആയിരിക്കും ഇഷ്ടം എന്ന്.

കുഞ്ഞിക്കണ്ണും നിറച്ചു സങ്കടത്തോടെ കുഞ്ഞു വന്നാൽ എന്നെ വേണ്ടെന്നു ചോദിച്ചപ്പോൾ അവനെ ചേർത്ത് പിടിച്ചു പറഞ്ഞു....... എന്റെ മൂത്ത മകൻ നീയാണെന്നും.  നീ കഴിഞ്ഞേ എനിക്ക് മറ്റാരും ഉള്ളുവെന്നും .... ആ വാക്കുകൾ പതിഞ്ഞത് അവന്റെ ഹൃദയത്തിൽ ആയിരുന്നു. അവൻ അത് തന്റെ ഉമ്മ ആണെന്നും ആ കുഞ്ഞു എന്റെ അനിയത്തി ആണെന്നും അവൻ പറഞ്ഞു നടന്നു    ....... അവന്റെ സന്തോഷത്തിന് മുന്നിൽ സാലിം അത് തടഞ്ഞും ഇല്ല. ജുനുവിന്റെ ഉമ്മാക്ക്

ഒരു പെൺകുട്ടി ആണെന്നും ഇനായ മെഹവിഷ് എന്ന് അവൻ പേരും ഇട്ടിരുന്നു

അവന്റെ ഉമ്മ എന്നും പറഞ്ഞ മാലാഖകുട്ടി വീണ്ടും സൽമയുടെ വയറ്റിൽ വന്നതാണെന്ന് ആയിരുന്നു അവൻ എല്ലാരോടും പറഞ്ഞു നടന്നത്. സൽമയുടെ കുഞ്ഞിന്റെ ഹൃദയതുടിപ്പ് ആദ്യം ആയി അറിഞ്ഞത് ജുനു ആയിരുന്നു. ഇടം വലം തിരിയാതെ അവൻ സൽമയുടെ കൂടെ നടന്നു. അസ്വസ്ഥത കാരണം അവൾ ജോലി ഉപേക്ഷിച്ചു എങ്കിലും ജുനു ആ വീട്ടിൽ തന്നെ ആയിരുന്നു. രാത്രി ഉറങ്ങുമ്പോൾ സാലിം അവനെയും എടുത്തു വീട്ടിലേക്ക് വരും..... അത്ര പോലും അവൻ സൽമയെ വിട്ടു നിന്നില്ല. തന്റെ ഉമ്മാന്റെ കൂടെ താൻ ഇല്ലാത്തോണ്ടാ അവന്റെ ഉമ്മ തന്റെ മാലാഖ കുട്ടിയെ കൂട്ടി ഒറ്റക്ക് പോയത്. അത് കൊണ്ട് ഈ മാലാഖകുട്ടിയെ ആർക്കും കൊടുക്കില്ല ഞാനും കൂടെ തന്നെ ഉണ്ടാകും എന്ന് പറഞ്ഞു ഇടം വലം തിരിയാതെ സൽമയുടെ കൂടെ നടന്നു. ഹൈദർ കൂടെ ഇല്ലാത്ത സങ്കടം ജുനൈദ് സാമിപ്യത്തിൽ സൽമ മറന്നു തുടങ്ങി. സാലിമിന്റെ വീട്ടിൽ അതൊക്കെ പൊട്ടിത്തെറികൾ ഉണ്ടാക്കാൻ തുടങ്ങിയിരുന്നു. വേലക്കാരിയുടെ കൂടെ ജുനു

നടക്കുന്നത് എല്ലാരും തടഞ്ഞു. അവന്റെ വാശിയിലും കരച്ചിലിലും സാലിം തോറ്റു പോയി തുടങ്ങി. അവന്റെ സന്തോഷം മാത്രം നോക്കിയിരുന്ന സാലിം അവനെ അവന്റെ ഇഷ്ടത്തിന് വിട്ടു കൊടുത്തു. മാസങ്ങൾ കടന്നു പോയി.  ജുനു പറഞ്ഞ പോലെ തന്നെ ഒരു മാലാഖകുട്ടി തന്നെ ജനിച്ചു.....ജുനു ആയിരുന്നു ആദ്യം ആയി ആ കുഞ്ഞിനെ ഏറ്റു വാങ്ങിയത് പോലും. അവിടെയും ഹൈദർന്റെ കയ്യൊപ്പ് പോലെ കരിനീലകണ് ആയിരുന്നു ആ കുട്ടിക്ക്. കരിനീലകണ്ണുള്ള ആ മാലാഖ കുട്ടിക്ക് ജുനു അവന്റെ അനിയത്തിക്ക് ഇടാൻ നിന്നിരുന്ന പേര് വിളിച്ചു  ഇനായമെഹവിഷ്. ചരിത്രം തിരുത്തിയെഴുതാൻ മാത്രം പിറവി കൊണ്ട കുഞ്ഞായിരുന്നു അവൾ.

സൽമ നാട് വിട്ടെങ്കിലും ഹൈദർ അവളെ അന്വേഷിച്ചു ഭ്രാന്തനെ പോലെ അലയുകയാരുന്നു ലോകം മുഴുവൻ. അവളില്ലാതെ അവൻ ഇല്ലെന്ന് അറിയുകയാരുന്നു ആ കുടുംബം . ആരോടും മിണ്ടാതെ മരിച്ച പോലെ ജീവിക്കുന്ന അവൻ എല്ലാവർക്കും ഒരു നോവ് ആയിരുന്നു. കരഞ്ഞു കൊണ്ട് ഇജാസിനെയും കെട്ടിപിടിച്ചു കരയാൻ

മാത്രമേ റാബിയക്ക് ആയുള്ളൂ...... ഇജാസ് റാബിയയും ആണ് സൽമയെ നഷ്ടപ്പെടാൻ കാരണം എന്ന് പറഞ്ഞു അവരോടും ആ ദേഷ്യം തീർത്തു ഹൈദർ

സാലിം ആയുള്ള ബന്ധം വീട്ടുകാർക്കും നാട്ടുകാർക്കും മുന്നിൽ സൽമയെ വരിഞ്ഞു മുറുകാൻ തുടങ്ങി. ഒളിഞ്ഞും തെളിഞ്ഞും എല്ലാവരും അവരുടെ ബന്ധത്തെ വളച്ചൊടിച്ചു. സാലിമിന്റെ കുഞ്ഞാണെന്ന് പോലും നാട്ടിൽ പാട്ടായി തുടങ്ങി. സൽമ അകലം പാലിച്ചു നിന്നെങ്കിലും ജുനു കാരണം അതിനും പറ്റാതായി. ഒരു നിമിഷം പോലും കുഞ്ഞിന്റെ അടുത്ത് നിന്നും മാറാത്ത ജുനുവിനെ അടർത്തി മാറ്റാൻ സാലിമിനും പറ്റിയില്ല. സാലിമിന്റെ ഉപ്പയും ഉമ്മയും ശാക്കിർ ആയി ഇതിനെപ്പറ്റി സംസാരിച്ചു.ജുനുവിന് ഒരു ഉമ്മയയി സൽമയെ വിവാഹം ആലോചിച്ചു. എന്നാൽ ഹൈദർനെ മറന്നു ആ സ്ഥാനത് ആരെയും കാണാൻ സൽമ തയ്യാറായിരുന്നില്ല. ഇനുവിന് വേണ്ടി ഞാൻ ജീവിക്കും എന്നായിരുന്നു അവളുടെ മറുപടി. സാലിംമും അതെ അവസ്ഥയിൽ ആയിരുന്നു തന്റെ ഭാര്യയുടെ ഓർമകളിൽ ജീവിക്കാൻ ആണ് ഇഷ്ടം

എന്ന് പറഞ്ഞു അവനും എതിർത്തു. പ്രയധികൃത്താൽ ക്ഷീണിതനായ ശാക്കിർ താൻ മരിച്ച തന്റെ കുഞ്ഞു അനാഥമാകും എന്നോർമയിൽ നീറി ജീവിച്ചു. സൽമയെ മറ്റൊരു വിവാഹത്തിന് നിർബന്ധിച്ചു കൊണ്ടിരുന്നു. ജുനൈദ്ന്ന് ഒരു ഉമ്മ വേണമെന്ന് ഉള്ള അവന്റെ മാതാപിതാക്കളുടെ ആവിശ്യം സാലിമിന്ന് തള്ളിക്കളയാൻ ആയില്ല. നീ കാരണം റാബിയക്ക് ഒരിക്കലും നല്ലൊരു ജീവിതം ഉണ്ടാകില്ലെന്ന് ഉപ്പയും പറഞ്ഞു കരഞ്ഞപ്പോൾ സൽമക്ക് സമ്മതിക്കേണ്ടി വന്നു. ജുനൈദ്ന് വേണ്ടി സാലിംമും സമ്മതിച്ചു. സാലിം സൽമയെ വിവാഹം കഴിച്ചു.

വിവാഹം കഴിഞ്ഞെങ്കിലും സൽമ ഹൈദറിന്റെ ഓർമകളിലും സാലിം അവന്റെ ഭാര്യയുടെ ഓർമകളിലും ജീവിച്ചു. ആ കരാറിലായിരുന്നു ആ വിവാഹം പോലും. മറ്റുള്ളവർക്ക് മുന്നിൽ ഭാര്യഭർത്താവ് ആയി അവർ അഭിനയിച്ചു

അവരെ തമ്മിൽ ബന്ധിപ്പിക്കുന്ന കണ്ണി അവരുടെ മക്കൾ തന്നെ ആയിരുന്നു.

ജുനൈദ് ഇനുവും. ഇനുവിന് സാലിം ഉപ്പയായി മാറി.

ജുനൈദ്ന്റെ ലോകം ഇനായമാത്രം ആയിരുന്നു. അവർ തമ്മിലുള്ള ബന്ധം പ്രവചനതീതമായിരുന്നു.... സൽമക്ക് ഉമ്മ എന്ന് പേര് മാത്രം ഉണ്ടായിരുന്നുള്ളൂ. ജുനൈദ് ആയിരുന്നു ഇനുവിന്റെ ഉപ്പയും ഉമ്മയും എല്ലാം.... അവളെ ഒന്ന് തൊടണമെങ്കിൽ പോലും ജുനൈദിന്റെ സമ്മതം വേണമായിരുന്നു എല്ലാർക്കും. ഇനുവിന് രണ്ടു വയസ്സ് ആയി.

ഹൈദർ അവസാനം വർഷങ്ങൾക്ക് ശേഷം തന്റെ പ്രാണനെ കണ്ടെത്തി.....

ഹൈദർഅലി കുടുംബത്തെ പോലും പിടിച്ചു കുലുക്കികൊണ്ട് അവർ ആ സത്യം അറിഞ്ഞു സൽമ ഹൈദറിന്റെ മകൾക്ക് ജന്മം കൊടുത്തിരിക്കുന്നു. അതിനേക്കാൾ വലിയ മറ്റൊരു സത്യവും സൽമ മറ്റൊരാളെ വിവാഹവും കഴിച്ചിരിക്കുന്നു.ആ കുടുംബത്തിന്റെ അടിത്തറ ഇളകാൻ എല്ലാവരുടെയും ജീവിതം മാറ്റി മറിക്കാൻ ആ സത്യം മതിയാരുന്നു.    അവരുടെ ആചാരപ്രകാരം അവരുടെ അടുത്ത അനന്തരാവകാശി.ഹൈദർ അലി കുടുംബത്തിലെ ഭാഗ്യദേവതയാണ് ആ കുഞ്ഞ്. സ്വന്തം മാതാവിന്ന് പോലും അവളിൽ അവകാശം ഇല്ലാതെ ഹൈദർ

കുടുംബത്തിലെ അമ്മിജാൻ മാത്രം അവകാശം ഉള്ള അവരുടെ സ്വത്ത്.....  ഹൈദർ കുടുംബത്തിലെ രാജകുമാരി.....

അവർ ആ പെൺകുട്ടിക്ക് പേര് വിളിച്ചു

📚STORY BOARD📚

❤️ 💔 INVISIBLE LOVE 💔❤️

Love after💘 marriage story (പാർട്ട് 64)

അവൾ നിന്റെ അനിയത്തിയൊന്നുമല്ല....

എന്റെ അനിയത്തി തന്നെയാ ഇനായ ജുനൈദ് ദേഷ്യത്തോടെ അവന്റെ കൂട്ടുകാരനെ പിടിച്ചു അടിച്ചു. പരാതിയുമായി ടീച്ചർ സാലിമിനെ വിളിപ്പിച്ചു. ഫ്രണ്ട്സ് ആയി പലപ്പോഴും ഇതിന്റെ പേരിൽ തല്ലുണ്ടാകാറുണ്ട്. സാലിം ആ പ്രശ്നം ഒതുക്കിയെങ്കിലും വീട്ടിലും കുടുംബത്തിലും നാട്ടിലും ഓക്കെ ഇത് തന്നെ പരതി ആയിതുടങ്ങി. സൽമയെവിവാഹം കഴിച്ചത് വീട്ടിൽ പകുതി പേർക്കും ഇഷ്ടവും ആയിരുന്നില്ല

എവിടെ നിന്നോ കേറിവന്ന പെണ്ണിന് സ്വത്ത്

പോകുമെന്ന ഭയം ആയിരുന്നു എല്ലാർക്കും. ജുനൈദ് ആകട്ടെ അവൾ അനിയത്തി അല്ലെന്ന് പറയുന്നവരോടൊക്കെ തല്ലും വഴക്കും.

നമുക്ക് ഈ നാട്ടിൽ നിന്നും ദൂരെ എവിടേക്കെങ്കിലും പോകാം..... ആരും അറിയാത്തിടത്..... അവിടെ ആരും എന്റെ അനിയത്തി അല്ലെന്ന് പറയില്ലല്ലോ എന്ന് പറഞ്ഞു കരയുന്ന അവനെ സാലിം ആശ്വസിപ്പിച്ചെങ്കിലും അവൻ വാശിയിൽ ഉറച്ചു നിന്നു. സൽമക്കും ആ പത്ത് വയസ്സുകാരന്റെ വാശിക്ക് മുന്നിൽ തോൽക്കേണ്ടി വന്നു.

❤️❤️❤️❤️❤️

സൽമ മറ്റൊരാൾക്ക് സ്വന്തം ആയത് അറിഞ്ഞു ഹൈദർ ആകെ തളർന്നത് പോലെ ആയി. അതിൽ തനിക്ക് ഒരു കുഞ്ഞുന്നുണ്ടെന്ന് അറിഞ്ഞതോടെ അവൻ കൂടുതൽ തളർന്നു. അമ്മിജന്റെ ഭീഷണിക്ക് മുന്നിൽ റാബിയയെ മഹർ അണിഞ്ഞത് ഓർത്തു പൊട്ടികരഞ്ഞു. അവളോട് ചെയ്തത് തെറ്റ് തന്നെയാണ്. അവളെ മറന്നു മറ്റൊരു പെണ്ണിന്റെ കൂടെ കിടന്നത് ന്യായീകരിക്കാൻ കഴിയില്ല. അവൾക്ക് വേണ്ടിയാണെങ്കിലും ചെയ്യാൻ പാടില്ലാത്ത

തെറ്റാണെന്ന കുറ്റബോധം കൊണ്ട് അവന്റെ മനോ നില തന്നെ തെറ്റാൻ തുടങ്ങി. സൽമയുടെ മുന്നിൽ പോകാൻ തന്നെ അവൻ ഭയന്നു. അവൻ ഇനയക്ക് പേരിട്ടു ജന്നത്ത്. ദൂരെ നിന്നും അവളെ കുറ്റബോധത്തോടെ നോക്കി കണ്ടു.

മകന്റെ ഈ അവസ്ഥ കണ്ടു കരയാനെ അമ്മിജന്ന് കഴിഞ്ഞുള്ളു. ആരോടും മിണ്ടാതെ പുറത്തിറങ്ങാതെ റൂമിൽ കഴിയുന്ന അവനെ കണ്ടു നെഞ്ച് നീറി. ഭാര്യയെ നഷ്ടപെട്ടു ഇനി കുഞ്ഞിനെയെങ്കിലും അവന് കൊടുക്കണമെന്ന് അമ്മിജാൻ കരുതി.

സൽമയിൽ നിന്നും കുഞ്ഞിനെ തിരിച്ചു വാങ്ങി മകന്ന് കൊടുക്കാൻ അവർ തീരുമാനിച്ചു. അമ്മിജന്റെ വക്കീൽ സൽമയെ വന്നു കണ്ടു. അവളെ വിട്ടുകൊടുക്കില്ലെന്ന് സൽമയും വാശി പിടിച്ചു. പണവും പ്രതാപവും സൽമ എഴുതികൊടുത്ത ഉടമസ്ഥാവകാശവും കൊണ്ട് അവർ ഇനുവിനെ കൊണ്ട് പോകാൻ വന്നു . സൽമ തന്നെ ഇനുവിനെ കൂട്ടി ഹൈദ്റിനെ വന്നു കണ്ടു കാൽ പിടിച്ചു. എന്റെ മോളെ തിരിച്ചു തരണമെന്ന് പറഞ്ഞു.....

ഹൈദറിനോട് കുഞ്ഞിനെ അവളായിട്ട് തിരിച്ചു കൊടുത്തത് എന്നായിരുന്നു പറഞ്ഞത്. സങ്കടം ഉള്ളിലൊതുക്കി

അവൻ ഇനുവിനെ സൽമക്ക് തന്നെ കൊടുത്തു. തനിക്ക് അങ്ങനെ ഒരു മകൾ ഇല്ലെന്നും ആരും അവകാശം പറഞ്ഞു പോകേണ്ടെന്നും പറഞ്ഞു........

അവന്റെ വീട്ടുകാർക്ക് വേണ്ടി അവൻ അവളോട് മാപ്പ് ചോദിച്ചു.

ജുനൈദ്ന്റെ സങ്കടവും ഇനുവിന്റെ അവകാശതർക്കവും ഒക്കെ സാലിമിനെയും വേദനിപ്പി ക്കുന്നുണ്ടായിരുന്നു. അവളെ സ്വന്തം മകളായി കണ്ടു വളർത്തിയ സാലിമിന് സഹിക്കുന്നുണ്ടായിരുന്നില്ല ഇനു സ്വന്തം മകൾ അല്ലെന്ന് മറ്റുള്ളവർ പറയുന്നത്. നാളെ ഇനുവിനെയും അത് വേദനിപ്പിക്കുന്നത് അറിയുന്നൊണ്ട് അവനും ജുനൈദ്നെ പോലെ തീരുമാനം എടുത്തു. നാടും വീടും വിട്ടു തനിച്ചൊരു ജീവിതം. ഉപ്പാനോടും ഉമ്മനോടും സമ്മതം വാങ്ങിയെടുത്തു അവർ ഈ നാട്ടിലേക്ക് വന്നു. ജുനൈദ്നോടും ഹൈദർ ഫാമിലിയെ പറ്റി

പറഞ്ഞിരുന്നില്ല. അവൻ ഇത് വരെ ചോദിച്ചിട്ടും ഇല്ലായിരുന്നു ഇനായയുടെ ഉപ്പ ആരാണെന്ന്.

ചെറിയൊരു ബിസിനസ് തുടങ്ങി ഇവിടെ സന്തോഷത്തോടെ ജീവിച്ചു. സാലിമിന്റെ നല്ല മനസ്സിന് മുന്നിൽ കീഴടങ്ങി സൽമ എല്ലാം തികഞ്ഞൊരു ഭാര്യയായിമാറി. വർഷങ്ങൾ കഴിഞ്ഞു പോയി. ബിസിനസ്സിൽ പരാജയപ്പെട്ടു സാലിമിന് കുറെ കടബാധ്യതകൾ വന്നു. തിരിച്ചു നാട്ടിലേക്ക് പോകാൻ സൽമ പറഞ്ഞെങ്കിലും തന്റെ മോളേ തള്ളിപ്പറയുന്ന കുടുംബത്തിലേക്ക് തിരിച്ചില്ലെന്ന് പറഞ്ഞു. ജുനൈദ്ന് പ്രായത്തിൽ കവിഞ്ഞ പക്വത ആയിരുന്നു. പണവും പ്രതാപവും ഒന്നും വേണ്ട ഇനായഅവന്റെ അനിയത്തി അല്ലെന്ന് മാത്രം ആരും പറയുന്നത് കേൾക്കാതിരുന്ന മതിയെന്ന് അവനും പറഞ്ഞു.  ഉള്ള ജീവിതത്തിൽ സന്തോഷം സമാധാനത്തോടെയും അവർ കഴിഞ്ഞു. കൂട്ടിന് റാനിയയുടെ ഉപ്പയും കുടുംബവും. ഹൈദറിന്റെ സൗന്ദര്യവും ബുദ്ധിശക്തിയും പ്രായത്തെക്കാൾ കൂടുതൽ ഉള്ള പക്വതയും ഉണ്ടായിരുന്നു ഇനുവിന്. ഓരോ നിമിഷവും അവൾ ഹൈദറിനെഓർമപ്പെടുത്തികൊണ്ടിരുന്നു. അവൾ

അറിയാതെ അവളെ കണ്ടു ജീവിക്കുന്ന ഹൈദറിനും അതായിരുന്നു ആശ്വാസം.

❤️❤️❤️❤️❤️

ഹൈദർ തന്നിലേക്ക് തന്നെഒതുങ്ങിക്കൂടി

ഇജാസിന് നല്ലൊരു ഉപ്പയാവാൻ പോലും അവന്ന് പറ്റിയില്ല. ഇജാസിനെ കാണുമ്പോൾ ഇനുവിന്റെ ദയനീയവസ്ഥ ആയിരുന്നു അവന്റെ ഉള്ളിൽ. താൻ രാജാകീയമായി ജീവിക്കുമ്പോൾ അവൾ ഒരു ചെറിയ വീട്ടിൽ കൂലിപ്പണിക്കാരന്റെ മോളായി ജീവിക്കുന്നത് അവനെ വേദനിപ്പിച്ചു കൊണ്ടിരുന്നു.

ഇതൊക്കെ കണ്ടു വേദനിക്കാനേ റാബിയാക്കും ആയുള്ളൂ. താൻ കാരണം ആണ് സൽമക്ക് ഇനുവിനും ഈ അവസ്ഥ വന്നതെന്നുള്ള കുറ്റബോധത്തിൽ അവളും നീറി ജീവിച്ചു.

ഹൈദർന്റെ അടുത്ത് നിന്നും ഒരു നോട്ടം കൊണ്ട് പോലും ഭാര്യ എന്ന പരിഗണനയും അവൾക്ക് കിട്ടിയിരുന്നില്ല.

ഇജാസ് ഒന്നുമറിയാതെ അവർക്കിടയിൽ വേദനിച്ചു. അവന്ന് ഉപ്പയും ഉമ്മയും ഉണ്ടായിട്ടും ഇല്ലാത്ത

അവസ്ഥ.

പ്രണയം കൊണ്ട് ഒരു ജീവിതം തന്നെ ഇല്ലാതായി അത് ആ കുടുംബതെ മൊത്തം വേദനിപ്പിച്ചു കൊണ്ടിരുന്നു. ഇതൊന്നും താങ്ങാൻ ആ ഹൃദയത്തിന് കൂടുതൽ കരുതില്ലാത്തത് കൊണ്ട് തന്നെ മനസ് കൊണ്ടും ശരീരം കൊണ്ടും തളർന്നു. അവസാന നിമിഷങ്ങളിലും ഹൈദർ ഇനുവിനെപറ്റി മാത്രമേ ചിന്തിച്ചുള്ളൂ..... ഇജാസിനെ വിളിച്ചു അവന്റെ കൈ പിടിച്ചു പറഞ്ഞു ജന്നത് അവൾ ഹൈദർ അലി കുടുംബത്തിന്റെ രാജകുമാരി ആണ്..... നിന്റെ അനിയത്തിയാണ്..... പൊന്ന് പോലെ നോക്കണം അവളെ ഒരിക്കലും വേദനിപ്പിക്കരുതെന്ന്.....

റാബിയയോടും അത് തന്നെ ആയിരുന്നു പറഞ്ഞത്...... റാബിയ ഇജാസിനോട് ഇത് വരെ സംഭവിച്ച മൊത്തം കാര്യം പറഞ്ഞു

പൊട്ടികരഞ്ഞു.

അധികകാലം ആ വേദന സഹിക്കാൻ പറ്റാതെ ഹൈദർ ഈ ലോകം വിട്ടു പോയി

ഹൈദർ പോയത് ആ കുടുംബത്തിന്റെ തന്നെ

സന്തോഷം കൊണ്ടായിരുന്നു. അത് തിരിച്ചു കൊണ്ട് വരണമെങ്കിൽ ഉപ്പാന്റെ ആഗ്രഹം മോൻ നിറവേറ്റണം എന്ന് റാബിയ അവനെ പറഞ്ഞു പഠിപ്പിച്ചു. ഉപ്പാന്റെ ആഗ്രഹം പോലെ  എന്ത് വില കൊടുത്തും ജന്നതിനെ ഇങ്ങോട്ട് കൊണ്ട് വന്നു രാജകുമാരിയെ പോലെ നോക്കുമെന്ന് അവൻ വാക്ക് കൊടുത്തു

❤️❤️❤️❤️❤️

ജുനൈദ് പ്ലസ് വണിൽ പഠിക്കുന്ന സമയം അവന്റെ ക്ലാസ്സിൽ പുതിയ രണ്ടു പേര് കൂടി എത്തി ഇജാസ് നദീംമും. ഇനുവും അന്ന് ആ സ്കൂളിൽ തന്നെ ആയിരുന്നു. ഇനുവിനെ കാണാനും സംസാരിക്കാനും ഇജാസ് കണ്ടു പിടിച്ച വഴിയാരുന്നു അത്.

ജുനൈദിന്റെ സൗഹൃദം ഇനുവിനെ അവരിലേക്ക് അടുപ്പിക്കാൻ അവർ കൂട്ട് പിടിച്ചു. സൗന്ദര്യവും വിനയവും സൽസ്വഭാവവും കൊണ്ട് ആരെയും മനം മയക്കുന്ന ഒരു കൊച്ചു സുന്ദരി ആയിരുന്നു ഇനായ. ജുനൈദിന്റെ കയ്യിൽ പിടിച്ചു നടക്കുന്ന ഒരു അഞ്ചാംക്ലാസ്കാരി. ഇന്റർവെൽ ബെല്ലടിച്ച അപ്പൊ ജുനൈദ്ന്റെ ക്ലാസ്സിൽ എത്തും അവൾ.

ഒരു ദിവസം ജുനുവിനെ കാണാൻ വന്ന അവൾക്ക് മുന്നിലേക്ക് അവരും ഉണ്ടായിരുന്നു. ഇജാസിന്റെ കണ്ണുകളിലേക്ക് ആയിരുന്നു അവൾ ആദ്യം നോക്കിയത് തന്റെ അതെ കണ്ണുകൾ...... ജുനുവിനോട് അത് പറഞ്ഞു. ഒരുപോലുള്ള കണ്ണുകൾ എല്ലാർക്കും ഉണ്ടാകുമല്ലോ എന്നായിരുന്നു മറുപടി. നദീംമും ഇജുവും അവൾക്ക് സ്വന്തം സഹോദരൻമാരെ പോലെ ആയി. സ്നേഹം കൊണ്ട് മൂടി ഇനുവിന് അവർ ജുനുവിനെ പോലെ പ്രിയപ്പെട്ടതായി തീർന്നു. എന്ത് കാര്യവും വീട്ടിൽ വന്നു പറയുന്ന അവർ ഇതും പറഞ്ഞപ്പോൾ ഞെട്ടിയത് സൽമായും സാലിം ആയിരുന്നു. നീലക്കണ്ണുള്ള സുന്ദരൻ ആരാണെന്ന് അവർക്ക് മനസ്സിലായിരുന്നു. നാടും വീടും വിട്ടു ഇവിടെ കഴിയുന്നത് തന്നെ ഇനു അവന്റെ അനിയത്തി അല്ലെന്ന് ആരും പറയാതിരിക്കാനാണ്. സ്വന്തം സഹോദരൻ തന്നെ തേടി വന്നത് അറിഞ്ഞ ജുനു എങ്ങനെ അത് സഹിക്കുമെന്നോർത്ത് അവർ പേടിച്ചു. ഹൈദർ ഇനി കൊണ്ട് പോകില്ലെന്ന് വാക്ക് കൊടുത്ത വിശ്വാസത്തിൽ അവർ സമാധാനം കണ്ടെത്തി. ഇജാസ് സത്യം പറയാത്തതും അവർക്ക്

ആശ്വാസം ആയി തോന്നി. സ്വന്തം ചോരയെ അടർത്തിമാറ്റാനും സൽമക്ക് തോന്നിയില്ല. രക്തം രക്തത്തെ തിരിച്ചറിയുന്നത് പോലെ ഇജാസ് ആയി ഇനുവിന് ഒരത്മബന്ധവും ഉടലെടുത്തു. ജുനുവിനെ പോലെ ഇജാസ് അവളുടെ സംസാരത്തിൽ കയറി വന്നു കൊണ്ടിരുന്നു. ഇജാസ് നദീം അവളെ സ്നേഹം കൊണ്ട് പൊതിഞ്ഞപ്പോൾ ശഹി മാത്രം എന്നും വഴക്ക് ദേഷ്യം ആയിരുന്നു.

ശഹി അവളോട് ഫ്രണ്ട് എന്ന് പറഞ്ഞു പരിജയപ്പെട്ടെങ്കിലും അവർ തമ്മിൽ എന്നും വഴക്ക് ആയിരുന്നു കൂടുതൽ.  കൊച്ചു കൊച്ചു കുസൃതികളും കുറുമ്പുകൾ ആയി അവർ അഞ്ചു പേരും ഒന്നായിമാറി. പെട്ടന്ന് ദേഷ്യം വരുന്ന സ്വഭാവം ആയിരുന്നു ഷഹിയുടെത്

ഇതിന്റെ പേരിൽ ഇജാസ് ജുനുവും തമ്മിൽ ഇവർക്ക് മാധ്യസ്ഥം പറയാനേ നേരം ഉണ്ടായിരുന്നുള്ളൂ. ഒരു ദിവസം സഹികെട്ടു ജുനു ഇനുവിനോട് ഷഹിയുമായി മിണ്ടരുതെന്നും മുന്നിൽ പോകരുതെന്നും പറഞ്ഞു. എല്ലാവരും ഞെട്ടിപ്പോയിരുന്നു അത് കേട്ട്.

ടാ ശഹിക്ക് കലിപ്പ് കുറച്ചു കൂടുതൽ ആയോണ്ടാ.....

അവൻ മനസ്സിൽ വെച്ചു ഒന്നും പറഞ്ഞതവില്ല.

താൻ ടെൻഷൻ ആവണ്ട ഇജു. ശഹിയെ എന്റെ സ്വന്തം അനിയൻ ആയെ ഞാനും കണ്ടിട്ട് ഉള്ളൂ. ഒഴിവാക്കാൻ ആയിരം കാരണങ്ങൾ ഉണ്ടെങ്കിലും ഒ ഴിവാക്കതിരിക്കാൻ ഒരു കാരണം ഉണ്ടോന്ന് നോക്കുന്ന ഒരു പാവം ആണ് അവൾ. ഇവരെ വഴക്ക് തീർക്കാൻ വേറെ വഴി ഒന്നുമില്ല. കുറച്ചു കഴിഞ്ഞു ഇ നു ജുനുവിന്റെ അടുത്തേക്ക് വന്നു.

പാവം ആണ് ജുനു അവൻ...... ഞാനും തിരി ച്ചു ദേഷ്യം പിടിപ്പിക്കുന്നുണ്ട അവൻ അങ്ങനെ. ഇനി ഞാൻ നന്നായി കൊള്ളാം. ശഹിഎന്ത് പറഞ്ഞാലും വഴക്കിനു പോകില്ല. എനിക്ക് മിണ്ടാതിരിക്കാൻ പറ്റുന്നില്ല എന്നും പറഞ്ഞു മുഖം കോട്ടി അവൾ വന്നപ്പോൾ അവർ പൊട്ടിച്ചിരിക്കുകയാരുന്നു. അവരുടെ സ്നേഹത്തേക്കാൾ കൂടുതൽ അവന്റെ കലിപ്പ് ആയിരുന്നു അവൾ ഇഷ്ടപ്പെട്ടിരുന്നത് എന്ന് കൂ ടി അവർ മനസിലാക്കുകയാരുന്നു അന്ന്. അവൾ അവന്ന് കലിപ്പൻ എന്ന് പേരിടുകയും ചെയ്തു .

ഒരു ദിവസം അവൾ കരഞ്ഞോണ്ട് വന്നത് ഫ്രണ്ട്സ്ന്റെയും എല്ലാവരുടെയും മുന്നി ൽ വെച്ച്

ശഹി ഇതെന്റെ പെണ്ണാ ഞാൻ ഇവളെയെ കല്യാണം കഴിക്കു എന്ന് പറഞ്ഞായിരുന്നു.

നല്ല ചെറുക്കൻ ആടി നിനക്ക് ഇഷ്ടം ആണെങ്കിൽ നമുക്കിത് ഉറപ്പിക്കാം എന്ന് തമാശയോടെ പറഞ്ഞു കളിയാക്കി ചിരിച്ചു ജുനൈദ്. അതോടെ പരാതി പറയൽ അവൾ നിർത്തി. പകരം ഒന്നിന് രണ്ടെണ്ണം തിരിച്ചു പറയുകയും ചെയ്യുകയും എന്ന ലെവലിൽ എത്തി. എന്തിനും ഏതിനും ഉടക്കികൊണ്ടിരുന്നു അവൾ. അവൻ ആണെങ്കിൽ അതിനേക്കാൾ കൂടുതൽ വാശിയുമായി.

ആര് ചോദിച്ചാലും ഇതെന്റെ പെണ്ണാ എന്ന് പറഞ്ഞു നടക്കുന്ന അവനെ പുറമെ ദേഷ്യത്തോടെ നോക്കുമെങ്കിലും ആരെക്കാളും ഇഷ്ടം ആയിരുന്നു അവൾക്ക്. ഒരു ദിവസം ദേഷ്യം സഹിക്കാൻ ആവാതെ നിന്നെ എനിക്ക് വേണ്ട ഞാൻ വേറെ ആളെ കെട്ടും എന്ന് വിളിച്ചു പറഞ്ഞു ഇനു.

അന്ന് അവൻ ജുനൈദ്ന്റെ മുന്നിൽ അവളെ കയ്യും പിടിച്ചു ചെന്നു.

ഇവൾ ഇങ്ങനെ ഓക്കെ പറയും.....  എന്ത് വന്നാലും ഞാൻ തന്നെ ഇവളെ കെട്ടു. എന്റെ പെണ്ണ ഇത്.

ഇവളെ വാക്കും കേട്ടു വേറെ ആരെയെങ്കിലും നോക്കാൻ പോകണ്ട ധൈര്യത്തോടെ അവനെ നോക്കി പറയുന്ന പറയുന്ന ശഹിയെ കണ്ടു ജുനൈദ് ഒന്ന് ഞെട്ടി. ഒരു പതിനഞ്ചു വയസ്സ്കാരന്റെ കുട്ടിക്കളി ആയി കാണാൻ അവന്ന് തോന്നിയില്ല അത്. ശഹിയെ എപ്പോഴൊക്കെയോ അവനും ഇഷ്ടപ്പെട്ടു തുടങ്ങിയിരുന്നു.

നിന്റെ ഇഷ്ടം വളർന്നു കെട്ട് പ്രായം എത്തുമ്പോഴും ഉണ്ടെങ്കിൽ ഞാൻ കെട്ടിച്ചു തരാം. ആദ്യം നല്ല പോലെ പഠിച്ചു നല്ലൊരു ജോലിയും ആയി വാ എന്ന് ജുനൈദ് തിരിച്ചു പറയുകയും ചെയ്തു. ആ പ്രശ്നം സോൾവ് ചെയ്യുകയും ചെയ്തു.

അവരുടെ സൗഹൃദം വളർന്നു വളർന്നു പന്തലിച്ചു തുടങ്ങി. ഇജാസ് എപ്പോഴും ഇനുവിനെ കൂട്ടിനടക്കുന്നതും അവൾക്ക് കൊടുക്കുന്ന കെയറിങ് കണ്ടു എല്ലാവരും കളിയാക്കും നിന്റെ ലവർ ആണോന്ന് ചോദിച്ചു. ഇജാസ് അവളെ ചേർത്ത് പിടിച്ചു പറയും എന്റെ അനിയത്തി ആണെന്ന്. അവളും അത് തിരിച്ചു പറയാൻ തുടങ്ങി. ഇതെന്റെ ഇക്കാക്കയ എനിക്ക് നാല് ഇക്കാക്കയ എന്ന് പറയുമ്പോൾ ശഹി നോക്കി പേടിപ്പിക്കും

അപ്പോൾ മൂന്ന് എന്ന് തിരുത്തി പറയും..... അത് കണ്ടു തമാശയോടെ ചിരിച്ചു തള്ളുകയെ ചെയ്തുള്ളു ജുനൈദ്.

ഒരു വർഷം കടന്നു പോയി. പിരിയാൻ പറ്റാത്ത രീതിയിൽ അവരുടെ ബന്ധവും വളർന്നു. ഇനു ഇജാസിന്റെ കൂടെ അവരുടെ വീട്ടിലും ഇടക്കൊക്കെ പോയി തുടങ്ങി . സ്നേഹം കൊണ്ട് അവിടെ ഉള്ളവരും അവളുടെ പ്രിയപ്പെട്ടവരായി . സ്വന്തം ആണെന്ന് അറിയാതെ തന്നെ അവൾ ആ കുടുംബത്തിൽ ഒരംഗത്തെ പോലെ ആയി.

അവരുടെ കൂട്ടത്തിലേക്ക് ഷഹാന എന്ന ഷാനു കൂടി കടന്നു വന്നു അമ്മിജന്റെ സഹോദരന്റെ മോള് ആയിരുന്നു ശഹന എന്ന ഷാനു. ഇജാസിന് വേണ്ടി അവർ കണ്ടെത്തിയ പെണ്ണ്...... ഇജാസിനോട് അത് പറഞ്ഞതും എല്ലാവരുടെയും മുന്നിൽ വെച്ച് അവൻ ഷാനുവിനെ പിടിച്ചു ചേർത്തി നിർത്തി പറഞ്ഞു ഇതെന്റെ ഉമ്മാന്റെ രണ്ടാമത്തെ മകൾ ആണ്. എന്റെ അനിയത്തി.... എന്റെ സഹോദരന്റെ പെണ്ണ് .... ഇവളെ നദീം കല്യാണം കഴിക്കുമെന്ന്. ജന്നത് കുടുംബം മൊത്തം ഞെട്ടി നിൽക്കെ അവൻ വേറൊന്ന് കൂടി പറഞ്ഞു. എന്റെ ജീവിതത്തിൽ ഒരു

പെണ്ണ് ഉണ്ടാവില്ല. ഞാൻ ഒരിക്കലും കല്യാണം കഴിക്കില്ല. എനിക്ക് വേണ്ടി ആരും ഒരു പെണ്ണിനെ അന്വേഷിച്ചു ബുദ്ധിമുട്ടണ്ട എന്ന്.

വീണ്ടുമൊരു വാശിക്കാരനായ ഹൈദ്റിനെ കാണുകയാരുന്നു ആ കുടുംബം. കാണാൻ മാത്രം അല്ല സ്വഭാവത്തിലും അവൻ ഹൈദർനെ പോലെ ആണെന്ന് ഇതിനകം തന്നെ എല്ലാർക്കും മനസ്സിലായിരുന്നു.

വിവാഹം കഴിക്കാതിരിക്കാൻ അവൻ പറഞ്ഞ കാരണം കേട്ട് ആ കുടുംബം മൊത്തം ഞെട്ടി നിന്നു. അതായിരുന്നു ആ കുടുംബതിന്ന് കിട്ടിയ മറ്റൊരു അടി.

❤️ 💔 INVISIBLE LOVE 💔❤️

Love after💘 marriage story

പാർട്ട് 65 ( 1)

എന്റെ ജീവിതത്തിൽ ഒരു പെണ്ണ് ഉണ്ടാവില്ല..... ഞാൻ വിവാഹവും കഴിക്കില്ല. എനിക്ക് മറ്റൊരു ഹൈദർ ആവാൻ കഴിയില്ല. നാളെ എന്റെ ഭാര്യയും സൽമാൻറ്റിയെ പോലെ ആവില്ലെന്ന് ആര് കണ്ടു.

നഷ്ട പ്രണയം ഓർത്തു ജീവിതം തന്നെ മടുത്തു മരണത്തെ കൂട്ട് പിടിച്ചു പോയ ഉപ്പാന്റെ ചരിത്രം പോലെ ആവില്ല ഞാനും എന്ന് ആർക്കെങ്കിലും പറയാൻ പറ്റോ...... എന്റെ ഉമ്മ കരഞ്ഞു തീർത്ത കണ്ണീരിനു പകരം വെക്കാൻ ആർക്കെങ്കിലും പറ്റോ...... വില പേശി ഉറപ്പിച്ച വാങ്ങിയ സാധനം പോലെ അല്ലേ സൽമാൻറ്റിയെ എല്ലാരും കണ്ടത്..... നാളെ എന്റെ ഭാര്യയോടും അങ്ങനെ ചെയ്യില്ലെന്ന് പറയാൻ പറ്റോ..... അവരുടെ പ്രണയത്തെ പോലും ചവിട്ടി അരച്ച ഈ കുടുംബത്തിന്റെ ചട്ടങ്ങൾ എന്ന് മാറുന്നുവോ അന്നേ ഈ കുടുംബവും രക്ഷപ്പെടു.... പിന്നെ എനിക്ക് ജീവിക്കാൻ..... എന്റെ ജീവിതം മുന്നോട്ട് കൊണ്ട് പോകാൻ രണ്ടു പേരുണ്ട് എന്റെ ഷഹിയും എന്റെ ജന്നത്..... അവർക്ക് വേണ്ടി ഞാൻ ജീവിക്കും..... അവർക്ക് വേണ്ടി മാത്രം ആയിരിക്കും എന്റെ ജീവിതം..... അതിലിടക്ക് പെണ്ണ് കല്യാണം എന്നൊന്നും പറഞ്ഞു ആരും വരണ്ട. ഈ ജന്നത് ഇൻഡസ്ട്രീറ്റ്സിന് ഒരു അവകാശിയെ ഉള്ളൂ ജന്നത്......അതും പറഞ്ഞു അവൻ റൂമിലേക്ക് പോയി.

ഭാവിയിൽ തീരുമാനം മാറ്റുമായിരിക്കും എന്ന് ആശ്വസിച്ചു അവർ സമാധാനിച്ചു.

❤❤❤❤❤

പ്ലസ്ടു ക്ലാസ്സ് തുടങ്ങി കുറച്ചു മാസങ്ങൾ കഴിഞ്ഞുള്ള ഒരു ലീവ് ദിവസം ഇജു വന്നു ഇനുവിനെ കൂട്ടി പോയി. പെട്ടന്ന് തിരിച്ചു വരും ചെറിയ ഷോപ്പിംഗ് എന്ന് പറഞ്ഞു ആയിരുന്നു കൂട്ടി പോയത്. ഇടക്കൊക്കെ ഇത് പതിവ് ഉള്ളത് കൊണ്ട് അവർ സമ്മതിച്ചു. തിരിച്ചു വീട്ടിലേക്ക് കയറി വന്ന മകളെ കണ്ടു സൽമ ഞെട്ടി വിറച്ചു. അവളുടെ കഴുത്തിൽ ഒരു മാല ഉണ്ടായിരുന്നു. അതും കയ്യിലെടുത്തു പൊട്ടിക്കരെയുന്ന സൽമയെ കണ്ടു ജുനുവും സാലിം പകച്ചു നിന്നു.

ഹൈദർഅലി കുടുംബത്തിന്റെ അവകാശം ഉറപ്പിക്കുന്ന മാലയാണിത്. ജന്നത് രാജകുമാരി അവിടത്തെ മരുമകൾ ആണെന്നും അവൾക്ക് മറ്റൊരു ബന്ധം ഉണ്ടാകാതിരിക്കാൻ ചെറുക്കനും പെണ്ണും തമ്മിൽ നടക്കുന്ന ആചാരം..... അവൾക്ക് അവന്നും അവന്ന് അവളും സ്വന്തം ആണെന്ന് ഉറപ്പിച്ചു കൊടുക്കാൻ ചെറുപ്പത്തിൽ പരസ്പരം കൊടുക്കുന്ന വാക്ക് ഉറപ്പിക്കൽ.... അവരുടെ ഭാഷയിൽ പറഞ്ഞ ബല്യവിവാഹം...... വളർന്നു വലുതായാലും അവൾക്ക് അവനെയല്ലാതെ

മറ്റൊരാളെ വിവാഹം കഴിക്കാൻ പാടില്ലെന്ന് ഉറപ്പിക്കുന്ന ചടങ്ങ്.

നിനക്ക് ഇതാരാ അണിയിച്ചു തന്നത് സാലിം ഇനുവിനോട് ചോദിച്ചു.

ശഹി.......

നീയെന്ത് കൊണ്ട തടയാഞ്ഞ

ഇന്ന് ഞാൻ അവിടെ പോയപ്പോൾ കുറെ ആളുകൾ ഉണ്ടായിരുന്നു.ഈ മാല ശഹി ഇട്ടു തന്നു.....എന്നിട്ട് പറഞ്ഞു അവൻ എന്നെ കല്യാണം കഴിച്ചുന്നും ഞാൻ അവന്റെ ഭാര്യ ആണെന്നും.

അവൻ എപ്പോഴും പറയുന്നതാ എന്റെ പെണ്ണാ.... ഞാൻ കല്യാണം കഴിക്കുന്നു എന്നൊക്കെ. ജുനുനോട് പറഞ്ഞപ്പോ എപ്പോഴും കളിയാക്കി ചിരിക്കും. വലുതായ കല്യാണം കഴിക്കുന്നു പറഞ്ഞു ജുനു. അതോണ്ട് അവന് മാല ഇട്ടപ്പോ ഞാൻ ഒന്നും പറഞ്ഞില്ല. മാല ഇട്ടു എല്ലാവരും എന്തൊക്കെയോ പറഞ്ഞു. ഞാൻ അവിടത്തെ മരുമോളാണ് എന്നൊക്കെ. എനിക്കൊന്നും മനസ്സിലായില്ല. ഞാൻ ജുനു ഇല്ലാത്തോണ്ട് പേടിച്ചു ഇങ്ങോട്ട് വരണം പറഞ്ഞു കരഞ്ഞപ്പോൾ കൊണ്ട് വിട്ടതാ.

എന്തൊക്കെ ഉമ്മ പറയുന്നേ ഉമ്മാക്ക് മുന്നേ പരിജയം ഉണ്ടോ അവരെ. അവരെ ആചാരം ഓക്കെ എങ്ങനെയാ അറിയ. ഇതെന്താ ഇവൾ പറയുന്നതൊക്കെ

സാലിം ഇത് വരെയുള്ള എല്ലാ കാര്യം പറഞ്ഞു കൊടുത്തു. ഞെട്ടലോടെ അവരെ നോക്കി കുറച്ചു സമയം നിന്നു. പിന്നെ ഇനുനെ നോക്കി കെട്ടിപിടിച്ചു പറഞ്ഞു. എന്റെ പെങ്ങളാ അവകാശം പറഞ്ഞു ആരും വരണ്ട വിട്ടു കൊടുക്കില്ല ഞാൻ ആർക്കും..... ആർക്കും വിട്ടുകൊടുക്കില്ല..... അതും പറഞ്ഞു പൊട്ടിക്കരഞ്ഞു.

അവൾ ആകെ ഞെട്ടലിൽ തന്നെ ആയിരുന്നു. ജുനു ഉമ്മാന്റെ മോനല്ല എന്റെ ഉപ്പയും അല്ല എന്നൊക്കെ അവൾക്ക് ഷോക്ക് ആയിരുന്നു. ഇജാസ് എന്റെ സ്വന്തം ഇക്കാക്ക തന്നെ ആണ്. ആ കുടുംബവും എന്റേതാണ്..... എന്നോട് കാണിക്കുന്ന സ്നേഹം ജന്നത് എന്ന രാജകുമാരിയോടാണ് എന്നൊക്കെ അറിഞ്ഞപ്പോൾ എന്താ വേണ്ടെന്നു മനസ്സിലാവാതെ പകച്ചു നിന്നു. തന്നെ കെട്ടിപിടിച്ചു കരയുന്ന ജുനുനെ നോക്കി ഒന്നും മിണ്ടാൻ പോലും അവൾക്ക് കഴിഞ്ഞില്ല.

എന്നും ഇജുക്കന്റെ കണ്ണുകളോട് ആയിരുന്നു ഏറ്റവും ഇഷ്ടം

പലപ്പോഴും ആ കണ്ണുകളിൽ നോക്കി ഇരുന്നിട്ടുണ്ട്..... അവൻ അത് കണ്ടു ചോദിക്കൽ ഉണ്ട് എന്തിനാ എപ്പോഴും എന്റെ കണ്ണിൽ നോക്കുന്നെന്ന്.

അത് എനിക്കും അറിയില്ല..... എന്തോ നോക്കിയിരികൻ ഇഷ്ടം..... ചിലപ്പോൾ തോന്നും ഈ കണ്ണുകൾ ഞാൻ എവിടെയോ കണ്ടിട്ടുണ്ടെന്ന്..... അല്ല കാണാറുണ്ട്.......

എവിടെ......

അത് ചിലപ്പോഴൊക്കെ ഒരാൾ ആരും അടുത്ത് ഇല്ലാത്തപ്പോൾ അടുത്ത് വരും.... തലയിൽ തലോടും പിന്നെ ഒരിക്കൽ എന്നെ കെട്ടിപിടിച്ചിട്ടും ഉണ്ട്. കണ്ണ് നിറഞ്ഞിട്ട് ഉണ്ടാകും അയാളെ

പക്ഷേ ഒന്നും മിണ്ടില്ല..... ഇപ്പൊ കാണാറില്ല..... കുറെ വർഷം ആയി.... അതോണ്ടായിരിക്കും ഇജുക്കനെ കണ്ടപ്പോൾ എവിടെക്കെയോ ഒരോർമ...

എന്താന്ന് അറിയില്ല അയാളെ കാണുമ്പോൾ സങ്കടം വരും..... പിന്നെ വല്ലാത്തൊരു ഇഷ്ടവും.... എന്ത്

മൊഞ്ചണെന്ന് അറിയോ കാണാൻ....

ആ കണ്ണും നോക്കി ഇരിക്കും ഞാൻ....

അത് കാണുമ്പോൾ ആ മുഖത്ത് ഒരു പുഞ്ചിരി ഉണ്ടാവും... ഒരിക്കൽ ജൂനുനോട് ഇത് പറഞ്ഞപ്പോൾ പറഞ്ഞു..... ജൂനന് കാണിച്ചു കൊടുക്കാൻ....പക്ഷേ ജുനു ഉള്ളപ്പോൾ ഇത് വരെ വന്നിട്ടില്ല.

സ്വന്തം ഉപ്പയെ കുറിച്ചാണ് അവൾ പറയുന്നത് എന്നോർത്തു അവനും നീറുന്ന നെഞ്ചോട് കെട്ടിരിക്കും.....

തന്റെ ഉപ്പ ആയിരുന്നോ അത്...... അവൾക്ക് സങ്കടം സഹിക്കാൻ പറ്റിയില്ല.

ആ ഇഷ്ടം ആയിരുന്നു അപ്പോൾ ഇജുക്കന്റെ കണ്ണിനോടും....

ഉമ്മാനെ വേണ്ടതോണ്ടല്ലേ അവർ ചതിച്ചത്. പിന്നെന്തിനാ അവർ ഇനുനെ നോക്കി വരുന്നേ.... എന്റെ വീട്ടിൽ വന്നപ്പോ അല്ലേ ഇവളെ കിട്ടിയേ അതിനർത്ഥം എന്താ എന്റെ ഉമ്മ എനിക്ക് തന്ന മാലാഖ കുട്ടി ആണെന്നല്ലേ...... ഇവൾ എന്റെയാ ആരും അവകാശം പറഞ്ഞു വരണ്ട.... ആർക്കും

കൊടുക്കില്ല ഞാൻ.

പിറ്റേന്ന് സ്കൂളിൽ എത്തിയതും അവൻ ആ മാല ഇജ്ജുന്റെ നേർക്ക് വലിച്ചെറിഞ്ഞു കൊടുത്തു.

ഇനു എന്റെയാ ആർക്കും വിട്ടു തരില്ല ഞാൻ.

അവൾ എന്റെയാ ഞാനും വിട്ടുതരില്ല. ഞങ്ങളെ രാജകുമാരിയാ അവൾ... എന്റെ ശഹിയുടെ പെണ്ണ്... ഞാൻ അവളെ കൊണ്ട് പോകും അതിന്ന് വേണ്ടിയാ വന്നത്.

ഞാൻ വിട്ടു തരില്ലെന്ന് പറഞ്ഞില്ലേ.....
ഇനിയൊരാളും എന്റെ ഇനുനെ കാണണ്ട

ഞാൻ അതിന്ന് സമ്മതിക്കില്ല.

അത് പറയാൻ നീയാരാ അവളെ എന്ന് പറഞ്ഞു ജുനുവിനെ പിടിച്ചു തള്ളി ഇനുവിന്റെ കൈ പിടിച്ചു.

ഇത് കണ്ട ജുനു അവനെ തല്ലി ഇനുവിനെ ബലമായി പിടിച്ചു മാറ്റി. ഇജ്ജാസിനും ദേഷ്യം വന്നു ജുനുവിനെ തല്ലി. ഇതൊക്കെ കണ്ടു പേടിച്ചു വിറച്ച ഇനു ഇജ്ജുവിനെ പിടിച്ചു തള്ളിമാറ്റി ജുനുവിനെ പിടിച്ചു മാറ്റി....ഇനു തള്ളിമാറ്റിയത് പെട്ടെന്ന് ആയോണ്ട് ഇജ്ജു നിലത്തേക്ക് വീണു കല്ലിന് തട്ടി നെറ്റി പൊട്ടി

ചോര വന്നു. ഇത് കണ്ടോണ്ട് വന്ന ശഹി ഇനുവിനെ ദേഷ്യത്തോടെ പിടിച്ചു നിലത്തേക്ക് തള്ളിയിട്ടു. ചോര പൊടിയുന്ന കയ്യോടെ അവൾ വേദനഎടുത്തു കരഞ്ഞു. ജുനു ദേഷ്യം വന്നു ശഹിയെ തല്ലാൻ നോക്കിയതും ഇജു എണീറ്റ് വന്നു ശഹിയെ ഒരു പാട് തല്ലി.നദീം വന്നു എല്ലാരേയും പിടിച്ചു മാറ്റി.

ഇനുനെ കൈ പിടിച്ചു വേദനയോടെ തടവികൊടുക്കുന്ന ഇജുവിനെ കണ്ടു ജുനുവും മനസിലാക്കുകയാരുന്നു അവന്ന് ഇനുവിനോടുള്ള സ്നേഹം. പക്ഷേ ഇനുവിനെ വിട്ടു കൊടുക്കാൻ അവനും പറ്റുമായിരുന്നില്ല.

നദീം ജുനുവിനോട് സംസാരിച്ചു പ്രശ്നം തീർക്കാൻ പറഞ്ഞെങ്കിലും ജുനു നദീംമിന്റെ കൈ പിടിച്ചു മാറ്റി.

ഫ്രണ്ട് ആണെന്ന് പറഞ്ഞു ചതിച്ചത് ആയിരുന്നു ജുനുവിന് ഏറ്റവും സങ്കടം ആയത്. ഇതിലും ഭേദം ഒരു കത്തിയെടുത്തു നെഞ്ചിൽ കുത്തുന്നതാരുന്നു ഇത്രയും വേദനിക്കില്ലായിരുന്നു നദീമേ.... ഫ്രണ്ട് ആണെന്ന് പറഞ്ഞു വിഡ്ഢിവേഷം കെട്ടിക്കണ്ടായിരുന്നു. ഇനി വിശ്വസിക്കില്ല ആരെയും..... ഒരിക്കലും..,.. ഇനിയെന്റെ ജീവിത്തിൽ

ഒരു സൗഹൃദവും ഉണ്ടായിരിക്കില്ല. പിന്നെ ഇനുവിനെ ഞാൻവിട്ടുതരില്ല..... ആർക്കു വിട്ടു തരില്ല അതും പറഞ്ഞു അവളെയും കൂട്ടിപ്പോയി.

ഇജാസിന് വാശിയും ദേഷ്യവും ആയിരുന്നു പിന്നെ. അവൻ പോലിസ് കേസ് കൊടുക്കുന്നു പറഞ്ഞു സൽമാന്റെ വീട്ടിലേക്ക് വക്കീലിനെയും പോലീസിനെയും കൂട്ടി പോയി. ആദ്യം ഇത് പോലെ ഉണ്ടായത് കൊണ്ട് തന്നെ കേസിന് പോയാലും ജയിക്കില്ലെന്ന് അവർക്ക് അറിയാരുന്നു.

ഇനായ കൂടെ പോകില്ലെന്ന് കരഞ്ഞു പറഞ്ഞെങ്കിലും ഇജാസ അതൊന്നും കേട്ട ഭാവം നടിച്ചില്ല. കൂടെ വന്നില്ലെങ്കിൽ ഉമ്മയെ പോലിസ് കൊണ്ട് പോകുന്നു പറഞ്ഞപ്പോൾ അവൾ പോയി. അവൾക്ക് അപ്പോൾ അതിനെ ആയുള്ളൂ.

ഇജാസ് ഇനുവിനെ കൂട്ടി പോകുന്നത് നോക്കി നിൽക്കാനേ എല്ലാർക്കും കഴിഞ്ഞുള്ളു. ഉമ്മയെ അറസ്റ്റ് ചെയ്യുന്നു അറിഞ്ഞപ്പോൾ അവന്നും ഇനുവിനോട് പോകണ്ട എന്ന് പോലും പറയാൻ പറ്റിയില്ല. ദയനീയമായി അവളെ നോക്കിനിന്നു. അവർ പോയതും അവൻ പൊട്ടിക്കരെഞ്ഞു.

സമാധാനിപ്പിക്കാൻ പോലും അവർക്ക് പറ്റിയില്ല. മരിച്ച വീട് പോലെ തന്നെ ആയിരുന്നു അവിടെ. ഇനു ആണെങ്കിൽ ഇത്രയും കാലം സ്നേഹത്തോടെയും സന്തോഷത്തോടെയും കയറിചെന്ന വീട്ടിൽ ഇഷ്ടമില്ലാതെ കയറി ചെന്നു. വീട്ടിൽ പോകനണമെന്ന് പറഞ്ഞു കരഞ്ഞെങ്കിലും ആരും അത് കേട്ടഭാവം നടിച്ചില്ല.

രാത്രി പുറത്തു ബഹളം കേട്ടാണ് ജന്നത് വീട് ഉണർന്നത്...... ജുനു ഇനുവിനെ കാണണമെന്ന് ബഹളം വെച്ചു. അമ്മിജാൻ അകത്തേക്ക് കയറ്റി വിട്ടില്ല.ജുനുബലമായി വീട്ടിലേക്ക് കേറാൻ ശ്രമിച്ചതും സെക്യുരിറ്റി ഗാർഡ്തടഞ്ഞു പ്രശ്നം ആക്കി. അവർ ജുനുവിനെ തല്ലി. ഇതൊക്കെ കണ്ടു എണീറ്റു വന്ന ഇജാസ് അവരെ ഉള്ളിലേക്ക് വിടാൻ പറഞ്ഞു.

ഇനുവും ബഹളം കെട്ട് പുറത്തേക്ക് ഇറങ്ങിവന്നു. ഗാർഡ്സ് ആയി അടി കഴിഞ്ഞ് ചുണ്ടൊക്കെ പൊട്ടി ചോര വന്നു മുന്നിൽ നിന്ന ജുനുവിനെ കണ്ടു ഇജാസ് ഇനുവും ഷഹിയും നദീം എല്ലാരും ഞെട്ടിയിരുന്നു. അമ്മിജാനും ജുനുവിനെ തല്ലുമെന്ന് കരുതിയിരുന്നില്ല.

ആന്റി പ്രശ്നം ഉണ്ടാക്കാതെ പോകാൻ നോക്ക്. ഇനുവിനെ ഞാൻ ആർക്കു വിട്ടു തരില്ല. എന്റെ ഉപ്പാക്ക് കൊടുത്ത വാക്കാണ് ഞാൻ ഇവളെ കൊണ്ട് വരുമെന്ന് അത് ഞാൻ പാലിക്കും.......ഇജാസ് സൽമാനോട് പറഞ്ഞു.

ഞാൻ എല്ലാരേം കാൽ പിടിക്കാം എനിക്ക് അവൾ ഇല്ലാതെ പറ്റില്ല..... എനിക്കെന്റെ ഇനുനെ വേണം അവൻ അമ്മിജന്റെ മുന്നിൽ മുട്ട് കുത്തി നിന്നു കൈ കൂപ്പി.

ഞങ്ങളെ ജന്നത്തിന്റെ കൈ പിടിക്കാൻ എന്ത് യോഗ്യതയാണ് നിനക്ക് ഉള്ളത്.  നല്ലൊരു വീടില്ല ജോലിയില്ല.....  അവളെ മുന്നിൽ പോകാൻ പോലും യോഗ്യത നിനക്കില്ല....... ദാരിദ്യത്തിൽ കഴിയാനുള്ളതല്ല അവൾ......  അങ്ങനെ തുടങ്ങി ജുനുവിനെയും ഉപ്പനെയും ഉമ്മനെയും പറയുന്നത് വേദനയോടെ അവൾ കേട്ടിരുന്നു.

(മുമ്പുള്ള പാർട്ടിൽ വിശദമായി പറയുന്നുണ്ട്. ലെങ്ത് prblm അതോണ്ട് ആവർത്തിക്കുന്നില്ല )

അതൊക്കെ കേട്ടപ്പോൾ ജുനുവിനും ഉത്തരം ഉണ്ടായിരുന്നില്ല. അവൻ ആ വീടും മറ്റും നോക്കി

സ്വന്തം അവസ്ഥയും ആലോചിച്ചിട്ട് ആവണം അവൻ അവളെ വേണ്ടന്ന് പറഞ്ഞു. അവൾ സുഖം ആയി ജീവിച്ചോട്ടെ പറഞ്ഞു അവൻ ഉമ്മനെയും ഉപ്പനെയും കൂട്ടി അവിടെ നിന്ന് ഇറങ്ങി. അവരെ അപമാനിച്ചു ഇറക്കി വിട്ട എല്ലാവരെയും ദേഷ്യത്തോടെയും വെറുപ്പോടെയും നോക്കി ഇനു.

വീട്ടിൽ നിന്നും ഇറങ്ങുമ്പോഴായിരുന്നു അവളെ ഉപ്പ കുഴഞ്ഞു വീണത്. ഇജാസ് വീട്ടുകാരും തന്നെ ആയിരുന്നു കൂട്ടി ഹോസ്പിറ്റലിൽ പോയത്. ഇനു കരഞ്ഞു നിലവിളിച്ചപ്പോൾ അവളെയും കൂട്ടി. Icu വിൽ ആയിരുന്നു സാലിം. ബോധം വന്നപ്പോൾ ഇജാസിനെയും ഇനുവിനെയും ജുനുവിനെയും കാണണമെന്ന് പറഞ്ഞു.

ജുനൈദ് ജീവിക്കുന്നത് തന്നെ ഇനുവിന് വേണ്ടിയാണ്. ആ നാട് വിട്ടു വന്നത് പോലും അവൾ അനിയത്തി അല്ലെന്ന് ആരും പറയാതിരിക്കാനാണ്. നിങ്ങൾ ഇനുവിനെ കൊണ്ട് വന്നപ്പോൾ തൊട്ട് സമനില തെറ്റിയ പോലെയാണ് സംസാരവും പ്രവർത്തിയും എല്ലാം. എന്റെ മോനെ നഷ്ടപ്പെടുന്ന് ഓർത്താണ് ഞാൻ അങ്ങോട്ട് കൂട്ടി വന്നത്. എന്റെ മോന് അവളെ കൊടുക്കണം അപേക്ഷയാണ്....

ഇജാസ് ഒന്നും മിണ്ടിയില്ല. നിങ്ങൾക്ക് ശഹിയുടെ ഭാര്യയായി അല്ലേ അവളെ വേണ്ടത്.... എന്തായാലും ഒരു ദിവസം അവളെ വിവാഹം കഴിച്ചു അയകണം.

അത് നിങ്ങളുടെ വീട്ടിലേക്ക് നിങ്ങളെ മഹാറാണി ആയി തന്നേക്കാം.... അത് വരെ ജുനുവിന് അവന്റെ പെങ്ങളെ തിരിച്ചു കൊടുത്തൂടെ..... ഇജാസിന്റെ കൈ പിടിച്ചു പറഞ്ഞതും എന്ത് വേണമെന്ന് അറിയാതെ അവൻ എല്ലാരേം പകച്ചു നോക്കി.

ഇനുവിന്റെ കരച്ചിലും ജുനു അമ്മിജന്റെ കാൽ പിടിച്ചതും ജുനുവിന് അവളോടുള്ള സ്നേഹവും എല്ലാം ഓർത്തു ഇജാസ് സമ്മതം എന്ന് ആ കൈ രണ്ടും പിടിച്ചു എങ്കിലും അവനെ നോക്കി പുഞ്ചിരിക്കുന്ന ആ മുഖം ഇനി കണ്ണ് തുറക്കില്ലെന്ന സത്യവും അവൻ അറിഞ്ഞു. പൊട്ടിക്കരച്ചിലുകൾ അവിടെ ഉയർന്നു..... ഇനുവിന്റെ മനസ്സിൽ മൊത്തം താൻ കാരണം ആണ് ആ മരണത്തിന് ഉത്തരവാദി എന്നായിരുന്നു.

അതിന്റെ വീര്യം കൂട്ടാൻ സാലിമിന്റെ ബന്ധുക്കൾ കൂടി എത്തിയതോടെ ഇനുവിന്ന് ആ കുടുംബത്തോട് ദേഷ്യവും വെറുപ്പും തോന്നി.......

മരണത്തിന്റെ ചടങ്ങുകൾ കഴിഞ്ഞു ജുനു തന്നെ അവളെ ജന്നത്തിലേക്ക് കൂട്ടിപ്പോയി. അവിടെ ഇറക്കി ഒരു വാക്ക് പോലും പറയാതെ ഇറങ്ങിപോയി.

അവളുടെ മനസ്സിൽ മൊത്തം സാലിമിന്റെ ബന്ധുക്കൾ നീ കാരണം നെഞ്ച് പൊട്ടിയ സാലിം മരിച്ചത് എന്ന് പറഞ്ഞ വാക്കുകൾ ആയിരുന്നു. അമ്മിജാൻ അവരെ അപമാനിച്ചതും ജുനു കാൽ പിടിച്ചതും ഓക്കെ ഓർത്തു അവൾ ദേഷ്യം കൊണ്ടും വെറുപ്പ് കൊണ്ടും ആ കുടുംബത്തെ മൊത്തം വേണ്ടെന്ന് പറഞ്ഞു. എനിക്കീ വീടോ കുടുംബമോ ഒന്നും വേണ്ട..... ഞാൻ നിങ്ങളെ ജന്നതല്ല..... എന്നെ ആരും ജന്നത് വിളിക്കണ്ട....... എന്നെ തേടി വന്നൽ മരിച്ചു കളയുന്നു പറഞ്ഞു അവിടെ നിന്നും ഇറങ്ങി..... അവളെ തടയാൻ ആർക്കു കഴിഞ്ഞില്ല. ജൂനിവിൻറെ പിറകെ തന്നെ അതും പറഞ്ഞു ഓടിപ്പോയെങ്കിലും നീയെന്റെ ആരുമല്ല...... എനിക്ക് ഇങ്ങനെ ഒരു അനിയത്തി ഇല്ലെന്ന് പറഞ്ഞു ജുനു അവളെ വേണ്ടെന്നു പറഞ്ഞു തള്ളി മാറ്റിപ്പോയി.

അല്ലെങ്കിലേ ദാരിദ്യം..... ഉപ്പയും കൂടി ഇല്ലാത്ത

അവസ്ഥയിൽ അവളെ എങ്ങനെ വളർത്തുമെന്നുള്ള അവന്റെ പേടിയാരുന്നു അവളെ തിരിച്ചു കൊടുത്തത് പോലും. അവൾ സുഖമായി ജീവിച്ചോട്ടെന്ന് അവൻ കരുതി. അവളുടെ സന്തോഷം മാത്രം നോക്കി നെഞ്ച് പൊട്ടി കരഞ്ഞോണ്ട അവൻ അവളെ വേണ്ടെന്നു പറഞ്ഞു പോയത്.....

❤️❤️❤️❤️❤️❤️

ഇനുവിന്റെ ദേഷ്യം മൊത്തം ഇജുവിനോട് ആയിരുന്നു. അവൻ കാരണം ആണ് ഇങ്ങനെ ഒരു പ്രശ്നം ഉണ്ടായതും ജുനു അവളെ വേണ്ടെന്ന് പറഞ്ഞതും അവളെ ഉപ്പ മരിച്ചതിന്ന് കാരണം എന്നൊക്കെ പറഞ്ഞു.....

എനിക്ക് ഏറ്റവും വെറുപ്പ് ജന്നതിനോട് ആണ്..... ഹൈദർന്റെ മോളാണെന്ന് പറയുന്നതാ....... ഞാൻ സാലിമിന്റെ മോളാ..... ജുനൈദ്ന്റെ പെണ്ണാ എനിക്ക് നിങ്ങളെ ആരെയും കാണണ്ട..... ഒരിക്കലും കാണണ്ട..... ഏറ്റവും ഇഷ്ടം നിന്റെ കണ്ണുകൾ ആയിരുന്നു ഇപ്പൊ ഏറ്റവും വെറുപ്പും നിന്റെ കണ്ണുകൾ തന്നെയാണ്...... നിന്നെ കാണുമ്പോ ഉപ്പാനെ ഓർമ വരുന്നത്..... എനിക്കിനി നിന്നെ

കാണണ്ട ഒരിക്കലും കാണണ്ട അവൾ ദേഷ്യപ്പുറത്തു ഓരോന്ന് വിളിച്ചു പറയുമ്പോഴും വേദനയോടെ കെട്ടിരുന്നേ ഉള്ളൂ അവൻ.

ഞാൻ ഇനി വരില്ല ഒരിക്കലും വരില്ല നിന്റെ മുന്നിൽ പോരെ..... നിനക്ക് ഇഷ്ടമുള്ള ആളെ കൂടെ ജീവിച്ചോ...... ഇനി തടയാനോ..... അവകാശം പറഞ്ഞോ ഞാൻ വരില്ല ......

വരണ്ട..... എനിക്കെന്റെ ജൂനുനെ മതി.....

പട്ടിണിയാണെങ്കിലും ഞാൻ സഹിച്ചോളാം.... എനിക്ക് ജുനിന്റെ പെങ്ങളായ മതി.... ജന്നത്താവണ്ട..... നിങ്ങളെ വീട്ടിലെ രാജകുമാരിയോ..... മഹാറാണിയോ ആവണ്ട..... എനിക്കാരെയും കാണുകയും വേണ്ട......

ഇനി നീയായിട്ട് എന്ന് എന്നെ അംഗീകരിക്കുന്നോ അന്നേ ഞാൻ നിന്റെ മുന്നിൽ നിന്റെ സഹോദരൻ ആയിട്ട് വരൂ.

ഇത് നിന്റെ പേരിൽ ഞാൻ സത്യം ഇട്ടു പറയുന്നതാ......

ഞാൻ ഒരിക്കലും ജന്നത് എന്നൊരു പേര് പോലും

അംഗീകരിക്കില്ല..... എന്റെ ഉപ്പാന്റെ മരണത്തിനു കാരണക്കാരായ ഒരാളെയും എനിക്ക് കാണുകയും വേണ്ട.

എന്നെങ്കിലും ഞാൻ ജന്നത് ആണെന്ന് പറഞ്ഞു വന്നാൽ അന്ന് ഞാൻ ഇജുക്കന്റെ ജന്നത് മാത്രം ആയിരിക്കും. നിങ്ങളുടെ രാജകുമാരിആയിരിക്കും..... ഇത് ജുനിന്റെ പേരിൽ ഞാൻ ഇടുന്ന സത്യം ആണ്.

നിനക്ക് പതിനെട്ടു വയസ്സ് തികഞ്ഞ അന്ന് ഞാൻ വരും എന്റെ ശഹിയുടെ പെണ്ണിനെ കൊണ്ട് വരാൻ..... ജന്നത്തിലെ മഹാറാണിയെ കൊണ്ട് വരാൻ..... അന്ന് ആര് തടഞ്ഞാലും ഞാൻ നിന്നേ കൊണ്ട് വരും...

നോക്കിക്കോ അന്ന് എന്റെ ജുനു കളക്ടർ ആയിട്ട് അമ്മിജന്റെ മുന്നിൽ വരും. അപ്പോൾ എന്റെ കൈ പിടിക്കാൻ യോഗ്യത ഉണ്ടാവുമല്ലോ...... എന്നിട്ടേ എന്റെ ജുനു നിങ്ങളെ അമ്മിജന്റെ മുന്നിൽ വരു..... എന്നോ അവളുടെ ഉപ്പ പറഞ്ഞ സ്വപ്നം ആയിരുന്നു അത്.

അവൻ തന്നെ ഇനി ഇനുവിന്റെ അവകാശം പറഞ്ഞു വരില്ലെന്ന് പറഞ്ഞു ഇനുവിനെ ജുനുവിന്റെ അടുത്ത്

കൊണ്ട് വിട്ടു..... ജുനുവിന്റെ പെങ്ങൾ മാത്രം ആയി അവൾ വളർന്നു.

അവൾക്ക് പിന്നെ ആക്സിഡന്റ് ഉണ്ടായി. അതിൽ ഞരമ്പുകൾക്ക് തകരാർ പറ്റി. അവളുടെ ചിന്താശേഷി നഷ്ടപ്പെട്ടു...... ആ ദുരന്തത്തിൽ നിന്നും അവൾ കരകേറിയ സമയത്ത് ആയിരുന്നു ശരിക്കും ഉള്ള ദുരന്തം അവളെ തേടിയെത്തിയത് അവൾക്ക് മെൻസ്ട്രഷൻ ഉണ്ടായില്ലെന്നത്.

ജുനൈദ് ഉമ്മയും ആകെ തകർന്നത് അന്നായിരുന്നു. തന്റെ അവസ്ഥ തന്റെ മോൾക്ക് വരാതിരിക്കാൻ ഒരിക്കലും ജന്നത്തിലേക്ക് മരുമകൾ ആയി കൊടുക്കില്ലെന്ന് അവർ ഉറപ്പിച്ചു. അവൾക്ക് ഒരു വിവാഹജീവിതം ഉണ്ടാവാൻ സാധ്യത ഇല്ലെന്ന് അറിഞ്ഞ ജുനൈദ് അവന്നും ഒരു ജീവിതം വേണ്ടെന്നു വെച്ചു. അവൾക്ക് അവന്നും അവന്ന് അവളും ആയി അവർ ജീവിച്ചു. ജുനൈദ്ന്റെ വാക്കുകളിലൂടെ ജീവിക്കുന്ന അവളുടെ ഓർമകളിൽ നിന്ന് പോലും വിവാഹം പ്രണയം എന്നൊന്നും വരാതെ അവൻ നോക്കി. വിവാഹം തെറ്റാണെന്ന് പഠിപ്പിച്ചു...... പ്രണയം തെറ്റാണെന്നു പഠിപ്പിച്ചു.... ഒരു പെണ്ണെന്ന നിലയിൽ ഉള്ള എല്ലാ വികാരങ്ങൾ

അവളിൽ നിന്നും ഒരു വിധം അവൻ തുടച്ചുമാറ്റി. കൂട്ടുകാരായി ബോയ്സ് മാത്രം ആയി..... പെൺകുട്ടികളോട് സംസാരിക്കാതിരിക്കാൻ ശ്രദ്ധിച്ചു.....

അതിന്നിടയിൽ നീ വന്നു..... നീ തേടിനടക്കുന്ന പെണ്ണ് അവളാണെന്ന് അറിഞ്ഞത്. എല്ലാം അറിഞ്ഞിട്ടും അവളെ വേണമെന്ന് വാശിപിടിച്ചു. നിന്റെ പ്രണയത്തിൽ വിശ്വസിച്ചു..... അവന്റെ ഉമ്മ സമ്മതിച്ചു ഈ വിവാഹത്തിന്. അവരെയും കുറ്റം പറയാൻ പറ്റില്ല. ജന്നത്തിലെ അവസ്ഥ ഓർത്തു അവർ അത്രമാത്രം ഭയന്നിരുന്നു. ഭർത്താവിനെ പങ്ക് വെക്കാൻ കഴിയില്ലെന്ന് അവർ അനുഭവത്തിലൂടെ പഠിച്ചത് ആണല്ലോ.....

അത് കൊണ്ടായിരിക്കും അവർ നിന്നോട് സമ്മതം മൂളിയത്.....

വീടിന്റെ പേരിൽ കുറച്ചു ലോൺ ഉണ്ടായിരുന്നു അതായിരുന്നു അവളെ വിട്ടു ജുനു ദുബായ്ൽ വരാൻ കാരണം.

ആര് പറഞ്ഞാലും അനുസരിച്ചു ജീവിക്കുന്ന അവൾ ഇർഫാന്റെ വലയിൽ പെട്ടെന്ന് തന്നെ വീണു.

അവന്റെ കളിപ്പാവ ആയി മാറി അവൾ..... സ്വയം ചിന്തിക്കാൻ ബുദ്ധി ഇല്ലാത്തോണ്ട് അവന്റെ ഫ്രോടത്തരം മൊത്തം വിശ്വസിച്ചു..... അവൻ വിശ്വസിപ്പിച്ചു പിന്നെ ഉള്ളത് അറിയാലോ നീയുമായി വിവാഹം കഴിച്ചു..... ഇജാസ് അതറിഞ്ഞു ബഹളം വെച്ചു ഒരിക്കലും നിനക്ക് വിട്ടുതരില്ലെന്ന് പറഞ്ഞു വന്നു. പക്ഷേ ജുനൈദ് ചെയ്തത് തെറ്റെല്ലെന്ന് മനസ്സിലായപ്പോൾ വേദനയോടെ ആണെങ്കിലും നിനക്ക് വിട്ടു തന്നു. ശഹി എല്ലാം മറക്കാമെന്ന് വാക്ക് കൊടുത്തു.

ശഹി ഹോസ്പിറ്റലിൽ ആയപ്പോൾ ഇജാസ് ആയിരുന്നു കൂടുതൽ ഭയന്നത്. മരണത്തിൽ നിന്നും അവനെ തിരിച്ചു കൊണ്ട് വന്ന ഇനു.... ശഹിയുടെ ഉള്ളിൽ അവളെത്രത്തോളം ഉണ്ടെന്ന അവർ മനസ്സിലാക്കി...... അതിന്റെ ഇടയില ഈ പ്രോബ്ലം മൊത്തം അറിഞ്ഞത്..  ഇന്ന് ഇങ്ങനെ ആയി.....

നിന്നെ അവൾക്ക് ഇഷ്ടം ആയിരുന്നു. നിന്നോട് ഇഷ്ടം പറയണമെന്ന് കരുതിയിരുന്നതാ അപ്പോഴാ ശഹിക്ക് അന്ന് അങ്ങനെ ആയത്. ശദ വന്നു കാൽപ്പിടിച്ചപ്പോൾ അവൾ ജന്നത്തതായി അവന്റെ പ്രണയിനി ആയി അവനെ വിളിച്ചു ..... അവൻ ആ

വിളികേട്ടു. ഫൈസിനെ ഞാൻ ചതിച്ചു..... അവനെ മനസ്സിൽ വെച്ചു ഇങ്ങനെ ഓക്കെ പറഞ്ഞു പോയിന്നു പറഞ്ഞു ഒരേ കരച്ചിൽ ആയിരുന്നു. പിന്നെ ആണ് അവൾക്ക് മെൻസ്ട്രഷൻ ഉണ്ടാവില്ലെന്ന് അറിഞ്ഞത്..... നിന്റെ ജീവിതം നശിപ്പിച്ചു പറഞ്ഞു കുറെ കരഞ്ഞു. നിനക്ക് നല്ലൊരു ജീവിതം ഉണ്ടാവണം..... നീ സുഗായി ജീവിക്കണം എന്നൊക്കെ പറഞ്ഞ അവൾ നിന്നെ അവോയ്ഡ് ചെയ്തത്. ഒരിക്കലും ഇനി തിരിച്ചു വരവ് ഉണ്ടാവില്ലെന്ന ഉറപ്പോടെ അവരെ കൂടെ പോയത്.......

ഫൈസിയുടെ കണ്ണിൽ നിന്നും കണ്ണുനീർ ഒലിച്ചിറങ്ങി..... സമിയുടെ കണ്ണും നിറഞ്ഞിരുന്നു.

ജന്നത് ഇന്റസ്ട്രീസിന്റെ ഒരേയൊരു സാരഥി....... കോടിക്കണെക്കിനു രൂപയുടെ ആസ്തിയുണ്ട്. നിന്നെ വിലക്ക് വാങ്ങാൻ മാത്രം ആസ്തിയുണ്ട് അവൾക്ക്. പോരാത്തതിന് ആ കുടുംബത്ത നയിക്കുന്ന രാജകുമാരി..... പണത്തിനു മുകളിലൂടെ നടക്കാൻ ശേഷി ഉണ്ടായിട്ടും ഒരിക്കലും അവൾ അങ്ങനെ ഒരു ലൈഫ് മോഹിച്ചിട്ടില്ല.ആഗ്രഹിച്ചിട്ടില്ല  പണം കൊണ്ട് തൂക്കിയാൽ അവളിരുന്ന തട്ട് താണ് തന്നെ ഇരിക്കും. അത്രയും വിലയുള്ള മാണിക്യം തന്നെ ആയിരുന്നു

അവൾ. കയ്യിൽ കിട്ടിയിട്ടും അത് സൂക്ഷിക്കാൻ കഴിയാത്ത നീ തന്നെയാണ് തെറ്റ് കാരൻ..... മാല മോഷ്ടിച്ചുന്ന് പറഞ്ഞു കള്ളിയാക്കി..... പട്ടിണിക്കിട്ടു...... എല്ലാം ഓർക്കുമ്പോൾ നിങ്ങളെ കൊല്ലനുള്ള ദേഷ്യം ഉണ്ട്.

എല്ലാ കാര്യം എന്നോട് പറയാറുള്ള അവൾ വീട്ടിൽ അനുഭവിക്കുന്നതൊന്നും ഇത് വരെ പറഞ്ഞിട്ടില്ല. അവളെ ഇഷ്ടം അല്ലെന്ന് മാത്രം പറഞ്ഞിട്ട് ഉള്ളൂ...

അത്ര പോലും ആരെയും കുറ്റം പറയൽ ഇല്ല. അവളെ പോലൊരു പെണ്ണിനെ ഒരിക്കലും കാണാൻ കിട്ടില്ല. ഭാഗ്യം വേണം അതിനൊക്കെ....

ഫൈസ് തലതാഴ്ത്തി ഇരുന്നേ ഉള്ളൂ....

ഇതിലാരെ കുറ്റം പറയണ്ടേ...... ആരെയും പറ്റുന്നില്ല..... എല്ലാരേം ഭാഗത്തു ന്യായം ഉണ്ട്. ജുനൈദ്ന്റെയും ഉമ്മന്റേയും ഭാഗത്തു നിന്നു നോക്കുമ്പോൾ അവിടെ ന്യായം ഉണ്ട്...... ഇജാസിന്റെ ഭാഗത്തു നിന്നു നോക്കുമ്പോൾ അവിടെ ന്യായം ഉണ്ട്........ നിന്റെ ഭാഗത്തു നോക്കിയാലും ന്യായം ഉണ്ട്......... ശഹിയുടെ കൂടെ പോകാൻ പറയണോ നിന്റെ കൂടെ പോകാൻ പറയണോ ..... ഒന്നും

അറിയില്ല എനിക്ക്...... എന്താണ് പറയേണ്ടതെന്നും അറിയില്ല...... ചരിത്രം മാറ്റിയെഴുതിച്ച അവളുടെ ജനനം പോലും....... ഇനി നടക്കുന്ന അവളുടെ ജീവിതവും അങ്ങനെ തന്നെ ആവട്ടെ അത്രയേ പറയാൻ ഉള്ളൂ എനിക്ക്.

ഇനി എന്ത് വേണമെന്ന് നിനക്ക് തീരുമാനിക്കാം....... അയാൾ അകത്തേക്ക് പോയി.......

ഉത്തരം കിട്ടാത്ത ഒരു ചോദ്യമായി അവൻ ഇരുന്നു...... ശഹിക്ക് വേണ്ടി പൊട്ടിക്കരഞ്ഞു മനസ്സിന്റെ പിടി വിട്ടു കിടക്കുന്ന ഇനയുടെ രൂപവും...... അവൾക്ക് വേണ്ടി ജീവൻ കളയാൻ പോലും നോക്കിയ.......അവളുടെ വിളിയിൽ മരണത്തെ പോലും തോൽപിച്ച ശഹിയുടെ മുഖവും അവനോർത്തു. കുറച്ചു കണ്ണുനീർ മാത്രമേ അവന്റെ കയ്യിലും ഉത്തരം ആയുണ്ടായുള്ളു........

📚**STORY BOARD**📚

❤️ 💔 **INVISIBLE LOVE** 💔❤️

**Love after💘 marriage story**

പാർട്ട് 66

ഞാൻ എന്താടാ വേണ്ടേ...... എന്റെ ഭാര്യയല്ലേ അവൾ...... അവളെ എങ്ങനെ വിട്ടു കൊടുക്കേണ്ടത്..... സ്നേഹിച്ചു പോയി..... ഇഷ്ടപ്പെട്ടു പോയി......  എനിക്ക് വയ്യട അവളെ വിട്ടു കൊടുക്കാൻ...... അവൻ ദേഷ്യം കൊണ്ടും സങ്കടം കൊണ്ടും മുടിയിൽ കൊരുത് പിടിച്ചു ....... സമി അവനെ എന്ത് പറഞ്ഞു ആശ്വസിപ്പിക്കണമെന്ന് അറിയാതെ നിന്നു.

അയാൾ പറഞ്ഞ പോലെ ആ മാണിക്യത്തെ കയ്യിൽ കിട്ടിയിട്ടും സംരക്ഷിക്കാൻ അറിയാത്ത വിഡ്ഢിയല്ലേ ഞാൻ..... എങ്ങനെയാരുന്നു സംരക്ഷിക്കേണ്ടത്....ആരിൽ നിന്ന് ആയിരുന്നു സംരക്ഷിക്കേണ്ടത്......  ഒന്നു നുള്ളി നോവിക്കുക പോലും ചെയ്യാത്ത...... സ്നേഹം കൊണ്ട് വീർപ്പു മുട്ടിക്കുന്ന ഒരു പാവം  ഉമ്മയിൽ നിന്നോ..... ശബ്ദം ഉയർന്നു പോലും കേട്ടിട്ടില്ല ഞാൻ ഇത് വരെ.... അതൊക്കെ ആക്റ്റിംഗ് ആയിരുന്നോ..... എന്തിന് വേണ്ടി...... ഒരു പാവപ്പെട്ട വീട്ടിലെ കുട്ടി ആയോണ്ട് ഇങ്ങനെ ഒക്കെ ചെയ്യോ..... പഴയ കാലം മറക്കാൻ എങ്ങനെ കഴിഞ്ഞു ഉമ്മാക്ക്. ഇജാസ് പറഞ്ഞ

പോലെ അവരെ സെർവെൻറ് ആകാൻ പോലും യോഗ്യതയില്ലാത്ത ഒരു കാലം ഉമ്മക്കും ഉണ്ടായിരുന്നില്ലേ......... ഒക്കെ മറന്നു ഇനുനെ ദ്രോഹിക്കാൻ എങ്ങനെ മനസ്സ് വന്നു......ഫൈസി ആരോടെന്നില്ലാതെ പുലമ്പി.

പണത്തിനോടുള്ള ആർത്തി അത്ര തന്നെ

മൂത്ത മരുമകൾ കെട്ടിപ്പേറി അല്ലേ വന്നത്

അതോണ്ട് ആയിരിക്കും......  നിന്റെ വിവാഹകാര്യം അറിഞ്ഞ മുതൽ ഉമ്മന്റെ സ്വഭാവം മാറിയെന്നു ഞാൻ പറഞ്ഞില്ലേ....സിനുനെ സഹായിക്കാൻ പോലും മനസ്സ് വരാതെ ഇനുവിനെ ആട്ടിയോടിക്കല്ലേ ചെയ്തത്.അന്നേ ഞാൻ ഉറപ്പിച്ചു പറഞ്ഞത എന്തൊക്കെ സ്പെല്ലിങ് മിസ്റ്റേക്ക് ഉണ്ടെന്ന്. അപ്പോൾ പറഞ്ഞു ഉമ്മ പാവം.... അറിയാതെ ചെയ്തത് ..... മണ്ണാകട്ട എന്നിട്ടിപ്പോ...... അനുഭവിച്ചോ..... സമി ദേഷ്യത്തോടെ പറഞ്ഞു.

എന്നാലും  ഒന്നും അറിഞ്ഞില്ലല്ലോടാ.... ഞാൻ......ഇനുനോട് മാപ്പ് ചോദിക്കാൻ പോലും അർഹത ഇല്ലാത്തവാനായിപ്പോയല്ലോ.... അതോർക്കുമ്പോഴാ സങ്കടം.....

അവനെ എന്ത് പറഞ്ഞു സമാധാനിപ്പിക്കണം എന്നറിയാതെ സമിയും നിന്നു.

❤️❤️❤️❤️❤️

കാറിൽ നിന്നും ഇറങ്ങിയതും വായുവിൽ ഉയർന്നത് കണ്ടു ഇനു ചുറ്റും നോക്കി ഇജാസ് അവളെ കൈകളിൽ എടുത്തത് ആയിരുന്നു. അവൾ അവനെ തന്നെ നോക്കി...

നീയല്ലേ പറഞ്ഞെ പടി ചവിട്ടാതെ അകത്തു കേറണമെന്ന് ഇനിയിപ്പോ ആഗ്രഹം സാധിപ്പിച്ചു തന്നില്ലെന്ന് വേണ്ട

അവൻ ചിരിയോടെ പറഞ്ഞു.

അവൾ അവന്റെ കഴുത്തിലോടെ കയ്യിട്ട് പിടിച്ചു. ഏതായാലും എടുത്തതല്ലേ ആരും കാണാതെ ഏതെങ്കിലും റൂമിൽ കൊണ്ട് ഇറക്കിക്കോ...... ആരെങ്കിലു ചോദിച്ച ഉറങ്ങിന്ന് പറഞ്ഞ മതി. അതും പറഞ്ഞു അവന്റെ ചുമലിലേക്ക് തല ചായ്ച്ചു.

അവൻ മുഖം ചുളിച്ചു കൊണ്ട് അവളെ നോക്കി.

എല്ലാരേം ഫേസ് ചെയ്യാൻ ഒരു മടി അതോണ്ടാ.. പ്ലീസ്...... നല്ല ഇജുകയല്ലേ

നീ എനിക്ക് വാക്ക് തന്നതല്ലേ  എന്റെ മാത്രം ജന്നത് ആകുന്നു. എന്റെ ജന്നത് ഇങ്ങനെ ആണോ ബീഹെവ് ചെയ്യാ .....

അവൾ ഒന്നും മിണ്ടിയില്ല.....

അപ്പോഴേക്കും എല്ലാവരും അവരെ കാത്തുനിൽകുന്നത് കണ്ടു. പ്രതീക്ഷയോടെയും സന്തോഷത്തോടെയും നോക്കി നിൽക്കുന്ന അവരെ കണ്ടു അവളിലും ഒരു നോവുണർന്നു. എന്റെ ഉപ്പാന്റെ ഫാമിലി ആണ്..... എന്നെയും ഉമ്മനെയും ഓർത്തു ജീവിതം ഹോമിച്ച മനുഷ്യൻ ആണ്. ഇന്ന് രൂപത്തിലും ഭാവത്തിലും ഉപ്പാനെ പോലെ മുന്നിൽ നിൽക്കുന്ന ഇജുക്കനെ ഒന്ന് നോക്കി. തന്റെ ഉപ്പതന്നെയാണ് എന്ന് തോന്നി അവൾക്ക്.   അവൾ അവന്റെ മുഖത്തോടെ ഒന്ന് തലോടി......

അവൻ കണ്ണ് കൊണ്ട് എന്താന്ന് ചോദിച്ചു.

അവൾ അവന്റെ കവിളിൽ അമർത്തി ചുംബിച്ചു കൊണ്ട് കയ്യിൽ നിന്നും ഇറങ്ങി

അവൻ കവിളിൽ കൈ വെച്ചു അവളെ നോക്കി. അവൾ കണ്ണിറുക്കി കാണിച്ചു. എന്നിട്ട് അവന്റെ കൈക്കുള്ളിലേക്ക് കയ്യിട്ട് കൊണ്ട് അകത്തേക്ക്

നടന്നു.

സന്തോഷം കൊണ്ട് നിറഞ്ഞ കണ്ണുകൾ ഇജു തുടച്ചു മാറ്റി പുഞ്ചിരിയോടെ അവളുടെ കൂടെ നടന്നു.

അവൾക്ക് മുതിർന്ന ആളുകളെ മാത്രം മനസ്സിലായുള്ളു..... എല്ലാരേം നോക്കി പുഞ്ചിരിച്ചു..... അമ്മിജാൻ  അവളെ നോക്കി. അവൾ നോട്ടം മാറ്റിയതും തലകുനിച്ചു അകത്തേക്ക് പോകുന്നത് കണ്ടു. ആ കണ്ണുകൾ നിറഞ്ഞിരുന്നു. അത് കണ്ടു എല്ലാവരെയും മുഖം വാടുന്നതും സങ്കടം നിറയുന്നതും അവൾ കണ്ടു.

അവൾ എനിക്ക് നല്ല ക്ഷീണം ഉണ്ടെന്ന് പറഞ്ഞു ഇജാസിനെ നോക്കി. എന്നിട്ട് അകത്തേക്ക് നടന്നു. മുകളിലേക്ക് കയറി പോകുന്ന അവളെ ആരും തടഞ്ഞില്ല. അവൾ നേരെ ഇജാസിന്റെ റൂമിലേക്ക് ആയിരുന്നു പോയത്. അവൾക്ക് അറിയാരുന്നു ആ റൂം. റൂമിൽ കയറുമ്പോൾ തന്നെ കണ്ടു തന്റെ ഫോട്ടോസ് ചുമരിൽ...... അവൾ കൗതുകത്തോടെ അത് നോക്കി മൊത്തം പതിനേഴു ഫോട്ടോ. ഒരു വയസ്സിൽ തുടങ്ങി ഇപ്പോഴുള്ളത് വരെ ....... അവന്റെ കാത്തിരിപ്പ് ആയിരുന്നു ആ ഫോട്ടോ എന്ന്

അവൾക്ക് തോന്നി. ഒരു ദീർഘ നിശ്വാസത്തോടെ അവൾ അത് നോക്കി. പിന്നെ കബോർഡ് തുറന്നു ഇജാസിന്റെ ഡ്രസ്സ് മൊത്തം നോക്കി അതിൽ നിന്നും ഡ്രാക്ക്സ്യൂട്ട് ഒരു ടീഷർട്ട് എടുത്തു ബാത്ത്റൂമിലേക്ക് കേറി. സാരി അഴിച്ചു എറിഞ്ഞപ്പോൾ തന്നെ ഒരാശ്വാസം തോന്നി.  ആദ്യം ആയാണ് ഉടുത്തത് അതിന്റെ എല്ലാ ബുദ്ധിമുട്ട് ഉണ്ട്.....  വാഷ് ചെയ്ത ശേഷം സാരി പിടിച്ചു കുന്തം വിഴുങ്ങിയ പോലെ നില്കുന്നത് കണ്ടു യുട്യൂബിൽ നോക്കി ഇജുക്ക തന്നെയാണ് എങ്ങനെ ഒക്കെയോ ഉടുത്തു തന്നത്.

ഷവർ തുറന്നു  അതിന്റെ ചുവട്ടിൽ നിന്നു. അത് വരെ പിടിച്ചു നിന്ന ധൈര്യം മൊത്തം ഒഴുകിപോയ പോലെ തോന്നി. എങ്ങോട്ട തന്റെ ജീവിതം പോകുന്നത്. അറിയില്ല...... ആദ്യം ജുനുവിന്ന് വേണ്ടി ഇന്ന് ഇജുക്കക്ക് വേണ്ടി...... അതിനിടയിൽ ഫൈസ് ആരായിരുന്നു......

എന്തിനാ വന്നേ...... അവന്റെ റോൾ എന്തിന് വേണ്ടിയാരുന്നു.....നെഞ്ച് നീറുന്നതും അവന്റെ മുഖം തെളിമയോടെ അവിടെ തെളിയുന്നത് അറിഞ്ഞു.....

അവൾക്ക് സ്വന്തം ശരീരത്തിലേക്ക് നോക്കും തോറും

വെറുപ്പ് ആയിരുന്നു തോന്നിയത്. പേരിന് മാത്രം ഒരു സ്ത്രീ ശരീരം ....... എല്ലാരേം സന്തോഷം സമാധാനം കളയാൻ ആയിട്ട് ജനിച്ച ജന്മം.... എന്തിനു വേണ്ടിയാ എനിക്കീ ജന്മം....... ഇതിലും ഭേദം മരിക്കുന്നത് ആയിരുന്നു..അവൾക്ക് ഒന്ന് അലറി വിളിക്കണമെന്ന് തോന്നി.

ഒഴുകിയിറങ്ങിയ കണ്ണുനീർ വാശിയോട് തുടച്ചു. വാഷ് റൂമിൽ നിന്നും ഇറങ്ങിയ അവളെ കാത്തു ഇജാസ് ഉണ്ടായിരുന്നു.

വെള്ളം ഒലിച്ചിറങ്ങുന്ന മുടി നോക്കി. പിന്നെ ഒരു ടവ്വൽ എടുത്തു തുവർത്തി കൊടുത്തു. അവൾക്ക് ഫൈസി തുവർത്തികൊടുത്തത് ഓർമ വന്നു. അറിയാതെ കണ്ണിൽ കണ്ണുനീർ ഊറിക്കൂടി. ഇജാസ് അവളെ ബെഡിൽ ഇരുത്തി ഹയ്ർഡ്രയർ ഉപയോഗിച്ച് മുടി ഉണക്കി.  അവൾ ഒരു പ്രതിമയെ പോലെ നിന്നെ ഉള്ളൂ.....

അവൻ ഫുഡ് അവൾക്ക് നേരെ നീട്ടി.

അവൾ വേണ്ടെന്നു പറഞ്ഞെങ്കിലും അവൻ വാ തുറക്കെന്ന് പറഞ്ഞു നീട്ടിയകൈ മടക്കാൻ തോന്നിയില്ല. രണ്ടു മൂന്ന് പ്രാവശ്യം തിന്നു വേണ്ടെന്നു

പറഞ്ഞു. ഒരു ഗ്ലാസ് പാലും കുടിപ്പിച്ചേ വിട്ടുള്ളു അവൻ....

പരസ്പരം ഒന്നും സംസാരിച്ചില്ലെങ്കിലും അവന്ന് അവളുടെ മനസ്സികാവസ്ഥ അറിയുന്നൊണ്ട് ഒന്നും മിണ്ടിയില്ല.

ശഹിക്ക് എങ്ങനെയുണ്ട്...... പെട്ടെന്ന് അവൾ ചോദിച്ചത് കണ്ടു അവൻ തിരിഞ്ഞു നോക്കി.

രണ്ടു ദിവസം കഴിഞ്ഞു വരും..... ഇപ്പൊ കുഴപ്പം ഒന്നും ഇല്ല...... യാഷ് ഉണ്ട് കൂടെ

യാഷ്...... ആരാ.....

അവനൊന്നു ചിരിച്ചു..... പറഞ്ഞു വന്ന നിന്റെ അനിയൻ ആയിട്ട് വരും..... നിന്റെ കൂടെ പ്ലസ് ടു വിൽ ഉണ്ടായിരുന്നു.

അറിയാവോ ഡാനിഷ് എന്ന റിയൽ നെയിം.

അവൾ കണ്ണ് മിഴിച്ചു നോക്കി.....

നിന്നെ പരിചയപെടണോന്ന് പറഞ്ഞു വന്നതാ ഒരു വർഷം കിണഞ്ഞു ശ്രമിച്ചിട്ടും ഒരു മോർണിംഗ് മാത്രം തിരിച്ചു കിട്ടിയുള്ളൂ പറഞ്ഞു..... നിനക്ക് അവൻ നല്ല പേരും ഇട്ടിട്ടുണ്ട് ജാഡതെണ്ടി.....

അവളൊന്നു ചിരിച്ചു എല്ലാടത്തും ഉണ്ടായിരുന്നല്ലേ ആൾക്കാർ.

നിന്നെ ഓർക്കാത്ത ആരും ഉണ്ടായിരുന്നില്ല ഇവിടെ. നീയല്ലേ

എല്ലാരേം വേണ്ടെന്നു വെച്ചത്....

അവൾ തലതാഴ്ത്തി ഇരുന്നു. നദീംമിന്റെയോ ഷഹിയുടെയോ

അനിയൻ ആയിരിക്കും യാഷ് എന്ന് തോന്നി.

എല്ലാരേം പരിചയപ്പെടുത്തി തരാം. ആദ്യം നീയൊന്ന് റിലക്സ് ആക്.... അതും പറഞ്ഞു അവൻ ഫ്രഷ് ആയി വരാം എന്ന് പറഞ്ഞു പോയി.  അവൾ ബെഡിൽ കേറി കണ്ണടച്ച് കിടന്നു .

ഇജാസ് വന്നു കുറച്ചു സമയം അവളെ നോക്കി നിന്നു. മുടിയിലൂടെ തലോടി നെറ്റിയിൽ പതിയെ കിസ്സ് കൊടുത്തു. എല്ലാം അറിഞ്ഞിട്ടും അവൾ കണ്ണ് തുറന്നില്ല...... . കൈ നീട്ടി തൊടാൻ നോക്കിയെങ്കിലും പിന്നെ കൈ വലിച്ചു ബെഡിൽ ദൂരെത്തായി കിടക്കു  ന്നത് കണ്ടു

അവൾ അവന്റെ അടുത്തേക്ക് നീങ്ങി കിടന്നു

വയറിലൂടെ കയ്യിട്ട് പിടിച്ചു. അവൻ ഞെട്ടി തിരിഞ്ഞു നോക്കി. മുഖം കുമ്പിട്ട കിടന്നത് എങ്കിലും അവനെ വയ്യിലൂടെ ചുറ്റിപിടിച്ചിട്ടും ഉണ്ട്. വിറക്കുന്ന അവളെ കണ്ടതും കരയുകയാണെന്ന് അവന്ന് മനസ്സിലായി. അവൻ ആ കയ്യുടെ മുകളിൽ കൈ വെച്ചു കിടന്നു. അവന്റെ കണ്ണുകൾ സന്തോഷം കൊണ്ട് നിറഞ്ഞിരുന്നു. അവളുടേത് ഇനിയെന്ത് വേണമെന്ന് അറിയാതെയും......

❤️

ശഹി ഫോണിലുള്ള അവളുടെ ഫോട്ടോയും നോക്കി കിടന്നു..... കണ്ണുനീർ തുള്ളികൾ അതിലേക്ക് ഇറ്റി വീണു....... പിന്നെ എന്തോ ഓർത്തെന്നവണ്ണം കണ്ണുകൾ തുടച്ചു.

❤️❤️❤️❤️

സമി നിർബന്ധിച്ചു അവന്റെ വീട്ടിലേക്ക് കൂട്ടിവന്നു. വന്നപ്പോഴേ ബെഡിൽ വീണു കണ്ണടച്ചുകിടന്നു. ഇരുസൈഡിലൂടെയും കണ്ണുനീർ ഒഴുകിയിറങ്ങുന്നുണ്ടായിരുന്നു.

സമി വേദനയോടെ അത് നോക്കി നിന്നു.

❤️❤️❤️❤️

അവൾ രാവിലെ എണീച്ചപ്പോൾ ഇജു ഉണ്ടായിരുന്നില്ല. ശദ നോക്കി ഇരിക്കുന്നത് കണ്ടു.

ഉറങ്ങിപ്പോയി..... ഇജുക്ക എണീറ്റോ

രാവിലെ ഓടാൻ പോകും..... ഇജുക്ക മാത്രം അല്ല ഞാൻ അടക്കം എല്ലാർക്കും നിർബന്ധം ആണ് രാവിലെത്തെ വർക്ക്ഔട്. ഇന്ന് നീ ഉള്ളോണ്ട് ഇളവ് തന്നതാ..... ബോഡി ഫിറ്റ്നസ് മസ്റ്റ് ആണ് ഭയ്യക്ക്....

അത് ഐറകിട്ട് കൊടുത്തപ്പോൾ കണ്ടു.

അവൾ ചിരിച്ചു കൊണ്ട് എഴുന്നേറ്റു. ബാബിസാടെ റൂം കാണണ്ടേ വാ....

പിന്നെ എന്തോ ഓർത്തപോലെ തലതാഴ്ത്തി.

സോറി.. ജന്നത് വാ റൂം കാണിച്ചു തരാം....

ഇനുവിനും വല്ലായ്മ പടർന്നു കയറി. ഒരു അപരിചിതതം ഫീൽ ചെയ്തു.

അവൾ ഒന്നും മിണ്ടാതെ പുറത്ത് ഇറങ്ങി.

ഇജുക്കന്റെ നേരെ ഓപ്പോസിറ്റ് റൂം ആണ്.

അത് തുറന്നതും അവൾ കണ്ണ് മിഴിച്ചു

നോക്കിപ്പോയി.... ഇജുക്കാനെക്കാളും വലിയ റൂം ആണ്. ഫുൾ വൈറ്റ് കളർ ആണ്.... പെയിന്റ് കർട്ടൻ തുടങ്ങി എല്ലാം

ഒരു സൈഡ് മൊത്തം കബോർഡ്...... അതും വൈറ്റ് കളർ തന്നെ....... എന്റെ ഫേവറിട്ട് കളർ ആണ് വൈറ്റ്. എന്റെ വീട്ടിൽ ചെറുതാണെങ്കിലും ഫുൾ വൈറ്റ് ആണ് ജുനു എന്റെ ഇഷ്ടത്തിന് ആക്കി തന്നത്.... ഞെട്ടലോടെ അവൾ വേറൊന്ന് ഓർത്തു ഫൈസിയുടെ റൂം ഏകദേശം ഇത് പോലെയാണ്..... അവൾക്ക് വേറൊരു സംഭവം ഓർമ വന്നു അവൾ റൂം മൊത്തം ഒന്ന് നോക്കി..... ചിരിയും കരച്ചിലും ഒരു പോലെ വന്നു. കഴിഞ്ഞ വർഷം ജുനിന്റെ ഫ്രണ്ട്ന് വരച്ചു കൊടുത്ത ക്രിയേഷൻ ആണ് ആ രണ്ടു റൂമും. ചുമ്മാ ചെയ്തത് ആയിരുന്നു. ജുനു അത് fb യിൽ ഇട്ടിരുന്നു.... ഫൈസിയുടെ റൂം കണ്ടപ്പോൾ എവിടെയോ കണ്ട ഓർമ ഉണ്ടായിരുന്നു.

ഇജുക്ക എന്റെ ഇഷ്ടം നോക്കിയത് ആയിരിക്കും.... ഫൈസി എന്തിനാ അത് പോലെ റൂം ക്രിയേറ്റ് ചെയ്തത്......അത് ആലോചിച്ചു നിൽക്കുമ്പോഴാ ശദ കബോർഡ് തുറന്നത്..... അവൾ കണ്ണും മിഴിച്ചു നോക്കി. കണ്ണ് തള്ളി പുറത്തേക്ക് വരോന്നു പോലും

തോന്നി..... ഷോപ്പിംഗ് മാൾ പോയ പോലെ..... ഡ്രസ്സ് മുതൽ എല്ലാ സാധനം ഓരോ കാബോഡിൽ ആയി സെറ്റ് ചെയ്തിട്ടുണ്ട്..... ഡ്രസ്സ് ഓർണമെൻറ്സ്..... ഡ്രസ്സ് കടയും ജ്വല്ലറിയും ഇങ്ങോട്ട് മാറ്റിയൊന്ന് ഒരു ഡൌട്ട് തോന്നാത്തിരുന്നില്ല......

എന്താടി ഇത്......അവൾ തലക്ക് കയ്യും കൊടുത്തു ചോദിച്ചു

ഇതൊക്കെ എന്ത്..... നദീംമിക്ക വഴക്ക് പറഞ്ഞോണ്ട നിർത്തിയത ഷോപ്പിംഗ്.... ബാക്കിയൊക്കെ ബാബി........ അവളൊന്നു നിർത്തി... ജന്നത് വന്നു വാങ്ങിയ മതി പറഞ്ഞു.

നീ എന്നെ ഇനുന്ന് വിളിച്ചോ അവൾ പറഞ്ഞു. അവൾ തലയാട്ടി.....

ഇനു സിമ്പിൾ ആയിട്ടുള്ള ഒരു ചുരിദാർ എടുത്തു ഡ്രസ്സ് മാറ്റി.....

അപ്പോഴേക്കും റൂമിൽ ടീ കൊണ്ട് വെച്ചിട്ട് ഉണ്ടായിരുന്നു. അവൾ അതും കുടിച്ചു അവിടെ തന്നെ ഇരുന്നു. അവൾ താഴേക്ക് പോയില്ല. എല്ലാരും അവിടെ വന്നു വിളിച്ചെങ്കിലും അവൾ റൂമിൽ നിന്നും പുറത്ത് ഇറങ്ങിയില്ല..... ഇജാസ് നിർബന്ധിച്ചു

ഇല്ല...... ഗാഡൻ മുൻവശം വരുന്ന രീതിയിൽ ആയിരുന്നു ബാൽക്കണി..... ഗാഡനിൽ നിറയെ ചെടികൾ കണ്ടു. നടുക്ക് ചെറിയ കുളം അതിൽ പല തരത്തിൽ ഉള്ള  ആമ്പൽ... അതിൽ അവൾ വേറൊന്ന് കൂടി കണ്ടു വാട്ടർ റൈൻ ലില്ലി  അവൾ അത്ഭുതത്തോടെ നോക്കി..... എങ്ങും പച്ചപ്പും തണൽ നിറഞ്ഞ അന്തരീക്ഷവും അതും നോക്കി അവൾ അവിടെ ഇരുന്നു.

❤❤❤❤❤

രണ്ടു ദിവസം ആയി അവിടെ വന്നിട്ട് ഇത് വരെ റൂമിൽ നിന്നും പുറത്ത് ഇറങ്ങിയില്ല.

ഇജാസ് കൂട്ടിപോയാൽ മുഖം കാണിച്ചു തിരിച്ചു വരും അത്ര മാത്രം. ഒരുപാട് കരഞ്ഞത് കൊണ്ടാവണം കരച്ചിൽ പോലും അവളെ തേടിയെതറില്ലെന്ന് അവൾ ഓർത്തു. കിടക്കുന്നത് തനിച് ആണെങ്കിലും എഴുന്നേൽക്കുമ്പോൾ ഇജുവും  ഉണ്ടാകും അടുത്ത്. അല്ലെങ്കിൽ ശദയും ഷാനു....

❤❤❤❤❤

രാത്രി പതിവ് ഇല്ലാതെ ഇജാസ് അവളെ അടുത്തേക്ക് വന്നു. അവന്റെ കയ്യിൽ കുറച്ചു പേപ്പഴ്സ്

ഉണ്ടായിരുന്നു.

അവളത് തുറന്നു നോക്കി. ഡിവോഴ്സ് പേപ്പർ ആണ്. കയ്യിൽ വിറയൽ പടർന്നു.

അവൾ നിറ കണ്ണുകളോടെ ഇജുവിനെ നോക്കി.

നമുക്ക ബന്ധം വേണ്ട ഇനു..... ഞാൻ ഒരിക്കലും ഇനി സമ്മതിക്കില്ല..... ഒരിക്കൽ ജുനുവിന് വേണ്ടി എന്നെ വേണ്ടന്ന് പറഞ്ഞു പോയി...... ഇന്ന് നിനക്ക് മുന്നിൽ ഫൈസ് ആണ്..... അവിടെയും എന്നെ തോല്പിക്കാൻ ആണ് ഇഷ്ടം എങ്കിൽ നിന്റെ ഇഷ്ടം...... പക്ഷേ അത് എന്നെന്നേക്കുമായി ഹൈദർ കുടുംബത്തിൽ നിന്ന് മാത്രം അല്ല.... എന്നിൽ നിന്നും നിനക്കുള്ള മോചനം ആയിരിക്കും.... അതിൽ അടങ്ങിയത് ഭീഷണിയാണോ യജനയാണോ എന്നൊന്നും അവൾക്ക് മനസ്സിലായില്ല. പക്ഷേ ആ കണ്ണുകളിൽ തന്നെ വേണ്ടെന്നു വെക്കില്ലെന്ന ആത്മവിശ്വാസം അവൾ കണ്ടു.......

അവൻ ഇറങ്ങിപോയിട്ടും അവൾ ശില പോലെ അവിടെ നിന്നു.  ഫൈസിയുടെ മുഖം ഓർമ വന്നതും മനസ്സിൽ ഒരു നോവുണർന്നു.കണ്ണിൽ നിന്നും കണ്ണുനീർ ഒലിച്ചിറങ്ങി.

അവൾ പോലും അറിയാതെ കൈ വയറ്റിൽ പതിഞ്ഞു. ആ ഓർമയിൽ അവൾ കണ്ണുകൾ തുടച്ചു.

....... തുടരും

❤️ 💔 INVISIBLE LOVE 💔❤️

Love after💘 marriage ( part 67)

ഡിവോഴ്സ് പേപ്പറിൽ ഒപ്പിട്ട് കൊടുക്കുമ്പോൾ അവൾക്ക് എന്ത് കൊണ്ടോ കൈ വിറച്ചില്ല. സംഭവിച്ചതൊന്നും അറിഞ്ഞോണ്ട് അല്ല. പിന്നെന്തിന് ഞാൻ കാരണം മറ്റുള്ളവർ വേദനിക്കണം. ഇത്രയും കാലം ജുനുവിന് വേണ്ടി ജീവിച്ചു. അത് പോലെ തന്നെ ഇനി എനിക്ക് വേണ്ടി ജീവനും ജീവിതവും ഉഴിഞ്ഞു ജീവിക്കുന്ന ഇജുക്കക്ക് വേണ്ടി ജീവിക്കണം. ഫൈസ്.....അത് വേദനിക്കുന്ന എന്റെ സന്തോഷം ആണ്. കുറച്ചു നാളുകൾ മാത്രം ഉണ്ടായ മായ ലോകം..... ഞാൻ അവന്റെ ജീവിതത്തിൽ നിന്നും പോയാൽ അവനും ഹാപ്പി ആകും. ജീവിതത്തിലെ ഏറ്റവും വലിയ സന്തോഷം ഭാര്യയും ഭർത്താവ് കുഞ്ഞും അടങ്ങിയ ഒരു ലോകം ആണ്. അത് കൊടുക്കാൻ കഴിയാത്ത ഞാൻ ഒഴിഞ്ഞു പോകുന്നത് തന്നെ ആണ് നല്ലത്.

ഇജുക്ക... അവളെ വിളികേട്ട് തിരിഞ്ഞു നോക്കി. അവൻ റൂമിൽ കയറാൻ നോക്കുന്നെ ഉണ്ടാരുന്നുള്ളു. അവൾ പേപ്പർ അവന്ന് നേരെ നീട്ടി. അവൻ ഒപ്പിട്ടത് കണ്ടു.

എനിക്ക് മോശം ആയി വരുന്നതൊന്നും എന്റെ ഇജുക്ക ചെയ്യില്ലെന്ന് അറിയാം.... എനിക്ക് വിശ്വാസം ആണ് എന്നെക്കാളും. എന്റെ ഭാവി ഈ കൈകളിൽ സുരക്ഷിതമാണെന്ന്. ആലോചിക്കാൻ ഒന്നുമില്ല ഒപ്പിട്ടുണ്ട്. അവൾ പുഞ്ചിരിയോടെ പറഞ്ഞു അവന്റെ കയ്യിൽ വെച്ചു കൊടുത്തു.

അവൻ അവളെ ഇറുക്കെ കെട്ടിപിടിച്ചു. കണ്ണുകൾ നിറഞ്ഞിരുന്നു അവന്റെ.

ഞാൻ ഇപ്പൊ ചത്തുപോകുടോ ഇങ്ങനെ പിടിച്ചാൽ..... എനിക്ക് ജീവിച്ചു കൊതിതീർന്നില്ല..... അവൾ കൊഞ്ചലോടെ പറഞ്ഞു.

അവൻ കണ്ണുനീർ കുതിർന്ന ചിരിയോടെ അവളെ വിട്ടു.

ഷാഹിയുമായുള്ള വിവാഹത്തിന് നിനക്ക് സമ്മതം ആണോ

എല്ലാം അറിഞ്ഞിട്ട് എന്തിനാ ഇങ്ങനെ ഒരു ചോദ്യം ഇജുക്ക. എനിക്കിനി ഒരു കല്യാണം വേണ്ട. എനിക്ക് ഇജുക്കന്റെ അനിയത്തിയായി മാത്രം ജീവിച്ച മതി.

നീ കരുതുന്നത് പോലെ നിനക്ക് കുഞ്ഞുണ്ടാവില്ലെന്ന് അറിഞ്ഞോണ്ടല്ല അവൻ നിന്നെ വേണ്ടെന്നു വെച്ചത്. നിന്റെ ഇഷ്ടം അതാണെങ്കിൽ അങ്ങനെ ആയിക്കോട്ടെ കരുതി ഒഴിഞ്ഞു മാറിയതാ. അവന്റെ പ്രണയം നിനക്ക് ഒരിക്കലും വേദനയാകരുതെന്ന് കരുതിയിട്ടാണ്. നിന്നെ നോട്ടം കൊണ്ട് പോലും വേദനിപ്പിക്കാൻ അവൻ ഇഷ്ടപ്പെടുന്നില്ല. അവന്റെ ജീവനോളം നിന്നെ സ്നേഹിക്കുന്നു. നീ വരുന്നതും കാത്തു നിന്നെ വര്ഷങ്ങളോളം കാത്തിരുന്നവൻ ആണ്. എല്ലാം മറന്നു അവന്നെ സ്വീകരിക്കണം. അവന്നെ വിവാഹം കഴിക്കണം. എനിക്കിനി ഒരു ഹൈദർനെ കൂടി കാണാൻ വയ്യാത്തോണ്ടാ...... വിട്ടു കൊടുക്കാൻ വയ്യ അവനെ അങ്ങനെ ഒരു വിധിക്ക്. നീയില്ലാതെ അവൻ ഇല്ല ഇനു...... അവന്റെ വാക്കുകൾ ഇടറിയിരുന്നു.

കുഞ്ഞുണ്ടാവില്ലെന്ന് അറിഞ്ഞിട്ടും എന്തിനാ ഈ വിഡ്ഢിവേഷം കെട്ടിക്കുന്നെ.

എന്റെ ഉമ്മാനെ പോലെ ആകാനോ.....

ഹൈദർ അല്ല ശഹി...... അവന്റെ പ്രണയത്തിൽ എനിക്ക് വിശ്വാസം ഉണ്ട്. നിനക്ക് വേണ്ടി മരിക്കാനും തയ്യാറായവനാണ്...... മരണത്തിൽ നിന്ന് പോലും തിരിച്ചു വന്നത് നിന്നോടുള്ള പ്രണയം ആണ്. പിന്നെ ഒരു കുഞ്ഞ് കൊണ്ടേ ജീവിതം പൂർണ്ണമാവുന്ന് നിനക്ക് തോന്നുന്നുണ്ടെങ്കിൽ കുഞ്ഞിനെ ഞാൻ തന്നാൽ പോരെ നിങ്ങൾക്ക്.

അവൾ ഞെട്ടലോടെ ഇജുവിനെ നോക്കി.

ഹൈദർ കുടുംബത്തിലെ രക്തത്തിൽ പിറന്ന ഒരു കുഞ്ഞു വേണമെന്നല്ലേ ഉള്ളൂ അത് നിങ്ങൾക്ക് തരാൻ എനിക്ക് കഴിയും. എന്റെ കുഞ്ഞ് നിങ്ങളുടെതായി ഇവിടെ വളരും അത് പോരെ.ഒരിക്കലും ഞാൻ അവകാശം പറഞ്ഞു വരില്ല. മുന്നിൽ പോലും വരാതെ നിന്നോളം.

അവളൊന്നു ചിരിച്ചു. എന്തൊക്കെ വിളിച്ചു പറയുന്നേ. ഇജുക്കന്റെ കുഞ്ഞു എന്റെ തന്നെ അല്ലേ. സ്നേഹിക്കുന്നതിന്ന് രക്തബന്ധം വേണ്ടെന്നു അറിഞ്ഞു ജീവിച്ചവളാ ഞാൻ.പിന്നെ  കുഞ്ഞു വേണ്ടന്ന് ശഹിക്ക് സമ്മതം ആണെങ്കിൽ എനിക്ക്

ഈ വിവാഹത്തിന് സമ്മതം ആണ്.

ഇജുവിന്റെ കണ്ണുകൾ നിറഞ്ഞു ഒഴുകുന്നത് അവൾ തുടച്ചു കൊടുത്തു.

ഇനിയീ കണ്ണുകൾ ഞാൻ കാരണം നിറയരുത് അത് അനിയത്തി എന്ന നിലയിൽ എന്റെ തോൽവിയാണ്. ഇജുക്ക എന്ത് പറയുന്നോ അത് അനുസരിച്ചോളാം. ശഹി ആയുള്ള വിവാഹത്തിന് എനിക്ക് സമ്മതം ആണ് എനിക്ക് കുറച്ചു ടൈം തന്ന മതി. ജുനിന്റെ ഇനുവായി ഇജുക്കന്റെ ജന്ന ആയി ശഹിയുടെ ഭാര്യയായി ഞാൻ ഉണ്ടാവും എന്നും കൂടെ.

അവൾ അത് പറഞ്ഞു റൂമിലേക്ക് പോയി.

ഇതൊക്ക കേട്ട് നദീം ഉണ്ടായിരുന്നു.

സന്തോഷം ആയില്ലേ നിനക്ക്. അവളെന്നെങ്കിലും ജുനുവിനെ പോലെ നിന്നെ കാണുമോന്ന് ചോദിച്ചു സങ്കടം ആയിരുന്നില്ലേ.... ഇപ്പൊ തീർന്നില്ലേ അത്

ഇജാസ് അവന്നെ ഇറുക്കെ കെട്ടിപിടിച്ചു....അതിൽ ഉണ്ടാരുന്നു അവന്റെ സന്തോഷം മുഴുവൻ

❤❤❤❤

റൂമിൽ എത്തിയതും ഇനു അത് വരെ പിടിച്ചു

നിർത്തിയ കരച്ചിൽ അണവിട്ടു ഒഴുകി. ഹൈദർ ശഹിയല്ല ഞാൻ ആണ്.

മനസ്സിൽ ഒരാളും പുറമെ ഒരാളെയും സ്വീകരിക്കാൻ തയ്യാറായ ഞാൻ. എനിക്ക് ഫൈസിയെ മറക്കാൻ പറ്റുമോ..... ശഹിയെ ആ സ്ഥാനത് കാണാൻ പറ്റുമോ........ ആലോചിക്കും തോറും അവൾക്ക് നെഞ്ചുപൊട്ടുന്ന പോലെ തോന്നി.

❤️❤️❤️❤️❤️

ശഹി വൈകുന്നേരം എത്തിയിരുന്നു. ഫേസ് ചെയ്യാൻ മടി ആയോണ്ടാ കാണാൻ പോകാഞ്ഞത്.ഉറക്കം വരാതെ റൂമിൽ കുറെ സമയം അങ്ങോട്ടും ഇങ്ങോട്ടും നടന്നു. അവൾക്ക അവനെ കാണണമെന്ന് തോന്നി അങ്ങോട്ട് പോയി.

അവൻ നെറ്റിയിൽ കൈ വെച്ചു കിടക്കുന്നത് കണ്ടു. ഷർട്ട് ഇടത്തോണ്ട് നെഞ്ചിലും വയറ്റിലും മുറിവിന്റെയും സ്റ്റിച്ന്റെയും പാട് കണ്ടു.മുറിവൊക്കെ ഉണങ്ങിയിരുന്നു. ആകെ കോലം കെട്ട പോലെ തോന്നി അവൾക്ക്. കാലിൽ തണുപ്പ് പടർന്നു തുടങ്ങിയപ്പോ അവൻ കൈ മാറ്റി കണ്ണ് തുറന്നു നോക്കി. ഇനു അവന്റെ കാൽ രണ്ടും

പിടിച്ചു മുഖം ചേർത്ത് ഇരിക്കുന്നത് കണ്ടു. കണ്ണീരിന്റെ നനവ് അവൻ അറിഞ്ഞു. അവൻ ഞെട്ടി പകച്ചു കാൽ വലിച്ചു. എണീറ്റുനിന്നു.

അവൾ നിലത്ത് ഇരുന്നിടത് നിന്നും അനങ്ങിയില്ല. എഴുന്നേൽക്ക് ഇനു

അവളെ തോളിൽ പിടിച്ചതും ഇരുന്നിടത് നിന്ന് തന്നെ അവന്റെ കാൽ മുട്ടിൽ പിടിച്ചു പൊട്ടിക്കരഞ്ഞു.

എന്താടാ ഇത്..... അവൻ വേറെ വഴിയില്ലാതെ അവളെ മുന്നിൽ ഇരുന്നു.

അറിഞ്ഞോണ്ട് ആരുന്നില്ല ഒന്നും..... പ്രണയം മനസ്സിലാക്കാൻ കഴിഞ്ഞില്ല...... വളർന്നപ്പോ പ്രണയവും വിവാഹവും എല്ലാം തെറ്റാണെന്ന പഠിച്ചത്. അത് കൊണ്ട് ഓർത്തതും ഇല്ല ഒന്നും...... ഇർഫാനോട് ആരാധന ആയിരുന്നു എപ്പോഴും..... റാനിയോട് മോശം ആയി സംസാരിച്ച ആളെ തല്ലിയപ്പോൾ..... തെറ്റുകൾക്ക് എതിരെ പ്രതികരിച്ചു..... പാവങ്ങളെ സഹായിച്ചു..... കൂടുതൽ കെയറിങ് തന്നു അങ്ങനെ മനസ്സിൽ നല്ലൊരു ആളെ സ്ഥാനം തോന്നി..... റാനിയും എല്ലാരും നല്ലത് പറഞ്ഞു. എനിക്കും അത് തോന്നി.... പിന്നീട്

എപ്പോഴോ അവന്റെ വാക്കുകൾ കേട്ട് ജീവിക്കുന്ന ഒരു പാവയായി പോയി. തെറ്റും ശരിയും മനസ്സിലാക്കാൻ പറ്റിയില്ല

അവന്റെ കയ്യിൽ നിന്നും രക്ഷിക്കാൻ വേണ്ടിയാ ജുനു കല്യാണം നടത്തിയത്. അതിനിടയിൽ ഓർത്തില്ല...... പൊറുക്കണം എന്നോട്..... അറിഞ്ഞോണ്ട് ചെയ്തതല്ല ഒന്നും.

അതൊക്കെ കഴിഞ്ഞില്ലേ..... എനിക്കറിയാലോ എല്ലാം. എന്നേക്കാൾ കൂടുതൽ ഞാൻ നിന്നെ മനസ്സിലാക്കിയിട്ടുണ്ട് ഇനു.

അവൾ അവന്റെ മുറിവിൽ നോക്കി. അവൾ വേദനയോടെ അവന്നെ നോക്കി.

സമ്മതത്തോടെ ആണോ ഡിവോഴ്സ് പേപ്പറിൽ ഒപ്പിട്ടത്.

അവൾ നിലത്തേക്ക് നോക്കി നിന്നു.  അവൻ അവളുടെ കൈ എടുത്തു അവന്റെ കൈക്കുള്ളിൽ പിടിച്ചു. അവന്റെ ചുമലിലേക്ക് ചാരി അവൾ ഇരുന്നു. ഒരു നിമിഷം ജുനുവിനോട് പിണങ്ങി പരാതി പറയാൻ ശഹിയുടെ അടുത്ത് പോകുന്ന ഇനുവായി മാറിയത് പോലെ തോന്നി അവൾക്ക്. എത്ര തല്ല്

കൂടിയാലും സങ്കടം വന്നാൽ അവന്റെ അടുത്തേക്ക് ആദ്യം പോകുമായിരുന്നുള്ളൂ.

നിന്റെ മുന്നിൽ അഞ്ചു ദിവസം ഉള്ളൂ ഇനി. നിന്റെ ഭാവി നിക്ഷ്യയിക്കാനുള്ള ദിവസം.

അഞ്ചു ദിവസം... അവൾ കണ്ണ് മിഴിച്ചു അവനെ നോക്കി.

അന്ന് നിന്റെ ബർത്ഡേ ആണ്. ഇവിടെ നടക്കാൻ പോകുന്നത് ബർത് ഡേ പാർട്ടി മാത്രം അല്ല. അടുത്ത അനന്തരാവകാശിയെ ഉറപ്പിക്കൽ കൂടിയാണ്. നിന്നെയാണ് ഇൻഡ്രഡിയൂസ് ചെയ്യുന്നത് എങ്കിൽ എന്റെ ഭാര്യ ആയിട്ട് ആയിരിക്കും. കാരണം ജന്നത്തിലെ രാജകുമാരിയെ വിവാഹം കഴിക്കാൻ ഈ കുടുംബതിന്ന് പുറത്തുള്ള ആർക്കും പറ്റില്ല. അത് കൊണ്ട ഇജുക്ക നീ ജന്നത്ത് അല്ലെന്ന് വരുത്തി തീർക്കാൻ ഷദയെ തീരുമാനിച്ചത്. ഇജുക്ക വിവാഹം കഴിക്കാത്തത് കൊണ്ട് ഇജുക്കക്ക് ഒരിക്കലും അനന്തരാവകാശി ആകാൻ പറ്റില്ല. കാരണം ഇജുക്കന്റെ വൈഫ് ആണ് മഹാറാണി ആകേണ്ടത്.

അവളൊന്നും മിണ്ടിയില്ല. മൗനം അവർക്കിടയിൽ തളം കെട്ടി നിന്നു നമുക്കൊന്ന് റൈഡ് പോയാലോ

ശഹി അവളോട് ചോദിച്ചു.

ഇപ്പോഴോ...... പന്ത്രണ്ടു മണിയകാറായി. പോരാത്തതിന് ഹോസ്പിറ്റലിൽ നിന്ന് വന്നതല്ലേ ഉള്ളൂ.

എനിക്ക് കുഴപ്പം ഒന്നും ഇല്ല. നിന്നോട് കുറച്ചു സംസാരിക്കാൻ ഉണ്ട്. ഇവിടെ വെച്ച് വേണ്ട പുറത്തു പോകാം.

അവൾ തലയാട്ടി. അവൻ വേഗം ഡ്രസ്സ് ചെയ്തു. എല്ലാരും ഉറങ്ങിയിരുന്നു. ശബ്ദം ഉണ്ടാക്കാതെ അവൻ അവളെ കയ്യും പിടിച്ചു പോയി.

❤️❤️❤️❤️

ഇജു ഇനുവിന്റെ റൂമിൽ പോയി അവളെ കാണാതെ നദീംമിനെ വിളിച്ചു.

ശഹി കൂട്ടി പോകുന്നത് കണ്ടു. ആരും കാണാതിരിക്കാൻ കാം മൊത്തം ഓഫ് ആക്കി സെക്യൂരിറ്റി കണ്ണ് വെട്ടിച്ച പോയെ. ഇനുവിന് വേണ്ടി പുതിയ സെക്യൂരിറ്റി ഡെവലപ്പ്മെന്റ് നടത്തിയത് അവൻ അറിഞ്ഞിട്ടില്ല. അവർ ഇൻഫോം ചെയ്തതാ. ഇനുവിനെ കൂട്ടി പോയത് നമ്മൾ അറിയരുതെന്ന്

സാരം.... അതോണ്ട് ചോദിച്ചില്ല ഞാൻ. എന്തെങ്കിലും സീരിയസ് ഇഷ്യു കാണും

❤❤❤

ഇജു ഒന്ന് മൂളിക്കൊണ്ട് റൂമിലേക്ക് പോയി. അവൻ അവർ വരുന്നതും നോക്കി ബാൽക്കണിയിൽ ഇരുന്നു. മണി രണ്ടായിട്ടും വരുന്ന കാണാഞ്ഞു അവൻ ആകെ അസ്വസ്ഥത തോന്നി. എപ്പോഴോ ഉറങ്ങിപോയി. സെക്യൂരിറ്റി അലാറം കെട്ട് അവൻ നോക്കി. അവർ വരുന്നത് കണ്ടു. Time നോക്കി നാല് മണിയോളം ആയിന്. ഒരു മണിക്ക് ആണ് അവർ പോയത്. ഇത്രയും ടൈം എവിടെ ആയിരുന്നു. ഇനുവിന്റെ കയ്യിൽ ജുനുവിന്റെ ഡയറി അവൻ കണ്ടു. ഫൈസിയുടെ പ്രണയം ആണത് മുഴുവൻ.അവന്റെ ഉള്ളിൽ ഒരു ഭയം ഉടലെടുത്തു.

❤❤❤❤❤❤

ഇനു റൂമിലേക്ക് കേറിപ്പോകാൻ നോക്കിയതും ശഹി വിളിച്ചു.

ഈ അഞ്ചു ദിവസം നിനക്ക് ആലോചിക്കാൻ ഉള്ള ടൈം ആണ്. നിന്റെ ഉത്തരം യെസ് ആയാലും നോ ആയാലും ഞാനത് സന്തോഷത്തോടെ സ്വീകരിക്കും.

എനിക്ക് ആലോചിക്കാൻ ഒന്നുമില്ല ശഹി.

ഞാൻ ഫൈസിയുടെ പ്രണയത്തിനോ നിന്റെ പ്രണയത്തിനോ വില കൽപ്പിക്കുന്നില്ല. നീ ചെറുപ്പം മുതൽ എന്നെ സ്നേഹിക്കുന്നുണ്ട്. ഫൈസ് രണ്ടു മൂന്ന് വർഷം ആയി പ്രണയിക്കുന്നു. പക്ഷേ നിങ്ങളെക്കാളും മുകളിൽ എനിക്ക് എന്റെ ഇജുക്കന്റെ സ്നേഹം ആണ് വലുത്. എനിക്ക് വേണ്ടി മാത്രം ആണ് ഇജുക ജീവിച്ചത്....... എന്നോടുള്ള സ്നേഹം ആണ് ആ ജീവൻ നിലനിർത്തുന്നത്..... ഇന്ന് വരെ സന്തോഷം എന്നത് എന്റെ ഇജുക്ക അറിഞ്ഞിട്ടില്ല...,.ഉപ്പയും ഉമ്മയും ഉണ്ടായിട്ടും ഇല്ലാത്തത് പോലെ ജീവിച്ചത്.

ഞാനോ പണത്തിന്റെ കുറവേ അറിഞ്ഞിട്ടുള്ളു. ഉപ്പന്റെയും ഉമ്മന്റേയും ജുനുന്റെയും സ്നേഹം ആവോളം അറിഞ്ഞ ജീവിച്ചത്. നിനക്ക് അറിയോ എന്റെ റൂമിന്റെ ജനൽ ഒരിക്കലും അടക്കൽ ഇല്ല. എന്താന്ന് അറിയോ എന്നെ മിസ്സ് ചെയ്യുമ്പോൾ ഇജുക്ക വരുന്നു എനിക്കറിയാം.... ഞാൻ കണ്ടിട്ടുണ്ട് പലപ്പോഴും അത്. അന്യനെ പോലെ ഒളിച്ചു നിന്നു കണ്ടു പോകുന്നത്. ജുനുവിന് വേണ്ടി എല്ലാം കണ്ടില്ലെന്നു നടിക്കാരുന്നു.....

ഫൈസ്ന് എന്നെ വിട്ടു കൊടുത്തു...... എന്നോടുള്ള ഇഷ്ടം കൊണ്ടാണ് അത്... ഇന്ന് എനിക്ക് വേണ്ടി സ്വന്തം കുഞ്ഞിനെ തരാന്ന് പറഞ്ഞു..... ഈ സ്നേഹം ഇനിയും കണ്ടില്ലെന്ന് നടിക്കാൻ എനിക്കാവില്ല. ജുനുവിന്റെ കൂടെ അവന്റെ എല്ലാ ആഗ്രഹവും ഞാൻ നിറവേറ്റിയിട്ടുണ്ട്. പിന്നെ ഫൈസ്.....

അക്കാര്യത്തിൽ ജുനു ഒരിക്കലും ഇനി ഇടപെടില്ലെന്ന് പറഞ്ഞിട്ടുണ്ട്. അവനെ സംബന്ധിച് ആ വിവാഹം തെറ്റായിരുന്നുന്ന് പറഞ്ഞു. ഫൈസിന്റെ ഉമ്മ എന്നോട് ചെയ്തതിനു കരഞ്ഞു മാപ്പ് ചോദിച്ച പോയത് . സന്തോഷത്തോടെയാ എന്നോട് ജന്നത്തിലെ രാജകുമാരി ആയി ജീവിക്കണം പറഞ്ഞത്.

എന്നെ സംബന്ധിച്ച് എന്റെ ജീവിതത്തിൽ ഒരു പ്രണയം ഇനി ഉണ്ടാവില്ല. എനിക്ക് വേണ്ട അത്. എനിക്ക് എന്റെ ഇജുക്കന്റെ കൂടെ ഇജുക്കന്റെ അനിയത്തി ആയി ജീവിച്ച മതി. പതിനെട്ടു വർഷം ഞാൻ നിഷേധിച്ച സ്നേഹം എനിക്ക് കൊടുക്കണം ഈ ജന്മം മുഴുവൻ എന്റെ ഇജുക്കന്റെ ആഗ്രഹം അനുസരിച്ചു ഇജുക്കക്ക് വേണ്ടി ജീവിക്കണം .

അവളുടെ മുഖത്തെ ദൃഢനിക്ച്ചയം കണ്ടു.

ശഹി നിറകണ്ണുകളോടെ അവളെ നേർക്ക് കൈ കൂപ്പി. എങ്ങനെ നന്ദി പറയണ്ടേ അറിഞ്ഞുട,..... ഇന്ന് വരെ ഇജ്ജുക്ക മനസ്സറിഞ്ഞു ചിരിക്കുന്നത് പോലും ഞങ്ങൾ കണ്ടിട്ടില്ല. ഉപ്പ മരിച്ച ശേഷം ഞങ്ങൾക്ക് നഷ്ടപെട്ടത് ഇജ്ജുക്കനെയാണ്. ഈ കുടുംബത്തിന്റെ സന്തോഷം ആണ്.നിനക്ക് വേണ്ടിയാണ് പിന്നെ ഇജ്ജുക്ക ജീവിച്ചത്. ആ സന്തോഷം നിനക്ക് കൊടുക്കാൻ കഴിഞ്ഞ അത് തന്നെ ആയിരിക്കും നീ ചെയ്യുന്ന ഏറ്റവും വലിയ പുണ്യം.

അവൾ അവന്റെ കൈ പിടിച്ചു താഴ്ത്തി.

ഇനിയൊരു സങ്കടം ഞാൻ ആയിട്ട് ആ മനസ്സിന്നു വരുത്തില്ല. ഇനിയും ആ മനസ്സ് വേദനിപ്പിച്ച പടച്ചോൻ പോലും പൊറുകുല എന്നോട്. പൂർണ്ണമനസ്സോടെ സന്തോഷത്തോടെ പറയുകയാണ്. ജന്നത്തിലെ രാജകുമാരി ആയി സ്ഥാനം ഏറ്റെടുക്കാൻ ഞാൻ തയ്യാറാണ്. അവൾ റൂമിലേക്ക് പോയി. ഇതൊക്കെ കേട്ട് ഒരു ചുമരിനപ്പുറം ഇജ്ജുവും ഉണ്ടായിരുന്നു.

❤️❤️❤️

അവൾ നേരെ ബെഡിലേക്ക് വീണു. അവളുടെ നെഞ്ചിൽ ആ ഡയറി മുറുക്കെ പിടിച്ചിരുന്നു. എന്നോട് പൊറുക്ക് ഫൈസ്

അവളുടെ മനസ്സും ശരീരവും  അപ്പോഴും ഫൈസ് എന്ന് ഉരുവിടുന്നത് അവൾ അറിഞ്ഞു. എപ്പോഴോ ഉറക്കിലേക്ക് വീണു.

❤️❤️❤️

ഇജു കൊടുത്ത ഡിവോഴ്സ് പെറ്റിഷൻ നോക്കി ഫൈസ് ഇരുന്നു. ഇനു അതിൽ ഒപ്പിട്ടത് വേദനയോടെ നോക്കി നിന്നു.

ഒപ്പം ഇജാസ് പറഞ്ഞ വാക്കുകൾ കൂടി അവൻ ഓർത്തു.

ഞാൻ ഇതിൽ ഒപ്പിടില്ല..... അവൾ എന്റെ ഭാര്യയാണ്. ഞാൻ വിട്ടുതരില്ല ആർക്കും. അവളോട് നേരിട്ട് സംസാരിച്ചോളാം ഞാൻ.

സ്വത്തിനു വേണ്ടിയല്ലേ നീയവളെ പോലൊരു പെണ്ണിനെ വിവാഹം കഴിച്ചത്.അവൾ ആകുമ്പോ ഒരു പൊട്ടിയെ പോലെ എല്ലാം അനുസരിച്ചു

ജീവിക്കുമല്ലോ. ചിന്ത ശേഷി ഇല്ല കുട്ടികൾ ഉണ്ടാവില്ല. നിനക്ക് ഒരിക്കലും തടസ്സം ആകില്ല.  അതോണ്ടല്ലേ അവളെ വിവാഹം കഴിച്ചത്.   അല്ലെന്ന് പറയാൻ പറ്റോ നിനക്ക്.

പറ്റും.... എനിക്ക് സ്വത്തുക്കളെക്കാൾ വലുത് അവൾ ആണ്. ഷീ ഇസ് മൈ മൈൻ.പിന്നെ എനിക്ക് സ്വത്തുക്കൾ സ്വന്തം ആക്കാനാണെങ്കിൽ കല്യാണം കഴിഞ്ഞതിന്റെ പിറ്റേന്ന് തന്നെ അവളെ വേണ്ടെന്നു വെക്കാമായിരുന്നു.

അവന്റെ കണ്ണുകളിലേക്ക് നോക്കി നിന്നു ഇജാസ്. പറഞ്ഞത് സത്യം ആണെന്ന് അവന്ന് തോന്നി. അവനെ ചെറിയ സംശയം ഉണ്ടായിരുന്നു. അത് ക്ലിയർ ചെയ്യാൻ മനപ്പൂർവം പറഞ്ഞത് ആയിരുന്നു അതൊക്കെ. അവന്റെ മുഖത്തെ വേദന കണ്ടതും ഇജുന്ന് സങ്കടം തോന്നി.

എന്റെ ഉപ്പയെ പറ്റി ഓർക്കാൻ എനിക്ക് നല്ല മൊമെന്റ്സ് ഒന്നും ഉണ്ടായിരുന്നില്ല. ഉപ്പ കൂടെ ഉണ്ടായിട്ടും ഇല്ലാത്തത് പോലെ തന്നെ ആയിരുന്നു. ആ മനസ്സ് മുഴുവൻ എന്നോടുള്ള സ്നേഹം ആയിരുന്നുന്ന് എനിക്ക് അറിയാം പക്ഷേ എന്നെ

കാണുമ്പോൾ ഇനുനോട് ചെയ്ത തെറ്റായി കരുതുന്നൊണ്ട് കുറ്റബോധവും സങ്കടം മാത്രം ഉണ്ടായിരുന്നുള്ളൂ. മരിക്കാൻ നേരം എന്നോട് ഒന്നേ ആവിശ്യപെട്ടിട്ട് ഉള്ളൂ ജന്നത് ഹൈദർ കുടുംബത്തിന്റെ രാജകുമാരിആയി തന്നെ വരണമെന്ന്. എനിക്ക് ഒരു മകനായി അത് പാലിക്കണം.

അവളെ സന്തോഷത്തിനു വേണ്ടി ഞാൻ അത് മറന്നു നിനക്ക് വിട്ടു തന്നു.പക്ഷേ അവൾ അവിടെ സുരക്ഷിതയല്ലെന്ന് നിങ്ങൾ തന്നെ തെളിയിച്ചു.

അവൾക്ക് അവകാശം ഉള്ള സ്വന്തം വീട്ടിൽ വേലക്കാരിയെ പോലെ അവൾ അപമാനിക്കപ്പെട്ടു..... അവളെ വേദനിപ്പിച്ചു. നിന്റെ ഉമ്മാക്ക് ചിലപ്പോൾ എവിടുന്നോ കയറി വന്ന പെണ്ണായിരുന്നു അവൾ.... എന്നാൽ നിനക്ക് അറിയാരുന്നു അവൾ aj യുടെ മരുമകൾ ആണെന്ന് .... അവൾക്ക് ആ വീട്ടിൽ ഉള്ള സ്ഥാനം നിനക്ക് തുല്യം ആയിരുന്നു. അറ്റ്ലീസ്റ്റ് നീ ആരാണെന്ന് അവളോട് സത്യം പറയാരുന്നു.അങ്ങനെ എങ്കിൽ ചിലപ്പോൾ അതൊന്നും സംഭവിക്കില്ലായിരുന്നു.... കാരണം അവൾ തെറ്റുകൾ ക്ഷമിച്ചു ജീവിക്കുന്ന പെണ്ണല്ല.

ഒന്നടിച്ചാൽ തിരിച്ചു രണ്ടു കവിളിൽ അടിക്കാൻ ആണ് ജുനു അവളെ പഠിപ്പിച്ചത്. അതൊക്കെ മറന്നു അവൾ അവിടെ സഹിച്ചു ജീവിച്ചെങ്കിൽ അർത്ഥം ഒന്നേ ഉള്ളൂ അവിടെ നിന്നും പോകാൻ അവൾ ആഗ്രഹിക്കുന്നില്ലെന്ന് . അവൾക്ക് കൂടി അവകാശം അവിടെ ഉണ്ടെന്ന് അറിഞ്ഞിരുന്നെങ്കിൽ അവൾ തിരിച്ചു ശക്തമായി പ്രതികരിച്ചേനെ. അവൻ ദീർഘ നിശ്വാസത്തോടെ നിർത്തി.

നിനക്ക് തന്ന ചാൻസ് നീ നഷ്ടപ്പെടുത്തി. അതെന്റെ കുഴപ്പം അല്ല.... എല്ലാം വിധിയായി ഞാൻ കരുതുന്നു. ജന്നത് എന്റെ ഉപ്പാന്റെ ആഗ്രഹം പോലെ ഹൈദർ കുടുംബത്തിലെ അനന്തരാവകാശി ആയി തന്നെ വരാൻ ആകും യോഗം. അവളെ ബർത്ടക്ക് ഞങ്ങൾ അവളെ രാജകുമാരിയായി തെരഞ്ഞെടുക്കും. ഞങ്ങളുടെ രാജകുമാരിയെ കുടുംബത്തിന് പുറത്ത് ഉള്ള ഒരാൾക്ക് കൊടുക്കുവാൻ പാടില്ല അതാണ് നിയമം. അത് മറ്റുള്ളവർക്ക് അനാചാരവും തെറ്റും ആയിരിക്കും. എന്നാൽ ഞങ്ങൾക്ക് ഞങ്ങളുടെ കുടുംബത്തിന്റെ അടിത്തറയാണ് അത്. വിശ്വാസവും ഒത്തുരുമയും ആണത്. കുടുംബം പിരിയാതിരിക്കാനും സ്വത്തിനുവേണ്ടി പരസ്പരം

ശത്രുക്കൾ ആകാതിരിക്കാനും വേണ്ടി തലമുറകൾ കണ്ടു പിടിച്ച വഴി. അത് തെറ്റിക്കാൻ എനിക്കും പറ്റില്ല.

നിനക്ക് ഒരിക്കലും അവളെ തിരിച്ചു തരാൻ ഞങ്ങൾക്ക് ആവില്ല. അത് കൊണ്ട് അവളെ മറക്കണം...... ഞങ്ങൾക്ക് വിട്ടുതരണം..... ഭീഷണി പെടുത്തിയോ ബലമായോ എനിക്ക് നിന്നിൽ നിന്നും ഡിവോഴ്സ് വാങ്ങിക്കാൻ അറിയാഞ്ഞിട്ടല്ല. നീ ചെയ്തത് തെറ്റാണെങ്കിലും ഞങ്ങൾക്കിടയിലേക്ക് അറിയാതെ വന്നുപെട്ടതിൽ ഞങ്ങളുടെ ഭാഗത്തു തെറ്റുണ്ട്. അതോണ്ട് അപേക്ഷയുമായ ഞാൻ വന്നത്..... ഫൈസിയെ നോക്കി കൈ കൂപ്പി പറഞ്ഞു കൊണ്ട് ഇജാസ് ആ പേപ്പർ അവന്ന് കൊടുത്തു. പോകാൻ നേരം തിരിഞ്ഞു നോക്കികൊണ്ട് അവൻ പറഞ്ഞു അവളുടെ പേരിലുള്ള പ്രോപ്പർട്ടിസ് മൊത്തം ഞാൻ തിരിച്ചു എഴുതി തന്നോളം. ഇനി അവളെ തേടി വരരുത്.

എന്ത് ചെയ്യണമെന്ന് അറിയാതെ അവൻ അത് നോക്കി പകച്ചു നിന്നു.

❤️❤️❤️

രാവിലെ ഇനുവിന്റെ നിലവിളി കേട്ടായിരുന്നു ആ വീടുണർന്നത്. എല്ലാരും ഭയത്തോടെ അവിടേക്ക് ഓടിയപ്പോൾ ഇനുവിന്റെ അവസ്ഥ കണ്ടു ശഹി മാത്രം ചിരി കടിച്ചമർത്തി നിന്നു.

അവളെ ഈ അവസ്ഥയിൽ ആക്കിയത് നീ അല്ലേ..... പക്ഷേ ഇത് കൊലച്ചിരി ആയി ഇപ്പൊ മാറും. ജന്നക്ക് ഹൈ പ്രൊട്ടക്ഷൻ ആണ് ഇപ്പോൾ. എല്ലാടത്തും ക്യാമറ ഉണ്ട്.ഇപ്പൊ തന്നെ ഇജുക്കന്റെ തല്ല് കൊള്ളാൻ ഒരുങ്ങിക്കോ...... യാഷ് പേടിയോടെ അവനോട് പറഞ്ഞു.

ശഹസാദ് എന്ന സുമ്മാവാ...... എല്ലാമേ ക്ലിയർ പണ്ണിട്ടുമേ....ഷർട്ട് കോളറയും പൊക്കി പിടിച്ചു സ്റ്റയിൽ അവൻ പറഞ്ഞു.

അതിനു അവിടെ സീൻ ആണ് മോനെ.....

ജന്ന കുളിക്കുമ്പോഴാ സംഭവം എന്ന തോന്നുന്നേ. ബാത്ത് ടവ്വൽ ഉടുത്ത ഈ നിലവിളിയൊക്കെ...... ആദ്യം പോയത് ഇജുക്കയാണ്. ഞാനും പിന്നാലെ പോയതും ഇജുക്ക ഓൺ ദ സ്പോട് എന്നെ ഗെറ്റട്ട് അടിച്ചു. അതോണ്ട് വേറാരും ആ കോലത്തിൽ കണ്ടിട്ട് ഉണ്ടാവില്ല. ഇജുക്ക അപ്പൊ തന്നെ

ബെഡ്ഷീറ്റ് എടുത്തു പുതച്ചു കൊടുക്കുന്ന കണ്ടു. കലിപ്പിലാണ് മൂപ്പർ.

ശഹി അടി കിട്ടിയ പോലെ നിന്നു.

ഇപ്പ എന്ന പണ്ണുവേ..... ഇപ്പൊ എന്ന പണ്ണുവേ....... എന്ന് പറഞ്ഞു ശഹി ചെയ്തപോലെ ഷർട്ട് പൊക്കി കാണിച്ചു യാഷ്.

അതിന്ന് ഇതൊക്കെ ചെയ്തത് ഞാൻ അല്ലല്ലോ നീയല്ലേ..... അതും പ്ലസ് ടു പഠിക്കുമ്പോ അവള് മിണ്ടാത്തതിന്ന് പകരം വീട്ടിയത്.

ഞാനോ...... എപ്പോ.....യാഷ് അവനെ കണ്ണും തുറിച്ചു വായും പോളന്നു നോക്കി..... അവന്റെ നോട്ടം പേടിച്ചു വിറച്ചു നിൽക്കുന്ന ഇനുവിനെയും..... ദേഷ്യം കൊണ്ട് വിറക്കുന്ന ഇജുവിന്റെയും മേലെ എത്തി. അവൻ അറിയാതെ തന്നെ അവന്റെ കൈ കൊണ്ട് കവിളിൽ തൊട്ടു.

📚STORY BOARD📚

❤️ ❤️ 💔 INVISIBLE LOVE 💔❤️

Love after💘 marriage(part 68)

ബാത്ത് ടവ്വൽ ഉടുത്തു ഡ്രസിങ് ടേബിളിന്റെ മുകളിൽ കയറി പേടിച്ചു നിറുക്കരെ തുള്ളുന്ന ഇനുവിനെ ആണ് നിലവിളി കേട്ട് ഓടിവന്നതും ഇജു കണ്ടത്. അവനെ കണ്ടതും അവന്റെ മേലേക്ക് ഒറ്റചാട്ടം ആയിരുന്നു. എല്ലാവരും വരുന്ന ശബ്ദം കേട്ടതും അവൻ ബെഡ്ഷീറ്റ് വലിച്ചു പുതച്ചു കൊടുത്തെങ്കിലും അവന്റെ മേലേക്ക് വീണ്ടും തുള്ളിപാഞ്ഞു വന്നതും അവൻ കയ്യിൽ എടുത്തു പിടിച്ചു. അവൾ കഴുത്തിലൂടെ കയ്യിട്ട് മുറുക്കെ പിടിച്ചു. അവൾ പേടിച്ചു വിറച്ചിട്ടുണ്ടെന്ന് അവന്ന് മനസ്സിലായി.

എന്താ ജന്ന കാര്യം......

എലി.......

എലിയോ..... അവൻ കണ്ണും മിഴിച്ചു അവളെ നോക്കി.

എലി ഉണ്ടാരുന്നു..... എനിക്ക് പേടിയാ എലിയെ...... എന്നെ താഴെ ഇറക്കല്ലേ...... അവൾ ബഹളം വെച്ചോണ്ട് അവന്റെ കഴുത്തിൽ മുറുക്കെ പിടിച്ചു.

നിനക്ക് നാണം ഇല്ലേ നീലക്കണ്ണി .... എലിയെ കണ്ടു ആരെങ്കിലും ഇങ്ങനെ ബഹളം വെക്കാൻ ..... നദീം ചിരിയോടെ ചോദിച്ചു.

എനിക്ക് പേടിയാ അതിന്നെ...... എന്റെ ദേഹത്തു കേറി.....ഞാൻ ഇനി ഈ റൂമിൽ കഴിയില്ല..... എനിക്ക് വേറെ റൂം വേണം.... അവളെ കളി കണ്ടു എല്ലാരും ചിരി അമർത്തിപിടിച്ചു.

നിനക്ക് തോന്നിയതാരിക്കും ഇവിടെങ്ങനെ എലി വരിക. ഈ വീട്ടിൽ തന്നെ എലിയില്ല..... പിന്നെയാ റൂമിൽ വരിക.ഇജാസ് അവളെ സമാധിപ്പിക്കാൻ നോക്കിയെങ്കിലും അവൾ അടങ്ങിയില്ല. കിടു കിടെ വിറക്കുന്ന അവളെ കണ്ടു ചിരിക്കണോ കരയണോ എന്നറിയാതെ അവൻ നിന്നു.

സത്യം ആയിട്ടും എലി ഉണ്ടാരുന്നു. ഞാൻ കണ്ടതാ അതിന്നെ..... എന്റെ ദേഹത്തു കേറിയപ്പോ ഞാനാ തട്ടിയിട്ടത്.

ഇജു അപ്പൊ തന്നെ കാളിങ് ബെൽ അടിച്ചു കുറെ സർവന്റ് അങ്ങോട്ട് വന്നു.

റൂം ചെക്ക് ചെയ്യാൻ പറഞ്ഞു. അഞ്ചാറു പേര് റൂം മൊത്തം തപ്പിയെങ്കിലും എലിയെ പോയിട്ട് ഒരു ഈച്ചയെ വരെ കിട്ടിയില്ല.

നിനക്ക് തോന്നിയത മോളെ..... ഉണ്ടെങ്കിൽ ഇവിടെ കാണണ്ടേ.....

ഞാൻ കണ്ടതാ ഇജ്ജുക്ക അവൾ നെറ്റിയിൽ പിടിച്ചു ആലോചിച്ചു. ഇനി തോന്നിപ്പോയതാണോ...... ഉണ്ടെങ്കിൽ അതെവിടെ പോയി....

അതൊക്കെ എപ്പോഴേ പുറത്ത് എത്തി മോളെ ശഹി ഉള്ളിൽ ചിരിച്ചു കൊണ്ടു ഓർത്തു.

എന്റെ പൊന്നു നീലക്കണ്ണി നീ സ്വപ്നം കണ്ടതോ മറ്റോ ആയിരിക്കും. നിനക്ക് വല്ല അപകടം പറ്റിയെന്നു ഓർത്തു പേടിച്ചു എല്ലാരേം. ഇജ്ജു ദേഷ്യം പിടിച്ചു കാര്യം അറിയാതെ സെക്യൂരിറ്റി ടീം മൊത്തം തെറി വിളിച്ചു. ഇനി അവരോടൊക്കെ എന്തോ പറയും (നദീം)

ജന്നത് രാജകുമാരി എലിയെ കണ്ടു പേടിച്ചു നിലവിളിച്ചെന്നു പറഞ്ഞോ ഷെയിം ഷെയിം.... ശഹി മൂക്കിൽ കൈ വെച്ചു കളിയാക്കലോടെ പറഞ്ഞു.

അവൾ അവനെ ദേഷ്യത്തോടെ നോക്കി. പിന്നെയാണ് അവിടെ വന്നവരെ മൊത്തം അവൾ കണ്ടത്. എല്ലാരും ചിരി കടിച്ചമർത്തി നില്കുന്നത് കണ്ടു. അവൾ ചമ്മലോടെ തല താഴ്ത്തി. അപ്പോഴാ സ്വന്തം കോലം കണ്ടത് വെറുതെയല്ല ഇജ്ജുക്ക ബെഡ് ഷീറ്റ് പുതച്ചു തന്നത്. അവൾ ഒരു ഇളിഭ്യൻ ചിരി

ചിരിച്ചു താഴെ ഇറങ്ങി. അവന്റെ പിന്നിൽ മറഞ്ഞു നിന്നു.

ടീ നിന്റെ പിറകിൽ അതാ ഒരു എലി ശഹി പെട്ടന്ന് പറഞ്ഞതും അവൾ ഒറ്റ തുള്ളിന് കൂക്കി നിലവിളിച്ചോണ്ട് ബെഡിലേക്ക് ചാടിക്കയെറി. എല്ലാവരും പൊട്ടിച്ചിരിക്കുന്നത് കണ്ടതും ശഹിയെ കലിപ്പോടെ നോക്കി.

പിന്നെ ബാത്റൂമിലേക്ക് ഓടി ക്കയെറി പോയി. ഇജു ശഹിയുടെ തലക്ക് ഒരു ചൊട്ട് കൊടുത്തു. എല്ലാവരും പോയി.

അവൾ മുഖം അമർത്തിതുടച്ചു കണ്ണാടിയിൽ നോക്കി. ഒരു ചെറു ചിരി അവളെ ചുണ്ടിൽ വിരിഞ്ഞു. എത്ര വേഗമാ തന്റെ മൂഡ് ചെയ്ഞ്ജ് ആക്കാൻ ശഹിക്ക് കഴിഞ്ഞെന്ന് അവൾ ഓർത്തു.

ഇനു മെല്ലെ പുറത്തിറങ്ങി.

കാണിച്ചു തരാടാ ഞാൻ എലിയാണോ പുലിയാണോന്ന് അവൾ കൈകൾ കൂട്ടിത്തിരുമ്മി.ഇനു മെല്ലെ പുറത്തിറങ്ങി.

അവൾ കബോർഡ് തുറന്നു നല്ലൊരു ചുരിദാർ ഇട്ടു.

അതിനു മേച് ആക്കി കാതിലയും വളയും ഇട്ടു. ഒരു നേരിയ ഡയമൻഡ് ചെയിൻ ഇട്ടു. കണ്ണാടിയിൽ നോക്കി സ്വയം വിലയിരുത്തി. എന്നിട്ടു ഫോൺ എടുത്തു ഒരു കാൾ ചെയ്തു. പത്തുമിനുട്ട് കഴിഞ്ഞു തിരിച്ചു കാൾ വന്നതും അവൾ റൂമിൽ നിന്നും ഇറങ്ങി.

എല്ലാവരും ബ്രേക്ക്ഫാസ്റ്റ് കഴിക്കാൻ ഇരുന്നിട്ട് കണ്ടു. അവൾ വരുന്നത് കണ്ടതും എല്ലാവരും അത്ഭുതത്തോടെ നോക്കി. വന്നിട്ട് അവൾ റൂമിൽ നിന്നും പുറത്ത് ഇറങ്ങിയിരുന്നില്ല. ഫുഡ് കഴിക്കൽ പോലും റൂമിൽ നിന്ന് ആയിരുന്നു.

ഇജാസ് അവളെ അങ്ങോട്ട് വിളിച്ചു. അവൾ ചുറ്റും നോക്കി. ഇജുക്കന്റെ അടുത്ത് ഷഹിയാണ് ഇരുന്നിട്ടുള്ളത്. ശഹി കഴിഞ്ഞു യാഷ്.... ഇജുക്കന്റെ അപ്പുറം നദീംക്ക. അവൾ അവരെ അടുത്തേക്ക് ചെന്നു.

യാഷ് അപ്പുറത് ഇരിക്കോ അവൾ മെല്ലെ ചോദിച്ചതും അവൻ എഴുന്നേറ്റു.

അപ്പുറത് ചെയർ ഉണ്ടല്ലോ അവിടെ പോയി ഇരി. യാഷ് നീ എഴുന്നേൽക്കണ്ട. എന്ന് പറഞ്ഞു അവിടെ പിടിച്ചു ഇരുത്തി ശഹി.

അവൾ മുഖം താഴ്ത്തി നോക്കിയതും യാഷ് എഴുന്നേറ്റു പോയി അപ്പുറത് ഇരുന്നു. ഇനു അവിടെ ഇരുന്നു.

ഇജാസ് നദീം പരസ്പരം നോക്കി.

ഒരു സെർവന്റ് വന്നു അവൾക്ക് മുന്നിൽ ഒരു പ്ലേറ്റ് ഉപ്പ് മാവ് കൊണ്ട് കൊടുത്തു.

ഇതെന്താ സ്പെഷ്യൽ...... ഇജാസ് അത് നോക്കി.

മാം ഇന്ന് ബ്രേക്ക് ഫാസ്റ്റ് വേണമെന്ന് പറഞ്ഞു. അതും പറഞ്ഞു അവർ പോയി.

നിനക്ക് ഇവിടുത്തെ ഫുഡ് ഇഷ്ടം ആവുന്നില്ലേ.....

അതല്ല ഇജുക്ക.... ഇത് ശഹിക്ക് വേണ്ടി പറഞ്ഞത അവന്റെ ഫേവറിറ്റ് ആണിത്. സ്കൂളിൽ പഠിക്കുമ്പോ ഞാൻ കൊണ്ട് വരുന്നത് മൊത്തം അവൻ ആയിരുന്നു കഴിക്കൽ ആ ഓർമ്മക്ക് അവന്ന് വേണ്ടി ഉണ്ടാക്കിയത.

എല്ലാവരും ഒരു ചിരിയോടെ അവളെ നോക്കിയപ്പോൾ ശഹിയുടെ നെഞ്ചിൽ ഒരു ഇടിവെട്ടി.

അവൾ ഒരു സ്പൂണിൽ എടുത്തു അവന്റെ നേർക്ക് നീട്ടി. അവൻ അതും അവളെയും നോക്കി.

എനിക്ക് ഇപ്പൊ ഇഷ്ടം അല്ല എനിക്ക് വേണ്ട ഇത് അവൻ അവളെ കൈ താഴ്ത്തി.

പ്ലീസ് ശഹി ഞാൻ ആശിച്ചു ഉണ്ടകിതല്ലേ കഴിക്ക് അവൾ വീണ്ടും അവന്റെ നേർക്ക് നീട്ടി.

എനിക്ക് വേണ്ടന്ന് പറഞ്ഞില്ലേ...... അവൻ കൈ തട്ടി മാറ്റി.

അവൾ പറഞ്ഞ പോലെ അന്നൊക്കെ നിന്റെ ഫേവരിറ്റ് ആണല്ലോ. ഈ പെണ്ണിനെ പട്ടിണിക്കിട്ട് നീയല്ലേ അവളെ ഉച്ചഭക്ഷണം കഴിക്കൽ. ഇന്ന് എന്താ കഴിക്കാതെ നദീം പറഞ്ഞു.

എനിക്കിന്ന് വിശപ്പില്ല അതാ.

അതൊന്നും അല്ല.എന്നോട് ഇപ്പൊ പിണക്ക അതോണ്ടാ..... വന്നപ്പോ തൊട്ട് എന്നോട് മിണ്ടിട്ടും ഇല്ല. സോറി ഇനി ഇങ്ങനെ ചെയ്യില്ല സങ്കടത്തോടെ പറഞ്ഞു അവൾ എഴുന്നേൽക്കാൻ നോക്കി.

ഇജാസ് ശഹിയെ ദേഷ്യത്തോടെ നോക്കി കഴിക്കാൻ പറഞ്ഞു.

ഇവൾ ഉണ്ടാക്കിത് എനിക്ക് വേണ്ട അത്രന്നെ എന്ന് പറഞ്ഞു എഴുന്നേൽക്കാൻ പോയതും ഇജാസ്

അവിടെ പിടിച്ചു ഇരുത്തിച്ചു.

അവൻ നദീംമിനെ നോക്കി. ഇജുവും നദീം അവന്റെ രണ്ടു സൈഡിൽ ആയി പിടിച്ചു ഇരുത്തിച്ചു. ഇനുവിനോട് വായിൽ വെച്ച് കൊടുക്കാൻ പറഞ്ഞു.

അവൾ ചിരിയോടെ വായിൽ വെച്ചു കൊടുത്തു.

എതിർക്കാൻ ആവാതെ കലിപ്പോടെ നോക്കി പേടിപ്പിച്ചു അവൻ. അവൾ മൈന്റ് ആക്കാതെ വായിൽ വെച്ചു കൊടുത്തു കൊണ്ടിരുന്നു. അവനെ വാ തുറക്കാൻ സമ്മതിക്കാതെ അവൾ കുത്തി നിറച്ചു കൊടുത്തു. സംസാരിക്കാൻ പറ്റുന്നില്ല. കയ്യനക്കാൻ പറ്റുന്നില്ല അതോണ്ട് അവൻ സഹിച്ചു നിന്നു. ഇതൊക്കെ കണ്ടു എല്ലാവരും അവളെ അത്ഭുതത്തോടെ നോക്കി നില്കുന്നുണ്ടായിരുന്നു. അവസാനം അവൻ ഒക്കനിച്ചതും അവൾ നിർത്തി.

ഇജു നദീം അവനെ ഞെട്ടി നോക്കിയതും ശഹി കുതറി മാറി വാഷ് ബേസിൽ പോയി ഒക്കനിച്ചു ഛർദിച്ചു. എല്ലാവരും അവനെയും അവളെയും നോക്കി.

യാഷ് പ്ലേറ്റിൽ ഉള്ള ഉപ്പമാവ് ടെസ്റ്റ് ചെയ്തു. ഒറ്റ തുപ്പ്...... എന്നിട്ട് ബോട്ടിൽ വെള്ളം എടുത്തു

വായിൽ കമിഴ്ത്തി.

ഉപ്പ്മാവ് അല്ല ഇജുക്ക അത് ഉപ്പോണ്ടുള്ള മാവാ...... ഒരു പേക്കറ്റ് ഉപ്പ് ഉണ്ട് അതിൽ

ഇതിൽ എങ്ങനെ ഉപ്പ് വന്നേ ഇജു അവളെ നെറ്റി ചുഴിച്ചു നോക്കി.

എനിക്കൊന്നും അറിഞ്ഞുട.... ആരാ ചെയ്തത് അത് അവൾ കൈ മലർത്തി.

നിന്നെ ഞാൻ കൊല്ലുമെടി തെണ്ടീ..... വോമിറ്റ് ചെയ്യുന്നതിനിടയിലും അവൻ വിളിച്ചു പറഞ്ഞു.

നീ തന്നെ അല്ലേ മോളെ ഇതിന്റെ പിന്നിൽ നദീം ചിരിയോടെ ചോദിച്ചു.

അല്ലല്ലോ നേരത്തെ എന്റെ റൂമിൽ വന്ന എലിയാ അത് ചെയ്തത് അല്ലേ ശഹി.ഇപ്പോ എവിടെയോ എലി പോയി അവൾ പാവത്തം നടിച്ചു ചുണ്ട് കോട്ടി പറഞ്ഞു.

എല്ലാവർക്കും കാര്യം ഓടി. ശഹിയാണ് രാവിലെ പണി കൊടുത്തത് അതിന്ന് തിരിച്ചു ഇവൾ നമ്മളെകൊണ്ട് പണി കൊടുപ്പിച്ചു. നദീം താടിക്ക് കയ്യും കൊടുത്തു പറഞ്ഞു.

അവൾ ഇളിച്ചു കാണിച്ചു....

പെട്ടന്ന് അവൾ ഇജുക്കന്റെ പിറകിലേക്ക് മാറി. ആ സ്പോട്ടിൽ ഒരു ജഗ്ഗു വെള്ളം അവന്റെ മുഖത്തേക്ക് പതിച്ചു. ഞെട്ടി പകച്ചു നോക്കിയതും മുന്നിൽ ശഹി....

ഞാൻ അവളെ ഒഴിച്ചതാ ജസ്റ്റ് മിസ്സ്.....സോറി അവൻ നിന്ന് തല ചൊറിഞ്ഞു.

അപ്പോഴേക്കും ശഹി ജ്യൂസിൽ കുളിച്ചിരുന്നു.... തിരിഞ്ഞു നോക്കിയതും ഗ്രാപ് ജൂസ് ആയി പിന്നിൽ ഇനു.

ടീ..... ശഹി അലറിയതും അവൾ ഓടി മുകളിൽ എത്തിയിരുന്നു.

നിന്നെ എന്റെ കയ്യി ൽ കിട്ടുമെടി പട്ടി

നീ പോടാ മാക്രി..... ഇനു എന്താ സുമ്മാവാ...... അവൾ ചുരിദാർ തോൾ പൊക്കി ശഹി ചെയ്യുന്നത് പോലെ പറഞ്ഞു.

അപ്പോഴേക്കും ശഹിയുടെ കോലം കണ്ടു എല്ലാവരും ചിരി തുടങ്ങിയിരുന്നു.

യാഷ് വയറ്റിൽ കൈ വെച്ചു ചിരിച്ചു ചിരിച്ചു വീഴുന്നത് ശഹി കണ്ടു. ശഹി അവന്നെ കെട്ടി പിടിച്ചു

അവന്റെ ദേഹത്തു ജൂസ് ആക്കി.

ഇജുക്കാ...... യാഷ് അലറി വിളിച്ചു....

ശഹി..... ഇജു ദേഹത്തെ വെള്ളം കുടഞ്ഞു ദേഷ്യത്തോടെ വിളിച്ചതും അവൻ അവിടെ നിന്നും അപ്രത്യക്ഷമായിരുന്നു.

കഴിഞ്ഞ ജന്മത്തിൽ ഇവർ കീരിയും പാമ്പും ആയിരുന്നുന്ന തോന്നുന്നേ. റാബിയ ചിരിയോടെ പറഞ്ഞു. എല്ലാരേം ചുണ്ടിൽ ഒരു പുഞ്ചിരി വിരിഞ്ഞിരുന്നു. അമ്മിജാനും പുഞ്ചിരിയോടെ ഭക്ഷണത്തിലേക്ക് മുഖം തിരിച്ചു.

❤️❤️❤️❤️

ഫൈസ് ഓഫീസിൽ ഉള്ള സർവ്വതും എറിഞ്ഞു ഉടച്ചു...... സമി അവനെ പിടിച്ചു വെച്ചു. അവൻ കൈ തട്ടി മാറ്റി.....

വിട്ടുകൊടുക്കില്ല ആർക്കും..... അവൾ എന്റെയാ എന്റെ മാത്രം. അവൻ ദേഷ്യത്തോടെ പറഞ്ഞു.

ഇനുവിനു നിന്നെ വേണ്ടതോണ്ടല്ലേ അവൾ ഒപ്പിട്ടത് പിന്നെന്ത നിനക്ക്...... അവൾക്ക് വേണ്ടെങ്കിൽ വേണ്ട പൊക്കോട്ടെ എങ്ങോട്ടെങ്കിലും. അല്ലെങ്കിലും

നിന്നെ കിട്ടാൻ അവൾക്കെന്ത യോഗ്യത......
ഏതായാലും അവളെ കൊണ്ട് നിന്റെ സ്വത്ത് എല്ലാ തിരിച്ചു കിട്ടിയല്ലോ അത്രേം ഉപകാരം.

അവൻ സമിയുടെ ഷർട്ടിൽ പിടിച്ചു വലിച്ചു അവന്റെ മുഖം ദേഷ്യത്താൽ വിറകൊണ്ടിരുന്നു. അവളെന്റെ പെണ്ണ. ഞാൻ ആർക്കും വിട്ടു കൊടുക്കില്ല. എനിക്കറിയാം ആരെയും വേദനിപ്പിക്കാൻ അവൾക്ക് ആവില്ല അതോണ്ടാ ഒപ്പിട്ടിട്ട് ഉണ്ടാവാ. എന്നെ മറക്കാൻ അവൾക്ക് ആവില്ല. ഞാൻ വിളിച്ചാൽ അവൾ വരും. ഞാൻ കൊണ്ട് വരും അവളെ. അവൾ ജന്നതല്ല..... രാജകുമാരിയും അല്ല. എന്റെ ഇനു ആണ്

ഭ്രാന്തമായി അതും പറഞ്ഞു അവന്നെ പിറകോട്ടു തള്ളിമാറ്റി അവൻ ഇറങ്ങിപ്പോയി.

❤️❤️❤️❤️❤️

എന്റെ ക്രൈം പാർട്ണർ ആയി കൂടുന്നോ അവൾ യാഷിന്റെ നേരെ കൈ നീട്ടി ചോദിച്ചു. അവൻ സന്തോഷത്തോടെ കൈ പിടിച്ചു. അവൻ ആയിരുന്നു പിന്നെ അവളുടെ കൂടെ. വീടും വീട്ടുകാരെയും എല്ലാം പരിജയപ്പെട്ടു. അവനിലൂടെ ആ കുടുംബത്തെ പറ്റി

അവൾ അറിഞ്ഞു.ഇനു ആ വീട് മൊത്തം നോക്കിക്കണ്ടു. എല്ലാവരെയും പരിജയപ്പെട്ടു. എല്ലാവരും അവളെ മാറ്റത്തിൽ സന്തോഷം കൊണ്ടു. അമ്മിജാനോട് മാത്രം അവൾ മിണ്ടിയില്ല.

❤❤❤❤

ഉച്ചക്ക് ഫുഡ് കഴിക്കാൻ അവൾ അവർ വിളിച്ചപ്പോൾ തന്നെ പോയി. അമ്മിജാൻ ആയിരുന്നു ടേബിളിന്റെ സെന്ററിൽ. അവിടെ അവർ മാത്രം ഇരിക്കുന്നു യാഷ് പറഞ്ഞു. അത് കേട്ടതും അവൾ  ആ കസേരയിൽ പോയി ഇരുന്നു.

എല്ലാവരും ഞെട്ടലോടെ അവളെ നോക്കി.

ജന്ന..... അവിടെ അമ്മിജന്റെ സീറ്റ് ആണ്

നീ മാറിയിരി ഇജു മെല്ലെ പറഞ്ഞു.

അവൾ കേൾക്കാത്ത പോലെ ഒരു കാൽ  ചെയറിൽ കയറ്റി വെച്ചു അതിൽ കൈ വെച്ചു ഇരുന്നു. അത് കണ്ടതും പലരുടെയും മുഖം ചുളിയുന്നത് അവൾ കണ്ടു.

ജന്ന ടേബിൾ മാന്നേഴ്സ് കീപ്പ് ചെയ്യ്. നിന്നെക്കാൾ മുതിർന്നവർ ഉള്ളപ്പോൾ ഇങ്ങനെ ബീഹെവ് ചെയ്യുക.

അവിടെ നിന്ന് എഴുന്നേറ്റു മാറിയിരിക്ക് സൗമ്യമായി അവൻ പറഞ്ഞു.

ഞാൻ ഇങ്ങനെ ഇരിക്കു.... ഈ ചെയറിലെ ഇരിക്കു..... നിങ്ങൾക്ക് ആർക്കെങ്കിലും ബുദ്ധിമുട്ട് ഉണ്ടെങ്കിൽ കഴിക്കാതെ എഴുന്നേറ്റു പോയിക്കോ.... അവൾ ഷൗട്ട് ചെയ്യുമ്പോലെ പറഞ്ഞു.

ജന്ന...... ഇജുവിന്റെ ശബ്ദം ഉയർന്നിരുന്നു.

എന്ത് ചെയ്താലും പറഞ്ഞാലും ഒരു ആയിഷ ഹൈദരലിഖാൻ..... അവർക്ക് എന്താ കൊമ്പുണ്ടോ.....ഇനി ഞാൻ ആണ് പ്രോബ്ലം എങ്കിൽ അത് പറഞ്ഞ മതി എണീറ്റു പൊക്കോളാം എന്ന് പറഞ്ഞു അവൾ ചെയർ ആഞ്ഞ് തള്ളി എഴുന്നേറ്റു പോയി.....

എല്ലാവരും അവളുടെ പെരുമാറ്റം കണ്ടു തറഞ്ഞു നിന്നു. അമ്മിജാൻ നിറ കണ്ണുകളോടെ അത് നോക്കി പിറകെ നിൽക്കുന്നത് എല്ലാരും കണ്ടു. അവർ റൂമിലെക്ക് തിരിച്ചു പോയി.

ഇജു ആരെ ഭാഗത്തു പോകണം എന്നറിയാതെ പകച്ചു നിന്നു.

അമ്മിജന്റെ റൂം വാതിൽ ശബ്ദത്തോടെ അടഞ്ഞു. അത് കണ്ടു സങ്കടത്തോടെ

അവൻ ഇനുവിന്റെ റൂമിലേക്ക് പോയി. അപ്പോഴുണ്ട് അവൾ തിരിച്ചു വരുന്നു.

എനിക്ക് വിശക്കുന്നു പറഞ്ഞു ടേബിളിൽ പോയി ഇരുന്നു ആരെയും നോക്കാതെ ഫുഡ് കഴിക്കാൻ ഇരുന്നു.

അത് കണ്ടതും ശഹി അവളെ പ്ലേറ്റിൽ

കുത്തി നിറക്കുന്ന പോലെ വിളമ്പി. എല്ലാർക്കും വേണ്ടി നീ ഒറ്റക്ക് തിന്നോ.... അവൻ കലിപ്പോടെ പറഞ്ഞു.

അവൾ കണ്ണ് മിഴിച്ചു അവനെ നോക്കി.... പിന്നെ ഫുഡിലേക്കും..... അതിന്ന് ശേഷം അവൻ കഴിക്കുന്ന പ്ലേറ്റ് പെട്ടന്ന് എടുത്തു അതിൽ നിന്നും കഴിക്കാൻ തുടങ്ങി.

ടീ എന്റെ ചോറ്...... അവൻ പ്ലേറ്റ് പിടിച്ചു വാങ്ങാൻ നോക്കിയതും അവൾ അവിടെ ഉള്ള പ്ലേറ്റിൽ നിന്നും ഒരു ഫോർക്ക് എടുത്തു ഇടതു കൈ കൊണ്ടു നിർത്തി പിടിച്ചു. ഇനി മിണ്ടിയ അത് വെച്ചു കുത്തും

എന്നൊരു ധ്വനി അവളുടെ നോട്ടത്തിൽ കണ്ടതും അവൻ കൈ വലിച്ചു അടങ്ങി നിന്നു. അവൾ മെല്ലെ ആസ്വദിച്ചു തന്നെ ഭക്ഷണം കഴിച്ചു എണീറ്റ് പോയി.

എല്ലാവരും തിരിച്ചു ഒന്നും പറയാൻ ആവാതെ നോക്കി നിന്നെ ഉള്ളു

❤️❤️❤️❤️

വൈകുന്നേരം ഹാളിൽ എന്തോ ബഹളം കേട്ടാണ് ഇജുവും നദീംമും ഷഹിയും ഓടിച്ചെന്നത്. ഫുട്ബാൾ കൈ കൊണ്ടു തട്ടിക്കളിക്കുന്ന അവളെ കണ്ടു. ഹാളിലെ ശോക്കേസ് ചില്ല് പൊട്ടികിടക്കുന്നുണ്ട്. അമ്മിജാൻ അവളെ അടുത്തേക്ക് നടന്നതും  അവൾ ബാൾ അവരെ നേർക് കാൽ കൊണ്ടു ശക്തിയായി തട്ടി.

ജന്ന... .... ഇജു ഉറക്കെ വിളിച്ചു കൊണ്ടു താഴേക്ക് ഓടി. എന്നാൽ അവൻ പിടിച്ചു കെട്ടിയ പോലെ നിന്നു. അമ്മിജാൻ ആ ബോൾ അനായാസമായി തടുത്ത് കൊണ്ടു ഒരു വിൽ പ്ലെയർ പോലെ തിരിച്ചു അടിച്ചത് കണ്ടു.  ഇനു അതെ സ്പോട്ടിൽ തന്നെ തിരിച്ചു ബാൾ കൈ കൊണ്ടു പിടിച്ചു. അവരെ നോക്കി.

നിനക്ക് ഫുട്ബാൾ കളിക്കണമെന്നുണ്ടെങ്കിൽ പുറത്ത് സ്ഥലം ഉണ്ട്. വീട്ടിനുള്ളിൽ വേണ്ട. അവർ കൈ കെട്ടി അവളെ തന്നെ നോക്കി.

എന്റെ ഇഷ്ടം എവിടെ കളിക്കണം എങ്ങനെ കളിക്കണം എന്ന്. തടയാൻ നീയാരാ ആയിഷാഹൈദരലി....... അവൾ കയ്യും കെട്ടി അതെ പോലെ തന്നെ നിന്നു അവരോട് ചോദിച്ചു.

എല്ലാവരും ഞെട്ടലോടെ ആയിരുന്നു അത് നോക്കിയത്. ആരും ഇത് വരെ അമ്മിജാന്റെ മുന്നിൽ പേടിയോടെയും ബഹുമാനത്തോടെയും അല്ലാതെ നിന്നിട്ടില്ല.

അമ്മിജാന്റെയും  അവരുടെ രണ്ടു പെണ്മക്കളുടെയും കണ്ണിൽ നിന്നും കണ്ണുനീർ ഒലിച്ചിറങ്ങി.

ഇജു വന്നു അവളെ പിടിച്ചു വലിച്ചു പുറത്തേക്ക് കൊണ്ടു പോയി.

നീ ആരോടാ സംസാരിക്കുന്നത് എന്താ ചെയ്യുന്നെന്ന് അറിയോ..... ഇജു കലിപ്പോടെ ചോദിച്ചു.

അവൾ ഇജുന്റെ കൈ തട്ടിതെറിപ്പിച്ചു അകത്തേക്ക്

തന്നെ നടന്നു.

ഓയ് ആയിഷക്കുഞ്ഞി ഞാൻ ഇനിയും ഇത് പോലൊക്കെ ചെയ്യും എന്നെ തടയാൻ മാത്രം ധൈര്യം ഉണ്ടോ നിങ്ങൾക്ക്...... അവൾ വെല്ലുവിളിക്കുന്നത് പോലെ അടുത്തുള്ള കസേരയിൽ കാലിൽ കാൽ കയറ്റി വെച്ചു ഇരുന്നോണ്ട് ചോദിച്ചു.

എല്ലാവരും ഞെട്ടലോടെ നോക്കി. ഇജാസ് ദേഷ്യത്തോടെ അവളെ അടുത്തേക്ക് നടന്നതും അമ്മിജാൻ ഓടി വന്നു അവളെ കെട്ടിപിടിച്ചു ചുമ്പനങ്ങൾ കൊണ്ടു മൂടുന്നത് കണ്ണും തുറിച്ചു നോക്കി നിന്നു.

അവരുടെ സ്നേഹപ്രകടനം കണ്ടു കണ്ണും തള്ളി നിൽക്കുന്ന ശഹി താടിക്ക് കൈ വെച്ചു ആത്മാഗതം പറഞ്ഞു. രണ്ടു പൊട്ടിക്കാതെ ഉമ്മിച്ചു കളിക്കുന്നോ..... ഇതൊക്കെ ചെയ്ത സ്നേഹം കൂടുമെങ്കിൽ ഞാൻ ഒക്കെ എന്നെ ചെയ്തേനെ......

ഞാനും അതാടാ ആലോചിക്കുന്നെ നദീം തിരിച്ചു പറഞ്ഞു. ആത്മാഗതം ഉറക്കെ ആയിരുന്നുന്ന് അവൻ അപ്പോഴാ അറിഞ്ഞേ.

ആരാ പറഞ്ഞെ അവൾ ചെയ്തത് ഒക്കെ തെറ്റാണെന്ന്. ഉച്ചക്ക് അങ്ങനെ ചെയ്തപ്പോ സന്തോഷം കൊണ്ട അമ്മിജാൻ കരഞ്ഞോണ്ട് പോയത്. നദീംമിന്റെ ഉമ്മ കണ്ണ് തുടച്ചോണ്ട് അങ്ങോട്ട് വന്നു പറഞ്ഞു.

സന്തോഷമോ......

ഹൈദർ അങ്ങനെ ചെയ്യൽ...... ഉമ്മ പിണങ്ങിയ ഇങ്ങനെ ദേഷ്യം മാറ്റൽ..... അവൾ അങ്ങനെ ഒക്കെ ചെയ്തപ്പോ ഹൈദർ മുന്നിൽ നിൽക്കുന്ന പോലെയാ ഞങ്ങൾക്ക് തോന്നിയത്. അവർ കണ്ണ് തുടച്ചു കൊണ്ടു പറഞ്ഞു.

ഇജു ആശ്വാസത്തോടെ നെഞ്ചിൽ കൈ വെച്ചു. പേടിപ്പിച്ചു കളഞ്ഞല്ലോ കുട്ടിപ്പിശാജ് അവൻ നിറഞ്ഞ കണ്ണുകൾ തുടച്ചു ചിരിയോടെ പറഞ്ഞു. അവൾ ഇജുനെ നോക്കി കണ്ണിറുക്കി കാണിച്ചു.

ഒരു നിമിഷം ഹൈദർ മുന്നിൽ വന്നു നിന്നത് പോലെ തോന്നി മോളെ. അവർ അവളെ മുഖം കയ്യിലെടുത്തു നെറ്റിയിൽ മുത്തം കൊടുത്തു.

ഉമ്മ പറഞ്ഞു അറിയാം ഉപ്പാന്റെ ഓരോ ചെറിയ കാര്യം പോലും.അവൾ തിരിച്ചു അവരെ കെട്ടിപിടിച്ചു

പറഞ്ഞു.

ഇജു കൈ നീട്ടിയതും അവൾ ഓടിച്ചെന്നു കെട്ടിപിടിച്ചു. അവന്നും അവളോട് എന്ത് പറയണമെന്ന് അറിയാതെ അവളുടെ മൂർദ്ധാവിൽ അമർത്തി ചുംബിച്ചു.

എല്ലാവരും അവരെ ചുറ്റും കൂടി പൊതിഞ്ഞു. അവിടെ പിന്നെ ഉത്സവം പോലെ പൊട്ടിച്ചിരികളും കളി ചിരികൾ ജന്നത് ഹൌസിൽ നിറഞ്ഞു. അവൾ ഒരു പൂമ്പാറ്റയെ പോലെ അവിടെ ഓടിച്ചാടി നടന്നു. എല്ലാവരും അവളെ സന്തോഷം കൊണ്ടു സ്നേഹം കൊണ്ടു വീർപ്പു മുട്ടിച്ചു. താഴത്തു നിർത്താതെ കൊണ്ടു നടന്നു. അവിടെ എവിടെയും അവളുടെ പൊട്ടിച്ചിരിക്കൾ മാത്രം മുഴങ്ങി കേട്ടു. ഇത്രയും വർഷത്തെ സ്നേഹം കൊടുക്കാൻ അവരും അവളും മത്സരിക്കുക തന്നെ ആയിരുന്നു. ഷഹിയും അവളും തമ്മിലുള്ള വഴക്കും തല്ലും പാരവേപ്പും ഒക്കെ അവരുടെ സന്തോഷങ്ങളുടെ മാറ്റ് കൂട്ടി.

തന്റെ സങ്കടങ്ങൾ ശഹിയുടെ പ്രസൻസിൽ ഇല്ലാതാവുന്നുണ്ടെങ്കിലും അവളുടെ ഫൈസ് എന്ന വേദനക്ക് നനഞ്ഞ തലയിണകൾ മാത്രം

സാക്ഷിയായി. ശഹിയുടെ പ്രണയവും ഫൈസിയുടെ പ്രണയവും അവളെ ഇരു സൈഡിൽ നിന്നും വരിഞ്ഞു മുറുക്കുന്നുണ്ടായിരുന്നു

ഒരുത്തരം കിട്ടാതെ ആരെ തെരെഞ്ഞെടുക്കണം എന്നറിയാതെ അവൾ കിടന്നു ഉഴറി. ദിവസങ്ങൾ മണിക്കൂറുകൾ പോലെ കടന്നു പോയി.

❤❤❤❤

ഹാപ്പി ബർത്ഡേയ് ജന്ന........ ഹാപ്പി ബർത്ഡേ ഇനു....... രണ്ടു സൈഡിൽ നിന്നും ഒരുപോലെ പറയുന്നത് കേട്ടു അവൾ ഞെട്ടി ഉണർന്നു. മുന്നിൽ ജുനുവും ഇജുക്കയും അവൾ രണ്ടു പേരെയും ഒന്നിച്ചു കെട്ടിപിടിച്ചു.

താൻ എത്രയോ വർഷം ആയി കാത്തിരിക്കുന്നതാണ് ഇത് പോലൊരു മുഹൂർത്തം എന്ന് അവളോർത്തു. അപ്പോഴേക്കും കൊറസ് പോലെ ഹാപ്പി ബർത്ഡേ പാടിക്കൊണ്ട് എല്ലാരും എത്തി

അവൾ സന്തോഷത്തോടെ നിറ കണ്ണുകളോടെ അവരെ നോക്കി. ഉമ്മയും റാബിത്തയും ഇജുവും ജുനുവും ഒന്നിച്ചു നില്കുന്നത് കണ്ടപ്പോൾ തന്നെ ഈ ജന്മം സഫലമായിന്ന് തോന്നി അവൾക്ക്. തന്റെ

രണ്ടു ഉപ്പയും ഇപ്പോൾ സന്തോശിക്കുന്നുണ്ടാവും അവൾ ഓർത്തു. സന്തോഷം കൊണ്ടു അവളെ കണ്ണിൽ ഒരു കണ്ണുനീർ ഉടലെടുത്തു. തന്റെ സന്തോഷം ആണ് ഈ കുടുംബത്തിന്റെ നിലനിൽപ്പിനു കാരണം അത് ഞാൻ ആയിട്ട് ഒരിക്കലും ഇല്ലാണ്ടാക്കില്ല. എനിക്ക് എന്നും എല്ലാരും വേണം. ഫൈസ് അതൊരു നോവായി അവളിൽ ഉയർന്നതും അവൾ എല്ലാവരെയും നോക്കി സ്വയം സമാധാനിച്ചു.

ശഹി മാത്രം വിഷ് ചെയ്യുക പോലും ചെയ്യാതെ മാറി നില്ക്കുന്നത് കണ്ടു.

അല്ല വിഷ് മാത്രം ഉള്ളോ ഗിഫ്റ്റ് ഒന്നും ഇല്ലേ...... അവൾ പരിഭവതോടെ മുഖം കോട്ടി.

അതൊക്കെ രാവിലെ തരാം. ഇപ്പോൾ ജസ്റ്റ് ട്രയൽ വിഷ്...... ഇജു അവളെ നോക്കി പുഞ്ചിരിയോടെ പറഞ്ഞു.

മോള് ഉറങ്ങിക്കോ..... അതും പറഞ്ഞു ഓരോരുത്തരായി കെട്ടിപിടിച്ചു കവിളിലും നെറ്റിയിലും ചുംബനങ്ങൾ അർപ്പിച്ചു തിരിച്ചു പോയി. അവിടെ ഷഹിയും അവളും മാത്രം ആയി. ശഹി

ബാൽക്കണിയിലേക്ക് ഇറങ്ങി. പിന്നാലെ അവളും.....

മൗനം അവർക്കിടയിലേക്ക് കടന്നു വന്നു.

ശഹി.......  അവൾ അവന്റെ ചുമലിൽ കൈ വെച്ചു......

അവൻ തിരിഞ്ഞു നോക്കി. ഹാപ്പി ബർത്ഡേ നീലക്കണ്ണി...... അതും പറഞ്ഞു

അവൻ അവളെ കെട്ടിപിടിച്ചു. നെറ്റിയിൽ ചുണ്ടുകൾ ചേർത്തു.

അവൾ തടയാൻ ആവാതെ പകച്ചു നിൽക്കുകയാരുന്നു. അവൻ അവളെ വിട്ടു. അവൻ അവന്റെ ഷർട്ടിന്റ പിറകിൽ നിന്നും ഒരു കവർ എടുത്തു അവൾക്ക് കൊടുത്തു. ദിസ് മൈ ബർത്ഡേ ഗിഫ്റ്റ്.

അവൾ അത് വാങ്ങി തുറന്നു നോക്കി.

അവളുടെ കൈ വിറച്ചു അത് താഴെ വീണു...... ശഹി അതെടുത്തു വീണ്ടും അവളെ നേർക്ക് നീട്ടിയതും അവൾ ശ്വാസം കഴിക്കാൻ പോലും മറന്നു ഞെട്ടി നിന്നു. അവൻ അടുത്ത് വരും തോറും അവൾ പിറകോട്ടു നീങ്ങി..... ചുമരിൽ തട്ടി നിന്നു. അവളെ കയ്യിൽ അത് വെച്ചു കൊടുത്തതും അവൾ തളർന്നത്

പോലെ നിലത്തേക്ക് ഊർന്നു വീണു.

അവളെ അടുത്ത് അവനും പോയി ഇരുന്നു.

എന്താ ഇത് ശഹി...... കരച്ചിൽ വന്നിട്ട് അവൾക്ക് ശബ്ദം പുറത്തേക്ക് വരുന്നുണ്ടായിരുന്നില്ല.

ഇനി നിന്നെ എന്നിൽ നിന്നും ജന്നത്തിൽ നിന്നും വേർപിരിക്കാൻ ആർക്കും കഴിയില്ലല്ലോ......... അവൻ അവളോട് പറഞ്ഞതും അവൾ പൊട്ടിക്കരഞ്ഞു പോയിരുന്നു.

എന്തിനാ എന്നെ ഇങ്ങനെ സ്നേഹിക്കുന്നെ ശഹി...... ഓരോ നിമിഷവും തോറ്റു പോകാണല്ലോ നിനക്ക് മുന്നിൽ......

ബിക്കോസ് മാഡലി ലവിങ് വിത്ത് യൂ.....

എന്നെ ഏറ്റവും കൂടുതൽ സ്നേഹിക്കുന്നത് ഇജുക്കയും ജുനുവും ആണെന്ന് ഞാൻ പറയൽ...... അതൊക്കെ തെറ്റാണെന്നു ഇപ്പൊ മനസ്സിലായി. നിന്നെ പോലെ എന്നെ മനസ്സിലാക്കാനും സ്നേഹിക്കാനും അവർക്ക് ഒരിക്കലും പറ്റിയിട്ടില്ല...... പറ്റുകയും ഇല്ല . അവൾ ഒരേങ്ങലോടെ അവന്നെ കെട്ടിപിടിച്ചു.പൊട്ടിക്കരഞ്ഞു.

ഇതിനേക്കാൾ വലിയ എന്ത് ഗിഫ്റ്റ് ആടീ നിനക്ക് ഞങ്ങൾ തരേണ്ടത്...... അവൾ അവനെ വിട്ടു തിരിഞ്ഞു നോക്കി. ഇജുക്കയും ജുനുവും.... ഉമ്മയും....റാബി ആന്റിയും  ഉണ്ടായിരുന്നു.

അവൾ അവരെ നോക്കി ചിരിച്ചോണ്ട്  ചുറ്റും നോക്കി..... പിന്നെ തേടി കണ്ടു പിടിച്ച പോലെ അവളുടെ കണ്ണുകൾ തിളങ്ങി....

അവരെ അടുത്തേക്ക് ഓടിചെന്നു. ഈ ഗിഫ്റ്റിന് പകരം തരാൻ എന്റെ കയ്യിൽ ഒന്നും ഇല്ല.... മറക്കില്ല ഒരിക്കലും.......... അവൾ അവരെ കാലിൽ വീഴാൻ നോക്കിയതും അവർ തടഞ്ഞു. ഒന്നിച്ചു അവളെ കെട്ടിപിടിച്ചു.....

നിന്റെ സന്തോഷം മാത്രം മതി ഞങ്ങൾക്ക്

എന്നും ഉണ്ടാകണം ഈ മുഖത്ത് പുഞ്ചിരി

അവർ അനുഗ്രഹം പോലെ അവളെ നെറ്റിയിൽ ചുണ്ടുകൾ ചേർത്തു.

ഇപ്പോൾ സന്തോഷത്തോടെ സമ്മതിച്ചോടെ ഞങ്ങളുടെ രാജകുമാരി ആവാൻ അമ്മിജാൻ പിറകിൽ നിന്നും വിളിച്ചു ചോദിച്ചതും അവൾ

അവരെ കെട്ടിപിടിച്ചു കവിളിൽ മുത്തം കൊടുത്തു. നിറ പുഞ്ചിരിയോടെ നിൽക്കുന്ന ഷഹിയിൽ എത്തി അവളുടെ നോട്ടം.

❤️💔INVISIBLE LOVE 💔❤️

Love after 💘marriage (part 69)

അവൻ കൈ നീട്ടിയതും അവൾ ഓടിപ്പോയി അവന്റെ നെഞ്ചോട് ചേർന്നു നിന്നു. അവൻ അവളെ അങ്ങനെ തന്നെ ചേർത്ത് പിടിച്ചു. ശല്യപെടുത്താൻ നിൽക്കാതെ എല്ലാവരും അവരെ നോക്കി ഇറങ്ങിപ്പോയി.

അവൻ അവളെ ചേർത്ത് പിടിച്ചു ബാൽക്കണിയിലേക്ക് പോയി. അവിടെ നിലത്ത് അവൻ ഇരുന്നു. അടുത്ത് ഇനുവും. അവൾ അവന്റെ മേലെ ചാരി ഇരുന്നു. അവൻ അവളുടെ കൈ ചേർത്ത് പിടിച്ചു. പരസ്പരം കൂട്ടിനുള്ള മൗനങ്ങൾ അവൻ വെടിഞ്ഞു.

അവൻ അവന്റെ കീശയിൽ നിന്നും വേറൊരു പേപ്പർ എടുത്തു അവൾക്ക് കൊടുത്തു. ഫൈസ് കാണാൻ വന്നിരുന്നു മിനിഞ്ഞാന്ന് . അവൻ ഒപ്പിട്ടു തന്ന ഡിവോഴ്സ് പേപ്പർ ആണ്.നിനക്കുള്ള അവന്റെ

ബർത്ഡേയ് ഗിഫ്റ്റ് ആണെന്ന് പറയാൻ പറഞ്ഞു.

അവൾ അതിലൂടെ ഒന്ന് കണ്ണോടിച്ചു. വേദന കലർന്ന ഒരു പുഞ്ചിരി വിരിഞ്ഞു.

സന്തോഷം ആണോ സങ്കടം ആണോ ഇപ്പോൾ തോന്നുന്നേ......

അറിയില്ല...... സന്തോഷവും സങ്കടം ഒരുപോലെ തോന്നുന്നു..... ഒരു നാണയത്തിന്റെ രണ്ടു ഭാഗം ആണ് നിങ്ങൾ. എനിക്ക് അറിയില്ല ആരെ തട്ടാണ് കൂടുതൽ ഉയർത്തേണ്ടെന്ന്.  ഇപ്പൊ എനിക്കറിയാം നിന്നോളം എന്നെ ആരും സ്നേഹിച്ചിട്ടില്ലെന്ന്. നിന്റെ മുന്നിൽ സ്വയം ചെറുതായി പോയ പോലെ തോന്ന. സ്നേഹം കാണിച്ചു ഒരുപാട് വേദനിപ്പിക്കുന്നെടാ നീ എന്നെ.

അവൻ ചെറു ചിരിയോടെ അവളെ ചേർത്ത് പിടിച്ചു. എന്നെ വിട്ടു ഒരിക്കലും പോവ്വാതിരുന്ന മതി. അധികാരത്തോടെ എനിക്ക് എപ്പോഴും നിന്റെ കൂടെ ഉണ്ടാവണം.

ശത്രുവിന്റെ മരണം പോലും ആഗ്രഹിക്കാൻ പാടില്ലെന്നാണ്..... പക്ഷെ aj  സാർന്റെ  മരണത്തിൽ ഞാൻ ഇന്ന് ഒരുപാട് സന്തോഷിക്കുന്നു. തുള്ളിചാടി

ആഹ്ലാദം അറിയിക്കാൻ തോന്നുന്നു. അവൾ മനസ്സിൽ തട്ടിയ അത് പറഞ്ഞെന്ന് അവന്ന് തോന്നി.

ഇനിയെന്താ പ്ലാൻ ഫൈസിനെ നേർക്ക് നേരെ കാണാൻ പോകണ്ടേ

പോകണം...... എന്നിട്ട് മോന്തക്കിട്ട് ഒന്ന് പൊട്ടിക്കണം. എന്നിട്ട് കുറച്ചു കാര്യങ്ങൾ ചോദിക്കാൻ ഉണ്ട് എനിക്ക്. ഒരു വാക്ക് പറഞ്ഞിരുന്നെങ്കിൽ ഞാൻ ആ വീട്ടിൽ ഈ വേദനയൊക്കെ സഹിച്ചു ജീവിക്കുമായിരുന്നോ. ആദ്യം ആയ അത്രയും അപമാനം ഞാൻ സഹിച്ചത്. എല്ലാം സഹിക്കാരുന്നു മറ്റു പുരുഷൻമാരെ ചേർത്ത് പറയുമ്പോ ഉണ്ടല്ലോ തൊലി ഉരിയുന്ന പോലെ തോന്നിയിട്ടുണ്ട്. ഫൈസിയോടുള്ള ഇഷ്ടം കൊണ്ട ഒക്കെ സഹിച്ചത്. എനിക്ക് അവകാശം ഉള്ള വീട്ടിൽ ഞാൻ ഒരു വേലക്കാരിയും എല്ലാം അറിയുന്ന അവർ വലിയവരും..... ഓർക്കുമ്പോ രക്തം തിളക്കുന്നുണ്ട്.

ഞാൻ ഇടപെടണോ അവൻ ചിരിയോടെ ചോദിച്ചു.

ആ കണക്ക് ഞാൻ ഒറ്റക്ക് തീർത്തോളാം.

ഒരു കണക്കിന് അങ്ങനെ സംഭവിച്ചതിൽ ഞങ്ങൾ ഹാപ്പിയാണ്. അല്ലെങ്കിൽ ഞങ്ങൾക്ക് ഈ

രാജകുമാരിയെ കിട്ടില്ലാരുന്നു.

എന്നാലും മകന്റെ ഭാര്യയുടെ പേരിൽ ആരെങ്കിലും സ്വത്ത് എഴുതി വെക്കോ അതാണ് മനസ്സിലാകാത്തത്. Aj ക്ക് എന്താ ഭ്രാന്ത് ഉണ്ടോ.

എന്തെങ്കിലും ഉണ്ടാവും കാരണം. അതൊക്കെ ഇജുക്കക്ക് മാത്രം അറിയൂ.

പിന്നെയും ഒരു പാട് സംസാരിച്ചു കൊണ്ടു അവർ അവിടെ ഇരുന്നു. ഇടക്ക് ഉറങ്ങി വീഴുന്ന അവളെ എടുത്തു ബെഡിൽ കിടത്തി. അവളെ തലയിലൂടെ തലോടി പുതപ്പ് എടുത്തു പുതച്ചു കൊടുത്തു അവൻ പോയി.

❤️❤️❤️❤️❤️

വൈകുന്നേരം അവിടെ വെച്ചു തന്നെ ആയിരുന്നു പാർട്ടി അറേഞ്ച് ചെയ്തത്.

കൊട്ടാരം പോലുള്ള ആ വീട് വർഷങ്ങൾക്ക് ശേഷം ഒരുങ്ങി. പൂക്കളും ലൈറ്റ് കൊണ്ടു ജ്വലിച്ചു നിന്നു ജന്നത് മെൻഷൻ. അവിടത്തെ രാജകുമാരിയെ കാത്തു എല്ലാവരും അക്ഷമയോടെ താഴെ കാത്തിരുന്നു.

സ്റ്റെപ് ഇറങ്ങി വരുന്ന അവളെ കണ്ടു എല്ലാരും കണ്ണ് മിഴിച്ചു. വൈറ്റ് കളർ ഉള്ള ഹെവി വർക്ക് ഓടെ കൂടിയ ഒരു ഗൗൺ ആയിരുന്നു അവൾ ഇട്ടത്. കയ്യിലും കാതിലും ഡയമണ്ട്ന്റെ ഓർണമെൻറ്സ്. രാജകുമാരിയെ പോലെ അവൾ ഇറങ്ങി വരുന്നത് കണ്ടു ഏറ്റവും സന്തോഷിച്ചത് ജുനു ആയിരുന്നു. അവൻ നിറഞ്ഞ കണ്ണുകൾ ആരും കാണാതെ തുടച്ചു.

ഇജുവിന്റെയും ജുനുവിന്റെയും കൈ പിടിച്ചാണ് അവൾ സ്റ്റേജിലേക്ക് കേറിയത്

അവളുടെ സൗന്ദര്യം ആ ഡ്രെസ്സിലും ഓർണമെൻറ്സ്ലും ഇരട്ടിയാക്കി.

ഹൈദറിന്റെ ആഗ്രഹം പോലെ തന്നെ അവൾ രാജകുമാരിയായി അടുത്ത അനന്തരാവകാശിആയി. അമ്മിജാൻ അവളെ ഒരു ഡയമണ്ടിന്റെ ക്രോൺ അവളെ തലയിൽ വെച്ചു കൊടുത്തു.

ഇതൊക്കെ കണ്ടു ദൂരെ ആയി ഫൈസ് ഉണ്ടായിരുന്നു. അവന്റെ മുഖത്തും നിറഞ്ഞ സന്തോഷം മാത്രം ആയിരുന്നു.

അവരെ ചടങ്ങുകൾ കഴിഞ്ഞു ഒരു കൂട്ടം താക്കോൽ

അമ്മിജാൻ അവളെ കയ്യിൽ വെച്ചു കൊടുത്തു. നിന്റെ കയ്യിൽ ആണ് ഇനിയീ കുടുംബത്തിന്റെ ഭദ്രത. അവൾ ആ താക്കോൽ കിരീടം ഒക്കെ ഊരി അപ്പോൾ തന്നെ ഇജാസിന്റെ കയ്യിൽ കൊടുത്തു.

എന്നെ വിട്ടേക്ക് പൊന്നു ഇജുക്ക എനിക്കൊന്നും വേണ്ട. എനിക്ക് ദാ അവരെ കൂടെ കുറച്ചു കഴിഞ്ഞു ഹൈഡ് ആൻഡ് സീക്ക് കളിക്കാൻ പോകാനുള്ളത. അപ്പോഴാ കുടുംബം നോക്കണ്ടേ. വേണേൽ കൃത്യ ടൈമിന് ഡയിനിങ് ടേബിളിൽ ഞാൻ എതികൊള്ളാം അതും പറഞ്ഞു അവൾ സ്റ്റേജിൽ നിന്നും ഇറങ്ങൻ പോയതും.

ഇജാസ് അവളെ കയ്യിൽ പിടിച്ചു. ഒരു ചടങ്ങ് കൂടി ബാക്കിയുണ്ട് അതുടെ കഴിഞ്ഞിട്ട് പോയിക്കോ. നിന്റെ വിവാഹമുറപ്പിക്കൽ കൂടിയാണ് ഇന്ന്. അത് മറന്നോ.....

അവൾ ശഹിയെ നോക്കി അവൻ കണ്ണിറുക്കി കാണിച്ചതും അവൾ പുഞ്ചിരിയോടെ എല്ലാരേം നോക്കി.

ഫൈസ് പോകാൻ നോക്കുമ്പോഴയിരുന്നു അനൗൺസ്മെന്റ് കെട്ടത് അവൻ അവിടെ തറഞ്ഞു

നിന്നു.

അവൻ തിരിഞ്ഞു നോക്കി. ശഹി പ്രൊപ്പോസ് ചെയ്യുന്ന പോലെ അവളെ മുന്നിൽ മുട്ടുകുത്തി നിന്നു ഒരു ജ്വല്ലറി ബോക്സ് അവളെ നേർക്ക് നീട്ടി. അവൾ അതും നോക്കി നിന്നു. പിന്നെ ആ ബോക്സ് വാങ്ങി നെഞ്ചോട് ചേർത്ത് പിടിച്ചു . ശഹി എഴുന്നേറ്റു നിന്നതും അവൾ അവന്നെ കെട്ടിപിടിച്ചു. അവൻ അവളുടെ മുഖം കയ്യിലെടുത്തു നെറ്റിയിൽ ചുണ്ടുകൾ അമർത്തി. അവളെ കണ്ണുകൾ തുടച്ചു കൊടുത്തു.

ശഹിയുടെ ഉപ്പ ആദമും ഉമ്മ ഷംന യും അടുത്തേക്ക് വന്നു. ആ ബോക്സിൽ നിന്നും ഒരു മാല എടുത്തു അവന്റെ ഉമ്മ അവളെ നേർക്ക് നീട്ടി. ഇജാസ് മൈക്ക് അവരെ നേർക്ക് നീട്ടി പിടിച്ചു.

എന്റെ മൂത്ത മകനെ വിവാഹം കഴിച്ചു എന്റെ മരുമകൾ ആകാൻ നിനക്ക് സമ്മതം ആണോ..... അവർ ചോദിച്ചു.

അവൾ തലയാട്ടി.

സമ്മതം അല്ലെന്ന് ആണ് പറയുന്നത്. സോറി ഗയ്സ് ഇജാസ് നിരാശയോടെ മുഖം ആക്കി മൈക്ക്

താഴ്ത്താൻ പോയതും

അവൾ ഇജാസിനെ നോക്കി പേടിപ്പിച്ചു മൈക്ക് പിടിച്ചു വാങ്ങി. സമ്മതം ആണ് അവൾ ഉറക്കെ വിളിച്ചു പറഞ്ഞു. അവളുടെ മുഖം പൂർണ്ണചന്ദ്രനെ പോലെ തിളങ്ങുന്നത് കണ്ടു ഫൈസ്.

എല്ലാവരും കൊറസ് ആയി എങ്ങനെ....... എങ്ങനെ..... എങ്ങനെ..... എന്ന് ആക്കി പറഞ്ഞതും അവൾ നാണത്തോടെ തല താഴ്ത്തി. അവളുടെ മുഖം ബ്ലൂശ് അടിച്ചിരുന്നു. ഉമ്മ മാല എടുത്തു അണിയിച്ചു കൊടുത്തു. സന്തോഷത്തോടെ ശഹിയുടെ ഉമ്മനെയും ഉപ്പനെയും കെട്ടിപിടിച്ചു അവൾ.

ഇനി ഞങ്ങൾക്ക് ധൈര്യം ആയി ബാബിസാ വിളിക്കലോ....... ഷദയും ഷാനയും വന്നു അവളെ ഇരു സൈഡിൽ നിന്നും ചേർത്ത് പിടിച്ചു.

സന്തോഷം കൊണ്ടു മതി മറന്നു നിൽക്കുന്ന അവളെ വേദന കലർന്ന പുഞ്ചിരിയോടെ ഫൈസ് നോക്കി.

മാഡം ടു മിനുട്സ്...... എന്ന് പറഞ്ഞു കുറച്ചു പ്രെസ്സ്കാർ മുന്നോട്ട് വന്നു.

മാഡത്തിന്റെ വിവാഹം മുൻപ് കഴിഞ്ഞത് അല്ലേ ..... സോഷ്യൽ മീഡിയയിൽ അത് ഇഷ്യൂ ആയിരുന്നു.വിവാഹം കഴിഞ്ഞ മാഡത്തിന്റെ ഇപ്പോഴത്തെ ഈ വിവാഹമുറപ്പിക്കൽ കൊണ്ടു എന്താണ് ഉദ്ദേശിക്കുന്നത്.

അന്ന് ആ വിവാഹം തെറ്റായ തീരുമാനം ആയിരുന്നു..... എന്റെ മാത്രം തീരുമാനം ആയിരുന്നു അന്നത്. ആ തെറ്റ് ഇന്ന് ഈ വിവാഹനിക്ഷയത്തോടെ ഞാൻ തിരുത്തി ശരിയാക്കി മാറ്റി.

ഞാൻ എന്റെ ശരിയായ സോൾമാറ്റിനെ തിരിച്ചു അറിഞ്ഞു . എന്റെ വീട്ടുകാരെ പൂർണ്ണ സമ്മതത്തോടെ ആശിർവാദത്തോടെ ഇന്ന് സ്വന്തം ആക്കാൻ ആഗ്രഹിക്കുന്നു.

ദാറ്റ്സ് ഓൾ.അവൾ പുഞ്ചിരിയോടെ പറഞ്ഞു.

മാടത്തിന് കിട്ടിയ ഏറ്റവും വലിയ ബർത്ഡേ ഗിഫ്റ്റ് ആരിൽ നിന്നാണ്.

ഇത്രയും വർഷം എനിക്ക് കിട്ടിയ ഗിഫ്റ്റിൽ വെച്ചു ഏറ്റവും വിലയേറിയ ഗിഫ്റ്റ് തന്നത്

എന്റെ ഷഹിയാണ്. അതിനോളം വിലയുള്ള ഗിഫ്റ്റ് ആരും തന്നിട്ട് ഇല്ല. എന്റെ ഏറ്റവും വലിയ ഭാഗ്യവും അവൻ കൂടെത്തന്നെ ഉള്ളതാണ്.

ആ ഗിഫ്റ്റ് എന്താണെന്ന് പറയാമോ..... ഞങ്ങൾക്കും അറിയാൻ ആഗ്രഹം ഉണ്ട്.

അവൾ ആദമിന്റെയും ഷംനയുടെയും കൈ പിടിച്ചു മുന്നോട്ട് വന്നു. അവരെ ചേർത്ത് പിടിച്ചു. ഇതാണവൻ എനിക്ക് തന്ന ഗിഫ്റ്റ്..... ഇവർ എനിക്ക് തന്ന അവരുടെ മകൻ ആണ് എന്റെ ഏറ്റവും വലിയ നിധി..... എന്റെ ഭാഗ്യം.....ഇവരുടെ മരുമകൾ ആകാൻ സമ്മതിച്ചതാണ് ഞാൻ കാണുന്ന എനിക്ക് കിട്ടിയ ഏറ്റവും വലിയ ബഹുമതി. ഇവരുടെ മകന്റ ഭാര്യ ആകാൻ കഴിഞ്ഞത് തന്നെ എന്റെ പുണ്യം ആണ്. അത് പറയുമ്പോൾ അവളുടെ കണ്ണ് നിറഞ്ഞിരുന്നു.

മാടത്തിന്റെ ഹസ്ബൻഡ്...... സോറി വുഡ്ബി ഇപ്പോൾ എവിടെയാ ഉള്ളത്. ഞങ്ങൾക്ക് വേണ്ടി ഒന്ന് ഒരു ഫോട്ടോക്ക് പോസ്സ് ചെയ്യോ....

ഒഫ്കോഴ്സ്...... അതും പറഞ്ഞു അവൾ മൈക്ക് കയ്യിൽ എടുത്തതും ഫൈസ് ഇറങ്ങിപ്പോയി.

മനസ്സിൽ പുഞ്ചിരിയോടെ നിൽക്കുന്ന നിന്റെ മുഖം മാത്രം മതി എനിക്ക് മുന്നോട്ട് ജീവിക്കാൻ. അവൻ ഒരിക്കൽ കൂടി അവളെ നോക്കി ഇറങ്ങിപ്പോയി.

❤️❤️❤️❤️

രണ്ടു മാസത്തിന്ന് ശേഷം....................

ഫൈസ് കാറിൽ വരുമ്പോൾ ആയിരുന്നു ഫ്രണ്ട്ഗ്ലാസിൽ എന്തോ വീണത് പോലെ തോന്നിയത്. അവൻ ബ്രേക്ക് ചവിട്ടി. കാർ ഗ്ലാസിൽ തകർന്നു വിള്ളൽ പോലെ വീണിരുന്നു. അവൻ ദേഷ്യത്തോടെ @#₹%%%#@@#വിളിച്ചു പുറത്തു ഇറങ്ങി.......

സോറി..... സോറി...... കാർ കണ്ടില്ല...... അതും പറഞ്ഞു ഒരു പെണ്ണ് ഓടി വരുന്നത് അവൻ കണ്ടു. അവൻ അവളെ തന്നെ നോക്കി...... ചുരിദാർ ഷാൾ വയറിനു മുകളിൽ കെട്ടിയിട്ടുണ്ട്. തലയിൽ ഒരു ക്യാപ്പ്. ഓടി വരുമ്പോൾ അരക്കെട്ടോളാം ഉള്ള മുടി മുന്നിലേക്ക് ചാഞ്ഞു വീഴുന്നുണ്ട്. ഓടിക്കിതച്ചോണ്ട് വന്നു ക്രിക്കറ്റ് ബാറ്റ് ചുമലിൽ വെച്ചു കാർ ചില്ല് നോക്കുന്നുണ്ട്.

ഐ ആം റിയലി സോറി...... ഗ്ലാസ് ഞാൻ മാറ്റി ഇട്ടു കാർ വീട്ടിൽ എത്തിച്ചോളാം..... അവൾ ക്യാപ്പ് ഊരി

മാറ്റി.

ആ മുഖം കണ്ടതും അവൻ ശ്വാസം പോലും വിടാതെ അവളെ  നോക്കി നിന്നു. അവന്റെ കണ്ണുകൾ വിടർന്നു. ഹൃദയമിടിപ്പ് കൂടുന്നത് അവൻ അറിഞ്ഞു ...... അറിയാതെ അവൻ നെഞ്ചിൽ കൈ വെച്ചു പോയി. അടിവയറ്റിൽ മഞ്ഞുവീണപോലെ തോന്നി.

പിന്നാലെ വന്ന ഒരു പത്തിരുപതു വയസ്സുള്ള ചെറുക്കൻ എവിടെ നോക്കിയടി ബാറ്റ് ചെയ്യുന്നേ.....കാറിന്റെ ചില്ല് പൊട്ടിയല്ലോ ......എന്ന് പറഞ്ഞു അവളെ നെറ്റിയിൽ ഒരു തട്ട് കൊടുത്തു.

നീ ബാൾ ചെയ്തോണ്ട് അല്ലേ അവൾ ദേഷ്യത്തോടെ പറഞ്ഞു.

നോക്കീം കണ്ടും കളിക്കണം ആയിരുന്നു.

ഏതായാലും നീ ഔട്ട്...... ബാറ്റ് താ

അതങ്ങ് പള്ളിയിൽ പോയി പറഞ്ഞ മതി ഞാൻ ഔട്ട് ആയൊന്നും ഇല്ല.

ആദ്യമേ പറഞ്ഞതത വണ്ടിയിലും ആൾക്കാരെ ദേഹത്തു തട്ടിയാലും ഔട്ട് ആണെന്ന്.

നീ ചെയ്തത് നോ ബാൾ ആണ്. സൊ ഇതിൽ പെടില്ല. മര്യാദക്ക് പോയി ബോൾ ചെയ്യ്.... അവൾ പുച്ഛത്തോടെ പറഞ്ഞു.

കള്ളത്തരം പറയുന്നോ കോപ്പേ..... ബാറ്റ് താടീ പറഞ്ഞു അവൻ ബാറ്റ് വാങ്ങിക്കാൻ നോക്കി.....

നീയാണ് കളവ് പറയുന്നേ....  ഞാൻ ബോൾ ചെയ്യില്ല......

പിന്നെ രണ്ടും കൂടി പൊരിഞ്ഞ തല്ല് തുടങ്ങി...

ഫൈസ് അവന്റെ കാറും അവരെ ഒച്ചപ്പാടും നോക്കി അലറി.....

വാട്ട് ദ...*********

അവന്റെ അലർച്ചയിൽ അവർ ഞെട്ടി നിന്നു.

ഇവളാണ് മൊത്തം ചെയ്തത്..... ഭൂലോക ഉടായിപ്പ്......

ഉടായിപ്പ് നിന്റെ ഓൾ. അവളെ പോയി വിളി കൊരങ്ങാ...

നീ പോടീ പിത്തക്കാളി..... എന്ന് പറഞ്ഞു അവളെ ചുമലിൽ തൊട്ട് പിറകോട്ടു  തള്ളി.

പെട്ടന്ന് ആയോണ്ട് അവൾ പിറകോട്ടു ആഞ്ഞു ഫൈസിയുടെ ദേഹത്തു തട്ടി. അവന്റെ തള്ളിൽ ഫൈസ് പിറകോട്ടു വീഴാൻ നോക്കിയതും അവൾ ഫൈസിയുടെ കയ്യിൽ പിടിച്ചു മുന്നോട്ട് വലിച്ചു. അവൾ ബാലൻസ് കിട്ടാതെ പിറകോട്ടു മലർന്നു അടിച്ചു വീണു അവളുടെ മേലെ ഫൈസും. അവൻ അവളുടെ തല നിലത്ത് അടിക്കാതിരിക്കാൻ പെട്ടന്ന് അവൻ പിന്നിൽ കൈ വെച്ചു.....അവന്റെ ദേഹം മുഴുവൻ ആയും അവളിൽ അമർന്നു. ഫൈസിയുടെ ചുണ്ടുകൾ അവളുടെ ചുണ്ടിൽ പതിച്ചു. ആ ചോര തുടിക്കുന്ന ചെഞ്ചുണ്ടിൽ നിന്നും അധരം പിൻവലിക്കാൻ അവൻ ഒരു നിമിഷം മടിച്ചു. അവളുടെ വിടർന്ന കണ്ണുകളിലെ തിളക്കത്തിൽ അവൻ എല്ലാം മറന്നു നിന്നു. അവളുടെ ചുണ്ടിലെ പുഞ്ചിരിയും കണ്ണുകളിലെ പ്രണയവും അവൻ അപ്പോൾ ശ്രദ്ധിച്ചില്ല . അത്രമാത്രം അവളിൽ ലയിച്ചിരുന്നു അവൻ. അവന്റെ ഭാരം മുഴുവൻ അവളിലേക്ക് അമർന്നതും വെയിറ്റ് താങ്ങാൻ ആവാതെ ശ്വാസം വിലങ്ങി അവൾ ഞെട്ടി പിടഞ്ഞു അവന്നെ നോക്കിയെങ്കിലും ആ കണ്ണുകളിലെ നോട്ടം അവളിൽ വിവേജനത്തെക്കാൾ വികാരം ആയിരുന്നു

മുന്നിട്ട് നിന്നത് അവളുടെ കൈ അവന്നെ ചുറ്റിവരിഞ്ഞതും അവൻ ഞെട്ടി പിടഞ്ഞു അവളെ തള്ളിമാറ്റി എഴുന്നേറ്റു.

📚STORY BOARD📚

❤️ 💔 INVISIBLE LOVE 💔❤️

Love after💘 marriage (Part 70)

അവന്റെ ദേഹം മുഴുവൻ ആയും അവളിൽ അമർന്നു. ഫൈസിയുടെ ചുണ്ടുകൾ അവളുടെ ചുണ്ടിൽ പതിച്ചു. ആ ചോര തുടിക്കുന്ന ചെഞ്ചുണ്ടിൽ നിന്നും അധരം പിൻവലിക്കാൻ അവൻ ഒരു നിമിഷം മടിച്ചു. അവളുടെ വിടർന്ന കണ്ണുകളിലെ തിളക്കത്തിൽ അവൻ എല്ലാം മറന്നു നിന്നു. അവളുടെ ചുണ്ടിലെ പുഞ്ചിരിയും കണ്ണുകളിലെ പ്രണയവും അവൻ അപ്പോൾ ശ്രദ്ധിച്ചില്ല .അത്രമാത്രം അവളിൽ ലയിച്ചിരുന്നു അവൻ. അവന്റെ ഭാരം മുഴുവൻ അവളിലേക്ക് അമർന്നതും വെയിറ്റ് താങ്ങാൻ ആവാതെ ശ്വാസം വിലങ്ങി അവൾ ഞെട്ടി പിടഞ്ഞു അവന്നെ നോക്കിയെങ്കിലും ആ കണ്ണുകളിലെ നോട്ടം അവളിൽ വിവേകത്തെക്കാൾ വികാരം ആയിരുന്നു

മുന്നിട്ട് നിന്നത് അവളുടെ കൈ അവന്നെ ചുറ്റിവരിഞ്ഞതും അവൻ ഞെട്ടി പിടഞ്ഞു അവളെ തള്ളിമാറ്റി എഴുന്നേറ്റു.

ശഹിയുടെ പെണ്ണാണ് ഇന്നെന്റെ ആരുമല്ല അവൾ.......ആ ബോധം പോലും എവിടെയോ പോയി അവളെ കണ്ടപ്പോൾ...... അവൻ നെഞ്ചിലെ നീറ്റൽ മറച്ചു വെച്ചു അവളെ നോക്കി.

അവൾ എണീറ്റു അവനെ നോക്കാതെ ദേഹത്തെ മണ്ണെല്ലാം കളയുന്നുണ്ട്. ഫൈസ് എണീറ്റത് നന്നായി ഇല്ലെങ്കിൽ അങ്ങോട്ട് കേറി ഫ്രഞ്ച് കൊടുത്തേനെ.....

ഒന്ന് കെട്ടിപ്പിടിക്കാൻ ആഗ്രഹം തോന്നിയോണ്ട് ഡ്രാമ കളിച്ചു ആണ യാഷ് തള്ളിയത്. പക്ഷേ ഒരു പൂക്കാലം തന്നെ നീ തന്നല്ലോ അവൾ പുഞ്ചിരിയോടെ ചുണ്ടിൽ തഴുകി.

ഹായ് ഭയ്യാ....  ഐ ആം ഡാനിഷ്.... കാൾ മി യാഷ്..... അതും പറഞ്ഞു അവൻ കൈ നീട്ടി.

ഫൈസ് തിരിച്ചു കൈ കൊടുത്തു.

യാഷ് അവനെ കെട്ടിപിടിച്ചു. ഫൈസ് അവനെ തന്നെ നോക്കി.....

എന്റെ ഹബ്ബിയുടെ അനിയൻ ആണ്..... ഇനു മുന്നോട്ട് വന്നു പരിചയപ്പെടുത്തി.

ഹബ്ബി...... അവൾ അവനെ അങ്ങനെ വിളിച്ചത് ഓർമ്മ വന്നു. ആ വിളിക്ക് ഇന്ന് വേറൊരു അവകാശിയാണ്. അവനിൽ ഒരു വേദന നിറഞ്ഞു.

അപ്പോഴേക്കും ഷഹിയും ഓടി വന്നു.

ബാൾ എടുക്കാൻ വന്നിട്ട് ഇവിടെ നിൽക്കണോ എല്ലാരും.,..അവൻ ബാറ്റ് പിടിച്ചു വാങ്ങി. പിന്നെ ഫൈസിയെ ഇപ്പോ

കണ്ടപോലെ ആക്ട് ചെയ്തു.

ഹായ് ഭയ്യാ ..... അതും പറഞ്ഞു അവനെ കെട്ടിപിടിച്ചു.

ഹായ്.... ഇവൻ എന്തിനാ എന്നെ ഭയ്യന്ന് വിളിക്കുന്നെ അവൻ കണ്ണ് മിഴിച്ചു നോക്കി.

സോറി ഭയ്യാ ..... കാർ ഗ്ലാസ് ഞാൻ ഇന്ന് തന്നെ റെഡിയാക്കി തരാം...(ശഹി )

ഇട്സ് ഒകെ.... നോ പ്രോബ്ലം....അവന്ന് എങ്ങനെ എങ്കിലും അവിടുന്ന് പോയ മതി തോന്നി.

അപ്പോഴേക്കും ഇജാസ്,അഹ്മദ് ഫൈസിയുടെ അടുത്തേക്ക് വന്നു.

ഫൈസിയെ കാത്തു നിൽക്കരുന്നു. വീട്ടിൽ പോയിരുന്നു. ലേറ്റ് ആവുന്നു അറിഞ്ഞോണ്ട് ചുമ്മാ ഒന്ന് കറങ്ങാൻ ഇറങ്ങി. എനിക്ക് കുറച്ചു സംസാരിക്കാൻ ഉണ്ടായിരുന്നു.

ഫൈസി അവരെ കൂടെ പോയി.

ഡിവോഴ്സ് പെറ്റിഷൻ കൊടുത്തത് അറിയാലോ. വക്കീൽ വിളിച്ചിരുന്നു. വൺ മന്ത് എങ്കിലും ഒന്നിച്ചു കഴിയണം എന്നാലെ ഫയൽ അപ്രൂവ് ചെയ്യൂ എന്നാണ് കോടതി ഓഡർ. അതോണ്ടാണ് ഇങ്ങനെ ഒരു വിസിറ്റ്..... ജന്ന വൺ മന്ത് ഫൈസിയുടെ കൂടെ നിർത്താൻ ആണ് ഞങ്ങൾ വന്നത് അല്ലെങ്കിൽ ഫൈസ് ഞങ്ങളുടെ കൂടെ അവിടെ വന്നു താമസിക്കണം.

അവൻ എന്ത് പറയണം എന്നറിയാതെ കിടന്നു ഉഴറി. ഇനു എന്റെ വീട്ടിൽ നിന്നോട്ടെ ഞാൻ നോക്കിക്കൊള്ളാം.....

ഇജാസ് ഒന്ന് മൂളി...... ഫൈസ്ന് അറിയാലോ ചെറിയ പേടിയുണ്ട് ഞങ്ങൾക്ക് ജന്നയെ അവിടെ

നിർത്താൻ...... അവനൊന്നു മടിച്ചു.

അവൻ അപമാനഭാരത്താൽ തല കുനിഞ്ഞു.

ഞാൻ ശ്രദ്ധിച്ചോളാം..... ഇനി ഒരു പ്രോബ്ലം ഉണ്ടാകില്ല.....

ഇജാസ് അതിന്നും മൂളിയെ ഉള്ളു......

❤❤❤❤

ഷഹിക്ക ഇവൾ ഭയ്യക്ക് ലിപ് ലോക്ക് കൊടുത്തു......(യാഷ് )

ശഹി കണ്ണ് മിഴിച്ചു അവളെ നോക്കി.

ചെറുതായി ചുണ്ടും ചുണ്ടും തമ്മിൽ ഒന്ന് ടച് ചെയ്തു. അതാണോ ലിപ് ലോക്ക് പോത്തേ..... ഇനു അവനെ നോക്കി കണ്ണുരുട്ടി.

എന്നാലും എന്റെ നീലക്കണ്ണി പബ്ലിക് റോഡിൽ വെച്ച്....... അതും മൊട്ടെന്ന് വിരിയാത്ത ചെക്കന്റെ മുന്നിൽ വെച്ച്..... ഇനി നിന്റെ കൂടെ ഞാൻ എങ്ങനെ എന്റെ ചെക്കനെ നിർത്തും പടച്ചോനെ ശഹി താടിക്ക് കൈ വെച്ചു.

ഇവൻ മൊട്ടെന്ന് വിരിയാത്ത ചെക്കനോ

ഇവന്റെ ലാപ്പ് ടോപ്പ് വീഡിയോ കണ്ടിട്ടാ ഞാൻ ലിപ്‌ലോക്ക് എന്താന്ന് അറിഞ്ഞേ തന്നെ.

ശഹി യാഷിന്റെ ചെവിയിൽ തിരുമ്മി.

അത് ഇംഗ്ലീഷ് ഫിലിമിൽ ഇടക്ക് വരുന്ന സാദാ ലിപ്‌ലോക്ക് ആണ്. ഈ പെണ്ണ് സണ്ണിച്ചേച്ചിന്റെ സോങ് കാണല പണി അതറിയോ......

യാ അല്ലാഹ് അതാരാന്ന് പോലും നിക്ക് അറീല. ഞാൻ എവിടെയോ ആ പേര് കേട്ടപ്പോൾ ഇവനോട് ആരാന്നു ചോദിച്ചു.

ഇവൻ പറഞ്ഞു നെറ്റിൽ നോക്കാൻ.....

ഞാൻ നോക്കിയപ്പോ........ കണ്ടപ്പോ...... അവൾ നിലത്ത് കാൽ കൊണ്ട് കളം വരച്ചു.

എട്ടും പൊട്ടും തിരിയാത്ത ഇതിന്നെ ഇനി പഠിപ്പിച്ചു കൊടുക്കാൻ എന്തെങ്കിലും ബാക്കിയുണ്ടോ..... ഇജാസ് ശഹിയുടെയും യാഷിന്റെയും തലക്ക് ഓരോ ചൊട്ട് കൊടുത്തു.

ഇനു പിറകോട്ടു മാറി. ഞാൻ സീരിയൽ കാണൽ ഉള്ളു..... സത്യം .....

സീരിയൽ കാണാൻ തുടങ്ങിയോ ഇജാസ് കണ്ണ്

മിഴിച്ചു.

അത് ശദയും ഷാനു കാണുമ്പോൾ കാണുന്നത. വല്ലപ്പോഴും കാണൽ ഉള്ളു.

എന്നെ അങ്ങ് കൊല്ല് എല്ലാം.കൂടി.......ആ ജുനു നിസ്കാരപയയിൽ ഇരുത്തി വളർത്തിയ കൊച്ചാ..... അവൻ എങ്ങാനും അറിഞ്ഞ അപ്പൊ എല്ലാരേം വെടി വെച്ചു കൊല്ലും.

ഇവൾ ഭൂലോക ഉടായിപ്പ് ആണ് ഇജുക്ക. ഇവളാ ബാക്കിയുകളേളാരേ വഴി തെറ്റിക്കുന്നെ.....

നീയാ ഉടായിപ്പ് മാക്രി.....

നിന്നോട് പറഞ്ഞിട്ടുണ്ട് അങ്ങനെ വിളിക്കരുതെന്ന് അതും പറഞ്ഞു ശഹി അവളെ മുടിയിൽ പിടിച്ചു വലിച്ചു

അവൾ അതെ സ്പോട്ടിൽ കയ്യിൽ പിടിച്ചു കടിച്ചു.അവൻ അലറി നിലവിളിച്ചു...

ഇന്നത്തെ കോട്ട കഴിഞ്ഞു.....  ഈ മാസത്തെ അഞ്ചാമത്തെ കടിയും കിട്ടി യാഷ് വായ് പൊത്തി പിടിച്ചു ചിരിച്ചു.

ഒന്ന് പിടിച്ചു മാറ്റ് ഇജുക്ക....... ശഹി നിലത്ത് നിന്നും

തുള്ളി.

ജന്ന...... അവൾ വിളി കേട്ടതും വിട്ടു.

എന്റെ മുടിയിൽ തൊടരുതെന്ന് ഞാനും പറഞ്ഞിട്ടുണ്ട്.

അവളെ ഒരു മുടി......നിന്നെ ഞാൻ കൊല്ലും പട്ടി.....എന്റെ കൈ തോട്ട ആയെന്ന തോന്നുന്നേ......ശഹി അവളെ തല്ലാൻ നോക്കിയതും അവൾ ബാറ്റ് എടുത്തു അവന്റെ നേർക്ക് നിന്നു.

ധൈര്യം ഉണ്ടേൽ ഒന്ന് തൊട്ട് നോക്ക് അവൾ വെല്ലുവിളിച്ചു.....

ഒന്ന് നിർത് രണ്ടും .....ഇജാസ് ചെവിയിൽ പൊത്തിപിടിച്ചു അലറി.

ഇജുക്ക സീൻ തുടങ്ങിയെ ഉള്ളു. അറ്റ്ലീസ്റ്റ് ഇന്റർവെല് ആയിട്ട് ഔട്ട് വിളിക്ക്. യാഷ് കയ്യും കെട്ടി രസിച്ചു നിന്നു

എല്ലാത്തിനും എന്റേൽ നിന്ന് കിട്ടുമേ പറഞ്ഞില്ലെന്നു വേണ്ട.ഇതിന്ന് വേണ്ടിയാണോ ഇങ്ങോട്ട് കെട്ടിയെടുത്തത് എനിക്ക് സീരിയസ് ആയി കുറച്ചു കാര്യം പറയാൻ ഉണ്ട്. അവർ പുച്ഛത്തോടെ

പരസ്പരം നോക്കി പിന്നെ ഇജുക്ക പറയുന്നത് കേട്ടു നിന്നു.

ഞാൻ ഫൈസിയോട് വൺ മന്ത് ഒന്നിച്ചു നിൽക്കണോന്ന് പറഞ്ഞത്. അതവന്ന് സംശയം ഇല്ലാതിരിക്കാനാ. പക്ഷെ ജന്ന ഒരു രണ്ടാഴ്ച അത്രയേ ഞാൻ ടൈം തരു

അതിനുള്ളിൽ ഫൈസിയുടെ ഒപ്പ് വാങ്ങിഅവനെ കൂട്ടി തിരിച്ചു വരണം. നീ അവിടെ നിക്കുന്നത് ഓർക്കുമ്പോ തന്നെ നെഞ്ചിൽ തീയാണ്.

പകൽ ഫൈസ് ഇല്ലാതെ ആ വീട്ടിൽ നിൽക്കണ്ട. അവന്റെ കൂടെ ഓഫീസിൽ തല്ക്കാലം ട്രെയിനിങ് ആയി കൂട്ടാൻ പറഞ്ഞിട്ടുണ്ട്. അല്ലെങ്കിൽ കോളേജ് പോകണം.

അവൾ എല്ലാത്തിനും തലയാട്ടി. ഇജാസ് ആ ഫയൽ അവൾക്ക് നേരെ നീട്ടി.

അന്ന് ശഹി തന്ന പേപ്പഴ്സ് ആണ്.

ഫൈസ് അസ്കർ എന്ന അനാഥ പയ്യനെ ആദമും ഷംനയും ദത്തുഎടുത്തു സ്വന്തം മകൻ ആയി സ്വീകരിക്കാൻ തയ്യാറാണെന്ന് പറഞ്ഞു അതിന്റെ

ഫോർമലിറ്റിസ് പറഞ്ഞുള്ള പേപ്പഴ്സ് ആണ്. ശഹി അവൾക്ക് കൊടുത്ത ഗിഫ്റ്റ്

ഫൈസിയെ അവന്റെ  ഉപ്പയും ഉമ്മയും അടൊപ്റ്റ് ചെയ്തു സ്വന്തം മകൻ ആയി സ്വീകരിച്ചു ജന്നത്തിലെ അംഗം ആക്കാമെന്നായിരുന്നു . ഫൈസിയെ സ്വന്തം ഇക്കയായി അവൻ അംഗീകരിച്ചു. ഉപ്പനെയും ഉമ്മനെയും കൊണ്ടു സമ്മതിപ്പിച്ചു. തന്റെ സന്തോഷം ആഗ്രഹിച്ചു തനിക്ക് വേണ്ടി സ്വന്തം ഉ പ്പനെയും ഉമ്മനെയും വിട്ടു കൊടുത്ത അവനെ കണ്ടപ്പോൾ അവളിൽ കണ്ണുനീർ ഊറിക്കൂടി. അവൾ അവൻ നോക്കി പേടിപ്പിക്കുന്നത് കണ്ടതും കണ്ണ് തുടച്ചു. അവന്ന് ഏറ്റവും ഇഷ്ടം അല്ലാത്തത് അവൾ കരുയുന്നത് ആണെന്ന് അറിയാരുന്നു.

എന്റെയും ഷഹിക്കയുടെയും ശദതയുടെയും ഇക്കയായി വരാൻ ഭയ്യാ സമ്മതിച്ചില്ലെങ്കിൽ എന്ത് ചെയ്യും ബാബിസാ....യാഷ് ആലോചനയോടെ ചോദിച്ചു.

ഒരിക്കലും ഈ വിവാഹം നടക്കില്ല . അവൻ എല്ലാം ഉപേക്ഷിച്ചു ആദം അങ്കിലിന്റെ മകൻ ആയി

ജന്നത്തിലെ അംഗം ആയി വരുന്നു എഴുതി ഒപ്പിട്ടു തന്ന മാത്രമേ ഈ വിവാഹം അംഗീകരിക്കു. ഇജാസ് ഉറച്ച ശബ്ദത്തോടെ പറഞ്ഞു.

അവൻ വരും ഇജുക്ക...... എന്റെ നീലക്കണ്ണിക്ക് വേണ്ടി എന്തും ചെയ്യും അവൻ (ശഹി )

വന്നില്ലെങ്കിലോ...... എന്നെ ഇനി വേണ്ടന്ന് പറഞ്ഞാലോ.....അവൾ സങ്കടത്തോടെ മുഖം താഴ്ത്തി.

അങ്ങനെ ഒന്നും ഉണ്ടാവില്ല...... അന്ന് സർപ്രൈസ് ആയി അവനെ എല്ലാരേം മുന്നിൽ നിന്നും പ്രൊപ്പോസ് ചെയ്യാണോന്ന് കരുതി. അതിന്ന് മുന്നേ അവൻ ഇറങ്ങി പോയൊണ്ടല്ലേ...... ആ പോക്ക് പോയ അവൻ ഇന്നലെ ആണ് നാട്ടിൽ ലാൻഡ് ആയത്. അതും സ്വാന്തനം ട്രസ്റ്റിൽ ഞാൻ ഇല്ലാത്ത പ്രോബ്ലം ഒക്കെ ഉണ്ടാക്കിയിട്ട്... ഗതി ഇല്ലാതെ അക്ഞ്ഞത വാസം അവസാനിപ്പിച്ചത്...... കാരണം മരിച്ചു പോയ അവന്റെ ഉപ്പന്റെയും ഉമ്മന്റേയും ഓർമ്മക്കായ് അവൻ തുടങ്ങിയത ആ ട്രസ്റ്റ്. നിന്നോടുള്ള സ്നേഹം ആത്മാർത്ഥമാണെങ്കിൽ അവൻ വരും ജന്നത്തിലെ രാജകുമാരൻ ആയി......

ഇല്ലെങ്കിൽ കാൽ പിടിച്ചാണെകിലും ഞാൻ കൊണ്ടു വരും ഇജാസ് അവളെ ചേർത്ത് പിടിച്ചു കൊണ്ടു പറഞ്ഞു.

ചെന്നൈ എക്സ്പ്രസ്സിന് തല വെക്കുന്നതാ ഇവളെ കേട്ടുന്നതിനേക്കാൾ ഭേദം എന്ന് അവന്ന് തോന്നതിരുന്ന മതിയാരുന്നു.... ശഹി പറഞ്ഞു.

ഇജുക്ക..... ഇനു ദേഷ്യത്തോടെ അവനെ നോക്കി വിളിച്ചു.

ഇജു ശഹിയെ നോക്കിയതും അവൻ മുഖം കോട്ടി തിരിഞ്ഞു നിന്നു.

അവൻ വെയിറ്റ് ചെയ്യുന്നുണ്ട്. പോകാൻ നോക്ക്...... ഇജാസ് പറഞ്ഞതും അവൾ എല്ലാരേം നോക്കി മൗനത്തോടെ യാത്ര ചോദിച്ചു.

ശഹിഅവളെ അടുത്തേക്ക് വന്നു...... അവളെ തോളിലൂടെ കയ്യിട്ട് അവളെയും കൂട്ടി മാറി നിന്നു.

എന്താടാ കാര്യം...... അവൾ ടെൻഷനോടെ ചോദിച്ചു.

ഇനി പറയുന്ന കാര്യം ശ്രദ്ധിച്ചു കേൾക്കണം. അവൻ കുറച്ചു സീരിയസ് ആയി...

നിനക്ക് അറിയാത്ത അവന്റെ മറ്റൊരു മുഖം കൂടി

ഉണ്ട്...... ആരെയും അവനോട് അടുപ്പിക്കാത്ത സ്നേഹത്തെ പുച്ഛത്തോടെ നോക്കുന്ന ദേഷ്യം മുകത്ത് കൊണ്ടു നടക്കുന്ന ഒരു ഒറ്റയാൻ...... ബിസിനസ് രംഗത്ത് പോലും ഒരു നോട്ടത്തിൽ എല്ലാരേം അടക്കി നിർത്തുന്ന aj എന്ന കട്ടകലിപ്പൻ........ അവന്റെ ആ സ്വഭാവം മാറ്റി നിനക്ക് അറിയുന്ന ഫൈസ് ആക്കി മാറ്റിയത് ജുനു ആണ്. സമി അല്ലാതെ മറ്റൊരു കൂട്ട് പോലും ഇല്ലാത്ത അവനെ മാറ്റിയത് ജുനു ആണ്......  നിന്റെ മുന്നിൽ മാത്രം ആണ് അവൻ ഇങ്ങനെ ശാന്ത സ്വഭാവം കാണിക്കുന്നത്...... നിന്നോടുള്ള പ്രണയം ആണ് അവന്നെ മാറ്റി മറിച്ചത്...... ജുനു കാരണം അവൻ പഴയ സ്വഭാവം മാറ്റിയെങ്കിൽ നീ കാരണം അവൻ ഇപ്പോൾ പഴയ സ്വഭാവത്തിൽ തന്നെ എത്തി നിൽക്ക..... നിരാശയും സങ്കടവും കലർന്ന തോറ്റു പോയെന്നുള്ള ഭാവം..... അവൻ അത് നിന്നോട് എങ്ങനെ പ്രകടിപ്പിക്കുമെന്ന് പറയാൻ പറ്റില്ല.... അതൊക്കെ കണ്ടു നീ ടെൻഷൻ ആകേണ്ടന്ന് പറഞ്ഞുന്നു ഉള്ളു. അവന്റെ മുന്നിൽ നീ എന്റെ പെണ്ണാന്ന് ഉള്ള ചിന്തആയിരിക്കും.... അതൊക്കെ മാറ്റി കാര്യം പറഞ്ഞു മനസ്സിലാക്കി നിന്റെ ആ പഴയ

ഹബ്ബിയായി കൂട്ടിട്ട് വാ. ഞങ്ങൾ കാത്തിരിക്കും ഞങ്ങളുടെ രാജകുമാരനെ ...... എന്റെ കൂടപ്പിറപ്പിനെ.

അവൾ അവന്നെ നോക്കി കണ്ണ് ചിമ്മി കാണിച്ചു. അവൻ അവളെ നെറ്റിയിൽ നെറ്റി മുട്ടിച്ചു അവളെ നോക്കി പുഞ്ചിരിയോടെ പറഞ്ഞു വിഷ് യൂ ഓൾ ദി ബെസ്റ്റ് ബാബിസാ.......

അവൾ അവന്റെ വയറ്റിൽ ഒരു കുത്ത് കൊടുത്തു ഓടി...... പോകുമ്പോൾ വിളിച്ചു പറഞ്ഞു താങ്ക്യു മാക്രി......

നിന്നെ ഞാൻ ഇന്ന്.......പറഞ്ഞു നിലത്ത് നിന്നും കല്ലെടുത്തതും അവൾ ഓടി ഫൈസിയുടെ അടുത്ത് എത്തിയിരുന്നു.

അവൻ അത്രയും നേരം നോക്കി നിൽക്കുകയാരുന്നു അവളെ ...... മനസ്സിൽ നഷ്ടബോധം തോന്നിയെങ്കിലും

അവളുടെ സന്തോഷവും പുഞ്ചിരിയും ഒക്കെ അവൾ എത്രമാത്രം ഹാപ്പിയാണെന്ന് അവൻ കണ്ടു. അത് അവനിലും വേദനയോടെ ആണെങ്കിലും ഒരു പുഞ്ചിരി നിറച്ചു. ഫൈസ് അവരെ എല്ലാരേം നോക്കി തലയാട്ടി യാത്ര ചോദിച്ചു കാറിൽ കേറി..... കൂടെ

അവളും

അവർ പോകുന്നത് നോക്കി അവരും നിന്നു. ശഹിയുടെ ചുമലിൽ ഒരു കൈ പതിച്ചത് കണ്ടു അവൻ തിരിഞ്ഞു നോക്കി ഇജുക്ക. അവൻ ആ തോളിലേക്ക് തല ചായ്ച്ചു നിന്നു.

നഷ്ടബോധം തോന്നുന്നുണ്ടോ ഇപ്പോൾ...

ഞാൻ ആയിട്ട് പൂർണ്ണമനസ്സോടെ സ്വന്തം തീരുമാനത്തിൽ വിട്ടു കൊടുത്തത പിന്നെന്തിനാ നഷ്ടബോധം...... അവളും ഞാനും തമ്മിലുള്ള ബന്ധത്തേ കുറിച്ച് ചോദിച്ചാൽ ഒരു ഉത്തരം മാത്രം ഉള്ളു

"ഒന്നിക്കാൻ കഴിയാത്തതും ഒഴിവാക്കാൻ കഴിയാത്തതുമായുള്ള ഒരു ആത്മബന്ധം. " ആ ബന്ധത്തിന് ഞാൻ ഇന്നൊരു പേര് ഇട്ടു ബാബിസാ...... എന്റെ ഇക്കാടെ ഭാര്യ ....... മഹർ ചാർത്തിയുള്ള പ്രണയം തന്നെയാണ് എന്നും അതിന്റെ പരിശുദ്ധി. പ്രണയത്തെക്കാൾ വില മഹറിന്ന് ഉണ്ട്. എന്റേത് പ്രണയം മാത്രം ആയിരുന്നു എന്നാൽ ഇനുവിന്റേത് മഹാറിനോടുള്ള പ്രണയം ആയിരുന്നു...... തീർച്ചയായും മഹറിന്റെ മൂല്യത്തെ

ഞാൻ അംഗീകരിക്കുന്നു. അത് പറയുമ്പോൾ അവന്റെ മുഖത്തെ ഭാവം മനസ്സിലാക്കാൻ ഇജുവിന് കഴിഞ്ഞില്ല.

ചില പ്രണയങ്ങൾ ഇൻവിസിബിൾ ആണ്. അതാണ് അതിന്റെ മനോഹരിതയും.....

തീർച്ചയായും എന്റെ പ്രണയം തന്നെയാണ് വിജയിച്ചത്...... നേടുന്നത് മാത്രം അല്ല. വിട്ടുകൊടുക്കുന്നതും പ്രണയത്തിന്റെ വിജയം തന്നെയാണ്. അപ്പോൾ ഞാൻ അല്ലേ വിജയിച്ചത് ഇജുക്ക.

തീർച്ചയായും....... അവരെക്കാൾ ഉയർന്നു നില്കുന്നത് നിന്റ പ്രണയം തന്നെയാണ്. അവളുടെ സന്തോഷത്തിന്ന് വേണ്ടി നീ വിട്ടുകൊടുത്ത നിന്റെ പ്രണയം..... അവൻ ശഹിയെ ചേർത്ത് പിടിച്ചു.....

എന്റെ ജന്ന ഇപ്പോൾ പൂർണ്ണമായും സന്തോശിക്കുന്നുണ്ടെന്ന് നിനക്ക് തോന്നുന്നുണ്ടോ.......

ഒരിക്കലും ഇല്ല.....അവളുടെ സന്തോഷം പൂർണ്ണമാവണമെങ്കിൽ ഞാൻ ഒരു ജീവിതം തുടങ്ങി സന്തോഷത്തോടെ ജീവിക്കണം. എന്നാലേ അവളും

കുറ്റബോധം ഇല്ലാതെ ഹാപ്പി ആയി ഫൈസിയുടെ കൂടെ ജീവിക്കുകയുള്ളു. ഫൈസിയുടെ പ്രണയത്തിന്റെ അത്ര തന്നെ എന്നെ ഓർത്തുള്ള വേദനയും ആ നെഞ്ചിൽ ഉണ്ടെന്ന് എനിക്ക് അറിയാം...

അവൾ ഹാപ്പി ആയി അവന്റെ കൂടെ കഴിയുന്നത് എനിക്ക് കാണണം...... അവന്റെയും അവളുടെയും പ്രണയത്തിലൂടെ അവളെ പൂർണ്ണമായും പറിച്ചു മാറ്റണം....... എന്നാലേ എനിക്ക് ഒരു ജീവിതം ഉള്ളു.....എന്നെ മനസ്സിലാക്കുന്ന എന്റെ സോൾമേറ്റ് എവിടെ എങ്കിലും ഉണ്ടാവും...... വെയ്റ്റിംഗ് ഫോർ ദാറ്റ് മൊമെന്റ്.....

ഇജുക്കന്റെ കയ്യും പിടിച്ചു അവൻ കാറിനടുത്തേക്ക് നടന്നു.

❤️❤️❤️❤️❤️

വീട്ടിൽ എന്താണ് കാത്തിരിക്കുന്നത് എന്നറിയാതെ....... ഫൈസിയുടെ തീരുമാനം എന്താണെന്ന് അറിയാതെ അവളും ഫൈസിയുടെ കൂടെ യാത്രയായി

........ തുടരും

രണ്ടു സ്റ്റോറി ആണ് ഒരേ ടൈറ്റിലിലൂടെ ഞാൻ പറഞ്ഞത്. INVISIBLE LOVE ഇവിടെ പൂർണ്ണമായി..... ആര് ആരുടെ പ്രണയം ആണ് invisible ആയതെന്ന് മനസ്സിലായല്ലോ...... ശഹി ഫാൻസിനോട് ഒന്നേ പറയാൻ ഉള്ളു.... ശഹിയുടെ പ്രണയം തന്നെയാണ് മുന്നിൽ...... കാരണം അവന്റെ പ്രണയം അവൻ പിടിച്ചു വാങ്ങിയില്ല....... അവൻ വിട്ടുകൊടുത്ത പ്രണയം ആണ് ജന്നത്. അവന്റെ പ്രണയം ആണ് വിജയിച്ചതും....

അപ്പോൾ ഇനി love after marriage story തുടങ്ങുകയാണ്...... എന്താകുമോ എന്തോ ഇനി ഫൈസിയുടെ പ്രണയം......

അരപ്പിരി ലൂസ് ആയ ഇനു ഇനിയെന്തൊക്കെ കാട്ടിക്കൂട്ടുമെന്ന് കണ്ടറിയാം...... മാര്യേജ് നിക്ഷ്യത്തിന്ന് ഹൈഡ് ഏൻഡ് സീക്ക് കളിച്ചു നടക്കണം പറഞ്ഞു പോകാൻ പോയ പെണ്ണാണ്..... ഫൈസി ഇനി എത്ര ലിറ്റർ വെള്ളം കുടിക്കുമെന്ന് കണ്ടു തന്നെ അറിയണം

❤️ 💔 INVISIBLE LOVE 💔❤️

**Love after💘 marriage (Part 71)**

തന്റെ പ്രണയം തന്റേത് മാത്രം ആയി എന്റെ മുന്നിൽ അവൾ വിശ്വാസം വരാതെ അവളെ ഒന്ന് നുള്ളിനോക്കി. സ്വപ്നം അല്ല സത്യം തന്നെ ആണ്.

അവളെ തന്നെ നോക്കി നിന്ന അവന്റെ അവസ്ഥ അത് തന്നെ ആയിരുന്നു. ഇപ്പോഴും നെഞ്ചിലെ ഇടിപ്പ് നിന്നിട്ടില്ല. ഇവളെ കാണാതിരിക്കാൻ വേണ്ടിയാണ് നാട് വിട്ടു പോയത് പോലും...... ഒരിക്കലും ഒരു തിരിച്ചു വരവ് വേണ്ടെന്ന് വെച്ചതാണ്

ട്രസ്റ്റിൽ ആരോ പ്രോബ്ലം ഉണ്ടാക്കിയപ്പോൾ വരാതിരിക്കാൻ പറ്റിയില്ല. എന്റെ ഉപ്പാന്റെ ആഗ്രഹം ആണത്.... ജീവിതപിലാഷമാണ് ആ ട്രസ്റ്റ്. അതാണ് തിരിച്ചു വന്നത്. ഇവളെ ഒരിക്കലും വിട്ടുകൊടുക്കില്ലെന്ന് പറഞ്ഞു ജന്നത് മെൻഷനിൽ പോയത് ആയിരുന്നു

അവിടെ കണ്ട കാഴ്ച എന്റെ തീരുമാനം എല്ലാം മാറ്റുകയാരുന്നു..... എല്ലാ കുടുംബക്കാരോടും ഒപ്പം കളിച്ചും ചിരിച്ചും നിൽക്കുന്ന അവളെ കണ്ടു. അവൾ ഒരു രാജകുമാരിയെ പോലെ കൊണ്ടു നടക്കുന്ന കുടുംബം...... അവൾ ആണേൽ ഏറ്റവും സന്തോഷവതി..... അപ്പോൾ തോന്നിയത് അവൾ

എന്നും അവിടെ സന്തോഷം ആയി ഇരുന്നോട്ടെ എന്നായിരുന്നു. ഡിവോഴ്സ് പേപ്പറിൽ ഒപ്പിട്ടു കൊടുത്തതും. ഇജാസ് അന്ന് നിർബന്ധം പിടിച്ചാണ് ബർത്ഡേ പാർട്ടിക്ക് പോയത്. പക്ഷെ അധിക നേരം കണ്ടു നിൽക്കാൻ ആവാതെ ഇറങ്ങി ഓടുകയാരുന്നു. എങ്ങോട്ടെന്ന് ഇല്ലാത്ത യാത്ര...... അത് അവസാനിച്ചത് ബാംഗ്ലൂർ ആയിരുന്നു...... നാടും വീടും ആയുള്ള എല്ലാ കോൺടാക്ട് ഉപേക്ഷിച്ചിരുന്നു. സമി..... അവനെ മാത്രം

മനസ്സിലെ കനൽ കേട്ടടങ്ങിയപ്പോ കോൺടാക്ട് ചെയ്തുള്ളൂ. അവനോടും ആരോടും പറയണ്ട പറഞ്ഞു. ഇത്രയും നാളത്തെ നീറുന്ന മനസ്സ് ഒന്ന് അടങ്ങിയത് ഇവളെ ഇപ്പോൾ കണ്ടപ്പോഴാണ്. തന്റെ ഓരോ അണുവിലും നീ മാത്രം ഉള്ളു ഇനു...... നിന്നിൽ നിന്നും ഒരു മോചനം തേടി അലഞ്ഞു. അതിൽ നിന്ന് ഒരു മോചനം ഇല്ലെന്ന് എനിക്ക് മനസ്സിലായി...... പറ്റില്ല എനിക്കതിന്ന്. പക്ഷേ നിന്റെ സന്തോഷം അത് കളയാനും എനിക്ക് പറ്റില്ല.... വീണ്ടും എത്തിയത് ഇവളെ മുന്നിൽ...... ഇല്ല ഇനു ഞാൻ കാരണം നിന്റെ സന്തോഷവും സമാധാനവും കളയില്ല. എനിക്ക് വിവാഹത്തിന് സമ്മതം ആണെന്ന്

പറഞ്ഞു സന്തോഷത്താൽ തിളങ്ങുന്ന മുഖം ഓർത്തതും അവൻ അവന്റെ നെഞ്ച് തുളക്കണെ പോലെ തോന്നി. അവന്റെ മുഖം മുറുകി.... സ്റ്റിയറിങ്ങിൽ കൈ അമർത്തി പിടിച്ചു.

താൻ ഡ്രൈവ് ചെയ്യണോ അതോ അത് പറിച്ചെടുക്കുകയോ അവൾ ചിരിയോടെ ചോദിച്ചു.

അവനൊന്നു ഞെട്ടി അവളെ നോക്കി.അവൻ കാർ സൈഡിലേക്ക് ഒതുക്കി നിർത്തി.

എന്ത് പറയണം അറിയില്ല..... ചെയ്യണം അറിയില്ല വല്ലാത്തൊരു അവസ്ഥയിൽ ആയിരുന്നു അവൻ.

അവൾക്കും അവന്റെ വിഷമം മനസ്സിലാവുന്നുണ്ടായിരുന്നു. എന്ത് പറഞ്ഞു സംസാരിച്ചു തുടങ്ങണം എന്ന് അവൾക്കും മനസ്സിലായില്ല. ഏറെ നേരത്തെ മൗനത്തിനു ശേഷം അവൻ തുടക്കം കുറിച്ചു.

ജുനു ഇപ്പൊ എവിടെയാ.....

ട്രെയിനിങ് പോസ്റ്റ്  ആയി ഡൽഹിയിൽ ആണ്.... അടുത്ത് തന്നെ വരും.

അവനൊന്നു മൂളി. വീണ്ടും നിശബ്ദത തളം

കെട്ടിയതും അവൻ കാർ സ്റ്റാർട്ട് ചെയ്തു....... ഓവർ സ്പീഡിൽ പോകുന്ന അവന്നെ പലപ്രവിശ്യം പേടിയോടെ അവൾ നോക്കി. പക്ഷേ ഒരക്ഷരം പുറത്ത് വരുന്നില്ല.....

കാർ നിന്നതും അവൾ ഞെട്ടിപ്പകച്ചു നോക്കി. വീട്ടിൽ എത്തി.

ഇറങ്...... മുഖത്ത് നോക്കാതെ പറഞ്ഞു അവൻ ഇറങ്ങി.....

വീട്ടിൽ എത്തിയതും ഉമ്മയും ഉപ്പയും അവളെ കണ്ടു ഞെട്ടിപ്പകച്ചു നില്കുന്നത് കണ്ടു. രണ്ടുപേരും ഭയന്നു വിളറിയ പോലെ അവൾക്ക് തോന്നിയത്.തന്നെ കണ്ടു പേടിച്ചു വിറച്ചു നിൽക്കുന്ന ഉമ്മാനെ സംശയത്തോടെ അവളും നോക്കി. തന്നെ കണ്ടപ്പോൾ ഇവർ എന്തിനാ ഞെട്ടി വിറക്കുന്നെ അവൾ അവരെ ചുഴിഞ്ഞു നോക്കി. ഉമ്മാന്റെ കൈ വിറക്കുന്നതും ഉപ്പാന്റെ കയ്യിൽ ബലമായി അമരുന്നതും അവൾ കണ്ടു. ഉപ്പ സ്വാന്തനം എന്ന പോലെ തിരിച്ചു പിടിക്കുന്നുമുണ്ട്.

ഇനായ ഒരു മാസം ഇവിടെ ഉണ്ടാകും. ഡിവോഴ്സ് കഴിഞ്ഞേ തിരിച്ചു പോകുള്ളൂ അത്രമാത്രം പറഞ്ഞു

അവൻ ആരെയും നോക്കാതെ അകത്തേക്ക് പോയി.

പിന്നാലെ അവളും. ഇക്കാക്കയും ബാബിയും അവളെ ഒന്ന് നോക്കുക മാത്രം ചെയ്തു. അവൾ തിരിച്ചു പുഞ്ചിരിച്ചു. റംസിയെ കടുവ കൂട്ടി കൊണ്ടു പോയിരുന്നു. ബർത്ഡെക്ക് വന്ന കടുവയെ അക്കാര്യം സമ്മതിപ്പിച്ചേ വിട്ടുള്ളു. എയർ പിടിത്തം ഒഴിവാക്കി മൂപ്പർ ഇപ്പോൾ അവരെ കാര്യം നോക്കി ഹാപ്പി ആണ്. ഇടക്കൊക്കെ കടുവ അവളെ കാണാൻ വരും. അവൾ റൂമിലേക്ക് നടന്നു.

അവൾ വാതിൽ തുറന്നതും അവൻ ധൃതിയിൽ എന്തൊക്കെയോ എടുത്തു മാറ്റുന്നത് അവൾ കണ്ടു. അവൻ ബെഡിനടിയിലേക്ക് എടുത്തു എറിഞ്ഞത് തന്റെ ഷാൾ ആണെന്ന് അവൾ കണ്ടു.

തന്റെ ഒരു സാധനവും സ്ഥാനം മാറാതെ അവിടെ ഉണ്ട്....  അവൾ ചുറ്റും നോക്കി.

ഞാൻ ഇവിടേക്ക് വന്നിട്ട് രണ്ടു മൂന്ന് ദിവസം ആയുള്ളൂ. ഒന്നും എടുത്തു മാറ്റിയില്ല അതാ. അവളെ നോട്ടം കണ്ടു അവൻ പറഞ്ഞു.

അവളൊന്നു ചിരിക്കുക മാത്രം ചെയ്തു.

ഉമ്മാക്ക് ഇഷ്ടം ആകോ ഞാൻ ഇവിടെ താമസിക്കുന്നത്.

ഇത് നിന്റെ കൂടെ വീടാണ്. ആരെയും നോക്കണ്ട ആവിശ്യം ഇല്ല. നീ ജന്നത്തിൽ എങ്ങനെ ആണോ അത് പോലെ ഇവിടെ കഴിയാം.

ഫൈസിന്റെ ലോക്കൽ ഗഡിയൻ മാത്രം ആണല്ലേ ഇവിടുത്തെ റംസിയുടെ ഉപ്പ ....

എന്റെ ഉപ്പയാണ്......ഗാഡിയൻ അല്ല. നിന്റെ ജുനുവിനെ ഗഡിയൻ ആണെന്നാണോ പറയുക.അവന്റെ ഉറച്ച സ്വരം കേട്ടതും അവൾക്ക് ഒരു വല്ലായ്മ തോന്നി. എന്റെ ജുനുനെ സാമ്യപെടുത്തിയത് വേദനയും. അവൾക്ക് പെട്ടെന്ന് സങ്കടം വന്നു കണ്ണ് നിറഞ്ഞു.

സോറി...... ഞാൻ...... പെട്ടന്ന് പറഞ്ഞു പോയതാ...... അവളുടെ വാക്കുകൾ  ഇടറിയിരുന്നു. കണ്ണ് നിറഞ്ഞത് അവൻ കാണാതിരിക്കാൻ തലതാഴ്ത്തി ബാൽക്കണിയിലേക്ക് നടന്നു. പുറത്തേക്ക് നോക്കി നിന്നു. അവൾക്ക് എന്ത് കൊണ്ടോ സങ്കടം സഹിക്കാൻ കഴിഞ്ഞില്ല. ആദ്യം ആയി ഫൈസ് ദേഷ്യത്തോടെ സംസാരിച്ചത് കൊണ്ടാണോ......

എന്താന്ന് അവൾക്ക് തിരിഞ്ഞില്ല. ആകെ ഒരു അപരിചിതത്വം തോന്നി. ഷഹി പറഞ്ഞത് ഓർത്തു...... അവൻ അത് കൊണ്ടാണ് മുൻകൂട്ടി പറഞ്ഞിട്ട് ഉണ്ടാവാ. ഒരു കണക്കിന് ഫൈസിന് ഞാൻ ഇപ്പോൾ ശഹിയുടെ പെണ്ണാണ്. ഡിവോഴ്സ് കഴിയാൻ കാത്തിരിക്കുന്നവൾ.... അപ്പോൾ സ്നേഹം കാണിക്കേണ്ട ആവിശ്യം ഇല്ലല്ലോ.

ഫൈസ് ദേഷ്യത്തോടെ മുടിയിൽ കൊരുത് പിടിച്ചു.... ആദ്യം അയാണ് അവളോട് റൂഡ് ആയി പെരുമാറിയത്... അവളെ കണ്ണ് നിറഞ്ഞത് അവന്നും കണ്ടിരുന്നു. അവൻ അവളെ അടുത്തേക്ക് ചെന്നു.....

ഇനായ.......

ആ വിളിപോലും അരോചകമായി തോന്നി അവൾക്ക്. ഇനു എന്ന് സ്നേഹത്തോടെ വിളിച്ചിടത് ഇനായ.....

അവൾ തിരിഞ്ഞു നിന്നു എന്താന്നർത്ഥത്തിൽ അവനെ നോക്കി.

അവളോട് അവിടെ ഇരിക്കാൻ പറഞ്ഞു.

അവനും ഇരുന്നു.

മുഖവുര ഇല്ലാതെ അവൻ സംസാരിച്ചു തുടങ്ങി.

എന്റെ കാര്യം ഇജാസ് പറഞ്ഞു അറിഞ്ഞു കാണുമല്ലോ. ഉപ്പ അസ്‌കർ ഉമ്മ ജാസ്മിൻ.ഉപ്പ ഓർഫൻ ആയിരുന്നു. ഉമ്മയും ആയി പ്രണയവിവാഹം ആയിരുന്നു. ഒളിച്ചോടി വിവാഹം കഴിച്ചോണ്ട് ഉമ്മാന്റെ വീട്ടുകാർ ഉപേക്ഷിച്ചു. രണ്ടു പേരും അനാഥർ ആയി

ഇവിടെ വന്നു സ്വന്തം ആയി ബിസിനസ് തുടങ്ങി.രണ്ടു പേരുടെയും പ്രണയം പോലെ തന്നെ അവരുടെ ആദ്യക്ഷരം ഇട്ടു ഒരു ഓഫീസ് തുടങ്ങി. Aj...... തോൽവിയിൽ നിന്ന് തുടങ്ങിയത് കൊണ്ടാകണം പെട്ടെന്ന് തന്നെ ബിസിനസ് പച്ചപ്പിടിച്ചു. ഇന്നീ കാണുന്നത് ഒക്കെ ഉണ്ടാക്കി. ഉപ്പ ഉമ്മ ഞാൻ..... സന്തോഷം കൊണ്ടു മതിമറന്ന നാളുകൾ.

ഉപ്പ സോഷ്യൽ വർക്കർ കൂടിയാണ്. പാവപെട്ടവരുമായ എപ്പോഴും കൂട്ട്.... അനാഥജന്മങ്ങൾക്ക് വേണ്ടി എപ്പോഴും ഒരു മുൻഗണന കൊടുത്തിരുന്നു.... ഉപ്പ അനാഥൻ ആയോണ്ട് ആവണം എന്നും അങ്ങനെ ഉള്ളവരെ സഹായിക്കാൻ മുൻപന്തിയിൽ ഉണ്ടാകും. സ്വാന്തനം ഗ്രുപ്പ് ഉപ്പാന്റെ സ്വപ്നം ആയിരുന്നു..... എല്ലാവരും

അസൂയയോടെ നോക്കികണ്ട ജീവിതം..... പടച്ചോനും എന്നോട് അസൂയ തോന്നിയിട്ട് ഉണ്ടാവും പന്ത്രണ്ടു വയസ്സുകാരനായ എന്നെ തനിച്ചാക്കി ഒരു ആക്സിഡന്റ് രൂപത്തിൽ അവർ ഒന്നിച്ചു അങ്ങ് പോയി. ഉമ്മ ആ സ്പോട്ടിൽ തന്നെ മരിച്ചിരുന്നു. ഉപ്പ കുറച്ചു ദിവസം ഹോസ്പിറ്റലിൽ കിടന്നിരുന്നു.... തലക്ക് ആയിരുന്നു പരിക്ക്...... പോകുന്നെന്ന് മുന്നേ മോന്റെ സുരക്ഷ നോക്കിയിരുന്നു.

ഗഡിയൻ ആയി ഉപ്പാന്റെ ഫ്രണ്ട് ആയിരുന്ന റംസിയുടെ ഉപ്പാനെ ഏർപ്പാട് ആക്കി. പതിനെട്ടു വയസ്സ് വരെ എന്നെ നോക്കി വളർത്താൻ ഉള്ള പണം മാത്രം അകൗണ്ടിൽ നിന്നും ലഭിക്കും എന്ന രീതിയിൽ ആയിരുന്നു വക്കീലിനെ ഏർപ്പാട് ആക്കി വില്പത്രം എഴുതിച്ചത്. എന്നിട്ടും പേടി ആയിട്ട് ഉണ്ടാകും ആരെങ്കിലും സ്വത്തിനു വേണ്ടി ഉപദ്രവിച്ചാലോന്ന്. വിവാഹം കഴിഞ്ഞ മാത്രമേ സ്വത്തുക്കൾമേലെ പൂർണ്ണ അവകാശം ഉള്ളുവെന്ന് എഴുതി വെച്ചു. ഭാര്യയുടെയും സമ്മതംത്തോടെ മാത്രമേ സ്വത്തുക്കൾ കൈമാറ്റ അവകാശം എനിക്ക് ലഭിക്കുകയുള്ളു. അത് വരെ നോക്കി നടത്താൻ മാത്രം ആയിരുന്നു അവകാശം..... വിവാഹം

കഴിഞ്ഞു ആ സ്റ്റേജിൽ എത്തുമ്പോഴേക്കും സ്വന്തം കാലിൽ എത്തുമല്ലോന്ന് കരുതിക്കാണും.

എന്റെ വീടാണ് ഇത്. ഇവിടെ എന്നെപോലെ തന്നെ തുല്യ അവകാശം നിനക്ക് ഉണ്ട്.

ഇവിടുത്തെ ഉപ്പയും ഉമ്മയും സ്വന്തം മകനെ പോലെ നോക്കിയത്. യാതൊരു വേർതിരിവ് ഇത് വരെ കാണിച്ചിട്ടില്ല. സ്വന്തം മക്കളെക്കാൾ കൂടുതൽ സ്നേഹിച്ചു. എനിക്ക് ഉപ്പയും ഉമ്മയും ആയി. ഇത് വരെ സന്തോഷത്തോടെയും സമാധാനത്തോടെയും മാത്രം ആണ് ഇവിടെ കഴിഞ്ഞത്. പിന്നെ നീ എന്റെ ജീവിതത്തിലേക്ക് കടന്നു വന്നു. ഉമ്മ വിവാഹക്കാര്യം പറഞ്ഞതും എതിർത്തു. പാവപ്പെട്ട വീട്ടിലെ നിന്നെ ഒഴിച്ച് സ്വന്തം സ്റ്റാറ്റസിനു ചേർന്ന ആരെ വേണമെങ്കിലും വിവാഹം കഴിച്ചൊന്നു പറഞ്ഞു. തുടക്കത്തിലേ ഒരുപാട് എതിർത്തു. എത്ര പറഞ്ഞിട്ടും സമ്മതിച്ചില്ല. വലിയ വലിയ പണക്കാരുടെ

മക്കളുടെ ആലോചനകൾ കൊണ്ടു നിറഞ്ഞു. രക്ഷപെട്ടു ഓടിയതാ ഇവിടെ നിന്നും ദുബായിക്ക്. അല്ലെങ്കിൽ എന്നെ പിടിച്ചു കെട്ടിക്കും എന്ന

അവസ്ഥയിൽ ആയിരുന്നു. പിന്നെയാണ് ഐറ യെ ഉമ്മ സെലക്ട് ചെയ്തത്. സമ്മതിച്ചില്ലെങ്കിൽ മരിക്കുമെന്ന് ഭീഷണി മുഴക്കി. അങ്ങനെ അവരെ സമാധാനിപ്പിക്കാൻ തത്കാലം സമ്മതിച്ചു. അപ്പോഴാണ് ജുനുവിന്റെ ഭീഷണി.... ഒരാഴ്ചക്കുള്ളിൽ നിന്നെ മാര്യേജ് ചെയ്യണം ഇല്ലെങ്കിൽ വേറെ ആളെ നോക്കുമെന്ന്...... കുറെ പറഞ്ഞു നോക്കിയെങ്കിലും അവൻ വാശിയിൽ ആയിരുന്നു. അങ്ങനെ സമ്മതിച്ചു. ഉമ്മ ഇങ്ങനെ ജുനു ഒരു വശത്ത് ഞാൻ ആകെ പെട്ട പോലെ ആയി. നിന്നെ വിട്ടുകളയാൻ പറ്റില്ലെന്ന് ഞാനും ഉറച്ച തീരുമാനം എടുത്തു. സമിയുടെ ഐഡിയ ആയിരുന്നു ബാക്കി എല്ലാം..... വിവാഹക്കാര്യം എല്ലാരിൽ നിന്നും മറച്ചു വെച്ചു. സാധാരണ ഗൾഫിൽ നിന്നും വരുന്ന പോലെ നാട്ടിൽ വന്നു. ആരും അറിയാതെ സമിയും ഞാനും കല്യാണകാര്യം മൊത്തം ചെയ്തു. ജുനുവിന്റെ മുന്നിൽ വീട്ടിൽ സമ്മതിച്ച പോലെ പെരുമാറി. അന്ന് രാവിലെ സ്വന്തം വിവാഹത്തിന്  പുതിയ ബിസിനസ് തുടങ്ങുകയാണെന്ന് പറഞ്ഞു ഇവരെ ആഷിർവാദം വാങ്ങി ഇറങ്ങി. നിങ്ങളെ വീട്ടിൽ സാദാ കല്യാണം

ആയിരുന്നു. വിവാഹം കഴിഞ്ഞു നേരെ ഓഡിറ്റോറിയത്തിൽ ആയിരുന്നു പോയത് അത് കൊണ്ടു നിന്റെ വീട്ടുകാർക്ക് ആർക്കും ഡൌട്ട് തോന്നിയില്ല.... എന്റെ വീട്ടിൽ നിന്റെ വിവാഹം ആയിരുന്നുവെന്നും കല്യാണചെക്കൻ ലാസ്റ്റ് നിമിഷം കാലുമാറിയെന്നും ജുനൈദ്ന്റെ സങ്കടം സഹിക്കാൻ ആവാതെ നിന്നെ കെട്ടിയെന്ന് പറഞ്ഞു. കുറെ സെന്റിയൊക്ക അടിച്ചു കരഞ്ഞു. വേറെ നിവർത്തിയില്ലാതെ ഉമ്മ ആദ്യം കുറെ കരഞ്ഞു. പിന്നെ സമ്മതം പോലെ മൂളി. അന്നേ ഇഷ്ടക്കേട് തോന്നിയിരുന്നു. പക്ഷേ ഇത് പോലെ പക വെച്ചു പെരുമാറുന്നു അറിഞ്ഞില്ല..... അല്ലെങ്കിൽ ഒരിക്കലും കരുതിയില്ല. അത്രയും പാവം ആയിരുന്നു ഉമ്മ. എല്ലാരേം സ്നേഹിക്കാൻ മാത്രം അറിയുന്ന ഒരു പഞ്ചപാവം അങ്ങനെ കണ്ടിട്ട് ഉള്ളു. അല്ല അതാണ് എന്റെ ഉമ്മ. ഇപ്പോഴും വിശ്വസിക്കാൻ പറ്റുന്നില്ല എനിക്ക് ഉമ്മ ഇങ്ങനെ ഒക്കെ ചെയ്തെന്ന്. എവിടെയോ എന്തോ ഒരു സ്പെല്ലിങ് മിസ്റ്റേക്ക്...,..

അവൾക്ക് ദേഷ്യം ആയിരുന്നു വന്നത്. അപ്പൊ ഞാൻ കളവ് പറഞ്ഞുന്ന് ആണോ...... അവൾ ദേഷ്യത്തോടെ ചോദിച്ചു.

ഞാൻ...... അങ്ങനെ ഒന്നും ഉദ്ദേശിച്ചില്ല. അവൻ നിന്ന് പരുങ്ങി.....

എല്ലാരും കേട്ടത് അത്രയല്ലേ ഉള്ളു. അതിനേക്കാൾ കൂടുതൽ അനുഭവിച്ചിട്ടുണ്ട് ഞാൻ...... ഈ വീട്ടിലെ പല ജോലിയും ചെയ്തിരുന്നത് ഞാൻ ആയിരുന്നു. ആരെങ്കിലും വന്നാൽ അവരെ മുന്നിൽ അപമാനിച്ചു വിടും.അതൊക്കെ പോട്ടെ എന്നെയും സമിയെയും പറ്റി വരെ മോശമായി സംസാരിച്ചിട്ടുണ്ട് അവർ..... എന്നിട്ടും അവരെ ന്യായീകരിക്കാൻ ആണോ ഫൈസ് നോക്കുന്നെ.ദേഷ്യം കൊണ്ടു വിറക്കുന്നുണ്ടായിരുന്നു അവൾ.......

ആദ്യം അയാണ് അവളെ ഇങ്ങനെ കാണുന്നത്...... അത്ഭുതം ആയിരുന്നു അവന്ന് തോന്നിയത്. ഇവൾക്ക് ദേഷ്യം വരോ..... അവൻ അതായിരുന്നു ആലോചിച്ചത്.

അവന്റെ നോട്ടം കണ്ടു അവൾ നിർത്തി.

ഞാൻ എന്തിനാ ചൂട് ആയത് ..... ഉമ്മാനോടുള്ള ദേഷ്യം കൊണ്ടാണോ..... അല്ലെന്ന് അവൾക്കും അറിയാരുന്നു. അവൻ ഉമ്മയെയും ഉപ്പനെയും കുടുംബത്തെയും പറ്റി പറയുന്നത് കേട്ട്

സഹിക്കുന്നില്ല..... എന്നെ ദ്രോഹിച്ചിട്ടും അവരെ ന്യായീകരിക്കുന്നു.... ഉമ്മാനെ പറ്റി പറയുമ്പോൾ ആ മുഖത്ത് സ്നേഹം നിറയുന്നു. ഇങ്ങനെ ഉള്ള ആൾ ഇവരെ വിട്ടു വരോ....... ഒരു കണക്കിന് നോക്കിയാൽ ഞാൻ ജുനുവിനെ സ്നേഹിച്ചത് പോലെ ഫൈസ് അവന്റെ ഉമ്മാനെ സ്നേഹിക്കുന്നുണ്ടാവും..... ഇവൻ ജന്നത്തിലേക്ക് വന്നില്ലെങ്കിലോ അവൾക്ക് പേടിയും ദേഷ്യം സങ്കടം ഒക്കെ തോന്നി......

ഉമ്മാന്റെ വാക്ക് കേൾക്കാതെ കല്യാണം കഴിച്ചതിന്റെ പേരിലുള്ള ക്ലീൻ ശേ അമ്മായിയമ്മ പോരാണ് നടന്നത്. കൂടെ ഐറയുടെ ഏഷണി കൂടി കൂടിയപ്പോൾ ഉമ്മ മോശമായി പെരുമാറി... ഉമ്മാക്ക് വേണ്ടി ഞാൻ മാപ്പ് പറയുന്നു......

അതും കൂടി കേട്ടതും ഫൈസിയുടെ മേലുള്ള വിശ്വാസം മൊത്തം പോയി. ഇവൻ ഇവരെ വിട്ടു വരികയൊന്നും ഇല്ലന്ന് അവൾക്ക് തോന്നി.

എന്നെക്കാളും ഇഷ്ടം ആണോ ഉമ്മാനെ..

അവൾ പെട്ടെന്ന് ചോദിച്ചുപോയി.....

നിറഞ്ഞകണ്ണുകളും..... വിറക്കുന്ന ചുണ്ടുകളും സങ്കടം കൊണ്ടു വാടിയ മുഖവും ആയി ഇനു

അങ്ങനെ ചോദിച്ചപ്പോൾ അവൻ ഞെട്ടിപ്പോയി.

ആരും ആർക്കും പകരം ആവില്ല. ഓരോരുത്തർക്കും കൊടുക്കുന്ന സ്ഥാനവും മാറ്റം ആയിരിക്കും. അത് പരസ്പരം അളക്കുവാൻ പറ്റില്ല. എങ്ങും തൊടാതെ അവൻ തിരിച്ചു പറഞ്ഞു. പക്ഷേ ആ ചോദ്യം അവന്റെ മനസ്സിൽ തറഞ്ഞു നിന്നു. ഉമ്മനേക്കാൾ വലുതാണോ എനിക്ക് ഇനു.......

അവൾ സങ്കടം സഹിക്കാൻ ആവാതെ  അവന്നെ കെട്ടിപിടിച്ചു ..... അവൻ അപ്പോൾ തന്നെ അവളെ പിടിച്ചു മാറ്റി.

അകത്തേക്ക് പോയി. അവൾക്ക് അടികിട്ടിയ പോലെ ആയി. ഈ കാട്ടുമക്കാനേ എങ്ങനെ മെരുക്കി എടുക്കുക പടച്ചോനെ.

അവൾ ഓരോന്ന് ആലോചിച്ചു അവിടെ തന്നെ നിന്നു.

❤️❤️❤️❤️

നിനക്ക് അടുത്ത റൂം റെഡിയാക്കിയിട്ടുണ്ട്

ഇനി അതിന്റെ കുറവേ ഉള്ളൂ. അവൾ പിറു പിറുത്തു........

എനിക്ക് തനിച്ചു കിടക്കാൻ പേടിയാണ്. ഞാൻ

ഇവിടെ തന്നെ കിടന്നോളാം.

എന്റെ കൂടെ ഒരു റൂമിലോ..... അവൻ ഞെട്ടലോടെ ചോദിച്ചു.

അല്ലാതെ ഉമ്മാന്റെ കൂടെ പോയികിടക്കാൻ പറ്റില്ലല്ലോ. എനിക്ക് ഈ വീട്ടിൽ തനിച്ചു നിൽക്കാൻ പേടിയാ.

അവൻ പിന്നെ തിരിച്ചു ഒന്നും പറഞ്ഞില്ല.

അവൻ മറ്റൊന്നും സംസാരിച്ചില്ല. സംസാരിക്കാൻ അങ്ങോട്ട് പോയെങ്കിലും ബിസിയാണെന്ന് പറഞ്ഞു ഒഴിഞ്ഞു ഫോണിൽ മുഖം പൂഴ്ത്തി ഇരിക്കും.

അവൾ റൂമിൽ നിന്നും പുറത്ത് ഇറങ്ങിയില്ല . ഇടക്ക് റംലിത്ത ജ്യൂസ് കൊണ്ടു കൊടുത്തു. അപ്പോൾ അവരോട് കുറച്ചു സംസാരിച്ചു. നൈറ്റ് അവൻ ആയിരുന്നു ഫുഡ് കഴിക്കാൻ വിളിച്ചത്. അവന്റെ കൂടെ പോയി. അവന്നും അവളും മാത്രം ഉണ്ടായിരുന്നുള്ളൂ. ബാക്കിയുള്ളവർ കഴിച്ചു പറഞ്ഞു. ഒന്നിച്ചു ആയിരുന്നു ഇരുന്നത്.അവൻ തന്നെ വിളമ്പി കൊടുത്തു. എന്നാൽ അവന്റെ മുഖത്ത് എന്തോ കടമ ചെയ്യുന്ന ഭാവം ആയിരുന്നു. അവൾക് സങ്കടം വരുന്നുണ്ടായിരുന്നു. അവൾക്ക് ജന്നത്ലെ എല്ലാരേം

മിസ്സ് ചെയ്യുന്നുണ്ടായിരുന്നു. തന്റെ ലൈഫിലെ ഒഴിവാക്കാൻ പറ്റാത്ത ഘടകം ആയി മാറിയിരുന്നു അവർ. എല്ലാരുടെയും കൂടെ സന്തോഷത്തോടെ ഫുഡ് കഴിക്കുന്നത് ഓർത്തു.  ഫൈസിയെ നോക്കി. അവൻ മൈന്റ് പോലും ആക്കുന്നില്ല. അവൾ എഴുന്നേറ്റു. ഫൈസ് ഒന്ന് തടഞ്ഞു പോലും ഇല്ലെന്ന് അവൾ കണ്ടു. അവൾ റൂമിലേക്ക് തന്നെ പോയി.

അവൻ പോകുമ്പോൾ അവൾ എന്തൊക്കെയോ ടാബ്ലറ്റ് കഴിക്കുന്നത് കണ്ടു.

നിനക്ക് സുഖം ഇല്ലേ.....

അവളൊന്നും മിണ്ടിയില്ല.....

നിന്നോടല്ലെടി ചോദിച്ചേ ..... അവൻ ഒച്ചയെടുത്തതും അവൾ ഞെട്ടിപ്പോയി.

താൻ ഇത് വരെ കാണാത്ത ഏതോ ആളാണെന്നു തോന്നി ഫൈസിയെ അവൾക്ക്. ഇങ്ങനെ ഒരാൾക്ക് മാറാൻ സാധിക്കോ.

ഇനായ..... അവൻ വീണ്ടും ശബ്ദം ഉറപ്പിച്ചു വിളിച്ചു......

ജന്നത്...... അങ്ങനെ വിളിച്ച മതി അവൾ ദേഷ്യത്തോടെ തിരിച്ചു പറഞ്ഞു.

അവനത് ഇഷ്ടപ്പെട്ടില്ലെന്ന് മുഖം കണ്ടപ്പോൾ തോന്നി.

മെൻസ്ട്രക്ഷൻ ഉണ്ടാവാൻ ഡോക്ടർ ട്രീറ്റ്മെന്റ് എടുക്കുന്നുണ്ട്. ഇജുക്കന്റെ നിർബന്ധം കാരണം കുടിക്കുന്നു എന്നെ ഉള്ളൂ. ഒരു കാര്യം ഇല്ലെന്ന് ഇജുക്കക്ക് അറിയാം എനിക്കും അറിയാം. എന്നാലും ചുമ്മാ ഇജുക്കക്ക് വേണ്ടി ഒരു വിഡ്ഢി വേഷം കെട്ടുന്നു. അവൾ ആരോടെന്നില്ലാതെ പറഞ്ഞു. പക്ഷെ നെഞ്ച് നീറുന്നത് അവൾ അറിഞ്ഞു. സ്വന്തം കുറവുകൾ അംഗീകരിക്കുന്നുണ്ടെങ്കിലും എന്തോ ഒരു വേദനയാണ് ഇത് .

ആദ്യം വേണ്ടത് വിശ്വാസം ആണ്. പ്രാർത്ഥിക്ക് എന്നും. അവൻ അത് മനസ്സിലാക്കിയെന്നോണം പറഞ്ഞു.

നടക്കാത്ത കാര്യം പ്രാർത്ഥിച്ചിട്ട് കാര്യം ഇല്ല. എനിക്ക് കുഞ്ഞു ഉണ്ടാകാൻ പോകുന്നില്ല.

അവൾക്ക് സ്വയം അവക്ജ്ഞ തോന്നി. എല്ലാരോടും ഇങ്ങനെ പറയാറ് ഉണ്ടെങ്കിലും തന്റെ ഉള്ളിലും ഒരു കുഞ്ഞു എന്നത് തീരാവേദന തന്നെ ആണ്.

അവന്ന് അവളുടെ സങ്കടം മുഖത്ത് നിന്നും മനസ്സിലാവുന്നുണ്ടായിരുന്നു.

എന്നാലും പ്രാർത്ഥിക്കുന്നതിന്നും ട്രീറ്റ്മെന്റ് എടുക്കുന്നതിലും എന്താ തെറ്റ്.

ചിലപ്പോൾ നടന്നാലോ.പ്രാർത്ഥന എല്ലാ രോഗത്തിന്റെയും മരുന്ന് ആണ്. തീർച്ചയായും ഒരിക്കൽ നിന്റെ പ്രാർത്ഥന സ്വീകരിക്കുക തന്നെ ചെയ്യും.

അവൾ ഞെട്ടലോടെ അവനെ നോക്കി.

നീ അങ്ങനെ ആഗ്രഹിച്ചിനോ.......

എന്റെ ഭാര്യ ആഗ്രഹിച്ചിരുന്നു. എനിക്ക് കുഞ്ഞും കുടുംബം ഒക്കെ ഉണ്ടാവണമെന്ന്. അതോണ്ട് ഞാനും ഇപ്പോൾ അങ്ങനെ ആഗ്രഹിക്കുന്നു. നീ പറഞ്ഞത് തന്നെ ശരി. വേറെ പെണ്ണിനെ കെട്ടി കുട്ടികളും കുടുംബം ഒക്കെയായി സുഖമായി ജീവിക്കണം..... അതാണ് ലൈഫ്.

ഏതായാലും എന്റെ ഹബ്ബിക്ക് ഒരു കുഞ്ഞു വേണ്ട. എന്നെ ജീവനോളം സ്നേഹിക്കുന്നുണ്ട്. ഞങ്ങൾക്കിടയിലേക്ക് ഒരു കുഞ്ഞു കൂടി വരാൻ ആഗ്രഹിക്കുന്നുമില്ല അവൾ തിരിച്ചു പറഞ്ഞു. പോയി കിടന്നുദേഷ്യത്തോടെ.

അവളെ ഉള്ളിൽ ഇടിയും മിന്നൽ ഒക്കെ കൂടി ഒരു പെരുമഴ തന്നെ പെയ്യുന്നുണ്ടായിരുന്നു. ഇവൻ ഇപ്പോൾ കുഞ്ഞിനെ ആഗ്രഹിക്കുന്നുണ്ടോ..... ഞാൻ തിരിച്ചു വന്ന തീരുമാനം തെറ്റാണോ...... അവൾ സംശയത്തോടെ അവനെ നോക്കി.

അവൻ നടുക്ക് പില്ലോസ് എടുത്തു വെച്ചു ഒരു ഒരത്തായി കിടക്കുന്നത് കണ്ടു.

ഈ അകലം ഇവനുമായുള്ള സ്നേഹത്തിന്റെ അകലം ആണോ ഇനി. തിരിച്ചു കിട്ടില്ലേ എനിക്കിനി എന്റെ ആ ഫൈസിനെ. അവളുടെ കണ്ണ് നിറഞ്ഞു ഒഴുകുന്നുണ്ടായിരുന്നു.

അവൻ തിരിഞ്ഞു കിടന്നു. അവളോട് അങ്ങനെ ഒന്നും പറയണമെന്ന് ആഗ്രഹിച്ചതല്ല. ആർക്കോ വേണ്ടിയെന്ന പോലുള്ള അവളുടെ ആക്റ്റിറ്റ്യുട് കണ്ടപ്പോൾ പറഞ്ഞു പോയതാ. അന്നും ഇന്നും ഇവൾക്ക് വേണ്ടി മാത്രമേ പ്രാർത്ഥിച്ചിട്ട് ഉള്ളൂ. അവൾ നോർമൽ ലൈഫിലേക്ക് തിരിച്ചു വരാനും അവൾക് മെൻസ്ട്രഷൻ ഉണ്ടാകാനും.....  ശഹിയുടെ കൂടെ ആയാലും സന്തോഷം ആയി ജീവിക്കുന്നത് കണ്ടാൽ മതി. അവന്റെ കണ്ണ് നിറഞ്ഞിരുന്നു.

കുറച്ചു കഴിഞ്ഞതും പില്ലോസ് ഒക്കെ നിലത്ത് എത്തിയിരുന്നു.... അവളുടെ കാൽ ദേഹത്തു വെച്ചു. അവളുടെ സാമിപ്യം അവൻ ആഗ്രഹിച്ചിരുന്നു. അത് കൊണ്ടു തന്നെ അവൻ തടഞ്ഞില്ല. അവൾ ഉറങ്ങിയിരുന്നില്ല. മനപ്പൂർവം ആയിരുന്നു അവൾ അങ്ങനെ ചെയ്തത്. അവന്റെ എതിർപ്പ് ഒന്നും കാണാഞ്ഞതും അവൾ അവനെ പിറകിലൂടെ കെട്ടിപിടിച്ചു കിടന്നു. അവൻ തിരിഞ്ഞു കിടന്നു നോക്കിയതും അവൾ നെഞ്ചിലേക്ക് തലവെച്ചു കിടന്നു . പരസ്പരം ഒരു സ്വാന്തനം രണ്ടു പേരും ആഗ്രഹിച്ചത് കൊണ്ടു തന്നെ രണ്ടാളും അങ്ങനെ തന്നെ കിടന്നു.

രാവിലെ ഉറക്കം ഉണർന്നു കണ്ണ് തുറന്നതും അവൻ ഞെട്ടി എഴുന്നേറ്റു. തന്റെ ദേഹത്തു ഉണ്ടായിരുന്ന കാൽ എടുത്തു മാറ്റി. അവൻ എഴുന്നേറ്റു ഇരുന്നു. തന്റെ ദേഹത്ത് കെട്ടിപിടിച്ച പോലെ കിടക്കുന്നത് ഷഹിയാണ് എന്ന് മനസ്സിലായതും അവൻ കണ്ണ് മിഴിച്ചു നോക്കി. ഇപ്പുറത്തു ഇജാസ്. ഇജാസിന്റെ കയ്യിൽ തലവെച്ചു ഇനു. ഒരു കൈകൊണ്ട് അവളെ ചേർത്ത് പിടിച്ചു കിടന്നിട്ട് ഉണ്ട്. സോഫയിൽ യാഷ്...,.. ഞാൻ ഇനി അവരെ വീട്ടിൽ ആണോ

കിടന്നത് അവൻ ചുറ്റും നോക്കി. സ്വന്തം റൂം തന്നെ. ഇവർ എന്തിനാ ഇവിടെ വന്നു കിടക്കുന്നെ..... ഇവരെപ്പോ വന്നു അവൻ കണ്ണും തുറിച്ചു അവരെ എല്ലാരേം നോക്കി താടിക്ക് കയ്യും കൊടുത്തു നോക്കി നിന്നു.

📚STORY BOARD📚

💔INVISIBLE LOVE 💔❤️

Love after💘 മാര്യേജ് Part 72(1)

എക്സ് ഹസ്ബൻഡ് ന്യൂ ഹസ്ബൻഡ് ആകാൻ പോകുന്നവനും ഒരേ ബെഡിൽ അവളോടൊപ്പം ഇടതും വലതും കിടന്നു ഉറങ്ങുന്നു ..... ലോകത്ത് നടക്കുന്ന കാര്യം ആണോ ഇത്.... മസ്സാണ് മോനെ സംഭവം അതും പറഞ്ഞു സമി ഇളിക്കുന്ന സ്മൈലി അയച്ചു കൊടുത്തു.

അവൻ കലിപ് സ്മൈലി തിരിച്ചു അയച്ചു നെറ്റ് ഓഫ് ആക്കി. അവനോട് പറഞ്ഞ എന്നെ വേണം തല്ലാൻ...... എന്നാലും ഇവർ എങ്ങനെ എന്റെ ബെഡിൽ എത്തി. അവൻ ശഹിയെ തന്നെ നോക്കി...

എന്തോ ഒരു വേദന പടർന്നു അവന്റെ നെഞ്ചിൽ..... അവനെ കുറ്റം പറയാൻ പറ്റില്ല. രണ്ടു വർഷം പ്രണയിച്ച എനിക്ക് ഇത്ര വേദന എങ്കിൽ വർഷങ്ങളോളം പ്രണയിച്ച ഇവന്റെ വേദന എന്തായിരിക്കും..... പെട്ടെന്ന് അവൻ ഓർത്തത് ഇന്നലെ എന്റെ നെഞ്ചിൽ ആണ് അവൾ ഉറങ്ങിയത്. ഇവൻ കണ്ടിട്ട് ഉണ്ടാകോ...... തെറ്റിദ്ധരിക്കോ......

ഭയ്യ എണീറ്റോ.....

യാഷിന്റെ ചോദ്യം കേട്ട് അവൻ നോക്കി.

ഇന്നലെ വന്നപ്പോ നല്ല ഉറക്കം ആയിരുന്നു

ശല്യം ചെയ്യാതെ ഇവിടെ വന്നു കിടന്നു.

ഫൈസ് ഒന്ന് ചിരിച്ചു. നിങ്ങൾ എപ്പോഴാ വന്നത്.....

ഭയ്യ ഉറങ്ങിയതും വന്നു. അവിടെ ഇജ്ജുക്ക ഇവളെ കാണാതെ വലിയ പട ആയിരുന്നു. അവിടെ വന്ന ശേഷം രണ്ടാളും ഒന്നിച്ചു തന്നെ ആയിരുന്നു. ഓഫീസിൽ പോലും ആരേലും വഴക്ക് പറഞ്ഞാലേ പോകു. എല്ലാർക്കും മിസ്സ് ചെയ്തു ജന്നയെ. ജന്ന ഇങ്ങോട്ട് വന്നപ്പോ ഒരു കാര്യം മനസ്സിലായി ഞങ്ങളെ സന്തോഷം മുഴുവൻ എടുത്തിട്ട ഇങ്ങോട്ട് വന്നെന്ന്.

ആ വീട് വരെ ഉറങ്ങിയ പോലെ ആണ് അവിടെ. ഇജുക്ക വരുന്ന കണ്ടപ്പോ ഷഹിക്ക പറഞ്ഞു ഞാൻ വരുന്നുന്ന്.... അല്ലെങ്കിലും ഇജുക്കന്റെ വാല.... എവിടെ പോയാലും പിറകിൽ കാണും. പിന്നെ ഞാൻ വാശി പിടിച്ചു കൂടെ പോന്നു. നദീംക്കാ പിന്നെ ഹണിമൂൺ പോയിരിക്ക. അല്ലെങ്കിൽ കക്ഷി വന്നേനെ.  ഇവിടെ എത്തിയപ്പോ ജന്ന ഉറങ്ങിയിട്ടില്ലരുന്നു ഒടുക്കത്തെ മിസ്സിംഗ് ആണ് ഭയ്യാ അവളെ ......

അവൻ ചിരിയോടെ ഇനുവിനെ നോക്കി. പൂച്ചകുഞ്ഞിനെ പോലെ ഇജുവിന്റെ കൂടെ കിടക്കുന്നുണ്ട്. ഇവളെ അടുത്തറിഞ്ഞ ആർക്കും പിരിയാൻ മനസ്സ് വരില്ല...... എന്റെ ഉമ്മാനെ പോലെയാണ് ഇനുവും...... അല്ല എന്റെ ഉമ്മാന്റെ സ്വഭാവം മുറിച്ചു വെച്ച പ്രകൃതം.

ആദ്യം കണ്ടപ്പോൾ ആകർഷിച്ചതും അവളുടെ ഇന്നസെൻസ് ആണ്.

ഭയ്യാ.... ഭയ്യക്ക് ഞങ്ങളുടെ കൂടെ അവിടേക്ക് വന്നൂടെ.... യാഷിന്റെ ചോദ്യം അവനെ ചിന്തകളിൽ നിന്നും ഉണർത്തി.

അത് ശരിയാവില്ലെടാ...... എന്റെ ലോകം ഇതാണ്. ഇവിടെ വിട്ടു എവിടേക്കും ഇല്ല. അതിപ്പോ താൽക്കാലികമാണെങ്കിലും

അവന്റെ മുഖം വാടി.  അതെന്താ ഞങ്ങളെ ബന്ധുക്കൾ ആയി കണ്ടൂടെ ഭയ്യക്ക്.

അവൻ ചിരിച്ചേ ഉള്ളൂ.....

ഇഷ്ടം അല്ലേ ഞങ്ങളെ..... എന്നെയും ഷഹിക്കയെയും അനിയൻ ആയി കണ്ടൂടെ....

ഫൈസിക്ക് വല്ലാത്ത വാത്സല്യം തോന്നി അവനോട്...... അനിയൻ ആയി തന്നെ കണ്ടോളാം..... അത് പോലെ തിരിച്ചും ഇക്കാക്ക ആയി കണ്ടോ..... പിന്നെ

ഇവിടെ നിങ്ങൾക്ക് എപ്പോ വേണേൽ വരാലോ എത്ര ദിവസം വേണേൽ താമസിക്കാം. സ്വന്തം വീട് പോലെ കരുതിക്കോ......അപ്പൊ പ്രശ്നം സോൾവ് ആയില്ലേ....

ഒട്ടകത്തിന് ഇടം കൊടുത്ത പോലെ ആകും മോനെ ..... പിന്നെ പിടിച്ച കിട്ടില്ല അതും പറഞ്ഞു ഷഹി എഴുന്നേറ്റു....

നല്ല ഉറക്കം ആയിരുന്നു അതോണ്ട് നൈറ്റ് ഡിസ്റ്റർബ്

ചെയ്യാൻ തോന്നിയില്ല. സോറി.....

അവൻ തിരിച്ചു പുഞ്ചിരിച്ചു

ഇജുക്ക പോണ്ടേ.... എഴുന്നേൽക്ക് അവൻ വിളിച്ചതും ഇജു എണീറ്റു.....

ടീ നീലക്കണ്ണി.... അവൻ വിളിച്ചതും ഇജു തടഞ്ഞു. അവൾ ഉറങ്ങിക്കോട്ടെ......

ഭയ്യാ ഇങ്ങേരെ സൂക്ഷിച്ചോ... ആദ്യം ജുനു ഇപ്പൊ ദാ ഇങ്ങേർ.... ഇ പെണ്ണിനെ എല്ലാരും കൂടെ വഷളാക്കി കൊല്ലും.

നീ പോടാ..... ഇജു അവനെ നോക്കി കണ്ണുരുട്ടി. എന്റെ മോള് രാവിലെ നാല് നാലരക്ക് എണീറ്റു നിസ്കരിച്ചു ഉറങ്ങുന്നതാ. നിന്നെ പോലെ പത്തുമണിക്ക് അല്ല എഴുന്നേൽക്കുന്നെ.

ഇന്ന് ഉറങ്ങി പോയതാരിക്കും.

ഫൈസ് എഴുന്നേറ്റു വാഷ് റൂമിലേക്ക് പോയി. അവർ എഴുന്നേറ്റു.

ഇജുവും എണീറ്റു ഫോൺ എടുത്തു ബാൽക്കണിയിലേക്ക് പോയി.

ടീ കുരിപ്പേ എണീറ്റെ..... നാണം ഇല്ലല്ലോ മണി പത്തായിട്ടും ഉറങ്ങാൻ...... വെറുതെ അല്ല ആ തള്ള അമ്മായിഅമ്മ പോര് ആയി വന്നത്..... ഷഹി അവളെ തട്ടി വിളിച്ചു......

ഒന്ന് പോയെ ശഹി എനിയ്ക്ക് ഉറക്കം വരുന്നു..... അവൾ ചിണുങ്ങി കൊണ്ടു തിരിഞ്ഞു കിടന്നു. അവൻ ഒറ്റചവിട്ട് ആയിരുന്നു പിന്നെ. അവൾ നിലത്തേക്ക് വീണു......

എന്റെ നടു....... നിന്നെ ഞാൻ ഇന്ന് കൊല്ലും പട്ടി...... അവൾ ദേഷ്യത്തോടെ പിടഞ്ഞു എണീറ്റതും ഒരു പൊട്ടിച്ചിരി കേട്ട് സ്റ്റക്ക് ആയി നിന്നു.... അവൾ തിരിഞ്ഞു നോക്കി ഫൈസ്..... അവന്റെ ചിരിയിൽ വീണ വേദന എവിടേക്കോ പോയി....

ചക്ക വീണത് പോലെ ഇല്ലാരുന്നോ ഭയ്യാ...

ശഹി ചിരിയോടെ അവളെ നോക്കി പറഞ്ഞു.

ഇതിനുള്ള പണി തന്നില്ലെങ്കിൽ എന്റെ പേര് മാറ്റി വിളിച്ചോ മാക്രി.....

നിന്ന് ഡയലോഗ് അടിക്കാതെ ചേട്ടന്മാർക്ക് ടീ എടുത്തു വാ മോളെ .....

പോയി നിന്റെ കെട്ടിയോളോട് പറയ് അലവലാതി......

അത് കെട്ട് കഴിഞ്ഞു പറഞ്ഞോളാം.... മോള് ചെല്ല് ഇക്കാക്ക അപ്പോഴേക്കും ഫ്രഷ് ആയി വരാവേ......

അവൾ എന്തോ തിരിച്ചു പറയാൻ പോയതും ഇജു കേറി വന്നു.

ജന്ന എനിക്ക് ഒരു ടീ....

എനിക്കും യാഷ് കൈ പൊക്കി....

എന്റെ കാര്യം മറക്കണ്ട...... ശഹി പറഞ്ഞു

സെർവന്റ് ഉണ്ട് അവർ കൊണ്ടു വന്നോളും..... ഇനുവിനു ഉണ്ടാക്കാൻ അറിയില്ലല്ലോ..... മാത്രം അല്ല അവൾക്ക് ചിലപ്പോൾ ഗ്യാസ് യൂസ് ചെയ്യാൻ പ്രോബ്ലം ഉണ്ടാകും...... ഫൈസിന്റെ മുഖത്ത് ഒരു ടെൻഷൻ ഇജാസ് കണ്ടു. അവന്ന് സന്തോഷം ആയിരുന്നു തോന്നിയത്. അവളെ കെയർ ഒക്കെ ഉണ്ട്

അവൾക്ക് ഇപ്പോൾ കുഴപ്പം ഇല്ല.... പഴയ....... അത് പറഞ്ഞതും ശഹി ഇജാസിന്റെ കാലിൽ ഒറ്റ ചവിട്ട്.

എന്റെ കാൽ പന്നി.... ശഹിയെ കലിപ്പോടെ നോക്കിയതും ശഹി മിണ്ടരുതെന്ന് പറഞ്ഞു.....

ഇജാസ് ഒന്നും തിരിയാതെ അവന്നെ നോക്കി.

ജന്നക്ക് ടീ ഇടാൻ പഠിപ്പിച്ചു കൊടുത്തിന് അതോണ്ട് പ്രോബ്ലം ഇല്ല. അവൾ ആണ് അവിടുന്ന് ഇജുക്കക്ക് ടീ കൊടുക്കൽ... ശഹി പറഞ്ഞു.

ശഹി ഇജുനെയും കൂട്ടി ബാൽക്കണിയിലേക്ക് പോയി.

അവൾ ഇപ്പൊ കൊണ്ടു വരാന്ന് പറഞ്ഞു പോകുമ്പോൾ ശഹിയെ നോക്കി പേടിപ്പിക്കുന്നുണ്ടായിരുന്നു. അത് കണ്ടതും യാഷ് ചിരിയോടെ ഫൈസിയെ നോക്കി.

ഈ തല്ല് അവിടെ എന്നും ഉള്ളതാ..... ഇജുക്കക്കും ഷാഹിക്കക്കും നാല് നേരം നിസ്കാരം ഉള്ളൂ. സുബ്ഹിക്ക് എണീക്കേ ഇല്ല. സുബ്ഹി ഇജുക്ക ജോഗിംഗ് പോകുമ്പോ എങ്കിലും നിസ്കരിക്കും ബാക്കിയും തോന്നുമ്പോ അത്രയും പോക്കാ രണ്ടും...... കുഴി മടിയന്മാർ...... ജന്ന വന്ന ശേഷം ആദ്യം മാറ്റിയത് ഈ മടിയാണ്. സുബ്ഹിക്ക് വെള്ളം ഒഴിച്ചും തല്ലിയും എഴുന്നേൽപ്പിക്കും തിരിച്ചു തല്ലാൻ പറ്റില്ല. ഇജുക്കക്ക് അവളെ മുഖം വാടിയ മതി അപ്പൊ കലിയിലകും. അതോണ്ട് ഷാഹിക്കാ നന്നായി കൃത്യം

ആയി എഴുന്നേറ്റോലും അല്ല അവൾ എഴുന്നേൽപ്പിക്കും. അതിന്ന് പകരം ആണ് ജന്നയുടെ ഈ ഉറക്കം അവനും കളയും.... ജന്ന പേടിച്ചു ഇജുക്കന്റെ കൂടെ കിടക്ക. ഉറക്കം വിട്ടൊരു കളി അവൾക്കും ഇല്ല. നല്ല രസ രണ്ടിന്റെയും തല്ല് കാണാൻ

ഫൈസിക്ക് അവരുടെ അടുപ്പം കണ്ടു ചെറിയ അസൂയ തോന്നാതിരുന്നില്ല.

കുറച്ചു കഴിഞ്ഞു ഇനു ടീ എടുത്തു വന്നു. ഫൈസിക്കും യാഷിനും കൊടുത്തു. എന്നിട്ടു ബാൽക്കണിയിലേക്ക് പോയി.

ഇജുക്ക ടീ കുടിച്ചു..... ശഹി വായിൽ വെച്ചതും അവളുടെ മെത്തേക്ക് ഒറ്റ ഒഴിക്കൽ ആയിരുന്നു.... അവൾ പ്രതീക്ഷിച്ച പോലെ തെന്നി മാറി.... പക്ഷേ ഫൈസിയുടെ ദേഹത്തു ആയിരുന്നു കൊണ്ടത്.....

ഐ ആം സോറി...... സോറി..... ശഹി തലയിൽ കൈ വെച്ചു.....

അവൾ പൊട്ടിപ്പൊട്ടിച്ചിരിക്കാൻ തുടങ്ങി. അത് കണ്ടു യാഷും...... ഫൈസിക്ക് ദേഷ്യം വന്നെങ്കിലും അവളെ ചിരി കണ്ടു ചെറു പുഞ്ചിരി അവന്റെ ചുണ്ടിലും

വിരിഞ്ഞു.

ഫൈസിയുടെ ചുണ്ടിൽ തട്ടിയ ചായ അവൻ ടെസ്റ്റ് ചെയ്തു നോക്കി.....

പഞ്ചസാര കുറവാണെങ്കിലും ഉപ്പും ചായപ്പൊടിയും നല്ലോണം ഉണ്ട്..... അവൻ പറഞ്ഞു.

ഇജു ദേഷ്യത്തോടെ ജന്ന....... എന്ന് അലറിയതും അവൾ ഫൈസിയുടെ പിറകിൽ നിന്നു.

എന്നെ ബെഡിൽ നിന്നും തള്ളിയിട്ടു അതാണ്.....

എന്നെ ഇന്നലെ കടിച്ചിട്ടല്ലേ....

ശഹി..... ഇജു വിളിച്ചതും അവൻ ഓടി.

പോകുന്ന പൊക്കിൽ ഫൈസിയുടെ കയ്യിലുള്ള ടീ വാങ്ങി....

ഞാൻ കുടിച്ച ബാക്കിയാണ്...

പകർച്ചവ്യാധി ഒന്നും ഇല്ലല്ലോ.....

ഫൈസി ഇല്ലെന്ന് തലയാട്ടി. ഉണ്ടേലും സാരമില്ല..... നിനക്ക് കൂട്ടായി വന്നോളാം അതും പറഞ്ഞു ടീ കുടിച്ചോണ്ട് പോയി.

ഇജുചെറു ചിരിയോടെ അവനെ നോക്കി.

എന്നെ തല്ലണ്ടമ്മാവാ ഞാൻ നന്നാകുല എന്ന ഐറ്റം ആണ്......  പറഞ്ഞിട്ട് കാര്യം ഇല്ല. പോയി ഡ്രസ്സ്‌ മാറ്റിയിട്ടു വാ.... പൊള്ളിയൊന്നും ഇല്ലല്ലോ.....

ഞാൻ ചൂട് കുറച്ചിന് ഇജുക്ക പൊള്ളില്ല അവൾ പിറകിൽ നിന്നും മെല്ലെ തല പുറത്തേക്ക് ഇട്ടു....

നിന്നെ ഞാൻ ഇന്ന്...... പറഞ്ഞു അവളെ പിടിക്കാൻ വന്നതും അവൾ ഫൈസിയെ പിറകിലൂടെ കെട്ടിപിടിച്ചു അവന്റെ പിറകിൽ ഒളിച്ചു.

അവന്ന് ശരീരം ആകെ കുളിരു കോരുന്ന പോലെ തോന്നി. അവൾ അവന്റെ പിറകിൽ തല ഇട്ടു ഉരസി.... ഇജുക്കക്ക് മുന്നിൽ ആക്കല്ലേ പറഞ്ഞു..... അവൻ മാസങ്ങൾക്കു ശേഷം മനസ്സറിഞ്ഞു പുഞ്ചിരിച്ചു...... പിന്നെ എന്തോ ഓർത്തപോലെ മുഖം കുനിഞ്ഞു.....

ഇജു പോയി അവൻ പറഞ്ഞു.... അവൾ അവനെ വിട്ടു..... അവൾക്കും അവന്നെ കെട്ടിപിടിച്ചപ്പോൾ വയറ്റിൽ നിന്നും ഉയർന്ന ബട്ടർഫ്ളൈസ് അടക്കി നിർത്താൻ പാട് പെടുകയാരുന്നു

💔INVISIBLE LOVE 💔❤️

Love after💘 മാര്യേജ് Part 72(2)

അവന്ന് ശരീരം ആകെ കുളിരു കോരുന്ന പോലെ തോന്നി. അവൾ അവന്റെ പിറകിൽ തല ഇട്ടു ഉരസി.... ഇജുക്കക്ക് മുന്നിൽ ആക്കല്ലേ പറഞ്ഞു..... അവൻ മാസങ്ങൾക്കു ശേഷം മനസ്സറിഞ്ഞു പുഞ്ചിരിച്ചു...... പിന്നെ എന്തോ ഓർത്തപോലെ മുഖം കുനിഞ്ഞു.....

ഇജു പോയി അവൻ പറഞ്ഞു.... അവൾ അവനെ വിട്ടു..... അവൾക്കും അവന്നെ കെട്ടിപിടിച്ചപ്പോൾ വയറ്റിൽ നിന്നും ഉയർന്ന ബട്ടർഫ്ളൈസ് അടക്കി നിർത്താൻ പാട് പെടുകയാരുന്നു

❤️❤️❤️❤️

അവൾ വന്നപ്പോ തൊട്ട് ഇതുവരെ ഉള്ളത് മൊത്തം ശഹിയോട് പറഞ്ഞു കൊടുത്തു

അവൻ ആലോചനയോടെ കുറച്ചു സമയം നിന്നു.

എല്ലാം ശരിയാവും. നിന്റെ സ്നേഹം കണ്ടില്ലെന്ന് നടിക്കാൻ അവന്ന് ആവില്ല.

അവൻ പഴയ ഫൈസ് ആകും ഞങ്ങൾ ആക്കും പോരെ.....

അവൾ വാടിയ ഒരു പുഞ്ചിരി ചുണ്ടിൽ വിരിഞ്ഞു.

പിന്നെ ഫൈസിന് നിനക്ക് ഇപ്പോ ചിന്ത ശേഷി

വന്നതൊന്നും അറിയില്ല.  ഇജുക്ക പറയാൻ വന്നാപ്പോ ഞാൻ തടഞ്ഞു നേരത്തെ.  അത് വെച്ച് ഒരു കളി കളിക്ക്.

എങ്ങനെ......

നീ ആ പഴയ ഇനു ആക്... ഒന്ന് ശ്രമിച്ചു നോക്ക്.... നിന്നോടുള്ള ഇഷ്ടം പുറത്ത് കൊണ്ടു വരാൻ... ഐ തിങ്ക് അവൻ നിന്നിൽ ഏറെ ഇഷ്ടപെട്ടത് ആ കുട്ടിക്കളി തന്നെ ആയിരിക്കും.... ഐ മീൻ പത്തു പൈസക്ക് വിവരം ഇല്ലാത്ത നിന്റെ മന്നബുദ്ധിതരം.....

പോടാ തെണ്ടീ...... അവൾ കൈ ചുരുട്ടി അവനെ അടിക്കാൻ നോക്കിയതും അവൻ ഒഴിഞ്ഞു മാറി ഓടി.

അവൾ ചെറു ചിരിയോടെ അകത്തേക്ക് വന്നു. മുകളിൽ നിന്നും ഇത് ഫൈസ് നോക്കി കാണുന്നുണ്ടായിരുന്നു. എനിക്ക് അവന്റെ കൂടെ കാണുമ്പോൾ നെഞ്ചിൽ എന്തൊക്കെയോ ഫീലിംഗ് ആണ്.....ആകെയൊരു അസ്വസ്ഥത. പക്ഷേ ശഹിക്ക് അങ്ങനെ ഒന്നും ഇല്ല അവൻ കൂൾ ആണ്...... അവളിൽ അത്ര വിശ്വാസം ആണോ അവന്ന്...... എപ്പോഴും രണ്ടുപേരും ഉടക്കത്തെരം ആണെങ്കിലും

അവർ തമ്മിൽ ഒരു നോട്ടം കൊണ്ടു പോലും മനസ്സിൽആക്കാൻ പറ്റുന്ന ആത്മബന്ധം അവന്ന് ഫീൽ ചെയ്തു. പക്ഷേ രണ്ടു പേരുടെയും കണ്ണുകളിലൂടെ പ്രവർത്തിയിലോ പ്രണയത്തിന്റെ ഒരു ഫീൽ അവന്ന് കാണാൻ പറ്റിയില്ല. ഇവൾ സന്തോഷം അഭിനയിക്കുന്നതാണോ ഇനി ശഹിയെ ഇഷ്ടം ആണെന്ന്...... ഇജുവിന്ന് വേണ്ടി കല്യാണത്തിന് സമ്മതിച്ചത് ആണോ..... അവൻ ഒരു നിമിഷം ഓർത്തു

അവർ എല്ലാരും  യാത്ര ചോദിച്ചു പോയി..... പോകാൻ നേരം ശഹി അവളെ അടുത്തേക്ക് വിളിച്ചു....

ഉപ്പയും ഉമ്മയും മരിച്ചപ്പോൾ പിന്നെ എല്ലാർക്കും അവനോട് സഹതാപം ആയിരുന്നു. സങ്കടത്തോടെയും സഹതാപത്തോടെയും ഉള്ള സ്നേഹം കാണുമ്പോൾ ആയിരുന്നു അവന്ന് ഏറ്റവും സങ്കടം. എല്ലായിടത്തും അവന്ന് ഉപ്പയില്ലല്ലോ ഉമ്മയില്ലല്ലോ..... പാവം..... അങ്ങനെയുള്ള ഓവർ ആയുള്ള സ്നേഹ പ്രകടനങ്ങൾ ഒക്കെ കണ്ടു മനസ്സ് മടുത്തു. ഓർമ്മകൾ കൂടുതൽ മുറിവേൽപ്പിച്ചു... തനിക്ക് ആരുമില്ലല്ലോന്നുള്ള ചിന്ത വന്നു.

വിഷദത്തിനു അടിമപ്പെട്ടു.അതിലെന്ന് ഉള്ള രക്ഷപെടൽ ആയിരുന്നു അവന്റെ കലിപ്പ് സ്വഭാവം..... ഈ കലിപ്പ് ഭാവം കാണുമ്പോൾ തന്നെ എല്ലാരും അകലം പാലിക്കും...... പിന്നെ പിന്നെ അവന്റെ സ്ഥായി ഭാവം തന്നെ കലിപ്പ് ആയി..... അവന്റെ ഉള്ളിലും കരയുന്നൊരു മനസ്സുണ്ടെന്ന് മനസ്സിലാക്കിയവർ ആണ് സമിയും ജുനുവും.... ജുനുവിനെ അറിയാലോ സമാധാനത്തിന്റെ വെള്ളരിപ്രാവ് ആണ്.... അവന്റെ കൂടെ കൂടിയാണ് നീ കണ്ട ഫൈസ് ആയത്.... ഇപ്പോൾ വീണ്ടും സങ്കടവും നിന്നോടുള്ള സ്നേഹവും നിന്നെ നഷ്ടപെട്ട വേദനയും എല്ലാം ആരും അറിയാതിരിക്കാൻ പുറത്ത് വരാതിരിക്കാൻ ആണ് ഈ കലിപ്പ്.... കലിപ്പ് കൊണ്ടു തടഞ്ഞു നിർത്തുന്ന ഈ മുഖം മൂടി നീ അഴിച്ചു മാറ്റി നിന്നോടുള്ള പ്രണയം തിരിച്ചു കൊണ്ടു വാ......

എന്നെ കൊണ്ടു പറ്റൊടാ അത്....

നിന്നെ കൊണ്ടേ പറ്റു .... നീയവന്ന് കാമുകിമാത്രം അല്ല അവന്റെ ഉമ്മാന്റെ പ്രതിരൂപം കൂടിയാണ്.അവന്റെ ഉമ്മാന്റെ സ്വഭാവഗുണങ്ങൾ ആണ് നിന്നിൽ അവൻ കണ്ട പ്രത്യേകത.നീയും

അറിഞ്ഞതല്ലേ ജുനുവിന്റെ ഡയറിയിലൂടെ അവന്റെ പ്രണയം.

നിന്നെ വെറുക്കാനൊന്നും അവന്ന് പറ്റില്ല.

സമാധാനം ആയിരിക്ക്. വേണ്ടാത്ത ടെൻഷൻ ഒന്നും വേണ്ട. പിന്നെ നീ ഒന്നും ചെയ്യണ്ട.... നീ നീയായി ഇരുന്നമതി അവൻ നിന്നിലേക്ക് തന്നെ മടങ്ങി വരും.....

അവൾക്ക് മനസ്സിന് ഒരു സമാധാനം തോന്നി അതൊക്കെ കേട്ടപ്പോൾ.

അപ്പൊ ഞങ്ങൾ പോക്കാ.... പിന്നെ ബാൽക്കണി അടക്കണ്ടെ..... റൊമാൻസ് തല്ക്കാലം ബെഡ്റൂമിൽ വേണ്ട. ഞങ്ങൾ മിസ്സ് ചെയ്ത കേറി വരും... ചുമ്മാ ഇജുക്കക്ക് എനിക്ക് സീൻ ആക്കരുത് പ്ളീച്......
അവൻ കണ്ണിറുക്കി കുസൃതി ചിരിയോടെ പറഞ്ഞു.

നീ പോടാ കൊരങ്ങാ.....

ഞാൻ കാര്യം പറഞ്ഞത. നിന്റെ ഇജുക്ക നിന്നെ കാണാതെ നിക്കുന്നു എനിക്ക് തോന്നുന്നില്ല.
ഇന്നലെ വൈകുന്നേരം വന്നിട്ട് രാത്രി മിസ്സ് ചെയ്യുന്നു പറഞ്ഞു ഇങ്ങോട്ട് വന്നില്ലേ..... ഇനിയും

പ്രതീക്ഷിക്കാം.

അവൾ ചെറു ചിരിയോടെ വരാൻ നോക്കിയതും ശഹി പിന്നിൽ നിന്നും ഒറ്റ തള്ള്. അവൾ മൂക്കും കുത്തി ഗാഡനിലെ പുല്ലിലേക്ക് വീണു. ചെടി നടാൻ മണ്ണെടുത്തു ചളിയും വെള്ളവും ഒക്കെ ആയി ഒരു കോലം ആയിരുന്നു അവിടെ. അവൾ അലറിക്കൊണ്ട് മാക്രി എന്ന് വിളിച്ചു എണീറ്റതും ശഹി കാറിൽ കേറി സ്റ്റാർട്ട് ചെയ്തിരുന്നു.

എനിക്ക് ചായ തന്നതിന്ന് കൂലിയാ..... അവൻ വിളിച്ചു പറഞ്ഞു.

ഫൈസ് സിറ്റൗട്ടിൽ നിന്ന് കേൾക്കുന്നില്ലെങ്കിലും എല്ലാം കാണുന്നുണ്ടായിരുന്നു.

അവളെ കോലം കണ്ടു അവൻ അടിമുടി നോക്കി. മുൻവശം മൊത്തം ചളിയാണ്. മുഖത്ത് നിന്നും ഒലിച്ചിറങ്ങിയ ചളിവെള്ളം താഴ്ന്നു ഇറങ്ങുന്നുണ്ട്. അവൻ ചിരിച്ചു പോയി പെട്ടെന്ന്. എത്ര അടക്കി വെച്ചിട്ടും ഒരു കളിയാക്കി ചിരി പുറത്ത് വന്നു.

ഷാഹിയോടുള്ള ദേഷ്യം മൊത്തം അവൾക്ക് അവനോട് തോന്നിയത്....

അവൾ അവനെ കെട്ടിപിടിച്ചു മുഖം നെഞ്ചിൽ ഉരസി. അവൻ കണ്ണ് മിഴിച്ചു ഞെട്ടലോടെ അവളെ നോക്കി. അവൾ കാൽ പൊന്തിച്ചു നിന്നു അവന്റെ കഴുത്തിലൂടെ കയ്യിട്ടു പിടിച്ചു. അവന്റെ മുഖത്തോടെ മുഖം ഉരസി. അവന്റെ ഹൃദയമിടിപ്പ് ഉയർന്നു ഇപ്പോൾ പൊട്ടിത്തെറിക്കുന്നു തോന്നി അവന്ന്. കണ്ണുകൾ മിഴിഞ്ഞു വന്നു..... അവൾ ഇപ്പുറത്തെ കവിളും മുഖം ഉരസി.... അവനിലൂടെ ഒരു വിറയൽ പടർന്നു കയറി. അവളും പെട്ടെന്ന് ചെയ്തു പോയതാണെങ്കിലും അവന്റെ ശ്വാസം അവളെ കഴുത്തിൽ തട്ടിയതും അവളിലെ പ്രണയവും പുറത്തേക്ക് വിരിയാൻ തുടങ്ങിയിരുന്നു. അവന്റെ കവിളിലൂടെ ഊർന്ന അവളുടെ മുഖം അവന്റെ കഴുത്തിൽ എത്തി നിന്നു. അവന്റെ

മനസ്സ് കൈ വിട്ടു. അല്ലെങ്കിലും അവളുടെ നോട്ടത്തിൽ സ്പർശത്തിൽ മാത്രമേ ശരീരവും മനസ്സ് കൈ വിടാർ ഉള്ളൂ. നിയന്ത്രിക്കാൻ പറ്റാതെ വരാറ് ഉള്ളൂ അവൻ അവനല്ലാതാവുന്നുള്ളു. അവൻ പോലും അറിയാതെ അവന്റെ കൈ അവളുടെ ഇടുപ്പിൽ അമർന്നു. അവൾ അവന്റെ പ്രവർത്തിയിൽ പെട്ടന്ന് ഞെട്ടി കഴുത്തിലെ പിടി വിട്ടെങ്കിലും അവൻ

അവളെ അവനോട് അടുപ്പിച്ചു പിടിച്ചിരുന്നു. അവന്റെ ശരീരത്തിൽ അവളുടെ ശരീരം അമർന്നു. ആ കണ്ണുകളിൽ തന്നോടുള്ള പഴയ പ്രണയം അവൾ കണ്ടു..... ആ നോട്ടം നേരിടാൻ ആവാതെ അവൾ അവന്റെ നെഞ്ചിൽ തല മുട്ടിച്ചു നിന്നു.... അവന്റെ ഹൃദയമിടിപ്പ് അവൾ അറിഞ്ഞു അവളുടെ ചുണ്ടുകൾ അവന്റെ നെഞ്ചിൽ അമർന്നു. അവൻ പെട്ടെന്ന് അവളെ പിടിവിട്ടു മ്മുഖത്തു കലിപ്പ് വന്നതും അവൾ നിഷ്കു ഭാവം ഇട്ടു നിന്നു

ഇപ്പൊ നല്ലോണം കളിയാക്കി ചിരിക്ക് ഫൈസ്ന്റെ മേലെയും ചളി ആയിട്ടുണ്ട് എന്ന് പറഞ്ഞു ചിരിയോടെ ഓടിപ്പോയി.

അവൻ നെഞ്ചിൽ കൈ വെച്ചു. എനിക്ക് തോന്നിയത് ആണോ അവൾ കിസ്സ് ചെയ്തത്. അവൻ ഞെട്ടലോടെ ഓർത്തു നോക്കി. പക്ഷേ അത് അംഗീകരിക്കാൻ കഴിയാതെ തോന്നൽ ആയിരിക്കും എന്നതിൽ എത്തി ചിന്ത. പിന്നെ അവൾ ചെയ്തത് മുന്പും ഇങ്ങനെ വികാരം ഇല്ലെങ്കിൽ അവൾ ചെയ്യുന്ന കുസൃതിയായി തോന്നി.

അവൻ ചെറു ചിരിയോടെ കവിളിൽ തലോടി. വീണ്ടും

ആഗ്രഹിച്ചിട്ട് തോറ്റു പോകുവല്ലോ എന്ന ചിന്തയിൽ മുഖം വലിഞ്ഞു മുറുകി. അവൾ ജന്നത് രാജകുമാരിയാണ്. ആർക്കും മോഹിക്കാൻ പോയിട്ട് നോക്കാൻ പോലും അർഹതയില്ല. ആ ചിന്ത അവനിൽ വേദന പടർത്തി. ശഹിയായി ജനിച്ചിരുന്നെകിൽ എന്ന് പോലും അവൻ ഓർത്തു പോയി.

❤️❤️❤️

ഇതൊക്കെ കണ്ടു അവരുടെ പിറകിൽ ഫൈസിന്റെ ഉമ്മയും ഉണ്ടായിരുന്നു. അവരുടെ കണ്ണിൽ ഊറിക്കൂടിയ കണ്ണുനീർ അവർ തുടച്ചു. അവർ തിരിഞ്ഞു നോക്കിയപ്പോൾ ഉപ്പയും അവിടെ ഉണ്ടായിരുന്നു.

ഇനിയെങ്കിലും സത്യം പറഞ്ഞൂടെ അവനോട്.അയാളുടെ വാക്കുകളിൽ ദയനീയത നിറഞ്ഞിരുന്നു.

അവന്റെ ജീവിതത്തിൽ അവൾ വേണ്ട. ഒന്നിനും പറ്റിയില്ലെങ്കിൽ ആ ഇജാസിനോട് പോയി സത്യം പറയും ഞാൻ. എല്ലാം അറിയുമ്പോൾ അവൻ തന്നെ അവളെ തിരിച്ചു കൊണ്ടു പൊക്കോളും.....,ഒരിക്കലും

ഫൈസിന് ഇനുവും ചേരാൻ പാടില്ല.  അതിന്ന് വേണ്ടി എന്ത് വേണേൽ ഞാൻ ചെയ്യും. അതും പറഞ്ഞു അവർ പോയി.

❤️❤️❤️

മുഖത്തും കഴുത്തിൽ ഉള്ള ചളി കഴുകി കളയാൻ ബാത്‌റൂമിലേക്ക് പോകാൻ നോക്കിയതും ബാത്‌റൂമിൽ നിന്നും ബാത്ത് ടവ്വൽ ഉടുത്തു തലയിൽ ടവ്വൽ കെട്ടി  ഇറങ്ങിവരുന്ന ഇനുവിനെ കണ്ടു തറഞ്ഞു നിന്നു. ഒരു വെണ്ണക്കൽ ശിൽപ്പം പോലെ തോന്നി അവന്ന്. നന്നായി നിറം വെച്ചിന് കുറച്ചു തടിക്കുകയും ചെയ്തിനെന്ന് അവന്ന് തോന്നി. മാറിന് മുകളിൽ കെട്ടി....... കാൽ മുട്ട് വരെ ഉള്ളൂ ടവ്വൽ...... മാറിന് മുകളിൽ ഉള്ള അവളുടെ മറുക് എടുത്തു കാണിക്കുന്നുണ്ടായിരുന്നു. മനസ്സ് പിടിച്ചിടത് നിൽക്കാതെ കണ്ണുകൾ അതിലേക്ക് പതിഞ്ഞു. പതിവ് പോലെ ശരിക്കും തലയൊന്നും തുവർത്താതെ വന്നത് കൊണ്ടു കഴുത്തിലൂടെ വെള്ളത്തുള്ളികൾ ഒലിച്ചിറങ്ങുന്നത് അവൻ കൗതുകത്തോടെ നോക്കി നിന്നു.

അവനെ അവൾ കണ്ടു. അവൾ മുഖം കോട്ടി

പറഞ്ഞത് കേട്ട് അവന്റെ കിളികൾ കൂടും കുടുക്കയും എടുത്തു രാജ്യം വിട്ടു തന്നെ പോയിരുന്നു........

......... തുടരും

💔INVISIBLE LOVE 💔❤️

Love after 💘marriage part 73

ബാത്റൂമിൽ നിന്നും ബാത്ത് ടവ്വൽ ഉടുത്തു തലയിൽ ടവ്വൽ കെട്ടി ഇറങ്ങിവരുന്ന ഇനുവിനെ കണ്ടു തറഞ്ഞു നിന്നു. ഒരു വെണ്ണക്കൽ ശിൽപ്പം പോലെ തോന്നി അവന്ന്. നന്നായി നിറം വെച്ചിന് കുറച്ചു തടിക്കുകയും ചെയ്തിനെന്ന് അവന്ന് തോന്നി. മാറിന് മുകളിൽ കെട്ടി....... കാൽ മുട്ട് വരെ ഉള്ളൂ ടവ്വൽ...... മാറിന് മുകളിൽ ഉള്ള അവളുടെ മറുക് എടുത്തു കാണിക്കുന്നുണ്ടായിരുന്നു. മനസ്സ് പിടിച്ചിടത് നിൽക്കാതെ കണ്ണുകൾ അതിലേക്ക് പതിഞ്ഞു. പതിവ് പോലെ ശരിക്കും തലയൊന്നും തുവർത്താതെ വന്നത് കൊണ്ടു കഴുത്തിലൂടെ വെള്ളത്തുള്ളികൾ ഒലിച്ചിറങ്ങുന്നത് അവൻ കൗതുകത്തോടെ നോക്കി നിന്നു.

അവനെ അവൾ കണ്ടു. അവൾ മുഖം കോട്ടി

പറഞ്ഞത് കേട്ട് അവന്റെ കിളികൾ കൂടും കുടുക്കയും എടുത്തു രാജ്യം വിട്ടു തന്നെ പോയിരുന്നു........

എന്നെ നോകിയെ ഇപ്പോൾ നന്നായിട്ട് ഇല്ലേ...... അവൾ അവന്റെ മുന്നിൽ വന്നു നിന്നു ചോദിച്ചു.

അവൻ ഉമിനീർ ഇറക്കി..... ഡബിൾ സൗണ്ടിൽ ഇടിക്കുന്ന ഹൃദയതെ കൈ വെച്ചു കൺട്രോൾ ചെയ്തു.

എന്ത് നന്നായിട്ടുണ്ടെന്ന നീ ചോദിച്ചേ. വിറയർന്ന ശബ്ദത്തിൽ അവൻ ചോദിച്ചു.

എന്നെ കണ്ടില്ലേ  ഇപ്പോൾ. രാവിലെ കുളിച്ചു മുടി ടവ്വൽ കൊണ്ടു കെട്ടിവെച്ചു. റൂമിൽ ഇപ്പോൾ വെള്ളം ആയില്ലല്ലോ..... ഞാൻ ഇപ്പോൾ ഫൈസ് പറഞ്ഞ പോലെ നല്ല കുട്ടി ആയില്ലേ അതും പറഞ്ഞു അവൾ തിരിഞ്ഞു നിലം മൊത്തം നോക്കി...... നോക്കിയേ നിലത്ത് വെള്ളം ഇല്ലല്ലോ.....

അവൻ മുഖം ഉയർത്തി നോക്കിയതും നഗ്നമായ പിൻപിൻകഴുത്തും നഗ്നമായ കാല്പാദവും ആകാരവടിവ് എടുത്തു കാണിച്ചതും അവന്റെ കണ്ണുകൾ വിടർന്നു. അവനിൽ ഉണരുന്ന മാറ്റങ്ങൾ

തടയാൻ കഴിയാതെ അവളെ അടുത്തേക്ക് ചെന്നു.

പിൻ കഴുത്തിൽ അവന്റെ ചുടു നിശ്വാസം തട്ടിയതും വിറയലോടെ തിരിഞ്ഞു നോക്കി.ഒരു നിശ്വാസത്തിന് അപ്പുറം ഫൈസിയെ കണ്ടതും അവളിൽ ഒരു വിറയൽ പടർന്നു കയറി..... അവന്റെ കൈ അവളുടെ ചുമലിലൂടെ ഓടിച്ചു കവിളിൽ തഴുകി മുടിയിൽ എത്തി.

അവൾ ഞെട്ടി പിടഞ്ഞു മാറാൻ നോക്കിയെങ്കിലും മറു കൈ കൊണ്ടു അവളെ അവനോട് ചേർത്ത് നിർത്തി. ഈ കോലത്തിൽ കാണാൻ അല്ലെങ്കിലും ഒടുക്കത്തെ മൊഞ്ചണ്.അവളുടെ ചെവിയിൽ പറഞ്ഞതും അവൾ പിടഞ്ഞു.

അവളുടെ മിഴികൾ അവളെ ദേഹത്തേക്ക് പതിഞ്ഞു.....

അലറി വിളിച്ചോണ്ട് ഫൈസിയെ തള്ളിമാറ്റി കൈകൊണ്ട് മാറ് മറച്ചു... പിന്നെ ബാത്റൂമിലേക്ക് ഓടിക്കയറി.....

അവൾ അവളെ നെറ്റിക്ക് തന്നെ രണ്ടു മൂന്ന് ഇടി ഇടിച്ചു..... അയ്യേ ഇനിയെങ്ങനെ ഫൈസിന്റെ മുന്നിൽ പോകും..... നാണക്കേട്...... അവന്റെ മുന്നിൽ

ഇപ്പോൾ ഡീസന്റ് ആയി കാണിക്കാനാ മുടിയൊക്കെ കെട്ടിവെച്ചു വല്യ ഗമയിൽ പോയത്...... എന്നിട്ടോ ഡ്രസ്സ് ഇടാൻ മറന്നു...... അവൾ നാണക്കേടോടെ മുഖം പൊത്തി...... അവന്റെ കൈകൾ പതിഞ്ഞ ത് ഓർത്തതും അവളിൽ രോമങ്ങൾ എഴുന്നേറ്റു നിന്നു ശരീരം കുളിരു കോരി.

എങ്ങനെയൊക്കെയോ ഡ്രസ്സ് ഇട്ടു മടിച്ചു മടിച്ചു പുറത്തിറങ്ങി.

അവന്റെ ചുണ്ടിൽ ചെറുചിരി വിരിഞ്ഞു. ആദ്യമേ നട്ട് ലൂസാണ്..... ഇപ്പോൾ എല്ലാ പിരിയും ലൂസ് ആയി. അവളെ ചോദ്യവും മുഖത്തെ നിഷ്കളങ്കതയും കണ്ടപ്പോൾ തന്നെ തോന്നിയത അവൾ മനഃപൂർവം വന്നതല്ല ആ കോലത്തിൽ എന്ന്..... എന്നിട്ടും മനസ്സ് നിയന്ത്രിക്കാൻ എനിക്ക് കഴിഞ്ഞില്ല. അവൻ മുടിയിൽ കൊരുത് പിടിച്ചു.

അവളെ കണ്ടിട്ടും കാണാത്ത പോലെ നിന്നു. ഓഫീസിൽ പോകാൻ ഉള്ളത് കൊണ്ടു വേഗം റെഡിയായി. അവൾ എന്റെ മുഖത്ത് നോക്കാതെ പരുങ്ങി കളിക്കുന്നത് കണ്ടെങ്കിലും മൈന്റ് ആക്കിയില്ല.

ഇനയാ.... അവൻ വിളിച്ചതും കയ്യുയർത്തി അവൾ തടഞ്ഞു.

എനിക്ക് ഒരബദ്ധം പറ്റിയത അക്കാര്യം പറയല്ലേ പ്ലീസ്...... കണ്ണടച്ച് ഒറ്റ ശ്വാസത്തിൽ പറഞ്ഞു.

മുഖത്ത് പുഞ്ചിരി വിരിഞ്ഞെങ്കിലും അത് മറച്ചു വെച്ചു ഗൗരവത്തിൽ പറഞ്ഞു. എന്റെ ഫോൺ റിങ് ചെയ്യുന്ന അതെടുത്തു താ ബെഡിൽ അതാ....

അവൾ ചമ്മലോടെ അവനെ നോക്കി. വീണ്ടും പ്ലിംഗ് ആയെങ്കിലും അത് പുറത്ത് കാണിക്കാതെ നിന്നു. ഫോൺ എടുത്തു കൊടുത്തു.

ആരാ.....

പേരില്ല നമ്പർ ആണ്.

അവൻ വാങ്ങി കാൾ എടുത്തു ലൗഡ് ഇട്ടു

ഡ്രസിങ് മേശയുടെ മുകളിൽ വെച്ചു ടൈ കെട്ടി കൊണ്ടു ഹലോ പറഞ്ഞു....

തെണ്ടി പട്ടി ചെറ്റ പിശാജ്.... നിന്നെ കയ്യിൽ കിട്ടിയ കൊല്ലും ഞാൻ കുരിപ്പേ ......

ഫോൺ എടുത്തതും ഒരു പെൺ വോയ്സിൽ

ഡയലോഗ് കേട്ട് അവളും അവനും ഒന്നിച്ചു ഞെട്ടി.

ഹു ഈസ് ദിസ്..... അവൻ കലിപ്പോടെ ചോദിച്ചു.

നിന്റെ അമ്മായിഅമ്മന്റെ നായർ...... അലവലാതി എന്റെ നമ്പർ സേവ് ചെയ്തില്ലേ...... നീയല്ലേ കോപ്പേ രാത്രി വരും ബാൽക്കണി ഡോർ അടക്കണ്ട പറഞ്ഞു വൈകുന്നേരം മെസ്സേജ് ഇട്ടത്....

അത് പറഞ്ഞതും അവൻ അവളെ നോക്കി ഇളിച്ചു കാണിച്ചു.ഫോൺ എടുത്തു ലൗഡ് ഓഫ് ആക്കി ചെവിയിൽ വെച്ചു.....

ഓഫീസിൽ നിന്നും വരാൻ ലെറ്റ് ആയി പൊന്നെ..... ക്ഷീണം കാരണം വന്നപാടെ ഉറങ്ങിപ്പോയി. സോറി.....

ഇന്ന് വരോ...... അതറിഞ്ഞിട്ട് വേണം ഡോർ ലോക്ക് ചെയ്യാൻ..... ഇന്നലെ അടക്കാതെ കിടന്നിട്ട് രാവിലെ അറിഞ്ഞത് കള്ളൻ കേറാത്ത ഭാഗ്യം....

സോറി മോളു..... ഞാൻ ഇന്ന് വന്നോളാം.

ഡോർ അടക്കണ്ട.  പിന്നെ നീ ഫുഡ് കഴിച്ചു കിടന്നോ എന്നെ കാത്തിരിക്കണ്ട.

നീ ഉറങ്ങിക്കോ ഞാൻ വന്നിട്ട് വിളിച്ചോളാം.....

അപ്പൊ നൈറ്റ് കാണാം ദേഷ്യത്തോടെ പറഞ്ഞു അവൾ ഫോൺ കട്ട് ചെയ്തു ....

ലൗഡ് ഓഫ് ആക്കിയെങ്കിലും അവൾ കേട്ടിരുന്നു മൊത്തം.....

ഇനു കണ്ണും മിഴിച്ചു അവന്നെ നോക്കി. മുഖം ഒക്കെ ദേഷ്യം വന്നു ചുവന്നു തുടുത്തിട്ട് ഉണ്ട്.

അതേതാ പെണ്ണ്.....

എന്റെ ഫ്രണ്ട് ആണ്..... അവൻ പറയാൻ ഇന്ട്രെസ്റ്റ് ഇല്ലാത്ത പോലെ പുരികം പൊക്കി  പറഞ്ഞു.

ഫ്രണ്ട്ന്റെ വീട്ടിൽ നട്ടപാതിരക്ക് ബാൽക്കണി വഴി പോകാ....

നിന്റെ ഇക്കാക്ക ഇന്നലെ വന്നത് ബാൽക്കണി വഴിയല്ലേ......

അതിന്ന് അവൾക്ക് ഉത്തരം മുട്ടി. അതെന്നെ കാണാൻ അല്ലേ

ഞാൻ അവളെ കാണാൻ പോകുന്നു.

രണ്ടും സെയിം......

എന്തിനാ കള്ളം പറഞ്ഞെ ഓഫീസിൽ ലേറ്റ്

ആയിന്നു.... ഇന്നലെ വൈകുന്നേരം മുതൽ ഫ്രീ ആയി ഇവിടെ ഇരുപ്പുണ്ടാരുന്നല്ലോ....

നിന്നെ ഒറ്റക്കാക്കി പോകാൻ പറ്റിയില്ല. അവൾ അതറിഞ്ഞാൽ എന്റെ കഴുത്തിനു മുകളിൽ തല കാണില്ല അതോണ്ട് കള്ളം പറഞ്ഞു.

ഇന്ന് എന്നെ ഒറ്റക്കാക്കി പോകോ അപ്പോൾ

യാഷ് വരും നൈറ്റ്..... അവൻ കൂട്ടിന് ഉണ്ടാവും ഇനിമുതൽ ...... പിന്നെ ഞാൻ രാവിലെ എത്തികൊള്ളാം......

അവൾക്ക് ദേഷ്യം വന്നിരുന്നു ഇത്രയും കേട്ടപ്പോൾ തന്നെ..

അവൾ അവന്റെ ഷർട്ടിൽ കുത്തിപിടിച്ചു.

ഫ്രണ്ട് ആയാലും ശരി ആരായാലും ശരി.

രാത്രി പോകണ്ട......

അവൻ ചെറു ചിരിയോടെ അവളെ കൈ വിടുവിച്ചു. ആ വീട്ടിൽ എനിക്ക് പ്രവേശനം ഇല്ല. അതോണ്ട് ആരും അറിയാതെ ബാൽക്കണി വഴി ചാടുന്നു.

അത്രേം ഉള്ളൂ കാര്യം. പിന്നെ ഞാൻ ഇന്ന് മുതൽ നൈറ്റ് ഉണ്ടാവില്ല. അവിടെ ആയിരിക്കും കിടത്തം

അതെന്താ.....

എനിക്ക് ഇഷ്ടം അല്ല നിന്റെ കൂടെ ഇവിടെ കിടക്കാൻ..... ഇന്നലെ ഉറങ്ങിപ്പോയോണ്ട......അല്ലേൽ പോയേനെ

അവൾ ഞെട്ടലോടെ അവിടെ തറച്ചു നിന്നു..... ഫൈസ്അവളെ കൂടെ ആണെന്നോ..... അവരുടെ സംസാരത്തിൽ നല്ല അടുപ്പം തോന്നുന്നുണ്ട്. ഇന്നലെ എന്റെ കൂടെ ആണെന്ന് പറയാൻ പോലും മടിച്ചു. എന്നേക്കാൾ വില അവൾക്കണോ...... ഇതായിരിക്കും എന്നോട് കാണിക്കുന്ന ദേഷ്യം....

നിന്റെ പ്ലാൻ എന്താ എന്റെ കൂടെ ഓഫീസിൽ വരുന്നോ അതോ കോളേജിലേക്കോ......

ഞാൻ ജന്നത്തിലേക്ക് പൊക്കോളാം. എനിക്ക് ഇവിടെ നിൽക്കണ്ട.

അതെന്താ പെട്ടന്ന് തിരിച്ചു പോകുന്നെ.

അവളൊന്നും മിണ്ടിയില്ല...... അവളെ കണ്ണൊക്കെ നിറഞ്ഞു കണ്ടു. ഇവൾക്ക് എന്താ പറ്റിയെ

പെട്ടെന്ന്....... പിന്നെ ചുണ്ടിൽ ഒരു ചിരിയൂറി. ആ പെണ്ണ് ഏതാന്ന് അറിയാഞ്ഞിട്ട് ആവും..... അല്ല ഡിവോഴ്സ് ആയ ഞാൻ വേറെ പെണ്ണിനെ നോക്കിയ ഇവൾക്കെന്താ അവൻ അവളെ ചുഴിഞ്ഞു നോക്കി....

അത് മാത്രം അല്ല ഇതൊക്കെ ചിന്തി ക്കാൻ മാത്രം കഴിവ് ഇവൾക്കുണ്ടോ......

എന്ന പെട്ടെന്ന് ഡ്രസ്സ് മാറി വാ....ഞാൻ ഡ്രോപ്പ് ചെയ്യാം.....

അവൾ അവളെ ബാഗ് എടുത്തു ആയിരുന്നു വന്നത്. ഞാൻ പോകുന്നതിന്നും തടയുന്നില്ലല്ലോ എന്നോർത്ത് അവൾക് നെഞ്ച് കീറിമുറിഞ്ഞു.അവൾ വേഗം ഇറങ്ങി. പോകുന്ന വഴിക്ക് രണ്ടാളും പരസ്പരം മിണ്ടിയില്ല. അവൾ പുറത്തേക്ക് നോക്കി നിന്നെ ഉള്ളൂ.

അവളെ ഇറക്കി അവിടെ കേറുകപോലും ചെയ്യാതെ അവൻ തിരിച്ചു പോയി.

❤️❤️❤️❤️

ഇജു ഹാളിൽ ഫോൺ നോക്കി

ഇരിക്കുന്നുണ്ടായിരുന്നു. അവൾ കരഞ്ഞോണ്ട് ഓടിപ്പോയി അവനെ കെട്ടിപിടിച്ചു. അവനും ആകെ വല്ലാതായി

എന്താടാ പറ്റിയെ...... അവളെ ചുമലിൽ തട്ടി ആശ്വസിപ്പിച്ചു കൊണ്ടു അവൻ ചോദിച്ചു. അവൾ കരച്ചിലിന്റെ വോളിയം കൂട്ടി അവന്റെ കഴുത്തിൽ മുഖം പൂഴ്ത്തി നിന്നു. ഷർട്ട് നനഞ്ഞു കുതിർന്നു......

അപ്പോഴേക്കും ഷാഹിയും വന്നു.

രണ്ടു പേരും മാറി മാറി ചോദിച്ചിട്ടും അവൾ മിണ്ടിയില്ല അവരെ നോക്കിയതും ഇല്ല.

ശഹി അവളെ പിടിച്ചു വലിച്ചു നേരെ നിർത്തി......

കാര്യം പറഞ്ഞിട്ട് കരയ് പോത്തേ.....

അവൻ കലിപ്പോടെ പറഞ്ഞു......

ഫൈസിന് വേറെ പെണ്ണുണ്ട്. അതോണ്ടാ എന്നോട് ചൂടാവുന്നെ.....

അവർ രണ്ടു പേരും ഞെട്ടലോടെ പരസ്പരം നോക്കി.

അവൾ കരഞ്ഞോണ്ട് തന്നെ മൊത്തം പറഞ്ഞു കൊടുത്തു.....

കേട്ടിട്ട് മൊത്തം റോങ് ആണ്. ബട്ട് ഫൈസ് അങ്ങനെ ചെയ്യില്ല എന്നാണ് എനിക്ക് തോന്നുന്നത്..... ശഹി ആലോചനയോടെ പറഞ്ഞു. ഇജാസ് അതിനോട് യോജിച്ചു....

നമുക്ക് അന്വേഷിച്ചു നോക്കാം...... മോള് കരയാതിരിക്ക്. എന്റെ മോളെ തന്നെ അവൻ കെട്ടും...... ഇജു അവളെ ചേർത്ത് പിടിച്ചു ആശ്വസിപ്പിച്ചു.

അവൾ കണ്ണ് തുടച്ചു...... മുഖത്ത് ചിരി വരുത്തി..... വേണ്ട ഇജുക്ക അവന്ന് അങ്ങനെ ഒരു ഇഷ്ടം ഉണ്ടെങ്കിൽ ആ കുട്ടിയുടെ തന്നെ സ്വന്തം ആയിക്കോട്ടെ.

നിക്ക് സങ്കടം ഒന്നും ഇല്ല..... എന്തായാലും

എന്നെപോലെ ഒന്നിനും കൊള്ളാത്ത പെണ്ണ് ആവില്ല അവൾ...... അതും പറഞ്ഞു മുഖം അമർത്തി തുടച്ചു ചിരിച്ചു കാണിച്ചു അകത്തേക്ക് പോയി.

സങ്കടം കാണിക്കാത്തത. സ്വയം അപകർഷത ബോധം ഉള്ളോണ്ട് ഇങ്ങനെ പറഞ്ഞത്. അവൻ വേറെ പെണ്ണിനെ നോക്കിയാലും അവൾ അങ്ങനെ പറയു..... പക്ഷേ അവൾ അവനെ

ആഗ്രഹിച്ചിട്ടുണ്ടെങ്കിൽ അവൾക്ക് തന്നെ കിട്ടിയിരിക്കണം. ഇനി മറ്റൊരു പെണ്ണ് അവന്റെ ജീവിതത്തിൽ വേണ്ട...... ഇജുവിന്റെ മുഖം വലിഞ്ഞു മുറുകിയിരുന്നു.

ഈ പ്രശ്നം ഞാൻ പരിഹരിച്ചോളാം. ഇജുക ഇടപെടേണ്ട പ്ലീസ്......

ഇജു ഒന്ന് മൂളി.. ശഹി അകത്തേക്ക് പോയി. വരുമ്പോൾ ഇനുവും കൂടെ ഉണ്ടായിരുന്നു...... അവൻ അവളെയും കൂട്ടി പുറത്തേക്ക് ഇറങ്ങി. കാറിൽ കേറിയതും അവൾ ശഹിയെ നോക്കി.

ഫൈസിന്റെ വീട്ടിലേക്ക് പോകുന്നെ..... അവളുടെ നോട്ടം കണ്ടു അവൻ പറഞ്ഞു

ഞാൻ പോകില്ല..... അവൾ ഇറങ്ങാൻ നോക്കിയതും അവൻ ലോക്ക് ചെയ്തു.

രണ്ടു ദിവസം അവിടെ നിന്നെ പറ്റു..... എനിക്ക് വേണ്ടി.....ശഹി കടുപ്പിച്ചു പറഞ്ഞതും അവൾ അറിയാതെ മൂളി. ദേഷ്യം പിടിച്ച കണ്ണ് കാണില്ല. ഇജുക്കയും ഫൈസ് ഒക്കെ പിറകിൽ നിൽക്കും അവന്റെ....... അവനൊന്നു ഉറപ്പിച്ചാൽ പിന്നെ അതിൽ നിന്നും ഒരു മാറ്റം ഇല്ലന്ന് അറിയുന്നൊണ്ട്

അവൾ പിന്നെ ഒന്നും പറഞ്ഞില്ല.

ഫൈസിയുടെ ഓഫീസിലേക്ക്  ആയിരുന്നു പോയത്. അവളെയും ശഹിയെയും പെട്ടെന്ന് കണ്ടപ്പോൾ അവനൊന്നു ഞെട്ടി.

നിങ്ങൾ എന്താ ഇവിടെ...... അവൻ ഇനുവിനെ നോക്കി മുഖം താഴ്ത്തി നിന്നത ഉള്ളൂ അവൾ. അവളെ സങ്കടം നിറഞ്ഞ മുഖം കണ്ടപ്പോൾ അവന്ന് പാവം തോന്നി.

ഞാൻ ഇവിടെ അടുത്തൊരു സ്ഥലം വരെ വന്നതാ...... ഇവൾ കൂടെ വന്നു. പിന്നെ ഇവിടെ ഡ്രോപ്പ് ചെയ്യന്നു കരുതി. ഫൈസ് വീട്ടിലേക്കു പോകുമ്പോൾ കൂട്ടിക്കോളു.......

ശഹിയുടെ കയ്യിൽ അവളുടെ നഖം ആഴ്ന്നിറങ്ങുന്നത് അവൻ കണ്ടു. ബാഗ് കെട്ടിയെടുത്തു പോയതാ.... തിരിച്ചു വന്നെങ്കിൽ ഇവർ നിർബന്ധിച്ചു ആവും.

അവൻ പിടി വിടുവിച്ചു. എന്നിട്ട് പോയി.

ഇനായ ഇരിക്ക്...... അവൻ പറഞ്ഞതും അവൾ മുൻപിൽ ഉള്ള ചെയറിൽ ഇരുന്നു. അവൾ ആ

ഇരുത്തത്തിൽ നിന്നും മുഖം ഉയർത്തി ഒന്ന് നോക്കിത് പോലും ഇല്ല. ഫോണിൽ കണ്ണ് നട്ട് ഇരുന്നു എന്തൊക്കെയോ നോക്കുന്നത് കണ്ടു അവന്റെ നോട്ടം മുഴുവൻ അവളിൽ ആയിരുന്നു. ഇന്ന് രാവിലെ വരെ ഉണ്ടായ കണ്ണുകളിലെ തിളക്കമോ മുഖത്തെ തെളിച്ചമോ ഇപ്പൊ ഇല്ല. സാധാരണ സ്വഭാവം ആണെങ്കിൽ വാ ഒന്ന് പൂട്ടുമോ എന്ന് ചോദിക്കണ്ട അവസ്ഥ ആണ്. അവനും അവളെ അങ്ങനെ കണ്ടപ്പോൾ വല്ലായ്മ തോന്നി.

അവൻ വിളിച്ചപ്പോഴാണ് മുഖം ഉയർത്തിയത്....... നമുക്ക് ഒരു ടീ കുടിച്ചിട്ട് വന്നാലോ.......അവൾ ഒന്നും പറയാതെ നിന്നു. അവൻ പോയതും പിറകെ അവൾ പോയി.  ഒരു ഐസ് ക്രീം പാർലർ ആയിരുന്നു നിർത്തിയത്. അവൾക്ക് ഒരു ചോക്ലേറ്റ് ഐസ് ക്രീം പറഞ്ഞു അവന്ന് ജ്യൂസ്..... എവിടെയും നോക്കാതെ അവൾ ഐസ് ക്രീം കഴിക്കുന്നത് കണ്ടു അവൻ മുഖം ചുളിച്ചു. അവൾക്ക് ഇഷ്ടം അല്ലാത്ത ഫ്ളവേർ ആണ് .അങ്ങനെ എങ്കിലും വാ തുറക്കുമോ എന്ന് നോക്കാൻ വാങ്ങിയതാണ്.

ജന്നത് രാജകുമാരി ആയപ്പോൾ ഇഷ്ടങ്ങൾ മാറിയോ.

എല്ലാർക്കും എപ്പോഴും ഇഷ്ടങ്ങൾ ഒന്നായിരിക്കില്ലല്ലോ. അവൾ മറുപടി പറഞ്ഞു.

അതിന്ന് അവൻ മറുപടി പറഞ്ഞില്ല . അപ്പോഴാണ് അവർ എന്തോ ശബ്ദം കേട്ടത് ആരോ ആയി ഒരു പെൺകുട്ടി പ്രോബ്ലം ഉണ്ടാക്കുന്നത് ആണ് . ഫൈസ് ഫോൺ എടുത്തു അത് റെക്കോർഡ് ചെയ്യുന്നതും അവളെ തന്നെ ചെറു ചിരിയോടെ നോക്കുന്നത് കണ്ടു അവൾ അങ്ങോട്ട് നോക്കി. അവളെ പ്രായം തന്നെ ഉള്ള ഒരു പെണ്ണ്. ജീൻസ് പാന്റ് ഷർട്ട് ആയിരുന്നു വേഷം. നല്ലോണം മേക്കപ്പ് ഇട്ടു വെളുപ്പിച്ച മുഖം. ചുണ്ടിൽ ആരെയും ആകർഷിക്കുന്ന റെഡ് കളർ ലിപ്സ്റ്റിക്..... കാണാൻ സുന്ദരി...... മുന്നിലുള്ള ചെറുക്കന്റെ കോളറയിൽ പിടിച്ചു മുഖത്തിട്ട് ഒന്ന് പൊട്ടിച്ചു. അവൻ തിരിച്ചു ഭീഷണിപെടുത്തി എന്തൊക്കെയോ പറഞ്ഞിട്ട് പോയി. ഫൈസിന്റെ മുഖത്ത് മാറിമാറി വരുന്ന മാറ്റങ്ങൾ അവൾ ശ്രദ്ധിക്കുന്നുണ്ടായിരുന്നു..... അവൾ ഇരുന്നു ഐസ് ക്രീം കുടിക്കുന്നത് ചെറു ചിരിയോടെ താടിക്ക് കയ്യും വെച്ചു നോക്കി ഇരിക്കുന്നുണ്ട് . അവൾക്ക് അത് കണ്ടു തൊണ്ടയിൽ പിടിച്ച പോലെ ആയി . ദേഷ്യവും സങ്കടവും കരച്ചിലും

വരുന്നുണ്ടായിരുന്നു എങ്കിലും അതടക്കി പിടിച്ചു.

ഫൈസ്ന് അറിയുന്ന പെൺ കുട്ടി ആണോ ... അവൾ മെല്ലെ ചോദിച്ചു ......

അവൻ നോട്ടം മാറ്റി ഇനുവിനെ നോക്കി.

അവൻ ഒന്ന് മൂളി......

എങ്ങനെ അറിയാ...... എന്താ പേര്......

റിസ മറിയം.......ഏജ്  20..... സ്റ്റഡിയിങ് ബാംഗ്ലൂർ..... ഹൈറ്റ് 5.3....... വെയിറ്റ്53.....  ബ്ലഡ് ഗ്രൂപ്പ് ബി പോസിറ്റീവ്..... ഇഷ്ടപെട്ട കളർ ബ്ലാക്ക്...... ഇഷ്ടപ്പെട്ട ഐസ് ക്രീം ചോക്ലേറ്റ്...... ഏറ്റവും ഇഷ്ടം ഫ്രണ്ട്സ് ആയി കറങ്ങിനടക്കൽ.......ഇനി വേറെന്തെങ്കിലും അറിയണോ

അവൾ കണ്ണ് മിഴിച്ചു അവനെ നോക്കി. ഫൈസിന്റെ ആരാ അവൾ......

അവന്റെ മുഖം വലിഞ്ഞു മുറുകുന്നതും ദേഷ്യം കൊണ്ടു മുഖം ചുവന്നു തുടുക്കുന്നത് അവൾ കണ്ടു. അവന്റെ നോട്ടം പോയിടത്തേക്ക് അവൾ നോക്കി. റിസയുടെ കയ്യിൽ ഒരുത്തൻ കേറിപ്പിടിച്ചിട്ട് ഉണ്ട്. ഫൈസിയുടെ നോട്ടം മൊത്തം അവളിൽ ആണ്.

പെട്ടന്ന് തന്നെ ഫൈസ് അവന്റെ ജ്യൂസ് വലിച്ചു കുടിച്ചു എന്നിട്ട് ഗ്ലാസ് അവളെ കയ്യിൽ പിടിച്ചവന്റെ നേർക്ക് എറിഞ്ഞു. കൃത്യം ആയി തലക്ക് തന്നെ കൊണ്ടു തകർന്നു വീണു. ഇനു ഞെട്ടിപ്പകച്ചു അവനെ നോക്കി. അപ്പോഴേക്കും അവരും ഫൈസിയെ നോക്കുന്നത് കണ്ടു. ഫൈസിയെ കണ്ടതും അവളുടെ മുഖം വിടരുന്നതും പുഞ്ചിരി വിരിയുന്നത് അവൾ ശ്രദ്ധിച്ചു.

ഫൈസ് അടുത്തേക്ക് പോയതും അവളുടെ കയ്യിൽ പിടിച്ചവന്റെ കൈ പിടിച്ചു പിറകോട്ടു തിരിച്ചു എല്ലുകൾ പൊട്ടുന്ന ശബ്ദം എല്ലാരും കേട്ടു. അവിടെ ഉണ്ടായിരുന്ന ഒരു ഗ്ലാസ് ടേബിളിലേക്ക് അവന്റെ തല ശക്തിയിൽ ഇടിച്ചു. തലപൊട്ടി ചോര ഒലിച്ചു കിടക്കുന്ന അവനെ കണ്ടു ഇനു പേടിയോടെ കണ്ണുകൾ ഇറുക്കെ പൂട്ടി. പിന്നെ ഒച്ചപ്പാട് ഒന്നും കേൾക്കാത്തൊണ്ട് മെല്ലെ കണ്ണ് തുറന്നു നോക്കിയപ്പോൾ കണ്ടു എല്ലാവരും നിലത്ത് നിന്ന് ഞരങ്ങുകകയും മൂളുകയും ചെയ്യുന്നത്.

നല്ലോണം പെരുമാറിയിട്ടുണ്ട്. അവൾക്ക് അവരെ കണ്ടപ്പോൾ പാവം തോന്നി. എന്നാലും ഈ പെണ്ണേത അവൾക്ക് വേണ്ടി തല്ല് ഉണ്ടാക്കിയത്

എന്തിനാ.....

ഇനുവും അങ്ങോട്ട് പോയി.....

റിസ..... ഇതാണ് ഇനായ മെഹവിഷ്.

ഓഹ്....എക്സ് വൈഫ് അവളുടെ മുഖത്ത് പുച്ഛവും വെറുപ്പും ഇനു കണ്ടു.

അപ്പോഴേക്കും അവളുടെ ഫ്രണ്ട്സ് അങ്ങോട്ട് വന്നു. ഫൈസ്നെ റിസ എല്ലാർക്കും പരിചയപെടുത്തുന്നത് കണ്ടു

അവൾ അവന്റെ കൈക്കുള്ളിലൂടെ കയ്യിട്ടു പിടിച്ചു ആയിരുന്നു നിന്നത്. അത് കണ്ടതും ഇനുവിന് കലികയറുന്നു ണ്ടായിരുന്നു. അവൻ തിരിച്ചു എല്ലാർക്കും കൈ കൊടുത്തു പരിജയപ്പെട്ടതും അവൾ പല്ല് കടിച്ചു കൊല്ലാനുള്ള ദേഷ്യത്തോടെ ഫൈസിയെ നോക്കി രസിച്ചു.....

സാറിന്റെ മാര്യേജ് കഴിഞ്ഞോ..... കൂട്ടത്തിൽ ഒരു പെണ്ണ് ചോദിച്ചു... ഫൈസ് എന്തോ മറുപടി പറയാൻ പോയതും റിസ പെട്ടെന്ന് പറഞ്ഞു.

ഇല്ല. സിംഗിൾ ആണ്

ഫൈസ് അത് അംഗീകരിച്ച പോലെ പുഞ്ചിരിച്ചേ

ഉള്ളൂ....

ഇനു അപ്പോൾ തന്നെ ഇറങ്ങിപ്പോയി.

ഫൈസ് അത് കണ്ടു പിറകെ പോയി.

കാറിൽ കേറിയതും അവൾ മടിയിൽ കൈ കുത്തി മുഖം കൈക്കുള്ളിൽ പൂഴ്ത്തി തല കുമ്പിട്ട് ഇരിക്കുന്നത് കണ്ടു.

ഇനു എന്താ പറ്റിയെ...... അവളോട് ആധിയോടെ ചോദിക്കുന്നത് കേട്ട് അവൾ തല ഉയർത്തി നോക്കി..... അവളുടെ കരഞ്ഞു കലങ്ങിയ കണ്ണുകൾ കണ്ടതും അവന്റെ മുഖത്ത് പേടിയും വേദനയും നിറയുന്നത് അവൾ കണ്ടു.

ചെറിയൊരു തലവേദന...... എന്നെ ഒന്ന് വീട്ടിൽ ഡ്രോപ്പ് ചെയ്യോ......

ആർ യൂ ഓക്കേ......

അവളൊന്നു മൂളിക്കൊണ്ട് കണ്ണടച്ച് സീറ്റിലേക്ക് ചാരി ഇരുന്നു.

അവൻ പിന്നെ ഒന്നും ചോദിച്ചില്ല. അവന്റെ മനസ്സിൽ തലവേദന എടുക്കുമ്പോൾ തന്റെ കഴുത്തിലേക്ക് മുഖം ചായ്ച്ചു കിടക്കുന്ന ഇനുവിനെ ഓർമ്മ വന്നു.....

അവന്റെ മനസ്സിൽ അത് നീറ്റലായി പടർന്നു.

വീട്ടിൽ എത്തിയതും അവൾ ബെഡിലേക്ക് വീണു..... കുറച്ചു കഴിഞ്ഞു അവൾ ഉറങ്ങിയെന്നു കണ്ടതും ഫൈസ് അവളുടെ അടുത്തേക്ക് പോയി അരികിൽ ഇരുന്നു. തലയിലൂടെ തലോടി അവളുടെ നെറുകയിൽ ചുംബിച്ചു. നിറഞ്ഞ കണ്ണുകൾ തുടച്ചു അവൻ എഴുന്നേറ്റു പോയി. പിന്നെ അവൻ ഓഫീസിലേക്ക് പോയില്ല. വൈകുന്നേരത്തോടെ യാഷ് വന്നു. ഇനു പിന്നെ അവന്റെ കൂടെ സംസാരിച്ചു ഒക്കെ ആകുന്നത് കണ്ടു. റംസിയെ കാണാൻ യാഷിന്റെ കൂടെ പോയി. ഫൈസിയോട് അവൾ ഒന്നും മിണ്ടിയില്ല. അവനും മിണ്ടാൻ പോയില്ല. യാഷ് മാത്രം രണ്ടാളോടും എന്തെന്നില്ലാതെ സംസാരിച്ചിരുന്നു. രണ്ടു പേരും മൗനത്തിന്റെ തീചൂളയിൽ ഉരുകിയൊലിച്ചു. ആ വേദന അവർ അവരുടെ മനസ്സിൽ അടക്കി നിർത്തി.

❤️❤️❤️

ശഹി മാളിൽ നിന്ന് ഇറങ്ങുമ്പോൾ ആയിരുന്നു ഒരു പെണ്ണ് ആയി കൂട്ടിയിടിച്ചത്..... അവളുടെ കയ്യിൽ ഉണ്ടായിരുന്ന കവറുകൾ മൊത്തം നിലത്തേക്ക്

വീണു. ജീൻസ് പാന്റ് ഷർട്ടും ഇട്ടു മോഡേൺ ആയ പെൺകുട്ടി. പുട്ടിയിൽ കുളിച്ചു നിൽക്കുന്ന മുഖം....

എവിടെയാടോ നോക്കി നടക്കുന്നെ

സോറി.... ധൃതിയിൽ കണ്ടില്ല.... അവൻ തന്നെ അതൊക്കെ നിലത്ത് നിന്നു എടുത്തു.

എങ്ങനെ കാണും.... തരം കിട്ടിയാൽ തട്ടനും മുട്ടാനും നടക്കയെല്ലേ..... എന്നിട്ട് ആളുകളെ ബോധിപ്പിക്കാൻ ഒരു സോറി പറച്ചിലും..... അവൾ ദേഷ്യത്തോടെയും പുച്ഛത്തോടെയും പറഞ്ഞു.

മൈൻഡ് യുവർ വെർഡ്സ്...... ശഹി ശബ്ദം ഉയർത്തി പറഞ്ഞു.

എന്താ ഒച്ച ഉയർത്തി സംസാരിച്ച പേടിക്കുമെന്നാണോ അവൾ അവന്റെ നേരെ ചീറി കൊണ്ടു കൈ ചൂണ്ടി.

അവന്റെ മുഖത്ത് ദേഷ്യം ഇരച്ചു കയറിയിരുന്നു.അപ്പോഴേക്കും ആൾക്കാർ കൂടിയിരുന്നു.....

അവൻ കയ്യിൽ ഉണ്ടായിരുന്ന കവർ എല്ലാം ദൂരേക്ക് വലിച്ചെറിഞ്ഞു. വേണേൽ പോയി പെറുക്കി

എടുക്കെടി പുല്ലേ...... താണ് തരുമ്പോ തലയിൽ കേറുന്നോ..... അവൻ കലിപ്പോടെ  പറഞ്ഞു.

ഐ വിൽ ഷോ യൂ.....ബ്ലഡി@#### അവൾ പറഞ്ഞു കഴിഞ്ഞതും അവന്റെ കൈ അവളുടെ കവിളിൽ പതിഞ്ഞിരുന്നു

അവൻ എല്ലാരേം തള്ളി മാറ്റി ഇറങ്ങിപ്പോയി. അവൾ കൈ കവിളിൽ വെച്ച് ഞെട്ടി പകച്ചു അവനെ നോക്കി നിന്നു.

❤️❤️❤️

നൈറ്റ് ഫുഡ് കഴിച്ചു റൂമിൽ എത്തിയതും അവൾ റൂമിലൂടെ അങ്ങോട്ടും ഇങ്ങോട്ടും വെരുകിനെ പോലെ നടന്നു. ഫൈസ് പോകല്ലേ..... ചുമ്മാ പറഞ്ഞത് ആകണേ അവൾ പ്രാർത്ഥിച്ചോണ്ട് ഇരുന്നു. കുറച്ചു കഴിഞ്ഞു ഡോർ തുറക്കുന്നത് കണ്ടു അവൾ പ്രതീക്ഷയോടെ നോക്കി. യാഷ്...

ഭയ്യാ എവിടെയോ പോകാനുണ്ട് വരാൻ ലേറ്റ് ആകും എന്നോട് ഇവിടെ കിടക്കാൻ പറഞ്ഞു എന്നും പറഞ്ഞു പോയി. യാഷ് സോഫയിൽ പോയി കിടന്നു.

പുറത്തേക്ക് വന്ന കണ്ണുനീർ ചീളുകൾ തൊണ്ടയിൽ

കുരുങ്ങി കിടന്നു. അവൾ യാഷിനെ ഒന്ന് നോക്കിയ ശേഷം ബെഡിൽ വന്നു കിടന്നു.
അനുസരണയില്ലാതെ അവളുടെ കണ്ണുകൾ നിറഞ്ഞൊഴുകി.

❤️❤️❤️❤️

രാവിലെ അലക്സ് കൊണ്ടു വന്ന ഫോട്ടോയിലേക്ക് ഇജാസ് ഒന്ന് നോക്കി.

റിസ മറിയം...... ഫുൾ ഡീറ്റെയിൽസ് ഉണ്ട്.

അവൻ അലക്സിനോട് പോകാൻ പറഞ്ഞു.

ശഹി അപ്പോഴേക്കും അങ്ങോട്ട് വന്നു.

ഇതാണ് ഫൈസി പറഞ്ഞ പെണ്ണ്. ഇന്നലെ നൈറ്റ് ഫൈസ് ആ വീട്ടിൽ ആയിരുന്നു.അഡ്രെസ്സ് ഉണ്ട്.... അവൻ ശഹിക്ക് നേരെ ഫോട്ടോ നീട്ടി.

ഇന്നലെ ഞാൻ ദേഷ്യം കയറി തല്ലിയ പെണ്ണ്. അവൻ ഞെട്ടലോടെ ഫോട്ടോയിലേക്ക് ഒന്നൂടി നോക്കി.

റിസ മറിയം...... അവന്റെ ചുണ്ടുകൾ മെല്ലെ മൊഴിഞ്ഞു.

📚STORY BOARD📚

❤️💔INVISIBLE LOVE 💔❤️

Love after 💘marriage story (part 74)

കെട്ടിയോന് അവിഹിതം ഉണ്ടാക്കി വന്നു മോങ്ങുന്നു.നിന്നെയൊക്കെ ഉണ്ടല്ലോ........ അവന്റെ പെങ്ങള പോരത്തെ അത്.ശഹി അവളെ തലക്ക് നോക്കി ഒരു ചൊട്ട് കൊടുത്തു.

നല്ലോണം വേദന എടുത്തെങ്കിലും പെങ്ങൾ എന്ന വാക്കിൽ അവളുടെ മുഖം വിടർന്നു.

സത്യം ആടീ...... സമിയുടെ അനിയത്തിയാ അത്..... ഇജു അവളെ തലയിലൂടെ തലോടി കൊണ്ടു പറഞ്ഞു.

അവൾ തിരിച്ചു ഇളിച്ചു കാണിച്ചു ശഹി പുച്ഛത്തോടെ മുഖം കോട്ടി.

എന്തിന നട്ടപാതിരക്ക് ബാൽക്കണി വഴി പോകുന്നെ. അതാണ് മനസ്സിൽ ആകാതെ ഇജാസ് ആലോചനയോടെ ചോദിച്ചു.

സമിക്കയും ഫൈസ് ദേഷ്യം ആണ്. സമികക്ക് ഞാൻ സേഫ് ആണ് ഡോണ്ട് വറി എന്നൊരു മെസ്സേജ് രണ്ടു ദിവസം കഴിഞ്ഞു അയച്ചത്. അതും ആരെയോ ഫോണിൽ നിന്ന്. പിന്നെ ഒരു കോൺടാക്ട് ഉണ്ടാരുന്നില്ല. നാട്ടിൽ വന്നപ്പോ ഫൈസ് അവിടെ പോയി. സമി പുറത്താക്കി വാതിൽ അടച്ചു. ഇനി ആ വീടിന്റെ പടി കേറരുത് എന്ന് പറഞ്ഞു പോലും പിന്നെ മിണ്ടൽ ഇല്ല. അതായിരിക്കും രാത്രി അവിടെ പോകുന്നെ..... എന്നോട് റംസിത പറഞ്ഞത ഇത്.

ബെസ്റ്റ്..... അല്ലേടി നിനക്ക് ഈ ഫാമിലിയിൽ ആരെയും അറിയില്ലേ.

എപ്പോഴും പ്രോബ്ലം അല്ലാരുന്നോ അതോണ്ട് എവിടെയും പോയിട്ട് ഇല്ല. സമിക്കാന്റെ വീട്ടിൽ പോയിരുന്നു. റിസയെ കണ്ടിട്ട് ഇല്ല ഇത് വരെ.(ഇനു )

ടാ ഇപ്പോഴാ ശരിക്കും പ്രോബ്ലം ആയെ. ഫൈസ് അറിഞ്ഞ പുലിവാൽ ആകുമല്ലോ. നീയെന്തിനാ അവളെ തല്ലാൻ പോയെ (ഇജു )

തല്ലാനോ..... എന്തിന് ഇനു കലിപ്പോടെ ശഹിയെ നോക്കി. അവൻ മൊത്തം പറഞ്ഞു കൊടുത്തു.

എന്നാലും തല്ലണ്ടാരുന്നു...... ഇനു സങ്കടത്തോടെ

പറഞ്ഞു.

അവളെ കണ്ടപ്പോൾ തന്നെ ചൊറിഞ്ഞു വന്നതാ. അതിന്റെ കൂടെ ചീത്ത വിളിച്ചപ്പോ തല്ലിപ്പോയി.... (. ശഹി )

ഫൈസ് മനപ്പൂർവം മാറി നില്കുന്നതാണ്.

നീ തനിച്ചവാതിരി  ക്കാൻ ആവും യാഷിന്റെസോപ്പിട്ടു പിടിച്ചത്. അതോണ്ട് ഞങ്ങളും യാഷ് ഇനി ഇങ്ങോട്ട് വരുന്നില്ല. ഒറ്റക്കാകുമ്പോൾ അവൻ നിന്നെ വിട്ടു നൈറ്റ് പോകില്ല.( ഇജു )

അല്ല ഇജുക്ക ഏതായാലും ഇവൾക്ക് ഫൈസിയെ വേണ്ടെന്ന് അല്ലേ പറഞ്ഞെ. നമുക്ക് ഇന്ന് തന്നെ പോകുമ്പോൾ ഇവളെ കൂട്ടിയാലോ( ശഹി )

ഞ്ഞ് എങ്ങും വരൂല....... അങ്ങനെയിപ്പോ ഒരുത്തിക്കും അവനെ കൊടുക്കാൻ പോകുന്നില്ല.....അതും പറഞ്ഞു മുഖം വീർപ്പിച്ചു അവൾ എണീറ്റുപോയി

അത് കണ്ടതും ശഹിയും ഇജുവും പരസ്പരം നോക്കി ചിരിച്ചു.

ഇനുവിനെ കണ്ടു സത്യം പറയാൻ അവിടേക്ക്

വന്നതാരുന്നു അയാൾ. ഫൈസ് ഉള്ളിൽ ഉള്ളോണ്ട് പുറത്തു ഗാഡനിലേക്ക് വിളിച്ചു വരുത്തി ആയിരുന്നു സംസാരിച്ചത്.

❤️❤️❤️

സമി റിസയുടെ കവിളിൽ മരുന്ന് വെച്ചു കൊടുക്കുന്ന ഉമ്മയെ നോക്കി കളിയാക്കി   ചിരിച്ചു.

നീയൊക്കെ ഒരു ബ്രോ ആണോടാ പരട്ടെ. അനിയത്തിയെ ഒരുത്തൻ തല്ലിയിട്ടും നോക്കി ചിരിക്കുന്നു . എന്റെ ഫൈസിക്കയെ കണ്ടു പടിക്ക് തല്ലിയവന്റെ കയ്യൊടിച്ചു മുന്നിൽ ഇട്ടു തരാന് ഇന്നലെ പ്രോമിസ് ഇട്ടിന്.

തല്ലിയവനെ മുന്നിൽ കണ്ട ഞാൻ കണ്ണും പൂട്ടി വിളിച്ചിരിക്കും അളിയാ ന്ന്. അവനാണ് നട്ടെല്ലുള്ള ആണ്....

നീയൊന്നും ആണല്ലേ അപ്പോൾ.... എന്റെ കൊച്ചിനെ തല്ലിയത് പോരാ എന്നിട്ടവനെ ന്യായീകരിക്കുന്നോ ഉമ്മ അവനോട് ചൂടായി.

എന്റെ പൊന്നുമ്മ ഇവൾ പറഞ്ഞത് മൊത്തം വെള്ളം തൊടാതെ വിഴുങ്ങാൻ ഞാൻ

പൊട്ടാനൊന്നും അല്ല. ഇവൾക്ക് ആണെന്ന് കേട്ടാലേ കലിപ്പാണ്. ഒറ്റ ഒരുത്തനെയും ഇവൾ വിലകൊടുക്കില്ല. മോശം ആയെ അവരോടൊക്കെ ബീഹെവ് ചെയ്യു. അതോണ്ട് തന്നെ ആണൊരുത്തൻ കൈ വെച്ചു. അതാണ് സംഭവിച്ചതും......

സത്യം ആണോടി...... ഉമ്മ അവളെ ചെവിയിൽ പിടിച്ചു തിരുമ്മി....

അവൾ തലയാട്ടി..... ഞാൻ ബാസ്റ്റട് എന്നെ വിളിച്ചുള്ളൂ....

അവൻ തിരിച്ചു തന്തക്ക് പിറന്നവൻ ആണെന്ന് കാണിച്ചു. ഇപ്പൊ എന്തുണ്ട് സമി ഉമ്മാനെ നോക്കി.

നിനക്ക് എന്തിന്റെ കേടാ മോളെ ഇത്.

അത് ചോദിക്കാൻ ഉണ്ടോ..... പത്താം ക്ലാസ്സിൽ വെച്ചു ഒരുത്തൻ നിന്നെക്കൾ ഭംഗി നിന്റെ ഫ്രണ്ട്നാണ്.നിനക്ക് നിറം ഇല്ല പറഞ്ഞു നൈസ് ആയി തേച്ചിട്ട് പോയി....... അന്ന് മുതൽ ആൺ വർഗ്ഗത്തെ തന്നെ വഞ്ചകൻ പട്ടം കൊടുത്തു. പുട്ടിയിൽ കുളിച്ചു ഉള്ള കോലം കളഞ്ഞു നടക്കുന്നു. ഇതിനൊക്കെ വളം വെക്കാൻ ആ മൊറങ്ങോടാൻ ഫൈസ്. അവന ആദ്യം കൊള്ളേണ്ടേ...... പിന്നെ

ആകെയൊരു ഗുണം എന്ന് വെച്ചാ കണ്ടവന്റെ കൂടെ പോകുന്നുള്ള പേടിയില്ലാതെ എനിക്ക് കഴിയാം.....

എല്ലാആണുങ്ങൾ കണക്കെന്നെ അത് മാത്രം സമ്മതിച്ചു തരില്ല.

ടീ എന്ത് മൊഞ്ചുണ്ടെടി നിന്നെകാണാൻ പിന്നെന്തിനാ ഈ ഒന്നരകിലോ പുട്ടി അടിക്കുന്നെ.

അതെ.....അത് എന്റെ ഇഷ്ടം....

എന്റെ ശമ്പളത്തിന്റെ പാതിയാ അത്. നല്ലോണം ദണ്ണം ഉണ്ടെടി അതിൽ...

അങ്ങ് സഹിച്ചോ .... സമിയുടെ പുറത്ത് രണ്ടു തല്ല് കൊടുത്തു അവൾ ഓടി.....ബാക്കി തല്ല് ആ കലിപ്പന് ഞാൻ കൊടുത്തോളം അവൾ വിളിച്ചു പറഞ്ഞു.

അതിന്ന് ഫൈസ് അവനെ ജീവനോടെ വിട്ടിട്ട് വേണ്ടേ...... ആരാണാവോ ആ ആണൊരുത്തൻ.....സമി ആത്മഗതം പറഞ്ഞു.

❤❤❤❤

ഫൈസ് റൂമിൽ ഫോൺ ചെയ്തു നിൽക്കുമ്പോൾ ആണ് ഇനു ഓടി വന്നു അവനെ കെട്ടിപിടിച്ചത്.

അവനെ ഒരു നിമിഷം എങ്കിലും തെറ്റിദ്ധരിച്ചതിന്ന് കുറ്റബോധം തോന്നി അവൾക്ക്. ഫൈസ് ഞെട്ടിപ്പകച്ചു അവളെ നോക്കി.

എന്താടാ പറ്റിയെ...... തലവേദന ഉണ്ടോ....

അപ്പോഴാ അവൾക്കും ഓടിയെ..... തലവേദന ആണെന്ന് പറയാം ഇല്ലെങ്കിൽ

കലിപ്പ് കാണേണ്ടി വരും. അവൾ എപ്പോഴത്തെയും പോലെ അവന്റെ തോളിലൂടെ കയ്യിട്ടു കഴുത്തിൽ മുഖം പൂഴ്ത്തി. അവന്ന് കെട്ടിപിടിക്കണം എന്നുണ്ടെങ്കിലും അവൻ കൈ താഴ്ത്തി.

അത് കണ്ടതും അവൾക്ക് വാശി തോന്നി.

അവൾ കഴുത്തിൽ മുഖം അമർത്തി. അവൻ ശ്വാസം വിടാതെ പിടിച്ചു നിന്നു. അവന്റെ കഴുത്തിൽ ചുണ്ടുകൾ ചേർത്തു.ശരീരത്തിലൂടെ മിന്നൽ പിണർ പോയ പോലെ തോന്നി അവന്ന്. അവൻ അവളെ കെട്ടിപിടിച്ചു അവനോട് ചേർത്ത് പിടിച്ചു. അവളുടെ ഹൃദയവും ശരീരവും അവനെ ആഗ്രഹിച്ച പോൽ അവന്റെ കഴുത്തിൽ മുഖം അമർത്തി അവനെ ഇറുക്കെ കെട്ടിപിടിച്ചു. അവന്ന് അവനെ തന്നെ നഷ്ടപ്പെടുന്ന് തോന്നിയതും അവൻ പിടിവിട്ടു. അവൾ

അപ്പോഴും പിടി വിടാതെ അങ്ങനെ നിന്നു.

ഫൈസ് അവളെ തട്ടി വിളിച്ചു.....

നല്ല വേദന ഉണ്ടോ ഹോസ്പിറ്റലിൽ പോണോ.....

അവൾ പിടിവിട്ടു. ഇപ്പൊ കുഴപ്പം ഇല്ല. താങ്ക്സ് അതും പറഞ്ഞു കവിളിൽ ഒരു കിസ്സ് കൊടുത്തു പുറത്തേക് ഓടി.

വാതിൽക്കൽ നിന്നു വിളിച്ചു പറഞ്ഞു. ഞാൻ ജന്നത്തിലേക്ക് പോകാണ്. നൈറ്റ് വരും. അല്ലേലെ എന്നെ പിക് ചെയ്യാൻ വരണേ പ്ലീസ്.....അതും പറഞ്ഞു ഒരു ഫ്ലൈ കിസ്സ് കൊടുത്തു അവൾ പോയി. അവൻ ചിരിയോടെ അത് നോക്കി.

❤❤❤❤

ജന്നത് മെൻഷൻ എല്ലാരും ഹാളിൽ ഒരുമിച്ചു കൂടി. എല്ലാവരും ഇനുവിനെ നോക്കി നിന്നു. അവളാണ് എല്ലാവരെയും വിളിച്ചു കൂട്ടിയത്.

ഇനിയെങ്കിലും ജാഡ ഇല്ലാതെ കാര്യം പറയ് കോപ്പേ..... ശഹി അവളെ നോക്കി കണ്ണുരുട്ടി മെല്ലെ പറഞ്ഞു.

എനിക്ക് റാനിയെ ബാബിയായി കൊണ്ടു വരണം......

എന്റെ ആഗ്രഹം ആണത്. ഇജുക്കന്റെ കല്യാണം ഉറപ്പിക്കണം.

അത്രയേ ഉള്ളോ..... ഈ ചെറിയ കാര്യത്തിന് ആണോ ഇങ്ങനെ ഒക്കെ ടെൻഷൻ. നമുക്ക് ആലോചനയുമായി പോകാം.... അമ്മിജാൻ തീർപ്പ് പറഞ്ഞു. ഇജു ഒന്നും മിണ്ടാതെ തലതാഴ്ത്തി നിന്നെ ഉള്ളൂ..... ഇനുവിന് വാക്ക് കൊടുത്തതാണ്  വിവാഹം കഴിക്കാന്ന്. റാനി ആയിരിക്കുന്നു കരുതിയില്ല.

ശഹി ഇനുവിനെ തന്നെ നോക്കി. പിന്നെ അവളെ പിടിച്ചു അവന്റെ അടുത്ത് ഇരുത്തി.

ശഹി അവളെ പിടിച്ചു നേരെ നിർത്തി. നിനക്ക് എന്താ സങ്കടം...... എന്തിനാ ടെൻഷൻ...... അവൻ അവളെ മുഖം ഉയർത്തി ചോദിച്ചതും എല്ലാവരും അവളെ നോക്കി.

അവൾക്ക് കുഴപ്പം ഒന്നും ഇല്ലല്ലോ..... ഇജു അവളെ നോക്കി പറഞ്ഞു.എന്തെങ്കിലും പ്രോബ്ലം ഉണ്ടോ മോളെ....ശഹി ഇജുവിന്ന് നേരെ കയ്യുയർത്തി സംസാരിക്കല്ലെന്ന് പറഞ്ഞു.

ഇനു കാര്യം പറ. ഞാൻ ഇല്ലേ കൂടെ അവലെ കൈ കൈക്കുള്ളിൽ വെച്ചു അവൻ ചോദിച്ചു.

റാനിക്ക് ഇഷ്ടം അല്ല ഈ കല്യാണത്തിന് അവൾ മുഖം കുനിച്ചു പറഞ്ഞു.

എല്ലാവരും അവളെയും ശഹിയെയും നോക്കി. ഒരു നോട്ടം കൊണ്ടു പോലും ഇനുവിന്റെ മനസ്സറിയാൻ കഴിയുന്ന ശഹിയെആയിരുന്നു അവർ അത്ഭുതത്തോടെ നോക്കിയത്. അന്നും ഇന്നും അവർക്ക് അത് ഒരു അത്ഭുതം തന്നെ ആയിരുന്നു. ഒരു സെക്കന്റ് കിട്ടിയ തല്ല് കൂടുമെങ്കിലും അവർക്ക് പരസ്പരം മനസ്സിലാക്കാൻ സംസാരം തന്നെ വേണ്ടായിരുന്നു.

ഇജുക്കക്ക് എന്താ കുറവ്..... അവളെ ഭാഗ്യം അല്ലേ നിന്റെ ബാബിയായി ഈ വീട്ടിലേക്ക് വരുന്നത്.

എന്റെ ഇക്ക ആയതാണ് അവൾ ഇജുക്കക്ക് കാണുന്ന ഏക കുറവ്. കൊന്നാലും ഈ വിവാഹത്തിന് സമ്മതിക്കില്ലെന്ന് പറഞ്ഞു. വീട്ടിൽ ആലോചന കൊണ്ടു പോയാൽ നാട് വിട്ടു പോകുന്നു പറഞ്ഞു. ഈ ആലോചന കൊണ്ടു ഇനി വന്ന എന്നോട് മിണ്ടില്ല പറഞ്ഞു.

ഇജു ഞെട്ടി എണീറ്റു അവളെ നോക്കി.

നിന്റെ ഇക്കയായത് കുറവ് ആണെന്ന് പറയുന്ന

പെണ്ണിനെ ആണോ എനിക്ക് വേണ്ടി കണ്ടു പിടിച്ചത് ദേഷ്യത്തോടെ ഇനുവിനെ നോക്കി ചോദിച്ചു.

എനിക്കവളെ തന്നെ ബാബി ആയി വേണം ഇനുവും ഷാട്യം പോലെ പറഞ്ഞു.

അവൾ സമ്മതിച്ചാലും ഞാൻ സമ്മതിക്കില്ല ഈ വിവാഹത്തിന്. ഇജുവും വാശി പോലെ പറഞ്ഞു.

അങ്ങനെ ആണേൽ ഞാനും വിവാഹത്തിന് സമ്മതിക്കില്ല നോക്കിക്കോ. അവൾ കണ്ണും നിറച്ചു തലയും കുനിച്ചു നിന്നു.

അതെന്താ നിന്റെ ഇക്കാക്ക് കുറവ്. നിന്റെ ബെസ്റ്റ് ഫ്രണ്ട് അല്ലേ.ഒരു വീട്ടിൽ കഴിയാലോ നിങ്ങൾക്ക്. അപ്പോൾ സന്തോഷിക്കല്ലേ വേണ്ടേ......( നദീം )

അവൾ മടിച്ചു നിന്നെങ്കിലും ശഹിയും നദീംമും നിർബന്ധം പിടിച്ചു പറയിപ്പിച്ചു

അവൾ പറഞ്ഞ കാര്യം കേട്ടതും ഇജാസ് കിളി പോയ പോലെ സോഫയിലേക്ക് ഇരുന്നു. വീണതാണോന്ന് പോലും തോന്നിപ്പിക്കുന്ന ഇരുത്തം കണ്ടു ഷഹിയിൽ നിന്നും തുടങ്ങിയ പൊട്ടിചിരി ആ ജന്നത് മെൻഷനിലെ എല്ലാവരിലേക്കും പടർന്നിരുന്നു........

ഇജു മെല്ലെ തല ഉയർത്തി ദയനീയമായി അവളെ നോക്കി.........

ആ നോട്ടത്തിന്റെ ഭാവം മനസ്സിലായ പോലെ യാഷ് പറഞ്ഞു......

വാഴ വെച്ച മതിയാരുന്നു അല്ലേ ഇജുക്ക

അവളെ പിക്ക് ചെയ്യാൻ  വന്ന ഫൈസ് ഇത് കേട്ട് പോയ കിളികളെ കൂട്ടിൽ കയറ്റാൻ പാട് പെട്ടു...... ഡൽഹിക്ക് പോകുന്നതിന്ന് മുൻപ് ജുനു പറഞ്ഞ വോയ്സ് അവന്റെ ഓർമയിൽ ഓടിയെത്തി. അവളോ ദുരന്തം...... അവളെക്കാൾ ഭൂലോക ദുരന്തം ആയിരുന്നു റാനിഎന്ന് മനസ്സിലാക്കാൻ വൈകിപ്പോയി..... ഇപ്പോഴാണ് അതിന്റെ അർത്ഥം മനസ്സിലായത്.

ഫൈസിന്റെ ചിരി പൊട്ടിച്ചിരി ആയി മുഴങ്ങിയതും എല്ലാവരും അവന്നെ നോക്കി. ഇനു ചമ്മലോടെ ശഹിയുടെ പിറകിൽ ആയി ഒളിച്ചു......

❤💔INVISIBLE LOVE 💔❤

Love after 💘marriage

പാർട്ട് 75

അവൾക്ക് ഇരട്ടകുട്ടികളെ പ്രസവിക്കാൻ പേടിയാ അതോണ്ട് കൊന്നാലും ഇജുക്കാനെ കെട്ടില്ല പറഞ്ഞു . എന്റെ ഇക്കാക്കാനെ കല്യാണം കഴിപ്പിച്ചു അവന്ന് കുട്ടികൾ ഉണ്ടാകാൻ എന്നും പ്രാർത്ഥിക്കും. അതും ഇരട്ടകുട്ടികൾ...... ഒരു പ്രസവത്തിൽ രണ്ടു കുട്ടി..... അങ്ങനെ അഞ്ചു പ്രാവശ്യം പ്രസവിച്ച പത്തു കുട്ടികൾ കിട്ടുമല്ലോ......അതിന്ന് വേണ്ടി എന്നും എല്ലാ പള്ളിയിലും പൈസ ഇട്ടു പ്രാർത്ഥിക്കും. എന്തൊക്കെ നേർച്ച ഉണ്ടോ അതൊക്കെ ചെയ്യും. പോരാത്തേന്ന് തഹജ്ജുദ് നിസ്കരിച്ചു പ്രാർത്ഥിക്കും..... രാത്രി രണ്ടു മണിക്കൊക്കെ എഴുന്നേറ്റു നിസ്കരിക്കും

എന്നിട്ട് പ്രാർത്ഥിക്കും എനിക്ക് വേണ്ടി അവളും ചെയ്യും ഇങ്ങനെ ഒക്കെ. ഇപ്പൊ കല്യാണക്കാര്യം പറയുമ്പോ പറയാ ഞാൻ കെട്ടില്ല. നിന്റെ പ്രാർത്ഥന എല്ലാം ഫലിക്കാർ ഉണ്ട്. ഇതും ഫലിക്കും..... എനിക്ക് ഇരട്ട കുട്ടികൾ ഉണ്ടാകും. അതും പത്തു കുട്ടികൾ എന്ന്..... ഞാൻ കുറെ പറഞ്ഞു നോക്കി അവൾ സമ്മതിക്കുന്നില്ല. അവളെ വീട്ടിലും പറഞ്ഞു.... എന്നിട്ടും സമ്മതം അല്ലെന്ന് പറഞ്ഞു...... അവൾ ഉറപ്പിച്ചു പറയാ നിന്റെ ഇക്കാക്കക്ക് എന്ന

പ്രാർത്ഥിക്കാർ അപ്പൊ അത് ജുനു മാത്രം അല്ല ഇജുക്കയും പെടുന്ന്. ഇജുക്കനെ കേട്ടുന്നതിനേക്കാൾ ഭേദം പോയി ചാവുന്നതാന്ന്.

എല്ലാരും ചിരി കടിച്ചമർത്തി പിടിച്ചു നിയന്ത്രിക്കാൻ നോക്കി.....

ഒന്ന് ട്രൈ ചെയ്തു നോക്കെടി ഈ വഴി. ഒരു പ്രസവത്തിൽ രണ്ടു കുട്ടികൾ. അപ്പൊ ഒരിക്കലേ പ്രഗ്നൻറ് ആവണ്ടു. നിനക്ക് രണ്ടു കുട്ടിയല്ലേ വേണ്ടു.ശദ ഷാനുന്റെ ചെവിയിൽ പറഞ്ഞു.

നല്ല ഐഡിയ ആണ് അല്ലേ...... ഷാനു പറഞ്ഞു.അല്ല ശരിക്കും ഇരട്ടകുട്ടി ഉണ്ടാവോ ഇങ്ങനെ ചെയ്താൽ....... ഷാനയുടെ ആത്മഗതം കുറച്ചു കൂടുതൽ ശബ്ദം ഉണ്ടായൊണ്ട് ഒന്നടങ്ങിയ പൊട്ടിച്ചിരി വീണ്ടും ഉയർത്തി.

ഇനു മെല്ലെ ശഹിയുടെ പുറകിൽ നിന്നും ആമ തലയിടുന്ന പോലെ തല പുറത്തേക്ക് ഇട്ടു ഫൈസിയെ നോക്കി.

അവന്റെ മുഖത്തെ ചിരി കാണാൻ ഒടുക്കത്തെ മൊഞ്ചാണ്...... തന്റെ പൊട്ടത്തരം കേട്ട് ആണെങ്കിലും അവൻ ചിരിക്കുന്നുണ്ടല്ലോ......

ഫൈസിയുടെയും അവളുടെയും നോട്ടം ഇടഞ്ഞതും അവൾ പിടപ്പോടെ നോട്ടം താഴ്ത്തി.

അപ്പൊ ഇജുക്കക്ക് പത്തു കുട്ടികൾ. ജൂനുക്കക്ക് പത്തു.... നദീക്ക നിനക്ക് ഇക്കാക്ക എന്ന് പ്രാർത്ഥിച്ചോണ്ട് കിട്ടാൻ ചാൻസ് ഉണ്ട്. നമുക്ക് സ്വന്തം ആയി സ്കൂൾ തുടങ്ങാം അല്ലെ ഇജുക്ക ശഹിപൊട്ടി ചിരിച്ചോണ്ട് ഇജുക്കയെ നോക്കി പറഞ്ഞു.

മൂപ്പർ മാത്രം ഇത്രയും നേരം കിളി പോയ പോലെ നിന്നെങ്കിലും പെട്ടെന്ന് പൊട്ടിച്ചിരിച്ചു..... അത് കൂടി കണ്ടതും അവൾക്ക് ചമ്മൽ മാറി സങ്കടം വന്നു. അവൾ ഇജുക്കന്റെ താഴേ പോയി ഇരുന്നു. അവന്റെ കാലിന് മുകളിൽ തലവെച്ചു കിടന്നു.

സോറി ഇജുക്ക അന്ന് ബുദ്ധി ഇല്ലാത്തോണ്ട് ചെയ്തതാ. എനിക്ക് കുഞ്ഞുങ്ങളെ ഒരുപാട് ഇഷ്ട്ടം ആണ്. അവരെ കളിപ്പിക്കുക, ഫുഡ് കൊടുക്കുക, ഒരുക്കി കൊടുക്കുക...... എന്ത് രസം ആയിരിക്കും അല്ലേ.... പക്ഷേ ജുനുവിന് ഇഷ്ട്ടം അല്ല ഞാൻ കുഞ്ഞുങ്ങളെ നോക്കുന്നത് എടുക്കുന്നതൊന്നും..... അവനും കുട്ടികളെ നോക്കില്ല..... എന്നേം വിടില്ല.

കുട്ടികൾ ഉള്ള വീട്ടിലും വിടില്ല. ഒരിക്കൽ റാനിയുടെ ഇത്തന്റെ കൂടെ ക്ലിനിക്കിൽ പോയപ്പോഴാ അവിടെ കുട്ടികളെ ക്ലിനിക്ക് ആണെന്ന് മനസ്സിലായെ.... ഞാൻ അവിടെ റാനിന്റെ കൂടെ പോണം ന്ന് കരഞ്ഞു ബഹളം വെച്ചപ്പോ ജുനു വിട്ടു. പക്ഷേ എല്ലാർക്കും പേടിയാ കുട്ടികളെ നോക്കുന്നത്. സ്വർണ്ണം മോഷ്ടിക്കോ കുട്ടിനെ പിടിച്ചോണ്ട് പോകോ അങ്ങനെ ഒക്കെ അപ്പൊ സങ്കടം വരും.... അതോണ്ടാ കുട്ടി ഉണ്ടാകാൻ പ്രാർത്ഥിക്കാൻ തുടങ്ങിയെ..... അന്ന് അറിഞ്ഞിരുന്നില്ല എനിക്ക് കുട്ടി ഉണ്ടാകില്ലെന്ന് അറിഞ്ഞോണ്ട് ഞാൻ സങ്കടപെടാതിരിക്കാനാ ജുനു കുട്ടികളെ എന്നിൽ നിന്നും അകറ്റുന്നെന്ന്.... പാവം അവനും ചെറിയ കുഞ്ഞുങ്ങളെ അടുത്ത് പോലും പോകില്ല. എന്നും കുറ്റം പറയും നോക്കാൻ പാടാണ്...... കുട്ടികൾ ഉണ്ടാവാതെ നല്ലെന്ന് എന്നൊക്കെ. എന്നിലെ കുറവ് ഞാൻ അറിയണ്ട കരുതിക്കാനും...... എനിക്ക് സങ്കടം വന്നൊണ്ട അങ്ങനെ ഒക്കെ ചെയ്തേ.... എനിക്ക് സങ്കടം വരുന്നോണ്ട് റാനിയും എനിക്ക് വേണ്ടി പ്രാർത്ഥിച്ചേ......  കുഞ്ഞുങ്ങൾ ശരിക്കും പടച്ചോന് തരുന്നതല്ലേ...... ഇഷ്ടപെട്ടർക്കേ കൊടുക്കു അല്ലേ......

അത് പറയുമ്പോൾ അവളുടെ വാക്കുകൾ ഇടറി കണ്ണ് നിറഞ്ഞിരുന്നു. എനിക്ക് റാനിയെ ബാബി ആയി വേണം ഇജ്ജുക്ക. അവളാകുമ്പോ എനിക്കും നിങ്ങളെ കുഞ്ഞുങ്ങളെ നോക്കാലോ..... അവൾ എന്നെ കുഞ്ഞിനെ എടുക്കാതിരിക്കാൻ ഒന്നും വിടാതിരിക്കില്ല. എന്നെ മനസ്സിലാക്കാൻ അവൾക്ക് പറ്റും..... ഇജ്ജുക്ക അവളോട് പറയ് ഇരട്ട പ്രസവിക്കില്ലാന്ന്.  അവൾ പറയുന്ന പോലെ ഞാൻ മാലാഖ കുട്ടി ഒന്നും അല്ല..... പടച്ചോൻ ഇഷ്ടം അല്ലാത്ത ജന്മം ആണ്.... എന്റെ പ്രാർത്ഥന ഒന്നും നടക്കില്ലന്ന്...... ഒന്ന് പറഞ്ഞു മനസ്സിലാക്കോ അവളെ. നിറഞ്ഞ കണ്ണുകൾ ഇജ്ജു കാണാതിരിക്കാൻ അവൾ മടിയിൽ മുഖം പൂഴ്ത്തി.

എല്ലാവരും ഇപ്രാവശ്യം ചിരി പോയിട്ട് മിണ്ടാൻ തന്നെ മറന്നു. നിറഞ്ഞ കണ്ണുകൾ തുടച്ചു..... ഈ ലോകത്ത് വാങ്ങാൻ കിട്ടുന്ന ഒന്നായിരുന്നെങ്കിൽ ജീവൻ കൊടുത്തും അവൾക്ക് കൊടുക്കുമായിരുന്നു. അത്രയേറെ അവിടുള്ളവർ അവളെ സ്നേഹിക്കുന്നുണ്ടായിരുന്നു. ഫൈസിന് അവളെ മാറോടണച്ചു പിടിക്കണം എന്ന് പോലും തോന്നി.

ഇജ്ജു അവളെ തലക്ക് മുകളിൽ തല വെച്ചു അവളെ

ചെവിയിൽ എന്തോ പറയുന്നത് എല്ലാരും കണ്ടു. അവൾ ചാടി എണീറ്റു..... അവന്നെ കെട്ടിപിടിച്ചു കവിളിൽ കിസ്സ് കൊടുത്തു..... അവളെ മുഖത്തെ സന്തോഷം കണ്ടതും എല്ലാവരെയും മുഖം തെളിഞ്ഞു.....

അപ്പൊ ഇജുക്കന്റെ കല്യാണം റാനിയുമായി ഉറപ്പിച്ച വിവരം സന്തോഷപൂർവ്വം ഞാൻ അറിയിച്ചു കൊള്ളുന്നു. ശഹി കൈകൊട്ടി പറഞ്ഞു.

അത് നിന്നോട് ആര് പറഞ്ഞു..... അമ്മിജാൻ അവനെ നോക്കി.

അതാരും പറയണ്ട അമ്മിജാനേ എന്റെ ഇനുന്റെ മോന്തയിലെ സന്തോഷം കണ്ട പോരെ......

അവൾ നോക്കിചിരിച്ചു..... കൂടെ ഇജുവും അതോടെ എല്ലാവരും ഹാപ്പി ആയി.

ഫൈസ് നോക്കി കാണുകയാരുന്നു അവരെയെല്ലാം..... ഇനുവിലൂടെ ജീവിക്കുന്ന ഒരു കുടുംബം അങ്ങനെയാണ് അവന്ന് തോന്നിയത്. അവളെ സന്തോഷം അവരുടെ സന്തോഷം അവളുടെ ദുഃഖം അവരുടെയും. അവളുടെ മുഖം നോക്കി മനസ്സറിയുന്ന ശഹി...... താൻ ആണ് അവിടെ ഒരു

അതികപറ്റ് എന്ന് തോന്നി അവന്ന്. താൻ അവളെ ഡിവോഴ്സ് ചെയ്യുന്നതാണ് അവർക്ക് വേണ്ടി ചെയ്യാൻ പറ്റുന്ന സഹായം. ഞാൻ ഒരാളെ വേദനിക്കു..... എന്നാൽ അവളിലൂടെ ഒരു കുടുംബം മുഴുവനും വേദനിക്കും......

❤️❤️❤️❤️

അമ്മിജാൻ വന്നു ഫൈസിന്റെ കൈ പിടിച്ചു ഡയിനിങ് ഹാളിലേക്ക് നടന്നു. അവന്ന് തടയാൻ തോന്നിയില്ല. അവിടെ ഇരുത്തിയ ശേഷം ഫുഡ് ഒക്കെ വിളമ്പി കൊടുത്തു .

ഞാൻ ഫുഡ് കഴിച്ചത് ആണ്.... അവൻ മെല്ലെ എഴുന്നേൽക്കാൻ നോക്കി.

മോൻ ഇനുവിനെ കൂട്ടാൻ വരുന്നു അറിഞ്ഞു വെയിറ്റ് ചെയ്തു ഇരിക്കരുന്നു.

കുറച്ചു കഴിച്ചിട്ട് പോകാം......

അവനും ആകെ വല്ലാതായി. അവിടെ നിൽക്കുന്ന ഓരോ നിമിഷവും അവനെ അസ്വസ്ഥമാക്കുന്നുണ്ടായിരുന്നു.

എനിക്ക് വേണ്ടാഞ്ഞിട്ട വയർ ഫുൾ ആണ്. അവൻ

എഴുന്നേൽക്കാൻ നോക്കിയതും ഷംന അവന്റെ മുന്നിൽ ഇരുന്നു. അവന്റെ പ്ലേറ്റിൽ നിന്നും ഒരു ഉരുള ചോറ് എടുത്തു അവന്റെ നേരെ നീട്ടി.

അവന്ന് നിരസിക്കാൻ തോന്നിയില്ല അവൻ വാ തുറന്നു. അവരുടെ മുഖം വിടരുന്നതും കണ്ണ് നിറയുന്നതും അവൻ കണ്ടു......

അതെ ഇവൻ മാത്രം അല്ല ഞാൻ ഉണ്ട് ഇവിടെ ഒരു ചെയർ വലിച്ചിട്ടു അവന്റെ അടുത്തിരുന്നു ശഹി പറഞ്ഞു.... അവനും വാ തുറന്നതും അവന്റെ വായിൽ വെച്ചു കൊടുത്തു. ഫൈസ് ശഹിയെ തന്നെ നോക്കി. ഇവന്നെ മനസ്സിലാക്കാനേ പറ്റുന്നില്ലല്ലോ...... എന്നോട് ഇവന്ന് എന്താ വിരോധം ഒന്നും തോന്നാത്തത്.....

അതെന്താ ഞാൻ പോസ്റ്റാണോ യാഷ് വന്നു വാ തുറന്നു കാട്ടി.

എന്നെ മാത്രം തവിടു കൊടുത്തു വാങ്ങിയത് ആണോ മുഖം കോട്ടി പറഞ്ഞു കൊണ്ടു ഫൈസിയുടെ തോളിൽ കൈ വെച്ചു ശദയും വന്നു നിന്നു

എല്ലാവരെ മുഖത്തും നിറഞ്ഞ സന്തോഷം കണ്ടു

കാരണം അറിയില്ലെങ്കിലും അവന്റെ മനസ്സിലും ഒരു സന്തോഷം നിറഞ്ഞു. ശഹിയുടെ ഉമ്മ എല്ലാർക്കും വായിൽ വെച്ചു കൊടുത്തു.

മതിയുമ്മ എന്ന് പറഞ്ഞു ഫൈസ് തടഞ്ഞതും എല്ലാവരും ഞെട്ടലോടെ അവന്നെ നോക്കി.

സോറി..... ഞാൻ..... പെട്ടെന്ന് ഉമ്മാനെ ഓർത്തു പോയി..... അത് പറഞ്ഞു അവൻ എഴുന്നേറ്റു.....

ഉമ്മയായിട്ട് കണ്ടുടെ എന്നെയും അവർ അവന്റെ മുഖത്ത് കൈ വെച്ചു ചോദിച്ചു.

അവൻ ഒരു പുഞ്ചിരിയോടെ തലയാട്ടി വേഗം പുറത്തേക്ക് നടന്നു.

എല്ലാവരെ മുഖത്തും ഉണ്ടായിരുന്നു ഒരു പുഞ്ചിരി.

ഇനു ഇറങ്ങിവന്നതും അവൻ യാഷിനെ നോക്കി വരുന്നില്ലേ ചോദിച്ചു.

യാഷിന് എക്സാം ആണ് അവിടെ വന്ന അവൻ ഒഴപ്പി പഠിക്കില്ല.... നദീം പറഞ്ഞു.

അവൻ പിന്നെ ഒന്നും ചോദിച്ചില്ല.

ഇനുവും അവനും പോകുന്നത് എല്ലാവരും നോക്കി

നില്കുന്നത് അവൻ കണ്ടു. ശരിക്കും
ഭാഗ്യവതിയാണ് ഇനു അവനോർത്തു.

ഇജു നിനക്ക് അവനോട് കാര്യങ്ങൾ പറഞ്ഞുടെ
എന്തിനാ ലേറ്റ് ആക്കുന്നെ അമ്മിജാൻ ഇജുവിനെ
നോക്കി.

അവൾക്ക് നേരിട്ട് പ്രൊപ്പോസ് ചെയ്യാണോന്ന്.
അതിന്ന് നേരം കാലം നോക്കി നടക്കുവാ. നോക്കട്ടെ
എവിടെ വരെ പോകുന്ന്..... എന്നിട്ട് ഇടപെടാം.....
അവൻ ഒരു ദീർഘ നിശ്വാസത്തോടെ പറഞ്ഞു.

❤❤❤❤

കാറിൽ കേറിയതും അവൾ പുറത്തേക്ക് നോക്കി
ഇരുന്നതല്ലാതെ ഒന്നും മിണ്ടിയില്ല

അവൻ ഇടക്കിടക്ക് അവളെ നോക്കി.... അവളെ
മനസ്സിലെ സങ്കടം അവരുടെ മുന്നിൽ മറച്ചു വെച്ചു
സന്തോഷം അഭിനയിക്കുന്നതാണെന്ന് അവന്ന്
മനസ്സിലായിരുന്നു.

ഇന്ന് യാഷ് ഇല്ലാത്തോണ്ട് അവളെ കൂടെ
കഴിയണോന്ന് ഓർത്തുള്ള ടെൻഷനിൽ ആയിരുന്നു
അവൻ. പറ്റുന്നില്ല അവളെ ശഹിയുടെ

പെണ്ണാണെന്ന് കരുതാൻ. അവളെ കൂടെ കഴിയുമ്പോൾ തന്റേതാണെന്നുള്ള ഓർമ്മകൾ വേട്ടയാടുന്നത് കൊണ്ടാണ് അകന്നു മാറുന്നത്. അവളെ കാണും തോറും വിട്ടുകൊടുക്കരുതെന്ന ഓർമയാണ്.... എവിടേക്കെങ്കിലും ഓടിയോളിക്കാൻ തോന്നി അവന്ന്.

കാർ നിർത്തിയത് കണ്ടാണ് അവൾ നോക്കിയത്.

ഇതെന്താ ഇവിടെ...... അവൾ ചുറ്റും നോക്കി.

നീ ഇറങ്ങ്.......

അവൾ പുറത്തിറങ്ങി. സ്ട്രീറ്റ് ലൈറ്റ്ന്റെ വെളിച്ചം മാത്രം ഉണ്ട്....... കുറച്ചു ദൂരെ ആയി ഒരു സൈക്കിൾ കച്ചവടക്കാരാൻ ഐസ് ക്രീം വണ്ടിയും.... അവിടെ മാത്രം കുറച്ചു പേരെ കണ്ടു......

നമുക്ക് ഒരു ഐസ്ക്രീം കഴിച്ചാലോ......

അവൾ അവനെ നോക്കി മുഖം ചുളിച്ചു.

ഈ നട്ടപാതിരക്ക് ഐസ് ക്രീം......

അതെന്താ നട്ടപാതിരക്ക് ഐസ്ക്രീം കഴിക്കാൻ പോക്ക് അല്ലേ നിന്റെ ഹോബി

അത് എന്റെ ജുനിന്റെ കൂടെ അല്ലേ.

ഇത് എന്റെ കൂടെ അല്ലേ..... അപ്പൊ വന്നൂടെ.

എന്നെ ഇഷ്ടം അല്ലല്ലോ.... പിന്നെന്തിനാ ഞാൻ വരുന്നേ..... യാഷ് ഇല്ലാത്തോണ്ട് അല്ലെ എന്റെ കൂടെ വരുന്നത് പോലും.....

അവൻ അവളെ തന്നെ കുറച്ചു സമയം നോക്കി. പിന്നെ അവൾക്ക് നേരെ കൈ നീട്ടി ഫ്രണ്ട്സ്.......

അവൾ മടിച്ചു മടിച്ചു അവനെ നോക്കി

എന്നെ വഴക്ക് പറയോ......

അവൻ ഇല്ലെന്ന് തലയാട്ടി.....

ദേഷ്യപെടോ........

ഇല്ല...... യൂ ആർ മൈ ബെസ്റ്റ് ഫ്രണ്ട്...... നല്ലൊരു ഫ്രണ്ട് ആയി എന്നും കൂടെ ഉണ്ടാകും. പ്രോമിസ്....... അവളെ കയ്യിൽ പിടിച്ചു കൈ വെച്ച് അവൻ പറഞ്ഞു.

ഫ്രണ്ട് എങ്കിൽ ഫ്രണ്ട്...... അവൾ അവന്റെ കയ്യിൽ മുറുക്കെ തിരിച്ചു പിടിച്ചു.അവളുടെ മുഖം സന്തോഷം കൊണ്ടു തിളങ്ങുന്നത് അവൻ കണ്ടു.

ഇനി ഐസ് ക്രീം കഴിക്കാൻ പോയിക്കൂടെ

എപ്പോ വന്നുന്നു ചോദിച്ച പോരെ.... അവൾ അവന്റെ കൈ വിടാതെ നടന്നു. അവൾ പഴയത് പോലെ വാ തോരാതെ സംസാരിച്ചു. നല്ലൊരു ശ്രോതാവായി അവൻ നിന്നു കൊടുത്തു..... അവൾ വീണ്ടും സങ്കടങ്ങൾ മറന്നു പഴയ കിലുക്കാം പെട്ടി ആയിന്നു കണ്ടപ്പോൾ മാത്രം ആണ് വീട്ടിലേക്ക് പോയത്.

❤❤❤❤

റൂമിൽ എത്തിയതും ബെഡിൽ കിടക്കുന്ന അവളെ ഫോൺ കണ്ടു. അവൾ ഫോൺ എടുക്കാതെ ആയിരുന്നു പോയത്. റാനിയുടെ 60 മിസ്സ് കാൾ...... വൈകുന്നേരം തൊട്ട് വിളിക്കുന്നതാണ്.

ഇതിന്ന് മാത്രം എന്തായിരിക്കും അത്യാവശ്യം എന്ന് തോന്നിയോണ്ട് അവൾ തിരിച്ചു വിളിച്ചു.

ഫോൺ റിങ് ചെയ്യുന്നത് കണ്ടതും റാനി ഞെട്ടി . പിന്നെ ഫോൺ എടുത്തു.

എന്താടീ കാര്യം.....

നീ സേഫ് അല്ലേ ഇനു......അവിടെ പ്രശ്നം ഒന്നും ഇല്ലല്ലോ......ഫോൺ എടുത്തതും അവൾ ചോദിച്ചു.അവളുടെ ശബ്ദത്തിൽ പേടി കലർന്നിരുന്നു.

എനിക്കെന്ത് കുഴപ്പം..... ഞാൻ ജന്നത്തിൽ പോയിരുന്നു. ഇപ്പൊ വന്നേ ഉള്ളൂ...... എന്താ കാര്യം

എനിക്ക് നിന്നെ കാണണം..... നാളെ രാവിലെ തന്നെ കാണണം.....

എന്താ കാര്യം പറയ് റാനി....

നേരിട്ട് പറയണം. അത്യാവശ്യം ആണ്......

ഇനു മൂളി..... രാവിലെ ഞാൻ അങ്ങോട്ട് വരാം......നീ ഒക്കെയല്ലേ റാനി..... അവൾക്ക് എന്തോ പേടി തോന്നി.

ഒന്നുല്ലടാ...... ഞാൻ ഉറങ്ങാൻ കിടന്നു. നാളെ ലേറ്റ് ആക്കാതെ വാ..... പിന്നെ ഒറ്റക്ക് വന്ന മതി. കൂടെ ആരെയും കൂട്ടണ്ട

എന്തൊക്കെയോ സംശയങ്ങൾ അവളിൽ വന്നു. നേരിട്ട് ചോദിക്ക കരുതി അവൾ ഫോൺ വെച്ചു.

❤❤❤❤

അവൾ വരുമ്പോഴേക്കും ഫൈസ് വന്നു കിടന്നിരുന്നു. അവൻ ഉറങ്ങുന്നത് നോക്കി കുറച്ചു സമയം നിന്നു. അവന്റെ അടുത്തേക്ക് പോയി അവന്റെ നെറ്റിയിൽ വീണ മുടിയിഴകൾ അവൾ നെറ്റിയിൽ നിന്നും

പിന്നിലേക്ക് ഒതുക്കി അവിടെ സ്നേഹ പൂർവ്വം ചുണ്ടുകൾ അമർത്തി.....നീയില്ലാതെ എനിക്ക് പറ്റില്ല ഫൈസ്..... എന്ന നീയെന്നെ മനസിലാക്കുക..... അവൾ മെല്ലെ മൊഴിഞ്ഞു കൊണ്ടു ഒന്ന് കൂടി കിസ്സ് കൊടുത്തു അവന്റെ നെഞ്ചിൽ തലവെച്ചു അവനെയും കെട്ടിപിടിച്ചു കിടന്നു. അവൻ കണ്ണ് തുറന്നു. അവന്ന് ചുറ്റും കറങ്ങുന്നത് പോലെ തോന്നി. ഇവൾ ഇപ്പോഴും എന്നെ സ്നേഹിക്കുന്നു. പിന്നെന്തിനാ ഡിവോഴ്സ് പേപ്പറിൽ ഒപ്പിട്ടത്..... അവൻ സന്തോഷം കൊണ്ടു അവളെ കെട്ടിപ്പിടിക്കാൻ നോക്കിയതും എന്തോ ഓർത്തു കൈ താഴ്ത്തി.

❤❤❤❤

രാവിലെ ഫൈസ് തന്നെ ആയിരുന്നു റാനിയുടെ വീട്ടിൽ ഇറക്കി കൊടുത്തത്. അവൻ എന്നിട്ടു ഓഫീസിലേക്ക് പോയി.

റാനി ഇവളെ കണ്ടതും വീട്ടിൽ കയറാൻ പോലും വിടാതെ ഇനുവിന്റെ കയ്യും പിടിച്ചു അവളെ വീട്ടിലേക്ക് നടന്നു. റാനിയുടെ കൈ വിറക്കുന്നത് ഇനു ശ്രദ്ധിച്ചു....

അവളെ വീട്ടിൽ എത്തിയതും ഇനു കൈ വിടുവിച്ചു എന്താടി കാര്യം.....

നീയിനി ആ വീട്ടിൽ താമസിക്കേണ്ട ..... നിനക്ക് ചുറ്റും ചതിയ ഇനു. നീ ജന്നത്തിലേക്ക് എത്രയും പെട്ടന്ന് തിരിച്ചു പോകണം........

എന്ത് ചതി......... ആരെ കാര്യാ നീ പറയുന്നത്.

ഫൈസിന്റെ ഉമ്മ നിന്നെ എന്തെങ്കിലും ചെയ്യും...... നീ പോയിക്കോ അവിടുന്ന്.... ഇനി അവിടെ നിൽക്കണ്ട.

നീ കാര്യം തെളിച്ചു പറയുന്നുണ്ടോ......

ഞാൻ ഇന്നലെ നിന്നേ കാണാൻ ഫൈസിന്റെ വീട്ടിൽ വന്നിരുന്നു. അപ്പോൾ അവർ സംസാരിക്കുന്നത് നേരിട്ട് കേട്ടതാ.

ആര് സംസാരിക്കുന്നത്......

ഫൈസിന്റെ ഉമ്മാക്ക് നിന്നേ ഇഷ്ടം അല്ലാത്തതിന്റെ കാര്യം അറിയണോ......

ഇനു ഞെട്ടലോടെ അവളെ നോക്കി. നിനക്ക് അറിയോ.......

Mm......ഞാൻ കണ്ടു അയാളെ......

ആരെ.....

നീ ആരെയാണോ തേടി നടക്കുന്നത് അയാളെ ഞാൻ ഇന്നലെ കണ്ടു. അതും ഫൈസിന്റെ വീട്ടിൽ. പേടിച്ചിട്ട് ഇത് വരെ ശ്വാസം പോലും വരുന്നില്ല എനിക്ക്. നമ്മൾ കരുതുന്ന പോലെ ഫൈസിന്റെ ഉമ്മ ദുഷ്ടയൊന്നും അല്ല. ഫൈസിനെ രക്ഷിക്കാൻ വേണ്ടിയാ അവർ അതൊക്കെ ചെയ്തു കൂട്ടിയത്..... നീ ആ വീട്ടിൽ സുരക്ഷിതയല്ലാത്തോണ്ട നിന്നെ എങ്ങനെ എങ്കിലും അവിടുന്ന് ഓടിക്കാൻ ശ്രമിച്ചത്...... ഫൈസിയെയും നിന്നെയും തെറ്റിക്കാൻ ശ്രമിച്ചതും......

റാനി പറയുന്ന ബാക്കി കാര്യങ്ങൾ കേട്ടു അവൾ പരിസരം മറന്നു അലറി വിളിച്ചു.

ഇതൊന്നും സത്യം അല്ല.........നീ തെറ്റിധരിച്ചിരിക്കയാ റാനി....... ഞാൻ വിശ്വസിക്കില്ല ഇതൊന്നും......

അവൾ അവളെ ഫോൺ എടുത്തു ഇനുവിന് കാണിച്ചു കൊടുത്തു. സത്യം അറിഞ്ഞപ്പോ ഇജുക്കനോട് പറയാൻ വേണ്ടി തെളിവിനു ഫോണിൽ എടുത്ത ഫോട്ടോയാ...... അവൾ കാണിച്ചു കൊടുത്തു. നോക്ക് അയാൾ തന്നെ അല്ലേ ഇത്......

ഇനു  തളർച്ചയോടെ നിലത്തേക്ക് ഇരുന്നു.....

📚STORY BOARD📚

❤️💔INVISIBLE LOVE 💔❤️

Love after 💘marriage(part 76)

നിന്റെ മാനത്തിനും ജീവനും വില പറയുന്ന അയാളുടെ കൂടെ ആ വീട്ടിൽ..... എനിക്കത് ആലോചിക്കാൻ കൂടി വയ്യ.......വേണ്ട ഇനു നീ തിരിച്ചു പോ ജന്നത്തിലേക്ക്..... ഫൈസ് വേണ്ട നിനക്ക്......

റാനീ...... ഇനു ദേഷ്യത്തോടെ വിളിച്ചു....

എന്നെ പേടിപ്പിക്കാൻ നോക്കണ്ട.... ഞാൻ

ഇജുക്കനോട് പറഞ്ഞു കൊടുക്കും നോക്കിക്കോ.....

പറഞ്ഞു കൊടുത്തോ പിന്നെ എന്നെ നീ കാണില്ല അതും ഓർത്തോ......

ഇനു..... റാനി ദേഷ്യത്തോടെ വിളിച്ചു.

ഇനു റാനിയുടെ ഫോൺ പിടിച്ചു വാങ്ങി ഫോട്ടോ ഡിലീറ്റ് ആക്കി. നീയരെയും കണ്ടിട്ട് ഇല്ല. സത്യം

ഒന്നും അറിഞ്ഞിട്ടും ഇല്ല.

വഴിയിലൂടെ പോകുന്ന എല്ലാ മാരണം ഇങ്ങോട്ട് കെട്ടിയെടുത്തോളും..... ഞാൻ എന്താ ചെണ്ടയാ പോകുന്നോർക്കും വരുന്നോർക്കും കൊട്ടാൻ..... അവൾ ദേഷ്യത്തോടെ പറഞ്ഞു സിറ്റൗട്ടിൽ പോയി ഇരുന്നു.

ഇനു നിന്റെ നല്ലതിന്ന് വേണ്ടിയാ പറയുന്നേ...... ഫൈസ് അറിഞ്ഞ എത്ര വേദനിക്കുമെന്ന് ഓർത്തു നോക്കിയേ....

സ്വന്തം ഇക്കാക്ക തന്നെ തന്റെ ഭാര്യയെ ആഗ്രഹിക്കുന്നു അറിഞ്ഞ തകർന്നു പോകും.... ഇജുവോ മറ്റാരെങ്കിലും അറിഞ്ഞ ആ കുടുംബം തന്നെ ഇല്ലാണ്ടാക്കും...... ആ ഉമ്മാനെ ഓർത്തു നോക്കിയേ രണ്ടു മക്കളും ഒരു പെണ്ണിനെ ആഗ്രഹിക്കുന്നു....  ഒന്ന് വളർത്തുമോനും ഒന്ന് സ്വന്തം മോനും..... അനിയന്റെ ബെഡ്റൂമിലേക്ക് നോക്കി നിൽക്കുന്ന ഒരു മോൻ കൂടെത്തന്നെ ഉള്ളപ്പോ ആ ഉമ്മ ചെയ്തത് തെറ്റൊന്നും അല്ല..... അവർ നിന്നെ ഒഴിവാക്കനെ നോക്കു....

അതോണ്ടാ പറയുന്നേ നീ ജനതത്തിലേക്ക് തിരിച്ചു

പോയിക്കോ..... ആ ശഹി നിന്നെ ഇപ്പോഴും സ്നേഹിക്കുന്നുണ്ട്.... എല്ലാം മറന്നു നിന്നെ സ്വീകരിക്കും.....

കഴിഞ്ഞോ നിന്റെ പ്രസംഗം..... ഇനു പുച്ഛത്തോടെ റാനിയെ നോക്കി.... ഫൈസ് എന്നെ പ്രണയിക്കുന്നു..... ആ കാലൻ എന്റെ ശരീരത്തെ സ്നേഹിക്കുന്നു. രണ്ടും രണ്ടാണ്... പിന്നെ

പേടിച്ചോടാൻ ഞാൻ ഇനായ മെഹവിഷ് മാത്രം അല്ല ജന്നത്തിലെ രാജകുമാരികൂടിയാണ്. എനിക്ക് ഇന്ന് ഒന്നല്ല അഞ്ചു സഹോദരൻമാർ ആണ്....... എന്നെ തൊടാൻ പോയിട്ട് നോക്കാൻ പോലും അവന്ന് കഴിയില്ല. ഉമ്മനെയും പെങ്ങളെ തിരിച്ചറിയാൻ കഴിയാത്ത ആ വൃത്തികെട്ടവനെ പേടിച്ചു ഫൈസ്നെ വിട്ടു ഞാൻ പോകില്ല.

എന്ന അവരോട് പറ കാര്യം......

അതിന്ന് ഇനു മിണ്ടിയില്ല......

എന്താ വീരസഹാസം മതിയാക്കിയോ.....

സത്യം അറിഞ്ഞാ ഫൈസിയെ ഇജു സ്വീകരിക്കില്ല അല്ലേ.......

എനിക്കൊന്നും അറീല...... എനിക്ക് ഫൈസിയെ വേണം.......

ആദ്യം നീ ജന്നത്തിലേക്ക് തിരിച്ചു പോ. ബാക്കി നമുക്ക് പിന്നെ തീരുമാനിക്കാം.....

അവൾ കുറച്ചു സമയം എന്തൊക്കെയോ ആലോചിച്ചു നിന്നു. പിന്നെ ഫോൺ എടുത്തു യാഷിനെ വിളിച്ചു. പിന്നെ പറയുന്ന കാര്യം കേട്ട് റാനി കണ്ണും തുറിച്ചു വായും പൊളിച്ചു നിന്നു.

വായടക്ക് മുത്തേ..... ഞാൻ ഇന്ന് തന്നെ ഫൈസിയെ പ്രൊപ്പോസ് ചെയ്യാൻ പോവ്വാ. ആ കാലൻ തിരിച്ചു വരുമ്പോഴേക്കും ഞാൻ ആ വീട്ടിൽ ഇല്ലാതിരുന്ന പോരെ ബാക്കി വരുന്നിടത്തു വെച്ചു കാണാം...... അവൾ ഒരു ടെൻഷൻ ഇല്ലാതെ പറയുന്നത് കേട്ട് റാനി കണ്ണ് മിഴിച്ചു അവളെ നോക്കി.

നീ ശരിക്കും ജന്നത് രാജകുമാരി ആയല്ലേ

അവൾ ഒന്ന് ചിരിച്ചു..... വളർത്തിയത് ജുനു ആണെങ്കിലും ബ്ലഡ് ഇജുക്കാന്റെയാ മോളെ..... പേടിച്ചോടാൻ എന്നെ കിട്ടില്ല.....

എന്നാലും എനിക്ക് പേടിയാ ഇനു. ആ വീട്ടിൽ

നിൽക്കുമ്പോ ഫൈസ് എന്നും കൂടെ ഉണ്ടാവണം എന്നില്ലല്ലോ.....

എനിക്ക് ഒന്നും പറ്റില്ലടാ...... എന്റെ മാര്യേജ് കഴിഞ്ഞ ഞാൻ സത്യം തുറന്നു പറഞ്ഞോളാം ഫൈസിയോട്..... അറിയാതെ ആണെങ്കിലും ഞാൻ വിളിച്ചു വരുത്തിയ അപകടം ആണത്......

റാനിക്ക് അവളെ തീരുമാനം ഇഷ്ടം ആയില്ലെങ്കിലും ഇനുവിന്റെ വാശിക്ക് മുന്നിൽ മിണ്ടാതിരുന്നു.

എന്നെക്കാണാൻ ഒടുക്കത്തെ മോന്ജ് ആണല്ലേ. എല്ലാരും പിറകെ വരുന്നു കണ്ടു പറഞ്ഞത. ഉപകാരം ഒന്നുമില്ലെങ്കിലും ബോഡി സൂപ്പർ ആണല്ലേ ഇനു സ്വയം ഒന്ന് നോക്കി ചിരിയോടെ പറഞ്ഞു..... അവളെ വാക്കുകളിലെ വേദന മനസ്സിലായെങ്കിലും റാനി കണ്ടില്ലെന്ന് നടിച്ചു...

ജുനുവിനെ പേടിച്ചാ ആരും പ്രൊപ്പോസ് ചെയ്യാഞ്ഞേ അല്ലേൽ ക്യു നിരന്നേനെ വീടിന് മുന്നിൽ...... നിന്റെ കൂടെ നടക്കുന്നോണ്ട് ഒറ്റ ഒരുത്തൻ എന്നെയൊന്നും തിരിഞ്ഞു പോലും നോക്കിട്ടില്ല.....

ചെറിയ അസൂയ ഇല്ലാതില്ലാതില്ല അല്ലേ

ഇനു ചിരിയോടെ പറഞ്ഞു.

ഒന്ന് പോടീ...... നിന്റെ കണ്ണുകൾ ഉണ്ടല്ലോ അതാ നിന്റെ സൗന്ദര്യത്തിന്റെ രഹസ്യം....

സത്യം പറയാലോ നോക്കി നിന്നു പോകും ആരായാലും........

ഇനുവിന്റെ മുഖം വിടർന്നു. അപ്പൊ ഇജുക്കനെ നിനക്ക് ഇഷ്ടം ആണല്ലേ.... എന്റെ അതെ കണ്ണാണല്ലോ.....

അക്കാര്യം പറഞ്ഞു വന്ന സത്യം ആയിട്ടും നിന്നെ വല്ല പൊട്ടകിണറ്റിൽ ഞാൻ ചവിട്ടി താഴ്ത്തും....... എനിക്ക് കല്യാണം വേണ്ട

അവനെയും വേണ്ട..... ദേഷ്യത്തോടെ പറഞ്ഞു അവൾ പോയി.

ഞാനും വരുന്നു ബാബി ഒന്ന് നിൽക്ക്.....

അവളെ ഒരു ബാബി..... റാനി അവളെ കല്ലെടുത് എറിയാൻ നോക്കിയതും അവൾ ഓടി.നിന്നെ എനിക്ക് ബാബി ആയി തരുന്നു ഇജുക്ക പ്രോമിസ് ഇട്ടിന്..... അതോണ്ട് മോള് വേറെ സ്വപ്നം കാണണ്ട പറഞ്ഞേക്കാം. ജന്നത്തിലെ മഹാറാണി ആയി

വരാൻ കാത്തിരുന്നോ......അവൾ ഓടുന്നതിന്ന് ഇടയിൽ വിളിച്ചു പറഞ്ഞു...

❤❤❤❤

അവൾ വീട്ടിലേക്ക് വന്നതും ഉമ്മ ഹാളിൽ ഉണ്ടായിരുന്നു.

ഒരുത്തനെ കല്യാണം ഉറപ്പിച്ചു വെച്ചിട്ടും നാണം ഇല്ലാതെ വേറൊരുത്തന്റെ കൂടെ കഴിയുന്നു..... പുച്ഛത്തോടെ പറഞ്ഞു.

അനിയന്റെ ഭാര്യയെ കാമക്കണ്ണോടെ നോക്കുന്ന ഉമ്മാന്റെ മോന്റെ അത്ര ചെറ്റത്തരം ഞാൻ കാണിച്ചിട്ടില്ല.

അവർ ഞെട്ടി എണീറ്റു അവളെ നോക്കി.

എനിക്കിപ്പോ എല്ലാം അറിയാം ഉമ്മ. ഇനിയും വില്ലത്തി അമ്മായിഅമ്മ വേഷം കെട്ടണ്ട.

അവരെ കണ്ണുകൾ നിറഞ്ഞത് അവൾ കണ്ടു.

വളർത്തു ദോഷം എന്ന് ഒരിക്കലും ഞാൻ പറയില്ല..... കാരണം എന്റെ ഫൈസിയെ വളർത്തിയതും ഈ ഉമ്മ തന്നെയാണ്.

എന്നോട് പൊറുക്ക് മോളെ...... രണ്ട് മക്കളും തമ്മിൽ തല്ലി ചാവുന്നത് കാണാൻ വയ്യ. എന്നും അസൂയയും വെറുപ്പോടെയും നോക്കിയിട്ടുള്ളു ഫൈസ്നെ അവൻ . അവന്റെ പെണ്ണിനേയും മോഹിക്കുമെന്ന് ഒരിക്കലും കരുതിയില്ല.

കല്യാണത്തിന് മുന്നേ സത്യം അറിയാരുന്നു. മുടക്കാൻ വേണ്ടി ഒരുപാട് ശ്രമിച്ചെങ്കിലും പറ്റിയില്ല..... പിന്നെ അവനും വാശി ആയിരുന്നു..... ഫൈസ് അറിഞ്ഞ എന്താ നടക്കാന്ന് പോലും അറിയില്ല..... രണ്ടാളും എനിക്ക് ഒരുപോലെ തന്നെയാ..... ഒന്ന് ഈ വീട്ടിൽ നിന്നും ഫൈസിന്റെ ജീവിതത്തിൽ നിന്നും പോയി താ..... എനിക്ക് കാണാൻ വയ്യ തല്ല് കൂടുന്നത്.വേണേൽ മോളുടെ കാൽ പിടിക്കാം ഞാൻ...... അവർ അവളെ കാൽ പിടിക്കാൻ നോക്കിയതും അവൾ പിറകോട്ടു മാറി.....

അങ്ങനെഒരു വൃത്തികെട്ടവന്ന് വേണ്ടി എന്റെ കാൽ പിടിച്ചു സ്വയം അശുദ്ധമാക്കല്ലേ ഉമ്മ.

പ്രസവിച്ചു പോയ തെറ്റിന് അതെ ഉള്ളൂ പ്രായഷിതം..... മോളെ വീട്ടിൽ അറിഞ്ഞാൽ എന്റെ മോനെ ജീവനോടെ വിടില്ലെന്ന് അറിയാം.....

എന്തൊക്കെ തെറ്റ് ചെയ്താലും മോൻ അല്ലാതാവില്ലല്ലോ..... അവന്റെ ജീവൻ ആപത്ത് ഒന്നും വരുത്തല്ലേ അവളെ മുന്നിൽ നിറ കയ്യോടെ നിൽക്കുന്ന ഉമ്മാനെ കണ്ടു അവളിൽ ഒരു വേദന നിറഞ്ഞു.....

ഞാൻ ആരോടും പറയാൻ പോകുന്നില്ല.

അതെന്റെ ആവിശ്യം ആയത് കൊണ്ടു മാത്രം ആണ് ഞാൻ ക്ഷമിച്ചു നില്കുന്നത്

എന്നെ ഇത്രയൊക്കെ ദ്രോഹിച്ചുന്നു പറഞ്ഞിട്ടും ഉമ്മാനോട് ഒരക്ഷരം പോലും ചോദിക്കുകയോ ദേഷ്യപ്പെടുകയോ ഫൈസ് ചെയ്തിട്ടില്ല. എനിക്ക് ഏറ്റവും വേദനിച്ചത് അന്നായിരുന്നു...... ഞാൻ ഇജുക്കന്റെ കൂടെ പോകുമ്പോ പോലും പോകണ്ട എന്നും പറഞ്ഞിട്ടില്ല...., ശഹിയോട് ഞാൻ പറഞ്ഞിരുന്നു ഫൈസിയെ കണ്ട മുഖത്തിട്ട് ഞാൻ ഒന്ന് പൊട്ടിക്കുമെന്ന്. ..... ഉപ്പനെ പുറത്ത് നിന്നു കണ്ടിരുന്നു. സംഭവം ഒക്കെ പറഞ്ഞു..... അപ്പോഴാ ഫൈസ് പ്രതികരിക്കാ ത്തതിന്റെ കാര്യം മനസ്സിലായത്.  ഉമ്മാന്റെ വാക്ക് ധിക്കരിച്ചു ഇന്നും ഫൈസ് എന്നെ സ്വീകരിക്കില്ലന്ന് മനസ്സിലായി.

അവളൊന്നു നിർത്തി.

ഞാൻ ഡിവോഴ്സ്ന് വേണ്ടി വന്നതല്ല ഇവിടെ. ഫൈസ് ആയുള്ള വിവാഹം എന്റെ വീട്ടുകാർ സമ്മതിച്ചു. അവൾ എല്ലാം പറഞ്ഞു കൊടുത്തു.

ഉമ്മ മിണ്ടാതെ കേട്ട് നിന്നെ ഉള്ളൂ.....

എനിക്ക് തന്നുടെ അവനെ..... ഞാൻ ഈ വീട്ടിലേക്കോ നിങ്ങളെ മോന്റെ മുന്നിലേക്കോ ഒരിക്കലും വരില്ല...... ഞാൻ പോയ തന്നെ എല്ലാവരും എല്ലാം മറന്നോളും....... അവൾ പ്രതീക്ഷയോടെ ഉമ്മാനെ നോക്കി.

നീ കൊണ്ടു പോയിക്കോ അവന്നെ. പൂർണ്ണ സമ്മതം ഉള്ളൂ എനിക്ക്. എവിടെ ആയാലും സന്തോഷത്തോടെ ജീവിക്കുന്നത് കണ്ട മതി. കൊല്ലാനും മടിക്കാത്ത ഒരു ദുഷ്ടൻ ആണ് എന്റെ മോനെന്ന് അറിയാം. അവനിൽ നിന്നും ഫൈസിനെ രക്ഷിക്കാൻ നിനക്ക് പറ്റുമെങ്കിൽ കൂട്ടിട്ട് പോയിക്കോ തടസ്സമായി ഞാൻ വരില്ല,......

അവൾ നന്ദിയോടെ അവരെ നോക്കി കൈ കൂപ്പി. നിറഞ്ഞ കണ്ണുകൾ തുടച്ചു സന്തോഷത്തോടെ റൂമിലേക്ക് പോയി.

❤️❤️❤️❤️

ഫൈസിന്റെ ഇഷ്ട സ്ഥലം ആണ് ടെറസ്സിന്റെ ഈ കോർണർ. സങ്കടം വന്നാലും ടെൻഷൻ വന്നാലും അവിടെ ഇരിക്കുന്നത് കാണാം അത് കൊണ്ടു തന്നെ ആണ് അവിടെ വെച്ച് പ്രൊപ്പോസ് ചെയ്യന്നു കരുതിയതും...... യാഷ് ആയിരുന്നു മൊത്തം സെറ്റിംഗ്സ് ചെയ്തു കൊടുത്തത്.....

എല്ലായിടത്തും മെഴുകുതിരി കത്തിച്ചു വെച്ചു. ഒരു ചെറിയ ടേബിളിൽ റോസ് ദളങ്ങൾ കൊണ്ടു ഐ ലവ് യൂ എന്ന് എഴുതി. അതിന്റെ നടുവിൽ ഒരു സ്പെഷ്യൽ റോസ് വെച്ചു. സിമ്പിൾ ആയി മതീന്ന് അവൾ തന്നെ ആയിരുന്നു പറഞ്ഞത്...... ഫൻഷന് സാരിയുടുത്തു വന്ന എന്നെ കണ്ണെടുക്കാതെ നോക്കി നിൽക്കുന്ന ഫൈസിയെ ഓർമ്മ വന്നൊണ്ട്..... റെഡ് കളർ സാരി തന്നെ റാനിയെ കൂട്ടിപ്പോയി വാങ്ങിയിരുന്നു. യുട്യൂബിൽ നോക്കി രണ്ട് മണിക്കൂർ ഓളം കഷ്ടപെട്ടു സാരിയുടുത്തു. അവനെയും വെയിറ്റ് ചെയ്തു നിന്നു.... അവൾ നിലാവ് പൊഴിച്ചു നിൽക്കുന്ന പൂർണ്ണ ചന്ദ്രനെ നോക്കി പുഞ്ചിരി തൂകി...... നിന്നെ സാക്ഷിയാക്കി...... ഇന്ന് എനിക്ക് അവനോട് പറയണം എന്റെ

പ്രണയം.....

ഈ ലോകത്ത് ഞാൻ ഏറ്റവും കൂടുതൽ സ്നേഹിക്കുന്നത് അവനെ ആണെന്ന് പറയണം.... അവന്നെ വേദനിപ്പിച്ചതിന്ന് ഇരട്ടിയായി സ്നേഹം കൊണ്ടു മൂടണം.... എന്റെ ഹബ്ബിയായി...... അവന്റെ പാതിയായി ഞങ്ങൾക്ക് ജീവിക്കണം.... അവൾ ചന്ദ്രനെ നോക്കി അതിൽ അവന്റെ മുഖം ആയിരുന്നു കണ്ടത്.... നാണം കൊണ്ട് അവളുടെ മുഖം ചുവന്നു തുടുത്തിരുന്നു..... ഫൈസിന്റെ കാർ വരുന്നത് കണ്ടതും അവളുടെ ഹൃദയമിടിപ്പ് ഉയർന്നു ...... ശരീരത്തിൽ ചെറിയ വിറയൽ തോന്നി .... ഇത്രയും നേരം ഉണ്ടായ കോൺഫിഡൻസ് എല്ലാം വിയർപ്പിന്നോടൊപ്പം ഒഴു കിപോകുന്നത് അവൾ അറിഞ്ഞു......... ഇത്രയും വലിയ സംഭവം ആണോ പടച്ചോനെ ഐ love യൂ എന്ന വാക്ക് പറയാൻ..... അവൾ ടെൻഷൻ പുറത്ത് കാണിക്കാതെ എങ്ങനെ ഒക്കെയോ നിന്നു.....

ഫൈസ് റൂമിലേക്ക് കേറിയതും അവളെ കാണാതെ ചുറ്റും നോക്കി വിളിച്ചു. അപ്പോഴാ ബെഡിൽ ഒരു പേപ്പർ കണ്ടത് അതിന്റെ മുകളിൽ ആയി ഒരു ഫോൺ ഉണ്ടായിരുന്നു ..... ടെറസ്സിലേക്ക് വാ എന്ന്

മാത്രം എഴുതിയിട്ട് കണ്ടു.......

അവൻ അങ്ങോട്ട് പോയി.....

അവിടെ കണ്ടതും അവന്റെ കണ്ണുകൾ വിടർന്നു. ഒരു ഹൂറിയെ പോലെ  മെഴുകുതിരി വെളിച്ചത്തിൽ തിളങ്ങുന്ന

അവളെ കണ്ണിമ വെട്ടാതെ അവൻ നോക്കി നിന്നു. അപ്പോഴാ ഐ ലവ് യൂ എഴുതിയതും കയ്യിൽ ഒരു റോസപ്പൂവ് അവൻ കണ്ടത്. പ്രൊപ്പോസ് ചെയ്യാൻ ആണ് പോവുന്നത് എന്നറിഞ്ഞതും അവൻ ഞെട്ടി...... ഒരുപാട് ആഗ്രഹിച്ചിട്ടുണ്ട് ഇത് പോലെ... ശഹിയെ ഓർമ്മ വന്നു അവന്ന്...... ആ കുടുംബത്തിന്റെ സന്തോഷം ആണ് ഇവൾ....... ഞാൻ സ്വാർത്ഥത കാണിച്ചാൽ വേദനിക്കുന്നത് ആ കുടുംബം മുഴുവൻ ആണെന്ന് വേദനയോടെ ഓർത്തു.

അവൾ ഫൈസിയുടെ അടുത്തേക്ക് വന്നു. അവളെ നോക്കാൻ ആവാതെ അവൻ തിരിഞ്ഞു നിന്നു.

ഫൈസ് എനിക്കൊരു കാര്യം പറയാൻ ഉണ്ട്..... അവൾ എങ്ങനെ ഒക്കെയോ പറഞ്ഞു ഒപ്പിച്ചു.

അതിന്ന് മുൻപ് എനിക്കൊരു കാര്യം പറയാൻ ഉണ്ട്....

ഞാൻ പറഞ്ഞിട്ട് പറയാം....

അവളെ പറയാൻ വിടാതെ അവൻ പറഞ്ഞു...... എനിക്ക് ഒരു പെൺകുട്ടിയെ ഇഷ്ടം ആണ്...... അവളെ വിവാഹം കഴിക്കാൻ ആഗ്രഹിക്കുന്നു.....

ഫൈസ്....... അവളുടെ ശബ്ദം ഉയർന്നിരുന്നു.

കള്ളം പറയണ്ട ഫൈസ്...... എനിക്കറിയാം നിനക്ക് എന്നെ ഇഷ്ടം ആണെന്ന്...... ഇപ്പോ എന്തിന് വേണ്ടിയാ കള്ളം പറയുന്നേ അവൾ അവനെ അവൾക്ക് നേരെ പിടിച്ചു നിർത്തി ചോദിച്ചു.

ഞാൻ പറഞ്ഞത് സത്യം ആണ്...... നീ ഡിവോഴ്സ്ന് ഒപ്പിട്ടു കൊടുത്തോണ്ട് അവൾക്ക് വാക്ക് കൊടുത്തു.....

ഞാൻ വിശ്വസിക്കില്ല അത്...... എനിക്ക് ഇഷ്ട ഫൈസ്നെ മറ്റാർക്കും വിട്ടു കൊടുക്കുന്നു കരുതണ്ട..... അവൾ അവന്റെ ഷർട്ടിൽ പിടിച്ചു വലിച്ചു.....

ഞാൻ പറഞ്ഞത് സത്യം ആണ്..... അവളുടെ മുഖത്ത് നോക്കാതെ പറഞ്ഞു

എന്ന എന്റെ തലയിൽ തൊട്ട് സത്യം ഇട്. അവൾ അവന്റെ കൈ തലയിൽ വെച്ചു....

അവൻ കൈ പിൻവലിച്ചു കൈ താഴ്ത്തി.

അവക്ക് അപ്പോഴ സമാധാനം ആയത്. അവളുടെ മുഖത്ത് ഒരു പുഞ്ചിരി വിരിഞ്ഞു....

ഐ ലവ് യൂ ഫൈസ് അവൾ പറഞ്ഞതും അവൻ പുച്ഛത്തോടെ അവളെ നോക്കിയത്.

നീ എപ്പോ മുതല ഇങ്ങനെ സ്വാർത്ഥയായത് ഇനു...... നീ ഷാഹിയുമായി വിവാഹത്തിന് സമ്മതിച്ചത് അല്ലേ...... ഒരു കുടുംബം മുഴുവൻ നിന്നെയും കാത്തിരിക്കുന്നുണ്ട് അവിടെ... അതൊക്കെ മറന്നു ആണോ സംസാരിക്കുന്നത്.....

അവർക്ക് അതിന്ന്........ ബാക്കി പറയുന്നതിന്ന് മുന്നേ അവൻ തടഞ്ഞു

നീ എന്തൊക്കെ പറഞ്ഞാലും ഞാൻ സമ്മതിക്കില്ല..... എന്നെ സംബന്ധിച്ചിടത്തോളം നീഎന്നൊരാൾ എന്റെ ജീവിതത്തിൽ ഇല്ല.

അവൻ പോകാൻ നോക്കിയതും അവൾ അവനെ കെട്ടിപിടിച്ചു...... എനിക്ക് പറയാൻ ഉള്ളത് ഒന്ന്

കേൾക്ക് ഫൈസ്.... എന്നിട്ടു തീരുമാനിച്ചോ....

അവൻ അവളെ പിടിച്ചു മാറ്റാൻ നോക്കിയെങ്കിലും അവൾ പിടി വിട്ടില്ല.

അവൻ ബലമായി അവളെ പിടിച്ചു മാറ്റി.

ഫൈസ് എനിക്ക് പറയാൻ ഉള്ളത് ഒന്ന്.... അവൾക്ക് സങ്കടം ദേഷ്യം ഒക്കെ വന്നിരുന്നു.....

എനിക്ക് കേൾക്കണ്ട പറഞ്ഞില്ലേ.... അവൻ ദേഷ്യത്തോടെ പറഞ്ഞു..,...

നീ എന്ന് ഡിവോഴ്സ് പേപ്പറിൽ ഒപ്പിട്ടോ അന്ന് തന്നെ എന്റെ ഉള്ളിൽ നീ മരിച്ചു.... എന്റെ മനസ്സിൽ ഇപ്പൊ നീയോ നിന്റെ ഓർമ്മകളോ ഇല്ല......

അവൾ അവന്റെ മുന്നിൽ വന്നു കൈകൂപ്പി...... ഒരഞ്ചു മിനിറ്റ് എനിക്ക് പറയാൻ ഉള്ളത് കേൾക്ക്.....

എനിക്ക് ഒന്നും കേൾക്കുകയും വേണ്ട പറയുകയും വേണ്ട അവന്റെ ശബ്ദം ഉയർന്നിരുന്നു......

അവൾ അവന്റെ മുഖം കയ്യിൽ എടുത്തു ചുണ്ടിൽ അമർത്തി ചുംബിച്ചത് പെട്ടെന്ന് ആയിരുന്നു...... എനിക്ക് പറയാൻ ഉള്ളത് ഇതാണ്....... ഐ ലവ് യൂ.......

അവൻ അവളെ പിടിച്ചു മാറ്റി മുഖത്ത് ആഞ്ഞടിച്ചു.......

അവൾ ഞെട്ടി പകച്ചു അവന്നെ നോക്കി. കവിളിൽ കൈ വെച്ചു പോയി.......

നീയെന്നൊരാൾ എന്റെ ജീവിതത്തിൽ ഇനിയില്ല...... ഞാൻ നിന്നെ സ്നേഹിക്കുന്നു ഇല്ല....... ഗെറ്റ് ലോസ്റ്റ് മൈ ലൈഫ് അതും പറഞ്ഞു അവളെ തള്ളിമാറ്റി അവൻ പോയി.......

അവന്റെ കാർ താഴെ നിന്നും ചീറിപ്പാഞ്ഞു പോകുന്നത് അവൾ കണ്ടു. അവൾ അപ്പോഴും എന്താ സംഭവിച്ചെന്ന് അറിയാതെ ശില പോലെ നിൽക്കുകയാരുന്നു....

പൊട്ടിച്ചിരി കേട്ട് അവൾ തിരിഞ്ഞു നോക്കി.

ഒരു ലിപ്‌ലോക്ക് കാണാൻ കണ്ണിലെണ്ണ ഒഴിച്ച് ഇരുന്നിട്ട് കണ്ടത് ആടാർ തല്ല്...... ശഹി വയറ്റിൽ കൈ വെച്ചു ചിരിച്ചു ചിരിച്ചു വീഴുന്നത് അവൾ കണ്ടു.... പിറകിൽ ഉള്ളവരെ കണ്ടതും അവൾ അതിനേക്കാൾ ഞെട്ടി..... ഇജുക്കയും നദീം യാഷ് ഉണ്ടായിരുന്നു.......

കലിപ്പന്മാരെ പ്രൊപ്പോസൽ ഒരു പാട് കണ്ടിട്ട് ഉണ്ട് ഇത് സംഭവം കളർ ആയി യാഷ് ചിരിയോടെ പറഞ്ഞു അവളെ കവിളിൽ തൊട്ടു.....

പോടാ തെണ്ടി...... നിന്നോട് ആരാ ഇവരോട് പറയാൻ പറഞ്ഞെ അവൾ യാഷിനെ പിടിച്ച തല്ലി.....

ഞാൻ അറിഞ്ഞോ ഭയ്യാ ഇങ്ങനെ ഒരു കലിപ്പൻ ആണെന്ന്...... സംഭവം പറഞ്ഞിട്ട് പ്രൊപ്പോസ് ചെയ്ത മതിയാരുന്നു.......

ഇരിക്കുന്നെന്ന് മുന്നേ കാൽ നീട്ടിയ ഇങ്ങനെ ഇരിക്കും നീലക്കണ്ണി നദീം ചിരി അടക്കി പിടിച്ചു പറഞ്ഞു.

എന്നാലും നീയിപ്പോ ആരായി...... യാഷ് കളിയാക്കി ചോദിച്ചു.....

ശശി...... അതും പറഞ്ഞു ശഹി വീണ്ടും ചിരിക്കാൻ തുടങ്ങി.

അവന്റെ നടുപ്പുറത്ത് അഞ്ചാറു അടി കൊടുത്തു അവൾ ഫൈസ്നോടുള്ള അരിശം തീർത്തു....

അവൻ അവളെ കൈ പിടിച്ചു വെച്ചു. ഈ തല്ല് അവന്ന് ഇട്ടു കൊടുത്തിരുന്നെങ്കിൽ നിന്റെ

കെട്ടെങ്കിലും നടന്നേനെ അവൻ ചിരിയടക്കി പറഞ്ഞു.

ഇജു മാത്രം അവളെ കവിളിൽ തന്നെ നോക്കി മിണ്ടാതെ ഇരുന്നു.....

അവൾ അത് കണ്ടതും അവന്റെ അടുത്തേക്ക് പോയി.

അവൻ കവിളിലോടെ തലോടി..... വേദനിച്ചോ നിനക്ക്.....

പല്ല് പോയെന്ന തോന്നുന്നേ..... അത് ഇവിടെ പറഞ്ഞ ഇജുക്ക ഫൈസ്നെ തല്ലാൻ മടിക്കില്ല അറിഞ്ഞോണ്ട് അവൾ ചിരിച്ചു കാണിച്ചു......

ഇതൊക്കെ ഗ്രാസ്...... ഇജുക്ക നോക്കിക്കോ അവനെ കൊണ്ടു ഇതിന്ന് മാപ്പ് പറയിച്ചു പിറകെ നടത്തിക്കുന്നത്.

നടന്ന തന്നെ ഇനിയെന്ത പ്ലാൻ....... ശഹി അവളെ ചുമലിലൂടെ കയ്യിട്ടു അവനോട് ചേർത്ത് പിടിച്ചു അവിടെ ഇരുത്തി ചോദിച്ചു.

തിരിച്ചു വരുമല്ലോ ഇങ്ങോട്ട്...... ഒരു കത്തി എടുത്തു കഴുത്തിൽ വെച്ചു ചോദിക്കും എന്നെ കെട്ടാൻ പറ്റോ

ഇല്ലയൊന്ന്......

ഇത് പൊളിക്കും മോളെ..... യെസ് പറഞ്ഞഅവനെ വെറുതെ വിട്ടേക്ക്...... നോ ആണെങ്കിൽ ആ കത്തികൊണ്ട് അങ്ങ് കൊന്നേക്ക്....... അങ്ങനെ എങ്കിലും ഇതിന്ന് തീരുമാനം ആകുമല്ലോ

യാഷ് വിളിച്ചു പറഞ്ഞു.....

പോടാ പട്ടീ.... അവന്റെ ഒരു ഐഡിയ...... ഒന്ന് പറഞ്ഞു തന്നിട്ടാ ഞാൻ ഈ കോലത്തിൽ ആയത്..... അവൾ അവനെ തല്ലാൻ നോക്കിയതും അവൻ ഓടി......

കുറച്ചു സമയം കൂടി അവിടെ ചിലവഴിച്ചു ആണ് എല്ലാരും പോയത്.

പോകുമ്പോൾ ഇജുന്റെ മുഖം മാത്രം തെളിവ് ഉണ്ടായിരുന്നില്ല. നോട്ടം മൊത്തം കവിളിലേ ചുവന്നു തിനർത്ത പാടിൽ ആയിരുന്നു.

അവൾ ഇജുവിന്റെ കവിളിൽ അമർത്തി കിസ്സ് കൊടുത്തു. ഞാൻ ഈ തല്ല് തിരിച്ചു കൊടുത്തോളം......പോരെ.....

ഞാൻ സംസാരിച്ചോളാം അവനോട് നീ ഇനി

പ്രൊപ്പോസ് ചെയ്യണ്ട..... ഇനി നിന്നെ തൊട്ടാൽ സത്യം ആയിട്ടും ഞാൻ അവനെ തല്ലും...... അവൻ ദേഷ്യത്തോടെ പറഞ്ഞിട്ട് പോയി.

ഞാൻ നോക്കിക്കൊള്ളാം എന്ന് ശഹി കയ്യോണ്ട് കാണിച്ചു.

അവർ പോയി...... അവൾ സാരി അഴിച്ചു വലിച്ചെറിഞ്ഞു കോപ്പിലെ പരിപാടി ആയി പോയി ഇത്..... നീ ഇങ്ങ് വാ കാണിച്ചു തരാം ഞാൻ ആരാന്നു....... അവന്റെ ഒരു ത്യാഗം ചെയ്യൽ..... അവൾ ദേഷ്യത്തോടെ ചവിട്ടി തുള്ളി ഡ്രസ്സ് എടുത്തു ചേഞ്ച് ചെയ്യാൻ ബാത്റൂമിലേക്ക് പോയി.

❤️❤️❤️

ഫൈസ് ദേഷ്യം അടങ്ങിയതും തിരിച്ചു വീട്ടിലേക്കു തന്നെ വന്നു. അവളെ തല്ലിയത്തിൽ അവന്ന് സങ്കടം ഉണ്ടായിരുന്നു. അവളെ കാര്യം പറഞ്ഞു മനസ്സിലാക്കാം എന്ന് കരുതിയാരുന്നു വന്നത്.

റൂമിൽ അവളെ കാണാഞ്ഞു അവൻ എല്ലാടത്തും നോക്കി.... ബാത്റൂമിൽ വെള്ളം വീഴുന്ന ശബ്ദം കേട്ടു അവൻ കാത്തിരുന്നു...... അരമണിക്കൂർ ആയിട്ടും വരുന്നത് കാണാഞ്ഞു അവന്ന് ഒരു സംശത്തോടെ

വാതിൽ മുട്ടി..... റിപ്ലൈ കിട്ടാഞ്ഞതും അവനിൽ ഒരു പേടി പടർന്നു.... കുറെ മുട്ടി വിളിച്ചു..... അവസാനം അവൻ തുറന്നു നോക്കാൻ തന്നെ തീരുമാനിച്ചു.... വാതിൽ ലോക്ക് അല്ലാത്തത് കണ്ടു അവൻ തുറന്നു നോക്കി..... അകത്തേക്ക് കടന്നതും അവിടത്തെ കാഴ്ച കണ്ടു അവൻ ഞെട്ടി വിറച്ചു...... നിലത്ത് വീണു കിടക്കുന്ന അവളെ ഇനു വിളിച്ചു അടുത്തേക്ക് പോകുമ്പോൾ അവൻ കണ്ടു നിലത്ത് പടർന്നു നിൽക്കുന്ന രക്തചുവപ്പ്.......

...... തുടരും

❤💔INVISIBLE LOVE 💔❤

Love after 💘marriage ( Part 77)

അവൾ അവന്റെ ഡ്രസ്സ് കണ്ടു.... കൈകളിൽ എടുത്തോണ്ട് വന്നൊണ്ട് ആയിരിക്കും ഷർട്ടിൽ പാന്റിൽ എല്ലാം ബ്ലഡ് ഉണ്ടായിരുന്നു. അവൾ ദയനീയമായി അവന്നെ നോക്കി തലതാഴ്ത്തി.... അവൾക്ക് നാണക്കേട് സങ്കടം എല്ലാം വന്നു......

പോയി ഡ്രസ്സ് മാറിയിട്ട് വാ..... മെല്ലെ പറഞ്ഞു.

അവൻ അവളുടെ മുഖം വിരൽ കൊണ്ടു ഉയർത്തി......

ഇതിന്ന് സങ്കടം ഒന്നും വേണ്ട..... നാണക്കേട് തോന്നേണ്ട........ സ്ത്രീയെ ബഹുമാനിക്കുന്ന ഒരാളും ഇതൊന്നും മോശമായി കരുതില്ല..... കരുതാൻ ആവില്ല അവർക്കറിയാം അമ്മയാകാൻ പ്രകൃതി തന്ന കഴിവാണിതെന്ന്......ഇങ്ങനെ ഒരു അവസരത്തിന് വേണ്ടി നീ നെഞ്ചുരുകി പ്രാർത്ഥിച്ചിട്ട് ഇല്ലേ..... നീ മാത്രം അല്ല നിന്നെ സ്നേഹിക്കുന്ന ഒരുപാട് പേരുടെ പ്രാർത്ഥനയുണ്ട് അഭിമാനത്തോടെ തല ഉയർത്തുകയാണ് വേണ്ടത്.... നീയിന്നു സ്ത്രീ എന്ന നിലയിൽ പൂർണ്ണതയിൽ എത്തിയിരിക്കുകയാണ്..... സന്തോഷം പറഞ്ഞറിയിക്കാൻ പറ്റുന്നില്ല ഇനു.... അവൻ അവളുടെ നെറ്റിയിൽ ചുണ്ടുകൾ അമർത്തി.ജന്നത് രാജകുമാരിക്ക് ഇനി കുഞ്ഞുണ്ടാവില്ലെന്നുള്ള പേടി വേണ്ട...

സന്തോഷത്തോടെ പുതിയൊരു ജീവിതം തുടങ്ങാം...... അവൻ തലയിലൂടെ തലോടി

സന്തോഷം കൊണ്ടു അവളെ കണ്ണ് നിറഞ്ഞൊഴുകി..... അവൻ അത് തുടച്ചു കൊടുത്തു.....

ഇനി കരയരുത്.....നിന്റെ പ്രാർത്ഥന പടച്ചോൻ

കേട്ടില്ലേ..... സന്തോഷിക്ക് അതിൽ... നിന്റെ ആഗ്രഹം പോലെ കുട്ടികൾ ഉണ്ടാകും പ്രാർത്ഥിക്ക് നീ..... ഇത് പോലെ നിന്റെ ആ പ്രാർത്ഥനയും സ്വീകരിക്കും.....

പ്രാർത്ഥിച്ച കുട്ടി ഉണ്ടാവില്ല ഫൈസ് അത് മനസ്സിലാക്കാനുള്ള ബുദ്ധി എനിക്കിപ്പോ ഉണ്ട്. അവൾ ചെറു ചിരിയോടെ പെട്ടെന്ന് പറഞ്ഞതും അവൻ ചമ്മൽ കൊണ്ടു മുഖം താഴ്ത്തി വേഗം തിരിഞ്ഞു ഇരുന്നു.....

കല്യാണം കഴിഞ്ഞു പ്രാർത്ഥിച്ച മതി. നടക്കും അവളെ നോക്കാതെ ചെറു ചിരിയോടെ പറഞ്ഞു.

എന്റെ ഹബ്ബി കൂടി മനസ്സ് വെക്കണം അതിന്ന്.... കിസ്സ് കൊടുത്തതിന്ന് തല്ലിയ ആളാ...... എന്നിട്ടപ്പോ കുട്ടിയുണ്ടാകാൻ പറയണ്ടേ....എനിക്ക് കൊച്ചിനെ വേണ്ടേ.... ഇനിയും തല്ല് കൊള്ളാൻ വയ്യ അവൾ കൈകൂപ്പി പറഞ്ഞു...

❤❤❤

എനിക്കിപ്പോ ജന്നയെ കാണണം...... ഇജു കാറിന്റെ കീ എടുത്തു പുറത്തേക്ക് ഇറങ്ങിയതും ശഹിയും നദീംമും വന്നു.....

അവൾ ഉറങ്ങിയിട്ട് ഉണ്ടാവും അതാ ഫോൺ എടുക്കാതെ....

ഫൈസിന്റെ ഫോൺ എടുക്കുന്നില്ല.....

അവൾ തല്ല് കിട്ടിയപ്പോ നല്ല വേദന ഉണ്ടായിരിക്കും..... എന്നോട് പറയതോണ്ടാ.... അവൾ അവിടെ നിൽക്കണ്ട ഇനി....

ഇജുക്ക കുട്ടികളെ പോലെ വാശി പിടിക്കല്ലേ അവൾ അവിടെ സേഫ് ആണ്. ഇജുക്കയേക്കാൾ ഫൈസ് അവളെ സ്നേഹിക്കുന്നുണ്ട്.....

എന്നേക്കാൾ ആരും സ്നേഹിക്കണ്ട. അവളെ തല്ലാനും ഞാൻ ആർക്കും അനുവാദം കൊടുത്തിട്ടും ഇല്ല. നിങ്ങൾ തടഞ്ഞോണ്ട ഞാൻ അവനെ ഒന്നും ചെയ്യാതെ വിട്ടത്. എനിക്കിപ്പോ ഇനുനെ കാണണം അവൻ കാറിൽ കേറി.

നടക്ക്..... ഇല്ലെങ്കിൽ ആ ഫൈസിയെ ഇവൻ കേറി തല്ലും..... എന്നാലും ഇങ്ങനെ ഉണ്ടോ പടച്ചോനെ ഭ്രാന്ത്..... ഷാഹി നദീംമും ഒന്നിച്ചു കേറി. അവിടെ എത്തിയപ്പോൾ ഫ്രണ്ട് ഡോർ തുറന്നാണ് ഉണ്ടായിരുന്നത്.... അർദ്ധ രാത്രി വാതിൽ തുറന്നു ഇവർ എന്ത് ചെയ്യാ എന്ന സംശയത്തോടെ

ഫൈസിയുടെ റൂമിലേക്ക് ചെന്നു. ആരെയും കാണാതെ ചുറ്റും നോക്കി.

റൂമിൽ ഇറ്റിവീണ രക്തത്തുള്ളികൾ കണ്ടതും ഇജുവിന്റെ കണ്ണുകൾ കുറുകി...

അറിയാതൊരു ഭയം അവനിൽ ഉടലെടുത്തു...... ജന്നാ ..... അവന്റെ ശബ്ദം ചുമരിൽ തട്ടി പ്രതിഫലിച്ചു.....

പിന്നാലെ വന്ന നദീം ശഹിയും ഞെട്ടലോടെ നോക്കി.... പിന്നെ ബാത്റൂമിൽ നിന്നും ആണ് ആ ബ്ലഡ് ഡോട്ട് തുടങ്ങിന്നത് എന്ന് കണ്ടതും അവർ ബാത്റൂമിലേക്ക് ഓടി..... ബാത്രൂം ഫ്ലോർ മുഴുവൻ രക്തപാട് കണ്ടതും എല്ലാവരും ഇനുവിനെ വിളിച്ചു വീട് മുഴുവൻ നോക്കി..... ഫൈസിയുടെ ഫോണിലേക്ക് റിങ് പോകുന്നുണ്ടെങ്കിലും ആരും അറ്റന്റ് ചെയ്തില്ല....ഉപ്പയും ഉമ്മയും ഫൈസിന്റെ ഇക്കാക്കയും ഭാര്യയും എല്ലാം ഉണർന്നു.

അവരും കൈമലർത്തി.......അവന്റെ കാർ കാണുന്നില്ല എന്നതും അവൻ അവിടെ ഇല്ലെന്ന് ഉറപ്പായി.......

അപ്പോഴാണ് ഫൈസിന്റെ കാൾ വന്നത്.

ഇനുവായിരുന്നു......

എവിടെയാ ഇനു നീ..... അവൻ അലറുകയാരുന്നു.....

എനിക്ക് കുഴപ്പം ഒന്നും ഇല്ല. ഞാൻ സിറ്റി ഹോസ്പിറ്റലിൽ ഉണ്ട്...... അവളുടെ ശബ്ദം കരച്ചിൽ വന്നു ഇടരുന്നുണ്ടാ യിരുന്നു. ഇജ്ജുക്ക ഇങ്ങോട്ട് വാ..... അതും പറഞ്ഞു ഫോൺ വെച്ചു.....

എന്താ പറയണ്ടേ അറിയതോണ്ടാ നിന്നോട് വിളിക്കാൻ പറഞ്ഞത്..... ഫൈസ് അവളെ നോക്കി മെല്ലെ പറഞ്ഞു

എനിക്കൊരു കാര്യം പറയാൻ ഉണ്ട്.... ഇനിയെങ്കിലും കേൾക്കുമോ...... അവൾ അവന്റെ കൈക്ക് മുകളിൽ കൈ വെച്ചതും അവൻ കൈ വലിച്ചു....

എന്താ പറയാൻ പോകുന്നെന്ന് എനിക്ക് അറിയാം.... ഒരാളോട് ഇഷ്ടം തോന്നുന്നത് തെറ്റല്ല ഇനു..... എനിക്കറിയാം നീയെന്നെ സ്നേഹിക്കുന്നുണ്ടെന്ന്..... ഞാൻ അത് അംഗീകരിക്കില്ല ഇനി. നീയുമായി ഒരു റിലേഷൻ എനിക്ക് വേണ്ട.... നല്ലൊരു ഫ്രണ്ട് ആയി ഞാൻ ഉണ്ടാവും എന്നും നിന്റെ കൂടെ..... നല്ലൊരു ഫ്രണ്ട് ആയി മാത്രം ആ വാക്കുകളിൽ ദൃഢതയും ഉറച്ചതും ആയിരുന്നു......

ഉറപ്പല്ലേ...... ഇനി മാറില്ലല്ലോ ഈ വാക്ക്

അവൾക്ക് ദേഷ്യം ആയിരുന്നു വന്നത്.

മാറില്ല...... എന്റെ മനസ്സിൽ ഇപ്പോൾ നീയില്ല..... നിന്നോട് പ്രണയവും ഇല്ല.... കരച്ചിൽ പുറത്തു വരാതിരിക്കാൻ അവൻ ചുണ്ടുകൾ കടിച്ചു പിടിച്ചു.

എന്ന കേട്ടോ...,.... എനിക്ക് നിന്നോടും അങ്ങനെ ഒന്നും ഇല്ല.... നിന്റെ മനസ്സ് അറിയാൻ പറഞ്ഞത. ഇനി ഒരിക്കലും ഇഷ്ടം പറഞ്ഞു ബുദ്ധിമുട്ടിക്കാൻ വരില്ല.... അവൾ പുച്ഛത്തോടെ പറഞ്ഞു തിരിഞ്ഞു കിടന്നു.

ഞാൻ ഡ്രസ്സ് മാറി വരാം എന്ന് പറഞ്ഞു അവൻ പോയി.

❤️❤️❤️

ഇജു ഓടി വന്നതും റൂമിൽ നഴ്സ് ഉണ്ടായിരുന്നുള്ളൂ...... അവൾ ഉറക്കം ആയിരുന്നു.

ജന്ന..... അവൻ വിളിക്കാൻ നോക്കിയതും നഴ്സ് തടഞ്ഞു.

മരുന്നിന്റെ സെടാഷൻ ആണ്. വിളിക്കണ്ടെ

എന്ത് പറ്റിയത......

പേഷ്യന്റ് വീണപ്പോൾ നടുവിടിച്ച വീണത്..... അതോണ്ട് നല്ല ബോഡി പൈൻ ഉണ്ട്..... വേദന സഹിക്കാൻ മേല

പറഞ്ഞു കരഞ്ഞപ്പോൾ ഉറങ്ങാൻ ഇഞ്ചക്ഷൻ കൊടുത്തത....

ഹസ്ബൻഡ് പുറത്തു പോയതാ.... എന്നോട് കൂട്ടിരിക്കാൻ പറഞ്ഞു .... അതും പറഞ്ഞു അവൾ പോയി.

ഇജു അവളെ മുഖത്തേക്ക് നോക്കി..... ഹോസ്പിറ്റലിൽ ഡ്രസ്സ് ആണ് ഇട്ടിട്ടുള്ളത്......മുഖത്തെ പാടും..... കണ്ണുനീർ ഉണങ്ങിയ കവിളും ക്ഷീണം പിടിച്ച മുഖവും കണ്ടു അവൻ ദേഷ്യം കൊണ്ടു വിറച്ചു.

അപ്പോഴാ ഫൈസ് കേറി വന്നത്.....

രക്തം പുരണ്ട ഡ്രസ്സ് കണ്ടപ്പോൾ തന്നെ എല്ലാവരും ആധിയോട് അവനെ നോക്കി.

എന്താ ഇനുവിന് പറ്റിയത്..... നദീം അവന്റെ അടുത്തേക്ക് വന്നു....

ഫൈസ് വാ തുറക്കുമ്പോഴേക്കും ഇജു അവന്റെ കവിളിൽ അടിച്ചിരുന്നു...

നിന്നെ വിശ്വസിച്ചു അല്ലേ അവിടെ വിട്ടത്..

അവൾക്കെന്താ പറ്റിയത്.....ഫൈസിന്റെ കോളറയിൽ പിടിച്ചു വലിച്ചു അവന്റെ കയ്യിൽ നിന്നും കവർ നിലത്തേക്ക് വീണു.....

ഇജു വീണ്ടും തല്ലാൻ പോയതും നദീം പിടിച്ചു വെച്ചു.... ആദ്യം കാര്യം അറിയട്ടെ നീയൊന്ന് അടങ്ങ്......

ഇനി ഒന്നും പറയണ്ട..... നേരത്തെ അവളെ തല്ലിയപോഴേ ഞാൻ പറഞ്ഞ അവിടെ നിർത്തണ്ടന്ന്..... ഇപ്പൊ കണ്ടില്ലേ..... അവൻ ഫൈസിയെ പിടിച്ചു ശക്തിയിൽ തള്ളി.... അവൻ വീഴാതെ ബാലൻസ് ചെയ്തു നിന്നു....

ഇനുവിനെ തല്ലിയത് അറിഞ്ഞെങ്കിൽ പ്രൊപ്പസ് ചെയ്യാൻ പോയത് അറിയില്ലേ...

ആ ഞെട്ടലിൽ ആയിരുന്നു അവൻ.

ഷഹിനിലത്ത് വീണ കവറിൽ ആയിരുന്നു ശ്രദ്ധ മുഴുവൻ.... കവറിൽ നിന്നും തെറിച്ച വിസ്‌പേർ

പാക്ക് എടുത്തു ഫൈസിയെ നോക്കി.....

ഫൈസ്..... ഇത്...... അവൻ വാക്കുകൾ പുറത്ത് വരാതെ അവനെ നോക്കി.....

ഇനുവിന് വാങ്ങിയതാണ്........

എല്ലാവരും ഞെട്ടലോടെ അവളെ നോക്കി

ബാത്റൂമിൽ പോയിട്ട് പുറത്തു വരാത്ത കണ്ടു നോക്കിയതാ..... നിലത്ത് വീണു കിടക്കാരുന്നു.... വെള്ളം തളിച്ചിട്ടൊന്നും ബോധം വന്നില്ല..... എടുത്തു ഓടുകയാരുന്നു ഇങ്ങോട്ട്.... ചെക്കപ്പ് കഴിഞ്ഞപ്പോഴാ പറഞ്ഞത് ബിപി ലോ ആയതാണെന്ന്.... .. ആദ്യം ആയി മെൻസ്ട്രഷൻ ഉണ്ടായതല്ലേ അതോണ്ട് ആയിരിക്കുമെന്ന ഡോക്ടർ പറഞ്ഞത്.വീഴ്ചയിൽ നടുവിടിച്ച വീണത്..... അതിന്റെ പൈൻ ഉണ്ട്. വേറെ കുഴപ്പം ഒന്നും ഇല്ല രാവിലെ വീട്ടിൽ പോകാം.....

ഇജു തല്ലിയ കുറ്റബോധത്തോടെ അവനെ നോക്കി..... ഫൈസ് തിരിച്ചു പുഞ്ചിരിച്ചേ ഉള്ളൂ.....

പിന്നെ ഇനുവിന്റെ അടുത്തേക്ക് പോയി. അവളുടെ മുഖത്ത് നെറ്റിയിൽ എല്ലാം ചുംബനങ്ങൾ കൊണ്ടു മൂടി..... അവന്റെ കണ്ണിൽ നിന്നും ഉതിർന്നു വീണ

കണ്ണുനീർ തുള്ളികൾ അവളെ കണ്ണിനുമുകളിൽ ഇറ്റി വീണു...... അവൾ കണ്ണ് തുറന്നു....

ഇജുക്ക ഞാൻ...., വാക്കുകൾ പറയാൻ ആവാതെ അവൾ വിക്കി....

അറിഞ്ഞു...... സന്തോഷം കൊണ്ടു എന്താ ചെയ്യണ്ടേ തിരിയുന്നില്ല ജന്ന......

അവൻ അവളെ തല ഉയർത്തി കെട്ടിപിടിച്ചു....... അവന്റെ കണ്ണുനീരിന്റെ കൂടെ അവളുടെ കണ്ണുനീർ കൂടി ഒഴുകിയിറങ്ങി...... അത് കണ്ടു നിന്ന അവരെ കണ്ണും നിറഞ്ഞിരുന്നു......

ഇവരെ പോലെ സ്നേഹിക്കാൻ ഇവർക്കേ കഴിയു അല്ലേ ..... ഫൈസ് അവരെ നോക്കി പറഞ്ഞു.

ഒരാൾ കൂടി ഉണ്ട് ജുനു..... അവർക്ക് തുല്യം അവർ മാത്രം ഉള്ളൂ...... വാക്കുകൾ കൊണ്ടു പറയാൻ പറ്റില്ല അവരുടെ സഹോദരസ്നേഹം......

നദീം അപ്പോൾ തന്നെ ജുനുവിനെ വിളിച്ചു പറഞ്ഞു..... അവൻ പടച്ചോനെ സ്തുതിച്ചു സുജുദിൽ വീണു..... എല്ലാവരും സന്തോഷത്തിൽ ആയിരുന്നു

❤❤❤

അവൻ ഇനുവിന്റെ ഡ്രസ്സ്‌ അവിടെ വെച്ചു ബാത്‌റൂമിൽ പോയി ഡ്രസ്സ്‌ മാറ്റി വന്നു. ഇനുവിന്റെ ഡ്രസ്സ്‌ നഴ്സ് വന്നു മാറ്റി കൊടുത്തു.

ഇജു അവന്നെ കെട്ടിപിടിച്ചു...... സോറി... ടെൻഷനിൽ പറ്റിപ്പോയത......

അതുന്നും അല്ല ഭയ്യാ..... നേരത്തെ പ്രൊപ്പോസ് ചെയ്തപ്പോ നീ അവളെ തല്ലിയില്ലേ അപ്പോഴേ നിനക്ക് ഓങ്ങിയതാ ഇപ്പൊ സന്ദർഭം കിട്ടിയപ്പോ തിരിച്ചു തന്നു.

ഇനിയെങ്കിലും തല്ലാൻ തോന്നുമ്പോ ഓർത്തോ പാൽ കുടി മാറാത്ത അവന്റെ അനിയത്തിയെ ആണ് തല്ലുന്നത് തിരിച്ചു കിട്ടുന്നു.....എനിക്കൊക്കെ എന്തോരം കിട്ടിയതാ അവൻ അവന്റെ കവിളിൽ കൈ വെച്ചു ചിരിയോടെ പറഞ്ഞു.

അതെനിക്ക് മനസ്സിലായി ഫൈസ് ഒന്ന് ചിരിച്ചോണ്ട് പറഞ്ഞു.....

പിന്നെ ഇതൊരു തുടക്കം മാത്രം ആണ്. ഇനിയും കിട്ടികൊണ്ടേ ഇരിക്കും..... ആ കുരിപ്പിന്റെ

കയ്യിലിരിപ്പ് കാണും വേണ്ടന്ന് വെച്ചാലും തല്ലിപ്പോകും ഇജുക്കന്റെ കയ്യിൽ നിന്നു തിരിച്ചും കിട്ടും..... പോകെ പോകെ ശീലം ആയിക്കൊള്ളും വേദന കുറഞ്ഞോളും ശഹി പറഞ്ഞതും ഫൈസ് അറിയാതെ കവിളിൽ കൈ വെച്ചു പോയി.....

പോടാ...... ഇജു ഷാഹിന്റെ നേരെ തല്ലാൻ നോക്കിയതും അവൻ ഒഴിഞ്ഞു മാറി.

അപ്പോൾ എങ്ങനെയാ ലേറ്റ് ആയില്ലേ.... ഞങ്ങൾ ഇറങ്ങട്ടെ..... രാവിലെ വരാം...

നദീം എല്ലാരേം നോക്കി കണ്ണ് കൊണ്ടു കാണിച്ചു.... ഇജുൻ പോകാൻ മനസ്സിലായിരുന്നു.... അവർ ഒന്നിച്ചു നിന്നോട്ടെ കരുതി ആയിരുന്നു നദീം അങ്ങനെ പറഞ്ഞത്..... അവർ പോയി.

ഫൈസ് അവളെ അടുത്തേക്ക് വന്നു...

നിന്നെ തല്ലിയത് കണ്ടെങ്കിൽ നീ പ്രൊപ്പോസ് ചെയ്യാൻ വന്നത് ശഹി കണ്ടു കാണില്ലേ..,.. ഫൈസ് ടെൻഷനോട് ചോദിച്ചു...

എനിക്കെങ്ങും അറിഞ്ഞുട പോയി ചോദിക്ക്.... അതും പറഞ്ഞു കലിപ്പിൽ തിരിഞ്ഞു കിടന്നതും

അവൾ വേദന കൊണ്ടു പിടഞ്ഞു....

ഫൈസ് നടുവിന്ന് തടവി കൊടുത്തു..... സൂക്ഷിച്ചു കിടന്നുടെ നിനക്ക് കൊച്ചു കുട്ടിയെന്ന വിചാരം അവൻ കലിപ്പോടെ പറഞ്ഞു.

അവന്റെ കൈ സ്പർശം അറിഞ്ഞതും അവളിൽ മിന്നൽ പിണർ തന്നെ പാഞ്ഞു

അവൾക്ക് വേദന എങ്ങോട്ടാ പോയതെന്ന് പോലും തിരിഞ്ഞില്ല.... ചുണ്ടിൽ വിരിഞ്ഞ പുഞ്ചിരി പുറത്ത് കാണിക്കാതെ കടിച്ചു പിടിച്ചു നിന്നു.

വേദന നല്ലോണം ഉള്ളത് കൊണ്ടു തന്നെ അവന്റെ കൈസ്പർഷം ആസ്വദിച്ചു കിടന്നു. മെല്ലെ കണ്ണുകൾ അടഞ്ഞു...... അവൻ അവളെ നേരെ കിടത്തി. അവളെ കവിളിൽ വിരൽപ്പാട് കണ്ടതും അവനിൽ ഒരു നോവുണർന്നു..... അവൻ അവിടെ മെല്ലെ തലോടി. ഉറക്കത്തിലും അവൾ വേദന കൊണ്ടു മുഖം ചുളുങ്ങി. അവൻ മെല്ലെ അവിടെ ചുണ്ടുകൾ ചേർത്തു. സോറി.....പുതപ്പ് പുതച്ചു കൊടുത്തു,..... പോകാൻ നേരം അവൾ അവന്റെ കയ്യിൽ പിടിച്ചു...... അവൻ തിരിഞ്ഞു നോക്കി....

എന്റെ കൂടെ ഇവിടെ കിടക്കോ........ ഞാൻ

ഉറങ്ങിയിട്ട് പോയിക്കോ......

ഞാൻ ഇവിടെ ഇരുന്നോളാം ഉറങ്ങുന്നത് വരെ .....

അവളുടെ മുഖം വാടി...... ഇവിടെ കിടന്നോടെ എപ്പോഴും കിടക്കൽ ഉണ്ടല്ലോ പിന്നെ ഇന്നെന്താ....... എനിക്ക് പിരീഡ്സ് ആയോണ്ടാണോ.......

ദേഹത്തു ബ്ലഡ് ആയപ്പോൾ പോലും എനിക്ക് അറപ്പോ വെറുപ്പോ തോന്നിയിട്ടില്ല ഇനു..... അതെ ബ്ലഡ് കാരണം ആണ് എനിക്ക് ഈ ജന്മം കിട്ടിയതും. പിന്നെ ഒന്നിച്ചു കിടക്കാത്തത് അത് തെറ്റാണ്. ഞാൻ പറഞ്ഞു കഴിഞ്ഞു നീയിന്നു എന്റെ മനസ്സിൽ ഇല്ല..... എന്റെ ആരുമല്ല..... മറ്റൊരാൾ ആയി വിവാഹം ഉറപ്പിച്ച പെണ്ണാണ് നീ.....

ഒരു കത്തി കിട്ടിയിരുന്നെങ്കിൽ ഒറ്റ കുത്തിനു കൊല്ലും ഞാൻ ഇയാളെ..... യാഷ് പറഞ്ഞ പോലെ ഒറ്റയടിക്ക് പ്രോബ്ലം തീർന്നേനെ.......  എനിക്ക് പറയാൻ ഉള്ളത് കേട്ടോടെ.....അവൾ പിറുപിറുത്തു......

അവള്ക് ദേഷ്യം സങ്കടം ഒക്കെ വന്നിരുന്നു. ഇതിനൊക്കെ എണ്ണിയെണ്ണി പകരം ചോദിച്ചില്ലെങ്കിൽ എന്റെ പേര് മാറ്റി വിളിച്ചോ...... അവനെ കലിപ്പോടെ നോക്കി മനസ്സിൽ പറഞ്ഞു.....

മറ്റൊരാളെ പെണ്ണിനെ കിസ്സ് ചെയ്യാം കവിളിൽ തലോടാം കെട്ടിപിടിച്ചു കിടക്കാം അതൊന്നും തെറ്റല്ല അല്ലേ.....

അത്...... പിന്നെ..... ഞാൻ..... അവൻ കിടന്നു ഉരുണ്ടു...അവന്റെ മുഖം വിളറി വെളുത്തിരുന്നു.

അത് ശരിയാണോന്ന്.....

അറിയാതെ പറ്റിപോയതാ സോറി.....

എനിക്ക് ആരുടേയും സോറി വേണ്ട തന്നത് അത് പോലെ തിരിച്ചു എടുത്തോ വേഗം.....

അവൻ ഞെട്ടലോടെ അവളെ നോക്കി. എന്താന്ന്......

തന്ന കിസ്സും തലോടൽ അത് പോലെ തിരിച്ചു എടുക്കാൻ അവൾ ശബ്ദം ഉയർത്തി പറഞ്ഞു....

അതെങ്ങനെ തിരിച്ചു എടുക.....അവൻ കണ്ണ് മിഴിച്ചു അവളെ നോക്കി.....

എനിക്ക് വേണ്ടെന്ന് പറഞ്ഞില്ലേ...... തിരിച്ചു എടുത്തില്ലെങ്കിൽ നിങ്ങൾ എന്നെ പീഡിപ്പിച്ചുന്ന് പറഞ്ഞു ഞാൻ കിടന്നു നിലവിളിക്കും നോക്കിക്കോ......

ബുദ്ധിയില്ലാത്ത കൊച്ചാണ് അതും ചെയ്യും അവൻ ദയനീയമായി അവളെ നോക്കി.

കിസ്സ് തിരിച്ചു എടുക്കാൻ കഴിയില്ല ഇനു അവൻ സമാധാനപരമായി പറഞ്ഞു.

നമ്മൾ ഒരു സാധനം ഒരാളെ കയ്യിൽ വെച്ച് കൊടുത്തു. അയാൾക്ക് വേണ്ടെങ്കിൽ എന്ത് ചെയ്യും.......

തിരിച്ചു എടുക്കും...... അവൻ പറഞ്ഞു

അപ്പോൾ ഇവിടെ വന്നിട്ട് നാല് കിസ്സ് തന്നു മൂന്ന് പ്രാവശ്യം നെറ്റിയിലും ഒന്ന് കവിളിലും....... പിന്നെ മിനിഞ്ഞൊന്നു കെട്ടിപിടിച്ചു കിടന്നു അതും തിരിച്ചു എടുത്തോ.....

അവൻ ദയനീയമായി അവളെ നോക്കി.

ഇങ്ങനെ ബുദ്ധിയും വിവരം ഇല്ലാത്തവൾ ആണോ ഇത്......

തിരിച്ചു എടുക്കുന്നോ ഇല്ലയോ...... എന്നിട്ട് വേണം എനിക്ക് നിലവിളിച്ചു ആളെ കൂട്ടി എല്ലാരോടും താൻ എന്നെ പീഡിപ്പിച്ചത് പറയാൻ....... എന്നാലും മറ്റൊരാളുമായി വിവാഹം ഉറപ്പിച്ച എന്നെ നീ......

അവൾ കരയുന്നത് പോലെ കണ്ണ് രണ്ടും തിരുമ്മി..

കരച്ചിലിന്റെ വോളിയം കൂട്ടിയതും അവൻ വായ പൊത്തിപിടിച്ചു.......

തിരിച്ചു തരാം നാറ്റിക്കരുത്.......

എന്നാ താ......

എങ്ങനെ തരണ്ടേ.....

അവൾ നെറ്റിയിലും കവിളിലും തൊട്ട് കാണിച്ചു ഇവിടെക്കെ തന്നത്.....

അവൻ അവളെ നെറ്റിയിൽ ചുണ്ടുകൾ അമർത്തി.... എന്നിട്ട് അവളെ നോക്കി....

ഒന്നേ ആയുള്ളൂ...... ഇനിയും മൂന്ന് ഉണ്ട് അവൾ മുഖം കോട്ടി പറഞ്ഞു..... ചിരി പുറത്ത് വരാതിരിക്കാൻ കടിച്ചു പിടിച്ചു നിന്നു..... അവൻ മൂന്ന് പ്രാവശ്യം കൂടി കിസ്സ് കൊടുത്തു........ അവൾ കവിളിൽ തൊട്ട് കാണിച്ചു..... അവൻ അവിടെയും കിസ്സ് കൊടുത്തു......

എണീറ്റു പോകാൻ നോക്കിയതും അവൾ വിളിച്ചു....

എന്നെ കെട്ടിപിടിച്ചു കിടന്ന കണക്ക് ആര്

തീർക്കും.......

അത് ഞാൻ...... പിന്നെ.......

അല്ലെങ്കിൽ വേണ്ട ഇജുക്കനെ വിളിച്ചു പറഞ്ഞോളാം..... നീയെന്നെ കെട്ടിപിടിച്ചു കിടന്നുന്ന്...... എന്നാലും മറ്റൊരാളെ കല്യാണം ഉറപ്പിച്ച എന്നെ കെട്ടിപിടിച്ചില്ലേ........ ഇതറിഞ്ഞ എന്റെ ഭാവി പോവൂല്ലേ.......അവൾ അവന്റെ തന്നെ കീശയിൽ നിന്ന് ഫോൺ എടുത്തു..... വിളിക്കാൻ നോക്കിയതും അവൻ ഫോൺ പിടിച്ചു വാങ്ങി......

കിടക്ക് ദേഷ്യത്തോടെ അവളെ നോക്കി പറഞ്ഞു ബെഡിൽ കേറി കിടന്നു..... അവളെ ചേർത്ത് പിടിച്ചു കിടന്നു..... അവൾ അവന്റെ നെഞ്ചിൽ തല വെച്ച് കിടന്നു.....

ഇവൻ ഇത്രയും മന്നബുദ്ധി ആയിരുന്നോ..... ചിരി കടിച്ചമർത്തി ശാന്തമായ മനസ്സോടെ അവൾ കിടന്നു....

ഇതിനേക്കാൾ ബുദ്ധിയില്ലാത്ത വേറൊന്ന് ലോകത്ത് ഉണ്ടാവില്ല.... മാനവും പോകും ഇജുന്റെ കയ്യിൽ നിന്നും തല്ല് കിട്ടാനും വയ്യെന്ന് കരുതി അവനും അങ്ങനെ കിടന്നു...... ഇടക്ക് അവന്റെ കൈ അവളെ

ചേർത്ത് പിടിച്ചത് അവൾ അറിയുന്നുണ്ടായിരുന്നു..... അവളുടെ ചുണ്ടിലും ഒരു ചിരിയൂറി. വേണ്ടാ...... വേണ്ടന്ന് വെക്കുമ്പോ തലയിൽ കേറുന്നോ...., നാളെ മുതൽ നീ കാണാൻ ഇരിക്കുന്നത്തെ ഉള്ളൂ ....... എന്നോട് ഈ പറഞ്ഞതിന്നും ചെയ്തതിന്നും മാപ്പ് പറഞ്ഞു പിറകെ നടത്തിച്ചിരിക്കും..... അവൾ ഒന്നൂടി അവന്നെ മുറുക്കെ കെട്ടിപിടിച്ചു കിടന്നു....

❤❤❤❤

രാവിലെ ഫൈസ് ടീ വാങ്ങാൻ പുറത്ത് പോയപ്പോഴാണ് ഒരു നഴ്സ് വന്നു ഒരു ഫ്ലവെർ ബൊക്ക അവൾക്ക് കൊടുത്തത്

ഇവിടെ തരാൻ പറഞ്ഞു എന്ന് പറഞ്ഞു അവർ പോയി..... അവളുടെ കണ്ണുകൾ വിടർന്നു ബൊക്ക കണ്ടതും..... റെഡ് കളർ റോസ് ഹാൻഡ് ക്രാഫ്റ്റ് ബൊക്ക ആയിരുന്നു അത്......അതും വലിയ ബൊക്ക......അവൾ സന്തോഷത്തോടെ അതെടുത്തു നെഞ്ചോട് ചേർത്തു ..... ഫൈസിയുടെയോ ശഹിയുടെയോ ഇജുക്കാന്റെയോ വക ആയിരിക്കും........ അല്ലാതെ എനിക്കാരാ ഇത്രയും വലിയ ഫ്ലവർ ബൊക്ക ഒക്കെ തരാൻ.... അവൾ

അതിലൂടെ തലോടി അതും എടുത്തു തുള്ളിചാടി.......
അത്രയേറെ അവൾക്ക് ഇഷ്ടം ആയിരുന്നു അത്.......
അതിൽ നിന്നും ഒരു കടലാസ് നിലത്തേക്ക് വീണു.

അവൾ അതെടുത്തു നോക്കി......

നിന്റെയീ സന്തോഷത്തിൽ ബെസ്റ്റ് വിഷസ് നേർന്നു എന്റെ വക ചെറിയൊരു സമ്മാനം...... ഇത് കയ്യിൽ കിട്ടുമ്പോൾ സന്തോഷം കൊണ്ടു നിന്റെ മുഖം വിടരും നിന്റെ മുഖത്ത് ഏറെ ഭംഗിയുള്ള നിന്റെ കരിനീല കണ്ണുകൾ തിളങ്ങും... പാല്പുഞ്ചിരി വിരിയും...... മോസ്റ്റ് ബ്യൂട്ടിഫുൾ സ്മൈൽ നേരിട്ട് കാണാൻ കഴിയില്ലെങ്കിലും ഞാൻ മനക്കണ്ണിൽ കാണുന്നുണ്ട് അത്...... നിന്റെ ആഗ്രഹം പോലെ അഞ്ഞൂറ് റെഡ് റോസ് കൊണ്ടു ഉണ്ടാക്കിയതാണ്........ ഇഷ്ടം ആവുമെന്ന് അറിയാം..... നിന്റെ ആഗ്രഹങ്ങൾ ഒക്കെ എനിക്ക് അറിഞ്ഞൂടെ....... ഐ ലവ് യൂ ബേബി....

എന്ന് നിന്റെ സ്വന്തം ഇച്ചു.......

അവളുടെ കയ്യിൽ നിന്നും ബൊക്ക നിലത്ത് വീണു റോസപ്പൂക്കൾ ചിന്നിചിതറി ചുറ്റും തെറിച്ചു...... അവളുടെ കയ്യിൽ കിടന്നു ആ പേപ്പർ അവൾ

ചുളിഞ്ഞു അമർന്നു...... പേടി കൊണ്ടു ചെറിയൊരു വിറയൽ അവളിൽ പടർന്നു..

നെറ്റിയിലൂടെ വിയർപ്പുകൾ ചാലിട്ടൊഴുകി

വീണു കിടക്കുന്ന റോസാപ്പൂക്കളുടെ ഇടയിൽ ഒരു കാർഡ് അവൾ കണ്ടു.... അതെടുത്തു നോക്കി..... അതിൽ എഴുതിയത് കണ്ടതും അവൾ ഞെട്ടലോടെ നോക്കി.......ഐ വിൽ കം ബാക്ക്......

ഇർഫാൻ....... അവളുടെ മുഖം ദേഷ്യം കൊണ്ടു വിറച്ചു.

📚STORY BOARD📚

❤️💔INVISIBLE LOVE 💔❤️

Love after 💘marriage (part 78)

എനിക്ക് മെൻസ്ട്രഷൻ ആയത് നാട്ടാരെ മൊത്തം അറിയിക്കാൻ പോവ്വാണോ.....

ഇജുക്കക്ക് എന്താ വട്ടായോ....... അവൾ പരിസരം പോലും നോക്കാതെ ഒച്ചയെടുത്തു പോയി...

ഇതൊരു ചടങ്ങാണ് ജന്ന ..... ഞങ്ങളെ ആചാരം

ആണ്......

അയ്യേ നാണക്കേട്....... ഇത് നിങ്ങൾ അറിഞ്ഞല്ലോന്ന് ഓർത്തു എങ്ങനെ നിങ്ങളെ മുഖത്ത് നോക്കാന്ന് കരുതി നാണം കെട്ട് നിൽക്കുമ്പോഴ നാട്ടുകാരെയും ബന്ധുക്കളെയും വിളിച്ചു അറിയിക്കുന്നത്..... ഒന്ന് പോയെ ഇജുക്ക

അവൾ മുഖം വീർപ്പിച്ചു തിരിഞ്ഞു ഇരുന്നു

ഇതിൽ എന്തിനാ നാണക്കേട്...... ഒരു പെൺകുട്ടി സ്ത്രീ ആയെന്ന് അറിയിക്കുന്ന ഒരു ചടങ്ങ്. അടുത്ത ജനറേഷൻ ഉണ്ടാകാൻ ചെയ്യാൻ പ്രകൃതി തന്ന കഴിവാണിത്...... ഇങ്ങനെ ഒരു പ്രതിഭാസം ഇല്ലെങ്കിൽ എങ്ങനെ മക്കൾ ഉണ്ടാകും...... അപ്പോൾ ചെറിയ കാര്യം ആണോ ഇത്...... സ്ത്രീയെ ആദരിക്കുന്ന പെണ്ണിനെ അംഗീകരിക്കുന്ന ഒരു ചടങ്ങ് അത്രയേ ഉള്ളു...... പിന്നെ നാണക്കേട് തോന്നാൻ ഇത് ആർക്കും അറിയാത്ത കാര്യം ഒന്നും അല്ല...... അറിയാത്തവർ അറിയേണ്ട കാര്യം കൂടിയാണ്...... ഒരു സ്ത്രീ എന്തൊക്കെ സഹിച്ചാണ് അവന്ന് ജന്മം കൊടുത്തതെന്ന്..... അത് മനസ്സിലാക്കുന്ന ഒരു പുരുഷൻ പെണ്ണിനോട്

അപമാര്യാദയായി പെരുമാറാൻ കഴിയില്ല....... സ്നേഹം വിശ്വാസം കെയർ അതൊക്കെ കൂടുതൽ കൊടുക്കേ ഉള്ളു......  ഇനു എല്ലാം മൂളിക്കേട്ടെങ്കിലും സമ്മതം പറഞ്ഞില്ല.....

അവൾക്ക് അപ്പോഴും മറ്റുള്ളവരെ എങ്ങനെ ഫേസ് ചെയ്യാ എന്നൊരു നാണക്കേട് ആയിരുന്നു.

ശഹി അവളെ അടുത്ത് വന്നിരുന്നു അവളെ കയ്യിൽ പിടിച്ചു...... അവന്റെ മുഖത്തേക്ക് നോക്കാൻ ആവാതെ ചമ്മൽ തോന്നി അവൾക്ക്....

ടീ ഇത് വലിയ സംഭവം ഒന്നും അല്ല. ഇജുക്ക പറഞ്ഞതെ എനിക്കും പറയാൻ ഉള്ളു..... ഇജുക്കന്റെ ഉപ്പ മരിച്ചശേഷം ജന്നത്തിൽ സന്തോഷത്തോടെ ഒരു ഫൻക്ഷൻ കഴിച്ചിട്ടില്ല. ഒരു ചെറിയ ബർത്ഡേ പാർട്ടി ആണെങ്കിൽ പോലും എന്റെ ജന്നയില്ലല്ലോ പറഞ്ഞു മാറി നിൽക്കും...... ബാക്കിയുള്ളവർ അത് കണ്ടു സങ്കടപെടും ... ശരിക്കും പറഞ്ഞ നദീംമിന്റെ എൻഗേജ്മെന്റ്ന് നീ വന്നൊണ്ട് മാത്രം ആണ് വർഷങ്ങൾക്ക് ശേഷം ആ വീട് ഉണർന്നത്..... വീണ്ടും നിന്നിലൂടെ ആണ് ഞങ്ങൾ ആ സന്തോഷം കൊണ്ടു വരാൻ

ആഗ്രഹിക്കുന്നത്..... എതിര് പറയല്ലേ നീയതിന്ന്......

യാഷ് അവളെ അടുത്തേക്ക് വന്നു.....

സമ്മതിക്ക് ജന്ന......  ഇതൊരു കുറവല്ല..... അംഗീകാരം ആണ്...... ഇതിന്ന് മുൻപ് ചടങ്ങ് നടത്തിയിട്ടുണ്ട്...... ഷാനതന്റെയും ഷദയുടെയും എല്ലാം...... അവരൊന്നും എതിര് പറഞ്ഞില്ലല്ലോ........ കുറെ ഗിഫ്റ്റ് ഒക്കെ തരൂടി.... അതും വാങ്ങിച്ചു അടങ്ങി ഒതുങ്ങി ഒരിടത്തു ഇരുന്ന മതി...... വേണേൽ തലവഴി ഷാൾ താഴിതിക്കോ ആരും കാണില്ല..... ഒന്ന് സമ്മതിക്ക് പ്ലീസ്

അവൾ സങ്കടത്തോടെ നിൽക്കുന്ന ഇജുക്കനെ കണ്ടതും അറിയാതെ തന്നെ തലയാട്ടി......

എല്ലാവരുടെയും മുഖം തെളിഞ്ഞു....

എന്ന ഞാൻ പോട്ടെ ഓഫീസിൽ പോകാൻ ടൈം ആയി..... ഫൈസ് യാത്ര ചോദിക്കുന്നത് പോലെ എല്ലാരോടും പറഞ്ഞു....

വൈകുന്നേരം ആണ് ഫൻക്ഷൻ...... ഫൈസ് എന്തായാലും വരണം..... ഇജു അവനോട് പറഞ്ഞു....

എനിക്ക് വൈകുന്നേരം അത്യാവശ്യം ആയ മീറ്റിംഗ്

ഉണ്ട് അതോണ്ട് ഞാൻ കാണില്ല സോറി........

വരുമ്പോൾ ഗിഫ്റ്റ് തരണം അതിന്ന് മടിച്ചാണ് വരാതിരിക്കുന്നത്..... ആരും നിർബന്ധിക്കേണ്ട ഇജുക്ക..... എനിക്കാരെയും ഗിഫ്റ്റ് വേണ്ടാ..... അവൾ പുച്ഛത്തോടെ മുഖം കോട്ടി പറഞ്ഞു.

ഫൈസ് അടികിട്ടിയ പോലെ അവളെ നോക്കി..... തെണ്ടി..... പോകാതിരുന്നാൽ ഇവരൊക്കെ എന്ത് കരുതും ഇനി.....

ഗിഫ്റ്റ് ഒന്നും വേണ്ട....... ജസ്റ്റ് വന്ന മതി ഭയ്യാ....ശഹി കൂടി അങ്ങനെ പറഞ്ഞതും അവൻ കലിപ്പോടെ ഇനുവിനെ നോക്കി.

ഗിഫ്റ്റിൽ ഒക്കെ എന്ത് കാര്യം ആണ് ഭയ്യാ

അവൾക്ക് വേറെയും ഒരു പാട് ഗിഫ്റ്റ് കിട്ടും അതോണ്ട് ഭയ്യാ ഒന്നും വാങ്ങേണ്ട.

എല്ലാരും കൂടി ഗിഫ്റ്റ് വാങ്ങിക്കാൻ കഴിവില്ലാത്തവനക്കി മാറ്റിയത് ഓർത്തു ചിരിക്കണോ കരയണോ എന്ന അവസ്ഥയിൽ നിന്നു. നദീം ഇജുവും പരസ്പരം നോക്കി ചിരി കടിച്ചു പിടിച്ചു നിന്നു.

ഞാൻ വൈകുന്നേരം വരില്ലെന്ന പറഞ്ഞെ അതിന്ന് മുന്നേ വന്നോളാം അവൻ ഇനുവിനെ നോക്കി പല്ല് കടിച്ചു പിടിച്ചു പറഞ്ഞു..... എന്നിട്ട് പോയി....

ശഹിയും യാഷും ഇനുവും പരസപരം ഹൈഫൈ കൊടുത്തു പൊട്ടിച്ചിരിച്ചു......

വേഗം ഇഗോ ഹർട്ട് ചെയ്യും അല്ലെ ഇവന്ന് ഇജു ഫൈസ് പോകുന്നത് നോക്കി പറഞ്ഞു.......

❤️❤️❤️❤️

അവളെ കാത്തു എല്ലാവരും വാതിൽക്കൽ  തന്നെ ഉണ്ടായിരുന്നു.

ജൂനുനെ കണ്ടതും അവൾ ഓടിച്ചെന്നു കെട്ടിപിടിച്ചു. അവന്റെയും അവളെയും കണ്ണുകൾ നിറഞ്ഞിരുന്നു. അവളുടെ നെറുകയിൽ ചുണ്ടുകൾ അമർത്തി അവൻ.....

അതേ ഇക്കാന്റെയും അനിയത്തിയുടെയും സ്നേഹപ്രകടനം കഴിഞ്ഞെങ്കിൽ ഈയുള്ളവളെ കൂടി പരിഗണിക്കണം...... കുശുമ്പ്ടെയുള്ള സംസാരം കേട്ടു അവൾ തിരിഞ്ഞു നോക്കി ഉമ്മ.....

എന്നെ വേണ്ടന്ന് പറഞ്ഞു മോന്റെ കൂടെ

പോയതല്ലേ..... മോനെ നോക്കിയ മതി.....

അതും പറഞ്ഞു അവൾ മുഖം കോട്ടി ജുനുവിനെ ചേർത്ത് പിടിച്ചു നിന്നു.

അവനെ സ്നേഹിക്കുന്നത് നഷ്ടകച്ചോടം ആണ്...... എത്ര പൊതിഞ്ഞു പിടിച്ചു സ്നേഹിച്ചാലും ചയ്വ് നിന്നോടാണ്..... നിന്നെ കണ്ട എന്നെ കണ്ട പരിജയം കാണിക്കാതെ പൊയ്ക്കളെയും...... കുടിച്ച വെള്ളത്തിൽ വിശ്വസിച്ചോടാ....

കണക്കായിപോയി..... എനിക്ക് ഇവിടെ നാല് ഉമ്മമാർ ഉണ്ട് അതോണ്ട് മോനെ മാത്രം സ്നേഹിച്ച മതി...... എന്നോട് മിണ്ടാൻ വരണ്ട.....

എന്നെ വേണ്ടെങ്കിൽ എനിക്കും വേണ്ടാ അല്ല പിന്നെ ഉമ്മ തിരിഞ്ഞു നിന്നു.... അല്ലെങ്കിലും എന്നെ ആർക്കും വേണ്ടല്ലോ

അല്ല ബോറടിക്കുമ്പോ ഇടക്കൊക്കെ വേണംന്നേ..... അവൾ പിറകിലോട്ടെ കെട്ടിപിടിച്ചു തോളിൽ മുഖം അമർത്തി നിന്നു......

അവർ തിരിഞ്ഞു അവളെ കെട്ടിപിടിച്ചു മുഖം ആകെ മുത്തം കൊണ്ടു മൂടി.....

ഇത്രയും കാലത്തെ തന്റെ സങ്കടം മാറ്റിതന്നതിന്ന് അവർ പടച്ചോനോട് നന്ദി പറഞ്ഞു കൊണ്ടിരുന്നു......

അതൊക്കെ പോട്ടെ ആരാ ഈ നാല് ഉമ്മമാർ..... ഇവിടെ മൂന്നാളല്ലേ ഉള്ളൂ......ജുനു താടിക്ക് കയ്യും കൊടുത്തു ആലോചിച്ചു പറഞ്ഞു.

നാലാമത്തെ ഫൈസിന്റെ ഉമ്മ.....

അത് പറഞ്ഞതും എല്ലാവരുടെയും മുഖം ഇരുണ്ടു. അതവൾ കണ്ടു..... എന്നോട് മാപ്പ് പറഞ്ഞു ഇപ്പോൾ എന്നെ ഒരുപാട് ഇഷ്ടം ആണ്......

അവൾ പറഞ്ഞത് ഇഷ്ടം ആയില്ലെങ്കിലും ആരും അതിനെപറ്റി പിന്നീട് സംസാരിച്ചില്ല

അവൾക്ക് എന്ത് കൊണ്ടോ അവരെ ഓർത്തു സങ്കടം തോന്നി....... അവർ അനുഭവിച്ച വേദനകൾക്ക് ഫൈസ് അറിയാതെ ആണെങ്കിലും കാരണക്കാരൻ ആണെന്ന് ഓർത്തു..... അതിന്ന് പകരം ആയി അവർക്ക് വേണ്ടി ജീവിക്കുന്ന ഫൈസ്...... ഞാൻ വേണോ ഉമ്മ വേണോ എന്നൊരു ചോദ്യം വന്നാൽ ഫൈസ് ഉമ്മനെ മാത്രം തിരഞ്ഞെടുക്കു...

അതോർത്തതും അവളുടെ നെഞ്ച് പിടഞ്ഞു......

സത്യം അറിഞ്ഞാൽ ഇജുക്കയും സമ്മതിക്കില്ല ഫൈസിയെ കല്യാണം കഴിക്കാൻ....... ഞാൻ എന്നാൽ ഭ്രാന്ത് ആണ് ഇജുക്കക്ക്...... മനസ്സിൽ അടക്കി വെച്ചതെല്ലാം പുറത്തേക്ക് കണ്ണുനീർ ആയി ഒഴുകുമെന്ന് തോന്നിയതും അവൾ മുഖം അമർത്തി തുടച്ചു മുഖത്ത് പുഞ്ചിരി അണിഞ്ഞു ജുനുവിന്റെ കയ്യിൽ തൂങ്ങി അകത്തേക്ക് പോയി......

❤️❤️❤️❤️❤️

വീട് മുഴുവൻ പൂക്കൾ കൊണ്ടു അലങ്കരിച്ചത് കണ്ടപ്പോഴേ അവളുടെ മൂഡ് ഓഫ് മാറിയിരുന്നു..... എല്ലാവരുടെയും കളിയും ചിരിയും അവിടെ നിറഞ്ഞു.....

അവൾക്ക് റെഡ്മെറൂൺ കളർ ഉള്ള ലഹങ്ക ആയിരുന്നു ഇജു വാങ്ങിക്കൊടുത്തത്..... അതും അണിഞ്ഞു അവൾ അവന്റെ മുന്നിൽ തന്നെ ആദ്യം പോയി....... അവൻ ഒരു ജ്വല്ലറി ബോക്സ് എടുത്തു അവളുടെ അടുത്തേക്ക് പോയി..... ഡയമണ്ട് നെകളീസ് കണ്ടു അവൾ അവനെ നോക്കി താങ്ക്യു പറഞ്ഞു വാങ്ങി..... വാങ്ങിയില്ലെങ്കിൽ അത് മതി മുഖം വാടാൻ എന്ന് അവൾക്ക് അറിയാരുന്നു....

അവൻ തന്നെ കെട്ടികൊടുത്തു... കഴുത്തു നിറച്ചും നിറഞ്ഞു നിന്നു ആ മാല

അടുത്ത പ്രാവശ്യം ചെറിയ മാല വാങ്ങണെ ഇജുക്ക കഴുത്ത് ഒടിയും ഇപ്പോൾ അവൾ കുസൃതി ചിരിയോടെ പറഞ്ഞു.

സെവന്റി ഫൈവ് ലക് ആണ് മോളെ അതിന്ന് കഴുത്തു ഒടിഞ്ഞില്ലെങ്കിലേ അത്ഭുതം ഉള്ളൂ.... ശഹി വിളിച്ചു പറഞ്ഞു.

അവളുടെ കണ്ണ് മിഴിഞ്ഞു കേട്ടിട്ട്.......

ഞാൻ വിചാരിച്ച മോഡൽ കിട്ടിയില്ല ഇജു സങ്കടതോടെ പറഞ്ഞു....

ഇത് തന്നെ ഓവർ ആണ് ഇജുക്ക..... ഞാൻ ഇങ്ങനെത്തെ ഒന്നും ഇടാറില്ലെന്ന് അറിയാലോ......

ഇന്ന് നിനക്ക് കിട്ടുന്ന ഗിഫ്റ്റ്ൽ ഏറ്റവും വിലപിടിപ്പുള്ള ഗിഫ്റ്റ് എന്റെ ആയിരിക്കണം....... അവൻ അവളെ കവിളിൽ തട്ടി പറഞ്ഞു......

ടീ അങ്ങേർക്ക് നീയെന്നെ ഭ്രാന്ത് ആടീ.....

ശഹി മെല്ലെ പറഞ്ഞു.....

ഭ്രാന്ത് നിന്റെ അമ്മായിഅമ്മക്ക് പോയി വിളി മാക്രി....... എന്റെ ഇജുക്കനെ പറഞ്ഞാലുണ്ടല്ലോ ഫുഡിൽ വിം കലക്കി തരും പറഞ്ഞില്ലെന്നു വേണ്ട......

നിനക്കും ഭ്രാന്ത് ആണല്ലേ...... ബ്ലഡ് ഒന്നല്ലേ അങ്ങനെ വരൂ...... ഞങ്ങളുടെ വിധി.....അവൻ മേലോട്ട് കൈ മലർത്തി കാണിച്ചു.....

അതൊക്കെ പോട്ടെ നീയെന്താ എനിക്ക് ഗിഫ്റ്റ് തരുന്നേ.......

അത് സർപ്രൈസ്...... ഏതായാലും ഇങ്ങേരെ ഓഞ്ഞ മാലയെക്കാൾ വിലപിടിപ്പുള്ളതെ തരു ..... വെയിറ്റ് ആൻഡ് സീ കുളിക്കാതെ ഡ്രസ്സ് ചെയ്തു വന്ന ജന്തു......

അവൾ ഇളിച്ചു കാണിച്ചു....... അതിൽ മാത്രം വിട്ടുവീഴ്ച ഇല്ല മോനെ......

അള്ളോഹ് വേണ്ടായേ നന്നായ പിന്നെ നീ നീയല്ലാതാവില്ലേ......

അതാണ് ചക്കരെ കാര്യം അവൾ അവന്റെ കഴുത്തിലൂടെ കയ്യിട്ടു താഴേക്കു പോയി......

ജ്വലിച്ചു നിൽക്കുന്ന അവളുടെ സൗന്ദര്യം

കണ്ടു എല്ലാവരും കണ്ണെടുക്കാതെ അവളെ നോക്കി നിന്നു...... അമ്മിജാൻ അവൾക്ക് കണ്മഷിഎടുത്തു പിറകിൽ വെച്ചു കൊടുത്തു.... ആരുടേയും കണ്ണ് തട്ടാതിരിക്കട്ടെ...... ചുമ്മാ..... സോഫയിൽ ഷാൾ തലയിൽ നിന്നും താഴ്ത്തി ഇരുന്നു..

ഓരോരുത്തരും വന്നു അനുഗ്രഹിച്ചു കൊണ്ടു ഗിഫ്റ്റ് കൊണ്ടു വന്നു തന്നു. സന്തോഷം ആണോ സങ്കടം ആണോന്ന് അറിയാതെ കണ്ണ് നിറഞ്ഞു. ഇങ്ങനെ ഒരു അവസരം ഉണ്ടാകുമെന്നു കരുതിയതല്ല...

റാനിയെ വിളിച്ചെങ്കിലും വരില്ലെന്ന് വാശി പിടിച്ചു പറഞ്ഞു..... അതിന്റെ സങ്കടം ഉണ്ടായിരുന്നു....... പെട്ടെന്ന് ഇനു എന്ന് വിളിക്കുന്ന കേട്ട് തല ഉയർത്തി നോക്കി റാനി...... അവൾ സന്തോഷത്തോടെ മുഖം ഉയർത്തി നോക്കി....... അവൾ ഇനുവിന് നേരെ ഗിഫ്റ്റ് ബോക്സ് കൊടുത്തു..,,..

അവളുടെ കൈ വിറക്കുന്നുണ്ടായിരുന്നു..

കണ്ണുകൾ കരഞ്ഞ പോലെ നിറഞ്ഞിരുന്നു...... അവൾ സംശയത്തോടെ ഗിഫ്റ്റും റാനിയെയും നോക്കി.....

ഇർഫാൻറെ ഗിഫ്റ്റ് ആണ്..... മെല്ലെ പറഞ്ഞു

കൊണ്ടു അവളെ കയ്യിൽ കൊടുത്തു..... എല്ലാരും ശ്രദ്ധിക്കുന്നത് കണ്ടു അവൾ ചിരിയോടെ വാങ്ങി.....

അടുത്തിരുന്ന അമ്മിജാനോട് ഇപ്പൊ വരാം എന്നും പറഞ്ഞു റാനിയെ കൂട്ടി റൂമിലേക്ക് പോയി.......

ഫ്രണ്ടിനെ കിട്ടിയപ്പോൾ നമ്മളെ വേണ്ടാ ഷാന ഷദയും വിളിച്ചു പറഞ്ഞു..... അവൾ ഒരു ചിരി വരുത്തിച്ചു ചുണ്ടിൽ. എന്നിട്ട് റാനിയെ കൂട്ടി വേഗം പോയി.....

പോകുന്ന പൊക്കിൽ ഇജ്ജുക്ക മുന്നിൽ പെട്ടു......

നീയെവിടെക്കാ......

ഞാൻ വേഗം വരാം....... ഇജ്ജുക്ക റാനിയെ നോക്കിയത് പോലും ഇല്ലെന്ന് അവൾ ശ്രദ്ധിച്ചു.... അത് അവൾക്ക് സങ്കടം തോന്നി..... റാനിയെ മെല്ലെ നോക്കി.... അവൾ പിന്നെ തല ഉയർത്തിയിട്ടേ ഇല്ല...

ഇവരെ എങ്ങനെ ഒന്ന് സെറ്റാക്കും എന്ന് ഒരു നിമിഷം ആലോചിക്കാതിരുന്നില്ല.

ഒരു ദീർഘ നിശ്വാസം ഇട്ടു അവൾ പൊയി

റൂമിൽ എത്തി വാതിൽ അടച്ചു....

ഗിഫ്റ്റ് അവൾ വലിച്ചെറിഞ്ഞു......

പുറത്തേക്ക് ഒരു മാല വീഴുന്നത് കണ്ടു അവൾ നോക്കിത് പോലും ഇല്ല.....

മുഖം പൊത്തി ബെഡിൽ ഇരുന്നു...... രാവിലെ ബൊക്ക ആരും കാണാതെ സ്റ്റാഫിനെ വിളിച്ചു കൊടുത്തു.... ഇപ്പോൾഗിഫ്റ്റ്....അവൾക്ക് ദേഷ്യം സങ്കടം ഒക്കെ വരുന്നുണ്ടായിരുന്നു......

എന്നെ കാണാൻ വന്നിരുന്നു ആ പിശാജ്..

ഇത് നിനക്ക് കൊണ്ടു തരണം എന്ന് പറഞ്ഞു ഭീഷണിപെടുത്തി..... പേടിച്ചിട്ടാ വന്നത്..... നിന്നോട് ആദ്യമേ പറഞ്ഞതാ എല്ലാരോടും സത്യം പറയാൻ..... ഇപ്പോഴും വൈകിയിട്ടില്ല ഇനു.....

എന്താ ഞാൻ പറയണ്ടേ...... ഇർഫാൻ ഫൈസിയുടെ ഇക്ക റിൻഷാദ് ആണെന്നോ....... ശഹി ജീവനും മരണത്തിനും ഇടയിൽ കിടന്നതിന്ന് കാരണം അവൻ കാരണം ആണെന്നോ.... ഞാൻ ആ വീട്ടിൽ അനുഭവിച്ചത് ഒക്കെ അവന്റെയും കൂടി പ്ലാൻ ആണെന്നോ.......

എന്താ ഞാൻ പോയി എല്ലാരോടും പറയണ്ടേ.......

ഇജുക്ക പിന്നെ വെറുതെ ഇരിക്കുമോ....... ഈ കല്യാണം തന്നെ വേണ്ടെന്ന് പറയും...... അതൊക്കെ പോട്ടെ ഫൈസ്നെ പറ്റി ആലോചിച്ചു നോക്കിയേ...., സത്യം അറിഞ്ഞ ആ മനസ്സ് എത്ര വേദനിക്കും..... റിൻഷാദ് എന്ന റിച്ചു ആണ് തന്നെ കൊല്ലാൻ ശ്രമിക്കുന്നതെന്നും ബിസിനസ് തകർക്കാൻ ശ്രമിക്കുന്നതെന്നും അറിഞ്ഞൽ..... ഫൈസിയോടുള്ള ദേഷ്യത്തിന്ന് ആണ് എന്നെ കരുവാക്കുന്നതെന്ന് അറിഞ്ഞാൽ.......

തകർന്നു പോകുള്ളൂ എന്റെ ഫൈസ്......

അതിനേക്കാൾ ഒക്കെ വേറൊരു കാര്യം അറിയാതെ ആണെങ്കിലും റിൻഷാദ് ഇങ്ങനെ ഒരു വൃത്തികെട്ടവൻ ആയതിന്ന് കാരണം ഫൈസ് ആണെന്ന് അറിഞ്ഞ....

ഫൈസ് ഒരിക്കലും താങ്ങാൻ പറ്റില്ല......

ആ ഉമ്മാനെ ആലോചിച്ചു നോക്കിയേ രണ്ടു മക്കളെ മുന്നിൽ എത്ര വേദനിക്കുന്നുണ്ടെന്ന്....... എനിക്കൊന്നും അറിയില്ല എന്താ വേണ്ടെന്നു...... അവൾ മുഖം പൊത്തി പൊട്ടിക്കരഞ്ഞു.......

സത്യം ഒരിക്കലും മൂടി വെക്കാൻ ആവില്ല ഇനു.....

അവൻ ഇങ്ങനെ ടോർച്ചർ ചെയ്തേ
കൊണ്ടിരിക്കും........ എത്ര നാൾ മൂടി വെക്കും നീ......

എല്ലാരും അറിയുമ്പോൾ അറിയട്ടെ..... ഈ സത്യം
ഇപ്പോൾ അറിയുന്നത് എനിക്കും നിനക്കും
ഫൈസിയുടെ ഉപ്പാക്കും ഉമ്മാക്ക് മാത്രം ആണ്.....
അത് അങ്ങനെ തന്നെ ഇരുന്നോട്ടെ......

എത്രനാൾ ഇനു ഇങ്ങനെ......

ജുനു ഇർഫാനെ നേരിട്ട് കാണുന്നത് വരെ

ഫൈസിന്റെ ബ്രദർ ആണ്ന്ന് അറിയുന്ന വരെ......
കാരണം ജുനു മാത്രമേ ഇർഫാനെ കണ്ടിട്ടുള്ളൂ .....
അതും ഫൈസിയുടെ ഇക്ക ആണെന്ന് അറിയില്ല

എന്തിന്ന് ഫൈസ് പോലും ആരോടും പറഞ്ഞിട്ടില്ല
റിൻഷാദിന്റെ കാര്യം...... ഫൈസിയോട് ദേഷ്യം പിടിച്ച
അറിഞ്ഞിടത്തോളം റിൻഷാദ് നാട് വിട്ടു പോയത്.....
പിന്നെ നാട്ടിൽ പോലും വന്നിട്ടില്ല..... ഫൈസിയെ
സംബന്ധിച്ചു വേദനിക്കുന്ന ഒരു നോവായി മനസ്സിൽ
കൊണ്ടു നടക്ക ഇപ്പോഴും അത്.... ആ ഉമ്മാനെ
കുറ്റബോധത്തോടെ അല്ലാതെ ഫൈസ്
നോക്കാറില്ല...... അതോണ്ട് തന്നെ ആരോടും
റിൻഷാദിനെ പറ്റി പറഞ്ഞിട്ടില്ല......

നീയെന്താ പറഞ്ഞു വരുന്നേ.....

എനിക്ക് ഫൈസ്നെ കിട്ടാൻ ഉള്ള ലാസ്റ്റ് ചാൻസ് ആണ്..... കല്യാണം കഴിയുന്ന വരെ ആരും അറിയണ്ട ഇത്...... അതിന്ന് ശേഷം ഞാൻ തന്നെ പറഞ്ഞോളാം ഫൈസ്നോട് സത്യം...... അത് വരെ നീയും ആരോടും പറയല്ലേ പ്ലീസ്..... ഇനു റാനിയുടെ കൈ പിടിച്ചു അപേക്ഷയോടെ നോക്കി.....

റാനി ഒന്ന് മൂളുക മാത്രം ചെയ്തു.  ഫൈസ് എന്ന് വെച്ച അവളെ ജീവൻ ആണെന്ന് അറിയാം....... ഇനിയും നഷ്ടപെട്ടാൽ അവൾ പിന്നെ ഉണ്ടാവില്ല അതോർത്തതും തല്ക്കാലം ആരും ഒന്നും അറിയണ്ടെന്ന് റാനിയും കരുതി.....

വാതിൽ മുട്ടുന്നത് കേട്ടതും അവൾ മുഖം തുടച്ചു മുഖത്ത് ഒരു ചിരിയും വരുത്തി വാതിൽ തുറന്നു..... റാനിയുടെ കയ്യിൽ അവൾ മുറുക്കെ പിടിച്ചിട്ട് ഉണ്ടായിരുന്നു.

കയ്യിൽ വിറയലിലൂടെ അവൾ അറിഞ്ഞു ഉള്ളിലെ ഭയം...... ഒരു ആശ്വാസം പോലെ റാനി അവളെ കയ്യിൽ മുറുക്കെ പിടിച്ചു.

❤️❤️❤️❤️❤️

ഫൈസ് ലേറ്റ് ആയ വന്നത്..... അത്രയും പെട്ടന്ന് തിരിച്ചു പോകാലോ..... സമിയെയും കൂട്ടിയിരുന്നു...... അവന്റെ കാൽ പിടിച്ച ദേഷ്യം മാറ്റിയത്.....ഇവിടെ നിൽക്കുന്ന ഓരോ നിമിഷവും മുള്ളിൽ ചവിട്ടി നിൽക്കുന്ന പോലെയാണ് എവിടെയൊക്കെ വേദനിക്കുന്നുണ്ടെന്ന് തന്നെ അറിയില്ല..... വന്നു കേറിയതും ജുനു ആയിരുന്നു മുന്നിൽ വന്നത്.....

അവനെ കണ്ടതും ഫൈസ് ഒന്ന് ഞെട്ടി....

ആ സംഭവത്തിന് ശേഷം കണ്ടിട്ടില്ല.... ഇനുവിനെക്കാളും വേദനിപ്പിച്ചത് ജുനുവിനെ നഷ്ടപെട്ടതാണ്...... അവൻ കുറ്റബോധത്തോടെ തലതാഴ്ത്തി......

ജുനു സലാം ചൊല്ലി അവന്ന് കൈ കൊടുത്തു..... ഫൈസ് അത്ഭുതത്തോടെ അവന്നെ നോക്കി..... അവന്റെ കണ്ണ് നിറഞ്ഞു തുളുമ്പിയിരുന്നു.......

സോറി..... മെല്ലെ പറഞ്ഞു

ഫ്രണ്ട്സ് തമ്മിൽ സോറി പാടില്ലെന്ന പറയാറ്.....

ജുനു കൈ വിടർത്തിയതും ഫൈസ് വന്നു കെട്ടിപിടിച്ചു..... സമിയും അവരെ കൂടെ കൂടി.......

മാസങ്ങൾക്ക് ശേഷം അവർ വീണ്ടും പഴയ ആ സുഹൃത്തുക്കൾ മാത്രം ആയി..... ഞങ്ങളെയും കൂടെ കൂട്ടിക്കോടെ...... നദീം വിളിച്ചു ചോദിച്ചു.

അവർ ചിരിയോടെ നോക്കി......

ഇപ്പോൾ തൊട്ട് ത്രിമൂർത്തികൾ എന്ന പേര് വേണ്ടാ.....ജുനു പറഞ്ഞതും അവർ എല്ലാവരും അവനെ നോക്കി....

നമ്മൾ ആറ് പേര് ഇല്ലേ അത് പറഞ്ഞത.. ഇനി മുതൽ എന്ന് പറഞ്ഞു അവൻ കൈ നീട്ടി പിടിച്ചു എല്ലാവരും അവന്റെ കയ്യിൽ കൈ വെച്ചു.

അതേ എന്നെയും കൂടെ കൂട്ടിക്കൂടെ. എന്റെ കൈ ഫ്രീ ആയി ഇവിടെ കിടപ്പുണ്ട്...... നിങ്ങളെ നിയന്ത്രിക്കാൻ മുതിർന്ന ഒരാളെ ആവിശ്യം ഉണ്ട്.....യാഷ് കൈ നീട്ടി പറഞ്ഞു

ആയിക്കോട്ടെ  കാർന്നോരെ എന്ന് പറഞ്ഞു ജുനു അവന്റെ കൈ യാഷിന്റെ കയ്ക്ക് മുകളിൽ വെച്ചു.....

അപ്പോൾ ഇന്ന് മുതൽ സെവെൻസ് എന്ന് പേരിട്ടിരിക്കുന്നു യാഷ് പറഞ്ഞതും എല്ലാരും ചിരിയോടെ അത് അംഗീകരിച്ചു

ഇനു ഒരു വേദന ആണെങ്കിലും ഞാൻ കാരണം ആർക്കും സന്തോഷം ഇല്ലാതവരുതെന്ന് ഫൈസ് മനസ്സ് കൊണ്ടു ഉറപ്പിച്ചിരുന്നു.....

❤❤❤❤

ഫൈസ് അവളെ കണ്ണിമവെട്ടാതെ നോക്കി നിന്നു പോയി...... ഒരു നിമിഷം അവരെ കണ്ണുകൾ ഇടഞ്ഞു. അവൻ മിഴികൾ മാറ്റി.... അവളെ അടുത്തേക്ക് പോയി....

അതെ പറഞ്ഞ പോലെ ഗിഫ്റ്റ് ഒന്നും ഇല്ലേ അവൾ അവന്റെ കൈ നോക്കി പരിഭവത്തോടെ പറഞ്ഞു.....

എന്റെ ഗിഫ്റ്റ് സ്പെഷ്യൽ ആണ്..... അവൻ അവളെ കൈ പിടിച്ചു കൈക്കുള്ളിൽ വെച്ചു കൊടുത്തു....

അത് കണ്ടതും അവളുടെ മുഖം വിടർന്നു.

അവൾ അവന്നെ കെട്ടിപിടിച്ചു....  അവൻ ഞെട്ടലോടെ അവളെ പിടിച്ചു മാറ്റി. എല്ലാരും അവനെ നോക്കി നില്കുന്നത് കണ്ടു..... ഇനുവിനോട് ദേഷ്യം തോന്നി അവന്ന്.....

അവൾ അടുത്ത് ഉണ്ടായിരുന്ന ഉമ്മാനോട് കഴുത്തിലെ മാല ഊരി മാറ്റാൻ പറഞ്ഞു......

ഫൻക്ഷൻ കഴിയാതെ അഴിക്കണ്ട ഇനു...

എനിക്ക് ഇന്ന് കിട്ടിയ ഏറ്റവും വലിയ ഗിഫ്റ്റ് ഇഷ്ടപെട്ട ഗിഫ്റ്റ് ഫൈസ് തന്നതാ അതിനോളം വിലയുള്ള വേറൊന്ന് ഇല്ല ഉമ്മ..... അതോണ്ട് ഇതഴിക്ക്..ഇജാസ് അത് കേട്ടതും ദേഷ്യം സങ്കടം ഒക്കെ വന്നു...... അടുത്തുള്ള ഫ്ലവർ സ്റ്റാൻഡ് തട്ടി തെറിപ്പിച്ചു അവൻ പോയി...... എല്ലാരും അത് കണ്ടു ഞെട്ടി നിന്നു...... ശഹി അവളെ നോക്കി എന്താടി എന്ന് കൈകൊണ്ട് ചോദിച്ചു......

ഇനുവിന്റെ മുഖത്ത് പുഞ്ചിരി ആയിരുന്നു അപ്പോഴും...... അവൾ ഇജുന്റെ പിറകെ പോയി......

അവന്റെ മുന്നിൽ നിന്നെങ്കിലും അവൻ അവളെ നോക്കിയില്ല......

നോക്കെന്നെ പറഞ്ഞു അവൾ ഇജുന്റെ മുഖം ഉയർത്തി....

എന്നേക്കാൾ ഇഷ്ടം അവന്നെ ആണോ നിനക്ക്...... പരാതിയും പരിഭവവും സങ്കടം ഒക്കെ ഉണ്ടായിരുന്നു അവന്റെ വാക്കുകളിൽ ....... കണ്ണ് നിറഞ്ഞിരുന്നു.

അവൾ ഫൈസ് തന്ന ഗിഫ്റ്റ് ആണെന്ന് പറഞ്ഞു

കഴുത്തിലെ മാല ഉയർത്തി കാണിച്ചു കൊടുത്തു....

അവൻ സംശയത്തോടെ അത് നോക്കി.

ഇത് ഞാൻ അന്ന് നിനക്ക് തന്നതല്ലേ......

എന്റെ കയ്യിൽ നിന്നും നഷ്ടപ്പെട്ടു പോയിരുന്നു.... ഇതിനോളം വിലയുള്ള വേറൊന്ന് വേറെ ഇല്ല ഇജുക്ക..... എന്റെ ഇജുക്കന്റെ സ്നേഹം മൊത്തം ഇതിൽ ഉണ്ട്..... അവൾ നിറകണ്ണോടെ പറഞ്ഞു.

അവൻ അവളെ കെട്ടിപിടിച്ചു..... നെറുകയിൽ ചുംബിച്ചു......

നാണം ഇല്ലല്ലോ കുട്ടികളെ പോലെ ബിഹാവ് ചെയ്യാൻ ...... ശഹി കളിയാക്കി കൊണ്ടു പറഞ്ഞു.....

ഞാൻ അതങ്ങ് സഹിച്ചു...... എന്നേക്കാൾ കൂടുതൽ ആരും സ്നേഹിക്കണ്ട...... ഫൈസിയെ നോക്കിയ അത് പറഞ്ഞത്..

അതൊക്കെ അവിടെ നിൽക്കട്ടെ നിന്റെ ഗിഫ്റ്റ് എവിടെ എന്നിട്ട് തീരുമാനിക്കാം ആരെ ഗിഫ്റ്റ് ആണ് വലുതെന്നു...... ഇനു ശഹിയെ നോക്കി ചോദിച്ചു....

ഇജുക്ക.....ഫൈസിന്റെ ഗിഫ്റ്റിനേക്കാളും ഇജുക്കന്റെ ഗിഫ്റ്റിനേക്കാളും വലുത് എന്റെ ഗിഫ്റ്റ്

ആണ്...... എല്ലാരും അത് സമ്മതിക്കുകയും ചെയ്യും പിണങ്ങി പോകാൻ നിൽക്കണ്ട ആദ്യമേ പറഞ്ഞേക്കാം...... ശഹി മുൻകൂർ ജാമ്യം പോലെ പറഞ്ഞു......

അത് കണ്ടിട്ട് പറയാം..... ഇജു മുഖം കോട്ടി പറഞ്ഞു....

ശഹി ആരെയോ നോക്കി ചൂളം വിളിച്ചു.... ഹാളിലെ ലൈറ്റ് മൊത്തം ഓഫ് ആയി.... ചുറ്റും ഇരുട്ട് പടർന്നു..... അവൻ വീണ്ടും കയ്യടിച്ചതും ഹാളിൽ ഒരു സ്ക്രീൻ തെളിഞ്ഞു എല്ലാവരും ആകാംഷയോടെ അതിലേക്ക് ഉറ്റു നോക്കി.....

എന്റെ ഗിഫ്റ്റ് ഈ വീഡിയോ ആണ്...... ഡെഡിക്കേറ്റ് ഫോർ നീലക്കണ്ണി

വീഡിയോ കണ്ടതും എല്ലാവരും ഫൈസിയെ നോക്കി

ഫൈസിന്റെ കണ്ണിൽ നിന്നും കണ്ണുനീർ തുള്ളികൾ ഇറ്റി വീഴുന്നത് എല്ലാവരും കണ്ടു.....

........ തുടരു

❤️💔INVISIBLE LOVE 💔❤️ part 79

ജീവനെപ്പോലെ സ്നേഹിച്ചവളെ തനിക്ക് വിട്ടു

തന്നിരിക്കുന്ന അവനെ കണ്ടതും സന്തോഷം കൊണ്ടും സങ്കടം കൊണ്ടും മിഴികൾ നിറഞ്ഞൊഴുകി..... ഇങ്ങനെയും ഒരാളെ ആത്മാർത്ഥമായി സ്നേഹിക്കാൻ പറ്റുമോ..... അവന്റെ മുന്നിൽ ചെറുതായ പോലെ തോന്നി അവന്ന്......

ഇനുവിന്റെ ബർത്ഡേ ഫൻക്ഷന്റെ വീഡിയോ ആയിരുന്നു അത്....

Will you marry ma bro faiz askar adham അവൻ അവളെ മുന്നിൽ മുട്ട് കുത്തി നിന്നു ചോദിച്ചത് ആയിരുന്നു അങ്ങനെ.

ഫൈസ് കേട്ടത് വിശ്വസിക്കാൻ ആവാതെ വീണ്ടും നോക്കി..... ശഹി പ്രൊപ്പോസ് ചെയ്യുന്നുന്ന അന്ന് എനിക്ക് തോന്നിയത്....

ശഹി അവൾക്ക് നീട്ടുന്ന ബോക്സ് കണ്ടതും അവന്റെ കണ്ണിൽ നിന്നും അവൻ പോലും അറിയാതെ കണ്ണുനീർ അടർന്നു വീണു...... ഇനുവിനെ താൻ അണിയിച്ച മഹർ..... ഉമ്മ എടുത്തു കൊടുത്തു അവൾക്ക് അണിയിച്ചു കൊടുക്കുന്നത് തന്റെ മൂത്തമകന്റെ ഭാര്യ ആകാൻ സമ്മതം

ആണോന്ന് എന്നാണ്.

അപ്പോൾ ഞാൻ ആയിരുന്നോ ആ മകൻ

ഇനു തന്നെയാണോ നിറഞ്ഞ മനസ്സോടെ സന്തോഷത്തോടെ സ്വീകരിച്ചത്...... അവളുടെ സന്തോഷം ഞാൻ ആയിരുന്നോ...... പക്ഷേ എങ്ങനെ..... ഞാൻ എങ്ങനെ ഇവരുടെ മകൻ...... ജന്നതിനെ വിവാഹം കഴിക്കാൻ എനിക്ക് പറ്റുമോ...... ചോദ്യം ഒരുപാട് മനസ്സിൽ വന്നെങ്കിലും....... പുഞ്ചിരിയോടെ തന്നെ നോക്കുന്ന ഷഹിയിൽ എത്തി നോട്ടം....

സമ്മതം ആണോ ഞങ്ങളുടെ  രാജകുമാരിയെ വിവാഹം കഴിക്കുവാൻ.

ഫൈസ് അവനെ ഓടിച്ചെന്നു കെട്ടിപിടിച്ചു

എങ്ങനെയടാ ഞാൻ ഇതിന്ന് നന്ദി പറയേണ്ടത്.......

എന്റെ ഭയ്യ ആയി....... എന്റെ ഉപ്പന്റേയും ഉമ്മന്റേയും മൂത്ത മകനായി ഞങ്ങളുടെ കുടുംബത്തിലെ രാജകുമാരൻ ആയി വന്നൂടെ.......

ഞാൻ...... എനിക്ക്....... രാജകുമാരൻ അവനൊന്നും പറയാൻ കഴിയാതെ ഞെട്ടി നിന്നു......

എല്ലാ ഷോക്കും ഒന്നിച്ചു കൊടുക്കാതെ. വിശദമായി ഞാൻ പറഞ്ഞു തരാം അതും പറഞ്ഞു ജുനു ഫൈസിനെ കൂട്ടി പുറത്തേക്ക് പോയി.....

എന്താടി എന്റെ ഗിഫ്റ്റ് ഇഷ്ടം ആയില്ലേ....

ആരെ ഗിഫ്റ്റ് ആണ് ബെസ്റ്റ്.......അവൻ ഇനുവിന്റെ അടുത്ത് പോയി ചുമലിൽ ഇടിച്ചു......

നീയല്ലേ ആള്....അല്ലെങ്കിലും എപ്പോഴും ബെസ്റ്റ് ആകാറുള്ളു...... ഇപ്പോഴും നീയും നിന്റെ ഗിഫ്റ്റ് തന്നെ ബെസ്റ്റ്...... Love യൂ ശഹി.....

അവന്റെ ചുമലിലേക്ക് ചാഞ്ഞു നിന്നു അവൾ......

Love u ടു..... അവൻ അവളെ അങ്ങനെ തന്നെ ചേർത്തു പിടിച്ചു.....

അതെ എപ്പോഴെങ്കിലും ഞാനും എന്റെ ഗിഫ്റ്റ് ബെസ്റ്റ് ആകോ..... ആദ്യം ജുനു.... ഇപ്പൊ ദേ ഈ പണ്ടാരക്കാലൻ.....ഇജു മുഖം കോട്ടികൊണ്ടു പറഞ്ഞു......

സ്നേഹത്തിൽ പൊതിഞ്ഞ പരിഭവം ആയോണ്ട് തന്നെ എല്ലാവരിലും അത് ചിരി പടർത്തി..... ആ ചിരിയിൽ ഇജുവും പങ്ക് ചേർന്നു......

❤❤❤❤

ജുനു എല്ലാം പറഞ്ഞു കൊടുത്തു...... സമിയും ഫൈസ് ഞെട്ടലോടെയാണ് അതൊക്കെ കേട്ടു നിന്നത്......

ഫൈസിന്റെ കണ്ണുകൾ ശഹിയെ ഓർക്കും തോറും നിറഞ്ഞു വന്നിരുന്നു..... ഞാൻ അനുഭവിച്ചതാ ഈ വേദന...... സ്നേഹിച്ച പെണ്ണിനെ ഒരിക്കലും മറക്കാൻ ആവില്ല..... ആ നീറ്റലും പോവില്ല

എന്നിട്ടും എല്ലാർക്കു മുന്നിലും കളിച്ചു ചിരിച്ചു നടക്കുന്ന അവൻ ഒരു നോവായി തന്നെ ഉള്ളിൽ കിടന്നു.......

നീയെന്താ ഒന്നും പറയാത്തത്....... ഇനിയും ത്യാഗം ചെയ്യാണോന്ന് ഓർക്കുക യാണോ...... (സമി )

അവൻ ചെയ്താലും ഇനുവിന്റെ ജീവിതത്തിൽ ശഹിയോ വേറൊരാളോ ഉണ്ടാവില്ല.... അവൾ നിന്നെയ പ്രണയിച്ചിട്ട് ഉള്ളൂ.... ശഹി പറയുന്നപോലെ മനസ്സിൽ നിന്നെയും വെച്ചു എല്ലാർക്കുമുന്നിലും സന്തോഷം അഭിനയിച്ചു ജീവിതം കളയുകയേ ചെയ്യൂ അവൾ......(ജുനു )

എനിക്ക് ശഹിയെ ഓർക്കുമ്പോൾ സങ്കടം ഉണ്ട്.... പക്ഷേ പറ്റുന്നില്ലടാ അവളെ മറക്കാൻ...... എനിക്ക് വേണം അവളെ ഇനിയൊന്നിന് വേണ്ടിയും വിട്ടു കൊടുക്കാൻ പറ്റില്ല...... ഇത് എനിക്ക് കിട്ടിയ പുതു ജന്മം ആണ് അങ്ങനെ കരുതുന്നെ...... എനിക്ക് വേണം അവളെ.

എന്റെ പാതിയായി എനിക്ക് വേണം അവളെ..... പെട്ടെന്ന് എന്തോ ഓർമ്മയിൽ നിർത്തി അവൻ.....

ഇവരെ മകൻ ആയി വരുന്നതിൽ സന്തോഷം ഉള്ളൂ...... പക്ഷേ ഇത്രയും കാലം വളർത്തി വലുതാക്കിയ ഉപ്പനെയും ഉമ്മനെയും വിട്ടു വരികയെന്ന് വെച്ചാൽ അവരോട് ചെയ്യുന്ന നീതികേട് ആവില്ലേ അത്..... അത് എനിക്ക് പറ്റില്ല.......

നീ തന്നെയല്ലേ ഇത്രത്തോളം എത്തിച്ചത്...

എന്റെ ഇനുനെ വീണ്ടും വേദനിപ്പിച്ചാൽ ഉണ്ടല്ലോ..... ജുനു ദേഷ്യത്തോടെ അവന്റെ കോളറയിൽ കയറിപിടിച്ചു.....

സമി ജുനുവിനെ പിടിച്ചു മാറ്റി..... ദേഷ്യപ്പെടാതെ കാര്യം പറഞ്ഞു തീരുമാനിക്ക്.....

ഇവൻ പറയുന്ന കേട്ടില്ലേ പിന്നെ..... ഇനു ജന്നത് രാജകുമാരി ആവാൻ കാരണക്കാരൻ തന്നെ ഇവന്റെ ഉമ്മയും ഇവന്റെ ശ്രദ്ധക്കുറവ് ആണ്..... അവളെ ഇത്രയും വേദനിപ്പിച്ച ഉമ്മാക്ക് വേണ്ടി വീണ്ടും അവളെ വേണ്ടെന്നു വെച്ച പിന്നെ ഞാൻ എന്താ പറയണ്ടേ...... ജുനു ദേഷ്യം കൊണ്ടു വിറച്ചിരുന്നു.....

ഇനുവിനെ ഞാൻ എന്റെ ജീവനേക്കാൾ സ്നേഹിക്കുന്നുണ്ട്....... അത് പോലെ എന്റെ ഉമ്മയായി കരുത്തുന്ന അവരോട് പോയി നിങ്ങളെ എനിക്ക് വേണ്ടെന്നു എങ്ങനെയാട പറയാ...... അതിനോളം മഹാപാപം വേറെന്താ ഉള്ളത്...... അവൻ മുടിയിൽ കൊരുത് പിടിച്ചു വലിച്ചു...

ഉമ്മാക്ക് ഉപ്പാക്ക് സമ്മതം ആണെങ്കിലോ സമി ചോദിച്ചു....

ഫൈസ് അവന്നെ ഞെട്ടലോടെ നോക്കി

സത്യം ആണ്.... നിന്റെ ഉമ്മ ഇന്ന് രാവിലെ എന്നെ കാണാൻ വന്നിരുന്നു. ഇനു എല്ലാകാര്യവും അവരോട് തുറന്നു പറഞ്ഞിരുന്നു.... നിന്നെ കൊണ്ടു സമ്മതിപ്പിക്കണം..... അവളോട് ചെയ്തു പോയ തെറ്റിന് അങ്ങനെയെങ്കിലും പ്രായക്ചയ്ക്തം

ചെയ്യണം എന്ന് പറഞ്ഞു കരയുകയാരുന്നു.... അവർക്ക് പൂർണ്ണസമ്മതം ആണ് നീയിവിടത്തെ രാജകുമാരൻ ആവാൻ...... ഒരു കടലാസ്സിലോ പേരിലോ അല്ല ബന്ധം ഇരിക്കുന്നത്..... നിന്റെ മനസ്സിൽ എപ്പോഴും അവരോട് സ്നേഹം ഉണ്ടാകുമെന്ന് അവർക്കറിയാം...... എപ്പോ വേണമെങ്കിൽ നിനക്ക് അവരെ അടുത്തേക്ക് വരാം..... അത് കൊണ്ടു ഇനുവിനെ നീ സ്വീകരിക്കണം..... നിന്നെ കൊണ്ടു അത് സമ്മതിപ്പിക്കണം പറഞ്ഞ എന്നെ കാണാൻ വന്നത്...... നീ നേരിട്ട് സത്യം അറിഞ്ഞോട്ടെന്ന് കരുതിയ പറയാതിരുന്നത്.....

അവൻ ഒന്നും മിണ്ടിയില്ല....

ടാ നീ ദുബായിൽ പോയി നിൽക്കാറില്ലേ അത് പോലെ തന്നെ ഇതും അത്രയേ ചിന്തിക്കണ്ടു..... ഫൈസ് ആദം എന്നല്ല ഫൈസ് അസ്കർ ആദം എന്നാണ് നിന്നെ പറയുന്നത്..... നീയോ നിന്റെ ഐഡന്റിട്ടിയോ മാറ്റണ്ട.... മാത്രം അല്ല എപ്പോ വേണേൽ നിനക്ക് വീട്ടിൽ പോകാം.....പിന്നെന്താ.....

ഇനുവിന്റെ മുഖം തെളിമയാർന്നു വന്നു. സന്തോഷം കൊണ്ടു അവളെ കാണുവാൻ ഹൃദയം തുടിച്ചു.....

ഇത്രയും ദിവസം വേദനിപ്പിച്ചതോർത്ത് സങ്കടം വന്നു...... ഒരിക്കൽ എങ്കിലും അവൾ പറയുന്നത് കേൾക്കാമായിരുന്നു.... കുറ്റബോധം തോന്നി അവന്ന്.....

അവൻ ഫൈസിയുടെയും ജുനുവിന്റെയും കൈ പരസ്പരം ചേർത്ത് വെച്ചു....

ഇവൻ ആയോണ്ട് കഴുത്തിനെ പിടിച്ചുള്ളൂ

ഇജാസ് ആയിരുന്നുവെങ്കിൽ നീയിപ്പോ പരലോകത്തു എത്തിയേനെ സമി മെല്ലെ പറഞ്ഞു....... അങ്ങേർക്ക് വട്ടാടാ.....

ജുനു അവരെയും കൂട്ടി അകത്തേക്ക് പോയി.

ഇനി പറ ഞങ്ങളുടെ രാജകുമാരൻ ആയി വന്നൂടെ...... അമ്മിജാൻ അവനോട് ചോദിച്ചു.......

ഒരു മിനുട്ട് തന്റെ ഹൃദയം അടിക്കുന്നില്ലെന്ന് പോലും തോന്നി അവൾക്ക്.... അവൾ അവൻ പറയുന്നതും നോക്കി അവന്റെ മുഖത്തേക്ക് തന്നെ നോക്കി.....

എന്റെ ഉപ്പന്റെയും ഉമ്മന്റേയും മകൻ ആയി നിന്നുകൊണ്ട് തന്നെ ഇവിടുത്തെ രാജകുമാരൻ ആയി ആദം അങ്കിളിന്റെയും ഷംന ആന്റിയുടെയും

മകൻ ആയി ഫൈസ് അസ്കർ ആദം ആകുവാൻ എനിക്ക് സമ്മതം ആണ്......

നിശബ്ദതയെ ഭേധിച്ചു അവന്റെ വാക്കുകൾ അവിടെ മുഴങ്ങി...... എല്ലാവരും ശ്വാസം വിട്ടത് പോലും അപ്പോഴായിരുന്നു......

ടീ വിവാഹം ഉറപ്പിച്ച അന്ന് തന്നെ വടിയാവണ്ടെങ്കിൽ ശ്വാസം വിട്..... ശഹി അവളെ പുറത്തു ആഞ്ഞടിച്ചു കൊണ്ടു പറഞ്ഞു.......

അപ്പോഴാണ് ശരിക്കും അവൾക്ക് ബോധം വന്നത് പോലും..... കണ്ണുനീർ ചാലുകൾ ആയി ആ സന്തോഷം പുറത്തേക്ക് ഒഴുകി..... ശഹി രൂക്ഷമായി നോക്കിയതും അവൾ കണ്ണ് തുടച്ചു പുഞ്ചിരിച്ചു....

ഫൈസ് ഇനുവിന്റെ അടുത്തേക്ക് പോയി

എനിക്ക്......

ഉമ്മാ ഫുഡ് കഴിക്കാൻ പോകാം നല്ല വിശപ്പ് അതും പറഞ്ഞു മൈന്റ് ആക്കാതെ ഒറ്റ പോക്ക്......

അവൻ  കണ്ണ് മിഴിച്ചു നോക്കി നിന്നു അവൾ പോകുന്നത്......

കൊടുത്ത കൊല്ലത്തും കിട്ടും...... അനുഭവിച്ചോ

ഭയ്യാ.....യാഷ് പറഞ്ഞതും അവിടെ കൂട്ടച്ചിരി മുഴങ്ങി...... ഫൈസ് ചമ്മലോടെ മുഖം താഴ്ത്തി.....

അത് എന്റെ ജന്നയാ മോനെ...... വാശിയുടെ കാര്യത്തിൽ നോ കോമ്പ്രമൈസ്..... നീ അവളോട് ചെയ്തതൊക്കെ തിരിച്ചു പ്രതീക്ഷിച്ചോ ഇജു ചിരിയോടെ  പറഞ്ഞു......

ഫൈസ് ചിരിച്ചതല്ലാതെ ഒന്നും പറഞ്ഞില്ല.

അവന്റെ മനസ്സ് മുഴുവൻ അവളോട് സംസാരിക്കാൻ തുടി കൊട്ടി നിൽക്കുകയാരുന്നു....

.

അവൻ പല വഴി നോക്കിയിട്ടും മുന്നിൽ പോലും നിന്നു കൊടുത്തില്ല......

അവസാനം തോൽവി സമ്മതിച്ചു അവൻ കയ്യിൽ പിടിച്ചു വെച്ചു..... ആരും ഇല്ലാത്തിടത്തേക്ക് പോയി....

പക്ഷേ അവന്ന് സംസാരിക്കാൻ സമയം കൊടുക്കാതെ അവൾ സംസാരിച്ചു...

സോറി ഫൈസ്.... ഫൈസ് പറഞ്ഞപ്പോൾ തൊട്ട് ഞാൻ എല്ലാം മറന്നു. ഇപ്പോൾ നിന്റെ ബെസ്റ്റ് ഫ്രണ്ട് ആയി ഇരിക്കാൻ ആഗ്രഹിക്കുന്നു.....എനിക്കിനി

പറ്റില്ല ഫൈസിനെ പഴയത് പോലെ കാണുവാൻ

ഐ ആം സോറി....... അതും പറഞ്ഞു ഒറ്റ പോക്ക്.

കിളി പോയ പോലെ നിൽക്കുന്ന അവന്നെ ശഹി കണ്ടു...... വല്ല കാര്യം ഉണ്ടായിരുന്നോ....ഒരു ആക്കിയ ചിരിയും ചിരിച്ചു അവൻ പോയി....

ഫൈസിക്ക് ക്ഷമ കെട്ടിരുന്നു അപ്പോഴേക്കും...... അവന്ന് ദേഷ്യം വരാൻ തുടങ്ങി......

❤❤❤❤

ഇജുക്ക റാനിയെ വീട്ടിൽ കൊണ്ടു വിട്ടിട്ട്  വാ.....

ഡ്രൈവർ ഡ്രോപ്പ് ചെയ്തോളും ഞാൻ പറഞ്ഞോളാം.....

ഈ സമയത്ത് തനിച്ചു അവളെ ഡ്രൈവർ കൂടെ വിടാൻ പറ്റില്ല.... ഇജുക്ക തന്നെ ഡ്രോപ്പ് ചെയ്യണം......

നദീം..... അവൻ വിളിച്ചതും നദീം വന്നു. റാനിയെ വീട്ടിൽ ആക്കിയിട്ട് വാ......

അവൾ നദീംനോട് വേണ്ടെന്നു കണ്ണോണ്ട് പറഞ്ഞു...

ഞാൻ കൊണ്ടു വിട്ടോലാം..... ഇനു ദേഷ്യത്തോടെ നദീംമിനെ നോക്കി .....

ഇജു പോയി....

അവരെ സെറ്റക്കാൻ നോക്കിത്തല്ലേ അതിന്ന് എന്നെ നോക്കിപേടിപ്പിക്കണ്ട. ഞാൻ പോയില്ലെങ്കിൽ ഷഹിയോടോ യാഷിനോടൊ പറയും അത്രേ ഉണ്ടാവു...

വിവാഹത്തിന്ന് സമ്മതിച്ചതാ.... എനിക്ക് ഇപ്പൊ ഇങ്ങനെ ആയപ്പോൾ വീണ്ടും കാൽ മാറി..... വിവാഹത്തെ പറ്റി ചോദിച്ചപ്പോ ഒന്നും മിണ്ടുന്നില്ല അവൾ സങ്കടത്തോടെ പറഞ്ഞു.

അവൻ പ്രത്യേക ടൈപ്പ് ആണ്..... നീ കരുതുന്നതിലും ആഴത്തിൽ ആണ് അവന്ന് നിന്നോടുള്ള സ്ഥാനം...... അവന്റെ ഉപ്പയെ പോലെ അവൻ ... രൂപം മാത്രം അല്ല സ്വഭാവവും...... ഹൈദർന്റെ ആത്മാവിൽ അലിഞ്ഞതാ സൽമ ആന്റി.

ആ സ്ഥാനത്തേക്ക് ഒരു നോട്ടം കൊണ്ടു പോലും റാബിയ ആന്റി വന്നിട്ടില്ല.... അത് പോലെ അവന്റെ മനസ്സിൽ ആഴത്തിൽ പതിഞ്ഞ മുഖം നിന്റെയാണ്...... നിന്നോടുള്ള സ്നേഹം ആണ്.നിനക്ക് വേണ്ടി മാത്രം ആണ് അവൻ ജീവിച്ചതും ജീവിക്കുന്നതും......അവിടെ പ്രണയം

ആയിരുന്നെങ്കിൽ ഇവിടെ നിന്നോടുള്ള സ്നേഹം.....അവന്റെ സ്വപ്നങ്ങൾ ആഗ്രഹങ്ങൾ എല്ലാം നിന്നിലൂടെ നിറവേറാൻ ആണ് ആഗ്രഹിക്കുന്നത്..... അവിടെ ഒരു പ്രണയത്തിനോ വിവാഹത്തിനോ സ്ഥാനം ഇല്ല..... റാനിയെ കെട്ടന്ന് സമ്മതിച്ചത് നിനക്ക് ഒരു കുഞ്ഞിനെ കിട്ടുമെന്ന് കരുതിയാ.....   നിന്നെപ്പോലെ തന്നെ ശഹിയോട് ഉണ്ട് ഭ്രാന്ത്.... നിന്റെ ഭർത്താവ് ആകാൻ പോകുന്നവൻ എന്ന സ്ഥാനം....

ഫൈസ്നെ പോലും അവൻ മനസ്സ് കൊണ്ടു ഇപ്പോഴും അംഗീകരിച്ചിട്ടില്ല. നിന്റെ സന്തോഷത്തിന്ന് വേണ്ടി സമ്മതിച്ചു അത്ര മാത്രം....അതാണ് നീ ഗിഫ്റ്റ് ഫൈസിന്റെ നല്ലത് എന്ന് പറഞ്ഞപ്പോൾ പ്രതികരിച്ചതും......

അപ്പോൾ ഫൈസ്നെ ഇഷ്ടം അല്ലേ.....

അങ്ങനെ അല്ല...... എല്ലാരേം ഇഷ്ടം ആണ്.... എല്ലാരേം സ്നേഹിക്കുന്നു.... പക്ഷേ നീയെന്ന ഒരു തരം സൈക്കോ ഭ്രാന്ത് അതന്നെ നദീം ചിരിയോടെ പറഞ്ഞു.....

അപ്പൊ വിവാഹം കഴിക്കില്ലേ ഒരിക്കലും ..

അതിനല്ലേ മോളെ നീയും ശഹിയും.... രണ്ടാളും വിചാരിച്ച അവന്നെ മാറ്റാൻ പറ്റും..... നമുക്ക് മാറ്റിയെടുക്കന്നെ ഡോണ്ട് വറി...... അവളെ കവിളിൽ കൈ വെച്ചു ആശ്വസിപ്പിക്കുന്ന പോലെ പറഞ്ഞു അവൻ പോയി....

❤️❤️❤️❤️

ടൈം ലേറ്റ് ആയി.... എന്ന പിന്നെ ഞങ്ങൾ ഇറങ്ങുവാ അതും പറഞ്ഞു സമി അവനെ വിളിക്കാൻ വന്നു.....

എല്ലാവരും അവരെ യാത്ര അയക്കാൻ വന്നു അതിൽ ഇനു ഇല്ലെന്ന് അവൻ കണ്ടു. അവന്റെ കണ്ണുകൾ അവൾക്കായ് ചുറ്റും പരതി...... മുഖത്ത് നിരാശ പടർന്നു.

അത് കണ്ടു ഇജു അവനോട് പറഞ്ഞു

മുകളിൽ നാലാമത്തെ റൂം ലെഫ്റ്റ് സൈഡ് ഇനുവുണ്ട്.... നീ സംസാരിച്ചിട്ട് വാ

അല്ലാതെ മുഖം വീർപ്പിച്ചു പോകണ്ട.....

അവൻ ചമ്മലോടെ എല്ലാരേം നോക്കി... പിന്നെ അകത്തേക്ക് നടന്നു......

അതെ ഇത് നിന്റെ ഫ്രണ്ട് ഇജുവാണ് പോകാൻ പറഞ്ഞത് .... അവളെ ചെറിയ ശബ്ദം എങ്കിലും പുറത്തു വന്ന ജന്നയുടെ ഇക്കയാകും.... അവിടെ ഇടക്കിടക്ക് തല്ല് കിട്ടാൻ സാധ്യത ഉണ്ട്.... അളിയൻ ആണെന്ന് പോലും ഓർക്കില്ല...... അതോണ്ട് പ്രശ്നം സമാധാന പരമായി പരിഹരിക്കുക.... ഇടക്കിടക്ക് തല്ല് കിട്ടി സയൂജ്യമടങ്ങിയ ഒരു അടിയന്റെ അനുഭവകുറിപ്പ് ശഹി പിന്നിൽ നിന്നും വിളിച്ചു പറഞ്ഞു......

രാവിലെ കിട്ടിയത് ഓർമ്മ വന്നു..... അവൻ അറിയാതെ കവിളിൽ കൈ വെച്ചു പോയി.

ഓർമ്മകൾ നല്ലതാണ് ഓൾ ദി ബെസ്റ്റ്. ജുനു വിളിച്ചു പറഞ്ഞു.....

എല്ലാവരും പൊട്ടിച്ചിരിക്കുന്നത് കണ്ടു അവൻ.... അവൻ ചെറുചിരിയോടെയും അവൾ തല്ല് വാങ്ങിത്തരുമോ എന്നുള്ള പേടിയും മനസ്സിൽ വെച്ചു റൂമിലേക്ക് നടന്നു......

❤❤❤❤

നിനക്ക് ഫ്രണ്ട് ആയി കാണണം അല്ലേ..... കാണിച്ചു തരാം..... ഒന്ന് കെട്ടിപ്പിടിക്കാൻ പറഞ്ഞപ്പോ ജാഡ......

പോരാത്തതിന് എന്നെ തല്ലി...... എന്നിട്ട് ഒരു ഉളുപ്പും ഇല്ലാതെ സോറി പറയാൻ വന്നിരിക്കുന്നു

ആർക്കു വേണം അവന്റെ സോറി..... അവൾ വളയും മാലയും ശാളും എല്ലാം ബെഡിലേക്ക് വലിച്ചെറിഞ്ഞു..... പിറുപിറുത്തു......

ഡോർ തുറക്കുന്ന ശബ്ദം കേട്ടു അവൾ തിരിഞ്ഞു നോക്കി ഫൈസ്......

അവൾ പകപ്പോടെ ചുറ്റും നോക്കി ബെഡിൽ നിന്നും ഷാൾ എടുത്തു തലയിൽ ഇട്ടു....

താൻ എന്താ എന്റെ റൂമിൽ.....

എന്റെ ഭാര്യയുടെ റൂമിൽ എനിക്ക് വരാൻ പാടില്ലേ....

സോറി ഫൈസ് ഇന്നലെ വരെ ഉണ്ടായിരുന്നു ഇന്നതില്ല.... ഞാൻ ഇന്നലെ ഫൈസ് പറഞ്ഞതൊക്കെ ആലോചിച്ചു ഈ വിവാഹം വേണ്ടെന്നു തീരുമാനിച്ചതാ

ശഹി ഇങ്ങനെ ചെയ്യുന്നു കരുതിയില്ല......

ഞാൻ ഇജുക്കനോട് പറഞ്ഞോളാം ഈ വിവാഹം വേണ്ടെന്നു....

അവൻ അവളെ തന്നെ നോക്കി എന്നിട്ട് വാതിൽ അടച്ചു.....

വാതിൽ എന്തിനാ അടക്കുന്നെ എനിക്ക് ഒന്നും പറയാൻ ഇല്ല......

എനിക്ക് പറയാൻ ഉണ്ടല്ലോ......

അവൻ റൂം മൊത്തം നോക്കി....... ഒരു നിമിഷം അസൂയ തോന്നി ഇജുവിനോട്.... അവളുടെ ആഗ്രഹം പോലെ ഒരു റൂം..... അവളെ ഇഷ്ടങ്ങൾക്ക് വേണ്ടി അവൾക്ക് വേണ്ടി ജീവിക്കുന്നു......

ഡോ താൻ എന്താ റൂം നോക്കാൻ വന്നത

റൂമിലുള്ള മുതലിനെ നോക്കി വന്നതാ......

ഇവിടെ മുതൽ പലിശയും ഒന്നും ഇല്ല. ഒന്ന് റൂമിൽ നിന്നും ഇറങ്ങിയാ ഉപകാരം ആയിരുന്നു..... എനിക്ക് ഡ്രസ്സ് മാറ്റണം....

പോയില്ലെങ്കിലോ...... അതും പറഞ്ഞു അവളുടെ അടുത്തേക്ക് ചെന്നു.....

ഞാൻ ഇജുക്കനെ വിളിക്കും......

വിളിച്ചോ.....

താൻ എന്തിനാ അടുത്തേക്ക് വരുന്നേ.....

അവൾ പിറകിലോട്ട് നടന്നു......

എനിക്കൊരു കാര്യം പറയാൻ ഉണ്ട് പറഞ്ഞിട്ട് പൊക്കോളാം.....

എനിക്കൊന്നും പറയാൻ ഇല്ല കേൾക്കാൻ ഇല്ല....... അതും പറഞ്ഞു അവനെ തള്ളിമാറ്റി പോകാൻ നോക്കിയതും അവൻ കയ്യിൽ പിടിച്ചു വലിച്ചു..... അവന്റെ നെഞ്ചിലേക്ക് വന്നു വീണു.......

അവൾ കുതറി മാറാൻ നോക്കിയതും അവൻ പിറകിലെ കയ്യിട്ടു അവളെ അവനോട് ചേർത്ത് പിടിച്ചു.......

പ്ലീസ്..... വിട്...... അവൾ അവനെ തള്ളിമാറ്റാൻ നോക്കിയെങ്കിലും അവൻ ഒന്ന് അങ്ങിയത് പോലും ഇല്ല... അവന്റെ ഉറച്ച ശരീരത്തിന് മുന്നിൽ പൂ പോലുള്ള അവളുടെ കൈ തോറ്റു......

അവന്റെ അടുത്ത് ഒരു നിശ്വാസത്തിന്റെ ദൂരം മാത്രം പോലെ അവൾ നിന്നു. അവന്റെ നിശ്വാസം അവളുടെ മുഖത്ത് തട്ടിയതും അവളിൽ ഒരു വിറയൽ പടർന്നു..... ഹൃദയം ക്രമധീതമായി അടിക്കുന്നത്

അവൾ അറിഞ്ഞു...... അവനെ തിരിച്ചു കെട്ടിപിടിക്കൻ തോന്നിയെങ്കിലും അവളിലെ വാശി ആയിരുന്നു മുന്നിൽ വന്നത്......

ഫൈസ് എന്നെ വിട്...,... അവൾ ദേഷ്യത്തോടെ പറഞ്ഞു.....

ഏറിയ പത്തു ദിവസം അത്രേ ഉള്ളൂ നമ്മുടെ രണ്ടാം വിവാഹത്തിന്....... ജുനുവിന് അത്രയേ ലീവ് ഉള്ളൂ..... പോകുന്നതിന്ന് മുന്പേ വിവാഹം നടത്തണംന്ന് അവൻ പറഞ്ഞു ഇജ്ജുക്കയും സമ്മതിച്ചു...... കാറ്റിൽ പറന്നു നടക്കുന്ന അവളുടെ മുടിയിഴകൾ പിറകിലേക്ക് ഒതുക്കി അവൻ പറഞ്ഞു....

ഒരു സോറി പറയരുത്.... ഇഷ്ടം ആണെന്ന് പറയരുത് വിവാഹം കഴിക്കണം..... അത് എനിക്കും കാണണമല്ലോ......അവൾ മനസ്സിൽ പറഞ്ഞു.... അവന്റെ നേരെ മുഖം തിരിച്ചു......

എനിക്ക് സമ്മതം അല്ല അതിന്ന്..... എനിക്കിഷ്ടം അല്ല വിവാഹത്തിന്.......

എന്നോട് ചോദിക്കാതെ അവർ തീരുമാനം എടുത്തത്.....

അവൻ അവളുടെ കവിളിൽ അമർത്തി ചുംബിച്ചു...... പെട്ടെന്ന് ആയോണ്ട് ഞെട്ടിപിടഞ്ഞു അവൾ അവന്നെ നോക്കി അവളുടെ കണ്ണുകൾ തുറിച്ചു....

പിന്നെ അവന്നെ പിടിച്ചു തള്ളി മാറ്റി..... പെട്ടെന്ന് ആയോണ്ട് അവൻ പിറകിലേക്ക് തെന്നി മാറി.....

അവൾ അവന്നെ ദേഷ്യത്തോടെ നോക്കി

ഞാൻ സോറി പറയില്ല മോളെ അതിന്ന് വേണ്ടിയല്ലേ ഈ ജാഡ...... ഞാനും നോക്കട്ടെ എത്രത്തോളം പോകുമെന്ന് അവൻ ചിരിയോടെ ഉള്ളിൽ പറഞ്ഞു......

നാണം ഇല്ലല്ലോ ഏതോ പെണ്ണിനെ സ്നേഹിച്ചു അവളെ വിവാഹം കഴിക്കാന്ന് വാക്കും കൊടുത്തു എന്നെ കിസ്സ് ചെയ്യാൻ......

അവളെ ഒഴിവാക്കാൻ പറഞ്ഞത..... എല്ലാം കൂടി തിരിച്ചു കൊത്തുകയാണല്ലോ.....

കിസ്സ് തന്നത് ഇഷ്ടം ആയില്ലെങ്കിൽ തിരിച്ചു താ......

പണികിട്ടിയല്ലോ...... ഇന്നലെ ഞാൻ പറഞ്ഞ അതെ ഡയലോഗ്......

ഞാൻ പറഞ്ഞിട്ട് തന്നതല്ലല്ലോ അവൾ പുച്ഛത്തോടെ

മുഖം കോട്ടി....

അപ്പോൾ ഇഷ്ടം ആയിന് ഒന്നൂടി തരുന്നതിന്ന് കുഴപ്പം ഇല്ലല്ലോ..... അവളെ അടുത്തേക്ക് വന്നതും അവൾ പെട്ടെന്ന് പറഞ്ഞു

ഇഷ്ടം ആയില്ല.....

ഇഷ്ടം ആയില്ലെങ്കിൽ തിരിച്ചു താ അവൻ കുസൃതിചിരിയോടെ പറഞ്ഞു.

പെട്ടല്ലോ ഇതിപ്പോ....... അവൾ ദയനീയമായി അവന്നെ നോക്കി......

വേഗം തീരുമാനിക്ക് ഇഷ്ടം ആയിനോ ഇല്ലയോ......

ചുളുവിൽ കിസ്സ് വാങ്ങിക്കാൻ ഉള്ള ഐഡിയ അല്ലേ...... അത് മാത്രം സ്വപ്നം കാണണ്ട....... എന്നോട് ചെയ്തതിന്നൊക്കെ പകരം ചോദിച്ചു വട്ടം കറക്കിയിട്ടേ ഞാൻ മാപ്പ് തരൂ.....

അവളൊന്നും മിണ്ടിയില്ല......

അപ്പൊ ഇഷ്ടം ആയിന് അല്ലേ.... അതും പറഞ്ഞു അവളെ അടുത്തേക്ക് വന്നതും

അവൾ അവന്നെ നോക്കാതെ മുഖം താഴ്ത്തി.......

അവൻ അടുത്ത് വരും തോറും ഹാർട്ടിടിപ്പ് കൂടി വരുന്നത് അവൾ അറിഞ്ഞു......  അവൾ അറിയാതെ മുഖം ഉയർത്തി നോക്കി..... അവന്റെ കണ്ണുകളിൽ തന്നോടുള്ള പ്രണയം അവൾ കണ്ടു..,... ആ നോട്ടത്തിൽ എല്ലാം മറന്നു അവൾ നിന്നു.... അവന്റെയും അവസ്ഥ അത് തന്നെ ആയിരുന്നു......

നഷ്ടപ്പെട്ടുന്ന് കരുതിയിടത്ത് തിരിച്ചു കിട്ടിയ എന്റെ പ്രണയം...... എന്റെ പെണ്ണ്

വിശ്വസിക്കാൻ ആവുന്നില്ല ഇത്..,.

പ്രണയവികാരം ഹൃദയം നിറഞ്ഞൊഴുകുന്ന അവസ്ഥയില് തന്റെ പ്രണയം അവളോട് എങ്ങനെ പ്രകടിപ്പിക്കേണ്ടത് എന്ന് അവന്ന് മനസ്സിലാവുന്നുണ്ടായിരുന്നില്ല...... ഐ ലവ് യൂ ഇനു......ഈ ലോകം മുഴുവൻ കേൾക്കാൻ പാകത്തിന് വിളിച്ചു പറയണം എന്നുണ്ടായിരുന്നു അവന്ന്.... ഒരക്ഷരം പുറത്ത് വരാതെ അവളിൽ ലയിച്ചു അങ്ങനെ നിന്നെ ഉള്ളൂ അവൻ.....

അവന്റെ നോട്ടം നേരിടാൻ ആവാതെ അവളുടെ മുഖം താഴ്ന്നതും അവളുടെ മുഖം കയ്യിലെടുത്തു അവനോട് അടുപ്പിച്ചതും പെട്ടെന്ന് ആയിരുന്നു......

അവളുടെ ചുണ്ടിൽ അമർത്തി ചുംബിച്ചത് പെട്ടെന്ന് ആയിരുന്നു... അവന്റെ കണ്ണുകളിൽ പ്രണയം കണ്ടതും അവൾക്ക് തടയാൻ തോന്നിയില്ല..... ആ ഒരു നിമിഷം അവളും ആഗ്രഹിച്ചിരുന്നു...... സന്തോഷം കൊണ്ടു ആവണം അവളുടെയും അവന്റെയും കണ്ണുകൾ ഒന്നിച്ചു നിറഞ്ഞിരുന്നു......

അവൻ ചുണ്ടുകൾ അടർത്തി മാറ്റിയെങ്കിലും കണ്ണടച്ച് തന്റെ ചുംബനം ഏറ്റു വാങ്ങി നിൽക്കുന്ന അവളുടെ മുഖം

കണ്ടതും അവനിൽ പേരറിയാത്ത പലവികാരം ഉടലെടുത്തു..... ആ ചോരചുണ്ടിൽ കണ്ണുടക്കി നിന്നു....

അവൾ കണ്ണ് തുറന്നു നോക്കി മുഖം വലിക്കാൻ നോക്കിയതും വീണ്ടും അവൻ ആ ചുണ്ടുകൾ സ്വന്തം ആക്കിയിരുന്നു.

പൂവിൽ നിന്നും തേൻ നുകരുന്ന പോലെ അവളുടെ ചുണ്ടുകൾ മൃദുവായി അവൻ നുണഞ്ഞു...... ആദ്യനുഭവത്തിൽ ഒന്ന് പകച്ചു അവൾ കണ്ണുകൾ തുറന്നെങ്കിലും അവനിൽ അവൾ അലിഞ്ഞു തുടങ്ങിയിരുന്നു.... ഒരു വിറയലോടെ അവന്റെ

കൈകകളിൽ അമർത്തി പിടിച്ചു.....

മൃദുവായി തുടങ്ങിയ ചുംബനം അതിന്റെ തീവ്രതയിൽ എത്തിയിരുന്നു...... അവന്റെ ചുണ്ടുകളും നാവും അവളിൽ അധികാരം കാണിച്ചു തുടങ്ങി.......

അവന്റെ ഗാഢമായ പ്രണയം അടങ്ങിയിരുന്നു ചുംബനത്തിനു പിന്നിൽ. സ്നേഹത്തിന്റെ അടയാളപ്പെടുത്ത ലുണ്ടായിരുന്നു . മാത്രമല്ല ഉള്ളിൽ എവിടെയൊക്കെയോ കെട്ടിക്കിടക്കുന്ന നൊമ്പരവും നഷ്ടബോധമുണ്ടായിരുന്നു  വിരഹവും വേദനയുമുണ്ടയിരുന്നു .

അവന്റെ കൈകളിൽ അവളുടെ നഖങ്ങൾ ആഴ്ന്നിറങ്ങി....... ആ വേദന അവൻ അറിഞ്ഞില്ല..... ആദ്യനുഭവത്തിന്റെ ആ ലഹരിയിൽ രണ്ടു പേരും മതിമറന്നു നിന്നു...... അവരുടേതായ ലോകത്ത് അവരുടേത് മാത്രം ആയ ലോകത്ത് ആയിരുന്നു അവർ.........

📚STORY BOARD📚

❤❤💔INVISIBLE LOVE 💔❤

**Love after 💘marriage (part 80)**

**അവന്റെ ചുംബനം ഒരു ലഹരിയായി മാറി അതിൽ അലിഞ്ഞു തീരാൻ കൊതിച്ചു.... ശ്വാസം വിലങ്ങിയിട്ടും അവൾ അടർന്നു മാറാനോ...... അവൻ അവളിൽ നിന്ന് അടരുവാനോ ശ്രമിച്ചില്ല...... സിരകളിൽ പടർന്ന ലഹരിയിൽ അലിഞ്ഞു തീർന്നിരുന്നു രണ്ടുപേരും...... ശ്വാസം എടുക്കാൻ ബുദ്ധിമുട്ട് കൂടി വന്നതും അവളുടെ നഖങ്ങൾ അവന്റെ കൈകളിൽ ആഴ്ന്നിറങ്ങി...... അവൻ അവനിലേക്ക് തിരിച്ചു വന്നു അവളുടെ മിഴിഞ്ഞ കണ്ണുകൾ കണ്ടതും മടിയോടെ അവളെ ചുണ്ടിൽ നിന്നും തന്റെ ചുണ്ടുകൾ വേർപെടുത്തി.**

**ഏറെ നേരത്തിനു ശേഷം അവളുടെ ചുണ്ടുകൾ സ്വതന്ത്ര്യം ആക്കുമ്പോൾ തളർന്നു പോയിരുന്നു രണ്ടു പേരും.... അത്രമേൽ മൃദുവും ആത്മാവ് കൊണ്ടു പോലും ഒന്നായി മാറിയിരുന്നു അവരുടെ ആദ്യചുംബനം....... അതിന്റെ ആലസ്യത്തിലും തളർച്ചയിലും അവൾ അവന്റെ നെഞ്ചിൽ തലമുട്ടിച്ചു ശ്വാസം ആഞ്ഞു വലിച്ചു.......**

I love u inu......

ഐ ഡോണ്ട് ലവ് യൂ.....അവൾ അപ്പോൾ തന്നെ മറുപടിയും പറഞ്ഞു......

ഇനൂ...... അവന്റെ ശബ്ദത്തിൽ സങ്കടം കലർന്നിരുന്നു..... കിസ്സ് തന്നു മനസ്സ് മാറ്റാൻ നോക്കിട്ട് ഒരു കാര്യം ഇല്ല മോനെ..

ഞാൻ മനസ്സ് കൊണ്ടു ഫ്രണ്ട് ആയി കരുതിപ്പോയി...... ഇനി മാറുവാൻ ആഗ്രഹിക്കുന്നില്ല...... ഫ്രണ്ട് ആയ എന്നെ കിസ്സ് ചെയ്തതെ തെറ്റ് ആണ്.....

പോടീ ഭദ്രകാളി കിസ്സിന്റെ ആ മൂഡ് കളഞ്ഞു കോപ്പ് .....

നീ തന്നത് കിസ്സ് ആയിരുന്നോ...... ഞാൻ കരുതി എന്നെ ശ്വാസം മുട്ടിച്ചു കൊല്ലാൻ നോക്കിത് ആണെന്ന അതും പറഞ്ഞു മുഖം കോട്ടി അവൾ ഡ്രസ്സ് എടുത്തു തിരിഞ്ഞു

അത് കൂടി കേട്ടതും അവന്ന് കലി കേറിയിരുന്നു.....

കിസ്സാണോന്ന് ഒരിക്കൽ കൂടി കാണിച്ചു തരാടി കോപ്പേ...

അവൻ അവളെ അടുത്തേക്ക് വരാൻ നോക്കിയതും അവൾ  ഓടാൻ നോക്കി..അവന്ന് പിടിത്തം കിട്ടിയത് അവളെ മുടിയിൽ ആയിരുന്നു

 അവളുടെ മുടിയിൽ പിടിച്ചു വലിച്ചു..... പെട്ടന്ന് ആണ് അവന്ന് ചെയ്തത് എന്താന്ന് ഓർമ വന്നത്..... അത് ചിന്തിക്കുമ്പോഴേക്കും അവളെ കടി വീണിരുന്നു..... അവൻ അലറാൻ നോക്കിയെങ്കിലും അവൾ വാ പൊത്തി പിടിച്ചു....

സോറി...... എന്നും പറഞ്ഞു അവൾ അവന്നെ ചെറുങ്ങനെ പിറകോട്ടു തള്ളി ഇറങ്ങി ഓടി......

അവൻ പിറകെയും........

അവൾ ഓടി വരുന്നത് കണ്ടണ് എല്ലാരും നോക്കിയത്...... അവൾ ഇജ്ജുന്റെ പിറകിൽ പോയി നിന്നു കിതച്ചു.....

നിന്നെ എന്താടി പേപ്പട്ടി കടിച്ചോ.,..... എല്ലാരും കണ്ണ് മിഴിച്ചു അവളെ നോക്കി....

പേപ്പട്ടി അല്ല മക്കളെ അതിലും വലുതാ..... അവൾ ശ്വാസം ആഞ്ഞു വലിച്ചോണ്ട് പിറകിലേക്ക് നോക്കി....

എന്താ പറ്റിയെന്നു ചോദിക്കുമ്പോഴേക്കും

ഫൈസ് പിറകിൽ ഓടി വരുന്നത് കണ്ടു അവരെ കണ്ടതും അവൻ ഒന്നും സംഭവിക്കാത്ത പോലെ മെല്ലെ നടന്നു.... അവളെ കണ്ണോണ്ട് നോക്കി പേടിപ്പിക്കുന്നുണ്ടായിരുന്നു എല്ലാവരും അവരെ രണ്ടു പേരെയും നോക്കി.....

അവൻ എലാരേയും നോക്കി ഇളിച്ചു കാണിച്ചു പോകാൻ നോക്കിയതും യാഷ് പിറകിൽ നിന്നും വിളിച്ചു പറഞ്ഞു.....

ഐസ് വേണോ ഭയ്യാ..... അല്ലെങ്കിൽ കരിനീലിക്കും കൈ....

അവൻ ഞെട്ടലോടെ അവനെ നോക്കി....

ഇവൻ കണ്ടോ അപ്പോൾ.......

നോക്കണ്ട ഭയ്യാ..... കൈ കുടഞ്ഞു എരിവ് വലിക്കുന്നത് കണ്ടു....ഇവിടെ കടി കിട്ടാത്തവർ കുറവാണ്..... സൊ സിമ്പിൽ അവിടെ നടന്നത് ഊഹിക്കാവുന്നതേ ഉള്ളൂ...... അവൻ ചിരിയോടെ പറഞ്ഞതും ബാക്കി ഉള്ളവർ അതേറ്റെടുത്തു.....

അവൻ ചമ്മലോടെ കൈ കാണിച്ചു കൊടുത്തു.....

അവൾ ഇജുന്റെ പിറകിൽ നിന്നും മാറിയെ ഇല്ല.....

ഫൈസ്നെ പേടിയുണ്ട് അല്ലെങ്കിൽ വീണ്ടും വെല്ലുവിളിച്ചു വരണ്ട ടൈം കഴിഞ്ഞു... ജുനു പറഞ്ഞു

എന്റെ ജന്ന ഇതല്ല....... ഇത് എന്റെ ജന്നയല്ല...... ഇത് ജന്നയെ അല്ല...... നമ്മുടെ ജന്ന എവിടെ പോയി...... യാഷ് ചുറ്റും നോക്കി ആക്കി പറഞ്ഞു.....

പിന്നെ ഇതാരാടാ പോത്തേ..... നദീം അവന്റെ തലക്ക് ചൊട്ട് കൊടുത്തു.....

ഇത് ഏതോ പെണ്ണ്....... നമ്മുടെ ജന്ന അല്ല...... നമ്മുടെ ജന്ന ഇങ്ങനെ പേടിച്ചോടാനോ....... അതും അങ്ങോട്ട് കടിയും കൊടുത്തു....... കടിച്ചതിന്ന് ആരെങ്കിലും ദേഷ്യം തീർക്കാൻ ചെന്ന തിരിച്ചു വീണ്ടും കിട്ടിയ ചരിത്രം മാത്രം ഉള്ളൂ ഇവിടുള്ള എല്ലാർക്കും....... അങ്ങനെ ഉള്ള അവൾ പേടിച്ചോടാനോ....

നോ നെവർ...... ഇത് നമ്മുടെ ജന്ന അല്ല മാറിപ്പോയെന്ന തോന്നുന്നേ.....

എല്ലാവരും ചിരിയോടെ അവളെ നോക്കി അവൾ

ചമ്മലോടെ തലതാഴ്ത്തി.......

നിങ്ങൾ തല്ലുകയെ ചെയ്യൂ..... അവൻ ചെയ്യുന്നത് അതുക്കും മേലെ ആണ് മക്കളെ അവൾ മനസ്സിൽ പറഞ്ഞു ..... അവൾ അറിയാതെ അവളുടെ നെഞ്ചിലെ മറുകിൽ കൈ വെച്ചു പോയി..

ആദ്യം ഒക്കെ തിരിച്ചു കടിക്കൽ ആണെന്ന കരുതിയത്....... മൂപ്പർ ഒടുക്കത്തെ റോമാൻസ് ആണെന്ന് ഇപ്പോഴല്ലേ മനസ്സിലായത്....... അവൻ അവിടെ കടിച്ചത് ഓർമ്മ വന്നതും അവളെ ശരീരം ആകെ പൂത്തുലഞ്ഞു....

നാണം കൊണ്ടു മുഖത്ത് ചുവപ്പ് രാശികൾ ഓടിയെത്തി..... അവന്റെ വീക്ക്നെസ് ആ മറുക് ആണ്.... ഒരു റോമാൻസ് കൂടി താങ്ങാൻ ഉള്ള ശേഷി ഇല്ലാത്തോണ്ടാ ഇറങ്ങി ഓടിയത്...... അവളുടെ ചുണ്ടിൽ നാണത്തിൽ കുതിർന്ന ഒരു പുഞ്ചിരി ഓടിഎത്തി....

ഒരു സ്പെഷ്യൽ സമ്മാനം തിരിച്ചു കൊടുക്കൽ ഉണ്ട്.... അത് പേടിച്ചു ഓടിയതാ..... അല്ലേ ഇനു അവൻ കണ്ണിറുക്കി പറഞ്ഞതും അവൾ ഇടിവെട്ടറ്റത് പോലെ നിന്നു.... അറിയാതെ നെഞ്ചിൽ കൈ വെച്ചു

പോയി.....

അതെന്താ സ്പെഷ്യൽ..... ജുനു ചോദിച്ചതും അവൻ പറയട്ടെന്ന് ചോദിച്ചു.

എന്റെ മുടിയിൽ പിടിച്ച ഇനിയും കടിക്കും അതും പറഞ്ഞു അവൾ അവിടെ നിന്നും ഓടി..... ഇനി അവിടെ നിന്ന എല്ലാരും കൂടി പൊരിക്കുമെന്ന് അവൾക്ക് അറിയാരുന്നു......

റൂമിൽ എത്തിയതും അവൾ ബെഡിൽ വീണു...... അവൾ ചുണ്ടിലൂടെ തലോടി....

ഈ കട്ടകലിപ്പൻ തന്നെ ആയിരുന്നോ ആ റൊമാൻസ് കാണിച്ചു നടന്ന എന്റെ സ്വീറ്റ് ഹബ്ബി...... അവൾ ചിരിയോടെ തലയിണയും കെട്ടിപിടിച്ചു ബെഡിലൂടെ മറിഞ്ഞു......

❤️❤️❤️

ഇർഫാൻ ഒരു കാൾ വന്നത് കണ്ടു അറ്റൻഡ് ചെയ്തു...... അവന്റെ മുഖത്ത് ഒരു ചിരി വിരിഞ്ഞു ....

ജുനൈദ്..... എനിക്ക് നീയൊരു തടസ്സം ആണ്...... അത് ഞാൻ ആദ്യം വെട്ടിമാറ്റുവാ....... എന്നെ കൈ വെച്ച നിന്നെ തിരിച്ചു വെട്ടിനുറുക്കുവാൻ

അറിയാഞ്ഞിട്ട് അല്ല...... ഇനുവിനെ ഞാൻ സ്വന്തം ആക്കുന്നത് നീ കാണണം..... നിന്റെ കരച്ചിൽ കാണണം അതാണ് നിനക്കുള്ള ശിക്ഷ...... അവൻ പൊട്ടിച്ചിരിച്ചു......

അതെ സമയം ജുനു അവന്റെ ഫോണിൽ വന്ന മെയിൽ കണ്ടു. സങ്കടത്തോടെ നോക്കി അവന്റെ മുഖം വാടി....

❤️❤️❤️❤️❤️

ഫൈസ് വീട്ടിൽ എത്തിയതും ഉമ്മാന്റെ റൂമിലേക്ക് പോയി..... അവർ കിടക്കുന്നത് കണ്ടു.......

ഉമ്മന്ന് വിളിച്ചതും അവർ തിരിഞ്ഞു നോക്കി......എണീറ്റു ഇരുന്നു . അവൻ ഉമ്മാന്റെ മടിയിൽ തല വെച്ചു കിടന്നു......

ഞാൻ പോയാൽ റിച്ചുക്ക തിരിച്ചു വരുമായിരിക്കും അല്ലേ.......

പെട്ടെന്ന് ഉള്ള ചോദ്യം കേട്ട് അവർ ഞെട്ടി അവന്നെ നോക്കി.....

സമിയോട് അതോണ്ടാണോ അവരെ മോനാകാൻ സമ്മതം പറഞ്ഞത്..... ഇപ്പൊ എന്നോട് ദേഷ്യം

തോന്നുന്നുണ്ടോ

ഉമ്മ അവന്റെ മുഖം അവരെ നേരെ ആക്കി കെട്ടിപിടിച്ചു..... പിന്നെ അവന്റെ നെറ്റിയിൽ മുത്തം കൊടുത്തു.....

എന്റെ മോനെ ഒരിക്കലും ഒഴിവാക്കൻ നോക്കിത് അല്ല.... ഇനുവിനോടുള്ള നിന്റെ സ്നേഹം അറിഞ്ഞോണ്ട് സന്തോഷത്തോടെ തന്നെ സമ്മതിച്ചത്....

റിച്ചു അവൻ ആണ് തെറ്റ്.... നമ്മളെ വേണ്ടാത്തൊണ്ട അവൻ നാട് വിട്ടു പോയത്......അവന്റെ വാശി ...വേണമെന്ന് തോന്നുമ്പോൾ വാശി ഉപേക്ഷിച്ചു തിരിച്ചു

വന്നോളും...... നല്ല രീതിയിൽ ജീവിച്ചിരിപ്പുണ്ടെന്നു അറിയാലോ അത് മതി..... അത് പറയുമ്പോൾ അവരുടെ ഉള്ളം വേദനയിൽ പിടഞ്ഞു...... തെറ്റുകളുടെ കൂമ്പാരം ആണിന്ന് അവൻ.

ഞാൻ വളർത്തിയതിന്റെ താളപ്പിഴയാണോ അതോ ഫൈസിനോടുള്ള വെറുപ്പോ എന്താണാവന്റെ ജീവിതം നശിപ്പിച്ചത്.... ഒരുത്തരം ഇല്ലാതെ ആ മാതൃഹിദയം വേദനിച്ചു......

ഉമ്മാക്ക് എന്താ ഇനുവിനെ ഇഷ്ടം അല്ലാത്തത്......
ഒരിക്കലും ചോദിക്കരുതെന്ന് കരുതിയതാ.. ഇപ്പോൾ

ഈ വിവാഹത്തിന് പിന്നെന്തിനാ സമ്മതിച്ചേ......

അവൾക്ക് കുട്ടിയുണ്ടാവില്ലെന്ന് അറിഞ്ഞപ്പോൾ നിനക്ക് ഒരു ജീവിതം വേണ്ടേ അത് അറിഞ്ഞോണ്ട അങ്ങനെ ഒക്കെ ചെയ്തേ..... മോൻ എന്നോട് പൊറുക്ക്... ഇനു പറഞ്ഞു തന്ന കാരണം അവനോട് പറയുമ്പോൾ എത്ര ദ്രോഹിച്ചാലും പുഞ്ചിരിയോടെ അവരെ നോക്കുന്ന അവളുടെ മുഖം മനസ്സിൽ തെളിഞ്ഞു...... ഇർഫാന്റെ ജീവൻ അവൾ കൊടുത്ത ഭിക്ഷയാണ് ഇന്ന്...... ശഹിയെ വെട്ടിയ കേസിൽ ഇജാസ് ഒഫീഷ്യൽ ആയും പെഴസണൽ ആയും അന്വേഷണം നടത്തിയിരുന്നു....

അതിന്റെ ഉത്തരം എത്തിയത് ഇർഫാനിൽ ആയിരുന്നു..... ഐറയും അത് സമ്മതിച്ചു......ഇർഫാനെ തേടി പോലിസ് എല്ലായിടത്തും പരക്കം പാഞ്ഞു നടക്കാരുന്നു ..... അവൾ സത്യം അറിഞ്ഞു അത് ചോദിക്കാൻ വന്നപ്പോൾ  തന്റെ മോന്റെ ജീവൻ രക്ഷിക്കണം എന്ന് പറഞ്ഞു കാൽക്കൽ വീണപ്പോൾ അവൾ

വാക്ക് തരികയാരുന്നു അവന്റെ ജീവൻ ഒന്നും പറ്റില്ലെന്ന്....... അഹമദ്ന്റെ സ്വാധീനം ഉപയോഗിച്ച് കേസിൽ തിരിമറി നടത്തി.....

ഇർഫാൻ ആക്സിഡന്റിൽ മരിച്ചു എന്ന് വരുത്തി തീർത്തു...... ആ കേസ് ക്ലോസ് ചെയ്തു...... അതിനുള്ള പ്രത്യുപകാരം കൂടിയാണ് ഫൈസിനെ വിട്ടുകൊടുത്തത്.

അവർ ദീർഘനിശ്വാസത്തോടെ ഫൈസിന്റെ നെറ്റിയിൽ ചുണ്ടുകൾ ചേർത്തു......

മോന്റെ ഭാഗ്യം ആണ് ആ മാലാഖ കുട്ടി.....

നല്ലതേ വരും രണ്ടാൾക്കും..... അവൻ അത് കേട്ടു ചുണ്ടിൽ ഒരു പുഞ്ചിരി വിരിഞ്ഞു. അവളുടെ അധരങ്ങളുടെ മധുരം ഓർമ്മ വന്നതും അവന്ന് അവളെ വീണ്ടും കാണണം എന്ന് പോലും തോന്നിപ്പോയി ....... സന്തോഷം നിറഞ്ഞ ആ ഓർമ്മകൾ കൂട്ട് പിടിച്ചു അവൻ ഉറക്കിലേക്ക് വഴുതി വീണു.....

❤️❤️❤️❤️

രാവിലെ റൂമിൽ സോഫയിൽ ഇരുന്നു ഫയൽ

നോക്കുകയാരുന്നു.... അലക്സ് ഉണ്ടായിരുന്നു കൂടെ. ഇനു അങ്ങോട്ട് വന്നു. സോഫയിൽ ഇരുന്നു അവന്റെ മടിയിൽ തലവെച്ചു കിടന്നു..... അവൻ അലക്സിനോട് പോകാൻ പറഞ്ഞു.

അവളുടെ മുടിയിലൂടെ തലോടി......

എന്താ സങ്കടം എന്റെ മോൾക്ക്.....

അവൾ തിരിഞ്ഞു കിടന്നു അവന്റെ വയറ്റിലേക്ക് മുഖം തിരിച്ചു കെട്ടിപിടിച്ചു.

എന്താടാ ഇപ്പൊ...... അവന്റെ ശബ്ദം ആർദ്രവും സൗമ്യവും ആയിരുന്നു.....

എന്റെ എല്ലാ ആഗ്രഹവും നിറവേറ്റി തന്നിട്ടും ഒന്ന് മാത്രം ഇപ്പോഴും ബാക്കിയാണ്..... അവളുടെ കണ്ണ് നീര് ഷർട്ടിൽ പടരുന്നത് അവൻ അറിഞ്ഞു....

അതിന്ന് മാത്രം അവളുടെ നേർക്ക് സ്വാന്തനം ആയി പോലും കയ്യുയർന്നില്ല. ശഹിയുടെ കല്യാണം ആയിരുന്നു അവൾ ആവിശ്യപെട്ടതെന്ന് അവനോർത്തു...... നിനക്ക് വേണ്ടി അവന്റെ ജീവിതം ആണ് വേണ്ടെന്ന് വെച്ചത്...... ആ സ്ഥാനത്തേക്ക് മറ്റൊരു പെണ്ണ് വരില്ല മോളെ..... ആ സത്യം പറയാൻ

ആവാതെ അവനും വേദനിച്ചു....... കുറച്ചു നേരം മടിയിൽ കിടന്നു കരഞ്ഞു ക്ഷീണം കാരണം അവൾ അങ്ങനെ തന്നെ ഉറങ്ങിപ്പോയി...... അവൻ അവളെ എടുത്തു ബെഡിൽ കിടത്തി..... നെറ്റിയിൽ ഒരു ചെറു ചുംബനം കൊടുത്തു. ശഹിയെ ഓർത്തതും അവന്റെ കണ്ണിൽ കണ്ണുനീർ പൊടിഞ്ഞു. കണ്ണ് തുടച്ചു തിരിഞ്ഞപ്പോൾ കണ്ടു നദീംമും ശഹിയും നില്കുന്നത്...... അവൻ മുഖത്ത് പുഞ്ചിരി വരുത്തിയെങ്കിലും പരാജയപെട്ടു.......

എനിക്ക് വിവാഹത്തിന് സമ്മതം ആണ്. നിങ്ങൾ ചൂണ്ടികാണിക്കുന്ന ആരെ വേണമെങ്കിലും ഞാൻ വിവാഹം കഴിച്ചോളാം..... അത് പറഞ്ഞു അവൻ പോയി......

ഇജാസ് അപ്പോൾ തന്നെ സന്തോഷത്തോടെ അക്കാര്യം എല്ലാരേം വിളിച്ചു കൂട്ടി അറിയിച്ചു...... എല്ലാരും ഹാപ്പി ആയിരുന്നു അതിൽ.....

ആദം അപ്പോഴാ മുന്നോട്ട് വന്നത്.....

എന്റെ പെങ്ങളെ മോള് ഉണ്ട്..... അവൾക്ക് ശഹിയുടെ കാര്യത്തിൽ താല്പര്യം ഉണ്ട് ഞാൻ ഒരിക്കൽ സൂചിപ്പിച്ചിരുന്നു അവരോട്.... അവർക്ക്

സമ്മതം ആണ്....... ഇവന്റെ തീരുമാനം എനിക്കിനി കല്യാണം വേണ്ടെന്ന് ആയോണ്ട് ആരോടും പറയാതിരുന്നത...

എന്താ പേര് അവളെ അമ്മിജാൻ ചോദിച്ചു

നൈഹ........ പഠിപ്പൊക്കെ കഴിഞ്ഞു. കാണാനും സുന്ദരി ആണ്.....വീട്ടിൽ mrg നോക്കുന്നുണ്ട്...

എല്ലാവരും കണ്ടിട്ട് ഉള്ളോണ്ട് ആർക്കും എതിർപ്പ് ഇല്ലായിരുന്നു.....

ഷദക്ക് മാത്രം മുഖം ചുളിഞ്ഞു...... ഇനുവിനെ ആ സ്ഥാനത് കണ്ടോണ്ട് തന്നെ അവൾക്ക് നൈഹയെ അസപ്റ്റ് ചെയ്യാൻ തോന്നിയില്ല.

നീയെന്നെ അവളോട് ഇങ്ങോട്ട് വരാൻ പറ..... ഏതായാലും ജന്നയുടെ കല്യാണം അല്ലേ... ഇവിടെ നിന്നു പരസ്പരം അവർ മനസിലാക്കുകയും ചെയ്തോട്ടെ എല്ലാവരും അത് സമ്മതിച്ചു...... ഇജാസ് മനസിൽ സന്തോഷം തോന്നി.....

❤️❤️❤️

ജുനു സാഡ് ആയി ഇരിക്കുന്നത് കണ്ടു ഇജാസ് നദീംമും അടുത്തേക്ക് പോയി.

എന്താടാ പ്രോബ്ലം

എനിക്ക് നാട്ടിലേക്ക് പോസ്റ്റിങ്ങ് കിട്ടിയത

എന്റെ ടാലാന്റ് കണ്ടു ഇമ്പ്രംസ് ആയി എനിക്ക് ഒരു ഫേവർ ആയ അവർ ചെയ്തു തന്നത്..... കാരണം ഇനുവിനെ കാണാതെ ഇത്രയും നാൾ കഴിഞ്ഞത് എങ്ങനെ ആണെന്ന് എനിക്കെ അറിയൂ...

അതിനിപ്പോ എന്താ പറ്റിയെ

തമിഴ് നാട്ടിലേക്ക് ഇപ്പൊ അവർ അപ്പോയ്ന്റ്മെന്റ് ഓഡർ അയച്ചിരിക്കുന്നെ അതും പത്തു ദിവസത്തിനുള്ളിൽ ജോയിൻ ചെയ്യണോന്ന് അവൻ ടെൻഷനോട് മുടിയിൽ കൊരുത് പിടിച്ചു തല താഴ്ത്തി

ഞാൻ പോകുന്നില്ല...... എനിക്ക് ഇനുനെ പിരിഞ്ഞിരിക്കാൻ വയ്യ..... അവന്ന് ദേഷ്യം സങ്കടം ഒക്കെ വന്നു.....

ഡോണ്ട് വറി ജുനു.....ഞങ്ങൾക്ക് ഉണ്ടെടോ ചെറിയ പിടിപാട് ഒക്കെ.... ഏറിയ ഒന്നോ രണ്ടോ മാസം അതിനുള്ളിൽ നിന്നെ തിരിച്ചു എത്തിച്ചിരിക്കും..... ഇപ്പോൾ തല്ക്കാലം പോയി ജോയിൻ ചെയ്യ് (ഇജു )

അത് തന്നെ എനിക്കും പറയാൻ ഉള്ളത്. കഷ്ടപ്പെട്ട് പഠിച്ചു നേടിയ നേട്ടം ആണ്. ഇനുന്റെ സ്വപ്നം ആണ്. അവൾ അറിഞ്ഞ കൂടുതൽ വേദനിക്കും (നദീം )

Mm.... അവനൊന്നു മൂളി

ടാ കല്യാണം വേഗം ആക്കാൻ പറ്റോ... എനിക്ക് അവിടെ പോയി താമസം ഒക്കെ ശരിയാക്കണം ഉമ്മ കൂടെ ഉള്ളതാ....

സൽമാൻറ്റിയെ കൂടെ കൊണ്ടു പോകണോ.... ഇജു മുഖം ചുളിച്ചു

ഇനുനെതരൂല ഉമ്മാനെ കൂടി ചോദിച്ച കൊല്ലും പട്ടി..... ജുനു കലിപ്പോടെ അവന്നെ നോക്കി..

ഇജാസ് ഇളിച്ചു കാണിച്ചു.... നീ ഇങ്ങോട്ട് പെട്ടന്ന് തന്നെ വരുമല്ലോ അതോണ്ട് സമ്മതിച്ചു തന്നിരിക്കുന്നു.... കൊണ്ടു പോയിക്കോ.....ജനക്ക് ഉമ്മാനെ മിസ്സ് ചെയ്യുന്നുണ്ടടാ.....അതോണ്ടാ

ടാ ഇവൻ കെട്ട് കഴിഞ്ഞ ഫൈസിയെയും ഇനുനെയും ഒന്നിച്ചു ജീവിക്കാൻ വിടോ ..... ഇനിയിപ്പോ ഹണിമൂൺ പോകുമ്പോ ഇവനെയും

കൊണ്ടു പോകേണ്ടി വരോ.......ജുനു കളിയാക്കലോടെ ചോദിച്ചു..

മിക്കവൊറും ഫൈസ്ന് പണിയാകും നദീം പൊട്ടിച്ചിരിച്ചതും ജുനുവും ഒന്നിച്ചു ചിരിച്ചു.

അവരുടെ പ്രൈവസിയിൽ ഇടപെടാതിരിക്കാനുള്ള കോമൺസെൻസ് എനിക്ക് ഉണ്ട് അതോണ്ട് അതികം ആക്കല്ലേ........ നദീംമിന്റെ വയറ്റിൽ ഒരു പഞ്ച് കൊടുത്തു അവൻ ചിരിച്ചോണ്ട് പോയി.

പേടിയാവുന്നു നദീം ഇവന്റെ ഇനുവിനോടുള്ള സ്നേഹം കാണുമ്പോൾ

ഇനുവിനു ദാമ്പത്യം എന്നൊരു കടമ്പയാ മുന്നിൽ ഭർത്താവ് എന്നൊരു പുതിയ ലോകം ആണ്.കാലൊന്ന് ഇടറിയ ഫൈസ് ഇജു ഇവരുടെ ഇടയിൽ ഇനു വല്ലാതെ കഷ്ടപ്പെടും......

നീയെന്താ പറഞ്ഞു വരുന്നേ....... അറിയില്ല വല്ലാത്തൊരു ഭയം..... ശഹിക്ക്

ഇജുവിനെ അറിയുന്നൊണ്ട് കുഴപ്പം ഇല്ല. ബട്ട് ഫൈസ് അവൻ ശഹിയെ പോലെ ആയില്ലെങ്കിലോ എന്നൊരു പേടി..... ഫൈസ്ന് പെട്ടെന്ന് ഇഗോ ഹർട്ട്

ആകും...

ഏതെങ്കിലും ഒരു നിമിഷത്തിൽ ഇനു ഇജുവിനെ വിട്ടു പോയാൽ...... അങ്ങനെ ഒരു പേടി....... എന്താന്ന് അറിയില്ല വല്ലാത്തൊരു നെഗറ്റീവ് വൈബ് ആണ് ഇവിടെ വന്നപ്പോ തൊട്ട്..... കാരണം ആണെങ്കിൽ തിരിയുന്നും ഇല്ല......

ഇതൊക്കെ ചിന്തിച്ചു കൂട്ടിയിട്ട..... ഒന്നും ഉണ്ടാവില്ല..... ഇനു രണ്ടുപേരെയും ഒന്നിച്ചു കൊണ്ടു പോകും നോക്കിക്കോ...

അവൾ നാളെ ഈ കുടുംബം ഭരിക്കേണ്ട മഹാറാണി ആണ്..... ഒരു ഫാമിലിയെ മൊത്തം ഒരു കുടക്കീഴിൽ കൊണ്ടു നടക്കേണ്ടവൾ...... ആ പക്വതയൊക്കെ വരുമ്പോൾ എല്ലാം ശരിയാകും.....

Mmm. ജുനു മൂളിയെങ്കിലും തന്റെ ഹൃദയം ഇനുവിനെ ഓർക്കുമ്പോൾ എന്ത് കൊണ്ട ഇങ്ങനെ ഡിസ്റ്റർബ് ആകുന്നത് എന്നറിയാതെ അവൻ കിടന്നു ഉഴറി.....

❤️❤️❤️

നല്ല അടക്കവും ഒതുക്കവും കാണാനും സുന്ദരി.... എല്ലാരും പറഞ്ഞപ്പോ ഇനുവിനും ബോധിച്ചു.....

നൈഹ..... ശഹിക്ക് നല്ല മാച്ച് ആണ് കണ്ടിട്ടും...... ശഹി സമ്മതിച്ചോണ്ട് അവൾ ഹാപ്പി ആയിരുന്നു....

ശഹി ഒരു പുഞ്ചിരിയോടെ എല്ലാം കേട്ടു നിന്നെ ഉള്ളു.... ആ പുഞ്ചിരിക്കുള്ളിലെ വേദന ഇനുവിന് മാത്രം മനസ്സിൽ ആയുള്ളൂ..... അവളത് പുറത്തു കാണിക്കാതെ നിന്നു..... കാണിച്ചാൽ തകരുന്നത് അവന്റെ മനസ്സാണെന്ന് അവൾക്ക് അറിയാരുന്നു...... തന്റെ പ്രസൻസ് ആണ് അവന്റെ സന്തോഷം..... അത് കളയാൻ അവളും ആഗ്രഹിച്ചില്ല.... നൈഹ അവൾ വരുന്നത്തോടെ അവന്റെ മനസ്സ് മാറുമെന്ന് അവൾ വിശ്വസിച്ചു......

ശഹി നിന്റെ കാര്യം ഒക്കെ..... ഇജുക്കയെ എങ്ങനെ കെട്ടിക്കും ഒരു ഐഡിയ പറഞ്ഞു തടോ..... അവൾ വിഷയം മാറ്റി....

പവർ........

പവർ......

യെസ്..... നീ നിന്റെ അധികാരം കാണിച്ച മാത്രമേ മാര്യേജ് നടക്കു..... ഐ മീൻ ചതിയിലൂടെ ഇജുക്കനെ നമ്മൾ പൂട്ടിടുന്നു.... അല്ലാതെ നേരായ വഴിക്ക് ഈ കല്യാണം നടക്കില്ല.....

തെളിച്ചു പറ

അവൻ അവളെ ചെവിയിൽ ഐഡിയ പറഞ്ഞതും അവൾ സന്തോഷം കൊണ്ടു തുള്ളിച്ചടി..... നീ പൊന്നപ്പൻ അല്ലടാ തങ്കപ്പൻ ആണ്....... കവിളിൽ പിടിച്ചു വലിച്ചു പറഞ്ഞു....

റാനിയെ നീ സമ്മതിപ്പിക്കണം ശഹി അവളോട് പറഞ്ഞു.....

അത് ഇജ്ജുക്ക ഏറ്റോലും.... അല്ലെങ്കിൽ സമ്മതിപ്പിക്കും ഇജ്ജുക്ക..... ഹൈദർ കുടുംബത്തിലെ അധികാരി ആയ എന്നോട് മറുവാക്ക് പറയാൻ ആർക്കും ധൈര്യം ഇല്ലെന്ന് അറിയിലേ മകനെ.

അപ്പോൾ ഇജ്ജുക്കന്റെ മാര്യേജ് ഞാൻ ഫിക്സ് ചെയ്യുന്നു...... ഇതാണെന്റെ രാജകല്പന....... ഇതാണെന്റെ രാജ ശാസനം .......അവൾ അരക്ക് കയ്യും വെച്ചു മീശ പിരിക്കുന്നത് പോലെ പറഞ്ഞതും എല്ലാവരും ചിരിച്ചു പോയിരുന്നു......

❤️❤️❤️❤️

ഇനുവിന്റെ കല്യാണം ജുനു പോകുന്നോണ്ട് ആറു ദിവസം കഴിഞ്ഞുള്ള ഡേറ്റ് ഫിക്സ് ചെയ്തു...

ഫൈസിനെ അന്ന് തന്നെ ഇജാസ് അവിടേക്ക് കൂട്ടി വന്നു.. ഇജാസ് കൊടുത്ത പേപ്പറിൽ ഒപ്പിടുമ്പോൾ അവന്റെ കൈ വിറച്ചിരുന്നു.....

ആദ്യമാധ്യം ഫൈസ് പൊരുത്തപ്പെടാൻ കുറച്ചു കഷ്ടപെട്ടെങ്കിലും അവരുടെ സ്നേഹത്തിൽ അവന്നും മനസ്സ് കൊണ്ടു പൊരുത്തപ്പെട്ടു..... സമിയും അവന്റെ കൂടെ തന്നെ ഉള്ളോണ്ട് അവന്ന് ഒരു സമാധാനം തോന്നി.......

ഇനു മാത്രം അവന്റെ മുന്നിൽ വരാതെ ജാഡ കാണിച്ചു നടക്കും... അവൻ കഷ്ടപ്പെട്ട് എങ്ങനെയെങ്കിലും അവളെ മുന്നിൽ എത്തിയാലും യാഷ് ഷദയും ഷാനുവും അത് പൊളിച്ചു കയ്യിൽ കൊടുക്കും.. ഒരു വീട്ടിൽ ആയിട്ടും ഒന്ന് കാണാൻ പോലും കിട്ടാത്ത അവസ്ഥ...... അവളോട് ചെയ്തതിന്ന് പ്രതികാരം ആയോണ്ടും മാര്യേജ്ന് അധികം ദിവസം ഇല്ലാത്തോണ്ടും തന്നെ അവൻ അരിശം കടിച്ചു നിന്നു.

ആ കുടുംബം മുഴുവൻ സന്തോഷത്തിൽ മുഴുകി...... ആ കുടുംബത്തിനു മേലെ കടന്നു വരുന്ന സങ്കടങ്ങൾ അറിയാതെ അവർ ജന്നയുടെ കല്യാണം

ആഘോഷം ആയി കഴിക്കാൻ ഉള്ള ആഹ്ലാദതിമിർപ്പിൽ ആയിരുന്നു......

ഇനി മൂന്ന് ദിവസം മാത്രം ജന്നത് രാജകുമാരിയുടെ വിവാഹത്തിന്ന്...... ആ കൊട്ടാരം പോലുള്ള വീട് വിവാഹത്തിന് വേണ്ടി ഒരുങ്ങി......

❤️❤️❤️❤️❤️

രാവിലെ വാതിലിൽ മുട്ടുന്ന ശബ്ദം കേട്ടാണ് വാതിൽ തുറന്നത്..... എല്ലാ ഉമ്മമാർ ഹാജർ ആണ്....

ഇതെന്താ ഇവിടെ ഉമ്മമാരെ സമ്മേളനം ഉണ്ടോ.....

ഉണ്ട് കുരിപ്പേ...... കല്യാണം ഇങ്ങെത്തി.... അത് പോലും ഓർക്കാതെ പിള്ളേരെ കൂടെ കളിച്ചു ഉറങ്ങിയും നടന്നോളും അവളെ തലയിൽ ഒരു കോട്ട് കൊടുത്തു ഉമ്മ....

ഞാൻ പറഞ്ഞോ എന്നെ ഇത്ര വേഗം കെട്ടിക്കാൻ..... കല്യാണം നടന്നില്ലെങ്കിലും പ്രോബ്ലം ഇല്ല കളിക്കാൻ പോകുന്നത് ഞാൻ നിർത്തില്ല.....

ഉമ്മ അടിക്കാൻ നോക്കിയതും അവൾ ഷംനയുടെ പിറകിൽ ഒളിച്ചു...... ദാ നിങ്ങളെ മരുമോളെ തല്ലാൻ പോകുന്നെ

എന്നിട്ട് നോക്കി നിൽക്കുന്നോ.....

അത് ശരിയാ സൽമ..... എന്റെ മോന്റെ ഭാര്യയെ തല്ലാൻ പാടില്ല..... പകരം എന്റെ ആങ്ങളയുടെ മകളെ തല്ലിക്കോ....

അത് ശരി എല്ലാം ഒറ്റകെട്ടായി അല്ലേ...

കെട്ട് കഴിയട്ടെ  മരുമോളെ കളി കാണിച്ചു തരാം ഞാൻ......

അമ്മായിഅമ്മ പവർ ഞാനും കാണിച്ചു തരാം.... എന്തെ...... അവർ പിരികം ഉയർത്തി....

നിങ്ങൾ ഒന്നും ശരിയല്ല റാബിയുമ്മ വാ നമ്മൾക്ക് നമ്മൾ മാത്രം മതി..... അവരെ തോളിൽ ചാരി നിന്നു....

എന്നാലേ എന്റെ മോള് അവിടെ ഇരിക്ക് അതും പറഞ്ഞു പിടിച്ചു ഇരുത്തിച്ചു ഒരു ടവ്വൽ കൊടുത്തു.... ഇത് ഉടുത്തു വേഗം വാ......

ഇതെന്തിനാ.....

അപ്പോഴേക്കും ഷാനയും ഷദയും മഞ്ഞൾ ഒരു ബോളിൽ എടുത്തു വന്നു.....

അവൾ എല്ലാരേം നോക്കി കണ്ണ് മിഴിച്ചു....

ഇത് ഒരു ചടങ്ങ് ആണ്..... മഞ്ഞൾ തേച്ചു കുളിക്കണം.....

കുളിക്കാനോ..... ഇത്ര രാവിലെയോ...... അവൾ ഓടാൻ നോക്കിയതും അവർ പിടിച്ചു വെച്ചു......

ഒരു രക്ഷയും ഇല്ല മോളെ..... എല്ലാരും കൂടെ പിടിച്ചു വെച്ചു......

അവൾ ഇളിച്ചു കാണിച്ചു അവിടെ ഇരുന്നു.....

അവസാനം ഗതികെട്ടു അവൾ ഡ്രസ്സ് മാറ്റി ആ ടവ്വൽ ഉടുത്തു അവിടെ ഇരുന്നു.

മുഖത്ത് ദേഹത്ത് മൊത്തം മഞ്ഞൾ തേച്ചു അവിടെ ഇരുത്തി..... കുറച്ചു കഴിഞ്ഞു കുളിച്ചോ പറഞ്ഞു അവർ പോയി......

അവൾ മുഖം ചുളിച്ചു അവിടെ ഇരുന്നു....

എല്ലാരും പോയതും വാതിൽ അടച്ചു തിരിഞ്ഞതും ബാൽക്കണി വഴി കേറി വന്ന ആളെ കണ്ടു അവൾ ഞെട്ടി.....

ഓടിക്കോ..... എവിടേക്ക് വേണേൽ ഓടിക്കോ പുറത്തു മൊത്തം ആളുകൾ ആണ്..... അതോണ്ട് ഈ കോലത്തിൽ പുറത്ത് പോകില്ലെന്ന് ഉറപ്പാണ്......

നിലവിളിക്കാൻ ആണ് പ്ലാൻ എങ്കിൽ ഒരു മിനിറ്റെ എന്ന് പറഞ്ഞു അവൻ സൗണ്ടിൽ മ്യൂസിക് വെച്ചു......

പക്കാ പ്ലാനിങ് ആയി കേറിയതാ...... ഇന്ന് എന്തായാലും എനിക്ക് പറയാൻ ഉള്ളത് കേട്ടിട്ട് പോയ മതി.കുറച്ചു ദിവസം ആയല്ലോ ഈ ഹൈടൻ സീക്ക് തുടങ്ങിയിട്ട് അതിന്ന് ഒരു തീരുമാനം ആയിട്ടേ ഞാൻ പോകുന്നുള്ളൂ.....

ഫൈസ് ചിരിയോടെ അവളെ നോക്കി പറഞ്ഞു.

അവൾ അവന്റെ മുഖത്തെ കുസൃതിചിരി കണ്ടതും വിയർത്തു ഒലിച്ചു നിന്നു..... ശരിക്കും പെട്ടു എന്ന് അവൾക്ക് മനസ്സിലായി.......

....... തുടരും

❤️💔INVISIBLE LOVE 💔❤️

Love after💘 marriage(part 81)

കുട്ടി ടവ്വൽ ഉടുത്തു നിൽക്കുന്ന നിന്നെ കണ്ടു അല്ലേലെ കൺട്രോൾ പോയിരിക്കുവാ അതിന്റെ കൂടെ ഇമ്മാതിരി നോട്ടം കൂടെ നോക്കിയ വേറെ വല്ലോം നടക്കും പിന്നെ പറഞ്ഞിട്ട് കാര്യം ഇല്ല......

അവൾ ഒന്നൂടി കൂർപ്പിച്ചു നോക്കി അവനെ......

അവൻ ഇളിച്ചു കാണിച്ചു.

ഏതായാലും ഈ ടവ്വൽ ഉടുത്തു ദേഹം മൊത്തം കാണിച്ചു പുറത്തിറങ്ങാൻ മാത്രം മന്നബുദ്ധിയല്ല മോള്..... ആദ്യത്തെ പോലല്ല ഇച്ചിരി നാണം മാനം ഒക്കെയുണ്ട്. അവൾ കൈകൊണ്ട് മാറ് മറച്ചു പിടിച്ചു നില്കുന്നത് കണ്ടു അവൻ പറഞ്ഞു....അതോണ്ട് ഇവിടിരി എനിക്ക് കുറച്ചു സംസാരിക്കാൻ ഉണ്ട്.......അവൻ അവനിരുന്ന ബെഡിൽ കൈ വെച്ചു കാണിച്ചു പറഞ്ഞു.....

അവൾ അവനെ ദേഷ്യത്തോടെ നോക്കി.

അതോടൊപ്പം രക്ഷപെടാൻ ഉള്ള വഴിയും ആലോചിച്ചു നോക്കുന്നുണ്ടായിരുന്നു അവൾ.....

ടീ കുരിപ്പേ കുനിഷ്ട് ഒന്നും ആലോചിക്കേണ്ട എനിക്ക് സംസാരിക്കണം എന്നെ ഉദ്ദേശിച്ചുള്ളൂ.

അവൾ അടുത്തേക്ക് വന്നു...... അടുത്ത് ഇരിക്കാൻ എന്ന പോലെ പോയി ഒറ്റതള്ള് അവന്നെ ബെഡിലേക്ക് അവൻ ബെഡിലേക്ക് വീണതും അവൾ ബാത്റൂമിലേക്ക് ഓടിക്കയറി..... വാതിൽ കൊളുത് ഇടുന്നതിന്ന് മുന്നേ അവൻ ഊരിപ്പാഞ്ഞു എണീറ്റു വാതിൽ തള്ളി അവന്റെ ബലത്തിന് മുന്നിൽ

പിടിച്ചു നിൽക്കാൻ ആവാതെ അവൾ തോറ്റു അവൻ അകത്തേക്ക് കയറി വാതിൽ പൂട്ടി..... വാതിൽ ചാരി നിന്നു ദേഷ്യത്തോടെ അവളെ നോക്കി...

അവൾ തലയും താഴ്ത്തി നിന്നു......

ഞാൻ മര്യാദയുടെ ഭാഷയിൽ പറഞ്ഞു വന്നപ്പോ നീ കൂതറ പരിപാടി കാണിക്കുന്നോ...... നിന്നെക്കാൾ തനിതറയാടീ ഞാൻ..... അവൻ അതും പറഞ്ഞു അവളെ അടുത്തേക്ക് വന്നു...... അവൾ പിറകോട്ടു പോയി ചുമരിൽ തട്ടി നിന്നു..

ഇതിന്റെ പിറകിലേക്ക് പോകാൻ ഇടം ഇല്ല മോളെ അവൻ ചെറുചിരിയോടെ പറഞ്ഞു.... അവൾ മാറി പോകാൻ നോക്കിയതും അവൻ കൈ വെച്ചു ബ്ലോക്ക് ചെയ്തു....

അവളുടെ മുഖത്ത് എന്താ ഭാവം എന്ന് മഞ്ഞൾ ഉള്ളോണ്ട് മനസ്സിൽ ആയില്ലെങ്കിലും പിടക്കുന്ന കണ്ണുകളും കൈ മാറിന് മുകളിൽ അമർത്തി പിടിച്ചത് കണ്ടു... ഭയവും നാണവും ആണെന്ന് കണ്ടു.....

അവൻ അവളെ ചുമലിൽ വെച്ച കൈക്ക് മുകളിൽ കൈ വെച്ചു.... അവളിലോടെ ഒരു വിറയൽ പടർന്നു

കയറി.....

വേണ്ട ഫൈസ് പ്ലീസ്...... എനിക്ക് പോണം എന്നെ വിട്..... അവളുടെ ശബ്ദത്തിൽ പോലും വിറയൽ പടർന്നു കയറിയിരുന്നു..

ഞാൻ നിന്റെ ഭർത്താവ് അല്ലേ..... പിന്നെന്തിനാ പേടിക്കുന്നെ...... അവളെ കൈക്ക് മുകളിലൂടെ അവൻ വിരൽ ഓടി ച്ചു......

അവന്റെ നോട്ടം നേരിടാൻ ആവാതെ അവൾ മുഖം താഴ്ത്തി നിന്നു. അവൻ വിരൽ കൊണ്ടു മുഖം ഉയർത്തി......

എനിക്ക് കുളിക്കണം..... എല്ലാരും ഇപ്പോൾ തിരിച്ചു വരും......

കുളിച്ചോ ..... ഞാൻ തടഞ്ഞോ.......

പുറത്തു പോ ഒന്ന്......

മര്യാദക്ക് സംസാരിക്കാൻ വന്ന എന്നെ ഇവിടെ എത്തിച്ചത് നീയാണ്.... അപ്പോൾ കുളിസീൻ കണ്ടേ ഞാൻ പോകു.....

ഞാൻ എല്ലാരോടും പറയും നോക്കിക്കോ

പറഞ്ഞോ.....

സത്യം ആയും പറയും..... ഇങ്ങനെ ഒക്കെ ചെയ്തത്......

ഏതായാലും പറയും അപ്പോൾ ഇത്തിരി എരിവും പുളിയും കൂടി പറഞ്ഞോ...... അതും പറഞ്ഞു അവളെ അടുത്തേക്ക് ഒന്നൂടി അടുത്തു..... അവളുടെ വിറക്കുന്ന ചുണ്ടുകൾ പിടക്കുന്ന കണ്ണുകളും ഒക്കെ അവന്ന് അവളിലേക്ക് മാടി വിളിക്കുന്ന പോലെ തോന്നിയത്....... അവൻ മുഖത്തോടെ വിരൽ ഓടിച്ചു ചുണ്ടിൽ ഒന്ന് തഴുകി..... അവൾ പിടച്ചിലോടെ അവന്നെ നോക്കി...... ഹർട്ട് ഡബിൾ ആയി ഇടിക്കുന്ന ശബ്ദം അവൻ കേട്ടു....

ഇങ്ങനെ പിടക്കാതെ എന്റെ ഹൃദയമേ.....

ഇതിപ്പോ എനിക്ക് മാത്രം സ്വന്തം ആയതാണ്...... അവന്റെ കൈ നെഞ്ചിന് നേർക് വന്നതും അവൾ ദയനീയമായി അവന്നെ നോക്കി.....

അവൻ ചിരിയോടെ കൈ പിൻവലിച്ചു....

ഒരു ബെഡിൽ കിടന്നാൽ....... ഇങ്ങനെ ഡ്രസ്സ് ചെയ്തു മുന്നിൽ വന്നാൽ എന്താണെന്ന് ചോദിച്ചില്ലേ

ഇപ്പൊ മനസ്സിൽ ആയോ അർത്ഥം......

അവൾ നാണത്തോടെ തലതാഴ്ത്തി.....

മഞ്ഞൾ ദേഹത്തു ഉള്ളോണ്ട് മാത്രം നീ രക്ഷപെട്ടു...... ഇല്ലെങ്കിൽ ഉണ്ടല്ലോ മോളെ...... ഫസ്റ്റ് നൈറ്റ് ഇപ്പൊ ഇവിടെ വെച്ച് നടക്കും...... രണ്ടാം വിവാഹം കഴിഞ്ഞുന്ന് വരില്ല. .....

പുറത്തു ഇറങ് ഫൈസ്..... ആരെങ്കിലും വരും...... അവളുടെ ശബ്ദം പ്രണയർദ്രമായിരുന്നു....,

പോകാം ഇത്രയും സംഭവിച്ചിട്ട് എങ്ങനെ വെറും കയ്യോടെ പോവ്വാ.....

അവൾ മുഖം കൂർപ്പിച്ചു നോക്കി..,..

അവൻ അവളുടെ ടവ്വിലിൽ പിടിച്ചതും അവൾ വിറക്കുന്ന കയ്യോടെ അവന്റെ കയ്യിൽ പിടിച്ചു.....

കൈ പിടിച്ചു താഴ്ത്തി...... അവളുടെ നെഞ്ചിലേക്ക് ഉള്ള മറുകിൽ അവന്റെ കണ്ണുടക്കി.... മഞ്ഞൾ തേച്ചെങ്കിലും അത് തിളങ്ങി നില്കുന്നത് അവൾ കണ്ടു...... അവൻ കൈകൊണ്ട് മഞ്ഞൾ മായിക്കാൻ നോക്കി..... അവൾ ഒന്ന് പിടഞ്ഞു കൊണ്ടു അവന്റെ കയ്യിൽ മുറുക്കെ പിടിച്ചു..... അത് ശ്രദ്ധിക്കാതെ

മഞ്ഞൾ തുടച്ചു മാറ്റി...... തന്റെ ശരീരത്തിൽ വികാരത്തിന്റെ ഒരു സ്ഫോടനം തന്നെ നടക്കുന്നത് അവൾ അറിഞ്ഞു ...... അവളുടെ കൈ നഖങ്ങൾ കയ്യിൽ അമർത്തി അവൻ തടയാൻ ശ്രമിച്ചു...... അത് കാര്യം ആക്കാതെ അവൻ അവിടെ മാത്രം മഞ്ഞൾ മാറ്റി ചുണ്ടുകൾ അമർത്തി......

അവൾ കണ്ണുകൾ അടച്ചു നിന്നു..... ചുണ്ടുകൾ കടിച്ചു പിടിച്ചു....

ഇപ്പൊ ഞാൻ ഇത്രയെങ്കിലും ചെയ്തില്ലെങ്കിൽ മരിച്ചു പോകും..... സോറി...... അതും പറഞ്ഞു അവളെ ചുണ്ടിൽ കിസ്സും കൊടുത്തു......

അവൾ കണ്ണ് തുറന്നു കലിപ്പോടെ നോക്കി

ഒരു കിസ്സ് കൂടി കൊടുത്തോട്ടെ അവൻ ചോദിച്ചതും അവൾ ചുറ്റും നോക്കി ഷാമ്പു ബോട്ടിൽ കണ്ടു അതെടുത്തു എറിയാൻ നോക്കിയതും അവൻ ഓടി ബാത്‌റൂമിൽ നിന്നും പുറത്തു ഇറങ്ങി...

എന്ന ഹോട്ട് ആണെന്ന് അറിയോ നീ..... അവൻ കള്ളച്ചിരിയോടെ പറഞ്ഞതും അവൾ ദേഷ്യത്തോടെ ബോട്ടിൽ എടുത്തു എറിയാൻ നോക്കിയതും അവൻ വാതിൽ പൂട്ടി......

ഐ ലവ് യൂ....... അവൻ വിളിച്ചു പറഞ്ഞു

ഐ ഡോണ്ട് ലവ് യൂ..... അവൾ തിരിച്ചു പറഞ്ഞതും....

നിന്നെ ഞാൻ ഇന്ന് പറഞ്ഞു വീണ്ടും വാതിൽ തുറക്കാൻ നോക്കിയതും അവൾ ലോക്ക് ഇട്ടിരുന്നു.....

നിന്നെ ഇനിയും കയ്യിൽ കിട്ടും..... നോക്കിക്കോ അതും പറഞ്ഞു വാതിലിന് രണ്ടു ഇടിയും കൊടുത്തു അവൻ പോയി..

രണ്ടു പേരുടെയും ചുണ്ടിൽ പുഞ്ചിരി വിരിഞ്ഞിരുന്നു...... ഫൈസ് പുറത്തു ഇറങ്ങി വാതിൽ തുറന്നതും മുന്നിൽ ഷാന......

ഫൈസ് എന്താ ഇവിടെ...... മാര്യേജ് കഴിയുന്ന വരെ വരാൻ പാടില്ലെന്ന് അമ്മിജാൻ പറഞ്ഞത് അറിയില്ലേ.....

ഞാൻ ഇത് വഴി പോയപ്പോൾ..... അവളെ കണ്ടില്ല..... ഞാൻ...... അവൻ കിടന്നു പരുങ്ങി.....

ഞാൻ വിശ്വസിച്ചു കണ്ടില്ലെന്ന്.....

മറ്റുള്ളവരും ഇനുവിനെ കണ്ടിട്ടേ ഇല്ലെന്ന് വിശ്വസിക്കണം എങ്കിൽ മുഖത്തെയും ഷർട്ടിലെയും

കയ്യിലെയും മഞ്ഞൾ കഴുകി കളയാൻനോക്ക്......

അവൻ ചമ്മലോടെ തലയും തടവി ചെറു ചിരിയോടെ അവളെ നോക്കി റൂമിലേക്ക് പോയി.........

❤️❤️❤️

ബ്രേക്ക് ഫാസ്റ്റ് കഴിച്ചു ഫോണിൽ തോണ്ടി ഇരിക്കുമ്പോഴാ ഒരു കാൾ വന്നത്...

ഇനു ഞാൻ റാനിയാണ്......

പറയെടി എന്താ കാര്യം....

പിന്നെയൊരു പൊട്ടിക്കരെച്ചിൽ ആയിരുന്നു......

എന്താടാ പ്രോബ്ലം എന്തിനാ കരയുന്നെ......

ബാക്കി പറഞ്ഞത് ഇർഫാൻ ആയിരുന്നു

അവളും ഞാനും കൂടി കൊച്ചു വർത്താനം പറഞ്ഞു ഇരിക്കുകയാ.... നീ കൂടി കൂടിക്കോ...,...

ഇർഫാൻ അവളെ ഒന്നും ചെയ്യരുത്..... അവളൊരു പാവം ആണ്.....

പാവം കൊച്ചാണെന്ന് എനിക്കും അറിയാം

അതോണ്ടാ സംസാരിച്ചു ഇരുന്നത്.....

ഇനിവേണം അവളെയൊന്ന് സ്നേഹിച്ചു കൊല്ലാൻ......

ഇർഫാൻ നിനക്ക് എന്നോടല്ലേ വാശി അവളെ വെറുതെ വിട്......

വെറുതെ വിടാം പകരം നീ വരണം ഞാൻ വിളിക്കുന്നിടത്...... ഒറ്റക്ക് ആരും അറിയാതെ ആരും പറയാതെ..... ഇല്ലെങ്കിൽ ഇവളെ പിന്നെ ജീവനോടെ ആരും കാണില്ല.....

ഞാൻ വരാം...... അവളെ അത് വരെ ഒന്നും ചെയ്യരുത്.....

ഞാൻ ലൊക്കേഷൻ അയക്കാം..... നിന്റെ തീരുമാനം പോലെ ഇരിക്കും അവളുടെ ജീവനും ജീവിതവും.....

അവൾ അപ്പൊ തന്നെ കടുവയെ കാണണം പറഞ്ഞു ഇറങ്ങി...... അവൻ പറഞ്ഞ പോലെ പാതി വഴിക്ക് ഇറങ്ങി അവന്റ ആളുകൾ അയച്ച കാറിൽ കയറി. അവളെ കണ്ണുകൾ കെട്ടിയിരുന്നു.

അവളെ കണ്ണ് കെട്ടിയത് അഴിച്ചതും റാനി കരഞ്ഞോണ്ട് ഒരു മൂലക്ക് ഇരിക്കുന്നത് കണ്ടു.അവളെ കൈ പിറകിൽ കെട്ടിയിരുന്നു......

അവൾ റാനിയുടെ അടുത്തേക്ക് പോയി അവളെ കയ്യുടെ കെട്ട് അഴിക്കാൻ നോക്കുമ്പോൾ ഇർഫാൻ അങ്ങോട്ട് വന്നത്...

ഇർഫാൻ........

വന്നോ രാജകുമാരി........

ഒന്നൂടി മൊഞ്ചു വെച്ചു കൂടുതൽ സുന്ദരൻ ആയി തോന്നി അവൾക്ക്. കട്ടതാടി ഉണ്ടായിരുന്നു ആദ്യം..... ഇപ്പോൾ അതൊക്കെ വടിച്ചു ക്ലീൻ ഷേവ് ആണ്..... ഫൈസിയുടെ ഉമ്മാന്റെ മുഖഛായ തോന്നി ഇപ്പോൾ.....

എനിക്കറിയാം ആയിരുന്നു പ്രിയപ്പെട്ട കൂട്ടുകാരിയെ രക്ഷിക്കാൻ നീ വരുമെന്ന്.

നിനക്ക് വേണ്ടത് എന്നെയല്ലേ അവളെ വിട്ടേക്ക്.....

അല്ലെങ്കിലും എനിക്കവളെ വേണ്ട..... ഒരുപാട് പെൺകുട്ടികൾ എന്റെ ജീവിതത്തിൽ കടന്നു വന്നിട്ടുണ്ട്...... ശരീരം കൊണ്ടു മാത്രം ഞാൻ എല്ലാരേം സ്വീകരിച്ചിട്ട് ഉള്ളൂ.... ബട്ട് യൂ...... നീ വന്ന ശേഷം മനസ്സ് കൊണ്ടും ശരീരം കൊണ്ടും ഞാൻ മറ്റൊരു പെണ്ണിനെ ആഗ്രഹിച്ചിട്ടില്ല.

അറിയില്ല എന്ത് മാജിക്കൽ പവർ ആണ് നിന്റെ അടുത്തെന്ന്....... എനിക്ക് വേണം നിന്നേ...... എന്റെ മാത്രം ആയി..... എന്റേത് മാത്രം ആയി....... അവളെ കവിളിലൂടെ തലോടി പറഞ്ഞതും അവൾ വെറുപ്പോടെ കൈ തട്ടിമാറ്റി....... അവന്റെ കണ്ണുകളിലെ പ്രണയഭാവം കണ്ടതും മനസ്സിൽ ഒരു നീറ്റൽ തോന്നി........ ഞാനും ഇതിൽ തെറ്റ് കാരിയാണ്...... ഇഷ്ടം ആണെന്ന് പറഞ്ഞോണ്ട് ആവില്ലേ തിരിച്ചു മോഹിച്ചിട്ട് ഉണ്ടാവാ...... അല്ലെങ്കിൽ വെറുമൊരു പ്രതികാര ഭാവം ആയിരിക്കും എന്നോട്.....

എന്റെ വിവാഹം കഴിഞ്ഞു...... ഞാൻ ഇന്നൊരു ഭാര്യയാണ്........ ഫൈസ് അസ്ക്കർ എന്ന aj യുടെ ഭാര്യ.... ദയവു ചെയ്തു ഇനിയെന്നെ ശല്യം ചെയ്യരുത്...

അവന്റെ മുഖത്ത് ദേഷ്യം കയറുന്നത് അവൾ കണ്ടു...... നിന്നെയിനി അവന്ന് കിട്ടിയാൽ അല്ലേ..... നീയിവിടേക്ക് വന്നത് ഒരു കുഞ്ഞുപോലും അറിയില്ല..... നമ്മൾ ഇപ്പോൾ തന്നെ ഈ നാട് വിട്ടു പോകും പിന്നെ ഒരിക്കലും ആരും നിന്നെ കാണില്ല

നമ്മൾ മാത്രം ആയുള്ള നമ്മൾ സ്വപ്നം കണ്ട ഒരു ജീവിതം ആയിരിക്കും ഇനി.

ഭ്രാന്ത് വിളിച്ചു പറയണ്ട ഇർഫാൻ നിനക്ക് എന്നോട് പ്രണയം അല്ല ഉള്ളത്.... ഒരുപാട് പെൺകുട്ടികളിൽ ഒരാൾ മാത്രം ആയിരുന്നു ഞാൻ..... അതാണ് സത്യം....

സത്യം ആയിരിക്കും പക്ഷേ എനിക്കിപ്പോ നീയില്ലാതെ പറ്റില്ല ഇനു.... റിയലി ലവ് യൂ..

ഒരുപാട് സ്വപ്നം കണ്ടതാ നിന്നോടൊത്തുള്ള ജീവിതം.... ഇപ്പൊ ഈ നിമിഷം മുതൽ നീയെന്റേത് മാത്രം ആണ്

നാളെ നടക്കാൻ പോകുന്നത് നമ്മുടെ വിവാഹം ആണ്. നിനക്ക് ഇഷ്ടമുണ്ടെങ്കിലും ഇല്ലെങ്കിലും അത് നടക്കും..... നടത്തിയിരിക്കും ഞാൻ..... ഇവിടെ നിന്നൊരു തിരിച്ചു പോക്ക് ഇനി നിനക്കില്ല.....

അവൾ അവനെ നോക്കി ചിരിച്ചു...... എന്നിട്ട് അടുത്തുള്ള ചെയർ വലിച്ചു അവിടെ ഇരുന്നു.

നീ വിളിക്കുമ്പോ അന്തോം കുന്തോം ഇല്ലാതെ ഇറങ്ങിവരാൻ ഞാൻ ആ പഴയ ഇനായ മെഹവിഷ്

അല്ല ഇർഫാൻ......

ജന്നത്...... ജന്നത് ഗ്രൂപ്പ് ഓഫ് ഇൻഡസ്ട്രീസ് സിഇഒ ജന്നത് ഹൈദർ.....

എന്റെ റേഞ്ച് നോക്കി കളിക്കണ്ടേ ഇർഫാൻ..... അവൾ ചിരിയോടെ പറഞ്ഞു

തിരിച്ചു പോകാൻ കഴിയുന്നുള്ള വിശ്വാസം ആണോ നിനക്ക്.,... അവൻ പുച്ഛത്തോടെ അവളെ നോക്കി..

വന്നത് പോലെ തിരിച്ചു പോകാൻ അറിയാം എനിക്ക്...... വേറൊരു കാര്യം അറിയോ...... നിന്റെ മുന്നിൽ എത്താൻ ഞാൻ ഇട്ട ചെറിയൊരു ഇര മാത്രം ആണ് ഇവൾ.... റാനി കണ്ണും മിഴിച്ചു അവളെ നോക്കി....... ഇർഫന്റെ മുഖത്ത് ഗൗരവം പടർന്നു.....

യൂ....... ചീറ്റഡ്...... അവളെ കവിളിൽ കുത്തി പിടിച്ചതും അവന്റെ കയ്യിൽ എന്തോ കൊണ്ടു ഏർ കിട്ടിയതും ഒന്നിച്ചു ആയിരുന്നു..... അവൻ വേദനയോടെ കൈ വലിച്ചു...... തിരിഞ്ഞു നോക്കി....

കൂളിംഗ് ഗ്ലാസ് കൊണ്ടു കയ്യിൽ ഏർ കിട്ടിയത്......

ഒരു പെണ്ണ് വായിൽ ബബിൾഗം ചവച്ചു സ്റ്റൈലിൽ നടന്നു അടുത്തേക്ക് വന്നു.....

എനിക്ക് തീരെ ടൈം ഇല്ല അബി....

പെട്ടന്ന് ഞാൻ പറഞ്ഞതൊക്കെ ചെയ്യ്.....

ഇന്ന് എന്റ ബ്രൈഡൽ ആണ്.... എല്ലാരും തിരക്കുന്നുണ്ടാവും.......വീട്ടിൽ കണ്ടില്ലെങ്കിൽ പണി കിട്ടും......

നിനക്ക് എന്ത് പണി..... അവിടെയും പോയി ചുമ്മാ ഒലപ്പ് ഉണ്ടാക്കൽ അല്ലെ

എനിക്കല്ല ഇവന്ന് പണി ...... വീട്ടിൽ ആരറിഞ്ഞാലും അടുത്ത നിമിഷം ഇവന്റെ ശവം എല്ലാരും കാണും.....ഇവനെ എനിക്ക് ജീവനോടെ വേണം...... അതോണ്ടാ ഞാൻ അബിയുടെ സഹായം ചോദിച്ചത് .

അഞ്ചു മിനുട്ട് മതി..... നീ കൂട്ടുകാരിയെ കൂട്ടി മാറി നിൽക്ക്..... ചുമ്മാ ഇടക്ക് ആരുടെയെങ്കിലും കയിന്ന് തല്ല് കിട്ടിയ മാര്യേജ്ന് മോന്ത കാണാൻ ഭംഗി ഉണ്ടാവില്ല.....

ഈ പീറപ്പെണ്ണിനെ വെച്ചു നീയെന്ത് ചെയ്യുമെന്ന..... അവൻ പുച്ഛത്തോടെ അബിയെ അടിമുടി നോക്കി....

നീണ്ടു മെലിഞ്ഞു ഗോതമ്പുനിറമുള്ള ഒരു കൊച്ചു പെണ്ണ്...... ചാരക്കണ്ണുകളും ആരും നോക്കി

നിന്നുപോകുന്ന ആകാരവടിവും....... സൗന്ദര്യം വിളിച്ചോതുന്നുണ്ടെങ്കിലും മുഖത്തെ ഗൗരവം അത് മറച്ചു പിടിക്കുന്നു.... നീണ്ടു മിനുസമാർന്ന മുടി ഉചിയിൽ ഉയർത്തി കെട്ടി അലസമായി കെട്ടിവെച്ചിരിക്കുന്നു. അതിന്ന് മുകളിൽ ഷാൾ ഇട്ടിട്ടുണ്ട്...

പാന്റും ഷർട്ടും വേഷം......

നാൻ യാര്..... എന്റെ സ്റ്റേറ്റസ് എന്ത് ..... എൻ ലെവൽ എന്ത് എന്ന് കാട്ടട്ടുമാ...അവൾ ബബിൾഗം സൈഡിലേക്ക് തുപ്പി ചിരിയോടെ അവന്റെ അടുത്തേക്ക് വന്നു.....

ഏതായാലും വന്നതല്ലേ എന്റെ ഫ്രെണ്ട്സിന് ഒരു കമ്പനി ആയിക്കോട്ടെ ഇർഫാൻ ചിരിയോടെ പറഞ്ഞു കുറച്ചു മാറി നിന്നു..... അഞ്ചറുപേര് അവന്റെ മുന്നിൽ വന്നു നിന്നു......

അപ്പൊ എങ്ങനെ തുടങ്ങാം അല്ലെ അവൾ കണ്ണിറുക്കി പറഞ്ഞു..... അതിൽ ഒരുത്തൻ ചുണ്ടും കടിച്ചു അവളെ ചുഴിഞ്ഞു നോക്കി  ചുമലിൽ തൊടാൻ നോക്കിയതും ആ കയ്യിൽ പിടിച്ചു പിറകോട്ടു തിരിച്ചു പിടിച്ചു നടുവിന് നോക്കി

മുട്ടുകാൽ കൊണ്ടു കുത്തി അവൻ അലറി കൊണ്ടു നിലത്ത് ഇരുന്നു പോയി ..... അവന്റെ കൈ പിടിച്ചു ഒടിച്ചു ഒരു ചവിട്ട് കൊടുത്തതും അവൻ ദൂരെ തെറിച്ചു വീണു..... അവൻ വേദന കൊണ്ടു പിടഞ്ഞു ഞരങ്ങി. അത് കണ്ടതും എല്ലാവരും ഒരു നിമിഷം പിറകോട്ടു മാറി.....

നോക്കി നിൽക്കാതെ തീർത്തേക്ക് ഇവളെ ഇർഫാൻ അലറിയതും കയ്യിൽ ഹോക്കി സ്റ്റിക്കും വടിയും ചെയിൻ ഒക്കെ ആയി എല്ലാരും അടുത്തേക്ക് ഓടി വന്നു ......

അവൾ ചിരിയോടെ കാൽ മുന്നോട്ട് വെച്ചു പഞ്ച് ചെയ്യുന്ന പൊസിഷൻ നിന്നു.

ഹോക്കി സ്റ്റിക്ക് ആയി ഒരുത്തൻ മുന്നോട്ട് വന്നതും അവൾ ചെരിഞ്ഞു മാറി കാൽ കൊണ്ടു കഴുത്തിൽ ചവിട്ടി.... അവൻ നിലത്ത് വീണതും ഹോക്കി സ്റ്റിക്ക് ഉള്ള കയ്യിൽ ഒരു ചവിട്ട് കൊടുത്തു. സ്റ്റിക്ക് തെറിച്ചു വീണു...... അവൻ പിടച്ചലോടെ നിന്നു.....

ബാക്കി ഉള്ളവർ അവളെ വളഞ്ഞു.....

ഇനുവും റാനിയും പേടിയോടെ പരസ്പരം കയ്യിൽ പിടിച്ചു....

അവളുടെ പിറകിൽ ഒരാൾ വാൾ ഓങ്ങി കൊണ്ട് വരുന്നത് കണ്ടു.

അബി പെട്ടെന്ന് തിരിഞ്ഞു നിന്നു. ഇടതു കൈ കൊണ്ട് ബ്ലോക്ക് ചെയ്തു വലതു കൈ കൊണ്ട് റിസ്റ്റിൽ പിടിച്ചു വലതു വശത്തേക്ക് ചെരിച്ചു കൈ മുട്ടിന്റെ ബാക്കിൽ ശക്തിയിൽ പ്രെസ്സ് ചെയ്തു അയാൾ നിലത്തേക്ക് വീണു. അപ്പോഴേക്കും ബാക്കി എല്ലാരും അവളെ വളഞ്ഞു. സംഹാര രൗദ്രത്തോടെ അവളുടെ കൈകൾകാലുകൾ മെയ്‌വഴക്കത്തോടെ ചുറ്റിനും കറങ്ങിതിരിഞ്ഞു. എല്ലാരും അനങ്ങാൻ ആവാതെ നിലത്ത് വീണു പിടഞ്ഞു......

ഇർഫാന്റെ മുഖത്ത് പേടി നിറഞ്ഞു..... അവൾ ഇർഫാൻറെ അടുത്തേക്ക് ചെന്നു

അവൻ അരയിൽ നിന്നും തോക്ക് എടുത്തു......

ആയുധമില്ലാത്തവന്റെ മുന്നിൽ ആയുധം എടുക്കുന്നത് ശരിയല്ലട്ടൊ......അതും പറഞ്ഞു അവന്റെ കയ്യിൽ ഒരു പിടി വീണു. അവൻ വേദനകൊണ്ടു പിടഞ്ഞു. അവന്റെ നെഞ്ചിൽ ആഞ്ഞു ചവിട്ടി. തെറിച്ചു നിലത്തേക്ക് വീണു. എഴുനേൽക്കുന്നതിന്ന് മുന്നേ ഇർഫാന്റെ നെഞ്ചിൽ

കാൽ മുട്ട് വെച്ചു ഒരു അടി കൂടി കൊടുത്തു. കുനിഞ്ഞു അയാളുടെ കൈ പിടിച്ചു മടക്കി ഒറ്റയടി. അവൻ വേദന കൊണ്ടു അലറി  നിലവിളിച്ചു.

കലി അടങ്ങാതെ വീണ്ടും വീണ്ടും തല്ലി അവൾ.

കണ്ണും മിഴിച്ചു അത്ഭുതത്തോടെ നോക്കി നിൽക്കുന്ന ഇനു ഇത് കണ്ടതും അവളെ വിളിച്ചു.......

ഇനിയും തല്ലിയ ചത്തു പോകും അബീ ഇനു തടഞ്ഞു.......

റാനി കിളി പോയ എല്ലാം നോക്കി നിന്നു.

അപ്പൊ ചക്കരെ എന്റെ റേഞ്ച് മനസ്സിലായല്ലോ....ആരെയും വില കുറച്ചു കാണരുത്...... പിന്നെ ഒരു കാര്യം ഇനി എപ്പോഴെങ്കിലും എന്നെ കാണുകയാണെങ്കിൽ ഒഴിഞ്ഞു മാറി പോയിക്കൊള്ളണം..... അതെന്താന്ന് വെച്ച എനിക്ക് ഇപ്പൊ നിന്നെ കൊല്ലാൻ തോന്നുണ്ട് അങ്ങനെ ആണ് നിന്റെ ഹിസ്റ്ററി...... നിന്നെപ്പോലെ ഒരുത്തൻ ജീവിക്കാൻ പോലും അർഹിക്കുന്നില്ല..... പെണ്ണിന്റ ദേഹത്തു സമ്മതം ഇല്ലാതെ കൈ വെച്ചാൽ മരണം ആണ് അവന്ന് കൊടുക്കേണ്ട ശിക്ഷ എന്നാണ് എന്റെ നിയമം..... ഇവിടെ ഇനായക്ക്

നിന്നെ ജീവനോടെ വേണം പോലും അതോണ്ടാ സഹിച്ചു പിടിച്ചു നിന്നു നിന്നെ വെറുതെ വിടുന്നത്...... അപ്പൊ പറഞ്ഞത് മറക്കണ്ട ഒരിക്കലും ഇനി നമ്മൾ കാണരുത്...... കണ്ടാൽ.........അത് പറഞ്ഞു ആഞ്ഞൊരു ചവിട്ട് കൊടുത്തു അവൾ പുറത്തിറങ്ങി..... പിന്നാലെ ഇനുവും റാനിയും.....

അബി റൂം പുറത്തു നിന്നു പൂട്ടി താക്കോൽ ഇനുവിന്റെ കയ്യിൽ കൊടുത്തു..... ഞാൻ വന്ന ജോലി കഴിഞ്ഞു. നിനക്ക് വേണമെങ്കിൽ കൊല്ലുകയോ പൂട്ടിയിടുകയോ എന്താന്ന് വെച്ച ചെയ്തോ......

റാനി ഇതൊക്കെ കണ്ടു കിളി പോയ പോലെ നിന്നു.....

താങ്ക്യു അബി...... അവൾ അബിയെ കെട്ടിപിടിച്ചു......

എങ്ങനെ നന്ദി പറയേണ്ടെന്ന് അറിയില്ല... ഒരിക്കലും മറക്കില്ല ഈ ഉപകാരം......

നന്ദിയൊന്നും വേണ്ട പെണ്ണെ ഐജി സാർ ഒരു സഹായം ചോദിച്ച എനിക്ക് പറ്റില്ലെന്ന് പറയാൻ പറ്റില്ല...... എനിക്ക് വേണ്ടപ്പെട്ട സമയത്ത് ഒരു പാട് ഹെല്പ് ചെയ്ത മനുഷ്യൻ ആണ്.... തിരിച്ചു ഇതെങ്കിലും ചെയ്തു കൊടുക്കാൻ പറ്റിയത് തന്നെ

എനിക്ക് സന്തോഷം ആണ്.......

കടുവ...... സോറി ഐജി സാർ പറഞ്ഞിട്ട് ആമിയുടെയും ആദിക്കയുടെയും ആഷിക്കയുടെയും ജീവൻ മരണപ്രണയ കഥ......

കടുവന്ന് തന്നെ വിളിച്ചോ എനിക്കറിയാം ഒക്കെ..... എന്നോട് എല്ലാം പറഞ്ഞിട്ടുണ്ട്.

ഈ മാലാഖ കുട്ടിയുടെയും aj യുടെയും പ്രണയകഥ.......

അവൾ ഒന്ന് ചിരിച്ചു......

അല്ല ഇനായ എനിക്കൊരു കാര്യം മനസ്സിലായില്ല..... ഇർഫാൻ ഫൈസിയുടെ ഇക്ക ആണെന്ന് നിനക്ക് അറിയാലോ പിന്നെന്തിനാ അവനിൽ നിന്നും മറച്ചു വെച്ചത്......

ഇർഫാൻ ഇപ്പോൾ മറഞ്ഞു നിന്നെ ആക്രമിക്കു...... ബട്ട് നേർക്ക് നേരെ വന്ന ചിലപ്പോൾ ഇജുക്ക മാര്യേജ്ന് സമ്മതിച്ചു വരില്ല......

Mmm.. എന്നാലും റിസ്ക് ആണ് എടുത്തത്...... ഇവൻ നന്നാവുമെന്ന് തോന്നുന്നില്ല.......നിനക്ക് എതിരെ തന്നെ അവൻ തിരിച്ചു കൊത്തും......

ഇവന്റെ കണ്ണിൽ ഞാൻ പ്രതികരമനോഭാവം കാണുന്നു......സൂക്ഷിക്കണം..... കല്യാണം കഴിഞ്ഞ പിറ്റേന്ന് തന്നെ ഫൈസിയോട് സത്യം പറയണം.....

ഇനു തലയാട്ടി സമ്മതം പറഞ്ഞു.....

അപ്പൊ ഹാപ്പി ആയി മാര്യേജ് അടിച്ചു പൊളിക്ക്..... ഇവന്റെ കാര്യം ഓർത്തു ഇനി ടെൻഷൻ വേണ്ടാ...... മാര്യേജ് കഴിഞ്ഞേ പുറം ലോകം കാണു..... ഐജി സാറിന് ഞാൻ കൊടുത്ത വാക്കാണ്......

അത് തെറ്റാണമെങ്കിൽ അബി ഒന്നൂടി ജനിക്കണം......

ഒന്ന് നിർത്തോ രണ്ടും...... ഇവിടെ എന്തൊക്കെ നടക്കുന്നത് റാനി ദേഷ്യത്തോടെ അവരെ മുന്നിൽ പോയി നിന്നു......

അബി അവളെ നോക്കി ചിരിച്ചു......

ഇത് അബിഷ...... ഇനു റാനിക്ക് പരിചയപ്പെടുത്തി കൊടുത്തു...

അബ്ഷാ അമാന മാലിക്ക്...... അബി തിരുത്തി പറഞ്ഞു കൈ കൊടുത്തു.....

അബി കടുവയുടെ ഫ്രണ്ട് ആണ്...... ഇർഫാൻ കല്യാണം മുടക്കാൻ എന്ത് ചെറ്റത്തരം ചെയ്യുന്നു

എനിക്ക് ഉറപ്പ് ഉണ്ടായിരുന്നു.. അവനെ രണ്ടുമൂന്നു ദിവസം മാറ്റി നിർത്താന്ന് കരുതി. ഇജ്ജുക്കയും ഫൈസ് അറിയാതിരിക്കാൻ കടുവയോട് ഹെൽപ്പ് ചോദിച്ചു...... കടുവ അബിയോട് ഹെൽപ്പ് ചോദിച്ചു. അങ്ങനെ എന്നെ സഹായിക്കാൻ വന്നതാ......ജന്നത് മെൻഷനിലേക്ക് വരാനോ അവിടുള്ളവരെ തൊടാനോ ഇവന്ന് കഴിയില്ല..... ഹൈലി പ്രൊട്ടക്ഷൻ ആണ്...... പിന്നെ എനിക്ക് വേണ്ടപ്പെട്ടത് നീയാണ്..... അതോണ്ട് നിന്നെ ഉപദ്രവിക്കുന്നു ഇവർ പറഞ്ഞു. അതോണ്ട് അബി നിന്റെ പിറകെ തന്നെ ഉണ്ടായിരുന്നു......

എന്നാലും എന്റെ മാഡം...... നിങ്ങൾ പൊളിയാണ്....... ദാ ഫൈറ്റ് കണ്ടിട്ട് കയ്യിലെ രോമം പോലും എഴുന്നേറ്റു നിന്നു പോയി...... റാനി കണ്ണും തള്ളി അവളെ തന്നെ നോക്കി.....

അബി പുഞ്ചിരിച്ചു ഉള്ളൂ......

രണ്ടാളും അറ്റ്ലീസ്റ്റ് കുറച്ചു എങ്കിലും മാർഷ്വാൽ ആർട്സ് എങ്കിലും പഠിക്കണം

സ്വന്തം സ്വയ രക്ഷക്ക് പൊരുതാൻ കഴിയണം..... ഇവനെ പോലുള്ളവർ ഉള്ള ലോകത്ത് ഇതൊന്നും

പഠിക്കാതെ ജീവിക്കാൻ കഴിയില്ല......

എനിക്ക് അതിനുള്ള ധൈര്യം ഒന്നും ഇല്ല അബി..... എനിക്ക് പേടിയാ..... അബി അവരെ അടിക്കുന്നത് കണ്ടപ്പോ തന്നെ പേടിച്ചു കണ്ണും പൂട്ടി നിന്നെ പലപ്പോഴും....

അബി അവളെ തോളിലൂടെ കയ്യിട്ടു പിടിച്ചു......

എന്തിനും ഏതിനും കണ്ണ് നിറച്ചു നിൽക്കുന്നത് മാറേണ്ട സമയം കഴിഞ്ഞു ഇനായ...... നിന്റെ വിനയവും സൽസ്വഭാവം ഒക്കെ നല്ലതാണ്..... കൂട്ടിന്

എന്തിനും പോന്ന അഞ്ചാറു സഹോദരൻമാർ ഉണ്ടെന്ന് അറിയാം..... എന്നാലും ഒറ്റക്ക് പൊരുതാൻ ധൈര്യം വേണം ഇവരൊക്കെ എപ്പോഴു കൂടെ ഉണ്ടാവണം എന്നില്ല...... പിന്നെ പേടി ആണെന്ന് പറഞ്ഞു ഒഴിയണ്ട...... റോയൽ ബ്ലഡ് അല്ലേ നിന്റെ...... കുറച്ചു ധൈര്യം ഒക്കെ അതിൽ ഉണ്ടെടോ....... ഒന്നുമില്ലെങ്കിലും നല്ലൊരു ക്രിക്കറ്റ്പ്ലെയർ അല്ലേ...... പോരാത്തതിന് ഫുഡ് ബോൾ കളിക്കും അതോണ്ട് മെയ് വഴക്കം ഉണ്ട് ബോഡിക്ക്...... ശ്രമിച്ചാൽ കഴിയും... കഴിയുമെന്ന് അല്ല ശ്രമിച്ചിരിക്കണം...... ചുറ്റും ശത്രുക്കൾ ആണ്......

നിന്റെ രക്ഷ കുറച്ചു എങ്കിലും നീ നോക്കണം.......

അവൾ എല്ലാത്തിനും തലയാട്ടി......

അബിയെ പോലെ ആകാൻ പറ്റോ...... എന്ന ഞാൻ റെഡി...... ഐ ആം റിയലി ഫാൻ ഫോർ യൂ...... റാനി അവളെ കെട്ടിപിടിച്ചു സന്തോഷം കൊണ്ടു തുള്ളിചാടി.......

ഞാൻ എട്ടുവയസ്സ് മുതൽ മുടങ്ങാതെ കഷ്ടപെട്ടു പ്രാക്ടീസ് ചെയ്തു നേടിയെടുത്തതാണ്..... എന്റെത്ര പറ്റിയില്ലെങ്കിലും തത്കാലം പിടിച്ചു നിൽക്കാനുള്ളത് നിങ്ങൾക്ക് പറ്റും.....

അപ്പൊ പിന്നെ യാത്ര ചോദിക്കുന്നില്ല പിള്ളേരെ എനിക്ക് കുറച്ചു തിരക്കുണ്ട്..... ഉച്ചക്ക് ശേഷം എങ്കിലും ക്ലാസ്സിൽ കേറണം........

നിങ്ങൾ പഠിക്കുകയാണോ....... റാനി അത്ഭുതത്തോടെ ചോദിച്ചു......

പഠിക്കുന്നുമുണ്ട്...... പാർട്ട് ടൈം ജോബ് ആയി ഒരു ഇൻസ്ട്രീടിയുഷനിൽ സ്പെഷ്യൽ ക്ലാസ്സ് എടുക്കുന്നുമുണ്ട്...... അബി ചെറുചിരിയോടെ പറഞ്ഞു.......

എന്റെ കല്യാണത്തിന് എന്തായാലും വരണം അതിൽ എക്സ്ക്യുസ് വേണ്ടാട്ടോ........

നോക്കടി പൊടിക്കുപ്പി....... ഉറപ്പ് പറയുല..

നിന്നെ പോലെ അല്ല പണിയെടുത്തു വേണം അന്നത്തിന് വഴി കണ്ടുപിടിക്കാൻ

ധൈര്യം ഒക്കെ ഇഷ്ടം ആയി അബിയുടെ സ്വഭാവം എനിക്ക് ഇഷ്ടം ആയില്ലാട്ടോ.....

അതെന്താ പൊടിക്കുപ്പി അങ്ങനെ അവൾ പുരികം ചുളിച്ചു......

ആഷിക്ക പാവം അല്ലേ ഒരു തെറ്റ് പറ്റിപോയി ക്ഷമിച്ചുടെ....... എന്തിനാ ഡിവോഴ്സ് ചെയ്യാൻ പോണേ....... വീട്ടുകാരെയും ഉപേക്ഷിക്കാണോ അതിന്ന്..... ആദിക്കയും ആമിയും സൈനബ ആന്റിയും ഒക്കെ ഒരുപാട് വിഷമിക്കുന്നുണ്ട്....... ഇതിന്ന് മാത്രം എന്ത് തെറ്റ ആഷിക്ക ചെയ്തത്....... നിങ്ങൾ തമ്മിൽ ഒന്നുമില്ലെങ്കിലും ആത്മാർത്ഥ പ്രണയം അല്ലായിരുന്നോ.....

അബിയുടെ മുഖത്ത് വേദന നിറഞ്ഞ ചിരി വിരിഞ്ഞു......

സ്നേഹബന്ധം ശക്തമാണെങ്കിലും ഒരു തീപ്പൊരി മതി അതിൽ വിള്ളൽ വീഴാൻ.... ആഷിക് എന്നോട് ഭ്രാന്തമായ സ്നേഹം ആണ്..... തിരിച്ചു എനിക്ക് അവനെന്ന് വെച്ച അത് പോലെ തന്നെ ആണ്..... ബട്ട് ഇടക്ക് കാലൊന്ന് ഇടറിപ്പോയി...... ചുറ്റുമുള്ളവരെ ചതിയിൽ ആഷി വീണുപോയി എന്നതാണ് ശരി......

എന്ന പിന്നെ ക്ഷമിച്ചൂടെ അബി...... ആഷിക്ക പാവം അല്ലേ.... ക്ഷമിക്കാതിരിക്കാൻ മാത്രം ഉള്ള തെറ്റൊന്നും ആഷിക്ക ചെയ്യില്ല...... അത് മാത്രം അല്ല ആഷിക്കയെ വീട്ടിൽ നിന്നും പുറത്ത് ആക്കിയൊണ്ടല്ലേ നിങ്ങൾ സ്വന്തം വീട്ടിൽ പോകാതെ..... അതിനർത്ഥം ഉള്ളിൽ ഇപ്പോഴും സ്നേഹം ഉണ്ടെന്ന് അല്ലേ.......

എന്റെ പൊന്ന് പൊടിക്കുപ്പി ഒന്ന് നിർത്.....

നിന്നെയും ഫൈസിയെയും ഒരു വഴിക്ക് എത്തിച്ചിട്ട്..... ഞാൻ പറഞ്ഞു തരാം ഞങ്ങൾക്ക് നാട്ടിൽ വന്ന ശേഷം എന്ത് പറ്റിയെന്നു അത് വരേയ്ക്കും ഷോട്ട് ബ്രേക്ക്.......

അബി ബുള്ളറ്റിൽ കേറി...... പിന്നെ എന്തോ ആലോചിച്ചു പറഞ്ഞു..... ഞാൻ ഡ്രോപ്പ് ചെയ്യാം

രണ്ടാളും കയറ്..... ഇനുവും റാനിയും കൂടെ കയറി......

അതെ എനിക്ക് നിങ്ങളെ പ്രണയകഥ അറിയണം പറഞ്ഞു തരോ..... റാനി ആകാംഷ അടക്കാൻ കഴിയാതെ ചോദിച്ചു.....

❤️അബ്ഷ വിത്ത് ലവ് ❤️ ഇനു പറഞ്ഞു കൊടുത്തു...... അവൾ കണ്ണ് മിഴിച്ചു കേട്ടിരുന്നു.......

നിങ്ങളെ പോലെ പ്രണയിക്കാൻ നിങ്ങൾക്കേ ആകും അബി..... ഇനുവും ഫൈസിയും ഒക്കെ നിങ്ങളുടെ പ്രണയകഥക്ക് മുന്നിൽ പിറകെ നിൽക്കണം....... എന്നിട്ട് ബാംഗ്ലൂർന്ന് വീട്ടിലേക്ക് വന്ന നിങ്ങളെ ആഷിയുടെ ഉപ്പ വീട്ടിൽ കയറ്റിയോ...... നിങ്ങൾ എങ്ങനെ വീണ്ടും പിരിഞ്ഞത്......

അബിഷ വിത്ത് ലവ് സീസൺ ടു വിൽ പറയാം ഖൽബെ..... ഇപ്പോൾ ഇനായ ഫൈസ് മാര്യേജ് അടിച്ചു പൊളിക്ക്.....

ആറ്റുനോറ്റ് രണ്ടാം വിവാഹം കഴിക്കാൻ പോകല്ലേ......

ഇനായ ഫൈസിയെ ഓർത്തതും നാണത്തോടെ തലതാഴ്ത്തി...... ഇനി മൂന്ന് ദിവസം മാത്രം ഫൈസ് എന്റേത് മാത്രം ആകാൻ...... അവളുടെ മനസ്സും

ശരീരവും ഒരുപോലെ ആ ഓർമയിൽ കോരിതരിച്ചു...... മുഖത്ത് നാണത്തിന്റെ ചുവപ്പ് രാശി പടർന്നു കയറി...... അത് കണ്ടു അബിയും റാനിയും പരസ്പരം കളിയാക്കി പൊട്ടിച്ചിരിച്ചു......

📚STORY BOARD📚

❤️ 💔 INVISIBLE LOVE 💔❤️

Love after marriage story💘

82

ഇഫാർ

*സ്റ്റോറി ബോർഡ്* അല്ലാതെ മറ്റു ഗ്രൂപ്പുകളിൽ എഴുത്തുകാരന്റെ അനുവാദം കൂടാതെ പോസ്റ്റ് ചെയ്യരുത് പോസ്റ്റ് ചെയ്താൽ ഉണ്ടാവുന്ന legal പ്രശ്നങ്ങളിൽ പെട്ടാൽ ഞങ്ങൾ ഉത്തരവാദി ആയരിക്കുന്നതല്ല*

📚STORY BOARD📚

❤️💔INVISIBLE LOVE 💔❤️

Love after 💘marriage (പാർട്ട് 82)

ദേ വരുന്നു ഒളിച്ചോടിയ കല്യാണപെണ്ണ്.....

യാഷ് അവളെ കണ്ടു വിളിച്ചു പറഞ്ഞതും എല്ലാവരും ഞെട്ടി പിടഞ്ഞു എഴുന്നേറ്റു സെന്റർഹാളിൽ നിന്നും സിറ്റൗട്ടിലേക്ക് ഓടിയെത്തി...... കലിപ്പോടെ നോക്കി നിൽക്കുന്ന എല്ലാവരെയും കണ്ടു റാനി പേടിയോടെ ഇനുവിന്റെ പിറകെ മറഞ്ഞു

ഇതിനേക്കാൾ ഭേദം ഇർഫാന്റെ ആ ഗുണ്ടകൾ ആടി..... ഇവർ നിന്നെ ഇപ്പൊ തല്ലികൊല്ലോ...... റാനി പതുക്കെ അവളോട് പറഞ്ഞു......

മിണ്ടാതിരി പോത്തേ..... നിന്നെ തല്ലാൻ മടിക്കില്ല.... ഉമ്മയും ശഹിയും ഫൈസ് കട്ടകലിപ്പിൽ ആണ്. തല്ലുന്ന് ഉറപ്പാണ്.... ബാക്കിയെല്ലാത്തിനെ ഒപ്പിക്കാം......

എന്നെ തല്ലുന്നത് എന്തിനാ...... ഞാൻ ഇവിടത്തെ ഒന്നും അല്ല.....

ഇവിടുത്തെ ആകുമല്ലോ അപ്പൊ ഭാവിയിൽ ഇങ്ങനെ ചെയ്യാതിരിക്കാൻ...

ഇതിനുള്ള മറുപടി പിന്നെ പറഞ്ഞു തരാം

എരപ്പാളി..... അവൾ പിറകിൽ ഒരു നുള്ള കൊടുത്തു.....

ഇനു കടിച്ചു പിടിച്ചു എരിവ് വലിച്ചു..... റാനിയുടെ കാലിൽ ചവിട്ടി.....

റാനി ശബ്ദം പുറത്തു വരാതിരിക്കാൻ വാ പൊത്തിപിടിച്ചു.....

എവിടെ പോയതാ കുരിപ്പേ...... എല്ലാരേം പാതി ജീവൻ പോയി...... ഉമ്മ അടുത്തേക്ക് വന്നു അവളെ തല്ലാൻ കയ്യോങ്ങിയതും ആ കയ്യിൽ പിടി വീണത് കണ്ടു അവർ നോക്കി...... ഇജാസ് ജുനു ഒന്നിച്ചു പിടിച്ചിരിക്കുന്നു........

തല്ലല്ലേ...... എവിടെ പോയെന്ന് സമാധാനം ആയി ചോദിക്കലോ അവർ ഒറ്റ ശബ്ദത്തിൽ പറഞ്ഞു.......

ഇത്രയും കാലം ഒന്നിനെ സഹിക്കണ്ടു ഇപ്പൊ രണ്ടായല്ലോ.......ഉമ്മ പുച്ഛത്തോടെ നോക്കി ചോദിച്ചതും രണ്ടാളും ഇളിച്ചു കാണിച്ചു. അത് കണ്ടതും ഉമ്മ കട്ടകലിപ്പിൽ ആയി.

ഇത്രയും നേരം നിങ്ങൾ രണ്ടും തന്നെ അല്ലേ അവളെ പുറത്തു വിട്ടതിന്ന് വീട് തലകീഴാക്കിയത്.....

ശ്രദ്ധിക്കാൻ കഴിയില്ല പറഞ്ഞു ഞങ്ങളെ നേർക്ക് ബഹളം കൂട്ടിയത്......

അത് ടെൻഷനിൽ പറഞ്ഞു പോയതാ....

അവൾ വന്നല്ലോ ഇജാസ് തല ചൊറിഞ്ഞോണ്ട് മെല്ലെ പറഞ്ഞു......

നദീം അവളെ മുന്നിലേക്ക് വന്നു.....

ഒറ്റക്ക് നിന്നോട് പുറത്ത് പോകരുതെന്ന് പറഞ്ഞിട്ടില്ലേ..... അതും പാതി വഴിയിൽ കാറിൽ നിന്ന് ഇറങ്ങി സെക്യൂരിറ്റി കണ്ണ് വെട്ടിച്ചു പോയി...... ഫോൺ പോലും ഓഫ് ചെയ്തു. സിഗ്നൽ ട്രേസ് ചെയ്തു കിട്ടിയില്ല..... എവിടെപ്പോയെന്ന് അറിയാതെ എത്ര പേടിച്ചെന്ന് അറിയോ...... നദീമിന്റെ ശബ്ദത്തിൽ ദേഷ്യം കലർന്നിരുന്നു.

എവിടെ പോയതാ നീ.....( ഇജു )

റാനിയെ കൂട്ടാൻ...... അവൾ വിക്കി വിക്കി പറഞ്ഞു....

കള്ളം പറയുന്നോടീ കോപ്പേ..... നീ അവിടെ പോയിട്ടില്ല...... റാനിയും രാവിലെ മുതൽ മിസ്സിംഗ് ആണ്.... ഞങ്ങൾ അതൊക്കെ അന്വേഷിച്ചു...ശഹി അവളെ കൈ പിടിച്ചു പിറകോട്ടു തിരിച്ചു......

ശഹി വിട് വേദനിക്കുന്നു...... അവൾ നിർക്കരെ തുള്ളി......

ഇപ്രാവശ്യം ഒന്ന് ക്ഷമിക്ക് ഫൈസ്...... അതും പറഞ്ഞു അബി ശഹിയുടെ   കൈ വിടുവിച്ചു...... എല്ലാവരും തിരിഞ്ഞു നോക്കി.....

ഇതേതാ പുതിയ അവതാരം...... എല്ലാവരും മുഖം ചുളിച്ചു.....

ഇജാസ് നദീം പെട്ടെന്ന് മുന്നോട്ട് വന്നു.... ഒരുനിമിഷം അവളെ നോക്കി.

അബ്ഷ അമാന മാലിക്ക്......

അപ്പൊ പിന്നെ പരിജയപെടുത്തണ്ടല്ലോ. ആ ജോലി കുറഞ്ഞു....... അബി ചിരിയോടെ പറഞ്ഞു അകത്തേക്ക് കേറി.

ഉമ്മാനെ അറിയാം...... സൈനബ് ഗ്രുപ്പ് ആയി ബിസിനസ് ഡീൽ ഉണ്ട്..... മകളെ പറ്റി പറഞ്ഞു കേട്ടിട്ടുണ്ട്. പിന്നെ സൈനബ മാഡത്തിന്റെ ഫോട്ടോസ്റ്റാറ്റ് കോപ്പി ആയോണ്ട് മനസ്സിലായി. ഇജാസ് അതും പറഞ്ഞു കൈ കൊടുത്തു.....

അബ്ഷ ഓർ അമാന..... നദീം സംശയത്തോടെ കൈ

കൊടുത്തു ചോദിച്ചു.....

അബ്ഷ അഷ്മിൽ......

അപ്പൊ ഇഷ്ടം ആണല്ലേ ആഷിക്കനെ.... അബ്ഷ അഷ്മിൽ.......കൊറസ്സോടെ പറഞ്ഞു ഇനുവും റാനിയും രണ്ടു കയ്യിലും പിച്ചി......

എല്ലാരും അവരെ കളി കണ്ടു മേലോട്ട് നോക്കി...

അവൾ എരിവ് വലിച്ചോണ്ട് നോക്കി പേടിപ്പിച്ചു.....

അഷ്മിൽ അബ്ഷയുടെ ഹസ്ബൻഡ് ആണ്..... മുഖം ചുളിച്ചോണ്ട് റാനിയെ നോക്കി ഇജു പറഞ്ഞു....

ഓഹ് അറിയില്ലാരുന്നു.... പറഞ്ഞെന്നു താങ്ക്സ് അവൾ മുഖം കോട്ടി അത് പോലെ തിരിച്ചു പറഞ്ഞു.....

കലിപ്പിൽ അവളെ നോക്കി ഇജു.... അവൾ അപ്പോൾ തന്നെ മുഖം തിരിച്ചു.....

അബിയും ഇനുവും അവരെ രണ്ടാളെയും മാറി മാറി നോക്കി.....

ടീ ഇവർ ഉടക്കിയതാണോ അതോ രണ്ടും തമ്മിൽ അണ്ടർ ഗ്രൗണ്ട് കണക്ഷൻ ഉണ്ടോ..... അബി

ഇനുവിന്റെ ചെവിയിൽ ചോദിച്ചു.....

ഏയ് റിയൽ ഉടക്കാണ്..... എന്തെങ്കിലും വഴി പറഞ്ഞു തരോ.....

അപ്പോഴാണ് നദീം പറഞ്ഞത്..... എന്താ ഒരു സ്വകാര്യം.....

നിങ്ങളെ പരിജയപെടുത്താൻ പറയാരുന്നു...... (അബി )

ജന്നത് ആയി എങ്ങനെ പരിജയം( ജുനു )

ഇനു അബിയെ ദയനീയമായി നോക്കി.

അഹ്മദ് സാർ എന്റെ  ഗുരുവാണ്........ ഐ മീൻ പ്രോഫേഷ്ണൽ ഹെൽപ്പർ..... അങ്ങനെ ഇനുവിനെ പരിജയപെട്ടിട്ടുണ്ട്.

മാര്യേജ്ന് ക്ഷണിച്ചപ്പോൾ സർപ്രൈസ് പാർട്ടി കൊടുത്തു ഇവൾക്ക് ..... ഞാൻ ആണ് അവളെ വഴിയിൽ നിന്നു പൊക്കിയത്.....ചെറിയ ട്രീറ്റ് അതാ ലേറ്റ് ആയത്....ഇവൾ ഒരേ ടെൻഷനിൽ ആയിരുന്നു.....ഫൈസ് ഒരു കലിപ്പൻ ആണ് തല്ലും എന്നൊക്ക പറഞ്ഞു ഓടിയത......

സോറി ഫൈസ്..... എന്ന് പറഞ്ഞു ശഹിയെ

നോക്കി.....

എന്റെ ഇക്കയാണ് ഫൈസ്..... ഐ ആം ഷഹസദ്..... അവൻ കൈകൊടുത്തു.....

ഓഹ് സോറി..... കലിപ്പൻ പറഞ്ഞോണ്ട് തല്ലുന്നത് കണ്ടു ഫൈസ് ആണെന്ന് കരുതി....

കലിപ്പൻ നിന്റെ ബാപ്പ...... ഫൈസ് മെല്ലെ ചുണ്ടനക്കി പറഞ്ഞു......

അവൾ അത് കണ്ടു ദേഷ്യത്തോടെ ഫൈസിയെ നോക്കി....

അപ്പൊ ഇതിൽ ആരാ ഫൈസ്.....

ഇത് ഫൈസ്........ എന്റെ ഹബ്ബി...... ഇനു പരിജയപെടുത്തി....

അവന്റെ മുഖത്ത് സന്തോഷം കൊണ്ടു തിളങ്ങുന്നത് അവൾ കണ്ടു.....

ഇത് ഇജാസ്...... എന്റെ ഇജുക്ക....... ഇത് ജുനൈദ്..... എന്റെ ജുനു...... ഇത് നദീംക്കാ...... അങ്ങനെ എല്ലാരേം പറഞ്ഞു കൊടുത്തു...... ലാസ്റ്റ് ശഹിയെ നോക്കി...... ഇത് ഇവിടുത്തെ ഓൾ നോൾ കച്ചറ വേസ്റ്റ് എന്നൊക്കെ പറയില്ലേ അങ്ങനെ

ആർക്കും വേണ്ടാത്ത ഒരു സാധനം......ശഹസാദ്..... അവൾ കയ്യിലെ ചുവപ്പ് അടിച്ചത് നോക്കി പറഞ്ഞു.....

ശഹസാദ് അപ്പൊ തന്നെ അവളെ കയ്യിൽ വീണ്ടും പിടിച്ചു...... കച്ചറ നിന്റെ ഒനാടി കുരിപ്പേ.......

ഇജുക്ക...... അവൾ അലറി വിളിച്ചതും ഇജാസ് കലിപ്പിൽ അവനെ നോക്കി..... അബി ഉള്ളോണ്ട് സീൻ ആക്കാതെ എല്ലാരും അടങ്ങി നിന്നു......

അപ്പോൾ പിന്നെ യാത്ര പറയൽ ഇല്ല.....

ഹാപ്പി മാരീഡ് ലൈഫ് ഇനായ ഫൈസ്.... അവൾ വിഷ് ചെയ്തു കൊണ്ടു ഇറങ്ങി....

താങ്ക്സ് ഫോർ വൺസ് എഗൈൻ..... താങ്ക്യു സൊ മച്ച് അവൾ കെട്ടിപിടിച്ചു.....

അബി ഇനുവിന്റെ ചെവിയിൽ എന്തോ പറയുന്നത് എല്ലാരും കണ്ടു...... ഇനിവിന്റെ മുഖം തെളിഞ്ഞു വരുന്നതും അത് കണ്ടു സന്തോഷം ഉള്ള കാര്യം ആണെന്ന് എല്ലർക്കും മനസ്സിൽ ആയി. അബി പോയി.......

അവൾ ശഹിയുടെ നടുപ്പുറം നോക്കി ഒറ്റയടി എന്നിട്ട്

ഓടി.....

നിന്നെ ഞാൻ കൊല്ലും പട്ടി.......

എന്നെ കൈ പിടിച്ചു തിരിച്ചിട്ട് അല്ലേ.....

കയ്യല്ല നിന്റെ ഒന്നര മീറ്റർ ഉള്ള നാവ് ആണെടി കോപ്പേ മുറിക്കണ്ടേ.... ശഹി പിന്നാലെ ഓടി.....

പതിവ് പോലെ പിടിത്തം കിട്ടിയത് അവളെ മുടിയിൽ ആയിരുന്നു.....

ശഹി ഓടാൻ നോക്കിയതും അവൾ അവന്റെ കയ്യിൽ പിടിച്ചു..... ഇതിന്ന് മാത്രം അവളെ നിഘണ്ടുവിൽ മാപ്പില്ലെന്ന് അറിയുന്നൊണ്ട് എല്ലാരും ദയനീയമായി അവനെ നോക്കി.....

അവൻ അവളെ കയ്യിൽ പിടിച്ചു തിരിച്ചു കയ്യടക്കം വയറിലൂടെ പിടിച്ചു.....

അവൾ നിന്ന് കുതറി മാറാൻ നോക്കിയെങ്കിലും പറ്റിയില്ല....

പിടി വിട്ടാ കടിക്കുന്നു ഉറപ്പായൊണ്ട് അവൻ മുറുക്കെ പിടിച്ചു..... അവൾ അവന്റെ കയ്യില് അടിക്കുകയും മാന്തുകയും ഒക്കെ ചെയ്യുന്നുണ്ടായിരുന്നു

ആരെങ്കിലും ഈ കാളിയങ്കട്ട് നീലിയെ ഒന്ന് പിടിച്ചു വെക്കോ..... മരണം നടന്ന വീട്ടിൽ കല്യാണം നടക്കില്ല പറഞ്ഞില്ലെന്നു വേണ്ടാ.......

ആരാ മരിക്കാൻ പോകുന്നെ നദീം കണ്ണും മിഴിച്ചു അവനെ നോക്കി ചോദിച്ചു....

ഇവൾ എന്നെ കൊല്ലും പിടിവിട്ടാൽ...

ഞാൻ മരിച്ചു കിടന്ന എങ്ങനെ കല്യാണം നടക്ക.....

ടാ നൽപ്പത്തിന്ന് എന്താ സ്പെഷ്യൽ കൊടുക്കണ്ടേ.... ജുനു ഇജുവിനോട് ചോദിച്ചു....

ചിക്കൻ ബിരിയാണി കൊടുക്ക ഇവന്ന് അതാണ് ഏറ്റവും ഇഷ്ടം.....(യാഷ് )

ബാപ്പാക്ക് വിളിക്കാത്തത് തന്ത ഒന്നായി പോയി പരട്ടെ..... നിനക്ക് ഞാൻ കാണിച്ചു താരാട്ടാ ചിക്കൻ ബിരിയാണി  കൊടുക്കുന്ന വിധം...

ഭയ്യാ...... ഒന്ന് രക്ഷിക്കടെ..... സത്യം ആയിട്ടും കടി കൊള്ളാൻ വയ്യ..... ഇനിയും കടിച്ച ടി ടി വെക്കാൻ പോലും സ്ഥലം ഇല്ല.

ഇന്നാൾ ഞാൻ അവൾക്ക് ഒരു പണികൊടുക്കാൻ ഹെല്പ് ചോദിച്ചപ്പോ നീയെന്താ പറഞ്ഞെ....

അവൾ എന്റെ ബാബിസാ ആണ്.... അങ്ങനെ ചിന്തിക്കുന്നത് പോലും മഹാ പാപം ആണെന്ന് .... എന്ന ഇപ്പൊ കേട്ടോ ഇതെന്റെ സ്വന്തം അനിയൻ ആണ് നീ ധൈര്യം ആയി രണ്ട് പൊട്ടിച്ചോ വൈഫി...

ബാക്കി ഞാൻ നോക്കിക്കൊള്ളാം... അവൻ ചെറു ചിരിയോടെ പറഞ്ഞു.

ഭയ്യാ..... പുര കത്തുമ്പോ ആണ് ഓന്റെ കെട്ടിയോളെ സുഗിപ്പിക്കൽ..... തിരിച്ചു ഇരട്ടിയായി ഞാൻ തരും നോക്കിക്കോ.....

അവൾ അവന്റെ മുടിയിൽ കയ്യെത്തി പിടിച്ചതും അവൻ പിടിവിടുവിക്കാൻ നോക്കിയതും കാൽ സ്ലിപ്പ് ആയി പിറകോട്ടു മലന്നടിച്ചു വീണു അവന്റെ മേലെ അവളും..... എന്നിട്ടും അവന്റെ പിടിത്തം വീട്ടിരുന്നില്ല. അത് കൊണ്ടു തന്നെ അവൾക്ക് അനങ്ങാൻ പറ്റില്ല...

രണ്ടാളും ഒരനക്കവും ഇല്ലാതെ അങ്ങനെ കിടക്കുന്നത് കണ്ടാണ് എല്ലാരും അവരെ നോക്കിയത്..... പുറത്തേക്ക് നോക്കി നില്കുന്നത് കണ്ടാണ് എല്ലാവരും അവരെ നോട്ടം പോയിടത് നോക്കിയത്....

നൈഹ...... അവളുടെ ചുണ്ടുകൾ മന്ത്രിച്ചു

ശഹിയുടെ പിടുത്തം അവൻ പോലും അറിയാതെ അഴിഞ്ഞു...... ഫൈസ് അവൾക്ക് നേരെ കൈ നീട്ടിയതും അവൾ ഫൈസിന്റെ കൈ പിടിച്ചു എഴുന്നേറ്റു. എഴുന്നേൽക്കാതെ കിടക്കുന്ന ശഹിക്ക് അവൾ കൈ കൊടുത്തു... ശഹി ഈ ലോകത്ത് ഒന്നും അല്ലെന്ന് തോന്നി അവൾക്ക്.....

ഷഹീ... അവൾ വിളിച്ചതും അവൻ ആ കയ്യിൽ പിടിച്ചു എഴുന്നേറ്റു......

ഇനു നൈഹയെ നോക്കി..... വൈറ്റ് സിമ്പിൾ ആയ ചുരിദാർ ആണ് ഇട്ടത്..... മെലിഞ്ഞു നീണ്ട മുഖം..... മുടി വിടർത്തിയിട്ട് ഷാൾ തലയിൽ ഇട്ടിട്ടുണ്ട്.... മിതമായ രീതിയിൽ അണിഞ്ഞൊരുങ്ങിയിട്ട് ഉള്ളൂ..... ആരെയും ആകർഷിക്കുന്ന മുഖകാന്തി....

അടക്കവും ഒതുക്കവും ഉള്ള പ്രകൃതം.....

അവൾക്ക് ഒറ്റ നോട്ടത്തിൽ തന്നെ ബോധിച്ചു.......

ഫൈസ് പെട്ടന്ന് ഒന്ന് ഞെട്ടി...... പെട്ടെന്ന് നോക്കിയ ഇനു തന്നെ ഡ്രസ്സ് കോലം എല്ലാം...... മുഖം മാത്രം മാറ്റമുള്ളൂ......

അവൾ ശഹിയെ നോക്കി കിളി പോയ പോലെ

നില്കുന്നുണ്ട്.

നൈഹ ഇനുവിന് കൈ കൊടുത്തു...... അപ്പോഴാ തന്റെ കൈ ഇപ്പോഴും ശഹിയുടെ കയ്യിൽ ആണെന്ന് കണ്ടത്.....

നൈഹ അത് തന്നെ നോക്കി നിൽക്കുന്നത് കണ്ടു.......അവൾ കൈ വലിച്ചു എടുത്തു...... ശഹിക്ക് അത് ഇഷ്ടം ആയില്ലെന്ന് അവന്റെ മുഖത്ത് നിന്നും മനസ്സിൽ ആയി...... ഇനു അത് മൈന്റ് ആക്കാതെ മുഖം കോട്ടി.......

നൈഹ പിന്നെ ശഹിക്കും കൈകൊടുത്തു....... അവന്റെ നോട്ടം അപ്പോഴും നൈഹയുടെ മുഖത്ത് തന്നെ ആയിരുന്നു.......

മോഡേൺ ആയ നൈഹയെ  കണ്ടു വളർന്ന അവന്ന് ഇനുവിന്റെ ഡ്യുപ്പ് ആയി മുന്നിൽ നില്കുന്നത് കണ്ടുള്ള അത്ഭുതം ആയിരുന്നു ആ മുഖത്ത്....... പെട്ടന്ന് അവന്നും അവളെ കണ്ടപ്പോൾ ഇനുവിനെ ആയിരുന്നു ഓർമിപ്പിച്ചത്,.....

പിന്നെ എല്ലാവരും ഫൈസിയെയും ഇനുവിനെയും പരിജയപെടുത്തി കൊടുത്തു.....

ശഹി ഒന്നിലും പെടാതെ ഗാഡനിലേക്ക് പോയി ....
പിറകെ നൈഹായും പോയി.....

പരിജയം ഉണ്ട്..... ഉപ്പാന്റെ പെങ്ങളെ മോളാണ്.....
തന്നോട് ഒരിക്കൽ ഇഷ്ടം പറഞ്ഞിരുന്നു...... ഇനു
അല്ലാതെ മറ്റൊരു പെണ്ണ് ജീവിത്തിൽ ഉണ്ടാവില്ലെന്ന്
പറഞ്ഞു ആണ് ഒഴിവാക്കിയത്...... ഇപ്പോൾ അവളെ
മുന്നിൽ നിൽക്കുമ്പോൾ വല്ലാത്ത ശ്വാസം മുട്ടൽ
തോന്നി അവന്ന്.....

ശഹി...... അവൾ വിളിച്ചതും അവൻ തിരിഞ്ഞു
നോക്കി.....

എന്താ ഇവിടെ വന്നു നില്കുന്നെ.....

ഏയ് നതിങ്.......

എനിക്കറിയാം..... ഇപ്പോഴും ഇനുവിന്റെ സ്ഥാനത്
എന്നെ കാണാൻ പറ്റിയിട്ടില്ലെന്ന്...... വീട്ടുകാർക്ക്
വേണ്ടി കല്യാണത്തിന് സമ്മതിച്ചത് ആണെന്നും...

എല്ലാം അറിഞ്ഞിട്ടും ഇങ്ങനെ ഒരു റിസ്ക്
എടുക്കണോ......

കാത്തിരുന്നോളാം ഈ മനസ്സിൽ ഒരു സ്ഥാനം
കിട്ടുന്നത് വരെ..... എത്ര ജന്മം ആണെങ്കിലും

കാത്തിരുന്നോളാം അത്രയും ഇഷ്ടം ആണ് നിന്നെ....

കാത്തിരിപ്പ് വെറുതെ ആയാലോ.......

നിന്റെ ഭാര്യഎന്നൊരു സ്ഥാനം കിട്ടുമല്ലോ അത് മതി എനിക്ക്..... ഈ ജന്മം ആ പേരിൽ ജീവിച്ചോളാം..... അതിന്ന് വേറെർക്കും അവകാശം പറയാൻ പറ്റില്ലല്ലോ.....

അവൻ കുറച്ചു സമയം അവളെ തന്നെ നോക്കി നിന്നു......

എന്റെ മനസ്സിൽ ഇപ്പോൾ ഇനായ എന്റെ നല്ലൊരു ഫ്രണ്ട് ആണ്..... സഹോദരിയാണ്..... എന്റെ ബ്രദർ വൈഫ് ആണ്...... ബട്ട് എനിക്ക് ഒരു വിവാഹജീവിതം ആയി അസപ്റ്റ് ചെയ്യാൻ കഴിയുന്നില്ല..... ലെറ്റസ് സം ടൈം പ്ലീസ്.....

അവൾ പുഞ്ചിരിയോടെ അത് അസ്സപ്റ്റ് ചെയ്തു.....

അതൊക്കെ പോട്ടെ നീയെന്താ ഈ വേഷത്തിൽ.....

നിനക്ക് ഇഷ്ടം ഇങ്ങനെ ആയോണ്ട് അത് പോലെ മാറി..... നിന്റെ ഇഷ്ടം എന്താണോ അതായിരിക്കും ഇനിമുതൽ എന്റെയും ഇഷ്ടം......

പിന്നെ ഓരോന്ന് സംസാരിച്ചു അവർ ഇരുന്നു.....

ശഹിയുടെ ടെൻഷൻ കുറഞ്ഞു വന്നിരുന്നു..... നൈഹ ഇനുവുമായുള്ള റിലേഷൻ എങ്ങനെ എടുക്കുമെന്നുള്ള പേടി ഉണ്ടായിരുന്നു.....

അത് മാറിയതും അവന്റെ ടെൻഷനും പാതി ഒഴിഞ്ഞത് പോലെ തോന്നി......

തിരിച്ചു വരുമ്പോൾ രണ്ടാളും ചിരിച്ചു സംസാരിച്ചു വരുന്നത് കണ്ടതും എല്ലാവരെയും മുഖം തെളിഞ്ഞിരുന്നു...

❤️❤️❤️❤️

എല്ലാവരും ലിവിങ് റൂമിൽ മാര്യേജ്നെ പറ്റി സംസാരിച്ചു നിൽക്കുമ്പോൾ ആണ

ഫൈസിയെ ഓടിവന്നു ആരോ കെട്ടിപിടിച്ചത്...... എല്ലാരും അവരെ നോക്കി റിസ.....

ഇനിയും കാണാതിരിക്കാൻ പറ്റില്ല തോന്നിയോണ്ട് ഞാൻ ഇങ്ങ് പൊന്നു....... എന്നാലും ഒരു ഫോൺ കാൾ...... ഒരു മെസ്സേജ്.... എങ്കിലും അയച്ചോ..... അവൾ അവന്റെ നെഞ്ചിൽ രണ്ട് കൈ കൊണ്ടു അടിച്ചു കൊണ്ടു പറഞ്ഞു...... ഞാൻ എത്ര സോറി പറഞ്ഞു എന്നിട്ട് മിണ്ടിയോ......

ഫൈസ് കൈ പിടിച്ചു വെച്ചു.....

നീ കള്ളം പറഞ്ഞോണ്ട് അല്ലേ ദേഷ്യം വന്നു പിണങ്ങിയത്. .....

നിശബ്ദത തോന്നിച്ച അന്തരീക്ഷത്തിൽ പെട്ടന്ന് റിസ വന്നതും ശബ്ദമുഖരതമായി

അവൾ അപ്പോഴാ ശഹിയുടെ അടുത്തേക് ചെന്നത്.....

സോറി...... ഞാൻ ദേഷ്യത്തിൽ ചീത്ത വിളിച്ചു പോയതാ......

അന്നത്തെ സംഭവത്തിന് ശേഷം കണ്ടതാണ് ഇന്ന്......

സോറി പറഞ്ഞില്ലേ..... എന്നെ തല്ലുകയും ചെയ്തു. ഇനി അത് വിട്ടൂടെ ഷഹസദ്

ഇട്സ് ഒക്കെ ഞാൻ അത് അപ്പൊ തന്നെ വിട്ടു....... മുഖത്ത് ഒന്നു തന്നപ്പോ തന്നെ ഈക്വൽ ആയി എടുത്തു...... ഇപ്പൊ പിന്നെ ഒരു എക്സ്ക്യൂസ് കാര്യം എന്താ....

അതിന്ന് ശേഷം ഫൈസിക്ക എന്നോട് മിണ്ടിയിട്ടില്ല ...... ഫോൺ എടുത്തില്ല......

ഞാൻ നിന്നോട് തെറ്റ് ചെയ്തു വന്നു മാപ്പ്

പറഞ്ഞലേ മിണ്ടു പറഞ്ഞു......

ശഹി അത്ഭുതത്തോടെ ഫൈസിയെ നോക്കി. ഇതിനിടയിൽ ഇങ്ങനെ സംഭവം ഉണ്ടായോ..... ഞാൻ ഒന്നും അറിഞ്ഞിട്ടില്ല..

സംഭവം നീ സമിക്കയുടെ അനിയത്തി ആണെന്ന് അറിഞ്ഞപ്പോൾ ഫൈസിയോട് നടന്നത് പറഞ്ഞിരുന്നു.

അവൻ ഫൈസിയെ നോക്കി......

നിന്റെ തല്ല് കൊണ്ടെങ്കിൽ എനിക്ക് നൂറു ശതമാനം ഉറപ്പായിരുന്നു തെറ്റ് അവളെ ഭാഗത്തു ആണെന്ന്........ അതോണ്ട് ചെറിയ ശിക്ഷ കൊടുത്തതാ....... തല്ലിയിട്ട് കാര്യം ഒന്നും ഇല്ല ഇവളെ...... പിന്നെ ഞാൻ അവോയ്ഡ് ചെയ്തു നടക്കുന്നതിനോളം വേറെ വലിയ ശിക്ഷ അവൾക്ക് കൊടുക്കാൻ ഇല്ല..... ഇവളെ ഞാൻ പുന്നാരിച്ചു വഷളാക്കിയെന്ന സമിയുടെ കണ്ടുപിടിത്തം..... അപ്പൊ പിന്നെ നന്നാക്കി കളയാന്ന് ഞാനും കരുതി..... ആദ്യം ആയാണ് ഇവൾ ഒരു ബോയ്യോട് സോറി പറയുന്നത്....... അവളെ നിഘണ്ടുവിൽ ഇല്ലാത്ത ഒരു വാക്ക് ആണത്..... ആ ക്രെഡിറ്റ്

ഏതായാലും നിനക്ക് തന്നിരിക്കുന്നു.....

റിസ മുഖം ചുളിച്ചു......

അവൾ ഫൈസിയെ വിട്ടു ഇനുവിനെ കെട്ടിപിടിച്ചു...... സോറി..... ഞാൻ ഫൈസിക്കയെ ഒഴിവാക്കിയത് അറിഞ്ഞപ്പോൾ ദേഷ്യം കൊണ്ടു അങ്ങനെ പെരുമാറിയത്......

ഇനുവിനും മനസ്സിൽ നല്ല സങ്ക   ടം വന്നിരുന്നു അണ്ണ്..... അത് മാറിയ സന്തോഷത്തിൽ അവളുടെ മുഖവും തിളങ്ങി.......

എല്ലാവരും റിസയെയും അവരെയും നോക്കി നിൽകുന്നുണ്ടായിരുന്നു.... ഫൈസ് എല്ലാരേം പരിജയപെടുത്തി കൊടുത്തു...... സമിയും ഉണ്ടായിരുന്നു കൂടെ...... നൈഹയെ ശഹിയുടെ ഫിയാൻസീ എന്ന് പറഞ്ഞു പരിജയപെടുത്തി കൊടുത്തു......

❤❤❤

വാതിലിൽ മുട്ട് കേട്ടായിരുന്നു ശഹി വാതിൽ തുറന്നത്...... ഒരു റോസ് കയ്യിൽ പിടിച്ചു റിസ.

ലവ് യൂ..... അതും പറഞ്ഞു റോസ് അവന്ന് നേരെ

നീട്ടി..... അവൻ ഞെട്ടലോടെ റിസയെ നോക്കി....

ധൈര്യം ആയി വാങ്ങിച്ചോ ശഹി..... പ്രൊപ്പോസൽ അല്ല..... പിറകിൽ നിന്നും ഫൈസ് മുന്നിലേക്ക് വന്നു. കൂടെ സമിയും ഉണ്ട്.....

ശഹി ഒന്നും മനസ്സിലാകാതെ അവരെ നോക്കി......

ഫൈസ് അവളെ തോളിലൂടെ കയ്യിട്ടു ചേർത്ത് പിടിച്ചു.....

ഞങ്ങളും ഇവളും തമ്മിൽ ചെറിയൊരു ഡീലിങ് ഉണ്ടായിരുന്നു.....  ഇവൾക്ക് ബോയ്സ് എന്ന് കേട്ടാലേ വെറുപ്പാണ്.... കുറെ അത് മാറ്റാൻ ശ്രമിച്ചു ഞങ്ങൾ തോറ്റു പിന്മാറി..... പിന്നെ ഇവളെ ഇവളുടെ വഴിയിൽ വിട്ടു കൊടുത്തു.

എന്നെങ്കിലും ഒരു ആണിനെ ഇവൾ അംഗീകരിക്കുകയാണെങ്കിൽ ഇവൾ നേരിട്ട് പ്രൊപ്പോസ് ചെയ്യും.... അവനെ കെട്ടും..... ഞങ്ങൾ അളിയന്ന് വിളിച്ചു സ്വീകരിക്കുമെന്ന്. ഇന്നോളം അതിന്ന് ശ്രമിച്ചു..... വയസ്സ് ഇരുപത് ആയി എന്നിട്ടും ഇങ്ങനെ പന പോലെ നിൽകുവാ..... അതിന്റെ ടെൻഷൻ കുറച്ചു ഒന്നും അല്ല ഞങ്ങൾക്ക്.... ആദ്യം ആയി ഇവൾ  അംഗീകരിച്ചു ഒരു ബോയിയെ....

നിന്നെ......

ശഹി അമ്പരപ്പോടെ അവളെ നോക്കി.....

എന്റെ പൊന്ന് മോനെ എന്ന് വെച്ചു നിന്നോട് പ്രേമം ആണെന്ന് ഒന്നും തോന്നിയെക്കല്ലേ...... ബെറ്റ് പ്രകാരം നിന്നെ പ്രൊപ്പോസ് ചെയ്തു അത്രേ ഉള്ളൂ

ചിരിയോടെ റിസ പറഞ്ഞു.

അങ്ങനെ അല്ലല്ലോ മോളെ...... അവന്ന് തിരിച്ചു ഇഷ്ടം അല്ലെങ്കിൽ നീ മറ്റൊരു വിവാഹത്തിന് സമ്മതിക്കും അതാണ് വാക്ക്..... സമി തലക്ക് ഒരു ചൊട്ട് കൊടുത്തു പറഞ്ഞു.....

അവൾ ഇളിച്ചു കാണിച്ചു.....

അപ്പൊ ഈ റോസ് നീ വെച്ചോ പറഞ്ഞു അവൾ ശഹിയുടെ കയ്യിൽ വെച്ചു കൊടുത്തു.....

നിന്നെ കൊണ്ടു ഇങ്ങനെ ഒരു ഉപകാരം ഉണ്ടായി...... അളിയാന്ന് വിളിക്കാൻ ഭാഗ്യം ഉണ്ടായില്ലെങ്കിലും ഒരു അളിയനെ കിട്ടാനുള്ള ഭാഗ്യം ഉണ്ടാക്കി തന്നതിന്ന് താങ്ക്സ്..... സമി അതും പറഞ്ഞു അവനെ കെട്ടിപിടിച്ചു....

ശഹി റിസയെ നോക്കി..... ഇതിൽ ഒന്നും വലിയ

താല്പര്യം ഇല്ലാതെ നോക്കി നില്കുന്നുണ്ട്.....

വാ പോകാം എന്നാൽ.... അതും പറഞ്ഞു അവൾ ഇറങ്ങി..... എല്ലാവരും പുറത്ത് ഇറങ്ങി......

ശഹി കിളി പോയ പോലെ റോസും പിടിച്ചു നിന്നു.... അപ്പോഴാ പോയ വേഗത്തിൽ റിസ തിരിച്ചു വന്നത്.....

എന്റെ ജീവിതം കോഞ്ഞാട്ട ആക്കിയിട്ട് അവൻ നിന്നു റോസ് ആസ്വദിക്കുന്നു പറഞ്ഞു പൂവ് പിടിച്ചു വാങ്ങി.....

ഞാൻ എന്ത് ചെയ്തു അതിന്ന്.......

എനിക്ക് മാര്യേജ്ന് ഇഷ്ടം അല്ല. ഇപ്പൊ നീ ഒറ്റ ഒരുത്തൻ കാരണം ആണ് എനിക്കീ അവസ്ഥ വന്നത്..... അവൾ ദേഷ്യത്തോടെ പറഞ്ഞു......

നിന്നോട് അതിന്ന് ആര് പറഞ്ഞു എന്നെ അസപ്റ്റ് ചെയ്യാൻ....

ആദ്യം ആയി തല്ലിയ മുതൽ അപ്പൊ അട്രാക്ഷൻ തോന്നി.... പിന്നെ ആരാണെന്നു അന്വേഷിച്ചു കണ്ടു പിടിച്ചു.

നിന്റെ കാര്യം മൊത്തം അറിഞ്ഞപ്പോ തൊട്ട് സത്യം പറയാലോ ഫ്ലാറ്റ് ആയി പോയി.... ആരാധനയാണോ

അട്രാക്ഷൻ ആണോ..... എന്നൊന്നും അറിയില്ല.... മനസ്സിൽ തട്ടി അംഗീകരിച്ചു നീയാണ് ആൺകുട്ടിയെന്ന്...... ഒന്നും മനസ്സിൽ വെച്ച് ശീലം ഇല്ലാത്തോണ്ട് ഈ തെണ്ടികളോട് പറഞ്ഞു പോയി....... നിന്റെ കെട്ട് ഉറപ്പിച്ചത് അറിഞ്ഞപ്പോ ദാ വേറെ മാര്യേജ്ന് സമ്മതിക്കേണ്ടിയും വന്നു...

നീ എന്നെ തല്ലിയൊണ്ടല്ലേ ഇങ്ങനെ ഒക്കെ സംഭവിച്ചത്..... അപ്പൊ ഇതിനൊക്കെ കാരണം നീയല്ലേ..... അവൾ ദേഷ്യത്തോടെ പറഞ്ഞു......

ശഹി കിളിയൊക്കെ പറന്നു പോയത് നോക്കി നിന്നു.....

മര്യാദക്ക് എനിക്ക് വരുന്ന കല്യാണലോചന മുടക്കി എന്നെ ഹെൽപ്പ് ചെയ്തു കൊള്ളണം.... ഇല്ലെങ്കിൽ ഉണ്ടല്ലോ നിന്റെയും നൈഹായുടെയും കെട്ട് ഞാൻ മുടക്കും പറഞ്ഞില്ലെന്നു വേണ്ടാ....... അതും പറഞ്ഞു റോസ് വലിച്ചു എറിഞ്ഞു അവൾ പോയി.....

ആരാ ഇപ്പൊ പടക്കം പൊട്ടിച്ചേ എന്നും ചിന്തിച്ചു അവൻ ബെഡിൽ ഇരുന്നു.....

❤❤❤❤❤

റിസയും നൈഹയും ഒന്നിച്ചു ലിവിങ് റൂമിൽ ഇരിക്കുന്നത് കണ്ടു. ബാക്കിയുള്ളവരും അവരെ ചുറ്റും ഇരുന്നു പരസ്പരം സംസാരിക്കുകയും മറ്റും ചെയ്യുന്നുണ്ട്.ഷഹിയുടെ നോട്ടം എന്ത് കൊണ്ടോ രണ്ട് പേരിൽ ആയി വീണു....... കടലും കരയോളം അന്തരം ഉണ്ട് നൈഹായും റിസയും തമ്മിൽ..... ഒരാൾ നാടൻ ബ്യൂട്ടി ആണെങ്കിൽ മറ്റേ ആൾ പക്കാ മോഡേൺ...... റിസയുടെ ചുണ്ടിലെ ലിപ്സ്റ്റിക് എടുത്തു കാണിക്കുണ്ട്...... ഒരു തരം വേഷം കെട്ട് പോലെ തോന്നി ശഹിക്ക്.......

എന്താ ഫൈസിയുടെ പെങ്ങൾ ഈ കോലത്തിൽ...... എന്നല്ലേ ചിന്തിച്ചത്......

റിസ പെട്ടെന്ന് ചോദിച്ചതും അവനൊന്നു ഞെട്ടി......

ഒരുപാട് പേര് ചോദിച്ചതാ ഇത്...... അതോണ്ട് നോ പ്രോബ്ലം.....

ഞാൻ വേറൊരാളെ ജീവിതത്തിൽ ഇടപെടാറില്ല....... ഞാൻ വേറൊരാളെ ഇഷ്ടത്തിന് ജീവിക്കാറുമില്ല...... വേറൊരാളെ ഇഷ്ടം നോക്കാറുമില്ല..... എനിക്ക് എന്റെ ഇഷ്ടം എന്റെ ലൈഫ്.....

അതാണ് ഞാൻ കരുതുന്ന ഫ്രീഡം..... തിരിച്ചു ആ

ഫ്രീഡം പ്രതീക്ഷിക്കുന്നുമുണ്ട്. മറ്റുള്ളവർക്ക് കൊടുക്കാരും ഉണ്ട് ആ പരിഗണനന..... എന്ന് വെച്ച എന്നിലൂടെ

മറ്റുള്ളവരെയും ഞാൻ അങ്ങനെ തന്നെ കാണുന്നു ..... അവർ എങ്ങനെയാണോ അത് പോലെ അംഗീകരിക്കുക.... അല്ലാതെ മറ്റുള്ളവർക്ക് വേണ്ടി നാം മാറേണ്ട കാര്യം ഇല്ല..... സമിക്കയും ഫൈസിക്കയും എനിക്ക് അ ഫ്രീഡം നൽകിയിട്ടുമുണ്ട്...... സൊ നോ പ്രോബ്ലം

ഇതിനോട് പൂർണ്ണമായും യോജിക്കാൻ എനിക്ക് പറ്റില്ല..... നമ്മളെ ഒരാൾ സ്നേഹിക്കുന്നുണ്ടെങ്കിൽ അയാളുടെ ഇഷ്ടത്തിന് അനുസരിച്ചു മാറണം എന്ന് ആഗ്രഹിക്കുന്ന ഒരാൾ ആണ് ഞാൻ......

അത് പറയുമ്പോൾ എന്ത് കൊണ്ടോ കണ്ണുകൾ നൈഹായിൽ എത്തി..... ഇനു ഇത് കണ്ടു നോക്കി നിന്നു..... തന്റെ ചുമലിൽ കൈ വെച്ചത് ആരാന്നു അറിയുന്നൊണ്ട് തന്നെ അവൾ നെഞ്ചിൽ ചാരി നിന്നു.....

സന്തോഷം ആയില്ലേ......

അതിന്ന് ഉത്തരം ആയി അവളെ കണ്ണിൽ നിന്നും

രണ്ടു തുള്ളി കണ്ണുനീർ ഇറ്റി വീണു

ശഹി ഇടം കണ്ണിട്ട് ഇനുവിനെ നോക്കി.... ആ മുഖത്ത് സന്തോഷം കണ്ടതും അവൻ

മനസ്സിലെ നീറ്റൽ മറച്ചു വെച്ചു.... മുഖത്ത് പുഞ്ചിരി പടർത്തി.....

അപ്പോഴാ റിസ അവന്റെ അടുത്തേക്ക് വന്നു നിന്നത്.....

ഒരു മാതിരി ജോക്കർ വേഷം കെട്ടരുത്.....

അവൻ കണ്ണ് മിഴിച്ചു അവളെ നോക്കി....

എന്താ.....

ഏയ് നതിങ്.... ജോക്കർ പടം കാണുവാരുന്നു..... നെറ്റ് കിട്ടുന്നില്ല... പറയാരുന്നു...... അവൾ ചിരിച്ചോണ്ട് പറഞ്ഞു പോയി.

അവൾ പറഞ്ഞത് കേട്ടിരുന്നു.... ഇനുവിനെ നോക്കി പറഞ്ഞോണ്ട് തന്നെ ഉദ്ദേശിച്ചത് എന്ന് മനസ്സിൽ ആയി.....

ഇൻഡ്രസ്റ്റിംഗ് കാരക്റ്റർ..... അവൻ അവൾ പോകുന്നത് നോക്കി മെല്ലെ പറഞ്ഞു.....

❤❤❤❤

വൈകുന്നേരം എല്ലാരേം ഹാളിൽ വരാൻ പറഞ്ഞു ഇനു.....

ആ വീട്ടിൽ ഉള്ള മൊത്തം ആൾക്കാരും അവിടെ ഉണ്ടായിരുന്നു..... അമ്മിജാൻ മാത്രം അവിടെ കസേരയിൽ ഇരിക്കുന്നുണ്ടായിരുന്നു...... ഇനുവിനെ കണ്ടതും അവർ എഴുന്നേറ്റു ബാക്കിയുള്ളവരെ കൂടെ പോയി നിന്നു.

ഇനു അവിടെ പോയി ഇരുന്നു.....

ശഹി ഒഴിച്ച് ബാക്കി എല്ലാരേം മുഖത്ത് ആകാംഷ ഉണ്ടായിരുന്നു..... ആദ്യം ആയി ജന്നത് ആ വീട്ടിൽ ഒരു തീരുമാനം എടുക്കുവാൻ പോകുന്നു.....

ഇന്ന് ഇവിടെ എന്റെ ബ്രൈഡൽ ആണെന്ന് അറിയാലോ...... അതിന്റെ കൂടെ മൂന്ന് പേരുടെയും റിങ് എക്സ്ചേഞ്ച് നടത്താൻ ആഗ്രഹിക്കുന്നു

അല്ല ഇപ്പോൾ നടത്തുന്നു......

ഇജുക്കന്റെയും ജുനുവിന്റെയും ശഹിയുടെയും........

ഇജു ഞെട്ടലോടെ ഇനുവിനെ നോക്കി നിന്നു ....

ജുനു കിളി പോയ പോലെ അവളെ നോക്കി നിന്നു .....
അവൻ ഇത് വരെ അറിഞ്ഞും കൂടിയില്ലാത്ത കാര്യം ആണ്.

ഇനു ആരെ ചൂണ്ടി കാണിച്ചാലും കെട്ടും.

അവളെ ഇഷ്ടത്തിന് എതിരായി മറ്റൊരു തീരുമാനം ഇല്ല.... ഒരു നീറ്റൽ ആയി നജയുടെ മുഖം മനസ്സിൽ തെളിഞ്ഞു.

ശഹിക്ക് അറിയുന്നത് കൊണ്ടു വലിയ മാറ്റം ഒന്നും ഇല്ലായിരുന്നു......

ഇജുവിന്റെ മുഖത്ത് ദേഷ്യം ഇരച്ചു കയറുന്നത് അവൾ കണ്ടു.....

തുടരും

❤️💔INVISIBLE LOVE 💔❤️

**Love after marriage (part 83)**

ഐസ്ക്രീം വാങ്ങിയിട്ട് പകരം പെണ്ണിനെ ചോദിച്ച കക്ഷിയാ...... ഇപ്പൊ എന്ത സംഭവിക്കുക..... അടിവീഴോ..... ഓടണോ..

സമി മെല്ലെ ഫൈസിയോട് ചോദിച്ചു.

ഇജുന്റെ മോന്ത കണ്ടിട്ട് അടിപൊട്ടും എന്ന് ഉറപ്പാണ്..... (ഫൈസ് )

ഇവിടെ ഒന്നും സംഭവിക്കില്ല..... ബാബിസാ പറഞ്ഞ എതിർ വാക്ക് പറയാൻ പാടില്ല. അതാണ് ഈ കുടുംബത്തിന്റെ നിയമം....

ആ ഇരിക്കുന്ന കസേരയുടെ പവർ.....

അവളെക്കാൾ മുതിർന്ന ആൾ അല്ലേ ഇജാസ് അപ്പോൾ എങ്ങനെ അനുസരിക്കുക

ഈ വീട്ടിലേ ഒരു പുല്ല് പോലും അവളെ അനുസരിച്ചിരിക്കണം...... ഇല്ലെങ്കിൽ അനുസരിപ്പിക്കണം ബാക്കിയുള്ളവർ......

അവളെ അനുസരിക്കാൻ തയ്യാർ അല്ലെങ്കിൽ ഈ വീടുമായും കുടുംബവും ആയുള്ള ബന്ധം എന്നെന്നേക്കുമായി അവസാനിക്കും...... അമ്മിജാൻ പോലും ബാധകമാണ് അത്....... ആ പദവിയിൽ ഇരിക്കുന്ന ആളോട് ബഹുമാനം...... സ്നേഹം.......ആദരവ്  ...... ഭയം ..... എല്ലാം ഉണ്ടായിരിക്കണം...... സ്വന്തം ഭർത്താവ് പോലും അതിന്ന് ബാധ്യതസ്ഥൻ ആണ്.

അപ്പൊ ഇജാസ് അംഗീകരിച്ചേ പറ്റുള്ളൂ അല്ലേ.....

അംഗീകരിച്ചില്ലെങ്കിൽ...... അവളുടെ വാക്കിനു വിലയില്ലെന്ന് അർത്ഥം....അവൾ ആയി എല്ലാ ബന്ധം അവസാനിപ്പിക്കണം......

ഹൈദർ അങ്ങനെ ആണല്ലേ റാബിയയെ കെട്ടേണ്ടി വന്നത്..... സ്വന്തം കുടുംബത്തെ ഉപേക്ഷിക്കാൻ ആ പാവത്തിനും കഴിഞ്ഞിട്ട് ഉണ്ടാകില്ല.....

മൊത്തത്തിൽ ഇജാസ് പെട്ടു ഫൈസ് ദയനീയമായി അവനെ നോക്കി.

എന്നാലും നമ്മുടെ ഇനു ഇത്രയും വലിയ ആളാണെന്നു അറിഞ്ഞില്ല...... ആരും പറഞ്ഞു ഇല്ല...... അല്ലേലും പത്തു പൈസക്ക് വിലയില്ലാത്ത കേളി കണ്ട പറയോ ഇവൾ ശരിക്കും രാജകുമാരി ആണെന്ന്......സമി ആത്മഗതം പോലെ പറഞ്ഞു.....

അവൾക്ക് അറിയാം അവളുടെ അധികാരങ്ങൾ...... ഇന്ന് വരെ അവൾ അത് ഉപയോഗിച്ചിട്ടില്ല...... നമ്മളിൽ ഒരാളായി പെരുമാറുകയെ ചെയ്തിട്ട് ഉള്ളൂ..... ഇപ്പോൾ തന്നെ ഇജുക്കന്റെ കല്യാണം നടക്കാൻ വേറെ വഴിയില്ലാത്തോണ്ടാ ഇങ്ങനെ ചെയ്തിട്ട് ഉണ്ടാവാ...... അവൾക്ക് ഒന്നിലും താല്പര്യം

ഇല്ല..... ഇജുക്ക ചില പേപ്പർസിൽ ഒക്കെ ഒപ്പിടാൻ പറയുമ്പോ പറയുന്ന കാണാം മൊത്തത്തിൽ അങ്ങ് എഴുതി തരാം എനിക്ക് കുറച്ചു നേരം എങ്കിലും സ്വസ്ഥത കിട്ടുമല്ലോന്ന്..... അതാണ് ഐറ്റം.....

അല്ലെങ്കിലും പണമോ അധികാരമോ ഒന്നും അവളെ ഭരിക്കാറില്ല..... ഇജുവിന്റെ കൂടെ കൊട്ടാരത്തിൽ ജീവിക്കുന്നതിനേക്കാൾ ജുനുവിന്റെ കൂടെ പട്ടിണി കിടക്കുന്നതാ ഇഷ്ടം പറഞ്ഞു ജീവിച്ചവൾ ആണ്..... തന്റെ വീട്ടിൽ വേലക്കാരിയുടെ സ്ഥാനം പോലും ഇല്ലാഞ്ഞിട്ടും എനിക്ക് വേണ്ടി സഹിച്ചവൾ

സ്നേഹം ആണവളെ ബലഹീനത..... അവന്ന് അഭിമാനം ആയിരുന്നു ഇനുവിനെ കുറിച് ഓർക്കുമ്പോൾ തോന്നിയത്.

വിവാഹം കഴിക്കാൻ പോകുന്ന പെൺകുട്ടിക്ക് ഇഷ്ടം അല്ല എന്നെ. അങ്ങനെ ഉള്ളപ്പോൾ ഈ തീരുമാനം തെറ്റല്ലേ..,... അവൾക്ക് സമ്മതം ഇല്ലെങ്കിൽ നിർബന്ധിക്കാൻ നമുക്ക് അധികാരം ഇല്ല..... അവൾ ഈ വീട്ടിലെയോ കുടുംബത്തിലെയോ അംഗം അല്ലാത്തത് കൊണ്ടു നമുക്ക് അവളുടെ സമ്മതം ഇല്ലാതെ വിവാഹം കഴിക്കാൻ പറ്റില്ലല്ലോ...... ഇജാസ്

ദേഷ്യം കടിച്ചമർത്തി പറഞ്ഞു....

നിങ്ങളെക്കാൾ ബുദ്ധി എനിക്കുണ്ട് ഇജുക്ക......
ഒന്നുമില്ലെങ്കിലും നിങ്ങളെ അനിയത്തിയല്ലേ.....
ഇങ്ങനെ ഒരു ചോദ്യം മുൻകൂട്ടി കണ്ടിന് ഞാൻ
അവൾ മനസ്സിൽ പറഞ്ഞു.

റാനി...... ഇനു വിളിച്ചതും അവൾ മുന്നോട്ട് വന്നു....

നിനക്ക് സമ്മതം ആണോ ഈ വിവാഹത്തിന്......

സമ്മതം ആണ്...... അവൾ ഇജാസിനെ നോക്കതെ മെല്ലെ പറഞ്ഞു....

അവളിൽ ആയിരുന്നു ആകെ പ്രതീക്ഷ

ആ ധൈര്യത്തിൽ ആണ് ഇങ്ങനെ ഒക്കെ പറഞ്ഞത്....

കാറ്റ് പോയ ബലൂൺ പോലെ നിൽക്കുന്ന ഇജുക്കനെ കണ്ടു അവൾക്ക് ചിരി പൊട്ടിയെങ്കിലും പിടിച്ചു നിന്നു......

റാനിയുടെ മനസ്സിലേക്ക് കുറച്ചു മുന്നേ ഇനു പറഞ്ഞ കാര്യങ്ങൾ ഓടിയെത്തി...

നിനക്ക് അറിയാലോ എനിക്ക് പിരീഡ്സ് ഉണ്ടാകാൻ

ലേറ്റ് ആയത്...... അത് കൊണ്ടു തന്നെ പ്രഗ്നൻറ് ആകാനും സാധ്യതയില്ലെന്ന് ഡോക്ടർ പറഞ്ഞത്.... നിനക്ക് ഇരട്ടകുട്ടികൾ ഉണ്ടായ എനിക്കും നിന്നിലൂടെ ഉമ്മയായിക്കൂടെ...... ഞാൻ നോക്കിക്കൊള്ളാം നിന്റെ മക്കളെ..... എനിക്ക് വേണ്ടി സമ്മതിച്ചൂടെ ഇജുക്കയെ കല്യാണം കഴിക്കാൻ....ഇനു പറഞ്ഞതും മറ്റൊന്നും ചിന്തിക്കാൻ പോലും റാനിക്ക് ഉണ്ടായിരുന്നില്ല...... തന്റെ സിനുന്ന് വേണ്ടി അവൾ ചെയ്തതൊന്നും മറക്കാൻ പറ്റില്ല

അതിനേക്കാൾ ഉപരി തന്നെ ജീവനോളം സ്നേഹിക്കുന്ന കൂട്ടുകാരി ആണ്..... കുഞ്ഞുങ്ങൾ എന്ന് വെച്ച അവൾക്ക് ജീവനാണ്...... നിനക്ക് വേണ്ടി ഈ വിവാഹം കഴിക്കാൻ മാത്രം അല്ല ജീവൻ തരാനും ഞാൻ റെഡിയാണ്.... നിറക്കണ്ണുകളോടെ അവൾ ഓർത്തു.....

പടച്ചോനെ പറഞ്ഞത് മൊത്തം കളവാണ്

ഇജുക്കക്ക് ഒരു ജീവിതം ഉണ്ടാകാൻ കളവ് പറഞ്ഞത് ആണ്..... പൊറുക്കണേ പക്ഷേ അങ്ങനെ പറഞ്ഞതിൽ ചെറിയൊരു കുറ്റബോധം

ഉണ്ടായിരുന്നു....  പോകാൻ നേരം അബിയാണ് പറഞ്ഞു തന്നത്  റാനിയെ ഇമോഷണൽ ആയി ബ്ലാക്ക് മെയിൽ ചെയ്തമെതി എന്ന വിവാഹത്തിന് സമ്മതിക്കുമെന്ന്..... ആലോചിച്ചു നോക്കിയിട്ട് കിട്ടിയ ഐഡിയ ഇതാണ് ....

 ഇജുക്കന്റെയും ജുനുവിന്റെയും എൻഗേജ്മെന്റ് ഞാൻ ഔദ്യോഗികമായി എല്ലാവരെയും അറിയിച്ചു കഴിഞ്ഞു..... ഇനിയിതിന്ന് ഒരു മാറ്റം ഇല്ല. അനുസരിക്കാൻ പറ്റില്ലെങ്കിൽ എന്റെ വാക്കുകൾ ധിക്കരിക്കാം അതും പറഞ്ഞു അവൾ എഴുന്നേറ്റു..... ഇജു ചവിട്ടിതുള്ളി റൂമിലേക്ക് പോയി....

അപ്പൊ എന്റെ കാര്യമോ .....
അതെങ്ങനെയാ.....ശഹി ചോദിച്ചതും അവളുടെ മുഖത്ത് ഒരു വേദന നിഴലിച്ചു.

ഞാൻ ആയി ഉണ്ടാക്കിയ മുറിവാണ് അവന്റെ ഹൃദയത്തിൽ. അതുണക്കാൻ ആഗ്രഹം ഉണ്ടെങ്കിലും അറിയാതൊരു ഭയം...... അവന്ന് ഏറ്റവും ബെസ്റ്റ് തന്നെ കൊടുക്കണം..... നൈഹ കാഴ്ചയിലും സ്വഭാവത്തിലും മാച്ച് ആണ്. ഈ കുടുംബത്തിന് ചേർന്ന സ്വഭാവം...... പക്ഷേ അവന്റെ ജീവിതത്തിൽ

തീരുമാനം എടുക്കാൻ പറ്റുന്നില്ല..... ഭയം കൊണ്ടു മനസ്സ് മൂടുന്നു...... അവന്ന് കാലിടറിയാൽ തകർന്നു പോകുന്നത് ഞാൻ തന്നെ ആവും.....

എന്റെ വുഡ്ബിയെ തീരുമാനിക്കാനുള്ള അവകാശം എനിക്ക് വിട്ടു തന്നിരിക്കുകയാണ് ജന്നത്...... എന്റെ തീരുമാനം ഞാൻ ഇവിടെ പറയാൻ ആഗ്രഹിക്കുന്നു...... അവൻ കീശയിൽ നിന്നും റിങ് എടുത്തു നൈഹയുടെ അടുത്ത് ചെന്നു. അവളുടെ മുന്നിൽ മുട്ട് കുത്തി നിന്നു റിങ് നീട്ടി.....

വിൽ യൂ മാരി മീ.....

നൈഹ ഞെട്ടലോടെ അവനെ നോക്കി. പിന്നെ പുഞ്ചിരിയോടെ അവന്ന് നേരെ വിരൽ നീട്ടി.....

എല്ലാവരും കയ്യടിച്ചു......

ശഹി ഇനുവിനെ  നോക്കി പുഞ്ചിരിച്ചു

അവനെക്കാൾ അവളെ മനസ്സിലാക്കിയ മറ്റൊരാൾ ഇല്ലായിരുന്നു...... ഫൈസ് പോലും പലപ്പോഴും അതിൽ തോറ്റു പിന്മാറിയിട്ടേ ഉള്ളൂ......ഇനു നിറഞ്ഞ കണ്ണുകൾ ആരും കാണാതെ തുടച്ചു....

അങ്ങനെ രണ്ടു പേരെ സെറ്റക്കി...... മൂന്നാമത്തെ

ആളെവിടെ... എന്റെ മോളെ കാണാൻ ധൃതിയായി എനിക്ക്..... സൽമ ചുറ്റും നോക്കി ചോദിച്ചു....

ശദ പോയി ഒരു പെൺകുട്ടിയെ കൂട്ടി വന്നു. ജുനുവിന്റെ ഉള്ളിലെ പിടച്ചിൽ ആരും അറിയാതിരിക്കാൻ അവൻ മുഖത്ത് ചിരി വരുത്തിച്ചു നിന്നെങ്കിലും പലപ്പോഴും തോറ്റു പോയി അവൻ...

അതേ പെൺകുട്ടിയെ നോക്കെന്നെ ഇനു അവന്നെ നോക്കി പറഞ്ഞു.....

അവൻ മുഖം ഉയർത്തി നോക്കി..... ഇനു നാജിയുടെ മുഖത്ത് നിന്നും ഷാൾ പൊക്കി പിടിച്ചു..... ഒരു നിമിഷം ഹൃദയം ഇടിക്കുന്നിലേന്ന് തോന്നി അവന്ന്..... വിശ്വാസം വരാതെ അവൻ വീണ്ടും വീണ്ടും നോക്കി..... മനസ്സിൽ മഞ്ഞു വീണപോലെ...... കരയണോ ചിരിക്കണോ എന്ന് പോലും മനസ്സിലാവാതെ പകച്ചു നിന്നു......

എന്റെ ജുനിന്റെ മനസ്സ് എനിക്കറിഞ്ഞുടെ...

എനിക്ക് വേണ്ടിയല്ലേ ഈ സ്നേഹം വേണ്ടെന്ന് വെച്ചത്.....

അവൻ അവളെ കെട്ടിപിടിച്ചു..... സന്തോഷം കൊണ്ടു

കണ്ണ് നിറഞ്ഞിരുന്നു അവന്റെ ........

പെണ്ണ് മാറി ജുനു..... അവളെ പോയി കെട്ടിപിടിക്ക്..... എത്ര കാലം കൂടി കണ്ടതാ.....എന്നെ ഇങ്ങനെ ശ്വാസം മുട്ടിച്ചു കൊല്ലാതെ...... ഇനു പറഞ്ഞു.... കൂടുതൽ ഇറുക്കി കെട്ടിപിടിച്ചതല്ലാതെ അവൻ ഒന്നും മിണ്ടിയില്ല...... ആ ഹൃദയത്തിന്റെ പിടപ്പിൽ നിന്നും അവൾ അറിയുന്നുണ്ടായിരുന്നു അവൻ ഒരു നിമിഷം എങ്കിലും അനുഭവിച്ച വേദന.......

എന്റെ ജുനു ആഗ്രഹിക്കുന്നത് മനസ്സിൽ ആക്കാൻ മറ്റൊരാളെ ആവിശ്യം ഇല്ല എനിക്... ....

അവന്റെ കണ്ണുകൾ നിറഞ്ഞു...... വാക്കുകൾ പുറത്ത് വരാതെ തൊണ്ടയിൽ കിടന്നു പിടഞ്ഞു.......

ലവ് യൂ ഇനു...... അവളുടെ നെറ്റിയിൽ ചുണ്ടുകൾ ചേർത്ത് അവൻ പറഞ്ഞു....

ഉമ്മ അവളുടെ തലയിലൂടെ തലോടി..... ജുനു ഇനുവിന്റെ കൂടെ ഉമ്മനെയും ചേർത്തു പിടിച്ചു..... മൂവരുടെയും കണ്ണുകൾ സന്തോഷം കൊണ്ടു നിറഞ്ഞിരുന്നു......

എല്ലാവർക്കും നാജിയെ പരിചയപ്പെടുത്തി

കൊടുത്തു...... പരസ്പരം പരിജയപെടുമ്പോൾ ശഹി മെല്ലെ അവന്റെ റൂമിലേക്ക് പോയി..... വാതിൽ അടച്ചതും അവൻ അവിടെ തന്നെ ഊർന്നു ഇരുന്നു...... നിറഞ്ഞൊഴുകുന്ന കണ്ണുകളെ അവൻ തടഞ്ഞില്ല..... അങ്ങനെ എങ്കിലും മനസ്സ് ഒന്ന് റിലക്സ് ആവട്ടെ കരുതി.....

പറ്റുന്നില്ല ഒരു പെണ്ണിനേയും സ്വന്തം എന്ന് പറയാൻ....... മറ്റൊരു പെണ്ണിനെ ആ സ്ഥാനത്തേക്ക് കാണാൻ......  അവൻ ഭ്രാന്ത് കയറിയ പോലെ മുടിയിൽ പിടിച്ചു വലിച്ചു...... നൈഹയുടെ ജീവിതം ഞാൻ കാരണം നശിക്കുമോ എന്ന് പോലും അവൻ ഭയപ്പെട്ടു....മനസ്സും ശരീരവും തളർന്നത് പോലെ......അലറി വിളിക്കാൻ തോന്നി അവന്ന്....... ഇനുവിന്റെ മുഖം മനസ്സിൽ തെളിഞ്ഞു വന്നു...... ബർത്ഡയുടെ അന്നത്തെ രാത്രി അവന്റെ ഓർമയിൽ ഓടിയെത്തി...

എനിക്ക് ഫൈസിയെ വേണ്ട ശഹി..... അവന്റെ കൂടെ ജീവിച്ചാലും നിന്നോട് ചെയ്തത് ഓർത്തു നീറി ജീവിക്കുകയെ ഉള്ളൂ...... ഫൈസിയെ മറന്നു നിന്റെ കൂടെ ജീവിക്കാൻ എനിക്ക് പറ്റില്ല...... ഇജുക്കയെ വേദനിപ്പിക്കാൻ എനിക്ക് പറ്റില്ല......അറിയില്ലെനിക്ക്

എന്താ വേണ്ടെന്ന്..... അവൾ പൊട്ടികരയുകയാരുന്നു.....

എല്ലാ ബന്ധങ്ങൾക്കും മേലെ ഒരു ശക്തിയുണ്ട് ഇനു..... മഹർ..... രണ്ട് ജീവിതങ്ങൾ തമ്മിൽ കൂട്ടികെട്ടുന്ന ബന്ധം..... അതിനോളം ശക്തിയില്ല ഒരു പ്രണയത്തിനും..... ഇവിടെ നിനക്ക് മനസ്സറിവില്ലാതെ ആണ് നിന്റെ വിവാഹം കഴിഞ്ഞത്...... മഹറണിഞ്ഞ പുരുഷനെ ആണ് നീ പ്രണയിച്ചത്..... അതെങ്ങനെ തെറ്റാകും..... നീ അവനെയും അവൻ നിന്നെയും പ്രണയിക്കുന്നു...... എന്നാൽ എന്റേത് എനിക്ക് നിന്നോട് മാത്രമേ പ്രണയം ഉള്ളൂ..... നിനക്ക് എന്നോട് ഉള്ളത് സഹോദരസ്നേഹം ആണ്..... നിങ്ങൾ തന്നെയാണ് ചെരേണ്ടത്......

എന്നെ മറന്നു മറ്റൊരു ജീവിതം നിനക്ക് ഉണ്ടാകോ..... വേറൊരളെ ആ സ്ഥാനത് കാണാൻ പറ്റോ......

ആ ചോദ്യത്തിന് മുന്നിൽ അവൻ ഒന്ന് പകച്ചു......

പറ്റില്ലല്ലോ..... അങ്ങനെ ഉള്ളപ്പോ ഞാൻ എങ്ങനെ ഫൈസിയുടെ കൂടെ സന്തോഷത്തോടെ ജീവിക്കും..... ചെയ്ത തെറ്റുകൾ എങ്ങനെ മറക്കാൻ പറ്റും....

ഇജുക്കെയേക്കാൾ സ്ഥാനം തനിക്ക് ആ മനസ്സിൽ

ഉണ്ട്.... അത് അറിയുന്നത് കൊണ്ടു തന്നെ അവൻ ഉറച്ച തീരുമാനം എടുത്തു..... അവളുടെ കൈ പിടിച്ചു അവൻ അവളെ കയ്യുടെ മുകളിൽ വെച്ചു

നീ ഇർഫാനെ സ്നേഹിക്കുന്നു അറിഞ്ഞ നിമിഷം ഞാൻ തിരിച്ചറിഞ്ഞതാ നിനക്ക് എന്നോട് പ്രണയം ഇല്ലെന്ന്..... ആ സത്യം ആയി ഞാൻ പൊരുത്തപ്പെട്ടു കഴിഞ്ഞു.... ഇന്ന് നീ എന്റെ ബ്രോയുടെ ഭാര്യയാണ്.... എന്റെ ഉമ്മാക്ക് തുല്യം ആണ് ആ സ്ഥാനം

ഞാൻ എന്റെ മനസ്സ് കൈവിടാതിരിക്കാൻ സ്വയം കല്പിച്ച സ്ഥാനം ആണ്.... അവിടെ പ്രണയത്തിന് സ്ഥാനം ഇല്ല.... മറ്റൊരു പെണ്ണിനെ ഞാൻ ആ സ്ഥാനത് കൊണ്ടു വരും..... നിന്റെ ഓർമ്മകൾ മറവിയുടെ സ്ഥാനത്തേക്ക് പോകും..... എനിക്ക് കുറച്ചു ടൈം തന്ന മതി..... ഒരിക്കലും നിന്നെയോർത്തോ എന്റെ പ്രണയത്തെ ഓർത്തോ ഞാൻ ജീവിതം കളയില്ല..... സത്യം.....

അന്ന് അങ്ങനെ സത്യം ഇട്ടിരുന്നില്ലെങ്കിൽ ഒരിക്കലും അവൾ ഫൈസിയെ സ്വീകരിക്കില്ലായിരുന്നു..... ഫൈസിയെയും തന്നെയും ഓർത്തു ജീവച്ഛവം ആയി ജീവിച്ചേനെ അതറിയുന്നുണ്ട് എടുത്ത തീരുമാനം

ആയിരുന്നു അത്.....  എല്ലാവരെയും സ്നേഹിക്കാൻ മാത്രം അറിയുന്ന ആ പാവത്തിന് വേണ്ടി ഞാൻ വിട്ടു കൊടുത്ത താ എന്റെ പ്രണയം......

 പെട്ടന്ന് അവൻ കണ്ണുകൾ തുടച്ചു. ഇല്ല ഇനു ഞാൻ കരയില്ല....... എന്റെ കണ്ണുനീർ പോലും ശാപം ആയി നിന്നെ പഴിക്കരുത്...... അങ്ങനെ പോലും നീ വേദനിക്കുന്നത് എനിക്ക് ഇഷ്ടം അല്ല.......

ഇൻവിസിബിൾ ആയി തന്നെ എന്റെ പ്രണയം എന്റെ മനസ്സിൽ ഇരിക്കട്ടെ. അവൻ മുഖം അമർത്തി തുടച്ചു മുഖത്ത് പുഞ്ചിരി വരുത്തി ഇനുവിന്റെ റൂമിലേക്ക് നടന്നു.....

❤❤❤❤

റാനിയെ എങ്ങനെ സമ്മതിപ്പിച്ചത്.... ഈ ട്വിസ്റ്റ് ഞാൻ ഒരിക്കലും പ്രതീക്ഷിച്ചില്ല. ഇജുക്ക ബലമായി അവളെ സമ്മതിപ്പിക്കുന്ന കരുതിയെ.....

അവൾ റാനിയോട് പറഞ്ഞത് പറഞ്ഞു...

പറഞ്ഞു തീരുന്നതിന്ന് മുന്നേ അവന്റെ കൈ അവളെ കവിളിൽ പതിഞ്ഞിരുന്നു.

അവൾ ഞെട്ടിപ്പകച്ചു അവന്നെ നോക്കി...

അവന്റെ കണ്ണുകളിൽ ദേഷ്യം കണ്ടതും അവൾ മുഖം താഴ്ത്തി.... ചെയ്തത് തെറ്റാണെന്നു അറിയാം..... എന്നാലും അവന്റെ തല്ല് കിട്ടിയപ്പോ സങ്കടം കൊണ്ടു

കണ്ണ് നിറഞ്ഞൊഴുകി......

മറ്റുള്ളവരെ വേദനിപ്പിക്കാതിരിക്കാൻ അല്ലെങ്കിൽ നല്ലതിന്ന് വേണ്ടി കള്ളം പറയുന്നതിൽ തെറ്റില്ല...... പക്ഷേ ഈ പറഞ്ഞതിന്ന് മാപ്പ് ഇല്ല ഇനു...... നിനക്ക് മെൻസ്ട്രേഷൻ ഇല്ലെന്ന് അറിഞ്ഞപ്പോഴും കുഞ്ഞു ഉണ്ടാവില്ലെന്ന് അറിഞ്ഞപ്പോഴും എല്ലാവരും സങ്കടപെടുമ്പോ ഇജുക്ക മാത്രം ഉറപ്പിച്ചു പറയും അവൾക്ക് കുഞ്ഞു ഉണ്ടാകും.... നോക്കിക്കോ.... നെഞ്ചുരുകി പ്രാർത്ഥിക്കുന്നത് ഞാൻ കണ്ടിട്ടുണ്ട്..... ആ പ്രതീക്ഷ കൈവിടാതെ ഉള്ള ഹോസ്പിറ്റലിൽ ഒക്കെ നിനക്ക് വേണ്ടി കേറി ഇറങ്ങി...... ഞാൻ ഇപ്പോഴും വിശ്വസിക്കുന്നുണ്ട് ഇജുക്കന്റെ സങ്കടം കാണാൻ കഴിയാതെ പടച്ചോൻ തന്നതാണ് നീയൊരു പെണ്ണാണെന്ന് അറിയിച്ചതെന്ന്..... എന്നിട്ടിപ്പോ ഇങ്ങനെ ഒരു കള്ളം പറഞ്ഞു ആ മനസ്സ് വീണ്ടും വേദനിപ്പിക്കുന്നോ...... ഇതറിയുമ്പോ ഇജുക്കക്ക് ഉണ്ടാകുന്ന സങ്കടം അറിയോ നിനക്ക്...... ആ മനസ്സിൽ ഉണ്ടാകുന്ന വേദന നിനക്ക്

ഊഹിക്കാവുന്നതിലും അപ്പുറം ആയിരിക്കും......അതൊക്കെ പോട്ടെ നിനക്ക് ഇനി കുഞ്ഞു വേണ്ടന്ന് കരുതിയാണോ അങ്ങനെ പറഞ്ഞത്......

നീയിപ്പോൾ ഉമ്മയാകാൻ ആഗ്രഹിക്കുന്നില്ലേ.......ആണോന്ന്..... ദേഷ്യം കൊണ്ടു വിറച്ചിരുന്നു അവൻ.....

ഞാൻ അതൊന്നും ഓർത്തില്ല......  നദീംക്കാ പറഞ്ഞു ഞാൻ അല്ലാതെ മറ്റൊരു പെണ്ണ് ആ മനസ്സിൽ ഉണ്ടാവില്ല അവൻ അസപ്റ്റ് ചെയ്യില്ല...... എനിക്ക് കുഞ്ഞിന് വേണ്ടിയാ റാനിയെ കെട്ടാൻ സമ്മതം മൂളിയെന്ന്...... അപ്പൊ കരുതി ഈ കാര്യം കൊണ്ടു തന്നെ വിവാഹം കഴിപ്പിക്കന്ന്...... അവൾ വിക്കി വിക്കി കരഞ്ഞോണ്ട് പറഞ്ഞൊപ്പിച്ചു......

റാനിയോട് ഞാൻ പറഞ്ഞിന് ഇജ്ജുക്കക്ക് ഇതറിയില്ല..... പറയണ്ടാന്നു അവൾ കരഞ്ഞോണ്ട് പറഞ്ഞു....

അവളെ കരച്ചിൽ കണ്ടപ്പോ അവനൊന്നു

അയഞ്ഞു......

ഇനി കുഞ്ഞുണ്ടാവില്ലെന്നോ മറ്റോ പറഞ്ഞ കൊല്ലും പട്ടീ നിന്നെ......

ഞാൻ പ്രാർത്ഥിക്കാറുണ്ട് കുട്ടി ഉണ്ടാകാൻ അതോണ്ട് അങ്ങനെ ഒന്നും ഉണ്ടാവില്ല..... ചുണ്ടും പിളർത്തി അവൾ പറഞ്ഞു....

നിന്റെ പ്രാതഥനയുടെ ഫലം ആണ് ഈ പ്രശ്നത്തിനൊക്കെ കാരണം.

അവൾക്ക് ഇരട്ട പ്രസവിക്കാതിരിക്കാൻ പ്രാതഥിച്ചോളാം അപ്പൊ പ്രോബ്ലം ഇല്ലല്ലോ

പൊന്ന് മോള് സ്വന്തം ആയി കുട്ടിയുണ്ടാവാൻ പ്രാർത്ഥിച്ച മതി. ഇനി അവർക്ക് കുഞ്ഞുണ്ടാകാൻ പ്രാർത്ഥിക്കണ്ട.... ഒരിക്കൽ പ്രാർത്ഥിച്ചതിന്റെ ഫലം ആണ് റാനി വിവാഹം പോലും വെറുക്കാൻ കാരണം അവൻ ചിരി കടിച്ചമർത്തി പറഞ്ഞു...

ഓഹ് പിന്നെ ഞാൻ അറിഞ്ഞോ അതിങ്ങനെ മന്നബുദ്ധി ആണെന്ന്.... ആക്ച്ചുലി ഞാൻ പ്രാർത്ഥിച്ചത് എന്റെ ഇക്കാക്ക എന്നാണ്..... എന്ന് വെച്ച നിനക്കും ഇരട്ട കുട്ടികൾ ഉണ്ടായാലോ.... നൈഹക്ക് പേടിയുണ്ടോന്ന് ചോദിക്കണം

എന്റെ പൊന്ന് മോളെ ആദ്യം കേട്ടൊന്ന് കഴിയട്ടെ എന്നിട്ട് നമുക്ക് കൊച്ചുണ്ടാവാൻ പ്രാർത്ഥിക്കാം.... അവളെ മുന്നിൽ കൂടി ഈ പൊട്ടത്തരം എഴുന്നള്ളിക്കല്ലേ.....അവൻ കൈകൂപ്പി പറഞ്ഞു.....

അവൾ ഇളിച്ചു കാണിച്ചു

ഇളിക്കുന്നോ......ഇനി ഇത് പോലെ എന്തെങ്കിലും ഒപ്പിച്ചാൽ ഉണ്ടല്ലോ...... കൃത്തിമ ദേഷ്യത്തോടെ അതും പറഞ്ഞു അവൻ പോയി.....

അവൾ കണ്ണാടിയിൽ നോക്കി കവിളിൽ തൊട്ടു..... വേദന കൊണ്ടു പിടഞ്ഞു എരിവ് വലിച്ചു..... അപ്പോഴാ ഫൈസ് കയ്യും കെട്ടി നോക്കി നില്കുന്നത് കണ്ടത്

അവളെ തന്നെ നോക്കി നില്കുന്നത് കണ്ടു അവൾ അറിയാതെ രണ്ട് കവിളിൽ കൈ വെച്ചു പേടിയോടെ അവന്നേ നോക്കി....

ഏയ് തല്ലില്ല...... ശഹി തന്നതിൽ ഞാനും പൊരുത്തപ്പെട്ടു പോരെ അവൻ ചെറുചിരിയോടെ പറഞ്ഞു....

അവൾ ആശ്വാസത്തോടെ നെഞ്ചിൽ കൈ വെച്ചു.....

കവിളിൽ തലോടി...... ചുവന്നു തിനർത്ത് കിടപ്പുണ്ട്..... ഇജുക്ക

ഇത് കണ്ടാൽ അടുത്ത അടിപൊട്ടും അതോർത്തപ്പോൾ മനസ്സിൽ ഒരു ഇടിപൊട്ടിയ പോലെ തോന്നി.....

ഫൈസ് അവളുടെ അടുത്തേക്ക് ചെന്നു...

അവളുടെ മുഖം പിടിച്ചു നോക്കി.... ഇപ്പുറത്തെ കവിളിലും പാട് വീണാൽ ഈക്വൽ ആയിരിക്കും അല്ലേ ഇനു.....

അവൾ പേടിയോടെ അവന്റെ കൈ വിടുവിച്ചു പിന്നിലേക്ക് മാറിയെങ്കിലും അവൻ അവളെ അരയിലൂടെ കയ്യിട്ടു അവനോട് ചേർത്തു പിടിച്ചു.....

ഞാൻ.... ചുമ്മാ പറഞ്ഞു പോയതാ..... ഇനി പറയില്ല..... അവൾ പേടിയോടെ പറഞ്ഞു.....

അതിനുള്ളത് ശഹി തന്നല്ലോ..... ഇത് കണക്ക് വേറെയാ...... അവളുടെ കവിളിലൂടെ കയ്യോടിച്ചു അവൻ പറഞ്ഞു

വേറെന്ത് കണക്ക്...... അവൾ കണ്ണ് മിഴിച്ചു അവനെ നോക്കി...

നീ അബിഷായുടെ കൂടെ ട്രീറ്റ് ചെയ്യാൻ പോയതല്ല..... അബ്ഷ നിന്റെ ഫ്രണ്ട് അല്ല നീയായിട്ട് സത്യം പറഞ്ഞാൽ നിനക്ക് കൊള്ളാം ഇല്ലെങ്കിൽ ശഹിയെ പോലെ ഒരു തല്ലിൽ ഞാൻ നിർത്തില്ല...... മെല്ലെ അർദ്രമായി ആണ് പറഞ്ഞെങ്കിലും വാക്കുകൾ ദൃഢമായിരുന്നു......

അവളിലൂടെ ഭയം ഇരച്ചു കയറി..... നെറ്റിയിൽ വിയർപ്പ് പൊടിഞ്ഞു.....

അവന്റെ കൈ ടോപ്പിനുള്ളിലൂടെ അരയിൽ പിടി മുറുക്കിയത് അവൾ അറിഞ്ഞു..... നിന്നിടത് നിന്ന് അനങ്ങാനോ മിണ്ടാനോ കഴിഞ്ഞില്ല.....

ഞാൻ പറഞ്ഞത് സത്യം ആണ്..... അവന്റെ മുഖത്ത് നോക്കാതെ പറഞ്ഞു...

അവിടെ വെച്ച് സീൻ ക്രിയേറ്റ് ചെയ്യണ്ട കരുതി മിണ്ടാതിരുന്നു..... സത്യം പറയുന്നോ അതോ....അവന്റെ കൈകൾ ഇടുപ്പിൽ ഇറുക്കി പിടിച്ചതും അവൾ വേദനകൊണ്ടു പിടഞ്ഞു......

ഞാൻ പറഞ്ഞത് സത്യം ആണ്..... ഫൈസിക്ക് എങ്ങനെ അറിയാം കളവാണെന്ന്...... അവൾ പിടിച്ചു നിൽക്കാൻ ശ്രമിച്ചു....

അബ്ഷ നിനക്ക് ട്രീറ്റ് തരണം എങ്കിൽ....,

ഞാൻ ഒരു കലിപ്പൻ ആണെന്ന് ഒക്കെ പറഞ്ഞിട്ട് ഉണ്ടെങ്കിൽ.... നിന്റെ ബെസ്റ്റ് ഫ്രണ്ട് ആയിരിക്കണം..... നീ എന്നെപ്പറ്റി പറഞ്ഞിട്ട് ഉണ്ടാകും..... നിന്റെ ഭർത്താവിനെ ഫോട്ടോ കാണിച്ചു കൊടുത്തിട്ട് ഉണ്ടാകും..... അല്ലെങ്കിൽ അബ്ഷ ചോദിച്ചറിഞ്ഞിട്ട് ഉണ്ടാകും എന്നെപ്പറ്റി ..... ശഹിയെ ചൂണ്ടി അവൾ ഞാൻ ആണെന്ന് തെറ്റിദ്ധരിച്ചുവെങ്കിൽ നിങ്ങൾ തമ്മിൽ പരിജയപെട്ട് വരുന്നേ ഉള്ളൂ..... അങ്ങനെ ഉള്ള ആൾക് ട്രീറ്റ്... അതും സർപ്രൈസ് ആയിട്ട്..... മൊത്തത്തിൽ നിങ്ങൾ തമ്മിൽ എന്തൊക്കെയോ എനിക്ക് വശപ്പിശക തോന്നിയത് ..... സൊ നീ പറഞ്ഞത് കള്ളം.....

അവൾ പേടിയോടെ ഉമിനീർ ഇറക്കി.....

പറഞ്ഞത് ഒക്കെയും കളവല്ലേ...... അവൻ

ഇടുപ്പിൽ പിടിച്ചു അമർത്തി.....

കളവാണ്..... അവൾ വേദന സഹിക്കാതെ പറഞ്ഞു....

അപ്പോൾ സത്യം പറ എവിടെ പോയതാ....

അവൾ ഒരു നിമിഷം മിണ്ടാതിരുന്നു...... അവന്റെ

കൈ വീണ്ടും ഇടുപ്പിൽ മുറുകുന്നത് അറിഞ്ഞതും അവൾ പറഞ്ഞു.....

ഞാൻ പറയാം എല്ലാം പറയാം...... കയ്യെടുക്ക്....

അവൻ കൈ എടുത്തില്ലെങ്കിലും പിടിച്ചു അമർത്തിയിടത് തലോടുന്നത് അവൾ അറിഞ്ഞു.... പക്ഷേ അതാസ്വധിക്കാൻ പറ്റിയ അവസ്ഥയിൽ അല്ലായിരുന്നു അവൾ........മുഖത്ത് നോക്കി കള്ളം പറയാൻ കഴിയില്ല സത്യം പറയാൻ ആവില്ല...... അവൾ അവന്റെ നെഞ്ചിൽ തലമുട്ടിച്ചു  നിന്നു....

റാനിയെ കാണാൻ തന്നെ പോയതാ.... വഴിയിൽ വെച്ചു കുറച്ചു പേര് പിടിച്ചോണ്ട് പോകാൻ നോക്കി....

അവൻ ഞെട്ടലോടെ കയ്യെടുത്തു അവളെ പിടിച്ചു മാറ്റി നോക്കാൻ ശ്രമിച്ചെങ്കിലും അവൾ അവന്റെ പുറത്തൂടെ കയ്യിട്ടു ബലമായി പിടിച്ചു അവന്റെ നെഞ്ചോട് മുഖം ചേർത്തു.....

എനിക്ക് പറയാനുള്ളത് ക്ഷമയോടെ കേൾക്കണം ആദ്യം.... എന്നിട്ട് തീരുമാനിക്കാം.....

അവൻ ഒന്നടങ്ങിയത് പോലെ തോന്നിയതും അവൾ പറഞ്ഞു തുടങ്ങി.

അവർ ബലമായി പിടിച്ചോണ്ട് പോകൻ നോക്കുമ്പോൾ അബ്ഷ ആ വഴി വന്നു. അവൾ ആണ് എന്നെ രക്ഷിച്ചത്..... അങ്ങനെ പരിജയപ്പെട്ടു......

എന്നിട്ട് എന്ത് കൊണ്ട കള്ളം പറഞ്ഞത്...

ചെറിയ കാര്യം ആണോ ഇത്..

ഇപ്പൊ ആരും അറിയണ്ട ഒന്നും.... ഇജുക്കനെ അറിയാലോ ഇതറിഞ്ഞാൽ ഇവിടെ യുദ്ധം ആയിരിക്കും.....

എന്ന് വെച്ചു ഇതിന്ന് പിറകിൽ ഉള്ളവരെ വെറുതെ വിടാനോ.....  ഇപ്പോൾ തന്നെ എല്ലാരേം അറിയിക്കാൻ പോവ്വാ ഞാൻ. ഇതിന്ന് പിറകിൽ ആരാണെന്ന് കണ്ടു പിടിച്ച കൊല്ലും ഞാൻ.... അവൻ ദേഷ്യം കൊണ്ടു വിറച്ചിരുന്നു.....

നമ്മുടെ വിവാഹം കഴിയുന്നത് വരെ ഒന്ന് ക്ഷമിക്ക് ഫൈസ്..... അബി അവരെ നല്ലോണം കൈകാര്യം ചെയ്തിട്ടുണ്ട്.... കുറച്ചു ദിവസത്തേക്ക് അനങ്ങാൻ ആവില്ല....  ഇതറിഞ്ഞ എല്ലാരും പേടിക്കും

ടെൻഷൻ ആകും.... വർഷങ്ങൾക്ക് ശേഷം ആണ്

ഈ വീടും വീട്ടുകാരും ഇത്രയും സന്തോഷത്തിൽ ഒരു ഫൻക്ഷൻ

നടത്തുന്നത് അതിന്നിടയിൽ ഞാൻ കാരണം ഒരു വിഷമം ഉണ്ടായ എനിക്ക് സഹിക്കാൻ പറ്റില്ല..... ആരും അറിയണ്ട തല്ക്കാലം.....

ഫൈസ് രണ്ട് മനസ്സിൽ കിടന്നു ഉഴറി..... വിവാഹം ഉറപ്പിച്ച ദേഷ്യത്തിൽ ആണ് ഇജാസ് അതിന്റെ കൂടെ ഇതും അറിഞ്ഞാൽ ദേഷ്യം കൊണ്ടു എന്തൊക്കെ സംഭവിക്കുമെന്ന് അറിയില്ല.

ഇനു അവന്റെ മുഖം കയ്യിലെടുത്തു.....

ട്രസ്റ്റ് മീ ഫൈസ്..... ഞാൻ ഇനി മാര്യേജ് കഴിയുന്നത് വരെ ഈ വീട്ടിൽ നിന്നും പുറത്തു പോകില്ല..... പുറത്ത് നിന്നും ഒരാൾക്ക് ഈ ജന്നത് മെൻഷനിലേക്ക് കടക്കാൻ ആവില്ല..... മറ്റുള്ളവരെ കൂടി ടെൻഷൻ അടിപ്പിക്കല്ലേ പ്ലീസ്......

സത്യം അറിയുമ്പോൾ ഇവന്റെ പ്രതികരണം എന്തായിരിക്കുമെന്ന് ഓർത്തു അവൾക്ക് ഉള്ളിൽ ഭയം തോന്നി.

അവൻ ഒന്നും പറഞ്ഞില്ല... അവന്റെ ഉള്ളിലെ ദേഷ്യം

കൈ ചുരുട്ടി പിടിച്ചതിൽ നിന്നും കഴുത്തിലെയും നെറ്റിയിലെയും എടുത്തു പിടിച്ച ഞരമ്പുകളിൽ നിന്നും അവൾക്ക് മനസ്സിലായി....

അവൾ കാൽ വിരൽ കുത്തി ഉയർന്നു അവന്റെ കഴുത്തിലൂടെ കയ്യിട്ടു പിടിച്ചു.... അവൻ നോട്ടം മാറ്റുകയോ അവളെ നോക്കുകയോ ചെയ്തില്ല.... അവന്റെ കഴുത്തിലെ വലിഞ്ഞു മുറുകിയ ഞരമ്പിൽ അവൾ അമർത്തി ചുംബിച്ചു..

അവന്റെ ചുണ്ടിൽ ചെറു ചിരി വിരിഞ്ഞെങ്കിലും അവൻ മൈന്റ് ആക്കിയില്ല..... അവൾ ആ ചിരി കണ്ടതും

ഉടായിപ്പ് ആണല്ലോ എന്നോർത്ത്....

മെല്ലെ പോകാൻ നോക്കിയതും അവൻ കൈ കൊണ്ടു പിറകിൽ ലോക്ക് ആക്കിയിരുന്നു

പുലിക്കൂട്ടിൽ ആണ് തലയിട്ടതെന്ന് ഓർത്തില്ല..... അവൾ മനസ്സിൽ ഓർത്തു.

അവന്റെ കൈ പിറകിൽ മുറുകി അതിനനുസരിച്ചു അവൾ അവന്റെ ദേഹത്തു തട്ടി..... ഒരു ശ്വാസത്തിന്റെ നൂലിഴവ്യത്യാസത്തിൽ അവനിൽ തട്ടി

അവൾ നിന്നു..... അറിയാതെ തന്നെ അവളിൽ ഒരു വിറയൽ പടർന്നു കയറി....

നിന്റെ ഹാർട്ടിനോട് പറയ് ഇങ്ങനെ ഇടിച്ച പൊട്ടിപോകുന്ന് അവളെ ചെവിയിൽ പ്രണയാർദ്ധമായി പറഞ്ഞതും അവൾ ഇക്കിളി എടുത്തു കിടന്നു പിടഞ്ഞു.....

ഫൈസ് വിട് താഴെ അന്വേഷിക്കുന്നുണ്ടാവും

പ്രാർത്ഥിച്ച കുട്ടി ഉണ്ടാവില്ലെന്ന് ഹോസ്പിറ്റലിൽ വെച്ച് എന്നോട് ആരോ പറഞ്ഞിരുന്നു........ എന്നോട്ട് ശഹിയോട് ഒടുക്കത്തെ ഡയലോഗ് ആണല്ലോ..... നീ വീണ്ടും ആ പഴയ ഇനു ആയൊന്നു ഒരു ഡൌട്ട് അത് തീർത്തിട്ട് പോകാ.....

അവൾ ഞെട്ടലോടെ അവനെ നോക്കി.....

അവൻ അവളുടെ മുഖത്തേക്ക് മുഖം അടുപ്പിച്ചതും അവൾ തല പിറകോട്ടു വലിച്ചു......

അവൻ രൂക്ഷമായി അവളെ നോക്കി......

ആ വേല അവിടെ വെച്ച മതി..... എനിക്കെങ്ങും വേണ്ട നിന്റെ കിസ്സ്......

അതെന്താ വേണ്ടാത്തെ..... അവൻ പുരികം

പൊന്തിച്ചു മുഖം കൂർപ്പിച്ചു.....

ഞാൻ പറഞ്ഞല്ലോ എനിക്ക് ഫ്രണ്ട് ആയി മാത്രമേ കാണാൻ പറ്റുളുന്ന്..... ഇജുക്കക്ക് വേണ്ടി മാത്രം ആണ് ഞാൻ വിവാഹത്തിന് സമ്മതിച്ചത് പോലും....

ഫ്രണ്ട്സ് തമ്മിൽ കിസ്സ് കൊടുക്കില്ല......

അത് പറഞ്ഞു തീരുന്നതിന്ന് മുന്നേ അവൻ അവളുടെ ചുണ്ടുകൾ സ്വന്തം ആക്കിയിരുന്നു....... അവനെ തള്ളിമാറ്റാൻ നോക്കിയെങ്കിലും അവന്റെ

ശക്തിയുടെ മുന്നിൽ അവന്റെ ചുംബന ത്തിന് മുന്നിൽ അവൾ തോറ്റു.... മൃദുവായി അവളുടെ ചുണ്ടുകൾ മാറി മാറി നുണഞ്ഞു കൊണ്ടിരിക്കുന്ന അവൻ അവളിൽ വികാരത്തിന്റെ വെലിയേറ്റം തന്നെ സൃഷ്ടിച്ചു..... അവളുടെ കൈ അവന്റെ മുടിയിൽ കോർത്തു..... കണ്ണുകൾ മെല്ലെ കൂമ്പിയടഞ്ഞു അവളിൽ നിന്നും ഉള്ള എതിർപ്പ് കുറഞ്ഞു അവൾ അവന്ന് വശംവദയായി നിന്നു കൊടുത്തതും അവനിലും വികാരവായ്പ്പ് പടർന്നു മൃദുലഭാവം മാറി അവന്റെ പ്രണയം ആവേശത്തോടെ ചുണ്ടുകളിൽ പതിഞ്ഞു കൊണ്ടിരുന്നു... ..

നാവും ചുണ്ടുകൾ പരസ്പരം ഇണയുമായി

കോർത്തു തുടങ്ങി...... വായിൽ രക്തത്തിന്റെ ഇരുമ്പു  ചുവഎടുത്തിട്ടും അവൻ വിട്ടില്ല..... ശ്വാസം

ചുംബനത്തിന് തടസ്സമായി വന്നതും അവൻ മനസ്സില്ലമനസ്സോടെ വിട്ടു...... അവളും ആഗ്രഹിച്ചിരുന്നില്ല അവനിൽ നിന്നും അടരുവാൻ...... അവൾ ശ്വാസം ആഞ്ഞു വലിച്ചു.....

സോറി...... അവളുടെ ചുണ്ടിൽ പൊട്ടിയിടത് തലോടി അവൻ പറഞ്ഞതും

അവളിൽ ദേഷ്യതിന്ന് പകരം നാണത്തിൽ കുതിർന്ന പുഞ്ചിരി പടർന്നു.....

സോഫ്റ്റ് ആയിട്ട് കിസ്സ് തന്നപ്പോൾ ശ്വാസം മുട്ടിച്ചു പറഞ്ഞു ഇപ്പോൾ ഒന്നും പറയാനില്ലേ.....അവൾ നാണത്തോടെ തലതാഴ്ത്തി......

അവൻ അവളുടെ മുഖം പിടിച്ചു ഉയർത്തി

ഇപ്പോൾ ഫ്രണ്ട് ആയിട്ടാണോ അതോ ലവർ ആയിട്ടോ തോന്നിയത്......

ഫ്രണ്ട് ആയിട്ട്.... അതും പറഞ്ഞു അവനെ തള്ളിമാറ്റി ഓടാൻ നോക്കിയതും അവൻ കയ്യിൽ പിടിച്ചു വലിച്ചു.... അവന്റെ നെഞ്ചത്തേക്ക് തന്നെ

വീണു.....

വീണ്ടും അവളുടെ ചുണ്ടിലേക്ക് അവന്റെ ചുണ്ടുകൾ അതിന്റെ ഇണയെ തേടി പോയതും ആക്കിയുള്ള ചുമ കേട്ട് അവൾ ഞെട്ടലോടെ തിരിഞ്ഞു നോക്കി..,.... കണ്ണും മിഴിച്ചു നിൽക്കുന്ന ആളെ കണ്ടതും അവൾ ഫൈസിന്റെ പിറകിലേക്ക് വലിഞ്ഞു......

❤❤❤❤❤

റാനി റൂമിലൂടെ അങ്ങോട്ടും ഇങ്ങോട്ടും നടന്നു...... ഇനുവിന്റെ സങ്കടം കണ്ടു മനസ്സലിഞ്ഞു വിവാഹത്തിന് സമ്മതം മൂളി..... ഇജുവിന്റെ കലിപ്പ് മുഖം ഓർത്തതും അവളിൽ ടെൻഷനും പേടിയും എല്ലാം ഉടലെടുത്തു......

ഈ കലിപ്പനെ എങ്ങനെ കെട്ടും ഞാൻ....

ഇജുക്കന്റെ ദേഷ്യം പിടിച്ച മുഖവും അവിടെ നിന്നും ചവിട്ടുതുള്ളി പോയതും ഒക്കെ ഓർത്തു അവൾ പേടിയോടെ നിന്നു....  ഇന്ന് വൈകുന്നേരതെ ഫൻക്ഷനിൽ എൻഗേജ്മെന്റ് ആണ്... അതോർത്തതും അറിയാതൊരു ഭയം അവളെ പൊതിഞ്ഞു..

അപ്പോഴാ പിറകിൽ വലിയ ശബ്ദത്തോടെ വാതിൽ വലിച്ചടച്ച ശബ്ദം കേട്ടത്...... അവൾ ഞെട്ടിപകച്ചു തിരിഞ്ഞു നോക്കി......

തന്നെ കൊല്ലാൻ ഉള്ള കലിയോടെ നിൽക്കുന്ന ഇജുവിനെ കണ്ടതും ഒരു വിറയൽ അവളിൽ പടർന്നു കയറി ......

📚STORY BOARD📚

❤️💔INVISIBLE LOVE💔❤️

love after💘 marriage story(പാർട്ട് 84)

ഇങ്ങനെയും കിസ്സ് ചെയ്യാം അല്ലേ......

റിസ ആത്മഗതം പോലെ പറഞ്ഞെങ്കിലും ശബ്ദം പുറത്തേക്ക് വന്നു.....

ലിപ്ലോക്കിൽ വലിയ പണ്ഡിത്യം ഉണ്ടല്ലേ

പോടാ ഞാൻ നേരിട്ട് കാണുന്നത് ആദ്യം ആണ്.....

അത് എനിക്ക് വായും പോളന്നു വെച്ചുള്ള ആത്മഗതം കേട്ടപ്പോൾ മനസ്സിലായി....

കുറച്ചു ഒക്കെ അറിഞ്ഞു വെക്കുന്നത് നല്ലതല്ലേ

ഭാവിയിൽ കെട്ടിയോന് കൊടുക്കലോ അവൾ മുഖത്ത് നാണം വരുത്തി നിലത്ത് കാൽ കൊണ്ട് വൃത്തം വരച്ചു പറഞ്ഞു...

എക്സ്പ്രക്ഷൻ ഇട്ടു ചാവണ്ട നാണം എന്നൊരു സംഗതി നിനക്ക് ഇല്ലെന്ന് എനിക്കറിയാം.......അതൊക്കെ പെൺകുട്ടികൾക്ക് പറഞ്ഞത ആരാണാവോ ആ ഹതഭാ ഗ്യവാൻ.... അവന്റെ ഒരു കഷ്ടകാലം.....

ഏതായാലും നീയല്ല പോരെ..... അവൾ മുഖം കോട്ടി പറ ഞ്ഞു.....

അല്ലെങ്കിലും നിന്നെയാര് കെട്ടാൻ പോകുന്നു അവൻ അതെ ട്യൂണിൽ പറഞ്ഞു.....

ഇക്കണക്കിനു പോയ രണ്ടും ഫസ്റ്റ് നൈറ്റ് ഇവിടെ ഇപ്പൊ നടത്തും... എന്നാലും എന്റെ കലിപ്പൻ ബ്രോന്റെ ഉള്ളിൽ റൊമാന്റിക് ഹീറോ ഉണ്ടെന്ന് കണ്ട പറയോ അവൾ താടിക്ക് കയ്യും കയ്യും വെച്ചു അവരെ തന്നെ നോക്കി പറഞ്ഞു.....

പട്ടി ചുളുവിൽ സീൻ പിടിക്കുന്നോ അവളെ മുന്നിൽ കേറി നിന്നു അവൻ ആക്കിയൊന്ന് ചുമച്ചു...

വാതിൽ എന്ന് പറയുന്നത് അടക്കാൻ ആണ്......
ദയവു ചെയ്തു ഇമ്മാതിരി സീൻ കാണിച്ചു
ഞങ്ങളെപോലുള്ള സിംഗിൾ പസംഗ പാടി നടക്കുന്ന
പിള്ളേരെ വഴിതെറ്റിക്കരുത്....... ശഹി പറഞ്ഞതും
ഫൈസ് മുകളിലേക്ക് നോക്കി ചമ്മൽ മറച്ചു
പിടിക്കാൻ ശ്രമിച്ചു...... ഇനു അവന്റെ പിറകിൽ
ഒളിച്ചു.....

മതി രണ്ടും ചമ്മി പണ്ടാരം അടങ്ങിയത്....

അതും പറഞ്ഞു അവൻ ഇനുവിന് നേരെ ഐസ്
ക്യൂബ് നീട്ടി..... നിന്റെ ഇജുക്കന്റെ തല്ല് കൊള്ളാൻ
വയ്യ..... ഒന്ന് ഇതൊക്കെ വെച്ചു പാട് മറക്കാൻ
നോക്ക്.... വൈകുന്നേരം ഫക്ഷൻ ഉള്ളതാ അപ്പോഴാ
അവളുടെ ചുണ്ട് പൊട്ടിചോര വരുന്നത് കണ്ടത്......

അവൻ തലക്ക് കയ്യും വെച്ചു ഫൈസിയെ നോക്കി.....

പറ്റിപ്പോയി ഏതായാലും തല്ല് നിനക്ക് കൊള്ളും.....
അപ്പൊ ഇതിന്റെ കൂടെ ഏറ്റെടുത്തേക്ക്......
തല്ലിയപ്പോ പൊട്ടി ചോര വന്നു....... ദാറ്റ്സ് ഓൾ

അവിഹിതത്തിന്റെ ഉത്തരവാദിത്യം ഞാൻ
ഏറ്റടുക്കില്ല പള്ളിൽ പോയി പറഞ്ഞ മതി അത്.....

ടാ കോപ്പേ നീയല്ലേ തല്ലിയത്..... അതോണ്ട് ആരും വിശ്വസിക്കാൻ പോണില്ല..... അപ്പൊ കിട്ടുന്നത് രണ്ട് കയ്യും നീട്ടി വാങ്ങിച്ചോ...... അതും പറഞ്ഞു ഫൈസ് എസ്കെപ്പ് ആകാൻ നോക്കിയതും അവൻ പിടിച്ചു വെച്ചു......

ഇതിന്ന് തീരുമാനം ആയിട്ട് പോയ മതി..... ഏത് കഷ്ടകാലം പിടിച്ച നേരത്ത പടച്ചോനെ തല്ലാൻ തോന്നിയത്.... അല്ലെങ്കിലേ മൂപ്പർ കലിപ്പിലാണ്...... ഇവളെ തല്ലിയത് അറിഞ്ഞ എന്റെ കാര്യം പോക്കാ...... മൊത്തത്തിൽ നീയങ്ങ് ഏറ്റെടുത്ത മതി......

ഒന്ന് പോടാ മാര്യേജ്ന് തിളങ്ങാൻ ഫേഷ്യൽ ചെയ്തു മിനുക്കിയ മോന്തയാ.... അത് നിന്റെ ഇജുക്കക്ക് തല്ലി പഠിക്കാൻ കൊടുക്കാം.... നീ വായും പോളന്നു നിൽക്ക്.... നിന്റെ ഇജുക്ക അല്ലേ അപ്പോൾ സ്വന്തം മോന്ത അങ്ങ് കൊടുത്ത മതി.....

ഇനു ഇവരെ തല്ല് നോക്കി കണ്ണ് മിഴിച്ചു നോക്കി നിന്നു...... രണ്ടും കൂടി എന്നെ ഈ പരുവത്തിൽ ആക്കിയിട്ട് കാലുമാറുന്നോ

റിസ അവളെ മുഖം പിടിച്ചു നോക്കി വഴക്ക് വേണ്ടാ

നോക്കിയേ എന്ന് പറഞ്ഞു.... അവൾ കുറെ ക്രീം എടുത്തു മുഖത്ത് തേച്ചു മിനുക്കി... ....

ലിപ്സ്റ്റിക് എടുത്തു കട്ടിയിൽ വരഞ്ഞു.....

ഇപ്പോൾ പ്രോബ്ലം സോൾവ് ആയല്ലോ റിസ പറഞ്ഞതും അവർ തിരിഞ്ഞു നോക്കി...

മേക്കപ്പ് കൊണ്ടുള്ള ഒരു ഗുണം നോക്കിയേ.... കള്ളത്തരം മറക്കാൻ ഉള്ള ഓരോ ഐറ്റംസ്...... ഇനു കണ്ണാടിയിൽ നോക്കി ചിരിയോടെ പറഞ്ഞു......

ശഹി പെട്ടെന്ന് അവളെ ചുണ്ടിലേക്ക് തന്നെ നോക്കി....... പിന്നെ റിസയെയും...

എന്താടാ നല്ല രസം ഇല്ലേ കാണാൻ..... അവൾ ലിപ്സ്റ്റിക് ഒന്നൂടി വരഞ്ഞു അവനെ നോക്കി ചുണ്ട് കോട്ടി.....

നീയെന്താപ്പോ പറഞ്ഞെ ......

എന്ത് പറഞ്ഞു......

ലിപ്സ്റ്റിക് ഇടുന്നെന്ന് മുന്നേ......

കള്ളത്തരം മറക്കാൻ ഉള്ള ഓരോ ഐറ്റംസ്.....

യെസ്...... അവൻ പെട്ടെന്ന് റിസക്ക് നേരെ

തിരിഞ്ഞു.....

റിസ നിന്റെ കള്ളത്തരം മറക്കാനുള്ള ഒരു കാട്ടികൂട്ടൽ ആണ് ആ മേക്കപ്പ്...... ഈ ലിപ്സ്റ്റിക് പോലും ഐ ആം എ കറക്റ്റ്......

അവളുടെ മുഖം വിളറി വെളുക്കുന്നത് ശഹി കണ്ടു..... അവൾ ഫൈസിയെ നോക്കി... ഫൈസിയും ദയനീയമായി അവളെ നോക്കി.

നിനക്ക് ഇപ്പൊ അങ്ങനെ തോന്നാൻ കാരണം..... ഫൈസ് മുഖം ചുളിച്ചു അവന്നെ നോക്കി...

റിസയുടെ ആക്റ്റീട്യുട് തന്നെ...... റംസിതയും നീയും സമിയും ഒക്കെ ഞാൻ കണ്ടിട്ടുണ്...... നിങ്ങളൊക്കെ മോഡേൺ ആണെങ്കിലും ഇമ്മാതിരി കാട്ടികൂട്ടൽ ഇല്ല.....മാത്രം അല്ല റിസയുടെ ആക്റ്റീട്യുട് വെച്ച് ബോൾഡ് നെവർമയിന്റ് സ്വഭാവം ആണ്..... അങ്ങനെ ഒരാൾ ഇത് പോലെ നോ വേ.......ഫൈസിക്ക് ഇത് പോലെ വേഷം കെട്ട് ഇഷ്ടം അല്ല.... ഫൈസിയുടെ പെറ്റ് അല്ലേ ഇവൾ......എന്നിട്ടും ഫൈസിക്ക് ഒരു പ്രോബ്ലം ഇല്ല ഇങ്ങനെ നടക്കുന്നതിൽ .... അതോണ്ട് തോന്നി.......

എന്റെ ഇഷ്ടം ആണ്..... ഞാൻ എങ്ങനെ ഡ്രസ്സ്

ചെയ്യണം.... മേക്കപ്പ് ചെയ്യണം എന്ന്..... അതിലാരും ഇടപെടേണ്ട.....ശൗട്ട് ചെയ്യുന്ന പോലെ പറഞ്ഞു അവൾ ഇറങ്ങിപോയി.....

ഞാൻ ചുമ്മാ പറഞ്ഞതാ അവൾക്ക് ദേഷ്യം പിടിക്കുന്നു കരുതിയില്ല.... ശഹി കുറ്റബോധത്തോടെ ഫൈസിയെ നോക്കി

നീ പറഞ്ഞത് സത്യം ആണ്..... ഈ ദേഷ്യം പിടിച്ചു പോയതും നീ കൂടുതൽ ചോദിക്കാതിരിക്കാനാണ്...

ശഹിയും ഇനുവും ഞെട്ടലോടെ അവനെ നോക്കി.....

സംഭവം കേട്ട കോമഡി ആണ്..... അവൾക്ക് ഒരു പ്രണയം ഉണ്ടായിരുന്നു...

....... അവൻ ബാക്കി പറയാൻ നോക്കുമ്പോഴാ ഒരലർച്ച കേട്ടത് ...... ഫൈസ് പറയുന്നത് നിർത്തി ഓടി...... ബാക്കിയുള്ളവർ പിറകെയും......

റാനിയുടെ ശബ്ദം ആണെന്ന് അറിഞ്ഞതും എല്ലാവരും ആ റൂമിലേക്ക് ഓടി....... ഇജു അവളെ വാ പൊത്തിപ്പിടിച്ചു നില്കുന്നത് കണ്ടു......

അവരെ കണ്ടതും പരുങ്ങലോടെ അവളെ വിട്ടു..... റാനി ഇനുനെ കണ്ടതും അവളെ പോയി

കെട്ടിപിടിച്ചു കരഞ്ഞു....... അപ്പോഴേക്കും എല്ലാവരും അവിടെ എത്തിയിരുന്നു

എന്താടി കരയുന്നെ എന്ത് പറ്റി....

അവളൊന്നും മിണ്ടിയില്ല..... ഇനുവിന്റെ ചുമലിൽ മുഖം പൂഴ്ത്തി....

എല്ലാവരും ഇജുവിനെ നോക്കി...

അത്..... ഞാൻ ഇവളോട് സംസാരിക്കാൻ വന്നതായിരുന്നു...... പെട്ടന്ന് ഇവൾ നിലവിളിച്ചു.... ഞാൻ പേടിച്ചു വാ പൊത്തിയതാ എനിക്കൊന്നും അറീല എന്താ സംഭവം എന്ന്......

എല്ലാവരും രൂക്ഷമായി അവനെ നോക്കി.

അവന്റെ കലിപ്പ് അറിയുന്നൊണ്ട് അവൻ ഉപദ്രവിച്ചതാനൊന്ന് എന്നുള്ള ഭാവം എല്ലാരേം നോട്ടത്തിൽ ഉണ്ടായിരുന്നു.....

ടാ സത്യം ആണോ...... നദീം അവനെ ചുഴിഞ്ഞു നോക്കി....

ഇജു കലിപ്പോടെ അവളെ നോക്കി..

ടീ കോപ്പേ സത്യം പറയെടി ഞാൻ നിന്നെ

എന്തെങ്കിലും ചെയ്തോ..... ഇജു അവളെ നോക്കി അലറി......

അവൾ ഇനുവിനെ ദയനീയമായി നോക്കി

അവളെ ചെവിയിൽ മെല്ലെ പറഞ്ഞു.

ടീ ഇങ്ങേര് ഒരു വരവ് വന്നിന് കണ്ണൊക്കെ ചുവന്നു മുഖം ദേഷ്യം കൊണ്ട് വിറച്ചു. എന്നെ നോക്കിപ്പേടിപ്പിച്ചു തല്ലാൻ വരണപോലെ ..... കണ്ടപ്പോ എനിക്ക് നമ്മുടെ വീടിനടുത്തുള്ള ക്ഷേത്രത്തിൽ ഉള്ള വെളിച്ചപ്പാട് തുള്ളുന്ന ആളെ ഓർമ വന്നത്. നിനക്ക് അറിയാലോ എനിക്ക് ആകെ പേടിയുള്ള ഒരാള അത്...... നിന്റെ ഇജുക്കനെ കണ്ടപ്പോ വെളിച്ചപ്പാട് തുള്ളുന്ന ഓർമ വന്നേ അറിയാതെ നിലവിളിച്ചു പോയി......

ഇനു ചിരി വന്നതുംവാ പൊത്തിപിടിച്ചു....

അത് നന്നായി അല്ലെങ്കിൽ നിന്നെ ഇപ്പൊ ചുമരിൽ നിന്നും വടിച്ചെടുക്കേണ്ടി വന്നേനെ...... അവൾ മനസ്സിൽ ഓർത്തു...

ഇജു കലിപ്പോടെ നോക്കി നില്കുന്നത് കണ്ടു..... രണ്ട് പൊട്ടിച്ചു വിവാഹത്തിൽ നിന്നും പിന്മാറാൻ

പറയാനാ വന്നത്..... ഇതിപ്പോ ഒന്നിനും പറ്റിയും ഇല്ല..... ആകെ നാണക്കേട് ആയി..... അവൻ മുഷ്ടി ചുരുട്ടി പിടിച്ചു.....

എനിക്കീ കല്യാണം വേണ്ടാ..... ഞാൻ വീട്ടിൽ പോവ്വാ..... എനിക്കെങ്ങും വയ്യ ഈ കലിപ്പനെ വിവാഹം കഴിക്കാൻ...... ഞാൻ അറ്റാക്ക് വന്നും ചാകും ഇങ്ങേരെ കെട്ടിയാൽ.....എന്നെ ഒന്ന് രക്ഷിക്കെടി പ്ലീസ്........അവൾ ഇനുവിന്റെ തോളിൽ നിന്നും മുഖം ഉയർത്താതെ മെല്ലെ പറഞ്ഞു......

ഇജുക്ക...... അവൾ ഉറക്കെ വിളിച്ചു....

അവൻ ഞെട്ടലോടെ ഇനുവിനെ നോക്കി.

ഇജുക്ക വിവാഹം മുടക്കാൻ ഇവളെ ഉപദ്രവിക്കാൻ നോക്കിയോ അതാണോ റാനി കരയുന്നത് അവൾ കണ്ണും തിരുമ്മി കരയുന്നപോലെ ചോദിച്ചു.

അത് കണ്ടതും ഇജുന്ന് സങ്കടം വന്നു.

ജന്ന.... ഞാൻ ഒന്നും ചെയ്തില്ല..... നിന്നാണെ സത്യം.....

പിന്നെന്തിനാ ഇങ്ങോട്ട് വന്നത്...... ഇജുക്കക്ക് എന്താ റാനിയുടെ റൂമിൽ കാര്യം......

അത് ചുമ്മാ ഇത് വഴി പോയപ്പോൾ വെറുതെ.... ഒന്ന് കേറീതാ..... അവൻ വിക്കി വിക്കി പറഞ്ഞു......

എൻഗേജ്മെന്റ്ന് സമ്മതം അല്ലേ ഇജുക്കക്ക്......

സമ്മതം ആണ് പല്ല് കടിച്ചു പിടിച്ചു റാനിയെ നോക്കി പറഞ്ഞു..... നിന്റെ ഐഡിയ ആണെന്ന് എനിക്ക് അറിയാടി ഇതെല്ലാം..... എൻഗേജ്മെന്റ് പെണ്ണ് ഉണ്ടായാൽ അല്ലേ നടക്കു. അതിന്ന് മുൻപ് ഞാൻ നിന്നെ ഇവിടെ നിന്നു ഓടിച്ചിരിക്കും..... അവൻ അവളെ നോക്കി മനസ്സിൽ പറഞ്ഞു.

ഇജുക്ക ഇനി കല്യാണത്തിന് മുൻപ് ഒരിക്കലും ഒറ്റക്ക് ഇവളെ ഞാൻ മുന്നിലേക്ക് വിടില്ല നോക്കിക്കോ ഒരു ചെറുചിരിയോടെ അവളും മനസ്സിൽ ഓർത്തു....

ഫക്ഷന് ടൈം ആയി എല്ലാരും പോയി ഒരുങ്ങാൻ നോക്ക് അമ്മിജാൻ പറഞ്ഞത് മുതിർന്ന എല്ലാരും ഇറങ്ങി പോയി... ഇജാസ് അവളെ നോക്കിപേടിപ്പിച്ചു പോയി.....

ബാക്കിയുള്ളവർ അവിടെ നിന്നു.....

അവർ പോയതും ഇനു പൊട്ടിച്ചിരിക്കാൻ തുടങ്ങി

ചിരിച്ചു ചിരിച്ചു വീഴുന്ന അവളെ കണ്ടു എല്ലാരും കണ്ണും മിഴിച്ചു നോക്കി....

എന്താടി കാര്യം.... യാഷ് അവളെ പിടിച്ചു നിർത്തി...... പറഞ്ഞിട്ട് ചിരിക്ക് ബാക്കിയുള്ളവർ പൊട്ടന്മാർ ആക്കാതെ

അവൾ റാനി പറഞ്ഞത് പറഞ്ഞു...

വെളിച്ചപ്പാടൊ...... അതും പെൺകുട്ടികൾ ആരാധനയോടെ നോക്കുന്ന ഹാൻഡ്സം അങ്ങേരെ കണ്ടിട്ട് നിനക്ക് വെളിച്ചപ്പാട് ആയാണോ തോന്നിയത്..... എന്ത് ദുരന്തം ആടി നീയൊക്കെ..യാഷ് തലയിൽ കൈ വെച്ചു റാനിയെ നോക്കി

അവൾ ചമ്മലോടെ തലതാഴ്ത്തി...... റിസ അത് കേട്ടതും റാനിയെ നോക്കി ചിരിക്കാൻ തുടങ്ങി അതിന്റെ പിറകെ ബാക്കിയുള്ളോരും കൂടി വന്നതോടെ കൂട്ടച്ചിരി മുഴങ്ങി......

നദീം ജുനുവിനെ നോക്കി...... എന്തോന്നെടെ ഇത്.....

ഇനിയും എന്തൊക്കെ കാണാൻ കിടക്കുന്നു...... ഞാൻ അനുഭവിച്ചത് വെച്ചു നോക്കുമ്പോ ഇതൊക്ക

എന്തോന്ന് ഫൈസ് ആത്മഗതം പോലെ പറഞ്ഞു....

ലോകദുരന്തവും ഭൂലോക ദുരന്തവും ഇടത്തും വലതും എന്റെ ഇജ്ജുക്കന്റെ ഒരു ഗതി..... ഇതിന്ന് മാത്രം അങ്ങേര് എന്ത് പാപം ആണാവോ ചെയ്തത്.... അങ്ങേര് കുറച്ചു വെള്ളം കുടിക്കും ഈ പോക്ക് പോയാൽ ശഹി താടിക്ക് കൈ വെച്ചു പറഞ്ഞു ....

പിന്നെ അവരിലേക്കും ചിരി പടർന്നു....

❤️❤️❤️❤️

ഇജ്ജു കിണഞ്ഞു പരിശ്രമിച്ചിട്ടും റാനിയെ തനിച്ചു കിട്ടിയില്ല..... ഇനു കൈ വിടാതെ പിടിച്ചു നടന്നു...... അത് കൊണ്ട് പെട്ടത് ഫൈസ് ആയിരുന്നു..... ഇനുവിനെ തനിച്ചു കിട്ടാതെ അവനും അരിശം കടിച്ചമർത്തി നടന്നു......

വൈകുന്നേരം ഹൽദി ഫൻക്ഷൻ വേണ്ടി ആ വീടൊരുങ്ങി....... ഫക്ഷന് വേണ്ടി ഒരുങ്ങിയിറങ്ങി വരുന്ന ആ പെൺപടകളെ കണ്ടു എല്ലാരും കണ്ണെടുക്കാതെ നോക്കി നിന്നു... ഇനു ബേബി പിങ്ക് കളർ ഉള്ള ലഹങ്ക ആയിരുന്നു ഇട്ടത്..... നിറയെ സ്റ്റോൺ വർക്ക് ആയി തിളങ്ങി നിൽക്കുന്ന

ഡ്രെസ്സിൽ അതിനേക്കാൾ സുന്ദരി ആയി അവൾ തിളങ്ങി നിന്നു....... മുടി ബംഗിയായി മടഞ്ഞു മുന്നിലേക്ക് ഇട്ടു...... മുഖത്തെ പാടും ചുണ്ടിലെ പാടും കാണാതിരിക്കാൻ ആയി ആദ്യം ആയി മേക്കപ്പ് ഇട്ടിരുന്നു...... അവളുടെ സൗന്ദര്യം കൂട്ടിയെ ഉള്ളൂ അത്..... ആഭരണം എന്ന് പറയാൻ കഴുത്തിൽ അതെ കളർ സ്റ്റോൺ വെച്ച വലിയ നെക്ക്ലേസ് അതിന്റെ തന്നെ ഇയരിങ്സ് വളകകളും കരിനീലക്കണ്ണുള്ള ആ രാജകുമാരിയെ കണ്ടു ഫൈസ് പോലും ഒരുവേള കണ്ണിമവെട്ടാതെ അസൂയയോടെ നോക്കി

ആ വീട്ടിൽ ഉള്ള എല്ലാവരും പിങ്ക് കളർ ഡ്രസ്സ് തന്നെ ഇട്ടിരുന്നത്...... ബോയ്സ് അത് പോലുള്ള കുർത്തയും..... ശദയുടെയും റിസയുടെയും ഡ്രസ്സ് സെലക്ഷൻ ആണ്..... കല്യാണഡ്രസ്സ് ഫൈസ് എടുക്കുന്നോണ്ട് മൈലാഞ്ചി ഫക്ഷൻ ഇടാൻ ഉള്ള ഡ്രസ്സ് ഇജാസ് വിട്ടു തരില്ല എന്ന് ആദ്യമേ പ്രഖാപിച്ചോണ്ട് ഹൾദി ഷദ ഏറ്റെടുത്തു. റിസ ഫാഷൻ ഡിസൈൻ ആണ് പഠിക്കുന്നത് അത് കൊണ്ട് തന്നെ അവളെയും കൂടെ കൂട്ടി. ജുനു സന്തോഷത്തോടെ ഇജാസിന് വിട്ടു കൊടുത്തു

എല്ലാത്തിൽ നിന്നും വിട്ടു നിന്നു. തന്റെ ആഗ്രഹം പോലെ ഒരിക്കൽ അവളുടെ വിവാഹം നടത്തിയതാണ് അത് കൊണ്ട് തന്നെ ഈ വിവാഹം ഇജാസ് നടത്തിയ മതി എന്നൊരു ചിന്ത കൂടി ഉണ്ടായിരുന്നു അതിന്റെ പിന്നിൽ....

ഒരു രാജകുമാരിയെ പോലെ ഒരുങ്ങി വരുന്ന അവളെ കണ്ടു സന്തോഷം കൊണ്ട് കണ്ണ് നിറഞ്ഞു.

എല്ലാവരും കണ്ണ് വെച്ചു കഴിഞ്ഞെങ്കിൽ വാ മോളെ കേക്ക് കട്ട് ചെയ്തു നമുക്ക് ചടങ്ങ് തുടങ്ങാം ...... കേക്ക് കൊണ്ട് വന്നപ്പോ തൊട്ട് കൊതി അടക്കിപിടിച്ചു നിൽക്കുവാ.......യാഷ് അത് പറഞ്ഞു അവളെ കയ്യിൽ പിടിച്ചു......

നിൽക്ക് നിൽക്ക് അതിന്ന് മുന്നേ വേറൊരു ചടങ്ങ് ഉണ്ട്...... അമ്മിജാൻ പറഞ്ഞു.

അതെന്ത് ചടങ്ങ്..... എല്ലാവരും അവരെ നോക്കി......

ഇവരുടെ മോതിരമാറ്റം......

ഇജാസ്ന്റെ മുഖം മാത്രം കൊട്ടപോലെ വീർത്തിരുന്നു... ഇനു അത് കണ്ടു മൈന്റ് ആക്കിയില്ല....

ഷാനു ഷദയും പോയി അവരെ വിളിച്ചോണ്ട് വരൂ...... അമ്മിജാൻ പറഞ്ഞു

ഞാൻ പൊക്കോളാം..എന്റെ ബാബിമാരെ ഞാൻ കൂട്ടിട്ട് വരാം അതും പറഞ്ഞു ഇനു വേഗം മുകളിലേക്ക് പോയി....

നൈഹായെ വിളിക്കാൻ അകത്തേക്ക് കയറിയ അവൾ അവിടെ അവരുടെ സംസാരം കേട്ട് തറഞ്ഞു നിന്നു പോയി.....

നിന്റെയും ശഹിയുടെയും എൻഗേജ്മെന്റ് ഇങ്ങനെ രണ്ട് ലോക്ളാസ് ആൾക്കാരെ കൂടെ ആണോ നടത്തേണ്ടത്...... എല്ലാരും അറിഞ്ഞാൽ കളിയാക്കി ചിരിക്കും..... നൈഹയുടെ ഉപ്പ പറഞ്ഞത് കേട്ടു അവൾക്ക് വല്ലാത്ത സങ്കടം തോന്നി.

അല്ലെങ്കിലും എവിടെയെങ്കിലും നടക്കുന്ന കാര്യം ആണോ ഇവിടെ നടക്കുന്നെ... ഇജാസിന് എത്ര നല്ല കുടുംബത്തിൽ നിന്നും പെണ്ണ് കിട്ടും. എന്നിട്ട് അവൾ കണ്ടു പിടിച്ചത് കണ്ടില്ലേ അസ്ഥിക്ക് വകയില്ലാത്ത ഒന്നിനെ...... (നൈഹയുടെ ഉമ്മ )

അതിന്ന് ജന്നത് രാജകുമാരി പറയുന്നതിന്ന് അപ്പുറം എതിർവാക്ക് ഇല്ലല്ലോ ഇവിടെ...... അവൾ കെട്ടുന്നത്

കോടീശ്വരനെ ആണല്ലോ അതോണ്ട് അവൾക്ക് കുഴപ്പം ഇല്ല.....( ഉപ്പ )

ആ തെണ്ടി ചെറുക്കന്റെ കൂടെ തെരുവിൽ അല്ലേ അവൾ വളർന്നത് പിന്നെങ്ങനെ കൾച്ചർ ഉണ്ടാകും അവൾക്കും.....

നൈഹ എല്ലാം കേട്ടുനികുന്നത് അല്ലാതെ ഒന്നും പറയുന്നില്ലെന്ന് അവൾ കണ്ടു....

അവരെ കൂടാതെ കുറച്ചു ഫാമിലിആൾക്കാർ കൂടി അവിടെ ഉണ്ടായിരുന്നു....

ഇനുവിന്റെ കാതിൽ ബാക്കി അവർ പറഞ്ഞതൊന്നും കേട്ടില്ല ഒന്ന് മാത്രം മുഴങ്ങി കേട്ടു തെണ്ടിചെറുക്കൻ.....

അവളുടെ കണ്ണുകൾ ദേഷ്യത്തിൽ കുറുകി...... ജുനുവിനെ പറ്റി പറഞ്ഞാൽ ആരായലും മാപ്പ് കൊടുത്തിട്ടില്ല അവൾ അതിന്ന് അവസരം ഒരുക്കിയവരോട് പോലും പൊറുക്കറും ഇല്ല.... ഇജുവിന പോലും മാപ്പ് കൊടുത്തിട്ടില്ല.....

നിർത്ത്....... അവൾ ഒച്ചയെടുത്തു പറഞ്ഞതും എല്ലാവരും ഞെട്ടി പകച്ചു അവളെ നോക്കി.....

ഈ എൻഗേജ്മെന്റ് നടക്കില്ല..... അതിന്ന് വേണ്ടി ഒരുങ്ങിക്കെട്ടി ആരും താഴേക്ക് വരികയും വേണ്ട..... ആദം അങ്കിളിന്റെ റിലേറ്റീവ് ആയത് കൊണ്ട് മാത്രം ആണ് ഞാൻ ഇറക്കി വിടാത്തത്.... എല്ലാവർക്കും പോകാം.....ഈ കുടുംബവുമായി ഒരു ബന്ധം ഞാൻ ആഗ്രഹിക്കുന്നില്ല  ഉറച്ച ശബ്ദത്തിൽ അവൾ പറഞ്ഞു തിരിഞ്ഞു നടന്നു.....

ജന്നത്... പിറകിൽ നിന്നും നൈഹ വിളിച്ചെങ്കിലും അവൾ നിന്നില്ല.....

അവൾ റാനിയെയും നാജിയയെയും വിളിച്ചു താഴേക്കു പോയി...... അവളെ റൗദ്ര ഭാവത്തോടെ നോക്കുന്ന നൈഹയുടെ ഉപ്പയെ അവൾ പുച്ഛത്തോടെ നോക്കി.....

നാജിയും  റാനിയും അവരുടെ പാരന്റ്സ് കൂടെ അങ്ങോട്ട് വന്നു.....

മൂന്ന് പേരും ഒരു പോലത്തെ ആഷ് കളർ ഗൗൺ ആയിരുന്നു ഇട്ടത്..... നൈഹായും അവരുടെ കൂടെ താഴേക്കു വന്നത് ഇഷ്ടപ്പെട്ടില്ലെങ്കിലും അവൾ തല്ക്കാലം പ്രോബ്ലം ഉണ്ടാക്കണ്ടെന്ന് കരുതി മിണ്ടാതിരുന്നു....

ഇജുവിന്റെയും ജുനുവിന്റെയും കയ്യിൽ പിടിച്ചു മുന്നിലേക്ക് വന്നു....

എൻഗേജ്മെന്റ്ന് മുൻപ് എനിക്കൊരു കാര്യം എല്ലാവരോടും ആയി പറയാനുണ്ട്.

പെണ്ണിന്റെ വീട്ടിൽ വെച്ച് ആണ് സാധാരണ എൻഗേജ്മെന്റ് നടത്തുക.... ഇന്ന് എന്റെ ഹൽദി ഫൻക്ഷൻ നടക്കുന്നത് കൊണ്ടാണ് ഇവിടെ വെച്ചു നടത്താൻ തീരുമാനം എടുത്തത്..... നിങ്ങൾക്ക് ബുദ്ധിമുട്ട് ആയെങ്കിൽ അതിന്റെ പേരിൽ ഈ കുടുംബത്തിന്ന് വേണ്ടി ഞാൻ മാപ്പ് ചോദിക്കുന്നു. നിങ്ങൾക്ക് ഇഷ്ടം എന്താണോ അത് പോലെ ചെയ്യാൻ ഞങ്ങൾ തയ്യാറാണ് വേണമെങ്കിൽ മറ്റൊരു ദിവസത്തേക്ക് ഈ ചടങ്ങ് മാറ്റി വെച്ചു നിങ്ങളുടെ വീട്ടിൽ വെച്ച് തന്നെ നടത്താം...... നിങ്ങളുടെ ഇഷ്ടം എങ്ങനെ ആണോ അതെ ഇവിടെ നടക്കൂ....റാനിയുടെയും നാജിയുടെയും ഉപ്പാനെ നോക്കി കൈ കൂപ്പി അവൾ പറഞ്ഞു.....

ഇങ്ങനെഒരു കാര്യം ഞാനും ഓർത്തില്ല മോളെ.... നീയല്ല ഞങ്ങൾ ആണ് മാപ്പ് പറയേണ്ടത്.... അതും പറഞ്ഞു അമ്മിജാൻ അവരെ അടുത്തേക്ക്

പോയി...... അവരെ പിറകിൽ ആയി ആ ഫാമിലി മൊത്തം ഉണ്ടായിരുന്നു......

നൈഹയുടെ ഫാമിലി മാത്രം അവിടെ വേർപെട്ട് നിന്നു....... ഇനു അവരുടെ അടുത്തേക്ക് ചെന്നു.....

കണ്ടല്ലോ അർഹിക്കുന്ന ബഹുമാനം പണം നോക്കിയല്ല ഈ കുടുംബം കൊടുക്കാറ്..... പിന്നെ എന്റെ തീരുമാനം ആണ് ഇവിടെ നടക്കുക..... അത് മാത്രം നടക്കൂ....

കാണാം നമുക്ക്......നൈഹയുടെ ഉപ്പ വെല്ലുവിളി പോലെ പറഞ്ഞത് കെട്ട് ആദ്യം ഒന്ന് ഞെട്ടിയെങ്കിലും ശഹി തന്റെ വാക്കുകൾ അംഗീകരിക്കുമെന്നുള്ള ഉറപ്പിൽ അവൾ പുഞ്ചിരിയോടെ പോയി.

ഞങ്ങൾക്ക് സമ്മതം ആണ് എന്നും പറഞ്ഞു റാനിയുടെയും നാജിയുടെയും ഉപ്പ അവരെ കൂട്ടി ഇനുവിന്റെ അടുത്തേക്ക് വന്നു....

മോള് ഞങ്ങൾക്ക് തന്ന ബഹുമാനം തന്നെ മതി ഞങ്ങൾക്ക് നിങ്ങളിൽ ഒരാളായി ഇവരെ കാണുമെന്നുള്ള ഉറപ്പിന് ... മോളെ ഇഷ്ടം എങ്ങനെ ആണോ അത് പോലെ നടത്തിക്കോ എൻഗേജ്മെന്റ്

വിവാഹവും.......

അവരെ നോക്കി പുഞ്ചിരിച്ചു കൊണ്ട് അവൾ റാനിയെയും നാജിയെയും കൂട്ടി ഇജാസിന്റെയും ജുനുവിന്റെയും അരികിലേക്ക് വന്നു......

ഇജാസ് റാനിയെ പുച്ഛത്തോടെ നോക്കി. അവൾ അതിനേക്കാൾ പുച്ഛത്തോടെ മുഖം തിരിച്ചു...... വെളിച്ചപ്പാട് അവൾ പിറുപിറുത്തു.......

ജുനു ഹാപ്പിആയിരുന്നു...... ജുനുവും നാജിയും കണ്ണും കണ്ണും നോക്കി നില്കുന്നത് കണ്ടു ഇനു ഇജാസിനോട് മെല്ലെ പറഞ്ഞു നോക്കിപടിക്ക്.......

ഇതൊരുമാതിരി വെളിച്ചപാടിനെ പോലെ തുള്ളാൻ മാത്രം അറിയാം......

ഇജു അവളെ കലിപ്പിൽ നോക്കിയതും അവൾ ഇളിച്ചു കാണിച്ചു.....

അവൾ റിങ് എടുത്തു രണ്ട് പേർക്കും കൊടുത്തു......

ഒരേ സമയം ഒന്നിച്ചു ഒരുപോലെ റിങ് ഇടണം അവൾ പറഞ്ഞു......

യാഷ് one ടു ത്രീ പറഞ്ഞതും അവർ ഒന്നിച്ചു തന്നെ റിങ് ഇട്ടു.....

ജുനു പ്രണയപൂർവ്വം നാജിയുടെ കയ്യിൽ പിടിച്ചു റിങ് ഇട്ടു കൊടുത്തു......

ഇജു റാനി നീട്ടിയ വിരലിൽ തൊടാതെ എങ്ങനെയൊക്കെയോ ഇട്ടു കൊടുത്തു...

ഇനു അത് കണ്ടു മുഖം ചുളിച്ചു ഇജുവിനെ നോക്കി..... അവൻ മുഖം തിരിച്ചു.....

എല്ലാവരും വിഷ് ചെയ്തു അവരെ.  ഇജുവും റാനിയും ക്ലോസപ്പ് പരസ്യം പോലെ എല്ലാരേയും ബോധിപ്പിക്കാൻ ഇളിച്ചു നിന്നു......

ഇനി എനിക്ക് എല്ലാവരോടും ആയി വേറൊരു കാര്യം പറയാനുണ്ട്.....  അത് പറയുമ്പോൾ ഇനുവിന്റെ നോട്ടം നൈഹയുടെ ഫാമിലിയിൽ ആയിരുന്നു.

എല്ലാവരും അവളെ നോക്കി......

എല്ലാവരും എന്നോട് ക്ഷമിക്കണം ശഹിയുടെ എൻഗേജ്മെന്റ് ഞാൻ ക്യാൻസൽ ചെയ്യുകയാണ്....... നൈഹായുമായുള്ള വിവാഹത്തിന് എനിക്ക് സമ്മതം അല്ല.....

എല്ലാവരും ഞെട്ടലോടെ അവളെ നോക്കി. അപ്പോഴാണ് ഷഹീ മുന്നോട്ട് വന്നത്.....

ഇതെനിക്ക് സമ്മതം അല്ല..... ഐ ലവ് ഹേർ.......
ശഹി നൈഹായെ ചേർത്ത് പിടിച്ചു പറഞ്ഞതും ഇനു മാത്രം അല്ല ആ കുടുംബം മൊത്തം ഞെട്ടിയിരുന്നു.

ആദ്യം ആയി അവളോട് എതിർത്തു പറഞ്ഞത് മാത്രം അല്ല...,... ശഹി അവളെ വാക്കുകൾ ധിക്കരിച്ചു എന്നതായിരുന്നു എല്ലാർക്കും അത്ഭുതവും ഞെട്ടലും......

മനസ്സ് കൊണ്ടും ശരീരം കൊണ്ടും അവൾ തളർന്നു പോയിരുന്നു.... തന്റെ ചുമലിൽ പതിഞ്ഞ ഫൈസിയുടെ കൈക്ക് മുകളിൽ ഒരു ബലത്തിന് എന്നപോലെ അവൾ കൈ വെച്ചു.....

ഇനു..... ഇവിടെ വെച്ചു സീൻ ആക്കല്ലേ. നീ ചുമ്മാ ഒന്നും പറയില്ലെന്ന് എനിക്കറിയാം..,.... നമുക്ക് പിന്നെ സംസാരിക്കാം...... ഫൈസ് പതുക്കെ അവൾക്ക് കേൾക്കൻ മാത്രം പാകത്തിന് പറഞ്ഞു.....

അവൾക്ക് അതൊന്നും മനസ്സിൽ ഇല്ലായിരുന്നു..... ശഹിയുടെ വാക്കുകളിൽ തളർന്നു പോയിരുന്നു അവൾ...... കാരണം പോലും ചോദിക്കാതെ ഇന്നവൻ എന്നെ ധിക്കരിച്ചിരിക്കുന്നു......

ഇപ്പോൾ ഒരിക്കൽ കൂടി ശബ്ദം ഉയർത്തി പറഞ്ഞൽ

അത് ജന്നത്ത് രാജകുമാരിയുടെ തീരുമാനം ആയി മാറും അത് അവന്ന് സങ്കടം ഉണ്ടാക്കുമോ എന്ന ചിന്തയിൽ അവൾ ഒരു തീരുമാനം എടുക്കാൻ പകച്ചു......

അവൾ ഷാഹിയെ നോക്കി..... അവളുടെ മുഖത്തേക്ക് നോക്കാതെ മുഖം താഴ്ത്തി ഉള്ളത്...... അവന്റെ കൈ നൈഹയുടെ കയ്യിൽ മുറുകെ പിടിച്ചിരുന്നു...... അത് കണ്ടതും ഇനു കൂടുതൽ തളർന്നു.....

എന്താ ജന്ന പ്രശ്നം ഇജു അതും ചോദിച്ചു അവളുടെ അടുത്തേക്ക് വന്നു

ശഹിയുടെ മനസ്സിലിരിപ്പ് അറിയാൻ അവൾ ചുമ്മാ പറഞ്ഞതാടാ ..... ഇപ്പൊ എന്തായി ശഹി എല്ലാരേം മുന്നിൽ വെച്ചു അവന്റെ തീരുമാനം ഉറപ്പിച്ചു പറഞ്ഞില്ലേ..

ഫൈസ് ചിരിയോടെ പറഞ്ഞതും എല്ലാരേം മുഖത്ത് ആശ്വാസം വീണു.....

ശഹി മുഖം ഉയർത്തി ഇനുവിനെ നോക്കി.

അവളുടെ കണ്ണുകളെ പിടപ്പ് അവനിൽ നോവുണർത്തി...... ഇത്രയും പേരുടെ മുന്നിൽ വെച്ചു

അവളെ ധിക്കരിച്ചപ്പോൾ നാണക്കേട് തോന്നിയിട്ട് ഉണ്ടാവും അറിയാഞ്ഞിട്ടല്ല...... ഇപ്പോൾ ഇതാണ് ശരി.....

കുറച്ചു മുൻപ് നൈഹയുടെ ഉപ്പ പറഞ്ഞത് അവൻ ഓർത്തു......അവന്റെ മുന്നിലേക്ക് വന്നു ഒരു കാര്യം പറയാൻ ഉണ്ടെന്ന് പറഞ്ഞു കൂട്ടിപൊയി.....

നിനക്ക് ഈ വിവാഹത്തിന് സമ്മതം അല്ല അവളെ സന്തോഷത്തിന്ന് വെറുതെ വേഷം കേട്ടുന്നതാണ്. അങ്ങനെ നിർബന്ധിച്ചു അവന്റെ എൻഗേജ്മെന്റ് നടത്തണ്ട..... അവന്റെ സങ്കടം കാണാൻ വയ്യ.........ഇപ്പോഴാ അവൾക്ക് അത് മനസ്സിലായത്..... അതോണ്ട് ഈ വിവാഹത്തിൽ നിന്നും പിന്മാറണം എന്ന് പറഞ്ഞു എന്റെ കാൽ പിടിച്ചു മാപ്പ് പറയാൻ വന്നു.

അവൻ വിശ്വസിക്കാൻ ആവാതെ ഞെട്ടി നിന്നു.... തന്റെ മനസ്സറിയാൻ അവൾക്ക് കഴിഞ്ഞല്ലോ എന്ന് ഓർത്തു സന്തോഷം തോന്നി..... അപ്പോഴാ ചാറ്റുളി പോലെ  വാക്കുകൾ അവന്നെ പൊതിഞ്ഞത്....

നിനക്ക് ഇല്ലാത്ത സന്തോഷം അവൾക്ക് വേണ്ട...... അവളുടെ വിവാഹവും നടക്കില്ലെന്നു അവൾ സത്യം

ഇട്ടു പറഞ്ഞു...... നിന്നെ വേദനിപ്പിച്ചിട്ട് ഇവിടെ ഒരു ഫക്ഷൻ വേണ്ടന്ന് റാനിയോട് അവൾ സത്യം ഇട്ടു പറയുന്നത് ഞാൻ കേട്ടതാണ്. അതിൽ ശഹി പിടിച്ചു കെട്ടിയ പോലെ നിന്നു...... ഞാൻ കാരണം ഈ വിവാഹം മുടങ്ങരുത് അത് അവനും ഉറപ്പിച്ചിരുന്നു.

ഇനുവിന്റെയും നിന്റെയും സന്തോഷത്തിന്ന് എതിരായി എനിക്കൊന്നും വേണ്ട ഉപ്പ ...... ഞാൻ ഒഴിഞ്ഞു പോകാൻ തയ്യാറാണ്......  ഞാൻ അവനെ ഒരുപാട് സ്നേഹിക്കുന്നുണ്ട്........ നിനക്ക് ഇനു പറഞ്ഞതിന്ന് അപ്പുറം ഒന്നുമില്ലെന്ന് എനിക്ക് അറിയാം..... എന്നേക്കാൾ ഇഷ്ടം അവളെ ആണെന്ന് അറിയാം....... അവരെ പോലെ അവരെ ഉള്ളൂ...... എനിക്ക് അവന്നെ വിധിച്ചിട്ടില്ലെന്ന് കരുതികൊള്ളാം..... അതും പറഞ്ഞു നൈഹ പൊട്ടിക്കരഞ്ഞു കൊണ്ട് എന്നോട്  പറഞ്ഞു.... അവളെ കരച്ചിൽ കാണാൻ വയ്യ...... എന്നാലും സാരമില്ല നിങ്ങൾക്ക് വിഷമം ഉണ്ടാകുന്ന ഒന്നും ചെയ്യണ്ട.... എന്റെ മോളെ വിധി ഇങ്ങനെ ആയിരിക്കും അതും പറഞ്ഞു നിറഞ്ഞ കണ്ണ് തുടച്ചു അയാൾ പോയി....

ഈ വിവാഹം നടക്കണം അതിന്ന് ഇതേ വഴിയുള്ളു.....

സോറി ഇനു മനസ്സ് കൊണ്ട് അവൻ മാപ്പ് പറഞ്ഞു......

വാ കേക്ക് മുറിക്കണ്ടേ..... സന്തോഷം മധുരം കൊണ്ട് തന്നെ നമുക്ക് ആഘോഷിക്കാം ഫൈസ് അവളെ വിളിച്ചെങ്കിലും എന്ത് തീരുമാനം എടുക്കണം എന്നറിയാതെ പകച്ചു നിൽക്കുക ആയിരുന്നു അവൾ..... അവൻ ബലമായി അവളെ കയ്യിൽ പിടിച്ചു വലിച്ചു നടന്നു...... യാന്ത്രികം പോലെ അവൾ നടന്നു ഫൈസ് തന്നെ മുൻകൈ എടുത്തു കേക്ക് മുറിപ്പിച്ചു അവളെ കൈ പിടിച്ചു അവൻ തന്നെ എല്ലാരേം വായിൽ വെച്ചു കൊടുത്തു..... എല്ലാവരും അവളെ വിടാതെ പിടിച്ചതിൽ കളിയാക്കി കൊന്നെങ്കിലും അവൻ എന്ത് വന്നാലും ഇന്ന് ഇവളെ അടുത്തുന്ന് മാറില്ലെന്ന് പറഞ്ഞു......

അവൾ തലതാഴ്ത്തി നിന്നെ ഉള്ളൂ...... എല്ലാവരും നാണം കൊണ്ടാണെന്നു കളിയാക്കി എങ്കിലും താൻ പിടിവിട്ടാൽ തളർന്നു പോകുന്ന് അവന്ന് ഉറപ്പ് ഉള്ളോണ്ടും കൂടുതൽ ചേർത്തു പിടിച്ചു....

**Janam janam janam sath chalna yunhi**

**Qasam tumhe qasam aake milna yahin**

സോങ് പെട്ടന്ന് പ്ലേ ചെയ്തു......

എല്ലാവരെയും അത്ഭുതപെടുത്തി ശഹിയും നൈഹായും ചുവട് വെച്ചു നല്ലൊരു കപ്പിൾ ഡാൻസ് തന്നെ കാഴ്ച വെച്ചു...... ശഹിയുടെ പുഞ്ചിരി നിറഞ്ഞ മുഖം ഞാൻ നേരെത്തെ എടുത്ത തീരുമാനം തെറ്റായിരുന്നു എന്ന് അവളെ തോന്നിപ്പിച്ചു.... അല്ലെങ്കിലും നൈഹ ഒന്നും ചെയ്തിട്ടോ പറഞ്ഞിട്ടോ ഇല്ല....

ശഹിയുടെ സന്തോഷം മാത്രം മതി എനിക്ക്..... നൈഹായെ അവൻ സ്നേഹിക്കുന്നുണ്ട്..... തന്റെ വാക്ക് ധിക്കരിച്ചത് അത് കൊണ്ടാണ്.... അവന്റെ സന്തോഷതേക്കാൾ വലുതായി എനിക്കൊന്നും വേണ്ട.അങ്ങനെ സ്വയം അവൾ ആശ്വസിച്ചു.

ഷദ മുന്നോട്ട് വന്നു..... ഇജുക്കനേയും നദീംമിനെയും ഫൈസിയെയും മുന്നോട്ട് ക്ഷണിച്ചു..... എല്ലാരും കൂടി നല്ലൊരു കപ്പിൾ ഡാൻസ് കളിക്കണം പറഞ്ഞു.... എല്ലാരും കൊറസ് ഇട്ടു പറഞ്ഞതോടെ വേറെ വഴി ഇല്ലാതെ അവർ മുന്നോട്ട് വന്നു.....

ഫൈസ് റിസയെ  മെല്ലെ അടുത്തേക്ക് വിളിച്ചു......

ഡിയോ ഡിയോ ഡസക....... സോങ് പെട്ടെന്ന് ശബ്ദത്തിൽ അവിടെ മുഴങ്ങി....

എല്ലാരും നോക്കി നിൽക്കെ യാഷ് റിസയും മുന്നോട്ട് വന്നു.....

ഞങ്ങൾ സിംഗിൾസിനെ ഇവിടെ വെച്ചു അങ്ങനെ നിങ്ങൾ കപ്പിൾ ഡാൻസ് വേണ്ട എന്നും പറഞ്ഞു റിസ ഒറ്റക്ക് ഡാൻസ് കളിക്കാൻ തുടങ്ങി പിന്നാലെ യാഷ് സമിയും ഷദയും കൂടെ വന്നു..... ഫൈസിയെയും ഇനുവിനെ കൂടി റിസ പിടിച്ചോണ്ട് വന്നു..... ബാക്കി ഉള്ളവർ കൂടി അതിൽ പങ്കെടുത്തോടെ കപ്പിൾ ഡാൻസ് ഗ്രുപ്പ് ഡാൻസ് ആയി മാറി.......

ഇനുവിന്റെ മനസ്സിൽ തീപ്പൊരി പോലെ നൈഹയുടെ ഉപ്പ കിടന്നു......

ഫൈസ് റിസയെ നന്ദിയോടെ നോക്കി..... അവൾ തിരിച്ചു കണ്ണിറുക്കി കാണിച്ചു..... എല്ലാവരും ആഘോഷത്തിൽ മുഴകിയതും ഫൈസ് ഇനുവിന്റെ കൈ പിടിച്ചു അവിടെ നിന്നും മെല്ലെ മുങ്ങി റൂമിലേക്ക് പോയി.....

ഫൈസിയോട് എല്ലാം തുറന്നു പറഞ്ഞപ്പോഴാ അവളുടെ മനസ്സിലെ നീറ്റൽ അടങ്ങിയത്......

നൈഹ ഇതിൽ തെറ്റ് ചെയ്തിട്ടില്ല..... അവൾ ഒരു

പാവം ആണ്.... അത് മാത്രം നോക്കിയ മതി..... ശഹി ഹാപ്പിയാണ് അത് പോരെ നിനക്ക്......അവൻ അശ്വസിപ്പിച്ചു......അവൾ തലയാട്ടി......

ഫൈസ് അവളെ ഇറുക്കെ പുണർന്നു.

ഫൈസിയുടെ നെഞ്ചോരം ചേർന്നു നിന്നപ്പോൾ തന്നെ അവൾക്ക് പാതി ആശ്വാസം തോന്നി.....

എല്ലാവരുടെയും സന്തോഷം കളയണ്ട കരുതി അവളും ഫൈസിയുടെ കൂടെ താഴേക്കു തന്നെ വന്നു..... നൈഹയുടെ ഉപ്പയുടെ മുഖത്തെ പുച്ഛം ശഹിയുടെ മുഖത്തെ പുഞ്ചിരിയിൽ അവൾ മായിച്ചു കളഞ്ഞു...... ആട്ടവും പാട്ടും ഒക്കെ ആയി സന്തോഷത്തിൽ കുതിർന്ന ആ രാവും കഴിഞ്ഞു..... ഇനായ ഫൈസ് മാര്യേജ്ന് വേണ്ടി ഒരുങ്ങിക്കൊണ്ട് ജന്നത് മഹൽ വീണ്ടുമൊരു പുലരിയെ സ്വാഗതം ചെയ്തു.

❤️💔INVISIBLE LOVE 💔❤️

Love after 💘marriage (പാർട്ട് 85)

അവന്റെ നെഞ്ചിലാണ് ഉള്ളതെന്ന് അറിഞ്ഞതും ഒരു പുഞ്ചിരിയോടെ അവന്റെ നെഞ്ചിൽ ചുണ്ടമർത്തി

ഒന്നുടെ കെട്ടിപിടിച്ചു..... പെട്ടന്ന് ആണ് ഓർമ വന്നത് ഇവൻ എന്താ ഇവിടെ...... അവൾ ഞെട്ടിഴുന്നേറ്റു......

അവിടെ കിടക്ക് കുറിപ്പേ കുറച്ചു കഴിഞ്ഞു എഴുന്നേൽക്കാം.....

ആരേലും ഇപ്പൊ വരും നേരം വെളുത്തു...

ആരും വരില്ല എല്ലാം ഇന്നലെ എന്താരുന്നു തുള്ള്..... ക്ഷീണം കാരണം ഇപ്പോഴൊന്നും എഴുന്നേൽക്കില്ല..... അതും പറഞ്ഞു വീണ്ടും കിടക്കാൻ പോയതും അവൾ പിടിച്ചു എഴുന്നേൽപ്പിച്ചു.....

ഉമ്മ ഇപ്പൊ വരും ഫൈസ് അല്ലെങ്കിലേ എല്ലാരും കളിയാക്ക എന്നെ കിസ്സ് തന്നത് പറഞ്ഞിട്ട്...... ഇതുടെ കണ്ട തീർന്നു.... തലയിൽ മുണ്ടിട്ടു നടക്കാം....

ടീ നീയെന്റെ ഭാര്യയാ അല്ലാതെ വീട്ടിലേ വേലക്കാരിയല്ല അവൻ മുഖം ചുളിച്ചു....

ഈ വീടിന് പുറത്തു ആണ് ഭാര്യ..... ഈ വീട്ടിൽ ഭാര്യ ആകണമെങ്കിൽ ഇന്ന് ഒരു ദിവസം കൂടി കഴിയണം .... വീട്ടുകാർക്ക് മാത്രം ആയിരിക്കും ഭാര്യ......എനിക്ക് എപ്പോഴും ഫ്രണ്ട് തന്നെ ആയിരിക്കും...... അതോണ്ട് മര്യാദക്ക് പോകാൻ നോക്ക്...

അവൻ ദേഷ്യത്തോടെ അവളെ നോക്കി

പാലം കടക്കുമ്പോൾ നാരായണ നാരായണ പാലം കടന്ന......... ബാക്കി പറയാതെ അവൻ പല്ല് കടിച്ചു......

അവൻ പെട്ടന്ന് അവളെ മുഖം കയ്യിലെടുത്തു കവിളിൽ ആഞ്ഞു കടിച്ചു

അവൾ വേദന കൊണ്ട് എരിവ് വലിച്ചു.....

തിരിച്ചും കിട്ടുന്നു ഉറപ്പുള്ളൊണ്ട് അവൻ വാതിൽ അടച്ചു ഓടി....... അവൾ ചിരിയോടെ കവിളിൽ തലോടി...... വീണ്ടും ബെഡിലേക്ക് വീണു....

നിന്റെ കൂടെ നിന്റെ നെഞ്ചിൽ അധികാരത്തോടെ കിടക്കാൻ ഒരു ദിവസം കൂടി മതി അവൻ കിടന്ന ഭാഗത്തു തലോടി അവൾ പറഞ്ഞു പിന്നെ അവിടെ മുഖം ചേർത്ത് വെച്ചു കിടന്നു.....

നൈഹ കരഞ്ഞോണ്ട് ഉപക്ക് വേണ്ടി മാപ്പ് പറഞ്ഞു.... അത് കേട്ടപ്പോൾ കുറച്ചു ടെൻഷൻ മാറിക്കിട്ടി.

രാത്രി ഷഹിയും റൂമിലേക്ക് വന്നു സോറി പറഞ്ഞെങ്കിലും നൈഹയുടെ ഉപ്പയുടെ മുഖം ഓർത്തതും ടെൻഷൻ ആയിരുന്നു ഉറക്കം വരാതെ

തിരിഞ്ഞും മറിഞ്ഞും കിടക്കുമ്പോഴാ ഫൈസ് വന്നത്.... അവനെ കെട്ടിപിടിച്ചു അവന്റെ നെഞ്ചിൽ മുഖം പൂഴ്ത്തി തന്റെ ടെൻഷന്റെ ഭാരം ഇറക്കി വെക്കുമ്പോഴാ അവൻ പറഞ്ഞത്...... നൈഹയുടെ ഫാമിലി പോയി ഇനി വരില്ലെന്ന്.......

അവൾ ഞെട്ടലോടെ അവനെ നോക്കി....

എന്റെ വൈഫിയെ സങ്കടപെടുത്തുന്ന ഒരാളും ഇവിടെ വേണ്ട...... സന്തോഷങ്ങൾ മാത്രം മതി ഈ വിവാഹത്തിന് സങ്കടങ്ങൾ പടിക്ക് പുറത്ത്...... അവൻ അവളെ നെറുകയിൽ ചുണ്ടമർത്തി......

എന്താ ചെയ്ത അവരെ അവൾ പേടിയോടെ അവനെ നോക്കി....

നേരെ അവരെ റൂമിൽ പോയി.... ഒറ്റ ചോദ്യം ചോദിച്ചുള്ളൂ അഞ്ചു മിനിറ്റ് സമയം തരും ഇവിടെ നിന്നും എല്ലാവരെയും കൂട്ടി പോകാൻ...... അല്ലെങ്കിൽ നൈഹയെ കൂട്ടി എന്നെന്നേക്കുമായി ഇറങ്ങാം എന്ന്......

അടുത്ത സ്പോട്ടിൽ അവർ പോയി ദാറ്റ്സ് ഓൾ.....

ഫൈസിന്റെ സ്വഭാവം വെച്ചു സമാധാനത്തിൽ ഒന്നും

പറഞ്ഞിട്ട് ഉണ്ടാകില്ലന്ന് അറിയാം...... എന്തായാലും ശല്യങ്ങൾ പോയല്ലോ അതിൽ അവൾ ആശ്വാസം തോന്നി......

ഷുദ്ര ജീവികൾ ഒന്നും വേണ്ട നമ്മുടെ കല്യാണത്തിന്...... ചിരിച്ച മുഖം മാത്രം മതി..... അവൻ അവളെ നിറഞ്ഞ കണ്ണുകൾ തുടച്ചു പറഞ്ഞു.....

അതെ ഇന്നീ ലോകത്ത് ഞാൻ തന്നെ ആയിരിക്കും സന്തോഷവതി..... സ്നേഹത്തിൽ പൊതിയുന്ന ആ കുടുംബത്തെ ഓർത്തതും അവളെ മനസ്സിലും ശരീരത്തിലും സന്തോഷവും മനസ്സമാധാനവും പടർന്നു......

❤️❤️❤️❤️❤️

ഇനായ സ്റ്റെപ്പ് ഇറങ്ങി വരുമ്പോഴാ സ്റ്റെപ്പിൽ എന്തോ തട്ടി വീഴാൻ പോയത്....

നൈഹ പെട്ടന്ന് അവളെ പിടിച്ചു..... ഇനുവിന്റെ കാൽ സ്റ്റെപ്പിന് വെച്ചടിച്ചിരുന്നു.... അവൾക്ക് നല്ല വേദന തോന്നി..... അവൾ അവിടെ തന്നെ ഇരുന്നുപോയി.....

നൈഹ അവളെ അടുത്ത് ഇരുന്നു അവളെ കാലിൽ

പിടിച്ചതും ഇനു ഞെട്ടലോടെ അവളെ തടഞ്ഞു.....

ഞാൻ തടവിക്കൊള്ളാം.... അവൾ കാൽ വലിച്ചു....

നിന്റെ കാൽ പിടിച്ചതോന്നും അല്ല പെണ്ണെ.... കല്യാണം ആണ് വരുന്നേ കല്യാണപെണ്ണ് ഞൊണ്ടി ഞൊണ്ടി നടക്കും അല്ലേൽ..... നൈഹ ചിരിയോടെ പറഞ്ഞു അവളെ കാൽ പിടിച്ചു തടവി കൊടുത്തു......

ഇനു അവളെ തന്നെ നോക്കി.... ഒരു ജാടയോ അഹങ്കാരം ഒന്നും ഇല്ല..... ഒരു പാവം കുട്ടി. ഇന്നലെ ഫൈസ് തടഞ്ഞില്ലെങ്കിൽ വലിയൊരു തെറ്റായേനെ അത്....

നെയെന്താടി എന്റെ പെണ്ണിനെ കൊണ്ട് കാൽ പിടിപ്പിക്കുന്നോ ഇനുവിന്റെ തലയിൽ ഒരു കോട്ട് കൊട്ടി ഷാഹി അവിടെ വന്നിരുന്നു.....

പോടാ ഒന്ന് സ്ലിപ്പ് ആയി.... കാലിടിച്ചപ്പോ തടവി തന്നതാ.... വേണ്ടെന്നു പറഞ്ഞത കേൾക്കണ്ടേ ഈ പെണ്ണ്...... അത് പറഞ്ഞു അവൾ എണീറ്റു കാൽ അനക്കി.

ഇപ്പൊ ശരിയായി.... താങ്ക്സ് നൈഹ.....

ടീ ശരിക്കും ഒക്കെ ആണോ ഹോസ്പിറ്റലിൽ

പോണോ..... ഷഹി ചോദിച്ചു

ഇല്ലടാ ഇപ്പൊ കുഴപ്പം ഇല്ല..... പിന്നെ ഇജ്ജുക്കയോട് പറഞ്ഞേക്കല്ലേ ഇത്.... എന്റെ കല്യാണം ആണെന്നൊന്നും നോക്കുല icu കിടത്തും എന്നെ.... അതും പറഞ്ഞു അവൾ പോയി....

ഷഹി നൈഹായെ നോക്കി......

അവൾ ഒന്ന് പുഞ്ചിരിച്ചു കൊണ്ട് പോയി.

അവനിലും നിറഞ്ഞു നിന്നു ആ പുഞ്ചിരി.

ഇനുവിനോടുള്ള അവളുടെ ഇഷ്ടം അവന്റെ മനസ്സിലും നൈഹക്ക് ഒരിടം കൊടുക്കുന്നത് അവൻ അറിഞ്ഞു.

അവന്റെ മുഖത്തെ പുഞ്ചിരി കണ്ടു അവരെ നോക്കിയ ഇനുവിലും പുഞ്ചിരി വിടർന്നു.....

❤️❤️❤️❤️

റിസ ഗാഡനിൽ ഇരിക്കുമ്പോഴ ശഹി അത് വഴി വന്നത്

മറിയാമ്മോ...... ശഹി ഉച്ചത്തിൽ വിളിച്ചു.

റിസ ചുറ്റും നോക്കി..... അവൾ അല്ലാതെ വേറാരും

അവിടെ ഇല്ലായിരുന്നു...

ടീ മറിയാമ്മോ... തല കറക്കണ്ടെ നീ തന്നെ മറിയാമ്മ....

അവൾ മുഖം കൂർപ്പിച്ചു അവനെ നോക്കി.

എനിക്കൊരു പേരുണ്ട് റിസ മറിയം....

അത് വിളിക്കാൻ ഒരു ഗും ഇല്ല.... മറിയാമ്മ അതാണ് നല്ലത്.... ഞാൻ ഫിക്സ് ആക്കി മറിയാമ്മോ ഇനി മാറില്ല

ഇങ്ങനെ പോയ നിന്റെ പല്ലിന്റെ എണ്ണം കുറഞ്ഞു എല്ലിന്റെ എണ്ണം കൂടും പറഞ്ഞില്ലെന്നു വേണ്ട..... അവൾ മുഷ്ടി ചുരുട്ടി പറഞ്ഞു....

ഓഹ് പിന്നെ എന്റെ കൈ മാങ്ങ പറിക്കാൻ പോകും അപ്പോൾ... ഒന്ന് പോയെടി മറിയാമ്മോ....

അവൾ മുഖം കോട്ടി ഫോണിലേക്ക് നോക്കി ഇരുന്നു......

എന്താപ്പോ ഇതിൽ ഇങ്ങനെ മുങ്ങാൻ കുഴിയിട്ട് നോക്കാൻ..... വല്ല ന്യൂ ലിപ്ലോക്ക് നോക്കി പഠിക്കണോ അവൻ ഫോണിലേക്ക് തലപൊന്തിച്ചു നോക്കി ചോദിച്ചു....

ദേ ശഹി...... ചുമ്മാ ചൊറിയാൻ നിൽക്കല്ലേ..... പോകാൻ നോക്ക്.... അല്ലേലെ ഇന്നത്തെ ദിവസം പോക്കാ ഓരോന്ന് കെട്ടിയെടുത്തോളും അവൾ പിറുപിറുത്തു........

ആക്ച്ചുവലി ലവ് ഫയിൽ ആയാൽ ആൺപിള്ളേർ സിഗരറ്റ് കഞ്ചാവ് മദ്യം എന്നിങ്ങനെയുള്ള ഐറ്റംസ് യൂസ് ചെയ്യും...... ഗേൾസൊക്കെ മേക്കപ്പ് ഇട്ട നടക്ക..... ഞാൻ ആദ്യം ആയി കാണാ ഇതൊക്കെ..... അവൻ ദൂരേക്ക് നോക്കി ആരോടെന്നില്ലാതെ പറഞ്ഞു....

അല്ലാതെ പിന്നെ നിന്നെപ്പോലെ ഉള്ളിൽ കരഞ്ഞു പുറമെ ചിരിച്ചു ജോക്കർ പോലെ നടക്കാം അവൾ പുച്ഛത്തോടെ തിരിച്ചു പറഞ്ഞു......

ഞാൻ കരയാർ ഒന്നും ഇല്ല...... ഷി ഈസ് മൈ സിസ്......

പിന്നെന്താ നൈഹായെ അസപ്റ്റ് ചെയ്യാൻ പറ്റാതെ.... ഇനുവിനെ കാണിക്കാൻ ഉള്ള ഡ്രാമ ആണെന്ന് എനിക്ക് തോന്നിയത്.....

കളവ് പറയുന്നില്ല..... ഡ്രാമ തന്നെയാണ്...

എന്റെ രാജകുമാരിയാണ് അത്.... അവളെ മുഖത്ത് ചെറിയ സങ്കടം പോലും വന്ന എനിക്ക് സഹിക്കാൻ പറ്റില്ല..... ഞാൻ സങ്കടപെടുവല്ലോന്ന് ഓർത്തു അവൾ സ്വന്തം ജീവിതം ജീവിക്കാൻ മറക്കും അതോണ്ട് മനസ്സ് കൊണ്ട് അംഗീകരിക്കാൻ പറ്റിയില്ലെങ്കിലും വിവാഹം കഴിക്കാൻ സമ്മതിച്ചത്..... അവൾ ഹാപ്പി ആയി ഇരുന്ന മതി എനിക്ക്..... ഷി ഈസ് മൈ മൈൻ.....

തെറ്റിദ്ധരിക്കരുത് എന്റെ ഫ്രണ്ട്..... സിസ്..... ബാബിസാ അങ്ങനെ ഉള്ളൂട്ടോ എന്റെ ഉള്ളിൽ അവളിപ്പോ...... പക്ഷേ മാര്യേജ് എന്ന കൺസപ്റ്റ് അസപ്റ്റ് ചെയ്യാൻ പറ്റാത്ത പോലെ.....

അപ്പോൾ നൈഹയുടെ ജീവിതം..... നിന്റെ ഈ സ്വഭാവം വെച്ചു അവളെ ലൈഫ് സ്പോയിൽ ആവില്ലേ.....

അവിടെയാണ് എന്റെ ഭാഗ്യം.... നൈഹക്ക് എല്ലാം അറിയാം..... എന്റെ മനസ്സറിഞ്ഞ പോലെ അവൾ പെരുമാറുന്നത്..... എനിക്ക് വേണ്ടി സ്വയം മാറാൻ പോലും ശ്രമിക്കുകയാ അവൾ..... അവൾ എന്നെ സ്നേഹിക്കുന്നുണ്ട്...... തീർച്ചയായും എനിക്

അവളോടുള്ള അകൽച്ച കുറയും

അവളെ സ്നേഹിക്കാൻ തുടങ്ങും...... പ്രണയം നഷ്ടപ്പെടുന്ന ആദ്യത്തെ ആളൊന്നും അല്ലല്ലോ ഞാൻ...... ബാക്കിയുള്ളവർ ഒക്കെ എല്ലാം മറന്നു ജീവിക്കുന്നില്ലേ അത് പോലെ ഞാൻ മാറും എന്റെ ഭാര്യക്ക് വേണ്ടി..... മാറണം...

ഐ വിൽ ട്രൈ.....

എല്ലാം തുറന്നു പറയുന്ന അവനെ നോക്കി അവൾ ഇരുന്നു......  സ്വയം മനസ്സിലാക്കി പെരുമാറുന്ന അവനെ അത്ഭുതത്തോടെ അവൾ നോക്കിയത്. അവൻ നോക്കുന്നത് കണ്ടതും അവൾ നോട്ടം മാറ്റി......

ഒരു തേപ്പ് കഥ കേൾക്കാൻ മൂടുണ്ട് അതാ ഇങ്ങോട്ട് വന്നത്..... അവൻ ഇടം കണ്ണിട്ട് അവളെ നോക്കി പറഞ്ഞു....

തേപ്പ് കഥയാണെന്ന് ആര് പറഞ്ഞു.....

ഫൈസ് ഒന്നും പറഞ്ഞില്ലെങ്കിലും എനിക്ക് എന്ത് കൊണ്ടോ അങ്ങനെ തോന്നി.... നേരിട്ട് വന്നു ചോദിച്ചു..... എനിക്കീ വളഞ്ഞു മൂക്ക് പിടിക്കുന്ന

സ്വഭാവം ഒന്നും ഇല്ല വിരോധം ഇല്ലെങ്കിൽ കേട്ടാൽ കൊള്ളാന്ന് തോന്നി....

പത്താം ക്ലാസ്സിൽ പഠിക്കുമ്പോഴ ഞാൻ അവനെ ആദ്യം ആയി കണ്ടത്..... അവൻ ആ സ്കൂളിൽ തന്നെ പ്ലസ് വൺ ആയിരുന്നു.... ആദ്യം പ്രൊപ്പോസ് ചെയ്തത് അവൻ തന്നെ ആയിരുന്നു. സ്കൂളിൽ ഒരു കൊച്ചു ഹീറോ തന്നെ ആയിരുന്നു.... അതോണ്ട് തന്നെ അട്രാക്ഷൻ കേറി അങ്ങ് പ്രണയം ആയി മാറി..... ആദ്യപ്രണയം മനസ്സിൽ കേറിയങ് പടർന്നു..... മനസ്സിൽ ചിന്തകളിലും ഒക്കെ അവൻ മാത്രം ആയിരുന്നു..... ഉണ്ണുന്നത് ഉണരുന്നത് ഉറങ്ങുന്നത് എല്ലാം അവനിലൂടെ ആയിരുന്നു..... ഈ ലോകത്ത് ഏറ്റവും ഇഷ്ടം അവനെ ആയിരുന്നു..... ഈ അസ്ഥിക്ക് പിടിക്കുക എന്നൊക്കെ കേട്ടിട്ടില്ലേ അതന്നെ.... ഒരു വാലന്റസ് ഡേയ്ക്ക് അവൻ എനിക്ക് ഒരു ഗിഫ്റ്റ് തന്നു..... ആദ്യമായി പ്രണയിനിക്ക് കിട്ടിയ ഗിഫ്റ്റ് നല്ല ഒന്നാതരം ലിപ് ലോക്ക്.....ശരീരവും മനസ്സും ഒക്കെ ലയിച്ചു പോയൊരു നിമിഷം...... അങ്ങനെ ഇണക്കുരുവികൾ ആയി പ്രണയിച്ചു നടന്നുകൊണ്ടിരിക്കുമ്പോൾ അവനിൽ ആകെ മാറ്റങ്ങൾ......വൈകി വരുന്ന മെസ്സേജുകൾ.... കാൾ...

ഇത് വരെ ഇല്ലാത്ത ബിസി..... അവസാനം കണ്ടു പിടിച്ചു ആ ബിസിയുടെ കാരണങ്ങൾ ക്ലാസ്സിൽ പുതുതായി വന്ന ഒരുത്തിക്ക് ലിപ്‌ലോക്ക് കൊടുക്കുകയായിരുന്നു അവൻ....... ദേഷ്യമോ പകയോ സങ്കടം ഒന്നുമല്ല തോന്നിയത് ഒരുതരം നിർവ്വികാരിത..... ഒരിറ്റ് കണ്ണ് നീര് പോലും വന്നില്ല കണ്ണിൽ നിന്നും...... സ്വയം ഒഴിഞ്ഞു മാറി എല്ലായിടത്തുനിന്നും...... ഏകാന്തതയെ പ്രണയിക്കാൻ തുടങ്ങി..... പിന്നെ പിന്നെ വീട്ടുകാർക്കും മനസ്സിൽ ആയി മനസ്സ് കൊണ്ടും ഞാൻ കൈവിട്ട് പോവുകയാണെന്ന്...... വിഷാദം..... മെന്റൽ സ്റ്റേജിലേക്ക് പോകുന്നതിന്റെ ഫസ്റ്റ് സ്റ്റെപ്പ്...... കൈ വെള്ളയിൽ കൊണ്ട് നടന്ന കുഞ്ഞുപെങ്ങൾക്ക് എന്ത് പറ്റിയെന്നു എന്ത് പറ്റിയെന്നു അറിയാതെ ഫൈസിക്കയും സമിയും എല്ലാരും ഭയന്നു

ഹിപ്നോട്ടീസം ചെയ്തു അങ്ങനെ ആയിരുന്നു എന്നിൽ കുടിയേറിയിരുന്ന പ്രണയം എന്ന ചെകുത്താനെ തിരിച്ചറിഞ്ഞത്.....പിന്നെ കൗൺസിലിംഗ് വീട്ടുകാരുടെ കെയറിങ് അതൊക്കെ കൊണ്ട് ഞാൻ നോർമൽ ആയി.....

ശഹിക്ക് അറിയോ കൗൺസിലിംഗ് നടത്തി എല്ലാരോടും തുറന്നു പറഞ്ഞ അന്നായിരുന്നു ഞാൻ ആദ്യം ആയി പൊട്ടിക്കരഞ്ഞത്...... എന്റെ പ്രണയം മനസ്സിൽ അടക്കിവെച്ചപോലെ അടക്കി വെച്ചതായിരുന്നു സങ്കടങ്ങളും....

എല്ലാത്തിൽ നിന്നും നോർമൽ ആയെങ്കിലും അവൻ തന്ന കിസ്സ് അത് മാത്രം മറക്കാൻ കഴിഞ്ഞില്ല....എന്റെ ചുണ്ടുകൾ അത് ഓർമിപ്പിച്ചു കൊണ്ടിരുന്നു ഒരുത്തന്റെ എച്ചിൽ ആയിരുന്നു എന്റെ ചുണ്ടുകൾ എന്ന്...... അത് പറയുമ്പോൾ അവളുടെ മുഖത്ത് വെറുപ്പ് നിറയുന്നത് അവൻ കണ്ടു......

പിന്നെ പിന്നെ ബോയ്സ് എന്ന് കേട്ടാലേ വെറുപ്പ് ആയിരുന്നു...... എല്ലാവരും അവന്നെ പോലെ ആണെന്ന് കരുതി....

ചുണ്ടുകൾ കാണുമ്പോൾ എന്തോ തെറ്റ് ചെയ്ത ഫീൽ.... ആന്തരത്മാവിൽ പടർന്ന ആദ്യ ചുംബനം അതൊരു ഫീൽ ആണല്ലേ...... മറക്കാൻ പറ്റിയില്ല........ഓർമപ്പെടുത്തൽ കൂടിയപ്പോ ഞാൻ തന്നെ കണ്ടു പിടിച്ചു ഒരു മാർഗം...... ലിപ്സ്റ്റിക്......

ഈ റെഡ് കളർ ലിപ്സ്റ്റിക് ഉണ്ടല്ലോ അത് കാണുമ്പോ ഒരുതരം ഓർമപ്പെടുത്തൽ ആണ്..... പുരുഷന്റെ ചതിയുടെ നിറം..... നെഞ്ച് കീറി മുറിഞ്ഞു എന്റെ ഹൃദയത്തിൽ നിന്നും ഊർന്നിറങ്ങിയ ബ്ലഡ്ന്റെ നിറം....

വെറും ലിപ്സ്റ്റിക് ഇട്ടു നടന്നപ്പോൾ എല്ലാരും പറഞ്ഞു മേക്കപ്പ് കൂടി ചെയ്യാൻ അല്ലെകിൽ ബോർ ആണെന്ന്......

അങ്ങനെ മറിയാമ്മ പുട്ടിഭൂതം ആയി അല്ലേ ...... പൊട്ടിച്ചിരിചോണ്ട് ഷഹി പറഞ്ഞു.  അവൾ അവനെ ദേഷ്യത്തോടെ  നോക്കിയത്..... നിലത്തുന്നു ചിരിച്ചു ചിരിച്ചു മണ്ണ് കപ്പുന്നുണ്ട് അവൻ.......

എന്താടാ കോപ്പേ ഇങ്ങനെ ഇളിക്കാൻ......

ഇവിടേരെങ്കിലും തുണി ഉരിഞ്ഞു നിൽക്കുന്നുണ്ടോ......

അവൻ ഒന്ന് നിർത്തി വീണ്ടും ചിരിച്ചു.....

ടീ പോത്തേ ഒരു ചെറിയ കാര്യത്തിന് ആണോ ഈ നല്ലൊരു മോന്ത ഇങ്ങനെ കോലം കളയുന്നെ....

ഇപ്പൊ ശീലം ആയി..... എന്റെ സന്തോഷം മാത്രം

നോക്കുന്ന ആരും എതിർക്കാർ ഇല്ല..... ഇങ്ങനെ ഇളിക്കാൻ മാത്രം കോമഡി പറഞ്ഞില്ല....

ഇത് പിന്നെ കോമഡി അല്ലേ...... അറിയാഞ്ഞിട്ട് ചോദിക്കുവാ പ്രണയത്തിന്റെ പേര് പറഞ്ഞു കൊല്ലാനും ചാകാനും കള്ളും കുടിച്ചും കഞ്ചാവടിച്ചുമൊക്കെ ജീവിതം നശിപ്പിക്കുന്ന എല്ലാരും എന്നെ സംബന്ധിച്ചു യൂസ്ലെസ്സ് കൾ ആണ്.....

ഒരു പെണ്ണിന് വേണ്ടി ഓടുമ്പോൾ അവൻ അത്രയും കാലം വളർത്തി വലുതാക്കിയ മാതാപിതാക്കളെ ഓർക്കുന്നുണ്ടോ......

അവർക്ക് വേണ്ടി ജീവിക്കുന്ന കുടുംബങ്ങളെ ഓർക്കുന്നുണ്ടോ..... അതിനേക്കാൾ ഒക്കെ വലുതാണോ ഇന്നലെ കേറി വരുന്ന പെണ്ണ്........

പ്രണയനഷ്ടം അതൊരു വേദന തന്നെ ആണ്...... അതിനോളം വേദന മറ്റൊന്നിനും ഇല്ലെന്ന് തന്നെ പറയും കാരണം ഞാൻ അനുഭവിച്ചു അറിഞ്ഞ വേദനയാണ്...... പക്ഷേ എന്നെ സ്നേഹിക്കുന്ന എന്റെ ഉപ്പ ഉമ്മ കുടുംബം അവരുടെ സന്തോഷം അതൊക്കെ ഓർക്കുമ്പോൾ ആ വേദന അങ്ങ്

മറക്കണം...... നമ്മൾ വേദനിച്ചു നടന്ന ആ കുടുംബം മൊത്തം വേദനിക്കും...... എന്നാൽ ആ വേദന മനസ്സിൽ അടക്കിപിടിച്ചു പുഞ്ചിരിച്ചു നോക്കു...... മറ്റുള്ളവരിലും കാണാം ആ സന്തോഷം.....

നൊന്തു പ്രസവിച്ചു വളർത്തി വലുതാക്കിയ മാതാവിനോളം വരില്ലഡോ ഒരു പെണ്ണും....... പ്രേമവും ഒന്നും

അവൾ അവന്റെ മുഖത്തേക്ക് തന്നെ നോക്കി നിന്നു.....

അവൻ പുരികം ഉയർത്തി അവളോട് എന്താ ചോദിച്ചു.....

നിന്നെപോലൊരാളെ കിട്ടിയ നൈഹ ഭാഗ്യം ചെയ്തവൾ ആകും..... ഉമ്മയെ സ്നേഹിക്കുന്ന കുടുംബത്തെ സ്നേഹിക്കുന്ന നീ തീർച്ചയായും നല്ലൊരു ഭർത്താവും ഉപ്പയും ആയിരിക്കും.....

ആകിയതാണോ.......

നോപ്....... അടുത്തറിയുംതോറും ഒരിക്കലും തീരാത്ത ആഴം കൂടുതൽ ഉള്ള ഒരു സംഭവം ആണ് നീ....

സംഭവം എന്ന് വെച്ച....

സംഭവം എന്ന് വച്ച...... സംഭവം എന്ന് വെച്ച...... നീ വലിയൊരു സംഭവം ആണ് അത്രന്നെ ..... ഒരു കാര്യം പറയുമ്പോ ഒരുമാതിരി ഊള ക്വസ്റ്റൻ ചോദിക്കരുത് അവൾ അവനെ നോക്കി കണ്ണുരുട്ടി പറഞ്ഞു....

ഇപ്പറഞ്ഞതത്തിന്റെ അർത്ഥം മനസ്സിലായി..

അറിയാത്ത കാര്യം ചോദിക്കരുതെന്ന്....

അവൻ ചിരിയോടെ പറഞ്ഞു....

ദാറ്റ്സ് കറക്റ്റ്....... അവളും ആ ചിരിയിൽ

ചേർന്നു....

മനസ്സിൽ ഉടലെടുത്ത വിങ്ങൽ ഒരു ചിരിയായി മാറിയത് അവൾ അറിഞ്ഞു....

അറിയാതൊരു പുഞ്ചിരി അവളെ ചുണ്ടിൽ വിരിഞ്ഞു. അതേ പുഞ്ചിരി അവന്റെ ചുണ്ടിൽ ഉണ്ടായിരുന്നു......

എന്ന പിന്നെ മോൻ വിട്ടോ ചേച്ചിക്ക് ഇച്ചിരി പണിയുണ്ട് അവൾ ഫോൺ എടുത്തു നോക്കി പറഞ്ഞു....

എന്താപ്പോ ഇത്രയും വലിയ പണി.... അവൻ മുഖം ചുളിച്ചു....

പറയാൻ പാടില്ല എന്നാണ്..... പറയണോ...

അവൾ ചുണ്ട് കൂർപ്പിച്ചു കുസൃതിയോടെ ചോദിച്ചു...

അറിയാൻ ആഗ്രഹം ഉണ്ട്..... അറിഞ്ഞാൽ കൊള്ളാം അവനും അതെ പോലെ തന്നെ പറഞ്ഞു......

അവൾ ഫോൺ അവന്ന് നേരെ നീട്ടി....

വീഡിയോ കാൾ ആയിരുന്നു അത്..... അപ്പുറത് രണ്ടുമൂന്ന് പേര് എന്തൊക്കെയോ ചെയ്യുന്നത് കണ്ടു. മിയൂട്ട് ചെയ്തോണ്ട് അവർ സംസാരിച്ചത് ഒന്നും കേട്ടിട്ട് ഇണ്ടാവില്ല......

ഇതെന്താ.....

ഇനുവിന്റെ കല്യാണ ഡ്രസ്സ് ആണ്..... ഞാൻ ആണ് ഡിസൈൻ..... ഫൈസിക്കയുടെ ഇഷ്ടത്തിന് ഡിസൈൻ ചെയ്യുന്നത്..... നാളെ രാവിലെക്ക് പണി തീർക്കണം അതിന്റെ ടെൻഷനിൽ ആയിരുന്നു അപ്പോഴാ നീ വന്നത്......

ഇവിടിരുന്നു അവിടെ മാനേജ് ചെയ്യുന്നു നീ കൊള്ളാലോ മറിയാമ്മേ......

നമ്മൾ ആരാ മോൾ..... അവൾ തോൾ പൊക്കി പറഞ്ഞു.....

നോക്കട്ടെ ഡ്രസ്സ് എങ്ങനെ ഉണ്ടെന്ന്. എന്നിട്ട് വേണം എന്റെയും നൈഹായുടെയും വിവാഹഡ്രസ് നിന്നെ കൊണ്ട് ചെയ്യിക്കാൻ.....

അത് പറയുമ്പോൾ പെട്ടെന്ന് അവളുടെ മുഖം മങ്ങിയത് അവൻ ശ്രദ്ധിച്ചു......

അപ്പൊ വിട്ടോ ഞാൻ ഫുൾ ബിസിയാ.....

അവൾ പറഞ്ഞു ഫോൺ എടുത്തു.

അവൻ പോകാൻ എണീറ്റു പിന്നെ തിരിഞ്ഞു അവളെ നോക്കി.

ആർക്കോ വേണ്ടി ഈ മുഖത്തെയും ചുണ്ടുകളെയും ഭംഗി കളഞ്ഞു കുളിക്കാതെ പാസ്റ്റിനെ പാസ്റ്റ് ആയി വിട്ടുകള

അവൻ തന്റെ അധരങ്ങളാൽ എന്നെ ചുംബിക്കട്ടെ; നിന്റെ പ്രേമം വീഞ്ഞിലും രസകരമാകുന്നു.....

സോളമൻറെ ഉത്തമഗീതം..... മറ്റൊരു പ്രണയം കൊണ്ട് ഞാൻ അതിന്നെ മറികടക്കുമെന്ന് പറയാതെ പറഞ്ഞു അവൻ തലക്ക് പിന്നിൽ മെല്ലെ

അടിച്ചു ചിരിയോടെ പറഞ്ഞു....

യാ..... ഐ ആം വെയ്റ്റിംഗ് മ സോളുമേറ്റ്

നിന്നിലും നിന്റെ പ്രണയത്തിലും വിശ്വാസിക്കുന്ന ഒരുത്തൻ വരും നീ പറഞ്ഞപോലെ അവന്റെ ആധരങ്ങളാൽ

നിന്റെ ചുണ്ടിലെ അഴുക്ക് കഴുകികളയും..

വീഞ്ഞിനേക്കാൾ വീര്യം ഉള്ള നിന്റെ പ്രണയം അവൻ അറിയും..... ബെസ്റ്റ് ഓഫ് ലക്ക്.....അവൻ പോയി.....

അവൻ പോകുന്നതും നോക്കി അവൾ നിന്നു..... അവളുടെ കണ്ണുകളിൽ നിരാശബോധം കടന്നു വന്നു.....തന്റെ അടുത്ത് ആരോ വന്നത് അറിഞ്ഞു അവൾ തിരിഞ്ഞു നോക്കി.....

ഫൈസ്.....

ചെടിയായാൽ പിഴുതറിയാം..... മരം ആയാൽ പറ്റില്ല മോളെ അവളുടെ തലയിലൂടെ തലോടി അവൻ പറഞ്ഞു.....

ഒരിക്കൽ പ്രണയം കൊണ്ട് വേദനിച്ച മനസ്സാ അവന്റെ വീണ്ടും എന്റെ മോൾ ആയിട്ട് അവനെ ധർമ്മാസങ്കടത്തിൽ ആകരുത്..... നൈഹ റിസ

എന്നൊരു കമ്പയർ അവനിൽ ഉണ്ടാക്കരുത്...

ഒന്ന് പോയെ ഫൈസ്ക്ക..... ഞാൻ അതൊക്കെ വിട്ടതാ...... ജസ്റ്റ് അട്രാക്ഷൻ അത്രയെ ഉള്ളു..., ഇപ്പൊ അവൻ നല്ലൊരു ഫ്രണ്ട് ആണ്...... അല്ലെങ്കിലും കുറച്ചു ദിവസം മനസ്സിൽ ഇട്ടു നടന്ന എന്റെ പ്രണയം മാത്രം ആണത്...... ഞാൻ പഴയപോലെ വീക്ക് അല്ല ഡബിൾ സ്ട്രോങ്ങ് ഹൃദയം ആണ്..... പിന്നെ ഒരു നോട്ടം കൊണ്ട് പോലും അവരുടെ മേൽ എന്റെ പ്രണയം വില്ലൻ ആകില്ല സത്യം....

എന്റെ മനസ്സിന്റെ ഇടത്തെ വലത്തേ അറ്റത്തെ കോണിൽ പോലും ഇപ്പോൾ ഷാഹിയില്ല. സോ ഈ മാറ്റർ നമുക്കിടയിലേക്ക് ഇനി വരരുത്.....

അപ്പൊ അളിയന്ന് വിളിക്കാൻ ഒരുത്തനെ കൊണ്ട് വരട്ടെ.....

അതിന്ന് ഞാൻ സമ്മതം തന്നല്ലോ.... എനിക്ക് ബെസ്റ്റ് മാത്രമേ നിങ്ങൾ കൊണ്ട് വരൂ..... അതോണ്ട് പെട്ടന്ന് തന്നെ കൊണ്ട് വന്നോ..... ഐ ആം റെഡി.....അവൾ ചിരിയോടെ പറഞ്ഞു....

ഫോൺ എടുക്കാൻ മറന്നു അത് എടുക്കുവാൻ വന്ന

ഷഹിക്ക് അത് കേട്ട് ഒരു വല്ലായ്മ തോന്നി.... റിസക്ക് എന്നോട് ഇങ്ങനെ ഒരു ഇഷ്ടം ഉണ്ടായിരുന്നോ..... ഞാൻ അറിഞ്ഞെന്നു അവൾ അറിയണ്ട കരുതി അവൻ മെല്ലെ തിരിച്ചു പോയി....

❤❤❤❤❤

നൈറ്റ് സ്റ്റേജിൽ പാർട്ടിക്ക് ഒരുങ്ങി നിൽക്കുന്ന അവളെ കണ്ടു എല്ലാവരും അവളെ കണ്ണെടുക്കാതെ നോക്കി നിന്നു..

ഒരു വേള കണ്ണ് കൊണ്ട് പോകുമോ എന്ന് പോലും അവർ ഓർത്തു പോയി.....

ഇജുവിന്റെ വകആയിരുന്നു ഡ്രസ്സ് സെലക്ഷൻ.... പീച്ച് കളർ ഉള്ള ലഹങ്ക ആയിരുന്നു.... വിലകൂടിയ ആ ഡ്രെസ്സിൽ അവളുടെ സൗന്ദര്യം ജ്വലിച്ചു നിന്നു..... അതിന്ന് മാറ്റ് കൂട്ടാൻ സ്വർണ്ണം മൊത്തം ഒഴിവാക്കി വീതി കൂടിയ ഡയമണ്ട് നെക്ക്ലെസ് മാത്രം അണിഞ്ഞുള്ളു......

ഫൈസ് സ്റ്റേജിലേക്ക് കേറുമ്പോൾ ആയിരുന്നു എല്ലാവരും അവനെ തടഞ്ഞു നിന്നത്......

അവൻ മുഖം ചുളിച്ചു എല്ലാരേം നോക്കി...

അവളെ കൂടെ നിൽക്കണമെങ്കിൽ എല്ലാരേം മുന്നിൽ വെച്ചു പ്രൊപ്പോസ് ചെയ്യണം...... അതും റോസാപ്പു കൊടുത്തു വേണം പ്രൊപ്പോസ് ചെയ്യാൻ

ഒരുപാട് ഗസ്റ്റ് ഉണ്ട് അവർക്ക് മുന്നിൽ വെച്ച് ആയോണ്ട് അവന്ന് ചമ്മൽ തോന്നി

അവൻ കുറെ എക്സ്ക്യുസ് പറഞ്ഞെങ്കിലും അവർ വിട്ടില്ല..... എല്ലാവരും കട്ടക്ക് നിന്നതോടെ അവൻ സമ്മതിച്ചു..... ഇനു അവന്റെ അവസ്ഥകണ്ടു വാ പൊത്തിച്ചിരിച്ചു.... അവളെ കണ്ണ് കൊണ്ട് നോക്കി പേടിപ്പിച്ചു

അവൻ..... യാഷ് കൊടുത്ത റോസ് പിടിച്ചു അവളെ മുന്നിൽ മുട്ട് കുത്തി നിന്നു റോസ് അവൾക് നേരെ നീട്ടി.....

ഐ ലവ് യു.....

അവളിൽ നിന്ന് പ്രതികരണം ഒന്നും ഇല്ലാതെ കണ്ടു അവൻ അവളെ തന്നെ നോക്കി...... അവൻ മാത്രം അല്ല എല്ലാവരും...... അവളുടെ നോട്ടം സ്റ്റേജിന് താഴെ നിൽക്കുന്ന ബഫെക്ക് സർവ് ചെയ്യുന്ന ഒരു ബോയിൽ ആണെന്ന് കണ്ടതും എല്ലാവരും മുഖം ചുളിച്ചു.....

അവളുടെ മുഖം തിളങ്ങുന്നതും സന്തോഷം കൊണ്ട് ആ നീലക്കണ്ണുകൾ മിഴിയുന്നത് ഫൈസ് കണ്ടു.....

ആ ബോയ് ജ്യൂസ് എടുത്തു പുറത്തേക്ക് പോകാൻ നടന്നതും ഹേയ് നിൽക്ക് എന്ന് പറഞ്ഞു കയ്യുയർത്തി അവൾ ഓടി.....

ഫൈസ് അടക്കം എല്ലാരും കണ്ണ് മിഴിച്ചു അവളെ നോക്കി..... അവൾ അവനെ നോക്കിത് പോലും ഇല്ല.... കുറച്ചു ഓടി പെട്ടെന്ന് തിരിച്ചു വന്നു അവന്റെ കയ്യിൽ നിന്നും റോസ് പിടിച്ചു വാങ്ങി വീണ്ടും താഴേക്ക് ഓടി.....

അവൾ ഓടിക്കിതച്ചു അവന്റെ മുന്നിൽ നിന്നു.....

വെയിറ്റ്ഉള്ള ഡ്രസ്സ് ആയോണ്ടും ഓടിയത് കൊണ്ടും അവൾ അവന്റെ മുന്നിൽ ശബ്ദം ഇല്ലാതെ ആംഗ്യം കൊണ്ട് എന്തൊക്കെ പറഞ്ഞു.....

അവൻ ആണെങ്കിൽ പരിഭ്രമത്തോടെ ചുറ്റും നോക്കുന്നുണ്ട്....... ടവ്വൽ കൊണ്ട് മുഖം മറച്ചിരുന്നു...

അവൾ റോസ് അവന്റെ നേർക്ക് നീട്ടി.....

അപമാനിച്ചു കഴിഞ്ഞെങ്കിൽ എഴുന്നേറ്റോടെ ഫൈസ് ആക്കി പറഞ്ഞോണ്ട് എല്ലാരേം നോക്കി.....

അവർ ഇളിച്ചു കാണിച്ചു.....

ഇതിലും വലിയ പണി അവൾ ആയോണ്ട് സ്വപ്നങ്ങളിൽ മാത്രം...... അതും പറഞ്ഞു ജുനു അവന്ന് കൈ കൊടുത്തു. അവൻ എഴുന്നേറ്റു......

എന്നാലും അതേത് തെണ്ടിയാടാ നിന്റെ കഞ്ഞിയിൽ പാറ്റയിടാൻ കൃത്യം ആയി വന്നത് ഷഹി ആലോചനയോടെ പറഞ്ഞു.....

അവൻ ചിരിയോടെ റോസ് വാങ്ങിയതും ഫൈസ് അരിശത്തോടെ കൈ ചുരുട്ടി....

മുഖത്തെ ടവ്വൽ അവൻ മാറ്റിയതും പെൺ പട മൊത്തം സ്റ്റേജിൽ നിന്നും ഇറങ്ങി ഓടുന്നത് കണ്ടു എല്ലാവരും വാ പൊളിച്ചു.

കഞ്ഞിയിൽ പാറ്റയിടാൻ വന്ന ഏത് തെണ്ടിയ ഇവൻ...... അതും സെലിബ്രെറ്റ് ആണെങ്കിൽ ഒപ്പിക്കാം...... ഇത് ഒരു ഫുഡ് സേർവ് ചെയ്യാൻ വന്ന ചെറുക്കൻ .........

ഇനു അവനോട് എന്തോ പറഞ്ഞതും അവൻ റോസ് നിലത്തേക്ക് എറിഞ്ഞു.

❤💔INVISIBLE LOVE 💔❤

Love after 💘marriage (part 86)

ഗെറ്റ് ലോസ്റ്റ്..... ദേഷ്യത്തോടെ അതും പറഞ്ഞു റോസ് വലിച്ചെറിഞ്ഞു...... ഇന്ന് അവളുടെ വിവാഹം ആണെന്ന് അവൻ ഓർത്തില്ല...... കല്യാണപെണ്ണാണെന്ന് അവൻ ഓർത്തില്ല..... പെട്ടന്ന് ആണ് അവന്ന് ബോദോദയം വന്നത്.

സോറി ഇത് നിന്റെ വീടാണല്ലേ..... നീയാണല്ലോ കല്യാണപ്പെണ്ണ്..... പെട്ടന്ന് ഓർത്തില്ല..... അവൻ ചുറ്റും നോക്കി  നെറ്റിയിൽ ഒന്ന് തടവുന്നത് പോലെ ചെയ്തു ആ റോസ് നിലത്ത് നിന്നും എടുത്തു അവൾക്ക് നേരെ നീട്ടി ..... വിഷ് യൂ ഹാപ്പി മാരീഡ് ലൈഫ്.....

അവളെ മുഖം സങ്കടം കൊണ്ട് ഇപ്പൊ കരയും എന്നായിരുന്നു..... പിറകെ വന്നവരും ആകെ ഷോക്ക് ആയി നിന്നു...

അവൾ റോസ് വാങ്ങിയില്ല.....

ഐ ആം സോറി...... സോറി..... എനിക്ക് പെട്ടന്ന്

ദേഷ്യം വന്നപ്പോ...... അവൻ ചെവിയിൽ പിടിക്കുന്ന പോലെ ചെയ്തു സോറി പറഞ്ഞു..... റോസ് നീട്ടി.

അവൾ റോസ് വാങ്ങി.....

അവൻ തിരിച്ചു പോകാൻ നോക്കിയതും അവൾ മുന്നിൽ കേറി നിന്നു.....

ഒരു പാട്ട് പാടിതരോ.....

ഇല്ല.... ഞാൻ ഇപ്പോൾ പാടാറില്ല.അറുത്ത് മുറിച്ചു പറഞ്ഞു അവൻ തിരിച്ചു നടന്നു.....

അവൾ തിരിച്ചു സ്റ്റേജിലേക്ക് ഓടി വന്നു.

ഇജുന്റെ മുന്നിൽ പോയി....

അവനോട് പോകല്ലേ പറ..... എന്നോട് മിണ്ടാൻ പറ......അവൾ കിതച്ചോണ്ട് പറഞ്ഞു....

എല്ലാവരും ഞെട്ടലോടെ അവളെ നോക്കി

അതാരാ എന്താ പ്രോബ്ലം.....

അഷ്മിൽ സമാൻ...... യാഷ് മുന്നോട്ട് വന്നു പറഞ്ഞു.....

അതാരാ..... ജുനു ആകാംഷ അടക്കാൻ ആവാതെ ചോദിച്ചു....

അന്ന് വീട്ടിൽ വന്നില്ലേ അബ്ഷ അമാനയുടെ ഭർത്താവ്...... അബീസ് എന്നൊരു മ്യൂസിക് ഗ്രുപ്പ് ഉണ്ട് ഇവന്ന്.... പ്വോളി സിംഗർ ഡാൻസർ...... ഉഫ്ഫ്ഫ് അവന്റെയൊരു ഹെയർ വെട്ടിക്കുന്ന സ്റ്റൈൽ ഉണ്ട്...... അവന്റെ ബിഗ് ഫാൻ ആണ് ഞാൻ...... ഇപ്പൊ മുടിയൊക്കെ മുറിച്ചോണ്ടാ പെട്ടന്ന് മനസ്സിൽ ആകാഞ്ഞേ അവന്ന് പറയുമ്പോൾ തന്നെ കുളിർ കോരുന്നുണ്ടായിരുന്നു.....

എന്നിട്ട് ഞങ്ങൾക്ക് അറിയില്ലല്ലോ ഇജാസ് ശഹിയും പെട്ടന്ന് പറഞ്ഞു....

ബിസിനസ് എന്നൊരു പരട്ട ലോകത്ത് ജീവിക്കുന്ന യാതൊരു എന്റർടൈൻമെന്റ് ഇല്ലാത്ത നിങ്ങൾക്ക് എങ്ങനെ അറിയാന പുറം ലോകം..... യാഷ് പുച്ഛത്തോടെ പറഞ്ഞു.......

ഞാൻ കേട്ടിട്ടുണ്ട് കിടിലൻ സോങ് ആണ്

കക്ഷി അങ്ങനെ മീഡിയാസ് ആക്റ്റിവ് അല്ല..... മ്യൂസിക് പ്രൊഫഷൻ അല്ല കക്ഷിടെ....അതോണ്ട് ഫേമസ് അല്ല..... എന്നാലും അറിയുന്നവർ അറിയുന്നവർ

കട്ടക്ക് ഫാൻ ആയിപ്പോകും.....സമി

പറഞ്ഞു.....ഫുഡ് സപ്ലൈർ വേഷത്തിൽ ഒരിക്കലും ചിന്തിച്ചു കൂടി ഇല്ല..... അതാണ് വിശ്വസിക്കാൻ പറ്റാഞ്ഞത്.....

നിനക്ക് എങ്ങനെ അറിയാം ആശ്മിലിനെ ..... ജുനു ഇനുവിനെ നോക്കി....

എന്റെ ഫ്രണ്ടിന്റെ ഭർത്താവ് അല്ലേ അപ്പോൾ ഞാൻ അറിയില്ലേ......

ഫൈസ് അവളെ രൂക്ഷമായി നോക്കി

... ഇൻസ്റ്റയിൽ വീഡിയോസ് കണ്ടിരുന്നു അങ്ങനെ പരിജയം അവൾ ഇളിച്ചോണ്ട് പറഞ്ഞു....

ഇജുക്ക പ്ലീസ് ഇജുക്ക എനിക്ക് അവന്റെ സോങ് കേൾക്കണം.... ഒന്ന് പറയോ അവനോട്......

നിനക്ക് പറഞ്ഞോടെ അവനോട്.... നിന്റെ ഫ്രണ്ടിന്റെ ഹസ്ബൻഡ് അല്ലേ..... അത് മാത്രം അല്ല അവനെ പോലൊരു സെലിബ്രിറ്റി ഈ ജോലി ചെയ്യുന്നേ.....

അറിയാതെ പറഞ്ഞു പോയി അബിയുടെ ഫ്രണ്ട് ആണെന്ന് റോസ് വലിച്ചെറിഞ്ഞു ഗെറ്റ് ലോസ്റ്റ് എന്നൊരു അലർച്ച ആയിരുന്നു..... അത് ഓർത്തപ്പോൾ തന്നെ അവൾക്ക് ഞെട്ടൽ തോന്നി...

അബിയോട് ഇത്രയും ദേഷ്യം ഉണ്ടെന്ന് കരുതിയില്ല..... ഇനിയും പോയി പറഞ്ഞ തല്ലാനും മടിക്കില്ലെന്ന് അവളോർത്തു.

ടീ ചോദിച്ചത് കേട്ടില്ലേ..... ഇജു അവളെ വിളിച്ചു.....

അത് അബിയും ആഷിക്കയും love മാര്യേജ് ആണ്.... ആഷിക്കാന്റെ വീട്ടിൽ സമ്മതിച്ചില്ല. വീട്ടിൽ നിന്നും പുറത്ത് ആക്കി അതോണ്ട് പാർട്ട് ടൈം ജോബ് ചെയ്തു ആണ് കഴിയുന്നത്..... മാത്രം അല്ല അവൻ ഒരു സ്റ്റുഡന്റ് ആണ്.... അതോണ്ട് ഇങ്ങനെ ഒക്കെ ജീവിക്കുന്നു..... ഇപ്പോൾ പാടാറില്ല പോലും...... ഞങ്ങൾ എല്ലാരും പറഞ്ഞു നോക്കി കേൾക്കുന്നില്ല...... എനിക്ക് അവന്റെ പാട്ട് കേൾക്കണം..... ആഗ്രഹിച്ചു പോയി....

ആ ഞാനും കേട്ടതാ അത് അവൻ ഇപ്പോൾ മീഡിയാസ് ഒന്നും ആക്റ്റീവ് അല്ല. സ്റ്റഡി ആണ് പ്രാധാന്യം അതോണ്ട് സോങ് ഡാൻസ് ഒക്കെ വിട്ടുനിൽക്കുന്നു എന്നൊരു പോസ്റ്റ് ഞാനും കണ്ടിരുന്നു.....

(യാഷ് )

എന്റെ മോൾ ആഗ്രഹിച്ചതല്ലേ ഞാൻ

നടത്താതിരിക്കോ...... (ഇജു )അവളുടെ മുഖം തെളിഞ്ഞു.....

എന്നാലും അവനെ കണ്ടപ്പോൾ എന്നെ നാണം കെടുത്തിയില്ലേ ഫൈസ് ആരോടെന്നില്ലാതെ പറഞ്ഞു......

അപ്പോഴാ അതു അവൾ ഓർത്തത്.....

പരിഭവം നിറഞ്ഞ മുഖം കണ്ടതും അവൾക്ക് പാവം തോന്നി.....

അവൾ അവൻ ചെയ്തപോലെ അവന്റെ മുന്നിൽ നിന്നു റോസ് അവന്ന് നേരെ നീട്ടി

ഐ love യൂ.....

അവൻ അടക്കം എല്ലാരും അവളെ നോക്കി.... എല്ലാർക്കും സർപ്രൈസ് ആയിരുന്നു അത്......

അവൻ റോസ് വാങ്ങി.... അവളുടെ കയ്യിൽ ചുണ്ടുകൾ ചേർത്തു...

ഞങ്ങൾ ഇവിടുണ്ടേ..... എല്ലാരും കൊറസ്സോടെ പറഞ്ഞതും അവൾ ചമ്മലോടെ മുഖം താഴ്ത്തി.....

ചമ്മൽ മാറ്റാൻ എന്നോണം അവൾ ഇജുക്കനെ

നോക്കി..... ആഷിക്കനേ വിളിക്ക്.....

അവൻ നദീംമിനെ കൂട്ടി പോയി..... കുറച്ചു കഴിഞ്ഞു തിരിച്ചു വന്നു...... അവൻ ഇനി പാടില്ലെന്ന് വാശിയ..... ഇനി കാൽ പിടിക്കാൻ ബാക്കിയുള്ളു.....

അവളുടെ മുഖം വാടി..... സാരമില്ല പെട്ടന്ന് കണ്ടപ്പോൾ എനിക്ക് ഭയങ്കര സന്തോഷം തോന്നി..... അത് വിട്ടേക്ക്.....

അവർക്ക് അവളെ മുഖം വാടിയത് കണ്ടപ്പോ സങ്കടം തോന്നി..... എല്ലാവരും ഒന്നുകൂടി പറഞ്ഞു നോക്കിയെങ്കിലും അവൻ അവരെ നോക്കി കൈക്കൂപ്പി...

സോറി സാർ...... എനിക്ക് പറ്റില്ല പാടാൻ. എന്റെ മനസ്സിൽ ഇപ്പോൾ മ്യൂസിക് ഡാൻസ് ഒന്നും ഇല്ല..... ഇനി ഉണ്ടാവാൻ ആഗ്രഹിക്കുന്നുമില്ല..... എന്നെ വെറുതെ വിട്ടേക്ക്...... അവൻ അവരെ നോക്കി കൈകൂപ്പി......

അവന്റെ ശബ്ദം ഇടറിയത് കണ്ടു അവർ പിന്നെ നിർബന്ധിക്കാതെ പോയി....

❤️❤️❤️❤️❤️

എന്താടാ ഇത് അബിയോടുള്ള ദേഷ്യം അവരോട് തീർക്കണോ ഹാദി ദേഷ്യത്തോടെ അവന്നെ നോക്കി...

രാഹുലും ജസീറും കൂടെ കൂടി..... അവർക്കും ഇഷ്ടം ആയില്ല അത്..... എത്ര പേര ഒരു വരി മൂളുമോ എന്ന് ചോദിച്ചു വന്നത്.... എല്ലാർക്കും സങ്കടം ആയി.....

ആ കല്യാണപെണ്ണിനെ നോക്കിയേ എന്ത് സന്തോഷത്തിൽ ആയിരുന്നു..... ആ ചെറുക്കൻ പ്രൊപ്പോസ് ചെയ്യുന്നിടത്ത ശ്രദ്ധിക്കാതെ നിന്നേ കണ്ടു ഓടി വന്നത്...... ഇപ്പൊ നോക്കിയേ ആകെ മൂഡ് ഓഫ് ആയി...

എനിക്ക് പറ്റണ്ടേ അതിന്ന്...... വിരഹ ഗാനം പോയി പാടിയ മതിയോ അവിടെ.... എന്റെ മനസ്സിൽ ഇപ്പൊ പ്രണയമോ പ്രണയവരികളോ ഇല്ല അവളോടൊപ്പം എന്റെ മനസ്സ് മരിച്ചു ആഷി ദേഷ്യത്തോടെ പറഞ്ഞു.....

എന്നോടുള്ള ദേഷ്യം ആ കൊച്ചിനോട് തീർക്കതെ ഒരു വരി മൂളാൻ പറ ഹാദി..... എല്ലാരും തിരിഞ്ഞു നോക്കി അബി....

അതെന്റെ ഇഷ്ടം....ആഷി വെറുപ്പോടെ മുഖം തിരിച്ചു....

രണ്ടാം വിവാഹ അവളുടെ ഇന്നെങ്കിലും അവളുടെ മുഖം വാടാതെ കൊണ്ട് നടക്ക ആ കുടുംബം.... അവൻ ആയിട്ട് അവൾക്ക് സങ്കടം വരുത്തരുത് പറ ഹാദി ......

എന്ത് കാര്യവും ആഷിയോട് പറയാനുള്ളമീഡിയേറ്റർ ആണ് ഹാദി...

രണ്ടാം വിവാഹമോ എല്ലാരും ഞെട്ടലോട നോക്കി.....

കണ്ടൽ പത്തുപതിനേട്ട് വയസ്സ് ഉള്ളല്ലോ അവൾക്ക്..... ആദ്യ വിവാഹത്തിന് എന്ത് പറ്റി..... രാഹുൽ സങ്കടത്തോടെ അവളെ നോക്കി പറഞ്ഞു.....

അവൻ തന്നെ വീണ്ടും കെട്ടുന്നേ..... സ്വന്തം ഭാര്യയെ രണ്ടാമത് വിവാഹം കഴിക്കുന്ന ഭാഗ്യവാൻ തന്നെ അത്....

വാട്ട്...... എല്ലാരും കണ്ണും മിഴിച്ചു അവളെ നോക്കി.

അബ്ഷ ഇനുവിന്റെ കാര്യം ചുരുക്കി പറഞ്ഞു കൊടുത്തു....

എല്ലാവരും ശഹിയെ അത്ഭുതത്തോടെ നോക്കിയത്.......

ആഷി ഇനുവിനെ തന്നെ നോക്കി..... വല്ലാത്ത

വാത്സല്യം തോന്നി അവന്ന്. അബിയേക്കാൾ രണ്ടോ മൂന്നോ വയസ്സിനു ഇളയതാണ്.... സ്നേഹിക്കാൻ മാത്രം അറിയുന്ന ഒരു മാലാഖകുട്ടി തന്നെ

അവളെ പൊതിഞ്ഞു ജീവിക്കുന്ന ഒരു കുടുംബവും...... ഇടക്കിടക്ക് അവൾ ഒളിക്കണ്ണിട്ട് തന്നെ നോക്കുന്നത് ആഷി കണ്ടു..... അവൻ തിരിച്ചു നോക്കുമ്പോൾ അവൾ ഫൈസിയുടെ പിറകിൽ ഒളിക്കും.

രണ്ട് മൂന്ന് വട്ടം ആവർത്തിച്ചതും ആഷി എഴുന്നേറ്റു.

ആഷി കോട്ട് അഴിച്ചു വെച്ചു...

ബ്ലാക്ക് പാന്റ് വൈറ്റ് ഷർട്ട് അതിന്റെ മുകളിൽ ഓവർ ചെറിയ കോട്ട് ആയിരുന്നു യൂണിഫോം .... ഷർട്ട് ഇൻസൈഡ് ആക്കി...... കൈ ഭംഗിയിൽ കുറച്ചു മടക്കി വെച്ചു...... സ്റ്റേജിലേക്ക് നടന്നു.

എല്ലാവരും പ്രതീക്ഷയോടെ അവനെ നോക്കി..... അവൻ പാടുമോ അബി അറിയാതെ ചോദിച്ചു പോയി....

നിന്നോട് ഉള്ള വെറുപ്പ് മാറിയ പാടും.... കാരണം ഏത് പാട്ട് പാടിയാൽ നിന്നെ ഓർമ്മവരുന്ന പറയൽ

അതോണ്ടാ പാടുന്നത് നിർത്തിയത്..... ഹാദി സങ്കടത്തോടെ പറഞ്ഞു...

❤❤❤

ആഷി അടുത്തേക്ക് വരുന്നത് കണ്ടു

അവൾ പേടിച്ചിട്ട് ഫൈസിയുടെ കയ്യിൽ കേറി പിടിച്ചു.,,...

ഫൈസ് പ്രണയഭാവത്തോടെ അവളെ നോക്കിയെങ്കിലും നോട്ടം ആഷിയുടെ അടുത്ത് ആണെന്ന് കണ്ടതും അവളെ നോക്കി മുഖം കൂർപ്പിച്ചു....

അവൻ ഫൈസിയെ വിഷ് ചെയ്തു കൈ കൊടുത്തു,,.... ഇനുവിനെ ഒന്ന് നോക്കി....

അതെ ഞാൻ ചുമ്മാ നോക്കിയതാ അതിന്ന് വഴക്ക് പറയല്ലേ...... അവനെ കണ്ടതും പറഞ്ഞു....

എന്റെ പൊടിക്കുപ്പി നീയിങ്ങനെ ഒരു പാവം ആയിപോയല്ലോ..... ഞാൻ വന്നത് നിനക്ക് വേണ്ടി ഒരു സോങ് പാടാൻ ആണ്.... അവൻ ചിരിയോടെ പറഞ്ഞു

സത്യം ആണോ കണ്ണും വിടർത്തി ഫൈസിന്റെ കയ്യും

വിട്ടു അവന്റെ അടുത്തേക്ക് പോയി.....

നീയും കൂടെ പാടണം....

എനിക്ക് പാടാൻ ഒന്നും അറിയില്ല......

സാരമില്ല എനിക്ക് കമ്പനിക്ക്..... വന്ന മതി

ഫൈസ് പ്ലീസ്..... അവൻ ഫൈസിയെ നോക്കി.....

അവൻ ഇനുവിനെ നോക്കി പാടാൻ പറഞ്ഞു.....

സത്യം ആയിട്ടും നിക്ക് പാടാൻ അറിയില്ലാട്ടോ അവൾ ആഷിയെ നോക്കി കൈ മലർത്തി....

നിന്നെ കണ്ടപ്പോൾ മനസ്സിൽ ഒരു പാട്ട് തോന്നി....... നീ കൂടെ വേണം പാടാൻ.....

അപ്പോഴേക്കും എല്ലാരും നിർബന്ധിക്കാൻ തുടങ്ങി......  അവസാനം അവൾ സമ്മതിച്ചു.....

സോങ്ങിന് മുൻപ് ഒരു പേർസണൽ കാര്യം ചോദിച്ചോട്ടെ..... ആഷി അവളെ നോക്കി പറഞ്ഞു.....

അവൾ ചോദ്യഭാവത്തിൽ അവനെ നോക്കി..... പിന്നെ ചോദിക്ക് പറഞ്ഞു...

നീ ഏറ്റവും കൂടുതൽ സ്നേഹിക്കുന്നത് ആരെയാ......

എല്ലാവരും ഞെട്ടലോടെ പരസ്പരം നോക്കി ഫൈസ്ന്റെ പേര് പറഞ്ഞ ഇജു എങ്ങനെ പ്രതികരിക്കാന്ന് അറിയില്ല..... ഇജുവിന്റെ പേര് പറഞ്ഞ ഫൈസ് വിഷമാവും ഇന്ന് മാര്യേജ് ആണ് ഫ്രണ്ട്സ് റിലേറ്റീവ് ഒക്കെ ആയി ഒരുപാട് പേരുണ്ട്. അവർക്ക് മുന്നിൽ അവൾ ആരെ പേര് പറയും....

ഇവൻ പാടാൻ വന്നിട്ട് ഡിവോഴ്സ് ചെയ്യിക്കുമോ എന്നൊരു നോട്ടത്തോടെ ഫൈസ് ഇജുനെ നോക്കി..... പിന്നെ ആഷിയെയും......

ഈ ലോകത്ത് എനിക്ക് ഏറ്റവും ഇഷ്ടവും ഞാൻ കൂടുതൽ സ്നേഹിക്കുന്നത്.......

എല്ലാവരും ആകാംഷയോടെ അവളെ നോക്കി...... ഇജു....ജുനു....ഫൈസ് അവരെ പേര് ആയിരുന്നു എല്ലാരുടെയും നാവിൽ....

എന്നെത്തന്നെയാണ് ഞാൻ ഏറ്റവും കൂടുതൽ സ്നേഹിക്കുന്നത് ...

ഐ ലവ് മൈ സെൽഫ്......

ഈ ലോകത്തിലെ ഏറ്റവും സന്തോഷവതി ഞാൻ ആണ്....... സ്നേഹം കൊണ്ട് സമ്പന്നയാണ്

ഞാൻ..... അത് കൊണ്ട് ഞാൻ തന്നെയാണ് എനിക്ക് രാജകുമാരി... ആരെക്കാളും ഞാൻ എന്നെ സ്നേഹിക്കുന്നു..... അസൂയയാണ് എനിക്ക് എന്നോട് തന്നെ..... ഐ ആം ദ ലക്കി പേഴ്സൻ......

അതെന്താ മറ്റാരെയും ഇഷ്ടം അല്ലാത്തത്.... ആഷി സംശയത്തോടെ അവളെ നോക്കി ചോദിച്ചു ...

ഈ ലോകത്ത് ഏറ്റവും വിലപിടിപ്പുള്ള ഒന്നേ ഉള്ളു...... സ്നേഹം.....എല്ലാവരും ആഗ്രഹിക്കുന്നതും മോഹിക്കുന്നതും നേടിയെടുക്കാൻ ശ്രമിക്കുന്നതും എല്ലാം  സ്നേഹം ആണ് ...... എനിക്ക് ഏറ്റവും കൂടുതൽ കിട്ടിയിട്ടുള്ളതും കിട്ടുന്നതും സ്നേഹം ആണ്...... സ്നേഹം കൊണ്ട് തീർത്ത കൊട്ടാരത്തിൽ ഒരു രാജകുമാരിയാണ് ഞാൻ..... എല്ലാർക്കും ഒരുമ്മയെ ഉള്ളു എനിക്ക് ഒരുപാട് ഉമ്മമാർ ഉണ്ട്..... ജന്മം കൊണ്ടും കർമം കൊണ്ടും എനിക്ക് ഉപ്പാന്റെ സ്നേഹം തന്ന എന്റെ ഉപ്പമാർ......എന്നെ പ്രണയം കൊണ്ട് മൂടുന്ന എന്റെ ഫൈസ്.... ഞാൻ ആണ് ജീവതാളം എന്ന് കരുതുന്ന എനിക്ക് വേണ്ടി ജീവിക്കുന്ന എന്റെ ഇജുക്കയും ജുനുവും...... സ്വന്തം ജീവനും ജീവിതവും പോലും എനിക്ക് ദാനം ആയി തന്ന എന്റെ ഷഹി....... എന്റെ നദീംക്ക.... സമിക്ക......

യാഷ്..... എന്റെ സിസ്റ്റേഴ്സ്...... ഫ്രണ്ട്സ് എന്റെ റിലേറ്റീവ്സ്...... പറഞ്ഞ തീരില്ല എനിക്ക് ചുറ്റും ഉള്ള എന്നെ സ്നേഹിക്കുന്നവരെ...

ഇവരില്ലാതെ എന്റെ ജന്മം പൂർണ്ണമാവില്ല.

ഇത്രയും പേരുടെയും സ്നേഹം കിട്ടുന്ന ഞാൻ അല്ലെ ഏറ്റവും വലിയ കോടീശ്വരി..... ലോകത്തിലെ ഏറ്റവും സന്തോഷവതി..... അപ്പോൾ ഞാൻ എന്നയല്ലേ കൂടുതൽ സ്നേഹിക്കണ്ടേത്.....

കണ്ണിൽ പൊടിഞ്ഞ കണ്ണുനീർ തുള്ളി തുടച്ചു മാറ്റി അവൾ പുഞ്ചിരിയോടെ ആഷിയെ നോക്കി ചോദിച്ചു .....

അവൻ നിറഞ്ഞമനസ്സോടെ കയ്യടിച്ചു..... ബാക്കിയുള്ളവരും.....

അവൻ പോയി മ്യൂസിക് പ്ലേ ചെയ്തു.... അവന്റെ ഫോൺ സോങ് സെലക്ട് ചെയ്തു ഇനുവിന് കൊടുത്തു....

മ്യൂസിക് ട്യൂൺ കേട്ടപാടെ രാഹുലും ടീം മുഖം വാടി.....

അല്ലെങ്കിലും കുരുട്ട് ബുദ്ധിക്ക് ഇവനെ കഴിഞ്ഞല്ലേ വേറെ ആളുള്ളൂ..... ഹാദി ആത്മഗതം പറഞ്ഞു....

അബിയുടെ മുഖത്ത് എപ്പോഴത്തെയും പോലെ നെവർ മൈന്റ് ഭാവം തന്നെ ആയിരുന്നു.

🎶🎶അനിയത്തി പ്രാവിനു പ്രിയരിവര് നല്കും ചെറുതരി സുഖമുള്ള നോവ്

അതില് തെരുതെരെ ചിരിയുടെ പുലരികള് നീന്തും മണിമുറ്റമുള്ളൊരു വീട്

അവൻ പാടിയ പാട്ട് കേട്ട് എല്ലാവരും അത്ഭുതത്തോടെ അവന്നെ നോക്കിയത്

അവൻ മൈക്ക് ഇനുവിന് നേരെ നീട്ടി പാടാൻ പറഞ്ഞു.....

🎶ഈ വീട്ടിലെന്നുമൊരു പൊന്നോമലായ്

മിഴിപൂട്ടുമോർമ്മയുടെ താരാട്ടുമായ്

നിറഞ്ഞുല്ലാസമെല്ലാര്ക്കും നല്കീടും ഞാന്.......🎶🎶

പാടിക്കഴിഞ്ഞത് അവൾ എല്ലാരേം നോക്കി. മനസ്സിൽ തട്ടി പാടിയത് കൊണ്ട് തന്നെ കൺ കോണിൽ ഒരു ചെറുനനവ് പടർന്നു...... അപ്പോഴേക്കും ആഷിയുടെ സ്വര മാധുര്യം വീണ്ടും അവിടെ പടർന്നിരുന്നു......

🎶അനിയത്തി പ്രാവിനു പ്രിയരിവര് നല്കും ചെറുതരിസുഖമുള്ള നോവ്

അതില് തെരുതെരെ ചിരിയുടെ പുലരികള് നീന്തും മണിമുറ്റമുള്ളൊരു വീട്

സ്നേഹമെന്നും പൊന്നൊളിയായ് ഈ പൂമുഖം എഴുതീടുന്നൂ ദീപനാളം

പ്രാര്ഥനയാല് മിഴി ചിമ്മാതെ കാത്തീടുന്നൂ ദൈവം തുണയാകുന്നൂ

ജന്മം വരമാകുന്നൂ രുചിഭേദങ്ങളും പിടിവാതങ്ങളും തമ്മിലിടയുമൊടുവില് തളരും🎶

പാടി നിർത്തി ആഷി മൈക്ക് സെവെൻസ് നേരെ ചൂണ്ടി........

🎶ഇവളെല്ലാര്ക്കും ആരോമലായ്............ ഒളി ചിന്തുന്ന പൊന് ദീപമായ്.......

ഇവള് എന്നെന്നും തങ്കക്കുടം.....

ചിരി പെയ്യുന്ന തുമ്പക്കുടം.....🎶

അവർ ഒന്നിച്ചു പാടി......

🎶അനിയത്തി പ്രാവിനു പ്രിയരിവര് നല്കും

ചെറുതരിസുഖമുള്ള നോവ് അതില് തെരുതെരെ
ചിരിയുടെ പുലരികള് നീന്തും മണിമുറ്റമുള്ളൊരു വീട്
കണ്ണുനീരും മുത്തല്ലോ ഈ കാരുണ്യ തീരങ്ങളില്
കാത്തുനില്ക്കും ത്യാഗങ്ങളില് നാം കാണുന്നു
സൂര്യോദയം തമ്മില് പ്രിയമാകണം നെഞ്ചില്
നിറവാകണം കണ്ണില് കനിവൂറണം.....🎶

പാടി നിർത്തിയതും അവൾ സെവെൻസ്
അടുത്തേക്ക് ഓടി ചെന്നു അവർ അവളെ
പൊതിഞ്ഞു പിടിച്ചു......

(സോങ് അതിന്റെ ഫീൽ കിട്ടാൻ ഒന്ന് യുട്യൂബിൽ
കണ്ടു നോക്കിക്കോ 😉)

അത് കണ്ടു ചിരിയോടെ ആഷി സ്റ്റേജിൽ നിന്നും
ഇറങ്ങി അവന്റെ ഗാങ്ങിന്റെ അടുത്തേക്ക് പോയി.....

അവൾക്ക് ഇതിനോളം ചേരുന്ന മറ്റൊരു സോങ്
ഇല്ല...... അവള് എന്നും ഈ കുടുംബത്തിന്റെ
കെടാവിളക്ക് ആയിരിക്കും...... ആരുടേയും കണ്ണ്
തട്ടതിരിക്കട്ടെ.......പടച്ചോൻ അനുഗ്രഹിക്കട്ടെ
അവളെ.....അവൻ ചെറു ചിരിയോടെ പറഞ്ഞു.....
അതങ്ങീകരിക്കുന്ന പോലെ അവർ ആഷിയുടെ
തോളിൽ പിടിച്ചു......

അവർ എല്ലാവരും യാത്ര ചോദിച്ചു ഇറങ്ങി.....

നേരം പുലരുവോളം അവർ മനസ്സ് തുറന്നു തന്നെ ആ ദിവസം പാട്ടും കൂത്തും ആയി ആഘോഷിച്ചു.....

❤❤❤❤

കല്യാണപെണ്ണായി ഇനു ഒരുങ്ങി ഇറങ്ങി ആദ്യം പോയത് ഇജുവിന്റെ റൂമിലേക്ക് ആയിരുന്നു...... അവളെ കണ്ടതും ഇജുവിന്റെ മുഖം വിടർന്നു.....ഇജു അവളെ ആദ്യമായി കാണുന്നത് പോലെ നോക്കി...... റെഡ് മെറൂൺ കളർ ലഹങ്ക ആണ്......  ആ ഡ്രെസ്സിൽ അവളുടെ സൗന്ദര്യം ജ്വലിച്ചു നിന്നു..... അതിൽ സ്വർണ്ണക്കളർ നൂലിഴകൾ കൊണ്ട് ഹൈലി വർക്ക് ചെയ്തിട്ടുണ്ട്...... സ്റ്റോൺ വർക്ക് കൂടി ഉൾപ്പെടുത്തി ഡ്രസ്സ് തന്നെ തിളങ്ങുന്നുണ്ട്..... മൈലാഞ്ചി ചുവപ്പണിഞ്ഞ കൈകൾ രണ്ടും മുട്ടോളം സ്വർണ്ണവളകൾ...... സ്കെർട്ട് കാണാൻ പോലും ഇല്ലാതെ ജ്വവൽസ്...... തലയിൽ ഗോൾഡിന്റെ തന്നെ നെറ്റികുറി.... അതിന്റെ ലയറിങ്ങ്സ് ദുപ്പട്ടക്കുള്ളിലൂടെ

കുത്തിവെച്ചിട്ടുണ്ട്..... ഒരു ലയർ നോസ് റിങ് ആയിട്ടും ജോയിന്റ് ഉണ്ട്..... നോസ് റിങ്ങിന്റെ അറ്റത്

ഒരു ചെറിയ ഡയമന്റ് സ്റ്റൻസ്റ്റ് തിളങ്ങുന്നു......
തലയിൽ ലഹങ്കയുടെ കളർ നെറ്റ് ഷാൾ അതിന്റെ
അറ്റത് ചെറിയ മുത്തുകൾ തൂങ്ങിക്കിടക്കുന്നു.......

ഇപ്പോ കണ്ട ഷോക്കേസിലെ ബൊമ്മ പോലെ
കൊണ്ട് വെക്കാം അല്ലെ ഇജുക്ക

പോടീ കുരിപ്പേ.... ഈയൊരു നിമിഷത്തിനായാണ്
ഞാൻ ഇത്രയും കാലം ജീവിച്ചത് പോലും..... അവൻ
നിറഞ്ഞ കണ്ണുകൾ തുടച്ചു.....

അതെ ഇജുക്ക ഒരു ജ്വല്ലറി മൊത്തം എന്റെ ദേഹത്തു
ഉണ്ട്.... എന്നിട്ടും ചെറിയ കുറവ് വന്നിട്ടുണ്ട് അവൾ
നിരാശയോടെ സ്വർണ്ണം മൊത്തം നോക്കി
പറഞ്ഞു.....

എന്ത് കുറവ്..... ഇനി വളയോ മാലയോ വേണോ.....
അവൻ എല്ലാടത്തും നോക്കി ചോദിച്ചു.....

എന്റെ കാൽ വിരലിൽ മാത്രം ഒഴിഞ്ഞു കിടക്കുന്നത്
കണ്ടോ.....

കാലിൽ അങ്ങനെ സ്വർണ്ണം ഇടോ.... ഞാൻ
അറിഞ്ഞില്ല..... അലക്സ്...... അവൻ അലറിയതും
അവൾ വാ പൊത്തിപിടിച്ചു......

എന്റെ പൊന്ന് ഇജുക്ക ചതിക്കരുത്.... ഞാൻ നിങ്ങളെ കളിയാക്കിയത..... ഒരു ജ്വല്ലറി കട നടന്നു വരുന്നത് പോലുണ്ട് ഇപ്പൊ തന്നെ എന്നെക്കാണാൻ.... ഇതൊക്കെ കുറച്ചു ഓവർ അല്ലെ..... എന്നെ ഒരുക്കാൻ വന്ന ബ്യൂട്ടീഷൻ മാർ പോലും കൈ കടഞ്ഞു പോയി.....

അവൻ കൈ പിടിച്ചു താഴ്ത്തി.....

എത്ര ഒരുക്കിയാലും മതിയാവില്ല മോളെ നിന്നെ..... ഒരു സങ്കടം ഉള്ളു..... ഇതൊക്കെ കാണാൻ നമ്മുടെ ഉപ്പ ഇല്ലാതായിപ്പോയല്ലോ...... രണ്ട് പേരുടെയും കണ്ണ് നിറഞ്ഞിരുന്നു ആ ഓർമയിൽ......

അവൾ ഇജുക്കന്റെ മുഖം കയ്യിൽ എടുത്തു..... എന്റെ ഉപ്പ തന്നെ ഇത്..... ഒരു മാറ്റം ഇല്ലാതെ ഇങ്ങനെ എന്റെ മുന്നിൽ നില്കുന്നത്..... അങ്ങനെ കണ്ടിട്ട് ഉള്ളു...

എന്റെ ഉപ്പയുടെയും കൂടി സ്നേഹം ഈ മനസ്സിൽ ഉണ്ട് അത് മതി എനിക്ക്..... അവന്റെ നെറ്റിയിൽ ചുണ്ടുകൾ ചേർത്ത് അവൾ പറഞ്ഞു.... അവൻ തിരിച്ചു അവളുടെ നെറ്റിയിൽ ചുംബനം കൊടുത്തു അതിൽ അടങ്ങിയിരുന്നു അവന്റെ ആഷിവാദം

മുഴുവൻ..... അവൾ കണ്ണടച്ച് അത് സ്വീകരിച്ചു......

അതേ സ്നേഹപ്രകടനം കഴിഞ്ഞെങ്കിൽ ഒന്ന് പുറത്തു വന്ന കൊള്ളാമായിരുന്നു നദീം പറഞ്ഞു.....

അവൾ ചിരിയോടെ നദീംമിനെ നോക്കി

എങ്ങനെയുണ്ട് സഞ്ചരിക്കുന്ന ജ്വല്ലറി പോലില്ലേ......

പോടീ..... നന്നായിട്ടുണ്ട്..... മാഷാ അല്ലാഹ് കണ്ണ് കൊള്ളാതിരിക്കട്ടെ.... അവളെ കവിളിൽ തലോടി പറഞ്ഞു....

ഇജുക്ക ഈ നോസ് റിങ് അഴിച്ചോട്ടെ..... വല്ലാത്ത അസ്വസ്ഥത....... അവൾ മൂക്ക് ചൊറിഞ്ഞു.....

അത് പറഞ്ഞപ്പോ ഓർത്തത് ടാ നദീംമേ കാൽ വിരലിൽ ഇടുന്ന മോതിരം ഉണ്ടോ..

പടച്ചോനെ...... നദീംക്കാ ഓടിക്കോ....... ഇത് മുഴുത്ത വട്ടാ അതും പറഞ്ഞു അവൾ ഓടി..... റൂമിന് പുറത്ത് എത്തിയതും അവളെ കാത്തു എല്ലാരും ഉണ്ടായിരുന്നു.... എല്ലാവരുടെയും കണ്ണ് വിടർന്നു..... അറിയാതെ തന്നെ വാ പൊളിച്ചു എല്ലാരും......

അവൾ ഫൈസിയെ നോക്കി.....

അവന്റെ തിളങ്ങുന്ന കണ്ണുകൾ അവളുടെ ശരീരത്തിലൂടെ ഓടി നടന്നു പിന്നെ മുഖം വാടുന്നത് കണ്ടു..... അത് കണ്ടപ്പോൾ അവൾക്ക് വല്ലായ്മ തോന്നി.

റിസ ഇനുവിനെ നോക്കി..... ഇനി പറ എങ്ങനുണ്ട് എന്റെ ഡ്രസ്സ് സെലക്ഷൻ.....

എല്ലാരും അവളെ അഭിനന്ദിച്ചു.... ഫൈസ്ക്ക എങ്ങനെ ഉണ്ട്..... അവൾ ഫൈസിയെ നോക്കി. ഫൈസി ദയനീയമായി അവളെ നോക്കി..... അവൾ ഇനുവിനെ നോക്കി പിന്നെ പൊട്ടിച്ചിരിക്കാൻ തുടങ്ങി...... ചിരിച്ചു ചിരിച്ചു അവൾ ചിരി അടക്കാൻ കഴിയാതെ നിലത്ത് ഇരുന്നു പോയി എന്നിട്ടും ചിരി നിർത്തിയില്ല......

അവളെ ചിരി കണ്ടു എല്ലാർക്കും ചിരി വന്നെങ്കിലും എന്തിനെന്നു തിരിയാതെ അവർ പരസ്പരം നോക്കി.....

കാര്യം പറഞ്ഞു ചിരിക്ക് മറിയാമ്മോ.... ബാക്കിയുള്ളോരേ ടെൻഷൻ അടിപ്പിക്കാതെ ( ഷഹി )

ഫൈസ്ക്ക...... ഫൈസ്ക്ക.... ബാക്കി ചിരി വന്നിട്ട്

അവൾക്ക് പറയാൻ കഴിയുന്നില്ലാരുന്നു...

എല്ലാരും ഫൈസിയെ നോക്കി അവന്റെ മുഖം കൊട്ട പോലെ വീർത്തിരുന്നു. അതിൽ നിന്ന് തന്നെ എന്തോ കാര്യം ഉണ്ടെന്ന് അവർക്ക് മനസ്സിൽ ആയി....

ഒന്ന് കാര്യം പറ റിസ ശദ അവളെ കയ്യിൽ ഒരു നുള്ള് കൊടുത്തു......

വേദനയെടുത്തെങ്കിലും അവൾ കൈ തടവി... ഫൈസിക്കയിലേ...... ഇനുവിനെ......

ബാക്കി പറയുന്നെന്നു മുന്നേ ഫൈസ് അവളെ വാ പൊത്തിപിടിച്ചു.....

ഒന്നുല്യാ ഫക്ഷൻ തുടങ്ങാറായി..... ഫൈസ് അവളെ വാ പൊത്തിപിടിച്ചു കൊണ്ട് തന്നെ പറഞ്ഞു മുന്നോട്ട് നടന്നു.

രണ്ടാം വിവാഹം അല്ലെ കുറച്ചു ലേറ്റ് ആയാലും പ്രോബ്ലം ഇല്ല.... നദീം ഫൈസിയെ പിടിച്ചു വെച്ചു റിസയെ പിടിച്ചു വലിച്ചു അവന്റെ അടുത്തേയ്ക്ക് നിർത്തി....

നീ പറ മോളെ എന്താ കാര്യം.....

റിസ..... പറഞ്ഞ എന്റേൽന്ന് കിട്ടും..... ഫൈസ്

നോക്കി കണ്ണുരുട്ടി....

ഞാൻ പറയും എന്നെ മൂന്ന് ദിവസം ആയി ഉറങ്ങാൻ വിട്ടിട്ട്..... നോക്കിക്കേ എന്റെ കണ്ണി   ന് താഴെ കറുപ്പടിച്ചു..... അതൊക്കെ പോട്ടെന്നു വെക്കാം ഡ്രസ്സ്‌ കിട്ടാൻ ലേറ്റ് ആയേനെ എന്റെ പ്രൊഫഷൻ വരെ തെറി വിളിച്ചു അത് എന്ത് മറന്നാലും ഞാൻ മറകുല......

നിന്നെ ഞാൻ ഇന്ന്..... ഫൈസ് അടുത്തേക്ക് വന്നതും  അവൾ ഓടി....

ബാക്കിയുള്ളവർ അവളെ വളഞ്ഞു നിന്നു

നീ പറ കാര്യം......

ഫൈസ്ക്കക്ക് വലിയ ആഗ്രഹം ആയിരുന്നു ഇനുവിന്റെ മാര്യേജ് ഡ്രസ്സ്‌ സ്വന്തം സെലക്ഷൻ ആയിരിക്കണം...... ഫൈസ്ക്ക ആഗ്രഹിച്ച രൂപത്തിൽ അവളെ കല്യാണപെണ്ണായി കാണണം എന്നൊക്കെ..... ഫൈസ്ക്കക്ക് ഇഷ്ടപെട്ട കളർ ആണ് മെറൂൺ..... ഇനുവിട്ട റെഡ് മെറൂൺ ആണ് ഫേവറിറ്റ് കളർ.... രണ്ട് ദിവസം മുൻപ് ആണ് മൂപ്പർക്ക് ഒരാഗ്രഹം

തോന്നിയത്....... അവൾടെ ഡ്രെസ്സിൽ സ്വന്തം കയ്യക്ഷരത്തിൽ അവളോടുള്ള ഇഷ്ടം രെഖപ്പെടുത്തണം എന്ന്...... സ്വന്തം കല്യാണം അല്ലെ ആയിക്കോട്ടെന്ന് പറഞ്ഞു ലഹങ്കയുടെ ബ്ലൗസ്സിൽ ചെയ്യാൻ ഹെല്പ് ചെയ്തു..... ഫൈസ്ക്ക ഭംഗിയായി അതെഴുതി.....

ഞാൻ അതിന്റെ മുകളിലൂടെ ഗോൾഡൻ കളറിൽ സ്റ്റിച് ചെയ്തു...... വിചാരിച്ച പോലെ എനിക്ക് ഫിനിഷ് ചെയ്യാൻ പറ്റിയില്ല..... മാസങ്ങൾ കൊണ്ട് ചെയ്യുന്ന വെഡിങ് ഡ്രസ്സ് ആണ് ഞാൻ അഞ്ചു ദിവസം കൊണ്ട് ചെയ്തു തീർത്തത് ......

എന്നെ ഉണ്ണനോ ഉറങ്ങാനോ വിടാതെ പോരാത്തതിന്ന് ഇടയ്ക്കിടെ നല്ല അന്തസ്സായി തെറി വിളിയും കിട്ടി...... എങ്ങനെ ഒക്കെയോ ഇന്ന് മോർണിംഗ് ഞാൻ ജോലി തീർത്ത ശ്വാസം വിട്ടത് പോലും.....

അതിന്ന് ചിരിക്കുന്നത് എന്തിനാ....

ഇജുക്ക ഗോൾഡ് കൊണ്ട് അവൾക്ക് സ്കെർട്ട് ഇട്ടു..... ഇനി അതിന്റടിയിൽ ബ്ലൗസ് ഉണ്ടോന്ന് തന്നെ ഉറപ്പില്ല അമ്മാതിരി ജ്വല്ലറി അല്ലെ ഇട്ടിരിക്കുന്നത്.

സത്യം പറഞ്ഞ ഫൈസ്ക്കന്റെ കിളി പോയ നിൽപ്പ് കണ്ടു എനിക്ക് ചിരി പിടിച്ചു വെക്കാൻ പറ്റുന്നില്ല...... ഇനു അത് കണ്ടു സർപ്രൈസ് ആവും....... ഓടി വന്നു കെട്ടിപ്പിടിക്കും..... എന്തൊക്കെ ആയിരുന്നു...... പവനായി ശവമായി എന്നുള്ള നിൽപ്പ് നോക്കിയേ എങ്ങനെ ചിരി വരാതിരിക്ക .......

എല്ലാരും അവനെ നോക്കി അവൻ തിരിച്ചു ഇളിച്ചു കാണിച്ചു..... അത് കണ്ടപ്പോൾ ആയിരുന്നു ബാക്കിയുള്ളവർക്ക് ചിരി പൊട്ടിയത്......

ഇനിയും തോൽവികൾ അറിയാൻ ഈ ചന്തുവിന്റെ ജീവിതം ബാക്കി..... ആസ്ഥാനത് ഉള്ള യാഷിന്റെ ഡയലോഗ് കൂടി ആയപ്പോൾ പൊട്ടിച്ചിരി തന്നെ അവിടെ ഉയർന്നു...... ഫൈസ് മെല്ലെ ഇനുവിനെ നോക്കി........

എന്നാലും ഞാൻ കണ്ടില്ലല്ലോ ഒന്നും.... ഈ സ്കെർട്ടിൽ ഇങ്ങനെ ഒക്കെ ഉണ്ടായിരുന്നോ...... അവൾ സൂക്ഷ്മമായി നോക്കി.... സ്കെർട്ടിന്റെ കളർ പോലും കാണാൻ പറ്റുന്നില്ല...... പിന്നെയാ എഴുതിയത്...... എന്നാലും എന്തായിരിക്കും എഴുതിയത്....... അതും ആലോചിച്ചു കിളി പോയ

പോലെ അവൾ നിന്നു.....

പെട്ടെന്ന് ഫൈസിന്റെ നോട്ടവുമായി കണ്ണുകൾ ഇടഞ്ഞു......

എന്നത്തേയും പോലെ ഇളിച്ചു കൊണ്ട് അവൾ അവനെ നോക്കി...... അവൻ പുച്ഛത്തോടെ മുഖം കൊട്ടി.......

എന്തൊക്കെ ആയിരുന്നു അവളുടെ പ്രണയം നിറഞ്ഞ നോട്ടം കാണണം..... അവളുടെ കണ്ണുകളിലെ തിളക്കം കാണണം...... കോപ്പ് അവൻ ദേഷ്യം സങ്കടം ഒക്കെ അടക്കി പിടിച്ചു......

ഏതായാലും പ്ലാൻ ഒക്കെ എട്ടുനിലയിൽ പൊട്ടി.... ബട്ട് നമ്മളിത് ഇവൾക്കും ഇവനും ഉള്ള ചെറിയ പണിഷ്മെന്റ് ആയി

കൊടുക്കുന്നു...... ഇന്ന് നൈറ്റ് വരെ ഗോൾഡ് അഴിക്കാതെ നിൽക്കണം...... അപ്പൊ അറിഞ്ഞ മതി സർപ്രൈസ്....... ഷദയും യാഷ് പറഞ്ഞത് ബാക്കി ഉള്ളവർകയ്യടിച്ചു അംഗീകരിച്ചു....

പടച്ചോനെ ഞാൻ അത് വരെ സഞ്ചരിക്കുന്ന ജ്വാല്ലറി ആകനോ .... എന്നെ കൊണ്ട് പറ്റില്ല...... ആത്മഗതം

ഉച്ചത്തിൽ പുറത്തു വന്നതും അത് ബാക്കിയുള്ളവരുടെ ചിരി ഒന്നൂടി കൂട്ടി.....

ഇനിയും എന്തൊക്കെ നീ അനുഭവിക്കാൻ കിടക്കുന്നു..... ജുനു ആശ്വസിപ്പിക്കുന്ന പോലെ ചിരി കടിച്ചമർത്തി മെല്ലെ ഫൈസ്നോട് പറഞ്ഞു......

നൈറ്റ് എന്തെങ്കിലും പണി തരണോന്ന് ആലോചിച്ചതാ ഇനി വേണ്ട ഈ ഓർണമെന്റ്സ് അഴിക്കുമ്പോഴേക്കും നേരം വെളുത്തോളും..... സമിയും പതുക്കെ ചിരിയോടെ പറഞ്ഞു.....

എന്റെ അളിയാ ഈ ചതി എന്നോട് വേണ്ടാരുന്നു..... അവൻ ഇജുവിനെ കലിപ്പിട്ട് നോക്കി പല്ല് കടിച്ചു.

പല്ല് പൊട്ടിക്കണ്ട...... ഇതിനേക്കാൾ ഒക്കെ പണി ഓൺ ദ വേ..... ഷഹി ചിരിച്ചോണ്ട് പറഞ്ഞതും

അവനിലും ചെറു ചിരി വിരിഞ്ഞു.....

ഇപ്പൊ തന്നെ ടൈം ആയി എന്ന് പറഞ്ഞു എല്ലാവരും അവരെ ഹാളിലേക്ക് കൂട്ടി പോയി..... മെറൂൺ കളർ ഉള്ള ഷർവാനി ടൈപ്പ് ഡ്രസ്സ് ആയിരുന്നു ഫൈസിനും.....

ഫൈസ് ആദമിന്റെയും ഷംനയുടെയും കൂടെ

ഉമ്മന്റേയും ഉപ്പന്റെയും അനുഗ്രഹം കൂടി വാങ്ങിയിരുന്നു..... സ്വന്തം ഉമ്മന്റേയും ഉപ്പന്റെയും ഓർമ നോവായി മനസ്സിൽ പടർന്നുവെങ്കിലും ഇപ്പോൾ രണ്ട് ഉപ്പയും രണ്ട് ഉമ്മയും തനിക്ക് ഉണ്ടെന്ന് അവൻ ഓർത്തു......

നിക്കാഹ് കഴിഞ്ഞത് കൊണ്ട് തന്നെ അങ്ങനെ ഒരു ചടങ്ങ് ഇല്ലായിരുന്നു.....

ഇജു നിറഞ്ഞ മനസ്സോടെ ഇനുവിന്റെ കൈ പിടിച്ചു ഫൈസിന്റെ കൈക്കുള്ളിൽ വെച്ചു കൊടുത്തു...... ഒരിക്കലും പിടി വിടില്ലെന്ന ഉറപ്പോടെ അവന്റെ കൈ അവളുടെ കയ്യിൽ അമർന്നു......

ഇജാസ് തന്നെ അവൻ ആദ്യമേ അണിയിച്ച മഹർ അവന്റെ കയ്യിൽ കൊടുത്തു.....

ഒരിക്കൽ വെറുപ്പോടെയും ശപിച്ചൊണ്ടും നോക്കിയ മഹർ ഇന്ന് പ്രണയത്തോടെ അവൾ നോക്കി...... ഈ സ്നേഹം മനസ്സിൽ ആക്കാൻ വൈകിയതിലുള്ള കുറ്റബോധം അവളുടെ ഉള്ളിൽ ഉണ്ടായിരുന്നു...... അവൻ മഹർ അണിയിക്കാൻ അവളുടെ മുന്നിൽ എത്തിയതും അവളുടെ കണ്ണുകൾ ചുറ്റുപാടും ഓടി...... അത് മനസ്സിൽ ആക്കിയെന്ന വണ്ണം ഷഹി

അവളുടെ മുന്നിൽ നിന്നു...... പുഞ്ചിരിയോടെ കണ്ണടിച്ചു കാണിച്ചു...... ആ പുഞ്ചിരിയോടെ അവൾ ഫൈസിയുടെ മുന്നിൽ മഹർ ഏറ്റുവാങ്ങാൻ തല കുനിഞ്ഞു.......

തന്റെ പ്രണയം വർഷങ്ങൾക്ക് വേഷം പൂവണിയാൻ പോകുന്നു...... ഈ നിമിഷത്തിന്ന് ആണ് ഞാൻ ജീവിച്ചത് ഈ ഹൃദയം ഇടിച്ചു കൊണ്ടിരുന്നത്..... പടച്ചോനോട് നന്ദി പറഞ്ഞു കൊണ്ട് അവൻ മഹർ അണിയിച്ചു.......

അവന്റെ പ്രണയം പൂവണിഞ്ഞ സന്തോഷം അവളുടെ നെറ്റിയിൽ സ്നേഹചുംബനം ആയി പതിച്ചു..... എല്ലാവരും ആ സന്തോഷനിമിഷം കൺ നിറയെ കണ്ടു മനസ്സിൽ പതിപ്പിച്ചു....

അവന്റെ പ്രണയം വിസിബിൾ ആയി മാറി

തന്റെ പ്രണയം എന്നെന്നേക്കുമായി ഇൻവിസിബിൾ ആയെങ്കിലും നിറഞ്ഞ പുഞ്ചിരിയോടെ അവൻ ആശിർവദിച്ചു അവളെ........

ഗസ്റ്റ് കളുടെ വരവും പരിചയപെടലും ഫോട്ടോ ഷൂട്ട് ആയി രണ്ടാളും ഒരു വക ആയി മാറിയിരുന്നു..... ഇടക്കിടക്ക് എന്താ സ്കെർട്ടിൽ എഴുതിയത് എന്ന്

ചോദിച്ചു അവനോട് ഇനു കെഞ്ചി കൊണ്ടിരുന്നു..... അവൾക്കുള്ള ശിക്ഷ ആയി അവൻ അത് നേരിട്ട് കണ്ടോ പറഞ്ഞു പുച്ഛിക്കും..

ഒരായിരം പ്രാവശ്യം എങ്കിലും അവൾ ചോദിച്ചു കൊണ്ടിരുന്നു..... അവൻ മൈന്റ് ആക്കാതെ നിന്നു..... റിസ ആ ചോദ്യം ഒരിക്കൽ കേട്ടതും ഫൈസിയുടെ കലിപ്പ് നോട്ടത്തിൽ ആ വഴിക്ക് പോയില്ല...

സന്തോഷം നിറഞ്ഞ അവരുടെ ആഘോഷം വൈകുന്നേരം വരെ നീണ്ടു..... ജന്നത്തിലെ ഓരോ പുൽക്കൊടി പോലും അവരുടെ സന്തോഷത്തിൽ പങ്ക് ചേർന്നു..... സൂര്യൻ

അന്തിച്ചുവപ്പ് പടർത്തി പോയ് മറഞ്ഞു.... ആഘോഷങ്ങൾ താൽക്കാലികമായി കഴിഞ്ഞു......

ആകെ ടയഡ് ആയി കുളിച്ചു ഫ്രഷ് ആവണം എന്നുള്ള അവളുടെ ദീന രോദനം...... വെള്ളം അലർജിയുള്ള നീ കുളിക്കേണ്ടെന്ന് പറഞ്ഞു അവർ ആ വഴിയും അടച്ചു...... ഇനിയെതയാലും നൈറ്റ് കാണാം എഴുതിയത് എന്നോർത്ത് അവൾ ആശ്വസിച്ചു.....

റാനിയുടെയും നജയുടെയും ഫൈസിന്റെയും

ഫാമിലിയും കൂടി യാത്ര ചോദിച്ചു പോയി....... ജന്നത് മെൻഷനിൽ

അവിടെയുള്ളവർ മാത്രം ആയി.....

❤️❤️❤️❤️

നിലാവ് പൂർണ്ണ ചന്ദ്രൻ ആയി മാനത്തു ഉദിച്ചു......

അവളെ ഡ്രസ്സ് ഓർണമെന്റ്സ് അഴിക്കാൻ വിടാതെ ഫൈസ് ആഗ്രഹിച്ച രൂപത്തിൽ തന്നെ മണിയറയിലേക്ക് ആനയിച്ചു.

അവളുടെ കയ്യിൽ ഒരു ഗ്ലാസ് പാൽ കൊടുത്തു റാബിയ കൂടി അവിടെ നിന്നും പോയതും അവൾക്ക് ഇത് വരെ ഇല്ലാത്ത ഒരു പരവേഷം തോന്നി..... ശരീരത്തിലൂടെ വിറയൽ അനുഭവപ്പെട്ടു...... ശക്തിയായി ഇടിക്കുന്ന ഹൃദയവും വിറക്കുന്ന കൈകളിൽ പാലുമായി അവൾ വാതിൽ തുറന്നു റൂമിലേക്ക് വലത് കാൽ വെച്ചു കയറി.......

❤️💔INVISIBLE LOVE 💔❤️

Love after 💘marriage (part 87)

ഒന്നുമില്ലെങ്കിലും ഫസ്റ്റ് നൈറ്റ് അല്ലെടീ.....

ഇച്ചിരി നാണം ഒക്കെ മുഖത്ത് വിതറി നാണത്തോടെയും അടക്കത്തോടെയും ഒക്കെ കേറി വന്നോടെ..... ഇതൊരു മാതിരി തല്ലാൻ പോകുന്ന പോലെ പാൽ കൊണ്ട് വന്നിരിക്കുന്നു......അവൾ ധൃതിയിൽ നടന്നു അവന്ന് നേരെ പാൽ നീട്ടിയപ്പോൾ അവൻ പറഞ്ഞു.....

അതേ ഇന്ന് എന്റെ ഫസ്റ്റ് നൈറ്റ് ആണ്..... എന്ന് വെച്ചു നാണത്തോടെ തലയും താഴ്ത്തി പാലും പിടിച്ചു വരാനൊന്നും എന്നെ കിട്ടില്ല.... എനിക്കെ നാണം എന്താന്ന് പോലും അറീല..... വേണേൽ കുടിക്ക്..... ഉള്ളിലെ പതർച്ച മറച്ചു വെച്ചു ഗൗരവത്തോടെ അവൾ പാൽ അവന്റെ നേരെ നീട്ടി

ഇവിടെ വരെ വീഴാതെ പാൽ കൊണ്ട് വന്നത് എങ്ങനെ ആണെന്ന് എനിക്ക് തന്നെ ഓർമയില്ല പേടിച്ചിട്ട് കയ്യും കാലും വിറയ്ക്ക.....അപ്പോഴാ നാണം കെട്ടിപിടിച്ചു നിലത്ത് കാൽ കൊണ്ട് കളം വരക്കണ്ടേ അവൾ മെല്ലെ പിറുപിറുത്തു.

അവൻ പാൽ വാങ്ങി അവിടെ വെച്ചു......

അതെന്താ നിനക്ക് നാണം വരില്ലേ..... അവൻ എഴുന്നേറ്റു അവളെ അടുത്തേക്ക് വന്നു.....

എന്തിനാ നാണിക്കുന്നെ...... ധൈര്യത്തോടെ പറഞ്ഞെങ്കിലും അവൻ മുന്നോട്ട് പോകുന്നതിനു അനുസരിച്ചു അവൾ പിറകിലേക്ക് നീങ്ങി......

അപ്പൊ പേടിച്ചിട്ടാ മോൾ  കുഴിയാനയെ പോലെ പിന്നിലേക്ക് നടക്കുന്നെ..... അതോ നാണം കൊണ്ടോ.....

അത്..... പിന്നെ..... പിന്നെ..... അതൊന്നും ഇല്ല അവൾ അവിടെ നിന്നു....

അതെന്താ ഞാൻ അടുത്ത് വന്ന നിനക്ക് നാണം വരില്ലേ...... അവളുടെ അടുത്തേക്ക് വന്നു അവളുടെ അരയിലൂടെ കയ്യിട്ടു അവന്റെ അടുത്തേക്ക് അടുപ്പിച്ചു ചോദിച്ചു....

കാൽ വിരലിൽ നിന്നും കയറിയ വിറയൽ അവളെ ശരീരത്തിൽ മുഴുവൻ ആയി പടർന്നു കയറി...... അവൻ ഒരു കൈ കൊണ്ട് അവളെ ഒന്നൂടി ചേർത്തു പിടിച്ചു മറു കൈ കൊണ്ട് അവളുടെ മുഖത്തൂടെ വിരൽ ഒടിച്ചു.....

അവളുടെ ഹൃദയമിടിപ്പ് കൂടുന്നത് അവൾ അറിഞ്ഞു.... അവന്റെ നിശ്വാസം അവളുടെ മുഖത്ത് അടിച്ചു..... എന്നത്തേയും പോലെ അവളെ അത്

വികാര ഭരിതമാക്കിയില്ല..... എന്തൊക്കെയോ അസ്വസ്ഥത കൊണ്ട് അവൾ നിന്ന് പിടഞ്ഞു..... പ്രതീക്ഷിക്കതെ അവൻ അവളുടെ കവിളിലൂടെ അവന്റെ കവിൾ ഉരസി..... ഒന്ന് ഞെട്ടികൊണ്ട് ഓരേങ്ങലോടെ അവൾ അവന്റെ ചുമലിൽ പിടിച്ചു.....

അവന്റെ മുഖം വീണ്ടും മുഖത്ത് ഉരസിയതും അവൾ നിന്ന് പിടഞ്ഞു....

എനിക്കൊരു കാര്യം പറയാനുണ്ട് ഫൈസ്

ഫൈസ് അല്ല ഹബ്ബി അങ്ങനെ വിളിച്ച മതി... അവളുടെ കഴുത്തിൽ മുഖം പൂഴ്ത്തി കൊണ്ട് അവൻ പറഞ്ഞു.....

പ്ലീസ് ഫൈസ്...... അവൾ കഴുത്ത് വെട്ടിച്ചു പറഞ്ഞു....

എനിക്കറിയാം എന്താണെന്ന്..... അവൻ മുഖം ഉയർത്താതെ തന്നെ പറഞ്ഞു.....

അതല്ല ഫൈസ് എനിക്ക് കുറച്ചു സംസാരിക്കണം...... അവൾ എങ്ങനെ ഒക്കെയോ പറഞ്ഞു ഒപ്പിച്ചു.....

നീ ഏറ്റവും കൂടുതൽ സ്നേഹിക്കുന്നത് നിന്നെയോ എന്നെയോ ഇജുവിനെയോ ജുനുവിനെയോ അല്ല....

അതല്ലേ പറയാൻ വന്നത്..... അവൻ മുഖം ഉയർത്താതെ പറഞ്ഞതും അവൾ ഞെട്ടി പിടഞ്ഞു അവനെ തള്ളിമാറ്റി.....

സത്യം അല്ലെ ഇനു..... അവന്റെ ശബ്ദം കടുത്തിരുന്നു..... അവളിൽ ഒരു വിറയൽ പടർന്നു...... അവൾ ഉത്തരം പറയാൻ ആകാതെ മുഖം കുനിച്ചു......

അതിനുത്തരം ഷഹി അല്ലേ ഇനു..... അവന്ന് വേണ്ടിയല്ലേ നീ ഈ വിവാഹം വേഗം നടത്താൻ പോലും സമ്മതിച്ചത്..... അവൻ വിവാഹത്തിന് സമ്മതിച്ചിരുന്നില്ലെങ്കിൽ നീ എന്നെ വേണ്ടെന്നു വെച്ചേനെ അതല്ലേ സത്യം... അവൻ ദേഷ്യത്തോടെ ശബ്ദം ഉയർത്തി അവളെ നോക്കി ചോദിച്ചു.....

അവൻ പറഞ്ഞതും അവൾ മുഖം പൊത്തി പൊട്ടികരഞ്ഞു......

നിക്ക് എല്ലാരേം ഇഷ്ട......  പക്ഷേ ശഹി.....

ശഹിയെ ഒരുപാട് ഇഷ്ടം ആണ്.... പക്ഷേ ഫൈസ് കരുതുന്ന പോലെ അത് പ്രണയം ഒന്നും അല്ല....... എനിക്ക്...... എനിക്ക് എല്ലാം അവന...... അവനില്ലാത്തൊരു ജീവിതം ഞാനും

ആഗ്രഹിച്ചിരുന്നില്ല...... കള്ളം പറയാൻ വയ്യ അതോണ്ടാ തുറന്നു പറയുന്നേ....... അവൾ വിക്കി വിക്കി പേടിയോടെ പറഞ്ഞു.....

അവൻ അവളെ മുഖത്തെ കൈ ബലമായി മാറ്റി...... മുഖത്ത് നോക്ക് ഇനു..

ഞാൻ.... എനിക്ക്..... ഞാൻ മാറിക്കൊള്ളാം...... അവനെക്കാൾ കൂടുതൽ സ്നേഹിച്ചോളാം......അവൾ പേടിയോടെ തന്നെ അവന്നെ നോക്കി....

പുഞ്ചിരിയോടെ തന്നെ നോക്കി നിൽക്കുന്ന ഫൈസിയെ അവൾ കണ്ടു....

പേടിച്ചോ...... ഇത്രയേ ഉള്ളോ ശഹിയുടെ നീലക്കണ്ണി.....കുസൃതിയോടെ അവൻ ചോദിച്ചതും അവൾ കരച്ചിലോടെ അവന്റെ നെഞ്ചിൽ കൈ കൊണ്ട് അടിച്ചു...... അവൻ കൈ പിടിച്ചു വെച്ചു അവളെ കെട്ടിപിടിച്ചു അവളെ ചുമലിൽ മുഖം വെച്ചു.....

നിനക്ക് അവനോട് ഉള്ളത് നിഷ്കളങ്കമായ സ്നേഹം ആണ്...... അതിന്ന് ഞാൻ മറ്റൊരർത്ഥം കാണുന്നില്ല ഇനു..... നിന്നെക്കാൾ ഇഷ്ടം ആണ് എനിക്കിപ്പോ അവന്നെ..... ബഹുമാനം ആണവനെ....... നിന്റെ

മനസ്സിൽ അവനുള്ള സ്ഥാനം എനിക്ക് വേണമെന്നുള്ള വാശി എനിക്കില്ല...... അവനെക്കാൾ കൂടുതൽ അവകാശം വേണമെന്നുള്ള വാശിയോ എനിക്കില്ല...... ഞാൻ നിനക്ക് നിന്റെ പ്രണയം ആണ്...... നിന്റെ ഭർത്താവ് ആണ്...... നിന്റെ പാതിയാണ്....

എന്നാൽ അവൻ സഹോദരൻ ആണ്...... സുഹൃത്ത് ആണ്.....

നിന്റെ മനസ്സിൽ എനിക്കുള്ള സ്ഥാനം അവന്നോ അവന്റെ സ്ഥാനം എനിക്കോ നൽകാൻ കഴിയില്ല... രണ്ടും രണ്ട് ബന്ധം ആണ്...... അത് അതിന്റേതായ വിശുദ്ധിയിൽ തന്നെ കാണുന്നു..... എനിക്ക് എന്നേക്കാൾ വിശ്വാസം ആണ് നിന്നെ.....

അവൾ അവന്നെ വരിഞ്ഞുമുറുകി..... സന്തോഷം കൊണ്ട് കണ്ണുകൾ നിറഞ്ഞൊഴുകുന്നുണ്ടായിരുന്നു.......

നീ ആഗ്രഹിക്കുന്നത് പോലെ...... അവന്ന് ഒരു ജീവിതം കിട്ടിയിട്ട് മതി നമുക്കും ഒരു ജീവിതം തുടങ്ങാൻ...... എനിക്ക് സമ്മതം ആണ് അതിന്ന് വേണ്ടി കാത്തിരിക്കാൻ....

ഇതല്ലേ നിനക്ക് എന്നോട് പറയാൻ ഉള്ളത

എങ്ങനെയാ ഇങ്ങനെ സ്നേഹിക്കാൻ കഴിയുന്നെ.... ഫൈസ്.....

അവൻ എന്റെ അനിയൻ കൂടി അല്ലേടി ഇപ്പോൾ....... പിന്നെ ഫൈസ് അല്ല ഹബ്ബി അങ്ങനെ വിളിച്ച മതി അവൻ അവളെ അമർത്തി കെട്ടിപിടിച്ചതും സ്വർണ്ണം ദേഹത്തു തറച്ചുഅവളെ വിട്ടു.......

നിന്റെ ഇജുക്കക്ക് മെന്റൽ ആണോ കുരിപ്പേ.... വാരി വലിച്ചു ഇടാൻ.... ഇങ്ങനെ പോയ അങ്ങേരെ തലയിൽ നെല്ലിക്കത്തളം വെക്കും ഞാൻ

എന്റെ ഇജുക്കയെ പറയണ്ട.....

പറഞ്ഞ എന്ത് ചെയ്യും.....

കൊല്ലും ഞാൻ.... അവൾ കൈകൊണ്ട് കഴുത്ത് പിടിക്കുന്ന പോലെ ചെയ്തു.....

അത്രക്കായോ കുരുട്ട് അടക്കേ..... അവൻ

അവളുടെ മുഖം കയ്യിൽ എടുത്തു മുഖത്തോട് മുഖം അടുപ്പിച്ചു.....അവൾ കൈ വിട്ടു.....

വിട് ഫൈസ്...... അവളുടെ വാക്കുകൾക്ക് വിറയൽ

ഉണ്ടായിരുന്നു......

അവൻ ഇല്ലെന്ന് തലയാട്ടി ചുണ്ടോട് ചുണ്ടുകൾ അടുപ്പിച്ചതും......

കിസ്സ് കൊടുക്കല്ലേ..... എന്ന് കൊറസോടെ പറയുന്നത് കേട്ടു രണ്ട് പേരും ഞെട്ടലോടെ അകന്നു നിന്നു ചുറ്റും നോക്കി.....

കട്ടിലിന് അടിയിലൂടെ ഊർന്നു വരുന്ന ആളുകളെ കണ്ടു ഇനുവും ഫൈസ് വായും പോളന്നു കണ്ണ് മിഴിച്ചു നോക്കി....... റിസ ഷദ നൈഹ...

അവർ ഫൈസിനെ നോക്കി ഇളിച്ചു കാണിച്ചു..... അവൻ കട്ടിലിന് അടിയിലേക്ക് മണങ്ങി നോക്കി....

നോക്കണ്ട ഞങ്ങൾ മാത്രം ഉള്ളു......

റിസ തലയിൽ ചൊറിഞ്ഞോണ്ട് മെല്ലെ പറഞ്ഞു....

നിങ്ങൾ എന്താ ഇതിന്റടിയിൽ..... ബാക്കി വാലൊക്കെ എവിടെ ഉള്ളത് അവൻ ചുറ്റും നോക്കി.....

നിങ്ങൾക്ക് പണി തരാൻ വന്നതാ പക്ഷേ പണി കിട്ടിയത് ഞങ്ങൾക്കും...... റൂമിൽ കേറിയതും ഫൈസക്ക വന്നു ഷാനുവും യാഷ് ഓടി പോയി ഞങ്ങൾക്ക് ഇറങ്ങാൻ പറ്റാത്തോണ്ട് ഞങ്ങൾ

ഇതിന്റെ അടിയിൽ ഒളിച്ചു.... ഫൈസ്ക്ക ഇറങ്ങി പോയില്ല..... ഞങ്ങൾ പെട്ടു.....രണ്ടും കല്പിച്ചു ഇറങ്ങി ഓടാന്ന് വെച്ചപ്പോ ബാബിസാ കേറി വന്നു.

എന്ന പിന്നെ അപ്പൊ ഇറങ്ങാരുന്നില്ലേ..... ഫൈസ് അവളെ നോക്കി കണ്ണുരുട്ടി....

ഇറങ്ങാൻ പോയതാ അപ്പോഴാ റിസ പറഞ്ഞത്..... കുറച്ചു കഴിഞ്ഞു പോകാ.... ഇവർ സംസാരിക്കുന്നത് കേൾക്കാന്ന്.....

എന്റെ കല്യാണം വരാൻ പോകല്ലേ ഒരു ട്രെയിനിങ് ആയിക്കോട്ടെ കരുതി....... തെറ്റിദ്ധരിക്കരുത് പാൽ കൊണ്ട് ഇവൾ നാണത്തോടെ വരുന്ന സീൻ കാണാൻ ഇരുന്നതാ..... അവൾ നഖം കടിച്ചു നാണത്തോടെ കാൽ കൊണ്ട് നിലത്ത് കളം വരച്ചു പറഞ്ഞു....

ഫൈസ്ന് ചിരി വന്നെങ്കിലും കടിച്ചമർത്തി കലിപ്പിട്ട് നോക്കി..... കുട്ടിക്കളി കൂടുന്നുണ്ട് എല്ലാത്തിനും..... അവൻ തല്ലാൻ നോക്കിയതും അവൾ ഓടി..... ബാക്കി യുള്ളവരും...... റിസ പെട്ടന്ന് തിരിച്ചു വന്നു അവന്നെയും അവളെയും ഒന്നിച്ചു കെട്ടിപിടിച്ചു........

നിങ്ങളെ പോലെ നിങ്ങളെ ഉള്ളൂ..... നിങ്ങളാണ്

ശരിക്കും ഹീറോസ്..... ശഹി

ശരിക്കും ഭാഗ്യം ചെയ്തവനാ നിന്നെ പോലൊരു ഫ്രണ്ടിനെയും ഇത് പോലൊരു ഇക്കാനെയും കിട്ടിയില്ലേ.......

ഫൈസ് അവളെ തലയിലൂടെ തലോടി....

ഷദയും അതിന്റെ മേലെ വന്നു കെട്ടിപിടിച്ചു.......

ഞങ്ങൾ സംസാരിച്ചത് മൊത്തം നിങ്ങൾ കേട്ടെന്ന് അറിയാം...... ഇതൊന്നും ഇവിടെ മറ്റാരും അറിയരുത്..... ഷഹീയോടും പറയരുത്..... സത്യം ഇട്....

ഞങ്ങൾ പറയില്ല സത്യം..... അവർ പോയി.

ഇപ്പൊ മാനം പോയെനേ കുരിപ്പുകൾ കണ്ടിട്ട് ഉണ്ടാകോ എന്തെങ്കിലും..... അവൻ മുഖത്ത് ഉരസിയതും കെട്ടിപിടിചതും ഓർത്തതും അവൾ ചമ്മലോടെ കട്ടിലിൽ ഇരുന്നു..... പെട്ടെന്ന് തന്നെ എലി കരയുന്ന ശബ്ദം കേട്ടു അവൾ ഞെട്ടി എണീറ്റു ഫൈസിയെ കേറിപ്പിടിച്ചു......

ഇത് ട്രയൽ അപ്പൊ പോട്ടെ ഖൽബ്സ്..... ഷദയും റിസയും തല ഉള്ളിലേക്ക് ഇട്ടു വിളിച്ചു പറഞ്ഞു.....

നിങ്ങളെ ഉണ്ടല്ലോ ഞാൻ ഇന്ന് ഫൈസ് കയ്യൊങ്ങി പറഞ്ഞതും വാതിൽ വലിച്ചടച്ചു ഓടി....

അവൻ പോയി വാതിൽ അടച്ചു ലോക്ക് ഇട്ടു......

അവൾ സോഫയിൽ കേറി നില്കുന്നത് കണ്ടു.....

കുട്ടികൊരങ്ങേ താഴെ ഇറങ്.....

എലിയുണ്ട് ഞാൻ ഇറങ്ങില്ല.....

ഫൈസ് ബെഡ്ഷീറ്റ് വലിച്ചു പൊന്തിച്ചു എലിയുടെ ഒരു ടോയ് എടുത്തു..... ശബ്ദം ഉണ്ടാക്കി കേൾപ്പിച്ചു.....

അവൾ സോഫയിൽ നിന്നു ഇറങ്ങി.... അവൻ ചുറ്റും പരതുന്നത് കണ്ടു......

എന്താ തപ്പുന്നെ...... പുലിയും സിംഹവും എവിടേലും ഉണ്ടെന്ന് നോക്കിയതാ..... എല്ലാം വിളഞ്ഞ വിത്താണ്......

അതൊക്കെ പോട്ടെ..... ഈ സ്കെർട്ടിൽ എന്താ എഴുതിയിരിക്കുന്നെ.......

നീ തന്നെ നോക്കി കണ്ടു പിടിച്ച മതി..... ഇടുന്ന ഡ്രസ്സ് പോലും നോക്കാതെ ഇട്ടിരിക്കുന്ന കുരിപ്പ്.....

നിന്നെയൊക്കെ ഉണ്ടല്ലോ ഒലക്ക വെച്ചു തല്ലണം......

അപ്പൊ സർപ്രൈസ് ഉള്ളത് പറയാതെ നിന്ന നിന്നെ ഉരൽ വെച്ചാ തല്ലണ്ടെ..... അവൾ മുഖം കോട്ടി.....

നാവിനു മാത്രം നീളത്തിന് ഒരു കുറവും ഇല്ല. വേണേൽ കണ്ടു പിടിക്ക്.... അതും പറഞ്ഞു അവൻ ബെഡിൽ പോയി ഇരുന്നു.

ഈ ഓർണമെന്റ് അഴിക്കാൻ സഹായിക്കോ.....

പിന്നെ എനിക്ക് അതല്ലേ പണി..... നിന്റെ പുന്നാര ഇജുക്ക അവിടുണ്ട് പോയി അഴിച്ചു തരാൻ പറയ്..... എന്റെ പ്ലാൻ കൊളക്കിയിട്ട്...... എന്നിട്ട് ഞാൻ സഹായിക്കണം പോലും.... പോയി പണി നോക്ക് അവൻ പുച്ഛത്തോടെ മുഖം കോട്ടി....

എന്ന പിന്നെ എനിക്ക് വായിക്കണ്ടേ അല്ല പിന്നെ..... അവൾ മുഖം കോട്ടി പറഞ്ഞോണ്ട് ബെഡിൽ കേറി കിടന്നു....

അവൻ കണ്ണും മിഴിച്ചു അവളെ ഒരു നിമിഷം നോക്കി..... ഇന്നലെ ഉച്ചയോട് അടുപ്പിച്ചു ഇട്ട ഡ്രസ്സ് ഓർണമെൻറ്സ് ആണ്..... ഒരു ജ്വല്ലറി മൊത്തം ഉണ്ട് ദേഹത്തു.....അതും ഇട്ടോണ്ട് കിടക്കുന്നെ ഇതെന്ത്

ജന്മം പടച്ചോനെ അവൻ തലയിൽ കൈ വെച്ചു പോയി ....

ടീ മര്യാദക്ക് കുളിച്ചു ഡ്രസ്സ് മാറ്റി വന്നില്ലെങ്കിൽ ഞാൻ എടുത്തു വേസ്റ്റ് കുണ്ടിൽ കൊണ്ടിടും നോക്കിക്കോ..... അവൻ കലിപ്പോടെ പറഞ്ഞു......

കിണറ്റിലോ കുളത്തിലോ കൊണ്ടിടുന്നല്ലേ ഡയലോഗ് ഇതെന്താ വേസ്റ്റ് കുണ്ട്..... അവൾ എണീറ്റിരുന്നു താടിക്ക് കയ്യും കൊടുത്തു ആലോചനയോടെ ചോദിച്ചു

അയ്യോ അതൊന്നും ഓർമിപ്പിക്കരുത് പ്ലീച്.... ഒരിക്കൽ അങ്ങനെ പറഞ്ഞതിന്ന് ചെയ്തത് ഇപ്പോഴും ഓർമയുണ്ട് മോളെ... വേസ്റ്റ് കുണ്ട് പരതി പോകില്ലല്ലോ..... അതോണ്ട് ഞാൻ ഡയലോഗ് മാറ്റിപ്പിടിച്ചത്.....

അവനു ഒന്നിച്ചു ആറിലേക്ക് ചാടിയത് ഒന്നിച്ചു നീന്തി കുളിച്ചത് ഒക്കെ അവളിൽ ഓടിയെത്തി നാണം കൊണ്ട് മുഖം ചുവന്നു തുടുത്തു അവൻ കടിച്ച ഓർമയിൽ മറുകിൽ കൈ വെച്ചു..... ആ ഓർമ പോലും അവളിൽ വല്ലതൊരു അനുഭൂതി നിറച്ചു.

സ്വപ്നം കണ്ടിരിക്കാതെ എണീറ്റു പൊ കുരിപ്പേ .....

അഴിച്ചു തന്നുടെ ഒന്ന്... വലിയ ജാഡ കാണിക്കുന്നു..... സീരിയൽ സിനിമയിൽ ഒക്കെ കെട്ടിയോന്മാർ അഴിച്ചു കൊടുത്തു ഹെൽപ്പ് ചെയ്യുന്നേ..... എനിക്ക് കിട്ടിയത് ഇങ്ങനെ ഒരു മൂരാച്ചിയെയും....

അവൾ മുഖം കൊട്ടികൊണ്ട് ആഭരണങ്ങൾ അഴിക്കാൻ തുടങ്ങി.....

അവർ ഹെൽപ്പ് ചെയ്യുന്നത് ചുമ്മാതോന്നുമല്ല...... നിനക്ക് സമ്മതം ആണേൽ ഞാൻ റെഡിയാ.... റൊമാന്റിക് ആയി തന്നെ ഹെൽപ്പ് ചെയ്തേക്കാം.....

അവൻ ചുണ്ട് കടിച്ചു കുസൃതിയോടെ പറഞ്ഞതും അവൾ ഒന്ന് ഞെട്ടി അവന്നെ നോക്കി..... അവൻ അടുത്തേക്ക് വരാൻ നോക്കിയതും അവൾ കൈ നീട്ടി തടഞ്ഞു

ഞാൻ ചെയ്തോളാം...... ഞാൻ ചെയ്തോളാം..... ഞാൻ ചുമ്മാ ഒരു ജോക്ക് പറഞ്ഞതാ.....

അവൻ ചെറുചിരിയോടെ അവിടെ തന്നെ നോക്കി ഇരുന്നു...... അവളെ കഷ്ടപ്പാട് കണ്ടു പാവം തോന്നി അവൻ തന്നെ സഹായിച്ചു..... മഹറും ഇജു കൊടുത്ത ചെറിയ ചെയിൻ ഒഴിച്ച് ബാക്കി മൊത്തം

അഴിച്ചു..... ഫൈസ് മഹർ അഴിക്കാൻ നോക്കിയതും അവൾ തടഞ്ഞു....

അതഴിക്കണ്ട...... ഇത്രയും നാൾ അതിന്ന് ഒരു മാലയുടെ വിലയെ കൊടുത്തിരുന്നുള്ളു..... ഇപ്പോൾ അത് എന്റെ തിരിച്ചു കിട്ടിയ ജീവിതം ആണ് ജീവൻ ആണ് അവിടെ കിടന്നോട്ടെ.....

ഇത്രയും വലിയ ഒർണമെന്റ്സ് ഇട്ട് നടക്കൽ ഇല്ലെന്ന് അവൻ ഓർത്തു..... മഹറിന്ന് അവൾ കൊടുക്കുന്ന വിലയും ബഹുമാനം കണ്ടു അവന്ന് മനസ്സിൽ വലിയ സന്തോഷം തോന്നി.... ഒരിക്കൽ വെറുപ്പോടെ സ്വീകരിച്ച മഹർ ഇന്ന് അവൾ നെഞ്ചോട് ചേർത്ത് പിടിച്ചത് കണ്ടപ്പോൾ എന്ത് കൊണ്ടോ കണ്ണ് നിറഞ്ഞു അവന്റെ......

മനസ്സിൽ ആണ് ഇനു ബന്ധങ്ങൾക്ക് സ്ഥാനം...... അതൊരു മാലയിൽ അല്ല നിറഞ്ഞ മനസ്സോടെ നീ സ്വീകരിച്ചപ്പോൾ തന്നെ അതിന്റെ മൂല്യം പൂർണ്ണമായി.....

അവൻ അതഴിച്ചതും അൾക്ക് സങ്കടം വന്നു മുഖം വാടി.....

പുറത്ത് പോകുമ്പോ ഇട്ട മതി..... അവൻ അവളെ

കവിളിൽ തട്ടി പറഞ്ഞു.....

അത് ഇഷ്ടപ്പെട്ടില്ലെങ്കിലും അവൾ ഒന്നും പറഞ്ഞില്ല...... അപ്പോഴാ അവൾക്ക് എഴുതിയത് ഓർമ വന്നത്..... അവൾ നോക്കിയെങ്കിലും എന്തൊക്കെ എഴുതിന്ന് അല്ലാതെ ശരിക്കും കാണുന്നില്ലായിരുന്നു....... അവൾ എഴുന്നേറ്റു കണ്ണാടിയുടെ മുന്നിൽ പോയി നിന്നു സ്കെർട്ട് നോക്കി..

ഇതെന്താ ഭാഷ..... ഇതെങ്ങനെ വായിക

എന്നെ ഒന്ന് കൊല്ല് ഇങ്ങനെ ഇഞ്ചിഞ്ചയി

കൊല്ലാതെ അവൻ കൈകൂപ്പി പറഞ്ഞു

ഞാൻ ചുമ്മാ നിനക്ക് ബുദ്ധി ഉണ്ടോന്ന് ടെസ്റ്റ് ചെയ്തതല്ലേ....

അത് കണ്ണാടിയുടെ മുന്നിൽ പോയി നിന്നപ്പോ മനസ്സിൽ ആയി അവൻ ആക്കി പറഞ്ഞു....

ഒരബദ്ധം ആർക്കും പറ്റും..... അവൾ മുഖം കോട്ടി.....

അതേ...... എനിക്കിത് നിന്റെ വായിൽ നിന്നും കേൾക്കാൻ ഒരു ആഗ്രഹം..... ഒന്ന് പറഞ്ഞേ..... അവൾ നാണത്തോടെ അവന്റെ കയ്യിൽ തലോടി

പറഞ്ഞു.

എനിക്കേ..... എനിക്കെ.....എനിക്ക് അങ്ങനെ ആഗ്രഹം ഇല്ല മുത്തേ.... അതേ പോലെ അവളെ കയ്യിൽ തലോടെ നാണത്തോടെ അവനും പറഞ്ഞു......

അൺ റൊമാന്റിക് തെണ്ടി..... ഇങ്ങനെ ഒരുത്തൻ ആണല്ലോ എനിക്ക് കിട്ടിയേ ഏത് നേരത്താണാവോ ഇതിനെ പ്രേമിക്കാൻ തോന്നിയെ അവന്റെ കയ്യ് പിടിച്ചു തള്ളിമാറ്റി അവൾ മുഖം കൂർപ്പിച്ചു പറഞ്ഞു.....

അല്ലാതെ ഡ്രസ്സ് അഴിച്ചു കുളിക്കാൻ ഉള്ള മടിയല്ല. അല്ലേ മോളെ ഈ ആഗ്രഹത്തിന് പിറകിൽ.....

അവൾ ചുണ്ട് കടിച്ചു ഇളിച്ചു കാണിച്ചു.

മനസ്സിലായി അല്ലേ.....

അവൻ ചിരിച്ചോണ്ട് തലയാട്ടി....

എന്തൊരു കുഴി മടിച്ചി ആണ് ഇത് റബ്ബേ...

അതേ ഇപ്പൊ കുളിച്ചിട്ട് ആരാ നന്നായിന്.

സമയം ഇപ്പോൾ പതിനൊന്നു കഴിഞ്ഞു ഇനി നാളെ

കുളിച്ച പോരെ പ്ലീസ്.....

അവൻ അവളെ കയ്യിൽ പിടിച്ചു വലിച്ചതും അവന്റെ നെഞ്ചിൽ വന്നു വീണു..... അവൾ മുഖം കൂർപ്പിച്ചു അവനെ നോക്കി....... അവളുടെ ചെവിയോട് അവന്റെ ചുണ്ടുകൾ അടുപ്പിച്ചു

നിന്റെ വിയർപ്പ്.... നിന്റെ ഗന്ധം..... അതൊരു ലഹരിയാണ് പെണ്ണെ..... എന്നൊക്കെ പറയാൻ വേറെ ആളെ നോക്ക്..... രണ്ട് മിനിറ്റ് ടൈം തരും പോയി കുളിച്ചു ഡ്രസ്സ് മാറിയില്ലെങ്കിൽ ഇന്ന് മൊത്തം ബാത്ത് ഡബ്ബിൽ കിടന്നു ഉറങ്ങും പുന്നാര മോള്...... അവൻ ചെവിയിൽ അമർത്തി ചുംബിച്ചു പറഞ്ഞതും അവൾ ഇക്കിളി എടുത്തു കുതറി മാറി......

അപ്പൊ ഇതിൽ എഴുതിത് പറഞ്ഞു തരൂല്ലന്ന് ഉറപ്പാണല്ലേ....... അവൾ കൈ രണ്ടും ഇടുപ്പിൽ കുത്തി കലിപ്പ് മുഖം ആക്കി ചോദിച്ചു......

വേണേൽ ഞാൻ കാണിച്ചു തരാം എന്താ എഴുതിയതെന്ന് അത് പോരേ......

മതി..... വേഗം കാണിക്ക്.....

നിനക്ക് പ്രോബ്ലം ഇല്ലല്ലോ

ഇല്ല...... അവൻ അടുത്തേക്ക് വരുന്നത് കണ്ടു അവൾ പിറകിലേക്ക് മാറി..... അവിടുന്ന് കാണിച്ച മതി.....

സ്കെർട്ട് അഴിച്ചാൽ അല്ലേ കാണിക്കാൻ പറ്റു കവിളിൽ നാവ് ചുഴറ്റി ഇടം കണ്ണ് അടച്ചു കുസൃതിയോടെ പറഞ്ഞു....

കാര്യം മനസ്സിൽ ആയതും അവൾ ഒറ്റയോട്ടത്തിന് ബാത്‌റൂമിൽ എത്തിയിരുന്നു.......

അവൻ ചിരിയോടെ അവളെ നോക്കി അവിടെ ഇരുന്നു..... പിന്നെ എഴുന്നേറ്റു

ഫോൺ എടുത്തു ബാൽക്കണിയിലേക്ക് പോയി.....ബാത്‌റൂമിൽ കേറാൻ മടിയാണെങ്കിലും വെള്ളം കണ്ട എരുമയുടെ സ്വഭാവം ആണ് ഒരു ടാങ്കി വെള്ളം പോരാ കുളിക്കാൻ..... അവളെ നീരാട്ട് കഴിയുമ്പോഴേക്ക് ഒരു സമയം ആകും.... ബെഡിൽ കിടന്ന ഉറങ്ങിപോകും..... രണ്ട് മൂന്ന് ദിവസത്തെ ക്ഷീണം ഉറക്കക്കുറവ് എല്ലാം ഉണ്ട്..... കുളിർക്കറ്റിന്റെ തലോടൽ ഏറ്റു ഗാഡനിലേക്ക് നോക്കി അവൻ നിന്നു.....

വാട്ടർ ലില്ലിക്ക് ചുറ്റും കുഞ്ഞു ലൈറ്റുകൾ അവൾ പിടിപ്പിച്ചിരുന്നു..... വിടർന്നു നിൽക്കുന്ന ലില്ലിയുടെ

ഇതളിൽ ഉള്ള വെള്ളത്തുള്ളികൾ ആ ലൈറ്റ് തട്ടി തിളങ്ങി..... അവൻ കൗതുകപൂർവ്വം അത് നോക്കി നിന്നു...... അവൾക്ക് ഒരുപാട് ഇഷ്ടം ആയിരുന്നു ആ ഫ്ലവെർ..... അത് കൊണ്ട് തന്നെ അവൾ പറഞ്ഞു ശഹി ചെയ്തു കൊടുത്തതാണ് അത്.... പുഞ്ചിരിച്ചു കൊണ്ടുള്ള അവളുടെ മുഖം അവിടെ തെളിയുന്നത് പ്രണയപൂർവ്വം അവൻ നോക്കി നിന്നു......

അവന്റെ പിറകിലൂടെ തണുത്ത കൈകൾ ചുറ്റി വരിഞ്ഞു........

ഐ ലവ് യൂ ഹബ്ബി...... പ്രണയാർദ്രമായ ആ ശബ്ദം അവന്റെ ചുണ്ടിൽ മധുരമുള്ള പുഞ്ചിരി വിടർത്തി.....

from this day forward , you shall not walk alone.

My heart will be your sheltter and  my arms will be your home

I love u inu ❤️❤️❤️❤️ അവൾ സ്കെർട്ടിൽ ഉള്ളത് അത് പോലെ പ്രണയാർദ്രമായി പറഞ്ഞു.....

അവൻ കയ്യിൽ വിടുവിച്ചു അവളെ നേരെ നിർത്തി..... അവളുടെ മുഖം കയ്യിൽ എടുത്തു നെറ്റിയിൽ ചുണ്ടുകൾ അമർത്തി.... കഴുത്തിലൂടെ കൈ

ഉയരുന്നത് കണ്ടാണ് നോക്കിയത്..... ചെറിയ ഒരു ചെയിൻ അതിന്റെ അറ്റത് faiz എന്ന് ലെറ്ററിൽ എഴുതിയ ലോക്കറ്റ്....

നെഞ്ചിൽ പറ്റിച്ചേർന്നു കിടക്കുന്നത് എന്റെ ഹൃദയം കൂടിയാണ്...... ഇഷ്ടം ആയോ.....

നെഞ്ചിൽ തട്ടി നിൽക്കുന്ന faiz എന്ന ലോക്കറ്റിലേക്ക് അവൾ നോക്കി.... അത് കയ്യിലെടുത്തു ചുണ്ടോട് ചേർത്തു......

അപ്പൊ എനിക്കില്ലേ..... അവൻ കുശുമ്പോടെ ചോദിച്ചു....

അവൾ നാണത്തോടെ തല താഴ്ത്തി....

അവൻ അവളുടെ മുഖം കയ്യിൽ എടുത്തു

അവന്റെ കണ്ണുകളെ നേരിടാൻ ആവാതെ അവൾ മെല്ലെ കണ്ണുകൾ അടച്ചു..... മിനുസമാർന്ന റോസ് ഇതളുകൾ വിടർത്തി പൂവിൽ നിന്നും തേൻ നുകരുന്ന പോലെ അവളുടെ അധരങ്ങൾ അവൻ നുകർന്നു...... പ്രണയം തുടിക്കുന്ന അവന്റെ ചുണ്ടുകൾ തന്റെ ശരീരം മുഴുവൻ പടരുന്നതു അവൾ അറിഞ്ഞു..... അവന്റെ ചുമലിൽ പതിച്ച കൈ

അവന്റെ തലമുടിയിലൂടെ കൊരുത് പിറകിലേക്ക് വലിച്ചു അതവനിൽ ലഹരി കൂട്ടുകയാരുന്നു ചെയ്തത്....... ഇരു ചുണ്ടുകൾ മാറി മാറി ആസക്തിയോടെ നുകരുമ്പോൾ അവളിൽ നിന്നുള്ള സീൽക്കാരം അവനിലും പ്രണയം കടന്നു വികാരം കീഴ്പെടുത്തിയതും അവളിൽ അലഞ്ഞു നടന്ന കൈകൾ അവൾ ശാസനയോടെ പിടിച്ചു നിർത്തി...... ഇഷ്ടക്കേടോടെ അവൻ അവളെ വിട്ടു.....

അത് കണ്ടതും അവളും വല്ലാതായി എങ്കിലും മനസ്സ് കൊണ്ട് ഒരിക്കലും ആഗ്രഹിക്കുന്നില്ല മനസ്സ് പോലെ ശരീരവും ഒന്നാവാൻ...... പ്രണയത്തേക്കാളും വിചാരത്തേക്കാൾ മുൻപന്തിയിൽ തന്നെ ആണ് വികാരം എന്ന സത്യം അവൾക്ക് മനസ്സിൽ ആയി...

അവൾ അവന്റെ രണ്ട് കയ്യും വിരലുകൾ കോർത്തു പിടിച്ചു..... അവൻ സംശയഭാവത്തോടെ അവളെ നോക്കി....

കിസ്സ് മി ഡീപ് ലി...... അവൻ മടിച്ചു നിന്നതും അവൾ തന്നെ കാൽ വിരൽ കുത്തി നിന്നു അവന്റെ ചുണ്ടോട് ചുണ്ടുകൾ തട്ടിച്ചു..... അവൻ കുസൃതിയോടെ തല ഉയർത്തി പിടിച്ചു.....

അവൾ മുഖം ഉയർത്തുന്നത് അനുസരിച്ചു അവൻ തലവെട്ടിച്ചു കൊണ്ടിരുന്നു.... അവളിലും വാശി കേറിയിരുന്നു..... അവൾ കൈ വിടുവിക്കാൻ നോക്കിയതും അവൻ കൈകൾ ശക്തിയോടെ ചേർത്തു പിടിച്ചു.

അവൾ മുഖം കൂർപ്പിച്ചു അവനെ നോക്കി

അവന്റെ ചുണ്ടിൽ ചെറുപുഞ്ചിരി വിരിയുന്നതും കണ്ണുകൾ കുസൃതിയിൽ തിളങ്ങുന്നത് അവൾ കണ്ടു..... അവന്റെ കഴുത്തിൽ അവൾ ആഞ്ഞു കടിച്ചു പെട്ടന്ന്..... ചെറു വേദന പടർന്നെങ്കിലും അതിന്ന് മുകളിൽ അവളെന്ന ലഹരി തന്നെ ആയിരുന്നു..... അവൻ തലതാഴ്ത്തിയതും അവൾ കടിവിട്ടു..... അവന്റെ മുഖം അവളെ ചുണ്ടിലേക്ക് വന്നതും അവൻ ചെയ്ത പോലെ കഴുത്തു വെട്ടിച്ചു കളിച്ചു..... കൈകൾ പിരിയാൻ വിടാതെ രണ്ട് പേരും മത്സരിച്ചു

അവളുടെ നോട്ടം മാറിയ ഒരു നിമിഷം അവൻ ആ ചുണ്ടുകൾ സ്വന്തം ആക്കി....

മൃദുഭാവം മാറി അഭിനിവേഷത്തോടെ അവളുടെ ചുണ്ടിലേക്ക് ആഴ്ന്നിറങ്ങി അവൻ..... വായിൽ

ചോരച്ചുവ പടർന്നിട്ടും അവൻ വിട്ടില്ല ചുണ്ടുകളും പല്ലും നാവും ഒരു പോലെ മത്സരിച്ചപ്പോൾ അവളും അവനിൽ ഒരു ലഹരിയായി പടർന്നു കയറിയിരുന്നു..... ശ്വാസം വിലങ്ങു തടിയായി നിന്നപ്പോൾ രണ്ട് പേരും അടർന്നു മാറി..... പരസ്പരം തോളിൽ ചാരി ശ്വാസം ആഞ്ഞു വലിച്ചു കിതച്ചു.....

അപ്പോഴും അവരുടെ കയ്യിലെ പിടി വിട്ടിരുന്നില്ല......

ഇനിയും ഇവിടെ നിന്നാൽ മനസ്സ് പിടിച്ചിടത് ശരീരം നിൽക്കില്ല അവൻ അവന്റെ മുറിഞ്ഞ ചുണ്ട് കടിച്ചു പിടിച്ചു കൊണ്ട് പറഞ്ഞു....

അവൾ നാണത്തോടെ തല താഴ്ത്തിയതും അവളെ ചുണ്ടിലെ ചോരത്തുള്ളികൾ അവൻ ചുണ്ടുകൾ കൊണ്ട് ഒപ്പിയിരുന്നു...... അവൾ അവന്റെ നെഞ്ചിൽ തല മുട്ടിച്ചു ഹൃദയതാളം ഉയർന്നത് ആസ്വദിച്ചു നിന്നു......

അവൻ കൈവിരലുകൾ വിട്ടു അവളെ കയ്യിൽ കോരിയെടുത്തു റൂമിലേക്ക് കയറി.... എന്നത്തേയും പോലെ അവന്റെ കഴുത്തിലൂടെ കയ്യിട്ടു പിടിച്ചിടത് നിന്നും പിടി വിടാതെ അവൾ നിന്നു.....

ഇനു ചുമ്മാ പണി ഇരന്നു വാങ്ങേണ്ട......

അവൾ കേൾക്കാത്ത പോലെ നിന്നതും അവളുടെ കഴുത്തിലേക്ക് മുഖം അടുപ്പിച്ചു പെട്ടന്ന് ആയിരുന്നു അലാറം അടിഞ്ഞത് രണ്ട് പേരും ഒരു പോലെ ചെറുതായി ഞെട്ടി..... അവൾ കൈവിട്ട് ബെഡിൽ ഇരുന്നു.....

അവൻ കട്ടിലിനിടയിൽ നിന്നും അലാറം എടുത്തു ഓഫ് ആക്കി..... തിരിച്ചു ബെഡിൽ ഇരുന്നതും വീണ്ടും അലാറം അടിഞ്ഞു..... അവൻ ദേഷ്യം വരുന്നുണ്ടായിരുന്നു പരതിയെടുത്തു വലിച്ചെറിഞ്ഞു..... അവൾ ബെഡിൽ ചമ്രം പടിഞ്ഞിരുന്നു താടിക്ക് കയ്യും കൊടുത്തു ഇരുന്നു..... ഒരു മണിക്കൂർ കൊണ്ട് ആറു അലാറം അടിഞ്ഞത് എടുത്തു..... ഇനിയുണ്ടാവില്ലെന്ന സമാധാനത്തോടെ കിടക്കാൻ നോക്കിയതും വീണ്ടും അലാറം അടിഞ്ഞത്....

എല്ലാത്തിനും ഞാൻ കൊല്ലും നോക്കിക്കോ അവൻ കലിപ്പോടെ പുറത്ത് പോകാൻ നോക്കിയതും വാതിൽ ലോക്ക് ആണെന്ന നഗ്ന സത്യം അവൻ അറിഞ്ഞു.....

അവൻ ദയനീയമായി അവളെ നോക്കി....

അവൾ കാര്യമായ ചിന്തയിൽ ആണ്.....

ആ തെണ്ടി ശഹിയുടെ പണിയാരിക്കും ഇത്..... നോക്കിക്കോ അവന്റെ അവസാനം ആയിരിക്കും നാളെ......

ഇത് നദീംക്കാന്റെ പണിയാ അവൾ ഇളിച്ചോണ്ട് പറഞ്ഞു.....

അത് നിനക്ക് എങ്ങനെ അറിയാം......

ഞാൻ അവരെ റൂമിൽ പത്തു അലാറം വെച്ചിന്..... അന്ന് നദീംക്കാ ഹാളിൽ കിടന്നു ഉറങ്ങിയേ ഷാനു ഷദയുടെ റൂമിലും.....

അപ്പൊ നീയോ......

ഞാൻ തല്ല് പേടിച്ചു ഇജുക്കന്റെ കൂടെ....

അന്നേ പറഞ്ഞതാ നിനക്കുള്ള പണി ഓൺ ദ വേ ആണെന്ന്....

നിന്നെ ഞാൻ ഇന്ന് കൊല്ലും പന്നി മൂന്നാല് ദിവസം ആയി മനുഷ്യൻ ശരിക്കും കിടന്നു ഉറങ്ങിയിട്ട്...... അവൻ തലയിണയെടുത്തു അവളെ തല്ലാൻ നോക്കിയതും ചെവി തുളച്ചു വീണ്ടും ശബ്ദം എത്തി അവൻ തലയിണ വലിച്ചെറിഞ്ഞു അലറി കൊണ്ട്

അലാറം തപ്പിയെടുത്തു.....

അവൾ ചിരി കടിച്ചമർത്തി പിടിച്ചു നിന്നു.... ഇല്ലെങ്കിൽ തല്ല് കിട്ടുന്നു ഉറപ്പ് ആയിരുന്നു.....

അവൻ ഫോൺ എടുത്തു നദീംമിനെ വിളിച്ചു......

അഞ്ചാറു ബെൽ അടിച്ചായിരുന്നു ഫോൺ എടുത്തത്......

ഹാപ്പി ഫസ്റ്റ് നൈറ്റ് അളിയാ...... ആ കുട്ടിപിശാചിന് എന്നെ ഓർമ വന്നല്ലോ സന്തോഷം ആയി..... ഫോൺ എടുത്തതും അവൻ പറഞ്ഞു.....

ചതിക്കല്ലേ മുത്തേ ഒന്ന് വാതിൽ എങ്കിലും തുറന്നു താടാ...... പ്ലീസ്.....

വായും പോളന്നു ഇരിക്ക് അവിടെ അവളെന്നോട് ചെയ്തതൊന്നും ഞാൻ മറന്നിട്ടില്ലന്ന് പറഞ്ഞേക്ക്.....

വേറെന്താ ചെയ്തേ..... അവൻ ആധിയുടെ ചോദിച്ചു പോയി

മൂന്നാമത്തെ ദിവസം ആണ് എന്നെ ബെഡ്‌റൂമിൽ കേറ്റിയത് അലവലാതി.....

അതൊക്കെ കഴിഞ്ഞില്ലേ..... ഞാൻ എന്ത് ചെയ്തു

ഇതിൽ...... ഒന്ന് അലാറം എടുത്തു താടാ അറ്റ്ലീസ്റ്റ് എവിടെ ഉള്ളതെന്ന് പറയ്......

ഇപ്പൊ എത്ര കിട്ടി....

പത്ത്......

അവൾ എന്റെ ബെഡ്റൂമിൽ പത്തെണ്ണം ആണ് വെച്ചത് ഞാൻ അതിന്റെ പത്തിരട്ടിയും.....

ഫൈസ് തലയിൽ കൈ വെച്ചിരുന്നുപോയി.....

അപ്പൊ ഗുഡ് നൈറ്റ് അളിയാ അതും പറഞ്ഞു ഫോൺ കട്ട് ചെയ്തു...

വെക്കല്ലേ പറഞ്ഞു അവൻ വീണ്ടും അടിച്ചതും ഫോൺ സ്വിച് ഓഫ് ചെയ്തു എന്ന് മനസ്സിൽ ആയി.....

നീ വേറെന്ത അവനെ ചെയ്തേ.....

യാഷ് ശദ കൂടി ഉണ്ടാരുന്നു... ഹെല്പ്പിന്....

ഓഹ് സന്തോഷം.....

കല്യാണത്തിന്റെ പിറ്റേന്ന് ഞങ്ങൾ സൽക്കാരത്തിന് ഷാനുന്റെ വീട്ടിൽ പോയി.... എനിക്ക് അവിടെ രണ്ട് ദിവസം താമസിക്കണം പറഞ്ഞു.... ഇജുക്കയും

ശഹിയും യാഷ് എല്ലാരും വന്നു. അവിടെ റൂം ഇല്ലാരുന്നു അതോണ്ട് ബോയ്സ് ഒരു റൂമിൽ ഗേൾസ് ഒരു റൂമിൽ കിടന്നേ....

മൂന്നാമത്തെ ദിവസം നദീംക്കാ എന്റെ കാൽ പിടിക്കാൻ വന്നു.... അതോണ്ട് ഞാൻ തിരിച്ചു വന്നു..... ഞാൻ ഇത്രേം ചെയ്തുള്ളു......

കിലുക്കത്തിൽ രേവതിയുടെ എക്സ്പ്രക്ഷൻ ഇട്ടു നിൽക്കുന്ന അവളെ തല്ലി കൊല്ലാനുള്ള ദേഷ്യത്തോടെ അവൻ നോക്കി.....

ഇതിന്ന് മാത്രം എന്ത് തെറ്റാടി അവൻ നിന്നോട് ചെയ്തത്....

ഞാനും ഷാദയും കോളേജ് ടൂർ പോകണോന്ന് പറഞ്ഞു നദീംക്ക ഇജുക്കനോട് പറഞ്ഞു കുത്തിത്തിരുപ്പാക്കി വിട്ടില്ല അതോണ്ട് ഞങ്ങൾ പ്ലാൻ ഇട്ടു തിരിച്ചു പണി കൊടുത്തു.....

അവൻ ഒന്നും മിണ്ടാതെ അവളെയും നോക്കി ഇരുന്നു...

ഫൈസ്...... അവൾ അവനെ കയ്യിൽ തോണ്ടി വിളിച്ചു....

ദേഷ്യം ഒന്നും ഇല്ല മോളെ..... നിന്റെ ഉപ്പാനോടും ഉമ്മനോടും ഒന്നേ ചോദിക്കാൻ ഉള്ളൂ വാഴ വെച്ച പോരായിരുന്നോ പകരം.....

അതിന്ന് അവൾ എന്തോ പറയാൻ വാ തുറന്നതും വീണ്ടും അലാറം അടിഞ്ഞു....

മുന്നിൽന്ന് പോടീ കുരിപ്പേ അല്ലെങ്കിൽ ഞാൻ എന്താ ചെയ്യുന്നു എനിക്കെന്നെ അറീല..... അവൻ അലറി പറഞ്ഞത് അവൾ ഓടി പോയി അലാറം ഓഫ് ചെയ്തു......

അവൾ റൂം മൊത്തം പരതിയെങ്കിലും ഒന്നും കിട്ടിയില്ല......

ഏതെങ്കിലും അലാറം ഇനി അടിഞ്ഞ നിന്നെ ഞാൻ തല്ലികൊല്ലും നോക്കിക്കോ

അവൻ കലിപ്പോടെ പറഞ്ഞു തലയും കുമ്പിട്ടു കിടന്നു.... തലക്ക് മുകളിൽ കൂടി തലയിണയും വെച്ചു ചെവി പൊത്തിയ പോലെ കിടന്നു.....

അവൾക്ക് പിന്നെ ഉറങ്ങിയ ബോധം ഇല്ലാത്തോണ്ട് അവൾ കിടന്നു ഉറങ്ങി....

അവനും നേരം പുലരാൻ ആയപ്പോൾ ക്ഷീണം

കാരണം ഉറങ്ങി.....

❤️❤️❤️❤️

രാവിലെ എഴുന്നേറ്റതും അവൾ വാതിൽ തുറക്കാൻ വാതിൽ മുട്ടി.... വാതിൽ തുറന്നു വെച്ചിരുന്നു..... ഫൈസിയെ നോക്കി നല്ല ഉറക്കം ആണ് രാത്രിയിലത്തെ കാര്യം ഓർത്തതും വിളിക്കാൻ പോലും നിൽക്കാതെ അവൾ ഇറങ്ങി ഓടി.....

ഷദയുടെ റൂമിൽ പോയപ്പോൾ റിസയും അച്ചുവും കയ്യും കാലും ദേഹത്തു ഇട്ടു കെട്ടിപിടിച്ചു കിടക്കുന്നത് കണ്ടു....

അവൾ ബാത്റൂമിൽ പോയി ഒരു ബക്കറ്റിൽ വെള്ളം എടുത്തു തല വഴി ഒഴിച്ച്..... അവർ ഞെട്ടി എണീറ്റു.....

അവളെ കണ്ടതും എണീറ്റു ഓടാൻ നോക്കി...

ഓടിയാൽ ഇത് വെച്ചു അടിക്കും ബക്കറ്റ് കയ്യിൽ പിടിച്ചു ഇനു നിന്നു....

ഷാനു പറഞ്ഞപ്പോ ഇവളാ കൂട്ട് നിന്നെ..... ഞാൻ അപ്പോഴേ പറഞ്ഞതാ പാവം അല്ലേ വേണ്ടന്ന്.....ഷദ റിസക്ക് നേരെ കൈ ചൂണ്ടി.....

പടച്ചോനെ കളവ് പറയാ ഇവള എന്നെ നിർബന്ധിച്ചു

കൂടെ കൂട്ടിയത്..... റിസ ഷദയെ കൈ ചൂണ്ടിയെങ്കിലും അവളെ അവിടെ കാണാഞ്ഞു ചുറ്റും നോക്കി.... ഷദ അതിവിക്രതമായി മുങ്ങിയെന്ന് റിസക്ക് മനസ്സിൽ ആയി..

ഞാൻ തല്ലില്ലെടി...... ഇതിന്റെ പത്തിരട്ടി പണി നിനക്ക് തിരിച്ചു തന്നില്ലെങ്കിൽ എന്റെ പേര് മാറ്റി വിളിച്ചോ..... അവൾ ശബദ്ധം ചെയ്യുന്ന പോലെ പറഞ്ഞു.....

റിസ പൊട്ടിച്ചിരിച്ചു..... ഞാൻ ഫസ്റ്റ്നൈറ്റ് വീട്ടിൽ നിൽക്കില്ല അപ്പോഴോ.....

ചെക്കൻ ഇണ്ടായാൽ അല്ലേ മോളെ ഫസ്റ്റ്

നൈറ്റ് ആഘോഷിക്കു..... അവനെ ഞാനങ്ങു പൊക്കിക്കൊള്ളാം അപ്പോഴോ

ഏത് ഹതഭാഗ്യവാൻ ആണ് അത് ആരായാലും നിനക്ക് നീയേ തുണ അതും പറഞ്ഞു അവൾ ബെഡിലേക്ക് വീണു...

അപ്പോഴാ അവളെ ഫോൺ ബെല്ലടിച്ചത്...

സമി ആയിരുന്നു..... അവൾ സംസാരിച്ചു പെട്ടന്ന് വെച്ചു.... സമിയുടെ ദേഷ്യം പിടിച്ച

ശബ്ദം ഇനു കേട്ടു...

എന്താ ഇത്ര രാവിലെ തന്നെ വഴക്ക് പറയുന്നേ ....

അവളുടെ മുഖത്തെ ടെൻഷൻ കണ്ടു ഇനു ചോദിച്ചു....

ഞാൻ ഇവിടെ വന്നിട്ട് മൂന്നാല് ദിവസം ആയി.... ക്ലാസ്സ് പോകാതെന്ന് വഴക്ക് പറഞ്ഞതാ.....

അതും ശരിയാ നിനക്ക് ഇന്ന് ക്ലാസ്സ് ഉണ്ടല്ലോ എന്തിനാ പോവാതിരിക്കുന്നെ

ബാബിക്ക് ശത്രുക്കൾ ആരെങ്കിലും ഉണ്ടോ.....

അവളുടെ നെഞ്ചിൽ ഇർഫാന്റെ മുഖം ഓടിയെത്തി..... സ്വന്തം ഇക്കാക്ക തന്നെ ശത്രുവെന്ന് അവൾ വേദനയോടെ ഓർത്തു.....

എനിക്ക് ശത്രുവോ......നീയെന്താ പെട്ടെന്ന് ഇങ്ങനെ ചോദിച്ചത്

റിസ ഒന്നും മിണ്ടാതെ അവളെ ഫോൺ എടുത്തു കൊടുത്തു....

ഫോണിൽ ഓൺ ആയ വീഡിയോ കണ്ടു ഇനു ഞെട്ടലോടെ അവളെ നോക്കി...

ഞാൻ കാരണം ഈ കല്യാണത്തിന് ഒരു കുഴപ്പം ഉണ്ടാകരുതെന്ന് കരുതി ആരോടും പറയാതെ മനസ്സിൽ അടക്കി പിടിച്ചു ..... അതോണ്ടാ മാര്യേജ് കഴിഞ്ഞിട്ടും സമിക്ക വിളിച്ചിട്ട് പോകാതിരുന്നേ.....

ഇനു ശ്വാസം പോലും വിടാതെ നില്കുന്നത് റിസ കണ്ടു.....

❤️💔INVISIBLE LOVE 💔❤️

Love after 💘marriage (part 88)

പ്രാങ്ക് വീഡിയോ ചെയ്യാൻ മൊബൈൽ ക്യാമറ ഓൺ ആക്കി സെറ്റ് ആക്കിയതാരുന്നു.പെട്ടന്ന് ഷദ വിളിച്ചു റൂമിൽ പോയെ ഫോൺ എടുക്കാൻ മറന്നു..... തിരിച്ചു വന്നു ഫോൺ എടുത്തപ്പോ ഈ വീഡിയോ കണ്ടത്..... നിന്റെ മുഖത്തെ സന്തോഷം കണ്ടപ്പോ പറയാൻ തോന്നിയില്ല..... അതോണ്ട് മാര്യേജ് കഴിഞ്ഞു പറഞ്ഞിട്ട് പോകാന്നു കരുതി.....

എന്നോട് കാണിക്കുന്ന സ്നേഹം ഒക്കെ അഭിനയം ആയിരുന്നോ അപ്പോൾ.....

വിശ്വസിക്കാൻ പറ്റുന്നില്ല...... ഇതും പ്രാങ്ക് ചെയ്തത് അല്ലേ..... എന്നെ പറ്റിക്കാൻ നോക്കുന്നതല്ലേ നീ.....

അല്ല ഇനു ഇതാണ് സത്യം..... നീ അന്ന് സ്റ്റയർകേസിൽ നിന്നും വീഴാൻ നോക്കിയതല്ല മനപ്പൂർവം നിന്നെ തള്ളിയിടാൻ നോക്കിയതാ..... ആരുടെയോ ഭാഗ്യത്തിന് നീ വീണില്ല.....

നിനക്ക് പിടുത്തം കിട്ടി...... അപ്പോഴേക്കും നൈഹയും ഓടിയെത്തി.....

എന്തിനാ ഇതൊക്കെ ചെയ്തത്......

നിന്നെ അപകടപെടുത്താൻ...... വേറെന്തിനാ...... കണ്ടിട്ട് മനസ്സിൽ ആകുന്നില്ലേ....

അവൾ ഒന്നൂടി ആ വീഡിയോ നോക്കി...

സ്റ്റെപ്പിന് കുറുകെ എന്തോ നൂൽ കെട്ടുന്നതും ഇനു ധൃതിയിൽ ഇറങ്ങി വരുമ്പോൾ തടഞ്ഞു വീഴാൻ നോക്കുന്നത് ആ വീഡിയോ ഉള്ളത്..... അപ്പോഴേക്കും നൈഹ വന്നു പിടിച്ചതും തടവി തന്നതും എല്ലാം അവൾ ഒന്നൂടി നോക്കി......

ഞാൻ ഇത് ഫൈസ്ക്കയോട് പറയാൻ പോക..... എന്നിട്ട് ഞാൻ ഇവിടുന്ന് പോകു

അവൾ ആ ഫോൺ വാങ്ങി വീഡിയോ ഡിലീറ്റ് ആക്കി..., നീ ഒന്നും കണ്ടിട്ടും ഇല്ല കേട്ടിട്ടും ഇല്ല.....

ബാബി........ റിസ ദേഷ്യത്തോടെ അവള വിളിച്ചു.....

ഞാൻ ഒന്ന് സംസാരിച്ചു നോക്കട്ടെ എന്നിട്ട് ഞാൻ തീരുമാനിച്ചോളാം......

എന്നോട് എന്തിനാ ദേഷ്യം എന്ന് എനിക്ക് അറിയണം....

പക്ഷേ......

ചിലപ്പോൾ ഇതും പ്രാങ്ക് ആയിക്കോടെ.....

അവൾ പുഞ്ചിരിയോടെ പറഞ്ഞെങ്കിലും ആ പുഞ്ചിരിക്കുള്ളിൽ അടങ്ങിയ വേദന റിസ കണ്ടു.....

പ്രാങ്ക് അല്ലെങ്കിലും ഇത് പ്രാങ്ക് വീഡിയോ ആക്കി മറ്റും എന്നൊരാർത്ഥം ഇനുവിന്റെ ചിരിയിൽ ഉള്ളത് പോലെ തോന്നി അവൾക്ക്..... ഇനുവല്ല റിസ..... ഇതിന്റെ വിധി ഞാൻ തീരുമാനിക്കും റിസയുടെ മുഖം വലിഞ്ഞു മുറുകി.....

ഡിലീറ്റ് ആക്കിയ വീഡിയോടെ കോപ്പി എന്റെൽ വേറെ ഉണ്ട്..... റിസ മെല്ലെ വാശിയോട് പറഞ്ഞു.

എടുത്തു ചാടി തീരുമാനം എടുത്ത അവസാനം അത് വേദനയിലെ എത്തു. ചില ബന്ധങ്ങൾ ഊട്ടിയുറപ്പിക്കാൻ ചിലതൊക്കെ കണ്ടില്ല കേട്ടില്ല

എന്ന് വെക്കണം.....

ഹൈവ കൊള്ളാലോ തത്വം ...... റിസ കൈകൾ കൂട്ടിയടിച്ചു പുച്ഛത്തോടെ ചിരിച്ചു....

നീ മദർതെരസയുടെ കൊച്ചുമോൾ ആയിരിക്കും..... ഞാൻ ഞാൻസിറാണി ഫാൻ ആണ് അതോണ്ട് അടിച്ച തിരിച്ചു അടിച്ചിരിക്കും....... എന്തിനും ഏതിനും താണ് കൊടുത്തിട്ട നിന്നെ എല്ലാരും ഇങ്ങനെ കൂടെ നിന്ന് ചതിക്കുന്നെ...... റിസയുടെ വാക്കുകളിൽ രോഷം കലർന്നിരുന്നു......

കണ്ണാടിപോലെയാ ജീവിതം  പൊട്ടിയാൽ ഒട്ടിച്ചാലും വിള്ളൽ കാണും..... അത് പൊട്ടാതെ സൂക്ഷിച്ചു കൊണ്ട് പോകേണ്ടത് ജന്നത് ഹൈദർന്റെ കടമയാണ്......  ഈ കുടുംബം എന്റെ കയ്യിൽ സുരക്ഷിതമായിരിക്കും...... പരസ്പരസ്നേഹ ബന്ധം കൂട്ടിയുറപ്പിക്കും എന്നൊരു പ്രതിക്ജ്ഞ കൂടി മനസ്സിൽ എടുത്ത ഞാൻ ഈ വീടിന്റെ ഭരണം ഏറ്റെടുത്തത്..... ഞാൻ കാരണം ഇവിടൊരാൾ എങ്കിലും വേദനിച്ചാൽ അതെന്റെ തോൽവിയാണ്.

നീ പറയുന്ന സാഹിത്യം ഒന്നും എനിക്ക് മനസ്സിൽ ആവില്ല..... എനിക്കറിയേം വേണ്ട ഞാൻ

പോകുന്നതിന്ന് മുൻപ് ഫൈസ് ക്കയെ സത്യം അറിയിച്ചിരിക്കും.

എന്റെ വിവഹം കഴിഞ്ഞുള്ള ആദ്യ ദിവസം ആണ്. മരുമോൾ പോയി അമ്മായി അമ്മയെ സോപ്പിട്ടു കുപ്പിയിൽ ആക്കി വരാട്ടോ..... ചിരിയോടെ അവളെ കവിളിൽ പിടിച്ചു വലിച്ചു ചിരിയോടെ പോകാൻ തിരിഞ്ഞു..... പിന്നെ തിരിഞ്ഞു നിന്നു പറഞ്ഞു.....

നീ ഒന്നും കണ്ടിട്ടില്ല കേട്ടിട്ടില്ല അറിഞ്ഞിട്ട് ഇല്ല...... വാക്ക് ധിക്കരിച്ചാൽ എന്നേക്കുമായി ഈ വീടിന്റെ പടിയിറങ്ങേണ്ടി വരും..... എന്റെ മനസ്സിൽ നിന്നും......ഇനുവിന്റെ വാക്കുകൾ ഉറച്ചത് ആയിരുന്നു...

റിസയെ നിനക്ക് അറിയില്ല ഇനു..... തെറ്റ് കണ്ട പ്രതികരിച്ചിരിക്കും അങ്ങനെയ വളർത്തിയത് നിന്റെ ഭർത്താവ്......

ഞാൻ സ്നേഹിക്കുന്നവർ തിരിച്ചു സ്നേഹിക്കണെംന്ന് ഒരു നിർബന്ധം ഇല്ല എനിക്ക് ......എന്നും മനസ്സിൽ ഉണ്ടാകും ഈ സ്നേഹവും..... അത് മതി എനിക്ക്..... അതോണ്ട് ഡയലോഗ് ഒന്ന് മാറ്റിപിടിക്ക്...

റിസ സ്നേഹത്തിന് മുന്നിലെ തോറ്റിട്ടുള്ളു

തോൽക്കാറും ഉള്ളൂ.  .

റിസയുടെ ഭീഷണി നിറഞ്ഞ സ്വരം അവളിൽ അസ്വസ്ഥത ഉണ്ടാക്കി......

അവൾ എന്തോ ആലോചിച്ചു നിന്നു..... ഇതിന്റെ പിന്നിലെ സത്യാവസ്ഥ ആദ്യം അറിയട്ടെ.... എന്നിട്ട് തീരുമാനം എടുത്തപോരെ...... ഞാൻ തന്നെ എല്ലാരോടും പറഞ്ഞോളാം......

റിസ ഒന്ന് ആലോചിച്ചു...... ഇന്ന് കൂടി അങ്ങ് ക്ഷമിച്ചോളാം..... നാളെത്തോടെ ഇതിന്ന് തീരുമാനം ഉണ്ടായ മതി.... എന്നിട്ടേ ഞാൻ ഇവിടുന്ന് പോകു.....

ഇനു ഒരു ദീർഘ നിശ്വാസത്തോടെ അവളെ നോക്കി റൂമിൽ നിന്നും പോയി.

❤️❤️❤️❤️❤️

ഉമ്മാ എനിക്ക് ഒരു ടീ...... ഇനു വിളിച്ചു പറഞ്ഞോണ്ട് കിച്ചനിലേക്ക് പോയി......

ഫസ്റ്റ് നൈറ്റ് എങ്ങനെ ഉണ്ടാരുന്നു...... അലാറം എല്ലാം കിട്ടിയല്ലോ അല്ലേ......

ഇനിയും  കിടക്കല്ലേ മോളെ പണി ....... എന്റെ ഫസ്റ്റ് നൈറ്റ് സെക്കൻഡ് നൈറ്റ് തേർഡ് നൈറ്റ് ഒക്കെ

കളഞ്ഞു കുളിച്ചത് ഓർമയുണ്ടല്ലോ എല്ലാം പലിശ സഹിതം വീട്ടും ഞാൻ നോക്കിക്കോ....

ഷാനു ഇനുവിനേ കണ്ടതും മെല്ലെ പറഞ്ഞു....

അടുക്കളയിൽ എല്ലാരും ഉള്ളോണ്ട് തന്നെ അവൾ ഒന്ന് ഇളിച്ചു കാണിച്ചു....

എല്ലാ ഉമ്മമാർ ഉണ്ട്..... എത്ര സർവന്റ് ഉണ്ടെങ്കിലും ഫുഡ് ഇവർ സ്വയം ഉണ്ടാക്കൂ

എല്ലാരും അവളെ നോക്കി പുഞ്ചിരിച്ചു.... പക്ഷേ തന്റെ പോരാളി മാത്രം മുഖത്ത് കടന്നൽ കുത്തിയ പോലെ നിൽക്കുന്നത് കണ്ടു......

രാവിലെ എഴുന്നേൽക്കണം കുളിച്ചു വൃത്തിയായി അടുക്കളയിൽ കേറണം....

ആദം ഉപ്പാനോടും ഷംന ഉമ്മക്കും ഇനി മുതൽ ചായ കൊടുക്കേണ്ടതും അവരെ കിച്ചണിൽ ഹെല്പ് ചെയ്യേണ്ടതും നീയാണ്..

ബാക്കിയുള്ളവർക്കും അത് പോലെ തന്നെ പെരുമാറണം...... തുടങ്ങി ഒന്നര മണിക്കൂർ നീണ്ട ഉമ്മ ഉപദേശം ഉമ്മ ഇന്നലെ പഠിപ്പിച്ചതാണ്..... എഴുന്നേറ്റത് എട്ടരക്ക്..... കിച്ചണിൽ എത്തിയത്

ഒൻപതരക്ക്..... ഫുഡ് ഉണ്ടാക്കി അവരെ ജോലിയൊക്കെ കഴിഞ്ഞിട്ടുണ്ട്..... അതിന്റെ കലിപ്പാണ് മൂപ്പർക്ക്..... അവൾ ചിരിച്ചു കാണിച്ചെങ്കിലും തിരിച്ചു കിട്ടിയ ദഹിപ്പിക്കുന്ന നോട്ടത്തിൽ അത് പോയി.

നൈഹ അവിടെ എല്ലാരേം ഹെല്പ് ഒക്കെ ചെയ്യുന്നുണ്ട്..... അത് കണ്ടയിരിക്കണം

ഉമ്മാക്ക് കൂടുതൽ ദേഷ്യം പിടിച്ചിട്ട് ഉണ്ടാക.....

അവൾ ഷംന ഉമ്മയെ പിറകിൽ പോയി കെട്ടിപിടിച്ചു ചുമലിൽ മുഖം വെച്ചു.....

സോറി...... ഉറങ്ങിപോയി......നാളെ മുതൽ നന്നാവും..... എന്നിട്ട് നോക്കിക്കോ മരുമോൾ എങ്ങനെ ഉണ്ടെന്ന്.....

അവർ അവളെ പിടിച്ചു മുന്പിൽ നിറുത്തി.....

എന്റെ പൊന്ന് സൽമ ഞാൻ എന്റെ മോളെ പോലെയാ ഇവളെ കണ്ടിട്ടുള്ളൂ.....

നീയൊരു മാതിരി എന്നെ ലോക്ളാസ് അമ്മായിഅമ്മ ആക്കല്ലേ......

ഞാൻ എന്ത് ചെയ്തു അതിന്ന് അവർ കണ്ണ് മിഴിച്ചു

ഷംനയെ നോക്കി....

നിന്റെ മോളെ സംസാരം കേട്ടപ്പോൾ തന്നെ മനസ്സിലായി ഒന്നും ചെയ്തില്ലെന്ന്.

ഇവളിപ്പോഴും കൊച്ചു കുട്ടിയ അവളെ പിടിച്ചു പെട്ടെന്ന് നീ മരുമോൾ വീട്ടുഭരണം ഏല്പിക്കല്ലേ......

സത്യം ഷമ്നുമ്മ നിങ്ങൾ കാൽ കഴുകി വെള്ളം കുടിക്കണം എന്ന് മാത്രം ഇനി പറയാൻ ബാക്കിയുള്ളു ...... ഇനു ചുണ്ട് കോട്ടി ഉമ്മാനെ നോക്കി പറഞ്ഞു.

എനിക്കും ഇല്ലേ ഇവളെ ഒരു പെണ്ണായി കാണാൻ ആഗ്രഹം.... ഇത് എണീറ്റു വരുന്നത് തന്നെ ഇന്ന് ആർക്കു പണി കൊടുക്കണം എന്നാലോചിച്ച..... എപ്പോ നോക്കിയാലും കയ്യിൽ ബാറ്റ് ബോളും.....

ആകെ ഒരു ആശ്വാസം ജുനുവിന് മോഡേൺ ഡ്രസ്സ് മുടി മുറിക്കുന്നത് ഇഷ്ടം അല്ല അതോണ്ട് പെണ്ണാണെന്ന് മനസ്സിലാകുന്നു.....

എന്റെ മോളിപ്പോ അങ്ങനെ ഇവിടെ വീട്ടുജോലി ചെയ്യണ്ട അതിന് ശമ്പളം കൊടുത്തു അഞ്ചാറു പേരെ നിർത്തിയിരിക്കുന്നെ...... ഇജു അതും

പറഞ്ഞു അങ്ങോട്ട് വന്നു....

നിങ്ങളൊക്കെയാ ഈ പെണ്ണിനെ ഇങ്ങനെ വഷളാക്കുന്നെ..... ഇവളെ പോലെ കേറി വരാനുള്ളതാ ഇവളും..... നോക്കിയേ എന്തൊരു അടക്കം ഒതുക്കും വെച്ചുണ്ടാക്കാൻ അറിയാം..... നൈഹായെ ചേർത്ത പിടിച്ചു സൽമ പറഞ്ഞു.....

നീ എനിക്ക് പാരയാണല്ലോ നൈഹ..... നിനക്ക് ഒന്ന് ഇതൊക്കെ തിരുത്തി പറയിപ്പിച്ചുടെ...... ഇനു അവളെ നോക്കിചുണ്ട് കോട്ടി പറഞ്ഞു....

അസൂയ വെക്കേണ്ട മോളെ ഇത് എന്റെ ഭാഗ്യം ആണ്( ശഹി )

കൃത്യമായി താങ്ങാൻ ആളെത്തിലോ ഇനു പുച്ഛം വാരി വിതറി......

ഫൈസ്ന് ആഗ്രഹം ഉണ്ടാകില്ലേ കെട്ടിയോൾ വല്ലോം വെച്ചുണ്ടാക്കി കൊടുക്കുന്നത്.....(സൽമ )

അവൻ കുറച്ചു കാലം കൂടി ജീവിച്ചോട്ടെ സൽമാമ്മ..... അവൻ കിച്ചൻ സ്ലാബിൽ കേറി ഇരുന്നു... ചായപ്പൊടി പഞ്ചസാര ഏതാന്ന് അറിയാത്തവൾ ഫുഡ് ഇണ്ടാക്കി കൊടുത്ത അവന്റെ അവസ്ഥ അതും

പറഞ്ഞു അവൻ ചിരിക്കാൻ തുടങ്ങി.

നീ പോടാ മാക്രി..... അവൾ അവന്നെ പിടിച്ചു നുള്ളി..... അവൻ തിരിച്ചു അടിച്ചു പിന്നെ അപ്പുറം ഇപ്പുറം തല്ല് തുടങ്ങി.... പരസ്പരം മുടിയിൽ പിടിച്ചു വലിച്ചു....

ജന്ന....... ഇജാസ് വിളിച്ചതും രണ്ടാളും അടങ്ങി നിന്നു......

ഇജു കലിപ്പോടെ രണ്ടിനെയും നോക്കി....

ഞങ്ങൾ മുടിയൊന്ന് മസ്സാജ് ചെയ്തത് അല്ലേ ശഹി ചിരിച്ചോണ്ട് മുടി ഒതുക്കി തലയിൽ ഷാൾ ഇട്ടു കൊടുത്തു.....

ശഹിയുടെ കയ്യിൽ സോസ് കുപ്പി കണ്ടതും അവൾ ഇളിച്ചോണ്ട് അതേ എന്ന് പറഞ്ഞു അവനെ ചാരി നിന്നു ..... ഇല്ലെങ്കിൽ സോസ് തന്റെ തലവഴി വീഴുന്നു അവൾക്ക് അറിയാരുന്നു......

അതാണ് എന്റെ ഇനു.... അവൻ അവളെ മുന്നിൽ പിടിച്ചു നിർത്തി കഴുത്തിലൂടെ രണ്ട് കയ്യിട്ടു പിടിച്ചു പറഞ്ഞു......

എന്നെ ഇജുക്ക തല്ലിയാൽ ഞാൻ സോസ് തലവഴി

ഒഴിക്കും അവൻ മെല്ലെ പറഞ്ഞു

നിന്നെ പേടിച്ചല്ലടാ പന്നി രാവിലെ തന്നെ കുളിക്കണ്ടേ അത് പേടിച്ച അല്ലെങ്കിൽ നിന്റെ മോന്ത ഞാൻ തന്നെ അടിച്ചു ഷേപ്പ് മാറ്റിയേനെ....അവന്റെ കയ്യിൽ അവളുടെ നഖം ആഴ്ന്നിറങ്ങി......

ഇജുക്ക ഉള്ളോണ്ട് അവൻ കടിച്ചു പിടിച്ചു നിന്നു..... പെട്ടന്ന് അവന്റെ നോട്ടം റിസയിൽ എത്തിയത്.......

അവളുടെ നോട്ടം ഇനുവിനെ പിടിച്ച കയ്യിൽ ആണെന്ന് അവൻ കണ്ടു..... അവളുടെ കണ്ണുകൾ ചുവന്നു കലങ്ങിയിരുന്നു.... കൈകൾ ദേഷ്യം കൊണ്ട് മുഷ്ടി ചുരുട്ടി പിടിച്ചിട്ടുണ്ട്..... പല്ല് കടിച്ചു പിടിച്ചിട്ടുണ്ട്.....അവന്ന് അത് കണ്ടു വല്ലായ്മ തോന്നി.....

മറിയാമ്മോ...... രാവിലെ തന്നെ കാര്യം ആയിട്ടാണല്ലോ ആലോചന

ചിലരൊക്കെ ഓസ്കാർ അവാർഡിന് വേണ്ടി അഭിനയിക്കുന്നുണ്ടല്ലോ..... ഈ വർഷം ആരൊക്കെ എന്ന് ചിന്തിക്കരുന്നു

ഇനു അവളെ നോക്കി പേടിപ്പിച്ചു....

നിനക്ക് ഏതാ ഇഷ്ടപെട്ടെ ഹീറോ.....

ബാബിയുടെ ഹീറോ ആണ് എന്റെ ഹീറോ അല്ലേ ബാബി ..... ബാബിക്ക് ആക്ട് ചെയ്യുന്നവരെ പെട്ടന്ന് മനസ്സിൽ ആക്കാൻ പറ്റും നന്നായി അഭിനയിക്കാൻ അറിയാം.....

ഇവളെന്ത് മാങ്ങായാ പറയുന്നേ..... രാവിലെ തന്നെ എന്തൊക്കെ വിളിച്ചു പറയുന്നു...... (ശഹി )

ഇനുവിന്റെ മുഖം വിളറി വെളുത്തു.....

ഇനുവിന്റെയും റിസയുടെയും മുഖത്തെ ഭവമാറ്റങ്ങൾ ഓരോന്നും ഒപ്പി👿യെടുത്തു ഇജാസ് അവരെ തന്നെ നോക്കി.....

ഒന്നുല്യാ ശഹി...... ഞാൻ ഈ വർഷത്തെ ഓസ്കാർ അവാർഡ് ആർക്കൊക്കെ കിട്ടുന്നു ഫ്രണ്ട് ആയി ബെറ്റ് വെച്ചിരുന്നു..

ഇനുവാണ് ആക്റ്ററഴ്സ് പറഞ്ഞു തന്നത് അത് വെച്ചു ഗസ്സ് അടിച്ചു..... ബെറ്റ് തോക്കൊ ആവോ.... അതിന്റെ ടെൻഷൻ പറഞ്ഞത.....

ഫിലിം കാണാത്ത ഇവളോ...... ഇനുവിന്റെ തലയിൽ ഒന്ന് കൊട്ടി അവൻ പൊട്ടിച്ചിരിച്ചു.....

അപ്പോഴേക്കും ഇനുവിന്റെ ഉമ്മ ഒരു ടീ എടുത്തു ഇനുവിന് കൊടുത്തു ഫൈസിന് കൊണ്ട് കൊടുക്കാൻ പറഞ്ഞു......

രാവിലെ അഞ്ചു മണിക്കോ മറ്റോ ആണ് ഉറങ്ങിയത്.... റൂമിൽ ഭ്രാന്ത് എടുത്തു നടക്കാരുന്നു അത് വരെ. പോയി വിളിച്ച എന്റെ ഡെഡ് ബോഡി അവൻ എടുക്കും..... അവൾ മനസ്സിൽ ഓർത്തു....

ഉമ്മ കൊണ്ട് കൊടുക്കോ ഒന്ന്.....

പ്ഫാ....... ഇനി അതുടി ഞാൻ ചെയ്യടി.....

ആ ആട്ടിൽ അവൾ തെറിച്ചു വീഴുന്നു തോന്നി.....

പ്ലീസ് ഉമ്മാ..... ഉമ്മാക്ക് ആഗ്രഹം ഇല്ലേ മരുമകനെ ഉണർത്തി ടീ കൊടുക്കാൻ....

ഇപ്പോഴത്തെ ട്രെൻഡ് ആണ് അതൊക്കെ...... ഭാര്യക്ക് പകരം അമ്മായിഅമ്മ ടീ കൊണ്ട് കൊടുക്കുന്നു..

എങ്ങനെ ഉണ്ട്....

ഉമ്മ അവിടെ കണ്ട ചപ്പാത്തി കോൽ എടുത്തു എറിയാൻ നോക്കിയതും ഇജു പിടിച്ചു വെച്ചു.....

എനിക്ക് കാൽ വേദനിക്കുന്നു സ്റ്റെപ്പ് കേറാൻ വയ്യ...... പ്ലീസ് ഉമ്മ നല്ല ഉമ്മയല്ലേ അവൾ അവരേ നോക്കി ചിണുങ്ങി....

ഇവളെ ഞാൻ ഇന്ന് തല്ലികൊല്ലും നോക്കിക്കോ... ഉമ്മ വീണ്ടും അടിക്കാൻ വന്നതും ശഹി അവളെ പിടിച്ചു ഉമ്മാന്റെ മുന്നിലേക്ക് നീക്കി പിടിച്ചു....

കൊടുക്ക് രണ്ടെണ്ണം കൊടുക്ക്..... അങ്ങനെ എങ്കിലും നന്നാവട്ടെ.....

അങ്ങനെ ഇപ്പൊ നന്നാവണ്ട...... അളിയൻ ടീ കൊടുത്താലും ട്രെൻറ്റ് ആയിക്കൊള്ളും.... ഞാൻ കൊടുത്തോളാം..... ഇജു ടീ കപ്പ് വാങ്ങി.

വേണ്ടാ...... പെട്ടെന്ന് കൊറസ് കേട്ട് അവൻ തിരിഞ്ഞു നോക്കി...... നദീം ഷാനയും ഷദയും ശഹിയും ജുനു എല്ലാം ഉണ്ട്.....

എന്താടാ കാര്യം...... ഇജു എല്ലാരേം കണ്ണും മിഴിച്ചു നോക്കി....

ഒന്നുല്ലടാ...... രാവിലെ തന്നെ ഭാര്യ ടീ കൊണ്ട് കൊടുക്കുന്നതല്ലേ അതിന്റെ ഒരു ശരി.... നദീം പറഞ്ഞു കഴിഞ്ഞതും ഇജുവിന്റെ പിറകിൽ ഒരു

കത്തി ചൂണ്ടി നിൽക്കുന്ന ഇനുവിനെ കണ്ടു.......

കൊന്ന് കളയുന്നു അവൾ ആക്ഷൻ കാട്ടി.... നദീം ഇളിച്ചു കാണിച്ചു......

അല്ലെങ്കിലും ഒരു മാറ്റം നല്ലതാ.... നീ തന്നെ പോയിക്കോ നദീം കാൽ മാറി.....

ഇജു tea കൊണ്ട് പോകുമ്പോൾ എല്ലാരും അവളെ രൂക്ഷമായി നോക്കി......

ആ കാലന്റെ കയ്യിൽ നിന്നും രാവിലെ തന്നെ വാങ്ങി കൂട്ടാൻ എനിക്ക് വട്ടല്ലേ.....

അതും പറഞ്ഞു അവൾ കൂൾ ആയി ടീ കുടിക്കാൻ ഇരുന്നു.....

പോയി നോക്കിയാലോ...... ശഹി പറഞ്ഞതും എല്ലാവരും പോയി...

നൈഹ അവളും ഉമ്മമാർ ബാക്കി ആയി

നൈഹ ഒരു ഹെൽപ്പ് ചെയ്യോ...... ഷദയുടെ റൂമിൽ ബാം ഇരിപ്പുണ്ട് ഒന്നെടുത്തു വരോ...... ചെറിയ തലവേദന

അവൾ പോയി.....

അപ്പോഴേക്കും ഉമ്മ അടുത്ത് വന്നു.....നെറ്റി തൊട്ട് നോക്കി.....

ഹോസ്പിറ്റലിൽ പോണോ.... സുഖം ഇല്ലേ നിനക്ക്....

രണ്ട് മൂന്നു ദിവസം ആയി ഉറക്കം ഒഴിഞ്ഞോണ്ട് ആയിരിക്കും ഒന്ന് ബാം തേച്ച കിടന്ന മതി.....

അപ്പോഴേക്കും എല്ലാരും കൂടി പൊതിഞ്ഞു.....

എന്റെ പൊന്ന് മക്കളെ എനിക്ക് ചെറിയ തലവേദന ഉള്ളൂ..... ഇജുക്കനോട് പറഞ്ഞു ഇനി മാരക രോഗ ആക്കല്ലേ പറഞ്ഞു അവൾ എണീറ്റു ഓടി..

എല്ലാവരും ചെറു ചിരിയോടെ ജോലിയിൽ തിരിഞ്ഞു....

ഷംന.... കുറച്ചു ലാളിച്ച വളർത്തിയെ പോരാത്തതിന് സുഖം ഇല്ലാത്തോണ്ട് അടുക്കളെയിൽ കയറ്റിയിട്ടില്ല.... പറഞ്ഞു കൊടുത്ത അവൾ എല്ലാം ചെയ്തോളും... ദേഷ്യം ഒന്നും തോന്നല്ലേ അവളോട് ....... (സൽമ )

അവൾ ഇവിടെ ജന്നത് ആണ്..... ഒരു ജോലിയും ചെയ്യേണ്ട ആവിശ്യം ഇല്ല.... ഞങ്ങളെ കൊണ്ട് ജോലി ചെയ്യിക്കാനുള്ള അധികാരം ഉള്ളവൾ......പിന്നെ മരുമകൾ എന്നൊരു വേഷം......

സ്വന്തം മോളായിട്ട ഞാൻ അവളെ കാണുന്നത്.....

പിന്നെന്തിനാ ഈ ഫോർമാലിറ്റിസ്..... (ഷംന )

അവൾ നല്ലൊരു ഭാര്യയാകുമോ വീട്ടമ്മയാകൊ എന്നൊരു പേടിയല്ലേ നിനക്ക്..... (റാബിയ )

സൽമ തലയാട്ടി....

ഇത് പേരിന് മാത്രം ഒരു വീട് ആയിരുന്നുള്ളു..... എല്ലാവരും ഓരോ വഴിക്ക്..... ഒന്നിച്ചു ചിലവിടുന്ന ആഘോഷം പോലും ഹൈദർ പോയ ശേഷം ഉണ്ടായിട്ടില്ല. അവൾ വന്ന ശേഷം വീടുണർന്നത്..... ഇപ്പൊ ഈ അടുക്കളയിൽ കണ്ട മഹാന്മാർ ഉണ്ടല്ലോ

ഈ വീട്ടിൽ കിച്ചൻ ഉണ്ടെന്ന് അറിഞ്ഞത് അവൾ വന്ന ശേഷം ആണ്..... ശരിക്കും പറഞ്ഞ അവളെ ചുറ്റി പറ്റി നടക്കുന്നതാ അവരെ ലോകം തന്നെ.....

അത് പോലല്ലോ ദാമ്പത്യം...... ഫൈസ്നോട് പോലും എടാ പോടാന്നൊക്കെ വിളിക്കുന്നെ..... ബഹുമാനം ഇല്ലാത്തൊക്കെ പെരുമാറുന്നത് കാണുമ്പോ ഒരു പേടിയാ ഉള്ളിൽ.....

അവൾക്ക് എത്രയാ പ്രായം സൽമ....

പതിനെട്ടു വയസ്സ്..... ആ പ്രായത്തിലെ പെണ്ണിന്

എന്ത് പക്വത..... ഷാനുവും ഷദയു ഒക്കെ അവളെക്കാൾ രണ്ട് മൂന്ന് വയസ്സ് മുതിർന്നതാ അവർക്ക് വന്നിട്ടില്ല ബോധം കഥയും..... അവൾ കളിച്ചു നടന്നോട്ടെ..... ഒരു ദിവസം അവളെ ഭർത്താവിന്ന് വേണ്ടി അവൾ സ്വയം മാറിക്കൊള്ളും..... പിന്നെ ഞങ്ങൾ ഒക്കെ ഇവിടെ ഇല്ലേ..... അവർ സൽമയെ ആശ്വസിപ്പിച്ചു......

❤️❤️❤️❤️❤️

തലയിണ കൊണ്ട് തലക്ക് മുകളിലൂടെ വെച്ചു കുമ്പിട്ട് കിടക്കുന്നത് കണ്ടു ഇജ്ജു അവനെ തന്നെ നോക്കി..... ഇതെന്താ ഇവൻ ഇങ്ങനെ കിടക്കുന്നേ.....

ഫൈസ്..... ഫൈസ്... അവൻ കുറെ വിളിച്ചെങ്കിലും ഒരു റെസ്പോണ്ട് ഉണ്ടായില്ല....... അവൻ തൊട്ട് വിളിച്ചതും പിന്നെ ഒരലർച്ച ആയിരുന്നു......

ഇറങ്ങി പോടീ റൂമിൽ നിന്നും...... അതും പറഞ്ഞു അവന്റെ മുകളിൽ ഉള്ള തലയിണവലിച്ചു എറിയുകയും ചെയ്തു..... ചായ കപ്പ് തട്ടി മറിഞ്ഞു നിലത്ത് വീണു.. ... ഇജ്ജു പെട്ടന്ന് പിറകോട്ടു മാറിയോണ്ട് കയ്യിൽ മറിഞ്ഞില്ല തുളുമ്പി ഷർട്ടിലും മുഖത്ത് എല്ലാം മറിഞ്ഞു.......

അവൻ ഒരു സംശയത്തോടെ അവനെ നോക്കി....

ടീ വേണ്ടേ......

ടീ അല്ലെടി നെല്ലിക്കതളം ഉണ്ടാക്കണ്ടേ എന്നിട്ട് നിന്റെ മുഴു വട്ടുള്ള ആങ്ങളമാർക്ക് തലയിൽ വെച്ചു കൊടുക്ക്...... കൂട്ടത്തിൽ മുഴു വട്ടുള്ള നിന്റെ ഇജുവിനും...... നിനക്ക് പകരം വാഴ വെച്ചൂടെ പറഞ്ഞതൊക്കെ ഞാൻ തിരിച്ചു എടുത്തു...... വാഴ വെച്ചിട്ടു കാര്യം ഇല്ല അതിനെ കൊണ്ട് ഉപകാരം ഉണ്ടാവില്ല....... പിന്നെ എന്തൊക്കെ തെറി വിളിച്ചെന്നു അവന്ന് തന്നെ ബോധം ഇല്ലായിരുന്നു......

ഇജു എല്ലാം കേട്ട് പകച്ചു പണ്ടാരം അടങ്ങി നിന്നു...... വിവാഹ പിറ്റേന്ന് ഭാര്യയെ തെറി വിളിക്കോ.... കുറച്ചു റോമാൻസ് പ്രതീക്ഷിച്ചിരുന്നു.....കണ്ണ് പൊട്ടുന്ന തെറി വിളി ആരെങ്കിലും വിളിക്കോ..... അതും ഇനു ആണെന്ന് പറഞ്ഞു വിളിച്ചോണ്ട് ആൾ മാറിയതല്ല താൻ ഇനുവാണെന്ന് കരുതിയാ തെറി വിളി മൊത്തം....

പിന്നിൽ പൊട്ടിച്ചിരി കേട്ട് ഇജു തിരിഞ്ഞു നോക്കി എല്ലാ കുരിപ്പും ഉണ്ട്..... എന്താടാ ഇതൊക്കെ കല്യാണപിറ്റേന്ന് ഇങ്ങനെ ഒരാളെ പെരുമാറുക....

ഇജു കലിപ്പോടെ ഫൈസ്നേ നോക്കി ചോദിച്ചു......

ജുനു അവനേ അവളുടെ സ്റ്റാറ്റസ് കാണിച്ചു കൊടുത്തു...... വണ്ടർ ഫുൾ ഫസ്റ്റ് നൈറ്റ് എന്ന് പറഞ്ഞു അവൻ സോഫയിൽ ചെവി രണ്ടും പൊത്തിപിടിച്ചു കൂനിക്കൂടി ഇരിക്കുന്ന ഒരു ഫോട്ടോ......

ഇജുവിനു കണ്ടപ്പോൾ തന്നെ ചിരി വന്നു.

ഇതെന്തടാ ഇങ്ങനെ ഇരിക്കുന്നെ

എല്ലാരും കൊടുത്ത പണി പറഞ്ഞതും അവൻ പൊട്ടിച്ചിരിച്ചിരുന്നു......

ഉറക്കം പോയി മാനം പോയി പറഞ്ഞുള്ള കലിപ്പിൽ ആണ് അവൻ.ചുമ്മാതാണോ അവൾ ടീ കൊണ്ട് വരാഞ്ഞേ.....

എനിക്കിട്ട് നൈസ് ആയി പണി തന്നത് ആണ് അപ്പോൾ കുരിപ്പ്......

ഫൈസ് ഇവരുടെ ശബ്ദം കേട്ടു മെല്ലെ കണ്ണ് തുറന്നു നോക്കി.... ഇജുവിന്റെ ഡയലോഗിൽ ഇജുവിനെ ആണ് തെറി വിളിച്ചതെന്ന് അവന്ന് മനസ്സിലായി.... അവൻ അറിയാത്ത പോലെ വീണ്ടും കണ്ണടച്ച്

കിടന്നു..... ഇനി അവന്റെ വായിൽ നിന്നും കൂടി കേൾക്കൻ വയ്യ....

ഏതായാലും അവൻ എഴുന്നേറ്റു വരട്ട് നെല്ലിക്കതെളം തന്നെ ഉണ്ടാക്കി കൊടുക്ക

പറഞ്ഞു അവർ പോയി.....

❤️❤️❤️❤️❤️

തന്റെ ദേഹത്തു ഭാരം അനുഭവപ്പെട്ടപ്പോഴാ ഫൈസിക്ക് ഉറക്കം ഞെട്ടിയത്....   കണ്ണ് തുറക്കാതെ തന്നെ അവന്ന് ഇനു ആണെന്ന് മനസ്സിൽ ആയിരുന്നു.....

അവൻ പെട്ടന്ന് തിരിഞ്ഞു കിടന്നു......

അവളുടെ മുകളിൽ ആയി കൈ കുത്തി നിന്നു.....

അവളുടെ കരഞ്ഞ പോലുള്ള കണ്ണ് കണ്ടു അവൻ വല്ലാതായി..,

എന്താടി കാര്യം.....

അവൾ ഒന്നും പറയാതെ അവന്റെ കഴുത്തിലൂടെ കയ്യിട്ട് പിടിച്ചു....

എന്താടാ.,.. അലിവോടെ അവളുടെ തലയിലൂടെ

തലോടി.....

ആ വീഡിയോ റിസക്ക് കിട്ടി..... അവൾ റിസ പറഞ്ഞത് മുഴുവൻ പറഞ്ഞു കൊടുത്തു.

എന്നിട്ട് നീയെന്ത് പറഞ്ഞു.....

എനിക്ക് എല്ലാം അറിയാം അറിഞ്ഞോണ്ട് ചിരിച്ചു നടക്കുന്നതാണ് എന്നാണോ പറയേണ്ടത്.... അതോ ഇത് ആദ്യത്തെ പ്രാവശ്യം ഒന്നും അല്ലെന്ന് ആണോ പറയേണ്ടത്......നാളെ വരെ ടൈം താ എന്ന് പറഞ്ഞിട്ടുണ്ട്...... അവൾ സാമിക്കാടെ അനിയത്തിയല്ല..... സ്വഭാവം കൊണ്ട് നിന്റെ അനിയത്തിയാ.... ദേഷ്യം വാശിയും മൊത്തത്തിൽ കിട്ടീട്ടുണ്ട്.... അവളെ മുന്നിൽ സംസാരിച്ചു തന്നെ പിടിച്ചു നിൽക്കാൻ പറ്റുന്നില്ല.....

ഫൈസ് ഒന്ന് ചിരിച്ചു..... മുല്ല പൂമ്പോടി ഏറ്റു കിടക്കും കല്ലിനും മുണ്ട് സൗരഭ്യം കേട്ടിട്ടില്ലേ ചൊല്ല്..... ഞാനാ അവളെ റോൾ മോഡൽ.....

ഈ പോക്ക് പോയ എന്റെ കയ്യിൽ നിന്നും അടുത്ത് വാങ്ങിക്കും.... അതിന്ന് മുൻപ് അവളെ മര്യാദക് ഇവിടെ നിന്നും പാക്ക് ചെയ്തോ......

അതേ ഇതൊക്കെ വിട്..... നമ്മൾ മാത്രം ഉള്ള സമയത്ത്..... ഈ ബെഡ്റൂമിൽ നമ്മൾ മാത്രം... സങ്കടവും കരച്ചിൽ പ്രോബ്ലം ഒക്കെ വാതിൽ വരെ സ്ഥാനം ഉള്ളൂ..... എനിക്ക് വാക്ക് തന്നിട്ട് വാക്ക് തെറ്റിക്കണോ നീ ......

പെട്ടെന്ന് റിസ എന്തൊക്കെ പറഞ്ഞപ്പോൾ മനസ്സ് ഒന്ന് പതറിപോയി....

അവൾ കണ്ണും മുഖവും തുടച്ചു.....

അവൻ അവളുട ഇരു കണ്ണിലും ചുണ്ടുകൾ അമർത്തി..... അവൾ നിറഞ്ഞ പുഞ്ചിരിയോടെ അവന്റെ കണ്ണുകളിക്ക് നോക്കി.....

പ്രണയം തുടിക്കുന്ന ആ കണ്ണുകളുടെ നോട്ടം താങ്ങാൻ ആവാതെ അവൾ  കണ്ണുകൾ താഴ്ത്തി.....

നീ അടുത്ത് വരുമ്പോൾ എന്നെ തന്നെ നിയന്ത്രിക്കാൻ പറ്റുന്നില്ല ഇനു...അവളുടെ ചെവിയിൽ ചുണ്ട് അടുപ്പിച്ചു മെല്ലെ പറഞ്ഞു.....

അവൾ ഇക്കിളിയെടുക്കുന്നു പറഞ്ഞു അവനന്റെ മുഖത്തിന് നേരെ കൈ വെച്ചു

കുസൃതിയോടെ അവളെ നോക്കി കയ്യിൽ അമർത്തി

ചുംബിച്ചതും അവൾ മുഖം കൂർപ്പിച്ചു നോക്കി......

അവൻ അവളെ കൈ മുഖത്ത് നിന്നും താഴ്ത്തി..... അവളുടെ മുഖത്തോട് മുഖം അടുപ്പിച്ചതും അവൾ അവളുടെ മുഖം പൊത്തി പിടിച്ചു..... ആദ്യം പോയി പല്ല് തെക്ക് കുരിപ്പേ വാ നാറിയിട്ട് വയ്യ.....

പിന്നെ ഉച്ചക്ക് അല്ലേ പല്ല് തേക്കണ്ടേ...... അല്ല ആരാ ഇപ്പൊ പല്ലൊക്കെ തേച്ചു നന്നായിട്ട് ഉള്ളെ....

സ്വന്തം ഡയലോഗ് ആയോണ്ട് തിരിച്ചു പറയുന്നില്ല..... എന്ന് വെച്ചു പല്ല് തേക്കാണ്ട് കിസ്സ് ചെയ്യന്നു വിചാരിക്കണ്ട മോനെ......

അതിന്ന് എനിക്ക് നിന്റെ ചുണ്ടിൽ തന്നെ കിസ്സ് വേണമെന്ന് ഒരു നിർബന്ധം ഇല്ല....

അവന്റെ ചുണ്ടുകൾ അവളുടെ കഴുത്തിൽ അമർന്നതും അവൾ ഒരു ഏങ്ങലോടെ അവന്റെ ചുമലിൽ പിടിച്ചു...

അവന്റെ ചുണ്ടുകൾ താഴേക്ക് താണതും വേണ്ട ഫൈസ് എന്ന് പറഞ്ഞു അവന്റെ മുഖം മാറ്റാൻ നോക്കിയെങ്കിലും അവൻ അവന്റെ മാത്രം സ്വന്തം ആയ അവളുടെ മറുകിൽ അമർത്തി കടിച്ചു...... സുഖ

മുള്ള വേദന ശരീരം മൊത്തത്തിൽ അറിഞ്ഞിട്ടും എതിർക്കാൻ ആവാതെ അവൾ നിന്നു...... കടിച്ചിടത് ചുണ്ടുകൾ കൊണ്ട് തഴുകിയതും അവൾ നിന്ന് പിടഞ്ഞു..... അവന്റെ പുറത്ത് അവളുടെ നഖങ്ങൾ അമർന്നു.....അവൻ കണ്ണുകൾ ഉയർത്തി അവളെ നോക്കി..... കണ്ണുകൾ കൂമ്പിയടഞ്ഞു നാണത്തിൽ കുതിർന്ന മുഖവും കടന്നു നോട്ടം അവളുടെ വിറക്കുന്ന ചുണ്ടിൽ എത്തി നിന്നു......

അവന്റെ ചുണ്ടുകൾ അതിന്റെ ഇണയിൽ എത്തി നിന്നു...... ആദ്യം എതിർത്തെങ്കിലും അവന്റെ ചുണ്ടുകൾ അവളുടെ ചുണ്ടിൽ മായാജാലം പോലെ പടർന്നു...... എതിർപ്പുകൾ അടങ്ങി അവളും ആ ചുംബനത്തിൽ ലയിച്ചു ചേർന്നു.......

....... ❤💔INVISIBLE LOVE 💔❤

Love after 💘marriage (part 89)

അവന്റെ ചുണ്ടുകൾ അവളുടെ കഴുത്തിൽ അമർന്നതും അവൾ ഒരു ഏങ്ങലോടെ അവന്റെ ചുമലിൽ പിടിച്ചു...

ചുണ്ടുകൾ താഴേക്ക് താണതും വേണ്ട ഫൈസ് എന്ന് പറഞ്ഞു അവന്റെ മുഖം മാറ്റാൻ

നോക്കിയെങ്കിലും അവൻ അവന്റെ മാത്രം സ്വന്തം ആയ അവളുടെ മറുകിൽ അമർത്തി കടിച്ചു...... സുഖ മുള്ള വേദന ശരീരം മൊത്തത്തിൽ അറിഞ്ഞിട്ടും എതിർക്കാൻ ആവാതെ അവൾ നിന്നു...... കടിച്ചിടത് ചുണ്ടുകൾ കൊണ്ട് തഴുകിയതും അവൾ നിന്ന് പിടഞ്ഞു..... അവന്റെ പുറത്ത് അവളുടെ നഖങ്ങൾ അമർന്നു.....അവൻ കണ്ണുകൾ ഉയർത്തി അവളെ നോക്കി..... കണ്ണുകൾ കൂമ്പിയടഞ്ഞു നാണത്തിൽ കുതിർന്ന മുഖവും കടന്നു നോട്ടം അവളുടെ വിറക്കുന്ന ചുണ്ടിൽ എത്തി നിന്നു......

അവന്റെ ചുണ്ടുകൾ അതിന്റെ ഇണയിൽ എത്തി നിന്നു...... ആദ്യം എതിർത്തെങ്കിലും അവന്റെ ചുണ്ടുകൾ അവളുടെ ചുണ്ടിൽ മായാജാലം പോലെ പടർന്നു...... എതിർപ്പുകൾ അടങ്ങി അവളും ആ ചുംബനത്തിൽ ലയിച്ചു ചേർന്നു.......

നേർത്തൊരു കിതപ്പോടെ അവളെ വിട്ടു.അവളെ തൊട്ടിപ്പുറം മലർന്നു കിടന്നു.അവൾ അവന്റെ നെഞ്ചിൽ തലവെച്ചു കിടന്നു...... അവന്റെ കൈകൾ അവളെ പൊതിഞ്ഞു പിടിച്ചു.....

ഫുഡ് വേണ്ടേ..... വിശക്കുന്നില്ലേ.... നേരം വെളുത്തിട്ട്

ഒന്നും കഴിച്ചില്ലല്ലോ ഉച്ചയായി

രാവിലെ കിടന്ന കിടത്തം ആണ് ഉറക്കക്കുറവും ക്ഷീണം കാരണം അതേ കിടപ്പ് കിടക്കാരുന്നു...

വിശപ്പുണ്ട്.... ബട്ട് ഫുഡ് വേണ്ട.....

ഫുഡ് ഇല്ലാതെ വിശപ്പ് മാറോ.....

അവൻ പെട്ടന്ന് അവളെയും കൊണ്ട് തിരിഞ്ഞു കിടന്നു..... അവളുടെ മുകളിൽ ആയി കിടന്നു......

എന്റെ വിശപ്പിന് ഇത് മതി അവളുടെ ചുണ്ടിലേക്ക് കുസൃതിയോടെ നോക്കി പറഞ്ഞതും അവൾ അവനെ തള്ളിമാറ്റി എഴുന്നേൽക്കാൻ നോക്കി.....

ആ വിശപ്പിന് ഇവിടെ ഫുഡ് ഇല്ല...... അവൾ ചിരിയോടെ പറഞ്ഞു എഴുന്നേൽക്കാൻ നോക്കിയതും അവൻ കയ്യിൽ പിടിച്ചു വലിച്ചു അവൾ ബെഡിലേക്ക് തന്നെ വീണു..... അവൾ എഴുന്നേൽക്കാൻ നോക്കിയതും അവൻ രണ്ട് വശത്ത് കൈ കുത്തി അവളെ ലോക്ക് ചെയ്യുന്നത് പോലെ നിന്നു....

വേണ്ട ഫൈസ്...... അവൾ മുഖം പൊത്തി പിടിച്ചു.....

കയ്യെടുത്തില്ലെങ്കിൽ അറിയാലോ വേറെവിടെക്കാ

ഞാൻ കിസ്സ് ചെയ്യാന്ന് അവൻ അവളെ കൈപ്പുറത്തു കിസ്സ് ചെയ്തു പറഞ്ഞു....

അവൾ കൈ വലിച്ചു നെഞ്ചിൽ കൈ വെച്ചു..... അവൻ ചെറു ചിരിയോടെ അവളെ നോക്കി ചുണ്ടുകൾ ലക്ഷ്യം ആക്കി മുഖം കുനിച്ചു.

വാതിൽ നോക്ക് ചെയ്യുന്ന ശബ്ദം കേട്ടു.

അവൻ നിരാശയോടെ എഴുന്നേൽക്കാൻ നോക്കിയതും അവൾ ചിരിച്ചു പോയി.

അവൻ പെട്ടെന്ന് അവളുടെ ചുണ്ടിൽ അമർത്തി ചുംബിച്ചു..... അവൾ കണ്ണ് മിഴിച്ചു അവനെ നോക്കി.

ചുമ്മാ വാശി കേറ്ററുത്...... അതും പറഞ്ഞു കവിളിൽ ചെറിയ കടിയും കൊടുത്തു.

അവൾ മുഖം കൂർപ്പിച്ചു നോക്കി... മുഖം തുടച്ചു ഡ്രസ്സ് ശരിയാക്കി എഴുന്നേറ്റു വാതിൽ തുറന്നു..... ഷദ

ചോറ് വിളമ്പി..... രണ്ടാളെയും വിളിക്കുന്നുണ്ട് ഷദ അത് പറഞ്ഞു പോയി

നീ പോയിക്കോ ഞാൻ ഫ്രഷ് ആയി വരാം അത് പറഞ്ഞു ഫൈസ് ബാത്‌റൂമിലേക്ക് പോയി....

എല്ലാവരും അവരെയും വെയിറ്റ് ചെയ്തു ഇരിക്കുന്നത് കണ്ടു..... അപ്പോഴേക്കും റിസയും വന്നു....

ശഹിയുടെ അടുത്ത് നൈഹ ഇരുന്നിട്ടുണ്ട്

ഇപ്പുറത്തു ചെയർ ഇനുവിന്റെ ആണ്.... ആരുടെ സ്ഥാനം മാറിയാലും അവരെ മാറില്ല..... അവന്റെ അടുത്ത് ഇരിക്കുന്ന ആളെ എഴുന്നേൽപ്പിച്ചയാലും അവൾ ഇരിക്കും അതോണ്ട് ഇപ്പോൾ ആരും ഇരിക്കില്ല അവിടെ..... റിസ വന്നു അവിടെ ഇരുന്നു... എല്ലാവരും അവളെ തന്നെ നോക്കി.....

റിസ മൈന്റ് ആക്കാതെ ചോറ് വിളമ്പി.

ഇത് ഇനുവിന്റെ ചെയർ ആണ്...(ശഹി )

ഇന്നലെ വരെ അല്ലേ ഇന്ന് മുതൽ എന്റെ ഇക്കാന്റെ കൂടെ ഇരുന്നോളും... ബാബിസാക്കും അതാണ് ഇഷ്ടം..... എടുത്തടിച്ചപോലെ റിസ പറഞ്ഞു.... എല്ലാവരും ഇഷ്ടക്കേടോടെ അവളെ നോക്കി.....

ഇനു പേടിയോടെ അവളെ നോക്കി പൊട്ടിത്തെറിക്കാൻ പാകത്തിന് ഉണ്ട് മുഖം..... അവൾ വേഗം ശഹിയുടെ ഓപ്പോസിറ്റ് ഇരുന്നു

ഫൈസ് വന്നു അവളെ അടുത്ത് ഇരുന്നു.

എല്ലാരേം മൈന്റ് മാറ്റാൻ വേണ്ടി അവൾ ഫൈസ്ന് വിളമ്പി കൊടുത്തു അവനോട് വെറുതെ ഓരോന്ന് സംസാരിച്ചു ഇരുന്നു.

എല്ലാർക്കും അത്ഭുതം ആയിരുന്നു അത്.

ഇനു ഫൈസിന്റെ കൂടെ ഇരിക്കില്ല ശഹിയുടെ കൂടെ തല്ലുണ്ടാക്കി ഫുഡ് കഴിക്കു.... പലപ്പോഴും യുദ്ധക്കളം ആയിരിക്കും ഡയിനിങ് ടേബിൾ.... ഇജുവിനെയും കൂട്ടുന്നോണ്ട് മൊത്തത്തിൽ ബഹളം ആയിരിക്കും....

ഫൈസ് വന്ന ദിവസം അവൾ അവിടെ ഇരുന്നു.... എല്ലാവരും അടങ്ങി ഒതുങ്ങി ഇരുന്നു ഫുഡ് കഴിച്ചത് അന്നാണ്... പിറ്റേന്ന് ഫൈസ് നദീംമിന്റെ കൂടെ ഇരുന്നു

അവനും മനസ്സിൽ ആയിരുന്നു അവർ ഒന്നിച്ചുണ്ടാവുന്നതാണ് ആ വീടിന്റെ തന്നെ സന്തോഷം എന്ന്.....

ശഹിയെ അവൾ മൈന്റ് പോലും ചെയ്തില്ല അവന്ന് എന്തോ ഇനു അവഗണിക്കുന്ന പോലെ തോന്നിയത് അവൻ ഫുഡ് മതിയാക്കി എഴുന്നേറ്റു....

റിസയുടെ മുഖത്ത് ഒരു പുച്ഛച്ചിരി വിരിയുന്നത് ഇനുവും ഫൈസ് കണ്ടു....

അവൾ ഫുഡ് കഴിച്ചു വേഗം എഴുന്നേറ്റു ഇജുവിലേക്ക് ആയിരുന്നു എല്ലാരുടെയും നോട്ടം പോയത്...... അവൻ ഫുഡിൽ മാത്രം ശ്രദ്ധിച്ചു ഇരുന്നതേ ഉള്ളൂ....

മുല്ല പൂമ്പോടിയുടെ സൗരഭ്യം ഒന്നും അല്ല ഇത് മുല്ലപ്പൂ തന്നെ ആണ് റിസയുടെ മുഖം നോക്കി ഇനു മെല്ലെ പറഞ്ഞു......

ടാ സത്യം പറ അവൾ നിന്റെ സ്വന്തം പെങ്ങൾ തന്നെ അല്ലേ...... സെയിം നീയാണ്........ദേഷ്യം വന്നിട്ട് പെണ്ണിപ്പം പൊട്ടിത്തെറിക്കുന്ന തോന്നുന്നേ..... രാവിലെ ശഹി എന്റെ കഴുത്തിലൂടെ കയ്യിട്ട് പിടിച്ചതിന്ന് ഒരു നോട്ടം നോക്കിയിന് കിച്ചണിൽ തീ പിടിക്കാത്ത ഭാഗ്യം ആണ്...... പേടിയാവുന്നു കണ്ടിട്ട്....

ഫൈസ്ന്റെ മുഖത്ത് ചെറുച്ചിരി വിരിഞ്ഞു

റിസ തെറ്റ് കണ്ട പ്രതികരിക്കും..... സ്വന്തം ഉപ്പ ആയാലും തെറ്റ് ചെയ്ത ശിക്ഷ അനുഭവിക്കണം എന്ന ടൈപ്പ് ആണ്..... അത് പോലെ സ്ട്രോങ് ആണ് അവളുടെ സ്നേഹവും..... ഒരിക്കൽ ഒരാളോട് ഇഷ്ടം

തോന്നിയ ജീവൻ കൊടുത്തും അത് നിലനിർത്തും......
ഇപ്പോൾ അവൾ കാണിച്ചു തന്നത് നിനക്ക് തീരുമാനം എടുക്കുമ്പോൾ ഉണ്ടാകുന്ന നഷ്ടം ശഹി ആണെന്നാണ്..... അവൾ ഞെട്ടലോടെ ഫൈസിയെ നോക്കി..... ഫുഡ് ഇറങ്ങാതെ തൊണ്ടയിൽ കുരുങ്ങിയ പോലെ തോന്നി...... ഇവൻ ഇല്ലാതെ എനിക്ക് പറ്റില്ല..... അവൾ എഴുന്നേറ്റു പോയി.

ബൽക്കാണിയിൽ പോയി ഇരുന്നു......

അവൾ അവിടെ തല ചായ്ച്ചു ഇരുന്നു......

ശഹി...... അവന്റെ സങ്കടം നിറഞ്ഞ മുഖം അവളിൽ വേദന പടർത്തി. അവൾക്ക് അവനെ കാണണം തോന്നി.... അവന്റെ റൂമിലേക്ക് പോയി.....

റൂമിന്റെ വാതിൽ തുറന്നതും കണ്ടത് ശഹി

നൈഹയെ കിസ്സ് ചെയ്യുന്നത് ആണ്..... അവൾ ഞെട്ടലോടെ വാതിൽ മെല്ലെ ചാരി തിരിഞ്ഞതും പിന്നിൽ റിസയെ കണ്ടു. അവളും ആ ഷോക്കിൽ ആണ്.... ഇനു അവളെ കയ്യിൽ പിടിച്ചു റൂമിൽ നിന്നും ഇറങ്ങി.... വാതിൽ ചാരി.....

ഞാൻ പോയാലും അവൾ ഉണ്ടാകും അവന്ന് താങ്ങ്

ആയി...... അത് മതി എനിക്ക്..... റിസയോട് പറയുമ്പോൾ അവളുടെ ശബ്ദം ഉറച്ചിരുന്നു.....

റിസ വേദനയോടെ അവളെ നോക്കി നിന്നെ ഉള്ളൂ......

ഇനു റൂമിലേക്ക് പോയി ബെഡിൽ കിടന്നു.

ഫൈസ് അവിടേക്ക് വന്നു അടുത്ത് കിടന്നു....

എപ്പോഴാടാ എല്ലാ പ്രശ്നം ഒതുക്കി തീർത്തു ഒന്ന് സ്വസ്ഥം ആയി ജീവിക്കുക..

ഫൈസ്ന്റെ സ്വരത്തിൽ വേദന പടർന്നിരുന്നു

അവൾ ഒരു ദീർഘ നിശ്വാസത്തോടെ എഴുന്നേൽക്കാൻ നോക്കിയതും അവൻ അവിടെ തന്നെ ബലമായി കിടത്തി...

അവൾ അവന്റെ നെഞ്ചിൽ തലവെച്ചു കിടന്നു..... കുറച്ചു സമയം രണ്ടാളും ഒന്നും മിണ്ടാതെ മൗനത്തെ കൂട്ട് പിടിച്ചു....

ഞാൻ ഒരാഗ്രഹം പറഞ്ഞാൽ സാധിച്ചു തരോ എനിക്ക്.... അവൾ അവന്റെ നെഞ്ചിൽ നിന്നും മുഖം ഉയർത്തി നോക്കി പറഞ്ഞു

നീ ചോദിച്ച എന്റെ ജീവൻ പോലും തരും

പിന്നെന്തിനാടി ഇങ്ങനെ ഒരു ചോദ്യം.....

നമുക്ക് ഇവിടുന്ന് പോകാം....ആരും വേണ്ട നമുക്ക്..... നിനക്ക് ഞാനും എനിക്ക് നീയും മാത്രം .... ദൂരെ എവിടെക്കെങ്കിലും പോകാം....

ഇനൂ..... അവൻ കേട്ട ഷോക്കിൽഅവളെ തള്ളിമാറ്റി എഴുന്നേറ്റു ഇരുന്നു പോയി....

എന്താ പറയുന്നേ നീ.... തമാശ പറഞ്ഞതല്ലേ നീ.....ആവിശ്വാസത്തോടെ അവളെ നോക്കി.

എനിക്ക് വേണ്ട ഫൈസ് ജന്നത് എന്ന പേരും ഈ കൊട്ടാരം ഒന്നും..... എനിക്ക് ആരേം വേണ്ട........ പറഞ്ഞു കഴിഞ്ഞതും അവൾ പൊട്ടിക്കരഞ്ഞു പോയിരുന്നു.....

അവൻ അവളെ ചേർത്ത് പിടിച്ചു..... കരച്ചിൽ അടങ്ങുന്നത് വരെ അവൻ കാത്തു നിന്നു

എന്താ സംഭവിച്ചത്.....

എന്നെ ഇഷ്ടം അല്ല പറഞ്ഞു..... ഞാൻ കാരണം ആണത്രേ ജീവിതം നശിച്ചത്...... ഇപ്പൊ സ്വന്തം ആയി ജീവിതം വേണമെങ്കിൽ ഞാൻ ഇവിടുന്ന് പോകണം പറഞ്ഞു.....

നീ കാരണം എങ്ങനെ ജീവിതം നശിച്ചുന്ന പറയുന്നേ......

ഞാൻ ആ വീഡിയോ കാണിച്ചു കൊടുത്തു എന്തിനാ ഇതൊക്കെ ചെയ്തെന്ന് ചോദിച്ചു..........ബാക്കി പറയുന്നത് കേട്ടു ദേഷ്യം കൊണ്ട് അവന്റെ രക്തം തിളയ്ക്കുന്ന പോലെ തോന്നി.

നീ ഇവിടുത്തെ റാണിയാണ്..... ഈ വീടിന്റ നാഥ..... നീ എടുക്കുന്നതാണ് ഇവിടുത്തെ നിയമം പിന്നെന്തിനാ നിനക്ക് ഭയം..... ഞാൻ ഇല്ലേ നിന്റെ കൂടെ.....

കുടുംബത്തിന്ന് വേണ്ടി ജീവൻ ത്യജിച്ച ഉപ്പാന്റെ മോളാണ് ഞാൻ.... എല്ലാരും എന്റെ ഉപ്പ റാബിതയെ വിവാഹം കഴിച്ചത് തെറ്റാണെന്നു പറഞ്ഞു.... എന്ന എന്റെ ഉമ്മ അങ്ങനെ പറഞ്ഞിട്ടില്ല ഒരിക്കലും... ഉപ്പാന്റെ ഭാഗത്തു ന്യായം എന്ന പറയൽ...

കാരണം എന്താന്ന് അറിയോ ഉപ്പാക്ക് ഈ ഫാമിലി ആയിരുന്നു വലുത്.... എന്റെ ഉമ്മാനെ പോലെ തന്നെ ഇഷ്ടം ആണ് ഈ കുടുംബവും..... ഈ കുടുംബതെ വിട്ടു പോകാതിരിക്കാന ഉപ്പ റാബിയയെ വിവാഹം കഴിച്ചത്..... പക്ഷേ എന്റെ ഉമ്മാക്ക് സ്വന്തം

അനിയത്തിയുടെ ജീവിതം നശിക്കുന്നു കരുതിയ ഡിവോഴ്സ് ആയി പോയത്..... സ്വന്തം ഭർത്താവ് മറ്റൊരു പെണ്ണിനെ കൂടെ സ്വന്തം ആണെന്ന് സമ്മതിക്കാനുള്ള സ്വാർത്ഥതയും..... ഉമ്മ പറയും ഞാൻ ഒന്ന് ക്ഷമിച്ചിരുന്നേൽ ഇങ്ങനെ ഒന്നും സംഭവിക്കില്ലായിരുന്നുന്ന്..... ഉപ്പാനെ കുറ്റപ്പെടുത്തിയോ ദേഷ്യത്തോടെയോ ഒരു വാക്ക് എന്റെഉമ്മ പറഞ്ഞിട്ടില്ല.... ഞാൻ ഇവിടുത്തെ അധികാരം ഏറ്റെടുക്കുമ്പോ ഉമ്മ എന്താ പറഞ്ഞെന്ന് അറിയോ..... ഉപ്പ സ്വന്തം ജീവനും ജീവിതം കൊടുത്തു പടുത്തുയർത്തിയ കുടുംബം ആണ് മോള് ആ ഉപ്പാന്റെ പാത തന്നെ പിന്തുടരണം എന്നാണ്.... ഇപ്പൊ എന്റെ ഊഴം ആണ്..... എന്റെ ജീവിതം കൊടുത്തും ഞാൻ സംരക്ഷിക്കണം ഈ കുടുംബത്തിന്റെ സന്തോഷം.....
അതിനേക്കാളൊക്കെ ഉപരി എന്റെ ശഹി

അവന്ന് നോട്ടം കൊണ്ട് പോലും ആരും വേദനിപ്പിക്കുന്നത് എനിക്കിഷ്ടം അല്ല.

അവൻ സന്തോഷം ആയി ഇരുന്ന അത് മതി എനിക്ക്.....

എന്നാലും ഇനു ഒന്നൂടി ആലോചിച്ചിട്ട് പോരെ......

വേണ്ട ഫൈസ് ഇതാണ് ശരി..... എനിക്ക് നീയും നിനക്ക് ഞാനും അത് മതി നമുക്ക്.

ആരെങ്കിലും എന്തെങ്കിലും അറിയുന്നതിന് മുന്നേ ആർക്കും സംശയം ഉണ്ടാക്കാതെ ഇവിടെ നിന്നും പോകാം....

റിസയുടെ സ്വഭാവം വെച്ച് എന്റെ പിന്നാലെ തന്നെ നടന്നിട്ടുണ്ടെങ്കിൽ അവൾക്ക് സംഭവം അറിയാം..... എങ്ങനെ പ്രതികരിക്കുന്നു അറിയില്ല അതോണ്ട് എത്രയും പെട്ടെന്ന് അവളെ ഇവിടെ നിന്നും പറഞ്ഞു വിടണം....

ഒന്നു കൂടി ആലോചിച്ചിട്ട് പോരെ ഇനു....

നീയുണ്ടാവില്ലേ എന്റെ കൂടെ..... അത് മതി

എനിക്ക്..... ഞാൻ ഒരാൾ വേദനിച്ചാലും ബാക്കിയുള്ളവർ സന്തോഷം ആയി ഇരിക്കട്ടെ.

ഫൈസ് മൂളിയതല്ലാതെ വേറെ ഒന്നും മിണ്ടിയില്ല..... അവളെ ഒന്നൂടി ചേർത്ത പിടിച്ചു.

❤️❤️❤️❤️

നൈറ്റ് ആയിരുന്നു ജുനൈദ് ഉമ്മയും പോകാനുള്ള ഫ്ലൈറ്റ്..... ശദയും  അതിനടുത്താണ് കോളേജ്. അത് കൊണ്ട് ജുനുവിന്റെ കൂടെ അവളും പോകുന്നുണ്ടായിരുന്നു. ജുനുവും ഉമ്മയും യാത്ര ചോദിച്ചു പോകുമ്പോൾ അവൾ കരഞ്ഞു പോയിരുന്നു..... ജുനൈദ് നിറഞ്ഞ കണ്ണുകൾ ആരും കാണാതെ തുടച്ചു.....

അവർ പോയത് എല്ലാവർക്കും സങ്കടം ഉണ്ടാക്കിയിരുന്നു......

ഇനുവിന്റെ കരച്ചിൽ കണ്ടു അവളെ ആശ്വസിപ്പിക്കാൻ എന്ന വണ്ണം ശഹി അവളെ ചുമലിൽ തൊടാൻ നോക്കിയതും റിസ ആ കൈ തട്ടി മാറ്റി അവൾ ഇനുവിന്റെ കൈ പിടിച്ചു ഉള്ളിലേക്ക് പോയി.....

അവൻ കൈ താഴ്ത്തി അരിശം കടിച്ചു പിടിച്ചു.....

❤❤❤❤

റൂമിൽ എത്തിയതും അവൾ കരഞ്ഞോണ്ട് ബെഡിലേക്ക് വീണു.....

ഫൈസ് അവളെ അടുത്ത് കിടന്നു അവളെ ചേർത്ത്

പിടിച്ചു.....

അവർ പോയതിന്ന് ഇത്രയും സങ്കടം എങ്കിൽ ഈ കുടുംബത്തെ മുഴുവൻ പിരിയേണ്ടത് എങ്ങനെ സഹിക്കും നീ....

അവൾ പെട്ടെന്ന് മുഖം ഒക്കെ തുടച്ചു ചിരിച്ചു..... എനിക്ക് സങ്കടം ഒന്നും ഇല്ല....

സന്തോഷം ഉള്ളൂ..... ഇവർ എന്നെയല്ലല്ലോ ഞാൻ ഇവരെ അല്ലേ ഉപേക്ഷിച്ചു പോകുന്നത് അതോണ്ട് എനിക്കെന്തിനാ സങ്കടം..... സന്തോഷം ഉള്ളൂ..... വാക്കുകളെ ചതിക്കുന്ന പോലെ കണ്ണിൽ നിന്നും കണ്ണുനീർ ഒഴുകിയിറങ്ങി.... വാശിയോട് തുടക്കാൻ പോയതും അവൻ തടഞ്ഞു.....

എന്നോട് വേണ്ട അഭിനയം ..... അവൾ അവന്റെ നെഞ്ചിലേക്ക് വീണു.., കരഞ്ഞു കരഞ്ഞു എപ്പോഴോ ഉറക്കിലേക്ക് വീണു.

അവളെ അത് പോലെ ചേർത്തു പിടിച്ചു അവന്നും.....

❤️❤️❤️❤️

രാവിലെ വാതിൽ മുട്ടുന്നത് കേട്ടാണ് ഇനു വാതിൽ തുറന്നത്..... റിസ അവളെ തള്ളിമാറ്റി ഫൈസിയുടെ

അടുത്തേക്ക് ഓടിപ്പോയി കെട്ടിപിടിച്ചു .... അവൻ പെട്ടെന്ന് ബാലൻസ് കിട്ടാതെ ബെഡിലേക്ക് തന്നെ വീണു....

ഈ പെണ്ണിന് രാവിലെ തന്നെ വട്ടായോ അതും പറഞ്ഞു വാതിൽ അടക്കാൻ നോക്കിയതും സമി വരുന്നത് കണ്ടു....

ഇതെന്താ സമിക്ക രാവിലെ....

മണി ഒൻപതു ആയി എന്നിട്ട് രാവിലെയോ ഉറക്കഭ്രാന്തി..... അവളെ തലയിൽ ഒരു ചൊട്ട് കൊടുത്തു പറഞ്ഞു അവനും അകത്തേക്ക് കയറി....

അവൾ ക്ലോക്കിലേക്ക് നോക്കി നാവ് കടിച്ചു..... ബെഡിൽ സന്തോഷത്തോടെ കെട്ടിപിടിച്ചു മറിയുന്ന മൂന്നിനെയും നോക്കി അവൾ കണ്ണ് മിഴിച്ചു.... ഫൈസിയുടെ കണ്ണ് നിറഞ്ഞിരുന്നു പക്ഷേ മുഖത്തെ സന്തോഷം കണ്ടപ്പോൾ സന്തോഷകണ്ണുനീർ ആയി അവൾക്ക് തോന്നി.....

എന്താ എല്ലാർക്കും ഇത്ര വലിയ സന്തോഷം.... എനിക്കും അറിയാൻ പറ്റോ ഗുഡ് ന്യൂസ്......

ഫൈസ് ബെഡിൽ നിന്നും എഴുന്നേറ്റു ഓടി വന്നു

അവളെ കെട്ടിപിടിച്ചു പിന്നെ എടുത്തു വട്ടം കറക്കി.....

ഫൈസ് തല കറങ്ങുന്നു താഴെ ഇറക്ക്

അവൻ താഴെ നിറുത്തി.... അവളെ ഇറുക്കെ കെട്ടിപിടിച്ചു..... ഇനു സമിയോട്

കൈ കൊണ്ട് എന്താ കാര്യം എന്ന്ചോദിച്ചു....

ഞങ്ങളെ റിച്ചുക്ക തിരിച്ചു വന്നു.....

അവൾക്ക് നെഞ്ചിൽ ഒരു സ്ഫോടനം തന്നെ നടന്നു.....

നിനക്ക് അറിയില്ലല്ലോ റിച്ചുക്കയെ.....

ഫൈസിക്ക് റിൻഷാദ് എന്നൊരു ബ്രദർ കൂടി ഉണ്ട്. കുറച്ചു പെഴസണൽ ഇഷ്യു കാരണം നാട് വിട്ടു പോയതാരുന്നു. ഇപ്പോൾ വീട്ടിലേക്ക് തിരിച്ചു വന്നിട്ടുണ്ട്.....

അവൾ ശ്വാസം എടുക്കുവാൻ പോലും മറന്നു നിന്നു......

ഫൈസിയുടെ കൈകൾ അവളുടെ ശരീരത്തിൽ മുറുകി കൊണ്ടിരുന്നു....

വേദന എടുത്തു തുടങ്ങിയിട്ടും അവൾ അനങ്ങാൻ ആവാതെ നിന്നു.

എനിക്ക്..... എന്റെ സന്തോഷം പറഞ്ഞാൽ തീരില്ല ഇനു...... എന്റെ ഏറ്റവും വലിയ ആഗ്രഹം ആണ് ഇന്ന് പൂവണിഞ്ഞത്...... ഐ ആം സോ ഹാപ്പി എന്ന് പറഞ്ഞു അവളുടെ മുഖം മുഴുവൻ ചുംബനങ്ങൾ കൊണ്ട് മൂടി......

സന്തോഷം കൊണ്ട് തുള്ളിച്ചാടുന്ന അവനെ കണ്ടു കരയണോ ചിരിക്കണോ എന്നറിയാതെ അവൾ നിന്നു.....

എല്ലാം തുറന്നു പറയണം കരുതി ഇരിക്കുമ്പോഴാണ് ഇവിടത്തെ പ്രോബ്ലം അതോണ്ട് ആയിരുന്നു പറയാതിരുന്നത്.

അബി കൈവെച്ചത് കൊണ്ട് തന്നെ ഹോസ്പിറ്റലിൽ കൊണ്ട് പോകാതെ വഴിയില്ലായിരുന്നു അത് കൊണ്ട് വിവാഹം കഴിഞ്ഞ ഉടനെ കടുവയോട് പറഞ്ഞു ഹോസ്പിറ്റലിൽ ആക്കിയത്.

സമിയുടെയും റിസയുടെയും ഫൈസിന്റെ സന്തോഷം കണ്ടു അവൾക്ക് നെഞ്ച് കീറുന്ന പോലെ തോന്നിയത്..... അവരുടെ സ്വന്തം ഇക്കയാണ്

വർഷങ്ങൾക്ക് ശേഷം തിരിച്ചു വന്നിരിക്കുന്നത്...... ഫൈസ് ആണെങ്കിൽ അവൻ കാരണം ആണ് റിൻഷാദ് നാട് വിട്ടത്. അത് കൊണ്ട് തന്നെ ആ കുറ്റബോധം ഉള്ളിൽ ഉണ്ടായിരുന്നു.... ഇന്നത് മാറി കിട്ടിയ സന്തോഷം.....

ഇർഫാന്റെ വീട്ടിലേക്കുള്ള തിരിച്ചു വരവ് എന്തിനായിരിക്കും എന്നറിയാതെ അവളുടെ മനസ്സ് കിടന്നു ഉഴറി.....

റിൻഷാദ് ആണ് ഇർഫാൻ എന്ന സത്യം അറിയുമ്പോൾ എന്തായിരിക്കും സംഭവിക്കുക അവൾക്ക്

വല്ലാത്ത പേടി തോന്നി മനസ്സിൽ.....

... ...   ❤️💔INVISIBLE LOVE 💔❤️

Love after 💘marriage (part 90)

ഭാര്യയുടെ കാമുകൻ സ്വന്തം ബ്രദർ....... സന്തോഷം കൊണ്ട് തുള്ളിച്ചാടുന്ന ഫൈസ്‌നേ കണ്ടു നെഞ്ചിൽ നീറ്റൽ തോന്നി.... എങ്ങനെ ഈ സത്യം അംഗീകരിക്കും അവൻ.ഇതെങ്ങാനും അറിഞ്ഞ ഇജുക്ക ആയിരിക്കും ആദ്യം വടിവാൾ എടുത്തു

ഇറങ്ങുക..... ജീവിതത്തിനും മരണത്തിനും ഇടയിൽ കിടന്ന ശഹിയുടെ രൂപം ഓർമയിൽ വന്നതും അവൾ പോലും അറിയാതെ ശരീരത്തിൽ വിറയൽ പടർന്നു കയറി......

ഇനു പെട്ടെന്ന് റെഡിയാവ് നമുക്ക് പോയി കണ്ടിട്ട് വരാം അവന്റെ ശബ്ദം ആണ് അവളെ ചിന്തയിൽ നിന്നും ഉണർത്തിയത്

എന്ത് ചെയ്യണം അറിയാതെ അവൾ  പകച്ചു നിന്നു....

നാളെ പോയ പോരെ ഫൈസ്..... അവൾ മടിച്ചു മടിച്ചു ചോദിച്ചു......

റിച്ചുക്ക ഹോസ്പിറ്റലിൽ ആണ് വരുന്ന വഴിക്ക് ചെറിയ ഒരാക്സിഡന്റ്.... ഇപ്പൊ തന്നെ പോകണം...

ആക്സിഡന്റ് എന്നാണ് എല്ലാരോടും പറഞ്ഞത് .... അബിയെ പിടിച്ചു വെച്ചില്ലെങ്കിൽ ഡെഡിബോഡി പോലും കിട്ടില്ലായിരുന്നു അവൾ പുച്ഛത്തോടെ ഓർത്തു. അവന്റെ മനസ്സിൽ എന്താന്ന് അറിയാം പോയാൽ....അതോർത്തപ്പോൾ വരാന്ന് പറഞ്ഞു...... പെട്ടെന്ന് തന്നെ റെഡിയായി.

റൂമിൽ നിന്നും ഇറങ്ങുമ്പോഴാ ഷഹീ വരുന്നത്

കണ്ടത്.....

നീ എവിടെക്കാ രാവിലെ തന്നെ......

ഞാനും ബാബിയും ഒരിടം വരെ പോക... പിന്നിൽ നിന്നും റിസ വിളിച്ചു പറഞ്ഞു

ഒരിടത്തിന് പേരില്ലേ ഷഹീ അവൾ പറഞ്ഞത് ഇഷ്ടപെടാതെ ഇനുവിനെ നോക്കി....

തല്ക്കാലം ഇല്ല..... അതിന്ന് മറുപടി പറഞ്ഞത് റിസ ആയിരുന്നു....

ഞാൻ നിന്നോടല്ല ഇവളോടാ സംസാരിക്കുന്നത് ഷഹീ കലിപ്പോടെ പറഞ്ഞു.

ഞാൻ ഫൈസിയുടെ ബ്രദർ കാണാൻ പോവ്വാ. ചെറിയ ആക്സിഡന്റ് ഹോസ്പിറ്റലിൽ അഡ്മിറ്റ് ആണ്.... ഇനു മെല്ലെ അവനെ നോക്കാതെ പറഞ്ഞു.

ഞാനും വരുന്നു നിൽക്ക്...... ഞാൻ ഡ്രോപ്പ് ചെയ്യാം...

അതിന്റെ ഒന്നും ആവിശ്യം ഇല്ല..... ഞങ്ങൾ ഫൈസിക്കന്റെ കൂടെ പോകുന്നെ പറഞ്ഞു ഇനുവിന്റെ കയ്യും പിടിച്ചു വലിച്ചു നടന്നു....

ഇനു ഒന്ന് തിരിഞ്ഞു പോലും നോക്കിയില്ലെന്ന് ഷഹീ

ശ്രദ്ധിച്ചു.... ഇവൾക്ക് എന്താ പറ്റിയെ എന്നെ കാണുമ്പോൾ ഒഴിഞ്ഞു മാറുന്നത് എന്തിനാ...... റിസ ആണെങ്കിൽ ഇത് വരെ കണ്ട സ്വഭാവം അല്ല.... അവന്ന് ഇനുവിന്റെ മാറ്റത്തിൽ എന്തെന്നില്ലാത്ത വേദന തോന്നി...... ചുമലിൽ കൈ വെച്ച കണ്ടു അവൻ തിരിഞ്ഞു നോക്കി..... നൈഹ.......

എന്താ മൂഡ് ഓഫ്......

ഏയ്....നതിങ്.... അവൻ ഒരു വിളറിയ ചിരി ചിരിച്ചു.....

ഇനു ഒരുപാട് മാറി അല്ലെ വിവാഹം കഴിഞ്ഞ ശേഷം......

ഇപ്പൊ തിരക്ക് ആയോണ്ടാ അല്ലാണ്ടെന്താ അവൾക്ക്.... നിനക്ക് തോന്നുന്നത..... അത് പറയുമ്പോൾ അവന്റെ ശബ്ദം ഇടറിപോയിരുന്നു....

എന്നോട് കള്ളം പറയണ്ട ഷഹീ എനിക്ക് മനസ്സിലാവും നിന്നെ..... തുറന്നു പറഞ്ഞ മനസ്സിലെ നീറ്റൽ എങ്കിലും കുറയും.... അവന്നെ ആശ്വസിപ്പിക്കുന്ന പോലെ അവന്റെ കയ്യിൽ പിടിച്ചു പറഞ്ഞു.അവൻ പെട്ടന്ന് അവളെ കെട്ടിപിടിച്ചു ചുമലിൽ മുഖം പൂഴ്ത്തി നിന്നു..... അല്ലെങ്കിൽ കരഞ്ഞു പോകുന്നു തോന്നിപ്പോയി അവന്ന്.....

റിസ നിന്നോട് പലപ്രവിശ്യം പറഞ്ഞു ശഹിയോട് ഇങ്ങനെ പെരുമാററുതെന്ന്...

ഇനു ദേഷ്യത്തോടെ പറഞ്ഞു....

എനിക്കിഷ്ടം അല്ല അവന്നെ..... അവൾ അതേ ദേഷ്യത്തോടെ തിരിച്ചു പറഞ്ഞു.

നിനക്ക് ഇഷ്ടം ഉണ്ടോ ഇല്ലയോ എന്നെനിക്ക് അറിയണ്ട തമാശ ആണെങ്കിൽ പോലും അവനോട് ഇഷ്ടക്കേടോടെ സംസാരിച്ച അപ്പൊ കാണിച്ചു തരാം ഞാൻ...... അവൾ റിസയുടെ നേരെ കൈ ചൂണ്ടി ദേഷ്യത്തോടെ പറഞ്ഞു..... ഇനുവിന്റെ കണ്ണുകൾ തീ പോലെ ജ്വാലിക്കുന്നുണ്ടെന്ന് തോന്നി അവൾക്ക് മുഖം ദേഷ്യം കൊണ്ട് വിറക്കുന്നുണ്ട്....

ഇനുവിന്റെ അങ്ങനെ ഒരു ഭാവം ആദ്യം ആയി കണ്ടതാരുന്നു റിസ.....

ആദ്യം ഒന്ന് പതറിപോയെങ്കിലും റിസ അവളെ പുച്ഛത്തോടെ നോക്കി

അവനേ നിനക്ക് വേദനിപ്പിക്കാം അതിന്ന് കുഴപ്പം ഒന്നും ഇല്ലേ...... നിന്റെ അവോയ്ഡ് അവനെ വേദനിപ്പിക്കുന്നില്ലേ അത്രയൊന്നും ഞാൻ

ചെയ്യുന്നില്ല.....

ഞാൻ വേദനിപ്പിച്ചാലും നൈഹ ഉണ്ടാകും അവന്ന് കൂട്ടിന്. അവൾ ഉണ്ടാകും അവന്ന് താങ്ങും തണൽ ആയിട്ട്..... അത് പറഞ്ഞു അവൾ റിസക്ക് ശഹിയെ കാണിച്ചു കൊടുത്തു..

ഷഹീ നൈഹായെ കെട്ടിപിടിച്ചു നില്കുന്നത് കണ്ടു.... റിസ പെട്ടന്ന് തന്നെ തല താഴ്ത്തി......

അവന്നെ വെറുപ്പിക്കാതെ എനിക്കിവിടുന്ന് പോകാൻ കഴിയില്ല അത് കൊണ്ട് മാത്രം ആണ് ഞാൻ അവന്നെ അവോയ്ഡ് ചെയ്യുന്നത്...... എന്നെ അവൻ വിട്ടിട്ട് പൊക്കോട്ടെ കരുതിയിട്ട്....

അല്ലെങ്കിൽ ഈ ലോകത്ത് ഏത് കോണിൽ പോയാലും അവൻ എന്നെ തിരക്കി വരും...... അവന്ന് ഞാൻ എന്നൊരു ലോകം കഴിഞ്ഞേ വേറെന്തും ഉള്ളൂ...... ഇനിയെങ്കിലും അവൻ അവന്ന് വേണ്ടി ജീവിച്ചേ പറ്റു....... നൈഹ അവന്നെ അവളെ ജീവനോളം പ്രണയിക്കുന്നുണ്ട്...... ഷഹീ തിരിച്ചും അവളെ അത് പോലെ പ്രണയിക്കുന്നു.

മതി....ഞാൻ ആയിട്ട് ഇനി ഒരു ഉടക്കിൻ പോകില്ല പോരെ അവൾ പരിഹാസത്തോടെ കൈ

കൂപ്പിപറഞ്ഞു കാറിൽ കയറി ഡോർ വലിച്ചടച്ചു..... അവളെ ദേഷ്യം മൊത്തത്തിൽ അതിൽ അടങ്ങിയിരുന്നു..... തനിക്കിട്ട് ഒന്ന് പൊട്ടിച്ചത് പോലെ തോന്നി അവൾക്ക് ആ പ്രവർത്തി....ഇനു ചെറു ചിരിയോടെ അത് നോക്കി നിന്നു...

ഇതിനൊക്കെ ആണ് മക്കളെ ബെഡ്റൂം...

സമി ആക്കി പറഞ്ഞോണ്ട് കണ്ണ് പൊത്തുന്ന പോലെ ചെയ്തു.....

ശഹിയും നൈഹയും ചമ്മലോടെ അകന്നു മാറി......

റാഹിക്കക്ക് എന്താ പറ്റിയെ ഹോസ്പിറ്റലിൽ ആണെന്ന് പറഞ്ഞു...

റാഹിക്കാക്ക് അല്ല എന്റെ രണ്ടാമത്തെ ബ്രദർ ആണ് റിൻഷാദ്..... ചെറിയ ആക്സിഡന്റ് ഇന്ന് തന്നെ ഡിസ്ചാർജ് ആകും....

ഭയ്യാക്ക് ഒരു ബ്രദർ അല്ലേ ഉള്ളൂ പിന്നിതരാ റിൻഷാദ്....

എനിക്ക് രണ്ട് ബ്രോ ഉണ്ട്....

സോറി അതെനിക്ക് അറിയില്ലാരുന്നു....

എല്ലാം എല്ലാർക്കും അങ്ങനെ അറിയണം എന്നില്ലല്ലോ.....അറിയാത്തതും കേൾക്കാത്തതും ആണ് ചുറ്റും ഒന്ന് ഊന്നി പറഞ്ഞോണ്ട് ഫൈസ് അവന്നെ നോക്കാതെ  മുന്നോട്ട് നടന്നു.....

ഷഹീ മുഖം ചുളിച്ചു അവന്നെ നോക്കിയെങ്കിലും ഫൈസ് താഴെ എത്തിയിരുന്നു......

അവർ പോകുന്നത് നോക്കി ഷഹീ വേദനയോടെ നിന്നു.....

അവർ ഒരുപാട് മാറി അല്ലേ ഷഹീ നദീം സങ്കടത്തോടെ പറഞ്ഞു.

തോന്നുന്നതാടാ..... ഇപ്പൊ പഴയ പോലല്ലോ ഭാര്യ എന്നൊരു പൊസിഷൻ കൂടി നോക്കണ്ടേ..... ഷഹീ അവളെ ന്യായീകരിക്കുന്ന പോലെ പറഞ്ഞു.

അവൾ മാത്രം അല്ല ഫൈസ് അങ്ങനെ തന്നെ ഇപ്പൊ..... എല്ലാത്തിൽ നിന്നും ഒഴിഞ്ഞു മാറുന്ന പോലെ....

തോന്നുന്നതാടാ ഇനി ഇത് ഇജുക്കനോട് പറഞ്ഞു ഇഷ്യു ആക്കണ്ട അത് പറഞ്ഞു റൂമിലേക്ക് പോയി.....

തോന്നൽ അല്ല..... ഇനു ആകെ മാറി പഴയ

കുസൃതിയോ സംസാരമോ ഒന്നും ഇല്ല..... ഇജു ആണെങ്കിൽ അവനും സൈലന്റ് ആണ്......
സന്തോഷത്തോടെ കഴിഞ്ഞ വിവാഹദിവസം അവൻ ഓർത്തു..... കണ്ണ് കൊണ്ട പോലെ ആ സന്തോഷം നിലച്ചിരിക്കുന്നു..... എന്താ പറ്റിയെ എന്ന് പോലും മനസ്സിൽ ആകുന്നില്ല..നദീം ഒരു ദീർഘ നിശ്വാസത്തോടെ കുറച്ചു സമയം അവിടെ നിന്നു.....

❤️❤️❤️❤️

റൂമിലേക്ക് കേറുമ്പോൾ ചെറിയ വിറയൽ തോന്നിയെങ്കിലും അത് പുറത്തു കാണിക്കാതെ ഇനു പിടിച്ചു നിന്നു.....

റിച്ചുക്ക....... ഫൈസ് വിളിച്ചു.....

ആരോ വന്നതറിഞ്ഞു അവൻ കണ്ണ് തുറന്നു.....

ഫൈസി.......

അവൻ അടുത്തേക്ക് പോകാതെ നിന്നു വിളിച്ചത്....

എനിക്ക് ഇപ്പൊ ആരോടും ദേഷ്യം ഒന്നും ഇല്ലടാ റിച്ചു അവന്ന് നേരെ കൈ നീട്ടിയതും ഫൈസ് പോയി കെട്ടിപിടിച്ചു....

അവന്റെ ഒരു കൈക്ക് കാലിനും പ്ലാസ്റ്റർ ഇട്ടിട്ടുണ്ട്.....

പൊട്ടൽ ഉണ്ട് കൈക്ക് എന്ന് പറഞ്ഞു.... ഇനു അവന്നെ തന്നെ സൂക്ഷിച്ചു നോക്കി ദൂരെ നിന്നെ ഉള്ളൂ....

ഇതാണോ നിന്റെ വൈഫ്...... ഉമ്മ പറഞ്ഞു മാര്യേജ് കഴിഞ്ഞുന്ന്.... അറിയാത്ത പോലെ അവൻ പറയുന്നത് കേട്ട് ഇനു പുഞ്ചിരിയോടെ അവന്നെ നോക്കി..... ദയനീയതയോടെ അവളെ നോക്കുന്ന ഉപ്പന്റെയും ഉമ്മന്റേയും മുഖത്ത് നോട്ടം പാറി വീണു....അവരും ദയനീയമായി തിരിച്ചു നോക്കി.

ഫൈസ് വിളിച്ചതും അവൾ അടുത്തേക്ക് വന്നു....

ഹായ് ഐ ആം റിൻഷാദ് അവൻ അവൾക്ക് നേരെ കൈ നീട്ടി.....

കൈ കൊടുക്കണോ വേണ്ടയോ എന്ന് തിരിയാതെ അവൾ മടിച്ചു.... ഫൈസ് നോക്കിയതും അവൾ കൈ കൊടുത്തു.

അവൾ കൈ വലിക്കാൻ നോക്കിയതും അവൻ വിടാതെ അമർത്തി പിടിച്ചു.....

അവന്റെ കണ്ണുകൾ തന്റെ മുഖത്ത് ആണെന്ന് കണ്ടു..... പ്രണയപൂർവ്വം നോക്കുന്ന ആ കണ്ണുകൾ

വേദനയാണോ വെറുപ്പ് ആണോ ഉണ്ടാകുന്നത് എന്ന് അവൾക്ക് മനസ്സിൽ ആയില്ല..... ഒരു കാലത്ത് തന്റെ സ്വപ്നങ്ങൾ മുഴുവൻ ഈ കണ്ണുകൾ ആണ്..... ഇവനാണ്...... തന്റെ ബലഹീനതയെ മുതലാക്കി പ്രണയം എന്ന് പേരിട്ടവൻ...... ജുനുവിനെ പോലും മറന്നു ഇവന്റെ വാക്കുകളിൽ മയങ്ങിയത് എങ്ങെനെ ആണെന്ന് ഇപ്പോഴും അറിയില്ല..... ഒരുപക്ഷെ നല്ലവൻ ആയിരുന്നെങ്കിൽ ഇവൻ ആയിരുന്നു ശരിക്കും തന്റെ റോൾ മോഡൽ.....

അവൾ ദേഷ്യത്തോടെ നോക്കി ബലമായി കൈ വലിച്ചു എടുത്തു.തിരിച്ചു വരവ് നന്നായിട്ട് അല്ലെന്ന് അവൾക്ക് മനസ്സിലായി..... ഫൈസിയെ നോക്കും തോറും കുറ്റബോധം അവളെ വേട്ടയാടി.... അവന്റെ മുഖത്തെ സന്തോഷം കണ്ടപ്പോൾ സത്യം പറയുന്നതിൽ നിന്നും അവളെ മനസ്സ് പിന്തിരിഞ്ഞു കൊണ്ടിരുന്നു...... സ്വന്തം മകനെ വർഷങ്ങൾക്ക് ശേഷം കിട്ടിയതാണ് അതിന്റെ സന്തോഷം ആ ഉപ്പന്റെയും ഉമ്മന്റേയും മുഖത്ത് ഉണ്ടായിരുന്നു....

എല്ലാവരും സംസാരിച്ചു കൊണ്ട് ഇരുന്നു.

അവൾ ഒന്നിലും ശ്രദ്ധിക്കാതെ എല്ലായിടത്തും

അലസമായി നോക്കി നിന്നു..... റിച്ചുവിന്റെ നോട്ടം അവളിൽ ആണെന്ന് അവൾ അറിയുന്നുണ്ടായിരുന്നു.... കുറച്ചു കഴിഞ്ഞു ഫൈസ് പോകാം എന്ന് പറഞ്ഞു ഇറങ്ങി..... ബാക്കിയുള്ളവരും.....

ഉപ്പയും ഉമ്മയും മാത്രം അവിടെ നിന്നു.

കുറച്ചു മുന്നോട്ട് എത്തിയതും ഞാൻ ഇപ്പൊ വരാം ഫോൺ എടുക്കാൻ മറന്നു പറഞ്ഞു അവൾ ആരുടേയും മറുപടിക്ക് നിൽക്കാതെ തിരിച്ചു ഓടി......

പെട്ടന്ന് അവളെ കണ്ടു അവർ പകച്ചു നോക്കി. എനിക്ക് റിൻഷാദിനോട് ഒരു കാര്യം പറയണം അവൾ പറഞ്ഞതും ഉപ്പയും ഉമ്മയും പുറത്തേക്ക് ഇറങ്ങി. ഇനു അവന്റെ മുന്നിൽ പോയി കൈകെട്ടി നിന്നു...

എന്താ ഈ തിരിച്ചു വരവിന്റെ ഉദ്ദേശം.....

ഞാൻ ഒരു ഞെട്ടൽ കരച്ചിൽ ഒക്കെ പ്രതീക്ഷിച്ചു.

ഇർഫാന്റെ ഉള്ളിലെ റിൻഷാദ് എന്ന ചെകുത്താനെ ഞാൻ ഇതിന്ന് മുന്പേ അറിഞ്ഞത് ആണ്,.. നീയെന്താ കരുതിയെ സത്യം എന്നും മൂടി

വെക്കാന്നോ..... അവളെ മുഖത്ത് പുച്ഛം നിറഞ്ഞു.

നീ ഇന്ന് ഒരുപാട് സുന്ദരി ആയിരിക്കുന്നു ഇനു... നിന്നോടുള്ള പ്രണയത്തിൽ എനിക്ക് എന്നെത്തന്നെ മറന്നു പോകുന്നു അവൻ വല്ലാത്തൊരു ഭാവത്തോടെ പറഞ്ഞു..... അവൾ ദേഷ്യം കൊണ്ട് വിറച്ചു.....

ഞാൻ നിന്റെ അനിയന്റെ ഭാര്യ ആണ് ഇർഫാൻ...... അവളുടെ ശബ്ദം ഉയർന്നിരുന്നു.

എന്റെ പെണ്ണാ നീ...... എന്റെ മാത്രം..... ആർക്കും വിട്ടുകൊടുക്കില്ല ഞാൻ..... നിന്നെ ആദ്യം സ്നേഹിച്ചത് ഞാൻ ആണ്

സ്നേഹിച്ചത് പോലും അത് പറയാൻ നാണം ആകുന്നില്ലേ നിനക്ക്.... ഓരോ നിമിഷം ഓരോ പെണ്ണിന്റെ കൂടെ കിടപ്പറ പങ്കിടുന്ന നിന്നെ പോലുള്ള ഒരുത്തന്റെ വായിൽ നിന്നും സ്നേഹം എന്ന പേര് പോലും വീഴുന്നത് പോലും പാപം ആണ് ....

തെറ്റുകൾ ചെയ്തിട്ടുണ്ട്...... എന്റെ ജീവിതത്തിലെ ആദ്യത്തെ പെണ്ണും നീയല്ല. പക്ഷേ നിന്നെ കണ്ട ശേഷം മറ്റൊരു പെണ്ണ് എന്റെ ജീവിതത്തിൽ വന്നിട്ടില്ല..... ഇനി വരികയും ഇല്ല...... എനിക്ക് നിന്നെ വേണം ഇനു......

നിനക്ക് നാണം ഇല്ലേ ഇർഫാൻ അത് പറയാൻ..... ഫൈസിനെ തോല്പിക്കാൻ നീ കണ്ടു പിടിച്ച ഒരു ആയുധം മാത്രം ആണ് നിനക്ക് ഞാൻ. അല്ലാതെ ഇതിന്റെ പേര് പ്രണയം എന്നല്ല. നീ തിരിച്ചു വന്ന സന്തോഷത്തിൽ ആണ് എല്ലാവരും. പക്ഷേ എനിക്ക് പേടിയാണ് നിന്നെ റിസയും റംസിയും അടക്കം ഒരുപാട് പെണ്ണ് ഉണ്ട് വീട്ടിൽ..... അവരെയും കാണുന്നത് കാമകണ്ണോടെ അല്ലെന്ന് ആർക്കറിയാം.....

ഇനഫ് ഇനായ....... അവന്റെ ശബ്ദം ഉയർന്നിരുന്നു ദേഷ്യം കൊണ്ട് അവന്റെ മുഖം വലിഞ്ഞു മുറുകി കണ്ണുകൾ ചുവന്നു.

തെറ്റുകൾ ഒരുപാട് ചെയ്തിട്ടുണ്ട് എന്ന് വെച്ചിട്ട് ഉമ്മനെയും പെങ്ങളെയും തിരിച്ചു അറിയാത്തവൻ അല്ല ഞാൻ.... പെണ്ണ് എന്ന് വെച്ച ഹരം തന്നെ ആയിരുന്നു. പക്ഷേ ബലമായി ഒരുത്തിയെയും സ്വന്തം ആക്കിയിട്ടില്ല....... കിടപ്പറയിൽ കൊണ്ട് വന്നിട്ടും ഇല്ല...... പിന്നെ നിന്നെ എന്ന് കണ്ടോ അന്ന് തൊട്ട് വേറൊരു പെണ്ണിനേയും മോശമായി നോക്കിയിട്ട് ഇല്ല.  എന്റെ ലഹരി അത് നീ മാത്രം ആണ് അവൻ കിതച്ചിരുന്നു അത് പറയുമ്പോൾ.......

വാശികൊണ്ടുള്ള ഇഷ്ടം പ്രണയം അല്ല ഇർഫാൻ..... കഴിഞ്ഞത് കഴിഞ്ഞു... ഇനിയെങ്കിലും നന്നാവാൻ നോക്ക്. നിന്നെ സ്നേഹിക്കുന്ന നിന്റെ കുടുംബം ഉണ്ട് ചുറ്റും.... നിന്നെ ഓർത്തു കരഞ്ഞു ജീവിച്ച ആ ഉമ്മാന്റെ കരച്ചിൽ ഓർക്ക്.....

മാലഖ കുട്ടി ഉപദേശം നിർത്തി പോകാൻ നോക്ക്. ഇതൊക്ക വന്നപ്പോ തൊട്ട് കേൾക്കൻ തുടങ്ങിയത. എനിക്കറിയാം എന്ത് വേണമെന്ന് എങ്ങനെ ജീവിക്കണം എന്നും..... അവൻ പുച്ഛത്തോടെ പറഞ്ഞു

എന്റെ ഭിക്ഷയാണ് നിനക്ക് ഈ രണ്ടാം ജന്മം. നീ ആരാണെന്ന് അറിഞ്ഞാൽ നിന്നെ ആരും അറിയാതെ കൊന്ന് കുഴിച്ചു മൂടും ജന്നത് മെൻഷൻ ഉള്ളവർ.

ഇപ്പോൾ നീ ഇർഫാൻ അല്ല..... പോലിസ് റെക്കോർഡ്കളിലും എല്ലാവരെ മുന്നിലും ഇർഫാൻ മരിച്ചു. അങ്ങനെ ആക്കി തീർത്തിട്ടുണ്ട് ഞാൻ..... ഇനിയെങ്കിലും നന്നായി ജീവിക്കാൻ നോക്ക്.....

അതിന്റെ പിന്നിൽ നീയാരുന്നോ അപ്പോൾ എന്നോട് ഇപ്പോഴും നിനക്ക് ഇഷ്ടം ഉണ്ടല്ലേ.....

എന്റെ മനസ്സിൽ നീ മരിച്ചു കഴിഞ്ഞു. നിന്നെയോ നിന്റെ ഓർമകളോ പോലും ഇന്ന് എന്നിൽ ഇല്ല..... പിന്നെ ഇതൊക്കെ ചെയ്തത്. നീ എന്റെ ഭർത്താവിന്റെ ഇക്കയാണ് എന്നൊരു ഔദാര്യം...... മോന്റെ ജീവൻ രക്ഷിക്കണം എന്ന ഉമ്മാന്റെ കരച്ചിൽ അത് മാത്രം ആണ് ഇപ്പോഴും നീ ജീവനോടെ ഇരിക്കുന്നത്....

ആലോചിച്ചു തീരുമാനം എടുക്ക് പഴയത് ഒക്കെ മറന്നു പുതിയൊരു ജീവിതം തുടങ്ങാൻ നോക്ക്....

അവൻ എന്തോ പറയാൻ നോക്കിയതും ഉമ്മ വാതിൽ തുറന്നു അകത്തേക്ക് വന്നു

ഫൈസ് വരുന്നുണ്ട്. അപ്പോഴേക്കും ഫൈസ് വന്നു.

ഒരു ഫോൺ എടുക്കാൻ ഇത്രയും ടൈം....

അവൻ മുഖം കൂർപ്പിച്ചു അവളെ നോക്കി

അവൾ ഒന്ന് ചിരിക്കുക മാത്രം ചെയ്തു.

പോട്ടെ റിച്ചുക്ക. അത് പറഞ്ഞു ഫൈസ് യാത്ര ചോദിച്ചു.... ഇനു ഫൈസിന്റെ കൈക്കുള്ളിലൂടെ കയ്യിട്ട് പിടിച്ചു അവനോട് ചേർന്നു നിന്നു.... ഇർഫാനെ കൂർപ്പിച്ചു നോക്കി ഫൈസിന്റെ കയ്യിൽ

അമർത്തി പിടിച്ചു.... തന്റെ ജീവിത്തിൽ ഇനി വരരുത് എന്നൊരു ധ്വനി ഉണ്ടായിരുന്നു ആ നോട്ടത്തിൽ.....

പെട്ടന്ന് അവൾ അങ്ങനെ ചെയ്തപ്പോൾ ആദ്യം ഒന്ന് ഞെട്ടിയെങ്കിലും പിന്നെ ചെറു ചിരിയോടെ അവളെ ചേർത്ത് പിടിച്ചു നടന്നു...

പക്ഷേ അവന്റെ കണ്ണുകളിൽ പക തിളങ്ങി നിന്നു.... നീ എന്റെ മാത്രം ആണ് ഇനു. ഒരിക്കലും വിട്ടുകൊടുക്കില്ല ഫൈസിക്ക് നിന്നെ..... ചിരിച്ചു കൊണ്ടുള്ള ഫൈസിയുടെ മുഖം ഓർമ വന്നു.  നിന്റെ തകർച്ച അത് മാത്രം ആണ് എന്റെ ലക്ഷ്യം...... നിന്റെ സന്തോഷം അത് ഇനായ ആണ്.... ആ സന്തോഷം ആണ് എനിക്ക് വേണ്ടതും..... അവളെ നഷ്ടപ്പെട്ടു പൊട്ടിക്കരയുന്നത് എനിക്ക് കാണണം...... നീ കാരണം ഞാൻ കരഞ്ഞത് പോലെ നെഞ്ച് പൊട്ടി നീയും കരയണം..... ആരും ഇല്ലാത്തവൻ ആയി നീ തനിച്ചാവുന്നത എനിക്ക് കാണണം....

എന്നിൽ നീ തട്ടിയെടുത്തത് എന്റെ ജീവിതം ആണ്..... ഞാൻ ഇങ്ങനെ ആകാൻ കാരണം നീയാണ്..... നിന്റെ ജീവിതവും ഞാൻ ഇല്ലാതാക്കും..... അവൻ പകയോടെ മുരണ്ടു.....

ആ ഉമ്മാന്റെ നെഞ്ചും നീറുന്നുണ്ടായിരുന്നു... തന്റെ സ്വാർത്ഥത കൊണ്ട് തനിക്ക് നഷ്ടം ആയ തന്റെ മോനെ ഓർത്ത്..... എല്ലാത്തിനും കാരണം ഞാൻ ആണ് എന്നോർമ്മയിൽ ആ ഉമ്മയും നീറിപ്പുകഞ്ഞു.....

❤️💔INVISIBLE LOVE 💔❤️

Love after 💘marriage (part 91)

ചുമലിൽ നിന്നും കൈ താഴ്ന്നു അരക്കെട്ടിൽ എത്തിയതും അവൾ ഞെട്ടി പകച്ചു അവനെ തള്ളിമാറ്റാൻ നോക്കിയതും അവൻ ബലമായി പിടിച്ചോണ്ട് അനങ്ങാൻ പറ്റിയില്ല....

ഫൈസ് പബ്ലിക് പ്ലെയ്സ് ആണ് എല്ലാരും കാണും കയ്യെടുക്ക്

ഉമ്മന്റേയും ഇക്കാന്റെയും മുന്നിൽ വെച്ച് നീ ചെയ്തപ്പോ ഈ നാണം എവിടെ പോയി....

ഇർഫാന്റെ മുന്നിൽ ഞാൻ ഫൈസിയുടെ ആണെന്ന് കാണിക്കാൻ ചുമ്മാ കേറി പിടിച്ചതരുന്നു..... വേലിയിൽ കിടന്ന പാമ്പിനെ എടുത്തു തോളത്തു വെച്ച പോലെ ആയി അവസ്ഥ.... അവൻ അത്

നന്നായി മുതലെടുത്തു.അവിടുന്ന് പിന്നേ വിടാതെ പിടിച്ചതാ കോപ്പ്.....

അത് ഞാൻ അവരുള്ളത് ഓർത്തില്ല......

കയ്യെടുക്ക് ഫൈസ് പ്ലീസ്...... അവൾ കെഞ്ചലോടെ അവനെ നോക്കി.....

എന്റെ കെട്ടിയോളെ ഞാൻ ചേർത്തു പിടിച്ചു നടക്കുന്നു അതിന്ന് ബാക്കിയുള്ളോർ എന്ത് ചെയ്യാനാ..... അവർക്ക് ദർശനസുഖം എനിക്ക് സ്പർശനസുഖം..... ഞാനും ഹാപ്പി അവരും ഹാപ്പി.... അവൻ കണ്ണിറുക്കി പറഞ്ഞു.....

അവൾ കയ്യിൽ ഒരു നുള്ള് കൊടുത്തു...

അവൻ നീറ്റലോടെ കൈ വിട്ടു.....

എന്റെ കൈ..... അവൻ എരിവ് വലിച്ചു.

ഇപ്പോൾ ഞാനും ഹാപ്പി.....അവൾ അവൻ ചെയ്തപോലെ കണ്ണിറുക്കി പറഞ്ഞു..

ഹാപ്പി.... ബഹുത് ഹാപ്പി ആക്കിത്തരാം ഞാൻ.... അതും പറഞ്ഞു അവളെ അടുത്തേക്ക് വന്നതും അവൾ ഓടി..... പിറകെ അവനും...... ലിഫ്റ്റിൽ കേറാതെ അവൾ സ്റ്റെപ്പ് വഴി ഇറങ്ങി. താഴെ

കാറിനരികിൽ എത്തിയപ്പോഴേക്കും അവൾ കിതച്ചിരുന്നു.... അവനും ഒരു കിതപ്പോടെ അവളെ അടുത്ത് വന്നു നിന്നു..... അവൾ ചിരിയോടെ അവനെന്നെ നോക്കി.... തീരെ സ്റ്റാമിന ഇല്ല മോനെ അവൻ കിതക്കുന്നത് കണ്ടു അവൾ കളിയാക്കി പറഞ്ഞു......

മൂന്ന് നില സ്റ്റെപ്പ് മൊത്തത്തിൽ ഓടിയിറങ്ങിയല്ലേ സ്റ്റാമിന തെളിയിക്കണ്ടേ...... പറയുന്നൾക്ക് സ്റ്റാമിന നല്ലോണം ഉണ്ടല്ലോ..... ശ്വാസം ആഞ്ഞു വലിക്കുന്ന അവളെ നോക്കി കളിയാക്കി.

അവൾ ഇളിച്ചു കാണിച്ചു....

ഇവിടിരുന്ന് കൊച്ചു വർത്താനം പറയാൻ ആണോ ഓടിയത്.... ഞാൻ കരുതി ആർക്കെങ്കിലും അപകടം പറ്റിയൊന്ന് അമ്മാതിരി ഓട്ടം അല്ലായിരുന്നു രണ്ടാളും

.......അതിലൂടെ പോയ രണ്ട് സ്ത്രീകൾ പറഞ്ഞതും അവർ ചമ്മലോടെ പരസ്പരം നോക്കി.....

ഓടിയത് കണ്ടിനെങ്കിൽ എന്നെ പിടിച്ചതും കണ്ടിട്ട് ഉണ്ടാവും.... അയ്യേ നാണക്കേട്.....

ഞാൻ എന്റെ കെട്ടിയോളെ പിടിച്ചത് എനിക്ക് അതിന്ന് നാണക്കേട് ഒന്നും തോന്നിയില്ല......

അതോണ്ടായിരിക്കും ആ സ്ത്രീകൾ പറഞ്ഞപ്പോ ചമ്മലോടെ തല താഴ്ത്തിയത്......

ഞാനും നിന്നെ പോലെ നട്ട് ലൂസ് ആണല്ലോന്ന് അവർ കരുതിയിട്ട് ഉണ്ടാകും കരുതി തല താഴ്ത്തിയതാ

നട്ട് ലൂസ് നിന്റെ കെട്ടിയോൾ.....

അതന്നെ ഞാനും പറഞ്ഞെ..... നീ കൂടി സമ്മതിച്ചല്ലോ സന്തോഷം......

അവൾ മുഖം കൂർപ്പിച്ചു അവനെ നോക്കി.

പോടാ നീയാണ് നട്ട് ലൂസ് എന്ന് പറഞ്ഞു അവന്റെ ചുമലിൽ ചുമലിൽ അടിച്ചു....

വേദനിക്കുന്നു കുരിപ്പേ പറഞ്ഞു അവളെ കൈ പിടിച്ചു വെച്ചു.... അപ്പോഴാ നേരത്തെ പറഞ്ഞ സ്ത്രീകൾ അങ്ങോട്ട് വന്നത്.....

ഈ പിള്ളേർക്ക് ആരെങ്കിലും കാണുമെന്ന ചിന്തയില്ലേ നേരത്തെ കെട്ടിപിടിച്ചു നടക്കുന്ന കണ്ടു ഇപ്പൊ ദാ ഇവിടെയും..... ഇപ്പോഴത്തെ പിള്ളേർക്ക്

നാണം ഇല്ലേ......

അവൾ ചമ്മലോടെ തലയും ചൊറിഞ്ഞു മുഖം താഴ്ത്തി...

നാണം പോയി മാനം പോയി.....ചമ്മൽ മറച്ചു പിടിച്ചു അവൾ അവനെ കൃത്രിമ ദേഷ്യത്തോടെ നോക്കി

അവനത് കണ്ടതും പൊട്ടിച്ചിരിച്ചു......

അവൾ മുഖം ഉയർത്തി അവന്നെ നോക്കി. പൊട്ടിപ്പൊട്ടിച്ചിരിക്കുന്ന അവന്നെ കൗതുകത്തോടെ അവൾ

നോക്കി നിന്നു....

രണ്ട് പേരുടെയും നോട്ടം ഇടഞ്ഞതും ഫൈസ് ചിരി നിറുത്തി.... അവന്റെ മുഖത്ത് അപ്പോഴും പുഞ്ചിരി നിലനിന്നിരുന്നു.

അവൾ കണ്ണെടുക്കാതെ നോക്കി നിന്നു. അവൻ പിരികം പൊന്തിച്ചു എന്താ ചോദിച്ചു...

ഇന്ന് വലിയ സന്തോഷത്തിൽ ആണല്ലോ

പതിനഞ്ചു വർഷങ്ങൾക്ക് ശേഷം ആണ് ഇക്ക തിരിച്ചു വന്നത്....ഞാൻ ഈ ഉപ്പന്റെയും ഉമ്മന്റേയും

മകൻ ആയി വരുമ്പോൾ ആണ് റിച്ചുക്കനെ ആദ്യമായി കണ്ടത്. റാഹിൽക്കയും റംസിതയും മുന്നേ കണ്ടിട്ടുണ്ട്. ഉപ്പയും ഉമ്മയും മരിച്ച സങ്കടം മാറ്റാൻ എല്ലാവരും എന്നെ നന്നായി തന്നെ നോക്കിയത്.... റിച്ചുക്ക മാത്രം എപ്പോഴും എന്നോട് ദേഷ്യം ആയിരുന്നു. മിണ്ടുകയൊന്നും ചെയ്യില്ല. പിന്നെ സമി ..... അവൻ ആയിരുന്നു എന്റെ എല്ലാം..... ഞാൻ എന്റെ വിധിയോട് പൊരുത്തപ്പെട്ട് അവരെ കൂടെ ജീവിച്ചു തുടങ്ങി.... അവരെ വീട്ടിൽ നിന്നും എന്റെ വീട്ടിലേക്കു താമസം മാറ്റിയിരുന്നു. റിച്ചുക അപ്പോൾ ഹോസ്റ്റലിൽ നിന്ന പടിക്കൽ. വെക്കേഷൻ ആയോണ്ട് അവൻ ഉണ്ടായിരുന്നു വീട്ടിൽ.... ഒരു ദിവസം വീട്ടിൽ നിന്നും ബോൾ കളിക്കുമ്പോൾ അവൻ വന്നു ബാൾ പിടിച്ചു വാങ്ങി.... ഞാൻ കൊടുത്തില്ല. എന്റെ ഉപ്പ വാങ്ങി തന്നത് ആയിരുന്നു.... പരസ്പരം വഴക്ക് ആയി.. മുകളിൽ നിന്നും ആയിരുന്നു തല്ല്.... റിച്ചുക്ക ദേഷ്യം സഹിക്കാതെ പിടിച്ചു തള്ളി.... ഞാൻ സ്റ്റെപ്പിൽ നിന്നും വീണു... ബോധം പോകുന്നതിന്ന് മുന്നേ ചുറ്റും ബ്ലഡ് പരക്കുന്നത് ആയിരുന്നു കണ്ടത്.പിന്നെ ബോധം വന്നപ്പോ ഹോസ്പിറ്റലിൽ ആണ്. തിരിച്ചു

വീട്ടിൽ എത്തിയപ്പോഴാ അറിഞ്ഞത് എന്നെ തള്ളിയിട്ടത്തിന്ന് ഉപ്പയും ഉമ്മയും അവന്നെ പൊതിരെ തല്ലിയെന്ന്..... എനിക്കെന്തെങ്കിലും പറ്റുമോന്ന് ഉള്ള പേടിയും സങ്കടം കൊണ്ട് അവൻ എവിടേക്കോ ഓടിപ്പോയി. ഒരുപാട് അന്വേഷിച്ചെങ്കിലും കിട്ടിയില്ല. അന്ന് തുടങ്ങിയാ കരച്ചിൽ ആണ് ഉമ്മാക്ക്..... മകൻ ജീവനോടെ ഉണ്ടോ ഇല്ലെന്നോ അറിയാതെ വേദനയോടെയും പേടിയോടെയും പ്രാർത്ഥിക്കുകയാരുന്നു എല്ലാരും.....അറിയാതെ  ആണെങ്കിലും ഞാൻ കാരണം ആണല്ലോ എന്നൊരു കുറ്റബോധം എന്നെ വേട്ടയാടാൻ തുടങ്ങി.

എപ്പോഴും നോക്കിയിരിക്കും അവൻ തിരിച്ചു വരോന്നു..... ഇപ്പോൾ ആ കത്തിരിപ്പിന് അന്ത്യം കുറിച്ചത്....  ഇന്ന് എന്റെ ജീവിതത്തിലെ സന്തോഷം നിറഞ്ഞ ദിവസം ആണ്.... എന്റെ റിച്ചുക്ക തിരിച്ചു വന്നല്ലോ.... എന്നോട് ആദ്യം ആയി സ്നേഹത്തോടെ ഒരുപാട് നേരം സംസാരിച്ചു..... ഉപ്പന്റെയും ഉമ്മന്റേയും മുഖം കണ്ടില്ലേ വലിയ സന്തോഷത്തിൽ ആണ്..... ഇനിയൊരിക്കലും അവന്നെ എവിടേക്കും പോകാൻ വിടില്ല  നോക്കിക്കോ..... ഉമ്മാന്റെ

സന്തോഷം കണ്ടിനോ അത് മതി എനിക്ക്.... അത് കണ്ടപ്പോ തൊട്ട് മനസ്സിലെ കുറ്റബോധം പോയി.

അവൾ വേദനയോടെ അവന്നെ നോക്കി.

അവൻ നാട് വിട്ടത് പേടിച്ചല്ല...... ബോളിൻ വേണ്ടിയല്ല തള്ളിയിട്ടത് ..... അവന്ന് നീയറിയാതെ നീ കാരണം നഷ്ടപ്പെട്ട അവന്റെ നഷ്ടങ്ങൾ കാരണം ആണ്. അവന്റെ തിരിച്ചു വരവ് നിന്നോടുള്ള പക വീട്ടാൻ ആണ് ഇതൊക്കെ വിളിച്ചു പറയാൻ മനസ്സ് മുറവിളി കൂട്ടുന്നുണ്ട്....... അവന്റെ മുഖത്തെ സന്തോഷവും ആ ഉമ്മയുടെ മുഖത്തെ യാജനയും അവളെ തടഞ്ഞു. അതിനേക്കാൾ ഉപരി ഇജുക്കന്റെ മുഖം മനസ്സിൽ തെളിഞ്ഞു..... ഇപ്പോഴും ഫൈസിയെ പോലും ശരിക്കും അംഗീകരിക്കാൻ ഇജുക്കക്ക് സാധിച്ചിട്ടില്ല

ഇർഫാൻ ആണെന്ന് അറിഞ്ഞ ആ ദേഷ്യം ഫൈസിയോട് തീർക്കുമോ എന്നൊരു ഭയം അവളുടെ ഉള്ളിൽ വന്നു...

ഇർഫാൻ ആ പഴയ റിച്ചുവായി മാറണം.... എന്നാൽ മാത്രമേ ഈ പ്രശ്നങ്ങൾക്ക് പരിഹാരം കാണാൻ പറ്റു..... ആ ക്രിമിനലിന്റെ ഉള്ളിൽ ഇനിയും നന്മ

ഉണ്ടാകുമോ...... അറിയില്ല എന്ത് വേണമെന്ന്..... അവൾ ഒരു വഴി കാണിച്ചു തരണമെന്ന് മനസ്സുരുകി പ്രാർത്ഥിച്ചു.....

അവളുടെ ഉള്ളിൽ റിസയെയും റംസിയെയും പറഞ്ഞപ്പോൾ ദേഷ്യം കൊണ്ട് വിറച്ച ഇർഫാനെ ഓർമ വന്നു....

ബലമായി ഒരു പെണ്ണിനേയും കീഴ്പ്പെടുത്തിയിട്ടില്ല എന്ന വാക്കുകൾ ഓർമ വന്നു...... ഇപ്പോഴും എവിടെയോ ഉണ്ട് നന്മയുടെ ചെറിയഒരംശം..... ചെറിയൊരു പ്രതീക്ഷ അവളിൽ ഉണർന്നു..... പക്ഷേ പകയോടെ ഫൈസിയെ നോക്കുന്ന കണ്ണുകൾ അത് അവളെ ചിന്തകളെ പിറകോട്ടു വലിച്ചു...

എന്ത് ചെയ്യണം അറിയാതെ മനസ്സ് പിടഞ്ഞു കൊണ്ടിരുന്നു..... ഇതിനൊക്കെ പുറമെ ജന്നത്തിലെ പ്രോബ്ലംസ് വട്ട് പിടിക്കുന്ന പോലെ തോന്നി അവൾക്ക്....

എന്താ ആലോചിക്കുന്നെ അവന്റെ വിളി ആയിരുന്നു ചിന്തയിൽ നിന്നും ഉണർത്തിയത്.....

ഒന്നൂല്യ പറഞ്ഞു അവൾ കാറിൽ കേറി ഇരുന്നു.... സമിയുടെ കൂടെ റിസ പോയിരുന്നു. അവന്നും

കാറിൽ കേറി. അവൾ അവന്ന് മുഖം കൊടുക്കാതെ പുറത്തേക്ക് നോക്കി ഇരുന്നു..

കെട്ട് കഴിഞ്ഞു കുറച്ചു ദിവസം ആയുള്ളൂ എല്ലാരും ഫസ്റ്റ് നൈറ്റ് കഴിഞ്ഞു ഹണിമൂൺ എവിടെക്കാ എന്ന് ചിന്തിച്ചു നടക്കുന്ന സമയം ആണ്. ഇവിടൊരുത്തി ആണെങ്കിൽ ഒറ്റക്കിരുന്നു ദിവാസ്വപ്നം കണ്ടു ഇരിക്കുന്നു.,. എന്റെ ഒരു ഗതികേട്.

സ്വപ്നത്തിൽ എങ്കിലും ഞാൻ ഉണ്ടാവോ ആവോ....... എന്നിട്ടും ഒരു റെസ്പോൺസ് ഇല്ലാത്തോണ്ട് അവൻ അവളെ തന്നെ നോക്കി. ഞാൻ പറഞ്ഞതൊന്നും കേട്ടിട്ട് കൂടിയില്ലെന്ന് അവൻ കണ്ടു...... പുറത്തേക്ക് നോക്കി കയ്യും കെട്ടി ഒറ്റയിരുപ്പ് ആണ്.

കുറച്ചു സമയം അവളെ തന്നെ നോക്കി പിന്നെ കാർ സൈഡിലേക്ക് ഒതുക്കി.....

ഒരു കുസൃതിചിരിയോടെ അവളുടെ അടുത്തേക്ക് മുഖം ചായ്ച്ചു..... അവളുടെ കവിളിൽ ആഞ്ഞു കടിച്ചു....

അവൾ കാറിക്കൂവിക്കൊണ്ട് അവനെ തള്ളിമാറ്റി തിരിഞ്ഞു നോക്കി.....

ചോര വന്നുനെ തോന്നുന്നേ ദേഷ്യത്തോടെ അവനെ നോക്കി കവിളിൽ തടവി.....

ചോര വന്നിട്ടൊന്നും ഇല്ല അതിന്ന് മുന്നേ നീ തള്ളിമാറ്റിയില്ലേ..... അവൻ നിരാശയോടെ പറഞ്ഞു.

തെണ്ടി.... ചോര വരാത്ത സങ്കടം അപ്പൊ..

അവൾ കലിപ്പ് മൂഡിൽ ആയി.....

തന്നത് ഇഷ്ടം ആയില്ലെങ്കിൽ തിരിച്ചു തന്നോ അവൻ അവന്റെ കവിളിൽ കാണിച്ചു കൊടുത്തു....

അവൾ കിട്ടിയ ചാൻസിൽ അവന്റെ മുഖത്തോട് മുഖം അടുപ്പിച്ചു.....

കടിക്കുന്നതിന്ന് മുന്നേ ഒരു കാര്യം എന്നെ കടിച്ച തിരിച്ചു ഞാൻ വീണ്ടും കടിക്കും.... അതും എനിക്ക് ഏറ്റവും ഇഷ്ടപെട്ട സ്ഥലത്ത്......

അവൾ അറിയാതെ തന്നെ അവനെ വിട്ടു മറുകിൽ കയ്യും വെച്ചു നേരെ ഇരുന്നു....

നടുറോഡിൽ ആണെന്ന് പോലും നോക്കാതെ റൊമാൻസിച്ചെന്നും വരും.... ചുമ്മാ പണിയാക്കണ്ട പിറു പിരുത് കൊണ്ടിരുന്നു.....

ടീ നുണച്ചിപ്പാറു അടുത്ത് എന്ത് കള്ളം പറയാന്നാണോ ആലോചിക്കുന്നെ...

നുണച്ചിപ്പാറു നിന്റെ കെട്ടിയോൾ...

അവളെ തന്നെ വിളിച്ചത്..... നുണച്ചിപ്പാറു

നുണച്ചിപ്പാറു...... ഇനിയും വിളിക്കും വായെടുത്ത കളവ് പറയു...... ജുനുവിന്റെ അനിയത്തി കളവ് പറയില്ല എന്നൊരു വിശ്വാസം ഉണ്ടായിരുന്നു അത് പോയി......

ജുനുനെ പറഞ്ഞത്  അവൾക്ക് ദേഷ്യം വന്നിരുന്നു.....ഞാൻ എന്താടോ കളവ് പറഞ്ഞെ

ബ്രൈഡൽ അന്ന് നീ എവിടെക്കാ പോയെ അത് കളവല്ലേ..... അത് ഞാൻ പിടിച്ചപ്പോ പിന്നേ കളവ് പറഞ്ഞു നിന്നെ തട്ടിക്കൊണ്ടു പോകാൻ നോക്കിന്ന്.... എന്താടി പുല്ലേ അതും കളവ് അല്ലെ....

ഇവനിത് വിട്ടില്ലേ..... അവൾ ഞെട്ടലോടെ അവനെ നോക്കി....

എന്താ അടുത്ത കള്ളം പറയാൻ ആലോചിക്കുക ആണോ ......

അവൾ ഒന്നും മിണ്ടിയില്ല..... മുഖം താഴ്ത്തി

ഇരുന്നു.....

 കല്യാണത്തിരക്കിൽ ആയിരുന്നെങ്കിലും ഞാൻ അന്വേഷിക്കുന്നുണ്ടായിരുന്നു എന്റെ പെണ്ണിനെ തൊടാൻ മാത്രം ധൈര്യം ആർക്കാണെന്ന്...

നീ അന്ന് പാതി വഴിയിൽ ഇറങ്ങി മറ്റൊരു കാറിൽ കയറി പോകുന്ന വീഡിയോ അടുത്തൊരു ബിൽഡിങ് കാമിൽ നിന്നും കിട്ടി. നീ സ്വമേധയാ പോകുന്നെ..... നിന്റെ മുഖത്ത് ആണെങ്കിൽ ഒരു പേടിയും ഇല്ല

എന്നിട്ട് കള്ളം പറഞ്ഞു തട്ടി കൊണ്ട് പോയതാണെന്ന്. നീ അറിവോടെ പോയതാണ് പക്കാ പ്ലാൻ ചെയ്തു പോയത്. ഇന്നലെ അറിഞ്ഞിന് ജുനു പോയ സങ്കടം ഉള്ളോണ്ട് ചോദിക്കാതെ വിട്ടത്.

എന്ത് ഉത്തരം പറയും......സത്യം പറയാനും പറ്റില്ല ഇനി വിശ്വസിനീയമായ കള്ളം പറഞ്ഞില്ലെങ്കിൽ തല്ലിയെന്നും വരും ഇപ്പോൾ തന്നെ മുഖം ഒക്കെ മാറി വരുന്നുണ്ട്.....

പറയെടി ഇനിയും കള്ളം പറയാൻ ആലോചിക്കുവാനോ ചോദ്യം ആയിരുന്നില്ല അലർച്ച ആയിരുന്നു അത്.

അവൾ ഒരു നിമിഷം ആലോചിച്ചു പലമുഖങ്ങൾ മനസ്സിൽ ഓടിയെത്തി.....

ഇർഫാൻ അവന്ന് ഒരു ചാൻസ് കൂടി കൊടുക്കാൻ ആയിരുന്നു മനസ്സിൽ വന്നത്. അതേ സമയം തീരുമാനം തെറ്റായാൽ ഫൈസ് നേരിടേണ്ടി വരുന്ന ദുരന്തം അതും മനസ്സിൽ ഓടിയെത്തി.

അവൾ ഒരു ദീർഘ ശ്വാസം എടുത്തു....

ഇർഫാൻ റാനിയെ പിടിച്ചു കൊണ്ട് പോയി അവളെ വേണമെങ്കിൽ എന്നോട് തനിച്ചു പോകണമെന്ന് പറഞ്ഞു. റാനിയെ ഓർത്തപ്പോൾ വേറെ വഴിയില്ലാതെ ഞാൻ പോയി. അബ്ഷ എന്റെ ഫ്രണ്ട് ആണ്. പോകുന്നതിന്ന് മുന്നേ ഞാൻ അവളെയും വിളിച്ചിരുന്നു..... അബിഷ അവന്റെ കയ്യിൽ നിന്നും ഞങ്ങളെ രക്ഷിച്ചു അതാണ് സംഭവിച്ചത്.

ഇർഫാൻ.......അവൻ ദേഷ്യത്തോടെ സ്റ്റയറിങ്ങിൽ ആഞ്ഞടിച്ചു..... അവൾ ഞെട്ടലോടെ അവന്നെ നോക്കി.... ദേഷ്യം പിടിച്ച ഭാവത്തോടെ അവളെ നോക്കി.

ഞാൻ ഒക്കെ എന്താടി ചത്തു പോയിനോ അപ്പോൾ.....അവളുടെ ഇരു തോളിലും പിടിച്ചു

കലിപ്പോടെ ചോദിച്ചു അവൻ....

അവന്റെ ദേഷ്യം പിടിച്ച    മുഖവും ചുവന്ന കണ്ണുകൾ തോളിൽ മുറുകിയ കൈകൾ അവന്റെ ഉ  ള്ളിലെ ദേഷ്യത്തിന്റെ ഭീകരത എടുത്തു കാണിച്ചു..... അവളിൽ ഭയം ഇരച്ചു കയറി....

വേദനിക്കുന്നു ഫൈസ്..... അവൾ നിറ കണ്ണുകളോടെ അവനെ നോക്കി.... മുഖത്തെ കലിപ്പ് മാറിയില്ലെങ്കിലും അവൻ പിടി വിട്ടു.... ദേഷ്യത്തോടെ കാറിൽ നിന്നും ഇറങ്ങാൻ നോക്കിയെങ്കിലും അവൾ കയ്യിൽ പിടിച്ചു വലിച്ചു.....

അവൻ ഡോർ വലിച്ചടച്ചു അവളെ കൈ തട്ടി മാറ്റി...... എന്ത് ധൈര്യത്തില നീ അവൻ വിളിച്ചപ്പോ പോയത്...... അവൻ അലറുകയാരുന്നു....

എനിക്ക് ഒരു പോൽ പോലും വരാതെ നോക്കുന്ന എന്നെ ജീവനേക്കാൾ സ്നേഹിക്കുന്ന ഒരു ഭർത്താവ് ഉണ്ട്.... എന്നെ സംര ക്ഷിക്കാൻ ഏഴ് സഹോദരൻമാർ ഉണ്ട് ആ ധൈര്യം  പോരെ എനിക്ക്..... ഞാൻ പിന്നെങ്ങനെ ഒറ്റക്ക് ആകും....അവളുടെ ശബ്ദം ശാന്ത  മായിരുന്നു....

എന്നിട്ടു ഞങ്ങളോട് പറഞ്ഞോ നീയത്.....

പറഞ്ഞോന്നു.... അവൻ കലിപ്പോടെ നോക്കിയതും അവൾ അവന്റെ ചുണ്ടിൽ  കിസ്സ് കൊടുത്തു.... അവൻ മുഖം വലിക്കാൻ നോക്കിയതും അവൾ അവന്റെ കഴുത്തിലൂടെ കയ്യിട്ട് പിടിച്ചു മുഖം അവളോട് അടുപ്പിച്ചു. അവൻ കുതറി മാറാൻ നോക്കിയതും അവൾ അവന്റെ ചുണ്ടുകൾ അവളെ ചുണ്ടുകൾ ആയി കോർത്തു പിടിച്ചു.... മെല്ലെ അവന്റെ ചുണ്ടുകൾ നുണഞ്ഞതും ഏറെ നേരം ബലം പിടിക്കാൻ അവന്നും കഴിഞ്ഞില്ല. പഞ്ഞിപോൽ മൃദുവായ അവളെ ചുണ്ടുകൾ അവനിൽ ഒരു ലഹരിയായി പടർന്നു കയറി..... അവൾ കൈ അവന്റെ നെഞ്ചിൽ ചേർത്തു വെച്ചു.അവന്റെ ഹൃദയതാളം നോർമൽ ആവുന്നത് അവൾ അറിഞ്ഞു... വലിഞ്ഞു മുറുകിയ മുഖം ശാന്ത ഭാവത്തിൽ ആയി..... അവന്റെ കൈകൾ അവളുടെ തലമുടിയിൽ കോർത്തു.... അവനിലേക്ക് കൂടുതൽ അടുപ്പിച്ചതും അവന്റെ ചുണ്ടിൽ ചെറുതായി കടിച്ചു. അവന്നെ പിറകിലേക്ക് തള്ളി അവൾ നേരെ ഇരുന്നു.....

അവൻ മുഖം ചെരിച്ചു  അവളെ നോക്കി.

നാണത്തിൽ കുതിർന്നു മുഖം താഴ്ത്തി നില്കുന്നത്

കണ്ടു അവന്റെ ചുണ്ടിൽ ചെറുചിരി വിരിഞ്ഞു....
ചുവന്ന ചെമ്പരത്തിയെ പോലെ തോന്നിച്ചു അവന്.

എവിടുന്ന് പഠിച്ചു ഈ കള്ളത്തരം ഒക്കെ അവൻ
സീറ്റ് പിറകോട്ടു ചായ്ച്ചു കിടന്നു കൊണ്ട് ചോദിച്ചു....

എവിടുന്ന് പഠിച്ചില്ല....വാ പൂട്ടിയിടാൻ പൂട്ട്
ഇല്ലാത്തോണ്ട് എന്റെ ചുണ്ടുകൾ കൊണ്ട് പൂട്ടി.....
അവൾ മെല്ലെ പറഞ്ഞു.

ഏതായാലും പൂട്ട് എനിക്ക് ഇഷ്ടം ആയി...

അതോണ്ട് ഞാൻ ഒരു കാര്യം തീരുമാനിച്ചു
ഇനിയങ്ങോട്ട് ഫുൾ കലിപ് മൂഡ്..... എന്ന ഇടക്കിടക്ക്
ഇങ്ങനെ ഓരോന്ന് കിട്ടുമല്ലോ.....

അയ്യടാ..... വന്നേച്ചാലും മതി.... എന്നോട് ഇനി കലിപ്പ്
ഇട്ട ഞാൻ ഇജുക്കനോട് പറഞ്ഞു കൊടുക്കും
നോക്കിക്കോ....

നിനക്ക് അപ്പോൾ വിധവ ആയി ഇരിക്കാൻ ആണോ
ഇഷ്ടം.....

വിധവയോ അവൾ കണ്ണ് മിഴിച്ചു അവനെ നോക്കി....

നിന്റെ ഇജു എന്നെ തല്ലികൊല്ലുമല്ലോ അത് മുൻകൂട്ടി
കണ്ടു പറഞ്ഞത.

അവൾ പെട്ടന്ന് ചിരിച്ചു പോയി....

അവൻ നേരെ ഇരുന്നു അവളെ കൈ എടുത്തു പൊതിഞ്ഞു പിടിച്ചു.....

ഇനിയൊരിക്കലും റിസ്ക് എടുക്കാൻ വയ്യ

എല്ലാം കുട്ടിക്കളി അല്ല ഇനു.... അന്ന് നിനക്ക് എന്തെങ്കിലും പറ്റിയിരുന്നെങ്കിൽ

അവൾ മറുകയ് കൊണ്ട് തിരിച്ചു പിടിച്ചു

അവൻ ഇനി എന്നെ ഉപദ്രവിക്കില്ല. അവന്റെ ലക്ഷ്യം ഞാൻ അല്ല നീയാണ്...

ഞാനോ.....

നിന്നെ തോൽപിച്ചേ എന്റെ അടുത്ത് വരികയുള്ളുന്ന് വെല്ലുവിളിച്ചു... നിന്റെ ജീവൻ ബിസിനസ് എല്ലാം നശിപ്പിക്കും അതാണവന്റെ ലക്ഷ്യം..... ഞാൻ അല്ല പേടിക്കേണ്ടത് നീയാണ്..... സൂക്ഷിക്കണം

ഫൈസ്...... അവന്ന് പകയാണ് അതിന്ന് വേണ്ടി എന്ത് നെറികേടും അവൻ കാണിക്കും.....

എനിക്ക് ഒന്നും പറ്റില്ലെടാ ഞാൻ നോക്കിക്കൊള്ളാം..... ഇനിയെങ്കിലും എന്നോട്

ഒന്നും മറച്ചു വെക്കരുത്..... ഞാൻ ഉണ്ടാവു നിന്റെ കൂടെ പ്രോമിസ്....

ചതിയാണ് ചുറ്റും..... കൂടെയുള്ളവരെ പോലും വിശ്വസിക്കരുത്.... സ്വന്തം നിഴൽ ആയാൽ പോലും സംശയത്തോടെ നോക്കാവു ഫൈസ്..... ഇർഫാൻ ശരിക്കും ഒരു ക്രിമിനൽ ആണ്.... എന്താ ചെയ്യുന്നു പറയാൻ പറ്റില്ല....

അവൻ കൈ വിട്ടു അവളുടെ മുഖം കയ്യിൽ എടുത്തു. നെറ്റിയിൽ ചുണ്ടുകൾ ചേർത്തു. നമ്മളെ പിരിക്കാൻ ആർക്കും പറ്റില്ല.....

അവൾ കണ്ണടച്ച് ആ നറുചുംബനം ഏറ്റുവാങ്ങി..... ഇനി എന്നും സ്വയം കരുതൽ ഉണ്ടാകും അത് മതി. അവൾ ആശ്വസിച്ചു.....

ഇനി പോകാം..... അവൻ ചോദിച്ചതും അവൾ തലയാട്ടി.

❤️❤️❤️❤️❤️

റിസ മാത്രം തിരിച്ചു വരുന്നത് കണ്ടു ഷഹീ അവളെ തന്നെ നോക്കി...

ഇനു എവിടെ.....

അവൾ മൈന്റ് ആക്കാതെ മുന്നോട്ട് പോയി.

റിസ നിന്നോടാ ചോദിച്ചത് ഇനു എവിടെ

അവന്റെ ശബ്ദം ഉയർന്നിരുന്നു.

എനിക്ക് അറിയില്ല..... അതും പറഞ്ഞു അവൾ സ്റ്റെയർ കേറി....

നിന്റെ കൂടെ അല്ലെ അവൾ വന്നത് പിന്നെവിടെ പോയത് അവന്ന് ദേഷ്യം വന്നു തുടങ്ങിയിരുന്നു....

അവൾ മൈന്റ് ചെയ്യാതെ പോയതും അവൻ ദേഷ്യത്തോടെ അവളെ കയ്യിൽ പിടിച്ചു വലിച്ചു. അവൾ രണ്ട് മൂന്ന് സ്റ്റെപ്പ് കേറിയിരുന്നു.... പെട്ടെന്നുള്ള വലിയിൽ അവൾ തിരിഞ്ഞു പിറകോട്ടു മലച്ചു വീണു.... അവൾക്ക് എവിടെയും പിടിത്തം കിട്ടിയിരുന്നില്ല. അവൾ വീണത് ശഹിയുടെ മുകളിൽ ആയിരുന്നു. അവന്നും അത് പ്രതീക്ഷിക്കത്തെത് ആയോണ്ട് അവളെയും കൊണ്ട് പിറകിലേക്ക് വീണു..... അവളുടെ ശരീരം അവന്റെ മേലെ അമരുന്നതിനോടൊപ്പം അവളുടെ ചുണ്ടുകൾ അവന്റെ ചുണ്ടിൽ അമർന്നു.....

........ ❤️💔INVISIBLE LOVE 💔❤️

Love after 💘marriage( part 92)

ചുണ്ടുകൾ ചുണ്ടോട് ചേർന്നതും രണ്ട് പേരുടെയും ശരീരത്തിലൂടെ മിന്നൽ പിണർ പാഞ്ഞത് പോലെ തോന്നി.... ദേഹങ്ങൾ വിറ കൊള്ളുന്നത് രണ്ട് പേരും അറിഞ്ഞു..... അവളുടെ കണ്ണുകൾ അവന്റെ കണ്ണുകൾ ആയി ഉടക്കി. ചുണ്ടുകൾ വേർപെടുത്താനും കണ്ണുകൾ പിൻവലിക്കാനും അവന്റെ ദേഹത്ത് നിന്നും എഴുന്നേക്കാനും കഴിയുന്നില്ല. ആകെയൊരു മരവിപ്പ് അവളിൽ പടർന്നു ഹൃദയമിടിപ്പും ആത്മാവുമെല്ലാം ആ ഒരു നിമിഷത്തിൽ കേൾക്കാനും അനുഭവിക്കാനും കഴിയുന്നതുപോലെ. മനസ്സിൽ അടക്കിവെച്ച പ്രണയം പുറത്തേക്ക് ഒഴുകി വരുമെന്ന് പോലും തോന്നി അവൾക്ക്.

അവൻ അവളെ തള്ളിമാറ്റി എഴുന്നേറ്റു.....

അവൾ അപ്പോഴും അവന്റെ ചുണ്ടുകൾ ചേർത്ത മായാലോകത്തിൽ തന്നെ ആയിരുന്നു.... മരിച്ചുപോയെന്ന് കരുതിയ പ്രണയം അതിശക്തിയായി തിരിച്ചു വന്നപോലെ. ഈ ചുംബനം കൊണ്ട് തന്റെ ഉള്ളിലെ കുഴിച്ചു മൂടിയ

പ്രണയബന്ധം വീണ്ടും ജീവൻ വെച്ചിരിക്കുന്നു.....ആ ഓർമയിൽ അവൾ ഞെട്ടിപിടഞ്ഞു എഴുന്നേറ്റു..... ഇന്നവൻ മറ്റൊരാളെ സ്വന്തം ആണ്. നോട്ടം കൊണ്ടും ചിന്ത കൊണ്ടു പോലും അങ്ങനെ കരുതാൻ പാടില്ല.....

സോറി.... വീഴുന്നു കരുതിയില്ല റിയലി സോറി തല കുനിച്ചു അതും പറഞ്ഞു അവൻ പോയി.....

കുറ്റബോധം നിറഞ്ഞ അവന്റെ വാക്കുകളും തെറ്റ് ചെയ്തുവെന്ന മുഖഭാവവും അവളിൽ ഉയർന്ന പ്രണയഭാവം പോലും തുടച്ചു മാറ്റി.... അവൻ അപദ്ധത്തിൽ പറ്റിയത് ആയിട്ട് പോലും തെറ്റുകാരനെ പോലെ നില്കുന്നു ഞാനോ മറ്റൊരാളെ സ്വന്തം ആണെന്ന് അറിഞ്ഞിട്ടും അവനെ ഒരു നിമിഷം എങ്കിലും മറ്റൊരു കണ്ണോടെ കണ്ടു. അവൾക്ക് സ്വയം പുച്ഛം തോന്നി.

അവൾ പെട്ടന്ന് തന്നെ റൂമിലേക്ക് പോയി.

❤️❤️❤️❤️

കുറച്ചു കഴിഞ്ഞു ഇനു തിരിച്ചു വന്നു. ഫൈസ് ഓഫീസിൽ പോകാൻ ഉണ്ടെന്ന് പറഞ്ഞു അവളെ അവിടെ ഡ്രോപ്പ് ചെയ്തു തിരിച്ചു പോയി. എല്ലാവരും

ഹാളിൽ ഉണ്ടായിരുന്നു അവൾ ആരെയും നോക്കാതെ റൂമിലേക്ക് പോയി..... പോകുമ്പോഴും ആരോടും പറഞ്ഞിരുന്നില്ല.

എല്ലാവരും അത് കണ്ടു പരസ്പരം നോക്കി. ഇജാസിലേക്ക് നീണ്ടു ആ നോട്ടം

പൊതുവെ എവിടെയെങ്കിലും പോയാൽ വന്നു കയറിയതും ഇജാസിന്റെ അടുത്ത് പോയി മുഖം കാണിച്ചേ അവൾ പോകു...

അതും അവൾ വരുന്നത് മൈലുകൾക്കപ്പുറത്തു നിന്നും കേൾക്കും എന്നാണ് എല്ലാരും കളിയാക്കൽ.... ശബ്ദം കൊണ്ടും പ്രവർത്തികൊണ്ടും അവൾ അറിയിക്കും അത്..... ഒന്നും ഇല്ലെങ്കിൽ ചുമ്മാ ആരെയെങ്കിലും ചൊറിഞ്ഞിട്ട് പോകുള്ളൂ.... അത് ആരാന്ന് പോലും നോക്കില്ല..... ഇപ്പോൾ ഫൈസ് മാത്രം ആണ് അവളുടെ ലോകം എന്നമട്ടിൽ ആണ് പെരുമാറ്റം...പെട്ടന്ന് ഉള്ള അവളുടെ ഭവമാറ്റം എല്ലാവരെയും ഞെട്ടിച്ചിരുന്നു....എല്ലാവരിലും അത് വേദന പടർത്തി.....

എടുത്തു വളർത്തിയത് ഇങ്ങനെ അല്ലെ വരൂ..... സ്വന്തം എന്ന് കരുതിയത് നമ്മുടെ തെറ്റ്.... സ്വത്ത്

സ്വന്തം ആയതും തനിസ്വഭാവം കാണിക്കുന്നു... ഇനിയെപ്പോഴാ എല്ലാവരെയും ഇറക്കി വിടുന്നത് എന്ന് കൂടി കണ്ട മതി.അമ്മിജാൻ പറയുന്നത് കേട്ട് എല്ലാവരും പരസ്പരം നോക്കി.... ഇജാസ് അപ്പോഴും യാതൊരു ഭാവമാറ്റം ഇല്ലാതെ ഫോണിൽ നോക്കി ഇരുന്നതെ ഉള്ളു.....

ഇനായ അങ്ങനെ ഒരു പെണ്ണല്ല. ശഹിയുടെ ശബ്ദം ഉയർന്നിരുന്നു.....

അത് കാണുന്നുണ്ട് പ്രവർത്തിയിൽ. അല്ലെങ്കിൽ നീ പറ വിവാഹത്തിന് മുൻപ് അവൾ എങ്ങനെ ആയിരുന്നു ഇപ്പോഴോ

ഫൈസ് ഒഴിച്ച് ആരെയെങ്കിലും അവൾ മൈന്റ് ആക്കുന്നുണ്ടോ....

അതിന്ന് ആർക്കും മറുപടി ഉണ്ടായിരുന്നില്ല.

❤❤❤

ജുനൈദ് സൽമയും പോയത് അവർക്ക് വലിയ ശൂന്യത ആയി തോന്നി......

ഇനുവിനു പക്ഷേ വലിയ സങ്കടം ഒന്നും ഉള്ളതായി ആർക്കും തോന്നിയില്ല.... അവളെ പെരുമാറ്റം

അങ്ങനെ ആയിരുന്നു....

റിസ ഇനുവിന്റെ കൂടെ തന്നെ മാറാതെ നടന്നു.ശഹി ഇനുവിനോട് മിണ്ടാൻ വന്നാലും റിസ എന്തെങ്കിലും കാരണം ഉണ്ടാക്കി അത് മുടക്കും..... അവളെ അടുത്ത് പോകാൻ പോലും  ശഹിയെ വിട്ടില്ല......അവന്ന് റിസയോട് ദേഷ്യം വരാൻ തുടങ്ങിയിരുന്നു.....

ഫുഡ് കഴിക്കാൻ പോലും അവൾ അവരെ കൂടെ കൂടിയില്ല. എല്ലാവരും വരുന്നതിന്ന് മുന്പേ ഫൈസ്നെ കൂട്ടി വേഗം കഴിച്ചു എണീറ്റു പോയി.....

❤️❤️❤️❤️

പിറ്റേന്ന് രാവിലെ എല്ലാവരും ബ്രേക്ക് ഫാസ്റ്റ് കഴിക്കുമ്പോൾ ഇനുവിനെയും വിളിച്ചു.... അവൾ ഫുഡ് വേണ്ടെന്നു പറഞ്ഞു  ഒരു ഗ്ലാസ് ജ്യൂസ് എടുത്തു തിരിഞ്ഞതും ഇജാസിന്റെ ദേഹത്ത് തട്ടിയതും ഒന്നിച്ചു ആയിരുന്നു..

എവിടെ നോക്കിയ നടക്കുന്നത് ജന്നത്ത്...

അവന്റെ ശബ്ദം ഉയർന്നിരുന്നു.... അവൾ മാത്രം അല്ല ആ വീട്ടിലേ എല്ലാവരും ഞെട്ടിയിരുന്നു അത് കേട്ട്.....

ഇനുവിനെ ഇജു ജന്നത് എന്ന് വിളിച്ചതും ശബ്ദം ഉയർത്തിയതും എല്ലാവരും ഞെട്ടലോടെ നോക്കി കണ്ടത്..... ജന്ന എന്ന് തീർത്തും വിളിക്കാത്തവൻ ആണ്..... എത്ര വികൃതി കാട്ടിയാലും ചിരിച്ചു കൊണ്ട് പോകുന്നവൻ.......

അവളും ഞെട്ടി വിറങ്ങലിച്ചു നിൽക്കുകയാരുന്നു...... ഒരക്ഷരം പുറത്തേക്ക് വന്നില്ല.....

കണ്ടു നിന്നവരും പകച്ചു നിൽക്കുകയാരുന്നു......

പെട്ടന്ന് കണ്ടില്ല...,.. അതും പറഞ്ഞു അവൾ അവന്റെ കോട്ടിൽ ആയ ജ്യൂസ് ഷാൾ കൊണ്ട് തുടക്കാൻ നോക്കിയതും അവൻ അവളെ കയ് തട്ടി മാറ്റി.....

കൊച്ചു കുട്ടിയെന്ന ഇപ്പോഴും വിചാരം......

കുട്ടികളിയും കളിച്ചു നടന്നോളും...... അതെങ്ങനെയാ മറ്റുള്ളവരെ ശല്യപെടുത്താണോന്ന് അല്ലേ വിചാരം ഉള്ളൂ..... അവൻ ദേഷ്യത്തോടെ തന്നെ പറഞ്ഞു.

സത്യം ആയിട്ടും ഇപ്പോൾ കണ്ടില്ല ഇജുക്ക

ഞാൻ വേറെ ഷർട്ട് എടുത്തു തരാം.... അവൾ അതും പറഞ്ഞു അകത്തേക്ക് പോകാൻ നോക്കി.....

എന്റെ കാര്യം നോക്കാൻ എനിക്ക് അറിയാം.... നീ നോക്കണ്ട ശല്യം ചെയ്യാതെ മുന്നിൽ നിന്നും പോയ മതി.

അല്ലെങ്കിലും നിന്നെയും കണി കണ്ടല്ലേ പോകുന്നെ പോയിട്ടും കാര്യം ഒന്നും ഉണ്ടാവില്ല.... അപശകുനം പോലെ നിൽക്കല്ലേ മുന്നിൽ......

എല്ലാവരും അത് കേട്ട് ഞെട്ടി വിറങ്ങലിച്ചു

നിന്നു......

അവൻ ഇറങ്ങിപോയി......

കണ്ണുകൾ നിറഞ്ഞു ഒഴുകി......അവൾ ആരെയും നോക്കാതെ  റൂമിലേക്ക് ഓടിപ്പോയി. ശഹിയും എഴുന്നേറ്റു അവളെ പിറകെ പോയി..... റൂമിൽ കേറാൻ നോക്കിയതും റിസ പുറത്തേക്ക് വന്നതും ഒരുമിച്ചു ആയിരുന്നു..... അവൾ വാതിൽ മറങ്ങി നിന്നു...

റിസ മുന്നിൽ നിന്നും മാറ്....

ആശ്വസിപ്പിക്കാൻ പോകാൻ ആണെങ്കിൽ വേണ്ട അവളുടെ ഭർത്താവ് ഉണ്ട് കൂടെ.....

മുന്നിൽ നിന്ന് മാറേടി അവന്ന് ദേഷ്യം വന്നിരുന്നു....

നീ പോകേണ്ടെന്ന് അല്ലെ പറഞ്ഞത്....

എല്ലാം കൊണ്ടും ഭ്രാന്ത് പിടിച്ചപോലെ ആയിരുന്നു അവൻ....

കുറെ ആയല്ലോ തുടങ്ങിയിട്ട്.... ഞാൻ അവളെ അടുത്ത് പോകുന്നതിന്ന് നിനക്ക് എന്താ പ്രോബ്ലം....

എന്റെ ബാബിയോട് മിണ്ടുന്നതു എനിക്കിഷ്ടം അല്ല. അത് തന്നെ പ്രോബ്ലം

അതിന്ന് കാരണം അറിയണ്ടേ.....

നീയിപ്പോഴും ബബിയെ മറ്റൊരു കണ്ണോടെ കാണുന്നു അത് തന്നെ പ്രോബ്ലം.....

വൃത്തികേട് പറയുന്നോ നായെ അവൻ അവളെ തല്ലാൻ നോക്കിയതും അവന്റെ കയ്യിൽ ആരോ പിടിച്ചു....

ഫൈസ്....

ഫൈസ് അവന്റെ കൈ ബലമായി പിടിച്ചു താഴ്ത്തി... റിസയെ ചേർത്ത് പിടിച്ചു...

ഭയ്യാ.... ഇവൾ..... ഇവൾ പറയുന്ന കേട്ടോ..

ഞാൻ ഇനുവിനെ..... അവന്ന് വാക്കുകൾ ഇടറിയിട്ട്

പുറത്തേക്ക് വരുന്നില്ലായിരുന്നു.

അവൾ പറഞ്ഞത്എന്താ തെറ്റ്. അത് തന്നെ എനിക്ക് പറയാൻ ഉള്ളൂ.നീ ഇനുവിനെ കാണുന്നതോ മിണ്ടുന്നതോ എനിക്ക് ഇഷ്ടം അല്ല....

അപ്പോൾ ഭയ്യയും എന്നെ അങ്ങനെ ആണോ കാണുന്നത്....... അവന്റെ സ്വരം വിറച്ചിരുന്നു.

വാ കൊണ്ട് പറഞ്ഞിട്ട് എന്താ കാര്യം... പ്രവർത്തിയിൽ അത് കാണണം..... നീയിപ്പോഴും അവളെ....

ബാക്കി പറയാൻ വിടാതെ ശഹിയുടെ ശബ്ദം ഉയർന്നു......ഭയ്യാ....

ആരുടെ ഭയ്യാ ഞാൻ നിനക്ക് എങ്ങനെ ഭയ്യാ ആകുന്നത്... നിന്റെ ഉപ്പനെയും ഉമ്മനെയും പോലും ഞാൻ അംഗീകരിച്ചിട്ടില്ല.... പിന്നെയാണ് നീ....നിങ്ങൾ ഒന്നും എനിക്ക് ആരും അല്ല.

ചതിക്കരുന്നോ എല്ലാരേം.... ഫൈസിന്റെ കോളറയിൽ ഷഹി പിടിച്ചതും ഇനു രണ്ടാളെയും പിടിച്ചു മാറ്റി.

ഷഹീ..... ഇനു ഉച്ചത്തിൽ വിളിച്ചതും അവൻ പകപ്പോടെ അവളെ നോക്കി....

ഇനു ഇവൻ പറയുന്നത് കേട്ടോ..... ഞാൻ നിന്നെ...... അവന്ന് കരച്ചിൽ വന്നിട്ട് വാക്കുകൾ പുറത്ത് വരുന്നില്ലായിരുന്നു..

ഷഹി പ്ലീസ്..... ഫൈസ് എന്റെ ഭർത്താവ് ആണ്. അവന്ന് നിന്നെ ഇഷ്ടം അല്ല. ഫൈസിന്റെ ഇഷ്ടത്തിന് അനുസരിച്ചു ഞാൻ ജീവിക്കുകയുള്ളൂ. അതോണ്ട് ഇനിയെന്നെ ശല്യം ചെയ്യരുത്.....

ഇനു..... ഞാൻ.....

വേണ്ട ഷഹി എനിക്കൊന്നും പറയനോ കേൾക്കാനോ ഇല്ല..... നിന്നോട് സംസാരിക്കാൻ ഇല്ല.... പ്ലീസ്.... അവന്റെ നേരെ കൈ കൂപ്പി പറഞ്ഞു അവൾ പോയി.....

അവന്ന് ചുറ്റും കറങ്ങുന്നത് പോലെ തോന്നി..... ഞാൻ ആണോ അപ്പോൾ ഇനുവിന്റെ ഈ മാറ്റത്തിനു കാരണം.... ..... ഫൈസ് ഇതിന്റെ പേര് പറഞ്ഞു അവളെ വേദനിപ്പിക്കുന്നുണ്ടാവോ..... അതോർത്തതും നെഞ്ച് നുറുങ്ങുന്ന വേദന തോന്നി അവന്ന്..... അവൻ റൂമിലേക്ക് തിരിച്ചു പോയി. വാതിൽ അടച്ചതും പൊട്ടിക്കരഞ്ഞു പോയി....

ഇനുവിനെ മറക്കാൻ ആ സ്ഥാനത് മറ്റൊരാളെ

കാണാൻ പറ്റുന്നില്ല അത് സത്യം ആണ് പക്ഷേ പെങ്ങൾ ആയി കാണുന്നുള്ളൂ അങ്ങനെ മനസ്സിൽ പഠിപ്പിച്ചത്. ഇപ്പൊൾ അവളെ കാണുമ്പോൾ നിരാശ തോന്നാറില്ല... അവളുടെ സന്തോഷം അവളുടെ പുഞ്ചിരി അത് മാത്രം ആഗ്രഹിച്ചിട്ടുള്ളു....

ഫൈസിയെ സ്വന്തം പോലെ കരുതിയിട്ട് ഉള്ളൂ..... അവന്റെ ഭാര്യയെ ഞാൻ..... ഫൈസ് പറഞ്ഞത് ഓർത്തു ഭ്രാന്ത് പിടിച്ചപോലെ മുടി വലിച്ചു പിടിച്ചു അവൻ കൈമുട്ടിൽ മുഖം ചേർത്ത പൊട്ടിക്കരഞ്ഞു....

റൂമിൽ എത്തിയതും ഇനുവും പൊട്ടിക്കരയുകആയിരുന്നു.... ഫൈസ് അവളെ ചേർത്തു പിടിച്ചതും അവന്റെ നെഞ്ചിൽ അവളെ സങ്കടം മുഴുവൻ അവൻ ഒഴുകിയിറക്കി അവൾ....

എന്തിനാ ഫൈസ് ഇങ്ങനെ ഒക്കെ പറഞ്ഞത്.... അവന്റെ മുന്നിൽ നീ മോശക്കാരൻ ആയില്ലേ.... അവന്റെ തകർന്ന പോലുള്ള നിൽപ്പ് കണ്ടു നെഞ്ച് പൊട്ടുന്ന പോലെ തോന്നി എനിക്ക്....

ഞാൻ അങ്ങനെ പറഞ്ഞപ്പോൾ ഇങ്ങനെ സങ്കടം എങ്കിൽ നീ അവനോട് മോശം ആയി ജസ്റ്റ് ഒന്ന് നോക്കിയിരുന്നെങ്കിലോ

അവൻ പിന്നേ ഉണ്ടാവില്ല ഇനു..... ഹൃദയം പൊട്ടി മരിച്ചേനെ..... അത്രയിഷ്ടം ആണ് നിന്നെയവന്ന്.....

അത് സത്യം ആണ് ബാബി.... ഫൈസ്ക്ക ചെയ്തതാ ശരി.... നിങ്ങൾ ഇവിടുന്ന് പോയാലും അവൻ നിന്നെ തേടി വരും.... ഈ ചാപ്റ്റർ ഇതോടെ അവസാനിക്കട്ടെ.

നാളെ ജന്നത് മെൻഷൻ നിന്നും ബാബി എന്നെന്നേക്കുമായി പോകുവല്ലേ. അപ്പൊ ഷഹി മുടക്കം വരാതിരിക്കാൻ ഇത് തന്നെ നല്ലത്..... റിസ ആശ്വസിപ്പിക്കാൻ പറഞ്ഞു.പോകാൻ നോക്കിയെങ്കിലും പെട്ടെന്ന് റിസ തിരിച്ചു വന്നു.

ഇനുവും ഇജുക്കയും തമ്മിൽ എന്തെങ്കിലും പ്രോബ്ലം ഉണ്ടോ.... ശരിക്കും എന്തിനാ ഇജുക്ക ഇങ്ങനെ ശൗട്ട് ചെയ്തത്.....

ധൃതിയിൽ പുറത്തേക്ക് പോകാൻ ഇറങ്ങിയത് ആയിരിക്കും... അതിന്റെ ദേഷ്യം പെട്ടെന്ന് കാണിച്ചു..... അല്ലാതെ ഇവർ തമ്മിൽ എന്ത് വഴക്ക് ഉണ്ടാകാന ഫൈസ് പറഞ്ഞു.....

എന്നാലും ഇജുക്ക....... അവൾ സംശയത്തോടെ അവരെ നോക്കി.

ഇജുക്കക്ക് പെട്ടന്ന് ദേഷ്യം വരും അങ്ങനെ തന്നെ സ്വഭാവം.... എന്നോട് മാത്രം ഇങ്ങനെ പാവത്തം കാണിക്കാർ ഉള്ളൂ. ഇന്ന് പെട്ടന്ന് ഉള്ള ദേഷ്യതിന്നു പറഞ്ഞുന്നു ഉള്ളൂ....

റിസ ഒന്ന് മൂളിക്കൊണ്ട് പുറത്തു പോയി.

❤️❤️❤️❤️

ഷഹീ കിടന്നിട്ടും ഉറക്കം വരാതെ റൂമിൽ നിന്നും ഇറങ്ങി ബാൽക്കാണിയിലേക്ക് ഇറങ്ങി. സ്വിമ്മിംഗ് പൂളിന് അടുത്ത് വെളിച്ചം കണ്ട അവൻ അങ്ങോട്ട് നോക്കിയത്.... ഇനായയെ കണ്ടു അവൻ ഞെട്ടലോടെ ടൈം നോക്കി... രണ്ട് മണി.

ഈ ടൈം അവൾ പൂളിൽ...... വാശിയോട് നീന്തുന്ന അവളെ കണ്ടു ഭയം ആയിരുന്നു അവന്ന് തോന്നിയത്.

നമുക്ക് ദേഷ്യം വാശി സ്ട്രെസ് ഒക്കെ ഉണ്ടാകുമ്പോ ഇഷ്ടം ഉള്ള കാര്യം ചെയ്ത മതി.... മനസ്സ് റിലക്സ് ആകും...

അയ്യോ വേണ്ടായേ ഉപദേശം.... അല്ല പറയുന്ന ആൾ എന്താ ചെയ്യാ...

എനിക്ക് അങ്ങനെ ടെൻഷൻ ഒന്നും ഉണ്ടവർ ഇല്ല.... എന്റെ ജുനു ഇത് വരെ സങ്കടപെടുത്തിട്ട് ഇല്ല.... ബട്ട് എനിക്ക് സ്വിമ്മിംഗ് ഇഷ്ടം ആണ്..... ഒരിക്കൽ നിങ്ങൾ കാരണം വല്ലാതെ സ്ട്രെസ് ഉണ്ടായിരുന്നു. അന്ന് ഫൈസ് കുളിക്കാൻ കൂട്ടിപോയി എന്തോ നീന്തി കഴിഞ്ഞപ്പോ നല്ല റിലക്സ് തോന്നി....

എപ്പോഴോ സംസാരത്തിനിടയിൽ കയറി വന്ന വാക്കുകൾ.... ഇനു ഈ ടൈം തനിച് ഇവിടെ അതിനർത്ഥം അവൾക്ക് പുറത്ത് പറയാൻ പറ്റാത്ത ടെൻഷൻ ഉണ്ടെന്ന് അല്ലെ..... ഫൈസ് അവിടെ കാണാഞ്ഞിട്ട് അവന്ന് വല്ലായ്മ തോന്നി..... അവളെയും നോക്കി ബാൽക്കാണിയിൽ തന്നെ ഇരുന്നു. എപ്പോഴോ ഉറക്കിലേക്ക് വീണു..

ആ വീടിനെയും അവരുടെ മനസ്സിനെയും ഇരുൾ വീഴ്ത്തി ആ രാത്രിയും കടന്നു പോയി.

❤❤❤❤

ഷഹി ഒരുപാട് ആലോചനകൾക്ക് ശേഷം ഇനുവിന്റെ റൂമിലേക്ക് പോയി.... അനുവാദം ചോദിക്കാതെ കയറിയ റൂമിൽ ആദ്യമായി അനുവാദത്തിന്ന് വേണ്ടി അവൻ കാത്തിരുന്നു.... ഫൈസ് ആയിരുന്നു വാതിൽ

തുറന്നത്.

ശഹിയെ കണ്ടു അകത്തേക്ക് തന്നെ പോകാൻ നോക്കിയതും അവൻ വിളിച്ചു.

ഭയ്യാ..... എന്നെ അനിയൻ ആയി കണ്ടില്ലെങ്കിലും ഞാൻ കണ്ടത് സഹോദരൻ ആയി തന്നെയാണ്. ഇനുവിനെ ഞാൻ സ്നേഹിച്ചിരുന്നു... അത് ഞാൻ നിഷേധിക്കുന്നില്ല എന്റെ പെണ്ണ്ന്ന് ഉറപ്പുള്ളോണ്ട സ്നേഹിച്ചത്... വിവാഹം കഴിഞ്ഞത് അറിഞ്ഞതും വേദനയോടെ മറക്കാൻ ശ്രമിച്ചിട്ടേ ഉള്ളൂ...

ഇനുവും അങ്ങനെ തന്നെയാണ്... അവൾക്ക് ഇജുവിനെക്കാളും ഒക്കെ ഇഷ്ടം എന്നെയാണ്.... അതൊരിക്കലും പ്രണയം അല്ല ഫൈസ്..... സ്നേഹം സൗഹൃദം സഹോദര്യം ഒക്കെ കലർന്നതാണ്..... അതിന്റെ ഒരു അധികാരത്തിലെ അവൾ എന്നോടും ഞാൻ അവളോട് പെരുമാറിയിട്ട് ഉള്ളൂ. നോട്ടം കൊണ്ടും സ്പർശം കൊണ്ട് പോലും ഞാൻ മറ്റൊരു കണ്ണോടെ അവളെ കണ്ടിട്ടില്ല. എന്നെ സ്നേഹിച്ചതിന്റെ പേരിൽ അവളെ വേദനിപ്പിക്കല്ലേ ഒരിക്കലും.അവളെ മുഖം ഒന്ന് വാടിയാൽ കണ്ണ് നിറഞ്ഞാൽ സഹിക്കില്ല എനിക്ക്. സ്വയം

വേദനിക്കുമെന്ന് എനിക്കറിയാം..... എന്നാലും വാക്ക് തരാ ഞാൻ.... ഞാൻ ഒരിക്കലും അവളെ കാണില്ല..... മിണ്ടില്ല....

മരണം വരെ ഒന്ന് ഓർക്കുക പോലും ചെയ്യില്ല.... മുന്നിൽ വന്നു പെട്ടാൽ പോലും

കാണാത്ത പോലെ നടന്നോളാം..... അവളെ സന്തോഷം മാത്രം എല്ലാവരും ആഗ്രഹിക്കുന്നള്ളു... ഈ രണ്ട് മൂന്ന് ദിവസം കൊണ്ട് തന്നെ ഈ വീടും വീട്ടുകാരും ജീവൻ ഇല്ലാത്ത പോലെയാണ് ..... എന്നെ സ്നേഹിച്ചതിന്റെ പേരിൽ വേദനിപ്പിക്കല്ലേ ഇനിയും അവളെ അവളെ..... ഇങ്ങനെ ശിക്ഷിക്കല്ലേ..... ഞങ്ങൾക്ക് ആ പഴയ ഇനുവിനെ വേണം..... അവളെ സന്തോഷം വേണം.... ഞാൻ പൊക്കോളാം ഈ വീട്ടിൽ നിന്നും......കരഞ്ഞു പോയിരുന്നു ഷഹി അതൊക്കെ പറഞ്ഞു കഴിയുമ്പോഴേക്കും.....

ഫൈസിന്റെയും കണ്ണുകൾ നിറഞ്ഞൊഴുകി. അവൻ ഇനുവിനെ നോക്കി കരച്ചിൽ പുറത്ത് വരാതിരിക്കാൻ അവൾ വാ പൊത്തിപിടിച്ചു നിൽക്കുന്നത് കണ്ടു.

ഫൈസ് കണ്ണുകൾ തുടച്ചു..... അവന്റെ മുഖത്ത് ദേഷ്യം കയറുന്നത് ഇനു കണ്ടു....

പോകണ്ടത് നീയല്ല ഷഹി...... അവന്റെ ഉറച്ച ശബ്ദവും മുഖത്തെ ഭാവ മാറ്റം കണ്ടു ഷഹി അവന്നെ തന്നെ നോക്കി. ഫൈസ് ശഹിയുടെ കയ്യിൽ പിടിച്ചു പുറത്തേക്ക് നടന്നു....

ഇനു ഓടി വന്നു അവന്റെ മുന്നിൽ നിന്നു.

വേണ്ട ഫൈസ്.... എന്ന് പറഞ്ഞു ഷഹിയുടെയും അവന്റെയും കൈ വിടുവിക്കാൻ നോക്കി.....

ഫൈസ് അവളെ കൈ ശഹിയുടെ കൈ വിടാതെ പിടിച്ചു മാറ്റി.....

അവൾ മുന്നിൽ നിന്നു...

മുന്നിൽ നിന്നും മാറ് ഇനായാ..... അവന്റെ ശബ്ദം ഉയർന്നു. ശഹിയും ഇനുവും ഞെട്ടലോടെ അവന്നെ നോക്കിയത്... ഷഹി ആദ്യം അയാണ് ഫൈസിയെ ഇങ്ങനെ കണ്ടത്..... അവന്ന് പോലും പേടി തോന്നി..... മുന്നിൽ മാറടി എന്നും പറഞ്ഞു അവളെ തള്ളിമാറ്റി റൂമിൽ നിന്നും ഇറങ്ങി

അവൻ താഴെ ഹാളിൽ വന്നതും ഉറക്കെ വിളിച്ചു

അമ്മിജാൻ........

രണ്ട് മൂന്ന് പ്രാവശ്യം ഉറക്കെ വിളിച്ചതും ജന്നത് മെൻഷൻ ഉള്ള എല്ലാവരും ഓടി വന്നിരുന്നു.....

എല്ലാവരും ദേഷ്യം പിടിച്ചു നിൽക്കുന്ന ഫൈസിയെയും അവൻ കൈവിടാതെ പിടിച്ച ശഹിയെയും നോക്കി....

എല്ലാവരും എത്തിയതും ഫൈസ് ശഹിയെ വിട്ടു.... ഇനുവിന്റെ കൈ പിടിച്ചു

അമ്മിജന്റെ മുന്നിൽ പോയി നിന്നു....

എന്റെ ഭാര്യയുടെ സന്തോഷം സമാധാനം മാത്രം ഞാൻ ആഗ്രഹിച്ചിട്ടുള്ളു.... ഞാൻ ജീവനോടെ ഉള്ളിടത്തോളം അത് അങ്ങനെ ഉണ്ടാവു.....ഞാൻ അവൾക്ക് വാക്ക് കൊടുത്തതാ അത്. ഇന്ന് അവൾക്ക് നിങ്ങൾ ഈ വീട്ടുകാരും കാരണം സങ്കടം മാത്രം ഉള്ളൂ.... അതിന്ന് ഒരു തീരുമാനം ഉണ്ടാക്കണം..... ശഹിയുടെ........ ബാക്കി പറയുന്നതിന്ന് മുന്നേ ഇജാസ് ഇടയിൽ കയറിപറഞ്ഞു

ഇവിടെ തീരുമാനം എടുക്കാനും പറയാനും ഞങ്ങൾ

ഉണ്ട്. പുറത്ത് നിന്ന് ഒരുത്തന്റെ ആവിശ്യം ഇല്ല.....

ഞാൻ പുറത്ത് നിന്ന് ഉള്ള ഒരുത്തൻ ആണെങ്കിൽ ഇവളോ..... ഇവൾ നിങ്ങളെ ആരുമല്ലേ.... ഇനുവിനെ ഇജുവിന്റെ മുന്നിലേക്ക് നിർത്തി അവൻ.....

പറ ഇജാസ് ഇതാരാ അപ്പോൾ.....

ഇവളും ഇവിടുത്തെ ആരും അല്ല..... ജന്നത് മെൻഷൻ ആയി ഇവൾക്ക് യാതൊരു ബന്ധം ഇല്ല. ഇനായ മെഹവിഷ് ആണ് അവൾ.....

എല്ലാവരും ഞെട്ടലോടെ ഇജാസിനെ നോക്കിയത്.....

ഇന്ന് വരെ എല്ലാവരും......സ്നേഹം കൊണ്ട് മൂടിയിരുന്ന ഇങ്ങനെ രണ്ട് സഹോദരി സഹോദരൻ മാർ ഇല്ലെന്ന് പറഞ്ഞുനടന്നിരുന്ന അത്ഭുതത്തോടെ മാത്രം നോക്കികണ്ട അവരെ ഇപ്പോൾ പകച്ചു നോക്കി നിന്നു പോയി...

ഇജാസ് ബാക്കികൂടി പറഞ്ഞത് കേട്ടതും ഷഹി ദേഷ്യം കൊണ്ട് വിറച്ചിരുന്നു.... ഇജാസിന്റെ ഷർട്ടിൽ പിടിച്ചു വലിച്ചു.

കൂടെ നിന്നു ചതിക്കുന്നോ.....

ഒന്ന് നിർത്തുന്നുണ്ടോ എല്ലാവരും.... അമ്മിജന്റെ

ശബ്ദം ഉയർന്നു അവിടെ...

❤️💔INVISIBLE LOVE 💔❤️

Love after💘 marriage (part 93)

നിന്റെ ഭാര്യയുടെ സങ്കടം തീർക്കേണ്ടത് നീ തന്നെയാണ്.... പക്ഷേ അത് ഈ വീട്ടിൽ വെച്ചല്ല വീടിന് പുറത്ത്..... ഈ വീട്ടിലേ ആരുമല്ലാത്ത നിനക്ക് ഇവിടെ സംസാരിക്കാനുള്ള അവകാശം ഇല്ല...

ഇവിടെ തീരുമാനം എടുക്കാനും നടപ്പിലാക്കാനും ഞാൻ ഉണ്ട്...

എനിക്ക് അവകാശം ഇല്ലെങ്കിലും എന്റെ ഭാര്യക്ക് അവകാശം ഉണ്ട് ഇവിടെ.....

നിന്റെ ഭാര്യക്ക് അവകാശം ഇല്ല...... കാരണം അവൾ ഇപ്പോൾ ജന്നത് അല്ല. ഇനായ മെഹവിഷ് മാത്രം ആണ്.....

അത് കൊള്ളാലോ.....സ്വത്തുക്കൾ മുഴുവൻ ഇവളെ പേരിൽ ഉള്ളപ്പോൾ ഇവൾക്ക് അവകാശം ഇല്ലന്ന് പറഞ്ഞ.. ഫൈസ് പുച്ഛത്തോടെ അവനെ നോക്കി.

അലക്സ്..... ഇജാസ് വിളിച്ചതും അലക്സ് കുറച്ചു പേപ്പർ ഇജാസിന് കൊണ്ട് കൊടുത്തു.

ഇവൾക്ക് ഈ വീട്ടിൽ ഒരവകാശം ഇല്ലെന്നു തെളിയിക്കുന്ന ഡോക്യുമെന്റസ് ആണ്... ഈ മുഴുവൻ സ്വത്തുക്കളുടെയും അവകാശി ഞാൻ മാത്രം ആണ്. വേണമെങ്കിൽ നോക്കാം.... ഇജാസ് ഫൈസ്നേരെ നീട്ടി....

ഷഹീ തട്ടിപ്പറിക്കുന്നത് പോലെ അത് പിടിച്ചു വാങ്ങി നോക്കി.... വായിച്ചു കഴിഞ്ഞതും ദേഷ്യത്തോടെ ഇജുവിന്റെ ഷർട്ടിൽ കുത്തിപ്പിടിച്ചു...

കൂടെ നിന്നു ചതിക്കുന്നോ....

ഇജു അവന്റെ കൈ തട്ടിയെറിഞ്ഞു

എവിടുന്നോ വന്നുകയറിയ ഒരുത്തിക്ക് സ്വത്തുക്കൾ വിട്ടുകൊടുക്കാൻ മാത്രം വിഡ്ഢിയല്ല ഞാൻ.....

എവിടുന്നോ കയറി വന്നവളോ..... അവൾ ഇജുക്കന്റെ ആരും അല്ലേ അപ്പോൾ.... ഷഹി ഞെട്ടലോടെ ചോദിച്ചു.

എന്റെ ആരും അല്ല..... സ്വത്തുക്കൾ എന്റെ പേരിൽ ആക്കാൻ വേറെ വഴിയില്ലത്തോണ്ട് സ്നേഹം നടിച്ചു ഇങ്ങോട്ട് കൊണ്ട് വന്നു. എല്ലാം എന്റെ പേരിലേക്ക് എഴുതിച്ചു... ഇനി ഇവളെ കൊണ്ട് എനിക്ക് എന്ത്

ആവിശ്യം....

ഫൈസ് എന്തോ പറയാൻ നോക്കിയതും ഇനു ആ കയ്യിൽ മുറുക്കെ പിടിച്ചു.....

അവൻ അവളെ നോക്കി.... ഒന്നും പറയല്ലെന്നു കണ്ണുകൾ കൊണ്ട് കാണിച്ചു

നിറഞ്ഞൊഴുകുന്ന കണ്ണുകൾ കണ്ടു അവന്ന് ദേഷ്യം വന്നെങ്കിലും അവൻ തിരിച്ചു അവളെ കൈ മുറുക്കെ പിടിച്ചു അമർഷം കടിച്ചമർത്തി....

അവൾ ഫൈസിയുടെ കൈ വിട്ടു ഇജുവിന്റെ അടുത്തേക്ക് പോയി....

ഇജുവിന്റെ കൈ എടുത്തു അവളെ കൈക്കുള്ളിൽ പൊതിഞ്ഞു പിടിച്ചു.

സ്വത്തുക്കൾ ഒന്നും ഇത് വരെ മോഹിച്ചിട്ട് ഇല്ല.... എനിക്ക് വേണ്ട ഒന്നും...ഇജുക്കന്റെ ആരുമല്ലെന്ന് മാത്രം പറയല്ലേ..... അത് മാത്രം സഹിക്കാൻ പറ്റില്ല എനിക്ക്. കരച്ചിൽ വന്നു വാക്കുകൾ ഇടറിയിരുന്നു...

ഇജു ആ കൈ തട്ടിയെറിഞ്ഞു തിരിഞ്ഞു നിന്നു..

ആ വീട്ടിൽ ഉള്ളവർ മുഴുവൻ ഞെട്ടിത്തരിച്ചു നിന്നെ ഉള്ളൂ. ആർക്കും വിശ്വസിക്കാൻ

കഴിയുന്നുണ്ടായിരുന്നില്ല ഇജുവിന്റെ ആ മാറ്റം.....

റാബിയ മുന്നോട്ട് വന്നു എന്താ ഇജു ഇതൊക്കെ...... നീ ചതിക്കരുന്നോ എല്ലാരേയും.....

ഹൈദർന് ഒരു മകൻ മാത്രം ഉള്ളൂ ഇജാസ് ഹൈദർ..... ഈ സ്വത്തുക്കൾക്കും അവകാശം എനിക്ക് ഉള്ളൂ...... പറഞ്ഞു കഴിയുന്നതിന്ന് മുന്നേ റാബിയ അവന്റെ മുഖത്ത് ആഞ്ഞടിച്ചു....

ഈ വീട്ടിലേ അവകാശം അധികാരം തീരുമാനിക്കേണ്ടത് അമ്മിജൻ ആണ് അല്ലാതെ നീയല്ല. അവൾ ഈ വീട്ടിലേ അല്ലെങ്കിൽ നീയും ഹൈദറിന്റെ മകൻ അല്ല.അവരുടെ ശബ്ദം ഉയർന്നിരുന്നു.....

എന്റെ തീരുമാനം തന്നെ ആണിത്..... ഞാൻ പറഞ്ഞിട്ട ഇജാസ് ഇതൊക്കെ ചെയ്തതും..... പുറത്തു നിന്നുള്ള ഒരാൾക്ക് സ്വത്തുക്കൾ വിട്ടുകൊടുക്കാൻ എനിക്കും സമ്മതം അല്ല...... അമ്മിജാൻ പറയുന്നത് കേട്ടു എല്ലാവരും ഞെട്ടിവിറങ്ങലിച്ചു നിന്നു.

ഈ വീട്ടിൽ ഒരു സ്ഥാനം ഇല്ലെന്ന് മുഖത്ത് നോക്കി പറഞ്ഞത് കേട്ടല്ലോ ഇനിയും ഇവിടെ നിൽക്കണോ

നിനക്ക്....ഫൈസ് ശബ്ദം ഉയർത്തി ഇനുവിനോട് ചോദിച്ചു

അവൾ വേണ്ടെന്ന് തലയാട്ടി...

എല്ലാവരെയും ആക്റ്റിംഗ് നന്നായിരുന്നു.

അതിനുള്ള മറുപടി പറയാൻ അറിയാഞ്ഞിട്ടല്ല. ദാ ഈ നില്കുന്നവൾക്ക് വേണ്ടി ഈ അപമാനം കൂടി അങ്ങ് സഹിക്കുന്നു. ഇനുവിനെ ചേർത്ത് പിടിച്ചു പറഞ്ഞു.

ആട്ടിയിറക്കി വിടുന്നതിനു മുൻപ് സ്വയം ഇറങ്ങുവാ. ഇന്ന് ഇപ്പൊ ഈ നിമിഷം മുതൽ ജന്നത് ആയുള്ള എല്ലാ ബന്ധം ഞാനും അവളും ഉപേക്ഷിക്കുകയാണ്. ഇനിയൊരിക്കലും ജന്നത് എന്നുള്ള പേര് പോലും ആരും വിളിച്ചു ഞങ്ങളുടെ മുന്നിൽ വന്നുപോകരുത്..... ദേഷ്യം കൊണ്ട് വിറച്ചിരുന്നു അവൻ.....

ഫൈസി അവളുടെ കയ്യിൽ പിടിച്ചു എന്തെങ്കിലും എടുക്കാൻ ഉണ്ടെങ്കിൽ എടുക്ക്. നമുക്ക് പോകാം......

അവൾ അനങ്ങാതെ നിന്നെ ഉള്ളൂ.... ഫൈസ് അവളെ കയ്യിൽ പിടിച്ചു  മുകളിലേക്ക് പോയി.

ഫൈസ് അവളെ നേർക്ക് നീട്ടിയ ഡ്രസ്സ് കണ്ടു അവളൊന്നു ഞെട്ടി.... ഫൈസിയെ ദയനീയമായി നോക്കി.... പോയി ഡ്രസ്സ് ചെയ്തു വാ......

അവൾ യന്ത്രികം പോലെ അത് വാങ്ങി.

താഴേക്കു ഇറങ്ങി വരുന്ന അവളെ കണ്ടു എല്ലാവരും കണ്ണ് മിഴിച്ചു അവളെ നോക്കി.

ഫൈസ് കൊടുത്ത വിവാഹ ഡ്രസ്സ് ആയിരുന്നു ഇട്ടിരുന്നത്. ഓർണമെൻറ്സ് പറയാൻ അവൻ അണിയിച്ച മഹർ മാത്രം

ജന്നതിന്റെതായ ഒന്നും കൊണ്ട് പോകുന്നില്ല..... ഇവളെ മാത്രം എനിക്ക് വേണ്ടു. ഇപ്പൊ ഈ നിമിഷം ഈ പടിയിറങ്ങിയ ഇവൾ ഇനായ ഫൈസ് അസ്കർ ആണ്.ഇനിയെന്നും അങ്ങനെ ആയിരിക്കും. പരിജയത്തിന്റെ പേര് പറഞ്ഞു പോലും ഇനിയൊരാളും ഞങ്ങളുടെ മുന്നിൽ പോലും വരരുത്. അവളുടെ കയ്യും പിടിച്ചു മുന്നോട്ട് നടന്നതും അവൾ ഒന്ന് നിന്നു പിന്നെ തിരിച്ചു വന്നു.

വിവാഹം കഴിഞ്ഞ ഭർത്താവിന്റെ വീട്ടില പെണ്ണിന്റെ സ്ഥാനം. ഇപ്പൊ ഞാൻ പോകുന്നത് എന്റെ ഭർത്താവിന്റെ വീട്ടിലേക്ക് ആണ്. അങ്ങനെയെ

കാണുന്നുള്ളൂ ഞാൻ ഈ പോക്കും. ഓർമ്മിക്കാൻ ഒരു പാട് നല്ല ഓർമ്മകൾ ഉണ്ട്. അത് മതി എനിക്ക് ഈ വീടിനെയും വീട്ടുകാരെയും ഓർക്കാൻ. അവൾ ഓരോരുത്തരുടെ അടുത്ത് പോയി യാത്ര ചോദിച്ചു. അമ്മിജന്റെ അടുത്ത് എത്തിയതും അവൾ കെട്ടിപിടിച്ചു ആ കവിളിൽ ചുംബിച്ചു. അവർ മുഖം തിരിച്ചു നിന്നു.

ഇജുവിന്റെ അടുത്ത് പോയെങ്കിലും അവൻ അവളെ നോക്കിയത് പോലും ഇല്ല. അവൾ അത് മൈന്റ് ചെയ്യാതെ അവന്റെ കയ്യിൽ പിടിച്ചു.

ഈ ലോകം മുഴുവൻ എതിർത്താലും ഞാൻ ഹൈദറിന്റെ മോളാണ്. എന്റെ ഇജുക്കന്റെ ജന്ന ആണ്....ജന്നത് മെൻഷനിലെ നീലകണ്ണിയാ ആ അവകാശം മാത്രം ഞാൻ ആർക്കും ഒരിക്കലും വിട്ടു കൊടുക്കില്ല. പക്ഷേ ഒരിക്കലും ആ അവകാശം പറഞ്ഞു ഞാൻ വരില്ല. നിങ്ങളും വരരുത് അതും പറഞ്ഞു അവൾ അവന്റെ മുഖം കയ്യിലെടുത്തു നെറ്റിയിൽ ചുണ്ടുകൾ അമർത്തി. അവൻ അപ്പോൾ തന്നെ തിരിഞ്ഞു മുകളിലേക്ക് കയറി പോയി.

ശഹിയോട് കണ്ണുകൾ കൊണ്ട് യാത്ര ചോദിച്ചു.

അവന്റെ കണ്ണുകൾ നിറഞ്ഞൊഴുകുന്നത് അവൾ കണ്ടു.

അവന്ന് തടയണം എന്നുണ്ടായിരുന്നു. എല്ലാവരെയും എതിർത്തു അവളെ ചേർത്ത് പിടിക്കാനും ഞാനും കൂടെ വരും എന്ന് പറയാനും മനസ്സ് മുറവിളി കൂട്ടുന്നുണ്ടായിരുന്നു. ഫൈസ് ഇന്നലെ പറഞ്ഞ വാക്കുകളിൽ അവൻ തറഞ്ഞു നിന്നു. താൻ കാരണം അവളെ ജീവിതത്തിൽ ഇനിയും വേദന നിറക്കാൻ അവന്ന് തോന്നിയില്ല. എന്നെന്നേക്കുമായി അവൾ വിട്ടുപോകുന്നത് എന്നോർമയിൽ അവന്റെ നെഞ്ച് കീറിമുറിയുന്ന വേദന തോന്നി അവന്ന്.

ഫൈസിയുടെ കയ്യും പിടിച്ചു അവൾ ആ പടിയിറങ്ങി. രാജകുമാരിയെ പോലെ കൈപിടിച്ച് കയറിയവൾ അനാഥയെ പോലെ പടിയിറങ്ങുന്നത് കണ്ടു എല്ലാവരും കരഞ്ഞു പോയിരുന്നു. അമ്മിജാനോടും ഇജുവിനോടും എല്ലാർവർക്കും ദേഷ്യവും വെറുപ്പ് തോന്നി

അവരുടെ കൂടെ റിസയും ഉണ്ടായിരുന്നു.

യാഷ് ഓടിവന്നു അവളെ കെട്ടിപിടിച്ചു.

പിന്നേ ഫൈസിയെയും.

ആർക്ക് വേണ്ടെങ്കിലും എനിക്ക് വേണം രണ്ടാളെയും..... ആട്ടിയോടിച്ചാലും സാരമില്ല ഞാൻ വരും കാണാൻ.... അതും പറഞ്ഞു അവൻ തിരിച്ചു പോയി.

ഫൈസി ആരെയും നോക്കാതെ കാറിൽ കയറി.... ഇനു ഒരിക്കൽ കൂടി ആ വീടും അവരെയും നോക്കി കാറിൽ കയറി.

❤️❤️❤️❤️

ഒരു മണിക്കൂർ ആയി ഇങ്ങനെ ഇരിക്കാൻ തുടങ്ങിയിട്ട് എന്താ ഇനി നിങ്ങളുടെ തീരുമാനം റിസ ഫൈസിയെയും ഇനുവിനെയും നോക്കി ചോദിച്ചു.

അത് നിന്റെ ബാബിയോട് ചോദിക്ക് ചത്തശവം പോലെ ഇരിക്കുന്ന കണ്ടില്ലേ അവൻ ദേഷ്യത്തോടെ കാറിൽ ആഞ്ഞടിച്ചു....

ഇനു കാൽ മുട്ടിൽ  മുഖം പൂഴ്ത്തി അതേ ഇരിപ്പ് ഇരുന്നു.

ശരിക്കും ഇപ്പൊ എന്താ അവിടെ സംഭവിച്ചത് എല്ലാരേം വെറുപ്പിച്ചു എന്തെങ്കിലും വഴക്ക് ഉണ്ടാക്കി

ആ വീട്ടിൽ നിന്നും ഇറങ്ങണം എന്നല്ലേ നമ്മുടെ പ്ലാൻ. അതിന്ന് തുടക്കം ആയി ഫൈസ്ക്ക ഇന്നലെ ഷഹിയുമായി ഉടക്ക് ഉണ്ടാക്കുകയും ചെയ്തു. പിന്നെ ഇപ്പൊ ഇജുക്കയും അമ്മിജാൻ എങ്ങനെ ഈ സ്ക്രിപ്റ്റിൽ വില്ലൻ ആയി വന്നേ റിസ താടിക്ക് കയ്യും കൊടുത്തു രണ്ടാളെയും നോക്കി.

ഷഹി രാവിലെ തന്നെ അങ്ങനെയൊക്കെ പറഞ്ഞപ്പോൾ എനിക്ക് ശരിക്കും സങ്കടം വന്നു. സത്യം എല്ലാവരോടും പറയാനാ ഞാൻ അവരെയൊക്കെ വിളിച്ചത്. പിന്നീട് ഉണ്ടായതിൽ എനിക്ക് യാതൊരു മനസ്സറിവ് ഇല്ല. കിട്ടിയ ചാൻസിന് അവളെയും കൂട്ടി ഇറങ്ങി അതേ ഞാൻ ചെയ്തിട്ട് ഉള്ളൂ....

ദൃശ്യം ടു വിൽ വരുണിന്റെ സ്കൽട്ടൻ അല്ല എന്നറിഞ്ഞപ്പോ ഉണ്ടായ അതേ ഷോക്കിൽ ആണ് ഞാനിപ്പോ..... എന്താ സംഭവിച്ചെന്ന് നോ ഐഡിയ.

ശരിക്കും ഇജാസ് സ്വത്തിനു വേണ്ടിയാണോ ബബിയെ സ്നേഹിച്ചത്. എല്ലാം ആക്റ്റിംഗ് ആയിരുന്നോ... വിശ്വസിക്കാൻ പറ്റുന്നില്ല എനിക്കിപ്പോഴും ഒന്നും.

സ്വത്തിനു വേണ്ടി മാതാപിതാക്കളെ വരെ തള്ളിപ്പറയുന്നു അപ്പോഴാ പെങ്ങൾ. ഇജാസിന് രണ്ട് കൊടുക്കാനുള്ള ദേഷ്യം ഉണ്ടായിരുന്നു ഇവൾ തടഞ്ഞോണ്ട ഞാൻ മിണ്ടാണ്ട് ഇരുന്നേ.ഫൈസിക്ക് ദേഷ്യം തീരുന്നില്ലായിരുന്നു.

ഇതിപ്പോ രോഗി ഇച്ഛിച്ചത് പാല് വൈദ്യർ കല്പിച്ചത് പാല്.... അതോണ്ട് ഈ ചാപ്റ്റർ ഇവിടെ ക്ലോസ് ചെയ്തേക്ക്. ഇനി ഇതിന്റെ പിറകെ ആരും പോകണ്ട. എന്റെ ഇജുക്ക എന്താണെന്നും എങ്ങനെ ആണെന്ന് എനിക്കറിയാം അത് മതി. ഇനു മുഖം ഉയർത്തി പറഞ്ഞു.

റിസ ഒന്ന് മൂളുകമാത്രം ചെയ്തു.

നിങ്ങൾ എന്താന്ന് വെച്ച തീരുമാനിക്ക്. എന്നിട്ട് എന്നെ വിളിച്ചു പറയണം. ഞാൻ പോവ്വാ ഇനി നിങ്ങൾ ആയി നിങ്ങളെ പാട് ആയി. അവൾ അതും പറഞ്ഞു ബാഗ് എടുത്തു പുറത്ത് ഇറങ്ങി....

ടീ നിരാശകാമുകി ചാകാൻ പോക്കാണെങ്കിൽ ഒരു മെസ്സേജ് അയക്കണേ ഫൈസ് പിറകിൽ നിന്നും വിളിച്ചു പറഞ്ഞു....

ഓഹ് പിന്നെ ആ കൊരങ്ങനെ കിട്ടാതെന്ന് ചാവാൻ

എന്റെ പട്ടി പോകും...

ഞാൻ വീട്ടിലേക്ക് പോവ്വാ..... ഇന്നൂടി വീട്ടിൽ കേറിയില്ലെങ്കിൽ പോരാളി നേരിട്ട് വരുന്ന ഭീഷണി.... അവൾ വിളിച്ചു പറഞ്ഞോണ്ട് പോയി...

നിരാശകാമുകിയോ..... ഇനു ഫൈസിയെ നോക്കി കണ്ണ് മിഴിച്ചു.....

ശഹിയെ ഇഷ്ടം ആയിരുന്നു.... അത് പറയാൻ ഇരുന്നപ്പോഴാ അവൻ നൈഹായെ ഇഷ്ടം ആണെന്ന് പറഞ്ഞത്

തുറന്നു പറഞ്ഞില്ലെങ്കിലും എനിക്ക് അറിയാം അവളെ മനസ്സിൽ നല്ല സങ്കടം ഉണ്ട്....

ഇങ്ങനെ ഒക്കെ നടന്നോ ഇതിന്റെ ഇടയിൽ.....

ഒരുകണക്കിന് ഷഹിയെ ഇവളെ കൊണ്ട് കെട്ടിച്ച മതിയാരുന്നു. ഇറക്കി വിടുമ്പോ ആ ഷഹിയെയും കൂടെ കൂട്ടായിരുന്നു... നമുക്ക് ഒരു കൂട്ടാകുമായിരുന്നു അവൻ ഒരു ദീർഘനിശ്വാസത്തോടെ പറഞ്ഞു.

ദേഷ്യം ഉണ്ടോ ഇജുക്കനോട്...

അതിനെപറ്റി നമുക്കിനി സംസാരിക്കേണ്ട ഫൈസ്...അതിന്റെ പിന്നിലെ സത്യാവസ്ഥ അറിയണ്ട.

എന്റെ മനസ്സിൽ എന്റെ ഉപ്പാന്റെ സ്ഥാനം തന്നെയാണ് ഇജ്ജുക്കക്ക്. അതങ്ങനെ തന്നെ ഇരുന്നോട്ടെ. ചിലപ്പോൾ സത്യം ആണെങ്കിൽ സഹിക്കാൻ പറ്റില്ല എനിക്ക്.

അത് പറയുമ്പോൾ അവൾ പൊട്ടിക്കരഞ്ഞു പോയിരുന്നു.

അവൻ കൈ നീട്ടിയതും അവൾ അവന്റെ നെഞ്ചിൽ മുഖം അമർത്തി കെട്ടിപിടിച്ചു.

അവൻ അവളുടെ തലയിലൂടെ തലോടി.

അവളുടെ കരച്ചിൽ അടങ്ങിയതും അവൾ അകന്നുമാറി.

പോകാം.....

എങ്ങോട്ട്

ഞാൻ പറഞ്ഞ പോലെ.... ഞാനും നീയും മാത്രം ആയി.... ആരും അറിയാത്ത നമ്മുടേത് മാത്രം ആയ ഒരു ലോകത്തിലേക്ക്....

അവൻ അതിന്ന് മറുപടി പറയാതെ അവളുടെ കയ്യിൽ പൊതിഞ്ഞു പിടിച്ചു.

എനിക്ക് ഒരു കാര്യം പറയാൻ ഉണ്ട്.

അവൾ അവനെ തന്നെ നോക്കി...

നീ ജുനുവിന് വേണ്ടിയാ ജീവിച്ചത് ഇപ്പൊ ഇജുവിന് വേണ്ടിയും.... ഇനി എനിക്ക് വേണ്ടി എനിക്ക് മാത്രം ആയി ജീവിച്ചോടെ..... എന്റെ മാത്രം ആയി എന്റെ വീട്ടിലേക്ക് വന്നോടെ......

പുര കത്തുമ്പോ വാഴ വെട്ടാൻ നോക്കാണല്ലേ അവൾ ചെറു ചിരിയോടെ അവന്നെ നോക്കി പറഞ്ഞു....

അങ്ങനെ ചോദിച്ച അത് സത്യം തന്നെയാണ്. നിന്നെ സ്നേഹിക്കാൻ നിനക്ക് സ്നേഹിക്കാൻ എത്ര പേരാ. അവരെയൊക്കെ നടുവിൽ എനിക്ക് ഒരു വിലപോലും കിട്ടാറില്ല. എന്തിന് എന്നെ നീ ശ്രദ്ധിക്കാർ പോലും ഇല്ല.... ഇജു ജുനു ഷഹി ഇവരെ വിട്ടു നിനക്ക് ഒരു ലോകം ഇല്ലെന്ന് അറിയാം എന്നാലും എന്റെ മാത്രം ആയി ആരും അവകാശം പറയാൻ വരാതെ എന്റെ സ്വന്തം ആയി എനിക്ക് വേണം നിന്നെ....

അസൂയ കുശുമ്പ് തീരെ ഇല്ലല്ലേ....

എങ്ങനെ കരുതിയാലും സാരമില്ല. എന്റെ മാത്രം ആയി മാറിക്കൊടെ നിനക്ക്..... സങ്കടങ്ങൾ ഒകെ

മാറ്റി വെച്ചു.... ജന്നത് എന്ന് പോലും ഓർക്കാതെ എനിക്ക് മാത്രം ആയി എന്റെ മാത്രം ഇനുവായി ജീവിച്ചോടെ..... എന്റെ ഏറ്റവും വലിയ സ്വപ്നം ആയിരുന്നു എന്റെ ഉപ്പന്റെയും ഉമ്മന്റേയും ഓർമ്മകൾ മാത്രം ഉള്ള ആ വീട്ടിൽ നിന്റെ കൂടെ താമസിക്കണം എന്ന്

എന്നെ അവരുടെ കൂടെ വളർത്താൻ കൂട്ടി പോകുമ്പോ ഴും ഞാൻ ഒന്നേ പറഞ്ഞിട്ട് ഉള്ളൂ ഞാൻ ആ വീട്ടിൽ മാ ത്രം താമ സിക്കുകയുള്ളുന്ന്..... എന്റെ ഉമ്മാന്റെയും ഉപ്പന്റെയും കൂടെ ജീവിച്ച നല്ല ഒൽമ്മ കൾ ഉണ്ട് അവിടെ. എന്റെ കൂടെ അവരും ഉണ്ട് അവിടെ. നിന്നെ നഷ്ടപെടു ന്നു അവസ്ഥ വന്നപ്പോഴാ ഞാൻ ജന്നത്തിൽ താമസിക്കാൻ സമ്മതിച്ചത് പോലും.

അവൾ അവന്റെ മുഖത്തെക്ക് തന്നെ നോക്കി.... യാജന ആയിരുന്നില്ല ആ കണ്ണുകളിൽ..... ഞാൻ സമ്മതിക്കും എന്നുള്ള പ്രതീക്ഷ ആയിരുന്നു.പ്രണയം തുടിക്കുന്ന ആ കണ്ണുകളിൽ നോക്കി മറുത്ത് പറയാൻ അവൾക്ക് തോന്നിയില്ല..... ഇത്രയും കാലം ജീവിച്ചത് ജുനുവിനും ഇജുക്കക്ക് വേണ്ടി തന്നെയാണ്..... അതിന്റിടയിൽ ഇവൻ

എപ്പോഴും പിറകിൽ തന്നെ ആയിരുന്നു.

ഇതായിരിക്കും എന്റെ ജീവിതത്തിലെ നിയോഗം.... അതിന്ന് വേണ്ടി ആയിരിക്കും ഇങ്ങനെ ഒക്കെ സംഭവിച്ചതും അവൾ സ്വയം ആശ്വസിച്ചു.

അവൻ പ്രതീക്ഷയോടെ അവളെ വീണ്ടും നോക്കി.

അവൾ പുഞ്ചിരിച്ചു കൊണ്ട് കണ്ണടച്ചു കാണിച്ചു. അവൻ അവളെ മുഖം കയ്യിലെടുത്തു മുഖം മുഴുവൻ ചുംബനങ്ങൾ കൊണ്ട് മൂടി.... പിന്നെ ഇറുക്കെ കെട്ടിപിടിച്ചു.... അതിൽ അടങ്ങിയിരുന്നു അവന്റെ സന്തോഷം മുഴുവൻ..... ഇനി ഇവൻ മാത്രം ആണ് എന്റെ ലോകം എന്ന സത്യത്ത അവളും

അംഗീകരിച്ചിരുന്നു..... പെട്ടന്ന് ഇർഫാൻ എന്ന് ഓർമ വന്നതും അവൾ വിറങ്ങലിച്ചു നിന്നു..... അവന്റെ സന്തോഷം തുടിക്കുന്ന

മുഖം കണ്ടപ്പോൾ കൊടുത്തവാക്ക് തിരിച്ചു എടുക്കാനും കഴിയാതെ അവൾ നിസ്സഹായായി.

❤❤❤❤

വീട്ടിൽ കയറുമ്പോഴേ കണ്ടു പുഞ്ചിരിയോടെ വാതിക്കൽ നിൽക്കുന്ന ഇർഫാനെ.... അവളുടെ

മുഖം ഇരുണ്ടുവെങ്കിലും ബാക്കിയുള്ളവരെ കണ്ടു മുഖത്ത് പുഞ്ചിരി വരുത്തി....

കുറച്ചു ദിവസം അവിടെ താമസിക്കാൻ വന്നത് എന്നായിരുന്നു ഫൈസ് പറഞ്ഞത്

പതുക്കെ നമുക്ക് സത്യം പറയാം. ടെക്സ്റ്റയിൽസ് പോയി ഡ്രസ്സ് മാറിയിരുന്നു അവൾ.

അവൾ ഒന്ന് ചിരിച്ചെന്ന് വരുത്തി അകത്തേക്ക് പോകാൻ നോക്കിയതും ഇർഫാൻ കൈ വെച്ചു തടഞ്ഞു.

നീ അവിടെയും ഞാൻ ഇവിടെയും കഴിഞ്ഞ എന്താ ഒരു ത്രില്ല്.... എന്റെ കണ്മുന്നിൽ എത്തിക്കാൻ ഇച്ചിരി കഷ്ടപ്പെട്ടു. എന്നാലും സാരമില്ല ഞാൻ ഇപ്പോൾ ഒരു പാട് ഹാപ്പിയാണ്. എന്റെ പെണ്ണ് എന്റെ കൂടെ എന്റെ വീട്ടിൽ..... അവൻ പതുക്കെ ഒരു പുഞ്ചിരിയോടെ പറഞ്ഞു....

അവൾ ഞെട്ടലോടെ അവനെ നോക്കി.

ഇവന്ന് എന്തെങ്കിലും പങ്കുണ്ടോ ഇതിൽ. ഇവൻ കഷ്ടപ്പെട്ടു പറയുമ്പോൾ ഞാൻ ജന്നത്തിൽ നിന്നും ഇറങ്ങിയതിന്ന് പിന്നിൽ ഇവന്റെ കൈകൾ ഉണ്ടോ.

ചുമ്മാ ഒരു പഞ്ച് ഡയലോഗ് പറഞ്ഞതിന്ന് നീ ഇങ്ങനെ വിയർക്കാതെ ഇനു. നീ ചിന്തിച്ച പോലെ ഞാൻ ഒന്നും ചെയ്തിട്ടില്ല. റിസ പറഞ്ഞതാ അവിടെ നടന്നത് മുഴുവൻ....

അവൾക്ക് അപ്പോഴാ ശ്വാസം വീണത്.

ജന്നത്തിൽ നിന്നും ഇറക്കിവിട്ടതിന്റെ  ക്ഷീണം തീർക്ക് നീ.... ഇതിന്റെ ക്ഷീണം തീർന്നിട്ട് വേണം ഇവിടെ നിന്നും എന്നെന്നേക്കുമായി എന്റേത് മാത്രം ആയി ഇറങ്ങുവാൻ....

അവൾ പുച്ഛത്തോടെ അവനെ നോക്കി.

ഇനായ ഫൈസ് അസ്കർ മരണം വരെ അങ്ങനെ തന്നെ ആയിരിക്കും. അതും പറഞ്ഞു അവൾ അകത്തേക്ക് നടന്നു....

അവൾ പോകുന്നത് നോക്കി അവൻ നിന്നു. നിന്നെ ജന്നത്തിൽ നിന്നും പടിയിറക്കാൻ എനിക്ക് കഴിഞ്ഞെങ്കിൽ ഫൈസിയുടെ ജീവിതത്തിൽ നിന്നും ഇടക്കിവിടാൻ നിഷ്പ്രയാസം പറ്റും അവൻ ചിരിയോടെ മനസ്സിൽ പറഞ്ഞു.

❤️❤️❤️❤️

റാനി അവളെ കയ്യിലെ ഇജാസ് എന്ന് പേരെഴുതിയ മോതിരം നോക്കി ഇരുന്നു.

അർഹതഇല്ലാത്തതെന്ന് അറിയുന്നത് കൊണ്ട് തന്നെ അവൾക്ക് മോതിരം ഇട്ടിടത് പൊള്ളുന്ന പോലെ തോന്നിയത്.

ഒരിക്കലും ഇജുവിന്റെ നിലക്ക് വിലക്കും പറ്റിയതല്ല ഞാൻ എന്ന് അറിയാം..... അവരെ വീടിന്റെ മുറ്റം ചവിട്ടാൻ പോലും യോഗ്യത ഇല്ലെന്ന് അറിയാം..... ഇനുവിനെ ഓർത്തു മാത്രം ആണ് സമ്മതിച്ചത്. ഓർമവെച്ച നാൾ മുതൽ കൂടെയുള്ളവളാണ്. അവൾ ചെയ്തു തന്ന സഹായങ്ങൾക്ക് തിരിച്ചു ജീവൻ കൊടുത്താലും മതിയാകില്ല. എന്റെ സിനുവിന്റെ ജീവൻ തന്നെ അവൾ തന്നതാണ്..... എന്ത് ചെയ്യണം അറിയാതെ അവൾ ദയനീയമായി മോതിരം നോക്കി നിന്നു. അവൾക്ക് ഇജാസ് കാണാൻ വന്നത് ഓർമ വന്നു. രണ്ട് മൂന്ന് പ്രാവശ്യം കോളേജിൽ വന്നിനെങ്കിലും കാണാതെ മുങ്ങി നടന്നു.... ഒരുപ്രാവശ്യം മുന്നിൽ പെട്ടതും ഒറ്റ ഓട്ടം ആയിരുന്നു.... വേണമെന്ന് വെച്ചിട്ടല്ല ആ കലിപ്പന്റെ മുഖം കാണുമ്പോൾ തന്നെ ശരീരം വിറക്കും. ഉറക്കത്തിൽ പോലും ഞെട്ടുന്നുണ്ടോ എന്നാണ്

ഇപ്പൊ സംശയം. ഇത്രയും മൊഞ്ചുള്ള മുഖത്ത് ഇങ്ങനെ ദേഷ്യം വരുന്നത് എങ്ങനെ ആണാവോ....

നദീം വിളിച്ചു ഒന്ന് കാണാൻ പറ്റുമോ എന്ന് പറഞ്ഞത് കൊണ്ടാണ് പോയത്. അവിടെ എത്തിയതും കൂടെ ഇജാസിനെ കണ്ടതും ഞെട്ടിപൊയി.

റാനിയ ദയവു ചെയ്തു ബോധം കെടുകയോ ഓടുകയോ ചെയ്യരുത് എനിക്ക് ഒരു കാര്യം പറയാൻ ഉണ്ട്. നീ എന്റെ മുന്നിൽ വരില്ലെന്ന് അറിയുന്നത് കൊണ്ട നദീംമിനെ കൊണ്ട് വിളിപ്പിച്ചത്.

എനിക്ക് ഈ വിവാഹത്തിന് സമ്മതം അല്ല. നീ എന്തെങ്കിലും പറഞ്ഞു ഇതിൽ നിന്നും ഒഴിവാകണം.... ജന്നയുടെ സ്വഭാവം അറിയാലോ വാശി പിടിച്ച അത് നടത്തിയിരിക്കും അത് കൊണ്ട് നീ തന്ന

അവളോട് പറയണം വിവാഹത്തിന് സമ്മതം അല്ലെന്ന്.

സാറിന് എന്നെ ഇഷ്ടം ആയില്ലേ അത് കൊണ്ടാണോ വിവാഹത്തിന് ഇഷ്ടം അല്ലാത്തത്.

എനിക്ക് വിവാഹത്തിനോട് താല്പര്യം ഇല്ല അത് കൊണ്ടാണ് പറയുന്നത്. എനിക്കൊരിക്കലും നിന്നെയെന്നല്ല പെണ്ണിനേയും വിവാഹം കഴിക്കാൻ പറ്റില്ല....

അതെന്താ സാറിന് വിവാഹം കഴിക്കാൻ പറ്റാത്ത ഫിസിക്കലി വല്ല പ്രശ്നം ഉണ്ടോ..... അതോണ്ടാണോ വിവാഹം കഴിക്കാതെ

അവൻ ഞെട്ടലോടെ നദീംമിനെ നോക്കി അവൻ ഒന്ന് ഞെട്ടിയിരുന്നു. പിന്നെ ചുണ്ടിൽ വിരിഞ്ഞ ചിരി അവൻ കടിച്ചു പിടിച്ചു ഇജുവിനെ നോക്കി.

എനിക്ക് അങ്ങനെ യാതൊരു പ്രശ്നം ഇല്ല....അവൻ അരിശം കടിച്ചു പിടിച്ചു...

അവൾ ഒരു നിമിഷം അവനെ തന്നെ നോക്കി.... സാർ അതാണല്ലേ.....

അവൾ ആലോചനയോടെ ചോദിച്ചു.

അതാണല്ലേ..... എന്ന് വെച്ച

ഈ പെണ്ണിനെ ഇഷ്ടം അല്ലെന്ന് പറയുമ്പോ.... ആണിനെ ഇഷ്ടം ആയിരിക്കും അല്ലേ....

നദീം ഇജുവും കണ്ണും മിഴിച്ചു അവളെ നോക്കി......

നീയെന്താ പറഞ്ഞു വരുന്നേ.....

അല്ല ഒരു പെണ്ണിനേയും വിവാഹം കഴിക്കില്ല പറയുമ്പോൾ സാർ ഒരു ഗേ ആണോന്ന് ചോദിച്ചതാ.....

ഇജാസ് പോയ കിളികൾ ഒക്കെ ഏതൊക്കെ വഴിക്ക് ആണെന്ന് നോക്കി.

സാർ പേടിക്കണ്ട ഞാൻ ആരോടും പറയില്ല.... ഞാൻ ഇനുവിനെ പറഞ്ഞു മനസ്സിൽ ആക്കിക്കൊള്ളാം ഇത്.... അവൾ നിഷ്കളങ്കമായി അവനെ നോക്കി പറഞ്ഞതും അവൾ ആക്കിയതല്ലെന്ന് നദീംമിന്ന് മനസ്സിലായി.

നദീം അത് കേട്ടതും പൊട്ടിച്ചിരിച്ചു പോയി.

അവൾ ചിരിക്കുന്ന അവനെ തന്നെ നോക്കി. പിന്നെ അബദ്ധം ആയോ എന്ന മട്ടിൽ ഇജാസിനെയും..... ഇജാസിന്റെ മുഖം ദേഷ്യം കൊണ്ട് വിറക്കുന്നുണ്ടായിരുന്നു.

നിന്റെ സംശയം മൊത്തത്തിൽ ഞാൻ തീർത്തു താരാടീ പുല്ലേ.... താണ് തരുമ്പോൾ തലയിൽ കേറുന്നോ കലിപ്പോടെ പറഞ്ഞു അവളെ

അടുത്തേക്ക് വന്നതും.... വെളിച്ചപ്പാട് കൊല്ലാൻ വരുന്നേ എന്ന് പറഞ്ഞു അവൾ ഓടിയിരുന്നു.....

അതോർത്തപ്പോൾ അവളെ ചുണ്ടിൽ

ഒരു ചെറു ചിരി വിരിഞ്ഞു..... അവന്റെ പേരെഴുതിയ മോതിരം കണ്ടതും അവളിലെ ചിരി മാഞ്ഞു.... എന്നെ ഇഷ്ടപെടാത്ത ഒരാളെ എങ്ങനെയാ സ്നേഹിക്കാൻ പറ്റുക. വിവാഹം കഴിക്കുക അതോർത്തതും അവളെ നെഞ്ചിൽ ഒരു പിടച്ചിൽ തോന്നി.

അറിയാതെ ആണെങ്കിലും അവനെ ഉള്ളിന്റെ ഉള്ളിൽ സ്നേഹിച്ചു തുടങ്ങിയൊന്നു അവൾ സംശയിച്ചു. അല്ലെങ്കിൽ വിവാഹത്തിന് സമ്മതം അല്ലെന്ന് അറിയുമ്പോൾ എന്തിനാ നെഞ്ചിലെ പിടപ്പ്.... അതിന്ന് ഉത്തരം കിട്ടാതെ അവൾ നിന്നു......

❤️💔INVISIBLE LOVE 💔❤️

LOVE AFTER MARRIAGE (Part 94)

അനിയന്റെ ഭാര്യ അനിയത്തിക്ക് തുല്യം ആണ് അത് പോലും മനസ്സിലാക്കാത്ത പിശാജ്..... അവൾ അരിശം കൊണ്ട് കണ്ണാടിയിൽ ആഞ്ഞു കുത്തി...

കൈ നന്നായി വേദനിച്ചു..... അവൾ കയ്യിൽ നോക്കി ഊതി കൊണ്ടിരുന്നു. ഉള്ളിൽ ഇർഫാനെ തെറിയും വിളിച്ചു.

നിന്റെ ദേഷ്യം കണ്ണാടിയോട് തീർത്തിട്ട് എന്ത് കാര്യം വൈഫി. അതെന്ത് തെറ്റാ ചെയ്തത് ഫൈസ് അവളെ കൈ എടുത്തു മെല്ലെ തടവികൊണ്ട് ചോദിച്ചു...

ഞാൻ ചുമ്മാ.... ഓരോന്ന് ഓർത്ത്.... അവൾ മുഖം തിരിച്ചു കയ്യിലേക്ക് തന്നെ നോക്കി.

അവൻ കൈ പിടിച്ചു നോക്കി..... ചുവന്നു തുടുത്തിട്ടുണ്ട്... അവൻ മെല്ലെ ഊതി കൊടുത്തു.

ജന്നത്തിലുള്ളവരോടുള്ള ദേഷ്യം  കണ്ണാടിയിൽ തീർത്താൽ നിന്റെ കയ്യും വേദനിക്കും എന്റെ കണ്ണാടി പൊട്ടുകയും ചെയ്യും എന്നല്ലാതെ അവിടുള്ളോർക്ക് ഒന്നും പറ്റില്ല....

നിന്റെ പുന്നാര ഇക്കനോടുള്ള ദേഷ്യം ആണ് തീർത്തത് അല്ലാതെ എന്റെ ജന്നത് ഉള്ളോരോട് അല്ല. അവിടെ ഉള്ളവർ എല്ലാം പാവം ആണ്. ഇവനെ പോലെ ആട്ടിൻ തോലിട്ട ചെന്നായയോട ദേഷ്യം pഅവൾ ഉള്ളിൽ പിറുപിറുത്തു....

പറയാൻ ഉള്ളത് ഉച്ചത്തിൽ പറ അല്ലാതെ പിറുപിറുത കേൾക്കില്ല...

കുന്തം.... എന്ന് പറഞ്ഞു കയ്യും വലിച്ചെടുത് അവൾ പോയി.

സങ്കടം കൊണ്ടാകും എന്നോർത്തു അവനും ഒരു ദീർഘനിശ്വാസത്തോടെ അവളെ നോക്കി.

❤️❤️❤️

ഇനു റംസിയെയും ഷബീറിനെയും എല്ലാവരെയും വിളിച്ചു കൊണ്ട് വന്നു. കുട്ടികളെ കൂടെ കൂടിയതും അവൾക്ക് കുറച്ചു ആശ്വാസം തോന്നി. ഇർഫാന്റെ മുന്നിൽ പെടാതെ ഒഴിഞ്ഞു മാറി നടന്നു. കൈക്ക് പ്ലാസ്റ്റർ ഉണ്ടെന്ന് ഉള്ളൂ ബാക്കിയൊക്കെ മാറിയിന്. എന്നാലും മുഖത്ത് ഒക്കെ കരുവാളിച്ചിട്ട് ഉണ്ട്. അബിയെ ഓർത്ത് അഭിമാനം തോന്നി. തന്റേടം ധൈര്യം ശക്തി ശാലിയും ആയുള്ള പെണ്ണ്. അവൾ അവളെ കൈ നോക്കി നല്ല സോഫ്റ്റ് ആണ് ഇത് വെച്ച് തല്ലിയ ഇജുക്ക പറയുന്ന പോലെ തലോടൽ ആയെ തോന്നു. ഒരു ജോലിയും ചെയ്യാത്തോണ്ട് ആവും ഇത്രയും സോഫ്റ്റ്. ആദ്യം ഉള്ള കയ്യുടെ ബലം പോലും ഇപ്പൊ ദേഹത്ത് ഉണ്ടോന്ന്

ആർക്കറിയാം....നിറം ഒക്കെ കുറഞ്ഞു കയ്യൊന്നും സോഫ്റ്റ് ഇല്ല പറഞ്ഞു റോസിതൾ മഞ്ഞൾ വേറെ എന്തൊക്കെയോ സുഗന്ധദ്രവ്യം ഒക്കെ കൊണ്ട് ആണ് ജന്നത്തിലെ കുളി. ഇജുക്കന്റെ സ്ട്രിക്റ്റ് ഓഡർ ആയോണ്ട് റാബിയുമ്മ അത് തെറ്റിക്കാർ ഇല്ല. ദേഹത്തൊക്കെ നല്ല സ്മെൽ ഉണർവ്വ് ഉണ്ടാകും. മുങ്ങാൻ കളിച്ച ഇജുക്ക വിടുകയും ഇല്ല. തടി കുറവാണ് പറഞ്ഞു ഫുഡ് പോലും ചിലപ്പോൾ വാരിത്തരും.... രാത്രി കുങ്കുമം ബദാം ഇട്ട പാല് കുടിപ്പിക്കുന്നതാ ഏറ്റവും സഹിക്കാത്തത്....

വയസ്സായാലും ഇങ്ങനെ തന്നെ നോക്കോ എന്നെ..... കെയറിങ് സഹിക്കാൻ പറ്റാതെ ആകുമ്പോൾ ദേഷ്യത്തോടെ ചോദിക്കും ചിലപ്പോൾ.

അതില്ല.... കുറച്ചു മാസം മാത്രം ഇങ്ങനെ നോക്കു

അതെന്താ കുറച്ചു മാസം പിന്നെ എന്നെ വേണ്ടേ

വേണ്ടല്ലോ എനിക്ക് നിന്നെക്കാൾ ഇഷ്ടം ഉള്ളോർ അപ്പൊ വരും. അത് വരെ നിന്നെ അഡ്ജസ്റ്റ് ചെയ്യുന്നു ഉള്ളൂ....

എന്നേക്കാൾ ഇഷ്ടം വേറാരൊടാ..... സങ്കടം കൊണ്ട് കണ്ണ് നിറഞ്ഞെങ്കിലും അത് പുറത്ത് കാണിക്കാതെ

നിന്നു

അതോ.... അത് കുറച്ചു മാസം കഴിയുമ്പോ എന്നെ അങ്കിൾ എന്ന് വിളിക്കാൻ ഒരു കൊച്ചു മിടുക്കനോ മിടുക്കിയോ വരും അത് വരെ നീ മതി.... അവർ വന്ന പിന്നെ എനിക്ക് നിന്നെ വേണ്ട.

അതേത് കുട്ടിയ വരുന്നേ ഞാൻ അറിഞ്ഞില്ലല്ലോ എന്നിട്ട്..... എന്നോടാരും പറഞ്ഞില്ലല്ലോ.....

ഇജു ദേഷ്യത്തോടെ അവളെ തലയിൽ ഒരു കോട്ട് കൊടുത്തു..... നിനക്ക് ജനിക്കാൻ പോകുന്ന കൊച്ചിന്റെ കാര്യപറഞ്ഞത് അല്ലാതെ മറ്റുള്ളവരെ കുട്ടിയുടെ കാര്യം അല്ല....

അവൾ ഇളിച്ചു കാണിച്ചു.... അതിന്ന് ആദ്യം കല്യാണം കഴിക്കണ്ടേ.....

അത് ഉടനെ ഉണ്ടാകല്ലോ.... ഞാൻ ഫൈസ്നോട് പറയും എനിക്ക് എത്രയും പെട്ടെന്ന് ഒരു അനന്തരവകാശിയെ തരാൻ.....

എന്നിട്ട് എന്നെ ചവിട്ടി പുറത്താക്കാൻ... അത് പള്ളിയിൽ പോയി പറഞ്ഞ മതി.

ആദ്യം ഞാൻ അനുഭവിക്കട്ടെ ഈ സ്നേഹം മുഴുവൻ

എന്നിട്ട് മതി വേരാളെ കൊണ്ട് വരുന്നത്.....

എനിക്ക് വേണം ഒരു ജൂനിയർ ജന്നയെ....

നിന്നിൽ നഷ്ടപെട്ട ആ ബാല്യകാലം മൊത്തത്തിൽ എനിക്ക് അവർക്ക് കൊടുക്കണം. നിന്നെ നോക്കാൻ പറ്റാത്ത കുറവ് അവരിലൂടെ നികത്തണം... എന്റെ പ്രാർത്ഥന പടച്ചോൻ കേൾക്കും നോക്കിക്കോ..... നിന്നെ നഷ്ടപ്പെട്ടപ്പോൾ അങ്ങനെ കരഞ്ഞു പ്രാത്ഥിച്ചിട്ടുണ്ട്. അത് പറയുമ്പോൾ നിറഞ്ഞ കണ്ണുകൾ അവൻ തുടച്ചു.

അവളും ആ നിമിഷം ആഗ്രഹിച്ചു പോയിരുന്നു ഒരു കുഞ്ഞിനെ.

നീ എന്റെ ആരുമല്ല.... ഇടിമുഴക്കം പോലെ ആ വാക്കുകൾ ഓടിയെത്തി....

എന്തിനാ ഇജുക്ക ആർക്ക് വേണ്ടിയാ എന്നെ തള്ളിപറഞ്ഞത്..... അവൾക്ക് നെഞ്ചിൽ ഒരു നീറ്റൽ തോന്നി.

❤️❤️❤️

എല്ലാവരും സിറ്റൗട്ടിൽ ഇരിക്കുമ്പോഴാ ഇർഫാൻ കേറി വന്നത്. കയ്യിൽ പാൽഗോവയുടെ ഒരു സ്വീറ്റ്

ബോക്സ് ഉണ്ട്. ഇനു മൈന്റ് ആകാതെ ഫൈസിയുടെ അടുത്ത് നിന്നു മിന്നുവിനെ കളിപ്പിച്ചു നിന്നു.

(ഇർഫാൻ ഇനി മുതൽ റിച്ചു മാത്രം ആക്ക എനിക്ക് ആകെ കൺഫ്യൂസ് )

ഇതെന്താ റിച്ചുക്ക സ്വീറ്റ്സ് ഒക്കെ ആയിട്ട്(.സമി )

എത്ര വർഷം കൂടിയ എല്ലാവരും ഒരുമിച്ചു കൂടുന്നെ. ഇപ്പൊ പുതിയ സ്പെഷ്യൽ അതിഥി കൂടി വന്നല്ലോ മധുരം കൊണ്ട് തന്നെ നമുക്ക് ഇനിയുള്ള സന്തോഷദിനങ്ങൾക്ക് തുടക്കം കുറിക്കാം റിച്ചു പുഞ്ചിരിയോടെ പറഞ്ഞു.

സ്പെഷ്യൽ അഥിതിക്ക് ഏറ്റവും സ്പെഷ്യൽ ഇഷ്ടപ്പെട്ട സാധനം ആണ് ഈ സ്വീറ്റ്....(. ഫൈസ് )

ഇനു ഞെട്ടലോടെ ബോക്സ് നോക്കി പാൽഗോവ. തന്റെ ഇഷ്ടങ്ങൾ പറഞ്ഞു

കൊടുത്തത് അവൾ ഓർത്തു. അവൾക്ക് വേണ്ടി വാങ്ങി കൊടുത്തത് ഓർമ വന്നു കുറ്റബോധം കൊണ്ട് അവളുടെ മുഖം കുനിഞ്ഞു....

എനിക്കും ഏറ്റവും ഇഷ്ടപെട്ട സ്വീറ്റ് ആണ്

അത് കൊണ്ട് ഞാൻ തന്നെ എല്ലാർക്കും തരാം. ഇത്രയും കാലം നഷ്ട്ടപ്പെടുത്തിയ സന്തോഷം ഇതിലൂടെ വീണ്ടും തുടങ്ങിയേക്കാം. എനിക്ക് നിങ്ങളോട് ഉള്ള എന്റെ സ്നേഹം പ്രകടിപ്പിക്കാൻ ഒരവസരം ആയി കരുതിയ മതി എന്ന് പറഞ്ഞു അവൻ തന്നെ എല്ലാവർക്കും വായിൽ വെച്ചു കൊടുത്തു. അവൾ ഞെട്ടലോടെ അത് നോക്കിയത്. തനിക്ക് വായിൽ വെച്ചു തരാൻ അവൻ കണ്ടു പിടിച്ച അടവ് ആയാണ് അവൾക്ക് തോന്നിയത്. അവൻ അവളെ നോക്കിയാരുന്നു സംസാരിച്ചത്. അവൾക്ക് ദേഷ്യം സങ്കടം ഒക്കെ തോന്നി.

വേണ്ടെന്ന് പറയാൻ പറ്റില്ല. ഫൈസ് ഇഷ്ട്ടപെട്ടതാണെന്ന് ആദ്യമേ പറഞ്ഞു കഴിഞ്ഞിരുന്നു.

ഫൈസിയുടെ വായിൽ വെച്ചു കൊടുത്തതും അടുത്തത് തനിക്ക് ആണെന്ന് അവൾ ഞെട്ടലോടെ ഓർത്തു. അവൾ ഫൈസിയെ നോക്കി സന്തോഷം കൊണ്ട് നിറഞ്ഞ കണ്ണുകൾ അവൾ കണ്ടു. . അവൻ അത് വായിൽ നിന്നും എടുത്തു റിച്ചുവിനെ സ്നേഹത്തോടെ നോക്കി നിന്നു. അത് കണ്ടപ്പോൾ നെഞ്ചിൽ വേദന പടർന്നു അവൾക്ക്. അവളെ

വായുടെ നേർക്ക് പാൽഗോവ നീട്ടിയതും അവൾ ഉച്ചത്തിൽ കരയുന്ന പോലെ ഉമ്മാ എന്ന് വിളിച്ചു നിലത്തേക്ക് ഇരുന്നു....

എല്ലാവരും ഞെട്ടലോടെ അവളെ നോക്കി

ഫൈസ് കുനിഞ്ഞു അവളെ എഴുന്നേൽപ്പിച്ചു..

എന്താടാ പറ്റിയെ....

കാൽ പെട്ടന്ന് ചുമരിൽ ഇടിച്ചത വല്ലാത്ത വേദന.....

പേടിപ്പിച്ചു കളഞ്ഞല്ലോ കുരിപ്പേ... അവളെ നോക്കി കണ്ണുരുട്ടി അവൻ....

എനിക്ക് നിൽക്കാൻ വയ്യ. എന്ന് പറഞ്ഞു വീണ്ടും ഇരിക്കാൻ പോയതും അവൻ കയ്യിൽ ഉള്ള പാൽഗോവ വായിൽ ഇട്ടു അവളെ കയ്യിൽ കോരി എടുത്തു...

അകത്തേക്ക് കേറുന്നതിന്ന് മുൻപ് അവന്റെ കഴുത്തിലൂടെ കയ്യിട്ട് നെഞ്ചോട് തലവെച്ചു കിടന്നു റിച്ചുനെ നോക്കി. അവന്റെ കയ്യിൽ നിന്നും പാൽഗോവ ഞെരിഞ്ഞു അമർന്നു.

അവളെ ഹാളിൽ സോഫയിൽ ഇരുത്തി.

അപ്പോഴേക്കും എല്ലാവരും അങ്ങോട്ട് വന്നു. കാലിന് എന്ത് പറ്റിയെന്നു ചോദിച്ചു

ഇപ്പൊ കുഴപ്പം ഇല്ല. വേദന പോയി പറഞ്ഞു.. അവൾ എഴുന്നേറ്റു കാണിച്ചു.

നിനക്ക് തന്നില്ലല്ലോ സ്വീറ്റ് പറഞ്ഞു റിച്ചു വീണ്ടും അവൾക്ക് നേരെ നീട്ടി.

റിച്ചുക്ക മറന്നോ എനിക്ക് തന്നു. ഞാനത് വാങ്ങിക്കുമ്പോ അല്ലേ കാൽ മുട്ടിയത് അത് പറഞ്ഞു വാ തുറന്നു കാണിച്ചു. വായിൽ പാൽഗോവ.....

റിച്ചു കയ്യിലുള്ള പാൽഗോവ നോക്കി. ഞാൻ കൊടുത്തിട്ടില്ല പിന്നെ ഇതെങ്ങനെ കിട്ടിയത്. അവൻ ഫൈസിയെ നോക്കി. മുഖം കുനിച്ചു ഇരിക്കുന്നുണ്ട്.... കൈകൊണ്ട് ചുണ്ട് തുടക്കുന്നുണ്ട്.... നാവ് കൊണ്ട് ചുഴറ്റുന്നുണ്ട്.ചുണ്ടിൽ നേരിയ രക്തചുവപ്പ് അവൻ കണ്ടു. ഞെട്ടലോടെ ഇനുവിനെ നോക്കി. അവൾ പുച്ഛത്തോടെ ചുണ്ട് തുടച്ചു അത് കഴിച്ചോണ്ട് പറഞ്ഞു.... പാൽഗോവ ഒടുക്കത്തെ ടേസ്റ്റ് ആണ് റിച്ചുക്ക ഇത്രയും ടെസ്റ്റ് ഉള്ള ഒന്ന് ആദ്യം ആയ കഴിച്ചത്.... താങ്ക്സ് ഉണ്ട് ട്ടോ

അവന്റെ മുഖത്തെ ദേഷ്യം അവൻ കടിച്ചമർത്തി

പുഞ്ചിരി വരുത്തിച്ചു റൂമിലേക്ക് പോയി....

അവൾ ഒരു ദീർഘ നിശ്വാസത്തോടെ ഇരുന്നു. പിന്നെ ഫൈസിയെ നോക്കി.

പാൽഗോവക്ക് എങ്ങനെ ടെസ്റ്റ് കൂടാതിരിക്കും ഇനു..... റൊമാൻസൊഫിബിയ കൂടി അതിൽ ഉണ്ടല്ലോ സമി ആക്കി പറഞ്ഞു.

പാൽഗോവയിൽ റൊമാൻസൊഫിബിയയോ ..... അതെന്താ സാധനം...റംസി സമിയെ നോക്കി.

അതൊക്കെ ഉണ്ട് ഇത്തു കണ്ണടച്ച് പാൽ കുടിച്ച ആരും അറിയില്ലെന്ന ചിലരെയൊക്കെ വിചാരം....

തിന്നു കഴിഞ്ഞെങ്കിൽ എണിറ്റു പോടാ കോപ്പേ എന്നും പറഞ്ഞു അവന്റെ തലക്ക് ഒരു ചൊട്ട് കൊടുത്തു കലിപ്പോടെ ഇനുവിനെ നോക്കി ഫൈസ് മുകളിലേക്ക് പോയി.

കെട്ട് കഴിയാത്ത ഞാൻ ഒക്കെ ഇവിടുണ്ട് ഇടക്ക് ഓർത്ത കൊള്ളാം ഇനു.

അവൾ ചിരി കടിച്ചമർത്തി പിടിച്ചു മുഖം താഴ്ത്തി.

ഫൈസ് കണ്ണാടിയിൽ ചുണ്ട് നോക്കി. സൈഡിൽ ആയി മുറിഞ്ഞിട്ടുണ്ട്.കൈ കൊണ്ട് തൊട്ടതും

എരിവ് വലിച്ചു പതിയെ ഒരു പുഞ്ചിരി ഓടിയെത്തി.

അവൾ വേദന എടുക്കുന്നു പറഞ്ഞ ടെൻഷനിൽ അവളെ എടുത്തത് ആയിരുന്നു. അവൾ കഴുത്തിലൂടെ കയ്യിട്ട് പിടിച്ചു. പെട്ടന്ന് അവൾ ചുണ്ടിലൂടെ കയ്യോടിച്ചത്. എന്താന്ന് ചോദിച്ചതും കവിളിൽ തൊട്ട് പാൽഗോവ വേണമെന്ന് കാണിച്ചു. അവൻ ഇല്ലെന്ന് തലയാട്ടിയതും അവൾ കവിളിൽ കുത്തിപ്പിടിച്ചു. വാ തുറന്നതും ചുണ്ടുകൾ കോർത്തു.... നാവ് കൊണ്ട് വായിൽ നിന്നും പാൽഗോവ എടുത്തതും ചുണ്ടിൽ അമർത്തിചുംബിച്ചു.... ഞെട്ടിത്തരിച്ചു നിൽക്കാനേ കഴിഞ്ഞുള്ളു. പിറകിൽ വീട്ടിലേ എല്ലാരും ഉണ്ട്. ആ പേടിയിൽ അവൻ ചുണ്ട് വലിച്ചെടുത്തു. അപ്പോഴാ പല്ല് കൊണ്ട് മുറിഞ്ഞത്.....

അവൻ ചുണ്ടിലൂടെ തലോടി പുഞ്ചിരിച്ചു.

ഇനു വരുന്നത് കണ്ടതും അവൻ രൂക്ഷമായി നോക്കി... അവൾ ഐസ് ക്യൂബ് അവന്റെ ചുണ്ടിൽ വെച്ചതും അവൻ പിടിച്ചു വാങ്ങി വെച്ചു.

എന്തിനാ ചുണ്ട് വലിച്ചത് അതോണ്ടല്ലേ മുറിഞ്ഞത്...

നിനക്ക് നാണം എന്നൊന്ന് ഇല്ലെങ്കിലും എനിക്ക്

ഉണ്ട്.... ആരെങ്കിലും കണ്ടിനെങ്കിൽ നാണക്കേട് കൊണ്ട് അവരെ മുഖത്ത് എങ്ങനെ നോക്കും പടച്ചോനെ..... അവൻ നെഞ്ചത്ത് കൈ വെച്ചു..

ആരും കണ്ടില്ല.... ഞാൻ നോക്കിയിന്.... സമിക്ക ഊഹിച്ചു പറഞ്ഞത. ചോദിച്ചപ്പോ തരത്തോണ്ടല്ലേ ഇങ്ങനെ ആയത് ..... അവൾ മുഖം കൊട്ടി പറഞ്ഞു.

ചോദിച്ചില്ലെങ്കിൽ ബലമായി എടുക്കുകയാ ചെയ്യാ കുരിപ്പേ എന്റെ ചുണ്ട് നീറിയിട്ട് വയ്യ.... അവൻ എരിവ് വലിച്ചു.

ഞാൻ ചോദിച്ച അത് തന്നിരിക്കണം ഇല്ലെങ്കിൽ ബലമായി എടുക്കും....ജന്നത് രാജകുമാരിയാണ് ഞാൻ മറക്കണ്ട.....

രാജകുമാരി പോയിട്ട് അവിടെ കേറാൻ ഉള്ള അവകാശം പോലും ഇല്ല നിനക്ക് അപ്പോഴാ അവളെ ഒരു വീമ്പ് പറച്ചിൽ അവൻ കളിയാക്കിചിരിച്ചു.....

ഇനു അവനെ നോക്കി പുഞ്ചിരിച്ചു. അന്നും ഇന്നും എന്നും ഹൈദർ കുടുംബത്തിന് ഒരു അവകാശിയെ ഉള്ളൂ ജന്നത് ഹൈദർ..... അതായത് ഈ ഞാൻ അവൾ തോൾ പൊക്കി പറഞ്ഞു.

എന്നിട്ടാണോ തലയും കുനിച്ചു മോങ്ങിക്കൊണ്ട് ഇറങ്ങി വന്നത്... വെറുതെ പുളു അടിക്കല്ലേ മോളെ.....

സത്യം ആണ് ഫൈസ്.... ഇജ്ജുക്ക ചുമ്മാ എല്ലാരേം പറ്റിച്ചതാ അത്. അങ്ങനെ എന്നെ കൊണ്ട് ഒപ്പിടീച്ചാലൊന്നും ആ സ്വത്തുക്കൾ കിട്ടില്ല. അതിൽ ഫൈസിയുടെ ഒപ്പ് കൂടി വേണം

എന്റെ ഒപ്പ് എന്തിനാ.....

രണ്ട് പേരുടെയും പേരില സ്വത്ത് മുഴുവൻ ഉള്ളത്. എനിക്ക് പതിനെട്ടു വയസ്സ് പൂർത്തിയായി വിവാഹം കഴിഞ്ഞാലേ ഹൈദർ കുടുംബത്തിലെ അവകാശം കിട്ടു. അതും എന്റെ ഭർത്താവിന്റെ മേലെ അവകാശം കിട്ടുക. പെണ്ണിന് ആണല്ലോ അവിടത്തെ തീരുമാനം എടുക്കാൻ ഉള്ള അധികാരം.... അപ്പോൾ ഭർത്താവ് അവളുടെ കീഴിൽ വരും എന്നൊരു ചിന്ത ഭർത്താവിന് ഉണ്ടായാലോ അത് കൊണ്ട് ഭർത്താവിന്റെ പേരിൽ സ്വത്തുക്കൾ കൂടി എഴുതും. ഫൈസിയെ കൊണ്ട് ഇജ്ജുക്ക അങ്ങനെ ഒപ്പിടീച്ചിനോ എപ്പോഴെങ്കിലും.

അവൻ ഒന്നോർത്തു നോക്കി....

ഇല്ലന്ന് തലയാട്ടി. നിനക്ക് ഇതൊക്കെ എങ്ങനെ

അറിയാം....

എപ്പോ നോക്കിയാലും ബിസിനസ് പഠിക്കണം പിന്നെ കുറെ ഫയൽസ് ഒപ്പിടണം ഇങ്ങനെ പറഞ്ഞോണ്ട് ഇരിക്കും.... ഒരിക്കൽ ഞാനും യാഷ് കളിക്കാരുന്നു. ലാസ്റ്റ് ഒരു ഓവർ ഉണ്ടാരുന്നുള്ളൂ ഞാൻ ആയിരുന്നു അതിൽ ജയിക്കേണ്ടത്.അപ്പൊ എന്നെ വിളിച്ചു ഇജ്ജുക്ക വന്നു. ഞാൻ വരില്ലെന്ന് വാശി പിടിച്ചപ്പോ എന്നെ തോളിൽ എടുത്തോണ്ട് പോയി... ഒപ്പൊക്കെ ഇട്ടു കൊടുത്തു തിരിച്ചു വന്നപ്പോ എന്റെ ടീം തോറ്റു. യാഷ് കുറെ കളിയാക്കി. എനിക്ക് ദേഷ്യം വന്നു.... അതിന്റെ പിറ്റേന്ന് ഞാൻ വക്കീലങ്കിലിനോട് പോയി പറഞ്ഞു സ്വത്ത് മുഴുവൻ ഇജ്ജുക്കന്റെ പേരിൽ എഴുതി കൊടുക്കണം എന്ന്.... അപ്പൊ അങ്കിൾ ആണ് ഇത് പറഞ്ഞു തന്നത്. ഫൈസ് ഒപ്പിടാതെ സ്വത്ത് ഒന്നും ചെയ്യാൻ കഴിയില്ലെന്ന്. ഫൈസ് അപ്പോൾ നാട് വിട്ടു പോയിരിക്കുകയാണല്ലോ......

അങ്കിൾ പോയി ഇജ്ജുക്കനോട് ഇത് പറഞ്ഞു. എന്നെ കൊന്നില്ലെന്നേ ഉള്ളൂ.

ഇനി ഇങ്ങനെ ചെയ്യില്ലെന്ന് സത്യം ഇട്ടിട്ടാ പ്രശ്നം

തീർന്നത്.  അത് മാത്രം അല്ല ഇജ്ജുക്ക ജുനുവിനോട് എന്നെ വിട്ടുകൊടുക്കാൻ സ്വത്ത് മുഴുവൻ കൊടുക്കാന്നു പറഞ്ഞു വന്നിട്ടുണ്ട്. അങ്ങനെ ഉള്ള ഇജ്ജുക്ക സ്വത്തിനു വേണ്ടി എന്നോട് സ്നേഹം നടിക്കുക.എന്നെ ചതിക്കുക കുഞ്ഞിക്കുട്ടികളോട് പറഞ്ഞ വിശ്വസിക്കുമായിരിക്കും ഇതെല്ലാം.... ആ ഹൃദയം ഇടിക്കുന്നത് തന്നെ ജന്നഹ് എന്നാണ്. അത് ആരും പറയാതെ തന്നെ എനിക്ക് അറിയാം.....

ഫൈസ് ഞെട്ടലോടെ അവളെ നോക്കി.

നീയെന്താ അവിടെ വെച്ച് ഒന്നും പറയാഞ്ഞേ....

എന്നെ വേണ്ടെന്ന് പറഞ്ഞു ഞാൻ ആരും അല്ലെന്ന് പറഞ്ഞു അത് എനിക്ക് സഹിക്കാൻ പറ്റാഞ്ഞേ...

അതോണ്ടാ ഞാൻ മിണ്ടാതെ നിന്നത്.

എന്തിന് വേണ്ടി ആണെങ്കിൽ എന്നെ തള്ളിപ്പറഞ്ഞില്ലേ.... ഒരിക്കലും ക്ഷമിക്കില്ല ഞാൻ അത്. ഇനി ഇജ്ജുക്കന്ന് പറഞ്ഞു പോകില്ല.

സങ്കടം നിറഞ്ഞ അവളെ മുഖം കണ്ടതും അവന്നും സങ്കടം തോന്നി. സത്യം അറിഞ്ഞിനേങ്കിൽ അവൻ അവിടെ രുദ്ര താണ്ടവം നടത്തിയേനെ.... പിന്നെ

ഇതെന്തിന് വേണ്ടിയാ അവൻ ഡ്രാമ കളിച്ചത്. അമ്മിജാൻ അപ്പൊ സത്യം അറിയാം. അവരും ഇജുവിന്റെ കൂടെ നിന്നു. എന്തായിരിക്കും സംഭവിച്ചത്..,.. അവൻ ആലോചനയോടെ ഇനുവിനെ നോക്കി. അവൾ ജനൽക്കമ്പിയിൽ മുഖം ചേർത്ത് പുറത്തേക്ക് നോക്കി നില്കുന്നത് കണ്ടു. സങ്കടം ഉള്ളിലൊതുക്കിയാണ് അവൾ ചിരിച്ചു കാണിച്ചു നടക്കുന്നത്... അവന്ന് പാവം തോന്നി..... സങ്കടം മാത്രം ഉള്ളോ ഇവൾക്ക്. ഇപ്പൊ തന്നെ ഒത്തിരി അനുഭവിച്ചു.... ഇനിയും തീരാറായില്ലേ ഇത്.അവൻ ഒരു നെടുവീർപ്പ് ഇട്ടു.... മുഖത്ത് പുഞ്ചിരി വരുത്തി അവളുടെ അടുതെക്ക് പോയി.

(കുട്ടികൾ സ്കൈപ്പ് ചെയ്തോ പ്ലീസ് 🙏🙏)

അവളുടെ പിറകിൽ വന്നു നിന്നതും അവൾ തിരിഞ്ഞു നോക്കാതെ ആ ദേഹത്തേക്ക് ചാരി നിന്നു.

ഇന്നെന്താ പെട്ടെന്ന് ഒരു റൊമാൻസ്... അശ്വസിപ്പിക്കാൻ വരും എന്നിടത് പെട്ടെന്ന് അങ്ങനെ കേട്ടപ്പോൾ ഞെട്ടൽ ആയിരുന്നു തോന്നിയത്. അവൾ തിരിഞ്ഞു നോക്കാൻ പോയതും അവൻ അവളെ വയറിലൂടെ കയ്യിട്ട് പിടിച്ചു

അവനോട് ചേർത്തു പിടിച്ചു.

അവൻ അവളുടെ മുടി തോളിൽ നിന്നും മാറ്റി അവളുടെ കഴുത്തിടക്കിൽ ആയി മുഖം അമർത്തി. ഐസ് വെച്ചത് കൊണ്ട് തണുത്തറഞ്ഞിരുന്നു ആ ചുണ്ടുകൾ. ചുണ്ടുകളിലെ തണുപ്പും അവന്റെ ചുമ്പനത്തിന്റെ ചൂടും അവളെ ശ്വാസതാളം തന്നെ തെറ്റിച്ചു . അവന്റെ കൈകൾക്ക് മുകളിലൂടെ അവളുടെ കൈ അമർന്നു.

ഫൈസ്..... അവളുടെ വിളി അർദ്രം ആയിരുന്നു.

കുസൃതിചിരിയോടെ പറഞ്ഞു അവളുടെ ചുമലിൽ മുഖം അമർത്തി നിന്നു..... അവന്റെ മീശയും താടി രോമങ്ങളും ഉരസിയതും അവളിലൂടെ വിറയൽ പടർന്നു.... അതറിഞ്ഞെന്നോണം അവൻ ഒരിക്കൽ കൂടി ചുണ്ടുകൾ ചേർത്തതും അവൾ ഓരേങ്ങളോടെ കയ്യെത്തിച്ചു അവന്റെ കഴുത്തിലൂടെ കയ്യിട്ട് അവളിലെക്ക് ചേർത്തു.....

അവന്റെ ചുണ്ടുകൾ കഴുത്തിന്ന് മുകളിലേക്ക് കയറിയതും അവൾ നിന്ന് പിടഞ്ഞു...... അവന്റെ കൈ വിടുവിച്ചു തിരിഞ്ഞു നിന്നു അവന്റെ നെഞ്ചിൽ തല മുട്ടിച്ചു നിന്നു.....

വേണ്ട ഫൈസ്.......

അതിന്ന് മറുപടി പറയാതെ ഒന്ന് മൂളിക്കൊണ്ട് അവളെ തന്നിലേക്ക് അടുപ്പിച്ചു ബലമായി അവനിലേക്ക് അമർത്തി. ശ്വാസതളം പോലും ഒന്നിച്ചു ഉയർന്നു താണു.  അവളുടെ വിറക്കുന്ന ചുണ്ടുകളിൽ അവന്റെ നോട്ടം എത്തിയതും നാണത്തിൽ കുതിർന്ന നോട്ടത്തോടെ മിഴികൾ താണു. .....  നിന്റെ ചുണ്ടുകൾ കൊണ്ട് ഞാൻ നിന്നെ അറിയുമ്പോൾ ഈ കരിനീല കണ്ണുകളിൽ വിരിയുന്ന പ്രണയഭവം എനിക്ക് കാണണം ഇനു..... അവളുടെ ചെവിയിൽ പ്രണയാർദ്രമായി മെല്ലെ മൊഴിഞ്ഞു ചുണ്ടുകൾ അമർത്തിയതും അവൾ പോലും അറിയാതെ അവന്നെ പിറകിൽ ബലമായി ചേർത്ത് പിടിച്ചു.....

പ്ലീസ് ഇനു എന്നെ നോക്ക്...... അവൻ വീണ്ടും മെല്ലെ മൊഴിഞ്ഞതും അവൾ മുഖം ഉയർത്തി നോക്കി..... അവളുടെ വിറക്കുന്ന ചുണ്ടുകളും പ്രണയപൂർവ്വം അവന്നെ കണ്ണുകൾ മാത്രം മതിയാരുന്നു ആ ചുണ്ടുകൾ സ്വന്തം ആക്കാൻ...... അവളുടെ മിഴികൾ നാണത്താൽ അടയാൻ നോക്കിയതും അവന്റെ വാക്കുകൾ കേട്ടു കണ്ണുകൾ തുറന്നതും അവൻ

അവളെ ചുണ്ടുകൾ വിടാതെ പിറകിലേക്ക് മെല്ലെ ചായ്ച്ചതും പെട്ടെന്ന് ആയിരുന്നു അമ്പരപ്പോടെ അവനെ മിഴികൾ ഉയർത്തിനോക്കുന്നതോടൊപ്പം

വീഴുമെന്നുള്ള പേടികൊണ്ട് അവന്റെ ഷോൾഡറിൽ അമർത്തി പിടിച്ചു......

ഭയം കലർന്ന നോട്ടം അവന്റെ ചുണ്ടുകൾ കൊണ്ട് വീണ്ടും പ്രണയഭവം പടർത്തി. അവളുടെ ചുണ്ടുകൾ നുണയുന്ന അവന്റെ ചുണ്ടുകൾ പ്രണയം താണ്ടി വികാരത്തിന്റെ കൊടുമുടിയിൽ എത്തിയിരുന്നു...... നാവുകളും ചുണ്ടുകൾ

പ്രണയം പരസ്പരം അറിയിക്കാൻ മത്സരിക്കുമ്പോൾ കണ്ണുകൾ പലപ്പോഴും കൂമ്പിയടഞ്ഞു...... മനപ്പൂർവം അവൻ അപ്പോൾ വേദനിപ്പിച്ചു കൊണ്ട് ചുണ്ടിൽ പല്ലുകൾ ആഴ്ത്തി വീണ്ടും കണ്ണുകൾ തുറപ്പിച്ചു. ചുണ്ടുകളും കടന്നു ഉമിനീർ പോലും ഒന്നായ നിമിമിഷങ്ങളിൽ അവന്റെ ഷോൾഡറിൽ നിന്നും കൈകൾ വികാരവായ്പ്പോടെ കഴുത്തിലേക്ക് പിന്നെ മുടിയിലേക്ക് ഒഴുകിയിറങ്ങി. അവളുടെ കൈകൾ മുടിയിൽ മുറുകുന്നതിന്ന് അനുസരിച്ചു അവന്റെ ഉള്ളിലെ ഭാവവും മാറി മറഞ്ഞു..... അവനും

പറഞ്ഞറിയിക്കാൻ പറ്റാത്ത ഭാവ തലത്തിൽ എത്തിയിരുന്നു. പ്രണയം തേടി അലഞ്ഞ കണ്ണുകൾ വികാര വായ്പ്പിൽ എത്തിയിരുന്നു.... അവൻ അവളെ ചുണ്ടുകൾ വിടാതെ തന്നെ അവളെ എടുത്തു ഉയർത്തിയതും അവൾ ഞെട്ടലോടെ അവന്നെ നോക്കി....

അവളെ ബെഡിലേക്ക് എടുത്തു കിടത്തി അവളിൽ അമർന്നതും അവൾ ചുണ്ടുകൾ പിൻവലിക്കാൻ ശ്രമിച്ചു..... അവന്റെ നോട്ടത്തിൽ അവൾ ഒന്ന് മടിച്ചു നിന്നതും അവൻ അവളിൽ ചുണ്ടുകൾ കൊണ്ട് പ്രണയകാവ്യം തന്നെ രചിച്ചു തുടങ്ങിയിരുന്നു..... വീണ്ടും ഒന്നിൽ നിന്നും തുടങ്ങുന്ന പോലെ മെല്ലെ തുടങ്ങിയ ചുംബനം വീണ്ടും റൗദ്ര ഭാവത്തിൽ എത്തിയിരുന്നു..... ഉമിനീരുകൾക്ക് ഒപ്പരം രക്തച്ചുവ പരസ്പരം കലർന്നു..... അവന്റെ കൈകൾ അനുസരണ ഇല്ലാതെ അവളുടെ ദേഹത്തു അലഞ്ഞു. ചുരിദാർ ഉള്ളിലൂടെ അവളുടെ നഗ്നദേഹത് വിരലുകൾ ഒഴുകിയാതും അവളുടെ നഖങ്ങൾ അവന്റെ പുറത്തു രക്തപൊടിയിച്ചിരുന്നു. അതറിഞ്ഞുട്ടും അവൻ അവളെ വിടാതെ കൂടുതൽ ആഴത്തിൽ ചുണ്ടുകൾ നുണഞ്ഞു

കൊണ്ടിരുന്നു......അവന്റെ പ്രണയം താങ്ങാൻ ആവാതെ അവൾ തളർന്നു തുടങ്ങിയിരുന്നു..... ശ്വാസം എടുക്കാൻ പോലും വയ്യാതെ അവൾ വിഷമിച്ചു.... അതറിഞ്ഞെന്നോണം അവൻ ചുണ്ടുകൾ സ്വതന്ത്ര്യം ആക്കി. അവൾ ആശ്വാസത്തോടെ ശ്വാസം വലിച്ചു.... അവൻ ചുണ്ടിൽ അമർത്തി ചുമ്പിച്ചു. അവളിൽ നിന്നും എഴുന്നേറ്റു മാറി തൊട്ടപ്പുറത്തു കിടന്നു. നേരിയ കിതാപ്പോടെ അവൻ ശ്വാസം വലിച്ചു ..... അവൾ എഴുന്നേറ്റു ഇരുന്നു നെഞ്ചിൽ കൈ വെച്ചു ആർത്തിയോടെ ശ്വാസം ആഞ്ഞു വലിച്ചു.... കിതപ്പ് കൊണ്ട് അവൾ രൂക്ഷമായി അവനെ നോക്കി. നോർമൽ അവസ്ഥയിൽ എത്തിയതും തല ചെരിച്ചു അവന്നെ നോക്കി പുഞ്ചിരിയോടെ അവളെ നോക്കി കൈകുത്തി നോക്കുന്നുണ്ട്.....

ഈ ഒരു കിസ്സ് താങ്ങാൻ പറ്റിയില്ലെങ്കിൽ എങ്ങന വൈഫി എന്റെ പ്രണയം മുഴുവൻ നിന്നിലേക്ക് ഏറ്റുവാങ്ങുക....

എനിക്ക് വയ്യ മോനെ...... എനിക്ക് ഇനി പ്രണയവും വേണ്ട കിസ്സ് വേണ്ടയെ എന്ന് പറഞ്ഞു കൈകൂപ്പി.....

അവൻ പൊട്ടിച്ചിരിച്ചു കൊണ്ട് എഴുന്നേറ്റു

ഇരുന്നു.

അവളെ പിറകിലേക്ക് തള്ളിയതും അവൾ ബെഡിലേക്ക് വീണു.... അവൾ എഴുന്നേൽക്കാൻ നോക്കിയതും അവൻ ലോക്ക് ഇടുന്ന പോലെ അവളെ മുകളിൽ കൈ കുത്തി നിന്നു.

അവൾ തള്ളി മാറ്റാൻ നോക്കും തോറും അവന്റെ നോട്ടത്തിൽ അടി പതറി... അവന്റെ ശ്വാസം മുഖത്തു തട്ടി. ചുണ്ടുകൾ തമ്മിൽ നൂലിടവ്യത്യാസത്തിൽ നിന്നു. ശ്വാസം എടുക്കാൻ മറന്നു അവൾ കണ്ണുകൾ കൂമ്പിയടഞ്ഞു അവളുടെ ശരീരവും മനസ്സും അവനെ സ്വീകരിക്കാൻ എന്ന വണ്ണം അവളുടെ കവിളുകളിലേക്ക് രക്തം ഇരച്ചു കയറി ചുവന്നു തുടുത്തു. അവളുടെ കൈകൾ ബെഡ്ഷീറ്റിൽ മുറുകി..... കുറച്ചു സമയം കഴിഞ്ഞു ഒന്നും സംഭവിക്കാതെ കണ്ടു അവൾ കണ്ണ് തുറന്നു.... തന്നെ നോക്കി കയ്യും കെട്ടി പുഞ്ചിരിയോടെ നോക്കി നിൽക്കുന്ന അവനെ കണ്ടു.....

എന്തെങ്കിലും പ്രതീക്ഷിചാരുന്നോ നീ.... അവൻ പ്രത്യേക ഈണത്തിൽ ചോദിച്ചതും അവൾ

ചമ്മലോടെ നാവ് കടിച്ചു മെല്ലെ എഴുന്നേറ്റു ഇരുന്നു.... നാണം കൊണ്ട് മുഖം താഴ്ന്നു.

എന്റെ പ്രണയവും കിസ്സ് പോയിട്ട് നോട്ടം തടുക്കുവാൻ പോലും നിനക്ക് പറ്റില്ല പെണ്ണെ..... നിന്നിൽ ഒരു മഴയായി നീ തടഞ്ഞാലും ഞാൻ ഒഴുകിയിറങ്ങും... നിന്നിൽ നിന്നും എനിക്കോ എന്നിൽ നിന്ന് നിനക്കോ ഇനിയൊരു മോചനം ഉണ്ടാവില്ല അവളുടെ കാതോരം പറഞ്ഞതും അവൾ ഇക്കിളിയോടെ മുഖം ചെരിച്ചു.....

ഇനി ഒരു കിസ്സ് കൂടി താങ്ങില്ല മോളെ അതോണ്ട് പോയി ഫുഡ് ഒക്കെ കഴിച്ചു തടിയൊന്ന് ഉഷാറാക്ക് എന്നോളം എത്തില്ലെങ്കിലും പിടിച്ചു നിൽക്കണ്ടേ പറഞ്ഞു കവിളിൽ ഒരു കിസ്സ് കൊടുത്തു അവൻ ബെഡിൽ നിന്നും ഇറങ്ങി......

പിന്നെ നേരത്തെ പോലെ പാൽഗോവ ടെസ്റ്റ് നോക്കാൻ വന്ന ഞാൻ തന്ന വാക്ക് അങ്ങ് മറക്കും..... അവന്റെ കല്യാണത്തിന് പിന്നെ നമ്മൾ രണ്ടാളല്ല മൂന്നാളാ പോവുക പറഞ്ഞില്ലെന്നു വേണ്ട....അതോണ്ട് സൂക്ഷിച്ചു നടന്ന നിനക്ക് കൊള്ളാം..... അത്തിപ്പഴം പഴുത്തപ്പോ കാക്കക്ക്

വായ്പ്പുണ് പറഞ്ഞ പോല എന്റെ അവസ്ഥ
അപ്പോഴാ അവളുടെ ഒരു ടെസ്റ്റ് നോക്കൽ

കുരിപ്പ്.....

പറഞ്ഞതിന്റെ അർത്ഥം മനസ്സിൽ ആയതും നാണത്തിൽ കുതിർന്ന ചുവപ്പ് രാശികൾ മുഖത്ത് പടർന്നു.... അവന്നെ നോക്കാതെ മിഴികൾ താണു . അത് നോക്കി പുഞ്ചിരിയോടെ അവൻ പുറത്തേക്ക് പോയി....

❤❤❤❤

റാനി ഇനുവിനെ കിട്ടാതെ റിസയെ വിളിച്ചു. അവളിൽ നിന്നും കേട്ട കാര്യങ്ങൾ കേട്ട് റാനി ഞെട്ടിത്തരിച്ചു നിന്നു. ഇജാസ് അവളെ അങ്ങനേ ഒക്കെ പറഞ്ഞെന്ന് വിശ്വസിക്കാൻ പോലും ആകാതെ അവൾ നിന്നു. റിസ ഫോൺ വെച്ചിട്ടും അവൾക്ക് ഞെട്ടലോടെ നിൽക്കാനേ കഴിഞ്ഞുള്ളു..

അവൾ അവളുടെ കയ്യിലെ മോതിരത്തിൽ നോക്കി...... അവളുടെ മനസ്സിലെ അസ്വസ്ഥതയും മാറിയത് പോലെ തോന്നി..... ആലോചിച്ചു കൂട്ടിയതിന്റെ ഉത്തരം എന്ന പോലെ അവൾ മോതിരം ഊരി മാറ്റി. നിനക്ക് വേണ്ടിയാണ് ഞാൻ ഇജുക്കനെ

സ്വീകരിച്ചത് .... ഇനി അതിന്റെ ആവിശ്യം ഇല്ലല്ലോ...... രണ്ട് പേര് തമ്മിൽ മനസ്സ് കൊണ്ട് ഒന്നയലെ ആ വിവാഹത്തിന് പ്രസക്തിയുള്ളു അവൾ വേദനയോടെ മോതിരത്തിൽ നോക്കി പറഞ്ഞു.... എങ്കിലും അറിയാതൊരു വേദന അവളിൽ പടരുന്നത് അവൾ അറിഞ്ഞു. ഒരു ദീർഘനിശ്വാസത്തോടെ അവൾ മോതിരം മേശയിൽ വെച്ചു.

❤️💔INVISIBLE LOVE 💔❤️

Love after 💘marriage (part 95)

കുളിക്കാൻ ഡ്രസ്സ് മാറി ഷവർ തിരിക്കാൻ നോക്കിയപ്പോഴാ ബാത്ഡബ്ബ് കണ്ടത്. വെള്ളത്തിൽ റോസ് ഇതൾ കൊണ്ട് നിറച്ചിരുന്നു. അവൾ അത്ഭുതത്തോടെ അത് നോക്കി പിന്നെ ദേഷ്യത്തോടെ വാതിൽ തുറന്നു ഫൈസിയെ വിളിച്ചു....

എന്താ ഫൈസ് ഇത്..... അവളുടെ ശബ്ദം ഉയർന്നിരുന്നു.

അവൻ തിരിഞ്ഞു നോക്കി മാറിൽ ടവ്വൽ

കെട്ടി മുടി അഴിച്ചിട്ടു മുന്നോട്ട് ഇട്ടിട്ടുണ്ട്. മുട്ടിനു

മുകളിൽ വരെ ഉള്ളൂ ടവ്വൽ. അവൻ കണ്ണെടുക്കാതെ അവളെ നോക്കി.

ടവ്വലിന് താവ് ഇച്ചിരി കൂടിപ്പോയി. വേറെ കുഴപ്പം ഒന്നും ഇല്ല അവൻ ചെറുചിരിയോടെ പറഞ്ഞു.

അവൾ ദേഹത്തേക്ക് നോക്കി. പിന്നെ കലിപ്പോടെ അവനെ നോക്കി

ഞാൻ എന്നെ കാണിക്കാൻ അല്ല ബാത് ഡബ്ബിൽ എന്താന്ന ചോദിച്ചേ

അതോ ഈ മുതലിനെ അങ്ങനെ അല്ലേ അവിടെ കുളിപ്പിക്കൽ. എനിക്ക് വേറൊന്നും അറിയാത്തോണ്ട് കുറച്ചു റോസാപ്പു പറച്ചു ഇട്ടു.

പറയലോട് കൂടി അവൾ അവനെ പിടിച്ചു അകത്തേക്ക് വലിച്ചു. അവൻ സംഭവം മനസ്സിൽ ആകാതെ അവളെ കണ്ണ് മിഴിച്ചു നോക്കി....

ഈ റോസ് എവിടുന്നന്നാ ചോദിച്ചത്

അവളുടെ കലിപ്പ് മോന്ത കണ്ടതും സീൻ ആണെന്ന് മനസ്സിൽ ആയി.

അത്..... പിന്നെ.... ഗാഡൻ.... അവൻ കിടന്നു വിക്കി.

ഗാഡനിൽ ഞാൻ നട്ടു വളർത്തിയ എന്റെ റോസ് അതൊക്കെ പറിച്ചു ഇവിടെ കൊണ്ട് ഇട്ടു. ഞാൻ എത്ര കഷ്ടപ്പെട്ട് വളർത്തിയതാന്ന് അറിയോ..... അവൾക്ക് സങ്കടം കരച്ചിൽ ദേഷ്യം ഒക്കെ വരുന്നുണ്ടായിരുന്നു.

ടീ നീ അവിടെ അങ്ങനെ അല്ലേ ജീവിക്കൽ. അവരെ പോലെ കെയർ ഇല്ലെങ്കിലും റോസ് എങ്കിലും ആകട്ടെ കരുതി.

എന്ത് രസം ഉണ്ടായിരുന്നു അതൊക്കെ വിരിഞ്ഞു നില്കുന്നത് കാണാൻ.  എങ്ങനെ നശിപ്പിക്കാൻ തോന്നിയത്....

സോറി ഞാൻ അങ്ങനെ ഒന്നും കരുതീല

വേണ്ട എന്നോട് മിണ്ടണ്ട.... ഞാൻ കഷ്ടപ്പെട്ട് നട്ടു വളർത്തിയതാ മിന്നുനെ പോലും തൊടാൻ വിടാറില്ലാരുന്നു. പൂ വരുന്നത് കാത് കാത്ത് നിന്നു ഇപ്പോഴാ വിരിഞ്ഞത്.

ഒരു പൂവ് അല്ലേ അതിന്ന് ഇങ്ങനെ പ്രഹസനം കാണിക്കുന്നേ...

എനിക്ക് ഒരു പൂവ് മാത്രം അല്ല. എന്റെ എത്ര

ദിവസത്തെ അധ്വാനം ആണെന്ന് അറിയോ....
ഇരുപതോളം പൂവ്  ഉണ്ടായിരുന്നില്ലേ ആ ഒരു റോസ് ചെടിയിൽ .... അത് മൊത്തത്തിൽ പറിച്ചോ....

മുട്ട് വരെ ഉണ്ടോന്ന് സംശയം ആണ് അവൻ മനസ്സിൽ ഓർത്തു.... അവളെ ഭദ്രകാളി ലുക് കണ്ടു ഉണ്ടെന്ന് ഇല്ലെന്ന് തലയാട്ടി......

പറ്റിയത് പറ്റി... ഇനി ഏതായാലും കുളിച്ചോ അവൻ പ്രശ്നം തീർക്കാൻ എന്നവണ്ണം പറഞ്ഞു.

നീ തന്നെ കുളിച്ചമതി എന്ന് പറഞ്ഞു അവനെ ബാത് ഡബ്ബിലേക്ക് ഒറ്റ തള്ള്. അവൻ ഒട്ടും പ്രതീക്ഷിക്കത്തെത് കൊണ്ട് തന്നെ മൂക്കും കുത്തി വീണു. ദേഷ്യത്തോടെ അവളെ നോക്കി ചീത്ത വിളിക്കാൻ വാ തുറന്നതും അവൾ പറയുന്നത് കേട്ട് മിണ്ടാണ്ട് ഇരുന്നു ....

ഞാൻ പോയി നോക്കട്ടെ എന്റെ റോസ് ചെടി  നാശം ആയിട്ടുണ്ടെങ്കിൽ തലമണ്ട ഞാൻ അടിച്ചു പൊട്ടിക്കും നോക്കിക്കോ എന്നും പറഞ്ഞു കലി തുള്ളി പുറത്തേക്ക് ഇറങ്ങി....

റോസപ്പൂവിന് ഇത്രയും വിലയുണ്ടാരുന്നോ

പെട്ടന്ന് അവളെ കോലം ഓർത്തത്. ബോധം കഥയും ഇല്ലാത്ത പെണ്ണാ... അവൻ എണീറ്റു ഓടി. അവൾ ആ കോലത്തിൽ തന്നെ വാതിൽ തുറക്കാൻ നോക്കാരുന്നു.

ടീ കോപ്പേ ഡ്രസ്സ് ഇട്ടിട്ട് പോടീ.... അവൻ വിളിച്ചു പറഞ്ഞു.

അവൾ ദേഹത്തേക്ക് നോക്കി തലക്ക് സ്വയം തട്ട് കൊടുത്തു ബാത്‌റൂമിലേക്ക് കേറി. വാതിൽ വലിച്ചു അടച്ചു. തനിക്കിട്ട് പൊട്ടിച്ച പോലെ തോന്നി അവന്ന്. കുറച്ചു കഴിഞ്ഞു ഇറങ്ങിവന്നു കാക്കക്കുളി കുളിച്ചിന് മുടിയിൽ നിന്നും തുവാർത്തതോണ്ട് വെള്ളം ഇറ്റി വീഴുന്നുണ്ട്. അപ്പൊ തന്നെ റൂമിൽ നിന്നും ഇറങ്ങി പോയി. പിന്നാലെ ഫൈസിയും. ചെടി മൊത്തത്തിൽ നോക്കി കടന്നൽ കുത്തിയ പോലുണ്ട് മുഖം.... അവൻ നോക്കി ചിരിച്ചതും അവൾ മുഖം വെട്ടിച്ചു.

അവൾ അകത്തേക്ക് കേറാൻ നോക്കിയതും അവൻ കയ്യിൽ പിടിച്ചു വെച്ചു. അവൾ തട്ടിയെറിഞ്ഞ് പോയി.

റൊമാൻസിക്കാൻ റോസ് കൊണ്ട് പോയിട്ട് ഡിവോഴ്സ് ആയ മട്ടുണ്ടല്ലോ

അവൻ ഇളിച്ചു കാണിച്ചു...

നീ നട്ടതലേ റോസ് അവൻ മുഖം ചുളിച്ചു.

നിന്റെ കെട്ടിയോൾ ആ കടുവയെ കൊണ്ട് നാട് മൊത്തത്തിൽ തെണ്ടിച്ചു എവിടുന്നോ വാങ്ങിപ്പിച്ചതാ. ഒരു ചെടിയിൽ തന്നെ ഒത്തിരി റോസ് ഉണ്ടാകുന്നൊക്കെ പറഞ്ഞു തള്ളിമറിക്കുന്ന കണ്ടു. ജന്നത്തിൽ പോയാലും ഇടക്കിടക്ക് വിളിച്ചു പറയുന്നതാ ചെടി നോക്കണേ പൂവ് വിരിഞ്ഞോ എന്നൊക്കെ. ആശിച്ചു നോറ്റ് ഇരുന്നു പൂവ് വിരിഞ്ഞത് അവൾ വന്ന ദിവസം. അതും ഇരുപതോളം റോസ് അതിന്റെ പേരിൽ ഇവിടെ എന്ത് ബഹളം ആയിരുന്നു   എന്നോ. കടുവക്ക് സർപ്രൈസ് കാണിക്കാൻ നാളെ വരാൻ പറഞ്ഞിട്ടുണ്ട്. പോരാത്തതിന് കുട്ടിപട്ടാളത്തെയും വിളിച്ചിട്ടുണ്ട്.എന്നിട്ട് നീ പോയി റോസ് മൊത്തത്തിൽ പറിച്ചു. പിന്നെങ്ങനെഅവൾ കലിപ്പാവാതിരിക്ക.

അപ്പൊ എന്റെ കാര്യത്തിൽ തീരുമാനം ആയി അവൻ തലക്ക് കൈ വെച്ചു അവിടെ ഇരുന്നു. ഇടം കണ്ണിട്ട് ഇനുവിനെ നോക്കി. കൈ കൂട്ടി തിരുമ്മി പിറുപിറുക്കുന്നുണ്ട്.

അപ്പോഴാ ഉമ്മ ചായയും എടുത്തു വിളിച്ചു എല്ലാരേം വിളിച്ചത്. ഇനുവിനെ വിളിച്ചതും

അത് കൂടി ഈ പിശാചിന് കൊടുത്തേക്ക് ബുദ്ധിയോ ഇല്ല ശരീരം എങ്കിലും പുഷ്പിക്കട്ട്...... കലിപ്പോടെ പറഞ്ഞു മുഖം കോട്ടി പോയി.

റിച്ചുക്കയും ഷബീർ പരസ്പരം നോക്കി നോക്കി പൊട്ടി ചിരിച്ചു.

അവൻ മെല്ലെ തല ചൊറിഞ്ഞു....

കുറച്ചു വാശി കൂടുതലാ എന്ന് പറഞ്ഞു അവൻ ഇളിച്ചു കാണിച്ചു.

അവിടത്തെ പോലെ ഇവിടെയും ഇവളെ നോക്കണം എന്ന് മാത്രം ചിന്തിച്ചുള്ളൂ. ഒരു രാജകുമാരി വന്നിന് കോപ്പ് ...... ഇജുനെ സമ്മധിക്കണം ബിസിനസ് കൊണ്ട് തന്നെ തലപിരാന്ത് പിടിക്കുന്നുണ്ട് അമ്മാതിരി ബിസിയാണ്. അതിനിടയിലും ഇവളുടെ ഓരോ ചെറിയ കാര്യം ശ്രദ്ധിക്കുന്നു. വല്ലാത്തൊരു സ്നേഹം തന്നെ പടച്ചോനെ

ആദ്യം ജുനു ഇപ്പൊ ഇജു ഇവരെ പോലെ ഞാൻ എന്നെങ്കിലും ആകോ..... എവിടുന്ന് അവൻ തന്നെ

ഉത്തരം കണ്ടെത്തി. അല്ലെങ്കിലും അവരെ പോലെ വട്ട് ഒന്നും ഇല്ല എനിക്ക്..... സ്വയം ആശ്വസിച്ചു......

ഒരു കണക്കിന് വട്ട് തന്നെ അല്ലേ..... അവളെ ഒരു നോട്ടം പോലും എന്നെ പ്രണയം കൊണ്ട് ഭ്രാന്ത് പിടിപ്പിക്കുന്നില്ലേ ഒരു ചെറു ചിരി ചുണ്ടിൽ വിരിഞ്ഞു......

❤❤❤❤

ഇനു ഫൈസിയെ കാണുന്നിടത് നിന്നെല്ലാം ഒഴിഞ്ഞു മാറി നടന്നു. അവന്ന് നല്ല സങ്കടം വരുന്നുണ്ടായിരുന്നു. പിന്നെ പിന്നെ അവന്ന് ദേഷ്യം വന്നു. അറിയാതെ പറ്റിയതല്ലേ......ഒരു റോസ് അല്ലേ അതിന്ന് ഇങ്ങനെ എടുത്തു പിടിക്കണോ വേണേൽ ഇനി ഇങ്ങോട്ട് വന്നു മിണ്ടട്ടെ അവനും പിണങ്ങി നടന്നു...

സന്ധ്യക്ക് ഗാഡനിലേക്ക് നോക്കിയ അവളുടെ കണ്ണുകൾ അത്ഭുതം കൊണ്ട് വിടർന്നു. നിറയെ റോസപ്പൂക്കൾ. അതും റെഡ് കളർ.... ആദ്യം ദേഷ്യം വന്നിനെങ്കിലും പിന്നെ അവനെ വെറുതെ വട്ട് പിടിപ്പിച്ചെന്നെ ഉള്ളൂ. രാത്രി പിണക്കം മാറ്റാന്ന് കരുതി. ഇങ്ങനെ സർപ്രൈസ് തരുന്നു കരുതിയില്ല.

അവൾക്ക് സന്തോഷം കൊണ്ട് തുള്ളിച്ചടാൻ തോന്നി.

അവൾ ഫൈസിയെ റൂമിൽ കാണാതെ താഴേക്ക് പോയി സിറ്റൗട്ടിൽ നില്കുന്നുണ്ട്

അവൾ ഓടിച്ചെന്ന് അവന്നെ കെട്ടിപിടിച്ചു രണ്ട് കവിളിൽ മാറി മാറി അമർത്തി കിസ്സ് കൊടുത്തു.

അവൻ ഞെട്ടിപ്പകച്ചു നിന്നു. പിന്നെ ചമ്മലോടെ ചുറ്റും നോക്കി അവളെ ചുമലിൽ പിടിച്ചു തിരിച്ചു നിർത്തി....

ഉപ്പ ഉമ്മ ഷബീർ റിച്ചുക്ക സമി റംസി എല്ലാരും ഉണ്ട്. നെഞ്ചിൽ ഇടിവെട്ടിയ പോലെ അവൾ നിന്നു. അവൾ എല്ലാരേം നോക്കി ഇളിച്ചു കാണിച്ചു മെല്ലെ സ്കൂട്ട് ആകാൻ നോക്കിയതും ഫൈസ് പിടിച്ചു വെച്ചു. എന്നെ നാണം കെടുത്തിയതും പോരാ തനിച്ചാക്കി മുങ്ങിയ കൊല്ലും ഞാൻ കാതിൽ അവൻ മെല്ലെ പറഞ്ഞു.....

അത് പിന്നെ റോസ്.... പൂവ്..... കണ്ടപ്പോൾ.... പിന്നെ.... എക്സയിറ്റ്മെന്റ്

.... ഞാൻ... അവൾ കിടന്നു വിക്കി.....

എല്ലാവരും ചിരി കടിച്ചു പിടിച്ചു ഒന്ന് മൂളി

എന്നാലേ കെട്ടിപ്പിടുതവും കിസ്സിനും അവകാശി ഫൈസ് അല്ല എന്റെ റിച്ചുക്കയാ സമി റിച്ചുവിന്റെ തോളിൽ കൈ വെച്ചു പറഞ്ഞതും നാണവും ചമ്മലും ഒക്കെ പോയി ഒരു ഞെട്ടൽ വന്നു

അവൾ സമിയെ തന്നെ നോക്കി.

റിച്ചുക്കയാ ഈ റോസാചെടി മൊത്തത്തിൽ വാങ്ങി വെച്ചത്. നിന്റെ ഒരു റോസ് ഫൈസ് നശിപ്പിച്ചതിന്ന് പകരം നൂറു എണ്ണം ഉണ്ട്....

അവൾ റിച്ചുവിനെ നോക്കി. പ്രണയപൂർവ്വം തന്നെ നോക്കുന്ന ആ കണ്ണുകൾ അവളിൽ അസ്വസ്ഥത പടർത്തി.

അല്ലെങ്കിലും എന്റെ ബ്രദർ അല്ലേ റിച്ചുക്ക

അങ്ങനെ അല്ലേ ചെയ്യു. ഇപ്പൊ എന് ക്ക് ഒരു ബ്രദർ കൂടി കിട്ടി. കണ്ടു പടിക്ക് സമിക്ക ഇങ്ങനെ ആവണം അനിയത്തിക്ക് വേണ്ടി ചെയ്തു കൊടുക്കുന്നത്. അവൾ ചിരിയോടെ റിച്ചുവിനെ നോക്കി പറഞ്ഞു. അവന്റെ മുഖം ദേഷ്യം കൊണ്ട് ചുവെക്കുന്നത് കണ്ടു. കൈകൾ മുഷ്ടി ചുരുട്ടിപിടിച്ചു അവൻ.

അവൾ കാണാത്തമാതിരി നിന്നു.

ഉമ്മ ഫുഡ് എടുത്തു വെച്ചു എല്ലാവരെയും വിളിച്ചു. തല്ക്കാലം രക്ഷപെട്ടു എന്ന ആശ്വാസതത്തിൽ അവൾ നെഞ്ചിൽ കൈ വെച്ചു.

ഓരോരുത്തരും ആയി ഉള്ളിലേക്ക് പോയി

ഫൈസ് പോയി അവൾ അവിടെ നിന്നു.

റിച്ചുവും അവളും മാത്രം ആയി.

അവൾ അവന്റെ അടുത്തേക്ക് ചെന്നു.

എന്റെ മുന്നിൽ ആളവാൻ ഇങ്ങനെ പ്രഹസനം കാണിക്കണ്ട. ഞാൻ നിങ്ങളെ അനിയന്റെ ഭാര്യ ആണ് കാമുകി അല്ല അത് മറക്കണ്ട. അവൾ അമർഷത്തോടെ പറഞ്ഞു.

നീ എന്റേത് മാത്രം ആണ് ഇനു. നിന്റെ കണ്ണുകളിൽ വിരിയുന്ന തിളക്കം സന്തോഷം വിരിയുന്ന ചുണ്ടുകൾ അത് കാണാൻ എന്തും ചെയ്യും ഞാൻ. നീ സന്തോഷത്തോടെ ഓടി വന്നു കെട്ടിപിടിച്ചപ്പോൾ അത് എന്നെയാണെന്ന് തോന്നിയിട്ട് ഉള്ളൂ. നിന്റെ ചുണ്ടുകൾ പതിഞ്ഞത് ഇവിടെയാണ് അവൻ നെഞ്ചിൽ കൈ വെച്ചു പറഞ്ഞു.

ഇനുവിന്റെ മുഖം ദേഷ്യം കൊണ്ട് വിറച്ചു.

അവന്റെ വാക്കുകളിൽ തറഞ്ഞു നിന്നു.

അത് കാണാത്ത മട്ടിൽ അവൻ ഉള്ളിലേക്ക് പോയി.

❤️❤️❤️❤️❤️

ബബിയേയും റംസിയയും സഹായിച്ചു അവരെ കൂടെ സംസാരിച്ചു അവൾ കിടക്കാൻ റൂമിലേക്ക് വന്നപ്പോഴേക്കും ലേറ്റ് ആയിരുന്നു. ഫൈസ് കിടന്നിട്ട് കണ്ടു

അവൾ ഇടുപ്പിൽ കൈ കുത്തി അവനെ നോക്കി ഒരു നിമിഷം നിന്നു. മുട്ടോളം ഉള്ള ഷോട്സ് മാത്രം ഇട്ടു കുമ്പിട്ട് കിടന്നിട്ട് ഉള്ളത്. മുൻബൊക്കെ ഷർട്ടു ഇടതെ മുന്നിൽ പോലും നിൽക്കാറില്ല. ഇപ്പൊ ആ ചമ്മലോ മടിയോ ഇല്ല. ചോദിച്ച എന്റെ ഭാര്യയല്ലേ കാണുന്നുള്ളൂ നാട്ടാരെ മൊത്തം എന്റെ ബോഡി കാണിക്കുന്നുണ്ടോ എന്നൊരു ചോദ്യം ആണ്. എന്നാലും ആ കോലത്തിൽ കാണുമ്പോ ശരീരം മൊത്തം വിറയൽ ആണ്. ഒരു പുഞ്ചിരിയോടെ ഓർത്തു.ഒരു സോറി പറയണം കരുതിയതാ അതിന്ന് പറ്റാത്ത സങ്കടം തോന്നി.

അവൾ കിടക്കാൻ ചെന്നെങ്കിലും സ്വയം ഒന്ന് നോക്കി. പാത്രം കഴുകാൻ ഒരുപാട് ഉള്ളോണ്ട് റംസിയെ

സഹായിച്ചു മൊത്തം മുഷിഞ്ഞിട്ടുണ്ട്. അവൾക്ക് ആ വേഷത്തിൽ കിടക്കാൻ മടിതോന്നി. പോയി കുളിച്ചു ഡ്രസ്സ് മാറി വന്നു. സ്വയം വന്ന മാറ്റം കണ്ടു അവൾക്ക് തന്നെ അത്ഭുതം തോന്നി. ദിവസം ഒരു പ്രാവശ്യം കുളിക്കു പറഞ്ഞു വഴക്ക് ഇടുന്ന ഞാൻ ആണ്.

കിടന്നെങ്കിലും ഉറക്കം വരാതെ അങ്ങോട്ടും ഇങ്ങോട്ടും മാറി മാറി തിരിഞ്ഞു കിടന്നു. ചെരിഞ്ഞു കിടന്നിണെങ്കിൽ ആ നെഞ്ചിൽ തലവെച്ചു കിടക്കാരുന്നു.അങ്ങനെ കിടക്കാർ ഉള്ളൂ. ഇത് ദേഷ്യം കൊണ്ട് ആയിരിക്കും ഇങ്ങനെ കിടന്നത്... അവൾ

സഹികെട്ടു മെല്ലെ തൊട്ട് വിളിച്ചു.....

അവൻ മൈന്റ്ആക്കിയില്ല. കുറെ വിളിച്ചപ്പോൾ തലയിണ എടുത്തു തലക്ക് മുകളിൽ വെച്ചു അങ്ങനെ തന്നെ കിടന്നു

അപ്പൊ ഉറക്കം അല്ല.

മനപ്പൂർവം മിണ്ടില്ലെന്ന് ആണ് അവൾക്ക് ദേഷ്യം സങ്കടം ഒക്കെ വന്നു. പിന്നെ അത് ദേഷ്യം മാറി കുസൃതി ആയി വിരിഞ്ഞു. അവൾ തലയിണ വലിച്ചെറിഞ്ഞു അവന്റെ പുറത്ത് കയറി കിടന്നു.

അവൻ തോളനക്കി അവളെ വീഴ്ത്താൻ നോക്കി. അവൾ അവന്റെ കൈക്കുള്ളിലൂടെ കയ്യിട്ട് ചുമലിൽ പിടിച്ചു

കിടന്നു. അവൻ മുഖം മാത്രം ഒരു സൈഡിലേക്ക് ചെരിച്ചു കിടന്നു.

എഴുന്നേൽക്ക് ഇനു.... മര്യാദക്ക് പോയി കിടക്ക്.

സോറി......

എനിക്ക് സോറി ഒന്നും വേണ്ട എല്ലാരേം മുന്നിൽ നിന്ന് ഷൗറ്റ് ചെയ്തില്ലേ. എനിക്ക് അറിയണ്ട് പറ്റിയതല്ലേ. ഞാൻ ജന്നത്തിലെ പോലെ ആയിക്കോട്ടെ കരുതി ചെയ്തത് ആണ്.

സോറി.... ഞാൻ പെട്ടന്ന് ദേഷ്യം വന്നപ്പോ

റിയലി സോറി.ഞാൻ എല്ലാരേം മുന്നിൽ വെച്ചു കിസ്സ് തന്നില്ലേ അപ്പൊ പ്രശ്നം സോൾവ് ആയില്ലേ....

അത് സമി പറഞ്ഞ പോലെ റിച്ചൂന് കൊടുത്ത പോലെ തോന്നിയെ. അവൻ അല്ലേ സങ്കടം മാറ്റിയത്. ഞാൻ അല്ലല്ലോ കുറച്ചു കുശുമ്പ് ഉണ്ടായിരുന്നു അതിൽ.

അവൾക്ക് ചിരി വന്നു. ഞാൻ ചുമ്മാ ജാഡ

കാണിച്ചതാ സോറി ഇനി അങ്ങനെ ചെയ്യില്ല.

ശരീരം ആവിശ്യത്തിന് പുഷ്പിച്ചിട്ടുണ്ട് . വേണേൽ നോക്കിക്കോ അതോണ്ടന്നെ ഷർട്ട് ഇടാതെ കിടന്നേ.

അവൾ പെട്ടെന്ന് ചിരിച്ചു പോയി.... നാണം ഇല്ലല്ലോ കൊച്ചു കുട്ടികളെ പോലെ ഇതൊക്കെ എടുത്തു പിടിക്കാൻ

നിന്റെ മുന്നിൽ എന്നും ബെസ്റ്റ് ഞാൻ മതി

അതിപ്പോ സ്വഭാവത്തിൽ ആയാലും കാണാൻ ആയാലും. റിച്ചുക്കന്റെ മുന്നിൽ നാണം കെട്ട പോലെ ആയി. ശരിക്കും സങ്കടം വന്നു. അതിന്റെ കൂടെ കെട്ടിപിടിച്ചു കിസ്സ് തന്നെ. റിച്ചുക്കന്റെ

ഐഡിയ പോലും നിനക്ക് തോന്നില പറഞ്ഞു സമിയും ഷബീർ കളിയാക്കേം ചെയ്തു.

അവന്ന് ഫീൽ ആയത് റിച്ചു റോസ് വാങ്ങി തന്നപ്പോ ഞാൻ സന്തോഷിച്ചത് ആണെന്ന് തോന്നി അവൾക്ക്. അവന്ന് കഴിഞ്ഞില്ലല്ലോ പിണക്കം മാറ്റാൻ എന്നൊരു ഇഗോ. അവൾക്ക് വല്ലായ്മ തോന്നി.

സോറി ഞാൻ ഇനി അങ്ങനെ ഒന്നും പിണങ്ങില്ല അവൾ അവന്റെ ചെവിയിൽ മെല്ലെ കടിച്ചു കൊണ്ട്

പറഞ്ഞു.

അവന്റെ കൈകൾ തന്റെ കൈ നെഞ്ചോടു ചേർത്തനിലയിൽ അവൻ അമർത്തി പിടിച്ചു... അവൾ അവളെ കവിൾ അവന്റെ കവിളിൽ ചേർത്ത് വെച്ചു കിടന്നു.

അവളുടെ ശരീരത്തിലെ തണുപ്പ് അവനിൽ പടർന്നു തുടങ്ങിയിരുന്നു. അവന്റെ കൈകൾക്ക് ഉള്ളിൽ അവളുടെ കൈ ഞെരിഞ്ഞമർന്നു.

നേർക്ക് കിടക്ക്.... ഈ നെഞ്ചിൽ തലവെച്ചു അല്ലാതെ കിടക്കാൻ പറ്റുന്നില്ല

അവൻ ഇല്ലെന്ന് തലയാട്ടി

പ്ലീസ്.... എനിക്ക് ഉറക്കം വരുന്നില്ല.

ഞാൻ ഈ പിടി വിട്ടാൽ മറ്റു പലതും സംഭവിക്കും അതോണ്ട് ഇങ്ങനെ തന്നെ കിടക്കാം

അതെന്താ....

ഐ വാണ്ട് യൂ..... അവന്റെ ശബ്ദം താഴ്ന്നിരുന്നു. നിന്റെ പ്രണയം എന്റെ ബോഡിയെയും കീഴ്പ്പെടുത്തുന്നു ഇനു പ്രയാർദ്രമായിരുന്നു വാക്കുകൾ എങ്കിലും അവന്റെ ക്രമം തെറ്റിയ

ഹൃദയതാളവും നിശ്വാസവും അത് അവൾക്കും അനുഭവപ്പെട്ടു. അവൾ മിണ്ടാതെ അങ്ങനെ തന്നെ കിടന്നു. നെഞ്ചിൽ എന്തോ കുറ്റബോധം തോന്നി. ഷഹിക്ക് വേണ്ടി ആണെങ്കിലും ഇവനോട് നീതി പുലർത്താൻ പറ്റുന്നില്ലല്ലോ. എപ്പോഴോ ഉറങ്ങിപോയി.

രാവിലെ എഴുന്നേൽക്കുമ്പോൾ അവന്റെ നെഞ്ചിൽ തന്നെ ആയിരുന്നു ഉണ്ടായത്.

കൊച്ചു കുഞ്ഞിനെ പോലെ ചേർത്ത പിടിച്ചു കിടക്കുന്നത് കണ്ടപ്പോൾ വല്ലാത്ത വാത്സല്യം ആയിരുന്നു തോന്നിയത്. അവന്റെ നെറ്റിയിൽ നേർത്തൊരു ചുംബനം ആയി അത് അവസാനിച്ചു.

കുറച്ചു കഴിഞ്ഞു അവനും എഴുന്നേറ്റു ജോഗിങ്ങിന് പോയി. തിരിച്ചു വന്നതും ഇനുവിനെ കണ്ടു അവൻ കണ്ണും മിഴിച്ചു നിന്നു. കുളിച്ചു ഇറങ്ങിയതേ ഉള്ളൂ മുടിയിൽ നിന്നും വെള്ളം ഇറ്റി വീഴുന്നുണ്ട്.

അവൻ വന്നു ഉന്തി എഴുന്നേൽപ്പിക്കാതെ എഴുന്നേൽക്കാത്ത ആളാണ്.കോളേജിൽ പോകുമ്പോ കുളിക്കാൻ പറഞ്ഞ ചാടിക്കടിക്കും.

അവന്റെ കയ്യിൽ പുഞ്ചിരിയോടെ കുളിക്കാൻ ടവ്വൽ

കൊടുത്തു അവൾ താഴേക്ക് പോയി.
കുളിച്ചിറങ്ങിയപ്പോൾ അവൾ ടീ കൊണ്ട് കൊടുത്തു.
അവൻ അത് വാങ്ങി കുറച്ചു സമയം നിന്നു പിന്നെ
ഒരു പുഞ്ചിരിയോടെ ബാൽകാണിയിലേക്ക് ഇറങ്ങി.

ടീ പോയി ടീ എടുത്തിട്ട് വന്നേ.

വേണേൽ പോയി കുടിച്ച മതി എന്നും പറഞ്ഞു
തലവഴി പുതപ്പിട്ട് കിടക്കുന്ന അവളെ ചോദിക്കാതെ
ടീ പിടിച്ചു നിന്നത് ഓർത്തു അവൻ അമ്പരപ്പോടെ
ഓർത്തത്. റൂമിലേക്ക് വരുമ്പോൾ ബെഡിൽ ഷർട്ട്
പാന്റ് ഒക്കെ എടുത്തു വെച്ചിട്ടുണ്ട്. അവൻ അവളെ
ഒന്ന് ഇരുത്തി നോക്കി ഡ്രസ്സ് ചേഞ്ച് ചെയ്തു വന്നു.
താഴെക്ക് ഇറങ്ങി.

നാസ്ത വിളമ്പി വെച്ചു കാത്തിരിക്കുന്ന അവളെ
കണ്ടു വീണ്ടും കണ്ണ് തള്ളിയെങ്കിലും അവൻ പോയി
ഇരുന്നു.

നീ കഴിക്കുന്നില്ലേ.....

ഞാൻ അവരോടൊപ്പം കഴിച്ചോളാം.

അവൻ പുറത്തേക്ക് ഇറങ്ങിയതും ഷൂ  തുടച്ചു
വൃത്തിയാക്കി വെച്ചിട്ടുണ്ട്. അതെടുത്തു കൊടുത്തു.

അവൻ കാറിൽ കേറി ഗെറ്റ് കടക്കുവോളം നോക്കി നില്കുന്നത് അവൻ കണ്ടു.

സംതിങ് ഫിഷി.... അവൻ മെല്ലെ പറഞ്ഞു മിററിലൂടെ നോക്കി.

ഫൈസ് പോയി ഉള്ളിലേക്ക് കേറാൻ നോക്കുമ്പോഴാ വാതിൽക്കൽ കയ്യും കെട്ടി നിൽക്കുന്ന റിച്ചുവിനെ കണ്ടത്.

പൂമുഖ വാതിൽക്കൽ സ്നേഹം വിടർത്തുന്ന പൂതിങ്കളാകുന്ന ഭാര്യ അവൻ മെല്ലെ പാടി...

അവൾ പുച്ഛത്തോടെ നോക്കി പോകാൻ നോക്കിയതും കൈ വെച്ചു തടഞ്ഞു.

അവൾ രൂക്ഷമായി നോക്കി.

ആരെകാണിക്കാനാ ഈ കോപ്രായങ്ങൾ ...

എന്റെ ഭർത്താവിനെ.....

അവനൊന്നു ചിരിച്ചു. എന്നെ ബോധിപ്പിക്കാൻ ഉള്ളതാണെന്ന് എനിക്ക് അറിയാം. അതിന്ന് വേണ്ടി കഷ്ടപെടണ്ട നീ എന്താണെന്ന് എങ്ങനെ ആണെന്ന് ആരെക്കാളും എനിക്ക് അറിയാം. ഇതൊക്കെ കണ്ടു എന്റെ മനസ്സ് മാറുവെന്ന് നീ കരുതണ്ട.

ഞാൻ പഴയ ഇനായ അല്ല ഇനായ ഫൈസ് ആണ്. അല്ലാതെ നിന്നെ ബോധിപ്പിക്കാൻ ആക്റ്റിംഗ് കൊണ്ട് നടന്നത് അല്ല.

ഇപ്പോഴും നിങ്ങൾക്കിടയിൽ ബെഡ് റിലേഷൻ ഇല്ലെന്ന് പോലും എനിക്ക് അറിയാം പിന്നെ ഇതൊക്കെ അഭിനയം തന്നെ അല്ലേ...

അവൾ ഞെട്ടിപ്പകച്ചു അവനെ നോക്കി.

ഇവന്ന് ഇതെങ്ങനെ അറിയുക.

ഷദ റിസ നൈഹ മൂന്നാലെയും അവൾ ഓർത്തു.

റിസ പറഞ്ഞു നിന്റെ ഓരോ കാര്യം അറിയാം. ഷഹിക്ക് വേണ്ടി കാത്തിരിക്കുകയാണോ രണ്ടാളും പുതിയൊരു ജീവിതം കെട്ടിപടുക്കാൻ.

ഒരു കണക്കിന് നന്നായി അപ്പോഴേക്കും നമുക്കും ഒരുമിച്ചു ഒരു ജീവിതം ഉണ്ടാക്കിയെടുക്കലോ

നാണമില്ലല്ലോ പറയാൻ.... സ്വന്തം അനിയന്റെ ഭാര്യ ആണെന്ന് പോലും ഓർക്കാതെ ചേ..... അറപ്പാ തോന്നുന്നേ കാണുമ്പോൾ തന്നെ.

അവൻ അത് കേട്ട് പുഞ്ചിരിയോടെ നോക്കി നിന്നെ ഉള്ളൂ.....

നീ എന്റേത് മാത്രം ആണ് ഇനു. ഫൈസ് എന്നല്ല ആർക്കും വിട്ടുകൊടുക്കില്ല ഞാൻ

ഞാൻ ഫൈസിയുടെ ആണ്. അവന്റെ ഭാര്യ ആണ്. പിന്നെ നീ പറഞ്ഞ പോലെ ഒരു ബെഡ് റിലേഷൻ ഇല്ലാത്തോണ്ട് ആണ് അങ്ങനെ തോന്നാത്തത് എങ്കിൽ കേട്ടോളു. ഇന്ന് ഞാൻ ജന്നതോ ഹൈദർ കുടുംബത്തിലെ രാജകുമാരിയോ അല്ല. അത് കൊണ്ട് തന്നെ ഷഹി ഇനിമുതൽ എന്റെ ജീവിതത്തിൽ വരില്ല. ഇന്ന് മുതൽ എല്ലാ അർത്ഥത്തിലും ഞാൻ ഫൈസ്ന്റെ ഭാര്യ ആയിരിക്കും.... അത് പറയുമ്പോൾ അവളുടെ ശബ്ദം ഉറച്ചിരുന്നു.

ഞാൻ ഉള്ളപ്പോൾ നിങ്ങൾ ഒന്നിക്കില്ല ഇനു

എന്നാ കേട്ടോ.... ഫൈസ് ഒന്നിച്ചു ഒരു പുതിയ ജീവിതം തുടങ്ങാൻ പോവവുകയാ ഞാൻ. മനസ്സ് കൊണ്ട് ഒന്നായ ഞങ്ങൾ ശരീരം കൊണ്ട് ഒന്നായിരിക്കും. നിന്റെ മുന്നിൽ തന്നെ ജീവിച്ചു കാണിക്കും ഞാൻ അത്.ഇപ്പൊ എന്റെ വാശിയാണ് അത്.

അതും പറഞ്ഞു അവന്റെ കയ്യും തട്ടിത്തെറിപ്പിച്ചു

അവൾ പോയി.

നിങ്ങൾ ഒന്നാകില്ല ഇനു അതെന്റെയും വാശി ആണ് അവൻ വല്ലാത്തൊരു ഭാവത്തോടെ പറഞ്ഞു.

അവൾക്ക് റൂമിൽ എത്തിയതും കരച്ചിൽ വന്നു. എന്റെ ബെഡ് റൂമിലെ കാര്യം പോലും ഇവന്ന് അറിയാം. തൊലി ഉരിയുന്ന പോലെ തോന്നി അവൾക്ക്. റിസയോട് ദേഷ്യം തോന്നി അവൾക്ക്. പറയരുതെന്ന് സത്യം ഇട്ടിട്ട് എല്ലാം ഒതികൊടുത്തിരിക്കുന്നു. ഞങ്ങൾകിടയിൽ ഇനിയും അകലം ഉണ്ടായാൽ അത് അവന്ന് പ്രതീക്ഷ ഉണ്ടാകും അത് പാടില്ല. ഷഹിയല്ല ഇപ്പോൾ എന്റെ ജീവിതം ആണ് സേഫ് ആക്കേണ്ടത്. അവൾ എന്തൊക്കെയോ തീരുമാനിച്ചുറപ്പിച്ചു കണ്ണും മുഖവും തുടച്ചു എഴുന്നേറ്റു.

❤️❤️❤️

ഉപ്പ എനിക്കീ കല്യാണം വേണ്ട.....

റാനിയുടെ ഉപ്പ ഞെട്ടലോടെ അവളെ നോക്കി....

എതിർ പറയല്ലേ ഉപ്പ.... അവരൊക്കെ നമുക്ക് കയ്യെത്താൻ പോലും അടുത്തല്ല.

വലിയ വലിയ ആൾക്കാരാ അങ്ങനെ ഉള്ളവരോടൊത്തു നമുക്ക് ബന്ധം സ്ഥാപിക്കാൻ കഴിയില്ല ഉപ്പ. ഇനുവിനെ ഓർത്താണ് സമ്മതിച്ചത്. ഇപ്പൊ ഇനുവും അവിടുന്ന് പോയി. ഇനിയാരാ ഉണ്ടാവാ നമുക്ക് തുണയായി. അതോണ്ട് ഞാൻ ഇത് വേണ്ടന്ന് പറയാൻ തീരുമാനിച്ചു. എന്നോട് ദേഷ്യം തോന്നല്ലേ അവൾ അയാളുടെ മടിയിൽ തലവെച്ചു കരഞ്ഞോണ്ട് പറഞ്ഞു. അവളുടെ തലയിലൂടെ തലോടി....

മോളെ ഇഷ്ടത്തിന്ന് ഞാൻ എതിർ നിൽക്കില്ല. പക്ഷേ ഇനു അവളെ വാക്ക് തള്ളിക്കളയാനും പറ്റില്ല. അവളോട് ജുനൈദ്നോട് ഉള്ള കടപ്പാട് തീർക്കാൻ പറ്റില്ല മോളെ. പട്ടിണി കിടക്കുന്ന സമയത്ത് അവരെ ഉണ്ടാരുന്നുള്ളൂ സഹായിക്കാൻ.... ഇനുവിനെ വിഷമിപ്പിക്കുന്ന ഒന്നും ചെയ്യാതിരുന്നാൽ മതി.

അവൾ തലയാട്ടി.... ജുനുക്ക ഇല്ലായിരുന്നുവെങ്കിൽ ഈ വീട് കുടുംബവും ഉണ്ടാവുമായിരുന്നില്ല. മൂത്ത മോനെ പോലെ ആയിരുന്നു. ഉള്ളതിൽ ഒരു പങ്ക് തന്നു എപ്പോഴും സഹായിക്കും.

ഇനുവിന് തന്നോടുള്ള സ്നേഹം ആണത്.

ഇനു വിഷമിക്കാതിരിക്കാൻ അവൾ ഇഷ്ടപ്പെടുന്ന എന്നെയും സഹോദരിയായി കൂടെ കൂട്ടി... ആ ഓർമയിൽ അവൾ കണ്ണ് നിറഞ്ഞൊഴുകി

ഇജാസ് ആയുള്ള വിവാഹം മുടക്കാൻ കുറെ നോക്കിയതാ. അവൾക്ക് കുട്ടി ഉണ്ടാവില്ല അറിഞ്ഞോണ്ട സമ്മതിച്ചതും.

പക്ഷേ ഇജാസ് ഒരിക്കലും ഇതിന്ന് സമ്മതം അല്ലായിരുന്നു. ഇഷ്ടം അല്ലാതെ എങ്ങനെ ഒന്നിച്ചു ജീവിക്കുക. ഇനുവിന് പറഞ്ഞ മനസ്സിൽ ആകും അവൾ ഒരു നെടുവീർപ്പോടെ ഓർത്തു. നാളെ തന്നെ മോതിരം തിരിച്ചു കൊടുക്കണം.അതവൾ മനസ്സിൽ ഉറപ്പിച്ചു.

❤❤❤❤

രാത്രി കൈ നിറയെ റോസ് പറിച്ചു വരുന്നത് കണ്ടു റിച്ചു അവളെ തന്നെ നോക്കി.

ഒരു പുതിയ ജീവിതം തുടങ്ങുവല്ലേ അപ്പൊ കുറച്ചു റൊമാന്റിക് ആയിക്കോട്ടെ. അവൾ പുച്ഛത്തോടെ അവനെ നോക്കി. റൂമിലേക്ക് പോയി.

വാതിൽ തുറന്നു അകത്തേക്ക് കയറുമ്പോൾ ഒരു

നോട്ടം പോലെ അവൻ കണ്ടു റൂം മൊത്തം മെഴുകുതിരി കത്തിച്ചും പൂക്കൾ കൊണ്ട് അലങ്കരിച്ചു വെച്ചത്. അത് കണ്ടതും അവന്റെ മുഖം വലിഞ്ഞു മുറുകി.

കുറച്ചു കഴിഞ്ഞു ഇനു താഴേക്കു ഇറങ്ങി വരുന്നത് കണ്ടു എല്ലാവരും വാ പൊളിച്ചു നിന്നു.

ഒരു സാരിയും എടുത്തു നന്നായി ഒരുങ്ങിയിട്ടുണ്ട്. പൊതുവെ മൊഞ്ചത്തി ആയ അവൾ അന്ന് ഹൂറിയെ പോലെ തിളങ്ങി.

ആരെയും കണ്ണ് തട്ടാതെ ഇരിക്കട്ടെ പറഞ്ഞു റംസി കൈ ഞെട്ടുകൾ പൊട്ടിച്ചു.

എവിടെക്കാ പോകുന്നെ

ഒരു യാത്ര പോവാ ഇത്ത. ജീവിതത്തിന് പുതിയൊരു മാറ്റം കുറിക്കുവാൻ അത് പറയുമ്പോൾ റിച്ചുവിന്റെ മുഖത്ത് ആയിരുന്നു നോട്ടം മുഴുവൻ.

പുതിയൊരു ജീവിതം തുടങ്ങുവാൻ അവളും തുടക്കം കുറിക്കാതിരിക്കാൻ അവനും പോര് കോഴിയെ പോലെ പരസ്പരം നോക്കി നിന്നു.

❤️💔INVISIBLE LOVE 💔❤️

Love after 💘marriage (പാർട്ട് 96)

ഇട്ട സാരി അഴിച്ചു വലിച്ചെറിഞ്ഞു.... ദേഷ്യം കൊണ്ടും സങ്കടം കൊണ്ടും അവൾക്ക് ആകെ ഭ്രാന്ത് പിടിക്കുന്ന പോലെ തോന്നി. മണിയറ പോലെ ഒരുക്കി വെച്ച റൂം കാണുംതോറും റിച്ചുവിനെ കൊല്ലാനുള്ള ദേഷ്യം ഉണ്ടായിരുന്നു. എല്ലാം തട്ടി തെറിപ്പിച്ചു.

ഫോൺ റിങ് ചെയ്യുന്നത് കേട്ടു അവൾ നോക്കി റിച്ചു.അറ്റൻഡ് ചെയ്യാൻ തോന്നിയില്ല. പരിഹസിക്കാൻ ആയിരിക്കും എന്ന് അറിയാം. അത് കൂടി കേൾകൻ വയ്യ.

ഫൈസിയുടെ നമ്പർ കാൾ വന്നതും അവൾ എടുത്തു.

ഫസ്റ്റ് നൈറ്റ് എങ്ങനെ ഉണ്ടായിരുന്നു ഇനു

റൊമാന്റിക് ആയിരുന്നുവല്ലേ പരിഹാസത്തോടെയുള്ള ശബ്ദം കേട്ടതും റിച്ചു ആണെന്ന് അവൾക്ക് മനസ്സിലായി.

ഞാൻ പറഞ്ഞു ഇനു നീ എന്റേത് ആണെന്ന്. അവനോടൊത് ഒരു ജീവിതം സ്വപ്നം കാണണ്ട നീ....

അതും പറഞ്ഞു അവൻ ഫോൺ വെച്ചു.

ഫോൺ വലിച്ചെറിയാൻ നോക്കിയതും ഫൈസ് വിളിക്കുമെന്നോർത്തു. ഫൈസ് വരുന്നത് കാണാഞ്ഞിട്ട് അവനെ വിളിച്ചു. അപ്പോഴാ അറിയുന്നത് റിച്ചു ബൈക്കിൽ നിന്നും വീണു നെറ്റിയിൽ മുറിവ് ഉണ്ട്. അഡ്മിറ്റ് ആണ്. ഫൈസ് ആണ് കൂടെയുള്ളത്.ഇന്ന് ഒബ്സെർവേഷൻ കിടന്നിട്ട് നാളെ പോയ മതീന്ന് ഡോക്ടർ പറഞ്ഞന്ന്. അവന്റെ കൂടെ ഹോസ്പിറ്റലിൽ ഉള്ളത് ഇന്ന് വരില്ല പറഞ്ഞു. റിച്ചു മനപ്പൂർവം ചെയ്തത് ആണെന്ന് അവൾക്ക് മനസ്സിൽ ആയി. എന്തൊക്കെ ചെയ്താൽ ഞങ്ങളെ പിരിക്കാൻ ആവില്ല ഇർഫാൻ അവൾ അരിശത്തോടെ പറഞ്ഞു.

കുറച്ചു കഴിഞ്ഞു ഫൈസ് വിളിച്ചു. അവന്റെ സംസാരത്തിൽ അവൾ അവളുടെ സങ്കടം ദേഷ്യം മറച്ചു പിടിച്ചു. പിന്നെ പിന്നെ അവരുടേതായ ലോകത്തിൽ അവൾ ഒക്കെ മറന്നു. പരസ്പരം പ്രണയിക്കുന്ന കാമുകികാമുകൻമാരെ പോലെ അവർ ഫോണിലൂടെ പ്രണയിച്ചു. അവളും അറിയുക ആയിരുന്നു ഫൈസ് ഇല്ലാത്തൊരു ലോകം തനിക്കില്ലെന്ന്..... തന്റെ ജീവനും ജീവിതവും അവൻ

മാത്രം ആണെന്ന്......എപ്പോഴോ ഉറക്കിലേക്ക് വീണു.

❤❤❤

അവൾ രാവിലെ എഴുന്നേറ്റു റൂം മൊത്തം വൃത്തിയാക്കി. എന്ത് കൊണ്ടോ ഫൈസ് അറിയേണ്ടന്ന തോന്നൽ ആയിരുന്നു അത്. ശരിക്കും പറഞ്ഞാൽ ഫൈസിയോടുള്ള ഇഷ്ടം കൊണ്ടാണോ തീരുമാനം എടുത്തത്...... അല്ല...... റിച്ചുവിനോടുള്ള ദേഷ്യം..... അങ്ങനെ ഒരു ഒത്തുച്ചേരൽ ആയിരുന്നോ വേണ്ടിയിരുന്നത്..... ചെറിയ കുറ്റബോധം തോന്നി അവൾക്ക്. ഫൈസിയോട് എല്ലാം പറയണം എന്നുണ്ട്. പതിനഞ്ചു വർഷങ്ങൾക്ക് ശേഷം മകനെ തിരിച്ചു കിട്ടിയ സന്തോഷതിൽ എന്റെ കാൽ വേണമെങ്കിൽ പിടിക്കാം എന്ന് പറഞ്ഞ ഫൈസിയുടെ ഉപ്പന്റെയും ഉമ്മന്റേയും മുഖം ഓർക്കുമ്പോൾ മനസ്സ് പിടയുന്നു.

അവൾക്ക് എല്ലാം ഇട്ടെറിഞ്ഞു എങ്ങോട്ടെങ്കിലും ഓടിപ്പോകണമെന്ന് തോന്നി.... അവൾ ബെഡിൽ കിടന്നു ഫോണിൽ ഫൈസിയുടെ ഫോട്ടോ നോക്കി കിടന്നു..... എന്നാ ഒന്ന് സന്തോഷത്തോടെ സമാധാനത്തോടെ ജീവിക്കുക. അവന്റെ

ഫോട്ടോയിലൂടെ വിരലോടിച്ചു.

ആരെയാ ഇങ്ങനെ നോക്കുന്നെ നിന്റെ കാമുകനെ ആണോ ചെവിയിൽ മെല്ലെ പറഞ്ഞതും തിരിഞ്ഞു നോക്കാതെ തന്നെ അത് ഫൈസി ആണെന്ന് അവൾക്ക് മനസ്സിലായി. അവൾ ചിരിയോടെ തിരിയാൻ നോക്കിയെങ്കിലും ഫൈസ് അവളെ കവിളിൽ കവിൾ ചേർത്ത് കിടന്നു. അവന്റെ കൈകളിൽ കൈ അമർത്തി കുറച്ചു സമയം അങ്ങനെ തന്നെ കിടന്നു. പെട്ടന്ന് അവൾ അവന്നെ തള്ളിമാറ്റി. അവൻ ബെഡിലേക്ക് തന്നെ മലർന്നു വീണു അവൻ മുഖം കൂർപ്പിച്ചു അവളെ നോക്കി. അവൾ അവന്റെ നെഞ്ചിൽ തലവെച്ചു കെട്ടിപിടിച്ചു കിടന്നു

ഇന്നലെ ഇങ്ങനെ കിടക്കാത്തൊണ്ട് ഉറക്കം വന്നില്ല ആ കടം തീർത്തിട്ട് ബാക്കി അവൾ കൊഞ്ചലോടെ പറഞ്ഞു മുറുക്കെ കെട്ടിപിടിച്ചു.

ഇന്നലെ നിന്റെ കൂർക്കം വലി കേട്ടു ഉറങ്ങാത്ത എന്നോട് തന്നെ ഇത് പറയണം കേട്ടോടി കോപ്പേ.....

ഞാൻ കൂർക്കം വലിച്ചൊന്നും ഇല്ല. ഇന്നലെ അവിടെ കിടന്ന നീയല്ലേ ഇതൊക്കെ അറിയുന്നേ.

അതേലോ....ഞാൻ ആണ് ഉറങ്ങാഞ്ഞേ

നീ സംസാരിച്ചു സംസാരിച്ചു എന്റെ ഉറക്കം കളഞ്ഞു ഉറങ്ങി. ഫോൺ കട്ട് ചെയ്തില്ല. ഈ നെഞ്ചിടിപ്പും ഹൃദയതാളം കേട്ട് നിന്നു.....

അപ്പൊ സത്യം ആയിരിക്കും എന്നാലും ഞാൻ കൂർക്കം വലിക്കൽ ഇല്ല.... അത് കളവ് അല്ലെ..... അവൾ ചെറിയ പരുങ്ങലോടെ ചോദിച്ചു.....

അത് ഞാൻ ചുമ്മാ പറഞ്ഞത ഈ കുളിക്കാത്ത നിന്റെ നാറ്റം ഇല്ലാത്തോണ്ട് ഉറക്കം വന്നില്ല..... അതോണ്ട് ഞാൻ കുറച്ചു സമയം ഉറങ്ങട്ടെ പറഞ്ഞു അവളെയും കൊണ്ട് മറിഞ്ഞു. അവളെ മുകളിൽ ആയി കിടന്നു. പിന്നെ നെഞ്ചിൽ തല വെച്ചു കിടന്നു...

അങ്ങനെയിപ്പോ നാറുന്ന എന്റെ കൂടെ കിടക്കേണ്ട പറഞ്ഞു അവനെ തള്ളി മാറ്റി അവന്റെ നെഞ്ചിൽ തല വെച്ചു കിടന്നു.

നിനക്ക് കിടക്കാമെങ്കിൽ എനിക്കും കിടക്കാം അവളെ പിടിച്ചു നേരെ കിടത്തി അവൻ കിടന്നു..... ഞാൻ ആദ്യം കിടക്കും പറഞ്ഞു വീണ്ടും അവന്റെ നെഞ്ചിൽ കിടന്നതും അവൻ അവളെയും കൊണ്ട്

തിരിഞ്ഞു. പിന്നെ അവൾക്കും വാശി ആയിരുന്നു. അവൾ അവനേ തള്ളിമാറ്റി യതും അവൻ അവളെയും പിടിച്ചു ഉരുണ്ടു നിലത്തേക്ക് വീണു അവന്റെ മുകളിൽ ആയി അവളും രണ്ടു പേരും പരസ്പരം രൂക്ഷമായി നോക്കിയെങ്കിലും പിന്നെയത് പൊട്ടിച്ചിരി ആയി മാറി. രണ്ടു പേരും അവിടെ തന്നെ കിടന്നു. ചിരിയടങ്ങി അവൾ അവസാനം ചിരി കടിച്ചു പിടിച്ചു അവനെ നോക്കി. ഒരു കയ്യിൽ തലതാങ്ങി അവളെയും നോക്കി ചെരിഞ്ഞു കിടക്കുന്നത് കണ്ടു.

അവൾ പിരികം പൊന്തിച്ചു അവനോട് എന്താ ചോദിച്ചു.

അവൻ ചുണ്ട് കൂർപ്പിച്ചു കിസ്സ് കൊടുക്കുന്ന പോലാക്കിയതും അവളിൽ നാണത്തിൽ കലർന്ന ഒരു പുഞ്ചിരി വിരിഞ്ഞു. അവനെ നോക്കാതെ മിഴികൾ താഴ്ത്തി.

(കുട്ടികൾ ഗോ ബാക്ക്.....വായിക്കണ്ട. റൊമാൻസ് ആണ്. സ്ക്രോൾ ചെയ്തോ പ്ലീസ് 🙏🙏🙏)

എന്ത് ക്യൂട്ട് ആണെന്ന് അറിയോ കാണാൻ....

അവൾ മെല്ലെ മുഖം ഉയർത്തി നോക്കിയെങ്കിലും അവന്റെ നോട്ടം മുഴുവൻ താഴേക്കു ആണെന്ന്

അവൾ കണ്ടു. അവൾ നോക്കി. അടിപിടിക്കിടയിൽ ചുരിദാർ ടോപ് പിന്നിലേക്ക് ചുറ്റി പിണഞ്ഞു കിടപ്പുണ്ട്. നഗ്നമായ വയർ പൊക്കിൾ ചുഴിയും കാണുന്നുണ്ട്. അതിന്റെ മുകളിൽ ആയുള്ള ഹിപ് ചെയിൻ നോക്കിയാണ് ക്യൂട്ട് എന്ന് പറഞ്ഞതെന്ന് കണ്ടതും നാണം കൊണ്ട് കണ്ണുകൾ താഴ്ത്തി. അവൾ ആദ്യം ഒന്ന് ഞെട്ടിയെങ്കിലും പിന്നെ ചമ്മലൊടെ വയറിൽ കൈ വെച്ചു മറച്ചു. മറുകൈ കൊണ്ട് പിന്നിൽ നിന്നും ടോപ് വലിക്കാൻ പോയതും അവൻ അവളെ രണ്ടു കയ്യും മുകളിലേക്ക് പിടിച്ചു കൈകൾക്കുള്ളിലൂടെ കോർത്തു പിടിച്ചു.

അവന്റെ നീക്കം പെട്ടന്ന് ആയോണ്ട് തന്നെ അവൾ ഒന്ന് ഞെട്ടി പിന്നെ രണ്ടു കയ്യും ഒരു കൈ കൊണ്ട് പിടിച്ചു വെച്ചു. അവൻ മറുകൈ കൊണ്ട് ചൈനിലൂടെ വിരലോടിച്ചു. അവളിലൂടെ വിറയൽ പടർന്നു കയറി. ശരീരത്തിലെ രോമകൂപങ്ങൾ മുഴുവൻ എഴുന്നേറ്റു നിന്നു.

ആരെ സെലക്ഷന....

വിറയൽ കാരണം അവൾക്ക് ശബ്ദം പുറത്തേക്ക് വന്നില്ല. വൈറ്റ് ഗോൾഡ് മിക്സ് ആയ നേരിയ

ചൈനിൽ നേരിയ മുത്തുകൾ തൂങ്ങുന്ന ഒരു ചെയിൻ ആണത്. ഇജുക്ക ഒരു പാട് മോഡൽ മുന്നിൽ നിരത്തിയെങ്കിലും ഫസ്റ്റ് തന്നെ കണ്ണുടക്കിയത് അതിൽ ആയിരുന്നു. വില കുറവാ പറഞ്ഞു വേണ്ടെന്ന് പറഞ്ഞു ഇജുക്ക തടഞ്ഞപ്പോ വാശി പിടിച്ചു വാങ്ങിയതാ അത്. അത് മാത്രം ഉള്ളൂ വാങ്ങിയ സ്വർണ്ണത്തിൽ ഇഷ്ടപ്പെട്ടു എടുത്തത്. ബാക്കിയൊക്കെ ഇജുക്ക സെലക്ട് ചെയ്തത്.

അവൻ അതിലൂടെ വിരൽ ചുഴറ്റി വലിച്ചു

അവന്റെ അടുത്തേക്ക് വലിച്ചു അവന്റെ നെഞ്ചിൽ തല മുട്ടിച്ചു നിന്നു.

നീ സെലക്ട് ചെയ്തത് ആണോ.....

അവന്റെ നിശ്വാസം അവളെ ചെവിയിൽ തട്ടിയതും അവൾ മുഖം വെട്ടിച്ചു.

അവന്റെ വിരൽ ഹിപ് ചൈനിൽ ചുഴറ്റി വീണ്ടും..... അവന്റെ കൈ വയറിൽ തഴുകിയതും അവൾ ശ്വാസം എടുക്കുവാൻ പോലും മറന്നു നിന്നു. അവളുടെ മിഴികൾ മെല്ലെ അടഞ്ഞു.

അവളുടെ വയറിൽ അവന്റെ നിശ്വാസം തട്ടിയതും

അവൾ നിന്ന് പിടഞ്ഞു...

അവളുടെ ശരീരം വില്ലുപോലെ വളഞ്ഞു അവൾ ക്ക് എതിർക്കനോ ചേർത്തു പിടിക്കാനോ പറ്റുന്നുണ്ടായിരുന്നില്ല. അവന്റെ കൈക്കുള്ളിൽ കിടന്നു അവളുടെ കൈകൾ ഞെരിപിരി കൊണ്ടു

നാഭിച്ചുഴിയിൽ അവന്റെ ചുണ്ടുകൾ പതിഞ്ഞതും അവൾ ഒന്ന് ഉയർന്നു പൊന്തിപ്പോയി. എതിർക്കാൻ നാവ് ഉയർന്നില്ല..... അവളിൽ വിറയൽ പടർന്നു കയറി. Ac റൂമിൽ ആയിട്ട് പോലും നെറ്റിയിലും കഴുത്തിൽ വിയർപ്പ് പൊടിഞ്ഞു.... അവന്റെ നാവും ചുണ്ടുകളും പൊക്കിൾ ചുഴിയുടെ അളവുകൾ എടുത്തതും അവൾ പോലും അറിയാതെ സീൽക്കരശബ്ദം ഉയർന്നു.

അതവനിൽ കൂടുതൽ ഉന്മാദം പടർത്തുകയാരുന്നു ചെയ്തത്. മുഖത്തെ കുറ്റിരോമങ്ങൾ വയറിൽ ഉരസിയതും അവൾ വിറയർന്ന ശബ്ദത്തിൽ ഉരുവിട്ടു ഫൈസ്.... അവൻ അവളുടെ കൈകൾ വിട്ടു. വീണ്ടും വീണ്ടും ചുണ്ടുകൾ നാവും വയറിലും നാഭിയിലും ഒഴുകി നടന്നു. അവൻ തീർത്ത സുഖലളനങ്ങളിൽ അവൾ ലയിച്ചു മിഴികൾ കൂമ്പിയടഞ്ഞു.

അവളുടെ ദേഹത്തിലൂടെ മുഖം ഉരസി അവളുടെ കഴുത്തിൽ ചുണ്ടുകൾ അമർന്നതും അവളിൽ നിന്നും ഒരെങ്ങൽ ഉയർന്നു. അവന്റെ മുടിയിൽ കൈ കൊരുത്തുപിടിച്ചു. അവൻ മുഖം ഉയർത്താൻ നോക്കിയതും അവൾ വിടാതെ മുടിയിൽ അമർത്തി പിടിച്ചു. അവൻ തോളിൽ അമർത്തി കടിച്ചതും വേദന കൊണ്ട് പുളഞ്ഞു. കൈ ഇളകിയതും അവൻ മുഖം ഉയർത്തി നോക്കി. മുഖം കൂർപ്പിച്ചു തോളിൽ തടവി നോക്കുന്നുണ്ട്....

അവൻ കണ്ണിറുക്കി കാണിച്ചു. അവൾ പിണക്കത്തോടെ മുഖം കോട്ടി....

നല്ലോണം വേദന എടുത്തു.....

വേദന മാറ്റിയാൽ പോരെ.....

മാറ്റണ്ട എന്ന് പറഞ്ഞു തീരുന്നതിന്ന് മുന്നേ അവന്റെ ചുണ്ടുകൾ അവിടെ പതിഞ്ഞു.... അവളുടെ ചുണ്ടിൽ ഒരു പുഞ്ചിരി വിരിഞ്ഞു..... അവന്റെ ചുണ്ടുകൾ സ്ഥാനം മാറുന്നത് അവളറിഞ്ഞു.... എതിർക്കാൻ അവൾക്ക് തോന്നിയില്ല.... ഇനി നോട്ടം കൊണ്ട് പോലും അവനെ നിരാശപെടുത്തില്ലെന്ന് മനസ്സ് കൊണ്ട് അവളും ഉറപ്പിച്ചിരുന്നു.

അവന്റെ ചുണ്ടുകൾ അതിന്റെ ഇണയെ തേടിയെത്തി. വിറയാർന്ന ചുണ്ടുകൾ സ്വന്തം ആക്കിയതും വാതിൽ നോക്ക് ചെയ്യുന്ന ശബ്ദം കേട്ടു..... അവൾ ഞെട്ടി പിടഞ്ഞു മാറാൻ നോക്കിയെങ്കിലും അവൻ ചുണ്ടുകൾ കൂടുതൽ ആഴത്തിൽ സ്വന്തം ആക്കി. വാതിലിൽ മുട്ട് ശക്തമായതും നീരസത്തോടെ വിട്ടു.....

അവന്റെ നിരാശ കലർന്ന മുഖം കണ്ടതും അവൾ ചിരി അടക്കിപിടിച്ചുവെങ്കിലു പുറത്തേക്ക് വന്നു.... അത് കണ്ടതും അവളെ കഴുത്തിൽ വീണ്ടും അമർത്തി കടിച്ചു.അവൾ അലറി വിളിച്ചു അവനെ തള്ളിമാറ്റി . ഇനി നിന്ന അവൾ ടെറർ ആകുന്നു തോന്നിയതും അവൻ വേഗം എഴുന്നേറ്റു. അവൻ ഹിപ് ചെയിൻ കയ്യെടുക്കാത്തൊണ്ട് അത് പൊട്ടി അവന്റെ കയ്യിലേക്ക് വന്നു.....

അവൾ സങ്കടത്തോടെ നോക്കി.

അറിയണ്ട് പറ്റിപോയതാ. ഇതിന്ന് ടാപ് തുറക്കല്ല. എന്ന് പറഞ്ഞു അവൻ കൈകൂപ്പി പുറത്തേയ്ക്ക് നടന്നു.

അവൾ എഴുന്നേറ്റു ഡ്രസ്സ് ശരിയാക്കി പിറകെ പോയി.

സമി ആണ്.....

ഡിസ്റ്റർബ് ആയില്ലല്ലോ..... അവൻ ഇനുനെ നോക്കി ചോദിച്ചു...

ഇല്ലെടാ പന്നി കാലൻ വഴി തെറ്റില്ലല്ലോ എന്ന് സമിക്ക് കേൾക്കാൻ പാകത്തിന് പറഞ്ഞു സമിയുടെ തോളിൽ ഒരടി കോടുത്തു.

അവൻ ഇളിച്ചു കാണിച്ചു. കാറിന്റെ ചാവി കീശയിൽ ഇട്ടു വന്നതും പോരാ കുരിപ്പ്. എത്ര ടൈം ആയി വെയിറ്റ് ചെയ്യുന്നു. സമി കലിപ്പ് ആയി....

മറന്നു പറഞ്ഞു അവൻ ചാവി എടുത്തു കൊടുത്തു.

ഇനി സ്വർഗ്ഗത്തിലെ കട്ടുറുമ്പ് ആകുന്നില്ല മക്കളെ പോയി റൊമാൻസിച്ചോ....

ഞങ്ങൾ ചുമ്മാ സംസാരിക്കാരുന്നു അവൾ ചമ്മലോടെ തല താഴ്ത്തി മെല്ലെ പറഞ്ഞു

അത് ഫോൺ റിങ് പുറത്ത് ഞങ്ങൾ കേട്ടിട്ടും ഫോൺ എടുക്കാത്തപ്പോ മനസ്സിലായി. തെളിവ് ദേ ഇരിക്കുന്നു അവൻ അർത്ഥം വെച്ചു പറഞ്ഞു ഫൈസിയുടെ കൈ ചൂണ്ടി....

ഹിപ്പ് ചെയിൻ കണ്ടു....നാണം കെട്ടു

മൊത്തത്തിൽ.....അവൾ മുഖം വീർപ്പിച്ചു കൈ ചുരുട്ടി അവനെ നോക്കി ....

ഇനി ഇവിടെ നിന്ന ശരിയാവില്ല മോനെ അവൻ സമിയുടെ കയ്യും കണ്ണിറുക്കി കയ്യും പിടിച്ചു സ്റ്റെപ്പ് ഓടിയിറങ്ങി.

അവൾ ചിരിയോടെ റൂമിലേക്ക് പോകാൻ തിരിഞ്ഞതും പിന്നിൽ റിച്ചുവിനെ കണ്ടു. അവളുടെ ചിരി ഒന്ന് മങ്ങിയെങ്കിലും അവൻ എല്ലാം കേട്ടുവെന്ന് ദേഷ്യം പിടിച്ചമുഖം കണ്ടു അവൾക്ക് മനസ്സിലായി. അവൾ മനസ്സറിഞ്ഞു തന്നെ പുഞ്ചിരിച്ചു.

ഒരുപാട് നന്ദിയുണ്ട് ഇന്നലെ അങ്ങനെ ചെയ്തതിൽ..,... വാശികൊണ്ടല്ല എനിക്കവൻ സ്വന്തം ആകേണ്ടത്...... എന്റെ പ്രണയം കൊണ്ടാണ്..... അതിപ്പോ എനിക്ക് മനസ്സിലായി..... ഇന്നലെ അവൻ വരാഞ്ഞതിൽ സന്തോഷം മാത്രം ഉള്ളൂ.

എനിക്കും അവനും ഇടയിൽ ഒരു രാത്രി മാത്രം അല്ല ഉള്ളത്...മറ്റൊരാൾക്കും ഞങ്ങൾക്കിടയിൽ സ്ഥാനം ഇല്ല ഇനിയെങ്കിലും നന്നാവാൻ നോക്ക് റിച്ചുക്ക അത് പറഞ്ഞു അവൾ പോയി.

ദേഷ്യം കടിച്ചമർത്തി ഫൈസിയെ രൂക്ഷമായി നോക്കുന്നത് അവൾ കണ്ടില്ല.

നാസ്ത കഴിക്കുമ്പോൾ ആണ് പെട്ടെന്ന് ഇനു പറഞ്ഞത്.

ഹൈദർ കുടുംബങ്ങൾക്കും സാരതികൾക്കും സ്ഥാനം പുറത്താണ്. എന്തിന്റെ പേരിൽ ആയാലും തേടി വരരുതെന്ന് പറഞ്ഞിട്ടുണ്ട് സ്വരം കടുപ്പിച്ചു മുഖം ചുളിച്ചു അവൾ പറയുന്നത് കേട്ട് എല്ലാരും നോക്കി.

വാതിൽക്കൽ യാഷ് അലക്സ് നില്കുന്നുണ്ട്. രണ്ടു പേരുടെയും മുഖം വിളറിയ പോലെ തോന്നി ഫൈസിക്ക്.

അവർ ദയനീയമായി ഫൈസിയെ നോക്കി. ഫൈസ് അവരെ നോക്കി ചുമൽ കൂച്ചി ഹെൽപ്‌ലെസ് ആണെന്ന് നോട്ടം കൊണ്ട് പറഞ്ഞു

ഇനു.... അവർ വിളിച്ചതും അവൾ കയ്യുയർത്തി തടഞ്ഞു. ഇറങ്ങി പോകാം രണ്ടാൾക്കും....

അലക്സിച്ചായന് അനിയത്തികുട്ടിയോട്

സംസാരിച്ചോടെ. അതിനും വിലക്ക് ഉണ്ടോ. അലക്സ് പുഞ്ചിരിയോടെ അവളോട് ചോദിച്ചു.

അവൾ അതിന്ന് മറുപടി പറഞ്ഞില്ല.

ഇച്ചായൻന്ന് വിളിച്ചതും അനിയത്തി ആയി കണ്ടോന്ന് പറഞ്ഞത് ആത്മാർത്ഥമായാണെങ്കിൽ ഞാൻ ഗാഡനിൽ വെയിറ്റ് ചെയ്യാം വരണം.... എനിക്ക് കുറച്ചു സംസാരിക്കാൻ ഉണ്ട്. അതും പറഞ്ഞു അലക്സ് പോയി....

യാഷ് ഇനുവിനെ മൈന്റ് ചെയ്യാതെ അകത്തേക്ക് വന്നു.

ചെവി കേൾക്കില്ല എന്നുണ്ടോ നിനക്ക് ദേഷ്യത്തോടെ തന്നെ ആയിരുന്നു ഇനു ചോദിച്ചത്.

അവൻ ഫൈസിയുടെ അടുത്തേക്ക് പോയി.

നിങ്ങൾ പറഞ്ഞ വാക്ക് പാലിക്കുന്ന ആളാണോ യാഷ്  ഫൈസിയെ നോക്കി ചോദിച്ചു

ആദ്യം അവനൊന്നു ഞെട്ടിയെങ്കിലും ആണെന്ന് തലയാട്ടി.

ഇതെന്റെ കൂടി വീടാണെന്നും ഞാൻ അനിയൻ ആണെന്ന് പറഞ്ഞിട്ട് ഇല്ലേ.....

അവൻ മെല്ലെ ഇനുവിനെ നോക്കി അവൾ ഫൈസിയെ നോക്കി പേടിപ്പിച്ചു മിണ്ടരുത്ന്ന് കാണിച്ചു.

ബയ്യയോട് ചോദിച്ചേ ഇടക്ക് ഇടക്ക് വാക്ക് മാറ്റി പറയുന്ന സ്വഭാവം ഉണ്ടോന്ന്....

അവൻ ഇല്ലെന്ന് തലയാറ്റിപ്പോയി.

അതാണ് കാര്യം..... അപ്പോൾ ഞാൻ ആരാ ബയ്യയുടെ അനിയൻ..... ഈ വീട്ടിൽ എപ്പോ കേറിവരാനും സ്വന്തം വീട് പോലെ കാണണം എന്നും പറഞ്ഞിട്ടുണ്ട് അങ്ങനെ വരുമ്പോൾ ഇതെന്റെ കൂടി വീടല്ലേ.....

ഇനുവിനെ നോക്കാൻ പോയതും യാഷ് മറങ്ങി നിന്നു.

അവസാനം എല്ലാത്തിനും ഫൈസി തലയാട്ടി....

അതാണ് മ സ്വീറ്റ് ബ്രോ എന്നും പറഞ്ഞു കവിളിൽ പിടിച്ചു വലിച്ചു ഡയിനിങ് ടേബിളിൽ പോയി ഇരുന്നു പ്ലേറ്റ് എടുത്തു വെച്ചു.... എല്ലാവരും അവനെ വായും പോളന്നു നോക്കി നിന്നു. ഇനു മാത്രം കലിപ്പിൽ നിന്നു.

റംസിതോ എനിക്ക് വിളമ്പുന്നില്ലേ..... യാഷ് ചിരിയോടെ ചോദിച്ചതും റംസി വേഗം വിളമ്പികൊടുത്തു. അവൻ എല്ലാരോടും അങ്ങോട്ട് കേറി സംസാരിച്ചു പെട്ടന്ന് തന്നെ കമ്പനിയായി.

ഇനു കസേരയും തെറിപ്പിച്ചു എഴുന്നേറ്റു.

അവൻ പുച്ഛത്തോടെ നോക്കി അവളെ നോക്കി ഫുഡ് ചവച്ചാരച്ചു. ഇനു പോകുന്നത് കണ്ടു എല്ലാരും അവനെ നോക്കി.

നീർക്കോലിയാ കടിച്ചാലും വിഷം കാണില്ല

വിശക്കുമ്പോ വന്നു കഴിച്ചോളും പറഞ്ഞു ചിരിച്ചു. ബാക്കിയുള്ളവർ ആ ചിരിയിൽ പങ്ക് ചേർന്നു.

നീ കയ്യിലിരിപ്പ് കൊണ്ട് ശഹിയെ കടത്തി വെട്ടുമല്ലോ കുരിപ്പേ ഫൈസ് അവന്റെ തലക്ക് ചൊട്ട് കൊടുത്തു.

അലക്സ് നദീംമിന്റെ ദൂദ് ആയി വന്നതാ.

മൂപ്പരെ ഒന്ന് കെട്ടിയോളെ കയ്യിൽ നിന്നും രക്ഷിച്ചെക്ക് അവൻ ചിരിയോടെ പറഞ്ഞു.

അവൻ ഇനുവിന്റെ പിറകെ ഗഡനിലേക്ക്

പോയി....

റിച്ചു മാത്രം ഇതൊക്കെ കണ്ടു ദേഷ്യം അടക്കിപിടിച്ചു. കഷ്ടപെട്ടാണ് അവിടെ നിന്നും ഇറക്കിയത് വീണ്ടും ഒന്നിച്ചാൽ ഇനുവിനെ തനിക്ക് ഒരിക്കലും കാണാൻ പോലും കഴിയില്ല. ജന്നത് ഹൈദർ ആയി അവൾ മാറേണ്ട അവൻ പല്ല് ഞെരിച്ചു.

❤️❤️❤️❤️

അവൾ അലക്സിനെ നോക്കി.

ഇജുക്കയുടെ പി എ ആണ്. ഇജുക്കയുടെ കൂടെ എന്നും ഉണ്ടാവും. സാർ എന്ന് വിളിച്ചാലും അതിനേക്കാൾ നല്ലൊരു ബന്ധം അവർ തമ്മിൽ ഉണ്ട്. ആദ്യം ഒക്കെ എന്നെയും മാഡം വിളിച്ചെങ്കിലും തിരുത്തി അനിയത്തിയെ പോലെ കണ്ടോടെ പേര് വിളിച്ചോ പറഞ്ഞു അങ്ങോട്ട് പോയി കമ്പനി ആക്കിത്.

അവളെയും ഫൈസിയെയും കണ്ടതും അവൻ എഴുന്നേറ്റു അങ്ങോട്ട് വന്നു.

ജന്നത് ആയി ബന്ധം ഉള്ള ഒന്നിനെ പറ്റിയും എനിക്ക് കേൾക്കണ്ട അവൾ ആദ്യം തന്നെ പറഞ്ഞു.

എനിക്ക് പറയാൻ ഉള്ളത് റാനിയാ മാടത്തെ

പറ്റിയാണ്.

റാനി...... അവൾക്ക് എന്ത് പറ്റി..... അവൾ ഞെട്ടലോടെ അലക്സിയുടെ അടുത്തേക്ക് ചെന്നു.

മോള് പോയ ശേഷം മെന്റൽ പോലെ ആയിരുന്നു ഇജാസ് സാർ. ആരോടും മിണ്ടേം പറയേം ഇല്ല എല്ലാരോടും ദേഷ്യവും. ഓഫീസിൽ വീട്ടിൽ എല്ലാം കലിപ്പ് ആയിരുന്നു. ഇന്നലെ ഓഫീസിൽ ചീത്ത വിളിക്കാത്ത ഒരാളും ഇല്ലായിരുന്നു

ഒരു ഫയൽ കാണുന്നില്ല പറഞ്ഞു ഓഫീസ് തലകുത്തി മറിക്കാരുന്നു. അപ്പോഴാ

റാനിയ മാഡം ഓഫീസിൽ വന്നത്.

ദേഷ്യം പിടിച്ച ടൈം ആണ് പോകണ്ടാന്നു ഞാൻ പറഞ്ഞതാ മാഡം കേട്ടില്ല.വുഡ്ബി അല്ലെ കരുതി ഞാൻ അധികം തടഞ്ഞു ഇല്ല. എന്നാലും സാറിന്റെ സ്വഭാവം പേടിച്ചു ഞാനും പിന്നാലെ പോയി.

അവളെ കണ്ടതും ഇത് വരെ ചെയ്തതിന്ന് മൊത്തം അവളാണ് കാരണക്കാരി എന്ന മട്ടിൽ അതിനെ വലിച്ചു കീറുകയാരുന്നു. സ്വത്തും പണവും നോക്കി സാറിന്റെ പിന്നാലെ പോയതെന്നും അതിന്ന് വേണ്ടി

ഇനുനെ കയ്യി      ലെടുത്തത് എന്നൊക്കെ പറഞ്ഞു ഒരുപാട് ചീത്ത പറ ഞ്ഞു.

റാനി ഒന്നും തിരിച്ചു പറഞ്ഞില്ലേ

മാഡത്തിനെ വാ തുറക്കാൻ അതിന്ന് വിട്ടിട്ട് വേണ്ടേ.... ഞാനും കുറച്ചു സ്റ്റാഫ് ഒക്കെ ഉണ്ടായിരുന്നു. നാണക്കേട് കൊണ്ട് തലയും താഴ്ത്തി കരഞ്ഞോണ്ട പോയത്.എന്തിനാ വന്നത് പോലും അറിയില്ല.

ഞാൻ വന്നത് ഇവിടെ നടന്നത് ഒന്നും ഇനുവിനോട് പറയണ്ട പറഞ്ഞ മാഡം പോയത്. ഞാൻ ഇതൊക്കെ നദീം സാറോട് പറഞ്ഞു. എനിക്ക് അങ്ങനെ ഒരു സഹോദ   രൻ ഇല്ലെന്ന് പറഞ്ഞു.വേണേൽ മോളെ കണ്ടു പറയാൻ പറഞ്ഞു. അതാ വന്നത്.  യാഷ്നെ തടയാൻ നോക്കിതാ കേൾക്കാതെ പിറകിൽ ഓടിയതാ....

അലക്സ് യാത്ര ചോദിച്ചു പോയിട്ടും കേട്ട

ഷോക്കിൽ ആയിരുന്നു അവൾ.

ഫൈസ് അവളെ തോളിൽ കൈ വെച്ചു.

ഇവരെ എങ്ങനെ ഒരുമിപ്പിക്ക ഫൈസ്.അവളുടെ ശബ്ദത്തിൽ വേദന കലർന്നിരുന്നു.

ഇജുക്കനെ എങ്ങനെ മാറ്റുക.

നമുക്ക് ആലോചിക്കന്നെ ആദ്യം നീ പോയി റാനിയെ കണ്ടു സംസാരിക്ക്. എന്തിനാ പോയതെന്നൊക്കെ.

അവൾ തലയാട്ടി. യാഷ് പോകുമ്പോൾ അവളെ നോക്കി കൈ വീശി എങ്കിലും അവൾ മൈന്റ് ആക്കിയില്ല. അവൻ കുറെ ഫ്ലയിങ് കിസ്സ് കൊടുത്തു.

അവൾക്ക് ചിരി വന്നെങ്കിലും പിടിച്ചു നിന്നു. അവളുടെ ചുണ്ടിലെ പുഞ്ചിരി ഒളിച്ചു വെച്ചെങ്കിലും അവനത് കണ്ടിരുന്നു. ഒരു നറു പുഞ്ചിരി അവനിൽ വിരിഞ്ഞു.

അലക്സ് അവനെ നോക്കി....

വല്ല മാറ്റോം ഉണ്ടോ.....

ഭയ്യാ സംസാരിക്ക പറഞ്ഞിട്ടുണ്ട്. നോക്കാം ഇല്ലെങ്കിൽ അവളെ ഒടിച്ചു മടക്കി കീശയിൽ ഇടാനുള്ള ഐഡിയ എന്റെൽ ഉണ്ട്.

കുരുട്ട്ബുദ്ധി കിട്ടാതിരിക്കോ ഷഹിയുടെ അല്ലെ അനിയൻ അലക്സ് ആക്കി ചിരിച്ചു.

എല്ലാ ക്രെഡിറ്റ് ഭയ്യക്ക് കൊടുക്കാതെ എനിക്ക് കഴിവുണ്ട്....

നദീംസാർ മാത്രം ഉള്ളൂ ആകെ വകതിരിവ് ഉള്ളത് ബാക്കിയൊക്കെ ഒന്നിനൊന്നു കണക്കാ അലക്സ് ആത്മാഗതം പോലെ പറഞ്ഞു.

❤️❤️❤️❤️❤️

രാത്രി റൂമിലേക്ക് പോകുമ്പോൾ അവൾക്ക് നേരിയ വിറയൽ ഉണ്ടായിരുന്നു.രാവിലെ നടന്നത് ഓർമ്മ വന്നതും അവളിൽ നാണത്തിന്റെ പുഞ്ചിരി വിരിഞ്ഞു. ശരീരം മുഴുവൻ ചുവന്നു തുടുത്തു...... ഇടിക്കുന്ന ഹൃദയത്തോടെ ഒരു ഗ്ലാസ് പാൽ എടുത്തു അവൾ അടുക്കളയിൽ നിന്നും ഇറങ്ങി.

ഒരു വിധം എല്ലാരും കിടന്നിരുന്നു.

കുറച്ചു സ്റ്റെപ്പ് കയറിയതും മുന്നിൽ മറഞ്ഞിയ പോലെ റിച്ചു നിന്നു...

മുന്നിൽ നിന്ന് മാറ്...

നീ അവന്റെ സ്വന്തം ആകാൻ പോകുവല്ലേ അത് കണ്ടോണ്ടിരിക്കാൻ എനിക്ക് പറ്റോ നീ എന്റേത് മാത്രം അല്ലെ ഇനു....

നാണം ഇല്ലല്ലോ ഇത് പറയാൻ...... അവൾ മാറി പോകാൻ നോക്കിയതും അവൻ കൈ വെച്ചു തടഞ്ഞു.

സോറി......

പെട്ടെന്ന് കേട്ടതും അവൾ ഒന്ന് നിന്നു.

സോറി ഇനു..... എനിക്ക് വേറെ വഴിയില്ലാത്തോണ്ടാ.... നിന്നെ ഞാൻ അത്രയേറെ സ്നേഹിക്കുന്നു....

അവൾക്ക് അവന്റെ സംസാരത്തിൽ എന്തോ പന്തികേട് തോന്നി....

ഫൈസ്....അവൾ വിറയലോടെ ഓർത്തു

ഫൈസ്നെ എന്തെങ്കിലും ചെയ്താലുണ്ടല്ലോ അവൾ അവന്റെ ഷർട്ടിന്റെ കോളറയിൽ പിടിച്ചു.... ദേഷ്യം കൊണ്ട് വിറക്കുന്നുണ്ടായിരുന്നു...

അവനോട് ഏറ്റുമുട്ടാൻ ഇനിയും സമയം ഉണ്ട്.... നിന്നെ നഷ്ടപ്പെട്ടു ഹൃദയം തകർന്നു പൊട്ടികരയുന്ന അവനെ കണ്ടാൽ മതി. അല്ലാതെ അവനെ വേദനിപ്പിക്കണോന്ന് ഇല്ല. അവന്റെ വേദന.....അതിനോളം ലഹരി വേറെ ഇല്ല. അവൻ മുടിയിൽ കോർത്തു പിടിച്ചു.

അവൾക്ക് വല്ലാത്ത ഭയം തോന്നി....

ഇനു......എന്ന് ഫൈസ് വിളിക്കുംനത് കേട്ടു. അവൾ

അവനെ തടഞ്ഞു പോകാൻ നോക്കിയതും.....

സോറി ഇനു എന്ന് പറഞ്ഞു ഒറ്റ തള്ളു....

അവൾ നിലവിളിച്ചോണ്ട് സ്റ്റെപ്പിൽ നിന്നും താഴേക്ക് ഉരുണ്ടു വീണു. ഗ്ലാസ് പൊട്ടിചിതറി തെറിച്ചു..... പാൽ വെള്ളം നിറം മാറി ചുവപ്പ് ആയി മാറുന്നത് അവൾ നേരിയ ബോധത്തിൽ കണ്ടു.

ഇനു........ ഫൈസ് അലറിവിളിച്ചോണ്ട് ഓടി വന്നു.... അവളെ എടുത്തു മടിയിൽ ഇരുത്തുമ്പോൾ അവളുടെ കണ്ണുകൾ അടഞ്ഞു തുടങ്ങിയിരുന്നു. നിലത്തേക്ക് ഇറ്റുവീഴുന്ന രക്തം കണ്ടു പകച്ചു ഭീതിയിൽ എന്ത് ചെയ്യണം അറിയാതെ കണ്ണ് നിറച്ചു നിൽക്കുന്ന ഫൈസിയെയും  നിറയുന്ന കണ്ണുകൾ തുടച്ചു മാറ്റി വേദനയോടെ അവളെ നോക്കുന്ന റിച്ചുവിനെയും അവൾ കണ്ടു....

ഇനൂ...... ഫൈസ് നിലവിളിച്ചോണ്ട് അവളെ അവനോട് ചേർത്ത പിടിച്ചു പൊട്ടിക്കരഞ്ഞു. നേർത്തു വരുന്ന അവന്റെ ശബ്ദം ബോധം മറിയുമ്പോഴും അവളുടെ ചെവിയിൽ മുഴങ്ങി കേട്ടു.

❤️💔INVISIBLE LOVE 💔❤️

Love after 💘marriage (പാർട്ട് 97)

ഞാൻ മരിച്ചിട്ട് നരകത്തിലാണോ എത്തിയത്...... എന്റെ ജന്മം തന്നെ വേസ്റ്റ് ആയിപോയല്ലോ സങ്കടത്തോടെ അവൾ അവനെ നോക്കി പറഞ്ഞു

നീ ചത്ത നരകത്തിൽ ആണോ പോവാ

സമി കണ്ണുമിഴിച്ചു അവളെ നോക്കി...

ഞാൻ സ്വർഗത്തിൽ പോവുള്ളു.... നീ നരകത്തിൽ അല്ലെ പോവു.... എന്റെ കൂടെ കണ്ടോണ്ട് ഉറപ്പല്ലേ ഞാൻ നരകത്തിൽ ഉള്ളെന്ന്.....

പ്ഫാ നാറി..... നിന്റെ കെട്ടിയോൻ ആടീ നരകത്തിൽ പോവ്വാ..... സമി കലിപ്പിൽ അവളെ നോക്കി നല്ല ആട്ട് കൊടുത്തതും

അവൾ മുഖം കോട്ടി

അല്ലെങ്കിലും ഇന്നത്തെ കാലത്ത് സത്യം പറയാൻ പാടില്ലല്ലോ.....

ഇങ്ങനെയുള്ള സത്യം വിളിച്ചു പറഞ്ഞ നിന്റെ വായിക്ക് ഞാൻ പ്ലാസ്റ്റർ ഇടും നോക്കിക്കോ..... സമി അവളെ നോക്കിപേടിപ്പിച്ചു....

അപ്പൊ ഞാൻ ചത്തില്ല അല്ലെ ഒന്ന് ടെസ്റ്റ് ചെയ്തു നോക്കിതാ..... നിനക്ക് ജീവൻ ഉണ്ടോന്ന്.....

ഞാൻ ജീവൻ ഇല്ലാത്ത ആത്മാവ് ആണ്..

ഓഹ് കോമഡി.... ചിരിച്ചു.... നല്ലോണം ചിരിച്ചു..... ഇനിയും ചിരിക്കണോ ചേട്ടാ....

അവൾ കൊഞ്ചിപ്പോടെ ഇളിച്ചോണ്ട് ചോദിച്ചു....

എല്ലാരേം പേടിപ്പിച്ചു ഉറക്കം കളഞ്ഞിട്ട് ഊള കോമഡി കൊണ്ട് ഇറങ്ങിയിരിക്ക കുരിപ്പ്..... അവൻ കൃത്രിമ ദേഷ്യത്തോടെ തല്ലാൻ നോക്കിയെങ്കിലും നെറ്റിയിലെ മുറിവിലൂടെ തലോടി.

ഞാൻ അത്ര വേഗം ചത്തൊന്നും പോകില്ല മോനെ അങ്ങനെ നിങ്ങളിപ്പോ എന്റെ ശല്യം ഇല്ലാണ്ട് സുഖമായി ജീവിക്കണ്ട.....

അല്ലെങ്കിലും നീയില്ലാണ്ട് ആർക്കും ഇവിടെ ജീവൻ ഉണ്ടാകില്ല മോളെ. ഈ കുറഞ്ഞ സമയം കൊണ്ട് തന്നെ ഞങ്ങൾക്ക് മനസ്സിലായി അത് അവന്റെ വാക്കുകൾ ഇടറിയിരുന്നു . അവന്റെ കണ്ണ് നിറഞ്ഞിരുന്നു.....

അവൾ എല്ലാരേം നോക്കി ഒന്ന് പുഞ്ചിരിച്ചു....

ദുഃഖഭരിതമായ സിറ്റുവേഷൻ മാറി അവിടെ എല്ലാവരെ ചുണ്ടിലും പുഞ്ചിരി വിരിഞ്ഞു. അവളുടെ കണ്ണുകൾ കാണാൻ ആഗ്രഹിച്ച ആളെ കാണാത്തത് കൊണ്ട് നിരാശയോടെ ചുറ്റും പരതുന്നുണ്ടായിരുന്നു.

നോക്കി കണ്ണ് കഴക്കണ്ട..... അവൻ ഡോക്ടർ വിളിച്ചിട്ട് പോയിരിക്കുകയാ സമി പറഞ്ഞതും അവൾ ചമ്മലോടെ മിഴികൾ താഴ്ത്തി....

അപ്പോഴാ റിച്ചുവിൽ കണ്ണുടക്കിയത്....

വേദന നിഴലിച്ച മുഖവും..... കരഞ്ഞു വീർത്ത കണ്ണുകൾ കണ്ടെങ്കിലും അവളെ തള്ളിയിട്ട ഓർമ വന്നതും വെറുപ്പ് നിറഞ്ഞു. അവൾ മുഖം വെട്ടിച്ചു....

നല്ല വേദനയുണ്ട് നെറ്റി..... അവൾ നെറ്റിയിൽ തലോടി.... പിന്നേ കണ്ണുകൾ അടഞ്ഞതും തന്നെ വരിഞ്ഞു മുറുകുന്നത് അറിഞ്ഞു കണ്ണുകൾ വലിച്ചു തുറന്നു....

സമിക്ക ശരിക്കും ഞാനിപ്പോ ശ്വാസം മുട്ടി മരിക്കും എന്നെ ഒന്ന് രക്ഷിക്ക്....അവൾ വിളിച്ചു പറഞ്ഞു

ഫൈസി അവളെ പിടി വിട്ടു രൂക്ഷമായി നോക്കി..... അവൾ പകരം കണ്ണ് ചിമ്മി കാണിച്ചു....

അവൻ പെട്ടെന്ന് അവളുടെ മുഖം കയ്യിലെടുത്തു മുഖത്ത് ചുംബനങ്ങൾ കൊണ്ട് മൂടി...... അവന്റെ കണ്ണുനീർ അവളുടെ മുഖത്തോടെ ഒഴുകി..... വേദന കൊണ്ട് പിടയുന്ന അവന്റെ ഹൃദയം അവൾ തൊട്ടറിഞ്ഞു. അവൻ അത് വരെ അനുഭവിച്ച വേദന കണ്ടറിയുകയാരുന്നു അവൾ..... അവളെ കണ്ണുകൾ നിറഞ്ഞൊഴുകി..... കുറച്ചു നേരം കൊണ്ട് തന്നെ കോലം കെട്ടിരുന്നു അവൻ.... കണ്ണുകൾ കരഞ്ഞു തളർന്ന പോലെ ചുവന്നിരുന്നു.....

അവന്റെ ചുണ്ടുകൾ അവളുടെ നെറ്റിയിൽ അമർന്നു...... കണ്ണുനീർ തുള്ളികൾ ഇറ്റി വീണു കൊണ്ടിരുന്നു... കാണുന്നവരെ കണ്ണുകൾ പോലും നിറഞ്ഞിരുന്നു. ഒരു നിമിഷം റിൻഷാദ് അവൻ പോലും അറിയാതെ നിറഞ്ഞ കണ്ണുകൾ തുടച്ചു....

ടാ ഒന്ന് വിട് അത് കുറച്ചു ശ്വാസം വിട്ടോട്ടെ.... അല്ലേൽ ശരിക്കും ചത്തുപോകും ഷബീർ ചിരിയോടെ പറഞ്ഞതും നീ പോടാ പറഞ്ഞു അവളെ പിടിച്ചു ഉയർത്തി കെട്ടിപിടിച്ചു.....

അവരെ ലോകത്ത് ഡിസ്റ്റർബ് ചെയ്യാൻ ആർക്കും തോന്നിയില്ല എല്ലാവരും റൂമിൽ നിന്നും പുറത്തു

ഇറങ്ങി. അങ്ങനെ തന്നെ ഇരുന്നു രണ്ടു പേരും....അവളുടെ ശരീര ഭാരം കുറഞ്ഞു വരുന്നത് അവൻ അറിഞ്ഞു.... മെല്ലെ ബെഡിലേക്ക് കിടത്തി.

എങ്ങനെയാ ഇവിടെ എത്തിയെന്ന് പോലും ഓർമയില്ല.... രക്തത്തിൽ കുളിച്ച മുഖം കണ്ടതും പേടിച്ചു വിറച്ചിരുന്നു. ജീവൻ നിലച്ച പോലെ തോന്നിയത്..... നീയില്ലാതെ ഒരു നിമിഷം പോലും വയ്യ മോളെ അവളുടെ നെറ്റിയിൽ ഒരു നറുചുംബനം കൊടുത്തു..... രണ്ടു തുള്ളി കണ്ണുനീർ ഒപ്പരം ഇറ്റിവീണു....

❤️❤️❤️

നീയെങ്ങനെ വീണത് ഫൈസ് അവൾ ഉണർന്നതും ചോദിച്ചു..... അവളുടെ നോട്ടം അവളെ തന്നെ മാറി നിന്നു നോക്കുന്ന റിച്ചുവിൽ പതിഞ്ഞു. അവൻ തിരിച്ചു ചുണ്ടിലെ ചിരി മായാതെ തന്നെ നോക്കി. പരിഹാസം ആയാണ് അവൾക്ക് അത് തോന്നിയത്. തള്ളിയിടുന്നതിന്ന് മുന്നേ അവൻ പറഞ്ഞ വാക്കുകൾ അവൾ ഓർത്തു.

നീ ഇവിടുന്ന് വീണ ഏകദേശം അഞ്ചോ ആറോ സ്റ്റിച് ഉണ്ടാവു. രണ്ടു മൂന്ന് ദിവസം ഹോസ്പിറ്റലിൽ

കിടക്കണം വേറെ ഉദ്ദേശം ഒന്നും ഇല്ല. നീ എന്നെകൊണ്ട് ചെയ്യിക്കുന്നതാ ഇത്..... ഇനി നീ സത്യം പറഞ്ഞാൽ അതും എനിക്ക് ഉപകാരം ആണ്. ഒരിക്കൽ സംരക്ഷിക്കാൻ കഴിയില്ലെന്ന് പറഞ്ഞു ഫൈസിയുമായി തെറ്റിയതാ ജുനൈദ്.... ഇപ്പൊ ഇതും കൂടെ ആകുമ്പോൾ ഒരിക്കലും അവൻ ക്ഷമിക്കില്ല. പിന്നെ ഇജാസ് അവനും അറിയും സത്യം.... ശഹിയെ തൊട്ടവനെ വെറുതെ വിടോ..... ഒരിക്കലും ഇല്ല... ഫൈസ് അവന്ന് എന്നോടുള്ള സ്നേഹം നീയും കാണുന്നതല്ലേ..... ഞാൻ സ്നേഹിച്ച പെണ്ണിനെയാ അവൻ കല്യാണം കഴിച്ചത്..... നമ്മൾ പിരിയാൻ കാരണം ശരിക്കും അവൻ അല്ലെ ആ കുറ്റബോധം ഉള്ളപ്പോൾ ഇജാസിന് എന്നെ വിട്ടു കൊടുക്കോ..... എല്ലാം പ്രോബ്ലം സോൾവ് ആക്കാം അപ്പോൾ ഷഹിയോ അവന്റെ മാര്യേജ് അല്ലേ ഈ മാസം അവസാനം .....നിന്റെ ജീവിതം ഇവിടെ പ്രശ്നത്തിൽ പെട്ട് ഉഴലുമ്പോൾ അവൻ വിവാഹത്തിന് സമ്മതിക്കോ..... അവന്റെ ജീവൻ അല്ലേ നീ ..... വിവാഹം മുടങ്ങും.നീയിത് വരെ ചെയ്തത് എല്ലാം വെള്ളത്തിൽ വരച്ച വര പോലെ ആകും അതോണ്ട് ആലോചിച്ചു പറഞ്ഞ മതി

എങ്ങനെ വീണെന്ന്......

നിന്നോടാ ചോദിച്ചത് എങ്ങനെ വീണെന്ന്

ഞാൻ..... ഞാൻ കാൽ തടഞ്ഞു വീണതാ

പെട്ടന്ന് എവിടെയും പിടിക്കാൻ കിട്ടിയില്ല.

കുഞ്ഞിക്കുട്ടിആണോ വീഴാൻ..... ശ്രദ്ധയില്ലേ നിനക്ക്.... പിന്നെ അവൻ പറയുന്നത് കേട്ട് ഇതിനേക്കാൾ ഭേദം ബിൽഡിങ് നിന്നും ചാടി ചത്ത മതിന്ന് തോന്നി അവൾക്ക്...... ഇവന്റെ സ്നേഹം താങ്ങാൻ വയ്യ.....ദേഷ്യം താങ്ങാൻ വയ്യ

...... എന്തൊരു ജന്മം ആണിത്..... അവൾ മുഖം കോട്ടി അവനെ നോക്കി.നിർത്താൻ ഉള്ള ഒരു ലക്ഷണം ഇല്ലെന്ന് അവൾ കണ്ടു

അറ്റ്ലീസ്റ്റ് ഞാൻ ഒരു രോഗിയാണെന്ന് ഇത് ഹോസ്പിറ്റൽ ആണെന്ന് ചെറുതായി ഓർത്തുടെ.... ചെറിയൊരു സിമ്പതി...... ഇത്തിരി ദയ....അവൾ കൈ കൂപ്പി പറഞ്ഞതും ബാക്കിയുള്ളുവർ ചിരിച്ചിരുന്നു. ഫൈസ് ദേഷ്യത്തോടെ ഒന്ന് നോക്കി നിർത്തി.

എനിക്കൊന്നും പറ്റിയില്ലല്ലോ ഫൈസ് .....

പറ്റിയിരുന്നെങ്കിലോ......

ഇവർക്കൊക്കെ നിന്റെ രണ്ടാം കെട്ട് കാണരുന്നു... നല്ല ഫുഡ് കഴിക്കാം അവൾ ചിരിയോടെ പറഞ്ഞു.

രണ്ടാം കെട്ട് അല്ലെടി @@#₹₹#@@@@@@

അവൻ അടുത്തുള്ള ചെയർ ചവിട്ടി തെറിപ്പിച്ചു പുറത്തേക്ക് പോയി.

അവൾ അടക്കം എല്ലാരും ചെവി പൊത്തിയിരുന്നു ചീത്തവിളി കേട്ട്.....

കണ്ണും തുറിച്ചു ബോധം ഇല്ലാതെ നിൽക്കുന്ന അവളെ സമി തൊട്ട് വിളിച്ചു.

എത്ര സോപ്പിട്ടു കുളിച്ചാലാ സമിക്ക ഈ നാറ്റം ഒന്ന് പോക..... അവൾ ബോധം വന്നതും തല ഒന്ന് കുടഞ്ഞു ചോദിച്ചു...

പോകുല്ലടി ഞാൻ കേട്ട് പഴകിയതാ നിനക്ക് ആദ്യം ആയോണ്ടാ ശീലം ആയിക്കൊള്ളും.... എനിക്ക് ഒരു കൂട്ട് ആയല്ലോ സമാധാനം ആയി.... അവൻ നെടുവീർപ്പോടെ പറഞ്ഞു.

എന്നാലും ഇങ്ങനെ ദേഷ്യം വരാൻ ഞാൻ ഇപ്പൊ എന്താ പറഞ്ഞെ

വീണത് നീയാണേലും വേദന മൊത്തം അവനായിരുന്നു പെണ്ണെ..... നിനക്ക് ബോധം വരാൻ രാവിലെ ആകുന്നു പറഞ്ഞിട്ടും ഇവൻ ഇവിടെ കാണിച്ചു കൂട്ടിയത് പറയാതിരിക്കാൻ വയ്യ..... ഇപ്പോഴാ ശരിക്കും ശ്വാസം വിട്ടത് പോലും

നിന്നെ ഓർത്തല്ല ടെൻഷൻ അടിച്ചു അവൻ എന്തെങ്കിലും പറ്റുമോന്ന് ആയിരുന്നു എനിക്ക് പേടി.... അവന്റെ ജീവിതം ജീവനും ഒക്കെ നീയാണ്. നീയില്ലാതെ അവനില്ല.

അവൾ പുഞ്ചിരിയോടെ അവൻ പോയ വഴിയും നോക്കി ഇരുന്നു.

കുറച്ചു കഴിഞ്ഞു അവൻ തിരിച്ചു വന്നെങ്കിലും മോന്ത വീർത്തു തന്നെ ഇരുന്നു.അവളെ മൈന്റ് ചെയ്തില്ല.

എവിടെ പോയതാ.... അവൾ ദേഷ്യം മാറാൻ അങ്ങോട്ട് ചോദിച്ചു.

രണ്ടാം കെട്ടിന് പെണ്ണ് അന്വേഷിച്ചു പോയതാ

പെണ്ണ് കിട്ടിയ പെണ്ണിന് ഒരു ഡിഷ്ണറി കൊടുത്ത മതിട്ടോ ഗിഫ്റ്റ് ആയിട്ട്

അതെന്തിനാ പൊടിക്കുപ്പി ഡിഷ്ണറി ഷബീർ ചോദിച്ചു

വിളിക്കുന്ന തെറിയൊക്കെ സ്റ്റാൻഡേർഡ് ആയോണ്ട് പാതിയും അർത്ഥം മനസ്സിൽ ആയില്ല. അവളെങ്കിലും ഡിഷ്ണറി നോക്കി കണ്ടു പിടിച്ചോട്ടെ. ഗൂഗിൾ അമ്മച്ചിയോടു ചോദിചിട്ട് എന്നെ തെറി വിളിക്ക.... ഫൈസ് സ്വന്തം ആയി കണ്ടു പിടിച്ച വേർഡ്സ് ആണെന്ന തോന്നുന്നേ.

ന്യൂ മലയാളഭാഷയുടെ പിതാവ് ആയി നോമിനേറ്റ് ചെയ്താലോന്ന് ആലോചിക്കാ ഞാൻ..... നിഷ്കു ഭാവത്തിൽ അവനെ നോക്കാതെ പറഞ്ഞതും എല്ലാരിലും ചിരി പൊട്ടിയിരുന്നു.

ഇനി മിണ്ടിയ നെറ്റിയിലെ സ്റ്റിച് വായിക്ക് ഇടും ഞാൻ ഫൈസ് ചിരി കടിച്ചു പിടിച്ചു പറഞ്ഞു.

അവന്റെ മുഖത്ത് ചിരി കണ്ടതും അവൾക്കും ആശ്വാസം ആയി.

കുറച്ചു കഴിഞ്ഞതും എല്ലാവരെയും അവൻ നിർബന്ധിച്ചു വീട്ടിലേക്ക് പറഞ്ഞയച്ചു.സമിയും ഷബീർ പോയില്ല.....

ഇതേ എന്റെ അനിയത്തിയ ഞാൻ പോകില്ല നീ വേണേൽ പോയിക്കോ പറഞ്ഞു അടുത്ത ബെഡിൽ കേറികിടന്നു

എനിക്ക് വയസ്സാം കാലത്ത് എന്റെ തന്തപ്പടി തന്ന കുഞ്ഞു പെങ്ങള ഇവൾ ഞാനും പോകില്ലെന്ന് പറഞ്ഞു ഷബീർ അവിടെ പോയി കിടന്നു....

ഇവിടെ എങ്കിലും തനിച്ചു വിട്ടോടെ കുരിപ്പുകളെ.....

ഈ വയ്യാത്ത അവസ്ഥയിൽ എങ്കിലും ഞങ്ങളെ പെങ്ങളെ വെറുതെ വിട്ടോടെ അളിയാ..... നിന്റെ റൊമാൻസ് താങ്ങാൻ ഉള്ള കപ്പാസിറ്റി ആ ബോഡിയിൽ ഇല്ല.

രണ്ടു പേരും ഒന്നിച്ചു പറഞ്ഞതും ഇനു പൊട്ടിച്ചിരിച്ചു പോയി..... ഫൈസ് രണ്ടാളെയും നോക്കിപേടിപ്പിച്ചു. കളിയും ചിരിയും ആയി അവർ എല്ലാവരും കൂടിയപ്പോൾ ഇനുവിന് വേദനപോലും ഓർമയില്ലാതെ പോയി.... അവൾക്ക് പെട്ടെന്ന് ഇജുവിനെയും നദീംക്കനെയും ശഹിയെയും ഒക്കെ ഓർമ വന്നു... വേദനയിൽ കുതിർന്ന കണ്ണുനീർ ഇരു സൈഡിലൂടെയും ഒഴുകിയിറങ്ങി.

ഫൈസി അവളുടെ അടുത്തേക്ക് ചെന്നു കണ്ണുകൾ

തുടച്ചു. അവൾ നോക്കിയതും

വേണ്ടെന്നുള്ള അർത്ഥത്തിൽ അവൻ തലയാട്ടി. അവളുടെ കയ്യിൽ കൈകോർത്തു പിടിച്ചു.... മനസ്സ് കൊണ്ട് അവരെന്നും കൂടെയില്ലേ അവൻ മെല്ലെ മൊഴിഞ്ഞു.....

ഒന്നും പറയാതെ തന്നെ മനസ്സിലാക്കാൻ കഴിയുന്നതോർത്തു അവൾക്ക് മനസ്സ് നിറഞ്ഞു.... അവളുടെ കൈ അവന്റെ കയ്യിൽ മുറുകി പിടിച്ചു. ക്ഷീണം കാരണം മെല്ലെ കണ്ണുകൾ അടഞ്ഞു.

❤❤❤❤

ഇനു പോയ ശേഷം ആ വീട് മരിച്ചതിന്ന് തുല്യം ആണെന്ന് ഓരോരുത്തരും തിരിച്ചറിയുകയാരുന്നു എന്നും ഓരോ പൊട്ടത്തരം ചെയ്തും അടികൂടിയും വഴക്ക് ഉണ്ടാക്കിയും അവൾ ഈ വീട്ടിൽ സൃഷ്ടിച്ചത് ഓരോരുത്തരുടെയും സന്തോഷം ആണെന്നുള്ള തിരിച്ചറിവിൽ എല്ലാവരും കണ്ണീർ വാർത്തു. ഏറ്റവും വേദന തോന്നിയത് ഇജാസ് ശഹിയും തമ്മിലുള്ള ബന്ധം ആയിരുന്നു. ഒരു നോട്ടം കൊണ്ട് കൊണ്ട് പോലും പരസ്പരം നോക്കാതെ ആയിരുന്നു രണ്ടു പേരും. ഇജാസ് ആണ് ലോകം എന്ന് പറഞ്ഞു

നടന്നിരുന്നവൻ ഇപ്പോൾ കാണിക്കുന്ന അവോയ്ഡ് അവരെക്കാൾ മറ്റുള്ളവർക്ക് ആയിരുന്നു വേദന പടർത്തിയത്. അമ്മിജാൻ റൂമിൽ നിന്നും അത്യാവശ്യം മാത്രം പുറത്തു ഇറങ്ങും അതും ആരെയും നോക്കാർ കൂടിയില്ല..... ഇജാസിനെ അങ്ങനെ ഒരാൾ ആ വീട്ടിൽ ഇല്ലായിരുന്നു എന്ന മട്ടിൽ ആയിരുന്നു എല്ലാവരും കണ്ടത്.

ഇജാസ് വാർക്ഔട്ട് കഴിഞ്ഞു കേറി. ഒരു ഗ്ലാസ് ജ്യൂസ് എടുത്തു ഹാളിൽ ഇരുന്നു.

ബാക്കിയെല്ലാവരും ചായ കുടിക്കുന്നുണ്ടായിരുന്നു. ആരും അവനോട് മിണ്ടാറില്ല അവൻ അങ്ങോട്ട് മിണ്ടാറില്ല.

അവന്റെ ഫോൺ റിങ് ചെയ്തു....

ഹാ പറ അലക്സ്...

അലക്സ് പറഞ്ഞു കഴിഞ്ഞതും അവൻ ഞെട്ടി എണീറ്റു. കയ്യിൽ നിന്നും ഗ്ലാസ് നിലത്ത് വീണു പൊട്ടി തകർന്നു.... എല്ലാവരും ശബ്ദം കേട്ടു തലതിരിച്ചു നോക്കി...... ശഹിയും നോക്കി പോയി.

എപ്പോ..... എങ്ങനെ.... ഏതാ

ഹോസ്പിറ്റൽ.......അവന്റെ ശബ്ദത്തിലെ പേടിയും ഉത്കണ്ടയും ശബ്ദം ഉയർന്നതും എല്ലാവരും അവനെ തന്നെ നോക്കി.....

ഫോൺ കട്ട് ചെയ്ത് അവൻ ധൃതിയിൽ ഓടിയതും നിലത്ത് വീണ ഗ്ലാസ് ചവിട്ടി കാലിൽ കേറി..... അവൻ അരിശത്തോടെ ഗ്ലാസ് വലിച്ചൂരി ഓടിയതും എതിരെ വന്ന ഉമ്മാനെ തടഞ്ഞു വീകാൻ നോക്കി അവർ അവനെ പിടിച്ചു....

എവിടെക്കാ ഓടുന്നെ എന്താ കാര്യം....

പെട്ടെന്ന് അവൻ സ്റ്റക്ക് ആയി. തന്നെ എല്ലാവരും നോക്കി നില്കുന്നത് അവൻ കണ്ടു.

ഫ്രണ്ടിന് ഒരാക്സിഡന്റ്..... പെട്ടന്ന് അറിഞ്ഞപ്പോ ദൃധിയിൽ.... അവൻ ഒന്ന് നിർത്തി. ഞാൻ പോയിട്ട് വരാം

ഏത് ഫ്രണ്ട് ആണ്..സീരിയസ് ആണോ.....

കൂടെ പഠിച്ചത. ഉമ്മാക്ക് അറിയില്ല ചെറിയ പരിക്ക് ഉള്ളൂ....

ഈ കോലത്തിൽ ആണോ പോകുന്നെ ഉമ്മ അവനെ അടിമുടി നോക്കി. ട്രാക്ക് സ്യൂട്ട്

ആണ്.....പോരാത്തതിന് വിയർത്തു കുളിച്ചിട്ട് ഉണ്ട്.

പെട്ടെന്ന് ഓർത്തില്ല പറഞ്ഞു തിരിഞ്ഞു റൂമിലേക്ക് ഓടി.. ഒരു മിനിറ്റ് കൊണ്ട് തന്നെ അവൻ തിരിച്ചു വന്നു. ഷർട്ട് ബട്ടൻസ് പോലും ഇട്ടോണ്ട് ഓടി വരുന്നത് കണ്ടു.അവൻ പോയി....

നദീം അവനെ തന്നെ സംശയത്തോടെ നോക്കി നിന്നു... ഞാൻ അറിയാത്ത ഏത് ഫ്രണ്ട്..... രണ്ടു പേർക്കും ഒരേ ഫ്രണ്ട്സ് ആണല്ലോ.... അവരിൽ ആർക്കാ ആക്സിഡന്റ്... അവൻ ഫോൺ എടുത്തു പുറത്തേക്ക് ഇറങ്ങി.

ഇജു പോയ വഴിയേ രക്തപ്പാടുകൾ ഷഹി

കണ്ടു.  ഇത്രയും ഇമ്പോർട്ടന്റ് കൊടുക്കാൻ മാത്രം ഏതാ ഫ്രണ്ട് അവന്റെ മുഖം ചുളിഞ്ഞു....

❤️❤️❤️

ഇനുവിന് പെട്ടെന്ന് വോമിറ്റ് ചെയ്യണം തോന്നിയതും അവൾ ബാത്റൂമിലേക്ക് എഴുന്നേറ്റു ഓടി.... അപ്പോഴേക്കും ഫൈസ് വന്നിരുന്നു....

പെട്ടെന്ന് എന്താ പറ്റിയെ..... ഫൈസ് അവളെ പുറം തടവികൊണ്ട് ചോദിച്ചു.

അറിയില്ല രാവിലെ ഫുഡ് കഴിച്ചപ്പോ തൊട്ട് വല്ലാത്ത അസ്വസ്ഥത ഉണ്ടായിരുന്നു..... അവൾക്ക് എന്തോ ക്ഷീണം തോന്നിത്തുടങ്ങിയിരുന്നു. ഫൈസ് അവളെ എടുത്തു ബെഡിൽ കിടത്തി. പെട്ടെന്ന് ആയിരുന്നു അവൾ വയർ വേദന എടുക്കുന്നു പറഞ്ഞു കരഞ്ഞത്..... വേദന കൊണ്ട് പിടയുന്ന അവളെ കണ്ടതും സമിയും ഷബീർ ഡോക്ടറേ വിളിക്കാൻ ഓടിയിരുന്നു....

ഡോക്ടർ വന്നു പരിശോധിക്കുമ്പോഴും അവൾ വേദനയോടെ കരയുകയാരുന്നു.

ഒരു ചുമരിനപ്പുറത്തു റിച്ചുവും ഉണ്ടായിരുന്നു കണ്ണീർ തുടച്ചുകൊണ്ട്. ഐ ആം സോറി ഇനു.... എനിക്ക് വേറെ വഴിയില്ലാത്തോണ്ടാ അവന്റെ മനസ്സും മൗനമായി മന്ത്രിച്ചു....

ഒരുപാട് ടെസ്റ്റ് എഴുതികൊടുത്തായിരുന്നു

ഡോക്ടർ പോയത്. റിസൾട്ട് വാങ്ങാൻ ഫൈസ് ആയിരുന്നു പോയത്.

കുറച്ചു കഴിഞ്ഞു അവൻ വന്നു.

ഫുഡ് പോയ്സൺ ആണ്.....

എല്ലാ മാരണം നിന്നെ തേടി ആണല്ലോ വരുന്നത സമി കളിയായി പറഞ്ഞു.....

ഫൈസ് അതിനോട് ചേർന്നു സംസാരിക്കുമ്പോഴും അവന്റെ കയ്യിൽ കിടന്ന അവളുടെ റിസൾട്ട് അവൻ ചുരുട്ടി പിടിച്ചു വേസ്റ്റലേക്ക് വലിച്ചു എറിഞ്ഞു. ഇനു അത് കണ്ടെങ്കിലും വേണ്ടാത്തത് ആയിരിക്കും കരുതി ഒന്നും ചോദിച്ചില്ല...

വൈകുന്നേരം വരെ അവർ അവിടെ നിന്നു പിന്നെ ഫൈസ് തന്നെ രണ്ടാളെയും പറഞ്ഞയച്ചു. അവിടെ പിന്നെ വേറെ ആവിശ്യം ഇല്ലാത്തോണ്ട് അവർ പോയി.

❤️❤️❤️❤️

തന്റെ മുറിവിലൂടെയും ദേഹത്തിലൂടെയും ഓടുന്ന കൈകൾ തിരിച്ചറിഞ്ഞതും അവളുടെ ഉറക്കം ഞെട്ടി. ഇജുക്ക...... കണ്ണുതുറന്നു നോക്കാൻ അവൾക്ക് തോന്നിയില്ല..... തന്റെ നെറ്റിയിൽ മുറിവിൽ ചുമ്പിച്ചതും അവൾക്ക് പൊട്ടിവന്ന കരച്ചിൽ നിർത്താൻ ആവില്ലെന്ന് തോന്നി...... മനസ്സ് കൈ വിടുന്നു തോന്നിയതും അവൾ കണ്ണ് തുറക്കാതെ ഫൈസ്..... ഫൈസ് എന്ന് മെല്ലെ വിളിച്ചു...... അവൾ

ഉണർന്നുന്ന് തോന്നിയതും അവൻ ഇറങ്ങിപൊയി.....

നിറഞ്ഞ മിഴികലോടെ അവൾ അവനെ നോക്കി.... ഒന്നും അറിയാത്ത പോലെ കേറി വരുന്ന ഫൈസിയെ അവൾ നോക്കി. നിനക്ക് ഒന്നും അറിയില്ലെങ്കിൽ എനിക്കും അറിയില്ല എന്ന് മനസ്സിൽ പറഞ്ഞു അവളും കണ്ണുകൾ തുടച്ചു. രണ്ടു പേരും അറിയാത്ത ഭാവത്തിൽ തന്നെ നിന്നു.

❤️❤️❤️

റൂമിൽ നിന്നും നിറഞ്ഞ കണ്ണുകൾ തുടച്ചു പുറത്ത് ഇറങ്ങിയതും മുന്നിൽ നദീം.....

ഇജാസ് ഞെട്ടലോടെ അവന്നെ നോക്കി.

ഇജാസ് എന്തെങ്കിലും പറയുന്നതിന്ന് മുന്നേ നദീമിന്റെ കൈകൾ അവന്റെ ഇരു കവിളിലും പതിഞ്ഞിരുന്നു.... ഇജാസ് അവന്നെ കെട്ടിപിടിച്ചു...... ഒരു നിമിഷം നദീം അനങ്ങാതെ നിന്നെങ്കിലും പിന്നെ അവനും തിരിച്ചു കെട്ടിപിടിച്ചു...

❤️❤️❤️❤️

പിറ്റേന്ന് തന്നെ ഇനുവിന്റെ നിർബന്ധം കാരണം ഫൈസ് ഡിസ്ചാർജ് വാങ്ങിച്ചു.

വീട്ടിൽ എത്തിയതും വീട് ഹോസ്പിറ്റൽ

ആയത് കണ്ടു തിരിച്ചു അവിടേക്ക് തന്നെ ഓടിയാലോ എന്നായിരുന്നു അവളുടെ മനസ്സിൽ...... റൂമിൽ നിന്നും പുറത്ത് ഇറങ്ങാൻ വീട്ടില്ലെങ്കിലും എല്ലാവരും അവളെ കൂടെത്തന്നെ ഉണ്ടായതോണ്ട് അവൾക്ക് മുഷിഞ്ഞില്ല. ഫൈസ് ഓഫീസ് കൂടി റൂമിലേക്ക് മാറ്റിയപ്പോഴാ പെട്ടത്. ഒരേ സമയം ദേഷ്യവും സന്തോഷം തോന്നുണ്ടായിരുന്നു അവള്ക്ക്. റിച്ചുവിനെ വല്ലപ്പോഴും കണ്ടുള്ളു അത് തന്നെ സമാധാനം ആയി തോന്നി അവൾക്ക്. ഫൈസ് ഉള്ളത് കൊണ്ട് അവൻ റൂമിലേക്ക് വന്നില്ല....

ഒരാഴ്ചത്തെ ബെഡ് റസ്റ്റ് കഴിഞ്ഞതും അവൾ പരോൾ കിട്ടീന്ന് പറഞ്ഞു റൂമിൽ നിന്നും ഇറങ്ങി ഓടരുന്നു. ഫൈസ് ചെറു ചിരിയോടെ അത് നോക്കി നിന്നെ ഉള്ളൂ.

ഇതിന്നിടയിൽ യാഷ് നില്ക്കാനും ഇരിക്കാനും വിടാതെ msg ചെയ്തും കാൾ ചെയ്തും ശല്യപെടുത്തി കൊണ്ടിരുന്നു. അവസാനം തോൽവി സമ്മതിച്ചു ഫ്രണ്ട്സ് എന്നും പറഞ്ഞു വീണ്ടും കൂടെ കൂടി. വീട്ടിൽ ആരോടും പറയരുത് കോൺടാക്ട്

ഉള്ളത് എന്ന് പറഞ്ഞു സത്യം ഇടീച്ചിരുന്നു. അവൾ ചോദിച്ചില്ലെങ്കിലും ജന്നത്തിലെ ഓരോ വിഷയവും അവൻ പറയാറുണ്ടായിരുന്നു.

നാളെ നൈഹ വെഡിങ് എന്തൊക്കെ ഷോപ്പിംഗ് ഉണ്ടെന്ന് പറഞ്ഞു പോകുന്നത് അവൾ കേട്ടു. ശഹിയും കൂടെ പോകുന്നുണ്ട് എന്ന് യാഷ് പറഞ്ഞതും അവൾക്ക് അവന്നെ കാണണം തോന്നി. മിസ്സ് ചെയ്യുന്നുണ്ടെങ്കിലും സഹിച്ചു നിൽക്കരുന്നു. അവിടുന്ന് വന്ന ശേഷം അവനെ കണ്ടിട്ടും ഇല്ലായിരുന്നു.

❤️❤️❤️

ഫൈസിയോട് ഞാൻ അവനെ പോയി കണ്ടോട്ടെ പറഞ്ഞു.. ഫൈസ് എതിർത്തില്ല.... ദൂരെ നിന്ന് കാണുകയെ ചെയ്യൂ എന്ന് പറഞ്ഞു സമ്മതം വാങ്ങി. പോകാൻ ഇറങ്ങുമ്പോഴ അത്യാവശ്യം ആയി ഓഫീസിൽ നിന്നും വിളിച്ചത്. അവൻ ദയനീയമായി ഇനുവിനെ നോക്കി

അവളുടെ വാടിയ മുഖം കണ്ടതും റിസയെ കൂട്ടി പോയിക്കോ പറഞ്ഞു. അവൾ കെട്ടിപിടിച്ചു കവിളിൽ ഒരു കിസ്സ് കൊടുത്തു. ഐ ലവ് യൂ ഹബ്ബി

എന്നും പറഞ്ഞു കവിളിൽ പിടിച്ചു വലിച്ചു അവൾ ഓടി. ചെറു ചിരിയോടെ അവൻ കവിളിൽ തലോടി. അവൾ പോയതും അവന്റെ മുഖത്തെ ചിരി മാഞ്ഞു. വിഷാദം കലർന്നു.

പിന്നെ ഒരു ദീർഘനിശ്വാസത്തോടെ അവിടെ നിന്നും പോയി.

❤️❤️❤️❤️

റിസയോട് ഷോപ്പിംഗ് എന്നായിരുന്നു പറഞ്ഞത്. ശഹിയെ കാണാൻ ആണെന്ന് മറച്ചു വെച്ചു. അത് കൊണ്ട് തന്നെ അവൾ മാളിലുള്ള എല്ലാ ഷോപ്പിൽ ഇനുവിനെയും കൊണ്ട് ഇറങ്ങി. ഇനുവിന്റെ കണ്ണുകൾ എല്ലായിടത്തും ശഹിയെ തിരഞ്ഞു നടന്നു.....

റിസയുടെ കൂടെ നടന്ന അവനെ കാണാൻ പറ്റില്ലെന്ന് തോന്നി അവളെ ഒരു ഷോപ്പിൽ നിറുത്തി അവൾ മെല്ലെ പുറത്ത് ഇറങ്ങി....

ഇനുവിനെ കാണാതെ റിസ ചുറ്റും നോക്കി. പിന്നെ ഫോൺ വിളിച്ചു....

ഞാൻ പുറത്തുണ്ട് മാത്രം പറഞ്ഞു

പോകുമ്പോ എന്നെയും കൂട്ടിക്കൊടെ പറഞ്ഞു ദേഷ്യത്തിൽ തിരിഞ്ഞതും പിറകിൽ ഒരാളെ ഇടിച്ചു നിലത്തേക്ക് വീഴാൻ നോക്കി... വീഴുന്നതിന്ന് മുന്നേ രണ്ടു കൈകൾ അവളെ താങ്ങിയിരുന്നു.

അവൾ ഞെട്ടലോടെ നോക്കി.... ഷഹി.....

പരസ്പരം കണ്ണുകൾ ഇടഞ്ഞതും രണ്ടു പേരും ഞെട്ടിയിരുന്നു. അവനെ കണ്ടതും ഡബിൾ ആയി ഇടിക്കുന്ന ഹൃദയത്തെ അടക്കിപിടിക്കുവാൻ അവൾ പാട് പെട്ടു.

നൈഹയുടെ ശബ്ദം ആയിരുന്നു അവരെ ഉണർത്തിയത്......

ഹായ് റിസ.....

ഷഹി അവളെ നേരെ നിർത്തി കൈകൾ പിൻ വലിച്ചു. അന്നത്തെ സംഭവത്തിന് ശേഷം ഇന്നാണ് നേർക്ക് നേരെ കണ്ടത്.

ഹായ്..... റിസ നൈഹക്ക് കൈ കൊടുത്തു.

ശഹിയുടെ കണ്ണുകൾ അത്ഭുതത്തിൽ അവളെ തന്നെ നോക്കുക ആയിരുന്നു.

എന്നെത്തേക്കാളും സുന്ദരി ആയിരുന്നു അവളെ

കാണാൻ. വല്ലാത്തൊരു മാറ്റം അവൾക്ക് ഉണ്ടെന്ന് തോന്നി. ആദ്യം ആയി മോഡേൺ അല്ലാതെ എന്നാൽ മോഡേൺ ആയിരുന്നു അവളുടെ വേഷം

സാധാരണ സിമ്പിൾ ആയിട്ടുള്ള ടോപ്പ് ആയിരുന്നു അവൾ ഇട്ടത്. നല്ല ഭംഗിയിൽ സ്കാഫ് ചെയ്തിട്ടുണ്ട്. മുഖത്ത് നേരിയ രീതിയിൽ പെട്ടെന്ന് മനസ്സിൽ ആകാത്ത രീതിയിൽ മേക്കപ്പ്.... ലിപ്സ്റ്റിക് ഇട്ടിട്ടില്ല.... ലിപ്സ്റ്റിക് ഇടാതെ തന്നെ ചോരചുവപ്പർന്ന ചുണ്ടിൽ അവന്റെ നോട്ടം തങ്ങി നിന്നു.

അവൾ പറഞ്ഞ ഡയലോഗ് ഓർത്തു.

അവൻ തന്റെ അധരങ്ങളാൽ എന്നെ ചുംബിക്കട്ടെ; നിന്റെ പ്രേമം വീഞ്ഞിലും രസകരമാകുന്നു.....

മറ്റൊരു പ്രണയം കൊണ്ട് ഞാൻ അതിന്നെ മറികടക്കുമെന്ന് പറയാതെ പറഞ്ഞതാ അവൾ. ആരായിരിക്കും അത്.....നിന്നിലും നിന്റെ പ്രണയത്തിലും വിശ്വാസിക്കുന്ന ഒരുത്തൻ വരും നീ പറഞ്ഞപോലെ അവന്റെ ആധരങ്ങളാൽ

നിന്റെ ചുണ്ടിലെ അഴുക്ക് കഴുകികളയും..

വീഞ്ഞിനേക്കാൾ വീര്യം ഉള്ള നിന്റെ പ്രണയം അവൻ

അറിയും...അങ്ങനെ എങ്കിൽ ഇവൾ ആരെയെങ്കിലും പ്രണയിക്കുന്നുണ്ടോ. അവളെ ചുണ്ടുകളിൽ പ്രണയം വിടർന്നോണ്ട് ആണോ ലിപ്സ്റ്റിക് ഇടഞ്ഞത്. ആരായിരിക്കും അയാൾ.....

അവനിൽ ആകാംഷയും അത്ഭുതവും തിങ്ങി നിറഞ്ഞു....

❤️💔INVISIBLE LOVE 💔❤️

Love after 💘marriage 🌷98🌷

അവന്റെ ചുണ്ടുകൾ ഇപ്പോഴും തന്റെ ചുണ്ടിൽ തന്നെ ഉള്ളതെന്ന് തോന്നി അവൾക്ക്..... നിന്റെ ചുണ്ടുകൾ പതിഞ്ഞിടം മറച്ചു പിടിക്കാൻ എനിക്ക് ആവില്ല..... നീ പറഞ്ഞപോലെ എന്റെ ചുണ്ടുകളിലെ അഴുക്ക് നിന്റെ ചുണ്ടാൽ തുടച്ചു മാറ്റിയെന്ന് വിശ്വസിക്കാനാ എനിക്ക് ഇഷ്ടം. ആ ഓർമ്മകൾ പോലും അവളിൽ വല്ലാത്തൊരു ഉന്മാദത്തിൽ ആക്കി.

ഷഹി ആകാംഷ അടക്കാൻ ആവാതെ

അറിയാതെ തന്നെ അവൻ ചോദിച്ചു പോയി....

റിസയുടെ മാര്യേജ് ഫിക്സ് ചെയ്തോ. എൻഗേജ്ഡ് ആണോ

അവളുടെ ചുണ്ടിലെ ചിരി മാഞ്ഞു....കണ്ണുകളിലെ പിടപ്പ് അവൻ അറിഞ്ഞു..... അത് അവനിലും ഒരു ഞെട്ടൽ ഉണർത്തി. അവന്ന് അവൻ കിസ്സ് കൊടുത്തത് ഓർമ വന്നു. അതായിരിക്കോ ഇനി ഇവൾ ലിപ്സ്റ്റിക് ഇടാത്തത്. എന്നെ ഇഷ്ടം ആണെന്ന് അറിയാം.... അവന്ന് ദേഷ്യവും സങ്കടം തോന്നി പെട്ടെന്ന്..... എനിക്ക് ഒരു അബദ്ധം പറ്റിയതാണ് അന്ന് അവൻ വേദനയോടെ ഓർത്തു.

പെട്ടെന്ന് തന്നെ അവൾ മുഖത്ത് ചിരി വരുത്തി. മാര്യേജ് അടുത്തുണ്ട്.... ഏകദേശം ഫിക്സ് ആയപോലെയാ.  ചെറുചിരിയോടെ പറഞ്ഞെങ്കിലും ആ കണ്ണുകളിൽ വേദന കലർന്നിരുന്നു.

എവിടെയാ ചെക്കൻ നൈഹ ചോദിച്ചു

ഫാമിലി ഫ്രണ്ട് ആണ്.... എന്റെ ബെസ്റ്റ് ഫ്രണ്ട് ആണ് അവൾ പുഞ്ചിരിയോടെ ഷഹിയെ നോക്കി പറഞ്ഞു.

അത് കണ്ടപ്പോൾ അവന്ന് ഒരാശ്വാസം തോന്നി.

റിസ ശഹിയെ നോക്കി..... നിന്റെ മനസ്സിൽ ഓർമകളിൽ പോലും എന്നോട് വെറുപ്പ് തോന്നിക്കാതിരുന്ന മതി. അവന്റെ കോലം തന്നെ അവൾക്ക് സങ്കടം ഉണ്ടാക്കിയിരുന്നു. എന്നും

ഉണ്ടായിരുന്ന ചുറുക്കും പ്രസരിപ്പും ഇല്ലായിരുന്നു. കണ്ണുകൾക്കും മുഖത്തിനും തെളിച്ചം ഇല്ല

പഴയ ഷഹിയുടെ രൂപം മാത്രം ഉള്ളൂ. കുറച്ചു ദിവസങ്ങൾ കൊണ്ട് തന്നെ അവൻ അത്രത്തോളം കോലം കെട്ടിരുന്നു. പെട്ടന്ന് അവന്റെ മുഖം പ്രകാശപൂരിതം ആകുന്നത് അവൾ കണ്ടു. ആദ്യം ആയി കണ്ടപ്പോൾ ഉള്ള കണ്ണുകളിലെ തിളക്കവും ചുണ്ടിലെ പുഞ്ചിരിയും വിടർന്നു.... കൺകോണിൽ ചെറിയ നനവ് തോന്നി അവൾക്ക്. അവന്റെ നോട്ടം പോകുന്നിടത്തേക്ക് അവൾ തിരിഞ്ഞു നോക്കി. ഇനു നില്കുന്നത് കണ്ടു.... രണ്ട് പേരും പരസ്പരം നോക്കി നിന്നേ ഉള്ളു.... മനസ്സുകൾ കൊണ്ട് സംസാരിക്കാൻ കഴിയുമെന്ന് അവൾക്ക് തോന്നി.... ഷഹിക്ക് അവൾ ആരാണെന്ന് കൂടി അവൾക്ക് മനസ്സിൽ ആയി.... അറിയാതൊരു അസൂയ കൂടി ഇനുവിനോട് തോന്നി..... ഒരു നിമിഷം ഇനു ആയിരുന്നുവെങ്കിൽ എന്ന് പോലും അവളഗ്രഹിച്ചു പോയി......

നിന്റെ നെറ്റിയിൽ എന്താ മുറിവ്..... ഇതെങ്ങനെ പറ്റിയെ..... അവൻ പേടിയും സങ്കടവും അവളെ കണ്ട സന്തോഷം എല്ലാം കൊണ്ട് എന്താ വേണ്ടേ എന്ന

അവസ്ഥയിൽ ആയിരുന്നു....

അവൾക്ക് എന്ത് വേണമെന്ന് മനസ്സിലായില്ല. ദൂരെ നിന്ന് കാണണം എന്നെ ആഗ്രഹിച്ചിട്ടുള്ളു.... മുന്നിൽ അറിയാതെ പെട്ടതാണ്. അവൾക്ക് പഴയ പോലെ ഓടി പോയി കെട്ടിപിടിക്കണം അവനോട് തല്ല് കൂടണം എന്നൊക്കെ ഉണ്ടായിരുന്നു. മറ്റു പല ചിന്തകൾ കടന്നു വന്നതും അവളുടെ ഭാവം മാറി..

അവൾ മൈന്റെ ആക്കാതെ പോലെ മുന്നോട്ട് നടന്നു....

ഇനു ഇതെന്താ പറ്റിയെ നെറ്റിയിലേക്ക് ചൂണ്ടി അവൻ വീണ്ടും മുന്നിൽ കേറി ചോദിച്ചു....

അവൾ സ്റ്റെപ്പിൽ നിന്നും വീണു. ഏഴ് സ്റ്റിച് ഉണ്ടായിരുന്നു... ഒരാഴ്ച മുൻപ് നടന്നതാ ഇപ്പൊ ചെറിയ മുറിവ് ഉള്ളു.... റിസ ആയിരുന്നു മറുപടി പറഞ്ഞത്.

ഇനുവിന്റെ അവോയ്ഡ് അവനിൽ വേദന നിറച്ചിരുന്നു....

അവൻ ഒന്ന് മൂളുക മാത്രം ചെയ്തു....

പെട്ടെന്ന് ആയിരുന്നു ഇനു മുന്നോട്ട് മലച്ചു വീഴാൻ

നോക്കിയത്....

സൂക്ഷിച്ചു ഇനു എന്ന് പറഞ്ഞു വീഴുന്നതിന്ന് മുന്നേ ഷഹി അവളെ തങ്ങി പിടിച്ചു നേരെ നിറുത്തി. അവൾ ഒരു നിമിഷം ഭയന്നുവെങ്കിലും അവൻ ചേർത്ത് പിടിച്ചപ്പോൾ അവന്റെ ചുമലിൽ തല മുട്ടിച്ചു നിന്നു. അവൾ അവനെ കെട്ടിപിടിച്ചത് പെട്ടെന്ന് ആയിരുന്നു.... അവനും അതഗ്രഹിച്ച പോലെ അവളെ ചേർത്ത പിടിച്ചു.... അവൾക്ക് ബോധം വന്നതും അവനെ തള്ളിമാറ്റി പോയി.

അവൾ പോകുന്നത് നോക്കി അവൻ നിന്നു.

നമുക്ക് പോകാം..... നൈഹ കയ്യിൽ പിടിച്ചപ്പോഴാ അവന്ന് ബോധം വന്നത്.

അവൻ അലസമായി മൂളിക്കൊണ്ട് തിരിഞ്ഞപ്പോഴാ നിലത്ത് കിടക്കുന്ന ഒരു കവർ കണ്ടത്. റിസ വീഴാൻ നോക്കുമ്പോൾ പിടിച്ച സമയം കയ്യിൽ നിന്നും വീണതാണെന്ന് അവൻ ഓർത്തു....

നൈഹ വൺ മിനിറ്റ്...... ഞാൻ ഇത് കൊടുത്തിട്ട് വരാം എന്ന് പറഞ്ഞു നൈഹ തടയുന്നതിന്ന് മുന്പേ അവൻ പോയി....

അവരെ എവിടെയും കാണാതെ അവൻ ചുറ്റും നോക്കി.... അവൻ എന്തോ ഓർത്തപോലെ അടുത്തുള്ള ഒരു ഐസ് ക്രീം ഷോപ്പിലേക്ക് കേറി..... ഏറ്റവും അവസാനം അവൾ ഇരിക്കുന്നത് കണ്ടു.

മനസ്സ് അവസ്ഥമാകുമ്പോൾ നല്ല ടെൻഷൻ തോന്നുമ്പോൾ അവൾ അത് തീർക്കുന്നത് ഐസ് ക്രീം കഴിച്ചാണെന്ന് അവൻ ഓർത്തു. ആ ടൈം എത്ര കഴിക്കുന്നുവെന്ന് അവൾ പോലും ഓർക്കാറില്ല..... അവളുടെ സ്വഭാവം ഓർത്തതും അവനിൽ ഒരു ചിരി വിടർന്നു.

അവൻ അവരുടെ അടുത്തേക്ക് നടന്നു പെട്ടെന്ന് അവരുടെ സംസാരം കേട്ടു അവൻ തറഞ്ഞു നിന്നു.

ടീ കോപ്പേ നീ എന്തിനാ എന്നെ കാൽ വെച്ചു വീഴ്ത്തിയത്...... വീണിരുന്നെങ്കിലോ ഇപ്പോഴാ ഒന്ന് ബോഡി ശരിയത്..... വീണ്ടും ഹോസ്പിറ്റലിൽ കിടത്താനുള്ള പ്ലാൻ ആണോ അവൾ റിസയെ നോക്കി മുഖം ചുളിച്ചു.

ഷഹി പിടിക്കുന്നു എനിക്ക് അറിയാരുന്നു.

ബാബിക്ക് ശഹിയെ കണ്ടപ്പോൾ പഴയ പോലെ ഓടിപ്പോയി കെട്ടിപിടിക്കണം തോന്നിയില്ലേ...... ഷഹി

ആണെങ്കിൽ ബബിയെ കണ്ടപ്പോൾ അതിനേക്കാൾ വലിയ എക്സയിട്ട്മെന്റ് ആയിരുന്നു. കൊച്ചു കുട്ടികൾക്ക് അവർ ഇഷ്ടപ്പെട്ട സാധനം കളഞ്ഞു പോയിട്ട് തിരിച്ചു കിട്ടിയ ഫീൽ.... രണ്ടാളെയും കണ്ടപ്പോ എനിക്ക് സങ്കടം തോന്നിയെ.... നിങ്ങൾ കെട്ടിപിടിച്ചപ്പോ ഒരു നിമിഷം എങ്കിലും പഴയ ഇനുവും ശഹിയും ആയില്ലേ...... മനസ്സ് ഒന്ന് റിലാക്സ് ആയിട്ടുണ്ടാകും....

രണ്ട് പേരുടെയും മുഖത്ത് ഉണ്ട് അത്....ചേതമില്ലാത്ത ഒരു ഉപകാരം.... അവൾ ചിരിയോടെ പറഞ്ഞു.

ഇനു പുഞ്ചിരിയോടെ തലയാട്ടി ..... ശഹിയുടെ മുഖത്ത് ഉണ്ടായിരുന്നു ആ പുഞ്ചിരി..... അവൻ നന്ദിയോടെ റിസയെ നോക്കി...... അതെ സമയം അവന്റെ ഉള്ളിൽ അവൾ അന്ന് വിളിച്ചു പറഞ്ഞത് ഓർമ വന്നു. ഞാൻ അവളെ മറ്റൊരു കണ്ണോടെ കാണുന്നു പറഞ്ഞവൾ ഇന്ന് സ്വയം ഇനുവിനെ തന്റെ അടുത്തേക്ക് തള്ളിയിട്ടു..... ശരിക്കും എന്താ ഇവളെ മനസ്സിൽ.

നിന്നോട് എങ്ങനെ നന്ദി പറയണ്ടേ തിരിയുന്നില്ല....

സത്യം പറഞ്ഞ മനസ്സിലെ വലിയ ഭാരം ഒഴിഞ്ഞു പോയ പോലെ തോന്ന. അന്ന് അവനെ ഒന്ന് ആശ്വസിപ്പിക്കാനോ മിണ്ടാനോ പറ്റിയില്ല.

ഇത്രയും ദിവസം ഓർക്കുമ്പോ തന്നെ നെഞ്ചിൽ ഒരു നീറ്റൽ ആയിരുന്നു

ഇപ്പോൾ അവനെ ചേർത്ത് പിടിച്ചപ്പോൾ

അവൻ വാത്സല്യത്തോടെ തലയിലൂടെ തലോടിയപ്പോൾ ആ മനസ്സിൽ എന്നോട് ദേഷ്യം ഒന്നും ഇല്ലെന്ന് അറിഞ്ഞപ്പോൾ എനിക്ക് ആ വേദന ഒന്ന് അടങ്ങിയത്. ഇനുവിന്റെ കണ്ണ് നിറഞ്ഞു ഒഴികിയിരുന്നു

അവന്റെയും അവസ്ഥ അത് തന്നെ ആയിരുന്നു. ഇനുവും ഫൈസിയെ പോലെ തെറ്റിദ്ധരിച്ചിട്ട് ഉണ്ടാവോ ഓർത്തു നീറിയ ഓരോ നിമിഷം കഴിച്ചു കൂട്ടിയത്. മനസ്സിപ്പോൾ ശാന്തമാണ്..... അവൻ നെഞ്ചിൽ കൈവെച്ചു ഓർത്തു.

ഒരു നോട്ടം കൊണ്ട് പോലും പരസ്പരം മനസ്സിലാക്കിയ നിങ്ങൾക്കിടയിൽ എന്താ സംഭവിച്ചത് ബാബി. ബാബിയുടെ മനസ്സ് കാണാൻ അവനെന്താ കഴിയാതെ പോയത്......

ഇനു എന്നും അവന്റെ മുന്നിൽ തെളിഞ്ഞ വെള്ളം പോലെ ആയിരുന്നു... അത് കൊണ്ട് അവന്ന് പെട്ടെന്ന് എന്നെ മനസ്സിലാക്കാൻ കഴിയുമായിരുന്നു. എന്ന ജന്നത്ത് രഹസ്യങ്ങളുടെ കൂമ്പാരം ആണ്

അവൾ വേദന കലർന്ന ചിരിയോടെ പറഞ്ഞു.

ഇനുവിനോട് ആണ് ചോദിച്ചതെങ്കിലും അവന്റെ നെഞ്ചിൽ ചാട്ടുളി പോലെ അത് തട്ടിയത്..... ഇനുവിനെ മനസ്സിലാക്ക ന്നതിൽ എനിക്ക് എവിടെ പിഴച്ചത്.....

അതൊക്കെ പോട്ടെ..... ഞാൻ വേറൊരു കാര്യം ചോദിച്ച സത്യം പറയോ.....

ഞാൻ ബാബിയോട് എപ്പോഴാ അതിന്ന് കള്ളം പറഞ്ഞെ.....

എന്നോട് ഫൈസ് എല്ലാം പറഞ്ഞിട്ടുണ്ട്. നിനക്ക് ശഹിയെ ഇഷ്ടം ആണെന്ന് ഒക്കെ.... ഇപ്പോഴും.......നീ.....

റിസ ഒന്ന് ചിരിച്ചു. അത് അവന്റെ മാര്യേജ്

ഉറപ്പിക്കുന്നതിന്ന് മുൻപ് ഉണ്ടായിരുന്ന

ചെറിയ ക്രഷ് അത്രയേ ഉണ്ടാരുന്നുള്ളൂ. ഞാൻ

അപ്പൊ തന്നെ അത് വിട്ടു. ഇപ്പൊ ജസ്റ്റ് ഫ്രണ്ട് അത്രേ ഉള്ളു.....

ഇനു അവളെ കയ്യിൽ മുറുക്കെ പിടിച്ചു.

അവസരത്തിന് ഒത്തു പെരുമാറാൻ നിനക്ക് അറിയാം..... അഡ്ജസ്റ്റ് ചെയ്യാനും..... സങ്കടം മറച്ചു വെക്കാണെന്ന് മനസ്സിലാക്കാൻ അവനെ കാണുമ്പോൾ തിളങ്ങുന്ന ഈ കണ്ണുകൾ മാത്രം മതി...... നിന്നെ കിട്ടാനുള്ള ഭാഗ്യം അവനില്ലാതെ പോയി. നീയാരുന്നു ശരിക്കും അവന്ന് ചേർന്ന ബെസ്റ്റ് ചോയ്സ് ഇനുവിന്റെ വാക്കുകളിൽ നിരാശ കലർന്നിരുന്നു നൈഹ വരുന്നതിന്ന് മുൻപ് ആയിരുന്നെങ്കിൽ ഞാൻ കൈ പിടിച്ചു തന്നേനെ അവന്നെ നിനക്ക്. എനിക്കും ഫൈസ്നും അതായിരുന്നു ഇഷ്ട്ടവും......മറ ക്കണം എല്ലാം.....അവൻ ഇന്ന് മറ്റൊരാളെ സ്വന്തം ആണ്..... അവർ പരസ്പരം സ്നേഹി ക്കുന്നുണ്ട്. ഷഹിക്ക്

അവളോടുള്ള പ്രണയതിന്നു മുന്നിൽ ഒരിക്കലും ചോദ്യ ചിഹനം ആയി പോലും നീ വരരുത്..... ഒരുപാട് അനിഭവിച്ചതാ അവൻ. വീണ്ടും അവനെ തകർന്ന നിലയിൽ കാണാൻ എനിക്ക് വയ്യ.....

ഇല്ല ബാബി..... എന്റെ ഓർമ്മകളിൽ പോലും അവൻ ഇല്ല. ജസ്റ്റ് ഫ്രണ്ട് അത്രയേ ഉള്ളു. അങ്ങനെ ഉണ്ടാവു പ്രോമിസ്.... റിസയും ആ കൈകളിൽ മുറുക്കെ പിടിച്ചു.

എന്റെ പ്രണയം നിന്നിലൂടെ അവസാനിച്ചു ഇനു. ഇനി ആ സ്ഥാനത് മറ്റൊരാൾക്ക്

അവകാശം ഇല്ല. ഇൻവിസിബിൾ ആയി അതെന്നും എന്റെ ഉള്ളിൽ തന്നെ കിടക്കും..... എന്ന് വെച്ചു എന്റെ ഭാര്യയോട് ഞാൻ ഒരിക്കലും നീതികേട് കാണിക്കില്ല..... നൈഹയുടെ നല്ല ഭർത്താവ് തന്നെ ആയിരിക്കും ഞാൻ. നല്ലൊരു ഭർത്താവ് ആയി ഞാൻ മാറും.... നിനക്ക് നല്ലൊരു ഫ്രണ്ടും..

അവന്ന് അവരുടെ അടുത്തേക്ക് പോകാൻ തോന്നിയില്ല. അടുത്തുള്ള ഒരാളെ കയ്യിൽ കവർ കൊടുത്തു അവർക്ക് കൊടുക്കാൻ പറഞ്ഞു പുറത്ത് ഇറങ്ങി. അവന്ന് താൻ ഇപ്പൊ ഒരു മായാലോകത്ത് ഉള്ള പോലെ തോന്നിയത്

ഇനുവിന്റെ നെറ്റിയിലെ മുറിവ്... അതിൽ ഉടക്കി നിന്നു. റിസ പറഞ്ഞത് വെച്ചു നോക്കുമ്പോൾ അത് ഇജുക്ക ഫ്രണ്ട് ആക്സിഡന്റ് പറഞ്ഞു ഭ്രാന്ത് പിടിച്ചു

ഓടിയത് ഇവളെ അടുത്താണോ.... വീട്ടിൽ നിന്നും പുറത്ത് ആക്കിയ ആളെ അടുത്തേക്ക് എന്തിന് പോയി...... റിസ.... അവൾ ചോദ്യ ചിഹ്നം ആയി നില്കുന്നു.

അവന്റെ ഉള്ളിൽ റിസയുടെ ചോദ്യം മാത്രം അവശേഷിച്ചുള്ളൂ....ബാബിയുടെ മനസ്സ് കാണാൻ അവനെന്താ കഴിയാതെ പോയത്...... എന്റെ ഇനുനെ ഞാൻ മനസ്സിൽ ആകുന്നതിൽ എവിടെ പിഴച്ചത് നോട്ടം കൊണ്ട് പോലും അവളെ ഉള്ളിൽ എന്താണെന്ന് ഞാൻ അറിഞ്ഞിരുന്നില്ലേ

മാര്യേജ് രണ്ട് ദിവസം മുൻപ് അവൾ വല്ലാത്ത ടെൻഷൻ ആയിരുന്നു.... പിന്നെ പ്രോബ്ലം ഒന്നും ഉണ്ടായിരുന്നില്ല.... മാര്യേജ് കഴിഞ്ഞ ശേഷം അവൾ മറ്റൊരാൾ ആയിരുന്നു.... സ്വഭാവത്തിലും സംസാരത്തിൽ എല്ലാം..... അവൻ ഒരുത്തരത്തിൽ എത്താതെ നെറ്റിയിൽ അമർത്തി തടവി നിന്നു.

❤️❤️❤️❤️

റിസയോട് കടുവയുടെ വീട്ടിൽ ഡ്രോപ്പ് ചെയ്ത മതി പറഞ്ഞു അവൾ അങ്ങോട്ട് പോയി. അവിടെ കടുവ മാത്രം ഉള്ളു....

നീയെന്താടി ഇവിടെ...

എനിക്ക് വന്നൂടെ കടുവേ

രാജകുമാരിയെ അടിയന്റെ കുടിലിൽ കണ്ടോണ്ട് ചോദിച്ചത് ആണേ.....

പിച്ചക്കാർക്ക് ഇന്ന് ദർശനം കൊടുക്കാന്നു തോന്നി.

പിച്ചക്കാരൻ നിന്റെ കെട്ടിയോന കുരിപ്പേ അവളെ ചെവിയിൽ മെല്ലെ പിടിച്ചു.

അവൾ കൈ തട്ടി മാറ്റി ചിരിച്ചോണ്ട് ഉള്ളിലേക്ക് പോയി.

അപ്പോഴാ മുറ്റത് കാർ വന്ന ശബ്ദം കേട്ടത്.... കടുവ പോകാൻ നോക്കിയതും

അവൾ കുറച്ചു സമയത്തേക്ക് പുറത്തേക്ക് വരരുത് പറഞ്ഞു റൂമിൽ ആക്കി വാതിൽ അടച്ചു....

ടീ എന്ത് കുരുത്തക്കേട് ഒപ്പിക്കാൻ പോകുന്നേ....

ഇർഫാൻ ആണ്. എനിക്ക് കുറച്ചു തനിച്ചു സംസാരിക്കണം. ഇവിടെ ആകുമ്പോ സേഫ് ആണ്..... അയാൾ ഒന്ന് മൂളി.

അവൾ വാതിൽ തുറന്നു റിച്ചുവിനെ അകത്തേക്ക്

വിളിച്ചു.

ഇതെന്താ ഇവിടെ വരാൻ പറഞ്ഞത്.....

എനിക്ക് കുറച്ചു സംസാരിക്കണം..... അതും പറഞ്ഞു അവൾ സ്റ്റയർ കേറി അവൻ പിറകെയും.... പാതിക്കെത്തിയതും അവൾ തിരിഞ്ഞു നിന്നു രണ്ട് കൈ കൊണ്ട് ശക്തിയിൽ പിറകിലേക്ക് തള്ളി. അവൻ ഒരിക്കലും അത് പ്രതീക്ഷിക്കത്തെത് കൊണ്ട് അവിടെ നിന്നും താഴേക്കു വീണു.... അവൻ വേദന കൊണ്ട് നിലവിളിച്ചു..... കടുവയും ഓടി വന്നു.....

തലയിൽ നിന്നും നെറ്റിയിൽ നിന്നും ബ്ലഡ് വരുന്നുണ്ട് അയാൾ പേടിയോടെ ഇനുവിനെ നോക്കി...

എന്താ മോളെ ഇത്.....

ചത്തുപോക്കൊന്നും ഇല്ല കടുവേ..... പത്തു സ്റ്റെപ്പ് മുകളിൽ നിന്നും നെറ്റി ഇടിച്ച വീണത്..... ചെറിയ മുറിവ് ഉണ്ടാകു.

അറിഞ്ഞോണ്ട് ആണോ ചെയ്തേ എന്തിന് അയാളുടെ ശബ്ദത്തിൽ വിറയൽ കലർന്നിരുന്നു....

എന്നെ അഞ്ചു സ്റ്റെപ്പ് മുകളിൽ നിന്നും തള്ളിയിട്ടു ഞാൻ ഇരട്ടിയായി പത്തു സ്റ്റെപ്പ് മുകളിൽ നിന്നും

തള്ളിയിട്ടു... അവൾ നിസ്സാരം പോലെ പറഞ്ഞു സ്റ്റെപ്പിന് മുകളിൽ ഇരുന്നു....

റിച്ചുവിനെ പിടിച്ചു എഴുന്നേൽപ്പിക്കാൻ പോയ കടുവ അവിടെ തന്നെ ഇട്ടു.... അവൻ ബ്ലഡ് വരുന്ന ഭാഗം അമർത്തി പിടിച്ചു കലിപ്പോടെ അയാളെ നോക്കി...

ഒറ്റയടി ആയിരുന്നു അയാൾ....

വീണ്ടും അടിക്കാൻ നോക്കിയതും ഇനു വിളിച്ചു.... എന്റെ പൊന്ന് കടുവേ ഈ പിശാജ് ചത്താൽ ജയിലിൽ പോകാനൊന്നും എനിക്ക് വയ്യ.... എനിക്ക് തന്നത് ഇരട്ടി ആയി ഞാൻ കൊടുത്തിട്ടുണ്ട് അത് മതി.....

ഇവനെയൊക്കെ കൊല്ലുന്നത് തന്നെ നല്ലത്.... ഞാൻ തന്നെ ചെയ്തോളാം എന്നിട്ടു അന്തസ്സായി ജയിലിൽ പോയി കിടക്കും അഭിമാനം ആണത്..... നീ എന്നോടും കളവ് പറഞ്ഞോണ്ട അല്ലെങ്കിൽ നീ ഹോസ്പിറ്റലിൽ വരുന്നതിന്ന് മുന്നേ ഞാൻ ഇവനെ കൊന്നേനെ.... അയാൾ കലിയാടങ്ങാതെ

ഒരു ചവിട്ട് കൂടി കൊടുത്തു.

റിച്ചു തല കുനിച്ചു നിന്നെ ഉള്ളു....

നിന്നെ ഇർഫാൻ എന്ന ഫ്രോഡ് മരിച്ചുന്ന് വരുത്തി എല്ലാ കേസിൽ നിന്നും ഒഴിവാക്കി. നിനക്ക് പുതിയൊരു ജീവിതം തന്നു എന്നിട്ടും നന്ദിയില്ലാതെ ഇവളെ ഉപദ്രവിക്കാൻ നോക്കുന്നു കടുവക്ക് ദേഷ്യം തീരുന്നില്ലായിരുന്നു.

അവന്റെ നെറ്റിയിൽ നിന്നും രക്തം ഒഴുകി

ചോരക്കളം തീർക്കുന്നുണ്ടായിരുന്നു. വേദന കടിച്ചമർത്തുന്ന അവനെ കണ്ടു അവൾക്ക് സങ്കടം വന്നുവെങ്കിലും അവളത് മറച്ചു പിടിച്ചു......

നിന്റെ തെറ്റുകൾ കണ്ടില്ലെന്ന് നടിച്ചു മാപ്പ് തരാൻ ഞാൻ ആ പഴയ ഇനായ മെഹവിഷ് അല്ല ഇർഫാൻ...... ജന്നത് ഹൈദർ...... വളർത്തിയത് ജുനുവാണെങ്കിലും ബ്ലഡ് ഇജാസ് ഹൈദർന്റെ ആണ്. കിട്ടിയത് ഇരട്ടിയായി തിരിച്ചു കൊടുത്ത ഹൈദർ ഫാമിലിയുടെ പാരമ്പര്യം അതിപ്പോ സ്നേഹം ആയാലും പ്രതികാരം ആയാലും. എന്റെ ശഹിയെ തൊട്ടിട്ടും ഇന്നും എന്റെ മുന്നിൽ ഇങ്ങനെ നിവർന്നു നില്കുന്നത് നിങ്ങളെ ഉമ്മാന്റെ കണ്ണുനീർ കൊണ്ടാണ്. അന്ന് ആ വെട്ടിയ കേസിൽ ഒരാൾ പോലും ജീവനോടെ ഇല്ല

ആർക്കും അറിയില്ല അവർക്ക് എന്ത് സംഭവിച്ചെന്ന്. എന്ന എനിക്കറിയാം അവർ ഇനി തിരിച്ചു വരില്ലെന്ന്. എന്ത് കൊണ്ടാണെന്നു അറിയോ അവർ തൊട്ടത് ഹൈദർ കുടുബത്തിലെ ഒരാളെയാ..... അതറിഞ്ഞപ്പോ നിന്റെ ഉമ്മ യും ഉപ്പയും നിന്റെ ജീവൻ വേണ്ടി എന്റെ കാൽ പിടിക്കാൻ വന്നു. ഫൈസ് വേണ്ടി ആ ഉമ്മാക്ക് വേണ്ടി എല്ലാം മറന്നു നിന്നെ ഞാൻ രക്ഷിച്ചു.... എന്നിട്ടും നീ നന്നായില്ല.

ഇനി ഒരിക്കൽ കൂടി ഞാൻ ക്ഷമിച്ചെന്ന് വരില്ല.... അത് പറയുമ്പോൾ അവളുടെ മുഖം വലിഞ്ഞു മുറുകിയിരുന്നു.

അവൻ എഴുന്നേൽക്കാൻ നോക്കിയതും വേച്ചു വീഴാൻ നോക്കി... പിന്നെ അതിന്ന് കഴിയാതെ അവിടെ ഇരുന്നു.... ബ്ലഡ് നല്ലോണം പോകുന്നുണ്ട്...... അവൻ ദയനീയതയോടെ അവളെ നോക്കി അവൾ മുഖം വെട്ടിച്ചു.....

നിന്നെ ആ വീട്ടിൽ വേച്ചു തന്നെ അതെ സ്ഥലത്ത് വേച്ചു തള്ളിയിടണം എന്നായിരുന്നു. നിന്റെ ഉമ്മയും ഉപ്പയും....

അവരെ ഓർക്കുമ്പോൾ കടിച്ചു പിടിച്ചു നിന്നതാ.....

ഞാൻ അനുഭവിച്ച വേദന നീയും അറിയണം......

പിന്നെ എഴുന്നേറ്റു അവന്റെ മുന്നിൽ പോയി നിന്നു.....

അവൻ മുഖം ഉയർത്തി നോക്കി.

നീ എന്തൊക്കെ ഡയലോഗ് പറഞ്ഞല്ലോ നീ നോക്കിയ പെണ്ണിനെ അവൻ സ്നേഹിച്ചു എന്ന കുറ്റബോധം ഉണ്ടാകുമെന്നു. അതിന്ന് മുന്നേ ഞാൻ ഒരു കഥ പറഞ്ഞു തരാം...... ഫൈസ് എന്നെ കാണുന്നത് വർഷങ്ങൾക്ക് മുന്നേ ആണ്. ഞാൻ പ്ലസ് വണ്ണിൽ പഠിക്കുമ്പോൾ. ഹോസ്പിറ്റലിൽ ഒരു കുഞ്ഞിനെ കൊണ്ട് പരക്രമം മുഴുവൻ കാണിച്ചു റംസിതയോട് കുറെ വിഡ്ഢിത്തം പറഞ്ഞു നടക്കുന്ന വായാടി.....(.ഞാൻ ഫസ്റ്റ് ഒരു പാർട്ട് വിഷദമായി അത് പറഞ്ഞിട്ട് ഉണ്ട് )ആദ്യം ഒക്കെ റംസിയോട് എന്നെപ്പറ്റി കളിയാക്കിയെങ്കിലും അവന്ന് ജീവിതത്തിൽ ആദ്യം ആയി സ്പർക്ക് തോന്നിയ പെണ്ണ്.... അവളെ കരിനീലകണ്ണുകൾ അവന്റെ ഹൃദയത്തിൽ കൂടി പതിഞ്ഞെന്ന് അറിഞ്ഞത് രാത്രി ഉറക്കം വരാതെ കിടന്നപ്പോൾആണ്. വാ നിർത്താതെ സംസാരിക്കുന്ന സ്വഭാവവും കൊച്ചു കുട്ടികളോടുള്ള ഇഷ്ടവും ഒക്കെ കണ്ടപ്പോൾ അവനിൽ നിറഞ്ഞു

നിന്നത് അവന്റെ ഉമ്മ ആയിരുന്നു. അവളെ പോലെ ആയിരുന്നു അവന്റെ ഉമ്മയും.... ഉപ്പ എപ്പോഴും കളിയാക്കാറുള്ള കിലുക്കാം പെട്ടി എന്ന് കളിയാക്കുന്ന അവന്റെ ഉമ്മയെ..... ഒരു നിമിഷം തന്റെ ഉമ്മ വീണ്ടും വന്ന പോലെ അവന്ന് തോന്നിയത്. പിറ്റേന്ന് രാവിലെ അവളെ കാണാൻ ഓടുകയാരുന്നു അവിടേക്ക്.

അന്ന് മുഴുവൻ അവൻ ആ ഹോസ്പിറ്റലിൽ കാത്തിരുന്നു അവളെ വീണ്ടും കാണാൻ...... വൈകുന്നേരം വരെ അവിടെ കുത്തിയിരുന്നു അവൾ അറിയാതെ അവളെ നോക്കി ഇരുന്നു. ഡീറ്റെയിൽസ് എല്ലാം ജുനു ആരോടും പറയരുതെന്ന് കർശനമായി നിരോധിച്ചതിന്നാൽ എന്നിലേക്കെത്താനുള്ള എല്ലാ വഴിയും അടഞ്ഞിരുന്നു. പിന്നെ കാത്തിരിപ്പ് ആയിരുന്നു ഓരോ ദിവസം.... ശനിയും ഞായർ ആകുന്നതിന്ന് വേണ്ടി.... ഒന്നും മിണ്ടിയില്ലെങ്കിലും അടുത്ത് പോയില്ലെങ്കിലും അവളെ പിന്നിൽ ആയി അവന്നും ഉണ്ടായിരുന്നു..... ഒരു ശനിയാഴ്ച ദിവസം അവളെ കാത്തിരുന്ന

അവന്ന് മുന്നിലേക്ക് അവൾ വന്നില്ല.... പിന്നീട് ഒരിക്കലും അവൾ ആ ഹോസ്പിറ്റലിൽ വന്നില്ല.....

സഹികെട്ടു റാനിയുടെ ഇത്തയുടെ അടുത്തേക്ക് പോയി ചോദിച്ചു. അവൾ ജുനുവിനെ പേടിച്ചു എന്നെ അറിയുക കൂടി ചെയ്യില്ലെന്ന് പറഞ്ഞു.... പ്രതീക്ഷ കൈ വിടാതെ സങ്കടത്തോടെ അവിടെ വന്നിരിക്കുന്ന അവനോട് പറഞ്ഞു ഇനി ഒരിക്കലും ഇവിടേക്ക് വരില്ലെന്ന്. ഡോക്ടർ മോൻ പിറകെ നടന്നു ശല്യം ചെയ്തോണ്ട് വീട്ടുകാർ പ്രശ്നം ഉണ്ടാക്കി പോയതാണെന്ന്..... ഡോക്ടർ അടുത്ത് അവളെ എന്തെങ്കിലും ഡീറ്റെയിൽസ് കിട്ടോന്ന് ചോദിച്ചു പോയി. മകനെ തല്ലിയത്തിന്റെ ദേഷ്യമോ അവന്ന് കിട്ടാത്ത പെണ്ണിനോടുള്ള വാശിയോ കൊണ്ട് ആ നാട്ടിൽ നിന്ന് അവൾ പോയിന്നു കള്ളം പറഞ്ഞു...... ഇനി കാണില്ലെന്ന് അറിഞ്ഞിട്ടും മറക്കാൻ ശ്രമിച്ചിട്ടും പറ്റുന്നില്ലെന്ന് അറിഞ്ഞു

അവൻ എന്നും അവൾ പറഞ്ഞ ഓർമ്മയിൽ എല്ലാ സ്കൂളിൽ കോളേജുകളിലും പ്ലസ് വൺ പഠിക്കുന്ന കുട്ടികളിൽ അവളെ തിരിഞ്ഞു നടന്നു.

ദിവസങ്ങൾ കഴിയും തോറും അവന്റെ പ്രതീക്ഷകൾ കുറഞ്ഞു വന്നെങ്കിലും അവളുടെ മുഖം മാത്രം തെളിവാർന്നു വന്നു..... ഒരു നോവായി അവന്റെ ഉള്ളിൽ അത് അവശേഷിച്ചു. അവന്റെ ക്ലാസ്സിൽ ഉള്ള

ജുനൈദ് എന്ന ഫ്രണ്ടിലേക്ക് കൂടുതൽ അടുത്തത് ആ സമയത്ത് ആയിരുന്നു . നല്ല ഫ്രണ്ട്സ് ആയിരുന്നു വെങ്കിലും ആ കരിനീലകണ്ണുകരിയുടെ കാര്യം സമിയോട് മാത്രം പറഞ്ഞിരുന്നുവുള്ളു. പിന്നീട് എപ്പോഴോ ജുനൈദ് അവന്റെ ജീവിതത്തിന്റെ ഭാഗമായിമാറി . സമി തമാശപോലെ ഇക്കാര്യം പറഞ്ഞപ്പോൾ ജുനൈദ് അതികം അക്കാര്യത്തെ പറ്റി ചിന്തിച്ചില്ല.

ജുനുവിന്റെ വാക്കുകളിൽ കൂടി ഇനു അവന്ന് സ്വന്തം അനിയത്തിയായി മാറി. ഒരു ദിവസം യാദൃഷികം ആയി ജുനുവിന്റെ വീട്ടിൽ രാത്രി തങ്ങിയ അവൻ അവളെ വീണ്ടും കണ്ടു. ... നിലത്ത് വീണുകിടക്കുന്ന അവന്റെ നെഞ്ചിൽ അവന്റെ പെണ്ണിനെ കണ്ട അവന്ന് ശരിക്കും ഷോക്ക് ആയിരുന്നു അത്. അനിയത്തിയായി മനസ്സിൽ കരുതി സ്നേഹിച്ചവൾ തന്റെ പെണ്ണ് ആണെന്ന ഓർമയിൽ ആദ്യം അവനൊന്നു പകച്ചെങ്കിലും ജുനുവിനോട് കാര്യം പറഞ്ഞു. ഞാൻ അന്വേഷിക്കുന്നത് നിന്റെ അനിയത്തി ആണെന്ന് പറഞ്ഞെങ്കിലും ജുനു എനിക്ക് താല്പര്യം ഇല്ല ആ ബന്ധത്തിൽ എന്ന് പറഞ്ഞു ഒഴിഞ്ഞു. അവൻ ഒരിക്കലും പിറകോട്ടു

പോകാനും തയ്യാറല്ലായിരുന്നു.... ജുനു അവരിൽ നിന്നും അകന്നു.... ആ ഫ്രണ്ട്ഷിപ്പ് വേണ്ടെന്ന് വെച്ചു. ഫൈസ് ഒരുപാട് ശ്രമിച്ചെങ്കിലും ജുനു ഫ്രണ്ട് ആയിട്ട് പോലും അവരെ വേണ്ടെന്നു പറഞ്ഞു. ഇനുവിനെ കാണാനുള്ള എല്ലാ ചാൻസ് അടച്ചു. പിന്നീട് കോളേജിലേക്ക് അവൻ വന്നില്ല.... ആരുടെയും മുന്നിലേക്ക് വന്നില്ല..... സമി ഒരു ദിവസം ജുനുവിനെ ഒരു കാര്യം പറയാനുണ്ടെന്ന് പറഞ്ഞു അവന്റെ വിട്ടിലേക്ക് കൂട്ടിപൊയി

ആരോടും മിണ്ടാതെ റൂമിൽ നിന്നും പുറത്ത് ഇറങ്ങാതെ ഫൈസ്ന്റെ ഒരു രൂപം മാത്രം ഉള്ള കോലം കണ്ടു ജുനുവും ഞെട്ടിയിരുന്നു. കേട്ട് കേൾവി മാത്രം ഉള്ള

പ്രണയവിരഹം അവൻ കാണുകയാരുന്നു അവിടെ...... വിഷാദരോഗിയെ പോലെ ഇരിക്കുന്ന അവന്നെ കണ്ടു എങ്ങനെ ആശ്വസിപ്പിക്കണം അറിയാതെ ജുനുവും നിന്നു. അവന്നെ എന്നെ മറക്കാൻ വേണ്ടി

എല്ലാ സത്യവും പറഞ്ഞു കൊടുത്തു. ആക്സിഡന്റിൽ ചിന്താശേഷി നഷ്ടപ്പെട്ടതും

അവളൊരിക്കലും ഒരു സ്ത്രീആയി മാറില്ലെന്നും എന്നൊക്കെ.

ചിന്തിക്കുക പോലും ചെയ്യാതെ ഫൈസ് പറഞ്ഞു അവൾക്ക് പകരം ഞാൻ ചിന്തിച്ചോളാം അവളെ കൂടെ കൈവിടാതെ ഞാൻ നടന്നോളാം എന്ന്. അവൾക്ക് കുഞ്ഞായി ഞാനും എനിക്ക് കുഞ്ഞായി അവളും ആയി ജീവിച്ചോളാം അവളെ ഭാര്യയായി എനിക്ക് വേണം പറഞ്ഞു കരഞ്ഞ അവനോട് ജുനു ഒരുപാട് വാദിച്ചെങ്കിലും തോറ്റു പോവുകയാരുന്നു. ഒരിക്കൽ കൈ പിടിച്ചു തരും അത് വരെ അവളെ മുന്നിൽ പോലും പോകനോ സംസാരിക്കാനോ പാടില്ലെന്ന് പറഞ്ഞു. കുറച്ചു കഴിയുമ്പോൾ അവന്റെ മനസ്സ് മാറുമെന്നൊരു ചിന്തയിൽ ആയിരുന്നു ജുനു അങ്ങനെ പറഞ്ഞത് . പക്ഷേ ജുനുവിനെ പോലും അത്ഭുതപെടുത്തി കൊണ്ട് അവളിലൂടെ ജീവിക്കാൻ ആയിരുന്നു അവൻ ആഗ്രഹിച്ചത്. അവളെ നേരെ ഓപ്പോസിറ്റ് ആയിരുന്നു ഫൈസ്. രാവിലെ കോഫി മാത്രം കുടിച്ചു ചായ നോക്കുക പോലും ചെയ്യാത്ത അവൻ അവൾക്ക് വേണ്ടി കഷ്ടപ്പെട്ട് ചായ കുടിക്കുന്നത് കണ്ടു സമിയും ജുനുവും അത്ഭുതം കൂറി.കഴിക്കുന്ന ഫുഡിൽ പോലും ഇനുവിന്റെ

ഇഷ്ടങ്ങൾ ശീലമാക്കി അവൻ ജീവിച്ചു. ....
എന്നെങ്കിലും അവൾ സ്വന്തം ആകുമെന്ന

ഉറപ്പിൽ ആയിരുന്നു അവന്റെ ഓരോ ശ്വാസം പോലും..... അവന്റെ തകർച്ച ആഗ്രഹിച്ചു നടന്നിരുന്ന നിന്റെ മുന്നിലേക്ക് അവൻ എല്ലാവരോടും ആയി തന്റെ മാര്യേജ് ഫിക്സ് ആയതാണെന്നും

തനിക്ക് വേണ്ടി ഒരു പെണ്ണ് കാത്തിരിപ്പുണ്ടെന്ന് അവൻ പറഞ്ഞത് നീയറിഞ്ഞു. അന്ന് ആണ് നീ എന്നെപ്പറ്റി അറിഞ്ഞത്. എന്നെ തേടി വന്നു നീ. അവന്ന് എന്നെ കിട്ടാതിരിക്കാൻ വേണ്ടി പ്ലാൻ ചെയ്തു എന്നോട് പ്രണയം നടിച്ചു.

ഇതിൽ എവിടെയാ നീ എന്നെ സ്നേഹിച്ചത്..... എനിക്ക് വേണ്ടി കാത്തിരുന്നത്...... നീ എന്നിൽ അടിച്ചേൽപ്പിച്ച സ്നേഹം എങ്ങനെ എനിക്ക് നിന്നോടുള്ള പ്രണയം ആകും....

തെറ്റുകൾ മാത്രം ആണ് ആ പ്രണയം...

ഞാൻ നിന്നെയോ നീ എന്നെയോ പ്രണയിച്ചിട്ടില്ല..... ഫൈസ് അതാണ് ശരി അവന്റെ പ്രണയം ആണ് ശരി....

എന്റെ പ്രണയം ഫൈസ് ആണ്... എനിക്ക് അവന്റെ കൂടെ അവന്റെ പെണ്ണായി ജീവിക്കണം..... ഇനിയെങ്കിലും നന്നായിക്കൂടെ റിച്ചുക്ക...

നിങ്ങളെ ജീവനോളം സ്നേഹിക്കുന്ന ഒരു കുടുംബം ഉണ്ട്. അവരെ ഓർത്തു കൂടെ.

കഴിഞ്ഞതൊക്കെ മറന്നു പുതിയൊരു ജീവിതം കുറിച്ചോടെ.....

ഒക്കെ മറക്കാം...... പകരം എന്റെ പഴയ ഇനുവായി വന്നൂടെ...... ഫൈസനോടുള്ള ദേഷ്യം കൊണ്ട് നിന്നെ സ്വന്തമാക്കാൻ ശ്രമിച്ചത് പ്രണയം നടിച്ചത്....എന്നാൽ ആ നാടകം സത്യം ആയി മാറുകയാരുന്നു.

ഇന്ന് നിന്നെ ആത്മാർത്ഥമായി ഞാൻ സ്നേഹിക്കുന്നു. തളർച്ചയിലും അവൻ പറഞ്ഞത് കേട്ടു അവൾക്ക് ദേഷ്യം സങ്കടം ഒക്കെ വരുന്നുണ്ടായിരുന്നു

അവൾ എന്തെങ്കിലും പറയുന്നതിന്ന് മുന്നേ അവന്റെ ബോധം പോയിരുന്നു.

ഡോ കടുവേ..... ഒന്ന് ഹോസ്പിറ്റലിൽ

എത്തിക്ക്...ഇല്ലെങ്കിൽ ചത്തു പോകും

എന്റെ പട്ടി ചെയ്യും അയാൾ വെറുപ്പോടെ മുഖം തിരിച്ചു പുറത്തേക്ക് പോയി.

അവൾ ഒരു നിമിഷം ആലോചിച്ചു നിന്നു.

ആംബുലൻസു വിളിച്ചു. അവർ തന്നെ അവനെ കൂട്ടിപ്പോയി.

ഇനിയെങ്കിലും തുറന്നു പറഞ്ഞുടെ എല്ലാരോടും.... എന്തിനാ ഇവന്നെ സംരക്ഷിക്കുന്നത് കടുവ ദേഷ്യത്തോടെ ചോദിച്ചു.

ഞാൻ കൈവിട്ട ആ നിമിഷം ഇജുക്ക ഇവനെ കൊല്ലും. എന്റെ വാക്കുകൾ കേട്ടെന്ന് വരില്ല. എന്തൊക്കെ പറഞ്ഞാലും ഫൈസ്ന്റെ ഉമ്മാന്റെ മോനല്ലേ...... സ്വന്തം സഹോദരൻ ആയി കണ്ടു സ്നേഹിച്ചതല്ലേ.... സഹിക്കാൻ പറ്റില്ല ഫൈസ്ന് അത്.... അത് കൊണ്ട് മാത്രം ആണ് അവനെ സഹിക്കുന്നത്.

അവനിൽ എവിടെയൊക്കെയോ നന്മയുണ്ട് കടുവേ. നന്നാകുമായിരിക്കും അവൾ നെടുവീർപ്പോടെ പറഞ്ഞു.

എന്തെങ്കിലും ചെയ്യ്.... അവൻ ഒന്നും ജന്മത്തിൽ നന്നാകില്ല. പക്കാ ക്രിമിനൽ മൈന്റ് ആണ്.

നന്നാകും കടുവേ ഞാൻ നന്നാക്കിയിരിക്കും. ഇവൻ ഹോസ്പിറ്റലിൽ നിന്നും തിരിച്ചു വരട്ടെ നല്ലൊരു ഗിഫ്റ്റ് ഞാൻ കൊടുക്കുന്നുണ്ട് അതിൽ ആണ് ഇനി പ്രതീക്ഷ.

എന്ത് ഗിഫ്റ്റ്.....

റജവ.....  അവന്റെ പെണ്ണ്..... പിന്നെ

അവന്റെ കുഞ്ഞും..... അവളിൽ ആത്മവിശ്വാസം ഉണ്ടായിരുന്നു അതോണ്ട് അയാളൊന്നും പറഞ്ഞില്ല.

❤❤❤❤

റൂമിലേക്ക് നോക്ക് പോലും ചെയ്യാതെ കയറി വന്ന റാനിയെ കണ്ടു ഇജു കസേരയിൽ നിന്നും ഞെട്ടി എഴുന്നേൽക്കാൻ നോക്കിയെങ്കിലും അവൾ ചെയറിന്റെ ഇരു സൈഡിൽ കൈ കുത്തി നിന്നു ലോക്ക് ചെയ്യുന്ന പോലെ നിന്നു. അവൻ അവിടെ ഇരുന്നു പോയി.

എനിക്ക് സംസാരിക്കാൻ ഉണ്ട്.... മുഴുവൻ കേൾക്കാതെ എഴുന്നേൽക്കാൻ നോക്കിയാലോ

തിരിച്ചു സംസാരിക്കാൻ ശ്രമിച്ചാലോ ഉണ്ടല്ലോ എന്ന് പറഞ്ഞു ചുറ്റും നോക്കി  മേശയിൽ കണ്ട പെന്ന് എടുത്തു അവന്റെ കണ്ണിന് നേരെ നീട്ടി....

ഈ കണ്ണ് ഞാൻ കുത്തിപ്പൊട്ടിക്കും. സത്യം ആയിട്ടും ഞാൻ കുത്തിപ്പൊട്ടിക്കും

എന്നെകൊണ്ട് അത് ചെയ്യിക്കരുത് അതോണ്ട് കണ്ണടച്ച് പിടിച്ചു ഞാൻ പറയാൻ ഉള്ളത് മൊത്തം കേട്ടോണം....

ഇജാസ് കണ്ണ് മിഴിച്ചു അവളെയും പെന്നിലേക്ക് നോക്കി നിന്നു.

❤️💔INVISIBLE LOVE 💔❤️

Love after 💘marriage 🌷99🌷

ലവ് യൂ ഹബ്ബി..... അവൾ ഓടി വന്നു കെട്ടിപിടിച്ചതും അവൻ ഒന്ന് പിറകോട്ടു മറിഞ്ഞെങ്കിലും അവളെ അരയിലൂടെ കയ്യിട്ട് ചേർത്ത് പിടിച്ചു ബാലൻസ് ചെയ്തു നിന്നു.... അവൾ അവന്റെ രണ്ട് കവിളിൽ ചുംബിച്ചു..... പിന്നെ ചുണ്ടിലും

അമർത്തി ചുംബിച്ചു. അവൻ കണ്ണ് മിഴിച്ചു അവളെ നോക്കി. ചുണ്ടിൽ പതിഞ്ഞ അവളുടെ അധരങ്ങൾക്ക് ഉപ്പ് ചുവ വന്നതും അവൻ മുഖം മാറ്റി അവളെ നോക്കി.....

എന്താടാ പറ്റിയെ...... എന്തെങ്കിലും പ്രോബ്ലം ഉണ്ടോ.....

അവൾ കണ്ണ് തുടച്ചു.... സന്തോഷം കൊണ്ടാ..,... ഓർത്തപ്പോ കണ്ണ് നിറഞ്ഞു പോയി..... അവൾ ചിരിയോടെ പറഞ്ഞു.

ശഹിയെ ദൂരെ നിന്നെ നോക്കു പറഞ്ഞു പോയിട്ട് അവനെ കെട്ടിപിടിച്ചു മലകതം മറിഞ്ഞു വന്നിരിക്കുന്നു. അതല്ലേ ഈ സന്തോഷം..... അവൻ അവളെ നോക്കി കണ്ണുരുട്ടി.

അവൾ ഇളിച്ചു കാണിച്ചു. പിന്നെ മുഖം ചുളിച്ചു..... നീയെങ്ങനെ അത് കണ്ടത്....

നീ ഇവിടെ ഓഫീസിൽ അല്ലായിരുന്നോ അപ്പോൾ.....

ഞാൻ കണ്ടൊന്നും ഇല്ല പെണ്ണെ.... നിന്റെ ഡ്രെസ്സിന് ഇപ്പൊ സോളിഡ്ന്റെയും axe യുടെയും മിക്സ് ചെയ്ത സ്മെൽ ആണ്......

അവൾ സ്വയം ഒന്ന് മണത്തു നോക്കി....

അവളുടെ ചുണ്ടിൽ ഒരു പുഞ്ചിരി വിരിഞ്ഞു.....ശഹിയുടെ സ്പ്രേ മണം ....പോലീസ് നായ പിറകെ നിൽക്കണം......

കുളിക്കാതെ നാറുന്ന നിന്നെ പെട്ടന്ന് സ്മെൽ വന്ന ആരായാലും നോക്കിലേ...

അത് പറയരുത് കുളിച്ചില്ലെങ്കിലും സ്പ്രെയും പൗഡർ ഇട്ട ഞാൻ പോകാർ. അതോണ്ട് നാറ്റം ഉണ്ടാകില്ല അവൾ മുഖം കോട്ടി....

അവൻ ചിരിയോടെ ചെയറിൽ ഇരുന്നു അവളുടെ കയ്യിൽ പിടിച്ചു വലിച്ചതും അവൾ അവന്റെ മടിയിൽ ഇരുന്നു പോയി അവൾ അവന്റെ ചുമലിലേക്ക് ചാഞ്ഞു ഇരുന്നു.... ചുമലിൽ മുഖം താങ്ങി.... ഞാൻ ചുമ്മാ പറഞ്ഞതാ പെണ്ണേ നിനക്ക് എന്നും എന്റെ പ്രണയത്തിന്റെ മണം ആണ്.... ആ നറുമണം മതി ഏത് സുഗന്ധത്തിനും മേലെയാണത്..... എന്നെ ഞാൻ അല്ലാതാകുന്ന മത്ത് പിടിപ്പിക്കുന്ന ഗന്ധം..... അവന്റെ ചുണ്ടുകൾ ചുമലിൽ പതിഞ്ഞതും അവൾ കണ്ണടച്ച് പിടിച്ചു പോയി. ഹോസ്പിറ്റലിൽ നിന്നും വന്നതിന്ന് ശേഷം ആദ്യം അയാണ് അവനിൽ നിന്നും ഇങ്ങനെ ഉണ്ടായത് എന്ന് അവളോർത്തു. അത് കൊണ്ട് തന്നെ തന്റെ ഹൃദയതാളം തെറ്റിക്കുന്ന അവന്റെ നിശ്വാസം ചുമലിൽ പതിക്കുന്നത് അറിഞ്ഞതും അവളിലൂടെ ഒരു വിറയൽ പടർന്നു കയറി.പരസ്പരം സംസാരിക്കാതെ സുഖമുള്ളൊരു മൗനം അവർക്കിടയിൽ രൂപപ്പെട്ടു. അവന്റെ കൈകൾ അവളുടെ വയറിൽ അമർന്നതും അവൾ ഒന്ന് ഒരേങ്ങളോടെ

അവന്റെ കയ്യിൽ മേലെ വെച്ചു,

അവിടെന്താ സംഭവിച്ചേ അവന്റെ ശബ്ദം ആർദ്രമായിരുന്നു..... അവന്റെ ചോദ്യത്തിൽ അവളിൽ വീണ്ടും സന്തോഷം വന്നു നിറഞ്ഞു. അവൾ അവിടെ നടന്നത് മൊത്തം പറഞ്ഞു കൊടുത്തു. ഒന്നും മിണ്ടാതെ ഇരിക്കുന്ന അവനെ അവൾ തലതിരിഞ്ഞു നോക്കി.

കണ്ണടച്ച് കിടക്കുന്നത് കണ്ടു. അവൾ അവന്റെ മടിയിൽ തിരിഞ്ഞു ഇരുന്നു.

കഴുത്തിലൂടെ കയ്യിട്ട് പിടിച്ചു.

എന്താ ഒരു സങ്കടം.... അവന്റെ മുഖത്തൂടെ വിരൽ ഒടിച്ചു അവൾ ചോദിച്ചു.

ഇന്ന് വരെ നിന്നോട് ഒന്നും ആവിശ്യപെട്ടിട്ടില്ല..... ആദ്യം ആയി ഒരു കാര്യം ചോദിക്കുവാ..... എനിക്ക് അത് നടത്തിതരുമോ.....

അവൾ അവന്റെ കഴുത്തിൽ മുഖം ചേർത്ത് വെച്ചു കിടന്നു....

ശഹിയെ മാത്രം ചോദിക്കല്ലേടാ..... വേറെന്ത് വേണേൽ ചോദിച്ചോ.... എന്റെ ജീവൻ വേണമെങ്കിൽ തന്നോളാം..... അവൻ..... അവനെ മാത്രം ചോദിക്കരുത്

അവളുടെ ശബ്ദം ഇടറിയിരുന്നു....

നൈഹായെ അവൻ സ്നേഹിക്കുന്നില്ല ഇനു.... അവൾ ചേരില്ല അവന്ന്.... റിസക്ക്

അവനെ മനസ്സിലാക്കാൻ പറ്റും.... അവനെ മാറ്റിയെടുക്കാൻ കഴിയും....

ഇനു അവന്റെ ചുണ്ടിൽ വിരൽ വെച്ചു....

ഷഹീ തിരഞ്ഞെടുത്തത  നൈഹയെ..... അവന്റെ

മനസ്സിൽ പ്രണയം കടന്നു വന്നില്ലെങ്കിൽ അവളെ പ്രൊപ്പോസ് ചെയ്യാനോ കിസ്സ് കൊടുക്കണോ കഴിയില്ല

നൈഹയുടെ ഇഷ്ടത്തിന് അനുസരിച്ചു അവന്ന് മാറാൻ പറ്റില്ല..... അടിച്ചേൽപ്പിച്ചു ആണെങ്കിലും നൈഹായെ അവൻ മനസ്സ് കൊണ്ട് സ്വയം സ്വീകരിച്ചു കഴിഞ്ഞു. ഞാൻ പറഞ്ഞ അവൻ നൈഹായെ ഒഴിവാക്കി റിസയെ സ്വീകരിക്കും.... ഒരിക്കൽ ഞാൻ ആയിട്ട് കീറിമുറിച്ച ഹൃദയം ആണ് വീണ്ടും വേദനിപ്പിക്കാൻ വയ്യ. എന്നോട് ഇത് മാത്രം ചോദിക്കരുത്.

അവൻ ഇനിയെങ്കിലും ജീവിച്ചോട്ടെ അവളുടെ കവിളിനെ ചുംബിച്ചു  തുള്ളികൾ ഒഴുകിയിറങ്ങി.

ആദ്യം ആയി അവൾ ചോദിച്ച ഒരു കാര്യം നടത്തികൊടുക്കാൻ കഴിയാത്ത സങ്കടം കൊണ്ട് പറഞ്ഞു പോയതാ  . അവർ തമ്മിൽ ആണ് ചെരേണ്ടത് തോന്നി. ഇനി അതിന്റെ പേരിൽ മോങ്ങണ്ട പറഞ്ഞു കണ്ണുകൾ തുടച്ചു. നെറ്റിയിൽ ചെറുതായി ഇടിച്ചു.

ഇനി ഒന്ന് ചിരിച്ചേ..... നേരത്തെ പോലെ സന്തോഷത്തോടെ നിറഞ്ഞ പുഞ്ചിരിയോടെ എന്നും കണ്ട മതി.

ഇജുക്കനെ കൂടി സെറ്റ്ആക്കിയാലെ എനിക്ക് സന്തോഷം ആകു.

അപ്പോഴാണ് റാനി ഇജുവിനെ കണ്ടു റിങ് തിരിച്ചു കൊടുക്കൻ പോകും എന്ന് പറഞ്ഞത് ഓർമ വന്നത്.

അവരെ ഒരുമിപ്പിക്കൻ ഒരു വഴി പറഞ്ഞു ത ഫൈസ് അവൾ സങ്കടത്തോടെ പറഞ്ഞു.

ഞാൻ പറയുന്നത് പോലെ ചെയ്യ്.... എന്ന നിന്റെ ഇജുക്കന്റെ കല്യാണം നടത്താം...

എന്ത് വേണമെങ്കിൽ ചെയ്യാം...

നീ പ്രണയിക്കണം..... നിന്റെ പ്രണയം കണ്ട് അവന്റെ മനസ്സ് മാറണം......

ഞാൻ ആരെ പ്രേമിക്കാൻ..... ഞാൻ പ്രേമിച്ച ഇജുക്കന്റെ മനസ്സ് എങ്ങനെ മാറുക.. മാറുന്ന ഉറപ്പ് ആണെങ്കിൽ ഒന്നല്ല എത്ര പേരെ വേണമെങ്കിൽ പ്രണയിച്ചോലാം.......

അവൻ അവളെ കവിളിൽ അമർത്തി കടിച്ചത് പെട്ടന്ന് ആയിരുന്നു...

അവൾ വേദനകൊണ്ട് അലറി വിളിച്ചു അവനെ തള്ളിമാറ്റി.

എന്താ പിശജേ..... അവൾക്ക് ദേഷ്യം വന്നു.

എന്നെയല്ലാതെ വേറെ ആരെയെങ്കിലും നോക്കി

എന്നറിഞ്ഞ കൊല്ലും ഞാൻ...,.

അവൻ കലിപ്പോടെ പറഞ്ഞു.

നീയല്ലേ പ്രണയിക്കാൻ പറഞ്ഞത്.

അങ്ങനെ ആക്ട് ചെയ്യാനാ പറഞ്ഞത്.

അതും റാനിയെ......അല്ലാതെ ആരെയെങ്കിലും പോയി നോക്കിയ കൊല്ലും ഞാൻ .......

റാനിയെ പ്രണയിക്കാനോ....... ഞാനോ... വേദന മറന്നു അവൾ കണ്ണും മിഴിച്ചു അവനെ നോക്കിനിന്നു പോയി....

Mmm..... നിനക്ക് മാത്രമേ ഇജുവിന്റെ മനസ്സ് മാറ്റാൻ പറ്റു..... കാരണം അവന്റെ പ്രണയത്തിനും വിവാഹജീവിതത്തിനും വിലക്ക് കല്പിക്കുന്നത് കാരണം നീയാണ്. നീ മാത്രം നിറഞ്ഞു നിൽക്കുന്ന അവിടെ റാനിഎന്ന പെണ്ണ് വരണമെങ്കിൽ ഞാൻ

പറയുന്ന പോലെ ചെയ്യ്...... അല്ലാതെ ഫോഴ്സ് ചെയ്താലൊന്നും റാനി പോയിട്ട് ഒരു പെണ്ണിന്റെ പേര് പോലും അവിടെ പതിയില്ല.... അവന്റെ ലഹരി നീയാണ് നിന്നിലൂടെ മാത്രമേ ആ ലഹരി ഇറങ്ങുവാനും പറ്റു....

ഒന്ന് തെളിച്ചു പറയ്....

അവൻ പറഞ്ഞത് കേട്ടതും അവൾക്ക് അത് നടക്കുമെന്ന് തോന്നി. അവളെ മുഖത്ത് ആത്മവിശ്വാസത്തിന്റെ പുഞ്ചിരി വിരിഞ്ഞു.

അവളെ പുഞ്ചിരി അവനിലേക്ക് പടർന്നിരുന്നു. അവളുടെ കവിളിൽ കടിച്ചിടത് ചുവന്നു കിടക്കുന്ന അവന്റെ പല്ലിന്റെ അടയാളം കണ്ടു.. . അവൻ നോക്കുന്ന കണ്ടു അവൾ അവിടെ തൊട്ടു

നീറ്റൽ കൊണ്ട് എരിവ് വലിച്ചതും അവൾ ദേഷ്യത്തോടെ അവന്നെ നോക്കി.

വേദന മാറ്റി തന്ന പോരെ കുസൃതി ചിരിയോടെ നോക്കി പറഞ്ഞു.

അവൾ എന്തെങ്കിലും പറയുന്നതിന്ന് മുന്നേ അവന്റെ ചുണ്ടുകൾ അവിടെ അമർന്നിരുന്നു.... ചുണ്ടുകൾക്ക് പകരം നാവുകൊണ്ട് അവൻ ചുറ്റും തടവിയതും അവൾ പിടഞ്ഞു. അവന്റെ തോളിൽ അവളുടെ കൈ അമർന്നു..... ശരീരത്തിൽ മൊത്തം ആ കോരിതരിപ്പ് പടർന്നു കയറി.......അവൾ ശ്വാസം കഴിക്കാൻ പോലും മറന്നു അവന്റെ പ്രവർത്തിയിൽ..... നോവിന് പകരം അവനെന്ന ലഹരി അവളിലും നിറഞ്ഞിരുന്നു. അവന്റെ നാവ് അവളുടെ ചുണ്ടുകളെ തലോടിയതും അവൾ പിടഞ്ഞു മാറി കണ്ണ് തുറന്നു...... അവന്റെ നോട്ടം നേരിടാൻ ആവാതെ മിഴികൾ താഴ്ന്നു.....

ചുണ്ടുകൾ അതിന്റെ ഇണയിൽ എത്തിയതും അവൻ പെട്ടന്ന് പിടഞ്ഞു മാറി........

തന്റെ ചുംബനം ആഗ്രഹിച്ചു തനിക്ക് വിധേയമായി

നിൽക്കുന്ന അവളെ കണ്ടു അവനിൽ വേദന പടർന്നു.

അവൾ കണ്ണ് തുറന്ന് അവനെ നോക്കി.

അവൻ മുഖത്ത് ഒരു വരുത്തിച്ചു.....

എന്തെങ്കിലും പ്രതീക്ഷിചാരുന്നോ മോള്.... എന്നാലേ അധികം മോഹിക്കേണ്ട

ഓഫീസ് ആണ്..... ആരെങ്കിലും കയറി വരും..... അവൻ അവളെ നോക്കി ചെറുചിരിയോടെ പറഞ്ഞു.

ഞാൻ പെട്ടെന്ന് ഓഫീസ് ആണെന്ന് ഓർത്തില്ല എന്ന് പറഞ്ഞു ചമ്മലോടെ അവനെ നോക്കി അവളെ വിട്ടു എഴുന്നേറ്റു.....

❤❤❤❤❤

അവളുടെ ശ്വാസം തന്റെ മുഖത്തേക്ക് തട്ടുന്നുണ്ടായിരുന്നു.....ശരീരങ്ങൾ പരസ്പരം തൊട്ടു തൊട്ടില്ല രീതിയിൽ ആണ് അവന്ന് വല്ലാത്ത

അസ്വസ്ഥത തോന്നി. ശദയും ഇനുവും അല്ലാതെ മറ്റൊരു പെണ്ണ് ഇത്രയും അടുത്ത് നിന്നിട്ടില്ല. നിൽക്കാൻ സമ്മതിച്ചിട്ട് ഇല്ല. അവളോട് കുറച്ചു മാറി നിൽക്കെന്ന് പറയാൻ അവളെ നോക്കിയ അവൻ വീണ്ടും ഞെട്ടി രണ്ട് കണ്ണും അടച്ചു പിടിച്ചിട്ട ഉള്ളത്. അവൾ ഇതൊന്നും അറിയുന്നില്ലെന്ന് സാരം.  പേന പിടിച്ച കൈ വിറക്കുന്നുണ്ട്.

നമുക്ക് സംസാരിക്കാം നീ ആദ്യം നേരെ നിൽക്ക്. ദേഷ്യം വന്നെങ്കിലും സമാധാനത്തോടെ പറഞ്ഞു.

അവൾ നേരെ നിന്നു......

എനിക്ക് പറയാൻ ഉള്ളത് കഴിയുന്ന വരെ എഴുന്നേൽക്കരുത്. എന്നോട് മിണ്ടാൻ വരരുത്. അവൾ വീണ്ടും പറഞ്ഞത് കേട്ട് അവൻ അവിടെ കാലിൽ കാൽ കേറ്റിവെച്ചു ഇരുന്നു.

പറയാൻ ഉള്ളത് പറയ്... നിന്റെ രണ്ട് ഡിമാൻഡ് എനിക്ക് സമ്മതം ആണ്.

പ്രോമിസ് ഇട്..... അവൾ കൈ നീട്ടി....

പ്രോമിസ്..... ശല്യം ഒഴിവാക്കട്ടെ എന്ന രീതിയിൽ കൈ തൊട്ട് തൊട്ടില്ല മട്ടിൽ പ്രോമിസ് ചെയ്തു. ഓഫീസിൽ ആയിരുന്നുവെങ്കിൽ രണ്ട് ചീത്തയെങ്കിലും വിളിക്കാം ഇവിടെ അമ്മിജനോ ഉമ്മയോ കണ്ടാൽ എന്നെ തല്ലാൻ മടിക്കില്ല. ആ പേടിയുണ്ട് ഉള്ളിൽ

അവൾ നന്നായി ബ്രീത് ചെയ്തു കണ്ണ് തുറന്നു.....

ബാഗിൽ നിന്നും മോതിരം എടുത്തു അവന്റെ നേർക്ക് വലിച്ചെറിഞ്ഞു.

അവൻ ഞെട്ടിപ്പകച്ചു നിന്നു.

ഇത് നല്ല രീതിയിൽ തിരിച്ചു തന്നു വിവാഹത്തിന് സമ്മതം അല്ലെന്ന് പറയാൻ വേണ്ടിയാ ഓഫീസിൽ വന്നത്.

നീയെന്താടോ പറഞ്ഞെ നിന്റെ പൈസയും സ്റ്റാറ്റസ് കണ്ടാണ് ഞാൻ വിവാഹത്തിന് സമ്മതിച്ചെന്നോ...... പാണക്കാരെ വലവീശി പിടിക്കാണ് ഞാൻ എന്നോ...... ദേഷ്യം കൊണ്ട് വിറക്കുന്നുണ്ടായിരുന്നു അവൾ. പണത്തിനു കുറവ് ഉള്ളു ഞങ്ങൾക്ക് അഭിമാനം പണയം വെച്ചിട്ടില്ല ആരുടേയും മുന്നിൽ. നിന്റെ സ്റ്റൈൽ പണവും കണ്ടു പിറകെ വരുന്ന ഒരുപാട് പെണ്ണിനെ താൻ കണ്ടിട്ട് ഉണ്ടാവും അതിൽ എന്നെ പെടുത്തണ്ട.... താൻ എന്താ പറഞ്ഞെ ക്യാഷ് നീട്ടി ആര് വിളിച്ചാലും കൂടെ വരും അതോണ്ടാ നിന്റെ പിറകെ വന്നത് എന്നല്ലേ അവൾ പുച്ഛത്തോടെ അവന്നെ നോക്കി. പിറകെ പോകും പോയിട്ട് ഉണ്ട് അത് കാശിന്റെ പിറകെ അല്ല സ്നേഹത്തിന്റെ പിറകെ.... നിന്റെ പുന്നാര പെങ്ങൾ ഉണ്ടല്ലോ ജന്നത് എന്ന ഇനായ മെഹവിഷ്.... ആ തെണ്ടിടെ പിറകെ പോയിട്ട് ഉള്ളു അന്നും ഇന്നും....

അത്രത്തോളം കടപ്പാട് ഉണ്ട് അവളോട് ആ

കുടുംബതോടും.... ഓർമ വെച്ച നാള് തൊട്ട് അവളെ നിഴലായ് ഞാൻ ഉണ്ട് കൂടെ. എന്റെ ഉപ്പ കൂലിപ്പണിക്ക് പോയി അന്തസ്സായി തന്നെ ഞങ്ങളെ പോറ്റിയത്. ഇടക്ക് നടുവെട്ടി കിടപ്പിലായി.... പണിക്ക് പോകാൻ കഴിഞ്ഞില്ല. പട്ടിണി കിടന്നു മരിക്കാർ ആയിട്ട് പോലും ഒരാളെ മുന്നിലും അഭിമാനം പണയം വെച്ചിട്ടില്ല.... ആരെ മുന്നിലും കൈ നീട്ടിയിട്ട് ഇല്ല നിങ്ങൾ പെങ്ങളുണ്ടല്ലോ അവൾ അവിടെയും തോൽപിച്ചു. അവൾ തിന്നുന്നതും കുടിക്കുന്നതിന്റെയും ഒരു പങ്ക് എനിക്ക് സൈൻ വെച്ചു നീട്ടും......

വേണ്ടന്ന് പറഞ്ഞാലും ഞങ്ങൾ കഴിക്കാതെ കഴിക്കില്ല പറഞ്ഞു ഇരിക്കും ജുനു പ്ലസ് ടു പഠിക്കുമ്പോഴാ ജോലിക്ക് പോകാൻ തുടങ്ങിയത്. രാവിലെ എഴുന്നേറ്റു പത്രവും പാലും ഇടാൻ പോകും. എന്നിട്ട് സ്കൂളിൽ പോവുക. വന്നിട്ട് കൂൾ ബാറിൽ പണിക്ക് പോകും..... നൈറ്റ് തട്ട് കടയിലും മറ്റും ഹെൽപ്പ് ആയിട്ട്.... അങ്ങനെ നിങ്ങളെ പെങ്ങളെ രാജകുമാരിയെ പോലെ വളർത്തിയത്. അതിൽ ഒരു പങ്ക ഒരുകാലത്തു ഞാനും എന്റെ വീട്ടുകാർ കഴിച്ചു

വിശപ്പടക്കിയത്

ജുനുവിന്റെ ചോരയും നീരും അടങ്ങിയതാ ഈ ശരീരവും.... ഇതൊക്ക

ഇനുവിനോടുള്ള ഇഷ്ട്ടം കൂടി കൊണ്ടാണ്

അവളെ കണ്ണ് നിറഞ്ഞ പാവത്തിന് സഹിക്കില്ല. അവളെ കണ്ണ് ആണെങ്കിൽ മറ്റുള്ളവരെ കണ്ണീർ ഒപ്പൻ മാത്രം ഉള്ളതാ.

എന്റെ സൈനു അവൻ ജീവനോടെ ഉള്ളത് തന്നെ അവളുടെ കാരുണ്യം മാത്രം ആണ്. ഇങ്ങനെ ഉള്ള അവൾക്ക് വേണ്ടി ഒരു കുഞ്ഞിനെ കൊടുക്കാൻ പോലും പറ്റില്ലെന്ന് പറയാൻ മാത്രം ക്രൂരയല്ല ഞാൻ.അവൾ വന്നു പറഞ്ഞു അവൾക്ക് പിരീഡ്സ് വൈകി വന്നൊണ്ട് കുട്ടികൾ ഉണ്ടാവില്ല..... നിന്റെ കുഞ്ഞിനെ സ്വന്തം കുഞ്ഞായി കാണാലോ എനിക്കൊരു കുഞ്ഞിനെ തരോന്ന്...... എനിക്ക് ആലോചിക്കാൻ പോലും ഇല്ലായിരുന്നു . ഇരട്ടക്കുട്ടി പിറന്ന ഒരു കുഞ്ഞിനെ തരോന്ന ചോദിച്ചേ അവൾ. എന്റെ ജീവൻ തന്നെ ഞാൻ കൊടുക്കും അപ്പോഴാ കുഞ്ഞു. അതിപ്പോ ഒരു കുഞ്ഞേ ഉള്ളുവെങ്കിലും

ഞാൻ കൊടുക്കും. എന്റെ ജീവനും ജീവിതവും അവൾക്ക് വേണ്ടി കളയാൻ തയ്യാറാ ഞാൻ. അത്രയിഷ്ടാ അവളെ..... ആ കണ്ണ് നിറഞ്ഞ പിടയുന്നത് എന്റെ നെഞ്ചോ.നിങ്ങൾ കരുതുന്ന പോലെ അവളെ മയക്കി നിങ്ങളെ വലവീശിപിടിച്ച തെരുവ് പെണ്ണല്ല ഞാൻ..... അവളോടുള്ള ഇഷ്ടം കൊണ്ട മാര്യേജ് സമ്മതിച്ചത് റാനിയുടെ കണ്ണുകൾ നിറഞ്ഞു ഒഴുകി വാക്കുകൾ പുറത്ത് വരുന്നില്ലായിരുന്നു. അവൾ മുഖം പൊത്തി പൊട്ടികരഞ്ഞു പോയിരുന്നു.

അവനും ആകെ വല്ലാതായി..... അവന്റെ നെഞ്ചിൽ ചെറു നോവ് പടർന്നു.

ഇനുവിനെ കാണാത്ത സങ്കടവും ബിസിനസ് ഡീൽ കൈവിട്ടതും എല്ലാം കൂടി ഭ്രാന്ത് പിടിച്ചു നിൽക്കുമ്പോഴാ ഇവൾ കേറി വന്നത്.... എല്ലാ ദേഷ്യം ഇതിന്റെ മേലെ തീർത്തു.. വായിൽ തോന്നിയത് വിളിച്ചു പറഞ്ഞു. വിവാഹത്തോട് താല്പര്യം ഇല്ല എന്നല്ലാതെ ഒരിക്കലും ഇവളോട് വെറുപ്പ് ഉണ്ടായിട്ടില്ല. ഇനുവിനെ പോലെ പാവം ആണ്

റാനിയും അത് എനിക്ക് ആരും പറയാതെ അറിയാം....

സോറി... ഞാൻ പെട്ടന്ന് ഉള്ള ദേഷ്യത്തിൽ എന്തൊക്ക പറഞ്ഞു പോയതാ റിയലി സോറി... അവൻ എങ്ങനെയൊക്കെയോ പറഞ്ഞൊപ്പിച്ചു.

അവൾ കണ്ണും മുഖവും ഒക്കെ തുടച്ചു.

സാർ സോറിയൊന്നും പറയണ്ട. എന്റെ സങ്കടം കൊണ്ട് പറഞ്ഞു പോയതാ എനിക്കറിയാം എന്നോടുള്ള ദേഷ്യം തീർത്തത് ഒന്നും അല്ലെന്ന്. മനസ്സിലെ സങ്കടം ദേഷ്യം ആയി പുറത്ത് വന്നതാ. അത് മനസ്സിലാക്കാനുള്ള ബുദ്ധിയൊക്കെ എനിക്കുണ്ട്. എല്ലാരെ മുന്നിൽ വില്ലൻ വേഷം കെട്ടി സ്വന്തം ജീവനെ തന്നെ തള്ളിപറഞ്ഞതല്ലേ.... ആ വേദന എത്രത്തോളം ഉണ്ടെന്ന് തകർന്നു നിൽക്കുന്ന നിങ്ങളെ കണ്ടപ്പോൾ തന്നെ എനിക്ക് മനസ്സിലായതാ. അതോണ്ടാ ചീത്ത വിളിച്ചപ്പോഴും മിണ്ടാതെ കേട്ടു നിന്നത്. സാർ ചെയ്ത സഹായം ഒന്നും മറക്കില്ല. പിന്നെ ഇനു പോയൊണ്ട് ഇനിയീ വിവാഹത്തിന്റെ

ആവിശ്യം ഇല്ല. മാത്രം അല്ല അവളെ മനസ്സ് കാണാണ്ട് ഇരിക്കാൻ പടച്ചോന് കഴിയില്ല. അവൾക്ക് കുഞ്ഞുണ്ടാവും.....മോതിരം തിരിച്ചു തരണം എന്നെ ഉണ്ടാരുന്നുള്ളൂ. സാർ തന്നെ എല്ലാരോടും പറഞ്ഞ മതി വിവാഹത്തിന് സമ്മതം അല്ലെന്ന്.

അതും പറഞ്ഞു തിരിഞ്ഞു നടന്നതും ഇജാസ് വിളിച്ചു....

റാനിയ..... ഞാൻ വില്ലൻ വേഷം കെട്ടിയതാണെന്ന് നിന്നോട് ആര് പറഞ്ഞു..... അവൻ സംശയത്തോടെ അവളെ നോക്കി.

റാനിയുടെ മുഖത്ത് ഒരു പുഞ്ചിരി വിരിഞ്ഞു. അതിപ്പോ ആരും പറയണ്ട മാഷേ..... നിങ്ങൾക്ക് അവളോടുള്ള സ്നേഹം ഞാൻ ഈ കണ്ണുകളിൽ കണ്ടറിഞ്ഞിട്ടുണ്ട്. അവളെ കാണുമ്പോൾ

നിങ്ങളെ നെഞ്ച് പിടക്കുന്നത് അറിഞ്ഞിട്ടുണ്ട് ഞാൻ.... അന്നൊക്കെ പ്രണയം ആണെന്ന കരുതിത്. അവിടെയെ എനിക്ക് തെറ്റിയിട്ട് ഉള്ളു.

സഹോദരൻ ആണെന്ന് അറിഞ്ഞപ്പോ ഒരാൾക്ക് ഇങ്ങനെ സ്നേഹിക്കാൻ കഴിയൊന്ന അത്ഭുതം തോന്നിയത്. ഇപ്പൊ തള്ളി പറഞ്ഞിട്ട് ഉണ്ടെങ്കിൽ അതിന്ന് പിന്നിലും ശക്തമായ ഒരു കാരണം ഉണ്ടാകും.... നെഞ്ചിൽ ചോര പൊടിഞ്ഞ ഇവിടുന്ന് ഇറക്കി വിട്ടെന്ന് അറിയാം..... നിങ്ങളെ പെഴസണൽ കാര്യം ആയോണ്ട് അതിനെ പറ്റി ചോദിക്കുന്നില്ല

അവൻ അത്ഭുതത്തോടെ അവളെ നോക്കി.... താൻ പോലും അറിയാതെ തന്നെ മനസ്സിലാക്കിയ അവളെ മുഖം ആദ്യമായി അവന്റെ ഉള്ളിൽ പതിയുന്നത് അവൻ അറിഞ്ഞു.....

എന്നോട് ദേഷ്യം ഉണ്ടോ വിവാഹം നടക്കാത്തതത്തിൽ......

ഒരിക്കലും ഇല്ല.... ചേരേണ്ടവർ തമ്മില ചെരേണ്ടത്.... എന്നെ ഒരിക്കലും ഇജുക്കക്ക് ചേരില്ല. അതോണ്ട് എനിക്ക് സങ്കടമോ ദേഷ്യംമോ ഒന്നും ഇല്ല.

അത് പറയുമ്പോൾ അവളുടെ ശബ്ദം ഒന്നിടറി..... നെഞ്ചിൽ ചെറു നോവ് പൊടിയുന്നത് അവളറിഞ്ഞു. വിവാഹം ഉറപ്പിച്ചപ്പോ തൊട്ട് സ്വന്തം ആകുമെന്ന് കരുതി എപ്പോഴൊക്കെയോ ഒരിഷ്ടം തോന്നിത്തുടങ്ങിയിരുന്നു. അവന്റെ മനസ്സിൽ ഞാൻ ഇല്ലെന്ന് നോട്ടത്തിലും ഭാവത്തിലും മനസ്സിൽ ആയത് കൊണ്ട് തന്നെ അത് മായ്ച്ചു കളഞ്ഞു.

പക്ഷേ അവന്റെ കണ്ണുകൾ അത് കൃത്യം ആയി ഒപ്പിയെടുത്തു....

എനിക്ക് വിവാഹജീവിതത്തിൽ താല്പര്യം ഇല്ല..... ഒരു വിവാഹത്തെ പറ്റി ആലോചിക്കുന്നത് പോലും ഇല്ല. എനിക്ക് എന്റേതായ ചില ലക്ഷ്യങ്ങൾ ഉണ്ട്. ആഗ്രഹങ്ങൾ ഉണ്ട്..... മോഹങ്ങൾ ഉണ്ട്...

എനിക്ക് ചെയ്തു തീർക്കാൻ ഒത്തിരി കാര്യങ്ങൾ ഉണ്ട്.... തീർച്ചയായും അതിന്റെ ഇടയിൽ വിവാഹം..... ഭാര്യ....

അതൊക്കെ തടസ്സം ആയിരിക്കും..... അത് കോണ്ട്

തന്നെ എന്റെ ലൈഫിൽ ഒരു വിവാഹജീവിതം ഉണ്ടാവില്ല. എന്നോട് ക്ഷമിക്കണം......

എന്ത് കൊണ്ട വിവാഹത്തിന് സമ്മതം ഇല്ലാതെന്ന് അറിയില്ല. ഇനു ഒരുപാട് ആഗ്രഹിക്കുന്നുണ്ട് നിങ്ങൾക്ക് ഒരു കുടുംബം ഉണ്ടാവാൻ. പറ്റുമെങ്കിൽ ആ ആഗ്രഹം നിറവേറ്റി കൊടുക്ക്..... നിങ്ങളുടെ ഇഷ്ടങ്ങൾ അറിയുന്ന നിങ്ങളെ മനസിലാക്കുന്ന ഒരാളെ കണ്ടു പിടിക്ക്. അവളൊരിക്കലും നിങ്ങളുടെ ലക്ഷ്യങ്ങൾക്ക് തടസം ആവില്ല.... കൂടെയുണ്ടാവും....

അവന്റെ മുഖത്ത് ഒരു പുച്ഛം നിറഞ്ഞു....

എല്ലാ പെണ്ണ് സ്വാർത്ഥരാണ്..... സ്വന്തം കാര്യം മാത്രം നോക്കു..... ഒരിക്കൽ അവരുടെ താല്പര്യം വിട്ടു കളിക്കില്ല..... വിട്ടുകൊടുക്കാനും താണ് കൊടുക്കാനും ആരും തയ്യാറാവില്ല.... സ്വന്തം കാര്യം നടക്കാൻ എന്ത് വൃത്തികേട് ചെയ്യും...

നല്ല തേപ്പ് കിട്ടിയിട്ട്      ഉണ്ടല്ലേ.... ചുമ്മാതല്ല പെണ്ണിൽ

വിശ്വാസം ഇല്ലാത്തത്.... എന്നാലും വെളിച്ചപാടിനെ തേക്കാൻ ധൈര്യം ഉള്ള പെണ്ണ് ഏതാ....

എന്നെ ആരും തേച്ചും വർത്തും ഇല്ല.... ഗേൾസ് എല്ലാം @#₹%%₹#തന്നെ ആണ്.

റാനിക്ക് ദേഷ്യം വന്നു. തന്റെ പെങ്ങൾ ഇതിൽ പെടും അല്ലേ.... അല്ല അവൾ ഗേൾ ആണെന്ന വിശ്വാസം.... റാനി മുഖം കോട്ടി പറഞ്ഞു.

എന്റെ പെങ്ങളെ പറയുന്നോ കോപ്പേ ദേഷ്യത്തോടെ അവളെ അടുത്തേക്ക് വന്നു.

ദേ വെളിച്ചപ്പാടെ അടുത്തേക്ക് വന്ന താൻ എന്നെ പീഡിപ്പിച്ചു പറഞ്ഞു നിലവിളിക്കും ഞാൻ പറ ഞ്ഞില്ലെന്നു വേണ്ട..... അതോടെ നമ്മുടെ കെട്ട് ഫ്രീ ആയി നടക്കും. അവൻ അവളെ കലിപ്പോടെ നോക്കി അടുത്തേക്ക് വന്നു....

അപ്പോഴാ അവളെ ഫോൺ അടിഞ്ഞത്.

അവൾ അതെടുത്തു നോക്കി. അവളെ ചുണ്ടിൽ ഒരു പുഞ്ചിരി വിരിഞ്ഞു. നൂറു ആയുസ്സ അവൾക്ക് ദാ അവള..

സ്ക്രീനിൽ ഇനുന്റെ പിക് അവൻ കണ്ടു.

റാനി ചിരിയോടെ പറഞ്ഞു ഫോൺ എടുത്തു ചെവിയിൽ വെച്ചതും ഇജു പിടിച്ചു വാങ്ങി ലൗഡ് ആക്കി.... റാനിയെ നോക്കിപേടിപ്പിച്ചു സംസാരിക്കാൻ പറഞ്ഞു....

എന്താടി പറയ്......

ഞാൻ നാളെ മുതൽ കോളേജിൽ വരുന്നുണ്ട് അത് പറയാൻ വിളിച്ചത. എന്റെ നോട്സ് ഒക്കെ കമ്പ്ലീറ്റ് ചെയ്യണം

ഒന്ന് ഹെല്പ് ചെയ്യണേ അത് പറയാൻ വന്നതാ....

റാനി ഫോണിലൂടെ കുറെ കിസ്സ് കൊടുത്തു. സന്തോഷം കൊണ്ട് ഇരിക്കാൻ വയ്യ മുത്തേ..... നിന്നെ യിനി എപ്പോഴും കാണാലോ.... അവൾ വീണ്ടും കിസ്സ് കൊടുത്തു....

എന്റെ പൊന്ന് മോളെ ഉള്ള കിസ്സ് മൊത്തം ഇങ്ങോട്ട് തന്നു തീർക്കല്ലേ.... ആ കലിപ്പൻ തെണ്ടിയുണ്ടല്ലോ നിന്റെ വെളിച്ചപ്പാട് എന്റെ ഇക്ക പറയുന്ന സാധനം...... അതിന്ന് കൊടുത്തേയ്ക്ക് മോന്തയുടെ ഭാരം എങ്കിലും കുറയട്ടെ.....

പ്ഫാ...... തെണ്ടി അതിലും ഭേദം ആ എക്സ്പ്രസ്സ് തീവണ്ടിക്ക് തലവെക്കുന്നത. ലോകത്ത് എത്രയോ അലവലാതികൾ ഉണ്ട് എന്നിട്ട് നിനക്ക് എങ്ങനെ തോന്നിയെടി ആ വെളിച്ചപാടിന് കിസ്സ് കൊടുക്കാൻ പറയാൻ .....അതിന്ന് മാത്രം ഉള്ള പാപം ഒക്കെ ഞാൻ ചെയ്തിട്ട് ഉണ്ടോ.....അവൾ പറഞ്ഞു കഴിഞ്ഞപ്പോഴാ ഇതൊക്കെ കേട്ട് വെളിച്ചപ്പാട് പോലെ ഉറഞ്ഞു തുള്ളുന്ന ഇജ്ജുവിനെ കണ്ടത്.....

അവൾ മെല്ലെ ഫോൺ കട്ട് ചെയ്തു.....

ദേ നിങ്ങളെ പിറകിൽ .... എന്ന പറഞ്ഞു പിന്നിലേക്ക് ചൂണ്ടി.... അവൻ തിരിഞ്ഞു നോക്കിത്തും അവൾ ഇറങ്ങി ഓടിയിരുന്നു......

ആ ഓട്ടം കണ്ടതും അവന്റെ ചുണ്ടിൽ ഒരു ചെറുചിരി വിരിഞ്ഞു.

❤❤❤❤❤❤

വീട്ടിൽ എല്ലാവരോടും റിച്ചുക്ക ബിസിനസ് ആവിശ്യത്തിന് ഒരിടം വരെ പോയെന്ന് വിളിച്ചു പറഞ്ഞിരുന്നു. അവൾക്ക് അവനോട് ചെയ്തതിൽ ഒരു കുറ്റബോധം ഇല്ലായിരുന്നു. അത് കൊണ്ട് തന്നെ അവൾക്ക് അവന്റെ അവസ്ഥ ഓർത്തു സങ്കടവും തോന്നിയില്ല.

എന്നാൽ ഇനുവിന്റെ മുഖം ഫോണിൽ നോക്കി റിച്ചുവും ഉണ്ടായിരുന്നു ഹോസ്പിറ്റലിൽ..... നീ എനിക്കിട്ട് പണിതത് ആണെങ്കിലും സന്തോഷം ഉള്ളു

ഞാൻ നിന്നോട് ചെയ്തതിന്ന് ഞാൻ ഇത് അർഹിക്കുന്നു. പക്ഷേ നീ ആഗ്രഹിച്ച പോലെ ഫൈസിയുടെ കൂടെ സന്തോഷത്തോടെ കഴിയാൻ നിനക്ക് ആവില്ല ഇനു. നിന്നെ ഒന്ന് തൊടാൻ പോലും അവൻ മടിക്കും..... പിന്നെയല്ലേ

അവന്റെ സ്വന്തം ആകാമെന്നുള്ള ആഗ്രഹം..... അവന്റെ ചുണ്ടിൽ പുച്ഛം നിറഞ്ഞ ഒരു ചിരി വിരിഞ്ഞു.

❤️ 💔INVISIBLE LOVE 💔❤️

Love after 💘marriage 🌷100🌷

🌷🌷🌷🌷🌷

വാതിൽ തുറക്കാൻ നോക്കിയതും അവൾ അവന്റെ കയ്യിൽ പിടിച്ചു വാതിലോട് ചേർത്തു..... എന്തെങ്കിലും ചോദിക്കുന്നതിന്ന് മുന്നേ അവന്റെ ചുണ്ടിൽ അവളുടെ അധരം അമർന്നിരുന്നു. അവൻ കണ്ണ് മിഴിച്ചു അവളെ നോക്കി...... അവന്റെ കീഴ്ച്ചുണ്ട് അവൾ സ്വന്തമാക്കി നുണയുന്നതിന്ന് അനുസരിച്ചു അവനിലും മാറ്റങ്ങൾ വന്നു തുടങ്ങിയിരുന്നു..... ഒട്ടും

വേദനിപ്പിക്കാതെ ഒരു ലഹരിയായി അവൾ അവന്റെ ചുണ്ടിൽ അലഞ്ഞു നടന്നു.... അവന്റെ കൈകൾ അവളെ ചേർത്തു  പിടിച്ചു അവനോട് അടുപ്പിച്ചു...

അവളിൽ നിന്നും അവൻ ആ ചുംബനം ഏറ്റെടുക്കാൻ നോക്കിയതും

അവൾ ചുണ്ടിൽ ചെറു കടിയും കൊടുത്തു അവനെ തള്ളി മാറ്റി.

അവൻ കണ്ണും മിഴിച്ചു  അവളെ നോക്കി. അവനിൽ ആഴ്ന്നിറങ്ങിയ ലഹരി പൂർത്തിയാവാത്ത നീരസം അവന്റെ മുഖത്ത് ഉണ്ടായിരുന്നു.

എന്തെങ്കിലും കൂടുതൽ പ്രതീക്ഷിച്ചോ മോനെ..... അവൾ ചുണ്ട് നനച്ചു ചെറു ചിരിയോടെ പറഞ്ഞു.

അവന്റെ നോട്ടം അപ്പോഴും അവളുടെ ചുണ്ടിൽ തന്നെ ആയിരുന്നു. കൊതിയോടെ സ്വന്തം ആക്കാൻ അവന്റെ മനസ്സും ശരീരവും കൊതിച്ചിരുന്നു.

അതേ..... ഞാനും നേരത്തെ ഇതേ പോലെ നിന്നെ. കൊതിപ്പിച്ചു നിർത്തിയിട്ട് അവന്റെയൊരു ഓഫീസ്.... ഞാൻ ആഗ്രഹിച്ചിട്ട് ഉണ്ടെങ്കിലേ നേഡിയെടിയിരിക്കും.... ഞാനെ ഇനായ ഫൈസ് ആണ്..,.. മനസ്സിൽ ആയല്ലോ ഇപ്പൊ നിന്നെ ഇങ്ങനെ കാണുമ്പോ ഉണ്ടല്ലോ എന്താ ഒരു ആശ്വാസം...... അവൾ ചിരി കടിച്ചു പിടിച്ചു പറഞ്ഞു.

എന്നാലേ എനിക്കും അറിയാം.... ആഗ്രഹിച്ചത് നേടിയെടുക്കാൻ പറഞ്ഞു

അവളെ പിടിക്കാൻ നോക്കിതും അവൾ വാതിൽ തുറന്നു പുറത്ത് എത്തിയിരുന്നു.

ഞാനെ കൊടുക്കാറുള്ളു തിരിച്ചു വാങ്ങാറില്ല.....

പുറത്തു സ്റ്റാഫ് കണ്ടോണ്ട് അവൻ ഒന്നും മിണ്ടാതെ അവളെ ദേഷ്യത്തോടെ നോക്കി......

വിളിച്ചുണർത്തി ചോറ് ഇല്ലെന്ന് പറഞ്ഞപോലെ ആയി.... നിന്നെ ഇനിയും കയ്യിൽ കിട്ടുമല്ലോ പലിശയടക്കം വീട്ടിക്കൊള്ളാം.....നോക്കിക്കോ കുരിപ്പേ

അതിന് ഇങ്ങനെ കലിപ്പാവല്ലേ ഹബ്ബി ഇതിന്റെ മുതൽ പലിശയും പലിശയുടെ പലിശയും അതിന്റെ പലിശയും വാങ്ങാൻ ഞാൻ റെഡിയായി നിൽക്ക..... ഇങ്ങനെ കൊതിപ്പിക്കാതെ അങ്ങ് തന്നോടെ..... മുഖം പൊത്തി നാണത്തോടെ കാൽവിരൽ കൊണ്ട് നിലത്ത് കളം വരച്ചു അവൾ പറയുന്ന കേട്ട് അവന്റെ കിളികൾ ഒക്കെ പറന്നു പോയിരുന്നു...... അവൻ വാ പൊളിച്ചു നിന്നു.

എന്തിന്റെ കുഞ്ഞാണാവോ ഇത്..... അവൻ ആത്മാഗതം പോലെ പറഞ്ഞു

ദേ ഇപ്പൊ പറന്നു പോയില്ലേ കുറെ കിളികൾ അതിൽ

ഒന്നിന്റെ കുഞ്ഞാ..... വാ അടക്ക് ഈച്ച കേറും പറഞ്ഞു താടിക്ക് ഒരു തട്ട് കൊടുത്തു. താഴേക്കു ഓടി.....

തീപ്പെട്ടിയും കരിമരുന്ന ഒന്നിച്ച ഉള്ളെ എപ്പോ പൊട്ടിത്തെറിക്ക അറിയില്ല. എന്നെ കാത്തോളണേ..... കൺഡ്രോൾ പോകാതെ നോക്കണേ.... അത് പറയുമ്പോൾ പുഞ്ചിരി മാഞ്ഞു സങ്കടം നിറഞ്ഞിരുന്നു അവന്റെ മുഖത്ത്.

അവൻ വരുമ്പോൾ അവൾ കാറിൽ കേറി ഇരുന്നിരുന്നു...... നേരത്തെ അവന്റെ മുന്നിൽ ചമ്മൽ മാറ്റാൻ വേണ്ടി മനപ്പൂർവം കിസ്സ് കൊടുത്തതാണ്. പിന്നെ അവന്റെ മുഖം കണ്ടപ്പോൾ കുസൃതിയോടെ അങ്ങനെ പറഞ്ഞു പോയി. അവനെ നോക്കാൻ ചമ്മൽ ഉണ്ടായിരുന്നു അവൾക്ക്. അവൻ അങ്ങനെ ഒന്ന് നടന്നതേ ഇല്ലെന്ന മട്ടിൽ ആയിരുന്നു സംസാരവും മറ്റും. അവന്റെ സ്വഭാവം വെച്ചു ഇതിനോടകം പകരം വീട്ടേണ്ടതാണ്..... അവന്റെ

ചുംബനം ഓർത്തതും അവളിൽ ഒരു കോരിതരിപ്പ് തോന്നി. അവൾ ഒളിക്കണ്ണിട്ട് അവനെ നോക്കി. ഡ്രൈവിങ്ങിൽ മാത്രം ആണ് ശ്രദ്ധ..... സംതിങ് ഫിഷി.... അവൾ ആലോചനയോടെ ഓർത്തു.....

❤️❤️❤️❤️

രാത്രി അവനെയും കാത്തിരുന്നുവെങ്കിലും വർക്ക് ഉണ്ടെന്ന് പറഞ്ഞു ഇരുന്നു.

അവൾക്ക് അവന്റെ രീതികൾ സ്വയം ഒഴിഞ്ഞുമാറ്റം പോലെ തോന്നി. ഹോസ്പിറ്റലിൽ നിന്നും വന്ന ശേഷം....

എന്നും ഉറങ്ങിക്കഴിഞ്ഞേ അടുത്ത വന്നു കിടക്കൽ ഉള്ളു.എപ്പോഴത്തെയും പോലെ എന്നെ ചേർത്ത് പിടിച്ചു കിടക്കു. പക്ഷേ അവിടെയും ലിമിറ്റ് വെച്ച പോലെ തോന്നിയിരുന്നു. ബാക്കി ഫുൾ ടൈം ലാപ്ടോപ്പിൽ ആയിരുന്നു. കുറെ വർക്ക് പെന്റിങ് ഉണ്ടെന്ന് പറഞ്ഞു.... പഴയ പോലെ കുസൃതികൾ കാണിക്കാനോ.... റൊമാൻസിനോ വരാറില്ല..... സുഖമില്ലാത്തോണ്ട് ആണെന്ന് കരുതി. ഇപ്പൊ

മാറിയല്ലോ എന്റെ മുറിവ്..... ഇനി ഷഹിക്ക് വേണ്ടി അന്ന് അങ്ങനെ പറഞ്ഞോണ്ട് ആണോ ഡിസ്റ്റൻസ് കീപ്പ് ചെയ്യുന്നത് ..... ആയിരിക്കും അങ്ങനെ സമാധാനിച്ചു....

❤️❤️❤️❤️

Ajwa ബീച്ചിൽ അവളെയും കാത്തിരുന്നു.

കുറച്ചു കഴിഞ്ഞു ഇനു വന്നു. കുറച്ചു സമയം മൗനം തീർത്തെങ്കിലും ഇനു അവളോട് റിച്ചുവിന്റെ കാര്യം മൊത്തം പറഞ്ഞു.

നിങ്ങൾ തമ്മിൽ ബെഡ് റിലേഷൻ ഉണ്ടായിട്ട് ഇല്ലല്ലോ.... ഐ മീൻ ഫിസിക്കൽ റിലേഷൻ...... Ajwa യുടെ ചോദ്യത്തിന് മുന്നിൽ അവൾ തല കുനിച്ചു നിന്നു.

നീയും ഫൈസ് തമ്മിൽ എന്തെങ്കിലും പ്രോബ്ലം ഉണ്ടോ അതാണോ നിങ്ങൾക്കിടയിൽ...... അവളൊന്നു നിർത്തി......വിവാഹം കഴിഞ്ഞു കുറെ

മാസങ്ങൾ ആയില്ലേ.....

അതിന്നും അവൾ മിണ്ടിയില്ല......

നിന്റെയീ തലകുനിച്ചുള്ള നിൽപ്പ് തന്നെയാണ് ഇനായ റിച്ചുവിന്റെ ധൈര്യം.

നീ ഇപ്പോഴും ഫൈസിയുടെ സ്വന്തം അല്ലെന്ന് ഉള്ള വിശ്വാസം..... നിന്റെ മനസ്സിന്റെ ഉള്ളിൽ അവൻ ഉണ്ടെന്ന് വിശ്വസിക്കുന്നു.അത് കൊണ്ടാ ഇപ്പോഴും നിന്നോട് പ്രണയം പറഞ്ഞു വരുന്നത്.....

Ajwa പ്ലീസ്..... ഞാനും ഫൈസ് തമ്മിൽ ഒരുപാട് പെഴസണൽ പ്രോബ്ലം ഉണ്ടായിരുന്നു. അതോണ്ട് തന്നെ ഞങ്ങൾക്ക് ഞങ്ങളുടേതായ ഒരു ജീവിതം ഉണ്ടാക്കിയെടുക്കാൻ പറ്റിയിട്ടില്ല.

അല്ലാതെ റിച്ചു എന്റെ മനസ്സിൽ പോയിട്ട് ഓർമയിൽ പോലും ഇല്ല.

നിന്നെ കുറ്റപ്പെടുത്തിയത് അല്ല.... അവൻ ഇപ്പോഴും നിന്റെ പിറകെ നടക്കുന്നതിന്ന് കാരണം ആണ് പറഞ്ഞത്.

Ajwa ക്ക് എന്റെ കൂടെ വന്നോടെ..... റിച്ചുവിന്റെ ഭാര്യാണെന്ന് പറഞ്ഞിട്ട്. അങ്ങനെ ആകുമ്പോ എന്നെ ശല്യം ചെയ്യില്ല അവൻ...

ഒരിക്കലും ഇല്ല ഇനു. ഞാൻ അങ്ങനെ അവകാശം പറഞ്ഞു വരതൊണ്ട എന്റെ കുഞ്ഞു ഇപ്പോഴും ജീവനോടെ ഉള്ളത്.നിനക്ക് അവന്റെ ഉള്ളിലെ ക്രിമിനൽ അറിയില്ല..... എത്രയോ പേരെ കൊല്ലുന്നത് നേരിട്ട് കണ്ടതാ ഞാൻ. അവന്റെ മുന്നിൽ തടസ്സം വരുന്നത് ആരായാലും വേരോടെ പിഴുതു എറിയും അവൻ.... പേടിയാ ഇനു.... എനിക്ക് വേണം എന്റെ കുഞ്ഞിനെ.....

എന്നിട്ടും എന്താ അവനെപോലൊരു ക്രിമിനലിനെ പ്രണയിച്ചത്..... അവന്റെ കുഞ്ഞിനെ സ്വീകരിച്ചത്......

ഒരുപാട് പെണ്ണിന്റെ കൂട്ടത്തിൽ അല്ലേ നീയും.....

പ്രണയം..... എനിക്ക് ആദ്യം ആയി തോന്നിയ ഒരിഷ്ടം..... എന്നെങ്കിലും നന്നാവുമെന്ന് കരുതി..... ഇപ്പോഴും കരുതുന്നു. അത് പറയുമ്പോൾ അവളുടെ കണ്ണുകൾ പ്രണയം തുടിച്ചിരുന്നു. സഹതാപമോ ദേഷ്യമോ എന്തൊക്കെ തോന്നി അവൾക്ക്. Ajwa അവളെ മുഖം തന്നെ ശ്രദ്ധിക്കുന്നുണ്ടായിരുന്നു.....

റിച്ചു തെറ്റുകൾ മാത്രം ചെയ്തിട്ട് ഉള്ളു.അത് ശരിയാണ്. പക്ഷേ സ്ത്രീകളോട് മോശമായി പെരുമാറിയിട്ടില്ല. അവരെ സമ്മതത്തോടെ മാത്രമേ കൂടെ കഴിഞ്ഞിട്ട് ഉള്ളു. അതിപ്പോ പണം കൊടുത്തായാലും പ്രലോബിപ്പിച്ചയാലും.

എപ്പോഴോ ഇഷ്ടം തോന്നിപ്പോയി.... കുറെ ശ്രമിച്ചതാ മറക്കാൻ കഴിഞ്ഞില്ല. ഇടക്കെപ്പോഴോ മനസ്സ് പതറി.... ഞാൻ ആയി തെറ്റ് ചെയ്തോണ്ട് തന്നെ കുറ്റബോധം ഒന്നും ഇല്ല.

പറഞ്ഞില്ലേ റിച്ചുക്കനോട് പ്രഗ്നൻറ് ആണെന്ന് ......

Mm..... എന്റെ കൂടെ കിടന്ന നീ മറ്റുള്ളവരെ കൂടെ കിടന്നില്ലെന്ന് എന്താ ഉറപ്പെന്ന് ചോദിച്ചു. അതും ശരിയാണ്. അവനെ കുറ്റപ്പെടുത്താൻ എനിക്ക് എന്താ അവകാശം..... അനാഥയായ എനിക്ക് അവൻ എല്ലാമായിരുന്നു. അതോണ്ട് തന്നെ അവന്ന് കൂടെ കിടക്കുമ്പോൾ തെറ്റ് തോന്നിയില്ല. അവളെ കണ്ണുകൾ നിറഞ്ഞത് ഇനു കാണാതെ തുടക്കുന്നത് അവൾ കണ്ടു. പക്ഷേ നിന്നെ കണ്ട ശേഷം ഒരു നോട്ടം കൊണ്ട് പോലും അവൻ മറ്റു പെണ്ണിനെ നോക്കിയിട്ടില്ല.... അതെനിക്ക് അറിയാം..... നിന്നോടുള്ളത് ആത്മാർത്ഥ പ്രണയം ആണെന്ന് എനിക്ക് തോന്നി. അതോണ്ട് തന്നെ അവന്റെ മുന്നിൽ എന്റെ പ്രണയം പറഞ്ഞു പോകാഞ്ഞതും പക്ഷേ ഇപ്പൊ  നീ പറഞ്ഞത് വെച്ച് നോക്കുമ്പോൾ ഫൈസിയോടുള്ള പക ആയിരിക്കും നിന്നോട് തോന്നിയ ഇഷ്ടം...... അല്ലെങ്കിൽ തന്നെ നിന്നെയർക്ക ഇഷ്ടം ആവാതിരിക്ക..... എനിക്ക് പോലും അറിയാതൊരു ഇഷ്ടം തോന്ന അവളുടെ കവിളിലൂടെ

തലോടി.....

അവൾ ആ കയ്യിൽ പിടിച്ചു അവൾടെ കൈക്കുള്ളിൽ വെച്ചു.

റിച്ചുവിന്റെ പെണ്ണായിട്ട് വേണ്ട എന്റെ ഇത്ത ആയിട്ട് വന്നൂടെ വീട്ടിലേക്ക്.

ഞാൻ എവിടേക്കും ഇല്ല. എനിക്ക് അവന്റെ മുന്നിൽ പോകാനുള്ള ധൈര്യം ഇല്ല. നീ ഫൈസിയുടെ സ്വന്തം ആണെന്ന് അവന്ന് തോന്നിയ മതി..... സ്വന്തം എന്ന് പറഞ്ഞത് എല്ലാ അർത്ഥത്തിലും.... റിച്ചു നിന്നെ വിട്ടു പോകും ..... എനിക്ക് അങ്ങനെ തോന്നുന്നത്.... പിന്നെ എനിക്ക് ജീവിക്കാൻ ഈ കുഞ്ഞു മതി.പറഞ്ഞു പോവാൻ നോക്കിയതും അവൾ കയ്യിൽ പിടിച്ചു.

ബാംഗ്ലൂർ ഉള്ള നിന്നെ മണിക്കൂറുകൾ കൊണ്ട് ഇവിടെ എത്തിച്ചെങ്കിൽ ഇതിന്ന് നിന്റെ സമ്മതം വേണ്ട.....Ajwa പേടിയോടെ അവളെ നോക്കി.

താമസിക്കുന്ന സ്ഥലത് പോലിസ് വന്നാണ്. കേസ് അന്വേഷണം പറഞ്ഞു കൂട്ടി വന്നത്. പിന്നെ എത്തിയത് ഇവിടെ ആണ്. ഇവളാണ് കൂട്ടി വന്നത് അറിഞ്ഞപ്പോ ശ്വാസം വന്നത് പോലും.

ഇനായ..... ഞാൻ.......

നിനക്ക് കുഞ്ഞിന് ഒന്നും വരില്ല. ഇപ്പൊ എനിക്ക് വേണ്ടത് നിന്റെ പ്രസൻസ് ആണ്

നിന്റെ കുഞ്ഞിന്റെ പ്രസൻസ് ആണ്... കൂടെ വരണം..... ഭീഷണിയല്ല അപേക്ഷയാണ്....

റിച്ചുക്ക..... അവൾ പേടിയോടെ ഇനുവിനെ നോക്കി.

ഞാൻ നോക്കിക്കൊള്ളാം.... എന്നെ വിശ്വാസം ഇല്ലേ...... കുഞ്ഞിന് ഒന്നും വരില്ല. അവൾ വീർത്ത വയറിൽ കൈ വെച്ചു . കുഞ്ഞൊന്ന് പിടഞ്ഞു...

അവൾ ഞെട്ടലോടെ കൈ വലിച്ചു...

Ajwa ചിരിച്ചു കൊണ്ട് അവളെ കൈ എടുത്തു വയറിൽ വെച്ചു. എന്റെ ബേബിക്ക് വിശ്വാസം ആണ് പിന്നെ ഞാൻ എന്തിനാ പേടിക്കുന്നെ..... അവൾ ചിരിയോടെ പറഞ്ഞു....

അത് ശരി വെക്കുന്ന പോലെ വീണ്ടും അനങ്ങി. ഇനു ഇപ്രാവശ്യം കൈ വലിച്ചില്ല

ഒരു ജീവന്റെ തുടിപ്പ്..... അവൾ വിറയലോടെ കൈ അവിടെ വെച്ചു. അവൾക്ക് വല്ലാത്തൊരു ഫീൽ ആയിരുന്നു അത്..... അവളിലെ മാതൃത്വം ഉണരുക ആയിരുന്നു. അറിയാതെ കണ്ണ് നിറഞ്ഞു അവളുടെ.....

Ajwa യെ കൂട്ടി അവിടേക്ക് വരുമ്പോൾ എല്ലാവരും അവളെ തന്നെ നോക്കി.

ഇതാരാ ഇനു..... റംസി ആയിരുന്നു ഫസ്റ്റ്

ചോദിച്ചത്.....

എന്റെ ഫ്രണ്ട്ന്റെ  കസിൻ ആണ്. ഫ്രണ്ട് ജോലി ആവിശ്യത്തിന് പുറത്ത് പോയി. ഒരു മാസം കഴിഞ്ഞു വരൂ. വീട്ടിൽ തനിച്ചയോണ്ട് ഹോസ്റ്റൽ തേടി നടക്കാരുന്നു.ബന്ധുക്കൾ പറയാൻ ആരും ഇല്ല. ഷി ഈസ് ഓർഫൻ.... ഞാൻ കണ്ടപ്പോ ഇങ്ങോട്ട് കൂടി വന്നു.... പ്രഗ്നൻറ് അല്ലേ.... തനിച്ചു അറിയത്തിടത് വിടാൻ തോന്നിയില്ല..... നിർബന്ധിച്ചു ഇങ്ങോട്ട് കൂട്ടി വന്നു. ആരുടേയും മുഖത്ത് നോക്കാതെ പറഞ്ഞത്.....

ഫൈസ് അവളെ സംശയത്തോടെ ചുഴിഞ്ഞു നോക്കി.

അതിനെന്താ.... മോള് എത്ര മാസം വേണമെങ്കിൽ ഇവിടെ നിന്നോ.... സ്വന്തം വീട് പോലെ കരുതിയ മതി ഉമ്മ വന്നു അവളെ കൈ പിടിച്ചു അകത്തേക്ക് കൂട്ടി.

Ajwa യുടെ കണ്ണുകൾ നിറഞ്ഞൊഴുകി. അവൾ

ഇനുവിനെ നോക്കി. ഇനു പുഞ്ചിരിയോടെ കണ്ണടച്ച് കാണിച്ചു.

ഫൈസ് ഒന്നും മിണ്ടാതെ മുകളിലേക്ക് പോയ്. പിന്നലെ അവളും...

ആരാ അത്.... നീ പറയുന്ന കള്ളം വിശ്വസിക്കാൻ എന്നെ കിട്ടില്ല.

എന്നെ വിശ്വാസം ഇല്ലേ..... അവൾ അവന്റെ മുഖം കയ്യിൽ എടുത്തു.

എന്ന് വെച്ചു കള്ളം പറഞ്ഞാൽ വിശ്വസിക്കണോ..... അവൻ മുഖം കൂർപ്പിച്ചു നോക്കി.

ഇർഫാന്റെ ലവർ ആണ്.... അവൻ കൈവിട്ടു... ഒരു പാവം ആണ്... സ്വന്തം ബന്ധം ഒന്നും പറയാൻ ആരും ഇല്ല....

ഉള്ള പ്രോബ്ലംസ് ഒന്നും പോരാഞ്ഞിട്ട് ആണോ ഇനു.... വഴിയിൽ പോകുന്ന കുരിശ് കൂടി തലയിൽ വെക്കുന്നെ....

നീയല്ലേ പറഞ്ഞെ പാവപെട്ടവരെ സഹായിക്കാണോ പുണ്യം കിട്ടുന്ന്. നീ ചെയ്യാറുണ്ടല്ലോ അവൾ പിണങ്ങിയ പോലെ തിരിഞ്ഞു നിന്നു.

അത് പോലാണോ ഇത്..... ഇർഫാൻ പക്കാ ഫ്രോഡ് ആണ്.... എന്തെങ്കിലും പ്രോബ്ലം പിറകിൽ വരില്ലെന്ന് ആര് കണ്ടു

ആരും വരില്ല.... ഇവൾ ഇവിടെ ഉള്ളത് ആർക്കും അറിയില്ല.... ഒരു പാവം അല്ലേടാ മാത്രം അല്ല പ്രഗ്നൻറ്റ് ആണ്... ഈ അവസ്ഥയിൽ കൈ വിടൻ തോന്നിയില്ല.

സ്വാന്തനം ട്രസ്റ്റ് ആക്കാം.... അവിടെ പ്രോബ്ലം ഒന്നും

ഉണ്ടാവില്ല.... ഒരുപാട് പേരിൽ ഒരാളായി അവളും ജീവിച്ചോളും.

ഞാൻ നോക്കി കൊള്ളാം ബാക്കി കാര്യം. അല്ലാതെ ഇവിടെ പറ്റില്ല താമസിപ്പിക്കാൻ

കടുവയും അത് തന്നെ പറഞ്ഞെ...

അങ്ങേര് ഉണ്ടോ ഇതിൽ.... നിനക്ക് അല്ലേടി അങ്ങേർക്ക രണ്ട് കൊടുക്കണ്ടേ

അങ്ങേർക്ക് അല്ല.... നിന്റെ അലവലാതി

ഇക്കാക്ക് കൊടുക്കണ്ടേ അവൾ. നിന്റെ ബബിയാണ്..... എന്നിട്ട ആരോരും ഇല്ലാത്തൊരെ പോലെ.... അവൾ പിറുപിറുത്തു.

എന്തെങ്കിലും പറഞ്ഞോ നീ..

ഇപ്പോ ഏഴ് മാസം ആയി അവൾക്ക്. ഇനി കുറച്ചു മാസം കൂടിയല്ലേ... ഈ അവസ്ഥയിൽ വീട്ടുകാരുടെ പ്രസൻസ് വേണ്ടത്.... ഇവിടെ എല്ലാരും ഉണ്ടല്ലോ....

ആരും ഇല്ലാത്ത അനാഥപെണ്ണല്ലേ.....

ഒന്ന് സമ്മതിക്ക്.... അവൾ കെഞ്ചുന്ന പറഞ്ഞ പോലെ പറഞ്ഞു....

അനാഥ എന്ന് കേട്ടപ്പോൾ അവന്ന് എതിർക്കാൻ തോന്നിയില്ല....

എന്തെങ്കിലും ചെയ്യ്..... പിന്നെ എന്തെങ്കിലും പ്രോബ്ലം ആയ എന്നെ നോക്കണ്ട..... എങ്ങനെയുള്ളവളന്ന് ആർക്കറിയാം.....

Mmm.... പിന്നെ ജുനുനോട് ഇജ്ജുക്കനോട് പറയരുത് ഇവളെ കാര്യം .....

അവൻ കലിപ്പോടെ അവളെ നോക്കി...

പ്ലീസ് ടാ..... പ്ലീസ്.... പ്ലീസ്.... അവൾ അവന്റെ താടിയിൽ പിടിച്ചു കുറെ പറഞ്ഞു. എന്നിട്ടും അവൻ അതെ നോട്ടത്തോടെ അവളെ നോക്കി. അവസാനം അവളെ കണ്ണ് നിറച്ചു സങ്കടത്തോടെ നോക്കി പറഞ്ഞു.... അവൾക്ക് ആരും ഇല്ലാത്തോണ്ട് അല്ലേ..... അവരറിഞ്ഞ സമ്മതിക്കില്ല....

Mmm. അവനൊന്നു മൂളി.... ഡെലിവറി വരെ ഞാൻ സമ്മതിക്കു.... അത് കഴിഞ്ഞ

പിന്നെ എന്നെ നോക്കണ്ട..... അവൻ കലിപ്പോടെ തന്നെ പറഞ്ഞു.

അത് മതി.....ലവ് യൂ ഹബ്ബി അവൾ കെട്ടിപിടിച്ചു കവിളിൽ കിസ്സ് കൊടുത്തു. എന്നിട്ട് ഓടിപ്പോയി..... .

ഇങ്ങനെ ഒരു പെണ്ണ്..,... ജുനു എങ്ങനെ സഹിച്ചേ ആവോ ഇത്രയും വർഷം.....അവൻ പുഞ്ചിരിയോടെ കവിളിൽ തലോടി പറഞ്ഞു.

❤️❤️❤️❤️

വൈകുന്നേരം ആയപ്പോഴാണ് സമി അത്യാവശ്യം ആയി വീട്ടിൽ വരണം എന്ന് പറഞ്ഞു വിളിച്ചത്. ഇനുവിനെയും കൂട്ടാൻ പറഞ്ഞോണ്ട് അവളും പോയിരുന്നു. ശഹിയെയും ആദമിനെയും ഷംനയെയും നദീംമിനെയും കണ്ടു അവൾ ഞെട്ടലോടെ സമിയെ നോക്കി. അവൻ അകത്തേക്ക് വരാൻ പറഞ്ഞു. ഫൈസിയും അവളും പരസ്പരം നോക്കി. പിന്നെ അവരെ മുന്നിൽ പോയി ഇരുന്നു.

ഇനു അവരെ നോക്കി ചിരിച്ചു..... അവരും തിരിച്ചു പുഞ്ചിരിയോടെ അവളെ നോക്കി.ഷഹി ഫൈസിയെയും അവളെയും പുച്ഛത്തോടെ നോക്കി മുഖം തിരിച്ചു പിന്നെ ഫോണിൽ നോക്കി ഇരുന്നു .....

ആദം ആയിരുന്നു സംസാരിച്ചു തുടങ്ങിയത്.....

ഇനുവും ഫൈസ് മുൻപ് ഒരു പ്രൊപോസൽ

വെച്ചിരുന്നു. ഷദയെ സമിക്ക് വേണ്ടി..... എന്റെ മോന്റെ ആഗ്രഹം എനിക്കും പൂർണ്ണ സമ്മതം ആയിരുന്നു. രണ്ടു വീട്ടുകാരോട് അവൻ സമ്മതം വാങ്ങിച്ചു... സമിയുടെ പാരന്റ്സ് അത് അംഗീകരിച്ചതാ. അവർക്ക് പൂർണ്ണ സമ്മതം ആണെന്ന് പറഞ്ഞിരുന്നു. സമി പിന്നെ പ്രണയം ഒന്നുമില്ല ഉപ്പന്റെയും ഉമ്മന്റേയും ഇഷ്ടതിന്നു വിട്ടു കൊടുത്തത അവന്റെ വിവാഹം. ഷദയും

അത് പോലെ തന്നെ. അത് കൊണ്ട് ഇനു ആണ് രണ്ട് വീട്ടുകാരേയും  സമ്മതം ചോദിച്ചു വിവാഹം ഉറപ്പിച്ചത്. ഇനുവിന്റെ മാര്യേജ് സമയം ആയോണ്ട് അത് കഴിഞ്ഞു കുട്ടികളോട് സംസാരിക്കാം എന്നായിരുന്നു കരുതിയിരുന്നത്..... പിന്നെ അതിന്ന് പറ്റിയില്ല. ഇപ്പോൾ ശഹിയുടെ വിവാഹം ആണ്. വിവാഹപ്രായം എത്തിയ പെങ്ങൾ നിൽക്കുമ്പോൾ അവൻ മാര്യേജ് കഴിക്കുമ്പോൾ ചോദ്യം ഉണ്ടാകും അതോണ്ട് മാര്യേജ് ഉറപ്പിച്ചു വെക്കാന്ന് കരുതി. അതിനെ പറ്റി സംസാരിക്കാൻ ഇന്നലെ വിളിച്ചിരുന്നു. സമിക്ക് ഈ വിവാഹത്തിന് താല്പര്യം ഇല്ലെന്ന് പറഞ്ഞു

നീയായി ഉറപ്പിച്ച വിവാഹം.... അത് വേണ്ടെന്നു

വെക്കുമ്പോഴും നീ ഉണ്ടാവണം തോന്നി.... ഞങ്ങൾക്ക് ഇപ്പോഴും നീ തന്നെയാണ് ഞങ്ങളുടെ മഹാറാണി. എന്താ ഞങ്ങൾ വേണ്ടത്.

അവൾ ഒരു നിമിഷം ആലോചിച്ചു നിന്നു.

സമിക്കയേയും ഷദയെയും പിരിയണ്ടല്ലോന്ന് ഓർത്താണ് ഞാൻ ഈ വിവാഹത്തിന് മുൻകൈ എടുത്തത്.  സമിക്കയോട് ചോദിക്കാതിരുന്നത് ഉപ്പന്റെയും ഉമ്മന്റേയും ഇഷ്ടം ആണ് പറഞ്ഞോണ്ട് ആണ്. സമ്മതിക്കുന്ന് കരുതി. ഫൈസ് പറഞ്ഞു സർപ്രൈസ് ആയിക്കോട്ടെ എന്ന്.

സമി ഒന്നും മിണ്ടാതെ നിന്നു....

എന്തായാലും തീരുമാനം പറയാം... ശദയെ ഇഷ്ടം ആയില്ലേ.... ഇനു അവനെ നോക്കി ചോദിച്ചു....

എനിക്ക് എന്റെ അനിയത്തിയെ പിരിയാൻ വയ്യ.

അത് കൊണ്ട് ഒരു മാറ്റകല്യാണത്തിന് ആഗ്രഹം...... ഒരു വീട്ടിലേക്ക് തന്നെ ആകുമ്പോൾ ഞങ്ങൾ എന്നും കാണാം. എന്റെ കൂടെ തന്നെ അവൾ ഉണ്ടാകും അത് കൊണ്ടണ്. ഐ ആം സോറി......

അവൾക്ക് വിഷമം തോന്നിയെങ്കിലും വിവാഹം അടിച്ചേല്പിക്കേണ്ടതല്ലല്ലോ എന്നോർമയിൽ. അവൾ ഒന്നും തിരിച്ചു പറഞ്ഞില്ല.

സർപ്രൈസ് ആയിക്കോട്ടെ കരുതിയാണ് ഞാൻ സമിക്കയോട് ചോദിക്കാതെ നിന്നത്. എല്ലാരേം ബുദ്ധിമുട്ടിച്ചതിന്ന് സോറി. ഇനു ആദമിനെ നോക്കി തലതാഴ്ത്തി പറഞ്ഞു.

അത് സാരമില്ല. മോള് പറഞ്ഞത് അല്ലെ വേണ്ടെന്നു വെക്കുമ്പോ മോളും മോനും കൂടി ഉണ്ടാകണോന്ന് തോന്നി അതാ വിളിച്ചത് ആദം പറഞ്ഞു പോകാൻ എഴുന്നേറ്റു.

ഫൈസിക്ക് അവരോട് മിണ്ടണം എന്നൊക്കെ ഉണ്ടായിരുന്നു. ഉള്ളിൽ വല്ലാത്ത സങ്കടം തോന്നി. ഉപ്പയും ഉമ്മയും ആയി കരുതിയത് ആണ്. അവസാനം തള്ളിപ്പറഞ്ഞു ആണ് അവിടുന്ന് വന്നത്.

പോട്ടെ മോനെ എന്ന് പറഞ്ഞു ഷംന ഫൈസിയുടെ കവിളിൽ തൊട്ടതും അവൻ മറ്റൊന്നും ആലോചിക്കാതെ കെട്ടിപിടിച്ചു. രണ്ടുപേരുടെയും കണ്ണ് നിറഞ്ഞിരുന്നു.

ഉപ്പയും ഉമ്മയും ആയി കാണുന്നില്ലെന്ന് പറഞ്ഞത് ആണ്. ഷദയെ അപമാനിക്കാൻ വേണ്ടിയാണ് ഈ വിവാഹലോചന എന്ന് അറിയാം പിന്നെ ഇപ്പോ ആരെ കാണിക്കാന ഈ സ്നേഹപ്രകടനം...... ശഹിയുടെ വാക്കുകൾ കേട്ടതും ഫൈസ് അവരെ വിട്ടു.

ഫൈസ് ഒന്നും മിണ്ടാതെ തലകുനിച്ചു നിന്നെ ഉള്ളു..... ഇനു അവന്റെ കയ്യിൽ കോർത്തു പിടിച്ചു.... നിറഞ്ഞ കണ്ണുകൾ തുടച്ചു അവൻ അവളെ നോക്കി

പുഞ്ചിരിച്ചു....

ഷഹി അവളെയും അവനെയും പുച്ഛത്തോടെ നോക്കി എന്നിട്ടു പോയി.

അവർ പോയതും എല്ലാവരും സമിയെ വളഞ്ഞു....

നിനക്ക് എപ്പോ മുതല തെണ്ടീ എന്നോട് ഇത്രയും സ്നേഹം ഉണ്ടായത്..... റിസ അവന്നെ  കണ്ണുരുട്ടി നോക്കി....

നീയല്ലേ പറഞ്ഞത് ഞങ്ങൾ ആരെ ചൂണ്ടി കാണിച്ചാലും കെട്ടുന്ന്. ആ ഉറപ്പിൽ അല്ലെ നിന്നോട് ചോദിക്കാതെ മാര്യേജ് ഉറപ്പിച്ചത്. ഇപ്പൊ എല്ലാരേം മുന്നിൽ നാണം കെടുത്തുന്നോ..... എന്ത് കുറവാടാ നീ എന്റെ പെങ്ങൾക്ക് കണ്ടത്..... ഫൈസ് കലിപ്പിൽ ആയിരുന്നു.

അവൾക്ക് ഒരു കുറവ് ഇല്ല അതോണ്ട് തന്നെ ഇങ്ങനെ കള്ളം പറഞ്ഞത്....

ഈ വിവാഹം കഴിഞ്ഞ ഷഹി എന്റെ അളിയൻ ആണ്. എപ്പോഴും കാണേണ്ടിയും മിണ്ടേണ്ടിയും വരും. ഈ വീട്ടിൽ വരും. അവനെ കാണുംതോറും എന്റെ അനിയത്തിയുടെ മനസ്സ് നോവും.

അത് കാണാൻ എനിക്ക് വയ്യ.  മറ്റെന്ത് കള്ളം പറഞ്ഞാലും നിങ്ങൾ അത് പരിഹരിക്കും.  അതോണ്ട് തന്നെ അങ്ങനെ കള്ളം പറഞ്ഞത്.

അതിന്ന് ഫൈസ്ന് മറുപടി ഇല്ലായിരുന്നു.

ഫൈസ് ഇനുവിനെ നോക്കി..... ശഹിയെ കൊടുത്തൂടെ എന്നൊരു യാജന ആയിരുന്നു.

സമിയും ഷദയും പ്രണയത്തിൽ ഒന്നും ആയിരുന്നില്ലല്ലോ. അതോണ്ട് ആർക്കും ഇതിൽ സങ്കടം വേണ്ട. ഈ കാര്യം ഇതോടെ എല്ലാരും

മറന്നേക്ക്. ഇങ്ങനെ ഒരു ആലോചനയെ നടന്നിട്ട് ഇല്ല. ഇനു ആ നോട്ടത്തിന് ഉത്തരം ആയി എല്ലാരോടും കൂടെ പറഞ്ഞു.

താങ്ക്യു ഇനു.... നിനക്ക് വിഷമം ആയോന്ന് ഉള്ള ടെൻഷൻ ആയിരുന്നു അത് മാറിക്കിട്ടി പറഞ്ഞു സമി അവളെ ചേർത്ത് പിടിച്ചു.

രാത്രി ഫുഡ് ഒക്കെ കഴിഞ്ഞു ആയിരുന്നു അവർ തിരിച്ചു പോയത് .... എല്ലാവരുടെയും കളിയും ചിരിയിലും ആ വിവാഹകാര്യമേ അവൾ മറന്നിരുന്നു.

❤❤❤❤

വീട്ടിൽ എത്തിയതും അവൾ ഫ്രഷ് ആകാൻ എന്നും പറഞ്ഞു ഡ്രസ്സ് എടുത്തു പോകാൻ നോക്കിയതും ഇത് വരെ കാണാത്ത പോലെ കണ്ണ് മിഴിച്ചു അവൻ അവളെ നോക്കി....

നീ നന്നായ അപ്പോൾ....

ഒരു ചേഞ്ച് ആർക്കാണ് ഇഷ്ടം അല്ലാത്തത് എന്നും പറഞ്ഞു ചിരിയോടെ രണ്ടു കവിളിൽ പിടിച്ചു വലിച്ചു മൂളിപ്പാട്ടും പാടി പോയി. അവളുടെ കയ്യിൽ നേർത്തൊരു നൈറ്റ് ഡ്രസ്സ് ആണെന്ന് കണ്ടതും അവന്റെ കണ്ണ് രണ്ടും തള്ളി പുറത്തേക് വരുന്നു തോന്നി. ക്രമധീതമായി ഇടിക്കുന്ന അവന്റെ നെഞ്ചിൽ അവൻ കൈ വെച്ച് പോയി.

ബാത്റൂമിൽ നിന്നും ഇറങ്ങി വന്ന അവളെ ഫൈസ് കണ്ണെടുക്കാതെ നോക്കി നിന്നു...... ലൈറ്റ് റോസ് കളർ ബനിയൻ ടൈപ്പ് പാന്റും ഷർട്ട് ആയിരുന്നു അത്.  ദേഹവടിവ് മുഴുവൻ എടുത്തു കാണിക്കുന്നുണ്ടായിരുന്നു. അവന്റെ കണ്ണുകൾ അനുസരണക്കേടോടെ അവളിൽ ഓടി നടന്നു..... വല്ലാത്ത ക്യൂട്ട്നസ്സ് തോന്നിച്ചു അവളെ.

അവൾ അടുത്ത് വന്നു നിന്നതും അവൻ മുഖം

ഉയർത്തി നോക്കി...... അവൾ അവനെ നോക്കാതെ മുടി തുവർത്തി കൊണ്ടിരുന്നു..... മുടി മുന്നോട്ട് ഇട്ടതിനാൽ അവളുടെ പുറം കഴുത്തു അനവൃതമായിരുന്നു..... അവനിൽ പ്രണയത്തിനും അപ്പുറം മറ്റെന്തൊക്കെയോ വികാരങ്ങൾ ഉടലെടുത്തു്. അവൻ എഴുന്നേറ്റു അവളുടെ അടുത്തേക്ക് പോയി. കഴുത്തിൽ ചൂട് നിശ്വാസങ്ങൾ പതിഞ്ഞതും അവളിലും നേരിയ വിറയൽ അനുഭനപ്പെട്ടു.... കഴുത്തിലെ വെള്ളത്തുള്ളികളിൽ അവന്റെ ചുണ്ടുകൾ അമർന്നു. അവൾ ഞെട്ടി പിടഞ്ഞു തിരിയാൻ നോക്കിയതും അവൻ വയറിലൂടെ കയ്യിട്ട് ചേർത്തു പിടിച്ചു..... അവന്റെ ചുണ്ടുകൾ വെള്ളത്തുള്ളികൾ ഒപ്പിയെടുത്തു കഴുത്തിൽ ഓടി നടന്നതും അവളിലൂടെ മിന്നൽ പിണർ പായുന്നത് പോലെ തോന്നി....
കുളിച്ചിറങ്ങിയിട്ടും അവളിൽ വിയർപ്പ് പൊടിഞ്ഞു.... അവളുടെ ദേഹത്തെ തണുപ്പ് അവനിൽ നിന്നും വഹിച്ച ചൂടിൽ ഒന്നാകാൻ കൊതിച്ചു. അവൻ കഴുത്തിൽ മുഖം ഉരസിയതും അവൾ ഒരെങ്ങളോടെ തിരിഞ്ഞു നിന്നു അവന്നെ കെട്ടിപിടിച്ചു. അവൻ അവളുടെ കഴുത്തിടക്കിൽ മുഖം പൂഴ്ത്തിയതും

അവളുടെ കൈകൾ അവന്റെ പുറത്ത് മുറുകി. അവന്റെ ചുണ്ടുകൾക്ക് ഒപ്പം പല്ലുകൾ കൂടി അവിടെ ആഴ്ന്നിറങ്ങി...... വേദനക്ക് പകരം അവനെന്ന ലഹരി അവളിൽ പടർന്നു തുടങ്ങിയിരുന്നു.

ഫൈസ്..... വിവശയായുള്ള അവളുടെ വിളി മുഴുമിപ്പിക്കുന്നതിന്ന് മുന്നേ അവളുടെ അധരങ്ങൾ അവന്റേത് ആയി കോർത്തിരുന്നു..... തേൻ തുള്ളികൾ ഒപ്പിയെടുക്കുന്നത് പോലെ അവളുടെ അധരങ്ങൾ മൃദുവായി അവൻ നുണഞ്ഞെടുത്തു.... .. അവളിൽ പടർന്ന ലഹരി അവൾ കൈകളാൽ അവനെ തഴുകി അവനിലും ചൂട് പിടിക്കാൻ തുടങ്ങിയിരുന്നു..... അവനിലെ ഭാവമാറ്റം അവളുടെ ചുണ്ടിൽ ഭ്രാന്തമായി മാറി..... മൃദുവായി തുടങ്ങിയ ചുംബനം അതിന്റെ രൗദ്ര ഭാവത്തിൽ എത്തിയിരുന്നു..... അത് താങ്ങാൻ ആവാതെ അവൾ അവന്റെ മുടിയിൽ കൊരുത് വലിച്ചു..... അവളുടെ പ്രവർത്തി അവനിൽ ലഹരി കൂട്ടുകയാരുന്നു ചെയ്തത്..... ചുണ്ടുകൾ നാവും ഒരുപോലെ മത്സരിച്ചു..... നാവുകൾ കെട്ട് പിടഞ്ഞു....ശ്വാസവും

ഉമിനീരുകൾ പോലും ഒന്നായി മാറി വായിൽ രക്തചുവ പടർന്നിട്ടും വിട്ടു മാറാൻ രണ്ടു പേരും മടിച്ചു...... അവന്റെ കൈകൾ അനുസരണക്കേടോടെ അവളുടെ ദേഹത്തു കൂടി സഞ്ചരിച്ചു....

അവളുടെ ഷർട്ടിനടിയിലൂടെ നഗ്നമായ ദേഹത്ത് കൈകൾ ഇഴഞ്ഞു.അവളുടെ മൃദുലതയിൽ എത്തിയിട്ട് പോലും അവൾ തടഞ്ഞില്ല..... അവള്ക് ദേഹം തളരുന്നത് പോലെ തോന്നി.... ശ്വാസം കിട്ടില്ലെന്ന് മനസ്സിലായതും അവൾ അവനെ തള്ളിമാറ്റി..... അവനെ നോക്കാൻ മടിച്ചു തല താഴ്ത്തി ശ്വാസം ആഞ്ഞു വലിച്ചു.... ശ്വാസം ക്രമദ്ധീതമായി മാറുന്നതിന്ന് മുന്നേ അവളെ പിടിച്ചു അവനോട് ചേർത്തു പിടിച്ചു..... ചുണ്ടിൽ പൊടിഞ്ഞ ചോരത്തുള്ളികൾ അവൻ നാവ് കൊണ്ട് തുടച്ചു മാറ്റി.... അവൾ ഒരു പിടച്ചിലോടെ അവന്റെ നെഞ്ചോട് അമർന്നു നിന്നു....   നാണത്തിൽ കുതിർന്ന മുഖം അവന്റെ നെഞ്ചിൽ ഒളിപ്പിച്ചു.  അവന്റെ കൈകൾ അവളെ തന്നിലേക്ക് കൂടുതൽ അടുപ്പിച്ചു ചേർത്ത് പിടിച്ചു. അവളുടെ ചുണ്ടുകൾ ഷർട്ടിനിടയിൽ കാണുന്ന അവന്റെ നഗ്നമായ നെഞ്ചിൽ

അമർന്നു.അത് മതിയാരുന്നു അവനിൽ അണഞ്ഞു തുടങ്ങിയ പ്രണയഗ്നി ആളി കത്തിക്കാൻ.

അവളെയും കൊണ്ട് ബെഡിലേക്ക് വീണത് പെട്ടെന്ന് ആയിരുന്നു... അവന്റെ നോട്ടം നേരിടാൻ ആവാതെ അവൾ എഴുന്നേൽക്കാൻ നോക്കിയതും അവളുടെ മുകളിൽ കൈകുത്തി നിന്നു...

അവൾ മിഴികൾ താഴ്ത്തി.... അവളുടെ മിഴികളിൽ മൃദുവായ് ചുണ്ടുകൾ കൊണ്ട് തഴുകി അവൾ കണ്ണുകൾ അമർത്തി പൂട്ടി

മുഖം മുഴുവൻ അവന്റെ ചുണ്ടുകൾ ഓടി നടന്നു..... വീണ്ടും അവളുടെ ചോരചുണ്ടിൽ എത്തി നിന്നു.... നീറുന്ന ചുണ്ടുകൾക്ക് ഒരു മരുന്ന് പോലെ അവന്റെ നാവും ചുണ്ടും മാറിയതും അവളിലെ പെണ്ണ് ഉണർന്നിരുന്നു.....

അവന്റെ ചുണ്ടുകൾ ഊർന്നിറങ്ങി തൊണ്ടകുഴിയിൽ എത്തി നിന്നു. അവൾ ഒരേങ്ങലോടെ ഉയർന്നു പൊങ്ങി.നാവും കഴുത്തിനു ചുറ്റും ഓടി നടന്നു.... അവന്റെ സ്വന്തം ആയതിൽ നോട്ടം തങ്ങി നിന്നു.

നാവ് കൊണ്ട് ഷർട്ട് താഴ്ത്തി അവിടെ ചുണ്ടുകൾക്ക് ഒപ്പം പല്ലുകൾ ആഴ്ന്നു. അവളുടെ കൈകൾ ബെഡ്ഷീറ്റിൽ ചുരുട്ടി പിടിച്ചു.... അവൾ കണ്ണ് തുറന്നില്ല. പിടക്കുന്ന കൃഷ്ണമണികൾ അവൻ കൗതുകത്തോടെ നോക്കി.അവന്റെ കൈകൾ ഷർട്ടിലെ ബട്ടൻസ് അഴിച്ചു മാറ്റുന്നത് അവൾ അറിഞ്ഞു.... അർദ്ധ നഗ്നയായി ആണ് അവന്റെ മുന്നിൽ ഉള്ളത് എന്നോർമയിൽ അവളുടെ ശരീരം വിറപൂണ്ടു.... അവന്റെ കഴുത്തിലൂടെ കയ്യിട്ട് അവനെ അവളിലേക്ക് വലിച്ചു അടുപ്പിച്ചു ആ കഴുത്തിൽ മുഖം ഒളിപ്പിച്ചു അവൾ.........

❤️💔INVISIBLE LOVE 💔❤️

Love after 💘marriage 🌷101🌷

അവന്റെ കൈകൾ ഷർട്ടിലെ ബട്ടൻസ് അഴിച്ചു മാറ്റുന്നത് അവൾ അറിഞ്ഞു.... അർദ്ധ നഗ്നയായി ആണ് അവന്റെ മുന്നിൽ ഉള്ളത് എന്നോർമയിൽ

അവളുടെ ശരീരം വിറപൂണ്ടു.... അവന്റെ കഴുത്തിലൂടെ കയ്യിട്ട് അവനെ അവളിലേക്ക് വലിച്ചു അടുപ്പിച്ചു ആ കഴുത്തിൽ മുഖം ഒളിപ്പിച്ചു അവൾ.........

അവളെ പിടി വിടുവിച്ചു അവളിൽ നിന്നും ഉയർന്നു..... അവൻ അവളിൽ നദിപോൽ ഒഴുകി നടന്നു.... അവളെന്നെ മഴയിൽ അവൻ നിറഞ്ഞൊഴുകി.... മനസ്സും ശരീരവും ഒന്നായ ആ നിമിഷം.... തന്റെ പ്രണയം പൂർണ്ണതയിൽ എത്തിയ സന്തോഷം അവളുടെ നെറുകയിൽ ചുടു ചുംബനം ആയി ചാർത്തി അവളുടെ മാറിൽ തളർന്നു കിടന്നു.... ഒരു കൊച്ചു കുഞ്ഞിനെ പോൽ അവൾ അവനെ ചേർത്തു പിടിച്ചു......

ഫൈസ്...... ഹെയർഡ്രയർ എവിടെ.....

ഫൈസ്..... അവളുടെ ശബ്ദം ആയിരുന്നു അവനെ ഉണർത്തിയത്.....

ഫൈസ്..... അവൾ ഉച്ചത്തിൽ വിളിച്ചതും അവൻ

ഞെട്ടലോടെ ചുറ്റും നോക്കി. കുളിച്ചിറങ്ങി മുടിയും തൂവർത്തികൊണ്ട് ചുറ്റും പരതി നോക്കുന്ന അവളെ കണ്ടു...

താൻ കണ്ടത് സ്വപ്നം ആയിരുന്നോ അവൻ തന്റെ ശരീരത്തിലേക്കും അവളുടെ ദേഹത്തേക്കും മാറി മാറി നോക്കി..... ഒരാശ്വാസത്തോടെ നെഞ്ചിൽ കൈ വെച്ചു..... നെറ്റിത്തടത്തിൽ പൊതിഞ്ഞ വിയർപ്പ് തുള്ളികൾ തുടച്ചു മാറ്റി. ഇപ്പോഴും അവളുടെ ശരീരത്തിന്റെ ചൂട് തന്നിൽ ഉള്ളത് പോലെ തോന്നി. അവളുടെ മാറിൽ മുഖം ചേർത്ത് കിടക്കുന്നത് പോലെ തോന്നി. ഇതൊന്നും സ്വപ്നം ആണെന്ന് കരുതാൻ പോലും അവന്ന് തോന്നിയില്ല... ശരിക്കും അനുഭവിച്ച ഫീലിൽ ആയിരുന്നു അവൻ.

തന്റെ മനസ്സിലെ ആഗ്രഹം ആയിരുന്നോ സ്വപ്നം ആയി കണ്ടത്.... അതോ ഇവൾ അങ്ങനെ ആഗ്രഹിക്കുന്നുണ്ടോ.... അവള്

ഫിസിക്കലി റിലേഷൻ ശ്രമിക്കും എന്നാണോ സ്വപ്നത്തിന് അർത്ഥം.... ഒരു ചെറു ഭയം അവനിൽ ഉണർന്നു....

ഫൈസ്..... എന്താ ആലോചിക്കുന്നെ....

അവൾ തൊട്ട് വിളിച്ചു.....

അവൻ മുഖം ഉയർത്തി നോക്കി....

അതേ ഡ്രസ്സ്‌.... അതേ വശ്യത..... കഴുത്തിൽ പറ്റിയുള്ള വെള്ളത്തുള്ളികളിൽ കണ്ണുടക്കി. സോപ്പിന്റെയും ഷമ്പിന്റെയും സ്മെൽ മൂക്കിൽ തുളച്ചു കയറി.സ്വയം നഷ്ടപ്പെടും തോന്നലിൽ അവൻ മുഖം വെട്ടിച്ചു...

എനിക്ക് ഉറക്കം വരുന്നു പറഞ്ഞു പുതപ്പ് മൂടി കുമ്പിട്ട് കിടന്നു....

ഇതെന്ത് ഉറക.... അവൾ കണ്ണ് മിഴിച്ചു നോക്കി....

എനിക്ക് കുറച്ചു വർക്ക് ഉണ്ട് കോളേജിൽ പോണ്ടതല്ലേ അതും പറഞ്ഞു അവൾ ബുക്ക് ഒക്കെ എടുത്തു വെച്ചു എഴുതാൻ ഇരുന്നു.

ഫൈസിയുടെ ഫോൺ റിങ് ചെയ്തു....

അവൾ തിരിഞ്ഞു നോക്കി. അവൻ പുതപ്പിനുള്ളിലോടെ കയ്യെത്തിച്ചു ഫോൺ എടുത്തു.... പിന്നെ ഫോൺ എടുത്തു ബാൽകണിയിലേക്ക് പോയി.

ഇജു ആണ്.... അവിടുന്ന് ഇറങ്ങിയതിന്റെ പിറ്റേന്ന് തന്നെ അവന്നെ കാണാൻ വന്നിരുന്നു..... വന്നതും കാല് പിടിക്കാന നോക്കിയത്...... ചെയ്തതിനും പറഞ്ഞതിന്ന് എല്ലാം.... ഇനയയും അവനും സംസാരക്കുന്നത് മൊത്തം അവൻ കേട്ടിരുന്നു. ആരൊക്കെ നിർബന്ധിച്ചാലും അവൾ അവിടുന്ന് പോകും. എല്ലാവരെയും വെറുപ്പിച്ചു പോയാൽ അവളെ എല്ലാവരും കുറ്റപെടുത്തും.... നോട്ടം കൊണ്ട് പോലും അവളെ നോവിക്കുന്നത് അവന്ന് സഹിക്കാൻ കഴിയില്ല.... അങ്ങനെ ഉള്ളവൾ എല്ലാവരോടും മോശമായി പെരുമാറും അതില്ലാതാക്കാൻ വേറെ വഴിയില്ല. അത് കൊണ്ട എല്ലാർക്കു മുന്നിലും അവൻ അങ്ങനെ പറഞ്ഞതും ചെയ്തതും എന്ന് പറഞ്ഞു ഒരേ കരച്ചിൽ

ആയിരുന്നു. അവൻ പറയാതെ തന്നെ അത് മനസ്സിലാക്കിയ ഫൈസിന് അതിൽ അത്ഭുതം ഒന്നും തോന്നിയില്ല. അവരുടെ സ്നേഹം നേരിട്ട് അറിഞ്ഞ ആരും അവനെ ആവിശ്വസിക്കില്ല. ഇജുന്റെ ജീവന്റെ തുടിപ്പ് തന്നെ അവളാണ്..... ഇപ്പൊ അവന്ന് അവളെ മുന്നിൽ വരണം സംസാരിക്കണം അല്ലാതെ പിടിച്ചു നിൽക്കാൻ കഴിയില്ല എന്ന അവസ്ഥയാണ്. അവളോട് അതിനെ പറ്റി സംസാരിക്കാൻ രണ്ടു ദിവസം ആയി പിറകെ നടക്കുന്നു. അതിന്ന് വേണ്ടിയാണ് വിളിച്ചതും....

നീ എന്റെ കാര്യം ചോദിച്ചോ....

ടൈം കിട്ടിയില്ല.... സാവധാനം പറഞ്ഞോളാം....

പറ്റില്ല ഇപ്പൊ പോയി പറയ് ഇജു വാശിപിടിക്കുന്ന പോലെ പറഞ്ഞു.

ഗതികെട്ട് അവൻ സമ്മതിച്ചു. നേരിട്ട് കേട്ടോ പറഞ്ഞു

കാൾ കട്ട് ആക്കാതെ ഫോൺ കീശയിൽ ഇട്ടു. അവൻ ഇനുവിന്റെ അടുത്തേക്ക് പോയി.

ഇനിയും എഴുതി കഴിഞ്ഞില്ലേ നീ..... അവൻ അതും പറഞ്ഞു അവളുടെ അടുത്തേക്ക് പോയി....

കുറച്ചു കൂടി ഉണ്ട്. ബാക്കി റാനി എഴുതിത്തരും.....

അതൊക്കെ നാളെ എഴുതിക്കോ.... എനിക്ക് നിന്നോട് കുറച്ചു സംസാരിക്കാൻ ഉണ്ട്....

ഫൈസ് അല്ലെ ഉറക്കം വരുന്നു പറഞ്ഞെ.

ഉറക്കം ഒക്കെ എപ്പൊഴെ പോയി..... അവളുടെ ദേഹത്തേക്ക് നോക്കി ദീർഘ ശ്വാസം വിട്ടു നിരാശയോടെ പറഞ്ഞു.

അതെന്താ......

അതൊന്നും ഇല്ല.... അവൻ അവളെ ബുക്ക് അടച്ചു വെച്ചു.

നിനക്ക് ഇജുക്കനെ മിസ്സ് ചെയ്യുന്നില്ലേ.....

എന്തിന്.... എന്നെ വേണ്ടന്ന് പറഞ്ഞു ഇറക്കി വിട്ട ആളെ ഞാൻ എന്തിന് മിസ്സ് ചെയ്യുന്നേ.

ഞാനും നീയും സംസാരിച്ചത് മുഴുവൻ ഇജു കേട്ടിരുന്നു. ആ വീട്ടിൽ എല്ലാരേം വെറുപ്പിച്ചതും അവർ നിന്നെ കുറ്റപ്പെടുത്തുന്നത് കണ്ടപ്പോ അങ്ങനെ ഒക്കെ പറഞ്ഞത. അവർ നിന്നെ കുറ്റം പറയുന്നത് കേട്ട് നിൽക്കാൻ അവന്ന് ആവില്ല. അതോണ്ട അങ്ങനെ പറഞ്ഞത്.

അത് എനിക്കും അറിയാം..... പക്ഷേ മറ്റൊരാൾക്ക്

വേണ്ടി എങ്ങനെ എന്നെ വേദനിപ്പിച്ചു.... എന്നോട് ഇഷ്ടം ഉണ്ടെ   ങ്കിൽ അവൾ പൊയ്ക്കോട്ടേ കരുതണം ആയിരുന്നു. അതൊക്കെ പോട്ടെ ഫൈസ്നെ എല്ലാരേം മുന്നിൽ നാണം കെടുത്തിയില്ലേ.... എന്തൊക്കെ ക്ഷമിച്ചാലും ഞാൻ അത് മറക്കാനോ പൊറുക്കാനോ പോകുന്നില്ല. ഫൈസ് എന്റെ ഭർത്താവ്.... എനിക്ക് വേണ്ടിയാണ് വീടും കുടുംബം ഒക്കെ വിട്ടു അവിടേക്ക് വന്നത്. അത് പോലും ഓർത്തോ.. എനിക്ക് ഇജുക്കാനേക്കാൾ ഇഷ്ടം ഫൈസ്നെ ആണ്.... നിന്നെ വേദനിപ്പിച്ച ആരെയും എനിക്ക് വേണ്ട.

അതിന് അവൻ സോറി പറഞ്ഞു.... അവന്റെ അവസ്ഥ കൂടി ആലോചിക്കണ്ടേ. അവൻ ചെയ്തത് ശരിയാണ്. നിന്നെ ആരും കുറ്റം പറയാതിരിക്കാൻ അല്ലെ അങ്ങനെ ചെയ്തത്.

ഫൈസ്നെ വേദനിപ്പിച്ച ആരെയും എനിക്ക് കാണണ്ട. എന്നോട് മിണ്ടുകയും വേണ്ട.... അത് എന്നോടുള്ള സ്നേഹത്തിന്റെ പുറത്ത് ആയാലും...

ഒരിക്കലും ഞാൻ ക്ഷമിക്കില്ല ഇജുക്കനോട്....

ഇനു...... ഫൈസ് വിളിച്ചതും അവൾ കയ്യുയർത്തി തടഞ്ഞു.

വേണ്ട ഫൈസ്..... ഇതിനെ പറ്റി ഇനി സംസാരിക്കേണ്ട. ആ പേര് പോലും കേൾക്കണ്ട എനിക്ക്..... അത് പറഞ്ഞു ഫൈസിയുടെ കീശയിൽ നിന്നും ഫോൺ എടുത്തു അവൾ കട്ട് ചെയ്തു.....

അവൻ അവളെ നോക്കി താടിക്ക് കൈ വെച്ചു.... അറിഞ്ഞോണ്ട് പറഞ്ഞത് ആണല്ലേ.....

നിന്റെ കൂടെയല്ലേ ജീവിക്കുന്നെ.... കുരുട്ട് ബുദ്ധി എല്ലാം കിട്ടിയിട്ടുണ്ട്....

എന്നാലും കുറച്ചു കൂടി പോയി ഇനു....

അവനെ ഇങ്ങനെ വേദനിപ്പിക്കണ്ടായിരുന്നു.... ഫൈസിക്ക് അവനെ ഓർത്തു വേദന തോന്നി.

വേണം ഫൈസ്.... അവൾ ഒരു തേങ്ങളോടെ അവന്റെ നെഞ്ചിലേക്ക് ചാരി നിന്നു....

ഞാൻ സ്നേഹത്തോടെ ഒന്ന് ചിരിച്ചു കാണിച്ച മതി. ഒക്കെ ഉപേക്ഷിച്ചു ഇറങ്ങി വരും എന്റെ കൂടെ. അത് പാടില്ല.... ഹൈദർ കുടുംബത്തിന്റെ അടിത്തറ തന്നെ ഇല്ലാതാകും അത്..... ഷഹിക്ക് എല്ലാത്തിനും മുൻകോപം ആണ്... ചെയ്തു കഴിഞ്ഞേ ചിന്തിക്കു..... നദീംക്ക

സെന്റി മെന്റലി അറ്റാച്ച്മെന്റ് ആണ്.... ആരുടേയും സങ്കടം കാണാൻ പറ്റാത്ത ഒരു പാവം.... എല്ലാരേം സ്നേഹപ്രകടനം പോലും വിശ്വസിക്കും...... അവരെ ഹൈദർ കുടുംബത്തെ ഏൽപ്പിക്കാൻ പറ്റില്ല.....ഇജുക്ക മൂക്കത്തെ ദേഷ്യം എങ്കിലും എല്ലാം കണ്ടും അറിഞ്ഞും പെരുമാറും.... പ്രവർത്തിക്കുന്നതിന്ന് മുന്പേ ഒരു വട്ടം എങ്കിലും ചിന്തിക്കും.....അത് കൊണ്ട് ഇജുക്ക അവരെ കൂടെ വേണം..... എനിക്ക് വേണ്ടിയോ ഞാൻ കാരണമോ ആ കുടുംബത്തിന്ന് എന്തെങ്കിലും ദോഷം

ഉണ്ടാകാൻ പാടില്ല.....

ഫൈസ്നും അത് ശരിയാണെന്ന് തോന്നി.

നീ പോയി എഴുതിക്കോ ഇനി.....അവളുടെ തലയിലൂടെ തലോടി അവൻ പറഞ്ഞു.

നാളെ എഴുതിക്കോലാം.... എനിക്ക് ഫൈസിയുടെ കൂടെ കിടന്ന മതി.... അവൾ അവന്റെ നെഞ്ചോട് ചേർന്നു ചിണുങ്ങി കൊണ്ട് പറഞ്ഞു....

അവൾ ശരീരം അവനിൽ മുട്ടിയതും അവൻ നിന്നു വിയർത്തു... നേരത്തെ നടന്നത് മൊത്തം ഓർത്തു.... അവൻ അവളെ നേരെ നിർത്തി.....

എനിക്കിപ്പോഴാ ഓർത്തത് ഒരു മെയിൽ അയക്കാൻ ഉണ്ടായിരുന്നു... അതും പറഞ്ഞു അവളെ നോക്കാതെ ലാപ് എടുത്തു സോഫയിൽ പോയി

ഇരുന്നു....

വീട്ടിൽ ബിസിനസ് പാടില്ല പറയില്ല എന്നൊക്കെ എന്തൊരു വീമ്പ് ആയിരുന്നു

ഇപ്പൊ എപ്പോ നോക്കിയാലും ഒരു ഓഫീസ്....ബിസിനസ്.... ഒന്നിച്ചുറങ്ങിയ ദിവസം പോലും മറന്നു അവൾ ദേഷ്യത്തോടെ തലയിണ എടുത്തു എറിഞ്ഞു.

അവൻ കാച് ചെയ്തു പിറകിൽ വെച്ചു ഇരുന്നു. താങ്ക്യു..... ഇതിന്റെ ഒരു കുറവ് ഉണ്ടായിരുന്നു..,...

അവൾ അവനെ നോക്കി കൊഞ്ഞനം കുത്തി കിടന്നു....

അവൻ കണ്ണിറുക്കി കാണിച്ചു ലാപ്പിലേക്ക് മുഖം താഴ്ത്തി..... അവൾ ഉറങ്ങി എന്ന് കണ്ടതും പോയി കിടന്നു..... അവളെ വാത്സല്യത്തോടെ തലോടി

നെറുകയിൽ ചുണ്ടുകൾ അമർത്തി..... അവളെ ചേർത്ത് പിടിച്ചു കിടന്നു. അവളൊന്നു ചിണുങ്ങി കൊണ്ട് അവന്റെ നെഞ്ചിൽ തലവെച്ചു കിടന്നു.... അവന്റെ ചുണ്ടിൽ ഒരു ചെറുച്ചിരി വിരിഞ്ഞു......

ഉറങ്ങീലെ.....

ഉറക്കം വരുന്നില്ല.... കണ്ണടച്ചാൽ ശഹിയുടെ പക നിറഞ്ഞ കണ്ണുകൾ കാണുന്നെ....

പക നിറഞ്ഞ കണ്ണുകളോ.... അവൻ ഞെട്ടലോടെ അവളെ നോക്കി ചോദിച്ചു.

സത്യം ഫൈസ്.... ഇന്ന് സമിയുടെ വീട്ടിൽ വെച്ച് എന്നെ കണ്ടപ്പോൾ തൊട്ട് എന്നെ ദഹിപ്പിക്കാനുള്ള അഗ്നിഉണ്ടായിരുന്നു ആ കണ്ണിൽ...... പലപ്പോഴും പ്രതികരിച്ചു പോകുന്ന് കരുതി അവൻ മുഷ്ടി ചുരുട്ടി അടക്കി പിടിക്കാരുന്നു. ഫൈസിയെ നോക്കിയപ്പോൾ അങ്ങനെ തന്നെ.....

പുച്ഛഭാവം തോന്നിയിരുന്നു. അല്ലാതെ എനിക്കൊന്നും തോന്നിയില്ല.....നിന്റെ തോന്നൽ ആയിരിക്കും.... നമ്മളോട് എന്തിനാ ദേഷ്യം.....

അറീല.....

നമുക്ക് നോക്കാം..... സമി അങ്ങനെ പറഞ്ഞപ്പോ ഉള്ള ദേഷ്യം ആയിരിക്കും നീയിപ്പോൾ സമാധാനത്തോടെ ഉറങ്ങ്. അവൾ കണ്ണടച്ച് കിടന്നെങ്കിലും ഉറക്കം വന്നില്ല..... മനസ്സ് എന്തൊക്കെയോ അസ്വസ്ഥമായിരുന്നു..... എപ്പോഴോ ഉറക്കിലേക്ക് വീണു.....

❤️❤️❤️❤️

രാവിലെ ജോഗിംഗ് കഴിഞ്ഞു വരുമ്പോൾ

സമി ഉണ്ടായിരുന്നു അവിടെ......

എന്താടാ രാവിലെ തന്നെ....

ആ ഷഹി റിസക്ക് പണി കൊടുത്തു. അതിന്റെ കലിപ്പിൽ അവൾ..... അവൾ അത് നിന്നോട് പറയാൻ പൊക്കിയെഴുന്നേൽപ്പിച്ചു കൊണ്ട് വന്നതാ.....ഉറങ്ങാൻ വിട്ടില്ല തെണ്ടി....

ഷഹി എന്ത് പണി കൊടുത്തു.....

ഫൈസ്ക്ക..... അവൾ ഓടി വന്നു കെട്ടിപിടിച്ചു. വിയർപ്പടി മൊത്തം... വന്നു കേറിയേ ഉള്ളു.... അവൻ അവളെ പിടിച്ചു മാറ്റി....

ശഹിയുടെ വെഡിങ് ഡ്രസ്സ് ഞാൻ തന്നെ സ്റ്റിച് ചെയ്യണം പോലും.... ഞാൻ വർക്ക് ചെയ്യുന്ന ഓഫീസിൽ നേരിട്ട് പറഞ്ഞു എന്നെ ഏല്പിച്ചത്.....

അതിന്താ കുഴപ്പം.... ഇനുവിന്റെ വെഡിങ് ഡ്രസ്സ്

കണ്ടു എല്ലാവരും അന്നേ പറഞ്ഞത് അല്ലെ നിന്നെ കൊണ്ട് ചെയ്യിക്കാന്ന്....

എനിക്ക് അവരെ കൂടെ നിൽക്കേണ്ടി വരും... ശഹിയെയും നൈഹായെയും കാണേണ്ടി വരും.... ജന്നത്തിൽ പോകേണ്ടി വരും.... എനിക്ക് ഇഷ്ടം അല്ല.... എനിക്ക് പറ്റില്ല ആ വെഡിങ് ഡ്രസ്സ് വർക്ക് ചെയ്യാൻ....അവൾ സങ്കടത്തോടെ പറഞ്ഞു....

ഫൈസ് ഒന്നാലോചിച്ചു നോക്കി....

പിന്നെ ഫോൺ എടുത്തു ആർക്കോ വിളിച്ചു....

ഒന്നും ചെയ്യാൻ പറ്റില്ല റിസ.... അവൻ നിന്റെ വർക്ക് ആണെങ്കിൽ മാത്രമേ ഡ്രസ്സ് വേണ്ടുന്ന് ഉറപ്പ് പറഞ്ഞിന് പോലും.

നിന്റെ കമ്പനിയെ സംബന്ധിച്ചു ഈ വർക്ക് ഓഫീലെ നല്ലൊരു ബിസിനസ് ഡീൽ ആണ്.... ശഹിയുടെ മാര്യേജ് എല്ലാവരും ശ്രദ്ധിക്കപ്പെടും.... അപ്പോൾ അവന്റെ പെണ്ണിന്റെ ഡ്രസ്സ് അവിടെ തിളങ്ങും.... ഈ

ഒപ്പർച്യുണിറ്റി കളയാൻ അവർ സമ്മതിക്കില്ല. അവർക്ക് നല്ലൊരു ഓപ്പർച്യുണിറ്റി ആണിത്. നിനക്ക് പറ്റില്ലെങ്കിൽ ജോബ് റിസൈൻ ചെയ്തോ

അത്രയേ ഉള്ളു.... ഇതിനാണോ പട മൊത്തം ഉണ്ടാക്കിത്.... നീ ജോലി ചെയ്തിട്ട് വേണ്ട കുടുംബം പോറ്റാൻ. നിന്റെ പാഷൻ ആയോണ്ട് മാത്രം പോകാൻ വിട്ടത് തന്നെ... അത് കൊണ്ട് തന്നെ ജോബ് റിസൈൻ ചെയ്തേക്ക്... സമി നിസ്സാരം പോലെ പറഞ്ഞു

അത് പറ്റില്ല.... ഞാൻ ആഗ്രഹിച്ചു നേടിയതാ അവിടെ.... എനിക്ക് അവിടെ അങ്ങനെ വിട്ടു പോകാൻ പറ്റില്ല. എന്റെ കരിയർ തന്നെ ഇല്ലാണ്ട് ആവും. എനിക്ക് റെഡ്സ്റ്റ് മാർക്ക് വീഴും...മറ്റെവിടെയും എന്നെ സ്വീകരിക്കില്ല...

നീ ഇപ്പോഴും ശഹിയെ ആലോചിച്ചു നടക്കണോ.... ഫൈസ് ദേഷ്യത്തോടെ ചോദിച്ചു.

അവൾ അല്ലെന്ന് തലയാട്ടി....

എന്ന നീ ഈ വർക്ക് ചെയ്യുന്നു..... അത്ര തന്നെ.... നിന്റെ കഴിവ് അംഗീകരിക്കപ്പെടും.... അത് നിന്റെ കരിയറിന് നല്ലയൊരു നേട്ടം ആയിരിക്കും

അത് കഴിഞ്ഞു റിസൈൻ ചെയ്തേക്ക്.

എന്നിട്ടു നമുക്ക് സ്വന്തം ആയി തുടങ്ങാം

ഇനി മാറ്റാരുടെ കീഴിൽ വർക്ക് ചെയ്യണ്ട.

അന്നേ പറഞ്ഞതാ സ്വന്തം ആയി തുടങ്ങാൻ..... അപ്പൊ എക്സ്പിരിയൻസ് വേണം കോപ്പ് വേണം പറഞ്ഞു അവിടേക്ക് പോയി. പിന്നെ നീ പോകും.... ശഹി ഒരു ക്ലൈന്റ് മാത്രം ആണ്.... അങ്ങനെ കരുതണ്ടു......ഫൈസ് ഉറപ്പിച്ചു പറഞ്ഞതോടെ അവൾക്ക് മറുതൊന്നും പറയാൻ തോന്നിയില്ല.... അവൾ തലയാട്ടി സമ്മതിച്ചു.

അവന്റെ മനസ്സിൽ ഇനു പറഞ്ഞത് ആയിരുന്നു.

ശഹിയുടെ കണ്ണുകളിൽ പകയാണ്..... അങ്ങനെ വരുമ്പോൾ ഇതും അവന്റെ പ്ലാൻ ആയിരിക്കും.... എന്തിന് വേണ്ടി എന്നൊരു ചോദ്യം മാത്രം നില നിന്നു...... ശദയെ വേണ്ടെന്നു വെച്ചോണ്ട് ആയിരിക്കോ

അപ്പോഴാ ഇനു അവിടേക്ക് വന്നത്.

എന്നെ കൂട്ടാതെ എന്താ ഗൂഢാലോചന

അതിന്ന് മറുപടി പറയുന്നതിന്ന് മുന്നേ ഒരു ബൈക്ക് വന്നത് കണ്ടു എല്ലാരും അങ്ങോട്ട് നോക്കി.....

യാഷ്.... അവൻ ഇറങ്ങി അങ്ങോട്ട് വന്നു.

നീയെന്താ രാവിലെ ഇനു അത്ഭുതത്തോടെ ചോദിച്ചു....

അത് മറന്നോ കുരിപ്പേ ഇന്ന് ക്ലാസ്സ് ഇല്ലേ

അവൻ അവളെ തലയിൽ ഒരു തട്ട് കൊടുത്തു.

പടച്ചോനെ മറന്നു എന്നും പറഞ്ഞു അവൾ വന്നപോലെ തിരിച്ചു ഓടി....

നീയെന്താടാ ഇവിടെ സമി അവന്നെ നോക്കി.

ഞാൻ ബാംഗ്ലൂർ ഒക്കെ വിട്ടു. ഇനുന്റെ കൂടെ അവളെ ക്ലാസ്സിൽ ജോയിൻ ചെയ്തു.... അത് കൊണ്ട് ഇന്ന് മുതൽ ഞങ്ങൾ ഒന്നിച്ച പോക്കും വരവും ....

അത് നന്നായി ഈനാംപേച്ചിക്ക് മരപ്പട്ടി കൂട്ട് ഫൈസ് ചിരിയോടെ പറഞ്ഞു.....

അത് ഭയ്യയും  ബാബിയും ... അവൻ മുഖം കോട്ടി....

കുറച്ചു കഴിഞ്ഞു ഇനു അങ്ങോട്ട് വന്നു....

ചുരിദാർ മാറ്റിയിട്ടുണ്ട്. സിമ്പിൾ ആയി ഒരു ടോപ്പ് ഇട്ടിരുന്നു. ഷാൾ സ്കാഫ് കുത്താതെ തലയിൽ ഇട്ടിരിക്കുന്നു. വേറെ മാറ്റം ഒന്നും ഇല്ലായിരുന്നു....

ഇത്ര പെട്ടെന്ന് വന്നോ.....ഇതിന്ന് കുളിയും നനയും ഒന്നുമില്ലേ സമി മൂക്കത് വിരൽ വെച്ചു.....

കുളിച്ചിട്ട് ഇപ്പൊ ആരാ നന്നായിന്.... അവൾ പറയുന്നതിന്ന് മുന്നേ ഫൈസ് ആക്കി പറഞ്ഞു....

എല്ലാവരിലും ചിരി പടർന്നിരുന്നു....

ഞങ്ങൾ ബോയ്സ് മുടി ജസ്റ്റ് നനക്കുകയെങ്കിലും ചെയ്യും നിനക്ക് അത് ഇല്ലേ.... ബോയ്സ്നേക്കാൾ ഫാസ്റ്റ് ആണല്ലോടി നീ..... ഏതായാലും സോപ്പും വെള്ളം എല്ലാം ലാഭം തന്നെ....സമി കളിയാക്കി

പറഞ്ഞു.....

അവൾ അവന്റെ അടുത്തേക്ക് വന്നു.

ശരിക്കും എന്തിനാ നിങ്ങൾ കുളിക്കുന്നെ. അത് കൊണ്ട് എന്താ ലാഭം.....

ശരീരം വൃത്തിയാവാൻ അല്ലാതെന്തിനാ....

അപ്പൊ സമിക്ക അറിഞ്ഞില്ലേ കുളിക്കണ്ടെന്ന് ആണ് പുതിയ കണ്ടുപിടുത്തം.....

ആരെ കണ്ടു പിടിത്തം.... നിന്റെയല്ലേ.....

എല്ലാ ദിവസവും തുടര്ച്ചയായി കുളിക്കുന്നത് അത്ര നല്ലതെന്നാണ് വിദഗ്ധര് അഭിപ്രായപ്പെടുന്നത്.

കുളിക്കാനായി നമ്മള് ഉപയോഗിക്കുന്ന സോപ്പ് ശരീരത്തിലെ എണ്ണമയം കളഞ്ഞ് ശരീരത്തെ

വരണ്ടതാക്കുമെന്ന് വിദഗ്ധര് പറയുന്നു. മാത്രവുമല്ല, ശരീരത്തെ സംരക്ഷിക്കുന്ന നല്ല ബാക്ടീരിയയുടെ വളര്ച്ചയെയും ദിവസേനയുള്ള കുളി ബാധിക്കും.

നിരന്തരമായുള്ള കുളി ശരീരത്തിലെ സ്വാഭാവിക എണ്ണ ഉല്പ്പാദനത്തെ തടയുന്നതിന് കാരണമാകുമെന്നും വിദഗ്ധര് ചൂണ്ടിക്കാട്ടുന്നു.

അതുപോലെ തുടര്ച്ചയായ കുളി ശരീരത്തിലെ ഡെഡ് സെല്ലിനെ തകര്ക്കും. മനുഷ്യ ശരീരത്തിന് സ്വയം വൃത്തിയാകാനുള്ള കഴിവുണ്ടെന്നും സൗന്ദര്യം കൂടാന് സ്ഥിരം കുളിക്കുന്നതുകൊണ്ട് കാര്യമില്ലെന്നും നിരന്തരമായ കുളി ഒഴിവാക്കുകയാണ് ചര്മ്മ സംരക്ഷണത്തിന് ആദ്യം ചെയ്യേണ്ടതെന്നും വിദഗ്ധര് അഭിപ്രായപ്പെടുന്നു. പിന്നെന്തിനാ കുളിച്ചിട്ട് ശരീരം ചീത്തയാക്കുന്നത്......

എല്ലാവരും വായും പൊളന്നു നിന്നു....

അപ്പൊ ദിവസം കുളിക്കണ്ടല്ലേ.....

വേണ്ടന്നെ..... എന്റെ സൗന്ദര്യത്തിന്റെ രഹസ്യം തന്നെ അതല്ലേ....

ദേ നോക്കിയേ നിങ്ങളെക്കാൾ നിറം എനിക്ക് ഇല്ലേ .... അവൾ കൈ നീട്ടി കാണിച്ചു..... രണ്ടും മൂന്നും പ്രാവശ്യം കുളിക്കുന്ന നിങ്ങൾ കാണാൻ എങ്ങനെ ഉണ്ട് എന്നെക്കാണാൻ എങ്ങനെയുണ്ട്...

ചുമ്മാ കുളിച്ചു സൗന്ദര്യം കളയുന്നു..... അവൾ കണ്ണിറുക്കി കാണിച്ചു പറഞ്ഞു.

ഇതൊക്കെ സത്യം ആണോ സമി ഫൈസിയെ നോക്കി..... അവൻ ചിരി കടിച്ചു പിടിച്ചു മൂന്നിനെയും നോക്കുന്നുണ്ട്...... ഇതിനേക്കാൾ വലിയ ക്ലാസ്സ് ഇവൾ മുൻപ് അവന്ന് എടുത്തു കൊടുത്തോണ്ട് അവന്ന് വലിയ അത്ഭുതം തോന്നിയില്ല..... ഇത് ചുരുക്കിയല്ലേ പറഞ്ഞുള്ളൂ എന്നോട് ഒരു ദിവസം മൊത്തം ആണ് ക്ലാസ്സ് എടുത്തത്

വിശ്വാസം ഇല്ലെങ്കിൽ ഗൂഗിൾ അടിച്ചു നോക്ക്

ന്യൂസ്.....

ചുമ്മാ ചുളിച്ചു സൗന്ദര്യം നശിപ്പിച്ചു.... യാഷ് താടിക്ക് കൈ വെച്ചു....

ഇനിയും നിന്ന ടൈം പോകും പറഞ്ഞു അവൾ എല്ലാരോടും പോട്ടെ ചോദിച്ചു യാഷിന്റെ കയ്യും പിടിച്ചു ഓടി....

ബൈക്കിൽ കേറിയപ്പോഴാ ഫൈസ് നിൽക്കെന്ന് പറഞ്ഞു അങ്ങോട്ട് വന്നത്

ഹെൽമെറ്റ് എവിടെ.....

അതൊക്കെ എന്തിനാ..... എന്റെ മുടി ചീത്തയാവും ഞാൻ ഇടില്ല....

എന്ന കാറിൽ പോയ മതി.....

പ്ലീസ് ഭയ്യാ..... സ്കൂൾ ടൈം ആണ് വല്ല മൊഞ്ചത്തികളെയും കണ്ട ഷൈൻ ചെയ്യണേൽ ഈ സുന്ദരമായ മുഖം കാണിക്കണ്ടേ.....

വേണ്ടല്ലോ.... തലയില്ലാതെന്ത് മോന്ത..... മര്യാദക്ക് ഹെൽമെറ്റ് ഇട്ടു സ്പീഡ് കുറച്ചു പോകാൻ പറ്റുമെങ്കിൽ പോയ മതി....  ഫൈസ് ചാവി ഊരിയെടുത്തു.....

ഗതികെട്ട് അവൻ സമ്മതിച്ചു..... ഫൈസ് ഹെൽമെറ്റ് ഇട്ടു കൊടുത്തു.....

എന്റെ മുടി..... എന്റെ ഗ്ലാമർ...... അവൻ മേലോട്ട് നോക്കി ആരോടൊന്നില്ലാതെ പറഞ്ഞു...

മോനെ ചക്കരെ ഞാൻ ഉണ്ട് എല്ലാവരെയും വായിൽ നോക്കാൻ.....

എല്ലാവരും എന്റെ ഗ്ലാമർ കണ്ടു വാ പൊളിക്കുന്നത് കണ്ടു നീ തല്ക്കാലം തൃപ്തിപ്പെട്..... ഇനു അവന്റെ തോളിൽ ചാരി കളിയാക്കി പറഞ്ഞു.....

പെട്ടന്ന് ഫൈസിയുടെ മുഖം കണ്ടത്..... മുഖം വീർപ്പിച്ചു കലിപ്പോടെ നോക്കുന്നുണ്ട്....

അവൾ ഇളിച്ചു കാണിച്ചു.

അവൻ അടുത്തേക്ക് വന്നു.... അവളെ ഷാൾ കൊണ്ട് കണ്ണൊഴിച്ചു ബാക്കി യെല്ലാം കെട്ടികൊടുത്തു......

ഇങ്ങനെ പോയ മതി. ആരേലും നോക്കിയ ഉണ്ടല്ലോ.... അവൻ നോക്കിപേടിപ്പിച്ചു..... തലക്ക് ഒരു ചൊട്ട് കൊടുത്തു.....

യാഷ് പൊട്ടിച്ചിരിച്ചു..... താങ്ക്സ് ഭയ്യാ ഇപ്പൊ എനിക്കൊരു ആശ്വാസം ആയത്.

നിന്റെ മൊഞ്ചുള്ള മോന്ത ഇനി ആരെ കാണിക്കും ഇനുസേ അവൻ ആക്കി ചോദിച്ചു.

പോടാ... തെണ്ടി പറഞ്ഞു അവനെ നോക്കി ഒരു നുള്ള് കൊടുത്തു.

അതേ കോളേജിൽ വായിനോക്കാം. അവിടെ മൊഞ്ചുള്ള അമ്പിളേളർ ഉണ്ട് അവൾ പോകുമ്പോൾ വിളിച്ചു പറഞ്ഞു.

അവൻ കല്ലെടുത് എറിയാൻ നോക്കിയതും അവൾ ഫ്ലയിങ് കിസ്സ് കൊടുത്തു..... അവൻ ചിരിയോടെ അത് നോക്കി നിന്നു.....

എന്നാലും ഫൈസിക്ക ഒരു മനുഷ്യൻ ഇങ്ങനെ മാറോ.... റിസ താടിക്ക് കയ്യും കൊടുത്തു അവന്നെ നോക്കി.....

ഞാൻ എന്ത് മാറി.....

ഒരു ദിവസം ചെരുപ്പിട്ട് റൂമിൽ കയറി പറഞ്ഞു ഡെറ്റോൾ ഇട്ടു മൊത്തം തുടപ്പിച്ചു..... പുറത്ത് പോയ ഡ്രെസ്സോടെ ബെഡിൽ ഇരുന്നു പറഞ്ഞു തല്ല് കിട്ടില്ല എന്നെ ഉള്ളു.... എന്നെ കൊണ്ടു റൂം മൊത്തം ക്ലീൻ ചെയ്യിച്ചേ.... റംസിതയെ കൊണ്ട് വൃത്തി ഭ്രാന്ത് പറഞ്ഞു ക്ക ക്ഷ വരപ്പിച്ചു ദിവസം മൂന്ന് നേരം കുളിക്കുന്ന മഹാന്റെ ഒരു മാറ്റം അവൾ പൊട്ടിച്ചിരിച്ചു....

അത് മാത്രം ആണോ മോളെ.... ബെഡ് കോഫി കുടിക്കുന്ന ചെക്കൻ ഇപ്പൊ രാവിലെ ചായ..... ഒരു ദിവസം കോഫി ഇല്ലാതെ ചായ കുടിക്കാൻ പറഞ്ഞെന്ന് വീട് തല തിരിച്ചു വെച്ചേ..... അതൊക്ക പോട്ടെ വെക്കാ ഏറ്റവും ഇഷ്ടം മുന്തിരി ജ്യൂസ് ആണ്.... ദിവസം അവന്ന് വേണം... ഇപ്പൊ മുന്തിരി പോലും വീട്ടിൽ കാണാറില്ല

ഇനുവിന്ന് മുന്തിരി അലർജിയാണ്.....

അത് മാത്രം അല്ല  കട്ടകലിപ്പൻ റൊമാന്റിക് ഹീറോ ആയെന്ന് പറഞ്ഞു ഓഫീസിൽ ഇപ്പൊ ചർച്ച

വിഷയം ആണ്.

തൊട്ടത്തിന്നും പിടിച്ചതിന്നും ചീത്ത വിളിയും തല്ലും അങ്ങനെ ഉള്ളവൻ അവളെ ഫോട്ടോ നോക്കി ഇരിക്കന്നെ പറയുന്നേ.....

അവൻ ചെറുചിരിയോടെ അവൾ പോയ വഴിയും നോക്കി നിന്നെ ഉള്ളു......

ഷീ ഈസ് മ ഏയ്ഞ്ചൽ..... അവൻ നെഞ്ചിൽ കൈ വെച്ചു പറഞ്ഞു.....

അവർ പുഞ്ചിരിയോടെ അവന്നെ നോക്കി. പ്രണയം ഒരു മനുഷ്യനെ ഇങ്ങനെ മാറ്റോ സമിക്ക..... റിസ അവനെ നോക്കി ചോദിച്ചു.....

നീ മാറിയില്ലേ...... അപ്പൊ അവന്ന് മാറിക്കോടെ.....

അവൾ വിളറിയ മുഖത്തോടെ സമിയെ നോക്കി.....

പ്രണയം വേണ്ടെന്ന് പറയുന്നില്ല..... കിട്ടാത്ത പ്രണയത്തെ ഓർത്തു ജീവിതം നശിപ്പിക്കരുത്..... ശഹി മറ്റൊരാളെ സ്വന്തം ആണ്......

ഇല്ല സമിക്ക..... ഞാൻ ആ പഴയ റിസ തന്നെയാണ് എന്നും......

അങ്ങനെ ആവണം.... അവൻ അവളെ ചേർത്തു പിടിച്ചു..... അവൾ അവന്നെ ചാരി നിന്നു..... പഴയ റിസ ആവും.... ആ വർക്ക് ഞാൻ തന്നെ ചെയ്യും അവൾ മനസ്സിൽ ഉറപ്പിച്ചിരുന്നു.....

❤❤❤❤

കോളേജിൽ എത്തിയതും ഇജുക്കനെ കണ്ടു യാഷ് കണ്ണ് തുറിച്ചു ഇനുവിനെ നോക്കി.....

ഇങ്ങേര് എന്താ ഇവിടെ......

നമ്മുടെ ക്ലാസ്സ് ഇൻചാർജ് മൂപ്പർക്ക് ആണ്......

യാഷ് ഞാൻ തിരിച്ചു പോക്കാ എന്നും പറഞ്ഞു തിരിഞ്ഞു ഓടാൻ നോക്കിയതും അവൾ ബാഗിൽ പിടിച്ചു വെച്ചു....

ഈ ചതി എന്നോട് വേണ്ടാരുന്നു കുരിപ്പേ

വീട്ടിലോ സൗര്യം ഇല്ല ഇനി ഇവിടുന്നും തല്ല്

എന്നെ വിട് പൊന്നോ...... ഞാൻ അമേരിക്കയിൽ പോയി പഠിച്ചാലും ഈ കോളേജിലേക്ക് ഇല്ല.

നമ്മൾ വന്നത് പഠിക്കാൻ അല്ല മോനെ....

ഈ മുരുട്ട് കാളക്ക് റാനിയെ കൊണ്ട് മൂക്ക് കയർ ഇടീക്കനൊ.....

ആ പാവം ഇതിന്ന് മാത്രം എന്ത് പാപം ചെയ്തു നിന്നോട്......

അവൾ ഐഡിയ പറഞ്ഞു കൊടുത്തു..

യാഷ് ഒന്ന് ആലോചിച്ചു.... ഭയ്യാ പറഞ്ഞത് കാര്യം ഉണ്ട്..... ഞാൻ ഉണ്ട് കൂടെ..... അവൻ നീട്ടി അവൾ കയ്യിൽ പിടിച്ചു. പിന്നെ ക്ലാസ്സിലേക്ക് പോയി.

റാനി അവരെ കണ്ടു സന്തോഷത്തോടെ നോക്കിയെങ്കിലും പിന്നാലെ വരുന്ന ഇജുവിനെ കണ്ടു മുഖം മാറി.....

വെളിച്ചപ്പാട് ഉണ്ടാരുന്നോ ഇതിലും ഭേദം നീ വരണ്ടായിരുന്നു.... അവൾ മുഖം കോട്ടി.....

അവൾ റാനിയെ കൂട്ടി ബാക്ക് ബെഞ്ചിൽ പോയി ഇരുന്നു..... യാഷ് അവരെ നേരെ ഉള്ള ബെഞ്ചിൽ പോയി ഇരുന്നു..

ഇജാസ് വന്നതും എല്ലാരും സൈലന്റ് ആയി.... ഇനിവിൽ നോട്ടം എത്തിയതും അവൾ മുഖം തിരിച്ചു..... റാനിക്ക് ഫേസ് ചെയ്യാൻ മടി കൊണ്ട് മുഖം താഴ്ത്തി.

ഇജാസ് അറ്റൻഡൻസ് എടുത്തു. ബാക്ക് ബെഞ്ചിൽ എത്തിയതും അവന്റെ കണ്ണുകൾ അത്ഭുതം കൊണ്ട് വിടർന്നു....

മുഖത്ത് പുഞ്ചിരി വിടർന്നു. സ്റ്റക്ക് ആയി നിന്ന അവനെ ഇനുവും റാനിയും എത്തി നോക്കി..... ഇജു കണ്ണും മിഴിച്ചു നോക്കി നിൽക്കുന്നത് കണ്ടു.

ഇനുവിന്റെ മുഖത്ത് പുഞ്ചിരി വിരിഞ്ഞെങ്കിലും അവളത് മറച്ചു വെച്ചു.

യാഷ് ഒന്നും മനസ്സിൽ ആകാതെ റാനിയെ നോക്കി എന്താന്ന് മെല്ലെ ചോദിച്ചു.... അവൾ കാര്യം പറഞ്ഞു കൊടുത്തു..... യാഷ് ഇനുവിനെ നോക്കി കൈകൂപ്പി.......

❤️💔INVISIBLE LOVE 💔❤️

Love after 💘marriage 🥀102🥀

സാർ സ്വപ്നം കണ്ടു കഴിഞ്ഞെങ്കിൽ ക്ലാസ്സ് തുടങ്ങിക്കൂടെ

അവൻ ഒരു ഞെട്ടലോടെ ഇനുവിനെ നോക്കി..... അവൾ പറഞ്ഞത് കേട്ട് ബാക്കിയുള്ളോർ മൊത്തം അമർത്തി പിടിച്ചു ചിരിക്കുന്നുണ്ട്....

കാണാത്ത കാഴ്ചകൾ കണ്ടപ്പോ ആരായാലും നോക്കിപ്പോകും.... അവൻ ചെറു ചിരിയോടെ ഇനുവിനെ നോക്കി പറഞ്ഞു ക്ലാസ്സ് എടുത്തു.

അവന്റെ ഉള്ളിൽ ഇനുവിനോടുള്ള മതിപ്പ് ഒന്നൂടി ഉയർന്നിരുന്നു. ഈ ക്ലാസ്സിൽ അവളെ ലാസ്റ്റ് ബെഞ്ചിൽ ഇരുത്തുമ്പോൾ എങ്ങനെ എങ്കിലും അവളെ തോല്പിക്കണം അമലയുടെയും ടീമിന്റെയും

ശല്യം കാരണം എന്നെ തേടി വരണം എന്നെ ഉണ്ടായിരുന്നുള്ളൂ. കാരണം അത്രയും അലമ്പ് ആയിരുന്നു ആ ബാക്ക് ബെഞ്ചുകാർ...... ഇന്ന് അവരെ കണ്ടു ശരിക്കും ഷോക്ക് ആയിപോയി. സ്പ്രിംഗ് പോലത്തെ മുടിയും ടൈറ്റ് പാന്റ് എവിടെ എത്താത്ത ബനിയനും മൂക്കിന് തുമ്പത് ഒരു റിങ് ഒക്കെ കൂടി കണ്ടാൽ ഒന്ന് പൊട്ടിക്കാൻ തോന്നുന്ന അമൃത ഇപ്പോൾ ചുരിദാർ ഇട്ടു

മുടി പിന്നിയിട്ട് നെറ്റിയിൽ ചന്ദനം തൊട്ട്

സുന്ദരി ആയി നില്കുന്നു. ഷാൻ ആണെങ്കിൽ കാട് വെട്ടിത്തലിച്ചു സുന്ദരകുട്ടപ്പൻ..... ഷാനിബ ഷാൾ ഒക്കെ തലയിൽ ഇട്ടു ഒരു മൊഞ്ചത്തി കുട്ടി.... ബാക്കിയുള്ളോർ അത് പോലെ. കണ്ടാൽ പേടിക്കുന്ന ബാക്ക് ബെഞ്ചു ഇപ്പോൾ ആരും നോക്കി നിൽക്കുന്ന മഹാന്മാർ എങ്ങനെ ഞെട്ടതിരിക്കും..... പിന്നെ അവൻ സ്വയം ആശ്വസിച്ചു മതം മാറ്റി  കോളേജ് അടച്ചു പൂട്ടിച്ചില്ലല്ലോ. അവളെ സ്വഭാവം വെച്ചു അതും ഉണ്ടാവേണ്ടതാണ്.....

ക്ലാസ്സ് എടുക്കുമ്പോൾ നോട്ടം ഇടക്കിടക്ക് ഇനിവിൽ

വീഴുന്നുണ്ടായിരുന്നു. അവൾ മൈന്റ് ആക്കിയില്ല.....

ഓരോ കാര്യം പറയുമ്പോഴും മനസ്സിലാകുന്നില്ല പറഞ്ഞു അവന്നെ ഇറിറ്റേറ്റ് ചെയ്തു വെങ്കിലും അവൻ പുഞ്ചിരിയോടെ വീണ്ടും എക്സ്പ്ലൈൻ ചെയ്യും.കാണുന്നവർക്ക് പോലും ദേഷ്യം വന്നു. യാഷ് റാനിയും വായും പൊളിച്ചു നിന്നു.യാഷ് ഇതെന്റെ ഇജുക്ക അല്ലെന്ന് പറഞ്ഞു സ്വയം ആശ്വസിച്ചു..... അവസാനം ഇനു തോൽവി സമ്മതിച്ചു മിണ്ടാണ്ട് ഇരുന്നു.... അവൾക്ക് നേരെ ഇജു ഒന്ന് ദേഷ്യപെടുക പോലും ഇല്ലന്ന് അവൾക്ക് മനസ്സിൽ ആയി..... ഇങ്ങനെ പോയ ഫൈസ് പറഞ്ഞത് പ്ലാൻ എങ്ങനെ നടക്കും..... ഇജു അവളോട് ദേഷ്യപ്പെട്ടാലേ റാനി ഇജുവിനോട് ഉടക്കാൻ പോകു. ആ ഐഡിയ ഫ്ലോപ്പ് ആയി. ഇനി രണ്ടാമത്തെ ഐഡിയ നോക്കാം.....

ഇന്റർവെൽ ആയതും യാഷ് അവളെ അടുത്തേക്ക് വന്നു.....

ഒന്ന് കാല് കാണിക്കോ

എന്തിനാ...... അവൾ കണ്ണ് മിഴിച്ചു അവനെ നോക്കി....

നീ മനുഷ്യജന്മം ആണോന്ന് നോക്കാന.

രാക്ഷസനെ അല്ലെ പന്ത് പോലെ അങ്ങോട്ട് ഇങ്ങോട്ട് തട്ടുന്നെ.... പോരാത്തതിന് ബാക്ക് ബെഞ്ചു ടീംസ് ഹീറോസ് ആക്കി മാറ്റിയതും അറിഞ്ഞു. ഒന്ന് തൊട്ട് അനുഗ്രഹം വാങ്ങാന്ന് കരുതി

കളിയാക്കണ്ട തെണ്ടീ..... പാവങ്ങൾ ആയിരുന്നു എല്ലാം.... പണത്തിന്റെ അഹങ്കാരം കൊണ്ടും ബിസിനസ് ലോകത്ത് ജീവിക്കുന്ന വീട്ടുകാർക്ക് ശ്രദ്ധിക്കാൻ പറ്റാത്തൊണ്ടും വഴി തെറ്റിയതാ..... അമൃത ആയിരുന്നു ഗ്രൂപ്പ് ലീഡർ.... ഒരു ദിവസം ഇജ്ജുക്ക എനിക്ക് പണിഷ്മെന്റ് ആയി എനിക്ക് ഇമ്പോസിഷൻ തന്നു അന്ന് അവൾ എനിക്ക് നോട്ട് എഴുതാൻ തന്നിരുന്നു. നോട്ട് പിന്നെ എഴുതിയ മതി പറഞ്ഞപ്പോൾ അവളുടെ കണ്ണിൽ ഞാൻ സഹതാപം

കണ്ടു.... എന്നോട് സങ്കടം കണ്ടു..... ഞാൻ അല്ലെ ആൾ അതിൽ പിടിച്ചു കേറി..... പിന്നെ അവളെ കൊണ്ട് ബാക്കിയുള്ളോരേ മാറ്റിയെടുപ്പിച്ചു.....

നീ അല്ലേലും മാസ്സ് അല്ലേ ഖൽബെ.... അവൻ അവളെ ചേർത്ത് പിടിച്ചു....

ഇതൊക്കെ കേട്ട് പിറകിൽ ഇജ്ജുവും ഉണ്ടായിരുന്നു. അവന്റെ ചുണ്ടിൽ ഒരു പുഞ്ചിരി വിരിഞ്ഞു.

❤️❤️❤️❤️

റിസ മടിച്ചു മടിച്ചു ആണ് ജന്നത്തിൽ എത്തിയത്...... അവൾ അസിസ്റ്റന്റ് കൂട്ടി ആണ് പോയത്.....അവളെ എല്ലാവരും സ്നേഹത്തോടെ തന്നെ സ്വീകരിച്ചത്....

നൈഹയുടെ അളവ് എടുക്കാന വന്നത് പറഞ്ഞപ്പോൾ നൈഹ അവളെയും കൂട്ടി റൂമിലേക്ക് പോയി...... അസിസ്റ്റന്റ് ആയി ഒരു ബോയ് ആയിരുന്നു. അളവ് എടുക്കാൻ നോക്കിയതും ശഹി കേറി വന്നു..... അവനെ കണ്ടതും തന്റെ ഹൃദയതാളം

മാറുന്നത് അവൾ അറിഞ്ഞു
അവൾ സ്വയം കണ്ണടച്ച് റിലക്സ് ആക്കി
അവനെ നോക്കി ചിരിച്ചു....

മോഡൽ പറഞ്ഞു തന്ന അത് പോലെ സ്റ്റിച് ചെയ്യാം
അവൾ ഫോണിൽ കാണിച്ചു കൊടുത്തു......

ഏറ്റവും ബെസ്റ്റ് ആയിരിക്കണം ഇവളുടെ ഡ്രസ്സ്.....
എത്ര കോസ്റ്റലി ആയാലും പ്രശ്നം ഇല്ല....ഒരു
കുറവും എന്റെ പെണ്ണിന് ഉണ്ടാവാൻ പാടില്ല.
നൈഹയുടെ ചുമലിലൂടെ കയ്യിട്ട് ചേർത്ത് പിടിച്ചു
അവൻ പറഞ്ഞു.... അവൾക്ക് അത് കണ്ടു
എന്തെന്നില്ലാത്ത ഒരു വേദന നെഞ്ചിൽ പടർത്തി.....

നിങ്ങൾക്ക് ഇഷ്ടപ്പെട്ട മോഡൽ പറഞ്ഞമതി അത്
പോലെ ചെയ്യാം അല്ലെങ്കിൽ ഞാൻ കാണിച്ചു തന്ന
മോഡൽ നോക്കി സെലക്ട് ചെയ്യാം....

അവനും നൈഹായും നോക്കി ഒന്നിച്ചിരുന്നു ഡിസ്കസ് ചെയ്തു ഒരു മോഡൽ കാണിച്ചു കൊടുത്തു...

അവൾക്ക് എങ്ങനെ എങ്കിലും ഒന്ന് പോയ മതി എന്നായിരുന്നു.....

അവൾ കൂടെ ഉള്ള ആളോട് അളവ് എടുക്കാൻ പറഞ്ഞു....

ഞാൻ എടുത്തു തന്നോളാം..... എന്ന് പറഞ്ഞു അവൻ ടേപ്പ് വാങ്ങി. അവളുടെ കയ്യിന്റെ അളവ് എടുത്തു..... നൈഹയുടെ മുഖം നാണത്താൽ ചുവന്നു തുടുക്കുന്നത് റിസ കണ്ടു..... അവൾ നോട്ടം മാറ്റി..നെഞ്ചളവ് എടുക്കാൻ നോക്കിയതും അവൾ പറഞ്ഞു.....

സാർ ഞാൻ എടുത്തോളാം അളവൊക്കെ... എന്നാലേ എനിക്ക് സ്റ്റാറ്റിസ്ഫയ്ഡ് ആകു.... അവൾ തന്നെ അളവ് മൊത്തം എടുത്തു....

അവൾ റൂമിൽ നിന്നും ഇറങ്ങുമ്പോൾ കണ്ടു. ശഹി അവളെ ചേർത്ത് പിടിച്ചു എന്തോ പറഞ്ഞു പൊട്ടിച്ചിരിക്കുന്നത്.....

അവൾ അവളെ തന്നെ ചീത്ത വിളിച്ചോണ്ട് ഇരുന്നു. സ്വന്തം ആകില്ല പറഞ്ഞിട്ടും എന്തിനാ മോഹിക്കുന്നെ പെണ്ണേ നീ.... സ്വയം ചോദിച്ചു കൊണ്ട് കയ്യിലിരിക്കുന്ന പേന ഞെരിച്ചു ഉടച്ചു.

അവൾ പോകുന്നതും നോക്കി ഇരുന്ന ശഹിയുടെ ചുണ്ടിൽ ക്രൂരമായ ചിരി പടർന്നു. നിനക്ക് എന്നോട് ദിവ്യ പ്രണയം അല്ലേ..... അപ്പോൾ നിന്റെ മുന്നിൽ വെച്ചു ഞാൻ കാണിക്കുന്നത് കാണുമ്പോൾ നിനക്ക് തോന്നുന്ന വേദനയില്ലേ അതാണ് ഞാൻ നിനക്ക് തരുന്ന ശിക്ഷ.....നിനക്ക് വേദനിക്കണം റിസ അതെനിക്ക് കാണണം...... നീയൊക്കെ കാരണം ഞാൻ അനുഭവിച്ച വേദന ഒരിറ്റ് കുറയാതെ തിരിച്ചു തന്നിരിക്കും ഞാൻ....

ഫൈസ് ഉരുകണം നിന്റെ വേദനകണ്ടു... എന്റെ കാൽക്കീഴിൽ അവനെയും വരുത്തിക്കും ഞാൻ.....

❤️❤️❤️❤️

ഉച്ചക്ക് ക്ലാസ്സിന് പുറത്ത് ഇറങ്ങി മൂന്നാളും

കാന്റീൻ പോയി ഫുഡ് കഴിക്കാം പ്ലാൻ.

റാനി കൊണ്ട് വന്നിരുന്നുവെങ്കിലും അവളെ നിർബന്ധിച്ചു കൂട്ടി....

കോളേജ്ൽ നിന്ന് കാന്റീൻലേക്ക് മൊത്തം ഇന്റർലോക്ക് ഇട്ടിരുന്നു. ചുട്ട് പൊള്ളുന്ന വെയിലിൽ നോക്കി ഇനു യാഷിനെ നോക്കി.... അവൻ കണ്ണടച്ച് കാണിച്ചു.

ഇനു നടക്കാൻ നോക്കിതും യാഷ് പിറകിൽ നിന്നും കാലിൽ ചവിട്ടി.... അവൾ തടഞ്ഞു വീഴാൻ നോക്കി. അപ്പോഴേക്കും യാഷ് പിടിച്ചിരുന്നു.

നോക്കി നടക്ക് യാഷ്.... എന്റെ ചെരുപ്പ് പൊട്ടി.... അവൾ ചെരുപ്പ് നോക്കി യാഷിനോട് ചൂടായി....

സോറി കണ്ടില്ല......

അവൾ ചെരിപ്പ് അഴിച്ചു നോക്കി വലിച്ചെറിഞ്ഞു.....

റാനി നോക്കട്ടെ പറയുമ്പോഴേക്കും അവൾ വലിച്ചെറിഞ്ഞിരുന്നു.

വാ പോകാം വിശക്കുന്നു. ചെരുപ്പ് പിന്നെ വാങ്ങാം പറഞ്ഞു അവൾ ഇറങ്ങിയതും പിറകെ അവരും പോയി.

കാല് പൊള്ളുന്നു പറഞ്ഞു ഇനു കൂക്കിവിളിച്ചു.....

റാനി അവളെ ചെരിപ്പ് ഊരി അവൾക്ക് കൊടുത്തു....

അവൾ വേണ്ട പറഞ്ഞെങ്കിലും റാനി നോക്കി കണ്ണുരുട്ടി ഇടീപ്പിച്ചു....

കാല് പൊള്ളുന്നുണ്ട്.... എന്നാലും അവൾ കടിച്ചു പിടിച്ചു നിന്നു. ഞാൻ ചെരുപ്പ് ഇടതേ നടന്നിട്ടുണ്ട്. ഇനു അങ്ങനെ അല്ല. കൊച്ചു കുട്ടിയെ പോലെ ജുനു കൊണ്ട് നടന്നത്. മുള്ള് അവളെ കാലിൽ തറച്ചിനോ പോലും സംശയം ആണ്....

ഇജാസ് കാമിലൂടെ അത് നോക്കി ഇരുന്നു

അറിയാതെ നോട്ടം റാനിയിലേക്ക് മാത്രം ആയി. ഇനുവിന് വേണ്ടി ചെരുപ്പ് ഊരി കൊടുത്തു കാല് പൊള്ളി നിൽക്കുന്ന അവൾക്ക് ഇനുവിനോട് ഉള്ള സ്നേഹം കൂടി മനസ്സിലായി. അന്ന് പറഞ്ഞത് ഒക്കെ അവൻ ഓർത്തു..... ഇനുവിന് വേണ്ടി കുഞ്ഞിനെ പോലും കൊടുക്കാന്ന് പറഞ്ഞവൾ ആണ്.....

ഇനു കാന്റീൻ എത്തിയതും ബിരിയാണി തന്നെ ഓഡർ കൊടുത്തു.....

കഴിക്കാൻ പ്ലേറ്റിൽ കൈ കുത്തിയതും എരിവ് വലിച്ചു കൈ പിൻവലിച്ചു.

കയ്യിൽ ഊതികൊണ്ട് ഇരുന്നു.

എന്താടി റാനിയും യാഷ് ഒന്നിച്ചു ചോദിച്ചു

രാവിലെ കത്തികൊണ്ട് പൊറിയതാ... ചെറുതായിട്ട് ഇപ്പോ വല്ലാത്ത നീറ്റൽ.....

എന്ന സ്പൂൺ കൊണ്ട് തിന്നോ..... യാഷ് സ്പൂൺ വിളിച്ചു പറഞ്ഞതും അതൊന്നും വേണ്ട പറഞ്ഞു റാനി വായിൽ വെച്ചു കൊടുത്തു.

ഇനു അവളെ നോക്കി ചിരിച്ചോണ്ട് വാ തുറന്നു. അവൾക്ക് റാനിയോട് ഉള്ളിൽ മാപ്പ് ചോദിച്ചു.... കൈക്ക് ഒന്നും ഇല്ല. നിന്നെ ഇജുക്കനെ കൊണ്ട് കെട്ടിക്കാൻ വേറെ വഴിയില്ല മോളെ.... ഇജുക്കന്റെ

മനസ്സിൽ ഞാൻ മാത്രം ഉള്ളു....  ആ എന്നിലൂടെ മാത്രമേ നിന്നെ ആ മനസ്സിൽ

കയറ്റാനും പറ്റു.... സോറി....

ചിരിച്ചു കളിച്ചു ഫുഡ് കഴിക്കുന്ന അവരെ നോക്കി ഇജുവും ഇരുന്നു. റാനിയുടെ മുഖത്ത് ഇനുവിനോട് ഉള്ള വാത്സല്യം കണ്ടു.......പിന്നെ എഴുന്നേറ്റു അങ്ങോട്ട് പോയി.

ഫുഡ് കഴിച്ചു പുറത്തു ഇറങ്ങിയതും മുന്നിൽ ഒരു ജോഡി ചെരുപ്പ് ഇട്ടു കൊടുത്തു ഇജു നിന്നു....

കണ്ടവരുടെ ഔദാര്യം ഒന്നും എനിക്ക് വേണ്ട. എന്റെ കാര്യം നോക്കാൻ എനിക്കെന്റെ ഭർത്താവ് ഉണ്ട്..... അവൾ മുഖം കോട്ടി പറഞ്ഞോണ്ട് പോയി.

അവന്റെ മുഖത്ത് സങ്കടം നിഴലിച്ച കണ്ടു റാനിക്ക് പാവം തോന്നി.

അവൾ രണ്ടാളെയും നോക്കി.... പിന്നെ ഇനുവിന്റെ കൂടെ പോകാൻ നോക്കിയതും ഇജു വിളിച്ചു...

റാനിയ .... നീ എടുത്തോ ചെരുപ്പ്....

അവൾ ആദ്യം അന്തം വിട്ടു അവനെ നോക്കി. എനിക്കങ്ങും വേണ്ട ആരുടേയും ചെരുപ്പ്......

എന്റെ പെങ്ങൾക്ക് അങ്ങനെ ആരുടേയും ഔദാര്യം വേണ്ട..... അവൻ കലിപ്പിൽ പറഞ്ഞു.

ഞാൻ എന്റെ കൂട്ടുകാരിക്ക് ചെരുപ്പ് കൊടുത്തിന് അല്ലാതെ സാറിന്റെ പെങ്ങൾക്ക് അല്ല.എനിക്ക് ആരുടേയും ഔദാര്യം വേണ്ട.

നിന്നോട് ഇടാനല്ലേ പറഞ്ഞത് എന്ന് ഉച്ചത്തിൽ പറഞ്ഞു രണ്ടു കോട്ട പൊട്ടിച്ചതും പേടിച്ചു അവൾ

ചെരുപ്പ് ഇട്ടുപോയിരുന്നു.....

വെളിച്ചപ്പാട്...... എന്ന് പിറു പിറുത്കൊണ്ട് ഓടി....

❤️❤️❤️

വൈകുന്നേരം വീട്ടിൽ എത്തിയതും അവൾ ഓടിപ്പോയി ഫൈസിയെ കെട്ടിപിടിച്ചു.....

എന്താണാവോ സന്തോഷം.... കോളേജിൽ വല്ല മൊഞ്ചൻമാർ സെറ്റ് ആയോ.....

കുശുമ്പ് തീരെയില്ലെന്ന് ഓർത്തു അവൾക്ക് ചിരി വന്നു....

ഇജാസ് ഹൈദർ എന്നൊരാൾ ബോഡി ഗാർഡ് ആയി കോളേജിൽ ഉണ്ടല്ലോ.....അങ്ങേര് പിറകിൽ മാറിയാലല്ലേ ബാക്കിയുള്ളോർക്ക് ചാൻസ് കിട്ടൂ അവൾ സങ്കടത്തോടെ പറഞ്ഞു......

അവനെ കൊണ്ട് അങ്ങനെ ഒരു ഉപകാരം ഉണ്ടല്ലോ സമാധാനം....

അല്ല എന്നാലും വരുന്ന വഴിക്ക് ബസ്സ്റ്റോപ്പിൽ നല്ല ചെക്കന്മാർ ഉണ്ട്. നാളെ മുതൽ അതോണ്ട് യാത്ര ബസ്സിൽ ആക്കി.....

ഗിരിരാജൻ കോഴീ........ നിന്നെ ഇന്ന് ഞാൻ.......അവൻ പല്ല് കടിച്ചു പിടിച്ചു അലറിയതും അവൾ ഓടാൻ നോക്കി...... അവളെ മുടിയിൽ ആയിരുന്നു പിടിത്തം കിട്ടിയത്.....

അവന്റെ നെഞ്ചത്തേക്ക് തന്നെ വന്നു വീണു.... അതേ സ്പോട്ടിൽ അവന്റെ നെഞ്ചിൽ കടി വീണിരുന്നു.

ടീ കുരിപ്പേ.... അവൻ അവളെ നോക്കി കലിപ്പായതും

അവൾക്ക് കയ്യിന്ന് പോയിന്നു മനസ്സിൽ ആയി....

അവൻ തിരിച്ചു കടിക്കുന്നു ഓർത്തതും ചെറിയ പേടി തോന്നിയെങ്കിലും അവൻ കടിക്കുന്നിടം ഓർത്തപ്പോൾ തന്നെ ഹർട്ട് ഇടിപ്പ് കൂടിയിരുന്നു..... അവന്റെ കണ്ണുകളിൽ നോക്കുമ്പോൾ പേടിയാരുന്നില്ല. നാണം ആയിരുന്നു തോന്നിയത്..... അവനും കാണുകയാരുന്നു അവളുടെ മാറ്റം.... തന്നെ പ്രണയപൂർവ്വം നോക്കുന്ന കണ്ണുകളിൽ അവനും ഉടക്കി നിന്നു. അവൾ അവന്റെ ഷർട്ട് നീക്കി നെഞ്ചിൽ കടിച്ചിടത് തടവി കൊടുത്തു.....എരിവ് വലിച്ചോണ്ട് അവളെ നോക്കി..... അവളുടെ കൈകൾ അവന്റെ ശരീരത്തിലൂടെ രക്തയോട്ടം കൂട്ടുന്നത് അവൻ അറിഞ്ഞു...അവന്റെ നോട്ടം അവളുടെ നെഞ്ചിലേക്ക് എത്തിയതും വല്ലാത്തൊരു പരവേശം അവളിൽ ഇരച്ചു കയറി.... അവന്റെ കൈകൾ അവിടെ തൊട്ടു.... പെട്ടന്ന് എന്തോ ഓർത്തപോലെ കൈ വലിച്ചു.....

അവന്റെ ഭവമാറ്റം അവളിൽ ഒരു നോവുണർത്തി.... അവൻ സ്വയം അകലുന്ന പോലൊരു തോന്നൽ

തോന്നി അവൾക്ക്.... ഞാൻ അങ്ങോട്ട് പോകുന്നത് അല്ലാതെ അവൻ തിരിച്ചു തൊടാർ പോലും ഇല്ലെന്ന് അവളോർത്തു.

നീ പോയ കാര്യം എന്തായി ഇജാസ് ഹൈദർന്ന് എന്തെങ്കിലും മാറ്റം ഉണ്ടോ....

അവളും അപ്പോഴാ അതോർത്തെ അത് പറയാനാ ഓടി വന്നത്. അവളെ സങ്കടം മാറി മുഖത്ത് ചിരി വിരിഞ്ഞു....

അവൾ കോളേജിൽ നടന്നത് മൊത്തം പറഞ്ഞു കൊടുത്തു....

അപ്പൊ ഇജാസ് റാനിയെ ശ്രദ്ധിക്കുന്നുണ്ട്

അവൻ ആലോചനയോടെ പറഞ്ഞു.

അങ്ങനെ എനിക്ക് തോന്നിയില്ല. പക്ഷേ ഇജുക്ക

എനിക്ക് വേണ്ടി വാങ്ങിയ ചെരിപ്പ് അവൾക്ക് കൊടുത്തു. ഇജുക്ക ആദ്യം ആയ എനിക്ക് വാങ്ങിയ സാധനം വേറൊരാൾക്ക് കൊടുത്തത്. ഷാനയും ശദയും പറയുന്ന കേട്ടിട്ടുണ്ട്. എനിക്ക് വേണ്ടി എന്തെങ്കിലും വാങ്ങി വന്ന.... അവർ ചോദിച്ച വേറെ വാങ്ങിക്കൊടുക്കും അത് കൊടുക്കില്ലന്ന്

അന്നൊക്കെ ഞാൻ മിണ്ടാറില്ലല്ലോ.... എന്നിട്ടും കൊടുക്കില്ല പോലും. ഇന്ന് റാനിക്ക് കൊടുത്തു. അപ്പോൾ ആ മനസ്സിൽ എവിടെയൊക്കെയോ റാനി ഉണ്ട്.... അവൾ പ്രതീക്ഷയോടെ പറഞ്ഞു.

താങ്ക്സ് എ ലോട്ട് പറഞ്ഞു അവന്റെ കവിളിൽ അമർത്തി കിസ്സ് ചെയ്തു.

അവന്റെ ചുണ്ടിൽ ഒരു പുഞ്ചിരി വിരിഞ്ഞു.

ഇത് പോലെ തന്നെ മുന്നോട്ട് പോയ മതി

റാനിക്ക് നിന്നോടുള്ള സ്നേഹം കണ്ടു അസൂയ മൂത്തു അവൻ അവളെ ശ്രദ്ധിച്ചോളും.....

ഇജുക്കയുടെ വിവാഹം നടക്കില്ലേ ഫൈസ്. എന്നോടുള്ള ഇഷ്ടം കൊണ്ട് സ്വന്തം ജീവിതം നശിപ്പിക്കുന്നെ.അതിൽ ചെറിയ സങ്കടം ഉണ്ടായിരുന്നു അവളിൽ...

അവന്ന് നീ മകളാണ്..... നിന്നേ സ്വന്തം മോളായ കാണുന്നത്...... നിനക്ക് ഒരു ഉമ്മയായി അവന്റെ ഭാര്യ വരില്ലെന്ന് അവൻ കരുതുന്നു.... അവനെ പോലെ മറ്റാരും സ്നേഹിക്കില്ലെന്ന തോന്നൽ ആണ്. അവനെ നിന്നിൽ നിന്നും അകറ്റും എന്നൊക്കെയുള്ള അനാവശ്യ പേടി.....

നിന്നോടുള്ള അന്തമായ സ്നേഹത്തിൽ അവന്ന് കണ്ണ് കാണുന്നില്ല ശരിക്കും....

പിന്നെ നിന്റെ ഉപ്പ മരിക്കുന്നത് വരെ പറഞ്ഞത് നിന്നെ നോക്കണം നിനക്ക് വേണ്ടി ജീവിക്കണം എന്നൊക്കെയാ.... റാബിയ പഠിപ്പിച്ചതും അവനും അവരും കാരണ നിനക്ക് നിന്റെ ഉമ്മക്കും ആ വീട് വിട്ടു പോയത് എന്നൊക്കെയാ..... അതിലുള്ള കുറ്റബോധം....മാത്രം അല്ല അവന്റെ ഉപ്പന്റെയും ഉമ്മന്റേയും ഒക്കെ ദാമ്പത്യം അത്ര സുഖ കരം

അല്ലല്ലോ.... ഒക്കെ കൂടി അവന്നേ മാറ്റി എടുത്തു.... നീയെന്ന ലോകത്തിൽ ഒതുങ്ങി. ഇനി നിന്നിൽ കൂടി മാത്രമേ അവന്ന് മോചനം ഉണ്ടാവു.....നിന്റെ ആഗ്രഹം പോലെ എല്ലാം നടക്കും ടെൻഷൻ വേണ്ടാട്ടോ..... അവളുടെ മുഖം കയ്യിൽ എടുത്തു നെറ്റിയിൽ ഒരു ചുംബനം കൊടുത്തു..... അതിൽ അടങ്ങിയ സ്നേഹവും അവന്റെ കണ്ണിൽ കണ്ട വാത്സല്യവും അവളുടെ മനസ്സിലെ സങ്കടം മൊത്തം മായിച്ചു കളഞ്ഞിരുന്നു.

❤❤❤❤

കാളിങ് ബെൽ കേട്ടാണ് റംസി വാതിൽ തുറന്നത്.... ഷദയും യാഷ് ആയിരുന്നു.....

ഇനുവിനെ കണ്ടതും അവൾ ഓടി വന്നു കെട്ടിപിടിച്ചു.....ഫൈസ് അപ്പോഴേക്കും വന്നു.

നീ എപ്പോ എത്തി..... ഫൈസ് അവളെ തലയിൽ ചൊട്ട് കൊടുത്തു ചോദിച്ചു

ഞാൻ രണ്ടു ദിവസം ആയി.....ചെറിയ പനി അതാ ഇങ്ങോട്ട് വരാൻ ലേറ്റ് ആയെ

അവൻ യാഷിനെയും അവളെയും നോക്കി.... രക്തബന്ധം കൊണ്ട് അല്ലെങ്കിലും സ്വന്തം ആയവർ..... ആട്ടിവിട്ടിട്ടും സഹോദരൻ എന്ന പേരിൽ വീണ്ടും കേറി വരുന്നു.... അവൻ ശഹിയെ ഓർമ വന്നു..... സ്വന്തം സഹോദരൻ ആയിട്ട് കണ്ടു.... എനിക്കൊരു കുടുംബം തന്നു.എന്നിട്ടും ഇനുവിന്റെ വാശിക്ക് മുന്നിൽ അവനെ ചതിച്ചു. സത്യം അറിയുമ്പോൾ ഏറ്റവും വെറുക്കുക എന്നെ ആയിരിക്കും..,. അവൻ വേദനയോടെ ഓർത്തു.

ഭയ്യാ സ്വപ്നം കാണുക ആണോ ഷദ അവനെ കുലുക്കിവിളിച്ചു.....

ഏയ് നതിങ്..... അവൻ നിറഞ്ഞ കണ്ണുകൾ അവർ കാണാതിരിക്കാൻ ഫോൺ നോക്കി സിറ്റ്ഔട്ടിലേക്ക് പോയി.

റംസി അവർക്ക് ജ്യൂസ്  കൊടുത്തു. അപ്പോഴാ മിന്നുവിന്ന് നേരെ ഷദ കൈ നീട്ടിയത്. അവൾ തുള്ളിചാടി വന്നതും അവളെ കയ്യിലെ ജ്യൂസ് മൊത്തം ദേഹത്തു മറിഞ്ഞു....

എല്ലാവരും അവളെ ദയനീയമായി നോക്കി . ഇനുവും യാഷ് പൊട്ടിച്ചിരിക്കാൻ തുടങ്ങി.... ഷദ കലിപ്പിട്ട് നോക്കി   യതും അവർ നിർത്തി.....

എന്റെ കാബോഡിൽ ഉണ്ടാകും ഡ്രസ്സ് പോയി മാറ്റിയിട്ട് വാ.... ഇനു അവളെ പറഞ്ഞയച്ചു. ഇനു ഫൈസിയുടെ അടുത്തേക്ക് പോയി.

ശദ കബോർഡ് നോക്കി ഒരു ടോപ്പ് മാത്രം എടുത്തു. പാന്റ്ൽ മാത്രം ഒന്നും പറ്റിയിരുന്നില്ല. ടോപ്പ് ഊരി മാറ്റി ജൂസ് തുടക്കുമ്പോഴാ പിന്നിൽ ഡോർ തുറക്കുന്ന ശബ്ദം കേട്ടത്.... അവൾ ഞെട്ടി പകച്ചു തിരിഞ്ഞു നോക്കി...

സമി...... അവനും ആകെ ഷോക്ക് ആയിരുന്നു....

ഷദ ഞെട്ടൽ മാറിയതും ഒറ്റ നിലവിളി ആയിരുന്നു.... സമി പെട്ടെന്ന് സ്റ്റക്ക് ആയെങ്കിലും ഓടിച്ചെന്നു അവളെ വാ പൊത്തി....

സത്യം ആയിട്ടും ഞാൻ ഒന്നും കണ്ടിട്ടില്ല. അവൾ കുതറി മാറി....

ഷദ.... ഐ ആം സോറി..... അവൻ സോറി പറയാൻ വീണ്ടും നോക്കിയതും അവൾ കൈ കൊണ്ട് മാറ് മറച്ചു.....

അവൻ പെട്ടന്ന് തിരിഞ്ഞു നിന്നു...... ബെഡിൽ അവളെ ഡ്രസ്സ് കണ്ടു. തിരി ഞ്ഞുനോക്കാതെ പിറകിലേക്ക് എറി ഞ്ഞു കൊടുത്തു.

സത്യം ആയിട്ടും ഞാൻ അറിഞ്ഞിരുന്നില്ല നീ ഇവിടെ ഉള്ളത്.....

അവൾക്ക് സങ്കടവും കരച്ചിൽ ദേഷ്യം ഒക്കെ വരുന്നുണ്ടായിരുന്നു. റൂം ലോക്ക് ചെയ്തിനു.... ബാത്‌റൂമി ൽ ആളുണ്ടോന്ന് നോക്കിയില്ല.... അല്ലെങ്കിലും ഭയ്യയും ബാബിസായയും താഴെ ആണ് അത് കൊണ്ട് തന്നെ നോക്കണ്ട   ആവിശ്യം ഇല്ലായിരുന്നു....

രണ്ടു പേർക്ക് പരസ്പരം നോക്കാൻ ബുദ്ധിമുട്ട് തോന്നി..... എന്ത് പറയണം അറിയാതെ അവൻ നിന്ന് പരുങ്ങി....

അവൻ ക ണ്ടതും അവൻ വാ പൊത്തിപിടിച്ചപ്പോൾ ദേഹത്ത് ചേർന്നു നിന്നത് ഒക്കെ ഓർത്തു അവൾക്ക് കരച്ചിൽ അട ക്കാൻ കഴിഞ്ഞില്ല.

കരയുന്ന അവളെ നോക്കി അവനും വല്ലാതായി.

എന്നും സ്ട്രോങ്ങ് ആയി നിന്നിട്ട് കണ്ടിട്ടുള്ളൂ....

ആരും ഒന്നും അറിയണ്ട..... ജസ്റ്റ് ആക്സിഡന്റ് അങ്ങനെ കണ്ട മതി പറഞ്ഞു അവൻ പോകാൻ നോക്കിയതും

അവൾ അവനെ വിളിച്ചു....

അങ്ങനെ അങ്ങ് പോയാലോ...... അവൾ മുഖം ഒക്കെ തുടച്ചു. പഴയ ശദ ആയി കണ്ടപ്പോൾ അവന്ന് ആശ്വാസം ആയി.

ആര് ഒന്നും അറിയണ്ടന്ന് പറഞ്ഞേ......

അല്ല.... ഇവിടെ നടന്നത്...... അവൻ വിക്കിവികി പറഞ്ഞു....

നീ നൈസ് ആയിട്ട് ബോഡി മൊത്തം കണ്ടു. പോരാത്തതിന് എന്നെ ടച് ചെയ്തു. എന്നിട്ടും ഇത്

ആരോടും പറയണ്ടന്നോ......

പിന്നെ എല്ലാരോടും പറയാൻ പോവ്വാണോ നീ....
നിന്റെ ഇഷ്ടം... എന്ത് വേണേൽ ചെയ്തോ......

അതേ എന്റെ ഇഷ്ടം മാത്രം ഇനി നടക്കൂ.

ഞാൻ പറയുന്നത് നടക്കൂ.....

അതിനിപ്പോ ഞാൻ എന്താ വേണ്ടേ....

നീ എന്നെ കല്യാണം കഴിക്കണം....

കല്യാണമോ..... അവൻ കിളി പോയ പോലെ അവളെ നോക്കി...

അതേ നീ കണ്ട ശരീരം വെച്ച് നീ ടച് ചെയ്ത ശരീരം വെച്ച് ഇനിയൊരുത്തന്റെ മുന്നിലും ഞാൻ

തലകുനിക്കില്ല. എന്റെ ജീവിതത്തിൽ ഒരു വിവാഹം ഉണ്ടെങ്കിൽ അത് നിന്റെ കൂടെ ആയിരിക്കും.....

അവൻ ഞെട്ടലോടെ അത് നോക്കി നിന്നു

അവൾ ഇറങ്ങി പോവുകയും ചെയ്തു.....

❤️❤️❤️❤️❤️

ഫൈസ് എന്താ ഇറങ്ങി പൊന്നെ.....

എന്തോ തെറ്റ് ചെയ്ത പോലെ തോന്നുന്നു

ശഹി..... എനിക്ക് വേണ്ടി നിന്നെ നഷ്ടപ്പെടാതിരിക്കാൻ വേണ്ടി സ്വന്തം കുടുംബം തന്നെ ദാനം തന്നു. എന്നിട്ടും തിരിച്ചു ഞാൻ അവനെ ചതിച്ചു..... നല്ലൊരു ഫ്രണ്ട് ആയിട്ട് പോലും പലതും മറച്ചു വെക്കേണ്ടി വന്നു..... അവന്ന് നല്ലൊരു ഫ്രണ്ടോ ഇക്കയോ ആകാൻ എനിക്ക് പറ്റിയില്ല..... നിന്റെ ശരികൾ എനിക്ക് അന്നും ഇന്നും തെറ്റ് തന്നെ ആണ്..... തെറ്റായിട്ടേ തോന്നിയിട്ട് ഉള്ളു....

നിന്റെ പിടി വാശി..... അതൊന്ന് കൊണ്ട് മാത്രം ആണ് ഞാൻ എല്ലാത്തിനും കൂട്ട് നിന്നത്.....

തെറ്റ് തന്നെയാ ഞാൻ ചെയ്തത്..... അതെന്റെ മാത്രം ശരിയാണ്..... ശഹിയെ വേദനിപ്പിച്ചെങ്കിൽ എന്നെങ്കിലും അവൻ എന്നെ മനസ്സിലാക്കും.... ആ വിശ്വാസം ഉണ്ടെനിക്ക്......

നിന്റെ വിശ്വാസം നിന്നെ രക്ഷിക്കട്ടെ അതേ എനിക്ക് പറയാൻ ഉള്ളു... ഇപ്പോഴും നിന്റെ തീരുമാനം ഉൾകൊള്ളാൻ എനിക്ക് പറ്റുന്നില്ല.

ഫൈസ് കൂടി തളർത്തല്ലേ എന്നെ..... അവൾ ദയനീയമായി അവന്നെ നോക്കി.

ഇല്ലെടാ..... അവനെ മിസ്സ് ചെയ്തു അതോണ്ട് പറഞ്ഞു പോയതാ.... സോറി.

അവൻ കൈ നീട്ടിയതും അവൾ അവന്റെ നെഞ്ചോട് ചേർന്നു നിന്നു.

ഹലോ..... പബ്ലിക് പ്ലെസ് ആണ്..... കെട്ട് പ്രായം എത്തിയ ഒരു പയ്യൻ ഇവിടുണ്ട് ഒന്നോർക്കണേ പറഞ്ഞു കണ്ണ് പൊത്തി യാഷ് അങ്ങോട്ട് വന്നു....

ഫൈസ് ചിരിയോടെ അവളെ വിട്ടു....

അല്ല ശദ എവിടെ......

അവൾ ഡ്രെസ്സിൽ ജ്യൂസ് മറിഞ്ഞു ഡ്രസ്സ് മാറാൻ റൂമിൽ പോയിരിക്ക......

ബാത്‌റൂമിൽ ടാപ് കെടാ.... സമി നന്നാകുന്നുണ്ട് ഫൈസ് പറഞ്ഞു.....

അപ്പോഴാ ശദ അങ്ങോട്ട് വന്നത്...

കണ്ണ് നിറച്ചു വരുന്ന അവളെ എല്ലാവരും ഞെട്ടലോടെ നോക്കി.....

എന്താ പറ്റിയെ.... ഫൈസ് അവളെ മുഖം ഉയർത്തി ചോദിച്ചു....

പിന്നാലെ സമിയും വരുന്നുണ്ടായിരുന്നു.

ശദ പറയുന്നത് കേട്ട് അവൻ ഞെട്ടലോടെ എല്ലാവരെയും നോക്കി.

അതിനേക്കാൾ ഞെട്ടലോടെ അവനെ എല്ലാവരും നോക്കി നിന്നു.

❤️💔INVISIBLE LOVE 💔❤️

Love after 💘marriage 🌷103🌷

എനിക്ക് സമിക്കയെ കല്യാണം കഴിക്കണം .......
എല്ലാവരും ഞെട്ടലോടെ അവളെ നോക്കി.ഭയ്യ
എനിക്ക് സമിക്ക ഇല്ലാതെ ജീവിക്കാൻ പറ്റില്ല.
ഞാൻ..... എനിക്ക്....സമിക്കയെ ഇഷ്ടം ആണ്......

സമി കിളി പോയ പോലെ നിന്നെ ഉള്ളു.

ഫൈസ് അവളെ ആശ്വസിപ്പിക്കുന്ന പോലെ
തോളിൽ പിടിച്ചതും അവന്നെ കെട്ടിപിടിച്ചു
കരഞ്ഞു.....

നീ കരയാതിരിക്ക്...... നമുക്ക് സംസാരിച്ചു
തീരുമാനിക്കാം......

അവൾ കണ്ണ് തുടച്ചു......

ഫൈസ് സമിയെ നോക്കി. അവന്റെ നിൽപ്പിൽ അവൻ പോലും ഇപ്പൊ അറിഞ്ഞുള്ളു എന്ന് അവന്ന് തോന്നി. അമ്മാതിരി ഞെട്ടൽ ആണ്.....

ശദ എന്തൊക്കെ പറയുന്നേ..... ഞാൻ ഒരിക്കലും നിന്നെ അങ്ങനെ കണ്ടിട്ട് ഇല്ല. സമി എങ്ങനെയൊക്കെയോ ഞെട്ടൽ മാറ്റി വെച്ചു പറഞ്ഞു.

എനിക്ക് ഇനി മറ്റൊരാളെ ആ സ്ഥാനത് കാണാൻ പറ്റില്ല.....  ഞാൻ കാത്തിരുന്നോളാം എന്നെ അസപ്റ്റ് ചെയ്യുന്നവരെ..... വിവാഹം കഴിക്കുന്നുണ്ടെങ്കിൽ അത് നിന്നെ മാത്രം ആയിരിക്കും. അതും പറഞ്ഞു കണ്ണും തുടച്ചു അവൾ പോയി.... പിറകെ കൈ മലർത്തി കാണിച്ചു യാഷും.

ബാക്കി എല്ലാവരും സമിയെ നോക്കി.

അവൻ മുടിയിലൂടെ കൈ കൊരുത് പിടിച്ചു. തല താഴ്ത്തി നിന്നു. ഫൈസ് അവന്റെ കയ്യും പിടിച്ചു

ഗാഡനിലേക്ക് പോയി. പിറകെ ഇനുവും.

എന്താടാ സംഭവം...... അവൾക്ക് നിന്നെ ഇഷ്ടം ആണോ...... മുന്നേ പറഞ്ഞിട്ട് ഉണ്ടോ.....

സമി നടന്നത് മൊത്തം പറഞ്ഞു കൊടുത്തു.....

ഇനുവും ഫൈസ് താടിക്ക് കയ്യും വെച്ചു ഇരുന്നു.....

നിന്റെ തീരുമാനം എന്താ ഇനിയിപ്പോ.

ടാ ഞാൻ പറഞ്ഞല്ലോ..... ശദ നല്ല കുട്ടിയ..

എനിക്ക് ഇഷ്ടകുറവ് ഒന്നും ഇല്ല.... അത് കൊണ്ട് തന്നെ അവളെ കെട്ടുന്നതിന്ന് എനിക്ക് പ്രോബ്ലം ഇല്ല. പക്ഷേ റിസ അവളെ ഓർക്കുമ്പോ എനിക്ക് പറ്റില്ലെടാ അതിന്ന്..... അവളെ വേദനിപ്പിച്ചിട്ട് എനിക്കൊരു ജീവിതം വേണ്ട....

അവർക്ക് ഇതിൽ ഒന്നും പറയാൻ ഇല്ലായിരുന്നു.

ഞാൻ സംസാരിച്ചോളാം ശദയോട് അത് പറഞ്ഞു അവൻ പോയി.

ഇനിയെന്താ ഫൈസ് ചെയ്യാ..... ഇനു ആധിയോടെ അവന്നെ നോക്കി.

എന്റെ പെങ്ങൾക്ക് അവനെക്കാൾ നല്ലൊരു ചെക്കനെ വേറെ കിട്ടില്ല. നമുക്ക് നോക്കാം എവിടെ എത്തുന്നു. എന്നിട്ട് ഇടപെടാം.....

അവൾ അതിന്ന് തലയാട്ടുക മാത്രം ചെയ്തു.

❤️❤️❤️❤️

നൈറ്റ് ഇനു ലേറ്റ് ആയിട്ടും റൂമിലേക്ക് വരാത്ത കണ്ടു ഫൈസ് താഴേക്കു ഇറങ്ങി വന്നു. എല്ലാരും കിടന്നിരുന്നു. Ajwa യുടെ റൂമിൽ നിന്നും ശബ്ദം കേട്ട് അവൻ അങ്ങോട്ട് പോയി....

ഇനു നിലത്ത് കുത്തിയിരുന്ന് അവളുടെ വയറിൽ കൈ വെച്ചും ചെവി ചേർത്ത് വെച്ചും സംസാരിക്കുന്നത് കണ്ടു.....

Ajwa അവനെ കണ്ടു ഇനുവിനെ വിളിക്കാൻ പോയതും അവൻ വേണ്ടെന്ന് ചുണ്ടിൽ വിരൽ വെച്ചു കാണിച്ചു. എന്നിട്ട് അവളുടെ അടുത്തേക്ക് പോയി ചെവിയിൽ തിരുമ്മി....

ഫൈസ്..... അവൾ ചിണുങ്ങി കൊണ്ട് വിളിച്ചു കൈ തട്ടിമറ്റി.

ബേബിയെ നോക്ക് ഞാൻ സംസാരിക്കുമ്പോൾ എന്നോട് സംസാരിക്കും..... കൗതുകത്തോടെ

പറഞ്ഞു. പെട്ടന്ന് ഫൈസിയുടെ കയ്യെടുത്ത് അവളുടെ വയറിൽ വെച്ചു. Ajwa യും അവനും എല്ലാം ഒരു നിമിഷം പകച്ചു നിന്നു. അവന്റെ കൈക്കുള്ളിൽ ഒരു പിടപ്പ് അറിഞ്ഞതും അവന്ന് ശരീരം മൊത്തം കോരിതരിപ്പ് തോന്നി. ആദ്യത്തെ അനുഭവം ആയോണ്ട് തന്നെ അവൻ ഒന്ന് ഞെട്ടിയിരുന്നു. അറിയാതൊരു ആത്മബന്ധം അവളോട് തോന്നി അവന്ന്.

ഫൈസ് കണ്ടോ..... ഞാൻ സംസാരിക്കുമ്പോ അനങ്ങും.... നിന്നെയും ഇഷ്ടം ആണ് അതോണ്ടല്ലേ നീ തൊട്ടപ്പോൾ അനങ്ങിയത്.....

Ajwa അപ്പോഴും കണ്ണ് മിഴിച്ചു നോക്കി നില്കുന്നത് കണ്ടു.....

സോറി..... ഇവൾ..... പെട്ടന്ന്..... അവൻ വിക്കി പറഞ്ഞോണ്ട് വേഗം കൈ വലിച്ചു.....

എന്തിനാ സോറി..... ഫൈസിയുടെ സ്വന്തം പെങ്ങൾ ആയിട്ട് കൂട്ടിക്കോ അപ്പൊ സോറി വേണ്ടലോ......

അവൻ ajwa യെ നോക്കി പുഞ്ചിരിച്ചു. അവളും തിരിച്ചു ചിരിച്ചു.

ഉമ്മാനെ കുഞ്ഞിനേയും ഉറങ്ങാൻ വിടാതെ ശല്യം ചെയ്യാണോ കുരിപ്പേ.... അവൻ വിശയം മാറ്റാൻ എന്ന പോലെ പറഞ്ഞു അവളെ തലക്ക് ചൊട്ട് കൊടുത്തു.

അവർ ഉറങ്ങീല്ലല്ലോ....

ഇത്താക്ക് ഉറക്കം വരുന്നുണ്ടോ.... സോറി

ഇല്ലെടാ..... നിന്റെ സംസാരം കേട്ട് ഇരിക്കാൻ നല്ല രസം ഉണ്ടായിരുന്നു....

ആണോ..... ഫൈസ് കേട്ടല്ലോ..... വെറുതെ എന്റെ

ചെവി പൊന്നാക്കി....

അവൾ ഇപ്പൊ ശല്യം ആയിന്നു പറയോ നീയല്ലേ അത് കണ്ടറിഞ്ഞു ചെയ്യേണ്ടത് അവൻ കണ്ണുരുട്ടി.

ആണല്ലേ..... അവൾ ഫൈസിയെ നോക്കി

പിന്നെ ajwaye നോക്കി.

ഇത്തു വാ നമുക്ക് ഒന്ന് കറങ്ങീട്ടു വരാം....

ഫൈസ് കണ്ണ് മിഴിച്ചു അവളെ നോക്കി.

ഈ സമയത്ത് ഒരുപാട് ആഗ്രഹം ഉണ്ടാകും.... റംസിത പറഞ്ഞല്ലോ..... റംസിതക്ക് ഇഷ്ടം ആണ് പോലും നൈറ്റ് കറങ്ങാൻ പോകാൻ.....

അത് ഭർത്താവിന്റെ കൂടെയല്ലേ ഇനു.....മോഹങ്ങൾ

ഇല്ലാത്ത.....

പെട്ടന്ന് പറഞ്ഞത് പൂർത്തിയാക്കാതെ നിർത്തി.....

അതേ ഭർത്താവിന്റെ കൂടെ മാത്രം അല്ല.

സ്വന്തം ഇക്കാന്റെ കൂടെ പോകാം..... ഫ്രീ ആയി ഈ അനിയത്തി വരാം കൂട്ടിന്....

അല്ലേ ഫൈസ്..... അവൾ ഫൈസിയുടെ തോളിൽ കൈ വെച്ചു പറഞ്ഞു.....

Ajwa യെ കണ്ടപ്പോൾ അവന്ന് എതിർത്തു പറയാൻ തോന്നിയില്ല...... ആരോരും ഇല്ലാത്ത നോവ് അറിഞ്ഞത് കൊണ്ട് തന്നെ അവന്ന് അവളെ ഓർത്തു സങ്കടം തോന്നി....

Ajwa വാ നമുക്ക് ഒന്ന് കറങ്ങീട്ടു വരാം.....

ഫൈസ് പറഞ്ഞു. ഫൈസ് ആദ്യം അയാണ് അവളോട് സംസാരിച്ചത്.... അതിന്റെ പകപ്പ് അവളിൽ ഉണ്ടായിരുന്നു

ഞാൻ ഇല്ല.... നിങ്ങൾ പോയിട്ട് വാ..... അവൾ പറഞ്ഞൊഴിഞ്ഞു...

ഇനു കയ്യിൽ പിടിച്ചു വലിച്ചു കൊണ്ട് വന്നു.... പിന്നെ അവൾ എതിർത്തില്ല.

ബീച്ചിൽ പോയി കാറ്റ് കൊണ്ട് കുറച്ചു

നടന്നു പിന്നെ തട്ടുകടയിൽ കയറി മസാല ദോശയും കഴിച്ചു ഉപ്പിലിട്ടത് കുറെ ഐറ്റം പാഴ്സൽ ആക്കി വാങ്ങി വീട്ടിലേക്ക് തിരിച്ചത്..

ആദ്യത്തെ അനുഭവം ആയത് കൊണ്ട് തന്നെ സന്തോഷം കൊണ്ട് കണ്ണ് നിറഞ്ഞിരുന്നു അവളുടെ.... അവൾ നന്ദിയോടെ ഇനുവിനെ നോക്കി..... ഫൈസ് ഉണ്ടാരുന്നു അവളെ നോക്കികൊണ്ട് ....

Ajwa യുടെ കൂടെ കുറുമ്പ് കാണിച്ചു നടക്കുന്നത്

കണ്ടു അവനിലും വാത്സല്യവും പ്രണയവും നിറഞ്ഞു.....

തന്നെ ദ്രോഹിച്ച ആളെ കുഞ്ഞിനെ സ്വന്തം പോലെ നോക്കുന്നത് കണ്ടു അത്ഭുതവും....

റൂമിൽ എത്തിയതും അവൾ ബെഡിലേക്ക് വീണു.....

ടീ ഡ്രസ്സ് മാറ്റി കിടക്ക്.... ഫൈസ് അവളെ നോക്കി കണ്ണുരുട്ടി പേടിപ്പിച്ചു.....

എനിക്ക് വയ്യ.... എനിക്ക് നല്ല ക്ഷീണം ഉണ്ട്. അവൾ കണ്ണടച്ച് കിടന്നു...

ഫൈസ് അവളെ കോരിയെടുത്തു. അവൾ കണ്ണടച്ച് കിടന്നേ ഉള്ളു ബാത്റൂമിലേക്ക് നടന്നു. ബാത് ഡബ്ബിൽ ഇടാൻ നോക്കിയതും അവൾ ഷർട്ടിലും കഴുത്തിലും മുറുക്കെ പിടിച്ചു..... എത്ര പിടിവിടീപ്പിച്ചിട്ടും അവൾ വിട്ടില്ല.... ഉടുമ്പ് പിടിക്കുന്ന

പോലെ കഴുത്തിൽ പിടിച്ചത് കണ്ടു ഫൈസ് ചിരി വരുന്നുണ്ടായിരുന്നു.

ഇനു തമാശ കളിക്കാതെ പോയി കുളിക്ക്.

അവൾ പെട്ടന്ന് ഫൈസിയെ കൊണ്ട് മുന്നോട്ട് ആഞ്ഞു അവൻ അവളെ കൊണ്ട് ബാത് ഡബ്ബിൽ ലേക്ക് വീണു....

അവൾ കണ്ണ് തുറന്നു അവന്നെ നോക്കി.

അവന്റെ ദേഹത്തു ചാരി നിന്നു.....

അവൻ കണ്ണടച്ച് പിറകോട്ടു ചാരി നിന്നെ ഉള്ളു..... യാതൊരു വികാരം പ്രകടിപ്പിക്കാതെ നിൽക്കുന്ന അവന്നെ നോക്കി ഉള്ളിൽ ഒരു നൊമ്പരത്തോടെ അവൾ എഴുന്നേറ്റു...... ഒന്ന് ദേഷ്യപെടുകയെങ്കിലും ചെയ്തിരുന്നെങ്കിൽ നെഞ്ചിലെ വിങ്ങൽ എങ്കിലും മാറിക്കിട്ടിയേനെ....

സോറി ഞാൻ ചുമ്മാ ചെയ്തതാ..... അവൾ പറഞ്ഞൊപ്പിച്ചു കൊണ്ട് അവിടെ നിന്നു ഇറങ്ങി പോയി.....

ഫൈസ് വരുമ്പോഴേക്കും അവൾ ഡ്രസിങ് റൂമിൽ നിന്നും ഡ്രസ്സ് മാറി കിടന്നിരുന്നു..... അവൻ വരുന്നത് കണ്ടതും അവൾ കണ്ണടച്ച് കിടന്നു....

അവളെ പിറകിലൂടെ ചേർന്നു കിടന്നു കെട്ടിപിടിച്ചു. അവളുടെ മുടിയിൽ മുഖം പൂഴ്ത്തി കിടക്കുന്ന അവനെ കണ്ടു അവൾക്കും മനസ്സിലാവുന്നുണ്ടായിരുന്നില്ല എന്താ കാര്യം എന്ന്..... ശഹിയുടെ മാര്യേജ് കഴിയുന്നത് വരെ കാത്തിരിക്കണം പറഞ്ഞത് കൊണ്ടാണോ..... മറ്റൊരു പ്രശ്നം കാണാതൊണ്ട അവൾ അത് തന്നെ ഉറപ്പിച്ചു..... Ajwa ക്ക് നല്ലൊരു ജീവിതം കിട്ടണമെങ്കിൽ ഞാനും ഫൈസിയും ഒന്നായാൽ മാത്രം ആകു എന്നും അവളോർത്തു..... അവൾ തിരിഞ്ഞു കിടന്നു... അവന്റെ കൈക്കുള്ളിലൂടെ നൂണ്ട് കയറി നെഞ്ചിൽ തലവെച്ചു കിടന്നു.....

അതറിഞ്ഞെന്നവണ്ണം അവന്റെ ചുണ്ടിൽ ഒരു പുഞ്ചിരി വിരിഞ്ഞു.

❤❤❤

രാവിലെ കോളേജിൽ എത്തിയതും സ്റ്റെപ്പ് കേറുമ്പോൾ കാലും പിടിച്ചു കൂക്കി വിളിച്ചോണ്ട് നിലത്ത് ഇരുന്നു ഇനു.... അത് കണ്ടതും റാനി ഓടി വന്നു.....

എന്താടാ പറ്റിയെ......

കാല് മടങ്ങിയ പോലെ ആയി നല്ല വേദനയുണ്ട്..... മനപ്പൂർവം മുട്ടിച്ചത് ആയോണ്ട് ചെറിയ വേദന ഉണ്ടായിരുന്നു

വേദന കൊണ്ട് അവളെ കണ്ണ് നിറഞ്ഞിരുന്നു....

റാനി അവിടെ ഇരുന്നു അവളെ കാല് മടിയിൽ വെച്ചു തടവി കൊടുത്തു. ഇത് കണ്ടോണ്ട് ആയിരുന്നു ഇജു

വന്നത്. അവൻ അവളെ അടുത്തേക്ക് ഓടി വന്നു

എന്താ പറ്റിയെ പറഞ്ഞു അവൻ തൊടാൻ നോക്കിയതും അവൾ കാൽ വലിച്ചു.

എനിക്ക് എന്ത് പറ്റിയാലും ഇജാസ് ഹൈദർ നോക്കണ്ട അവൾ കടുപ്പിച്ചു തന്നെ പറഞ്ഞു.

നിന്റെ തന്തയാടീ പിന്നെ നോക്കണ്ടത് കലിപ്പിൽ അവൻ അലറിയതും റാനി ചിരിച്ചു പോയി.....

അവൻ മുഖം കൂർപ്പിച്ചു നോക്കി.

അല്ല..... അവളെ തന്ത..... അല്ല ഉപ്പ.... നിങ്ങൾ..... അവൾ പേടിയോടെ വിക്കി വിക്കി പറഞ്ഞു.

അപ്പോഴാ അവനും അത് ചിന്തിച്ചത് സ്വന്തം തന്തക്ക്

തന്നെ വിളിച്ചെന്നു....

അവൻ അവളെ മൈന്റ് ആക്കാതെ അവളെ കോരി എടുത്തു ഓഫീസിലേക്ക് പോയി. ഒരു നിമിഷം പഴയ പോലെ അവന്റെ നെഞ്ചോട് ചേർന്നു നിന്നപ്പോൾ സങ്കടം കൊണ്ട് കണ്ണ് നിറഞ്ഞിരുന്നു....

ഓയിന്മെന്റ് എടുത്തു പുരട്ടാൻ നോക്കിയതും അവൾ കയ്യെടുത് തടഞ്ഞു

ഇജുക്ക എന്റെ കാൽ പിടിക്കാനോ.... എന്താ ചെയ്യുന്നേ വൃത്തികേട്...... ആരെങ്കിലും വൃത്തിയില്ലാത്ത കാൽ തൊടോ......

നിന്റെ കാൽ അല്ലേ വൃത്തിയില്ലെങ്കിലും കുഴപ്പം ഇല്ല.... അവൻ ഓയിന്മെന്റ് തടവി കൊടുത്തു......

റാനി ഇജുക്കനെ പോലെ ഒരു പാവം ആണല്ലേ

അപ്പോൾ.... അവളും വൃത്തികേട് പോലും നോക്കാതെ കാൽ പിടിച്ചേ..... അതും മടിയിൽ വെക്കുകയും ചെയ്തു..... ഇജ്ജുക്കനെ പോലെ അപ്പോ എന്നെ അവൾക്കും ഭയങ്കര സ്നേഹം ആയിരിക്കും....... അവൾ ആരോടെന്നില്ലാതെ പറഞ്ഞു.

അവന്റെ ഉള്ളിലും അത് ഓർമ വന്നു.

പരിഭ്രാന്തിയോടെ അവളെ കാൽ പിടിച്ചു തടവിക്കൊടുക്കുന്നത്. അവളുടെ മുഖത്ത് ഇനുവിനോട് കണ്ട വാത്സല്യം എന്തെങ്കിലും പറ്റിയോ എന്നുള്ള പേടി......

അപ്പോഴേക്കും യാഷ് അങ്ങോട്ട് വന്നു.

അവൾ യാഷിന്റെ കൂടെ പോയി.

ചെറിയ വേദന ഉള്ളോണ്ട് അവൻ കൈ പിടിച്ച നടത്തിയത്.

ആക്റ്റിംഗ് പറഞ്ഞിട്ട്.... സൂക്ഷിച്ചു ചെയ്യണ്ടേ അവൻ ദേഷ്യത്തോടെ പറഞ്ഞു.

പറ്റിപോയതാ... പെട്ടന്ന് കാൽ മുട്ടിപ്പോയി.

അതെന്നോട് പറഞ്ഞിട്ട് എന്താ കാര്യം.... ഭയ്യാ അറിഞ്ഞ നല്ലോണം കിട്ടും നോക്കിക്കോ.....

അത് മുട്ടിയപ്പോ ഉള്ള വേദനയ ഇജ്ജുക്ക തൊട്ടപ്പോ തന്നെ പോയി.... ഏതായാലും പ്ലാൻ സക്സസ് ആയില്ലേ മൂപ്പർക്ക് ആട്ടം ഉണ്ട് അവൾ ചിരിച്ചോണ്ട് പറഞ്ഞു.

ഇനുവും യാഷ് റാനിക്ക് ഓരോ പണി കൊടുത്തു കൊണ്ടിരുന്നു. റാനി പുഞ്ചിരിയോടെ മാത്രം അതൊക്കെ എടുത്തുള്ളൂ.... പലപ്പോഴും ഇജ്ജുവിന്റെ നോട്ടം തന്നിൽ നിന്നും മാറി റാനിയിലേക്ക്

എത്തുന്നത് അവൾ ഇടം കണ്ണിട്ട് കണ്ടു. ചിലപ്പോൾ അസൂയ കൊണ്ടാവും നോക്കുന്നത്. തന്നെക്കാൾ അവളെ സ്നേഹിക്കുന്നു തോന്നലിൽ.... ചിലപ്പോൾ വാത്സല്യം ആയിരുന്നു ആ കണ്ണിൽ തന്നെ പോലെ ഇനുവിനെ സ്നേഹിക്കുന്നു എന്ന തോന്നലിൽ...... ഇനു പുഞ്ചിരിയോടെ അതൊക്കെ കണ്ണുകൾ കൊണ്ട് ഒപ്പിയെടുത്തു. ഫൈസിയോട് മനസ്സ് കൊണ്ട് നന്ദി പറഞ്ഞു.....  പരസ്പരം പ്രണയിപ്പിക്കാൻ ഇത് വരെ ഒരാളും ഇങ്ങനെ ചെയ്തിട്ട് ഉണ്ടാവില്ലെന്ന് അവളോർത്തു..... ഇങ്ങനെ പോയ റാനിയെ മിക്കവാറും ഞാൻ തന്നെ പ്രണയിച്ചു പോകും എന്ന് പോലും ഇനുവിന് തോന്നി.

❤️❤️❤️

തന്ന മോഡലിൽ ചെറിയ മാറ്റം ഉണ്ടെന്ന് പറഞ്ഞു ആണ് റിസയെ ശഹി വിളിപ്പിച്ചത്

അവിടെ എത്തുമ്പോഴാ അറിഞ്ഞത് അന്ന് ഹൾദി ആണെന്ന്..... മഞ്ഞൾ ഇടുന്ന ചടങ്ങ് അന്നായിരുന്നു.

അവൾ മനസ്സ് ഇടറില്ലെന്ന് ഉറപ്പിച്ചു അകത്തേക്ക് കയറി....

അവൾ ശഹിയോട് നൈഹയോട് അവിടെ ഉള്ളവരോട് ഒക്കെ സാധാരണ പോലെ പെരുമാറി. ശഹിയോട് അവന്റെ കണ്ണിൽ നോക്കി തന്നെ സംസാരിച്ചു..... അവളുടെ മനസ്സിൽ നൈഹയുടെ ഹസ്ബൻഡ് എന്ന് ഉറപ്പിച്ചിരുന്നു അവൾ..... ഷഹിക്ക് അത് കണ്ടപ്പോൾ താൻ തോറ്റു പോകുമോ എന്നുള്ള ചിന്ത ആയിരുന്നു വന്നത്.

അവൻ റിസയുടെ അടുത്തേക്ക് പോയി. അവൾ ചെയറിൽ ഇരുന്നു മടിയിൽ ലാപ്പ് വെച്ചായിരുന്നു ഇരുന്നത്. അവൻ അവളുടെ പിറകിൽ നിന്നു ചെയർസൈഡിൽ കൈ കുത്തി അവളുടെ മുഖത്തോട് അടുപ്പിച്ചു ലാപ്പിൽ നോക്കി മോഡൽസ് പറയാൻ പറഞ്ഞു.

അവന്റെ ശ്വാസം കഴുത്തിൽ തട്ടിയതും അവളിലൂടെ ഒരു മിന്നൽ പിണർ പടർന്നു കയറി. അവൾ നിന്ന്

വിയർത്തു.... അവൻ അറിയാത്ത മട്ടിൽ കൂടുതൽ അടുത്ത് നിന്ന് ഓരോന്ന് പറഞ്ഞു കൊണ്ടിരുന്നു.അവൾക്ക് തന്റെ ഹൃദയമിടിപ്പ് കൂടി പൊട്ടിത്തെറിച്ചു പോകുന്ന് വരെ തോന്നി.... അവൾ എങ്ങനെ ഒക്കെയോ മൂളി കൊടുത്തു... അവൻ പറഞ്ഞു കഴിഞ്ഞതും അവൾ പേടിച്ചു വിറച്ചപോലെ രക്ഷപെട്ടു എന്ന് പറഞ്ഞു എഴുന്നേറ്റു. അവൻ മുഖം മാറ്റത്തത് കൊണ്ട് തന്നെ അവളുടെ കഴുത്തിലൂടെ അവന്റെ കവിൾ ഉരഞ്ഞു.... രണ്ടു പേരും ഷോക്ക് അടിച്ച പോലെ വിളറി നിന്നു..... പരസ്പരം ശ്വാസം എടുക്കാൻ പോലും കഴിയാതെ മുഖത്തോട്ട് നോക്കാൻ പറ്റാതെ അവർ നിന്നു ഒരു നിമിഷം.....

താടി രോമങ്ങൾ ഉരഞ്ഞുണ്ടായ ചെറിയ നീറ്റലിൽ അവൾ കയ്യോടിച്ചു..... അവന്റെ ഓർമ്മകൾ അവളിൽ നിറഞ്ഞതും നെഞ്ചിൽ ഒരു നീറ്റൽ തോന്നി അവൾക്ക്

ആരോ വിളിച്ചതും അവൻ അങ്ങോട്ട് പോയി. അവൾക്ക് സംഭരിച്ച ധൈര്യം എല്ലാം ചോർന്നു പോയ

പോലെ തോന്നി. വീണ്ടും അവന്റെ പ്രണയത്തിൽ പ്രസൻസിൽ മുങ്ങിയ പോലെ അവന്റെ മുഖം തെളിവാർന്നു നിന്നു.....

ശഹി കയ്യിൽ മഞ്ഞൾ എടുത്തു നൈഹയുടെ ഇരുകവിളിൽ തേച്ചു കൊടുത്തു..... ശഹി ഇടം കണ്ണിട്ട് റിസയെ നോക്കി..... മുഖത്ത് പുഞ്ചിരി ഉണ്ടെങ്കിലും

ആ പുഞ്ചിരിക്ക് പിന്നിലെ വേദന അവളുടെ കണ്ണിലൂടെ അവൻ അറിഞ്ഞു.

അത് കണ്ടതും അവനിൽ ഒരു പുച്ഛചിരി വിരിഞ്ഞു. അവൾ ഇറങ്ങിപൊയി.

🌹🌹🌹🌹🌹

അപ്പോഴാ ഗാഡനിൽ ആരോ നില്കുന്നത് അവൾ കണ്ടത്. സമിയെയും റിസയെയും കണ്ടു. ആരും കാണാതെ ഇവർ മാത്രം സംസാരിക്കുന്നത് എന്തിനാണ്.... അവൾ സംശയത്തോടെ അടുത്തേക്ക് പോയി.

ശദ..... എനിക്ക് സംസാരിക്കാൻ ഉള്ളത് കേട്ടെ പറ്റു.... എനിക്ക് ഈ വിവാഹത്തിന് സമ്മതം അല്ല...

എനിക്ക് മറ്റൊരാളെ ഇനിയെന്റെ ഭർത്താവായി കാണാൻ പറ്റില്ല... അവൾ നിറഞ്ഞ മിഴികൾ തുടച്ചു കൊണ്ട് പറഞ്ഞു.

അതിന്ന് മാത്രം എന്താ സംഭവിച്ചത്.... ജസ്റ്റ് ആക്സിഡന്റ് അത്രയേ ഉള്ളു....

ആയിരിക്കും..... പക്ഷേ എന്നെ ആദ്യമായി ആ വേഷത്തിൽ കണ്ടത്....... എന്റെ ദേഹത്തു തൊട്ടത് സമികയാണ് ..... അപ്പൊ തൊട്ട് സമിക്കയെ പറ്റി മാത്രം ഞാൻ ആലോചിച്ചിട്ട് ഉള്ളു. ഹൃദയത്തിൽ ഈ മുഖം മാത്രം ഉള്ളു.....

പറയുന്നത് മനസ്സിൽ ആക്ക് ശദ അതിന്ന് മാത്രം

നിനക്ക് ഒന്നും സംഭവിച്ചിട്ടില്ല. എനിക്ക് ഓർമ കൂടി ഇല്ല നിന്നേ അങ്ങനെ കണ്ടത്. എനിക്ക് ഒരിക്കലും ഈ വിവാഹത്തിന് സമ്മതം അല്ല. വീട്ടിൽ പറഞ്ഞു പരസ്പരം വഴക്ക് ആകണ്ട കരുതിയാണ് ഞാൻ ഇപ്പൊ തന്നെ ഇങ്ങോട്ട് വന്നത്....

ശഹി റിസയെ കല്യാണം കഴിച്ച വിവാഹത്തിന് സമ്മതിക്കോ......

എന്തൊക്കെ പറയുന്നേ ശദ..... ശഹിയുടെ മാര്യേജ് ആണ് രണ്ടു ദിവസം കഴിഞ്ഞാൽ

ഞാൻ പറഞ്ഞ എന്റെ ഭയ്യാ കേൾക്കും....

എനിക്ക് വേണ്ടി എന്ത് വേണേൽ ചെയ്യും.

റിസയെ കല്യാണം കഴിച്ചോളാം എന്നെ സ്വീകരിക്കോ..... ബയ്യയുടെ കൂടെ കാണുമ്പോൾ നിങ്ങളുടെ ഫ്രണ്ട്ഷിപ് കാണുമ്പോൾ ആഗ്രഹിച്ചു പോയിട്ടുണ്ട്...... നിങ്ങളെ കല്യാണം കഴിച്ച ആരെയും വിട്ടു പോകണ്ടല്ലോന്ന് ഒക്കെ.

പക്ഷേ ഒരു നോട്ടം കൊണ്ട് പോലും വേണ്ടാത്ത രീതിയിൽ നോക്കിയിട്ട് ഇല്ല അതോണ്ട് തന്നെ ആ ആഗ്രഹം മനസ്സിൽ മൂടി വെച്ചിട്ട് ഉള്ളു..... ഇപ്പോ ഇന്നലെ അങ്ങനെ ഒക്കെ സംഭവിച്ചപ്പോൾ.... എനിക്ക് പറ്റുന്നില്ല മറ്റൊരാളെ ആ സ്ഥാനത് കാണാൻ...... എന്നെ വേണ്ടെന്നു പറയല്ലേ..... എനിക്ക് പറ്റാത്തോണ്ടാ.... അവൾ കൈകൂപ്പി പറഞ്ഞു കരഞ്ഞോണ്ട് അകത്തേക്ക് ഓടി പ്പോയി.

സമി എന്ത് വേണമെന്ന് തിരിയാതെ കൈകൾ കൂട്ടി അടിച്ചു. തിരിഞ്ഞു നോക്കുമ്പോൾ പിന്നിൽ റിസയെ കണ്ടു ഞെട്ടി.

നിങ്ങൾ സംസാരിച്ചത് മൊത്തം കേട്ടു. എന്താ കാര്യം അവൾ മുഖവുര ഇല്ലാതെ തന്നെ ചോദിച്ചു.

അവൻ വേറെ വഴിയില്ലാതെ സംഭവിച്ചത് പറഞ്ഞു കൊടുത്തു.

റിസ കുറച്ചു സമയം ആലോചിച്ചു നിന്നു.

സമിക്കാക്ക് അവളെ ഇഷ്ടം ആണോ....

അവൻ ഒന്നും മിണ്ടിയില്ല....

ഏതായാലും ആരെയെങ്കിലും വിവാഹം കഴിക്കണം.... എങ്കിൽ പിന്നെ സമിക്കയെ സ്നേഹിക്കുന്ന ഒരാളെ തന്നെ ആയിക്കോടെ. എല്ലാവരും മനസ്സ് കൊണ്ട് ആഗ്രഹിക്കുന്നുമുണ്ട്.....

അത് ശരിയാവില്ല റിസ.... എനിക്കീ വിവാഹത്തോട് താല്പര്യം ഇല്ല....

ഞാൻ കാരണം അല്ലേ വേണ്ടെന്നു വെക്കുന്നെ.... എന്ന കേട്ടോ... ശദയെ വിവാഹം കഴിച്ചില്ലെങ്കിൽ എന്റെ ജീവിതത്തിൽ ഒരു വിവാഹം ഉണ്ടാകില്ല. ആ പെണ്ണിന്റെ കണ്ണുനീർ വീഴ്ത്തി എനിക്കൊരു ജീവിതം

വേണ്ട. സാമിക്കയൊണെ സത്യം എന്ന് പറഞ്ഞു തലയിൽ കൈ വെച്ചു....

അവളെ വാശി അറിയുന്ന അവന്ന് തിരിച്ചു ഒന്നും പറയാൻ കഴിഞ്ഞില്ല.

അവൾ അവന്റെ കയ്യും പിടിച്ചു അകത്തേക്ക് പോയി. അമ്മിജനെ കാണണം എന്ന് പറഞ്ഞു. അവർ വന്നു അവിടെ ഉള്ള എല്ലാവരും എത്തി.

എല്ലാരോടും ക്ഷമ ചോദിക്കാൻ ആണ് വന്നത്. വീട്ടിൽ വന്നപ്പോൾ വിവാഹത്തിന് സമ്മതം അല്ലെന്ന് പറഞ്ഞു മടക്കിയതിന്ന്

ഷദക്ക് സമ്മതം ആണ് വിവാഹത്തിന് സമിക്കാക്ക് സമ്മതം ആണ്. രണ്ടു പേരും പരസ്പരം സംസാരിച്ചു എടുത്ത തീരുമാനം ആണ്. അത് പറയാൻ വേണ്ടിയാണ് വന്നത്. റിസ എല്ലാവരോടും ആയി പറഞ്ഞു.

ജന്ന തീരുമാനിച്ചതാണ് ഈ വിവാഹം അത് കൊണ്ട് തന്നെ ഞങ്ങൾക്ക് യാതൊരു എതിർപ്പ് ഇല്ല. ആദം പറഞ്ഞതും എല്ലാവരും അത് ശരി വെച്ചു.

നദീം ഇജ്ജുവും വന്നു അവന്നെ കെട്ടിപിടിച്ചു. എല്ലാരുടെ മുഖത്ത് ഉണ്ടായിരുന്നു ആ സന്തോഷം.....

സമി മെല്ലെ ശദയെ നോക്കി. നാണത്താൽ പൂത്തുലഞ്ഞു തലതാഴ്ത്തി നില്കുന്നുണ്ടെങ്കിലും ആ ചുണ്ടിലെ പുഞ്ചിരി അവൻ കണ്ടു. അവനിലേക്കും ആ പുഞ്ചിരി പടർന്നിരുന്നു. ആ നോട്ടം റിസയിൽ എത്തിയതും അവന്റെ മുഖം മ്ലാനമായി..... റിസ പക്ഷേ ഹാപ്പി ആയിരുന്നു..... അവളുടെ മുഖത്തെ ഓരോ ഭാവവും ഒപ്പിയെടുത്തു ശഹിയും ഉണ്ടായിരുന്നു.

❤️❤️❤️❤️

രാത്രി റൂമിൽ എത്തിയതും ഫൈസി അത്ഭുതം

കൊണ്ട് കണ്ണ് വിടർന്നു..... മുല്ലപ്പൂവിന്റെ മണം അവന്റെ നാസികത്തുമ്പിൽ ഓടിയെത്തി.... അവൻ റൂം മൊത്തം നോക്കി. ബെഡിൽ നിറയെ മുല്ലമൊട്ടുകൾ കണ്ടു.

നന്നായി അണിഞ്ഞൊരുങ്ങി നിൽക്കുന്ന അവളെയും ബെഡും അവൻ മാറി മാറി നോക്കി.

അവൾ അവന്റെ അടുത്തേക്ക് ചെന്നു.

ഇന്നെന്താ പ്രത്യേകത..... അവളുടെ തോളിലോടെ കയ്യിട്ട് അവൻ ചോദിച്ചു.

നീയല്ലേ പറയാറ് നമ്മൾ ഒന്നാകുമ്പോ നമുക്ക് ചുറ്റും മുല്ലപ്പൂക്കളുടെ നറുമണം ഉണ്ടാവണം എന്ന്..... നീ കാണുന്ന സ്വപ്നങ്ങൾക്ക് മുല്ലപ്പൂവിന്റെ മണം ആണെന്ന്. അതോണ്ട് വാങ്ങിച്ചു വന്നു. അവന്റെ നെഞ്ചോട് ചേർന്നു നിന്നു. അവന്റെ ഷർട്ടിന്റെ ബട്ടനിൽ തെരുപിടിപ്പിച്ചു അവൾ മെല്ലെ പറഞ്ഞു.

അവന്റെ മുഖത്തെ സന്തോഷം മാഞ്ഞു.

കൈകൾ വേർപ്പെട്ടു.....

എനിക്ക് സമ്മതം ആണ് ഫൈസ് പുതിയൊരു ജീവിതം തുടങ്ങാൻ..... അവളുടെ ശബ്ദം ആർദ്രമായിരുന്നു..... പ്രണയാതുരമായിരുന്നു......

അവൻ അവളെ കൂട്ടി ബാൽകണിയിലേക്ക് നടന്നു.....

അവിടെ ചുമർ ചാരി ഇരുന്നു. അവൾ അടുത്തേക്ക് വന്നു...... ഒരുപാട് ചോദ്യങ്ങൾ അവളിൽ അലയടിക്കുന്നുണ്ടായിരുന്നു....

അവൾ നോക്കിയതും അവൻ കൈ നീട്ടി..... അവൾ ആ കയ്യിൽ പിടിച്ചു. അവൻ അവളെ പിടിച്ചു വലിച്ചു

അവന്റെ മടിയിൽ ഇരുത്തി.....

അവളുടെ തോളിൽ മുഖം ചേർത്ത് അവൻ കുറച്ചു സമയം നിന്നു.....

എനിക്ക് കുറച്ചു സംസാരിക്കാൻ ഉണ്ട്....

അവൾക്ക് അറിയേണ്ടതും അത് തന്നെ ആയിരുന്നു. എന്തിനാ തന്നെ അവോയ്ഡ് ചെയ്യുന്നത് എന്ന്...... അവന്റെ വാക്കുകൾക്ക് ആയി കാത് കൂർപ്പിച്ചു അവൾ ഇരുന്നു......

❤💔INVISIBLE LOVE 💔❤

Love after 💘marriage 🥀104🥀

നമുക്കിപ്പോ ഒരു കുട്ടി വേണ്ട ഇനു......

അവൾ ഞെട്ടലോടെ അവന്റെ മടിയിൽ നിന്നും എഴുന്നേൽക്കാൻ നോക്കിയതും അവൻ വയറിലൂടെ പിടിച്ച പിടി മുറുക്കിയൊണ്ട് അവൾക്ക് എഴുന്നേൽക്കാൻ കഴിഞ്ഞില്ല.

ഫൈസ് എന്താ പറയുന്നേ.....

നമ്മൾ രണ്ടാളും ചെറുപ്പം ആണ്..... കുഞ്ഞും കുട്ടിയും പ്രാരാബ്ധം ഒക്കെ ആയി ജീവിക്കണ്ട ടൈം അല്ല..... ജീവിതം ആസ്വദിക്കേണ്ട ടൈം ആണ്.... മാത്രം അല്ല എനിക്ക് എന്റെ കരിയറിൽ കൂടുതൽ ശ്രദ്ധിക്കേണ്ട സമയം ആണ്..... നിനക്ക് ആണെങ്കിൽ പതിനെട്ടു വയസ്സേ ആയുള്ളൂ..... പഠിക്കേണ്ട സമയം.....

പിന്നെ പഠിച്ചു ഞാൻ കലക്ടർ ആകാൻ അല്ലേ പോകുന്നെ.... അവൾ പുച്ഛത്തോടെ മുഖം കോട്ടി..... ഞാൻ പഠിപ്പൊക്കെ വിട്ടതാ ആവിശ്യത്തിനു ഉള്ള വിദ്യാഭ്യാസം ഉണ്ട്..... ഇപ്പൊ ഇജുക്കനെയും

റാനിയെയും സെറ്റക്കാൻ വേണ്ടി മാത്രം ആണ് വീണ്ടും കോളേജിൽ പോയത്...... പിന്നെ നിന്റെ കരിയർ...... പത്തു തലമുറക്ക് ജീവിക്കാൻ ഉള്ള സ്വത്തും പണവും എനിക്കുണ്ട്...... ഫൈസ് മോശം ഒന്നും അല്ലല്ലോ നല്ല രീതിയിൽ സാമ്പാദിച്ചു വെച്ചിട്ടുണ്ട് ഉപ്പ. പിന്നെ ഒരു കുഞ്ഞു വേണ്ടെന്നു വെക്കാനുള്ള കാര്യം എന്താ.....

നിന്റെ മാതാപിതാക്കൾ നിനക്ക് തന്നു എന്റെ മാതാപിതാക്കൾ എനിക്കും അങ്ങനെ ഉള്ളപ്പോൾ എന്റെ കുഞ്ഞിന് അവന്റെ ഉപ്പയായ ഞാനും സാമ്പാദിച്ചു വെക്കണ്ടേ. എനിക്ക് എന്റെതായ ഒരു ജീവിതം കെട്ടിപ്പടുത്തിട്ട് മതി ഒരു ജീവിതം

ഫൈസിക്ക് എത്ര വർഷ ടൈം വേണം ജീവിതം ഒന്ന് സെറ്റവാൻ.....

ഒരു രണ്ടു മൂന്ന് വർഷം.......

ഒക്കെ എനിക്ക് സമ്മതം ആണ്..... പക്ഷേ ഒരു കണ്ടീഷൻ..... ഞാൻ കാത്തിരുന്നോളാം എത്ര വർഷം വേണമെങ്കിലും... പകരം എനിക്ക് ഒരു കുഞ്ഞിനെ വേണം..... ആ കുഞ്ഞിനേയും കൊണ്ട് ഞാൻ ജീവിച്ചോളാം. ഫൈസിക്ക് എന്ന് ഒരു ലൈഫ് വേണമെന്ന് തോന്നുന്നോ അന്ന് ഞങ്ങളെ സ്വീകരിച്ചമതി. അത് വരെ ശല്യം ചെയ്യാതെ ഞങ്ങൾ മാറി താമസിച്ചോളാം

അവന്റെ ഉള്ളിൽ ഒരു വെള്ളിടി വെട്ടി. കുഞ്ഞു നമുക്കിടയിൽ വരാതിരിക്കാന ഇങ്ങനെ ഒരു കള്ളം പറഞ്ഞത്. എന്നിട്ട് അതിൽ തന്നെ എത്തി നില്കുന്നു. ഇനിയെങ്ങനെ മുടക്കാം ഇത്..... അവനൊന്നു ആലോചിച്ചു.....

അത് നടക്കില്ല..... നിനക്ക് ഇപ്പോഴും ഒരു ജീവിതം തുടങ്ങുവാനോ കുഞ്ഞുണ്ടവാനോ ഉള്ള മെച്ചയൂരിറ്റി വന്നിട്ടില്ല. അത് കൊണ്ട് കുഞ്ഞിന്റെ കാര്യം ചിന്തിക്കുക കൂടി വേണ്ട. എനിക്ക് നീ മതി കുട്ടിയായിട്ട്..... ഇനിയൊരു കുട്ടിയെ കൂടി

നോക്കാനുള്ള ശേഷിയില്ല.

എനിക്ക് നീയും നിനക്ക് ഞാനും മാത്രം...

എനിക്ക് നല്ല വിശ്വാസം ഉണ്ട് ഒരു കുഞ്ഞിനെ പ്രസവിക്കാനും വളർത്താനും കഴിവുണ്ടെന്ന്..... അവൾ ദേഷ്യത്തോടെ പറഞ്ഞു.

ഡോക്ടർസ് തന്നെ പറയുന്നുണ്ട് ഒരു പെൺകുട്ടി പ്രഗ്നൻറ് ആവാൻ അവളുടെ ശരീരം തയ്യാറാകുന്നത് 21 വയസ്സിൽ ആണ്. ശരീരം കൊണ്ടും മനസ്സ് കൊണ്ടും അവൾ മെച്ച്യുട് ആവുന്നത് ആ ടൈമിൽ ആണ്....

അത് ശരിയാണ്.... ഞാനും അനുകൂലിക്കുന്നു. പക്ഷേ എല്ലാവരും അത് പോലെ ആണോ ജീവിക്കുന്നെ. മെച്യുരിറ്റി വയസ്സിൽ അല്ല ഇരിക്കുന്നെ പ്രവർത്തിയിലാണ്. പതിനഞ്ചു പതിനാറു വയസ്സിൽ പ്രസവിക്കുന്നവർ ഇല്ലേ.... എനിക്ക് പതിനെട്ടു വയസ്സായി സ്വന്തം ആയി ചിന്തിക്കാനും ജീവിക്കാനും

കഴിവുണ്ട് ആരോഗ്യം ഉണ്ട്.... പിന്നെന്താ.....

നീ എന്തൊക്കെ പറഞ്ഞാലും ഞാൻ സമ്മതിച്ചു തരില്ല..... നിനക്ക് മെച്യുരിറ്റി ഉണ്ടെന്ന് എന്ന് തോന്നുന്നുവോ അന്ന് മതി നമുക്കിടയിൽ ഫിസിക്കൽ റിലേഷനും കുഞ്ഞും ഒക്കെ.

ഇപ്പോ ഇല്ലാത്ത മെച്യുരിറ്റി എപ്പോ വരുന്ന കരുതുന്നെ...... അവളുടെ മുഖത്ത് പുച്ഛംഭാവം വന്നിരുന്നു.

പ്രവർത്തിയിൽ കണ്ടില്ലെങ്കിൽ 21വയസ് ആകുമ്പോൾ മെച്യുരിറ്റി ആയെന്ന് കരുതും..... അവൻ ചെറു ചിരിയോടെ പറഞ്ഞു.

അപ്പൊ ഞാൻ 21വയസ് വരെ കാത്തിരിക്കണോ.... അവൾ കണ്ണും തള്ളി നിന്നു പോയി.

തീരുമാനത്തിൽ വല്ല ഇളവും പ്രതീക്ഷിക്കവോ.....

കാത്തിരുന്നേ പറ്റു...... അത് വരെ നമ്മൾ

ഇങ്ങനെ പ്രണയിച്ചു നടക്കും.....

അവളുടെ കഴുത്തിൽ ചുണ്ടുകൾ ചേർത്ത് അവൻ മെല്ലെ മൊഴിഞ്ഞു.

തന്നെപോലുള്ള തെണ്ടികൾ കാരണം ആടോ പതിനെട്ടു വയസ് മാറ്റി വിവാഹപ്രയം ഇരുപത്തൊന്നിൽ എത്തിയത്.... എന്റെ തലേൽ എഴുത്. അതിന്ന് വേറെ ആരെ പറഞ്ഞിട്ട കാര്യം...

അവൾ കലിപ്പോടെ തള്ളിമാറ്റി എഴുന്നേറ്റു പോയി.....

ഒരു ദീർഘനിശ്വാസത്തോടെ അവൻ കുറച്ചു സമയം അവിടെ തന്നെ ഇരുന്നു.

ബെഡിൽ ഉള്ള മുല്ല മുട്ടുകൾ കണ്ടതും അവൾക്ക് ദേഷ്യം സങ്കടം ഒക്കെ വന്നു. തരം കിട്ടുമ്പോൾ

റൊമാൻസ് കൊണ്ട് നടക്കുന്ന കോപ്പാണ്.... എന്നിട്ടിപ്പോ മെച്യുരിറ്റി ഇല്ല പോലും.....അവൾക്ക് ആലോചിക്കും തോറും അരിശം കയറി.ഏതായാലും നനഞ്ഞു ഇനി കുളിച്ചു ഇറങ്ങാം..... അവൾ എന്തൊക്കെയോ മനസ്സിൽ ഉറപ്പിച്ചു.....അവൾ അവളെ ഡ്രസ്സ് നോക്കി സിൽക്ക് ടൈപ്പ് ഗൗൺ ആണ് അതിന്റെ മുകളിൽ ഓവർ കോട്ട് പോലെ താഴോലം വരുന്ന കോട്ട്. പിന്നിൽ വരുന്ന ഫൈസിയെ കാണാത്ത പോലെ അവളുടെ ഡ്രെസ്സിന്റെ കോട്ട് ഊരി മാറ്റി.

നേരിയ വള്ളിപ്പോലുള്ള കയ്യില്ലാത്ത ഡ്രസ്സ് ആണ് ഉള്ളിൽ..... ദേഹത്ത് ഒട്ടിനിൽക്കുന്ന ടോപ്പ്..... അത് ഇട്ടു ബെഡിൽ പോയി കിടന്നു...... ഒരിക്കൽ നോക്കിയ നോട്ടം കണ്ണ് താഴ്ത്താതെ അവൻ വായും പോളന്നു നിന്നു..... ഇടം കണ്ണിട്ട് അത് നോക്കി നിൽക്കുന്ന അവനെ നോക്കി..... ഉറക്കത്തിൽ എന്ന പോലെ കാലുരസിയതും ഡ്രസ്സ് കേറി മുട്ടിനു മുകളിൽ എത്തി.......

അവന്റെ ശ്വാസമിടിപ്പ് ഒരു നിമിഷം നിന്നു..

വെണ്ണക്കൽ ശില്പം പോലെ കിടക്കുന്ന അവളുടെ സൗന്ദര്യത്തിൽ മതിമറന്നു അവൻ നിന്നു...... മുല്ലമൊട്ടുകൾ വിടർന്ന മണം നാസികയെ തൊട്ട് പോയതും അവനിൽ വികാരങ്ങൾക്ക് അടിമപ്പെട്ടിരുന്നു. അവനിൽ വിരിയുന്ന വിയർപ്പ് തുള്ളികൾ അവനെ തഴുകി ഇറങ്ങി..... യന്ത്രികം പോലെ അവളുടെ അടുത്തേക്ക് ചെന്നു. അവളുടെ മുന്നിൽ മുട്ട് കുത്തി നിന്നു..... ഡ്രിം ലൈറ്റ്ന്റെ വെളിച്ചത്തിൽ ചുണ്ടിൽ നറുമന്ദാഹാസവും പടർത്തി കിടക്കുന്ന അവളെ മതിമറന്നു നോക്കി നിന്നു.....

അവളുടെ മുഖത്തേക്ക് വീണു കിടക്കുന്ന മുടിയിഴകൾ അവൻ കൊതിയൊതുക്കി.

അവളുടെ കവിളിൽ ചുണ്ടുകൾ ചേർത്തു

അവളുടെ ചെഞ്ചുണ്ടിൻ മധുരം നുണയാൻ അവന്റെ ശരീരവും മനസ്സ് ഒരു പോലെ കൊതിക്കുന്നുണ്ടായിരുന്നു.....

അവളുടെ ചുണ്ടിലേക്ക് മുഖം താഴ്ത്തിയതും അവൾ കണ്ണ് തുറന്നു.....

ചോര ഊറ്റികുടിച്ചത് മതിയായോ ഹബ്ബി...

അതോ മൂന്ന് കൊല്ലം ഇങ്ങനെ നോക്കി നിന്നു ചോര ഊറ്റാൻ ആണോ ഉദ്ദേശം....

ചമ്മലോടെ അവൻ മുഖം താഴ്ത്തി.....

കുരുട്ട് അടക്ക മനുഷ്യന്റെ കൺട്രോൾ കളയാൻ മനപ്പൂർവം ചെയ്തത് ആണ്....

മാനം കളയാൻ കൃത്യമായി അതിൽ പോയി വീഴുകയും ചെയ്തു...

അവന്റെ ഇഞ്ചി കടിച്ച പോലുള്ള ഭാവം കണ്ടു അവളിൽ വിരിഞ്ഞ ചിരി അവൾ കടിച്ചു പിടിച്ചു.

ചോര ഊറ്റൽ കഴിഞ്ഞെങ്കിൽ ഒന്ന് മാറിത്തന്ന ഉറങ്ങാം ആയിരുന്നു.

ഒരു മുത്തം തരാൻ പാടില്ലെന്നൊന്നും എന്റെ പ്ലാനിൽ ഇല്ല ഖൽബെ എന്നു പറഞ്ഞു അവളുടെ ചുണ്ടിൽ അമർത്തി കിസ്സ് കൊടുത്തു....

അവൾ തലവെട്ടിക്കാൻ ശ്രമിച്ചതും അവനിൽ വാശി കേറി..... അവളുടെ എതിർപ്പ് അവഗണിച്ചു കൊണ്ട് അവളുടെ ചുണ്ടുകൾ അവൻ സ്വന്തമാക്കി..... ചുണ്ടുകൾ കൊണ്ടും നാവ് കൊണ്ടും അവൻ തീർക്കുന്ന മായാജാലത്തിൽ അവളും നീന്തിതുടിച്ചു...

രണ്ടുപേരുടെയും നിശ്വാസങ്ങൾ ഒന്നായി മാറി..... ലഹരിപോൽ അവളുടെ ചുണ്ടുകൾ അവനിൽ പടർന്നു..... താളം തെറ്റിയ അവളുടെ ഹൃദയമിടിപ്പും കൈകൾ അവനെ ചുറ്റി വരിഞ്ഞതും അവനിൽ ചെറുവേദന പടർന്നു. അവൻ ശ്വാസം വിലങ്ങിയ പോൽ അവളിൽ നിന്നും അടർന്നു മാറി കിതച്ചു......

അവൾ ചെറുചിരിയോടെ അവന്നെ നോക്കി. അവനെ തോൽപിച്ച ചിരി അവളിൽ അവൻ കണ്ടു.... പൊടുന്നനെ അവളുടെ കീഴ്ച്ചുണ്ടിൽ അമർത്തി കടിച്ചു..... വേദന കൊണ്ട് അവൾ അവന്റെ മുതുകിൽ

മാന്തിപറിച്ചു.   അവൻ ചുണ്ടുകൾ വിട്ടു.....

എന്നെ കൊതിപ്പിച്ചതിന്ന് ചെറിയൊരു ശിക്ഷ. ഇനി ഇമ്മാതിരി പണി കൊണ്ട് വരുമ്പോൾ ഈ വേദന ഓർത്തോ....അവൻ കണ്ണിറുക്കി പറഞ്ഞു.

അവൾ ചുണ്ടിൽ പിടിച്ചു എരിവ് വലിച്ചു അവനെ നോക്കി മുഖം വീർപ്പിച്ചു.....

നീയേ കുട്ടിയ..... വളർന്നു വരട്ടെ എന്നിട്ട് നമുക്ക് ബാക്കി ആലോചിക്കാം.....

അവൾ മുഖം കോട്ടി.... ദയനീയമായി അവന്നെ നോക്കി.

നിനക്ക് ഒരു കുഞ്ഞിനെ വേണം അത്രയല്ലേ ഉള്ളു.....

അവൾ അവന്നെ വിടർന്ന കണ്ണുകളോടെ നോക്കി.

Ajwakk ആരും ഇല്ലന്ന് അല്ലേ പറഞ്ഞത്.

ആ കുഞ്ഞിനെ ഇവിടെ വളർത്താം  എന്നിട്ട് കുഞ്ഞിനെ നോക്കി വളർത്തിക്കോ....നിന്റെ പ്രോബ്ലം തീർന്നല്ലോ അപ്പോൾ.... നിനക്ക് ഒരു കുട്ടിയെ കിട്ടും എനിക്ക് കുട്ടിക്കളി മാറാത്ത ഈ കുഞ്ഞുകുട്ടിയേയും കിട്ടും.

വാത്സല്യത്തോടെ അവളുടെ നെറ്റിയിൽ ചുണ്ടുകൾ ചേർത്തു.

അവൾ എന്തോ പറയാൻ നോക്കിയതും അവളുടെ ചുണ്ടിൽ അമർത്തി ചുംബിച്ചു.

നമുക്കിടയിൽ ഇനിയീ മാറ്റർ വരരുത് ഇനു.....

അവൾക്ക് ഉള്ളിൽ വേദന തോന്നിയെങ്കിലും തലയാട്ടി..... എഴുന്നേൽക്കാൻ നോക്കിയതും അവൻ കയ്യിൽ പിടിച്ചു.....

ഞാൻ ഡ്രസ്സ് ചേഞ്ച് ചെയ്തു വരാം..... അവൾ അവനെ നോക്കാതെ പറഞ്ഞു

എനിക്ക് നല്ല കൺട്രോൾ ആണ് മോളെ എന്ന് പറഞ്ഞു അവളെ പിടിച്ചു വലിച്ചു....

അവന്റെ നെഞ്ചിലേക്ക് വീണതും അവൾ തള്ളിമാറ്റി എഴുന്നേറ്റു.... എനിക്ക് കൺഡ്രോൾ തീരെയില്ല.... എന്നും പറഞ്ഞു ചുണ്ട് കോട്ടി  അവൾ പോയി.... ഡ്രസ്സ് മാറ്റി വന്നു.....

പിണക്കത്തോടെ തിരിഞ്ഞു കിടന്നതും അവൻ അവളെ നെഞ്ചോട് ചേർത്ത് കിടത്തി.....

അവന്റെ ഉള്ളിൽ മുഴുവൻ ajwa ആയിരുന്നു അപ്പോൾ..... അവളുടെ വയറിൽ കൈ വെച്ചപ്പോൾ ഉണ്ടായ പിടപ്പ് അവൻ ഓർത്തു. ഒരു ജീവന്റെ തുടിപ്പ് ആദ്യം ആയി അറിഞ്ഞത് അന്നാണ്....

ഇനിയെവിടെക്കും നിന്നെ വിടില്ല ajwa.

എന്റെ ഇനുവിന് വേണ്ടി എനിക്ക് വേണം നിന്നെ.....

❤❤❤❤❤

രാവിലെ എഴുന്നേറ്റിട്ടും അവളുടെ മുഖം വീർത്തു തന്നെ ഇരുന്നു..... ഫൈസ് ചെറു ചിരിയോടെ അത് നോക്കി നിന്നതല്ലാതെ

പിണക്കം മാറ്റാൻ പോയില്ല. പോയാൽ അവിടെ തോറ്റു പോകുമെന്ന് അവന്നും അറിയാമായിരുന്നു. കോളേജിൽ പോകാൻ ഇറങ്ങിയപ്പോഴും അവനോട് മിണ്ടിയില്ല..... യാഷിന്റെ കൂടെ ബൈക്കിൽ കേറിയപ്പോഴാ അവൻ അങ്ങോട്ട് ചെന്നത്.... അവൾ മുഖം തിരിച്ചു ഇരുന്നു.

ഇജു റാനി ക്ലൈമാക്സ് വേണ്ടേ..... അവൻ ചോദിച്ചതും അവൾ വേഗം ഫൈസിയെ നോക്കി. അത് അവനെ കൊണ്ടേ പറ്റുന്ന് അവൾക്ക് അറിയാരുന്നു. അവൻ ഐഡിയ പറഞ്ഞു

കൊടുത്തു...... നടക്കുമോ എന്നൊരു ഡൌട്ട് യാഷിന് ഉണ്ടായിരുന്നു.

എന്റെ ഹബ്ബി നടത്തിക്കും...... കുരുട്ട് ബുദ്ധിൽ പി എച് ഡി എടുത്തതാ മോനെ പറഞ്ഞു.... ഫൈസിയുടെ കവിളിൽ പിടിച്ചു വലിച്ചു....

ഫൈസ് കവിളിൽ കൈ വെച്ചു അവളെ നോക്കി കണ്ണുരുട്ടി.... അവളുടെ പിണക്കത്തിന് നീർകുമിളയുടെ ആയുസ്സ് ഉള്ളുവെന്ന് അവന്നും അറിയാമായിരുന്നു

❤️❤️❤️

ഉച്ചക്ക് ശേഷം എനിക്ക് ലീവ് വേണം എന്ന് പറഞ്ഞു ഇജാസിന്റെ അടുത്തേക്ക് പോയി.

എന്താ ആവിശ്യം.....

ആവിശ്യം നിങ്ങൾ അറിയണ്ട.... പ്രിൻസിപ്പൾ അടുത്ത് നിന്ന് പെർമിഷൻ വാങ്ങിയിന്.... ക്ലാസ്സ് ഇൻചാർജ് സാർ ആയോണ്ട് വിവരം പറഞ്ഞെന്നെ ഉള്ളു എന്ന് പുച്ഛത്തോടെ പറഞ്ഞു അവൾ പോയി.....

അവൻ പുറത്തേക്ക് നോക്കി..... അവളും റാനിയും യാഷ് ഓട്ടോയിൽ കേറി പോകുന്നത് കണ്ടു.... ഇവർ എവിടെക്കാ പോയത്..... അവൻ ഫൈസിയെ വിളിച്ചു.

എന്നോടൊന്നും പറഞ്ഞില്ല. അവളല്ലേ ആൾ വല്ല കുരുത്തക്കേട് ഒപ്പിക്കാൻ ആയിരിക്കും..... അതാണല്ലോ സ്വഭാവം....

എനിക്ക് ഇന്ന് അർജന്റ് ആയി മീറ്റിംഗ് ഉണ്ട് ബിസിയാണ് പറഞ്ഞു ഫോൺ വെച്ചു.

ഇജു അപ്പോൾ തന്നെ കാർ എടുത്തു അവരെ പിറകെ പോയി....

❤️❤️❤️❤️

അവർ നേരെ പോയത് ഒരു മാളിലേക്ക് ആയിരുന്നു.

ക്ലാസ്സ് കട്ട് ചെയ്തു ഐസ് ക്രീം കഴിക്കാൻ വരന്ന് പറഞ്ഞ നല്ല ശീലം അല്ലാട്ടോ ഇനു..... റാനി അറിഞ്ഞപ്പോൾ തൊട്ട് അവളെ പിന്തിരിപ്പിക്കാൻ നോക്കിയിരുന്നു......

റാനി..... ഇതൊക്കെ ഇല്ലാതെ എന്ത് എൻജോയ്മെന്റ്..... ഞാനും ഇനു പ്ലാൻ ഇട്ടതാ ഇന്നലെ..... പിന്നെ നീ ഒറ്റക്ക് ഇരിക്കണ്ടേ ക്ലാസ്സിൽ..... യാഷ് പറഞ്ഞു.

എന്നാലും വേണ്ടാരുന്നു..... സർ അറിഞ്ഞ

വഴക്ക് കിട്ടും..... അവൾക്ക് പേടിയുണ്ടായിരുന്നു.....

അതിനോട് പോകാൻ പറ..... ഒരു സാർ....

നീ പറഞ്ഞ പോലെ വെളിച്ചപ്പാട് ആണ്....

കാട്ടാളന്റെ സ്വഭാവം......അതും പറഞ്ഞു ഇനു ഐസ് ക്രീം വാങ്ങി വരാം പറഞ്ഞു പോയി.

ഐസ് ക്രീം വാങ്ങി വരുമ്പോൾ ആണ് ഗുണ്ടകളെ പോലുള്ള കുറച്ചു പേര് അങ്ങോട്ട് വന്നത്..... ഇനുവിന്റെ കയ്യിൽ നിന്നും ഐസ് ക്രീം അവരെ ദേഹത്ത് തട്ടി

അതിലൊരാൾ ഇനുവിന്റെ കയ്യിൽ പിടിച്ചു..... അവൾ അവന്റെ മുഖത്ത് ആഞ്ഞടിച്ചു.....

എന്നെ തല്ലിയിട്ട് അങ്ങനെ പോയാലോ അവർ അവളെ വളഞ്ഞു. അതിൽ ഒരുത്തൻ അവളെ കയ്യിൽ പിടിച്ചു വെച്ചു....

ഇത് കണ്ടു റാനി പേടിച്ചു യാഷിനെ നോക്കിയെങ്കിലും അവനെ കണ്ടില്ല......

ബാക്കിയുള്ളവർ ഒക്കെ നോക്കി നിന്നെ ഉള്ളു......

റാനി അവരെ അടുത്തേക്ക് പോയി....

അതേ ഈ വരുന്നത മുതൽ...... അറിയാതെ ആണെങ്കിലും അവൾക്ക് അപകടം ഒന്നും ഉണ്ടാവാതെ നോക്കണം ഇല്ലെങ്കിൽ ഞാൻ തന്നെ നിങ്ങളെ കൊല്ലും നോക്കിക്കോ...... ഇനു മെല്ലെ തലവൻ എന്ന് തോന്നിക്കുന്ന ആളോട് പറഞ്ഞു.

അതൊക്കെ ഫൈസി സാർ പറഞ്ഞു തന്നിന്ന്..... മാഡം ആക്ട് ചെയ്ത മാത്രം

മതി..... പിന്നെ ഇജാസ് സാറിന്റെ കയ്യിൽ നിന്നും രക്ഷിക്കുകയും വേണം...... അതിന്ന് മാഡത്തിനെ പറ്റുന്ന് സാർ പ്രത്യേകം പറഞ്ഞിട്ടുണ്ട്......

അത് പടച്ചോനെ അറിയൂ...... എന്തായാലും ഞാൻ ശ്രമിക്കാം..... അവൾ വാക്ക് കൊടുത്തു.....

യാഷ് റാനി കാണാതെ തൂണിന് പിന്നിൽ മറഞ്ഞു

നിന്നു ഇനുവിന് കൈ കാണിച്ചു.

അപ്പൊ പറഞ്ഞ പോലെ ഇജുക്ക വരുന്നുണ്ട് ആക്റ്റിംഗ് തുടങ്ങിക്കോ.....

അപ്പോഴേക്കും റാനി ഓടി വന്നു ഇനുവിന്റെ കൈ അയാളിൽ നിന്നും വിടുവിക്കാൻ നോക്കി.

അവളെ വിടടോ പറഞ്ഞു അയാളെ കയ്യിൽ തല്ലുകയും മാന്തുകയും ഒക്കെ ചെയ്തു... ഇനു ആണെങ്കിൽ എന്നെ വിട് എന്ന് പറഞ്ഞു കരഞ്ഞു ഒരേ ആക്റ്റിംഗ്....

അതിലൊരാൾ റാനിയെ തള്ളിമാറ്റി.....

ദേ കൊച്ചേ ഇവൾ ഞങ്ങളെ തല്ലി.... അതിന്ന് പകരം കുറച്ചു സമയം ഞങ്ങളെ ഒക്കെ സ്നേഹിച്ചിട്ട് വിട്ടോളും. വെറുതെ ഞങ്ങൾക്ക് പണിയാകാതെ

പോകാൻ നോക്ക്......

അവളെ വിട് അറിയാതെ പറ്റിയതാ എന്നൊക്കെ പറഞ്ഞു കരഞ്ഞോണ്ട് പറഞ്ഞു എല്ലാരേം നോക്കി കയ്യൊക്കെ കൂപ്പി......

അവൾ അയാളെ നോക്കി കൈ കൂപ്പി

എന്ത് വേണമെങ്കിൽ തരാം എത്ര പൈസ വേണമെങ്കിൽ തന്നോളം അവൾ ജന്നത് ഇൻഡർട്രീസിന്റെ ഓണർ ആണ്..... അവളെ വീട്ടുകാർ ഭർത്താവോ അറിഞ്ഞ ജീവനോടെ ഉണ്ടാവില്ല ആരും നോക്കിക്കോ അവൾ ഭീഷണിയോടെ അവരെ നോക്കി പറഞ്ഞു.....

ജീവൻ വേണമെങ്കിൽ നീ പോയിക്കോ....

ഇനുവിന്റെ കഴുത്തിൽ ഒരു കത്തിവെച്ചു.

അവളെ വിടാതെ ഞാൻ പോകില്ല.... എന്നെ

വേണേൽ എന്ത് വേണമെങ്കിൽ ചെയ്തോ അവളെ വിട്ടേക്ക് പറഞ്ഞു ഇനുന്റെ മുന്നിൽ കേറി നിന്നു.....

നീ രക്ഷപെട്ടോ റാനി..... അല്ലേൽ നിന്നെയും ഉപദ്രവിക്കും...... ഇനു പേടിയോടെ പറഞ്ഞു.......

നിന്നെ വിട്ടു ഞാൻ എവിടേക്കും പോകില്ല. എന്നേം കൊന്നോട്ടെ പറഞ്ഞു അവളെ കെട്ടിപിടിച്ചു....

ഇനു മെല്ലെ ഇടം കണ്ണിട്ട് നോക്കി.

സർവ്വവും ചുട്ടു അരിക്കാൻ പാകത്തിൽ ദേഷ്യം കൊണ്ട് വിറക്കുന്ന ഇജുവിനെ അവൾ കണ്ടു..... അവൾക്ക് തന്നെ പേടി തോന്നി.....

കയ്യെടുക്കടെ @#₹₹₹#@ എന്നും പറഞ്ഞു കത്തി നീട്ടിയവനെ ഒറ്റ ചവിട്ട് ആയിരുന്നു ഇജു വന്നതും .... പിന്നെ അടിയുടെ പൂരം ആയിരുന്നു......

ക്യാഷ് കൊടുത്തു ആക്കിയതാണെങ്കിലും

ഇനിയും തല്ല് കിട്ടിയ ചത്തു പോകുന്നു ഇനുവിന് തോന്നി.....

അവൾ അതിൽ ഒരാളെ കണ്ണടച്ച് കാണിച്ചു.... അയാൾ റാനിയെ പിടിച്ചു തള്ളി താഴെയിട്ടു.

ഇനു ഉറക്കെ കരഞ്ഞു നിലവിളിച്ചു..... ഇജു തല്ല് നിർത്തി അവളെ അടുത്തേക്ക് ഓടി വന്നു.....

എന്താ പറ്റിയെ മോളെ പറഞ്ഞു ഇനുവിനെ മൊത്തത്തിൽ നോക്കി കെട്ടിപിടിച്ചു.....

റാനിയെ തള്ളിയിട്ടു അത് കണ്ടപ്പോ പേടിച്ചിട്ടാ പറഞ്ഞു അവൾ അവനെ ഇറുബടക്കം കെട്ടിപിടിച്ചു..... അവൾ പിറകിലൂടെ കൈകൊണ്ട് അവരോട് പോയിക്കോ പറഞ്ഞു... അവർ ജീവനും കൊണ്ട് ഓടിപ്പോകുന്നത് കണ്ടു. അവർ പോയി

കണ്ടതും ഇജുവിനെ വിട്ടു.

അവൾ റാനിയെ പിടിച്ചു എഴുന്നേൽപ്പിച്ചു.

നെറ്റി അടുത്ത കസേരയിൽ തട്ടി ചെറിയ മുറിവ് ഉണ്ടായിരുന്നു..... ചോര ചെറുതായി പൊടിഞ്ഞു....

അവൾ ശരിക്കും പേടിച്ചു വിറച്ചിരുന്നു.

നിനക്ക് ഒന്നും പറ്റിയില്ലല്ലോ പറഞ്ഞു ഇനു വിനെ മൊത്തത്തിൽ കൈ കൊണ്ട് എല്ലാടത്തും തടവി നോക്കി.....

ഇജുറാനിയെ തന്നെ നോക്കി..... സ്വന്തം ജീവൻ പോലും നോക്കാതെ ഇനുവിനെ ചേർത്ത് പിടിച്ചത് അവൻ ഓർത്തു.....

റാനിയുടെ മുഖത്തെ ടെൻഷനും പേടിയും ഇനുവിനെ ഓർത്താണെന്ന് അവൻ കണ്ടു.

ഇനുവിനെ ജീവനോളം സ്നേഹിക്കുന്ന അവൾ തന്റെ മനസ്സിലും ഇടം പിടിക്കുന്നത് അവൻ അറിഞ്ഞു..... അവളെ നോക്കിയപ്പോൾ അറിയാതൊരു പുഞ്ചിരി ആ ചുണ്ടിൽ വിരിഞ്ഞു. അവളെ നോക്കുമ്പോൾ വിടർന്നു കണ്ട ആ കണ്ണുകൾ കണ്ടു ഇനുവിന്റെ മനസ്സിൽ ലഡു പൊട്ടി...... അപ്പോഴേക്കും യാഷ് ഓടിവന്നു..... ഒന്നും പറ്റിയില്ലല്ലോ പറഞ്ഞു കുറെ സെന്റി അടിച്ചു.... കണ്ണിൽ കുത്തി വെള്ളം വരുത്തിച്ചു..... റാനിയോട് ഒരുപാട് നന്ദി പറഞ്ഞു.... അവളെ ഒറ്റക്ക് വിട്ടില്ലല്ലോ പറഞ്ഞു.....

എന്റെ സ്വന്തം കൂടപ്പിറപ്പ ഇവൾ.... ഇവളെ വിട്ടു ഞാൻ പോകോ..... അവൾ ഇനുവിനെ നോക്കി മുഖത്ത് തലോടി....

അവൾ യാഷിനെ നോക്കി കണ്ണടച്ച് കാണിച്ചു.... യാഷ് അറിയാത്ത ഭാവത്തിൽ മെല്ലെ റാനിയെ ഡ്രെസ്സിൽ ചവിട്ടി പിടിച്ചു മുന്നിലേക്ക് തള്ളി.... റാനി വീഴാൻ നോക്കിയതും   രണ്ടു കരങ്ങൾ അവളെ താങ്ങിയിരുന്നു..... റാനി ഒരു പിടപ്പോടെ ഇജുവിനെ

നോക്കി..... അവൻ അവളെ നേരെ നിർത്തിച്ചു...... അപ്പോഴും പിടിവിടാതെ പിടിച്ച ഇജുവിന്റെ കയ്യിൽ ആയിരുന്നു റാനിയുടെയും ഇനുവിന്റെയും കണ്ണുകൾ.....

റാനി കൈ തട്ടിമാറ്റി.....

റാനിക്ക് മുറിവിൽ ചെറിയ നീറ്റൽ തോന്നി.

അവൾ നെറ്റിയിൽ കൈ വെച്ചു.....

അയ്യോ നിനക്ക് വേദനിക്കുന്നുണ്ടോ...... തല കറങ്ങുന്നുണ്ടോ..... ഇനു വെപ്രാളത്തോടെ അവളെ പിടിച്ചു അടുത്തുള്ള ചെയറിൽ ഇരുത്തി. അവളുടെ നെറ്റിയിൽ ഊതികൊടുക്കുകയും തടവികൊടുക്കുകയും ചെയ്തു.

എനിക്ക് ഒന്നും ഇല്ലെടാ.... എന്ന് പറഞ്ഞതും ഇജു കേൾക്കാതിരിക്കാൻ അവൾ വാ പൊത്തിപിടിച്ചു.....

എനിക്കറിയാം തല കറങ്ങുന്നുണ്ട് അല്ലേ. ഹോസ്പിറ്റലിൽ പോണോ..... വേദനയുണ്ടോ....

ഇവൾ ഇതെന്ത് തേങ്ങയാ പറയുന്നേ മനസ്സിൽ ആകാതെ റാനി കണ്ണും മിഴിച്ചു അവളെ നോക്കി. അപ്പോഴാ അവളുടെ ഫോൺ റിങ് ചെയ്തത് ഫൈസ് ആണ്.

ഞാൻ ദാ അഞ്ചുമിനിറ്റ്ന് ഉള്ളിൽ വരാം പറഞ്ഞു ഫോൺ കട്ട് ചെയ്തു....

റാനി..... ഫൈസിക്ക് അത്യാവശ്യം ആയി വേണ്ട ഫയൽ വീട്ടിൽ ഇരിക്ക.... ഇപ്പൊ തന്നെ വേണം പോലും... ഞാൻ പോവ്വാട്ടോ.... അവൾ യാഷിന്റെ കയ്യും പിടിച്ചു പറഞ്ഞു....

ഇജുക്ക റാനിയെ ഒന്ന് ഡ്രോപ്പ് ചെയ്യണേ...

ഇജു ഒന്നും മിണ്ടിയില്ല.... റാനിയെ ഒന്ന് നോക്കുക മാത്രം ചെയ്തു....

ഞാൻ ഓട്ടോ പിടിച്ചു പൊക്കോളാം റാനി മെല്ലെ പറഞ്ഞു എഴുന്നേറ്റു .....

എന്ന പിന്നെ ഞാൻ പോവാട്ടോ പറഞ്ഞു അവൾ നടന്നു..... യാഷ് റാനിയെ മെല്ലെ ഒരു തട്ട് കൊടുത്തു ഇനുവിന്റെ കൂടെ പോയി.

റാനി ബാലൻസ് കിട്ടാതെ വീണ്ടും വീഴാൻ പോയി.... ഇജു അവളെ പിടിച്ചു....

ഞാൻ പോട്ടെ പറഞ്ഞു കൈ തട്ടിമാറ്റി പോകാൻ നോക്കിയതും ഇജു അവളെ കൈകളിൽ കോരി എടുത്തു നടന്നു......

ആദ്യം ഒന്ന് പകച്ചെങ്കിലും അവൾ കുതറി ഇറങ്ങാൻ

നോക്കി....

എന്നെ താഴേ ഇറക്കേടോ..... അവൾ കലിപ്പിൽ പറഞ്ഞു...

മിണ്ടിയ വലിച്ചു എറിയും ഞാൻ.... തലകറക്കം കൊണ്ട് നടക്കാൻ നിൽക്കണ്ട...... അടങ്ങിയോതുങ്ങി ഇരുന്നോണം.... അവൻ കലിപ്പിൽ പറഞ്ഞതും അവൾ മിണ്ടാണ്ട് ഇരുന്നു....

പൂച്ചയെ പോലെ അവന്റെ നെഞ്ചിൽ ചേർത്ത് പിടിച്ചു എടുത്തു നടന്നു അവൻ.

അവൾക്ക് എല്ലാരും നോക്കുന്നത് കണ്ടു നാണക്കേട് തോന്നിയെങ്കിലും ഒരു നിമിഷം അവളുടെ നോട്ടം അവനിൽ പതിഞ്ഞു.... ആ കരിനീല മിഴികളിൽ ആദ്യമായി തന്നോട് ദേഷ്യം വെറുപ്പ് അല്ലാത്തൊരു ഭാവം അവൾ കണ്ടു..... മുഖത്ത് ദേഷ്യം ഉണ്ടായിരുന്നില്ല. അറിയാതെ ഒന്ന് ദേഹത്ത് തട്ടിയെന് തന്നെ തല്ലാൻ വന്ന വെളിച്ചപ്പാട് തന്നെ

ആണോ ഇതെന്ന പോലും അവളോർത്തു പോയി.....

അങ്ങനെ പ്ലാൻ സക്സസ്..... ഇനു ഫൈസിയെ കെട്ടിപിടിച്ചു..... ഞാനും ഉണ്ട്.... ഞാനും ഹെൽപ്പ് ചെയ്തിന്ന്..... യാഷ് മുഖം വീർപ്പിച്ചു അവരെ നോക്കി....

നീയും ഉണ്ട് വാ.... അല്ലെങ്കിലും നിന്നെ മറക്കോ.... എന്നെങ്കിലും ഇജു ഇത് അറിയുമ്പോൾ തല്ല് കിട്ടാൻ കൂട്ട് വേണ്ടേ എന്ന് പറഞ്ഞു യാഷിനെ ഫൈസ് കൂടെ കെട്ടിപിടിച്ചു.....ഈ സന്തോഷം നമുക്ക് ആഘോഷിക്കണ്ടേ പറഞ്ഞു ഇനു നേരെ ഐസ്ക്രീം കോർണറിലേക്ക് നടന്നു....

❤❤❤❤

കാറിൽ എത്തിയതും ഇജു അവളെ കോ ഡ്രൈവർ സീറ്റിൽ ഇരുത്തി.....

ഞാൻ ഓട്ടോയിൽ പൊക്കോളാം..... അവൾ കാറിൽ നിന്നും ഇറങ്ങാൻ നോക്കി.

അവൻ രൂക്ഷമായി നോക്കിയതും അവൾ അവിടെ തന്നെ ഇരുന്നു... അവൻ കാറിൽ മൊത്തം പരതി ഒരു ബാൻഡേർഡ് എടുത്തു....

അവളുടെ നെറ്റിയിൽ ഒട്ടിച്ചു കൊടുത്തു.

അവൾ വേദന കൊണ്ട് എരിവ് വലിച്ചു....

അവൻ മെല്ലെ ഊതികൊടുത്തു....

അവൾ അവന്റെ മാറ്റം വിശ്വസിക്കാൻ ആവാതെ നോക്കി.... പരസ്പരം കണ്ണുകൾ കോരുത്തതും അവൾ പിടച്ചിലോടെ മിഴികൾ താഴ്ത്തി..... അവൻ ഡ്രൈവിങ്ങിൽ മാത്രം ശ്രദ്ധിച്ചു....

വീടെത്തുന്നത് വരെ പരസ്പരം ഒന്നും മിണ്ടിയില്ല......

എവിടെയോ കുഴിച്ചിട്ട മോഹങ്ങൾ മനസ്സിൽ

ഉണരുന്നത് അവൾ അറിഞ്ഞു.

എന്റെ ജീവിതത്തിൽ ഒരു പെണ്ണ് ഇല്ല എന്ന് പറഞ്ഞത് ഓർത്തതും അവളുടെ മുഖം മങ്ങി.....

അവൾ കാർ നിർത്തിയത് കണ്ടു നോക്കി.

വീട്ടുമുറ്റത് എത്തി.... അവൾ ഒരു താങ്ക്സ് പറഞ്ഞു അവന്റെ മുഖത്ത് നോക്കാതെ ഇറങ്ങി....

അവൾ പോയതും അവൻ ശ്വാസം ആഞ്ഞു വലിച്ചു സീറ്റിലേക്ക് ചാരി ഇരുന്നു.....

ആദ്യം ആയി ഇനു അല്ലാത്തൊരു പെണ്ണിനെ ചേർത്ത് പിടിച്ചു.... അവളെ ഓർക്കുമ്പോൾ ഹൃദയത്തിൽ ആ മുഖം തെളിഞ്ഞു വരുന്നത് അവൻ അറിഞ്ഞു അവളെ കണ്ടത് മുതൽ ഉള്ള എല്ലാ കാര്യം അവനോർത്തു......  നിന്നെ പോലെ ഇനുവിനെ സ്നേഹിക്കാൻ മറ്റാർക്കും കഴിയില്ല റാനി.ഒരു ചെറു പുഞ്ചിരി ആ ചുണ്ടിൽ വിരിഞ്ഞു......

❤️❤️❤️

ജന്നത്തിലേക്ക് കേറുമ്പോൾ അവൾക്ക് ദേഷ്യം സങ്കടം വന്നിരുന്നു.... ഒഴിഞ്ഞു മാറാൻ നോക്കും തോറും കരുതിക്കൂട്ടി ഉപദ്രവിക്കാൻ നോക്കുന്ന പോലെ തോന്നി അവൾക്ക്..... ഡ്രസ്സ് മോഡളിൽ കംപ്ലൈന്റ് ഉണ്ടെന്ന് പറഞ്ഞു വന്നതാണ് അവൾ.....

സാർ..... സാറിന്റെ ഇഷ്ടം അനുസരിച്ചു ആണ് ഡ്രസ്സ് ഡിസൈൻ ചെയ്തത്.... ഇടക്കിടക്ക് ഇങ്ങനെ തീരുമാനം ചേഞ്ച് ചെയ്താൽ ഞങ്ങൾക്ക് അത് ബുദ്ധിമുട്ട് ഉണ്ട്.... അവൾ അരിശം കടിച്ചമർത്തി സമാധാനത്തിൽ പറഞ്ഞു....

ചോദിക്കുന്ന പണം എണ്ണി തന്നാണ് ഡ്രസ്സ് വാങ്ങുന്നത് അപ്പോൾ എന്റെ ഇഷ്ടം നോക്കിയേ പറ്റു.... അങ്ങനെ ചെയ്യണ്ടു.

സാർ ഇത് ഹാൻഡ് വർക്ക് ആണ് പത്തോളം

എംപ്ലോയിസ് നൈറ്റ് ഡ്യൂട്ടി കൂടി എടുത്തു കഷ്ടപ്പെട്ട് ആണ് ഇത്രയും കുറഞ്ഞ ദിവസം കൊണ്ട് ഡ്രസ്സ് ഡിസൈൻ ചെയ്യുന്നത്. ഇനി മാരേജിന് രണ്ടു ദിവസം ഉള്ളു.... അത് കൂടി സാർ ഓർക്കണം.... ഡിസൈൻ മാറ്റിയ ടൈമിന് ഡ്രസ്സ് കിട്ടില്ല....

അങ്ങനെ സംഭവിച്ച നിങ്ങളെ കമ്പനി പോലും പിറ്റേന്ന് അവിടെ കാണില്ല. കോടതി കയറ്റും ഞാൻ.ഷഹസദ് ആണ് പറയുന്നത്....

അവൾ ദേഷ്യം കടിച്ചമർത്തി....

സാർ പറഞ്ഞോളൂ എന്താ വേണ്ടത്.....

അങ്ങനെ വഴിക്ക് വാ പറഞ്ഞു.... അവൻ വീണ്ടും കുറച്ചു മാറ്റങ്ങൾ പറഞ്ഞു കൊടുത്തു.....

അപ്പോഴാണ് മൈലാഞ്ചി ഇടാൻ ഒരു പെൺകുട്ടി അങ്ങോട്ട് വന്നത്... അവൻ നൈഹയെ വിളിച്ചു.

അവൻ ആ കുട്ടിയുടെ കയ്യിൽ നിന്നും മൈലാഞ്ചി വാങ്ങി.....

ആദ്യം ഞാൻ ഇട്ടുതരാം എന്നും പറഞ്ഞു നൈഹയുടെ കയ്യിൽ പിടിച്ചു അവിടെ ചെയറിൽ ഇരുത്തി.... അവളുട മുന്നിൽ മുട്ട് കുത്തി ഇരുന്നു ശഹി.... അവളെ ഇടതു കയ്യിൽ നൈഹ ശഹസാദ് എന്ന് ഭംഗിയിൽ എഴുതി......

റിസ അവനെ തന്നെ നോക്കി നില്കുകയായയുന്നു.... നൈഹയുടെ പ്രണയം തുളുമ്പുന്ന മിഴികൾ ഷാഹിയിൽ ആണെന്ന് കണ്ടതും അവൾക്ക് വല്ലായ്മ തോന്നി..... ശഹിയും അവളും പരസ്പരം കണ്ണുകൾ കോർത്തു നില്കുന്നത് വേദനയോടെ നോക്കി അവൾ അവിടെ നിന്നും ഇറങ്ങി....

പിന്നിൽ അവളെ നോക്കി പുച്ഛചിരിയോടെ അവനും ഉണ്ടായിരുന്നു..

ഇത് പോലെ നീയും വരും ജന്നത് ഹൈദർ

അല്ലെങ്കിൽ ഞാൻ വരുത്തിയിരിക്കും.....

ഇനുവിന്റെ മുഖം ഓർമ വന്നതും അവന്റെ മുഖം ദേഷ്യം കൊണ്ടും വെറുപ്പ് കൊണ്ടും വലിഞ്ഞു മുറുകി.....

❤️❤️❤️

റൂമിലൂടെ അങ്ങോട്ടും ഇങ്ങോട്ടും നടക്കുന്ന ജുനുവിനെ സൽമ ആധിയോട് നോക്കി....

കളക്റ്റർ സാർ എന്താ ടെൻഷനിൽ രണ്ടു ദിവസം ആയല്ലോ ഇത് തുടങ്ങിയിട്ട്....

കുറച്ചു സമയം ഇവിടെ ഇരിക്കോ     ഉമ്മ

സൽമ ബെഡിൽ ഇരുന്നതും അവൻ മടിയിൽ തലവെച്ചു കിടന്നു.

ഇനുവിന് എന്തോ ആപത്ത് ഉള്ളത് പോലെ ഒരു തോന്നൽ ഉമ്മ.... അവന്റെ വാക്കുകൾ  ഇടറിയിരുന്നു.

ഇജുവും ഫൈസ് ഉള്ളപ്പോൾ അവൾക്ക്     എന്ത് പറ്റാനാ.... അവർ മുടിയിലൂ ടെ തലോടി...

ഇല്ല ഉമ്മ ആ മനസ്സിൽ എന്തൊക്കെ സങ്കടം ഉണ്ട്.... കണ്ണടച്ച കാണുന്നത് അവളെ പേടിച്ചരണ്ട മുഖം ആണ്.... അവൾ എന്തൊക്കെ മറച്ചു വെക്കാൻ ശ്രമിക്കുന്നുണ്ട്. അത് ആ മുഖഭാവത്തിൽ തന്നെ എനിക്ക് മനസ്സിലായതാ.....

നിന്റെ തോന്നൽ ആണ് ജുനു.....

ആ ഹൃദയമിടിപ്പിന്റെ താളം തെറ്റിയാൽ എനിക്ക് മനസ്സിലാവും..... അത് അവൾ പോലും പറയണ്ട.... എന്റെ നെഞ്ചിൽ കിടത്തി ഞാൻ വളർത്തിയതാ അവളെ....

നമുക്ക് നാട്ടിൽ പോകാം പോരെ.... നേരിട്ട് കണ്ടു ബോധ്യമായിക്കോ അവൾ ഹാപ്പി ആണെന്ന്.....

Mmm അവൻ അമർത്തി മൂളിക്കൊണ്ട് കണ്ണടച്ച് കിടന്നു....

❤❤❤❤

കാളിംഗ് ബെൽ അടിച്ചത് കേട്ട് ajwa പോയി വാതിൽ തുറന്നു.... മുന്നിൽ നിൽക്കുന്ന ആളെ കണ്ടു അവളുടെ ഉള്ളിൽ വിറയൽ പടർന്നു.....

റിച്ചു അവളെ കണ്ടു ഞെട്ടി വിറച്ചു.... പിന്നെ അവന്റെ കണ്ണുകളിൽ ദേഷ്യം പടർന്നു....

❤💔INVISIBLE LOVE 💔❤

Love after 💘marriage 🌷105🌷

വയറ്റിലുള്ള കൊച്ചിന് തന്തയുണ്ടാക്കാൻ വന്നതാണോ നീ....... അവൻ പുച്ഛത്തോടെ പറഞ്ഞു.

നട്ടെല്ല് ഇല്ലാത്ത തന്തയെ ആ കൊച്ചിന് വേണ്ട.... മറുപടി പറഞ്ഞത് ഇനു ആയിരുന്നു.....

ഓഹ്....തമ്പുരാട്ടിയുടെ ന്യൂ പ്ലാൻ ആയിരിക്കും ഇവളെ മുൻനിർത്തി എന്നെ പൂട്ടാൻ......

നിന്നെ പോലുള്ള ചാവാലിപട്ടികൾക്ക് പണി കൊടുക്കാൻ എനിക്ക് മറ്റുള്ളവരെ സഹായം വേണ്ട റിച്ചുക്ക..... അനുഭവത്തിൽ നിന്ന് തന്നെ അത് പഠിച്ചല്ലോ അതിന്റെ തെളിവ് ആണല്ലോ തലയിൽ കുത്തി കെട്ടിയ ഈ കെട്ട്...

ഉപദ്രവിക്കുന്നത് നീയാണെങ്കിൽ അതിന്നും ഒരു സുഖം ആണ് ഇനു..... നീ തന്ന ഈ ശിക്ഷ നിന്നെ വേദനിപ്പിച്ചപ്പോൾ തൊട്ട് നീറുന്ന എന്റെ മനസ്സിന് കുളിരാണ്.

നീയൊരിക്കലും നന്നാവില്ലേ.....

ഞാൻ നന്നാവാം...... നീ പറയുന്നത് എന്തും അനുസരിക്കാം..... നീ പറയുന്നത് മാത്രമേ അനുസരിക്കു.... എന്റെ കൂടെ വന്നോടെ ഇനു..... ആർദ്രമായി അവൻ പറയുന്നത് കെട്ട് അവൾക്ക് ദേഷ്യവും അവനോട് വെറുപ്പും തോന്നി.....

ഇനിയെന്റെ മുന്നിൽ ഇക്കാര്യം പറഞ്ഞു വന്നാൽ ജന്നത് ഹൈദരലി ആരാണെന്ന് നീ അറിയും ശബ്ദം കടുപ്പിച്ചു പറഞ്ഞു. പിന്നെ ajwa എന്റെ ഗസ്റ്റ് ആണ്. അവൾ ഇവിടെ തന്നെ താമസിക്കും...ഇതെന്റെ വീട്.... ഞാൻ തീരുമാനിക്കും ഇവിടെ ആര് താമസിക്കും താമസിക്കണം എന്ന്.... Ajwa ക്ക് ശല്യം ആയാൽ ഈ വീട്ടിൽ നിന്നും പുറത്ത് പോവുന്നത് നീയായിരിക്കും..... അതോണ്ട് നിന്റെ വിരട്ടലും ഭീഷണിയൊന്നും അവളോട് വേണ്ട. അവൾ വെല്ലുവിളി പോലെ അവൾ പറഞ്ഞു.

റിച്ചുവിന്റെ കണ്ണുകൾ ചുവപ്പ് രാശി ആകുന്നത് ajwa പേടിയോടെ നോക്കി.

വന്നപ്പോൾ തൊട്ട് ഇവിടെ നിന്നും പോകാൻ പറഞ്ഞു ഭീഷണിപെടുത്തുന്നുണ്ട്. അതും കേട്ടോണ്ട് വന്നാണ് ഇനുവിന്റെ ദേഷ്യം മുഴുവൻ.

അവൾ ഇവിടെ ഉണ്ടായാലും ഇല്ലെങ്കിലും എനിക്ക് ഒരു പ്രോബ്ലം ഇല്ല ഇനു. എന്റെ മനസ്സിൽ നീ മാത്രം ഉള്ളു. നിനക്ക് വിഷമം ആകുമെന്ന് കരുതി മാത്രം ആണ് അവളോട് പോകാൻ പറയുന്നത്. നീ വേദനിക്കുന്നത് എനിക്ക് സഹിക്കാൻ പറ്റില്ല.

എന്റെ മനസ്സിൽ നീയോ നിന്റെ ഓർമകളോ ഇല്ല..... എന്റെ മനസ്സും ശരീരവും എന്റെ ഫൈസിയുടെ മാത്രം ആണ്. അതോർമ്മ വെച്ചോ..... അവൾ വെറുപ്പോടെ പറഞ്ഞു.

നീ പറഞ്ഞ മനസ്സും ശരീരവും എന്റേത് മാത്രം ആണ്

ഇനു. നിന്റെ മനസ്സിൽ ആദ്യമായി പ്രണയം വിതറിയത് ഞാൻ ആണ്. ഈ ശരീരവും എന്റേത് മാത്രം ആണ്.... നീ ഒരിക്കലും ഫൈസിക്ക് സ്വന്തം ആകില്ല. അതിന്ന് സമ്മതിക്കില്ല ഞാൻ.....

ഒരെങ്ങൽ കേട്ട് ആണ് രണ്ട് പേരും തിരിഞ്ഞു നോക്കിയത്. Ajwa മുഖം പൊത്തി കരയുന്നത് അവർ കണ്ടു.

റിച്ചുവിന്റെ മുഖത്ത് അത് കണ്ടതും അസ്വസ്ഥത പടരുന്നത് അവൾ കണ്ടു.

ഞാൻ നിന്നോട് എന്ത് തെറ്റ് ചെയ്തു ajwa

ഞാൻ ഇന്ന് വരെ നിന്നെ സ്നേഹിക്കുന്നുണ്ടെന്ന് പറഞ്ഞിനോ.... അങ്ങനെ പെരുമാറിയിനോ.... ദിവ്യ പ്രേമത്തിന്റെ പേരും പറഞ്ഞു നീയല്ലേ എന്നെ ചതിച്ചത്..... ആ ചതിയുടെ ബാക്കി പത്രം അല്ലേ വയറ്റിൽ ഉള്ളതും. എന്നോടെന്ന പോലെ ആരുടെയൊക്കെ കൂടെ കിടന്നിട്ട് ഉണ്ടെന്ന്

ആർക്കറിയാം. അതും പറഞ്ഞു ഭിത്തിയിൽ ആഞ്ഞടിച്ചു അവൻ പോയി....

ഇനു അവളെ തോളിൽ കൈ വെച്ചതും അവൾ ഇനുവിന്റെ തോളിലേക്ക് ചാഞ്ഞു പൊട്ടികരഞ്ഞു.

സാരമില്ല അജുത്ത ദേഷ്യം കൊണ്ട് പറഞ്ഞത് ആവും...

അല്ല പറഞ്ഞോതൊക്കെ സത്യം ആണെന്ന് എനിക്കും അറിയാം. ഞാൻ അല്ലേ പ്രണയിച്ചത് ഞാൻ തന്നെ അനുഭവിക്കണം ഇത്...

ഇങ്ങനെയൊരു വൃത്തികെട്ടവനെ സ്നേഹിക്കാൻ എങ്ങനെ തോന്നി ഇത്തക്ക്..... അവൾക്ക് ദേഷ്യവും സങ്കടം തോന്നി...

റിച്ചു തെറ്റുകൾ ഒരുപാട് ചെയ്തിട്ടുണ്ട്. ഒരു പക്കാ

ക്രിമിനൽ ആണ്. എന്ന പെൺ വിഷയത്തിൽ ഇങ്ങനെ ആയിരുന്നില്ല.

ഞാൻ ജോബ് കിട്ടിയ ശേഷം പി എ എന്ന നിലയിൽ എന്നും കൂടെ ഉണ്ടായിരുന്നു. എനിക്കറിയാരുന്നു റിച്ചുക്കയുടെ ഇല്ലിഗൽ ബിസിനസ് ഒക്കെ. എന്നിട്ടും ഞാൻ അവിടെ ജോബ് ചെയ്തു. മാനത്തിന് വില പറയാതെ ജീവിക്കലോ എന്ന് മാത്രം ആയിരുന്നു ആശ്വാസം. റിച്ചുക്കക്ക് ആ സമയത്ത് ഒരു പ്രണയം ഉണ്ടായിരുന്നു. അവളെന്ന് വെച്ച ജീവൻ ആയിരുന്നു... അസൂയ തോന്നിയിട്ടുണ്ട് ഞങ്ങൾക്ക് ഈ വില്ലന്റെ ഉള്ളിലെ പ്രണയം കണ്ടിട്ട്. ഒരു ദിവസം സർപ്രൈസ് ആയി അവളെ കാണാൻ പോയ റിച്ചുക്ക

കണ്ടത് അവൾ മറ്റൊരാളുമായി ബെഡിൽ കിടക്കുന്നതാ..... പിന്നെ എല്ലാ പെണ്ണിനോടും വെറുപ്പ് ആയിരുന്നു.... അവരുടെ ശരീരം മാത്രം ആയിരുന്നു പിന്നെ പ്രണയം എന്ന പേരിന്. ഇതിനിടയിൽ എപ്പോഴോ എനിക്കും ഇഷ്ടം തോന്നിപൊയി. മറക്കാൻ ശ്രമിച്ചിട്ടും പറ്റിയില്ല. ഞാൻ റിച്ചുക്കയുമായി അടുത്തു. ഒരിക്കലും ആ മനസ്സിൽ ഞാൻ ഇല്ലെന്ന് അറിയാരുന്നു. എന്നാലും ഒരു പ്രതീക്ഷ എന്നെങ്കിലും എന്നെ മനസ്സിൽ ആകുമെന്ന്.

പിന്നെ എല്ലാം ഉപേക്ഷിച്ചു നാട്ടിലേക്ക് വന്നത്. അത് ഫൈസിയോട് പ്രതികാരം തീർക്കാൻ ആണെന്ന് അറിഞ്ഞില്ല. നിന്നെ കണ്ടപ്പോൾ തൊട്ട് വീണ്ടും പ്രണയം തുടിക്കുന്ന അവനെ കണ്ടു. ആ കണ്ണുകളിൽ നിന്നോട് കാമം ആയിരുന്നില്ല പ്രണയം തന്നെ ആയിരുന്നു

അത് കൊണ്ട നിന്റെ ശരീരം ബലമായി നേടാഞ്ഞതും..... കുഞ്ഞിനെ ഓർത്തെങ്കിലും എന്നെ സ്വീകരിക്കുമെന്ന് ഒരു പ്രതീക്ഷ ഉണ്ടായിരുന്നു. ഇപ്പൊ അതും ഇല്ല. ഞാൻ പോവ്വാ ഇനു ഇവിടുന്ന്

ഇതൊക്ക കേട്ട് റിച്ചു ഉണ്ടായിരുന്നു പുറത്ത്. അവന്ന് ajwa യെ കണ്ടപ്പോൾ ഒരു സങ്കടം തോന്നി. കുഞ്ഞു എന്റേത് തന്നെ ആണെന്ന് എനിക്കും ഉറപ്പ് ഉണ്ട്. Ajwa ഒരു പാവം ആണെന്ന് അവന്ന് അറിയാരുന്നു. പക്ഷേ ഇനു..... അവളെ എനിക്ക് വേണം.... അതിന്ന് തടസ്സം ആയി ആരും വേണ്ട. അത് നീ ആയാലും കുഞ്ഞായാലും..... അവന്റെ മുഖം വലിഞ്ഞു മുറുകി....

ഞാൻ മനസ്സിൽ ആക്കിയിടത്തോളം റിച്ചുവിന് എല്ലാരോടും സ്നേഹം ഉണ്ട്... ഉപ്പാനോടും ഉമ്മനോടും സ്നേഹത്തിൽ പെരുമാറുന്നു.... റംസിതയെ ഇഷ്ട്ടം ആണ്.... റംസിതയുടെ മക്കളെ കെയർ ചെയ്യുന്നു.... അവരെ കൊഞ്ചിക്കുന്നു....

ഫൈസിയോട് മാത്രം ആണ് ദേഷ്യം.... അതിന്റെ കാരണം മനസ്സിൽ ആവാതെ...

അതും മാറും.... മാറണം..... അതിന്ന് ആദ്യം വേണ്ടത് നീയും ഫൈസ് ഒന്നിച്ചു സ്നേഹത്തോടെ ജീവിച്ചു കാണിക്കുന്നതാണ്..... അത് കാണുമ്പോൾ നീ അവന്റെ ഭാര്യ ആണെന്ന് അംഗീകരിക്കുമ്പോൾ ചിലപ്പോൾ എന്നെയും അംഗീകരിച്ചലോ...

Ajwa പ്രതീക്ഷയോടെ അവളെ നോക്കി.

ഞങ്ങൾ തമ്മിൽ എന്തെങ്കിലും ഇഷ്ടക്കേട് നിങ്ങൾ കാണുന്നുണ്ടോ....

ഫൈസ് ഞാനും എത്ര ഹാപ്പി ആയാണ് കഴിയുന്നത്.....

നിങ്ങൾ തമ്മിൽ ഇപ്പൊ ബെഡ് റിലേഷൻ ഒന്നും ഇല്ലല്ലോ അതോണ്ട് ആവും റിച്ചുവിന്ന് പ്രതീക്ഷ..... Ajwa യുടെ വാക്കുകൾ ഇടറിയിരുന്നു.

ഇനുവിന്ന് സങ്കടം തോന്നി അവളെ കണ്ടിട്ട്.... മനസ്സ് കൊണ്ട് റിച്ചുവിനെ ഇപ്പോഴും ആഗ്രഹിക്കുന്നുണ്ടാവും.... അവളുടെ കണ്ണുകൾ അവളുടെ വയറിൽ പതിഞ്ഞു..... ഒരു വേദന അവളെ പൊതിഞ്ഞു.... ഒരു ഉപ്പാന്റെ സ്നേഹം ആ കുഞ്ഞും ആഗ്രഹിക്കുണ്ടാവില്ലേ......

ഒക്കെ ശരിയാവും റിച്ചുക്ക നിങ്ങളെ സ്നേഹിക്കും.... സ്വീകരിക്കും..... അവളുടെ വയറ്റിൽ കൈ വെച്ച് ആയിരുന്നു അത് പറഞ്ഞത്..... അത് പറയുമ്പോൾ അവളുടെ മനസ്സിലും ചില തീരുമാനങ്ങൾ ഉടലെടുത്തിരുന്നു.....

❤️❤️❤️❤️

രാത്രി ലേറ്റ് ആയാണ് ഫൈസ് വന്നത് ഉറങ്ങാതെ കാത്തിരിക്കുന്ന ഇനുവിനെ കണ്ടു അവന്റെ മുഖം ചുളിഞ്ഞു. ലേറ്റ് ആകും കിടന്നൊന്ന് വിളിച്ചു പറഞ്ഞത് ആണ്.....

നീ ഉറങ്ങിയില്ലേ......

ഫൈസ്ക്കയെ കാത്തിരിക്കുക ആയിരുന്നു.....

ഫൈസിക്കയോ.... അവൻ കണ്ണും തുറിച്ചു അവളെ നോക്കി..... ഫൈസ് എന്നെ വിളിക്കാറുള്ളു..... ചിലപ്പോൾ ഹബ്ബി..... പുതിയൊരു മാറ്റം അവൻ ആലോചനയോടെ താടി ചൊറിഞ്ഞു....

അവൻ മുകളിലേക്ക് കേറാൻ നോക്കിയതും ഫുഡ് കഴിക്കുന്നില്ലേ എന്ന് ചോദിച്ചു വിളിച്ചു.....

ഞാൻ ഫ്രഷ് ആയി വന്നു കഴിച്ചോളാം.... നീ പോയി

കിടന്നോ. ഉറക്കം കളയണ്ട കോളേജിൽ പോകണ്ടതല്ലേ പറഞ്ഞു അവൻ പോയി.....

അവൻ ഫ്രഷ് ആയി വന്നിട്ടും അവളെ റൂമിൽ കാണാഞ്ഞു താഴേക്കു പോയി.

ഫുഡ് വിളമ്പി കാത്തിരിക്കുന്നത് കണ്ടു....

എന്തോ പണി വരുന്നുണ്ട് എന്ന് മനസ്സിൽ പറഞ്ഞു അവൻ പോയി ഫുഡ് കഴിച്ചു.

ഇടക്കിടക്ക് നോക്കുമ്പോൾ അവൾ അവനെ തന്നെ നോക്കി നില്കുന്നുണ്ട്.

അവൻ ഫുഡ് കഴിച്ചു എഴുന്നേറ്റു. കൈകഴുകി വരുമ്പോൾ കണ്ടു അവന്റെ പ്ലേറ്റിൽ ഫുഡ് എടുത്തു കഴിക്കുന്ന അവളെ. അവന്ന് കുറ്റബോധം തോന്നി കഴിച്ചോന്നു ചോദിക്കാത്തതത്തിൽ. എപ്പോഴും ലേറ്റ് ആയ വരുന്നതിന്ന് മുൻപ് കഴിക്കാറുണ്ട് അതോണ്ടാ ചോദിക്കാതിരുന്നേ.....

അവൻ അവൾ കഴിക്കുന്നവരെ അവിടെ ഇരുന്നു.... ഒന്നിച്ചായിരുന്നു റൂമിലേക്ക് പോയത്. ബെഡ് ഒക്കെ തട്ടിപിരിച്ചു മൊഞ്ചക്കിയിട്ടുണ്ട്.... പൊതുവെ ഇതൊക്കെ എന്റെ പണിയാണ്. അവൾ ഒന്നും നോക്കാതെ കേറികിടക്കും.. എനിക്ക് നീറ്റ് ആയി കാണണം അതിന്റെ പേരിൽ എന്നും വഴക്ക് ഉണ്ടാക്കും.....

വേണേൽ ചെയ്തോ പറഞ്ഞു മുഖം വീർപ്പിക്കും.... ഞാൻ തന്നെ ചെയ്യും.....

അവൻ ഒരു സംശയത്തോടെ പോയി കിടന്നു.... അവൾ അവന്റെ അടുത്തേക്ക് നീങ്ങി കിടന്നതും അറിയാതൊരു ഭയം അവന്ന് വന്നു. വീണ്ടും കുട്ടീടെ പേര് പറഞ്ഞു വരികയാണോ...... അവൻ കണ്ണടച്ച് കിടന്നു.

ഫൈസ്.......

അവൻ ഒന്ന് മൂളി..... അവൾ എഴുന്നേറ്റു അവന്റെ

മുഖത്തിന്ന് നേരെ കൈ കുത്തി ചെരിഞ്ഞു കിടന്നു.....

ഫൈസ് ഞാൻ ഒരു കാര്യം പറഞ്ഞ കേൾക്കോ.....

പറയ്.....

നമുക്ക് ഇപ്പൊ കുട്ടി വേണ്ട.... ഞാനും കുറെ ആലോചിച്ചു.....

അവൻ സന്തോഷത്തോടെ കണ്ണ് തുറന്നു.

അവന്റെ കണ്ണുകളിലെ തിളക്കം കണ്ടതും അവളെ ഉള്ളിൽ ഒരു നീറ്റൽ പടർന്നു. ഇവനെന്താ കുഞ്ഞിനെ വേണ്ടാത്തെ.... ചെറിയ പ്രായത്തിൽ തന്നെ ഉപ്പ ആകുന്നോണ്ടുള്ള നാണക്കേട് കൊണ്ടാണോ......

കുട്ടിവേണ്ടന്ന് അല്ലേ ഉള്ളു...... ബാക്കി പറയാൻ അവളൊന്നു മടിച്ചു..... അവൾക്ക് ഉള്ളിൽ നാണക്കേട് സങ്കടം ഒക്കെ തോന്നുന്നുണ്ടായിരുന്നു. Ajwa യെ ഓർത്തതും അവൾ അതൊക്കെ മൂടി വെച്ചു.... അവന്റെ ചുണ്ടിലൂടെ വിരലോടിച്ചു.... അവന്റെ ശരീരത്തിലൂടെ മിന്നൽ പിണർ പോയ പോലെ തോന്നി അവന്ന്. അവളുടെ മുഖം അവന്റെ ചുണ്ടിലേക്ക് താഴ്ന്നതും അവൻ കൈ വെച്ചു......

ഫൈസ്..... അവൾ മുഖം കൂർപ്പിച്ചു അവന്നെ നോക്കി.

ഞാൻ പറഞ്ഞല്ലോ ഇനു..... നീയിപ്പോൾ ചെറുതാണ്.... നിനക്ക് എന്ന് മെച്യൂരിറ്റി വരുന്നോ അന്ന് മതി ഇതൊക്കെ....

ഞാൻ ഫൈസിയെ ഇക്കാന്ന് വിളിച്ചില്ലേ.... കാത്തിരുന്നില്ലേ.... ഫൈസിയുടെ ഇഷ്ടം പോലെ എല്ലാം ചെയ്യുന്നില്ലേ.... അപ്പൊ എനിക്കും മെച്യൂരിറ്റി വന്നില്ലേ.... ഷാനയും

റംസിത്ത ഒക്കെ ഇങ്ങനെ ആണല്ലോ ചെയ്യൽ.....

അവൻ അവളെ നോക്കി പുഞ്ചിരിച്ചു.

ഇതാണോ മെച്യുരിറ്റി.... നിനക്ക് ഇനിയും കുറെ അറിയാനുണ്ട് ദാമ്പത്യത്തേ പറ്റി.....

ഇതിനെ പറ്റി എന്താ പഠിക്കാനുള്ളെ....ഞങ്ങളെ ക്ലാസ്സിലെ ഷാനിബയും ഷാൻ തമ്മിൽ ഫിസിക്കൽ റിലേഷൻ ഉണ്ടല്ലോ.... അവരെ കല്യാണം പോലും കഴിഞ്ഞില്ല.... നമ്മുടെ കല്യാണം കഴിഞ്ഞല്ലോ പിന്നെന്താ.....

ഇതൊക്കെ തന്നെ മെച്ചയൂരിറ്റി വന്നിട്ടില്ല പറഞ്ഞത്. നാണം ഇല്ലാതെ എന്തൊക്കെ പറയുന്നേ..ഒന്നുമില്ലെങ്കിലും നിന്റെ ഭർത്താവ് അല്ലേ ഞാൻ.... അതും പറഞ്ഞു അവൻ കുമ്പിട്ട് കിടന്നു.....

ഫൈസ്..... അവൾ വീണ്ടും അവനെ തൊട്ട് വിളിച്ചു.....

എനിക്ക് നല്ല ക്ഷീണം ഉൻണ്ട് ഇനു.... അവൻ ഉറക്കച്ചടവോടെ പറഞ്ഞു....

അവൾ പെട്ടെന്ന് തന്നെ തിരിഞ്ഞു കിടന്നു..... ഇനിയും സംസാരിച്ചാൽ ഉള്ളിലെ സങ്കടം കരച്ചിൽ ആയി പുറത്ത് വരുന്നു തോന്നി അവൾക്ക്.

അവനും കണ്ണടച്ച് കിടന്നെങ്കിലും ആ കൺപീലികൾ നനഞ്ഞിരുന്നു....

❤❤❤❤

രാവിലെ എഴുന്നേൽക്കുമ്പോൾ ഫൈസിയുടെ നെഞ്ചിൽ ആണ്..... അവളുടെ ചുണ്ടിൽ ഒരു പുഞ്ചിരി വിരിഞ്ഞു.... നെഞ്ചിൽ ഒരു കിസ്സ് കൊടുത്തു അവൾ എഴുന്നേറ്റു. ഒരു ധീർഘ നിശ്വാസത്തോടെ എഴുന്നേറ്റു.

അവൾ അവനെ വിളിച്ചു എഴുന്നേൽപ്പിച്ചു

അവന്റെ കാര്യങ്ങൾ ഒക്കെ ചെയ്തു വെച്ചിട്ട് ആണ് അവൾ കോളേജിലേക്ക് പോകാൻ ഇറങ്ങിയത്..... ബെഡിൽ ഉള്ള ഡ്രസ്സ്‌ ഒക്കെ കണ്ടു അവന്ന് സങ്കടം തോന്നി. നല്ല ഭാര്യയാവാൻ അവൾ ട്രൈ ചെയ്യുകയാണെന്ന് തോന്നി.

ഞാൻ ഇതൊന്നും ആഗ്രഹിക്കുന്നില്ല ഇനു

നിന്റെ കുട്ടികളിയും ആ വഴക്കും അനുസരണക്കേട് ഒക്കെയാണ് ഞാൻ ഇഷ്ടപ്പെടുന്നത്..... എന്റെ ജീവിതത്തിന്റെ ഭാഗം തന്നെ അതാണ്..... അവൻ നെടുവീർപ്പോടെ ഓർത്തു.

❤️❤️❤️

ഇനു നിനക്ക് വന്നോടെ മാര്യേജിന് (യാഷ് )

എനിക്കും എന്റെ കെട്ടിയോനും വിലക്ക് കല്പിച്ചിരിക്കുകയല്ലേ നിന്റെ പുന്നാര ഇക്കാക്ക. ഞങ്ങളെ മാത്രം വിളിച്ചില്ല ഇനുവിന്റെ വാക്കിൽ സങ്കടം കലർന്നിരുന്നു.

അതിൽ എല്ലാർക്കും അവനോട് ദേഷ്യം ഉണ്ട്. വീട്ടിൽ വലിയ സംസാരവിഷയം ആണത്. ഷഹിക്കാ പക്ഷേ ഉറച്ച തീരുമാനത്തിൽ തന്നെ ആണ് അവർ വന്ന ഈ വിവാഹം ഞാൻ വേണ്ടെന്നു വെക്കുമെന്ന് പറഞ്ഞാണ് എല്ലാരും മിണ്ടാതെ ഇരിക്കുന്നത്.

റാബിയാന്റി ഇതിന്റെ പേരിൽ അവനോട് മിണ്ടൽ കൂടി ഇല്ല. അവനും ഉള്ളിൽ സങ്കടം ഉണ്ട്. ഷഹിക്ക് എന്തിനാ വാശി എന്ന ആർക്കും മനസ്സിൽ ആവാതെ. ഇജുക്കയെ കണ്ടാലും വെറുപ്പോടെ മുഖം തിരിച്ചു പോകും....

ഇനു യാഷിനെ നോക്കി കണ്ണൊക്കെ നിറഞ്ഞിട്ടുണ്ട്. ഞങ്ങൾ കല്യാണത്തിന് ഇല്ലാത്ത സങ്കടം ആണെന്ന് അവൾക്ക് മനസ്സിൽ ആയി....

ടാ കോപ്പേ... ഞങ്ങളുടെ ശരീരം അവിടെ ഇല്ലാത്തുള്ളൂ..... മനസ്സ് എന്നും അവിടെ ഉണ്ടാകും.....

പിന്നെ ലൈവ് ആയി കണ്ടോളാടാ ഞങ്ങൾ. അതിനുള്ള സെറ്റപ്പ് ഒക്കെ ഞാൻ ചെയ്തിട്ടുണ്ട്. അവിടെ കാം ഫിറ്റ് ചെയ്തിട്ടുണ്ട് ഫൈസ്.

ഞങ്ങൾക്ക് വീട്ടിൽ ഇരുന്നു കാണാം.

അവന്റെ മുഖം കുറച്ചു തെളിഞ്ഞു.

നീ നോക്കിക്കോ മോനെ എന്റെ ഇജുക്കന്റെ മാര്യേജ് ഞാൻ അടിച്ചു പൊളിച്ചു നടത്തും.... അതിന്ന് എല്ലാർക്കും ഒന്നിച്ചു കൂടാം.... അവനെ നിർബന്ധിപ്പിച്ചു അവൾ വീട്ടിലേക്കു പറഞ്ഞയച്ചു. അവൻ പോയതും പിടിച്ചു നിർത്തിയ കണ്ണുനീർ ഒലിച്ചിറങ്ങി.

അവന്റെ കല്യാണം മുടങ്ങി പോകണം ആയിരുന്നു. ഇത്രയും അഹങ്കാരം പാടില്ല.

റാനി അവളെ കണ്ണ് തുടച്ചു പറഞ്ഞു.

ഇനു ദേഷ്യത്തോടെ അവളെ നോക്കി.

എന്നെ നോക്കിപേടിപ്പിക്കണ്ട. അവൾ മുഖം കോട്ടി.

അവൻ എവിടെ ആണെങ്കിലും സുഖമായി ജീവിച്ചമതി..... എനിക്ക് അത് കണ്ട മാത്രം മതി.... അവൾ കണ്ണ് തുടച്ചു

എഴുന്നേറ്റു പോയി.....

❤❤❤❤

ഫൈസിയെ വിളിക്കാത്തൊണ്ട് സമിയും പോയിരുന്നില്ല. റിസക്ക് കമ്പനി വക ക്ഷണം ഉണ്ടായിരുന്നു. മുങ്ങാൻ നോക്കിയെങ്കിലും ബോസ്സ് നിർബന്ധിച്ചു പറഞ്ഞയച്ചു....

ജന്നത് ഹൌസ് ശഹിയുടെ  കല്യാണത്തിന് രാജാകൊട്ടാരം പോലെ ഒരുങ്ങിയെങ്കിലും എല്ലാവരുടെ ഉള്ളിലും നോവായി ഫൈസ് ഇനു

ഉള്ളത് കൊണ്ട് സന്തോഷം ഇല്ലായിരുന്നു. ഷഹിക്ക് മാത്രം അത് ഒരു പ്രശ്നം അല്ലാത്തോണ്ട് അവൻ ഹാപ്പി ആയിരുന്നു. ജന്ന ഒരു ചോദ്യചിഹ്നം ആവുന്നത് കൊണ്ട് അടുത്ത ബന്ധുക്കളെ മാത്രമേ വിളിച്ചുള്ളൂ. നൈഹയുടെ ഫാമിലിസ് മാത്രം ആയിരുന്നു കൂടുതലായി ഉണ്ടായിരുന്നത്

ശഹി ഇജാസിനെയും പൂർണ്ണമായും അവോയ്ഡ് ചെയ്തിരുന്നു.

വരുന്ന ഫ്രണ്ട്സ്നെയും നൈഹയുടെ റിലേറ്റീവ്സ്നും എല്ലാരേം പരിജയപെടുത്തുമ്പോഴും ഇജുവിനെ അവൻ അവഗണിച്ചു. കാണാത്ത പോലെ ആക്കി. നദീംമിനെയും യാഷിനെയും മാത്രം സഹോദരൻ എന്ന് പറഞ്ഞു എല്ലാർക്കും പരിചയപ്പെടുത്തി. ഇജാസിന് അത് കണ്ടു നെഞ്ച് നീറുന്ന പോലെ തോന്നി... തന്റെ നിഴൽ പോലെ നടന്ന ചെക്കൻ ആണ്.... ഇപ്പോൾ വെറുപ്പോടെ നടക്കുന്നത് ഓർക്കുമ്പോൾ തന്നെ അവന്റെ കണ്ണ് നിറഞ്ഞു.

❤❤❤❤❤

ഇനു കോളേജ് ൽ നിന്നിം വന്ന മുതൽ ഫൈസിയുടെ ലാപ്പിൽ ആയിരുന്നു ശ്രദ്ധ

കല്യാണ വീട്ടിൽ നടക്കുന്ന ഓരോ കാഴ്ചയും നേരിട്ട് എന്ന പോലെ അവൾ കണ്ടു നിന്നു. അവളുടെ സങ്കടം മുഴുവൻ മാറാൻ ശഹിയുടെ മുഖത്തെ സന്തോഷം മാത്രം മതിയാരുന്നു....

ഫൈസിയുടെ വീട്ടിലേ എല്ലാവരും ഇനുവിനെ സങ്കടത്തോടെ നോക്കി നിന്നു.

റിചുവിന്റെ മുഖത്ത് മാത്രം ഒരു പുഞ്ചിരി ഉണ്ടായിരുന്നു. നടക്കാത്ത വിവാഹത്തിനെ ഓർത്തണ് നീ സങ്കടപെടുന്നത് ഇനു.... ഒരിക്കലും ഈ വിവാഹം നടക്കില്ല. എന്നെ വേദനിപ്പിച്ച ആരും സന്തോഷം ആയി ജീവിക്കണ്ട.ഈ

വിവാഹം നടന്നാൽ അതെന്റെ തോൽവിയാണ്. അവൻ പല്ലുകൾ ഞെരിച്ചു കൊണ്ട് മുരണ്ടു.

റിസക്ക് ശ്വാസം മുട്ടുന്ന പോലെ തോന്നി അവിടെ

നിൽക്കുന്ന ഓരോ നിമിഷവും.

അവൾ അവർക്ക് ഗിഫ്റ്റ് വാങ്ങിയിരുന്നു.

നൈഹയുടെ കയ്യിൽ കൊടുത്തു അവരോടൊപ്പം ഫോട്ടോസ് എടുത്തായിരുന്നു അവിടെ നിന്നും ഇറങ്ങിയത്..... നെഞ്ച് നീറുന്ന പോലെ തോന്നിയതും അവൾ ശഹിയുടെയും നൈഹായുടെയും ചിരിക്കുന്ന മുഖം മനസ്സിൽ ഓർത്തു കൊണ്ട് സ്വയം സമാധാനിച്ചു......

ബെഡിൽ ലാപ് മടിയിൽ പിടിച്ചു ഉറങ്ങുന്ന

അവളെ ഫൈസ് നേരെ കിടത്തി. അവൻ ലാപ്പിലേക്ക് നോക്കി. പരിപാടി ഒക്കെ കഴിഞ്ഞു ഗസ്റ്റ് ഒക്കെ പോയി..... അവൻ ലാപ്പ് ഓഫ് ആക്കാൻ നോക്കിയതും ആരോ നടന്നു വരുന്നത് കണ്ടു അവൻ അതിലേക്ക് തന്നെ നോക്കി. അവിടെ പിന്നെ നടന്നത് കണ്ടതും ഒരു നിലവിളി അവന്റെ തൊണ്ടയിൽ കുരുങ്ങി....... ഇനുവിനെ ഉണർത്താതെ ഫോൺ എടുത്തു അവൻ ഇറങ്ങിയോടി.....

പോകുന്ന വഴിക്ക് അവൻ ജന്നത്തിലുള്ള ഓരോരുത്തരെയും ഫോണിൽ വിളിച്ചു കൊണ്ടിരുന്നു. വിവാഹക്ഷീണത്തിൽ കിടന്നുറങ്ങുന്ന ആരും അതറിഞ്ഞത് കൂടി ഇല്ല. അവസാനം ശദ കാൾ അറ്റൻഡ് ചെയ്തു. ഷദയുടെ നിലവിളി ജന്നത് ഹൗസ് മുഴുവൻ അലയടിച്ചു.....

അപ്പോഴേക്കും ഫൈസ് അവിടെ എത്തിയിരുന്നു.

❤️❤️❤️❤️

പിറ്റേന്ന് രാവിലെ ഇനുവിനെ വിളിച്ചുണത്തിയത് ഫൈസ് ആയിരുന്നു.

അവന്റെ പരിഭ്രാന്തി നിറഞ്ഞ ശബ്ദം കേട്ടതും അവൾ ഞെട്ടി എഴുന്നേറ്റു.....

എന്താ ഫൈസ്....... അവൾ ടൈം നോക്കിഏഴുമണി ആയെ ഉള്ളു.....

അത്...... പിന്നെ...... പിന്നെ..... അവൻ

വാക്കുകൾക്കായി തപ്പികളിച്ചു.

എന്തെങ്കിലും പ്രോബ്ലം ഉണ്ടോ...... അവൾ പേടിയോടെ അവന്റെ കയ്യിൽ പിടിച്ചു.

ചെറിയ പ്രോബ്ലം ഉണ്ട്...... നീ ടെൻഷൻ ആവുകയൊന്നും വേണ്ട.....

കാര്യം പറയുന്നുണ്ടോ ഫൈസ്.....

ശഹിയുടെ വിവാഹം ഇന്ന് നടക്കില്ല.....

വിവാഹം നടക്കില്ലെന്നോ...... അവളുടെ ശബ്ദം ഞെട്ടലോടെ ഉയർന്നിരുന്നു......

ബാക്കി പറയുന്നത് കേട്ടതും അവൾ തളർച്ചയോടെ ബെഡിൽ ഇരുന്നു പോയി.

❤️💔INVISIBLE LOVE 💔❤️

Love after 💘marriage 🌷106🌷

എന്റെ വിവാഹം മുടങ്ങിയ സന്തോഷം ആഘോഷിക്കാൻ വന്നതായിരിക്കും അല്ലേ ഭാര്യയും ഭർത്താവും.

ശഹി ഞങ്ങൾ....... ഫൈസ് എന്ത് പറയണമെന്ന് അറിയാതെ വാക്കുകൾക്കായി പരതി......

എന്റെ തകർച്ച അതല്ലേ നിങ്ങൾക്ക് കാണേണ്ടത്..... നിങ്ങളെ വിവാഹത്തിന് വിളിക്കാതെ അപമാനിച്ചതിന്ന് പകരം ആയല്ലേ നിങ്ങളിത് ചെയ്തത്....അതിന്ന് വേണ്ടിയായിരിക്കുമല്ലോ വിവാഹം മുടക്കാൻ അവളെ സ്റ്റെപ്പിൽ നിന്നും തള്ളിയിട്ടത്....

ഷഹീ...... ഇനുവിന്റെയും ഫൈസിയുടെയും ശബ്ദം

ഒന്നിച്ചു ഉയർന്നിരുന്നു.

എന്താ സത്യം എല്ലാരും അറിയുമ്പോൾ നിലവിളിക്കുന്നത്..... ആളെ കാണിക്കാൻ സിമ്പതി ആയി ഇറങ്ങിയിരിക്കുന്നു. അവനും ഹോസ്പിറ്റൽ ആണെന്ന് പോലും ഓർക്കാതെ അലറി....

നദീം വന്നു അവന്നെ പിടിച്ചു വെച്ചു.

അവൻ കണ്ടോണ്ട നൈഹ ഇന്ന് ജീവനോടെ ഇരിക്കുന്നത് അതോർത്തോ ഷഹീ....

ഇവന്റെ വീട്ടിൽ ഉള്ള ഇവൻ എങ്ങനെ എല്ലാരേക്കാൾ മുന്നേ അറിഞ്ഞത്. എങ്ങനെ ഇവൻ അവിടെ ഓടിയെത്തിയത്...... നമ്മൾ വരുന്നതിന്ന് മുന്നേ ഈ ഹോസ്പിറ്റലിൽ ഡോക്ടർസ് പോലും കാത്തിരിക്കരുന്നു അതെങ്ങനെയാ.....

ഫൈസ് എന്തെങ്കിലും പറയുന്നതിന്ന് മുന്നേ ഇനു

ആയിരുന്നു അതിന്ന് മറുപടി പറഞ്ഞത്.

നീ തടഞ്ഞാലും എനിക്ക് കാണണം ആയിരുന്നു ആ വിവാഹം. അതിന്ന് വേണ്ടി ഞാൻ തന്നെ ആണ് വീട്ടിൽ കാം വെച്ചത്.... എന്റെ ഫോണിലേക്ക് കണക്ട് ചെയ്തതും..... രാത്രി ഉറങ്ങാൻ പോകുന്നതിന്ന് മുന്നേ ആയിരുന്നു ഫൈസ് നൈഹ സ്റ്റെപ്പ് ഇറങ്ങി വരുന്നതും

സ്റ്റെപ്പിൽ നിന്നും തലകറങ്ങി വീഴുന്നത് കണ്ടതും..... എന്നെ പോലും അറിയിക്കാതെയാ ഫൈസ് നിങ്ങളെ വിളിച്ചിട്ട് കാണാത്തോണ്ട് അങ്ങോട്ട് ഓടി വന്നത്.... ദേഷ്യത്തോടെ ശബ്ദം ഉയർത്തി പറഞ്ഞത് കൊണ്ട് തന്നെ അവൾ കിതച്ചിരുന്നു.....

ശഹിയുടെ മുഖത്ത് അപ്പോഴും പുച്ഛം തന്നെ ആണെന്ന് അവൾ കണ്ടു....

വിശ്വാസം ആയില്ലെങ്കിൽ എന്റെ കയ്യിൽ തെളിവ് ഉണ്ട്.... ഞാൻ അയച്ചു തരാം ആ വീഡിയോ.....

ഫൈസ് ആരെയും നോക്കാതെ പറഞ്ഞു....

ഇവനോടൊന്നും സംസാരിച്ചിട്ട് കാര്യം ഇല്ല ഫൈസി.... ഇതൊക്കെ ഞങ്ങളെ വീട്ടിലേ cctv യിൽ റെക്കോർഡ് ആണ്..... അവൾ

സ്റ്റെപ്പ് പാതിയിൽ വെച്ച് തലക്ക് കൈ വെക്കുന്നതും ബോധം മറിഞ്ഞു വീഴുന്നതും എല്ലാരും കണ്ടതാ..... നദീം ദേഷ്യത്തോടെ പറഞ്ഞു.....

എന്തായാലും കല്യാണം മുടങ്ങിയല്ലോ..... എല്ലാർക്കും സന്തോഷം ആയില്ലേ..... വീണ്ടും എല്ലാർക്കുമുന്നിലും ഒരു കോമാളി വേഷം കൂടി ആയി...... അവൻ മുടിയിലൂടെ കൈ കോരുത് അവിടെ തലകുമ്പിട്ട് ഇരുന്നു.....

അവന്റെ തളർന്ന പോലുള്ള ഇരിപ്പ് എല്ലാരിലും സങ്കടം നിറച്ചിരുന്നു..... മൗനത്തെ കൂട്ട് പിടിച്ചു എല്ലാവരും ഐ സി യുവിനു മുന്നിൽ കാത്തുനിന്നു.....

ഡോക്ടർ പുറത്ത് ഇറങ്ങി.....

പേടിക്കാൻ ഒന്നും ഇല്ല..... നെറ്റിയിൽ ചെറിയ മുറിവ് ഉള്ളു.... കാൽ എല്ല് ചെറിയ പൊട്ടൽ ഉണ്ട്.... ഒരു മാസം കാൽ അനക്കാതെ റസ്റ്റ് എടുത്ത മതി.... അത് പറഞ്ഞു പോയി.... എല്ലാവരിലും ആശ്വാസം നിറഞ്ഞു...... എന്നാലും വിവാഹം മുടങ്ങിയ സങ്കടം എല്ലാരിലും ഉണ്ടായിരുന്നു......

നിക്കാഹ് കഴിക്കാം എന്നൊരു സജക്ഷൻ മുതിർന്ന ആരോ പറഞ്ഞു.....

അത് വേണ്ട എനിക്ക് അവളെ വിവാഹം കഴിക്കേണ്ടത് അങ്ങനെ ആരും അറിയാതെ ചെറിയ രീതിയിൽ അല്ല..... എന്റെ പ്രണയം എല്ലാവരെയും അറിയിച്ചു അർഭാടം ആയി തന്നെ നടക്കണം.... ഇനിയൊരു ദിവസം കാണൽ ഉറപ്പിക്കൽ ഒന്നും വേണ്ട. നൈഹ എഴുന്നേറ്റു നടക്കുന്ന അന്ന് എന്റെ

വിവാഹം നടക്കും.

അത് പറഞ്ഞു അവൻ നൈഹയുടെ അടുത്തേക്ക് പോയി.

❤❤❤❤

നീ പറഞ്ഞപ്പോ ഇത്രയും കരുതിയില്ല ഷഹിക്ക് ജീവൻ ആണല്ലേ നൈഹായെ....

അവന്റെ കണ്ണ് നിറഞ്ഞത് കണ്ടു എനിക്ക് പോലും കണ്ണ് നിറഞ്ഞു പോയി.....

ഫൈസ് ഓരോന്ന് പറഞ്ഞു വെങ്കിലും അവൾ എല്ലാത്തിനും മൂളിയെ ഉള്ളു.

ശഹി എന്താ ഇങ്ങനെ..... അവന്ന് എന്നോടും ഫൈസിയോടും എന്തിനാ ദേഷ്യം.... അതിന്ന് ഒരുത്തരം കിട്ടാതെ അലയുകയാരുന്നു അവളുടെ മനസ്സ്...

പെട്ടന്ന് അവൾ ഞെട്ടലോടെ ചോദിച്ചു ഫൈസ് ഇപ്പൊ എന്താ പറഞ്ഞെ.....

ശഹിയുടെ കരച്ചിൽ കാണാൻ പറ്റുന്നില്ല എന്ന്..... കാണുന്നവർക്ക് പോലും സങ്കടം തോന്നി....

ഇനുവിന് തന്റെ ശരീരം തളരുന്നത് പോലെ തോന്നി...എല്ലാ ചോദ്യങ്ങൾക്കും ഉത്തരം കിട്ടിയിരുന്നു അവൾക്ക്.... ശഹിയെ എന്നെന്നേക്കുമായി തനിക്ക് നഷ്ടമായി എന്നും അവൾക്ക് മനസ്സിലായി. അവന്റെ വെറുപ്പോടെയുള്ള നോട്ടവും സംസാരവും ഓർത്തതും ഉള്ളിൽ ഭയവും ഉടലെടുത്തു.....

❤️❤️❤️❤️

സമി കാണാൻ പോയിരുന്നു നൈഹായെ..

തിരിച്ചു പോകുമ്പോൾ ഷദയും കൂടെ പോയി.....

എനിക്ക് കുറച്ചു സംസാരിക്കാൻ ഉണ്ട് സമി മെല്ലെ അവളോട് പറഞ്ഞു. അവൾ തലയാട്ടി.... സമിയുടെ കാർ നിന്നത് ഒരു റെസ്റ്റോറന്റ് ആയിരുന്നു..... ഒഴിഞ്ഞ ഒരു കോർണറിൽ പരസ്പരം മൗനത്തെ കൂട്ട് പിടിച്ചു അവർ ഇരുന്നു.... അവസാനം സമി തന്നെ മൗനം ഭേധിച്ചു....

ശരിക്കും വിവാഹത്തിന് ഇഷ്ടം ഉണ്ടായിട്ട് തന്നെ ആണോ സമ്മതിച്ചത് അതോ അന്ന് അങ്ങനെ സംഭവിച്ചത് കൊണ്ടോ....

അവൾ അവനെ തന്നെ ഒന്ന് നോക്കി ചിരിച്ചു.....

നല്ല അസ്സൽ പ്രണയം..... ആരോടും അധികം വഴക്കിനു പോകാത്ത..... എല്ലാരോടും കോമഡി പറഞ്ഞു കളിച്ചു ചിരിച്ചു നടക്കുന്ന ഈ പാവം പിടിച്ച പൂച്ചകുഞ്ഞിന്റെ സ്വഭാവം ഉള്ള ഈ ഉള്ളവനോടുള്ള മുഴുത്ത പ്രണയം.....

അവൻ കുടിച്ചോണ്ട് ഇരുന്ന കോഫി തരിപ്പിൽ കയറി..... അവൻ ചുമച്ചോണ്ട് കണ്ണും തുറിച്ചു അവളെ നോക്കി....

ഇങ്ങനെ ഞെട്ടാതെ മാഷേ..... ഫസ്റ്റ് ടൈം ഞാൻ കണ്ടത് എപ്പോഴാന്ന് അറിയോ.... ബയ്യയുടെ ഫുൾ ഹിസ്റ്ററി തപ്പിയെടുത്തപ്പോ വലം കൈ ആയ തന്നെ പറ്റി കൂടുതൽ അറിഞ്ഞേ.... എന്തിനും ഏതിനും കട്ടക്ക് കൂടെ നിൽക്കുന്ന രണ്ട് കൂട്ടുകാരിൽ ഒരാൾ.....

പിന്നെ വീണ്ടും കണ്ടു ഇനു ആരാണെന്ന് ഉള്ള സത്യം അറിഞ്ഞപ്പോൾ തളർന്നു നിന്ന ഫൈസിയെ താങ്ങി നിർത്തുന്ന ഈ കൈകളെ ...... പിന്നെ എപ്പോഴും ശ്രദ്ധിച്ചിരുന്നു..... എപ്പോഴോ ഉള്ളിൽ അങ്ങ് കൂടുകൂട്ടി...... നിങ്ങൾ സെവെൻസ് തമ്മിൽ ഉള്ള ഫ്രണ്ട്ഷിപ് കാണുമ്പോൾ.....

ഇനുവും എല്ലാരും തമ്മിലുള്ള ബോണ്ട് കാണുമ്പോൾ അതിൽ ഒരാൾ ആകാൻ ആഗ്രഹം ഉണ്ടായിരുന്നു. വീട്ടിൽ എനിക്ക് ആലോചനകൾ വരാൻ തുടങ്ങിയപ്പോ നിങ്ങളെ ഒക്കെ പിരിയുന്നത്

ഓർത്തായിരുന്നു സങ്കടം..... ഒരിക്കൽ ചുമ്മാ ഇരിക്കുമ്പോൾ ആയിരുന്നു ഞാൻ പറഞ്ഞത് എനിക്ക് നിങ്ങളെ പിരിയാൻ കഴിയില്ല വിവാഹം വേണ്ടന്ന്...... അപ്പൊ ഇനു പറഞ്ഞു എന്ന എന്റെ സമിക്കയെ കെട്ടിക്കോടി എന്നും ഞങ്ങളെ കൂടെ കഴിയാലോന്ന്...... ആലോചിച്ചപ്പോ എനിക്കും അത് തോന്നി..... പിന്നെ ഒന്നും നോക്കില...... പ്രേമിക്കാൻ തന്നെ തീരുമാനിച്ചു...... അല്ല മനസ്സിൽ അങ്ങ് കുടിയിരുത്തി...... പ്രണയം തുറന്നു പറയാൻ പേടി.... തിരിച്ചു ഇഷ്ട്ടം അല്ലെന്ന് പറഞ്ഞാലോ എന്നൊക്കെ ഓർത്തു പേടിയാരുന്നു. മാത്രം അല്ല ഞാൻ കാരണം നിങ്ങളെ ഫ്രണ്ട്ഷിപ് പോയികളയോ എന്നൊക്ക ഉള്ള പേടി. അപ്പൊ ഇനു പറഞ്ഞ ഐഡിയ ആയിരുന്നു വിവാഹലോചന. രണ്ട് വീട്ടുകാർക്കും പൂർണ സമ്മതം. ഇനു പറഞ്ഞ പിന്നെ ആർക്കും അപ്പീൽ ഇല്ലല്ലോ..... പിന്നെ ധൈര്യം ആയിട്ട് സ്വപ്നം കണ്ടു.... ഇഷ്ട്ടം പറയാൻ പലപ്രവിശ്യം വന്നു. ഒന്ന് തിരിഞ്ഞു പോലും നോക്കാത്ത ആളോട് എങ്ങനെ ഇഷ്ട്ടം പറയാ...... പിന്നെ സംഭവിച്ചത് അറിയാലോ.... വിവാഹത്തിന് സമ്മതം അല്ലെന്ന് പറഞ്ഞപ്പോ സങ്കടം തോന്നിയെങ്കിലും ഞാൻ കാരണം പ്രശ്നം

ഉണ്ടക്കണ്ണ കരുതി മിണ്ടാണ്ട് ഇരുന്നു.

ഇനുവിനും ഷാനക്കും റിസക്കും അറിയാരുന്നു എല്ലാം..... റിസ അപ്പോഴും വാക്ക് തന്നിരുന്നു എന്റെ ബാബിയായിട്ട് നീയേ വരുള്ളൂന്ന്..... ഞാൻ ഇനിയിക്കാര്യം പറയരുത് പറഞ്ഞു റിസയോട് സത്യം ഇടീച്ചു.... അന്ന് റൂമിൽ വെച്ച് നടന്നത് ശരിക്കും കോയിൻസിഡൻസ് ആയിരുന്നു. അന്ന് ഞാൻ ഒരു തീരുമാനം എടുത്തിരുന്നു. നിന്നെയല്ലാതെ വേറാരേം കെട്ടില്ലെന്ന്. ഭയ്യാ വാക്ക് തന്നു അവൻ നിന്നെ കെട്ടുള്ളുന്..... ഇപ്പൊ എല്ലാം ശുഭം.....

ചില ഇഷ്ടങ്ങൾ അങ്ങനെയാ മാഷേ നമ്മൾ മറന്നാലും പടച്ചോൻ മറക്കൂല.... അല്ലെങ്കിൽ കറെക്ട ആയിട്ട് ഞാൻ ഡ്രസ്സ് മാറുന്ന സമയം സമിക്ക അവിടെ ഏത്തോ......

അവൻ താടിക്ക് കയ്യും കൊടുത്തു സ്വന്തം പ്രണയകഥ കേട്ട് ഇരുന്നു......

ഇനിയും ഉണ്ടോ നഗ്നസത്യങ്ങൾ.......

ആ ഒന്നൂടി ഉണ്ട്......

എന്താ......

അത് അന്ന് ഗാഡനിൽ വെച്ച് ഞാൻ കുറച്ചു സെന്റി ആയില്ലേ...... അത് ഭയ്യായുടെ ഐഡിയ ആയിരുന്നു.... സെന്റിയിൽ പെട്ടെന്ന് വീഴും പറഞ്ഞു......

അവൻ പോയ കിളികൾ ഒക്കെ കൂട്ടിൽ കയറ്റി..... ഏത് ഭയ്യായുടെ ഐഡിയ

ഫൈസ്ക്കയുടെ......

ബെസ്റ്റ്..... അപ്പൊ റിസ......

റിസയും അന്ന് അങ്ങനെ സത്യം ഇടീച്ചതാ

മനപ്പൂർവം.....

എല്ലാരും കൂടെ പൊട്ടൻ ആക്കുകയാരുന്നല്ലേ എന്നെ അവന്റെ ശബ്ദം നേരത്തിരുന്നു.

സമിയുടെ കയ്യുടെ മുകളിൽ അവൾ കൈ വെച്ചു.... അവൻ കൈ വലിക്കാൻ നോക്കിയിട്ടും അവൾ വിട്ടില്ല......

ഇഷ്ടം കൊണ്ട് ചെയ്തതാ മാഷേ..... പിന്നെ വേണ്ടന്ന് പറയരുത്..... സഹിക്കാൻ പറ്റില്ല..... എന്ന് വെച്ചു പിറകെ വന്നു കാൽ പിടിക്കാനും കരയാനും ഒന്നും വരില്ല ഞാൻ......

പിന്നെ എന്ത് ചെയ്യും നീ.....

കെട്ടിന് മുന്നേ  വീട്ടിൽ കേറി പൊറുതി തുടങ്ങിയെന്ന്

ആളെ കൊണ്ട് പറയിപ്പിക്കരുത് ..... എന്നെ കൊണ്ട് അത് ചെയ്യിക്കരുത്..... ചിരിയോടെ അത് പറഞ്ഞു അവൾ പോയി......

അസ്സൽ ഒരു കാന്താരി തന്നെ ഇത്.....

നിന്റെ വായിൽ നിന്നും ഇഷ്ടം ആണെന്ന് കേൾക്കാൻ ചോദിച്ചതാ പെണ്ണെ..... ഇനു എല്ലാം ഇന്നലെ തുറന്നു പറഞ്ഞത അവൻ ചിരിയോടെ ഓർത്തു.....

❤️❤️❤️

ഇനുന് നല്ല സങ്കടം ഉണ്ടായിരുന്നു ശഹി പറഞ്ഞത് ഒക്കെ ഓർത്തിട്ടും വിവാഹം മുടങ്ങിയത് ഓർത്തും ...... ഒരു മാസം കഴിഞ്ഞു വിവാഹം ഉണ്ടല്ലോ അതോർത്തു അവൾ സമാധാനിച്ചു....

എന്താടി മോന്ത വീർപ്പിച്ചു നില്കുന്നെ.....

വിവാഹം അടുത്ത മാസം ഉണ്ടാകുമല്ലോ അപ്പോഴേക്കും അവന്റെ ദേഷ്യം മാറ്റി നമുക്കും

പങ്കെടുക്കാം...... നമ്മളെ വിളിക്കാത്തൊണ്ട് പടച്ചോൻ ആയിട്ട് പണികൊടുത്തതാ അവന്ന്..... അതും പറഞ്ഞു ബെഡിൽ കിടക്കുന്ന അവളുടെ അടുത്ത് പോയി ഇരുന്നു.

അവൾ ദേഷ്യത്തോടെ അവനേ നോക്കി...

കണ്ണുരുട്ടി പേടിപ്പിക്കേണ്ട.... ജുനു പറഞ്ഞത ഇത് എന്റെ മാലാഖകുട്ടീടെ മനസ്സ് വേദനിപ്പിച്ചതിന്ന് പടച്ചോൻ കൊടുത്ത ശിക്ഷയാണ് എന്ന്.....

ജുനു എപ്പോ വരുന്നേ...... വല്ലാണ്ട് മിസ്സ് ചെയ്യുന്നുണ്ട് അവനെയും ഉമ്മനെയും....

ദിവസം വീഡിയോ കാൾ ചെയ്തു കാണുന്ന നിനക്ക് മിസ്സിംഗ്..... ഇക്കണെക്കിനു മിസ്സ് ചെയ്യുന്നവരെ എന്താ പറയാ..... അവൻ കളിയാക്കി കൊണ്ട് പറഞ്ഞു

ആ എനിക്കറിയില്ല..... അതും പറഞ്ഞു അവൾ മുഖം വീർപ്പിച്ചു പുറതെക്ക് നോക്കി ഇരുന്നു....

അതേ ജുനു വരുന്നത് അവന്റെ മാര്യേജ് ഡേറ്റ് കാണാനാ. നജയുടെ വീട്ടുകാർക്ക് വേഗം നടത്തിയാലോന്ന് ഒരാഗ്രഹം പറഞ്ഞു.....ഇജുവിന്റെ കെട്ട് കൂടി നടത്തണ്ടേ.. രണ്ടാളെയും ഒന്നിച്ചു വേണം എന്നല്ലേ നിന്റെ ആഗ്രഹം.....

ഇജുക്ക സമ്മതിക്കുമോ.... റാനിയെ ഇഷ്ടം ഒക്കെ ആണ്.... എന്നാലും പ്രണയം ആണെന്ന് എന്നൊന്നും പറഞ്ഞില്ലല്ലോ.....

അതിന്ന് ഇപ്പൊ വഴിയുണ്ടാക്കി തരാം.... അവൻ ഫോൺ എടുത്തു ഇജുവിന്റെ നമ്പർ ഡയൽ ചെയ്തു.....

നൈഹായെ റൂമിൽ ആക്കിയിട്ടേ ഇജു അവിടെ നിന്നും വീട്ടിലേക്ക് വന്നുള്ളൂ....ശഹിയുടെ ഇഷ്ടക്കേട് കണ്ടില്ലെന്ന് നടിച്ചു അവിടെ നിന്നു. അലങ്കരിച്ച വീട് കണ്ടതും അവന്ന് വിഷമം തോന്നി.... എന്റെ ഏറ്റവും വലിയ ആഗ്രഹം ആണ് അവന്റെ വിവാഹം....

ഫോൺ റിങ് ചെയ്യുന്ന കണ്ടു അവൻ എടുത്തു ഫൈസ് ആണ്.....

ടാ ഇനു കുറെ ആയി റാനിക്ക് നല്ലൊരു ചെക്കനെ നോക്കണം പറഞ്ഞു പിറകെ നടക്കാൻ തുടങ്ങിയിട്ട്.. നിന്റെ കൂടെ പഠിച്ച അഫ്സൽ ഇല്ലേ.... അവനെ പറഞ്ഞു കൊടുത്തിട്ടുണ്ട്.... അവന്ന് നല്ല പെണ്ണ് വേണമെന്നേ ഡിമാൻഡ് ഉള്ളു.... അത് കൊണ്ട് താല്പര്യം ഉണ്ടെന്ന് പറഞ്ഞിരുന്നു.... ഇനു അഫ്സൽനെ കുറിച്ചു ചോദിക്കാൻ വിളിച്ച കുറച്ചു പൊക്കി പറഞ്ഞേരെ.... നിന്ന വിളിക്കണം എന്ന് അവൾ പറയുന്നത് കേട്ടു. നിനക്ക് താല്പര്യം ഇല്ലെങ്കിലും അവളെ കാര്യം ഞാൻ നോക്കണം അല്ലോ......

ഇജു ഒന്നും പറയാൻ ആവാതെ നിന്നു....

ടാ ഞാൻ കുറച്ചു ബിസിയാ പിന്നെ വിളിക്കാം....
അതും പറഞ്ഞു അവൻ ഫോൺ വെച്ചു....

ഡോ നിന്നെ ഞാൻ കൊല്ലും..... റാനിയെ ഇജുക്കനെ കൊണ്ട് കെട്ടിക്കാൻ പറഞ്ഞിട്ട് അഫ്സലിനെ ആലോചിക്കുന്നോ....

ഒരു ചെറിയ തീപ്പൊരി ഇട്ടതാ കുരുട്ട് അടക്കേ.... ഇജുവിന്റെ മനസ്സൊന്നു ഇളകട്ടെ.... അവൻ ചിരിയോടെ പറഞ്ഞു.

നീ നോക്കിക്കോ അവന്റെ മനസ്സിൽ ഏതെങ്കിലും കോണിൽ അവൾ പതിഞ്ഞിട്ട് ഉണ്ടെങ്കിൽ അവൻ തിരിച്ചു വിളിച്ചു എന്തെങ്കിലും ചോദിക്കും..... ഇല്ലെങ്കിൽ....

ഇല്ലെങ്കിൽ..... വേറെ ഐഡിയ നോക്കാം

അത്രന്നെ..... ഇനു അവന്റെ ഫോൺ നോക്കി ആകാംംഷയോടെ ഇരുന്നു.....

അത് നോക്കി അവൻ അവളെ മടിയിൽ തലവെച്ചു കിടന്നു.....

ഏതായാലും ചുമ്മാ ഇരിക്കല്ലേ പറഞ്ഞു അവൻ അവളെ കയ്യെടുത് തലയിൽ വെച്ചു മസ്സാജ് ചെയ്യാൻ പറഞ്ഞു...

അവന്റെ തലയിലൂടെ കയ്യോടിക്കുമ്പോഴും അവളുടെ മനസ്സ് മുഴുവൻ പ്രാർത്ഥനയോടെ ഫോണിൽ ആയിരുന്നു..... അവളെയും നോക്കി അവളുടെ തലോടലിന്റെ സുഖലാളനത്തിൽ അവൻ കിടന്നു എപ്പോഴോ കണ്ണുകൾ അടഞ്ഞു.....

ഇജു ഫോൺ പിടിച്ചു അതേ നിൽപ്പ് കുറച്ചു സമയ നിന്നു. റാനി... അവളെ ഓർക്കുമ്പോ ഒരു സങ്കടം ഇരച്ചു വന്നു....

അവളെ പ്രണയിക്കുന്നില്ല..... പക്ഷേ മറ്റൊരാളെ ആകുന്നത് അറിഞ്ഞപ്പോൾ തൊട്ട് നെഞ്ചിൽ ഒരു പിടപ്പ്..... അവളെ പറ്റിയുള്ള ഓരോ നിമിഷവും അവനിൽ ഓടി വന്നു..... ഫൈസ് കളിപ്പിച്ചത് ആകുമോ..... അതോ സത്യമോ..... അവന്ന് ഇരിക്കപ്പൊറുതി ഇല്ലാതെ അങ്ങോട്ടും ഇങ്ങോട്ടും നടന്നു.... അവസാനം ഫോൺ എടുത്തു ഫൈസിയെ വിളിച്ചു.....

ഇജു കാളിങ് കണ്ടതും ഇനുവിന്റെ നെഞ്ചിടിപ്പ് ഉയർന്നു.... അവൾ ഫൈസിയെ നോക്കി നല്ല ഉറക്കം ആണ്...

അവൾ പിടിച്ചു വലിച്ചു എഴുന്നേൽപ്പിച്ചു...

ഉറക്കച്ചടവോടെ അവളെ നോക്കി....

എന്താ ഇനു നല്ല ഉറക്കം ആയിരുന്നു.....

ഇജുക്ക വിളിച്ചു..... എന്തിനാ നോക്ക്....

അവളെ എക്സയിന്റ്മെന്റ് കണ്ടു മറുതൊന്നും പറയാതെ അവൻ കാൾ എടുത്തു....

എന്താടാ.....

റാനി വിവാഹത്തിന് സമ്മതിച്ചോ...... അവള്ക്ക് ഇഷ്ടം ആണോ...അവൻ മടിച്ചു മടിച്ചു ചോദിച്ചു....

അവളോട് പറഞ്ഞില്ല..... ഇനുവിന് കണ്ടു ഇഷ്ടപ്പെട്ട പറഞ്ഞ മതി പറഞ്ഞു..... ഇനു പറഞ്ഞ റാനി കേൾക്കും..... എന്താ ചോദിച്ചേ നീ.... എന്തെങ്കിലും പ്രോബ്ലം ഉണ്ടോ.....

ഏയ് ഇല്ല നതിങ്.... അതും പറഞ്ഞു കട്ട് ചെയ്തു.....

അവൾ ഫൈസിയെ കെട്ടിപിടിച്ചു കവിളിൽ ഒരു കടി കൊടുത്തു....

അവൻ എരിവ് വലിച്ചു നോക്കിപേടിപ്പിച്ചു.

സോറി..... സന്തോഷം കൊണ്ടാ.....

ഇക്കുകന്റെ ഉള്ളിൽ റാനിയുണ്ട് അതോണ്ടല്ലേ തിരിച്ചു വിളിച്ചേ. ഇല്ലെങ്കിൽ അഫ്സൽ കല്യാണം കഴിച്ചോട്ടെ എന്നല്ലേ കരുതു.....

അപ്പൊ തലക്കകത്തു ആൾ താമസം ഉണ്ട്..... അവൻ തലക്ക് ചെറുതായി തട്ടിക്കൊണ്ടു പറഞ്ഞു..... ഇനി നീ അവരെ ഒന്നിപ്പിക്കാൻ ശ്രമിച്ചോ തീർച്ചയായും അവൻ വിവാഹത്തിന് സമ്മതിക്കും.....

അവളുടെ മുഖം പൂത്തിരി കത്തിച്ച പോലെ വിടർന്നു.... വീണ്ടും അവനെ കെട്ടിപിടിച്ചതും അവൻ

പിടി വിടീച്ചു.. ഇനിയും കടി കൊള്ളാനുള്ള ത്രാണി ഇല്ല മോളെ..... ചിരിയോടെ അതും പറഞ്ഞു അവൻ എഴുന്നേറ്റു....

ഇനു എനിക്ക് ഒരു കോഫി എടുത്തു വാ....

അവൻ കോട്ട് വാ ഇട്ടു പറഞ്ഞു.....

നട്ടുച്ചക്ക് കോഫി..... ഉറങ്ങിയെന്നു വെച്ചു രാവിലെ ആകില്ല....

ടീ പ്ലീസ്.....

കോഫിയും ടീയും അധികം നല്ലതല്ല അതോണ്ട് ജ്യൂസ് തരാം..... അതും പറഞ്ഞു അവൾ താഴേക്കു പോയി.....

അവൻ ചിരിയോടെ അതും നോക്കി നിന്നു. ജുനു പഠിപ്പിച്ചു കൊടുത്ത അവളുടേതായ ചിട്ടകൾ പലതും

ഇപ്പോഴും മാറാത്തത് അവൻ ചിരിയോടെ ഓർത്തു..

❤️❤️❤️❤️

താഴേക്ക് വരുമ്പോഴാ റിച്ചു ഹാളിൽ ഇരിക്കുന്നത് കണ്ടത്.... അവളെ നോക്കി ചിരിച്ചെങ്കിലും മൈന്റ് ആക്കാതെ അവൾ പോയി..... ജ്യൂസ് ഉണ്ടാക്കുമ്പോഴാ റിച്ചു അങ്ങോട്ട് വന്നത്

റംലിതയും റംസിയും ഉള്ളോണ്ട് അവൻ ഒന്നും അവളോട് മിണ്ടിയില്ലെങ്കിലും റംസിയോട് സംസാരിക്കുന്നത് പോലെ അവളെ തന്നെ നോക്കി നിന്നു...

അവൾക്ക് അത് കണ്ടു ചൊറിഞ്ഞു വന്നെങ്കിലും രണ്ടാളും ഉള്ളോണ്ട് സഹിച്ചു നിന്നു. ജ്യൂസ് അടിച്ചു ഗ്ലാസിൽ ഒഴിച്ചതും റിച്ചു അടുത്ത് വന്നു.... എനിക്കണോ പറഞ്ഞു ഗ്ലാസ് എടുത്തു..... അവൾക്ക് തടയാൻ കഴിഞ്ഞില്ല......

നല്ല മധുരം നിന്നെ പോലെ തന്നെ അവൻ കണ്ണിറുക്കി മെല്ലെ പറഞ്ഞു.... അവൾ ദേഷ്യം കടിച്ചു പിടിച്ചു മുഖം കൂർപ്പിച്ചു നോക്കി....

അവൻ ഗ്ലാസ് അവൾക്ക് നേരെ നീട്ടി. അത് വാങ്ങുമ്പോൾ അറിയാത്ത ഭാവത്തിൽ അവളുടെ കയ്യിൽ പിടിച്ചു....

അവൾ വെറുപ്പോടെ കൈ വലിച്ചു എടുത്തു..... റിച്ചു പോകാൻ തിരിഞ്ഞതും പിറകിൽ ajwaye കണ്ടു തറഞ്ഞു നിന്നു. പിന്നെ പുച്ഛത്തോടെ നോക്കി പോയി...

ഇനു കണ്ടു കണ്ണ് നിറച്ചു വേദനയോടെ റിച്ചുവിനെ നോക്കുന്ന ഇനുവിനെ....

അവൾക്ക് സങ്കടം തോന്നി അത് കണ്ടിട്ട്....

അവൾ കണ്ണ് തുടച്ചു ഇനുവിനെ നോക്കി...

സാരമില്ല... എന്ന് പറഞ്ഞു പോയി....

ഇനുവിന് ദേഹം മുഴുവൻ പുകയുന്നത് പോലെ തോന്നി..... അവൾ വേറെ ഗ്ലാസിൽ ജ്യൂസ് എടുത്തു ഫൈസിയുടെ അടുത്തേക്ക് പോയി.....

ഇനു ജ്യൂസ് കൊടുത്തു.... അവൻ സോഫയിൽ ഇരുന്നു ഫോൺ നോക്കി ജ്യൂസ് കുടിച്ചു. അതും നോക്കി അവൾ കുറച്ചു സമയം നിന്നു..... റിച്ചു കയ്യിൽ പിടിച്ചതും ajwa യുടെ നിറഞ്ഞ കണ്ണുകൾ അവളുടെ മനസ്സിൽ ഓടിയെത്തി.... അവൻ തൊട്ടിടത് പൊള്ളുന്ന പോലെ തോന്നി അവൾക്ക്..... അവൾ ഫൈസിയുടെ അടുത്തേക്ക് പോയി.....

ഫൈസിക്ക് തന്നെ തന്നെ നോക്കുന്ന പോലെ തോന്നി മുഖം ഉയർത്തി....

ഇനു നോക്കുന്നത് കണ്ടതും അവൻ പുരികം ഉയർത്തി എന്താ ചോദിച്ചു.....

അവൾ നതിങ് പറഞ്ഞു....

ജ്യൂസ് വേണോ..... കുറുമ്പോടെ ചോദിച്ചതും അവൾ തലയാട്ടി.... അവൻ ചിരിയോടെ അവൾക്ക് നേരെ ഗ്ലാസ് നീട്ടി.

അവൾ അടുത്തേക്ക് വന്നു ഗ്ലാസ് അവന്റെ ചുണ്ടോട് തന്നെ അടുപ്പിച്ചു....

അപ്പോൾ അവന്റെ മടിയിൽ ഇരുന്നു അവന്റെ കഴുത്തിലൂടെ കയ്യിട്ട് പിടിച്ചു....

ആദ്യം അവനൊന്നു ഞെട്ടിയെങ്കിലും അത് പുറത്ത് കാണിക്കാതെ ജ്യൂസ് ഗ്ലാസ് അവളെ വായിൽ വെച്ചു കൊടുത്തു....

അവൾ ഗ്ലാസ് മാറ്റി അവന്റെ മുഖത്തേക്ക് തന്നെ നോക്കി.....

എനിക്ക് വേണ്ടത് ജ്യൂസ് അല്ല ഹബ്ബി.....

വശ്യതയോടെ പറഞ്ഞു അവന്റെ കഴുത്തിൽ മുഖം പൂഴ്ത്തി....

ഐ വാണ്ട് യൂ..... അവന്റെ കാതോരം മെല്ലെ മൊഴിഞ്ഞതും.... അവന്റെ ഹർട്ട് ഇടിപ്പ് ഉയർന്നു.... അവൻ പെട്ടെന്ന് എഴുന്നേറ്റു നിന്നു അവൾ വീഴാൻ നോക്കിയതും അവൻ തന്നെ പിടിച്ചു നേരെ നിർത്തി.... അവൻ പോകാൻ നോക്കിയതും അവനെ കെട്ടിപിടിച്ചു നിന്നു.... നെഞ്ചിൽ മുഖം ചേർത്ത് നിന്നു...

പ്ലീസ് ഫൈസ്..... എനിക്കിനിയും നീ ഇല്ലാതെ പറ്റില്ല..... നിന്നിലലിയാൻ നിന്റെ ചൂട് പകർന്നു കിടക്കാൻ.... മനസ്സ് പോലെ ശരീരവും ആഗ്രഹിക്കുന്നു.....

അവൻ അവളെ അടർത്തി മാറ്റാൻ നോക്കിയെങ്കിലും അവളെ പിടിത്തത്തിൽ പറ്റിയില്ല......

ഇനു..... എനിക്ക്....

വേണ്ടെന്നു പറയല്ലേ പ്ലീസ്.... അവന്റെ മുഖം കയ്യിൽ എടുത്തു അവന്റെ ചുണ്ടോട് അടുപ്പിച്ചു.....

ഇനു പ്ലീസ് സ്റ്റോപ്പിറ്റ്..... അവൻ കയ്യിലെ ഗ്ലാസ് നിലത്തേക്ക് വലിച്ചു എറിഞ്ഞു.....

ദേഷ്യം കൊണ്ട് വിറക്കുന്ന അവനെ കണ്ടു അവൾക്കും ദേഷ്യം വന്നിരുന്നു.....

ഞാൻ വേണ്ടാത്തെ ഒന്നും പറഞ്ഞില്ലല്ലോ

ഹസ് and വൈഫ് ആകുമ്പോ ഇതൊക്കെ സാധാരണയല്ലേ....... ഫൈസ്ന് എന്നെ ഇഷ്ടം അല്ലെന്ന് ഉണ്ടോ..... അതോണ്ട് ആണോ വേണ്ടന്ന് പറയുന്നേ.....

എനിക്കിഷ്ടം അല്ല ഫിസിക്കൽ റിലേഷൻ അത് തന്നെ കാര്യം.....

അതെന്ത് കൊണ്ടെന്ന ചോദിച്ചേ......

എനിക്കെന്താ ഒരു കുറവ്..... എന്നെ പോരാന്നു തോന്നുന്നുണ്ടോ....

ഇനു മിണ്ടാതിരിക്കാനാ പറഞ്ഞത്.....വാക്കുകൾ അതിർ കടക്കുന്നു....അത് പറഞ്ഞു അവൻ പോകാൻ നോക്കിയതും അവൾ അവന്റെ കയ്യിൽ കേറി പിടിച്ചു....

ഇതിന്ന് ഉത്തരം തന്നിട്ട് പോയ മതി.....

ഇത്രയും ദിവസം സഹിച്ചു ഈ അവോയ്ഡ്..... എന്തിനാ എന്നെ അവോയ്ഡ് ചെയ്യുന്നേ..... എന്റെ ശരീരം പോരാന്ന് തോന്നുന്നുണ്ടോ ഫൈസ്ന്....

അതോണ്ട് ആണോ വേണ്ടന്ന് വെക്കുന്നെ......

ഇനു നമുക്ക് പിന്നെ സംസാരിക്കാം.....

എനിക്ക് ഇനി സംസാരിക്കാൻ ഒന്നും ഇല്ല.

എനിക്ക് കേൾക്കുകയും വേണ്ട..... എനിക്ക് വേണ്ടത് നിന്നെയാണ്..,.... നിന്നെ മാത്രം....... അവന്റെ ഷർട്ടിൽ പിടിച്ചു ഉലച്ചു കൊണ്ട് ആയിരുന്നു അവളത് പറഞ്ഞത്..... അവളുടെ കണ്ണുകൾ നിറഞ്ഞു ഒഴുകിയിരുന്നു......

അവൻ അവളെ കൈ തള്ളിമാറ്റി പോകാൻ നോക്കിയതും.... അവനെ കെട്ടിപിടിച്ചു നിന്നു..... അവൻ നിസ്സഹായതയോടെ അവളെ നോക്കി പിന്നെ തിരിച്ചു കെട്ടിപിടിച്ചു അവളുടെ ചുമലിൽ മുഖം പൂഴ്ത്തി..... പെട്ടെന്ന് എന്തോ ഓർത്തപോലെ അവളെ വിട്ടു.....

സത്യം പറയ് ഫൈസ്.... എന്തിനാ എന്നെ അവോയ്ഡ് ചെയ്യുന്നേ...... എന്നെ ഇഷ്ടം അല്ലേ.....

എന്നെ കാണുമ്പോൾ..... എന്റെ ശരീരം കാണുമ്പോൾ ഫൈസ്ന് ഒരു വികാരം തോന്നുന്നില്ലേ..... അതോണ്ടാണോ.......

ഒന്നിനും ഒരു മറുപടിയും അവൻ പറഞ്ഞില്ല..... മുഖം താഴ്ത്തി നിന്നെ ഉള്ളു.

അവൾ അവന്റെ കാലിൽ കയറി നിന്നു അവന്റെ മുഖം പിടിച്ചു ഉയർത്തി..... അവന്റെ മുഖം മുഴുവൻ ചുംബനങ്ങൾ കൊണ്ട് മൂടി..... ഒന്ന് ചേർത്ത് പിടിക്കുക പോലും ചെയ്യാത്ത അവന്റെ ഭാവം അവളിൽ വേദന പടർത്തി..... അവൾ കണ്ണുകൾ ഇറുക്കെ അടച്ചു അവന്റെ ചുണ്ടിൽ ചുണ്ടുകൾ ചേർക്കാൻ പോയതും അവൻ അവളെ തള്ളിമാറ്റി....

നീയെന്താ ഇനു പ്രൊസ്റ്റിട്യൂട്ട് പോലെ പെരുമാറുന്നെ....

അവളുടെ ചെവിയിൽ ആ വാക്കുകൾ അലയടിച്ചു.....

പ്രൊസ്റ്റിട്യൂട്ട്..... സ്വയം അറപ്പും വെറുപ്പും തോന്നി അവൾക്ക്....

ഇങ്ങനെ ആണോ അവന്റെ മനസ്സിൽ എനിക്ക് സ്ഥാനം...... തീയെന്ന പോലെ അവളെ ചുറ്റി വരിഞ്ഞു അവന്റെ വാക്കുകൾ......

അവനും തറഞ്ഞു നിൽക്കുകയാരുന്നു....

പറയണം കരുതിയത് അല്ല.... പറഞ്ഞു പോയതാണ്.... അവളെ തകർന്നു പോയ നിൽപ്പ് കണ്ടു അവനും വല്ലാതെ ആയി....

ഇനു..... സോറി...... ഞാൻ അറിയാതെ.....

അവൾ കയ്യുയർത്തി വേണ്ടെന്നു പറഞ്ഞു...... പിന്നെ ബാത്റൂമിലേക്ക് കയറിപൊയി..... തളർന്നത് പോലെ ചുമർ ചാരി ഇരുന്നു..... കരച്ചിൽ പോലും അകന്നു പോയ പോലെ ഒരു തുള്ളി കണ്ണ് നീർ പോലും വന്നില്ല..... Ajwa യെ ഓർത്തപ്പോൾ ഒരിക്കൽ കൂടി സംസാരിക്കണം എന്നെ കരുതിയുള്ളു. അവൻ

ഒഴിഞ്ഞു മാറിയപ്പോൾ അവോയ്ഡ് ചെയ്യുന്നതിന്റെ കാരണം അറിയണമെന്ന് വാശി തോന്നി.... അല്ലാതെ ഒരിക്കലും അവന്റെ ശരീരത്തെ മോഹിച്ചിട്ടില്ല..... വികാരങ്ങൾ ഉണ്ടായാലും അവന്റെ ഒരു ചുമ്പനത്തിലും ചേർത്ത് പിടിക്കലിലും ഒതുക്കാറുണ്ട്..... പക്ഷേ ഇന്ന് വാശി കേറി ചെയ്തു പോയതാ..... പ്രൊസ്റ്റിട്യൂട്ട്..... ആ വാക്കുകൾ ചെവിക്ക് ചുറ്റും അലയടിച്ചു കൊണ്ടിരുന്നു..... അവൾ ചെവി പൊത്തിപിടിച്ചു.... അവൻ പറഞ്ഞത് ശരിയല്ലേ...... ഞാൻ അല്ലേ കുറെ ദിവസം ആയി അവന്റെ ശരീരം മോഹിച്ചു നടക്കുന്ന പോലെ പിറകെ നടന്നത്..... അവനെ പ്രോലോബിപ്പിക്കാൻ നോക്കിയത്..... അവൾക്ക് അന്ന് രാത്രി ഡ്രസ്സ് അഴിച്ചു കിടന്നത് ഒക്കെ ഓർത്തു തീ പൊള്ളൽ പോലെ ദേഹം ചുട്ടുപഴുത്തു

അവൾ മെല്ലെ എണീറ്റു ഷവർ തുറന്നു അതിന്റെ കീഴിൽ ഇരുന്നു...... തണുത്ത വെള്ളം തലയിൽ കൂടി ഒഴുകി ഇറങ്ങി.... ശരീരം തണുത്ത് വിറച്ചിട്ടും അവളുടെ മനസ്സ് തീ പോലെ ആളികത്തി നിന്നു......

ഫൈസ് ദേഷ്യം സങ്കടം മുഴുവൻ പഞ്ചിങ് ബാഗിൽ തീർത്തു..... ദേഹം തളർന്നു അവൻ നിലത്ത് മുട്ട് കുത്തി ഊർന്നു ഇരുന്നു.... കണ്ണുനീർ വന്നു മൂടി മുന്നിലെ കാഴ്ചകൾ പോലും മങ്ങി......

❤️💔INVISIBLE LOVE 💔❤️

Love after 💘marriage 🌷107🌷

ഞാൻ അവന്റെ ഭാര്യ അല്ലേ ശരീരത്തിൽ തൊട്ടെങ്കിൽ അത് തെറ്റാണോ... പ്രൊസ്റ്റിട്യൂറ്റ്..... ആ വിളി ഓർത്തതും അവൾ നീറിപ്പുകഞ്ഞു.....

അവന്റെ ശരീരം മോഹിച്ചു നടന്നവളെ വിളിക്കാൻ പറ്റിയ പേര് തന്നെ അല്ലേ അവൻ വിളിച്ചത്......പ്രൊസ്റ്റിട്യൂറ്റ്...... അവൾക്ക് ഓർക്കും തോറും ശരീരവും മനസ്സ് വിറക്കുന്നു ണ്ടായിരുന്നു. അവനെ കുറ്റപ്പെടുത്താൻ ആകാതെ അവനിലേക്കും മനസ്സ് ചാഞ്ഞു......

റംസി ചായകുടിക്കാൻ വിളിച്ചു റൂമിലേക്ക് വന്നു.....

ബാത്റൂമിൽ വെള്ളം വീഴുന്നത് കണ്ടു അവൾ മുട്ടിവിളിച്ചു....

അവൾ വരുന്നു പറഞ്ഞു..... മുട്ടി വിളിക്കൽ സഹിക്കാതെ അവൾ മെല്ലെ എഴുന്നേറ്റു..... ഷവർ പൂട്ടി..... ഡ്രസ്സ് മൊത്തം നനഞ്ഞിരുന്നു..... പുറത്ത് ഇറങ്ങിയപ്പോൾ റംസി ഉണ്ടായിരുന്നില്ല. അവൾ ഡ്രസ്സ് മാറ്റി. അവൾ അവിടെ തന്നെ ഇരുന്നു. ഫോൺ റിങ് ചെയ്യുന്നത് കണ്ടു നോക്കി ഇജുക്ക.... അവൾക്ക് എടുക്കാൻ തോന്നിയില്ല..... കാൾ കട്ട് ആയതും കണ്ടു 10 മിസ്സ് കാൾ..... വീണ്ടും അടിഞ്ഞതും അവൾ എടുത്തു പോയി ഇല്ലെങ്കിൽ ഇങ്ങോട്ട് കേറി വരും.....

എത്ര പ്രാവശ്യം വിളിച്ചു..... ഫോൺ എടുക്കാതെ എന്താ ...... ഫൈസിയുടെ ഫോൺ സ്വിച് ഓഫ്....

ഞാൻ ഉറങ്ങിപ്പോയി അതാ.... കേട്ടില്ല

നിന്റെ ശബ്ദം എന്താ വല്ലാതെ...... അവൻ പരിഭ്രമത്തോടെ ചോദിച്ചു....

ഉറങ്ങിയോണ്ട..... ഞാൻ പിന്നെ വിളിക്കാം

അതും പറഞ്ഞു അവൾ ഫോൺ വെച്ചു.

അവൾ അങ്ങനെ തന്നെ ബെഡിൽ കിടന്നു..... ഫൈസിയെ എവിടെയും കണ്ടില്ല..... അത് നന്നായി.... കാണാൻ ആഗ്രഹിച്ചിരുന്നില്ല......

കുറച്ചു കഴിഞ്ഞതും അവളെ തലയിലൂടെ ആരോ തലോടുന്നത് പോലെ തോന്നി.....

ആ സ്പർശം അറിഞ്ഞതും അവൾ തിരിഞ്ഞു കിടന്നു അവന്റെ കഴുത്തിൽ മുഖം പൂഴ്ത്തി......

നിന്റെ ശബ്ദം കേട്ട ഉറക്കച്ചെടവാണോ സങ്കടം ആണോന്ന് എനിക്ക് അറിഞ്ഞുടെ മോളെ

പിന്നെന്തിനാ കള്ളം പറയുന്നേ.... എന്താ പറ്റിയെ.....

ഫൈസ് പറഞ്ഞത് ഓർമ വന്നു.....

ശരീരവും മനസ്സ് ഒരുപോലെ നീറിപുകഞ്ഞു....

ശഹിയെ ഓർത്താണോ സങ്കടം .....

അവൾ അതേ എന്ന് മൂളി.....

നൈഹക്ക് പെട്ടെന്ന് സുഖം ആകും.... നമുക്ക് ഗ്രാൻഡ് ആയി തന്നെ വിവാഹം നടത്താം അതോർത്തു സങ്കടപെടല്ലേ...

അവളുടെ നെറുകയിൽ ചുംബിച്ചു കൊണ്ട് പറഞ്ഞു.....

ഫൈസ് എവിടെ..... അത് ചോദിച്ചു എഴുന്നേൽക്കാൻ നോക്കിയതും അവൾ വിട്ടില്ല....

എന്റെ കൂടെ കുറച്ചു സമയം കിടക്കോ...

ദയനീയമായി അവൾ ചോദിച്ചതും അവന്റെ കണ്ണുകൾ ആയിരുന്നു നിറഞ്ഞത്......

എനിക്കറിയാം ശഹിയുടെ വിവാഹം മുടങ്ങിയതിന്ന് സങ്കടം ഉണ്ടെന്ന് ഇങ്ങനെ തളരേല്ലേടാ.....

അവൾ ഒന്നും മിണ്ടാതെ അങ്ങനെ കിടന്നേ ഉള്ളു.....

എനിക്ക് ഈ വിവാഹം മുടങ്ങിയതിൽ സന്തോഷം ഉള്ളു ഇപ്പോൾ...

അവൾ ഞെട്ടലോടെ ഊരിപിടഞ്ഞു എഴുന്നേറ്റു നിന്നു....

നീ എന്നോട് മിണ്ടിയില്ലേ..... എന്നെ

കെട്ടിപിടിച്ചില്ലേ...... അതൊക്കെ ഈ സങ്കടത്തിൽ അല്ലേ..... അല്ലെങ്കിൽ എന്നെ കാണുന്നത് വെറുപ്പാ പറഞ്ഞു അവോയ്ഡ് ചെയ്യൽ അല്ലേ..... അവന്റെ നിറഞ്ഞ കണ്ണുകൾ കണ്ടതും അവൾ അവന്നെ കെട്ടിപിടിച്ചു....

സോറി...... ഇജുക്ക..... ഇജുക്ക എന്റെ കൂടെ വരാതിരിക്കാനാ അങ്ങനെ ചെയ്തത്. എന്റെ ഇജുകനെ വെറുക്കാൻ എനിക്ക് പറ്റോ..... അവൾ അവന്റെ മുഖം കയ്യിൽ എടുത്തു നെറ്റിയിൽ കിസ്സ് കൊടുത്തു....

ഇനിയൊന്നു ചിരിച്ചേ...... അവൻ അവളുടെ മുഖം ഉയർത്തി.....

അവളെ വേദനയുണർത്തുന്ന കണ്ണുകൾ കണ്ടതും അവന്റെ മുഖത്തെ ചിരി മാഞ്ഞു..... ശഹിയുടെ വിവാഹം മുടങ്ങിയത് അവളെ അത്രയും വേദനിപ്പിച്ചിട്ടുണ്ട് എന്നായിരുന്നു അവന്ന് തോന്നിയത്......

ഒക്കെ നല്ലതിന്ന് വേണ്ടിയാണ്..... നീ വേദനിച്ചാൽ എനിക്ക് സഹിക്കില്ല.... ഒക്കെ മാറ്റിവെക്ക്.... എനിക്ക് വേണ്ടി പ്ലീസ്.....

എനിക്ക് സങ്കടം ഒന്നും ഇല്ല. ഞാൻ ഹാപ്പിയാ പറഞ്ഞു മുഖം ഒക്കെ തുടച്ചു അവന്നെ നോക്കി ചിരി വരുത്തിച്ചു....

ഇജുവിന്റെ മുഖം അപ്പോഴും തെളിഞ്ഞില്ല

എനിക്ക് കുഴപ്പം ഒന്നും ഇല്ല ഇജുക്ക പോയിക്കോ..... അവൾ അവനെ ഉന്തി പറഞ്ഞയക്കാൻ നോക്കിയതും പിന്നിൽ ഫൈസിയെ കണ്ടു.... കണ്ണുകൾ ഇടഞ്ഞതും അവൾ മുഖം തിരിച്ചു......

ഫൈസ് ഇവളെ ഞാൻ കൊണ്ട് പോവ്വാ....

ഒന്ന് കറങ്ങാൻ പോക്കാ എന്നും പറഞ്ഞു

അവന്റെയും അവളുടെയും സമ്മതം ചോദിക്കാതെ അവളെ എടുത്തു തോളിൽ ഇട്ടു....

ഇജുക്ക ഞാൻ വരുന്നില്ല..... എന്ന് പറഞ്ഞു കുതറി മാറാൻ നോക്കിയെങ്കിലും വിട്ടില്ല......

ഇന്ന് മൊത്തം എന്റെ കൂടെ വേണം നീ..... അതും പറഞ്ഞു അവൻ അങ്ങനെ തന്നെ താഴേക്കു നടന്നു....

തടയാനോ പുഞ്ചിരിക്കാനോ എവിടെക്കാ പോകുന്നെ എന്ന് പോലും ചോദിക്കാൻ പറ്റാതെ വേദനയോടെ നോക്കി നിന്നെ ഉള്ളു ഫൈസ്.....

വീട്ടിലുള്ള എല്ലാവരും അവളെ തോളിൽ ഇട്ടു വരുന്നത് കണ്ടു അത്ഭുതത്തോടെ നോക്കി.... അവൾ ഇജുവുമായി പിണക്കം ആണെന്ന് ആയിരുന്നു എല്ലാവരുടെയും മനസ്സിൽ.....

ഇനു ചമ്മലോടെ എല്ലാരേം നോക്കി.... മിന്നു കളിയാക്കി ചിരിച്ചു....

ഇജുക്ക ഞാൻ കുഞ്ഞിക്കുട്ടിയൊന്നും അല്ല താഴെ ഇറക്ക്.....

എനിക്ക് നീ എന്നും കുട്ടി തന്നെയാ.....

അവൾ പിന്നെ ഒന്നും പറഞ്ഞില്ല..... കാറിൽ കൊണ്ട് ഇരുത്തിയെ അവളെ വിട്ടുള്ളു.....

ഇതൊക്ക കണ്ടു നിന്ന റിച്ചു ദേഷ്യം കൊണ്ട് വിറച്ചു കണ്ണുകൾ ചുവന്നു ചോരക്കട്ടെ പോലെ ആയി...... അത്രയും കഷ്ടപ്പെട്ട് ആണ് അവളെ ജന്നത്തിൽ നിന്നും ഇറക്കിയത്. അതൊക്കെ വെള്ളത്തിൽ വരച്ച വര പോലെ ആയി.... ഇജുവിന്റെ വലയം ഭേധിച്ചു അവളെ കാണാൻ പോലും ആകില്ലെന്ന് അവന്ന്

അറിയാമായിരുന്നു..... എത്രയും പെട്ടെന്ന് ഇനുവിനെ കൊണ്ട് ഇവിടം വിട്ടു പോകണം..... അവൻ മനസ്സിൽ ഉറപ്പിച്ചിരുന്നു അത്.....

❤❤❤

കാറിൽ വെച്ചു അവർ പരസ്പരം ഒന്നും സംസാരിച്ചില്ല..... അവൾ പുറത്തേക്ക് നോക്കി നിന്നെ ഉള്ളു..... അവളുടെ ജീവനില്ലാത്ത ശരീരം ആണെന്ന് പോലും തോന്നി അവന്ന്.... ശഹിയെ എന്നേക്കാൾ അവൾ സ്നേഹിക്കുന്നുണ്ട് അത് കൊണ്ട് തന്നെ അവൻ അതായിരിക്കും കാരണം എന്ന് ഉറച്ചു വിശ്വസിച്ചു....

കാർ നിർത്തി ഡോർ തുറന്നതും അവൾ ഒന്ന് ഞെട്ടിയ പോലെ ചുറ്റും നോക്കി....

ഏതോ നദിക്കരയിൽ ആയിരുന്നു കാർ നിർത്തിയത്...... അവൻ കൈ നീട്ടിയതും

അവൾ പുറത്ത് ഇറങ്ങി.... നല്ല കാറ്റും ശാന്തമായ കാലാവസ്ഥയും ഒക്കെ കൂടി അവളിൽ ചെറിയ

ഉന്മേഷം പടർത്തി....

അവൻ അവിടെ ഇരുന്നു.... അവളും അടുത്ത് ഇരുന്നു.... നദിയിലേക്ക് ഉറ്റു നോക്കി......

എന്നെ കണ്ടാൽ മന്നബുദ്ധി ആണെന്ന് തോന്നുന്നുണ്ടോ നിനക്ക്.....

അവൾ ഞെട്ടലോടെ അവന്നെ നോക്കി...

എന്തിനാ ഇങ്ങനെ ഒക്കെ ഡ്രാമ കളിച്ചത്

എന്ത് ഡ്രാമ.... അവളുടെ ശബ്ദം പേടി കൊണ്ട് വിറച്ചിരുന്നു....

മാളിൽ വെച്ച് തല്ലുണ്ടാക്കിയ ആളെ ഞാൻ അപ്പൊ തന്നെ പൊക്കിയിരുന്നു. നിന്റെ കഴുത്തിൽ കത്തി വെച്ച ആളെ ഞാൻ അങ്ങനെ വിടുന്നു കരുതിയോ... രണ്ട് നല്ലോണം പൊട്ടിച്ചപ്പോൾ പറഞ്ഞു നീയും

ഫൈസ് ആണ് അതിന്റെ പിന്നിൽ എന്ന്......

എന്തിനാ അത്..... അത് കൊണ്ട് എന്താ നിങ്ങൾ നേടിയത്.....

അവൾ കുറ്റബോധത്തോടെ തല കുനിച്ചു

റാനിയെ ഞാൻ സ്വീകരിക്കാൻ വേണ്ടി ചെയ്തത് ആണോ......എന്നെ ഹീറോ പരിവേഷം കെട്ടിക്കാൻ ആയിരുന്നോ

അവൾ തലകുനിച്ചു നിന്നെ ഉള്ളു....

നീ സത്യം പറയണ്ട ഞാൻ അവളോട് ചോദിച്ചോളാം ബാക്കി......

അവൻ എഴുന്നേൽക്കാൻ നോക്കിയതും അവൾ

കയ്യിൽ പിടിച്ചു....

റാനിക്ക് ഒന്നും അറിയില്ല. എല്ലാം ഞാനും ഫൈസ് യാഷ് കൂടി ചെയ്തതാ..... റാനി എന്നെ എത്രമാത്രം സ്നേഹിക്കുന്നുണ്ടെന്ന് കാണിച്ചു തരാൻ വേണ്ടി എല്ലാം ചെയ്തേ......

ഇതിനുള്ള മറുപടി റാനിക്ക് കൊടുത്തോളാം അത് പറഞ്ഞു അവൻ കാറിൽ കേറിയതും അവൾ ഓടി കാറിൽ കേറി അവളെ സങ്കടം മൊത്തം അവൾ മറന്നു പോയിരുന്നു. പ്ലാൻ മൊത്തം ഫ്ലോപ്പ് ആയി പോയ സങ്കടവും ഇജ്ജുക്ക റാനിയെ എന്തെങ്കിലും ചെയ്യുമൊന്നുള്ള പേടിയും എല്ലാം കൊണ്ട് വട്ട് പിടിക്കുന്നു തോന്നി അവൾക്ക്. അവൾ എന്തൊക്കെ പറഞ്ഞിട്ടും ഒന്നും മിണ്ടാതെ മുഖം കൂർപ്പിച്ചു നിന്നെ ഉള്ളു അവൻ.... അവൾ സഹികെട്ടു അവന്റെ തലയിൽ കൈ വെച്ചു പറഞ്ഞു.... ഇജ്ജുക്കയാണ് സത്യം റാനി ഇതിൽ നിരപരാധി ആണ്.... അവൾക്ക് ഒന്നും അറിയില്ല എന്ന്. കാർ നിർത്തി അവൾ ആശ്വാസത്തോടെ നോക്കി..... അപ്പോഴാ കണ്ടത്

റാനിയുടെ വീട്ടുമുറ്റത്ത് ആണ് നിർത്തിയിരിക്കുന്നെ.

അവൾ പേടിയോടെ അവന്നെ നോക്കി....

അവൻ മൈന്റ് ആക്കാതെ വീട്ടിലേക്ക് കേറി..... എല്ലാവരും ഇറങ്ങി വന്നു. അവളെ ഉപ്പ അവരെ അകത്തേക്ക് ക്ഷണിച്ചു..... റാനി രണ്ടാളെയും നോക്കി എന്താ കാര്യം എന്നൊക്കെ ചോദിക്കുന്നുണ്ട്.... റാനിയുടെ ഉപ്പ ദയനീയതയോടെ ഇജാസിനെ നോക്കി.

റാനി മോതിരം തിരിച്ചു കൊടുത്തുന്നു എല്ലാർക്കും അറിയാരുന്നു. അവരുടെ കണ്ണിൽ അവൾ വേണ്ടെന്നു വെച്ചതാണ്.

ഇനുവും ശ്വാസം അടക്കി പിടിച്ചു നിന്നു....

എനിക്ക് ഈ ജന്മം വിവാഹം വേണ്ടെന്നു വെച്ചതാണ് ഞാൻ..... ജന്നക്ക് വേണ്ടി ഉഴിഞ്ഞു വെച്ചതാണ് എന്റെ ജീവിതം....

എനിക്ക് അനിയത്തി മാത്രം അല്ല എന്റെ മോളാണ് അവൾ..... ഞാൻ ജീവിക്കുന്നത് അവൾക്ക്

വേണ്ടിയാണ്.... വിവാഹം കഴിഞ്ഞാൽ..... എന്റെ ജീവിതത്തിൽ ഒരു പെണ്ണ് വന്നാൽ ജന്നയെ എന്നെ പോലെ സ്നേഹിക്കുമോ എന്നിൽ നിന്നും അകറ്റുമോ എന്ന പേടിയാരുന്നു എനിക്ക്..... എനിക്ക് ഒരു കുഞ്ഞുണ്ടായാൽ എന്റെ ജന്നയുടെ കുഞ്ഞിനെ ആരെക്കാളും സ്നേഹിക്കാൻ പറ്റുമോ എന്നൊക്ക ഉള്ള ഭയം...... അത് കൊണ്ട് ഞാൻ തീരുമാനിച്ചതാ എന്റെ ലൈഫിൽ ഒരു പെണ്ണില്ലെന്ന്...... റാനിയെ വിവാഹം കഴിക്കാൻ ജന്നയുടെ നിർബന്ധപ്രകാരം ആണ് സമ്മതിച്ചതും..... റാനിയെ കൂടുതൽ അറിഞ്ഞപ്പോൾ അവളും ജന്നയും തമ്മിലുള്ള സ്നേഹം കണ്ടപ്പോൾ എനിക്ക് മനസ്സിൽ ആയി ഇവരെ പിരിക്കാൻ ആർക്കും കഴിയില്ലെന്ന്..... അവനൊന്നു നിർത്തി........

ഇപ്പൊ ഞാൻ വന്നത് റാനിയെ വിവാഹം കഴിക്കാൻ എനിക്ക് പൂർണ്ണ സമ്മതം ആണ്..... അത് പറയാൻ വേണ്ടിയാണ്....

ഇനുകേട്ടത് വിശ്വസിക്കാൻ ആവാതെ ഇജുവിനെ

നോക്കി.... ഓടി പ്പോയി അവനെ കെട്ടിപിടിച്ചു മുഖം മുഴുവൻ മുത്തം കൊടുത്തു.... കണ്ണുനീർ കൊണ്ട് അവൾക്ക് മുഖം പോലും കാണുന്നില്ലായിരുന്നു... ഇജു അവളെ ചേർത്തു പിടിച്ചു.....

നിനക്ക് സന്തോഷം ആയില്ലേ....

ഡബിൾ ഹാപ്പി ആയി..... എന്നാലും കുറച്ചു നേരത്തേക്ക് പേടിപ്പിച്ചു..... അവൾ നെഞ്ചിൽ ഒരു കുത്ത് കൊടുത്തു

എന്നെ പറ്റിച്ചില്ലേ അപ്പോൾ ചെറിയ ഡോസ് തരണ്ടേ.... അവൻ കണ്ണിറുക്കി കാണിച്ചു....

എല്ലാവരും റാനിയെ നോക്കി അവളെ തീരുമാനം അറിയാൻ....

അവൾ പക്ഷേ അവൻ പറഞ്ഞത് കേട്ട ഷോക്കിൽ

ആയിരുന്നു പോയ കിളികൾ തിരിച്ചു വരത്തോണ്ട് അവൾ നിന്ന നിൽപ്പിൽ തന്നെ ആയിരുന്നു.

ഇനു പോയി അവളെ മെല്ലെ തോൾ കൊണ്ട് തട്ടി......

ടീ ഇത് വെളിച്ചപ്പാട് തന്നെ അല്ലേ നിനക്ക് വഴിന്ന് ആളുമാറിയോ..... ഇങ്ങേർക്ക് ഇങ്ങനെ സോഫ്റ്റ് ആയി സംസാരിക്കാൻ ഒക്കെ അറിയോ...... പെട്ടെന്ന് ഉള്ള ഷോക്കിൽ ആയോണ്ട് തന്നെ മെല്ലെ എന്ന് കരുതി ഉച്ചത്തിൽ ആയിരുന്നു പറഞ്ഞത്.....

അവളെ എല്ലാവരും കണ്ണും തുറിച്ചു നോക്കി...

ആരാ ഈ വെളിച്ചപ്പാട് അവളെ ഉപ്പ കാര്യം ആയിചോദിച്ചതും അവൾ ഞെട്ടലോടെ ഇജുവിനെ നോക്കി. ഇപ്പൊ പൊട്ടിത്തെറിക്കും എന്ന ഭാവത്തിൽ ഇജു നോക്കി പേടിപ്പിക്കുന്നുണ്ട്......

അവൾ അവനെ നോക്കി ഇളിച്ചു കാണിച്ചു.... മെല്ലെ ഇനുവിനെ നോക്കി അവളും നോക്കിപേടിപ്പിക്കുന്നുണ്ട്....

മെല്ലെ വലിഞ്ഞു റൂമിലേക്ക്.......

പിറകെ ഇനുവും.....

ടീ എന്തൊക്കെ ഇത്..... എന്നേക്കാൾ നല്ലൊരാളെ കിട്ടും ഇജുക്കക്ക്....

എനിക്ക് നിന്നെ മാത്രം മതി എന്റെ ബാബി ആയിട്ട്......

വേണ്ട ഇനു.... ഞാൻ ചേരില്ല നിങ്ങളുടെ ഫാമിലിക്ക്..... ഇജുക്കയെ വെച്ചു നോക്കുമ്പോൾ സൗന്ദര്യം കൊണ്ടും പണം കൊണ്ടും കുടുംബമഹിമ കൊണ്ടും ഒക്കെ സ്വപ്നം പോലും കാണാൻ പറ്റാത്ത ദൂരത്തിൽ ആണ് ഞാൻ......

എന്തിനെക്കാളും വലുതാ ഈ വലിയ മനസ്സ് അത് മതി എനിക്ക് ഇനു അവളെ ചേർത്തു പിടിച്ചു നിറഞ്ഞ കണ്ണുകൾ തുടച്ചു കൊടുത്തു.

അത് ശരിയാകില്ല ഇനു..... നിനക്ക് വേണ്ടിയാ ഇജുക്ക എന്നെ വിവാഹം കഴിക്കാൻ തീരുമാനിച്ചത്..... കുറച്ചു കഴിയുമ്പോൾ അതൊക്കെ വേണ്ടന്ന് തോന്നും..... അത് കൊണ്ട ഞാൻ വിവാഹം വേണ്ടെന്ന് വെച്ചു മോതിരം തിരിച്ചു കൊടുത്തത്.....നീ പറഞ്ഞ കേൾക്കും..... ഇനിയിക്കാര്യം പറഞ്ഞു വരല്ലേടാ......

വന്ന നീ എന്ത് ചെയ്യും .... ഗൗരവത്തോടെയുള്ള ചോദ്യം കേട്ട് അവർ തിരിഞ്ഞു നോക്കി.... ഇജു വാതിലിക്കൽ നില്കുന്നുണ്ട്.... റാനിയുടെ കയ്യും കാലും വിറക്കുന്ന പോലെ തോന്നി.

ജന്നയെ സ്നേഹിക്കുന്നത് കൊണ്ട് തന്നെയാ നിന്നെ

ഞാൻ ശ്രദ്ധിക്കാൻ തുടങ്ങിയത്..... എന്റെ ജീവന അവൾ... അപ്പോൾ അവളെ ജീവനെ പോലെ സ്നേഹിക്കുന്ന നിന്നെ സ്നേഹിക്കാതിരിക്കാൻ പറ്റില്ലല്ലോ.....

പക്ഷേ നിന്നെ നഷ്ടപ്പെടുന്ന് തോന്നിയപ്പോ.... നിന്റെ വിവാഹം ഉറപ്പിക്കാൻ പോകുന്ന് അറിഞ്ഞപ്പോ നെഞ്ചിൽ ഒരു പിടപ്പ് ആയിരുന്നു......

അപ്പൊ മനസ്സിൽ ആയി ജന്നക്ക് വേണ്ടി മാത്രം ഇടിച്ച ഹൃദയം ആദ്യം ആയി നിനക്ക് വേണ്ടിയും ഒന്ന് പിടഞ്ഞുന്ന്. ഇപ്പൊ ഈ വിവാഹത്തിന് സമ്മതിക്കുന്നത് എന്റെ ജനക്ക് വേണ്ടി മാത്രം ആണ്..... അവളെക്കാളും സ്നേഹിക്കാൻ ഒന്നും എനിക്ക് പറ്റില്ല..... പക്ഷേ കണ്ണ് നിറയാതെ നോക്കിക്കൊള്ളാം.... അവളോളം തന്നെ സ്നേഹിക്കാൻ ശ്രമിച്ചോളാം......അതും പറഞ്ഞു കീശയിൽ നിന്നും മോതിരം എടുത്തു അവളെ കയ്യിൽ ഇട്ടു കൊടുത്തു.....

അവൾ ഒരു ഞെട്ടലോടെ അവനെ നോക്കി.

ഞാൻ സമ്മതം പറഞ്ഞില്ലല്ലോ അതിന്ന് അവൾ അവനെ രൂക്ഷമായി നോക്കി....

നിന്റെ സമ്മതം ആർക്ക് വേണം..... ജനക്ക് സമ്മതം ആണ് അത് മതി...... പിന്നെ ഈ മോതിരം ഇനി ഊരിയ നിന്റെ മുപ്പത്തിരണ്ട് പല്ല് താഴെ കിടക്കും നോക്കിക്കോ.... അവൻ കലിപ്പിൽ നോക്കി പറഞ്ഞു പുറത്തേക്ക് ഇറങ്ങി .....

എനിക്കത്തിന്ന് ഇരുപത്തൊമ്പത് പല്ലേ ഉള്ളു.... ബാക്കി ഇയാൾ കടം എടുക്കോ അവൾ വിളിച്ചു പറഞ്ഞു.....

നിന്റെ തന്തപടിയുടെ വായിൽ ഇല്ലെ അവിടുന്ന് എടുത്തോളാം.....പിന്നെ നിനക്ക് ഒരെല്ല് കൂടുതൽ ആണ് അതിനും ഒരു എൽ ഐ സി പോളിസി എടുത്തേക്ക് അവൻ തിരിച്ചു പറഞ്ഞു....

ഇയാളെ ഞാൻ ഇന്ന്...... വെളിച്ചപ്പാട്.... ഹിറ്റ്ലർ....

അവൾ കലിതുള്ളി കൊണ്ട് പറഞ്ഞു.....

അവൻ തിരിഞ്ഞു നോക്കിതും അവൾ ഇളിച്ചോണ്ട് മിണ്ടാണ്ട് നിന്നു......

ആ നാവിനും എൽഐ സി എടുക്കുന്നത് നന്നായിരിക്കും..... അതും പറഞ്ഞു അവൻ പോയി.....

ഇനു വാ പൊത്തി ചിരി കടിച്ചു പിടിച്ചു ഇരിക്കുന്നത് അവൾ കണ്ടു.....

എന്ത് ജന്മം ആണെടി ഇത്.... റാനി തലയിൽ കൈ വെച്ചു മേലോട്ട് നോക്കി.

സ്നേഹിച്ച നക്കികൊല്ലും ഇടഞ്ഞ വെട്ടിക്കൊല്ലും അതാ എന്റെ ഇജുക്ക

രണ്ടായാലും മരണം ഉറപ്പ് ആണല്ലേ  അവൾ

ചെറുചിരിയോടെ പറഞ്ഞു.

മരണത്തിന് പോലും നിന്നെ വിട്ടുകൊടുകുല എനിക്ക് വേണം എന്റെ ബാബിയെ....... അവൾ കവിളിൽ പിടിച്ചു വലിച്ചു കൊണ്ട് പറഞ്ഞു.... പിന്നെ ഇജുന്റെ പിറകെ ഓടിപ്പോയി.

അവർ വിവാഹത്തിന് സമ്മതിക്കുന്ന് ഉറപ്പുണ്ടോ എന്ത് ധൈര്യത്തില മോതിരം ഇട്ടു കൊടുത്തേ...... അവന്റെ മനസ്സിലിരിപ്പ് അറിയാൻ ചോദിച്ചു....

നീ കാൽ പിടിച്ചു ആണെങ്കിലും ഇത് നടത്തും ആ ഉറപ്പ്.....  ഈ മാലാഖകുട്ടീടെ വാക്ക് കേൾക്കാതിരിക്കാൻ അവർക്ക് കഴിയില്ല എന്ന ഉറപ്പ്...... പിന്നേ..........

പിന്നേ....... നീ ആഗ്രഹിച്ച എന്തെങ്കിലും ഞാൻ നടത്തി തരാതിരുന്നിട്ട് ഉണ്ടോ..... ഒന്നുമില്ലെങ്കിലും നീയും എന്റെ അളിയനും കുറച്ചു കഷ്ടപ്പെട്ടത് അല്ലേ

അത് കാണാതിരിക്കാൻ പറ്റോ....

അവളുടെ മൂക്കിൽ പിടിച്ചു പറഞ്ഞു.

അയ്യടാ..... അതൊന്നും അല്ല...... ഈ നെഞ്ചിൽ എവിടെയോ ഒരു കൂട് കൂട്ടിയിട്ടില്ലേ റാനി കൊച്ചു.... അവൾ കുസൃതിയോടെ ചോദിച്ചു.....

അതിന്ന് അവന്റെ ചുണ്ടിൽ ചെറുചിരി വിരിഞ്ഞിരുന്നു...... ആ കരിനീല കണ്ണുകൾ തിളങ്ങിയിരുന്നു.....

അവളുടെ സങ്കടം മൊത്തം ആ സന്തോഷത്തിൽ അവൾ മറന്നിരുന്നു....

അവർ രണ്ടാളും മൊത്തം കറങ്ങി പിടിച്ചു ഷോപ്പിംഗ് ഒക്കെ കഴിഞ്ഞു നൈറ്റ് ലേറ്റ് ആയാണ് തിരിച്ചു വന്നത്.... ഫൈസിയെ കണ്ടതും അവൾ തലകുനിച്ചു നോക്കാതെ അകത്തേക്ക് കേറിപ്പോയി....

അവൻ ഇജുവിനെ പറഞ്ഞയച്ചു വരുമ്പോഴേക്കും അവൾ കിടന്നിരുന്നു.....

ബെഡിൽ അവൾ കിടന്നതിന്ന് ഇപ്പുറം തലയിണ കൊണ്ട് അവൾ അതിർ വരമ്പ് വെച്ചത് കണ്ടപ്പോൾ തന്നെ അവന്റെ നെഞ്ച് പിടഞ്ഞു...... വരുന്നത് വരെ കത്തിരിക്കുകയാരുന്നു അവൻ..... മാപ്പ് പറയാനും അവളെ ചേർത്ത് പിടിക്കാനും അത്രമാത്രം ആഗ്രഹിച്ചിരുന്നു......

ഇനു...... ഐ ആം സോറി...,. പെട്ടെന്ന് ഉള്ള ദേഷ്യത്തിൽ.......

എനിക്കൊന്നും കേൾക്കണ്ട..... ശല്യം ഉറങ്ങാൻ വിടില്ല...... അതും പറഞ്ഞു തല വഴി പുതപ്പ് ഇട്ടു കിടന്നു.....

അവൻ ഒരു നിമിഷം എന്ത് വേണമെന്ന് തിരിയാതെ അവളെ നോക്കി നിന്നു..... പിന്നെ ലൈറ്റ് ഓഫ് ആക്കി കിടന്നു.....

പരസ്പരം പിടയുന്ന മനസ്സോടെ രണ്ട് പേരും ഉറക്കം വരാതെ കിടന്നു.......

ഉറക്കത്തിൽ പതിവ് പോലെ എന്നെ തേടി ആ കൈകൾ കാലുകളും വരും എന്നൊരു പ്രതീക്ഷയോടെ അവൻ നിറഞ്ഞ മിഴികളോട് അവളെ കാത്തിരുന്നു......

മണിക്കൂറുകൾ കഴിഞ്ഞും അവളിൽ നിന്നും യാതൊരു അനക്കം ഇല്ലാതായപ്പോൾ അവൻ എഴുന്നേറ്റു ലൈറ്റ് ഇട്ടു. അവളെ നോക്കി.......

അവളെ കണ്ടതും അവൻ ഞെട്ടിപ്പോയിരുന്നു..... കൈകൾ കട്ടിലിന്റെ ഹെഡിലായ് അവൾ കെട്ടിയിട്ടിരുന്നു..... ഉറക്കത്തിൽ കൈകൾ വലിക്കും തോറും കൈ മുറുകി ചുവന്നു തിനർത്തിരുന്നു..... അവൾക്ക് അറിയാമായിരുന്നു ഉറക്കത്തിൽ തിരഞ്ഞു പോയി അവന്റെ നെഞ്ചിലെ കിടക്കുകയുള്ളൂ എന്ന്..... അവൻ എഴുന്നേറ്റു അവളുടെ അടുതെക്ക് പോയി കൈകൾ അഴിച്ചു...... ചുവന്നുരഞ്ഞ പാടിൽ അവന്റെ കണ്ണുനീർ

തുള്ളികൾ ഇറ്റി വീണു.....

അവൻ പൊട്ടികരച്ചിലിലിലൂടെ അവളെ കെട്ടിപിടിച്ചു കിടന്നു.....

രാവിലെ ഉറക്കം എഴുന്നേറ്റതും അവന്റെ നെഞ്ചിൽ കൈ കൊണ്ട് പൊതിഞ്ഞു പിടിച്ചണ് കിടക്കുന്നത് എന്നറിഞ്ഞതും അവൾ കൈ തട്ടി മാറ്റി എഴുന്നേറ്റു.....

ആ തട്ടലിൽ അവന്റെ ഉറക്കം വിട്ടിരുന്നു...

ഇനു ഞാൻ.......

പ്രൊസ്റ്റിട്യൂറ്റ്കളെ അടുത്ത് കിടക്കാൻ ഫൈസ് അസ്കർന്ന് നാണം ഇല്ലേ..... അവളുടെ വാക്കുകളുടെ മൂർച്ചയിൽ അവന്റെ തല താണിരുന്നു.....

അറിയണ്ട് പറഞ്ഞു പോയതാ ഇപ്രാവശ്യം ഒന്ന് ക്ഷമിക്ക് ഇനു.....

ഇറങ്ങിപ്പോകാൻ വേറെ വീട് ഇല്ല..... അതോണ്ട് മാത്രമ ഇവിടെ നില്കുന്നെ... പക്ഷേ എന്റെ ദേഹത്തു ഇനി തൊട്ടൽ  ഞാൻ എന്റെ ഇജുക്കന്റെ കൂടെ എങ്ങോട്ടെങ്കിലും പോകും..... അതും പറഞ്ഞു അവൾ എഴുന്നേറ്റു......

ഫൈസ് എഴുന്നേറ്റു അവളെ അടുത്തേക്ക് വന്നു..... അവളുടെ കയ്യിൽ പിടിച്ചു.....

അറിയണ്ട് പറഞ്ഞു പോയതാണെന്ന് പറഞ്ഞില്ലേ...... ഒന്ന് ക്ഷമിച്ചുടെ നിനക്ക്

അവൾ കൈ തട്ടിതെറിപ്പിച്ചു......

പ്രൊസ്റ്റിട്യൂട്ട്കളെ ദേഹത്തു തൊടുന്നതിന്ന് മുന്നേ വില പറഞ്ഞു ഉറപ്പിക്കുന്നു കേട്ടിട്ടുണ്ട്..... അത് എത്രയാണെന്ന് പറഞ്ഞു തന്നിരുന്നെങ്കിൽ എനിക്കും കുഴപ്പം ഇല്ലായിരുന്നു......

അവന്റെ മുഖം ദേഷ്യം കൊണ്ട് വിറച്ചിരുന്നു.....

വൃത്തികേട് പറയുന്നോ എന്നു പറഞ്ഞു കവിളിൽ കുത്തിപിടിച്ചത് പെട്ടന്ന് ആയിരുന്നു.... അവൾ വേദന കൊണ്ട് പിടഞ്ഞു......

അറിയാതെ ദേഷ്യത്തിൽ വായിൽ നിന്നും വീണു പോയി അതിന്ന് സോറിയും പറഞ്ഞു എന്ന് വെച്ചു അനാവശ്യം വിളിച്ചു പറഞ്ഞ കൊന്നു കളയും പന്നി..... അവളെ പിന്നിലേക്ക് തള്ളി ചുമരിൽ ആഞ്ഞടിച്ചു അവൻ ബാത്റൂമിലേക്ക് പോയി......

അവൾ ചുണ്ടിൽ നീറ്റൽ വന്നു തൊട്ട് നോക്കി..... അവൻ ശക്തിയിൽ പിറകോട്ടു തള്ളുമ്പോൾ നഖം

തട്ടിയത് ആയിരുന്നു.... ചെറുതായി പോറിയിട്ട് ബ്ലഡ് വരുന്നുണ്ട്.....

അവൾ റൂമിൽ നിന്നും ഇറങ്ങിയതും മുന്നിൽ റിച്ചു ഉണ്ടായിരുന്നു..... Ajwa അവനുള്ള ചായ കൊണ്ട് കൊടുത്ത ദേഷ്യത്തിൽ അവളെ വഴക്ക് പറയുന്നുണ്ട്

ചുണ്ടിൽ പിടിച്ചു എരിവ് വലിച്ചു വന്നൊണ്ട് ആയിരിക്കണം അവൻ നോക്കുന്നത് ചുണ്ടിൽ ആണെന്ന് കണ്ടു.

അവൾ മുഖത്ത് നാണത്തിൽ കുതിർന്ന ഒരു ചിരി വരുത്തിച്ചു.....

ഇതെന്താ പറ്റിയെ മുഖം ഒക്കെ ചുവന്നിട്ട് ഉണ്ടല്ലോ... വേവലാതിയോടെ ajwa അവളെ കവിളിൽ തൊട്ടു..... ഇനുവിന് വേദനകൊണ്ട് കുക്കിവിളിക്കാൻ തോന്നിയെ റിച്ചു ഉള്ളോണ്ട് പിടിച്ചു നിന്നു..

ഞാൻ ഫൈസിയോട് പറഞ്ഞതാ ഈ മുഖം വെച്ചു ഞാൻ എങ്ങനെ ഇനി താഴേ പോകുന്നു..... ചുണ്ടും കടിച്ചു പൊട്ടിച്ചു പറഞ്ഞു മുഖം പൊത്തി ajwaye നോക്കി പറഞ്ഞു അവൾ ഓടിപ്പോയി.....

Ajwa ചോദിച്ചു പെട്ടല്ലോ എന്ന അവസ്ഥയിൽ വായും തുറന്നു നിന്നു.....

ഈ കുട്ടിക്ക് വായിക്ക് ഒരു ലൈസൻസ് ഇല്ല. അത് പറഞ്ഞു തിരിഞ്ഞതും പിറകിൽ റിച്ചു ഉണ്ടായിരുന്നു......

അതിൽ നാണിക്കാൻ ഒന്നും ഇല്ല..... അവർ തമ്മിൽ അങ്ങനെ ഒരു ബന്ധം ഇല്ല. ചുമ്മാ നിന്നെ വട്ടാക്കിയതാ അവൻ പുച്ഛത്തോടെ പറഞ്ഞു.....

അത് റിച്ചുക്കക്ക് എങ്ങനെ അറിയാം..... അവർ ഹസ്ബൻഡ് വൈഫ് അല്ലേ.....

ഒരിക്കലും അവർ തമ്മിൽ അങ്ങനെ ഫിസിക്കൽ റിലേഷൻ ഉണ്ടാവില്ല..... ഫൈസ് അതിന്ന് സമ്മതിക്കുകയും ഇല്ല

അത് റിച്ചുക്കയാണോ തീരുമാനിക്കുന്നത്

ഇനു എന്നോട് പറഞ്ഞിട്ട് ഉണ്ടല്ലോ അവർ തമ്മിൽ അങ്ങനെ അകൽച്ച ഒന്നും ഇല്ലെന്ന്....

അവളുടെ റിപ്പോർട്ട് ഹോസ്പിറ്റലിൽ വെച്ചു മാറ്റിയത് ഞാൻ ആണ്..... അവൾക്ക്....... ബാക്കി പറയാതെ അവൻ നിർത്തി...... വാശിക്ക് പറഞ്ഞു പോയതാണ് അവൻ ദേഷ്യത്തോടെ റൂമിലേക്ക് പോയി.....

Ajwa അവന്റെ വാക്കുകളിൽ തറഞ്ഞു നിന്നു..... ഇവൻ എന്തോ ചെയ്തിട്ടുണ്ട് അത് കൊണ്ടാണ് അവന്ന് ഇത്രയും ഉറപ്പ്

അവൾ ഇനുവിനെ നോക്കി പോയി....

Ajwa എല്ലാടത്തും നോക്കി. ഗാഡനിൽ പൂക്കൾ നോക്കി ചാർന്നു ഇരിക്കുന്നത് കണ്ടു....

എന്താ കെട്ടിയോനോത്തുള്ള മധുര സ്മരണയിൽ ആണോ...... ഒടുക്കത്തെ നാണം ആയിരുന്നല്ലോ മുഖത്ത്.....

അത് പിന്നെ ഇല്ലാതിരിക്കോ എന്റെ കെട്ടിയോൻ അല്ലേ..... അവൾ കുസൃതിയോടെ പറഞ്ഞു.....

Ajwa അവളുടെ മുഖത്തേക്ക് തന്നെ നോക്കി കവിളിൽ തലോടി...... എന്താ പറ്റിയെ..... എങ്ങനെ മുറിഞ്ഞത്.......

ഇനു അവളെ തന്നെ നോക്കി....

കള്ളം പറയണ്ട.....

വാതിലിൽ ഇടിച്ചത....  ഉറക്കചെടവിൽ കണ്ടില്ല.....
അല്ല എങ്ങനെ മനസ്സിൽ ആയത്......

റിച്ചു പറഞ്ഞു..... ഫൈസ് നിന്നെ തൊടില്ലെന്ന്
അവന്ന് ഉറപ്പുണ്ട്.....

അതെന്താ അവന്ന് ഇത്രയും ഉറപ്പ് അവൾ
സംശയത്തോടെ ajwa യെ നോക്കി....

ഇനു സത്യം പറ....റിച്ചു പറഞ്ഞതിൽ എന്തെങ്കിലും
സത്യം ഉണ്ടോ.....

അവൾ അവർ തമ്മിലുള്ള വഴക്ക് ഒഴിച്ച്
അവോയ്ഡിന്റെ കാര്യം മാത്രം പറഞ്ഞു
കൊടുത്തു.....

ഹോസ്പിറ്റലിൽ നിന്ന് വന്നതിന്ന് ശേഷം അല്ലേ

ഇങ്ങനെ....

അവൾ തലയാട്ടി..... Ajwa റിച്ചുവിന്റെ വായിൽ നിന്നും വന്ന വാക്കുകൾ പറഞ്ഞു കൊടുത്തു.....

ഇനുവിന് ഹോസ്പിറ്റലിൽ വെച്ചു ഫൈസ് ആകെ ടെൻഷൻ ആയിരുന്നുവെന്ന് ഓർത്തു. റിപ്പോർട്ട് ചുരുട്ടി വലിച്ചു എറിഞ്ഞത് ഓർമ വന്നു..... റിച്ചു എന്തോ ചെയ്തിട്ടുണ്ടെന്ന് അവൾക്ക് മനസ്സിൽ ആയി..... റിച്ചു ഒരിക്കലും അത് പറഞ്ഞു തരില്ല..... ഫൈസ് പറയില്ല...... കാരണം ഇങ്ങനെ വഴക്ക് ഉണ്ടായിട്ടും സോറി പറഞ്ഞത് അല്ലാതെ വേറൊന്നും ഫൈസ് പറയുന്നില്ല......

Ajwa പോയിട്ടും അവൾ ഇതെങ്ങനെ കണ്ടു പിടിക്കും എന്ന ചിന്തയിൽ ആയിരുന്നു... എന്തൊക്കെയോ ആലോചിച്ചു ഉറപ്പിച്ച ശേഷം അവൾ ഫോൺ എടുത്തു.....

**ഹലോ മുത്തേ......ഒരു ഹെല്പ് വേണാരുന്നല്ലോ.......**

**കൊട്ടേഷൻ ആർക്കാ...... കൈ വെട്ടണോ കാൽ വെട്ടണോ.....അതോ തല്ലി പരിപ്പ് എടുക്കണോ ജന്നത്തിലെ രാജകുമാരി.......അതും ചോദിച്ചു പൊട്ടിച്ചിരി മുഴങ്ങി അപ്പുറത്ത്......**

**ആ ചിരി ഇനുവിന്റെ ചുണ്ടിലും പടർന്നു....**

❤️💔INVISIBLE LOVE 💔❤️

Love after 💘marriage 🌷108🌷

**നിനക്ക് കെട്ടിയോൻ റൊമാൻസ് നിരോധിച്ചു പറഞ്ഞു ആരെയെങ്കിലും പോയി തല്ലാൻ പറ്റോ അബി കണ്ണും മിഴിച്ചു അവളെ നോക്കി.**

**അതോണ്ടല്ലേ അബിയെ വിളിച്ചേ എനിക്കിത് ആരോടും പറയാൻ പറ്റാത്തോണ്ട് അവൾ നഖം കടിച്ചു നിലത്തേക്ക് നോക്കി നിന്നു......**

ഫൈസിയോട് തന്നെ തുറന്നു സംസാരിച്ചോടെ നിനക്ക്...... അബി അവളെ അലിവോടെ ചോദിച്ചു......

എന്നെ പ്രൊസ്റ്റിട്യുറ്റ് വിളിച്ചു അപമാനിച്ചു അങ്ങനെ ഉള്ള ആളോട് എന്ത് പോയി ചോദിക്കാനാ...... ദേഷ്യത്തിലും സങ്കടത്തിലും ആണ് പറഞ്ഞതെങ്കിൽ ഞാൻ ശ്രമിച്ചേനെ ...... ആ കണ്ണുകൾ വിളിച്ചു പറയുന്നുണ്ടായിരുന്നു വിളിച്ചത് മനപ്പൂർവം ആണെന്ന്..... അതിനർത്ഥം ഞാൻ ഒരിക്കലും ഇനി ഫൈസ്നോട് ആ രീതിയിൽ പെരുമാറരുത് അവന്റെ അടുത്തേക്ക് പോകരുത് എന്നാണ്..... അതിന്ന് വേണ്ടയാണ് അങ്ങനെ പറഞ്ഞത്..... ആ കണ്ണുകൾ വിളിച്ചു പറയുന്നുണ്ടായിരുന്നു അത്.  അത്ര പോലും അവൻ സത്യം പറയുന്നില്ല

അങ്ങനെയുള്ള ഒരാളോട് എങ്ങനെ പോയി ചോദിക്കാനാ..... അതിന്ന് ഉള്ള ഉത്തരം ഒരിക്കലും കിട്ടില്ല......

നിന്നെ പ്രൊസ്റ്റിട്യൂറ്റ് വിളിച്ചത് നിനക്ക് ക്ഷമിക്കാൻ പറ്റോ.... ഒരു സ്ത്രീഎന്ന നിലയിൽ ഒരു ഭാര്യ എന്നനിലയിൽ നിന്നെയും നിന്നിലെ പെണ്ണിനേയും അപമാനിക്കാരുന്നില്ലേ ഫൈസ്..... ഒരിക്കലും ഒരു പെണ്ണ് എന്ന നിലയിൽ എനിക്കത് ക്ഷമിക്കാൻ കഴിയില്ല. ഫൈസിയോടുള്ള വെറുപ്പ് അവളുടെ വാക്കുകളിൽ പ്രകടമായിരുന്നു.

അവളൊന്നു പുഞ്ചിരിച്ചു..... കേട്ടപ്പോ സങ്കടം വന്നു ഇപ്പോഴും നെഞ്ചിലെ നീറ്റൽ മാറിയിട്ടില്ല...സ്വയം വെറുപ്പ് പോലും തോന്നിയിട്ടുണ്ട്....മരിച്ച മതീന്ന് പോലും തോന്നിയിട്ടുണ്ട് അത് എന്നിലെ പെണ്ണിനെ അപമാനിച്ചോണ്ട് അല്ല അവന്റ വായിൽ നിന്നും എന്തിന്റെ പേരിൽ ആയാലും എന്നെ വേദനിപ്പിച്ചത് ഓർത്താണ് .... അവൻ സ്ത്രീയെ ബഹുമാനിക്കുന്ന ഒരാളാണ്.... മറ്റൊരു പെ ണ്ണിനെ കാണുമ്പോൾ അതന്റെ പെങ്ങളാണ്..... എനിക്ക് ജന്മം തന്നത് ഒരു സ്ത്രീയാണ് എന്ന് ഓർമ്മയുള്ളവൻ..... ഒരു നോട്ടം കൊണ്ട് പോലും സ്ത്രീയെ അവൻഅപമാനിക്കാറില്ല.അങ്ങനെയുള്ള എന്റെ ഫൈസ് ഇത്രയും താഴ്ന്ന രീതിയിൽ മോശമായി

പെരുമാറിയെങ്കിൽ

തീർച്ചയായും അതിന്ന് ഒരു വ്യക്തമായ കാരണം ഉണ്ടാകും......

എനിക്കിതിന്നോട് യോജിക്കാൻ പറ്റില്ല. എന്തിന്റെ പേരിൽ ആയാലും അവൻ ചെയ്തത് തെറ്റാണ്....

തെറ്റ് തന്നെയാണ് അത് ഞാനും അംഗീകരിക്കുന്നു.... എനിക്ക് ഇപ്പോൾ അവനെ കാണുമ്പോൾ അവന്റെ മുന്നിൽ പോകുമ്പോൾ സ്വയം വെറുപ്പ് തോന്നിന്നു.

അത് തന്നെയാണ് അവന്ന് വേണ്ടതും..

ഞാൻ ഒരിക്കലും ഒരു ഫ്രണ്ട് എന്നതിൽ കവിഞ്ഞു അവനിൽ നിന്നും ഒന്നും ആഗ്രഹിക്കരുത് എന്ന്. അതിൽ അവൻ വിജയിച്ചു..... അത്ര തന്നെ ഉള്ളു ആ വിളി കൊണ്ട് അവനും കരുതിയിട്ട് ഉള്ളു.

എങ്ങനെ നിനക്ക് ഇങ്ങനെ ചിന്തിക്കാൻ കഴിയുന്നെ.... ഞാൻ ആയിരുന്നുവെങ്കിൽ

രണ്ട് പൊട്ടിച്ചേനെ.....

ഞാൻ ഒരു ഭാര്യയാണ് അവന്റെ പാതിയാണ്..... അവനെ പൂർണ്ണമായും മനസ്സിൽ ആക്കാൻ എനിക്ക് പറ്റിയിട്ടുണ്ട്...... അവന്റെ മനസ്സിലും ആ ശരീരത്തിലെ ഓരോ രോമകൂപത്തിലും ഞാൻ ഉണ്ട്..... അബിക്ക് അറിയോ എനിക്ക് മെൻസസ് ആയപ്പോൾ ആ രക്തത്തിൽ കുതിർന്ന ഷർട്ട് ഇട്ട് നിൽക്കുന്ന എന്റെ ഫൈസിയെ ഞാൻ കണ്ടിട്ടുണ്ട്..... വെറുപ്പോ അറപ്പോ ആയിരുന്നില്ല ആ മുഖത്ത് ഒരു സ്ത്രീയെന്ന ബഹുമാനം...... ഞാനും ഒരു സ്ത്രീയിൽ ജനിച്ചവൻ ആണെന്ന തിരിച്ചറിവ്........ അങ്ങനെ യുള്ള ഫൈസ് ആണ് എന്നെ പ്രൊസ്റ്റിട്യൂറ്റ് എന്ന് വിളിച്ചത്..... എന്നെ പ്രൊസ്റ്റിട്യൂറ്റ് വിളിച്ചപ്പോൾ എന്നേക്കാൾ വേദനിച്ചത് ആ മനസ്സ് ആണ്..... അത് പറയുമ്പോൾ അവന്റെ കണ്ണുകൾ നിറഞ്ഞു ഒഴുകിയിരുന്നു...... കണ്ണുനീർ അല്ലായിരുന്നു അത് അവന്റെ നെഞ്ച് കീറി മുറിഞ്ഞ രക്തം ഒഴുകുന്നതാ..... ഞാൻ അവഗണിച്ച ഓരോ നിമിഷവും ആ പാവം നീറി നീറി മരിച്ചിട്ടുണ്ടാവും...... ഞാൻ ഇന്നലെ നൈറ്റ് തിരിച്ചു വരുമ്പോൾ കണ്ട

എന്റെ ഫൈസിയെ കണ്ടു എന്റെ മനസ്സ് പിടഞ്ഞു പോയി. വാടിതളർന്നു ജീവച്ഛവം പോലൊരു രൂപം

ഒരു തുള്ളി വെള്ളം പോലും കുടിച്ചിട്ടില്ല അവൻ.... എന്നിട്ടും ഞാൻ അവഗണിച്ചു.

എന്നാലെങ്കിലും സത്യം പറയട്ടെ കരുതിയിട്ട്...... ഞാൻ ഇല്ലാതെ എന്റെ ഫൈസ് ഇല്ല അബി...... എന്നിലൂടെയാണ് അവൻ ജീവിക്കുന്നത്...... എന്റെ ശ്വാസം ആണ് അവനിലൂടെ ജീവിക്കുന്നത്.... ഇനുവിന്റെ കണ്ണുകൾ നിറഞ്ഞൊഴുകിയിരുന്നു അത് പറയുമ്പോൾ വാക്കുകൾ ഇടറിയിരുന്നു പലപ്പോഴും......

അബി വാക്കുകളിലൂടെ അറിയുകയാരുന്നു ഫൈസ് ഇനുവും തമ്മിലുള്ള സ്നേഹം..... പരസ്പരം ഇങ്ങനെ മനസ്സിലാക്കാൻ ഉള്ള..... സ്വന്തം പാതിയുടെ മനസ്സ് അറിയാനുള്ള കഴിവ് തന്നെയാണ് അവരുടെ ദാമ്പത്യത്തിന്റെ വിജയവും... ഒരിക്കലും ആർക്കും അവരെ പിരിക്കാൻ പറ്റില്ല.....

അബി ഇങ്ങനെ ഒരു കാര്യം ആയോണ്ട് ആണ് ഞാൻ കാണാൻ വന്നത്. എങ്ങനെ എങ്കിലും എനിക്കത് കണ്ടു പിടിക്കണം. അത് ആ ഡോക്ടറേ കൊണ്ട് മാത്രമേ സത്യം പറയിക്കാൻ കഴിയു...... മറ്റാരും അറിയുകയും ചെയ്യരുത്......

നീ വാ നമുക്ക് എല്ലാം ശരിയാക്കാം..... അബി അവളെയും കൂട്ടി എഴുന്നേറ്റു.....

ഹായ് ഇനു വാട്ട് എ സർപ്രൈസ്.... ആഷി റൂമിൽ നിന്നും ഇറങ്ങിയതും അവളെ കണ്ടു അത്ഭുതത്തോടെ ചോദിച്ചു....

ഞാൻ അബിയെ ഒന്ന് കാണാൻ വന്നതാ

എന്തിനാ കൊച്ചേ ഇവളെപ്പോലുള്ള അലവലാതികളെ കൂടെ കൂടി സ്വന്തം ജീവിതം നശിപ്പിക്കുന്നെ...... അബിയെ പുച്ഛത്തോടെ നോക്കി ആഷി പറഞ്ഞു....

എന്റെ പൊന്ന് ആഷിക്കക്കു..... ഞാൻ പോയിട്ട് വഴക്ക് ഇട്ടോ..... ഇപ്പോൾ ഞങ്ങൾ ഒരു വഴിക്ക് പോകാൻ ഇറങ്ങിയതാ.....

നിനക്ക് വേറാരേം കിട്ടിയില്ലേ കൂട്ടിന്....

ഫ്രീ ആയിട്ട് കൊട്ടേഷൻ പണിക്ക് ആളെ കിട്ടുമ്പോ വേറെ ആരെയെങ്കിലും നോക്കുവോ..... ഇനു അബിയെ നോക്കി കണ്ണിറുക്കി കാണിച്ചു....

കൊട്ടേഷൻ പണി കൂടി ഉണ്ടോ..... ഞാൻ കരുതി ചതിയും വഞ്ചനയും മാത്രം ഉള്ളുന്ന...കൂടെ നിന്ന് ചതിക്കുന്ന ഇനമാ നോക്കീം കണ്ടും നടന്നോ നീ ..... അവസാനം കരയേണ്ടി വരരുത്.....

എല്ലാത്തിനും ചുണ്ടിൽ പുച്ഛചിരിയുമായി മിണ്ടാതെ ഇരിക്കുന്ന അബിയെ കണ്ടു ഇനു അത്ഭുതപെട്ടു.....

കണ്ട കൂതറകളുടെ ഉപദേശം കേട്ട് കഴിയുമ്പോ നീ വാ.... ഞാൻ പോണു പറഞ്ഞു അബി ഇറങ്ങി പോയി...

കൂതറ നിന്റെ ഓൻ ആടീ.... ആഷി കലിപ്പോടെ പറഞ്ഞതും ഇനു മിണ്ടല്ലേന്ന്

കൈകൂപ്പി പറഞ്ഞു....

ഇതൊക്ക ഇവിടെ സാധാരണയാണ്.... നീ പോകാൻ നോക്. എന്നോടുള്ള ദേഷ്യത്തിനു നിന്നെ ഇട്ടിട്ട് പൊയ്ക്കളയും.

അവൾ പോകാൻ നോക്കിയതും ആഷി അവളെ വിളിച്ചു.....

ഏഴ് ആങ്ങളമാരും എന്തിനും കട്ടക്ക് കൂടെ നിൽക്കുന്ന ഹസ്ബൻഡ് ഉള്ളപ്പോ ജന്നത്

രാജകുമാരി അബിയെ തേടി വന്നെങ്കിൽ ആരും അറിയാതെ എന്തോ ഒപ്പിക്കാൻ ആണെന്ന് മനസ്സിലായി.... എന്ത് കാര്യം ചെയ്യുമ്പോഴും രണ്ട് വട്ടം എങ്കിലും ആലോചിച്ചേ ചെയ്യാവു.... ഒരിക്കലും ഫൈസിയിൽ നിന്നും മറച്ചു വെച്ചു ഒന്നും ചെയ്യരുത്.... ഇല്ലെങ്കിൽ ഞങ്ങളുടെ ജീവിതം പോലെ ആകും... എത്ര വലിയ സ്നേഹബന്ധം ആയാലും ഒരു ചെറിയ കളവ് മതി ജീവിതം തകരാൻ......അതും പറഞ്ഞു ആഷി റൂമിലേക്ക് പോയി...

കഴിഞ്ഞോ എന്റെ കെട്ടിയോന്റെ ഉപദേശം.....

ശരിക്കും നിങ്ങൾ തമ്മിൽ എന്താ പ്രശ്നം ഒന്നുമില്ലെങ്കിലും നിങ്ങൾ പ്രേമിച്ചു കെട്ടിത് അല്ലേ.....

അതിപ്പോ ചുരുക്കി പറഞ്ഞു തരാം എനിക്ക് വാശി കുറച്ചു കൂടുതൽ അവന്ന് എടുത്തു ചാട്ടവും അത് രണ്ടും ഇപ്പൊ ഇഗോ ആയി ഇവിടെത്തി അത്രന്നെ.....

തെളിച്ചു പറ എനിക്ക് ഓടില.....

ഇപ്പോൾ നിന്റെ പ്രശ്നം നോക്ക്.... നിന്നെ പ്രൊസ്റ്റിട്യൂട്ട് വിളിച്ചപ്പോ അവന്ന് രണ്ട് പൊട്ടിക്കാം എല്ലാരോടും പറഞ്ഞു വഴക്ക് ഉണ്ടാക്കാം ഡിവോഴ്സ് ചെയ്യാം അത് മല്ലെങ്കിൽ സൂയിസൈഡ് ചെയ്യാം.... എന്നിട്ടും നീ ചെയ്തോ.... നീ അവന്നെ മനസ്സിലാക്കി യുക്തിപരമായി ചിന്തിച്ചു പ്രോബ്ലം സോൾവ് ചെയ്യാൻ ശ്രമിക്കുന്നു.

എന്ന ഞാനും ആശിയും തമ്മിൽ ആണെങ്കിൽ ഇപ്പോൾ ഞാൻ മേലെ പറഞ്ഞ എന്തെങ്കിലും സംഭവിച്ചു കാണും

അപ്പോൾ രണ്ടാളെ ഭാഗത്തു തെറ്റുണ്ട്. ആരും തോറ്റു കൊടുക്കാൻ തയ്യാറല്ല അതല്ലേ പ്രശ്നം.....

കറക്റ്റ്.... അപ്പൊ അത് വിട്ടേക്ക് ഇനി. നിന്റെ കാര്യം മാത്രം ആലോജിക്ക്....

Mm അവൾ ഒന്ന് മൂളി.......എന്നിട്ട് അബിയുടെ ബുള്ളറ്റിൽ കയറി....

❤❤❤❤

ഡോക്ടർ അനാമിക..... ഗൈനനക്കോളജിസ്റ്റ് ബോർഡ് ഒന്നൂടി വായിച്ചു അബി കാളിങ് ബെൽ അമർത്തി....

ഒരു സെർവന്റ് വന്നു അവരെ അകത്തേക്ക് ഇരുത്തി....

ഒരു പത്തുമുപ്പത്തഞ്ചു വയസ്സ് ഉള്ള സ്ത്രീ അങ്ങോട്ട് വന്നു.... ഇനുവിനെ കണ്ടതും അവരുടെ മുഖം വിളറി വെളുത്തു.... കണ്ണുകളിൽ ഭയം കണ്ടു... രണ്ട് പേരും കൃത്യമായി അത് ഒപ്പിയെടുത്തു.....

ആരാ മനസ്സിൽ ആയില്ല..... ഡോക്ടർ അവരെ മുന്നിൽ ഇരുന്നു....

ഇവൾക്ക് നല്ല വോമിറ്റിംഗ് .... ഫുഡ് പൊയ്സൺ ആണെന്ന് തോന്നുന്നു..... അബി പറഞ്ഞു....

ഇവിടെ കൺസൽട്ട് ഇല്ല.മാത്രം അല്ല ഞാ ഞാൻ ഒരു ഗൈനക്കോളജിസ്റ്റ് ആണ്.... നിങ്ങൾ ഹോസ്പിറ്റലിലേക്ക് പോയിക്കൊള്ളൂ.....

അങ്ങനെ പറഞ്ഞ എങ്ങന നിങ്ങൾ ഒരു ഡോക്ടർ അല്ലേ..... അപ്പോൾ ജസ്റ്റ് ഒന്ന് നോക്കിക്കോ.... ഇവളെ മാര്യേജ് കഴിഞ്ഞത. ചിലപ്പോൾ പ്രഗ്നൻറ്റ് ആണെങ്കിലോ.....

അവർ എഴുന്നേറ്റു.... നിങ്ങൾ ഹോസ്പിറ്റലിൽ പോയിക്കൊള്ളൂ ഞാൻ വിളിച്ചു പറഞ്ഞോളാം ഹോസ്പിറ്റലിൽ

ഞങ്ങൾക്ക് നിങ്ങളെ കണ്ട മതി..... ഡോക്ടർക്ക്

ഇവളെ പരിജയം ഉണ്ടോ....

എനിക്ക് അറിയില്ല.....

എന്ന ഇവൾക്ക് അറിയാം..... ഇവളെ ട്രീറ്റ്മെന്റ് ചെയ്തിട്ടുണ്ടെന്ന് ഇവൾ പറയുന്നേ....

ഒരുപാട് പഷ്യന്റ്സ് ദിവസം കാണുന്നു എല്ലാരേം ഓർമ വരില്ലല്ലോ....

അബി ഒറ്റ അടിയാരുന്നു കവിളിൽ.... അവർ തിരിഞ്ഞു നോക്കുന്നതിന്ന് മുന്പേ ഇപ്പുറത്തെ കവിളിൽ അടി വീനിരുന്നു... അടിയുടെ ശക്തിയിൽ അവർ നിലത്തേക്ക് വീണു... ചുണ്ടുകൾ പൊട്ടി.....

അബി കൈ നീട്ടി അവരെ പിടിച്ചു എഴുന്നേൽപ്പിച്ചു..... അവർ പേടിയോടെ നോക്കി എഴുന്നേറ്റു..... ഇനു രണ്ട് മിനിറ്റ് ഇവിടെ ഇരിക്കെ ഞാൻ കുറച്ചു

**ഓർമ്മശക്തി കൊടുത്തിട്ട് വരാം...പറഞ്ഞു ഡോക്ടർ കൂടി അകത്തെ റൂമിലേക്ക് പോയി....**

**ഇപ്പോൾ ഓർമ വന്നോ ഡോക്ടർക്ക് അബി മുഷ്ടി ചുരുട്ടി പിടിച്ചു ചോദിച്ചു....**

**അവർ പേടിയോടെ ഇനി തല്ലലേ പറഞ്ഞു.**

**എനിക്ക് അറിയാം..... ജന്നത് ഹൈദർ..... ഫൈസ് അസ്കറിന്റെ ഭാര്യ.....**

**ഇത്രയും കൃത്യമായി അറിഞ്ഞിട്ടാണോ അറിയില്ലെന്ന് പറഞ്ഞെ.....**

**റിൻഷാദ് സാർ പറഞ്ഞു.... ഇങ്ങനെ പറയാൻ.....**

**ഓഹ്.... അപ്പൊ കാര്യം കുറച്ചു കൂടി എളുപ്പം ആയി...**

ഇനി പറ റിൻഷാദ് നിങ്ങൾ തമ്മിൽ എന്താ കണക്ഷൻ.... ഫുഡ് പോയ്സൺ ഉണ്ടായ ഇവൾ എങ്ങനെ ഗൈനക്കളജിസ്റ്റ് ആയ നിങ്ങളുടെ അടുത്ത് എത്തി.....

അവർ ആദ്യം മടിച്ചു പിന്നെ കാര്യം പറഞ്ഞു കൊടുത്തു....

ഇനയക്ക് നെറ്റിയിൽ മുറിവ് മാത്രം ഉണ്ടായിരുന്നുള്ളൂ..... പിറ്റേന്ന് ഡിസ്ചാർജ്

ആകാന്നും പറഞ്ഞു.... അന്ന് നൈറ്റ് റിൻഷാദ് എന്നെ കാണാൻ വന്നു....

ഫൈസ് വൈഫ് തമ്മിൽ ഒരിക്കലും ബെഡ് റിലേഷൻ പാടില്ലെന്ന രീതിയിൽ എന്തെങ്കിലും ചെയ്യണം എന്ന് പറഞ്ഞു.

എനിക്ക് പൈസയും ഓഫർ ചെയ്തു. ഞാൻ പറ്റില്ലെന്ന് പറഞ്ഞു.... പക്ഷേ വീട്ടുകാരെ ഉപദ്രവിക്കുന്ന് ഭീഷണിപെടുത്തിയപ്പോൾ എനിക്ക് അനുസരിക്കേണ്ടി വന്നു..... അവൾക്ക് കൊടുക്കുന്ന

ടാബ്ലറ്റ് മാറ്റി വോമിറ്റിംഗ് വയർ വേദന ഉണ്ടാകുന്ന ഒരു ടാബ്ലറ്റ് കൊടുത്തു.... എന്റെ അടുത്തേക്ക് അവളെ ഡോക്ടർ റഫർ ചെയ്തു.....

ഞാൻ മനപ്പൂർവം ആയിരുന്നു ഇല്ലാത്ത രോഗത്തിന്റെ പേരിൽ അവൾക്ക് സ്കാനിംഗ് ടെസ്റ്റ് ഒക്കെ കൊടുത്തത്.....

പിന്നെ അയാൾ പറഞ്ഞ പോലെ അവൾക്ക് ഒരിക്കലും ഫിസിക്കൽ റിലേഷൻ പറ്റില്ലെന്നും മറ്റും പറഞ്ഞു.... ഫിസിക്കൽ റിലേഷൻ ശ്രമിച്ച അവൾക്ക് ചിലപ്പോൾ മറ്റു അസുഖങ്ങൾ ഒക്കെ സാധ്യത ഉണ്ടെന്നും പറഞ്ഞു. അതിന്ന് തക്കതായ വ്യാജ റിപ്പോർട് റിൻഷാദ് എനിക്ക് എത്തിച്ചു തന്നിരുന്നു. അതിനേക്കാളൊക്കെ ഉപരി അവൾക്ക് ഒരിക്കലും ഫിസിക്കൽ റിലേഷൻ പറ്റില്ലെന്ന് അറിഞ്ഞ മനസികമായി അവൾ തകരും അതോണ്ട് പേഷ്യന്റ് അറിയാതിരിക്കുന്നതാ നല്ലത് എന്നും പറഞ്ഞു..... അവളോട് ഒരിക്കലും അത് പറയാതിരിക്കാൻ പറഞ്ഞു.... അവളെ ഒരുപാട് സ്നേഹിക്കുന്നത് കൊണ്ടാവാം അവൻ ഇതൊന്നും ആരോടും പറയണ്ട ഇനായയും അറിയണ്ട എന്ന് പറഞ്ഞു......

മെഡിക്കൽ എത്തിങ്‌സ്ന് എതിരായി പ്രവർത്തിച്ച നിങ്ങളെ പോലീസിൽ ഏല്പിക്ക വേണ്ടത്..... അബി മുഖത്ത് ഒന്നൂടി പൊട്ടിച്ചു കൊണ്ട് അവരെയും കൊണ്ട് പുറത്ത് ഇറങ്ങി..... അബി അവളോട് കാര്യം പറഞ്ഞു....

അബി ഇനുനെ നോക്കി കണ്ണും തുറിച്ചു കിളിപോയപോലെ ഇരിക്കുന്നുണ്ട്......

അബി അവളെ തൊട്ട് വിളിച്ചു. ഡീ സത്യം അറിഞ്ഞപ്പോൾ നിന്റെ കാറ്റ് പോയോ.....

എന്റെ ഫൈസിക്ക് എന്നെ ഒരുപാട് ഇഷ്ടം ആണല്ലേ..... പാവം എന്നെ കൊണ്ട് ഒരു ഉപകാരം ഉണ്ടാവില്ലെന്ന് അറിഞ്ഞിട്ടും എന്നേ ചേർത്ത് പിടിച്ചല്ലേ ഉള്ളു..... ഞാൻ അവനെ എത്രയോ വട്ടം പ്രലോബിപ്പിച്ചു.... പാവം അവന്റെ ഫീലിംഗ്സ് എല്ലാം അടക്കി പിടിച്ചിട്ട് ഉണ്ടാവാ.... എന്തോരം സങ്കടം

വേദന തോന്നിട്ട് ഉണ്ടാവും.....

അത് ശരി നീ റിച്ചൂന് രണ്ട് പൊട്ടിക്കാൻ ആലോചിക്കാതെ സെന്റി അടിക്കണോ... എന്ത് ജന്മം ആടീ നീയൊക്കെ അബി മേലോട്ട് നോക്കി കൈ മലർത്തി.

പോടീ ഇങ്ങനെ ഒരു കെട്ടിയോനെ കിട്ടാൻ ഞാൻ കഴിഞ്ഞ ജന്മത്തിൽ ഭാഗ്യം ചെയ്തിട്ട് ഉണ്ടാകും....

എന്റെ പൊന്ന് ഇനു നീ ഫൈസ് പുരാണം ഒന്ന് നിർത്തി ഇതിന്ന് ഒരു പരിഹാരം ഉണ്ടാക്ക്.... അറ്റ്ലീസ്റ്റ് ഈ പെണ്ണും പിള്ളക്ക് ഇട്ടു ഒന്ന് പൊട്ടിക്ക്....

പൊട്ടിക്കേണ്ടത് റിച്ചുവിനാണ്..... അവന്ന് ഞാൻ കൊടുത്തോളം..... പിന്നെ ഇവർക്ക്

അത് പറഞ്ഞതും അവർ ഇനുന്റെ കാൽ പിടിച്ചു.... എന്നോട് പൊറുക്കണം മോള്. റിൻഷാദ് വീട്ടുകാരെ ഉപദ്രവിക്കുമെന്ന് പറഞ്ഞോണ്ട് ചെയ്തു പോയതാ.....

ഇനു ഒന്നാലോചിച്ചു..... പിന്നെ അവരോട് പറഞ്ഞു.... ഒരു ദിവസത്തെ സമയം തരും... ഫൈസ് എവിടെയുണ്ടോ അവിടെ ചെന്നു കാര്യം പറയണം.... റിസൾട്ട് മാറിപോയതാ എനിക്ക് യാതൊരു കുഴപ്പം ഇല്ലന്ന് പറയണം.....

അവർ പേടിയോടെ തലയാട്ടി.....

എന്നെ കൊണ്ട് ഇനി ഇങ്ങോട്ട് വരുത്തിച്ച....... അതും പറഞ്ഞു ഒന്നൂടി കൊടുത്തിട്ടാ അബി ഇറങ്ങിയത്....

പുറത്ത് ഇറങ്ങിയതും അവൾ ചൂടായി.....

നിനക്ക് കിട്ടിയതൊന്നും പോരെ.... ഇനിയും ആ ഫ്രോഡ്നെ പ്രോട്ടേക്ട് ചെയ്യാൻ നോക്കണോ......

Ajwa യുടെ വയറ്റിൽ ഒരു കുഞ്ഞുണ്ട്.....

അതിന്റെ കാര്യം ആലോചിക്കണ്ടേ..... അവൾ ദയനീയമായി അബിയെ നോക്കി

ജീവിതത്തിൽ ആരോടെങ്കിലും ദേഷ്യം വെറുപ്പ് വാശി ഒക്കെ വേണം ഇനു.... അല്ലാതെ മദർ തെരസക്ക് പടിക്കല്ല വേണ്ടെ   അബി ദേഷ്യത്തോടെ ബുള്ളറ്റ്ൽ ഒരു ചവിട്ട് കൊടുത്തു....

അബി.....

അബിയല്ല..... നിന്റെ.... എന്നെ കൊണ്ട് ഒന്നും പറയിപ്പിക്കരുത്....ഞാൻ പോവ്വാ

ഇനിയും നിന്നാൽ നിനക്ക് രണ്ട് പൊട്ടിച്ചു പോകും.... ബാക്കി ഞാൻ കടുവയോട് പറഞ്ഞോളാം.അതും

പറഞ്ഞു അവൾ പോയി...

ഇനു കുറച്ചു സമയം അവിടെ നിന്നു പിന്നെ ഓട്ടോ പിടിച്ചു വീട്ടിലേക്കു പോയി...

❤️❤️❤️❤️

ഫൈസ് തലക്ക് പിറകിൽ കൈ വെച്ചു ബെഡിൽ മലർന്നു കിടന്നു..... അവന്ന് ഇനുവിനെ ആലോചിക്കും തോറും സങ്കടം വരുന്നുണ്ടായിരിന്നു. കുട്ടി ഉണ്ടാവില്ലെന്ന് അറിഞ്ഞപ്പോ തന്നെ എന്നെ വേണ്ടന്ന് വെച്ചു പോയവളാ.... ഇനി ബെഡ്റിലേഷൻ കൂടി തനിക്ക് ആവില്ലെന്ന് അറിഞ്ഞ ഒരിക്കലും എന്റെ കൂടെ നിൽക്കില്ല.... എന്റെ നല്ല ജീവിതത്തിന്ന് വേണ്ടി എന്ന് പറഞ്ഞു എന്നെ ഒഴിവാക്കും..... അത് കൊണ്ട് മാത്രം ആണ് മറച്ചു വെച്ചത്.... അവൾ ഇനി അടുത്ത് വരരുത് എന്ന് വെച്ച അങ്ങനെ പറഞ്ഞു പോയതും.... പൊട്ട ബുദ്ധിക്ക് അപ്പോൾ അങ്ങനെ തോന്നിപ്പോയി. എന്തൊക്കെ വഴക്ക് ഉണ്ടായാലും കുറച്ചു കഴിയുമ്പോൾ മാറും അങ്ങനെ കരുതിയുള്ളു.... പിന്നെ ഞാൻ പറഞ്ഞത് മനസ്സിൽ

ഉള്ളതോണ്ട് അങ്ങനെ ഒന്നും പെരുമാറില്ല കരുതി... പക്ഷേ വെറുപ്പോടെ അവൾ നോക്കിയപോഴാ ചെയ്തത് കൂടിപ്പോയെന്ന് മനസ്സിൽ ആയെ.... എങ്ങനെ ഈ പാപം തീരും.... അവന്റെ കൺകോണിലൂടെ കണ്ണുനീർ ഒലിച്ചിറങ്ങി.

❤️❤️❤️❤️

അവൾ റൂമിൽ എത്തിയതും ഫൈസ് ബെഡിൽ കിടക്കുന്നത് കണ്ടു..... അവന്റെ അടുത്തേക്ക് ഓടി പ്പോയി കെട്ടിപിടിക്കണം എന്നൊക്കെ തോന്നിയെങ്കിലും അവൾക്ക് ഒരു വാശി തോന്നി.... അവൻ സത്യം പറയട്ടെ എന്നിട്ട് ഞാൻ തിരിച്ചു മിണ്ടുള്ളു..... എന്നെ അങ്ങനെ വിളിച്ചതിനുള്ള ചെറിയ ശിക്ഷ.

അവളത് മനസ്സിൽ ഉറപ്പിച്ചു.

അവൾ ഫൈസിയെ നോക്കാതെ അവന്റെ ശ്രദ്ധ കിട്ടാൻ കബോർഡ് വലിച്ചു അടച്ചു. അവൻ ഞെട്ടി ചുറ്റും നോക്കി. ഇനു ഡ്രസ്സ് എടുക്കുന്നത് കണ്ടു.

രാവിലെ അവളോട് ദേഷ്യപ്പെട്ടു കവിളിൽ കുതിപിടിച്ചത് ഓർത്തു. പിന്നെ മുന്നിൽ നിന്നിട്ട് ഇല്ല . റാനിയുടെ വീട്ടിൽ പോകണം എന്ന് മാത്രം പറഞ്ഞു ഇറങ്ങിപോയതാ....

അവൻ എഴുന്നേറ്റു.... ഇനു ഡ്രസ്സ് എടുത്തു ബാത്റൂമിലേക്ക് പോകാൻ നോക്കിതും അവൻ അവളെ കയ്യിൽ പിടിച്ചു..... അവൾ കൈ തട്ടി മാറ്റാൻ നോക്കിതും അവൻ രണ്ട് കയ്യും കൂട്ടി പിടിച്ചു.... അവൾ  മുഖം കൂർപ്പിച്ചു അവനെ നോക്കി....

അറിയണ്ട് ദേഷ്യത്തിൽ പറഞ്ഞു പോയതാ ഇനു.... സോറി......

അവൻ സത്യം പറയാതെ അങ്ങനെ പറഞ്ഞതും അവൾക്ക്  ദേഷ്യം വന്നു...

എനിക്ക് ആരെയും സോറികേൾക്കണ്ട.

പറഞ്ഞത് സത്യം തന്നെ അല്ലേ. ഞാൻ അങ്ങനെ ആയോണ്ടാല്ലേ വിളിച്ചത്..... ഞാൻ ഒരു പ്രൊസ്റ്റി ട്യൂട്ട് അല്ലേ അപ്പോൾ സോറി പറയണ്ട....

അവൻ പെട്ടന്ന് ആയിരുന്നു നിലത് മുട്ട് കുത്തി നിന്നത്..... അവൾ മൈന്റ് ആക്കാതെ നിന്നു.... തന്റെ കാലിൽ തണുപ്പ് പടർന്നത് കണ്ടു അവൾ നോക്കി.

ഫൈസി കാൽ പിടിച്ചു നില്കുന്നുണ്ട്.....

അവൾ ഞെട്ടലോടെ കാൽ വലിച്ചു.....

എന്താ ഫൈസ്..., കാണിക്കുന്നേ.....

അവളുടെ ശരീരത്തിലൂടെ ഒരു വിറയൽ പടർന്നു കയറി..... തന്റെ പാതി.... തന്റെ ജീവൻ ആണ് കാൽകീഴിൽ ഉള്ളത്..... അതും തനിക്ക് വേണ്ടി മനപ്പൂർവം ഉരുകികൊണ്ട് തന്നെ ഒരു വാക്കിനാൽ വേദനിപ്പിച്ചു എന്ന കുറ്റബോധത്താൽ.....

ഐ ആം സോറി ഇനു..... ഒരു പെണ്ണിനോടും

പറയാൻ പറ്റാത്ത കാര്യ ഞാൻ പറഞ്ഞത്. എന്നോട് പൊറുക്കണം

അതിൽ കൂടുതൽ പിടിച്ചു നിൽക്കാൻ അവൾക്കും കഴിയുമായിരുന്നില്ല.... അവൾ പൊട്ടി കരഞ്ഞു കൊണ്ട് നിലത്തേക്ക് അവന്റെ കൂടെ ഇരുന്നു അവന്നെ കെട്ടിപിടിച്ചു....

എന്റെ കാൽ പിടിക്കാൻ മാത്രം തെറ്റൊന്നും എന്റെ ഹബ്ബി ചെയ്തിട്ടില്ല.....

എന്നോട് ഇങ്ങനെ ഒന്നും ചെയ്യല്ലേ ഫൈസ്..... ഈ കാൽകീഴിൽ കിടക്കാനേ ഞാൻ ആഗ്രഹിച്ചിട്ട് ഉള്ളു..... അല്ലാതെ എന്റെ മുന്നിൽ താഴല്ലേ അത് മാത്രം എനിക്ക് സഹിക്കാൻ പറ്റില്ല.......

രണ്ടു പേരും കരയുകയാരുന്നു.....

പെട്ടെന്ന് ആണ് വാതിൽ മുട്ട് കേട്ടത്..... പരസ്പരം

അടർന്നു മാറാൻ മടിച്ചു രണ്ടാളും അനങ്ങാതെ നിന്നു.....

ഇനൂ..... ആ വിളി കേട്ടതും രണ്ടാളും പിടി വിട്ടു..... ജുനു.... അവൾ എഴുന്നേറ്റു ഓടാൻ നോക്കിയതും അവളെ കയ്യിൽ പിടിച്ചു..... അവൾ അവനെ തന്നെ നോക്കി ഷാൾ കൊണ്ട് മുഖവും കണ്ണും തുടച്ചു കൊടുത്തു.... നെറ്റിയിൽ ചെറു ചുംബനം കൊടുത്തു.... അവൾ കണ്ണടച്ച് അത് സ്വീകരിച്ചു.... തന്റെ മനസ്സിലെ എല്ലാ വേദനകൾ ആ ചുംബനത്തിൽ അലിഞ്ഞു പോയിരുന്നു.....

അവൾ വാതിൽ തുറന്നതും ജുനു അവളെ കെട്ടിപിടിച്ചു..... വട്ടം കറക്കി....

നാളെ വരുള്ളൂ പറഞ്ഞിട്ട്...... അവൾ അത്ഭുതത്തോടെയും സന്തോഷത്തോടെയും അവന്നെ നോക്കി

ഇന്ന് രാവിലെ എത്തേണ്ടതാ..... ഇന്നലെ തൊട്ട് എന്റെ ഇനു കരയുന്നത് സ്വപ്നം കണ്ടു പറഞ്ഞു ലഹള കൂട്ടുകയാരുന്നു. ഇത് വരെ പച്ചവെള്ളം കുടിച്ചിട്ടില്ല..... വട്ടാ ഇവന്ന്..... ലോകത്ത് ആർക്കും അനിയത്തിമാർ ഇല്ലല്ലോ..... സ്ഥിരം കുറ്റപ്പെടുത്തലും സങ്കടം പറച്ചിൽ ആയി പിറകെ ഉമ്മയും വന്നു..... അവൾ ജുനുവിന്റെ കയ്യിൽ നിന്നും ഊർന്നിറങ്ങി ഉമ്മാന്റെ അടുത്തേക്ക് പോയി.....

ദൂരത്തു ഇരുന്നും അവളുടെ മനസ്സ് പിടഞ്ഞത് ഓർത്തു ഓടിവന്ന ജുനുവിനെ കണ്ടു എന്നത്തേയും പോലെ അസൂയ ആയിരുന്നു തോന്നിയത്. അന്നും ഇന്നും അവന്ന് ഒരു മാറ്റം ഇല്ല....

നീയെന്താടാ പനി വന്നപോലെ ക്ഷീണിച്ചു.

നിനക്ക് സുഖം ഇല്ലേ ജുനു അവനെ തൊട്ട് നോക്കി.....

ഉറക്കം ആയിരുന്നു നീ വിളിച്ചപ്പോ എണീറ്റ താ....

ഇനു അവരെയും കൂട്ടി  താഴേക്ക് പോയി.... ടീ കുടിയും മറ്റും കഴിഞ്ഞു.... പോകാൻ ഇറങ്ങുമ്പോഴാ ജുനു ajwaye കണ്ടത്.... ജുനുവിനെ കണ്ടു അവൾ പുറത്തു ഇറങ്ങാതെ ഇരിക്കുകയാരുന്നു..

പോയെന്ന് കരുതി ഇറങ്ങിയതാണ്.....

അവന്റെ മുഖം ദേഷ്യം കൊണ്ട് വിറച്ചിരുന്നു..... ഇനു അത് കണ്ടു ഫൈസിയുടെ പിറകിൽ ഒളിച്ചു. ഫൈസ് എന്തെങ്കിലും പറയുന്നതിന്ന് മുന്നേ ജുനു അവളെ കയ്യിൽ വലിച്ചു റൂമിലേക്ക് പോയി..... ബാക്കിയർക്കും കാര്യം മനസ്സിൽ ആകതോണ്ട് എന്തെങ്കിലും സംസാരിക്കാൻ ആകുമെന്ന് കരുതി.....

റൂമിൽ എത്തിയതും ജുനു അവളെ നോക്കി കണ്ണ് പൊട്ടുന്ന ചീത്ത വിളിച്ചതും അവൾ എങ്ങനെ ഒക്കെയോ പറഞ്ഞു സമാധാനിപ്പിച്ചു...... എത്രയും പെട്ടെന്ന് അവൾക്ക് വേറെ താമസസ്ഥലം ശരിയാക്കി അങ്ങോട്ട് മാറ്റിക്കൊള്ളന്ന്

സമ്മതിപ്പിച്ചേ ജുനു അടങ്ങിയുള്ളു....

അപ്പോഴേക്കും ഫൈസ് വന്നു.... അവന്നും വയറു നിറച്ചു കിട്ടി.... എല്ലാം അവളെ നിർബന്ധം ആണെന്ന് പറഞ്ഞു ഒഴിഞ്ഞു മാറിയോണ്ട് അവന്ന് കുറച്ചു കിട്ടിയുള്ളൂ...

രണ്ട് പേരെയും ദേഷ്യത്തോടെ നോക്കി റൂമിൽ നിന്നും ഇറങ്ങാൻ പോകുമ്പോഴാ ഫൈസ് വിളിച്ചത്....

ടാ എന്റെ റിച്ചുക്കനെ കാണാതെ പോവുകയാണോ.....

മറന്നു ഞാൻ അത്.... ജുനു അവനെ നോക്കിയതും ഫൈസ് അവനെയും കൂട്ടി

റിച്ചുവിന്റെ റൂമിലേക്ക് നടന്നു....

ഇനുവിന് അപ്പോഴാ റിച്ചുവിനെ ഓർമ വന്നത് തന്നെ...... സർപ്രൈസ് വിസിറ്റ് ആയോണ്ട് റിച്ചുവിനോടോ ajwa യോടോ പറയാൻ

കഴിഞ്ഞിരുന്നില്ല..... ഇന്നത്തോടെ എല്ലാം അവസാനിക്കും....

എല്ലാവരും എല്ലാ സത്യം അറിയും.... അവൾ തളർച്ചയോടെ ഭിത്തിയിൽ ചാരി നിന്നു..... ഫൈസ് ജുനുവും റിച്ചുക്ക വിളിച്ചു വാതിൽ തുറന്നു റൂമിലേക്ക് കയറി..... വാതിൽ അടയുന്നത് അവൾ കണ്ടു.... തന്റെ ജീവിതത്തിന്റെ വാതിൽ കൂടിയാണ് അടഞ്ഞത് എന്ന് അവൾക്ക് തോന്നി...... ചുമലിൽ ആരോ പിടിച്ചത് കണ്ടു ഇനു തല ഉയർത്തി നോക്കി.....

Ajwa അവളുടെ മുഖവും പേടി കൊണ്ട് വിളറി വെളുത്തിരുന്നു.......

❤️💔INVISIBLE LOVE 💔❤️

Love after 💘marriage 🌷109🌷

നിന്റെ ഭർത്താവിന്റെ ഇക്കയാണ് ആണ് കാമുകൻ എന്ന് അറിഞ്ഞ വെറുതെ വീടോ നിന്റെ വീട്ടുകാർ..... Ajwa പേടിയോടെ അവളോട് ചോദിച്ചു.

അന്ന് അവന്റെ മയ്യത്ത് വീഴും...... ഇജ്ജുക്ക വേണമെന്ന് ഇല്ല അതിന്. ഇപ്പൊ പോയ സമാധാനത്തിന്റെ വെള്ളരിപ്രാവ് ഇല്ലേ എന്റെ ജുനു. അവൻ തന്നെ മതി അതിന്ന്

തെറ്റിയ അത് വേറെ ലെവൽ ആണ്. ബാക്കിയെല്ലാം പിറകെ നിൽക്കണം.

Ajwa ഭയത്തോടെ അവളുടെ വയറിൽ കൈ വെച്ചു..... നിറ കണ്ണുകളോടെ അവളെ നോക്കി....

ഞാൻ ഉള്ളപ്പോ ഈ കുഞ്ഞിന്റെ ഉപ്പാക്ക് ഒന്നും വരില്ല...... എന്റെ വാക്കാണ് അത് ഇനു അവളെ വയറിൽ കൈ വെച്ചു പറഞ്ഞു.

വാതിൽ തുറന്നു അവർ പുറത്തേക്ക് വന്നു.....

റിച്ചുക്കയെ കണ്ടില്ലേ..... അവൾ പേടിയോടെ

ചോദിച്ചു....

അവനെ എവിടെയും കാണുന്നില്ല. കുറച്ചു മുൻപ് വരെ റൂമിൽ ഉണ്ടായിരുന്നു. ഇപ്പൊ ഫോൺ വിളിച്ചപ്പോ പറയാ അത്യാവശ്യം ആയി ഒരു കാര്യത്തിന് പുറത്ത് പോയിരിക്കുകയാണെന്ന്..... ഫൈസ് നിരാശയോടെ പറഞ്ഞു....

അവൻ തിരിച്ചു വന്നല്ലോ.... നീ ഹാപ്പി ആയില്ലേ..... അത് മതി ഞങ്ങൾക്ക്..... ജുനു ചുമലിൽ തട്ടി പറഞ്ഞു....

ഫൈസിയുടെ മുഖത്തെ സന്തോഷം കണ്ടതും അവൾക്ക് സങ്കടം വന്നു.... റിച്ചു ജുനുവിനെ കണ്ടു മുങ്ങിയതാണെന്ന് അവൾക്ക് മനസ്സിലായി.

ഞങ്ങൾ ഇറങ്ങാ എന്നാൽ.....

ഇവിടെ താമസിച്ചൂടെ നിനക്ക്.... ഫൈസ് അപേക്ഷ പോലെ പറഞ്ഞു.....

ഒരുപാട് മിസ്സ് ചെയ്യുന്നുണ്ട് ഇവിടം.... വീട്ടിൽ പോകണം അല്ലാതെ സമാധാനം കിട്ടില്ലടാ അതാ....വീട് വൃത്തിയാക്കൻ ആളെ ഏർപ്പാട് ആക്കിയിന്..... ജോലിക്ക്

ഒരു സർവന്റ് ഉണ്ട്.....

ഫൈസ് പിന്നെ നിർബന്ധിച്ചില്ല.....

ജുനു അജ് വയുടെ അടുത്തേക്ക് പോയി.

നിന്നോടുള്ള ദേഷ്യം കൊണ്ടല്ല മാറിതാമസിക്കാൻ പറയുന്നത്. ഇർഫാൻ

അറിയാലോ പക്കാ ക്രിമിനൽ ആണ്. നിന്നെ തേടി വരാൻ ആയിട്ട് ആണെങ്കിലും ഇനുവിനെ കാണാൻ പാടില്ല അത് കൊണ്ടാണ്. ഇവളുടെ മേലെ അവന്റെ ഒരു നോട്ടം വീണാൽ പോലും പിന്നെ അവൻ

ജീവനോടെ കാണില്ല. നിന്റെ കുഞ്ഞിനെ ഓർത്തു മാത്രം ആണ് അന്ന് ഞാൻ ക്ഷമിച്ചത്. ഇനിയുണ്ടാവില്ല.

Ajwa തലയാട്ടുക മാത്രം ചെയ്തു.

ഇനു മാത്രം പോകുമ്പോൾ അവരെ നോക്കാതെ മുഖം കുനിച്ചു.....

എപ്പോ വിളിച്ചാൽ വരില്ലെടാ ഞാൻ..... പിന്നെ നൈറ്റ് ഫുഡ് ഇവിടെ നിന്നാണ്.... ഞാൻ മാത്രം അല്ല..... സെവെൻസ്......

അവൻ ഒന്ന് നിർത്തി..... ശഹി അതിൽ ഇല്ലല്ലോന്ന് എല്ലാരും ഓർത്തു..... എല്ലാരും ഉണ്ടാകും.... പോരെ......

അത് കേട്ടപ്പോൾ അവളുടെ മുഖം തെളിഞ്ഞു.

എന്ന ഞങ്ങൾ ഇറങ്ങാ......

അതിങ്ങനെ ഇടക്കിടക്ക് ചോദിക്കണ്ട...

വേഗം പോയിക്കോ....വീട്ടിൽ പോകാനല്ല നജയെ കാണാനാ തിരക്കെന്ന് എനിക്ക് അറിയാം.....അവൾ വിളിച്ചു പറഞ്ഞു....

അവൻ ചമ്മലോടെ എല്ലാരേം നോക്കി അവളെ നോക്കി മുഖം കോട്ടി പോയി...

അത് കണ്ടു അവളുടെ മുഖത്ത് ഒരു പുഞ്ചിരി വിടർന്നു.....

❤❤❤❤

റൂമിൽ എത്തിയതും ഫൈസ് അവളെ പിറകിലൂടെ കെട്ടിപിടിച്ചു തോളിൽ മുഖം വെച്ചു.

ദേഷ്യം മാറിയോ......

ഇല്ല.....  അവൾ എടുത്തു അടിച്ചപോലെ പറഞ്ഞു..... അവൻ അവളെ വിട്ടു.....

ഞാൻ സോറി പറഞ്ഞില്ലേ...... ഇനിയെന്താ ചെയ്യണ്ടേ..... അവൻ സങ്കടത്തോടെ ചോദിച്ചു....

എന്നെ എന്തിനാ അവോയ്ഡ് ചെയ്യുന്നേ..

അതിന്ന് ഉത്തരം പറയ് എന്നിട്ട് പിണക്കം മാറൂ.....

അവൻ മിണ്ടാതെ തലതാഴ്ത്തി.....

എന്നെ എവിടെ കണ്ടാലും കിസ്സ് തരും കെട്ടിപ്പിടിക്കും..... ഇപ്പൊ ഞാൻ അങ്ങോട്ട് വന്നാലും അവോയ്ഡ് ചെയ്യും... എന്നെ ശരിക്കൊന്ന് ഹഗ്ഗ് ചെയ്യാറ് പോലും ഇല്ല. അത് കൊണ്ട് ചെയ്തു പോയതാ ഞാൻ സോറി.... ഇനി അങ്ങനെ ഒന്നും

ഉണ്ടാവില്ല

സോറി ഇനു..... ബിസിനസ്സിൽ ഒരുപാട് പ്രോബ്ലം.... ഭ്രാന്ത് പിടിക്കുന്ന പോലെ ആകാ..... അത് കൊണ്ടാ അല്ലാതെ നിന്നെ അവോയ്ഡ് ചെയ്യുകയോ ഇഷ്ടക്കേട് കൊണ്ടോ അല്ല..... അവളുടെ മുഖത്ത് നോക്കാതെ പറഞ്ഞു....

എന്നിട്ടും സത്യം പറയാത്ത കണ്ടു ദേഷ്യം വരുന്നുണ്ടായിരുന്നു അവളിൽ...

അവൾ അവന്റെ കൈ വിടുവിച്ചു ബാൽകാണിയിൽ പോയി നിന്നു......

അവൻ പിറകിലെ പോയി കെട്ടിപിടിച്ചു തോളിൽ മുഖം അമർത്തി.....

കുറച്ചു സമയം മിണ്ടാതെ നിന്നു.......

എനിക്ക് എങ്ങനെ പറയണ്ടേ അറിയില്ല....

എനിക്ക്..... എനിക്ക്...... നോട് ഇൻഡ്രസ്റ്റ് സെക്സ്.... എന്ത് കൊണ്ടോ എന്നിൽ ഇപ്പൊ അങ്ങനെ ഒരു ആഗ്രഹമോ മോഹമോ ഒന്നും ഇല്ല..... നിന്നെ കാണുമ്പോഴോ തൊടുമ്പോഴോ അങ്ങനെയൊരു ഫീൽ തോന്നുന്നില്ല അത് കൊണ്ടാ ഞാൻ ......... ഐ ആം സോറി....ബാക്കി പറയാതെ അവളുടെ തോളിൽ മുഖം അമർത്തി നിന്നു.....

താൻ ഒരിക്കലും വേദനിക്കാതിരിക്കാൻ അവൻ സ്വയം ഏറ്റെടുത്ത കുറവ് കേട്ടു അവളിൽ സങ്കടവും സന്തോഷം ഒക്കെ തോന്നി.  അവന്ന് തന്നോടുള്ള സ്നേഹത്തിന്റെ ആഴം കൂടി അറിയുകയാരുന്നു അവൾ.... അവൾക്ക് വിവാഹം കഴിഞ്ഞ നാളുകളിൽ അവൻ പറഞ്ഞത് ഓർമ വന്നു...... അവന്റെ മുന്നിൽ ബാത് ടവ്വൽ ചുറ്റി ഡ്രസ്സ് എടുക്കാൻ വന്നതും അവൻ അവളെ കെട്ടിപിടിച്ചു നിന്നു..... കഴുത്തിലൂടെ ഇഴഞ്ഞിറങ്ങിയ ചുണ്ടുകൾ ചെവിയിൽ മന്ത്രിച്ചു.....

എനിക്ക് പറ്റുന്നില്ല ഇനു എന്നെ നിയന്ത്രിക്കാൻ..... നിന്നെ കാണുമ്പോൾ തന്നെ എന്നിലെ വികാരം

ഉണർത്തുന്നു....

നിന്നെ എന്റെ സ്വന്തമാക്കാൻ തോന്നുന്നു

നിന്നിൽ അലിയാൻ നീയെന്ന പുതപ്പിനാൽ ഒരു മെയ്യായി പുതച്ചു ഉറങ്ങാൻ മനസ്സ് ശരീരവും ഒരുപോലെ തുടിക്കുന്നു..... ചിലപ്പോൾ നിനക്ക് തന്ന വാക്ക് തെറ്റിക്കാൻ പോലും തോന്നുന്നുണ്ട്..... അതോണ്ട് പടച്ചോനെ ഓർത്തു ഈ കോലത്തിൽ മുന്നിൽ വരല്ലേ...... കൺഡ്രോൾ പോകും.അതും പറഞ്ഞു അവളുടെ തോളിൽ അമർത്തിയൊരു കടിയും തന്നാണ് വിട്ടത്

അവളുടെ കണ്ണിൽ നിന്നും രണ്ട് തുള്ളി കണ്ണുനീർ അവന്റെ കയ്യിൽ ഇറ്റി വീണു.

അവൻ ഞെട്ടലോടെ അവളെ വിട്ടു അവളുടെ മുഖം പിടിച്ചു അവന്റെ നേരെയാക്കി....

അവൾ കാലുയർത്തി അവന്റെ ചുണ്ടിൽ അമർത്തി ചുംബിച്ചു.... അവൻ അകന്നു മാറാൻ നോക്കിയതും കഴുത്തിലൂടെ കയ്യിട്ട് അവനേ പിടിച്ചു.... കീഴ്ച്ചുണ്ടിൽ

കടിച്ചു അവന്റെ ചുണ്ടുകൾ നുകരാൻ തുടങ്ങിയതും എതിർപ്പുകൾ അടങ്ങി അവന്റെ കൈകൾ അവളെ ചുറ്റി വരിഞ്ഞു. അവളെ മെല്ലെ ഉയർത്തി  അവനോട് അടുപ്പിച്ചു..... അവളുടെ ശരീരത്തിന്റെ മൃദുല അവൻ അറിഞ്ഞതും അവളിൽ നിന്നും ആ ചുംബനം അവൻ ഏറ്റെടുത്തിരുന്നു..... ഏത് ലഹരിയേക്കാളും വലുതാണ് പ്രണയപൂർവ്വം ഉള്ള ചുംബനം എന്ന് അറിയുകയാരുന്നു രണ്ട് പേരും..... ഇത് വരെഉണ്ടായ സങ്കടവും വേദനയും പരിഭവങ്ങൾ എല്ലാം ചുണ്ടുകൾ കൊണ്ട് മനസ്സിലേക്ക് ഇറങ്ങി മായ്ച്ചു കളഞ്ഞു കൊണ്ടിരുന്നു...... ചുണ്ടുകൾ നാവുകൾക്കും വിധേയമായി തുടങ്ങിയതും അവരിൽ വികാരത്തിന്റെ വെലിയേറ്റം തന്നെ നടന്നു കൊണ്ടിരുന്നു.

ശരീരങ്ങൾ പരസ്പരം വിറ പൂണ്ടു.... ചുണ്ടുകളും നാവുകളും ശ്വാസങ്ങൾ ഒന്നായിമാറി..... ശ്വാസം കിട്ടാതായത്തും രണ്ട് പേരും അകന്നു മാറി.... കിതപ്പടക്കി.

പരസ്പരം പറയാൻ വാക്കുകൾ ഇല്ലാതെ നോക്കാൻ കഴിയാതെ അവർ മുഖം കുനിച്ചു.... അവന്ന് ഒരു രക്ഷക്കെന്നവണ്ണം അവന്റെ ഫോൺ റിങ് ചെയ്തു.

ചമ്മലോടെ അവൻ ഫോൺ എടുത്തു.....

അവന്റെ മുഖത്ത് ഒരു ഞെട്ടൽ കണ്ടു അവൾ ഫോണിലേക്ക് എത്തി നോക്കി.

ഡോക്ടർ അനാമിക എന്ന് കണ്ടതും അവളിൽ ഒരു പുഞ്ചിരി വിരിഞ്ഞു....

അബിയുടെ അടി ശരിക്കും കൊണ്ടിട്ടുണ്ട്.

നാളേക്ക് വെക്കാതെ ഇന്ന് തന്നെ ഫൈസ്നെ കാണാൻ വിളിച്ചത്.... അവൾ പൊട്ടിവന്ന ചിരി അടക്കി പിടിച്ചു പുറത്തേക്ക് നോക്കി നിന്നു.....

ഞാൻ ഇപ്പൊ തന്നെ വരാം..... അവൻ ഫോൺ കട്ട് ചെയ്തു...

ഇനു എനിക്ക് ഒരു ഫ്രണ്ടിനെ കാണാൻ പോകണം അർജന്റ് ആണ് അത് പറഞ്ഞു അവൻ പോയി.....

നീ പോയി വാ ഹബ്ബി.....സത്യം പറയാൻ എത്ര

ചാൻസ് തന്നു എന്നിട്ടും കള്ളത്തിന് മേലെ കള്ളം പറയാരുന്നല്ലേ..... ഇനി മേലിൽ നുണ പറയരുത് അതിനുള്ള ശിക്ഷ ഞാൻ തരും.... വെയിറ്റ് and സീ.... അവൾ ഉള്ളിൽ പുഞ്ചിരിയോടെ പറഞ്ഞു.

❤❤❤❤

റിൻഷാദ് ദേഷ്യത്തോടെ ഫോൺ വലിച്ചു എറിഞ്ഞു..... ജുനുവിനെ പെട്ടന്ന് കണ്ടതും ആരും കാണാതെ മുങ്ങിയത് ആയിരുന്നു..... ഇവന്റെ ശല്യം ഒഴിവാക്കാൻ ആണ് ചെന്നൈക്ക് ട്രാൻസ്ഫർ ആക്കിയത് പോലും.... നൈറ്റ് പാർട്ടിയുണ്ട് വീട്ടിൽ എന്ന് പറഞ്ഞു ഫൈസ് വിളിച്ചു.... അവന്ന് അത്യാവശ്യം ആയി മുംബൈക്ക് പോണം ഓൺ ദി വെ ആണെന്ന് പറഞ്ഞു ഫോൺ കട്ട് ചെയ്തു

ഇനി ജുനു പോകാതെ വീട്ടിലേക്ക് പോകാൻ പറ്റില്ല..... അതിന്റെ ഭ്രാന്ത് പിടിച്ചു നടക്കുമ്പോഴാ അടുത്ത ന്യൂസ്.

ജുനൈദ് തിരിച്ചു ട്രാൻസ്ഫർ ആയി നാട്ടിലേക്ക്.... ഒരു മാസം കഴിഞ്ഞാൽ ഇവിടെ ജോയിൻ ചെയ്യും.... അതും പോരാതെ ഡോക്ടർ വിളിച്ചു ഇനു വന്നു

സത്യം മുഴുവൻ പറയിപ്പിച്ചു പറഞ്ഞു.

അവൻ ഭ്രാന്ത് എടുത്ത പോലെ സകലതും പൊട്ടിച്ചെറിഞ്ഞു.... ഇനി നിന്റെ മനസ്സ് മാറുന്നത് വരെ കാത്തിരിക്കാൻ വയ്യ ഇനു. എത്രയും പെട്ടെന്ന് തന്നെ നമ്മൾ ഈ നാട് വിടും..... നമ്മളെ അറിയാത്ത ആരുടേയും ശല്യം ഇല്ലാത്ത ദൂരെ ഒരു നാട്ടിൽ നമ്മൾ ജീവിക്കും..... അവൻ ഭ്രാന്തമായി ചിരിച്ചു കൊണ്ട് പറഞ്ഞു....

❤️❤️❤️❤️

ഫോൺ റിങ് ചെയ്യുന്നത് കണ്ടു ഇനു നോക്കി. അബിയാണ്.....

ഡീ പുല്ലേ.....അനാമിക സത്യം ഫുൾ ഫൈസിയോട് പറഞ്ഞിട്ടുണ്ട്. റിപ്പോർട് മാറി പോയതാ പറഞ്ഞു കാൽ പിടിച്ചു പോലും..... ദേഷ്യം സഹിക്കാതെ അവരെ കെട്ടിയോനും രണ്ട് കൊടുത്തു വീട്ടിലെ സകലതും തല്ലി തകർത്തുപറഞ്ഞു..... റിൻഷാദിന്റെ

കാര്യം പറഞ്ഞിട്ടില്ല.... അവൻ കൊല്ലുമെന്ന് ഭീഷണി പെടുത്തിയൊണ്ട് അവന്റെ പേര് പറഞ്ഞിട്ടില്ല..... പിന്നെ റിച്ചുവിന്റെ കാര്യം ഫൈസിയോട് പറയാതെ ഇനി എന്നെ വിളിക്കുകയോ എന്നോട് മിണ്ടുകയോ ചെയ്യരുത് എന്ന് കലിപ്പോടെ പറഞ്ഞു ഫോൺ കട്ട് ചെയ്തു.....

പ്രശ്നം ഒക്കെ ഒതുങ്ങി അവളെയും ആശിയെയും കാണാൻ പോകണമെന്ന് അവൾ ഓർത്തു. ആമിയെയും ആദിയെയും സൈൻ കാണാൻ അവളുടെ ഉള്ളും തുടിച്ചിരുന്നു.... അഞ്ചു മാസം പ്രായമുള്ള സൈനിന്റെ ഫോട്ടോസ് കണ്ടപ്പോ തൊട്ടുള്ള ആഗ്രഹം ആണ് ഒന്ന് കാണുവാൻ......

ഫൈസ് ഇനിയെന്ത് കള്ളം പറഞ്ഞായിരിക്കും വരിക..... ഇനിയാണ് മോനെ എന്റെ കളി. നീ കണ്ടോ.... അവൾ ഊറിചിരിച്ചു....

❤️❤️❤️

ഫൈസ് കാർ കയറിയതും മുടിയിൽ കൊരുത് പിടിച്ചു സ്റ്റിയറിങ്ങിൽ തല മുട്ടിച്ചു നിന്നു.... സന്തോഷം കൊണ്ടു അവന്ന് കണ്ണുകൾ നിറഞ്ഞൊഴുകി....

അവന്ന് അവളെ കാണണമെന്നും മനസ്സിൽ കെട്ടികിടക്കുന്ന വീർപ്പു മുട്ടൽ ചുടുചുംബനങ്ങൾ ആയി പകരുവാനും അവൻ കൊതിച്ചു..... സന്തോഷത്താൽ വീർപ്പു മുട്ടുന്ന ഹൃദയമിടിപ്പ് നിയന്ത്രിക്കാൻ അവൻ പാട് പെട്ടു.... അവളെ കാണാനുള്ള ആഗ്രഹത്തെ അടക്കി നിർത്താൻ ആവാതെ അവൻ വീട്ടിലേക്ക് തിരിച്ചു.....

വീട്ടിൽ എത്തിയതും പുറത്തു നിന്ന് തന്നെ ബഹളം കേട്ടു. അപ്പോഴാ നൈറ്റ് ജുനുവിന് പാർട്ടി ഉള്ള കാര്യം ഓർത്തെ....

റിസയും ഷദയും യാഷ് ഒക്കെ നേരത്തെ വന്നിട്ടുണ്ട്..... അവൻ ശഹിയെയും വിളിച്ചിരുന്നു. അവന്റെ ശബ്ദം കേട്ടതും ഫോൺ കട്ട് ചെയ്തു. വീണ്ടും വിളിച്ചപ്പോൾ ബ്ലോക്ക് ചെയ്തു..... അതൊരു നീറ്റൽ ആയി മനസ്സിൽ ഉണ്ട്.

അവൻ അകത്തേക്കു കേറി. ഇനുവും അവരുടെ

കൂടെ കൂടി സംസാരിക്കുന്നത് കണ്ടു. അവളുടെ സന്തോഷം നിറഞ്ഞ മുഖം കണ്ടതും അവന്റെ മുഖത്ത് പുഞ്ചിരി വിരിഞ്ഞു. അവളുടെ കണ്ണുകൾ അത് ഒപ്പിയെടുത്തു..... അവൾക്ക് മനസ്സിൽ ഒരു തണുപ്പ് വീണു.  എല്ലാവരോടും സംസാരിച്ചെന്ന് വരുത്തി. റൂമിലേക്ക് പോയി.... പോകുമ്പോൾ ഇനുവിനോട് കുടിക്കാൻ ഒരു ഗ്ലാസ് വെള്ളം എന്നും പറഞ്ഞു പോയി.....

അവൻ റൂമിൽ അവളെയും കാത്തിരുന്നു.

അവൾക്ക് മനസ്സിൽ ആയിരുന്നു തന്നെ ഒറ്റക്ക് കിട്ടാനുള്ള അടവ് ആണെന്ന്. അവൾ റംസിയെ സോപ്പിട്ട് അവളെ കയ്യിൽ കൊടുത്തയച്ചു......

വാതിൽ തുറക്കുന്ന കണ്ടു സന്തോഷതോടെ നോക്കിയെങ്കിലും റംസിയെ കണ്ടു മുഖം വാടി.....

ടാ കുരിപ്പേ..... എൽ ഇ ഡി ബൾബ് പോലെ തെളിഞ്ഞു നിന്ന നിന്റെ മോന്ത എന്താടാ സീറോ

ബൾബ് പോലെ ആയെ അവൾ കയ്യും കെട്ടി അവനെ നോക്കി.

അത്..... പിന്നെ..... പിന്നെ.... അവളുടെ നോട്ടത്തിൽ പതറി അവൻ വിക്കി....

എന്താ മോനെ റൊമാൻസ് ആണോ.... അവൾ കുസൃതി ചിരിയോടെ ചോദിച്ചു...

ഒന്നുല്യാ ഇത്തു എന്നും പറഞ്ഞു കവിളിൽ ഒരു കിസ്സ് കൊടുത്തു താഴേക്കു ഓടി....

നിനക്ക് ലോട്ടറി വല്ലോം അടിച്ചോ....വലിയ സന്തോഷത്തിൽ ആണല്ലോ.....അവൾ കവിളിൽ കൈ വെച്ചു ചോദിച്ചു

ലോട്ടറി അടിച്ചു മോളെ അതും ബംബർ സമ്മാനം അവൻ വിളിച്ചു പറഞ്ഞു....

അതും പറഞ്ഞു അവൻ നിന്നത് ഇനുവിന്റെ മുന്നിൽ ആയിരുന്നു....

അവനെന്തെങ്കിലും പറയുന്നതിന്ന് മുന്നേ നറു പുഞ്ചിരിയുമായി അവൾ അടുക്കളയിലേക്ക് പോയി.....

അവൻ ചിരിയോടെ അവളെ പിറകെ പോയി...... ഇത് വരെ കാണാത്ത ആളൊക്കെ അടുക്കളയിൽ എന്ന് പറഞ്ഞു റിസ കളിയാക്കിയതും എല്ലാരും കൂടി അത് ഏറ്റെടുത്തു പാര വെപ്പ് തുടങ്ങിയതും അവൻ മുങ്ങി..... അപ്പോഴേക്കും എല്ലാവരും വന്നു...... പിന്നെ പാട്ടും കളിയും ചിരിയും എല്ലാം ആയി സന്തോഷം ആയി അവർ അടിച്ചു പൊളിച്ചു. അതിന്നിടയിൽ പലപ്പോഴായി ഫൈസിയുടെ പ്രണയം നിറഞ്ഞ കണ്ണുകൾ അവളെ തേടിയെത്തിയെങ്കിലും അവൾ കാണാത്ത ഭാവം നടിച്ചു..... അവളെ തനിച്ചു കിട്ടാനുള്ള അവസരങ്ങൾ കുറെ ഉണ്ടാക്കിയിട്ടും അവൾ അതെല്ലാം എട്ടായി മടക്കി തിരിച്ചു അയച്ചു......

ഉള്ളിൽ ചിരി അടക്കി പിടിച്ചു....

ഇതിനിടയിൽ സമി കിട്ടിയ ചാൻസ് മുതലാക്കി ശ്രദ്ധ യുമായി കൂടുതൽ അടുത്തു..... നജയെയും റാനിയെയും വി ളിക്കണം എന്നുണ്ടായിരുന്നുവെങ്കിലുംനൈറ്റ് ആയോണ്ട് ഉമ്മ എതിർത്തു അതോണ്ട് വിളി ച്ചില്ല.

എല്ലാവരും പോകാൻ ഇറങ്ങിയപ്പോൾ ആയിരുന്നു ഫൈസിക്ക് ഇട്ടു ഇനുവിന്റെ അടുത്ത അടി..... പോകാൻ നേരം ജുനു അവളോട് ഇന്ന് വീട്ടി ൽ കഴിയാം എന്ന് പറഞ്ഞതും അവൾ ഫൈസിയെ ഒന്ന് നോക്കുക പോലും ചെയ്യാതെ ഓടിയിറ ങ്ങി പോകാം എന്ന് പറഞ്ഞു.

അവൻ കണ്ണുരുട്ടി നോക്കി പേടിപ്പിച്ചു....

അവൾ തിരിച്ചു മുഖം കോട്ടി.....

അല്ല ഇന്ന് ഇത്രയും സമയം ആയില്ലേ..... അവൾ നാളെ രാവിലെ വരാം.....

ഞാനും എന്റെ മാലാഖകുട്ടിയും കൂടി ഒന്നിച്ചു ഞങ്ങളുടെ വീട്ടിൽ....ഞങ്ങൾക്ക് പഴയത് പോലെ അടിച്ചു പൊളിക്കണം അല്ലേ ഇനു.... ഞാൻ തിരിച്ചു പോകുമ്പോഴേ ഇനി ഇങ്ങോട്ട് ഉള്ളു....

ഞാൻ അങ്ങോട്ട് പറയാൻ ഇരിക്കരുന്നു. എനിക്ക് കുറെ കാര്യങ്ങൾ പറയാനുണ്ട്... അവന്റെ കയ്യിൽ തൂങ്ങി അവൾ പറഞ്ഞു

ഫൈസിക്ക് ദേഷ്യം വരാൻ തുടങ്ങിയിരുന്നു.... അവൻ അവളെ നോക്കി പേടിപ്പിച്ചു പോണ്ടാന്ന് തലയാട്ടി.

അവൾ കാണാത്ത ഭാവത്തിൽ മുഖം തിരിച്ചു...

കണ്ണ് കൊണ്ടുള്ള അവരുടെ കഥകളി എല്ലാവരും ചിരിയടക്കി പിടിച്ചു നോക്കി നിന്നു.... അവനത്

കൃത്യം ആയി കാണുകയും ചെയ്തു. അതിൽ നിന്ന് ഇനുവിന്റെ പ്ലാൻ ആണ് കൂടെ പോകുന്നത് എന്ന് അവന്ന് മനസ്സിലായി.

അവൻ സമിയുടെ കാലിൽ ഒരു ചവിട്ട് കൊടുത്തു...... മര്യാദക്ക് അവളെ പോക്ക് നിർത്തിച്ചോ അല്ലെങ്കിൽ എന്നേം കൂടി കൂട്ടാൻ പറ. ഇല്ലെങ്കിൽ നീ ഷദയുമായുള്ള ഫോൺ വിളി കട്ട് നോക്കിക്കോ..... അവൻ ഇളിച്ചു കാണിച്ചു....

അല്ല ജുനു അവളെ മാത്രം കൊണ്ട് പോകുന്നുള്ളൂ അളിയനെ കൂട്ടുന്നില്ലേ....

അവിടെ രണ്ട് റൂം ഉള്ളു സമി... ഒന്നിൽ ഉമ്മയും പിന്നെ സെർവന്റ് ഉണ്ട്.... മറ്റേതിൽ ഞാനും എന്റെ ഇനുവും.... പിന്നെ ഇവനെ കിടക്കാൻ റൂം ഇല്ല. അതോണ്ടാ ക്ഷണിക്കാത്തത്.... ജുനു നിസ്സഹായാവസ്ഥയോടെ പറഞ്ഞു....

മുകളിൽ ഒരു റൂം ഉണ്ടല്ലോ..... ഫൈസ് പെട്ടന്ന് പറഞ്ഞു....

അതിൽ പഴയ സാധനം ഒക്കെ വെച്ചു അടച്ചിട്ടിരിക്കുവാ.... തുറക്കാൻ പറ്റില്ല....

എന്ന പിന്നെ എല്ലാർക്കും ഇവിടെ കഴിയാം ഇവിടെ കുറെ റൂം ഉണ്ടല്ലോ......

എനിക്ക് എന്റെ ഉമ്മാനെ കാണാതെ ഉറങ്ങാൻ പറ്റില്ല.... എനിക്ക് വീട്ടിൽ പോയെ പറ്റു..... ജുനു കുഞ്ഞിക്കുട്ടിയെ പോലെ ചിണുങ്ങി പറഞ്ഞു.....

ഫൈസ് അരിശം പല്ല് കടിച്ചു പിടിച്ചു തീർത്തു....

ഇജ്ജു ഇതൊക്കെ കണ്ടു ആസ്വദിച്ചു നിന്നു

ഫൈസ് അവളെ പിരിയാതിരിക്കാൻ കാണിക്കുന്ന കോപ്രായങ്ങൾ ആണെന്ന് അവന്ന് മനസ്സിൽ

ആയിരുന്നു...

ഫൈസ് ഇജ്ജുന്റെ അടുത്തേക്ക് ചെന്നു.

ടാ അവിടെ ac യില്ല ഒടുക്കത്തെ ചൂട്.... ഇനു എങ്ങനെ കിടക്ക. മാത്രം അല്ല ഇന്ന് കരന്റ് പോകുന്നു ന്യൂസ് ഉണ്ട്..... ഇനുവിന് ആണെങ്കിൽ അറിയാലോ ചൂട് സഹിക്കാൻ പറ്റില്ല..... ഫൈസ് ഇടം കണ്ണിട്ട് അവനെ നോക്കി.

ടാ ജുനു.... ഏതായാലും രാത്രി ആയി രാവിലെ വന്നോട്ടെ അവൾ.......

ജുനു കണ്ണുരുട്ടി പേടിപ്പിച്ചു നോക്കിയതും ഇജ്ജു നിന്ന നിൽപ്പിൽ കാൽ മാറി.

സമയം കുറെ ആയി ജുനു ഉമ്മ ഉറങ്ങുന്നതിന്ന് മുന്പേ ഇറങ്ങാം വാ....

ഫൈസിയുടെ നോട്ടം ഇജ്ജു കാണാത്ത മട്ടിൽ തല

വെട്ടിച്ചു.....

ഫൈസ് ദയനീയമായി അവളെ നോക്കി...

അവൾ ചിരിയടക്കി പിടിച്ചു നോക്കി...

ഇനു ഏതായാലും പോകല്ലേ..... എനിക്ക് വേണ്ടപ്പെട്ട കുറച്ചു ഫയൽ ഉണ്ട് അത് എടുത്തു വെച്ചിട്ട് പോയിക്കോ....

ഏത് ഫയൽ..... അവൾ കണ്ണ് മേലേക്ക് ഉയർത്തി.

വേഗം എടുത്തു തന്നിട്ട് പോയിക്കോ പറഞ്ഞു അവളെ കയ്യിൽ പിടിച്ചു അകത്തേക്ക് പോയി.....

അവർ പോയതും എല്ലാവരും കൂടെ പരസ്പരം ഹൈഫൈ അടിച്ചു......

എന്നും ഇങ്ങനെ സന്തോഷത്തിൽ കണ്ട മതി രണ്ടാളെയും.... ഇജു കൺകോണിൽ ഉള്ള നനവ് തുടച്ചു പറഞ്ഞു....ജുനു അവന്റെ തോളിൽ പിടിച്ചു കണ്ണടച്ച് കാണിച്ചു.

ഏത് ഫയൽ ഫൈസ്...... അവൾ ചോദിച്ചതും അവളെ വലിച്ചു നെഞ്ചോട് ചേർത്തു കെട്ടിപിടിച്ചു മുഖം മുഴുവൻ ചുംബനങ്ങൾ കൊണ്ട് മൂടി....

പോണ്ടെടി പ്ലീസ്....  നാളെ രാവിലെ നമുക്ക് രണ്ടാൾക്കും കൂടി പോകാം.....

ഫൈസ് അല്ലേ പറഞ്ഞെ എന്നെ കാണുമ്പോ ഒരു ഫീലിംഗ്സ് തോന്നാറില്ലെന്ന്..... എന്നിട്ടു ഇപ്പൊ ഞാൻ പോക്കാ പറഞ്ഞപ്പോ പഴയ പോലെ കെട്ടിപിടിച്ചു കിസ്സ് തന്നു. അപ്പൊ ഫീലിംഗ്സ് ഉണ്ടായില്ലേ..... ഇനി നോക്കിക്കോ ഞാൻ കുറച്ചു ദിവസം വീട്ടിൽ നിൽക്കുമ്പോ എന്നെ ഓർമ വരും

പഴയ പോലെ ആകും..... അതോണ്ടാ ഞാൻ പോകുന്നെ..... അതും പറഞ്ഞു അവനെ തള്ളിമാറ്റി ഇറങ്ങി ഓടി......

ഡീ കുരിപ്പേ പോകല്ലേ.... അവൻ പിറകെ പോയി വിളിച്ചതും അവൾ ഓടിപോയിരുന്നു....

ഏത് സമയത്താണ് പടച്ചോനെ അങ്ങനെ പറയാൻ തോന്നിയെ അവൻ നെറ്റിയിൽ ഇടിച്ചു.....

അവർ എല്ലാവരും പോയതും അവന്റെ മുഖം വാടിയിരുന്നു..... സത്യം എല്ലാം തുറന്നു പറയണം..... ചീത്ത വിളിച്ച ദേഷ്യം മുഴുവൻ മാപ്പ് ചോദിച്ചു മാറ്റണം എന്നൊക്കെ കരുതിയതാ എല്ലാ പ്ലാൻ പോയി അവന്ന് നിരാശ തോന്നി.....

ഉറങ്ങാൻ കിടന്നിട്ടും ഉറക്കം വരാതെ അവൻ ബാൽക്കാണിയിൽ പോയി ചാരി ഇരുന്നു..... നിലാവെളിച്ചം കണ്ടു അവൻ മുകളിലേക്ക് നോക്കി......

അവളുടെ പുഞ്ചിരിക്കുന്ന മുഖം തെളിവോടെ അവൻ അതിൽ കണ്ടു..... അവന്റെ ഉള്ളിൽ നറുമഞ്ഞു വീണപോലെ ഒരു സുഖം തോന്നി അവളെയും ഓർത്തു നിലാവിനെയും നോക്കി അവൻ കിടന്നു.

വീട്ടിൽ എത്തിയപോ തൊട്ട് അവൾക്ക് വേണ്ടായിരുന്നു തോന്നി..... അവനെ കാണാതെ ഒരു നിമിഷം പോലും പിരിഞ്ഞിരിക്കാൻ കഴിയില്ലന്ന് അവൾ ഓർത്തു.... ഇജുവും വീട്ടിലേക്ക് പോയില്ല.

ജുനുവിന്റെയും ഇജുവിന്റെയും കൂടെ അവരുടെ നടുക്ക് സന്തോഷതോടെ കിടന്നപ്പോഴും അപൂർണ്ണമാകാത്ത പോലെ തോന്നി അവൾക്ക്..... പൂർണ്ണമാകാൻ ഫൈസ് കൂടി വേണമെന്ന് അവൾ അറിഞ്ഞു...... പിന്നീട് എപ്പോഴോ ഉറക്കിലേക്ക് വഴുതി വീണു....

❤❤❤❤

രാവിലെ എന്തെങ്കിലും ഐഡിയ പറഞ്ഞു

ഫൈസിയെ കാണാൻ പോകണം അല്ലെങ്കിൽ ഇങ്ങോട്ട് വിളിക്കണം എന്ന് തീരുമാനിച്ചു ഉറപ്പിച്ചു അവൾ എഴുന്നേറ്റത്..... ഫോൺ എടുത്തതും കണ്ടത് ഇന്ന് ഉച്ചക്ക് ദുബായ്ക്ക് പോകണം.... അപ്പൊ മറ്റന്നാൾ കാണാം എന്നൊരു മെസ്സേജ് ആയിരുന്നു..,.. അത് കണ്ടതും ഇന്നലെ വരേണ്ടിയിരുന്നില്ല എന്ന് തോന്നി..... മുഖം വീർപ്പിച്ചു വരുന്ന അവളെ ചിരിയോടെ ഇജുവും ജുനുവും നോക്കി.....

നിന്റെ മോന്ത കണ്ടാൽ ഒരു കൊല്ലത്തേക്ക് പോക്കാണെന്ന് തോന്നുവല്ലോ...... ജുനു കളിയാക്കി ചോദിച്ചു.

അല്ലെങ്കിലും നമ്മൾക്കൊന്നിം ഇപ്പൊ വിലയില്ല മോനെ ഇജു മുഖം കോട്ടി പറഞ്ഞു....

അതികം ആക്കല്ലേ..... മക്കൾസ്.... ഞാൻ വിചാരിച്ച അവൻ ദേ ഇപ്പൊ മീറ്റിംഗ് വേണ്ട ഓഫീസ് വേണ്ടന്ന് വെച്ചു ഓടി വരും....

അത് ശരിയാ..... ഇന്നലെ ഇവിടേക്ക് വിടാതിരിക്കാൻ അവൻ കാണിച്ചത് ഓർക്കുമ്പോ ഇപ്പോഴും ചിരിയാ വരുന്നേ....

നിങ്ങളെ കെട്ട് കഴിയട്ടെ എന്നിട്ട് ഇതിന്ന് മറുപടി കൊടുക്കാം മോളെ.... ഉമ്മ അവൾക്ക് ചായ കൊണ്ട് കൊടുത്തു പറഞ്ഞു.....

അയ്യോ..... എന്റെ ഉമ്മാനെ കാണുന്നില്ല...

എന്റെ ഉമ്മ എവിടെ പോയി എന്നും പറഞ്ഞു നിലവിളിച്ചോണ്ട് ചുറ്റും പരതി നോക്കി.....

ഉമ്മ അല്ലേടി ഇത്.... ജുനു അവളെ തലയിൽ ഒരു ചൊട്ട് കൊടുത്തു....

എന്റെ ഉമ്മ ഇത് വരെ എന്നെ നല്ലത് പറഞ്ഞിട്ടില്ല..... ലേറ്റ് ആയി എണീച്ച ചീത്ത വിളിക്കും.... ഇത്

നോക്കിയേ പത്തു മണിക് എഴുന്നേറ്റു വന്ന എനിക്ക് ചായ തരുന്നു... അതും പോരാഞ്ഞിട്ട് എന്നെ സപ്പോർട് ചെയ്തു സംസാരിച്ചു.... ഇത് എന്റെ ഉമ്മയല്ല..... എന്റെ ഉമ്മ ഇങ്ങനെ അല്ല....

നിന്നെ ഞാൻ ഇന്ന്..... എന്ന് പറഞ്ഞു തല്ലാൻ നോക്കിത്തും അവൾ ഓടിയിരുന്നു.... എല്ലാരേം മുഖത്ത് ചിരി വിരിഞ്ഞു......

❤️❤️❤️❤️

നാസ്ത കഴിച്ചു ഇരിക്കുമ്പോഴാ നദീം ഷാനയും വന്നത്.....

എന്തോടി വേഗം വരണോന്ന് പറഞ്ഞു വിളിച്ചേ.... നദീം അവളെ നോക്കി....

ഇതെന്താ സംഭവം ഞങ്ങൾ അറിഞ്ഞില്ല

ഇജു കൈ മലർത്തി.....

വെയിറ്റ് ഓൾ ഓഫ് യൂ..... ഇനു ഗൗരവത്തിൽ പറഞ്ഞതും എല്ലാവരും അവളെ നോക്കി.

അപ്പോഴേക്കും റാനിയും നജയും വന്നു.....
പിറകിൽ ഷബീർ റംസിയും....റിസയും....

എന്താ സംഭവം അത് പറ ജുനു ഇനുവിനെ നോക്കി....

നമ്മൾ ഇന്ന് ഫുൾ ഡേ പുറത്തു പോയി അടിച്ചു പൊളിക്കുന്നു..... ഉച്ചക്ക് ഹോട്ടലിൽ നിന്നും ലഞ്ച്...... പിന്നെ അടുത്ത് ഒരു ടൂറിസ്റ്റ് പ്ലേസ് ഉണ്ട് അത് സർപ്രൈസ് എന്റെ വക....  നൈറ്റ് ബീച്ചിൽ ഒന്ന് കറങ്ങി അടിച്ചു ഡിന്നർ കഴിച്ചു തിരിച്ചു വരും..... ആരും എതിർ പറയണ്ട.... ദിസ് മൈ ഓഡർ..... ഇനു കൈ കെട്ടി പറഞ്ഞു.....

ഡബിൾ ഓക്കെ പറഞ്ഞു എല്ലാരും കൈ വെച്ചു....

റാനിയും നജയും മടിച്ചു നിന്നു...

ഇജു റാനിയെ നോക്കി കണ്ണുരുട്ടി പേടിപ്പിച്ചു കൈ വെക്കാൻ പറഞ്ഞു....

അവൾ ഇനുനെ നോക്കി....

നിന്റെ വീട്ടിൽ പറഞ്ഞു സമ്മതം വാങ്ങിയിട്ടുണ്ട്.... നിന്റെ മാത്രം അല്ല നജയുടെയും വീട്ടിൽ പറഞ്ഞിന്.....

ജുനു നജയെ നോക്കി കണ്ണടച്ച് കാണിച്ചപ്പോൾ അവൾ കൈ വെച്ചു....

റാനി എന്നിട്ടും മടിച്ചു നിന്നു....

റാനി വരുന്നില്ലേ..... റംസി ചോദിച്ചു..

റാനിക്ക് ഞാൻ പറയുന്നതാ വാക്ക്.... അവൾ

ഇന്നലെ പറഞ്ഞിന് ഇജുക്ക എന്ത് പറയുന്നോ അതേ പടി അനുസരിക്കുന്നു.

അവൾ ഇതൊക്കെ എപ്പോ എന്ന മട്ടിൽ അവന്നെ നോക്കി....

അവൻ പുച്ഛത്തോടെ മുഖം കോട്ടി...... അവൾ അതിനേക്കാൾ പുച്ഛത്തിൽ മുഖം തിരിച്ചു.....

ശദയും സമിക്കയും യാഷ് കൂടി വരുന്നുണ്ട് അവരെ വിളിച്ചു..... അവർ അവിടേക്ക് എത്തിക്കോളും ലൊക്കേഷൻ അയച്ച മതി പറഞ്ഞു.....

എല്ലാവരും പെട്ടെന്ന് തന്നെ റെഡിയായി...

അവരവരുടെ കാറിൽ തന്നെ ആയിരുന്നു പോയത്..... ഇനു മനപ്പൂർവം ഇജുവിനെയും റാനിയെ ഒരു കാറിൽ ആക്കി.... ബാക്കി രണ്ട് കാറിൽ ആയി ബാക്കിയുള്ളവരും......

ഉച്ചക്ക് ഫുഡ് കഴിക്കാൻ ഒരു റെസ്റ്റോറന്റ് നിർത്തിയതും റാനി അവളെ കൂടെ കൂടി ഇനി ചത്താലും അവന്റെ കൂടെ പോകില്ല പറഞ്ഞു.... അതിൽ നിന്ന് തന്നെ രണ്ടും തല്ലി പിരിഞ്ഞെന്ന് അവൾക്ക് മനസ്സിൽ ആയി. ഇവർ കെട്ട് കഴിഞ്ഞ എന്താകൊ എന്തോ.... അതാലോചിച്ചു അവൾ മേലോട്ട് കയ്യുയർത്തി....

❤❤❤❤

ഇനു അയച്ച ലൊക്കേഷൻ എത്തിയതും എല്ലാവരുടെയും മുഖം തെളിഞ്ഞിരുന്നു...

ഒരു കുന്നിൽ പ്രദേശം.... നിറയെ പച്ചപ്പും അടുത്ത് വെള്ളച്ചാട്ടം ഓക്കെ ആയി മനോഹരമായ പ്ലെസ്..... നല്ല കുളിർമയുള്ള കാറ്റ് അവരെ കൂടുതൽ ആകർഷിച്ചു....

നീ ഇതിന്ന് മുൻപ് ഇവിടെ വന്നിട്ടുണ്ടോ....

ഞാനും ജുനു ഇടയ്ക്കിടെ വരും.... ഫൈസ് കൂട്ടി

വരണോന്ന് ഉണ്ടായിരുന്നു.

കഴിഞ്ഞില്ല. ഇന്നലെ എന്തോ ഒരാഗ്രഹം

അതോണ്ട് വന്നു. നിങ്ങൾക്ക് ഇഷ്ടം ആയില്ലെങ്കിൽ മുടക്കൊന്ന് കരുതി പറയാതിരുന്നേ.....

ഇവിടെ കാട്ടു പ്രദേശം ആണ്.... അതോണ്ട് ഇപ്പൊ ടുറിസ്റ്റ്കാർ വരാറില്ല. ഇവൾ ആഗ്രഹം പറഞ്ഞോണ്ട് ഞാൻ സമ്മതിച്ചുന്ന് ഉള്ളു.... ജുനു പറഞ്ഞു....

അവൻ ദൂരേക്ക് കൈ ചൂണ്ടി അവിടെ പോയാൽ വ്യൂ കിട്ടുള്ളു....

സമിയും ഷദയും യാഷ് എവിടെ...,.. അവൾ ചുറ്റും നോക്കി.....

അപ്പോഴാ ഇജു അവളോട് പറഞ്ഞത് കാർ പാർക്ക് ചെയ്തിടത്ത് ഉണ്ട്. ഇങ്ങോട്ട് കേറി വരാൻ വഴി അറിയാത്തോണ്ട് അവിടെ നിൽക്ക. നീ കൂട്ടിട്ട് വാ.....

ഞാൻ പൊയ്ക്കോളാം ജുനു പറഞ്ഞതും ഇജു തടഞ്ഞു. നീ ഇവിടെ കാണിച്ചു താ അവൾക്ക് അറിയുന്ന പ്ലെസ് അല്ലേ അവൾ പൊക്കോളും....

ഇനു ഞാൻ പൊക്കോളാം പറഞ്ഞു കുന്നിറങ്ങി....

ടാ തനിച്ചു..., അവൾ.....

ഫൈസ് ഉണ്ട് താഴെ.... അവൻ വിളിച്ചിരുന്നു....

അവൻ അപ്പൊ ദുബൈക്ക് പോയില്ലേ....

സമിയെ കാൽ പിടിച്ചു അയച്ചു..... കൂട്ടിന് ഷദയെയും..... അവരോട് അവന്റെ ചിലവിൽ ടൂർ പോയിക്കോ പറഞ്ഞു..... അവർ അറിയാതെ യാഷിനെ അയച്ചു അടിയിൽ കൂടി എട്ടിന്റെ പണിയും കൊടുത്തു....

ജന്ന ചോദിക്കാതെ വന്നെന്ന് സർപ്രൈസ് ആണെന്ന്

പറഞ്ഞ താഴെ നില്കുന്നെ.....

ജുനു സൈഡിലെ പോയി എത്തി നോക്കി കാറിൽ ചാരി നിൽക്കുന്ന അവനെ കണ്ടു ചിരിയോടെ മുകളിലെക്ക് പോയി......

ഇനു താഴെ എത്തിയതും ഫൈസിയെ കണ്ടു കണ്ണുകൾ വിടർന്നു.... ഫൈസ് കാറിൽ ചാരി ഫോണിൽ സംസാരിക്കുന്നുണ്ട്. അവളെ കണ്ടതും കണ്ണിറുക്കി കാണിച്ചു....

അവൾ ഫൈസ് എന്ന് വിളിച്ചു അടുത്തേക്ക് ഓടി.... റോഡിനു അപ്പുറം ആയിരുന്നു അവൻ നിന്നത്..... പെട്ടെന്ന് ആണ് അവൾക്ക് മുന്നിൽ ഒരു വാൻ വന്നു നിന്നത്..... അവൾ പിറകോട്ടു നീങ്ങിയതും അവളെ പിടിച്ചു വലിച്ചു അതിലേക്ക് ഇട്ടു.... അവൾ വാ തുറക്കുന്നതിന്ന് മുന്നേ അവളുടെ വാ പൊത്തിപിടിച്ചിരുന്നു....

അവൾ ഞെട്ടി പകച്ചു അവരെ നോക്കി....

ഗുണ്ടകളെ പോലുള്ള കണ്ട പേടിയുള്ളവരെ  അവൾ പേടിയോടെ നോക്കി.

ഫൈസ് ഞെട്ടലോടെ ആണ് അത് കണ്ടത്.... അവൻ ആദ്യം ഒന്ന് പകച്ചു നിന്നെങ്കിലും ദൂരേക്ക് പോകുന്ന വാൻ നോക്കി കാറിൽ കേറി.....

മേലെ നിന്നും നോക്കിയ അവർ കണ്ടത് ഫൈസിയുടെ കാർ പോകുന്നത് ആയിരുന്നു....

തെണ്ടി.... പണി തന്നു. ഇങ്ങോട്ട് വരുന്നു പറഞ്ഞിട്ട് അവളെയും കൂട്ടി മുങ്ങി.... ജുനുവും  പറഞ്ഞു....

സാരമില്ല രണ്ടും കറങ്ങിയിട്ട് വരട്ടെ.... വന്നിട്ട് നമുക്ക് ഇതിന്ന് പണി കൊടുക്കാം എല്ലാവരും കൊറസ് ഇട്ടു പറഞ്ഞു.

അവർ അപകടത്തിൽ ആണെന്ന് അറിയാതെ അവർ പ്രകൃതി ഭംഗി ആസ്വദിച്ചു മുന്നോട്ട് നടന്നു.....

തന്റെ ദേഹത്തു കൂടി ഇരിയുന്ന കൈകൾ അവൾ വെറുപ്പോടെ നോക്കി.... ഇടക്കിടക്ക് ആരെങ്കിലും വരുന്നുണ്ടോ എന്ന് അവൾ പ്രതീക്ഷിയോടെ നോക്കി

കുറെ മുന്നോട്ട് എത്തിയപ്പോൾ വാൻ കാണാതെ അവൻ കാർ നിർത്തി.....

അവൻ ഇജുവിനെ വിളിക്കാൻ ഫോൺ നോക്കിയതും ഫോൺ നിലത്ത് വീണത് ഓർത്തു.... അവന്ന് ദേഷ്യവും പേടിയും കൊണ്ട് ശരീരം വിറക്കുന്നുണ്ടായിരുന്നു....

ഇത്രയും ആൾകാരുള്ളപ്പോൾ അവളെ പിടിച്ചോണ്ട് പോയത് ശത്രുക്കൾ ആരുമല്ലെന്ന് അവന്ന് തോന്നി.....

ഇജുവിനെയും എന്നെയും ജുനുവിനെയും അറിയുന്ന ആരും ജീവനിൽ ഭയന്നു ഈ പണി ചെയ്യില്ല..... അറിയുന്നവർ ആണെങ്കിലും കൂടെ ബോയ്സ് ഉള്ളപ്പോൾ ഇത്രയും ധൈര്യം കാണിക്കില്ല.

അത് കൊണ്ട് തന്നെ മുൻകൂട്ടി പ്ലാൻ ചെയ്തതല്ല..... ഇജുവിനെയും ജുനുവിനെയും അറിയിക്കാൻ ആണെങ്കിൽ ഫോൺ ഇല്ല..... ഒത്തിരി ദൂരം പിന്നിട്ടോണ്ട് പിറകെ അന്വേഷിച്ചു വന്ന പോലും കാണില്ല. ചെറിയൊരു പേടി അവനിൽ ഉടലെടുത്തു.ഒരുപാട് ചിന്തകൾ അവന്റെ മനസ്സിലൂടെ കടന്നു പോയി....

അധികം ദൂരെയൊന്നും പോയിട്ടില്ല..... മെയിൻ റോഡിൽ കേറിയിട്ട് ഇല്ല...

അവൻ കാറിൽ ആഞ്ഞടിച്ചു.....

ഇനൂ..... അലറി വിളിച്ചു കൊണ്ട് ചുറ്റും നോക്കി അവൻ.....

ചുറ്റും നോക്കിയപ്പോൾ ഒരു ബിൽഡിങ് പോലെ കണ്ടു.... അവൻ ഊഹം വെച്ചു അങ്ങോട്ട് ഓടി..... മുറ്റത് ആ വാൻ കണ്ടതും അവൻ ആശ്വാസത്തോടെ നെഞ്ചിൽ കൈ വെച്ചു....

അവൻ വാതിലിൽ തട്ടി വിളിച്ചതും പെട്ടെന്ന് വാതിൽ തുറന്നു..... വാതിൽ തുറന്ന ആളെ കണ്ടതും അവൻ വിശ്വസിക്കാനാവാതെ ഒന്നൂടി കണ്ണ് തുറന്നു നോക്കി....... പേടിയും ആശ്വാസവും ഒരുപോലെ അവനിൽ നിറഞ്ഞു....

❤💔INVISIBLE LOVE 💔❤

Love after 💘marriage 🥀110🥀

ഫൈസ് വയറ്റിൽ കൈ വെച്ചു കിതപ്പ് അടക്കി ചുറ്റും നോക്കി ചോദിച്ചു.....

ഇതെവിടാ സ്ഥലം....

കുറച്ചു കൂടി പോയ ക്ലിഫ് ഹൌസ് എത്തും..... ഇനു ശ്വാസം ആഞ്ഞു വലിച്ചു തിരിച്ചു പറഞ്ഞു.....

കോമഡി പറഞ്ഞതാണോ...... ഇനി ചിരിചില്ലന്ന് വേണ്ട പറഞ്ഞു ചിരിച്ചു കാണിച്ചു.... അവൾ പുച്ഛത്തോടെ മുഖം കോട്ടി.....

അവൻ അവൾ ഇരിക്കുന്നതിന്ന് അടുത്തായി പോയി ഇരുന്നു....

ശരിക്കും ഇതെവിടെ എത്തിയെ ഫൈസ്..

ചുറ്റും കാട് ആണല്ലോ..... അവൾ ദയനീയമായി ചുറ്റും നോക്കി ചോദിച്ചു....

ഒന്ന് തന്നാലുണ്ടല്ലോ തെണ്ടി...... അവൻ കലിപ്പോടെ അവളെ നോക്കി....

വാതിൽ തുറന്നു നിന്നെ കണ്ടു നോക്കിത് മാത്രം

എനിക്ക് ഓർമ്മയുള്ളൂ..... കയ്യിൽ പിടിച്ചു വലിച്ചു ഓടിക്കോ പറഞ്ഞു ഓട്ടം അല്ലായിരുന്നോ......

നിൽക്കാൻ പറഞ്ഞിട്ട് നിന്നോ..... എത്ര പ്രാവശ്യം ചോദിച്ചു എന്താ കാര്യം എന്ന്.

ഒരക്ഷരം മിണ്ടാതെ പേടിച്ചു വിറച്ചു ഓടുന്ന കണ്ടപ്പോൾ ഞാനും പിറകെ വന്നു

ശരിക്കും എന്താ സംഭവിച്ചേ.... എന്തിനാ നീ ഓടിയെ...... ഇനിയെങ്കിലും വാ തുറക്ക്

അവൾ അവന്റെ കൈക്കുള്ളിലൂടെ കയ്യിട്ട് അവനോട് ചേർന്നു ഇരുന്നു...

അയാൾ എന്നെ ഉപദ്രവിക്കാൻ നോക്കി....

എന്റെ ഡ്രെസ്സിൽ പിടിച്ചു വലിച്ചു അഴിക്കാൻ നോക്കി...... അവൾ ആ ഓർമയിൽ പേടിയോടെ വിറച്ചു കൊണ്ട് പറഞ്ഞു....

അവൻ ഞെട്ടി വിറച്ചു കൈ തട്ടി മാറ്റി

എഴുന്നേറ്റു.....ദേഷ്യം കൊണ്ട് വിറച്ചു.....

പെട്ടെന്ന് ഉള്ള പ്രവർത്തിയിൽ അവളൊന്നു പേടിച്ചു..... അവളും മെല്ലെ എഴുന്നേറ്റു.....

നിന്റെ ദേഹത്ത് കൈ വെച്ചിട്ട് അവനെ ഒന്നും ചെയ്യാതെ ഭീരുവിനെ പോലെ എന്നെ കൂട്ടി ഓടുകയാരുന്നോ നീ...... അവന്റെ മുഖം വിറച്ചു..... കണ്ണുകൾ തീ പോലെ ജ്വാലിക്കുന്നത് അവൾ കണ്ടു.....

സംഹാര രുദ്ര ഭാവത്തിൽ നിൽക്കുന്ന അവനെ കണ്ടു അവൾ പേടിച്ചു വിറച്ചു....

അവർ ആറോളം പേര് ഉണ്ടായിരുന്നു.....

എന്നെ വാ പൊത്തിപിടിച്ചു പിടിച്ചോണ്ട് വന്നു...... കാണുമ്പോ തന്നെ പേടി വരും...

ആ വീട്ടിൽ കൊണ്ട് പോയി ഒരു റൂമിൽ ഇട്ടു. അതിൽ ഒരാൾ റൂമിലേക്ക് വന്നു.... എന്നെ കടന്നു പിടിച്ചു..... ഞാൻ കുറെ കരഞ്ഞു നിലവിളിച്ചു എന്നെ വെറുതെ വിടുന്നു പറഞ്ഞിട്ട്.... അയാൾ കേട്ടില്ല എന്നെ കടന്നു

പിടിച്ചു ബെഡിലേക്ക് തള്ളിയിട്ടു..... എന്റെ ദേഹത്തേക്ക് വീഴാൻ നോക്കിപ്പോ ബെഡിന്റെ സൈഡിൽ ഒരു ഫ്ലവെർ വേസ് കണ്ടത്.

ഞാൻ അതെടുത്തു തലക്ക് അടിച്ചു..... അയാൾ നിലത്തേക്ക് വീണു..... എണീക്കുന്നെന്ന് മുന്നേ കുറെ പ്രാവശ്യം തലയിൽ അടിച്ചു..... കുറെ ചോര വന്നു അയാളെ തലയിൽ നിന്ന്..... ഞാൻ പേടിച്ചു വിറച്ചു വാതിൽ തുറന്നു ഓടുകയാരുന്നു...... അപ്പോഴാ ഫൈസ് വന്നേ..... എനിക്ക് അപ്പൊ ഓടനാ തോന്നിയെ....... പേടിച്ചിട്ടാ ഫൈസ്..... അയാളെ തലയിൽ നിന്നും ബ്ലഡ് ഓക്കെ വന്നതും എന്നെ ഉപദ്രവിക്കാൻ നോക്കിതും ഓക്കെ ഓർത്തപ്പോൾ പേടിച്ചു വിറച്ചു.... എന്താ ചെയ്യണ്ടേ തിരിഞ്ഞില്ല..... അതും പറഞ്ഞു മുഖം പൊത്തി കരഞ്ഞു.....

ഫൈസ്ന് കരച്ചിൽ കണ്ടതും ദേഷ്യം ഓക്കെ പോയി.... അവളെ മുഖത്ത് നിന്നും കൈ മാറ്റി കെട്ടിപിടിച്ചു..... അവൾ തിരിച്ചു കെട്ടിപിടിച്ചു അവന്റെ നെഞ്ചിൽ മുഖം പൂഴ്ത്തി..... അവളുടെ ശരീരത്തിൽ നിന്നും അപ്പോഴും വിറയൽ വിട്ടു

പോയിരുന്നില്ല... ആശ്വസിപ്പിക്കുന്ന പോലെ അവളെ തലോടി..... അവളൊന്ന് ഓക്കേ ആയതും അവളെ വിട്ടു.

ഇതിപ്പോ എവിടെ എത്തിയെന്നു ഒരു പിടിയും ഇല്ല. ചുറ്റും കാടും.... അവൻ താടിയിൽ ഉഴിഞ്ഞു എല്ലായിടത്തും നോക്കി....എങ്ങോട്ട് പോകണം അറിയാതെ നെടുവീർപ്പിട്ടു.

ഇനിയെങ്ങോട്ട് പോകണംന്ന് വല്ല ഐഡിയ ഉണ്ടോ കുരിപ്പേ......

നമുക്ക് മേപ്പിനോട് ചോദിക്കാം.....

മേപ്പോ.... അതെങ്കിൽ അത് ചോദിക്ക് ഇതേതാ സ്ഥലം എന്ന്.....

അതിന്ന് മപ്പ് ഡോറയുടെ ബാഗിൽ ആണ്

അവൻ കിളി പോയ പോലെ അവളെ നോക്കി..... നീ എന്താ ഇപ്പൊ പറഞ്ഞെ

കണ്ണും തുറിച്ചു അവളെ നോക്കി...

ഡോറയുടെ ബാഗിൽ ഉള്ള മേപ്പ് ഇല്ലേ അങ്ങേരെ കാര്യ പറഞ്ഞെ..... മൂപ്പർക്ക് അറിയാത്ത ഒരു സ്ഥലം ഇല്ല.....

Phaaaa..... എരപ്പാളി..... ആളെ കളിയാക്കുന്നോ.... അവന്റെ ആട്ടിൽ അവൾ മുഖം വീർപ്പിച്ചു തിരിഞ്ഞു നിന്നു.

നിന്റെ കൂടെ വന്ന എന്നെ ആദ്യം തല്ലണം.

അവളെ ഒരു സർപ്രൈസ്...... മണ്ണാംകട്ട...

ഈ കാട്ടുപ്രദേശം കിട്ടിയുള്ളൂ നിനക്ക് ഓടിവരാൻ.... അവന്ന് കലിപ്പ് വന്നു.

ഞാൻ പറഞ്ഞോ പിറകെ വരാൻ.....
വൊഡാഫോണിലെ നായകുട്ടിയെ പോലെ പിന്നാലെ വന്നതും പോരാ എന്നിട്ട് വഴക്ക് മൊത്തം എനിക്കും..... അവൾ പിറു പിറുത്തു....

ഇപ്പൊ എനിക്കായ് കുഴപ്പം..... ഇത്രയും ഒപ്പിച്ച നീ പാവം..... എനിക്കിത് തന്നെ കിട്ടണം.... മര്യാദക്ക് ദുബായിക്ക് പോയ മതിയാരുന്നു.... കോപ്പ്.... അവൻ അരിശം തീരാതെ നിലത്തുള്ള കല്ല് ചവിട്ടി തെറിപ്പിച്ചു.....

അവൾ മുഖം തിരിച്ചു പ്രകൃതി ഭംഗി ആസ്വദിച്ചു നിന്നെ ഉള്ളു.....

എന്തൊക്കെ പറഞ്ഞാലും എന്നാ ഒരു രസം ആണ് കാണാൻ....... ചുറ്റും കണ്ണിന് കുളിർമയേകുന്ന പച്ചപ്പ്...... നല്ല ഇളം കാറ്റ്
..... പക്ഷികളുടെ കലപില ശബ്ദം..... ഒച്ചപ്പാട് ഇല്ല.....ബഹളം ഇല്ല..... നല്ല സമാധാനപരമായ

അന്തരീക്ഷം..... അവൾ ആസ്വദിച്ചു ശ്വാസം ആഞ്ഞു വലിച്ചു.......

വഴി പോലും അറിയാത്ത സ്ഥലം..... എങ്ങും കാട്..... സൂര്യൻ അസ്തമിക്കാൻ പോകുന്നു...... ഇരുട്ട് വീണു തുടങ്ങും..... എങ്ങോട്ട് പോകണം അറിയില്ല...... കയ്യിൽ ഫോൺ ഇല്ല.... ആരെയും കാണുന്നില്ല.....കാട്ടുമൃഗങ്ങൾ ഉള്ളതോണ്ട് ഫോറസ്റ്റ്കാർ സന്ദർശനം നിരോധിച്ച മേഖല...... കുറച്ചു കൂടി കഴിഞ്ഞ കടുവയും പുലിയും സിംഹവും ആനയും ഓക്കേ ഇറങ്ങും..... അവർക്ക് ഇന്ന് സ്പെഷ്യൽ ആയി ഹ്യൂമൻ ബോഡി തിന്നാം....അവൻ ആരോടെന്ന് ഇല്ലാതെ പറഞ്ഞു.

ശ്വാസം കഴിക്കാൻ മറന്നു കണ്ണും തുറിച്ചു അവന്നെ നോക്കി.....

ആസ്വദിച്ചോ മോളെ..... നല്ലോണം ആസ്വദിച്ചോ.... കുറച്ചു കഴിഞ്ഞ ചത്തു പരലോകത്തു പോകാലോ.....

കൂടെ നീയും ഉണ്ടാകുലോ..... നമുക്ക് ഒന്നിച്ചു മരിക്കാം..... അവിടെയും നീ രക്ഷപെട്ടു കരുതണ്ട ഞാനും ഉണ്ടാകും കൂടെ.അവൾ കുസൃതിയോടെ പറഞ്ഞു....

ഏത് അവസ്ഥയിലും ചളിയടിക്കാനുള്ള

ഒരു കഴിവ്..... എന്റെ പൊന്നോ നമിച്ചു....

അവൻ അവളെ നോക്കി കൈ കൂപ്പി....

അവൾ ഇളിച്ചു കാണിച്ചു കാണിച്ചു...

വാ പോകാം..... ഇരുട്ടായ വഴി കാണുല...

അവൻ മുന്നോട്ട് നടന്നു. പിറകെ അവളും.

കുറച്ചു ദൂരം നടന്നതും നടന്നു പോയി വഴി ആയ

പോലെ ഒരു ചെറിയ വഴി കണ്ടു.

ഇടത്തോട്ട് വലത്തോട്ട് ആണ് വഴി....

ഒന്ന് കാട്ടിനുള്ളിലേക്കും ഒന്ന് പുറത്തേക്കും ആണ് എത്തുക... ലെഫ്റ്റ് പോണോ റൈറ്റ് പോണോ തിരിയാതെ നിന്നു. അവർ അവിടെ നിന്നു കുറച്ചു സമയം നോക്കി....

ലെഫ്റ്റ് പോകാം......

റൈറ്റ് പോകാം.....

രണ്ട് പേരും ഒന്നിച്ചു പറഞ്ഞു.....

ഇനു ലെഫ്റ്റ് പോകാം..... കണ്ടിട്ട് അതാണ് പുറത്തേക്ക് ഉള്ള വഴി.....

റൈറ്റ് ആണ് വഴി..... ഇനു ഉറപ്പിച്ചു പറഞ്ഞു ആ

വഴിയിൽ കേറി നിന്നു.....

നിനക്ക് എന്താ ഉറപ്പ് അതാണെന്ന്.....

ദാ വഴി കാട്ടി പറഞ്ഞു ഒരു കൊള്ളി കാണിച്ചു കൊടുത്തു....

എന്താ ഇത്.... ഇത് കണ്ണടച്ച് ഇങ്ങനെ തിരിക്കും അത് ഏത് വഴി കാട്ടുന്നോ അതാണ് വഴി.....

അവൻ പൊട്ടിച്ചിരിച്ചു...... നിനക്ക് ശരിക്കും വട്ടാണല്ലേ......

എനിക്ക് വട്ടൊന്നും ഇല്ല..... ഇങ്ങനെ ചെയ്ത ശരിക്കും വഴി കിട്ടും.... ഞങ്ങൾ ചെറുപ്പത്തിലേ കളിക്കുന്നതാ.....

ഫുളിഷ്നസ് ഒഴിവാക്കി പറയുന്നത് കേൾക്ക്.... ലെഫ്റ്റ് സൈഡിൽ പോകാം...

എനിക്ക് അതാണ് തോന്നുന്നത്....

നിനക്ക് തോന്നൽ അല്ലേ എനിക്ക് ഉറപ്പാണ് ഈ വഴിയെന്ന്... പരസ്പരം തല്ല് പിടിച്ചെങ്കിലും അവളെ മുന്നിൽ തോറ്റു അവസാനം സമ്മതിച്ചു..... റൈറ്റ്ലേക്ക് നടന്നു.... അവളൊന്ന് ചിരിച്ചോണ്ട് അവന്റെ കൈക്കുള്ളിലൂടെ കയ്യിട്ട് പിടിച്ചു അവളും..... ചുണ്ടിൽ വിരിഞ്ഞ പുഞ്ചിരിയോടെ പരസ്പരം കൈ കോർത്തു പിടിച്ചു അവർ മുന്നോട്ട് നടന്നു.

❤️❤️❤️❤️

ജുനു നജയെയും കൂട്ടി മാറി ഇരുന്നു.... പരസ്പരം ഒന്നും മിണ്ടാതെ അവന്റെ തോളിൽ ചാരി ഇരുന്നു...... ചുണ്ടുകൾക്ക് പകരം അവരുടെ മനസ്സുകൾ ഒരുപാട് സംസാരിച്ചു..... കണ്ണുകൾ കൊണ്ട് പ്രണയം കൈമാറി..... അവർ കൈ കോർത്തു പിടിച്ചു ഇരുന്നു.....

ഷബീർ റംസിയുടെയും കൂടെ റിസ സ്വർഗ്ഗത്തിലെ കട്ടുറുമ്പ് ആയി പോയി... സെൽഫി എടുത്തും വെറുപ്പിച്ചും നടന്നു.

അവസാനം ഷബീർ അവളെ കാൽ പിടിക്കാന്ന് പറഞ്ഞപ്പോ അവൾ വെറുതെ വിട്ടു..... പിന്നെ വീഡിയോസ് ഫോട്ടോസ് എടുത്തു fb യിലും ഇൻസ്റ്റയിലും ഇട്ടു അതിൽ ബിസി ആയി......

റാനി ചുറ്റും നോക്കി വണ്ടർ അടിച്ചു നിൽക്കരുന്നു. എന്നും ഇനുവിന്റെ വാക്കുകളിലൂടെ കേട്ട് ഒരിക്കൽ വരണം കരുതിയ ഇടത് പെട്ടന്ന് എത്തിയ എക്സയിറ്റ്മെന്റ്ൽ ആയിരുന്നു അവൾ..

ഇജു അവൾ അറിയാതെ അവളെയും നോക്കി ഇരുന്നു.... കാറ്റിൽ ഇളകിയാടുന്ന മുടികൾക്ക് ഒപ്പമുല്ല തട്ടത്തിന് പോലും ഭംഗിയുണ്ടെന്ന് തോന്നി അവന്ന്..... ആദ്യം ആയി പ്രണയത്തിന്റെ ഭാവം അവന്റെ കണ്ണുകളിലും മനസ്സിൽ കടന്നു വന്നു....

യാന്ത്രികം എന്ന വണ്ണം അവളുടെ അടുത്തേക്ക് നടന്നു.... അവളുടെ കയ്യിൽ അവന്റെ വിരൽ തൊട്ടതും അവളിലൂടെ മിന്നൽ പിണർ പാഞ്ഞപോലെ തോന്നി....

അവൾ കൈ വലിച്ചു മെല്ലെ അവനെ നോക്കി.... പ്രണയം തുടിക്കുന്ന ആ കരിനീല കണ്ണുകൾ മനസ്സ് തുളച്ചു ഹൃദയത്തിന്റെ അടിത്തട്ടിലേക്ക് കടന്നു....

അവളുടെ മിഴികൾ പിടച്ചിലോടെ താഴ്ന്നു

ഹൃദയമിടിപ്പ് ഉയർന്നു..... അവന്നും എന്ത് പറയണം എന്നറിയാത്ത സുഖമുള്ള ഒരു അവസ്ഥയിൽ ആയിരുന്നു.... വാക്കുകൾ പുറത്തു വരാതെ തൊണ്ടയിൽ കെട്ടികിടന്നു.... പ്രണയത്തിന്റെ ആദ്യനുഭവത്തിൽ അവർ രണ്ട് പേരും നിന്നു...... ദൂരേക്ക് നോക്കി നിൽക്കുന്ന അവളുടെ കൈകൾക്ക് മുകളിൽ ആയി അവന്റെ കൈ അമർന്നു.... ഒരു വിറയൽ പടർന്നു കയറിയെങ്കിലും അടിവയറ്റിൽ നിന്നും പറന്നുയരുന്ന ശലഭങ്ങളെ പിടിച്ചു നിർത്തി അവൾ ഇരുന്നു.... രണ്ട് പേരുടെയും ചൊടിയിൽ ഒരു നറുപുഞ്ചിരി തത്തികളിച്ചു....

ടാ പോവണ്ടേ..... സൂര്യസ്തമയംകാണാൻ ബീച്ചിൽ പോണം പറഞ്ഞ വാക്ക്. അവൾ ഏതായാലും അവിടെ എത്തും നമുക്ക് പോകാം......ജുനുവിന്റെ ശബ്ദം ആയിരുന്നു അവരെ സ്വപ്നങ്ങളിൽ നിന്നും ഉണർത്തിയത്..... റാനി ചമ്മലോടെ കൈ വലിച്ചു..... അവന്റെ മുഖത്തെ പുഞ്ചിരി കണ്ടതും മുഖം ആകെ ബ്ലൂശ് അടിച്ചു അവൾ നിന്നു....

എല്ലാവരും ആ കുന്നിൻ മുകളിൽ നിന്നും ഇറങ്ങുമ്പോഴും ആഗ്രഹിച്ചിരുന്നു തനിച്ചൊരിക്കൽ തന്റെ പാതിയെ കൂട്ടി വരണമെന്ന്....

താഴെ കാറിനരികിൽ എത്തിയതും അവർ എല്ലാവരും ഒന്നിച്ചു കൂടി.... ഏതായാലും ഫൈസിയെ ഒന്നൂടി വിളിച്ചു നോക്ക്.... എവിടെ എത്തിയെന്നു ഇജു പറഞ്ഞു.

ഞാൻ ഇപ്പോ തന്നെ പത്തു പ്രാവശ്യതോളം വിളിച്ചു. അവളെ ഫോൺ അവന്റെ ഫോൺ റിങ് ചെയ്യുന്നുണ്ട്

എടുക്കുന്നില്ല....

രണ്ടിനെയും കയ്യിൽ കിട്ടട്ടെ.... നല്ലോണം കൊടുക്കുന്നുണ്ട്..... ഇജു ചെറിയ ദേഷ്യത്തോടെ പറഞ്ഞു....

ടോ വെളിച്ചപ്പാടെ..... വേണേൽ ഫൈസിയെ പറഞ്ഞോ എന്റെ ഇനു അങ്ങനെ ചോദിക്കാതെ പറയാതെ എവിടെയും പോകില്ല.... റാനി അവനെ കലിപ്പോടെ നോക്കി പറഞ്ഞു...

വെളിച്ചപ്പാട് നിന്റെ...... ഇനി അങ്ങനെ വിളിക്കോടി അവൻ കലിപ്പ് ആയതും റാനി ഓടി ജുനുവിന്റെ പിറകിൽ കൂടി....

അവൾ പറഞ്ഞത് കാര്യം ആണ്..... നമ്മളോട് പറയാതെ പോയി..... പോരാത്തതിന് ഫോൺ എടുക്കുന്നില്ല....

ഇത് ഫൈസ് ആയിരിക്കും..... ഏതായാലും ഒന്നൂടി വിളിച്ചു നോക്കാം പറഞ്ഞു കാൾ ചെയ്തു.....

റിങ് ചെയ്യുന്ന ശബ്ദം കേട്ടു ഷബീർ ചുറ്റും നോക്കി.... നിലത്ത് ഫോൺ കണ്ടു അവൻ പോയി എടുത്തു.... ഫൈസിയുടെ ഫോൺ.......

ടാ ഫൈസിയുടെ ഫോൺ ആണിത്.... വാൾപേപ്പർ ഇനുവിനെ ചേർത്ത് പിടിച്ച ഫോട്ടോ കണ്ടു....

ഇതെങ്ങനെ ഇവിടെ.... വീണു പോയത് ആയിരിക്കോ.....

നീ ഇനുവിന്റെ ഫോണിൽ അടിച്ചേ....

ജുനു അതിലേക്ക് കാൾ അടിച്ചു. അപ്പുറത്തെ സൈഡിൽ നിന്നും റിസ നിലത്ത് വീണ ഫോൺ എടുത്തു വന്നു.

എല്ലാവരെ ഉള്ളിലും ഒരു കനൽ വീണു.....

ഇനുവിന്റെ ഫോൺ അപ്പോഴാ റിങ് ചെയ്തത്.....
ദുബായ് നമ്പർ ആണ് അവൻ വേഗം ഫോൺ
എടുത്തു.... ഇജു ഫോൺ സ്പീക്കറിൽ ഇട്ടു....

ഇപ്പോഴേലും ഫോൺ എടുത്തല്ലോ പിശാജേ.... നീ
സേഫ് അല്ലേ ഇനു.... നിനക്ക് ഒന്നും പറ്റിയില്ലല്ലോ....
പേടിയോടെ പറയുന്ന അവന്റെ ശബ്ദം കേട്ടു
ജുനുവിലും വിറയൽ പടർന്നു..

.

ഞാൻ ജുനു ആടാ എന്താ സംഭവം....

ഒന്നും പറയണ്ട.... ഫൈസി ആയി സംസാരിച്ചോണ്ട്
നിൽക്കരുന്നു... പെട്ടന്ന് ഇനൂ  എന്ന് പേടിയോടെ
അലറി വിളിച്ചു. പിന്നെ ഒന്നും മിണ്ടിയില്ല.... രണ്ട്
വണ്ടികൾ പോകുന്ന ശബ്ദം കേട്ടു..... പിന്നെ ഒന്നും
കേട്ടില്ല..... അപ്പൊ തൊട്ട് രണ്ടാളെയും മാറി മാറി
വിളിക്കാ..... എന്താ സംഭവം...

രണ്ടാളും സേഫ് അല്ലേ.....

സേഫ് ആണ് ഞാൻ വിളിക്കാം പറഞ്ഞു ഫോൺ കട്ട് ചെയ്തു.....

എല്ലാവരും പരസ്പരം നോക്കി..... റാനി അപ്പോഴേക്കും കരച്ചിൽ തുടങ്ങിയിരുന്നു.

ഞാൻ അപ്പോഴേ കരുതിത അവൾ ഒരു വാക്ക് പറയാതെ പോകില്ലെന്ന്.... എന്റെ ഇനുവിന് എന്താ പറ്റിയെ.....

അത് കേട്ടതും ബാക്കിയുള്ളവരെ ഉള്ളിലും ഭയം ഇരച്ചു കയറി.....

ജുനു നെറ്റി ഒന്ന് ഉഴിഞ്ഞു..... പിന്നെ ഫോൺ എടുത്തു കാൾ ചെയ്തു....അവൻ ചെയ്യുന്നത് നോക്കി ഇജുവും ശ്വാസം അടക്കിപിടിച്ചു നിന്നു...

കാമണിക്കൂർ കൊണ്ട് അവിടം പോലിസ് എത്തി.കളക്ടർ സാറിന്റെ അനിയത്തിയും ഭർത്താവ് മിസ്സിംഗ് ആണ്.... ന്യൂസ് എല്ലായിടത്തും പരന്നു.... ഇജു അവന്റെ സ്വാധീനം കൂടി ഉപയോഗിച്ചതോടെ അവിടം സെക്യൂരിറ്റി ഗാർഡ്സ് കൊണ്ടും പോലിസ് കാരെ കൊണ്ട് നിറഞ്ഞു...

അവൾക്ക് എന്തോ അപകടം ഉണ്ടെന്ന് മനസ്സ് മന്ത്രിച്ച അവിടെ നിന്നും ഇവിടെ ഓടിപിടഞ്ഞു എത്തിയത്..... മനസ്സ് ആസ്വസ്ഥമായിട്ടും ഫൈസിയുടെ കൂടെ അല്ലെന്ന് ഓർത്ത സമാധാനിച്ചത്..... എന്റെ മുന്നിൽ വെച്ച് തന്നെ അവൾ അപകടത്തിൽ പെട്ടല്ലോ അവന്റെ കണ്ണുകൾ നിറഞ്ഞു. മുടിയിൽ കോർത്തു പിടിച്ചു അവൻ.....

ഇജുവിന് ഭ്രാന്ത് പിടിക്കുന്ന പോലെ തോന്നി താൻ ആണ് ഫൈസിക്ക് കൂട്ട് നിന്നു അവളെ തനിച്ചു പറഞ്ഞയച്ചത്.....

അവരുടെ സ്വകാര്യതയിൽ കട്ടുറുമ്പ് ആവണ്ട കരുതിയ കൂടെ പോകണം എന്ന് ഉണ്ടായിട്ടും തനിച്ചു

വിട്ടത്....  ഞാൻ തന്നെ അവളെ അപകടത്തിലേക്ക് തള്ളി വിട്ടല്ലോ..... അവന്റെ നെഞ്ച് നീറിപുകഞ്ഞു കൊണ്ടിരുന്നു.....

❤❤❤

ഉൾകാടിന്റെ പകുതിയിൽ എത്തിയതും ഫൈസ് ഒന്ന് നിന്നു അവളെ രൂക്ഷമായി നോക്കി....

നിന്നോട് ഞാൻ ഒരായിരം വട്ടം പറഞ്ഞതല്ലേ ലെഫ്റ്റ് ആണെന്ന്..... അവളുടെ ഒരു  അമ്മുമ്മേടെ വഴികാട്ടി.....

രണ്ട് പൊട്ടിക്ക വേണ്ടെ....

അവൾ പേടിയോടെ കണ്ണിറുക്കെ പൂട്ടി

അബദ്ധം പറ്റിപൊയി സോറി.... വഴക്ക് പറയല്ലേ.... എന്നെ..... കണ്ണടച്ച് ചുണ്ടുകൾ വിതുമ്പി അവൾ പറയുന്നത് കേട്ടതും ദേഷ്യം അടക്കി വെച്ചു. അവനറിയാതെ ചുണ്ടുകളിൽ ചിരി വിരിഞ്ഞു.

അവനത് മറച്ചു വെച്ചു....

ഏതായാലും പെട്ടു.... ഇനി വരുന്നത് പോലെ വരട്ട്.... ജീവിക്കാൻ ആയാലും മരിക്കാൻ ആയാലും ഒരുമിച്ച്.... അവൻ പറഞ്ഞതും...... സോറി എന്നും പറഞ്ഞു അവൾ അവനെ കെട്ടിപിടിച്ചു കരഞ്ഞു ...

അവൾ നല്ലോണം പേടിച്ചിരുന്നു...... ഇരുട്ട് വീണു തുടങ്ങിയിരുന്നു ചുറ്റും.....

സാരമില്ല.... കരയണ്ട..... തെറ്റ് എന്റെയാണ്... നിന്റെ വാക്ക് കേൾക്കാതെ നിന്നെ തോളിൽ ഇട്ടു അങ്ങ പോയ മതിയാരുന്നു.... ഇനി പറഞ്ഞിട്ട് കാര്യം ഇല്ലല്ലോ.....

അവൻ ചെവി കൂർപ്പിച്ചു.... അടുത്ത് വെള്ളത്തിന്റെ ശബ്ദം കേട്ടു.....

ഇനു.... വാ വഴിക്കിട്ടി.... അവൻ അവളെയും കൂട്ടി ശബ്ദം കെട്ടിടത്തേക്ക് ഓടി..... ചെറിയ ഒരു അരുവിയുടെ അടുത്ത് എത്തി.....

ഇതിന്റെ ഉത്ഭവസ്ഥാനം ആണല്ലോ കാണാൻ വന്നത്.... അവിടെ നിന്ന് ആയിരിക്കും ഇത് വരുന്നത് അപ്പോൾ ഇതിന്റെ അരികിൽ ചേർന്നു നടക്കാം... നമ്മൾ ആ കുന്നിൽ എത്തുമല്ലോ.....

കുറെ ദൂരം ഉണ്ടോ..... അവൾ തളർച്ചയോടെ അവിടെ ഇരുന്നു.....

നിന്റെ ഡോറയുടെ മേപ്പ്നോട് ചോദിക്ക്

അവൻ പരിഹാസത്തോടെ പറഞ്ഞു.....

അവളതിന്ന് മറുപടി പറഞ്ഞില്ല ടെൻഷനും ദാഹം നടന്നും ആകെ ക്ഷീണം പിടിച്ചിരുന്നു.....

എനിക്ക് കുടിക്കാൻ കുറച്ചു വെള്ളം...... അവൾ തളർച്ചയോടെ പറഞ്ഞു....

അവൻ അവളെ ഒന്ന് നോക്കി.... പിന്നെ അവളെ കയ്യും പിടിച്ചു അരുവിയുടെയും അടുത്തേക്ക് പോയി.... കുടിച്ചോ....

അയ്യേ ഈ വെള്ളമോ..... അവൾ മുഖം കോട്ടി

ഏതായാലും നാട്ടിലെ മിനറൽ വാട്ടർനേക്കാൾ ശുദ്ധമായത് ആയിരിക്കും.... എന്നിട്ടും അവൾ മടിച്ചു നിന്നു..... അവൻ പാന്റ് ഷർട്ടിന്റെ കയ്യും കയറ്റി വെള്ളത്തിൽ ഇറങ്ങി കയ്യും മുഖവും കഴുകി കൈകുമ്പിളിൽ വെള്ളം കോരികുടിച്ചു.... അവളെ നേർക്ക് കൈകുമ്പിളിൽ വെള്ളം എടുത്തു ചുണ്ടോട് ചേർത്തു.... അവൾ കണ്ണും മിഴിച്ചു അവനെ നോക്കി.... കുടിച്ചോ....

വേറെ വെള്ളം കിട്ടില്ല ഇവിടെ....

അവൾ അവന്റെ കയ്യോട് ചുണ്ടുകൾ അടുപ്പിച്ചു കുടിച്ചു.... അവൻ രണ്ടു മൂന്ന് പ്രാവശ്യം എടുത്തു കൊടുത്തു....

അവൾ ആശ്വാസത്തോടെ ശ്വാസം ആഞ്ഞു വലിച്ചു..... അവൾ കുറച്ചു മുന്നോട്ട് നടന്നു പെട്ടെന്ന് വെള്ളത്തിലേക്ക് എടുത്തു ചാടി.....

അവൻ ദേഷ്യത്തോടെ അവളെ നോക്കി.

അവൾ നന്നായി ഒന്ന് മേലൊക്കെ കഴുകി.

കയറി വന്നു....

ആ വൃത്തികെട്ടവൻ തൊട്ടപ്പോ തൊട്ട് ശരീരം ഓക്കെ നാറുകയാരുന്നു.... കള്ളിന്റെയും സിഗരിന്റെയും നാറ്റം.... ഇപ്പോഴാ ഒന്ന് ആശ്വാസം ആയത്....

അത് കേട്ടപ്പോൾ അവൻ ഒന്നും പറഞ്ഞില്ല.....

നനഞ്ഞു കുതിർന്ന അവളെ അവൻ ഒന്നുകൂടി നോക്കിപ്പോയി..... ഇളം റോസ് കളറിൽ വർക്ക് ഒന്നും ഇല്ലാത്ത സിമ്പിൾ ആയ ചുരിദാർ ആണ്

ഇട്ടിട്ടുള്ളത്.... നനഞ്ഞു കുതിർന്നത് കാരണം ശരീരം മൊത്തം എടുത്തു കാണിക്കുന്നുണ്ടായിരുന്നു. അവനിൽ വികാരത്തിന്റെ വെലിയേറ്റം തന്നെ സംഭവിക്കുന്നുണ്ടായിരുന്നു.....

ഫൈസ് നമുക്ക് വേഗം പോയാലോ ഇരുട്ട് വീണു..... എത്ര ദൂരം ഉണ്ടെന്ന് അറിയില്ല അവളുടെ വാക്കുകളിൽ പേടി കലർന്നിരുന്നു..... അവൻ നോട്ടം മാറ്റി....

വാ പോകാം എന്ന് പറഞ്ഞു മുന്നോട്ട് നടന്നു.... നനഞ്ഞു കുതിർന്നോണ്ട് നടക്കാൻ കഴിയാതെ അവൾ ഇടറികൊണ്ടിരുന്നു.....

വേണ്ടാത്ത പണിക്ക് അല്ലാതെ പോകില്ല.

അന്തോം കുന്തോം ഇല്ലാത്ത ഒരു ജന്മം....

അതും പറഞ്ഞു അവൻ അവൾക്ക് നേരെ കൈ നീട്ടി... കുറച്ചു ദൂരം നടന്നതും

അവൾ നിന്നു..... എനിക്ക് വയ്യ ഇനി നടക്കാൻ.....
അവൾ കിതച്ചോണ്ട് അവിടെ ഒരു കല്ലിൽ ഇരുന്നു.....

അവനും കിതക്കാൻ തുടങ്ങിയിരുന്നു....

എങ്ങനെ നോക്കിയിട്ടും പുറത്തേക്ക് എത്താൻ ഒരു വഴിയും കണ്ടില്ല... ഇരുളും അതിന്ന് തടസ്സം ആയി മാറി.....

ഇനി സേഫ് ആയി ഒരിടത് സ്റ്റേ ചെയ്യലെ വഴിയുള്ളു അവൻ ചിന്തിച്ചു....

കുറച്ചു ദൂരം ചുറ്റും നോക്കി..... ചെറിയൊരു ടെൻഡ് പോലെ കണ്ടു.....

അവൻ പോയി നോക്കി പിന്നെ അവളെ അടുത്തേക്ക് പോയി അവൾ എന്താ ചോദിക്കുന്നതിന്ന് മുന്നേ അവൻ അവളെ കൈകളിൽ കോരി എടുത്തു.....

സിനിമയിലെ പോലെ എടുത്തോണ്ട് നടക്കാൻ ഞാൻ ഹീറോ ഒന്നും അല്ല മോളെ അത് കൊണ്ട് നമുക്ക് ഇവിടെ സ്റ്റേ ചെയ്യാം...... ഇപ്പൊ ഏകദേശം നമ്മൾ മിസ്സ് ആണെന്ന് അവർ അറിഞ്ഞിട്ട് ഉണ്ടാകും...

നമ്മളെ തേടി നടക്കുന്നുണ്ടാവും.... ഒന്നുകിൽ അവർ എത്തും അല്ലെങ്കിൽ നാളെ നേരം വെളുത്ത മാത്രമേ പോകാൻ കഴിയു.... അവൻ പറഞ്ഞതും അവൾ ഒരേങ്ങലോടെ അവന്റെ നെഞ്ചോട് ചേർന്നു..... അവളുടെ ശരീരത്തിലെ നനവ് അവനെ പൊതിഞ്ഞു..... അതിനോടൊപ്പം അവന്റെ നെഞ്ചിൽ ചുടു കണ്ണുനീർ ഒലിച്ചിറങ്ങി......

നീ കാരണം ഒന്നും അല്ല കുരിപ്പേ അങ്ങനെ കരുതി മോങ്ങണ്ട..... നമുക്കിത് ഹണിമൂൺ യാത്ര ആയി കരുതിയ മതി.... ആരെയും ശല്യം ഇല്ലാതെ നമ്മൾ രണ്ടാളും മാത്രം ആയി ഒരു ദിവസം.... അവൻ അവളുടെ മൂക്കിൽ മൂക്ക് ഉരസി കുസൃതിയോടെ പറഞ്ഞു.

എന്നാപ്പിന്നെ ഒരു പാട്ട് പാട്.... അവൾ തിരിച്ചു കൊഞ്ചിപ്പോടെ പറഞ്ഞു...

പാട്ടോ....   അവൻ കണ്ണും മിഴിച്ചു അവളെ നോക്കി....

ഹണിമൂൺ യാത്ര ആണെന്ന് അല്ലേ പറഞ്ഞെ....
സിനിമയിൽ അപ്പൊ പാട്ട് പാടുവല്ലോ.....

പാട്ട് അല്ലേടി നല്ല ആട്ടാണ് പറയാൻ തോന്നുന്നേ....
ഇവിടെ എങ്ങനെ നേരം വെളുപ്പിക്കുന്നു
ഓർക്കുമ്പോ ഉണ്ടല്ലോ അവൻ പല്ല് കടിച്ചു പിടിച്ചു.....

അവൾ പുച്ഛത്തോടെ മുഖം കോട്ടി.....

മുഖം തിരിച്ചു.... ഇടിഞ്ഞു പൊളിഞ്ഞു വീഴാറായ
ഷെഡ്ഡിൽ നിർത്തി....

അയ്യേ ഇവിടെ കൂടാൻ പോകുന്നെ.... വല്ല പാമ്പും
ഉണ്ടാകും അവൾ പേടിയോടെ അവനെ നോക്കി
പിന്നെ ആ ഷെഡഡ് നോക്കി. ഇടിഞ്ഞു പൊളിഞ്ഞു
വീഴാറായിന്..... നാല് ഭാഗം സ്റ്റീൽ കവർ കൊണ്ടെന്നെ
പോലെത്തെ ഷീറ്റ് ആണ്...

ഇത് കഞ്ചാവിന് പാറവ് നിൽക്കുന്ന ആൾക്കാരുടെ ഷെഡ് ആണ്.... പോലിസ് പൊളിച്ചത് ആണെന്ന് തോന്നുന്നു..... കുറച്ചു ആയുള്ളൂ തോന്നുന്നു പോലിസ് കണ്ടെത്തിയിട്ട്...... അവളെ നോട്ടം കണ്ടു അവൻ പറഞ്ഞു.....

നിനക്ക് എങ്ങനെ അറിയാം..... അവൾ അത്ഭുതതോടെ അവനെ നോക്കി....

ഇതിന്ന് കുറച്ചു അപ്പുറത് ഫുൾ കഞ്ചാവ് തീയിട്ടിട്ട് ഉണ്ട്.... അത് കണ്ടപ്പോ ഇത് ഊഹിച്ചു.... കാട്ടുമൃഗങ്ങൾ ഉണ്ടാവില്ല കരുതാം.... ഉണ്ടെങ്കിൽ ഇങ്ങനെ ഷെഡ് കെട്ടി ഇവിടെ താമസിക്കില്ലല്ലോ..... അവൻ ചുറ്റും നോക്കി. ഉള്ളിൽ ചിലയിടത്തു കുറ്റിച്ചെടി വളർന്നിട്ടുണ്ട്.... പിന്നെ സിഗരറ്റ്ന്റെയും മദ്യക്കുപ്പികൾ നിറഞ്ഞിന്..... അവൻ കാൽ കൊണ്ട് തട്ടിമാറ്റി പറ്റുന്ന പോലെ വൃത്തിയാക്കി....

അതിനിടയിൽ നിന്നും ഒരു തീപ്പെട്ടി കിട്ടിയതും അവൻ ആശ്വാസത്തോടെ നെഞ്ചിൽ കൈ വെച്ചു..... കുറച്ചു വിറക് കൂട്ടി കുറെ കഷ്ടപ്പെട്ട് തീ കൂട്ടി.....

മൂലയിൽ ഇരുന്ന ഒരാൾക്ക് കിടക്കാൻ മാത്രം ഉള്ള ഒരു പ്ലാസ്റ്റ് കയർ കട്ടിൽ കണ്ടു

പൊട്ടിയിനെങ്കിലും കാൽ മൊത്തം പൊട്ടിച്ചു നിലത്ത് അവൾക്ക് ഇരിക്കാൻ ആയി ഇട്ടു കൊടുത്തു. അവനും ക്ഷീണത്തോടെ അവിടെ ചാരി ഇരുന്നു.

അവൾക്ക് അതിപ്പോ പൊട്ടി തലയിൽ വീഴുന്നു തോന്നിയെ ഒരു സൈഡ് മൊത്തം നിലത്ത് കുത്തി വീണിട്ട് ഉള്ളത്...

പുറത്ത് ഇരുട്ട് കണ്ടതും അറിയാതൊരു ഭയം ഇരച്ചു കയറി.... അവൾ തലയിൽ നിന്നും ഷാൾ ഊരി പുറം ഭാഗം കാണുന്ന ഭാഗത്തു വാതിൽ പോലെ മറച്ചു....

അവളെ കളി കണ്ടു അവൻ പൊട്ടിച്ചിരിച്ചു

അവൾ നോക്കി പേടിപ്പിച്ചു എനിക്ക് പേടി ആയിട്ടാ..

ഞാനുള്ളപ്പോ നിന്നെ ആരും ചെയ്യില്ല... എന്റെ ശരീരത്തിൽ ജീവന്റെ ഒരു കണികളുണ്ടെങ്കിൽ നിന്റെ ദേഹത്ത് ഒരു തരി മണ്ണ് പോലും വീഴില്ല പോരെ .....

അവൾ അവനെ കെട്ടിപിടിച്ചു....

അവൻ പെട്ടെന്ന് അവളെ അടർത്തി മാറ്റി

മുഴുവൻ നനഞ്ഞു കുളിച്ചിന്.... അപ്പോഴാ അവളും അതോർത്തെ.....

സോറി.....

നീ ഡ്രസ്സ് ഊരി ഈ തീയിൽ കാട്ടി ഉണക്കിക്കോ..... അല്ലെങ്കിൽ തണുപ്പ് കേറി പനി വരും.....

അയ്യേ.... ഇവിടുന്നോ ഞാൻ ചെയ്യില്ല.

പനി വന്നു മരിച്ചാലും സാരമില്ല.

പറഞ്ഞത് കേട്ടില്ലെങ്കിൽ ഞാൻ അഴിച്ചെടുത്തു മൊത്തം കളയും പറഞ്ഞില്ലെന്നു വേണ്ട.... അവൻ കലിപ്പോടെ പറഞ്ഞു....

അവൾ ഡ്രസ്സ് ചുരുട്ടി പിടിച്ചു അവനെ ദയനീയമായി നോക്കി...

ഞാൻ പുറത്ത് ഇരുന്നോളാം.....നീ ഡ്രസ്സ് അഴിച്ചു ഉണക്കാൻ നോക്ക്... അവൻ എണീറ്റതും അവൾ പേടിയോടെ അവനെ കേറിപ്പിടിച്ചു.....

ഡ്രസ്സ് മാറ്റില്ല..... എന്നെ പോകാനും വിടില്ല

ദേ പെണ്ണെ ദേഷ്യം വരുന്നുണ്ട്..... തീയും ഇപ്പോൾ അണയും.....

എന്ന നിന്റെ ഷർട്ട് താ.....

അവൻ മുഖം ചുളിച്ചു.... ആകെ അഴുക്കണ്.... വിയർത്തു കുളിച്ചിട്ടും ഉണ്ട്.

എന്ന വേണ്ട ഞാൻ ഡ്രസ്സ് മാറ്റില്ല.....

അവൻ ഷർട്ട് അഴിച്ചു കൊടുത്തു....

ഇനി പുറത്തു പോയി നിൽക്ക്...

നിനക്ക് പേടിയാവില്ലേ.... ഞാൻ ഇവിടെ കണ്ണും പൂട്ടി നിന്നോളം..... അവന്റെ മുഖത്ത് കുസൃതി വിരിഞ്ഞു...

അയ്യടാ ആ പൂതി വേണ്ട.... എന്നും പറഞ്ഞു അവനെ പുറത്ത് തള്ളിമാറ്റി....

അവൾ ഡ്രസ്സ് അഴിച്ചു അവന്റെ ഷർട്ട് ഇട്ടു.... തീ ചൂട് കൊള്ളുന്ന വിധം ഡ്രസ്സ് വിരിച്ചിട്ട്....

പുറത്ത് കാറ്റും കൊണ്ട് ഇരുന്നെങ്കിലും ഇടക്ക് നോട്ടം ഷെഡിലേക്ക് പോയി.... ഷാൾ മറവിന്റെ

പിറകിൽ അവളുടെ നിഴൽ ചിത്രം കണ്ടതും അവനിൽ വിരിയുന്ന ഭാവങ്ങൾ അടക്കി അവൻ മുഖം താഴ്ത്തി.... കുറച്ചു കഴിഞ്ഞു അവൾ വിളിച്ചു.... അവൻ പോയി....

തുടക്ക് മുകളിൽ മാത്രം ഷർട്ട് ഉള്ളു ചമ്രം പടിഞ്ഞു ഇരുന്നിട്ട് അവൾ കാൽ മറക്കാൻ ശ്രമിക്കുന്നുണ്ടായിരുന്നു......

അവനെ കണ്ടതും നാണക്കേട് കാരണം മുഖം താഴ്ത്തി ഇരുന്നു....അത് കണ്ടു അവൻ ശല്യപെടുത്തിയില്ല...അവളുടെ അടുത്ത് അവൻ ഇരുന്നു.... ഷർട്ട് ഇടാത്ത അവന്റെ ബോഡിയിൽ കണ്ണുടക്കിയതും അവൾക്ക് സിക്സ് പാക്ക് എണ്ണി നോക്കിത് ഓർമ വന്നു.... അവളുടെ മുഖത്ത് ഒരു ചിരി വിരിഞ്ഞു....

അവൾ ക്ഷീണം കാരണം കണ്ണുകൾ അടഞ്ഞു അവന്റെ മടിയിലേക്ക് തലവെച്ചു അവൾ കിടന്നു.... അവളുടെ നഗ്നമായ കാലുകളിൽ നോട്ടം ഉടക്കി... സ്വർണ്ണരാജികൾ തീയിൽ വെട്ടിത്തിളങ്ങുന്ന പോലെ തോന്നി... ഒന്ന് തലോടാൻ മനസ്സ് ഉണർന്നു..... കൈകൾ ഉണർന്നു.....അവളുടെ നിഷ്കളങ്കമായ

മുഖം കണ്ടതും അവൻ ആഗ്രഹം മനസ്സിൽ അടക്കി കണ്ണുകൾ ഇറുക്കെ പൂട്ടി..... എപ്പോഴോ ഉറക്കിലേക്ക് വീണു....

അവളുടെ അടക്കി പിടിച്ച കരച്ചിൽ കേട്ടു അവൻ കണ്ണ് തുറന്നു.... എണീറ്റു ഇരുന്നു മുട്ടിൽ മുഖം പൂഴ്ത്തി കരയുന്നുണ്ട്....

തീ മൊത്തം അണഞ്ഞിന്ന്.... നിലാവിന്റെ നല്ല വെളിച്ചം ഉണ്ട്....

എന്താടാ പറ്റിയെ....

മസിൽ കേറി വേദന സഹിക്കാൻ പറ്റുന്നില്ല... അവന്റെ നെഞ്ചിലേക്ക് ചാരി ഇരുന്നു അവൾ കരഞ്ഞു....

ജുനു പറഞ്ഞത് ഓർമ വന്നത്.... ടെറസ്സിൽ കിടന്നു ഉറങ്ങും കറന്റ് ഇല്ലെങ്കിൽ..... ഇവൾക്ക് കാൽ മസ്സിൽ കേറുന്നോണ്ട് എന്റെ കാലിനടിയിൽ കാൽ പാദം വെച്ചു പൊതിഞ്ഞു കിടക്കൽ

തണുപ്പ് തീരെ സഹിക്കില്ല....

കാൽ തടവി തരാം.....അവൻ അവളോട് കിടക്കാൻ പറഞ്ഞു... അവൾ കിടന്നു തുടക്ക് മുകളിൽ ഉള്ള ഷർട്ടിൽ കണ്ണുടക്കി അവൾ മുഖം കുനിച്ചു.... കാൽ തടവി കൊടുത്തു.....

🚫STOP STOP STOP STOP STOP STOP 🚫

കുട്ടികൾ സ്റ്റോപ്പിറ്റ്..... റൊമാൻസ് ആണ് ഇനി ബാക്കി വായിക്കേണ്ട. അവർ ഒരുമിച്ചു അത്രയേ ഉള്ളു..... ബാക്കി നെക്സ്റ്റ് പാർട്ട് ഉണ്ടാകുള്ളൂ. അപ്പൊ ന്യൂ പാർട്ട് പോസ്റ്റുമ്പോൾ വായിചോ. സ്കൈപ് ചെയ്യേണ്ട റൊമാൻസിൽ സ്റ്റോപ്പ് ആക്കി ഞാൻ ഈ പാർട്ട് നിർത്തി.

റൊമാൻസ് ഇഷ്ടം ഉള്ളവർ വായിച്ചോ. കുട്ടികളോട് അല്ല പറഞ്ഞത് 🙈🙈🙈

അവന്റെ കൈകൾ അവളുടെ തണുപ്പേറിയ കാലിൽ തൊട്ടതും അവളിലൂടെ ഒരു മിന്നൽ പിണർ

പാഞ്ഞപോലെ തോന്നി.... അവൻ കാലിനടിയിലും കാൽ മുട്ട് വരെയും തടവി കൊടുത്തു.... അവന്റെ ഓരോ സ്പർശവും അവളിൽ  വിറയൽ പടർത്തി ശരീരത്തിൽ കുഞ്ഞു രോമങ്ങൾ പോലും എഴുന്നേറ്റു നിന്നു.... ക്രമദ്ധീദമായ ഹർട്ട് ഇടിപ്പ് നിയന്ത്രിക്കാൻ ആവാതെ അവൾ പാട് പെട്ടു.... അവൾ മിഴികൾ തുറന്നു അവന്നെ നോക്കി.... പ്രണയപൂർവ്വം തന്നെ നോക്കുന്ന കണ്ണുകൾ പരസ്പരം കൊരുത്തു. അവന്റെ വിയർപ്പും സ്പ്രേ മണവും കൂടി കലർന്ന അവന്റെ ഷർട്ട്.... തന്റെ ദേഹം മുഴുവൻ അവൻ പൊതിഞ്ഞ പോലെ യാണ് തോന്നിയത്.

അവന്റെ നോട്ടവും സ്പർശവും താങ്ങാൻ ആവാതെ അവൾ വിയർത്തു കുളിച്ചു.

അവളുടെ കൈകൾ ഷർട്ടിൽ കൊരുത് പിടിച്ചു... അവളുടെ ഓരോ ഭാവവും നിലാവെളിച്ചതിൽ കാണുകയാരുന്നു അവൻ......  ഇനിയും പിടിച്ചു നില്ക്കാണ് ആവില്ലെന്ന് തോന്നിയതും അവൾ കാൽ വലിച്ചു.....

അവൻ പിരികം പൊന്തിച്ചു എന്താ ചോദിച്ചു.....

വേദന മാറി..... അവൾ പറഞ്ഞൊപ്പിച്ചു കണ്ണുകൾ ഇറുക്കി പൂട്ടി ചെരിഞ്ഞു കിടന്നു..... അവനെ നോക്കാനുള്ള ധൈര്യം അവളിൽ ഉണ്ടായിരുന്നില്ല..... ചെവിയിൽ ചുടു ശ്വാസം അടിച്ചതും അവൾ ഞെട്ടി തിരിഞ്ഞു നോക്കി..... ആ ഒരു നിമിഷം മതിയാരുന്നു അവളുടെ ചുണ്ടുകൾ സ്വന്തം ആക്കാൻ..... അവളും കൊതിച്ചിരുന്നു ഒരു നിമിഷം അവന്റെ ചുംബനത്തിൽ അലിഞ്ഞു ചെരുവാൻ....

അവളുടെ ഹൃദയത്തിൽ തൊട്ട് ഉണർത്തി പോയ ആ പ്രണയചുംബനം അവളിലെ പെണ്ണിനേയും ഉണർത്തിയിരുന്നു..... അവന്റെ ചുണ്ടുകൾ ചുണ്ടുകളെയും കടന്നു നാവുകൾ ആയി കൊരുത്തപ്പോൾ അവളുടെ കൈകൾ അവന്റെ നഗ്നമായ ദേഹത്ത് അലഞ്ഞു നടന്നു..... അവനിലും ആ ലഹരി പടർന്നു കയറാൻ തുടങ്ങിയിരുന്നു..... ദീർഘ നേരത്തെ ചുംബനത്തിന്ന് ശേഷം അവളെ സ്വതന്ത്രമാക്കുമ്പോൾ രണ്ടു പേരും കിതച്ചിരുന്നു.....

അവൻ തന്റെ പ്രണയം സ്വന്തം ആക്കാൻ മനസ്സ് കൊണ്ടും ശരീരം കൊണ്ടും ആഗ്രഹിച്ചിരുന്നു....

അവന്റെ കണ്ണുകളിലൂടെ അതറിഞ്ഞെന്ന വണ്ണം അവളുടെ ചുണ്ടുകൾ അവന്റെ അധരങ്ങളിലേക്ക് ആവേശത്തോടെ പടർന്നു കയറി..... ഒരു നിമിഷം ഞെട്ടി നിന്നെങ്കിലും അവനും അതിൽ ലയിച്ചിരുന്നു..... അവളിൽ നിന്നും അവൻ ഏറ്റെടുത്തിരുന്നു ആ ചുണ്ടുകളുടെ ചലനം..... അവന്റെ കൈകൾ അവളുടെ ഷർട്ടിന്റെ ബട്ടനുകൾ അഴിക്കുന്നത് അറിഞ്ഞിട്ടും അവൾ തടയാതെ അവന്റെ മുടിയിൽ കൈകൾ കൊരുത് പിടിച്ചു.....

ഷർട്ട് അവൻ അഴിച്ചു മാറ്റിയപ്പോഴും അവളുടെ ചുണ്ടുകൾ സ്വതന്ത്രമാക്കിയിരുന്നില്ല.... നാണത്താൽ കൈകൾ കൊണ്ട് തോളിൽ പിടിച്ചു മറ തീർത്തെങ്കിലും അവന്റെ കൈകൾ അടർത്തി മാറ്റി..... നാണത്താൽ മിഴികൾ കൂമ്പിയടഞ്ഞു..... അവന്റെ കൈകൾ അവളുടെ ശരീരത്തിന്റെ മൃദുലത അറിഞ്ഞു തുടങ്ങിയിരുന്നു....

ചുണ്ടിൽ നിന്നും കഴുത്തിലൂടെ ഇഴഞ്ഞിറങ്ങിയ ചുണ്ടുകൾ ഇന്ന് ഒരു മറയും കൂടാതെ അവന്റേത് മാത്രം ആയ സ്പോട്ടിൽ എത്തിയിരുന്നു.... നാവുകൾക്കൊപ്പം പല്ലുകൾ അവിടെ അമർന്നതും അവൾ ഒരേങ്ങളോടെ ഉയർന്നു പൊന്തി അവന്റെ

ചുമലിൽ അവളുടെ നഖങ്ങൾ ആഴ്ന്നിറങ്ങി.....അവന്റെ

ചുണ്ടുകൾ പല്ലുകളും കൈകൾ അവളുടെ ശരീരത്തിൽ ഒരണുവിടാതെ കയറി ഇറങ്ങി..... അവളുടെ നഖങ്ങൾ സുഖലളനയിലും വേദനയിലും അവന്റെ ദേഹത് അമർന്നു കൊണ്ടിരുന്നു.... അവളിൽ നിന്നും ഉയരുന്ന സീൽക്കര ശബ്ദം അവനിൽ വികാരങ്ങൾ കൂട്ടി.... വികാരങ്ങൾ രണ്ടു പേർക്കും അടക്കി നിർത്താൻ പറ്റാതയ നിമിഷം അവർ ഒന്നു ചേർന്നു..... അവളിൽ നിന്നും ഉയർന്ന വേദനകലർന്ന കരച്ചിൽ അവന്റെ തോളിൽ പല്ലുകൾ അമർത്തി അവൾ തീർത്തു..... രക്തം പൊടിയുന്ന നീറ്റൽ അവന്ന് ഇത് വരെ ഇല്ലാത്ത ലഹരിആയിരുന്നു..... അവന്നെ ഉന്മദത്തിൽ എത്തിച്ച വേദന രണ്ടു പേരിലും ഒരു പുഞ്ചിരി പടർത്തി..... അവളുടെ കണ്ണുനീർ അവൻ ചുണ്ടുകൾ കൊണ്ട് ഒപ്പിയെടുത്തു അവളുടെ മാറിലേക്ക് തളർന്നു വീണു..... അവളുടെ കൈകൾ അവനെ വലയം തീർത്തു ചുറ്റി വരിഞ്ഞു...... തന്റെ പ്രണയം പൂർണ്ണതയിൽ എത്തിയ സന്തോഷത്തിൽ അവളെയും മാറിൽ ചേർത്ത് പിടിച്ചു അവൻ

കിടന്നു.....

തന്റെ പ്രണയം ഒരു മനസ്സ് പോലെ തന്നെ ശരീരവും ഒന്നായ നിമിഷം ഓർത്തു അവൾ നാണത്തോടെയും സന്തോഷത്തോടെയും അവന്റെ നെഞ്ചിൽ മുഖം പൂഴ്ത്തി.....

❤️💔INVISIBLE LOVE 💔❤️

Love after 💘marriage 🌷111🌷

അവളുടെ മാറിലൂടെ ഇഴയുന്ന കൈകൾക്ക് മീതെ അവൾ കൈ വെച്ചു തടഞ്ഞു..... കുറുമ്പോടെ അവൻ മുഖം താഴ്ത്തിയതും അവൾ നിന്ന് പിടഞ്ഞു....

ഫൈസ് ഇക്കിളിയെടുക്കുന്നുണ്ട്..... വിട്...

പ്ലീസ്.....

ഇപ്പൊ വേണേൽ വിടാം.... പിന്നെ പ്രതീക്ഷിക്കണ്ട..... അവൻ അവളുടെ നെഞ്ചോട് ചാരി അവിടെ മുഖം വെച്ചു കിടന്നു.....

എന്താ ഉദ്ദേശം..... അവന്റെ തലമുടിയിലൂടെ തലോടി ഷീറ്റിന്റെ വിടവിലൂടെ കാണുന്ന പൂർണ്ണ ചന്ദ്രനെ നോക്കി കിടന്നു.....

തീർത്തും ദുരുദ്ദേശം..... അവൻ ഇടുപ്പിൽ മെല്ലെ പിച്ചിക്കൊണ്ട് പറഞ്ഞതും അവൾ

മുഖം കെറുവിച്ചു നോക്കി...

എന്നാലും എന്നോട് ഈ ചതി വേണ്ടായിരുന്നു..... എന്തൊക്കെ പ്ലാൻ ആയിരുന്നു അറിയോ..... അലങ്കരിച്ച റൂം

മുല്ലപ്പൂവും റോസ് കൊണ്ട് നിറച്ച ബെഡ്

ചുറ്റും മെഴുകുതിരി വെളിച്ചം.... റൊമാന്റിക് സോങ്...... എന്നിട്ടോ ഈ കാട്ടിൽ..... ദേഹത്തു ഒക്കെ പുല്ലും മണ്ണും

വൃത്തിയില്ലാത്ത പ്ലേസ്...... ചൊറിഞ്ഞിട്ട് വയ്യ ദേഹം മൊത്തം.....

മര്യാദക്ക് കൺട്രോൾ ചെയ്തു കടിച്ചു പിടിച്ചു നിന്ന എന്നെ മസിൽ വേദന പറഞ്ഞു വിളിച്ചു വരുത്തി പ്രലോബിപ്പിച്ചത് നീയല്ലേ.....

എനിക്ക് ശരിക്കും വേദന എടുത്തിട്ട് തന്നെയാ ഞാൻ പ്രലോബിപ്പിച്ചൊന്നും ഇല്ല....

എത്ര നേരം എന്ന് വെച്ചാടി ചോക്കലേറ്റ് വായിൽ വെച്ചു കഴിക്കാതെ നിൽക്ക....... സോറി....

അയ്യേ ഞാൻ ചുമ്മാ പറഞ്ഞത.... സോറി ഒന്നും വേണ്ട... എന്നേ....മനസ്സ് കൊണ്ട് ഞാൻ നിനക്ക് സമർപ്പിച്ചതാ ഈ ശരീരവും......

അപ്പൊ ശഹിക്ക് ഒരു ജീവിതം ഉണ്ടായിട്ട് പറഞ്ഞിട്ട്...... അവൻ സംശയതോടെ അവളെ നോക്കി.....

അവൾ അവന്റെ മുഖം നെഞ്ചിൽ നിന്നും എടുത്തു മാറ്റി ഒരു ദീർഘ നിശ്വാസത്തോടെ എഴുന്നേറ്റു..... അവളെ കണ്ണിൽ നിന്നും രണ്ടു തുള്ളി കണ്ണുനീർ കയ്യിൽ ഇറ്റി വീണു...... അവൻ ഇന്ന് ഏറ്റവും കൂടുതൽ വെറുക്കുന്നത് എന്നെയാണ്..... എനിക്ക് അറിയാതെ പറ്റിയൊരു അബദ്ധം..... അവന്ന് നല്ലൊരു ജീവിതം കിട്ടനൊന്ന് കരുതിയിട്ട് ഞാൻ ആയിട്ട് അവന്റെ മനസ്സ് വേദനിപ്പിച്ചു...... എന്റെ സ്വാർത്ഥതക്ക് വേണ്ടി അവനെ വേദനിപ്പിച്ചു......ഇപ്പൊ അവന്റെയുള്ളിൽ വെറുപ്പ് മാത്രം..... എത്രത്തോളം സ്നേഹിച്ചോ അത്രത്തോളം വെറുക്കുന്നു ഉണ്ടാകും...അവൾ വേദനയോടെ ഓർത്തു....

എന്താണ് വൈഫി ഒരാലോചന..... അവളുടെ നഗ്നമായ പുറത്ത് മുഖം ചേർത്ത് അവളെ കെട്ടിപിടിച്ചു....

അവന്റെ സന്തോഷം.... ഈ സുന്ദരമായ ദിവസം.....

അത് കളയാൻ അവൾക്ക് തോന്നിയില്ല.... അവൾ കണ്ണ് തുടച്ചു..... മനസ്സ് റിലക്സ് ആക്കി.... ഫൈസിയെ മാത്രം മനസ്സിൽ ഓർത്തു.... അവനോടൊത്തുള്ള കഴിഞ്ഞ നിമിഷങ്ങൾ അവളിൽ നിറഞ്ഞു.... മുഖത്ത് ചുവപ്പ് രാശികൾ ഓടിയെത്തി....

അവനെ നോക്കാനോ സംസാരിക്കാനോ കഴിയാത്ത രീതിയിൽ അവൾ നാണത്തിൽ തല കുനിച്ചു....

അവൻ പെട്ടെന്ന് ആയിരുന്നു അവളെ പിറകോട്ടു വലിച്ചത്... പിറകോട്ടു അവന്റെ ദേഹത്തു വീണു..... അവൾ എഴുന്നേൽക്കാൻ നോക്കിയതും അവൻ അവളെയും കൊണ്ട് തിരിഞ്ഞു കിടന്നു....

അവളുടെ മേലെ കൈ കുത്തി നിന്നു....

അവന്റെ നോട്ടം നേരിടാൻ ആവാതെ അവൾ മുഖം പൊത്തി......

അവൻ കൈ പിടിച്ചു താഴ്ത്തി...... സമ്മതം

ചോദിക്കാതെ സ്വന്തം ആക്കിയത്...... പറഞ്ഞു തീരുന്നതിന്ന് മുന്നേ അവൾ ചുണ്ടിൽ കൈ വെച്ചു......

ഞാൻ നിനക്ക് സ്വന്തം ആയി തന്നതാണ് എന്നെ..... നിന്റെ സ്വന്തമയത്തിനോട് എന്തിന് സമ്മതം ചോദിക്കുന്നെ.......

അപ്പൊ കുഴപ്പം ഇല്ല..... എന്റെ സ്വന്തം അല്ലേ എനിക്ക് എന്തും ചെയ്യാലോ പറഞ്ഞു അവളുടെ കഴുത്തിലേക്ക് മുഖം താഴ്ത്തി....

ഫൈസ് വേണ്ടാട്ടോ..... ബാക്കി പറയുന്നതിന്ന് മുന്നേ അവന്റെ ചുണ്ടുകൾ കൊണ്ട് വിലക്ക് തീർത്തിരുന്നു.... അവന്റെ പ്രണയം വീണ്ടും അവളിലേക്ക് ഒഴുകിയെത്തി.....

അവൾ മനസ്സ് കൊണ്ടും ശരീരം കൊണ്ടും

സന്തോഷത്തോടെ അത് സ്വീകരിച്ചു.... അവരുടേതായ ആ ലോകത്ത് അവർ പുതിയ പ്രണയകാവ്യം രചിച്ചു.....അവന്റെ ഓരോ ഭാവവും അവളിൽ പുതിയ

ഭാവങ്ങൾ നിറച്ചു..... വിയർപ്പ് തുള്ളികൾ പോലും പരസ്പരം പ്രണയിച്ചു....അവന്റെ നെഞ്ചിൽ തളർച്ചയോടെ മുഖം പൂഴ്ത്തി കിടക്കുമ്പോൾ നാണം കൊണ്ട് നിലാവ് പോലും ഓടിയോളിച്ചു... എപ്പോഴോ രണ്ടു പേരും ഉറക്കിലേക്ക് വഴുതിവീണു.....

നേർത്ത വെളിച്ചം വീണതും അവൾ എഴുന്നേറ്റു.... ശരീരം മൊത്തം വേദനിച്ചു കുറച്ചു സമയം അവിടെ ഇരുന്നു....

അവൾ എങ്ങനെയൊക്കെയോ എഴുന്നേറ്റു..... പുറത്ത് ഇറങ്ങി.... കിളി നാദവും നേരിയ തണുപ്പും നല്ല കുളിർകാറ്റും അവളുടെ ശരീരവും മനസ്സും ഒരുപോലെ കുളിർപ്പിച്ചു.....

പിന്നിലൂടെ രണ്ടു കൈകൾ അവളെ പൊതിഞ്ഞു പിടിച്ചു..... അവൾ തിരിഞ്ഞു നോക്കാതെ ആ തോളിലേക്ക് തല ചായ്ച്ചു....

പോണ്ടേ.....

അവൾ ഒന്ന് മൂളി.....

പോയി ഡ്രസ്സ് മാറ്റിയിട്ടു വാ....

ഞാൻ പോയി കുളിച്ചു ഫ്രഷ് ആയി വരട്ട്.

അവൻ പെട്ടെന്ന് ആയിരുന്നു പൊട്ടിച്ചിരിച്ചത്.....
അവൾ അവനെ തള്ളിമാറ്റി കണ്ണും മിഴിച്ചു നോക്കി.....

കുളിക്കാൻ മടിയുള്ള നീ പറഞ്ഞത് കേട്ടു ചിരിച്ചു പോയതാ..... ഇനി എന്നും പറയതെ കുളിക്കുമല്ലോ....

പോടാ..... അവൾ നാണത്തിൽ കുതിർന്ന ചെറുചിരിയോടെ അവന്റെ വയറ്റിൽ ഇടിച്ചു.....

ചുമ്മാ ഇരിക്കുന്ന എനിക്ക് വീണ്ടും പണിയാക്കല്ലേ

മോളെ..... ഇനി നീ താങ്ങില്ല....

വേഗം കുളിച്ചിട്ട് വാ.... അവൾ മൂളിക്കൊണ്ട് ഡ്രസ്സ്‌ എടുക്കാൻ പോയതും അവൻ അവളെ കയ്യിൽ കോരിയെടുത്തു അരുവിയിലേക്ക് നടന്നു.

ഞാൻ പൊക്കോളാം....

വേണ്ട... നിനക്ക് തീരെ വയ്യെന്ന് മുഖം കണ്ടാൽ അറിയാം.... എനിക്ക് വേണ്ടി അഭിനയിക്കേണ്ട.... അവളുടെ മൂക്കിൽ ഉരസി കൊണ്ട് പറഞ്ഞു....

പറയതെ എന്നെ മനസ്സിൽ ആക്കാനുള്ള നീ തന്നെയാണ് എന്റെ ധൈര്യം...... അവന്റെ കഴുത്തിലൂടെ കയ്യിട്ട് നെഞ്ചോട് ചേർന്നു കിടന്നു.....

വാടിയ താമരതണ്ടുപോൽ അവളെ കണ്ടതും അവന്ന് ചെറിയ വിഷമം തോന്നി..... അതേ സമയം

അവൾ എല്ലാ അർത്ഥത്തിൽ തന്റേത് മാത്രം ആയതിനാൽ സന്തോഷവും....

എന്താ നോക്കുന്നെ....

തീരെ സ്റ്റാമിന പോരെന്നു..... ഇങ്ങനെ പോയാൽ എങ്ങനാ..... അവന്റെ കുസൃതി

ചിരിയിയോടുള്ള പറച്ചിൽ കേട്ട് നാണത്തോടെ അവന്റെ കഴുത്തിൽ മുഖം പൂഴ്ത്തി...... അവളെയും കൊണ്ട് വെള്ളത്തിൽ ഇറങ്ങിയതും നീറ്റൽ കൊണ്ട് അവൾ എരിവ് വലിച്ചു.... കണ്ണ് നിറഞ്ഞു......

അവളെക്കാൾ നീറ്റൽ കൊണ്ട് പിടഞ്ഞത് അവൻ ആയിരുന്നു....

എന്ത് പറ്റി അവൾ പേടിയോടെ അവന്നെ നോക്കി.....

അവൻ മറുപടി പറയാതെ അവളെ കൈ പിടിച്ചു

വിരൽ നോക്കി..... ഇന്ന് തന്നെ നഖം വെട്ടിയില്ലെങ്കിൽ അപ്പൊ പറയാം.... അവൻ അവളെ നോക്കി കണ്ണുരുട്ടി....

അവൾ അവന്റെ ദേഹത്തേക്ക് നോക്കി.

അവന്റെ പുറം മുഴുവൻ മാന്തിപറിച്ചിട്ട് ഉണ്ട്..... തോളിൽ അവളുടെ പല്ല് അടയാളം കണ്ടതും അവന്നെ നോക്കാൻ ആവാതെ ചമ്മലോടെ അവൾ വെള്ളത്തിൽ മുങ്ങി....

രണ്ടുപേരുടെയും മുഖത്ത് മനോഹരമായ ഒരു പുഞ്ചിരി വിരിഞ്ഞിരുന്നു.....

കുളിച്ചു കഴിഞ്ഞപ്പോൾ കുറച്ചു ആശ്വാസം തോന്നി അവർക്ക് രണ്ടാൾക്കും.... ഡ്രസ്സ് മാറ്റി അവർ പോകാൻ ഇറങ്ങി.... അവൾ ഒന്ന് കൂടി തിരിഞ്ഞു നോക്കി......

നമ്മുക്ക് ഒരിക്കൽ മറക്കാൻ ആവാത്ത നിമിഷങ്ങൾ സമ്മാനിച്ച ഈ സ്ഥലം എന്നും ഓർമയിൽ ഉണ്ടാകും.... ഒരിക്കൽ കൂടി നമുക്ക് വരാം പോരെ.....

അവൾ സന്തോഷതോടെ അവന്റെ കവിളിൽ ചുംബിച്ചു.....

അവൻ അവളെയും എടുത്തു ആയിരുന്നു നടന്നത്.... അവൾ വേണ്ടെന്നു പറഞ്ഞിട്ടും കേട്ടില്ല.... അവൾക്ക് ശരിക്കും നടക്കാൻ പോയിട്ട് നേരെ നിൽക്കാനുള്ള ശേഷി ഇല്ലായിരുന്നു..... തന്റെ മനസ്സ് അറിയുന്ന ആളെ തന്നെ കിട്ടിയതിൽ അവളും പടച്ചോനോട് മനസ്സറിഞ്ഞു നന്ദി പറഞ്ഞു

ഡീ നാളെ മുതൽ ഒരു മണിക്കൂർ ഉച്ച സമയത്ത് വെയിലിൽ നിൽക്കണം

അതെന്തിനാ.... ഞാൻ കറുത്ത് പോകില്ലേ

എന്നെ കൊണ്ട് ഒന്നും വയ്യ.... അല്ല എന്തിനാ അങ്ങനെ ചെയ്യുന്നേ

അത് വഴിയേ മനസ്സിൽ ആയി കൊള്ളും അവൻ അവളെ മൊത്തത്തിൽ ചുഴിഞ്ഞു നോക്കി പറഞ്ഞു....

ഇടക്ക് ക്ഷീണം മാറ്റാൻ വിശ്രമിച്ചും ഇരുന്നും കിടന്നും ഒക്കെ എങ്ങനെയൊക്കെയോ ഒരു നടപ്പാതയിൽ എത്തി.....

അവൻ ആശ്വാസത്തോടെ ചുറ്റും നോക്കി

ശബ്ദം കേട്ട് തിരിഞ്ഞു നോക്കിതും അവരെ പൊതിഞ്ഞിരുന്നു നാല് കൈകൾ....

പടച്ചോനെ ഒന്ന് വിട് എന്നെ.... ഈ പ്രോപ്പർട്ടി ഒന്ന് താഴെ എങ്കിലും വെക്കട്ടെ.

കൈകടഞ്ഞിട്ട് വയ്യ.... അവൻ നിലവിളി പോലെ പറഞ്ഞു....

ഇജുവും ജുനുവും അവരെ വിട്ടു. ഇനുവിനെ താഴെ നിർത്തി.... ഇജു അവളെ ഇറുമ്പടക്കം കെട്ടിപിടിച്ചു.... അവരെ രണ്ടു പേരെയും ഇനു ചേർത്ത് പിടിച്ചു.... മൂന്ന് പേരുടെയും കണ്ണുകൾ നിറഞ്ഞൊഴുകി.... അവരുടെ സ്നേഹപ്രകടനം കണ്ടു ഫൈസിയുടെ കണ്ണും നിറഞ്ഞു.... പോലിസ് പടയും ഓക്കെ അവരെ കൗതുകത്തോടെ നോക്കുന്നത് അവൻ കണ്ടു.....

നിങ്ങൾ എങ്ങനെ ഇവിടെയെത്തി....

ഫൈസ് ആകാംഷയോടെ ചോദിച്ചു.....

അതിന്ന് ജുനു ആയിരുന്നു മറുപടി പറഞ്ഞത്.....

നിന്റെ കാർ ഇന്നലെതന്നെ കണ്ടു പിടിച്ചു.

പിന്നെ അതിന്റെ ചുറ്റുപാടും നിരീക്ഷിച്ചപ്പോൾ ഒരു ബിൽഡിങ് കണ്ടത് അവിടം അരിച്ചു പെറുക്കിയപ്പോൾ അവൾക്ക് ഇജു കൊടുത്ത മാല അവിടെ ബെഡ്റൂമിൽ വെച്ച് കിട്ടി.... അപ്പൊ ഉറപ്പിച്ചു അവൾ അവിടെ ഉണ്ടായിരുന്നു എന്ന്.... അവിടെ രക്തപ്പാട് ഉണ്ടായിരുന്നു

അത് കൊണ്ട് ചുറ്റുപാടുള്ള ഹോസ്പിറ്റലിൽ ബേസ് ചെയ്തു ഫുൾ ചെക്കിങ്.... അങ്ങനെ ആ ടീമിൽ ഉള്ള ഒരാളെ അഡ്മിറ്റ് ചെയ്ത ഡീറ്റെയിൽസ് കിട്ടി. പോലിസ് ചോദിച്ചപ്പോ ഒന്നും വിട്ടു പറഞ്ഞില്ല പിന്നെ ഞാനും ഇജു കൂടി ചോദിക്കേണ്ട പോലെ ചോദിച്ചപ്പോ സത്യം മുഴുവൻ പറഞ്ഞു.

പെൺകുട്ടികളെ തട്ടി കൊണ്ട് പോയി പീഡിപ്പിച്ചു കൊന്നു കളയുന്നത് അവർക്ക് ഒരു ഹോബി ആയിരുന്നു പോലും.... ഇനുവിന്റെ ദേഹത്തു കൈ വെച്ചു എന്ന് ഒരുത്തൻ പറഞ്ഞതെ ഓർമ്മയുള്ളൂ. അടുത്തുള്ള ഒരു പോലീസിന്റെ റിവോൾവർ പിടിച്ചു വാങ്ങി ഇജു ഷൂട്ട് ചെയ്തു.... ചത്തോ ജീവനോടെ ഉണ്ടോന്ന് പടച്ചോൻ അറിയാം..... ബാക്കിയുള്ളോരേ അവസ്ഥയും ജീവൻ ഉണ്ടെന്ന് ഉള്ളു.....

ഭ്രാന്ത് കേറിയ ഇവനെ പിടിച്ചു കെട്ടിയ കൊണ്ട് വന്നത്. അവർ ഒരു കാര്യം പറഞ്ഞു ഇനു നിന്റെ കയ്യും പിടിച്ചു കാടിന്റെ ഭാഗത്തേക്ക് ഓടിയെന്ന്.... അവർ കുറച്ചു ദൂരം പരതി നോക്കി വിട്ടു പോലും.... നാട്ടിൽ എത്തിയ ഞങ്ങളെ നിങ്ങൾ കൊണ്ടാക്ക് ചെയ്യും അതില്ലാത്തോണ്ട് ഉറപ്പിച്ചു കാട്ടിൽ പെട്ടുന്നു. ഇന്നലെ തുടങ്ങിയതാ സേർച്ച്.

എന്നാലും എനിക്ക് രണ്ടു പൊട്ടിക്കാൻ അവരെ വെറുതെ വിടാരുന്നു....അവൻ നിരാശയോടെ പറഞ്ഞു.

എനിക്ക് ഒരു തല്ല് കൊടുക്കാൻ ഉള്ള ചാൻസ് കിട്ടിയിട്ടില്ല. അപ്പോഴാ നിനക്ക്.... ഏതായാലും രണ്ടു കാലിൽ ആരും നിവർന്നു നിൽക്കില്ല.... ഷൂട്ട് ചെയ്തവനെ കലക്ടറേ ഷൂട്ട് ചെയ്യാൻ ശ്രമിച്ചതിന്ന് ജീവൻ രക്ഷിക്കാൻ പോലിസ് വെടി വെച്ചു എന്ന എഫ് ഐ ആർ എഴുതിയെ.

ഞാൻ കേസ് ക്ലോസ് ചെയ്തു. അവളെ പേര് എവിടെയും വരണ്ട കരുതി.

അവർ കാറിൽ കേറിയിട്ടും ഇജു അവളെ വിടാതെ ചേർത്ത് പിടിച്ചിരുന്നു.... വല്ലാതെ പേടിച്ചു പോയിരുന്നു എന്ന് അവന്റെ മുഖത്ത് നിന്നും ഫൈസിക്ക് മനസ്സിൽ ആയിരുന്നു.

ടാ ഏതെങ്കിലും ഹോസ്പിറ്റലിൽ പോയിട്ട് വീട്ടിൽ പോയ മതി..... ഇജു ജുനുവിനോട് പറഞ്ഞു.....

ഞങ്ങൾക്ക് കുഴപ്പം ഒന്നും ഇല്ല വീട്ടിലേക്ക് പോയ മതി ഇനു പറഞ്ഞു.

മിണ്ടാതിരുന്നോണം.... ദേഹത്ത് മൊത്തം പാടുകളും മുറിവ് ഉള്ളു.... കാട്ടിൽ കഴിഞ്ഞോണ്ട് ഇൻഫെക്ഷൻ ആണെന്ന് തോന്നുന്നേ.

അവൾ കാറിലെ മിററിലൂടെ നോക്കി....

ചുവപ്പ് അടിച്ചിന് മൊത്തം.... ചിലയിടത്തു നീലിച്ച

പാടുകൾ..... ഫൈസിയുടെ സ്നേഹസമ്മാനം ആണെന്ന് ഓർത്തു അവളിൽ നാണം കലർന്നു. ഹോസ്പിറ്റലിൽ പോയ അവസ്ഥ ഓർത്തു അവൾ വിയർത്തു ഒലിച്ചു... അവൾക്ക് അപ്പോഴാ ഫൈസ് വെയിലത്തു നിൽക്കാൻ പറഞ്ഞതിന്റെ കാരണം ഓടിയത്..... ശുദ്ധ വെളുപ്പ് ആയോണ്ട് പെട്ടെന്ന് ദേഹത്ത് പാടുകൾ തെളിഞ്ഞു കാണിക്കുന്നുണ്ട്.... അവൾ മുഖം കൂർപ്പിച്ചു ഫൈസിയെ നോക്കി...

അവൻ ചെറുചിരിയോടെ പുറത്തേക്ക് നോക്കി ഇരുന്നു....

ഇജുക്ക എനിക്ക് ഡ്രസ്സ് ഓക്കെ മാറ്റി ഒന്ന് കിടന്നമതി.... എനിക്ക് കുഴപ്പം ഒന്നൂല്യ...

അവളെ വാശി കാരണം ഇജു സമ്മതിച്ചു..

വീട്ടിൽ എത്തിയതും അവൾ ഡ്രസ്സ് ചെയ്തു വരുമ്പോഴേക്കും ഫുഡ് ആയി ഇജുവും ജുനുവും കാത്തിരിക്കുന്നുണ്ടായിരുന്നു. അവർ തന്നെ വായിൽ

വെച്ചു കൊടുത്തു....

ഫൈസ് അസൂയയോടെ അത് നോക്കി നിന്നു.....
പിന്നെ അവനും അവരെ അടുത്ത് പോയി ഇരുന്നു....

അതേ അവൾ മാത്രം അല്ല ഈ അളിയനും കാണാതായിട്ട് തിരിച്ചു കിട്ടിതാ ഓർമ വേണം.... അവൻ മുഖം കോട്ടി പറഞ്ഞു......

അച്ചോടാ വാവേ പിണങ്ങല്ലേ എന്ന് പറഞ്ഞു ജുനു അവന്റെ വായിൽ വെച്ചു കൊടുത്തു.... പിന്നാലെ ഇജുവും.....

അവരുടെ സ്നേഹപ്രകടനം നോക്കി ബാക്കിയെല്ലാവരും ഉണ്ടായിരുന്നു വാതിൽക്കൽ.....

❤️❤️❤️❤️❤️

രാത്രി ആയിട്ടും ഒരാളും പോകുന്നില്ലെന്ന് കണ്ടപ്പൊഴാ ഫൈസ് ദയനീയതയോടെ ഇനുവിനെ നോക്കിത്..... വന്നിട്ട് തനിച്ചു ഒന്ന് മിണ്ടാൻ പോലും

കിട്ടിയിട്ടില്ല..... ഇജുവും ജുനുവും ഇടത്തും വലതും എന്ന പോലെ കൊണ്ട് നടക്കാരുന്നു.... ഇത് രണ്ടു വയസ്സുള്ള കുട്ടി ആണോന്ന് പോലും അവന്ന് തോന്നി....

അവൻ അവരെ പറഞ്ഞയക്കാൻ ഉള്ള അടവ് എടുത്തിട്ടും ഒരു രക്ഷയും ഇല്ലെന്ന് മനസ്സിൽ ആയി.... അവസാനം രണ്ടും കല്പിച്ചു ചോദിച്ചു...

നിങ്ങൾ പോകുന്നില്ലേ..... ലേറ്റ് ആയി....

ഇജു രൂക്ഷമായി അവനെ നോക്കി....

അല്ല അളിയാ അവൾക്ക് നല്ല ക്ഷീണം ഉണ്ട് ഉറങ്ങണം എന്ന് പറഞ്ഞു...... എനിക്കും ഉണ്ട് ക്ഷീണം.... അവൻ കോട്ട് വായ ഇട്ടു....

നീ വേറെ റൂമിൽ പോയി കിടന്നോ ഞങ്ങൾ ഇന്ന്

അവളെ കൂടെ കിടക്കു... ജുനു പറഞ്ഞതും കിളി പോയ പോലെ ഫൈസ് മൂന്നാലെയും നോക്കി....

അവൻ അരിശത്തോടെ എല്ലാരേം നോക്കി ചവിട്ടി തുള്ളി സോഫയിൽ പോയി കിടന്നു....

ഇനു ചിരി കടിച്ചു പിടിച്ചു നിന്നു....

അവനെ പോലെ അവളും ആഗ്രഹിക്കുന്നുണ്ടായിരുന്നു അവന്റെ ചൂട്തട്ടി കിടക്കാൻ.... തന്നെ കൊച്ചു കുഞ്ഞുങ്ങളെ പോലെ ചേർത്ത് പിടിച്ചു നിൽക്കുന്ന അവരുടെ ഉള്ളിലെ ഭയം ഇപ്പോഴും വിട്ടു പോയിട്ടില്ലെന്ന് അവൾക്ക് അറിയാരുന്നു. അവരെ ആശ്വസിപ്പിക്കാൻ അവരെ നടുക്ക് ചേർത്ത് പിടിച്ചു കിടന്നു.... തന്നെ മോഹത്തോടെ നോക്കുന്ന ഫൈസിയുടെ കണ്ണുകൾ അവൾ കണ്ടിലേന്ന് നടിച്ചു.....

❤❤❤❤

രാവിലെയും അവളെ കാണുവാനും

ആശ്വസിപ്പിക്കാനും വീണ്ടും എല്ലാരും എത്തി... ഇജു ആണെങ്കിൽ അവളെ വിട്ടു മാറി നിന്നെ ഇല്ല.... അവൻ അരിശം കടിച്ചമർത്തി നിന്നു...... അത്തിപ്പഴം പഴുത്തപ്പോൾ കാക്കക്ക് വായിൽ പുണ്ണ് എന്ന് കേട്ടിട്ടേ ഉള്ളു.... ഇപ്പൊ അറിഞ്ഞു...

അവൻ ഇജുവിനെയിം ജുനുവിനെയും നോക്കി പിറുപിറുത്തു.....

ഉച്ചക്ക് ഫുഡ് കഴിക്കാൻ ഇരുന്നപ്പോൾ ആണ് ഇജു ഇനുവിനെ വിളിച്ചത്.....

റംസി എല്ലായിടത്തും പോയി നോക്കി.... ഇനുവും ഫൈസ് മിസ്സിംഗ് ആണ്.... ഫോണിൽ വിളിച്ചപ്പോൾ ഫോൺ റൂമിൽ നിന്നും റിങ് ചെയ്തു..... എല്ലാവരും റൂമിലേക്ക് പോയി...... രണ്ടു ഫോൺ മേശയിൽ നിന്ന് റിങ് ചെയ്യുന്നുണ്ട് അതിന്റെ അടിയിൽ ഒരു വൈറ്റ് പേപ്പർ കണ്ടു അവർ അതെടുത്തു വായിച്ചു.....

എന്റെ ഫീലിംഗ്സ് മനസ്സിൽ ആക്കാത്ത

പെങ്ങളെ ജീവനെപോലെ സ്നേഹിക്കുന്ന എന്റെ

അളിയന്മാർ വായിക്കാൻ ഈ പുന്നാര അളിയന്റെ രോദനം....

ഭാര്യയെ തട്ടിക്കൊണ്ടു പോകുന്ന ലോകത്തിലെ ഏക ഹതഭാഗ്യവാൻ ഞാൻ ആയിരിക്കും...പെങ്ങളെ സ്നേഹിക്കാം ഓവർ ആകരുത്.... നിങ്ങളുടെ സ്നേഹപ്രകടനത്തിന് ഇടയിൽ നിങ്ങൾ എന്നെങ്കിലും ഈ അളിയനെ ഓർത്തിട്ട് ഉണ്ടോ... വികാരം വിചാരം ഉള്ള ഒരു പുരുഷൻ ആണ് ഞാനും.... എന്റെ അവസ്ഥ നിങ്ങൾക്ക് ആർക്കും പറഞ്ഞ മനസ്സിൽ ആവില്ല. കെട്ട് കഴിഞ്ഞിട്ട് കൊല്ലം ഒന്നാവാൻ കുറച്ചു മാസം കൂടി ഉള്ളു.... അതിനിടയിൽ എനിക്ക് അവൾക്ക് പരസ്പരം സ്നേഹിക്കുവാനോ ജീവിക്കുവാനോ കഴിഞ്ഞിട്ട് ഇല്ല. എന്നും എപ്പോഴും പ്രോബ്ലംസ്..... ഇവൾക്ക് ആണെങ്കിൽ നാട്ടുകാരെ മൊത്തം കാര്യം ആലോചിക്കാൻ ടൈം ഉണ്ട്.... എന്റെ കാര്യത്തിൽ അതും ഇല്ല..... സ്നേഹം കൊടുക്കാനും കൂടുതൽ ആളുള്ളത് പ്രശ്നം ആണ്..... അത് എനിക്ക് മനസ്സിൽ ആയി.ഇന്നലെ രാത്രിയോടെ ഒരു കാര്യം മനസ്സിൽ ആയി എനിക്ക് ഒരു നിമിഷം പോലും

അവളെ ഇനിയും കാത്തിരിക്കാൻ പറ്റില്ലെന്ന്. അപ്പോൾ തന്നെ ഞാൻ ഒരു കാര്യം തീരുമാനിച്ചു.... അവളെയും കൊണ്ട് നാട് വിടലെ രക്ഷയുള്ളുന്ന്.... അവൾ അറിഞ്ഞ സമ്മതിക്കില്ല കുടുംബത്തോടെ കൂട്ടി പോകാന്നു പറയും..... തല്ക്കാലം അത്രയും വിശാല മനസ്സ് എനിക്ക് ഇല്ല. അത് കൊണ്ട് ഞാൻ ഇവളെയും കൂട്ടി നാട് വിടുന്നു. എവിടേക്ക് എങ്ങനെ ഇപ്പോൾ.... എന്നൊന്നിനും എന്റെ കയ്യിൽ മറുപടി ഇല്ല. ഞാൻ അവളെയും എന്റെയും പാസ്സ്പോർട്ട് മാത്രം എടുക്കുന്നുള്ളു.... ഫോൺ പോലും എടുക്കാത്തത് ഞങ്ങൾകിടയിൽ അതും ശല്യം ആയി തോന്നുന്നത് കൊണ്ടാണ്.  നിങ്ങൾ ഇത് വായിക്കുമ്പോൾ ഞാൻ ഫ്ലൈറ്റ്ൽ ആയിരിക്കും ഉണ്ടാവുക. എവിടേക്ക് ചോദിക്കണ്ട പറയാൻ മനസ്സില്ല . ജർമ്മൻ പാരീസ് ദുബായ് സ്വിസർലൻഡ് ഇതൊക്കെ ഞാൻ ഇവളെയും കൂട്ടി പോകണം ആഗ്രഹിച്ച സ്ഥലം ആണ്.... അവിടെയും പിന്നെ പേരില്ലാത്ത ഒരു പാട് സ്ഥലങ്ങൾ

ചുരുക്കി പറഞ്ഞ ഒരു മാസത്തെ ട്രിപ്പ്.....

അതിൽ കൂടുതൽ നിങ്ങളെ പെങ്ങൾ നിങ്ങളെ കാണാതെയും മിണ്ടാതെയും ഇരിക്കില്ല.... അതോണ്ട്

തല്ക്കാലം ഒരു മാസത്തേക്ക് പോകുന്നത്.....പിന്നെ നിങ്ങൾ എല്ലാ വിശേഷവും fb ഇൻസ്റ്റ പോലുള്ള മീഡിയസൽ പങ്ക് വെക്കണം ഞങ്ങൾ കണ്ടോളാം..... സർപ്രൈസ് ആയി എങ്ങനെ എങ്കിലും ഞങ്ങളുടെ ഹണിമൂൺ ഫോട്ടോസ് ഞാൻ മറക്കാതെ അയച്ചു തരും....പിന്നെ വേറൊരു കാര്യം നിങ്ങളുടെ അനിയത്തി ഭ്രാന്ത് കാരണം എന്നെപോലെ കഷ്ടപ്പെടുന്ന രണ്ടു പെങ്ങൾ എനിക്ക് ഉണ്ട്. ഈ ഒരു മാസം അവരെ മാത്രം പരിഗണിച്ചു അവരെ പ്രണയിച്ചു ജീവിക്കാൻ നോക്ക്. അപ്പൊ കൃത്യം ഒരു മാസം കഴിഞ്ഞു കാണാം അത് വരേയ്ക്കും ഒരു ചിന്ന ഗുഡ് ബൈ...

-----എന്ന് നിങ്ങളുടെ സ്വന്തം അളിയൻ.......

എല്ലാവരും കിളി പോയ പോലെ ആ കത്തും പിടിച്ചു നിന്നു......

അതിനേക്കാൾ കിളി പാറി ഫൈസിയുടെ തോളിൽ ചാരി ഇനുവും ഇരുന്നു....

എന്നാലും ഈ ചതി എന്നോട് വേണ്ടായിരുന്നു. ഒരു ഗ്ലാസ് വെള്ളം ഗാഡനിൽ കൊണ്ട് തരുമോ എന്ന് ചോദിച്ചു വെള്ളം കൊണ്ട് വന്ന ഞാൻ ഇപ്പൊ ഫ്ലൈറ്റ്ൽ ഇരിക്കുന്നു..... എവിടേലും ഉണ്ടാകോ ഇങ്ങനെ ഹണിമൂൺ പോകുന്നോർ......

നിന്റെ പോലത്തെ നട്ട് ലൂസുള്ള ആങ്ങളമാർ ഉണ്ടായാൽ എന്നെ പോലുള്ള അളിയന്മാർ ഇതും ഇതിൽ അപ്പുറം ചെയ്തു പോകും..... അവൻ ചെറു ചിരിയോടെ പറഞ്ഞു.....

ഒരു ജോഡി ഡ്രസ്സ് എങ്കിലും എടുക്കരുന്നു

അവൾ ചുണ്ട് കോട്ടി പറഞ്ഞു.....

നിനക്ക് ഡ്രസ്സ് ആയി ഞാൻ പോരെ....

പോടാ.... വാ തുറന്ന വഷളത്തരം പറയു..

അവൾ കയ്യിൽ നുള്ള് വെച്ചു കൊടുത്തു.

സത്യം പറയ് എവിടെ   ക്കാ പോകുന്നെ... എന്താ ഉദ്ദേശം....

നമുക്കു ഗ്രാമങ്ങളിൽ ചെന്നു രാപാർക്കാം.

അതികാലത്ത് എഴുന്നേറ്റു മുന്തിരിത്തോട്ടങ്ങളിൽ പോയി

മുന്തിരിവള്ളി തളിർത്തു പൂ വിടരുകയും

മാതളനാരകം പൂ  ക്കയുംചെയ്തുവോ എന്നു നോക്കാം;

അവിടെവെച്ചു ഞാൻ നിനക്ക് എന്റെ പ്രേമം തരും.

ദൂദായ്പഴം സുഗന്ധം വീശുന്നു;

നമ്മുടെ വാതിൽക്കൽ സകലവിധ വിശിഷ്ടഫലവും ഉണ്ട്;

എന്റെ പ്രിയാ, ഞാൻ നിനക്കായി പഴയതും പുതിയതും സംഗ്രഹിച്ചിരിക്കുന്നു.

സംഭവം മനസ്സിൽ ആയി ബാക്കി ഫുൾ എനിക്കും അറിയാം......

അവൾ ചുറ്റും നോക്കി....

എന്താ നോക്കുന്നെ

ഇത് വഴി ചാടിയ രക്ഷപെടൊന്ന്....

നിന്റെ കൂടെ വരുന്നതിലും ഭേദം അതാണ്

എന്റെ കയ്യിൽ നിന്നും ഒരു മോചനം ഇല്ല ഖൽബെ അതും പറഞ്ഞു അവളെ കഴുത്തിലൂടെ കയ്യിട്ട് അവളെ ചേർത്തു പിടിച്ചു....

എനിക്കൊരു മോചനം വേണ്ട ഹബ്ബി.....

അവൾ ചെറു ചിരിയോടെ അവനോട് ചേർന്നു ഇരുന്നു.

❤️❤️❤️

റി സ ഫ്രണ്ടിന്റെ കൂടെ ഫുഡ് കഴിച്ചു കാറിൽ കേറാൻ നോക്കുമ്പോൾ റെസ്റ്റോറന്റ്ൽ മുന്നിൽ ശഹിയുടെ കാർ കണ്ടു അവൾ നോക്കി.

ശഹിയും ഒരു പെണ്ണും സംസാരിക്കുന്നത് കണ്ടു..... തിരി ഞ്ഞു നിന്നതിനാൽ പെൺകുട്ടിയുടെ മുഖം അവർ കണ്ടില്ല..

അവൻ  കാറിൽ നിന്നും സൂട്ട്കേസ് എടുത്തു അവളെ ചുമലിലൂടെ കയ്യിട്ട് ചേർത്ത് പിടിച്ചു അകത്തേക്ക് കേറി പോയി..... മുഖം കണ്ടില്ലെങ്കിലും അവൾ പ്രഗ്നൻറ് ആണെന്ന് അവൾക്ക് മനസ്സിൽ ആയി.... വയറു ചെറുതായി കാണുന്നുണ്ട്..... അവൾ സ്റ്റെപ്പ് കേറുമ്പോൾ കാൽ തടഞ്ഞതും ശഹി അവളെ കെയർ ചെയ്തു പിടിക്കുന്നതും

അവളെ വഴക്ക് പറയുന്നത് അവൾ അത്ഭുതതോടെ നോക്കിയത്.

പെട്ടെന്ന് രണ്ടു പേരുടെയും കണ്ണുകൾ ഇടഞ്ഞു..അവളെ ചൂണ്ടി ആ പെണ്ണിനോട് എന്തൊക്കെ പറയുന്നത് കണ്ടു.....

അവൾ പോകാൻ നോക്കിതും ആ പെണ്ണ് വിളിച്ചു. അവൾ തിരിഞ്ഞു നോക്കി.

കൂടെയുള്ള പെണ്ണ് അവളെ നോക്കി കൈ കാണിച്ചു.....എന്നിട്ടു അടുത്തേക്ക് വന്നു.

ശഹി കാറിൽ ചാരി നിന്നെ ഉള്ളു....

റിസ അവളെ നോക്കി...... ഒരു മദാമ്മ.... വെളുത്തു തുടുത്തു നല്ല മുഖകാന്തിയുള്ള ഒരു വെള്ളപാറ്റ. വയറു കുറച്ചു വീർത്തിട്ട് ഉണ്ട്... വയറിൽ കൈ വെച്ചു ശ്രദ്ധയോടെ നടക്കുന്നത്. ഇന്നർ പോലുള്ള സ്കെർട്ട് ഇട്ടത്. വയറു പുറത്തു കാണുന്നുണ്ട്. ഇംഗ്ലീഷ് കാരി ആയോണ്ട് അവൾക്ക് ഡ്രെസ്സിൽ വലിയ മോശമായി തോന്നിയില്ല.... ഇതെന്നെ കൂടുതലാ തോന്നിയെ.

ആർ യൂ റിസ..... അവൾ കൈ കൊടുത്തു

അവൾ തിരിച്ചു കൈ കൊടുത്തു.....

എനിക്ക് കുറച്ചു സംസാരിക്കാൻ ഉണ്ട്....

മലയാളം ഇംഗ്ലീഷ് കലർത്തി അവൾ പറഞ്ഞു.

അവൾ കുറച്ചു മാറി നിന്നു....

ശഹി  നിന്നെപറ്റി പറഞ്ഞു അറിയാം.....

നീ ശഹിയെ പ്രണയിക്കുന്നുണ്ട് എന്ന് പറഞ്ഞു. അവനെ ഓർത്തു ലൈഫ് സ്പോയിൽ ചെയ്യുകയാണ് പറഞ്ഞു.

ശഹിയുടെ മനസ്സിൽ ഒരിക്കലും നിന്നെ നല്ലൊരു ഫ്രണ്ട് എന്നതിൽ കവിഞ്ഞു തോന്നിയിട്ടില്ല. ഇനി ഉണ്ടാവാനും പോകുന്നില്ല. അവനെ ഓർത്തു വീട്ടിലുള്ളവരെ വിഷമിപ്പിക്കരുത്. ഒരിക്കലും അവന്ന് നിന്നെ ഭാര്യയായി  കാണാൻ കഴിയില്ല.... ഇത് പറയാൻ എന്നോട് പറഞ്ഞു. അവന്ന് നേരിട്ട് പറയാൻ ഒരു മടി. അത് കൊണ്ട ഞാൻ വന്നു

പറഞ്ഞത്......

റിസ ഉള്ളിലെ വിഷമം പുറത്ത് കാണിക്കാതെ പുഞ്ചിരിച്ചു. ഞാൻ അതൊക്കെ എന്നെ വിട്ടതാണ്....ഞാൻ ഒരിക്കലും ശല്യം ആയി അവന്റെ ലൈഫിൽ വരില്ല. അതോർത്തു പേടിക്കണ്ട എന്ന് പറഞ്ഞേക്ക്.

അവൾ ഒന്ന് മൂളി.....

വിഷയം മാറ്റാൻ എന്ന വണ്ണം അവൾ എത്ര മാസം ആയിന്നു ചോദിച്ചു....

ഫൈവ്....

ഹസ്ബൻഡ് കൂടെ ഉണ്ടോ.....

**Yezzz**

**എവിടെ..... അറിയാതെ ചോദിച്ചു പോയത് ആയിരുന്നു അവൾ.....**

**ആ പെണ്ണ് കൈ ചൂണ്ടിയിടത്തേക്ക് നോക്കി അവൾ ഞെട്ടലോടെ ആ മദാമ്മ പെണ്ണിനെ നോക്കി.. അവൾ ചൂണ്ടിയിടത്**

**ശഹി മാത്രം ഉള്ളു..... ശഹി ഒരു പെൺകുട്ടിയോട് സംസാരിക്കുന്നുമുണ്ട്.**

**തെറ്റിപോയത് ആണെന്ന് കരുതി അവൾ വീണ്ടും ചോദിച്ചു....**

**കാണുന്നില്ലല്ലോ......**

**വീണ്ടും ശഹിയുടെ നേർക്ക് ആണ് വിരൽ ചൂണ്ടിയത്...... അവൾ ഞെട്ടലോടെ ആ പെണ്ണിനെ**

നോക്കി......

അവളുടെ മുഖം ചുവന്നു തുടുത്തിരുന്നു..

ആ കണ്ണുകൾ വിളിച്ചു പറയുന്നുണ്ടായിരുന്നു അവളുടെ പ്രണയം..... അവളുടെ മിഴികളിലെ പ്രണയവും പുഞ്ചിരി തൂകിക്കൊണ്ട് അങ്ങോട്ട് നോക്കുന്നതും കണ്ടപ്പോൾ തന്നെ റിസക്ക് അതിൽ കൂടുതൽ ചോദിക്കാൻ തോന്നിയില്ല....

അപ്പോൾ നൈഹ...... അവളോട് ശഹി കാണിക്കുന്ന സ്നേഹം.....അവളുടെ ഉള്ളിൽ ചോദ്യചിഹ്നം പോലെ ഉയർന്നു വന്നു.

❤❤❤❤

ഒന്നര മാസങ്ങൾക്ക് ശേഷം..........

ഫൈസിയുടെ വീട്ടിൽ...... വീണ്ടും എല്ലാവരും ഒത്തുകൂടി.... ഇനുവും ഫൈസ് ഹണിമൂൺ കഴിഞ്ഞു രണ്ടു മൂന്ന് ദിവസം ആയി നാട്ടിൽ എത്തിയിട്ട്. ജുനു

അപ്പോഴേക്കും നാട്ടിൽ തന്നെ കലക്റ്റർ ആയി ചാർജ് എടുത്തു..... റാനിയും ഇജുവും വഴക്കൊക്കെ ഒഴിവാക്കി ഇപ്പോൾ പ്രണയജോടികൾ ആയി വിലസുന്നു. ഇനുവിനെ കാണാത്ത സങ്കടം രണ്ടുപേരും പരസ്പരം താങ്ങായി തീർത്തു പ്രണയത്തിൽ എത്തിന്ന് ആയിരുന്നു യാഷിന്റെ കണ്ടു പിടിത്തം....

ഇനുവും ഫൈസ് എത്തിയതറിഞ്ഞു എല്ലാവരും വന്നിട്ടും ഇജു മാത്രം വന്നില്ല. അവർ വിളിച്ചിട്ട് ഫോണും എടുത്തില്ല.... ഇജു ബിസിനസ് ആവിശ്യം ബാംഗ്ലൂർക്ക് പോയിരുന്നു. അതോണ്ട് അങ്ങോട്ട് പോകാൻ ഇനുവിനും കഴിഞ്ഞില്ല.

എന്നെ വേണ്ടന്ന് വെച്ചു പോയതല്ലേ എന്നും പറഞ്ഞു കൊച്ചു കുട്ടിയെ പോലെ വാശി പിടിച്ചു ഇരുന്നു ഇജു .....

രാവിലെ ഇജുക്ക ജന്നത്തിൽ ലാൻഡ് ചെയ്തു പറഞ്ഞു യാഷ് വന്നു.... അത് കേട്ടപ്പോൾ തൊട്ട് ഞാൻ അങ്ങോട്ട് പോയി കണ്ടോളാം പറഞ്ഞു ഇനു യാഷിനെയും കൂട്ടി ജന്നത്തിലേക്ക് പോയി

അവൾ പോയി മിണ്ടിയ തീരുന്ന പ്രോബ്ലം മാത്രം ഉള്ളുന്ന് എല്ലാർക്കും അറിയാരുന്നു

അത് കൊണ്ട് ആരും തടഞ്ഞില്ല. വൈകുന്നേരം ആയിട്ടും ഇനുവിന്റെ ഒരു വിവരം കേൾക്കാതെ ഫൈസ് വിളിച്ചു നോക്കി.... ഫോൺ സ്വിച് ഓഫ് കണ്ടു യാഷിനെ വിളിച്ചെങ്കിലും അതും സ്വിച് ഓഫ് ആയിരുന്നു...... ഫൈസ് ഇജുവിനെ വിളിച്ചുവെങ്കിലും അവൻ ഫോൺ എടുത്തില്ല.... എന്തോ ഒരു ഭയം അവനെ പിടികൂടി... അവൻ അപ്പോൾ തന്നെ ജന്നത്തിലേക്ക് പോയി....

ഫൈസിയെ കണ്ടു എല്ലാവരും സന്തോഷതോടെ സ്വീകരിച്ചുവെങ്കിലും ഇനുവും യാഷ് എവിടെ എന്ന ചോദ്യത്തോടെ ആ സന്തോഷം അവസാനിച്ചിരുന്നു..... അവൾ അവിടേക്ക് വന്നിട്ടില്ല എന്ന് പറഞ്ഞതും അവൻ ഞെട്ടിയിരുന്നു..... ഇജു ആദ്യം കളിയായി തോന്നിയെങ്കിലും ഫൈസ് എല്ലാവരെയും വിളിച്ചു അന്വേഷിക്കുന്നത് കണ്ടു സംഭവം സീരിയസ് ആണെന്ന് അവന്ന് മനസ്സിൽ ആയി..... എല്ലാവരും

എല്ലായിടത്തും ഭ്രാന്ത് പിടിച്ച പോലെ അവരെ അന്വേഷിച്ചു നടന്നു..... പോലിസ് അന്വേഷത്തിൽ ആക്സിഡന്റ് ആയി ആ പ്രായത്തിൽ ഉള്ള ഒരു ആൺകുട്ടി ഹോസ്പിറ്റലിൽ അഡ്മിറ്റ് ആണെന്ന് അറിഞ്ഞു..... അവിടെ എത്തുന്നത് വരെ യാഷ് ആയിരിക്കരുതേ എന്ന പ്രാർത്ഥനയിൽ ആയിരുന്നു എല്ലാവരും...

യാഷിനെ ഐ സി യൂ വിൽ കണ്ടതും അവർ ഞെട്ടിയിരുന്നു..... അവൻ പറഞ്ഞത് കേട്ടു ഫൈസ് അടക്കം എല്ലാവരും ഞെട്ടിത്തരിച്ചു നിന്നു.....

ഫൈസിയുടെ വീട്ടിൽ നിന്നും ഇറങ്ങി കുറച്ചു മുന്നോട്ട് പോയതും ഒരു വണ്ടിയിൽ കുറച്ചു പേര് വന്നു അവന്നെ അടിച്ചിട്ട് അവളെ പിടിച്ചോണ്ട് പോയി എന്ന് പറഞ്ഞു.... എനിക്ക് രക്ഷിക്കാൻ കഴിഞ്ഞില്ല..... എന്ന് പറഞ്ഞു അവൻ പൊട്ടികരഞ്ഞു.....

എല്ലാവരും എല്ലാവിധത്തിലും ഓരോ ഭാഗത്തു ആയി അന്വേഷണം വ്യാപിപ്പിച്ചു

ഒരു വഴിയും കാണാതെ അവളെ കുറിച്ചു ഒരു വിവരം കിട്ടാതെ എല്ലാവരും ഭ്രാന്ത് പിടിച്ചു നിന്നു....

അവർ ഒരുമിച്ചു ഫൈസിയുടെ വീട്ടിൽ ഒത്തു കൂടി.... പോലിസ് ഉദ്യോഗസ്ഥരും വന്നു.

നിങ്ങൾക്ക് ആരെയെങ്കിലും സംശയം ഉണ്ടോ.... ബിസിനസ് ശത്രുക്കൾ.... ബന്ധുക്കൾ അങ്ങനെ ആരെയെങ്കിലും... പോലിസ്കാരൻ വന്നു ചോദിച്ചതും ഫൈസിയുടെ മനസ്സിൽ ഓടിയെത്തത്തിയത് ഇർഫാൻ എന്നായിരുന്നു.....

ഇർഫാൻ മരിച്ചു പോയതല്ലേ.... ഇജു ഞെട്ടലോടെ ചോദിച്ചു....

ഇല്ല ഇർഫാൻ ജീവനോടെ ഉണ്ട്. കല്യാണത്തിന്

രണ്ടു ദിവസം മുന്നേ അവളെ തട്ടി കൊണ്ട് പോയിരുന്നു. അന്ന് അബിയാണ് അവളെ രക്ഷിച്ചത്. പിന്നെ അവന്റെ ദേഷ്യം മുഴുവൻ എന്നോട് ആയിരുന്നു. എനിക്കെതിരെയും ബിസിനസിലും എപ്പോഴും അവൻ കളിച്ചിരുന്നു. അന്ന് മുതൽ അവനെ തേടി നടക്കുന്നുണ്ട്. ഇത് വരെ ഒരു ഡീറ്റെയിൽസ് കിട്ടിയില്ല....

എന്നിട്ടു എന്ത് കൊണ്ടാ ഞങ്ങളോട് പറയാതിരുന്നത്.... ഇജുവും നദീംമും ദേഷ്യം കൊണ്ട് വിറച്ചിരുന്നു...

ജുനുവും കേട്ടതൊന്നും വിശ്വസിക്കാൻ ആവാത്ത അവസ്ഥയിൽ ആയിരുന്നു.

ഇർഫാന്റെ ഫോട്ടോസ് വല്ലതും കിട്ടുമോ...

ഒരു പോലിസ് ഓഫീസർ ചോദിച്ചതും ജുനു ഒരു മിനുട്ട് എന്ന് പറഞ്ഞു ഫോണിൽ സേർച്ച് ചെയ്തശേഷം അവർക്ക് നേരെ ഫോൺ നീട്ടി.

അവന്റെ കയ്യിൽ നിന്നും ഫൈസ് ഫോൺ പിടിച്ചു വാങ്ങി....

ഇത്..... അവൻ വാക്കുകൾ പുറത്ത് വരാതെ ഞെട്ടിപ്പകച്ചു ജുനുവിനെ നോക്കി.

ഇതാണ് ഇർഫാൻ.....

ഫൈസിയുടെ കയ്യിൽ നിന്നും ഫോൺ ഊർന്നു വീണു.തളർച്ചയോടെ അവൻ സോഫയിൽ ഇരുന്നു പോയി......

എന്താടാ.... നിനക്ക് അറിയോ ഈ ബസ്റ്റഡ്നെ

എന്റെ..... എന്റെ റിച്ചുക്കയാടാ അത്.....

അത് പറയുമ്പോൾ കരഞ്ഞു പോയിരുന്നു അവൻ.....

കേട്ട ഷോക്കിൽ എല്ലാവരും ഞെട്ടലോടെ അവനെ നോക്കി നിന്നു.

❤️❤️❤️❤️

ഇനു കണ്ണ് തുറന്നു ചുറ്റും നോക്കി..... യാഷിന്റെ കൂടെ പോകുമ്പോൾ ആരൊക്കെയോ ചേർന്നു പിടിച്ചു കൊണ്ട് പോകാൻ നോക്കി..... എതിർത്തു നിന്നതും ആരോ തൂവാല കൊണ്ട് മുഖം പൊത്തിപിടിച്ചു ബോധം പോയിരുന്നു.....

അവൾ ഞെട്ടിപകച്ചു ചുറ്റും നോക്കി.....

തന്നെ തന്നെ നോക്കി പുഞ്ചിരിയോടെ നിൽക്കുന്ന റിച്ചുവിനെ അവൾ കണ്ടു.....

അവളുടെ മനസ്സിൽ ഭയം ഇരച്ചു കയറി....

പേടിയോടെ അവന്നെ നോക്കി.....

❤️💔INVISIBLE LOVE 💔❤️

Love after 💘marriage 🌷112🌷

സ്വന്തം ഇക്ക തന്റെ ഭാര്യയെ സ്നേഹിക്കുന്നു അവളെ ആഗ്രഹിക്കുന്നു

അവൾക്ക് വേണ്ടി തന്നെ കൊല്ലാൻ പോലും ശ്രമിക്കുന്നു. അവനെ തളർത്താൻ മാത്രം ശക്തിയുണ്ടായിരുന്നു ആ ചിന്തകൾക്ക് പോലും..... അവൻ നെറ്റിയിൽ കൈ കൊണ്ട് താങ്ങി മുഖം കുനിച്ചു നിന്നു..... അവന്റെ കണ്ണിൽ നിന്നും രണ്ടു തുള്ളി കണ്ണുനീർ ഇറ്റി വീണു.

ഇജുവിന്റെ കണ്ണിൽ ജീവന് വേണ്ടി പിടയുന്ന ശഹിയുടെ രൂപം കടന്നു വന്നു...

ഇനുവിന്റെ പൊട്ടികരച്ചിൽ അവന്റെ ചെവിയിൽ അലയടിച്ചു..... അവന്റെ മുഖം ദേഷ്യത്താൽ വലിഞ്ഞു മുറുകി... കണ്ണുകൾ ചുവന്നു രക്തവർണ്ണം ആയിരുന്നു....

സാർ.... ഞങ്ങൾ ഈ ഫോട്ടോ എല്ലായിടത്തും അയച്ചു കൊടുത്തു എന്തെങ്കിലും ഒരു ഹിന്റ് കിട്ടിയാൽ അറിയിക്കാം പോലിസ്ഓഫീസർ പറഞ്ഞു

സോറി സാർ ഞങ്ങൾക്ക് പരാതിയില്ല.... എന്റെ അനിയത്തിയെ കണ്ടുപിടിക്കാൻ എനിക്ക് അറിയാം.... ബുദ്ധിമുട്ടിച്ചതിന്ന് ക്ഷമിക്കണം...... ഇജു പറഞ്ഞത് കേട്ടു എല്ലാവരും ഞെട്ടലോടെ അവന്നെ നോക്കി..... റിച്ചുവിന്റെ വിധി ഞാൻ തീരുമാനിക്കും എന്നൊരു ഭാവം എല്ലാവരും അവനിൽ കണ്ടു....

നീ വാടാ.... ഫൈസിയെ ഒന്ന് നോക്കി ശബ്ദം ഉറപ്പിച്ചു നദീംമിനെ വിളിച്ചു. നദീംമിനെ കൂട്ടി അവൻ കൊടുങ്കാറ്റ് പോലെ പുറത്തേക്ക് പോയി...

എല്ലാവരും പേടിയോടെ ഇജാസിനെ നോക്കിയത്. അവന്റെ രൂപവും സ്വഭാവമാറ്റവും എല്ലാവരിലും ഭീതി ഉയർത്തിയിരുന്നു....

ജുനുവും സമിയും തകർന്നു നിൽക്കുന്ന ഫൈസിയെ നോക്കി.... അവനെ തനിച്ചു വിടാൻ അവർക്ക് തോന്നിയില്ല.... പക്ഷേ ഇനു...... ആ ഓർമയിൽ ജുനു

നീറിപ്പുകഞ്ഞു.... അവൻ ഇറങ്ങി പോയി.

എന്റെ മോനെന്റെ ജീവൻ എടുക്കല്ലേ പറ മോനെ... വേണമെങ്കിൽ കാൽ പിടിച്ചോളാം ഞാൻ.....ആ ഉമ്മ കരച്ചിലോടെ അവന്റെ മുന്നിൽ മുട്ട് കുത്തി നിന്നു......

എല്ലാരും കൂടിയെന്നെ വിഡ്ഢിയാക്കരുന്നല്ലേ..... സത്യം അറിഞ്ഞിട്ടും തുറന്നു പറയാതെ ഉമ്മയും അവളും എല്ലാവരും വിഡ്ഢിവേഷം കെട്ടികാറുന്നില്ലേ..... ഒരിക്കൽ എങ്കിലും പറയാരുന്നില്ലേ ഉമ്മാക്ക് ഇനുവിനെ വിവാഹം കഴിക്കണ്ടേ പറയുന്നത് റിച്ചുക്ക അവളെ സ്നേഹിക്കുന്നത് കൊണ്ടാണെന്ന്...... ഇനു അവളും ചതിക്കരുന്നില്ലേ എന്നെ..... അവന്റെ വാക്കുകൾ ഇടറിയിരുന്നു......

ഇനു ഒരിക്കലും നിന്നെ ചതിച്ചിട്ടില്ല ഫൈസ്..... അവൾ സത്യം അറിയുമ്പോഴേക്കും ഒരുപാട് വൈകിയിരുന്നു..... അവൻ മുഖം ഉയർത്തി നോക്കി കടുവ അവന്നെ നോക്കി പറഞ്ഞു....

ഓാഹ്.... നിങ്ങൾക്കും അറിയരുന്നല്ലേ.....

ഞാൻ മാത്രം ആണല്ലോ വിഡ്ഢി.....

അവളൊരിക്കലും നിന്നെ വിഡ്ഢിയാക്കിയിട്ടില്ല..... നിന്നോടുള്ള ഇഷ്ടം കൊണ്ടാ മറച്ചു വെച്ചത്..... നീ ജന്നത്തിലേക്ക് വരാൻ അവൾക്ക് നിന്നെ സ്വന്തം ആക്കാൻ ഇവർക്ക് കൊടുത്ത വിലയാരുന്നു അവന്റെ ജീവൻ.....

അവൻ ഞെട്ടലോടെ കടുവയെ നോക്കി.

ഇന്നോളം സംഭവിച്ചത് മുഴുവൻ പറഞ്ഞു കൊടുത്തു.... Ajwa യെ കണ്ടാലെങ്കിലും മനസ്സ് മാറുമെന്ന് കരുതി.... അതും ഉണ്ടായില്ല.... ആ കുഞ്ഞിന്റെ ഉപ്പയെ കൊടുക്കുമെന്ന് ajwa ക്ക് അവൾ കൊടിത്ത വാക്കായിരുന്നു എന്നെയും പിന്തിരിപ്പിച്ചത്...... നന്നാവുമെന്ന് കരുതി. ഒരിക്കലും നന്നാവില്ലെന്ന് കരുതിയ ഒരു ജന്മം..... കടുവ വെറുപ്പോടെ പറഞ്ഞു......

അവൻ ajwaye നോക്കി ഭിത്തിയിലേക്ക് ചാരി വയറിൽ കൈ വെച്ചു ദൂരേക്ക് നോക്കി നില്കുന്നുണ്ട്. കവിളിലിലൂടെ കണ്ണുനീർ ഒലിച്ചിറങ്ങുന്നുണ്ട്..... അവന്റെ കണ്ണുകൾ അവളുടെ വയറിൽ പതിഞ്ഞു.

ആ കുഞ്ഞിന്റെ സ്പർശം അവനിൽ ഓടിയെത്തി.....

അല്ലെങ്കിലും എന്നും എല്ലാരുടെയും നല്ലത് മാത്രം അവൾ ആലോചിക്കാറുള്ളു.....

സ്വയം വേദനിച്ചാലും മറ്റുള്ളർ വേദനിക്കാതിരിക്കാൻ ശ്രമിക്കാറുള്ളു.....

അവളുടെ പുഞ്ചിരിയോടെയുള്ള മുഖം അവന്റെ മനസ്സിൽ ഓടിയെത്തി......

എവിടെയാ ഇനു നീ ഉള്ളത്..... അവൻ കണ്ണുകൾ തുടച്ചു..... ഒരു ദീർഘ ശ്വാസം എടുത്തു......

അവൻ ajwayude അടുത്തേക്ക് പോയി.

എനിക്ക് നിന്നെ കൊണ്ട് ഒരാവശ്യം ഉണ്ട് എന്റെ

കൂടെവാ.....

അവൾ അവന്റെ കൂടെ പോയി.

അവൻ ഫോൺ എടുത്തു....

സാക്ഷ..... നമ്മുടെ ടീംസ് മൊത്തം വിളിക്ക് വിതിൻ ടെൻ മിനുട്ട്സ് എല്ലാവരും എന്റെ കൺട്രോളിൽ എത്തിയിരിക്കണം..

നോ എക്സ്ക്യൂസ്..... ഒരലർച്ചെ ആയിരുന്നു അത്.....

സമിയുടെ മുഖത്ത് മാത്രം ഒരാശ്വാസം നിറഞ്ഞു.... Aj കം ബാക്ക്...... അവൻ ദീർഘനിശ്വാസത്തോടെ അവന്റെ കൂടെ പോയി.... Ajwa യും...

കാർ നിർത്തിയത് കണ്ടു ajwa ചുറ്റും നോക്കി..... ഒരു ഓഫീസ് പോലെയുള്ള ബിൽഡിങ്.....ബ്ലാക്ക് കാറ്റ്സ്..... പോലിസ് പിന്നെ കുറെ പേരും..... അവനെ കണ്ടതും എല്ലാവരും ബഹുമാനത്തോടെ കൂടെ

നടന്നു.....

റിച്ചുവിന്റെ ഫോൺ നമ്പർ.... അവന്നെ പറ്റിയുള്ള ഡീറ്റെയിൽസ് അവൾക് അറിയുന്നതെല്ലാം അവൾ പറഞ്ഞു കൊടുത്തു.....

മിനിറ്റുകൾ മണിക്കൂർ പോലെ തോന്നി അവന്ന്....

സാർ ലാസ്റ്റ് കാൾ ലൊക്കേഷൻ കിട്ടി.....

ഒരാൾ വന്നു ഡീറ്റെയിൽസ് പറഞ്ഞു....

അവൻ അതിലേക്ക് തന്നെ നോക്കി....

ഒരാളെ വിളിച്ചു ajwa യെ വീട്ടിൽ ആക്കാൻ പറഞ്ഞു....

സമി അവനെ തന്നെ നോക്കി..... റിച്ചു എവിടെയുണ്ടെന്ന് എനിക്ക് അറിയാം.....

**അത്രമാത്രം പറഞ്ഞു......**

**Ajwa നിറഞ്ഞ കണ്ണുകളോടെ അവന്നെ നോക്കി......**

**നിന്റെ കുഞ്ഞിന് അവന്റെ ഉപ്പയെ നഷ്ടപ്പെടില്ല.... ഇനു തന്ന വാക്ക് വിശ്വസിക്കാം..... അവൾ നന്ദിയോടെ അവനെ നോക്കി.....**

**അവൾ പോയതും അവൻ സമിയെ നോക്കി..... ഇജു എത്തുന്നതിന്ന് മുന്പേ അവനെയും ഇനുവിനെയും സേഫ് ആക്കണം..... ഇല്ലെങ്കിൽ. ......**

**എങ്ങനെയാടാ ഇപ്പോഴും ക്ഷമിക്കാൻ പറ്റുന്നെ.....**

**സ്വന്തം മകനെ പോലെ സ്നേഹിച്ചു വളർത്തിയ ആ ഉമ്മാന്റെ കണ്ണ് നീരിന് മുന്നിൽ എങ്ങനെ ഞാൻ സ്വാർത്ഥൻ ആവണ്ടേ...... അവന്ന് ഞാൻ ആരുമല്ലെങ്കിലും എനിക്ക് അവൻ ഇക്കയല്ലേ....**

അവന്റെ കണ്ണ് നിറഞ്ഞിരുന്നു..... സമിയുടെയും.....

എത്രയും പെട്ടെന്ന് അവിടെ എത്തിയെ തീരു..... ഫുൾ ചെക്കിങ് കാരണം റിച്ചൂന് ഒരിക്കലും അവളെയും കൊണ്ട് ഇവിടം വിട്ടു പോവ്വാൻ പറ്റില്ല..... കുറച്ചു ഒന്ന് ഒതുങ്ങുന്നത് വരെ അവൻ അവിടം വിട്ടു പോകില്ലെന്ന് കരുതാം..... ഇജു അവൻ അടങ്ങിയിരിക്കില്ല.....

അവൻ പുറത്തേക്ക് ഓടിയതും പിറകെd സമിയും പോയി...... അവൻ റാഹിലിന് ഫൈസ് അറിയാതെ ഡീറ്റെയിൽസ് അയച്ചു കൊടുത്തു......

❤️❤️❤️

എന്തിനാ എന്നെയിങ്ങനെ ദ്രോഹിക്കുന്നെ

എന്ത് തെറ്റാ ഞാനും ഫൈസ് നിന്നോട് ചെയ്തേ.... അവൾ ദേഷ്യം കൊണ്ട് അലറുകയാരുന്നു.....

നിനക്ക് എപ്പോഴും ഫൈസ്..... ഫൈസ്... ഫൈസ്.... അവനെ കുറിച്ച് അല്ലാതെ എന്നെപറ്റി നീ ഓർത്തോ.... നമ്മൾ ഒന്നിച്ചു കാണാറുള്ള സ്വപ്നങ്ങൾ നീ ഓർത്തോ....

നിർത് ..... ഞാൻ സ്നേഹിച്ചിരുന്നു അത് പേര് പോലെ തന്നെ ഫ്രോഡ് ആയ ഒരാളെ ആണ്.... ഞാൻ പ്രണയിച്ചത് നിന്നിലെ കാരക്റ്റർ ആയിരുന്നു..... അല്ലാതെ നിന്നെയല്ല....

നിന്റെ സ്വഭാവം കണ്ടാണ് ഞാൻ നിന്നോട് അടുത്തത്.... എന്റെ മനസ്സിലെ എന്റെ ജുനു പറഞ്ഞു തന്ന നല്ലൊരു വ്യക്തിയുടെ ലക്ഷണങ്ങൾ..... അത് നിന്നിൽ കണ്ടു.... അല്ല അങ്ങനെ ആണ് നീയെന്ന് വരുത്തി തീർത്തു...... ചിന്തിക്കാൻ ബുദ്ധി ഇല്ലാത്തോണ്ട് അത് പ്രണയം ആണെന്ന് നീ പറഞ്ഞു... ഞാൻ അതും വിശ്വസിച്ചു.... ശരിക്കും പറഞ്ഞ എന്റെ അവസ്ഥ മുതലെടുക്കുകയാരുന്നു നീ..... ഫൈസിയോടുള്ള അസൂയ കൊണ്ട് നീ ചതിക്കരുന്നു എന്നെ.....

ചതിക്കാൻ തന്നെ വന്നത്..... അവനൊരിക്കലും നല്ലത് കിട്ടരുതെന്നുള്ള വാശി ആയിരുന്നു.... പക്ഷേ നിന്നെ കണ്ടപ്പോ തൊട്ട് അത് വാശി ആയിരുന്നില്ല ആഗ്രഹം ആയിരുന്നു.... നിന്നെ പോലൊരു പെണ്ണിനെ ആരാ ആഗ്രഹിക്കാതിരിക്കുക... ഞാനും മോഹിച്ചു... എന്നിട്ട് സ്വന്തം ആക്കിയത് അവൻ.... അവിടെയും അവൻ എന്നെ തോൽപിച്ചു.....

പറയുന്നത് മനസ്സിലാക്ക് റിച്ചുക്ക എന്നെ ഒന്ന് പോകാൻ അനുവദിക്ക്.... എനിക്ക് എന്റെ ഫൈസിയെ അല്ലാതെ മറ്റൊരാളെ സ്നേഹിക്കാൻ ആവില്ല.... അവനില്ലാതെ ഒരു നിമിഷം പോലും ജീവിക്കാൻ പറ്റില്ല...

ഞാൻ ഒരാളെ പ്രണയിച്ചിട്ടുള്ളു അത് എന്റെ ഫൈസ്നെ മാത്രം ആണ്.....

ഫൈസ്.... ഫൈസ്.... അവൻ ഭ്രാന്തനെ പോലെ അലറി വിളിച്ചു അവിടെയുള്ളതെല്ലാം എറിഞ്ഞു പൊട്ടിച്ചു

അവൾ പേടിയോടെ ഭിത്തിയിൽ ചാരി മുഖം പൊത്തി.....

നിനക്ക് അറിയോ.... ഈ ഒരുമാസം.... ഒരുമാസം.... ഞാൻ ജീവിച്ചത് ഭ്രാന്ത് പിടിച്ച പോലെയാ.... നിങ്ങൾ എല്ലായിടത്തും അടിച്ചു പൊളിച്ചു നടന്നു അയക്കുന്ന ഫോട്ടോസ് നോക്കി ഭ്രാന്ത് കയറുകയാരുന്നു..... അവന്റെ മുഖത്തെ സന്തോഷം.... അവന്റെ ലോകം കീഴടക്കിയ ഭാവം.... അത് കാണുംതോറും നിന്നെ കൊല്ലാൻ വരെ എനിക്ക് തോന്നിയിട്ടുണ്ട്....  അവനെ അത്രത്തോളം വെറുക്കുന്നു ഞാൻ.....

ഇതാണ് സത്യം റിച്ചുക്ക.... നിങ്ങൾക്ക് ഫൈസിയെ തോല്പിക്കാൻ ഉള്ള ഒരായുധം മാത്രം ആണ് ഞാൻ.... അല്ലാതെ ഒരിക്കലും നിങ്ങൾ എന്നെ പ്രണയിച്ചിട്ടില്ല

അവൻ ഒരു ചിരിയോടെ അവളുടെ അടുത്ത് വന്നിരുന്നു....

അവന്റെ തോൽവി തന്നെയാണ് എന്റെ വിജയം..... അവൻ തോൽക്കണം എങ്കിൽ

നിന്നെ അവനിൽ നിന്നും അകറ്റണം.... നിന്നെ നഷ്ടപ്പെടണം..... പക്ഷേ എനിക്ക് നിന്നെ നുള്ളിനോവിക്കാൻ പോലും ആകില്ല.... എന്റെ ബ്യൂട്ടിഫുൾ റോസ് അല്ലേ നീ.... അവളുടെ കവിലൂടെ തലോടി

അവൾ വെറുപ്പോടെ കൈ തട്ടിത്തെറിപ്പിച്ചു....

ഞാൻ എന്നും ഫൈസ്ന്റെ ആയിരിക്കും ഫൈസിന്റെ മാത്രം ആയിരിക്കും...... അങ്ങനെ അല്ലാതെ ആവണമെങ്കിൽ ഞാൻ മരിക്കണം.....

നീ മരിക്കണ്ട.... എന്നെ മാത്രം സ്നേഹിച്ചു എന്റേത് മാത്രം ആയി നമുക്ക് അവന്റെ മുന്നിൽ തന്നെ സുഖം ആയി ജീവിക്കാം...

നിന്റെ സ്വപ്നം മാത്രം ആണ് അത്..... എന്റെ ഫൈസ് മാത്രം എന്റെയുള്ളിൽ ഉള്ളു.എന്നും അങ്ങനെ ആയിരിക്കും.... ഫൈസ് വരും എന്നെ കൊണ്ട് പോകാൻ..

നിന്റെയുള്ളിൽ ഞാൻ മാത്രം ഉണ്ടാകു ഉണ്ടാവുകയും ഉള്ളു... അപ്പോഴോ..... അവനെ നീ തന്നെ തള്ളിപറയും തള്ളി പറയിപ്പിക്കും.... അവന്റെ തകർച്ച.... വേദന എന്റേയീ കണ്ണ് കൊണ്ട് ഞാൻ കാണും.....

ഞാൻ പറഞ്ഞു കഴിഞ്ഞു റിച്ചുക്ക എന്റെ ഉള്ളിൽ ഫൈസ് മാത്രം ഉണ്ടാവുകയുള്ളൂ.

അവൻ ചിരിയോടെ കീശയിൽ നിന്നും ഒരു നീഡിൽ ബോട്ടിൽ എടുത്തു.....

എന്താ ഇത്.... അവൾ പേടിയോടെ അവനെ നോക്കി....

നീ ആനോക്സിയ എന്ന് കേട്ടിട്ടുണ്ടോ.....

ബ്രയിനിലേക്കുള്ള ഓക്സിജന്റെ അളവ് കുറയും.... തലച്ചോറിനെ ബാധിക്കും അങ്ങനെ മെമ്മറി ലോസ് ഉണ്ടാകും ആ ഒരു അവസ്ഥയാണ് അനോക്സിയ.....

ചില ആക്സിഡന്റ് കേസുകളിൽ അതികം സംഭവിക്കുന്നത് ഇതാണ് ചിലർക്ക് കുറച്ചു നേരം മാത്രം ഓർമ്മകൾ പോകും ചിലർക്ക് വർഷങ്ങൾ ചിലർക്ക് മുഴുവൻ ആയും....എന്നോ ബുക്കിൽ പഠിച്ച ഓർമ വന്നു...അവൾ പേടിയോടെ അവന്നെ നോക്കി...

അവളുടെ ദേഹം വിറച്ചു...

മറന്നു.... നീയൊരു ജീനിയസ് സ്റ്റുഡന്റ് അല്ലേ.... അപ്പൊ അറിയാതിരിക്കാൻ വഴിയില്ല......

ആ ബോട്ടിലിൽ ഉള്ള മരുന്ന് സിറിഞ്ചിൽ നിറച്ചു അവൻ.....

നീ എന്താ ചെയ്യാൻ പോകുന്നെ.....

പോവുകയല്ല ചെയ്യുകയാണ്..... അംനീഷ്യയുടെ കാരണങ്ങളിൽ ഒന്നായ ആനോക്സിയ എന്ന അവസ്ഥയിൽ എത്തിക്കാൻ ഈ മരുന്നിനു കഴിയും....

നിന്റെ ഓർമ്മകൾ ഫൈസിയെ മറന്നാൽ

നീ എന്റേത് മാത്രം ആവില്ലേ..... എന്നെ മാത്രം സ്നേഹിക്കില്ലേ..... കുറച്ചു ഡോസ്കൾ നിന്റെ ശരീരത്തിൽ എത്തിയാൽ പതുക്കെ പതുക്കെ ഓക്കെ മറന്നോളും......

നിനക്ക് ഭ്രാന്ത് ഉണ്ടോ റിച്ചു....

ഫൈസ് വേണ്ട നമുക്കിടയിൽ.... അവന്റെ ഓർമ്മകൾ വേണ്ട.....നമ്മൾ മാത്രം മതി.... ഞാൻ നീ പോയപ്പോ തൊട്ട് അന്വേഷിച്ചു കണ്ടുപിടിച്ചതാ ഈ മരുന്ന്....

നിനക്ക് അറിയോ കോടികൾ ആണ് ഞാൻ ഈ മരുന്നിന് വേണ്ടി ചിലവഴിച്ചത്.....

അവൻ സിറിഞ്ച് അവളെ നേർക്ക് നീട്ടിയതും അവളുടെ ചിന്തകൾ മുഴുവൻ

അവിടെ നിന്നും എങ്ങനെ രക്ഷപെടും എന്നായിരുന്നു.... അവൻ സിറിഞ്ച് സെറ്റ് ചെയ്യാൻ കണ്ണൊന്നു തെറ്റിയതും അവൻ ആഞ്ഞൊരു തള്ള് കൊടുത്തു.... പെട്ടെന്ന് ആയോണ്ട് അവൻ പിറകിലേക്ക് തെന്നി ആ സമയം നോക്കി അവൾ ഇറങ്ങി ഓടി.....

അവൻ ചിരിയോടെ മെല്ലെ എഴുന്നേറ്റു.

ഈ വീട്ടിൽ നമ്മൾ രണ്ടു പേരും മാത്രം ഉള്ളു..... വർഷങ്ങൾ ആയി പൂട്ടികിടക്കുന്ന വീട്ടിൽ ആരും വരാരൊ ഇല്ല. നിലവിളിച്ചാൽ കേൾക്കാൻ ആരും ഇല്ല.... ഞാൻ വിചാരിക്കാതെ പുറത്തു ഇറങ്ങാൻ കഴിയില്ല.....

അവൾ എല്ലായിടത്തും നോക്കിയെങ്കിലും പുറത്ത് ഇറങ്ങാൻ പറ്റാതെ നിന്നു.... മുകളിലേക്ക് ഓടിക്കയറിയതും പിന്നാലെ റിച്ചുവും വന്നു.....അവൾക്കും മനസ്സിൽ ആയിരുന്നു താൻ ശരിക്കും ട്രാപ്പിൽ ആണെന്ന്....

അവൻ അടുത്ത് വരും തോറും അവൾ പിറകിലേക്ക് നടന്നു..... ചുമരിൽ തട്ടി നിന്നു.....

വേണ്ട റിച്ചുക്ക എന്നെ വിട്ടേക്ക്..... എനിക്ക് എന്റെ ഫൈസ് ഇല്ലാതെ പറ്റില്ല....

താൻ എന്ത് വേണമെങ്കിൽ ചോദിച്ചോ ഞാൻ തരാം.... എന്നെ വെറുതെ വിട്ടേക്ക്

എനിക്ക് നിന്നെ വേണം ഇനു.... അവളെ കയ്യിൽ പിടിച്ചു വലിച്ചതും അവൻ തെറിച്ചു വീണു....

മുന്നിൽ ഫൈസിയെ കണ്ടു.... അവൾ ഓടിപ്പോയി

കെട്ടിപിടിച്ചതും മുഖം അടച്ചു ഒറ്റ അടിയാരുന്നു അവൻ.....

അവൾക്ക് അവൻ സത്യം എല്ലാം അറിഞ്ഞുന്ന് മനസ്സിൽ ആയി..... അവൾ കുറ്റബോധതോടെ തലതാഴ്ത്തി.

ഹ വന്നല്ലോ ഹീറോ..... കറെക്റ്റ് ടൈമിൽ

വന്നല്ലേ പറ്റു ഇർഫാൻ എന്ന റിൻഷാദ്....

എന്റെ പ്രാണൻ നിന്റെ കയ്യിൽ ആയിപോയല്ലോ......അവൻ പരിഹാസത്തോടെ തിരിച്ചു പറഞ്ഞു...

റിച്ചു ഒരു ഗൺ എടുത്തു ഇനുന്റെ നേരെ നീട്ടി.....

ഇവളെ വിട്ടു പോകുന്നതാ നിനക്ക് നല്ലത്.

അല്ലെങ്കിൽ കൊന്ന് കളയും ഞാൻ....

നിന്റെ പ്രോബ്ലം എന്താ ശരിക്കും.... എന്തിനാ നീ എന്നോട് ശത്രുവിനെ പോലെ പെരുമാറുന്നെ....

എനിക്കിവളെ വേണം..... എന്റെ പെണ്ണാ ഇത്.... ഇവളെ സ്നേഹിച്ചതും വിവാഹം കഴിക്കാൻ ആഗ്രഹിച്ചതും ഞാൻ ആണ്...

ഫൈസ് പുച്ഛത്തോടെ അവന്നെ നോക്കി.

എന്നോടുള്ള ദേഷ്യം തീർക്കാൻ നീയിവളെ കരുവാക്കി അത്രയേ ഉള്ളു...

ഞാൻ എന്റെ പെണ്ണാണെന്ന് എല്ലാർക്കുമുന്നിലും ഇവളെ പറ്റി പറഞ്ഞത് ഒരു വർഷം മുൻപ് ആണ്....

അന്നാണ് നീയിവളെ തേടി പോയത് എനിക്കെതിരെ ആയുധം ആക്കാൻ അല്ലെന്ന് പറയാൻ പറ്റോ റിച്ചുക്കക്ക്.....

ആയുധം തന്നെയാണ് ഇവൾ.... നിന്നെ തകർക്കാൻ ഉള്ള ആയുധം.... അവളുടെ അരയിലൂടെ കയ്യിട്ട് അവളെ ദേഹത്തേക്ക് അടുപ്പിച്ചു പിടിച്ചു അവൻ....

ഫൈസ് അവന്റെ നെഞ്ചിൻ ആഞ്ഞു ചവിട്ടി.... അവൻ തെറിച്ചു വീണു. തോക്ക് തെറിച്ചു വീണു. അവനോടൊപ്പം വീഴാൻ പോയ ഇനുവിനെ കയ്യിൽ പിടിച്ചു അവന്റെ അടുത്തേക്ക് നിർത്തി..... ഇക്കയാണ്.... അങ്ങനെ കണ്ടിട്ട് ഉള്ളു.... ഇത്രയും ദ്രോഹം ചെയ്തിട്ടും അത് കൊണ്ട വെറുതെ വിടുന്നതും.... പക്ഷേ എന്റെ പെണ്ണിന്റെ ദേഹത്തു കൈ വെച്ച അത് ആരായാലും പച്ചക്ക് കത്തിച്ചു കളയും ഞാൻ.... അവിടെ ഒരു ബന്ധത്തിനും സ്ഥാനം കൊടുക്കില്ല.... അവന്റെ കണ്ണുകൾ തീ പോലെ ജ്വലിച്ചു നിന്നിരുന്നു.

റിച്ചു എഴുന്നേറ്റു വന്നു അവന്നെ തല്ലാൻ നോക്കിയതും ഫൈസ് അതിന്ന് മുന്നേ തിരിച്ചു അടിച്ചിരുന്നു....... രണ്ടു പേരും പോര് കോഴിയെ

പോലെ പരസ്പരം തല്ലുമ്പോൾ നോക്കി നിൽക്കാനേ അവൾക്കും കഴിഞ്ഞുള്ളു. അപ്പോഴേക്കും സമിയും വന്നിരുന്നു.... പേടിച്ചു വിറച്ചു നിൽക്കുന്ന ഇനുവിനെ അവൻ ചേർത്ത് പിടിച്ചു. ഫൈസിയുടെ മുന്പിൽ പിടിച്ചു നിൽക്കാൻ ആവാതെ റിച്ചു തളർന്നു വീണു....

ഫൈസ് അവളെ അടുത്തേക്ക് വിളിച്ചു ചേർത്ത് പിടിച്ചു അവന്റെ മുന്നിൽ വന്നു. കഴിഞ്ഞതൊക്കെ കഴിഞ്ഞു ഇനി എന്റെ മുന്നിൽ പോലും വരരുത്..... Ajwa ക്ക് കുഞ്ഞിനും വേണ്ടി ഭിക്ഷയായി കൊടുക്കുകയാണ് ഞാൻ ഈ ജീവൻ. ഇനിയെങ്കിലും നന്നാവാൻ നോക്....

നിന്റെ ഭിക്ഷയായി ജീവിക്കുന്നതിലും ഭേദം ചാവുന്നതാണ്..... നിന്റെ മുന്നിൽ തോറ്റിട്ട് എനിക്ക് ജീവിക്കണ്ടെ..... ഒന്നുകിൽ നീ അല്ലെങ്കിൽ ഞാൻ രണ്ടിൽ ഒരാൾ മതി ജീവനോടെ വെല്ലുവിളിയോടെ പറഞ്ഞു അവൻ ചുറ്റും നോക്കി.... നേരത്തെ തെറിച്ചു വീണ തോക്ക് എടുത്തു അവന്റെ നേരെ ചൂണ്ടി.....

നിങ്ങൾ എന്റെ ഇക്കയൊന്ന് പറയാൻ പോലും വെറുപ്പാണ് തോന്നുന്നേ.... എങ്ങനെ ആ ഉപ്പാക്ക് ഉമ്മക്കും ഇങ്ങനെ ഒരു മോൻ ജനിച്ചത്... തിരിച്ചു വന്നപ്പോ എല്ലാവരും സന്തോഷിച്ചു. ഇതിൽ ഭേദം ചത്തൂന്ന് അറിയുന്നതാരുന്നു....സമി വെറുപ്പോടെ പറഞ്ഞു....

ഞാൻ ഇങ്ങനെ ആയെങ്കിൽ അതിന്ന് കാരണം ഇവൻ ആണ്.... ഇവൻ ആണ് എന്റെ ജീവിതം നശിപ്പിച്ചത് എന്നിട്ട് ഇവൻ എല്ലാർക്കും നല്ലവൻ വേണ്ടപ്പെട്ടവൻ.... ഞാൻ മാത്രം മോശക്കാരൻ.... എന്നേക്കാൾ വില കൽപിക്കാൻ മാത്രം ഈ അനാഥൻ ആരാ നിങ്ങളുടെ.... തന്തയും തള്ളയും ചത്തപ്പോ എന്റെ ജീവിതം നശിപ്പിക്കാൻ വന്ന പിശാജ്....

അവന്റെ വാക്കുകളിൽ തറഞ്ഞു നിൽക്കരുന്നു ഫൈസ്.... ഞാൻ എങ്ങനെ റിച്ചുക്കന്റെ ജീവിതം നശിപ്പിച്ചേ.... ഞാൻ എന്ത് തെറ്റാ ചെയ്തേ.....

അവന്റെ ശബ്ദം ഇടറിയിരുന്നു....

നീ ഒറ്റ ഒരാൾ തന്നെ കാരണം.....

ഓർമ്മയുണ്ടോ നിനക്ക് ഈ വീട്..... നീ വരുന്നത് വരെ ഞങ്ങളുടെ സ്വർഗ്ഗം ആയിരുന്നു ഈ വീട്. സന്തോഷം സമാധാനത്തോടെയും ഞാനും ഇക്കയും റംസിതയും ഉപ്പയും ഉമ്മയും കൂടെ സന്തോഷം ആയി കഴിഞ്ഞ വീട്.... കൊച്ചു സ്വർഗ്ഗം ആയിരുന്നു ഇവിടെ.ഇളയ കുട്ടി ആയത് കൊണ്ടും ഉപ്പക്കും ഉമ്മക്കും ഏറ്റവും ഇഷ്ടം എന്നെ ആയിരുന്നു....

ഞങ്ങളുടെ സ്വർഗ്ഗത്തിലേക്ക് കേറി വന്ന പിശാജ് ആയിരുന്നു നീ..... നീ വന്ന ശേഷം

എല്ലാവർക്കും നീ ആയി മാറി ഇഷ്ടപ്പെട്ടവൻ..... ഉപ്പക്കും ഉമ്മക്കും പോലും എന്നേക്കാൾ ഇഷ്ടം നിന്നോട് ആയി.... നിനക്ക് വേണ്ടി എന്നെ ഇവർ ബോഡിങ്ങിൽ ചേർത്തു.... എല്ലാവരോടും കരഞ്ഞു പറഞ്ഞു എനിക്ക് പോകണ്ടാന്നു. കേട്ടില്ല.... അവിടെ മുതിർന്ന കുട്ടികൾക്ക് തട്ടികളിക്കാൻ ഉള്ള കളിപ്പാട്ടം ആയിരുന്നു ഞാൻ.... അവർ ദേഹം നുറുങ്ങുന്ന വരെ എന്നെ തല്ലിയിട്ടുണ്ട്.... വീട്ടിൽ ഉമ്മാനോട് വിളിച്ചു

പറഞ്ഞപ്പോൾ പറഞ്ഞത് എന്താന്ന് അറിയോ മോൻ അതൊന്നും കാര്യം ആക്കണ്ട കുറച്ചു ദിവസം കഴിയുമ്പോ ശരിയാകും.... അവർക്ക് അപ്പോഴും പറയാൻ ഉള്ളത് നിന്നെക്കുറിച്ചു മാത്രം....

ലീവ് കിട്ടുമ്പോ ഓടിവരും വീട്ടിലേക്ക് എല്ലാരേം കാണാൻ.... അപ്പോഴും എന്നേക്കാൾ വലുത് നീ....

നീ ഫുഡ് കഴിച്ചോ.... ഉറങ്ങിയോ.... എന്നും നിന്നെ പറ്റി മാത്രം ചിന്ത..... വെറുപ്പായിരുന്നു അപ്പോഴൊക്കെ നിന്നോട്.... തരം കിട്ടുമ്പോഴേക്കോ നിന്നെ ദ്രോഹിച്ചു..... നിന്റെ കരച്ചിൽ കാണുന്നത് ആയിരുന്നു എനിക്ക് ആകെയൊരു സന്തോഷം..... ഒരു ദിവസം ലീവിന് വന്നപ്പോ നിന്റെ ആവിശ്യം ഈ വീട്ടിൽ താമസിക്കില്ല.... നിന്റെ വീട്ടിൽ പോവണം എന്നായിരുന്നു.... അതിനും എല്ലാർക്കും സമ്മതം.... ഞാൻ കരഞ്ഞു പറഞ്ഞു ഈ വീട്ടിൽ നിന്നും പോകല്ലേ എന്ന്... ആരും കേട്ടില്ല... അവർക്കൊക്കെ നിന്നെ സന്തോഷിപ്പിച്ചാൽ മാത്രം മതിയാരുന്നു.

നിനക്ക് അറിയോ എനിക്ക് വീട് എന്റെ എല്ലാം ആയിരുന്നു..... എന്റെ സൗഹൃദം.....

എന്റെ സന്തോഷം എന്റെ സന്തോഷം നിറഞ്ഞ

ജീവിതന്റെ ഓർമ്മകൾ എല്ലാം

ഇവിടെ ആയിരുന്നു.... നെഞ്ച് പൊട്ടിയുള്ള എന്റെ കരച്ചിൽ കാണാതെ അവർ നിന്റെ വാക്ക് കേട്ടു ഈ വീട് വിട്ടു പോയി..... പിന്നെ പിന്നെ നിന്നോട് പക ആയിരുന്നു എനിക്ക്.... നിന്റെ വീട്ടിൽ എത്തിയിട്ടും ഇവർക്ക്ഓക്കെ നിന്നെ മാത്രം മതി..... അതിന്റെ ദേഷ്യം തീർത്തത് ആയിരുന്നു സ്റ്റെപ്പിൽ നിന്നും തള്ളിയിട്ടത്.

നിന്റെ തലപൊട്ടി ചോര ഒലിച്ചിട്ടും ഒട്ടും സങ്കടം ഇല്ലായിരുന്നു.നീ ചത്തുപോയ എനിക്ക് എന്റെ ഉപ്പനെയും ഉമ്മനെയും സഹോദരങ്ങളെയും തിരിച്ചു കിട്ടുമെന്ന് കരുതി. ഉമ്മയും ഉപ്പയും അതിന്റെ പേരിൽ ഒരുപാട് തല്ലി. എന്നെ വെറുപ്പാണെന്ന് പറഞ്ഞു.... എന്നെ കാണണ്ട പറഞ്ഞു..... നിന്നെ ചേർത്ത് പിടിച്ചു എന്നെ തള്ളിമാറ്റി.... അന്ന് ആ വീട് വിട്ടു ഇറങ്ങുമ്പോ എങ്ങോട്ട് എന്നില്ലാതെ നടക്കുമ്പോ മനസ്സിൽ ഒന്നേ ഉണ്ടായിരുന്നുള്ളൂ എന്നെ വേണ്ടെന്നു വെച്ചു നിന്നെ ചേർത്ത് പിടിച്ച ഉമ്മാന്റെ മുഖം..... നിനക്ക് എല്ലാരേം കിട്ടിയപ്പോ എനിക്ക് ആരും ഇല്ലാതായി.... തെരുവിൽ കിടന്നും വേസ്റ്റ് ബക്കറ്റിൽ നിന്നും ഫുഡ് എടുത്തു കഴിച്ചു.....

ജീവൻ നില നിർത്താൻ മോഷ്ടിച്ചു.... തല്ലിനും കൊല്ലാനും പോയി...... പിന്നെ വാശി ആയിരുന്നു ജയിക്കാൻ ജീവിക്കാൻ..... എല്ലാം നേടി.... അപ്പോഴും നോവായി ഉള്ളിൽ എന്റെ ഉപ്പയും ഉമ്മയും ഇക്കാക്കയും ഇത്തയും ഉണ്ടായിരുന്നു.

നീ അവരെ കൂടെ സന്തോഷം ആയി ജീവിച്ചപ്പോൾ ഞാൻ അനാഥനായി ജീവിച്ചു.... എല്ലാം നേടിയപ്പോൾ ദാ ഈ വീട് ആയിരുന്നു ആദ്യം നേടിയത്..... എന്നിട്ട് ആഗ്രഹത്തോടെ ഉപ്പന്റെയും ഉമ്മന്റേയും അടുത്തേക്ക് പോയി. നിന്നെ ഉപേക്ഷിച്ചു ഈ വീട്ടിൽ നമുക്ക് പഴയ പോലെ ജീവിക്കാന്ന് പറഞ്ഞു.... കേട്ടില്ല അവർ.... നിന്നെ വിട്ടു ആ വീട് വിട്ടു വരില്ലെന്ന് തീർത്തു പറഞ്ഞു.... പിന്നെ പകയാരുന്നു.... എന്നെ പോലെ എല്ലാം നഷ്ടപ്പെട്ടു നീ നില്കുന്നത് കാണാൻ ഉള്ള വാശി ആയിരുന്നു.... അപ്പോഴാ ദാ ഇവളെ പറ്റി കേട്ടത്..... ഊണിലും ഉറക്കിലും ഇവളെയും കൊണ്ട് നടക്കുന്ന നിന്നെ തകർക്കാൻ ഇവളെ തന്നെ ഞാൻ കരുവാക്കി... പക്ഷേ എപ്പോഴോ ശരിക്കും ഇവളെ പ്രണയിച്ചു തുടങ്ങി.... ഇവളോടൊത് നല്ലൊരു ജീവിതം സ്വപ്നം കണ്ടു..... ഇവൾക്ക് വേണ്ടി ഞാൻ നന്നായി.... പക്ഷേ നീ എന്നെ തോൽപിച്ചു

അവിടെയും.... ഇവളെ സ്വന്തം ആക്കി....

എന്നെ എന്നും തോൽപിച്ച നിന്നെ ഞാൻ എന്താ ചെയ്യണ്ടേ..... കൊല്ലണ്ടെ..... പറ എന്നെ അനാഥൻ ആക്കിയ നിന്നെ കൊല്ലണ്ടേ..... ഭ്രാന്ത് പിടിച്ച പോലെ അവന്നെ ഷർട്ടിൽ പിടിച്ചു ഉലച്ചു.... അവന്റെ നേരെ നീട്ടിയ തോക്കിൽ വിരൽ അമർത്തി..... എല്ലാം കേട്ട് ശില പോലെ നിന്നെ ഉള്ളു അവൻ.....

മുഖമടച്ചു ഒരടി കിട്ടിയതും റിച്ചു കോപത്തോടെ മുന്നിൽ നോക്കി ഉമ്മാ....

അവൻ അനാഥൻ അല്ല..... ഞാൻ പ്രസവിച്ചില്ലെങ്കിലും എന്റെ മോനാ അവൻ..... പ്രതികാരം തീർക്കാൻ നടക്കുമ്പോ എപ്പോഴെങ്കിലും നീ ഞങ്ങളെ ഓർത്തിട്ടുണ്ടോ...... ഞങ്ങളെ മനസ്സിൽ ആക്കിയിട്ടുണ്ടോ..... പറഞ്ഞല്ലോ നിന്നെ ഒഴിവാക്കി അവന്നെ ചേർത്ത് പിടിച്ചെന്ന്.

നിനക്ക് അറിയോ അതെന്തിനാണെന്ന്.....

എന്റെ സ്വാർത്ഥത..... എന്റെയും നിന്റെ ഉപ്പന്റെയും

സ്വാർത്ഥത..... മക്കൾ പട്ടിണികിടക്കാതിരിക്കാൻ തോന്നിയ സ്വാർത്ഥത..... ബിസിനസ് പൊട്ടിപൊളിഞ്ഞു ഒരു നേരത്തെ ഭക്ഷണതിന്ന് പോലും ഗതിയില്ലാതെ മനസ്സിൽ കരഞ്ഞോണ്ട് നിങ്ങളെ ഒന്നും അറിയിക്കാതെ കഴിയാരുന്നു ഞങ്ങൾ....

അതിന്റെ ഇടയിൽ ആസ്മരോഗം വില്ലൻ ആയി വന്നപ്പോ ഒരു ജോലിക്കും പോകാൻ പറ്റാതെ നിന്റെ ഉപ്പ..... മരിക്കാൻ പോലും തീരുമാനിച്ചിരുന്നു ഞങ്ങൾ.ഇതിനിടയിൽ കടന്നു വന്ന മഹാഭാഗ്യം ആയിരുന്നു ഇവൻ..... ഇട്ടുമൂടാൻ സ്വത്ത് ഉണ്ടായിട്ടും അനാഥനായി പോയവൻ..... മരിക്കും മുൻപ് പ്രിയകൂട്ടുകാരനോട് ഒന്നേ അസ്കർ ആവിശ്യപെട്ടുള്ളു എന്റെ മോന് ഉപ്പയും ഉമ്മയും ആകാൻ പറ്റൊന്ന്....

അതോണ്ട് കൂടെ കൂട്ടിയത്..... അവന്റെ സങ്കടം മാറ്റാൻ ഞങ്ങൾ കൂടുതൽ സ്നേഹിച്ചു..... നീ പറഞ്ഞല്ലോ നിന്നെ ബോഡിങ്ങിൽ ആക്കിയെന്ന് എന്തിനാന്നു അറിയോ നീയെങ്കിലും നേരത്തിനു ഭക്ഷണം കഴിച്ചോട്ടെ കരുതിയാ.... അതായിരുന്നു ഞങ്ങളെ ഏക സന്തോഷം..... കോളേജിൽ ഫീസ്

അടക്കാത്തൊണ്ട് നാണക്കേട് കൊണ്ട് ചാകുന്ന് പറഞ്ഞു പോയി റാഹിൽ..... ഒന്നും തിരിയാത്ത റംസി..... ജോലിക്ക് പോലും പോകാൻ പറ്റാത്ത നിന്റെ ഉപ്പ.....

പണത്തിൽ ആയിരുന്ന വീട് ജപ്തിയുടെ വക്കിൽ...... ഞാൻ എന്തായിരുന്നു വേണ്ടെ അപ്പോൾ..ഫൈസിയുടെ ഗഡിയൻ ആയ അവന്ന് കിട്ടുന്ന പണത്തിൽ ഞങ്ങൾക്കും പട്ടിണി കൂടാതെ കിടക്കാലോന്ന് മാത്രം ചിന്തിച്ചു ഉള്ളു.... നിന്റെ എതിർപ്പ് അതോണ്ട് ആരും ശ്രദ്ധിച്ചില്ല.... ഇവൻ ഇല്ലായിരുന്നു വെങ്കിൽ ഒരു കുപ്പി വിഷത്തിൽ തീർത്തേനെ ഞങ്ങൾ.... അവന്ന് സ്വന്തം വീട്ടിൽ പോകണമെന്ന് പറഞ്ഞപ്പോ അതും അനുസരിച്ചു.... അന്നം തരുന്ന അവനെ എതിർക്കാൻ ഞങ്ങൾക്ക് കഴിയുമായിരുന്നില്ല.... അവന്റെ പണത്തിലാ ഞങ്ങൾ എല്ലാവരും പിന്നെ ജീവിച്ചത്.... തിന്നതും കുടിച്ചതും എല്ലാം അവന്റെ ഔദാര്യം ആയിരുന്നു..... ഇന്ന് ശ്വസിക്കുന്ന ജീവൻ പോലും അവന്റെയാണ്.... ആ അവന്നെ ഉപേക്ഷിച്ചു ആണോ ഞങ്ങൾ വരേണ്ടിയിരുന്നത്...... നിന്നെ പോലെ വിഷം ഇല്ലായിരുന്നു അവന്റെ ഉള്ളിൽ... സ്വന്തം പോലെയാ

അവൻ കരുതിയിട്ട് ഉള്ളു.... മനസ്സിൽ തട്ടിയ ഉമ്മ എന്ന് വിളിച്ചതും..... നീയാണ് നിന്റെ ജീവിതം നശിപ്പിച്ചത്..... നിന്റെ ഉള്ളിലെ ദുഷിച്ച ചിന്തയാണ് നിന്നെ അങ്ങനെ ആക്കിയത

നീ സ്വയം അനാഥൻ ആയതാ അല്ലാതെ അവൻ അല്ല തെറ്റ്കാരൻ..... ഞങ്ങൾക്ക് വേണ്ട നിന്നെ..... നിന്നെ കാണണ്ട ഞങ്ങൾക്ക്.....അത്രയും വെറുത്ത് പോയി.... ഉമ്മ കരഞ്ഞു പോയിരുന്നു അപ്പോഴേക്കും.... റിച്ചുവിന്റെ കയ്യിൽ നിന്നും തോക്ക് താഴെ വീണു..... തളർച്ചയോടെ അവിടെ ഇരുന്നു പോയി അവൻ...... കണ്ണിൽ നിന്നും ആദ്യം ആയി രണ്ടു തുള്ളി കണ്ണുനീർ ഇറ്റി വീണു..... ഫൈസ് ഒന്നും മിണ്ടാതെ അപ്പോഴും അങ്ങനെ നിന്നെ ഉള്ളു.... റിച്ചുക്കയുടെ മനസ്സിൽ ഇങ്ങനെ ഓക്കെ ഉണ്ടായിരുന്നോ.... ഞാൻ കാരണം ആണോ അവന്റെ ജീവിതം നശിച്ചത്.....

റി ച്ചുവിന്റെ ശബ്ദം ആയിരുന്നു അവനെ ചിന്തയിൽ നിന്നും ഉണർത്തിയത്.....

മാപ്പ് ചോദിക്കാനുള്ള യോഗ്യത പോലും ഇല്ലെന്ന് അറിയാം..... ഉമ്മ പറഞ്ഞത് പോലെ ഞാൻ തന്നെ എന്റെ ജീവിതം നശിപ്പിച്ചത്... നിന്നോടുള്ള അസൂയയും പകയും ആണ് എല്ലാ  ത്തിനും കാരണം....

ഇവരെ ജീവിതം നിന്റെ ഔദാര്യം ആണെന്ന് മനസ്സിൽ ആക്കിയില്ല.... നീ തന്നെ ഇവരുടെ മകൻ ആവേണ്ടത് ഞാൻ അല്ല.... എന്നോട് പറ്റുമെങ്കിൽ പൊറുക്കണം.... ഇനി നിന്റെ ജീവിതത്തിൽ ശല്യം ആയി വരില്ല.... കൈകൂപ്പി പറഞ്ഞു കൊണ്ട് അവന്റെ മുന്നിൽ നിന്നു..... കുറ്റബോധം അവന്റെ വാക്കിലും നോട്ടത്തിലും ഉണ്ടായിരുന്നു.....

ഇനു നിറഞ്ഞ കണ്ണുകൾ തുടച്ചു....

ഫൈസ് അപ്പോഴും അനങ്ങാതെ നിന്നെ ഉള്ളു.....

ഒരു കയ്യടി ശബ്ദം കേട്ട് എല്ലാരും തിരിഞ്ഞു നോക്കി..... ഇജാസ്  കൂടെ നദീം ഉണ്ട്.....

എല്ലാം പരസ്പരം പറഞ്ഞു തീർത്തു നിങ്ങൾ

ഒന്നായി.... പക്ഷേ എന്റെ അനിയനെയും അനിയത്തിയെയും തൊട്ട കണക്ക് ഇപ്പോഴും ബാക്കി നിൽക്കുകയാണ്.... അതിന്ന് മാപ്പില്ല നിനക്ക്.... ദേഷ്യത്തോടെ പറഞ്ഞു ഇജാസ് അവന്റെ നേർക്ക് റിവോൾവർ ചൂണ്ടി

വേണ്ട ഇജുക്ക പറഞ്ഞു ഇനു ഓടിവന്നു അവന്നെ വട്ടം പിടിച്ചു.....

അവൻ അവളെ ഒരു കൈ കൊണ്ട് പിടിച്ചു പിറകിലേക്ക് തള്ളിമാറ്റി.....

ഇല്ല ജന്ന.... എന്റെ ശഹിയുടെ ശരീരത്തിൽ പൊടിഞ്ഞ രക്തത്തിന്ന് ഇവന്ന് മാപ്പില്ല.... ജീവനും മരണത്തിനും ഇടയിൽ അവൻ കിടന്നത് ഓർക്കുമ്പോ നെഞ്ച് പിടക്ക ഇപ്പോഴും.... അവൻ റിവോൾവർ റിച്ചുവിന്റെ നേരെ ചൂണ്ടി....

എനിക്ക് വേണ്ടി ക്ഷമിച്ചുടെ ഇജു.... ഫൈസ്

ദയനീയതയോടെ പറഞ്ഞു....

നിനക്ക് നിന്റെ ഇക്കയാണ് വലുതെങ്കിൽ എനിക്ക് എന്റെ അനിയൻ ആണ് വലുത്.

എന്റെ ജന്നയെയും ശഹിയെയും വേദനിപ്പിച്ചവന്ന ജീവിക്കാൻ അവകാശം ഇല്ല.... അവന്റെ മുഖം ദേഷ്യത്താൽ വിറച്ചിരുന്നു....

ഞാൻ കൊടുത്ത വാക്ക് ആണ് ഇവന്റെ ജീവന്ന് ഒരു ആപത്തും വരില്ലെന്ന് ഫൈസ് അവന്റെ മുന്നിൽ കയറി നിന്നു...

നിനക്ക് ഇപ്പോൾ തീരുമാനിക്കാം എന്റെ ജന്നയെ വേണോ ഇവന്നെ വേണോന്ന് ഇജു വാശിയോട് ഫൈസിയെ നോക്കി....

എനിക്കു രണ്ടും വേണം.....

ജന്നയെ വേണമെങ്കിൽ ഇവന്നെ നിനക്ക് വേണ്ട എന്ന് പറഞ്ഞു ഫൈസിയെ തള്ളിമാറ്റി... ഫൈസ് സൈഡിലേക്ക് തെന്നി വീണു.... ഇജു റിച്ചുവിന്ന് നേർക്ക് റിവോൾവർ നീട്ടി...

എല്ലാർക്കും തടയാൻ കഴിയുന്നതിന്ന് മുന്നേ അവൻ വെടിയുതിർത്തിരുന്നു....

ഫൈസ്...... ഇനുവിന്റെ തൊണ്ട പൊട്ടിയുള്ള അലർച്ച അവിടെങ്ങും അലയടിച്ചു..... അവൾ ബോധം മറഞ്ഞു വീഴുന്നതിന്ന് മുന്നേ നദീം അവളെ താങ്ങിയിരുന്നു..... കണ്ണുകൾ അടയുന്നതിന്ന് മുൻപ് അവൾ കണ്ടു ചോരയിൽ കുളിച്ചു നിലത്ത് വീണു കിടക്കുന്ന ഫൈസിയെ.......

❤️💔INVISIBLE LOVE 💔❤️

Love after 💘marriage 🌷113🌷

കൊല്ലാൻ ശ്രമിച്ചു..... ഭാര്യയെ സ്വന്തം ആക്കാൻ ശ്രമിച്ചു.... എന്നിട്ടും തന്റെ ജീവൻ രക്ഷിക്കാൻ ശ്രമിച്ച

ഫൈസിയെ ഓർത്തു കുറ്റബോധതാൽ തലകുനിഞ്ഞു

ഇക്ക എന്നും വിളിച്ചു എന്നും പിറകെ വന്നിരുന്ന പത്തു വയസ്സ്കാരനെ ഓർത്തു അവൻ.... ആട്ടിയോടിച്ചിട്ടേ ഉള്ളു

ദ്രോഹിച്ചിട്ടേ ഉള്ളു എന്നാലും ചെറു ചിരിയോടെ വീണ്ടും വരും.... ഇപ്പോഴും ഇത്രയും ദ്രോഹം ചെയ്തിട്ടും തന്നെ രക്ഷിക്കാൻ സ്വയം വെടിയേറ്റു.... അലറികരഞ്ഞു പോയിരുന്നു അവൻ....

അവന്റെ തോളിൽ കൈ വെച്ചത് കണ്ടു അവൻ തിരിഞ്ഞു നോക്കി.... Ajwa

നീയെന്തിനാ വന്നേ എല്ലാവരും വെറുക്കുന്ന ശാപം പിടിച്ച ഒരു ജന്മം ആണ് ഇപ്പോൾ.... ഉപ്പയും ഉമ്മയും റംസിയും എല്ലാവരും ഇനിയൊരിക്കലും കാണരുതെന്ന് പറഞ്ഞു പോയി.... എന്റെ കരച്ചിൽ കണ്ടു സന്തോഷിക്കാൻ വന്നത് ആണോ.... അവൻ കൈ തട്ടിമറ്റി....

ആർക്ക് വേണ്ടെങ്കിലും എനിക്ക് വേണം എന്റെ കുഞ്ഞിന്റെ ഉപ്പയെ.... എന്നെപോലെ ഒരു അനാഥജന്മം ആയി അത് വളരാൻ ആഗ്രഹിക്കുന്നില്ല..... ഞാൻ ചെയ്തത് തെറ്റാണ്... വിവാഹത്തിന് മുൻപ് ഗർഭിണി ആയത് തെറ്റാണ്...... ആരോരും ഇല്ലാത്ത എനിക്ക് സ്വന്തം ആയി ഒരാൾ എങ്കിലും ഉണ്ടാവണം കരുതി ചെയ്തു പോയതാണ്

ശരീരം കൊണ്ടും മനസ്സ് കൊണ്ട് റിച്ചുക്കനെ മാത്രം സ്നേഹിച്ചിട്ടുള്ളു.... എന്റെ തെറ്റൊക്കെ പൊറുത്തു എന്നെ സ്വീകരിച്ചോടെ..... ഒരു വേലക്കാരിയെ പോലെ കാൽച്ചുവട്ടിൽ ജീവിച്ചോളാം.... എന്നെ സ്വീകരിച്ചോടെ........

നിറവയറും ആയി നിറ കണ്ണുകളോടെ നോക്കുന്ന ആ പെണ്ണിനെ കണ്ടു അവന്റെ നെഞ്ചും നീറുന്നുണ്ടായിരുന്നു.

അവളുടെ വയറിൽ കണ്ണുകൾ ഉടക്കി...

തന്റെ ജീവൻ തിരിച്ചു തന്നത് ആ കുഞ്ഞാണ്.... ഫൈസ് ജീവൻ കൊടുത്തു രക്ഷിക്കാൻ ശ്രമിച്ചത് ആ കുഞ്ഞിനെ ഓർത്താണ് ആ ഓർമയിൽ അവൻ ഒന്ന്

പിടഞ്ഞു.....

ഞാൻ..... എനിക്ക്..... അവൻ മുഖം പൊത്തി കരഞ്ഞു.....

അവൾ അവന്റെ അടുത്തേക്ക് ചെന്നു തലയിലൂടെ തലോടി..... അവൻ അവളെ അങ്ങനെ തന്നെ കെട്ടിപിടിച്ചു..... അവളുടെ വയറിൽ മുഖം ചേർത്ത് വെച്ചു തന്റെ വയറിനു മുകളിൽ കൂടി കണ്ണുനീർ ഒഴുകിയിറങ്ങി.... അവന്റെ പാപങ്ങൾ അങ്ങനെ എങ്കിലും കുറയട്ടെ കരുതി അവൾ തടഞ്ഞില്ല. മറു കൈകൊണ്ട് ആശ്വസിപ്പിക്കാൻ എന്ന വണ്ണം തലോടി....

അവളുടെ ചുണ്ടിൽ അപ്പോഴും ഒരു പുഞ്ചിരി ഉണ്ടായിരുന്നു... തനിക്ക് തന്റെ പ്രണയം തിരിച്ചു കിട്ടിയെന്ന പുഞ്ചിരി.....

❤️❤️❤️❤️

Icu മുന്നിൽ എല്ലാവരും ടെൻഷനോട് കാത്തിരുന്നു.

ഫൈസിയെ ഓപ്പറേഷൻ കയറ്റിയിട്ട് മണിക്കൂറുകൾ ആയി....

കുറച്ചു കഴിഞ്ഞു വാതിൽ തുറന്നു ഡോക്ടർ പുറത്ത് ഇറങ്ങിയതും അവർ ഓടിച്ചെന്നു.....

ബോധം വന്ന റൂമിലേക്ക് ഷിഫ്റ്റ് ചെയ്യും. ഇപ്പൊ പേടിക്കാൻ ഒന്നും ഇല്ല. കുറച്ചു റസ്റ്റ് എടുത്ത മതി.... ബ്ലഡ് ഒരുപാട് പോയിരുന്നു.... അതിന്റെ ക്ഷീണം ഉണ്ടെന്നുള്ള പ്രോബ്ലം ഉള്ളു... ഡോക്ടർ പോയി.... എല്ലാവരും ആശ്വാസത്തോടെ നെഞ്ചിൽ കൈ വെച്ചു.....

റിച്ചുവിനെ ഷൂട്ട് ചെയ്തതും അവനെ തള്ളിമാറ്റി ഫൈസ് മുന്നിൽ നിൽക്കുകയാരുന്നു... തോളിന് താഴെ ആയി വെടിയേറ്റത്.... അത് കണ്ടതും ഇനൂ ബോധം കെട്ട് വീണു... എല്ലാവരും ഞെട്ടി വിറച്ചിരുന്നു..... ഇജുവും ആകെ ഷോക്ക് ആയിരുന്നു. ഫൈസ് ഇങ്ങനെ ചെയ്യുന്നു അവനും

കരുതിയിരുന്നില്ല.....

ഞാൻ കൊടുത്ത വാക്കാണ് എന്റെ പെങ്ങൾക്ക്..... ആ കുഞ്ഞിന് അതിന്റെ ഉപ്പയെ കൊടുത്തോളാന്ന്..... വര്ഷങ്ങളോളം മകനെ ഓർത്തു കരഞ്ഞു ജീവിച്ച ഉമ്മാക്ക് കൊടുത്ത ഉറപ്പ് ആണ് മകന്റെ ജീവന് ഒന്നും പറ്റില്ലെന്ന്..... എന്റെ ഇനൂ ഇത്രയും സഹിച്ചതും ആ കുഞ്ഞിനെ ഓർത്താണ്...

എന്റെ ബ്ലഡ് കൊണ്ട് പകരം വീട്ടിക്കോ....

അവന്നെ വെറുതെ വിട്ടൂടെ ഇജു..... എനിക്ക് വേണ്ടി..... ജന്നത്തിലെ രാജകുമാരി കൊടുത്ത വാക്ക് നിറവേറ്റിക്കൂടെ..... തളർച്ചയിലും അവൻ പറയുന്നത് കേട്ടു ഇജു അവന്നെ ഓടിച്ചെന്നു എഴുന്നേൽപ്പിച്ചു കെട്ടിപിടിച്ചു.

എന്റെ ജീവന ജന്ന...... ആ ജന്നയുടെ ജീവൻ നീയാണ്..... നിങ്ങൾ ഇല്ലാതെ ഞാൻ ഉണ്ടോടാ..... അവനെ താങ്ങി പിടിച്ചു എഴുന്നേൽപ്പിച്ചു..... നദീം ഇനുവിനെ തട്ടി വിളിച്ചു..... വെള്ളം തളിച്ചിട്ടും അവൾ

എഴുന്നേറ്റില്ല....

രണ്ടു പേരെയും എടുത്തു ഹോസ്പിറ്റലിലേക്ക് ഓടുകയാരുന്നു അവർ....... ഇജു നിറഞ്ഞ കണ്ണുകൾ തുടച്ചു മാറ്റി..... ഇനുവിനെ തലോടി കൊണ്ടിരുന്നു..... ബോധം വന്നതും ഫൈസിയെ കാണണം പറഞ്ഞു ബഹളം ആയിരുന്നു.... അവസാനം ഇഞ്ചക്ഷൻ വെച്ചു ഉറക്കുകയാരുന്നു......

ഫൈസ്..... അവളുടെ ചുണ്ടുകൾ കണ്ണുകൾ തുറന്നില്ലെങ്കിലും മൊഴിഞ്ഞു കൊണ്ടിരുന്നു......എഴുന്നേൽക്കുമ്പോൾ അവനെ തന്നെ കണ്ടോട്ടെ കരുതി.

അവന്റെ നിർബന്ധം കാരണം ഇനുവിനെ ഫൈസിയുടെ കൂടെ icu വിൽ ആക്കി.....

ഫൈസിക്ക് ബോധം വീനിരുന്നു....

എഴുന്നേൽക്കാൻ കഴിഞ്ഞില്ലെങ്കിലും അവളെ നോക്കി അവൻ കിടന്നു.....

അവളുടെ ചുണ്ടുകൾ അവന്റെ പേര് മന്ത്രിക്കുന്നത് കണ്ടു അവൻ കൗതുകതോടെ നോക്കി കിടന്നു....

ഫൈസ്.... എന്ന് അലറിവിളിച്ചോണ്ട് അവൾ എഴുന്നേറ്റു.....

ഡീ പതുക്കെ..... ഇവിടെ വേറെയും പഷ്യന്റ്സ് ഉണ്ട്.... അവൻ പറഞ്ഞു....

അവന്റെ ശബ്ദം കേട്ടു അവൾ തിരിഞ്ഞു നോക്കി.... അവൾ ബെഡിൽ നിന്നും ഇറങ്ങിഓടുകയാരുന്നു... അവന്റെ മുറിവും മുഖത്തെ ക്ഷീണം ഓക്കെ കണ്ടതും അവൾ കരഞ്ഞു പോയിരുന്നു.

അവന്നെ കെട്ടിപിടിച്ചു മുഖം മുഴുവൻ ചുംബനം കൊണ്ട് മൂടി..... പിന്നെ അവന്റെ നെഞ്ചിലേക്ക് മുഖം

ചേർത്ത് കിടന്നു....

അവന്ന് എവിടെയൊക്കെ വേദന തോന്നിയെങ്കിലും അവളുടെ സങ്കടം മുഴുവൻ തന്റെ നെഞ്ചിലാണ് തീർക്കുന്നതെന്ന് അറിയാവുന്നുണ്ട് തന്നെ അവൻ തടഞ്ഞില്ല.....

ടീ ഇങ്ങനെ കിടന്ന icu മണിയറ ആയെന്ന് വരും എഴുന്നേറ്റെ.....

അവൾ നെഞ്ചിൽ ഒരു നുള്ള് കൊടുത്തു എഴുന്നേറ്റു.....

അവൻ വേദനയോടെ എരിവ് വലിച്ചു....

നിന്നോട് ഒരിക്കലും മിണ്ടില്ലെന്ന് കരുതിയതാ..... പിന്നെ പോട്ടെന്നു വെച്ചു.

അതിന്ന് തല്ലിയില്ലേ എന്നെ...... അവൾ കവിളിൽ

കൈ വെച്ചു....

നീ എന്നോട് ചെയ്തത് വെച്ചു നോക്കുമ്പോ ഇതൊക്കെ കുറവാണ്.....

ഒരു വാക്ക് പറയാതെ നിന്നില്ലേ.... വിഡ്ഢി വേഷം കെട്ടികരുന്നില്ലേ എന്നെ....

അവൾ അവന്റെ ചുണ്ടിൽ വിരൽ വെച്ചു.

ഇങ്ങനെ ഓക്കെ സംഭവിക്കുന്നു എനിക്കറിയാരുന്നു..... ഫൈസ് അറിയോ

എന്നെ ഒരിക്കൽ പ്ലസ് ടു പഠിക്കുമ്പോ ഒരു കക്ഷി കയറി പിടിച്ചു... ഇടുപ്പിൽ ആയിരുന്നു പിടിച്ചേ..... ഞാൻ പേടിച്ചു കരഞ്ഞു.... കുറച്ചു ദിവസം കഴിഞ്ഞു അയാൾ വന്നു എന്റെ കാൽ പിടിച്ചു... അയാൾക്ക് വലത് കൈ ഇല്ലായിരുന്നു.

അവൻ ഞെട്ടലോടെ അവളെ നോക്കി...

ഞാൻ വേദനിച്ചുന്നു അറിഞ്ഞ ഭ്രാന്ത് ആണ് ഇജുക്കക്ക്..... ആ പേടി ഉള്ളോണ്ട റിച്ചുന്റെ കാര്യം മറച്ചു വെച്ചത്.....

ഞാൻ ഇല്ലാതായാലും എന്റെ പെണ്ണ് ആ കൈകളിൽ സേഫ് ആണ് അവൻ ആലോചനയോടെ പറഞ്ഞു.....

തമാശക്ക് പോലും അങ്ങനെ പറയല്ലേ.നീ ഇല്ലെങ്കിൽ പിന്നെ ഞാൻ ഉണ്ടാവില്ല...

അവൾ കരച്ചിലിലൂടെ അവന്നെ കെട്ടിപിടിച്ചു....

ഇൻഫെക്ഷൻ ആകും പേഷ്യന്റിന്..... നഴ്സ് വന്നു പറഞ്ഞതും അവൾ എഴുന്നേറ്റു....

❤️❤️❤️

അവൾ പുറത്തു ഇറങ്ങിയതും എല്ലാവരും അവളെ കണ്ടു. അവളുടെ തെളിഞ്ഞ മുഖം കണ്ടതും അവർക്ക് സമാധാനം ആയി.... ഇജു

കുറ്റബോധത്തോടെ അവളെ നോക്കി..... അവൾ പുച്ഛത്തോടെ മുഖം ആക്കി മുഖം തിരിച്ചു.....

ജന്ന..... അവൻ പോയി വിളിച്ചു എങ്കിലും നോക്കില..

അവൻ മുന്നിൽ പോയി ചാടിയോണ്ടാ... അല്ലാതെ അവനെ ഷൂട്ട് ചെയ്യോ.... സോറിടീ.....

എന്നോട് മിണ്ടണ്ട..... എനിക്ക് ഇഷ്ടം അല്ല.....

ജന്ന..... അവന്ന് ദേശ്യം സങ്കടം ഓക്കെ വന്നിരുന്നു.....

അവൻ ദേഷ്യത്തോടെ അവിടെ ഭിത്തിയിൽ ആഞ്ഞടിച്ചു..... എല്ലാരും ഭയന്നു നോക്കി.....

സ്വയം വേദനിപ്പിച്ചാലൊന്നും ഞാൻ മിണ്ടുന്ന് കരുതണ്ട..... ഈ മൂകത്തെ ദേഷ്യം ശുഡ്ഡിയും

എല്ലാം ഒഴിവാക്കി ഇനി ആരോടും തല്ല് ഉണ്ടാക്കില്ല.... റിവോൾവർ യൂസ് ചെയ്യില്ല എന്ന് എന്റെ തലയിൽ തൊട്ട് സത്യം ഇട്..... എന്നാലേ ഞാൻ മിണ്ടു.....

നിന്നെ ആരെങ്കിലും ഉപദ്രവിച്ചാൽ വേദനിപ്പിച്ചാൽ ഞാൻ വെറുതെ വിടില്ല.

അല്ലാതെ കണ്ടവരോടൊക്കെ തല്ല് ഉണ്ടാക്കൽ അല്ല എനിക്ക് പണി..... നിന്നെ വേദനിപ്പിച്ച ഞാൻ പ്രതികരിക്കും....

ആകാശത്തു കൂടി പോകുന്ന പണി ഇറന്നു വാങ്ങുന്ന പെങ്ങൾ.... എങ്ങനെ നന്നാവാനാ അവൻ.... നദീമ് ചിരിയോടെ പറഞ്ഞു.....

ആരെയും തല്ലരുത്.... സത്യം ഇട്ടിനോ മിണ്ടും. ഇല്ലെങ്കിൽ ഞാൻ മിണ്ടില്ല ഇത് സത്യം..... അവൾ വാശിയോട് പറഞ്ഞു ജനലിൽ കൂടി പുറത്തേയ്ക്ക് നോക്കി ഇരുന്നു.... അവളെ വാശി അറിയുന്നൊണ്ട് എല്ലാവരും പേടിയോടെ ഇജുവിനെ നോക്കി.....

അവനും വാശിയിൽ ആയിരുന്നു സത്യം ഇടില്ലെന്ന്. അവന്ന് അറിയാരുന്നു ആ സത്യം ഒരിക്കലും അവൻ പാലിക്കില്ലെന്ന്..... കള്ള സത്യം അവളെ തൊട്ട് ഇടാൻ പറ്റില്ല.

റാനി രണ്ടാളെയും നോക്കി.... ഇത് മിക്കവാറും ഹോസ്പിറ്റൽ ഇജു തല്ലി പൊട്ടിക്കും എന്നല്ലാതെ മറ്റൊന്നും സംഭവിക്കില്ലെന്ന് അവൾക്ക് മനസ്സിൽ ആയി..... അവൾ അവന്റെ അടുത്തേക്ക് പോയി.... ചെവിയിൽ എന്തോ പറയുന്നത് എല്ലാരും കണ്ടു.... ആദ്യം സമ്മതിച്ചില്ലെങ്കിലും അവൾ പിടിച്ചോണ്ട് പോയി....

ഇനുവിന്റെ അടുത്തേക്ക് പോയി ഇജു. അവൻ വന്നത് അറിഞ്ഞിട്ടും അവൾ തിരിഞ്ഞു നോക്കാതെ നിന്നു.... അവൻ റാനിയുടെ കൈ അവളെ തലയിൽ വെച്ചു

അതിന്റെ മുകളിൽ കൈ വെക്കുന്ന പോലെ ആക്കി സത്യം ഇട്ടു......

അവൾ തിരിഞ്ഞു നോക്കിതും അവൻ റാനിയുടെ കൈ മാറ്റിയിരുന്നു..... ഇനൂ സന്തോഷതോടെ അവനെ കെട്ടിപിടിച്ചു...

ബാക്കി എല്ലാവരും വായും പൊളിച്ചു നിന്നു....

ചക്കിക്കൊത്ത ചങ്കരൻ തന്നെ ഇത്..... സമി പറഞ്ഞു....

❤❤❤❤❤

നാല്ദിവസം ഫൈസ് ഹോസ്പിറ്റലിൽ തന്നെ കിടന്നു..... അതും ഇജുവിന്റെ തീരുമാനം ആയോണ്ട് അവൻ കടിച്ചു പിടിച്ചു നിന്നു..... മുറിവ് ഫുൾ ഉണങ്ങിയതിന്ന് ശേഷം മാത്രം വിട്ടുള്ളു....

വീട്ടിൽ എത്തിയത് റിൻഷാദ് അവിടേക്ക് വന്നു. എല്ലാവരും അവനെ കണ്ടു വെറുപ്പോടെ മുഖം

തിരിച്ചു..... അവൻ അത് അർഹിക്കുന്നുണ്ട് തന്നെ വേദനയോടെ നോക്കിയേ ഉള്ളു.....

ഫൈസ് എല്ലാവരെയും അങ്ങോട്ട് വിളിച്ചു

ഞാൻ നിങ്ങളെ വിളിച്ചത് നിങ്ങൾ ഇനിമുതൽ താമസിക്കുന്നത് ഇവിടെയല്ല റിച്ചുവിന്റെ കൂടെ ആ പഴയ വീട്ടിൽ ആണ് അത് പറയാൻ വേണ്ടിയാണ്. എല്ലാവരും അവന്റെ കൂടെ പോകണം..... പഴയത് പോലെ സന്തോഷം ആയി ജീവിക്കണം....

നീയില്ലാതെ ഞങ്ങൾ പോകില്ല..... ഉമ്മ കരഞ്ഞോണ്ട് പറഞ്ഞു....

അവൻ ഉമ്മയെ ചേർത്തു പിടിച്ചു.... ഉമ്മ പോകണം എല്ലാവരും പോകണം.... അവന്റെ ആഗ്രഹം പോലെ സന്തോഷം ആയി കഴിയണം.....

വേണ്ട ഫൈസി.... തെറ്റ് എന്റേതാണ്.... ഇനി ഇവരെ പിരിച്ച പടച്ചോൻ പോലും പൊറുക്കൂല എന്നോട്..... നീ എന്നോട് ക്ഷമിച്ച മാത്രം മതി...റിച്ചു നിറ കണ്ണുകളോടെ പറഞ്ഞു.....

അറിയാതെ ആണെങ്കിലും നീ ഇങ്ങനെ ആയതിൽ എനിക്കും പങ്കുണ്ട്..... എന്നോട് സ്നേഹം ഉണ്ടെങ്കിൽ എല്ലാവരും നിന്റെ കൂടെ വരും...

എന്നിട്ടും ആരും അനങ്ങിയില്ല.....

ഞാൻ തനിച് അല്ല ഉമ്മ.... എന്റെ ഉമ്മന്റെയും ഉപ്പന്റെയും ഓര്മയുള്ള ഈ വീട് വിട്ടു പോരാൻ എനിക്ക് വേദനയുണ്ടെങ്കിൽ എല്ലാരും ഉണ്ടായിട്ടും ആരും ഇല്ലാതെ ജീവിക്കുന്ന അവന്ന് എത്ര സങ്കടം ഉണ്ടാകും.... അതോണ്ട് എല്ലാരും പോകണം....എപ്പോ വേണേൽ എല്ലാർക്കും ഇങ്ങോട്ട് വരാലോ ....എനിക്ക് കാണണം തോന്നുമ്പോൾ ഞാനും വരും.... അവൻ അവരെ ആശ്വസിപ്പിച്ചു...

അവന്റെ നിർബന്ധത്തിൽ അവസാനം അവർ സമ്മതിച്ചു..... എല്ലാവരും യാത്ര ചോദിച്ചു ഇറങ്ങി.... സന്തോഷതോടെ അവൻ യാത്ര അയച്ചു..... ഇനുവിന് സങ്കടം ഉണ്ടെങ്കിലും അവൾ എതിർത്തില്ല.....

ഇനുവിനോടും ഫൈസിയോട് മാപ്പ് ചോദിച്ചു അവരെ അങ്ങോട്ട് ക്ഷണിച്ചിട്ട് ആണ് റിച്ചു പോയത്..... അവർ പോയതും അടക്കി വെച്ച കരച്ചിൽ അവന്റെ കവിളിലൂടെ ഒഴുകിയിറങ്ങി...... അത് കണ്ടു ഇനുവും കരഞ്ഞു പോയിരുന്നു....

അനാഥനായി ജനിക്കുന്നതാ ഏറ്റവും വേദന അല്ലേ ഇനൂ.... സ്വന്തം എന്ന് പറയാൻ പോലും ആരും ഇല്ലല്ലോ എനിക്ക്

അവൻ അവളുടെ തോളിൽ മുഖം താഴ്ത്തി കെട്ടിപിടിച്ചു....

ഞാൻ ഇല്ലേടാ നിനക്ക്... നിന്റെ സ്വന്തം എന്ന് പറയാൻ.....

നിനക്ക് സ്വന്തം എന്ന് പറയാൻ എത്ര പേരാ....
എനിക്കോ.... എന്റെ മാത്രം പറയാൻ ആരാ ഉള്ളെ.....
സങ്കടം കൊണ്ട് അവന്ന് കരച്ചിൽ
നിൽക്കുന്നില്ലായിരുന്നു

നിനക്ക് സ്വന്തം എന്ന് പറയാൻ...... നിന്റെ മാത്രം
സ്വന്തം എന്ന് പറയാൻ..... ആരെക്കാളും നിനക്ക്
അവകാശം ഉള്ള രണ്ടു പേരെ ഞാൻ തരട്ടെ.....

അവൻ മുഖം ഉയർത്തി സംശയത്തോടെ

അവളെ നോക്കി.... അവൾ അവന്റെ കയ്യെടുത്തു
അവളുടെ വയറ്റിൽ വെച്ചു...

നിനക്ക് സ്വന്തം എന്ന് പറയാൻ..... നീ അനാഥൻ
അല്ലെന്ന് പറയാൻ..... നിന്റെ മാത്രം ആയി രണ്ടു
പേരുണ്ട് ഇപ്പൊ ഇവിടെ......

അവന്ന് സന്തോഷം കൊണ്ട് എന്ത് പറയണമെന്നോ ചെയ്യണമെന്നോ അറിയാതെ അവളെ നോക്കി... അവളെ ഇറുക്കെ കെട്ടിപിടിച്ചു.... ഇത്രയും നേരം സങ്കടം കൊണ്ട് കണ്ണ് നിറഞ്ഞെങ്കിൽ ഇപ്പോൾ സന്തോഷം കൊണ്ട് കണ്ണ് നിറഞ്ഞെ.....

ഹോസ്പിറ്റലിൽ അന്ന് ബോധം കെട്ട് വീണില്ലേ അപ്പോൾ ഡോക്ടർ പറഞ്ഞത

ഇജുക്കനോട്..... ആദ്യം ഫൈസി അറിഞ്ഞോട്ടെ പറഞ്ഞു ഇജുക്ക എന്നോട് മാത്രം പറഞ്ഞുള്ളു.... ഞാൻ നിന്നോട് പറഞ്ഞിട്ട് നീ എല്ലാരോടും പറഞ്ഞ മതി പറഞ്ഞു.... വീട്ടിൽ എത്തിയിട്ട് സർപ്രൈസ് ആയി പറയാണ്ണോന്ന് കരുതി നിന്നതാ.... ഇവിടെ എത്തിയപ്പോ ഈ സംഭവം....

അവൻ അവളുടെ മുന്നിൽ മുട്ട് കുത്തി നിന്നു..... അവളെ ടോപ്പ് ഉയർത്തി വയറിൽ ചുണ്ടുകൾ ചേർത്തു.... അവന്റെ കണ്ണുകൾ നിറഞ്ഞു ഒഴുകിയിരുന്നു....

എനിക്കും സ്വന്തം എന്ന് പറയാൻ..... എന്റെ മക്കൾ.... ഞാൻ ഇനി അനാഥൻ ഒന്നും അല്ല അല്ലേ ഇനൂ.....

ഞാൻ ഉള്ളപ്പോ എങ്ങനെയാ നീ അനാഥൻ ആവുക.... ഇനി ഒരിക്കൽ കൂടി അങ്ങനെ പറഞ്ഞ മുഖത്തിട്ട് ഒന്ന് തരും ഞാൻ പറഞ്ഞില്ലെന്നു വേണ്ട..... അവൾ ദേഷ്യത്തോടെ പറഞ്ഞു.....

അവൻ അവളുടെ വയറിലൂടെ തലോടി....

നാഭിച്ചുഴിൽ ചുണ്ടുകൾ ചേർത്തു.....

അവൾ പിടച്ചിലോടെ അവന്റെ മുടിയിൽ കൊരുത് പിടിച്ചു.... അവളുടെ ശരീരത്തിന്റെ വിറയലും ഉയർന്ന ഹൃദയമിടിപ്പും അവന്റെയും താളം തെറ്റിച്ചു തുടങ്ങിയിരുന്നു..... അവൾ അവന്നെ തള്ളിമാറ്റി നീങ്ങി നിന്നു.... നാണം കൊണ്ട് അവളുടെ മുഖം താണിരുന്നു....

രണ്ടുമക്കളെ ഉമ്മയാകാൻ പോവ്വാ ഇപ്പോഴും നിന്റെ നാണം മാറിയില്ലേ..... അവളുടെ മുഖം ഉയർത്തി

പറഞ്ഞു.....

അവളുടെ ചുണ്ടിൽ ഒരു പുഞ്ചിരി വിരിഞ്ഞു.....

പിടക്കുന്ന ആ ചുണ്ടുകൾ അവൻ സ്വന്തം ആക്കിയത് പെട്ടെന്ന് ആയിരുന്നു..... അവളെ ഒട്ടും വേദനിപ്പിക്കാതെ അവളുടെ ചുണ്ടുകൾ അവൻ നുകർന്നു കൊണ്ടിരുന്നു..... അവന്റെ കൈകൾ അവളുടെ ശരീരത്തിലൂടെ ഇഴഞ്ഞു നടന്നു.... അവളെ ചുണ്ടുകൾ വിടാതെ തന്നെ അവളെയും കൊണ്ട് അവൻ ബെഡ്റൂമിലേക്ക് പോയി..... അവരുടേതായ ലോകത്ത് അവരുടെ പ്രണയം പടർന്നു.... ...

❤️❤️❤️❤️

രാത്രിയിൽ അവർക്ക് ശരിക്കും ഒറ്റപെട്ട പോലെ തോന്നി..... ആരുടേയും ഒച്ചപ്പാട് ഇല്ലാതെ ആ വീടും ഉറങ്ങിയിരുന്നു..... വേദനയോടെ ഫൈസ് ഇരുന്നു..... അവന്ന് താങ്ങായി അവൾ......

ആരോ കാളിംഗ് ബെൽ അടിച്ചത് കണ്ടാണ് ഫൈസ് പോയി വാതിൽ തുറന്നത്..... സ്വീറ്റ്സ് ബോക്സ് ആയി ജുനു....പിന്നിൽ ഉമ്മയും.....

അതേ ഒറ്റക്ക് അങ്ങനെ സുഗിക്കേണ്ട.... എന്നും പറഞ്ഞു തള്ളിമാറ്റി അവൻ അകത്തേക്ക് കയറി.... ഇനുവിനെ ഓടിപ്പോയി കെട്ടിപിടിച്ചു വട്ടം ചുറ്റി.....

ഫൈസ് ഓടിപ്പോയി പിടിച്ചു വെച്ചു.... അതേ എന്റെ കൊച്ചുങ്ങൾ കൂടി ഉണ്ട് ഇപ്പൊ.... അതോണ്ട് ഡോണ്ട് ടച് ഗൗരവത്തോടെ പറഞ്ഞു നാക്ക് എടുത്തതും ഒരു പടപോലെ വന്നു അവളെ പൊതിഞ്ഞു ബാക്കിയുള്ളവർ....

സമിയും റിസയും യാഷ് ഷദയും ഇജുവും എല്ലാവരും ഉണ്ടായിരുന്നു....

വീണ്ടും ആ വീട്ടിൽ പൊട്ടിച്ചിരിയും കളിചിരിയും മുഴങ്ങി..... അവളെ സ്നേഹം കൊണ്ട് പൊതിയുന്ന അവരെ കണ്ടു... നിറ പുഞ്ചിരിയോടെ അവന്നും നിന്നു.....

എന്താ ആലോചിക്കുന്നെ.....

അവളെയും കൊണ്ട് അടുത്ത ഒളിച്ചോട്ടത്തിന്ന് സമയം ആയിന്നു.....

പാസ്പോർട്ട് ഇല്ലാതെ എവിടേക്കെങ്കിലും പോകാൻ പറ്റോ ഫൈസ്...... ജുനു ചെറുചിരിയോടെ ചോദിച്ചു......

എന്റെ പാസ്സ് പോർട്ട്...... അവൻ സംശയത്തോടെ അവരെ നോക്കി.....

ജുനു ഇജുവിന്ന് നേരെ കൈ ചൂണ്ടി....

അതൊക്കെ ഞാൻ പൊക്കി.ഞാനും വരും ഇനി കൂടെ..... ഇജു കുട്ടികളെ പോലെ പറയുന്നത് കേട്ട് ഫൈസ് തലയിൽ കൈ വെച്ചു......

പിന്നെ മെല്ലെ ജുനുവിന്റെ ചെവിയിൽ പറഞ്ഞു.... ഇന്ത്യയിൽ എവിടെ പോകാനും പാസ്പോർട്ട് വേണ്ട.....

അതിന്ന് ഈ വീട്ടിൽ നിന്ന് ഇറങ്ങാൻ പറ്റൊന്ന് ആദ്യം നോക്ക്. എന്നിട്ടല്ലേ പോക്ക്.....

കെട്ട് കഴിയട്ടെ ഇതിനൊക്കെ ഇവന്ന് ഞാൻ ഇരട്ടി കൊടുത്തോളാം.... സ്വർഗ്ഗത്തിലെ കട്ടുറുമ്പ് എന്താന്ന് അറിയിക്കാം..... നിനക്ക് കൂടി ഉള്ള വാണിംഗ് ആണിത്.....

ജുനു ഇളിച്ചു കാണിച്ചു.....

എല്ലാവരും സന്തോഷത്തോടെ നിൽക്കുമ്പോഴും ശഹി ഒരു വേദന ആയി അവരെ ഉള്ളിൽ ഉണ്ടായിരുന്നു..... ഒരിക്കൽ പോലും ഫൈസിയെ കാണാൻ അവൻ വന്നിരുന്നില്ല.....

❤❤❤❤

പിറ്റേന്ന് ഒരു സന്തോഷവാർത്തയും ആയാണ് ഇജ്ജു അവരെ വിളിച്ചുണർത്തിയത്.... അവന്റെയും നൈഹയുടെയും കല്യാണം വീണ്ടും ഉറപ്പിച്ചു..... അവന്റെ ആഗ്രഹം പോലെ വിവാഹം വലിയ ഗ്രാൻഡ് ആയി തീരുമാനിച്ചു.....

ഇനുവിനെ വിളിച്ചില്ലെങ്കിലും ഇനൂ അത്യധികം സന്തോഷത്തിൽ ആയിരുന്നു.... ജന്നത്കൊട്ടാരം വീണ്ടും ഒരിക്കൽ കൂടി വിവാഹത്തിന് ഒരുങ്ങി......

ഇജാസ് ഏറ്റവും വലിയ ഫൻക്ഷൻ ആയി ഗ്രാൻഡ് ആയി തന്നെ കഴിക്കാൻ തീരുമാനിച്ചിരുന്നു....

വിവാഹത്തിന്റെ തലേന്ന് ശഹി അവരെ വിവാഹത്തിന് ക്ഷണിച്ചു.... ഇജ്ജുവും സന്തോഷത്തിൽ ആയിരുന്നു.... അവനോടും ശഹി പോയി മിണ്ടിയിരുന്നു.

വിവാഹത്തിന്റെ അന്ന് മാത്രം അവിടേക്ക് പോയ മതി എന്ന് ഫൈസ് വാശി പിടിച്ചു വിവാഹത്തിന് വിളിച്ചെങ്കിലും ശഹി വെറുപ്പോടെ തന്നെ ആയിരുന്നു ഫൈസിനോടും ഇനുവിനോടും പെരുമാറിയത്...... അത് അവർക്ക് മനസ്സിൽ ആയിരുന്നു.....അത് കൊണ്ട് ആരും അവരെ നിർബന്ധിച്ചു ഇല്ല.....

❤❤❤❤

തലേന്ന് അവിടത്തെ ഫക്ഷന്റെ വീഡിയോ കണ്ടു ഇരിക്കുമ്പോഴാണ് ആരോ മുന്നിൽ നില്കുന്നത് കണ്ടത് റിച്ചു.....

അവൾ ചിരിയോടെ തന്നെ അവന്നെ നോക്കി.....

റിച്ചുവിന് പക്ഷേ കുറ്റബോധം കൊണ്ട് അവളെ നോക്കാൻ കഴിഞ്ഞിരുന്നില്ല......

ഞാൻ വന്നത് ഇനുവിനോട് ഒരു കാര്യം പറയാൻ ആണ്.... എന്നെ വിശ്വസിക്കൊന്ന് അറിയില്ല... പറയാണോന്ന് കരുതി.... ഇല്ലെങ്കിൽ എന്റെ മനസ്സാക്ഷി പോലും എന്നോട് പൊറുക്കില്ല....

അവൾ എന്താണെന്ന ഭാവത്തിൽ അവനെ നോക്കി.....

നീ കരുതുന്ന പോലെ ജന്നത്തിൽ നിന്നും സ്വയം ഇറങ്ങിവന്നതല്ല. ഞാൻ വരുത്തിച്ചതാണ്.....

അവളൊന്ന് ചിരിച്ചു.... ഞാൻ എന്റെ ഇഷ്ടത്തിന്ന് ആണ് ഇറങ്ങിയത്....

അല്ല ഇനൂ.... ഞാൻ കളിച്ച നാടകത്തിൽ നിനക്ക്

ഇറങ്ങേണ്ടി വന്നതാണ്..... അത് മാത്രം അല്ല.ഞാൻ ആണ് വിവാഹം മുടക്കാൻ അന്ന് സ്റ്റെപ്പിൽ നിന്നും തള്ളിയിടാൻ നോക്കിയതും എന്റെ പ്ലാൻ ആയിരുന്നു.

എന്തൊക്കെ വിഡ്ഢിത്തം ആണ് പറയുന്നേ റിച്ചുക്ക......

സത്യം ആണ് എല്ലാം..... ഞാൻ പറഞ്ഞ വിശ്വസിക്കില്ലെന്ന് അറിയാം..... അതോണ്ട് തെളിവ് കൊണ്ട് ആണ് വന്നത്...... അവൻ അവന്റെ ഫോൺ അവൾക്ക് നേരെ നീട്ടി.....

അവളുടെ കണ്ണിൽ നിന്നും കണ്ണുനീർ ഒലിച്ചിറങ്ങി.....

കള്ളം അല്ലേ ഇതെല്ലാം....... പറ റിച്ചുക്ക എന്നെ പറ്റിക്കാൻ കള്ളം പറയല്ലേ......

അല്ല ഇതാണ് സത്യം.... അത് മാത്രം അല്ല

ഷഹാസദ് നിങ്ങളെ എല്ലാരേം ചതിക്കുകയാണ്..... അതെന്തിനാണെന്ന് എനിക്കറിയില്ല...... ഒന്നറിയാം..... അവന്റെ ലക്ഷ്യം നീ വേദനിക്കണോന്ന് മാത്രം ഉള്ളു

ഞാൻ വിശ്വസിക്കില്ല...... റിച്ചുക്ക ഞങ്ങളെ തമ്മിൽ അകറ്റാൻ പറയാ..... വെറുതെ കുഴപ്പം ഉണ്ടാക്കാൻ നോക്ക....

അല്ല ഇനൂ.... ശഹി എല്ലാരേം ചതിക്കുകയാണ്...... ഇന്നലെ ഞാൻ നേരിട്ട് എന്റെ ചെവി കൊണ്ട് കേട്ടതാ അത്.

Ajwa യെ  ഇന്നലെ ഗൈനകോളജിസ്റ്റ് കാണിക്കാൻ പോയിരുന്നു.... അപ്പോൾ ശഹി പ്രഗ്നൻറ് ആയ ഒരു പെണ്ണിനെ കൂട്ടി അവിടെ ഡോക്ടർ കാണാൻ വന്നിരുന്നു..... എനിക്ക് അവരെ ഫേസ് ചെയ്യാൻ മടിയായൊണ്ട് ഞാൻ മാറി നിന്നു.

അവർ സംസാരിക്കാരുന്നു പരസ്പരം....

ആ കുട്ടി ഇനായ എന്ന് പറയുന്നത് കേട്ട ഞാൻ ശ്രദ്ധിച്ചത്.....

എന്തിനാ അവളെ വേദനിപ്പിക്കുന്നെ വെറുതെ വിട്ടോടെന്ന് ചോദിച്ചു .....

അപ്പൊ അവൻ പറഞ്ഞത് എന്താന്ന് അറിയോ ഇനായയും ഇജുവും അവരുടെ കണ്ണ് നീർ കണ്ടാലേ എനിക്ക് എന്റെ പ്രതികാരം പൂർത്തിയാവുന്ന്....

റിച്ചു വേറെന്തൊക്കെ പറഞ്ഞെങ്കിലും അതൊന്നും അവളുടെ ചെവിയിൽ കേട്ടിരുന്നില്ല..... റിച്ചു പറഞ്ഞത് വിശ്വസിക്കണോ വേണ്ടയോ എന്നറിയാതെ വിറങ്ങലിച്ചു അവൾ നിന്നു

ഇതൊക്കെ കേട്ട് ഫൈസ് ഉണ്ടായിരുന്നു പിറകിൽ..... അവൾ ഒരു ആശ്രയമെന്നോണം ഫൈസിയെ ചാരി

നിന്നു......

ശഹിയുടെ ഈ ചതിക്ക് മറുപണി വേണ്ടേ

ഇനൂ അവൻ ചെറുചിരിയോടെ അവളെ ചേർത്ത് പിടിച്ചു അവൻ പറഞ്ഞു...

വേണം...... ജന്നത്തിലെ മഹാറാണിയുടെ പവർ എന്താണെന്ന് എനിക്കും കാണിച്ചു കൊടുക്കണം..... അവളും വാശിയോടെ പറഞ്ഞു........

❤️💔INVISIBLE LOVE 💔❤️

Love after 💘marriage 🥀114🥀

ഇക്കിളിഎടുക്കുന്നു ഫൈസ്..... അവന്റെ തലമുടിയിൽ വലിച്ചു വയറ്റിൽ നിന്നും മുഖം അടർത്തി മാറ്റി അവൾ.....

അവൻ കെറുവോടെ മുഖം കോട്ടി അവളെ നോക്കി.

ഞാൻ നിന്നെയല്ല എന്റെ ബേബിസ്നെ കിസ്സ് കൊടുത്തത്. അത് പറഞ്ഞു അവൻ വീണ്ടും അവളുടെ വയറ്റിൽ ചുണ്ട് ചേർത്തു.

അവൾ ഇക്കിളിയെടുത്തു പിടഞ്ഞു പിറകോട്ടു മാറി....

ബേബിസ് എന്റെ വയറ്റിൽ ആണ് അപ്പോൾ എനിക്കാ കിസ്സ് കിട്ടുന്നത്. സൊ ബേബിസ് പുറത്തേക്ക് വന്നിട്ട് കിസ്സ് കൊണ്ട് മൂടിക്കോ. ഇങ്ങനെ ഇക്കിളിയെടുത്തു ചിരിച്ചു ചിരിച്ചു ബേബിസ്ന് ഉമ്മ ഉണ്ടാവില്ല പറഞ്ഞില്ലെന്നു വേണ്ട....

എനിക്ക് എന്റെ മക്കളോട് സംസാരിക്കണ്ടേ അപ്പോൾ....

ദൂരെ നിന്നു സംസാരിച്ചോ നോ ടച്ചിങ്...

പള്ളിയിൽ പോയി പറഞ്ഞ മതി അത്.... എനിക്ക് കിസ്സ് ചെയ്യാണോ തുടങ്ങുമ്പോ ഞാൻ കിസ്സ് കൊടുക്കും തലോടും തലവെച്ചു കിടക്കുകയും ചെയ്യും.എവിടെ തൊട്ടാലും അവളുടെ ഒരു ചിരി.....അവൻ മുഖം കൂർപ്പിച്ചു അവളെ നോക്കി പറഞ്ഞു.

എനിക്ക് ഇക്കിളിഎടുക്കുന്നോണ്ട് അല്ലെ.നീ തൊട്ടിനോ അപ്പൊ ചിരി വരും. അവൾ പരിഭവതോടെ പറഞ്ഞു.

അത്രയേ ഉള്ളോ..... ഞാൻ ഇനി തൊടില്ല ഒക്കെ....

ഡബിൾ ഒക്കെ പറഞ്ഞു അവൾ ചിരിച്ചതും അവൻ കള്ളച്ചിരിയോടെ അടുത്തേക്ക് വന്നു.... അവൻ അവളുടെ ഇടുപ്പിൽ പിടിച്ചതും അവൾ ചിരി നിർത്തി അവനെ പകപ്പോടെ നോക്കി..... അവന്റെ കൈ ഇടുപ്പിലൂടെ തഴുകിയതും അവൾ ഒരേങ്ങളോടെ ഒന്ന്

ഉയർന്നു അവന്റെ ചുമലിൽ കൈ അമർത്തി പിടിച്ചു പോയി.

ചിരി വരുന്നില്ലേ ഇപ്പോൾ അവളുടെ കാതോരം മെല്ലെ ചുണ്ടുകൾ ചേർത്തു ചോദിച്ചു.....

വാക്കുകൾ പുറത്ത് വരാതെ അവൾ നെറ്റി അവന്റെ ചുമലിൽ മുട്ടിച്ചു നിന്നു.

വേണ്ട ഫൈസ്..... അവളുടെ ശബ്ദം ആർദ്രമായിരുന്നു.....

അവൻ ഒരിക്കൽ കൂടി വയറിലൂടെ മെല്ലെ തഴുകി നാഭിച്ചുഴിയിൽ വിരൽ അമർത്തി. അവൾ ഒരേങ്ങളോടെ അവന്റെ ചുമലിൽ വിരലുകൾ ആഴ്ത്തിയതും അവൻ മെല്ലെ അവളുടെ മുന്നിൽ മുട്ടുകൾ കുത്തി ഇരുന്നു. അവളുടെ ചുരിദാർ വകഞ്ഞു മാറ്റി അവളുടെ നാഭിച്ചുഴിയിൽ ചുണ്ടുകൾ അമർത്തി. അവൾ പോലും അറിയാതെ ഉയർന്ന

സീൽക്കാരം ചുണ്ടുകൾ അമർത്തി പിടിച്ചു അടക്കി.

അവളുടെ ശരീരത്തിൽ നേരിയ വിറയൽ പടർന്നു അവൾ അവന്റെ മുഖം വയറിലേക്ക് അമർത്തി പിടിച്ചു.....

അവൻ വയറിൽ ചുണ്ടുകൾ അമർത്തി.

ഇതെന്റെ ബേബിസ്ന് അവൻ മെല്ലെ മന്ത്രിച്ചു.....

ഇപ്പൊ ഇക്കിളി എടുക്കുന്നില്ലേ..... അവൻ കളിയോടെ ചോദിച്ചു......

ഇനി ഇവിടെ നിന്ന ഇക്കിളിയിൽ തീരുല മോനെ എന്നും പറഞ്ഞു അവനെ തള്ളമാറ്റി റൂമിൽ നിന്നും ഓടി....

ടീ ഓടല്ലെ പതുക്കെ...... ഞാൻ ഒന്നും ചെയ്യില്ല..... അവൻ അവളെ പിറകെ ഓടി.

അവൾ പെട്ടെന്ന് വീഴാൻ നോക്കിയെങ്കിലും പെട്ടന്ന് ബാലൻസ് പിടിച്ചു നിന്നു.

അവൻ അവളെ പിടിച്ചു കയ്യിൽ ഒരു നുള്ള് കൊടുത്തു. ഒറ്റക്കല്ല ഇപ്പൊ ഓർമ വേണം... മുഖം കൂർപ്പിച്ചു അവൻ പറഞ്ഞു.

അവൾ നീറ്റലോടെ കൈ തടവി......

ദേഷ്യത്തോടെ അവനെ നോക്കിയെങ്കിലും അവിടെ കലിപ്പ് ആണെന്ന് കണ്ടതും അവളെ ദേഷ്യവും വേദനയും പറപറന്നിരുന്നു.....

എനിക്ക് വിശക്കുന്നു..... അവൾ വയറും തടവി പറഞ്ഞു..... മെല്ലെ ഒളിക്കണ്ണിട്ട് അവനെ നോക്കി.

ഒന്നും മിണ്ടാതെ കിച്ചണിലേക്ക് നടന്നു അവൻ. റംലിത രാവിലെ വന്നു ക്ലീൻ ചെയ്തു പറഞ്ഞു വിടാരാണ് പതിവ്.ചെറിയ വോമിറ്റ് ഒഴിച്ച് വേറെ

പ്രോബ്ലം ഒന്നും ഇല്ലായിരുന്നു അവൾക്ക്. അവളെ കാര്യം നോക്കാൻ ഞാൻ മതി എന്ന് ആയിരുന്നു അവൻ പറയാറ്. നമ്മൾ മാത്രം മതി ഇനിയിവിടെ. എനിക്ക് നീയും നിനക്ക് ഞാനും നമുക്ക് നമ്മുടെ മക്കളും. ഉള്ളിൽ സങ്കടം വെച്ചോണ്ടാ പറഞ്ഞെങ്കിലും അവളും എതിർത്തില്ല. ജന്നത്തിൽ നിന്നും ഇറക്കി വിട്ടതും ഉമ്മയും ഫാമിലിയും ഇവിടെ നിന്ന് പോയതുമെല്ലാം അവനെ നന്നായി വേദനിപ്പിക്കുന്നുണ്ടെന്ന് അവൾക്ക് അറിയാരുന്നു. ഇനി സ്വന്തം എന്ന് പറയാൻ ആരും വേണ്ട നീ മതിയെന്ന് അവൻ കരഞ്ഞു കൊണ്ട് പറഞ്ഞത് അവളോർത്തു.അവൾ പിന്നെ ഒന്നും പറഞ്ഞില്ല. അവനും അവൾ മാത്രം ആയി അവളും അഡ്ജസ്റ്റ് ചെയ്തിരുന്നു. എന്നാലും എല്ലാരും ഒന്നിച്ചുള്ള ആ ഓർമ്മകൾ ഒരു വേദനയോടെ അവളുടെ ഉള്ളിൽ കിടന്നു.

അവൾ ഒരു ദീർഘ നിശ്വാസം എടുത്തു അടുക്കളയിലേക്ക് പോയി. അവൻ ജ്യൂസ് ഉണ്ടാകുന്നത് കണ്ടു. അവളെ കണ്ടിട്ടും അവൻ മൈന്റ് ആക്കിയില്ല.....അവൻ ജ്യൂസ് എടുത്തു

കയ്യിൽ കൊടുത്തു. അവൾ കുറെ വിളിച്ചെങ്കിലും അവൻ മൈന്റ് ചെയ്തില്ല. അവൾക്ക് കുടിക്കാൻ തോന്നിയില്ല അവിടെ തന്നെ വെച്ചു.  അവൻ പാസ്ത ഉണ്ടാക്കുന്നത് നോക്കി നിന്നു.

സോറി..... അവൾ മെല്ലെ പറഞ്ഞു.....

അവൻ തിരിഞ്ഞു നോക്കിയില്ല.... അതുടെ ആയപോഴേക്കും അവൾക്ക് കരച്ചിൽ വന്നിരുന്നു. അവന്റെ പിറകിലൂടെ പോയി കെട്ടിപിടിച്ചു പുറത്തു മുഖം ചേർത്ത് നിന്നു.

സോറി..... ഞാൻ ഓർമയില്ലാതെ ചെയ്തു പോയതാ..... ഇനി ഓടില്ല.... കരച്ചിൽ വന്നു ശബ്ദം ഇടറിയിരുന്നു.... അവൻ അവളെ കൈ പിടിച്ചു മാറ്റി മുന്നിൽ നിറുത്തി.

അവളുടെ മുഖം കയ്യിൽ എടുത്തു. ഇപ്പൊ നീ ഒരാളല്ല മൂന്ന് പേരാണ്.... പഴയ പോലെ കുട്ടിക്കളി കളിച്ചു

നടന്നാൽ ഉണ്ടല്ലോ അവൻ ഗൗരവത്തോടെ പറഞ്ഞു.

അവളുടെ കണ്ണ് നിറഞ്ഞു തുളുമ്പി......

പേടിയാ ഇനൂസേ...... ആകെ കൂടി നീർക്കോലിടെ അത്രയെ ഉള്ളു. ഇപ്പൊ ആണെങ്കിൽ വയറ്റിൽ രണ്ടു പേര് കൂടി ഉണ്ട്. കൂടുതൽ ശ്രദ്ധിക്കണം എന്ന് ഡോക്ടർ പറഞ്ഞപ്പോ തൊട്ട് മനസ്സിൽ ഒരാധിയാണ്..... അതിന്റെ കൂടെ കെയർലെസ് ആയി നടന്നോണ്ട് അല്ലെ ദേഷ്യപെട്ടെ..... അവൻ അവളുടെ കണ്ണ് തുടച്ചു നെറ്റിയിൽ നെറ്റിമുട്ടിച്ചു....

എന്നോട് ഒന്നും പറഞ്ഞില്ലല്ലോ ഡോക്ടർ

ഫുൾ ടൈം ഹാപ്പി ആയിരിക്കണം നോ ടെൻഷൻ എന്നെ പറഞ്ഞുള്ളൂ. എന്നിട്ട് എന്നോട് മിണ്ടാതിരിന്നില്ലേ.... അവൾ കെറുവോടെ അവന്റെ നെഞ്ചിൽ മുഖം ഉരസി പറഞ്ഞു.

നീയൊക്കെ എന്നെ തല്ലണ്ടമ്മാവാ ഞാൻ നന്നാകുല പറയുന്ന ടൈപ്പ് ആണ്. അതോണ്ട് ഇമ്മാതിരി ശിക്ഷ ആണ് ബെസ്റ്റ് അവൻ ചെറു ചിരിയോടെ പറഞ്ഞു അവളെ ചേർത്ത് പിടിച്ചു.

എന്നാലും മിണ്ടാണ്ട് ഇരുന്നില്ലേ പറഞ്ഞു അവന്റെ നെഞ്ചിൽ ആഞ്ഞൊരു കടി കൊടുത്തു....

അവൻ കുക്കികൊണ്ട് എരിവ് വലിച്ചു അവളെ നോക്കി. അവന്റെ മുഖത്ത് കുസൃതി ചിരി കണ്ടതും അവൾക്ക് അപകടം മണത്തു....

അവൾ നെഞ്ചിൽ കൈ വെച്ചു.... പിറകോട്ടു നടന്നു..... വേണ്ട ഫൈസ് എന്നെ കടിച്ച നിന്റെ ബേബിസ്ന് വേദനയെടുക്ക അവൾ അവസാന അടവ് പുറത്തേക്ക് എടുത്തു.

എന്റെ മക്കളെ കാര്യം അല്ലെ ഞാൻ നോക്കിക്കൊള്ളാം അവൻ ചുണ്ട് കടിച്ചു പിടിച്ചു

ചെറുചിരിയോടെ പറഞ്ഞു.

അവൾ ഇളിച്ചു കാണിച്ചു ഓടാൻ നോക്കിയതും അവൻ കയ്യിൽ പിടിച്ചു വലിച്ചു അവന്റെ നെഞ്ചോരം വന്നു വീണു

അവളുടെ കഴുത്തിൽ മുഖം പൂഴ്ത്താൻ നോക്കിയതും

ഇതിനാണ് മക്കളെ ബെഡ്റൂം.....

ജുനുവിന്റെ ശബ്ദം കേട്ടു ആവർ ചമ്മലോടെ വിട്ടു. അവൻ മുഖം പൊത്തി നില്കുന്നത് കണ്ടു....

ഒരു വീട്ടിലേക്ക് വരുമ്പോൾ മര്യാദ കാണിക്കണം. ബെൽ വെച്ചത് ചുമ്മാതല്ല

ഫൈസ് ചമ്മൽ മറക്കാൻ എന്ന വണ്ണം തിരിഞ്ഞു നിന്നു പറഞ്ഞു.

വാതിൽ മലർക്കേ തുറന്നു ഇട്ടിട്ട് അല്ലെ ബെൽ അടിക്കണ്ടേ. ജന്നത് ഹൌസിൽ അവിടെ ഭൂകമ്പം നടക്കാൻ പോവ്വാ അതിന്റെ ടെൻഷനിൽ നിങ്ങൾ ഇരുന്നു മോങ്ങുന്നുണ്ടാവും കരുതിയപ്പോ ഇവിടെ ഒടുക്കത്തെ റൊമാൻസ്. നിങ്ങളെ കൊണ്ടേ ഇതിനൊക്കെ പറ്റുള്ളൂ മക്കളെ അവൻ കൈകൂപ്പി പറഞ്ഞു.

ജില്ലാ കളക്ടർ ബ്രദർ......കെട്ടിയോൻ ആണെങ്കിൽ aj എന്ന് വിളിക്കുന്ന പത്തുതലയുള്ള ബിസിനസ് ഐക്കൺ പിന്നെ ഞാൻ എന്തിന് ടെൻഷൻ അടികുന്നെ ഇനു അതും പറഞ്ഞു ജുനുവിന്റെ കൈക്കുള്ളിലൂടെ കയ്യിട്ടു തോളോട് ചാരി നിന്നു.

അതെന്താ ദുർവസവിനെ വിട്ടു കളഞ്ഞേ (ജുനു )

മൂക്കത്തെ ദേഷ്യം കൊണ്ട് ജുനു ഇജുവിനെ അങ്ങനെ കളിയാക്കി വിളിക്കാരെന്ന് ഇനു ഓർത്തു.

ഷഹി അവനെ സ്നേഹം കൊണ്ട് മൂടി ലോക്കിട്ട് കളഞ്ഞു. അവന്റെ കയ്യിൽ നിന്നും വിട്ടു നിന്നാലല്ലേ എന്തെങ്കിലും മിണ്ടാനോ പറയനോ പറ്റു. ഫോൺ പോലും അവന്റെ കയ്യിലാ. ഇജുവിനോട് മിണ്ടണം എങ്കിൽ അവൻ കനിയണം. ഇജു ആണെങ്കിൽ അവൻ ചതിക്കുന്നതാ അറിയാതെ സന്തോഷം കൊണ്ട് ആകാശത്തിൽ ആണ് (ഫൈസ് )

രണ്ടും കല്പിച്ചു ആണല്ലേ അവൻ....ജുനു ആലോചനയോടെ പറഞ്ഞു.

വാ ഇരുന്നോണ്ട് സംസാരിക്കാം ഒരു ട്രെയിൽ ജ്യൂസ് പാസതയും എടുത്തു നടന്നു കൊണ്ട് അവൻ പറഞ്ഞു. ഡയിനിങ് ഹാളിലേക്ക് നടന്നു. അവന്റെ കയ്യിലേക്ക് തന്നെ നോക്കി.

ഇതെന്താ നിനക്ക് മാത്രം എടുത്തു വന്നിരിക്കുന്നെ അപ്പൊ ഇവൾക്ക് കഴിക്കാൻ വേണ്ടേ....

നിന്റെ പെങ്ങളെ പട്ടിണികിടില്ല മുത്തേ അവൾക്ക് തന്നെ ഇത്.

ഇനുവിന് ഇഷ്ടം അല്ല ഗ്രാപ് ജ്യൂസ് പാസ്തയും.ജുനു നെറ്റി ചുളിച്ചു.

ഇവരൊക്കെ ഒറ്റകെട്ട ജുനു. എന്റെ ഇഷ്ടം ഒന്നും നോക്കാറില്ല. ഇവർ പറയുന്നത് ഞാൻ കേൾക്കണം അവൾ പരാതി പോലെ പറഞ്ഞു ജുനുവിനെ ഒന്നൂടി ചേർന്നു നിന്നു.

ഇവർ എന്ന് വെച്ച വേറാര......

ഇവനും ഇവന്റെ മക്കളും.... ഞാൻ പുറത്ത്..... അവൾ ചുണ്ട് പിളർത്തി കൊഞ്ഞിപ്പോടെ പറഞ്ഞു.

ഫൈസ് പൊട്ടിച്ചിരിച്ചു..... എന്താടാ കാര്യം

ജുനു ഒന്നും മനസ്സിൽ ആകാതെ രണ്ടാളെയും നോക്കി.

ഏറ്റവും ഇഷ്ടം ഗ്രാപ് ജ്യൂസ്...... വേറെന്ത് കൊടുത്താലും വോമിറ്റ് ചെയ്യും.... രാവിലെ ടീ കണ്ണിന് നേരെ കണ്ടുടാ സ്മെൽ പോലും ആ വഴിക്ക് വന്നുടാ. കോഫി ആണെങ്കിൽ കുടിച്ചോണ്ട് ഇരിക്കും. ഇവളെ പേടിച്ചു ഇപ്പൊ കോഫി പൊടി ഒളിപ്പിച്ചു വെക്ക ഞാൻ.....

ഇത് കള്ളകളിയാ ജുനു. ഇവൻ പറഞ്ഞു കൊടുത്തു ചെയ്യിക്കുന്നതാ ഇതൊക്കെ. ഇവന്ന് ഇഷ്ടുള്ളത് മാത്രം  കഴിക്കാൻ പറ്റുന്നുള്ളു..... വേറെന്ത് കഴിച്ചാലും മനപുരട്ടലും വോമിറ്റ് ചെയ്യാനും വരും അവൾക്ക് സങ്കടം വരുന്നുണ്ടായിരുന്നു.

ആർക്ക് വേണ്ടിയും ഞാൻ മാറില്ല വേണേൽ നിങ്ങൾ മാറിക്കോ പറഞ്ഞു നടപ്പല്ലേ ഡയലോഗ്. അതിന്ന് എന്റെ മക്കൾ അറിഞ്ഞു തന്ന പണിയാ.... അങ്ങ്

സഹിച്ചോ..... ഫൈസ് കളിയാക്കി കൊണ്ട് പറഞ്ഞു.

ഇതിനിപ്പോ എന്റെ കയ്യിൽ പ്രതിവിധി ഇല്ല മോളെ. നമുക്ക് പ്രസവിച്ചു കഴിഞ്ഞു പ്രതികാരം വീട്ടാം ഉപ്പാനോടും മക്കളോടും ജുനു ചെറു ചിരിയോടെ താടിക്ക് കയ്യും വെച്ചു പറഞ്ഞു.

അതിന്ന് ഏത്  നേരം അവരോട് സംസാരിച്ചോണ്ട് ഇരിക്കല്ലേ.... എന്നേക്കാൾ ഇഷ്ടം ഇവനോട് ആകും അവസാനം ഞാൻ പുറത്ത് ആകും അതെ ഉണ്ടാകു...... അവൾ ചുണ്ട് കോട്ടി.

ഞാൻ ഇല്ലേ നിനക്ക്...... ഇവരോട് പോകാൻ പറ..... നിന്നെ വേണ്ടാത്തൊരെ നിനക്കും വേണ്ട അല്ല പിന്നെ....

എന്താ പൂതി ഞാൻ എങ്ങും വരൂല എനിക്ക് എന്റെ ഹബ്ബിയെ വേണം..... അവൾ ജുനിന്റെ കൈ വിട്ടു ഫൈസയെ ചാരി നിന്നു.

ഇപ്പൊ ഞാൻ പുറത്ത്.... ചുമ്മാതല്ലെടീ നിനക്ക് നിന്റെ മക്കൾ പണി തരുന്നേ.

ഓഹ് ഞാൻ അത് സഹിച്ചു..... അവൾ  ജുനുവിനെ നോക്കി ചുണ്ട് കോട്ടി.

അത് കണ്ടു രണ്ടാളെയും മുഖത്ത് പുഞ്ചിരി വിരിഞ്ഞു ഇനുവിന്റെയും.

അവളോട് കഴിക്കാൻ പറഞ്ഞെങ്കിലും വേണ്ടെന്ന് പറഞ്ഞു അവൾ. ഫൈസിയുടെ ദേഷ്യം മാറ്റാൻ ചുമ്മാ വിശക്കുന്നു പറഞ്ഞത് ആയിരുന്നു.

ഫൈസ് അവളെ കലിപ്പോടെ നോക്കി.

ഇതിന്റെ പേരിൽ അടിയും റൊമാൻസ് ഒന്നും വേണ്ട ഞാൻ കൊടുത്തോളം പറഞ്ഞു ജുനു തന്നെ

അവൾക്ക് വായിൽ വെച്ചു കൊടുത്തു. അവളെ കൊണ്ട് മുഴുവൻ കഴിപ്പിച്ചേ വിട്ടുള്ളു.

ഞാൻ ഉമ്മാനെ ഇങ്ങോട്ട് പറഞ്ഞയക്കാം

ഉമ്മ ആകുമ്പോ ഇവളെ ഇഷ്ടത്തിന് അനുസരിച്ചു ഫുഡ് ഉണ്ടാക്കി കൊടുത്തോളും. എത്ര എന്ന് വെച്ച നീ ഇവളെ കാര്യം നോക്കി നിൽക്ക. ഓഫീസിൽ പോകണ്ടേ( ജുനു )

ഉമ്മ തനിച്ചു ആണെങ്കിൽ വരണ്ട. നീ കൂടെ ഉണ്ടെങ്കിൽ മാത്രം അയച്ച മതി.അതും എന്നെന്നേക്കുമായി ഇവിടെ നില്കുമെങ്കിൽ മാത്രം. സ്വന്തം ആയി കരുതി ഒരിക്കലും വിട്ടുപോകില്ല എന്നുറുപ്പുണ്ടെങ്കിലേ എനിക്കിനി സ്വന്തം ബന്ധം ഒക്കെ വേണ്ടു. മതിയായി വിഡ്ഢി വേഷം കെട്ടി. സ്വന്തം എന്ന് കരുതി സ്നേഹിച്ചു തുടങ്ങുമ്പോ അനാഥൻ ആണെന്ന് ഓർമിപ്പിച്ചു എല്ലാരും പോകും. ഇനി വയ്യ ഒന്നിനും...... അത് പറയുമ്പോൾ അവന്റെ കണ്ണ് നിറഞ്ഞിരുന്നു.

ജുനുവിന് സങ്കടം വന്നു. എനിക്ക് എന്റെ വീടിൽ അല്ലാതെ എവിടെ നിന്നാലും ശരിയാവില്ലെടാ. എന്റെ ഉപ്പാന്റെ ജീവന ആ വീട്.... അവിടെ നിൽക്കുമ്പോ ഉപ്പ കൂടെ ഉള്ള ഫീൽ ആണ്

ഇവളെ കളിചിരികൾ അലയൊടിക്കുന്ന ഓർമ്മകൾ ആണ്..... എന്റെ ഉപ്പയും ഉമ്മയും ഇവളുടെയും ഒക്കെ ഓർമ്മകൾ നിറയുന്ന അവിടം വിട്ടു ഞാൻ ഇല്ലെടാ.

എപ്പോ വേണേൽ വിളിപ്പുറത്തു ഞാൻ ഉണ്ടാകും....... ഇടക്കിടക്ക് വന്നു നിന്നോളം

സ്ഥിരതാമസം ഇല്ലെന്നേ പറഞ്ഞുള്ളൂ.

ഉമ്മ വന്നു നിന്ന മോൻ തനിച്ച പറഞ്ഞു സങ്കടം ആയിരിക്കും. ഇവളെ കാര്യം പിന്നെ പറയണ്ട. ഉമ്മക്കും മോനും നിനക്കും എല്ലാർക്കും ടെൻഷൻ ആയിരിക്കും. ഇതിപ്പോ ഞാനും ഇവളും മാത്രം ആയ ഒരു കൊച്ചു സ്വർഗം ആണ്.

ഞങ്ങൾ ഹാപ്പിയാണ്..... ഇവളെ കാര്യം നോക്കാൻ

എനിക്ക് ആരെ ഹെല്പ് വേണ്ട ഞാൻ തന്നെ ധാരാളം ആണ്. അവളെ ചേർത്ത് പിടിച്ചു പറഞ്ഞു. ഞങ്ങൾക്ക് ഞങ്ങൾ മാത്രം മതിയെടാ..... ഇനിയും വയ്യ എനിക്ക് അനാഥൻ ആണെന്ന് മറ്റുള്ളവരെ വായിൽ നിന്നും കേൾക്കാൻ.

ഇനു ദയനീയതയോടെ നോക്കിയേ ഉള്ളു.

ഇജുവിനോട് ക്ഷമിച്ചെങ്കിലും ഇജു അവിടെ നിന്നും ഇറക്കി വിട്ടത് അവന്ന് ഹൃദയത്തിൽ ഒരു മുറിവായി ഉള്ളത് അവൾക്ക് അറിയാരുന്നു.

ജുനുവിന് ഒരു കണക്കിന് ഇവരെ റൊമാൻസിൽ ആരും വരാതിരിക്കുന്നതാ നല്ലത് എന്ന് തോന്നി.

അപ്പോഴാ ജുനു വിന്റെ ഫോൺ റിങ് ചെയ്തു. സംസാരിക്കുമ്പോൾ അവന്റെ മുഖം ഗൗരവത്തിൽ ആകുന്നത് അവർ കണ്ടു.

എന്താടാ കാര്യം.......

നാളെ മാര്യേജ്ന് രണ്ടു എം ൽ എ വരുന്നുണ്ട്. അവർക്ക് സെക്യൂരിറ്റി കൊടുക്കണം. ഒരു മന്ത്രിയുണ്ട് പോരാത്തേന്ന് വേറെയും വി ഐ പി സ്.

വട്ട് പിടിക്ക എനിക്ക്. നടക്കാത്ത മാര്യേജ്ന് വേണ്ടി ഓർക്കുമ്പോ ഷഹിക്ക്

രണ്ടു പൊട്ടിക്കാൻ വരെ തോന്നുന്നുണ്ട്.

ഇജാസ്നെ സംബന്ധിച്ചു ഷഹിയുടെ മാര്യേജ് അവന്റെ ഡ്രീം ആണ് അത് കൊണ്ടാണ് ഇങ്ങനെ ഗ്രാന്റ് ആകുന്നത്.

നിങ്ങൾക്ക് ഒരു ടെൻഷൻ ഇല്ലേ. നാളെ ഹൈദർ ഫാമിലി മൊത്തം എല്ലാരുടെയും മുന്നിൽ തലകുനിച്ചു നിൽക്കേണ്ടി വരും.... ഇതൊക്കെ കേട്ടിട്ടും രണ്ടു പേര് കൂൾ ആണെന്ന് കണ്ടു ജുനു.

എന്താ നാളെ അവന്റെ മാര്യേജ് നടക്കോ ജുനു സംശയത്തോടെ അവരെ നോക്കി.

ഹൈദർ ഫാമിലിയുടെ പ്രസ്ടിജ് നോക്കേണ്ടത് അവിടത്തെ മഹാറാണിയുടെ കടമയല്ലേ. അവളത് കൃത്യമായി ചെയ്തിട്ടുണ്ട്. ഫൈസ് ചിരിയോടെ പറഞ്ഞു.

എന്ന് വെച്ച അവൻ അവരെ നോക്കി മുഖം ചുളിച്ചു.

ഫൈസ് പറയുന്നത് കേട്ട് ജുനു വായും പോളന്നു ഇനുവിനെ നോക്കി.

ഇതിന്റെ തലയിൽ ഇത്രയും കുരുട്ട് ബുദ്ധി ഉണ്ടാരുന്നോ......

ഞാനും അതാടാ ആലോചിച്ചേ അഞ്ചു പൈസയുടെ വിവരം ഇല്ലെങ്കിലും ഇടക്കിടക്ക് ജന്നത് ഹൈദർ

ആകുന്നുണ്ട്

ഡ്യൂയൽ പേഴ്സ്നാലിറ്റി ആണെന്ന തോന്നുന്നേ ഫൈസ് ചിരിയോടെ പറഞ്ഞു.

അവൾ രണ്ടാളെയും പുച്ഛത്തോടെ നോക്കി മുഖം കോട്ടി.

എന്നാലും ഷഹിയെ ഓർക്കുമ്പോൾ ശരിക്കും ദേഷ്യം വരുന്നുണ്ട്. സ്വന്തം വാശി ജയിക്കാൻ വേണ്ടി സ്വയം നശിക്കാൻ നോക്ക അവൻ. എത്ര പാവം ആയിരുന്നു അവൻ.....

വാശിയല്ലടാ ദേഷ്യം ആണത്....ജീവനായി സ്നേഹിക്കുന്നവർ ശത്രുക്കൾ ആയാൽ ആ ശത്രുതക്കും സ്ട്രോങ്ങ് കൂടുതൽ ആയിരിക്കും.... അവൻ ഇങ്ങനെ ആയതിന്ന് ഒറ്റ കാരണം ഇവൾ ആണ്.... ഞാൻ ആയിരം പ്രാവശ്യം പറഞ്ഞത അവനോട് എല്ലാം തുറന്നു പറയാൻ.... അപ്പോൾ ഇവളുടെ ഒരു കണ്ടുപിടിത്തം നൈഹയുമായി

അവൻ പ്രണയത്തിൽ ആണെന്ന്..... എന്നിട്ടിപ്പോ അനുഭവിക്കുന്നത് ബാക്കിയുള്ളോരും....

ഫൈസ്ന്റെ വാക്കുകളിൽ ദേഷ്യം കലർന്നിരുന്നു.

അവൻ അന്ന് കല്യാണത്തിന് സമ്മതിച്ചോണ്ട് അങ്ങനെ കരുതിപോയി

കരുതിപ്പോയി പോലും ഇപ്പൊ അങ്ങനെ പറഞ്ഞു മോങ്ങിയ മതിയല്ലോ. കുഞ്ഞുന്നാൾ തൊട്ട് നെഞ്ചിൽ കേറ്റിയത നിന്നേ. അവിടെ മറ്റൊരാൾ പെട്ടെന്ന് കടന്നുവരാൻ  കമ്പ്യൂട്ടർ ഒന്നും അല്ല അവൻ. പഴയത് എല്ലാം മറന്നു പുതിയത് ഫീൽഡ് ചെയ്യാൻ..... നെഞ്ച് നുറുങ്ങുന്ന വേദനയോടെ ആയിരിക്കും നിന്നേ വിട്ടുതന്നത്..... മരണത്തിന്റെ വാതിൽക്കൽ നിന്ന് പോലും നിന്റെ ശബ്ദതോട് റെസ്പോണ്ട് ചെയ്തവനാ അവൻ അത്രമാത്രം നീ അവനിൽ സ്വാധീനം ചെലുത്തിയിട്ടുണ്ട്.....  എന്നെ വേണമെങ്കിൽ നദീംമിന്റെ ഫാമിലിക്കും ദത്തെടുക്കാവുന്നതേ ഉള്ളു.... ഞാൻ അത് ചോദിച്ചതാ അപ്പൊ അവൻ പറഞ്ഞത് എന്താന്ന്

അറിയോ മനസ്സ് എപ്പോഴേലും കൈ വിട്ട നീ എന്റെ ഇക്കയാണ് ബബിയാണ് മനസ്സിൽ ഓർമ്മ വരാനാ സ്വന്തം ആയി ഞാൻ സ്വീകരിച്ചെന്ന.....പിന്നെ എന്റെ സ്വാർത്ഥത..... വിട്ടുകൊടുക്കാൻ തോന്നില്ല..... അവന്റെ ശബ്ദം ഇടറി. പ്രണയം ആണ് ഇനു അത് കറകളഞ്ഞ ആത്മാർത്ഥ പ്രണയം..... നീ അവനെ ഒരിക്കലും സഹോദരൻ അയല്ലാതെ കണ്ടിട്ടില്ലെന്ന് അറിഞ്ഞോണ്ട അവൻ നിന്നേ മറക്കാൻ ശ്രമിച്ചത്....അവിടെയാ എല്ലാരും കൂടെ അവനെ കുത്തി നോവിച്ചത്. നമ്മളോടൊക്കെ വെറുപ്പ് തോന്നിയില്ലെങ്കിലേ അത്ഭുതം ഉള്ളു.....

ഫൈസിയുടെ വാക്കുകളിൽ ദേഷ്യവും അമർഷവും സങ്കടം എല്ലാം അടങ്ങിയിരുന്നു......

ഇനുവിന്റെ നെഞ്ചിൽ കൂരമ്പുകൾ പോലെയാണ് ഓരോ വാക്കും വന്നു തറച്ചത്. ഞാൻ കാരണം ആണല്ലോ അവന്റെ ജീവിതം നശിച്ചത് എന്നത് എപ്പോഴും നോവായി അവളെ ഉള്ളിൽ ഉണ്ടായിരുന്നു. അതിന്റെ കൂടെ ഫൈസിയുടെ വാക്കും കേട്ടത്തോടെ അവൾക്ക് നെഞ്ച് കീറി മുറിയുന്ന വേദന തോന്നി.....

ഒരേങ്ങളോടെ അവൾ മുഖം പൊത്തി പൊട്ടിക്കരഞ്ഞു പോയി.

കരച്ചിൽ കേട്ടപ്പോഴാ ഫൈസ് അവളെ നോക്കിയത്..... പറഞ്ഞു പോയ വാക്കുകൾ അവളെ വേദനിപ്പിക്കുന്നു അവനും അപ്പോൾ ഓർത്തിരുന്നില്ല....

അവൻ ഇനുവിനെ വിളിച്ചതും അവൾ റൂമിലേക്ക് ഓടി പോയി...... അവൻ അരിശത്തോടെ മുടിയിൽ കോരുത്ത് പിടിച്ചു അലറി.... ഡാമിറ്റ്........

നീ പോയി അവളെ അശ്വസിപ്പിക്ക്.....

ബാക്കി കാര്യം മൊത്തം ഞാൻ നോക്കിക്കൊള്ളാം..... നാളത്തോടെ എല്ലാം കലങ്ങി തെളിയുമല്ലോ.... ജുനൈദ് ഫൈസിയുടെ തോളിൽ തട്ടി ആശ്വസിപ്പിച്ചു. ഒരു ദീർഘ നിശ്വാസ ത്തോടെ  അവരെ നോക്കി പോയി.

ഫൈസ് റൂമിലേക്ക് വരുമ്പോൾ ഇനു കുമ്പിട്ട് കിടന്നിട്ട് കണ്ടു. ഇടക്കിടക്ക് എങ്ങലടികൾ കേൾക്കുന്നുണ്ട്.....

അവനും അവളെ അടുത്ത് പോയി കിടന്നു.... അവളുടെ ചെവിയിൽ ചുണ്ട് ചേർത്ത് മെല്ലെ പറഞ്ഞു സോറി...... ഞാൻ പെട്ടന്ന് ഉള്ള ഇമോഷണലിൽ പറഞ്ഞു പോയതാ

അവളുടെ എങ്ങലടികൾ കൂടി.....

അവൻ ബലമായി അവളെ പിടിച്ചു അവന്റെ ദേഹത്തേക്ക് കിടത്തി...

നീ കരഞ്ഞ ദേ നമ്മുടെ ബേബിസ്ന് ആയിരിക്കും വേദനിക്ക. അവർക്ക് നല്ലത് അല്ലാട്ടോ അത്..... ഈ സമയം ശരീരം മനസ്സ് വിഷമിപ്പിക്കാൻ പാടില്ല. അവളുടെ തലയിലൂടെ തലോടി അവൻ പറഞ്ഞു.....

അവൾ കണ്ണുകൾ തുടച്ചു അവന്റെ നെഞ്ചിലേക്ക് മുഖം അമർത്തി കിടന്നു. കണ്ണുകൾ അനുസരിക്കാതെ നിറഞ്ഞൊഴുകികൊണ്ടിരുന്നു.

ഓരോരുത്തർക്കും അവരുടെ ജോഡിയെ മുന്പേ തീരുമാനിച്ചു വെച്ചിട്ട് ഉണ്ടാവും. എന്റെ പാതിയായി തീരുമാനിച്ചത് നിന്നെയ..... അല്ലെങ്കിൽ ജന്നത് ഹൌസിൽ ജീവിക്കേണ്ട നീ ജുനുവിന്റെ അടുത്ത് എത്തോ..... ജീവിതത്തിൽ സൗഹൃദം തന്നെ വേണ്ടെന്ന് തീരുമാനിച്ച ജുനുവിനെ ഫ്രണ്ട് ആയി എനിക്ക് കിട്ടുമോ.... ഞാൻ നിന്നേ കണ്ടു മുട്ടി സ്നേഹിക്കുനായിരുന്നോ..... നിനക്ക് എന്നോട് പ്രണയം തോന്നുമായിരുന്നോ എല്ലാം വിധിയാണ് ഇനു..... ഈ ജന്മം നീയെനിക്കുള്ളതാ അതാണ് സത്യം.....

നീ ഇപ്പൊ നമ്മുടെ കുഞ്ഞുങ്ങളെ കുറിച്ച് മാത്രം ചിന്തിച്ച മതി..... ശഹിയുടെ സൊൾമേറ്റ് ഒരു ദിവസം അവനെ തേടി എത്തുക തന്നെ ചെയ്യും......

അവൾ അവന്നോട് ഒന്നൂടി ചേർന്നു കിടന്നു അവനെ

ഇറുക്കെ കെട്ടിപിടിച്ചു.

അവൻ അവളുടെ തലയിലൂടെ വാത്സല്യത്തോടെ തലോടി കൊണ്ടിരുന്നു.

പിന്നീട് എപ്പോഴോ കൈകളുടെ മുറുക്കം കുറഞ്ഞു വന്നത് അവൻ അറിഞ്ഞു. അവൾ ഉറങ്ങിയെന്നു മനസ്സിൽ ആയതും അവളെ ബെഡിലേക്ക് കിടത്തി പുതച്ചു കൊടുത്തു. നെറ്റിയിൽ ചുണ്ടുകൾ ചേർത്തു. ഫോൺ എടുത്തു അവൻ എഴുന്നേറ്റു ബാൽകണിയിലേക്ക് പോയി.

🌹🌹🌹🌹🌹

ജന്നത് ഹൗസിലെ എല്ലാവരും ഔഡിറ്റോറിയത്തിലേക്ക് പോകാൻ റെഡിയായി ഒരുങ്ങി നിന്നു. ഫൈസ്, ഇനുവും അങ്ങോട്ടേക്ക് വന്നു.

ഇനുവിനെ കണ്ടതും എല്ലാവരുടെയും സന്തോഷം ഇരട്ടിയായി. അവളുടെ വിശേഷം ചോദിച്ചു എല്ലാവരും അവളെ പൊതിഞ്ഞു. ഉള്ളിൽ ഇനി

നടക്കാൻ പോകുന്നത് ഓർത്തു ഹർട്ട് ഇടിപ്പ് ഡബിൾ ആയെങ്കിലും അവൾ മുഖത്ത് ഒരു ചിരി വരുത്തിച്ചു നിന്നു. നൈഹ ഒരു പുതു മണവാട്ടിയെ പോലെ അണിഞ്ഞൊരുങ്ങി വന്നു.... എല്ലാവരും സന്തോഷത്തോടെ അവളെ നോക്കിയെങ്കിലും ഇനുവിന് അവളെ കണ്ടതും മുഖം വലിഞ്ഞു മുറുകി പകയോടെ അവളെ നോക്കി.

പെണ്ണ് വന്നിട്ടും കല്യാണചെക്കൻ എവിടെ

ആരോ കമെന്റ് അടിച്ചതും എല്ലാവരും ചിരിയോടെ പരസ്പരം നോക്കി. ഇജു അവനെ ഉച്ചത്തിൽ വിളിച്ചു.

അവൻ ഇറങ്ങി വരുന്നത് കണ്ടു എല്ലാവരും ഞെട്ടലോടെ അവനെ നോക്കി

വിവാഹഡ്രസ്സ് ധരിക്കാതെ സാധാരണ വേഷത്തിൽ ഇറങ്ങി വന്നത്.ഫൈസ്നും ഇനുവിനും ഇതിങ്ങനെ ഉണ്ടാകുന്ന് അറിഞ്ഞോണ്ട് വലിയ ഞെട്ടൽ ഒന്നും ഉണ്ടായില്ല.

ഇതെന്താടാ ഈ കോലത്തിൽ..... നിക്കാഹിനു ടൈം ആയി.... ഇജു അവന്റെ അടുത്തേക്ക് പോയി.....

പെട്ടെന്ന് ഡ്രസ്സ്‌ ചെയ്ഞ്ജ് ചെയ്ത് വാ എല്ലാരും വെയിറ്റ് ചെയ്യാ അവിടെ....

എനിക്ക് ഈ വിവാഹത്തിന് സമ്മതം അല്ല. ഞാൻ അങ്ങോട്ട് വരുന്നും ഇല്ല.

തമാശ കളിക്കാനുള്ള ടൈം അല്ല ഇത് നീ പോയി വേഗം റെഡിയാവ് ഇജു അവന്റെ ചുമലിൽ പിടിച്ചു പറഞ്ഞു.

അവൻ ആ കൈ ശക്തിയിൽ തട്ടി മാറ്റി.

ഞാൻ പറഞ്ഞത് കളിയും തമാശയും ഒന്നുമല്ല. എനിക്ക് ഇവളെ വിവാഹം കഴിക്കാൻ സമ്മതം അല്ല.

ഇജു ഞെട്ടി വിറങ്ങലിച്ചു നിന്നു.

എന്താടാ ഇത്..., ചുമ്മാ പറയല്ലേ......

അവൻ പൊട്ടിച്ചിരിച്ചു. ഇത്രയും ആയിട്ടും നിങ്ങൾക്ക് പറഞ്ഞത് മനസ്സിലാവില്ലെന്ന് ഉണ്ടോ. ഞാൻ പറഞ്ഞത് മലയാളത്തിൽ ആണ്.അവൻ പുച്ഛത്തോടെ പറഞ്ഞു.

ഒരു പെണ്ണിന്റെ ഏറ്റവും വലിയ സ്വപ്നവും മോഹവും ആണ് വിവാഹം. അവൾ ഏറ്റവും കൂടുതൽ സന്തോഷിക്കുന്നത് അന്നായിരിക്കും..... സ്നേഹിക്കുന്ന പുരുഷൻ..... മോഹിച്ചു ആഗ്രഹിച്ച വിവാഹം ആകുമ്പോൾ സന്തോഷം ഇരട്ടിക്കും..... ആഗ്രഹങ്ങളുടെയും മോഹങ്ങളുടെയും സന്തോഷങ്ങളുടെയും കൊടുമുടിയിൽ ആണ് ഷഹി അടികൊടുത്തിരിക്കുന്നത്..... എങ്ങനെ ആയിരിക്കും അവളുടെ അവസ്ഥ അവൾ സഹതാപതോടെ നൈഹായെ നോക്കി. അവൾ അത്

അർഹിക്കുന്നത് കൊണ്ട് വേദനയൊന്നും തോന്നിയില്ല.

ഇജുക്ക അവൻ പറഞ്ഞത് കേട്ട് ഷോക്ക് ആയി നില്കുന്നത് കണ്ടു. വിളിച്ചു വരുത്തിയ ആയിരക്കണെക്കിന് ആൾകാർക്ക് മുന്നിൽ തലകുനിച്ചു നിൽക്കേണ്ടി വരുന്നതാണ് അവൻ ഇജുക്കക്ക് കൊടുക്കുന്ന ശിക്ഷ.... ഇജുക്കന്റെ അവസ്ഥ അതോർത്തതും

നെഞ്ചിൽ ഒരു നീറ്റൽ പടർന്നു. ഇജുക്ക എന്ന് മുഴുവൻ പേരും ശരിക്കും വിളിക്കാത്തവൻ ആണ്.... ഇവരോട് ഇങ്ങനെ എങ്കിൽ ഇതിനൊക്കെ കാരണകാരിയായ എനിക്ക് വിധിച്ച ശിക്ഷ എന്തായിരിക്കും അതോർത്തതും പേടിയോടെ മിഴികൾ അടച്ചു.....

ചതിക്കരുന്നോ നീ...... ഇജു ദേഷ്യത്തോടെ അവന്റെ ഷർട്ടിൽ ചുരുട്ടി പിടിച്ചു.

നിങ്ങൾക്ക് അത് പറയാൻ എന്ത് അവകാശം ഉള്ളത്.... എന്ത് യോഗ്യതയാണ് ഉള്ളത്...ചതിച്ചത് ഞാൻ ആണോ...അതോ നിങ്ങൾ എന്നെയോ.....

അവൻ ശക്തിയിൽ കൈ തട്ടിയെറിഞ്ഞു......

❤️💔INVISIBLE LOVE 💔❤️

Love after 💘marriage 🌷115🌷

വിവാഹത്തിന് സമ്മതം അല്ലെങ്കിൽ നിനക്ക് മുന്പേ പറയാരുന്നില്ലേ. എല്ലാരേം വിളിച്ചു വരുത്തി അപമാനിക്കു കയാരുന്നോ വേണ്ടത്...എല്ലാവരോടും പോയി ഇതെങ്ങനെ പറയും. നാണം കെടുത്താൻ ആയിരുന്നോ ഉദ്ദേശം.ഇജു ദേഷ്യത്തോടെ പറഞ്ഞു......

പെങ്ങളയി കണ്ടവളെ സ്വന്തം ഏട്ടന്റെ ഭാര്യയായി കരുതിയവളെ വൃത്തികെട്ട ചിന്തയോടെ ഞാൻ കാണുന്നത് പറഞ്ഞപ്പോ  ഞാൻ എത്ര വേദനിച്ചു.... അപമാനഭാരം കൊണ്ട് ഞാൻ തലതാഴ്ത്തി

നിന്നില്ലേ....... ദാ ഈ നില്കുന്നവനെ പട്ടിയെ പോലെ ഇവിടെ നിന്നും ഇറക്കിവിട്ടപ്പോൾ ഇവൻ അപമാനഭാരത്താൽ തല താഴ്ത്തിയില്ലേ

... ഫൈസിയെ ഇജുവിന്റെ മുന്നിലേക്ക് തള്ളി അവൻ പറഞ്ഞു..... അതൊക്കെ പോട്ടെ ദിവസം ആയിരം വട്ടം ജന്ന ജന്ന എന്ന് മന്ത്രിച്ചിട്ട് അവളെ പറ്റി എല്ലാരും മോശമായി പറയുമ്പോഴും നാണം കെട്ട് തലതാഴ്ത്തി നിൽക്കരുന്നില്ലേ നിങ്ങൾ...

ഇതേ അപമാനഭാരത്തോടെ വിളിച്ചു വരുത്തിയ അതിഥികളുടെ മുന്നിൽ തലയും കുനിച്ചു പോയ മതി..... അവന്റെ ശബ്ദം ജന്നത് മെൻഷനിൽ എക്കോ അടിച്ചത് പോലെ ഉയർന്നു കേട്ടു. ഇജു തളർച്ചയോടെ സോഫയിൽ ഇരുന്നു....

ആർക്കും ഒന്നും പരസ്പരം ഉരിയാടാൻ ആവാതെ തലകുനിച്ചു നിന്നു.

അവളുടെ മനസ്സിൽ കഴിഞ്ഞതൊക്കെ ഓടിയെത്തി.....വിവാഹത്തിന്റെ തലേ ദിവസം

സ്റ്റെപ്പിൽ നിന്നും വീഴാൻ നോക്കിയെങ്കിലും നൈഹ പിടിച്ചത് കൊണ്ട് ഒന്നും പറ്റിയിരുന്നില്ല.ശഹിയോട് വേദന ഇല്ലെന്ന് പറഞ്ഞെങ്കിലും ചെറിയ വേദന ഉണ്ടായിരുന്നു.കാൽ തടവി റൂമിൽ ഇരുന്നപ്പോഴാ ഫൈസ് വന്നത്.....

എന്തിലോ തട്ടി വീഴാൻ നോക്കിയതാ... പക്ഷേ ഒന്നും കാണാൻ ഇല്ലായിരുന്നു.

വീണിരുന്നെങ്കിൽ ഹോസ്പിറ്റലിൽ എത്തിയേനെ എന്ന് തമാശയോടെ പറഞ്ഞു. അവൻ മുഖം ചുളിച്ചു അപ്പൊ തന്നെ ഇറങ്ങിപോയി.പിന്നെ വന്നത് ഇജ്ജു സ്പെഷ്യൽ ആയി ഫിറ്റ് ചെയ്ത രഹസ്യ ക്യാമറയുടെ വിഷ്വൽസ് ആയാണ്. അത് കണ്ടതും ഞെട്ടി പോയിരുന്നു. നൈഹ ഞാൻ വരുന്നതിന്ന് മുൻപ് അവിടെ നൂൽ കെട്ടിയിരുന്നു ഞാൻ വീഴുന്നതും നോക്കി കൊലചിരിയോടെ താഴെ നിന്നും നോക്കി നിന്നു. പെട്ടെന്ന് ഷഹി മൂളിപ്പാട്ടും പടി വരുന്നത് കണ്ടു. അപ്പോഴാ അവൾ ഓടി വന്നു പിടിച്ചത്. ഷഹി വന്നില്ലായി രുന്നെങ്കിൽ ഇപ്പൊ താഴെ വീണു പണി കിട്ടിയേനെ......

ഫൈസ് ദേഷ്യം കൊണ്ട് വിറക്കുന്നുണ്ടായിരുന്നു. ഞാൻ എല്ലാരോടും പറഞ്ഞോളാം എന്ന് പറഞ്ഞു പിടിച്ചു വെക്കുകയാരുന്നു.

അപ്പോഴാണ് നൈഹ ഒന്നും അറിയാത്ത പോലെ അങ്ങോട്ട് വന്നത്....

കാൽ വേദനയുണ്ടോ ഇനു....

ഒന്നും പറ്റിയില്ല നൈഹ. ഷഹി വന്നൊണ്ട് നിന്റെ പ്ലാൻ ഒക്കെ പൊളിഞ്ഞു പോയി അല്ലെ.... ഞാൻ വീണില്ലല്ലോ.....

നൈഹയുടെ മുഖം വിളറി വെളുത്തു.

കള്ളം പറയൻ നിൽക്കണ്ട നൈഹ. തെളിവ് അടക്കം എന്റെ കയ്യിൽ ഉണ്ട് അതെല്ലാം...നിന്റെ ഉള്ളിൽ

ഇങ്ങനെ വിഷം ഉള്ളത് ഞാൻ അറിഞ്ഞില്ല . ഞാൻ കാണിച്ചു കൊടുക്കാൻ പോവ്വാ അത് എല്ലാവർക്കും. ഒരിക്കലും ഷഹിയുമായുള്ള വിവാഹം നടക്കാൻ ഞാൻ സമ്മതിക്കില്ല നോക്കിക്കോ....

എന്നിട്ട് വീണ്ടും അവന്റെ ജീവിതം നശിപ്പിക്കാൻ കഴിയും എന്നതല്ലാതെ വേറെന്താ പറ്റുക അത് കൊണ്ട്.

ഞാൻ അവന്റെ ജീവിതം ഞാൻ എങ്ങനെ നശിപ്പിച്ചത് അവൾക്ക് ദേഷ്യം വന്നിരുന്നു നൈഹ പറയുന്നത് കേട്ടിട്ട്.

നീ അവനെ ചതിച്ചല്ലേ ഫൈസിയെ കല്യാണം കഴിച്ചത്. ഇപ്പൊ എന്നെ വിവാഹം കഴിക്കാൻ സമ്മതിച്ചത് മുടക്കാൻ ശ്രമിക്കുന്നു. അത് അവന്റെ ജീവിതം നശിപ്പിക്കുകയല്ലേ ചെയ്യുന്നത്.

എന്ന് വെച്ചു ഈ കുടുംബത്തോട് എന്നോട് ദ്രോഹം

ചെയ്തത് ഞാൻ ക്ഷമിക്കുന്നു കരുതുന്നുണ്ടോ....

ഷഹിക്ക് എന്നെ ഇഷ്ടം ആണ്. അത് ഇല്ലാതാക്കാനാ നീ നോക്കുന്നത്.

ഞാൻ പറഞ്ഞത് കൊണ്ട അവൻ ഈ വിവാഹത്തിന് സമ്മതിച്ചത്. അല്ലാതെ നിന്നോടുള്ള സ്നേഹം കൊണ്ടല്ല....

എന്നെ ഷഹിക്ക് ഇഷ്ടം ആണ്. എന്നോട് ഷഹി അത് പറഞ്ഞത് ആണ്. അത് കൊണ്ട നീ എൻഗേജ്മെന്റ് നടക്കുമ്പോൾ വിവാഹം വേണ്ടെന്ന് പറഞ്ഞത് അവൻ എതിർത്തത്. നീ പറഞ്ഞ അവൻ പേടിച്ചിട്ട് കേൾക്കുമായിരിക്കും നിന്റെ വാക്കിനു എതിർ ആയി ഇവിടെ ആരും സംസാരിക്കാൻ പാടില്ലല്ലോ.

ഇനുവിന്റെ മനസ്സിലും ഷഹി അവളെ എതിർത്തത് ഓർമ വന്നു. ഇവൾ പറയുന്നത് സത്യം ആയിരിക്കുമോ... ഷഹിക്ക് ഇഷ്ടം ആയിരിക്കോ

ഇവളെ....

അവൾ തളർച്ചയോടെ അവിടെ ഇരുന്നു.

പെട്ടന്ന് നൈഹ  പൊട്ടികരഞ്ഞു കൊണ്ട് ഇനുവിന്റെ നേരെ കൈ കൂപ്പി.

എനിക്ക് ശഹിയെ വേണം അതിന്ന് വേണ്ടി ചെയ്തത് ആണ്. മടുത്തു എനിക്ക് ശരിക്കും.... എപ്പോ നോക്കിയാലും എങ്ങനെ നോക്കിയാലും ശഹിയുടെ വായിൽ നിന്റെ പേര് മാത്രം ഉള്ളു.... അവനെ ജീവനോളം സ്നേഹിക്കുന്ന എനിക്ക് സഹിക്കാൻ പറ്റുന്നില്ല അതൊന്നും. കുഞ്ഞുന്നാൾ തൊട്ട് സ്നേഹിക്കുന്നതാ അവന്നെ. നിന്റെ പേര് പറഞ്ഞു എന്നെ അവോയ്ഡ് ചെയ്തു. ഇപ്പൊ എല്ലാം മറന്നു എന്നെ സ്നേഹിക്കാൻ തുടങ്ങി. പക്ഷേ നീയെപ്പോഴും അവന്റെ കൂടെ നടക്കുന്നോണ്ട് ഞങ്ങൾക്ക് മനസ്സ് തുറന്നു സംസാരിക്കാൻ പോലും പറ്റുന്നില്ല

നീ ഇവിടുന്ന് പോകാതെ ഒരിക്കലും ഞങ്ങൾക്ക് ഒരു ജീവിതം ഉണ്ടാകില്ല. അത് കൊണ്ട അങ്ങനെ ഒക്കെ ചെയ്തത്. ഒരുപാട് വേദനിപ്പിച്ചില്ലേ അവനെ

ഇനിയെങ്കിലും ജീവിക്കാൻ സമ്മതിച്ചൂടെ....
വേണമെങ്കിൽ കാൽ പിടിച്ചോളാം ഞാൻ.....

തിരിച്ചു ഒന്നും പറയാൻ കഴിഞ്ഞില്ല. മരവിപ്പ് ആയിരുന്നു മൊത്തം. ഇവളെ വിശ്വസിക്കണോ അതോ ശഹിയോട് ഇതിനെ പറ്റി സംസാരിക്കണോ എന്നൊന്നും അറിയാത്ത അവസ്ഥ.

തളർന്നിരുന്നപ്പോൾ ഫൈസ് ആണ് വിവാഹം കഴിഞ്ഞു ഇക്കാര്യം സംസാരിക്കാം അത് വരെ ആരും അറിയണ്ട പറഞ്ഞത്. എല്ലാവരെയും മുഖത്തെ സന്തോഷം കണ്ടപ്പോൾ അത് കളയാൻ എനിക്കും തോന്നിയില്ല. വിവാഹം കഴിഞ്ഞ പിറ്റേന്ന് പെട്ടന്ന് റിസ ഇക്കാര്യം പറഞ്ഞപ്പോൾ ആകെ ഞെട്ടൽ ആയിരുന്നു. അവളുടെയും ഫൈസിയുടെയും ഭീക്ഷണി സഹിക്കാൻ ആവാതെ ശഹിയോട് ഇത് പറയാൻ പോയതാരുന്നു. എന്നാൽ കണ്ടത് ഷഹി അവളെ കിസ്സ് ചെയ്യുന്നതാണ്. അത് കണ്ടപ്പോൾ ആയിരുന്നു കൂടുതൽ തളർന്നു പോയത്. അവന്റെ സന്തോഷം ഞാൻ ആയിട്ട് കളയരുതെന്ന് കരുതി.

ഫൈസിയോട് റിസയോട് ഇക്കാര്യം ആരോടും പറയരുതെന്ന് പറഞ്ഞു സത്യം ഇടീച്ചു. അവർക്കും ഷഹിക്ക് നൈഹയോട് ഇഷ്ട്ടം ഉണ്ടെന്ന് തോന്നിയപ്പോൾ സമ്മതിച്ചു. നൈഹ അവരെ ജീവിതത്തിൽ ശല്യം ആകാതെ ഇവിടെ നിന്നും പോകണം പറഞ്ഞപ്പോഴും സന്തോഷതോടെ സമ്മതിച്ചു കൊടുത്തു.

എനിക്ക് ശഹിയുടെ ജീവിതം ആയിരുന്നു വലുത് അവന്റെ സന്തോഷം ആയിരുന്നു വലുത്...... ഞാൻ ഫൈസിയോട് റിസയോട് സംസാരിക്കുന്നത് കേട്ടാണ് ഇജുക്കയും ഷഹിക്ക് വേണ്ടി എന്നെ തള്ളിപ്പറഞ്ഞത്..... എല്ലാവരും ഷഹിക്ക് ഒരു ജീവിതം ഉണ്ടാകാൻ ആഗ്രഹിച്ചിരുന്നു

റിച്ചുക്ക പറഞ്ഞപ്പോഴാണ് നൈഹയാണ് റിച്ചുക്കന്റെ ആദ്യ ലവർ എന്നും അവൾ ഒരു മോശം പെണ്ണാണെന്ന് അറിഞ്ഞത്. നൈഹായെ ഭീക്ഷണിപെടുത്തി റിച്ചുക്കയൊണ് വിവാഹം മുടക്കാൻ എന്നെ വീഴ്ത്താൻ പറഞ്ഞതും ആ വീട്ടിൽ നിന്നും പോകാൻ പറയിപ്പിച്ചതും

എന്നറിഞ്ഞപ്പോൾ ഷോക്ക് ആയിരുന്നു.

അതിനേക്കാൾ ഉപരി ഷഹി എല്ലാം അറിഞ്ഞാണ് ഈ വിവാഹത്തിന് ഇപ്പോൾ സമ്മതിച്ചത് എന്ന അറിവ് ആയിരുന്നു. ശഹിയുടെ മനസ്സിൽ എന്താണെന്ന് മനസ്സിലാവാതെ അവൾ പേടിയോടെ അവനെ നോക്കി.

നീയപ്പോ എന്നെ ചതിക്കരുന്നോ.... നൈഹ അവന്റെ മുന്നിൽ ചെന്നു അലറി വിളിച്ചോണ്ട് ഷർട്ടിൽ കുത്തിപ്പിടിച്ചു....

അവൻ ഒറ്റ അടിയാരുന്നു അവളുടെ മുഖത്ത്..... പെണ്ണായി പോയി അല്ലെങ്കിൽ ഭൂമിക്ക് മുകളിൽ ഉണ്ടാകില്ലായിരുന്നു. അവൻ അവളെ പിടിച്ചു പിറകിലേക്ക് തള്ളി.

ഞാൻ എന്ത് ചെയ്തിട്ട എന്നോട് ഈ ചതി ചെയ്തത് ഞാൻ സ്നേഹിച്ചിട്ടല്ലേ ഉള്ളു. അവൾ കരഞ്ഞുകൊണ്ട് അവനെ നോക്കി പറഞ്ഞു.

എന്താരുന്നു സ്നേഹം...... പറയെടി എന്നോട് എന്ത് സ്നേഹ നിനക്ക്...... നീ എന്നെ സ്നേഹിച്ചത് സത്യം ആയിരുന്നുവെങ്കിൽ നിന്റെ പാസ്റ്റ് ഞാൻ മറക്കുമായിരുന്നു.നീ ചെയ്ത എല്ലാ വൃത്തികേട് പാസ്റ്റ് ആണെന്ന് കരുതി മറന്നേനെ. പക്ഷേ നീ നിന്റെ മുൻ കാമുകൻ ആയ ഇർഫാൻ എന്ന റിൻഷാദിന്റെ ഭീക്ഷണിക്ക് വഴങ്ങി ഇനുവിനെ വേദനിപ്പിച്ചോ അപ്പോഴേ കൊന്നുകളയേണ്ടതാ നിന്നെ.....

എല്ലാരും കൂടെ കളവ് പറയുന്നതാ...... എനിക്ക് അറിയുക കൂടി ഇല്ല ഇർഫാനെ...

ഷഹി അവന്റെ ഫോൺ എടുത്തു അവൾക്ക് കാണിച്ചു കൊടുത്തു. ഇർഫാൻ ആയി ഉള്ളതും വേറെയും കുറെ പേരെ കൂടെയുള്ളത് ആയ ഫോട്ടോസ്.....

ഇത് ഒക്കെ ആരാന്നു ചോദിച്ചു ബുദ്ധിമുട്ടണ്ട ഇനി. ഞാൻ പോയി നേരിട്ട് അന്വേഷിച്ചു അറിഞ്ഞതാ നിന്റെ ജീവചരിത്രം മൊത്തം.... അവൻ പുച്ഛത്തോടെ അവളെ നോക്കി പറഞ്ഞു.

അവൾ കരച്ചിലൂടെ അവന്റെ അടുത്തേക്ക് വന്നു..... എനിക്ക് അറിവില്ലായ്മ കൊണ്ട് പറ്റിയതാ അതൊക്കെ. ഷഹിക്കയേ ഞാൻ സ്നേഹിച്ചത് ആത്മാർത്ഥമായി ആണ്....

സത്യം അറിഞ്ഞപ്പോ കൊന്ന് കളയണ്ട ദേഷ്യം ഉണ്ടായിരുന്നു എനിക്ക്. എന്റെ ഉപ്പാനെ ഓർത്തു മാത്രം ആണ് ചെയ്യാതിരുന്നത്..... എന്ത് ദ്രോഹം ആണ് ഇനായ നിന്നോട് ചെയ്തത്... അവളെ സ്റ്റെപ്പിൽ നിന്നും തള്ളിയിട്ട് കൊല്ലാൻ ശ്രമിച്ചത് അറിഞ്ഞിട്ട് പോലും എനിക്ക് വേണ്ടി നിന്നോട് ക്ഷമിച്ചില്ലേ..... എന്നിട്ട് നീയോ അവളെ ഈ വീട്ടിൽ നിന്നും പോകാൻ പോലും പറഞ്ഞില്ലേ...... എന്നെ കാണാനോ മിണ്ടാനോ പാടില്ലെന്ന് പറഞ്ഞില്ലേ..,.. അവൻ ദേഷ്യം കൊണ്ട് വിറക്കുന്നുണ്ടായിരുന്നു

പറയുമ്പോൾ.....

ഇർഫാൻ എന്നെകൊണ്ട് ഭീക്ഷണിപെടുത്തി ചെയ്യിച്ചതാണ് ഒക്കെ.

ഷഹീക്കയുമയുള്ള വിവാഹം മുടക്കുമെന്ന് പറഞ്ഞപ്പോൾ വേറെ വഴിയില്ലാത്തോണ്ട് പറ്റിപോയതാ എന്നോട് ക്ഷമിക്കണം അവൾ കരഞ്ഞോണ്ട് അവന്റെ കാൽകീഴിൽ ഇരുന്നു.

നിന്നോട് ഞാൻ ക്ഷമിച്ചത് കൊണ്ടാണ് നീയിപ്പോഴും ജീവനോടെ ഉള്ളത് നൈഹ.

നീ എങ്ങനെ വീണതെന്ന് ഓർക്കുന്നുണ്ടോ..... ഞാൻ നിനക്ക് നീ കുടിച്ച ജ്യൂസിൽ ഒരു ടാബ്ലറ്റ് ഇട്ടിരുന്നു അത് കുടിച്ച നീ തലകറങ്ങി വീണത്.... നിന്നോട് ക്ഷമിച്ചില്ലായിരുന്നെങ്കിൽ അന്ന് നിന്റെ ജീവൻ കൂടി ഞാൻ എടുക്കുമായിരുന്നു..... ഇപ്പൊ ഈ കല്യാണവേഷത്തിൽ നില്കുന്നുണ്ടല്ലോ....

അത് ഞാൻ നിനക്ക് തന്ന ചെറിയ ശിക്ഷ

ആയത് കൊണ്ടാണ്.... എല്ലാം വെട്ടിപിടിച്ചു എന്ന്

കരുതി സന്തോഷത്തോടെ നിൽക്കുന്ന നിനക്ക് തന്നെ ഒരു പ്രഹരം..... നിന്നെ സന്തോഷിപ്പിച്ചു സന്തോഷിപ്പിച്ചു സന്തോഷത്തിന്റെ കൊടുമുടിയിൽ എത്തിച്ചു താഴേക്ക് തള്ളിയിട്ടു..... എന്തിനാന്നു അറിയോ നീ ഒരിക്കലും മറക്കാതിരിക്കാൻ..... നിനക്ക് ഒരിക്കലും

മറക്കാതിരിക്കാൻ ഉള്ള ശിക്ഷയാണിത് അത് പറയുമ്പോൾ അവന്റെ കണ്ണുകളിൽ തീ ആളുന്ന പോലെ തോന്നി അവൾക്ക്.

എന്നോട് ക്ഷമിച്ചുടെ ഈ ഒരു പ്രാവശ്യം... എനിക്ക് നീയില്ലാതെ പറ്റില്ല ഷഹി.....

നിന്നോടുള്ള ഇഷ്ടം കൊണ്ട് ചെയ്തു പോയതാ എല്ലാം..... ഇനി ഒരു തെറ്റ് ആവർത്തിക്കില്ല.....

നീ കാരണം ഒരു കുടുംബം മുഴുവൻ ആണ് അനുഭവിച്ചത്..... ഇനുവിന് വേദനിപ്പിച്ച ആർക്കും മാപ്പില്ല നൈഹ......

നീ ഇപ്പോഴും ജീവനോടെ ഇരിക്കുന്നത് എന്റെ

പെണ്ണാണെന്നുള്ള ഒറ്റ കാരണം കൊണ്ടാണ്. ഇന്നത്തോടെ അത് അവസാനിച്ചു. സ്വന്തം ജീവനിൽ ഭയം ഉണ്ടെങ്കിൽ നീ ഈ നിമിഷം ഇവിടെ നിന്നും പോകുന്നതാ നല്ലത്.... ഇനി ഒരിക്കൽ കൂടി എന്റെ മുന്നിൽ കണ്ടാൽ അവൻ അവൾക്ക് നേരെ വിരൽ ചൂണ്ടി...

അതിൽ അടങ്ങിയിരുന്നു അവന്റെ മറുപടി മുഴുവൻ....... നൈഹ പേടികൊണ്ട് അവൾ പോലും അറിയാതെ മിഴികൾ താഴ്ത്തിപ്പോയി.

ഇനു എല്ലാം കണ്ടു നിന്നത് അല്ലാതെ ഒന്നും മിണ്ടിയില്ല.

നൈഹ ശഹിയുടെ ഉപ്പാന്റെ അടുത്തേക്ക് ചെന്നു. കരഞ്ഞു കൊണ്ട് അവരെ കാൽ പിടിച്ചു. എന്നോട് ക്ഷമിക്ക് അങ്കിൾ..... എനിക്ക് കൂട്ടുകെട്ടിൽ പറ്റിപ്പോയ തെറ്റാ അതൊക്കെ. ഞാൻ ഇനി ഒരു തെറ്റും ചെയ്യില്ല എനിക്ക് ഈ ഒരു പ്രാവശ്യം മാപ്പ് താ.... എനിക്ക് ഷഹി ഇല്ലാതെ പറ്റില്ല.... ഞാൻ അവനെ അത്രമാത്രം സ്നേഹിക്കുന്നു...... അവളുടെ

കണ്ണുനീർ വീണു അയാളുടെ കാൽ നനഞ്ഞു.

അവൾ ചെറിയ കുട്ടിയല്ലേ ഇക്കാക്ക. അവൾക്ക് മാപ്പ് കൊടുത്തൂടെ. ഈ വിവാഹം മുടങ്ങിയാൽ അവൾ ജീവിച്ചിരിക്കില്ല.... നമുക്കൊക്കെ ആകെയുള്ള മോളല്ലേ. ആദമിന്റെ പെങ്ങളും അവരും കണ്ണുനീർ ഒപ്പിക്കൊണ്ട് അയാളോട് പറഞ്ഞു.

ആദം രണ്ടുപേരെയും നോക്കി. എനിക്ക് സ്വന്തം പറയാൻ ഉള്ളത് ഈ ഒരേയൊരു പെങ്ങൾ ആണ്. നൈഹായെ ശദയെ പോലെ കണ്ടിട്ട് ഉള്ളു. അവൾ തെറ്റായ വഴിയിൽ എത്തിയെങ്കിൽ അതിന്ന് കാരണക്കാരൻ ഞാനും കൂടിയല്ലേ. അവളെ വേണ്ട വിധം ശ്രദ്ധിച്ചിരുന്നുവെങ്കിൽ തെറ്റായ മാർഗത്തിൽ സഞ്ചാരിക്കില്ലായിരുന്നു. നൈഹയുടെ കരച്ചിലും മാപ്പ് പറച്ചിൽ കേട്ടപ്പോൾ അയാളുടെ മനസ്സ് അലിഞ്ഞു.

എന്തൊക്കെ പറഞ്ഞാലും എന്റെ മരുമകൾ ആണ്. അവളെ കാര്യവും ഞാൻ അല്ലെ നോക്കേണ്ടത്. ഇനിയൊരു തെറ്റ് ചെയ്യില്ലെന്നുള്ള പറച്ചിലും

ഇത്രയും ദിവസം അവൾ കാണിച്ച സ്നേഹപ്രകടനവും ഓർത്തപ്പോൾ അയാളുടെ മനസ്സ് അവൾക്കൊപ്പം ആയി.

അയാൾ ശഹിയുടെ അടുത്തേക്ക്പോയി.

പക്ഷതാപത്തെക്കാൾ വലിയ പിന്നെ പ്രായക്ഷിത്വം ഇല്ല മോനെ. നമ്മുടെ ശദ ആണ് തെറ്റ് ചെയ്തെങ്കിൽ നമ്മൾ പൊറുക്കില്ലേ. മോൻ ഇവളോട് ക്ഷമിക്കണം..... വിവാഹത്തിന് സമ്മതിക്കണം.....

ഒരിക്കലും നടക്കില്ല ഈ വിവാഹം.... ഞാൻ സമ്മതിക്കുകയും ഇല്ല ഇജു കേൾക്കാൻ പാടില്ലാത്തത് കേട്ട പോലെ ഞെട്ടി എണീറ്റു പറഞ്ഞു. ശഹിയോട് ഉള്ള സ്നേഹക്കൂടുതൽ കൊണ്ടാണ് നൈഹക്ക് മാപ്പ് കൊടുത്തത്. പക്ഷേ നൈഹയുടെ വൃത്തികേട് അറിഞ്ഞപ്പോൾ മുതൽ വെറുപ്പ് ആയിരുന്നു തോന്നിയത്. ഇങ്ങനെ ഒരു പെണ്ണിന് വേണ്ടി ആണല്ലോ ഇവനെ അകറ്റി നിർത്തിയത്

ഓർത്തു അവന്ന് കുറ്റബോധം തോന്നി.

അത് പറയാൻ നിങ്ങൾക്ക് എന്താവകാശം ഉള്ളത്.... എന്റെ കാര്യത്തിൽ തീരുമാനം എടുക്കാൻ നിങ്ങളന്റെ ആരുമല്ല ഇജാസ്.....

എനിക്കീ വിവാഹത്തിന് സമ്മതം ആണ്.

അവന്റെ വാക്കുകൾ കേട്ട് ഇജുവിന് വേദന തോന്നിയെങ്കിലും അവന്നെ സ്വയം നാശത്തിലേക്ക് തള്ളിയിടാൻ വയ്യ.

നമ്മുകീ ബന്ധം വേണ്ട ഷഹി.... ഇജു യജ്നയോടെ അവനെ നോക്കി.

സ്നേഹിച്ചിരുന്നു ഞാൻ നിങ്ങളെയൊക്കെ.... നിങ്ങൾ മോനെ പോലെയാ കാണുന്നെ പറഞ്ഞപ്പോൾ അതും വിശ്വസിച്ചു. നിങ്ങളൊക്കെ സ്നേഹം നടിക്കാരുന്നു എന്നോട്. എന്നെ സ്വന്തം

ആയി കാണുന്നതെങ്കിൽ ഒരിക്കലും എന്നെ സ്വാർത്ഥയോടെ കാണില്ലായിരുന്നു. അവളെ വേണ്ടെന്ന് വെച്ചു എന്നെ ചേർത്ത് പിടിച്ചേനെ.... പകരം എന്നെ ഒറ്റപ്പെടുത്തി അപമാനിച്ചു

ഞാൻ നിങ്ങളെ ആരും അല്ലെന്ന് തെളിയിച്ചു.

നിന്റെ നല്ലതിന്ന് വേണ്ടിയാ ഷഹി.... നിനക്കൊരു ജീവിതം ഉണ്ടാകണം എന്നെകരുതിയുള്ളു ഇനുവിന്റെ വായിൽ നിന്നും അവൾ പോലും അറിയാതെ വാക്കുകൾ ഇടറി വീണു.

മിണ്ടരുത് നീ..... എനിക്ക് ഒരു ജീവിതം ഉണ്ടാക്കി തരാൻ നീയാരാടി എന്റെ...അത് കേട്ടതും അലരുന്ന പോലെ അവൻ മറുപടി കൊടുത്തത്. അവന്റെ മുഖത്തെ ദേഷ്യം കണ്ടതും അവളുടെ ഉള്ളിൽ ഒരു നടുക്കം വീണിരുന്നു.

ഷഹി ഫൈസിയുടെ മുന്നിലേക്ക് പോയി

സ്വന്തം ആയല്ലേ കണ്ടത്.... എന്റെ ഇക്ക ആയല്ലേ

ഞാൻ കൂടെ കൂട്ടിത്.... എന്റെ എല്ലാം ഞാൻ തന്നില്ലേ എന്റെ ഉപ്പ ഉമ്മ എന്റെ ഫാമിലി മൊത്തം സ്വന്തം ആയി തന്നിരുന്നില്ലേ..... ഭയ്യാന്ന് വിളിച്ചത് നെഞ്ചിൽ തട്ടി ആയിരുന്നില്ലേ.... ചേർത്ത് നിർത്താതെ തള്ളി പറഞ്ഞില്ലേ എന്നിട്ട്. നിന്റെ ഭാര്യയെ ഞാൻ മോഹിക്കുന്നു പറഞ്ഞില്ലേ..... അത് പറയുമ്പോൾ നിറഞ്ഞ കണ്ണുകൾ അവൻ വാശിയോട് തുടച്ചു. കത്തിയെടുത്ത് കുത്തിയിരുന്നെങ്കിൽ പോലും ഇത്രയും വേദനിക്കില്ലായിരുന്നു എനിക്ക് .......

ഫൈസ് വേദനയോടെ തലതാഴ്ത്തി.... അവനോട് പറയാൻ ഒരുത്തരം ഇല്ലായിരുന്നു.

എന്നോട് പൊറുക്ക് ഷഹി..... നീ അവളെ സ്നേഹിക്കുന്നു അറിഞ്ഞപ്പോൾ അവൾ പറഞ്ഞത് ഒക്കെ കേട്ടുപോയി ഞാൻ.... അവൾ ശഹിയുടെ കയ്യെടുത്ത് പിടിച്ചു പറഞ്ഞു. അവൻ കൈ തട്ടി മാറ്റി.

തൊടരുത് എന്നെ വെറുപ്പാ തോന്നുന്നേ

നിന്നോടൊക്കെ..... ഏതോ ഒരുത്തിയുടെ വാക്ക് കേട്ട് എന്നെ തള്ളിപ്പറഞ്ഞപ്പോ മനസ്സിൽ ആയതാ നിനക്കൊക്കെ എന്നോടുള്ള സ്നേഹം.... ഞാൻ ചെയ്തതിന്റെ കടപ്പാട് വീട്ടിയത് ആയിരിക്കും അല്ലെ എല്ലാരും..... നീ എന്റെ സ്വന്തം ആണെന്ന് കരുതി..... നിന്റെ സന്തോഷം മാത്രം ആഗ്രഹിച്ചുള്ളൂ നിന്നെ എനിക്ക് അത്രയും ഇഷ്ടം ആയിരുന്നു. അത് കൊണ്ട അവന്ന് വിട്ടുകൊടുത്തേ അല്ലാതെ ത്യാഗം ചെയ്തത് അല്ല ഞാൻ. പക്ഷേ നീയൊക്കെ എന്നെ...... എന്നെ..... ഞാൻ അനുഭവിച്ച വേദന നിനക്കൊന്നും പറഞ്ഞ മനസ്സിൽ ആവില്ല. എല്ലാരേം മുന്നിൽ തെറ്റ് ചെയ്യാതെ കുറ്റക്കാരൻ ആയ പോലെ...... സന്തോഷം മാത്രം നിറഞ്ഞ ഈ കുടുംബതെ ഇരുളിലേക്ക് ആണ് നീ തള്ളിയിട്ടത്.... എല്ലാവരെയും സങ്കടം കാണുമ്പോ ഞാനും ഇതിന്ന് കാരണം ആണല്ലോ ഓർത്തു ഭ്രാന്ത് പിടിച്ച പോലാരുന്നു. റിസയും ഫൈസിയും ഒക്കെ വേണ്ടാത്ത വിളിച്ചു പറഞ്ഞപ്പോൾ മരിച്ചു പോയിരുന്നുവെന്ന് പോലും പ്രാർത്ഥിച്ചിട്ട് ഉണ്ട്....ബാക്കി പറയാൻ ആവാതെ അവൻ നിന്ന് കിതച്ചു. അവൻ അനുഭവിച്ച വേദന അവന്റെ ആ തളർച്ചയിൽ എല്ലാരും അറിഞ്ഞു.

അവൻ മുഖം അമർത്തി തുടച്ചു.....

വേണ്ട എനിക്കിനി ആരെയും ഞാൻ ആരും അല്ലായിരുന്നു നിങ്ങൾക്ക്.... ആയിരുന്നുവെങ്കിൽ എന്നെ ചേർത്ത് പിടിച്ചേനെ എല്ലാരും എന്റെ നന്മ ആഗ്രഹിച്ചിരുന്നുവെങ്കിൽ നീ അവളെ വേണ്ടന്ന് വെച്ചു എന്റെ കൂടെ നിന്നേനെ.

എന്നെ മനസ്സിൽ ആക്കാൻ പറ്റാത്ത എന്നെ വേദനിപ്പിച്ച ആരെയും എനിക്കിനി വേണ്ട. എന്റെ പേര് പോലും നിങ്ങൾ ആരും വിളിക്കുന്നത് എനിക്ക് ഇഷ്ടം അല്ല...... എല്ലാവരും കണ്ണുനീർ വാർത്തുകൊണ്ട് നിൽക്കാനേ കഴിഞ്ഞുള്ളൂ.

അവൻ ഉപ്പാന്റെ അടുത്തേക്ക് പോയി.

എനിക്ക് ഈ വിവാഹത്തിന് സമ്മതം അല്ല ഉപ്പ എനിക്ക് സ്വന്തം എന്ന് പറയാൻ എന്റേതെന്ന് പറയാൻ എന്നെ കാത്തിരിക്കുന്ന ഒരാൾ ഉണ്ട്. ഞാൻ വിവാഹം കഴിക്കാമെന്ന് വാക്ക് കൊടുത്ത ഒരാൾ......

എല്ലാവരും ഞെട്ടലോടെ അവനെ നോക്കിത്.

ആരാ അത്..... ഉപ്പ വിറയലോടെ ചോദിച്ചു

ആൻ...... ഷഹി വിളിച്ചതും ഒരു പെൺകുട്ടി അങ്ങോട്ട് വന്നു.

ആൻഞ്ചലീന....... ഇജുവും നദീം ഷാനുവിന്റെയും ഒക്കെ ചുണ്ടുകൾ ഒന്നിച്ചു മന്ത്രിച്ചു......

ഇത് ആൻഞ്ചലീന അല്ലെ.... ശഹിയുടെ കൂടെ ഗോവയിലും മറ്റും കറങ്ങി നടക്കുന്ന മദാമ്മ പെണ്ണ്.... ഷാനു മെല്ലെ നദീംനോട് ചോദിച്ചു..... അവൻ തലയാട്ടി.....

ജന്നത് ലണ്ടനിൽ ആണെന്ന് വരുത്തി തീർക്കാൻ ശഹിയുടെ സ്റ്റഡിയും അവിടെ ആയിരുന്നു. അവിടെ

അവന്റെ ക്ലാസ്സ്‌ മേറ്റ്‌ ഫ്രണ്ട് ആയിരുന്നു ആഞ്ജലീന. അവളെ കൂടെ ടൂറിസ്റ്റ് പ്ലെസ് ഒക്കെ ഷഹി

പോകാറുണ്ട്.....

ഇനു അവളെ നോക്കി.... വെളുത്തു തുടുതൊരു പെണ്ണ്..... വീർത്ത വയറിൽ അവളുടെ കണ്ണുടക്കി.ചെമ്പൻ തലമുടി തോൾ വരെ ഉണ്ട്..... കഴുത്തിൽ കുരിശ് മാല ....കയ്യില്ലാത്ത ഫ്രോക്ക് ആണ് വേഷം..... മുട്ടിനു താഴെ വരെ ഉണ്ടെങ്കിലും വയർ ഉള്ളോണ്ട് കയറി നില്കുന്നുണ്ട്..... റിച്ചു പറഞ്ഞ പ്രഗ്നൻറ് ലേഡി ഇവളാണ് എന്നോർത്തു.

ആഞ്ചലീന..... ഇജു അവിശ്വാസത്തോടെ വിളിച്ചതും അവൾ അവനെ കുറ്റബോധതോടെ നോക്കി

അവൾ തലതാഴ്ത്തി നിന്നു.....

ഇവൾ പ്രഗ്നൻറ് അല്ലെ.... അമ്മിജാൻ വിറയലോടെ ചോദിച്ചു.

എന്റെ കുഞ്ഞാണ്....... ഷഹീ അവളെ ചേർത്തു പിടിച്ചു പറഞ്ഞു.

എല്ലാവരും ഞെട്ടി വിറങ്ങലിച്ചു അവരെ നോക്കി.

എനിക്ക് പറ്റിയൊരു അബദ്ധം..... ഇവളെ വിവാഹം കഴിക്കുവാൻ സമ്മതം ആയിരുന്നു. പക്ഷേ മാര്യേജ്നോട് താല്പര്യം ഇല്ലാത്തോണ്ട് ആൻ സമ്മതിച്ചില്ല. ഇപ്പോൾ വീട്ടിൽ നിന്നും ഇറക്കി വിട്ടു. കുഞ്ഞിന് ഒരു ഡാഡ് വേണമെന്ന് തോന്നിയപ്പോൾ എന്നെ തേടി വന്നു. എനിക്ക് സമ്മതം ആണ് ഇവളെ സ്വീകരിക്കുവാൻ......

ആർക്കും എന്ത് പറയണം എന്നറിയാത്ത അവസ്ഥയിൽ ആയിരുന്നു.

ഞാൻ ചതിച്ചെന്ന് പറയുന്നുണ്ടല്ലോ ഷഹി

ചെയ്തതും അപ്പോൾ തെറ്റല്ലേ. ഇനുവിനെ സ്നേഹിക്കുന്നു പറഞ്ഞിട്ട് ഇവളുടെ കൂടെ കഴിഞ്ഞില്ലേ.... അതാണല്ലോ വയറ്റിൽ കിടക്കുന്നത്. ഹൈദർ ഫാമിലിയുടെ പാരമ്പര്യം എവിടെ പോയി അപ്പോൾ....നൈഹ ദേഷ്യത്തോടെ എല്ലാരേം നോക്കി ചോദിച്ചു.

ആനിന് ഇത് അഞ്ചാം മാസം ആണ്.... ഇനുവിന്റെ മാര്യേജ് കഴിഞ്ഞിട്ട് എട്ടുമാസം ആയി.... പിന്നെങ്ങനെ ഞാൻ അവളെ ചതിച്ചത് ആകും.... നിന്നെ പോലെ ഒരേ ടൈം പലരുടെയും കൂടെ കിടന്നിട്ടില്ല ഞാൻ. കള്ളും കുടിച്ചു ബോധം ഇല്ലാത്ത അവസ്ഥയിൽ അറിയാതെ പറ്റിയൊരു അബദ്ധം..... എന്നിട്ടും തന്റേടത്തോടെ അവളെ കെട്ടാനും ഞാൻ തയ്യാറായിരുന്നു..... ഷഹി പരിഹാസത്തോടെ അവളോട് ചോദിച്ചു

എന്നെ ചതിച്ചിട്ട് ഇവളെ കൂടെ ജീവിക്കാന്ന് കരുതണ്ട പറഞ്ഞു ആനിനെ പിടിച്ചു തള്ളി നൈഹ.

ആൻ വീഴാൻ നോക്കിയതും ഷഹി താങ്ങുന്നതിന്ന് മുന്പേ ഇജു പിടിച്ചിരുന്നു അവളെ....

അവളെ നേരെ നിർത്തിയതും ഇരു കവിളിലും ആഞ്ഞടിച്ചു അവൻ.

ഇനുവിനെ തൊട്ടപ്പോഴേ ഓങ്ങി വെച്ചതാ ശഹിയെ ഓർത്തു മാത്രമ സഹിച്ചത്. വീണ്ടും തല്ലിയത്തും അവൾ നിലത്തേക്ക് വീണു. വീണ്ടും അവളുടെ അടുത്തേക്ക് പോയതും inu ഓടി വന്നു അവനെ വട്ടം ചുറ്റി പിടിച്ചു.

വേണ്ട ഇജുക്ക..... ഇജു ഇനുവിനെ തള്ളിമാറ്റാൻ നോക്കിയെങ്കിലും വിട്ടില്ല.

ഷഹി അവൾക്ക് കൊടു ത്ത ശിക്ഷയെക്കാൾ വലുതാവില്ല വേറൊന്നും

വിട്ടേക്ക്..... അവൾ അവനെ പിടിച്ചു വലിച്ചു കൊണ്ട് പോയി. പോകുമ്പോൾ നൈഹായുടെ ഉമ്മാനെ തിരിഞ്ഞു നോക്കി പറഞ്ഞു.

മോളെ ജീവനോടെ വേണമെങ്കിൽ കൊണ്ട് പോയിക്കോ  ഇല്ലെങ്കിൽ ഇവരെല്ലാരും കൂടി കൈ വെക്കും..... പറഞ്ഞില്ലെന്നു വേണ്ട അതും കടുപ്പിച്ചു പറഞ്ഞു.

അവളെ ഉമ്മ പിടിച്ചു വലിച്ചു കൊണ്ട് പോയി.
ഇനിയെന്ത് വേണമെന്ന് അറിയാതെ നിശബ്ദത തളം കെട്ടി നിന്നു.

അപ്പോഴാണ് ജുനു അങ്ങോട്ട് വന്നത്.
അവിടെ എല്ലാരും കാത്തിരിക്കുകയാണ് നിങ്ങൾ ഇറങ്ങീലെ.....

എല്ലാവരും ദയനീയമായി അവനെ നോക്കി.

ടാ നിക്കാഹിന് ടൈം ആയി.... ജുനു ഫൈസിയെ നോക്കി.

എന്താ ജന്നത്തിലെ മഹാറാണി മിണ്ടാതെ ഇരിക്കുന്നെ കുടുംബത്തിന്റെ അഭിമാനം നോക്കണ്ടേ..... വന്നവരെ മുന്നിൽ തല ഉയർത്തി നില്കണ്ടേ വീണ്ടും ഓഡർ ഇട് ഇപ്രാവശ്യം ആരെയാ കെട്ടണ്ടത്  അഞ്ജലീനയെയോ..... അതോ വേറാരെയെങ്കിലും കണ്ടു പിടിക്കുമോ ഷഹി പരിഹാസത്തോടെ പറഞ്ഞു.

നീ ഷഹസദ് ഹൈദരലിഖാൻ ആണെങ്കിൽ ഇപ്പൊ ഈ നിമിഷം തന്നെ എനിക്ക് നിന്റെ വിവാഹം നടത്താൻ കഴിയും..... അല്ലെന്ന് തോന്നുന്നുണ്ടോ....

അവളുടെ വാക്കുകൾ കേട്ടതും അവന്റെ മുഖത്ത് ഒരു പതർച്ച വന്നിരുന്നു. അവളെ വാക്ക് ധിക്കരിച്ചാൽ സ്വന്തം ഉപ്പനെയും ഉമ്മനെയും പോലും വേണ്ടെന്ന് വെച്ചു ഇവിടെ നിന്ന് ഇറങ്ങേണ്ടി വരും.... ആനിനെ തള്ളി പറഞ്ഞു വേറെ കെട്ടാൻ പറയില്ല. ആനിനെ കെട്ടാൻ പറയാനും പറ്റില്ല. കാരണം ആനിന് വയർ പുറത്ത് കാണുന്നുണ്ട് നല്ലോണം. അതാകും പിന്നെ

സെൻസെഷൽ ന്യൂസ് അത് കൊണ്ട് അതിന്ന് ആരും ശ്രമിക്കില്ല. അവനിൽ ഒരാശ്വാസം നിറഞ്ഞു വീണ്ടും...

പിന്നെ ഒരു പുച്ഛം വിരിഞ്ഞു അവന്റെ മുഖത്ത്.....

ഞാൻ അതിന്ന് ഷഹാസദ് ഹൈദരലിഖാൻ അല്ല..... വെറും ഷഹാസദ് ആണ്. ഞാൻ പറഞ്ഞു കഴിഞ്ഞു എനിക്ക് ആരെയും വേണ്ടന്ന്.. ഞാൻ നിങ്ങളെ ആരുമല്ലെന്ന്....

ഇനു എന്തോ പറയാൻ നോക്കിയതും ജുനൈദ് അവളെ മുന്നിൽ കേറി നിന്നു.

പരസ്പരം പോരാടിക്കാൻ ഉള്ള ടൈം അല്ല ഇത്. ചെറുക്കനെയും പെണ്ണിനേയും കാത്ത് അവിടെ ഒരുപാട് പേര് ഇരിക്കുന്നുണ്ട്.

അതിന്ന് കല്യാണം മുടങ്ങിയത് ജുനൈദ്

അറിഞ്ഞില്ലെന്നു ഉണ്ടോ.... എന്ന ഒന്നൂടി കേട്ടോ ഇന്ന് മാര്യേജ് നടക്കില്ല അവിടെ.

മാര്യേജ് നടക്കും..... നിക്ഷയിച്ച അതെ സമയത്ത് തന്നെ നിക്കാഹ് നടക്കും അവൾ പുഞ്ചിരിയോടെ പറഞ്ഞു.

ജുനുവിന്റെയും ഫൈസീയുടെയും മുഖത്ത് കൂടി ആ ചിരി വിരിഞ്ഞെങ്കിലും ബാക്കിയുള്ളവർ ഞെട്ടലോടെ ആണ് അത് കേട്ടത്. ഒരിക്കലും നടക്കാത്ത കാര്യം ആണിത്.... ഷഹി സമ്മതിക്കില്ലെന്ന് ഉറപ്പാണ്.

ഇനുവിന്റെ മുഖത്ത് ആത്മവിശ്വാസത്തിന്റെ പുഞ്ചിരി തെളിഞ്ഞു നിന്നു....

ശഹിയുടെ മുഖത്ത് പരിഹാസത്തിന്റെ ഒരു ചിരിയും വിരിഞ്ഞു. ഒരിക്കലും അവർക്ക് മുന്നിൽ തോൽക്കില്ലെന്ന പുഞ്ചിരി.

❤️💔INVISIBLE LOVE 💔❤️

Love after 💘marriage 🌷116🌷

എന്റെ വിവാഹം എന്റെ സമ്മതം ഇല്ലാതെ നടക്കുമോ എന്ന അതൊന്ന് എനിക്കും കാണണം അല്ലോ ഷഹി വെല്ലുവിളിയോടെ അവളെ നോക്കി.

ഇനു ഉറക്കെ റിസ എന്ന് വിളിച്ചു.....

എല്ലാവരും എന്താണ് നടക്കുന്നത് എന്ന് തിരിയാതെ ഇനുവിനെ തന്നെ നോക്കി. റിസ മുകളിൽ നിന്നും ഇറങ്ങി വരുന്നത് കണ്ടു. പിറകിൽ ആയി വധുവിന്റെ വേഷത്തിൽ ശദയും...... സർവ്വഭരണ വിഭൂഷികയായി കല്യാണപെണ്ണായി മുന്നിൽ നിൽക്കുന്ന ശദയെ ഞെട്ടലോടെ എല്ലാരും നോക്കി..... ശഹിയുടെ മുഖത്ത് പോലും ഉണ്ടായിരുന്നു ഞെട്ടൽ....

വിവാഹക്ഷണക്കത്തിൽ  ഒരു തെറ്റ് പറ്റി. ശദ ഹൈദറിന്റെയും സമിക്കയുടെയും മാര്യേജ് ആണ് ഇന്ന് നടക്കുന്നത്. വിവാഹത്തിന് വിളിച്ച എല്ലാവർക്കും മെയിൽ അയച്ചും നേരിട്ട് പോയി പറഞ്ഞും തിരുത്തിയിട്ടുണ്ട്. പിന്നെ വരുന്ന കുറച്ചു ഗോസിപ്പുകൾ ഒരു മീഡിയാസും വഴി ലീക്ക് അകത്തേയും നോക്കിയിട്ടുണ്ട്. പറഞ്ഞ മുഹൂർത്തത്തിൽ തന്നെ നിക്കാഹ് നടക്കും. അവൾ ഉറച്ച ശബ്ദത്തിൽ പറഞ്ഞതും എല്ലാരുടെയും മുഖത്ത് ഒരാശ്വാസം നിറഞ്ഞിരുന്നു.

അവൾ ശദയുടെ കൈ പിടിച്ചു അദമിന്റെയും ഷംനയുടെയും അടുത്തേക്ക് പോയി ജന്നത്തിലെ മഹാറാണിക്ക് ഉത്തരവ് നടപ്പിലാക്കാൻ ആരുടെയും സമ്മതം ആവിശ്യം ഇല്ല. അങ്ങനെ കൊണ്ട് പോകാൻ അല്ല വന്നത് എന്റെ ഇക്കാന്റെ പെണ്ണായിട്ട ഞാൻ കൊണ്ട് പോകുന്നത് എല്ലാവിധ ആശിർവാദം ഉണ്ടാകണം ഇവളെ കൈ പിടിച്ചു നിങ്ങൾ തന്നെ വരണം.... എടുത്ത തീരുമാനം അവിവേകം ആണെങ്കിൽ പൊറുക്കണം. ഇതല്ലാതെ മറ്റൊരു വഴിയും ഞാൻ കണ്ടില്ല....

എന്റെ മോൻ ചെയ്ത തെറ്റിന് ഇത് തന്നെ വേണ്ടത്. എന്നായാലും നടക്കേണ്ടതാണ് ഈ വിവാഹം....കുറച്ചു നേരത്തെ ആയതെന്നെ ഉള്ളു. ഞങ്ങളെക്കാൾ ഭംഗിയിൽ നീ ഈ കല്യാണം നടത്തുമെന്നും അറിയാം അവളെ കവിളിലൂടെ തലോടി അവർ പറഞ്ഞു.

എന്ന പിന്നെ ഇറങ്ങിക്കൂടെ ജുനു ഇജുവിനോട് ചോദിച്ചതും അവൻ നിറഞ്ഞ കണ്ണുകൾ തുടച്ചു തലയാട്ടി.

എല്ലാവർക്കും ശഹിയോട് സംസാരിക്കണം എന്നുണ്ടായിരുന്നുവെങ്കിലും ആദ്യം വിവാഹകഴിയട്ടെ എന്ന് കരുതി.

ശഹസാദിന് അനിയത്തിയുടെ വിവാഹത്തിൽ പങ്കെടുക്കാൻ വിരോധം ഇല്ലെങ്കിൽ വരാം.... ഇനു അവന്റെ മുന്നിൽ പോയി പറഞ്ഞു....അവൻ

പുച്ഛത്തോടെ നോക്കിയതല്ലാതെ ഒന്നും മിണ്ടിയില്ല.

ഇനു ആനിന്റെ അടുത്തേക്ക് പോയി ഇനായ മെഹവിഷ്...... അവൾ കൈ നീട്ടി പറഞ്ഞു..... ആൻ തിരിച്ചു കൈ കൊടുത്തു.... പക്ഷേ ഒന്നും സംസാരിച്ചില്ല

അവളുടെ മുഖത്ത് വല്ലാത്ത അസ്വസ്ഥത ഇനു ശ്രദ്ധിച്ചു ...... ഇജുക്കനേയും നദീംമിനെയും ഒക്കെ നോക്കുമ്പോൾ ഒരു കുറ്റബോധവും ആ കണ്ണുകളിൽ അവൾ കണ്ടു.

(എനിക്ക് ഇംഗ്ലീഷിൽ എഴുതി അത് മലയാളത്തിൽ തർജമ ചെയ്യാൻ വയ്യ. ഉള്ളത് ടൈപ്പ് ചെയ്യാൻ തന്നെ ടൈം കിട്ടുന്നില്ല.അതോണ്ട് ഒന്ന് അഡ്ജസ്റ്റ് ചെയ്തേക്കട്ടോ 😜സൊ ആഞ്ജലീന ആയുള്ള ഡയലോഗ്സ് നിങ്ങൾ ഇംഗ്ലീഷിൽ ആക്കിക്കോ )

ഷഹി ആനിന്റെ കയ്യിൽ നിന്നും ഇനുവിന്റെ കൈ ബലമായി അടർത്തി മാറ്റി.... ഇനു ഒരു പകപ്പോടെ

അവനെ നോക്കി.

ഇവിടുള്ള ആരും നമ്മളെ ആരും അല്ല. ഇവരുമായുള്ള കോണ്ടാക്ട് വേണ്ട. പ്രത്യേകിച്ച് ഇവളെ ചിരിച്ചു കൊണ്ട് കഴുതറക്കാൻ മടിക്കില്ല..... അവൻ പല്ല് കടിച്ചു പിടിച്ചു പറഞ്ഞു.

ആനിന്റെ കയ്യും പിടിച്ചു ഷഹി മുകളിലേക്ക് പോയി.....

ഫൈസ് അവളെ കവിളിൽ നിന്നും ഊർന്നു വീണ കണ്ണുനീർ തുള്ളികൾ തുടച്ചപ്പോഴാണ് കരയുകയാണെന്ന് അവൾ പോലും അറിഞ്ഞത്....

നീ തള്ളിപറഞ്ഞതിന്റെ ദേഷ്യം ആണ്. കുറച്ചു കഴിയുമ്പോ മാറിക്കോളും അവൻ ചേർത്ത് പിടിച്ചു പറഞ്ഞു..... അവൾ മുഖം അമർത്തി തുടച്ചു ഒരു ചിരി വരുത്തിച്ചു.

ഇനിയൊരിക്കലും തനിക്ക് ശഹിയെ കിട്ടില്ലേ എന്നൊരു ചിന്ത ഒരു നോവായി ഉള്ളിൽ കിടന്നു.

🌷🌷🌷🌷

വിവാഹഘോഷങ്ങളിൽ പങ്കെടുക്കുമ്പോഴും എല്ലാവരുടെയും മനസ്സിൽ നോവായി ഷഹി ഉണ്ടാരുന്നു. ഇടക്കിടക്ക് അവരുടെയൊക്കെ നോട്ടം എൻട്രൻസ്സ്ലേക്ക് ആയിരുന്നു. അവൻ വരാത്തത് കണ്ടു എല്ലാരേം മനസ്സിൽ നീറ്റൽ പടർത്തി കൊണ്ടിരുന്നു.കുറച്ചു കഴിഞ്ഞു അവൻ വന്നതും എല്ലാവരുടെയും നെഞ്ചിലെ കനൽ ഒന്ന് അണഞ്ഞത് പോലെ തോന്നി. ആനും ഉണ്ടായിരുന്നു കൂടെ. അവൻ ഇവരെയൊന്നും മൈൻഡ് ആക്കാതെ നിന്നെങ്കിലും വരുന്ന ഗസ്റ്റ് കളോട് അവൻ അത് കാണിച്ചില്ല. സ്വീകരിക്കാനും മറ്റും മുന്നിൽ തന്നെ ഉണ്ടായിരുന്നു അവൻ.എല്ലാവരും എല്ലാ സങ്കടവും സമിക്കും ഷദക്കും വേണ്ടി മാറ്റി വെച്ചു.

ഇടക്ക് റിസയുടെ മുന്നിൽ പെട്ടു. കണ്ണുകൾ പരസ്പരം ഇടഞ്ഞതും അവൾ മിഴികൾ താഴ്ത്തി.

ആകെ ഒരു മൂടികെട്ടിയ അവസ്ഥ കണ്ടു റിസ ഒരു നെടുവീർപ്പിട്ടു. അവൾ യാഷിനെ അടുത്തേക്ക് വിളിച്ചു ചെവിയിൽ എന്തോ പറഞ്ഞു. അവനും അവളെ നോക്കി കണ്ണിറുക്കി.

പെട്ടെന്ന് മ്യൂസിക് കേട്ടാണ് എല്ലാവരും തിരിഞ്ഞു നോക്കിയത്.

കണ്ടോ ഇവിടെ ഇന്ന് കുരുവികൾക്ക് മംഗലം...... സോങ് ആയി യാഷ് അവന്റെ ഫ്രണ്ട്സ് ഡാൻസ് ആയി വന്നത്. മൂകമായ ഇടത് കല്യാണത്തിന്റെ ആരവം മുഴുക്കുന്നതായിരുന്നു ആ ഡാൻസ്.... എല്ലാവരും നിറഞ്ഞ കയ്യടിയോടെ അവരെ സ്വീകരിച്ചു. ഡാൻസ് കഴിഞ്ഞതും വീണ്ടും അനൗൺസ്മെന്റ് കേട്ടു..... ഇനി ചെക്കൻ വീട്ടുകാരുടെ കലാപരിപാടികൾ എന്ന് പറഞ്ഞതും റിസയും കുറച്ചു ഗേൾസ് കടന്നു വന്നു. യാഷ് ടീം കയ്യടിച്ചു കൊണ്ട് സൈഡിലേക്ക് മാറി നിന്നു.

**Bole Chudiyan Bole Kangana laila**

**Haay Main Ho Gayi Teri Saajna**

**വരികൾക്ക് കിടിലൻ ഡാൻസ് ആയി റിസയും ടീം വന്നു. സങ്കടം മാറി എല്ലാവരിലും കല്യാണത്തിന്റെ സന്തോഷം കടന്നു വന്നിരുന്നു.....**

**യാഷ് സോങ് മാറ്റി. റഫ്ത റഫ്ത സോങ് ഡാൻസ് ആയി യാഷും ടീം വന്നു അവർ ഒന്നിച്ചു ചുവടുകൾ വെച്ചു. റിസയും യാഷ് ബാക്കിയുള്ള എല്ലാവരെയും കൈ പിടിച്ചു കൊണ്ട് വന്നു.**

**ഇനു അവരെ കൂടെ ഡാൻസ് കളിച്ചതും  ഫൈസ് അവളെ രൂക്ഷമായി നോക്കി പേടിപ്പിച്ചു..... അവന്റെ നോട്ടം അവളുടെ വയറ്റിൽ ആണെന്ന് കണ്ടതും അവൾ നാക്ക് കടിച്ചു..... പിന്നെ ഫൈസിയെ നോക്കി മുഖം കോട്ടികൊണ്ട് കയ്യടിച്ചു പ്രോത്സാഹിപ്പിച്ചു.... ഇവരെ കണ്ണ് കൊണ്ടുള്ള കഥകളി കണ്ടു ബാക്കിയെല്ലാവരും ചിരിക്കുന്നുണ്ടായിരുന്നു....**

അവൾ ചമ്മലോടെ ഫൈസിയുടെ പിറകിൽ നിന്നു. അവളുടെ നോട്ടം അപ്പോഴാ എല്ലാത്തിൽ നിന്നും ഒഴിഞ്ഞു മാറി കാഴ്ചക്കരെ പോലെ നോക്കി നിൽക്കുന്ന ഷഹിയിൽ എത്തിയത് കണ്ണുകൾ പരസ്പരം ഇടഞ്ഞതും അവൻ മുഖം തിരിച്ചു. അവന്റെ കൂടെ നിൽക്കുന്ന ആൻ ആകെ ഹാപ്പിയിൽ ആണെന്ന് അവൾ കണ്ടു. കയ്യടിക്കുന്നൊക്കെയുണ്ട് ഇനു ശാനയെ വിളിച്ചു അവളെ സ്റ്റേജിലേക്ക് കൂട്ടി വരാൻ പറഞ്ഞു. ഷാന ആദ്യം മടിച്ചു നിന്നു. ശഹിയെ ഉള്ളുകൊണ്ട് അവൾക്ക് പേടി തോന്നിയിരുന്നു. പഴയ പോലെ ആയിരുന്നുവെങ്കിൽ ചെവിയിൽ പിടിച്ചു കൊണ്ട് വരാനും പേടി ഇല്ലായിരുന്നു. ഇനു നിർബന്ധിച്ചപ്പോൾ അവൾ ഒരു നെടുവീർപ്പ് ഇട്ടു ആനിന്റെ അടുത്തേക്ക് പോയി....

ശഹിയെ നോക്കാതെ ആനിനോട് ഡാൻസിൽ പങ്കെടുക്കാൻ വരുന്നോ ചോദിച്ചു.... അവൾ സന്തോഷതോടെ അവരെ നോക്കി ചിരിച്ചു കൊണ്ട് ഷാനുവിന്റെ കൂടെ പോയി. ഷാനു സ്റ്റേജിൽ കയറി തിരിഞ്ഞു നോക്കിയപ്പോഴാ കണ്ടത് ആൻ മറുകൈ കൊണ്ട് ശഹിയെയും പിടിച്ചു വലിച്ചാണ് വന്നതെന്ന്.

ഷാന ഒന്ന് ഇളിച്ചു കാണിച്ചു ഇനുന്റെ പിറകിലേക്ക് മാറി.

രാവിലത്തെ ദേഷ്യം കണ്ടു അമ്മാതിരി ഭയം

എല്ലാർക്കും ഉണ്ടായിരുന്നു.....

ഷാന ഇനുവിന്റെ അടുത്തേക്ക് ചെന്നു മെല്ലെ ചോദിച്ചു.

നിനക്ക് പേടിയില്ലേ അവനെ.... രാവിലെ നിനക്കിട്ട് ഒന്ന് കിട്ടുമെന്ന് വരെ കരുതിയിരുന്നു.

നിങ്ങൾ ആദ്യായിട്ട് കാണുന്നതല്ലേ അതോണ്ടാ ഇങ്ങനെ. എനിക്ക് ചെറുപ്പം മുതലേ അറിയാം.... എന്തോരം കിട്ടിയിരിക്കുന്നു.

ഞാൻ ആദ്യം ആയ കണ്ടത്...

എനിക്ക് വേദനിച്ചാലേ അവന്ന് ദേഷ്യം വരൂ. അതോണ്ടാ നിങ്ങൾ ദേഷ്യപ്പെട്ടു കാണാഞ്ഞത്. എന്റെ സ്വഭാവം വെച്ച് എനിക്കെപ്പോഴും കിട്ടാറുണ്ട്. അതോണ്ട് പേടിച്ചു അവന്റെ മുന്നിൽ ഹാപ്പി ആയി നടക്കുന്നതും.... എന്റെ കണ്ണ് നിറഞ്ഞു കണ്ടാൽ അവന്ന് ഭ്രാന്ത് ഇളകുന്ന പോലെയാ അതാണ് രാവിലെ കണ്ടതും.

ഇവന്മാരെയൊക്കെ സഹിക്കുന്ന നിന്നെ സമ്മതിക്കണം. സ്നേഹം കൂടുതലാ അത് പോലെ കലിപ്പും. എന്റെ നദീംക്കനെ സ്തുതിക്ക ഞാൻ.... നിന്നെ പോലെ എല്ലാത്തിനെയും സഹിക്കുന്നുണ്ടല്ലോ....

ഇനു അതിന്ന് പകരം ചെറു ചിരിയോടെ അവളെ നോക്കി. ഷഹീയുമായി കണ്ണിടഞ്ഞതും അവൾ മുഖം താഴ്ത്തി.

റിസ സമിക്കയേയും ശദയെയും കൂടി കൂട്ടി കൊണ്ട്

വന്നതോടെ വീണ്ടും ഡാൻസ് തുടങ്ങി. എല്ലാവരും അതിൽ മുഴുങ്ങി. മെല്ലെ മെല്ലെ ശഹിയും അതിൽ കൂടിയതോടെ എല്ലാവരിലും ചെറു സന്തോഷം തോന്നി. ആൻ അവരെ കൂടെ ഡാൻസ് കളിക്കുന്നത് കണ്ടു ഇനു ഫൈസിയെ തോണ്ടി അത് കാണിച്ചു കൊടുത്തു.....

അവൻ നോക്കി പേടിപ്പിച്ചതോടെ അവൾ പോകാൻ നോക്കിയതും അവൻ കയ്യിൽ പിടിച്ചു വലിച്ചു. അവന്റെ നെഞ്ചിൽ തട്ടി നിന്നതും അവൾ കെറുവോടെ അവനെ നോക്കി. അവൻ ചെറുചിരിയോടെ അവളുടെ ഇടുപ്പിലൂടെ കയ്യിട്ടു ചേർത്ത് പിടിച്ചു. മറുകൈ കൊണ്ട് കൈ കോർത്തു പിടിച്ചു വട്ടം കറക്കി. നമുക്ക് മാത്രം ആയി കപ്പിൾ ഡാൻസ് വേണേൽ ഒക്കെ..... അവൾ ഒന്നും പറയാതെ നോക്കിയെങ്കിലും അവന്റെ കണ്ണുകളിൽ തന്നെ നോക്കി സ്വയം മറന്നു നിന്നു. അവൻ തന്നെ അവളെയും ചേർത്ത് പിടിച്ചു ചുവട് വെച്ചിരുന്നു. പിന്നെ അത് അവളും കൂടി ഏറ്റെടുത്തു അവനൊപ്പിച്ചു ചുവട് വെച്ചു.

ഇനി മതി ശരീരം അനക്കണ്ട പറഞ്ഞു നിർത്തിയതും നിറഞ്ഞ കയ്യടി കേട്ട് അവർ ചുറ്റും നോക്കി. എല്ലാവരും അവരെ വട്ടം ചുറ്റി അവരെ നോക്കി കയ്യടിക്കുന്നുണ്ട്. അവൾ ചമ്മലോടെ എല്ലാവരെയും നോക്കി ഫൈസിയുടെ പിറകിൽ കൂടി.....

ഇതിപ്പോ ഭയ്യാ കേറി സ്റ്റാർ ആയല്ലോ... അളിയന്റെ കല്യാണം ആണെങ്കിലും ഷൈൻ ചെയ്യത് ബാബിയും ഭയ്യായും ആണ് യാഷ് വിളിച്ചു പറഞ്ഞു....

പിന്നെ ഉറക്കത്തിൽ വിളിച്ചു നാളെ രാവിലെ കല്യാണം ആണെന്ന് പറഞ്ഞത്ര

വരില്ലെടാ ഇതൊന്നും..... സത്യം പറഞ്ഞ എന്റെ തന്നെ കല്യാണം ആണോ കഴിഞ്ഞെന്ന സംശയത്തിൽ ആണ് ഞാൻ.....

ഇതിന്നും വേണം മോനെ ഭാഗ്യം..... ജുനു ചിരിയോടെ

പറഞ്ഞു.

സമിക്കയാലേ പറഞ്ഞെ ഇത് പോലൊരു പെങ്ങൾ എനിക്കും ഉണ്ടായിരുന്നുവെങ്കിൽ എന്ന്. ഇപ്പൊ കുറ്റം പറയുന്നോ.....

അത് ശരിയാ സമി.... നിനക്ക് ഓസിക്ക് പെണ്ണിനെ ആക്കി തന്നു കെട്ടും നടത്തി തന്നു നന്ദി പറയണം അതിന്ന്. ഫൈസി അവളെ തോളിലൂടെ കയ്യിട്ടു പറഞ്ഞു.

ഐസ് ക്രീം വാങ്ങി പകരം പെണ്ണ് ചോദിച്ചു ഒരു ഞെട്ടിക്കൽ കഴിഞ്ഞതാ. ഇപ്പോ ദേ കണ്ണടച്ച് തുറക്കുന്നതിന്ന് മുന്നേ കെട്ടും കഴിഞ്ഞു..... ഇത് പോലെ വേറെ ഒരു പീസ് ഇല്ലാത്തത് ഭാഗ്യം.....

അതെ ഫൈസ്..... ഫൈസിനറിയോ ഒരാൾക്ക് വലിയൊരു ആഗ്രഹം ജന്നത്തിലെ രാജകുമാരിയെ കെട്ടണംന്ന്

ഞാനത് നടത്തി കൊടുത്തു നന്ദി വേണം സമിക്ക അതിന്ന്......

അവൻ ഇളിച്ചു കാണിച്ചു.....

സമിക്ക ഇനി ജോലിക്ക് പോകോ..... അവൾ ആക്കി ചോദിച്ചതും ബാക്കി പറയുന്നതിന്ന് മുന്നേ അവളെ വായും പൊത്തിപിടിച്ചു.

നാറ്റിക്കരുത് എന്റെ മാര്യേജ് ആണ്. അവൻ തൊഴു കയ്യോടെ പറഞ്ഞു...

ഇതെന്താ ഞങ്ങൾ അറിയാത്ത സംഭവം...

ഫൈസ് അവളോട് ചോദിച്ചു.

ഇജുവിനെ ആദ്യം ആയി കണ്ടപ്പോൾ തമാശക്ക് പറഞ്ഞതാണ്. ജനിക്കുവാണേൽ അങ്ങനെ ജനിക്കണം.

ജന്നതിനെ കെട്ടിയ ജീവിതം സെറ്റിൽഡ് എന്നൊക്കെ. അന്ന് ഇവളാണ് ജന്നത് എന്ന് അറിയില്ലല്ലോ..... അവൻ ദയനീയമായി അവളെ നോക്കി.

അത് ഞാനും എന്റെ സമിക്കയും ആയുള്ള സീക്രട് ആണ്. ആരും അറിയണ്ട എന്ന് പറഞ്ഞു മുഖം കോട്ടി.

എന്ത് അറിയാൻ നിന്റെ സ്വഭാവം വെച്ചു എന്തെങ്കിലും മണ്ടത്തരം ആയിരിക്കും. എന്നിട്ട് ലോക കാര്യം പറയുന്ന പോലെ വിൽഡപ്പ്...യാഷ് പറഞ്ഞതോടെ അവിടെ ചിരി മുഴങ്ങി.

❤️❤️❤️❤️

പരിപാടി ഒക്കെ കഴിഞ്ഞു ഷദയുടെ വിട പറയൽ ചടങ്ങ് എത്തിയതും എല്ലാവരുടെയും കണ്ണ് നിറഞ്ഞിരുന്നു. ഷദ ഇന്ന് മുതൽ മറ്റൊരു വീട്ടിലെ സ്വന്തം ആണെന്ന് ഓർത്തതും യാഷിന്റെയും കണ്ണ് നിറഞ്ഞിരുന്നു. ഷാനക്ക് ആയിരുന്നു ഏറ്റവും

സങ്കടം ആ വീട്ടിൽ വന്നപ്പോ തൊട്ടുള്ള കൂട്ട് ആണ്.

അതേ ഞങ്ങൾ ഇവളെ കൊല്ലാൻ ഒന്നും അല്ല കൊണ്ട് പോകുന്നെ.....എപ്പോ വേണേൽ പോയി വരാന്നുള്ള ദൂരം ഉള്ളു.

അതിന്ന് ഇങ്ങനെ എല്ലാരും കണ്ണീർ പുഴ ഒഴുക്കുന്നെ. റിസ കളിയാക്കി പറഞ്ഞു.

അവളെ ചേർത്ത് പിടിച്ചു കൊണ്ട് എല്ലാരേം നോക്കി.

നിങ്ങളെ ഈ രാജകുമാരി ഇനി മുതൽ ഞങ്ങളുടെ വീട്ടിലെ മഹാറാണി ആയിരിക്കും... അത് പോരെ നിങ്ങൾക്ക്.

ഞാൻ ഉണ്ടാകും എന്നും കൂടെ അവളുടെ കയ്യോട് കൈ ചേർത്ത് പിടിച്ചു സമിയും പറഞ്ഞു.

ശദ എല്ലാവരോടും യാത്ര ചോദിച്ചു. ശഹിയുടെ അടുത്തേക്ക് പോയി......

അവൻ ഒന്നും പറഞ്ഞില്ലെങ്കിലും അവളുടെ

നെറുകയിൽ ചുണ്ടുകൾ ചേർത്തു. അതിൽ ഉണ്ടായിരുന്നു അവന്റെ ആശിർവാദം മുഴുവൻ.

അവൾ നിറ കണ്ണുകളോടെ എല്ലാവരെയും നോക്കി യാത്ര പറഞ്ഞു ഇറങ്ങി. കണ്ണിൽ നിന്നും മറയും വരെ എല്ലാവരും അത് നോക്കി നിന്നു. ഷദ ഒരേങ്ങളോടെ സമിയുടെ തോളിലേക്ക് ചാരി കിടന്നു. അവൻ അവളെ ചേർത്ത് പിടിച്ചു.

❤️❤️❤️

എല്ലാവരും രാത്രിയോടെ ജന്നത് മെൻഷനിൽ തിരിച്ചു എത്തി.

അകത്തേക്ക് പോകാൻ നോക്കിയ ശഹിയെ അമ്മിജാൻ വിളിച്ചു.

ഞങ്ങൾക്ക് കുറച്ചു സംസാരിക്കാൻ ഉണ്ട്.

ഇവളെയും കൂട്ടി ഇവിടെ താമസിക്കാൻ പറ്റോ

ഇല്ലയോ ഈ ചോദ്യത്തിന് ഉത്തരം നിങ്ങൾക്ക് പറയാം അല്ലാതെ മറ്റൊരു വാക്ക് പറയനോ എനിക്ക് കേൾക്കുകയോ വേണ്ട.

ആരും മിണ്ടാതെ നിന്നു.

യെസ് ഓർ നോ.... അവൻ സ്വരം കടുപ്പിച്ചു ചോദിച്ചു.

പോകണമെങ്കിൽ പറഞ്ഞ മതി ഞാൻ റൂമിൽ കാണും അതും പറഞ്ഞു

ആരെയും നോക്കാതെ ആനിനെ കൂട്ടി മുകളിലേക്ക് കയറിപ്പോയി.

എല്ലാരും ഒരു നെടുവീർപ്പോടെ അവരെ നോക്കി. ഷംന മാത്രം എന്റെ മോൻ എന്ന് പറഞ്ഞു പൊട്ടികരഞ്ഞു..... നമുക്ക് സംസാരിക്കാം അത് വരെ ക്ഷമിക്കെന്ന് പറഞ്ഞു റാബിയ അവരെ ആശ്വസിപ്പിച്ചു

ബാക്കിയെല്ലാവരും അവരെ ദയനീയമായി നോക്കി നിന്നത്തെ ഉള്ളു.

ഫൈസ് ഇനുവിനെ നോക്കി നമുക്കും ഇറങ്ങാം എന്ന് കണ്ണ് കൊണ്ട് കാണിച്ചു.

അവളും തലയാട്ടി അവന്റെ അടുത്തേക്ക് പോയി.

എന്ന പിന്നെ ഞങ്ങൾ ഇറങ്ങുകയാണ്. നാളെ വരാം... ഫൈസ് എല്ലാവരെയും നോക്കി പറഞ്ഞു.

എല്ലാവരും അവരെ തന്നെ നോക്കി.

എല്ലാം കലങ്ങി തെളിഞ്ഞില്ലേ ഇനി ഇവിടെ താമസിച്ചു കൂടെ നിങ്ങൾക്ക്. (അമ്മിജാൻ )

അത് വേണ്ട അമ്മിജാൻ..... എനിക്ക് പോകണം. എപ്പോ വേണേൽ അങ്ങോട്ട് ഇങ്ങോട്ട് വരാലോ.....

ഇജ്ജു അവരെ അടുത്തേക്ക് വന്നു.

ഇവിടെ ഞങ്ങളുടെ കൂടെ കഴിഞ്ഞുടെ.

വേണ്ട ഇജ്ജു.... എനിക്ക് ഇവളും ഇവൾക്ക് ഞാനും അത് മതി ഇനിയെന്നും.

വേണമെങ്കിൽ ദിവസം വരാലോ ഇവൾക്ക്.

ഫൈസ് പ്ലീസ് വാശി പിടിക്കല്ലേ. നിങ്ങൾ ഇല്ലാതെ ഇത്രയും ദിവസം കഴിഞ്ഞത് എങ്ങനെ ആണെന്ന് പോലും എനിക്ക് അറിയില്ല. ഞാൻ വിടില്ല ഇനി എന്റെ ജന്നയെ എങ്ങോട്ടും. അതും പറഞ്ഞു ഇനുവിനെ കയ്യിൽ പിടിച്ചു അവന്റെ അടുത്തേക്ക് നിർത്തി.

ഇനു രണ്ടാളെയും നോക്കി.... ഇജ്ജുക്ക ഒരിക്കലും വിടില്ല. ഫൈസ് ആണെങ്കിൽ അപമാനിച്ചു ഇറക്കിവിട്ടത് ഇന്നും മനസ്സിൽ നീറ്റൽ ആണ് അത്

കൊണ്ട് ഒരിക്കലും ഇവിടെ നിൽക്കില്ല. ആരെ ഭാഗം നിൽക്കണം അറിയാതെ അവൾ വിഷമിച്ചു.

ഫൈസിന് ഇനുവിന്റെ അവസ്ഥ മനസ്സിൽ ആകുന്നുണ്ടായിരുന്നു. പക്ഷേ ഇനി ഒരിക്കലും സ്വന്തം വീട് വിട്ടു പോകില്ലെന്ന് അവൻ ഉറപ്പിച്ചിരുന്നു.

അന്നത്തെ കാര്യം ഓർത്താനെങ്കിൽ ഞാൻ ഒരിക്കൽ കൂടി മാപ്പ് ചോദിക്കാം ഇവിടെ നിന്നുടെ നിങ്ങൾക്ക്

അത് കൊണ്ട് ഒന്നും അല്ല നിർബന്ധിക്കല്ലേ എന്നെ. എനിക്ക് എന്റെ വീട്ടിൽ നിന്ന മതി ഇനി.

പോകാതിരുന്നൂടെ ഫൈസി..... നദീം അങ്ങോട്ട് വന്നു.

ഇനു എന്ന ഇവിടെ നിന്നോട്ടെ. വരണമെന്ന് തോന്നുമ്പോൾ അവിടെക്ക് വരാം.... ആരെയും നോക്കാതെ അവൻ പറഞ്ഞു.

ഇനു ഞെട്ടലോടെ അവനെ നോക്കി. ഞാൻ ഇല്ലാതെ പോകാനോ....

അതും പറഞ്ഞു അവൻ തിരിഞ്ഞു നടന്നു

ഇജു ഇനുവിനെ പിടിച്ച കൈ അയച്ചു. അവൾ അവനെ നോക്കി.

പോയിക്കോ..... അവൻ ഇല്ലാതെ നീയൊരിക്കലും ഇവിടെ സന്തോഷവതിയായിരിക്കില്ല. നിന്റെ സന്തോഷം എന്താണോ അതാണ് എനിക്കും വേണ്ടത്....

അവൾ നിറഞ്ഞ കണ്ണുകൾ തുടച്ചു ഫൈസിയുടെ കൂടെ പോയി.

പുറത്ത് എത്തിയതും അവൾ ഫൈസിയുടെ പുറത്ത്

ആഞ്ഞൊരു അടി കൊടുത്തു.അവൻ അവളെ പിടിച്ചതും അവൾ അവന്റെ നെഞ്ചിൽ തല്ലികൊണ്ടിരുന്നു.

ഞാൻ ഇല്ലാതെ പോകും അല്ലെ..... എന്നെ വേണ്ടല്ലോ അപ്പൊ..... അവൾ അവനെ നോക്കി പറഞ്ഞു.

എനിക്കറിയാലോ പിറകെ വരുന്നു ആ ധൈര്യത്തിൽ അല്ലേ വന്നത്. ഇജുവിന് എന്തായാലും ജന്നയുടെ മുഖം വാടിയ സഹിക്കില്ല. അപ്പൊ ഓട്ടോമാറ്റിക് ആയി നിന്നെ എന്റെ അടുത്ത് കൊണ്ട് വിടും.

പിന്നെ അവിടെ നിന്ന ഉമ്മയൊക്കെ സെന്റി അടിച്ച സീൻ ആകും അതാണ് മുങ്ങിയത്.

അപ്പൊ ഇനിയൊരിക്കലും ഇവിടെ നിൽക്കില്ലേ.....

അതിന്ന് ഉത്തരം പറയാതെ അവൻ കാറിൽ കയറി.

വീട്ടിൽ എത്തിയപ്പോഴേക്കും അവൾ തളർന്നിരുന്നു. അവൻ ഫ്രഷ് ആയി വന്നു.

അവളെ നിർബന്ധിച്ചു ബാത്‌റൂമിൽ കയറ്റി.അല്ലെങ്കിൽ അങ്ങനെ തന്നെ കിടന്നു ഉറങ്ങുന്നു അവന്ന് അറിയാരുന്നു

അവൾ ഫ്രഷ് ആകാൻ കയറിയപ്പോഴാ ബെല്ലടിക്കുന്ന ശബ്ദം കേട്ടത്. കെട്ടും ബാഗ് ഒക്കെ ആയി ഇജു.

അവൻ ഇജുവിനെയും ബാഗ് മാറി മാറി നോക്കി.

നിനക്ക് അവിടെ നിൽക്കാൻ പറ്റില്ലല്ലോ. അതോണ്ട് ഞാൻ ഇങ്ങ് വന്നു. ഇനിമുതൽ ഇവിടെയാ താമസിക്കുന്നെ

ഫൈസ് അന്തം വിട്ടു നോക്കി നിന്നു.

എന്താ അതും പറ്റില്ലേ...

അവൻ അപ്പോൾ തന്നെ വഴി മാറിക്കൊടുത്തു. ഇജു അകത്തേക്ക് കയറി. വാതിൽ അടക്കാൻ നോക്കുമ്പോൾ വേറെ കാർ വരുന്നത് കണ്ടു. നദീം ഷഹാനയും ഇറങ്ങി വന്നു.

ഇജു ഇല്ലാത്തിടത് ഞാനും താമസിക്കില്ല.

അതും പറഞ്ഞു ബാഗ് എടുത്തു അകത്തേക്ക് കയറി.

എന്റെ കെട്ടിയോന്റെ കൂടെയേ ഞാനും താമസിക്കു ഷാന ഇളിച്ചോണ്ട് പറഞ്ഞു.

അവൻ ചിരിയോടെ അകത്തേക്ക് വാ പറഞ്ഞു.

പിറകിൽ ആയി ആദമും ഷംനയുംയാഷ് വന്നു.

എന്റെ മോന്റെ കൂടെ കഴിഞ്ഞ മതി ഇനി ഞങ്ങൾക്ക്.....

ഫൈസ് കരയണോ ചിരിക്കണോ അറിയാതെ അവരെ നോക്കി.

അവൻ താടിക്ക് കയ്യും വെച്ചു ചെയറിൽ ഇരുന്നു.

ശഹിയും ആൻ ഒഴിച്ച് ബാക്കിയെല്ലാരും അവനു ചുറ്റും ഇരുന്നു.

അപ്പോഴാ വീണ്ടും ബെൽ കേട്ടത്. എല്ലാരും ആയല്ലോ പിന്നിതര എന്ന് സംശയത്തോടെ എല്ലാവരും നോക്കി.

ശദയും സമിയും....

നീയെന്താ ഇവിടെ....

ഇവൾക്ക് ഉപ്പനെയും ഉമ്മനെയും കാണണം പറഞ്ഞു ഒരേ കരച്ചിൽ.... പെട്ടെന്ന് ഉള്ള വിവാഹം അല്ലേ ഓർത്തു വീട്ടിൽ പോയപ്പോ എല്ലാരും ഇവിടെ ആണെന്ന് സെർവന്റ് പറഞ്ഞു. ഇങ്ങോട്ട് വന്നു.

ഇനു കുളിച്ചിറങ്ങി ഫൈസിയെ കാണാതെ താഴേക്ക് ഇറങ്ങി വന്നു.

സെൻഡ്രൽ ഹാളിൽ താടിക്ക് കയ്യും വെച്ചു കിളി പോയ പോലെ നിൽക്കുന്ന ഫൈസിയെ കണ്ടു......ചുറ്റും നില്കുന്നവരെയും അവരുടെയൊക്കെ കയ്യിലെ ബാഗും കണ്ടു ഒന്നും മനസ്സിൽ ആകാതെ അവൾ അന്തം വിട്ടു എല്ലാരേയും നോക്കി.

❤️💔INVISIBLE LOVE 💔❤️

Love after 💘marriage 🌷117🌷

ടാ എന്റെ ഫസ്റ്റ് നൈറ്റ് ആണ്. വിചാരിക്കാതെ നടന്നമാര്യേജ് ആണെങ്കിലും ഫസ്റ്റ് നൈറ്റ് പറ്റി ഒത്തിരി സ്വപ്നങ്ങൾ ഉണ്ടെടാ..... കൊളക്കല്ലേടാ പ്ലീസ്..... ഒന്ന് എല്ലാരേം പറഞ്ഞു വിട് അവളോട് എന്റെ കൂടെ വീട്ടിൽ വരാൻ പറയ്.

പ്ഫാ..... എരപ്പാളി വീട് കത്തുമ്പോ വാഴ വെട്ടാൻ നോക്കുന്നോ......

വീട് കത്തിയോ എപ്പോ എവിടെ..... സമി ചുറ്റും നോക്കി.....

ഫൈസി കലിപ്പിൽ അവനെ നോക്കി....

കുറച്ചു എങ്കിൽ ബുദ്ധി ഉണ്ടെങ്കിൽ മന്നബുദ്ധി എന്നെങ്കിലും വിളിക്കരുന്നു. എന്റെ പെങ്ങളെ കഷ്ടകാലം.....

സമി ഇളിച്ചു കാണിച്ചു......

എന്തെങ്കിലും ഒരു വഴി പറഞ്ഞു താടാ എരപ്പാളി..... ഇവരെ എങ്ങനെ പറഞ്ഞു വിടാ.....

നിനക്ക് ഇഷ്ടം അല്ലേ ഇവിടെ നില്കുന്നത്..... സമി മുഖം ചുളിച്ചു അവനെ നോക്കി.

ഇഷ്ടം ആകാതെ പിന്നെ.... ആരും ഇല്ലാത്ത എനിക്ക് എല്ലാം ഉപേക്ഷിച്ചു വന്ന ഇവരെ എങ്ങനെ തിരിച്ചു സ്നേഹിക്കാം എന്നെ അറിയാതുള്ളു. എനിക്കും സ്വന്തം പറയാൻ ഒത്തിരി പേരായില്ലേ.... അവന്റെ സ്വരം ഇടറിയിരുന്നു.....

പിന്നെന്താ പ്രോബ്ലം.....

ഓരോരുത്തർക്കും സ്വന്തം വീട്... വീട് തന്നെയാടാ.... അമ്മിജാൻ ഒക്കെ ജനിച്ചു വളർന്ന വീടാ ജന്നത്

മെൻഷൻ.... ഇത് വരെ ആ വീട് വിട്ടു പുറത്ത് പോലും പോയിട്ടില്ല. അങ്ങനെ ഉള്ള കക്ഷിയാ അവിടെ ഉപേക്ഷിച്ചു ഇവിടെ വന്നിരിക്കുന്നെ. എന്നോടുള്ള ഇഷ്ടം കൊണ്ട് ആണെങ്കിലും അവരെ മുഖത്ത് ആ സങ്കടം ഉണ്ട്.....

നിനക്ക് പൊയ്ക്കൂടേ അവിടേക്ക്....

ഞാൻ..... എനിക്ക് പറ്റില്ലെടാ ഇനീയവിടെ..... അന്ന് ഇജാസ് ഇറക്കി വിടുമ്പോ.... അറിയാതെ ആണെങ്കിലും മനസ്സിൽ കേറിപോയതാ സ്വന്തം ആയിരുന്നുവെങ്കിൽ ഇങ്ങനെ ആട്ടിയിറക്കുമോ എന്ന്.... ഇജാസ് ചെയ്ത ന്യായം തന്നെയാ.... അവനെ കുറ്റം പറയല്ല ഞാൻ.... എനിക്ക് ദേഷ്യം ഇല്ല ആരോടും..... പക്ഷേ ഇനിയങ്ങോട്ട് പോകാൻ മനസ്സ് സമ്മതിക്കുന്നില്ലടാ .....

സമിയും ഒന്നും മിണ്ടാതെ നിന്നെ ഉള്ളു....

കുറച്ചു കഴിഞ്ഞു ഫൈസ് സമിയും അകത്തേക്ക് കയറുമ്പോൾ കണ്ടു ഇനു സോഫയിൽ കിടന്നു ഉറങ്ങുന്നത്. ഇജുവിന്റെ മടിയിൽ തലവെച്ചു കിടന്നിട്ട് ഉള്ളെ.... ഇജു തലയിലൂടെ തലോടുന്നുമുണ്ട്

തെണ്ടി.... പട്ടി.... എന്നെ ധർമ്മ സങ്കടത്തിൽ അകിട്ട് സുഖം ആയി ഉറങ്ങുന്ന കണ്ടില്ലേ.. ഫൈസ് അവളെ നോക്കി മനസ്സിൽ പറഞ്ഞു പല്ല് കടിച്ചു.

ഇജു എന്താ എന്ന് കണ്ണ് കൊണ്ട് ചോദിച്ചു

ഒന്നുല്യാ അവൻ തിരിച്ചു അത് പോലെ കണ്ണോണ്ട് കാണിച്ചു.

എന്ന പിന്നെ ഞാൻ ഇവളെ കിടത്തിയിട്ട് വരാം.... അവൻ അവളെ എടുക്കാൻ വന്നു.

ഞാൻ കിടത്തിക്കോളാം. നീ എല്ലാർക്കും റൂം

കാണിച്ചു കൊടുക്ക്.....

അവൻ തലയാട്ടി കൊണ്ട് തിരിഞ്ഞു നടന്നു.

പെട്ടു അല്ലേ നദീം ചിരിയോടെ തോളിൽ കൈ വെച്ചു ചോദിച്ചു.....

ഏയ് സന്തോഷം തോന്നുന്നേ..... എനിക്ക് വേണ്ടി നിങ്ങൾ ഇങ്ങോട്ട് വന്നില്ലേ.....

തിരിച്ചു വന്നൂടെടാ അവിടേക്ക്.....

നദീം..... ഞാൻ..... അവൻ കിടന്നു വിക്കി

മനസ്സിൽ ആവാഞ്ഞിട്ട് അല്ല. പതിനെട്ടു വർഷം അവളെ പിരിഞ്ഞു ജീവിച്ച അവസ്ഥ പറഞ്ഞറിയിക്കാൻ ആവില്ല. ഇന്ന് വരെ സന്തോഷം

എന്നത് ഞങ്ങൾ അറിഞ്ഞിട്ടില്ല. പുറത്ത് നിന്ന് നോക്കുന്നവർക്ക് അത് ഒരു കൊട്ടാരവും സുഖജീവിതം ആണ്. എന്ന അകത്തു എല്ലാരും സന്തോഷം നടിച്ച ജീവിച്ചത്. സന്തോഷം കൊണ്ട് വരണം കരുതിയാലും ഇജുന്റെ നിറഞ്ഞ കണ്ണ് ആയിരിക്കും കാണ. എന്റ ജന്ന ഇല്ലല്ലോ പറഞ്ഞിട്ട്. അവന്റെ സങ്കടം കണ്ടു ജീവിക്കുന്ന ഞങ്ങൾക്ക് എങ്ങനെ സന്തോഷം ഉണ്ടാക.... അതൊരു വീടായത് ജന്ന വന്നപ്പോഴാ..... ഞങ്ങൾ സന്തോഷതോടെ ജീവിച്ച നിമിഷങ്ങൾ ആണത്.... നിന്നെ ഇറക്കി വിട്ട ശേഷം ആരും ശരിക്കും ഉറങ്ങിയിട്ടോ ഭക്ഷണം കഴിച്ചിട്ടോ ഇല്ല. അവന്റെ പെങ്ങൾ അല്ലേടാ മകൾ ആണത്.....

നദീം പോയിട്ടും അവൻ നിന്ന നിൽപ്പിൽ ആയിരുന്നു. അവൻ ഒരു ദീർഘ നിശ്വാസം വിട്ടു. എല്ലാവർക്കും റൂം സെറ്റ് ചെയ്തു കൊടുത്തു. അമ്മിജാന്റെ റൂമിൽ നിന്നും ഇറങ്ങുമ്പോൾ അവനെ വിളിച്ചു.

ഞങ്ങളുടെ കൂടെ വന്നൂടെ മോനെ. ഇജുവും ഞാനും

അന്നങ്ങനെ പറഞ്ഞത്

ഇനു ഒരിക്കലും വെറുപ്പ് സാമ്പാദിച്ചു അവിടുന്ന് ഇറങ്ങുന്നത് കാണാൻ കഴിയതോണ്ടാ.നിന്റെ വീടാണത്.... നിന്റെ പേരിൽ നിനക്ക് സ്വന്തം ആയത്..... അവിടെ നിന്നും ഇറക്കി വിടാൻ നിനക്ക് അല്ലേ അധികാരം....

അവൻ ഒന്നും മിണ്ടിയില്ല. അമ്മിജാൻ അവന്റെ മുഖം കയ്യിൽ എടുത്തു. ഞങ്ങൾ കാരണം വിഷമിച്ചു അറിയാം. പറയാൻ സമയം കിട്ടിയില്ല അത് കൊണ്ടാണ്. ഈ വൃദ്ധയോട് ക്ഷമിച്ചോടെ മോനെ.....

എന്നോട് ക്ഷമ ചോദിച്ചു ചെറുതാവല്ലേ.....

ആ വീട്ടിൽ പോലും റൂം മാറികിടക്കാത്ത കക്ഷി എനിക്ക് വേണ്ടി ഇങ്ങോട്ട് വന്നില്ലേ

എന്നെയും അംഗീകരിച്ചോണ്ട് അല്ലേ അത്. അപ്പൊ ആ വീട്ടിലെ അംഗം ആയ എന്നോട് ആക്ജപിക്കാതെ അപേക്ഷിക്കുകയാണോ വേണ്ടത്. ആയിഷ ഹൈദർ അലി പെൺ പുലി ആണെന്ന

കേട്ടത്. ഇതാണോ പെൺപുലി.....ഷെയിം ആയി ഇത്...അവൻ കളിയോടെ പറഞ്ഞു....

നിന്റെ ഭാര്യയാണ് പെൺ പുലി.കാണാൻ പൂച്ചയെ പോലെ ഇരിക്കുന്നെ ഉള്ളു. അവൾ സ്നേഹിക്കുന്നവരെ തൊട്ട് നോക്ക് പുലി ആരാണെന്നു കാണാം അവർ ചിരിയോടെ അവന്റെ ചെവിയിൽ പിടിച്ചു.

ഒന്നും ആലോചിക്കേണ്ട ഇപ്പോൾ സുഖമായി ഉറങ്ങാൻ നോക്ക്

അവൻ അവരുടെ മുഖം കയ്യിലെടുത്തു നെറ്റിയിൽ ചുണ്ടുകൾ ചേർത്തു കൊണ്ട് പറഞ്ഞു ...

🌷🌷🌷🌷

ടാ ഞാൻ ശദയോട് സംസാരിച്ചോളാം. നീ ടെൻഷൻ അടിക്കാതെ.സമി കൂട്ടിലിട്ട വെരുവിനെ പോലെ അങ്ങോട്ടും ഇങ്ങോട്ട് നടക്കുന്ന കണ്ടു പറഞ്ഞു......

അതിന്റെ ആവിശ്യം ഇല്ല മോനെ നദീം അതും പറഞ്ഞു അങ്ങോട്ട് വന്നു. സ്വന്തം ഫസ്റ്റ് നൈറ്റ് അലാറം കൊണ്ട് അലങ്കരിച്ച പകരം ആയി നിന്റെ കെട്ടിയോൾ ഷദക്ക്

പണി കൊടുത്തു.

അവളെയും ഷാനുനെയും റൂമിലിട്ട് പുറത്ത്ന്ന് ചാവി എടുത്തു ഇജുക്കന്റെ കൂടെ പോയി കിടന്നു...... ഇജുന്റെ അടുത്ത് പോയി അവളെ വിളിക്കാൻ ആർക്ക് ധൈര്യം ഉണ്ടെങ്കിൽ പോകാവുന്നതാണ്.....

ഫൈസ് ഒരു ഇളിയോടെ അവനെ നോക്കി.

സമി അവനെ നോക്കി പല്ല് കടിച്ചു പൊട്ടിച്ചു.

ഞാൻ എന്താക്കാനാ ഭാര്യയെ സന്തോഷിപ്പിക്കാൻ ഇങ്ങോട്ട് കെട്ടിയെടുത് സ്വയം വാങ്ങിയ പണിയല്ലേ

അനുഭവിച്ചോ....... അതും പറഞ്ഞു അവൻ റൂമിൽ നിന്നിം ഇറങ്ങി ഓടി. ഇല്ലെങ്കിൽ അവന്റെ പഞ്ചരിമേളം തന്റെ പുറത്തു ആയിരിക്കുമെന്ന് അവന്ന് അറിയാരുന്നു....

ഞാനും ഏതായാലും പട്ടിണിയാ വാ മോനെ വന്നു കിടക്ക്..... നദീം ബെഡിൽ തട്ടി പറഞ്ഞു.....

##₹%&#@#%&&##@#

വേറെറിറ്റി തെറി ആണല്ലേ..... നദീം ചെവിയിൽ കയ്യിട്ടു കുലുക്കി പറഞ്ഞു.

യോഗമില്ല അമ്മിണിയെ ആ പായ അങ്ങോട്ട് മടക്കികൊളി..... നദീം ഊരിചിരിച്ചോണ്ട് പറഞ്ഞു....

സമി വാ തുറന്നപ്പോഴേക്കും നദീം ചെവിയും പൊത്തി ഇറങ്ങി ഓടിയിരുന്നു.

🌹🌹🌹🌹

എന്ത് ചെയ്യണം അറിയാതെ അവന്റെ മനസ്സ് രണ്ടു തട്ടിൽ എത്തിയിരുന്നു. അവൻ റൂമിലേക്ക് പോകുമ്പോഴാ ആദമിന്റെയും ഷംനയുടെയും റൂമിൽ ലൈറ്റ് കണ്ടത്. റൂമിൽ നിന്നും നേർത്ത കരച്ചിൽ കേട്ടു. വാതിൽ അടക്കാത്തത് കൊണ്ട് അവൻ അകത്തേക്ക് കയറി. ഷംന കിടക്കുന്നത് കണ്ടു. ഇടക്കിടക്ക് ഏങ്ങി കരയുന്നുമുണ്ട്. അവൻ ഉമ്മ എന്ന് വിളിച്ചതും അവർ കണ്ണ് തുടച്ചു എഴുന്നേറ്റു.

എന്തിനാ കരയുന്നെ മോനെ വിട്ടു വന്ന സങ്കടം ആണോ.....

സങ്കടം അല്ലാതെ വേറെന്താ ഉള്ളെ. രണ്ടു മക്കളെ ഓർത്തും കരയനെ നേരം ഉള്ളു ഇപ്പൊ.

യാഷ് എന്താ ചെയ്തേ.... അവൻ വല്ല കുരുത്തക്കേട് ഒപ്പിച്ചോ ഫൈസ് ആധിയോട് അവരെ നോക്കി ചോദിച്ചു.

എനിക്ക് അവൻ മാത്രം അല്ല മോൻ ആയിട്ടുള്ളത് ഷംന പുച്ഛത്തോടെ അവനെ നോക്കി....

അവന്ന് അപ്പോഴാണ് തന്നെയാണ് പറഞ്ഞത് എന്ന് മനസ്സിൽ ആയത്.

ശഹിയുടെ കാര്യം ഓർത്തു ഒരു ടെൻഷൻ വേണ്ട. ഇജുവും നദീം പറഞ്ഞു കെട്ടിടത്തോളം അവർക്ക് അറി യുന്ന കുട്ടിയ ആൻ. മോശം സ്വഭാവം അല്ലന്ന പറഞ്ഞത്. പിന്നെ അവളുടെ ഡ്രസിങ് ബീഹാവിയർ ഒക്കെ അവൾ ജനിച്ചു വന്ന കൾച്ചർ ആണ്. അതൊക്കെ നമുക്ക് മാറ്റിയെടുക്കന്നെ..... ഒന്നു മില്ലെങ്കിലും ഇനുവിന്റെ കൂടെ അല്ലേ ജീവിക്കാൻ പോകുന്നെ.... അവൾ ആനിനെ നല്ലൊരു മരുമകൾ മകൾ ആക്കിക്കോ ളും അത്തോർത്തു ടെൻഷൻ അടിക്കേണ്ട.

എന്നാലും ഒരു ക്രിസ്ത്യാനിപെണ്ണിനെ ഓർക്കൻ കൂടി വയ്യ.....

എന്റെ ഉമ്മാ അവരൊന്നിച് കഴിയുമ്പോഴും കുട്ടി ആയപ്പോഴും ജാതി മതം തടസ്സം അല്ലായിരുന്നല്ലോ.... പിന്നെ വിവാഹം കഴിക്കുമ്പോൾ മാത്രം എങ്ങനെ അത് തെറ്റാകും. അവന്റെ പേരിൽ എഴുതിവെച്ചത് അവളെ ആണെങ്കിൽ ഒരാൾക്കും മാറ്റാൻ ആവില്ലല്ലോ ആ വിധി.

നോക്കിക്കോ നമ്മുടെ ആ പഴയ ശഹിയെ

ഞാൻ കൊണ്ട് തരും ഉമ്മാക്ക്.... എന്റെ വാക്ക് ആണിത്....

ഉമ്മ ഒന്ന് മൂളുക മാത്രം ചെയ്തു.

ഞാൻ രാവിലെ തന്നെ പോകും നിന്നെ വിളിക്കാനാ ഞാൻ വന്നത്. എനിക്ക് എല്ലാരേം ഒന്നിച്ചു വേണം.

നീയിവിടെ തനിച്ചു നില്കുന്നത് സഹിക്കാൻ പറ്റുന്നില്ല. ശഹിയെ ഈ അവസ്ഥയിൽ അവിടെ തനിച്ചാക്കാനും പറ്റില്ല...... എന്റെ സങ്കടം ആരോടാ ഞാൻ പറയണ്ടേ....

അവിടെയാണ് നിൽക്കേണ്ടത്. അവനിപ്പോ അവിടെ തനിച്ചാണ്.. ആകെ തകർന്നു നിൽക്കുന്ന അവസ്ഥയിൽ നിങ്ങൾ ഇങ്ങോട്ട് പോന്നത് ശരിയായില്ല. കൂടെ ഉണ്ടാകണം അവന്റെ കൂടെ ഇല്ലെങ്കിൽ എന്നെന്നേക്കുമായി നഷ്ടപ്പെടും അവനെ......

അപ്പൊ മൂത്തമോന്റെ കാര്യമോ... ഒരനാഥനെ പോലെ ഇവിടെ കഴിയാനാണോ വിചാരം.....

ഇവിടെ ഞാൻ ഹാപ്പിയാണ് ഉമ്മാ.... ഞാൻ തനിച് അല്ലല്ലോ എന്റെ ഇനുസും മക്കൾ ഇല്ലേ....

. അവൾ പ്രഗ്നൻറ് ആണ് അതോർമ്മയുണ്ടോ

നിനക്ക്.... നീ ഒരു ജോലിക്കും പോകാതെ അവളെയും നോക്കി ഇരിക്കാൻ ആണോ പോകുന്നെ.

അവൾക്ക് ഇപ്പൊ കുഴപ്പം ഒന്നും ഇല്ലല്ലോ.

ഞാൻ നോക്കുന്നുണ്ടല്ലോ അവളെ.

ടാ ചെക്കാ നിനക്ക് റൊമാൻസ് കളിച്ചു നടക്കാൻ തനിച്ചു ആയിരിക്കും സുഖം. കുറച്ചു മാസം കൂടി കഴിഞ്ഞ അവൾക്ക് കൂട്ടിന് ഒരു സ്ത്രീയില്ലാതെ പറ്റോ....

അപ്പോഴേക്കും അവളെ ഉമ്മമാർ ഇങ്ങോട്ട് വരുമല്ലോ.ഇല്ലെങ്കിൽ ഞാൻ വരുത്തുല്ലേ

അത്രത്തോളം വെറുത്തു പോയോട ഞങ്ങളെയൊക്കെ..... നിനക്ക് ഒരിക്കലും എന്നെ ഉമ്മയായി കാണാൻ പറ്റൂല്ലേ.....

ഉമ്മ എന്തൊക്കെ പറയുന്നേ..... ഞാൻ അങ്ങനെയൊന്നും കരുതിയിട്ടില്ല.

പിന്നെന്താ എന്റെ കൂടെ വന്നാൽ.... ഞാൻ പ്രസവിച്ചത് അല്ലെങ്കിലും സ്വന്തം മോനെ പോലെ തന്നെ കാണുന്നത്..... എനിക്ക് വേണ്ടി വന്നൂടെ നിനക്ക്. ശഹിയെ തനിച്ചാക്കി വരാൻ പറ്റാത്തൊണ്ട അല്ലെങ്കിൽ ഞാൻ എല്ലാം ഉപേക്ഷിച്ചു വന്നേനെ നിന്റെ കൂടെ......

ഈ സ്നേഹം മാത്രം മതി ഉമ്മാ എനിക്ക്.

അവൻ അവരെ ചേർത്ത് പിടിച്ചു പറഞ്ഞു.

എന്റെ എല്ലാമക്കളും ഒന്നിച്ചു വേണം എനിക്ക്..... പഴയ പോലെ സന്തോഷത്തോടെ നമുക്ക് ജന്നത്തിൽ ജീവിച്ചോടെ

അവൻ അതിന്ന് ഒന്നും മറുപടി പറഞ്ഞില്ല

അവരുടെ മടിയിൽ തലവെച്ചു കിടന്നു.

അവന്റെ തലയിലൂടെ തലോടി ഉമ്മയും ഇരുന്നു......

അവൻ കണ്ണടച്ച് കിടന്നു.... അവൻ ഉറങ്ങുന്നത് വരെ അവർ അവനെ തലോടികൊണ്ടിരുന്നു. കണ്ണടച്ച് കിടന്നു വെങ്കിലും അവൻ അറിയുന്നുണ്ടായിരുന്നു അത്. ഉറക്കിലേക്ക് വീഴുന്നതിന്ന് മുന്നേ അവൻ ഒരു തീരുമാനത്തിൽ എത്തിയിരുന്നു.

ഒരുറക്കം കഴിഞ്ഞു എഴുന്നേറ്റപ്പോഴാ അവൾ ഫൈസിയെ ഓർത്തത്. ഇജ്ജുക്ക സൈഡിൽ കിടക്കുന്നുണ്ട്. റൂമിൽ മൊത്തം നോക്കിയിട്ട് അവനെ കണ്ടില്ല.

അവൾ എഴുന്നേറ്റു പോകാൻ നോക്കിയപോഴാ ഇജ്ജു വിളിച്ചത്.

ഫൈസ് ഷംനാമന്റെ കൂടെയ ഉള്ളത്. ഉറങ്ങിയത് കണ്ടപ്പോൾ വിളിക്കണ്ട പറഞ്ഞു. അതോണ്ട് ഞാൻ ഇവിടെ വന്നു കിടന്നു.....

പോകാൻ പോയ അവൾ തിരിച്ചു വന്നു കിടന്നു.

അവിടെ കിടന്നോട്ടെ എന്നാൽ. അവന്ന് നല്ലോണം സങ്കടം ഉണ്ടായിരുന്നു ഉമ്മനെയും ഉപ്പനെയും വിട്ടു വന്നതിൽ....

ഞാൻ കാരണം അല്ലേ അങ്ങനെ ഒക്കെ സംഭവിച്ചത്. എന്നോട് ഉള്ളിൽ ദേഷ്യം ഉണ്ടാകും അല്ലേ....ഇജുവിന്റെ മുഖം വാടി.

ഇജുക്ക എന്നോടുള്ള ഇഷ്ടം കൊണ്ട് ചെയ്തത് അല്ലേ. സാരമില്ല ഫൈസിക്ക് ചെറിയ ഇഗോ ഉള്ളോണ്ട അത് മാറുമ്പോൾ അങ്ങോട്ട് വന്നോളും അവന്റെ തോളിൽ ചാരി കിടന്നു പറഞ്ഞു.

ഇജു ഒരു നെടുവീർപ്പോടെ അവളെ ചേർത്ത് പിടിച്ചു കിടന്നു.

❤❤❤❤

രാവിലെ ഉറക്കം ഞെട്ടി എഴുന്നേറ്റപ്പോൾ കണ്ടു തന്നെയും ചേർത്ത് പിടിച്ചു ഷംന ഉറങ്ങുന്നത്..... അപ്പുറത് ആയി ആദം ഉണ്ട്. അവന്റെ ചുണ്ടിൽ ഒരു ചെറുപുഞ്ചിരി വിരിഞ്ഞു. അവൻ ഷംനയുടെ കവിളിൽ ഒരു കിസ്സ് കൊടുത്തു എഴുന്നേറ്റു.....

എല്ലാവരും ടീ കുടിച്ചു ഇരിക്കുമ്പോഴാണ് ഷംനയും ആദമും റെഡിയായി വന്നത്.

ശഹിയെ ഒറ്റക്കക്കൊൻ മനസ്സ് വരുന്നില്ല.

അവന്ന് ഞങ്ങളെ വേണ്ടെങ്കിലും ഞങ്ങൾക്ക് വേണ്ടെന്ന് വെക്കാൻ ആവില്ലല്ലോ അവരുടെ ശബ്ദം ഇടറിയിരുന്നു.

അവരും അപ്പോഴാ അത് ആലോചിച്ചത്.

നിങ്ങൾ എല്ലാവരും അവന്റെ കൂടെ നിക്കേണ്ട സമയം ആണിത്. എല്ലാവരും അത് കൊണ്ട് തിരിച്ചു പോകണം. എപ്പോ വേണേൽ നിങ്ങൾക്ക് ഇങ്ങോട്ട് വരാം താമസിക്കാം. ഇപ്പൊ ഷഹിക്ക് വേണ്ടി തിരിച്ചു പോയെ പറ്റു ഫൈസ് പറഞ്ഞു.

ആരും ഒന്നും മിണ്ടാതെ തലകുനിച്ചു നിന്നെ ഉള്ളു.

എന്റെ കൂടെ വന്നൂടെടാ..... ഇജു യജ്നയോടെ ഫൈസിയെ നോക്കി.

നിന്റെ കൂടെ വരാൻ ഞാൻ ആരാ നിന്റെ.

നിന്റെ ആരും അല്ല പറഞ്ഞല്ലേ എന്നെ പോകാൻ പറഞ്ഞെ അവൻ മുഖം കോട്ടി പറഞ്ഞു. അവൻ സങ്കടത്തോടെ ഇനുവിനെ നോക്കി.

എന്നിട്ട് ഷംനയുടെ പിറകിലൂടെ തോളിൽ മുഖം വെച്ചു. നമുക്ക് പോകാം ഉമ്മ.

ഇവരൊക്കെ വേണേൽ വന്നോട്ടെ.....

ഫൈസ് എങ്ങോട്ടാ പോകുന്നെ ഇനു പെട്ടെന്ന് ഞെട്ടലോടെ ചോദിച്ചു.

ഞാൻ എന്റെ ഉമ്മന്റേയും ഉപ്പന്റെയും കൂടെ എന്റെ വീട്ടിലേക്ക്..... എന്റെ അനിയനെ അവിടെ തനിച്ച ഉള്ളെ....നീ നിന്റെ ഇജുക്കനേയും കെട്ടിപിടിച്ചു ഇവിടെ നിന്നോ...... എന്നെ വേണേൽ അങ്ങോട്ട് വന്നോ.....അവസാനം പറഞ്ഞതിൽ ഒരു കുശുമ്പ് ഒളിച്ചിരിപ്പുണ്ടായിരുന്നു.

അവൾക്ക് സന്തോഷം സങ്കടം ഒക്കെ വരുന്നുണ്ടായിരുന്നു. കണ്ണ് നിറഞ്ഞത് തുടച്ചു അവനെ ഓടിപോയി കെട്ടിപിടിച്ചു.

താങ്ക്യു ഹബ്ബി..... അവൾ മെല്ലെ പറഞ്ഞു

എനിക്ക് വേണ്ടി അവന്റെ എല്ലാം വിട്ടു തന്ന ഒരുത്തനുണ്ട്. അവന്ന് വേണ്ടി ഇതെങ്കിലും ചെയ്യേണ്ടടി ഞാൻ.....

അപ്പൊ നിങ്ങൾ സെറ്റായി ഞാൻ ഇനി എന്ത് വേണം ആവോ..... ഇവിടെ നിക്കണോ പോണോ.......( സമി )

പോയിക്കോ പോകുമ്പോ എന്റെ നാത്തൂനേ കൂട്ടിക്കോ..... ഇനു അതെ കുറുമ്പോടെ തിരിച്ചു പറഞ്ഞു....

നീ പോടീ കുരുട്ട് അടക്കേ..... എന്ന് പറഞ്ഞു അവളെ ചെവിയിൽ പിടിക്കാൻ പോയതും ഫൈസ് പൊതിഞ്ഞു പിടിച്ചു....

എന്റെ ഫസ്റ്റ് നൈറ്റ് കുളം ആക്കിയെങ്കിലും നിന്റെയും ഇവന്റെയും ഇവിടത്തെ ഹണിമൂൺ തീർന്നില്ലേ അങ്ങനെ തന്നെ വേണം നിനക്ക്.... എന്തായിരുന്നു രണ്ടിന്റെയും ഇവിടുത്തെ റൊമാൻസ്....സമി അവർക്ക് മാത്രം കേൾക്കുന്ന രീതിയിൽ പറഞ്ഞു.

അതിന്ന് ഞാൻ അവിടുന്ന് ഇവളെയും കൊണ്ട് മുങ്ങും മോനേ  ഫൈസ് പറഞ്ഞു.....

പാസ്പോർട്ട് ഞാൻ അടിച്ചു മാറ്റി തരാം ഇനു മെല്ലെ പറഞ്ഞു.

രണ്ടും വിൽ പ്ലാൻ ആണല്ലേ സമി മൂക്കത്ത് വിരൽ വെച്ചു.

ഇനു കണ്ണിറുക്കി കാണിച്ചു.

സമിക്കും ഷദക്കും നൈറ്റ് ഫൈസിയുടെ വക പാർട്ടി വെച്ചാണ് അവർ അവിടെ നിന്നും പിരിഞ്ഞത്.

ജന്നത്തിൽ എല്ലാരും തിരിച്ചു എത്തിയെങ്കിലും ഷഹി ആരെയും കണ്ട ഭാവം നടിച്ചില്ല.  ആൻ ഷഹി ഇല്ലാത്തപ്പോ അവരോട് സംസാരിക്കാൻ വരും. അവന്നെ കണ്ട അപ്പോൾ മുങ്ങും.

ഷഹി പുറത്തേക്ക് പോയപ്പോൾ ഇജ്ജു അവളെ വിളിപ്പിച്ചു.

അവൾ ഒരു പേടിയോടെ ആണ് താഴേക്കു പോയത്. എല്ലാവരും ഹാളിൽ നില്കുന്നുണ്ട് ആയിരുന്നു.

ഞാൻ നിന്റെ വീട്ടിൽ വിളിച്ചിരുന്നു..... നിന്റെ ഡാഡിയോടും ബ്രദറിനോടും സംസാരിച്ചു...,.ഇജ്ജു ആമുഖം ഒന്നും ഇല്ലാതെ പറഞ്ഞു.

ആനിന്റെ മുഖം വിളറി വെളുക്കുന്നത് എല്ലാവരും കണ്ടു..... അവൾ ഭയത്തോടെ

ഇജുവിനെ നോക്കി.....

ആദ്യം ഡാഡിയെ വിളിച്ചേ.... എനിക്ക് ഇങ്ങനെയൊരു മകൾ ഇല്ലെന്ന് പറഞ്ഞു ഫോൺ വെച്ചു. ബ്രദർ ആണെങ്കിൽ നിന്റെ പേര് പറഞ്ഞപ്പോ തന്നെ നിന്നെ കുറെ തെറി വിളിച്ചു. നീ മരിച്ചു പോയെന്ന് പറഞ്ഞു.

അവളെ കണ്ണ് നിറഞ്ഞു ഒഴുകുന്നത് എല്ലാവരും കണ്ടു.

നിന്നെ കരയിക്കാൻ പറഞ്ഞതല്ല. നിങ്ങളുടെ വിവാഹക്കാര്യം സംസാരിക്കാൻ ആണ് വിളിച്ചത്.

അത് ചോദിക്കാൻ നിങ്ങളാര..... നിങ്ങളോട് പറഞ്ഞതല്ലേ എന്റെ കാര്യത്തിൽ ഇടപെടരുതെന്ന്.....

ശഹിയുടെ ശബ്ദം പിന്നിൽ ഉയർന്നിരുന്നു.

പിന്നെ ഗർഭണിയായ പെണ്ണിന്നെ വിവാഹം കഴിക്കാതെ കൊണ്ട് നടക്കാൻ ആണോ ഉദ്ദേശം..... ഞാൻ ആണ് ഇജുവിനെ കൊണ്ട് അവളെ വീട്ടിൽ വിളിപ്പിച്ചത്.... ശഹിയുടെ ഉമ്മയും ശബ്ദം ഉയർത്തി പറഞ്ഞു....

അവൻ അടുത്തുള്ള ഫ്ലവെർ വേസ് എടുത്തു ശക്തിയിൽ നിലത്തേക്ക് വലിച്ചു എറിഞ്ഞു.

എല്ലാവരും ഞെട്ടലോടെ അവനെ നോക്കി

കെട്ടണോ.. കെട്ടാതെ കൂടെ പൊറുപ്പിക്കണോന്ന് ഞാൻ തീരുമാനിക്കും. ഇനി മേലിൽ എന്റെ കാര്യത്തിൽ ഇടപെട്ട് പോകരുത് പറഞ്ഞു

ആനിന്റെ കയ്യും പിടിച്ചു റൂമിലേക്ക് പോയി.

❤❤❤❤

വൈകുന്നേരം അവൻ ഡയിനിങ് ടേബിളിൽ ഇരിന്നു ചായ കുടിക്കുന്നത് കണ്ടു ഇനു അങ്ങോട്ട് പോയി. എന്ത് വന്നാലും സംസാരിക്കണം നൈറ്റ് ഉള്ള പാർട്ടിക്ക് വരാൻ പറയണം എന്ന് മനസ്സിൽ കരുതി അവൾ അടുത്തേക്ക് പോയത്. അവന്റെ അടുത്ത് പോയി ഇരുന്നു.

അവൻ മൈന്റ് ചെയ്തില്ല....

നൈറ്റ് ഫൈസ് സമിക്കാക്ക് പാർട്ടി വെച്ചിട്ടുണ്ട്. നീ ആനിനെ കൂട്ടി വരില്ലേ....

നിന്നോടല്ലെടി പറഞ്ഞത് എന്നോട് മിണ്ടരുതെന്ന്.അവൻ ഒച്ചയെടുത് പറഞ്ഞു....

അവൾ പോലും അറിയാതെ ഞെട്ടി എഴുന്നേറ്റു പോയി....

എന്നോട് ക്ഷമിച്ചുടെടാ ഇനിയെങ്കിലും.....
അവൾക്ക് കരച്ചിൽ വന്നു ശബ്ദം ഇടറിയിരുന്നു.

അവൻ ഒരു നിമിഷം അവളെ നോക്കി ഡയനിങ് ടേബിളിൽ ഒറ്റയടി ആയിരുന്നു.

ടേബിൾ പൊട്ടിതകർന്നു തരിപ്പണം ആയത് കണ്ടു അവൾ ഭീതിയോടെ അവനെ നോക്കി.

അവൾക്ക് പേടിച്ചിട്ട് വിറയൽ വന്നു പോയിരുന്നു.

ഐ ഹേറ്റ് യൂ..... ഫോർ എവെർ അത് പറഞ്ഞു അവൻ മുകളിലേക്ക് ദേഷ്യത്തോടെ കയറി പോയി.
അവൾ അനങ്ങാൻ പോലും ആകാതെ തറഞ്ഞു നിന്നു അവിടെ......

മുകളിൽ എത്തിയതും ആൻ നില്കുന്നത് അവൻ കണ്ടു. മൈൻഡ് ആക്കാതെ പോകാൻ നോക്കിയതും അവന്റെ കവിളിൽ നോക്കി ഒന്ന് പൊട്ടിച്ചതും പെട്ടന്ന് ആയിരുന്നു.

അവൻ ഞെട്ടിപ്പകച്ചു അവളെ നോക്കി.

ആൻ.......

അറ്റ്ലീസ്റ്റ് അവൾ എന്നെ പോലെ ഒരു പ്രഗ്നൻറ് ലേഡീ ആണെന്ന് എങ്കിലും ഓർക്കണം ആയിരുന്നു നീ.... അവളുടെ സ്വരം കടുത്തിരുന്നു അത് പറയുമ്പോൾ.

അവൻ തലകുനിച്ചു നിന്നു....

ബാക്കിയുള്ളവരോട് പെരുമാറുന്നത് പോലെയല്ല അവൾ... അവൾക്കെന്തെങ്കിലും

പറ്റിയിരുന്നെങ്കിലോ.... എത്ര കെയർ വേണ്ട ടൈം ആണെന്ന് അറിയോ നിനക്ക്

എന്റെ കൊച്ചു പോലും ഞെട്ടിയെന്ന തോന്നിയെ നിന്റെ അലർച്ച കേട്ടിട്ട്....

ഞാൻ..... എനിക്ക്..... അവൻ വാക്കുകൾ കിട്ടാതെ അവളെ സങ്കടത്തോടെ നോക്കി

❤️💔INVISIBLE LOVE 💔❤️

Love after 💘marriage 🌷118🌷

വേണ്ടാത്ത പണിക്ക് പോയിട്ടല്ലേ നിന്ന് മോങ്ങുന്നേ അവളുടെ പിറകിലൂടെ പോയി കഴുത്തിൽ മുഖം വെച്ച് അവളെ ചേർത്ത് പിടിച്ചു അവൻ ചോദിച്ചു.

ആരാണെന്നു മനസ്സിൽ ആയത് കൊണ്ട് കൊണ്ട് തന്നെ പിറകിലേക്ക് നോക്കാതെ അവന്റെ ദേഹത്തോട് ചാരി നിന്നു.

ഇങ്ങനെ പെരുമാറുന്ന് കരുതീല..... അവളുടെ ശബ്ദം ഇടറിയിരുന്നു. ശരീരം ഇപ്പോഴും വിറക്കുന്നുണ്ടെന്ന് തോന്നി അവന്ന് ......

ദേഷ്യം വന്നെങ്കിലും അവൻ അത് കൺട്രോൾ ചെയ്തു......

അവന്റെ കൈ അവളുടെ വയറിലൂടെ മെല്ലെ തലോടി..

നീ ഇപ്പൊ തനിച്ചല്ല ഇനു എന്താ അത് മറന്നു പോകുന്നത്..... വാക്കുകൾ ശാന്തമാണെങ്കിലും സ്വരം കടുത്തിരുന്നു.

അവന്റെ ശ്വാസ താളം പോലും മനസ്സിൽ ആകുന്ന അവൾക്ക് അത് പെട്ടന്ന് മനസ്സിൽ ആയി. അവൾ കൈ വിടുവിച്ചു തിരിഞ്ഞു നിന്നു അവന്നെ കെട്ടിപിടിച്ചു. അവന്റെ നെഞ്ചിൽ മുഖം ചേർത്ത്

നിന്നു.

ഞാൻ ഇങ്ങനെ പെരുമാറുന്ന് കരുതീല അതോണ്ടാ.... സോറി..... അവന്റെ നെഞ്ചിൽ ചുണ്ടുകൾ ചേർത്ത് അവൻ പറഞ്ഞു.....

ഇനി അവനോട് മിണ്ടാൻ പോകണ്ട......

കുറച്ചു ദിവസം കഴിഞ്ഞു അവനൊന്നു ശാന്തമാകട്ടെ അപ്പൊ സംസാരിക്കാൻ പോയ മതി.....

അവൾ തലയാട്ടി.....

തലയട്ടിയ പോരെ അവന്റെ അടുത്തേക്ക് പോകരുത്...... പ്രോമിസ് ഇട്......

എനിക്ക് മിണ്ടാതിരിക്കാൻ ആവില്ല.....

കാണുമ്പോ മിണ്ടിപ്പോകും....

എന്ന എന്നോട് മിണ്ടണ്ട അതിന് കുഴപ്പം ഒന്നും ഇല്ലല്ലോ ദേഷ്യത്തോടെ പറഞ്ഞു അവൻ പോകാൻ നോക്കിയതും അവൾ മുറുക്കെ കെട്ടിപിടിച്ചു.....

ഇപ്പൊ നീ ചെയ്യുന്നതും ദേഷ്യപെടയല്ലേ അവൾ ചിണുങ്ങി കൊണ്ട് പറഞ്ഞു....

ഇപ്പൊ എനിക്കായ് കുഴപ്പം..... അവൻ അവളെ കവിളിൽ ആഞ്ഞു കടിച്ചു പറഞ്ഞു.

അവൾ അവനെ വിട്ടു നിർക്കരെ തുള്ളി....

വേദന കൊണ്ട് കവിൾ നീറുന്നുണ്ടായിരുന്നു അവൾക്ക്.

അവൾ അവനേ ഷർട്ടിൽ പിടിച്ചു വലിച്ചു പെട്ടെന്ന് ആയോണ്ട് അവൻ മുന്നിലേക്ക് ആഞ്ഞു അവൾ ആ സ്പോട്ടിൽ തന്നെ കവിളിൽ തിരിച്ചു കടിച്ചു.....

അവൻ കണ്ണും മിഴിച്ചു അവളെ തന്നെ നോക്കി നിന്നു....

എന്നോട് കളിച്ച ഇങ്ങനെ ഇരിക്കും അവൾ മുഖം കോട്ടി കവിൾ തടവി പോകാൻ നോക്കിയതും അവൻ കൈ വെച്ചു തടഞ്ഞു.....

അങ്ങനെ അങ്ങ് പോയാലോ അവൻ ചുണ്ട് കൂർപ്പിച്ചു കവിളിൽ തടവി അടുത്തേക്ക് വന്നു. അവന്റെ ചൊടിയിൽ വിരിഞ്ഞ കുസൃതി ചിരി കണ്ടപ്പോഴേ അവൾക്ക് കാര്യം മനസ്സിൽ ആയിരുന്നു.

അവൾ വേണ്ട ഫൈസ് എന്ന് പറയുമ്പോഴേക്കും അവളുടെ ചുണ്ടുകളിൽ അവൻ അമർത്തി ചുമ്പിച്ചിരുന്നു.... അവൻ ചിരിയോടെ അടർന്നു മാറിയെങ്കിലും അവൾ ആ ചുണ്ടുകൾ സ്വന്തം ആക്കിയിരുന്നു. അവൻ അത് ഒരിക്കലും പ്രതീക്ഷി ക്കത്തെത് കൊണ്ട് കൊണ്ട് തന്നെ ആദ്യം ഒന്ന് പകച്ചു

പിന്നെ ചിരിയോടെ ആവളുടെ മുഖം കയ്യിൽ എടുത്തു അവളിൽ നിന്നും അവൻ ഏറ്റെടുത്തിരുന്നു ആ ചുംബനം..... ഒട്ടും വേദനിപ്പിക്കാതെ അവളുടെ ചുണ്ടുകൾ അവൻ നുകർന്നു. അവന്റെ പ്രണയത്തിന്റെ തീവ്രതയിൽ അവളും ലയിച്ചു പോയിരുന്നു.... അവളുടെ കൈകൾ മുടിയിൽ കൊരുത് പിടിച്ചു. അതവനിൽ കൂടുതൽ ലഹരി പടർത്തിയിരുന്നു. അവളിലേക്ക് കൂടുതൽ ആഴ്ന്നിറങ്ങി അവൻ ചുണ്ടുകൾ കടന്നു നാവുകൾ പരസ്പരം ഇണചേർന്നു.... ഉമിനീരുകൾ പോലും പരസ്പരം കലർന്നു തുടങ്ങി.... അവന്റെ കൈകൾ ദേഹത്തുടനീളം ഒഴുകി നടന്നു. അവരിരുവരും മാത്രം ആയ ലോകത്തിൽ പാറിപറന്നു നടന്നു....അവൾക്ക് ശ്വാസം എടുക്കാൻ പ്രയാസം തോന്നിയതും അവൻ വിട്ടു. അവൾ ശ്വാസം വലിച്ചു കൊണ്ട് അവന്റെ തോളിൽ ചാരി നിന്നു കിതച്ചു.....

ഇനുവിനെ വിളിക്കാൻ റൂമിലേക്ക് പോയ ഷാന വാതിൽക്കൽ കണ്ണ് മിഴിച്ചു കിളിപ്പോയ പോലെ നിൽക്കുന്ന ആനിനെ കണ്ടു.....

ആൻ.... അവൾ വിളിച്ചതും ഒരു വെപ്രാളത്തോടെ ഷാനയെ നോക്കി.

വാട്ട് ഹാപ്പൻഡ് ആൻ....

ഡോർ..... ക്ലോസ്..... സോറി.... ഇനു....

അവൾ നിന്ന് തപ്പിത്തടഞ്ഞു....

വാട്ട്.....

നതിങ് ഡിയർ എന്ന് പറഞ്ഞു ഷാനയുടെ

കവിളിൽ അമർത്തി കിസ്സ് ചെയ്തു കണ്ണിറുക്കി കാണിച്ചു അവൾ പോയി......

ഷാനു..... ഇനു വിളിച്ചു അകത്തേക്ക് കേറി. ഇനു ഫൈസ് പെട്ടെന്ന് പിടഞ്ഞു മാറി.... ഷാനയും കണ്ടു

**അവർ കെട്ടിപിടിച്ചു നില്കുന്നത് അവൾ ചമ്മലോടെ തിരിഞ്ഞു നിന്നു.**

**സോറി..... വാതിൽ..... ഡോർ..... അവൾ കിടന്നു വിക്കി. നിന്നെ അമ്മിജാൻ വിളിക്കുന്ന പറഞ്ഞു പുറത്തേക്ക് ഇറങ്ങി പോയി.അപ്പോഴാ ആൻ കണ്ണും മിഴിച്ചു നിന്നത് ഓർത്തത്.....**

**അതെ വാതിൽ പൂട്ടാൻ ഉള്ളതാ ചുമ്മാ ബാക്കിയുള്ളോർക്ക് സീൻ ആകല്ലേ പറഞ്ഞു അവൾ ഓടി.....**

🌷🌷🌷🌷

**കിളി പോയ പോലെ വരുന്ന ആനിനെ ഷഹി നോക്കി....**

**നീയെന്താടി വല്ല പ്രേതത്തെയും കണ്ട....**

അതായിരുന്നെങ്കിൽ ഒപ്പിക്കടെ..... ഇത് അതുക്കും മേലെ.....

അതിന് മാത്രം എന്താ കണ്ടേ.....

ഹോട്ട് ലിപ് ലോക്ക് മോനെ..... സത്യം പറഞ്ഞ എനിക്ക് കിസ്സ് ചെയ്യാൻ തോന്നി

അവൻ കണ്ണും തുറിച്ചു അവളെ നോക്കി.

ഇനു ശരിക്കും ഹോട്ട് ആണല്ലേ എന്താ ബോഡി സ്ട്രക്ച്ചർ.....

അവന്ന് ഏകദേശം സംഭവം ഓടി.... ഇനുവിനെ ആശ്വസിപ്പിക്കാൻ എന്നും പറഞ്ഞ പോയത്. അവിടെ വെച്ച് അവരെ ലിപ് ലോക്ക് കണ്ടിട്ട് ഉണ്ടാകും....

ഇനുവിന്റെ കൂടെ ഫൈസീനെ കണ്ടില്ലേ....

അത് ശ്രദ്ധിച്ചില്ല..... ഞാൻ ഇനുനെ കണ്ടുള്ളു..... ബാക്കിയൊന്നും എനിക്ക് ഓർമ കൂടി ഇല്ല.....

ശവം..... കിസ്സ് സീൻ കണ്ടതും പോരാ എന്നോട് പറയാൻ നാണം ഇല്ലല്ലോ.... അവൻ തലയിണ എടുത്തു ഒരേർ കൊടുത്തു അവൾക്ക്.

ഓഹ്..... ഒന്നും അറിയാത്ത ഇളകുഞ്ഞ്...

ഒന്ന് പോയെടാ നീ....

അവന്ന് അപ്പോൾ എന്ത് കൊണ്ടോ റിസയെ ഓർമ വന്നു. റിസയും അവനും ഒന്നിച്ചു കിസ്സ് സീൻ കണ്ടതും ഓർത്തു. അറിയാതൊരു പുഞ്ചിരി അവന്റെ ചുണ്ടിൽ വിരിഞ്ഞു......

ആൻ അതന്നെ നോക്കി മുഖം ചുളിച്ചു.....

എന്താ ഇളിക്കുന്നെ....

ഞാനും മാറിയമ്മയും ഇത് പോലെ ഒരിക്കൽ പെട്ടിരുന്നു അതോർമ്മ വന്നു.

ആര് നിന്റെ പംകിനോ.....

അവൾ കേൾക്കണ്ടെ നിന്റെ മോന്തയുടെ ഷേപ്പ് മാറ്റും.... ആൻ കണ്ടപ്പോൾ തൊട്ട് അവളെ അങ്ങനെ വിളിക്കൽ. റിസ നല്ല ഉഷാർ ഉള്ള തടിയുള്ള ടൈപ്പ് ആണ്. തുടുത്ത കവിൾ ഒക്കെയുള്ള ടൈപ്പ്. നീളം കുറവാണ്. ആൻ പറയുന്ന പോലെ പംകിൻ തന്നെ.....

എന്താണ് മോനെ ഞാൻ വഴിയാധാരം ആകോ..... ഒരു പ്രണയക്കാറ്റ് വീശുന്നു...

പോടീ..... പെട്ടെന്ന് ഓർത്തു അത്രന്നെ....

നിന്നെ ഞാൻ ഉള്ളിടത്തോളം വഴിയാധാരം ആക്കില്ല.... പോരെ.... അവളെ കവിളിൽ വലിച്ചു പിടിച്ചു.  പറഞ്ഞു കൊണ്ട് പുറത്തിറങ്ങി പോയി....

ആൻ കവിളിൽ കയ്യൊടിച്ചു ചിരിച്ചു കൊണ്ട് അവനെ നോക്കി നിന്നു.

🌷🌷🌷

ഷഹി പിന്നെ ഇനുവിനെ കണ്ടെങ്കിലും മൈൻഡ് ചെയ്യാതെ നടന്നു. ഇനു ഫൈസിക്ക് കൊടുത്ത പ്രോമിസ് ഓർത്തു നോക്കിത് ഇല്ല......

നൈറ്റ് ജന്നത് റെസ്റ്റോറന്റ്ൽ വെച്ച് തന്നെ ആയിരുന്നു ഫൻക്ഷൻ.... സമിയുടെ വിവാഹം പെട്ടെന്ന് ആയോണ്ട് തന്നെ അവന്റെ ഫാമിലിയെയും ഫ്രണ്ട്സ്നീയും ക്ഷണിക്കാൻ പറ്റാത്ത പരാതി തീർക്കാൻ ആയിരുന്നു പാർട്ടി.

എല്ലാവരും ലഹങ്ക ആയിരുന്നു എടുത്തത്

ഒരേ പോലെ ഡ്രസ്സ് എടുക്കാം എന്ന് പ്ലാൻ ചെയ്തു ഇട്ടത് ആയിരുന്നു.... ഇനു ആനിനും ഒരു ജോഡി എടുത്തിരുന്നു. ഷഹി ഇല്ലാത്ത നേരം നോക്കി അവൾക്ക് ഇനുവും ഷാനയും കൂടി കൊണ്ട് കൊടുത്തു.....

ആൻ അത് വാങ്ങി.....

ഫ്രണ്ട്സ്......  ആൻ കൈ നീട്ടി.....

ഫ്രണ്ട്സ്..... ഇനു കൈ നീട്ടി.... ആൻ അവളെ കെട്ടിപിടിച്ചു.... ഇരു കവിളിലും കിസ്സ് കൊടുത്തു..... ഇനു കണ്ണും തുറിച്ചു അവളെ നോക്കി. യൂ ർ സൊ ഹോട്..... എന്നാലും ഡോർ അടച്ചു കിസ്സ് ചെയ്യരുന്നു.... ആൻ കളിയോടെ പറഞ്ഞു

ഇനു ചമ്മലോടെ ഇളിച്ചു കാണിച്ചു...

ഷാനയും കൈകൊടുത്തു.... അവളെയും കിസ്സ് കൊടുത്തു

അപ്പോഴേക്കും യാഷ് അങ്ങോട്ട് വന്നു.
ഹായ് എന്നെ കൂടെ ഫ്രണ്ട്സ് ആകാമോ..

യാ ഷുവർ.... ആൻ കൈ കൊടുത്തു.

അപ്പൊ തന്നെ ഷാന അവന്റെ കൈ പിടിച്ചു വലിച്ചു... ടാ നിന്നോട് പറഞ്ഞ അറേഞ്ച്മെന്റ്സ് ഒക്കെ കഴിഞ്ഞോ.... എന്ന് ദേഷ്യത്തോടെ ചോദിച്ചു... പിടിച്ചു വലിച്ചു റൂമിൽ നിന്നും പുറത്തു ഇറങ്ങി..

എന്താ ഷാനത..... എന്ത്  അറേഞ്ച്മെന്റ്സ് ആണ് ഞാൻ ബാബിയെ പരിജയപെടരുന്നു. ഇപ്പൊ ആണെങ്കിൽ ഭയ്യാ ഇല്ല ആ ധൈര്യത്തിൽ വന്നത് ആയിരുന്നു..

ഒന്നുല്ലടാ കുരിപ്പേ.... അവൾ ഇടക്കിടക്ക് കിസ്സ് തരും.... തത്കാലം നിന്നെ കിസ്സേണ്ട... ബബിയാണ് അതോർക്കണം..... അവൾ മുഖം തുടച്ചു പറഞ്ഞു...

ആര് കിസ്സ്..... അപ്പോഴാ അവന്ന് ആൻ അവർക്ക് കിസ്സ് കൊടുത്തത് ഓർമ വന്നത്.....

എന്റെ ഷാനത..... അത് അവരെ നാട്ടിൽ അങ്ങനെയാ ഹഗ് ചെയ്യലും കിസ്സ് കൊടുക്കലും.....

അങ്ങനെയിപ്പോ നിന്നെ കിസ്സണ്ട.....

ഡീ നാറി അതെന്റെ ബാബിയാ.....

ബാബി ആകട്ടെ അപ്പൊ പറയാം... ഇപ്പൊ ജസ്റ്റ് ഫ്രണ്ട് അത്രയും മതി..... ഷഹി കെട്ടോ ഇല്ലയോ എന്ന് ആദ്യം തീരുമാനം ആകട്ടെ. നീ അങ്ങോട്ട് പോകണ്ട

കെട്ടിപ്പിടിക്കാൻ.... ഇങ്ങോട്ട് വരണ്ട.... ദൂരെ നിന്നോണം.....കേട്ടോടാ ചെക്കാ എന്നും പറഞ്ഞു കവിളിൽ ഒരു കുത്ത് കൊടുത്തു അവൾ പോയി.....

ഇതൊക്കെ എന്ത് ജന്മം പടച്ചോനെ.... നദീംകന്റെ വിധി....അവൻ തലയിൽ കൈ വെച്ചു പറഞ്ഞു....

🌷🌷🌷

വൈകുന്നേരം ഇനു കുളിച്ചു ഇറങ്ങുമ്പോഴാ വാതിലിൽ മുട്ട് കേട്ടത്....

ഇനായാ......

ആനിന്റെ സൗണ്ട് മനസ്സിൽ ആയതും അവൾ എന്താ ചോദിച്ചു....

എനിക്ക് ഈ ഡ്രസ്സ് ഇടാൻ അറീല. കാൻ യൂ ഹെല്പ് മി....

ഇനു പോയി വാതിൽ തുറന്നു.

ആൻ കണ്ണ് മിഴിച്ചു അവളെ നോക്കി.

ബാത് ടവ്വൽ ഉടുത്ത അവൾ ഉണ്ടായിരുന്നത്. മാറിന് മുകളിൽ കെട്ടി മുട്ടോളം ഉള്ള ടവ്വൽ നോക്കി ആൻ അടിമുടി നോക്കി.

ആനിന്റെ നോട്ടം കണ്ടു ഇനു അവളെ നോക്കി ചിരിച്ചു. ലഹങ്ക എടുത്തു ബാത്‌റൂമിൽ ഇടാൻ പറ്റൂല്ല. അത് പറഞ്ഞു അവൾ വാതിൽ അടച്ചു.

ആരെങ്കിലും കണ്ടാലോ.....

നീ ഫുൾ ടൈം എവിടെ എത്തത ഡ്രസ്സ് ഇട്ടല്ലേ നടക്കുമ്പോൾ എന്നിട്ട് എന്നെ കണ്ടു നാണം ആകുന്നെ നിനക്ക് ...

നിങ്ങൾ അങ്ങനെ ചെയ്യാറില്ലല്ലോ അതാണ് ചോദിച്ചത്..... നിങ്ങളൊക്കെ ഡ്രസ്സ് നീറ്റിൽ ഫുൾ മൂടി പുതച്ചു അല്ലേ ഇടൂ

നീ ഗേൾ ആയോണ്ട് വാതിൽ തുറന്നത് അല്ലാതെ ബോയ്സ് മുന്നിൽ പോകില്ല.

അവൾ ചിരിച്ചോണ്ട് ആനിന് ഡ്രസ്സ് ചെയ്യുന്നത് കാണിച്ചു കൊടുത്തു. അവൾ ഡ്രസ്സ് മാറ്റി.

ആനിനെ കണ്ടു അവൾ അടിമുടി നോക്കി

നല്ല ഭംഗിയുണ്ടായിരുന്നു അവൾക്ക് അത്

ചൊറിയുന്നു തറക്കുന്നു എന്നൊക്ക പറഞ്ഞു അവൾ അഴിക്കാൻ നോക്കി.

ഫൻക്ഷൻ കഴിയുന്ന വരെ ഇങ്ങനെ നിന്നോണം ഇനു കണ്ണുരുട്ടി പറഞ്ഞതും ചിരിയോടെ ആൻ തലയാട്ടി.... അപ്പോഴേക്കും ഷാനു വന്നു ബാക്കി മേക്കപ്പ് ചെയ്തു കൊടുത്തു. ഇനു വെറുതെ ഷാൾ എടുത്തു തലയിൽ ഇട്ട് കൊടുത്തു.....

അടിപൊളി ആയിട്ടുണ്ട്.... ആൻ കണ്ണാടിയിൽ നോക്കി പറഞ്ഞു.

സ്ഥിരം ആക്കിക്കോ ഇങ്ങനെ....

അതിനും ആൻ ചിരിച്ചേ ഉള്ളു. അവർ ഒന്നിച്ചു സെൽഫി ഒക്കെ എടുത്തു. പിന്നെ

ഷാൾ സൈഡിൽ ആക്കി കുത്തി കൊടുത്തു.

അവർ സ്കാഫ് ചെയ്തു. അപ്പൊ ഞാൻ ഇടണ്ടേ ഇങ്ങനെ അവരെ സ്കാഫ് നോക്കി ആൻ ചോദിച്ചു.....

നിന്റെ ഇഷ്ടം ആണ് എങ്ങനെ ജീവിക്കണം എന്ന്.
ഞങ്ങളുടെ ആചാരം അടിച്ചേൽപ്പിക്കില്ല.

ആനിന്റെ കണ്ണ് നിറഞ്ഞതും അവർ വല്ലാണ്ട് ആയി....

എന്താ പറ്റിയെ....

നിങ്ങളെ സ്നേഹം കണ്ടപ്പോ ഫാമിലി ഓർമ വന്നു.
എന്നെ വീട്ടിൽ നിന്നും ഇറക്കി വിട്ടതാ.... ഡാഡി
മമ്മിയും ഇങ്ങനെ ഒരു മോളില്ല പറഞ്ഞു. എല്ലാരും
ഞങ്ങളെ പ്രണയം അറിഞ്ഞപ്പോ ഒറ്റപ്പെടുത്തി.....
ബാക്കി എന്തോ പറയാൻ നോക്കിയപ്പോൾ ഫൈസ്
കയറി

വന്നു. ഫൈസ് അവളെ നോക്കി പൊളി
ആയിട്ടുണ്ടെന്ന് കൈ കൊണ്ട് കാണിച്ചു.

അവൾ ചിരിച്ചു കാണിച്ചു ഇറങ്ങി പോയി.

അവർ പുറത്തിറങ്ങി വാതിൽ അടച്ചപ്പോഴാ ഇനു ഇടുപ്പിൽ കൈ കുത്തി രൂക്ഷമായി നോക്കുന്നെ കണ്ടേ....

അവൻ പുരികം പൊന്തിച്ചു എന്താ ചോദിച്ചു....

എന്നെ കാണാൻ ഭംഗിയില്ലേ അവളെ ഭംഗിയുള്ളു.....

കുശുമ്പ് കുത്തി ചോദ്യം കേട്ട് അവന്ന് ചിരി വന്നു. ഒപ്പിക്കാം..... അവളെ അടിമുടി നോക്കി പറഞ്ഞു.... അവൾ മുഖം കോട്ടി തിരിഞ്ഞു നിന്നു.

ഫൈസ് പിറകിൽ വന്നു നിന്നിട്ടും അവൾ തിരിഞ്ഞു നോക്കിയില്ല.....

നീ അല്ലെങ്കിലും സുന്ദരിയല്ലേ.....
അണിഞ്ഞൊരുങ്ങിയ പിന്നെ പറയാൻ ഉണ്ടോ....

അവളുടെ കാതിൽ മെല്ലെ കടിച്ചു പറഞ്ഞു.

അവൾ നിന്നിടത് നിന്ന് പെട്ടെന്ന് ഉയർന്നു പോയി.....

അവൻ അവളെ തിരിച്ചു നിർത്തി. അവളുടെ കവിളിൽ ചുണ്ടുകൾ ചേർത്തു. ഒട്ടും കുശുമ്പ് ഇല്ലല്ലേ...... അവൻ ചെറു ചിരിയോടെ ചോദിച്ചു.....

അത് കേറി വന്നപ്പോ തൊട്ട് അവളെ മുഖത്ത് നോക്കിട്ട് അല്ലേ..... എന്നെ കണ്ടിട്ടും മൈൻഡ് ആകില്ല..... അവന്റെ ഷർട്ടിന്റെ ബട്ടൻസിൽ തെരു പിടിപ്പിച്ചു അവൾ പറഞ്ഞു.

എവിടെ എത്താത്ത ഡ്രസ്സ്‌ ഇട്ടോണ്ട് നടക്കുന്ന കക്ഷി ഉമ്മച്ചി കുട്ടി ആയി നിന്ന ആരായാലും നോക്കില്ലേ.....

അത് ശരിയാ..... അവൾ ശരിക്കും മലയാളികുട്ടിയെ

പോലുണ്ട്.... അവൾ എന്തോ ഓർത്തു നിന്നു....

എന്താടാ.... ആലോചിക്കുന്നെ.

അവൾക്ക് എന്തൊക്കെ സങ്കടം ഉള്ള പോലെ.....
വീട്ടുകാരെ പറ്റി പറയുമ്പോ കണ്ണൊക്കെ നിറഞ്ഞു.....

ഇജു പറഞ്ഞത് ഒളിച്ചോടി വന്നതന്ന അങ്ങനെ
വീട്ടുകാരെ സംസാരത്തിൽ തോന്നിയെന്ന്....
അതൊക്കെ ശരിയാക്കാം പെട്ടെന്ന് റെഡിയാവ് ടൈം
ആയി....

ഞാൻ റെഡി.....

ഞാൻ പോയി റെഡിയായി വരാം പറഞ്ഞു അവൻ
ഡ്രസ്സ് ചെയ്ഞ്ഞ് ചെയ്യാൻ പോയി.

🌷🌷🌷🌷

ആനിനെ കണ്ടു ഷഹി വായും പൊളിച്ചു നിന്നു.....

നിനക്ക് ഇത്രയും സൗന്ദര്യം ഉണ്ടായിരുന്നോ വെള്ളാംപറ്റെ.....

നിന്റെ ഇനുവിന്റെയും ഷാനയുടെയും പണിയാ കൊള്ളാമോ.....

ചോദിക്കാൻ ഉണ്ടോ.... നിന്നെ ഈ കോലത്തിൽ കാണാൻ പറ്റുന്നു ഈ ജന്മത്തിൽ കരുതിയില്ല..... അവൻ അവളെ ഹഗ് ചെയ്തു കൊണ്ട് പറഞ്ഞു...

അവളെ വിട്ടു നിന്നപ്പോഴാ പിറകിൽ റിസ രണ്ടാളെയും നോക്കി നില്കുന്നത് കണ്ടത്

ആഞ്ചലീനയെ എല്ലാരും വിളിക്കുന്നുണ്ട് ഫോട്ടോ എടുക്കാൻ....

പെട്ടെന്ന് റിസയുടെ കണ്ണുകൾ ഷഹി ആയി ഉടക്കി. അവളുടെ ഉള്ളിൽ ഒരു കൊളുത്തി വലിക്കുന്ന പോലെ തോന്നി.

അവൾ മിഴികൾ താഴ്ത്തി.

ആദ്യം കണ്ടപോലെ ഫുൾ മേക്കപ്പിൽ കുളിച്ചായിരുന്നു അവൾ ഉണ്ടായിരുന്നത്.

അവളുടെ ചുണ്ടിലെ റെഡ് ലിപ്സ്റ്റിക്കിൽ അവന്റെ കണ്ണുകൾ ഉടക്കി.

എന്താടാ വായി നോക്കുന്നെ അവൾ സുന്ദരിതന്നെയാ..... വായി നോക്കി നടന്നു എന്റെ കൊച്ചിന് തന്ത ഇല്ലാതാക്കരുത്.

അവൻ ഇളിച്ചു കാണിച്ചു.... പിന്നെ മുഖം ഗൗരവത്തിൽ ആക്കി.

ഇവിടെ ഡ്രിങ്ക്സ് ഉണ്ടാകും ആ ഭാഗത്തേക്ക് എങ്ങാനും പോയ മോന്തയടിച്ചു പൊട്ടിക്കും പറഞ്ഞില്ലെന്നു വേണ്ട.....

ഞാൻ കുടി നിർത്തി..... അവൾ തലയിൽ ചൊറിഞ്ഞു കൊണ്ട് പറഞ്ഞു....

എന്നിട്ടാണോ ബാഗിൽ ബിയർ ബോട്ടിൽ കണ്ടത്.....

അത് വീട്ടുകാരെ ഓർത്തു സങ്കടം വന്നപ്പോ കുറച്ചു......

വയറ്റിൽ കൊച്ചുള്ളത് ഓർമ യുണ്ടോ നിനക്ക്.

ഞാൻ ഇനി കുടിക്കില്ല സത്യം.... അത് പറഞ്ഞു അവൾ അകത്തേക്ക് പോയി.

ആനിന്റെ തല്ല് കിട്ടിയതോടെ അവളെ കാര്യത്തിൽ ഇടപെടില്ല വാക്കും വാങ്ങിച്ചിരുന്നു അവൾ. അത്

കൊണ്ട് ആൻ അവരോട് മിണ്ടുന്നതു അവൻ വിലക്കിയില്ല.

എല്ലാവരും പാർട്ടിയിൽ തിരക്ക് ആയതോടെ ആനിന് ബോർ അടിക്കാൻ തുടങ്ങി..... അവൾ മെല്ലെ അവിടുന്ന് മുങ്ങി.... തിരക്കില്ലാത്തിടത് പോയി നിന്നു ഫോണിൽ നോക്കി ഇരുന്നു.... അപ്പോഴാ അതിലൂടെ ഡ്രിങ്ക്സ് കൊണ്ട് ഒരു ബോയ് പോയത്..... ഡ്രിങ്ക്സ് കണ്ടതും അവൾ ബാക്കിയൊക്കെ മറന്നിരുന്നു. ഒരു ഗ്ലാസ് എടുത്തു.... ആളുകൾ കുറവുള്ള ഇടത്തേക്ക് മാറി നിന്നു..... അപ്പോഴാ ഷഹി അങ്ങോട്ട് വന്നത്...... അത് കണ്ടതും അവൾ ഗ്ലാസ് അവിടെയുള്ള ഡ്രിങ്ക്സിന്റെ ടേബിളിൽ വെച്ചു.....

റിസ നിറഞ്ഞകണ്ണുകൾ തുടച്ചു.... എത്ര മറക്കാൻ ശ്രമിച്ചാലും ഷഹി വേദനിപ്പിക്കുന്ന ഒരോർമ്മ തന്നെയാണ്.

അവനെ കണ്ടോണ്ട് ഇരുന്ന നില തെറ്റുന്നു തോന്നിയപ്പോഴാ ആരും ഇല്ലാത്തിടത് വന്നത്. പിന്നിൽ എന്തോ ശബ്ദം കേട്ടു തിരിഞ്ഞപ്പോ ആൻ.....

കുരിശ് രണ്ടും ഇവിടെ എത്തിയോ..... എന്നെ കൊണ്ടേ എല്ലാം പൊകുള്ളോ ഇത്..... അടുത്തേക്ക് വരുന്ന ശഹിയെ കണ്ടു അവൾ പിറുപിറുത്തു.

ആ ഭാഗത്തു വെളിച്ചം കുറവ് ആയതോണ്ട് ഷഹി ആൻ മാത്രം കണ്ടുള്ളൂ....

നീ എന്താ ഇവിടെ.....

ഞാൻ.... ജസ്റ്റ്..... കാൾ വന്നപ്പോ സംസാരിക്കാൻ..... അവൾ എങ്ങനെ ഒക്കെയോ പറഞ്ഞു ഒപ്പിച്ചു... ദേഷ്യം വന്ന പ്രഗ്നൻറ് ആണെന്ന് ഓർക്കുല... ഇനുവിന്റെ കാര്യത്തിൽ കണ്ടതാ അത്...

അപ്പോഴാ... ഷഹി പിറകിൽ ആയി റിസയെ കണ്ടത്......

നീയും ഉണ്ടോ..... നീയും വെറുതെ വന്നത് ആണോ.....
ഇവളെ പിറകെ..... അവന്റെ വാക്കുകളിൽ
പരിഹാസം ഉണ്ടായിരുന്നു

ഇനി ഇവരെ ഫോളോ ചെയ്തു വന്നെന്ന് കരുതോ....
കയ്യിൽ ആണെങ്കിൽ ഫോൺ ഇല്ല.
ഉണ്ടാരുന്നുവെങ്കിൽ അങ്ങനെ പറയാരുന്നു.

അപ്പോഴാ ഡ്രിങ്ക് ഗ്ലാസ് കണ്ടത്....

ഞാൻ വെള്ളം കുടിക്കാരുന്നു.... അത് പറഞ്ഞു
അവൾ ഒരു ഗ്ലാസ് എടുത്തു കുടിച്ചു.....

മൊത്തം ചവർപ്പ്.... തുപ്പിയ ഷഹി കള്ളം ആണെന്ന്
കരുതും.... ഇതിപ്പോ പണി ആയല്ലോ..... പിന്നെ
വലിച്ചു കുടിച്ചു ഗ്ലാസ് അവിടെ വെച്ചു അവരെ
നോക്കാതെ പോയി.

അന്തം വിട്ടു നിൽക്കുന്ന ആനിനെ ഷഹി നോക്കി....

എന്താടി  ഉണ്ടകണ്ണും മിഴിച്ചു നോക്കുന്നെ

പംകിൻ...... പമ്കിൻ..... അവൾ റിസക്ക് നേരെ കൈ ചൂണ്ടി.....

പമ്കിൻ തന്നെ എന്താ കാര്യം.....

അവൾ കുടിച്ചത് വെള്ളം അല്ലേടാ.... വോഡ്ക ആണ്.....

വാട്ട്....... അവൻ പോലും അറിയാതെ ശബ്ദം പുറത്ത് വന്നിരുന്നു.....

❤️💔INVISIBLE LOVE 💔❤️

Love after 💘marriage 🌷119🌷

തല്ലാൻ കയ്യുയർത്തിയെങ്കിലും അവളുടെ വയറിൽ നോട്ടം പതിഞ്ഞതും അവൻ കൈ താഴ്ത്തി മുഷ്ടി ചുരുട്ടി....

അവൾ ഇനി എന്തൊക്കെ ചെയ്തു വെക്കുന്നു ആർക്കറിയാം. നിന്നെ പോലെ കള്ളും കുടിച്ചു നടക്കുന്ന പെണ്ണല്ല അവൾ ആദ്യം ആയ കഴിച്ചിട്ട് ഉണ്ടാക. ആഫ്റ്റർ എഫക്ട് എന്താകൊ എന്തോ..... അവൻ നെറ്റിക്ക് സ്വയം അടിച്ചു.

സോറി..... ആൻ ചെവിക്ക് പിടിച്ചു കുറ്റബോധത്തോടെ പറഞ്ഞു.

നിനക്ക് നിന്റെ കൊച്ചിന്റെ കാര്യം ശ്രദ്ധയില്ലല്ലോ.... ഈ സമയത്ത് ആണോ ഡ്രിങ്ക് കഴിക്കുന്നേ....

ഞാൻ ജസ്റ്റ് ടെസ്റ്റ് നോക്കണം കരുതീലു.

എന്റെ ജീവിതവും ജീവൻ ആണിത്.... അതിന് ദോശം വരുന്നത് ഞാൻ ചെയ്യോടാ.....അവൾ വയറിൽ കൈ വെച്ചു സങ്കടത്തോടെ പറഞ്ഞു.

Mmmm ഷഹി ഒന്ന് മൂളിക്കൊണ്ട് റിസയെ നോക്കി പോയി....

ഇതെന്താപ്പോ കഥ... അവൾ തലക്ക് കൈ കൊടുത്തു ചുറ്റും നോക്കി..... കാണുന്നത് എല്ലാം രണ്ടാണല്ലോ..... അവൾ കണ്ണ് തിരുമ്മി ഒന്നൂടി നോക്കി. സമിക്ക ഇങ്ങൾ രണ്ടു കല്യാണം കഴിച്ച.... അവൾ ശദയെ നോക്കി വിരൽ കടിച്ചു ചോദിച്ചു....

പൊതുവെ ഒലപ്പത്തരം കാണിച്ചു വരുന്നോണ്ട് എല്ലാവരും ചിരിച്ചു തല്ലിതെ ഉള്ളു അവളുടെ ചോദ്യം.....

ഒന്നിനെ തന്നെ വയ്യെടി സഹിക്കാൻ എന്നാരാ രണ്ടെണ്ണം.... സമി മറുപടി പറഞ്ഞതും ശദ കലിപ്പിട്ട്

നോക്കി.....

എന്നാലും സമിക്ക നിങ്ങൾ എന്റെ ബാബിയോട് ഇങ്ങനെ ചെയ്യരുതായിരുന്നു. എന്തോരം പെണ്ണിനെ പിറകെ നടന്നതാ ഏതെങ്കിലും വളഞ്ഞോ ഇല്ലല്ലോ.... എന്നിട്ട് ഈ പാവം കൊച്ചു ഒരു ജീവിതം തന്നപ്പോ അതിനെ ചതിച്ചു രണ്ടു പെണ്ണ് കെട്ടീലെ.... ചീറ്റിങ്ങ് ആയി പോയി.... മഹാ ചീറ്റിങ്ങ് ആയി പോയി.... അറിഞ്ഞിരുന്നുവെങ്കിൽ ഞാൻ ഒരിക്കലും ഇതിന് സമ്മതിക്കില്ലായിരുന്നു

എന്നാലും നിന്നെ ചതിക്കുന്നു കരുതീലടി.

ഇതിൽ ഏതാ സമിക്ക ഒറിജിനൽ അവൾ

തലക്ക് കയ്യും കൊടുത്തു ചോദിച്ചു....

എന്റെ വിവാഹവും ഡിവോഴ്സ് ഒന്നിച്ചു ആക്കല്ലേ പോന്നു മോളെ വേണേൽ കാൽ പിടിക്കാം ഒന്ന് ഇറങ്ങി പോടീ.... സമി പല്ല് കടിച്ചു അവളെ നോക്കി പറഞ്ഞു.

പിന്നാലെ വന്ന ഷഹി ഇതൊക്കെ കേട്ട് തറഞ്ഞു നിന്നു. അവൾക്ക് ലഹരി തലക്ക് പിടിച്ചെന്ന് അവളുടെ കോലം കളിയും കണ്ടു അവന്ന് മനസ്സിൽ ആയി. എന്തെങ്കിലും പ്രോബ്ലം ഉണ്ടായ മൊത്തത്തിൽ നാറും..... എന്താപ്പോ ചെയ്യ

അവൻ തലക്ക് കൈ കൊടുത്തു....

ഞാൻ പോയി അവളെ വിളിച്ചോണ്ട് വരാം

ആൻ അവനോട് മെല്ലെ പറഞ്ഞു അവളെ അടുത്തേക്ക് പോയി....

റിസക്ക് മൊത്തത്തിൽ കറങ്ങുന്ന പോലെ തോന്നി അവൾ തല അമർത്തി പിടിച്ചു....

എന്താടാ സുഖം ഇല്ലെ.... തല വേദന ഉണ്ടോ.... ഫൈസ് അവളെ പിടിച്ചു ചോദിച്ചു.

അവൾ രണ്ടു ഭാഗത്തേക്ക് തലയാട്ടി....

അപ്പോഴേക്കും ആൻ വന്നു അവളെ കയ്യിൽ വലിച്ചു...

.

റിസ ഒരു മിനിറ്റ്....എനിക്കൊരു കാര്യം പറയാൻ ഉണ്ടായിരുന്നു....

ഫൈസ് എന്തെങ്കിലും പറയുന്നേ മുന്നേ അവൾ റിസയുടെ കയ്യും പിടിച്ചു സ്റ്റേജിൽ നിന്നും താഴേ ഇറങ്ങി.

അവൾ കുതറി മാറാൻ നോക്കിയെങ്കിലും ആൻ വിട്ടില്ല. അവളെ പിടിച്ചു വലിച്ചു നടന്നു. ആരും തിരക്കിനിടയിൽ അത് ശ്രദ്ധിച്ചു ഇല്ല.... ഹാളിൽ നിന്നും പുറത്തു ഇറങ്ങിയതും ഷഹി അടുത്തേക്ക് വന്നു.

തത്കാലം രക്ഷപെട്ടു ആരും അറിഞ്ഞിട്ടില്ല...

ഇവിടെ എനിക്ക് റൂം ഉണ്ട്.... തല്ക്കാലം അവിടെ ആക്കാം.... (ഷഹി )

ശഹിയെ കണ്ടതും അവൾ തിരിച്ചു പോകാൻ നോക്കി....

എനിക്ക് ഇവനെ കാണണ്ട..... ചതിയൻ ആണിവൻ.... എന്നെ ചതിച്ചു..... നുണ പറഞ്ഞു......

ഷഹി രൂക്ഷമായി അവളെ നോക്കി....

ഞാൻ എപോഴാടി നിന്നെ ചതിച്ചേ.... കള്ള് കുടിച്ച വയറ്റിൽ കിടക്കണം വൃത്തികേട് പറയുന്നോ.... അവന്ന് എന്തെന്നില്ലാത്ത കലിപ്പ് വന്നു.

ടാ അതിന്ന് ബോധം ഇല്ലാത്തോണ്ട് അല്ലേ ആൻ അവനെ നോക്കി പേടിപ്പിച്ചു....

ചതിയന നീ.... ചതിയൻ.... അതും പറഞ്ഞു അവന്റെ

ഷർട്ടിൽ പിടിച്ചു വലിച്ചു. അപ്പോഴേക്കും അവൾ മയങ്ങി വീനിരുന്നു.... ഷഹി അവളെ പിടിച്ചു.... ആരും കാണാതെ അവളെ കയ്യിൽ കോരി എടുത്തു റൂമിലേക്ക് നടന്നു. ആനിനോട് അവിടെ ഉള്ളവരോട് റിസ തലവേദനിക്കുന്നു പറഞ്ഞു റസ്റ്റ് റൂമിൽ ഉണ്ടന്ന് പറയാൻ പറഞ്ഞു.....

അവൻ റൂമിൽ എത്തി അവിടെ ബെഡിൽ കിടത്തി. കുറെ വിളിച്ചെങ്കിലും ബോധം വരാത്ത കണ്ടു അവൻ വെള്ളം കുടഞ്ഞു

അവൾ കണ്ണ് തിരുമ്മി എണീറ്റു. തലയൊക്കെ വല്ലാത്ത ഭാരം.... അവൾ ശഹിയെ കണ്ടു....

താൻ എന്താ ഇവിടെ.... താൻ എല്ലാരോരോടും കലിപ്പിൽ അല്ലേ... ഞങ്ങളോടൊക്കെ മിണ്ടോ.... അവൾ കുഴഞ്ഞ ശബ്ദത്തിൽ ആണെങ്കിലും പരിഹാസത്തോടെ ചോദിച്ചു.....

അവൻ പുച്ഛത്തോടെ മുഖം കോട്ടി ബാൽകണിയിലേക്ക് പോയി.

അവൾ ചുറ്റും നോക്കി. എഴുന്നേറ്റു മെല്ലെ അവന്റെ അടുത്തേക്ക് പോയി.

ഞാൻ എങ്ങനെ ആടോ ഇവിടെ എത്തിയത്..... നീയെന്നെ തട്ടിക്കൊണ്ടു വന്നത് ആണോ ചതിയാ....

ചതിയൻ നിന്റെ ബാപ്പ.... കുറെ നേരായി ചൊറിയാൻ തുടങ്ങിയിട്ട്.... കള്ളും കുടിച്ചു ബോധം ഇല്ലതെ കണ്ടപ്പോ ആരും കാണാതെ ഇങ്ങോട്ട് കൊണ്ട് വന്നു.

ആരെങ്കിലും കണ്ട നിനക്ക് എന്താ..... ഞാൻ നിന്റെ ആരും അല്ലല്ലോ.....അത് പറയുമ്പോൾ അവളുടെ ശബ്ദം ഇടറി കണ്ണ് നിറഞ്ഞൊഴുകിയിരുന്നു....

അവൾ കണ്ണ് നിറഞ്ഞത് തുടച്ചു.

ഡോ തന്റെ വിചാരം എന്താ ഷാരുഖാൻ ആണെന്ന് ആണോ..... ഒന്ന് പോകുമ്പോ വേറൊന്ന് നിന്റെ പിന്നാലെ ഇങ്ങനെ പെൺപിള്ളേർ വരാൻ നീയാരാ ഹീറോ ആണെന്ന വിചാരം...... ചതിയൻ... ..

ആരാടീ ചതിയൻ..... കുറെ ആയല്ലോ പറയുന്നു..... അവൻ ദേഷ്യത്തോടെ അവളെ രണ്ടു തോളിലും പിടിച്ചു ഉലച്ചു.

അവൾ കൈ തട്ടിമാറ്റി.....

ആരെയോ കൊച്ചിനെ നിന്റെ കൊച്ചന്ന് പറഞ്ഞു എല്ലാരേം പറ്റിച്ചില്ലേ അത് ചതിയല്ലേ.....

അവൻ ഞെട്ടലോടെ കയ്യെടുത്തു അവളെ നോക്കി.

എന്റെ കൊച്ചു തന്നെ അത്.... അവൻ ഒന്ന് പതറിയെങ്കിലും പറഞ്ഞു ഒപ്പിച്ചു...

പ്ഫാ.... പരട്ടെ വീണ്ടും കള്ളം പറയുന്നോ..

അവൾ ലണ്ടനിലും നീ ഇന്ത്യയിലും.... ഫോണിൽ കൂടി ആണോ നീ ഗർഭിണിയാക്കിയത്.... ആണോന്നു....

അവനെ പിടിച്ചു തള്ളികൊണ്ട് പറഞ്ഞു.

അവൻ പിറകിൽ ചാരു കസേരയിൽ വീണു പോയി... എഴുന്നേൽക്കാൻ നോക്കിയതും അവൾ കാൽ കസേരയുടെ സൈഡിൽ കുത്തിവെച്ചു....

ഞാൻ പറയുന്നത് കേട്ട് അവിടെ ഇരുന്നോണം.... അവൾ കൈ വിരൽ ചൂണ്ടി പറഞ്ഞു......

അവൻ മുഖം ചുളിച്ചു അവളെ നോക്കി അവിടെ ഇരുന്നു.....

ഡോ പൊട്ടാ.... നീ പാസ്പോർട്ട് എന്ന് കേട്ടിട്ടുണ്ടോ..... കണ്ടിട്ടുണ്ടോ..... അങ്ങനെ ഒരു സാധനം ഉണ്ട്.

ഇന്ത്യക്ക് പുറത്തോട്ട് പോകുമ്പോ ഈ സായിപ്പന്മാർ ഉണ്ടല്ലോ അങ്ങോട്ട് ഇങ്ങോട്ട് പോകുമ്പോ സീൽ വെക്കും....

കണ്ടിട്ടുണ്ടോ അത്..... കണ്ടിട്ടുണ്ടോന്ന്....

അവൾ ഒച്ചയെടുത്തതും അവൻ തലയാട്ടി......

എന്ന നിന്റെ പാസ്പോർട്ട്ൽ ഉണ്ടല്ലോ അതില്ല. നീ ലണ്ടനിൽ പോയിട്ട് ഇന്ത്യക്ക് പുറത്തേക്ക് എട്ടു മാസം ആയി പോയിട്ടില്ല...... പിന്നെ പറന്നാണോ നീ പോയത്...... നിനക്ക് ചിറകുണ്ടോ..അവൾ പുച്ഛത്തോടെ അവനെ നോക്കി.

റിസ പറഞ്ഞത് സത്യം ആണെന്ന് അറിഞ്ഞിട്ടും തോൽക്കാൻ മനസ്സില്ലാതെ അവൻ പറഞ്ഞു.

അവൾ ഇങ്ങോട്ട് വന്നത്.... ഇന്ത്യയിലേക്ക്

അവൾ കൈകൊട്ടി പൊട്ടിച്ചിരിച്ചു.....

അവൾ നാട്ടിൽ വന്നിട്ട് മൂന്ന് മാസം ആയുള്ളൂ..... ഞാൻ ആടോ അവൾക്ക് നാട്ടിൽ വന്നപ്പോ ടുറിസ്റ്റ് ഹോം സെറ്റ് ചെയ്തു കൊടുത്തത്...... അവൾ അവളെ ഫ്രണ്ടിനെ കൂട്ടിയ ഞാൻ വർക്ക് ചെയ്ത ഓഫീസിൽ വന്നത്..... എനിക്ക് ഫാഷൻ ഡിസൈൻ മാത്രം അല്ല എന്റെ സമിക്കാക്ക് ടുറിസ്റ്റ് ഹോം ഉണ്ട്. അവിടെ ചിലപ്പോൾ ഞാൻ പോകും. അന്ന് ഇവളെയും ഇവളെ ഫ്രണ്ടിനെയും ഞാൻ ആണ് അക്കൗമഡേഷൻ ചെയ്തത്. അവരോട് ഐഡന്റിറ്റി ചോദിച്ചപ്പോ രണ്ടാളും തന്നത് പാസ്സ്പോർട്ട് ആണ്. ഇവൾ ലണ്ടനിൽ നിന്നും കൂടെയുള്ള മറ്റവൾ ജർമ്മനിയിൽ നിന്നും വന്നെന്ന്  അതിൽ അച്ചടിച്ചു വെച്ചിട്ടുണ്ട്.

ഓർമ്മയുണ്ടോ നിനക്ക് ഇവൾ വന്നു എന്നോട് നിന്നെ മറക്കണം പറഞ്ഞത്. അന്ന് എനിക്ക് ഇവളെ എവിടെയോ കണ്ട

ഓർമ ഉണ്ടായിരുന്നു. അതോണ്ട് ഞാൻ ചെക്ക് ചെയ്തു ഇവൾ തന്നെ എന്ന് ഉറപ്പിച്ചു. നിന്റെ കൊച്ചാണെന്ന് പറഞ്ഞപ്പോ അത് വിശ്വാസം

ആയില്ലെങ്കിലും ഞാൻ ഒന്നൂടി ചെക്ക് ചെയ്തു ഉറപ്പിച്ചു നിന്റെ അല്ലെന്ന്. ഇനി എന്നോട് പറയോടോ ആ കൊച്ചു നിന്റെ ആണെന്ന്..... പറയോ.... അവൾ അവന്റെ കോളറയിൽ കുത്തിപിടിച്ചു ചോദിച്ചു.

അവൻ ഒരു ദീർഘനിശ്വാസം ഇട്ടു അവളെ കൈ എടുത്തു മാറ്റി എഴുന്നേറ്റു.

നിനക്ക് എങ്ങനെ എന്റെ പാസ്പോർട്ട് കിnട്ടിയത്....

നിനക്കും ആ നൈഹാക്കും ഇജുക്ക പാരീസിലേക്ക് ഹണിമൂൺ ട്രിപ്പ് സർപ്രൈസ് ആയി പ്ലാൻ ചെയ്തിരുന്നു. അതിന്റെ കാര്യം ഒക്കെ ചെയ്തത് ഓഫീസിൽ നിന്നാണ്. നിന്റെ പാസ്പോർട്ട് ആയോണ്ട് ഒരു കൗതുകം.... അങ്ങനെ നോക്കി.

സത്യം അറിഞ്ഞിട്ടും ആരോടും പറയാഞ്ഞത് എന്ത് കൊണ്ട.... സമാധാനത്തിൽ ആയിരുന്നു അവൻ ചോദിച്ചത്.....

അവൾക്ക് നിന്നോട് പ്രണയം ആയിരുന്നു

ആ കണ്ണുകളിൽ ഞാൻ കണ്ടതാ അത്...

അവളുണ്ടല്ലോ നിന്നെ നോക്കുമ്പോ അവളെ കണ്ണുകൾ പ്രണയം കൊണ്ട് വിടർന്നിരുന്നു കവിളൊക്കെ ബ്ലഷ് അടിച്ചു എന്താ പറയാ ഈ പ്രണയം കൊണ്ട് പൂത്തുലയുക എന്നൊക്കെ പറയില്ലേ അത് പോലെ ആയിരുന്നു അവൾ..... എനിക്ക് അറിയാം പ്രണയിക്കുന്ന ആളെ കിട്ടാത്ത വിഷമം....

അതോണ്ട് ആരോടും പറഞ്ഞില്ല. ഏതായാലും നീ അവളെ കെട്ടും... അപ്പൊ ആ കുഞ്ഞു ആരുടെ ആയാലും നിനക്ക് പ്രോബ്ലം ഇല്ല. അതോണ്ട് ആരും അറിയണ്ട കരുതി...... അവൾ നല്ല കുട്ടിയ നിനക്ക് ചേരും..... നല്ല കുട്ടിയാ.....

അവൻ അവളെ തന്നെ ഉറ്റു നോക്കി......

എന്നിട്ടാണോ എന്നെ കാണുമ്പോൾ നീ നേർവസ് ആകുന്നത്...... കള്ളത്തരം പോലെ മുഖം ഒളിപ്പിച്ചു

പോകുന്നത്.. അവൻ പുരികം ചുളിച്ചു അവളെ നോക്കി.

അറിയില്ല..... നിന്നെ കാണുമ്പോ നെഞ്ചിൽ ഒരു കൊളുത്തി വലിച്ചിൽ ആണ്....നിന്നോട് സംസാരിക്കണോന്ന് ഉണ്ട് പക്ഷേ വാക്കുകൾ പുറത്ത് വരുന്നില്ല....നിന്നോട് ഇഷ്ടം അല്ല..... എന്റെ മനസ്സിൽ നീ ഇല്ലെന്ന് വിളിച്ചു പറയണം എന്നൊക്കെ ഉണ്ട്..... നിന്നെ കാണുമ്പോ അത് പറ്റുന്നില്ല.... ഹാർട് നിന്ന പോയ പോലെ തോന്നും.....എനിക്ക് ഒത്തിരി ഇഷ്ടം ആടോ നിന്നെ...... പ്രായപൂർത്തി ആവുന്നതിന്ന് മുന്നേ ഒരുത്തനെ പ്രേമിച്ചതാ.... അത് പ്രേമം മണ്ണാം കട്ട ഒന്നും അല്ല ജസ്റ്റ് അട്രാക്ഷൻ അത്രേ ഉള്ളു..... എന്നിട്ട് കുറ്റബോധം.... ചെയ്തത് തെറ്റാണെന്നു കിസ്സ് കൊടുത്തത് തെറ്റാണെന്ന്.... അവൻ ചതിച്ചിട്ട് പോയത് നന്നായി അതോണ്ടാ പ്രണയം എന്താന്ന് അറിഞ്ഞേ..... എന്നെ നീ നൈഹയുടെ കൂടെ കൂടി കുറെ വേദനിപ്പിച്ചു മനപ്പൂർവം എന്റെ മുന്നിൽ വെച്ചു ക്ലോസ് ആയി ഇടപെട്ടു. ഞാൻ വേദനക്കുമ്പോ നിന്റെ സന്തോഷം ഞാൻ ആ കണ്ണുകളിൽ കണ്ടിട്ടുണ്ട്.അന്നെനിക്ക്

അറിയില്ലാരുന്നു നിന്നെയും ഇനുവിനെയും ചേർത്ത് പറഞ്ഞതിന്ന് എനിക്ക് തരുന്ന ശിക്ഷ ആണെന്ന്.

നിനക്ക് അറിയോ ഈ വിവാഹം നടക്കില്ലെന്നു എനിക്ക് മുന്പേ അറിയാരുന്നു നീ ആനിനെ കാണിക്കുന്നതിന്ന് മുന്നേ.....

അതെങ്ങനെ......

നിന്റെ കല്യാണം മുടങ്ങിയില്ലേ..... നൈഹ സ്റ്റെപ്പിൽ നിന്ന് വീണില്ലേ അന്ന്.... ഇനു ആകെ സങ്കടത്തിൽ ആയിരുന്നു. നിർബന്ധിച്ചു ചോദിച്ചപ്പോ പറഞ്ഞു. നൈഹായെ നീയാണ് തള്ളിയിട്ടെന്ന്....

അവൾക്ക് അറിയാരുന്നോ അന്ന് അത്...

നീ കരഞ്ഞു പോലും എല്ലാരേം മുന്നിൽ വെച്ച്.... അവളെ ഷഹി അവളെ മുന്നിലെ കരയും പോലും.... എത്ര സങ്കടം ഉണ്ടായാലും അവൻ ചിരിച്ചു

കാണിക്കും ഉള്ളിൽ കരഞ്ഞു ആണെങ്കിലും മറ്റുള്ളവരെ ചിരിപ്പിക്കും.... അവളെ മുന്നിൽ മാത്രം ആക്ട് ചെയ്യാൻ പറ്റില്ലെന്ന്. പിന്നെ മറ്റുള്ളോരെ മുന്നിൽ കരഞ്ഞിട്ടുണ്ട് അത് കാണുമ്പോ അവൾക്ക് അറിയാം തട്ടിപ്പ് ആണെന്ന്.

അങ്ങനെ മനസ്സിൽ ആക്കിയത്.... അത് കേട്ടപ്പോ അറിയാതെ ആണെങ്കിലും എനിക്ക് ഒരു പ്രതീക്ഷ വന്നു നിന്നെ എനിക്ക് കിട്ടുന്നു.....ദൂരെ നിന്നു നിന്നെ കാണും സ്നേഹിക്കും.... അതിന്ന് ഒരു സുഖം ഉണ്ടായിരുന്നു.....പിന്നെ അറിഞ്ഞു വിവാഹം വീണ്ടും ഉറപ്പിച്ചുന്നു അപ്പൊ എല്ലാരും കരുതി നീ നൈഹക്ക് മാപ്പ് കൊടുത്തുന്നു. എനിക്ക് ഉറപ്പ് ആയിരുന്നു മാപ്പ് കൊടുക്കൂല്ലെന്ന്. ഒരു വാക്ക് പറഞ്ഞെന എന്നെ കുത്തി നോവിച്ചത് അപ്പൊ എങ്ങനെ നൈഹക്ക് മാപ്പ് കൊടുക്കും..... അതോണ്ട് വിവാഹം നടക്കില്ലെന്നു ഞാൻ ഉറപ്പിച്ചിരുന്നു. പക്ഷേ ആനിനെ കെട്ടുന്നു പറയുന്നു കരുതിയില്ല......

അന്നേരം സങ്കടം വന്നു. പിന്നെ ഓർത്തു ഒരിക്കലും നീയവളെ പ്രണയിക്കില്ല. പിന്നെ കുഞ്ഞിന് വേണ്ടി

സ്വീകരിച്ചേ കരുതി. അത് നല്ല കാര്യം അല്ലേ അതോണ്ട് ആരോടും സത്യം പറഞ്ഞില്ല...

അവൻ അത്ഭുതത്തോടെ റിസയെ നോക്കിയത്...... എന്നും പിടി തരാത്ത ഒരു കാരക്റ്റർ ആണ് ഇവൾ. സ്നേഹിക്കുന്നവർ ഒന്നകാൻ സ്വയം ഒഴിഞ്ഞു കൊടുക്കുന്നവൾ..... അവൻ ഒരു നിമിഷം മിണ്ടാതിരുന്നു.... പിന്നെ സംസാരിച്ചു....

ആൻ എന്റെ ബെസ്റ്റ് ഫ്രണ്ട് ആയിരുന്നു.

അവൾക്ക് എന്നെ ഇഷ്ടം ആയിരുന്നു.

എനിക്ക് അങ്ങനെ ഇത് വരെ തോന്നിയിട്ടില്ല. അവൾക്ക് ഇനുവിന്റെ കാര്യം അറിയാരുന്നു. അതോണ്ട് അവൾ

അത് വിട്ടു. പിന്നെ അവിടുള്ള ഒരാളെ സ്നേഹിച്ചു അതിൽ പ്രഗ്നൻറ് ആയി. അവൻ ചതിച്ചു. വീട്ടിൽ നില്കാൻ പറ്റാതയപ്പോ ഇങ്ങോട്ട് വന്നു. ചാകാൻ വരെ പോയതാ.... ഞാൻ കൂടെ കൂട്ടി. നീ പറഞ്ഞത് പോലെ എനിക്കിനി ഒരു പ്രണയം ഒന്നും ഉണ്ടാവില്ല.

പിന്നെ ആ കൊച്ചിന് എങ്കിലും ഒരു ജീവിതം ഉണ്ടാവട്ടെ കരുതി..... അതിന്ന് അച്ഛനെ അമ്മയെ കിട്ടുമല്ലോ.....

അവൾ ഒന്ന് മൂളി.....

എന്നോട് ഒരിക്കലും ഇഷ്ടം തോന്നിയിട്ട് ഇല്ലേ...... അവൾ അവനോട് കൊഞ്ഞിപ്പോടെ ചോദിച്ചു....

അവൻ മിണ്ടിയില്ല.....

എനിക്ക് അറിയാം ഇല്ലെന്ന്..... റിസ ചീത്തയ അല്ലേ..... അതോണ്ടാണോ ഇഷ്ടം അല്ലാതെ..... എന്നെ കാണാൻ ഭംഗിയില്ലേ..... അവൾ അവളെ തന്നെ നോക്കി.....

അവന്റെ ചുണ്ടിൽ ചിരിയരുന്നു വന്നത്

നീ സുന്ദരിഅല്ലേ പംകിൻ പോലെ....

പംകിൻ..... ഞാൻ മത്തങ്ങാ ആണോ...
ഉരുണ്ടിട്ട് ആണോ അവൾ ചുറ്റും വട്ടം കറങ്ങി.....

ഒന്നൂല്യ കൊച്ചേ.... നീ ആദ്യം നേരെ നിൽക്ക് അവൻ പിടിച്ചു നിർത്തിച്ചു...

അവളുടെ മുഖവും കോലവും ആകെ വൃത്തികേട് ആയിരുന്നു. കണ്മഷി ഒക്കെ പരന്നു..... ചുണ്ടിലെ ലിപ്സ്റ്റിക് എല്ലാടത്തും ആയി.... അവൻ അവളെ ഷാൾ എടുത്തു മുഖം തുടച്ചു. കണ്ണ് തുടച്ചു... ചുണ്ടിൽ തൊട്ടതും അവൾ മുഖം വെട്ടിച്ചു.....

ഇതെന്തിനാ ആദ്യം വാരി പൂശിയെ....

നീ കിസ്സ് തന്നപ്പോ ഞാൻ അത് വേണ്ടെന്ന് വെച്ചതാ..... പിന്നെ തോന്നി മറ്റൊരാളെ സ്വന്തം ആണ്.... അതോർക്കുന്നത് തന്നെ തെറ്റാണ്

എന്നൊക്കെ അതോണ്ട് വീണ്ടും യൂസ് ചെയ്തു.....

അവളുടെ സംസാരം ഒക്കെ വല്ലാത്ത നിഷ്കളങ്കത തോന്നിച്ചു അവന്ന്.

എനിക്ക് ഒരിക്കലും നിന്നെ സ്വീകരിക്കാൻ ആവില്ല റിസ..... നീ എന്നെ മറക്കണം.....

വീട്ടുകാരെ വേദനിപ്പിക്കാതെ വിവാഹത്തിന് സമ്മതിക്കണം.....

പറ്റുന്നില്ല എനിക്ക്..... അവൾ അത് പറഞ്ഞു മുഖം പൊത്തി പൊട്ടികരഞ്ഞു.

എന്നെ നീ സ്നേഹിക്കുന്നത് സത്യം അല്ലേ അപ്പോൾ....

അവൾ കൈ മാറ്റി അവന്നെ നോക്കി.

സത്യം ആണെങ്കിൽ ഈ നിമിഷം തൊട്ട് നീ എന്നെ ഓർക്കാൻ പാടില്ല.... കാത്തിരിക്കാൻ പാടില്ല......

അവൾ ഒന്നും മിണ്ടിയില്ല....

നിന്റെ ജീവിതം കൂടി ഞാൻ കാരണം നശിക്കുന്നു എന്ന് ആലോചിച്ചു എന്നെ വേദനിക്കാൻ ഇട വരുത്തല്ലേ മറിയാമ്മോ

മറിയാമ്മോ വിളിയിൽ വാത്സല്യവും സ്നേഹവും സങ്കടവും കലർന്നിരുന്നു എന്ന് അവൾക്ക് തോന്നി.

വാക്ക് താ.... എനിക്ക്.... മറ്റൊരു വിവാഹതിന്ന് സമ്മതിക്കുന്ന്.....

അവന്റെ ദയനീയ മുഖം കണ്ടു അവൾ കണ്ണ് തുടച്ചു.... മുഖത്ത് ചിരി വരുത്തി.

ഒന്ന് പോടാ അവിടുന്ന് നിന്നെ ഓർത്തിരിക്കാൻ എന്റെ പട്ടി വരും.... ഇതിപ്പോ പുലിവാൽ കല്യാണത്തിൽ ജഗതി മോതിരം ഇടുന്ന പോലെയാ എന്റെ അവസ്ഥ..... നിന്റെ വിവാഹം മുടങ്ങുമ്പോ ഒരു പ്രതീക്ഷ വരും........ കുറച്ചു കഴിയുമ്പോ അത് പോകും..... വീണ്ടും പ്രതീക്ഷിക്കും വീണ്ടും നഷ്ടപ്പെടും..... ഞാൻ ദാ ഇവിടെ വെച്ചു നിർത്താൻ പോകാണ് എല്ലാം.... നിന്നോട് തുറന്നു പറഞ്ഞപ്പോ ഒരു ആശ്വാസം ഉണ്ട്... മനസ്സ് ഒക്കെ ക്ലിയർ ആയി. ഇനി ഒരിക്കലും എന്റെ മനസ്സിൽ നീ ഉണ്ടാവില്ല.... ഞാൻ ഇപ്പൊ ഈ നിമിഷം നിർത്തി എല്ലാം നിർത്തി..... അവൾ പുച്ഛത്തോടെ നോക്കി പറഞ്ഞു...തിരിഞ്ഞു നടന്നു. പെട്ടെന്ന് നിന്നു.

ഒരു കാര്യം ചോദിച്ചോട്ടെ ....

ഞാൻ കള്ള് കുടിച്ചുന്ന് ആര് പറഞ്ഞു.....

അത്..... പിന്നെ..... പിന്നെ... അവൻ കിടന്നു വിക്കി....

അത് കണ്ടപ്പോ തോന്നി..... പറഞ്ഞു ഒപ്പിച്ചു...

അപ്പൊ ഗുഡ് നൈറ്റ്‌.... ഞാൻ പോകാ പറഞ്ഞു നടന്നെങ്കിലും അവൾ വെച്ചു പോയിരുന്നു.... വീഴാൻ നോക്കിതും അവൻ പിടിച്ചു....

ഐ ആം ഒക്കെ.... ഒക്കെ.... നേരെ നിക്കാൻ നോക്കിതും അവൾ വീണ്ടും വീഴാൻ നോക്കി. അവൻ കയ്യിൽ എടുത്തു ബെഡിൽ കിടത്തി......

എനിക്ക് പോണം..... എന്നെ വിടെന്ന് കുഴഞ്ഞ ശബ്ദത്തിൽ പറഞ്ഞു പിന്നെ ഉറക്കിലേക്ക് വീണു.....

വല്ലാത്ത ജന്തു തന്നെ..... അവൻ മുടിയിൽ കൊരുത് പിടിച്ചു പറഞ്ഞു തിരിഞ്ഞപ്പോൾ പിന്നിൽ ആൻ.....

എല്ലാരോടും എന്റെ കൂടെ റൂമിൽ ഉണ്ട് മെഡിസിൻ

കഴിച്ചു കിടന്നു പറഞ്ഞു.....

എന്നെ കാണണ്ട എല്ലാരും അന്വേഷിച്ചു വരും.... അതും പറഞ്ഞു പോകാൻ നോക്കിതും ആൻ കയ്യിൽ പിടിച്ചു വെച്ചു

ഇവളെ മാര്യേജ് ഉറപ്പിച്ചു പറഞ്ഞത് കള്ളം ആണല്ലേ.....

അങ്ങനെ പറഞ്ഞോണ്ട് ആണല്ലോ നീ എന്റെ കൂടെ വന്നത്..... എന്റെ കുഞ്ഞാണെന്ന് സമ്മതിച്ചത്.... അവൻ ചെറു ചിരിയോടെ പറഞ്ഞു....

നിനക്ക് ഇവളെ മാര്യേജ് ചെയ്തോടെ ഷഹി......

അവന്റെ മുഖത്ത് വേദന കലർന്ന ചിരി വിരിഞ്ഞു. എനിക്ക് പറ്റില്ല ഒരു പെണ്ണിനേയും എന്റെ ജീവിതത്തിൽ കൂടെ കൂട്ടാൻ അവൾക്ക് ഒരു ജീവിതം

കൊടുക്കാൻ..... നൈഹയുടെ കാര്യത്തിൽ ഇങ്ങനെ ഒക്കെ സംഭവിച്ചതിൽ ഏറ്റവും കൂടുതൽ സന്തോഷം എനിക്ക് ആണ്. അവളെ ജീവിതം ഞാൻ കാരണം നശിക്കുന്നുള്ള പേടി ആയിരുന്നു മനസ്സിൽ മൊത്തം. ഇനുവിന്റെ സങ്കടം കണ്ടപ്പോ പെട്ടെന്ന് സമ്മതിച്ചു പോയതാ ആ വിവാഹത്തിന്.

ബാപ്പ അങ്ങനെ ഒരു തീരുമാനം എടുക്കുന്നും അത് എതിർത്തു റിസയെ എല്ലാരും കൂടി എന്നെ കെട്ടിക്കും.... രണ്ടിൽ ഒന്ന് സംഭവിക്കുന്നു ഉറപ്പുള്ളോണ്ട നിന്റെ കാര്യം ഞാൻ പറഞ്ഞത്..... എനിക്ക് ഈ ജന്മം ഒരു കൂട്ട് വേണ്ടെടോ.....

എന്താടാ ഇങ്ങനെ ഒക്കെ മറന്നോടെ എല്ലാം ...

നിന്റെ കൊച്ചിന് ഒരു തന്തയെ വേണം..... അത് ഞാൻ ആയിക്കോട്ടെ..... ഈ ജന്മം അങ്ങനെ പോട്ടെടോ.... അവളെ കവിളിൽ ഒരു തട്ട് കൊടുത്തു അവൻ ഇറങ്ങി പോയി......

കുറച്ചു കഴിഞ്ഞു റിസ എഴുന്നേറ്റു...

അവൾ ചുറ്റും നോക്കി.... ഏതോ ബെഡിൽ കിടക്കുകയാണ്..... ഏതാ ഈ റൂം..... ഞാൻ എവിടെയാ.. .... ഒന്നും ഓർമയില്ലാതെ അവൾ ഞെട്ടിപ്പകച്ചു എഴുന്നേറ്റു.

അപ്പോഴാ ബാത്റൂമിൽ നിന്നും ഷഹി ഇറങ്ങി വന്നത്......

ഡോ.... ഞാൻ എവിടെയാ.... നീയെന്താ ഇവിടെ .....

ഒന്നും ഓർമയില്ലാത്ത പോലെ ചോദിക്കുന്ന കേട്ട് അവൻ കണ്ണ് മിഴിച്ചു അവളെ നോക്കി......

ആനും പരസ്പരം നോക്കി....

ആനിനെ കണ്ടതും അവൾക്ക് ആശ്വാസം തോന്നി...... ഞാൻ റിസപ്ഷൻ ഉണ്ടാരുന്നു

പെട്ടെന്ന് തല കറങ്ങി..... വേറൊന്നും ഓർമ കിട്ടുന്നില്ല അവൾ തലക്ക് കൈ കൊടുത്തു ആലോചിച്ചു നിന്നു. ഒന്നും ഓർമ കിട്ടുന്നില്ലല്ലോ........

ഷഹി അവളെ തന്നെ നോക്കി.....

ഇന്നലെ അവളോട് സംസാരിച്ചത് മൊത്തം വേസ്റ്റ് ആയെന്ന് അവന്ന് മനസ്സിൽ ആയി. ഇനി ഓർമിപ്പിച്ചു വീണ്ടും പ്രോബ്ലം ഉണ്ടാക്കേണ്ട..... ഇവളായിട്ട് കൊച്ചിന്റെ കാര്യം ആരോടും പറയുകയും ഇല്ല. ഇന്നലെ വെളിവില്ലാതെ എന്നോട് സംസാരിച്ചത് മൊത്തം.....

നിനക്ക് തലവേദനിക്കുന്നു പറഞ്ഞു ആനിന്റെ കൂടെ ഇങ്ങോട്ട് വന്നു. ഇവിടെ കിടന്നു ഉറങ്ങി..... ഇനിയൊന്നും എന്റെ റൂമിൽ നിന്നും ഇറങ്ങി പോയി തന്ന ഉപകാരം ഉണ്ടായിരുന്നു ... പൊതുവെ ഉള്ള കലിപ്പിൽ അവൻ പറഞ്ഞു...

നിന്റെ ഒരു റൂം...... ആർക്ക് വേണം നിന്റെ ഒരു സഹായം ...... അവൾ കലിപ്പിൽ പറഞ്ഞു ഇറങ്ങി പോയി......

പുറത്ത് ഇറങ്ങിയിട്ട് അവൾക്ക് ഒന്നും ഓർത്തെടുക്കാൻ കഴിഞ്ഞില്ല..... എത്ര സ്ഥലം ഉണ്ടായിട്ടും ഇവന്റെ റൂമിൽ തന്നെ എത്തിയല്ലോ ..... നാശം..... അവൾ പിറു പിറുത്ത് കൊണ്ട് നടന്നു.

പാർട്ടിയൊക്കെ കഴിഞ്ഞു എല്ലാരും പോയത് അവൾ കണ്ടു..... ഫാമിലി മാത്രം ഉള്ളു ഇനി... ഒരു ശബ്ദം കേട്ടു അവൾ നോക്കി...... ആരും അതികം ശ്രദ്ധിക്കാത്ത ഇടത് ഷദയും സാമിക്കയെും നില്കുന്നത് കണ്ടു.....

ആരും കാണാതെ റോമാൻസ് ആണല്ലേ...

അവൾ പിന്നിലൂടെ പോയി പറഞ്ഞു.

റോമാൻസ്.... പുല്ല്..... എന്റെ നല്ലൊരു ദിവസം കളഞ്ഞിട്ട് അവളെ ഒരു കിന്നാരം..... സമി അവളെ കലിപ്പോടെ നോക്കി ....

ആരാ റിസ ആ പെണ്ണ്..... ശദ കരഞ്ഞോണ്ട് ചോദിച്ചു

ഏത് പെണ്ണ്.... നീയെന്തിനാ കരയുന്നെ റിസ ഞെട്ടലോടെ അവളെ നോക്കി....

നിന്റ ഇക്കാന്റെ രണ്ടാമത് കെട്ടിയ പെണ്ണ്.

നീ വേറെയും കെട്ടിയ..... റിസ കളിയാക്കി കൊണ്ട് സമിയെ നോക്കി....

അവൻ കലിപ്പോടെ അവളെ നോക്കി....

നിനക്ക് വട്ടുണ്ടാ ഷദ ഇങ്ങേർ ഒരു ചെറിയ കോഴിയൊക്കെ ആണേൽ ഈ ഇടനെഞ്ചിൽ കേറാൻ മാത്രം ഉള്ള ഒരു പെണ്ണ് ഉണ്ടായിട്ടില്ല മോളെ..... ഇങ്ങനെ ഫ്രഷ് ആയ ഒരുത്തനെ കുറിച്ച് അപവാദം പറഞ്ഞാ ഉണ്ടല്ലോ ബാബി ആണെന്ന് നോക്കുല രണ്ടു കീർ വെച്ചു തരും പറഞ്ഞില്ലെന്നു വേണ്ട..... റിസ ശദയെ നോക്കി കണ്ണുരുട്ടി.....

നീ അപ്പൊ നേരത്തെ പറഞ്ഞതോ......

ആ..... ആര് പറഞ്ഞു.... എനിക്ക് ഓർമയില്ല.... അത് പറഞ്ഞു അവൾ പോയി......

കണ്ടോ പോത്തേ..... ഇതിനായിരുന്നില്ലേ ഞാൻ ചതിച്ചു പറഞ്ഞു ഇത്രയും നേരം മോങ്ങിയത്...., സമി കലിപ്പോടെ അവളെ നോക്കി.....

അവൾ ഇളിച്ചു കാണിച്ചു കൊണ്ട് സോറി പറഞ്ഞു...... അവൻ മൈന്റ് ആക്കാതെ തിരിഞ്ഞു നിന്നു....

ഇജു റാനിയും കൈ കോർത്തു പിടിച്ചു സംസാരിക്കുന്നത് കണ്ടു. അവൾ അവരെ നടുക്കൂടെ ഒറ്റ പോക്ക്. രണ്ടാളും കൈ വേർപ്പെട്ടു ഞെട്ടലോടെ തിരിഞ്ഞു നോക്കി.

അതേ നോ ടച്ചിങ്...... സംസാരിക്കാനുള്ള ലൈസൻസ് തന്നിട്ടുള്ളൂ...റിസ ചിരിയോടെ പറഞ്ഞു കൊണ്ട് ഓടി.....

അവർ അവളെ നോക്കിയപൊഴേക്കും അവൾ ഓടിയിരുന്നു......

ഇജു അവളെ തന്നെ നോക്കി നിന്നു.....

ഷഹിക്ക് ഇവളായിരുന്നു ചേർന്നത് അല്ലേ റാനി ചിരിയോടെ പറഞ്ഞു.....

ഇജ്ജുന്റെ മുഖത്ത് ഒരു നഷ്ടബോധം പടർന്നു...... വേദന കലർന്ന ചിരിയോടെ റാനിയെ നോക്കി. അത് മനസ്സിൽ ആയ റാനി അവന്റെ കയ്യിൽ ചേർത്ത് പിടിച്ചു.

ഒരു ദീർഘ നിശ്വാസത്തോടെ അവൻ തിരിച്ചു കൈ പൊതിഞ്ഞു പിടിച്ചു.

ജുനു നജയെ കെട്ടിപിടിച്ചു നില്കുന്നത് കണ്ടു.

ഇതെന്താ ലവേഴ്സ് പാർക്കോ.....എവിടെ നോക്കിയാലും റോമാൻസ് ആണല്ലോ പടച്ചോനെ...... അവൾ കണ്ണ് പൊത്തി വിരലുകൾക്കിടയിലൂടെ നോക്കി പറഞ്ഞു......

ജുനുവും നജയും അവളെ ഇളിച്ചോണ്ട് നോക്കി....

നജ ചമ്മലോടെ ജുനുവിന്റെ പിറകിൽ ഒലിച്ചു......

പോടീ..... എന്ന് പറഞ്ഞു ജുനു കൈ വീശിയത്തും അവൾ ഒഴിഞ്ഞു മാറി. നിങ്ങൾ ഒക്കെ ഇങ്ങനെ എങ്കിൽ റൊമാൻസ് കപ്പിൾ എങ്ങനെ ആയിരിക്കും ഇനി കണ്ണ് കെട്ടി പോകേണ്ടി വരോ..... അവൾ പോകുമ്പോൾ വിളിച്ചു ചോദിച്ചു.....

അസൂയ പാടില്ല മോളെ..... പറഞ്ഞത് കേട്ട് തിരിഞ്ഞു നോക്കുമ്പോഴേക്കും ചെവിയിൽ പിടിത്തം വീനിരുന്നു... അവൾ എരിവ് വലിച്ചു തിരിഞ്ഞു നോക്കി..... ഫൈസ്..... കൂടെ ഇനുവും ഉണ്ട്......

ഞങ്ങൾ റോമാൻസ് ആണോ.... അവൻ അവളെ നോക്കി കണ്ണുരുട്ടി.

അവൾ ഇളിച്ചോണ്ട് കൈ തട്ടി മാറ്റി ഓടി..

നിങ്ങൾ കാരണം പലരെയും കിളികൾ പോക്കാ മക്കളെ. ബാക്കിയുള്ളോരേ വഴി തെറ്റിക്കതിരുന്നാൽ മതി....... അവൾ വിളിച്ചു പറഞ്ഞു......

അവൻ ചിരിയോടെ അവളെ നോക്കി.....

കള്ളും കുടിച്ചു ബോധം ഇല്ലാതിരുന്ന പിശാജ് ആണ്. കെട്ടിറങ്ങിയോ അവളെ...

അവൻ ചിരിയോടെ മനസ്സിൽ ഓർത്തു...

എന്താ പറഞ്ഞെ കേട്ടില്ല...... ഇനു ഫൈസിയെ നോക്കി ചോദിച്ചു....

. ഒന്നും ഇല്ല ഖൽബെ..... വീട്ടിൽ പോകണ്ടേ എന്ന് പറഞ്ഞു അവളെ ചുമലിലൂടെ കയ്യിട്ടു......

അപ്പോഴും അവന്റെ മനസ്സിൽ മുഴുവൻ ശഹിയും റിസയും സംസാരിച്ചത് ആയിരുന്നു. ആൻ അവളെ വിളിച്ചോണ്ട് പോയതും...... റിസയുടെ ബീഹാവിയർ

കണ്ടു ഡൌട്ട് തോന്നിയ പിറകെ പോയത്

ബാൽകണിയിൽ വെച്ചു സംസാരിച്ചത് മൊത്തം അവനും കേട്ടിരുന്നു.....

ആരുടേ കൊച്ചായിരിക്കും അത്..... ഷഹി

എന്തിന് അതേറ്റെടുത്തു....... ഒരു പാട് സംശയങ്ങൾ അവന്റെ മനസ്സിൽ നിറഞ്ഞു നിന്നു....

❤️💔INVISIBLE LOVE 💔❤️

Love after 💘marriage 🌷120🌷

റിസ കൊടുത്ത പാൽ ഗ്ലാസ് എടുത്തു മണിയറയിലേക്ക് പോകുമ്പോൾ എന്തെന്നില്ലാത്ത ഒരു വിറയൽ അവളിൽ പടർന്നിരുന്നു...... സാരിയുടുത്തു മുല്ലപ്പൂ ഉടുത്തു റൂമിൽ പോയ മതി എന്ന് പറഞ്ഞു ഷാനയും റിസയും കൂടി ആയിരുന്നു ഒരുക്കി കൊടുത്തത്.... അവൾ വേണ്ടെന്ന് പറഞ്ഞിട്ടും അത്യാവശ്യം ഓർണമെൻറ്സ് ഇട്ടു

കൊടുത്തു....

അവൾ വാതിൽ തുറന്നു മെല്ലെ അകത്തേക്ക് കയറി..... സമി ഫോൺ നോക്കി സോഫയിൽ ഇരിക്കുന്നത് കണ്ടു..... അവളെ കണ്ടിട്ടും വലിയ മൈൻഡ് ഒന്നും ഇല്ലാതെ ഇരുന്നു.

അവൾ ഒന്ന് ചുമച്ചു എങ്കിലും അവൻ തിരിഞ്ഞു നോക്കിയില്ല.....

സോറി...... പെട്ടെന്ന് റിസ അങ്ങനെയൊക്കെ പറഞ്ഞപ്പോ പറ്റിപോയതാ..... അതിപ്പോ എന്റെ സ്ഥാനത് സമിക്ക ആണെങ്കിലോ ഒന്നാലോചിച്ചു നോക്കിയേ......

എന്റെ കല്യാണം വേറെ കഴിഞ്ഞത് ആണെന്ന് പറഞ്ഞ വിശ്വസിക്കില്ലേ.....

ഞാൻ അപ്പൊ തന്നെ അയാൾക്ക് നിന്നെ കൊടുത്തിട്ട് പോരും ഞാനോ പെട്ടു അയാൾ അങ്ങനെ സ്വസ്ഥം ആയി ഇരിക്കേണ്ട കരുതും.......

സങ്കടം നിറഞ്ഞ മുഖം കലിപ്പ് വന്നു നിറഞ്ഞു..... ദേഷ്യത്തോടെ അവനെ നോക്കി ഇടുപ്പിൽ കൈ വെച്ചിട്ട് അവനെ നോക്കി.....

അപ്പൊ ഞാൻ സ്വസ്ഥതകേട് ആണല്ലേ....

പടച്ചോനെ കയ്യിന്ന് പോയോ.....

പെണ്ണ് നാഗവല്ലി ആയല്ലോ....... ഇന്നലെയോ ഒന്ന് കാണാൻ കിട്ടിയില്ല. രണ്ടാമത്തെ രാത്രി പണി ഇരന്നു വാങ്ങേണ്ട...... അവൻ മനസ്സിൽ പറഞ്ഞു കൊണ്ട് മെല്ലെ എണീറ്റു......

ഞാൻ ഒരു തമാശ പറഞ്ഞത് അല്ലേ......

നിന്നെ പോലെ സുന്ദരിയും സുശീലയും ആയ

പെണ്ണിനെ കിട്ടിയത് എന്റെ ഭാഗ്യം അല്ലേ......അവളുടെ താടിയിൽ പിടിച്ചു കൊഞ്ചലോടെ പറഞ്ഞതും അവൾ മെല്ലെ പുഞ്ചിരിച്ചു......

സത്യം ആണോ..... അവൾ കണ്ണ് വിടർത്തി മുഖം ഒക്കെ ബ്ലഷ് അടിച്ചു നാണത്തോടെ ചോദിച്ചതും അവന്റെ കിളിയൊക്കെ പോയിരുന്നു...... ഇത്രേം ഉള്ളോ ഇവൾ.....

ഇത്രയൊക്കെ നാണിച്ച മതിയോ ചേട്ടാ....

ഇപ്പൊ എന്നെ കാണാൻ സുന്ദരിയും സുശീലയും ഒക്കെ ആയി തോന്നുന്നില്ലേ...

ആക്കിയത് ആണല്ലേ..... അവൻ ഇളിച്ചോണ്ട് ചോദിച്ചു.....

അവൾ അതേയെന്ന് തലയാട്ടി.......

ഇപ്പൊ പരസ്പരം സെയിം ആയി.... പ്രോബ്ലം സോൾവ്...... എന്തിനടി നല്ലൊരു ദിവസം കളയുന്നെ......

അവൾ നാണത്തോടെ മുഖം കുനിച്ചു...

പാൽ അവന്ന് നേരെ നീട്ടി......

ഇത് ഒറിജിനൽ ആണോ ഡ്യൂപ്ലിക്കേറ്റ് ആണോ..... ഏതായാലും ചോദിച്ചിട്ട് പണി കിട്ടണ്ട..... അവൻ അവളുടെ കയ്യിൽ ഉണ്ടായിരുന്ന പാൽ വാങ്ങി വായിലേക്ക് വെച്ചതെ അവന്ന് ഓർമ്മയുള്ളൂ...... അവൻ ബാത്റൂമിലേക്ക് ഓടിയിരുന്നു.....

ഉപ്പിൽ പാലോഴിച്ചത് ആണെന്ന് അവന്ന് തോന്നിയത്.....

അവന്ന് വായ ഒന്നും എത്ര കഴുകിയിട്ടും ഉപ്പ് രുചി പോകാത്ത പോലെ തോന്നി.... കുറച്ചു കുടിച്ചും

പോയത് കൊണ്ട് വോമിറ്റ് ചെയ്യാൻ പോലും തോന്നിപ്പോയി......

ശദ അന്തം വിട്ടു പാലും അവനെയും മാറി മാറി നോക്കി... സംശയം തോന്നി അവൾ വിരൽ കൊണ്ട് പാൽ തൊട്ട് നോക്കി. ഉപ്പ് കൊണ്ട് അവൾക്ക് ഒക്കാനം വന്നു...... എന്നാലും എന്റെ റിസ ഇത്രയും വേണ്ടായിരുന്നു......

നിനക്ക് ആരാ പാൽ തന്നെ..... സമിയുടെ ചോദ്യം കേട്ട് അവൾ നോക്കി.....

അത് റിസ......

ആഹാ ബെസ്റ്റ് അടുക്കള ഏതാണ് അറിയാത്ത അവൾ പാൽ എടുത്തു തന്നപ്പോ തന്നെ നിനക്ക് ഓർത്തുടെ പണിയാണെന്ന്.....

**അവൾ വെളുത്ത പൊടി തന്നെ ഇട്ടത്.....**

**അപ്പൊ നിനക്ക് അറിയില്ലേ പഞ്ചസാര ആണോ അല്ലയോ എന്ന്.....**

**ടേസ്റ്റ് നോക്കിയ അറിയാം......**

**അപ്പൊ അടുക്കള കാണാറില്ല അല്ലേ.....**

**കണ്ടിട്ടുണ്ട്.... ഞങ്ങളെ വീട്ടിൽ സെർവെൻറ്സ് ഉണ്ട്......**

**എന്റെ പൊന്ന് ഇനൂ.....എന്നോട് ഈ ചതി വേണ്ടായിരുന്നു......അറ്റ് ലീസ്റ്റ് ചായപ്പൊടി പഞ്ചസാര അറിയുന്ന ഒന്നിനെ സെറ്റക്കി തന്നുണ്ടായിരുന്നോ....അവൻ ആത്മഗതം പറഞ്ഞു.**

എന്താ പറഞ്ഞെ.....

ഒന്നുമില്ല.....നിന്നെ കിട്ടിയ സന്തോഷം കൊണ്ട് ഇനുവിനോട് നന്ദി പറയാരുന്നു....

ആകിയതാണോ..... അവൾ മുഖം ചുളിച്ചു

എന്റെ ഫസ്റ്റ് നൈറ്റ്..... അത് ഓർമ ഉള്ളോണ്ട് അവൻ ബാക്കി ഒക്കെ അങ്ങ് വിഴുങ്ങി......

ഉറക്കം വരുന്നു..... കിടന്നാലൊന്ന് ആലോചിച്ചതാ.....

അത് ഞാനും പറയാൻ വരാരുന്നു. എനിക്ക് നല്ല ക്ഷീണം..... അത് പറയലോട്

കൂടി അവൾ ബെഡിൽ കേറി കിടന്നു....

അത് പറയുമ്പോൾ അവളുടെ മുഖത്തെ വെപ്രാളം

അവൻ കണ്ടിരുന്നു.... അവൻ അവളെ നോക്കി കണ്ണടച്ച് കിടക്കുന്നുണ്ട് എങ്കിലും പിടക്കുന്ന മിഴികൾ പറയുന്നുണ്ടായിരുന്നു അവളുടെ കള്ള ഉറക്കം.....

അല്ല ഡ്രസ്സ് മാറ്റി ഓർണമെൻറ്സ് അഴിച്ചു മാറ്റുന്നില്ലേ.... ഇതിട്ട കിടക്കുന്നെ.....

അവൾ പെട്ടന്ന് എഴുന്നേറ്റു ഇരുന്നു....

ഞാൻ ഓർണമെൻറ്സ് അഴിച്ചു വെക്കട്ടെ പറഞ്ഞു....

ഞാൻ ഹെല്പ് ചെയ്ത പോരെ..... ചെവിയിൽ ആയി അവന്റെ ശബ്ദം കേട്ടതും അവളിലൂടെ ഒരു വിറയൽ പടർന്നു കയറിയിരുന്നു..... അവന്റെ ചുണ്ടുകൾ അവളുടെ കഴുത്തിൽ അമർന്നതും ശരീരത്തിലൂടെ മിന്നൽ പിണർ പാഞ്ഞ പോലെ തോന്നി... ഒരു ബലത്തിന് എന്ന വണ്ണം ബെഡിൽ അമർന്നു.... അവൻ അവളെയും കൊണ്ട് ബെഡിലേക്ക് വീണു......

അവൾ ഒരു പിടച്ചിലോടെ അവനെ നോക്കി.... അവളുടെ വിറക്കുന്ന ചുണ്ടുകളിൽ അവന്റെ ചുണ്ടുകൾ അമർന്നു. അവളിൽ നിന്നും ഉതിർന്ന ഏങ്ങലുകൾ പുറത്തേക്ക് വരുന്നതിനു മുന്നേ അവന്റെ ചുണ്ടുകൾ അവളിൽ ആഴ്ന്നിറങ്ങിയിരുന്നു.....

നോക്കണ്ട പിള്ളേരെ അവരെ റൂമിലേക്ക് ഇനി നോ എൻട്രി 🙈🙈🙈🙈🙈അവർ അവരെ ഫസ്റ്റ് നൈറ്റ് ആഘോഷിച്ചോട്ടെ. 🏃🏃

🌷🌷🌷🌷

ഉറങ്ങാതെ എന്തോ ചിന്തിച്ചു കൂട്ടുന്ന ഫൈസിയെ ഇനു നോക്കി നിന്നു.

പാർട്ടി കഴിഞ്ഞു വന്നപ്പോ തൊട്ടുള്ള ചിന്തയാണ്. ഫൈസിന്റെ കപ്പൽ വല്ലോം മുങ്ങിയോ.....

ശഹിയുടെ കാര്യം പറയണോ വേണ്ടയോ എന്നായിരുന്നു അവൻ ചിന്തിച്ചത് മൊത്തം. പറഞ്ഞ ഇനു പ്രോബ്ലം ആക്കിയാലോ ശഹി വീണ്ടും കലിപ്പ് ആകും അതോണ്ട് പറയണ്ട എന്ന് തീരുമാനിച്ചു.

അല്ല സമിയുടെ ഫസ്റ്റ് നൈറ്റ് ഏതായാലും

റിസ വെള്ളത്തിൽ ആക്കി..... പകരം നമുക്ക് ആഘോഷിക്കാലോ എന്ന് ആലോചിച്ചതാ അവൻ കള്ള ചിരിയോടെ അവളെ നോക്കി പറഞ്ഞു......

റിസ അങ്ങനെ പറഞ്ഞതിന്റെ പുകിൽ ശദ കരഞ്ഞു നിലവിളിച്ചത് ഓർത്തു അവൾക്ക് ചിരി വന്നു.അവനെ നാണം കെടുത്തി പറഞ്ഞു സമി മിണ്ടാതെ പിണങ്ങി പോവുകയും ചെയ്തു. അവിടെയിനി എന്താകൊ എന്തോ.....

അപ്പോഴാ ഫൈസിയുടെ മുഖത്തെ ചിരി കണ്ടത്.....

മര്യാദക്ക് കിടന്നു ഉറങ്ങിക്കോ നിങ്ങളെ ഒടുക്കത്തെ നേരം കാലം നോക്കാതുള്ള റൊമാൻസ് കണ്ടു ആ ആൻ വരെ കളിയാക്കി ചിരി തുടങ്ങി.... ഞാൻ ഇപ്പൊ മൂടിപ്പുതച്ച വെളിയിൽ ഇറങ്ങൽ.... അറിയോ

അതെന്തിനാ..... ഒരു കിസ്സ് സീൻ കണ്ടതിനു എന്തിന് മൂടിപ്പുതച്ചു ഇറങ്ങുന്നേ.....

ദാ നോക്ക് പറഞ്ഞു അവൾ ഷാൾ അഴിച്ചു. ഇട്ട നെറ്റി കുറച്ചു താഴ്ത്തി......

പലയിടത്തും ചുവന്ന പാടുകൾ . തന്റെ പ്രണയോപഹാരം ലവ് സിംബൽ ആയി തെളിഞ്ഞു കിടക്കുന്നത് കണ്ടു അവന്ന് ചിരിയാരുന്നു വന്നത്.....

എല്ലാം ഒപ്പിച്ചിട്ട് ചിരിക്കുന്നോ..... അവൾ തലയിണ എടുത്തു ഒരേർ കൊടുത്തു.....

അവൻ കാച് പിടിച്ചു..... കെട്ടിപിടിച്ചു നിന്നോട് ഞാൻവെയിലത്തു നിൽക്കാൻ പറഞ്ഞത് ഇതിനാണ്.....

വെയിലത്തു നിന്ന പോകോ.....

നീ കുറച്ചു കറുപ്പ് അടിക്കാൻ ആടീ ബുദ്ധുസെ പറഞ്ഞത്.... നിന്റെ ഒടുക്കത്തെ തൊലിവെളുപ്പ് കാരണം ഇങ്ങനെ എടുത്തു കാണിക്കുന്നേ.... അവൻ ഇളിച്ചോണ്ട് പറഞ്ഞു.....

അവൾ മുഖം കൂർപ്പിച്ചു അവനെ നോക്കി

ആൻ അല്ലടി മദാമ്മ.... നീയാണ് മദാമ്മ.....

നിന്നോടാരാ വെളുത്തു തുടുത്ത നിറം ആകാൻ പറഞ്ഞിന് ഇനി അനുഭവിച്ചോ...

ഇപ്പൊ എന്റെ നിറതിനാ കുഴപ്പം..... ഇതിന്റെ പേര്

അസൂയ എന്നാണ്...

അസൂയ വെക്കേണ്ട മുതൽ..... അവൻ പുച്ഛത്തോടെ മുഖം കോട്ടി....

ഇതിന് നല്ലൊരു പരിഹാരം ഞാൻ പറഞ്ഞു തരാം....അവൾ അതിനേക്കാൾ പുച്ഛത്തോടെ നോക്കി.

എന്ത് പരിഹാരം.....

അവൾ ബെഡിൽ കേറി കിടന്നു. നടുക്ക് രണ്ടു മൂന്ന് തലയിണയും വെച്ചു.... ഇപ്പൊ എല്ലാ പ്രോബ്ലം തീർന്നു.... അവൾ തിരിഞ്ഞു കിടന്നു....

ആദ്യം ഒക്കെ ആയിരുന്നുവെങ്കിൽ ഉറങ്ങി കഴിഞ്ഞാൽ അവൾ തന്നെ മതിൽ കെട്ടിയ അതും തകർത്തു വരുമായിരുന്നു

അമ്മാതിരി തിരയലും ചവിട്ട് ആണ്. പ്രഗ്നൻറ് ആയത് മുതൽ അവളിൽ അങ്ങനെ ഒരു പ്രവർത്തി അവൻ കണ്ടിട്ടില്ല.... ചേർത്ത് പിടിച്ചാൽ മാത്രം ഒതുങ്ങി കിടക്കുന്നവൾ തന്റെ കുഞ്ഞിന് വേണ്ടി ആദ്യം ശ്രമിച്ചത് അവളുടെ കിടത്തം ആയിരുന്നു. കുഞ്ഞിന് എന്തെങ്കിലും പറ്റോ എന്നുള്ള പേടിയിൽ സ്വയം നിയന്ത്രിച്ചു കിടക്കുന്നോണ്ട് ഒന്ന് തൊട്ടാൽ തന്നെ പെട്ടന്ന് മനസ്സിൽ ആവും

തിരയൽ ഇപ്പൊ ഇല്ല...... അതോണ്ട് ഇങ്ങോട്ട് വരില്ലെന്ന് ഉറപ്പാണ് അവൻ അവന്റെ ജാഡ മാറ്റിവെച്ചു തലയിണ മാറ്റി പിറകിൽ പോയി കിടന്നു കെട്ടിപിടിച്ചു.

ഫൈസ് വേണ്ടാട്ടോ..... അവൾ നീങ്ങി കിടന്നു.

അവൻ വീണ്ടും അടുത്ത് വന്നു കിടന്നതും അവൾ കൈ തട്ടി മാറ്റി.....

അവൻ വയറിലൂടെ കയ്യിട്ടു പിടിച്ചതും അനങ്ങാതെ

അങ്ങനെ തന്നെ കിടന്നു...

ഇനി മാറി കിടക്കുന്നില്ലേ..... അവൾ ഇല്ലെന്ന് പറഞ്ഞു തിരിഞ്ഞു കിടന്നു അവന്റെ നെഞ്ചിൽ മുഖം പൂഴ്ത്തി.....

അതെന്താ പെട്ടെന്ന് വാശി വിട്ടോ....

അടുത്ത സ്റ്റെപ്പ് കുഞ്ഞിനെയാണ് തൊടുന്നെ കുഞ്ഞിനോട് ആണ് സംസാരിക്കുന്നെ എന്ന് പറഞ്ഞു വരും.... അത് പിന്നെ എനിക്കിട്ട് പണിയാവും അതോണ്ട് ഇതാണ് നല്ലത്. എനിക്ക് നല്ല ക്ഷീണം ഉണ്ട് സൊ നന്നായി ഉറങ്ങണം.....

അവന്റെ ചുണ്ടിൽ ഒരു പുഞ്ചിരി വിരിഞ്ഞു.....

അപ്പൊ എന്റെ നെഞ്ചിൽ കിടക്കാൻ ഉള്ള പൂതി കൊണ്ടല്ല...

അല്ലല്ലോ എന്ന് പറയുമ്പോഴും അവന്റെ നെഞ്ചിൽ കിടക്കാതെ തനിക്ക് ഉറക്കം വരില്ലെന്ന് അവൾക്കും അറിയാരുന്നു. അവളുടെ ചുണ്ടിൽ ഒരു പുഞ്ചിരി തത്തിക്കളിച്ചു.....

അവന്റെ ചുണ്ടുകൾ നെറുകയിൽ അമർന്നു.... അവളെയും ചേർത്ത് പിടിച്ചു ഉറക്കിലേക്ക് വീണു.....

🌷🌷🌷🌷

രാവിലെ ഫുഡ് കഴിച്ചു കഴിഞ്ഞതും അവൾ വോമിറ്റ് ചെയ്തു.... അത് സാധാരണ ഉള്ളതോണ്ട് ഫൈസ് കാര്യം ആക്കിയില്ലെങ്കിലും പിന്നെ പിന്നെ ഒരേ വോമിറ്റ് തുടങ്ങി..... അവളും ആകെ ക്ഷീണിച്ചു കുഴഞ്ഞു..... ഇത് സാധാരണ എല്ലാർക്കും ഉണ്ടാകും എന്ന് പറഞ്ഞു എല്ലാരും ആശ്വസിപ്പിച്ചെങ്കിലും ഫൈസ് ഇജുവും ഡോക്ടറേ വിളിപ്പിച്ചു.....

അവളെ ചെക്ക് ചെയ്തു സാധാരണ പ്രഗ്നൻസി

വോമിറ്റിങ് ആണെന്ന് പറഞ്ഞു

നന്നായി റസ്റ്റ് എടുക്കാനും ഫുഡ് കഴിക്കാൻ പറഞ്ഞു പോയി.....

പിന്നീടുള്ള ദിവസങ്ങൾ എന്നും അത് പോലെ തന്നെ ആയിരുന്നു.... അവളുടെ കോലം കാണുമ്പോൾ തന്നെ ഫൈസ്ന് ആയിരുന്നു കൂടുതൽ സങ്കടം..... വോമിറ്റ് ചെയ്തു ചെയ്തു ക്ഷീണം പിടിച്ചു വീഴുമ്പോൾ ഡ്രിപ്പ് ഇടും..... ഇവിടെ വന്നപ്പോ തൊട്ട ഇങ്ങനെ വീട്ടിൽ വെച്ച് ഇങ്ങനെ ഒന്നും ഉണ്ടാകൽ ഇല്ല എന്ന് ഫൈസ് പറഞ്ഞു......

ചിലപ്പോൾ അത് കൊണ്ടാവും നീ തിരിച്ചു അങ്ങോട്ട് പോയിക്കോ പറഞ്ഞു. ഇജുവും വന്നു....ആർക്കും അവളുടെ അവസ്ഥ കണ്ടിട്ട് സഹിക്കുന്നുണ്ടായിരുന്നില്ല.....

അമ്മിജാൻ ഉമ്മയൊക്കെ രണ്ടാളെയും വഴക്ക് പറഞ്ഞു പോകാൻ വിട്ടില്ല.ചിലർക്കൊക്കെ ഇങ്ങനെ

ഉണ്ടാകും പറഞ്ഞു വഴക്ക് പറഞ്ഞു....

ദിവസങ്ങൾ കടന്നു പോയി..... ആനിനെ അവിടെ അവരിൽ ഒരാളായി തന്നെ എല്ലാവരും കൂട്ടി..... ഷഹിക്ക് മാത്രം മാറ്റം ഇല്ലായിരുന്നു..... ആരോടും മിണ്ടില്ല എന്തെങ്കിലും ചോദിച്ച എറിഞ്ഞു പൊട്ടിക്കലും കലിപ്പ് ബഹളവും അത് മാറ്റാൻ ആർക്കും പറ്റിയില്ല.....

🌷🌷🌷🌷

ആൻ ഉറക്കം ഞെട്ടിയതും ശഹി സോഫയിൽ ഇല്ലെന്ന് കണ്ടു എഴുന്നേറ്റു. അവൻ സോഫയിലും അവൾ ബെഡിൽ ആയിരുന്നു കിടക്കൽ....

ബാൽകണിയിൽ നിൽക്കുന്ന കണ്ടു അങ്ങോട്ട് പോയി.....

ഇതെന്താ ഉറക്കം ഇല്ലേ....

അവൻ ഒന്നും മിണ്ടിയില്ല..... അവൻ നോക്കുന്നിടത്
അവളും നോക്കി ഗാഡനിൽ ഫൈസിയുടെ മടിയിൽ
തലവെച്ചു കിടക്കുന്ന ഇനുവിനെ കണ്ടു...

നീയും പ്രഗ്നൻറ് അല്ലേ നിനക്ക് ഇങ്ങനെ ഒന്നും
ഇല്ലല്ലോ..... അവൾ ആണെങ്കിൽ ഹെൽത്തി ആണ്
പിന്നെന്താ കോലം ഒക്കെ ഇങ്ങനെ..... ജീവനുണ്ടോ
എന്ന് പോലും തോന്നുന്നില്ല. പഴയ ചുറുചുറുക്കും
ഒന്നും ഇല്ല.... ഫുഡ് പോലും വായിൽ വെക്കുന്നില്ല....
ഒരേ വോമിറ്റിങ് കണ്ടിട്ട് സഹിക്കുന്നില്ല......

അവളുടെ അവസ്ഥക്ക് നീയാ കാരണം എന്ന് ഞാൻ
പറഞ്ഞാൽ......

ഞാനോ..... അവൻ ഞെട്ടലോടെ ചോദിച്ചു.....

അവൾക്ക് ചുറ്റും എല്ലാം ഉണ്ട്..... ഒന്നിന്റെ കുറവ്
ഇല്ല.....നിന്റെ അവോയ്ഡ്...നീ കാരണം മറ്റുള്ളവരെ
വേദന ഇതൊക്കെ അവളുടെ സന്തോഷതേക്കാൾ

മുകളിൽ ആണ്. അവൾ സന്തോഷഌടിച്ചാലും ഉള്ളിൽ നീയെന്ന നോവ് നിറഞ്ഞു നിൽക്കുന്നത് . നിന്റെ     അവസ്ഥക്ക് കാരണം അവളും കൂടി ആണല്ലോന്ന് ഉള്ള കുറ്റബോധം ആണ് അവളുടെ മനസ്സ് മുഴുവൻ.... ഇപ്പോൾ ഹോർമോൺ ചെയ്ഞ്ച് ഉണ്ടാകുന്ന ടൈം ആണ്. വേണ്ടെന്നു വെച്ചാലും സന്തോഷം സങ്കടം മന്നി മാ റി വരും.... ഇപ്പോൾ അവളിൽ നിറഞ്ഞു നില്കുന്നത് നീയയത് കൊണ്ട് അവളെസന്തോഷം നീ കൊണ്ട് പോകുന്നു. സഡ്നെസ്സ് അവൾക്ക് ഫീൽ ആകുന്നു.....അവളുടെ മനസ്സ്   ബോഡിയിൽ പ്രതികരിക്കുന്നു. അതാണ്

ഇങ്ങനെ..... പോരാത്തതിന് ട്വിൻസ്.....

ന്തോഷം അനുഭവിക്കേണ്ട ടൈമിൽ ആ പാവത്തിന്ന് അത് ആസ്വദി  ക്കാൻപോലും ആകുന്നില്ല......

നീ എന്റെ മനസ്സ് മാറ്റാൻ പറയുന്നത് ആണോ.... അവൻ സംശയത്തോടെ ചോദിച്ചു.....

അവൾ വോമിറ്റ് ചെയ്താൽ എനിക്ക് എന്താ കുഴപ്പം വേണേൽ വിശ്വസിച്ചാ മതി..... ഞാനും കടന്നു പോയതാ ഈ വഴിയിലൂടെയൊക്കെ..... അന്നൊക്കെ താങ്ങായി എനിക്ക് എന്റെ പ്രണയം മാത്രം ഉണ്ടായിരുന്നുള്ളൂ.... നീ ഗൂഗിളിൽ സേർച്ച് ചെയ്തോ അല്ലെങ്കിൽ പ്രഗ്നൻസി ടൈം ഒരു ഗർഭണിക്ക് വേണ്ടുന്നത് കെയറിങ് എല്ലാം കാണാലോ അല്ലേൽ ഡോക്ടർ ചോദിക്ക്..... അതും പറഞ്ഞു അവൾ പോയി.....

അവൻ ഫോണിൽ പ്രഗ്നൻസിയെ പറ്റി മൊത്തത്തിൽ സേർച്ച് ചെയ്തെങ്കിലും വട്ട് പിടിച്ചു ഫോൺ ഓഫാക്കി കിടന്നു വെങ്കിലും ആനിന്റെ വാക്കുകൾ ഒരു കനലായി അവന്റെ ഉള്ളിൽ ഉണ്ടായിരുന്നു.

രാവിലെ എല്ലാവരും ബ്രേക്ക് ഫസ്റ്റ് കഴിക്കുമ്പോൾ ശഹി അവിടെ വന്നിരുന്നു

ആരെയും മൈൻഡ് ആക്കിയില്ലെങ്കിലും

ഉമ്മാ ഫുഡ് എടുക്ക് എന്ന് പറഞ്ഞു.....

ദിവസങ്ങൾക്ക് ശേഷം ആയിരുന്നു അവന്റെ ശബ്ദം അവിടെ കേട്ടത്....

എല്ലാവരും കഴിക്കാൻ മറന്നു ഒരു നിമിഷം സ്റ്റക്ക് ആയി നിന്നു. ഇനുവും ഫൈസി മാത്രം അവിടെ ഇല്ലായിരുന്നു. ഇനു ഫുഡിന്റെ മണം അടിക്കുന്നു പറഞ്ഞു റൂമിൽ നിന്നും ഇറങ്ങാറില്ലരുന്നു. അവൻ അതൊന്നും ശ്രദ്ധിക്കാതെ ഭക്ഷണം കഴിച്ചു പോയി. എല്ലാവരുടെയും കണ്ണിൽ നനവ് പടർന്നിരുന്നു .....

രാവിലെ ഇനുവിനുള്ള ഫുഡ് എടുത്തു റൂമിലേക്ക് വന്ന ഇജുവിന്റെ മുഖം സന്തോഷം കൊണ്ട് തിളങ്ങിയിരുന്നു. ഇനുവും ഫൈസ് അത്ഭുതത്തോടെ നോക്കിയത് അത്......

ഇതെന്താടാ റാനി രാവിലെ തന്നെ ഇത് വഴി എങ്ങാനും വന്നോ ഫൈസ് കളിയാക്കലോടെ ചോദിച്ചു......

ശഹി ഇന്ന് ഷംനമ്മയോട് മിണ്ടി..... ഞങ്ങളുടെ കൂടെ ഇരുന്നു ഭക്ഷണം കഴിച്ചു അവന്ന് സന്തോഷം കൊണ്ടു വാക്കുകൾ ഇടരുന്നുണ്ടായിരുന്നു.

നിങ്ങളോടൊക്കെ മിണ്ടിയോ ദേഷ്യം മാറിയോ..... അവൾ ക്ഷീണം പോലും മറന്നു എഴുന്നേറ്റു നിന്നു ഇജുവിന്റെ മുഖത്തേക്ക് നോക്കി......

ഫൈസ് അവളെ തന്നെ നോക്കി.....

മിണ്ടിയില്ല.... പക്ഷേ ദേഷ്യം ഒന്നും കാണിച്ചില്ല....

എനിക്ക് ഉറപ്പുണ്ട് അവൻ ഇനി നമ്മുടെ ഷഹിയാകും നോക്കിക്കോ...... ഇജു അവളോട് സന്തോഷത്തോടെ പറഞ്ഞു.

ഇനുവിന്റെ മുഖത്തും ഇജുവിന്റെ മുഖത്തെ സന്തോഷം പടരുന്നത് ഫൈസ് ശ്രദ്ധിച്ചു......

ഫൈസ് ഇജുവിന്റെ കയ്യിൽ നിന്നും കഞ്ഞി വാങ്ങി ഇനുവിന്റെ വായിൽ വെച്ചു കൊടുത്തു...... നിർബന്ധിച്ചു കഴിക്കുന്നതിന്റ സ്ഥാനത് മടി കൂടാതെ കഴിക്കുന്നത് അത്ഭുതത്തോടെ അവനും നോക്കി....... അപ്പോ തന്നെ വായും പൊത്തി വാഷ് റൂമിലേക്ക് ഓടിയെങ്കിലും

ഫുഡ് കഴിച്ചു കഴിഞ്ഞു ഉള്ള വോമിറ്റ് ആയതോണ്ട് അവന്ന് സങ്കടം തോന്നിയില്ല.....

അവൾ ഫ്രഷ് ആയി വന്നതും റൂമിൽ നിന്നും പുറത്ത് ഇറങ്ങി..... അവളെ തന്നെ സൂക്ഷിച്ചു നോക്കി ഫൈസ് പിറകെ പോയി.....

അവൾ ശഹിയെ എല്ലാടത്തും നോക്കി..... ഫൈസ് പറഞ്ഞ ശേഷം അവനോട് മിണ്ടാൻ പോക്ക് ഇല്ലായിരുന്നു.....

റൂമിൽ നിന്നും അവന്റെ പൊട്ടിച്ചിരിയും സംസാരം

ഒക്കെ അവൾ കേട്ടു. അവളുടെ ഉള്ളിലും ഒരു തണുപ്പ് പടർന്നു.

അവൾക്ക് വാതിൽ തുറന്നു നോക്കണം എന്നുണ്ടെങ്കിലും അവൾ കൈ വലിച്ചു....

തിരിഞ്ഞു നോക്കിയതും പിന്നിൽ ഫൈസ് കയ്യും കെട്ടി നോക്കി നില്കുന്നുണ്ടായിരുന്നു......

ഇവൻ ആണല്ലേ നിന്റെ ക്ഷീണത്തിന്റെ കാരണം..... അവൻ കൃത്രിമ ദേഷ്യത്തോടെ അവളെ നോക്കി.....

അവൾ മുഖം കുനിച്ചു നിന്നു......

കഴിയുന്നില്ല ഫൈസ് അവനെ കാണുമ്പോ തന്നെ ദേഹം ഒക്കെ തളരുന്ന പോലെയാ..... എനിക്ക് ഒന്നിലും ഒരു സന്തോഷം കണ്ടെത്താൻ കഴിയുന്നില്ല....

വേണംന്ന് വെച്ചിട്ടല്ല..... അങ്ങനെ ആയിപോകുന്നതാ......

അവൻ അവളുടെ മുഖം പിടിച്ചു ഉയർത്തി

എല്ലാവരെയും സന്തോഷിപ്പിച്ചു ജീവിതം മുന്നോട്ട് പോകാൻ ആവില്ല ഇനു....

അവന്റെ സങ്കടങ്ങൾക്ക് നീയല്ല കാരണം.

ഇനിയെങ്കിലും നീയത് ഉൾക്കൊണ്ടേ പറ്റു.

അവളുടെ കണ്ണിൽ നിന്നും വീഴുന്ന കണ്ണുനീർ തുള്ളികൾ അവൻ തുടച്ചു കൊടുത്തു.

നമുക്ക് ഇവിടുന്ന് പോകാം ഇനു. ഇവിടെ നിൽക്കുമ്പോൾ അവനെ കണ്ടോണ്ട് ഇരിക്കും നീ സഡ് ആകും അത് ബാധിക്കുന്നത് നമ്മുടെ കുഞ്ഞുങ്ങളെ കൂടിയാണ്..... എന്റെ ജീവൻ അവർ എനിക്ക് സ്വന്തം എന്ന് പറയാൻ അവരെ ഉള്ളു അത് കൂടി ഇല്ലാതാക്കരുത് നീ..... അവന്റെ കണ്ണും നിറഞ്ഞിരുന്നു.....

അവൾ അവന്നെ കെട്ടിപിടിച്ചു.... അവന്റെ നെഞ്ചിൽ മുഖം ചേർത്ത് നിന്നു.

നമുക്ക് നമ്മുടെ വീട്ടിലേക്ക് പോകാം.....

അവനെ കണ്ടാൽ എനിക്ക് പറ്റില്ല...... ഇവിടെ നിന്ന ഞാനും ശ്വാസം മുട്ടി ചത്തു പോകും.....

അവൻ അവളുടെ പുറത്ത് തലോടി നെറുകയിൽ ചുണ്ടുകൾ ചേർത്തു.....

ഇതൊക്കെ കേട്ട് ഒരു വാതിലിന് അപ്പുറം അവനും ഉണ്ടായിരുന്നു..... അവന്റെ കണ്ണും നിറഞ്ഞിരുന്നു......

വാശി വിട്ടൂടെടാ ഇനിയെങ്കിലും......

അത് പറഞ്ഞതും അവന്റെ മുഖത്തെ ഭാവം ആനിനും മനസ്സിൽ ആയില്ല....

അവന്റെ ഉള്ളിൽ മറക്കണം എന്ന് ഓർത്തതും തെളിഞ്ഞു നിന്നത് അവളെയും അവനെയും ചേർത്ത് പറഞ്ഞ വാക്കുകൾ ആയിരുന്നു......

🌷🌷🌷

ശഹി അന്ന് മുതൽ അധികം മിണ്ടില്ലെങ്കിലും അവരിൽ ഒരാളായി അവരോടൊപ്പം തന്നെ നിന്നു. ദേഷ്യം വാശിയും ഒക്കെ അവന്റെ മുഖത്ത് നിന്നും മാറിയിരുന്നു....

ശഹിയുടെ മാറ്റം എല്ലാർക്കും പുതു പ്രതീക്ഷകൾ നൽകിയെങ്കിലും അതെല്ലാം ഇനുവിന്റെ മുന്നിൽ അവൻ നടത്തുന്ന നാടകം ആണെന്ന് എല്ലാർക്കും പതിയെ മനസ്സിൽ ആയി..... അറിഞ്ഞവർ അത് അറിഞ്ഞതായും ഭവിച്ചില്ല.... കാരണം ഇനുവിന്റെ തളർച്ച അവരെയും സങ്കടപെടുത്തുന്നുണ്ടായിരുന്നു......

ഇനിവിൽ ഉണ്ടായ മാറ്റം കണ്ടത് കൊണ്ട് തന്നെ

അവനും വീട്ടിലേക്ക് പോകാനുള്ള തീരുമാനം മാറ്റി.

അവളും പഴയത് പോലെ ആക്ടിവ് ആയിരുന്നു. എന്നാലും ശഹിയോട് മിണ്ടാൻ പോയില്ല. അവൻ തിരിച്ചു അതിന്ന് ശ്രമിച്ചും ഇല്ല......

🌷🌷🌷🌷

ഫൈസ് ഡ്രസ്സ്‌ എടുത്തു വെക്കുന്നത് കണ്ടു അവളിൽ ഒരു വിഷദം പടർന്നു കയറി. അവളുടെ മുഖം കണ്ടു അവനും മുഖം മങ്ങിയെങ്കിലും അവൻ ചിരിയോടെ അവളെ നോക്കി.....

രണ്ടു ദിവസം നീയില്ലാതെ പൊളിയായിരിക്കും...... അത് വഴി ദുബായ് ക്ക് പോയാലോന്ന ആലോചിക്കുന്നെ.....

അവൾ മുഖം കൂർപ്പിച്ചു അവനെ നോക്കി.

അത് മാത്രം ആക്കണ്ട പെണ്ണ് കെട്ടി അവിടന്ന

കൂടിക്കോ......

അത് നല്ല ഐഡിയ ആണല്ലോ.... അവിടെ പോകുമ്പോ അവൾ ഇവിടെ വരുമ്പോൾ നീ.....

എന്താ പൂതിയുണ്ടോ വേറെ കെട്ടാൻ....

ആഗ്രഹം ഇല്ലാതില്ല...... അവൻ ചെറു ചിരിയോടെ പറഞ്ഞതും അവൾ ഷർട്ടിൽ പിടിച്ചു വലിച്ചു അവനെ അവളോട് അടുപ്പിച്ചിരുന്നു....... എന്നെയല്ലാതെ വേറെയാരെയെങ്കിലും നോക്കിയ കൊന്നിടുവേൻ.... ദേഷ്യത്തോടെ അവനെ പിന്നിലേക്ക് തള്ളിമാറ്റിയ അവളെ തന്നെ നോക്കി നിൽക്കുകയാരുന്നു അവന്നും..... അസൂയയും കുശുമ്പും ദേഷ്യം നിറഞ്ഞു നിൽക്കുന്ന അവളുടെ മുഖം കാണുമ്പോൾ വാത്സല്യം ആയിരുന്നു അവനിൽ നിറഞ്ഞു നിന്നത്......

അവൾ പോകാൻ നോക്കിയതും അവൻ പിടിച്ചു

വലിച്ചു അവനിലേക്ക് അടുപ്പിച്ചിരുന്നു അവളെ.....

നീയില്ലാതെ ഞാനുണ്ടോ പെണ്ണേ..... പിന്നെന്തിനാ ഈ ചോദ്യം..... എന്റെ ജീവനും ജീവിതം ഒക്കെ നീയല്ലേ......

എനിക്കിഷ്ടം അല്ല അങ്ങനെ പറയുന്നത്. തമാശക്ക് പോലും പറയണ്ട...... എന്റേയാ..... എന്റെ മാത്രമാ..... അത് പറയുന്നതോടൊപ്പം അവളുടെ പല്ലുകൾ അവന്റെ നെഞ്ചിൽ ആഴ്ന്നു പതിഞ്ഞിരുന്നു......

ഈ വേദനപോലും ലഹരിയാണ് പെണ്ണേ...

രണ്ടു ദിവസം കഴിയുമ്പോഴേക്കും തിരിച്ചു വരും.... ഒഴിവാക്കാൻ പറ്റാത്ത മീറ്റിംഗ് ആണ്..... അവളെ ചേർത്തു പിടിച്ചു അവൻ പറഞ്ഞു.....

അവളൊന്ന് മൂളുക മാത്രം ചെയ്തു....

എന്താ മുഖം ഒരു തെളിച്ചം ഇല്ലാതെ.....

അതോ..... ഒരു നിമിഷം പോലും കാണാതിരിക്കാൻ ആവില്ല..... അതോണ്ട്

അതിന്ന് ഓർത്തിരിക്കാൻ ഒരു സമ്മാനം തന്ന പോരെ.....

എന്ത് എന്ന് ചോദിക്കുമ്പോഴേക്കും അവളുടെ ചുണ്ടുകൾ അവൻ സ്വന്തം ആക്കിയിരുന്നു...... ആ പ്രണയലസ്യത്തിൽ അവന്റെ നെഞ്ചിൽ മുഖം പൂഴ്ത്തി അവൾ നിന്നു..... അവന്റെ കൈകൾ അവളെ പൊതിഞ്ഞു പിടിച്ചിരുന്നു...... വാതിൽ മുട്ട് കേട്ടാണ് ഇഷ്ടക്കേടോടെ അവൻ വിട്ടത്....

അവൾ പോയി വാതിൽ തുറന്നു..... ഇജാസ്.....

എവിടെയോ പോകാൻ ഇറങ്ങിയുള്ള വരവ് ആണ്......

ഞാൻ അത്യാവശ്യം ആയി ബാംഗ്ലൂർക്ക് പോവ്വാൻ. ഒഴിവാക്കാൻ പറ്റില്ല ഈ മീറ്റിംഗ്

ആണ്..... നീ ഇവിടെ നിൽക്കുന്നോ അതോ ജുനൈദിന്റെ അടുത്ത് കൊണ്ട് വിടണോ......

നിങ്ങൾ എല്ലാരും പോകുന്നുണ്ടോ.....

ഞാനും നദീം ഫൈസ് പിന്നെ അലക്സും

അവൾ ആലോചിച്ചു രണ്ടാളെയും നോക്കി. പിന്നെ വല്ലാത്തൊരു ടെൻഷൻ അവളെ പൊതിഞ്ഞു..... ഇജാസ് ബിസിനസ്സിൽ എന്നും ഒന്നാമൻ..തോറ്റു കൊടുക്കാതിരിക്കാൻ പൊരുതുന്നവൻ....

ഫൈസ് പൊരുതി നേടാൻ ശ്രമിക്കുന്നവൻ.... രണ്ടാളും ഒന്നാമത് എത്തൻ ശ്രമിക്കുമ്പോൾ ഉണ്ടാകുന്ന ഈഗോ.... അതാണ് രണ്ടാളും ബിസിനസ്സിൽ ശത്രുക്കൾ ആയതും...

ജുനൈദ് പറഞ്ഞ വാക്കുകൾ അവളിൽ ഓടിയെത്തി......

ഒരാൾ പോയ പോരെ...... അവൾ മെല്ലെ പറഞ്ഞു... ആരെ പോകണ്ട പറയേണ്ടെന്ന് അവൾക്ക് തിരിയുന്നുണ്ടായിരുന്നില്ല..... രണ്ടാളും ഒരു പോലെ വേണ്ടപ്പെട്ടവർ.....

അവളുടെ മനസ്സ് അറിഞ്ഞെന്ന വണ്ണം അവർ പരസ്പരം നോക്കി ചിരിച്ചു.

ജുനു അവളെ ചേർത്തു പിടിച്ചു......

ഫൈസി ഒറ്റക്ക് പൊരുതി നേടിയെടുത്തതാ aj കൺസ്ട്രക്ഷൻ അവന്റെ പരിശ്രമം കൊണ്ടണ് അതിന്റെ വിജയത്തിൽ എത്തിയതും.....  ഞാനും അത് പോലെ തന്നെ കൊണ്ട് നടക്കുന്നതാണ് ജന്നത് എന്ന സാമ്രാജ്യം

പരസ്പരം വിട്ടു കൊടുത്ത അത് സ്വയം നശിക്കുകയെ ഉള്ളു..... വാശിയും മത്സരം ഇല്ലാതെ

ബിസിനസ് വെൽഡ് പിടിച്ചു നിൽക്കാൻ പറ്റില്ല......
പിന്നെ നീ വിചാരിക്കുന്നത് പോലെ
ഞങ്ങൾക്കിടയിൽ ശത്രുത ഉണ്ടാവില്ല.....
എന്ന് വെച്ചു തോറ്റു കൊടുക്കുകയും ഇല്ല.

അപ്പോഴാ നദീം അങ്ങോട്ട് വന്നത്......

എന്റെ നീലക്കണ്ണി നീ വേണ്ടാത്ത ആലോചിച്ചു തലപ്പുകക്കേണ്ട...... ഫൈസ് സാമ്പാദിക്കുന്നത് നിനക്ക് കുഞ്ഞുങ്ങൾക്ക് വേണ്ടി..... ഇജാസ് നിനക്ക് വേണ്ടി അപ്പൊ ആര് ജയിച്ചാൽ വിജയിക്കുന്നത് നീയാകും.... വേറൊരു കോമഡി എന്താന്ന് വെച്ച രണ്ടാളെയും പ്രോപ്പർട്ടിസ് ഓണർ ഫൈസ് ആണ്....

അപ്പോഴാ അവൾക്കും അതോടിയത്....

അല്ല.... എന്തിനാപ്പൊ കെട്ടിയെടുത്തു പോകുന്നെ..... ഇജുക്ക പോയാലും ഫൈസിന് തന്നെ ഓഡർ കിട്ടും

ഫൈസ് പോയാലും ഫൈസിന് കിട്ടും.....

Aj എന്നും aj ആയി തന്നെ നിലനിൽക്കും ജന്നത് എന്നും ജന്നത് ആയും..... ഞങ്ങൾക്കിടയിൽ ഒരിക്കലും പഴയ പോലെ ശത്രുത ഉണ്ടാവില്ല.... ഞാൻ തരുന്ന വാക്ക് ആണത്..... ഇതൊന്നും ആലോചിച്ചു ഈ കുഞ്ഞിത്തല അധികം ആലോചിച്ചു പുണ്ണാക്കേണ്ട.... ഫൈസ് അവളെ  തലക്ക് ഒരു കൊട്ട് കൊടുത്തു പറഞ്ഞു.....

നദീം ഇജുനെയും കൂട്ടി പ്പോയി...... ഫൈസ് അവന്റെ ബാഗ് എടുത്തു പിറകെ പോയി..... സമിക്കയെയും ഷദയെയും ഇജു പാരീസിലേക്കും ഹണിമൂൺ ട്രിപ്പ് അയച്ചിരുന്നു....... ജുനുവിന്റെ കൂടെ പോകാൻ പറഞ്ഞിട്ടും യാഷ് ഷദയും വിട്ടില്ല.....

🌷🌷🌷🌷

എല്ലാവരും കൂടെ ഉണ്ടായിട്ടും ഫൈസ് ഇല്ലാത്തത് ആരും കൂടെ ഇല്ലാത്ത ഫീൽ ആയിരുന്നു

അവൾക്ക്..... എല്ലാവരും ഉറങ്ങുമ്പോഴും ഉറക്കം ഇല്ലാതെ അവൾ

ഇരുന്നും കിടന്നും നടന്നും എങ്ങനെ ഒക്കെയോ നേരം വെളുപ്പിക്കുകയാരുന്നു

തിരക്കിനിടയിലും അവളെ അവസ്ഥ അറിയുന്നൊണ്ട് അവൻ ഇടക്കിടക്ക് ഫോൺ വിളിച്ചു. അതായിരുന്നു അവളുടെ ഏക ആശ്വാസവും..... രാവിലെ ആകാറായപ്പോഴാ ഉറക്കം അവളെ ഒന്ന് മാടിവിളിച്ചപ്പോഴാ ഫോൺ റിങ് കേട്ടത്...

അവൾ ഫോൺ എടുത്തു നോക്കി.....

ഞാൻ ഇപ്പൊ വരാം പറഞ്ഞു കാൾ കട്ട് ആക്കി അവൾ വേഗം എഴുന്നേറ്റു.

വാതിലിൽ മുട്ടുന്ന കേട്ടാണ് ആൻ വാതിൽ തുറന്നത്.....

നീയെന്താ രാവിലെ തന്നെ.... എവിടെ പോവാ.....

എനിക്ക് ഫ്രണ്ട് വീട്ടിൽ പോകണം.... ശഹിയെ ഒന്ന് വിളിക്കോ.....

ആൻ പോയി വിളിച്ചു കുറച്ചു കഴിഞ്ഞു

അവൻ അങ്ങോട്ട് വന്നത്....

അന്നത്തെ സംഭവത്തിന്ന് ശേഷം മിണ്ടിയിട്ടില്ല പരസ്പരം..... അതിന്റെ ഒരു പേടി അവളിൽ ഉണ്ടായിരുന്നു....

എനിക്ക് ഒന്ന് പുറത്ത് പോകണം കൂടെ വരോ......അവൾ വിക്കി വിക്കി പറഞ്ഞു

ഇവിടെ ഒരുപാട് പേരുണ്ടല്ലോ രാജകുമാരിക്ക് കൂട്ട് വരാൻ അവൻ പരിഹാസത്തോടെ പറഞ്ഞു.......

**എനിക്ക് അവരെ കൂട്ടി പോകാൻ പറ്റാത്ത സ്ഥലം ആയോണ്ടാ.... അത്യാവശ്യം ആണ്... യാഷ് കോളേജിലേക്ക് പോയി...**

**കൂടെ വരോ.... അവളുടെ സ്വരത്തിൽ യാജന കലർന്നിരുന്നു....**

**എനിക്ക് ആരുടേയും ആശ്രിതൻ ആവണ്ട കാര്യം ഒന്നും ഇല്ല പറഞ്ഞു വാതിൽ വലിച്ചടച്ചു.....**

**എന്തന്നില്ലാതെ സങ്കടം വന്നു അവൾക്ക്**

**അവൾ പോലും അറിയാതെ കണ്ണുകൾ നിറഞ്ഞൊഴുകി.....**

🌷🌷🌷🌷

**എല്ലാവരും നാസ്ത കഴിക്കുമ്പോഴാ ജുനു കേറി വന്നത്.......**

അവനെ കണ്ടു എല്ലാവരും അങ്ങോട്ട് വിളിച്ചു.....

ഞാൻ കഴിച്ചിട്ട വന്നത്......

അവൻ ശഹിയെ നോക്കി ചിരിച്ചെങ്കിലും ശഹി മൈൻഡ് ആക്കാതെ മുഖം തിരിച്ചു ഫുഡിൽ നോക്കി....

ഇനു എവിടെ.....

ഇനു എവിടെ.... റാബിയയും ഒന്നിച്ചു ചോദിച്ചു......

ഇനു നിന്റെ കൂടെ ഇല്ലേ..... റാബിയയുടെ വാക്കിൽ ഭയം കലർന്നിരുന്നു.....

അവൻ ഇരുന്നിടത് നിന്നും ഞെട്ടി എഴുന്നേറ്റു.....

അവൾ ഇവിടെയില്ലേ അപ്പോൾ.......

രാവിലെ  ജുനു വെളിയിൽ കാത്തുനിൽക്കുന്നുണ്ട് എന്ന് പറഞ്ഞു ഒറ്റ പോക്ക് ആയിരുന്നു..... വിളിച്ചിട്ട് നിന്നത് പോലും ഇല്ല..... നിന്റെ കൂടെ ആയോണ്ടാ വിളിച്ചു ചോദിക്കാഞ്ഞത്......

ഞാൻ വീട്ടിൽ നിന്ന വരുന്നത്..... അവിടേക്ക് വന്നിട്ടില്ല......

അവൻ ഫോൺ എടുത്തു വിളിച്ചു നോക്കി.... സ്വിച് ഓഫ് എന്ന് കേട്ടതും അവനിൽ ഒരു വിറയൽ പടർന്നിരുന്നു.....

ശഹിയും ഞെട്ടലോടെ അവരെ നോക്കി.

❤️💔INVISIBLE LOVE 💔❤️

Love after 💘marriage  🌷121🌷

താൻ ഒന്ന് കണ്ണടച്ച തന്റെ വീട് ഒരു രൂപ പോലും വാങ്ങാതെ തിരിച്ചു തന്നോളം.

അവളുടെ ദേഹത്തിലൂടെ ഓടി നടക്കുന്ന ആ കണ്ണുകൾ അവളിൽ ദേഷ്യത്തിന്റെയും വെറുപ്പിന്റെയും ആക്കം കൂട്ടിയിരുന്നു.

അവൾ പുഞ്ചിരിയോടെ അയാളുടെ മുന്നിൽ ഉള്ള ചെയറിൽ ഇരുന്നു. അയാളോട് ഇരിക്കാൻ പറഞ്ഞു..... അവളിൽ ഭയത്തിന്റെ ഒരു കണിക പോലും ഇല്ലെന്ന് അയാൾ കണ്ടു. മുഖത്തെ പുഞ്ചിരി അവളുടെ സൗന്ദര്യം കൂട്ടുകയാരുന്നു..... ആ കാഴ്ചയിൽ അയാളുടെ കണ്ണുകൾ അവളെ കൂടുതൽ കൊത്തി വലിച്ചു.....

തന്നോട് ജുനു വാങ്ങിയ പണം ഞാൻ തന്നു കഴിഞ്ഞു. ഇനി എന്റെ വീടിന്റെ ഡോക്യുമെൻറ്സ് തിരിച്ചു താ...... അവളുടെ സ്വരം ശാന്തമായിരുന്നു.....

എനിക്ക് വേണ്ടത് പണം അല്ല നിന്നെയാണ്......
നിന്നെ കണ്ടപ്പോൾ തൊട്ട് ആ സ്ഥലം വീടും ഒന്നും എന്റെ മനസ്സിൽ ഇല്ല..... നീ മാത്രം ഉള്ളു..... നിന്റെ സൗന്ദര്യം എന്നെ ഭ്രാന്ത് പിടിപ്പിക്കുന്നു ഇനായ......

ഛീ..... നിർത്തേടോ നായെ.... വേണ്ട വേണ്ട വെക്കുമ്പോൾ പറഞ്ഞു പറഞ്ഞു എങ്ങോട്ടാ പോകുന്നെ..... നാണം ഇല്ലല്ലോ മകളുടെ പ്രായം പോലും ഇല്ലാത്ത എന്നെ കാമ കണ്ണോടെ നോക്കാൻ...... അവളുടെ വാക്കുകളിൽ അയാളോടുള്ള ദേഷ്യം വെറുപ്പും അലയടിച്ചിരുന്നു.....

ഒരു കോടി രൂപയുടെ മുതൽ ആണ് ഞാൻ പകരം തരുന്നത് അത് കൂടി ഓർക്കണം....... എനിക്ക് ആ പ്രോപ്പർട്ടി കൊണ്ടുള്ള ലാഭം 10 കോടി ആണ്.....

അങ്ങനെ വരുമ്പോൾ നിനക്ക് ഇട്ടിരിക്കുന്ന വില 10 കോടി ആണ്......

അവൾ പുച്ഛത്തോടെ അയാളെ നോക്കി.

നീ പറഞ്ഞ 10 കോടി ഉണ്ടല്ലോ അതെനിക്ക് ഒരു പത്തു രൂപക്ക് തുല്യം ആണ്..... ഞാനൊന്ന് വിരൽ ഞൊടിച്ച പത്തല്ല  നൂറു കോടി നിന്റെ കാൽക്കലേക്ക് വലിച്ചെറിയാൻ എനിക്ക് ഒരു സെക്കൻഡ് പോലും വേണ്ടി വരില്ല. എന്നിട്ടും നിന്റെ അടുത്തേക്ക് വന്നത് ആ വീട് നിനക്ക് വെറുമൊരു കച്ചവട വസ്തു ആയിരിക്കും.... അതൊരു മനുഷ്യന്റെ വിയർപ്പിന്റെ വിലയാണ്.... സ്വപ്നങ്ങളുടെ കൊട്ടാരം ആണ്...... തന്റെ ഉപ്പാന്റെ വിലപിടിപ്പുള്ള ഓർമയാണ്..... നിന്റെ ചെറ്റത്തരം കൊണ്ട് നീ പിടിച്ചെടുക്കാൻ നോക്കുന്നത് എന്റെ ജുനിന്റെ ജീവന്റെ വിലയുണ്ടതിന്ന്..... എന്റെ വിവാഹത്തിന് സ്വർണ്ണം വാങ്ങാൻ മറ്റൊരു വഴിയും ഇല്ലാത്തോണ്ടാ നിന്റെ അടുക്കൽ പണയം വെച്ചത്..... ഇന്ന് വരെ പലിശയും കൂട്ടുപലിശയും ആയി നീ ചോദിക്കുന്നത് മാസമാസം എണ്ണി തരുന്നുണ്ട് എന്റെ ജുനു. ഒരടവും തെറ്റിച്ചിട്ടില്ല..... എന്നിട്ടും നിന്റെ നശിച്ച കണ്ണ് അതിൽ വീണു.....

നിനക്കത് മറിച്ചു വിറ്റാൽ കോടികൾ കിട്ടുമെന്ന് കണക്ക് കൂട്ടി നീ നാറിയ കളി കളിച്ചു.... ഇന്ന് വരെ

ഒരു രൂപ പോലും തിരിച്ചു തന്നില്ലെന്നും നിനക്ക് വിറ്റതാണെന്നും കള്ളപ്രമാണം ഉണ്ടാക്കി.

എതിർക്കാൻ വന്ന ജുനുവിന് എതിരായി

പദവി ദുരുപയോഗം ചെയ്തു ഭീഷണി പെടുത്തി കംപ്ലൈന്റ്ഡ് കൊടുത്തു......

ഇത്രയും ചെയ്തിട്ടും എന്റെ ജുനു മിണ്ടാതിരിക്കുന്നത് എന്താന്ന് അറിയോ...

അവന്റെ ഐ എ സ് എന്റെ ആഗ്രഹം ആയോണ്ടാ അതില്ലാതായാൽ ഞാൻ വിഷമിക്കുന്നു അറിയുന്നുണ്ടാ........

പാവം പോലെ നിന്ന പെണ്ണ് പെട്ടെന്ന് രൗദ്ര ഭാവത്തിൽ എത്തിയത് അയാളിൽ ഒരു പതർച്ച ഉണ്ടാക്കിയിരുന്നു......

മുഴുവൻ പൈസയും ഞാൻ തന്നു കഴിഞ്ഞു...അവൾ മുന്നിൽ ഉള്ള ബഗിലേക്ക് ചൂണ്ടി പറഞ്ഞു......

എനിക്കത് വേണ്ടെങ്കിലോ...... നിനക്ക് വിലപ്പെട്ട ഈ പ്രോപ്പർട്ടിക്ക് പകരം നിന്നെ മതിയെനിക്ക് ഒരു പ്രാവശ്യം ഒരേ പ്രാവശ്യം..... അയാള് ചുണ്ടുകൾ ഉഴിഞ്ഞു വല്ലാത്തൊരു ഭാവത്തോടെ അവളെ നോക്കി.....

അവളിൽ അപ്പോഴും ശാന്തത ആയിരുന്നു...... കണ്ണുകളിൽ പേടി ഇല്ലായിരുന്നു അതയാളിൽ ചെറിയ സംശയം വരുത്തി.....

ഞാൻ വിചാരിക്കാതെ ഇരുന്നിടത് നിന്നും എഴുന്നേൽക്കാൻ നിനക്ക് ആവില്ല.... നിന്നെ രക്ഷിക്കാൻ ആർക്കും കഴിയുകയും ഇല്ല. എന്റെ ആൾക്കാർ ഈ വീടിന് ചുറ്റും ഉണ്ട്. ഞാൻ പറയാതെ ഒരീച്ച പോലും അകത്തേക്ക് കയറില്ല..... സഹകരിച്ചാൽ നിനക്ക് നല്ലത്.... എതിർത്താ ജീവനില്ലാത്ത നിന്റെ ശരീരം മാത്രം പുറത്തേക്ക് പോകുള്ളൂ.....

എഴുന്നേൽക്കാൻ എനിക്കും താല്പര്യം ഇല്ലെടോ.... ഞാനും ആകെ ടയീഡ് ആണ്.

അത് പറഞ്ഞു അവൾ കാൽ അടുത്തുള്ള ചെയറിൽ കയറ്റി വെച്ചു ഇരുന്നു..... കണ്ണടച്ച് കിടന്നു.....

അവളുടെ വെളുത്തു തുടുത്ത കാല്പാദങ്ങളിൽ അയാൾ കൊതിയോടെ നോക്കി.... ആ കാലിൽ സ്പർശിക്കാൻ കൈ നീട്ടി....

🌷🌷🌷🌷

ജുനു മുടിയിൽ കൈ കൊരുത് വലിച്ചു പിടിച്ചു..... തളർച്ചയോടെ അവൻ അവിടെ ഇരുന്നു പോയി..... എന്നും പതിവുള്ളതാണ് എത്ര തിരക്ക് ആയാലും അവളെ  കാണാതെ സംസാരിക്കാതെ ഉറങ്ങില്ലെന്ന്. കിടക്കുന്നതിന്ന് മുന്നേ വീഡിയോ കാൾ ചെയ്യേ സംസാരിക്കു കയോ ചെയ്യും. ഇന്നലെ വീട് പണയം വെച്ച സേട്ട് നാളെ 50 ലക്ഷം തന്നില്ലെങ്കിൽ വീട് പൊളിക്കാൻ ആളെ കൂട്ടി വരും എന്ന് പറഞ്ഞു അതിന്റെ പേരിൽ തല്ലും വഴക്ക് ഉണ്ടായി.... കലക്റ്റർ

അധികാരം ഉപയോഗിച്ച് തന്ന സ്ഥലം തിരിച്ചു പിടിക്കുകയാണെന്ന് കംപ്ലൈൻഡ് കൊടുത്തു..... തെളിവുകൾ അയാൾക്ക് അനുകൂലം ആയിരുന്നു. കള്ള തെളിവുകൾ ഉണ്ടാക്കി അയാൾ അങ്ങനെ ആക്കിയെടുത്തു.... ആകെ ടെൻഷൻ ആയിരുന്നു. അവളെ വിളിക്കാൻ മറന്നു. അവൾ തിരിച്ചു വിളിച്ചപ്പോ തിരക്കിൽ ആണെന്ന് പറഞ്ഞു . അവലോട് സംസാരിച്ചാൽ കാര്യം പറഞ്ഞു പോകും അവൾ പൈസ തന്നു സഹായിക്കും.... എന്റെ അഭിമാനം അത് സമ്മതിച്ചിരുന്നില്ല..... ഒരു സഹോദരൻ എന്ന നിലയിൽ എന്റെ കടമ ചെയ്തത് ആണ്..... അത് എങ്കിലും അവൾക്ക് ചെയ്യാൻ പറ്റിയില്ലെങ്കിൽ പിന്നെ എന്തിനാ സഹോദരൻ എന്ന നിലയിൽ ജീവിക്കുന്നത് എന്ന്ഓർത്തു. സങ്കടത്തോടെ ആണെങ്കിലും അയാൾക്ക് വിട്ടു കൊടുത്തു ആ വീട്.....

തന്റെ സ്വരം ഇടറിയാൽ മനസ്സിൽ ആവുന്ന അവളെ അപ്പൊ ഓർത്തില്ല....

തീർച്ചയായും അവൾ പോയിരിക്കുന്നത് അയാളുടെ അടുത്തേക്ക് ആകും.... പെണ്ണ് പിടിയനും കൊള്ളപലിശക്കാരനും

ആണ്..... ഇനു തനിച്ചായിരിക്കോ അയാളുടെ അടുത്തേക്ക് പോയത്..... ആ ഓർമയിൽ ഞെട്ടിപിടഞ്ഞു എഴുന്നേറ്റു അവൻ പുറത്തേക്ക് ഓടി.... പോകുന്ന വഴിക്ക് കൺട്രോൾ റൂമിൽ വിളിച്ചു അയാൾ ഇപ്പൊ ഉള്ള ലൊക്കേഷൻ കണ്ടു പിടിക്കാൻ ഓഡർ ഇട്ടു.....

🌷🌷🌷

അയാൾ അവളെ കാലിൽ സ്പർശിക്കാൻ പോയതും ചവിട്ടേറ്റ് തെറിച്ചു വീണതും ഒന്നിച്ചു ആയിരുന്നു....

അവൾ അപ്പോഴും കണ്ണടച്ച് കിടക്കാരുന്നു

അതേ രാവിലെ ഒന്നും കഴിച്ചില്ല വല്ലാത്ത വിശപ്പ്..... ഇയാൾക്ക് കൊടുക്കാൻ ഉള്ള മുതലും പലിശയും കൂട്ട് പലിശയും കൊടുത്ത പെട്ടെന്ന് പോകാരുന്നു..... അവൾ പറഞ്ഞു....

അയാൾ ആരെയൊക്കെയോ വിളിക്കുന്നുണ്ടായിരുന്നു വീണിടത്തു നിന്നും.....

പുറത്തുള്ള ചാവാലി പട്ടികളെ ആണെങ്കിൽ വിളിക്കണ്ട.... ഒറ്റ ഒന്ന് എഴുന്നേൽക്കാൻ കഴിയാത്ത പരുവത്തിൽ ആകിയിട്ടുണ്ട് പറഞ്ഞു അവൻ കൈ കുടഞ്ഞു..... അയാൾ പേടിയോടെ അവന്നെ നോക്കി ഉമിനീർ ഇറക്കി..... ആരാ നീ.... എന്താ വേണ്ടേ....

നിനക്ക്.....

ഷഹസദ് ഹൈദരലി..... അത് പറയാളോട് കൂടി അവന്റെ മുഷ്ടി ചുരുട്ടിയ കൈ അയാളുടെ മൂക്കിൽ പതിഞ്ഞിരുന്നു.....

അയാൾ പിടഞ്ഞു എണീറ്റു അവന്റെ നേരെ കയ്യുയർത്തിയതും അവൻ ആ കൈ പിടിച്ചു ഒടിച്ചു.... എല്ലുകൾ പൊട്ടുന്ന ശബ്ദം പുറത്തേക്ക് കേട്ടു..... അവളെ തൊടാൻ നോക്കിയ കൈ ഇനി നിനക്ക് വേണ്ട എന്നും പറഞ്ഞു അവൻ പിടിച്ചു ഒടിച്ചു..... അയാളുടെ അലറി കരച്ചിൽ അവിടെ മുഴങ്ങി.....

നിങ്ങൾ തമ്മിൽ എന്താ ഇടപാട്

എന്നറിയില്ല.....നിനക്ക് ഇവനോട് എന്തെങ്കിലും പറയാനോ ചോദിക്കാനോ ഉണ്ടോ..... ഉണ്ടെങ്കിൽ അത് ആദ്യം തീർത്തോ പിന്നെ കഴിഞ്ഞു വരില്ല......

അവളെ നോക്കി ശഹി ചോദിച്ചു..... അവൾ കണ്ണ് തുറന്നു എഴുന്നേറ്റു അയാളെ അടുത്തേക്ക് പോയി....

എന്റെ ഡോക്യുമെൻറ്സ് തന്നു..... ജുനൈദ് നിരപരാധി ആണെന്ന് നല്ല മൊഞ്ചിൽ എല്ലാരോടും വിളിച്ചു പറഞ്ഞ നിന്റെ ജീവൻ ദാനം ആയി തരാം....

പതിഞ്ഞതെങ്കിലും ഉറച്ച സ്വരത്തിൽ അവൾ പറഞ്ഞു.....

അയാൾ ശഹിയെ നോക്കി.....

പറഞ്ഞത് ചെയ്യെടാ കോപ്പേ എന്നും പറഞ്ഞു അടിവയറ്റിൽ മുട്ടുകാൽ കൊണ്ട് ഒന്ന് കൊടുത്തതും അയാൾ അലറി കരഞ്ഞു കൊണ്ട് പറയാം എന്ന് പറഞ്ഞു.....

അയാൾ ഒറിജിനൽ ഡോക്യുമെൻറ്സ് കൊടുത്തു. ആരോടൊക്കെ വിളിച്ചു പറയുന്നതും നോക്കി ശഹി നിന്നു. അപദ്ധത്തിൽ പോലും അവളെ നോക്കിയില്ല.... അവളിൽ അത് ഒരു പുഞ്ചിരി ആയിരുന്നു വരുത്തിയത്.....

നീ എന്റെ കൂടെ വരുന്നു എനിക്ക് അറിഞ്ഞുടെ മോനെ..... അവൾ ഉള്ളിൽ ഊറിചിരിച്ചു......

ഇടം കണ്ണിട്ട് അവളുടെ മുഖത്ത് നോക്കിയ അവൻ ചിരി കണ്ടു പല്ല് കടിച്ചു പൊട്ടിച്ചു...

പന്നി..... രണ്ടു പൊട്ടിക്ക വേണ്ടത്.... എല്ലാം ഒപ്പിച്ചു വെച്ചിട്ട് അവളുടെ ഒരു ഇളി

ആ ദേഷ്യം അവൻ അയാളുടെ ദേഹത്തു തീർത്തു.... ചത്തു പോകുന്നു തോന്നിയതും അവൾ അവനെ പിടിച്ചു വെച്ചു..... അയാൾ നിലത്ത് കിടന്നു ഞരങ്ങി....

നിനക്ക് കിട്ടിയത് നിന്റെ ചെറ്റത്തരത്തിനുള്ള കൂലിയാണ്.... പിന്നെ നിന്റെ ഔദാര്യം ഒന്നും എനിക്ക് വേണ്ട വാങ്ങിയ ക്യാഷ് മൊത്തത്തിൽ ഉണ്ട് പറഞ്ഞു ബാഗ് എടുത്തു മുഖത്തേക്ക് എറിഞ്ഞു.....

നീയരാടീ ചാൻസിറാണിയോ....എന്ത് ധൈര്യത്തില ഒറ്റക്ക് വന്നത് കലിപ്പ് അടങ്ങാതെ അവൻ അവളോട് അലറി കൊണ്ട് ചോദിച്ചു.....

നീ വരുന്നു എനിക്ക് അറിയാലോ..... എന്താ ലേറ്റ് ആയെ...... അവൾ അവന്റെ കലിപ്പ് നോക്കാതെ ചോദിച്ചു.....

ഞാൻ ആരാ നിന്റെ ബോഡിഗാഡോ.... നിന്റെ കാര്യം നോക്കി പിറകെ വരാൻ....

പിന്നെങ്ങനെ നീ ഇവിടെ എത്തിയത്......

അവൾ ചെറു ചിരിയോടെ ചോദിച്ചു....

അത്..... പിന്നെ.... ഞാൻ.... ഇവിടെ...... അവൻ വാക്കുകൾ തപ്പി തടഞ്ഞു.....

എന്തിനാ ശഹി ഈ ദേഷ്യം....നിനക്ക് എന്നോട് നിനക്ക് വെറുപ്പൊന്നും ഇല്ലെന്ന് എനിക്ക് അറിയാലോ..... നിന്റെ നീലകണ്ണിയെ വെറുക്കാൻ നിനക്ക് പറ്റോ അവൾ അവന്റെ കൈ പിടിച്ചു പറഞ്ഞു

എനിക്ക് ഇഷ്ടം അല്ല നിന്നെ വെറുപ്പാ ഉള്ളു...

അത് പറഞ്ഞതും അവൾ വയറിൽ കൈ വെച്ചു ആ എന്ന് എരിവ് വലിച്ചു....

അവൻ ഓടി വന്നു അവളെ വയറിൽ കൈ വെച്ചു അവളെ പിടിച്ചു.....

വേദനയുണ്ടോ..... വല്ലോം പറ്റിയോ......

ഹോസ്പിറ്റലിൽ പോണോ..... അവന്റെ വാക്കുകളിലെ കരുതൽ പേടിയും കണ്ടു അവളുടെ മുഖത്ത് ഒരു പുഞ്ചിരി വിരിഞ്ഞു..... അവളൊന്നും മിണ്ടാതെ നില്കുന്നത് കണ്ടു അവൻ മുഖം ഉയർത്തി നോക്കി അവളെ ചിരി കണ്ടതും അവൾ ആക്കിയത് ആണെന്ന് മനസ്സിൽ ആയി അവൻ മുഖം കൂർപ്പിച്ചു പോകാൻ നോക്കിയതും അവൾ കയ്യിൽ പിടിച്ചു. അവൻ കൈ തട്ടി മാറ്റി പോകാൻ നോക്കിയതും.......

അപ്പോഴേക്കും ജുനു അങ്ങോട്ട് ഓടി വന്നിരുന്നു.....

അവൻ ഇനുവിനെ നോക്കി പിന്നെ നോട്ടം

നിലത്ത് കിടക്കുന്ന അയാളെയും.... ദേഷ്യം പിടിച്ചു നിൽക്കുന്ന ശഹിയെയും കണ്ടു..... അവന്ന് ഏകദേശകാര്യങ്ങൾ ഒക്കെ മനസ്സിൽ ആയി.

മുഖത്ത് ഒന്ന് പൊട്ടിക്കുകയാ വേണ്ടത്....

അവൻ അവളെ കലിപ്പോടെ നോക്കി.....

ശഹി അപ്പൊ തന്നെ ഇറങ്ങിപ്പോയി....

ശഹി വരുന്നു അറിയാരുന്നു അതോണ്ട് തന്നെ തനിച്ചു വന്നേ..... എനിക്കറിഞ്ഞുടെ അവനെ......

നിന്നോട് കലിപ്പ് ഇട്ടു നടക്കുന്ന അവൻ വരുന്നു എന്ത് ധൈര്യത്തില നീ കരുതിയത്......

ഞാൻ സെക്യൂരിറ്റി ടീമിനെ ഇൻഫോം ചെയ്തിരുന്നു. അപ്പൊ അയാൾ പറഞ്ഞു

ശഹി വിളിച്ചു പറഞ്ഞിരുന്നു.... അവളെ പിറകെ തന്നെ ഉണ്ടാവണം.... എല്ലാകാര്യവും വിളിച്ചു ഇൻഫോം ചെയ്യാണോന്ന്..... അവരെ ഏർപ്പാട് ആക്കിയില്ലെങ്കിലും എനിക്കറിയാം അവൻ വരുന്നു.... ആരും കാണാത്ത മാതിരി നോക്കുന്നതൊക്കെ ഞാൻ കാണാറുണ്ട്....

ജുനു അത് കേട്ട് വലിയ മൈന്റ് കൊടുത്തില്ലെങ്കിലും അവൻ ദേഷ്യത്തോടെ കയ്യും കെട്ടി അവളെ നോക്കി നിന്നു.....

ജന്നത് ഹൈദറിന്റെയും ഫൈസിയുടെയും ഒരു രൂപ പോലും ഞാൻ എടുത്തിട്ട് ഇല്ല..... അവരുടെ ഒരു സഹായം ഇല്ലാതെയാ ഞാൻ എന്റെ വീട് തിരിച്ചു വാങ്ങിയത്....... ജുനുവിന്റെ മനസ്സ് അറിഞ്ഞുവെന്നോണം അവൾ പറഞ്ഞു.....

അവൻ ഞെട്ടലൂടെയും അത്ഭുതത്തോടെയും അവളെ നോക്കി...

പിന്നെങ്ങനെ ക്യാഷ് കിട്ടിയത്......

എനിക്ക് ജുനു തന്ന സ്വർണ്ണവും ഡയമണ്ട്

മാലയും വിറ്റു.... ഇപ്പൊ സ്വർണ്ണത്തിന് വിലകൂടിയൊണ്ട് കൂടുതൽ ഉണ്ടായുള്ളൂ.

പലിശയും ചേർത്ത് കൊടുത്തു.....

ഞാൻ നിനക്ക് വേണ്ടി വാങ്ങി തന്ന ഓർണമെൻറ്സ്...... ബാക്കി പറയാതെ അവന്റെ മുഖം കുനിഞ്ഞു.....

അവൾ മുഖം പിടിച്ചു ഉയർത്തി.....

നമ്മുടെ ജീവനും ജീവിതവും ഒക്കെ അല്ലേ ജുനു അത്.... അത് മറ്റൊരാളിൽ അല്ല ജൂനുന്റെ കയ്യിലാ ഇരിക്കേണ്ടത്..... നമ്മുടെ ഉപ്പാന്റെ വിയർപ്പ് തുള്ളിയ ആ വീട് അങ്ങനെ അല്ലേ ജുനു പറയൽ.....

എന്നാലും വേണ്ടായിരുന്നു..... നിനക്ക് വേണ്ടി ഞാൻ മനസ്സറിഞ്ഞു തന്നതാ അതൊക്കെ.....

അതിന്ന് ഞാൻ ഇത് കടം ആയിട്ടാ തന്നത്

മര്യാദക്ക് ക്യാഷ് കിട്ടുമ്പോ അത് പോലെ തിരിച്ചു വാങ്ങി തന്നേക്കണം പറഞ്ഞില്ലെന്നു വേണ്ട..... അവൾ മുഖം കൂർപ്പിച്ചു പറഞ്ഞു.....

അവന്റെ നിറഞ്ഞ കണ്ണ് കണ്ടതും അവൾ തുടച്ചു കൊടുത്തു കവിളിൽ ഒരു കിസ്സ് കൊടുത്തു.... നമ്മുടെ വീടാണ് അത്.... അതിന്റെ പേരിൽ അഭിമാനക്കുറവ് പറയരുത്....

അവൻ തിരിച്ചു ഒന്നും പറയാതെ അവളുടെ നെറ്റിയിൽ നെറ്റി മുട്ടിച്ചു നിന്നു.

പെട്ടെന്ന് അവൾ അവനെ തട്ടി മാറ്റി.... അതേ ശഹിയോട് മുട്ടാൻ പറ്റിയ ടൈം ആണ് വേസ്റ്റ് ആക്കാൻ പറ്റില്ല.... പിന്നെ കാണാം പറഞ്ഞു ഡോക്യുമെൻറ്സ് അവന്റെ കയ്യിൽ കൊടുത്തു അവൾ പോയി....

ശഹി കാർ സ്റ്റാർട്ട് ചെയ്യാൻ പോകുമ്പോഴാ അവൾ വന്നു ഡോർ തുറന്നത്..... അവൻ നോക്കുമ്പോഴേക്കും അവൾ കേറി ഇരിന്നിരുന്നു.....

എന്റെ കാറിൽ നിന്നും ഇറങ്ങ്.... അവൻ കലിപ്പോടെ പറഞ്ഞു.....

രണ്ടാൾക്കും ഒരിടത്തേക്ക പോകേണ്ടത്.

ഞാൻ ടാക്സി പിടിച്ച വന്നത് അത് പോവുകയും ചെയ്തു. ഇനി വീണ്ടും ടാക്സി പിടിച്ചു പോകണ്ടേ എന്നെ അതോണ്ട് വീട്ടിൽ ഡ്രോപ്പ് ചെയ്ത മതി....

നിന്റെ ജുനു കൊണ്ടാക്കി തരും മര്യാദക്ക് കാറിൽ നിന്നും ഇറങ്ങിക്കോ....

അപ്പോഴേക്കും ജുനു പോകുന്നത് അവർ കണ്ടു.....

നാശം പിടിക്കാൻ എന്നും പറഞ്ഞു അവൻ കാർ എടുത്തു..... അവന്റെ ദേഷ്യം കാറിന്റെ സ്പീഡിൽ നിന്നും അവൾക്ക് മനസ്സിൽ ആയി.....

ഡോ.... ഞാൻ തനിച്ചല്ല.... ഓവർ സ്പീഡിൽ പോയ

എന്റെ കുഞ്ഞുങ്ങൾക്ക് പറ്റില്ല......

അവൻ ഒന്നും മിണ്ടിയില്ലെങ്കിലും സ്പീഡ് കുറഞ്ഞു വരുന്നത് അവൾ കണ്ടു....

എനിക്ക് വിശക്കുന്നു......

ഈ ടൈം ഹോട്ടൽ...... ബാക്കി പറയാതെ അവൻ മിണ്ടാണ്ട് ഇരുന്നു....

ഉള്ളിൽ വന്ന ചിരി പുറത്ത് കാണിക്കാതെ അവൾ പുറത്തേക്ക് നോക്കി ഇരുന്നു....

വീട്ടിൽ എത്തിയതും അവളെ കണ്ടു എല്ലാവരും ഓടി വന്നു..... അവളെ വഴക്ക് പറയുന്നതും സ്നേഹത്തോടെ കെട്ടിപിടിക്കുന്നതും ഒക്കെ അവൻ ഒരു നിമിഷം നോക്കി നിന്നു.....

റാനിയുടെ വീട്ടിൽ പോയതാണെന്ന് ആയിരുന്നു എല്ലാരോടും പറഞ്ഞത്....

ഫുഡ് കഴിച്ചില്ലല്ലോ എന്ന് പറഞ്ഞു അമ്മിജാൻ പറഞ്ഞതും അവൾ പറഞ്ഞത് കേട്ട് എല്ലാരും ഞെട്ടലോടെ അവളെ നോക്കി.....

അവിടെ നിന്നും വെള്ളം കുടിക്കുന്ന ശഹിയുടെ വായിലും മൂക്കിലും വെള്ളം കയറി അവൻ നിന്ന് ചുമച്ചു കൊണ്ടിരുന്നു.....

എനിക്ക് ശഹി വായിൽ വെച്ചു തന്നാലേ ഫുഡ് വേണ്ടു..... വീണ്ടും പറഞ്ഞതും അവർ എല്ലാരും കണ്ണും മിഴിച്ചു അവനെയും അവളെയും നോക്കി....

എനിക്ക് വേറെ പണിയില്ല വേണേൽ കഴിച്ച മതി എന്ന് പറഞ്ഞു റൂമിലേക്ക് പോയി.....

എല്ലാരും അവളെ നോക്കി.... അവൾ കണ്ണിറുക്കി കാണിച്ചു..... ഞാൻ പുറത്ത് നിന്നും കഴിച്ചു.... ചുമ്മാ പറഞ്ഞത..... കിട്ടിയ ഊട്ടി അല്ലെങ്കിൽ ചട്ടി.... അവൾ കുസൃതിയോടെ മെല്ലെ പറഞ്ഞു... പിന്നെ എനിക്കൊന്ന് ഉറങ്ങണം നല്ല ക്ഷീണം ഉണ്ട് പറഞ്ഞു റൂമിലേക്ക് പോയി...

ശഹികേട്ടിരുന്നു അത്..... അവൾ കഴിച്ചിട്ടില്ല എന്നുള്ളത് അവന്ന് അറിയുന്നൊണ്ട് അവൻ ദേഷ്യം അടക്കി പിടിച്ചു..... വിശക്കുമ്പോൾ കഴിച്ചോളും എന്ന് പറഞ്ഞു അവൻ റൂമിൽ പോയെങ്കിലും അവൾ കഴിക്കാതെ വാശി പിടിച്ചു ഇരിക്കോ എന്നോർമയിൽ അവന്റെ സ്വസ്ഥത പോയി കിട്ടിയിരുന്നു...

അവൻ ഹോട്ടലിൽ നിന്നും വാങ്ങി കൊടുക്കാത്ത ദേശ്യത്തിൽ ആണ് അവൾ ഫുഡ് കഴിക്കാതെ എന്നായിരുന്നു അവന്റെ മനസ്സിൽ.......

അവൾ റൂമിൽ പോയതും കിടന്നുറങ്ങി.... നൈറ്റ് ഉറങ്ങാത്തതിന്റെയും ട്രാവൽ ചെയ്തതിന്റെയും ക്ഷീണം ഉണ്ടായിരുന്നു അവൾക്ക്......

അവളെ ഉച്ചക്ക് വിളിക്കാൻ ഷാന പോയെങ്കിലും ഉറങ്ങുന്ന കണ്ടു വിളിക്കാതെ പോയി...

ഉറക്കിൽ വിളിച്ച ഭ്രാന്ത് ആണ് അവൾക്ക്. പിന്നെ വോമിറ്റ് ചെയ്യാൻ വരുന്നു പറഞ്ഞു ഫുഡ് കഴിക്കില്ല എന്ന് ഷാനക്ക് അറിയാരുന്നു..... അതോണ്ട് വിളിക്കാതെ നിന്നു....

ഉച്ചക്ക് എല്ലാരും ചോറ് തിന്നാൻ ഇരുന്നെങ്കിലും ഇനുവിനെ കാണാതെ അവൻ ചുറ്റും നോക്കി.... അവൾ ചോറ് കഴിച്ചോ എന്നറിയാതെ അവന്ന് തിന്നാൻ തോന്നിയില്ല...... അവന്റെ മനസ്സ് അറിഞ്ഞെന്നോണം ആൻ ചോദിച്ചു ഇനു ഫുഡ് കഴിച്ചൊന്നു....

അവൾ ശഹി കൊടുക്കാതെ കഴിക്കില്ലെന്ന വാശിയിൽ ആണ് ഷാന അപ്പൊ തന്നെ പറഞ്ഞു.....

അവന്ന് പിന്നെ തൊണ്ടയിൽ കൂടി

ഇറങ്ങുന്നില്ലായിരുന്നു ചോറ്....

 വാശിയുടെ കാര്യത്തിൽ മുൻപന്തിയിൽ ആണ്.... അറിയുന്നൊണ്ട് അവന്റെ മനസ്സിലും ഒരു പിടി വലി നടന്നു കൊണ്ടിരുന്നു......

ഫൈസിയും ഇജു ഇല്ലാത്ത കൊണ്ട ഇങ്ങനെ വാശി.... അല്ലെങ്കിൽ അവർ വാരികൊടുത്തേനേ.... അമ്മിജാൻ ആരോട് എന്നില്ലാതെ പറഞ്ഞു....

ശഹി കസേര പിറകിലേക്ക് ഉന്തി എഴുന്നേറ്റു പോയി....

ആൻ എല്ലാവരെയും നോക്കി കണ്ണിറുക്കി കാണിച്ചു.....

ശഹി റൂമിലൂടെ അങ്ങോട്ടും ഇങ്ങോട്ട് നടന്നു..... പിന്നെ അവസാനം തോറ്റത് പോലെ താഴേക്കു പോയി പ്ലേറ്റിൽ ചോറ് കറിയും വിളമ്പി.... അവളെ

റൂമിലേക്ക് പോയി.... എല്ലാവരും ഷോക്ക് ആയിരുന്നു അവന്റെ പ്രവർത്തിയിൽ.....

ഇനായ ഉറങ്ങുന്നത് കണ്ടു..... അവൻ തട്ടി വിളിച്ചതും അവൾ എണീറ്റു.... അവനെ കണ്ടു ഞെട്ടി എണീറ്റു....

സൂക്ഷിച്ചു..... അവൻ പോലും അറിയാതെ വായിൽ നിന്നും വീണ വാക്കുകൾ അവളിൽ അമ്പരപ്പ് സൃഷ്ടിച്ചു..... ചുമ്മാ പറഞ്ഞത് ആണ്.... ഇവൻ അത് സീരിയസ് ആക്കി എടുക്കുമെന്ന് കരുതിയില്ല..... ആ ഞെട്ടലിൽ ആയിരുന്നു അവൾ.....

വേണമെങ്കിൽ കഴിക്ക്.... പ്ലേറ്റ് കൊടുത്തു പോകാൻ നോക്കിയതും അവൾ പറഞ്ഞു

എനിക്ക് വേണ്ട ചോറ്.... വിശപ്പില്ല....

കഴിക്കെടി മര്യാദക്ക് പറഞ്ഞു അവൻ വായിൽ വെച്ചു

കൊടുത്തതും അവൾ വാ തുറന്നു പോയിരുന്നു..... അവൾ വേണ്ടെന്ന് പറഞ്ഞിട്ടും അവൻ നോക്കി പേടിപ്പിച്ചു വായിൽ വെച്ചു കൊടുത്തു...

വോമിറ്റ് ചെയ്യൂ പറഞ്ഞിട്ടും അവൻ കേട്ടില്ല..... ഫുൾ കഴിഞ്ഞതും ഛർദ്ദിക്കണം പറഞ്ഞു കട്ടിലിൽ നിന്നും ഊരിപ്പാഞ്ഞു എഴുന്നേൽക്കാൻ നോക്കിയതും അവൻ തടഞ്ഞു...

മെല്ലെ ഇറങ്ങി പോ......

അപ്പോഴേക്കും അവൾ വോമിറ്റ് ചെയ്തിരുന്നു....

അവൾ ഞെട്ടലോടെ അവന്നെ നോക്കി

ഉള്ളിൽ ചെറിയ പേടിയും തോന്നി.....

ഇവന്റെ ദേഹത്തു ആകുന്നു സ്വപ്നത്തിൽ പോലും കരുതിയിരുന്നില്ല...

അവൻ ഒന്നും മിണ്ടാതെ എഴുന്നേറ്റു ബാത്റൂമിലേക്ക്

പോയി......

അവൾ തലക്ക് കയ്യും കൊടുത്തു അവിടെ തന്നെ ഇരുന്നു......

അവരെയും നോക്കി വാതിൽക്കൽ ആ കുടുംബം മൊത്തത്തിൽ ഉണ്ടായിരുന്നു.

അവർ വിശ്വസിക്കാൻ ആവാതെ ശഹിയെ നോക്കി നിന്നത്..... ശഹി ബാത്റൂമിൽ നിന്നും വരുന്നത് കണ്ടതും എല്ലാവരും ഓടിപ്പോയി......

പോയി ഡ്രസ്സ് മാറ്റി ഫ്രഷ് ആക്. ക്ലീൻ ചെയ്യാൻ സെർവന്റ്നോട് പറഞ്ഞോളാം...

വാതിൽക്കൽ എത്തിയതും തിരിഞ്ഞു നോക്കി..... ഓടിപ്പാഞ്ഞു പോകേണ്ട കാര്യം ഒന്നും ഇല്ല.... വോമിറ്റ് ചെയ്തു വെച്ചിട്ട് ഇവിടെ ആകാശം ഇടിഞ്ഞു വീഴോന്നും ഇല്ല.... ക്ലീൻ ചെയ്യാൻ ആണ് സെർവെൻറ്സ് വെച്ചത്..... അത് പറഞ്ഞു പോയി......

ആദ്യത്തെ ഞെട്ടൽ മാറി അവളിൽ പുഞ്ചിരി വിരിഞ്ഞു..... അവൾ ഫൈസിയോട് ഇജുനോട് പറയാൻ ഫോൺ എടുത്തെങ്കിലും രണ്ടു പേരുംബിസി ആയോണ്ട്    ഫോൺ എടിത്തില്ല.

അവൾ റാനിയോടും  ബാക്കിയുള്ളോരോടും പറഞ്ഞു തുള്ളി ച്ചടുകയാരുന്നു......

കുറച്ചു കഴിഞ്ഞു ഒരു ഗ്ലാസ് ജ്യൂസ് എടുത്തു അടുത്തേക്ക് വന്നപ്പോഴാ പണി പാളിയെന്ന് അവൾക്ക് മനസ്സിൽ ആയ.

ഇജുക്കനേയും ഫൈസി   യെയും കൊണ്ട്

സ്വാസ്ഥത കിട്ടാറില്ല എപ്പോ നോക്കിയാലും ഫുഡ് കൊണ്ട് പിറകെ ഉണ്ടാകും.... ഇനിപ്പോ ഇവനും.... അവൾ തലക്ക് കൈ വെച്ചു പോയി......

ഒന്നും മി ണ്ടില്ലെങ്കിലും ഇടക്കിടക്ക് ഇത് പോലെ

ഓരോന്ന് മുന്നിൽ എത്തിയപ്പോഴാ അവൾക്ക് ശരിക്കും പെട്ടുന്നു മനസിലായത്...... അവന്റെ നോട്ടത്തിൽ തന്നെ പേടിച്ചു കഴിച്ചു പോകും.......

അവസാനം ഗതികെട്ട് അവൾ കാൽ പിടിച്ചു......

ഇനി താങ്ങില്ല..... സത്യം ആയിട്ടും എനിക്ക് വേണ്ടാഞ്ഞിട്ട.......

ഇനി ഉടായിപ്പ് കൊണ്ട് പിറകെ വരോ.....

നീ മിണ്ടാണ്ട് ഇരുന്ന വരും..... അവൾ മുഖം താഴ്ത്തി പറഞ്ഞു......

ഞാൻ മിണ്ടാണ്ട് ഇരുന്ന നിനക്ക് എന്താ....

ചത്തു പോകുന്ന് തോന്ന..... സഹിക്കുന്നില്ലഡാ

എനിക്ക്.... എത്ര മാസം ആയി എന്നോട് മിണ്ടീട്ട്.....
പറയുമ്പോൾ അവൾ കരഞ്ഞു പോയിരുന്നു.....

അവൻ ഒറ്റയടി ആയിരുന്നു കവിളിൽ.....

അവൾ ഞെട്ടലോടെ അവന്നെ നോക്കി....

എന്നെ വിട്ടു പോയത് നീയല്ലേ...... വേണ്ടന്ന് വെച്ചത് നീയല്ലേ..... അത്രയല്ലേ ഉണ്ടാരുന്നുള്ളൂ നിനക്ക് എന്നോടുള്ള ഇഷ്ടം...... അവന്റെ കണ്ണ് നിറഞ്ഞിരുന്നു

സോറി..... നിനക്ക് നല്ലൊരു ജീവിതം കിട്ടാനൊന്നേ കരുതീലു.... മനസ്സ് കല്ലാക്കിയ വിട്ടുകൊടുത്തേ.....

ഏതെങ്കിലും പെണ്ണ് ഇടയിൽ വന്ന വേണ്ടെന്ന് വെക്കുന്നതാണോ എന്നോടുള്ള സ്നേഹം... പറയെടീ.....

പറയാൻ.... അവളുടെ ചുമലിൽ പിടിച്ചു ഉലച്ചു.....

പറ്റിപ്പോയി...... അവളും കരഞ്ഞു പോയിരുന്നു......

എന്നെ ഒറ്റക്കാക്കി പോയതല്ലേ എല്ലാരും

എന്റെ അവസ്ഥ ആലോചിച്ചിട്ടുണ്ടോ നിങ്ങൾ...... നിന്നെ ഞാൻ മോശം കണ്ണോടെ നോക്കിന്ന് പോലും പറഞ്ഞില്ലേ

അവൻ നിറഞ്ഞ കണ്ണുകൾ തുടച്ചു.

എനിക്ക് വേണ്ട ആരെയും..... ഞാൻ തനിച്ചേ ഉണ്ടാരുന്നുള്ളൂ..... അങ്ങനെ മതി ഇനിയും...... അവൻ അവളെ തള്ളിമാറ്റി പോകാൻ നോക്കിയതും പിറകിലൂടെ കെട്ടിപിടിച്ചതും ഒന്നിച്ചായിരുന്നു.. ....

എനിക്ക് വേണം നിന്നെ......എല്ലാർക്കും വേണം നിന്നെ...... നീയില്ലാതെ ഞങ്ങൾ പൂർണ്ണമാവില്ലടാ...... അവൾ കരച്ചിലൂടെ പറഞ്ഞു......

അവളെ പോലെ അവനും മൗനം ആയി കരയുകയാരുന്നു.... അവളെ പിടി വിടുവിക്കാൻ നോകിയെങ്കിലും അവൾ മുറുക്കെ പിടിച്ചു......

അതികം പിടിച്ചു നിൽക്കാൻ അവന്നും കഴിഞ്ഞില്ല.... തിരിഞ്ഞു അവളെ കെട്ടിപിടിക്കുമ്പോൾ അവളുടെ തോളിൽ ഒഴുകിയിറങ്ങുന്ന കണ്ണുനീർ തുള്ളികളോടൊപ്പം അവന്റെ മനസ്സിലെ ദേഷ്യവും വാശിയും ഒക്കെ മനസ്സിൽ നിന്നും ഒലിച്ചിറങ്ങുകയാരുന്നു.......

അത് കണ്ടു അവരുടെ ഫാമിലിയും ഉണ്ടായിരുന്നു കണ്ണുനീർ പൊഴിച്ചു പിറകിൽ......

ആ രാത്രി അവരുടേത് മാത്രം ആയിരുന്നു

പരാതിയും പരിഭവവും ഒക്കെ പരസ്പരം പറഞ്ഞു തീർക്കുകയാരുന്നു അവർ..... നേരം പുലരുമ്പോഴേക്കും

പഴയ മാക്രിയും നീലക്കണ്ണിയും ആയി മാറിയിരുന്നു അവർ......

എപ്പോഴോ മടിയിൽ ഉറങ്ങി വീണ അവളെ ബെഡിൽ കിടത്തി പുതച്ചു കൊടുത്തു അവൻ റൂമിലേക്ക് പോയി.....

🌹🌹🌹🌹

രാവിലെ ഏറെ സന്തോഷത്തോടെ ആയിരുന്നു അവൾ എഴുന്നേറ്റത്....... ഫോൺ എടുത്തതും ഫൈസിയുടെ മെസ്സേജ് കണ്ടു miss യൂ....... അതിന്ന് നൂറുകണക്കിന് കിസ്സ് തിരിച്ചു റിപ്ലൈ കൊടുത്തു......

എന്താ ഇത്ര സന്തോഷം......

അത് നാട്ടിൽ വന്നിട്ട് പറയാം പറഞ്ഞു ഫോൺ കട്ട് ചെയ്തു ശഹിയുടെ റൂമിലേക്ക് പോയി..... വാതിൽ നോക്ക് ചെയ്യാതെ അവൾ അകത്തേക്ക് കയറി...

ശഹിയും ആൻ സംസാരിക്കുന്നത് അവൾ കണ്ടു. ശഹിയെ വിളിക്കാൻ നോക്കിയതും അവന്റെ സംസാരം കേട്ട് ഞെട്ടലോടെ തറഞ്ഞു നിന്നു......

ഇനുവും ആയി ദേഷ്യം മാറിയ സ്ഥിതിക്ക്

അവൾ വിവാഹക്കാര്യം പറയും എന്താ മറുപടി പറയുക ആൻ...... കുഞ്ഞിന്റെ ഡാഡിയെ പറ്റി ചോദിച്ചാൽ എന്ത് പറയും.

ശഹിയുടെ ചോദ്യങ്ങൾ കേട്ട് ഞെട്ടലോടെ അവരെ നോക്കി നിന്നു ഇനു....

❤️💔INVISIBLE LOVE 💔❤️

Love after 💘marriage 🌷122🌷

കഷ്ടപ്പെട്ട് കുഞ്ഞിന് വേറെ തന്തയെ കണ്ടു പിടിക്കേണ്ട. ഇഷ്ടം ഉണ്ടെങ്കിൽ മാത്രം എന്നോട്

സത്യം പറഞ്ഞമതി

 ഇനുവിനെ കണ്ടതും അവളും അവനും ഞെട്ടലോടെ അവളെ നോക്കിയത്.....

ഇനു..... ഞാൻ..... ശഹി എന്തോ പറയാൻ നോക്കിയതും അവൾ കയ്യുയർത്തി തടഞ്ഞു.

ഇനിയൊരു കള്ളം പറയണ്ട മാക്രി.... എന്നോട് സത്യം മാത്രം പറയുമെങ്കിൽ പറഞ്ഞ മതി രണ്ടാളും.....  കാര്യങ്ങൾ തുറന്നു പറയണമെന്ന് തോന്നുന്നുബോ പറഞ്ഞ മതി..... കാത്തിരുന്നോളാം അത് വരെ..... ആരോടും പറയാൻ പോകുന്നില്ല ഇക്കാര്യം.....

സോറി..... അവന്റെ മുഖം താണിരുന്നു...

എനിക്ക് വിശ്വാസം ആണ് നിന്നെ......

ആരെക്കാളും..... അറിഞ്ഞു കൊണ്ട് തെറ്റായ തീരുമാനം എടുക്കില്ല നീ.....

അവൾ അവന്റെ നെറ്റിയിൽ നെറ്റി മുട്ടിച്ചു

രണ്ടു പേരെ മുഖത്തും ഒരു പുഞ്ചിരി വിരിഞ്ഞു....

നിങ്ങളെ പോലെ നിങ്ങളെ ഉള്ളു..... അസൂയ തോന്ന നിങ്ങളോട് പറഞ്ഞു അവളെ കെട്ടിപിടിച്ചു രണ്ടു കവിളിൽ കിസ്സ് കൊടുത്തു..... അവളെ വീണ്ടും കെട്ടിപിടിച്ചതും ശഹി പിടിച്ചു മാറ്റി....

നീ അതിനെ സ്നേഹിച്ചു കൊല്ലരുത് പ്ലീസ്

ശഹി കൈ കൂപ്പി അവളോട് പറഞ്ഞു.....

ഒടുക്കത്തെ ഗ്ലാമർ അല്ലേ അപ്പൊ അറിയണ്ട് ഇഷ്ടം കൂടി പോകാ......  നാണത്തോടെ പറഞ്ഞു ആൻ...

പോടീ വെള്ളാം പാറ്റേ എന്ന് പറഞ്ഞു തലക്ക് ഒരു ചൊട്ട് കൊടുത്തു..... ശഹി....

ശഹിയുടെ മാറ്റം ആ വീടിനെ തന്നെ ഉത്സവപ്രതീതിയിൽ എത്തിച്ചിരുന്നു...

വൈകുന്നേരം ഫൈസ് ഇജുവും നദീം കേറി വന്നപ്പോൾ തന്നെ കണ്ടത് ശഹിയും ഇനുവും ലിവിങ് ഹാളിൽ ഒന്നിച്ചു ഇരിക്കുന്നതാണ്..... അവളെ മടിയിൽ തല വെച്ചു കാലിന് മുകളിൽ കാൽ കയറ്റി

വെച്ചു ഫോണിൽ തോണ്ടുന്നുണ്ട്. അവൾ

ഒരു പ്ലേറ്റിൽ നിന്ന് മുന്തിരി തിന്നോണ്ട് ഫോണിൽ എന്തോ വീഡിയോ കാണുന്നു

ഇടയ്ക്കു അവന്റെ വായിൽ വെച്ചു കൊടുക്കുന്നുണ്ട്......

മൂന്നാളും അന്തം വിട്ടു വായും പൊളന്ന് അവരെ

നോക്കി നിന്നു പോയി.

ടാ ഇത് ശഹിയും ഇനു തന്നെ അല്ലേ....

ഫൈസ് മെല്ലെ ചോദിച്ചു.....

ആണെന്ന തോന്നുന്നേ...... ഇജു വിശ്വാസം വരാതെ രണ്ടാളെയും മാറി മാറി നോക്കി.....

ഇന്ത്യയും പാക്കിസ്ഥാനും എപ്പോ ഒരുമിച്ചേ.....

അതിന്ന് ഒരു ചാൻസ് ഇല്ല..... എന്തോ സർപ്രൈസ് ഉണ്ടെന്ന് പറഞ്ഞു നല്ല ഹാപ്പിയിൽ ആയിരുന്നു ആൾ....ഫൈസ് പറഞ്ഞു.....

അപ്പോഴേക്കും റാബിയ അവരെ കണ്ടു....

നിങ്ങൾ എത്തിയോ....... നൈറ്റ് എത്തുള്ളു

പറഞ്ഞിട്ട്...... റാബിയ ചോദിച്ചതും എല്ലാരും അങ്ങോട്ട് നോക്കി...

ഇനു ഫൈസിയെ കണ്ടതും ഫൈസ് എന്നും പറഞ്ഞു ഒറ്റ എഴുന്നേൽക്കൽ ആയിരുന്നു..... ഫൈസിയുടെ അടുത്തേക്ക് ഓടി പോകാൻ നോക്കിയതും....എന്തോ വീണ ഒച്ച കേട്ട അവൾ തിരിഞ്ഞു നോക്കി....

ചക്കയിട്ട പോലെ നിലത്ത് കിടക്കുന്ന ശഹിയെ അപ്പോഴാ എല്ലാരും കണ്ടത്....

എല്ലാവരിലും ചിരി പടർത്തിയിരുന്നു അത്

ആൻ പൊട്ടിച്ചിരിച്ചതും ബാക്കിയുള്ളവർ അതേറ്റെടുത്തു..... ഫൈസ് ടീമും ചിരിക്കണോ വേണ്ടയോ എന്ന് തിരിയാതെ പരസ്പരം നോക്കി നിന്നു...

അവൻ ചമ്മലോടെ നടുവും പിടിച്ചു എഴുന്നേറ്റു...,.. ഇനുവിനെ കലിപ്പോടെ നോക്കി.....

അവൾ തലക്ക് കയ്യും വെച്ചു നാക്കും കടിച്ചു അവനെ നോക്കി.......

സോറി..... അവൾ മെല്ലെ പറഞ്ഞതും അവൻ പോടീ കുരിപ്പേ എന്ന് പറഞ്ഞു തല്ലാൻ ഓടി വന്നതും അവൾ ഫൈസീയുടെ പിറകിൽ ഒലിച്ചു......

അറിയാണ്ട് പറ്റിയതാ...... സത്യം ആയിട്ടും മടിയിൽ ഉള്ളത് ഓർമ ഇല്ലായിരുന്നു.

ഫൈസ്നെ കണ്ടപ്പോ എക്സയിട്മെന്റ്ൽ എണീറ്റു പോയതാ.....

അപ്പോഴാ ഫൈസ് അവളെ പിടിച്ചു മുന്നിൽ നിർത്തിയത്..... അവളെ ചെവിയിൽ പിടിച്ചു

തിരുമ്മി....

നിന്നോട് ഓടരുത് എന്ന് പറഞ്ഞിനോ......

അത് കണ്ടപ്പോ ശഹിയും അടങ്ങി നിന്നു.

ഹൈവ സന്തോഷം ആയി..... ശഹി കയ്യും കെട്ടി നോക്കി നിന്നു....

സോറി ഫൈസ്..... വേദനിക്കുന്നു...... എനിക്ക് ഓർമ ഇല്ലാഞ്ഞിട്ട....... അവൾ വേദന കൊണ്ട് നിന്ന് ചിണുങ്ങി......

അപ്പോഴാ ശഹി കലിപ്പിൽ നിൽക്കുന്ന ഇജുവിനെ കണ്ടത്......

ഭയ്യാ..... പണി പാളി ഓടിക്കോ..... അവൻ മെല്ലെ

ഫൈസിയോട് പറഞ്ഞു.....

ഇജുവിന്റെ ദേഷ്യം പിടിച്ച മുഖത്തേക്കാൾ അവൻ ഞെട്ടലോടെ കേട്ടത് ശഹിയുടെ ഭയ്യാ വിളി ആയിരുന്നു.  അവൻ ഇനുവിനെ വിട്ടു അത്ഭുതത്തോടെ അവനെ നോക്കി.......

ശഹി..., അവൻ അറിയാതെ ചുണ്ടുകൾ മൊഴിഞ്ഞു. കണ്ണുകൾ നിറഞ്ഞിരുന്നു അവന്റെ.....

ഫൈസ് അവനെ കെട്ടിപിടിച്ചതും ശഹിയും തിരിച്ചു കെട്ടിപിടിച്ചിരുന്നു.

സോറി..... രണ്ടു പേരും ഒരു പോലെ ഉരുവിട്ടു.......

ഇജുവും അത്ഭുതത്തോടെ നോക്കുകയാരുന്നു അവരെ.....

നമ്മുടെ ശഹി തന്നെ ഇജുക്ക അത്.....അവൾ

ഇജുവിനെ ചേർത്ത് പിടിച്ചു പറഞ്ഞു.....

ഷഹീ...... ഇജു വിളിക്കുമ്പോൾ ഇജുവിന്റെ

കണ്ണുകൾ നിറഞ്ഞിരുന്നു...... അത് കണ്ടു
നില്കുന്നവരുടെയും.....

ശഹി ഫൈസിയെ വിട്ടു ഇജുവിന്റെ അടുത്തേക്ക്
പോയി......

എപ്പോ നോക്കിയാലും ഒട്ടിപിടിച്ചു നിന്നോളും
പറഞ്ഞു ഇപ്പോഴത്തെയും പോലെ ഇനുവിനെ തള്ളി
മാറ്റിയാണ് അവൻ ഇജുവിനെ കെട്ടിപിടിച്ചത്......

അവൾ ശഹിയുടെ നടുപ്പുറം നോക്കി ഒറ്റയടി
ആയിരുന്നു....

എന്റെ പുറം.... എന്ന് പറഞ്ഞു എരിവ് വലിച്ചു
അവളെ മുടിയിൽ പിടിച്ചു വലിച്ചു..

അവൾ ദേഷ്യത്തോടെ ഷഫീ എന്ന് അലറിയതും അപ്പോഴാ മുടിയിൽ ആണ് പിടിച്ചത് എന്ന് ഓർത്തത്..... അവൾ വരുന്നത് കണ്ടതും പേപ്പട്ടി വരുന്ന പറഞ്ഞു അവൻ ഓടിയിരുന്നു.....

അവൾ പിറകെ പോകാൻ നോക്കിയതും ഫൈസ് അരയിലൂടെ പിടിച്ചു അവളെ വട്ടം പിടിച്ചിരുന്നു.....

ഫൈസ് വിട്.... അവൾ കുതറി മാറാൻ നോക്കിയതും അവൻ മുറുക്കെ പിടിച്ചു....

ഒന്ന് രണ്ടിനെയും വീണ്ടും തെറ്റിക്കോ ആരെങ്കിലും..... എനിക്കെങ്ങും വയ്യ രണ്ടിന്റെയും പിറകെ ഓടാൻ..... ഇങ്ങനെ പോയ എന്റെ ബേബിസ്...... അവനോ ബുദ്ധിയില്ല നിനക്ക് എങ്കിലും ഓർത്തൂടെ അവൻ അതും പറഞ്ഞു അവളെ കലിപ്പിട്ട് നോക്കുകയും ചെയ്തു....

ശഹിയും അവളും പരസ്പരം നോക്കി ഇളിച്ചു കാണിച്ചു......

ഞാൻ നന്നായി..... ഇനി ഇങ്ങോട്ട് വന്നു മിണ്ടിയ പോലും മിണ്ടില്ല....... ശഹി അതും പറഞ്ഞു സോഫയിൽ പോയി ഇരുന്നു.

ഇനു കണ്ണും തുറിച്ചു അവനെ നോക്കി.....

ഞാനും നന്നായി..... എന്ന ഇനി വഴക്ക് ഇടൂല...... മുഖം വീർപ്പിച്ചു അവളും ഓപ്പോസിറ്റ് പോയി ഇരുന്നു.....

എല്ലാവരും എത്ര നേരത്തേക്ക ഇതെന്നുള്ള നോട്ടത്തോടെ ചിരി അടക്കി പിടിച്ചു.....

അല്ല പോയ കാര്യം എന്തായി.... അമ്മിജാൻ അവരെ നോക്കി. ഓഡർ ആർക്കാ കിട്ടിയത്......

ഇജുവും ഫൈസിയും പരസ്പരം നോക്കി
പിന്നെ പുച്ഛത്തോടെ മുഖം തിരിച്ചു....

എന്താവന അമ്മിജാൻ.... ഇനുവിന്റെ മോന്ത വാടുന്നു കരുതി ഇജാസ് ഫൈസിക്ക് വിട്ടുകൊടുത്തു..... ഇനുവിന്റെ സന്തോഷം കാണാൻ ഫൈസ് ഇജുവിനും വിട്ടു കൊടുത്തു..... മൊത്തത്തിൽ പറഞ്ഞ രണ്ടാൾക്കും കിട്ടിയില്ല..... അതാണ് സംഭവിച്ചത്... ശഹി വിളിച്ചു പറഞ്ഞു.....

അമ്മിജാൻ രണ്ടാളെയും നോക്കി സത്യം ആണോ.....

കഴിഞ്ഞ പ്രാവശ്യം ഇങ്ങനെ ആയിരുന്നു. ഫൈസിക്ക് വിട്ടു കൊടുത്തു.... ഫൈസ് ആണെങ്കിൽ ഔദാര്യം വേണ്ട പറഞ്ഞു പോയി.... ഇപ്രാവശ്യം അത് തന്നെ.... അതാണ് രണ്ടും മിണ്ടാതെ ശഹി രണ്ടാളെയും നോക്കി പറഞ്ഞു...

ഇപ്രാവശ്യം ട്വിസ്റ്റ് അമ്മിജാൻ...... നദീം ചിരിയോടെ അവരെ നോക്കി പറഞ്ഞു

എന്ത് ട്വിസ്റ്റ്..... ശഹി പറഞ്ഞത് പോലെ ഉണ്ടാകുന്നു എനിക്കും അറിയാരുന്നു. അതോണ്ട് ഞാനും അലക്സ് കൂടി വേറെ എമൗണ്ട് എഴുതി വെച്ചു ജന്നത് ആൻഡ് aj കാൺസ്ട്രക്ഷൻ പേരിൽ..... അതിന്ന് കിട്ടി..... നദീം പുച്ഛത്തോടെ രണ്ടാളെയും നോക്കി പറഞ്ഞു. അവർ അതിന്ന് ഇളിച്ചു കാണിച്ചു.

ഇനു രണ്ടുപേരെയും നോക്കി. തനിക്ക് വേണ്ടി താണ് കൊടുക്കാനും മടിയില്ലാത്ത അവരെ കണ്ടു അവളെ മനസ്സും നിറഞ്ഞിരുന്നു.

ഞാൻ ഒരു തീരുമാനം പറയാം ഇനി ഒന്നിച്ചുള്ള ബിസിനസ് ഡീൽ കാര്യം വരുമ്പോൾ രണ്ടു കമ്പനിയും ഒന്നിച്ചു ചെയ്ത മതി വർക്ക് . നദീം ചെയ്തത് ആണ് അതിന്റെ ശരി..... അമ്മിജാൻ പറഞ്ഞതും രണ്ടാളും ഒന്നിച്ചു തലയാട്ടി സമ്മതിച്ചു.

ശഹി എഴുന്നേറ്റതും പെട്ടെന്ന് വീഴാൻ നോക്കി..... നദീം പിടിച്ചോണ്ട് നിലത്തേക്ക് വീണില്ല.

നോക്കി നടക്കടെ

ശഹി അവന്റെ കാൽ അപ്പോഴാ കണ്ടത് ഷൂ ലെസ് രണ്ടും ഒന്നിച്ചു കെട്ടിയിട്ടിരുന്നു.

അത് തടഞ്ഞാണ് വീണത്.....

ഇനൂ..... കൂക്കി വിളിച്ചു അവളെ നോക്കി.

എല്ലാരും അവളെ നോക്കിയെങ്കിലും അവൾ അവിടെ ഉണ്ടായിരുന്നില്ല. അവൾ പണിയും കൊടുത്തു മുങ്ങിയെന്ന് എല്ലാർക്കും മനസ്സിൽ ആയി..... എല്ലാവരുടെ ചുണ്ടിലും പുഞ്ചിരി ആയിരുന്നു നിറഞ്ഞു നിന്നത്. ഇനിയൊരിക്കലും അവർ പിരിയല്ലേ എന്നായിരുന്നു അവർ പ്രാർത്ഥിച്ചതും....

🌹🌹🌹🌹

ഫൈസ് ചിരിയോടെ റൂമിലേക്ക് പോയതും ഇനു അവന്നെ കെട്ടിപിടിച്ചു.

മിസ്സ് യൂ ഹബ്ബി.....

അവൻ നിന്നിടത് നിന്നും അനങ്ങിയില്ല....

അവൾ അവനെ വിട്ടു പരിഭവത്തോടെ നോക്കി....

കണ്ണുരുട്ടി നോക്കണ്ട..... ഞാൻ പോയിട്ടും എന്നെ നിനക്ക് മിസ്സ് ചെയ്തോ ഇല്ലല്ലോ...

ഒരു ഫോൺ കാൾ.... അല്ലെങ്കിൽ ഒരു മെസ്സേജ്..... എന്തെങ്കിലും അയച്ചോ നീ....

അവൾ അപ്പോഴാ അതോർത്തെ ശഹിയെ കിട്ടിയ കാര്യത്തിൽ ഒക്കെ മറന്നു.....

അവൾ തലയും ചൊറിഞ്ഞു ഏർ കണ്ണിട്ട് അവനെ നോക്കി....

കലിപ്പും സങ്കടം ദേഷ്യം ഒക്കെ കൂടിയുള്ള ഭാവത്തിൽ ആണ്.....

അതില്ലേ.... പിന്നെയില്ലേ..... ഞാനില്ലേ....

അവൾ അവനെ നോക്കാതെ വിക്കി കൊണ്ട് ഓരോന്ന് പറഞ്ഞു....

എന്നാലില്ലേ.... മോളില്ലേ..... അതികം സോപ്പിടണ്ട..... പതയൂല...... അതും പറഞ്ഞു അവൻ ഡ്രസ്സ് ചെയ്യാൻ പോയി...

ബാത്റൂമിൽ നിന്നും ഇറങ്ങി വരുന്ന വരെ അവൾ കാവൽ പോലെ അവിടെ നിന്നു.

അവൻ കുളിച്ചു വന്നിട്ടും മൈൻഡ് ആക്കാതെ പോയി....

ടാവ്വൽ ഉടുത്തു ഇറങ്ങി വന്ന അവനെ കണ്ടു നാണം ആയിരുന്നു അവൾക്ക് വന്നത്..... അവൾ മെല്ലെ മുഖം ഉയർത്തി നോക്കി..... ടവ്വൽ ഉടുത്തു തന്നെ മുടി ചീകുന്നത് കണ്ടു.... അവന്റെ ശരീരത്തിലൂടെ ഒഴുകിയിറങ്ങുന്ന വെള്ളത്തുള്ളികൾ നോക്കി അവൾ ഒരു നിമിഷം നിന്നു പോയി....

അതേ ചോര ഊറ്റിയത് മതി..... കഷ്ടപ്പെട്ട് മൈന്റെൻ ചെയ്യുന്ന ബോഡി ആണ്....

അവൾ ഇളിച്ചു കാണിച്ചു അടുത്തേക്ക് പോയി....

ആദ്യം ആയി ബോഡി നോക്കി നിന്നത് ഓർത്തു പോയതാ... എന്നെ പേടിച്ചു ബാത്റൂമിലേക്ക് തിരിച്ചു ഓടിയില്ലേ.....

ശരിക്കും അന്നെന്തിനാ ഓടിയെ......

അവനിലും അതോർത്തപ്പോൾ ഒരു ചിരി പടർന്നിരുന്നു......

ഞാൻ ഓടിയൊന്നും ഇല്ല.... ചമ്മൽ മറച്ചു വെച്ചു അവൻ പറഞ്ഞു.....

ഇല്ലേ..... അവന്റെ നെഞ്ചിലൂടെ വിരൽ ഒടിച്ചു പറഞ്ഞതും അവൻ സ്റ്റക്ക് ആയി നിന്നു.... അവൾ അവന്റെ മുഖത്ത് നോക്കാതെ ശരീരത്തിൽ ഉള്ള വെള്ളത്തുള്ളികൾ തുടച്ചു മാറ്റി.... അവന്റെ മനസ്സോടൊപ്പം ശരീരവും ചൂട് പിടിച്ചു തുടങ്ങിയിരുന്നു....

സോറി.....അവളുടെ ചുണ്ടുകൾ അവന്റെ നെഞ്ചിൽ ചേർത്തതും അവൻ ചേർത്ത് പിടിച്ചു.....

താങ്ങില്ല മോളു..... അതോണ്ട് വിട്ടേക്ക് പറഞ്ഞു അവളുടെ ചുമലിൽ പല്ലുകൾ താഴ്ത്തി.....

അവളുടെ കൈകൾ അവന്റെ പുറത്ത് അമർന്നു..

അവളിൽ നിന്നും ഉയർന്ന സീൽക്കാരം അവനെ മറ്റുവികാരങ്ങളിലേക്ക് നയിച്ചതും അവൻ വിട്ടു....

കണ്ണുകൾ വയറിൽ ഉടക്കിയതും അവന്റെ കണ്ണുകളിൽ കണ്ട നിരാശ... പുഞ്ചിരിയോടെ അവളുടെ ചുണ്ടിൽ എത്തി നിന്നു.....

അവന്റെ മുഖം കയ്യിൽ എടുത്തു ചുണ്ടുകൾ നുകരുമ്പോൾ അവന്റെ കണ്ണുകൾ വിടരുന്നതും അതിൽ പ്രണയഭാവം നിറയുന്നതും അവൾ കണ്ടു.

അവളിൽ നിന്നും അവൻ അവളുടെ ചുണ്ടുകളുടെ മധുരം ഏറ്റെടുത്തിരുന്നു.

അവന്റെ ചുണ്ടുകൾ നാവുകൾ ഒന്നിച്ചു ചേർന്നു. ചുണ്ടു പൊട്ടി ഇരുമ്പുച്ചുവ വായിൽ കലർന്നിട്ടും

പരസ്പരം അടരാൻ മടിച്ചു അധരങ്ങൾ..... ശ്വാസം വിലങ്ങിയതും അവൻ വിട്ടു.... അവന്റെ നെഞ്ചിൽ ചാരി ശ്വാസം എടുക്കുന്ന അവളുടെ നെറുകയിൽ വാത്സല്യത്തോടെ ചുംബിച്ചു അവളെ കയ്യിൽ കോരിയെടുത്തു ബെഡിലേക്ക് കിടത്തിയതും അവൾ അവന്നെ തന്നെ നോക്കി.....

രണ്ടു ദിവസം എന്റെ ബേബിസ് നോട് സംസാരിക്കാതെ ഇരുന്ന സങ്കടം എനിക്കെ അറിയൂ.... അതും പറഞ്ഞു അവളുടെ വയറിൽ ചുണ്ടുകൾ ചേർത്തു.

അവരുടെ സംസാരം കേട്ട് ചിരിയോടെ അവന്റെ തലയിൽ തഴുകി കൊണ്ട് അവൾ കിടന്നു..... പിന്നീടെപ്പോഴോ കണ്ണുകൾ അടയുന്നതും അവന്റെ നെഞ്ചോരം ചേർത്ത് പിടിച്ചു കിടക്കുന്നതും അവളും അറിയുന്നുണ്ടായിരുന്നു......

🌷🌷🌷🌷🌷

ശഹിയുടെ ഒത്തു ചേരലും കോൺട്രക്റ്റ് കിട്ടിയതും

ഒക്കെ അവിടെ ഒരു ആഘോഷത്തിന്റെ സന്തോഷം അലയടി ച്ചു. പിറ്റേന്ന് അവർ ഫാമിലി മാത്രം ആയി പാർട്ടി വെക്കാനും തീരുമാനം എടുത്തു.

നജയെയും റാനിയെയും വിളിച്ചിരുന്നു ഇനു.

നൈറ്റ് ഫുഡ് കഴിക്കുമ്പോഴാ കാളിങ് ബെൽ അടിച്ചത്.....

ഷംന പോയി വാതിൽ തുറന്നു.....

ജീൻസ് പാന്റും ഷർട്ടും ഇട്ടു മോഡേൺ ആയ ഒരു പെണ്ണിനെ കണ്ടു....

അവളുടെ കോലം കണ്ടു മലയാളി അല്ലെന്ന് അവർക്ക് മനസ്സിൽ ആയിരുന്നു

ഹൈ ആം എമ്മ ലോറൻസ്..... ശഹിയുടെ ഫ്രണ്ട് ആണ്....

പ്ലീസ് കം.... അവർ അകത്തേക്ക് വിളിച്ചു..

എല്ലാവരും ആരാണെന്നു നോക്കുന്നുണ്ടായിരുന്നു.

ഷീ ഈസ് മയ് ഫ്രണ്ട് എമ്മ ലോറൻസ് പറഞ്ഞു ശഹി എഴുന്നേറ്റു വന്നു...

വാട്ട് എ സർപ്രൈസ് യാർ..... ശഹി പറഞ്ഞോണ്ട് അടുത്തേക്ക് പോകാൻ നോക്കിയതും ആൻ ഓടി വന്നു എമ്മ യെ കെട്ടിപിടിച്ചിരുന്നു..... ആനിന്റെ നിറഞ്ഞ കണ്ണുകൾ തുടക്കുന്നത് കണ്ടാണ് അവൾക്ക് വേണ്ടപ്പെട്ട ആരോ ആണെന്ന് അവർക്ക് തോന്നിയത്......

ഇതേത് പുതിയ അവതാരം എന്നായിരുന്നു എല്ലാരേം മനസ്സിൽ....

എമ്മ രണ്ടു ദിവസം ഇവിടെ ഉണ്ടാകും ശഹി എല്ലാരോടും ആയി പറഞ്ഞു...

നോ ശഹി..... ഞാൻ നാളെ വൈകുന്നേരം പോകും റിട്ടേൺ ടിക്കറ്റ് എടുത്ത വന്നത്. ആനിനെ ചേർത്ത് പിടിച്ചു പറഞ്ഞു.....

ശഹിയുടെ മുഖത്ത് ഒരു സങ്കടം നിഴലിക്കുന്നത് എല്ലാരും കണ്ടു....

അവൻ ഒരു ചിരി വരുത്തിച്ചു എമ്മയെ നോക്കി....

പിന്നെ എല്ലാർക്കും പരസ്പരം പരിജയപെടുത്തി കൊടുത്തു.....

ആൻ എമ്മയെ കൂട്ടി റൂമിലേക്ക് പോയി.

രാത്രി ശഹി ഗസ്റ്റ് റൂമിലേക്ക് പോകുന്നത് അവർ കണ്ടു.....

🌷🌷🌷

പിറ്റേന്ന് രാവിലെ തന്നെ ഇനു എല്ലാരേം വിളിച്ചു വരുത്തിച്ചിരുന്നു..... പരസ്പരം എല്ലാർക്കും ഒത്തു ചേർന്ന സന്തോഷം ഉണ്ടായിരുന്നു. സമിയും ഷദ കൂടി വന്നതോടെ സന്തോഷതിന്ന് മധുരം കൂടിയിരുന്നു. കൂടെ റിസയും ഉണ്ടായിരുന്നു.  ഉച്ചക്ക് എമ്മ ബാഗ് എടുത്തു വരുന്നത് എല്ലാരും കണ്ടു..... പിന്നാലെ ആനും.... ആൻ യാത്ര ചോദിക്കുമ്പോഴാണ് എല്ലാവരും കൂടുതൽ ഞെട്ടിയത്....

അവർ ശഹിയെ നോക്കി....  എമ്മ വന്നത് ആനിനെ കൊണ്ട് പോകാൻ ആണ്...

അപ്പൊ നീയും ആനും.... ഇജു സംശയത്തോടെ അവരെ നോക്കി.

ഞങ്ങൾ തമ്മിൽ വെറും ഫ്രണ്ട്ഷിപ് മാത്രം ഉള്ളു.... വിവാഹം മുടക്കാൻ ഇവൻ കള്ളം പറഞ്ഞത.... ആൻ എല്ലാവരോടും ആയി പറഞ്ഞു...

എന്റെ ബെസ്റ്റി ആണ്..... എന്റെ നല്ലോരു ബ്രദർ ആണ് അവനെ ചേർത്ത് പിടിച്ചു പറയുമ്പോൾ ആനിന്റെ കണ്ണ് നിറഞ്ഞിരുന്നു.....

എല്ലാവർക്കും അതൊരു ഷോക്ക് ആയിരുന്നു. ഇനുവിന് ഡൌട്ട് തോന്നിയോണ്ട് വലിയ ഞെട്ടൽ ഉണ്ടായിരുന്നില്ല.......

ആൻ യാത്ര ചോദിച്ചു പോയതും എല്ലാവർക്കും സങ്കടം തോന്നിയിരുന്നു. ആൻ ശരിക്കും ശഹിയുടെ അഭവത്തിൽ അവർക്ക് ഒരു തണൽ ആയിരുന്നു.....

അവർ പോയതും എല്ലാവരും ശഹിയെ വളഞ്ഞു.....

അവളുടെ ഹസ്ബൻഡ് ആരാ.... ആ കുട്ടി

ആരുടെയാ..... എല്ലാ ഭാഗത്ത് നിന്നും ചോദ്യങ്ങൾ ഉയർന്നിരുന്നു.....

കൂൾ..... കൂൾ..... ഞാൻ എല്ലാം പറയാം...

ആ കുട്ടി എന്റെയല്ല......എന്ന് പറഞ്ഞതും നജ അവന്റെ മുഖത്ത് ഒറ്റ അടി ആയിരുന്നു.....

എല്ലാവരും ഞെട്ടലോടെ അവളെ നോക്കി

അവൻ കണ്ണും മിഴിച്ചു അവളെ നോക്കി.

കവിളിൽ തൊട്ട് അവളോട് എന്താ ചോദിച്ചു..... അതിന്ന് ഉത്തരം ആയി അവിടെ കണ്ട എല്ലാ സാധനം എടുത്തു എറിയുകആയിരുന്നു അവൾ.....

ഷാന അവളെ പിടിച്ചു വെച്ചു.... എന്നിട്ടും

അടങ്ങുന്നുണ്ടായിരുന്നില്ല അവൾ.......

എല്ലാവരും ജുനുവിനെ നോക്കി..

... എനിക്കൊന്നും അറീല അവൻ കൈ മലർത്തി.....

ഇനു അവളെ അടുത്തേക്ക് പോയി....

എന്താ കാര്യം എന്ന് ആംഗ്യ ഭാഷയിൽ ചോദിച്ചു.....

എല്ലാവരും അവളെ തന്നെ ഉറ്റു നോക്കി...

ഇനയക്ക് അവളുടെ ഭാഷ ജുനു പഠിപ്പിച്ചു കൊടുത്തിരുന്നു.... ഇനു മറ്റുള്ളവർക്കും.

അവൾക്ക് എല്ലാരും പറയുന്നത് മനസ്സിൽ ആകും അതോണ്ട് അവൾ അങ്ങോട്ട് സംസാരിക്കുന്നത് കുറച്ചു മനസ്സിൽ ആകാതിരിക്കു.....

നജ എത്ര പറഞ്ഞിട്ടും മനസ്സിൽ ആകാതെ ഇനു ജുനുവിനെ നോക്കി കൈ മലർത്തി......

ആൻ ശഹി പ്രഗ്നൻറ് വേറെ ഒന്നും മനസ്സിൽ ആകുന്നില്ല ജുനു അവരോട് ആയി പറഞ്ഞു..... അത് മാത്രമേ ഇനുവിനും മനസ്സിൽ ആകുന്നുള്ളു. ശഹിയെ ഇടയ്ക്കു നോക്കി പേടിപ്പിക്കുന്നു ഉണ്ട് നജ .....

ഇനി ഭയ്യാ തന്നെ ആണോ കൊച്ചിന്റെ തന്ത യാഷ് പറഞ്ഞതും എല്ലാവരും അവന്നെ നോക്കി.....

അപ്പോഴാ നജ ഫോണിൽ ടൈപ്പ് ചെയ്തു

ഇനുവിന് കൊടുത്തത്.... അത് വായിച്ചു

ഇനു... യാ   ഹുദാ.... പറഞ്ഞു പിറകിലേക്ക് വേച്ചതും ശഹി തന്നെ അവളെ താങ്ങി. നേരെ നിർത്തിയതും അവൾ ശഹിയുടെ ഇപ്പുറത്തെ കവിളിലും ഒന്ന് കൊടുത്തു..... അവന്റെ മുടി പിടിച്ചു വലിച്ചും നെഞ്ചത്ത് അടിച്ചും പരക്രമം കാണിക്കുന്ന

അവളെയും കണ്ണ് തുറിച്ചു നോക്കനെ ബാക്കിയുള്ളോർക്ക് കഴിഞ്ഞുള്ളു..... ഷാന ഫോൺ പിടിച്ചു വാങ്ങി വായിച്ചു നോക്കി.... പിന്നെ ഓരോരുത്തറായി ടെറർ മൂടോടെ ശഹിയെ വളഞ്ഞു അവനിട്ടു പൊട്ടിക്കുന്നത് കണ്ടാണ് ബാക്കിയുള്ളവർ പിടിച്ചു മാറ്റാൻ പോയത്

ഷാനയും ഇനുവും ആയിരുന്നു പിടിച്ചിട്ടും അടങ്ങി നിൽക്കാതെ നിന്നത്....

എന്നെ വിട് ഫൈസ്...... ഇവനെ ഞാനിന്ന് തല്ലി കൊല്ലും നോക്കിക്കോ......

ഫൈസ് കഷ്ടപ്പെട്ട് അവളെ പിടിച്ചു വെച്ചു......

ഒന്ന് കാര്യം പറഞ്ഞിട്ട് തല്ലോ......  തല്ലുന്ന നിങ്ങൾക്ക് ഔജിത്യം ഇല്ലെങ്കിലും കൊള്ളുന്ന എനിക്ക് ഒരു ഔജിത്യ ബോധം ഇല്ലെ അവൻ കൈകൂപ്പി കൊണ്ട് പറഞ്ഞു.....

❤💔INVISIBLE LOVE 💔❤

Love after 💘marriage 🌷123🌷

എന്റെ മാനം പോയി അത് തന്നെ പ്രശ്നം

ഇവനെ ഞാൻ കൊല്ലും നോക്കിക്കോ...

എല്ലാവരും കണ്ണ് തുറിച്ചു അവളെ നോക്കി

ശഹിയുടെ കണ്ണ് രണ്ടും ഇപ്പോൾ വെളിയിൽ വരും എന്ന നിലയിൽ ആയിരുന്നു.....

അവൻ ഫൈസിയെ നോക്കി നിക്കൊന്നും അറീല എന്ന് കൈ മലർത്തി കാണിച്ചു...

വീണ്ടും തല്ലാൻ പോയതും ഫൈസ് അവളെ പിടിച്ചു വെച്ചു......

നിന്റെ മാനം എങ്ങനെ പോയെ.....

അവൾ ഒറ്റ മോങ്ങൽ ആയിരുന്നു.....

അവൾ...... അവൾ..... ആൻ..... ലെസ്ബിയൻ ആണ് ഫൈസ്.......

ലെസ്ബിയനോ........ എല്ലാവരും കിളി പോയ പോലെ നിന്നു.......

ശരിക്കും നിന്റെ മാനം പോയോ....ഫൈസ് ഞെട്ടൽ മാറിയതും ഇനുവിനെ നോക്കി ടെൻഷനോടെ ചോദിച്ചു.....

അവൾ എനിക്ക് കിസ്സ് തരും എപ്പോ നോക്കിയാലും.... അവൾ പെണ്ണല്ലേ..... അതോണ്ട് കുഴപ്പം ഒന്നും ഇല്ലല്ലോ കരുതി അവളെ മുന്നിൽ വെച്ചു ഡ്രസ്സ് ഒക്കെ മാറിയിട്ടുണ്ട്..... കെട്ടിപിടിച്ചു കിടന്നു......

അവളെ ഞാനും കെട്ടിപിടിച്ചിട്ടുണ്ട് കിസ്സ്

കൊടുത്തിട്ടുണ്ട്..... ഒരു വാക്ക് ഈ തെണ്ടിക്ക് പറയാറുന്നില്ലേ...... ഇവനെ ഞാൻ കൊല്ലും നോക്കിക്കോ....... വീണ്ടും തല്ലാൻ നോക്കിതും അവൻ എണീറ്റു ഓടിയിരുന്നു........

പിറകെ ഓടാൻ പോയതും ഫൈസ് അരയിലൂടെ കയ്യിട്ടു പിടിച്ചു വെച്ചു.... മാനം പോയില്ലല്ലോ.... അതോണ്ട് സമാധാനപെട്.......

പോയിരുന്നുവെങ്കിലോ...... അന്നേ ഷാന പറഞ്ഞത അവൾക്ക് എന്തോ സ്പെല്ലിങ് മിസ്റ്റേക്ക് ഉണ്ടെന്ന്...... പൊട്ടബുദ്ധിക്ക് കേട്ടില്ല....... എന്നാലും പടച്ചോനെ..... ഡ്രസ്സ് ഒക്കെ മാറിത് ഓർക്കുമ്പോ...... അവൾ കലിപ്പോടെ ശഹിയെ നോക്കി.......

നിന്റെ ചാരിത്രത്തിന്ന് ഒന്നും സംഭവിച്ചില്ലല്ലോ..... അതോണ്ട് ഇപ്രാവശ്യം ഒന്ന് ക്ഷമിക്കേടി..... അവൾ ലെസ്ബിയൻ

ആണെങ്കിലും നിനക്ക് ഒക്കെ കിസ്സ് തന്നത് ആ

അർത്ഥത്തിൽ അല്ല അവരെ നാട്ടിലൊക്കെ ഇങ്ങനെ വിഷ് ചെയ്യാ അതാണ്....... അവൻ അവളെ കൈയെത്തുന്ന ദൂരത്തു നിന്ന് മാറി നിന്നു പറഞ്ഞു...... അടുത്ത് പോയ അടി കിട്ടുന്നുള്ള പേടി അവനുണ്ടായിരുന്നു....

പെട്ടെന്ന് എന്തോ ദേഹത്തു വീഴുന്ന പോലെ തോന്നി അവൻ ഒഴിഞ്ഞു മാറി.... ഒരു ഫ്ലവെർ വേസ് ആണ്.... എറിഞ്ഞത് കൊള്ളാത്ത ദേഷ്യത്തിൽ ടെറർ ആയി നിൽക്കുന്ന നാജിയെ നോക്കി അവൻ അവിഞ്ഞൊരു ഇളി കൊടുത്തു.....

നാജി ബബിടെ പ്രോബ്ലം എന്താ.... എന്നെ എന്തിനാ എടുത്തിട്ട് അലക്കുന്നെ..... അവൻ ഇനുനെ നോക്കി.....

അവൾ ഇവൾക്ക് ലിപ്ടു ലിപ് കിസ്സ് കൊടുത്തു.... അവൾ അത് അബദ്ധത്തിൽ ആണെന്ന് കരുതിയത്. പിന്നെ എമ്മിയോട് ഇവൾ പെട്ടെന്ന് കൂട്ടായി....

വിവാഹം കഴിഞ്ഞോന്ന് ചോദിച്ചപ്പോ ആൻ ആണ് വിവാഹം കഴിച്ചേ പറഞ്ഞു..... അപ്പൊ മനസ്സിൽ ആയി കിസ്സ് കൊടുത്തത് അബദ്ധം അല്ലെന്ന്...... അവൾക്ക് കൊടുക്കാൻ പറ്റാത്തത് നിനക്കിട്ടു ഇപ്പൊ തരുന്നു....

അവൻ എല്ലാരേം നോക്കി കൈകൂപ്പി ഈ ഒരു പ്രാവശ്യം എല്ലാരും ക്ഷമിക്ക്..... മനസ്സിൽ ആനിനെ പ്രാകി കൂട്ടുന്നുണ്ടായിരുന്നു അവൻ.....

ഞാൻ പോലും അവൾക്ക് ഇത് വരെ ലിപ് ടു ലിപ് കിസ്സ് കൊടുത്തിട്ടില്ല പട്ടീ..... എന്ന് മെല്ലെ അവനോട് പറഞ്ഞു കൈ പിടിച്ചു പിറകിലേക്ക് വലിച്ചു ജുനു......

ഒരബദ്ധം ഏത് പോലിസ്കാരനും പറ്റുമെടാ..... എന്റെ കയ്യെന്ന് വിട്..... മുത്തല്ലേ..... ചക്കരയല്ലേ..... അവൻ നിർക്കാരെ തുള്ളി......

അവളെ കൊച്ചിന്റെ തന്തയപ്പോ ആരാ നീയാണോ......

പടച്ചോനെ.... അത് എന്റെയല്ല.....

പിന്നെ ആരുടെയാ.....

നീ കയ്യിന്ന് വിട് ഞാൻ സത്യം പറയാം....

ജുനു വിട്ടു......

ആൻ എമ്മിയും ഫസ്റ്റ് സ്റ്റാൻഡേർഡ് മുതൽ ഒന്നിച്ചു പഠിച്ചവരാ... ഹോസ്റ്റലിൽ ഒന്നിച്ചായിരുന്നു അവർ..... അവരെ വീട്ടുകാർക്കോ അവരെ സ്നേഹിക്കാൻ ടൈം ഇല്ല. അവർ രണ്ടു ശരീരവും ഒറ്റ മനസ്സ് ആയി ജീവിച്ചവർ ആണ്.... പിന്നീടെപ്പോഴോ അവർ പരസ്പരം പ്രണയിക്കാൻ തുടങ്ങി.... ഞാൻ ആ കോളേജിൽ പോയപ്പോ എനിക്ക് കിട്ടിയ രണ്ടു ഫ്രണ്ട്സ് അവർ ആയിരുന്നു. അവർ ലെസ്ബിയൻ ആണെന്ന് എനിക്ക് അപ്പോഴേ തോന്നിയത. അവർ

അത് സമ്മതിച്ചു തന്നിട്ടും ഉണ്ട്..... സംഭവം അവർ അങ്ങനെ ആയിരുന്നുവെങ്കിലും അവർക്ക് എന്നെയും എനിക്ക് അവരെയും ബെസ്റ്റ് ഫ്രണ്ട് ആണ്.... ആനിന്റെ വീട്ടിൽ കല്യാണം തീരുമാനിച്ചപ്പോ അവൾ എമ്മയെ ഇഷ്ടം ആണെന്ന് പറഞ്ഞു..... ആൻ ഫാമിലി കുറച്ചു റിച്ച് ആണ് പോരാത്തതിന് അറിയപ്പെടുന്ന ഫാമിലി ആണ്.... അവരുടെ കുടുംബത്തിന് അപമാനം ആണെന്ന് കരുതി അവർ സമ്മതിച്ചില്ല. അവർ ബലമായി വിവാഹം നടത്താൻ നോക്കി അവൾ എമ്മയുടെ കൂടെ ഒളിച്ചോടി..... അവളുടെയും എമ്മയുടെയും വീട്ടുകാർ അവരെ ഒഴിവാക്കി..... ഇവർ എന്നാലും ഹാപ്പി ആയിരുന്നു. കാരണം അവർക്ക് ഒരിക്കലും ഒരു നിമിഷം പോലും പിരിഞ്ഞിരിക്കാൻ ആവില്ലായിരുന്നു. ശരീരം കൊണ്ട് മാത്രം അല്ല ആത്മാവ് കൊണ്ട് പോലും ഒന്നാണെന്ന തോന്നിയിട്ടുള്ളത് അങ്ങനെ ആയിരുന്നു അവരുടെ പ്രണയം..... രണ്ടു മൂന്ന് വർഷം കഴിഞ്ഞപ്പോ അവർക്ക് ഒരു കുഞ്ഞു വേണമെന്ന് തോന്നി..... ഒരു ഫിസിക്കൽ റിലേഷനിലൂടെ അവർ അതിന്ന് തയ്യാറായിരുന്നില്ല..... അത് കൊണ്ട് അവർ ഡോക്ടറേ

കണ്ടു ivf വഴി പ്രഗ്നൻറ് അവൻ തീരുമാനം എടുത്തു..... ആൻ ആയിരുന്നു പ്രഗ്നൻറ് ആവാൻ തീരുമാനം എടുത്തത്..... ഇന്ത്യയിലെ ഒരു ഹോസ്പിറ്റലിൽ വെച്ചായിരുന്നു ട്രീറ്റ്മെന്റ് ഒക്കെ..... എനിക്ക് അറിയാരുന്നു ഇതൊക്കെ.... അവർ ഇന്ത്യയിൽ വരുമ്പോഴൊക്കെ ഞാൻ ആണ് ഹെല്പ് ചെയ്തിരുന്നത്...... ഈയടുത് എമ്മയുടെ മദർ മരിച്ചു..... ആനിനെ കൂടെ കൂട്ടിയിരുന്നില്ല..... ഇവിടെ തനിച് ആയോണ്ട് എന്റെ അടുത്ത് ആക്കിയ അവൾ ജർമ്മനിക്ക് പോയത്. അപ്പോഴാണ് ഈ പ്രോബ്ലം മറ്റും ഒക്കെ.

ഞാൻ വിവാഹം മുടക്കിയത് അറിഞ്ഞ വീണ്ടും കെട്ടിക്കുന്നു അറിയാരുന്നു അത് പേടി ഉള്ളോണ്ട് അവളെ വെച്ചു ഡ്രാമ കളിച്ചതാ.....

എല്ലാവരും താടിക്ക് കയ്യും വെച്ചു അവനെ നോക്കി ഇരുന്നു.....

എന്നാലും വല്ലാത്ത ചതി ആയി പോയി തെണ്ടീ..... ഇജു ദയനീയതയോടെ അവനെ നോക്കി.....

എന്നാലും എന്നെ കിസ്സ് ചെയ്തില്ലേ..... അതെനിക്ക് സഹിക്കാൻ പറ്റില്ല..... ഇനു വീണ്ടും ടെറർ മൂഡിൽ ആയതും ഭയ്യാ രക്ഷിക്കെടാ എന്ന പറഞ്ഞു ശഹി ഫൈസിയെ നോക്കി.....

ഇനു തമാശ അല്ലട്ടോ ബോഡി അതികം അനങ്ങിയ റിസ്ക് ആണ് അറിയില്ലേ.... അവൻ രൂക്ഷമായി നോക്കിയതും അവൾ ഒന്നടങ്ങി. നിനക്ക് പിന്നെ കാണിച്ചു താരാടാ എന്ന് നോട്ടത്തിലൂടെ അവന്ന് ഭീക്ഷണിപെടുത്തി....... നമുക്ക് കാണാം എന്ന് പുച്ഛത്തിലൂടെ അവൻ തിരിച്ചു പറഞ്ഞു.......

എന്നാലും എനിക്ക് കിട്ടുന്ന എത്ര കിസ്സ് ആണ് ഈ കുരിപ്പ് ഇല്ലാണ്ടാക്കിയത്..... യാഷ് ഷാനയെ നോക്കി പറഞ്ഞു......

നിനക്ക് എന്തിന്റെ കേടായിരുന്നു ശവമേ..

ഇത് വരെ ഒരു കിസ്സ് കിട്ടിയിട്ടില്ല.... ഇനി എന്ന് കിട്ടാനാ അവൻ ഷാനയെ നോക്കി ചോദിച്ചതും

എല്ലാരുടെയും കിളി പോയിരുന്നു.....

മുട്ടേന്നു വിരിഞ്ഞിനില്ല അവന്റെ ഒരു കിസ്സ്..... എന്ന് പറഞ്ഞു ഷാന പുറത്തിട്ടു ഒന്ന് കൊടുത്തു..... ബാക്കിയുള്ളോർ കൂടി അതേറ്റെടുത്തതോടെ അവനായി പിന്നത്തെ ഇര..... ശഹി കിട്ടിയ ഗ്യാപ്പിൽ ജീവന് കൊണ്ട് മുങ്ങിയിരുന്നു.....

🌹🌹🌹🌹

റിസ തനിച്ചിരിക്കുന്ന കണ്ടാണ് ശഹി അങ്ങോട്ട് പോയത്......

താങ്ക്സ് മറിയാമ്മോ........

എന്തിന്....

മുന്പേ അറിഞ്ഞിട്ടും സത്യം ആരോടും പറയാഞ്ഞതിന്....

അവൾ ഒന്ന് പുഞ്ചിരിക്കുക മാത്രം ചെയ്തു.....

അതൊക്കെ പോട്ടെ നീ ആ ഗ്യാപ്പിൽ എനിക്കിട്ട് ഒന്ന് തന്നല്ലോ..... ആൻ എന്റെ അറിവിൽ നിനക്ക് കിസ്സ് തന്നിട്ടില്ലല്ലോ. കിട്ടിയ ചാൻസിൽ എനിക്കിട്ട് താങ്ങിയത് അല്ലേ......

അവൾ അവനെ നോക്കി ഇളിച്ചു കാണിച്ചു.....

കണ്ടിന് അല്ലേ.....

അതെ കണ്ടിരുന്നു..... എന്നാലും സമദ്രോഹി ഒരു കാരണം ഇല്ലാണ്ട് അല്ലേ എന്റെ പുറം പള്ളിപ്പുറം ആക്കിയത്....

നിന്നോട് കള്ളം പറയരുത് പറഞ്ഞിട്ട് വീണ്ടും പറഞ്ഞില്ലേ അതിനാ തന്നത്....

ഞാൻ എന്ത് കള്ളം പറഞ്ഞു..... അവൻ മുഖം ചുളിച്ചു....

ഞാൻ സത്യം അറിഞ്ഞു പറഞ്ഞപ്പോൾ നീ പറഞ്ഞില്ലേ അവളെ ബോയ് ഫ്രണ്ട് ചതിച്ചു.... അവളെ കൊച്ചിന് നീ തന്തയുടെ റോൾ ഏറ്റെടുത്തു എന്നൊക്കെ......

അവൻ ഞെട്ടലോടെ അവളെ നോക്കി.

നിനക്ക് അപ്പൊ ഒന്നും ഓർമയില്ല പറഞ്ഞതോ....

അന്ന് ഓർമയില്ലയിരുന്നു. പിറ്റേന്ന് കെട്ട് വിട്ടപ്പോഴാ ഒക്കെ ഓർമവന്നത്......

അന്ന് സംസാരിച്ചത് ഒക്കെ ഓർത്തതും രണ്ടു പേരും നിശബ്ദമായി.... അവർക്കിടയിൽ മൗനം തളം കെട്ടി......

ശഹി തന്നെ അത് ഭേധിച്ചു.....

വീട്ടുകാരെ ഇനിയും സങ്കടപെടുത്താതെ മാര്യേജ്ന് സമ്മതിച്ചൂടെ..... അവന്റെ ശബ്ദം ആർദ്രമായിരുന്നു അപ്പോൾ....

അവൾ ഒന്ന് മൂളുക മാത്രം ചെയ്തു.... അവൻ എഴുന്നേറ്റു പോകാൻ നോക്കിയതും അവൾ വിളിച്ചു......

അവൻ തിരിഞ്ഞു നിന്നു എന്താ ചോദിച്ചു

അവൾ അവന്റെ അടുത്തേക്ക് ചെന്നു അവന്റെ മുഖത്തേക്ക് നോക്കി....

എന്നെങ്കിലും ജീവിതത്തിൽ ആരെയെങ്കിലും കൂടെ കൂട്ടും..... അത് എന്നെ ആയിക്കൂടെ..... നീ മറന്നത്

ഓർമപ്പെടുത്താൻ അല്ല നീ നിർത്തിയിടത്തു നിന്നും വീണ്ടും ജീവിതം തുടങ്ങുവാനാ ഞാൻ ആഗ്രഹിക്കുന്നത്....

അവളുടെ കണ്ണുകളിൽ വീണ്ടുമൊരു പ്രതീക്ഷ അവൻ കണ്ടു......

ഒരു നിമിഷം പകച്ചു നിന്നു..... പിന്നെ അവളെ നോക്കി......

എന്റെ മനസ്സ് ഇപ്പൊ ഷ്യുനമാണ് റിസ.....

പ്രണയമോ ഒരു വിവാഹ ജീവിതമോ എന്റെ മനസ്സിലോ ഓർമകളിലോ ഇല്ല..... അങ്ങനെ ആക്കി തീർത്തതാണ് ഞാൻ...

ഈ ജന്മം ഇങ്ങനെ പോട്ടെ..... അത്രത്തോളം അവളെന്നെ പ്രണയം എന്നിൽ ആഴ്ന്നിറങ്ങിയിട്ടുണ്ട്..... ഒരിക്കലും അവിടേക്ക് മറ്റൊരാൾ വരില്ല...

എന്ന് വെച്ച് ഒരു നോട്ടം കൊണ്ടോ വാക്ക് കൊണ്ടോ പോലും അവളെ ഞാൻ ഇനി പ്രണയിക്കുകയും

ഇല്ല...... ഇർഫാനെ അവൾ സ്നേഹിക്കുന്നുവെന്ന് അറിഞ്ഞപ്പോൾ തന്നെ അവളെ മനസ്സിൽ ഞാൻ ഇല്ല എന്ന് അറിഞ്ഞതാണ്. അന്ന് മുതൽ മറക്കുവാനേ ശ്രമിച്ചിട്ടുള്ളു..... ഇപ്പൊ അവളെനിക്ക് പെങ്ങളാണ് എന്റെ ബബിയാണ്...... എന്നാലും ഇനിയൊരു ജന്മം ഉണ്ടെങ്കിൽ അവളെ എനിക്ക് തരണമെന്നേ ഞാൻ പ്രാർത്ഥിക്കു.....

അത് പറയുമ്പോൾ അവന്റെ ശബ്ദം ഇടറിയിരുന്നു.......

എന്നെങ്കിലും തിരിഞ്ഞു നോക്കുമ്പോൾ ഒരു നഷ്ടബോധം തോന്നരുതല്ലോ. ശ്രമിക്കാഞ്ഞിട്ട കിട്ടാതിരുന്നതെന്ന് അത് കൊണ്ട ഒന്നൂടി ചോദിച്ചത് ഇനിയിക്കാര്യം പറഞ്ഞു ശല്യം ചെയ്യാൻ ഒരിക്കലും മുന്നിൽ വരില്ല..... എന്നും നല്ലൊരു ഫ്രണ്ട് ആയി കൂടെ ഉണ്ടായ മതി.... അതും പറ്റില്ലെന്ന് പറയരുത്...... അപേക്ഷയാണ്.

അതിന്ന് നനുതൊരു പുഞ്ചിരി കൊടുത്തു അവൻ പോയി.....

റിസ ഒരു നെടു വീർപ്പോടെ അത് നോക്കി നിന്നു......

അവരെ വിളിക്കാൻ വന്ന ഇനു വേദനയോടെ ശഹിയെ നോക്കി..

അവൻ വരുന്നത് കണ്ടതും മാറി നിന്നു....

നിറഞ്ഞ കണ്ണുകൾ തുടച്ചു ഒരു ചിരിയോടെ അവന്റെ അടുത്തേക്ക് പോയി.

🌷🌷🌷

മാസങ്ങൾ ദിവസങ്ങൾ പോലെ കടന്നു പോയി......
മൂന്ന് മാസങ്ങൾക്ക് ശേഷം................,

ജന്നത്തിൽ എന്നും സന്തോഷത്തിന്റെ നാളുകൾ ആയിരുന്നു.ഷഹന  കൂടി ഗർഭിണി ആയതോടെ ഇരട്ടി മധുരം ആയിരുന്നു അവിടെ.....
മൂന്നുമാസങ്ങൾക്ക് ഉള്ളിൽ ഒരുപാട് സംഭവങ്ങൾ അവർക്കിടയിൽ കഴിഞ്ഞു റിൻഷാദിന്റെയും ajwa

യുടെയും നിക്കാഹ് കഴിഞ്ഞു.... അവർക്ക് ഒരു കുഞ്ഞു മാലാഖയും ജനിച്ചു..... ഇനയക്ക് ഇത് ഏഴാം മാസം......

റാനിയുടെ ഫസ്റ്റ് ഇയർ ക്ലാസ്സ് കഴിഞ്ഞു.....

തുടർന്നു പഠിക്കണം എന്ന തീരുമാനം വിവാഹം കഴിഞ്ഞും പഠിക്കാം എന്ന് പറഞ്ഞു ഇജുവും ഇനുവും ഒതുക്കി.

ഇജുവിന്റെയും ജുനുവിന്റെയും വിവാഹം ഒരേ പന്തലിൽ വെച്ചു ഒന്നിച്ചു നടത്താൻ ഉള്ള അവളുടെ തീരുമാനം എല്ലാവരും അംഗീകരിച്ചു..... പ്രസവം കഴിഞ്ഞിട്ട് മതി വിവാഹം എന്ന് ജുനുവും ഇജുവും വാശി പിടിച്ചെങ്കിലും ഇനായ ഒറ്റത്തീർപ്പിൽ അതിന്ന് പരിഹാരം കണ്ടു..... അവൾ ജന്നത്തിലെ മഹാറാണി ആയി മാറി....

എന്റെ തീരുമാനം അന്തിമ തീരുമാനം എന്നും പറഞ്ഞുള്ള അവളുടെ രാജ കല്പനയിൽ ഇജുവും ജുനുവും വായും പൂട്ടി കേട്ട് നിന്നു. എന്തിനും

അവളെ കൂടെ കട്ടക്ക് നിന്നു ശഹിയും ഫൈസ് ഉണ്ടായിരുന്നു .....

വിവാഹത്തിന് ഇനി രണ്ടാഴ്ച മാത്രം ബാക്കിയുള്ളു. അതിന്റെ തിരക്കിലാണ് ഹൈദർ കുടുംബം.....

🌷🌷🌷🌷

രാത്രി അവളെയും ചേർത്തു പിടിച്ചു കിടക്കുമ്പോൾ ആണ് ഫൈസ് പറഞ്ഞത്

നാളെ റിസയെ പെണ്ണ് കാണാൻ ഒരു കൂട്ടർ വരുന്നുണ്ട്.....

അവൾ വിവാഹത്തിന് സമ്മതിച്ചോ......

ഞങ്ങൾ സമ്മതിപ്പിച്ചു... അല്ലെങ്കിലും ആർക്ക് വേണ്ടിയാ കാത്തിരിക്കണ്ടേ....

ശഹിയോട് ഞാൻ സംസാരിച്ചിരുന്നു....

വിവാഹം കഴിക്കും അത് മനസ്സ് കൊണ്ട് അംഗീകരിക്കുന്ന കാലത്ത് എന്ന് പറഞ്ഞു ഒഴിഞ്ഞു....... എനിക്ക് വേണ്ടി ആരും കാത്തിരിക്കണ്ടെന്ന് അവൻ ഉറപ്പിച്ചു പറഞ്ഞു.... ഇത് നല്ലൊരു ആലോചനയാണ്.... റിസയെ കണ്ടു ഇഷ്ടം ആയത് ആണ്.... നാളെ ചുമ്മാ ഒരു ചടങ്ങ് നടത്തുന്നുവെന്നേ ഉള്ളു....

അവൾ പോലും അറിയാതെ ഒരു നെടുവീർപ്പ് ഉയർന്നു...... ആ മനസ്സ് അറിഞ്ഞെന്നോണം അവൻ അവളെ കൂടുതൽ ചേർത്ത് പിടിച്ചു......

🌹🌹🌹🌹

ഇനുവും അമ്മിജാൻ ബ്രേക്ക് ഫാസ്റ്റ് കഴിക്കുമ്പോൾ ആണ് ശഹി ഉറക്കം എഴുന്നേറ്റു വന്നത്......

അവളെ തലക്ക് ഒരു ചൊട്ട് കൊടുത്തു അവൻ അവിടെ ഇരുന്നു.....

ഇതെന്താ ആരെയും കാണാതെ എല്ലാരും എവിടെ പോയി.....

ഇന്ന് റിസയുടെ പെണ്ണ് കാണൽ ചടങ്ങ് ആണ് ഗ്രാൻഡ് ആയി കഴിക്കുന്നുണ്ട്. സമി എല്ലാരോടും നിർബന്ധം ആയും പോകാൻ പറഞ്ഞിട്ടുണ്ട്..... ഷദയുടെ ഫാമിലി എന്ന നിലയിലും ഫൈസിയുടെ പെങ്ങൾ എന്ന നിലയിലും നമ്മളാണല്ലോ മുഖ്യ ഗസ്റ്റ്. അതോണ്ട് എല്ലാരും പോയി...

ഇവൾ പോകാത്തൊണ്ട് ഞാൻ പോയില്ല. ഇവൾക്ക് കൂട്ടിന് ഒരാൾ വേണ്ടേ....

അമ്മിജാൻ പറഞ്ഞു....

ഞാനത് മറന്നു..... റിസ എന്നെയും ക്ഷണിച്ചിരുന്നു.....അല്ല എന്നിട്ടു ഇവൾ എന്താ പോകഞ്ഞേ.... റിസയുടെ വാലും തലയും  ഒക്കെ ഇവൾ അല്ലേ.......

ശഹി സംശയത്തോടെ അവളെ നോക്കി...

എനിക്ക് തീരെ വയ്യട..... നല്ല ക്ഷീണം അതോണ്ട് പോയില്ല.... അവൾ പറഞ്ഞു.

അത് പറയുമ്പോൾ അവൾ മുഖത്ത് നോക്കുന്നില്ലെന്ന് അവൻ കണ്ടു..... പറഞ്ഞത് കള്ളം ആണെന്ന് അവന്ന് മനസ്സിൽ ആയി.....

അവൾ പിന്നെ വിഷയം മാറ്റാൻ എന്ന പോലെ ഓരോന്ന് സംസാരിച്ചു ഇരുന്നു....

അപ്പോഴും അവളുടെ മുഖത്തെ മറച്ചു പിടിക്കുന്ന സങ്കടം അവൻ കാണുന്നുണ്ടായിരുന്നു........

അവൾ ഫുഡ് കഴിച്ചു എണീറ്റു പോയി....

ടാ ഫുഡ് കഴിച്ചു കഴിഞ്ഞ ഗാഡനിലേക്ക്

വാ..... ആ ഫിഷിന്റെ വെള്ളം ഒക്കെ മാറ്റി കൊടുക്കണം വേറെ കുറച്ചു പണിയുണ്ട്

വേണേൽ നിന്റെ കെട്ടിയോനോട് പറയ് എന്നെ കൊണ്ട് ഒന്നും വയ്യ......

നീ വരമാട്ടേയ്ൻ....... അവൾ നാഗവല്ലി ലുക്കിൽ ചോദിച്ചതും വന്നോളാം ഗംഗേ എന്ന് പറഞ്ഞു കൈകൂപ്പി....

അന്ത ഭയം ഇരിക്കട്ടും പറഞ്ഞു അവന്റെ തലക്ക് ഒരു കൊട്ട് കൊടുത്തു പോയി....

അവൻ എരിവ് വലിച്ചു അവളെ തല്ലാൻ കയ്യൊങ്ങി.....

അവൾ പോടാ വിളിച്ചു ഇളിച്ചു കാണിച്ചു പോയി....

അവൻ അവൾ പോകുന്നതും നോക്കി നിന്നു.....

അവൾക്ക് ഒരു വയ്യായ്കയും ഇല്ല. കള്ളം പറഞ്ഞു പോകാതെ നിന്നതാ..... അവന്റെ മനസ്സ് അറിഞ്ഞെന്നോണം അമ്മിജാൻ പറഞ്ഞു.....

എന്ത് കൊണ്ട പോകാഞ്ഞത്....അവൻ സംശയത്തോടെ അമ്മിജനെ നോക്കി....

❤️💔INVISIBLE LOVE💔❤️

Love after 💘marriage 🌷124🌷

ഇത്രയും സമയം ഐസ് ക്രീം തിന്നരുന്നു

ഞാൻ അടിചോടിച്ചതാ അവളെ..... ടെൻഷൻ വരുമ്പോൾ കാണുന്നതല്ലേ ഐസ് ക്രീം തീറ്റ..... അതോണ്ട് തോന്നി കള്ളം പറഞ്ഞ പോകാതെ ഇരുന്നതെന്ന്..

അവൾക്ക് എന്താ ഇത്ര ടെൻഷൻ..... എന്തെങ്കിലും പ്രശ്നം ഉണ്ടായോ ഇവിടെ..

നീ തന്നെ അവളുടെ പ്രശ്നം..... നിനക്ക് വേണ്ടി കണ്ടു പിടിച്ചതല്ലേ റിസയെ. അത് നടക്കാത്ത ടെൻഷൻ ആകും.....

ഞാൻ പറഞ്ഞതല്ലേ അമ്മിജാൻ..... എനിക്ക് ഇപ്പൊ വിവാഹം വേണ്ടെന്ന്....

എന്നെയെന്താ ആർക്കും മനസ്സിൽ ആകാതെ.... അവന്റെ വാക്കുകളിൽ ദയനീയത കലർന്നിരുന്നു...

നിന്റെ അവസ്ഥ അറിയാഞ്ഞിട്ടല്ല.....

നിനക്ക് ഒരു ജീവിതം ഇല്ലാതെ അതിന്ന് ഈ ജന്മത്തിൽ സന്തോഷത്തോടെ ഒരു ജീവിതം ഉണ്ടാകുല മോനെ. എല്ലാരേം മുന്നിൽ കളിച്ചു ചിരിച്ചു നടന്നാലും ആ നെഞ്ചിലെ പിടപ്പ് എല്ലാർക്കും അറിയാം.

എല്ലാരേം സ്നേഹിക്കാനേ അറിയൂ അവൾക്ക്..... നീ ഇങ്ങനെ നിൽക്കുമ്പോ അവളെ നെഞ്ചിലെ തീ അണയൂല. ആരെയും തെറ്റ് പറയാൻ കഴിയുന്നില്ല..... വിധി അങ്ങനെ പറഞ്ഞു സമാധാനിക്കാം അത്രതന്നെ..... അവൾ കാരണം മുറിവേറ്റ മനസ്സാ നിന്റെ.നീ മറന്നെന്നു പറഞ്ഞാലും നീയിങ്ങനെ വിവാഹം വേണ്ടെന്ന് പറഞ്ഞു നടക്കുമ്പോൾ പേടിയാ അവൾക്ക്. നീ കുഞ്ഞി കുട്ടികൾ ഉമ്മാന്റെ പിറകെ നടക്കുന്നത് നീ കണ്ടിട്ടില്ലേ..... അവരുടെ ധൈര്യവും ആത്മവിശ്വാസവും സുരക്ഷിതത്വം ഒക്കെ ആ ഉമ്മയിൽ ആണെന്നുള്ള വിശ്വാസം. അത് പോലെയാ അവളും നിന്റെ മനസ്സ് കൈവിട്ട് പോകുമോ എന്നുള്ള ഭയം.....

തനിച്ചകോ ഒറ്റപെട്ടു പോകുമോ എന്നൊക്കെയുള്ള പേടി.....നിന്റെ കൈ വിടാതെ പിടിച്ചു നടക്കുന്നത് അത് കൊണ്ട..... നിന്നെ ചുറ്റി പറ്റിയ ഇപ്പൊ അവളുടെ ലോകം നീ കഴിഞ്ഞേ ഉള്ളു അവൾക്കെന്തും..... ഫൈസിയെ നെഞ്ചോട് ചേർത്ത് സ്നേഹിക്കുമ്പോഴും നിന്നെ കാണുമ്പോ നീറുവാ അവൾ..... ഫൈസ് അത് പോലെ തന്നെ നിങ്ങളെ കാണുമ്പോ അവനും പൂർണ്ണമായും

സന്തോഷിക്കാൻ കഴിയില്ല ....ഒരു കണക്കിന് പറഞ്ഞ മൂന്നാളും സന്തോഷം ആയി ജീവിക്കുന്നു എന്ന സന്തോഷം ഉണ്ടോ അതോട്ടും ഇല്ല താനും......

അമ്മിജാൻ...... അവൻ ദയനീയമായി അവരെ നോക്കി.....

നിന്റെ ജീവൻ ആയിരുന്നില്ലേ അവൾ.. ആ ജീവൻ തന്നെ അവളെ ഇഷ്ടത്തിന്ന് വിട്ടു കൊടുത്തില്ലേ...... അത് ജീവിച്ചു തീർക്കാൻ നിന്റെ ജീവിതവും കൂടി കൊടുത്തോടെ....... അപേക്ഷയായോ യാജന ആയോ എന്ത് വേണമെങ്കിലും കരുതാം.... എന്റെ ഹൈദറിനോ ഒരു ജീവിതം ഇല്ലാണ്ടായി....

അവന്റെ മോൾക്ക് എങ്കിലും നല്ലൊരു ജീവിതം കിട്ടിക്കാണാനുള്ള ആഗ്രഹം കൊണ്ട് പറഞ്ഞു പോയതാ... ഈ കിളവിയോട് മോൻ ക്ഷമിക്ക് പറഞ്ഞു നിറഞ്ഞ കണ്ണുകൾ തുടച്ചു അവർ പോയി

അവരുടെ വാക്കുകളിൽ തറഞ്ഞു

നിൽക്കുകയാരുന്നു അവൻ.... അവന്റെ ശരീരവും മനസ്സും ഒരു പോലെ തളർന്നു പോയിരുന്നു..... എന്ത് പറയണം എന്നോ ചെയ്യണം എന്നോ തീരുമാനത്തിൽ എത്താൻ പറ്റാത്ത അവസ്ഥ....

ഷഫീ...... അവളുടെ വിളി ഗാഡനിൽ നിന്നും ഉയർന്നതും അവൻ യന്ത്രികം എന്ന വണ്ണം വിളികേട്ടു.... അങ്ങോട്ട് നടന്നു.......

കുളത്തിൽ കാൽ ഇട്ടു അതിലേക്ക് തന്നെ ഉറ്റുനോക്കി ഇരിക്കുകയാരുന്നു അവൾ....... പലനിറത്തിലുള്ള മത്സ്യങ്ങൾ അവളുടെ കാലുകളിൽ ഉരസി പോകുന്നത് അവൾ കൗതുകത്തോടെ നോക്കി നിന്നു...... വെള്ളത്തിൽ തെളിഞ്ഞു നിൽക്കുന്ന അവളുടെ പുഞ്ചിരിക്കുന്ന മുഖം വെറുമൊരു മുഖം മൂടിയാണെന്ന് തോന്നി അവന്..... ഇരട്ട കുട്ടികൾ ആയത് കൊണ്ട് തന്നെ നല്ല വയർ ഉണ്ട്...... അതിന്റേതായ അസ്വസ്ഥതകൾ ഉണ്ട്...... അവൾ എന്നാലും പുഞ്ചിരിയോടെ എല്ലാരേയും മുന്നിൽ പോകു..... എന്നും അങ്ങനെ തന്നെ ആണ്

അവളെന്ന് ഓർത്തു..... അവളും കണ്ടു അവന്റെ പ്രതിബിംബം വെള്ളത്തിൽ......

അത് ശരി വന്നിട്ട് മിണ്ടാതെ ഇരിക്കണോ

ടാ ഇതിന്ന് ചുറ്റും ഉള്ള ബൾബോന്നും നൈറ്റ് കാത്തുന്നില്ല.... ഒന്ന് നോക്കിയേ നീ

....ഫൈസിയോട് പറഞ്ഞിട്ട് അതിന്റെ സെറ്റിംഗ്സ് ഒന്നും മനസ്സിൽ ആകുന്നില്ല പറഞ്ഞു.... നീയല്ലേ ഉണ്ടാക്കിത് അപ്പൊ നിനക്ക് അറിയാലോ എല്ലാം..... അവൾ അതും പറഞ്ഞു  എഴുന്നേൽക്കാൻ നോക്കി......

വയറും താങ്ങി കഷ്ടപ്പെട്ട് എഴുന്നേൽക്കുന്ന കണ്ടതും അവൻ അവിടെ തന്നെ ഇരുത്തിച്ചു..... അവൾ എന്താ എന്ന ഭാവത്തിൽ അവനെ നോക്കി മിണ്ടാതെ അവളുടെ അടുത്ത് ഇരുന്നു......

എന്താടാ പറ്റിയെ...... മുഖം ഒക്കെ വല്ലാത്ത പോലുണ്ടല്ലോ.... സുഖം ഇല്ലേ....

അവന്റെ മുടിയിലൂടെ തലോടി ചോദിച്ചു....

ഞാൻ മടിയിൽ ഒന്ന് കിടന്നോട്ടെ......

അവൾ സംശയത്തോടെ നോക്കി തലയാട്ടി.....
വയറിൽ മുട്ടാതെ മടിയിൽ തല വെച്ചു കുളത്തിലേക്ക്
നോക്കി കിടന്നു...... അവൾ തലയിലൂടെ തലോടി....

പെട്ടന്ന് എന്താ പറ്റിയെ...... അവളുടെ ശബ്ദം
ആർദ്രമായിരുന്നു.....

അവൻ അവളുടെ കൈ എടുത്തു നെഞ്ചോട്
ചേർത്ത് വെച്ചു.... എന്താ എന്നോട് പിന്നെ
വിവാഹത്തിനെ പറ്റി നീ ചോദിക്കാത്തത്......
ഒരിക്കൽ പോലും നീ അതിനെ പറ്റി
സംസാരിച്ചില്ലല്ലോ... .

അവളുടെ മുഖത്ത് ഒരു വേദന പടർന്ന ചിരി

വിരിഞ്ഞു.....

ഉത്തരം എന്തായിരിക്കുന്നു എനിക്ക് അറിയാലോ..... പിന്നെന്തിനാ ചോദിക്കുന്നെ.....

പിന്നെന്തിനാ ഇന്ന് റിസയുടെ പെണ്ണ് കാണലിന് പോകണ്ടേ.....

വയ്യെടാ അവളെ കാണാൻ..... നീ പറഞ്ഞല്ലോ നിനക്ക് ഒരിക്കലും മറ്റൊരാളെ പ്രണയിക്കാൻ ആവില്ല..... വിവാഹത്തെ പറ്റി ചിന്തിക്കാൻ ആവില്ല എന്നൊക്കെ..... അവളുടെ പ്രണയം ആത്മാർത്ഥമാണ്..... നിന്നെ മറന്നു മറ്റൊരാൾ അവിടെ അത്ര പെട്ടന്ന് ഒന്നും കടന്നു വരില്ല..... നീ ആണയൊണ്ട് നിന്നെ ആരും നിർബന്ധിക്കുന്നില്ല.... അവൾ പെണ്ണല്ലേ അത് കൊണ്ട് ആരും അവളെ കൂടെ നില്കുന്നില്ല..... നിർബന്ധിച്ചു അവളെ കൊണ്ട് സമ്മതിപ്പിച്ചതാ...... അവൾ കരയുകയോ മറ്റോ ചെയ്‌ത ഞാനും കൂടെ കരയും സീൻ ആകും

വേണേൽ നിന്നെ കൊണ്ട് ഞാൻ തന്നെ പിടിച്ചു കെട്ടിച്ചു പോകും ചെറു ചിരിയോടെ പറഞ്ഞു.....

വെറുതെ അവളെ ജീവിതം നശിക്കണ്ട കരുതിയ..... ഇപ്പൊ ആദർഷത്തിന്റെ പുറത്ത് കെട്ടിക്കഴിഞ്ഞ എനിക്ക് സ്നേഹിക്കാൻ കഴിഞ്ഞില്ലെങ്കിലോ.... വെറുതെ എന്തിനാടാ അവളെ ജീവിതം കളയുന്നെ.....

അവളെ ഇപ്പൊ കെട്ടുന്നവൻ അവളെ മനസ്സിൽ ആകുമെന്ന് എന്താ ഉറപ്പ്.....

അവൾക്ക് എന്താ കുറവ്..... സുന്ദരിയാണ്

എജുക്കേറ്റ് ആണ്..... സമ്പത്തികം ആയും ഉയർന്ന നിലയിൽ ആണ്..... അവൾക്ക് ഒരു കണക്കിന് ഭ്രാന്ത്ആണ് അല്ലാതെ എന്നെ പോയി പ്രേമിക്കാൻ തോന്നോ.....

അതിന്ന് അവൾ ഒന്ന് ചിരിച്ചു..... ഭ്രാന്ത്.....

ശരിക്കും അവൾക്ക് ഭ്രാന്ത് തന്നെ ആയിരുന്നു അങ്ങനെ ഒരവസരത്തിൽ നിന്നും തിരിച്ചു പിടിച്ചു കൊണ്ട് വന്നതാ ഫൈസും സമിയും ..... അവൾ ശരിക്കും റിയൽ ആയാണ് പ്രണയിച്ചത് ഒരു പതിനഞ്ചു കാരി പെണ്ണിന് അന്ന് അവൻ ആയിരുന്നു ലോകം.... അവൻ ശരിക്കും

അവളെ സെക്ഷ്വലി യൂസ് ചെയ്യാനാ ശ്രമിച്ചത് ..... കിസ്സ് കൊടുത്തതും ഒക്കെ അതിന്റെ ഭാഗം ആയിരുന്നു.... അവൾ അതൊക്കെ പ്രണയം ആയി കരുതി..... അവളെ ഭാഗ്യത്തിന് അവൾ ഒരിക്കൽ നേരിട്ട് കണ്ടു മറ്റൊരു പെണ്ണ് ആയിട്ട് മോശം ആയി പെരുമാറുന്നത്...... അവൻ ചീറ്റ് ചെയ്യുന്നതാണെന്ന് അവൾക്ക് മനസ്സിൽ ആയി...പക്ഷേ അവൾക്ക് അപ്പോഴേക്കും അത് സഹിക്കാൻ പറ്റാത്ത അവസ്ഥയിൽ ആയിരുന്നു. മനസികമായും ശരീരികമായും അവൾ തളർന്നു..... വിഷാദ അവസ്ഥയിൽ നിന്നും അവളെ സ്നേഹം കൊണ്ട് ഫൈസും സമിയും തിരിച്ചു കൊണ്ട് വന്നു...... അവൾ ബോയ്സിനെ വെറുത്തു തുടങ്ങി..... എല്ലാ ബോയ്സ് ചതിയന്മാർ ആയി കണക്ക് കൂട്ടി.... അങ്ങനെ ഉള്ള അവളെ ആണ് നീ കൈ നീട്ടി അടിച്ചത്.....

അന്ന് ആദ്യം ആയി ആണൊരുത്തനെയാ നിന്നിൽ കണ്ടത്...

പെണ്ണിനെ നോട്ടം കൊണ്ടും വാക്ക് കൊണ്ടും വൃത്തികേടോടെയും ഒലിപ്പിച്ചും പഞ്ചാരയടിച്ചും നടക്കുന്ന ആണിൽ നിന്നും അവളുടെ സമിയെ പോലെ ഫൈസിയെ പോലെ തന്റേടം ഉള്ള ഒരാണിനെ..... നീ നോക്കിയത് അവളുടെ കണ്ണിൽ ആയിരുന്നു.... അവിടെ അവൾ കണ്ടത് അവളെ വെറുമൊരു  പെണ്ണായി കാണാത്ത ഒരാണിനെ ആണ്.... അടികിട്ടിയപ്പോ തെറ്റിൽ നിന്നും അവളെ തിരുത്താൻ നോക്കിയ നല്ലൊരു വ്യക്തിത്വം ആയിരുന്നു...... അത് കൊണ്ട് തന്നെ നിന്നിൽ അവൾക്ക് അട്രാക്ഷനാണോ ആരാധനയാണോ എന്നൊന്നും തിരിയാത്ത അവസ്ഥ ആയിരുന്നു..... പിന്നെ നിന്റെ ഹിസ്റ്ററി മൊത്തം അറിഞ്ഞപ്പോ അങ്ങ് കേറി സ്നേഹിച്ചു..... ആദ്യായിട്ട് മനസ്സിൽ കേറിയ പുരുഷൻ അല്ലേ അതാവും ഇറങ്ങി പോകാത്തത്....... നീ ഒന്ന് അവളുടെ ഭാഗത്തു നിന്ന് ആലോചിച്ചു നോക്കിയേ...... നീ തന്നെയല്ലേ അവൾ....

നിന്റെ അവസ്ഥ തന്നെയല്ലേ അവൾക്കും.

എന്നിട്ട് പറ അവൾക്ക് ഭ്രാന്ത് ആണോ.....

ആണെങ്കിൽ നിനക്കും ഭ്രാന്ത് അല്ലേ......

ഒരു നാണയത്തിന്റെ ഇരു വശം ആണ് നിങ്ങൾ......

അവനൊന്നും മിണ്ടാതെ കുളത്തിലേക്ക് നോക്കി ഇരിക്കുക മാത്രം ചെയ്തു......

അവന്റെ മനസ്സ് മുഴുവൻ റിസ ആയിരുന്നു ആദ്യം കണ്ടത് മുതൽ അവസാനം കണ്ടത് വരെ അവന്റെ മനസ്സിൽ ഓടിയെത്തി...... അവസാനം പറഞ്ഞത് അവൻ ഒന്നൂടി ഓർത്തു..... അവസാന പ്രതീക്ഷയോടെ അവൾ ചോദിച്ചത് ഓർത്തു..... എന്നെങ്കിലും ആരെയെങ്കിലും കൂടെ കൂട്ടും അത് എന്നെ ആയിക്കൂടെ....... അത് പറയുമ്പോൾ ഉള്ള വേദനിക്കുന്ന കണ്ണുകൾ അവനിൽ നീറ്റലുണർത്തി......

എന്നെ പോലെ നീറിയരിക്കില്ലേ അവളും ജീവിക്കുക....... സഹതാപം ആണോ വേദന യാണോ എന്നൊന്നും തിരിയുന്നുണ്ടായിരുന്നില്ല അവന്ന്......

അവന്റെ മനസ്സികാവസ്ഥ അറിയുന്ന വണ്ണം അവനെ ആശ്വസിപ്പിക്കാൻ അവന്റെ മുടിയിലൂടെ കൈ കോരുത് തലോടി കൊണ്ടിരുന്നു....... അവൻ അവളെ തന്നെ നോക്കി നിന്നു.... അമ്മിജാൻ പറഞ്ഞ പോലെ ഞാൻ കാരണം ജീവിക്കാൻ മറന്നു പോകുന്ന അവളെ അവൻ കണ്ടു..... ഞാൻ ഒരാൾ കാരണം എല്ലാവരും വേദനിക്കുന്നുണ്ടെന്ന് ഓർത്തു...... അവന്റെ മനസ്സിലും ശക്തമായ ഒരു തീരുമാനം ഉരുതിരിഞ്ഞു വന്നു...... ഞാൻ മാറണം..... എന്റെ പ്രണയം സത്യം ആണ്..

അതിന്റെ പേരിൽ ഇവളൊരിക്കലും വേദനിക്കരുത്...... ഇവളെ സന്തോഷം മാത്രം മതി എനിക്ക്....... അവൻ നിറഞ്ഞ കണ്ണുകൾ തുടച്ചു......

ഡീ.....പെണ്ണ് കാണാൻ ആളൊക്കെ വന്നു കാണോ........

ഇല്ലെന്ന് തോന്നുന്നു..... ഉച്ചയാക്കുന്ന പറഞ്ഞെ ഫുഡ് അവിടെ ആണ്......

നമുക്ക് എന്നാ ഇപ്പൊ പോയാലോ......

എന്തിന് എക്സ് ലവർ പറഞ്ഞു നിന്നെ കാണിച്ചു കൊടുത്തു അവളെ വീണ്ടും ടെൻഷൻ അടിപ്പിക്കാനാ..... നീ പോകണ്ട.

എക്സ് ലവർ എന്ന് പറഞ്ഞല്ല..... ഞാൻ കെട്ടാൻ പോകുന്ന പെണ്ണാണെന്ന് പറഞ്ഞു പരിചയപെടുത്താൻ.....

അവൾ കണ്ണും മിഴിച്ചു ശ്വാസം എടുക്കാൻ മറന്നു വായും പൊളിച്ചു അവനെ നോക്കി

വായടക്കെടി ഈച്ച കേറും.... അവൻ താടിക്ക് ഒരു തട്ട് കൊടുത്തു.....

നീയെന്താ പറഞ്ഞെ.... അവൾ വിറയലോടെ

ചോദിച്ചു......

എന്തായാലും എന്നെങ്കിലും ഞാൻ പെണ്ണ് കെട്ടും..... ഇവൾ ആണെങ്കിൽ അയാളോടൊപ്പം എന്നെ മറക്കാൻ ശ്രമിച്ചു അഡ്ജസ്റ് ചെയ്തു ജീവിക്കും.... ആ അഡ്ജസ്റ്റ്മെന്റ് എന്റെ കൂടെ ആയിക്കോട്ടെ...... അവൻ പുഞ്ചിരിയോടെ പറഞ്ഞു......

അവളുടെ കണ്ണുകൾ നിറഞ്ഞൊഴുകി അവന്റെ മുഖത്ത് തന്നെ ഇറ്റി വീണു......

അവൻ എഴുന്നേറ്റു ഇരുന്നു അവളുടെ കണ്ണുകൾ തുടച്ചു.... ഇനിയീ കണ്ണുകൾ സന്തോഷം കൊണ്ട് അല്ലാതെ നിറയരുത്

കേട്ടോടി നീലക്കണ്ണി.... അവൾ നെറ്റി അവന്റെ നെറ്റിയിൽ മുട്ടിച്ചു നിന്നു.....

അപ്പൊ എങ്ങനെയാണ് നമുക്ക് വേഗം പോയ

അവന്റെ മുന്നിൽ കെട്ടിയൊരുങ്ങുന്നത് ഇല്ലാതാക്കി കൂടെ...

അവൾ ചെറു ചിരിയോടെ തലയാട്ടി.....

🌷🌷🌷🌷

മുറ്റത്തു കാറിന്റെ ശബ്ദം കേട്ടു എല്ലാ ആൺ പടയും ഇറങ്ങി വന്നു...... ഇനുവും ശഹിയും ഇറങ്ങി വരുന്നത് കണ്ടു.....

ഞാൻ കരുതി ചെക്കനും കൂട്ടരും ആണ് വന്നതെന്ന് ആനയിച്ചു അകത്തേക്ക് ഇരുത്താൻ വന്നതാ...... ഈ തെണ്ടികൾ ആയിരുന്നോ..... ഫൈസ് മുഖം കോട്ടി പറഞ്ഞു......

എന്ന പിന്നെ തലപൊലിയും നിലവിളക്ക് ഒക്കെ എടുത്തു ആനയിച്ചോ..... ചെക്കനും പെങ്ങൾ തന്നെ വന്നത് അവൾ കുറുമ്പോടെ പറഞ്ഞു......

അവിഞ്ഞൊരു തമാശ.... കേറി വാടി അകത്തേക്ക്.....
സമി പിറകിൽ നിന്നും വിളിച്ചു പറഞ്ഞു.....

അളിയൻമാർ വന്നു ആനയിച്ചിട്ടെ എന്ന പിന്നെ ഞങ്ങൾ കേറുന്നുള്ളു.... അവൾ കയ്യും കെട്ടി അവിടെ തന്നെ നിന്നെ ഉള്ളു

ഷാഹി ചെറുചിരിയോടെ എല്ലാരേം നോക്കി നിന്നു......

ജന്നത്തിലെ മഹാറാണി എന്ന അടിയന്റെ കുടിലേക്ക് കയറിയാലും സമി കൈ താഴ്ത്തി അകത്തേക്ക് കയറ്റുന്ന പോലെ ആഗ്യം കാണിച്ചു......

അയ്യേ ഇങ്ങനെ ആണോ പെങ്ങളെ കെട്ടാൻ പോകുന്നവനെ ക്ഷണിക്കുന്നെ..

അവൾ പറഞ്ഞതും എല്ലാരേം മുഖത്തെ പുഞ്ചിരി

മാഞ്ഞു ഞെട്ടലോടെ അവളെ നോക്കി......

അവൾ സമിയുടെ ഉപ്പാന്റെ അടുത്തേക്ക് ചെന്നു.....

എന്റെ ഷഹിക്ക് തന്നുടെ റിസയെ..... ഈ ഒരവസരത്തിൽ പറയാൻ പാടില്ലെന്ന് അറിയാം..... റിസക്ക് ഒരിക്കലും ഇവനെക്കാൾ നല്ലൊരാളെ കണ്ടു പിടിക്കാൻ നിങ്ങൾക്ക് കഴിയില്ല.... റിസയും ആഗ്രഹിക്കുന്നത് ഇവനെ വിവാഹം കഴിക്കാൻ ആണ്.... ഞങ്ങൾക്ക് തന്നുടെ റിസയെ......

എല്ലാവരും ഞെട്ടലോടെ ആണ് രണ്ടാളെയും നോക്കിയത്......

മോളെ അവർക്ക് വാക്ക് കൊടുത്തു ഞാൻ. ഇപ്പൊ വരും..... ഈ അവസരത്തിൽ ഇനിയെങ്ങനെയാ.... അയാൾ എന്താ പറയേണ്ടേ അറിയാതെ ദയനീയമായി അവളെ നോക്കി.....

ഞങ്ങൾ ചെക്കന്റെ വീട്ടിൽ പോയിരുന്നു.

അവനോട് കാര്യം ഒക്കെ പറഞ്ഞു ക്ഷമയും ചോദിച്ചു...... ആ പാരന്റ്സ് എന്തൊക്കെയോ പറഞ്ഞെങ്കിലും ചെക്കന് മനസ്സിൽ ആയിന് കാര്യം.....

ഫൈസ് ഇജാസ് ഒന്നിച്ചു ഓടി വന്നു അവനെ കെട്ടിപിടിച്ചു.....

അതേ എനിക്ക് ആകെ ഉള്ള അളിയൻ ആണ് നിങ്ങൾ അതിനെ ഞെക്കികൊല്ലതെ ഒന്ന് വിട്..... സമി പിറകിൽ നിന്നും വിളിച്ചു പറഞ്ഞു.....

ചിരിയോടെ അവനെ വിട്ടു അവനെയും കൂട്ടി ഇജാസ് അകത്തേക്ക് കയറി.....

അതെ ജന്നത്തിലെ മഹാറാണിയെ ഇനി

ആനയിക്കാൻ പ്രത്യേകം ആൾ വരണോ...ഫൈസ്

പിരികം പൊന്തിച്ചു ചോദിച്ചു.....

വേണമെങ്കിൽ......അവൾ അത് പോലെ പിരികം പൊന്തിച്ചു തിരിച്ചു ചോദിച്ചു....

ഞാൻ റെഡിയാണ് മോളെ പറഞ്ഞു അവളെ കയ്യിൽ കോരിയെടുത്തു അവൻ

ഫൈസ് എല്ലാരും കാണും തഴെയിറക്ക്... അവൾ നിന്ന് പിടഞ്ഞു.....

എല്ലാവരും അവരെ ചിരിയോടെ നോക്കിയതും അവൾ ചമ്മലോടെ അവന്റെ തോളിൽ മുഖം ഒളിപ്പിച്ചു......

പ്ലീസ് ഫൈസ് താഴേ ഇറക്ക്...... അവൾ പറഞ്ഞിട്ടും കേൾക്കാതെ അകത്തു കൊണ്ടുപോയെ ഇറങ്ങാൻ വിട്ടുള്ളു.....

അവൾ മുഖം കൂർപ്പിച്ചു നോക്കി കവിൾ ഒരു കടി കൊടുത്തു......

അവൻ എരിവ് വലിച്ചു അവളെ നോക്കിയതും അവൾ റൂമിൽ നിന്നും ഇറങ്ങി പോയിരുന്നു...... ഒരു ചിരിയോടെ അവനും പിന്നാലെ ഇറങ്ങി പോയി......

🌹🌹🌹🌹🌹

റിസ റൂമിലൂടെ ടെൻഷനോടെ അങ്ങോട്ടും ഇങ്ങോട്ടും നടന്നു...... ഇടക്കിടക്ക് നഖം കടിച്ചു തുപ്പി കൊണ്ടിരുന്നു.......

പറ്റുന്നില്ലല്ലോ ഷഹി നിന്നെ മറക്കുവാൻ....

മറക്കാൻ ശ്രമിക്കും തോറും കൂടുതൽ തെളിമയോടെ തെളിഞ്ഞു വരികയാണ്...

ഇല്ല ഞാൻ ഫൈസിക്കക്കും സമിക്കക്കും

വാക്ക് കൊടുത്തത് ആണ്..... എല്ലാം മറക്കും.....

ആരെയും ഇനി വേദനിപ്പിക്കില്ല..... എന്നെയോർത്ത് സങ്കടപെടുന്ന ഉമ്മാനെ ഓർത്തു.... എല്ലാവർക്കും വേണ്ടി ഈ വിവാഹം നടക്കണം...... അവൾ താളം തെറ്റുന്ന മനസ്സിനെ സ്വയം പഠിപ്പിച്ചു കൊണ്ടിരുന്നു.

ഷഹി അവളെ തന്നെ നോക്കി വാതിൽക്കൽ നിന്നു..... അവളുടെ അവസ്ഥ അവനും നേരിൽ കാണുകയാരുന്നു...... ഇനിയൊരു പ്രണയം എന്നിൽ ഉണ്ടാകുമോ അറിയില്ല പെണ്ണേ...... എല്ലാം അറിഞ്ഞിട്ടും എന്തിനാ ഇങ്ങനെ സ്നേഹിക്കുന്നെ...... അവൻ മനസ്സിൽ പറഞ്ഞു......

അവൻ ഒരു ദീർഘ നിശ്വാസം എടുത്തു മനസ്സ് റിലക്സ് ആക്കി പുഞ്ചിരിയോടെ അകത്തേക്ക് കയറി......

അല്ല മറിയാമ്മോ പെണ്ണ് കാണാൻ ചെക്കൻ വരുമ്പോഴേക്കും കയ്യിൽ വിരൽ എങ്കിലും ഉണ്ടാകോ.....

അവൾ ഞെട്ടിതിരിഞ്ഞു നോക്കി...... അവൾക്ക് ചിരി വന്നില്ലെങ്കിലും അവൾ ചിരി വരുത്തിച്ചു.....

ഇന്ന് കഥകളി ഉണ്ടോ എവിടെയെങ്കിലും അവൻ അവളെ അടിമുടി നോക്കി പറഞ്ഞു....

ഈ ഡ്രെസ്സിന് എന്താ കുഴപ്പം...... അവൾ ഇട്ടിരുന്ന ഗൗൺ പിടിച്ചു നോക്കി.... പിന്നെ കണ്ണാടിയിൽ നോക്കി....

അല്ല കത്തി വേഷം ഇട്ടോണ്ട് ചോദിച്ചതാ..

എന്റെ ഗ്ലാമർ കണ്ടു അസൂയ വെക്കരുത്

എല്ലാരും നല്ല ഭംഗിയുണ്ടെന്ന് പറഞ്ഞിട്ട പോയത്......

അല്ലെങ്കിലും പമ്കിൻ കാണാനേ നല്ല ഭംഗിയാ......

നിന്റെ മദാമ്മയാണ് പമ്കിൻ..... അവൾ മുഖം കോട്ടി.....

അവൻ ഒരു നിമിഷം മിണ്ടാതിരുന്നു...... അവളെ തന്നെ നോക്കി നിന്നു......

എന്താ നോക്കുന്നെ.....  ഞാൻ സുന്ദരി തന്നെയാണ്... നോക്കിക്കോ ചെക്കൻ എന്നെക്കണ്ടു ഇപ്പൊ തന്നെ വേണേൽ കെട്ടിക്കോട്ടെ ചോദിച്ചു പിറകെ വരും.....

പിറകെ വരാനൊന്നും വയ്യ മുന്നിൽ വന്നു വേണേൽ ചോദിക്കാം വിൽ യൂ മാരി മി....

അവൻ ഒരു റിങ് എടുത്തു അവളെ നേരെ നീട്ടി........

ആദ്യം ഒന്ന് ഞെട്ടിയെങ്കിലും അവൾ അവൻ കളിയാക്കുക ആണെന്ന് കരുതി

ചിരിച്ചു തള്ളി.......

പിന്നെ ചിരിയോടെ യാ..... ഓഫ്കോഴ്സ്...
എന്ന് പറഞ്ഞു കൈ നീട്ടി.....

അവൻ കയ്യിൽ പിടിച്ചു വിരലിൽ മോതിരം ഇട്ടു കൊടുത്തു.....

അവൾ ഞെട്ടിത്തരിച്ചു പിറകോട്ടു കൈ വലിക്കാൻ നോക്കിയെങ്കിലും അവൻ റിങ് ഇട്ടു കൊടുത്തിരുന്നു.......

അവൾക്ക് ദേഹം തളരുന്നത് പോലെ തോന്നി..... അവൾ വിറയലോടെ പിന്നോട്ട് നടന്നു ചുമരിൽ തട്ടി നിന്നു.......

എന്താ ഈ ചെയ്തേ ഷഹി...... വിരലിലുള്ള മോതിരം നോക്കി അവൾ ഇടറിയ ശബ്ദത്തോടെ ചോദിച്ചു.....

ഞാൻ കാര്യം ആയിട്ട് ചോദിച്ചത് വിൽ യൂ മാരിമി

എന്ന്.....

ഞാൻ..... എനിക്ക്..... നീ..... വാക്കുകൾ പുറത്ത് വരാതെ ഉള്ളിൽ കിടന്നു പിടഞ്ഞു..... വിശ്വസിക്കണോ വേണ്ടയോ എന്ന് തിരിയാത്ത അവസ്ഥയിൽ ആയിരുന്നു അവൾ.......

അവൻ അവളുടെ അടുത്തേക്ക് ചെന്നു..

അന്ന് ചോദിച്ചില്ലേ എന്നെങ്കിലും ആരെയെങ്കിലും കൂടെ കൂട്ടും അതെന്നെ ആയിക്കൂടെ എന്ന്....... ആരെയെങ്കിലും അല്ല നിന്നെ തന്നെ കൂടെ കൂട്ടണമെന്ന് തോന്നി....... പോരുന്നോ എന്റെ പെണ്ണായിട്ട്....... അവൻ ചോദിച്ചതും അവൾ അവനെ ഇറുക്കെ കെട്ടിപിടിച്ചതും ഒന്നിച്ചായിരുന്നു...... അലറി വിളിക്കുന്ന പോലെ അവന്റെ നെഞ്ചിൽ കരഞ്ഞു തീർക്കുന്ന അവളെ കണ്ടു അവന്റെ കണ്ണും നിറഞ്ഞിരുന്നു.....

അവൻ പോലും അറിയാതെ അവന്റെ കൈകൾ അവളെ ചേർത്ത് പിടിച്ചിരുന്നു.

മിനിറ്റുകൾ കഴിഞ്ഞിട്ടും അവൾ കരച്ചിൽ നിന്നില്ല.......

അതേ താഴെ എല്ലാവരും കാത്തിരിക്കുന്നുണ്ട്...... നിന്റെ സമ്മതം നേരിട്ട് അറിയാന ഞാൻ തന്നെ വന്നത്....

അവളെ ദേഹത്തു നിന്നും അടർത്തി മിഴികൾ തുടച്ചു അവൻ പറഞ്ഞു......

അറിയില്ല നല്ലൊരു കാമുകൻ ആകാൻ പറ്റുമോന്ന്.....നല്ലൊരു ഭർത്താവാകാൻ കഴിയുമോന്ന്........ ഒന്ന് ഉറപ്പ് പറയാം  നല്ലൊരു ഫ്രണ്ട് ആയിരിക്കും..... എന്നും കൂടെ ഉണ്ടായിരിക്കും....... ആലോചിച്ചു പറഞ്ഞ മതി തീരുമാനം......

നല്ലൊരു ഭാര്യയാകാൻ എനിക്കും കഴിയുമോന്ന് അറിയില്ല..... എന്നാലും നല്ലൊരു ഭർത്താവായും...... കാമുകൻ ആയും നിന്നെ ഞാൻ മാറ്റി

എടുത്തോളാം..... അവൾ കണ്ണ് തുടച്ചു പുഞ്ചിരിയോടെ പറഞ്ഞു.

അറിയാതെ തന്നെ അവന്റെ ചുണ്ടിൽ ഒരു പുഞ്ചിരി വിരിഞ്ഞു...... അവളുടെ മറുപടി എന്തായാലും യെസ് ആയിരിക്കുമെന്ന് അവന്ന് ഉറപ്പായിരുന്നു.

കൂട്ടായിട്ട് കൂടെയുണ്ടായ മതി എന്നും......

കാലിടറുന്നിടത് ഞാൻ പിടിച്ചു കയറ്റി കൊള്ളാം...... അത് പറയുമ്പോൾ അവളുടെ കണ്ണുകളിൽ ഉണ്ടായ തെളിച്ചം അവന്റെ കണ്ണുകളിൽ കൂടി പടർന്നിരുന്നു

അപ്പൊ എങ്ങനെയാ കാര്യം..., കെട്ട് ഉറപ്പിച്ചോട്ടെ ഷഹി ...... ഇനു വാതിൽക്കൽ നിന്നും വിളിച്ചു ചോദിച്ചു.....

ഇപ്പൊ കെട്ടാനും ഞാൻ റെഡിയാ......

റിസ അതെ സ്പോട്ടിൽ മറുപടിയും പറഞ്ഞു....

അത് നടക്കില്ല..... ഞാൻ സമ്മതിക്കില്ല ഈ കല്യാണത്തിന്....... ഇനു ഗൗരവത്തോടെ പറഞ്ഞതും റിസ ഞെട്ടലോടെ അവളെ നോക്കി...... അവളെ കണ്ണ് നിറഞ്ഞു....

മൂന്നാളെ കല്യാണം ഒന്നിച്ചു ജന്നത്തിൽ വെച്ചു നടത്തിയ മതി..... അവളൊന്ന് നിർത്തി പുഞ്ചിരിയോടെ പറഞ്ഞു.....

റിസക്ക് കരച്ചിലും ചിരിയും ഒക്കെ വരുന്നുണ്ടായിരുന്നു..... അവൾ ഇനുവിനെ ഓടി പോയി കെട്ടിപിടിച്ചു.....

ടീ എന്റെ വയർ..... അവൾ വയറ്റിൽ കൈ വെച്ചു പറഞ്ഞതും അവൾ വിട്ടു..... സോറി

ഞാൻ ഓർത്തില്ല......

അപ്പോഴേക്കും എല്ലാവരും അവിടേക്ക് വന്നു...... നല്ല സന്തോഷത്തോടെ തന്നെ

പെണ്ണ് കാണൽ ചടങ്ങ് കഴിഞ്ഞു..... ഇജുവിന്റെയും ജുനുവിന്റെയും കൂടെ മാര്യേജ് എന്ന് പറഞ്ഞു ഉറപ്പിച്ചു. ഷഹിക്ക്

അതിന്ന് സമ്മതം ആയിരുന്നില്ലെന്ന് അറിഞ്ഞും എല്ലാവരും നിർബന്ധിച്ചു സമ്മതിപ്പിച്ചു........

ഇത്രയും പെട്ടെന്ന് ഒരു വിവാഹം അവന്ന് ഓർക്കാൻ പോലും കഴിയുന്നുണ്ടായിരുന്നില്ല...... റിസയോട് ഒരു അടുപ്പം ഉണ്ടാകുന്നതിനു മുൻപ് തന്നെ ഒരു വിവാഹം....

റിസയും കാണുന്നുണ്ടായിരുന്നു അവന്റെ അസ്വസ്ഥത.....

രാത്രി ഫോണിൽ msg ട്യൂൺ കേട്ടാണ് അവൻ നോക്കിയത്......

തല്ക്കാലം ഒരു ചടങ്ങ് അല്ലേ അത് നടന്നോട്ടെ..... ഞാൻ കാത്തിരുന്നോളാം

ഈ നെഞ്ചിൽ ഒരു സ്ഥാനം കിട്ടുന്നത് വരെ....... നമുക്ക് നല്ല ഫ്രണ്ട് ആയി കഴിയാടോ.....

വായിച്ചു കഴിഞ്ഞതും അവന്റെ മനസ്സിൽ ഒരു തണുപ്പ് പടർന്നിരുന്നു......ചുണ്ടിൽ ഒരു ചെറു പുഞ്ചിരിയും.......

🌷🌷🌷🌷🌷

രാത്രിയിൽ തന്റെ മക്കളോട് സംസാരിച്ചു അവരുടെ അനക്കവും ആസ്വദിച്ചു കിടക്കുന്ന ഫൈസിയെ നോക്കി ഇനുവും ഇരുന്നു..... ഇടയ്കിടക്ക് അവന്റെ നോട്ടം അവളിലും ചെന്നെത്തുന്നുണ്ടായിരുന്നു...

ഈ ലോകത്ത് ഒന്നുമല്ലാതെ ഇരിക്കുന്ന അവളെ ഒന്ന് നോക്കി..... ഞാനെ എന്റെ പ്രിയ പതിയുടെ മനസ്സിൽ എന്താന്ന് അറിഞ്ഞിട്ട് വരാട്ടോ എന്ന് പറഞ്ഞു അവളുടെ വയറിൽ ചുണ്ടുകൾ ചേർത്തു.

ആ സ്പർശം അറിഞ്ഞെന്നോണം വീർത്തു വരുന്ന ആ ജീവന്റെ തുടിപ്പിൽ അവൻ വീണ്ടും ചുണ്ടുകൾ അമർത്തി.....

അവൻ അവളുടെ പിറകിൽ കൂടി അവളെ ചേർത്ത് പിടിച്ചു ചുമലിൽ മുഖം ചേർത്ത് കിടന്നു.....

എന്താ എന്റെ മുത്തിന് പറ്റിയെ......

ഷഹി മനസ്സോടെ സമ്മതിച്ചതകോ വല്ലാത്ത ടെൻഷൻ......

അവന്റെ മുഖം കണ്ടിട്ട് അങ്ങനെ തോന്നിയില്ല...... കാലം മായിക്കാത്ത മുറിവുകൾ ഇല്ല ഇനൂ.... റിസയുടെ പ്രണയം കണ്ടില്ലെന്ന് നടിക്കാൻ അവന്ന് ആവില്ല......

അവൾ ഒന്ന് മൂളുക മാത്രം ചെയ്തു......

അവളെ മനസ്സിലും അതേ ചിന്ത തന്നെ ആയിരുന്നു....... പതിയെ ഉറക്കം കണ്ണുകളിൽ വന്നതും.....

പെട്ടെന്ന അവൾ എന്റെ കാൽ എന്ന് പറഞ്ഞു നിലവിളിച്ചത്.......

അത് എന്നും ഉള്ളത് കൊണ്ട് തന്നെ അവൻ എഴുന്നേറ്റു അവളുടെ കാലുകൾ തടവി കൊടുത്തു..... എന്നും ഉള്ളതാണ് രാത്രിയിൽ മസിൽ കേറി പറഞ്ഞുള്ള നിലവിളി...... വേദന കൊണ്ട് ആകണം അവളുടെ കണ്ണുകൾ നിറഞ്ഞു ഒഴുകുന്നുണ്ട്...... അവന്ന് അവളെ കാണുംതോറും സങ്കടം ആയിരുന്നു തോന്നിയത്..... ട്വിൻസ് ആയോണ്ട് ആവും ക്ഷീണം കൂടുതൽ ആണ്...... രാത്രിയിൽ ഉറക്കം ഉണ്ടാകില്ല..... നടുവേദന കാല് വേദന എന്നൊക്കെ പറഞ്ഞിട്ട്....... കാലൊക്കെ നീര് വന്നു ഒരു വകയായിട്ടുണ്ട്...... കുറച്ചു നടന്നാൽ തന്നെ കിതച്ചു കൊണ്ട് എവിടെയെങ്കിലും ഇരിക്കുന്നത് കാണാം..... കുറച്ചു കഴിഞ്ഞു ഉറങ്ങുന്നത് കണ്ടു...... അവൻ പുതച്ചു

കൊടുത്തു അവളുടെ നെറുകയിൽ വാത്സല്യത്തോടെയും സ്നേഹത്തോടെയും ചുണ്ടുകൾ ചേർത്തു........ അവളെയും ചേർത്ത് പിടിച്ചു കിടന്നു.......

❤️💔INVISIBLE LOVE 💔❤️

Love After 💘Marriage🌷 climax part 125🌷

തന്റെ കാൽപാദത്തിന് അടിയിൽ മുഖം ചേർത്ത് കിടക്കുന്ന ഫൈസിയെ അവൾ പ്രണയപൂർവ്വം നോക്കി...... രാത്രിയിൽ കാൽ വേദന ഇപ്പോൾ കൂടുതൽ ആണ്.

എത്ര ഗാഢമായ ഉറക്കം ആണെങ്കിലും ഒരു പരാതിയും പറയാതെ എഴുന്നേൽക്കുന്ന അവൻ അവൾക്ക് ഒരു അത്ഭുതം ആണ്..... പലപ്പോഴും കാൽക്കീഴിൽ തന്നെ കിടന്നു ഉറങ്ങും..... താൻ പകൽ കിടന്നു ഉറങ്ങും അവന്ന് ഓഫീസിൽ പോകാനുള്ളത് കൊണ്ട് പലപ്പോഴും ഉറക്കം ശരിയാവില്ല.....

ഓഫീസിൽ പോകുമ്പോഴും വരുമ്പോഴും കാറിൽ കിടന്നു ഉറങ്ങാറ് പറയുമ്പോൾ ചി  രിയല്ലാതെ ആ മുഖത്ത് കണ്ടിട്ടില്ല.....

അവൾ മെല്ലെ കാൽ വലിച്ചു എടുത്തു. പതുക്കെ എഴുന്നേ    റ്റു അവന്റെ അടുത്ത് പോയി അവനെ നോക്കി കിടന്നു....

അവന്റെ നെഞ്ചോരം തലവെച്ചു അവനെ ചേർത്ത് പിടിച്ചു കിടക്കാൻ മനസ്സും ശരീരവും ഒരു പോലെ കൊതിക്കു ന്നുണ്ടായിരുന്നു..... വയറുള്ളൊണ്ട് പറ്റാറില്ല..... അഡ്ജസ്റ്റ് ചെയ്തു കിടക്കുന്നോണ്ട് അവൻ സമ്മതിക്കറും ഇല്ല.അവന്റെ തലയിലൂടെ വാത്സല്യത്തോടെ തലോടി....

പെട്ടന്ന് അവൻ ഞെട്ടി എഴുന്നേറ്റു.... എന്തേ പറ്റിയെ..... വേദനയുണ്ടോ എന്തെങ്കിലും അസ്വസ്ഥത ഉണ്ടോ.....   പരിഭ്രാന്തിയോടെ അവളെ നോക്കി.....

അവൾ ഇല്ലെന്ന് തലയാട്ടി....

ഉറക്കം വരുന്നില്ല......

അവന്റെ നോട്ടം ക്ലോക്കിലേക്ക് പതിഞ്ഞു മൂന്ന് മണി ആയിട്ടുള്ളൂ.... ഒരുമണിയോളം ആയിന് ഒന്ന് കണ്ണടക്കാൻ.... മുഖത്തെ ഉറക്കച്ചടവ് കണ്ടു അവന്ന് പാവം തോന്നി

അവൻ അവളുടെ മടിയിൽ തലവെച്ചു കിടന്നു......

ഒരുപാട് കഷ്ടപ്പെടുത്തുന്നുണ്ടല്ലോ ഉമ്മാനെ.... ചിരിയോടെ പറഞ്ഞു അവിടെ ചുണ്ടുകൾ ചേർത്തു.... അവന്റെ സ്പർശം അറിഞ്ഞെന്ന പോലെ അവിടെ

ഉയർന്നു വന്നതും അവളിലും ചിരി വിരിഞ്ഞു..... ഇതിപ്പോ നിന്നോട് സംസാരിക്കനെ എന്റെ ഉറക്കം കളയണതോന്നുന്നേ...... ഫൈസിന്റെ ശബ്ദം

കേൾക്കുമ്പോ തന്നെ ചവിട്ട് ഉറപ്പാ.....

അതിന്ന് അസൂയ വെച്ചിട്ട് കാര്യം ഇല്ല മോളെ..... എന്റെ മക്കൾ നിന്റെ വയറ്റിൽ ആണെങ്കിലും വളരുന്നത് എന്റെ നെഞ്ചിലാ.... അവൻ വീണ്ടും ചുണ്ടുകൾ ചേർത്തതും ആ സ്പർശം അറിഞ്ഞെന്ന പോലെ അവളെ ചവിട്ടി.....

മതി പോയി ഉറങ്ങാൻ നോക്ക്..... രാവിലെ ഓഫീസിൽ പോകേണ്ടതല്ലേ......

നീ ഉറങ്ങാതെ ഇനിയെനിക്കും ഉറക്കം വരില്ല.നമുക്ക് സംസാരിച്ചു ഇരിക്കാം പോരെ.....

എനിക്ക് ഫൈസിയുടെ നെഞ്ചിൽ തലവെച്ചു ഉറങ്ങിയ മതി.... അപ്പൊ ഉറക്കം വന്നോളും അവൾ കൊഞ്ചലോടെ പറഞ്ഞു.....

എന്റെ ഉറക്കം മൊത്തത്തിൽ അങ്ങ് പൊക്കോളും അതോണ്ട് അത് വേണ്ട....

പ്ലീസ് ഫൈസ് ഉറക്കം വരത്തോണ്ട് അല്ലേ

അവൻ ചിണുങ്ങുന്ന പോലെ പറഞ്ഞതിം അവന്റെ ചുണ്ടിൽ ഒരു പുഞ്ചിരി വിരിഞ്ഞു......

ആഗ്രഹം ഇല്ലാഞ്ഞിട്ടല്ല..... നല്ല വയറുള്ളോണ്ട് അവൾക്ക് അതിന് പറ്റാറില്ല.... എന്നാലും റിസ്ക് എടുത്തു കിടക്കുന്നത് കണ്ടതോണ്ടാണ് പിന്നെ ഞാനും സമ്മതിക്കാതിരുന്നത്......

അവൻ ചിരിയോടെ അവളുടെ അടുത്തേക്ക് വന്നു അവളെ ബെഡിലേക്ക് ചായ്ച്ചു കിടത്തി.... അവൾ സംശയത്തോടെ അവനെ നോക്കി.....

അവളുടെ ഓപ്പോസിറ്റ് ആയി കിടന്നു. അവന്റെ നെഞ്ചിൽ മുഖം ചേർത്തു വെച്ചു ഇനി കിടന്നോ..... അവൻ കണ്ണിറുക്കി പറഞ്ഞു..... ഒരു ചിരിയോടെ

അവൾ അവന്റെ നെഞ്ചിൽ തലവെച്ചു കിടന്നു.....

ഈ ഐഡിയ ഉണ്ടായിട്ട് ആണോ ഇത്രയും നാൾ വിടഞ്ഞേ..... അവൾ മുഖം കോട്ടി.....

നിന്നെ ചേർത്ത് പിടിക്കാതെ ഉറങ്ങാൻ പറ്റണ്ടേ എനിക്കും..... നിനക്ക് മാത്രം ആഗ്രഹം ഉള്ളോ കെട്ടിപിടിച്ചു കിടക്കാൻ..

ഞാൻ എന്നെ തന്നെ നിയന്ത്രിച്ചു കിടക്കുന്നതാ അത് കൊണ്ട് അതികം റിസ്ക് എടുക്കാതെ ഉറങ്ങാൻ നോക്ക്....

അതിന്ന് ഞാൻ തടഞ്ഞില്ലല്ലോ നിന്നെ....

നീയായിട്ട് വേണ്ടെന്നു വെച്ചത് തന്നെ അല്ലേ......

എന്താ.... അവൻ ഞെട്ടലോടെ തല പൊക്കി അവളെ നോക്കിയതും അവൾ അവന്റെ മുഖത്തോട് മുഖം അടുപ്പിച്ചു ആ ചുണ്ടുകൾ സ്വന്തം ആയിരുന്നു. ഒന്ന്

പകച്ചു അവളെ നോക്കിയെങ്കിലും അവനും അലിഞ്ഞു തീരുകയായിരുന്നു ആ ചുമ്പനത്തിൽ....... അവളിൽ നിന്നും ചുണ്ടുകൾ വേർപെടുത്തി അവളുടെ ചുണ്ടുകൾ അവൻ നുകർന്നു..... അവരുടെ സ്നേഹവും പ്രണയവും പരസ്പരം പകരാൻ എന്നപോലെ രണ്ടുപേരും മത്സരിച്ചു ചുണ്ടുകൾ കോർത്തു.... അവന്റെ പ്രണയം മൃദുവായി അവളിൽ ആഴ്ന്നിറങ്ങി..... അവൾ പ്രണയപൂർവ്വം അത് സ്വീകരിച്ചു അവനിൽ ഒഴുകിചേർന്നു...... പരസ്പരം സംസാരിച്ചു ഒരുപാട് തീരുമാനങ്ങൾ എടുത്തു അവർ.....എപ്പോഴോ ഉറക്കം മാടി വിളിക്കുമ്പോൾ അറിയുന്നുണ്ടായിരുന്നു തന്നെ കയ്യിൽ കിടത്തി വയറിനെ പൊതിഞ്ഞു പിടിക്കുന്ന അവളുടെ പ്രണയത്തെ......

🌹🌹🌹

എല്ലാവരും ടീ കുടിക്കുമ്പോൾ ഇജു ഒരു ലെറ്റർ കയ്യിൽ പിടിച്ചു അങ്ങോട്ട് വന്നു....

എപ്പോഴും ഫൈസിയോ ഇന്നുവോ കൂടെയുണ്ടാകും.... ഇന്ന് ആരെയും കാണാത്തോണ്ട്

ഇനു എഴുന്നേറ്റില്ലേ..... ഞാൻ വിളിച്ചോളാം പറഞ്ഞു ഷഹി എഴുന്നേൽക്കാൻ പോയതും ഇജ്ജു ഒരു ലെറ്റർ അവന്റെ കയ്യിൽ കൊടുത്തു എന്നിട്ട് ഉറക്കെ വായിക്കാൻ പറഞ്ഞു.

എല്ലാവരും ആകാംഷയോടെ അവരെ നോക്കി......

വിവാഹവീടാണ്.... ഒരു പാട് തിരക്കുകളും ജോലികളും ഉണ്ടാകും..... എന്റെ ഭാര്യ ആയോണ്ട് പറയല്ല ഒരു വസ്തു പറഞ്ഞ കേൾക്കില്ല.... അവളും ഓടിച്ചാടി നടക്കും.

അവളെ കളി കാണുമ്പോ പേടിച്ചിട്ട് ഡബിൾ ആയി ഇടിക്കുകയാ എന്റെ ഹൃദയം...... ഇങ്ങനെ പോയ എന്റെ കുഞ്ഞുങ്ങളെ കാണുന്നതിന്ന് മുന്നേ എനിക്ക് അറ്റാക്ക് വരും.... അതോണ്ട് റിസ്ക് എടുക്കാൻ വയ്യ.... ഞാനും എന്റെ ഭാര്യയും മാത്രം ആയി ചെറിയ യാത്ര പോവുകയാണ്.... മെഹന്ദി കല്യാണത്തിന് രാവിലെ ഞാനും ഭാര്യയും അവിടെ എത്തിയിരിക്കും.... അത് വരെയും ഞങ്ങളെ അന്വേഷിക്കണ്ട.... ഫോൺ സ്വിച് ഓഫ് ആയിരിക്കും. വിളിച്ചും ശല്യം ആകാതിരിക്കാൻ മുൻകരുതൽ.....

ഓൺ ചെയ്യുമ്പോ ദിവസം അഞ്ചുമിനിറ്റ് ഞാൻ എല്ലാർക്കും ആയി വിളിച്ചോളാം.....

പിന്നെ വേറൊരു കാര്യം കൂടി..... ഇനുവിന്റെ ആഗ്രഹം ആണ് രണ്ടു ഇക്കാക്കമൊരെയും കല്യാണം അവൾക്ക് ഒറ്റക്ക് നടത്തണം എന്ന്..... രണ്ടു പേരെയും ഡ്രസ്സ് മുതൽ കല്യാണപെണ്ണിന്റെ ഡ്രസ്സ് ഓർണമെൻറ്സ് വരെ അവളുടെ സെലക്ഷൻ ആയിരിക്കും എന്ന്.... ഒരുപോലെ ആയിരിക്കും എല്ലാം ... രണ്ടു പേര് ഒന്നിച്ചു ട്വിൻസ് പോലെ വരുമ്പോൾ റിസ മാത്രം തനിച്ചു ആയ പോലെയും മാറ്റി നിർത്തിയ പോലെയും ആകും. അതോണ്ട് അവളെ കാര്യം കൂടി ഞാൻ തന്നെ ചെയ്യും..... അവളെ കാര്യവും ആരും നോക്കണ്ട..... ചുരുക്കി പറഞ്ഞ അച്ചിൽ വാർത്ത പോലെ മൂന്ന് കല്യാണചെക്കനും മൂന്ന് കല്യാണപെണ്ണും

ഒരുക്കി ഇറക്കും എന്ന്..... അപ്പോൾ മക്കൾക്ക് ഒരു പണിയും വേണ്ട ചുമ്മാ അവിടെ കുത്തിയിരുന്ന് ബാക്കിയുള്ള കാര്യങ്ങൾ മാത്രം നോക്കിയ മതിയെന്ന്....

ഇത് റിക്വസ്റ്റ് അല്ല ജന്നത്തിലെ മഹാറാണിയുടെ ഓഡർ ആണ്..... അപ്പൊ മെഹന്ദി കല്യാണത്തിന് രാവിലെ കാണാം..... ഇതിന്റെ ഒരു കോപ്പി ജുനൈദ്നും അയച്ചിട്ടുണ്ട്.....

എന്ന് നിങ്ങളുടെ സ്വന്തം അളിയൻ ഫൈസ്......

ഷഹി വായിച്ചു കഴിഞ്ഞതും എല്ലാവരും താടിക്ക് കയ്യും കൊടുത്തു ഇരുന്നു.....

അങ്ങനെ ഭയ്യാ ആരെയും കൂട്ടാതെ രണ്ടാമത്തെ ഹണിമൂണിനും പോയി....

യാഷ് താടിക്ക് കയ്യും വെച്ചു പറഞ്ഞു....

ചെക്കന് ബുദ്ധി ഉണ്ടെടാ... അല്ലെങ്കിൽ ഇപ്രാവശ്യം ഇജുവും ജുനുവും ശഹിയും കൂടി പോയേനെ...... ഏതായാലും ജോലി മൊത്തത്തിൽ ഏറ്റെടുത്തോണ്ട് രണ്ടാള്ക്കും ജോലി ഒന്നും ഇല്ലല്ലോ..... നിങ്ങൾ നിങ്ങളുടെ പ്രണയജോഡികളോട് കത്തിയടിച്ചു ഇരുന്നോ..... ഇവിടെയുള്ള അറേഞ്ച്മെന്റസ് ഒക്കെ

എന്റെ വക ഫ്രീ

നദീം പറഞ്ഞു......

ഷഹി ലെറ്റർ ചുരുട്ടി കൂട്ടി എറിഞ്ഞു മുകളിലേക്ക് കയറി പോയി......

അവൻ പോയതും എല്ലാവരും പരസ്പരം നോക്കി ചിരിച്ചു.....

അവർ എവിടെയാ ഉള്ളെ ഫൈസിയുടെ വീട്ടിൽ ആണോ അമ്മിജാൻ ഇജുവിനെ നോക്കി പതുക്കെ ചോദിച്ചു.

അല്ല ഉമ്മാന്റെ കൂടെയാ റിൻഷാദിന്റെ വീട്ടിൽ . കുറെ ആയി ഉമ്മാന്റെ കൂടെ താമസിക്കാൻ പോകണം ആഗ്രഹം പറയുന്നു കിട്ടിയ ചാൻസിന് അവിടേക്ക് മുങ്ങി.

അവർ ചെയ്തത് തന്നെ ശരി.... റിസയും ശഹിയും അടുക്കണമെങ്കിൽ ഇതേ വഴിയുള്ളു. അവരും ഇല്ല നിങ്ങൾ ബിസിയും ആയ അവൻ അവളോട് അടുത്തോളും...

ഇജു ഒന്ന് മൂളുക മാത്രം ചെയ്തു. അവർ പോയത് ഇഷ്ടം ആയില്ലെങ്കിലും ശഹിയുടെ കാര്യം ആയോണ്ടാ അടങ്ങി നിന്നത്.....ഇനുവിന് ഇപ്പൊ തീരെ വയ്യ നല്ല ക്ഷീണം ഉണ്ട്.... അതോണ്ട് തന്നെ എല്ലാവരും അവളെ കാര്യം മാത്രം ശ്രദ്ധിക്കു. ശഹിയുടെ കാര്യം പിന്നെ പറയണ്ട. അതോണ്ട് ഇനു തന്നെ ഈ വഴി പറഞ്ഞു പോയത്.

ഒരിക്കലും ഇതൊന്നും ഷഹി അറിയരുത്.

ആരും അവന്റെ കൂടെ ടൈം സ്പെൻഡ് ചെയ്യാനും നിൽക്കണ്ട. കഴിവതും തിരക്ക് അഭിനയിച്ചു നടന്ന മതി. വിവാഹ വീടായൊണ്ട് ഡൌട്ട് ഉണ്ടാകില്ല. റിസയുടെ ഷോപ്പിംങ്ങിനും മറ്റും ശഹിയെ കൂടെ വിളിക്കാൻ ഉള്ള പണി സമിയും നോക്കും.... റിസയെയും അവനെയും ഒന്നിച്ചു ടൈം സ്പെൻഡ്

ചെയ്യിക്കാൻ എല്ലാരും ശ്രമിക്കണം... ഇഷ്ടം ഉണ്ടായിട്ട് ഒന്നും അല്ല വിവാഹത്തിന് സമ്മതം മൂളിയത്. അതവന്റെ മുഖത്ത് ഉണ്ട്. ഈ പന്ത്രണ്ടു ദിവസം അവരുടേത് മാത്രം ആയിരിക്കണം......പറഞ്ഞത് കേട്ടല്ലോ എല്ലാരും......  ഇജു നദീം അത് പറഞ്ഞു പോയി....

നല്ല ബെസ്റ്റ് ഫാമിലി പ്രണയിപ്പിക്കാൻ പഠിപ്പിച്ചു കൊടുക്കുന്നു അവർക്ക് സപ്പോട് കൊടുക്കുന്നു.... എന്റെ കാര്യത്തിലും ഇതൊക്കെ കണ്ട മതിയാരുന്നു...... യാഷ് പറഞ്ഞതും ഷാന തലക്കിട്ട് ഒന്ന് കൊടുത്തു.....

മൊട്ടെന്ന് വിരിയട്ടെ ആദ്യം..... മര്യാദക്ക് പോയി ഇരുന്നു പഠിക്കാൻ നോക്ക്.....

പഠിച്ചിട്ട് ഇപ്പൊ എന്ത് ആകാനാ......

ഈ ഡയലോഗ് പറഞ്ഞു നടക്കുന്നവൾ ക്ലാസ്സിൽ

കേറിയില്ലെങ്കിലും കോളേജ് ടോപ്പർ ആണ്....
അതോണ്ട് ഡയലോഗ് അടിക്കാതെ പോയിരുന്നു
പടിക്ക്..... ഷംന കണ്ണുരുട്ടി പറഞ്ഞു.....

പക്ഷ്യത്യം പാടില്ല ഉമ്മാ...... ഒരു മോനെ പ്രേമിക്കാൻ
പഠിപ്പിക്കുന്നു എന്നെ എതിർക്കുന്നു ഞാനും
ഉമ്മാന്റെ മോൻ തന്നെയല്ലേ.....

ആയൊരു അബദ്ധം ആടാ എനിക്ക് ആകെ
പറ്റിയത്.... ഇനി പറഞ്ഞിട്ട് കാര്യം ഇല്ലല്ലോ......

എല്ലാവരും കളിയാക്കി ചിരിച്ചതും അവൻ
ടെറർ മൂടോടെ ഉമ്മോനെ നോക്കി......

മക്കളിൽ പക്ഷപതം പാടില്ല ഉമ്മാ..... ഞാനും
ഉമ്മാന്റെ മോനല്ലേ ഒന്നുമില്ലെങ്കിലും എന്നെ
പ്രസവിച്ചു പോറ്റിവളർത്തിയിട്ട് ഇങ്ങനെ
പറയരുതാരുന്നു...... അവൻ സെന്റി അടിച്ചു

പറഞ്ഞു....

വല്ല തവിടു കൊടുത്തും വാങ്ങിയതാരുന്നെങ്കിൽ മാറ്റി വാങ്ങിക്കാരുന്നു..... ഇതിപ്പോ പറ്റിപ്പോയിലേ ഷംനമോ അങ്ങ് സഹിച്ചോളി..... ഷാന പറയുന്നത് കേട്ടു വീണ്ടും എല്ലാരും ചിരിച്ചതും അവൻ അവളെ തല്ലാനായി പോയി. അവൾ ഓടിയതും പിറകെ അവനും..... എല്ലാവരും അവരെ ചിരിയോടെ നോക്കി നിന്നു......

🌹🌹🌹

റൂമിൽ എത്തിയതും അവൻ ഫോൺ വലിച്ചെറിഞ്ഞു....

എന്നാലും ഒരു വാക്ക് പറഞ്ഞിട്ട് പോയിക്കൂടെ തെണ്ടി...... ഒറ്റക്കക്കി പോകില്ല പറഞ്ഞിട്ട് വീണ്ടും പോയിരിക്കുന്നു..... അവന്ന് ദേഷ്യം സങ്കടം ഒക്കെ വരുന്നുണ്ടായിരുന്നു......

അപ്പോഴാ ഫോൺ റിങ് ചെയ്യുന്നത് കേട്ടത്...... റിസ

കാളിങ്..... അവന്ന് ഫോൺ എടുക്കാൻ തോന്നിയില്ല.... വീണ്ടും റിങ് ചെയ്തപ്പോ എടുത്തു.....

എന്താ..... അവന്റെ വാക്കുകളിൽ ദേഷ്യം കലർന്നിരുന്നു.....

അവൾക് അത് പെട്ടന്ന് മനസ്സിൽ ആവുകയും ചെയ്തു..... വേതാളം പോയ കലിപ്പിൽ ആണല്ലേ അവൾ ചിരിയോടെ ചോദിച്ചു......

വേതാളം നിന്റെ ഓൻ....

അപ്പൊ നീ ആണോ വേതാളം.... അറിഞ്ഞില്ല ആരും പറഞ്ഞു ഇല്ല....

ടീ ചുമ്മാ ചൊറിയല്ലേ ഞാൻ കേറി മാന്തും പിന്നെ ഇരുന്നു മോങ്ങിട്ട് കാര്യം ഇല്ല.....

എന്റെ മാഷേ എന്നോട് കലിപ്പിട്ട് ഒരു കാര്യം ഇല്ല..... ഇനുവിന് ഇപ്പൊ നല്ല ക്ഷീണം ഉണ്ട്..... അതോണ്ട് ഫൈസിക്ക അവളെ കൂട്ടി മുങ്ങീതാ..... അവൾ പോലും പിന്നെ അറിഞ്ഞത്....

അവൻ ഒന്നും മിണ്ടാതെ മൂളി......

ഇവിടെ പെണ്ണ് കാണൽ ചടങ്ങിന് തന്നെ ഓടിച്ചടി നടന്നിട്ട് രാത്രി മുഴുവൻ കാൽ വേദന കൈവേദന നടുവേദന പറഞ്ഞു ഒരേ കരച്ചിൽ ആയിരുന്നുവത്രെ..... ഇനിയിപ്പോ വിവാഹത്തിന്റ തിരക്ക് പറഞ്ഞു ഒരിടത്തും സമാധാനം ആയി ഇരിക്കില്ല.... അവളെ പേടിച്ചു മുങ്ങിത ഇക്ക..... സമിക്ക ഉമ്മാനോട് പറയുന്നത് കേട്ടതാ.....

അത് കേട്ടപ്പോൾ അവന്ന് ദേഷ്യം ഒക്കെ പോയി ഒന്നടങ്ങി..... അവളെ സ്വഭാവം വെച്ചു അടങ്ങി ഇരിക്കില്ല.... അപ്പൊ അതാണ് നല്ലതെന്ന് അവന്ന് തോന്നി....

അവന്ന് എന്നാലും അവളെ മിസ്സ് ചെയ്യുന്നുണ്ടായിരുന്നു...... റിസ ഓരോന്ന് സംസാരിച്ചു ഇരുന്നു.... ആദ്യം ഒക്കെ അവന്ന് മടി തോന്നിയെങ്കിലും പിന്നെ പിന്നെ അവളുടെ സംസാരം കേട്ട് ഇരുന്നു ആദ്യത്തെ അകൽച്ച മാറിയിരുന്നു...... എല്ലാവരും ഓരോ ജോലികളിൽ ഏർപ്പെട്ടത്തോടെ അവന്നും ബോറടി തുടങ്ങിയിരുന്നു..... തനിച്ചിരിക്കുമ്പോ റിസയുടെ msg കളും ഫോൺ വിളിയും അവന്ന് കൂട്ടായി മാറിയിരുന്നു...... ഫ്രെണ്ട്സിനെ വിവാഹം ക്ഷണിക്കാൻ അവൾ വിളിച്ചതും മടിയൊന്നും കൂടാതെ അവൻ പോയി..... അവർ തമ്മിൽ നല്ലൊരു ഫ്രണ്ട്ഷിപ്പിന്റെ തുടക്കം ആയിരുന്നു അത്...... മനപ്പൂർവം ഓർമ്മകൾ മറക്കാൻ ശ്രമിക്കുന്നിടത് അവൻ അവളെ കൊണ്ട് വന്നു കൊണ്ടിരുന്നു...... അവന്റെ ഇഷ്ട്ടങ്ങൾ അവളുടേത് ആക്കി മാറ്റുന്നതിനേക്കാൾ അവൾ അവളുടേതായ ഇഷ്ട്ടങ്ങൾ മാറ്റാൻ തയ്യാറാവാതെ അവന്റെ ഇഷ്ട്ടങ്ങൾ കൂടി അംഗീകരിച്ചു കൊണ്ടുള്ള അവളുടെ സ്വഭാവം ആയിരുന്നു അവനിൽ ഏറെ സ്വാധീനിച്ചതും.....

ഒരിക്കലും ഇനുവിന്റെ കാര്യത്തിൽ പോസിസീവ്നെസ് കാണിക്കാത്തതും അവനിൽ അവളുടെ മതിപ്പ് ഉയർത്തിയിരുന്നു.... ഏറെ താമസിയാതെ തന്നെ ഒരു ഫ്രണ്ട്ഷിപ്പിലും അതികം അവൾ അവന്റെ മനസ്സിൽ സ്ഥാനം പിടിച്ചു കഴിഞ്ഞിരുന്നു..... യാതൊരു ആശങ്കയോ വേദനയോ ഇല്ലാതെ തന്നെ അവനും അംഗീകരിച്ചു തുടങ്ങിയിരുന്നു റിസയെ തന്റെ പാതിയായി......

🌹🌹🌹

ഇനു രാവിലെ തന്നെ ജന്നത്തിൽ എത്തിയിട്ടും ഷഹി വലിയ മൈന്റ് ഇല്ലാതെ നടന്നു.... അവൾ മിണ്ടാൻ പോയാലും അവോയ്ഡ് ചെയ്തു.... അവൾക്ക് നല്ലോണം സങ്കടം ആയിരുന്നു അത് കണ്ടിട്ട്....... അവൾ റൂമിൽ പോയി ഫൈസിയെ കെട്ടിപിടിച്ചു ഒറ്റ കരച്ചിൽ ആയിരുന്നു......

ഫൈസ് എന്തൊക്കെ പറഞ്ഞിട്ടും അവൾക്ക് അശ്വസിക്കാൻ കഴിഞ്ഞില്ല.

അപ്പോഴാ ഫൈസ് വാതിലിൽ കയ്യും കെട്ടി അവളെ തന്നെ നോക്കുന്ന ശഹിയെ കണ്ടു......

ഫൈസ് നോക്കി ചിരിച്ചതും അവൻ പുച്ഛത്തോടെ മുഖം കോട്ടി.....

ഡാ എന്റെ കുഞ്ഞുങ്ങളെ ഓർത്തു ഒന്ന് മിണ്ട് ഈ പണ്ടാരത്തോട്... വല്ല ബിപിയും കേറിയ പണി കിട്ടും അവൻ ദയനീയമായി നോക്കി പറഞ്ഞു.....

ഷഹി അടുത്തേക്ക് വന്നു രണ്ടാളെയും ഒന്നിച്ചു കെട്ടിപിടിച്ചു....

ഞാനും റിസയും ഒന്നിക്കാൻ ചെയ്ത പ്ലാൻ ആണെന്ന് മനസ്സിലാകാതിരിക്കാൻ മാത്രം മന്നബുദ്ധിയൊന്നും അല്ല ഞാൻ. കേട്ടോടി മരപ്പൊത്തെ......

സോറി.... ഇത് എന്റെ പ്ലാൻ അല്ല.... ഫൈസിയുടെ ആണ്..... അവൾ കരഞ്ഞോണ്ട് പറഞ്ഞു.....

അത് എനിക്ക് മനസ്സിൽ ആയിന്.,.... അവൻ കലിപ്പോടെ ഫൈസിയെ നോക്കി.

ഫൈസ് ഇളിച്ചോണ്ട് അവനെ നോക്കുക മാത്രം ചെയ്തു.....

എന്റെ മനസ്സിൽ പെട്ടെന്ന് ഒരു വിവാഹം എന്നൊരു കൺസപ്റ്റ് ഇല്ലാതിരുന്നുള്ളു...

ഞാൻ മനസ്സിൽ ഉറപ്പിച്ചു തീരുമാനം എടുത്താണ് റിസയെ ജീവിതത്തിലേക്ക് കൂടെ കൂട്ടിയത്..... അവളോടൊത് ജീവിക്കാൻ ഇപ്പോൾ മനസ്സ് കൊണ്ടും ശരീരം കൊണ്ടും ഞാൻ ഓകെ ആണ്. നിങ്ങൾക്ക് വേണ്ടിയോ കുടുംബത്തിന് വേണ്ടിയല്ല എനിക്ക് വേണ്ടി ഞാൻ തീരുമാനിച്ചു എടുത്ത ജീവിതം ആണ്......

ഞാൻ കാരണം റിസ വേദനിക്കില്ല.... സ്വയം വേദനിക്കുകയും ഇല്ല..... ഞാൻ ഇത് നിന്നെ

ആശ്വസിപ്പിക്കാൻ പറയുന്നതല്ല മനസ്സിൽ തൊട്ട് പറയുന്നതാണ്..... നീയാണേ സത്യം..... അവൻ അവളുടെ തലയിൽ കൈ വെച്ചു പറഞ്ഞു.......

ജീവൻ പോയാലും ഇനുവിനെ തൊട്ട് അവൻ കള്ളസത്യം ഇടില്ലെന്ന് അവർക്ക് ഉറപ്പായിരുന്നു. രണ്ടു പേരുടെയും മനസ്സിൽ ഇത്രയും കാലം ആളികത്തിയിരുന്ന തീയണഞ്ഞത് അപ്പോഴായിരുന്നു......

അവൾ ശഹിയെ നോക്കി..... അവളുടെ കണ്ണുകൾ നിറഞ്ഞു ഒഴുകിയിരുന്നു.....

അവനത് തുടച്ചു കൊടുത്തു നെറ്റിയിൽ ചുണ്ടുകൾ ചേർത്തു..... കൂടെയുണ്ടായ മതി.... നീയില്ലാതെ പൂർണ്ണമാവില്ല ഞാൻ

അവൻ അത് ഫൈസിയെ നോക്കിയാണ് പറഞ്ഞത്......

ഫൈസ് രണ്ടുപേരെയും ഒന്നിച്ചു ചേർത്ത് പിടിച്ചു.....

മൂന്ന് പേരുടെയും കണ്ണുകൾ നിറഞ്ഞിരുന്നു..,...
അത് കണ്ടു നിന്നവരെയും......

🌹🌹🌹

ജന്നത് മെൻഷനിലെ ഓരോരുത്തരുടെയും സന്തോഷം ആ വീട്ടിലെ ഓരോ പുൽക്കോടിയിൽ പോലും ഉണ്ടായിരുന്നു..... അവരുടെ സന്തോഷം ആ വീട്ടുകാർക്ക് മാത്രം അല്ല നാട്ടുകാർക്ക് കൂടി പങ്ക് വെച്ചിരുന്നു ജന്നത്തിലെ മഹാറാണി..... വിവാഹദിവസം പാവപെട്ട ഇരുപതോളം പെൺകുട്ടികൾക്ക് എല്ലാ ചിലവും വഹിച്ചു സമൂഹവിവാഹം കൂടി ഏർപ്പാട് ആക്കിയിരുന്നു അവൾ...... എന്തിനും കൂട്ടായി ഫൈസും ഉണ്ടായിരുന്നു അവളുടെ കൂടെ..... പിങ്ക് റോസ് കളർ ഉള്ള മനോഹരം ആയ ഹെവി വർക്കുള്ള ലഹങ്ക ആയിരുന്നു അവൾ റിസക്കും നാജിക്കും റാനിക്കും ആയി സെലക്ട് ചെയ്തത്..... ഡ്രെസ്സിലും ഓർണമെൻറ്സ് ലും എന്തിന് ഒരു മുട്ടുസൂജി പോലും ഒരു പോലെയുള്ള അവരെ കണ്ടു എല്ലാവരും കണ്ണ് മിഴിഞ്ഞിരുന്നു..... ശഹിയുടെയും ഇജുവിന്റെയും

ജുനുവിന്റെയും അവസ്ഥയും അത് പോലെ തന്നെ ആയിരുന്നു..... ഒരേ പോലുള്ള വിവാഹഡ്രെസ്സിൽ ഇറങ്ങി വരുന്ന അവരെ കണ്ടു അവളുടെ കണ്ണുകൾ നിറഞ്ഞിരുന്നു...... സന്തോഷം മാത്രം അലയടിച്ചു കൊണ്ട് ആട്ടവും പാട്ടുമായി ആ ദിവസം ഹൈദർ കുടുംബത്തിലെ എന്നെന്നും ഓർക്കുന്ന ഒരു ദിവസം ആയി അവർ എല്ലാവരും മാറ്റിയിരുന്നു...... വിവാഹ ദിവസം വരനും വധുവും ആണ് തിളങ്ങി നില്കുന്നതെങ്കിലും അവിടെ തിളങ്ങി നിന്നത് അവർ പിടിവിടാതെ കൈ പിടിച്ചു കൊണ്ട് നിന്ന ഇനായ ആയിരുന്നു......  ഏതൊരു സന്തോഷത്തിനു മുകളിലും ഉയർന്നു നില്കുന്നത് അവൾ ആണെന്ന് പറയാതെ പറയുകയാരുന്നു അവർ.....

കടുവയുടെയും ഫൈസിയുടെയും ഫാമിലി....അവളുടെ കോളേജ് ഫ്രണ്ട്സ്...

തുടങ്ങി എല്ലാവരെയും അവൾ കൂടെ തന്നെ നിർത്തിയിരുന്നു വിവാഹം കഴിയുന്നവരെ..... സ്പെഷ്യൽ ഗസ്റ്റ് ആയി

അബിയേയും ആശിയെയും അവരുടെ ടീമിനെയും

വിളിച്ചിരുന്നു അവൾ.....

ഇത് വരെ ആരും കാണാത്ത അത്രയും വലിയ ഗ്രാൻഡ് ആയിട്ട് ആയിരുന്നു അവൾ വിവാഹം നടത്തിയത്....

🌷🌷🌷

ജുനു രാത്രി ഫക്ഷനും കഴിഞ്ഞു അവന്റെ വീട്ടിലേക്ക് തന്നെ മടങ്ങി..... ഇനുവിന് അത് സമ്മതം അല്ലായിരുന്നുവെങ്കിലും ഉപ്പാന്റെ ആശിർവാദം കൂടി ഇല്ലാതെ ഈ വിവാഹം പൂർണ്ണമാവില്ല എന്ന ഡയലോഗിൽ അവൾ പോകാൻ സമ്മതിച്ചു.... ഇടക്കിടക്ക് വന്നു നിൽക്കുമെന്നുള്ള ഉറപ്പ് കൂടി അവൾ വാങ്ങിച്ചിരുന്നു......

രാത്രി കിടക്കാൻ പോകുന്നതിന്ന് മുന്നേ റാനി തലവേദനിക്കുന്നു പറഞ്ഞു കണ്ണും നിറച്ചു പറയുന്നത് കേട്ട് ഷദയും ഷാനക്കും പാവം തോന്നി അവളോട് പോയി കിടന്നോ പറഞ്ഞു.....

റിസയെ സാരി ഉടുത്തമതിയെന്ന് പറഞ്ഞു ഷാനയും ശദയും നിർബന്ധിച്ചു.... അവൾക്ക് ഇൻഡ്രസ്റ്റ് ഉണ്ടായിരുന്നില്ലെങ്കിലും അവരെ ഇഷ്ടത്തിന് വിട്ടു കൊടുത്തു...... അവളെ ഒരുക്കി കയ്യിൽ പാലും കൊടുത്തു ശഹിയുടെ റൂമിൽ ആക്കി വാതിൽ അടച്ചു ചിരിച്ചു കൊണ്ട് പരസ്പരം ഹൈഹൈ കൊടുത്തതും മുന്നിൽ ഇനു ഇടുപ്പിന് കയ്യും വെച്ച് ചുഴിഞ്ഞു നോക്കി...

എന്നെ ഫസ്റ്റ് നെറ്റിൽ തന്നെ ഉപ്പും പാൽ കുടിപ്പിച്ചു..... കിച്ചണിൽ ഒരു വസ്തുവും അറിയില്ലെന്ന് പറഞ്ഞു സമിക്കയുടെ മുന്നിൽ നാണം കെടുത്തി..... പോരാത്തതിന് അന്ന് സമിക്കാക്ക് വേറെ പെണ്ണ് ഉണ്ടെന്ന് പറഞ്ഞു പുകിൽ വേറെ...

അതോണ്ട് ചെറിയ പണിയെ കൊടുത്തുള്ളൂ.....

നിനക്കെങ്കിലും കുറച്ചു ബുദ്ധികാണിച്ചുടെ ഷാന..... ഇനു അവളെ നോക്കി കണ്ണുരുട്ടി.....

ഒന്ന് പോടീ എന്നെയും നദീംക്കനെയും നാല് ദിവസം കഴിഞ്ഞല്ലേ നീയും ഷഹിയും റൂമിൽ ഒന്നിച്ചു കിടക്കാൻ വിട്ടത് അതിന്ന് പകരം വീട്ടുന്നു അന്നേ ഞാൻ ശപഥം എടുത്തതാ...... ഷാനയും മുഖം കോട്ടി പറഞ്ഞു.....

ഇനു രണ്ടാളെയും നോക്കി പൊട്ടിച്ചിരിച്ചു..

നീയെന്താ ചിരിക്കൂന്നേ......

നിങ്ങൾ ബെഡിൽ ചൊറിയൻ പൊടി ഇട്ടത് ഞാൻ കണ്ടിരുന്നു. അതൊക്കെ മാറ്റി ഞാൻ അടിപൊളി ആയി റൂം സെറ്റ് ആക്കിയിട്ടുണ്ട്..... പിന്നെ റാനിക്ക് തലവേദന ഇല്ല ഞാൻ പറഞ്ഞിട്ട അവൾ അങ്ങനെ പറഞ്ഞു മുങ്ങിയത്...... ഇപ്പൊ രണ്ടാൾക്കും പണി കൊടുക്കാൻ നിന്ന നിങ്ങൾ ആരായി......

യൂ ടൂ ബ്രൂട്ടസി..... രണ്ടു പേരും അവളെ തല്ലാൻ പറ്റാത്ത സങ്കടം നിനക്കിട്ട് ഒരു പണി തരും പറഞ്ഞു മനസ്സിൽ ഒതുക്കി ....

അതികം ചിരിക്കേണ്ട മോളെ റിസക്ക് ഞങ്ങൾ രണ്ടു പണി കൊടുത്തിരുന്നു.... അത് പറഞ്ഞു പരസ്പരം നോക്കി ചിരിച്ചു

അതെന്താ അവൾ അവരെ നോക്കി കണ്ണ് മിഴിച്ചു..... രണ്ടു പേക്കറ്റ് പിൻ അവളുടെ ദേഹത്തുണ്ട്..... അതഴികുമ്പോഴേക്കും പഞ്ചാലി വസ്ത്രക്ഷേപം പോലെ ആയിരിക്കും അതും പറഞ്ഞു അവർ ചിരിച്ചു കൊണ്ട് ഹൈഫൈ കൊടുത്തു.....

ഇനു എന്തെങ്കിലും പറയും മുന്പേ അവർ ഓടിയിരുന്നു......

🌹🌹🌹🌹

റിസ ധൈര്യത്തോടെ റൂമിലേക്ക് കേറിയെങ്കിലും ടെൻഷൻ കൊണ്ട് ചെറിയ വിറയലും പടർന്നിരുന്നു.... കയ്യിലിരിക്കുന്ന പാൽ ഗ്ലാസ് തുളുമ്പി വീഴാൻ പാകത്തിൽ ആയിരുന്നു....

ഷഹി അവളെ കണ്ടു ബാൽകാണിയിൽ നിന്നും അകത്തേക്ക് വന്നു മൂക്കത് വിരൽ വെച്ചു അവളെ നോക്കി...

ഹൈഷ്...... ഇത് സീൻ ശരിയല്ലട്ടാ..... നല്ല സ്ട്രോങ്ങ് ആയി ജീൻസ് പാന്റ്ഷർട്ടും ഇട്ടു മോഡേൺ ആയി വരുന്നു കരുതി എന്തോരം സ്വപ്നം കണ്ടതാ.....എന്നിട്ട് സാരിയും ഉടുത്തു മുല്ലപ്പൂവും ചൂടി ഓർണമെൻറ്സ് ഉടുത്തു നാണത്തോടെ വന്നിരിക്കുന്നു.....

അവൾ തലതാഴ്ത്തി നിന്നെ ഉള്ളു....

ഇനിപ്പോ ആൾ മാറിയതാണോ എന്നും പറഞ്ഞു

അവൻ ചുറ്റും നോക്കി..... നീ മറിയാമ്മ തന്നെ അല്ലേ അതോ ആൾ മാറിയോ..... അവൻ കളിയാക്കലോടെ പറഞ്ഞു വാതിൽ തുറന്നു പുറത്ത് ഒക്കെ നോക്കി.....

ശഹിയുടെ കളിയാക്കൽ കേട്ടു അവളുടെ പേടിയും വിറയലും ഒക്കെ പോയി ചെറിയ ദേഷ്യം വന്നു.....

വേണേൽ പിടിക്ക് എന്നും പറഞ്ഞു അവന്റെ നേർക്ക് പാൽ നീട്ടി.....

ദാ ഈ കുശുമ്പത്തി പാറു ആണ് മറിയാമ്മ.... അല്ലാതെ ഓരോ വേഷം കെട്ടി വന്നേക്കരുത്.... കേട്ടോടി... അവളുടെ തലയിൽ ഒരു കൊട്ട് കൊടുത്തു പറഞ്ഞു.....

അവൾ ചിരിയോടെ ആയിക്കോട്ടെ തമ്പ്രാ പറഞ്ഞു...... അവനിലും ഒരു പുഞ്ചിരി പടർന്നിരുന്നു...... അവൻ പാൽ വാങ്ങി....

ഈ പാൽ തത്കാലം നമുക്ക് വേണ്ട.... ഇനു പ്രത്യേകം പറഞ്ഞിന് രണ്ടു കുരിപ്പുകൾ പണി തരും സൂക്ഷിക്കണെമെന്ന്...... റൂമിൽ മൊത്തത്തിൽ ചൊറിയൻ പോടി വിതറിയ ടീം ആണ്....

അപ്പൊ പാൽ കുടിക്കാതെ ഫസ്റ്റ് നൈറ്റ് തുടങ്ങ..... അവൾ പെട്ടന്ന് ചോദിച്ചു പോയി....

എന്താ ഫസ്റ്റ് നൈറ്റ് ഇന്ന് തന്നെ വേണോ

അവളുടെ ചെവിയിൽ മെല്ലെ പറഞ്ഞതും

ആദ്യമായി അവന്റെ അടുത്ത് നിന്നത് കൊണ്ട് തന്നെ അവളിലൂടെ ഒരു മിന്നൽ പിണർ പോയ പോലെ തോന്നി.... ശരീരത്തിലൂടെ രോമകൂപങ്ങൾ എഴുന്നേറ്റു നിന്നു.....

അത്.... ഞാൻ..... ചുമ്മാ....., ഞാൻ.... അവൾ പതർച്ചയോടെ പറഞ്ഞു.... ഞാൻ ഡ്രസ്സ്

ചെയ്ഞ്ചയ്തു വരാം എന്ന് പറഞ്ഞു ഡ്രസിങ് റൂമിലേക്ക് ഓടി..... വാതിൽ അടച്ചു അവൾ ശ്വാസം ആഞ്ഞു വലിച്ചു..

കുറച്ചും കൂടി സമയം അവിടെ നിന്നിരുന്നുവെങ്കിൽ ശ്വാസം മുട്ടി മരിച്ചേനെ...... അവൾ നെഞ്ചിൽ കൈ വെച്ചു പറഞ്ഞു.... ഡ്രസ്സ് അഴിക്കാൻ നോക്കിയപ്പോഴാ അവൾക്ക് പണി കിട്ടിയെന്ന് മനസ്സിൽ ആയെ..... മുടിയിൽ പോലും പിന്ന് കണ്ടതോടെ അവൾക്ക് ദേഷ്യം സങ്കടം ഒക്കെ വന്നിരുന്നു..... ഒറ്റക്ക് അഴിച്ചെടുക്കാൻ കഴിയില്ല മനസ്സിൽ ആയി..... മടിയോടെ ആണെങ്കിലും അവൾ വാതിൽ തുറന്നു.

അവൾ ഒന്ന് മുരടനക്കി നോക്കി... അവൻ അത് കെട്ടെങ്കിലും കേൾക്കാത്ത മാതിരി ഇരുന്നു..... അവൾ ശ്രദ്ധ ചെലുത്താൻ കുറെ ശ്രമിച്ചെങ്കിലും അവൻ ഫോണിൽ തന്നെ നോക്കി ചിരിയടക്കിപിടിച്ചു......

ഷഹി..... വിളിക്കാൻ പോയെങ്കിലും അവളുടെ നോട്ടം

മഹറിൽ ഉടക്കി..... എന്ത് കൊണ്ടോ വായിൽ വന്നത് ഷഹിക്കാ..... എന്നായിരുന്നു.... ആ വിളിയിൽ അവളുടെ തന്നെ ഉള്ളം കുളിർത്തിരുന്നു..... ഒരിക്കലും സ്വന്തം ആകുമെന്ന് കരുതിയതല്ല...... ഇപ്പോൾ എന്റെ ജീവനാണ്..... എന്റെ മാത്രം സ്വന്തം ആണ്.....

അവൻ ഞെട്ടലോടെ ആണ് അവളെ നോക്കിയത്.... ഇന്ന് വരെ പേരെ വിളിച്ചിട്ട് ഉള്ളു...... ആദ്യം അയാണ് ഇങ്ങനെ വിളിച്ചത്..... അതിൽ അടങ്ങിയ അവളുടെ സ്നേഹം പ്രണയം..... എല്ലാം വിളിയിലും അവളുടെ നോട്ടത്തിലും അവന്ന് ഫീൽ ചെയ്തിരുന്നു.....

ഹലോ....... അവൻ കൈ ഞൊടിച്ചു.....

അവൾ ഇത്രയും നേരം മുഖത്ത് നോക്കി നിൽക്കുകയാരുന്നുവെന്ന് അപ്പോഴാ അവൾക്ക് മനസ്സിൽ ആയത്.....

അത്.... പിന്നെ..... ആ തെണ്ടികൾ പണി തന്നു..... ഡ്രസ്സ് ഓർണമെൻറ്സ് ഒന്നും അഴിക്കാൻ പറ്റുന്നില്ല....ഒന്ന് ഹെല്പ് ചെയ്യോ.....

മുടിയൊക്കെ വലിച്ചു പിടിച്ചു വല്ലാത്ത കോലത്തിൽ എത്തിയിരുന്നു.... മുല്ലപ്പൂ ഒക്കെ പകുതി അഴിഞ്ഞും മുടിയിൽ കൊരുത്തും ഭ്രാന്തിയെ പോലെ ആയിട്ടുണ്ട്.....

അവന്ന് ചിരിയാരുന്നു വന്നത്.... അവൾ നോക്കിപേടിപ്പിച്ചതും അവൻ ചിരിയടക്കി പിടിച്ചു....

അവൻ അവളെ തിരിച്ചു നിറുത്തി സ്ലൈടും പിൻ ഒക്കെ അഴിച്ചു കൊടുത്തു..

അവന്റെ കൈ സ്പർശം ഏറ്റതും ഇത് വരെയില്ലാത്ത വിറയലും പരിഭ്രമവും അവളെ പൊതിഞ്ഞു...... മുടി ക്ലിയർ ആക്കി മുന്നോട്ട് ഇട്ടുകൊടുത്തു ഓർണമെൻറ്സ് സാരിയോട് പിൻ ചെയ്തു വെച്ചിട്ട് ഉണ്ടായിരുന്നു,... അവൻ ഓരോന്നായി

അഴിക്കുമ്പോഴും അവന്റെ വിരലുകൾ ദേഹത്ത് തട്ടുമ്പോഴും അവന്റെ ശ്വാസം പുറത്ത് പതിയുന്നതും അവളിൽ ഉണ്ടാവുന്ന കോരിതരിപ്പും ഉയർന്ന ഹൃദയമിടിപ്പും കൈകൾ കൂട്ടിപിടിച്ചു അവൾ പിടിച്ചമർത്തി..... അവന്റെ അവസ്ഥയും അത് പോലെ തന്നെ ആയിരുന്നു..... ഇത്രയും അടുത്ത് അവൾ..... അവളെ ആ കോലത്തിൽ കണ്ടപ്പോൾ തന്നെ അവന്ന് മുഖത്ത് നിന്നും കണ്ണെടുക്കാൻ തോന്നിയിരുന്നില്ല റെഡ് കളർ സാരിയിൽ അവളെ കാണാൻ അത്രയും ഭംഗി ഉണ്ടായിരുന്നു.

ഇപ്പോൾ അവളെ ദേഹത്തു തൊടുമ്പോഴും അവളിൽ നിന്നും ഉതിരുന്ന മുല്ലപ്പൂവിന്റെയും ബോഡി സ്പ്രേയുടെയും സ്മെൽ ഒക്കെ അവന്റെ ശരീരത്തിലും മാറ്റങ്ങൾ സൃഷ്ടിക്കുന്നത് അവൻ അറിഞ്ഞു...... ഹൃദയതാളം അവൻ പോലും അറിയാതെ താളം തെറ്റികൊണ്ടിരുന്നു.... അവൻ എങ്ങനെ ഒക്കെയോ മൊത്തത്തിൽ അഴിച്ചു കൊടുത്തു.... പോകാൻ നോക്കിയതും അവൾ ദയനീയതയോടെ ഒന്നൂടി വിളിച്ചു

അവൻ എന്താന്ന് പുരികം പൊക്കി ചോദിച്ചു....സാരി തോളിൽ ബ്ലൗസ് ആയി കോരുത്ത് പിടിച്ചു...... അവൾ

മടിച്ചു മടിച്ചു പറഞ്ഞു..... അവൻ അടുത്തേക്ക് വന്നു.... അവൻ കുറെ പിൻ അഴിച്ചെടുത്തു..... ഷാനയെയും ഷദയെയും മനസ്സൽ പ്രാകി..... ഒരു പിൻ അഴിക്കാൻ കിട്ടാതെ വന്നതും അവൻ പല്ല് കൊണ്ട് അഴിക്കാൻ നോക്കി..... അവന്റെ ചുണ്ടുകൾ കഴുത്തിൽ തട്ടിയതും അവൾ വിറയലോടെ അവന്റെ കയ്യിൽ പിടിച്ചു പോയി..... അവളുടെ പിടിത്തത്തിൽ ആണ് അവന്നും ബോധം വന്നത്......

അത്.... ഞാൻ...... അഴിക്കാൻ കിട്ടാഞ്ഞിട്ട്

സോറി......  അവൻ ചമ്മൽ മറക്കാൻ എന്ന വണ്ണം എങ്ങനെയൊക്കെയോ ബാക്കി കൂടി അഴിച്ചു കൊടുത്തു..... എന്നിട്ടും ദയനീയമായി നോക്കുന്നത് കണ്ടു അവൻ അവളെ അടിമുടി നോക്കി.

ഒരിക്കലും അവളെ കൊണ്ട് തനിച്ചു അഴിച്ചെടുക്കാൻ കഴിയില്ലെന്ന് അവന്ന് മനസ്സിൽ ആയി..... അവൻ തന്നെ മൊത്തത്തിൽ അഴിച്ചു കൊടുത്തു.....

🥀🥀🥀

വാതിൽ നോക്ക് ചെയ്യുന്ന കണ്ടാണ് റാനി ബെഡിൽ

നിന്നും പിടഞ്ഞു എഴുന്നേറ്റു....

പാലും എടുത്തു വരുന്ന ഇജുവിനെ കണ്ടു അവൾക്ക് ചിരിയാരുന്നു വന്നത്.....

ചിരിക്കല്ലേ പിശാജേ..... നിനക്ക് സുഖം ഇല്ല കിടന്നു പറഞ്ഞു ഇനു ആണ് കയ്യിൽ കൊണ്ട് തന്നത്..... ഏതായാലും ഭർത്താവ് പാലും എടുത്തു വരുന്നത് ആദ്യം ആയിരിക്കും..... നിനക്ക് എന്താ പറ്റിയെ

അത് പണി തരുന്നു കരുതി അടവ് എടുത്തു മുങ്ങിയതാ..... എനിക്ക് കുഴപ്പം ഒന്നും ഇല്ല......

അപ്പൊ ചടങ്ങ് തെറ്റിക്കണ്ട അല്ലേ എന്നും പറഞ്ഞു പാൽ കുറച്ചു കുടിച്ചു അവൾക്ക് കൊടുത്തു..... അവൾ വിറക്കുന്ന കൈകളോട് വാങ്ങാൻ പോയതും അവൻ തന്നെ വായിൽ വെച്ചു കൊടുത്തു... അവൾ ഞെട്ടലോടെ അവനെ നോക്കി....

കുറച്ചു കുടിച്ചു മതിയെന്ന് പറഞ്ഞു...

അവൻ ഗ്ലാസ് ടേബിളിൽ വെച്ചു.... ബെഡിൽ ഇരുന്നു.... കുറച്ചു സമയം മൗനം അവിടെ തളം കെട്ടിനിന്നു... അവളോട് അടുത്ത് ഇരിക്കാൻ പറഞ്ഞു

അവളുടെ കൈകൾ എടുത്തു കയ്യിൽ പൊതിഞ്ഞു പിടിച്ചു....

എങ്ങനെ പറയണ്ടേ അറിയില്ല..... ഞാൻ

പറഞ്ഞിനല്ലോ വിവാഹം വേണ്ടെന്ന് വെച്ചത് തന്നെയുള്ള കാരണങ്ങൾ..... അവൻ ബാക്കി പറയാൻ മടിച്ചു നിന്നു....

ഞാൻ കാത്തിരുന്നോളാം എത്ര വേണമെങ്കിലും..... ആ കുഞ്ഞുങ്ങളിലൂടെ

അവൾക്ക് കിട്ടാത്ത സൗഭാഗ്യങ്ങളും സ്നേഹവും

എല്ലാം അവൾക്ക് കൊടുക്കണം..... അവരിലൂടെ നഷ്ടപ്പെട്ടു പോയ ജന്നയോടുള്ള സ്നേഹം മൊത്തം കൊടുക്കണം.... നമുക്കിടയിൽ ഒരു കുഞ്ഞു വരുന്നതും ജീവിതം തുടങ്ങുന്നത് ഒക്കെ പിന്നെ മതി.....കാത്തിരുന്നോളാം അത് വരെ......

അവൻ ശ്വാസം വിട്ടു കൊണ്ട് അവളെ നോക്കി..... തന്നെ പറയാതെ മനസ്സിൽ ആക്കിയ അവളെ നന്ദിയോടെ നോക്കി...

അവൾ പുഞ്ചിരിയോടെ അവനെ നോക്കി എഴുന്നേറ്റു..... അവൻ അവളെ തന്നെ നോക്കി നിന്നെ ഉള്ളു......

നമുക്ക് അത് വരെ ഇങ്ങനെ പ്രണയിച്ചു നടക്കടോ വെളിച്ചപ്പാടെ......

വെളിച്ചപ്പാട് നിന്റെ...... അവൻ കലിപ്പോടെ നോക്കി പറഞ്ഞതും അവൾ ഓടി ബെഡിന്റെ മറുവശത്തു

പോയി.... പിന്നെ അവന്ന് പുഞ്ചിരി കൊടുത്തു... ബെഡിൽ കേറി ഒരതായി കിടന്നു..... അപ്പൊ നല്ല കുട്ടിയായി കിടന്നോ ഗുഡ് നൈറ്റ്....

അവന്റെ ചുണ്ടിൽ ഒരു പുഞ്ചിരി വിടർന്നു

അവൻ ലൈറ്റ് ഓഫ് ആക്കി ബെഡ് ലാംബ് ഓൻ ചെയ്തു ബെഡിൽ കിടക്കുന്നത് അവൾ അറിയുന്നുണ്ടായിരുന്നു... പെട്ടന്ന് ആണ് അവളെ തൊട്ടടുത്തു വന്നു കിടന്നത്...

അവൾ കണ്ണ് മിഴിച്ചു നോക്കി......

കുഞ്ഞുങ്ങൾ പെട്ടെന്ന് വേണ്ട എന്നെ പറഞ്ഞുള്ളു..... പ്രണയിക്കില്ലെന്നും ജീവിതം തുടങ്ങാൻ ടൈം വേണമെന്ന് പറഞ്ഞില്ല... അവന്റെ നോട്ടത്തിലും മുഖത്ത് വെച്ച കയ്യിലൂടെയും ഒരു മിന്നൽ പിണർ അവളിലോടെ പാഞ്ഞു പോയി...

അവന്റെ ശ്വാസം മുഖത്ത് തട്ടിയതും അവൾ കണ്ണുയർത്തി നോക്കാൻ ആവാതെ മിഴികൾ താഴ്ത്തി.... അവന്റെ ചുണ്ടുകൾ നെറ്റിയിൽ

അമർന്നു.... അവൾ മനസ്സോടെ അത് സ്വീകരിച്ചു......

സ്വന്തം ആക്കിക്കോട്ടെ എന്റേത് മാത്രം ആയി..... നേർത്ത ശബ്ദം അവളുടെ കാതിൽ പതിഞ്ഞതും അവൾ പിടച്ചിലോടെ അവനെ നോക്കി... ചുണ്ടിൽ വിരിഞ്ഞ പുഞ്ചിരി മുഴുവനാകും മുന്പേ അവൻ ആ അധരങ്ങൾ സ്വന്തം ആക്കിയിരുന്നു..... അവളെ കൈകൾ അവന്റെ മുടിയിൽ കോരുത്ത് പിടിച്ചു.....

അതവനിൽ ആവേശം കൂട്ടുകയാരുന്നു ചെയ്തത്..... അവന്റെ പ്രണയം അവളിലുടെ ദേഹം മുഴുവൻ ഒഴുകി നടന്നു..... ഡ്രെസ്സുകൾ പരസ്പരം അഴിഞ്ഞു വീഴുമ്പോഴും അവളവനെ ചേർത്ത് പിടിച്ചിരുന്നു....... ചെറുനോവാൽ അവളിലേക്ക് അവൻ പടർന്നു കയറി കൊണ്ടിരുന്നു.....പരസ്പരം ഒന്നായ മനസ്സുകൾ ശരീരം കൊണ്ടും ഒന്നുചേർന്നു......

🌷🌷🌷

പ്രണയവേഴ്ച്ചയുടെ അവസാനം തളർന്നു കിടക്കുന്ന അവളെ നെറുകയിൽ ഒരു ചുംബനം കൊടുത്തു

അവന്റെ നെഞ്ചോരം ചേർത്ത് പിടിച്ചു കിടന്നു ജുനു

വർഷങ്ങൾ ആയുള്ള കാത്തിരിപ്പിന്റെ മധുരം ഉണ്ടായിരുന്നു അപ്പോൾ രണ്ടു പേരുടെയും മനസ്സിൽ..... മൗനം കൊണ്ട്

പരസ്പരം സംസാരിച്ചു കൊണ്ടിരുന്നു അവർ..... അവളെയും ചേർത്ത് പിടിച്ചു സന്തോഷം സമാധാനം നിറഞ്ഞ ഒരു പുതു ജീവിതത്തിലേക്ക് അവരും കാലെടുത്തു വെച്ചു.....

🌹🌹🌹

രണ്ടിനെയും വെടിവെച്ചു കൊല്ലവേണ്ടേ തെണ്ടികൾ..... അവൻ തളർന്നത് പോലെ അവസാന പിന്നും എടുത്തു കഴിയുമ്പോഴേക്കും അവന്ന് വട്ട് പിടിച്ചിരുന്നു......

ഞാൻ ആകെ പാൽ ഉപ്പ് മാത്രം കൊടുത്തുള്ളൂ..... ബാക്കിയൊക്കെ ഷഹികക്ക് കിട്ടിയ പണിയാ..... ഷാനക്ക് എട്ടിന്റെ പണി കൊടുത്തു..... സമിക്കാക്ക്

ഞാൻ കള്ളിന്റെ പുറത്ത് പറഞ്ഞത് ആണെങ്കിലും

അതിന്ന് പിന്നിലെ കാരണം നിങ്ങൾ തന്നെ ആയിരുന്നു..

അതിന്ന് മാത്രം എനിക്ക് കിട്ടിയല്ലോ തൃപ്തി ആയി..... അവൻ തലക്ക് കൈ കൊടുത്തു.....

അവൾ ചിരിയോടെ അവളുടെ മുന്നിൽ മുട്ട് കുത്തി ഇരുന്ന അവന്റെ നേർക്ക് കൈ നീട്ടി.... അവൻ കയ്യിൽ പിടിച്ചു എഴുന്നേൽക്കാൻ നോക്കിയതും മാറിൽ നിന്നും സാരി ഊർന്നു വീണതും ഒന്നിച്ചായിരുന്നു.... രണ്ടാളും ഞെട്ടലോടെ പരസ്പരം നോക്കി..... അവൾ ഞെട്ടി വിറങ്ങലിച്ചു നിൽക്കനെ കഴിഞ്ഞുള്ളു....

റെഡ് കളരിൽ എടുത്തു കാണിക്കുന്ന അവളുടെ ആകാര വടിവ് അവന്റെ ഉള്ളിലും പറയാൻ പറ്റാത്ത വികാരങ്ങൾ ഉടലെടുക്കുന്നുണ്ടായിരുന്നു...... അവൻ വിറയലോടെ നിൽക്കുന്ന അവളെ നോക്കി..... പെട്ടന്ന് എണീറ്റു അവൻ സാരിയെടുത്തു പുതച്ചു

കൊടുത്തു.... അവന്റെ മുന്നിൽ നിൽക്കുന്ന ഓരോ നിമിഷവും അവളെ എന്തെന്നില്ലാത്ത പരവേശം പൊതിഞ്ഞു പിടിച്ചിരുന്നു.....

അവന്റെ കൈകൾ ദേഹത്തു തട്ടിയതും അവൾ കണ്ണടച്ച് നിന്നു..... വിറക്കുന്ന ചുണ്ടുകളും നാണത്താൽ ചുവന്നു തുടുത്ത മുഖവും കൂമ്പിയടഞ്ഞ മിഴികൾ അവൻ കൗതുകത്തോടെ നോക്കി നിന്നു..

കണ്ണ് തുറക്കേടോ..... സാരി ശരിയാക്കി....

അവൾ ചമ്മലോടെ അവനെ നോക്കാതെ പോകാൻ നോക്കിയതും അവൻ കയ്യിൽ പിടിച്ചു..... തിരിഞ്ഞു നോക്കിയില്ലെങ്കിലും അവൾ അങ്ങനെ തന്നെ നിന്നു.....

എനിക്ക് മനസ്സിൽ ആകും ഷഹിക്കാ......

ഈ ജന്മത്തിൽ സ്വന്തമാകുന്നു പോലും ഞാൻ കരുതിയിട്ടില്ല..... ഈ മഹർ അണിഞ്ഞു എന്റെ

സ്വന്തം ആണെന്ന് പറയാൻ തന്നെ ഭാഗ്യം കിട്ടിയില്ലേ അത് മതി എനിക്ക്.... കാത്തിരുന്നോളാം ആ മനസ്സിൽ ഒരു ജീവിതം ആഗ്രഹിക്കുന്നത് വരെ.......

അവൾ പോകാൻ നോക്കിയതും അവൻ കയ്യിൽ പിടിച്ചു വലിച്ചു..... അവൾ അവന്റെ നെഞ്ചിൽ തട്ടി നിന്നു..... പിടപ്പോടെ കണ്ണുകൾ ഉയർത്തി അവനെ നോക്കി.....

എനിക്ക് ജീവിക്കണം മറിയാമ്മോ..... നിന്നിലൂടെ..... നമ്മുടെ കുഞ്ഞുങ്ങളിലൂടെ

എന്റെ മനസ്സിലെ പഴയകാല ഓർമ്മകൾ എനിക്ക് മൊത്തമായി തുടച്ചു നീക്കണം...

അതിന്ന് നിന്റെ മനസ്സ് മാത്രമല്ല നിന്റെ ശരീരവും എനിക്ക് വേണം..... മറ്റൊരു ചിന്തകൾ കടന്നു വരാത്ത വിധം നിന്നിലൂടെ എനിക്ക് വീണ്ടും തളിർത്തു പൂവിടണം..... എനിക്ക് കൂട്ടായി താങ്ങായി

വേണം നിന്നെ..... എന്റെ ഓരോ രൂമകൂപങ്ങളിലും നിന്റെ നാമം നിറയണം

ഒരു ഓർ മ കൊണ്ട് പോലും ജന്ന     എന്നിൽ ഉണ്ടാവാതിരിക്കണം...... എന്റെ ബയ്യയുടെ മുന്നിൽ ജന്നയുടെ മുന്നിൽ കളങ്കമില്ലാതെ നിൽക്കാൻ എനിക്ക് പറ്റണം..... അതിന്ന് നിന്നിലൂടെ മാത്രം പറ്റു കൂടെയുണ്ടാവില്ലേ...... അവന്റെ വാക്കുകൾ അർദ്രമായിരുന്നു.... പുറത്തേയ്ക്ക് വരാൻ മടിച്ചെന്ന വണ്ണം കണ്ണുനീർ തുള്ളികൾ ഉടലെടുത്തിരുന്നു....

അവൾ ഒരു പുഞ്ചിരി   യോടെഅവനെ നോക്കി... ആ മുഖം കയ്യിൽ എടു     ത്തു.....

ഞാൻ ഉണ്ടാവും എന്നും ഒരു മുന്തിരി വള്ളി പോൽ നിന്നിൽ പടർന്നു കയറാൻ...

എന്നി    ൽ നിന്നും എന്റെ മരണം കൊണ്ടല്ലാതെ നിനക്ക് മോചനം ഉണ്ടാവില്ല..... മാഡലി ലവിങ് വിത്ത് യൂ.....

ഐലവ് യൂ.....

അവൻ അവളെ കെട്ടി     പിടിച്ചു ചുമലിൽ മുഖം

പൂഴ്ത്തി..... തോളിൽ പടരുന്ന മിഴിനീർക്കണങ്ങൾ അവന്റെ ഉള്ളിലെ ഇത് വരെ പിടിച്ചു നിർത്തിയ സങ്കടങ്ങൾ ആണെന്ന് അറിഞ്ഞത് കൊണ്ട് തന്നെ ഒഴുകിയിറങ്ങുന്നത് വരെ അവൾ അങ്ങനെ തന്നെ നിന്നു..... അവൻ ഒന്ന് നോർമലായി എന്ന് തോന്നിയതും അവൾ അവനിൽ നിന്നും അടർന്നു മാറി.....

🚫🚫🚫കുട്ടികൾ ഗോ ബാക്ക് 🔞🔞🔞

സ്കൈപ് ചെയ്തു ലാസ്റ്റ് മാത്രം വായിച്ചോ

✌️ ✌️ ✌️ .....

അവൻ കുറ്റബോധത്തോടെ അവളെ നോക്കി..... സോ..... റീ.... പറഞ്ഞു മുഴുമിപ്പിക്കുന്നതിന്ന് മുന്നേ അവൾ അവന്റെ ചുണ്ടുകളിൽ അമർത്തി ചുംബിച്ചിരുന്നു..... അവന്റെ മിഴികൾ വിടർന്നു..... അത്ഭുതതിന്ന് വഴി വെക്കും മുന്നേ അവൾ അവന്റെ ചുണ്ടുകൾ സ്വന്തം ആക്കിയിരുന്നു..... സ്വയം മറന്നു

ആദ്യ ചുംബനത്തിൽ ലയിച്ചു നിന്നു അവർ..... അവന്റെ നോട്ടം അവളുടെ കണ്ണുകൾ കടന്നു ആത്മാവിൽ പടർന്നു കയറിയിരുന്നു....അവൾ നാണത്തോടെ ചുണ്ടുകൾ അടർത്തിയതും അവൻ അവളുടെ കീഴ്ച്ചുണ്ടുകൾ കടിച്ചെടുത്തു നുണഞ്ഞിരുന്നു..... ദീർഘ ചുംബനത്തിൽ നിന്നും അടരുമ്പോൾ രണ്ടു പേരും കിതച്ചിരുന്നു..... അതിനേക്കാൾ ഉപരി ആദ്യ ചുംബനം അവരെ മനസ്സിനെയും മറ്റൊരു തലത്തിൽ എത്തിച്ചിരുന്നു.....

ഒരിക്കൽ കൂടി ആ ചുംബനമഴയിൽ കുളിരാൻ ആ ചുണ്ടുകൾ വിറകൊണ്ടു...

അവൻ അവളുടെ മുഖം കയ്യിൽ എടുത്തു

നിറഞ്ഞ മനസ്സോടെ തനിക്ക് വിധേയയായി നിൽക്കുന്ന അവളുടെ നെറ്റിയിൽ സ്നേഹപൂർവ്വം ചുണ്ടുകൾ ചേർത്തു.... ആ ചുണ്ടുകളിലെ കുളിർമ അവളുടെ മനസ്സിലും ആഴ്ന്നിറങ്ങി....

അവന്റെ ചുണ്ടുകൾ കവിളിനകളെ തഴുകി ചുണ്ടിൽ വിശ്രമം കൊണ്ടു...... ചുംബനം ലഹരിയായി അവരിൽ പടർന്നു..... ശരീരങ്ങൾ ചൂട് പിടിച്ചു.... മനസ്സ് പോൽ ശരീരവും ഒന്നാവാൻ രണ്ടു

പേരുടെയും ഹൃദയവും തുടിച്ചിരുന്നു.....

ചുണ്ടുകളും നാവുകളും പരസപരം മത്സരിച്ച പോൽ ഒന്നായി ചേർന്നു..... ശ്വാസം എടുക്കുവാൻ തടസ്സം ആയപ്പോൾ ഇഷ്ടക്കേടോടെ രണ്ടു പേരും അടർന്നു.... അവളെ കഴുത്തിൽ മുഖം പൂഴ്ത്തി അവൻ നിന്നു.... അവിടം അവന്റെ ചുണ്ടുകളും പല്ലുകൾ ആഴ്ന്നതും അവൾ പിടപ്പോടെ അവന്റെ മുടിയിൽ കൊരുത് പിടിച്ചു..... അവന്റെ ചുണ്ടുകൾ കഴുത്തിൽ ഓടി നടക്കുന്നതിനോടൊപ്പം അവളുടെ ദേഹത്തും ഒഴുകി നടക്കുന്നത് സ്വപ്നത്തിൽ എന്നപോലെ അവൻ അറിഞ്ഞു..... അവളിൽ നിന്നും ഉതിർന്നു വീഴുന്ന സാരിതലപ്പുകൾ കണ്ടിട്ടും അനങ്ങാൻ ആവാതെ ആ സുഖളനത്തിൽ കണ്ണടച്ച് നിന്നെ ഉള്ളു....

അവന്റെ ചുണ്ടുകൾ മാറിൽ തട്ടിയതും അവൾ നിന്നു പിടഞ്ഞു.... അവന്റെ കയ്യിൽ പിടിച്ചു.....അവൻ അവളെയും കൈകളിൽ കോരി എടുത്തു ബെഡിലേക്ക് നടന്നു..... അവൾ കഴുത്തിൽ നിന്നും പിടിവിടാതെ കുസൃതി

യോടെ അവനെ നോക്കി.... അവൻ അവളെയും കൊണ്ട് തന്നെ ബെഡിലേക്ക് വീണു അവളിൽ

അമരുന്ന അവനെ തടയാതെ കൂടുതൽ അവളിലേക്ക് ചേർത്ത് പിടിച്ചു.....അവനിൽ നിന്നും ഉതിരുന്ന വേദന പോലും അവൾക്ക് ലഹരിയായിരുന്നു.....അവളുടെ ശരീരത്തിൽ ഒന്നിടവിടാതെ അവൻ ചുംബിച്ചുണർത്തിയിരുന്നു..... അവർക്കിടയിൽ തടസ്സമായ ഡ്രെസ്സുകൾ പോലും ഉതിർന്നു വീണു.... മനസ്സുപോൽ ശരീരവും ഒന്നാവുന്ന വേളയിൽ ഉതിർന്നു വീണ കണ്ണുനീർ തുള്ളികൾ പോലും പരസപരം പ്രണയിച്ചിരുന്നു...... അവന്റെ ചുണ്ടുകളാൽ അവന്റെ വേദനയായി അവനത് ചുണ്ടുകൾ കൊണ്ട് ഒപ്പിയെടുത്തു.......അവന്റെ മാറിലായി തളർന്നു കിടക്കുമ്പോൾ ഇനിയീ ജന്മം നിന്നിൽ നിന്നും ഒരു മടക്കമില്ലെന്ന് അവന്റെ ചുണ്ടുകൾ മൊഴിഞ്ഞു..... നെറുകയിൽ ഒരു നറുചുംബനം ആയി അത് നുകർന്നു.... അവളുടെ ചുണ്ടുകളും അവന്റെ നെഞ്ചിൽ എന്നും എന്റേത് മാത്രമാണെന്ന് ഓതി.....അവളെ ചേർത്തു പിടിച്ചു കിടന്നു......

🌹🌹🌹

ഇനുവിനെയും ചേർത്തു പിടിച്ചു അവളുടെ മുടിയിൽ മുഖം പൂഴ്ത്തി കിടക്കുമ്പോൾ ഫൈസ് മെല്ലെ പറഞ്ഞു ..... നീ നന്നായ ആർക്കും ഒരു പണിയും കൊടുത്തില്ലെന്ന് സമി പറഞ്ഞു.....

എന്നാലല്ലേ രണ്ടു രാജകുമാരികളും പെട്ടെന്ന് വരുള്ളൂ...... അതോണ്ട് ഞാൻ നന്നായി.....

രാജകുമാരികളോ..... ആര്..... എവിടെ.....

എന്റെ രണ്ടു ആൺകുട്ടികളും കെട്ടാൻ പോകുന്ന പെൺകുട്ടികൾ..... അതായത് എന്റെ രാജകുമാരികൾ ...

അവൻ കിളി പോയ പോലെ എഴുന്നേറ്റു അവളെ നോക്കി.....

മനസിലായില്ല..... എന്താ പറഞ്ഞത്......

എനിക്ക് രണ്ടു ആൺ കുട്ടികൾ ആയിരിക്കും.... നോക്കിക്കോ...... അവൾ വയറിൽ തലോടി പറഞ്ഞു...... അവരെ ഭാര്യമാരെ കാര്യം പറഞ്ഞത്.....

അവൻ തലക്ക് കയ്യും വെച്ച് അവളെ നോക്കി..... ആര് ആരെയാ കെട്ടാൻ പോകുന്നെ ഒന്നൂടി പറഞ്ഞെ.....

എന്റെ ജുനിന്റെ മോളെയും..... ശഹിയുടെ മോളെയും കൊണ്ട് ഞാൻ അവരെ കെട്ടിക്കും...... അവർ ഒരിക്കലും പിന്നെ എന്നെ വിട്ടു പോകില്ലല്ലോ......

എന്നിട്ട് വേണം നിന്റെ മക്കൾ നദീംമിന്റെയോ ഇജുന്റെയോ മോളെയോ അല്ലെങ്കിൽ വേറെ പെൺകുട്ടികളെയോ പ്രേമിക്കാൻ..... വീണ്ടും ഒരു ഫൈസിയും ശഹിയും ഉണ്ടാകാൻ അല്ലേ...... അവൻ പുച്ഛത്തോടെ പറഞ്ഞു.....

അങ്ങനെ ഒന്നും ഉണ്ടാവില്ല.... ചെറുപ്പത്തിലേ അവരെ അങ്ങനെ പഠിപ്പിച്ചു വളർത്തും.....

അവൻ അവളുടെ കയ്യിൽ പിടിച്ചു.....

ജനിക്കാൻ പോകുന്നത് ആണാണോ പെണ്ണാണോ..... എന്താണെന്ന് നമുക്ക് അറിയില്ല..... അവർ ജനിക്കട്ടെ ഇനു..... ഭാവിയിലെ കാര്യം ഇപ്പോൾ കണക്ക് കൂട്ടണ്ട കേട്ടല്ലോ.... അതിൽ ചെറിയ ദേഷ്യം കലർന്നിരുന്നു.....

ആണായാലും പെണ്ണായാലും സാരമില്ല. അവരെ കല്യാണം കഴിക്കു..... പെണ്ണാണെൽ ഞാൻ വീണ്ടും പ്രസവിക്കും..... അപ്പൊ കെട്ടിക്കലോ....

എത്ര പ്രസവിക്കുന്ന പറയുന്നേ.....

എത്ര വേണേലും പ്രസവിക്കും..... എന്റെ മരുമകൾ ആയാലും മരുമകൻ ആയാലും

സാരമില്ല..... ജുനുവിന്റെയും ശഹിയുടെയും മക്കൾ

ആയിരിക്കും അനന്തരാവകാശികൾ...... എന്റെ ജുനു അഭിമാനം പണയം വെച്ചു ഒരിക്കലും ഇങ്ങോട്ട് വരില്ല..... എന്റെ മക്കളിലൂടെ ഞാൻ അത് ഉറപ്പിക്കും..... നോക്കിക്കോ...

കണ്ണ് നിറച്ചു പറയുന്നത് കേട്ട് അവനും വല്ലാതായി.....

അവൻ അവളെ കഴുത്തിൽ മുഖം വെച്ചു ചേർത്ത് പിടിച്ചു.....

ആരും ആരുടെയും സ്വന്തം അല്ല ഇനു.... പ്രണയം ആണത്.... ആർക്കും ആരോടും തോന്നാവുന്ന പ്രണയം.... വിവാഹകാര്യത്തിൽ അവർക്ക് അവരുടേതായ തീരുമാനം ഉണ്ടാകും....

അവർ വളർന്നു വരുമ്പോൾ അവർ തീരുമാനിക്കട്ടെ അവരുടെ പാതിയെ.....

അവർക്ക് ഇഷ്ടം ആണെങ്കിൽ കുഴപ്പം ഇല്ലല്ലോ..... അവരെ ഞാൻ സമ്മതിപ്പിച്ചോളാം......

ആദ്യം എന്റെ മക്കളൊന്ന് വളർന്നു വലുതാവട്ടെ...... എന്നിട്ട് നമുക്ക് ആലോചിക്കാം.... നീയിപ്പോ ഒന്ന് ഉറങ്ങ്....

അവൻ കൈകൂപ്പി പറഞ്ഞു..... അവൾ ദേഷ്യം പിടിച്ച പോലെ തിരിഞ്ഞു കിടന്നു...

എനിക്ക് ജനിക്കാൻ പോകുന്നത് രണ്ടു പെൺ മക്കൾ ആകണേ..... എനിക്കിനി വേറെ കുഞ്ഞുങ്ങൾ വേണ്ട..... അഥവാ ആൺ മക്കൾ ആണെങ്കിൽ അവന്മാർക്ക് ആർക്കും പെണ്മക്കളെ കൊടുക്കല്ലേ.... അല്ലെങ്കിൽ വേണ്ട അവന്മാർക്ക് ആഗ്രഹം കാണില്ലേ മാത്രം അല്ല എനിക്കും പെൺകൊച്ചു വേണ്ടേ....

അവൻ ഒന്ന് ആലോചിച്ചു..... ഞങ്ങൾക്ക് ഉണ്ടാകുന്ന മക്കൾ എല്ലാം age ഡിഫ്റൻസിൽ പരസ്പരം വിവാഹം കഴിക്കാൻ പറ്റാത്ത വിധം ആയിരിക്കണേ

ഒന്നോ രണ്ടോ വയസ്സ് വ്യത്യാസത്തിൽ ആയിരിക്കണേ മക്കൾ ജനിക്കുന്നത്.... അങ്ങനെ

ആകുമ്പോ ആർക്കും കുഴപ്പം ഇല്ലല്ലോ..,.... ഇഷ്ടം അല്ലാഞ്ഞിട്ട് അല്ല ഇങ്ങനെ പ്രാർത്ഥിക്കുന്നത് പടച്ചോനെ.... ഇനിയൊരു ശഹിയും ഫൈസ് ഉണ്ടാവാതിരിക്കാൻ ആണ്..... എന്റെ ഈ പ്രാർത്ഥനയെങ്കിലും സ്വീകരിക്കണം ഈ ജന്മത്തിൽ വേറൊന്നും വേണ്ടയെനിക്ക്....

എന്തൊക്കെ പറഞ്ഞാലും ഈ കുരുട്ട് അടക്കയുടെ കണ്ണ് നിറയ്ക്കാൻ എനിക്കാവില്ല..... ഷീ ഈസ് മ മൈൻ.... അതോണ്ട് എന്റെ പ്രാർത്ഥന മാത്രം കേട്ട്

ഇവളെ പ്രാർത്ഥന അങ്ങ് നിരസിച്ചേക്ക്...

അവൻ കയ്യുയർത്തി മനസ്സറിഞ്ഞു പ്രാർത്ഥിച്ചു.....

ഫൈസ് എന്താ പിറു പിറുക്കുന്നെ..... അവൾ തിരിഞ്ഞു നോക്കിയതും എന്റെ മക്കളോട് ഇന്ന് സംസാരിക്കാൻ കഴിഞ്ഞില്ല കിസ്സ് കൊടുക്കാനും കഴിഞ്ഞില്ല പറഞ്ഞു അവളെ നേരെ കിടന്നു.....

അവളുടെ ചുരിദാർ വകഞ്ഞു മാറ്റി വീർത്തവയറിൽ ഒന്ന് തലോടി ചുണ്ടുകൾ ചേർത്തു.... ആ സ്പർശം

അറിഞ്ഞത് പോലെ കുഞ്ഞങ്ങൾ ഒന്ന് അനങ്ങി.....
അവളുടെയും അവന്റെയും മനസ്സ് നിറഞ്ഞു....
അവൻ സന്തോഷത്തോടെ വീണ്ടും ചുണ്ടുകൾ ചേർത്തു.....

ഏത് നേരം മക്കളെ മാത്രം നോക്കിയ മതി

എന്നെ കണ്ണിൽ കാണൂല...... അവൾ പിറുപിറുത്തു......

കുശുമ്പ് കുത്തിയ അവളുടെ സംസാരം കേട്ടു അവന്റെ ചുണ്ടിൽ ചെറു ചിരി വിരിഞ്ഞു......

എന്തേലും പറഞ്ഞോ..... അവൻ കേൾക്കാത്ത മാതിരി ചോദിച്ചു.....

ഒന്നുല്യാ.... ഉറക്കം വരുന്നു പറഞ്ഞത മുഖം കോട്ടി കണ്ണടച്ച് കിടന്നോണ്ട് പറഞ്ഞു.....

അവളുടെ ചുണ്ടിൽ നനവ് തട്ടിയതും ശരീരത്തിലൂടെ കോരിതരിപ്പ് തോന്നി അവൾക്ക്..... അവൾ ഞെട്ടി കണ്ണ് തുറന്നതും അവന്റെ ചുണ്ടുകൾ അതിന്റെ ഇണയെ സ്വന്തമാക്കിയിരുന്നു...

ദീർഘ ചുംബനത്തിന് ശേഷം അവളെ വിടുമ്പോൾ ചെമ്പരത്തിപൂ പോലെ ചുവന്നു തുടുത്ത അവളുടെ കവിളിൽ കൂടി ചുണ്ടുകൾ അമർത്തി അവൻ.....

നീയില്ലാതെ ഈ ജന്മം പൂർണ്ണമാവില്ല ഇനു

..... അവൾ അവന്റെ ചുണ്ടിൽ ചുണ്ടുകൾ ചേർത്തു മെല്ലെ മൊഴിഞ്ഞു എന്റെയും.....

ഞങ്ങളും ഉണ്ട് കൂടെ എന്നവണ്ണം അവളുടെ വയറ്റിൽ നിന്നും അനക്കം കണ്ടതും രണ്ടു പേരും കൈ വെച്ചു ആ സ്പർശം തൊട്ടറിഞ്ഞു...... ഒരു പുഞ്ചിരിയോടെ അവരെയും ചേർത്തു പിടിച്ചു അവർ നിദ്രയെ പുൽകി.......

........ ഇനി തുടരില്ല 🌷🌷 ......

INVISIBLE LOVE പേര് പോലെ തന്നെ അവന്റെ

പ്രണയം വിസിബിൾ ആയിരുന്നു..... ഒരു നോവായി മാറിയെങ്കിലും ഒരു പുഞ്ചിരിയിൽ ഒതുക്കി..... അവനിൽ വീണ്ടും അവന്റെ മറിയമ്മയെന്ന പ്രണയം പൂവിടട്ടെ ...... ഇനിയൊരു ജന്മം ഉണ്ടെങ്കിൽ അവന്ന് അവന്റെ പ്രണയത്തെ കിട്ടട്ടെ എന്ന് പ്രാർത്ഥിക്കാം..... ഒപ്പം ഫൈസിയുടെ പ്രാർത്ഥന സ്വീകരിക്കണെമേ എന്നും..... ഇനിയൊരു ഷഹി ഇല്ലാതിരിക്കട്ടെ...... Love after marriage പോലെ വിവാഹശേഷം ഉള്ള പ്രണയത്തിൽ അവർ രണ്ടുപേരും സന്തുഷ്ടരാണ്..... കൂടെ ഞാനും...... നിങ്ങളുടെ സപ്പോർട്ടും സ്നേഹംവും കൊണ്ട് മാത്രം ആണ് ഇവിടം വരെ എത്തിയത്.... എല്ലാവരോടും ഒത്തിരി ഒത്തിരി സ്നേഹം❤️❤️❤️❤️